**KERALA MUSLIM HISTORY, STATISTICS AND DIRECTORY** (Malayalam - History)

| | | |
|---|---|---|
| Volume One | - | History Of Kerala And Of Her Muslims |
| Author | - | Dr: C.K. KAREEM |
| First Published | - | March, 1997 |
| Printed at | - | Little Flower Industrial Press, Thevara, Kochi - 682 013 |
| Published by | - | Charithram Publications, Edapally - 682 024 |
| Copy Right | - | Charithram Publications |
| Price | - | Rupees Five Hundred only |

## വിഷയസൂചി


| അദ്ധ്യായം | ശീർഷകം | പുറം |
|---|---|---|
| | പ്രസ്താവന | VII - VIII |
| I | ഉപാദാനങ്ങൾ | 9 |
| II | പ്രാചീനകേരളം | 54 |
| III | കേരളപ്പഴമ | 59 |
| IV | കേരളപ്പഴമയും ഒന്നാം ചേരസാമ്രാജ്യവും | 62 |
| V | രണ്ടാംചേര സാമ്രാജ്യമെന്ന മിഥ്യ | 66 |
| VI | ജനങ്ങളും ജീവിതവും | 72 |
| VII | ഇസ്ലാമിക അധിനിവേശം- ചരിത്ര പശ്ചാത്തലം | 90 |
| VIII | ഇസ്ലാമിക പ്രചാരണം | 100 |
| IX | പെരുമാക്കൻമാരുടെ മതപരിവർത്തനം | 105 |
| X | കൊല്ലവർഷാരംഭം | 119 |
| XI | 9-ാം നൂറ്റാണ്ട് മുതൽ 16-ാം നൂറ്റാണ്ട്വരെ | 123 |
| XII | ആലിരാജാക്കൻമാരുടെ അറയ്ക്കൽ സ്വരൂപം | 129 |
| XIII | ലക്ഷദ്വീപ് | 137 |
| XIV | 7-ാം നൂറ്റാണ്ട് മുതൽ 16-ാം നൂറ്റാണ്ട് വരെ മുസ്ലിംകളുടെ സ്ഥിതി | 153 |
| XV | പോർച്ചുഗീസ് ആഗമനം | 158 |
| XVI | പറങ്കി-മാപ്പിള നൂറ്റാണ്ട് യുദ്ധം - ഒന്നാംഘട്ടം | 161 |
| XVII | മരയ്ക്കാർമാർ പറങ്കി-മാപ്പിള നൂറ്റാണ്ട് യുദ്ധം - രണ്ടാംഘട്ടം | 170 |
| XVIII | കുട്ടിയലി മരയ്ക്കാർ എന്ന കുഞ്ഞാലി ഒന്നാമൻ | 173 |
| XIX | കുട്ടിപോക്കർ അഥവാ കുഞ്ഞാലി രണ്ടാമൻ | 176 |
| XX | കുഞ്ഞാലി മൂന്നാമൻ എന്ന പട്ടുമരയ്ക്കാർ | 179 |
| XXI | കുഞ്ഞാലി നാലാമനെന്ന മുഹമ്മദലി മരയ്ക്കാർ | 182 |
| XXII | ഡോൺപെഡ്രോ റോഡ്രിഗ്സ് എന്ന അലി മരയ്ക്കാർ | 188 |
| XXIII | പോർച്ചുഗീസ് പതനവും ലന്തക്കാരുടെ ആഗമനവും | 193 |
| XXIV | മൈസൂർ അധിനിവേശം | 199 |
| XXV | മലബാർ ആക്രമണം | 204 |

| | | |
|---|---|---|
| XXVI | 1766-ലെ ലഹള | 208 |
| XXVII | ഏകീകരണം | 214 |
| XXVIII | ഹൈദരലിയും കൊച്ചി-തിരുവിതാംകൂർ ബന്ധവും | 218 |
| XIX | ടിപ്പുസുൽത്താനും കേരളരാഷ്ട്രീയവും | 221 |
| XXX | മൂന്നാം ആഗ്ലോ-മൈസൂർ യുദ്ധവും സന്ധിയും | 229 |
| XXXI | മൈസൂർ ഭരണപരിഷ്ക്കാരങ്ങൾ | 235 |
| XXXII | ഭൂപരിഷ്ക്കരണം | 241 |
| XXXIII | ഗതാഗതസൗകര്യങ്ങൾ | 247 |
| XXXIV | കച്ചവടവും വ്യവസായവും | 252 |
| XXXV | സാമൂഹ്യ പരിഷ്ക്കാരങ്ങൾ | 258 |
| XXXVI | ടിപ്പുസുൽത്താന്റെ മതനയം | 264 |
| XXXVII | സാമ്പത്തിക നയം | 280 |
| XXXVIII | ഭരണപരിഷ്ക്കാരങ്ങൾ - ഫലങ്ങളും പ്രത്യാഘാതങ്ങളും | 292 |
| XXXIX | പരാജയത്തിലേക്ക് നയിച്ച ദൗർബല്യങ്ങൾ | 296 |
| XL | ബ്രിട്ടീഷ് കാലഘട്ടം | 302 |
| XLI | രാഷ്ട്രസംവിധാനം | 315 |
| XLII | ഇംഗ്ലീഷ്‌വിരുദ്ധ പോരാട്ടങ്ങൾ - ആദ്യഘട്ടം | 323 |
| XLIII | ഇംഗ്ലീഷ്‌വിരുദ്ധ പോരാട്ടങ്ങൾ - രണ്ടാംഘട്ടം | 330 |
| XLIV | കുടിയായ്മയും കാർഷിക കലാപങ്ങളും | 365 |
| XLV | 1921-ലെ ഖിലാഫത്ത് വിപ്ലവം | 441 |
| XLVI | ഖിലാഫത്ത് വിപ്ലവുമായി ബന്ധപ്പെട്ട രാഷ്ട്രീയ നേതാക്കൾ | 506 |
| XLVII | ആത്മീയനേതാക്കളും നവോത്ഥാന നായകൻമാരും | 537 |
| XLVIII | രാഷ്ട്രീയപ്രസ്ഥാനം കേരളത്തിൽ | 596 |
| XLIX | മുസ്ലിം മതസംഘടനകളും സാമൂഹ്യ പ്രസ്ഥാനങ്ങളും | 620 |
| L | മുസ്ലിംകളുടെ സാംസ്കാരിക സംഭാവന | 658 |
| LI | കേരളമുസ്ലിംകൾ - ഇന്ന് | 675 |

# പ്രസ്താവന

കേരളമുസ്ലിംകളെക്കുറിച്ച് അറിയാൻ ശ്രമിക്കുന്ന ജിജ്ഞാസുവിന് ആശ്രയിക്കാവുന്ന ആധികാരിക ഉപാദാനങ്ങൾ തുലോം തുച്ഛമാണ്. 1961-62ൽ മർഹൂം പി.എ. സെയ്ത് മുഹമ്മദ് സാഹിബ് ഒറ്റയായി നടത്തിയ അന്വേഷണത്തിൻെറ ഫലമായി ശേഖരിച്ച ജമാഅത്ത് സ്ഥിതിവിവരക്കണക്കും എഴുതിയ കേരളമുസ്ലിം ചരിത്രവും മാത്രമായിരുന്നു ചൂണ്ടിക്കാണിക്കാവുന്നവ. എന്നാൽ നാടിൻെറയും സമുദായത്തിൻെറയും കഴിഞ്ഞ മൂന്ന് നാല് ദശാബ്ദത്തിലെ അഭൂതപൂർവ്വമായ വളർച്ച അറിയുവാനുള്ള മാർഗ്ഗങ്ങൾ പിന്നീട് ലഭിക്കാതിരുന്നത്കൊണ്ട്, വിദ്യാഭ്യാസ-ഔദ്യോഗിക-സാംസ്കാരിക മേഖലകളിലെ മുസ്ലിംകളുടെ സ്ഥിതിവിശേഷം അജ്ഞാതമായിത്തന്നെ അവശേഷിച്ചു. ആധുനിക വിദ്യാഭ്യാസത്തോട് പുറംതിരിഞ്ഞ് നിന്നിരുന്ന സമുദായത്തിന് അറുപത്കൾക്ക് ശേഷമാണ് കുട്ടികളെ വിദ്യ അഭ്യസിപ്പിക്കേണ്ടത് അനിവാര്യമാണെന്ന ബോധം പരക്കെ ഉണ്ടാകുന്നത്. വിദ്യാഭ്യാസത്തോട് കാണിച്ചിരുന്ന ഈ അലംഭാവം കൊണ്ട് തന്നെ ഔദ്യോഗിക തലങ്ങളിൽ അർഹമായ പ്രാതിനിധ്യം ലഭിക്കുവാൻ ഇടവന്നതുമില്ല. ഇതേസ്ഥിതി സാമൂഹ്യ-സാംസ്കാരിക മണ്ഡലങ്ങളിലും അനുഭവപ്പെട്ടു. മുസ്ലിംകൾ വിദ്യാഭ്യാസപരമായി ഏറെ പിന്നോക്കമാണെന്ന് ഏവർക്കും അറിയാം. എന്നാൽ ഈ പിന്നോക്കാവസ്ഥയുടെ നിജസ്ഥിതി അറിയുവാനുള്ള ശ്രമങ്ങൾ ആരും നടത്തിയതുമില്ല. അതുപോലെ സർക്കാർ, അർദ്ധസർക്കാർ, യൂണിവേഴ്സിറ്റി, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ മുസ്ലിംകൾക്ക് അർഹമായി ലഭിക്കേണ്ട ജോലികൾ കിട്ടിയിട്ടില്ല എന്ന സത്യാവസ്ഥ സമുദായസ്നേഹികളെ വേദനിപ്പിച്ച് കൊണ്ടിരുന്നു. എന്നാൽ ഓരോ വകുപ്പിലും സ്ഥാപനത്തിലും എത്രമാത്രം പ്രാതിനിധ്യം ലഭിച്ചിട്ടുണ്ട്? അനുവദിക്കപ്പെട്ട 12 ശതമാനം സംവരണ തസ്തികകളെങ്കിലും നികത്തുവാൻ ഇനി എത്രത്തോളം ലഭിക്കണം? ഇത്തരം കാര്യങ്ങൾ അറിയുന്നതിന് ഒരു മാർഗ്ഗവും ഉണ്ടായിരുന്നില്ല. ആ കുറവ് ഏറെക്കുറെ പരിഹരിക്കുവാൻ ഈ ഗ്രന്ഥസമുച്ചയത്തിലെ രണ്ടാം വാള്യമായ സ്ഥിതിവിവരക്കണക്കിൻെറ പ്രസിദ്ധീകരണത്തോടെ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ 10 വർഷത്തെ സംഘടിത ശ്രമഫലമായിട്ടാണ് 'കേരള മുസ്ലിം ചരിത്രം, സ്ഥിതിവിവരകണക്ക്, ഡയറക്ടറി' എന്ന റഫറൻസ് ഗ്രന്ഥത്തിൻെറ പണി പൂർത്തിയാക്കാൻ കഴിഞ്ഞത്. 1991 ആഗസ്റ്റിലും ഒക്ടോബറിലുമായി പ്രസ്തുത ഗ്രന്ഥത്തിൻെറ രണ്ടും മൂന്നും വാള്യങ്ങളായ 'സ്ഥിതിവിവരക്കണക്കും ഡയറക്ടറിയും' പ്രസിദ്ധീകരിച്ചിരുന്നു.

ഇപ്പോൾ പുറത്തിറക്കുന്ന 'കേരളത്തിൻെറയും കേരളമുസ്ലിംകളുടെയും ചരിത്രം' എന്ന ഗ്രന്ഥം ഈ പരമ്പരയിലെ അവസാനത്തേതാണെങ്കിലും ഒന്നാം വാള്യമാണ്. 'കേരള മുസ്ലിംചരിത്രം' എഴുതുക എന്നതായിരുന്നു തുടക്കത്തിൽ ഉദ്ദേശിച്ചിരുന്നത്. എന്നാൽ കുറച്ച് കൂടി വലിയ ക്യാൻവാസിൽ രൂപകൽപ്പന നടത്തുന്നതാണ് കൂടുതൽ പ്രയോജനപ്പെടുക എന്ന തോന്നലിൻെറ ഫലമായിട്ടാണ് കേരള ചരിത്ര പശ്ചാത്തലത്തിൽ കേരളമുസ്ലിം ചരിത്ര രചന നടത്തിയത്. അതാണ് പുസ്തകത്തിൻെറ ശീർഷകം 'കേരളത്തിൻെറയും കേരള മുസ്ലിംകളുടെയും ചരിത്രം' എന്നാകുവാൻ കാരണവും. ചരിത്ര പ്രതിപാദനമായതിനാൽ ഇതിൻെറ പണി പൂർണ്ണമായും സ്വയം നിർവ്വഹിക്കേണ്ടതായി വന്നു. ഓരോ അദ്ധ്യായത്തിനും വേണ്ടിവരുന്ന രേഖകളും പ്രമാണങ്ങളും ശേഖരിക്കുക, തൽസംബന്ധമായി കിട്ടാവുന്ന ഗ്രന്ഥങ്ങളത്രയും വായിക്കുകയും ആവശ്യമായ കുറിപ്പുകൾ എടുക്കുകയും ചെയ്യുക, ഇവയുടെയെല്ലാം വെളിച്ചത്തിൽ രചനയ്ക്കൊരുമ്പെടുക, ഇതൊന്നും മറ്റാരേയും ഏൽപ്പിക്കുവാൻ പറ്റുന്നവയല്ലല്ലോ. ഇതത്രയും പരസഹായം കൂടാതെ സ്വന്തം ചെയ്യേണ്ടതായി വന്നതിനാൽ ഓരോ അദ്ധ്യായവും എഴുതുവാൻ ഒരുപാട് സമയവും വളരെ പ്രയത്നവും ആവശ്യമായി. രണ്ടും മൂന്നും വാള്യങ്ങൾ പ്രസിദ്ധീകരിച്ചിട്ട് അഞ്ച് വർഷം തീർത്തും കടന്നുപോയെങ്കിലും ഈ ഗ്രന്ഥം പൂർത്തീകരിക്കുവാൻ ഇത്രയും താമസിച്ചത് പെട്ടെന്ന് ചെയ്ത് തീർക്കുവാൻ പറ്റാത്തവിധം വളരെ ക്ലിഷ്ടവും കെട്ട് പിണഞ്ഞ് കിടക്കുന്നതുമായ ചരിത്രപ്രശ്നങ്ങളുമായിട്ടാണ് മല്ലടിക്കേണ്ടിവന്നത് എന്നതിനാലാണ്.

ഇന്ത്യാ ചരിത്രത്തിലേതെന്ന പോലെ കേരളചരിത്ര സംവിധാനത്തിലും ആംഗ്ലേയ ചരിത്രകാരൻമാരും അവരെ പിൻപറ്റിയ ഇന്ത്യൻ എഴുത്തുകാരും എല്ലാവിധത്തിലും മുസ്ലിംകളെ താറടിച്ച് കാണിക്കുവാൻ ശ്രമിച്ചിട്ടുള്ളവരാണ്. കേരള ചരിത്രത്തിൽ മുസ്ലിംകളെ സംബന്ധിക്കുന്ന ഏത് കാര്യവും ഏറ്റവും വികല വികൃതമായാണ് അവതരിപ്പിച്ചിട്ടുള്ളത്. കേരളത്തിൽ ഇസ്ലാമിൻെറ ആവിർഭാവത്തെപ്പറ്റി തന്നെ തർക്കം ആരംഭിക്കുന്നു. ഇസ്ലാം മതപ്രചാരണത്തിൻെറ കാര്യമായാലും, പെരുമാക്കൻമാരുടെ മതപരിവർത്തനത്തിൻെറ സ്ഥിതിയായാലും, മാപ്പിള-പറങ്കി നൂറ്റാണ്ട് യുദ്ധത്തിൻെറ കഥയായാലും, മൈസൂർ സുൽത്താൻമാരുടെ ഭരണപരിഷ്ക്കാരമായാലും, ഭാഷയ്ക്കും സാഹിത്യത്തിനും ഈ സമുദായം നൽകിയിട്ടുള്ള സംഭാവനകളെക്കുറിച്ചായാലും, നമ്മുടെ ചരിത്രകാരൻമാരത്രയും ശത്രുതാ മനോഭാവമാണ് പ്രകടിപ്പിച്ചിട്ടുള്ളത്. നാം രാജ്യത്തിനും സമുദായത്തിനും വേണ്ടി നടത്തിയിട്ടുള്ള വിലപ്പെട്ട സേവനങ്ങൾ വിസ്മരിക്കപ്പെട്ടിരിക്കുന്നു എന്ന് മാത്രമല്ല ആരും ഒരിക്കലും

കാണിച്ചിട്ടില്ലാത്ത പല നീചകൃത്യങ്ങളും ചെയ്തതായി ആരോപിക്കപ്പെടുകയുമാണ് കേരളചരിത്ര പ്രതിപാദനത്തിലുടനീളം. ഇത്തരം ദുരാരോപണങ്ങളും കള്ളക്കഥകളും ഇല്ലാതാക്കുക എന്ന ശ്രമകരമായ ജോലിയാണ് ഈ ഗ്രന്ഥത്തിലൂടെ നിർവ്വഹിച്ചിട്ടുള്ളത്. മാപ്പിള ലഹളകൾ എന്ന് പറഞ്ഞ് അധിക്ഷേപിച്ച് മാറ്റി നിർത്തിയിട്ടുള്ള 19ാം നൂറ്റാണ്ടിലെ കാർഷിക കലാപങ്ങളുടെയും 1921-22ലെ ഖിലാഫത്ത് വിപ്ലവത്തിൻെറയും സത്യസ്ഥിതി അനാവരണം ചെയ്യുന്ന ആധികാരിക പ്രമാണങ്ങളുടെ അവതരണം പുതുതായ നിരവധി വസ്തുതകൾ പുറത്ത് കൊണ്ടുവന്നിട്ടുണ്ട്. കേരളത്തിലെ മുസ്ലിംകളുടെ അംഗീകൃത ചരിത്രമായി ഈ ഗ്രന്ഥം സത്യാന്വേഷികളായ ജിജ്ഞാസുക്കൾ സ്വീകരിക്കുമെന്ന വിശ്വാസത്തോട്കൂടിയാണ് സഹൃദയസമക്ഷം ഞാൻ ഇത് സമർപ്പിക്കുന്നത്.

ഈ സംരംഭത്തിൻെറ തുടക്കം മുതൽ ഇതിൻെറ വിജയത്തിന് വേണ്ടി ആത്മാർത്ഥമായി ശ്രമിച്ച വളരെപ്പേരുണ്ട്. ഇതിൻെറ ഉപദേശക സമിതി ചെയർമാൻ പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ്തങ്ങളാണ്. അംഗങ്ങളിൽ വൈക്കം മുഹമ്മദ് ബഷീർ, ഈ. മൊയ്തു മൗലവി, ഹബീബ് മരയ്ക്കാർ എന്നിവർ ഇന്ന് നമ്മുടെ കൂടെയില്ല. പി.പി. ഉമ്മർകോയ സാഹിബ്, പ്രൊഫ. കെ.എ. ജലീൽ സാഹിബ്, യു.എ. ബീരാൻ സാഹിബ്, ടി.ഒ. ബാവ സാഹിബ്, പീർ മുഹമ്മദ് സാഹിബ് എന്നിവരാണ് അവശേഷിക്കുന്ന ഉപദേശക സമിതി അംഗങ്ങൾ. പത്രാധിപ സമിതിയിലാകട്ടെ ഞാൻ ഉൾപ്പെടെ എ.എ. കൊച്ചുണ്ണി മാസ്റ്റർ, പി.കെ. ബഹദൂർ, കെ.കെ. മുഹമ്മദ് അബ്ദുൾ കരീം, കായിക്കര എ. നിസാമുദ്ദീൻ എന്നിവരാണുള്ളത്. ഇവരുടെയൊക്കെ പിന്തുണ പ്രസ്ഥാനത്തിൻെറ വിജയത്തിന് നിദാനമായിരുന്നിട്ടുണ്ട്.

സാമ്പത്തികമായി തകർന്ന് നിരാശപ്പെട്ടുകൊണ്ടിരുന്ന സന്ദർഭങ്ങളിലൊക്കെ സഹായത്തിനെത്തിയ സംഘടനകളും അഭ്യുദയകാംക്ഷികളുമാണ് യഥാർത്ഥത്തിൽ ഇതിൻെറ വിജയത്തിന് കാരണക്കാർ. അബൂദാബിയിലെ ഇന്ത്യൻ ഇസ്ലാമിക് സെൻററാണ് യു.എ.ഇ.യിലെല്ലായിടത്തും മഹാസമ്മേളനങ്ങൾ സംഘടിപ്പിച്ച് ഇത് വലിയൊരു പ്രസ്ഥാനമാക്കി മാറ്റിയത്. സെൻററിൻെറ അന്നത്തെ ഭാരവാഹികളായ മഠത്തിൽ മുസ്തഫ സാഹിബ്, വി.പി.കെ. അബ്ദുല്ല സാഹിബ്, കെ. ഷാഹുൽ ഹമീദ് തങ്ങൾ, എൻജിനിയർ എ. റഹ്മാൻ സാഹിബ്, പി. ബാവഹാജി, മനയത്ത് അബ്ദുൾ കാദർ ഹാജി, പ്രൊഫ. കെ.എ. റഹ്മാൻ, സി.എം. അലികുഞ്ഞിമൗലവി, തച്ചറക്കൽ ഇബ്രാഹിം ഹാജി, അൽഐനിലെ ഖാലിദ് വലിയപറമ്പ്, എ.കെ. സെയ്ത് മുഹമ്മദ് തുടങ്ങിയവർ അർപ്പിച്ച നിസ്വാർത്ഥ സേവനം ഒരിക്കലും മറക്കുവാൻ സാധിക്കുന്നതല്ല. ആദ്യവാല്യങ്ങളുടെ പ്രകാശനത്തിന് ശേഷവും ഇതിൻെറ പൂർത്തീകരണത്തിന് വേണ്ടി തളരാതെ ശ്രമിച്ചത് വി.പി.കെ. അബ്ദുല്ല സാഹിബാണ്. ന്യൂ ഇന്ത്യൻ മോഡൽ സ്കൂൾ തുടങ്ങി നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഭംഗിയായി നടത്തിപ്പോരുന്ന ഹാജി എം.കെ. കമലുദ്ദീൻ സാഹിബ് ഉദാരമായ സഹായമാണ് എല്ലായ്പ്പോഴും ചെയ്തിട്ടുള്ളത്. അതുപോലെ ഖത്തറിലെ എം.ഇ.എസ്. സ്കൂൾ ഭാരവാഹികളും അവിടത്തെ സാംസ്കാരിക പ്രവർത്തകരായ മുഹമ്മൂദ് മാട്ടൂൽ, കെ.വി. അബ്ദുല്ലക്കുട്ടി ഹാജി, പി.കെ. അബ്ദുല്ല സാഹിബ്, എ. മുഷാബ് സാഹിബ്, എ.വി. മുഹമ്മദുണ്ണി സാഹിബ്, കെ.പി. അബ്ദുൽഹമീദ് സാഹിബ് എന്നിവരും ഏറെ സഹായസഹകരണങ്ങൾ നൽകിയിട്ടുള്ളവരാണ്. ഗൾഫിലെ പ്രധാനപ്പെട്ട എല്ലാ സംഘടനകളും മലയാളി സ്കൂളുകളും ഇതിൻെറ വിജയത്തിന് വേണ്ടി പ്രയത്നിക്കുകയും ചെയ്തു.

തുടക്കംമുതൽ അവസാനം വരെ ഈ പ്രസ്ഥാനത്തെ വിജയിപ്പിക്കണമെന്ന ശാഠ്യത്തോടുകൂടി ആവശ്യപ്പെട്ടപ്പോഴൊക്കെ സസന്തോഷം സഹായവുമായെത്തിയ മസ്കറ്റിലെ ടീജൻ ട്രെയ്ഡിംഗ് ആൻറ് കോൺട്രാക്ടിംഗ് എം.ഡി. അമീർ അഹമ്മദ് ബാബുവും ഗൾഫാർ പി. മുഹമ്മദലിയും പി.എം. മൊഹിയിദ്ദീനും ത്രിസ്റ്റാർ കോർപ്പറേഷൻ എം.ഡി. സി.എ. അബ്ദുൽകരീമും പി.ടി. അബൂബക്കറും നമ്മുടെ എല്ലാവരുടെയും കൃതജ്ഞതയ്ക്ക് അർഹരാണ്. ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒബ്ജക്ടീവ് സ്റ്റഡീസ് ആണ് പ്രോത്സാഹജനകമായ സഹകരണവുമായെത്തിയ ഇന്ത്യയിലെ ഏക സംഘടന.

ഒരു നിയോഗം പോലെ സ്വയം ഏറ്റെടുത്ത് നടത്തിയ ഈ സംരംഭം പൂർത്തീകരിക്കുവാൻ കഴിഞ്ഞതിൽ എന്നോടൊപ്പം ഇതിന് സഹായികളായിനിന്ന എല്ലാവർക്കും സന്തോഷത്തിന് വകയുണ്ട്. അതുമാത്രമാണ് പ്രത്യുപകാരമായി എനിക്ക് മടക്കിത്തരുവാൻ കഴിയുക. എല്ലാം അല്ലാഹുവിൽ അർപ്പിച്ചുകൊണ്ട് ആനന്ദാശ്രുക്കളോടെ എല്ലാവർക്കും ആത്മാർത്ഥമായ നന്ദി ഞാൻ രേഖപ്പെടുത്തികൊള്ളുന്നു.

ഇതിൻെറ അച്ചടിയും മറ്റു ജോലികളും ഭംഗിയായി നിർവ്വഹിച്ച തേവര ലിറ്റിൽ ഫ്ളവർ ഇൻഡസ്ട്രിയൽ പ്രസ്സിലെ മാനേജരോടും മറ്റു സ്റ്റാഫംഗങ്ങളോടും ഞാൻ നന്ദിയുള്ളവനാണ്.

സ്നേഹപൂർവ്വം,

ഇടപ്പള്ളി - 682 024

20-3-1997

ഡോ: സി.കെ. കരീം

# കേരളത്തിൻെറയും കേരള മുസ്ലീംകളുടെയും ചരിത്രം

## I ഉപാദാനങ്ങൾ

ഇന്ത്യയെക്കുറിച്ച് പൊതുവേയും കേരളത്തെക്കുറിച്ച് പ്രത്യേകമായും ചരിത്രരചയിതാക്കൾക്കുള്ള പരാതി, പൗരാണിക ചരിത്ര സംവിധാനത്തിനുതകുന്ന ഉപാദാനങ്ങൾ നമുക്ക് വളരെ വിരളമാണെന്നതാണ്. ഇന്ത്യാചരിത്രം എഴുതിയിട്ടുള്ളവരത്രയും "പ്രാചീന ഇന്ത്യയിൽ ഹെറോഡോട്ടസ്സോ, ത്യൂസിഡൈഡസ്സോ, ലിവിയോ ടാസിറ്റസ്സോ" ഉണ്ടായിരുന്നില്ല എന്ന പ്രഖ്യാപനത്തോടെയാണ് തുടങ്ങുക *1.* ശുഷ്ക്കമായ നമ്മുടെ ചരിത്ര സാമഗ്രികൾ ഈ പ്രസ്താവത്തെ മുഖവിലയ്ക്കെടുക്കുവാൻ നമ്മെ പ്രേരിപ്പിച്ചുവെന്ന് വരാം. കേരളത്തെ സംബന്ധിച്ച് ഒരുപക്ഷേ നൂറ് ശതമാനവും ഈ പ്രഖ്യാപനം ശരിയാണെന്ന് വന്നാൽ തന്നെയും, പൗരാണിക ഇന്ത്യയെ സംബന്ധിച്ച് ഇത് അത്ര തന്നെ യോജിക്കുമെന്ന് തോന്നുന്നില്ല. മോഹൻജോദാരോ, ഹാരപ്പ, ലോഥാൽ, പാടലിപുത്ര, ദ്വാരക, സാരനാഥ്, അരിക്കമേട് തുടങ്ങിയ കേന്ദ്രങ്ങളിൽ നടത്തിയ ഉത്ഖനനങ്ങളും രാജ്യത്തിൻെറ വിവധഭാഗങ്ങളിൽ നിന്നുമായി കണ്ടുകിട്ടിയുട്ടുള്ള ശിലാശാസനങ്ങളും താമ്രരേഖകളും ഈ ആഗ്ലേയ ചരിത്രകാരൻമാരുടെ പൊതു പ്രസ്താവത്തിന് വിരുദ്ധമായ കഥകൾ അയവിറക്കുന്നവയാണ്. അലക്സാണ്ടറുടെ ആക്രമണത്തോടുകൂടി ഇന്ത്യയിലെത്തിയ നിരവധി ഗ്രീക്ക് ഭൂമിശാസ്ത്രജ്ഞൻമാരും, ചരിത്രകാരൻമാരുമുണ്ട്. *2.* പൗരാണിക ഇന്ത്യയെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുള്ള യവന-റോമാ ഈജിപ്ഷ്യൻ ഭൂമിശാസ്ത്രജ്ഞൻമാർ താഴെ പറുന്നവരാണ്. മിലേറ്റസിലെ ഹിക്കാറ്റിയസ് (ബി.സി.549-486), ഹെറോഡോട്ടസ്സ് (ബി.സി.484-425), ടീസിയാസ്സ് (ബി.സി.400), മെഗസ്തനിസ്സ് (ബി.സി.302), ഇറാട്ടോസ്തനിസ്സ് (ബി.സി.276-194), ഹിപ്പാർക്കസ്സ് (ബി.സി.150-126), സ്ട്രാബോ (ബി.സി.63-എ.ഡി.25), പ്ലിനി (എ.ഡി.23-76), പോംപോനിയസ് മെല (എ.ഡി.43), എറിത്രിയൻ കടലിലൂടെ പെരിപ്ലസിൻെറ കപ്പൽ യാത്ര (എ.ഡി.80), ഏരിയൻ (എ.ഡി.180), ടയറിലെ മരിനസ് (എ.ഡി.2-ാം നൂറ്റാണ്ട്), ടോളമി (എ.ഡി.2-ാം നൂറ്റാ ണ്ട്), കോസ്മസ് ഇൻഡികോ പ്ലിയോസ്റ്റസ്സ് (എ.ഡി.560). *3.* അതുപോലെതന്നെ ചൈനയിൽ നിന്നും ഇവിടെ വന്ന് പ്രാചീന ഭാരതത്തെക്കുറിച്ച് ഗ്രന്ഥരചനകൾ നടത്തിയിട്ടുള്ള വളരെപ്പേരുണ്ട്. പാൻകു (എ.ഡി.1-ാം നൂറ്റാണ്ട്), പാൻകുവിൻെറ ഭാഗിനേയനും പാൻചൌവിൻെറ മകനുമായ ജനറൽ പാൻിങ് (എ.ഡി.2-ാം നൂറ്റാണ്ട്), ഫാഹിയാൻ (എ.ഡി.399നും, 414നുമിടയ്ക്ക്), ബുദ്ധ സന്യാസിയായ കാശ്മീരിലെ ഗുണ വർമ്മൻ (എ.ഡി.367-431), മാറ്റുയൻലിൻ (എ.ഡി. ആറാം നൂറ്റാണ്ട്), എ.ഡി. 590-ൽ ചൈനയിലേക്ക് പോയ ഗുജറാത്ത് കാരനായ സന്യാസി ധർമ്മഗുപ്ത്തയുടെ ഓർമ്മക്കുറിപ്പുകൾ (എ.ഡി.619), യുവാങ്ച്വാങ് (എ.ഡി.629-645), ഹു യൻസാങ് (എ.ഡി. 625-645), എ.ഡി.671-ൽ കടൽമാർഗ്ഗേണ ഇന്ത്യയിലെത്തുകയും നളന്ദ യൂണിവേഴ്സിറ്റിയിൽ ഏഴു കൊല്ലം നിവസിക്കുകയും ചെയ്ത ഐറ്റ്സിങ്, 8-ാം നൂറ്റാണ്ടിലെ പ്രസിദ്ധനായ ചൈനീസ് ഭൂമിശാസ്ത്രജ്ഞൻ കിയാറ്റൻ എന്നിവരാണവർ. *4.* ഇവർ നൽകുന്ന വിലപ്പെട്ട വിവരണങ്ങൾ നമ്മുടെ പ്രാക്തന സംസ്ക്കാരത്തേയും ജനജീവിതത്തേയും വിസ്തരിച്ച് പ്രതിപാദിക്കുന്നവയാണ്. ആര്യൻ അധിനിവേശത്തിനു മുമ്പുള്ള ഇന്ത്യയുടെ നാഗരിക സംസ്കാരത്തെ അനാവരണം ചെയ്യുന്ന മഹത്തായ സംരംഭമായിരുന്നുവല്ലോ പഞ്ചാബിലും സിന്ധിലും തുടർന്ന് രാജസ്ഥാനിലും നടത്തിയ ഉത്ഖനനങ്ങൾ.

വേദങ്ങളും, പുരാണങ്ങളും, ഇതിഹാസങ്ങളും, ബ്രാഹ്മണങ്ങളും കാഴ്ചവെച്ച വൈദീക സാഹിത്യം ഏത് രാജ്യത്തിൻേറയും പൗരാണിക ചരിത്രകഥാകഥനത്തിന് സഹായകമായി തീരും വിധമുള്ള അമൂല്യ വൈജ്ഞാനിക സമ്പത്താണ്. ഉപനിഷത്തുകൾ, ആരണ്യകങ്ങൾ തുടങ്ങിയവ തത്വശാസ്ത്രത്തിൻേറയും ദർശനങ്ങളുടേയും മേഖലകളിൽ വിലയുറ്റ സംഭാവനകളാണ് നൽകിയിട്ടുള്ളത്. വൈദീക സാഹിത്യവും ബൌദ്ധ-ജൈന ഗ്രന്ഥങ്ങളും ഈ രംഗങ്ങളിൽ നൽകിയിട്ടുള്ള മുതൽക്കൂട്ട് നിസ്സീമമാണ്. ബി.സി. നാലാം നൂറ്റാണ്ടിലെ ജാതകകഥകളും എ.ഡി. അഞ്ചാം നൂറ്റാണ്ടിലേതെന്ന് കരുതുന്ന കാളിദാസൻെറ രഘുവംശവും, മാളവികാഗ്നി മിത്രവും, എ.ഡി. 6-ാം നൂറ്റാണ്ടിലെ വരാഹമിഹിരൻെറ ബ്യഹദ്സംഹിതയും വിലപ്പെട്ട സംഭാവനകളാണ്. അങ്ങനെ മതങ്ങളുടേയും, ദർശനങ്ങളുടേയും കാര്യത്തിൽ ഇത്രയധികം നേട്ടങ്ങൾ കൈവരിച്ച പൗരാണിക ഇന്ത്യക്കാർ അവരുടെ ഭരണസംവിധാനങ്ങളെക്കുറിച്ചോ അവർ നടത്തിയ യുദ്ധങ്ങളെയോ, സമാധാന സന്ധികളെയോപ്പറ്റി യാതൊന്നും തന്നെ പിൻഗാമികളുടെ അറിവിനായി സ്വരൂപിച്ച് വെച്ചില്ലായെന്നുവരിക അസ്വാഭാവികമാണല്ലോ. മതസാഹിത്യവും ദർശനങ്ങളും വിശ്വാസത്തിൻെറ ഭാഗമായതുകൊണ്ട് ജനങ്ങൾ മനഃപാഠമാക്കി തലമുറ തലമുറയായി ഓർമ്മിച്ചു പോന്നതുപോലെ, ഭരണകർത്താക്കളെയോ ലൗകികങ്ങളായ മറ്റു കാര്യങ്ങളെയോ സംബന്ധിക്കുന്നവ ഗൗനിക്കാതെ വന്നതുകൊണ്ടാകാം പൈതൃകമായി കൈമാറാൻ സാധിക്കാതെ വിസ്മരിക്കപ്പെട്ടതെന്നു വേണം കരുതുവാൻ. ചെറുതും വലുതുമായ രാജസ്ഥാനങ്ങളിലൊക്കെ ഭരണനടപടികൾ രേഖപ്പെടുത്തുവാനും

കാര്യനിർവ്വഹണത്തിനും മറ്റുമായി ഉണ്ടായിരുന്ന ഉദ്യോഗസ്ഥൻമാർക്ക് പുറമേ എത്രയോ കവികളും കലാകാരൻമാരും അവിടെ അധിവസിക്കുകൂടി പതിവായിരുന്നുവെന്ന് നാം മനസ്സിലാക്കുമ്പോൾ, ഭൗതിക നിരീക്ഷണങ്ങളൊന്നും ഇവരാരും നടത്തിയിരിക്കുകയില്ലായെന്ന് വിശ്വസിക്കുവാൻ പ്രയാസമാണ്. തൻെറ രാജനീതിയും ധർമ്മസംഹിതകളും രാജ്യത്തുടനീളം സ്തൂപങ്ങൾ നാട്ടി ആലേഖ്യം ചെയ്ത അശോക ചക്രവർത്തിയുടെ നാട്ടിൽ, അർത്ഥശാസ്ത്രം വിരചിച്ച് ക്ഷാത്രിയ കർമ്മമണ്ഡലത്തെ ഉത്തേജിപ്പിച്ച ചാണക്യനെപ്പോലെയും, രാജതരംഗിണി എഴുതി ജനജീവിതവും ഭരണവംശാവലിയും വിരചിച്ച കൽഹനനെപ്പോലെയുമുള്ള വരുടേയും നാട്ടിൽ ചരിത്രസാമഗ്രികൾ ശുഷ്കമാകാൻ കാരണം പ്രത്യേകം അന്വേഷിക്കേണ്ടതാണ്.

എന്നാൽ കേരളചരിത്രരചനയ്ക്ക് ഉപകരിക്കുന്ന ഉപാധികൾ തീരെ വിരളമാകുവാൻ കാരണം പലതുമുണ്ട്. ഇവിടെ സമ്പന്നമായൊരു രാഷ്ട്രമോ, ഏകീകൃത ഭരണ സംവിധാനമോ ഇല്ലാതിരുന്നതുകൊണ്ട് വിഭവശേഷി ഇല്ലായ്മയുടെ അനിവാര്യമായ ഭൗതികപരിതഃസ്ഥിതികളെ അഭിമുഖീകരിക്കേണ്ടതായി വന്നുകൂടി. മറ്റു സ്ഥലങ്ങളിൽ നടന്നിരുന്നതുപോലെ അരമനകളിൽ ആസ്ഥാനകവികളോ, സ്തുതിപാഠകൻമാരോ ഇല്ലാതിരുന്നതുകൊണ്ട് ഈ ദരിദ്ര രാജാക്കൻമാരെക്കുറിച്ച് സ്തുതിപാഠകങ്ങളോ, കീർത്തനങ്ങളോ വിരചിക്കുവാൻ ആരും മുതിർന്നിരിക്കാനും ഇടയില്ല. ഭാഷാപരമായും അക്കാലത്തെ ജനപഥങ്ങൾക്ക് ഏകതാനത നിഷേധിക്കപ്പെട്ടിരുന്നു. വിഭിന്നങ്ങളായ പ്രദേശിക സംഭാഷണശൈലിയിൽ പ്രാകൃത വന്യവർഗ്ഗ തലവൻമാരുടെ കീഴിലുള്ള കൊച്ചുകൊച്ചു കൂട്ടായ്മകൾ ഒറ്റപ്പെട്ടുകഴിഞ്ഞിരുന്നതിനാൽ അവർക്ക് ചരിത്രപ്രാധാന്യമുള്ള എന്തെങ്കിലും ഈടുവെയ്പ്പുകൾ പിൻതലമുറയ്ക്ക് പൈതൃകമായി നൽകുവാൻ സാധിക്കുമായിരുന്നില്ല. ഗതകാല വീരചരിതം അയവിറക്കുന്ന മഹാപ്രാകാരങ്ങളോ, വലിയ പ്രാർത്ഥനാലയങ്ങളോ, ശക്തമായ കോട്ടകളോ അങ്ങനെ നിർമ്മാണരംഗത്ത് പൂർവ്വികമെന്ന് അവകാശപ്പെടുന്നതും ആ കാലഘട്ടങ്ങളിലെ പ്രൌഢിയും മേൻമയും വെളിപ്പടുത്തുന്നവയും ആയ ഏതെങ്കിലും വാസ്തുശില്പത്തിൻെറ അവശിഷ്ടങ്ങൾ പോലുമോ ഇവിടെ അവശേഷിക്കുന്നുമില്ല. ശക്തമായ രാജസ്ഥാനങ്ങളുടെ അഭാവം കൊണ്ടു തന്നെ താമ്ര-ശിലാരേഖകളുടെ ദൗർബല്യവും, നാണയങ്ങളുടെ അലഭ്യതയും സംഭവിച്ചു. രാജാക്കൻമാരോ, സൈന്യാധിപൻമാരോ, ഇടപ്രഭുക്കൻമാരോ ആരും തന്നെ പിൻതലമുറയക്ക് സഹായമാകുംവിധം അന്നത്തെ ചരിത്രവസ്തുതകളെ സൂചിപ്പിക്കുന്ന രേഖകളൊന്നും കാര്യമായി സൂക്ഷിക്കുവാൻ കഴിവുള്ളവരായിരുന്നില്ല. അതുകൊണ്ട് തന്നെ കേരളത്തിൻെറ രാഷ്ട്രീയവും, സാമൂഹികവും സാമ്പത്തികവുമായ വികാസപരിണാമങ്ങളുടെ അവികലമായ രൂപരേഖ തയ്യാറാക്കുവാൻ കഠിനപ്രയത്നം നടത്തിയാലും ക്ഷിപ്രസാദ്ധ്യമല്ലാതായിത്തീരുന്നു. കേരളത്തിൻെറ പ്രാക്കാലഘട്ടത്തെക്കുറിച്ച് ഒരേകദേശരൂപമെങ്കിലും ലഭിക്കുന്നതിനുതകുന്ന ചരിത്രാവശിഷ്ടങ്ങളൊന്നും ഇതുവരെ ലഭ്യമായിട്ടില്ലായെന്നതാണ് വസ്തുത. ഇക്കാര്യം അടുത്ത അദ്ധ്യായത്തിൽ പ്രതിപാദി ക്കുന്നതിനാൽ ഇവിടെ വിസ്തരിക്കുന്നില്ല.

കേരളത്തിലെ കാലാവസ്ഥയും ഭൂപ്രകൃതിയും നമ്മുടെ വിലയുറ്റ സാംസ്കാരിക അവശിഷ്ടങ്ങളെ തന്നെ ഉൻമൂലനം ചെയ്യത്തക്കവണ്ണം പ്രത്യേകതകൾ ഉൾക്കൊള്ളുന്നവയാണല്ലോ. ഏത് ഉത്ഖനനശ്രമങ്ങളേയും പുരാവസ്തുശാസ്ത്രപര്യവേഷണങ്ങളേയും തടസ്സപ്പെടുത്തുന്നതാണ് നമ്മുടെ ജനസാന്ദ്രത. പ്രാക്തന സംസ്ക്കാരത്തിൻെറ പ്രഭവസ്ഥാനങ്ങളെന്ന് ഐതിഹ്യങ്ങൾ ഉത്ഘോഷിക്കുന്ന സ്ഥലങ്ങളിൽപ്പോലും വീടുകളും കമ്പോളങ്ങളും ഇടതൂർന്ന് വളർന്ന് കഴിഞ്ഞതുകൊണ്ട്തന്നെ അത്തരം കേന്ദ്രങ്ങളിലെ ഭൂഗർഭത്തിൽ ഒളിഞ്ഞുകിടക്കുന്ന ചരിത്രാ വശിഷ്ടങ്ങളെ ഉത്ഖനനം വഴി അനാവരണം ചെയ്യുവാൻ പ്രതിബന്ധങ്ങളുണ്ടാകുന്നു. ഈ നാടിൻെറ, ക്രിസ്തുവിനു മുമ്പുള്ള സാംസ്ക്കാരിക പാരമ്പര്യത്തെയോ, വാണിജ്യപ്രതാപത്തെയോ വിവരിക്കാൻ ഉതകുന്ന സാമഗ്രികൾ തുലോം തുച്ഛമാകുന്നു. എങ്കിലും കേര ളത്തിലെ തേക്കിൻ തടികളും, ആനകൊമ്പും, സുഗന്ധദ്രവ്യങ്ങളും ക്രിസ്തു ജനിക്കുന്നതിന് എത്രയോ നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ അന്നത്തെ സാംസ്ക്കാരിക കേന്ദ്രങ്ങളിലൊക്കെ പ്രശസ്തമായിരുന്നുവെന്ന് പറഞ്ഞുപോരുകയും ചെയ്യുന്നുണ്ട്. സോളമൻ ചക്രവർത്തി (സുലൈമാൻ നബി) തൻെറ അരമനയെ മോടിപിടിപ്പിക്കുവാൻ കേരളത്തിൽ നിന്നും ഇവയൊക്കെ കൊണ്ടുപോയിരുന്നുവെന്നും പ്രസ്താവമുണ്ട്. മെസപ്പൊട്ടോമിയൻ സംസ്കാരത്തിൻെറ ആസ്ഥാനങ്ങളായിരുന്ന ഊർ, നിപ്പൂർ എന്നി പ്രമുഖ കേന്ദ്രങ്ങളിൽ നടത്തിയ ഉത്ഖനനത്തിൽ നിന്നും ലഭിച്ച തേക്കിൻ കഷണങ്ങൾ കേരളവും ഇറാക്കും തമ്മിൽ അതിപ്രാചീനകാലം മുതൽ ഉണ്ടായിരുന്ന വാണിജ്യ-സാംസ്കാരിക വിനിമയത്തിൻെറ വ്യക്തമായ തെളി വാണെന്നും നാം ഉറപ്പിച്ച് പറയുകയും ചെയ്യുന്നു.

ക്രിസ്തുവർഷാരംഭത്തോടുകൂടി കേരളത്തിലെ വാണിജ്യ-വ്യാപാര ചരിത്രത്തിലേക്ക് അൽപ്പമായെങ്കിലും വെളിച്ചം വീശുന്ന വിശ്വസനീയങ്ങളായ ചില ഉപാദാനങ്ങൾ ലഭ്യമാണ്. പുരാവസ്തു ഉത്ഖനനത്തിൻെറ ഫലമായിട്ടല്ലെങ്കിലും കേരളത്തിൻെറ നാനാഭാഗത്തുനിന്നും ധാരാളം റോമൻ നാണയങ്ങൾ പലപ്പോഴായി ലഭിച്ചിട്ടുണ്ട്. അഗസ്റ്റസ് സീസറിൻേറയും, നീറോ ചക്രവർത്തിയുടേയും നാണയങ്ങൾ ഇവയിൽ സുലഭമാണ്. 1851-ൽ കണ്ണൂരിൽ നിന്നുകിട്ടിയ നാണയശേഖരം അഞ്ച് തലച്ചുമടുകളിൽ അധികം ഉണ്ടായിരുന്നു. എറണാകുളം ജില്ലയിലെ പറവൂർ, കോട്ടയം ജില്ലയിലെ എലിക്കുളങ്ങര തുടങ്ങിയ പല സ്ഥലങ്ങളിൽ നിന്നുംമായി ധാരാളം റോമൻ നാണയങ്ങൾ കണ്ടെത്തിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ഇയ്യാൽ എന്ന സ്ഥലത്തു നിന്നു ലഭിച്ച നാണയശേഖരം ബി.സി.117

മുതൽ എ.ഡി. 123 വരെയുള്ള 240 കൊല്ലം നിലവിലു ണ്ടായിരുന്ന റോമൻ നാണയങ്ങളാണ്. ഇവയുടെ കൂട്ടത്തിൽ മൗര്യകാലത്തിനു മുമ്പുണ്ടായിരുന്ന 10 നാണയങ്ങളും, മൗര്യകാലത്തെ 14 നാണയങ്ങളും ഉൾപ്പെട്ടിരുന്നു. *5* 1946-ൽ ആണ് എലിക്കുളങ്ങര നിന്നും നല്ലൊരു നാണയ ക്കൂട്ടം കുഴിച്ചിട്ട നിലയിൽ യാദൃശ്ചികമായി കണ്ടുകിട്ടിയത്. ഇയ്യാലിലേയും എലിക്കുളങ്ങരയിലേയും ഈ ശേഖരങ്ങളിൽ 218 നാണയങ്ങൾ ഉണ്ടായിരുന്നു. കണ്ണൂരിൽ നിന്നും ലഭിച്ച നാണയക്കൂമ്പാരത്തിൻെറ കൂട്ടത്തിൽ 13 സ്വർണ്ണനാണയ ങ്ങളും 71 റോമൻ ദിനാരിയസ് നാണയങ്ങളും ഉൾപ്പെട്ടിരുന്നു. അതുപോലെ ഉമയദ്ദ് ഖലീഫമാരുടെ (661-750) നാല് സ്വർണ്ണനാണയങ്ങൾ കോതമംഗലത്തുനിന്നും ലഭിച്ചിട്ടുണ്ട്. ഈ അംശത്തെ പരാമർശിക്കുന്ന കൂട്ടത്തിൽ നാഗമയ്യ തിരു വിതാംകൂർ കൊട്ടാരത്തിലുള്ള അപൂർവ്വ വസ്തുശേഖരത്തിൽ റോമൻ നാണയങ്ങൾ ഉൾപ്പെടുന്നുവെന്ന് ചൂണ്ടിക്കാണിക്കു ന്നുണ്ട്. അവയിൽ അഗസ്റ്റസ്സ് സിസറുടെ 9-ഉം, ടിബെരി യസ്സിൻെറ 28-ഉം, ക്ലോഡിയസിൻെറ 16-ഉം, നിറോവിൻെറ 16-ഉം നാണയങ്ങൾ ഉണ്ട്. *6* യവന-റോമാക്കാരുമായും അറബികളുമായും നമുക്കുണ്ടായിരുന്ന പ്രാചീന വാണിജ്യ ബന്ധങ്ങളെ പ്രസ്പഷ്ടമാക്കുന്നവയാണ് ഈ നാണയ ശേഖരങ്ങൾ. ക്രിസ്താബ്ദം ഒന്നാം നൂറ്റാണ്ടു മുതൽ 8-ാം നൂറ്റാണ്ട് വരെയുള്ള കാലഘട്ടത്തിൽ കേരളത്തിലെ തീര പ്രദേശ ങ്ങൾക്ക് വിദേശരാജ്യങ്ങളുമായി നിരന്തര സമ്പർക്കം ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുന്ന നാണയശേഖ രങ്ങൾക്കു പുറമേ വേറെയും തെളിവുകളുണ്ട്.

ഒന്നാം നൂറ്റാണ്ടിൽ രേഖപ്പെടുത്തിയതും ഗ്രന്ഥകാരൻ ആരാണെന്ന് ഇതുവരെ മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ലാ ത്തതുമായ 'പെരിപ്ലസ്-എറിത്രിയൻ കടിൽതീരത്തിലൂടെ ഒരു കപ്പൽയാത്ര' എന്ന ഗ്രന്ഥം വളരെ പ്രയോജനപ്രദമാണ്. ഈജിപ്ഷ്യൻ നാവികനായിരുന്ന ഈ പെരിപ്ലസ്കാരൻ സുയസ് മുതൽ കൊറിയ വരെയുള്ള തിരദേശ സ്ഥലങ്ങളെ ക്കുറിച്ച് ഒരേകദേശവിവരണം നൽകുന്നുണ്ട്. അദ്ദേഹം തൻെറ സമുദ്രയാത്ര നടത്തിയത് എ.ഡി.78-നും 81-നും ഇടയ്ക്കായിരിക്കണം എന്നാണ് ചരിത്രകാരൻമാർ അധികവും അഭിപ്രായപ്പെട്ടിട്ടുള്ളത്. എന്നാൽ ഈ കൃതിയുടെ രചന എ.ഡി.47-നും 73-നും ഇടയ്ക്കായിരിക്കണമെന്നാണ് പി.കെ. പത്മനാഭൻ നായർ ഒടുവിലായി നടത്തിയ നിഗമനം. *7*

ഇന്ത്യയിലെ പ്രാധാനതുറമുഖങ്ങളേയും അവയിലൂടെ നടക്കുന്ന വാണിജ്യത്തേയുംക്കുറിച്ച് എഴുതുന്ന പെരിപ്ല സിൽ ഇവിടങ്ങളിലെ കയറ്റിയിറക്കുമതി ചരക്കുകളുടെ ലിസ്റ്റുകളും കൊടുത്തിരിക്കുന്നു. കേരളതീരത്തേതെന്ന് വിശ്വസിക്കപ്പെടുന്ന നൗറ, തിണ്ടിസ്, മുസിരിസ്, കൊട്ടനാര, നെൽക്കിണ്ട, ബഗരെ, ബലിദ, പറളിയ, കൊമറി എന്നിവി ടങ്ങളേയും ഈ സ്ഥലങ്ങളിലെ കയറ്റിറക്കുമതി ചരക്കു കളേയും ഈ സ്ഥലങ്ങളിൽ നിലനിന്നിരുന്ന സാമ്പത്തിക രാഷ്ട്രീയ സ്ഥിതികളേയും സൂചിപ്പിക്കുന്നുണ്ട്. അദ്ദേഹം എഴുതുന്നത് "തിണ്ടിസ് കേരൊബൊത്രാ" രാജ്യത്തിലാണ്. കടലിൽ നിന്നും വ്യക്തമായി കാണാവുന്ന ഒരു ഗ്രാമ മാണിത്. ഇതേരാജ്യത്തിൽ തന്നെയാണ് മുസിരിസ്സ്. ഇവിടേയ്ക്ക് ചരക്കുകൾ നിറച്ച ഒട്ടനേകം അറേബ്യൻ കപ്പലുകളും, യവന കപ്പലുകളും വരുന്നു. അത് ഒരു നദീ തീരത്തുള്ള തുറമുഖമാണ്. നെൽകിണ്ട മുസിരിസിൽ നിന്ന് നദീമാർഗ്ഗമായും കടൽ മാർഗ്ഗമായും 500 സ്റ്റേഡിയ ★ സഞ്ചരിച്ചാൽ എത്തുന്ന സ്ഥലമാണ്. മറ്റൊരു ദേശമായ പാണ്ഡ്യരാജ്യത്തിലാണിത്. നദിക്കരയിൽ സ്ഥിതി ചെയ്യുന്ന ഈ പട്ടണം കടലിൽ നിന്നും 120 സ്റ്റേഡിയ ഉള്ളിലാണ്. ഈ നദീമുഖത്ത് തന്നെ മറ്റൊരു ഗ്രാമമുണ്ട്, ഇതാണ് ബഗരെ. ഈ രണ്ട് കമ്പോള നഗര ങ്ങളിലേയും രാജാക്കൻമാർ ഉൾനാട്ടിലാണ് താമസം. *8.* പവിഴബന്ധനം നടത്തുന്ന പറളിയ എന്ന സ്ഥലവും അതിനു സമീപത്തിലായുള്ള കൊൽകോയി എന്ന നഗരവും പാണ്ഡ്യ രാജാവിൻെറ കീഴിലാണെന്നും അതിൽ പരാമർശമുണ്ട്. ഇതിൻെറ സമീപത്തായുള്ളതും നല്ലൊരു തുറമുഖത്തിൻെറ ആസ്ഥാനമായ കടൽത്തിരത്തുള്ള ഗ്രാമമാണ് ബെലിറ്റ എന്നും അതുകഴിഞ്ഞാണ് കോമാർ എന്ന സ്ഥലവും ആ പേരിലുള്ള കടലിടുക്കും. പെരിപ്ലസ് പറയുന്ന മൗസിരിസ് പ്ലിനിയുടെ മുസിരിസ് തന്നെയാണെന്നും മുയിരി അഥവാ മുയിരിക്കോട് എന്ന് പഴയകാലത്ത് പറഞ്ഞുപോന്നിരുന്ന കൊടുങ്ങല്ലൂർ തുറമുഖത്തെയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നതെന്നും അതു പോലെ തിണ്ടിസ് പന്തലായിനിയോ, കടലുണ്ടിയോ, പൊന്നാനിയോ ആയിരിക്കാമെന്നും ഡോ. ബെർണൽ അഭിപ്രായപ്പെടുന്നു. 9. പെരിപ്ലസ് പരാമർശിക്കുന്ന നൗറ കണ്ണൂരോ, ഏഴിമലയോ ആയി രിക്കാമെന്നാണ് ചരിത്രപക്ഷം. മുസിരിസ്സിനെ എന്നപോലെ നെൽക്കിണ്ടിയെക്കുറിച്ചും ആദ്യകാല പരാമർശങ്ങൾ ധാരാളമുണ്ട്. നിയാകിഡി നഗര മെന്നാണ് പ്ലിനി വിശേഷിപ്പിക്കുന്നത്. ടോളമിയാകട്ടെ മേൽക്കിണ്ടായെന്നും പറയുന്നു. റാവനയിലെ ഭൂമിശാസ്ത്ര ജ്ഞൻ നെൽക്കിണ്ടയെന്നും പെൻണ്ടിൻഗേറിയൻ ടേബിൾസിൽ നിൽക്കിണ്ടയെന്നും നാമകരണം ചെയ്തി രിക്കുന്നു. ഇവിടെ ഭരിക്കുന്നത് കെപ്രോബോത്രാസ് ആണെന്നും ഇവയെല്ലാം ഉൾക്കൊള്ളുന്ന സ്ഥലത്തിന് ദമിരിക എന്നാണ് പേരെന്നും പെരിപ്ലസ് പ്രസ്താവിക്കുന്നു. പ്ലിനി പറയുന്ന ചലോബോത്രാസാണ് പെരിപ്ലസ് ഉദ്ദേശിക്കുന്നതെന്ന് തീർച്ച. ടോളമി ഇവിടത്തെ രാജാവിനെ കെരോബോത്രാസ് എന്നെഴുതി കാണുന്നുണ്ട്. രാജ്യത്തിൻെറ പേര് ലിമുരിക്കെ എന്നാണെന്നും അതിൻെറ തലസ്ഥാനം കറവുറയാ ണെന്നുമാണ് പറയുന്നുത്. ഇതാകട്ടെ ചേരരാജ്യത്തിൽപ്പെട്ട കോയമ്പത്തൂർ ജില്ലയിലെ കാരൂർ എന്ന സ്ഥലവുമാണ്. ഇത്തരം വിവരണങ്ങൾ നൽകുന്ന പെരിപ്ലസ് ഓരോ സ്ഥലത്തു നിന്നും ലഭിക്കുന്ന കയറ്റുമതി ചരക്കുകളെ എണ്ണിയെണ്ണി പറയുന്നുണ്ട്. ഈ കയറ്റുമതി വിഭവങ്ങളിൽ അക്കാലത്ത് തന്നെ കുരുമുളകിനും, സുഗന്ധ ദ്രവ്യങ്ങൾക്കും സുപ്രധാന സ്ഥാനമുള്ളതായി കാണാം. പവിഴമുത്ത്, വെറ്റില, ആമ ത്തോട്, കക്കത്തോട്, ശംഖ് മുതലായവയും അദ്ദേഹത്തിൻെറ

ലിസ്റ്റിൽപ്പെടുന്നു. മുസിരിസ്സിനെപ്പറ്റി ഇന്ത്യയിലെ പ്രധാന എമ്പോറി യമാണെന്ന് വിശേഷിപ്പിക്കുന്നുണ്ടെങ്കിലും കപ്പൽ തുറമുഖത്തുനിന്നും വളരെ അകലെ മാത്രമേ നിർത്തുവാൻ സാധിക്കുകയുള്ളു. അതുകൊണ്ട് ചെറിയ വഞ്ചികളിൽ ചരക്കു കയറ്റി കപ്പലിൽ ഇറക്കേണ്ടി വരുന്ന ബുദ്ധിമുട്ടുണ്ട്. ഇതിന്റെ അടുത്തായുള്ള നിത്രിയാസ് എന്ന സ്ഥലം കടൽ കൊള്ളക്കാരുടെ ആവാസകേന്ദ്രമായ തിനാൽ മുസിരിസ്സ് അത്ര നല്ല സ്ഥലമല്ലെന്നാണ് അദ്ദേഹ ത്തിന്റെ പക്ഷം. എന്നാൽ ഇവിടെ നങ്കൂരമടിച്ച് അറബി കടലിന്റെ വിരിമാറിൽ നിരന്നുകിടക്കുന്ന കപ്പലുകളുടെ കൗതുകകരമായ കാഴ്ച അദ്ദേഹം വർണ്ണിക്കുകയും ചെയ്യുന്നു.

എ.ഡി.23-ൽ വടക്കേ ഇറ്റലിയിൽ ജനിച്ച പ്ലിനി എ.ഡി. 79-ൽ തന്റെ 56-ാമത്തെ വയസ്സിൽ ആകസ്മികമായി മരണ മടഞ്ഞു. നേപ്പിൾസിലെ അഗ്നി പർവ്വതം പൊട്ടി ഏറെ നാശ നഷ്ടങ്ങൾ വരുത്തിയ സ്ഥലം നേരിട്ട് അന്വേഷിക്കുവാനും, രക്ഷാപ്രവർത്തനം ചെയ്യുവാനും വേണ്ടി അന്ന് റോമൻ സൈനികമേധാവിയായിരുന്ന പ്ലിനി ചെറി യൊരു സൈന്യ ത്തോടുകൂടി പോയിരുന്നു. പൊട്ടിത്തെറിക്കുന്ന പർവ്വത ശിഖിരത്തിന് അടുത്തുവരെ ജിജ്ഞാ സുവായ ആ നിരീ ക്ഷണപടു എത്തി. രക്ഷപ്പെടുവാൻ നിർവ്വാഹമില്ലാത്തവണ്ണം വീണ്ടുമുണ്ടായ പൊട്ടിത്തെറി യിലാണ് അദ്ദേഹം മരിച്ചത്. ലോകത്തിലെ ബുദ്ധിരാക്ഷസൻമാരിൽ പ്രഥമഗണനീയനായ പ്ലിനിയാണ് വിശ്വവിജ്ഞാനശാഖകൾ ഒക്കെതന്നെ ആവിഷ്ക്കരിക്കുവാനുള്ള ശ്രമം നടത്തിയത്. ഹിസ്റ്റോറിയാ നാച്ചുറലിസ് (പ്രകൃതിശാസ്ത്രം) അഥവാ നാച്വറൽ ഹിസ്റ്ററി യെന്ന ബൃഹത്തായ ഗ്രന്ഥസമുച്ചയത്തിന്റെ കർത്താവാണ് പ്ലിനി. ചരിത്രം, ഭൂമിശാസ്ത്രം, ജ്യോതിശാസ്ത്രം, സസ്യ-ധാതുശാസ്ത്രങ്ങൾ തുടങ്ങി അന്നറിയാമായിരുന്ന വൈജ്ഞാ നിക സമ്പത്തെല്ലാം ക്രോഡീകരിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. 2493 അദ്ധ്യായങ്ങളും 37 വാല്യങ്ങളും ഉള്ളതാണ് അദ്ദേഹത്തിന്റെ ഈ വിജ്ഞാനകോശം. അന്നു കിട്ടാവുന്ന രണ്ടായിരത്തിൽപരം ഗ്രന്ഥങ്ങൾ പരിശോധിച്ച് ഇരുപതിനാ യിരത്തിൽപ്പരം ശീർഷകങ്ങ ളായിട്ടാണ് ഈ ഗ്രന്ഥം അദ്ദേഹം എഴുതിയത്. ഇന്ത്യയെയും കേരളത്തെയും ഇവിടത്തെ ജനജീവിതത്തെയും രാജാക്കൻമാർ, നഗരങ്ങൾ, തുറ മുഖങ്ങൾ, കയറ്റിയിറക്കുമതി സാധനങ്ങൾ, കാർഷികോൽ പ്പന്നങ്ങൾ തുടങ്ങിയ കാര്യങ്ങളേയും സവിസ്തരം ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. കേരളത്തെപ്പറ്റി പെരിപ്ലസ് എഴുതിയവയോട് മിക്കവാറും യോജിക്കുന്നണ്ട് പ്ലിനിയുടെയും വിവരണം. പെരിപ്ലസ് കർത്താവ് സ്വന്തം അനുഭവത്തിൽ നിന്നുമുള്ള ദൃക്സാക്ഷി വിവരണമാണ് നടത്തുന്നതെങ്കിൽ പ്ലിനിയാകട്ടെ വിശ്വസ്തരും, അനുഭവസ്ഥരുമായ നാവികരിൽ നിന്നും, കച്ചവടക്കാരിൽ നിന്നും അറിഞ്ഞതും, ലഭ്യമായ തുമായ പുസ്തകങ്ങളിൽ നിന്നും മനസ്സിലാക്കിയവയുമാണ് എഴുതിയിട്ടുള്ളത്. പെരിപ്ലസിന്റെ വിവരണം അദ്ദേഹം പ്രയോജനപ്പെടുത്തിയിരിക്കണം. പുസ്തകത്തിന്റെ ആദ്യത്തെ പത്തു വാല്യങ്ങൾ എ.ഡി.77-ലും, ബാക്കി വാല്യങ്ങൾ അദ്ദേ ഹത്തിന്റെ മരണശേഷവുമാണ് പ്രസിദ്ധീകരിച്ചത്.

എ.ഡി. 77-ൽ പ്രസിദ്ധീകരിച്ച പ്ലിനിയുടെ ആദ്യത്തെ പത്ത് വാല്യങ്ങളിൽ തന്നെ ഇന്ത്യയേയും കേരളത്തേയും പ്പറ്റിയുള്ള വിവരണങ്ങൾ അടങ്ങിയിട്ടുണ്ട്. കേരളവുമായുള്ള യവന-റോമാ കച്ചവടത്തെപ്പറ്റിയും കേരളത്തിലെ വാണിജ്യ വിഭവങ്ങൾക്കുവേണ്ടി പാശ്ചാത്യ നാഗരിക കേന്ദ്രങ്ങൾ നട ത്തുന്ന സാഹസിക ശ്രമങ്ങളുടെ ഫലമായി റോമാസാമ്രാ ജ്യത്തിൽ സ്വർണ്ണം ദുർല്ലഭമായിക്കൊണ്ടിരിക്കുന്നതിനെ ക്കുറിച്ചും ഏറെ പ്രതിപാദ്യമുണ്ട്. 486, 979 പവന്റെ കച്ച വടം നടത്താത്ത ഒറ്റ വർഷവും ഇല്ലായെന്നാണ് പ്ലിനി പറയു ന്നത്. അതുപോലെ ഭൂമിശാസ്ത്രജ്ഞനായ സ്ട്രാബോ എഴുതുന്നത്, ഹൊർമൂസ് തുറമുഖത്തുനിന്നും ഓരോ വർഷവും കേരളത്തിലെത്തുന്ന റോമാ കപ്പലുകൾ 120 എണ്ണത്തിൽ കുറയുകയില്ലായെന്നുമാണ്. ഇവയ്ക്കു പുറമേയാണ് അറബികളുടേയും, ചൈനക്കാരുടേയും കപ്പ ലുകൾ. ഇവിടെ നിന്നും കയറ്റി അയച്ചിരുന്നതായി പ്ലിനി തരുന്ന ലിസ്റ്റിൽ കുരുമുളക്, പവിഴം, വെറ്റില, ആനകൊമ്പ്, മസ്ലിൻ തുണിത്തരങ്ങൾ ഇവയെല്ലാമുണ്ട്.

യവന-റോമാ സഞ്ചാരികളും ചരിത്രകാരൻമാരും എഴുതി യിട്ടുള്ളവയിൽ നിന്നും മനസ്സിലാവുന്നത് കേരളത്തിന് വളരെ പ്രാചീനവും മഹത്തരവുമായ വൈദേശിക സമ്പർക്കവും, സാംസ്ക്കാരികപാരമ്പര്യവും ഉണ്ടായിരുന്നു എന്നുതന്നെ യാണ്. എന്നാൽ സുദീർഘമായ ഈ നൂറ്റാണ്ടുകളുടെ ചരിത്രം ഇത്തരം പരാമർശങ്ങളിൽ മാത്രം ഒതുങ്ങി വിസ്മൃതിയുടെ മടവീണ് മൂടപ്പെട്ടു കിടക്കുന്നു. ഇപ്പറഞ്ഞ ദുർല്ലഭമായ ചരിത്രസാമഗ്രിക്കു പുറമേ ഇക്കാലഘട്ടത്തെക്കുറിച്ച് അൽപ്പമായെങ്കിലും സൂചന നൽകുന്നവ സംഘംകൃതികൾ മാത്രമാണ്. എന്നാൽ സംഘകാല സാഹിത്യസമ്പത്ത് പരതി ചരിത്രാംശങ്ങൾ കണ്ടെടുക്കുവാൻ ഭഗീരഥപ്രയത്നം ചെയ്യുന്ന ജിജ്ഞാസുവിന് നിരവധി പ്രശ്നങ്ങളാണ് അഭിമുഖീകരി ക്കേണ്ടതായിവരിക. സംഘംകൃതികളുടെ കാലനിർണ്ണയം തന്നെ അനിഷേധ്യമായി സ്ഥാപിക്കുവാൻ നമ്മുടെ പണ്ഡി തൻമാർക്ക് ഇതുവരെ സാധിച്ചിട്ടില്ല. ചരിത്രകാരൻമാർ ക്കിടയിൽ ഇന്നും ഇതേക്കുറിച്ച് രൂക്ഷമായ അഭിപ്രായഭിന്ന തയാണുള്ളത്. പിൽക്കാലങ്ങളിൽ രചിക്കപ്പെട്ടവയും ആദ്യവിഭാഗത്തിൽപ്പെട്ടവയും തമ്മിൽ കൂടിക്കുഴഞ്ഞ് കിടക്കുന്നതിനാൽ സംഘം സാഹിത്യത്തിന്റെ കാലനിർണ്ണയം സങ്കീർണ്ണമായിരിക്കുന്നു. ഇത്തരം മറ്റു സാഹിത്യങ്ങളിലെന്ന പോലെ ഇവയിലും ധാരാളം മാറ്റിമറിച്ചിലുകളും കൂട്ടിച്ചേർ ക്കലുകളും കാലാകാലങ്ങളിൽ നടന്നിട്ടുണ്ട്. സംഘം കവികൾ അവരുടെ ഗീതങ്ങൾ ആലപിച്ചത് യഥാർത്ഥമായ ചരിത്രാ വിഷ്ക്കരണം ലക്ഷ്യമാക്കി ആയിരുന്നില്ലല്ലോ. നിറപ്പകിട്ടാർന്ന ഭാവനാസങ്കൽപ്പങ്ങൾക്കും പ്രതിരൂപാത്മക ബിംബ പ്രതിബിംബങ്ങൾക്കും ഏറെ പ്രസക്തി നിറഞ്ഞ ഈ കൃതികൾ ഇതിഹാസങ്ങളേയും പുരാണങ്ങളേയും പോലെ

ചരിത്രനിഷ്ഠമല്ല. തങ്ങളുടെ വീരനായകൻമാരുടെ ധീര സാഹസികത അതിരുകടന്ന അതിഭാവുകത്തോടുകൂടിയും അമിതമായ നിറപ്പകിട്ടോടുകൂടിയും വർണ്ണിക്കുന്ന ഇവ വാസ്തവികതയ്ക്ക് മങ്ങലേൽപ്പിക്കുകയാണ് ചെയ്യുന്നത്. ചരിത്രവസ്തുതകൾ ചോർന്നുപോകുവാൻ മാത്രമേ ഇത്തരം പ്രകീർത്തനങ്ങൾ സഹായിക്കുകയുള്ളു. ഇതിനുപുറമേ ലുബ്ധപ്രചാരമായ വാക്കുകളുടെ യ ഥാർത്ഥ അർത്ഥം ഗ്രഹിക്കുന്നതിലും നമ്മുടെ പണ്ഡിതൻമാർക്ക് അബദ്ധ ങ്ങൾപിണഞ്ഞിട്ടുമുണ്ട്. ജിജ്ഞാസുവായ ഗവേഷകന് സംഘകൃതികളിൽ നിന്നും കതിരും പതിരും തരം തിരിച്ച് ചരിത്രാംശങ്ങൾ കണ്ടെടുക്കുവാൻ തീവ്രയത്നം തന്നെ വേണ്ടി വരുന്നു. എങ്കിൽകൂടിയും കനകസഭാപിള്ള, എസ്. വൈയ്യാ പുരിപിള്ള, രാഘവയ്യങ്കാർ, നീലകണ്ഠശാസ്ത്രി തുടങ്ങിയ പണ്ഡിതശ്രേഷ്ഠൻമാരുടെ ശ്രമഫലമായി തമിഴകത്തെ സംബന്ധിച്ച് പൊതുവേയും ചേരരാജ്യത്തെക്കുറിച്ച് പ്രത്യേക മായും ഒരേകദേശരൂപം ഇവയിൽ നിന്നും കണ്ടെടുക്കുവാൻ സാധിക്കുന്നുവെന്നത് അൽപ്പം ആശ്വാസകരമാണ്.

514 കവികൾ കൂട്ടായും ഒറ്റയായും പലപ്പോഴായി എഴുതിയിട്ടുള്ളവയാണ് സംഘംകൃതികൾ. ഇവയെ പൊതുവെ 'അകം, പുറം' എന്നീ രണ്ടു വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. 'അകം' പാട്ടുകൾ ശൃംഗാരരസ പ്രദാനവും, 'പുറം' പാട്ടുകൾ വീരരസ പ്രദാനവുമാണ്. അകംപാട്ടുകൾ പ്രണയം, കുടുംബകലഹം, കാമുകി-കാമുകൻമാരുടെ ഒളി ച്ചോട്ടം, വിരഹദുഃഖം, അനുരാഗസംതൃപ്തി എന്നീ വികാരാം ശങ്ങൾക്ക് ചൂടും, വീര്യവും പകരുന്ന അതിശയോക്തി പൂർണ്ണമായ ഭാവനാസൃഷ്ടികൾ മാത്രമാകുന്നു. അവിശ്വസ നീയങ്ങളായ അത്യുക്തികൾ കൊണ്ട് അതിഭാവുകത്വം സൃഷ്ടിക്കുന്ന ഇത്തരം കൃതികൾ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ടവയാണ്.

എട്ടുത്തൊകൈ, പത്തുപ്പാട്ട്, പതിനെൺകീഴ്കണക്ക് എന്നിങ്ങനെ സംഘംകൃതികളെ മൂന്നായി തരംതിരിച്ചി രിക്കുന്നു. ആദ്യത്തേതിൽ എട്ടു കൃതികളാണുള്ളത്. അവ അകനാനൂറ്, പുറനാനൂറ്, പരിപാടൽ, പതിറ്റിപ്പത്ത്, കലി ത്തൊകൈ, കുറുന്തൊകൈ, നറ്റിണൈ, ഐങ്കുറുനൂറ് മുത ലായവയാണ്. 2421 പാട്ടുകളാണ് ഇവയിലുള്ളത്. രണ്ടാം വിഭാഗമായ പത്തുപാട്ട് സമാഹാരത്തിലാകട്ടെ തിരുമുരു കാറ്റുപടൈ, പൊരുനരിറ്റുപടൈ, ശിറുപാണാറ്റുപടൈ, പെരുംപാണാറ്റുപടൈ, മുല്ലപ്പാട്ട്, കുറിഞ്ചിപ്പാട്ട്, മധുരൈ കാഞ്ചി, നെടുനെൽവിടൈ, പട്ടിനിപ്പാലൈ, മലൈപടുകിടാം എന്നിവയാണ്. മൂന്നാം വിഭാഗമായ പതിനെൺ കീഴ് കണക്കിൽ മുതുമൊഴികാഞ്ചി, ചെറുപഞ്ചമൂലം, നാലടി നാൽപത്, നാൻമണികോവൈ, ഇന്നാൽപ്പത്, ആചാര ക്കോവൈ, പഴമൊഴി, തിരുക്കുറൽ, തിരുകടുകം, ഇനിവൈ നാൽപ്പത്, കർനാൽപ്പത്, കളവഴിനാൽപ്പത്, ഏലാദി, തിണൈ മൊഴി അമ്പത്, തിണമാലൈനൂറ്റി നാൽപ്പത്, എൻറുണൈ എഴുപത്, എന്തിണൈ അമ്പത്, കൈനിലൈ എന്നീ പതിനെട്ട് കൃതികൾ ഉൾപ്പെടുന്നു. ഇവയ്ക്കു പുറമേ, ചിലപ്പതികാരം, മണിമേഖല, തൊൽകാപ്പിയം, എന്നിവ പ്രചാരത്തിലും, പ്രധാന്യത്തിലും മുൻപന്തിയിൽ നിൽക്കുന്നു. തമിഴ്ഭാഷാ വ്യാകരണ ഗ്രന്ഥമായിട്ടാണ് തൊൽകാപ്പിയത്തെ പരിഗണിച്ചു പോരുന്നതെങ്കിലും അക്കാലത്തെ ഭൂപ്രകൃതി, ജീവസന്ധാരണ മാർഗ്ഗങ്ങൾ, ക്രയവിക്രയ രീതി എന്നിങ്ങനെ ജനജീവിത ത്തിന്റെ സ്പന്ദനങ്ങൾകൂടി ഉൾക്കൊള്ളുന്നുണ്ട്. പ്രസ്തുത ഗ്രന്ഥത്തിന്റെ രചന നടത്തിയ തൊൽകാപ്പിയാർ ജൈനമതാനുയായി ആയി രുന്നുവെന്നും ദക്ഷിണ തിരുവിതാംകൂറിൽ അതകംകോട് എന്ന ഗ്രാമത്തിൽ വെച്ചാണ് ഇതെഴുതിയതെന്നും വിശ്വസി ക്കപ്പെടുന്നു. *10.* ഗ്രന്ഥത്തെ എഴുത്തധികാരം, ചൊല്ലധികാരം, പൊരുൾഅധികാരം എന്നിങ്ങനെ മൂന്ന് ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. അക്ഷരങ്ങളെപ്പറ്റി എഴുത്തധികാരത്തിലും, പദങ്ങളെപ്പറ്റി ചൊല്ലധികാരത്തിലും കവിതയുടെ ഇതിവൃത്തം, അലങ്കാരം, ഭാവരൂപങ്ങൾ, ഇത്യാദികൾ പൊരുൾ അധികാര ത്തിലും ആയാണ് വിവരിച്ചിട്ടുള്ളത്. ഒട്ടാകെ 1603 സ്തോത്രങ്ങൾ ഉൾക്കൊള്ളുന്നതാണ് തൊൽകാപ്പിയം. മഹാകാവ്യങ്ങളെന്ന് വിശേഷിപ്പിക്കുന്ന ചിലപ്പതികാരവും, മണിമേഖലയും പിൽക്കാല കൃതികളാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ചില പ്പതികാരം ജൈനകൃതിയും, മണിമേഖല ബൌദ്ധ കൃതിയുമാണ്. അകം നാനൂറ്, പുറംനാനൂറ് എന്നിവ ഇരുനൂറും അതിൽ കൂടുതലും കവികളുടെ കൃതികൾ സമാഹരി ച്ചതാണെന്ന് കാണാം. ആകെയുള്ള 2381 കാവ്യങ്ങളിൽ 1862 എണ്ണവും ശൃംഗാര രസപ്രധാനങ്ങളായ അകം വിഭാഗ ത്തിൽപ്പെട്ട കാവ്യ ങ്ങളാണ്. അവ അകനാനൂറ്, നറ്റിണൈ എന്നീ കൃതികളിൽ നൂറുവീതവും കുറുന്തോകൈയിൽ നൂറ്റിന്ന്, ഐങ്കുറുനൂറിൽ അഞ്ഞൂറ്, കലിത്തോകൈയിൽ നൂറ്റിനാൽ പ്പത്തി ഒമ്പത്, പരിപാടലിൽ എട്ട്, പത്തുപാട്ടിൽ നാല് എന്നീ ക്രമത്തിലാണ് സമാഹരിച്ചിരിക്കുന്നത്. പല കാലങ്ങളിലും, പല സ്ഥലങ്ങളിലുമായി ജീവിച്ചിരുന്ന നാനൂറോളം കവികളുടെ കൃതികൾ ഇതിൽ സമാഹരിച്ചിരിക്കുന്നു. പുറം നാനൂറും, പതിറ്റുപ്പത്തും പുറംകൃതികൾ ആയതിനാൽ സാമൂഹ്യവും രാഷ്ട്രീയവുമായ സ്ഥിതിഗതികൾ ഉൾക്കൊ ള്ളുന്നവയാണ്. രാജാക്കാൻമാരുടേയും, ഇടപ്രഭുക്കൻ മാരുടേയും വിരശൂരപരാക്രമങ്ങളും, സാഹസികയജ്ഞങ്ങളും ജനജീവിതവുമായുള്ള സമ്പർക്കങ്ങളും ഇതിലെ ഇതിവൃത്തങ്ങളാണ്. ചരിത്രാന്വേഷകന് സംഘംസാഹിത്യ ത്തിലെ പുറം വിഭാഗത്തിൽ ഉൾപ്പെടുന്ന കൃതികളാണ് സഹാ യകമായിട്ടുള്ളത്. ഇതിൽ പതിറ്റുപ്പത്ത് ചേരരാജ്യത്തിലെ പത്ത് രാജാക്കാൻമാരെ പ്രകീർത്തിക്കുന്നതും അവരുടെ പ്രവൃത്തികളെ പ്രതിപാദിക്കുന്നതുമാണ്. ഓരോ രാജാവിനെ പ്പറ്റിയും പത്ത് പട്ടുകൾ വീതമാണുള്ളത്. എന്നാൽ ഇതിൽ ആദ്യത്തെപ്പത്തും, അവസാനത്തെപ്പത്തും ഇതുവരെ കണ്ടുകിട്ടിയിട്ടില്ല. ഇവ നൂറ്റാണ്ടുകൾക്ക് ശേഷമായിരിക്കാം സമാഹരിച്ചതെന്ന് വേണം ഊഹിക്കുവാൻ. ഇവ എഴുതിയ കവികളുടെ പേരും അവ പ്രകീർത്തനം ചെയ്തിട്ടുള്ള

രാജാക്കൻമാരുടെ പേരും ഈ സ്തുതിഗീതങ്ങളിൽ മതിമറന്ന രാജാക്കൻമാർ അതെഴുതിയ കവികൾക്ക് നൽകിയ സമ്മാനങ്ങളുമൊക്കെ പഥികങ്ങളായി ഇതിനെ ക്രോഡീകരിച്ചവർ പിന്നീട് എഴുതിച്ചേർത്തിട്ടുണ്ട്. കൃതികളുടെ കാലവും സമാഹരണത്തിൻെറ സമയവും തമ്മിൽ നൂറ്റാണ്ടുകളുടെ വ്യത്യാസമുണ്ട്.

സംഘകാല സാഹിത്യത്തെ അടിസ്ഥാനമാക്കി സത്യസന്ധമായ ചരിത്രസംവിധാനം അസാധ്യമാണ്. കവികളേയും അവർ പ്രകീർത്തിക്കുന്ന കുറുനില മന്നൻമാരേയും അവർ ജീവിച്ച കാലത്തേയുംക്കുറിച്ച് കൃത്യമായി നിരൂപിക്കുവാൻ കഴിയുന്നില്ല. അതുകൊണ്ടു തന്നെയാണ് ഈ വിഷയത്തിൽ കൂടുതൽ നിരീക്ഷണം നടത്തിയിട്ടുള്ളവരൊക്കെ ഭിന്നാഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നത്. തമിഴ് എൻസൈക്ലോപീഡിയയുടെ അഞ്ചാം വാല്യത്തിൽ 405-ാം പേജിൽ ഡോ. വരദരാജൻ സ്ഥാപിക്കുവാൻ ശ്രമിക്കുന്നത് സംഘംസാഹിത്യത്തിൻെറ കാലം ക്രിസ്തുവിനു മുമ്പ് 500 മുതൽ ക്രിസ്തുവിനു പിമ്പ് 200 വരെ എന്നാണ്. എസ്. വൈയ്യാപുരിപിള്ളയുടെ അഭിപ്രായത്തിൽ ആദികാല സംഘം കൃതികൾ ക്രിസ്തുവിനു പിമ്പ് 100 മുതൽ 300 വരെയുള്ള കാലത്തും, തൊൽകാപ്പിയം ക്രിസ്തുവിനു പിമ്പ് അഞ്ചാം നൂറ്റാണ്ടിൻെറ അവസാനത്തിലും, പിൽക്കാല സംഘം കൃതികൾ അതിനുശേഷവും രചിക്കപ്പെട്ടവയാണെന്നത്രേ. *11.* മറ്റൊരഭിപ്രായം എം. ശ്രീനിവാസ അയ്യങ്കാരുടേതാണ്. ക്രിസ്തുവിനു മുമ്പ് 600 മുതൽ ക്രിസ്തുവിനു ശേഷം 150 വരെയുള്ള കാലത്താണ് പഴയപാട്ടുകൾ മാത്രമല്ല തൊൽകാപ്പിയം തിരുക്കുറൈ എന്നിവകൂടി രചിക്കപ്പെട്ടത്. *12.* ഇളംകുളം പി.എൻ. കുഞ്ഞൻപിള്ള പറയുന്നത്, ക്രിസ്തുവിനു മുമ്പ് നാലാം നൂറ്റാണ്ടിനു ശേഷമാവണം സംഘകാല ഘട്ടമെന്നാണ്. *13.* അറിഞ്ഞിടത്തോളം തെളിവുകളുടെ ബലത്തിൽ ഉറപ്പിച്ചു പറയാവുന്നത് ഏ.ഡി. മൂന്നാം നൂറ്റാണ്ടിനും, 7-ാം നൂറ്റാണ്ടിനുമിടയ്ക്ക് പലപല സ്ഥലങ്ങളിലായി ജീവിച്ചിരുന്ന കവികൾ അക്കാലത്തെ രാജാക്കൻമാരേയും ഇടപ്രഭുക്കൻമാരേയും പ്രീണിപ്പിക്കുവാനും അവരുടെ സഹായങ്ങൾ നേടിയെടുക്കുവാനും വേണ്ടി എഴുതിയിരുന്ന പ്രകീർത്തനങ്ങളായിരുന്നു ഇവ എന്നാണ്. വളരെക്കാലത്തിനു ശേഷം ഇവ ക്രോഡീകരിക്കപ്പെട്ടപ്പോൾ നൂറ്റാണ്ടുകളുടെ വ്യത്യാസമുള്ള പാട്ടുകൾ ഒരേ സമാഹാരത്തിൽ വന്നുപെട്ടു. തൻമൂലം ചരിത്രസാമഗ്രിയെന്ന നിലയിൽ ഇവയുടെ സ്ഥാനം നിഷ്പ്രഭവുമായി. ഇതിനേക്കാളൊക്കെ ഈ കൃതികളുടെ വിശ്വാസ്യത നഷ്ടപ്പെടുത്തുന്ന രീതി സമ്പ്രദായവും ഇവയുടെ മൂല്യശോഷണത്തിന് ഇടയാക്കുകയും ചെയ്തു. കാപ്പിയനാർ എന്ന കവിക്ക് 40 ലക്ഷം സ്വർണ്ണനാണയങ്ങളും ഏത്താനും ആനകളും, കപിലർക്ക് ഒരു ലക്ഷം സ്വർണ്ണനാണയങ്ങളും ഒരു കുന്നിൻ മുകളിൽ നിന്നും നോക്കിയാൽ കാണാവുന്നത്ര സ്ഥലങ്ങളും പാരിതോഷികമായി ലഭിച്ചുവത്രേ. നാച്ചിലിയാർ എന്ന കവയിത്രിക്ക് സ്വർണ്ണത്താമര പൂവു കളുള്ള അനേകം ആഭരണങ്ങളും രാജാവിൻെറ പത്നീപദവും ലഭിച്ചപ്പോൾ അരശ്ശിൽ കീഴാർക്ക് 9 ലക്ഷം സ്വർണ്ണ നാണയങ്ങളും, ഉമ്പർകാട്ടിൽ നിന്നുള്ള എല്ലാ വരുമാനങ്ങളും നൽകി ആദരിച്ചു പോലും! അക്കാലത്തെ രാജാക്കൻമാർ കവികളെ പ്രീണിപ്പിക്കുവാൻ ചെയ്തിരുന്നതായി പറയുന്ന ഇവയൊക്കെ അതേപടി വിശ്വസിച്ച് ചരിത്രനിർണ്ണയം നടത്തുന്നുവെങ്കിൽ അതിൽപരം ഭീമാബദ്ധം മറ്റൊന്നാകാൻ ഇടയില്ല. ഒന്നാം നൂറ്റാണ്ടിൽ റോമാക്കാരുടെ പ്രതാപകാലത്ത് പൗരസ്ത്യ രാജ്യങ്ങളുമായി നടത്തിയിരുന്ന വ്യാപാര ഇനത്തിൽ ഒരോ വർഷവും അഞ്ച് ലക്ഷം പവന് താഴെയാണ് ചെലവ് ചെയ്തിരുന്നതെന്ന് യവന-റോമാ ചരിത്രകാരൻമാർ സാക്ഷ്യം വഹിക്കുന്നുണ്ട്. അക്കാലത്തെ നൂറുകണക്കിന് കവികൾക്കും, കലാകാരൻമാർക്കും മുൻപ്രസ്താവിച്ചവിധം സമ്മാനങ്ങൾ നൽകുവാൻ കഴിഞ്ഞിരുന്ന ഏതെങ്കിലും രാജാവ് ഉണ്ടായിരുന്നുവെങ്കിൽ അദ്ദേഹത്തിനുണ്ടായിരുന്നിരിക്കാവുന്ന ധനവും പ്രതാപവും എത്രമാത്രം ആയിരിക്കാമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. ഇത്തരം കൃതികളെ അടിസ്ഥാനപ്പെടുത്തി ചരിത്രസംവിധാനത്തിന് ഒരുങ്ങുന്നത് വലിയ സാഹസമായിപ്പോകും. അതാണ് ദാക്ഷണാത്യ ഇന്ത്യാചരിത്രത്തിലും, കേരളചരിത്രത്തിലും കടന്നുകൂടിയ കുഴപ്പങ്ങൾ അധികവും.

എന്നാൽ ഏഴാം നൂറ്റാണ്ട് മുതൽ പോർച്ചുഗീസ് ആക്രമണം വരെയുള്ള എട്ട് നൂറ്റാണ്ടുകളിലെ കേരള ചരിത്ര സംവിധാനത്തിന് പ്രയോജനപ്പെടുന്ന ധാരാളം ഉപാദാനങ്ങളുണ്ട്. അവയുടെ സിംഹഭാഗവും പ്രാചീന അറബി ഭാഷയിൽ രചിക്കപ്പെട്ടവയുമാണ്. ഇക്കാലത്ത് അറബിനാടുകളിൽ നിന്നും ഇന്ത്യ, ചൈന തുടങ്ങിയ പൂർവ്വദേശങ്ങളിലേയ്ക്ക് സഞ്ചാരികളുടേയും, ഭൂമിശാസ്ത്രജ്ഞൻമാരുടേയും ഒരു പ്രവാഹം തന്നെ നടന്നിട്ടുണ്ട്. അവർ എഴുതിയ സഞ്ചാരക്കുറിപ്പുകളും അനുഭവ വിവരണങ്ങളും ധാരാളമാകുന്നു. ഐറോപ്യൻ ചരിത്രകാരൻമാർ ഇംഗ്ലീഷ് ഉൾപ്പെടെയുള്ള പല ഭാഷകളിലായി ഇവയിൽ കുറേയെങ്കിലും വിവർത്തനം ചെയ്തിട്ടുമുണ്ട്. ലോകത്തിലെ പ്രഖ്യാതങ്ങളായ പല സാംസ്ക്കാരിക കേന്ദ്രങ്ങളിലുമുള്ള ഗ്രന്ഥപുരകളെ അലങ്കരിക്കുന്ന ഇവയെ തേടിപ്പിടിച്ച് സമഗ്രമായ പഠനം നടത്തുവാൻ സാധിച്ചാൽ നമ്മുടെ രാഷ്ട്രീയ-സാംസ്ക്കാരിക ചരിത്രത്തിലെ ആറേഴ് നൂറ്റാണ്ടുകാലത്തെ വിടവ് നികത്തുവാൻ കുറേയൊക്കെ സാധിച്ചെന്നു വരും. ബാഗ്ദാദിലേയും, കെയ്റോവിലേയും, ടെഹ്റാനിലേയും പുരാതന ഗ്രന്ഥാലയങ്ങളിൽ നമ്മുടെ ശ്രദ്ധയിൽപ്പെടാതെ കിടക്കുന്ന അമൂല്യങ്ങളായ മൂല രേഖകൾ സമാഹരിച്ച് സമ്പാദിക്കുന്നതിൽ വരാവുന്ന ഏത് മുതൽ മുടക്കും പ്രയത്നവും അധികമാകുകയില്ല. ഏഴാം നൂറ്റാണ്ടോടു കൂടി ഇസ്ലാമിക പ്രചാരണം ഫലവത്തായി തുടങ്ങിയതോടെ സാഹസിക സഞ്ചാരകൗതുകവും പുതിയ പുതിയ രാജ്യങ്ങളേയും അവയുമായുള്ള കച്ചവടബന്ധങ്ങളേയും സമ്പർക്കത്തേയും ഉറപ്പിക്കുവാനുള്ള തീക്ഷണമായ ത്വരയും അറബികളെ അന്ന് അറിയപ്പെടുന്ന എല്ലാ പ്രധാന കേന്ദ്രങ്ങളിലും എത്തിച്ചിരുന്നു. കടൽമാർഗ്ഗമായും, കര മാർഗ്ഗമായും എത്രയോ അധികം ഭൂമിശാസ്ത്രജ്ഞൻമാരും, സഞ്ചാരപ്രിയരും, ചരിത്ര

കുതുകികളും നമ്മുടെ നാട്ടിലേയ്ക്ക് പ്രവഹിച്ചിട്ടുണ്ട്. ഇവർ ഒരോരുത്തരും സ്വന്തരാജ്യത്ത് തിരിച്ചെത്തുമ്പോൾ, ആ രാജ്യങ്ങളിലെ ഭരണകർത്താക്കൾ ഇവർ കണ്ടതും കേട്ടതും അനുഭവിച്ചറിഞ്ഞതുമായ സംഗതികളെക്കുറിച്ചുള്ള വിശദാംശങ്ങൾ എഴുതിക്കുക പതിവായിരുന്നു. അറിയാനും അറിയിക്കുവാനുമുള്ള ആകാംക്ഷയോടുകൂടി പണ്ഡിതോചിതമായ രീതിയിൽ സ്വന്തമായി എഴുതിയിട്ടുള്ള ഗ്രന്ഥങ്ങളും അപൂർവമല്ല. നേരത്തെ പ്രസ്താവിച്ചതുപോലെ ഏഴാം നൂറ്റാണ്ടു മുതൽ 15-ാം നൂറ്റാണ്ടു വരെയുള്ള കാലത്തെ നമ്മുടെ രാഷ്ട്രീയവും വ്യാവസായികവുമായ ചരിത്രരചനയ്ക്ക് ഉപാധികളാക്കാവുന്ന അറബിഗ്രന്ഥകാരൻമാരും ഗ്രന്ഥങ്ങളും ഒട്ടേറെയുണ്ട്. അവയിൽ നമ്മുടെ പഠനത്തിന് പ്രയോജനപ്പെടുത്താവുന്ന പ്രധാനപ്പെട്ട ഗ്രന്ഥകാരൻമാരും അവരുടെ ഗ്രന്ഥങ്ങളുമാണ് ചുവടെ ചേർക്കുന്നത്.

*സിൽസിലാത്ത് - അൽ തവാരിഖ്* :- കേരളം സന്ദർശിച്ച് വിവരണങ്ങൾ എഴുതിയ ആദ്യകാല അറബി വ്യാപാരിയാണ് സിൽസിലാത്ത്-അൽ തവാരിഖ് എന്ന ഗ്രന്ഥത്തിൻെറ പേരിൽ അറിയപ്പെടുന്ന സുലൈമാൻ. ഹിജ്റ 237-നു (എ.ഡി. 851) ചൈനയിലേയ്ക്ക് സമുദ്രസഞ്ചാരം നടത്തിയ അദ്ദേഹം മലബാർ തീരത്തിലൂടെ അക്കാലത്തെ പ്രമുഖ തുറമുഖപട്ടണമായ കൊല്ലത്ത് ഇറങ്ങിയിരുന്നു. മസ്ക്കറ്റിൽ നിന്നും കാലാവസ്ഥ നല്ലതാണെങ്കിൽ ഒരു മാസംകൊണ്ട് കൊല്ലത്തെത്താമെന്ന് അദ്ദേഹം പറയുന്നുണ്ട്. ഇത് ശരിയായിരിക്കാൻ നിർവ്വാഹമില്ല. അദ്ദേഹം ആദ്യം എത്തുന്നത് ബൽഹറയിലാണ്. അവിടെ നിന്നും കൊങ്കണം തുടങ്ങുന്നുവെന്നും ഈ രാജ്യത്തിൻെറ അതിർത്തി കഴിഞ്ഞാൽ കൊല്ലത്തിൻെറ സമീപത്തെത്തുമെന്നും അദ്ദേഹം എഴുതുന്നുമുണ്ട്. എന്നാൽ ബൽഹറ എന്നത് രാജ്യത്തിൻെറ പേരല്ല, രാജാക്കൻമാർ സ്വീകരിച്ചിരുന്ന ബഹുമതിയാണ്. മാത്രവുമല്ല, ഇവരുടെ രാജ്യത്തുനിന്നും ഒരു മാസത്തെ കടൽയാത്ര കൊണ്ടേ കൊല്ലത്ത് എത്തുകയുള്ളൂവെന്നും മറ്റുപല സഞ്ചാരികൾ രേഖപ്പെടുത്തുന്നുണ്ട്. അപ്പോൾ മസ്ക്കറ്റിൽ നിന്നും ഒരു മാസം കൊണ്ട് കൊല്ലത്തെത്തുമെന്ന് സുലൈമാൻ എഴുതുന്നത് ബൽഹറയിൽ നിന്നും എന്നതിന് പകരമാകുവാനാണ് സാദ്ധ്യത. ഈ ഗ്രന്ഥത്തിൻെറ ആദ്യത്തെ 59 പേജ് മാത്രമാണ് സുലൈമാൻേറതെന്ന് കരുതുന്നത്. സുലൈമാൻ കേരളം സന്ദർശിച്ച വർഷം എ.ഡി. 851 ആയിട്ടാണ് പറയുന്നത്. സുലൈമാൻെറ ഈ ഗ്രന്ഥം പുനഃപരിശോധന നടത്തിയത് അബൂസെയ്ദ് എന്ന മറ്റൊരു സഞ്ചാരിയാണ്. അദ്ദേഹം പറയുന്നത്, ആദ്യപുസ്തകത്തിൻെറ കാലം ഹിജ്റ 237 (എ.ഡി.851) ആണെന്നാണ്. പ്രസ്തുതഗ്രന്ഥത്തിൻെറ ബാക്കി ഭാഗം അബൂസെയ്ദ് എഴുതിയതായിരിക്കണം. എന്നാൽ ആദ്യത്തെ 59 പേജ് തന്നെ സുലൈമാൻെറ മാത്രം വിവരണമല്ലെന്നാണ്, ഈ ഗ്രന്ഥത്തേയും ഗ്രന്ഥകാരൻമാരേയും കുറിച്ച് സൂക്ഷ്മ നിരീക്ഷണം നടത്തിയിട്ടുള്ള ഹുസൈൻ നൈനാർ അഭിപ്രായപ്പെടുന്നത്. "ഈ 59 പുറങ്ങൾ മനസ്സിരുത്തി വായിക്കുന്നവർക്ക് അറിയാൻ കഴിയുന്നത്, പല കാലങ്ങളിലായി സഞ്ചാരം നടത്തിയിട്ടുള്ളവർ അറിഞ്ഞതും അനുഭവിച്ചതുമായ കാര്യങ്ങളുടെ വിവരണങ്ങൾ ആണെന്നാകുന്നു. പുസ്തകത്തിൻെറ ഉള്ളടക്കവും ഇത്തരം നിഗമനത്തിലാണ് നമ്മെ കൊണ്ടെത്തിക്കുന്നത്." [14] സമുദ്രങ്ങൾ, ദ്വീപുകൾ, ഷിറാഫിൽ നിന്നും ചൈനയിലേക്കുള്ള സമുദ്രമാർഗ്ഗം, ജനങ്ങൾ, ഭരണക്കൂടം, മതം, സാമൂഹ്യ ചിട്ടവട്ടങ്ങൾ തുടങ്ങിയ വിവരണങ്ങൾ, സഞ്ചാരികൾ, നാവികർ തുടങ്ങിയവരിൽ നിന്നും കേട്ടറിഞ്ഞ് റിപ്പോർട്ട് ചെയ്യപ്പെടുന്ന രീതിയിലുള്ളതാണ്. കൊല്ലം നഗരത്തെക്കുറിച്ച് പരാമർശിക്കുമ്പോൾ അവിടെ ധാരാളം ചീനക്കപ്പലുകൾ വന്നും പോയും കൊണ്ട് ഇരിക്കുന്നതായും ഓരോ ചീനക്കപ്പലും ആയിരം ദീനാരം ചുങ്കം കൊടുത്തിരുന്നതായും പറയുന്നുണ്ട്. കൊല്ലത്തെ 'കൂകംമലി' എന്ന പേരിലാണ് അദ്ദേഹം വിളിക്കുന്നത്. കൊല്ലത്ത് ഇസ്ലാംമതം സ്വീകരിച്ചവരും അറബി സംസാരിക്കുന്നവരുമായ ആരേയും താൻ കണ്ടില്ലെന്നുകൂടി എഴുതുന്നുണ്ട്. ഇന്ത്യയേയും, ചൈനയേയുംപ്പറ്റിയുള്ള ഈ വിവരണങ്ങളാകണം അറബിലോകത്തിന് ആദ്യകാലത്ത് ലഭിച്ച അറിവ്. സുലൈമാൻേറതെന്ന് പറയുന്ന ഈ ഗ്രന്ഥം പല സഞ്ചാരികളുടേയും, കച്ചവടക്കാരുടേയും റിപ്പോർട്ടുകളായതിനാൽ അവ ഒരാളുടെ കൃതിയെന്ന് പറയുവാൻ സാദ്ധ്യമല്ല. ഒരേ കാലത്തെതാണെന്നും വിശ്വസിക്കുവാൻ സാധിക്കാത്തതുമാണ്. ഈ ഗ്രന്ഥത്തിൻെറ രണ്ടാം ഭാഗമായ 60 മുതൽ 147 വരെയുള്ള പുറങ്ങൾ ഇത് സംശോധനം നടത്തി പ്രസിദ്ധീകരിച്ച അബൂസെയ്ദിൻേറതുമാണ്. അത് പത്താം ശതകത്തിൻെറ പൂർവ്വാർദ്ധത്തിലുമാകുന്നു.

*കിത്താബ് - അൽ - മസാലിഖ് - വൽ - മമാലിക്* :- ഈ ഗ്രന്ഥത്തിൻെറ കർത്താവ് ഇബ്നുകുർദാദിബയാണ്. എ.ഡി. 844-നും 848-നും ഇടയ്ക്കാണ് അദ്ദേഹം കേരളം സന്ദർശിച്ചത്. ഗ്രന്ഥകാരൻ മെഡിയയിലെ തപാൽ- പോലീസ് വകുപ്പുകളുടെ ഡയറക്ടറായിരുന്നു. ആ നിലയ്ക്ക് കൂടുതൽ കാര്യങ്ങൾ സൂക്ഷ്മമായി അന്വേഷിച്ചറിയുവാനും അവ തെറ്റു കൂടാതെ അവതരിപ്പിക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയുടെ പടിഞ്ഞാറൻ തീരത്തുള്ള പ്രധാന തുറമുഖപട്ടണങ്ങളെക്കുറിച്ച് അദ്ദേഹം എഴുതിയിട്ടുള്ളത് മറ്റുള്ളവരുടേതിനേക്കാൾ നിരീക്ഷണപാടവം പ്രകടമാക്കുന്നു. പല സഞ്ചാരികളിൽ നിന്നും സാഹസികരായ നാവികരിൽ നിന്നും ചോദിച്ചറിഞ്ഞ് കിട്ടിയ വിവരങ്ങൾഈ ഗ്രന്ഥത്തിലുണ്ട്. അതുകൊണ്ടുതന്നെ ഇബ്നുകുർദാദിബ കേട്ടറിഞ്ഞ കാര്യങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും അദ്ദേഹം കേരളം സന്ദർശിച്ചിരിക്കാൻ ഇടയില്ലെന്നും ചിലർ വാദിക്കുവാൻ കാരണം.

ഈ അഭിപ്രായം ഒട്ടും ശരിയല്ലെന്ന് അദ്ദേഹത്തിൻെറ ഗ്രന്ഥം നിഷ്കൃഷ്ടമായി പരിശോധിച്ചവർ പറയുന്നുമുണ്ട്. പ്രധാനപ്പെട്ട കടൽമാർഗ്ഗങ്ങളെപ്പറ്റി സവിസ്തരം പ്രതിപാദി

ക്കുന്ന ഗ്രന്ഥകാരൻ പൗരസ്ത്യദേശത്തേയ്ക്കുള്ള അക്കാലത്തറിയാവുന്ന സമുദ്രമാർഗ്ഗങ്ങളെ പ്രത്യേക മായൊരു അദ്ധ്യായം കൊണ്ടുതന്നെ വിവരിക്കുന്നു. ഇന്ത്യയുടെ പടിഞ്ഞാറൻ തീരത്തുള്ള തുറമുഖ പട്ടണങ്ങൾ പറയുന്നതോടൊപ്പം കിഴക്കൻ തീരത്തെ കാഞ്ചീവാരം കൂടി അദ്ദേഹം ഓർമ്മിക്കുന്നുണ്ട്. സുലൈമാന്റെ പുസ്തകത്തിൽ നിന്നും ലഭിക്കാത്ത പല സംഗതികളും ഇബ്നുകുർദാദിബ പ്രദാനം ചെയ്യുന്നുവെന്നതിനാൽ അദ്ദേഹത്തിന്റെ ഗ്രന്ഥം കൂടുതൽ പ്രയോജനം ചെയ്യുന്നു. സിലോൺ, ഇന്ത്യ, ചൈന എന്നീ രാജ്യങ്ങൾ അദ്ദേഹം സന്ദർശിച്ചതിനു ശേഷ മാണ് തന്റെ 'രാജ്യങ്ങളും മാർഗ്ഗങ്ങളും' എന്ന ഗ്രന്ഥം രചിച്ചത്.

ഇന്ത്യയെപ്പറ്റി സുദീർഘമായ വിവരണമാണ് അദ്ദേഹം നൽകുന്നത്. ആസാമിലെ കണ്ടാമൃഗങ്ങളേയും ആനകളേയും കുറിച്ച് അദ്ദേഹം നടത്തുന്ന വർണ്ണന ഇവയെ അടുത്ത് കണ്ട് പരിചയിച്ച ആൾക്ക് മാത്രം സാധിക്കുന്ന വിധമാണ്. രാഷ്ട്രകൂടൻമാരേയും, ഗുർജ്ജര രാജാക്കൻമാരേയും, ബംഗാളിലേയും, ആസാമിലേയും, പാല-കാമരൂപ വംശങ്ങളേയും പ്രതിപാദിക്കുകയും അവിടുത്തെ രാജാക്കൻമാരേയും ജന ങ്ങളേയും കുറിച്ച് വിശദീകരിക്കുകയും ചെയ്യുന്ന അദ്ദേഹ ത്തിന്റെ ഗ്രന്ഥം ചരിത്ര സംവിധാനത്തിന് ഏറെ പ്രയോജന പ്പെടുമെന്നതിൽ സംശയമില്ല. ഇന്ത്യയിലെ അന്നത്തെ പ്രധാന രാജവംശങ്ങളേയും രാജാക്കൻമാരേയുംപ്പറ്റി വാചാ ലമായി പറഞ്ഞുപോരുന്ന ഇബ്നുകുർദാദിബ ചേരചക്രവർ ത്തിമാരെയോ, കേരളത്തിലെ ഇടനിലമന്നൻമാരെയോ പരാ മർശിക്കുന്നില്ലെന്നത് അർത്ഥവത്താണ്.

ഇബ്നുകുർദാദിബ കുരുമുളക് കൃഷിയെ സംബന്ധിച്ചും അത് പാകം വരുമ്പോൾ ഉണക്കിയെടുത്ത് സൂക്ഷിക്കുന്ന രീതിയെക്കുറിച്ചും പറയുന്നതോടൊപ്പം കേരളത്തിൽ സമൃദ്ധിയായി നെല്ല് ഉൽപാദിപ്പിച്ചിരുന്നുവെന്നും ചിലപ്പോ ഴൊക്കെ സിലോണിലേയ്ക്ക് അരി കയറ്റുമതി ചെയ്തിരുന്നു വെന്നും എഴുതിയിട്ടുണ്ട്.

<u>യാക്കൂബി</u> (875-880):- ബാല്യകാലം മുതൽക്ക് അന്യ നാടുകളെക്കുറിച്ചും, ജനങ്ങളെക്കുറിച്ചും അറിയാനുള്ള ആസക്തി തനിക്കുണ്ടായതാണ് സഞ്ചാരപ്രിയം തന്നിൽ അങ്കുരിപ്പിച്ചതെന്ന് യാക്കൂബി എഴുതുന്നു. താൻ കണ്ടുമുട്ടിയ സഞ്ചാരികളും കച്ചവടക്കാരും നൽകിയ അനുഭവകഥകൾ യാക്കൂബി ഏറെ പ്രയോജനപ്പെടുത്തിയിട്ടുള്ളതായി കാണാം. സുലൈമാന്റേയും, ഇബ്നുകുർദാദിബയുടേയും മറ്റും ഗ്രന്ഥങ്ങൾ അദ്ദേഹം പഠിക്കുകയും അവയിൽ നിന്നൊക്കെ ഉദ്ധരണികൾ നിർല്ലോഭം പ്രയോജനപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ദക്ഷിണേന്ത്യയെക്കുറിച്ച് അദ്ദേഹത്തിന്റെ വിവരണം അവ്യക്തവും വിശദാംശങ്ങൾ ഉൾക്കൊള്ളാത്ത വയുമാണ്. എന്നാൽ ഇവിടത്തെ കാർഷിക ഉൽപ്പന്ന ങ്ങളേയും, കൈമാറ്റ ചരക്കുകളേയും കുറിച്ച് സവിസ്തരം പ്രതിപാദിക്കുന്നുമുണ്ട്. മറ്റ് ഗ്രന്ഥങ്ങൾക്ക് അനുബന്ധമെ ന്നോണം ഇതും ഉപയോഗപ്പെടുത്താവുന്നതാണ്.

<u>*ഇബ്നുഫാഖിഹ്*</u> (എ.ഡി.902):- കിത്താബ്-അൽബുൽദാൻ എന്ന ഗ്രന്ഥത്തിന്റെ കർത്താവായ ഇബ്നുഫാഖിഹ് തന്റെ രചനയ്ക്ക് പ്രധാനമായും സുലൈ മാന്റെ ഗ്രന്ഥത്തെയാവണം ആശ്രയിച്ചിട്ടുള്ളത്. മറ്റൊരു സഞ്ചാരിയായ അബ്ദുല്ലബ്നു അമർ ബ്നു അൽആസിനേയും ഇടയ്ക്കിടയ്ക്ക് ഉദ്ധരിക്കുന്നുണ്ട്.

<u>*ഇബ്നുറസ്ത*</u> (എ.ഡി.903):- മറ്റൊരു ഗ്രന്ഥകാരനായ ഇബ്നുറസ്ത കിത്താബ് - അൽ - ആലഖ് - അൽ നഫീസയെന്ന ഗ്രന്ഥം വഴി തന്റെ മുൻഗാമികൾ പരാമർശിച്ചിട്ടില്ലാത്ത പ്രയോജനപ്രദങ്ങളായ പല പല സംഗതികളും വിവരിക്കുന്നു. സുലൈമാന്റേയും, ഇബ്നുകുർദാദിബയുടേയും ഗ്രന്ഥങ്ങൾ അദ്ദേഹം വായിച്ചിട്ടുണ്ടെന്ന വസ്തുത വ്യക്തമാക്കുന്ന പല തെളിവുകളും ഈ ഗ്രന്ഥത്തിലുണ്ട്. ഇവർ ഇരുവരും എഴുതി യിട്ടുള്ള ബൽഹ റയെപ്പറ്റി ഇബ്നുറസ്ത സ്മരിക്കുകയും ചെയ്യുന്നു. പല ഗ്രന്ഥകാരൻമാരേയും കുറിച്ച് അവരുടെ പേര് പറയാതെ അനുസ്മരിക്കുന്നുവെങ്കിലും അബൂഅബ്ദുല്ല മുഹമ്മദ് ബ്നു ഇസ്ഹാഖ് തുടങ്ങിയവരെ പേരെടുത്ത് പറഞ്ഞ് അവരുടെ ഉദ്ധരണികൾ പുസ്തകത്തിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്. തനിക്ക് മുമ്പുള്ള സഞ്ചാരികളിൽ ആരും തന്നെ പറഞ്ഞിട്ടില്ലാത്ത പല കാര്യങ്ങളും ഇബ്നുറസ്തയുടെ ഗ്രന്ഥത്തിലുണ്ട് എന്നതുകൊണ്ടുതന്നെ ചരിത്രവിദ്യാർ ത്ഥികൾക്ക് ഇത് ഉപയോഗപ്രദവുമാണ്.

<u>*അൽമസ്ഊദി*</u> (എ.ഡി.943):- ബാഗ്ദാദിൽ ജനിക്കുകയും എ.ഡി.956-ൽ ഈജിപ്തിൽ മരണമടയുകയും ചെയ്ത അൽമസ്ഊദി അക്കാലത്തെ ഭൂമിശാസ്ത്രജ്ഞൻമാരിലും, സഞ്ചാരികളിലും വെച്ച് പ്രഥമഗണനീയനാണ്. ഇബ്നു ബത്തൂത്തയ്ക്കു മുമ്പ് ഇത്രയധികം നാടുകൾ സന്ദർശിച്ച മറ്റൊരു സഞ്ചാരിയുമില്ല. പേർഷ്യ, ഇന്ത്യ, സിലോൺ, ചൈന, സാൻസിബാർ, സെൻട്രൽ ഏഷ്യ, വടക്കൻ ആഫ്രിക്കൻ രാജ്യങ്ങൾ, സ്പെയിൻ, ഗ്രീസ് തുടങ്ങിയ രാജ്യ ങ്ങളിൽ ഒന്നിൽ കൂടുതൽ പ്രാവശ്യം ജിജ്ഞാസുവായ ഒരു സത്യാന്വേഷകന്റെ സൂക്ഷ്മതയോടു കൂടി അദ്ദേഹം പഠന പര്യടനം നടത്തിയിട്ടുണ്ട്. അക്കാലത്തെ പ്രസിദ്ധരായ സഞ്ചാരി കളും ഗ്രന്ഥകാരൻമാരുമായി അദ്ദേഹം അടുത്ത സമ്പർക്കം പുലർത്തിയിരുന്നതായും കാണുന്നു. മറ്റുള്ള എഴുത്തുകാരിൽ നിന്നും അദ്ദേഹം വ്യത്യസ്തനായി നിൽക്കുന്നത്, സ്വന്തം അനുഭവങ്ങളെ സ്വന്തം ഭാഷയിൽ മനസ്സിലാകുംവിധം അവതരിപ്പിക്കുന്നു എന്നതു കൊണ്ടാണ്. വളരെ ബുദ്ധിമാനും അറിവുള്ളവനും എന്ന് മസ്ഊദി വിശേഷിപ്പിക്കുന്ന അൽസെയ്ദ് അൽ ഹസ്സനേയും, സഞ്ചാരിയായ ഇബ്നു ഹബ്ബാറിനേയും അദ്ദേഹം തന്റെ ഗ്രന്ഥത്തിൽ കൃതജ്ഞതാ പൂർവ്വം അനുസ്മരിക്കുന്നുണ്ട്. അദ്ദേഹം എഴുതിയ 'മുറൂജ് അൽ ദഹബ് വ-വ്വയിൽ അൽ ജൗവ്വർ' എന്ന ഗ്രന്ഥത്തിലുള്ള പലകാര്യത്തിലും സുലൈമാന്റെ വിവരണവുമായി

സാദൃശ്യം കാണുന്നുണ്ട്. ഇതിൽ നിന്നും മനസ്സിലാകുന്നത് സുലൈമാൻെറ ഗ്രന്ഥമായ 'സിൽസിലാത്ത് - അൽ - തവാരിഖി'ൻെറ പ്രതി അദ്ദേഹത്തിൻെറ കൈവശം ഉണ്ടായിരിക്കണമെന്നാണ്. എന്നാൽ മറ്റുപല സഞ്ചാരികളും ചെയ്യാറുള്ളത്പോലെ മറ്റു ഗ്രന്ഥങ്ങളിൽ നിന്നും അതേപടി പകർത്തുന്ന രീതി ഇവിടെ അവലംബിച്ചിട്ടില്ല. സ്വയം കണ്ട കാര്യങ്ങളും, മറ്റുള്ളവരിൽ നിന്നും വിശ്വസനീയങ്ങളായ വിവരണങ്ങളും ചേർത്ത് തനതായ വ്യക്തിത്വവും പുലർത്തുവാൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ട്.

എ.ഡി. 915-ൽ ഇന്ത്യയിലെത്തിയ അദ്ദേഹം മുൾട്ടാനും, മൻസൂറയും സന്ദർശിച്ചശേഷം കാംബേയിൽ നിന്നും പശ്ചിമ തീരം വഴി സിലോണിലെത്തി. സുദീർഘമായ രണ്ട് വർഷം ഇന്ത്യയിൽ പല സ്ഥലങ്ങളിലും സഞ്ചരിച്ച അൽമസ്ഊദി ഇവിടത്തെ ജനജീവിതം, ഭക്ഷണം, വസ്ത്രാഭരണം, വിവാഹം, പെരുമാറ്റരീതികൾ, ക്രയവിക്രയം തുടങ്ങിയ കാര്യങ്ങൾ ഒരു നിരീക്ഷണപടുവിൻെറ സൂക്ഷ്മതയോടുകൂടി പഠിക്കുകയും അവ സത്യസന്ധതയോടുകൂടി പ്രകാശിപ്പിക്കുകയുമാണ് ചെയ്തിട്ടുള്ളത്. മലബാറിൽ എത്തിയ മസ്ഊദി ജനങ്ങളുടെ സത്യസന്ധതയേയും, സൗഹൃദത്തേയും വാഴ്ത്തുന്നുണ്ട്. സ്ത്രീ-പുരുഷഭേദമെന്യേ അർദ്ധനഗ്നരായിരുന്നുവെങ്കിലും ശുചിത്വത്തിൻെറ കാര്യത്തിൽ നല്ല നിലവാരം പുലർത്തിപ്പോന്നിരുന്നു. കേരളത്തിലുള്ളവർ പ്രഭാതവന്ദനം നടത്തുന്നത് കിഴക്കോട്ട് മുഖം തിരിച്ചു നിന്നുകൊണ്ടാണെന്ന് അദ്ദേഹം പറയുന്നു. അദ്ദേഹത്തിൻെറ കാലമായപ്പോഴേക്കും ഇവിടെ പ്രബലരായിക്കൊണ്ടിരുന്ന നമ്പൂതിരിമാരുടെ സൂര്യനമസ്കാരത്തെപ്പറ്റിയായിരിക്കാം മസ്ഊദി സൂചിപ്പി ക്കുന്നത്.

ഇവിടെ ഭരിച്ചിരുന്ന രാജാക്കൻമാരെപ്പറ്റി ചില പൊതു പരാമർശം മാത്രമേ മസ്ഊദിയും നടത്തുന്നുള്ളൂ. മക്കത്തായമാണ് രാജാക്കൻമാർ പിൻതുടർന്ന് പോന്നിരുന്നതെന്നും രാജാവ് ജീവിച്ചിരിക്കുമ്പോൾ തന്നെ അനന്തരാവകാശി യുവരാജാവായി അഭിഷേകം ചെയ്യാറുണ്ടായിരുന്നുവെന്നും പ്രസ്താവിക്കുന്നുണ്ട്. എന്നാൽ തരിസ്സാപ്പിള്ളി ശാസന ദാതാവായ വേണാട് അയ്യനടികളെയോ, ചേരചക്രവർത്തിയെന്ന് വിശേഷി പ്പിക്കുന്ന സ്ഥാണുരവിയെയോ മസ്ഊദിയും അറിയുകയോ, പറയുകയോ ചെയ്യുന്നില്ല. മസ്ഊദിയുടെ കാലമായപ്പോഴേക്കും മുസ്ലിംകളുടെ സംഖ്യ വളരെ വർദ്ധിച്ചിരുന്നു. സമൂഹത്തിൽ മാന്യപദവിയും ആദരവും ലഭിക്കുകയും ചെയ്തിരുന്നു. നമ്മുടെ മയിലും, പക്ഷിമൃഗാദികളും, വൃക്ഷലതാദികളും മസ്ഊദിയുടെ നിഷ്കൃഷ്ടമായ നിരീക്ഷണത്തിന് പാത്രമായിട്ടുണ്ട്. അറബിരാജ്യങ്ങളിലേയ്ക്ക് മയിലുകളെ കയറ്റി അയച്ചിരുന്നതും അവയുടെ ഭംഗിയും വർണ്ണവുമൊക്കെ മറുനാട്ടിലെത്തുമ്പോൾ ഇല്ലാതായി നശിക്കുന്നതും മസ്ഊദി വിവരിക്കുന്നു. ചരിത്രകാരൻ എന്നതുപോലെ തന്നെ ജിജ്ഞാസുവായ ഭൂമിശാസ്ത്രജ്ഞനും കൂടിയായിരുന്നു അൽമസ്ഊദി. രാജ്യങ്ങളേയും രാജാക്കൻമാരേയും അവിടങ്ങളിലെ ജനങ്ങളേയും ഭരണരീതിയേയും കൈക്കുറിപ്പ് വിസ്തരിച്ച് എഴുതിയിട്ടുള്ളതു പോലെ തന്നെ പേർഷ്യൻ ഉൾക്കടലിൽ നിന്നും ചുറ്റിക്കറങ്ങി ചൈനവരെ കടൽവഴിയുള്ള യാത്രാമാർഗ്ഗവും അദ്ദേഹം വരച്ചുകാട്ടുന്നു. സപ്തസമുദ്രങ്ങളുടേയും അവയെ ചുറ്റിപ്പറ്റികിടക്കുന്ന രാജ്യങ്ങളേയും അവയിൽ ഓരോന്നിലുമുള്ള ജനങ്ങളുടെ ജീവിതത്തേയും കൈ അൽമസ്ഊദി വ്യക്തമായി വിവരിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ ഗ്രന്ഥം പിന്നീടുള്ള സഞ്ചാരികൾക്കും ചരിത്രകാരൻമാർക്കും ഏറെ ഉപകരിച്ചതായി കാണാം. 14-ാം നൂറ്റാണ്ടിലെ ദൈഷണിക പ്രഭുവായ ഇബ്നു ഖൽദൂൺ, അൽമസ്ഊദിയേയും ഗ്രന്ഥത്തേയും നൂറ്റാണ്ടുകൾക്ക് ശേഷവും മുക്തകണ്ഠം പ്രശംസിക്കുന്നുണ്ട്.

<u>അബൂസെയ്ദ്</u> (എ.ഡി.950):- സിറാഫിലെ ഗവർണ്ണറായിരുന്നു അബൂസെയ്ദിൻെറ അമ്മാവൻ. അൽമസൂദിയുടെ സമകാലികനും സുഹൃത്തുമായിരുന്നു അദ്ദേഹം. എന്നാൽ മസൂദിയുടെ പേര് അദ്ദേഹം പറയുന്നില്ലെങ്കിലും വിശ്വസ്തനായ ഒരാളിൽ നിന്നും കിട്ടിയ വിവരങ്ങളെന്ന പ്രസ്താവത്തോടുകൂടിയാണ് അൽമസൂദിയിൽ നിന്നും അറിഞ്ഞ കാര്യങ്ങൾ അദ്ദേഹം എഴുതുന്നത്. അതേസമയം അബൂസെയ്ദിനെ ഹിജ്റ 303-ൽ താൻ കണ്ടിരുന്നുവെന്ന് മസൂദി പറയുന്നുമുണ്ട്. സുലൈമാൻേറതെന്ന് പറയുന്ന ഗ്രന്ഥം വായിച്ച് സംശോധനം നടത്തുകയും തെറ്റുകൾ തിരുത്തുകയും, അതിൻെറ കൂടെ തനിക്ക് അതുവരെ ലഭിച്ച പുതിയ വിവരങ്ങൾ അനുബന്ധമായി ചേർക്കുകയും ചെയ്ത് പുനഃപ്രകാശനം നടത്തിയത് അദ്ദേഹമാണ്. സുലൈമാന് ശേഷം ഒരു നൂറ്റാണ്ട് കഴിഞ്ഞ് അബുസെയ്ദ് സുലൈമാൻെറ ഗ്രന്ഥം പുനഃപ്രകാശനം ചെയ്തപ്പോൾ അതുവരെയുള്ള പലരുടേയും വിവരണങ്ങളും, ഇബ്നുവഹാബ് തുടങ്ങിയ സഞ്ചാരികളിൽ നിന്നും ലഭിച്ച നൂതനാശയങ്ങളും എല്ലാം കൂടി ക്രോഡീകരിച്ചതാണ് സുലൈമാൻെറ പേരിൽ അറിയപ്പെടുന്ന സിൽ സിലാത്ത് - അൽ - തവാരിഖ് എന്ന ഗ്രന്ഥം. ഇത് ശരിക്കും മനസ്സിലാക്കാൻ ആധുനിക എഴുത്തുകാർക്ക് സാധിക്കാതെ പോയതുകൊണ്ടാണ് നമ്മുടെ ചരിത്രാവിഷ്ക്കാരത്തിൽ പല അബദ്ധങ്ങളും പിണയുവാൻ ഇടയായിട്ടുള്ളത്.

ഇന്ത്യയേയും, ചൈനയേയും കുറിച്ച് ദീർഘമായി അദ്ദേഹം ഉപന്യസിച്ചിട്ടുണ്ടെങ്കിലും ഈ രണ്ട് രാജ്യങ്ങളിലും അദ്ദേഹം സഞ്ചരിച്ചതായി അറിയില്ല. എന്നാൽ ഈ രാജ്യങ്ങളിൽ കച്ചവടത്തിനും സഞ്ചാരത്തിനുമായി വളരെക്കാലം ചെലവഴിച്ചിരുന്ന പലരുമായും അബുസെയ്ദിന് അടുപ്പമുണ്ടായിരുന്നു. തൽഫലമായി ഇന്ത്യയെപ്പറ്റിയും, ചൈനയെപ്പറ്റിയും അദ്ദേഹം എഴുതിയിട്ടുള്ളതത്രയും വിശ്വസിക്കാൻ കൊള്ളാവുന്നവരിൽ നിന്നും നേരിട്ടറിഞ്ഞ കാര്യങ്ങളായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിൻെറ വിവരണം വിജ്ഞാനപ്രദമാകുന്നുണ്ട്. കേരളത്തിലെ ചാവേർപ്പടയെപ്പറ്റിയുള്ള വിവരണം മറ്റുള്ള സഞ്ചാരികൾ പിന്നീട് പറഞ്ഞിട്ടുള്ളതിനോട് യോജിച്ചുപോകുന്നുണ്ട്. രാജാക്കാൻമാരുടെ രക്ഷയ്ക്കും പ്രീതിക്കും വേണ്ടി ജീവൻ ഒടുക്കാൻ സന്നദ്ധയുള്ള കുറെ

യോദ്ധാക്കൾ ഓരോ രാജാവിൻെറ കീഴിലും ഉള്ളതായി അദ്ദേഹം രേഖപ്പെടുത്തുന്നു. കേരളത്തിലെ രാജാക്കൻമാർ കഴുത്തിലും കാതിലും കൈയ്യിലുമെല്ലാം വിശിഷ്ടങ്ങളായ രത്നങ്ങളും മുത്തുകളും അണിയാറുണ്ട്. കൊട്ടാരത്തിലെ ഭൃത്യൻമാർ ചുമന്ന് കൊണ്ട് പോകുന്ന പല്ലക്കിലാണ് അവർ യാത്ര ചെയ്യുക. ഇവിടെയാരും അരയ്ക്കുമീതെ വസ്ത്രം ധരിക്കാറില്ല. രാജാവിൻെറ വസ്ത്രധാരണരീതിയും ഇതിൽനിന്നും ഭിന്നമല്ല. ചെരുപ്പ് ഉപയോഗിക്കുന്നവരും ആരും തന്നെയില്ല. സ്ത്രീ-പുരുഷൻമാർ ദിവസം രണ്ട് പ്രാവശ്യം കുളിക്കുകയും ശുചീകരണത്തിൽ നിഷ്ക്കർഷ പരിപാലിക്കുകയും ചെയ്യുന്നു. സ്ത്രീകൾ ആഭരണങ്ങൾ ഉപയോഗിക്കുന്നുവെങ്കിലും പർദ്ദ ഉപയോഗിക്കാറില്ലെന്ന് മാത്രമല്ല അർദ്ധനഗ്നകളായ ഇവർ സ്വതന്ത്രരായി പുറത്ത് സഞ്ചരിക്കുന്നുമുണ്ട്. ശവം ദഹിപ്പിക്കുയാണ് പതിവ്. ഭാവി ഫലം അറിയുവാൻ ജ്യോൽസ്യൻമാരുടെ സഹായം തേടുന്നവരാണ് ഇവിടെയുള്ളവർ. ശകുനം നോക്കുന്ന സമ്പ്രദായവും പക്ഷിമൃഗാദികളുടെ ചലനങ്ങൾ നിരീക്ഷിച്ചും പ്രവർത്തനങ്ങളെ കരുപ്പിടിപ്പിടിക്കുന്നവരാണ് അധികവും. സുലൈമാൻെറ വിവരണത്തിൽ ഉൾക്കൊള്ളുന്ന പ്രസക്തഭാഗങ്ങൾ അദ്ദേഹം ആവർത്തിക്കുന്നു. മസ്ക്കറ്റിൽ നിന്നും ഒരുമാസം കൊണ്ട് കൊല്ലത്ത് എത്താമെന്ന് തെറ്റായി എഴുതിപ്പോയ സുലൈമാനെ അതേപടി പിന്തുടരുകയാണ് അദ്ദേഹം.

*അബ്ദുൽഫറാജ്* (എ.ഡി.988):- കിത്താബ് - അൽ - ഫിഹിരിസ്റ്റ്. വിഗ്രഹാരാധന ഉൾപ്പെടെ വിവധ മതങ്ങളുടെ ആരാധനാക്രമങ്ങളെക്കുറിച്ച് സവിസ്തരം പ്രതിപാദിക്കുന്ന അബ്ദുൽ ഫറാജ്, ഈ വിഷയത്തിൽ മറ്റാരും ഇതിനുമുമ്പ് നൽകിയിട്ടില്ലാത്തത്ര വിശദാംശങ്ങൾ പ്രദാനം ചെയ്യുന്നു. ഇന്ത്യയിലെ സന്യാസിമാരിൽ നിന്നുമാത്രമല്ല, മായാജാലക്കാരിൽ നിന്നുപോലും ഭാവിപ്രവചനങ്ങളേയും ശകുനഫലങ്ങളേയുംപ്പറ്റി അറിവ് സമ്പാദിക്കുവാൻ ശ്രമിച്ചതായി കാണാം. പ്രസിദ്ധനായ അൽകിന്ദിയുടെ ഗ്രന്ഥത്തിൽ നിന്നും ഉദ്ധരണികൾ ഉപയോഗപ്പെടുത്തുന്ന അബ്ദുൽ ഫറാജ് വിശ്വസിക്കാൻ കൊള്ളാവുന്ന പല വ്യക്തികളിൽ നിന്നും തനിക്കാവശ്യമായ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. തൻെറ സമകാലീനരും സഞ്ചാരികളും ആയിരുന്ന മുഹമ്മദ് ഇബ്നു ഇസ്ഹാഖ് അൽ വറാഖിനേയും, അബുദുലയാമ്പുവിനേയും പേരെടുത്ത് പറഞ്ഞ് തൻെറ വിവരണത്തിൻെറ ആധികാരികത സ്ഥാപിക്കുന്നു. എന്നാൽ മറ്റുപലരുടേയും പേരുകൾ പറയാതെ വിശ്വസ്തരായ വ്യക്തികൾ എന്ന വിശേഷണത്തോടെ അവരിൽ നിന്നു ലഭിച്ച അറിവ് വായനക്കാരുമായി പങ്കുവെയ്ക്കുന്നുമുണ്ട്. ലക്ഷണ ശാസ്ത്രവിഭാഗത്തിൽ ഉൾപ്പെടുന്നതാണ് അദ്ദേഹത്തിൻെറ വിജ്ഞാനപ്രദമായ പ്രതിപാദ്യം എന്ന നിലയ്ക്ക് ആകർഷകമാണെങ്കിലും ചരിത്രഉപാദാനം എന്ന സ്ഥിതിയിൽ ഈ കൃതി അധികം സഹായകമല്ല.

*അൽബൈറൂണി* (973-1048):- ഇന്ത്യാചരിത്ര വിദ്യാർത്ഥികൾക്ക് സുപരിചിതമായ പേരാണ് അൽബൈറൂണിയുടേത്. അദ്ദേഹത്തിൻെറ പൂർണ്ണമായ പേര് അബുറഹ്യാൻ മുഹമ്മദ് ബ്നു അഹമ്മദ് അൽ ബൈറൂണി എന്നാകുന്നു. അദ്ദേഹത്തിൻെറ ചരിത്ര ഗ്രന്ഥങ്ങളിൽ ഇന്ത്യൻ വിദ്യാർത്ഥികൾക്ക് ഏറെ പ്രയോജനമുള്ള ഗ്രന്ഥമാണ് 'കിത്താബുൽ ഹിന്ദ്.' ലോകത്തിലെ പല ഭാഷകളിലേക്കും ഇത് മൊഴിമാറ്റം നടത്തിയിട്ടുണ്ട്. 'അൽബൈറൂണീസ് ഇന്ത്യ' എന്ന ശീർഷകത്തിലാണ് എഡ്വേർഡ്സാച്ചു ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തിട്ടുള്ളത്. ഡോ. മൊഹിയുദ്ദീൻ ആലുവാ ഇത് മലയാളത്തിലേക്ക് തർജ്ജുമ നടത്തിയിരിക്കുന്നു. തനിക്ക് മുമ്പും പിമ്പും വന്നിട്ടുള്ള അറബി ഭൂമിശാസ്ത്രജ്ഞൻമാരേയും, ചരിത്രകാരൻമാരേയും, സഞ്ചാരികളേയും അപേക്ഷിച്ച് അന്യാദൃശമായ വ്യക്തിത്വത്തോടുകൂടി അദ്ദേഹം ഒറ്റയാനായി പ്രശോഭിക്കുന്നു.

ഇന്ത്യൻമതങ്ങളും ദർശനങ്ങളും, മീമാംസകളും, ശാസ്ത്രങ്ങളും ആചാരങ്ങളും, അനുഷ്ഠാനങ്ങളും കൂലങ്കഷമായി ചർച്ചാവിഷയമാക്കുന്ന അൽബൈറൂണി മഹാനായ പണ്ഡിതനും വിജ്ഞാനോപാസകനുമായിരുന്നു. ഇന്ത്യൻ സാംസ്കാരികപൈതൃകത്തോടും ദാർശനിക മുതൽക്കൂട്ടിനോടും ഇത്രയധികം പ്രീതികാണിച്ചിട്ടുള്ള വേറൊരു വിദേശ പണ്ഡിതനും അൽബൈറൂണിക്ക് മുമ്പ് ഉണ്ടായിരുന്നിട്ടില്ലെന്നുള്ളതാണ് പരമാർത്ഥം. സുദീർഘങ്ങളായ 21 സംവൽസരം നമ്മുടെ ഭാഷയും, സാഹിത്യവും, ദർശനങ്ങളും, മീമാംസകളും പഠിച്ച ഈ ജിജ്ഞാസുവാണ് അറബിരാജ്യങ്ങളിലും യൂറോപ്യൻ നാടുകളിലും ഇന്ത്യയുടെ വൈജ്ഞാനിക മേഖല തുറന്നു കാണിച്ച ഒരു വിദേശപണ്ഡിതൻ.

ഇന്ത്യയിൽ 21 വർഷം ചെലവഴിച്ച ഈ പണ്ഡിതൻ 180-ൽപ്പരം ഗ്രന്ഥങ്ങൾ പല വിഷയങ്ങളിലായി എഴുതിയിട്ടുണ്ട്. അവയിലെ ഉള്ളടക്കത്തെപ്പറ്റി വിവരിക്കുന്ന ഒരു സൂചികാ ഗ്രന്ഥം 1955-ൽ ഫ്രഞ്ചുഭാഷയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. മാലിദ്വീപ്, ലക്ഷദ്വീപ്, മലബാർ എന്നീ സ്ഥലങ്ങളെപ്പറ്റിയും അൽബൈറൂണി നിരീക്ഷിച്ചിരിക്കുന്നു. മലിബാർ എന്നാണ് അൽബൈറൂണി കേരളത്തെ വിശേഷിപ്പിക്കുന്നത്. 300 ഫർസക്ക്* വിസ്തീർണ്ണമുള്ള ഈ രാജ്യം ഗോവമുതൽ മംഗലാപുരം, ഏഴിമല, പന്തലായിനി, മുസിരിസ് വരെയാകുന്നു. ജനങ്ങളെല്ലാം ബുദ്ധമതക്കാരാണെന്നാണ് അൽബൈറൂണി എഴുതുന്നുത്. സ്വർണ്ണം, വെള്ളി എന്നിവയാണ് മാറ്റക്കച്ചവടത്തിനുപയോഗിക്കുന്നുത്. നീണ്ടകടൽതീരമുള്ള ഈ സ്ഥലം വിദേശികളുമായി വ്യാപാരത്തിൽ മുഴുകിയിരിക്കുന്നു. ഒരു മിശ്രഭാഷയാണ് അവരുടേത്. മലിബാറുകാർ നല്ല ശുചിത്വം പുലർത്തുന്നവരാണ്. കൊല്ലം കഴിഞ്ഞാൽ മഅ്ബർ രാജ്യമാണ്. ഇന്ത്യയെക്കുറിച്ച് വിസ്തരിച്ചെഴുതിയ അൽബൈറൂണി ഹ്രസ്വമായ വിവരണം മാത്രമേ കേരളത്തെപ്പറ്റി നൽകുന്നുള്ളു. എങ്കിലും പത്ത്, പതിനൊന്ന് നൂറ്റാണ്ടുകളിലെ നമ്മുടെ രാഷ്ട്രീയ സാമൂഹിക സ്ഥിതി വിശേഷങ്ങൾ അറിയുവാൻ അൽബൈറൂണിയുടെ ഇന്ത്യ സഹായിക്കുന്നു.

*അൽഇദ്രീസി* (1100-1166):- ഹമൂദീദ് രാജവംശം ആഫ്രിക്കയിലുള്ള സെൻറയും, ടാൻജീയറും, തെക്കേ സ്പെയിനിലുള്ള മലാഗയും, ആൽജിസിറാസും, കൈവശപ്പെടുത്തിയിരുന്നു. 1016-ൽ ഖർത്തൂബയും (കൊറുഡോവ) ഈ രാജാധികാരത്തിൻകീഴിൽ വന്നിരുന്നു. അൽഇദ്രീസി ഈ രാജകുടുംബാംഗമാണ്. പ്രശസ്തമായ കൊറുഡോവ സർവ്വകലാശാലയിൽ വിദ്യാഭ്യാസം നടത്തിയ അൽഇദ്രീസി പശ്ചിമ യൂറോപ്പിലും, മധ്യധരണ്യാഴി പ്രദേശത്തും സഞ്ചാരം നടത്തുന്ന അവസരത്തിലാണ് സിസിലിയിലെ നോർമൻ രാജാവായ റോജർ രണ്ടാമൻ അൽഇദ്രീസിയെ തൻെറ കൊട്ടാരത്തിലേക്ക് ക്ഷണിച്ചത്. തൻെറ രാഷ്ട്രീയ താൽപ്പര്യങ്ങൾക്ക് അൽഇദ്രീസിയെ പ്രയോജനപ്പെടുത്താമെന്ന ഉദ്ദേശ്യമായിരുന്നു റോജർ രണ്ടാമൻേറത്.

എന്നാൽ സിസിലിയിലെ താമസം തൻെറ സഞ്ചാര കൗതുകം വർദ്ധിപ്പിക്കുവാനും, വിജ്ഞാനദാഹം ശമിപ്പിക്കുവാനും ഉപയോഗപ്പെടുത്തുകയാണ് അൽഇദ്രീസി ചെയ്തത്. സമുന്നതനായ ഒരു ഭൂമിശാസ്ത്രജ്ഞൻ എന്ന പ്രസിദ്ധി അദ്ദേഹം നേടിയെടുത്തു. മധ്യകാലഘട്ടത്തിൽ അറിയപ്പെട്ടിരുന്ന രാഷ്ട്രങ്ങളുടേയും ഭൂഗോളത്തിൻെറ തന്നെയും വിവരണങ്ങൾ ശേഖരിച്ച് ക്രോഡീകരിക്കുവാൻ സാധിച്ച അൽഇദ്രീസി 15 വർഷത്തെ നിരന്തരമായ പരിശ്രമത്തിൻെറ ഫലമായി ബൃഹത്തായ ഒരു ഭൂമിശാസ്ത്രഗ്രന്ഥം വിരചിച്ചു. 'കിത്താബ് നുസ്സഹത്തുൽ മുസ്താഖ് ഫീ ഇക്ത്തിറാക്ക് അൽ അഫാക്ക് ' എന്ന അദ്ദേഹത്തിൻെറ ഗ്രന്ഥം ഏറെ പ്രസിദ്ധവും വളരെ ഉപയോഗപ്രദവുമാണ്. ലോകത്തെ ഏഴ് ഭൂഖണ്ഡ ങ്ങളായും ഓരോ ഭൂഖണ്ഡത്തേയും പത്ത് വിഭാഗങ്ങളായും ഭാഗിച്ചിരിക്കുന്നു. ഓരോ അംശത്തിൻേറയും കൃത്യമായ ഭൂപടം ചേർത്തിട്ടുണ്ട്. വെള്ളി കൊണ്ട് തീർത്ത ഭൂഗോളത്തിൽ ഭൂമിശാസ്ത്രപരമായി ലഭിക്കേണ്ട വിവരങ്ങളത്രയും ഉൾപ്പെടുത്തിക്കൊണ്ട് ലോകത്താദ്യമായി ഭൂഗോളപ്രതിരൂപം സൃഷ്ടിച്ചത് അൽഇദ്രീസി ആയിരുന്നു. ഈ ഗ്രന്ഥത്തിൻെറ രണ്ട് കൈയെഴുത്തു പ്രതികളിലൊന്ന് ബോൾഡിയൻ ഗ്രന്ഥപ്പുരയിലും മറ്റേത് പാരിസിലെ, 'ബിബ്ലിയോതിക് നാഷണൈൽ'ലുമാണുള്ളത്. രാജകീയ രക്ഷാധികാരത്തിൻ കിഴിലാണ് തൻെറ ഗ്രന്ഥരചന നിർവ്വഹിച്ചത് എന്നതിനാൽ അൽഇദ്രീസിക്ക് നാനാരാജ്യങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിക്കുവാൻ പ്രത്യേകം ഉദ്യോഗസ്ഥൻമാരുടെ സേവനം ലഭിച്ചിരുന്നു. തൻമൂലം ഇദ്രീസിയുടെ ഗ്രന്ഥം ധാരാളം പുത്തൻ അറിവുകൾ പ്രദാനം ചെയ്യുന്നതാകുന്നു. അൽ ഇദ്രീസിയെപ്പോലെ ഇത്രയധികം സൗകര്യങ്ങളും രാജകീയ സഹായങ്ങളും നിർല്ലോഭമായി ലഭിച്ചിട്ടുള്ള എഴുത്തുകാർ അക്കാലത്ത് ദുർല്ലഭമാണ്. എന്നാൽ ഇദ്രീസി ഇവയൊക്കെ പൂർണ്ണമായും ഉപയോഗപ്പെടുത്തിയിരുന്നുവോയെന്ന് സംശയിക്കണം. ടോളമി, ഇബ്നുഹാഖൂൽ, ഇബ്നുഖുർദാദ്ബി, അൽജൈഹാനി, അൽജാഹീസ് എന്നിവരുടെ ഗ്രന്ഥങ്ങളാണ് ഇന്ത്യയെക്കുറിച്ചെഴുതുവാൻ അദ്ദേഹം പ്രയോജനപ്പെടുത്തിയിട്ടുള്ളത്. എന്നാൽ അൽബൈറൂണിയുടെ കിത്താബുൽ ഹിന്ദ് അദ്ദേഹം കണ്ടതായി തോന്നുന്നില്ല. മുൻകാല എഴുത്തുകാരെ പിന്തുടരുന്ന ഇദ്രീസി അവർ എഴുതിയവയെ യുക്തിസഹമായി പരിശോധിക്കുവാനോ വിശകലനം ചെയ്യുവാനോ മിനക്കെട്ടതായി തോന്നുന്നില്ല.

ഇന്ത്യയെക്കുറിച്ച് അതിനുമുമ്പ് എഴുതിയിട്ടുള്ളവരുടെ വിവരണങ്ങൾ ഏകോപിപ്പിച്ച് അവതരിപ്പിക്കുവാൻ കഴിഞ്ഞുവെന്നതാണ് അൽ ഇദ്രീസിയുടെ മേൻമ. അദ്ദേഹം ഇന്ത്യ സന്ദർശിച്ചിരുന്നില്ലെന്നുള്ളതിനാലാണ് ഇന്ത്യയെക്കുറിച്ചുള്ള വിവരണം വളരെ കുറച്ചാകുവാൻ കാരണം. ഇന്ത്യയുടെ എ.ഡി. 900-നും, 1150-നും ഇടയ്ക്കുള്ള കാലഘട്ടമാണ് ഇദ്രീസിയുടെ പ്രതിപാദ്യം. ചരിത്രം, ഭൂമിശാസ്ത്രം, മതം, സാമൂഹ്യസ്ഥിതി എന്നിവയുടെ ഏകദേശചിത്രം മാത്രമേ ആദ്ദേഹത്തിന് നൽകുവാൻ സാധിക്കുന്നുള്ളു. ഇത് വലിയ കുറവാണെങ്കിലും നമ്മെ സംബന്ധിച്ചടത്തോളം ചരിത്രാംശം വിലപ്പെട്ടതുമാകുന്നു. അക്കാലത്തെ ഇന്ത്യൻ രാജാക്കൻമാരേയും അവരുടെ ഭരണ-ജീവിതരീതികളേയും ഇദ്രീസി പരാമർശിക്കുന്നുണ്ട്. ഇവിടെ ഏഴ് ജാതി ജനവിഭാഗങ്ങളാണുള്ളതെന്നും ഇവയെ 42 ഉപവിഭാഗമായി തരംതിരിക്കാമെന്നും അദ്ദേഹം എഴുതുന്നു.

ഉത്തരേന്ത്യൻ പട്ടണങ്ങളേയും അവിടങ്ങളിലെ ജനജീവിതത്തേയും വിവരിക്കുന്ന ഇദ്രീസി കേരളത്തെക്കുറിച്ചും പരാമർശിച്ചിട്ടുണ്ട്. മലൈ എന്നാണ് ഇദ്രീസി ഈ സ്ഥലത്തിനു നൽകുന്ന പേര്. പന്തലായിനി (ഫന്ദറീന) വളരെ തിരക്കുള്ള ഒരു തുറമുഖപട്ടണമാണെന്നും ഇന്ത്യയുടെ പല ഭാഗത്ത് നിന്നും ചരക്കുകൾ വാങ്ങുവാനും വിൽക്കുവാനുമായി ധാരാളം കപ്പലുകൾ വരാറുണ്ടെന്നും അദ്ദേഹം എഴുതുന്നുണ്ട്. അതുപോലെ ശ്രീലങ്കയിലേക്കും മറ്റും ഭക്ഷ്യധാന്യങ്ങൾ കയറ്റി അയക്കുന്ന ജനനിബിഢമായ ഒരു തുറമുഖപട്ടണമത്രേ ശ്രീകണ്ടപുരം. ഇവിടെ നിന്ന് രണ്ട് ദിവസത്തെ യാത്രകൊണ്ടേ സിഞ്ചിയിൽ എത്തുകയുള്ളു. ഇത് ജൂതൻമാരുടെ ഷിങ്കിളി ആകാമെന്നാണൂഹം. അതായത് സ്ഥലം കൊടുങ്ങല്ലൂർ. സമൃദ്ധിയായി വിളയുന്ന കുരുമുളകിനെക്കുറിച്ച് ഇദ്രീസിയുടെ വിവരണം വസ്തുതാപരമാകുന്നു. മധ്യകാലഘട്ടത്തിലെ ലോക ചരിത്രം ആവിഷ്ക്കരിച്ച ഇദ്രീസി മഹത്തായ സംഭാവനയാണ് നൽകിയിട്ടുള്ളത്.

*റബ്ബിബഞ്ചമിൻ* - 1167-ൽ കൊല്ലത്തെത്തിയ യഹൂദ സഞ്ചാരിയാണ് ബഞ്ചമിൻ. സ്പെയിനാണ് സ്വദേശം. കൊല്ലം തുറമുഖത്തേയും അവിടത്തെ ജനജീവിതത്തേയുംക്കുറിച്ച് ബഞ്ചമിൻ നൽകുന്ന വിവരങ്ങൾ 12-ാം നൂറ്റാണ്ടിലെ സ്ഥിതി ഗതികളിലേക്ക് വെളിച്ചം വീശുന്നവയാണ്. ബഞ്ചമിന് മുമ്പും പിമ്പും പല സഞ്ചാരികളുടേയും ശ്രദ്ധപിടിച്ചുപറ്റിയിട്ടുള്ള നഗരമാണ് കൊല്ലം.

ബഞ്ചമിൻ കൊല്ലത്ത് തൻെറ മതസ്ഥരായ ജൂത പ്രമുഖരെ കണ്ടുമുട്ടിയിരുന്നു. നൂറിൽ കൂടുതൽ ജൂതൻമാർ കൊല്ലത്തുണ്ടായിരുന്നു. അവർ കച്ചവടക്കാരും ധനികരുമാണ്.

കറുത്തവർഗ്ഗക്കാരാണിവർ. രാജ്യത്തെ നിയമങ്ങൾ നിഷ്കൃഷ്ടമായി പരിപാലിച്ചുപോരുന്ന ഇവരെ മറ്റുള്ളവർ അതുകൊണ്ടു തന്നെ വളരെ ആദരിക്കുന്നു.

കൊല്ലത്ത് അദ്ദേഹം ഇടപഴകിയവരെല്ലാം തന്നെ സത്യസന്ധരും മര്യാദക്കാരുമാണ്. കള്ളമോ, ചതിയോ ഇല്ലാത്ത നല്ല മനുഷ്യരാണിവർ. തുറമുഖത്ത് ചരക്കുകപ്പലു കളടുത്താൽ രാജാവിന്റെ മൂന്ന് പ്രതിനിധികൾ അതിൽ കയറി കൊണ്ടുവന്ന സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു. ചരക്ക് കരക്കിറക്കണമെങ്കിൽ രാജാവിന് നൽകേണ്ട ചുങ്കം ഇത്രയാണെന്ന് അറിയിക്കും. ആ പണം കൊടുത്താൽ മാത്രമേ ചരക്കിറക്കുവാൻ അനുവദിക്കുകയുള്ളു. സാധനം കരക്കിറക്കിയാൽ പിന്നെ അവ സുരക്ഷിതമാണ്. അതിന്റെ ഉത്തരവാദിത്വം രാജകിങ്കരൻമാർക്കുണ്ട്. വളരെ ചെറിയ തുകയാണ് ചുങ്കമായി ഈടാക്കുന്നത്. ധാരാളം കപ്പലുകൾ വരികയും പോകുകയും ചെയ്യുന്ന തിരക്കേറിയ തുറമുഖ നഗരമാണ് കൊല്ലം. ചൂടുകാലങ്ങളിൽ വൈകുന്നേരമാണ് വലിയ തിരക്കുള്ള സമയം. കയറ്റുമതി ചരക്കുകളിൽ ഇഞ്ചിയും കുരുമുളുകുമാണ് പ്രധാനം.

കൊല്ലത്തെ ജനങ്ങൾ സൂര്യനെ ആരാധിക്കുന്നവരാ ണെന്നാണ് അദ്ദേഹം എഴുതുന്നത്. ക്ഷേത്രങ്ങളിലെല്ലാം സൂര്യപ്രതിമകൾ കാണാമെന്നും പ്രഭാതമായാൽ ഭക്തജനങ്ങ ളുടെ തിരക്കാണ് ഈ ദേവാലയങ്ങളിലെല്ലാമെന്നും ബഞ്ചമിൻ എഴുതുന്നു. മറ്റൊരു പ്രസ്താവംകൂടി കേൾക്കുക. ഇവിടത്തെ ജനങ്ങൾ മരിച്ചവരെ കുഴിച്ചിടുകയല്ല, സുഗന്ധ ലേപനം പുരട്ടി വേഷഭൂഷാദികളോടെ ഉണക്കി സൂക്ഷിക്കുക യാണ് പതിവ്. ഓരോ കുടുംബത്തിലും അവരുടെ പൂർവ്വി കരുടെ ഉണക്കി സൂക്ഷിച്ചിട്ടുള്ള ജഡം കാണാമത്രേ. ജ്യോതിഷത്തിൽ വിശ്വസിക്കുന്നവരാണ് ജനങ്ങൾ. ഏത് കാര്യവും ചെയ്യുക നല്ലനേരവും ലക്ഷണവും നോക്കിയാണ്, ഇങ്ങനെ പോകുന്നു വിവരണം.

ബഞ്ചമിൻ ഇടപഴകിയത് സമൂഹത്തിലെ ഉന്നതകുല രായ ബ്രാഹ്മണ സമൂഹവുമായിട്ടാണെന്നാണ് അദ്ദേഹം പറയുന്ന ആചാരാനുഷ്ഠാനങ്ങളിൽ നിന്നും മനസ്സിലാകുന്നത്. മറ്റുള്ള ജനങ്ങളുമായി ഇടപഴകുവാൻ അദ്ദേഹത്തിനധികം സൗകര്യം കിട്ടിയതായി തോന്നുന്നില്ല.

*യാക്കൂത്ത്* (1179-1229) യാക്കൂത്ത് എഴുതിയ ഭൂമി ശാസ്ത്രവിജ്ഞാനകോശം മറ്റുള്ള ഗ്രന്ഥങ്ങളിൽ നിന്നും ഒറ്റ യായി നിൽക്കുന്ന കൃതിയാണ്. അക്ഷരമാലക്രമത്തിൽ സ്ഥലനാമങ്ങൾ ക്രോഡീകരിച്ച് അവതിരപ്പിക്കുന്ന രീതി അദ്ദേഹമാണ് ആരംഭിച്ചത്. അദ്ദേഹത്തിന്റേതായി ലഭിച്ചി ട്ടുള്ള ഗ്രന്ഥങ്ങളിൽ 'മറാസിദ് അൽ ലിത്തില', 'മുസ്താരിക്ക്', 'കിത്താബ് അത്തർ അൽ ബിലാദ്വ അക്ബർ അൽ ഇബാദ്' എന്നിവ പ്രസിദ്ധങ്ങളാണ്. ഇന്ത്യയെക്കുറിച്ചുള്ള അദ്ദേഹ ത്തിന്റെ വിവരണത്തിൽ അബൂദുലാഫ് എന്ന ഗ്രന്ഥകാര നോട് ഏറെ കടപ്പെട്ടിട്ടുള്ളതായി കാണാം. 'മലിബാർ' എന്നും 'മാബാർ' എന്നുമുള്ള രാജ്യപ്പേരുകൾ ആദ്യമായി ഉപയോഗിച്ചുകാണുന്ന ഗ്രന്ഥകാരൻ യാക്കൂത്താണ്.

*ഖാസ്വിനി* (1203-1283) ഭൂമിശാസ്ത്രം, പ്രപഞ്ച ഘടനാശാസ്ത്രം എന്നിവയാണ് ഖാസ്വിനിയുടെ പ്രത്യേക പഠനത്തിന് വിഷയമായിട്ടുള്ളത്. ഈ സംരംഭത്തിൽ ഭൂമി ശാസ്ത്രകോശ നിർമ്മാതാവായ യാക്കൂത്ത് അദ്ദേഹത്തിന് സഹായകമായി നിൽക്കുന്നു. ഖാസ്വിനി പ്രയോജനപ്പെടുത്തി യിട്ടുള്ള മറ്റ് ഗ്രന്ഥകാരൻമാർ അബൂദുലാഫും, ഇബ്നുൽ റാക്കീഹും ആകുന്നു. അദ്ദേഹത്തിന്റെ ഗ്രന്ഥം കിത്താബ് അജായിബ് അൽ മക്ലൂക്കത്ത് വ ഗറാബ് അൽ മൗജൂദത്ത് എന്നതാണ്.

*അബുൽഫിദ* (1273-1331) ഇന്ത്യാചരിത്ര വിദ്യാർ ത്ഥികൾക്ക് സുപരിചിതനാണ് പ്രസിദ്ധഭൂമിശാസ്ത്രജ്ഞനും, ചരിത്രപണ്ഡിതനുമായ അബുൽഫിദ. 1273-ലാണ് ഇസ്മായിൽ ബ്നു അലിയെന്ന അബുൽഫിദ ഡമാസ്കസിൽ ജനിച്ചത്. പിതാവായ മാലിക് അൽ അഫ്ദലയുടെ സഹോദരൻ ഹമാദ് ആയിരുന്നു അവിടത്തെ രാജാവ്. രാജവംശജനെന്ന നിലയ്ക്ക് ബാല്യത്തിൽ തന്നെ വിദ്യാഭ്യാസവും വിദഗ്ദ്ധ പരിശീലനങ്ങളും അദ്ദേഹത്തിന് കിട്ടി. അതിവ സമർത്ഥനായിരുന്ന അദ്ദേഹത്തെ പന്ത്രണ്ട് വയസ്സ് മാത്രമുള്ളപ്പോഴാണ് സുൽത്താൻ നാസിർ മുഹമ്മദിന്റെ കീഴിൽ ജോലിയിൽ പ്രവേശിപ്പിക്കുന്നത്. തുടർന്ന് പടിപടിയായി ഉയർന്ന് ഹമായിലെ ഗവർണ്ണറായി നിയമിതനായി. 1331 ഒക്ടോബർ 27-ാം തിയ്യതി അദ്ദേഹം ഹമായിൽ മരണമടയുമ്പോൾ സുൽത്താന്റെ സജിവോത്ത മാനായിരുന്നു.

അദ്ദേഹം ഉന്നതസ്ഥാനീയനായ ഭരണാധിപനാ യിരുന്നതിനു പുറമേ, നല്ലൊരു പണ്ഡിതനുമായിരുന്നു. ചരിത്ര-ഭൂമിശാസ്ത്ര തലങ്ങളിൽ അദ്ദേഹം അർപ്പിച്ച സംഭാവന കൾ വിലയുറ്റവയാണ്. സാമൂഹ്യശാസ്ത്ര വിഭാഗത്തിൽ 'മുഖതസർ താരീഖ് അൽബഷർ' എന്ന ഗ്രന്ഥം മനുഷ്യ കുലത്തിന്റെ ഉൽഭവം മുതൽ എ.ഡി.1329 വരെയുള്ള ചരിത്രം പ്രതിപാദിക്കുന്ന ഗ്രന്ഥമാണ്. കുരിശുയുദ്ധത്തെ ക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വിലയിരുത്തൽ പണ്ഡിതൻ മാരുടെ അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. 'കിത്താബ് തക്വിൻ അൽബുൽദാൻ' എന്നതാണ് അദ്ദേഹത്തിന്റെ ഭൂമിശാസ്ത്ര ഗ്രന്ഥത്തിന്റെ നാമധേയം. അന്നറിയപ്പെട്ടിരുന്ന രാജ്യങ്ങളുടെ വിശദവിവരണം ഇതിൽ ഉൾക്കൊള്ളുന്നു. കാടുകളും, മലകളും, നദികളും, തടാകങ്ങളും, കുന്നുകളും, മരുഭൂമികളും, കടലു കളും, സമുദ്രങ്ങളും എല്ലാംതന്നെ അദ്ദേഹത്തിന്റെ ഗ്രന്ഥ ത്തിൽ വിഷയീഭവിച്ചിട്ടുണ്ട്. ഏറെ പ്രസിദ്ധമാണീ ഗ്രന്ഥം എങ്കിലും ഇതിലെ പ്രതിപാദ്യം തനിക്ക്മുമ്പ് എഴുതിയ ഭൂമി ശാസ്ത്രജ്ഞൻമാരുടേയും, പണ്ഡിതൻമാരുടേയും ഗ്രന്ഥ ങ്ങളിൽനിന്നും എടുത്തവയാണ്. അൽഇദ്രീസി, ഇബ്നുസെയ്ദ്, അസീസി, അൽബൈറൂണി, തുടങ്ങിയവരിൽ നിന്നു മാത്രമല്ല മറ്റുള്ള സഞ്ചാരികൾ എഴുതിയവയും അബുൽഫിദ അനുകരിച്ചിരിക്കുന്നു. തൻമൂലം തനതായി ഈ രംഗത്ത്

അദ്ദേഹം നൽകുന്ന സംഭാവന അത്ര അധികമൊന്നുമല്ല. എന്നാൽ അക്കാലത്ത് പലരുടേതായി പലയിടത്ത് ചിന്നിച്ചിതറി കിടന്നിരുന്ന ലോക-ഭൂമിശാസ്ത്രവിജ്ഞാനീയം ഏകീകരിക്കുവാൻ സാധിച്ചത് അനവധികാലത്തെ പ്രയത്നത്തിന്റെ ഫലമായിട്ടാണ്.

ഇന്ത്യയോ, കേരളമോ സന്ദർശിച്ചിട്ടില്ലെങ്കിലും കേരളത്തെക്കുറിച്ച് നല്ലൊരു വിവരണം അദ്ദേഹം നൽകുന്നുണ്ട്. മലിബാർ എന്ന് ഗ്രന്ഥകാരൻ വിശേഷിപ്പിക്കുന്ന സ്ഥലം ഹോനവാർ മുതൽ കന്യാകുമാരി വരെയുള്ള രാജ്യമാകുന്നു. ഇവിടുത്തെ പ്രധാനപട്ടണങ്ങൾ ഹന്നൗർ (ഹോന്നവാർ), ബാബറൂർ(തെക്കൻ കാനറ), മഞ്ചറൂറി (മംഗലാപുരം), റാസ്ഹേലി (ഏഴിമല), ഗാലിയത്ത് (ചാലിയം), ശിങ്കിലി (കൊടുങ്ങല്ലൂർ), കൌലം (കൊല്ലം), കൊമരി (കന്യാകുമാരി), എന്നിവയാണ്. ഒരു പട്ടണത്തിൽ നിന്നും അടുത്ത സ്ഥലത്തേക്കുള്ള യാത്രാദൂരവും ഓരോന്നിലും ഉള്ള കമ്പോളങ്ങളും കച്ചവടവും രാജാക്കൻമാരേയും ജനങ്ങളേയും കുറിച്ചുള്ള വിവരണവും അബുൽഫിദ നൽകുന്നുണ്ട്. ഈ സ്ഥലങ്ങളിലെ ഒക്കെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും അദ്ദേഹം നിരീക്ഷിക്കുന്നു. ഏതുനിലയ്ക്കും വളരെ പ്രയോജനമുള്ള ഭൂമിശാസ്ത്രഗ്രന്ഥമാണ് അദ്ദേഹത്തിന്റേത്.

<u>*ഇബ്നുബത്തൂത്ത*</u> (1304-1368) - വിശ്വപ്രസിദ്ധനായ സഞ്ചാരിയാണ് ഇബ്നുബത്തൂത്ത എന്ന അപരനാമധേയത്താൽ അറിയപ്പെടുന്ന അബൂ അബ്ദുല്ല മുഹമ്മദ്. ബത്തൂത്ത എന്നത് കുടുംബപ്പേരായിരുന്നു. ഈ പേരിലുള്ള കുടുംബക്കാർ ഇന്നും മൊറോക്കോവിലുണ്ട്. 1304-ൽ മൊറോക്കോവിലെ ടാൻജിയറിലാണദ്ദേഹം ജനിച്ചത്. 1368-ൽ അവിടെ തന്നെ മരണപ്പെടുകയും ചെയ്തു.

കഷ്ടി 21 വയസ്സ് മാത്രം പ്രായമുള്ളപ്പോഴാണ് 1325 ജൂൺ 14-ാം തിയ്യതി വ്യാഴാഴ്ച അദ്ദേഹം നാടും വീടും ഉപേക്ഷിച്ച് സഞ്ചാരത്തിനിറങ്ങിയത്. മെക്കയിലെത്തി പുണ്യകർമ്മം ചെയ്ത് മടങ്ങുക എന്നതിൽ കവിഞ്ഞ് മറ്റൊരാഗ്രഹവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. എന്നാൽ അറേബ്യയിൽ മതപഠനം നടത്തിയ അദ്ദേഹം സുലൈമാൻേറതെന്ന് പറഞ്ഞുപോരുന്ന സിൽസിലാത്ത് അൽ തവാരിഖ് എന്നയാത്രാവിവരണം വായിക്കുവാനിടയായി. അങ്ങനെയാണ് ഇന്ത്യയും മറ്റുപല രാജ്യങ്ങളും സന്ദർശിക്കണമെന്ന ഔൽസുക്യം അദ്ദേഹത്തിൽ വേരൂന്നിയത്. കോൺസ്റ്റാൻറിനോപ്പിൾ, സിറിയ, പാലസ്തീൻ, അറേബ്യ, ഇറാക്ക് തുടങ്ങിയ എസ്ലാമിക സംസ്ക്കാരകേന്ദ്രങ്ങൾ സന്ദർശിച്ച ബത്തൂത്ത ദുർഘടമായ പല ആപൽസന്ധികളെ അഭിമുഖീകരിച്ചിട്ടുണ്ട്. ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ അതിർത്തി കടന്ന് 1331 ഡിസംബർ 13-ാം തിയ്യതിയാണ് അദ്ദേഹം ഇന്ത്യയിലെത്തുന്നത്. സിന്ധിൽ നിന്നും ഡൽഹിയിലെത്തിയ ഈ അറബി സഞ്ചാരിയെ ചക്രവർത്തി മുഹമ്മദ് തുഗ്ലക്ക് രാജകീയമായ സ്വീകരണം നൽകി ആദരിച്ചു. ഡൽഹിയിലെ ജഡ്ജിമാരിൽ (ഖാസി) ഒരാളായി അദ്ദേഹത്തെ നിയമിക്കുകയും 12,000 രൂപ സമ്മാനമായി നൽകിയതിനു പുറമേ അത്രയും തുക ലഭിക്കുന്ന ജാഗീർ ഇനാമായി സമ്മാനിക്കുകയും ചെയ്തു. രാജകീയ ഉടയാടകളും പാർപ്പിട സൗകര്യവും നല്കി, രാജകീയാലയത്തിൽ നിന്നും ഒരു കുതിരയേയും, അരമനയിൽ നിന്നും 10 പരിചാരികമാരേയും കൊടുത്തു. പ്രതിമാസം 2500 രൂപയാണ് ശമ്പളമായി നിശ്ചയിച്ചിരുന്നത്. ഒരു വർഷത്തെ ശമ്പളം മുൻകൂറായി കൊടുക്കുകയും ചെയ്തു. പക്ഷേ ധൂർത്തനും വിഷലമ്പടനുമായ ബത്തൂത്തയ്ക്ക് ഈ പണമൊന്നും മതിയായിരുന്നില്ല. തൽഫലമായി 1,12,500 ഉറുപ്പികയുടെ ഋണബാദ്ധ്യത അദ്ദേഹത്തിനുണ്ടായിരുന്നത്, സുൽത്താനാണ് കൊടുത്ത് തീർത്തതെന്ന് ബത്തൂത്ത തന്നെ പറയുന്നുണ്ട്.

ഡൽഹിയിൽ എട്ടുവർഷം മുഹമ്മദ് തുഗ്ലക്കിന്റെ സേവകരിൽ ഒരാളായി അദ്ദേഹം കഴിഞ്ഞുകൂടി. ദാർശനിക പ്രഭുവും സംസ്കൃതചിത്തനുമായിരുന്ന ചക്രവർത്തിക്ക് ബത്തൂത്തയുടെ സ്വഭാവവൈകൃതങ്ങളും, പഴഞ്ചൻ യാഥാസ്ഥിതികത്വവും തീരെ പിടിച്ചിരുന്നില്ല. സുൽത്താന്റെ നീരസത്തിന് വിധേയനായ ബത്തൂത്തയ്ക്ക് കുറേക്കാലം വീട്ടുതടങ്കലിൽ കഴിയേണ്ടതായി വന്നു. 1342-ൽ തന്റെറാരു പ്രതിപുരുഷസംഘത്തിന്റെ നേതാവായി ബത്തൂത്തയെ വേണ്ട എല്ലാ സജ്ജീകരണങ്ങളോടും കൂടി സുൽത്താൻ ചൈനയിലേക്ക് പോകുവാൻ കൽപ്പിച്ചു.

ചൈനയിലേക്ക് പുറപ്പെടുവാൻ വേണ്ടി ബത്തൂത്തയും കൂട്ടരും കോഴിക്കോട്ടെത്തി. യാദൃശ്ചികമായുണ്ടായ കൊടുങ്കാറ്റിൽ ഓടം തകർന്ന് എല്ലാം നഷ്ടപ്പെട്ട് കരപറ്റിയ ബത്തൂത്ത പിന്നെ ഡൽഹിയിലേക്ക് മടങ്ങിപ്പോയില്ല. കോഴിക്കോട്ടു നിന്നും മാലിദ്വീപിൽ എത്തിയ ബത്തൂത്ത അവിടെ ഖാസിയുടെ പദവി അലങ്കരിച്ചിരുന്നതായി അദ്ദേഹം എഴുതുന്നുണ്ട്. കേരളത്തിലും, സിലോണിലും, ലക്ഷദ്വീപിലും ഈ സഞ്ചാരകുതുകി പല പ്രാവശ്യം സന്ദർശിക്കുകയും പല സ്ഥാനമാനങ്ങൾ അലങ്കരിക്കുകയും ചെയ്തതായി കാണുന്നു. കേരളത്തിലെ പ്രധാനസ്ഥലങ്ങൾ മുഴുവനും പല പ്രാവശ്യം അദ്ദേഹം സന്ദർശിച്ചിട്ടുണ്ട്. ഏഴ് വർഷത്തോളം ദൈർഘ്യമുള്ളതായിരുന്നു ഈ പ്രദേശവുമായുള്ള അദ്ദേഹത്തിന്റെ ബന്ധം. 1349-ൽ കോഴിക്കോട്ടു നിന്നാണദ്ദേഹം മടക്കയാത്ര ആരംഭിച്ചത്. പിന്നേയും നാല് വർഷത്തിനു ശേഷമാണ് തന്റെ ജൻമനാടായ മൊറോക്കോവിൽ എത്തി സ്ഥിരതാമസമാക്കുന്നത്. അപ്പോഴേയ്ക്ക് നാടു വിട്ടിട്ട് 27 വർഷം കഴിഞ്ഞിരുന്നു. സമകാലികലോകത്തിന് ഒരു വിസ്മയമായി മാറിയിരുന്ന ബത്തൂത്ത 1368-ൽ തന്റെ 64-മത്തെ വയസ്സിൽ ദിവംഗതനായി. സുദീർഘമായ ഒരു യാത്രയുടെ അന്ത്യത്തിന് അങ്ങനെ ജനിച്ച സ്ഥലം തന്നെ സാക്ഷ്യം വഹിച്ചു.

ബത്തൂത്തയ്ക്കും മുമ്പും എത്രയോ സാഹസികരും, ഭൂമിശാസ്ത്രജ്ഞൻമാരും, ചരിത്രകാരൻമാരും പല നാടുകൾ

സന്ദർശിച്ച് അറബിലോകത്തിൻെറ വൈജ്ഞാനിക ചക്രവാളം വികാസം കൊള്ളിച്ചിട്ടുണ്ട്. എന്നാൽ ബത്തൂത്തയെപ്പോലെ ഇത്രയും സുദീർഘമായി യാത്ര ചെയ്തിട്ടുള്ളവർ തുലോം തുച്ഛമാണ്. ഏകദേശം 75,000 മൈലിൽ കൂടുതൽ അദ്ദേഹം സഞ്ചരിച്ചിരിക്കുമെന്നാണ് ബത്തൂത്തയുടെ സഞ്ചാരവൃത്താന്തത്തെക്കുറിച്ച് ആധികാരികമായി വിലയിരുത്താൻ അവകാശമുള്ള പ്രൊഫ. യൂൾ അഭിപ്രായപ്പെടുന്നത്. തിരിച്ച് നാട്ടിലെത്തിയ ശേഷമാണ് ബത്തൂത്തയുടെ 'കിത്താബുൽ റഹില' എന്ന ഗ്രന്ഥം എഴുതപ്പെടുന്നത്. ഈ പുസ്തകം ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തിട്ടുള്ളത് പ്രൊഫ. എച്ച്.എ.ആർ. ഗിബ്ബ് ആകുന്നു. മലയാളമുൾപ്പെടെ നിരവധി ഭാഷകളിലേക്ക് ഈ പുസ്തകം മൊഴിമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. 14-ാം നൂറ്റാണ്ടിലെ ചരിത്രരചനയ്ക്ക് ഏറെ പ്രയോജനമുള്ള വിവരണമാണ് ഇതെങ്കിലും ബത്തൂത്തയുടെ പ്രതിപാദ്യത്തിൽ അവിശ്വസനീയങ്ങളായ പലതും കടന്നുകൂടിയിട്ടുണ്ട്. അത് പുസ്തകത്തിൻേറയും, ഗ്രന്ഥകാരൻേറയും വിശ്വാസ്യത നഷ്ടപ്പെടുത്തുകയും ചെയ്യുന്നു.

ബത്തൂത്ത തൻെറ യാത്രാനുഭവങ്ങൾ ഗ്രന്ഥരൂപത്തിൽ പ്രകാശിപ്പിക്കുവാൻ ഒരിക്കലും കരുതിയിരുന്നില്ല. മുപ്പത് കൊല്ലം കഴിഞ്ഞ് നാട്ടിൽ തിരിച്ചെത്തിയ അദ്ദേഹത്തെ ഏറെ അൽഭുതത്തോടുകൂടിയാണ് സമകാലികർ സമീപിച്ചത്. കേട്ടറിഞ്ഞും, ഓടിക്കൂടിയും എത്തിയ ആരാധക സംഘത്തെ രസിപ്പിക്കുവാൻ വേണ്ടി, സാഹസിക സഞ്ചാരികൾ അധികവും ചെയ്യാറുള്ളതുപോലെ അദ്ദേഹവും പൊടിപ്പും തൊങ്ങലും ചേർത്ത് കണ്ടതും കേട്ടതും പറഞ്ഞു തുടങ്ങി. ഈ അൽഭുതങ്ങളൊക്കെ നാട്ടിൽ പ്രചരിപ്പിക്കുകയും മൊറോക്കോ രാജാവായ സുൽത്താൻ അബു ഇനാമി ബത്തൂത്തയെ അരമനയിലേക്ക് ക്ഷണിക്കുകയും ചെയ്തു. ബത്തൂത്തയുടെ കഥകേട്ട് 'ഇയാൾ ഒരു നുണയനാണ്' എന്ന് സുൽത്താൻ പറഞ്ഞത്രേ. എന്നാൽ അരമനയിൽ അക്കാലത്തുണ്ടായിരുന്ന അറബിലോകത്തെ അനശ്വരപ്രതിഭയായ ഇബ്നു ഖൽദൂൺ ഇടപെട്ട് ബത്തൂത്ത പറയുന്നത് മുഴുക്കെ എഴുതിയെടുക്കുവാൻ ഒരാളെ നിയമിക്കണമെന്ന് സുൽത്താനോട് അഭ്യർത്ഥിച്ചു. അങ്ങനെ സെക്രട്ടറിമാരിലൊരാളായ ഇബ്നു ജൂസായിയെ സുൽത്താൻ നിശ്ചയിക്കുകയും ചെയ്തു. ഇബ്നു ഖൽദൂൺ തൻെറ വിശ്വപ്രശസ്തമായ 'മുഖദ്ദിമ' എന്ന ഗ്രന്ഥത്തിൽ ബത്തൂത്തയെക്കുറിച്ച് മൂന്ന് പുറങ്ങളിൽ പരാമർശിക്കുന്നുണ്ട് *15.* "കേട്ടവർക്കൊക്കെ വിസ്മയകരമായി തോന്നിയ അവിശ്വസനീയങ്ങളായ കാര്യങ്ങളാണദ്ദേഹം പറഞ്ഞിരുന്നത്......................ഇവിടെയുള്ള ജനങ്ങൾ അദ്ദേഹത്തെ നുണയൻ എന്നാണ് വിശേഷിപ്പിച്ചിരുന്നത്. അയാൾ പറഞ്ഞതൊന്നും വിശ്വസിക്കുവാൻ അവർ കൂട്ടാക്കിയില്ല..................................എനിക്കും അയാൾ പറയുന്ന കാര്യത്തിലും അയാളിലും വിശ്വാസം ഉണ്ടായിരുന്നില്ല." *16.* എങ്കിലും പണ്ഡിതശ്രേഷ്ഠനായ ഈ യോഗിവര്യൻെറ ശുപാർശ അനുസരിച്ചാണ് ബത്തൂത്ത പറയുന്നത് എഴുതി എടുക്കുവാൻ ആളെ നിയമിച്ചത്. തൻെറ അടുത്ത് ഓടിക്കൂടിയ കേൾവിക്കാരെ രസിപ്പിക്കുവാൻ വേണ്ടി ഉള്ളതും ഇല്ലാത്തതുമായ കഥകൾ തൻമയത്വത്തോടുകൂടി അവതരിപ്പിച്ച ബത്തൂത്തയ്ക്ക് ഇത് പുസ്തകമാക്കിയപ്പോൾ ഇവ ഒട്ടും മാറ്റം വരുത്താതെ തന്നെ ആവർത്തിക്കേണ്ടതായി വന്ന ഗതികേടാണ് ബത്തൂത്തയുടെ സഞ്ചാരകഥ. എഴുതി എടുത്ത ജൂസായിയാകട്ടെ അമിതമായ ദുസ്വാതന്ത്ര്യം കൂടികാട്ടിയിട്ടുണ്ടെന്നാണ് റഹില ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത പ്രൊ. ഗിബ്ബിൻെറ ദൃഢമായ വിശ്വാസം. അദ്ദേഹം പറയുന്നത്, "ഇബ്നു ജൂസായി അങ്ങനെ ബത്തൂത്ത വിവരിച്ചു കൊടുത്തത് ഒന്നിച്ചെടുത്തു. ഫലമാകട്ടെ, വ്യത്യസ്ത സ്വഭാവവിശേഷത്തോടുകൂടിയ ഒരു ഗ്രന്ഥവും..............ചുരുക്കത്തിൽ ബത്തൂത്തയുടേതെന്ന് വിശേഷിപ്പിക്കുന്ന ഈ കൃതി തീർത്തും അദ്ദേഹത്തിൻേറതാണെന്ന് പറയുക പ്രയാസമാണ്." *17*

എന്നാൽ ബത്തൂത്തയുടെ ഗ്രന്ഥം സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കാതെയും അതിൻെറ കുറവുകൾ എന്തൊക്കെയെന്ന് മനസ്സിലാക്കാതെയുമാണ് മുഹമ്മദ് തുഗ്ലക്കിനെക്കുറിച്ച് എഴുതിയിട്ടുള്ളവരൊക്കെ ഇത് ഉപയോഗപ്പെടുത്തിയിട്ടുള്ളത്. ബത്തൂത്ത 8 വർഷം ഡൽഹിയിൽ സുൽത്താൻെറ ഔദാര്യങ്ങൾ നിർല്ലോഭം അനുഭവിച്ചിരുന്ന വ്യക്തിയായിരുന്നുവെങ്കിലും തൻെറ ജീവിതരീതി സദാചാരനിഷ്ഠനായ സുൽത്താനെ കോപിഷ്ഠനാക്കിയിരുന്നുവെന്നും ബത്തൂത്ത അദ്ദേഹത്തിൻെറ അപ്രീതിക്ക് വിധേയനായെന്നും നാം നേരത്തെ പ്രസ്താവിച്ചുവല്ലോ. ചൈനയിലെ തൻെറ പ്രതിപുരുഷനായി ഡൽഹിയിൽനിന്നും പറഞ്ഞയച്ചതും പോകാൻ സാധിക്കാതെ കോഴിക്കോട് തങ്ങേണ്ടി വന്നതും നാം മുമ്പേ പറഞ്ഞിട്ടുള്ളതാണ്. ഇവിടെ പ്രസക്തമായിട്ടുള്ളത് കോഴിക്കോട് വെച്ച് ഓടം തകർന്നതുമൂലം അദ്ദേഹം കുത്തികുറിച്ച് സൂക്ഷിച്ചിരിക്കാവുന്ന ഓർമ്മക്കുറിപ്പുകൾ ഉൾപ്പെടെ സർവ്വത്ര സാധനങ്ങളും നഷ്ടപ്പെട്ടിരുന്നുവെന്നാണ്. 30-വർഷത്തെ യാത്രാവിവരണമത്രയും ഓർമ്മയിൽ നിന്നുമാത്രമാണദ്ദേഹം അയവിറക്കുന്നത്. സ്ഥലകാല വ്യത്യാസവും വസ്തുതകളിൽ വന്ന പിശകും ഈ ഗ്രന്ഥത്തിൻെറ ആധികാരികത നഷ്ടപ്പെടുത്തിയിട്ടുമുണ്ട്. കണ്ടകാര്യങ്ങൾക്കുപരി കേട്ടുകേൾവിയുടെ അടിസ്ഥാനത്തിലാണ് മുഹമ്മദ് തുഗ്ലക്കിൻെറ സ്വഭാവത്തേയും, ഭരണപരിഷ്ക്കാരങ്ങളേയും കുറിച്ച് അദ്ദേഹം പ്രതിപാദിച്ചിട്ടുള്ളത്. സുൽത്താൻെറ തലസ്ഥാനമാറ്റക്കഥയും, നാണയപരിഷ്ക്കാരവും ചൈനീസ് ആക്രമണവുമൊക്കെ കേട്ടുകേൾവിക്ക് മുൻതൂക്കം നൽകി അവതരിപ്പിക്കുന്ന കള്ളക്കഥകൾ മാത്രമാണ്. *18.*

ഇംഗ്ലീഷ് ചരിത്രകാരൻമാർ ബത്തൂത്തയുടെ ഈ കള്ളക്കഥകളെയാണ് ഇന്ത്യയുടെ ദാർശനിക ചക്രവർത്തിയായ മുഹമ്മദ് തുഗ്ലക്കിനെ കരിതേക്കുവാൻ പ്രയോജനപ്പെടു

ത്തിയത്. ബത്തൂത്തയുടെ 'കിത്താബുൽ റഹില' ഏറെ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ട ഒന്നാണ്. മുഹമ്മദ് തുഗ്ലക്കിനോടുള്ള വ്യക്തിപരമായ വിദ്വേഷമാണ് പ്രധാനമായും അദ്ദേഹത്തെക്കുറിച്ച് വളരെ മോശമായി പ്രതിപാദിക്കുവാൻ കാരണം. എന്നാൽ കേരളത്തെയും ലക്ഷദ്വീപ്, മാലിദ്വീപ് തുടങ്ങിയ സ്ഥലങ്ങളേയുംപ്പറ്റിയുള്ള ബത്തൂത്തയുടെ വിവരണം ചരിത്രവിദ്യാർത്ഥികൾക്ക് വളരെ ഉപയോഗപ്രദമാകുന്നു. *19.* യാത്രയുടെ അന്ത്യഘട്ടത്തിൽ ആയതു കൊണ്ടായിരിക്കാം കേരളത്തേയും ലക്ഷദ്വീപ്, മാലി, സിലോൺ തുടങ്ങിയ സ്ഥലങ്ങളേയുംക്കുറിച്ചുള്ള അദ്ദേഹത്തിൻെറ വിവരണം ഏറെക്കുറെ സത്യസന്ധവും വസ്തുനിഷ്ഠവും ആകാൻ കാരണം.

*<u>ശൈഖ് സൈനുദ്ദീൻ മഖ്ദൂം രണ്ടാമൻ</u>* - ശൈഖ് സൈനുദ്ദീൻ ബ്നു ഗസ്സാലി ബ്നു സൈനുദ്ദീൻ ബ്നു അലി ബ്നു അഹമ്മദ് മഅ്ബരി എന്ന വിശ്വപ്രശസ്ത പണ്ഡിതൻ ശൈഖ് സൈനുദ്ദീൻ മഖ്ദൂം രണ്ടാമൻ എന്ന ചുരുക്ക പ്പേരിലാണ് അറിയപ്പെടുന്നത്. അദ്ദേഹത്തിൻെറ പിതാവ് ശൈഖ് സൈനുദ്ദീൻ ബ്നു അലി ബ്നു അഹമ്മദ് മഅ്ബരി 1467-ൽ കൊച്ചിയിലാണ് ജനിച്ചത്. പൊന്നാനി വലിയ ജമാഅത്ത് പള്ളിയുടെ സ്ഥാപകൻ അദ്ദേഹമായിരുന്നു. അദ്ദേഹം എ.ഡി. 1522-ൽ പൊന്നാനിയിൽ അന്തരിച്ചു. ശൈഖ് സൈനുദ്ദീൻ ഒന്നാമൻെറ മൂന്നാമത്തെ മകനാ യിരുന്നു മുഹമ്മദ് അൽ ഗസ്സാലി. മഖ്ദൂം കുടുംബത്തിൻെറ പാരമ്പര്യം പുലർത്തിപ്പോന്ന അദ്ദേഹം പണ്ഡിതനും, വാഗ്മിയും, ഗ്രന്ഥകാരനുമായിരുന്നു. മാഹിക്കടുത്ത ചോമ്പാ ലിലെ ഖാസിയായിരുന്ന അദ്ദേഹം അവിടെ നിന്ന് വിവാഹം കഴിക്കുകയും അവിടെതന്നെ താമസമാക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ മൃതദേഹം സംസ്ക്കരിച്ചത് ചോമ്പാലപ്പള്ളി ഖബർ സ്ഥാനിലാണ്. ശൈഖ് ഗസ്സാലിയുടെ വിശ്വവിശ്രുത നായ പുത്രനാണ് ശൈഖ് അഹമ്മദ് സൈനുദ്ദീൻ മഖ്ദൂം രണ്ടാമൻ.

അദ്ദേഹത്തിൻെറ ജനനമരണത്തെപ്പറ്റിയോ, ബാല്യ കാലത്തെക്കുറിച്ചോ അധികമൊന്നും അറിയാൻ കഴിഞ്ഞിട്ടില്ല. മുഗൾ ചക്രവർത്തി അക്ബറുടെ ഭരണകാലത്താണ് അദ്ദേഹം ജീവിച്ചിരുന്നുത്. ബിജാപ്പൂർ സുൽത്താൻ അലി ആദിൽഷായുടെ അടുത്ത സുഹൃത്തും ഉപദേശകനു മായിരുന്നു അദ്ദേഹം. 1557 മുതൽ 1580 വരെയാണ് ആദിൽഷാ സുൽത്താനായിരുന്നുത്. അക്കാലത്ത് ശൈഖ് സൈനുദ്ദീൻ ബിജാപ്പൂർ കൊട്ടാരത്തിൽ താമസിച്ചിരുന്നു. അലി ആദിൽഷായ്ക്കാണ് തൻെറ പ്രസിദ്ധമായ 'തുഹ്ഫത്തുൽ മുജാഹിദീൻ' എന്ന ഗ്രന്ഥം സമർപ്പിച്ചിട്ടുള്ളത്. അതുപോലെ സാമൂതിരിയുടെ ഉപദേഷ്ടക്കളിൽ ഒരാളും അദ്ദേഹത്തിനുവേണ്ടി അറബിഭാഷയിൽ എഴുത്ത് എഴുതി യിരുന്ന ദേഹവും ശൈഖ് സൈനുദ്ദീനായിരുന്നു. അദ്ദേഹത്തിൻെറ മാതാവ് മാഹിക്കടുത്ത ചോമ്പാല ക്കാരിയാണ്. ശൈഖ് സൈനുദ്ദീൻ 1619-ൽ മരണമടഞ്ഞ തായിട്ടാണ് കരുതിപ്പോരുന്നത്. ചോമ്പാലിലെ കുഞ്ഞിപ്പള്ളി ഖബർസ്ഥാനിൽ പള്ളിയുടെ തെക്ക് കിഴക്ക് ഭാഗത്തുള്ള ഒരു മരച്ചുവട്ടിലാണ് അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന സ്ഥലം എന്നാണ് പറയുന്നത്.

ശൈഖ് സൈനുദ്ദീൻെറ ഗുരുനാഥൻമാരിൽ അഗ്രഗണ്യൻ ശൈഖ് ഷിഹാബുദ്ദീൻ ബ്നു ഹജർ ഹൈത്തമി ആണ്. ഇദ്ദേഹത്തിൻേറയും മറ്റുപല പ്രശസ്ത പണ്ഡിതൻമാരുടേയും ശിഷ്യനായി മെക്കയിൽ ഉപരിപഠനം നടത്തിയിരുന്ന കാലത്ത് ഫിഖ്ഹ് ഗ്രന്ഥമായ തുഹ്ഫയുടെ രചയിതാവും ലോക പ്രസിദ്ധനുമായിരുന്ന ഇമാം അഹമ്മദ് ബ്നു ജമൂൽ മക്കിയുടെ ശിഷ്യത്വം സ്വീകരിച്ചിരുന്നു. മതപഠനം പൂർത്തിയാക്കിയ ശേഷം പൊന്നാനിയിലേക്ക് മടങ്ങിയ അദ്ദേഹം അവിടത്തെ മഖ്ദൂം സ്ഥാനത്ത് അവരോധിതനായി. ചെറിയ സൈനുദ്ദീൻ മഖ്ദൂമെന്നും, സൈനുദ്ദീൻ മഖ്ദൂം രണ്ടാമനെന്നുമുള്ള പേരുകളിൽ അറിയപ്പെടുന്ന അദ്ദേഹം മതവിജ്ഞാനത്തിൻെറ എല്ലാ അംശങ്ങളിലും അതുല്യപ്രാഭവം നേടിയ മഹാനാ യിരുന്നു.

അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങൾ ഇന്ത്യയിൽ മാത്രമല്ല മുസ്ലിം രാഷ്ട്രങ്ങളിൽക്കൂടെതന്നെ ഏറെ അംഗീകരിക്കപ്പെട്ടിരുന്ന ആധികാരിക പ്രമാണങ്ങളാണ്. കേരളീയരെ സംബന്ധിച്ചിട ത്തോളം അദ്ദേഹം കൂടുതൽ ' അറിയപ്പെടുന്നത് മലയാള നാടിൻെറ ആദ്യത്തെ ചരിത്രകാരൻ എന്ന നിലയിലാകുന്നു. അദ്ദേഹം എഴുതിയ 'തുഹ്ഫത്തുൽ മുജാഹിദീൻ ഫി അബ്സി അഖ്ബറിൽ ബുർത്തക്കാലിയ്യിൻ' എന്ന ഗ്രന്ഥത്തിന് പ്രധാപ്പെട്ട ലോകഭാഷകളിലൊക്കെ പരിഭാഷ ഉണ്ടായിട്ടുണ്ട്. ഇംഗ്ലീഷിൽ മാത്രം അഞ്...ൽ കൂടുൽ വിവർത്തനങ്ങൾ നിലനിൽക്കുന്നു. മലയാള ഭാഷയിൽ പോലും തുഹ്ഫത്തിൻെറ ഒന്നിൽകൂടുതൽ തർജ്ജുമ വന്നു കഴിഞ്ഞു. കേരള ചരിത്രത്തെ സംബന്ധിച്ച് വിലപ്പെട്ട ഉപാദാനമെന്ന നിലയ്ക്കും ആദ്യത്തെ കേരള ചരിത്രമെന്ന നിലയിലും തുഹ്ഫത്തുൽ മുജാഹിദീൻ വിദ്യാർ ത്ഥികളും അദ്ധ്യാപകൻമാരും ഉപയോഗപ്പെടുത്തി ക്കൊണ്ടിരിക്കുന്ന മുഖ്യഗ്രന്ഥമാണ്. പറങ്കികളും മലബാറിലെ മാപ്പിള നാവികരും തമ്മിൽ നടന്നുകൊണ്ടിരുന്ന നാവിക പോരാട്ടങ്ങളും പറങ്കികൾ കേരളത്തിലെ തീരപ്രദേശങ്ങളിലും അറബിക്കടലിലും നടത്തിക്കൊണ്ടിരുന്ന നികൃഷ്ടമായ മനുഷ്യാഹുതിയും കണ്ടും കേട്ടും അറിവുണ്ടായിരുന്ന സൈനുദ്ദീൻ മഖ്ദൂം പറങ്കികൾക്കെതിരായുള്ള സമരത്തിൽ പങ്കുചേരാൻ എല്ലാ വിശ്വാസികളോടും ആഹ്വാനം ചെയ്യുന്ന ഗ്രന്ഥമാണിത്. ഗ്രന്ഥകാരൻെറ ആത്യന്തികലക്ഷ്യം ഇതായി രുന്നുവെങ്കിലും നാല് ഭാഗങ്ങളായി തിരിച്ചിരിക്കുന്ന ഈ ഗ്രന്ഥത്തിൽ 16-ാം നൂറ്റാണ്ടിലെ രാഷ്ട്രീയ-സാമൂഹിക-സാംസ്ക്കാരിക ചരിത്രം അനാവരണം ചെയ്യപ്പെട്ടിരിക്കുന്നു.

പുസ്തകത്തിൻെറ ഒന്നാംഭാഗം പറങ്കികൾക്കെതിരെ ധർമ്മയുദ്ധം നടത്തേണ്ട കടമ വിശ്വാസികളെ ബോദ്ധ്യ പ്പെടുത്തുകയും ഇസ്ലാമിൻെറ യുദ്ധനിയമങ്ങളെ സവിസ്തരം പ്രതിപാദിക്കുകയും ചെയ്യുന്നതാണ്. രണ്ടാം ഭാഗത്തിൽ

കേരളത്തിൽ ഇസ്ലാമിൻെറ അധിനിവേശവും, ചേരമാൻ പെരുമാളിൻെറ അറേബ്യൻയാത്രയെ സംബന്ധിച്ചും, ഇവിടത്തെ പ്രധാന തുറമുഖങ്ങളുടെ വളർച്ചയെപ്പറ്റിയുമുള്ള വിവരണമുണ്ട്. മൂന്നാം ഭാഗത്താകട്ടെ, ഇവിടെ നിലനിന്നിരുന്ന സാമൂഹ്യസ്ഥിതികളേയും നാട്ടുരാജാക്കാൻമാർ മുസ്ലിംകളോട് കാണിച്ചിരുന്ന സഹിഷ്ണുതയേയും ഒക്കെക്കുറിച്ച് പ്രതിപാദിക്കുന്നു. കേരളത്തിലെ ജാതി സമ്പ്രദായം, ബഹുഭർത്തൃത്വം, വസ്ത്രധാരണം, ദായക്രമം, യുദ്ധരീതി, കുറ്റവും ശിക്ഷയും തുടങ്ങിയ അദ്ദേഹത്തിൻെറ വിവരണങ്ങൾ നമ്മുടെ ചരിത്രരചനയ്ക്ക് ഏറെ സഹായകമാണ്. പ്രസ്തുത ഗ്രന്ഥത്തിൻെറ നാലാംഭാഗം 14 അദ്ധ്യായങ്ങളായി തിരിച്ചിരിക്കുന്നു. വാസ്കോഡിഗാമയുടെ ആഗമന വർഷമായ 1498 മുതൽ 1583 വരെയുള്ള 85 വർഷം കുഞ്ഞാലി മരക്കാർമാരുടെ നേതൃത്വത്തിൽ നടന്ന ഘോരമായ നാവികപ്പോരാട്ടങ്ങളുടെ ചരിത്രവും പറങ്കിനാവികൻമാർ നിർവ്വിഘ്നം നടത്തിയിരുന്ന കൂട്ടക്കൊലകളുടേയും, മതധ്വംസനങ്ങളുടേയും ദൃക്സാക്ഷി വിവരണവും ഈ ഗ്രന്ഥത്തെ കേരളത്തിലെ ഏറ്റവും കിരാതമായ ഒരു കാലഘട്ടത്തിൻെറ ആധികാരിക പ്രമാണമാക്കി മാറ്റുന്നുണ്ട്.

തുഹ്ഫത്തിൻെറ ഇംഗ്ലീഷ് പരിഭാഷ നടത്തിയവർ മേജർ റൗലൻസൺ, അമേശ്ലൺ. ജയിംസ് ബ്രക്സ്, റോക്സ്, പ്രൊ. മുഹമ്മദ് ഹുസൈൻ നൈനാർ, അൻഡേൺസ് തുടങ്ങിയവരാണ്. ഈ പുസ്തകം ലത്തിൻ, ഫ്രഞ്ച്, സ്പാനിഷ്, ചെക്ക് ഭാഷകളിലേക്കും ഹിന്ദി, ഉറുദു, കർണ്ണാടകം, തമിഴ്, മലയാളം, എന്നീ ഇന്ത്യൻ ഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ശൈഖ് സൈനുദ്ദീൻ മഖ്ദൂം രണ്ടാമൻെറ മതശാസ്ത്രഗ്രന്ഥങ്ങളും വിശ്വപ്രശസ്തി നേടിയവയാണ്. ശാഫിഇ മദ്ഹബിൻെറ ധർമ്മശാസ്ത്രം വിവരിക്കുന്ന 'ഫത്ത്ഹുൽ മുഈൻ' മുസ്ലിം ലോകം ആകമാനം അംഗീകരിച്ചിട്ടുള്ളതും ഇന്നും കലാലയങ്ങളിൽ പഠിച്ചുകൊണ്ടിരിക്കുന്നതുമായ വിശിഷ്ടഗ്രന്ഥമാണ്. ഇതിനുപുറമേ ധാരാളം വൈജ്ഞാനിക ഗ്രന്ഥങ്ങളുടെ കർത്താവ് കൂടിയാണദ്ദേഹം.

*അബ്ദുൽ റസാഖ്* - എ.ഡി.1442-ൽ കോഴിക്കോട് സാമൂതിരിയുടെ അരമനയിലെത്തിയ അബ്ദുൽറസാഖ് പണ്ഡിതനും സഞ്ചാരകുതുകിയുമായിരുന്നു. അക്കാലത്തെ പ്രതാപിയായിരുന്ന പേർഷ്യൻ ചക്രവർത്തിയുടെ പ്രതിപുരുഷനായിട്ടാണ് അദ്ദേഹം കോഴിക്കോടെത്തുന്നത്. ഷാറൂഖ് മിർസ ആയിരുന്നു ഇറാനിലെ ചക്രവർത്തി. ജോൺപൂരിലെ സുൽത്താനായിരുന്ന ഷംസുദ്ദീൻ ഇബ്രാഹിം ബംഗാളിൽ പലവട്ടം ആക്രമണം നടത്തിയിരുന്നു. രാജ്യത്തെ ആക്രമണകാരിയിൽ നിന്നും രക്ഷിക്കുവാൻ മറ്റു മാർഗ്ഗങ്ങളൊന്നും കാണാതിരുന്ന അവിടുത്തെ സുൽത്താൻ പേർഷ്യൻ ചക്രവർത്തിയുടെ സഹായം അഭ്യർത്ഥിച്ചു. അദ്ദേഹമാകട്ടെ സൈന്യസഹായത്തിനുപകരം ശത്രുതയിൽ കഴിയുന്ന ജോൺപൂരിലേയും, ബംഗാളിലേയും, സുൽത്താൻമാരെ അനുരഞ്ജിപ്പിക്കുന്നതിനുള്ള ശ്രമമാണ് നടത്തിയത്. പണ്ഡിതനും നയതന്ത്രജ്ഞനുമായ ശൈഖുൽ ഇസ്ലാം ക്വാജാ കരീമുദ്ദീൻ മക്കാരി എന്ന തൻെറ പ്രതിനിധിയെ ബംഗാളിലേക്ക് ഈ സ്നേഹദൗത്യവുമായി അദ്ദേഹം പറഞ്ഞയച്ചു. ശത്രുതയിൽ കഴിഞ്ഞിരുന്നവരെ സൗഹൃദത്തിലെത്തിക്കുവാനും സമാധാനസന്ധിയിൽ ഒപ്പ് വെപ്പിക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞു. ബംഗാളിൽ നിന്നും കടൽമാർഗ്ഗം ഇറാനിലേക്ക് പുറപ്പെട്ട ശൈഖുൽ ഇസ്ലാമിന് സിലോണിൽ നിന്നും കുറേദൂരം സഞ്ചരിച്ചപ്പോഴുണ്ടായ കടൽക്ഷോഭംമൂലം കോഴിക്കോട് കപ്പലടുപ്പിച്ച് കരക്കിറങ്ങേണ്ടതായിവന്നു.

സാമൂതിരിയെ ചെന്നുകണ്ട അദ്ദേഹത്തിന് രാജകീയ സ്വീകരണമാണ് ലഭിച്ചത്. വലിയൊരു സാമ്രാജ്യത്തിൻെറ അധിപതിയും മഹാപ്രതാപിയുമായിരുന്ന ഇറാൻ ചക്രവർത്തിയുടെ പ്രതിനിധിയാണ് തൻെറ അടുക്കൽ എത്തപ്പെട്ടിരിക്കുന്നതെന്ന് ധരിച്ച സാമൂതിരി ആ ചക്രവർത്തിയുമായി നയതന്ത്രബന്ധം സ്ഥാപിക്കുവാൻ ആഗ്രഹിച്ചു. തൻെറ വാണിജ്യ-വ്യാപാര വികസനത്തിന് ഇറാനുമായുള്ള ബന്ധം വളരെ പ്രയോജനം ചെയ്യുമെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. കോഴിക്കോട്ടെ ജനസംഖ്യയിൽ നല്ല വിഭാഗം മുസ്ലിംകളായിരിക്കുകയും സാമൂതിരി കുടുംബം അവരുമായി ഉറ്റ സമ്പർക്കത്തിൽ കഴിയുകയും ചെയ്യുന്ന അവസ്ഥ ഇറാൻ ചക്രവർത്തിയെ ധരിപ്പിക്കണമെന്ന് സാമൂതിരി ശൈഖുൽ ഇസ്ലാമിനെ ചട്ടംകെട്ടുകയും ചെയ്തിരുന്നു. അദ്ദേഹത്തിൻെറ മടക്കയാത്രയിൽ സാമൂതിരി തൻെറ പ്രതിനിധിയായി അതിസമർത്ഥനും പണ്ഡിതനുമായിരുന്ന ക്വാജാ മസ്ഊദിനെ വിലപ്പെട്ട കുറേ സമ്മാനങ്ങളുമായി ശൈഖുൽ ഇസ്ലാമിൻെറ കൂടെ ഇറാനിലേക്കയച്ചു. കുരുമുളക് നാട്ടിൽ നിന്നും എത്തിയ സാമൂതിരിയുടെ പ്രതിപുരുഷനെ ഷാറൂഖ് ചക്രവർത്തി ആദരപൂർവ്വം സ്വീകരിക്കുകയും വിവരങ്ങളെല്ലാം അന്വേഷിച്ചറിയുകയും സന്തോഷിക്കുകയും ചെയ്തു. ക്വാജാ മസ്ഊദ് മടങ്ങിപ്പോരുമ്പോൾ ചക്രവർത്തിയുടെ പ്രതിനിധിയായി കൂടെ അയച്ച ദേഹമാണ് നിയമജ്ഞനും നയതന്ത്രജ്ഞനുമായിരുന്ന അബ്ദുർ റസാഖ്.

കുലീന കുടുംബ ജാതനായിരുന്നു അദ്ദേഹം. പിതാവ് ജലാലുദ്ദീൻ ഇസ്ഹാഖ് ഇറാനിൽ ഖാസിയുടെ പദവി അലങ്കരിച്ചിരുന്ന നിയമപണ്ഡിതനുമായിരുന്നു. പേർഷ്യയിൽ ഹിറാത്ത് എന്ന നഗരത്തിൽ 1413-ൽ ആണ് അബ്ദുർ റസാക്കിൻെറ ജനനം. നിയമോപദേഷ്ടാവായിരുന്ന പിതാവുമൊത്ത് ബാല്യംമുതലേ അരമനയിൽ പതിവായി പ്പോയിരുന്ന അബ്ദുൽ റസാഖ് പിതാവിനെപ്പോലെതന്നെ സമർത്ഥനായ നിയമജ്ഞനായി വളർന്നു. 1437-ൽ പിതാവ് മരണമടഞ്ഞപ്പോൾ പിതാവിൻെറ സ്ഥാനത്തേക്ക് അബ്ദുർ റസാഖ് നിയമിതനായി. ചക്രവർത്തിക്ക് വിശ്വാസവും സ്നേഹവുമുള്ള വ്യക്തിയെന്ന നിലയിലാണ് അബ്ദുൽ റസാഖിനെ കോഴിക്കോട്ടേയക്ക് അയച്ചത്. സാമൂതിരിയെ ഇസ്ലാമിലേക്ക് മതപരിവർത്തനം ചെയ്യിക്കുകയെന്ന പ്രത്യേക ദൗത്യവുംകൂടി അബ്ദുൽ റസാഖിന് നിർവ്വഹിക്കേണ്ടതുണ്ടായിരുന്നു.

അങ്ങനെയാണ് 1442-ൽ ഹിറാത്തിൽ നിന്നും കപ്പൽകയറിയ അദ്ദേഹം മാസങ്ങൾക്കുശേഷം കോഴിക്കോടെത്തുന്നത്. അഞ്ച്മാസം അദ്ദേഹം കോഴിക്കോടുണ്ടായിരുന്നു. അവിടെ കപ്പലിറങ്ങിയതുമുതൽ കോഴിക്കോട് നിന്നു മടങ്ങുന്നതുവരെ അബ്ദുൽറസാഖിന് സർവ്വവിധ സൗകര്യങ്ങളും സാമൂതിരിയുടെ പ്രത്യേക നിർദ്ദേശാനുസരണം ലഭിച്ചിരുന്നുവെന്ന് അബ്ദുൽ റസാഖ് തന്റെ യാത്രാവിവരണത്തിൽ പ്രസ്താവിക്കുന്നുണ്ട്. സാമൂതിരിയെ പല പ്രവാശ്യം കണ്ട് തന്റെ ദൗത്യം അറിയിച്ചെങ്കിലും മതം മാറുവാൻ ഇദ്ദേഹം തീരെ താൽപ്പര്യം കാണിച്ചില്ല. ഇക്കാര്യത്തിൽ അബ്ദുൽറസാഖിന് തോൽവി സമ്മതിക്കേണ്ടതായി വന്നു. തന്റെ യാത്രാ ഉദ്ദേശ്യം സഫലീകരിക്കുവാൻ സാദ്ധ്യമല്ലെന്ന് മനസ്സിലാക്കിയ അദ്ദേഹം തിരിച്ചു പോകുവാൻ തയ്യാറെടുപ്പ് നടത്തിക്കൊണ്ടിരിക്കുമ്പോഴാണ് വിജയ.നഗർ രാജാവിന്റെ ഒരു സന്ദേശം സാമൂതിരി മുഖേന അദ്ദേഹത്തിന് ലഭിക്കുന്നത്. ഒട്ടും താമസിയാതെ ഈ രാജകീയക്ഷണം സ്വീകരിച്ച് വിജയനഗരിലേക്ക് അദ്ദേഹം യാത്രയായി. വിജയനഗറിൽ കുറച്ചുകാലത്തെ താമസത്തിനുശേഷം 1443-ൽ അദ്ദേഹം സ്വദേശത്തേക്ക് മടങ്ങി.

ഇറാനിൽ എത്തിയ അദ്ദേഹത്തിന് ഹാർദ്ദമായ സ്വീകരണമാണ് ലഭിച്ചത്. വിലപിടിച്ച സമ്മാനങ്ങളും ഉയർന്ന ഔദ്യോഗിക സ്ഥാനമാനങ്ങളും നൽകി ചക്രവർത്തി തന്റെ സംതൃപ്തി പ്രകടമാക്കി. കോഴിക്കോട്ടേയ്ക്കച്ചതുപോലെ മറ്റുപല രാജ്യങ്ങളിലേക്കും തന്റെ പ്രതിപുരുഷനായി അബ്ദുൽറസാഖിനെയാണ് അയച്ചിരുന്നത്. പല രാജ്യങ്ങളിലേയും ജനങ്ങളേയും സമ്പ്രദായങ്ങളേയും സൂക്ഷ്മമായി നിരീക്ഷിക്കുവാനുള്ള അവസരം അങ്ങനെ അദ്ദേഹത്തിന് ധാരാളം ലഭിച്ചിരുന്നു. വളരെ അനുഭവങ്ങളും ഏറെ നിരീക്ഷണങ്ങളും തന്റെ 'മത്തലഉസ്സ അദൈനി' എന്ന ഗ്രന്ഥത്തിലൂടെ അദ്ദേഹം കാഴ്ചവെക്കുകയും ചെയ്തു. 1482-ൽ അദ്ദേഹം മരിക്കുമ്പോഴും ചക്രവർത്തിയുടെ കീഴിൽ ഉന്നത ഔദ്യോഗികപദവിയിലായിരുന്നു.

സ്വന്തമായി അനുഭവിച്ചതും കണ്ടറിഞ്ഞതുമായ കാര്യങ്ങളാണ് അബ്ദുൽറസാഖ് തന്റെ ഗ്രന്ഥത്തിലൂടെ പ്രകാശിപ്പിക്കുന്നത്. കേരളത്തിൽ അദ്ദേഹം അധികവും കഴിച്ചുകൂട്ടിയത് കോഴിക്കോടായിരുന്നതിനാൽ സാമൂതിരി കോവിലകത്തേയും ഭരണസമ്പ്രദായത്തേയും ജനജീവിതത്തേയുമാണ് അധികവും പ്രതിപാദിച്ചിട്ടുള്ളത്. നമ്മുടെ വസ്ത്രധാരണരീതിയും, ദായക്രമവും, ബഹുഭർത്തൃത്വവും, കച്ചവട സമ്പ്രദായവും, തുറമുഖപട്ടണങ്ങളുമൊക്കെ വളരെ സത്യസന്ധതയോടുകൂടി അദ്ദേഹം വിവരിച്ചിട്ടുണ്ട്. ഏത് അറബി സഞ്ചാരിയേക്കാളും പറയുന്ന കാര്യത്തിൽ സ്ഫുടതയും തത്വദീക്ഷയും അദ്ദേഹം പുലർത്തിപ്പോന്നിരുന്നു.

താൻ കേരളത്തിലേക്ക് പുറപ്പെടുമ്പോൾ പ്രതീക്ഷിച്ചിരുന്നത് സുന്ദരൻമാരുടേയും. സുന്ദരിമാരുടേയും നാടായിരിക്കും ഇതെന്നാണ്. ഇവിടെ കണ്ട കറുത്ത മനുഷ്യരേയും അവരുടെ വസ്ത്രധാരണത്തേയും ചൂണ്ടി അദ്ദേഹം പറയുന്നത്, "എന്റെ പ്രതീക്ഷകൾ ഈ കറുത്ത വർഗ്ഗക്കാർ തകിടം മറിച്ചു. ഈ കറുത്ത വർഗ്ഗക്കാർ സ്ത്രീ-പുരുഷഭേദമെന്യേ നാഭി മുതൽ കാൽമുട്ടുവരെ കിടക്കുന്ന ഒരു തുണികഷണമാണ് വസ്ത്രമായി ഉപയോഗിക്കുന്നത്. പുരുഷൻമാരുടെ കൈയ്യിൽ വാളും പരിചയും ഉണ്ടായിരിക്കും. സാധാരണക്കാർ മുതൽ രാജാവ് വരെയുള്ളവർ അർദ്ധനഗ്നരാണ്. എന്നാൽ ഇവിടെയുള്ള മുസ്ലിംകൾ അറബികളെപോലെയാണ് വസ്ത്രധാരണം നടത്തുന്നത്." ഇവിടത്തെ രാജാവിന്റെ പേര് സാമൂതിരി എന്നാണ്. രാജാവ് മരിച്ചാൽ പിന്തുടർച്ചാവകാശം സഹോദരൻമാർക്കോ, മക്കൾക്കോ അല്ല, സഹോദരി പുത്രൻമാരായ മരുമക്കൾക്കാണ്. ഒരു സ്ത്രീക്ക് രണ്ടോ, നാലോ അതിലധികമോ ഭർത്താക്കാൻമാരുണ്ടാകും. ബഹുഭർത്തൃത്വംകൊണ്ട് കുടുംബകലഹമോ വക്കാണമോ ഉണ്ടാകാറില്ല." ഇങ്ങനെ സാമൂഹ്യസ്ഥിതിവിവരണം നടത്തുന്ന അബ്ദുൽറസാഖ് കോഴിക്കോടുള്ള ജനത്തിരക്കിനേയും ഇവിടെ വന്നുംപോയും കൊണ്ടിരിക്കുന്ന വിദേശികളേയും കുറിച്ച് വിസ്തരിച്ച് വിവരിക്കുന്നുണ്ട്. തുറമുഖത്തെത്തുന്ന കപ്പലുകളിൽനിന്നും ചരക്കിറക്കിയാൽ അതിന്റെ സംരക്ഷണച്ചുമതല നിയമപാലകരുടേതാണ്. ചരക്ക് വിറ്റുതീർന്നാൽ വിലയുടെ നാൽപ്പതിലൊരംശം നികുതിയായി വസൂലാക്കുന്നു. കച്ചവടത്തിൽ കൃത്രിമമോ, കള്ളത്തരമോ ഇവിടെ തീരെയില്ല. കുരുമുളകാണ് പ്രധാനകയറ്റുമതിയിനം. ഇവിടെ കടൽക്കൊള്ളക്കാരുടെ ശല്യം ഉണ്ടെങ്കിലും കോഴിക്കോട്ടേക്ക് വരുന്ന കപ്പലുകളെ ഇവർ കൊള്ളയടിക്കാറില്ലെന്നാണ് അബ്ദുൽ റസാഖ് പറയുന്നത്.

രാജ്യത്തെ ജനങ്ങളിൽ ഭൂരിപക്ഷവും വിഗ്രഹാരാധകരായ ഹിന്ദുക്കളാണ്. അവരെക്കഴിഞ്ഞാൽ മുസ്ലിംകളാണ് ഉള്ളത്. അവർക്ക് പ്രാർത്ഥനാലയങ്ങളും വളരെയധികം നല്ല വീടുകളുമുണ്ട്. കച്ചവടത്തിലെ ഇടനിലക്കാരെന്ന നിലക്ക് അവരിലധികവും ധനികരുമാണ്. ഹിന്ദുക്കൾ പശുക്കളെ ആരാധിക്കുന്നതിനാൽ ഗോമാംസം വർജ്ജിക്കുന്നവരാണ്. എന്നാൽ അഹിന്ദുക്കൾ ഈ മാംസം ഭക്ഷിക്കുന്നുണ്ട്. ഇങ്ങനെ കേരളത്തിലെ സാമൂഹ്യസവിശേഷതകളും കച്ചവട മേൻമയും അബ്ദുൽറസാഖ് തന്റെ ഗ്രന്ഥത്തിൽ ഏറെ പ്രകീർത്തിക്കുന്നു.

അറബിസഞ്ചാരികൾക്ക് മുമ്പും അവർ വന്നിരുന്ന കാലത്തും അതിനുശേഷവും വിദേശികളായ പല സഞ്ചാരികളും കേരളത്തെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളവരായുണ്ട്. അവരിൽ പ്രധാനികളും ഈ പ്രകൃതത്തിൽ പ്രയോജനപ്പെടുന്നവരുമായ ഗ്രന്ഥകാരൻമാരെക്കുറിച്ചാണ് താഴെ ചേർക്കുന്നത്.

<u>കാസ്മോസ്</u> (എ.ഡി.550)- കേരളത്തിലെ കാർഷിക വിഭവങ്ങളിൽ പ്രധാനപ്പെട്ട നാളികേരത്തെക്കുറിച്ചും, തെങ്ങിനേയും, ഇളനീരിനേയും ഒക്കെപ്പറ്റിയും ആദ്യമായി എഴുതിയിട്ടുള്ള സഞ്ചാരിയാണ് ഈജിപ്പുകാരനായ ഈ ക്രൈസ്തവ

പുരോഹിതൻ. ഇന്ത്യയിലേക്ക് കപ്പൽ കയറിയ വ്യക്തിയെന്നർത്ഥത്തിൽ അദ്ദേഹത്തെ കാസ്മോസ് ഇൻഡിക്കോപ്ലിസ്റ്റസ് എന്നാണ് വിളിച്ചുപോരുന്നത്. ഈജിപ്തിൽ നിന്നും പേർഷ്യൻ ഉൾക്കടൽ വഴി സിലോൺ വരെയുള്ള പ്രദേശങ്ങളിലൂടെ സഞ്ചരിച്ചിട്ടുള്ള കാസ്മോസാണ് ഇന്ത്യയിലെ ക്രൈസ്തവമത പ്രചാരണത്തെ പരാമർശിച്ച് വ്യക്തമായ രേഖകൾ പ്രദാനം ചെയ്യുന്ന ഗ്രന്ഥകാരൻ. 'ഇന്ത്യയിലെ ക്രൈസ്തവ മതപ്രതിപാദനം' എന്ന 'ടോപ്പോഗ്രാഫിയ ഇൻഡിക ക്രിസ്ത്യാനിയ' ആണ് കാസ്മോസിൻെറ വിലപ്പെട്ട ഗ്രന്ഥം. ക്രിസ്തു മതത്തിൻെറ ഇന്ത്യയിലെ ആവിർഭാവം മുതൽ 6-ാം നൂറ്റാണ്ട് അവസാനം വരെയുള്ള അതിൻെറ പ്രചാരണവും പ്രധാന പ്പെട്ട ക്രൈസ്തവ അധിവാസകേന്ദ്രങ്ങളും വിവരിക്കുന്ന ഈ ഗ്രന്ഥം വളരെ പ്രാധാന്യം അർഹിക്കുന്നുണ്ട്. കേരളത്തെ മലൈ എന്നാണ് കാസ്മോസ് വിളിക്കുന്നത്. ഇവിടത്തെ രാജാക്കൻമാർ ധാരാളം ആനകളുടെ ഉടമകളാണ്. അവർ ആനപ്പുറത്ത് കയറി സഞ്ചരിക്കുന്നു. യുദ്ധങ്ങൾക്ക് പരിശീലനം കൊടുത്ത ആനകളെ പടക്കളത്തിൽ ഇറക്കുവാൻ കഴിയുന്ന രാജാവിനാണ് വിജയസാദ്ധ്യത. കാടുകളിൽ വലിയ കുഴികൾ ഉണ്ടാക്കി ചപ്പുചവറിട്ട് മൂടിവെക്കുന്നു. ഈ കുഴിയിൽ അബദ്ധത്തിൽ വീണുപോകുന്ന ആനകളെ കരക്കു കയറ്റാനും പരിശീലനം നൽകുവാനും കഴിവുള്ള വിദഗ്ദ്ധൻമാരുടെ സഹായവുമുണ്ട്. നല്ല മെയ്‌വഴക്കവും, ലക്ഷണമൊത്തവയെയുമാണ് രാജാക്കൻമാർ സൈനികാവശ്യത്തിനുപയോഗിക്കുന്നുത്.

കുരുമുളക് വളരെ സമൃദ്ധിയായി വിളയുന്ന നാടാണിത്. മുന്തിരവള്ളിയോട് സാമ്യമുള്ളതാണ് കുരുമുളക് വള്ളിയും. ഇവ വാങ്ങിക്കൊണ്ടുപോകുവാൻ വിദേശത്തുനിന്നും വ്യാപാരികൾ പ്രധാന തുറമുഖങ്ങളായ മംഗരുത് (മംഗലാപുരം), സാലോപട്ടണം (ധർമ്മപട്ടണം), നാലോപട്ടണം (വളർപട്ടണം), പുതുപട്ടണം എന്നി സ്ഥലങ്ങളിൽ വന്നും പോയും കൊണ്ടുമിരിക്കുന്നു. പേർഷ്യ, സിലോൺ,ചൈന എന്നീ രാജ്യങ്ങളിൽ നിന്നാണ് ചരക്കുകപ്പലുകൾ അധികവും ഈ തുറമുഖങ്ങളിൽ വരുന്നത്. കാസ്മോസിനെ ആകർഷിച്ച മറ്റൊരു ഉൽപ്പന്നം തേങ്ങയായിരുന്നു. തെങ്ങിനേയും, തേങ്ങയേയും കുറിച്ച് എഴുതിയിട്ടുള്ള ആദ്യത്തെ സഞ്ചാരിയാണ് കാസ്മോസ്.

*ചൗ-ജൂ-ക്വാ*- ബൌദ്ധമതത്തേയും അതിൻെറ സമ്പന്നമായ വൈജ്ഞാനിക ഗ്രന്ഥങ്ങളേയും കുറിച്ചറിയുവാൻ വേണ്ടി ജിജ്ഞാസുക്കളായ അനവധി പണ്ഡിതൻമാരും സഞ്ചാരികളും ചൈനയിൽ നിന്നും ഇന്ത്യയിൽ വന്നിരുന്നു. അവരത്രയും വിലപ്പെട്ട ഗ്രന്ഥങ്ങളിലൂടെ ഇന്ത്യയുടെ രാഷ്ട്രീയ-സാംസ്ക്കാരിക തലങ്ങളെക്കുറിച്ച് നമ്മെ പ്രബുദ്ധരാക്കുകയും ചെയ്യുന്നുണ്ട്. ഹ്യുയൻസാങ്, ഫാഹിയാൻ, ഇറ്റ്സിങ്ങ് എന്നീ മഹാത്മാക്കളുടെ പരമ്പരയിൽപ്പെട്ട സഞ്ചാരകുതുകിയാണ് കേരളം സന്ദർശിച്ച ഈ നാടിനെപ്പറ്റി സുദീർഘമായി എഴുതിയിട്ടുള്ള ചൗ-ജൂ-ക്വാ.

12-ാം നൂറ്റാണ്ടിലെ കേരളത്തെ സംബന്ധിക്കുന്ന ധാരാളം കാര്യങ്ങൾ ഉൾക്കൊള്ളുന്നതാണ് ചൗ-ജൂ-ക്വായുടെ 1178-ൽ പ്രസിദ്ധീകരിച്ച ഗ്രന്ഥം. കാൻറണിലെ വാണിജ്യ- വ്യാപാര കാര്യലയത്തിൽ ഉദ്യോഗസ്ഥനായിരുന്ന ചൗ-ജൂ -ക്വാ വ്യാപാര സംബന്ധമായ കാര്യങ്ങൾക്കായി ചൈനയുടെ പ്രതിനിധിയെന്ന നിലയിൽ പല രാജ്യങ്ങളിലും പോയിട്ടുണ്ട്. ഇതേ ആവശ്യത്തിനു തന്നെയാണ് കേരളത്തിലേക്കദ്ദേഹത്തെ പറഞ്ഞയക്കുന്നതും. അക്കാലത്ത് ചീന വ്യാപാരികളുടെ പ്രധാനകേന്ദ്രം കൊല്ലം തുറമുഖപട്ടണമായിരുന്നു. അവരുടെ വ്യാപാരവിനിമയത്തിന് മേൽനോട്ടം വഹിക്കുവാൻ ചൈനീസ് ചക്രവർത്തി തൻെറ ഉദ്യോഗസ്ഥൻമാരെ നിയമിക്കുകയും പതിവാണ്. ചൗ-ജൂ-ക്വായും കൊല്ലത്ത് തന്നെയാണ് കപ്പലിറങ്ങുന്നത്.

ഇവിടത്തെ വാണിജ്യ-വ്യാപാരത്തേയും കയറ്റിറക്ക് ഉൽപ്പന്നങ്ങളേയും കച്ചവട മര്യാദ, ചുങ്കം, നികുതി, പണ്ടകശാല, എന്നിവയെ എല്ലാം പറ്റി വളരെ വിജ്ഞാനപ്രദമായ പ്രതിപാദനമാണ് അദ്ദേഹത്തിൻേറത്. 'നായൻമാരുടെ രാജ്യം' എന്നാണ് ഈ സ്ഥലത്തിന് അദ്ദേഹം നൽകുന്ന പേര്. പാലംപോണ്ടിൽ നിന്നും മോൺസൂൺ കാറ്റിൻെറ സഹായത്തോടുകൂടി സമുദ്രസഞ്ചാരം നടത്തിയാൽ ഒരു മാസം കൊണ്ട് ഇവിടെ എത്താം. രാജ്യത്തിൻെറ തലസ്ഥാനം മിയാമോ ആണെന്നാ ണ്ദ്ദേഹം പറയുന്നത്. അദ്ദേഹം സന്ദർശിക്കുന്ന കാലത്ത് സിലോണിൻെറ ആധിപത്യം കേരളത്തിനായിരുന്നു. അക്കാലത്തെ പ്രധാനതുറമുഖപട്ടണങ്ങൾ കൊല്ലം, പന്തലായിനി, മംഗലാപുരം എന്നിവയാണെന്ന് അദ്ദേഹം പറയുന്നു. കോഴിക്കോട് ഇക്കാലത്ത് പ്രശസ്തയിലേക്ക് ഉയർന്നിട്ടില്ലെന്ന് വേണം വിചാരിക്കുവാൻ. അതുപോലെ കൊടുങ്ങല്ലൂരിൻെറ പഴയപ്രതാപം അസ്തമിച്ചിരിക്കണമെന്നും കരുതേണ്ടിയിരിക്കുന്നു. 1178നു മുമ്പുള്ള കാര്യങ്ങളാണിവ. നമ്മുടെ ചരിത്രകാരൻമാർക്ക് മഹോദയപുരം കേന്ദ്രമാക്കി വാണരുളിയിരുന്നുവെന്ന് പറയുന്ന രണ്ടാം ചേര സാമ്രാജ്യ അധിപതികളുടെ കാലം! മഹോദയപുരം കൊടുങ്ങല്ലൂരാണെന്നും പറയുന്നുണ്ടല്ലോ.

ചൗ-ജൂ-ക്വാ ചൈനയിലേക്ക് കയറ്റി അയക്കുന്ന വിഭവങ്ങൾ മുത്ത്, തുണിത്തരങ്ങൾ, സുഗന്ധദ്രവ്യങ്ങൾ എന്നിവയാണെന്ന് പറയുന്നുണ്ട്. വ്യാപാരികൾക്ക് കൊള്ളക്കാരെ ഭയപ്പെടാതെ ചരക്കുകൾ കയറ്റിറക്കുമതി നടത്തുന്നതിനുള്ള സൗകര്യം ഉണ്ടെന്നും, ചരക്കുകളിൽമേൽ ചുമത്തുന്ന തുറമുഖചുങ്കം വളരെ കുറവാണെന്നും ഇവ കൊണ്ടൊക്കെയാണ് ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കച്ചവടക്കാർ ഇവിടെ ധാരാളമായി വന്നുകൊണ്ടിരിക്കുന്നതെന്നും അദ്ദേഹത്തിനഭിപ്രായമുണ്ട്. ചൈനയിൽ നിന്നുള്ള ചരക്കുകൾ അറേബ്യയിലേക്കും മറ്റും അവിടത്തെ കച്ചവടക്കാർ വാങ്ങി

ക്കൊണ്ടുപോകുന്ന സംഗമകേന്ദ്രം കൊല്ലമാണ്. കൊല്ലം തുറമുഖത്ത് എത്ര വലിയ കപ്പലുകൾക്കും അപായ ഭയമില്ലാതെ നങ്കൂരമിടാവുന്ന സൗകര്യമുണ്ട്. ചൈനയിലെ പിഞ്ഞാണങ്ങളും, കൗതുകകരങ്ങളായ മൺപാത്രങ്ങളും, ഭരണികളും, ചീനച്ചട്ടികളുമൊക്കെ ആദ്യം കൊല്ലത്തിറക്കിയിട്ടാണ് ലോകവിപണിയിലേക്ക് അവ കൈമാറ്റം ചെയ്യുന്നത്. ഈ പ്രധാന്യം കൊണ്ടാണ് ചൈനീസ് ഉദ്യോഗസ്ഥൻമാരും രാജകീയപ്രതിപുരുഷൻമാരും കൊല്ലത്ത് സ്ഥിരമായുണ്ടായിരുന്നത്. ബോർണിയോ, ജാവ, കമ്പോഡിയ, സുമാത്ര, അറേബ്യ, ഈജിപ്ത്, പേർഷ്യ എന്നി രാജ്യങ്ങളുമായും, കേരളം തകൃതിയായി വ്യാപാരം നടത്തുന്നുണ്ടെന്ന് ചൗ-ജൂ-ക്വാ എഴുതുന്നുണ്ട്. 12-ാം നൂറ്റാണ്ടിലെ കേരള ചരിത്രത്തിലേക്ക് പ്രകാശം പരത്തുന്ന ഗ്രന്ഥമാണ് ചൗ-ജൂ-ക്വായുടേത്.

_ജോൺ ഓഫ് മോൻറികോർവിനോ_ - കേരളത്തെക്കുറിച്ച് എഴുതിയിട്ടുള്ള മറ്റൊരു സഞ്ചാരിയാണ് മോൻറികോർവിനോ. ഇറാനിൽ നിന്നും ചൈനയിലേക്കുള്ള യാത്രാമദ്ധ്യേ കൊല്ലത്ത് ഇറങ്ങിയ അദ്ദേഹം ഒരു കൊല്ലത്തോളം ഇവിടെ ഉണ്ടായിരുന്നു. ചൈനയിലേക്ക് പോയ ആദ്യത്തെ കത്തോലിക്കാ മിഷണറി ആയിരുന്നു അദ്ദേഹം. പുരോഹിതനായ മോൻറികോർവിനോ കൊല്ലത്തുണ്ടായിരുന്ന അവസരത്തിൽ നൂറിൽ കൂടുതൽ കേരളീയരെ മതംമാറ്റം നടത്തിയതായി പ്രസ്താവിക്കുന്നുണ്ട്. കേരളത്തിൻെറ കാടും,മലകളും, നദികളും, തീരങ്ങളും രമണീയമായ പ്രകൃതി സൗന്ദര്യം കാഴ്ച വെക്കുന്നതായി അദ്ദേഹത്തിന് അനുഭവപ്പെട്ടു.

നമ്മുടെ കാലാവസ്ഥയിൽ വരുന്ന മാറ്റങ്ങൾ തൻമയത്വത്തോടുകൂടി അദ്ദേഹം പ്രതിപാദിക്കുന്നു. തോരാത്തമഴ നാട്ടിലുടനീളമുള്ള കുളങ്ങളേയും, കിണറുകളേയും വലിയ ജല സംഭരണിയാക്കി മാറ്റാറുണ്ട്. ഇവയിൽ നിന്നാണ് എല്ലാ ആവശ്യങ്ങൾക്കും ജനങ്ങൾ വെള്ളം ഉപയോഗിക്കുന്നത്. മഴക്കാലത്തെ ആശ്രയിച്ചാണ് ഇവിടെ കൃഷി നടത്തുക. ഭൂപ്രകൃതിയും കാലാവസ്ഥപോലെതന്നെ ഏറെ വ്യത്യാസമാണ്. ഉയർന്ന കൽപ്രദേശങ്ങളും കുത്തനെ കിടക്കുന്ന ഭൂപ്രദേശവും, കായലുകളും, തടാകങ്ങളും നിറഞ്ഞ ചതപ്പു സ്ഥലങ്ങളും ധാരാളമാണ്. കടലോരപ്രദേശങ്ങളോട് ഉരുമി നിൽക്കുന്ന സമനില പ്രദേശങ്ങളിലാണ് ജനസാന്ദ്രത കൂടുതലായുള്ളത്. ഇത്തരം സ്ഥലങ്ങളിൽ മൂന്നോ നാലോ അടി താഴ്ത്തിയാൽ നല്ല ശുദ്ധജലം ലഭിക്കുന്നുവെങ്കിൽ കുന്നുകളും മലകളും നിറഞ്ഞ പ്രദേശങ്ങളിൽ എത്രയോ ആഴത്തിൽ താഴ്ത്തിയിട്ടുവേണം വെള്ളം കിട്ടുവാൻ. പൊതുവേ ഫലഭൂയിഷ്ഠമായ മണ്ണാണ് ഇവിടെയുള്ളത്. ഭക്ഷണാവശ്യത്തിനുള്ള ധാന്യങ്ങളെല്ലാം കൃഷിചെയ്യുന്നുണ്ട്. തെങ്ങിൽ നിന്നും കള്ളും, ചക്കരയും ഉണ്ടാക്കുന്നു. മോൻറികാർവിനോ പറയുന്നത് കള്ള്, ചക്കരത്തേൻ, ചക്കര, സുഗന്ധ ദ്രവ്യങ്ങൾ എന്നിവയ്ക്കെല്ലാം നിസ്സാര വിലയേ ഉള്ളൂവെന്നാണ്. കള്ള് കുടിക്കുന്നവരാണ് ജനങ്ങളിലധികവും.

ആടുമാടുകളെ തീറ്റിപ്പോറ്റാറുണ്ടെങ്കിലും കന്നുകാലികളുടെ മാംസം ഭൂരിപക്ഷ സമുദായമായ ഹിന്ദുക്കൾ ഭക്ഷിക്കാറില്ല. കാളകളും, പശുക്കളും അവർക്ക് പുണ്യമൃഗങ്ങളാണ്. പാലും, തൈരും മറ്റും സമൃദ്ധിയായി ഉപയോഗിക്കുന്നുണ്ട്. കുരുമുളകാണ് പ്രധാന കയറ്റുമതി ഉൽപ്പന്നം. ഇഞ്ചിയും ധാരാളം കൃഷി ചെയ്തുവരുന്നു. കുരുമുളക് തണ്ടുകൾ മുറിച്ച് നട്ടാണ്, അല്ലാതെ കുരു മുളപ്പിച്ചല്ല വള്ളികൾ പടർത്തുന്നത്. പലതരം പഴവർഗ്ഗം ഇവിടെ കൃഷിചെയ്യുന്നുണ്ട്. കാടുകളും മുൾച്ചെടികളും നിറഞ്ഞ ഈ പ്രദേശത്ത് വർണ്ണപകിട്ടാർന്ന ധാരാളം പക്ഷികളെ കാണാം.

ജനങ്ങൾ ശുചിയുള്ളവരും, സത്യസന്ധരുമാകുന്നു. ചൈനക്കാരും, ക്രിസ്ത്യാനികളും, യൂദൻമാരും, അറബികളും കൊല്ലംപട്ടണത്തിൽ ധാരാളമായുണ്ട്. ഇവിടത്തെ വ്യാപാരത്തിൽ മുസ്ലിംകളാണ് മുൻപന്തിയിൽ നിൽക്കുന്നുത്. ചൈനക്കാരുൾപ്പെടെ മറ്റുള്ളവർ അനുദിനം ക്ഷയിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ നാവിക പ്രവർത്തനം നടത്തുന്ന സമുദ്ധരായ കപ്പലോട്ടക്കാരുണ്ട്. കടൽയാത്രക്ക് അനുയോജ്യമായ കാലാവസ്ഥയും മാസവും ഏതേതൊക്കെയെന്ന് ഇവർക്ക് കൃത്യമായിട്ടറിയാം. ഇവിടെ ചെറിയ തോണികൾ മുതൽ വലിയ കപ്പലുകൾ വരെ നിർമ്മിക്കുവാനുള്ള സൗകര്യങ്ങളുണ്ട്.

ജനങ്ങൾ ഭൂരിഭാഗവും വിഗ്രഹാരാധകരാണ്. ഭർത്താവ് മരിച്ച വിധവക്ക് പുനർവിവാഹം നിഷിദ്ധമാകുന്നു. എന്നാൽ ഭാര്യ മരിച്ചാൽ ഭർത്താവിന് വീണ്ടും കല്യാണം കഴിക്കുന്നതിന് വിരോധമില്ല. നമ്മുടെ വസ്ത്രധാരണസമ്പ്രദായം മറ്റ് സഞ്ചാരികളെപ്പോലെ മോൻറികോർവിനോയും വിശദീകരിക്കുന്നുണ്ട്. സ്ത്രീ-പുരുഷ ഭേദമെന്യേ അരയിൽ ഒരു ചെറിയ വസ്ത്രം ചുറ്റി ഉടുക്കുന്നതൊഴിച്ചാൽ ശരീരഭാഗങ്ങൾ മുഴുക്കെ നഗ്നമായിരിക്കും. പാദരക്ഷ ഉപയോഗിക്കുന്ന പതിവുമില്ല. ഇതുകൊണ്ടാണത്രേ ഇവിടെ തയ്യൽക്കാരെയോ, ചെരുപ്പ് കുത്തികളെയോ കാണാൻ സാധിക്കാത്തത്. ചളിയും മണ്ണും ചാലിച്ചുണ്ടാക്കുന്ന ചുമരുകളുള്ള ചെറിയ വീടുകളാണ് ഇവിടെയുള്ളത്. ഓലകൊണ്ടാണവ മേഞ്ഞിട്ടുള്ളത്. വാളും പരിചയും കൊണ്ടാണ് പുരുഷൻമാർ പുറത്തിറങ്ങി നടക്കുക. അരിഭക്ഷണമാണ് ജനങ്ങൾക്ക് പ്രിയമായിട്ടുള്ളത്. ചോറും കറിയും പാത്രത്തിലോ ഇലയിലോ ഇട്ട് കുഴച്ചുകൂട്ടി കൈകൊണ്ടാണ് ഭക്ഷിക്കുന്നത്. കരണ്ടിയോ, സ്പൂണോ ഇതിന് ഉപയോഗിക്കാറില്ല. കള്ളൻമാരുടെയോ, കൊള്ളക്കാരുടെയോ ഉപദ്രവം വളരെ കുറഞ്ഞ സ്ഥലമാകുന്നു കൊല്ലം. ഏകദേശം ഒരു കൊല്ലത്തോളം കൊല്ലത്തുണ്ടായിരുന്ന മോൻറികോർവിനോയുടെ സഞ്ചാരവൃത്താന്തം വിജ്ഞാനപ്രദമാകുന്നു.

_മാർക്കോ പോളോ_ - സഞ്ചാരസാഹിത്യത്തിൽ അത്യനർഘവും അനന്യസാധാരണവുമായ ഓർമ്മക്കുറിപ്പാണ് എഴുനൂറ് വർഷങ്ങൾക്കു മുമ്പ് രണ്ട് വ്യാഴവട്ടക്കാലം സാഹസിക സഞ്ചാരം നടത്തിയ മാർക്കോപോളോയുടേത്. ഏറ്റവും ദുർഘടമായ മാർഗ്ഗങ്ങളിലൂടെ നടത്തിയ അപായ

കരമായ സഞ്ചാരത്തിൻെറ അൽഭുതകരമായ കഥകളാണ് മാർക്കോപോളോവിൻേറത്. ഏഴ് വയസ്സ് മാത്രം പ്രായ മുള്ളപ്പോൾ തൻെറ പിതാവും അദ്ദേഹത്തിൻെറ സഹോദരനും നാടുവിട്ടിറങ്ങി വ്യാപാരാർത്ഥം കോൺസ്റ്റാൻറിനോപ്പിൾ ലക്ഷ്യമാക്കി കപ്പൽ കയറി. പിതാവ് നിക്കോളോപോളോയും ഇളയച്ഛൻ മാഫിയോവും ആയിരുന്നു. ഇത് 1260-ൽ ആണ്.

ഒമ്പതുവർഷം കഴിഞ്ഞു പിതാവും ചിറ്റപ്പനും തിരിച്ചു വന്നപ്പോൾ മാർക്കോപോളോയെ 17 വയസ്സുള്ള സമർത്ഥ നായ ചെറുപ്പക്കാരനായിട്ടാണ് പോളോമാർ കണ്ടത്. പിതാവി ൻേറയും മറ്റും സാഹസിക സഞ്ചാരവാർത്ത ഈ ബാലനിൽ കൗതുകം ഉണർത്തി. രണ്ട് വർഷത്തിനു ശേഷമാണെങ്കിലും പിതാവും മറ്റും തിരിച്ചുപോകുവാൻ ഒരുങ്ങിയപ്പോൾ അവരോടൊപ്പം 1271-ൽ മാർക്കോപോളോയും ചൈന യിലേക്ക് പുറപ്പെട്ടു.

മൂന്നരകൊല്ലത്തെ അപായകരവും അതിസാഹസികവു മായ യജ്ഞത്തിനു ശേഷമാണ് അവർ പീക്കിങ്ങിൽ എത്തുന്നത്. തീർത്തും അപരിചിതവും ക്ലേശകരവുമായ ആ യാത്രയിൽ അനുഭവിക്കേണ്ടതായി വന്ന യാതനകൾക്ക് അറുതി ഉണ്ടായിരുന്നില്ല. ജലപാനീയം കിട്ടാത്ത മരുഭൂമി യിലൂടേയും, വന്യമൃഗങ്ങൾ കൂത്താടുന്ന കൊടും കാടു കളിലൂടേയും മരണത്തെ മുന്നിൽകണ്ടുകൊണ്ടുള്ള ദുർഘടമായ ആ യാത്ര മാർക്കോപോളോക്ക് വലിയ അനുഭവസമ്പത്താണ് പ്രദാനം ചെയ്തത്. വെനീസിൽ നിന്നും പുറപ്പെട്ടതുമുതൽ പീക്കിങ്ങിൽ കുബ്ലൈഖാൻെറ കൊട്ടാരത്തിൽ എത്തുന്നതുവരെ കാണുകയും അനുഭവി ക്കുകയും ചെയ്ത അവിസ്മരണീയമായ വസ്തുതകളെല്ലാം തന്നെ ജിജ്ഞാസുവായ മാർക്കോപോളോ എഴുതി വെക്കുവാൻ മറന്നുപോയിരുന്നില്ല. കുബ്ലൈഖാനും, ഉദ്യോഗ സ്ഥവൃന്ദവും അതിരറ്റ സന്തോഷത്തോടുകൂടിയാണ് പോളോ മാരെ സ്വീകരിച്ചത്. തിരിച്ചുവരുമോയെന്ന ആശങ്കക്ക് വിരാമ മിട്ടുകൊണ്ട് ഈ ധീരസാഹസികർ മടങ്ങിവന്നപ്പോൾ, ചക്രവർത്തിക്കുണ്ടായ സന്തോഷം അതിരറ്റതായിരുന്നു. ചക്രവർത്തി പോളോ സഹോദരങ്ങൾക്കും മാർക്കോ പോളോക്കും സമുചിതമായ ഔദ്യോഗിക പദവികൾ നൽകി. നിക്കോളോയും, മാഫിയോവും ചക്രവർത്തിയുടെ സേനാവിഭാഗത്തിലാണ് ഉന്നതസ്ഥാനം അലങ്കരിച്ചിരുന്ന തെങ്കിൽ സമർത്ഥനും തൻേറടിയുമായിരുന്ന മാർക്കോ പോളോ ചക്രവർത്തിയുടെ പന്ത്രണ്ടംഗമന്ത്രിസഭയിൽ അംഗ മായി പ്രശോഭിച്ചിരുന്നു. മാർക്കോപോളോയെയാണ് ഇന്ത്യ യിലേക്കും, ബർമ്മയിലേക്കും തൻെറ നയതന്ത്രപ്രതി നിധിയായി അയച്ചതും. ചക്രവർത്തിയുടെ അതിരറ്റ സ്നേഹ വാൽസല്യങ്ങൾക്ക് പാത്രീഭൂതനായ മാർക്കോപോളോ യാംഗ്ചൗ എന്ന സ്ഥലത്തിൻെറ ഗവർണ്ണർ സ്ഥാനവും അലങ്കരിച്ചിരുന്നു. ചൈനയിൽ ഇത്രയും വലിയ സ്ഥാന മാനങ്ങൾ ലഭിച്ച മറ്റൊരു വിദേശീയനും അതിനു മുമ്പും പിമ്പും ഉണ്ടായിട്ടില്ല.

കേരളത്തിൽ മാർക്കോപോളോ രണ്ട് തവണ വന്നിട്ടുണ്ട്. ചൈനീസ് ചക്രവർത്തി ഇന്ത്യയിലേക്കയച്ച പ്രതിപുരുഷ നെന്ന നിലയിലാണ് ആദ്യം ഇവിടെ എത്തുന്നത്. പിന്നീട് പേർഷ്യയിലേക്കുള്ള യാത്രാമദ്ധ്യേ സിലോണിൽ നിന്നും ദക്ഷിണേന്ത്യയിലെ ചോളമണ്ഡലത്തിലെത്തിയിരുന്നു. ദക്ഷിണേന്ത്യൻ രാജ്യങ്ങൾ ആകമാനം ചുറ്റിസഞ്ചരിച്ച മാർക്കോപോളോ കേരളത്തിലെ അക്കാലത്തെ പ്രമുഖസ്ഥലങ്ങളെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. കന്യാകുമാരി, കൊല്ലം, ഏഴിമല, മലബാർ എന്നി രാജ്യ ങ്ങളാണ് അദ്ദേഹത്തിൻെറ വിവരണങ്ങളിൽ പ്രധാനമായവ. കൊല്ലം ഒരു സ്വതന്ത്രരാജ്യമായിരുന്നു. രാജാവും പ്രജ കളിലധികവും വിഗ്രഹാരാധകരാണ്. എന്നാൽ മറ്റു മത സ്ഥരായ യൂദൻമാരും, ക്രിസ്ത്യാനികളും, മുസ്ലിംകളും ഇവിടെ ധാരാളമായുണ്ട്. നാട്ടുകാർ അധികവും കറുത്ത നിറമുള്ള വരാണ്. ദേഹശുദ്ധിയുടേയും, ശുചിത്വത്തിൻേറയും കാര്യത്തിൽ വലിയ നിഷ്കർഷ പാലിക്കുന്നവരാണ് ഇവിട ത്തേയും കേരളത്തിലെ മറ്റു സ്ഥലങ്ങളിലേയും ജനങ്ങൾ. ഇവിടെയുള്ളവർ എല്ലാവരും അർദ്ധനഗ്നരാണ്. ഇതിൽ രാജാവെന്നോ, പ്രജയെന്നോ, സ്ത്രീയെന്നോ, പുരുഷനെന്നോ വ്യത്യാസമില്ല. ജനങ്ങൾ സത്യസന്ധരാണ്.

കടുത്ത ശിക്ഷ നൽകുന്നതിനാൽ കളവും, കൊല പാതകവും ദുർല്ലഭമാണ് ഇവിടങ്ങളിൽ. അരിയാണ് പ്രധാന ഭക്ഷണപദാർത്ഥം. ഭക്ഷണം കഴിക്കുവാൻ ഓരോരുത്തർക്കും പ്രത്യേകം പാത്രം ഉണ്ട്. വെള്ളം കുടിക്കുന്നതിനും ഇതേ പോലെയുള്ള ചിട്ടയാണ്. ഒരാൾ ഉപയോഗിക്കുന്ന പാത്രം മറ്റാരും ഉപയോഗിക്കാറില്ല. ചുണ്ടിൽ തൊടാതെയാണ് പാന പാത്രത്തിൽ നിന്നും വെള്ളം കുടിക്കുന്നത്. കേരളത്തിൽ നിലനിന്നുപോന്ന പ്രത്യേക ആചാരത്തെക്കുറിച്ച് മാർക്കോ പോളോ പറയുന്നത്, കടം കൊടുക്കുന്നതും തിരിച്ചു വാങ്ങുന്നതിനേയും സംബന്ധിച്ചാണ്. നിശ്ചിത സമയത്ത് കടം വാങ്ങിയ സംഖ്യ തിരിച്ചുകൊടുക്കാതിരുന്നാൽ അധ മർണ്ണനെ എവിടെയെങ്കിലും വെച്ച് കണ്ടാൽ അയാൾക്ക് ചുറ്റും ഒരു വൃത്തം വരക്കുന്നു. പിന്നെ ഒന്നുകിൽ വാങ്ങിയ പണം തിരിച്ചു കൊടുക്കുകയോ തക്കതായ ജാമ്യം നൽകു കയോ വേണം. ഈ സമ്പ്രദായത്തെപ്പറ്റി മറ്റുപല സഞ്ചാരികളും എഴുതുന്നുണ്ട് എന്നതിനാൽ കേരളത്തിലുട നീളം ഇതാചരിച്ച് പോന്നിരുന്നതായി കണക്കാക്കാം.

മാർക്കോപോളോ പറയുന്നത്, കൊല്ലത്തെപ്പോലെ തന്നെ സ്വതന്ത്ര്യരാജ്യങ്ങളാണ് ഏഴിമലയും, മെലിബാറും എന്നാകുന്നു. ഇവിടെയെല്ലാം പൊതുവായ ആചാരാ നുഷ്ഠാനങ്ങളാണ് അദ്ദേഹം കണ്ടത്. ജനങ്ങൾ ക്ഷേത്ര സന്ദർശനം നടത്തുന്നവരും, ദിവസം രണ്ടുനേരം കുളി ക്കുന്നവരുമാണ്. ജ്യോൽസ്യത്തിലും, ശകുനത്തിലും വിശ്വസിക്കുന്നവരാണ്. നല്ല സമയം നോക്കിയേ ഏത് കാര്യവും അവർ ചെയ്യാറുള്ളു.

കൊല്ലം, ഏഴിമല, മെലിബാർ എന്നീ രാജ്യങ്ങളിലെ കയറ്റുമതി ഇനങ്ങൾ കുരുമുളക്, ഇഞ്ചി, സുഗന്ധദ്രവ്യങ്ങൾ എന്നിവയ്ക്കു പുറമേ, നേരിയ കമനീയ വസ്ത്രങ്ങളുമാണ്. സ്വർണ്ണം, വെള്ളി, ചെമ്പ്, പട്ടുവസ്ത്രങ്ങൾ, മൺപാത്രങ്ങൾ, ചീനച്ചട്ടികൾ എന്നിവയാണ് വിദേശികൾ ഇവിടെ ഇറക്കുമതി ചെയ്യുന്നവ. ചൈനയിൽനിന്നും, യൂറോപ്പിൽ നിന്നും, മദ്ധ്യേഷ്യയിൽ നിന്നും ധാരാളം കപ്പലുകൾ ഇവിടങ്ങളിൽ വന്നും പോയും കൊണ്ടിരിക്കുന്നുണ്ട്. ഒരു പ്രത്യേക തുറമുഖത്തേക്ക് വരുന്ന കപ്പൽ കാറ്റിലും കോളിലുംപെട്ട് മറ്റെവിടെയെങ്കിലും നങ്കൂരമിടേണ്ടതായി വന്നാൽ അതിലെ സാധനങ്ങൾ മുഴുക്കെ കൊള്ളയടിക്കുക സാധാരണയാണ്. എന്നാൽ ലക്ഷ്യം തെറ്റാതെ തുറമുഖത്തടുക്കുന്ന ചരക്കു കപ്പലുകൾക്ക് ആവശ്യമായ സംരക്ഷണം ഇവർ നൽകുകയും ചെയ്യുന്നുണ്ട്. ഗുജറാത്ത് മുതൽ കൊല്ലം വരെയുള്ള തീരങ്ങളിൽ കടൽക്കൊള്ളക്കാരുടെ ശല്യം വളരെയുണ്ട്. എങ്കിലും ഓരോ വർഷവും ധാരാളം കപ്പലുകൾ കുരുമുളകും മറ്റ് ഉൽപ്പന്നങ്ങളുമായി ഈ തുറമുഖങ്ങളിൽ നിന്നും പോകാറുണ്ട്.

_ഫ്രയർ ജോർഡാനസ്_ - 'മിറാബിലിയ ഡിസ്ക്രപ്ഷ്യ' എന്ന ഗ്രന്ഥത്തിൻെറ രചയിതാവാണ് കേരളത്തിൽ പല പ്രാവശ്യം സന്ദർശനം നടത്തിയിട്ടുള്ള ഫ്രയർ ജോർഡാനസ്. ഭാരതത്തിൽ പലയിടങ്ങളിലും അദ്ദേഹം യാത്ര ചെയ്തിട്ടുണ്ട്. 1321-ൽ ഇന്ത്യയിലെത്തുന്ന അദ്ദേഹം കേരളം സന്ദർശിച്ചിരുന്നു. പിന്നീട് 1324ലും, 1330ലും അദ്ദേഹം കൊല്ലം കേന്ദ്രമാക്കി മിഷണറി പ്രവർത്തനത്തിന് നേതൃത്വം കൊടുത്തിരുന്നതായി കാണാം. കൊല്ലത്ത് കച്ചവടത്തിൽ വ്യാപൃതരായിരുന്ന സിറിയൻ ക്രിസ്ത്യാനികളാണ് അധികമായും ഉണ്ടായിരുന്നത്. അവരുടെ കുടുംബങ്ങൾ പല സ്ഥലങ്ങളിലായി പാർപ്പുറപ്പിച്ചിരുന്നു. അവർക്ക് പ്രാർത്ഥനാലയങ്ങളും വൈദീകരും ഉണ്ടായിരുന്നുവെങ്കിലും ക്രൈസ്തവ മതത്തെപ്പറ്റിയോ, അതിൻെറ ശാസനകളെക്കുറിച്ചോ അധികം നിശ്ചയമുള്ളവരായിരുന്നില്ല. റോമൻ കത്തോലിക്കരുടെ മെത്രാനായി കൊല്ലത്ത് ഇദ്ദേഹത്തെ അവരോധിച്ചിരുന്നു. അവിടെയുള്ള സുറിയാനിക്കാരെ കത്തോലിക്കാ സഭയിലേക്ക് കൊണ്ടുവരുവാനുള്ള നിർദ്ദേശവും അദ്ദേഹത്തിന് ലഭിച്ചിരുന്നു. തൻെറ ഈ ദൃശ പ്രവർത്തനങ്ങളുടെ ഫലമായി വളരെപ്പേരെ മാമ്മോദീസ മുക്കി മാർഗ്ഗം കൂട്ടാൻ കഴിഞ്ഞിരുന്നതായി അദ്ദേഹം പ്രസ്താവിക്കുന്നുണ്ട്. ഇവിടെയുള്ള ജനങ്ങളെ മാർഗ്ഗം കൂട്ടുന്നതിൽ ആരും ഒരു തടസ്സവും പറയാറില്ലാത്തതുകൊണ്ട് മതപരിവർത്തനം നടത്തുക അനായാസമാണ്. കൊല്ലത്ത് സെൻറ്. ജോർജ്ജിൻെറ നാമധേയത്തിൽ ഒരു പള്ളി പണികഴിപ്പിച്ചിരുന്നതായും പ്രസ്താവമുണ്ട്.

കൊല്ലം ആസ്ഥാനമാക്കിയിരുന്ന അദ്ദേഹം കേരളത്തിലെ മറ്റ് സ്ഥലങ്ങളെപ്പറ്റി വളരെ പരിമിതമായേ സംസാരിക്കുന്നുള്ളൂ. എന്നാൽ കൊല്ലത്തെപ്പറ്റി എഴുതുമ്പോൾ വളരെ വാചാലവുമാണ്. കൊല്ലം വളരെ സമൃദ്ധിയുള്ള സ്ഥലമാണ്. ജനങ്ങൾ വിശ്വസ്ഥരും ശുചിത്വം ദീക്ഷിക്കുന്നവരുമാണ്. വിഗ്രഹാരാധകരാണ് ജനങ്ങളിലധികവും. മനേശ്വരൻമാരായ രാജാക്കൻമാരുടെ കീഴിൽ മെയ്വഴക്കവും, പരിശീലനവും ലഭിച്ച ധാരാളം യോദ്ധാക്കളുണ്ട്. പക്ഷേ ഇവരുടെ യുദ്ധരീതി രസാവഹമാണ്. ചുവടുവെച്ച് കളിക്കുകയാണെന്നേ ഈ യുദ്ധമുറ കാണുന്നവന് തോന്നുകയുള്ളൂ. അമ്പും വില്ലും വാളും പരിചയുമാണ് ആയുധങ്ങൾ. രാജാക്കൻമാർ പടക്കളത്തിൽ പരിശീലനം ലഭിച്ച ആനകളെ യുദ്ധത്തിന് ഉപയോഗിക്കാറുണ്ട്. പിടിയാനകളുടെ സഹായത്തോടെ കൊമ്പനാനകളെ കെണിയിൽ വീഴ്ത്തി അവയെ പരിശീലിപ്പിച്ചെടുക്കുകയാണ് ചെയ്യുന്നത്.

ജനങ്ങളുടെ നിറം കറുപ്പാണ്. കാലിൽ ചെരുപ്പോ അരക്കുമേലെ എന്തെങ്കിലും വസ്ത്രമോ സ്ത്രീ-പുരുഷഭേദമെന്യേ ഇവരാരും ധരിക്കാറില്ല. ഇതേ വേഷം തന്നെയാണ് രാജാക്കൻമാരുടേയും, പ്രഭുക്കൻമാരുടേയും. എന്നാൽ അവർ ചുറ്റുന്ന ഉടുതുണി വിലകൂടിയതായിരിക്കുമെന്ന വ്യത്യാസമേയുള്ളൂ. ഇവർ യുദ്ധത്തിന് പോകുമ്പോഴും അരയിൽ ചെറിയൊരു വസ്ത്രം ചുറ്റുക മാത്രമേ ചെയ്യുന്നുള്ളൂ. രാജാക്കൻമാരുടെ വിരലുകളിലും ചെവിയിലും കാലിലും രത്നാംഗിതങ്ങളായ ആഭരണങ്ങളും കഴുത്തിൽ പവിഴമാലകളും അണിഞ്ഞിരിക്കും. ഇതുപോലെ സ്ത്രീകൾ കാതിലും, കഴുത്തിലും, കൈയ്യിലും, കാലിലും ആഭരണങ്ങൾ ഇടാറുണ്ട്. കവിടിയും കക്കയുമെല്ലാം ഇതിനായി ഉപയോഗിക്കുന്നവരുമുണ്ട്. അരിയാണ് പ്രധാന ഭക്ഷണം. മൽസ്യമാംസാദികൾക്കുപുറമേ തൈര്, മോര്, പച്ചക്കറികൾ എന്നിവയും കഴിക്കാറുണ്ട്. പശു, കാള, എന്നിവയുടെ മാംസം ഹിന്ദുക്കൾ വർജ്ജിക്കുന്നുവെന്ന് മാത്രമല്ല, അവ നീചാഹാരമായിട്ടാണ് കരുതിപ്പോരുന്നത്.

പന, തെങ്ങ്, മാവ്, പ്ലാവ് എന്നീ ഫലവൃക്ഷങ്ങളെക്കുറിച്ചും അവയുടെ പലതരത്തിലുള്ള ഉപയോഗത്തെപ്പറ്റിയും അദ്ദേഹം വിശദീകരിക്കുന്നു. ചക്കപ്പഴം പോലെ മധുരവും, ഫലവുമുള്ള മറ്റൊരു പഴവും താൻ കണ്ടിട്ടില്ലെന്നും അതിനോട് കിടനിൽക്കുന്നത് മധുരവും സ്വാദുമുള്ള നല്ല മാമ്പഴമാണെന്നും അദ്ദേഹം എഴുതുന്നു. ഇവ സമൃദ്ധിയായി ഈ നാട്ടിലുണ്ട്. തെങ്ങിൻേറയും പനയുടേയും ഏതംശവും ഉപയോഗമുള്ളതാണ്. ഭക്ഷണപാനീയങ്ങൾക്കു പുറമേ, ഇവയുടെ തടിയും, ഓലയും വീടുകൾക്കും വിറകാവശ്യത്തിനും ഉപയോഗിക്കുന്നു. വെളിച്ചെണ്ണയും, ഇളനീരും, ചക്കരയും, കള്ളുമൊക്കെ അദ്ദേഹത്തിൻെറ വർണ്ണനയിൽ ഉൾപ്പെടുന്നുണ്ട്.

അതുപോലെ നമ്മുടെ സസ്യലതാദികളേയും, വൃക്ഷങ്ങളേയും, കാടുകളേയും, മലകളേയും, നദികളേയും, കടലുകളേയുമൊക്കെ അദ്ദേഹത്തിൻെറ പ്രതിപാദനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ചൂടുകാലം ഒഴിച്ചാൽ കാലാവസ്ഥ വളരെ നല്ലതാണ്. ഭൂപ്രകൃതി ഹഠാദാകർഷിക്കുംവിധം സസ്യശ്യാമള കോമളമാണ്. വന്യമൃഗങ്ങൾ കുറ്റിക്കാടുകളിലും വനങ്ങളിലും സമൃദ്ധിയായിട്ടുണ്ട്. ആറുകളിലും തടാകങ്ങളിലും കാണുന്ന മുതലയും ചീങ്കണ്ണിയും ഉപദ്രവകാരികളാണ്. ഇഴജന്തുക്കളും

വിഷപ്പാമ്പുകളും ധാരാളമായുണ്ട്. ഒന്നിൽകൂടുതൽ ഫണങ്ങളുള്ള വിഷപ്പാമ്പുകളെ കണ്ടതായി അദ്ദേഹം പറയുന്നു. പലനിറത്തിലും രൂപത്തിലുമുള്ള ചെറുതും വലുതുമായ പക്ഷികൾ നയനാനന്ദകരമാണ്. തത്തകൾ, മൈനകൾ, പൊൻമാനുകൾ, പരുന്തുകൾ, മരംകൊത്തികൾ, കുയിലുകൾ, മയിലുകൾ, കൊക്കുകൾ തുടങ്ങി എണ്ണിയാലൊടുങ്ങാത്തത്ര പറവകൾ ഉണ്ട്. പകൽ മരത്തിൽ തൂങ്ങിക്കിടന്ന് രാത്രി ഇര തേടി ഇറങ്ങുന്ന വവ്വാലുകൾ അദ്ദേഹത്തിൻെറ ശ്രദ്ധയിൽ പ്പെട്ടിരുന്നു. മൈന, തത്ത എന്നിവയെ വളർത്തി ഇണക്കി യെടുത്താൽ അവ മനുഷ്യർ സംസാരിക്കുന്നതുപോലെ അവരുടെ ഭാഷ പറയുന്നു.

ഇവിടെ ചൈനക്കാരും, അറബികളും, പാശ്ചാത്യരും കുരുമുളകിനും മറ്റ് സുഗന്ധദ്രവ്യങ്ങൾക്കുമായി എത്താറുണ്ട്. കുരുമുളകിനും മറ്റ് സുഗന്ധദ്രവ്യങ്ങൾക്കുമായി എത്താറുണ്ട്. തിരക്കുപിടിച്ച വ്യാപാരം നടക്കുന്ന കേന്ദ്രമാണ് കൊല്ലം പട്ടണം. ചീനയിലേക്കുള്ള എല്ലാ കപ്പലുകളും വരുമ്പോഴും, പോകുമ്പോഴും കൊല്ലത്ത് തങ്ങാറുണ്ട്. രത്നങ്ങളും, മുത്തുകളും ഇവിടെ രാജാക്കൻമാരുടേയും, പ്രഭുക്കൻമാരുടേയും പക്കൽ ധാരാളമായുണ്ട്. ഇന്ത്യയുടെ പല തീരക്കടലുകളിലും മുത്തുച്ചിപ്പികൾക്കു വേണ്ടി പരിശീലനം ലഭിച്ച നൂറു കണക്കിന് മുങ്ങൽക്കാർ തുടർച്ചയായി മൂന്നുമാസം ജോലി ചെയ്യുന്നു. ജോർഡാനസ് പറയുന്നത്, എണ്ണായിരത്തിൽപ്പരം ബോട്ടുകൾ ഓരോവർഷവും മുത്തുവാരുന്നതിന് ഉപയോഗിക്കുന്നുണ്ടെന്നാണ്.

ജോർഡാനസിൻെറ വിവരണത്തിൽ ഭർത്താവ് മരിച്ചാൽ ചിതയിൽചാടി മരിക്കുന്ന സതിസമ്പ്രദായത്തെപ്പറ്റി വിവരിക്കുന്നുണ്ട്. ഒരു പ്രഭുവിൻെറ ചിതയിൽ അദ്ദേഹത്തിൻെറ അഞ്ച് ഭാര്യമാർ വസ്ത്രാലങ്കാരവിഭൂഷിതകളായി സന്തോഷപൂർവ്വം ചാടി സതി അനുഷ്ഠിക്കുന്നതായി താൻ കണ്ടുവെന്ന് പ്രസ്താവിക്കുന്നു. എന്നാൽ ഇത് കേരളത്തിലാകാൻ സാദ്ധ്യതയില്ല. ഇവിടെ ക്ഷേത്രങ്ങളിൽ ദേവദാസികൾ ഉണ്ടായിരുന്നുവെന്നത് ശരിയാണ്. പക്ഷേ സതി സമ്പ്രദായം അജ്ഞാതമായിരുന്നു. ബഹുഭർത്തൃത്വമാണ് ബഹുഭാര്യത്വമല്ല നിലനിന്നിരുന്നത്. പിന്തുടർച്ചാവകാശം അദ്ദേഹം പറയുന്നതുപോലെ സഹോദരീപുത്രൻമാർക്കായിരുന്നു. മക്കൾക്കായിരുന്നില്ല. അതായത് മരുമക്കത്തായ സമ്പ്രദായമാണ് നിലനിന്നിരുന്നത്. ഫ്രയർ ജോർഡാനസിൻെറ വിവരണം നമ്മുടെ സാമൂഹ്യ - സാംസ്കാരിക സ്ഥിതിഗതികളെ അനാവരണം ചെയ്യുന്നവയാണ്.

<u>ഫ്രിയാർ ഒഡൊറിക്</u> - 14-ാം നൂറ്റാണ്ടിൽ കേരളം സന്ദർശിച്ച് ഇവിടത്തെ സ്ഥിതിഗതികൾ എഴുതിവെച്ച ധാരാളം സഞ്ചാരികളുണ്ട്. സഞ്ചാരകൗതുകംകൊണ്ട് ഇറങ്ങിത്തിരിച്ച ഇബ്നുബത്തൂത്ത, മാർക്കോപോളോ, എന്നിവരെ പോലെയും വ്യാപാരത്തിനായി സാഹസികയാത്രക്ക് ഒരുങ്ങി അഫ്നാസിനികിതിൻ പോലെയും, മിഷണറി പ്രവർത്തനത്തിനായി വന്ന ജോൺഓഫ് മോണ്ടിക്കോർവിനോ, ഫ്രയർ ജോർഡാനസ് തുടങ്ങിയവരെപ്പോലെയും പല ഉദ്ദേശ്യങ്ങളോടും ലക്ഷ്യങ്ങളോടുംകൂടി ഇവിടെ എത്തിയവർ ധാരാളമാണ്. ഇതിൽ അവസാന വിഭാഗത്തിൽപ്പെട്ട ക്രൈസ്തവ മിഷണറിയായിരുന്നു പോണ്ടിനോണിലെ ഫ്രിയാർ ഒഡൊറിക്. പോപ്പുമാരെപ്പോലെ ചൈനയിലേക്ക് ക്രൈസ്തവ ദൗത്യവുമായി പുറപ്പെട്ട് ബോംബെക്കടുത്ത് താന എന്ന സ്ഥലത്ത് കപ്പലിറങ്ങി. അവിടെ നിന്നും തീരപ്രദേശത്തിലൂടെ സഞ്ചരിച്ച അദ്ദേഹം മഹിബാറിൽ (മലബാർ) എത്തി. അക്കാലത്തെ പ്രധാന തുറമുഖപട്ടണങ്ങൾ പന്തലായിനി, കൊടുങ്ങല്ലൂർ, കൊല്ലം എന്നിവ ആയിരുന്നുവെന്ന് അന്നത്തെ കേരളത്തിൻെറ ഒരറ്റംമുതൽ മറ്റേ അറ്റംവരെ യാത്ര ചെയ്ത ഒഡൊറിക് എഴുതുന്നുണ്ട്.

കുരുമുളക് വിളയുന്ന ഏക സ്ഥലം മഹിബാർ ആണെന്നാണ് അദ്ദേഹത്തിൻെറ പക്ഷം. കുരുമുളക് നട്ടുനനച്ച് വളർത്തുന്ന ചെടി അല്ലെന്നും കാട്ടിൽ പടർന്നുപന്തലിച്ച് വളർന്നു കൊണ്ടിരിക്കുന്ന വള്ളിയാണെന്നും അദ്ദേഹം പറയുന്നു. തൻെറ യാത്രയിൽ തുടർച്ചയായി 18 ദിവസം കുരുമുളക് കാട്ടിലൂടെ സഞ്ചരിച്ചതായി അദ്ദേഹം രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ 1347-ൽ കൊല്ലം നഗരത്തെക്കുറിച്ചെഴുതുന്ന ജോൺഡിമാറിഗ്നൊല്ലി പറയുന്നതാകട്ടെ, കുരുമുളക് കാട്ട് ചെടിയല്ല, കൃഷിയിടങ്ങളിൽ നട്ടുവളർത്തുന്നവയാണ് എന്നാകുന്നു. ഈ രണ്ട് പ്രസ്താവവും ശരിയായിരിക്കാനാണ് സാദ്ധ്യത. പൊതുവേ മലയോരങ്ങളിലും, കാട്ടുപ്രദേശത്തും ഇടതൂർന്ന് നിൽക്കുന്ന മരങ്ങളിൽ ആരും നട്ടു വളർത്താതെ പടർന്ന് വളരുന്ന കുരുമുളക് വള്ളിയാണ് ആദ്യത്തെ സൂചന. എന്നാൽ പട്ടണപ്രാന്തങ്ങളിൽ ഇവ സൂക്ഷ്മതയോടുകൂടി നട്ട് വളർത്തുകയും ചെയ്തിരുന്നു. കുരുമുളക് വള്ളികൾ സമൃദ്ധിയായി വളർന്നിരുന്ന സ്ഥലങ്ങൾക്ക് മുളവുകാട് പോലെയുള്ള സ്ഥലനാമങ്ങൾ ഉള്ളതായി കാണുന്നുണ്ടല്ലോ. ഒഡൊറിക് കുരുമുളക് കാടുകൾ നിറഞ്ഞ സ്ഥലങ്ങളുടെ കൂട്ടത്തിൽ പന്തലായിനിയും, കൊടുങ്ങല്ലൂരും ഉൾപ്പെടുത്തുന്നുണ്ട്. കൊല്ലത്തെ പൊളംബം എന്നാണ് അദ്ദേഹം വിളിക്കുന്നത്. ഏറ്റവും നല്ല ഇഞ്ചി സമൃദ്ധിയായി കമ്പോളത്തിൽ എത്തിക്കുന്ന സ്ഥലമാണത്രേ കൊല്ലം. മറ്റൊരു പ്രധാന ഉൽപ്പന്നം കുരുമുളകുമാണ്. കേരളത്തിലെ തുറമുഖങ്ങളിൽ പല നാടുകളിൽ നിന്നും ഏറ്റവും കൂടുതൽ കപ്പലുകളും വ്യാപാരികളും എത്തുന്ന കൊല്ലമാണ് പ്രധാന തുറമുഖ പട്ടണം.

നമ്മുടെ കാടുകളും നദികളും മലകളും തീരപ്രദേശങ്ങളുമൊക്കെ ഫല സമൃദ്ധവും നയനാനന്ദകരവുമാണെന്ന് അദ്ദേഹം പറയുന്നു. ഔഷധവീര്യമുള്ള ചെടികളും വൃക്ഷങ്ങളും സംരക്ഷിക്കപ്പെടുന്നുണ്ട്. കാടുകളിലാകട്ടെ എല്ലാതരം വന്യമൃഗങ്ങളും സ്വതന്ത്രമായി വിഹരിക്കുന്നു. വിഷജന്തുക്കളിൽ ആപൽക്കാരികളായ പലതരം പാമ്പുകളുണ്ട്. കാടുകളിൽ നിന്നും കുരുമുളക് ശേഖരിക്കാൻ എത്തുന്നവർ നാലുവശവും തീ കത്തിച്ചും പുകച്ചുമാണ് പാമ്പുകളുടെ ശല്യം ഒഴിവാക്കുന്നത്. മലബാറിലെ കാടുകളിൽ കറുത്ത

സിംഹവും പലതരത്തിൽപ്പെട്ട കുരങ്ങുകളും ധാരാളം കണ്ടതായി അദ്ദേഹം രേഖപ്പെടുത്തുന്നുണ്ട്. ഇവയൊക്കെ ഭയപ്പെടുത്തുന്നവയാണ്. എന്നാൽ ഹൃദയാകർഷകങ്ങളായ പല നിറത്തിലുള്ള കിളികളും, പക്ഷികളും ആകർഷകമായി നൃത്തം ചവിട്ടുന്ന കൗതുകകരമായ മയിലുകളും എവിടെയും ദൃശ്യമാണ്.

ജനങ്ങളധികവും വിഗ്രഹാരാധകരും, ഭക്തരുമാണ്. അവർ പശുക്കളേയും, കാളകളേയും ആരാധിക്കുന്നു. ഇവയെ പുണ്യമൃഗങ്ങളായി കണക്കാക്കുന്നതുകൊണ്ട് ഇവയുടെ മാംസം ഭക്ഷിക്കാറില്ല. പശുവിന്റെ ചാണകം ഉണക്കി പ്പൊടിച്ച് സൂക്ഷിക്കുന്നു. കുളികഴിഞ്ഞാൽ നെറ്റിയിലും, ശരീരഭാഗത്തും ഈ ഭസ്മം പൂശുകയും പതിവാണ്. വീടുകളുടെ തിണ്ണയും മുറ്റവും ചാണകവെള്ളം തളിച്ച് ശുദ്ധമാക്കുന്നു. സ്ത്രീ - പുരുഷ വ്യത്യാസമോ, ധനിക - ദരിദ്ര വ്യത്യാസമോ ഇല്ലാതെ എല്ലാവരും അരയ്ക്ക് ചുറ്റും ഒരു ചെറിയ തുണി മാത്രം കൊണ്ടാണ് നാണം മറക്കുന്നത്. ആരും തന്നെ പാദുകം ധരിക്കുന്നില്ല. താടിയും, ദീക്ഷയും വളർത്തുന്നവരാണ് പുരുഷൻമാർ അധികവും. എന്നാൽ ശിരസ്സിന്റെ മുൻവശം പകുതിയോളം മുടിവടിച്ചുകളയുകയും ചെയ്യുന്നുണ്ട്. പന്തലായിനിയിലും, കൊല്ലത്തും ജൂതൻമാരേയും, ക്രിസ്ത്യാനികളേയും, മുസൽമാൻമാരേയും ധാരാളമായി കണ്ടിരുന്നു. അവരധികവും കച്ചവടക്കാരും പണക്കാരുമാണ്. കൊല്ലത്ത് സെൻറ്. ജോർജ്ജിന്റെ പേരിലുള്ള ക്രൈസ്തവ ദേവാലയത്തിൽ അദ്ദേഹം കുറച്ചുകാലം തങ്ങിയിരുന്നു.

ഉടന്തടിച്ചാട്ടം കേരളത്തിൽ ഉണ്ടായിരുന്നതായി ഒഡൊറിക്കും പ്രസ്താവിക്കുന്നുണ്ട്. എന്നാൽ ഇത് വളരെ ദുർല്ലഭമായിരുന്നിരിക്കാനേ സാദ്ധ്യമുള്ളു. വിധവ-പുനർവിവാഹം നിഷിദ്ധമായിരുന്നു. എന്നാൽ ഭാര്യ മരിച്ചാൽ പുരുഷൻമാക്ക് വീണ്ടും കല്യാണം കഴിക്കാം. മരിച്ചു കഴിഞ്ഞാൽ കുഴിച്ചിടുകയല്ല ദഹിപ്പിക്കുകയാണ് പതിവ്. കൊല്ലത്ത് നിന്ന് മഅ്ബർ എന്ന് പറയുന്ന ദക്ഷിണേന്ത്യയുടെ കിഴക്കേ തീരത്തേക്ക് പത്ത് ദിവസത്തെ യാത്രയ്ക്കു ശേഷമെത്തിയ ഒഡൊറിക് മൈലാപ്പൂരിൽ തോമസ് പുണ്യവാളന്റെ ശവകുടീരത്തിൽ പ്രാർത്ഥന നടത്തിയ ശേഷം അവിടെനിന്ന് തന്റെ ഉദ്ദിഷ്ട സ്ഥലമായ ചൈനയിലേക്ക് യാത്രതിരിച്ചു.

*ജോൺഡിമാറിഗ്നൊല്ലി* - ഫ്ലോറൻസിലെ ഒരു ക്രൈസ്തവ വൈദികനായിരുന്നു ജോൺഡിമാറിഗ്നൊല്ലി. മാർക്കോപോളോക്കു ശേഷം ചൈനയിലെ ചക്രവർത്തി കുബ്ലൈഖാന്റെ അടുത്തേക്ക് പോപ്പിന്റെ പ്രതിനിധിയായിട്ടാണദ്ദേഹം യാത്രതിരിച്ചത്. മാർക്കോപോളോ സ്വീകരിച്ച കരമാർഗ്ഗമാണദ്ദേഹവും പിൻതുടർന്നത്. ചൈനയിലെത്തിയപ്പോൾ കുബ്ലൈഖാൻ മരണപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ പിൻഗാമിക്ക് മത - ദാർശനിക തലങ്ങളിൽ തീരെ താൽപ്പര്യം ഇല്ലാത്തതിനാൽ ജോൺഡിമാറിഗ്നൊല്ലി തിരിച്ചു പോകുകയാണ് ചെയ്തത്. മടക്കയാത്ര കടൽമാർഗ്ഗേണ ആയിരുന്നു. അങ്ങനെയാണ് 1347-ൽ അദ്ദേഹം കൊല്ലത്തെത്തുന്നത്. അവിടെ സെൻറ്. ജോർജ്ജ് പള്ളിയിൽ കുറേക്കാലം അദ്ദേഹം താമസിച്ചു. 16 മാസത്തോളം അദ്ദേഹം കൊല്ലത്തുണ്ടായിരുന്നു. കൊല്ലത്തെ കോലംബം എന്നാണദ്ദേഹം വിളിക്കുന്നത്.

കേരളത്തിലെ ക്രൈസ്തവരുടെ സ്ഥിതിഗതികൾ ഇത്രയും വിശദമായി എഴുതിയിട്ടുള്ള സഞ്ചാരികൾ കുറവാണ്. കൊല്ല അദ്ദേഹം താമസിച്ചിരുന്ന സെൻറ് ജോർജ്ജ് പള്ളിയെക്കുറിച്ചും തകശ്ശേരിയിൽ താൻ നാട്ടിയ ഒരു സ്തംഭത്തേയും അതിൽ ആലേഖ്യം ചെയ്തിരുന്ന ക്രിസ്തീയ ശാസനങ്ങളെക്കുറിച്ചും അദ്ദേഹം എഴുതുന്നുണ്ട്. കൊല്ലത്തെ ക്രിസ്ത്യാനികളാണ് കുരുമുളക് വ്യാപാരത്തിൽ മുൻപന്തിയിൽ നിൽക്കുന്നത്. ഇവിടത്തെ ക്രൈസ്തവ നിവാസികൾ ധനവാൻമാരും സമൂഹത്തിൽ സ്ഥാനമാനങ്ങൾ ഉള്ളവരുമാണ്. പലതരം ആഘോഷങ്ങൾ നടക്കാറുണ്ട്. അർദ്ധനഗ്നരായ കറുത്തവരാണ് ഇവിടെയുള്ള സ്ത്രീ-പുരുഷൻമാർ. എന്നാൽ ഇവരത്രയും ശുചിയുള്ളവരും കൃത്യമായി ഒന്നോ അതിൽ കൂടുതൽ പ്രാവശ്യം കുളിക്കുന്നവരുമാണ്. പോപ്പിന്റെ പ്രതിപുരുഷനെന്ന നിലയിൽ കൊല്ലത്തെ ക്രൈസ്തവർ ഓരോ മാസവും നൂറ് പൊൻപണം അദ്ദേഹത്തിന്റെ ചെലവിനായി നൽകിയിരുന്നുവെന്നും, മടങ്ങിപ്പോരുന്ന അവസരത്തിൽ ആയിരം പൊൻപണം സമ്മാനമായി നൽകിയിരുന്നുവെന്നും അദ്ദേഹം പറയുന്നു. തൻമൂലം അവരെപ്പറ്റി വളരെ നല്ല അഭിപ്രായമാണ് അദ്ദേഹം രേഖപ്പെടുത്തിയിട്ടുള്ളത്.

*മാഹ്വാൻ* - കേരളത്തിലെത്തിയ ചൈനീസ് സഞ്ചാരികളിൽ പ്രധാനിയാണ് മാഹ്വാൻ. ചൈനീസ് ചക്രവർത്തി യാങ്‌ലേ(1403-1425)വിന്റെ പ്രതിപുരുഷ കാര്യാലയത്തിൽ ഉദ്യോഗസ്ഥനായിരുന്നു മാഹ്വാൻ. അദ്ദേഹമാണ് കൊച്ചി പട്ടണത്തെക്കുറിച്ച് ആദ്യമായി എഴുതുന്ന വിദേശസഞ്ചാരി. 1341-ലെ പ്രളയത്തിനു ശേഷം വൈപ്പിൻ ദ്വീപിനോടൊപ്പം കരയായി മാറിയ സ്ഥലമാണ് കൊച്ചിപട്ടണം എന്ന പേരിലറിയുന്ന ഫോർട്ടുകൊച്ചിയും, മട്ടാഞ്ചേരിയും. 14-ാം നൂറ്റാണ്ടിൽ കേരളം സന്ദർശിച്ചിട്ടുള്ള സഞ്ചാരികളാരും തന്നെ കൊച്ചിയെക്കുറിച്ച് പറയുന്നില്ല. കൊച്ചി ഒരു തുറമുഖ കേന്ദ്രമായി പരിണമിക്കുന്നുത് 14-ാം നൂറ്റാണ്ട് അവസാനത്തോടെയാണെന്ന് മനസ്സിലാക്കാം.

കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ സഞ്ചാരം നടത്തിയിട്ടുള്ള മാഹ്വാൻ കൊല്ലത്തെപ്പറ്റി കൂടുതൽ വിവരിക്കുന്നില്ല. കൊച്ചിയും കോഴിക്കോടുമാണ് അദ്ദേഹത്തിന്റെ പ്രതിപാദ്യവിഷയം. കൊല്ലത്ത് നിന്ന് ജലമാർഗ്ഗേണ ഒരു ദിവസം കൊണ്ടദ്ദേഹം കൊച്ചിയിലെത്തി. കൊച്ചിയിൽ ചൈനീസ് കപ്പലുകൾ ഉൾപ്പെടെ കച്ചവടാർത്ഥം ധാരാളം വിദേശക്കപ്പലുകൾ വന്നും പോയും കൊണ്ടിരിക്കുന്നുണ്ട്. കുരുമുളക്, പവിഴം, മുത്ത് എന്നിവയാണ് ഇവിടെ നിന്നും ധാരാളമായി കയറ്റി അയയ്ക്കുന്നത്. കച്ചവടത്തിലെ ഇടത്തട്ടുകാർ ചെട്ടികളാകുന്നു. അവർ കുരുമുളക് കൃഷി

ക്കാർക്ക് പണം മുൻകൂറായി നൽകി വിള തങ്ങൾക്ക് ലഭിക്കുമെന്ന് ഉറപ്പാക്കുന്നു. ഇവരിൽ നിന്നാണ് വിദേശ വ്യാപാരികൾ ചരക്കുകൾ വാങ്ങുന്നത്. കയറ്റിറക്കുമതി ചരക്കുകൾക്ക് നിശ്ചയിച്ചിട്ടുള്ള ചുങ്കം മാത്രമാണ് രാജാവിന് കിട്ടുന്ന ആദായം.

മലയോര പ്രദേശങ്ങളിലാണ് കുരുമുളക് അധികവും വിളയുന്നത്. ഇവിടെ ആറുമാസം മഴയും, ആറുമാസം വെയിലുമാണ്. മഴക്കാലത്ത് പുഴകളും സമുദ്രതീരങ്ങളും നിറഞ്ഞൊഴുകി പറമ്പും പുഴയും വേർതിരിക്കാൻ നിവൃത്തിയില്ലാതെയായി തീരുന്നു. വിനിമയത്തിന് ഉപയോഗിക്കുന്നത് പണം എന്നു പേരായ സ്വർണ്ണനാണയമാണ്. രാജ്യത്ത് പല സ്ഥലത്തും ചെറിയ ചെറിയ ചന്തകളും, ബസാറുകളും കാണാൻ കഴിഞ്ഞു. സാധാരണ ആളുകൾ സാധനങ്ങൾ വാങ്ങാൻ ഉപയോഗിക്കുന്ന നാണയം വെള്ളി കൊണ്ടുള്ളതാണ്. ചോളം, നെല്ല്, തിന എന്നിവയും പയർ-കിഴങ്ങ് വർഗ്ഗങ്ങളുമാണ് മുഖ്യകാർഷിക വിളകൾ. പച്ചക്കറി സാധനങ്ങളും പഴങ്ങളും സുലഭമായി ഇവിടെ കിട്ടും.

ഇവിടത്തെ രാജാവ് ബൗദ്ധവിശ്വാസിയാണ്. നിത്യേന ബുദ്ധപ്രതിമയെ സാഷ്ടാംഗം നമസ്ക്കരിച്ച ശേഷമാണ് രാജ്യവിചാരം നടത്തുക. പട്ടുവസ്ത്രം അരയിൽചുറ്റി പട്ടുനാട കൊണ്ട് അതു മുറുക്കിക്കെട്ടുന്നു. ശിരോവസ്ത്രവും അദ്ദേഹം അണിയാറുണ്ട്. പവിഴമുത്തുകൾ കൊണ്ടുള്ള മാലയും കണ്ഠാഭരണങ്ങളും ഇടാറുണ്ടെങ്കിലും അരക്ക് മേലോട്ട് വസ്ത്രമൊന്നും ധരിക്കാറില്ല. സ്ത്രീ-പുരുഷഭേദമെന്യേ ഇതാണ് ഇവരുടെ ഉടയാട. ഇവിടെ അഞ്ച് ജാതികളുണ്ടെന്ന് മാഹ്വാൻ പറയുന്നു. തലമുണ്ഡനം ചെയ്ത് പൂണൂൽ ധരിച്ചിട്ടുള്ളവരാണ് മുന്തിയ ജാതിക്കാർ. രാജാക്കൻമാരും, നായൻമാരും ഇവരോടൊപ്പം ജാതിമേൻമയുള്ളവരാണ്. രണ്ടാമത്തെ വിഭാഗം മുസ്ലിങ്ങളും, മൂന്നാമത്തേത് വ്യാപാരികളായ ചെട്ടികളുമാണ്. ഇവർക്ക് താഴെയാണ് ദല്ലാളൻമാരും ചെറുകിട കച്ചവടക്കാരുമായ കൊളിങ്ങർ, അഞ്ചാമത്തെ ജാതിക്കാർ മൽസ്യം പിടിച്ച് ഉപജീവനം നടത്തുന്നവരും പാവപ്പെട്ടവരുമായ മുക്കുവരുമാണ്. ഇവർക്ക് മൂന്നടിയിൽ കൂടുതൽ ഉയരത്തിൽ കൂരകൾ കെട്ടുവാൻ അനുവാദമില്ല. മേൽജാതിക്കാരെ കണ്ടാൽ അവർ കടന്നു പോകുന്നതുവരെ സാഷ്ടാംഗ പ്രണാമം നടത്തി നിലത്ത് കിടക്കണം. ഇവർക്ക് താഴെപ്പടിയിലുള്ള ഈഴവരെയോ, അധഃകൃതരെയോപ്പറ്റി മാഹ്വാൻ പ്രസ്താവിക്കുന്നില്ല. ഒരുപക്ഷേ, ജനകേന്ദ്രങ്ങളിൽ നിന്നും ഒഴിഞ്ഞ് കാട്ടിലും മേട്ടിലും കഴിഞ്ഞുകൂടിയിരുന്ന ഈ ഹീനജാതിക്കാർ അദ്ദേഹത്തിൻെറ കണ്ണിൽപ്പെടാതിരുന്നതാകാം കാരണം. തലമുണ്ഡനം ചെയ്ത പ്രഥമജാതി ബ്രാഹ്മണരും, കച്ചവട ദല്ലാളൻമാരായി വിവരിക്കുന്ന കൊളങ്ങർ കൊങ്കിണികളുമാകുവാനുമാണ് സാധ്യത. ഇവിടെ മുടി നീട്ടി വളർത്തി ജടയുമായി വിഹരിക്കുന്ന യോഗികളെ കാണാം. അവർ സന്യാസിമാരാണെങ്കിലും കല്യാണം കഴിക്കുന്നവരാണ്. അരയിൽ വള്ളി കെട്ടി അതിൽ വെളുത്ത ഒരു തുണി കഷ്ണം തൂക്കി ഇട്ടുകൊണ്ടുള്ളത് മാത്രമാണ് ഇവരുടെ വസ്ത്രം. യോഗിനികളും ഇത് തന്നെ ധരിക്കുന്നു. ദാനധർമ്മാദികളാണ് ഇവരുടെ ഉപജീവനമാർഗ്ഗം.

കൊച്ചിയിൽ നിന്ന് ജലമാർഗ്ഗേണയാണ് അദ്ദേഹം കോഴിക്കോടെത്തുന്നത്. മൂന്നു ദിവസത്തെ യാത്ര വേണ്ടിവന്നു. ഇവിടത്തെ രാജാവ് നായർ ജാതിയിൽപ്പെട്ട ആളായാലും ബുദ്ധമതാനുയായി ആണ്. അദ്ദേഹത്തിൻെറ പ്രധാന ഉപദേഷ്ടാവും, കാര്യക്കാരനും മുസ്ലിമാണ്. പശു, കാള, എന്നിവയെ ആരാധിക്കുന്നതുകൊണ്ട് ഈ പുണ്യമൃഗങ്ങളുടെ മാംസം ഹിന്ദുക്കൾ ഭക്ഷിക്കാറില്ല. മുസൽമാൻമാർ പന്നി ഇറച്ചിയും വർജ്ജിക്കുന്നുണ്ട്. വീടുകളും, ക്ഷേത്രങ്ങളും അവയുടെ പരിസരവും ചാണകവെള്ളം തളിച്ച് നിത്യേന ശുചി ചെയ്യുന്നു. ചാണകഭസ്മം നെറ്റിയിലും ദേഹത്തും പൂശുവാൻ ഉപയോഗിക്കുന്നുമുണ്ട്. രാജാക്കൻമാരും പ്രഭുക്കൻമാരും മരുമക്കത്തായികളാണ്. പിൻതുടർച്ചക്ക് സഹോദരിപുത്രൻമാർ ഇല്ലാതാകുമ്പോഴാണ് മരിച്ചയാളുടെ സഹോദരന് പിൻതുടർച്ചാവകാശം ലഭിക്കുന്നത്. കുറ്റങ്ങൾ തെളിയിക്കുന്ന രീതി തിളച്ച എണ്ണയിൽ കൈ മുക്കിയാണ്. ആചാരാനുഷ്ഠാനങ്ങളോടുകൂടി നടത്തുന്ന ഈ സമ്പ്രദായത്തിൽ തിളച്ച എണ്ണയിൽ കൈമുക്കുന്ന കുറ്റവാളിക്ക് പൊള്ളൽ ഏൽക്കുന്നില്ലെങ്കിൽ അയാളെ നിരപരാധിയായി കണക്കാക്കുന്നു. മറിച്ചാണെങ്കിൽ കനത്ത ശിക്ഷയും ലഭിക്കും. മുസ്ലിമായിരുന്ന ഈ ചൈനക്കാരൻ കോഴിക്കോടും പരിസരത്തും മുസ്ലിംകൾക്ക് ലഭിച്ചിരുന്ന സ്ഥാനമാനങ്ങളിൽ അഭിമാനം കൊള്ളുന്നുണ്ട്. ഇവിടെ 30-ൽ കൂടുതൽ പള്ളികളും അവയിൽ വെള്ളിയാഴ്ച നമസ്ക്കാരവും കൃത്യമായി നടന്നു പോരുന്നു. രാജാവും അദ്ദേഹത്തിൻെറ പ്രജകളും വളരെ ഐക്യത്തോടും സഹിഷ്ണുതയോടുംകൂടിയാണ് കഴിഞ്ഞു വരുന്നത്.

ലോകകമ്പോളങ്ങളിൽ ഏറെ പ്രശസ്തവും തിരക്കേറിയതുമാണ് കോഴിക്കോട് പട്ടണം. ധാരാളം വിദേശക്കപ്പലുകൾ ചരക്കുകളുമായി വരികയും ഇവിടെ നിന്ന് ആവശ്യമായ സാധനങ്ങൾ വാങ്ങിക്കൊണ്ട് പോകുകയും ചെയ്യുന്നു. കപ്പലുകൾ തുറമുഖത്തടുത്താൽ രാജാവിൻെറ കാര്യക്കാർ അതിൽ കയറി കൊണ്ടുവന്ന ചരക്കുകളുടെ ലിസ്റ്റ് എടുക്കുകയും അവയുടെ മാർക്കറ്റ് വില നിശ്ചയിക്കുകയും ചെയ്യുന്നു. കൈമാറ്റക്കച്ചവടത്തിനു പുറമേ മുത്തുകളും രത്നങ്ങളും പകരം കൊടുത്താണ് വിദേശികൾ ചരക്കുകൾ വാങ്ങുന്നത്. കരക്കിറക്കുന്ന സാധനങ്ങളുടെ സുരക്ഷ രാജാവിൻെറ ഉദ്യോഗസ്ഥൻമാർ നോക്കിക്കൊള്ളും. കൊച്ചിയിൽ നിലവിലുള്ള പണം തന്നെയാണ് ഇവിടത്തേയും വിനിമയനാണ്യം.

കുരുമുളക്, ഇഞ്ചി തുടങ്ങിയ സുഗന്ധദ്രവ്യങ്ങളും നെല്ല്, തിന, പയർ വർഗ്ഗങ്ങൾ, പലതരം കിഴങ്ങുകൾ, ചക്ക, മാങ്ങ, വാഴപ്പഴം, തുടങ്ങിയവയും ഇവിടെ ധാരാളമായുണ്ട്. അദ്ദേഹം എണ്ണിപറയുന്നവയിൽ മത്തൻ, കുമ്പളങ്ങ, ചുരക്ക, തുടങ്ങിയവ ഉൾപ്പെടുന്നു. ധാരാളം വീട്ടുമൃഗങ്ങളും, താറാവ്, കോഴി തുടങ്ങിയവയും അദ്ദേഹം കാണുകയുണ്ടായി. 15-ാം

നൂറ്റാണ്ടിലെ നമ്മുടെ ജീവിതക്രമത്തേയും സാമൂഹ്യസ്ഥിതിഗതികളേയും വ്യവസായത്തേയും ഒക്കെക്കുറിച്ച് വളരെയധികം കാര്യങ്ങൾ മാഹ്വാന്റെ വിവരണത്തിലുണ്ട്.

<u>അഫ്നാസിനികിതിൻ</u> - വിജ്ഞാനകുതുകിയും, നിരീക്ഷണപടുവുമായിരുന്ന അഫ്നാസിനികിതിൻ വിദ്യാസമ്പന്നനായ റഷ്യക്കാരനായിരുന്നു. ഇന്ത്യ സന്ദർശിച്ച് ഇവിടത്തെ സ്ഥിതിഗതികളെക്കുറിച്ച് വിവരണം എഴുതിയ ആദ്യത്തെ റഷ്യക്കാരനുമാണദ്ദേഹം. വ്യാപാരിയായിരുന്ന അദ്ദേഹം കച്ചവട കമ്പോളങ്ങൾ തിരക്കി കൂട്ടരുമൊത്ത് സാഹസിക യാത്രയ്ക്കിറിങ്ങിയതായിരുന്നു, 1466-ൽ. എന്നാൽ അദ്ദേഹവും കൂട്ടുകാരും കൊള്ളക്കാരുടെ പിടിയിലായി. അവരുടെ പക്കലുണ്ടായിരുന്ന സർവ്വത്ര സാധനങ്ങളും അപഹരിക്കപ്പെടുക മാത്രമല്ല പലർക്കും ജീവാപായവും സംഭവിച്ചു. നികിതിൻ ഭാഗ്യവശാൽ രക്ഷപ്പെട്ട് മറ്റു ചില കച്ചവടസംഘത്തോടൊപ്പം പേർഷ്യയിലെത്തി. അവിടെ നിന്ന് ഇന്ത്യയിലേക്ക് പുറപ്പെട്ടിരുന്ന ഒരു വ്യാപാരക്കപ്പലിൽ കയറിക്കൂടുവാൻ അദ്ദേഹത്തിന് കഴിഞ്ഞു.

1468-ൽ ആണ് അദ്ദേഹം ചൗളിൽ ഇറങ്ങുന്നത്. പേർഷ്യയിൽ നിന്നും പുറപ്പെടുമ്പോൾ വാങ്ങിയിരുന്ന നല്ലൊരു അറബിക്കുതിരയുമായി പല സ്ഥലങ്ങളും അദ്ദേഹം ചുറ്റിക്കണ്ടു. അവിടെ നിന്ന് ഭാമിനി സാമ്രാജ്യത്തിന്റെ ജൂനാറിൽ കുറേക്കാലം അദ്ദേഹം കഴിച്ചുകൂട്ടി. താൻ കൊണ്ടുവന്ന കുതിരയെ അവിടെ വിൽക്കുകയും ചെയ്തു. അവിടെനിന്ന് തലസ്ഥാനമായ ബിഡാറിലേക്കാണദ്ദേഹം പുറപ്പെട്ടത്. ജൂനാറിനും, ബിഡാറിനുമിടയ്ക്ക് പല പട്ടണങ്ങളും അദ്ദേഹം കണ്ടിരുന്നു. ബിഡാറിൽ താമസിക്കുന്നതിനിടയ്ക്ക് പാർവത, ഗുൽബർഗ്ഗ്, ഗൊൽക്കൊണ്ട, തുടങ്ങിയ പ്രധാന നഗരങ്ങളൊക്കെ സന്ദർശിക്കുകയും അവയെക്കുറിച്ച് എഴുതുകയും ചെയ്തിട്ടുണ്ട്. നികിതിന്റെ ഗ്രന്ഥമായ 'വോയേജ് ബിയോണ്ട് ദി ത്രീ സീസ് '(മൂന്നു കടലുകൾക്ക് അപ്പുറത്തേക്കുള്ള യാത്ര) 1960ൽ മോസ്ക്കോയിൽ നിന്നാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

ഇന്ത്യയിലെ ഭൂപ്രകൃതിയേയും, ജനങ്ങളേയും, പക്ഷിമൃഗാദികളേയും കുറിച്ചുള്ള അദ്ദേഹത്തിന്റെ വിവരണങ്ങൾ സത്യസന്ധമാണ്. ഭാമിനി-വിജയനഗർ സാമ്രാജ്യങ്ങളിലെ രാഷ്ട്രീയ സ്ഥിതിഗതികളേയും, രാജാക്കൻമാരേയും, അരമനകളേയുംപ്പറ്റി പ്രതിപാദിക്കുന്ന അദ്ദേഹം സമൂഹത്തിലെ മേലേതട്ടിലുള്ളവരുടെ ആർഭാടജീവിതത്തെ കഷ്ടപ്പെടുന്ന പട്ടിണിക്കാരായ ദരിദ്രൻമാരുടേതുമായി താരതമ്യം ചെയ്യുന്നു. നികിതിൻ ബിഡാറിലുണ്ടായിരുന്ന സന്ദർഭത്തിൽ ഭാമിനിയിലെ പ്രധാനമന്ത്രി മുഹമ്മദ് ഗവാനായിരുന്നു. അക്കാലത്ത് വിജയ നഗരവുമായുണ്ടായ യുദ്ധത്തേയും അതിനൊരുക്കിയിരുന്ന സന്നാഹങ്ങളേയും അവസാനം ഇരുകൂട്ടർക്കും സംഭവിച്ച ആൾ നാശത്തേയും മനസ്സിൽ തട്ടുംവിധമാണ് അദ്ദേഹത്തിന്റെ ചിത്രീകരണം. ഈ സ്ഥലങ്ങളിലെ വ്യാപാരകേന്ദ്രങ്ങളും കയറ്റിറക്കുമതി ചരക്കുകളും അദ്ദേഹം എണ്ണിയെണ്ണി പറയുന്നുണ്ട്.

ഈ പ്രകൃതത്തിൽ പ്രസക്തമായിട്ടുള്ളത് കോഴിക്കോടിനെ സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ വിവരണമാകുന്നു. ഇന്ത്യയിലെ പ്രമുഖനഗരങ്ങളിലൊന്നാണ് കോഴിക്കോടെന്നും, കുരുമുളക് വ്യാപാരത്തിൽ ഈ തുറമുഖം വിശ്വപ്രശസ്തമാണെന്നും അദ്ദേഹം എഴുതുന്നു. മറ്റു സഞ്ചാരികൾ പറയാൻ വിട്ടുപോയ ഒന്നാണ് കേരളത്തിലെ അടിമക്കച്ചവടം. ഏതുതരം അടിമയേയും ചുരുങ്ങിയ വിലക്ക് ഇവിടെ ലഭിക്കുന്നു. നിത്യോപയോഗ സാധനങ്ങൾക്കും വിലക്കുറവാണ്. കുരുമുളക്, ഇഞ്ചി, ഏലം, കറുകപ്പട്ട, ഏലവർങം തുടങ്ങിയവ ഏറ്റവും കൂടുതൽ കയറ്റി അയക്കുന്ന കേന്ദ്രം കോഴിക്കോടാണ്. യുദ്ധങ്ങളിൽ പരിശീലനം ലഭിച്ച ആനകളെ ഉപയോഗപ്പെടുത്തുന്നു. രാജാക്കൻമാരും മാടമ്പിമാരും യാത്ര ചെയ്യുമ്പോൾ അമ്പും വില്ലും വാളുമേന്തിയ അംഗരക്ഷകൻമാർ ഉണ്ടാകാറുണ്ട്. ജനങ്ങൾ ഒരുമയോടുകൂടി കഴിയുന്നവരാണ്. ആൺ പെൺവ്യത്യാസമില്ലാതെ അർദ്ധനഗ്നരും, ചെരുപ്പ് ഉപയോഗിക്കാത്തവരുമാണ്. ഇക്കാര്യത്തിൽ രാജാവെന്നോ, പ്രജയെന്നോ വ്യത്യാസമില്ല. ഇങ്ങനെ പോകുന്നു നികിതിന്റെ വിവരണം. 1572-ൽ അദ്ദേഹം ഇന്ത്യയിൽ നിന്നും കപ്പൽ കയറി. മടക്കയാത്രയിലും, കടൽക്കൊള്ളക്കാരുടെ പിടിയിൽപ്പെട്ട നികിതിൻ പല സ്ഥലങ്ങളിലും നിരാലംബനായി ഇറങ്ങേണ്ടതായി വന്നു. അദ്ദേഹത്തിന്റെ നിസ്സഹായവസ്ഥയിൽ സഹതാപം തോന്നിയ ചില കപ്പൽക്കാർ തന്റെ ജൻമസ്ഥലത്തിന്റെ അധികം അകലെയല്ലാത്ത ഫിയോദോസിയയിൽ എത്തിച്ചു. അവിടെനിന്ന് നാട്ടിലെത്താമെന്ന് ആഗ്രഹിച്ചിരുന്നെങ്കിലും അസുഖം ബാധിച്ച് അദ്ദേഹം മരണമടഞ്ഞു. പല സ്ഥലത്തും തങ്ങേണ്ടതായിവന്ന അവസരങ്ങളിൽ എഴുതിക്കൊണ്ടിരുന്ന നികിതിന്റെ സഞ്ചാരവൃത്താന്തം പൂർത്തികരിക്കുവാൻ ഭാഗ്യവശാൽ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഒരു ക്രൈസ്തവ മഠഗ്രന്ഥപ്പുരയിൽ പരിശോധന നടത്തി ക്കൊണ്ടിരുന്ന കരാംസിൻ എന്ന റഷ്യൻ ചരിത്രകാരനാണ് ഈ കയ്യെഴുത്തു പ്രതി കണ്ടെടുത്ത്. 1960ൽ ഇത് മോസ്ക്കോവിൽ നിന്നും പ്രസിദ്ധീകരിക്കുകയും ചെയ്തു.

<u>പിറോ ഡി കോവിൽഹോ</u> - വാസ്കോഡിഗാമ കോഴിക്കോട് കപ്പലിറങ്ങുന്നതിന് പത്ത് വർഷങ്ങൾക്കു മുമ്പുതന്നെ കണ്ണൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ കച്ചവട സാദ്ധ്യതകളെക്കുറിച്ച് സസൂക്ഷ്മം വിലയിരുത്തി കിട്ടാവുന്ന വിവരങ്ങളൊക്കെ ശേഖരിച്ച് പോർച്ചുഗീസ് രാജാവിന് എഴുതിക്കൊടുത്തയച്ച വിര സാഹസികനാണ് കോവിൽഹോ. ബഹുഭാഷാ പണ്ഡിതനായിരുന്ന അദ്ദേഹത്തിന് അറബിയിൽ നല്ല പ്രാവിണ്യം ഉണ്ടായിരുന്നു. അറബികളുടെ കപ്പലോട്ടമാർഗ്ഗങ്ങളും കച്ചവടരഹസ്യങ്ങളും മനസ്സിലാക്കി കുരമുളക് വ്യാപാരത്തിന്റെ കുത്തക പോർച്ചുഗലിന് നേടിക്കൊടുക്കുവാൻ ആത്മാർത്ഥമായി ശ്രമിച്ച നാവികനാണദ്ദേഹം. പൗരസ്ത്യ

ദേശങ്ങളിലേക്കുള്ള മാർഗ്ഗം കോൺസ്റ്റാൻറിനോപ്പിൾ ടർക്കികളുടെ അധീനതയിലായതോടെ ഐറോപ്യൻമാർക്ക് നഷ്ടപ്പെട്ടു. ദീർഘകാലം നിത്യോപയോഗ സാധനമായി ഉപയോഗിച്ചുപോന്ന കുരുമുളക്, ഏലം, തുടങ്ങിയ സുഗന്ധദ്രവ്യങ്ങൾ കിട്ടാനുള്ള ഏകമാർഗ്ഗം കടൽവഴി മാത്രമാണെന്ന് മനസ്സിലാക്കിയ പോർച്ചുഗീസ് ഭരണാധിപൻമാർ വളരെക്കാലമായി ഇതിനുള്ള പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. സമുദ്രാന്തരീയ യാത്രകൾക്ക് എല്ലാ സന്നാഹങ്ങളും സൗകര്യങ്ങളും ചെയ്തുകൊടുക്കാൻ എപ്പോഴും തയ്യാറായിരുന്ന പോർച്ചുഗലിലെ ഹെൻറി രാജകുമാരൻ ലിസ്ബണിൽ നാവിക പരിശീലന കേന്ദ്രമുൾപ്പെടെ സർവ്വപ്രവർത്തനങ്ങളും നടത്തിക്കൊണ്ടിരുന്നു. പുതിയ രാജ്യങ്ങളും, പുതിയ മാർഗ്ഗങ്ങളും, പുതിയ കമ്പോളങ്ങളും കണ്ടെത്താനുള്ള വെമ്പൽ സാഹസികരായ പല നാവികരേയും മുന്നോട്ടുകൊണ്ടുവന്നു. അങ്ങനെയാണ് മെഗലൻ, കൊളംബസ്, കോവിൽഹോ, ബർത്തലോമ്യോഡയസ്സ് തുടങ്ങിയവർ സമുദ്രാന്തരീയ പരിക്ഷണങ്ങളിലൂടെ ഒരു നവയുഗപ്പിറവി കുറിച്ചത്. വാസ്കോഡിഗാമ ഒരു ഹേതുവായി തീർന്നെന്നു മാത്രം. ഗുഡ്ഹോപ്പ് മുനമ്പ് ചുറ്റി കേരളത്തിലേക്ക് എത്താനുള്ള മാർഗ്ഗങ്ങൾ പലരിൽ നിന്നുമായി രഹസ്യമായറിഞ്ഞ് യാത്രാമാർഗ്ഗങ്ങളുടെ ചാർട്ടുകൾവരെ വരച്ച് തയ്യാറാക്കിയിരുന്നു കോവിൽഹോ.

1487ൽ ആണ് ലിസ്ബണിൽ നിന്നും അദ്ദേഹം പുറപ്പെട്ടത്. ആദ്യം ബാർസിലോണിയായിലേക്കും, അവിടെ നിന്ന് നേപ്പിൾസിലും തുടർന്ന് അലക്സാണ്ട്രിയയിലുമെത്തി. അറബിഭാഷ അനായസേന കൈകാര്യം ചെയ്തിരുന്ന കോവിൽഹോ അവരുടെ വേഷവുമാണ് ധരിച്ചിരുന്നത്. അലക്സാണ്ട്രിയയിൽനിന്നും കെയ്റോവിലെത്തിയ അദ്ദേഹം ഏഡനിലേക്ക് പോകുന്ന ഒരു കപ്പലിൽ ക്യറി ചെങ്കടലിനടുത്തുള്ള ടോർ നഗരത്തിലെത്തി. അവിടെ കോഴിക്കോട്ടേക്ക് പോയിക്കൊണ്ടിരുന്ന കപ്പലുകളേയും ധാരാളം അറബിനാവികരേയും അദ്ദേഹത്തിന് പരിചയപ്പെടുവാൻ സാധിച്ചു. അവരിൽ നിന്നൊക്കെ കോഴിക്കോട്ടെ കുരുമുളക് വ്യാപാരത്തേയും നടപടിക്രമങ്ങളേയും ഒക്കെക്കുറിച്ച് ആവോളം വിവരങ്ങൾ അദ്ദേഹം ശേഖരിച്ചു. അറബികളുടെ വേഷവും ഭാഷയും ആചാരമര്യാദകളും പുലർത്തിപ്പോന്നിരുന്ന കോവിൽഹോവിനെ അറബിക്കടലിൻെറ ആധിപത്യം ഉണ്ടായിരുന്ന അവരാരും സംശയിച്ചില്ല. അങ്ങനെ ഒരറബി ചരക്കുകപ്പലിൽ കയറി കോവിൽഹോ 1488ൽ കണ്ണൂരിലെത്തി.

കണ്ണൂരും അവിടെനിന്ന് കോഴിക്കോടും നടന്നുകണ്ട് തനിക്കാവശ്യമായ കച്ചവടകാര്യങ്ങളൊക്കെ മനസ്സിലാക്കി ഇവിടത്തെ വ്യാപാരികളുമായി ഇടപഴകുകയും ഇവിടത്തെ ജനങ്ങളേയും ജനജീവിതത്തേയും കുറിച്ച് എഴുതി അയക്കുകയും ചെയ്ത കോവിൽഹോ ആണ് യഥാർത്ഥത്തിൽ വാസ്കോഡിഗാമയുടെ വഴികാട്ടി. കോവിൽഹോ മറ്റ് സഞ്ചാരികളെപ്പോലെ കണ്ടതും കേട്ടതും നാട്ടിലെത്തി സൗകര്യപൂർവ്വം രേഖപ്പെടുത്തുകയല്ല ചെയ്തത്. പൗരസ്ത്യദേശങ്ങളിലേക്കുള്ള ജലമാർഗ്ഗം കണ്ടുപിടിക്കുക എന്ന ലക്ഷ്യത്തോടുകൂടിയായിരുന്നു അദ്ദേഹത്തിൻെറ ഓരോ ചലനവും. അതിന് പ്രയോജനകരമായ സർവ്വത്ര വിവരങ്ങളും ശേഖരിക്കുക മാത്രമല്ല, മറ്റാർക്കും ഗ്രഹിക്കത്തക്കവിധം സൂക്ഷ്മമായി വിസ്തരിച്ച് രേഖപ്പെടുത്തുകയും ചെയ്തു. കൂട്ടത്തിൽ കണ്ണൂരും കോഴിക്കോടും അദ്ദേഹം കണ്ട വ്യപാര ബാഹുല്യത്തേയും ജനങ്ങളുടെ ജീവിത സമ്പ്രദായത്തേയും കാർഷിക-വ്യാവസായിക വിളകളെയെല്ലാം തൻെറ പ്രതിപാദനത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു.

നാട്ടിലേക്ക് മടങ്ങിയെത്തി പോർച്ചുഗൽ രാജാവിന് തൻെറ പുതിയ കണ്ടെത്തലുകളൊക്കെ കാഴ്ചവെക്കുവാൻ വെമ്പൽകൊണ്ട അദ്ദേഹം കോഴിക്കോട് നിന്ന് കെയ്റോവിലേക്ക് കപ്പൽകയറി. തന്നോടൊപ്പം പുറപ്പെടുകയും കെയ്റോവിൽവെച്ച് വീണ്ടും സന്ധിക്കാമെന്ന് ഉറപ്പ് തരികയും ചെയ്ത പൈവാ എന്ന സഹനാവികനേയും പ്രതീക്ഷിച്ച് കുറച്ചുകാലം കെയ്റോവിൽ താമസിച്ചു. അബ്സീനിയിലേക്ക് പോയ പൈവാ വഴിമദ്ധ്യേ മരിച്ചുപോയി എന്നറിഞ്ഞ അദ്ദേഹം ലിസ്ബണിലേക്ക് മടങ്ങുകയെന്ന ആഗ്രഹം വേണ്ടെന്ന് വെച്ചു. അബ്സീനിയിൽ എത്തി ശക്തനായ ക്രൈസ്തവ ചക്രവർത്തി പ്രസ്റ്റർ ജോണിനെ കാണുകയെന്ന അഭിലാഷവുമായി അദ്ദേഹം അവിടേക്ക് പോയി. ഇതിനിടയിൽ താൻ സമുദ്രാന്തരീയ ജലമാർഗ്ഗത്തെക്കുറിച്ച് വരച്ച ചാർട്ടറുകളും വിശദമായി എഴുതിയ മാർഗ്ഗനിർദ്ദേശങ്ങളും ലിസ്ബണിൽ എത്തിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഇതായിരുന്നു വാസ്കോഡിഗാമയ്ക്കും കൂട്ടർക്കും മാർഗ്ഗനിർദ്ദേശമായി വർത്തിച്ച മൂലപ്രമാണം. കോവിൽഹോ അബ്സീനിയയിൽവെച്ച് വിവാഹിതനാകുകയും, 1527ൽ തൻെറ 77-ാമത്തെ വയസ്സിൽ മരിക്കുകയും ചെയ്തു. അപ്പോൾ അദ്ദേഹം അബ്സീനിയയിലെ പ്രധാനമന്ത്രിപദം അലങ്കരിച്ചിരുന്നു. കോവിൽഹോ പോർച്ചുഗലിൽ മടങ്ങി എത്തിയിരുന്നുവെങ്കിൽ വാസ്കോഡിഗാമയ്ക്കു പകരം നാവികവ്യൂഹവുമായി കേരളത്തിലെത്തുക അദ്ദേഹമായിരുന്നേനെ.

<u>*സീസർ ഫ്രെഡറിക്*</u> - 16-ാം നൂറ്റാണ്ടിൽ ഇവിടെ എത്തിയ സഞ്ചാരികളിൽ സീസർ ഫ്രെഡറികിൻെറ വിവരണം ശ്രദ്ധേയമാണ്. ഇറ്റലിക്കാരനായ ഫ്രെഡറിക് ഒരു വെനീഷ്യൻ വ്യാപാരിയായിരുന്നു. കപ്പൽ സഞ്ചാരികളിൽ നിന്നും ലഭിച്ച പൗരസ്ത്യരാജ്യങ്ങളെക്കുറിച്ചുള്ള ആകർഷകമായ പ്രസ്താവങ്ങൾ അദ്ദേഹത്തിൽ സഞ്ചാരകൗതുകം വളർത്തി. അങ്ങനെ 1563-ൽ വെനീസിൽ നിന്നും യാത്ര പുറപ്പെട്ട അദ്ദേഹം ഹോർമോസിലെത്തി. അവിടെ നിന്ന് ഇന്ത്യയിലേക്ക് പുറപ്പെട്ട ഫെഡറിക് കാംബേ തുറമുഖത്തിറങ്ങി. ഗോവയിൽ നാലു വർഷത്തോളം അദ്ദേഹം താമസിച്ചു. അക്കാലത്ത് കാംബേയിലും അയൽപ്രദേശങ്ങളിലുമുണ്ടായ കടുത്തക്ഷാമം നിമിത്തം ജനങ്ങൾ ഏറെ കഷ്ടപ്പെട്ടിരുന്നു. സ്വന്തം മക്കളേയും,

ഉറ്റവരേയും കിട്ടിയ വിലയ്ക്ക് വിറ്റ് ഭക്ഷണസാധനങ്ങൾക്കു വേണ്ടി അവർ പരിഭ്രാന്തരായിത്തീർന്നു. ഈ പരിതഃസ്ഥിതിയെ മുതലെടുക്കുകയായിരുന്നു പറങ്കികൾ. തുച്ഛവില കൊടുത്ത് വാങ്ങുന്നവരെ അടിമകളാക്കി വലിയ വിലയ്ക്ക് മറിച്ച് വിൽക്കുകയായിരുന്നു അവർ ചെയ്തത്. ഗോവയിൽ താമസിച്ച കാലമത്രയും താൻ ഈ പരിതാപകരമായ സ്ഥിതിക്ക് ദൃക്സാക്ഷിയായിരുന്നുവെന്ന് ഫ്രെഡറിക് എഴുതുന്നുണ്ട്. അവിടെനിന്ന് വിജയനഗരസാമ്രാജ്യത്തിൻെറ തകർന്നടിഞ്ഞ തലസ്ഥാനത്തേക്കാണദ്ദേഹം പോയത്. പഴയ പ്രതാപം നശിക്കുകയും രാജ്യം അനാഥാവസ്ഥയിൽ ലയിക്കുകയും ചെയ്ത സന്ദർഭമായിരുന്നു അത്. അതിശയോക്തിയായി തോന്നാമെങ്കിലും ഫ്രെഡറിക് എഴുതുന്നത്, ഒരു കാലത്ത് കോട്ടകൊത്തളങ്ങളും അരമനകളും ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് കാട്ടുമൃഗങ്ങളുടേയും ഇഴജന്തുക്കളുടേയും ആവാസകേന്ദ്രമായ കൊടുംകാടുകളായി മാറിയിരിക്കുന്നുവെന്നാണ്. 1565ൽ ആണല്ലോ തളിക്കോട്ട യുദ്ധത്തോടുകൂടി വിജയനഗരസാമ്രാജ്യം തകർന്നടിഞ്ഞത്. ഇത് കഴിഞ്ഞ് രണ്ട് വർഷമേ ആയിട്ടുള്ളു ഫ്രെഡറിക് അവിടെ എത്തുമ്പോൾ. അദ്ദേഹം വിവരിക്കുന്ന വിധത്തിൽ നഗരം അത്രയ്ക്ക് കാടായിതീരാൻ ഇടയില്ലല്ലോ. വിശ്വസിച്ചാലും ഇല്ലെങ്കിലും യുദ്ധത്തിൻെറ കെടുതി അത്രമാത്രം ഭയാനകമായിരുന്നിരിക്കാം. സമ്പൽസമൃദ്ധമായിരുന്ന ഒരു രാജ്യം നിശ്ശേഷം പാപ്പരായിമാറുന്ന പരിതാപകരമായ അവസ്ഥ. അതാണ് ഫ്രെഡറിക്ക് ഹൃദയഭേദകമായി വരച്ചുകാട്ടുന്ന വിജയനഗരം.

ഫ്രെഡറിക്ക് വീണ്ടും ഗോവയിലേക്ക് തിരിച്ചുപോയി. അവിടെ നിന്നാണ് പോർച്ചുഗീസ് കേന്ദ്രമായ കൊച്ചിയിലേക്കദ്ദേഹം വരുന്നത്. കൊച്ചിയിലെ അന്നത്തെ കയറ്റുമതിചരക്കുകൾ പോർച്ചുഗീസുകാരുടെ കുത്തകയായിരുന്നു. പ്രത്യേകിച്ച് കുരുമുളക്. മറ്റുസ്ഥലങ്ങളിലേക്ക് ഇവിടെ നിന്നും സാധനങ്ങൾ അയക്കുന്നത് ഇവർ തടസ്സപ്പെടുത്തിയിരുന്നു. കുരുമുളകിനു പുറമെ ഇഞ്ചി, ചുക്ക്, കറുവപ്പട്ട, അടയ്ക്ക, ചകിരികൊണ്ടും ചണനാരുകൊണ്ടും പിരിച്ച കയർ എന്നിവയായിരുന്നു കയറ്റുമതിചരക്കുകൾ. ഇറക്കുമതി സാധനങ്ങളിൽ ചൈനയിൽ നിന്നും എത്തിയിരുന്ന പട്ടുകളും, പാത്രങ്ങളും ബംഗാളിൽ നിന്നും കൊണ്ടുവന്ന പഞ്ചസാരയും ഉൾപ്പെട്ടിരുന്നു. ഫ്രെഡറിക്കിൻെറ വിവരണത്തിൽ നിന്നും മനസ്സിലാകുന്നത്, പോർച്ചുഗീസുകാർക്ക് ഇവിടെ നിന്നും ലഭിച്ചിരുന്ന കുരുമുളക് താഴ്ന്ന തരമായിരുന്നുവെന്നാണ്. ചേറ്റി നന്നാക്കി പതിരും മറ്റും കളഞ്ഞ് ഒന്നാംതരം കുരുമുളക് ഈ തുറമുഖത്തേക്ക് കൊണ്ടുവരാതെ മാപ്പിളമാർ വാങ്ങി അറേബ്യയിലേക്കും മറ്റും അയച്ചിരുന്നവത്രേ.

കൊച്ചിയിൽ അദ്ദേഹം കണ്ട പ്രത്യേകത, നാടൻ സ്ത്രീകളെ വിവാഹം ചെയ്തിരുന്ന പോർച്ചുഗീസ് ഭടൻമാർക്ക് നൽകിയിരുന്ന ആനുകൂല്യങ്ങളാണ്. വൈസ്രോയി ആൽബുക്കർക്കിൻെറ നയമായിരുന്നു മിശ്രവിവാഹം പ്രോൽസാഹിപ്പിക്കുക എന്നുള്ളത്. ചെറിയ ചുങ്കമാണ് രാജാവിന് ലഭിച്ചിരുന്നത്. എന്നാൽ അതിൻെറ ഇരട്ടി എട്ട് ശതമാനത്തോളം പോർച്ചുഗീസുകാർ ചുങ്കം വകയിൽ ഈടാക്കിയിരുന്നു. ഇറക്കുമതി-കയറ്റുമതി സാധനങ്ങളിൽ രാജാവിന് കൊടുക്കേണ്ട ചുങ്കവിഹിതം നൽകാതിരിക്കുക പോർച്ചുഗീസുകാരുടെ പതിവായിരുന്നുവെന്നും ഫ്രെഡറിക് എഴുതുന്നുണ്ട്.

അക്കാലത്ത് എഴുപതിനായിരത്തോളം യോദ്ധാക്കളാണ് രാജാവിനുണ്ടായിരുന്നത്. അവരെല്ലാം നായൻമാരുമാണ്. ചെറുപ്പംമുതലേ ആയുധാഭ്യാസം കളരികളിൽ നിന്നും പരിശീലിക്കുന്നു. ഇവരുടെ ദായക്രമം അമ്മവഴി ആയതിനാൽ സഹോദരി പുത്രൻമാർക്കാണ് സ്വത്തവകാശം. നായൻമാർ പുറത്തിറങ്ങുമ്പോൾ വാളും പരിചയും കൂടെയുണ്ടാകും. അരയിൽ കച്ചമുറുക്കി കെട്ടിയിരിക്കുമെന്നല്ലാതെ മറ്റ് വസ്ത്രങ്ങളോ കാലിൽ ചെരുപ്പോ ഇല്ല. രാജാവിനോടൊപ്പം മരിക്കുവാൻ ദൃഢപ്രതിജ്ഞ എടുത്തിട്ടുള്ള ചാവേർപ്പടയും ഈ വിഭാഗത്തിലാണ്. അങ്ങേയറ്റം ഭക്തിയും, കൂറുമുള്ള ഇവർ രാജാവിനും രാജ്യത്തിനും വേണ്ടി ജീവത്യാഗം ചെയ്യുവാൻ പ്രതിജ്ഞാബദ്ധരാണ്. ഈ ചാവേർ യോദ്ധാക്കൾക്ക് അമോച്ചികൾ, നായരികൾ, എന്നീ പേരുകളാണ് പോർച്ചുഗീസ് രേഖകളിൽ കാണുക. ഫ്രെഡറിക് കൊല്ലവും സന്ദർശിച്ചിരുന്നുവെങ്കിലും അവിടെ തങ്ങാതിരുന്നതുകൊണ്ടായിരിക്കാം ആ സ്ഥലത്തെപ്പറ്റി നിശബ്ദത പാലിക്കുന്നത്. കൊല്ലത്ത് നിന്ന് സിലോണിലേക്ക് പോയ അദ്ദേഹം മടങ്ങി വീണ്ടും ഇന്ത്യയിലെത്തുകയും ഒറീസ്സ, ബംഗാൾ, തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ച് 1851-ൽ മടങ്ങി സ്വദേശമായ വെനീസിൽ തിരിച്ചെത്തുകയും ചെയ്തു. മറ്റു സഞ്ചാരികളുടേതുപോലെ അത്രയധികം വിസ്തരിച്ചുള്ള പ്രതിപാദനമല്ല അദ്ദേഹത്തിൻേറതെങ്കിലും, എഴുതിയേടത്തോളം നമുക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

*നിക്കോളോക്കോണ്ടി* - ഇറ്റലിക്കാരനായ നിക്കോളോക്കോണ്ടി കാൽനൂറ്റാണ്ട് കാലത്തെ സുദീർഘമായ സഞ്ചാരാനുഭവങ്ങളുള്ള സാഹസികനാണ്. വെനീസിൽ ജനിച്ച അദ്ദേഹത്തിൻെറ കുടുംബം പരമ്പരാഗതമായി കച്ചവടത്തിൽ ഏർപ്പെട്ടിരുന്നവരുടെ സംഘത്തിൽപ്പെട്ടിരുന്നു. ബാല്യത്തിൽ തന്നെ പിതാവിനോടുകൂടി വ്യാപാരാർത്ഥം സഞ്ചരിക്കുവാനുള്ള സൗകര്യം അദ്ദേഹത്തിന് ലഭിച്ചു. ഈ അനുഭവം യാത്ര ചെയ്യുവാനും അപരിചിതസ്ഥലങ്ങൾകണ്ട് ആസ്വദിക്കുവാനുമുള്ള അദമ്യമായ ആഗ്രഹം അദ്ദേഹത്തിൽ തീവ്രതരമാക്കി. വിവാഹിതനായിരുന്ന നിക്കോളോക്കോണ്ടി ഭാര്യാസമേതം 1419ൽ ആ വലിയ സാർത്ഥവ്യാഹക സംഘത്തോടൊപ്പം തൻെറ ദീർഘമായ യാത്ര ആരംഭിച്ചു. ഇറാൻ, ഇറാക്ക്, അറേബ്യ തുടങ്ങിയ അക്കാലത്തെ നാഗരികരാജ്യങ്ങളൊക്കെ സന്ദർശിച്ച ശേഷം ഇന്ത്യയിലെത്തി.

ഇന്ത്യയിലെ പടിഞ്ഞാറൻ തീരത്ത് സ്ഥിതിചെയ്യുന്ന പ്രധാനവ്യാപാരകേന്ദ്രമായ കാംബേയിലാണ് നിക്കോളോക്കോണ്ടിയും കൂട്ടുകാരും കപ്പലിറങ്ങിയത്. അവിടത്തെ തിരക്കേറിയ കച്ചവടത്തേയും, വിദേശക്കപ്പലുകളുടെ ബാഹു

ല്യത്തേയും കണ്ടറിഞ്ഞ അദ്ദേഹം കൈവശമുണ്ടായിരുന്ന കുറേ സാധനങ്ങൾ അവിടെ വിറ്റുകാശാക്കി. കാംബേയിൽ നിന്നും കടലോരത്തിലൂടെ ഇരുപത് ദിവസത്തെ തുടർച്ചയായ യാത്രയ്ക്കുശേഷം ഏഴിമലയിലെത്തി. നെല്ലി എന്നാണ് ഈ സ്ഥലത്തെ അദ്ദേഹം വിളിക്കുന്നത്. സമുദ്രത്തിലേക്ക് തള്ളിനിൽക്കുന്നതും ഉയർന്ന ശൈലങ്ങളാൽ സംവൃദവുമായിട്ടുള്ള ഏഴിമല, കടലിൽ ഏറെ ദൂരത്ത് നിന്നുതന്നെ ദൃശ്യമാകുന്ന സ്ഥലമാണ്. എല്ലാ സഞ്ചാരികളും ഏഴിമലയെ ലക്ഷ്യമാക്കിയാണ് കേരളതീരത്തിലേക്ക് കപ്പലോടിക്കുന്നതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇവിടത്തെ ഹൃദയാകർഷകമായ പ്രകൃതിഭംഗിയെ മനോഹരമായി വർണ്ണിക്കുന്ന നിക്കോളോക്കോണ്ടി, അവിടെ നിന്നും വിജയനഗരത്തിലേക്കാണ് പോയത്. അക്കാലത്ത് ദക്ഷിണേന്ത്യയിലെ ഏറ്റവും പ്രബലമായ സാമ്രാജ്യമായിരുന്നു വിജയനഗരം. നഗരസംവിധാനത്തെപ്പറ്റിയും ജനനിബിഢമായ കച്ചവടകേന്ദ്രങ്ങളെപ്പറ്റിയും നിക്കോളോ വാചാലമായി സംസാരിക്കുന്നു. സമ്പൽസമൃദ്ധിയും സമാധാനജീവിതവും അവിടെകണ്ട നിക്കോളോക്കോണ്ടി ലോകത്തിലെ ഏറ്റവും സമ്പന്നരാഷ്ട്രമാണ് വിജയനഗരം എന്നഭിപ്രായപ്പെടുന്നു. സ്ത്രീകൾക്ക് പൂക്കളോടുള്ള അമിതമായ ആസക്തി അദ്ദേഹത്തെ അൽഭുതപ്പെടുത്തിയിരുന്നു. 1444ൽ ഇവിടം സന്ദർശിച്ച അബ്ദുൽറസാക്കും വിജയനഗരത്തിൻെറ മാഹാത്മ്യം വർണ്ണിക്കുന്നുണ്ട്. ലോകത്തൊരിടത്തും ഇതുപോലൊരു നഗരം കാണുവാൻ കഴിയുകയില്ലെന്നാണദ്ദേഹത്തിൻെറ പക്ഷം. എന്നാൽ 1567ൽ സീസർ ഫ്രെഡറിക് എന്ന വെനീഷ്യൻ കണ്ട വിജയനഗരം കഴിഞ്ഞകാല പ്രതാപം തീർത്തും തകർന്നടിഞ്ഞ സ്ഥിതിയിലാണ്. അരമനയും നഗരസംവിധാനങ്ങളുമുണ്ടായിരുന്ന സ്ഥലം കാടുപിടിച്ച് വന്യമൃഗങ്ങളുടെ ആവാസകേന്ദ്രമായിരിക്കുന്നുവെന്ന് അദ്ദേഹം പറയുന്നു. 1565ലെ തളിക്കോട്ടയുദ്ധം രാജ്യത്തിന് വരുത്തിയ അപായകരമായ വിനാശത്തിൻെറ കെടുതിയാണ് ഈ സഞ്ചാരികളുടെ അഭിപ്രായത്തിൽ പ്രകടമാകുന്നുത്.

വിജയനഗരത്തിൽ നിന്നും മദ്രാസ്സിനടുത്തുള്ള സെൻറ്. തോമസ് ശവകുടീരം സ്ഥിതിചെയ്യുന്ന മൈലാപ്പൂർപള്ളി സന്ദർശിച്ച് കുറച്ചു ദിവസം അവിടെ കഴിച്ചുകൂട്ടി. പിന്നീട് അവിടെ നിന്നും മധുരയിലേക്ക് പോയി. ഇന്ത്യയിലെ സുപ്രധാന സ്ഥലങ്ങളൊക്കെ സന്ദർശിച്ച അദ്ദേഹം സുമാത്ര, ജാവ എന്നീ സ്ഥങ്ങളിൽ വ്യപാരവും യാത്രയും നടത്തി സിലോണിലേക്ക് കടന്നു. അവിടെനിന്നും നാട്ടിലേക്ക് മടങ്ങുവാനായി കാംബേയിലേക്ക് പുറപ്പെട്ടു. ഈ യാത്രയിലാണ് അദ്ദേഹം കേരളത്തിലെ കൊല്ലവും, കൊച്ചിയും സന്ദർശിക്കുന്നത്.

കേരളത്തിലെ പ്രമുഖ പട്ടണമായ കൊല്ലം പന്ത്രണ്ട് മൈൽ വിസ്തീർണ്ണമുള്ള വലിയ തുറമുഖപട്ടണമാണ്. ജനത്തിരക്കുള്ള പല കമ്പോളങ്ങളിലും വിവിധതരം വിദേശ ചരക്കുകൾ വിൽപ്പന നടത്തിപ്പോരുന്നുണ്ട്. മനോഹരമാണ് പട്ടണവും പ്രാന്തപ്രദേശവും. ജനങ്ങൾ സൗമനസ്യമുള്ളവരും അദ്ധ്വാനശീലരുമാണ്. സൽസ്വഭാവികളായ ഇവർക്ക് കളവോ, ചതിയോ അറിയില്ല. അതുകൊണ്ടുതന്നെ ആർക്കും നിർഭയം സഞ്ചരിക്കാവുന്ന സ്ഥലമാണിത്. വിദേശത്തുനിന്നും നിത്യേന വരുന്ന കപ്പലുകൾ പല ചരക്കുകളും കൊണ്ടുവരുന്നു. മടങ്ങിപ്പോകുന്നത് കുരുമുളകും, ഇഞ്ചിയും, കറുവപ്പട്ടയുമായിട്ടാണ്. കുരുമുളക് കൃഷിചെയ്യുന്നത് മുതൽ ഇവ ഉണക്കി കയറ്റുമതിക്ക് തയ്യാറാക്കുന്നതുവരെയുള്ള കാര്യങ്ങൾ വളരെ കൃത്യമായി അദ്ദേഹം വിവരിക്കുന്നു. കൊല്ലത്ത് അദ്ദേഹത്തെ ആകർഷിച്ച മറ്റു വിഭവങ്ങൾ ചക്കയും മാങ്ങയുമാണ്. പ്ലാവിൻെറ മരം വീടുകൾ പണിയുന്നതിനും മറ്റുപകരണങ്ങൾ ഉണ്ടാക്കുന്നതിനും പറ്റിയതാണെന്നും ചക്കചുളപോലെ സ്വാദുള്ള പഴം താനിതുവരെ കണ്ടിട്ടില്ലെന്നും അദ്ദേഹം പറയുന്നു. അതുപോലെ തന്നെയാണ് പഴുത്ത മാങ്ങയുടെ കാര്യവും. ധാരളം പഴവർഗ്ഗങ്ങൾ വേറെയും ഉണ്ടെങ്കിലും ചക്കയും, മാങ്ങയുമാണ് ഏറെ സ്വാദിഷ്ടമുള്ളവ. ചക്കകുരുവാകട്ടെ, വറുത്താലും വേവിച്ചാലും തിന്നാൻ രുചികരമാണ്. ചക്കക്കുരു ചുടുന്നവിധവും, അദ്ദേഹം വിവരിക്കുന്നുണ്ട്. കുരുവിൻെറ തോട് അൽപ്പം നീക്കം ചെയ്തില്ലെങ്കിൽ ചുടുമ്പോൾ പൊട്ടിത്തെറിക്കും. എത്ര കൃത്യമായാണ് ഇതൊക്കെ അദ്ദേഹം പറയുന്നതെന്ന് നോക്കുക.

കൊല്ലത്ത് നിന്നും മൂന്നു ദിവസത്തെ യാത്രവേണ്ടിവന്നു കൊച്ചിയിലെത്താൻ. നിക്കോളോക്കോണ്ടി ഇവിടം സന്ദർശിക്കുമ്പോഴേക്കും കൊച്ചി നല്ലൊരു തുറമുഖപ്പട്ടണമായി വികാസം പ്രാപിച്ചിരുന്നു. നിക്കോളോക്കോണ്ടി കൊച്ചിയുടെ വിസ്തീർണ്ണം അഞ്ച് മൈലാണെന്നാണ് പറയുന്നത്. ഇവിടേയും വിദേശക്കപ്പലുകൾ വന്നും പോയും കൊണ്ടിരിക്കുന്നുണ്ട്. കുരുമുളകിനും, സുഗന്ധദ്രവ്യങ്ങൾക്കും പുറമേ ഇവിടെ നിന്നും കയറ്റി അയക്കുന്ന ചരക്കുകളിൽ ചകിരിയുടേയും ചണയുടേയും ആലാത്തുകളും കയറും ഉൾപ്പെടുന്നു. കൊച്ചിയിലെ പൊയ്കയിൽ അദ്ദേഹം കണ്ടതായി പറയുന്ന ഒരുതരം ജീവികൾ ഇന്നും നമ്മെ വിസ്മയം കൊള്ളിക്കുമെങ്കിലും അക്കാലത്ത് ഇവിടെയുണ്ടായിരുന്ന ദുഷ്ടമായ ജാതിസമ്പ്രദായത്താൽ വീർപ്പുമുട്ടി പകൽ സമയത്ത് ചന്തയിലോ, പൊതുനിരത്തിലോ പ്രവേശിക്കുവാൻ അനുവാദമില്ലാതിരുന്ന മനുഷ്യമൃഗങ്ങളെക്കുറിച്ചാണ്. വഞ്ചിയിൽ യാത്രചെയ്യുമ്പോൾ വെള്ളത്തിൽ തീ എരിയുന്നതായി കണ്ടു. അടുത്തു ചെന്നപ്പോൾ വഞ്ചിക്കാർ, 'ഐസ്സപ്പെ, ഐസ്സപ്പെ' എന്ന് വിളിച്ചുപറഞ്ഞു. രാത്രികാലങ്ങളിൽ ചൂട്ടുതിരി കത്തിച്ച് മൽസ്യം പിടിക്കുന്നവരാണിവർ. നിക്കോളോക്കോണ്ടി തറപ്പിച്ചുപറയുന്നത്, ഇവർ മനുഷ്യരുടെ അകൃതിയുള്ളവരാണെങ്കിലും മനുഷ്യരല്ല. പുറമേ നിന്നും അൽപ്പകാലത്തെ സന്ദർശനത്തിനെത്തിയ വിദേശസഞ്ചാരിക്ക് വിശ്വസിക്കുവാൻ കഴിയാത്ത വിസ്മയമാണല്ലോ, ഇവിടെ വ്യവസ്ഥാപിതമായിരുന്ന ജാതിസമ്പ്രദായം. പകൽ സമയത്ത് പുറത്തിറങ്ങാൻ അനുവാദമില്ലാതിരുന്ന അധഃകൃതരും മുക്കുവരുമാണ് രാത്രികാലങ്ങളിൽ മീൻപിടിച്ച് ഉപജീവനം നടത്തിയിരുന്ന 'ഐസ്സപ്പെ' എന്ന വിചിത്ര

ജലജന്തുക്കൾ. നമ്മുടെ സാമൂഹ്യസവിശേഷതയിലേക്ക് വെളിച്ചം വീശുന്ന ഈ ദൃക്സാക്ഷി വിവരണം ഏറെ പ്രയോജനകരമാകുന്നു.

കൊച്ചിയിൽ നിന്നും കൊടുങ്ങല്ലൂർ വഴി അദ്ദേഹവും കൂട്ടരും കോഴിക്കോട്ടേക്ക് പോയി. കൊടുങ്ങല്ലൂർ ഇക്കാലമായപ്പോഴേക്കും ക്ഷയോൻമുഖമായി കഴിഞ്ഞിരുന്നു. കോഴിക്കോടാകട്ടെ, അക്കാലത്ത് ഏറ്റവും വികാസം പ്രാപിച്ച നഗരവുമായിരുന്നു. ഇന്ത്യയിലെ ഏറ്റവും പ്രശസ്തമായ വ്യാപാരകേന്ദ്രമെന്നാണ് നിക്കോളോക്കോണ്ടി പറയുന്നത്. കോഴിക്കോട്ടുനിന്നും കയറ്റി അയക്കുന്ന കുരുമുളകിനും മറ്റു സുഗന്ധദ്രവ്യങ്ങൾക്കും കയ്യും കണക്കുമില്ല. അത്രമാത്രം വിദേശക്കപ്പലുകൾ ഈ തുറമുഖത്ത് നിത്യേന എത്തിക്കൊണ്ടിരിക്കുന്നുണ്ട്. കാലാവസ്ഥ നല്ലതാണെങ്കിൽ തുറമുഖത്ത് അസാധാരണമായ തിരക്കാണ്. ഏത് കപ്പലും എത്ര ചരക്കുമായെത്തിയാലും രാജാവിന്റെ ഉദ്യോഗസ്ഥൻമാർ അതിൽ കയറി കൊണ്ടുവന്ന ചരക്കിന്റെ കണക്കെടുക്കുന്നു. നാൽപ്പതിൽ ഒരംശമാണ് തുറമുഖചുങ്കമായി നൽകേണ്ടത്. അത് കൊടുത്താൽ ചരക്കിറക്കാൻ അനുമതി ലഭിക്കും. ഇറക്കിവെക്കുന്ന ചരക്കുകളുടെ സുരക്ഷിതത്വം രാജകിങ്കരൻമാർ നോക്കിക്കൊള്ളും. ആർക്കും ഏത് സാധനവും കാവൽക്കാരില്ലാതെ കോഴിക്കോട് ഇറക്കിവെക്കാം. യാതൊരുവക ചതിയോ, കൃത്രിമമോ ഇവിടെ നടക്കുകയില്ല. ഏതെങ്കിലും ചരക്കുകപ്പൽ കാറ്റിലും കോളിലുംപെട്ട് തകർന്ന് തുറമുഖത്തെത്തിയാൽ അതിലെ ചരക്ക് കരക്കിറക്കിവെക്കും. ഉടമസ്ഥൻമാർ വന്നാൽ തിരിച്ചു കൊടുക്കുകയും ചെയ്യും. സത്യസന്ധതയും, കച്ചവടമര്യാദയും പരിപാലിച്ചു പോരുന്നതിനാൽ ലോക കമ്പോളങ്ങളിലൊക്കെതന്നെ കോഴിക്കോടിന്റെ പ്രശസ്തി വളരെയാണ്. വ്യാപാരികൾക്കും അവരുടെ കച്ചവടസാധനങ്ങൾക്കും ഇത്രമാത്രം സുരക്ഷ ലഭിക്കുന്ന മറ്റൊരിടവുമില്ലെന്നാണ് നിക്കോളോക്കോണ്ടിയുടെ അഭിപ്രായം. കോഴിക്കോടിന്റെ അഭിവൃദ്ധിക്ക് നിദാനം അതിന്റെ കച്ചവട മര്യാദയും നീതിനിഷ്ഠയുമാണെന്നതിൽ കോണ്ടിക്ക് മുമ്പ് ഇവിടെ വന്നിട്ടുള്ള എല്ലാ സഞ്ചാരികളും ഏകാഭിപ്രായക്കാരാണ്. ഇവിടത്തെ ജനങ്ങൾ കറുത്ത നിറക്കാരും അർദ്ധനഗ്നരുമാണ്. കാലിൽ ചെരുപ്പിടാറില്ല. എന്നാൽ നിത്യേന ഒന്നിൽക്കൂടുതൽ പ്രാവശ്യം കുളിച്ച് ദേഹശുദ്ധി വരുത്തുന്നു. കുറ്റങ്ങൾ തെളിയിക്കുന്ന രീതി സത്യപരീക്ഷകൾ വഴിയാണ്.

ഇവിടെ പ്രബലത്തായിരുന്ന ബഹുഭർത്തൃത്വവും അദ്ദേഹത്തിന്റെ നിരൂപണത്തിന് വിഷയമായിട്ടുണ്ട്. ഒരു സ്ത്രീക്ക് അഞ്ചോ, പത്തോ പുരുഷൻമാരെ ഭർത്താക്കൻമാരായി സ്വീകരിക്കാം. ഈ ഭർത്താക്കൻമാർ അകാരണത്താൽ വഴക്കു കൂടാറില്ല. ഓരോരുത്തർക്കും നിശ്ചയിച്ചിട്ടുള്ള സമയവും ദിവസവും അനുസരിച്ച് അവരുടെ ഊഴം കണക്കാക്കുന്നു. സ്ത്രീയുടെ പക്കൽ ആളുണ്ടെന്ന് സൂചന നൽകുന്ന എന്തെങ്കിലും വാതിൽക്കൽ വെച്ചിരിക്കും. അതുകണ്ടാൽ വന്ന പുരുഷൻ തിരിച്ചു പോകുകയും ചെയ്യും. ഇഷ്ടാനുസരണം ഭർത്താക്കൻമാരെ ഉപേക്ഷിക്കുവാൻ സ്ത്രീകൾക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നു. ഈ സമ്പ്രദായത്തിലുണ്ടാകുന്ന കുട്ടികളുടെ അച്ഛൻ ആരാണെന്ന് തീരുമാനിക്കേണ്ടത് ഭാര്യയാണ്. അവർ പറയുന്നത് മറ്റുള്ളവർ അംഗീകരിക്കുകയും ചെയ്യുന്നു. ഇതേപോലെ നിക്കോളോക്കോണ്ടിക്ക് വിസ്മയം ഉണ്ടാക്കിയ സമ്പ്രദായമാണ് നമ്മുടെ മരുമക്കത്തായം. സ്വന്തം മക്കൾക്ക് അച്ഛന്റെ സ്വത്തിനവകാശമില്ലാത്ത സ്ഥിതി. ഈ വിദേശിക്ക് വിശ്വസിക്കുവാൻ സമയം കുറെപിടിച്ചു. സഹോദരീ പുത്രൻമാർക്കാണ് പിൻതുടർച്ചാവകാശം. തൻമൂലം അമ്മാവൻമാർക്കാണ് കൂടുതൽ സ്ഥാനം.

കോഴിക്കോട് നിന്നും കാംബേയിലേക്കും അവിടെ നിന്ന് വെനിസിലേക്കും പോയ നിക്കോളോക്കോണ്ടി 1444ൽ ആണ് തന്റെ ജൻമസ്ഥലത്ത് തിരിച്ചെത്തിയത്.

*ലുഡൊ വിക്കോ ഡി വർത്തേമ* - ഇറ്റലിയിലെ ബൊലഗ്നയെന്ന സ്ഥലത്ത് ജനിച്ചുവളർന്ന വർത്തേമ, സഞ്ചാര ഔൽസുക്യം ഒന്നുകൊണ്ടുമാത്രമാണ് 1502ൽ ഇറങ്ങിതിരിച്ചത്. തനിക്ക് മുമ്പ് ഇറ്റലിയിൽനിന്നും ലോകസഞ്ചാരം നടത്തിയ പലരുടേയും പ്രത്യേകിച്ച് മാർക്കോപോളോയുടേയും സഞ്ചാര വൃത്താന്തങ്ങളിൽ ആകൃഷ്ടനായാണ് വർത്തേമ യാത്രയ്ക്കൊരുങ്ങിയത്. ഈജിപ്ത്, ലിബിയ, ഇറാക്ക്, അറേബ്യ എന്നി രാജ്യങ്ങളിൽ ചുറ്റിക്കറങ്ങി. അറേബിയയിൽ ചാരപ്രവർത്തനം ആരോപിച്ച് അദ്ദേഹത്തെ ജയിലിലടച്ചിരുന്നു. കുറേക്കാലത്തെ ജയിൽവാസത്തിനുശേഷം തടങ്കൽചാടി ആഫ്രിക്കയുടെ വടക്ക് കിഴക്കൻ തീരത്തിലൂടെ സാഹസിക പ്രയാണം നടത്തി ഇന്ത്യയിലേക്ക് വരുന്ന ഒരു ചരക്കുകപ്പലിൽ കയറിപ്പറ്റി. കാംബേ തുറമുഖത്തിറങ്ങിയ അദ്ദേഹം ചൌൾ, ഹോണവാർ, വിജയനഗരം എന്നി സ്ഥലങ്ങൾ കണ്ടശേഷം 1503ൽ കോഴിക്കോടെത്തി.

കോഴിക്കോടിന്റെ സുവർണ്ണകാലഘട്ടം അവസാനിക്കുവാൻ പോകുന്നതിന്റെ ആരംഭകാലമായിരുന്നു അത്. വിശ്വപ്രശസ്തി നേടിയിരുന്ന കോഴിക്കോടിനടുത്ത് വാസ്കോഡിഗാമ 1498ൽ നങ്കൂരമടിച്ചതു മുതൽ ഈ ദുർദശയുടെ തുടക്കം കുറിച്ചു. പോർച്ചുഗീസുകാർ സാമൂതിരിയുമായി തെറ്റിപ്പിരിഞ്ഞു ശത്രുതയിലായി. ഈ അവസരം ചൂഷണം ചെയ്യുകയായിരുന്നു സാമൂതിരിയുടെ ശത്രുക്കളായ കോലത്തിരിയും കൊച്ചിരാജാവും. കൊച്ചിയിൽ പറങ്കികൾക്ക് എല്ലാ കച്ചവട സൗകര്യങ്ങൾ നൽകുകയും കോട്ടകെട്ടി അവരുടെ ആവാസകേന്ദ്രം സുരക്ഷിതമാക്കുവാൻ അനുവദിക്കുകയും ചെയ്തു. തന്റെ വിദേശശത്രുവിനോട് കൊച്ചികാണിച്ച ഈ സൗഹൃദം തകർക്കാൻ സാമൂതിരി 1503ൽ കൊച്ചിയെ ആക്രമിച്ചു. പൊരിഞ്ഞ യുദ്ധം നടന്നുവെങ്കിലും അത് നിർണ്ണായകമായിരുന്നില്ല. എന്നാൽ ഈ യുദ്ധത്തിൽ സാമൂതിരിക്ക് കിട്ടിയ വലിയ നേട്ടം പീരങ്കികളും തോക്കും നിർമ്മിക്കുവാൻ നൈപുണ്യമുള്ള രണ്ട് മിലാൻകാരായ കൊല്ലൻമാരെ പറങ്കികളുടെ പക്ഷത്തു നിന്നും കൈവശപ്പെടുത്തുവാൻ

സാധിച്ചുവെന്നതാണ്. പറങ്കികളുമായുള്ള യുദ്ധത്തിൽ സാമൂതിരിക്ക് അഭിമുഖീകരിക്കേണ്ടതായി വന്ന കുറവ് പീരങ്കികളുടെ അഭാവമായിരുന്നു. ഈ മിലാൻകാർ കൂറുമാറി സാമൂതിരിയോടൊപ്പം വന്നത് അദ്ദേഹത്തിന് വലിയ ആശ്വാസമായി. പറങ്കികൾക്കാകട്ടെ കനത്ത പരിഭ്രാന്തിയും.

ഈ സന്ദർഭത്തിലാണ് വർത്തേമയുടെ കോഴിക്കോടാഗമനം. ഒരു ഈജിപ്ഷ്യൻ വൈദ്യനെന്ന വ്യാജേനയാണ് അദ്ദേഹം കോഴിക്കോട് വിഹരിച്ചത്. വർത്തേമയെ ക്രിസ്ത്യാനികളായ പറങ്കികൾക്ക് തങ്ങളുടെ സ്വന്തക്കാരനാക്കുവാൻ വേഗം സാധിച്ചു. ഈ സഞ്ചാരിയെ ഉപയോഗപ്പെടുത്തി മിലാൻകാരായ കൊല്ലൻമാരെ തിരിച്ചുകൊണ്ടുവരികയോ അവർ അതിന് വിസ്സമതിക്കുന്നുവെങ്കിൽ കൊന്നുകളയുകയോ ചെയ്യുവാനുള്ള ദൗത്യം വർത്തേമയെ ഏൽപ്പിച്ചു. മതവികാരം ചൂഷണം ചെയ്താണ് പറങ്കികൾ ഈ പണി പറ്റിച്ചത്. തൻെറ ദൗത്യം വിജയിപ്പിക്കുവാൻ അദ്ദേഹവും ഈ വികാരം തന്നെയാണ് മിലാൻകാരായ ക്രിസ്ത്യൻ കൊല്ലൻമാരോടും പ്രയോഗിച്ചത്. കൂടെകൂടെ അവരെച്ചെന്ന് കണ്ട് കോഴിക്കോടുനിന്നും രക്ഷപ്പെടാനും നാട്ടിൽ തിരിച്ചെത്താനുമുള്ള ആവേശം അവരിലദ്ദേഹം വിജയപൂർവ്വം അങ്കുരിപ്പിച്ചു. അവർ സൗകര്യം കാത്തിരുന്നു. തൻെറ ജോലിയുടെ പ്രധാന അംശവും ഭംഗിയായി കലാശിച്ചപ്പോൾ കോഴിക്കോട് നിന്നും സൂത്രത്തിൽ ഒരു വഞ്ചിയിൽ കയറി അദ്ദേഹം കണ്ണൂരെത്തി. പോർച്ചുഗീസ് വൈസ്രോയിയുടെ മകൻ ഡോൺ ലോറൻ സോ അൽമേഡയെച്ചെന്നുകണ്ട് കോഴിക്കോട്ടെ സ്ഥിതിഗതികൾ മഴുക്കെ ധരിപ്പിച്ചു. മിലാൻകാർക്ക് മാപ്പ് നൽകി അവർക്ക് അർഹമായ സമ്മാനവും പദവിയും കൊടുക്കുമെന്ന് വൈസ്രോയിയിൽ നിന്നും ഉറപ്പ് വാങ്ങി കൊടുത്താൽ അവർ കോഴിക്കോട് നിന്നും രക്ഷപ്പെട്ട് നമ്മോടൊപ്പം കൂടുമെന്ന് വർത്തേമ അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തി. അങ്ങനെ വൈസ്രോയിയുടെ ഒരു കത്ത് സമ്പാദിച്ച് വിശ്വസ്തനായ ഒരു ഹിന്ദുവിൻെറ പക്കൽ മിലാൻകാർക്ക് നൽകുവാൻ കോഴിക്കോട്ടേക്കയച്ചു. ഇതിനിടയിൽ മിലാൻകാരുടെ പെരുമാറ്റത്തിൽ സംശയാലുവായിരുന്ന കോഴിക്കോട് ഖാസി അവരുടെ ചലനങ്ങളെ വിക്ഷിക്കുവാൻ തൻെറ ആളുകളെ നിയോഗിച്ചിരുന്നു. വൈസ്രോയിയുടെ കത്ത് കിട്ടിയ പാടെ ഇവർ സങ്കേതത്തിൽ നിന്നും കടപ്പുറം വഴി കണ്ണൂരിലേക്ക് ഒളിച്ചോട്ടം നടത്തി. എന്നാൽ ഖാസിയുടെ ആളുകൾ ഇവരെ ഇടയ്ക്ക്വെച്ച് പിടികൂടി. മൽപിടുത്തത്തിൽ ഇരുവരും വധിക്കപ്പെട്ടു. തങ്ങൾക്ക് കിട്ടിയില്ലെങ്കിലും സാമൂതിരിയിൽ നിന്നും ഇവരെ വിടർത്തി എടുക്കുകയെന്ന ലക്ഷ്യം അവരുടെ മരണത്തോടുകൂടി പറങ്കികൾക്ക് സാധിച്ചു. പോർച്ചുഗീസുകാർക്ക് മറ്റൊരു വലിയ സഹായവും കൂടി വർത്തേമയിൽ നിന്നും കിട്ടി. കോഴിക്കോട്ടെ താമസത്തിനിടയിൽ സാമൂതിരിയും മരയ്ക്കാർമാരും ഈജിപ്പ് സുൽത്താൻെറ സഹായവും തേടി ഒരു ദൗത്യസംഘത്തെ അയച്ചിട്ടുണ്ടെന്നുള്ള വിവരം കൈമാറുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. ഇത്തരം ഒരു സൈനിക സംഗമം നടക്കുകയാണെങ്കിൽ പറങ്കികൾക്ക് പിടിച്ചു നിൽക്കുവാൻ സാധിക്കുകയില്ലെന്ന് അവർക്ക് അറിയാമായിരുന്നു. തങ്ങളുടെ സ്ഥിതി അപായകരമായിരിക്കുമെന്ന് അവർ ന്യായമായും ഊഹിച്ചു. ഈജിപ്പിൽനിന്നും സൈനിക സഹായമെത്തുന്നതിനു മുമ്പ് സാമൂതിരിയുമായി യുദ്ധത്തിനിറങ്ങണമെന്ന അടിയന്തിരതീരുമാനമെടുത്തതും അങ്ങനെയാണ്.

ഡോൺ ലോറൻസോവിൻെറ നേതൃത്വത്തിൽ പോർച്ചുഗീസ് പട 1506 മാർച്ച് 4-ാം തീയതി യുദ്ധത്തിനിറങ്ങി. ഇതിൽ വർത്തേമയും പങ്കുചേർന്നിരുന്നു. യുദ്ധത്തെപ്പറ്റിയുള്ള അദ്ദേഹത്തിൻെറ വിവരണം ഒരു അനുഭവസ്ഥൻേറതാകയാൽ ഉപയോഗപ്രദവുമാണ്. യുദ്ധത്തിൽ ചെറുതും വലുതുമായ നൂറുകണക്കിന് ഓടങ്ങളും വലിയകപ്പലുകളും ഇരുഭാഗവും ശേഖരിച്ചിരുന്നു. കണ്ണൂർ തുറമുഖത്ത് നടന്ന ഘോരമായ ഏറ്റുമുട്ടലിൽ നൂറുകണക്കിന് യോദ്ധാക്കൾ ഇരുഭാഗത്തും മരിച്ചു. അമ്പും വില്ലും തോക്കുമായിരുന്നു ആയുധങ്ങൾ. കപ്പലുകളിൽ പീരങ്കികളും ഘടിപ്പിച്ചിരുന്നു. വർത്തേമ ഉണ്ടായിരുന്ന കപ്പലും ആക്രമണത്തിന് വിധേയമായെങ്കിലും ഭാഗ്യത്തിനാണ് രക്ഷപ്പെട്ടത്. തങ്ങളുടെ ഓടങ്ങൾ മുങ്ങുമെന്ന് കണ്ടാൽ മാപ്പിളനാവികർ കടലിൽചാടി പത്തും ഇരുപതും മൈൽ നീന്തി കരക്കുകയറുമെന്ന് അദ്ദേഹം എഴുതുന്നു. തുഴയുവാൻ അതിസാമർത്ഥ്യമുണ്ടായിരുന്നവരാണ് മരയ്ക്കാരുടെ കീഴിലുണ്ടായിരുന്ന മാപ്പിളനാവികർ. ചുരുങ്ങിയത് അഞ്ചാറായിരം പേരെങ്കിലും രണ്ടുഭാഗത്തു നിന്നുമായി യുദ്ധത്തിൽ മരിച്ചിരിക്കുമെന്നാണ് വർത്തേമ എഴുതുന്നത്. കനത്ത നഷ്ടം സംഭവിച്ചെങ്കിലും ആത്യന്തിക വിജയം തങ്ങൾക്കായിരുന്നുവെന്ന് അദ്ദേഹം അവകാശപ്പെടുന്നു.

ചാരപ്രവർത്തനവും യുദ്ധവുമൊക്കെയായി കഴിഞ്ഞിരുന്ന സന്ദർഭത്തിൽപ്പോലും വർത്തേമയിലെ ജിജ്ഞാസു ഇവിടത്തെ പ്രകൃതിഭംഗിയും, സസ്യലതാദികളും, ഘോരവനങ്ങളും, നിറഞ്ഞൊഴുകുന്ന നദികളും, തല ഉയർത്തി നിൽക്കുന്ന മലകളും നോക്കി ആത്മസംതൃപ്തി കൊണ്ടിരുന്നു. കായലുകളിലൂടേയും, പുഴകളിലൂടേയുമുള്ള യാത്ര ഹൃദയഹാരിയും നയനാനന്ദകരവുമാണ്. ഇരുവശത്ത് ഇടതൂർന്ന് വളർന്നു നിൽക്കുന്ന മരങ്ങളും അവയിൽ ചുറ്റിക്കയറി ഫലമൂലാദികൾ വിളയിക്കുന്ന വള്ളികളും അദ്ദേഹത്തെ ഹഠാദാകർഷിച്ചിരുന്നു. സിംഹം, പുലി, ആന, കടുവ, തുടങ്ങിയ കാട്ടുമൃഗങ്ങളും, കാള, പശു തുടങ്ങിയ വീട്ടുമൃഗങ്ങളുമുള്ള ഇവിടെ പശുവിനേയും കാളയേയും ദിവ്യമൃഗങ്ങളായി കരുതിപ്പോരുന്നു. പക്ഷികളേയും മൃഗങ്ങളേയും ഒക്കെ വർണ്ണിക്കുന്ന കൂട്ടത്തിൽ ചെത്ത്തെങ്ങിൽ കയറി കുടം ഉടച്ച് കള്ളു കുടിക്കുന്ന കുരങ്ങൻമാരെപ്പറ്റിയും വർത്തേമ പ്രതിപാദിക്കുന്നു.

ജനങ്ങളധികവും ഹിന്ദുക്കളാണ്. ധാരാളം ക്ഷേത്രങ്ങൾ

ഇവിടെയുണ്ട്. പാമ്പിനെ ആരാധിക്കുകയും പശുക്കളെ പുണ്യമൃഗമായി ആദരിക്കുകയും ചെയ്യുന്നു. നാഗൻമാർക്ക് മാത്രമുള്ള അമ്പലങ്ങളും ഇവിടെ കാണാം. പാമ്പുകൾ ധാരാളമുള്ള ഇവിടെ ഒന്നിൽകൂടുതൽ ഫണങ്ങളുള്ള സർപ്പങ്ങളേയും കാണാം. ബ്രാഹ്മണരാണ് സമൂഹത്തിൽ ഉന്നത ജാതിക്കാർ. അവർക്ക് താഴെയാണ് യോദ്ധാക്കളായ നായൻമാർ. മുസ്ലിംകൾ കോഴിക്കോട് ധാരാളമായുണ്ട്. അവർക്ക് ആരാധനാലയങ്ങളും മതപുരോഹിതൻമാരുമുണ്ട്.

പോർച്ചുഗീസുകാരുടെ ആഗമനത്തോടുകൂടിയാണ് നമ്മുടെ യുദ്ധസമ്പ്രദായത്തിലും ആയുധങ്ങളിലും സാരമായ മാറ്റം സംഭവിക്കുന്നത്. ഇവിടെ വർത്തേമയുടെ കാലത്ത് പോലും പഴയ യുദ്ധമുറയായിരുന്നു പിൻതുടർന്നിരുന്നതെന്ന് അദ്ദേഹത്തിന്റെ വിവരണത്തിൽ നിന്നും സ്പഷ്ടമാകുന്നുണ്ട്. യുദ്ധമുറകൾ അഭ്യസിപ്പിക്കുന്ന കളരികളും ആശാൻമാരും വർത്തേമയുടെ നിരീക്ഷണത്തിന് വിധേയരായിരുന്നു. അമ്പും വില്ലും, വാളും പരിചയും, കുന്തം, കവണ ഇത്യാദി ആയുധങ്ങളാണ് സാർവ്വത്രികമായിരുന്നത്. യുദ്ധത്തിൽ ഇരുഭാഗവും ധർമ്മാചരണം കൃത്യമായി നിർവ്വഹിച്ചുപോന്നു. ചതിയോ, കുറുമാറലോ യുദ്ധത്തിൽ പതിവുണ്ടായിരുന്നില്ല. ഓരോ ഭാഗത്തുനിന്നും ഇത്ര ഇത്ര ആളുകൾ കച്ചകെട്ടി ആയുധങ്ങളുമായി പോരിനിറങ്ങുന്നു. ചുവടുവെപ്പും, താളവും, മുന്നോട്ടുകുതിച്ചും, പിന്നോക്കംമാറിയും ഇവർ നടത്തുന്ന പോര് കാണികളിൽ കൗതുകമുണർത്തുന്നു. സന്ധ്യയായാൽ അന്നത്തെ പട നിർത്തി ഇരുവിഭാഗത്തിലുംപെട്ടവർ കുളിയും സൊറപറച്ചിലുമായി കഴിച്ചുകൂടും. ഒരിക്കലും രാത്രി കാലങ്ങളിൽ മിന്നലാക്രമണങ്ങൾ നടത്താറില്ല. എല്ലാം സത്യത്തിനും ധർമ്മത്തിനും നിരക്കുംവിധമായിരുന്നു കേരളത്തിലെ യുദ്ധമുറകൾ. എന്നാൽ പറങ്കികൾ തോക്കും പീരങ്കിയും ഉപയോഗിച്ചു തുടങ്ങിയതോടെ പരമ്പരാഗതമായ ധർമ്മനീതിയൊക്കെ പടക്കളത്തിൽ പരിപാലിക്കാൻ പറ്റാതെയായി. സാമൂതിരി പടക്കളത്തിൽ പോകുന്നുവെങ്കിൽ ഒന്നുകിൽ ആനപ്പുറത്ത് കയറിയോ, അല്ലെങ്കിൽ മഞ്ചലിൽ ഇരുന്നോ ആയിരിക്കും. വാദ്യഘോഷങ്ങളുടെ അകമ്പടിയും യോദ്ധാക്കളുടെ പാട്ടുകളും ഈ യാത്രയ്ക്ക് ഊർജ്ജം നൽകുന്നു. ചുരുങ്ങിയത് ഒരുലക്ഷം കാലാൾപ്പടയോടുകൂടിയായിരിക്കും സാമൂതിരിയുടെ പുറപ്പാട്. അദ്ദേഹത്തിന്റെ തലയ്ക്ക് മുകളിൽ നല്ലൊരു ഓലക്കുട പിടിച്ചിരിക്കും. കാലാൾപ്പടയാണ് സാമൂതിരിയുടെ ശക്തി. കുതിരകൾ ഇവിടെ തീരെയില്ല.

രാജാവ് തീപ്പെട്ടാൽ നാടാകെ ദുഃഖാചരണം നടത്തുന്നു. ശിരസ്സിൽ അൽപ്പം മുടി നിർത്തി തലമുണ്ഡനം ചെയ്യുന്നു. എട്ടു ദിവസമാണ് ദുഃഖാചരണം. ആ ദിവസങ്ങളിൽ മൽസ്യ-മാംസാദികൾ വർജ്ജിക്കുകയും വ്രതം അനുഷ്ഠിക്കുകയും ചെയ്യുന്നു. ഒരുവർഷം വ്രതമനുഷ്ഠിക്കുവാൻ ബാദ്ധ്യസ്ഥനാണ് മരിച്ച രാജാവിന്റെ അനന്തിരവൻ. ബ്രാഹ്മണർക്ക് സദ്യയും ദക്ഷിണയും നൽകുന്ന ചടങ്ങും ഈ ദിവസങ്ങളിൽ നടക്കുന്നു.

അരിയാണ് ജനങ്ങളുടെ പ്രധാനഭക്ഷണം. നാട്ടിൽ കൃഷി ചെയ്തുണ്ടാക്കുന്ന നെല്ല് വേവിച്ച് കുത്തി അരിയാക്കുന്നു. സാധുക്കളധികവും കഞ്ഞിയാണ് കുടിക്കുക. ചോറു തിന്നുന്നവർ വാഴയിലയിലോ, മൺപട്ടിയോ ആണുപയോഗിക്കുന്നത്. നിലത്തിരുന്നാണ് ഭക്ഷണം കഴിക്കുന്നത്. മൽസ്യ മാംസാദികൾ ഭക്ഷിക്കുന്നവരാണ് ജനങ്ങളധികവും. എന്നാൽ കാള, പശു എന്നീ പുണ്യമൃഗങ്ങളുടെ മാംസം ഹിന്ദുക്കൾ ഭക്ഷിക്കാറില്ല. മുസ്ലിംകൾ പോർക്കിറച്ചിയും വർജ്ജിക്കുന്നു. വീടുകളെല്ലാം ഓലമേഞ്ഞവയാണ്. സാമൂതിരി കോവിലകം വളരെ വിതിവിസ്താരമുള്ള കെട്ടിടമാണ്. വീടുകളിലെ തിണ്ണകൾ ചാണക വെള്ളം തളിച്ച് നിത്യേന ശുദ്ധിയാക്കുന്നു. മണ്ണുകൊണ്ടുള്ള ചുമരോടുകൂടിയ ഒറ്റമുറികുരകളാണധികമാളുകളുടേതും. വീട്ടുസാധനങ്ങൾ അധികമുണ്ടാകാറില്ല. മൺചട്ടിയും മൺപാത്രവുമാണ് മുഖ്യം. കേരളീയരുടെ വസ്ത്രധാരണരീതി വർത്തേമയും എടുത്ത് പറയുന്നുണ്ട്. സ്ത്രീ-പുരുഷ വ്യത്യാസമില്ലാതെ എല്ലാവരും അർദ്ധനഗ്നരാണ്. യുദ്ധത്തിൽ പോകുമ്പോൾ അരയിൽ മുണ്ടിനുപകരം കച്ച മുറുക്കി കെട്ടിയിരിക്കും. തലയിൽ ഒരു ചുവന്ന ഉറുമാലും നാടൻഭടൻമാർ ഉപയോഗിക്കാറുണ്ട്. രാജാക്കൻമാരും പ്രഭുക്കൻമാരും അരയ്ക്ക് കീഴേയുള്ള ഭാഗം പട്ടുവസ്ത്രം കൊണ്ടോ, കാലിക്കോ കൊണ്ടോ ആണ് മറയ്ക്കുന്നത്. കാതിലും, കഴുത്തിലും, കൈയ്യിലും കാലിലും ആഭരണങ്ങൾ അണിയാറുണ്ട്. സാമ്പത്തികസ്ഥിതി അനുസരിച്ച്, ധരിക്കുന്ന ആഭരണങ്ങളിലും വ്യത്യാസമുണ്ടായിരിക്കും.

സത്യസന്ധരും നല്ലവരുമാണ് കോഴിക്കോടുള്ളവർ. വാക്ക് പാലിക്കുന്നതിലും കള്ളമോ, ചതിയോ പ്രയോഗിക്കാതിരിക്കുന്നതിലും ഇവർ അതീവ ശ്രദ്ധാലുക്കളാണ്. ഒരാൾ ആരോടെങ്കിലും കടം വാങ്ങിയത് പറഞ്ഞ സമയത്ത് കൊടുക്കാൻ സാധിക്കാതെ വരികയും, കടക്കാരന്റെ മുമ്പിൽപ്പെടുകയും ചെയ്യുന്നുവെങ്കിൽ പണം കൊടുത്ത ആൾ കടം വാങ്ങിയ ആളുടെ ചുറ്റും ഒരു വര വരക്കുന്നു. അങ്ങനെ അയാൾ ഒന്നുകിൽ കടം വാങ്ങിയ തുക മടക്കിക്കൊടുക്കുകയോ, തക്കതായ ജാമ്യം നൽകുകയോ ചെയ്യണം. എന്നാലേ ആ വരവിട്ട് പുറത്ത് കടക്കാൻ സാധിക്കൂ. ഇത് പാവനമായ ധർമ്മമായി ആചരിച്ചുപോരുന്നു.

1502ൽ യാത്ര ആരംഭിച്ച വർത്തേമ 1507ൽ നാട്ടിൽ തിരിച്ചെത്തി. ഇപ്രാവശ്യം പറങ്കിക്കപ്പലിൽ ആഫ്രിക്കൻ മുനമ്പ് ചുറ്റിയുള്ളതായിരുന്നു യാത്ര. പോർച്ചുഗീസ് ചാരനും ക്രൈസ്തവമതപ്രചാരകനുമായിരുന്നു വർത്തേമയെങ്കിലും അദ്ദേഹം കോഴിക്കോടുണ്ടായിരുന്ന സന്ദർഭത്തിൽ അനുഭവിച്ചറിഞ്ഞതും കണ്ടതുമായ കാര്യങ്ങളാണ് തന്റെ സഞ്ചാര വൃത്താന്തത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്നതിനാൽ കേരളചരിത്രപഠനത്തിന് ഇത് സഹായകമാകുന്നു.

<u>ഡെറോത്തേ ബർബോസ</u> - 16-ാംനൂറ്റാണ്ടിന്റെ തുടക്ക

ത്തിൽതന്നെ കേരളത്തിലെത്തിയ ബർബോസ മറ്റേത് വിദേശ ഗ്രന്ഥകാരനെക്കാളും കേരളത്തേയും ഇവിടത്തെ ജനങ്ങളേയും കുറിച്ച് വിശദമായ വിവരണം നൽകിയിട്ടുള്ള സുഹൃദ്യക്കാണ്. 16 വർഷത്തിൽ കൂടുതൽ ഇവിടെ കഴിച്ചുകൂട്ടിയ അദ്ദേഹം നമ്മുടെ ഭാഷയും, ആചാരാനുഷ്ഠാനങ്ങളും ആഘോഷങ്ങളും എല്ലാം സൂക്ഷ്മതയോടുകൂടി തന്റെ 'എ ഡിസ്ക്രിപ്ഷൻ ഓഫ് ദി കോസ്റ്റ്സ് ഓഫ് ഈസ്റ്റ് ആഫ്രിക്ക ആൻറ് മലബാർ' എന്ന ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. നമ്മുടെ രാജാക്കൻമാരേയും അവരുടെ ജീവിതസമ്പ്രദായത്തേയും, ഭരണക്രമത്തേയും ഉദ്യോഗസ്ഥവൃന്ദത്തേയും സൂക്ഷ്മമായി സത്യസന്ധതയോടെ അദ്ദേഹം വിവരിച്ചിരിക്കുന്നു. 16-ാം നൂറ്റാണ്ടിലെ കേരളത്തേയും കേരളീയരേയും ഇത്ര ഭംഗിയായി ചിത്രീകരിച്ചിട്ടുള്ള സഞ്ചാരികളോ, ഗ്രന്ഥകാരൻമാരോ കുറവാണ്. നമ്മുടെ ചരിത്രസംവേദനത്തിന് ഒഴിച്ചുകൂടുവാൻ പറ്റാത്ത വിവരണമാണ് ബർബോസയുടേത്. ലിസ്ബൺകാരനായ ബർബോസ 1500ൽ കേരളത്തിലെത്തിയത് പോർച്ചുഗീസ് നാവികമേധാവിയായ കബ്രാളിനോടൊപ്പമാണ്. 1516-ൽ നാട്ടിൽ തിരിച്ചെത്തിയ അദ്ദേഹം തന്റെ ഡയറിക്കുറിപ്പുകൾ സംശോധനം നടത്തി വിരചിച്ച ഗ്രന്ഥമാണ് കിഴക്കൻ ആഫ്രിക്കയുടേയും മലബാറിന്റേയും തീരങ്ങളുടെ വിവരണം. 1521ൽ അദ്ദേഹം മരണപ്പെടുകയും ചെയ്തു.

ബർബോസ ഇവിടെ എത്തുന്ന കാലത്ത്, അതായത്, പോർച്ചുഗീസ് അധിനിവേശ നാളുകളിൽ- സുപ്രാധാനികളായ മൂന്ന് രാജാക്കൻമാരേ കേരളത്തിലുണ്ടായിരുന്നുള്ളൂ. തെക്ക് വേണാട്ട് രാജാക്കൻമാരും, കോഴിക്കോട് സാമൂതിരിയും, വടക്കേ മലബാറിൽ കോലത്തിരിയും. ഈ രാജാക്കൻമാർക്ക് മാത്രമേ വെൺകൊറ്റക്കുടകൾ ചൂടുവാനും, നാണയങ്ങൾ അടിക്കുവാനും കിരീടം ധരിക്കുവാനും, അരമനകൾ ഓടിട്ട് അലങ്കരിക്കുവാനും അധികാരമുണ്ടായിരുന്നുള്ളൂ. എന്നാൽ നാട്ടിലുടനീളം ധാരാളം നാടുവാഴികളും, ഇടപ്രഭുക്കൻമാരും, മാടമ്പികളും സർവ്വത്ര സ്വതന്ത്രരായി വാഴുകയും ചെയ്തിരുന്നു. ഈ നാട്ട് പ്രമാണിമാർക്ക് കച്ചവട സഖ്യങ്ങൾ ചെയ്യുവാനും, ഉടമ്പടികളിൽ ഏർപ്പെടുവാനും അവകാശങ്ങൾ ഉണ്ടായതിനുപുറമേ, സ്വന്തമായി യുദ്ധം നടത്തുവാനും സമാധാനക്കരാറിൽ ഒപ്പുവെക്കുവാനും അധികാരം ഉള്ളവരും ആയിരുന്നു. രാജാക്കൻമാരോട് വിധേയത്വം ഉള്ളവരായിരുന്നു ഈ മാടമ്പിമാരെങ്കിലും പലപ്പോഴും ഇവർ തങ്ങളുടെ സൈന്യങ്ങളുമായി കൂറുമാറി പ്രവർത്തിക്കുന്നവരുമാണ്. സാമന്തൻമാരുടെമേൽ രാജാക്കൻമാർ അധീശാധികാരം നിലനിർത്തിപ്പോന്നിരുന്നുവെങ്കിലും ഇടപ്രഭുക്കൻമാർ സ്വതന്ത്ര ഭരണാധിപൻമാരെപ്പോലെയാണ് ഭാവിച്ചിരുന്നതും പ്രവർത്തിച്ചിരുന്നതും. കിരീടം അണിയുവാനോ, നാണയം അടിക്കുവാനോ, വെൺകൊറ്റക്കുട ചൂടുവാനോ ഉള്ള രാജകീയ അവകാശങ്ങൾ പോർച്ചുഗീസുകാർ വരുന്ന സന്ദർഭത്തിൽ കൊച്ചിരാജാവിനുണ്ടായിരുന്നില്ല. അദ്ദേഹം സാമൂതിരിക്ക് കപ്പവും കൊടുത്ത് അദ്ദേഹത്തിന്റെ കീഴിൽ കഴിഞ്ഞിരുന്ന സാമന്തനുമായിരുന്നു. ജാതിയിൽ തന്നേക്കാൾ താണ സാമൂതിരിയുടെ കീഴിൽ കഴിയുകയെന്ന അപകർഷത കൊച്ചിരാജാക്കൻമാർക്കുണ്ടായിരുന്നു. സാമൂതിരിയുടെ കീഴിൽ കഴിയുന്നുവെന്നല്ലാതെ കൊച്ചിരാജാക്കൻമാർ എക്കാലവും ശത്രുതാമനോഭാവമാണ് സാമൂതിരിയോട് പുലർത്തിപ്പോന്നിരുന്നത്. വാസ്കോഡിഗാമയുമായി സാമൂതിരി തെറ്റിപ്പിരിഞ്ഞപ്പോൾ പറങ്കികളെ ഇരുകൈകളും നീട്ടി സ്വീകരിക്കുവാൻ കൊച്ചി തയ്യാറായത് പൂർവ്വികമായ ഈ വിരോധം കൊണ്ടാണ്. പോർച്ചുഗീസുകാരുടെ സംരക്ഷണയിൽ വന്ന കൊച്ചി സാമൂതിരിയുടെ മേൽക്കോയ്മ തിരസ്ക്കരിക്കാനും സ്വന്തമായി നാണയം അടിക്കുവാനും തുടങ്ങി. സർവ്വതന്ത്ര സ്വതന്ത്രരാജ്യമെന്ന നിലയിൽ കൊച്ചി വളരുന്നത് 16-ാം നൂറ്റാണ്ടിലാണെന്നർത്ഥം.

ഇവിടത്തെ രാജാക്കൻമാരും ജനങ്ങളിലധികവും ഹിന്ദുക്കളാണ്. വിഗ്രഹാരാധകരാണവർ. രാജാക്കൻമാരാകട്ടെ, സാധാരണക്കാരാകട്ടെ അരയ്ക്ക് മുകളിൽ യാതൊരുവക വസ്ത്രവും അണിയാറില്ലെന്ന് മാത്രമല്ല, ചെരുപ്പ് ഉപയോഗിക്കാറുമില്ല. രാജാക്കൻമാരും പട്ടുവസ്ത്രമാണ് അരയ്ക്കു ചുറ്റും തെറുത്തുടുക്കുന്നത്. രാജാക്കൻമാരുടെ അരയിൽ സ്വർണ്ണം കൊണ്ടുള്ള അരപ്പട്ട ഉണ്ടായിരിക്കും. മുടി വളർത്തി ശിരസ്സിൽ ഉയർത്തി കെട്ടിയിരിക്കും. ദീക്ഷ വടിക്കാറുണ്ടെങ്കിലും മീശ വളർത്തുന്ന പതിവുണ്ട്. കൈയ്യിലും, കാതിലും രത്നങ്ങൾ പതിച്ച സ്വർണ്ണാഭരണം ധരിക്കുന്നു. പവിഴമോ, മുത്തോ കോർത്ത മാലകൾ കഴുത്തിൽ അണിയുന്നു. നെറ്റിയിലും കൈയ്യിലും മാറിലും ഭസ്മക്കുറി ചാർത്താറുണ്ട്. രാവിലെ കുളിയും ദേഹശുദ്ധിയും വരുത്തി പ്രാർത്ഥന കഴിഞ്ഞാണ് ദിനാചര്യ നടത്തുക. കൊട്ടാരങ്ങളിൽ രാജാവിനിരിക്കുവാൻ പ്രത്യേകം തയ്യാറാക്കിയ ഇരിപ്പടമാണുള്ളത്. തിണ്ണയിൽ നിന്നും അൽപ്പം ഉയർത്തിക്കെട്ടിയ തട്ടിൻമേൽ രോമവിരിപ്പും കമ്പിളിയും വിരിച്ചിരിക്കും. പട്ടുകൊണ്ടോ, മിനുസപ്പെട്ട തുണികൊണ്ടോ തുന്നിതയ്യാറാക്കിയ തലയിണകളും ഈ പീഠത്തിലുണ്ടായിരിക്കും. ആട്ടിൻ രോമാവൃതമായ തുണി വിരിച്ചാണ് അതിഥികളെ ഇരുത്തുക പതിവ്. രാജാവിനരികിൽ സേവകൻമാർ സദാസന്നദ്ധരായി വലതുകയ്യിൽ വാളുമായി ഇടതു കൈകൊണ്ട് വായടച്ച് ആദരപൂർവ്വം കാവലിനുണ്ടായിരിക്കും.

സാമൂതിരി കോവിലകത്തെ ആചാരങ്ങളെ സവിസ്തരം പ്രതിപാദിക്കുന്ന ബെർബോസ നമ്മുടെ രാജാക്കൻമാരുടെ ഭരണ സമ്പ്രദായത്തെ തുറന്നു കാട്ടുന്നുണ്ട്. സിംഹാസനത്തിൽ ഉപവിഷ്ടനായിരുന്നാണ് സാമൂതിരി രാജ്യവിചാരം ചെയ്യുക. ഭരണനിർവ്വഹണത്തിന്റെ ചുമതല വഹിക്കുന്ന നാലു പ്രധാന മന്ത്രിമാരും മറ്റുദ്യോഗസ്ഥൻമാരും രാജകുമാരൻമാരും സന്നിഹിതരായിരിക്കും. അവർ സാമൂതിരി ഇരിക്കുന്നിടത്ത് നിന്ന് അൽപ്പം മാറി ഒരു കയ്യിൽ വാളും മറുകൈകൊണ്ട് വായ്പൊത്തിയും വിനയപൂർവ്വം നിൽക്കുന്നുണ്ടായിരിക്കും.

നാലു പ്രധാനകാര്യക്കാരിൽ മങ്ങാട്ടച്ചനാണ് പ്രഥമസ്ഥാനം. രാജ്യത്തിന്റെ ആഭ്യന്തരവും വൈദേശികവുമായ ഭരണനയം ആവിഷ്ക്കരിക്കുന്നതിൽ അദ്ദേഹത്തിന്റെ സ്ഥാനം അദ്വിതീയമാണ്. ധർമ്മോത്ത് പണിക്കർ, തിനയഞ്ചേരി ഇളയത്, വരയ്ക്കൽപാറ നമ്പി എന്നിവരാണ് മറ്റു മൂന്നുപേർ. കൊട്ടാര നടത്തിപ്പിന് അധികാരപ്പെടുത്തിയിട്ടുള്ള മേനോക്കികളെന്ന് പറയുന്ന ഉദ്യോഗസ്ഥൻമാരാണ് ദൈനംദിന കാര്യങ്ങൾ നടത്തിപ്പോരുന്നവർ. തിരുവാഭരണങ്ങൾ സൂക്ഷിക്കുന്ന നന്ദാവനത്തിൽ നമ്പിയും, ഡർബാർ കാര്യങ്ങളുടെ ചുമതല വഹിക്കുന്ന ഏറനാട് മേനോനും, മുഹൂർത്തങ്ങൾ പ്രവചിക്കുന്ന ആളൂർ കണിശനും ഇവരിൽ പ്രധാനികളാണ്.

നിയമപരിപാലനം തലച്ചാർന്നവരുടെ ചുമതലയാണ്. അദ്ദേഹത്തെ സഹായിക്കുവാൻ സാമൂതിരിയുടെ സ്ഥിരം സൈന്യമായ മുപ്പതിനായിരവും പോലനാട്ടിലെ പതിനായിരവും സദാസന്നദ്ധരായുണ്ടാകും. ഈ നായർ പടയാളികളെ 'ലോകർ' എന്നാണ് വിളിക്കുക. രാജ്യത്തെ ക്രമസമാധാനത്തിനാവശ്യമായ നടപടികൾ ഇവർ നിർവ്വഹിക്കുന്നു. വിദേശികളെ സ്വീകരിച്ച് അവർക്കാവശ്യമായ സൗകര്യങ്ങൾ ഇവർ ചെയ്തു കൊടുക്കുന്നുണ്ട്. തുറമുഖത്തിന്റെ ചുമതല ഷാബന്തർകോയ എന്ന് പറഞ്ഞിരുന്ന കോഴിക്കോട് കോയയുടേതായിരുന്നു. തുറമുഖത്തെത്തുന്ന കപ്പലിൽ അദ്ദേഹം ഒരു ചെട്ടിയോടുകൂടി പ്രവേശിച്ച് ചരക്കുകളുടെ കൃത്യമായ കണക്കെടുക്കുന്നു. സാധനം കരക്കിറക്കിയാൽ അവയുടെ സംരക്ഷണച്ചുമതലയും ഷാബന്തർകോയയുടേതായിരിക്കും. ചരക്കുകളോടൊപ്പം കപ്പലിൽ എത്തുന്ന വിദേശികളുടെ സുഖസൗകര്യങ്ങൾ നോക്കേണ്ടതും അദ്ദേഹത്തിന്റെ കടമയിൽപ്പെടുന്നു.

ഭരണകാര്യങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുവാനാവശ്യമായ ഗുമസ്ഥൻമാരായ മേനോൻമാർ നിത്യേന നടക്കുന്ന സംഭവങ്ങൾ മുഴുക്കെ പനയോലകളിൽ എഴുതി സൂക്ഷിക്കുന്നു. രാജ്യത്ത് നിന്ന് ലഭിക്കുന്ന പലയിനം നികുതിയും, ചുങ്കവും, പലതിനായി ചെലവഴിക്കുന്ന തുകയും എല്ലാം അപ്പോഴപ്പോൾ രേഖപ്പെടുത്തിയിരിക്കും. മറുനാട്ടിൽ നിന്നും വരുന്നവരുടെ പേര്, നാട്, വരവിന്റെ ഉദ്ദേശ്യം തുടങ്ങി അവരെക്കുറിച്ച് ലഭിക്കാവുന്ന കാര്യങ്ങളൊക്കെ ഇക്കൂട്ടർ എഴുതിവെക്കുന്നു. രാജകൽപ്പനകൾ അപ്പോഴപ്പോൾ ആലേഖ്യം ചെയ്യുവാൻ സദാസന്നദ്ധരായി രാജകീയ മുദ്രയുള്ള പനയോലകളുമായി സാമൂതിരിയുടെ അടുക്കൽ എട്ട് മേനോൻമാർ ഉണ്ടായിരിക്കുമെന്ന് ബർബോസ പറയുന്നു. ഇവരത്രയും രാജസന്നിധിയിൽ ശബ്ദം താഴ്ത്തി ഏറെ വിനയത്തോടുകൂടിയാണ് സംസാരിക്കുക. ഡർബാർ നടക്കുന്ന അവസരത്തിൽ എല്ലാവരും നിശബ്ദരായി ശ്രദ്ധാപൂർവ്വം നിൽക്കുന്നു.

ആഘോഷാവസരങ്ങൾക്കോ, ഉല്ലാസയാത്രയ്ക്കോ മറ്റോ സാമൂതിരി പുറപ്പെടുന്നുവെങ്കിൽ അദ്ദേഹത്തോടൊപ്പം വലിയ ഒരു സന്നാഹം അകമ്പടി സേവിക്കുവാനുണ്ടായിരിക്കും. സൈനികരും, ഉദ്യോഗസ്ഥൻമാരും, വാദ്യഘോഷക്കാരും ഇതിലുണ്ടായിരിക്കും. മഞ്ചലിലാണ് സാമൂതിരി എഴുന്നള്ളുക. അദ്ദേഹം ധാരാളം മുത്തുകളും കല്ലുകളും പതിച്ച സ്വർണ്ണാഭരണങ്ങൾ അണിഞ്ഞിരിക്കും. ഈ രാജകീയ ഘോഷയാത്രയിൽ വാളും പരിചയും ഏന്തിയ നായർഭടൻമാർ പല അഭ്യാസങ്ങളും കാട്ടി മുമ്പിലും പിമ്പിലുമുണ്ടായിരിക്കും. ഇടയ്ക്കിടയ്ക്ക് യാത്ര നിർത്തി ഈ പടയാളികളുടെ അഭ്യാസങ്ങൾ ആസ്വദിക്കുന്ന സാമൂതിരി അവരിൽ മികച്ച പ്രകടനം കാഴ്ച വെച്ചവരെ അഭിനന്ദിക്കുന്നു. മഞ്ചലിന് തൊട്ടുമുന്നിൽ സാമൂതിരിയുടെ വാളും പരിചയും എടുത്തുകൊണ്ടും മറ്റൊരാൾ ഭഗവതിയുടെ സ്വർണ്ണവാൾ ഏന്തികൊണ്ടും മൂന്നാമതൊരാൾ ചേരമാൻ പെരുമാൾ സാമൂതിരിയുടെ പൂർവ്വികന് നൽകിയിരുന്ന വാൾ വലത് കയ്യിൽ ഉയർത്തിപ്പിടിച്ചുംകൊണ്ട് നടക്കുകയും ചെയ്യുന്നു. മഞ്ചലിന്റെ ഇരുവശത്തും ആലവട്ടവും വെഞ്ചാമരവുമായി നടക്കുന്നവർ തുടർച്ചയായി അവ ആട്ടിക്കൊണ്ടിരിക്കും. മറ്റു മൂന്ന് പരിചാരകരുടെ ജോലി രാജാവിന് മുഖമോ, മൂക്കോ തുടക്കണമെങ്കിൽ അതിനാവശ്യമായ വെള്ളവും തോർത്തും കൊണ്ടുനടക്കുകയെന്നതാണ്. വലതുവശത്ത് നടക്കുന്ന ആളുടെ കൈയ്യിൽ വെള്ളം നിറച്ച സ്വർണ്ണക്കിണ്ടിയും ഇടതുവശത്തുള്ള ആളുടെ പക്കൽ വെള്ളം നിറച്ച വെള്ളിക്കിണ്ടിയും കാണും. രാജാവിനാവശ്യമുള്ളപ്പോൾ വെള്ളം കൈയ്യിൽ ഒഴിച്ചു കൊടുക്കും. മൂന്നാമത്തെയാൾ കൈതുടക്കാൻ ടൗവ്വൽ നൽകുകയും ചെയ്യും. ഇവർക്ക് പുറമേ സ്വർണ്ണകോളാമ്പിയും, വെള്ളിക്കോളാമ്പിയുമായി രണ്ടുപേർ ഇരുവശങ്ങളിലായി നടക്കും. വെറ്റില ചുരുട്ടിക്കൊടുക്കുന്ന ജോലിയാണ് മറ്റൊരു പരിചാരകന്റേത്. ഇടയ്ക്കിടക്ക് രാജാവ് ഈ കോളാമ്പിയിൽ മുറുക്കി തുപ്പിക്കൊണ്ടിരിക്കും. നാലു മുത്തുക്കുടകൾ മഞ്ചലിന്റെ മുമ്പിൽ നിവർത്തിപ്പിടിക്കുവാൻ മറ്റു നാലുപേരും, വെയിൽ കൊള്ളാതിരിക്കാൻ മഞ്ചലിന്റെ മുകളിൽ ഉയർത്തിപ്പിടിക്കുന്ന മറ്റൊരു കുട ഏന്താൻ വേറൊരു പരിചാരകനും ഉണ്ടായിരിക്കും. അനന്തിരവൻമാരും, ദേശ-നാടുവാഴികളും, മാടമ്പികളും തൊട്ടുപുറകെ സാവകാശം അടിവെച്ചടിവെച്ച് ഘോഷയാത്രയെ അനുഗമിക്കുന്നു. രാത്രിയിലാണ് ഈ ഘോഷയാത്രയെങ്കിൽ നിലവിളക്കുകളും, പന്തങ്ങളും, ധാരാളം കത്തിക്കുന്നു. എത്രമാത്രം വിശദാംശങ്ങളോടുകൂടിയതാണ് ബർബോസയുടെ വിവരണമെന്ന് നോക്കുക.

കേരളത്തിലെ രാജാക്കൻമാർ വിവാഹം ചെയ്യാറില്ല എങ്കിലും നായർ സ്ത്രീകളെ വെപ്പാട്ടികളായി സ്വീകരിക്കുന്നു. സഹോദരങ്ങളും അനന്തിരവരുമാണ് രാജാവിന്റെ പിൻഗാമികൾ.

രാജാക്കൻമാർ തീപ്പെട്ടാൽ ദഹിപ്പിക്കുകയാണ് പതിവ്. ചന്ദനത്തടിയാണ് ചിതക്ക് ഉപയോഗിക്കുന്നത്. മരിച്ച് മൂന്നു ദിവസത്തിനുശേഷം യുവരാജാവ് മുതൽ അരമനയുമായി ബന്ധപ്പെട്ടവരത്രയും പതിമൂന്ന് ദിവസം പുല ആചരിക്കും.

പതിമൂന്ന് ദിവസത്തെ പുല ആചരണത്തിന് ശേഷമാണ് യുവരാജാവ് സ്ഥാനാരോഹണം നടത്തുന്നത്. ഇതിന് അരിയിട്ട് വാഴ്ച എന്നു പറയുന്നു. വളരെയധികം ചടങ്ങുകളുള്ളതാണ് അരിയിട്ടു വാഴ്ച. പുല ആചരണമുള്ള ഒരു വർഷം സാമൂതിരി കോഴിക്കോട് പട്ടണത്തിന് പുറത്തുള്ള കോവിലിലാണ് താമസിക്കുക. പുലയുടെ കാലം കഴിഞ്ഞാൽ ആർഭാടപൂർവ്വം രാജകീയ ഘോഷയാത്രയോടുകൂടി നഗര പ്രവേശനം നടത്തുന്നു. നടേ വിവരിച്ച സകലമാന ആഘോഷങ്ങളും ആചാരാനുഷ്ഠാനങ്ങളും ഇപ്പോഴും ആവർത്തിക്കുന്നു. മുൻ രാജാവിൻെറ കീഴിലുണ്ടായിരുന്ന പ്രഭുക്കൻമാരെയും ഉദ്യോഗസ്ഥൻമാരെയും സ്ഥിരപ്പെടുത്തുന്നത് ഈ അവസരത്തിലാണ്. കൊട്ടാരത്തിലെത്തി സിംഹാസനാരൂഢനായ ശേഷമാണ് ഈ ചടങ്ങുകൾ നടത്തുക. ഇളമുറ തമ്പുരാക്കൻമാരെ നിയമിക്കുന്നതും ഈ അവസരത്തിലാണ്. യുവരാജാവായ ഏറാൾപ്പാട്, സ്ഥാനം സ്വീകരിച്ചുകഴിഞ്ഞാൽ പിന്നെ രാജാവ് മരിച്ചതിനുശേഷമേ, കോഴിക്കോട് നഗരത്തിൽ പ്രവേശിക്കുവാൻ പാടുള്ളു. ഇളംമുറക്കാർ കൊട്ടാരത്തിൽ താമസിക്കും.

ക്രമസമാധാനം പാലിക്കുന്നതിൽ ബദ്ധശ്രദ്ധരാണ് ഭരണാധിപൻമാർ. ചെറിയ കുറ്റങ്ങൾക്ക് പോലും കഠിനശിക്ഷ നൽകുന്നതിനാൽ രാജ്യത്ത് കുറ്റം ചെയ്യുന്നവർ കുറവാണ്. മരണശിക്ഷ നൽകുന്നത് കഴുവിൽ കയറ്റിയോ, ശിരഛേദം ചെയ്തിട്ടോ ആണ്. കുറ്റക്കാരെ ശിക്ഷിക്കുന്നതിന് പ്രത്യേകം ഉദ്യോഗസ്ഥൻമാരുണ്ട്. കുറ്റം തെളിയിക്കുന്ന രീതിയിലും ശിക്ഷയുടെ തോതിലും ജാതി-മത വ്യത്യാസമനുസരിച്ച് കുറേ ഏറ്റക്കുറച്ചിലുകൾ കാണും. സത്യപരീക്ഷണമെന്ന സമ്പ്രദായമാണ് കുറ്റം തെളിയിക്കുവാൻ പ്രയോജനപ്പെടുത്തുന്നത്. തിളച്ചനെയ്യിൽ കൈമുക്കിക്കുകയോ, പഴുത്ത ഇരുമ്പിൽ നക്കിക്കുകയോ ചെയ്ത് കുറ്റവാളികളെ നിശ്ചയിക്കുന്നു. ഈ പരീക്ഷണത്തിൽ വിരലോ, നാവോ പൊള്ളുന്നില്ലെങ്കിൽ നിരപരാധിയായി പ്രഖ്യാപിക്കും. പൊള്ളിയാൽ ശിക്ഷ ലഭിക്കുകയും ചെയ്യുന്നു. ചെറിയതരം കുറ്റങ്ങൾക്ക് പിഴ വസൂലാക്കുന്നു. മാടമ്പിമാരേയും നായർ പ്രമാണിമാരേയും ചങ്ങലയിൽ പൂട്ടാറില്ല. അവർ വലിയ പാതകമാണ് ചെയ്തിട്ടുള്ളതെങ്കിൽ കണ്ടുപിടിക്കുന്ന സ്ഥലത്ത്വെച്ച് കൊല്ലുവാനുള്ള കൽപ്പന മൂന്നു നാലു പേരുടെ പക്കൽ എഴുതിക്കൊടുത്ത് അവരെ അന്വേഷണത്തിന് വിടുന്നു. അവർ കുറ്റക്കാരനെ കൊന്നശേഷം രാജകൽപ്പന മൃതദേഹത്തിൽ തുന്നിക്കെട്ടി മടങ്ങിപ്പോരും. സ്ത്രീകളെ വധശിക്ഷയ്ക്ക് വിധേയരാക്കാറില്ല. സ്ത്രീകളുടെ കുറ്റം തെളിഞ്ഞാൽ അവരെ ക്രിസ്ത്യാനികൾക്കോ, മുസ്ലിംകൾക്കോ വിൽക്കുകയാണ് രീതി.

കേരളത്തിലെ മതസൗഹാർദ്ദം ബർബോസയുടെ പ്രശംസക്ക് പാത്രീഭവിച്ചിരുന്നു. നമ്പൂതിരി മുതൽ നായാടിവരെയുള്ള ജാതികൾ അക്കാലത്തും കേരളത്തിലുണ്ടായിരുന്നു. ബർബോസ ഇവരെക്കുറിച്ചൊക്കെ വിവരിക്കുന്നുണ്ട്. ക്രിസ്ത്യാനികൾ, മുസ്ലിംകൾ, ജൂതൻമാർ എന്നീ മതവിഭാഗങ്ങളും അദ്ദേഹത്തിൻെറ ഗ്രന്ഥത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. ജാതികളേയും ജാത്യാചാരങ്ങളേയും വിവരിക്കുമ്പോൾ സമൂഹത്തിലെ പ്രബലസമുദായമായിരുന്ന നായൻമാരെപ്പറ്റിയാണ് വിശദാംശങ്ങളോടുകൂടി അദ്ദേഹം വിവരിക്കുന്നത്.

പടനായകൻമാരായ പണിക്കർമാരുടെ കളരിയിൽ ഏഴ് വയസ്സാകുമ്പോൾ മുതൽ നായർ കുട്ടികൾ യുദ്ധാഭ്യാസത്തിനായി ചേരുന്നു. എല്ലാത്തരം അടിയും തടയും വെട്ടും കുത്തും ഒക്കെ പഠിക്കുന്ന ഇവരുടെ ശരീരം ഏത്വിധം വളക്കാനും തിരിക്കാനും പറ്റുന്നവണ്ണം എണ്ണയിട്ട് പരിശീലനം നടത്തി ക്രമപ്പെടുത്തിയെടുക്കുന്നുണ്ട്. അമ്പും വില്ലും, വാളും പരിചയും, കുന്തവും ഗദയുമൊക്കെ വിദഗ്ദ്ധമായി പ്രയോഗിക്കാനുള്ള പരിശീലനം നേടിയാണ് ഇവർ കളരി വിടുന്നത്. ഇത് കഴിഞ്ഞാൽ ഏതെങ്കിലും രാജാവിൻെറയോ, മാടമ്പിയുടെയോ, സേവകനായി ജോലി ചെയ്യുന്നു. തങ്ങളെ തീറ്റിപ്പോറ്റുന്ന യജമാനനോട് കൂറും വിശ്വാസ്യതയും പുലർത്തുന്ന ഇവർ അവർക്കുവേണ്ടി ജീവത്യാഗംപോലും ചെയ്യുന്നവരാണ്. രാജ്യത്തിൻെറ ക്രമസമാധാനം പുലർത്തുന്നത് ഇവരുടെ പ്രധാന ചുമതലയുമാണ്. നായൻമാർ കുലീനരും മാന്യരുമാണ്. കീഴ്ജാതിക്കാരുമായി കൂടിക്കഴിയാൻ അവർ നിൽക്കാറില്ല. പുറത്തിറങ്ങുമ്പോൾ വാളും പരിചയും ഉണ്ടായിരിക്കും. തങ്ങളെ കീഴ്ജാതിക്കാർ ആരെങ്കിലും അടുത്തുവന്ന് അയിത്തപ്പെടുത്താതിരിക്കാൻ അത്തരക്കാരെ ക്കാണുമ്പോൾ, 'പോ, പോ' എന്ന് ഉറക്കെ വിളിച്ചുകൂവുന്നു. തങ്ങൾ ഉത്തമകുല ജാതരാണെന്ന ബോധം നായൻമാർക്കെപ്പോഴുമുണ്ട്. അവർ ധീരശൂരപരാക്രമികളാണ്. പടക്കളത്തിൽ നിന്നും ആയുധം ഉപേക്ഷിച്ച് ഒളിച്ചോടിപ്പോരുന്നവർക്ക് ജാതിഭ്രഷ്ട് കൽപ്പിക്കുന്നു. കുശവൻമാരുടെ പന്തിയിലാണ് പിന്നെ അവർക്ക് സ്ഥാനം. നായൻമാർ വളരെ ഒതുങ്ങി ജീവിക്കുന്നവരാണ്. ഒരുനേരത്തെ ഭക്ഷണം കൊണ്ട് അവർ തൃപ്തിപ്പെട്ടുകൊള്ളും, തുച്ഛമായ വരുമാനമേ അവർക്ക് ലഭിക്കാറുള്ളൂ. സ്വന്തമായി വീടും പറമ്പും ഉള്ളവരാണിവർ. വേലികെട്ടി വേർതിരിച്ച് ആവശ്യസാധനങ്ങൾ അവിടെ കൃഷി ചെയ്തുണ്ടാക്കും. വീടുകൾ ചളിക്കട്ട കൊണ്ട് കെട്ടിയുണ്ടാക്കിയതും ഓലമേഞ്ഞതുമാണ്.

നായൻമാർ മരുമക്കത്തായികളാണ്. സഹോദരീപുത്രൻമാർക്കാണ് പിൻതുടർച്ചവകാശം. നായർ സ്ത്രീകൾ സുന്ദരികളും കുടുംബനാഥകളുമാണ്. താലികെട്ട് കല്യാണമെന്ന ഒരു ചടങ്ങ് ബാല്യം കഴിയുന്നതിനുമുമ്പ് നടത്തുന്നു. ഉന്നതകുല ജാതനായ ഒരാളെയാണ് ഇതിനായി ക്ഷണിച്ച് കൊണ്ടു വരുന്നത്. താലികെട്ടി എന്നു കരുതി അയാൾ ആ സ്ത്രീയെ ഭാര്യയായി സ്വീകരിക്കണമെന്നില്ല. ഒരാൾതന്നെ പല ബാലികമാരുടേയും, കഴുത്തിൽ താലികെട്ടാറുണ്ട്. ഈ ചടങ്ങിന് ശേഷമേ സ്ത്രീകൾക്ക് ലൈംഗിക വേഴ്ച അനുവദനീയമായുള്ളൂ. നായർ സ്ത്രീക്ക് എത്ര പുരുഷൻമാരെ വേണമെ

ങ്കിലും തന്റെ കമിതാക്കാളായി സ്വീകരിക്കാം. ഓരോരുത്തരും കൃത്യമായി ഊഴംവെച്ച് വന്നും പോയും കൊണ്ടിരിക്കും. അരയ്ക്കു മുകളിൽ യാതൊരു വസ്ത്രവും ഇവർ മറ്റുള്ളവരെപ്പോലെതന്നെ ധരിക്കാറില്ല. എന്നാൽ മാറിലും കഴുത്തിലും ചന്ദനം പുരട്ടുകയും, കാതിലും കഴുത്തിലും, കാലിലും, അരയിലും പലതരം ആഭരണങ്ങൾ അണിയുകയും ചെയ്യും. ഏത് പുരുഷനെ പുതുതായി സ്വീകരിക്കുവാനും ഏതാളെ ഉപേക്ഷിക്കുവാനുമുള്ള സ്വാതന്ത്ര്യം നായർ സ്ത്രീക്കുണ്ട്. കുട്ടികളുടെ സംരക്ഷ അമ്മയും അമ്മാവനുമാണ് നോക്കുന്നത്.

ഇവരുടെ ഇടയിലുള്ള മറ്റൊരു പ്രത്യേക ആചാരവും ബർബോസയുടെ വിവരണത്തിൽ സ്ഥലം പിടിച്ചിട്ടുണ്ട്. 'പുലപ്പേടി', 'മണ്ണാപ്പേടി', എന്നറിയുന്ന ഈ സമ്പ്രദായത്തിൽ ഹീനജാതികളായ പുലയർ, മണ്ണാൻമാർ തുടങ്ങിയവർ നായർ സ്ത്രീകളെ ഒളിഞ്ഞിരുന്ന് അയിത്തപ്പെടുത്തുന്നു. കല്ലോ, വടിയോ, വലിച്ചെറിഞ്ഞോ, ഓടിവന്ന് തൊട്ടോ അശുദ്ധപ്പെടുത്തിയാൽ ആ സ്ത്രീ ഈ കീഴ്ജാതിക്കാരനോടൊപ്പം പോയി അവരുടെ ചാളയിൽ കഴിയണം. ഓരോവർഷവും നിശ്ചിതമാസങ്ങളിൽ ഇതാവർത്തിക്കാറുണ്ട്. അതിനാലാണ് പുലപ്പേടിയെന്നും മണ്ണാപ്പേടിയെന്നും പറഞ്ഞുപോരുന്നത്.

ബർബോസയുടെ വിവരണം വസ്തുനിഷ്ഠവും, സത്യസന്ധവുമായിരിക്കുന്നു. 16-ാം നൂറ്റാണ്ടിലെ കേരളസമൂഹത്തിന്റെ സ്ഥിതിഗതികൾ ഏറെക്കുറെ മനസ്സിലാക്കുവാൻ വളരെ സഹായിക്കുന്ന ഗ്രന്ഥമാണ് ബർബോസയുടേത് എന്ന കാര്യത്തിൽ സംശയമില്ല.

<u>ഫെറിയ വൈസൂസ</u> - 'ദ പോർച്ചുഗീസ് ഏഷ്യ' എന്ന പ്രശസ്തമായ ഗ്രന്ഥത്തിന്റെ കർത്താവാണ് ഫെറിയ വൈസൂസ. പോർച്ചുഗലിൽ 1590ൽ ജനിച്ച അദ്ദേഹം 1649ലാണ് തന്റെ ഗ്രന്ഥം പൂർത്തിയാക്കിയത്. 1695ൽ ഇതിന്റെ ഇംഗ്ലീഷ് തർജ്ജുമയും പുറത്തുവന്നു. 1498 മുതൽ 1640 വരെയുള്ള പോർച്ചുഗീസ് അധിനിവേശത്തിന്റെ ചരിത്രമാണ് ഇതിലുള്ളത്. ഓഡർ ഓഫ് ക്രൈസ്റ്റ് എന്ന സംഘടനയിലെ അംഗമെന്ന നിലയിൽ ക്രൈസ്തവമതത്തിന്റെ കേരളത്തിലുണ്ടായ പുരോഗതി അദ്ദേഹം താൽപ്പര്യപൂർവ്വം ആവിഷ്കരിക്കുന്നുണ്ട്. പറങ്കികൾ വിശ്വസിച്ചിരുന്നത് തങ്ങൾ എത്തിപ്പെടുന്ന സ്ഥലങ്ങളിലെ ജനങ്ങളെ ക്രിസ്ത്യാനികളാക്കുക എന്നത് ദൈവദത്തമായ തങ്ങളുടെ ദൗത്യമായിരുന്നുവെന്നാണ്. കേരളത്തിലെ ജനങ്ങളെ മുഴുക്കെ മതപരിവർത്തനം നടത്തുവാൻ അവർ ആഗ്രഹിച്ചിരുന്നുവെങ്കിലും അത് ഭാഗികമായി മാത്രമേ വിജയിച്ചുള്ളു. കൊച്ചിരാജാവിനെ ക്രിസ്ത്യനിയാക്കുവാനുള്ള ശ്രമം പരാജയപ്പെട്ടു. എന്നാൽ താനൂർ രാജാവിനെ ഗോവയിൽ കൊണ്ടുപോയി മതം മാറ്റിയെങ്കിലും തിരിച്ച് നാട്ടിലെത്തിയ അദ്ദേഹം തന്റെ പൂർവ്വികരുടെ മതത്തിലേക്ക് തിരിച്ചു പോകുകയാണ് ചെയ്തത്. എന്നാൽ രാജ്യത്തുടനീളം പറങ്കികളുടെ പ്രവർത്തനഫലമായി ക്രസ്തുമതത്തിന് ലഭിച്ച പ്രചാരവും ഇവിടത്തെ ക്രിസ്ത്യാനികളിലുള്ള ഉപവിഭാഗങ്ങളുടെ സ്ഥിതിയും വൈസൂസ വളരെ സ്പഷ്ടമായി പരാമർശിക്കുന്നുണ്ട്. കേരളത്തിലുണ്ടായിരുന്ന ക്രിസ്ത്യനികൾ ഏതുതരം സമീപനമാണ് വിദേശീയരായ പറങ്കികളുടെ മതപ്രചാരപ്രവർത്തനങ്ങളോട് നടത്തിയത്, അതിൽ എത്രത്തോളം അവർ വിജയിച്ചു എന്നൊക്കെ വളരെ സൂക്ഷ്മമായി അദ്ദേഹം പറഞ്ഞുപോകുന്നു. തന്റെ ഗ്രന്ഥരചനക്ക് അദ്ദേഹം ഉപയോഗപ്പെടുത്തിയ ഉപാദാനങ്ങൾ പോർച്ചുഗീസ് വൈസ്രോയിമാരുടേയും, നാവിക മേധാവികളുടേയും, ഉദ്യോഗസ്ഥപ്രമുഖരുടേയും, ഡയറിക്കുറിപ്പുകൾ, എഴുത്തുകുത്തുകൾ, ഉടമ്പടികൾ, കരാറുകൾ തുടങ്ങിയ അടിസ്ഥാന പ്രമാണങ്ങളാണ്. അതിനാൽ പോർച്ചുഗീസ് ഏഷ്യ എന്ന ഗ്രന്ഥം കേരളചരിത്ര വിദ്യാർത്ഥികൾക്ക് ഏറെ ഉപകരിക്കുന്നു.

കോഴിക്കോട് എത്തിയ ഗാമ ക്രൈസ്തവ ദേവാലയമാണെന്ന വിശ്വാസത്തിൽ അവിടെയുണ്ടായിരുന്ന കാളിക്ഷേത്രത്തിൽ കയറി പ്രാർത്ഥന നടത്തിയതും അദ്ദേഹം കൊച്ചിയിലായിരിക്കുമ്പോൾ മുപ്പതിനായിരം ക്രിസ്ത്യനികളുടെ പ്രാതിനിധ്യം അവകാശപ്പെട്ടുകൊണ്ട് അദ്ദേഹത്തിന് കൊടുങ്ങല്ലൂർ നിന്നും വന്ന പ്രതിനിധി സംഘം സമർപ്പിച്ച നിവേദനത്തെപ്പറ്റി യുമൊക്കെ ദീർഘമായി വ്യവഹരിക്കുന്നുണ്ട്. വൈസൂസ തന്റെ ഗ്രന്ഥത്തിൽ കിട്ടിയ അവസരമൊക്കെ പ്രയോജനപ്പെടുത്തി. അവർ നടത്തിയ മതപരിവർത്തനത്തിന്റെ കഥകൾ മറച്ചുവെക്കാൻ വൈസൂസ മെനക്കെട്ടില്ല. അതേ സമയം അത് പറങ്കികളുടെ പ്രധാനനേട്ടമായദ്ദേഹം കാണുകയും ചെയ്യുന്നുണ്ട്. 1544ൽ തേവലക്കര ക്ഷേത്രവും, 1549ൽ പള്ളുരുത്തി ക്ഷേത്രവും കൊള്ളയടിച്ചു. തിരുവല്ലാ ക്ഷേത്രത്തിൽനിന്നും ധാരാളം സ്വർണ്ണവും വെള്ളിയും കൊള്ളയടിച്ചു. മതപരിവർത്തനത്തിന്റെ ഭാഗമായിട്ടാണ് നാടൻ സ്ത്രീകളെ വിവാഹം കഴിക്കുകയെന്ന നയം ആൽബുക്കർക്ക് നടപ്പിലാക്കിയത്. മാർഗ്ഗംകൂടിയവർ തങ്ങളുടെ സംരക്ഷണയിലാണെന്നും അവരുടെ കുറ്റവും ശിക്ഷയും മേൽക്കോയ്മയും തങ്ങളിലധിഷ്ഠിതമാണെന്നും പറങ്കികൾ അവകാശപ്പെട്ടു. കൊച്ചിതമ്പുരാക്കൻമാർക്ക് ഇതൊക്കെ അനുവദിച്ചു കൊടുക്കുകയേ കരണീയമായിട്ടുണ്ടായിരുന്നുള്ളു. കേരളത്തിലെ ക്രിസ്ത്യാനികളെ ഒന്നടങ്കം റോമിന്റെകീഴിൽ കൊണ്ടുവരുവാനുള്ള തീവ്രശ്രമം അവർ തുടങ്ങിയതോടെയാണ് ഇവിടത്തെ സുറിയാനി ക്രിസ്ത്യാനികളും മറ്റും ഇവരുടെ മതഭ്രാന്തും അസഹിഷ്ണുതയും അനുഭവിച്ചറിയാൻ തുടങ്ങിയത്. കൂനംകുരിശ് സത്യം പോർച്ചുഗീസ്കാരുടെ മതനയത്തോടുള്ള തുറന്ന പ്രതിഷേധമായിരുന്നു. എന്നാൽ ക്രൈസ്തവാചാരങ്ങളിൽ കാര്യമായ പരിഷ്ക്കാരങ്ങൾ ഉണ്ടാക്കിയ ഉദയംപേരൂർ സൂന്നഹദോസ് പറങ്കികളുടെ ശ്രമഫലമായാണുണ്ടായത്.

1536-ൽ കൊച്ചി രാജാവും പറങ്കികളും കൂട്ടായി നടത്തിയ ആക്രമണത്തിൽ ഇടപ്പള്ളി രാജാവിന്റെ ആസ്ഥാനം നശിപ്പിച്ചപ്പോൾ അവിടെ നിന്നും ലഭിച്ച ഒരു

ശിലാലിഖിതത്തെപ്പറ്റി വൈസൂസ എഴുതുന്നുണ്ട്. അനാദി കാലം മുതൽ കേരളം വാണിരുന്ന രാജാക്കൻമാരുടെ പേരുവിവരം ആലേഖ്യം ചെയ്തതായിരുന്നുവത്രേ ആ ശില. അത് കൊച്ചി തമ്പുരാന് കൈമാറിയെന്ന് വൈസൂസ രേഖപ്പെടുത്തുന്നു. എന്നാൽ ഇതെവിടെ പോയെന്നോ, എങ്ങിനെ നഷ്ടപ്പെട്ടെന്നോ അറിയുവാനുള്ള മാർഗ്ഗമില്ല. അതുപോലെ **1583**ൽ കൊച്ചിയിലുണ്ടായ മറ്റൊരു സംഭവത്തേയും വൈസൂസ വിവരിക്കുന്നുണ്ട്. ശക്തി ക്ഷയിച്ച കൊച്ചിരാജാവിനെ നിർബന്ധിച്ച് രാജ്യത്ത് നിന്നും ലഭിക്കുന്ന ചുങ്കത്തിനുള്ള അവകാശം പോർച്ചുഗീസുകാർ കരസ്ഥമാക്കി. എന്നാൽ ഇതറിഞ്ഞ് ക്ഷുഭിതരായ ജനങ്ങൾ വലിയ ലഹളക്ക് ഒരുക്കൂട്ടി. ലഹളയില്ലാതാക്കുവാൻ സാദ്ധ്യമല്ലെന്ന് മനസ്സിലാക്കിയ പോർച്ചുഗീസ് മേധാവി രാജാവുമായുണ്ടാക്കിയ കരാർ റദ്ദ് ചെയ്ത് ചുങ്കം പിരിവ് പഴയപടിതന്നെ നടത്തുവാൻ നിശ്ചയിച്ചു. രാജ്യതാൽപ്പര്യത്തിനെതിരായി ഉടമ്പടികൾ നടത്തുന്നത് രാജാക്കൻമാർ തന്നെയായാലും ജനകീയ മുന്നേറ്റത്തിൻെറ മുമ്പിൽ പലപ്പോഴും അവ റദ്ദാക്കേണ്ടതായി വന്നിരുന്നു. ഇംഗ്ലീഷ് ഫാക്ടറിക്കെതിരായി ആറ്റിങ്ങലിൽ നടന്ന രക്തച്ചൊരിച്ചിൽ നമുക്കറിയാവുന്നതാണല്ലോ.

സാമൂതിരിയുടെ വേഷഭൂഷാദികളെക്കുറിച്ച് വൈസൂസ എഴുതുന്നത് നോക്കുക. **1599**ൽ കുഞ്ഞാലി നാലാമന് എതിരായി പോർച്ചുഗീസുകാരുമായുണ്ടാക്കിയ കരാറിന് ശേഷം കോഴിക്കോടെത്തിയ പറങ്കിപ്പടത്തലവനായ ഫെർട്ടാഡോവിനെ സാമൂതിരി സ്വീകരിക്കുന്നതാണ് രംഗം. അരയിൽ മുട്ടുവരെ എത്തുന്ന സുവർണ്ണക്കച്ച ചുറ്റി കൈപ്പത്തിയുടെ വീതിയുള്ള രത്നഖചിതമായ ഒരു അരപ്പട്ടയിട്ട് മുറുക്കിയിരുന്നു. കൈമുട്ടുവരെ രത്നം പതിച്ച അനവധി സ്വർണ്ണ കങ്കണങ്ങൾ ഇരുകൈകളിലും അണിഞ്ഞിരുന്നു. ഇതിൻെറ ഭാരം താങ്ങുവാൻ രണ്ടു പരിചാരകൻമാർ കൈതാങ്ങി പ്പിടിച്ചിരുന്നുവത്രേ. കഴുത്തിൽ വിലകൂടിയ വജ്രമാലയും, കാതിലാകട്ടെ, വൈരക്കല്ലുകളും, മരതകങ്ങളും പിടിപ്പിച്ച വലിയ കടുക്കൻ ഇട്ടിരുന്നതിനാൽ ഭാരംകൊണ്ട് കാത് തൂങ്ങിക്കിടന്നിരുന്നു. അദ്ദേഹത്തിൻെറ ഇരുവശത്തും വാളുകൾ ഊരിപ്പിടിച്ച് പരിചാരകൻമാരുണ്ടായിരുന്നു. യുദ്ധത്തിന് പുറപ്പെടേണ്ട അവസരത്തിൽപ്പോലും നമ്മുടെ രാജാക്കൻമാരുടെ വേഷഭൂഷാദികൾ ഏത് തരമായിരുന്നുവെന്ന് കാണുക. തിരുവിതാംകൂർ രാജാവ് ജാതിമേൻമ നേടുവാൻ ഹിരണ്യഗർഭം നടത്തുന്ന രീതിയും വൈസൂസ വിശദീകരിക്കുന്നു. സ്വർണ്ണം കൊണ്ട് പശുവിനെ ഉണ്ടാക്കി രാജാവ് അതിനകത്ത് നിന്ന് പുറത്തുവരണം. സ്വർണ്ണം കൊണ്ടുണ്ടാക്കിയ പശുവിനെ ബ്രാഹ്മണർക്ക് ദാനവും ചെയ്യണം. **18**-ാം നൂറ്റാണ്ടിൽപ്പോലും മാർത്താണ്ഡവർമ്മയും, ധർമ്മരാജയും ഇത് നടത്തിയിട്ടുണ്ട്.

ഹിന്ദുക്കളാണ് ജനങ്ങളിലധികവും. അവർ വിഗ്രഹാരാധന നടത്തുന്നു. നാട്ടിൽ വളരെ ക്ഷേത്രങ്ങളും അവയിലൊക്കെ പൂജാരികളും മറ്റു പണിക്കാരും കാണും. നിത്യേന തങ്ങളുടെ ആരാധനാമൂർത്തികളുടെ മുമ്പിൽ നിവേദ്യങ്ങൾ അർപ്പിക്കുന്നു. കൃഷ്ണശിലകൊണ്ടോ സ്വർണ്ണംകൊണ്ടോ ഉള്ളവയാണ് വിഗ്രഹങ്ങളധികവും. പൊതു ക്ഷേത്രങ്ങൾക്ക് പുറമേ ഇഷ്ടദേവ പ്രതിഷ്ഠയുള്ള സ്വകാര്യ ക്ഷേത്രങ്ങളും ധാരാളമുണ്ട്. വഴിപാടുകളും നിവേദ്യങ്ങളും നടത്തുന്നതുകൊണ്ട് എല്ലാ പാപങ്ങളും പൊറുക്കപ്പെടുമെന്നും ഐശ്വര്യം കിട്ടുമെന്നും ജനങ്ങൾ വിശ്വസിക്കുന്നു.

മന്ത്രവാദം, ഒടിവെക്കൽ, ചാത്തൻമാരുടെ വിക്രിയകൾ തുടങ്ങി ആചരിച്ചു വിശ്വസിച്ചു പോരുന്ന പലതരം സേവകളെപ്പറ്റിയും വൈസൂസ രസകരമായി വിവരിക്കുന്നുണ്ട്. ഓരോ വീട്ടിലും തങ്ങളുടെ ആരാധനാമൂർത്തികളെ കുടിയിരുത്തുവാൻ പ്രത്യേകമായി മുറി തയ്യാറാക്കിയിട്ടുണ്ടാകും. തങ്ങളുടെ ശത്രുക്കളിൽ നിന്നും ഉപദ്രവമില്ലാതിരിക്കുവാനും വേണ്ടി വന്നാൽ ശത്രുക്കളെ വകവരുത്തുവാനും ഈ ആരാധന മൂർത്തികളെ ഉപയോഗപ്പെടുത്തുന്നതായി വൈസൂസ പറയുന്നു. ഈ നൂറ്റാണ്ടന്ത്യം വരെ നിലനിന്നിരുന്ന ഒടിവെയ്ക്കൽ പതിനാറാം നൂറ്റാണ്ടിൽ സാർവ്വത്രികമായിരുന്നുവെന്ന് വേണം ഊഹിക്കുവാൻ. മന്ത്രവാദങ്ങളും ക്ഷുദ്രപ്രവൃത്തികളും കൊണ്ട് ഒരു ദേശത്തെ തന്നെ നശിപ്പിക്കുവാൻ കഴിയുമെന്ന് ഗ്രന്ഥകാരൻ പറയുന്നു. കൊടുങ്ങല്ലൂർ ഇങ്ങനെ കത്തിയെരിയുന്നത് കണ്ടവർ അപ്പോഴും ജീവിച്ചിരിക്കുന്നുണ്ടെന്ന് അദ്ദേഹം തുടർന്നെഴുതുന്നു. അതുപോലെ ചാത്തൻസേവ നടത്തുന്ന ഒരു സ്ത്രീയെ കോഴിക്കോട് താൻ കണ്ടതായും അദ്ദേഹം പറയുന്നുണ്ട്. ഇവർ പല ഉപദ്രവങ്ങളും ചെയ്യുന്നുണ്ടെങ്കിലും അവരുടെ മേൽ നടപടി ഒന്നും എടുക്കാറില്ല. ശത്രുക്കളെ വിരട്ടാൻ രാജാക്കൻമാരും ഇത്തരം ആളുകളുടെ സേവനം ഉപയോഗപ്പെടുത്താറുണ്ടത്രേ. സുഖക്കേടുകൾ, ഭൂത പ്രേതബാധ കൊണ്ടാണുണ്ടാകുന്നതെന്ന് ജനങ്ങൾ വിശ്വസിക്കുന്നു. തൻമൂലം അസുഖമായാൽ മന്ത്രവാദിയെയാണ് ശരണം പ്രാപിക്കുക.

അനവധി ജാതി വിഭാഗങ്ങൾ നാട്ടിലുണ്ട്. താഴ്ന്ന ജാതിക്കാരെ കാണുകയോ, ഇടപഴുകുകയോ ചെയ്യാറില്ല. പുറത്തിറങ്ങുമ്പോൾ ഹീനജാതിക്കാർ എതിരെ വരുന്നുവെങ്കിൽ 'പോ', 'പോ' എന്ന് ഉച്ചത്തിൽ വിളിച്ചുപറയും. ആരെങ്കിലും യാദൃശ്ചികമായി കീഴ്ജാതിക്കാരനെ കാണുകയോ, അയാളുടെ അടുത്ത് എത്തുകയോ ചെയ്താൽ അയിത്തമാകും. ഓരോ ജാതിയും മേൽജാതിയിൽപ്പെട്ടവരിൽ നിന്നും മാറിനിൽക്കേണ്ട ദൂരം കൃത്യമായി നിശ്ചയിച്ചിട്ടുണ്ട്. അയിത്തമായാൽ മുങ്ങിക്കുളിക്കുകയാണ് പ്രതിവിധി. കുളിക്കുന്നത് ശരീരത്തിനും ആത്മാവിനും ശുദ്ധിവരുത്തലാണെന്നാണ് വിശ്വാസം. കുളിച്ച് നെറ്റിയിലും മാറത്തും കൈകളിലും ഭസ്മമിടുന്നു. ചാണകം ഉണക്കിപ്പൊടിച്ചതാണ് ഭസ്മം. യോഗികൾ ദേഹമാസകലം ഈ പൊടിപുരട്ടുകയും ഭക്തൻമാർക്ക് പ്രസാദമായി നൽകുകയും ചെയ്യും. പശുവിനെ പുണ്യമൃഗമായി കരുതുന്നതിനാൽ പശുവിൽ നിന്നും കിട്ടുന്നതെന്തും നല്ലതാണെന്നാണ് വിശ്വാസം. ഗോമൂത്രം കഴിക്കുന്നവരും കുറവല്ല. വീടുകളും

അമ്പലങ്ങളും പരിസരവും ചാണകവെള്ളം തളിച്ച് നിത്യേന ശുദ്ധിവരുത്തുന്നു.

ഹിന്ദുക്കൾ ഏകാദശിവ്രതം അനുഷ്ഠിക്കാറുണ്ട്. ഓരോ മാസത്തിലേയും പതിനൊന്നാം ദിവസമാണിത്. പഴം മാത്രമേ ആഹാരമായി ഉപയോഗിക്കാറുള്ളൂ. ശിവരാത്രിവ്രതത്തിൽ രാത്രി ഒട്ടും ഉറങ്ങുന്ന പതിവില്ല. സ്ത്രീകൾ തിരുവാതിരനാൾ ആഹ്ലാദപൂർവ്വം ആഘോഷിക്കുന്നു. കുടുംബത്തിൽ ആരെങ്കിലും മരിച്ചാൽ ഒരു വർഷം പുല ആചരിക്കുന്ന പതിവുമുണ്ട്. പുരുഷൻമാർ താടിയും തലയും വടിച്ച്, മത്സ്യമാംസാദികൾ പരിത്യജിച്ച് ദുഖാചരണം നടത്തും. പതിനഞ്ചാം ദിവസം ചിതാഭസ്മം ആഘോഷപൂർവ്വം കൊണ്ടുപോയി കടലിൽ കളയുന്നു. സംവൽസരവ്രതം അവസാനിക്കുന്ന ദിവസം പൂജാകർമ്മങ്ങളും സദ്യയും നടത്തുന്നു.

വൈസൂസയും നമ്മുടെ സത്യപരിക്ഷയെക്കുറിച്ച് വിസ്തരിച്ച് പ്രതിപാദിച്ചിട്ടുണ്ട്. ഈ വക വിവരണങ്ങൾക്ക് പുറമേ, ഗോവയിൽ തടവുകാരനായിരുന്ന കുഞ്ഞാലി നാലാമന്റെ അമ്മാവന്റെ മകനുമായ ഡോൺപെഡ്രോ റോഡ്രിഗ്സ് എന്ന അലിമരക്കാരെക്കുറിച്ച് വൈസൂസ നൽകുന്ന വിവരം അതീവ പ്രാധാന്യം ഉള്ളതാണ്. അലിമരക്കാരെക്കുറിച്ച് ഫ്രഞ്ച്കാരനായ പിറാർഡ് ഡി ലാവൽ ആണ് ഇതിനുമുമ്പ് എഴുതിയിട്ടുള്ളത്. 1611-ൽ അദ്ദേഹം മടങ്ങിപ്പോവുന്നതുവരെയുള്ള വിവരണമാണ് നമുക്ക് അതിൽനിന്നും ലഭിക്കുന്നത്. എന്നാൽ ജയിൽചാടി വടകര എത്തിയ അലിമരയ്ക്കാർ തുടർന്ന് സംഘടിപ്പിച്ച നാവിക വ്യൂഹത്തേയും, സാഹസിക യുദ്ധങ്ങളേയും സംബന്ധിച്ച് വൈസൂസയുടെ 1649-ൽ പ്രസിദ്ധീകരിച്ച 'പോർച്ചുഗീസ് ഏഷ്യ' എന്ന ഗ്രന്ഥത്തിൽ നിന്നുമാണ് ലഭിക്കുന്നത്. പറങ്കിക്കപ്പലുകളെ നിരന്തരം വേട്ടയാടി അവരുടെ ജീവനും സ്വത്തിനും അരക്ഷിതാവസ്ഥ സൃഷ്ടിച്ച് പറങ്കികളുടെ പേടിസ്വപ്നമായിരുന്ന അലിമരക്കാരുടെ നാവിക പ്രവർത്തനങ്ങളെക്കുറിച്ച് കിട്ടുന്ന വിവരം അതീവ പ്രയോജനകരമാണ്. ആ നിലയിലും 'പോർച്ചുഗീസ് ഏഷ്യ' നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നുണ്ട്.

*ജോൺ ഹ്യൂഗൻ വാൻ ലിൻഷോട്ടൻ* - വിൻസന്റ് ഡി ഫൊസഡെക്ക, ഗോവയിലെ ആർച്ച് ബിഷപ്പായി നിയമിതനായപ്പോൾ അദ്ദേഹത്തിന്റെ സുഹൃത്തായിരുന്ന ലിൻഷോട്ടനെ തന്റെ പ്രൈവറ്റ് സെക്രട്ടറിയാക്കി കൂടെ കൊണ്ടുവന്നു. അങ്ങനെയാണ് ഹോളണ്ടിലെ ഒരു കൊച്ചു പട്ടണത്തിൽ ജനിച്ചു വളർന്ന ഈ ലന്തക്കാരൻ പറങ്കിപാളയത്തിലെത്തിയത്. അഞ്ച് വർഷമേ അദ്ദേഹം ഗോവയിലുണ്ടായിരുന്നുള്ളു. 1583 സെപ്റ്റംബറിലാണ് അദ്ദേഹം ഗോവയിലെത്തിയത്. ആർച്ച് ബിഷപ്പ് മരണപ്പെട്ടതിനെ തുടർന്ന് 1589 ജനുവരിയിൽ അദ്ദേഹം ഇവിടെ നിന്നും മടങ്ങിപ്പോരികയും ചെയ്തു. ഈ കാലത്തിനിടയ്ക്ക് ഇന്ത്യയിലെ പോർച്ചുഗീസ് സങ്കേതങ്ങളൊക്കെ പലവട്ടം അദ്ദേഹം സന്ദർശിക്കുകയും പറങ്കികളുടെ കച്ചവട ഏർപ്പാടുകളും ഭരണക്രമവും അവരുടെ നേട്ടങ്ങളും കോട്ടങ്ങളുമൊക്കെ സൂക്ഷ്മമായി മനസ്സിലാക്കുകയും ചെയ്തിരുന്നു. കേരളത്തിലും പല പ്രാവശ്യം ലിൻഷോട്ടൻ താമസിച്ചിട്ടുണ്ട്. നമ്മുടെ ആചാരവിശേഷങ്ങളും, വിവാഹം, ദായക്രമം, വസ്ത്രാഭരണങ്ങൾ, ഭക്ഷണപദാർത്ഥങ്ങൾ, കയറ്റിറക്കുമതി ഉൽപ്പന്നങ്ങൾ എന്നുവേണ്ട ഇവിടത്തെ ജനജീവിതം ശരിക്കും ഗ്രഹിച്ച് അവ ഗ്രന്ഥരൂപത്തിൽ ആവിഷ്ക്കരിച്ച സൂക്ഷ്മദൃക്കാണ് ലിൻഷോട്ടൻ. 1596ലാണ് അദ്ദേഹം തന്റെ ഗ്രന്ഥം പൂർത്തിയാക്കിയത്. രണ്ടു വർഷത്തിനകം തന്നെ ഇതിന്റെ ഇംഗ്ലീഷ് തർജ്ജമയും പുറത്തുവന്നു.

യൂറോപ്യൻ ശക്തികൾ പറങ്കികൾക്ക് പുറകേ പൗരസ്ത്യ രാജ്യങ്ങളിലെ കച്ചവടകുത്തകക്കുവേണ്ടി ശ്രമങ്ങൾ ആരംഭിച്ചിരുന്നു. ലിൻഷോട്ടന്റെ പുസ്തകമാണ് ഡച്ച് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ആവിർഭാവത്തിന് ആക്കം കൂട്ടിയത്. അതിൽ ക്ഷയോൻമുഖമായിക്കൊണ്ടിരുന്ന പറങ്കികളുടെ വ്യാപാര കേന്ദ്രങ്ങളെക്കുറിച്ചും, പശ്ചിമതീരത്തെ പൊതുവേയും കേരളത്തെ പ്രത്യേകമായും വ്യാപാരാർത്ഥം സ്വാധീനിക്കുവാനുള്ള തന്ത്രങ്ങളെക്കുറിച്ചും നിഷ്കൃഷ്ടമായി വിവരിച്ചിട്ടുണ്ട്. പറങ്കികളുടെ കച്ചവട കുത്തക തീർത്തും തകർന്നത് പിന്നേയും അരനൂറ്റാണ്ടിന് ശേഷമാണെങ്കിലും ലിൻഷോട്ടൻ അവരുടെ വിനാശം ക്രാന്തദർശിത്വത്തോടുകൂടി മുൻകൂട്ടി പ്രവചിച്ചിരുന്നു. പോർച്ചുഗീസുകാരുടെ തകർച്ച അനിവാര്യമാണെന്ന് സമർത്ഥിക്കുവാൻ അദ്ദേഹം പല കാരണങ്ങളും യുക്തിസഹമായി എടുത്തുകാട്ടുന്നുണ്ട്. അൽബുക്കർക്കിനു ശേഷം വന്ന വൈസ്രോയിമാർ ആരും പ്രഗൽഭരായിരുന്നില്ലെന്നും ഉദ്യോഗസ്ഥൻമാർ സ്വന്തം കീശ വീർപ്പിക്കുവാൻ സ്വകാര്യ കച്ചവടത്തിലാണ് കൂടുതൽ തൽപ്പരരായിരുന്നതെന്നും കാശിനുവേണ്ടി എന്ത് നീചകൃത്യവും ചെയ്യുവാൻ മടിയില്ലാത്തവരും അച്ചടക്കം എന്തെന്നറിയാത്തവരുമാണിവിടെയുള്ള പറങ്കികൾ എന്നും അദ്ദേഹം എഴുതി. അതുകൊണ്ട് അവരെ തോൽപ്പിച്ച് കുരുമുളക് വ്യാപാരത്തിന്റെ കുത്തക പിടിച്ചുപറ്റാൻ അധികം പ്രയാസം വരില്ലെന്നും അദ്ദേഹം ഡച്ചുകാരോട് ഉറപ്പ് പറഞ്ഞു. പൗരസ്ത്യരാജ്യങ്ങളിലേക്ക് അപായം കൂടാതെ എത്തിച്ചേരാനുള്ള കപ്പൽ മാർഗ്ഗം സുവ്യക്തമാക്കുന്ന ചാർട്ടുകളും ഇവിടെ എത്തിയാൽ രാജാക്കൻമാരുമായും ഇടപ്രഭുക്കൻമാരുമായും ഇടപഴകേണ്ട നയതന്ത്രവിദ്യകളും അദ്ദേഹം നിർദ്ദേശിച്ചിട്ടുണ്ട്. താൻ പരിചയപ്പെട്ട രാജാക്കൻമാരുടേയും, പ്രഭുക്കൻമാരുടേയും സ്വഭാവവിശേഷങ്ങളും, ദൗർബല്യങ്ങളും അവരെ സ്വാധീനിക്കുവാൻ പറ്റുന്ന ഉപായങ്ങളുമൊക്കെ വളരെ വ്യക്തമായി ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിനാലാണ് ഇവിടേക്ക് വരാൻ തക്കം പാർത്തിരുന്ന മറ്റു ഐറോപ്യൻ ശക്തികൾ ലിൻഷോട്ടന്റെ ഗ്രന്ഥം വേദപുസ്തകമായി കരുതിയതും അതിനിത്രമാത്രം പ്രചാരം ലഭിച്ചതും.

ലിൻഷോട്ടൻ കേരളത്തിലെത്തുമ്പോഴേക്കും കൊച്ചി പ്രധാന തുറമുഖപട്ടണമായി വളർന്നിരുന്നു. നിരന്തരമായ നാവിക സംഘട്ടനത്തിന്റെ ഫലമായി കോഴിക്കോടിന്റെ

പ്രതാപം അസ്തമിച്ച് തുടങ്ങുകയും ചെയ്തിരുന്നു. കേരളത്തിലെ രാജാക്കൻമാർക്ക് പരിചരണം നടത്തുവാ നാവശ്യമായ നായർ പടയാളികളുണ്ടാകുമെന്നല്ലാതെ സ്ഥിരം സൈന്യത്തെ നിലനിർത്താറില്ലെന്ന് അദ്ദേഹം കുറിക്കുന്നു. യുദ്ധമുണ്ടാകുമ്പോൾ സാമന്തൻമാരും മാടമ്പിമാരും അവരുടെ കീഴിലുള്ള സൈന്യവുമായി എത്തിചേരുന്നു. നായൻമാരാണ് യോദ്ധാക്കൾ. അവർ ബാല്യം മുതൽ കളരിയിലഭ്യാസം നടത്തി യുദ്ധമുറകൾ പരിശീലിക്കുന്നു. അമ്പും വില്ലും, വാളും പരിചയും, കുന്തവും ഗദയുമൊക്കെ വിദഗ്ദ്ധമായി ഉപയോഗിക്കുവാൻ പരിശീലനം നേടിയശേഷമാണ് കളരിവിടുന്നത്. പോർച്ചുഗീസുകാരുടെ വരവിനു ശേഷം കേരളത്തിലെ പരമ്പരാഗതയുദ്ധ സമ്പ്രദായ ത്തിനും ആയുധത്തിനും മാറ്റം സംഭവിച്ചു. വെടിമരുന്നി ൻേറയും, ചെറുതും വലുതുമായ തോക്കുകളുടേയും പ്രയോഗം സാർവ്വത്രികമായി. ആധുനിക യുദ്ധോപകരണ ങ്ങൾ അനായാസേന ഉപയോഗിക്കുവാൻ നായർ യോദ്ധാ ക്കൾ ശീലിച്ചു കഴിഞ്ഞതായി ലിൻഷോട്ടൻ സാക്ഷ്യം നിൽ ക്കുന്നു. പുറത്തിറങ്ങി നടക്കുമ്പോൾ വാളും പരിചയോടൊപ്പം തോക്കും കൊണ്ടു നടക്കുന്ന രീതിയും നായർ പടയാളികൾ ശീലിച്ചു വരുന്നു.

ദൃഢഗാത്രരും സുന്ദരൻമാരുമാണ് നായൻമാർ. നായർ സ്ത്രീകൾ സുന്ദരികളും അംഗസൗഷ്ഠവമുള്ളവരുമാകുന്നു. സ്ത്രീ-പുരുഷഭേദമെന്യേ അർദ്ധനഗ്നരാണ്. ഇവിടെയുള്ള വരത്രയും പാദരക്ഷ ഉപയോഗിക്കാറില്ല. പുരുഷൻമാരും സ്ത്രീകളും മുടിനീട്ടി വളർത്തുകയും കാതുകൾ കുത്തി ആഭരണങ്ങൾ ധരിക്കുകയും ചെയ്യുന്നു. പുരുഷൻമാർ വിരലിലെ നഖം വളർത്താറാണ് പതിവ്. നായൻമാരുടെ ഇടയിൽ വിവാഹമെന്ന ഒരേർപ്പാടില്ല. എന്നാലും സ്ത്രീപുരു ഷൻമാർക്ക് യഥേഷ്ടം ലൈംഗിക വ്യാപാരം നടത്താൻ സ്വാതന്ത്ര്യമുണ്ട്. ലിൻഷോട്ടൻ പറയുന്നത്, "പുരുഷൻമാർക്ക് എവിടേയും ഇഷ്ടംപോലെ കയറി എന്തും ചെയ്യാം. വാതുക്കൽ ആയുധം ചാരിവെച്ചിരിക്കുന്നതുകണ്ടാൽ ഭർത്താവാണെങ്കിൽ കൂടിയും മടങ്ങിപ്പോകണം. ഇവരെപ്പോലെ കാമാതുരരായിട്ടും പാതിവ്രത്യമില്ലാത്ത വരായിട്ടും പൂർവ്വദേശങ്ങളിൽ ഒരു പ്രദേശത്തുകാരും വേറെയില്ല. ഏഴും എട്ടും വയസ്സായ കുട്ടികൾകൂടി കന്യക മാരായിരിക്കുകയില്ല", എന്നൊക്കെയാണ്. കുടിപ്പകയും പ്രതികാര വാഞ്ഛയും നായൻമാരുടെ സ്വഭാവവിശേ ഷമാണ്. ചോരക്ക് ചോര എന്നതാണ് ഇവരുടെ നിയമം.

നായൻമാർക്ക് പുറമേ, നിരവധി ജാതികൾ ഇവിടെ യുണ്ട്. ഇവയിൽ ഏറ്റവും താഴ്ന്ന ജാതിക്കാരാണ് പുലയർ. അവർ എണ്ണത്തിലധികമുണ്ട്. പാടത്ത് ചേറിലും, ചളിയിലും പണിയെടുക്കുന്ന ഇവരാണ് ഏറ്റവും ശോചനീയാവസ്ഥയിൽ കഴിയുന്ന ജാതി. അവർക്ക് പൊതുനിരത്തിലോ, ചന്തയിലോ പ്രവേശിക്കുവാൻ അനുവാദമുണ്ടായിരുന്നില്ല. മേൽജാ തിക്കാർ അകലേയായി ഇവരെകണ്ടാൽ 'പോ', പോ' എന്ന ശബ്ദമിടും. ഇത് കേട്ടമാത്രയിൽ ഇവർ ഓടിഒളിക്കും. അബദ്ധത്തിൽ മേൽ ജാതിക്കാരൻെറ അടുത്തെത്തിപ്പെട്ടാൽ യാതൊരു ദാക്ഷണ്യവും കൂടാതെ ജാത്യാചാരം തെറ്റിച്ചതിന് അയാളെ കൊല്ലാൻ മേൽജാതിക്കാർക്ക് അവകാശമുണ്ട്. ഇതുകൊണ്ടുള്ള അയിത്തം മാറ്റുവാൻ ഒരു മുങ്ങിക്കുളി മാത്രം മതിയാവും.

*മാസ്റ്റർ റാൽഫ്ഫിച്ച്* · ലന്തക്കാരനായ ലിൻഷോട്ടിൻെറ ഗ്രന്ഥം ഐറോപ്യൻ നാടുകളിൽ പൗരസ്ത്യരാജ്യങ്ങളുമായുള്ള വ്യാപാരസാദ്ധ്യതകൾ വിളിച്ചറിയിച്ചതുപോലെ, ഇംഗ്ലണ്ടിൽ നിന്നും വ്യാപാരസാദ്ധ്യത മനസ്സിലാക്കാൻ ഇറങ്ങിത്തിരിച്ച റാൽഫ്ഫിച്ചും, ഇംഗ്ലീഷ് ഈസ്റ്റിന്ത്യ കമ്പനിയുടെ ആവിർ ഭാവത്തിന് ഹേതുവായ സഞ്ചാരിയാണ്. പൗരസ്ത്യ രാജ്യങ്ങളുമായി പോർച്ചുഗീസുകാർ നടത്തിപ്പോന്ന വ്യാപാരം കൊണ്ട് പറങ്കികൾക്കുണ്ടായ നേട്ടം ഐറോപ്യൻ രാജ്യങ്ങളിൽ അസൂയയും ആകാംക്ഷയും ജനിപ്പിച്ചിരുന്നു. ഇംഗ്ലണ്ടിലെ വ്യാപാരികളിൽ ഒരാളായിരുന്നു ഫിച്ച്. അദ്ദേഹത്തിൻെറ ശ്രമഫലമായി മറ്റു രണ്ട് വ്യവസായികളെ കൂട്ടുപിടിച്ച് ഇന്ത്യ യിലേക്കുള്ള യാത്രയ്ക്ക് ഒരുക്കങ്ങൾ നടത്തി. അങ്ങനെ 1583 ഫെബ്രുവരിയിൽ അദ്ദേഹവും സുഹൃത്തുക്കളും 'ടൈഗർ ഓഫ് ലണ്ടൻ' എന്ന കപ്പലിൽ ഇന്ത്യയിലേക്ക് പുറപ്പെട്ടു. യാത്രയിൽ അധികം പ്രയാസം നേരിട്ടില്ലെങ്കിലും ഗോവ യിലിറങ്ങിയ ഇവരെ അധികം താമസിയാതെ വിദേശചാരൻ മാരെന്ന് മുദ്രകുത്തി പറങ്കികൾ തുറങ്കിലടച്ചു. വളരെ പണിപ്പെട്ട് പലരുടെയും ശുപാർശയിലാണ് കുറേ കാലത്തിനുശേഷം ഗോവ വിട്ട് പോകണം എന്ന വ്യവസ്ഥയിൽ ഇവരെ തുറന്നു വിട്ടത്. ജിജ്ഞാസുവായ റാൽഫ്ഫിച്ച് അവിടെനിന്നും ബിജാപ്പൂർ, ഗൊൽക്കൊണ്ട എന്നീ സ്ഥലങ്ങൾ ചുറ്റികണ്ട ശേഷം ആഗ്രയിലെത്തി. അവിടെനിന്നും ഫത്തേഹ്പൂർ സിക്രിയിൽ ചെന്ന് അക്ബർ ചക്രവർത്തിയുടെ ആതിഥേയത്വം സ്വീകരിച്ചു. പല പ്രാവശ്യം അദ്ദേഹം ചക്ര വർത്തിയെ സന്ദർശിച്ചിരുന്നു. മഹാനായ അക്ബറെക്കുറിച്ച് അങ്ങേയറ്റം പ്രശംസയോടും ആദരവോടും കൂടിയാണ് ഫിച്ച് രേഖപ്പെടുത്തിയിട്ടുള്ളത്. അവിടെനിന്നും ബംഗാളിലേക്ക് പോയ അദ്ദേഹം സുമാത്ര, ജാവ, സിലോൺ എന്നീ സ്ഥലങ്ങൾ കണ്ട് അവസാനം കൊച്ചിയിലെത്തി.

കൊച്ചിയിൽ കുറേക്കാലം താമസിച്ച അദ്ദേഹം ഇവിടെ നടക്കുന്ന തിരക്കേറിയ കച്ചവടം കണ്ട് കോരിത്തരിച്ചു. അ ക്കാലത്ത് കേരളത്തിലെ പ്രധാന തുറമുഖപ്പട്ടണം കൊച്ചി യായി വളർന്നിരുന്നു. കുരുമുളക് സമൃദ്ധിയായി കയറ്റി അയ ച്ചിരുന്നത് കൊച്ചിയിൽ നിന്നായിരുന്നു. ഇതിനു പുറമേ, ഇ ഞ്ചി, ചന്ദനം, ആനക്കൊമ്പ്, ഔഷധങ്ങൾ മറ്റുള്ള സുഗന്ധ ദ്രവ്യങ്ങൾ തുടങ്ങിയവയുടെ വ്യാപാരസാദ്ധ്യതകളും അവയിൽ നിന്നും ലഭിക്കാവുന്ന ലാഭവും അദ്ദേഹം കണക്കുകൂട്ടി. ഇവ ചുരുങ്ങിയ വിലക്ക് ലഭ്യമാണെന്നും അദ്ദേഹം മനസ്സിലാക്കി യിരുന്നു. കൊച്ചിയിൽ കൃഷിചെയ്തുണ്ടാക്കുന്ന നെല്ല് അവിടെ തീരെ മതിയാകാറില്ലെന്നും ബംഗാളിൽ നിന്നുമാണ് അരി

ഇറക്കുമതി ചെയ്യുന്നതെന്നും അദ്ദേഹം എഴുതുന്നു. കുരുമുളകും ഇഞ്ചിയുമാണ് ഏറ്റവും കൂടുതൽ ഇവിടെ കൃഷി ചെയ്യുന്നത്. നായൻമാരുടെ അസ്ത്രാഭ്യാസത്തേയും, ആയോധനാ വൈഭവത്തേയും അദ്ദേഹം മുക്തകണ്ഠം പ്രശംസിക്കുന്നുണ്ട്. എളിയ ജീവിതം നയിക്കുന്നവരാണിവർ. യോദ്ധാക്കളെന്ന നിലയിൽ ഇവർക്ക് കിട്ടുന്ന ശമ്പളം വളരെ തുച്ഛമാണ്. എന്നാൽ കിട്ടുന്നതുകൊണ്ട് ഒതുങ്ങി കഴിയാനവർ ശീലിച്ചിട്ടുണ്ട്. അരോഗദൃഢഗാത്രരാണ് നായർ യോദ്ധാക്കൾ. നായർ സ്ത്രീകൾക്ക് അധികം പൊക്കമില്ലെങ്കിലും സുന്ദരികളാണ്. അർദ്ധനഗ്നതയും, ബഹുഭർത്തൃത്വവും അദ്ദേഹത്തിന്റെ വിവരണത്തിലും സ്ഥലംപിടിച്ചിട്ടുണ്ട്. കൊച്ചിയിൽ നിന്നും കോഴിക്കോട് വഴിയാണ് അദ്ദേഹം മടക്കയാത്ര നടത്തിയതെങ്കിലും കോഴിക്കോടിനെക്കുറിച്ച് അധികമൊന്നും പറയുന്നില്ല. 1591 ഏപ്രിൽ മാസത്തിൽ ലണ്ടനിൽ അദ്ദേഹം തിരിച്ചെത്തി. ഇന്ത്യയിലുള്ള വ്യാപാരസാദ്ധ്യതകളേയും, ഇവിടെ എത്താനുള്ള മാർഗ്ഗങ്ങളേയും തന്റെ സമകാലികരോട് സ്പഷ്ടമായി പറഞ്ഞുകൊടുക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. റാൽഫ് ഫിച്ചിന്റെ സഞ്ചാരവൃത്താന്തവും അനുഭവപാഠങ്ങളും ഇന്ത്യയിലെത്തുവാൻ ലണ്ടൻവ്യാപാരികളെ പ്രചോദിപ്പിച്ച വസ്തുതകളാണ്. പോർച്ചുഗീസുകാരെപ്പോലെ പൌരസ്ത്യനാടുകളിലെ വ്യാപാരകുത്തകക്ക് വേണ്ടി ലണ്ടനിൽ അതിയായ ആഗ്രഹം വളർന്നുവന്നു. തൽഫലമായിട്ടാണ് ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാക്കമ്പനി രൂപീകൃതമായതും തുടർന്നുള്ള കൊളോണിയൽ അരങ്ങേറ്റവും.

<u>*പിറാർഡ് ഡി ലാവൽ*</u> - ഫ്രഞ്ച് വ്യാപാരിയായ പിറാർഡ് ഡി ലാവൽ, പറങ്കികളും ലന്തക്കാരും പൗരസ്ത്യ ദേശങ്ങളുമായി നടത്തി വന്ന വ്യാപാരപ്പൊലിമയിൽ ആകൃഷ്ടനായി ഫ്രാൻസിനേയും ഈ പരീക്ഷണത്തിൽ പങ്കാളിയാക്കണമെന്ന ആഗ്രഹത്തോടുകൂടി ഫ്രാൻസിൽ നിന്നും കപ്പൽ കയറിയ സാഹസികനാണ്. 1601-ൽ യാത്ര ആരംഭിച്ച അദ്ദേഹം സുദീർഘമായ പത്ത് സംവൽസരങ്ങൾക്ക് ശേഷം 1611ൽ ആണ് തിരിച്ചെത്തിയത്. 1616ൽ പാരിസിൽ നിന്നും അദ്ദേഹത്തിന്റെ വിഖ്യാതമായ 'വോയേജ് ഡി പിറാർഡ് ഡി ലാവൽ (പിറാർഡ് ഡി ലാവലിന്റെ സഞ്ചാരം)' എന്ന സഞ്ചാരവൃത്താന്തം പ്രസിദ്ധീകരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ വിവരണങ്ങൾ ഫ്രാൻസിലെ വ്യാപാരികൾക്കും ഗവൺമെൻറിനും ഇന്ത്യയുമായുള്ള വാണിജ്യ-വ്യാപാരത്തിൽ താൽപ്പര്യം ഉണ്ടാക്കുവാൻ ഉപകരിച്ച ഗ്രന്ഥമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ലാവലിന്റെ ഗ്രന്ഥം അമൂല്യങ്ങളായ പല ചരിത്ര വസ്തുതകളും അനാവരണം ചെയ്യുന്നുവെന്നതിനാൽ വളരെ ആദരണീയവുമാണ്. ഇതിനു മുമ്പും പിമ്പും ഇവിടെ വന്ന് പോയവർ എഴുതിയവയിൽ നിന്നും വ്യത്യസ്തമായി സ്വന്തം അനുഭവവും പുതിയ കാര്യങ്ങളും അദ്ദേഹം പുറത്തുകൊണ്ടു വന്നിട്ടുണ്ട്.

പിറാർഡ് ഡി ലാവൽ തന്റെ സുഹൃത്തുക്കളോടൊപ്പം രണ്ടു കപ്പലുകളിലായാണ് യാത്ര ആരംഭിച്ചതെങ്കിലും സെൻറ് ഹെലീനയിലെത്തിയപ്പോഴേക്കും കാറ്റിലും കോളിലുംപെട്ട് ഒരു കപ്പൽ നിശ്ശേഷം നശിച്ചു. പിറാർഡ് യാത്ര ചെയ്തിരുന്ന കപ്പൽ മാലിദ്വീപിന് സമീപം വരെ എത്തിയെങ്കിലും വലിയ ഒരു പാറയിൽ തട്ടി അതും തകർന്നുപോയി. കടലിൽ ഏറെ ദൂരം നീന്തി അവശനായാണദ്ദേഹം കര പറ്റിയത്. പിന്നീട് കുറേ വർഷങ്ങൾ അവിടെ താമസിക്കേണ്ടതായി വന്നു. ജിജ്ഞാസുവായ അദ്ദേഹം ഈ കാലയളവിൽ അവിടത്തെ ഭാഷയും ജനജീവിതവും അറിഞ്ഞ് തന്റെ യാത്രാവിവരണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാലിദ്വീപ് സമൂഹത്തെ വസ്തുനിഷ്ഠമായി പ്രതിപാദിക്കുവാനും ചരിത്രവസ്തുതകളെ നിഷ്പക്ഷമായി വിലയിരുത്തുവാനും അദ്ദേഹം നടത്തിയ ശ്രമം പിറാർഡിന്റെ ഗ്രന്ഥത്തെ ഒരു ആധികാരിക പ്രമാണമാക്കി മാറ്റി.

ആറ് വർഷത്തിനുശേഷം 1607ൽ ചിറ്റഗോങ്ങിലേക്ക് പോകുന്ന ഒരു കപ്പലിൽ കയറിപ്പറ്റുവാൻ കഴിഞ്ഞ അദ്ദേഹം അവിടെ നിന്നും തന്റെ ലക്ഷ്യസ്ഥാനമായ കോഴിക്കോടെത്തി. എത്രയോ സഞ്ചാരികൾ കോഴിക്കോടിന്റെ സമ്പൽസമൃദ്ധിയേയും വ്യാപാരസ്ഥിതിഗതിയേയും ഒക്കെക്കുറിച്ച് വിശദമായി എഴുതിയിട്ടുണ്ട്. എന്നാൽ അവയെല്ലാം തന്നെയെന്ന് പറയാം ആവർത്തനവിരസത ഉണ്ടാക്കുന്നവയാണ്. പിറാർഡ് ഇക്കാര്യത്തിലും മറ്റാരും വിവരിച്ചിട്ടില്ലാത്തതും എന്നാൽ നമ്മുടെ സാമൂഹിക സ്ഥിതിഗതികളിലേക്ക് പ്രകാശം ചൊരിയുന്നതുമായ നൂതന സാമഗ്രികൾ പ്രദാനം ചെയ്യുന്നുണ്ട്. അവയിൽ നമുക്ക് ഏറ്റവും ഉപയോഗപ്രദങ്ങളായ ചില പരാമർശങ്ങൾ പുനഃപ്രകാശനം നടത്താം. കോഴിക്കോട് ഇന്ത്യയിലെ ഏറ്റവും തിരക്കേറിയ തുറമുഖപട്ടണമാണ്. ഇവിടെ വിദേശികൾക്കും തദ്ദേശികൾക്കും ഒരുപോലെ സ്വാതന്ത്ര്യമായും ഭയരഹിതമായും വ്യാപാരം നടത്തുവാനും വിഹരിക്കുവാനും സാധിക്കുന്നു. ഏതൊരാൾക്കും നിഷ്പ്രയാസം നീതി ലഭിക്കുന്നു.

അനവധി മതസ്ഥർ ഈ നഗരത്തിലുണ്ട്. എന്നാൽ എല്ലാ വിഭാഗവും അങ്ങേയറ്റം സൗഹാർദ്ദവും സഹിഷ്ണതയും പുലർത്തുന്നവരാണ്. മതത്തിന്റെയോ, വർഗ്ഗത്തിന്റെയോ പേരിൽ ശണ്ഠകൂടുവാൻ ആരെയും അനുവദിക്കുകയില്ല. കേരളത്തിൽ പൊതുവേ ഉണ്ടായിരുന്ന സ്ഥിതി ഇതു തന്നെയായിരുന്നവെന്ന് അദ്ദേഹം എഴുതുന്നു. കൊച്ചിയിലും നാനാജാതി മതസ്ഥർ ഒരുമയോടും, സൗമനസ്യത്തോടും കൂടി കഴിയുന്നുണ്ട്. എന്നാൽ പോർച്ചുഗീസുകാരുടെ കൈവശമുള്ള സ്ഥലത്ത് ജീവിക്കുന്ന ഹിന്ദുക്കൾക്കും മറ്റു മതസ്ഥർക്കും അവിടെ പ്രാർത്ഥനകൾ നടത്തുവാൻ അനുവദിക്കുന്നില്ല. പോർച്ചുഗീസ് അതിർത്തിയിലുള്ളവർ പുറത്ത് പോയിട്ടാണ് അമ്പലദർശനം നടത്തുക. പിറാർഡിന് പോലും പറങ്കികളുടെ ഈ മതനയത്തോട് കടുത്ത അമർഷം തോന്നി. "പരിഷ്കൃതരെന്ന് അഭിമാനിക്കുന്ന പാശ്ചാത്യരായ ക്രിസ്ത്യാനികളെക്കാൾ, അവർ അപരിഷ്കൃതരെന്ന് വിശേഷിപ്പിക്കുന്ന ഈ ഹിന്ദുരാജാക്കൻമാരാണ് എല്ലാവർക്കും പക്ഷാഭേദം കൂടാതെ മത സ്വാതന്ത്ര്യം നൽകുന്നത്." ഇത്രയും

പ്രകടമായി പറങ്കികളുടെ മതപരമായ അസഹിഷ്ണുത പ്രസ്താവിച്ചിട്ടുള്ള വിദേശികൾ വിരളമാണ്.

അതുപോലെ സാമൂതിരി കൊട്ടാരത്തേയും അതിഥികളെ സ്വീകരിക്കുന്ന രീതിയേയും സാമൂതിരിയുടെ ഒഴിവുകാല വിനോദത്തേയും കുറിച്ചെഴുതുന്നതും പുതുമയുള്ള കാര്യങ്ങൾ തന്നെ. രാജകൊട്ടാരത്തിന് ചുറ്റും കോട്ടകെട്ടി പുറമേ ആഴമേറിയ കിടങ്ങുകൾ കുഴിച്ച് സുരക്ഷിതമാക്കിയിരിക്കുന്നു. സാമൂതിരിയെ കാണുവാൻ മുൻകൂട്ടി അനുവാദം വാങ്ങണം. എല്ലാ കവാടങ്ങളിലും ആയുധധാരികളായി കാവൽ പടയാളികളുണ്ട്. ഇത്തരം അനവധി കവാടങ്ങൾ കടന്ന ശേഷമാണ് പീഠത്തിൽ ഉപവിഷ്ടനായിരിക്കുന്ന സാമൂതിരിയുടെ സവിധത്തിലെത്താൻ. അതുപോലെ അവിടെ അദ്ദേ ഹം കണ്ട ഭരണസംവിധാനം കുറ്റമറ്റതായിരുന്നു. പാശ്ചാത്യ രാജ്യങ്ങളിലുണ്ടായിരുന്നതിനേക്കാൾ കാര്യക്ഷമമായിരുന്നു കോഴിക്കോട് അദ്ദേഹം കണ്ട രാജ്യവിചാരം. പിറാർഡിൻെറ വിവരണത്തിൽ നിന്നും കിട്ടുന്ന മറ്റൊരു ചിത്രം മൽസ്യബന്ധനത്തെപ്പറ്റി അദ്ദേഹം എഴുതുന്നതാണ്. തീരപ്രദേശത്തെ ജനങ്ങളുടെ ജീവിത സന്ധാരണ മാർഗ്ഗങ്ങളിൽ പ്രധാനമായത് മൽസ്യബന്ധനമാണ്. ചിലപ്പോൾ ഒഴിവുകാല വിനോദമെന്ന നിലയിൽ സാമൂതിരിയും സന്നാഹങ്ങളും മീൻപിടുത്തത്തിന് പോകാറുണ്ട്. ചൂണ്ടയാണ് ഇതിനുപയോഗിക്കുന്നത്. പിടിച്ച മീനിൽ ഏറ്റവും നല്ലതും, വലുതും സാമൂതിരിക്കോവിലകത്ത് കൊണ്ടുപോകുന്നു. അവശേഷിക്കുന്നവ കൂടെ പോകുന്ന പുരോഹിതൻമാരും പ്രഭുക്കളും പങ്കിട്ടെടുക്കുകയാണ് ചെയ്യുന്നത്. കടലിൽ പോകുന്നത് നിഷിദ്ധമായിരുന്നിട്ടുകൂടി സാമൂതിരി തൻെറ പരിവാരത്തോടുകൂടി കടലിൽ പോകുന്നു എന്നത് ഒരു കാര്യം. അദ്ദേഹവും കൂടെയുണ്ടാകുന്ന പുരോഹിതൻമാരും (നമ്പൂതിരികൾ), പ്രഭുക്കൻമാരും അക്കാലത്ത് മൽസ്യ-മാംസാദികൾ ഭക്ഷിച്ചിരുന്നുവെന്നും നാം മനസ്സിലാക്കുന്നു.

കോഴിക്കോട്ടു നിന്നും ഒരു പറങ്കിക്കപ്പലിലാണ് അദ്ദേഹം കൊച്ചിയിലെത്തിയത്. പോർച്ചുഗീസുകാർ വിദേശചാരനെന്ന് ആരോപിച്ച് പിറാർഡിനെ ബന്ധനസ്ഥനാക്കി. നരകത്തേക്കാൾ ഭീകരമായ പറങ്കികളുടെ തടവറയെപ്പറ്റി അനുഭവസ്ഥനായ പിറാർഡിൻെറ വിവരണം അക്കാലത്ത് നടമാടിയിരുന്ന കാടത്വത്തെ വിളംബരം ചെയ്യുന്നുണ്ട്. മറ്റൊരിടത്തു നിന്നും ലഭിക്കാത്ത ഈ അറിവ് പ്രദാനം ചെയ്യുന്ന പിറാർഡിൻെറ വാക്കുകൾ ശ്രദ്ധിക്കുക. "പോർച്ചുഗീസുകാരുടെ വകയായി കൊച്ചിയിൽ ഒരു കാരാഗ്രഹമേ ഉണ്ടായിരുന്നുള്ളൂ. 'ടോൺകോ എന്നാണതിൻെറ പേര്'. ചതുരാകൃതിയിൽ വളരെ ഉയരമുള്ള ഗോപുരമാണിത്. മുകളിലത്തെ തട്ടിൻെറ നടുവിൽ ചതുരാകൃതിയിൽ ഒരു കൃത്രിമ വാതിലുണ്ട്. തടവുകാരെ ഒരു പലകയിലിരുത്തി കയർ കെട്ടി ഇതിലൂടെ താഴെ ഇറക്കും. കപ്പികൊണ്ട് മുകളിലേക്ക് കയറ്റുകയും ചെയ്യും. ഇതിന് നാൽപ്പത്തി രണ്ട് അടി താഴ്ചയുണ്ട്. താഴത്ത് പുറത്തേക്ക് വാതിലില്ല. വെളിച്ചം വരുന്നതിന് ഒരു മുഴം നീളമുള്ള ജനൽ പഴുതുണ്ട്. ഈ പഴുത് ചതുര ഇരുമ്പ് കമ്പി കൊണ്ട് അടച്ചിരിക്കുന്നു. അഴികളുടെ ഇടയിൽ കൂടിയാണ് തടവുകാർക്കുള്ള ഭക്ഷണം ഇട്ടുകൊടുക്കുന്നത്................എത്ര വലിയവനായാലും കാലിൽ ചങ്ങലയിടും............ .........................തടവുമുറി വിവരിക്കാൻ കഴിയാത്ത വിധം ദുർഗന്ധവും അറപ്പും, വെറുപ്പും ഉണ്ടാക്കുന്നതായിരുന്നു. തടവുകാരെല്ലാം മലമൂത്രവിസർജ്ജനം ചെയ്തിരുന്നത് ഒരേ പാത്രത്തിലാണ്. ദിവസത്തിൽ ഒരിക്കലേ ഇത് വൃത്തിയാക്കുകയുള്ളൂ. അതിൽ നിന്നുള്ള ദുർഗന്ധത്തിൻെറ ആധിക്യത്താൽ ശ്വാസം കഴിക്കാൻ പോലും പ്രയാസമാണ്. കിളിവാതിൽ പോലെയുള്ള ചെറിയ ജനൽപ്പഴുതിലൂടെയാണ് അൽപ്പം കാറ്റും വെളിച്ചവും കിട്ടുന്നത്................തടവുമുറിയുടെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ നീണ്ടുകിടക്കുന്ന ചങ്ങലയിൽ എല്ലാ കുറ്റവാളികളുടേയും കാൽബന്ധിച്ചിരിക്കും. ഉഷ്ണാധിക്യം കൊണ്ട് രാപകലെന്യേ ആരും വസ്ത്രം ധരിക്കാറില്ല...................ദിവസവും കാലത്ത് ഒരു നേരത്തെ ഭക്ഷണത്തിന് വേണ്ടുന്ന ചോറും, വായിൽ വെയ്ക്കാൻ കൊള്ളാത്ത മൽസ്യക്കറിയും അൽപ്പം വെള്ളവും കിട്ടും. ഉച്ചക്കും വൈകുന്നേരവും ഒന്നും കിട്ടുകയില്ല. കൈകാൽ കഴുകുന്നതിനും കുളിക്കുന്നതിനും വെള്ളം ലഭിക്കും. എല്ലാവരും ഒരുമിച്ച് നഗ്നരായി നിന്നാണ് കുളി. അവിടെ ഞങ്ങൾ പത്തുദിവസം കിടന്നു. കുറച്ചു ദിവസം കൂടി കിടന്നിരുന്നുവെങ്കിൽ ചത്തുപോകുമായിരുന്നു................ അങ്ങനെ പോകുന്നു ആ വിവരണം.

കൊച്ചിയിൽ നിന്നും അദ്ദേഹത്തെ ഗോവയിലേക്കാണ് കൊണ്ടുപോയത്. ഗോവയിലെ വിവരണത്തിലും മറ്റാർക്കും നൽകാൻ കഴിയാത്ത അറിവാണദ്ദേഹം നൽകുന്നത്. അവിടെ ജയിലിൽ കണ്ടുമുട്ടിയ ഡോൺ പെഡ്രോ റോഡ്രിഗ്സിനെക്കുറിച്ച് നല്കുന്ന വിവരണം ഏറെ വിലപ്പെട്ടതാകുന്നു. ജയിൽ ചാടി നാട്ടിലെത്തിയ റോഡ്രിഗ്സിൻെറ അതിസാഹസികമായ നാവികപോരാട്ടത്തെപ്പറ്റി പിറാർഡിൻെറ വിവരണം പ്രസക്തഭാഗത്ത് ചേർത്തിട്ടുള്ളതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല.

1610-ൽ പിറാർഡ് സ്വദേശത്തേക്ക് മടങ്ങുന്നതുവരെയുള്ള പെഡ്രോ റോഡ്രിഗ്സ് എന്ന അലിമരക്കാരുടെ അതിസാഹസിക നാവികപോരാട്ടങ്ങളുടെ ആവേശകരമായ കഥ അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. അലിമരക്കാരുടെ നാവികസമരങ്ങളെപ്പറ്റി പിറാർഡിനു ശേഷം നമുക്ക് ലഭിക്കുന്ന ദൃക്സാക്ഷി വിവരണം പോർച്ചുഗീസ് ഗ്രന്ഥകാരനായ ഫെറിയ വൈസൂസയിൽ നിന്നുമാണ്.

<u>ജോൺ ന്യൂഹോഫ്</u>- പോർച്ചുഗീസുകാരുടെ തകർച്ചക്കുശേഷം കേരള തീരങ്ങളിൽ പ്രമുഖ ശക്തിയായി ഉയർന്നത് ലന്തക്കാരായിരുന്നുവല്ലോ. കൊല്ലത്തെ ലന്തക്കാരുടെ കച്ചവട മേധാവിയും പണ്ടകശാലയുടെ ക്യാപ്റ്റനുമായിരുന്നു ജോൺ ന്യൂഹോഫ്.

കേരള ചരിത്ര വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ന്യൂഹോഫിന്റെ നയതന്ത്രപാടവമോ, ആയോധനാ വൈദഗ്ദ്ധ്യമോ അല്ല അദ്ദേഹത്തെ സ്മരണീയനാക്കുന്നത്. 1653 മുതൽ 1670 വരെയുള്ള കാലത്താണ് ന്യൂഹോഫ് കേരളത്തിലുണ്ടായിരുന്നത്. ലന്തക്കാർ പറങ്കികളുടെ കേരളത്തിലെ ആസ്ഥാനങ്ങൾ മുഴുക്കെ പിടിച്ചടക്കി അവരെ പൂർണ്ണമായും പരാജയപ്പെടുത്തി തങ്ങളുടെ ആധിപത്യം വിജയകരമായി പൂർത്തിയാക്കിയ നിർണ്ണായകഘട്ടമായിരുന്നു ന്യൂഹോഫിന്റേത്. കൊടുങ്ങല്ലൂർ, കൊല്ലം, കണ്ണൂർ, കൊച്ചി എന്നിവിടങ്ങളിലെ പറങ്കിക്കോട്ടകൾ കീഴ്പ്പെടുത്തുന്ന സൈനികനടപടികളിൽ സുപ്രധാനമായ പങ്ക് അദ്ദേഹത്തിനുണ്ടായിരുന്നു. ഈ അനുഭവങ്ങളും കേരളത്തിലെ രാജാക്കൻമാരുമായി വ്യാപാരക്കരാർ ഉണ്ടാക്കുന്നതിനുവേണ്ടി നടത്തിയ നയതന്ത്രപ്രവർത്തനങ്ങളും ന്യൂഹോഫിന് കേരളത്തേയും, തുറമുഖപട്ടണങ്ങളേയും കച്ചവട സാദ്ധ്യതകളേയും എല്ലാം സൂക്ഷ്മമായറിയുവാനും തന്റെ പിൻഗാമികളുടെ അറിവിനായി ഈ വക കാര്യങ്ങളെല്ലാം എഴുതിവെക്കുവാനും കഴിഞ്ഞിരുന്നുവെന്നതാണ് പ്രധാനം. അദ്ദേഹത്തിന്റെ Remarkable voyages and Travels into the best provinces of the West and East Indies എന്ന പുസ്തകം 1876ൽ ലണ്ടനിൽ നിന്നും പ്രസിദ്ധീകരിച്ചു. അദ്ദേഹം നേരിട്ട് ഇടപെട്ട യുദ്ധങ്ങളുടെ വിവരണങ്ങളും കച്ചവട ഉടമ്പടികളുണ്ടാക്കുവാൻ അദ്ദേഹം നടത്തിയ ശ്രമങ്ങളും നേരിട്ടുകണ്ട രാജാക്കൻമാരുടെ പ്രതികരണങ്ങളും എല്ലാം വിശദമായി വിവരിക്കുന്നതിലൂടെ 17-ാം നൂറ്റാണ്ടിലെ കേരളത്തിന്റെ ഒരേകദേശചിത്രം വരച്ചുകാട്ടുവാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്.

പറങ്കികളുടെ ക്രൂരതയും ധിക്കാരവും ഏത് വിധേനയെങ്കിലും അവസാനിച്ചു കാണുവാൻ കൊതിച്ച നമ്മുടെ നാട്ടരചൻമാർക്ക് ലന്തക്കാരുടെ ഉദയം വളരെ ആശ്വാസം നൽകിയിരുന്നു. അതുകൊണ്ടുതന്നെയാണ് അവരെ സൗഹൃദത്തോടുകൂടി സ്വീകരിക്കുവാൻ കേരളത്തിലെ രാജാക്കൻമാരെല്ലാം അഹമഹമികയാ മുന്നോട്ടുവന്നത്. കേരളത്തിലെ ഭരണാധിപൻമാരിൽ അധികം പേർക്കും പോർച്ചുഗീസ് ഭാഷ വശമായിരുന്നുവെന്ന് നൂഹോഫ് പറയുന്നുണ്ട്. ലന്തക്കാർ അധികാരത്തിലേക്കുയർത്തിയ കൊച്ചിയിലെ മൂത്ത താവഴി തമ്പുരാനും ചെമ്പകശ്ശേരിയിലെ 24 വയസ്സ് മാത്രം പ്രായമുണ്ടായിരുന്ന നമ്പൂതിരി മന്നനും, പോർച്ചുഗീസ് ഭാഷ അനായാസമായി കൈകാര്യം ചെയ്തിരുന്നത് ന്യൂഹോഫിന് അനുഭവപ്പെട്ടതാണ്. താൻ കച്ചവടക്കരാറുകൾ സംബന്ധിച്ച് കൂടിയാലോചനക്ക് ചെന്നപ്പോൾ ദ്വിഭാഷിയുടെ സഹായമില്ലാതെയാണ് ചെമ്പകശ്ശേരി രാജാവ് സംഭാഷണം നടത്തിയത്.

ന്യൂഹോഫിന്റെ വിവരണങ്ങൾ അതീവ ശ്രദ്ധാർഹമാണ്. അദ്ദേഹത്തിന്റെ കാലമായപ്പോഴേക്കും കേരളത്തിലെ പ്രധാന നഗരങ്ങളൊക്കെ കൂടുതൽ ജനസാന്ദ്രതയും സാമാന്യം നല്ല കെട്ടിടങ്ങളും കൊണ്ട് വികസിതമായിരുന്നു. പോർച്ചുഗീസുകാരുടെ കീഴിൽ ഇരുന്ന കൊച്ചിനഗരത്തിൽ ഒന്നര നൂറ്റാണ്ടിനിടക്ക് ധാരാളം നല്ല കെട്ടിടങ്ങളും കമ്പോളങ്ങളും ഉണ്ടായി. നിരവധി ക്രൈസ്തവ ദേവാലയങ്ങളും സെമിനാരികളും, പ്രവർത്തനനിരതമായിരുന്നു. കൊല്ലം പട്ടണത്തിലും കാര്യമായ വളർച്ച ദൃശ്യമായി. കൊല്ലത്തെപ്പറ്റി അദ്ദേഹം എഴുതിയിട്ടുള്ളതിപ്രകാരമാണ്. നഗരത്തിനുചുറ്റും ബലവത്തായ കോട്ടയുണ്ട്. 18, 20 അടി പൊക്കത്തിലാണ് ഇതിന്റെ മതിലുകൾ. കൊല്ലത്തെ മേലേക്കൊല്ലം, കീഴെക്കൊല്ലം എന്നിങ്ങനെ രണ്ടായി ഭാഗിച്ചിട്ടുണ്ട്. മേലേക്കൊല്ലത്താണ് കൊട്ടാരം സ്ഥിതിചെയ്യുന്നത്. കീഴെക്കൊല്ലത്തിന് കൊല്ലംചീനയെന്നും പേരുണ്ട്. ഇത് പോർച്ചുഗീസുകാരുടെ കൈവശമായിരുന്നു. ഈ സ്ഥലത്ത് അവർ ധാരാളം ക്രൈസ്തവ ദേവാലയങ്ങളും ഭംഗിയുള്ള നല്ല കെട്ടിടങ്ങളും പണിയിച്ചിട്ടുണ്ട്. അവരുടെ കോട്ടയും കൊട്ടാരവും ആരേയും ആകർഷിക്കുംവിധം ഭംഗിയുള്ളതാണ്. കൊട്ടാരത്തിന് മൂന്നുനിലയുണ്ട്. ഓടുകൊണ്ടാണ് മുകൾഭാഗം മേഞ്ഞിരിക്കുന്നത്. ഇവിടെയുള്ള കെട്ടിടങ്ങളധികവും കല്ലും മരവും കൊണ്ട് ഭംഗിയായി പണിതിട്ടുള്ളവയുമാകുന്നു. പതിനാറാം നൂറ്റാണ്ടിലിവിടെ എത്തിയിരുന്ന സഞ്ചാരികൾ ഓടിട്ട കെട്ടിടങ്ങളെപ്പറ്റി പരാമർശിക്കുന്നില്ലെന്നോർക്കുക.

കൊടുങ്ങല്ലൂർ കോട്ടയുടെ പ്രതിരോധത്തിൽ പങ്കാളിയായിരുന്ന ന്യൂഹോഫ്, പറങ്കികളുടെ കീഴിലായിരുന്ന ഈ സ്ഥലത്തെ വിശദമായി വിവരിക്കുന്നു. കൊടുങ്ങല്ലൂർ കോട്ട പിടിച്ചെടുക്കുവാൻ വളരെ സാഹസപ്പെടേണ്ടതായി വന്നു. പറങ്കികളുമായി തെറ്റിപ്പിരിഞ്ഞ പാലിയത്തച്ചനാണ് കോട്ടയിൽ പ്രവേശിക്കുവാനുള്ള സൂത്രമാർഗ്ഗം പറഞ്ഞുകൊടുത്തത്. പുഴയോരത്തായിരുന്നു കോട്ടയും അതിനോടനുബന്ധമായുണ്ടായിരുന്ന വലിയ മാളികയും. പുഴക്ക് അക്കരെ മറ്റൊരു കോട്ട ഉണ്ടായിരുന്നതിനാൽ പുഴയിൽ കൂടി പോകുന്ന ഏത് വാഹനവും പ്രയാസം കൂടാതെ നിരീക്ഷിക്കുവാനും, പരിശോധിക്കുവാനും സാധിക്കുമായിരുന്നു. ന്യൂഹോഫ് പറയുന്ന കൊടുങ്ങല്ലൂർ കോട്ട, കോട്ടപ്പുറം കോട്ടയും പുഴയ്ക്ക് അക്കരെ ഉണ്ടായിരുന്നത് മാലിയങ്കര കോട്ടയുമാണ്. ഇവയ്ക്കു പുറമേ കുറേ പടഞ്ഞാറോട്ടു മാറി പള്ളിപ്പുറം കോട്ടയുമുണ്ടായിരുന്നു. അങ്ങനെ ശത്രുക്കളിൽ നിന്നും ഏറ്റവും സുരക്ഷിതമായിരുന്ന സ്ഥലമായിരുന്നു അക്കാലത്തെ കൊടുങ്ങല്ലൂർ. കോട്ട പിടിക്കുവാൻ പൊരിഞ്ഞ യുദ്ധം വേണ്ടിവന്നു. മുന്നൂറിൽപ്പരം യോദ്ധാക്കൾ മരിച്ചുവെന്ന് ന്യൂഹോഫ് രേഖപ്പെടുത്തുന്നുണ്ട്. നഗരത്തിൽ ജസ്യൂട്ട് പാതിരിമാരുടെ ഒരു ഗ്രന്ഥശാലയും, ഒരു വിദ്യാലയവും അവിടെയുണ്ടായിരുന്നതായി അദ്ദേഹം പ്രസ്താവിക്കുന്നു.

കൊച്ചി, കൊല്ലം, കണ്ണൂർ എന്നിവിടങ്ങളിലെ വ്യാപാര ബാഹുല്യത്തേയും, കയറ്റിറക്കുമതി ചരക്കുകളുടെ നിക്കത്തേയും എല്ലാം അദ്ദേഹത്തിന്റെ വിവരണത്തിൽ കാണാം. ലന്തക്കാരുടെ പ്രധാന കച്ചവടയിനം കുരുമുളകായിരുന്നു

വെങ്കിലും കറുപ്പ് ധാരാളമായി ഇവിടെ വിറ്റഴിഞ്ഞിരുന്നു. കറുപ്പിൻെറ അടിമകളായിരുന്ന വളരെപ്പേരെ അദ്ദേഹം ഇവിടെ കണ്ടിട്ടുണ്ട്. മറ്റൊരു ലഹരി പദാർത്ഥം കള്ളിൽ നിന്നും വാറ്റി എടുത്തിരുന്ന ചാരായമായിരുന്നു. ലന്തക്കമ്പനി ലാഭകരമായി നടത്തിയിരുന്ന വ്യാപാരങ്ങളിൽ ഒന്ന് നെയ്ത്ത് വസ്ത്രങ്ങളുടേതാണ്. അവ മിക്കവാറും കോട്ടാർ എന്ന സ്ഥലത്ത് നെയ്തുണ്ടാക്കുന്നവയായിരുന്നു.

ജാതി സമ്പ്രദായം കൂടുതൽ രൂക്ഷമായിക്കൊണ്ടിരുന്നു എന്നാണ് മനസ്സിലാകുന്നത്. തിയ്യർ മുതൽ പുലയർ വരെയുള്ള കീഴ്ജാതിക്കാരുമായി യോദ്ധാക്കളായ നായൻമാർ യാതൊരു സമ്പർക്കവും നടത്താറുണ്ടായിരുന്നില്ല. കള്ളു ചെത്തലാണ് തിയ്യരുടെ പ്രധാന ജോലി. ജാതിവ്യത്യാസമില്ലാതെ സ്ത്രീപുരുഷൻമാർ എല്ലാം വെറ്റില ചവച്ചുകൊണ്ടിരിക്കും. വെറ്റില കറ പുരളാത്ത പല്ലുള്ളവരെ ഉന്നതരായി ഗണിച്ചിരുന്നില്ലത്രേ. കേരളത്തിലെ ശിക്ഷാവിധികളെപ്പറ്റി മറ്റുള്ളവർ പറഞ്ഞവിധമാണ് ന്യൂഹോഫും രേഖപ്പെടുത്തിയിട്ടുള്ളത്. വസ്ത്രധാരണരീതിയിലും മാറ്റം ഉണ്ടായിരുന്നില്ല. ബഹുഭർത്തൃത്വവും മരുമക്കത്തായവും പ്രബലമായിരുന്നു. ഇതിനുമുമ്പ് ആരും പറയാത്തൊരു കാര്യം ന്യൂഹോഫ് കുറിക്കുന്നത് ഇവിടത്തെ വിവാഹത്തെക്കുറിച്ചാണ്. വിവാഹം വളരെ ആർഭാടമായി നടത്തുന്നുവെന്നും ഇതിനായി വളരെ പണം ധൂർത്തടിക്കുന്നുവെന്നുമാണ്. കല്യാണത്തിൽ സംബന്ധിക്കുന്ന അതിഥികൾക്കെല്ലാവർക്കും ഓരോ വെറ്റിലതട്ട് സമ്മാനമായി നൽകും. വധുവിനെ അണിയിച്ചൊരുക്കി പാട്ടും നൃത്തവുമായി സ്ത്രീകൾ വരൻെറ വീട്ടിൽ എത്തിക്കുന്നു. അവിടെ നടക്കുന്ന സ്വീകരണത്തിനും സദ്യയ്ക്കും ശേഷം സന്ധ്യയാകുന്നതിനു മുമ്പ് വധുവിനെ തിരിച്ചുകൊണ്ടു പോരും. ഇങ്ങിനെ പതിനഞ്ച് ദിവസം ആവർത്തിക്കുമത്രേ. ഈ ദിവസങ്ങളിലൊക്കെ വിഭവസമൃദ്ധമായ സദ്യയും നടത്തുന്നു. ഇതുകഴിഞ്ഞാൽ പിറ്റേ ദിവസം വധൂവരൻമാരെ ആനപ്പുറത്ത് അഭിമുഖമായി ഇരുത്തി നഗരപ്രദക്ഷിണ ഘോഷയാത്ര നടത്തുകയും ക്ഷേത്രദർശനവും പ്രാർത്ഥനയും കഴിച്ച് എല്ലാവരും വധൂഗൃഹത്തിൽ എത്തിച്ചേരുന്നു. അവിടെ അന്നു നടക്കുന്ന സദ്യ വളരെ കെങ്കേമമായിരിക്കും. ഇത്കഴിഞ്ഞാൽ സംബന്ധിച്ചവർ എല്ലാം വധൂവരൻമാരെ ആശീർവദിച്ച് പിരിഞ്ഞുപോകുന്നു. ഇതുവരെ എഴുതിയവരൊക്കെ കേരളത്തിൽ താലികെട്ട് കല്യാണമല്ലാതെ വിവാഹമെന്നൊരു ചടങ്ങ് ഇല്ലെന്നാണ് പറഞ്ഞിട്ടുള്ളത്. ന്യൂഹോഫ് നൽകുന്ന മറ്റൊരു വിവരം ഇവിടെ ബ്രാഹ്മണർ മരിച്ചാൽ അവരുടെ വിധവകൾ ചിതയിൽ ചാടി സതി അനുഷ്ഠിക്കാറുണ്ടെന്നാണ്. ഇത് നിർബന്ധമുള്ള കാര്യമായിരുന്നില്ല. എന്നാൽ വിധവയായാൽ തല മുണ്ഡനം ചെയ്ത് വിലക്ഷണ സൃഷ്ടിയായി അവഗണിക്കപ്പെട്ട് അവഹേളിതയാകുന്നതിനേക്കാൾ ഉത്തമം സതി അനുഷ്ഠിക്കലാണ് നല്ലതെന്ന് പലരും കരുതിപ്പോന്നിരുന്നു. മറ്റു ജാതികളിൽ ഈ സമ്പ്രദായം നിലനിന്നിരുന്നില്ല. ന്യൂഹോഫിനു മുമ്പ് പല സഞ്ചാരികളും, കേരളത്തിൽ സതി അനുഷ്ഠിച്ചിരുന്നുവെന്ന് പൊതുവെ പറഞ്ഞിട്ടുണ്ടെന്നല്ലാതെ ഏത് ജാതിക്കാരാണ് ഇതനുഷ്ഠിച്ചിരുന്നതെന്ന് വ്യക്തമായിരുന്നില്ല. നമ്മുടെ സാമൂഹ്യ സമ്പ്രദായത്തിനും രാഷ്ട്രീയ സംവിധാനത്തിനും പുതുതായി ഉൽഭവിച്ച പലതും ന്യൂഹോഫാണ് ആദ്യമായി അവതരിപ്പിക്കുന്നത് എന്നതിനാൽ അദ്ദേഹത്തിൻെറ ഗ്രന്ഥം കേരളചരിത്ര രചനക്ക് അനുപേക്ഷണീയമാകുന്നു.

*പൗലിനോ ഫ്രാ ബർത്തലോമ്യോ* - 18-ാം നൂറ്റാണ്ടിലെ കേരളത്തിലെ സാമൂഹ്യ-സാംസ്കാരിക സ്ഥിതിഗതികളെക്കുറിച്ച് വിശദമായി വിവരിച്ചിട്ടുള്ള ഒരു ഗ്രന്ഥമാണ് ലണ്ടനിൽനിന്നും 1867-ൽ പ്രസിദ്ധീകരിച്ച ബർത്തലോമ്യോയുടെ A Voyage to the East Indies (പൗരസ്ത്യ രാജ്യത്തേക്കുള്ള ഒരു യാത്ര) എന്ന പ്രസിദ്ധീകരണം. ദക്ഷിണ ഓസ്ട്രിയയിൽ 1748-ൽ ജനിച്ച ബർത്തലോമ്യോ തൻെറ 30-ാമത്തെ വയസ്സിലാണ് മിഷണറിപ്രവർത്തനവുമായി കേരളത്തിലെത്തുന്നത്. ബഹുഭാഷാപണ്ഡിതനായിരുന്ന അദ്ദേഹം ഏകദേശം പതിമൂന്ന് വർഷത്തോളം കൊച്ചിയിലും, തിരുവിതാംകൂറിലുമായി തൻെറ പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്നു. വരാപ്പുഴ സെമിനാരിയിലായിരുന്നു അധികസമയവും അദ്ദേഹം കഴിച്ചുകൂട്ടിയത്. തിരുവിതാംകൂറിലെ അഞ്ചുതെങ്ങിലും ഒന്നു രണ്ട് വർഷം അദ്ദേഹം താമസിച്ചിട്ടുണ്ട്.

കൊച്ചി - തിരുവിതാംകൂർ രാജാക്കൻമാരുമായി അടുത്ത ബന്ധം അദ്ദേഹത്തിനുണ്ടായിരുന്നു. മലയാളം, സംസ്കൃതം, തമിഴ് എന്നീ ഇന്ത്യൻ ഭാഷകൾ പഠിക്കുക മാത്രമല്ല, ഇവിടത്തുകാർക്ക് യൂറോപ്യൻ ഭാഷയുമായി ഇടപഴകുവാനുമുള്ള സൗകര്യവും അദ്ദേഹം ഉണ്ടാക്കിയിരുന്നു. മലയാളം-ഇംഗ്ലീഷ്- പോർച്ചുഗീസ് നിഘണ്ടു നിർമ്മിച്ചത് ഈ ആവശ്യത്തിനുവേണ്ടി ആയിരുന്നു. തിരുവിതാംകൂറിലെ രാമവർമ്മ മഹാരാജാവിൻെറ നിർദ്ദേശാനുസരണം ഇംഗ്ലീഷ്-ലത്തീൻ ഭാഷകളുടെ വ്യാകരണം മലയാളത്തിൽ വിശദീകരിച്ചതുകൊണ്ട് അദ്ദേഹം മറ്റൊരു പുസ്തകം പ്രസിദ്ധീകരിച്ചു. നമ്പൂതിരി സമുദായം അദ്ദേഹത്തിൻെറ ശ്രദ്ധേയമായ പഠനത്തിന് വിധേയമായിട്ടുണ്ട്. വൈദികശ്രേഷ്ഠനായ ആഴുവാഞ്ചേരി തമ്പ്രാക്കളുടെ പദവിയും പ്രതാപവും ചര്യകളും വളരെ വിശദീകരിച്ച് എഴുതിയിട്ടുള്ള അദ്ദേഹം നമ്പൂതിരി സ്ത്രീകളേയും അവരുടെ സ്വഭാവ സവിശേഷതകളേയും കുറിച്ച് ലത്തീൻ ഭാഷയിൽ ഗ്രന്ഥങ്ങൾ വിരചിച്ചിരുന്നു. പൗരസ്ത്യ രാജ്യത്തേക്കുള്ള യാത്ര എന്ന ഗ്രന്ഥത്തിലെ ഒരദ്ധ്യായം തന്നെ മലയാള ഭാഷയേയും സാഹിത്യത്തേയും ആധാരമാക്കിയുള്ളതാണ്.

ബർത്തലോമ്യോയുടെ ഗ്രന്ഥം തിരുവിതാം കൂറിലേയും, കൊച്ചിയിലേയും ജനജീവിതത്തെ ചിത്രീകരിക്കുന്നുണ്ടെങ്കിലും മലബാർ പ്രദേശത്തെക്കുറിച്ച് നമുക്ക് യാതൊരു അറിവും നൽകുന്നില്ല. യഥാർത്ഥത്തിൽ ബർത്തലോമ്യോ വരാപ്പുഴയിൽ താമസം തുടങ്ങിയ 1777 മുതൽ അദ്ദേഹം ഇവിടെ നിന്ന് മടങ്ങിപ്പോയ 1789 വരെയുള്ള 13 വർഷം

കേരളത്തെ സംബന്ധിച്ച് പൊതുവേയും, മലബാറിനെ സംബന്ധിച്ച് പ്രത്യേകമായും വളരെ പ്രാധാന്യമുള്ള കാലഘട്ടമാണ്. മലബാറിലെ ചെറുതും വലുതുമായ എല്ലാ രാജാക്കൻമാരുടേയും അധികാരം നഷ്ടപ്പെടുകയും നൂറ് നൂറ് തുണ്ടുകളായി കിടന്നിരുന്ന മലബാർ സുശക്തവും ഏകീകൃതവുമായ ഒരു ഭരണത്തിൻ കീഴിൽ ആധുനിക യുഗപ്പിറവി കണ്ട സമയവും അതായിരുന്നു. കൊച്ചി മൈസൂറിൻെറ സാമന്ത രാജ്യമായി തീർന്നിരുന്നതിനുപുറമേ, തിരുവിതാംകൂർ കൊടിയ ഭീതിയിൽ ഇംഗ്ലീഷ് കമ്പനിയുടെ പരിപൂർണ്ണ സംരക്ഷയിലും ആയിരുന്നു. രണ്ട് ആംഗ്ലോ-മൈസൂർ യുദ്ധങ്ങൾ നടക്കുകയും മൂന്നാമത്തേതിൻെറ തുടക്കം കുറിക്കുകയും ചെയ്തിരുന്ന ഏറ്റവും നിർണ്ണായകമായ ചരിത്രഘട്ടമായിരുന്നു അദ്ദേഹം ഇവിടെയുള്ളപ്പോൾ സംഭവിച്ചുകൊണ്ടിരുന്നത്. എന്നാൽ മൈസൂർ ആധിപത്യത്തിൻ കീഴിൽ ആയിരുന്ന മലബാറിൽ ഭരണപരവും, കാർഷികവുമായ മാറ്റങ്ങൾ നാട്ടിലുണ്ടാക്കിയ പ്രതികരണത്തെക്കുറിച്ചോ അനാദികാലമായി നിലനിന്നിരുന്ന ഫ്യൂഡൽ ദുഷ് പ്രഭുത്വത്തിൻെറ തകർച്ചയെക്കുറിച്ചോ അദ്ദേഹം കാണാതെ പോയത് ഗ്രന്ഥത്തിന് പരിമിതികൾ സൃഷ്ടിക്കുന്നുണ്ട്. വരാപ്പുഴയിലും, അഞ്ചുതെങ്ങിലുമായി മതപ്രചാരണം നടത്തി സ്വസ്ഥമായി കഴിഞ്ഞു കൂടിയിരുന്ന ഇദ്ദേഹം സാഹസികനായ ഒരു സഞ്ചാരകുതുകിയോ, ജിജ്ഞാസുവായ ഒരു നിരീക്ഷണപടുവോ ആയിരുന്നില്ലെന്ന് വേണം മനസ്സിലാക്കുവാൻ.

എന്നാൽ താൻ ഇടപഴകിയ ആളുകളേയും കണ്ടറിഞ്ഞ കാര്യങ്ങളേയും വിവരിക്കുന്നതിൽ അദ്ദേഹം വീഴ്ച വരുത്തിയിട്ടില്ല. ജനങ്ങൾ പൊതുവെ കറുത്ത നിറമുള്ളവരും, അദ്ധ്വാനശീലരും ഒതുങ്ങിയ ജീവിതം നയിക്കുന്നവരുമാണ്. സ്വന്തം കാര്യം നേടാൻ അങ്ങേയറ്റം വിനയവും ഭവ്യതയും ദീക്ഷിക്കുന്ന ഇവർ കാര്യം നേടിക്കഴിഞ്ഞാൽ കണ്ടഭാവം നടിക്കുകയില്ലെന്ന് അദ്ദേഹം എഴുതുന്നു. മലയാളികൾ കൂർമ്മബുദ്ധിയുള്ളവരാണ്. അന്യോന്യം പകയും, വക്കാണവും മൂലം നശിച്ചിട്ടുള്ള വളരെ കുടുംബക്കാരെ തനിക്കറിയാം. സമാധാനം ഉണ്ടാക്കുന്നതിനു പകരം, പകരം വീട്ടുവാനുള്ള ആവേശമാണ് മുന്തിനിൽക്കുക. ഇവിടത്തെ സ്ത്രീ-പുരുഷൻമാർ അഴകും ശുദ്ധിയും ഉള്ളവരാണ്. നമ്പൂതിരി സ്ത്രീകൾ ഒരു രണ്ടാം മുണ്ടുകൊണ്ട് മാറ് മറക്കുകയും പുറത്തിറങ്ങുമ്പോൾ മറക്കുട കൊണ്ടു നടക്കുകയും ചെയ്യുന്നു. മറ്റുള്ളവർ എല്ലാം തന്നെ അർദ്ധനഗ്നരും, നഗ്നപാദരുമാണ്.

സാധാരണക്കാരുടെ വീടുകൾ ചെറ്റകുടിലുകളും ഓല കൊണ്ട് മറച്ചവയുമാണ്. വീട്ടുപകരണങ്ങളാകട്ടെ വളരെ ദുർല്ലഭവും. മൺപാത്രങ്ങളാണ് അധികവും, നെല്ലുകുത്താനുള്ള ഉരലും, തൂക്കി ഇടുന്ന ഒരു വിളക്കും സാധാരണ എല്ലായിടത്തും കാണാം. അൽപ്പം ഭേദപ്പെട്ടവരുടെ വീടുകളിൽ ഒരു കട്ടിലും, പായവിരിയും ഉണ്ടാകും. ചെമ്പിൻെറയോ, ഓടിൻെറയോ, കിണ്ടികളും, കിണ്ണങ്ങളും ഇത്തരം വീടുകളിൽ കാണാം. എന്നാൽ പ്രഭുക്കൻമാരുടേയും പണക്കാരുടേയും വീടുകൾ രണ്ടുനില മാളികകളാണ്. തേക്ക് മരമാണ് ഇവ പണിയുവാൻ അധികവും ഉപയോഗിക്കുന്നത്. ഇത്തരം ഏഴ് നിലയിലുള്ള മാളികകളിലാണ് നാടുവാഴികൾ അധിവസിക്കുന്നത്.

ജോലിക്കാർ പ്രഭാതത്തിൽ കഞ്ഞി കഴിച്ചാൽ പിന്നെ പ്രദോഷം വരെ യാതൊരു ഭക്ഷണവുമില്ലാതെ ജോലി ചെയ്യുന്നു. പണി കഴിഞ്ഞ് ദേഹശുദ്ധി വരുത്തി അത്താഴം കഴിച്ച് കിടന്നുറങ്ങും. ഭേദപ്പെട്ടവർ വാഴ ഇലയിലാണ് ചോറ് തിന്നുന്നത്. ചുരുക്കം പേരെ ഇലയ്ക്കു പകരം ഓട്ടുപാത്രം ഉപയോഗിക്കാറുള്ളൂ. തൈര്, മോര്, എരിവുള്ള ചമ്മന്തി ഇവയാണ് കറികൾ. എന്നാൽ രാജാക്കൻമാരുടെ ഭക്ഷണത്തിന് പതിനഞ്ച് തരം കറികൾ ഉണ്ടായിരിക്കുമത്രേ.

ബർത്തലോമ്യോയുടെ കാലമായപ്പോഴേക്കും കൃഷി വളരെ ആദായകരമായി നടത്തിപ്പോന്നിരുന്നു. നിലങ്ങളിൽ രണ്ടും മൂന്നും പ്രാവശ്യം വർഷത്തിൽ കൃഷി ഇറക്കും. പുഴകളിൽ നിന്നും ചാല് കീറി വെള്ളം പാടത്തേയ്ക്ക് തിരിച്ചുവിടും. അല്ലെങ്കിൽ കൃഷിയിടങ്ങളിൽ വെള്ളം കോരി നനക്കും. നെല്ലിനു പുറമെ, കുരുമുളക്, ചാമ, മുതിര, പയർ, മഞ്ഞൾ, ഇഞ്ചി, എള്ള്, ഇത്യാദി ഇനങ്ങളും ധാരാളം വിളവ് തരുന്ന കാർഷികോൽപ്പാദനങ്ങളാണ്. ചാരം, ചാണകം, വൈക്കോൽ തുരുമ്പ്, പച്ചില ഇത്യാദികളാണ് വളങ്ങളായി പാടങ്ങളിലും മറ്റും ഉപയോഗിക്കുന്നത്. മാവ്, വാഴ, പ്ലാവ് തുടങ്ങി മറ്റുള്ള ഫലവൃക്ഷങ്ങളും നാട്ടിൽ സുലഭമായിട്ടുണ്ട്. സ്ഥലങ്ങൾ കൈമാറ്റം ചെയ്യുന്ന പലതരം കുടിയായ്മകളും നിലവിലുണ്ടായിരുന്നു. സ്ഥലത്തിൻെറ പൂർണ്ണാവകാശം കൈമാറ്റം ചെയ്യുന്നതിന് അട്ടിപ്പേറെന്നും, കാണാവകാശമാണെങ്കിൽ പാട്ടം എന്നും, പണയം എന്നും പലതരം കൈമാറ്റ നടപടികളും നിലവിലുണ്ടായിരുന്നു.

നാട്ടിൽ മിക്കവാറും ദേശങ്ങളിൽ വിദ്യാഭ്യാസത്തിനുള്ള പള്ളിക്കൂടങ്ങൾ നിലനിന്നിരുന്നു. വിദ്യ അഭ്യസിപ്പിക്കുന്നവരെ ആശാൻമാരെന്നാണ് പറഞ്ഞിരുന്നത്. സമൂഹത്തിലെ മേൽത്തട്ടുകാർ മാത്രമാണ് അക്ഷരാഭ്യാസം നേടിയിരുന്നത്. അഞ്ചാം വയസ്സുമുതൽ ആരംഭിക്കുന്ന ഈ അദ്ധ്യയനം ഏതെങ്കിലും വിഷയത്തിൽ പ്രാവീണ്യം നേടുന്നതുവരെ നീണ്ടു പോകുന്നു. വൈദ്യശാസ്ത്രം, കാവ്യമീമാംസ, ധർമ്മശാസ്ത്രം, തുടങ്ങിയ വിഷയങ്ങൾക്ക് പ്രത്യേക പരിശീലനം നൽകുവാൻ കഴിവുള്ള ആശാൻമാരുണ്ട്. ഇത്തരം പള്ളിക്കൂടങ്ങളോടൊപ്പം മെയ്വഴക്കവും, കായികാഭ്യാസവും പരിശീലിപ്പിക്കുന്ന കളരികളും കാണാമായിരുന്നു.

18-ാം നൂറ്റാണ്ടോടുകൂടി ഓണാഘോഷം ദേശീയോൽസവമായി മാറിയിരുന്നതായി ബർത്തലോമ്യോയുടേയും മറ്റും വിവരണം സാക്ഷ്യം നിൽക്കുന്നു. കടുത്ത ശിക്ഷ നൽകിയിരുന്നതുകൊണ്ട് കുറ്റങ്ങൾ കുറവായിരുന്നുവെന്നും, ഒരേ കുറ്റത്തിനുള്ള ശിക്ഷ തന്നെ ജാതിവ്യത്യാസം

അനുസരിച്ച് വളരെ ഭിന്നമായിരുന്നുവെന്നും അദ്ദേഹം എഴുതുന്നുണ്ട്. സമൂഹത്തിലെ ഏറ്റവും താണ ജാതിക്കാരുടെ ദാരുണമായ ജീവിതത്തെപ്പറ്റി അദ്ദേഹം അധികമൊന്നും എഴുതുന്നില്ല. എന്നാൽ ആയിരക്കണക്കിന് അടിമകളെ ഇവിടെ നിന്ന് വിദേശികൾ തുച്ഛവിലയ്ക്ക് വാങ്ങി പല സ്ഥലങ്ങളിലേക്കും കയറ്റി അയക്കാറുണ്ടെന്ന് അദ്ദേഹം പറയുന്നുണ്ട്.

കൊച്ചിയിലെ ശക്തൻ തമ്പുരാനുമായും, തിരുവിതാംകൂറിലെ രാമവർമ്മരാജാവുമായും അടുത്ത ബന്ധം അദ്ദേഹത്തിനുണ്ടായിരുന്നു. അവരെപ്പറ്റി നല്ലത് മാത്രമേ അദ്ദേഹത്തിന് പറയാനുള്ളൂ. ഈ രാജാക്കൻമാരുടെ ആർഭാടരഹിതമായ ലളിതജീവിതവും, വിനയാന്വിതമായ ജീവിതശൈലിയും അദ്ദേഹം ഏറെ പ്രകീർത്തിക്കുന്നുണ്ട്. ശക്തൻ തമ്പുരാനും, രാമവർമ്മയും ഇംഗ്ലീഷ്, ഡച്ച് ഭാഷകൾ നല്ലവണ്ണം അറിയാവുന്നവരായിരുന്നുവെന്ന് അദ്ദേഹം പറയുന്നു. സമൂഹത്തിലെ മേലേതട്ടിലുള്ള ആളുകളെക്കുറിച്ച് മാത്രമാണ് ബർത്തലോമ്യോ വിവരിക്കുന്നത് അധികവും. വ്യാപകമായി യാത്ര ചെയ്യുകയോ, ജനങ്ങളുമായി കൂടുതൽ സമ്പർക്കം പുലർത്തുകയോ ചെയ്തിരുന്നില്ലെന്ന് അദ്ദേഹത്തിന്റെ വിവരണം വ്യക്തമാക്കുന്നു. 1789ലാണ് അദ്ദേഹം മടങ്ങിപ്പോന്നത്. ആ വർഷം നടന്ന നെടുങ്കോട്ട ആക്രമണവും, മൂന്നാം ആംഗ്ലോ-മൈസൂർ യുദ്ധത്തിന്റെ തുടക്കവും നടന്നിട്ടും അതിന്റെ യഥാർത്ഥ വിവരണത്തിന് അദ്ദേഹത്തിന് കഴിഞ്ഞിരുന്നില്ല. അതേ സമയം മൈസൂർകാർ നടത്തിയെന്ന് പറയുന്ന മതധ്വംസനത്തെപ്പറ്റി ഒക്കെ അതിഭാവുകത്വത്തോടുകൂടി അദ്ദേഹം എഴുതിയിട്ടുള്ളത് കാണാം. എല്ലാ അമ്പലങ്ങളും, ക്രിസ്ത്യൻ പള്ളികളും തകർത്ത് തരിപ്പണമാക്കിയെന്ന് പറയുന്ന അദ്ദേഹം വരാപ്പുഴ സെമിനാരിയും, പള്ളിയും ആക്രമണത്തിന് വിധേയമായില്ലെന്നും എഴുതുന്നുണ്ട്. അവിടത്തെ അന്തേവാസിയായ അദ്ദേഹത്തിന്റെ അനുഭവം മറ്റു സ്ഥലങ്ങളിൽ നടന്നെന്ന് കേട്ടതിന് വിപരീതമായിരുന്നു. പോർച്ചുഗീസ് പാതിരിയായ ബർത്തലോമ്യോ മൈസൂർ ആക്രമണത്തെ കുറിച്ചെഴുതുന്നതൊക്കെ കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ മാത്രമായതിനാൽ അവ മറ്റുള്ള ആധികാരിക രേഖകളുമായി തട്ടിച്ചു നോക്കിയതിനു ശേഷമായിരിക്കണം സ്വീകരിക്കുവാൻ. വളരെ ശ്രദ്ധിച്ച് വേണം ബർത്തലോമ്യോയുടെ ഗ്രന്ഥം ഉപയോഗപ്പെടുത്തുവാൻ.

*ഡോക്ടർ ഫ്രാൻസിസ് ബുക്കാനൻ* - 19-ാം നൂറ്റാണ്ടിലെ കേരളത്തിന്റെ വ്യക്തമായ ഒരു ചിത്രം സൂക്ഷ്മതയോടുകൂടി വരച്ചുകാട്ടുന്ന ഗ്രന്ഥമാണ് ഭിഷഗ്വരനായ ഫ്രാൻസിസ് ബുക്കാനന്റെ 'മദ്രാസിൽ നിന്നും കാനറ, മൈസൂർ, മലബാർ എന്നീ രാജ്യങ്ങളിലൂടെയുള്ള യാത്ര' (A Journey From Madras Through The Countries of Canara, Mysore and Malabar) എന്ന ഗ്രന്ഥം. 1807-ൽ ഇംഗ്ലണ്ടിൽ നിന്നാണ് ഈ പുസ്തകം പ്രസിദ്ധീകരിച്ചിട്ടുള്ളത്. മൂന്ന് വലിയ വാല്യങ്ങളുള്ള ഈ ഗ്രന്ഥത്തിന്റെ മൂന്നാം വാല്യത്തിലാണ് അദ്ദേഹത്തിന്റെ മലബാറിനെക്കുറിച്ചുള്ള വിവരണം. ഈ ഭാഗം മലയാളത്തിൽ 'ഫ്രാൻസിസ് ബുക്കാനന്റെ കേരളം' എന്ന ശീർഷകത്തിൽ ഞാൻ തർജ്ജുമ ചെയ്തത് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. നാലാം മൈസൂർ യുദ്ധത്തിനുശേഷം ടിപ്പു സുൽത്താന്റെ രാജ്യം ഇംഗ്ലീഷ് കമ്പനിയുടെ അധീനതയിൽ വന്നു. ഈ സ്ഥലങ്ങളിലെ ജനങ്ങൾ, അവരുടെ ആചാരാനുഷ്ഠാനങ്ങൾ, ജാതി മതങ്ങൾ, കൃഷി, കച്ചവടം, വാണിജ്യവിഭവങ്ങൾ, ചരിത്രം തുടങ്ങിയവ അന്വേഷിച്ച് റിപ്പോർട്ട് തയ്യാറാക്കി കമ്പനിക്ക് സമർപ്പിക്കുവാൻ നിയുക്തനായ ദേഹമാണ് ഡോക്ടർ ബുക്കാനൻ.

ബുക്കാനൻ സൂക്ഷ്മദൃക്കും, നിരീക്ഷണപടുവുമായിരുന്നു. കമ്പനിയുടെ കീഴിൽ വന്ന സ്ഥലത്തെ ഭരണ സംവിധാനവും നീതിന്യായവും, നികുതിപ്പിരിവും ഒക്കെ കൃത്യമായി ആസൂത്രണം ചെയ്യേണ്ടതിന് വേണ്ടിയാണ് തന്നെ നിയോഗിച്ചിരിക്കുന്നതെന്ന് അറിയാമായിരുന്ന ഡോക്ടർ ബുക്കാനൻ ഔദ്യോഗിക ആവശ്യത്തിനായതുകൊണ്ടുതന്നെ സത്യസന്ധമായും, വസ്തുനിഷ്ഠമായും കിട്ടിയ വിവരങ്ങൾ അടുക്കും, ചിട്ടയോടുംകൂടി സ്വരൂപിക്കുവാൻ ശ്രമിച്ചതായി കാണാം. ഭാവിഭരണസമ്പ്രദായത്തെ കരുപ്പിടിപ്പിക്കുവാൻ സത്യസ്ഥിതി അറിയണമെന്നാഗ്രഹം ഉണ്ടായതിനാൽ തന്റെ നിരീക്ഷണത്തിലും അനുഭവത്തിലും വന്ന കാര്യങ്ങളെ സംബന്ധിച്ച് അദ്ദേഹം നൽകുന്ന വിവരണം ക്രിയാത്മകമാണ്. എന്നാൽ കേട്ടുകേൾവി എഴുതുമ്പോഴും ആരോപണങ്ങൾ നടത്തുമ്പോഴും, ഊഹാപോഹങ്ങൾ പകർത്തുമ്പോഴും മറ്റ് ഇംഗ്ലീഷ് ചരിത്രകാൻമാരെപ്പോലെ അദ്ദേഹം തരംതാഴുന്നുണ്ട്. വിവാദപരവും, കേൾവിയിൽ തന്നെ അവിശ്വസനീയവുമായ ആരോപണങ്ങൾ കാണുമ്പോൾ മറ്റുള്ള രേഖകളും എഴുത്തുകാരും തൽസംബന്ധമായി രേഖപ്പെടുത്തിയിട്ടുള്ളത് എന്തെന്ന് കൂടി തട്ടിച്ചു നോക്കിവേണം നാം തള്ളുകയും കൊള്ളുകയും ചെയ്യേണ്ടത്. ഒരു ഔദ്യോഗിക റിപ്പോർട്ട് എന്ന നിലയ്ക്കു തന്നെ ഡോക്ടർ ബുക്കാനന്റെ വിവരണം ഏറെ സ്വീകാര്യമാണ്. അതോടൊപ്പം കുശാഗ്രബുദ്ധിയും, പരിചയസമ്പന്നനുമായ ഡോക്ടർബുക്കാനന്റെ നിരീക്ഷണ-വിശകലനരീതിയും അദ്ദേഹത്തിന്റെ പുസ്തകത്തിന്റെ മാറ്റ് വർദ്ധിപ്പിക്കുന്നുണ്ട്. ഒരു വർഷത്തിൽ കൂടുതൽ തുടർച്ചയായി നടത്തിയ അന്വേഷണത്തിന്റേയും, ശേഖരിച്ച വിവരങ്ങളുടേയും അടിസ്ഥാനത്തിൽ എഴുതിയ ഈ ഗ്രന്ഥം 1801-ൽ തന്നെ വെല്ലസ്ലിക്ക് സമർപ്പിച്ചിരുന്നു.

1762 ഫെബ്രുവരി 15-ാം തീയതി എഡിൻബറോയിലാണ് അദ്ദേഹം ജനിച്ചത്. ഡോക്ടറായ തോമസ് ബുക്കാനൻ ആയിരുന്നു പിതാവ്. പിതാവിനെ പിൻപറ്റി എഡിൻ ബറോയിൽ നിന്നു തന്നെ വൈദ്യശാസ്ത്രത്തിൽ അന്നത്തെ ഉന്നത ബിരുദമായ എം.ഡി. കരസ്ഥമാക്കി. കുറേക്കാലം പട്ടാള സേവനം ചെയ്തിരുന്ന ബുക്കാനൻ 1794-ൽ ആണ് ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ സർവ്വീസിൽ ചേർന്നത്. ചിറ്റഗോങ്ങ്, ത്രിപ്പുര, നീപ്പാൾ എന്നീ സ്ഥലങ്ങളിലെ സർവ്വേ

നടത്തുവാനും അവിടങ്ങളിലെ പക്ഷിമൃഗാദികളെയും, സസ്യലതാദികളേയും കുറിച്ച് പഠനം നടത്തുവാനും കമ്പനി അദ്ദേഹത്തെ നിയമിച്ചിരുന്നു. 1800ലാണ് മൈസൂറിൽ നിന്നും ലഭിച്ച സ്ഥലങ്ങളെക്കുറിച്ച് അന്വേഷണ റിപ്പോർട്ട് തയ്യാറാക്കുവാൻ ഈ അനുഭവസമ്പന്നനെ വെല്ലസ്ലി നിയോഗിച്ചത്. പണ്ഡിതനായ ഈ സ്ഥിരോൽസാഹിയുടെ കേരളത്തെയും ജനങ്ങളേയും കുറിച്ചുള്ള പഠനങ്ങൾ 19-ാം നൂറ്റാണ്ടിലെ ചരിത്രപഠനത്തിന് ഒഴിച്ചുകൂടുവാൻ പറ്റാത്ത മഹത്തായ ഒരു പ്രമാണമാകുന്നു. 1816ൽ അദ്ദേഹം സ്കോട്ട്ലണ്ടിലേക്ക് മടങ്ങി. ധാരാളം പുരസ്കാരങ്ങളും, ബഹുമതികളും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. ബുക്കാനന്റെ നീപ്പാളിന്റെ ചരിത്രം, ഹൈന്ദവ ദൈവങ്ങളുടെ കാലക്രമമനുസരിച്ചുള്ള പട്ടിക, ഗംഗാനദിയിലെ മത്സ്യങ്ങൾ എന്നീ പുസ്തകങ്ങൾക്കു പുറമേ, പല സ്ഥലങ്ങളിലും അദ്ദേഹം നടത്തിയ സർവ്വേകളുടേയും, പഠന പര്യടനങ്ങളുടേയും റിപ്പോർട്ടുകൾ ഇംഗ്ലണ്ടിൽ ഇന്ത്യൻ ഹൗസിലും, ഡൽഹിയിലെ നാഷണൽ ആർക്കൈവ്സിലും സുരക്ഷിതമായി സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യാചരിത്രപഠനത്തിന് ഏറെ സഹായിക്കുന്നവയാണ് ബുക്കാനന്റെ രേഖാസമ്പത്തും ഗ്രന്ഥങ്ങളും. അതുകൊണ്ടുതന്നെ അത് നമ്മുടെ ശ്രദ്ധയെ കൂടുതൽ ആകർഷിക്കുന്നു. 1829 ജൂൺ 15-ാം തീയതി അദ്ദേഹം നിര്യാതനായി.

---

1. *Ancient India has no Herodotus or Thucidydes, No Livy or Tacitus. യവന - റോമാ ചരിത്ര കാരൻമാരായിരുന്നു ഇവർ. ഹെറോഡോട്ടസ്സ് ചരിത്രത്തിന്റെ പിതാവ് എന്ന വിശേഷിക്കപ്പെടുമ്പോൾ ത്യൂസിഡൈഡസ്സ് ചരിത്രശാസ്ത്രത്തിന്റെ ഉപജ്ഞാതാവായി അറിയപ്പെടുന്നു.*
2. *നേർക്കസ്സ്, ഒനിസി ക്രീറ്റസ്, അരിസ്റ്റോബുലസ്സ്, കളിറ്റാറക്സ്സ്, തുടങ്ങിയവർ.*
3. *എസ്. മുഹമ്മദ് ഹുസൈൻ നൈനാർ,* The knowledge of India possessed by Arab Geographers down to the 14th Centuary A.D. with special Reference to Southern India, Madras University Islamic Series, No.6, 1938, Introduction -P.2
4. *മുൻ ഉദ്ധരിച്ച നൈനാരുടെ ഗ്രന്ഥം : പുറം - 2*
5. *പി. അനുജൻ അച്ചൻ, കൊച്ചിൻ സ്റ്റേറ്റിലെ പുരാവകുപ്പ് ഭരണറിപ്പോർട്ട് മലയാളവർഷം 123 (1947-48)*
6. *എൻ. നാഗമയ്യ, തിരുവിതാംകൂർ സ്റ്റേറ്റ് മാനുവൽ, വാല്യം ഒന്ന്, 1906, പുറം 231.*
7. *എറിത്രിയൻ കടൽതീരത്തിലൂടെ ഒരു കപ്പൽയാത്ര, പരിഭാഷ പി.കെ. പത്മനാഭൻ നായർ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം - 2, 1982, അവതാരിക, P.XII, XVI*

* *ഒരു സ്റ്റേഡിയ 606.75 അടി - 5.45 സ്റ്റേഡിയ ഒരു കിലോമീറ്റർ.*

8. *അതേപുസ്തകം. പുറങ്ങൾ 52-55*
9. *ഡോ. ബെർണൽ, സൗത്ത് ഇന്ത്യൻ പാലിയോഗ്രാഫി, രണ്ടാം പതിപ്പ്, പുറം - 18.*
10. *എസ്. വൈയ്യാപുരിപിള്ള, ഹിസ്റ്ററി ഓഫ് തമിഴം ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, പുറം - 23*
11. *അതുതന്നെ. പുറങ്ങൾ 38,65.*
12. *എം. ശ്രീനിവാസ അയ്യങ്കാർ - തമിഴ് സ്റ്റഡീസ്, പുറം - 214.*
13. *ഇളംകുളം പി.എൻ. കുഞ്ഞൻപിള്ള, അന്നത്തെ കേരളം, പുറം-14*
14. *മുൻ ഉദ്ധരിച്ച ഹുസൈൻ നൈനാരുടെ ഗ്രന്ഥം.*
15. *ഇബ്നു ഖൽദൂൺ - മുഖദ്ദിമ - ഇംഗ്ലീഷ് തർജ്ജുമ ഫ്രാൻസ് റോസന്താൾ,* An Introduction to History vol.1, pp *:369 -371.*
16. *അതുതന്നെ.*
17. *എച്ച്.എ.ആർ. ഗിബ്ബ്* - Selections from the Travels of Ibn Batuta - England, p:12
18. *കൂടുതൽ അറിയുന്നതിനായി എന്റെ ഇബ്നുബത്തൂത്തയുടെ കള്ളക്കഥകൾ, ചരിത്രം പബ്ലിക്കേഷൻസ്, തിരുവനന്തപുരം - 10, രണ്ടാം പതിപ്പ് - 1980, നോക്കുക.*
19. *വേലായുധൻ പണിക്കശ്ശേരിയും കേരളം 600 കൊല്ലം മുമ്പ്, എൻ.ബി. എസ്സ്. - 1962 എന്ന പുസ്തകം, കേരളത്തെപ്പറ്റി ഇബ്നുബത്തൂത്ത പറഞ്ഞവയാണ്.*

# II പ്രാചീന കേരളം

നമ്മുടെ നാടിന്റെ പ്രാചീന ചരിത്രം അറിയാൻ ശ്രമിക്കുന്ന ജിജ്ഞാസുവിന് അഭിമുഖീകരിക്കേണ്ടതായി വരുന്ന പ്രശ്നങ്ങൾ പലതാണ്. കേരളം എന്ന ഈ രാജ്യം എന്നു മുതലുണ്ടായി? അതിന്റെ അതിർത്തികൾ ഏതൊക്കെയായിരുന്നു? ഭൂമിശാസ്ത്രപരവും പ്രാകൃതികവുമായ സവിശേഷതകൾ എന്തൊക്കെ? പ്രാക്തന കാലഘട്ടത്തെക്കുറിച്ചുള്ള തെളിവ് സാമഗ്രികൾ ഏതെല്ലാം? ഇന്ന് നമുക്കുള്ള കേരള സംസ്ഥാനം തന്നെയായിരുന്നുവോ പ്രാചീനകാലത്തെ കേരളം. ഇവയും അനുബന്ധ ചോദ്യങ്ങളും പ്രസക്തങ്ങളും മറുപടി അർഹിക്കുന്നവയുമാണ്.

ആദിശിലായുഗത്തിൽ ഇവിടെ അധിവാസകേന്ദ്രങ്ങൾ ഏതെങ്കിലും ഉണ്ടായിരുന്നതായി ഇതുവരെ തെളിവൊന്നും ലഭിച്ചിട്ടില്ല. നവീന ശിലായുഗത്തിലേതെന്ന് പറയാവുന്ന ഏകതെളിവ് പാലക്കാട് ജില്ലയിലെ കന്യാക്കോട് മലയോരത്ത് നിന്നും ലഭിച്ച ശിലായുധമാണ്. ഫിലിപ്പ് ലേക്ക് പാലക്കാട് ചുരം സർവ്വേ ചെയ്യുന്നതിനിടയ്ക്ക് കണ്ടുകിട്ടിയ പരുക്കൻ ശിലാമഴു (celt) മാത്രമാണ് നവീനശിലായുഗത്തിലേതെന്ന് പറയാവുന്ന ഏകതെളിവ്. പാലക്കാട് ജില്ലയിലെ കന്യാക്കോട് മലയോരത്ത് നിന്നാണ് ഇത്. ഇതിന്റെ ചിത്രം റോബർട്ട് ബ്രൂസ്ഫൂട്ടേയുടെ ശേഖരത്തിൽ മൂന്നാം പ്ലേറ്റ് 89-ാം നമ്പറായി പ്രസിദ്ധം ചെയ്തിട്ടുണ്ട്. *1.* ഇവ മദ്രാസ് പുരാവസ്തു മ്യൂസിയത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. അതേ സമയം പുരാവസ്തു ശാസ്ത്രജ്ഞനായ എച്ച്.ബി. ശങ്കാലിയ പറയുന്നത്, കേരളത്തിലെ ആദിശിലായുഗം മനുഷ്യവാസമില്ലാത്ത കാലമായിരുന്നുവെന്നുമാണ്. തെളിവ് സാമഗ്രികൾ ശൂന്യമാകാൻ പല കാരണങ്ങളും അദ്ദേഹം പറയുന്നുണ്ട്. പ്രധാനമായും സമഗ്രമായ പുരാവസ്തു പര്യവേഷണം നടന്നിട്ടില്ലെന്നുള്ളതും ഭൂമിശാസ്ത്രപരമായ കാരണങ്ങളാലും, കുടിയേറ്റങ്ങളാലും ഇന്ന് ഉത്ഖനന സാദ്ധ്യതകൾ ഇല്ലാതായി തീർന്നിരിക്കുന്നതിനാലും ആണെന്നത്രേ. *2.* എന്നാൽ ആദിമശിലായുഗത്തിലേതെന്ന് പറയാവുന്ന പരുക്കൻ കല്ലുകൊണ്ടുള്ള മഴു തുടങ്ങിയവ 1974ൽ പാലക്കാട് ജില്ലയിലെ പല സ്ഥലങ്ങളിൽ നിന്നും കണ്ടുകിട്ടിയതായി പറയുന്നുണ്ടെങ്കിലും അവയുടെ നിജസ്ഥിതി ശാസ്ത്രീയമായ പരീക്ഷണങ്ങളിലൂടെ തെളിയിക്കുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ അവ ഒരു കാലഘട്ടത്തിന്റെ ചരിത്രാവിഷ്കാരത്തിന് പ്രയോജനപ്പെടുന്നില്ല. *3.* കെ.ആർ. യു. ടോഡ്, കോഴിക്കോടടുത്ത് ചേവായൂർ എന്ന സ്ഥലത്തു നിന്നും ശേഖരിച്ച കുഴാംകല്ലു കൊണ്ടുള്ള ചില ശിലോപകരണങ്ങൾ മൈസൂർ പീഠഭൂമിയിൽ നിന്നും കിട്ടിയവയോട് സാമ്യമുള്ളവയാണെങ്കിലും അവയുടെ കാല നിർണ്ണയം ശരിയാംവിധം നടത്തിയിട്ടില്ലാത്തതിനാൽ നവീന ശിലായുഗത്തിലേതാണെന്ന് സങ്കൽപ്പിക്കുവാൻ പോലും പ്രയാസമാണ്. *4*

എന്നാൽ മഹാശിലായുഗത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ മലയോരങ്ങളിലും, കാടുകളിലുമായി ശിലാസ്മാരകങ്ങളായ ശവക്കല്ലറകളും വീരക്കല്ല്, തൊപ്പിക്കല്ല്, കുടക്കല്ല്, കൽമേശ, നന്നങ്ങാടി, മുനിയറ തുടങ്ങിയവ ധാരാളം കാണുന്നുണ്ട്. തെക്കേ ഇന്ത്യയിൽ പരക്കെകാണുന്ന ഈ ശിലാസ്മാരകങ്ങളിൽ മുനിയറ എന്ന പേരിൽ പറഞ്ഞു പോരുന്ന ചെങ്കൽ അറകളാണ് കേരളത്തിന് പ്രത്യേകമായുള്ളവ. ദക്ഷിണേന്ത്യൻ ആർക്കിയോളജിക്കൽ സർവ്വേ എന്ന ഗ്രന്ഥത്തിൽ റോബർട്ട് സീവെൽ മലബാറിന്റെ വിവധ സ്ഥലങ്ങളിലുള്ളവയും കണ്ടെടുത്തവയുമായ മഹാശിലാസ്മാരകങ്ങളുടെ തരംതിരിച്ചുള്ള പട്ടിക സ്ഥലനാമങ്ങളോടുകൂടി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ 2163 ഡോൾമെനുകളും (കുടക്കല്ലുകൾ എന്ന പേരിലറിയപ്പെടുന്ന കൊടുംപഴുതറകൾ), 3377 മുനിയറകളും (നെടുംശിലകൾ), 571 കല്ലറകളും ലിസ്റ്റ് ചെയ്തിട്ടുണ്ട്. *5.* തിരുവിതാകൂറിലും കൊച്ചിയിലും ഇതേപോലെ കണ്ടെത്തിയ മഹാശിലസ്മാരകങ്ങൾ ഏതേതൊക്കെയെന്നും എവിടെയൊക്കെയെന്നും ഇവിടങ്ങളിലെ ഭരണറിപ്പോർട്ടുകളിൽ നിന്നും ലഭിക്കുന്നതാണ്. *6.*

ഇവ ശവസംസ്ക്കാരത്തിന് ഉപയോഗിച്ചിരുന്നവയോ, മരണപ്പെട്ടവരുടെ സ്മാരകങ്ങളായി നിർമ്മിച്ചവയോ ആണ്. നാട്ടുക്കല്ലുകളെന്നോ, ഒറ്റക്കൽ സ്മാരകങ്ങളെന്നോ വിശേഷിപ്പിക്കപ്പെടുന്നവ, ശവം അടക്കിയ സ്ഥലത്ത് കുഴിച്ചിട്ടിരിക്കുന്ന ഏഴോ, എട്ടോ അടി ഉയരമുള്ള ഒറ്റക്കല്ലുകളാണ്. ചെങ്കല്ലും, കരിങ്കല്ലും ഇവയ്ക്ക് വേണ്ടി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. നാട്ടുകല്ല് എന്ന് പേരുള്ള സ്ഥലം തന്നെ മലപ്പുറം ജില്ലയിലുണ്ട്. കോട്ടയം തിരുനക്കരക്ഷേത്രമൈതാനത്തിന്റെ മതിൽക്കെട്ടിനു വെളിയിലായി ഇത്തരം ഒരു നാട്ടുക്കല്ല് കാണാം. ഏറ്റുമാനൂർ, മുളന്തുരുത്തി, കുരൂർ എന്നി സ്ഥലങ്ങളിൽ ഇവ കാണുന്നുണ്ട്.

കേരളത്തിലെ നാനാപ്രദേശങ്ങളിലും കാണുന്ന തൊപ്പിക്കല്ലുകളും, കുടക്കല്ലുകളും ദക്ഷിണേന്ത്യയിലെ ശിലാസ്മാരകങ്ങളിൽ നിന്നും വേറിട്ട് നിൽക്കുന്നവയാണ്. തൃശ്ശൂർജില്ലയിലെ ചെറുമൻകാട്ട് കൊടക്കൽപ്പറമ്പ് എന്ന നാലേക്കർ വിസ്തീർണ്ണമുള്ള സ്ഥലം തന്നെയുണ്ട്. ഇവിടെ തൊപ്പിക്കല്ലുകളും, കുടക്കല്ലുകളുമായി 60 എണ്ണത്തോളമുണ്ട്. ഈ ജില്ലയിൽ തന്നെ അതിയനൂർ ഗ്രാമത്തിൽ അഞ്ച് കുടക്കല്ലുകൾ കേടുപാടു കൂടാതെ ഇപ്പോഴും നിലനിൽക്കുന്നു. തകർന്നവയുടെ അവശിഷ്ടങ്ങളുമുണ്ട്. തിരൂരങ്ങാടി, മലപ്പുറം, മഞ്ചേരി, മണ്ണാർക്കാട്, മങ്കട, ചെറുവണ്ണൂർ, തുടങ്ങിയ സ്ഥലങ്ങളിലും തൊപ്പിക്കല്ലും, കുടക്കല്ലും കാണാനുണ്ട്. എട്ട്, പത്തടി വ്യാസത്തിലും, നാലടിപൊക്കത്തിലും ചെങ്കൽപ്പാറയിൽ നിന്നും വെട്ടിയെടുത്തിട്ടുള്ളവയാണ് തൊപ്പിക്കല്ല്. ഇവ തറയിൽ വെച്ചിരിക്കുന്നു. ഇവയ്ക്ക് കാലുകളില്ല. എന്നാൽ കുടക്കല്ലിന്റെ ആകൃതിയും പ്രകൃതിയും വിഭിന്നമാണ്. ആറേഴടി

പൊക്കമുള്ള നാല് കൽ തൂണുകളിൻമേൽ തൊപ്പിക്കുടയുടെ ആകൃതിയിൽ വെട്ടിയെടുത്ത ചെങ്കല്ല് ഘടിപ്പിച്ചു നിർത്തിയിരിക്കുന്നു. ശവകുടീരങ്ങൾക്കു മീതെയാണ് ഈ ശിലാസ്മാരകങ്ങൾ നിലനിൽക്കുന്നത്. ദേവികുളത്തും മറ്റും മേശക്കല്ലെന്നു പറയുന്ന ചില സ്മാരക ശിലാഫലകങ്ങളുമുണ്ട്.

മറ്റൊരു ശവസംസ്കാര സ്മാരകമാണ് കേരളത്തിൻെറ നാനാഭാഗങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള നന്നങ്ങാടികൾ. വലിയ മൺഭരണിയിൽ ശവമോ, ഭൗതികാവശിഷ്ടമോ അടക്കം ചെയ്ത് അവയിൽ ആയുധങ്ങളും ധാന്യങ്ങളും ഇട്ട് ഭരണി വലിയ ചട്ടികൊണ്ട് അടച്ച് നാലോ അഞ്ചോ അടി ആഴത്തിലുള്ള കുഴികളുണ്ടാക്കി അതിൽ ഭരണി വെച്ച് മൂടുകയാണ് പതിവ്. സ്ഥലം തിരിച്ചറിയുന്നതിനായിരിക്കാം പലക പോലെ കല്ല് ചെത്തിയെടുത്ത് നികത്തിയ കുഴിയുടെ മേൽ സ്ഥാപിച്ചിരുന്നത്. ഇത്തരം നന്നങ്ങാടികൾ പല സ്ഥലങ്ങളിലും കിണർ കുഴിക്കുമ്പോഴോ, കല്ലുവെട്ടുമ്പോഴോ ഒക്കെയായി ധാരാളം കണ്ടെടുത്തിട്ടുണ്ട്.

ചെങ്കൽപ്പാറകളിൽ വെട്ടിയുണ്ടാക്കിയ ഗുഹാശ്മശാനങ്ങൾ വേറൊരുതരം ശിലാസ്മാരകങ്ങളാണ്. ചെങ്കൽ ചതുരാകൃതിയിൽ വെട്ടിത്തുറക്കുന്നു. അതിൻെറ ഒരു വശത്തുനിന്ന് ഒന്നുരണ്ടടി പൊക്കത്തിലും വീതിയിലുമായി ദ്വാരങ്ങൾ ഉണ്ടാക്കി അതിലൂടെയാണ് ഗുഹയ്ക്ക് രൂപം കൊടുക്കുന്നത്. തുറന്ന അറയിലും ഒന്നുരണ്ടടി താഴെയായിരിക്കും അകത്തെ ഗുഹയുടെ തറമട്ടം. ഇതിൽ മിക്കതിലും ചെങ്കല്ലിൽ നിന്നും വെട്ടിയെടുത്തതും, ഒരടിയോളം പൊക്കത്തിലുള്ളതുമായ ബെഞ്ചുകൾ ഉണ്ടായിരിക്കും. ഗുഹയിലേക്കിറങ്ങുവാൻ പറ്റുംവിധം ചെങ്കല്ലിൻെറ പടവുകളും കാണാം. ഇവയിൽ അസ്ഥിപഞ്ജരങ്ങളും, ഇരുമ്പുകൊണ്ടുള്ള ആയുധങ്ങളും സംസ്ക്കരിച്ച ആളുടെ കൈവശമുണ്ടായിരുന്ന സാധനങ്ങളുമൊക്കെ അടക്കം ചെയ്തിട്ടുള്ളതായി കാണുന്നുണ്ട്. ഇത്തരം ഗുഹാശ്മശാനങ്ങൾ കേരളത്തിൽ പല സ്ഥലങ്ങളിലും ദൃശ്യമാണ്. കൽമടകൾ വെട്ടിത്തുറക്കുന്ന സന്ദർഭങ്ങളിലാണ് ഇത്തരം ഗുഹാശ്മശാനങ്ങൾ കാണപ്പെട്ടിട്ടുള്ളത്. ഗുഹകളിൽ തൃശ്ശൂർ ജില്ലയിലെ ഇയ്യാൽ എന്ന സ്ഥലത്തുള്ള ഗുഹ കൂടുതൽ പ്രാധാന്യം അർഹിക്കുന്നു. മറ്റു ഗുഹകളുടേതുപോലെ കല്ലു വെട്ടുന്നതിനിടയിലാണ് ഇത് ദൃശ്യമായത്. സാധാരണ ഗുഹകളിൽനിന്നും കിട്ടാറുള്ള ഭൗതികാവശിഷ്ടങ്ങൾക്കുപുറമേ, ബി.സി. 117 മുതൽ എ.ഡി. 123 വരെയുള്ള കാലത്തെ റോമൻ നാണയങ്ങളും, മൗര്യ കാലഘട്ടത്തിലേയും അതിന് മുമ്പത്തേയും ആയ 24 നാണയങ്ങളും കണ്ടെടുത്തിട്ടുണ്ട്. ഈ ഗ്രാമത്തിനു ചുറ്റും ചെറുമരുടെ അധിവാസ കേന്ദ്രങ്ങളുമുണ്ട്. ഇത്തരം സ്മാരക ശിലകളുടെ തരവ്യത്യാസം അനുസരിച്ച്, അവ നിർമ്മിച്ചവരുടെ സാമൂഹികവും ഭൗതികവുമായ പരിതോവസ്ഥകളെക്കുറിച്ച് സങ്കൽപ്പനങ്ങൾ നടത്താവുന്നതാണ്.

മുനിയറയെന്നും, കല്ലറയെന്നും പറഞ്ഞുപോരുന്നവ കൽപ്പലകകൾകൊണ്ട് പെട്ടിയുടെ ആകൃതിയിൽ നിർമ്മിച്ചവയാകുന്നു. കൽപ്പലകളിൽ രണ്ടടി വ്യാസത്തിലുള്ള ദ്വാരമുണ്ടായിരിക്കും. ആ ദ്വാരം മൂടുന്നതിന് മതിയായ കല്ലടപ്പുമുണ്ട്. ദ്വാരം അടച്ചതിനു ശേഷം കല്ലറയുടെ ചുറ്റുമുള്ള കുഴി മണ്ണിട്ട് നികത്തുകയും ചെയ്യുന്നു. ഇരുമ്പുകൊണ്ടുള്ള മഴു, അരിവാൾ, കുന്തം, അമ്പ്, കത്തി എന്നിവയോടൊപ്പം മൺപാത്രങ്ങളും, ശിലായുധങ്ങളും കാണാറുണ്ടായിരുന്നു. ഇടുക്കി, കോട്ടയം ജില്ലകളിലെ ഗിരിപ്രദേശങ്ങളിലും, തിരുവില്വാമല, മലയാറ്റൂർമല, ആനപ്പാറ, ചെറുമങ്കാട്, തുടങ്ങിയ നിരവധി സ്ഥലങ്ങളിലും ഇത്തരം ശവക്കല്ലറകൾ കണ്ടിട്ടുണ്ട്. തിരുവില്വാമലയിലെ കല്ലറകളിൽ മഞ്ഞവരകളോടു കൂടിയ മൺപാത്രങ്ങളുണ്ടായിരുന്നു. അവ എ.ഡി. രണ്ടും, മൂന്നും നൂറ്റാണ്ടുകളിലേതാണെന്ന് സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

മഹാശിലാസ്മാരകങ്ങൾ എല്ലാം തന്നെ ശവസംസ്കരണ സ്ഥലങ്ങളായിരുന്നു. ഇരുമ്പുപകരണങ്ങളോടുകൂടിയ മഹാശിലാസംസ്കാരം ഇരുമ്പ്യുഗത്തിൻെറ അവശിഷ്ടങ്ങളാണ്. കേരളത്തിൽ പലയിടങ്ങളിലായി കണ്ടുകിട്ടിയിട്ടുള്ള വിവിധതരം ശിലാസ്മാരകങ്ങൾ എല്ലാം തന്നെ ചരിത്ര കാലഘട്ടത്തിലേത് മാത്രമാണ്. സംഘകാലകൃതികളിൽ ഇവയെക്കുറിച്ചുള്ള പരാമർശങ്ങൾ ധാരാളമുണ്ട്. മഹാശിലായുഗത്തിലാചരിച്ചുപോന്ന ശവസംസ്കരണരീതികളാണ് ഇവയെങ്കിലും വളരെ അടുത്തകാലം വരെ കേരളവനങ്ങളിൽ കഴിഞ്ഞുകൂടിയിരുന്ന ഗിരിവർഗ്ഗ ജനവിഭാഗങ്ങളിൽ പലരും ഈ ശവസംസ്കരണ സമ്പ്രദായം പുലർത്തിപ്പോന്നതായ തെളിവുകൾ അനവധിയുണ്ട്. നരവംശശാസ്ത്രജ്ഞനായ എൽ.എ. കൃഷ്ണയ്യർ പ്രസ്താവിക്കുന്നത്, "പ്രാചീന സാഹിത്യകൃതികളിൽ മാത്രമല്ല, മൺമറഞ്ഞു പോയിട്ടില്ലാത്ത പ്രാകൃതരായ ചില ഗിരിവർഗ്ഗക്കാർക്കിടയിലും മഹാശിലാസംസ്കാരത്തിൻെറ അവശിഷ്ടങ്ങൾ കാണാം. ഉദാഹരണത്തിന് മലയരയൻമാർ, കുറുമ്പൻമാർ മുതലായ ചില ഗോത്രസമുദായങ്ങളിൽ മഹാശിലാസംസ്കാരം ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഇന്നും നിലനിന്നു വരുന്നുണ്ട്." *7.* ഇക്കാര്യം തന്നെ മറ്റൊരു തരത്തിൽ കേരളചരിത്രരചയിതാവായ കെ. ദാമോദരൻ എഴുതുന്നത്, "കേരളക്കരയിൽ ഇപ്പോഴും നാമാവശേഷമായി കഴിഞ്ഞിട്ടില്ലാത്ത മലപണ്ടാരങ്ങൾ, കാണിക്കാർ, മലയപ്പുലയൻമാർ, അരനാടൻമാർ തുടങ്ങിയ ഗിരിവർഗ്ഗക്കാർ വേട്ടയാടി കഴിഞ്ഞിരുന്ന പ്രാകൃതമനുഷ്യരുടെ പല സ്വഭാവവിശേഷങ്ങളും നിലനിർത്തിപ്പോരുന്നുണ്ടെന്നാണ്." *8.* സംഘകാല കേരളത്തെക്കുറിച്ചെഴുതുന്ന വി.വി.കെ. വാലത്ത് അഭിപ്രായപ്പെടുന്നത്, "കുടക്കല്ല്, തൊപ്പിക്കല്ല്, മുനിയറ തുടങ്ങിയ വിവിധതരം ശവസംസ്കാര സ്മാരകങ്ങൾ മഹാശിലയുഗസംസ്കാരത്തിൽ ഉൾപ്പെടുത്താമെങ്കിലും അവയ്ക്ക് സംഘകാലത്തിൻെറ പ്രാതിനിധ്യമാണവകാശപ്പെടാനുള്ളത്." *9.* ചുരുക്കത്തിൽ ചരിത്രാതീതകാലത്ത് കേരളത്തിൽ മനുഷ്യാധിവാസ കേന്ദ്രങ്ങൾ ഉണ്ടായിരുന്നില്ലെന്ന് മാത്രമല്ല, കേരളം തന്നെ

രൂപം കൊണ്ടിട്ടുണ്ടായിരുന്നില്ല എന്നതാണ് വസ്തുത. അപ്പോൾ കേരളത്തിൻെറ പൗരാണികതത്വത്തെപ്പറ്റി അഭിമാനപൂർവ്വം നാം അനുസ്മരിക്കാറുള്ളവയിലധികവും അതിശയോക്തിയായി പരിണമിക്കുന്നു.

ഒരുകാര്യം സ്പഷ്ടമായി പറയാൻ സാധിക്കുന്നത്, പശ്ചിമഘട്ടം എന്ന് നാം വ്യഹരിക്കുന്ന 966 കി.മി. നിളത്തിൽ കിടക്കുന്ന സഹ്യപർവ്വതനിരയെ അറബിക്കടൽ തഴുകി അലയടിച്ചാർത്തു കിടന്നിരുന്നു എന്നാണ്. പല കാലങ്ങളിലായി സമുദ്രഗർഭത്തിൽ സംഭവിച്ച രൂക്ഷമായ സമ്മർദ്ദങ്ങളുടേയും, സംഘർഷങ്ങളുടേയും ഫലമായി കടൽ കുറേശ്ശെ, കുറേശ്ശെയായി പിൻവാങ്ങി കരകളുണ്ടാകുകയാണ് ഇവിടെ സംഭവിച്ചത്. ഒറ്റയടിക്ക് പരശുരാമൻെറ മഴുവീണ് പൊന്തിവന്ന ദേശമല്ലിത്. സമുദ്രം പിൻവാങ്ങിയുണ്ടായ സ്ഥലമാണെന്ന സൂചന പക്ഷെ ഈ പരശുരാമ ഐതിഹ്യവും നിഗൂഹനം ചെയ്യുന്നുണ്ട്. ഇന്ന് കേരളമെന്ന് വിളിക്കുന്ന സ്ഥലം ഒരു കാലത്ത് തീർത്തും കടലായിരുന്നവെന്നത് അവിതർക്കിതവുമാണ്. ഭൂഗർഭശാസ്ത്രപഠനം അർത്ഥശങ്കയ്ക്കിടയില്ലാതെ ഇക്കാര്യം വ്യക്തമാക്കുന്നു. ദക്ഷിണ മലബാറിൻെറ ഭൂഗർഭചരിത്രം വിവരിക്കുന്ന കൂട്ടത്തിൽ ഫിലിപ്പ് ലേക്ക് എന്ന ഭൂഗർഭശാസ്ത്രജ്ഞൻ അസന്നിഗ്ദ്ധമായി പ്രസ്താവിക്കുന്നത് ഇപ്രകാരമാണ്. "ഇന്നത്തേതിനേക്കാൾ 500 അടി താഴ്ചയിലായിരുന്നു മലബാർ പ്രദേശം. അറബിക്കടൽ സഹ്യാദ്രി വരെ ഇരമ്പിക്കിടുന്നിരുന്നു." *10.* വർക്കല ചുരത്തിൻെറ പണി ചെയ്തുകൊണ്ടിരിക്കുമ്പോൾ നിരവധി മരങ്ങളും, സമുദ്രത്തിൽ മാത്രം ജീവിക്കുന്ന ജന്തുക്കളുടെ അവശിഷ്ടങ്ങളും ധാരാളം കാണാൻ ഇടയായതിൻെറ അടിസ്ഥാനത്തിൽ റോഡ് എന്ന ശാസ്ത്രജ്ഞൻ പറയുന്നത്, "കോഴിക്കോടിന് വടക്കുമുതൽ കൊല്ലത്തിന് തെക്കുഭാഗം വരെയുള്ള സ്ഥലം ഒന്നിൽകൂടുതൽ പ്രാവശ്യം പറ്റേ കടലിലമരുകയും പിന്നീട് കുറേശ്ശെയായി സമുദ്രത്തിൽ നിന്നും പൊന്തിവരികയും ചെയ്തതായി ഊഹിക്കേണ്ടിയിരിക്കുന്നുവെന്നാണ്." *11.* ഇതേ അഭിപ്രായം തന്നെ 'പെരുമാക്കൻമാരുടെ കേരളം' എന്ന ഗ്രന്ഥത്തിൻെറ കർത്താവ് ഡോ. ഫ്രാൻസിസ് ഡേയും രേഖപ്പെടുത്തിയിട്ടുണ്ട്. "ഭൂഗർഭപഠനവും നിലവിലുള്ള ഐതിഹ്യവും സ്പഷ്ടമാക്കുന്നത് ഒരു കാലത്ത് കടൽ പശ്ചിമഘട്ടത്തെ ഉരുമികിടന്നിരുന്നു" എന്നാണ്. 1525ൽ ഹെർണൻ ലോപ്പസ് ഡി കാസ്റ്റൻഹിഡ എഴുതിയതെന്ന് പറയുന്ന ഒരു താളിയോല ഗ്രന്ഥത്തെ ഉദ്ധരിച്ചുകൊണ്ട് ഫ്രാൻസിസ് ഡേ രേഖപ്പെടുത്തയിട്ടുള്ളത്, "2300 വർഷങ്ങൾക്കു മുമ്പ് സഹ്യപർവ്വതനിര വരെ സമുദ്രം വ്യാപിച്ചു കിടന്നിരുന്നു" എന്നാകുന്നു. *12.*

ഈ പ്രദേശങ്ങളിലെ മണ്ണിൻേറയും, കല്ലിൻേറയും പഴക്കവും അവയെക്കുറിച്ചുള്ള പഠനവും ഈ അനുമാനത്തിന് ഉപോത്ബലകമായി പലരും ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. ഇപ്പോൾ പോലും ഈ മലയോരങ്ങളിൽ കിണറുകൾ കുഴിക്കുമ്പോൾ സമുദ്രജീവികളുടെ അവശിഷ്ടങ്ങളും കക്ക, കവിടി തുടങ്ങിയവയും സുലഭമായി ലഭിക്കുന്നതിൽ നിന്നും തിർച്ചപ്പെടുത്താവുന്നത്, പണ്ഡിതൻമാരുടെ അഭിപ്രായം അംഗീകരിക്കുകയേ കരണീയമായിട്ടുള്ളു എന്നാണ്. സത്യം അതാണുതാനും. സഹ്യനിൽ നിന്നും പടിഞ്ഞാറോട്ട് 30 മുതൽ 50 വരെ കിലോ മീറ്റർ വീതിയിലുള്ള ഇന്നത്തെ കേരളക്കര നിമ്നോന്നമായി പെരിഞ്ഞ് കിടക്കുന്നതിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്, പലപ്പോഴായിട്ട് കടൽ നീങ്ങി ഇവിടെ കരവെച്ചതെന്ന് തന്നെയാണ്.

ഭൂഗർഭശാസ്ത്രജ്ഞൻമാരുടെ കൂട്ടായ പരിശ്രമവും പഠനവും കൊണ്ടുമാത്രമേ ഏത് സ്ഥലത്തിൻേറയും പഴക്കവും പൗരാണികതവും നിജപ്പെടുത്തുവാൻ സാധിക്കുകയുള്ളു. സിലോൺ പ്രദേശത്തുണ്ടായ ഭൂകമ്പവും, പ്രകൃതിക്ഷോഭവും മൂലമാണ് സിംഹളം വൻകരയിൽ നിന്നും തീർത്തും വേറിട്ടതെന്ന് ചരിത്രകാരൻമാർ ഉദ്ഘോഷിക്കുന്നു. വടക്കേ ഇന്ത്യ ഉണ്ടാകുന്നതിന് മുമ്പുതന്നെ ദാക്ഷിണാത്യ സംസ്ഥാനങ്ങളും, സിലോണും, ഓസ്ട്രേലിയായും ആഫ്രിക്കയും ഒറ്റ ഭൂഖണ്ഡമായി കിടന്നിരുന്നുവെന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. ഹിമാലയ പർവ്വതത്തിൻെറ പ്രായം ഈ പർവ്വതശിഖരങ്ങളിൽ മഞ്ഞിൽ മൂടിക്കിടക്കുന്ന സമുദ്രജീവികളുടെ അവശിഷ്ടങ്ങൾ, കടലോരപ്രദേശങ്ങളിൽ കാണുന്ന ഇത്തിൾ, ശംഖ്, ഫോസിലുകൾ തുടങ്ങിയവ കൂലങ്കഷമായ പഠനത്തിന് വിധേയമാക്കിയ ശേഷം പല പ്രഗൽഭമതികളും എത്തിച്ചേർന്ന നിഗമനം, ഹിമാലയ പർവ്വത പംക്തികൾ ഒരു കാലത്തുണ്ടായിരുന്നില്ലെന്നും, ഇന്ത്യാസമുദ്രവും അറബിക്കടലും ഒന്നിച്ച് ചെങ്കടലിനേയും ഉൾക്കൊണ്ടുകൊണ്ട് കിഴക്കോട്ട് അലയടിച്ചൊഴുകി ബംഗാൾ ഉൾക്കടലിനേയും ഒന്നിപ്പിച്ച് കിടന്നിരുന്നുവെന്നാണ്. അതേ സന്ദർഭത്തിൽ സാത്പുരയുടേയും, വിന്ധ്യൻേറയും തെക്കുഭാഗം കരയായിരുന്നു. അതാകട്ടെ, തെക്കേ അമേരിക്ക, ആഫ്രിക്ക, ഓസ്ട്രേലിയ, സിലോൺ എന്നീ ഭൂവിഭാഗങ്ങളെയെല്ലാം ഒന്നിപ്പിച്ചുകൊണ്ടുള്ള വലിയൊരു ഭൂഖണ്ഡവുമായിരുന്നുവത്രേ. *13.* ലെമുറിയ എന്ന് വിശേഷിപ്പിക്കപ്പെട്ടിട്ടുള്ള ഇത് നരവംശത്തിൻെറ തൊട്ടിലായിട്ടാണ് ഗണിക്കപ്പെട്ടിട്ടുള്ളത്. ഭൂഗർഭശാസ്ത്രജ്ഞൻമാർ അവകാശപ്പെടുന്നത്, ഭൂകമ്പവും അഗ്നിപർവ്വതങ്ങളുടെ സ്ഫോടനവും മറ്റുതരത്തിലുള്ള ഭയങ്കരമായ പ്രകൃതിക്ഷോഭങ്ങളും, പലപ്പോഴായി അഞ്ച് പ്രാവശ്യം ഈ ഭാഗത്ത് സംഭവിച്ചതിൻെറ പരിണിതഫലമായിട്ടാണ് ഓസ്ട്രേലിയയും, തെക്കേ അമേരിക്കയും, ആഫ്രിക്കയും വേർപെട്ട് ഒറ്റയൊറ്റയായി മാറിയതെന്നും അതിനിടയ്ക്കുണ്ടായിരുന്ന വലിയ ഭൂപ്രദേശം സമുദ്രത്തിനടിയിൽ ആയെന്നുമാണ് .ശാസ്ത്രജ്ഞൻമാരുടെ നിഗമനം ഇന്നും തെക്കേ അമേരിക്കയും ആഫ്രിക്കയും തമ്മിൽ ഓരോവർഷവും മൂന്ന് സെൻറിമീറ്റർ വീതം അകന്നുകൊണ്ടിരിക്കുന്നുവെന്നുമാകുന്നു. ലെമുറിയ ഭൂഖണ്ഡത്തിൻെറ വലിയൊരംശം അങ്ങനെ സമുദ്രമായി മാറിയപ്പോൾ അവശേഷിച്ച ഭൂവിഭാഗം വടക്കോട്ട് മാറി ഇന്ത്യാഉപഭൂഖണ്ഡത്തിന് രൂപം കൊടുക്കുകയാണുണ്ടായത്. അതോടെ കിഴക്കോട്ടൊഴുകിയിരുന്ന അറബിക്കടൽ ഗതിമാറി തെക്കോട്ടൊഴുകി ഇന്ത്യാസമുദ്രത്തിന് രൂപം

നൽകുകയും ചെയ്തു. വടക്കേ ഇന്ത്യൻ പ്രദേശത്തുനിന്നും സമുദ്രം പിൻമാറിയതോടെയാണ് അവിടെ സമതലപ്രദേശങ്ങളും, പീഠഭൂമികളും മലകളും, കുന്നുകളും, പുഴകളും തുടങ്ങിയ പ്രാകൃതിക പ്രതിഭാസങ്ങൾ ഉരുത്തിരിഞ്ഞത്. *14*

ഇന്ത്യാഭൂഖണ്ഡത്തിന്റെ ഭാഗമായിരുന്നു അക്കാലത്ത് സിലോൺ. ആഗ്ലേയ വൈദികനായ വിൽഹേം ഗീജർ അസന്നിഗ്ദ്ധമായി പ്രസ്താവിക്കുന്നത്, "ദക്ഷിണേന്ത്യയുടെ അവിഭാജ്യഘടകമായിരുന്നു സിലോൺ" എന്നാകുന്നു. വൃക്ഷലതാദികളും, പക്ഷിമൃഗാദികളും ഇരുരാജ്യങ്ങളിലും ഒരേവിധമാണെന്നും, ജനങ്ങളുടെ ആകാരവും, ശരീരപ്രകൃതിയും ദക്ഷിണേന്ത്യൻ ജനങ്ങളുടേതുമായി ഏറെ സാമ്യമുണ്ടെന്നുള്ള വസ്തുതയും എടുത്ത് കാണിക്കുന്നുണ്ട്. അവസാനത്തെ പ്രകൃതിക്ഷോഭം നടന്നിരിക്കാവുന്നത്, ബി.സി. 2348ൽ ആയിരിക്കാമെന്നാണ് അദ്ദേഹം ഊഹിക്കുന്നത് *15*. ഇന്നും സിലോണിലെ ജനസംഖ്യയിൽ നല്ലൊരു വിഭാഗം തമിഴരാണല്ലോ. വി. കനകസഭാപ്പിള്ള, തന്റെ വിഖ്യാതമായ ഗ്രന്ഥത്തിൽ സ്ഥാപിച്ചിട്ടുള്ളത് കന്യാകുമാരിക്ക് തെക്കുഭാഗത്തായി കുമരിക്കോടെന്നൊരു മലയുണ്ടായിരുന്നുവെന്നും അതിൽ നിന്നും ഉത്ഭവിച്ചിരുന്ന പഹ്റൂലി നദി ഈ ഭാഗത്തുള്ള സ്ഥലത്ത് ജലസേചനം നടത്തിയിരുന്നുവെന്നുമാണ്. സമുദ്രത്തിലുണ്ടായ അതിഭയങ്കരമായ സംഘർഷവും, പ്രകൃതിക്ഷോഭവും, കുമരിക്കോട്മലയേയും, അതിനിടയ്ക്കുണ്ടായിരുന്ന സ്ഥലത്തേയും സമുദ്രത്തിലാഴ്ത്തി കളഞ്ഞു എന്നുമത്രേ. *16*. ഇത് സംഭവിച്ചിരിക്കാവുന്നത്, ബി.സി.200ൽ ആയിരിക്കാനാണ് സാധ്യതയെന്ന് മഹാവംശ എന്ന ബൌദ്ധപുരാണത്തിൽ പ്രസ്താവിച്ചു കാണുന്നുണ്ട്. *17*.

രാമേശ്വരം ദ്വീപിൽ നിന്നും വൻകരയിലേക്ക് മൂന്ന് കിലോമീറ്റർ മാത്രമേ ദൂരമുള്ളു. മൂന്ന് നാല് നൂറ്റാണ്ടുകൾക്ക് മുമ്പ് ഇവിടെ നിന്ന് വൻകരയിലേക്ക് പോകത്തക്ക പാറക്കെട്ടുകൾ ഉണ്ടായിരുന്നതായും പ്രസ്താവ്യമുണ്ട്. എന്നാൽ 15-ാം നൂറ്റാണ്ടിലുണ്ടായ സമുദ്ര സംഘർഷത്തിന്റെ ഫലമായിട്ടാണ് ഈ പാറക്കെട്ടുകൾ തകർന്ന് സിലോൺ തീർത്തും ഇന്ത്യയിൽ നിന്നും വേറിട്ടത്. *18*. കന്യകുമാരിക്ക് തെക്കുവശം വിശാലമായ ഒരു ഭൂവിഭാഗം സമുദ്രത്തിനടിയിൽ ആണ്ടുപോയിട്ടുണ്ടെന്ന് തമിഴ് ഐതിഹ്യങ്ങളും ആവർത്തിക്കുന്നുണ്ട്. *19*. രാമരാവണയുദ്ധകാലത്ത് ഹനുമാൻ ലങ്കയിലേക്ക് ചാടിക്കടക്കുന്ന കഥയും രാമന്റെ സൈന്യത്തെ സിലോണിലേക്ക് കടത്തിവിടാൻ സേതുബന്ധനം നടത്തിയെന്ന രാമായണത്തിലെ പരാമർശവും ഇതിനോടൊപ്പം നമുക്കോർക്കാവുന്നതാണ്. കേരളവും സിലോണും ഒന്നായിക്കിടന്നിരുന്ന സ്ഥിതിയിൽ നിന്നും ഇന്ത്യാസമുദ്രം ദക്ഷിണേന്ത്യയെ വേർതിരിച്ചു തുടങ്ങിയ സന്ദർഭമായിരുന്നു രാമായണകാലമെന്ന് ഊഹിക്കാവുന്നതേയുള്ളു. അപ്പോൾ രാമായണത്തിലെ ഈ കഥ നൽകുന്ന ചരിത്രാംശം ദക്ഷിണേന്ത്യ സിലോണിൽ നിന്നും വേറിട്ടു തുടങ്ങിയതേയുള്ളുവെന്നാകുന്നു.

ഏതാനും വർഷങ്ങൾക്കു മുമ്പ് റഷ്യൻ ശാസ്ത്രജ്ഞൻമാർ ഇന്ത്യാസമുദ്രത്തിൽ നടത്തിയ പരീക്ഷണങ്ങളിൽ നിന്നും ഉദ്ധരണം ചെയ്യപ്പെട്ട വസ്തുതകൾ ഈ ചിന്താഗതിക്ക് ബലവത്തായ പിന്തുണ പ്രഖ്യാപിക്കുന്നവയാണ്. 'വിറ്റിയാസ്' എന്ന ഗവേഷണക്കപ്പലിൽ പല മാസങ്ങൾ ഇന്ത്യാസമുദ്രത്തിൽ പര്യവേഷണം നടത്തിയ അവർ മനസ്സിലാക്കിയത് സമുദ്രാന്തർഭാഗത്ത് 5,000-6,000 അടി ഉയരമുള്ള പർവ്വതങ്ങൾ കാണുന്നുവെന്നും അവ കന്യാകുമാരി മുതൽ സിലോണിനേയും, ഓസ്ട്രേലിയയും ഉരുമിക്കൊണ്ട് ആഫ്രിക്കവരെ നീണ്ടുകിടക്കുന്നവെന്നുമാണ്. *20*. വ്യക്തവും ശാസ്ത്രീയവുമായ ഈ തെളിവുകൾ നൽകുന്ന സൂചന സമുദ്രത്തിൽ അമർന്ന് പോയെന്ന് പറയുന്ന ലെമൂറിയ ഭൂഖണ്ഡത്തിന്റെ ചരിത്രയാഥാർത്ഥ്യത്തെയാണെന്ന കാര്യത്തിൽ സംശയമില്ല. ഇത് സംഭവിച്ചത് ബി.സി. 2387ൽ ആണത്രേ. അതുകഴിഞ്ഞ് 17 വർഷത്തിനുശേഷമാണ് നോഹയുടെ പ്രളയകാലമായി വ്യവഹരിച്ചുപോരുന്നത്. ഈ മഹാപ്രളയത്തിന്റെ പ്രത്യാഘാതങ്ങൾ ഒരാഗോള പ്രതിഭാസമായിരുന്നുവെന്നും പല ഭൂപ്രദേശങ്ങളും വെള്ളത്തിനടിയിലാകുകയും പലതും പുതുതായി പൊന്തിവരികയും ചെയ്തുവെന്നുമാണ് പണ്ഡിതമതം. ഈ രണ്ട് പ്രകൃതിക്ഷോഭങ്ങളെ അടിസ്ഥാനമാക്കിയായിരിക്കണം റവ. വില്യം ടെയ്ലർ പറയുന്നത്, ബി.സി. 2348ൽ ആണ് പശ്ചിമഘട്ടത്തിൽ നിന്ന് സമുദ്രം കുറേയധികം പിൻമാറി മലയോരദേശങ്ങൾക്ക് ജൻമം കൊടുത്തതെന്ന്. *21*. ചുരുക്കിപ്പറഞ്ഞാൽ ഇന്ന് കേരളമെന്നറിയുന്ന ഭൂപ്രദേശത്തിന്റെ മലയോരദേശങ്ങൾക്ക് തന്നെ 4500 വർഷത്തിൽ കൂടുതൽ പഴക്കം പറയാൻ സാദ്ധ്യമല്ല. ഇതിനുശേഷം എത്രയോ തവണകളായി സമുദ്രം പിൻമാറിയിട്ടായിരിക്കണം ഇന്നത്തെ 38,864 ച.കി.മി. വിസ്തീർണ്ണമുള്ള കേരളക്കര ഉരുത്തിരിയുന്നത്.

ഈ വസ്തുത ശരിക്കും സമർത്ഥിക്കുവാൻ പറ്റുംവിധമുള്ള തെളിവുകൾ ഇന്ന് നിരവധിയാണ്. റോമൻ ചരിത്രകാരൻമാരും, വിദേശസഞ്ചാരികളും വിശേഷിപ്പിച്ചിട്ടുള്ള മുസിരിസ്സും, സംഘകവികളുടെ മുചിരി പത്തനവും, ഇന്നത്തെ കൊടുങ്ങല്ലൂരും ഒന്നു തന്നെയാണെന്ന നിഗമനത്തോടുകൂടിയാണ് രണ്ട് മൂന്ന് ദശാബ്ദങ്ങൾക്ക് മുമ്പ് കൊടുങ്ങല്ലൂർ ചേരമാൻ പറമ്പിലും, തൃക്കണാമതിലകത്തും, തൃക്കുലശേഖരപ്പുരത്തും ഉത്ഖനനം നടത്തിയത്. വളരെ പ്രാക്തനമെന്ന് പറഞ്ഞുപോരുന്ന വൈദേശിക ബന്ധങ്ങളും, വാണിജ്യങ്ങളും നടത്തി പുകഴ്പെറ്റ കൊടുങ്ങല്ലൂരിൽ ഉത്ഖനനംകൊണ്ട് ലഭിച്ചത് മധ്യകാലഘട്ടത്തിലെ അവശിഷ്ടങ്ങൾ മാത്രമായിരുന്നു. പതിനൊന്ന്, പന്ത്രണ്ട് നൂറ്റാണ്ടുകളുമായി ബന്ധപ്പെടുത്താവുന്നവമാത്രം. ഇതിൽനിന്നും അനുമാനിക്കാവുന്നത് പത്താം നൂറ്റാണ്ടിന് ശേഷമോ അതിനടുത്ത കാലത്തോ മാത്രം പ്രകൃതിക്ഷോഭത്തിന്റെ ഫലമായി കടലിൽ നിന്നും പൊന്തിവന്നതായിരിക്കണം ഈ പ്രദേശങ്ങൾ എന്നാണ്. അപ്പോൾ പ്ലിനിയും, പെരിപ്ലസും, ടോളമിയും സംഘകവികളുമൊക്കെ പറ

യുന്ന മുസിരസ് എവിടെയായിരുന്നുവെന്ന് തിരക്കേണ്ടതുണ്ട്. അത് കുറേക്കൂടി കിഴക്ക് ഭാഗത്തായിട്ടോ, കോതമംഗലത്തിനടുത്തായിട്ടോ ആയിക്കൂടെന്നില്ല.

1341ലെ പ്രളയത്തിന് ശേഷമാണല്ലോ വൈപ്പിൻകരയും, അഴീക്കോട് പ്രദേശവും, കൊച്ചിയും, തൃപ്പൂണിതുറയ്ക്ക് ഇപ്പുറമുള്ള പ്രദേശങ്ങളത്രയും ഉത്ഭവിച്ചത്. 14-ാം നൂറ്റാണ്ടിൽ നടന്ന ഈ വെള്ളപ്പൊക്കത്തിനും, കടൽ വെയ്പ്പിനും മുമ്പ് നാലോ അഞ്ചോ നൂറ്റാണ്ടുകൾക്കപ്പുറം മറ്റൊരു വലിയ പ്രളയം സംഭവിച്ചിരിക്കാം. അക്കലത്തുണ്ടായ സ്ഥലങ്ങളായിരിക്കണം തൃപ്പൂണിത്തുറ മുതൽ വടക്കോട്ട് നേർവരയിൽ കിടക്കുന്ന ഇടപ്പള്ളി, തൃക്കാകര, പുല്ലൂറ്റ്, ചേരമാൻ പറമ്പ്, കൃഷ്ണൻകോട്ട, കോണത്തുക്കുന്ന്, തുടങ്ങിയവയും മതിലകം മുതൽ വടക്കോട്ടുള്ള പ്രദേശങ്ങളത്രയും. അതിന് കുറേയധികം കിഴക്കോട്ട് മാറിയായിരിക്കണം നാം വ്യവഹരിക്കാറുള്ള മുചിരിപത്തനം അഥവാ മുസിരിസ്. ചുരുക്കത്തിൽ തൃപ്പൂണിത്തുറ മുതൽ വടക്കോട്ട് കോണത്തുകുന്ന് ഉൾപ്പെടെ കിഴക്കോട്ടുമുള്ള പ്രദേശങ്ങൾ മാത്രമേ 6-ാം നൂറ്റാണ്ടിനും, 14-ാം നൂറ്റാണ്ടിനും ഇടയ്ക്കുണ്ടായിരുന്നുള്ളൂ. എറിത്രിയൻ കടൽത്തീരത്തിലൂടെ ഒരു കപ്പൽയാത്ര നടത്തിയ അലക്സാണ്ട്രിയക്കാരനായ അറബിക്കടലിലെ അജ്ഞാത യാത്രക്കാരൻ പെരിപ്ലസിന്റെ വിവരണങ്ങളിൽ നിന്നും മനസ്സിലാകുന്നത്, വേമ്പനാട്ടു കായലോ, അഷ്ടമുടിക്കായലോ പെരിപ്ലസിന്റെ കാലത്ത് രൂപം കൊണ്ടിട്ടില്ലായിരുന്നു എന്നാണ്. "ചേരനാട്ടിൽ പതിച്ച ഉൽക്കയുടെ പൊട്ടിത്തെറി മൂലം ഉതിർന്ന പൊടിപടലവും, ഉൽക്കയുടെ തന്നെയായ ചെങ്കൽപ്പൊടിയും ഭൂമിയിൽ പതിച്ച് സൃഷ്ടിക്കപ്പെട്ട കരഭൂമിയാണ് കന്യാകുമാരി മുതൽ കൊടുങ്ങല്ലൂർ വരെയുള്ള ഇന്നത്തെ കടലോര പ്രദേശങ്ങൾ"[22] എന്ന അഭ്യൂഹവും ഇതിനോടനുബന്ധിച്ച് ഓർമ്മിക്കാവുന്നതാണ്. അപ്പോൾ 38,864 ച.കി.മീ. വിസ്തീർണ്ണമുള്ള ഇന്നത്തെ കേരളം കണ്ടുകൊണ്ട് പ്രാചീനകേരള ചരിത്രരചനയ്ക്ക് ഒരുമ്പെടുന്നത് ഏറെ സാഹസമായിപ്പോകും.

---


1. *R. Bruce Foote, Pre-Historic and Proto-Historic Antiquites of India, Delhi, 1979, p.22..*
2. *H.P. Sankalia, Pre-History and Proto-History in India and Pakistan, p.12.*
3. *See Journal of Kerala Studies, vol.IV, Part IV, pp.497-502.*
4. *H.R.U Todd, The Stone tipped arrow, London, Cory, Adams and Mackay, 1966.*
5. *Robert Sewell, Archaeological Survey of Southern India,1882, pp.240-261.*
6. *Admistrative Report 1936 and 1939, Archaeological department of Travancore and Admistrative Report of Archeological Department of Cochin, 1948, pp.6 to 12.*
7. *L.A. Krishana Iyer and L.K. Balaratnam, Anthropology on India, p.77.*
8. *കെ. ദാമോദരൻ - കേരളചരിത്രം, ഒന്നാം ഭാഗം, 1962 കറന്റ് പ്രിന്റേഴ്സ്, തൃശ്ശൂർ, പുറം-33.*
9. *വി.വി.കെ. വാലത്ത്, സംഘകാലകേരളം, 1977, എൻ.ബി.എസ്. കോട്ടയം, പുറം-69.*
10. *Philip Lake, Memoirs of the Geological Survey Of India, Vol.XXIV, Part III, p.35.*
11. *Rhode, Report on the Admistration of Travancore, 1881-82.*
12. *Francis Day, Njarakkal or Cochin Mud-Banks, Article, Madras Journal of Literature and Science, 1861, pp.260-264.*
13. *For Details, See Gems from Pre-Historic Past, Edited by N. Mahalingam, published by the International Society for the Investigation of Ancient Civilisation, Madras, 1980.*
14. *അതുതന്നെ.*
15. *Wilhelm Geiger, Culture of Sreelanka in Medieval Times, Edited by Heinz Bechert, 1969, p.1.*
16. *V. Kanaka Sabhai, Tamils Eighteen Hundred Years Ago, 1904, p.21.*
17. *Mahavamsa, Edited by L.C. Winjesinha Mudaliar, Chapter XII, p. 84.*
18. *The Gazetteer of South India, p. 385, quoted by K.P. Padmanabha Menon, History of Kerala, Vol.I, 1924, p.26.*
19. *Rajavali, vol. 2, pp. 180 and 190.*
20. *Alexander Kontratore, The Riddles of Three Oceans, Moscow, 1979, p.155.*
21. *Rev. William Tylor, Orient Historic Manuscript, vol.I, Translation, p.153, quoted by K.P. Padmanabha Menon, History of Kerala, vol-I, p.28.*
22. *പി.വി. മാത്യു, ചേരനാട് ചരിത്രം, എറണാകുളം, 1989, പുറം-33*

# III കേരളപ്പഴമ

വിന്ധ്യാപർവ്വതനിരയിൽനിന്നും കടൽ കുറേ പിൻമാറിയപ്പോൾ ഉണ്ടായ മലയോര പ്രദേശങ്ങൾക്ക് തന്നെ 4500 വർഷത്തിൽ കൂടുതൽ പഴക്കം ഉണ്ടായിരിക്കുകയില്ലെന്ന് തെളിയിക്കുവാൻ നാം കഴിഞ്ഞ അദ്ധ്യായത്തിൽ ശ്രമിച്ചിട്ടുണ്ട്. എന്നാൽ കേരളപ്പഴമയെപ്പറ്റി പരാമർശിക്കുമ്പോൾ ബി.സി. 1000-ാം നൂറ്റാണ്ടിനു മുമ്പുതന്നെ സോളമൻ ചക്രവർത്തിയുടെ അരമനയ്ക്ക് മോടിപിടിപ്പിക്കുവാൻ തേക്കിൻതടിയും, ആനക്കൊമ്പും നാം സുലഭമായി കയറ്റി അയച്ചിരുന്നുവെന്ന് പറയുകയും ചെയ്യുന്നു. മെസപ്പൊട്ടോമിയ, ഈജിപ്ത്, ഫൊനിഷ്യ തുടങ്ങിയ അന്നത്തെ നാഗരിക കേന്ദ്രങ്ങളിലേക്ക് ക്രിസ്തു ജനിക്കുന്നതിന് ആയിരമോ, രണ്ടായിരമോ വർഷങ്ങൾക്ക് മുമ്പു തന്നെ കേരളത്തിൽ നിന്നും ആനക്കൊമ്പും, മയിലും, കുരങ്ങും പിന്നെ സുഗന്ധദ്രവ്യങ്ങളും കയറ്റുമതി ചെയ്തിരുന്നുവെന്നും പറഞ്ഞു പോരുന്നുമുണ്ട്. അങ്ങനെ നമ്മുടെ പ്രാക്തന സംസ്ക്കാരം കണ്ണെത്താത്ത വിദൂരഘട്ടങ്ങളിൽപ്പോലും ജാജ്വല്യമാനമായിരുന്നുവെന്നും നാം അഭിമാനിക്കുന്നു. പ്രഫുല്ലമായൊരു സംസ്കാരത്തിൻെറ പൈതൃകമാണ് നാം അങ്ങനെ അവകാശപ്പെടുന്നത്.

എന്നാൽ ചരിത്രദൃഷ്ട്യാ ഈ അവകാശവാദങ്ങൾ നിഷ്കൃഷ്ടമായി പരിശോധിക്കുമ്പോൾ വെറും പൊള്ളയായ പൊങ്ങച്ചം മാത്രമാണെന്നാണ് കാണാൻ സാധിക്കുക. സഹസ്രാബ്ദങ്ങളുടെ വൈദേശിക-വാണിജ്യ സമ്പർക്കം പുകഴ്പെറ്റതായിരുന്നുവെന്ന് പ്രകീർത്തനം നടത്തുമ്പോൾ സംഗതമായിട്ടുള്ള ചോദ്യം അതിനോടൊപ്പം നമുക്കൊരു നാഗരികത വളർത്തിക്കൊണ്ടുവരുവാൻ സാധിച്ചിരുന്നുവോ എന്നതാണ്. സംസ്കാരത്തിൻെറ കൽപ്പടവുകൾ നാം ഏത് വരെ കയറിയിരുന്നു. ജനങ്ങളുടെ ഉൽപ്പാദനശേഷി, ക്രയവിക്രയം, സമ്പദ് സ്ഥിതി, സാമൂഹികാചാരങ്ങൾ, കലാ-സാംസ്കാരിക നേട്ടങ്ങൾ ഇവയൊക്കെ എത്രമാത്രം പുരോഗതി പ്രാപിച്ചിരുന്നു? ഏത് ജനസമൂഹത്തിൻേറയും വളർച്ചയ്ക്ക് നിദാനമായി നിൽക്കുന്ന ചില പ്രേരകശക്തികളുണ്ടല്ലോ. പ്രകൃതിശക്തികളുടെ മേൽ മനുഷ്യൻ നടത്തുന്ന ആധിപത്യമാണ് അവൻെറ ഭൗതിക മുന്നേറ്റത്തിൻെറ നാഴികക്കല്ലുകൾ. നാം ഇതിൽ എത്രത്തോളം വിജയിച്ചിരിക്കുന്നു. ജീവിതായോധനത്തിൽ ഉപയോഗപ്പെടുത്തിയിരുന്ന ഉൽപ്പാദനോപകരണങ്ങളുടെ കാലാകാലങ്ങളിലുണ്ടായ മേൻമ എത്ര മാത്രമാണ്? അസംസ്കൃത പദാർത്ഥങ്ങളെ മനുഷ്യോപയോഗത്തിനു വേണ്ടി സംസ്കരിച്ചെടുക്കുവാനും ആവശ്യം കഴിഞ്ഞ് ബാക്കിയുള്ളവ മറ്റിടങ്ങളിൽ വിതരണം ചെയ്യുവാനുമുള്ള കൂട്ടായ പ്രയത്നം എത്രമാത്രം നടത്തി? മനുഷ്യൻെറ സുഖസൗകര്യങ്ങൾക്കും, ആർഭാടങ്ങൾക്കും ഉപയുക്തമായ സാധനസാമഗ്രികൾ ഏതളവോളം നാം ഉപയോഗപ്പെടുത്തി? രോഗനിവാരണത്തിനുള്ള ചികിൽസാ സമ്പ്രദായങ്ങളും, ഔഷധങ്ങളും മാലിന്യ നിർമ്മാർജ്ജന പദ്ധതികളും, കെട്ടിടനിർമ്മാണങ്ങളും, ആയുധസംഭരണങ്ങളുമൊക്കെ എവിടംവരെ എത്തിയിരുന്നു? കലാ-സാംസ്കാരിക വളർച്ച എത്രത്തോളമുണ്ടായിരുന്നു? എന്നിങ്ങനെയുള്ള വസ്തുതകളുടെ അടിസ്ഥാനത്തിലാണ് ഏത് സമൂഹത്തിൻേറയും നാഗരിക നിലവാരം അളക്കുന്നത്.

ഈ വക മാനദണ്ഡങ്ങൾ വെച്ച് നോക്കുമ്പോൾ കേരളമെന്ന് ഇന്ന് വ്യവഹരിക്കുന്ന ഈ ഭൂപ്രദേശത്തിന് പറയാനുള്ള കഥ അത്ര അഭിമാനകരമല്ല. മെസപ്പൊട്ടോമിയയിലെ (ഇന്നത്തെ ഇറാക്ക്) ഊർ, നിപ്പൂർ, നഗരങ്ങളിൽ നടത്തിയ ഉത്ഖനനങ്ങളിൽ കേരളത്തിലേതെന്ന് ഊഹിക്കുന്ന തേക്കും, ആനക്കൊമ്പും കണ്ട് കിട്ടിയതു കൊണ്ടോ, അഗസ്റ്റസ് സീസർ (എ.ഡി.14) മുതൽ നീറോ ചക്രവർത്തി (എ.ഡി.491) വരെയുള്ള യവന-റോമ ചക്രവർത്തിമാരുടെ നാണയങ്ങൾ കേരളത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നും ലഭിച്ചതുകൊണ്ടോ, ഈജിപ്തുകാരും, ഫൊനീഷ്യരും, റോമക്കാരും നമ്മുടെ സുഗന്ധദ്രവ്യങ്ങളും, കുരുമുളകും, ആനക്കൊമ്പും, മയിലും, കുരങ്ങും ഇവിടെനിന്നും കയറ്റിക്കൊണ്ടു പോയിരുന്നതിൻെറ പരാമർശങ്ങൾ ഉള്ളതുകൊണ്ടോ മാത്രം നമ്മുടെ പ്രാചീന നാഗരികത സംശയാതീതമായി തെളിയിക്കപ്പെടുന്നില്ല. നാഗരികതയുടെ പരമോന്നതി പ്രാപിച്ചിരുന്ന ഈ സംസ്കാര കേന്ദ്രങ്ങളിൽ നിന്നും കാലവർഷഗതിയനുസരിച്ച് ഓരോ വർഷവും നിരവധി പത്തേമാരികളും, മരക്കപ്പലുകളും കേരള തീരങ്ങളിൽ വരികയും സംഭരിക്കാവുന്ന വിഭവങ്ങൾ കയറ്റിക്കൊണ്ടുപോകുകയും പതിവായിരുന്നു. എന്നാൽ നമ്മുടേതായ ഒരു കപ്പൽ സമൂഹം ഈ കാലങ്ങളിൽ ഇവിടെയുള്ള ഉൽപ്പന്നങ്ങൾ അന്യരാജ്യങ്ങളിൽക്കൊണ്ടുപോയി ക്രയവിക്രയം നടത്തിയതിൻെറ യാതൊരു തെളിവും ഇതുവരെ ലഭിച്ചിട്ടില്ല. കാട്ടിലും, മലയിലും നിന്നു മാത്രം സംഭരിക്കാവുന്ന മയിലും, കുരങ്ങും, തേക്കും, ചന്ദനവും, കുരുമുളകും, കറുവപ്പട്ടയുമെല്ലാം ഇവിടെ എത്തിയിരുന്ന നാവികർ നമ്മുടെ കാട്ടുജാതിക്കാരെ സ്വർണ്ണനാണയങ്ങളും, കവിടിയും, കക്കയുംമൊക്കെ കൊടുത്ത് പ്രലോഭിപ്പിച്ച് ശേഖരിക്കുകയാണ് ചെയ്തിരുന്നതെന്നും സംഘടിതമായ കാർഷിക സമ്പദ്വ്യവസ്ഥയോ, ഉൽപ്പാദനക്രമമോ, വ്യവസായികാടിസ്ഥാനത്തിലുള്ള സംഭരണ പ്രക്രിയയോ ഇവിടെ ഉണ്ടായിരുന്നില്ലെന്നും ഉള്ളതാണ് വാസ്തവം.

വാണിജ്യാവശത്തിനായി മലബാർതീരത്തെവിടെയോ ഒരു റോമൻ അധിവാസകേന്ദ്രവും, അവരുടെ പ്രാർത്ഥനാലയവും ഉണ്ടായിരുന്നതായി എ.ഡി. മൂന്നാം നൂറ്റാണ്ടിൽ ക്രോഡീകരിച്ച പ്യൂട്ടിംഗേറിയൻ ടേബിൾസിൽ നിന്നും റോബർട്ട് സീവെൽ ഉദ്ധരിച്ചിട്ടുണ്ട്.1. പോണ്ടിച്ചേരിക്കടുത്തുള്ള അരി

ക്കമേട്ടിൽ നടത്തിയ ഉത്ഖനനത്തിൽ നിന്നും മനസ്സിലാകുന്നത്, ഈ പ്രദേശത്ത് മറ്റൊരു വികസിത റോമൻ ആവാസ കേന്ദ്രവും ഉണ്ടായിരുന്നുവെന്നാണ്. കാലവർഷക്കാറ്റിന്റെ ഗതിയനുസരിച്ച് ഓരോ വർഷവും ഇവിടെ എത്തിയിരുന്ന നൂറുകണക്കിന് കപ്പലുകൾക്ക് കയറ്റുമതി ചരക്കുകൾ മുൻകൂട്ടി സംഭരിച്ചുവെക്കുന്നതിനായിട്ടായിരുന്നു യവനർ ഇത്തരം താവളങ്ങൾ ഉണ്ടാക്കിയിരുന്നത്. ഇവിടെ ഭക്ഷണ ശേഖരണകാലഘട്ടം മറ്റെവിടത്തേതിനേക്കാളും വളരെക്കാലം നീണ്ടു നിന്നിരുന്നുവെന്നും ഭക്ഷണോൽപ്പാദന പ്രക്രിയ വളരെ വൈകിയാണ് ഉണ്ടായതെന്നും നാം മനസ്സിലാക്കേണ്ടതായി വരുന്നു. അത്തരം സമൂഹത്തിൽ നാഗരികതയുടെ അവശ്യഘടകങ്ങളൊന്നും ഇല്ലാതിരിക്കുക സ്വാഭാവികമാണ്. അതാണ് പ്രാചീന കേരള സമൂഹത്തിൽ അറിയപ്പെടുന്ന കലാ-സാംസ്കാരിക സൗധങ്ങളോ, നിർമ്മാണങ്ങളോ, ഭാഷയോ, ഉൽക്കർഷം പ്രാപിച്ച സാഹിത്യമോ ഇല്ലാതെ പോകാൻ കാരണം.

പക്ഷേ നമ്മുടെ പഴമയെ പുകഴ്ത്തണമെന്ന് ശാഠ്യമുള്ളവർ, ഈ പ്രദേശം പുകഴ്പെറ്റ ചേര സാമ്രാജ്യത്തിന്റെ അവിഭാജ്യഘടകമായിരുന്നുവെന്നും, വിശാല തമിഴകത്തിൽ നിലനിന്നിരുന്ന ഭരണക്രമവും, സാമൂഹികാചാരങ്ങളും, ജനജീവിതവും ഇവിടേയും അപ്പടി അനുവർത്തിച്ചു പോന്നിരുന്നുവെന്നും പറഞ്ഞു കേരളത്തിന്റെ സാമൂഹ്യ ചരിത്രം നാം അനായാസേന വിരചിക്കുകയും പതിവാണ്. അങ്ങനെ ഒന്നാം ചേര സാമ്രാജ്യത്തെപ്പറ്റിയും അതിലെ ഭരണാധിപൻമാരുടെ വീരശൂരപരാക്രമങ്ങളെപ്പറ്റിയും ഒക്കെ എഴുതി കേരളത്തിന്റെ പ്രാചീന ചരിത്ര രചന നാം നിർവ്വഹിക്കുകയും ചെയ്യുന്നു. ഇത്തരം വിവരണങ്ങളിൽ എഴുതിപ്പോരുന്ന ചേര രാജാക്കൻമാർ അത്രയും സഹ്യാദ്രിക്കപ്പുറത്ത് രാജ്യവിചാരം ചെയ്തിരുന്നവരായിരുന്നുവെന്നും അവർ കേരളത്തിലെ ഭരണകർത്താക്കളായിരുന്നില്ലെന്നും ഉള്ള പരമാർത്ഥം മനസ്സിലാക്കാതെ പോകുന്നത് അബദ്ധമായിരിക്കും. നമുക്ക് നമ്മെപ്പറ്റി ശരിക്കും അറിയാൻ സാധിച്ചാൽ മാത്രമേ, സുസ്ഥിരമായ സാംസ്കാരിക അടിത്തറ ഉറപ്പിക്കുവാൻ സാദ്ധ്യമാകൂ. അത് സാധിക്കണമെങ്കിൽ നിരർത്ഥകങ്ങളായ പൊങ്ങച്ചങ്ങൾ വലിച്ചെറിഞ്ഞ് ക്രിയാത്മകവും, സത്യസന്ധവുമായ ചരി ത്രാവിഷ്കാരം നടത്തേണ്ടതായിരിക്കുന്നു. എങ്കിൽ മാത്രമേ, ഈ പ്രദേശത്തിന്റെ തനതായ സ്വരൂപവും, സവിശേഷതകളും, ജനജീവിതവും, സമ്പദ്വ്യവസ്ഥയും സൂക്ഷ്മമായി നിരീക്ഷിക്കുവാനും, രചനാത്മക സിദ്ധിയോടുകൂടി നമ്മുടെ സാമൂഹ്യ-സാംസ്കാരിക ചരിത്രം വിരചിക്കുവാനും സാധിക്കുകയുള്ളു. അല്ലാതെ ചേര-ചോള-പാണ്ഡ്യദേശങ്ങൾ ഒന്നിച്ച് തമിഴകം എന്ന വിശാലസാമ്രാജ്യം നിലനിന്നിരുന്നുവെന്നും ഇവ 13 നാടുകളായി വിഭജിക്കപ്പെട്ടിരുന്നുവെന്നും ഇതിൽ 5 നാടുകൾ ഉൾക്കൊള്ളുന്നതായിരുന്നു പഴയ ചേരനാടെന്നും അവ പൂഴിനാട്, കുടനാട്, കുട്ടനാട്, കർക്കനാട്, വേണാട് എന്നിവയായിരുന്നുവെന്നുമൊക്കെ എഴുതുന്നതുകൊണ്ടു മാത്രം ഒരു രാജ്യത്തിന്റെ ചരിത്രം ആകുകയില്ല.

ഇന്നത്തെ സേലം, തിരുച്ചി, കോയമ്പത്തൂർ, തഞ്ചാവൂർ തുടങ്ങിയ ജില്ലകൾ ഉൾക്കൊണ്ടിരുന്നതും, പാലക്കാട് ചുരത്തിന് ഇപ്പുറത്തായുള്ള കുറേ പ്രദേശങ്ങൾ ഉൾപ്പെട്ടിരുന്നതുമായ രാജ്യമായിരുന്നു ആദി-ചേര രാജാക്കൻമാരുടെ അധീനതയിലുണ്ടായിരുന്നവ. ഇവരാകട്ടെ തമിഴ് രാജാക്കൻമാരുമായിരുന്നു. കാവേരിയുടെ പോഷക നദിയായ അമരാവതിയുടെ വടക്കേ തീരത്ത് സ്ഥിതിചെയ്തിരുന്നതും കറൌറ എന്ന് പ്ലിനി വിശേഷിപ്പിച്ചിട്ടുള്ളതുമായ കരൂർ ആസ്ഥാനമാക്കി ഭരണം നടത്തിയിരുന്നവരുമാണ് അവർ. ഈ തമിഴ് രാജാക്കൻമാരെക്കുറിച്ച് അവരുടെ അരമനസ്തുതിപാഠകൻമാരായി കഴിഞ്ഞിരുന്ന സംഘം കവികൾ ധാരാളം പ്രശംസാഗീതങ്ങൾ കീർത്തനങ്ങളായി ആലപിച്ചിട്ടുണ്ട്. പതിറ്റിപ്പത്തും, അകനാനൂറും, പുറനാനൂറും, ചിലപ്പതികാരവും, മണിമേഖലയും തുടങ്ങിയുള്ള സംഘകൃതികൾ അവതരിപ്പിക്കുന്ന സാമൂഹ്യസ്ഥിതിയും സമ്പദ്ഘടനയും പ്രാകൃതാചാരങ്ങളും എല്ലാം സഹ്യനപ്പുറത്ത് അക്കാലത്ത് നിലവിലുണ്ടായിരുന്നവ തന്നെയാണ്. ഇവ അൽപ്പമായെങ്കിലും നമ്മുടെ പ്രാചീന ജീവിതത്തെ അനാവരണം ചെയ്യുവാൻ ഉതകുന്നവ അല്ലെന്നതാണ് പരമാർത്ഥം.

കേരളത്തിന്റെ ഭൂപ്രകൃതിയും കിടപ്പും കേന്ദ്രീകൃതമായൊരു ഭരണ സംവിധാനത്തിന് പറ്റുംവിധമായിരുന്നില്ല. 960 കി.മീ. നീളത്തിൽ ഉത്തുംഗപ്രഭാവത്തോടുകൂടി തലയുയർത്തി നിൽക്കുന്ന സഹ്യപർവ്വതനിര തമിഴ് പ്രദേശത്തു നിന്നും കേരളത്തെ പൂർണ്ണമായും വേർതിരിച്ച് നിർത്തുന്ന പ്രാകൃതിക പ്രതിഭാസമാണ്. കേരളത്തിന്റെ വടക്ക് കിഴക്ക് ഭാഗത്ത് 30 കി.മീ. വീതിയിലുള്ള പാലക്കാട് ചുരവും തെക്കേ അറ്റത്തെ ആരുവാമൊഴിപാതയുമാണ് തെന്നിന്ത്യയെ ഇതര പ്രദേശങ്ങളുമായി കരമാർഗ്ഗേണ നമ്മെ ബന്ധിപ്പിക്കുന്നത്. ഈ മാർഗ്ഗങ്ങൾ ഉപയോഗിച്ച് ചോളൻമാരും, പാണ്ഡ്യൻമാരും, കളഭ്രൻമാരും, പല്ലവൻമാരും മാറിമാറി കേരളത്തിന്റെ പലസ്ഥലങ്ങളിലായി ആധിപത്യം സ്ഥാപിച്ചിരുന്നു. അക്കാലങ്ങളിലൊക്കെ ട്രൈബൽജീവിത ക്രമം മാത്രമായിരുന്നു നിലനിന്നിരുന്നത്. ഭൂമിശാസ്ത്ര ഘടകങ്ങൾ ഒറ്റപ്പെടുത്തി നിർത്തിയിരുന്ന കൊച്ചുകൊച്ചു മലകളേയും അവയോടുരുമ്മി നിന്നിരുന്ന പ്രദേശങ്ങളേയും കേന്ദ്രീകരിച്ച് ഗോത്രസമൂഹങ്ങൾ പലയിടങ്ങളിലും കേരളത്തിൽ ആവിർഭവിച്ചിരുന്നു. ഈ ട്രൈബൽ മാടമ്പിമാർ ഗോത്രതലവൻമാരുടെ പദവികൂടി ഉണ്ടായിരുന്നവർ ആയിരുന്നതിനാൽ ആ ഗോത്രസമൂഹത്തിന്റെ അധിപൻമാരുമായി തീർന്നിരുന്നു. പൊതിയിൽ മലയിലെ അണ്ടിരനും, കരുനന്തനനും, ഏഴിമലയിലെനന്നനും, ഒക്കെ സംഘകാലകവികൾ പ്രകീർത്തിച്ചിട്ടുള്ളവരാണെങ്കിൽ കൂടിയും, ഗോത്ര തലവൻമാർക്കുപരി സംഘടിതമായ ഒരു ഭരണസംവിധാനത്തിന്റെ ഉടമകളായി ഇവരെ കരുതുവാൻ നിവൃത്തിയില്ല.

എന്നാൽ ഐതിഹ്യങ്ങളിലും വ്യുൽപ്പത്തികഥകളിലും

കാണുംവിധമാണെങ്കിൽ പരശുരാമൻ കടലിൽനിന്നും പൊക്കിയെടുത്ത കൊങ്കണത്തെ ആകമാനം 64 ഗ്രാമങ്ങളായി വിഭജിച്ചെന്നും അവയിൽ 32 ഗ്രാമങ്ങൾ ഉൾക്കൊള്ളുന്നതാണ് കേരളമെന്നും കാണാം. അവയാകട്ടെ പയ്യനൂർ, പെരിഞ്ചെല്ലൂർ, കാരിക്കാട്, ഈശാനമംഗലം, ആലത്തൂർ, കരിന്തോളം, തൃശ്ശിവപേരൂർ, പന്നിയൂർ, ചൊവ്വാരം, പറപ്പൂർ, ഐരാണിക്കുളം, മൂഷികക്കുളം, ഇരിങ്ങാടിക്കോട്, അടപ്പൂർ, ചെങ്ങനോട്, ഉളിയനൂർ, കലുതനാട്, കലച്ചൂർ, ഇളിഭിയം, ഷമ്മുന്ദ, അവിട്ടിപുത്തൂർ, കാടുകരുക, കിടങ്ങൂർ, കാരാനല്ലൂർ, കവിയൂർ, ഏറ്റുലണിയൂർ, നിർമണ്ണ, അൻമാണി, അൻമലം, തിരുവല്ലായി, ചെങ്ങണിയൂർ എന്നി ഗ്രാമങ്ങളാണ്. ഇതിൽ ഒരു ഗ്രാമത്തിൻെറ പേര് കുറവുള്ളത് നഷ്ടപ്പെട്ടു പോയിരിക്കാമെന്നാണ് വില്യം ലോഗൻ ഊഹിക്കുന്നത്.[2] ഗോകർണ്ണം മുതൽ കന്യാകുമാരി വരെ ചിതറിക്കിടക്കുന്ന ഈ ഗ്രാമങ്ങളിൽ എല്ലാം തന്നെ ബ്രാഹ്മണ സങ്കേതങ്ങൾ നിലനിർത്തുകയും ചെയ്തു. കൊങ്ങണത്തിലുള്ള 64 ഗ്രാമങ്ങളുടെ ഭരണം പറപ്പൂർ, പെയ്യനൂർ, പെരിഞ്ചെല്ലൂർ, ചെങ്ങണിയൂർ എന്നി നാല് ഗ്രാമക്കാരിൽ അർപ്പിതമായെന്നുമാണ് കേരളോൽപ്പത്തിയിലും മറ്റും കാണുന്നത്. ഈ നാല് ഗ്രാമക്കാർ 64 ഗ്രാമങ്ങളിലേയും ഭരണം കൈയ്യാളുന്നത് മറ്റു ഗ്രാമങ്ങളിൽ അതൃപ്തി ഉളവാക്കി. മാത്രമല്ല, രാജ്യത്ത് രക്തച്ചൊരിച്ചിലും അസമാധാനവും വ്യാപകമായി. അത്തരം സ്ഥിതിയിൽ നിന്നും രാജ്യത്തെ രക്ഷിക്കുവാനായി ഈ നാല് ഗ്രാമക്കാർ തെരഞ്ഞെടുക്കുന്നു ഒരാളെ മൂന്ന് വർഷത്തേക്ക് രക്ഷാപുരുഷനായി അവരോധിക്കുന്ന സമ്പ്രദായവും നിലവിൽ വന്നു. അതാത് ഗ്രാമത്തിലെ കാർഷികാദായത്തിൻെറ ആറിലൊന്ന് വിഹിതം ഈ രക്ഷാപുരുഷൻമാർക്ക് നൽകിയിരുന്നുവത്രേ. ഈ രക്ഷാപുരുഷൻമാർ ചുരുങ്ങിയ കാലത്തേക്ക് മാത്രം ഭരണ സാരഥ്യം വഹിച്ചിരുന്നവരാകയാൽ കൊടിയ അഴിമതിയും സ്വജനപക്ഷപാതവും വർദ്ധിച്ചു. ഇതിനു പരിഹാരമായിട്ടാണ് തിരുന്നാവായ മണപ്പുറത്ത് ഗ്രാമത്തലവൻമാരെല്ലാവരും സമ്മേളിച്ച് രക്ഷാപുരുഷാധികാരമുള്ള നാല് ഗ്രാമത്തലവൻമാർ കൂട്ടായി നിർദ്ദേശിക്കുന്ന ഒരാളെ പെരുമാളായി 12 വർഷത്തേക്ക് വാഴിക്കാമെന്ന് തിരുമാനിച്ചത്. അങ്ങനെ പർവ്വത ഘട്ടങ്ങൾക്ക് അപ്പുറത്തുള്ള കേയപുരത്തെ കേയപെരുമാളെ ക്ഷണിച്ചുകൊണ്ടുവന്ന് പെരുമാളായി വാഴിക്കുകയും ചെയ്തു. ഇത് എ.ഡി. 216ൽ ആണെന്നാണ് കേരളോൽപ്പത്തിയിലുള്ള കലിയുഗ ഗണനയിൽ നിന്നും കാണാവുന്നത്. എട്ട് വർഷവും, നാല് മാസവും ഭരണം നടത്തി കേയപ്പെരുമാൾ മരണമടഞ്ഞു. തുടർന്ന് പാണ്ടിപ്പെരുമാളും, ചോളപ്പെരുമാളും തുടങ്ങി അവസാനം ചേരമാൻ പെരുമാളുടെ കാലത്തോടു കൂടി പെരുമാൾ ഭരണം അവസാനിക്കുകയും കേരളത്തിൽ സ്വതന്ത്രരാജസ്ഥാനങ്ങൾ ആവിർഭവിക്കുകയും ചെയ്തുവെന്നാണ് കേരളോൽപ്പത്തിയും, കേരളമാഹാത്മ്യവും രേഖപ്പെടുത്തിയിട്ടുള്ളത്. ഈ പരമ്പരാഗത ചരിത്ര പ്രതിപാദനത്തിൽ നിന്നും പാടെ പാഠഭേദമുള്ളതാണ് ഇന്ന് പഠിപ്പിച്ചു കൊണ്ടിരിക്കുന്ന പ്രാചീന കേരള ചരിത്രം. ഇതിൻെറ വിശദാംശവും, വിശകലനവുമാണ് അടുത്ത അധ്യായത്തിൽ.

തുടർന്ന് അധികാരത്തിലേക്കുയർന്നു വന്ന പ്രധാന രാജസ്ഥാനങ്ങൾ വടക്ക് കോലത്തിരിമാരും, തെക്ക് വേണാട് അധിപൻമാരും അതിനിടയ്ക്ക് കൊച്ചി തമ്പുരാക്കൻമാരും, വള്ളുവകോനാതിരിമാരും, കോഴിക്കോട്ടെ സാമൂതിരിമാരും അധികാരം നടത്തിയിരുന്ന സ്ഥലങ്ങളായിരുന്നു. ഇവരിൽ 9-ാം നൂറ്റാണ്ടു മുതൽ തന്നെ സാമൂതിരിയായിരുന്നു കൂടുതൽ ശക്തൻ. വള്ളുവകോനാതിരിയെ പരാജയപ്പെടുത്തി മാമാങ്കത്തിൻെറ ആധിപത്യം സാമൂതിരി നേടിയെടുത്തതോടുകൂടി കേരളപ്പെരുമാൾ ആകുവാനുള്ള അദ്ദേഹത്തിൻെറ ആഗ്രഹ സാഫല്യത്തിന് വേണ്ടിയുള്ള യുദ്ധപരാക്രമങ്ങളുടെ ദീർഘമായ കഥകളാണ് പിന്നീടുള്ളത്. പറങ്കികളുടെ ആഗമനകാലം മുതൽ സാമൂതിരിയുടെ ശക്തി ക്ഷയിക്കുവാൻ തുടങ്ങി. മധ്യകാലഘട്ടത്തിലേക്ക് പ്രവേശിക്കുമ്പോൾ കേരളത്തിൽ നാല് രാജസ്ഥാനങ്ങളും 42 ചെറുകിട രാജ്യങ്ങളും ഇവരുടെ കീഴിലുണ്ടായിരുന്ന 300ൽപ്പരം മാടമ്പിമാരും ഏറെക്കുറെ സ്വതന്ത്രഭരണാധിപത്യം നിലനിർത്തിപ്പോന്നിരുന്നതായിട്ടാണ് കാണുന്നത്.[3] ഈ സ്ഥിതി വിശേഷം 18-ാം നൂറ്റാണ്ടിൻെറ പകുതിവരെ അഭംഗുരം നിലനിന്നിരുന്നതായി കാണാം. 18-ാം നൂറ്റാണ്ടിൽ തെക്കൻ ദേശങ്ങളിൽ മാർത്താണ്ഡവർമ്മയും, മലബാറിൽ ഹൈദരാലിയും, ടിപ്പു സുൽത്താനും, കൊച്ചിയിൽ ശക്തൻ തമ്പുരാനും, കോമി അച്ചനും, ചെറുകിട മാടമ്പികളേയും, ദേശനാടുവാഴികളെയും കീഴ്പ്പെടുത്തി അതാത് ഇടങ്ങളിൽ ഏകീകരണം ഉണ്ടാക്കുന്നത് വരെ ഈ അവിച്ഛിന്നമായ രാഷ്ട്രീയച്ചട്ടക്കൂട് തുടർന്നുപോന്നു.

1. *Robert Sewell, Archeological Survey of Southern India, 1882, vol.I, p.244.*
2. ലോഗൻ, മലബാർ മാനുവൽ, തർജ്ജുമ, ടി.വി. കൃഷ്ണൻ, മാതൃഭൂമി, കോഴിക്കോട്, 1993, പുറം -237.
3. A. Galletti, Dutch in Malabar, Dutch Records No. XIII, Madras Record Office, Egmore, 19, pp.45-46.

# IV കേരളപ്പഴമയും, ഒന്നാം ചേര സാമ്രാജ്യവും

പ്രാചീന കേരളത്തെപ്പറ്റി ഇന്ന് നിലവിലുള്ള പാഠപുസ്തക
ഭാഷ്യത്തിലേക്ക് കടക്കുന്നതിനുമുമ്പ് കേരളമെന്ന രാജ്യം
എന്നുണ്ടായി എന്ന സംഗതമായ ചോദ്യത്തിന് ഉത്തരം കാ
ണേണ്ടതായുണ്ട്. നമ്മുടെ പൗരാണികത്വത്തെപ്പറ്റി പരാ
മർശിക്കുന്ന കൂട്ടത്തിൽ ക്രിസ്തുവിനു മുമ്പ് നാലാം നൂറ്റാണ്ടിൽ
ജീവിച്ചിരുന്ന കാത്ത്യായനനും ബി.സി. രണ്ടാം ശതകത്തിൽ
ജീവിച്ചിരുന്നുവെന്ന് പറയുന്ന പതഞ്ജലിയും ഈ പ്രദേശ
ത്തെപ്പറ്റി പറയുന്നതായി നാം അവകാശപ്പെട്ടു പോരുന്നു.
ബി.സി. 4-ാം ശതകത്തിലെഴുതിയ കൌടില്യൻെറ അർത്ഥ
ശാസ്ത്രത്തിലെ ചൂർണ്ണിയാറിനെക്കുറിച്ചുള്ള പരാമർശം കേര
ളത്തിലെ പെരിയാറിനെക്കുറിച്ചാണെന്നും പ്രസ്താവിച്ചു
കാണുന്നു. മഹാഭാരതത്തിൽ കേരളമെന്ന വാക്ക് ഒന്നിൽ
കൂടുതൽ പ്രാവശ്യം പ്രയോഗിച്ചുകാണുന്നുണ്ട്.1. രാമായണം
കിഷ്കിന്ധകാണ്ഡത്തിൽ സീതയെ കേരളത്തിലും അന്വേ
ഷിക്കുവാൻ സുഗ്രീവനോട് ആവശ്യപ്പെടുന്നതായി കാണാം.2.
അശോക ചക്രവർത്തിയുടെ ഗിർണാർ ശിലാശാസനത്തിൽ
ചേരളംപുത്ര തൻെറ അതിർത്തി രാജ്യങ്ങളിലൊന്നാണെന്ന്
പറയുന്നു.3. മഹാഭാരതയുദ്ധത്തിൽ സൈനിക സഹായം
നടത്തിയ ചേരരാജാവായ ഉതിയൻ ചേരലാതനെപ്പറ്റി പതി
റ്റുപ്പത്തിൽ മാമൂലനാർ പ്രശംസിക്കുന്നുണ്ട്.4. ഈ രാജാവ്
കക്ഷിഭേദം നോക്കാതെ കൗരവ-പാണ്ഡവ സേനകൾക്ക്
ഭക്ഷണം നൽകിയതായി മുരഞ്ചിയൂർ മുടിനാഗരായർ എന്ന
കവിയും വിവിരക്കുന്നു.5. ഇവയ്ക്കെല്ലാം പുറമേ, വായു
പുരാണത്തിലും 6. മത്സ്യപുരാണത്തിലും 7. മാർക്കണ്ഡേ
യപുരാണത്തിലും 8. കേരളത്തേയും, ഗോകർണ്ണത്തേയും
പരാമർശിച്ചിട്ടുണ്ട്. എ.ഡി. ഒന്നാം നൂറ്റാണ്ടിൽ പ്ലിനി മുസി
രിസ് തുറമുഖത്തെപ്പറ്റി എഴുതുമ്പോൾ അവിടെ ഭരിച്ചിരുന്നത്
കെയ്ലോ ബൊഥറാസും, എറിത്രിരിയൻ കടലിലൂടെ യാത്ര
ചെയ്ത അജ്ഞാതനാമാവായ പെരിപ്ലസിൻെറ കർത്താവും
അലക്സാണ്ട്രിയക്കാരനുമായ നാവികൻ കെപ്രൊബോത്രാസും,
ടോളമി എന്ന ഈജിപ്ഷ്യൻ ഭൂമിശാസ്ത്രജ്ഞൻ കെരബോ
ത്രാസും എന്നെല്ലാം എഴുതുന്നത് ഒന്നുതന്നെയാണെന്നും,
കേരളത്തെ പരാമർശിക്കുന്നതാണ് ഇവയെന്നും ഖണ്ഡിത
മായി ബിഷപ്പ് കാർഡ്‌വെൽ, ഡോ. ബെർണൽ തുടങ്ങിയ
പണ്ഡിതൻമാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.9. പെരിപ്ലസ് ഗ്രന്ഥകാ
രൻ സ്ഥലത്തെ ലിമൂരികെ എന്നാണ് പറയുന്നത്. കരൌറ
തലസ്ഥാനമായുള്ള ലിമൂരികെ എന്നാണ് ടോളമി വിശേ
ഷിപ്പിച്ചിട്ടുള്ളത്. പ്യൂട്ടിംഗേറിയൻ ടേബിൾസിൽ ദെമൂരിക
എന്നാണ് കാണുന്നത്. ബിഷപ്പ് കാർഡ്‌വെല്ലിൻെറ അഭി
പ്രായത്തിൽ ഇവരത്രയും പല നാമധേയത്താൽ വിളിച്ചിട്ടുള്ള
ഈ സ്ഥലം ദ്രാവിഡദേശം ആണെന്നാകുന്നു.10. തമിഴിൽ
ഈ പ്രദേശത്തിന് ചേരളം എന്ന് പറഞ്ഞു പോന്നിരുന്നുവെ
ന്നും അതിൽ നിന്നാണ് പിന്നീട് സംസ്കൃതരൂപമായ കേരളം
ഉരുത്തിരിഞ്ഞതെന്നും നാം സമാധാനിക്കുന്നു.

അങ്ങനെ ക്രിസ്തുവിന് മുമ്പ് നാലാം നൂറ്റാണ്ടു മുതൽ
ടോളമിയുടെ രണ്ടാം നൂറ്റാണ്ട് വരെയുള്ള കാലത്ത് ദുർല്ലഭമായി
നടന്നിട്ടുള്ള സ്ഥലനാമ പരാമർശങ്ങളിലെ ശബ്ദസാമ്യത്തെ
ആശ്രയിച്ച് കേരളം എന്ന നമ്മുടെ സ്റ്റേറ്റിൻെറ അതിപ്രാചീന
തയെ ഭാവനാപൂർവ്വം ആവിഷ്ക്കരിക്കുന്നതിന് നാം നടത്തി
യിട്ടുള്ള ധൈഷണിക വ്യായാമങ്ങൾ മാത്രമാണ് ഇവയെന്ന്
മനസ്സിലാക്കാൻ പ്രയാസമില്ല. ബി.സി. നാലാം നൂറ്റാണ്ടിലെ
കാത്ത്യായനനും, രണ്ടാം നൂറ്റാണ്ടിലെ പതഞ്ജലിയും, അതിന്
എത്രയോ മുമ്പുള്ള രാമായണ-മഹാഭാരതാദികളും ക്രോഡീ
കരിക്കപ്പെട്ടത് 16,17 നൂറ്റാണ്ടുകൾക്ക് ശേഷമാണെന്നുള്ള
വസ്തുത നാം മനസ്സിലാക്കുമ്പോഴും ഇവയുടെ മൂലഗ്രന്ഥങ്ങ
ളിൽ ധാരാളം തിരിമറികളും കൂട്ടിച്ചേർക്കലുകളും അടുത്ത
കാലം വരെ നടന്നിട്ടുണ്ടെന്നുള്ള യാഥാർത്ഥ്യം അറിയു
മ്പോഴും സംഘകൃതികളിലെ അസ്വാഭാവികവും, അതിശയകര
വുമായ അതിഭാവുകത്വത്തിൻെറ ഭാവനാ സൃഷ്ടികളാണെന്ന
തിരിച്ചറിവ് ഉണ്ടാകുമ്പോഴും നമ്മുടെ പാഠപുസ്തക നിർ
മ്മാതാക്കൾ നൽകുന്ന വിശദീകരണം നിരർത്ഥകമാണെന്ന്
ബോദ്ധ്യമാകും.

അനാദികാലമായി ഈ പ്രദേശത്തിന് കേരളമെന്നാ
യിരുന്നു പേരെങ്കിൽ പിന്നിട് ഈ പേരിൽ നമ്മുടെ നാട്
ആധുനിക കാലം വരെ അറിയപ്പെടാതിരുന്നത് എന്താണെന്ന്
മനസ്സിലാക്കാൻ മാർഗ്ഗവുമില്ല. ചന്ദ്രഗുപ്തമൗര്യൻെറ അര
മനയിൽ യവന സ്ഥാനപതിയായി വന്ന മെഗസ്തനീസ് ഈ
സ്ഥലത്തെ ചെറുമെ എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. കാലാ
കാലങ്ങളിലായി ഇവിടെ വന്നും പോയും കൊണ്ടിരുന്ന
വിദേശസഞ്ചാരികൾ മലബാർ, . മണിബാർ, മലൈനാട്,
മലൈബാർ, മലക്കര, മലനാട്, മലയാള, മലൈ എന്നിങ്ങനെ
വ്യത്യസ്ത പേരുകൊണ്ടാണ് ഈ നാടിനെ വിളിച്ചിട്ടുള്ളത്.
ഇന്ത്യയിലെ ക്രൈസ്തവ മത പ്രതിപാദനം എന്ന 'ടോപ്പോഗ്രാ
ഫിയ ഇൻഡിക ക്രിസ്ത്യാനിയ' എന്ന കാസ്മോസ് ഇൻ ഡി
കോപ്പിസ്റ്റുസ്സിൻെറ ഗ്രന്ഥത്തിലും എ.ഡി. 879ൽ ഇവിടം
സന്ദർശിച്ച ഇബ്നു കുർത്താദിബയുടെ യാത്രാവിവരണ
ത്തിലും മലൈ എന്നാണ് എഴുതിയിട്ടുള്ളത്. 851ൽ ഇവിടെയെ
ത്തിയ അറബി സഞ്ചാരി സുലൈമാൻ കൊല്ലത്തെ വാണിജ്യ
വിഭവങ്ങളെപ്പറ്റി പരാമർശിക്കുമ്പോഴും കേരളമെന്നൊരു
വാക്ക് ഉച്ചരിച്ചിട്ടില്ല. 11-ാം നൂറ്റാണ്ടിൽ അൽബെറൂണി
മലൈബാറെന്നും, അൽ ഇദ്രീസിയും, അബുൽഫിദയും
അൽമനിബാർ എന്നും, റഷിദുദ്ദീനും, മാർക്കോപോളോയും
മലിബാറെന്നും യഥാക്രമം 13-ഉം, 14-ഉം നൂറ്റാണ്ടുകളിൽ

ജീവിച്ചിരുന്ന അൽഖാസ്വിനിയും, ഇബ്നുബത്തൂത്തയും അൽമലിബാർ എന്നുമാണ് പേരു പറയുന്നത്. ഫ്രയാർ ഒഡൊറിക് മിനിബാർ എന്നു പറയുമ്പോൾ ജോൺ ഡി മാര ഗ്നൊല്ലി മൈനി ബാറെന്നും, ജോൺ ഓഫ് മോൻറി കോർവിനോ മിനബാറെന്നും, ഫ്രയാർ ജോർഡാനസ് മൊലി ബാറെന്നും, നിക്കോളോക്കോണ്ടി മിലിബാറിയ എന്നും, ഫ്രാമൗറോ മെലിബാറെന്നുമാണ് ഈ സ്ഥലത്തെ വിശേഷി പ്പിച്ചിട്ടുള്ളത്. 1502ൽ കണ്ണൂരിൽ വന്നിറങ്ങിയ നാല് പേർ ഷ്യൻ മെത്രാൻമാർ ബാഗ്ദാദ് പാത്രിയാർക്കീസിനയച്ച കത്തിൽ ഞങ്ങൾ വന്നിറങ്ങിയ രാജ്യത്തിന് മലബാർ എന്നാ ണ് പേര്. അതിൽ 20 നഗരങ്ങളുണ്ടെങ്കിലും മൂന്നെണ്ണമാണ് പ്രധാനമായവ.........11. എന്നിങ്ങനെയാണ് എഴുതിയിട്ടുള്ളത്. 1800ൽ മലബാർ സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കിയ ഡോ ക്ടർ ഫ്രാൻസിസ് ബുക്കാനൻ പോലും മലയാള എന്നാണ് വിളിച്ചിട്ടുള്ളത്. അതേസമയം ബിലാദുൽഫുൽഫുൽ (കുരു മുളകിൻെറ നാട്) എന്നാണ് അറബികൾ പറഞ്ഞുപോ ന്നിരുന്നത്. ബിലാദുൽ ഖൈയ്റുള്ള (ദൈവാനുഗ്രഹമുള്ള നാട്) എന്ന് പിന്നീട് അറബികൾ വിളിച്ച പേരിൽ നിന്നാണ് കേരളം എന്ന പേരുണ്ടായതെന്ന് എച്ച്.എച്ച്. വിൽസണും എഴുതിയിട്ടുണ്ട്. അപ്പോൾ കേരളപ്പഴമയെപ്പറ്റിയുള്ള ആധു നിക ചരിത്രകാരൻമാരുടെ നിഗമനം ഒട്ടും ശരിയാകാൻ സാദ്ധ്യതയില്ല. ചുരുക്കത്തിൽ കേരളമെന്ന പേരിൽ ഈ സ്ഥലം അറിയപ്പെടാൻ തുടങ്ങിയത് ആധുനിക കാലത്ത് മാത്രമാണ്.

ഈ നാടിൻെറ ഭൂമിശാസ്ത്രപരമായ സവിശേഷതകളും ക്ലിഷ്ടവും, ദുർഘടവുമായ നാടിൻെറ കിടപ്പും കിഴക്കേ അതിർത്തിയിൽ ഒററ്റം മുതൽ മറ്റേ അറ്റം വരെ അതിശക്തമാം വിധം ബലവത്താക്കി തല ഉയർത്തി നിൽക്കുന്ന സഹ്യ പർവ്വതനിരയും ഈ രാജ്യത്തേയും ജനജീവിതത്തേയും വിന്ധ്യനപ്പുറത്തുള്ള നാടുകളിൽ നിന്നും തീർത്തും വേർ തിരിച്ച് നിർത്തിയിട്ടുള്ളതാകുന്നു. നമ്മുടെ ആധുനിക ചരിത്ര രചയിതാക്കൾ ഈ നാടിനേയും, സഹ്യനപ്പുറത്തുള്ള ചേര-ചോള-പാണ്ഡ്യദേശങ്ങളേയും ഏകമായ ഭൂവിഭാഗമായി ഗണിച്ചുകൊണ്ട് വിശാല തമിഴകം എന്ന് പേര് നൽകുന്നു. ഈ തമിഴകത്തിൻെറ അവിഛിന്ന ഘടകമായിരുന്നു മല നാടെന്ന അടിസ്ഥാനത്തിലാണ് പിന്നെയുള്ള പ്രതിപാദനം. സംഘകൃതികളിൽ നിന്നും ലഭിക്കുന്ന സാമൂഹ്യ-സാമ്പത്തിക സ്ഥിതിഗതികൾ യതൊരുവക ഏറ്റക്കുറച്ചിലും കൂടാതെ ഇവിടേയും നടമാടിയിരുന്നുവെന്ന സങ്കൽപ്പത്തോടു കൂടിയാണ് ആദി ചേരരാജാക്കൻമാരുടെ ചരിത്രം ആരംഭി ക്കുന്നത് തന്നെ. പതിറ്റിപ്പത്തും, അകം, പുറം, നാനൂറുകളും പ്രകീർത്തിച്ചുപോന്നിട്ടുള്ള നാട്ടരചൻമാരുടേയും, ഇടനില മന്നൻമാരുടേയും കീർത്തനങ്ങൾ ഈ നാടുകൂടി അടക്കി ഭരിച്ചവരുടേതാണെന്ന നിരർത്ഥകമായ നിഗമനങ്ങളാണ് ഇക്കാര്യത്തിൽ നടത്തിയിട്ടുള്ളതെന്ന് കാണാം.

ഉപാദാനങ്ങളെക്കുറിച്ചുള്ള സുദീർഘമായ അദ്ധ്യായ ത്തിൽ സംഘകാലകൃതികളുടെ അവിശ്വസനീയതയും, അവ യെ മാത്രം അടിസ്ഥാനമാക്കി ചരിത്രരചന നടത്തിയാലുണ്ടാ കാവുന്ന കുഴപ്പങ്ങളേയുംക്കുറിപ്പും നാം സവിസ്തരം പ്രതി പാദിച്ചതാണ്. ഇവിടെ അതാവർത്തിക്കുന്നില്ല. ആദിചേര രാജാക്കൻമാരുടെ വംശാവലിയും, അവരുടെ വീരസാഹസിക യുദ്ധങ്ങളും അവരുടെ കൊട്ടാരപ്രൌഢിയും കുമിഞ്ഞുകൂ ടിയിരുന്ന സമ്പത്തും, അരമനസ്തുതിപാഠകരായ കവികൾ ഉൾപ്പെടെയുള്ളവർക്ക് ഈ രാജാക്കൻമാർ നൽകിയിരുന്ന അവിശ്വസനീയമായ സമ്മാനങ്ങളുമൊക്കെ ഓരോ കവി യുടേയും ഭാവനയ്ക്ക് ചിറക് മുളച്ചാൽ പറന്നെത്താവുന്ന ഉയരത്തിൽ നിന്നു കൊണ്ട് പ്രകീർത്തനം നടത്തിയിട്ടുള്ളതു മൊക്കെ ചരിത്രമായി വിവരിക്കുന്ന അബദ്ധം ഇവിടെ ആവർ ത്തിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ചേരരാജാക്കൻമാർ എല്ലാം തന്നെ തമിഴ് ദേശക്കാരും, അവിടെ കാവേരിയുടെ പോഷക നദിയായ അമരാവതിയുടെ വടക്കേ തീരത്ത് സ്ഥിതി ചെയ്തിരുന്നതും കരൌറ എന്ന് പ്ലിനി വിശേഷിപ്പിച്ചിട്ടു ള്ളതുമായ കരൂർ ആസ്ഥാനമാക്കി ഭരണം നടത്തിയിരുന്നവരു മാണ്. "പഴയ ചേരരാജാക്കൻമാർ തമിഴൻ മാരായിരുന്നു. മരുമക്കത്തായം പിന്തുടരുന്ന മലയാളി രാജവംശങ്ങൾ ക്രി.പി. 10-ാം നൂറ്റാണ്ടിനുശേഷം മാത്രമാണ് ആവിർഭവിച്ചത്."12. പതിറ്റിപ്പത്തും, അകം, പുറം നാനൂറുകളും നൽകുന്ന പരാമർശ ങ്ങളിൽ നിന്നും മനസ്സിലാകുന്നത് മൊത്തം 25ൽ കൂടുതൽ പെരുമാക്കൻമാരാണ് ചേരനാട് ഭരിച്ചിരുന്നതെന്നാണ്.13. ഇവരിൽ ആദ്യത്തെ പത്തുപേരെക്കുറിച്ചുള്ള പ്രകീർത്തന ങ്ങളാണ് പതിറ്റിപ്പത്തിൽ. ഇതിൽ ഒന്നും പത്തും നഷ്ടപ്പെട്ട തിനാൽ രണ്ട് മുതൽ ഒമ്പത് വരെയുള്ള ആദിചേരൻമാരുടെ പേരുകളാണ് ലഭിക്കുന്നത്. അവർ ഇമയവരമ്പൻ, നെടും ചേരലാതൻ, പൽയാനൈ ചെൽകെഴു കുട്ടുവൻ, കളങ്കായ് കണ്ണിനാർമുടി ചേരൽ, ചേരൻ ചെങ്കുട്ടവൻ, ആടുകോട് പാട്ടുചേരൽ ആതൻ, ചെൽവ കടുംകോ, ആഴിയാതൻ, തക ടൂർ, എറിന്തപെറും ചേരൽ ഇരുമ്പൊറൈ, കുടക്കോ ഇളം ചേരൽ ഇരുമ്പൊറൈ ആണ്. പുറനാനൂറിലെ ചില പാട്ടുകളെ അടിസ്ഥാനമാക്കി ഒന്നാം പത്തിലെ രാജാവ് പെരുചോറ്റ് ഇതിയൻ ചേരലാതനും, പത്താംപത്തിലെ രാജാവ് യാനൈകാൽ ചേയ്മാന്തരും ചേരൽ ഇരുമ്പൊറൈയു മാണെന്ന് ചിലർ അഭിപ്രായപ്പെടുന്നതായി കെ. ദാമോദരൻ എഴുതിയിട്ടുണ്ട്.14. ഇവർക്കു പുറമേ അകനാനൂറ് തുടങ്ങിയ മറ്റു കൃതികളിൽ നിന്നും ഇരുപത് ചേരചക്രവർത്തിമാരെ ക്കുറിച്ച് കൂടി വിവരം ലഭിക്കുന്നു. അവരിൽ പ്രധാനികൾ അന്തുരൻ ചേരൻ ഇരുമ്പൊറൈ, കണൈക്കാൽ ഇരുമ്പൊറൈ, കരുവൂർ എറിയ ഒൾവാട്കോ പെരുഞ്ചേരൽ ഇരുമ്പൊറൈ, കരുവൂർ ചാത്തൻ, കുട്ടുവൻക്കൊതൈ, കോക്കോതൈമാർ പൻ, കോട്ടമ്പലത്തു തുഞ്ചിയ മാക്കോതൈ, ചെൽവക്കടുങ്കോ വഴിയാതൻ, നമ്പികുട്ടുവനാർ, പാലൈപാടിയ പെരുങ്കടുങ്കോ, മരുതംപാടിയ ഇളംങ്കടുങ്കോ, മാന്തരം പൊറൈയൻ കടുങ്കോ, മാരിവെൺകോ, മടങ്കിക്കിന്ന നെറുംചേരലാതൻ മുതലായ വരാണ്.15 ഇവരിൽ പലരും ഇടനില മന്നൻമാരായി

കൂടെന്നില്ല.

ഈ ചേരചക്രവർത്തിമാർ നാം നടേ പ്രസ്താവിച്ചതു പോലെ കരൂർ തലസ്ഥാനമാക്കി രാജ്യവിചാരം ചെയ്തിരുന്ന തമിഴ്രാജാക്കൻമാരായിരുന്നു. എന്നാൽ കേരളത്തിലെ കുറേ ഭൂവിഭാഗം ഇവരുടെ ഭരണത്തിൻ കീഴിലായിരുന്നുവെന്നത് പരമാർത്ഥവുമാണ്. കോയമ്പത്തൂർ, സേലം, എന്നിവയോടൊപ്പം പാലക്കാട് ചുരത്തോടനുബന്ധമായി കിടന്നിരുന്ന കുറേ സ്ഥലങ്ങളും പടിഞ്ഞാറോട്ട് കടൽതീരം വരെയുള്ള പ്രദേശങ്ങളും ഇവരുടെ കീഴിലുണ്ടായിരുന്നുവെന്ന കാര്യം ഓർക്കേണ്ടതുണ്ട്. കുട്ടനാടിന് തെക്ക് കന്യാകുമാരി വരെയുള്ള പ്രദേശങ്ങൾ ആയ് രാജാക്കൻമാരും, ഉത്തര മലബാറിൽ പാഴ്മലയിലെ ഏഴിമല രാജാക്കൻമാരുമാണ് ഭരിച്ചിരുന്നത്. ഇതിനിടയ്ക്കുള്ളവയും ഒറ്റപ്പെട്ടു കിടന്നിരുന്നവയുമായ സ്ഥലങ്ങളിൽ കുറുനില മന്നൻമാരും ഉണ്ടായിരുന്നു. അവശേഷിക്കുന്ന സ്ഥലം മാത്രമേ ആദിചേര രാജാക്കൻമാരുടെ കീഴിലുണ്ടായിരുന്നുള്ളുവെങ്കിലും അവർ കൂടുതൽ ശക്തരായിരുന്നതിനാൽ ഇടപ്രഭുക്കൻമാരുടേയും, നാട്ടരചൻമാരുടേയും കൂറും വിധേയത്വവും ഉറപ്പിക്കുവാൻ കഴിവുള്ളവരായിരുന്നുവെന്നതും ഓർക്കേണ്ടതുണ്ട്. ഇവ മാത്രം കൈമുതലാക്കിക്കൊണ്ട് കേരളത്തിലെ ഒന്നാം ചേര സാമ്രാജ്യത്തിൻെറ ചരിത്രം എഴുതിപ്പിടിപ്പിക്കുന്ന ഇന്നത്തെ രീതി പരിഹാസ്യമാണ്.

അതുപോലെ ചരിത്രദൃഷ്ട്യാ അംഗീകരിക്കുവാൻ സാധിക്കാത്ത നിഗമനങ്ങളാണ് സംഘകാലകവികളിൽ പലരും കേരളീയരായിരുന്നുവെന്ന് പറയുന്നതും, പല കാവ്യങ്ങളും കേരളത്തിൽവെച്ച് എഴുതപ്പെട്ടവയാണെന്ന് വ്യവഹരിക്കുന്നതും. ഈ പാട്ടുകളും, കാവ്യങ്ങളും രചിച്ച കവികളുടെ കാലത്തെയോ, സ്ഥലത്തെയോപ്പറ്റിയോ ഇവകളിൽ ഒന്നിൽ നിന്നുതന്നെയും സൂചനയും ലഭിക്കുന്നില്ല. നൂറ്റാണ്ടുകളുടെ തന്നെ കാലവ്യത്യാസമുള്ള കവിതാസമാഹാരങ്ങൾ പത്തും, നാനൂറുമൊക്കെയായി എണ്ണം ശരിയാക്കുവാൻ വേണ്ടി കൂട്ടിച്ചേർക്കുകയാണ് പിന്നീട് നടന്നത്. ഈ കാവ്യങ്ങളിൽ കാണുന്ന പതികങ്ങൾ പിന്നീട് എഴുതിച്ചേർത്തവരുടെ ഭാവനയ്ക്കനുസൃതമായി ചില ഭരണാധിപൻമാരുടേയും, കവികളുടേയും പേരുകൾ പറഞ്ഞുപോയിട്ടുണ്ടെന്നല്ലാതെ അവ ആധികാരികങ്ങളല്ല. ഉദാഹരണത്തിന് ചിലപ്പതികാരത്തിൻെറ കർത്താവ് ചെങ്കുട്ടവൻെറ സഹോദരനായ ഇളംകോ അടികൾ ആണെന്ന് പ്രചരിപ്പിച്ച് പോരുന്നുണ്ടല്ലോ. ചെങ്കുട്ടവൻ ജീവിച്ചിരുന്നത് രണ്ടാം നൂറ്റാണ്ടിലായിരുന്നുവെന്നാണ് പണ്ഡിതമതം. ചിലപ്പതികാര കർത്താവാകട്ടെ, ഏഴാം നൂറ്റാണ്ടിലോ അതിനു ശേഷമോ ആണ് ജീവിച്ചിരുന്നതെന്നതിന് തെളിവുകളുണ്ട്.16. മണിമേഖലയുടെ കർത്താവായ കൂലവാണിക ചാത്തനാരും, ഇളംകോ അടികളും സമകാലീനരുമായിരുന്നു. ഏഴാം നൂറ്റാണ്ടിലെ കൃതിയാണ് തിരുക്കുറൽ എന്നത് പൊതുവേ പണ്ഡിതൻമാർ അംഗീകരിച്ചിട്ടുള്ള വസ്തുതയാണ്. മണിമേഖല കർത്താവ് തിരക്കുറലിലെ ആശയങ്ങൾ തൻെറ കൃതിയിലൂടെ പ്രചരിപ്പിച്ചിരുന്നുവെന്നതും പരമാർത്ഥമാണ്. ഏഴാം നൂറ്റാണ്ടിലെ കൃതിയിൽ നിന്നും ആശയം സ്വീകരിച്ച മണിമേഖല കർത്താവ് നിശ്ചയമായും അതുകൊണ്ടുതന്നെ ഏഴാം നൂറ്റാണ്ടിനു ശേഷമാണ് ജീവിച്ചിരുന്നതെന്ന് അനുക്ത സിദ്ധമാണല്ലോ.17. അപ്പോൾ മണിമേഖല കർത്താവിൻെറ സമകാലികനായ ഇളംകോ അടികൾ രണ്ടാം നൂറ്റാണ്ടിൽ രാജ്യഭാരം നടത്തിയ ചെങ്കുട്ടവൻെറ സഹോദരനാകുക അസാദ്ധ്യമാണ്. ഇന്ന് കൊടുങ്ങല്ലൂർ എന്ന് പറഞ്ഞുപോരുന്ന സ്ഥലമോ, കണ്ണകി പ്രതിഷ്ഠ നടത്തി എന്നു പറയുന്ന ഇവിടത്തെ ക്ഷേത്രമിരിക്കുന്ന സ്ഥലമോ അക്കാലത്ത് കടലിനിടയിലായിരുന്നുവെന്നതും നിസ്തർക്കമാണ്.

ഗതകാല മാഹാത്മ്യം ഊതിവീർപ്പിച്ച് പെരുപ്പിച്ച് കാണിക്കണമെന്ന മോഹം ഉണ്ടായതുകൊണ്ടുമാത്രമായില്ലല്ലോ. ചരിത്രരചനയിൽ അവശ്യം ദീക്ഷിക്കേണ്ട സത്യസന്ധത നിഹനിക്കപ്പെടുവാൻ അനുവദിച്ചുകൂട. ഒന്നാം ചേര സാമ്രാജ്യത്തിലെ രാജാക്കൻമാരുടെ പ്രതാപത്തേയും സമ്പത്തിനേയും, യുദ്ധസന്നാഹങ്ങളേയും സംഘകാലകവികളുടെ ഭാവനാവിലാസമനുസരിച്ച് വിവരിച്ചിട്ടുള്ളവ മാത്രം ആധാരമാക്കി ചരിത്രരചനയ്ക്കൊരുമ്പെട്ടതാണ് ഈ പാളിച്ചകൾക്കു കാരണം. ഉതയൻ ചേരൽ ആതൻ, വാനവരമ്പൻ (ആകാശം അതിർത്തി ആക്കിയവൻ) എന്ന ബിരുദം സ്വീകരിച്ച പരാക്രമിയും (അകം 65) കുരക്ഷേത്രയുദ്ധത്തിൽ കക്ഷിഭേദം നോക്കാതെ കൗരവ-പാണ്ഡവ സൈന്യത്തിന് ഭക്ഷണം നൽകിയ ഉദാരമതിയും ആയിരുന്നുവെന്ന് (പുറം രണ്ട്) കവികൾ പ്രശംസിക്കുന്നു. നാർമുടിച്ചേരൽ എന്ന രാജാവിനെ പതിറ്റിപ്പത്തിൻെറ നാലാംപത്തിൽ വാഴ്ത്തുന്ന കാപ്പിയാറ്റു കാപ്പിയനാർക്ക് 40 ലക്ഷം സ്വർണ്ണനാണ്യങ്ങൾ പുരസ്കാരമായി കൊടുത്തതായി പറയുന്നുണ്ട്. അതുപോലെ ചൊൽവ കടുംകോ വഴിയാതൻ തൻെറ ആസ്ഥാനകവിയായ കപിലർക്കും ഒരു ലക്ഷം സ്വർണ്ണനാണയവും, ഒരു കുന്നിൽ നിന്നു നോക്കിയാൽ കണ്ണെത്തുന്നത്ര ഭൂമിയും സമ്മാനിച്ചിരുന്നതായി അദ്ദേഹം പതിറ്റിപ്പത്തിൻെറ ഏഴാം ഭാഗത്തിൽ കീർത്തിച്ചിരിക്കുന്നു. എല്ലാ ചേര രാജാക്കൻമാരും പരാക്രമശാലികളായ സേനാനികളായിരുന്നുവെന്നും അവർക്ക് സുസജ്ജമായ ചതുരംഗസേന ഉണ്ടായിരുന്നുവെന്നും നമ്മുടെ പാഠപുസ്തക രചയിതാക്കൾ വീര്യം കൊള്ളുന്നു.18. പാഴിയുദ്ധത്തിൽ നന്നനോടേറ്റുമുട്ടിയ ആയ് ഏയിനന് ഒന്നാംതരം ഒരു കുതിരപ്പടയും, വലിയൊരു നാവികവ്യൂഹവും ഉണ്ടായിരുന്നുവെന്ന് മറ്റൊരു കവി പ്രകീർത്തിക്കുകയും ചെയ്യുന്നു.(പുറം 126), വേറൊരു കവി "വിസ്താരമേറിയ കടലിൽ സ്ഥിതിചെയ്യുന്ന ദ്വീപിൽ പ്രവേശിച്ച് അവിടെ വസിക്കുന്ന ശത്രുക്കളെ യുദ്ധത്തിൽ ജയിച്ചു കീഴടക്കി, അവരുടെ കടമ്പു മരങ്ങളെ വെട്ടിമുറിച്ചിട്ട കോപമൂർത്തിയും ബലിഷ്ഠനുമായ നെടുംചേരലാതൻ തന്നെയാണ് ഞങ്ങളുടെ രാജാവെന്ന് അഭിമാനിക്കുന്നു."19. ഇത്തരം സ്തുതിഗീതങ്ങൾ അടിസ്ഥാനമാക്കിയാണ് നാം

ചരിത്രരചന ചെയ്തിട്ടുള്ളത്. ക്രിസ്ത്വാബ്ദം ആദ്യനൂറ്റാണ്ടുകളിൽ ഇത്തരം അധികം പ്രതാപവും സമ്പത്തും സൈനിക ശക്തിയും ഉണ്ടായിരുന്നുവെന്ന് സങ്കൽപ്പിക്കുന്ന നമ്മുടെ രാജാക്കൻമാരുടെ അവസ്ഥ 18-ാം നൂറ്റാണ്ടിൽപ്പോലും എത്ര ദയനീയമായിരുന്നുവെന്ന തിരിച്ചറിവുണ്ടാകുമ്പോഴാണ് ഇവയൊക്കെ വെറും പോഴത്തങ്ങൾ മാത്രമാണെന്ന് മനസ്സിലാവുക.

സഹ്യനിൽ നിന്നും ഉൽഭവിക്കുന്ന 44 നദികളിൽ 42ഉം പടിഞ്ഞാറോട്ടൊഴുകി രാജ്യത്തെ തുണ്ടുതുണ്ടാക്കിയിരുന്നു. ഇവയുടെ കൈവഴികൾക്കു പുറമേ, നിരവധി കാട്ടാറുകളും തടാകങ്ങളും കൊണ്ട് ജല സമൃദ്ധമായിരുന്ന ഈ നാട്ടിൽ കൊടിയ വനങ്ങളും നിറയെ കുറ്റിക്കാടുകളും പുറമേ കുന്നുകളും മലകളും സമൃദ്ധമായിരുന്നുവല്ലോ. ഇതോടൊപ്പം മനസ്സിൽ ഉണ്ടാകേണ്ടത് ഇവിടത്തെ വാർത്താ-വിനിമയ-യാത്രാസൗകര്യങ്ങളെക്കുറിച്ചാണ്. ഈ പുഴകൾക്കോ, തോടുകൾക്കോ, കുറുകെ കടക്കുവാൻ ഉള്ള ഒരു പാലവും അക്കാലത്തുണ്ടായിരുന്നില്ല. റോഡുകളോ, കാളവണ്ടി പോലുമോ ഇല്ലാതിരുന്ന ഒരു നാട്ടിൽ കുതിരപ്പടയെപ്പറ്റി പറയുമ്പോൾ അതിശയം തോന്നുക സ്വാഭാവികമാണ്. 1766ൽ ഹൈദരലിയുടെ കുതിരപ്പടയെ കണ്ട് വിരണ്ടോടിയ നമ്മുടെ പരമ്പരാഗത നായർ യോദ്ധാക്കളെക്കുറിച്ച് നമുക്കറിയാം. മലബാറിൽ ആദ്യമായി കുതിരസൈന്യത്തെ വിന്യസിച്ചത് ഹൈദരലിഖാനായിരുന്നു. അക്കാലംവരെ പ്രതാപശാലിയായിരുന്ന കോഴിക്കോട് സാമൂതിരിപോലും, അശ്വഭടൻമാരെ നിലനിർത്തിയിരുന്നില്ലെന്നുള്ളതും നാം മനസ്സിലാക്കുന്നു. ഇതുതന്നെയാണ് നാവിക സൈന്യത്തെപ്പറ്റിയും പ്രാചീന-മാദ്ധ്യമ കേരളത്തിനും പറയാനുള്ളത്. അപ്പോൾ സംഘം കവികൾ പറയുന്നതിൽ എന്തെങ്കിലും കഴമ്പുണ്ടെങ്കിൽ അത് അൽപ്പമെങ്കിലും യോജിക്കുക വിന്ധ്യനപ്പുറത്തുള്ള സ്ഥലങ്ങളിൽ മാത്രമാണ്.

---

1. അശ്വമേധപർവ്വം, അദ്ധ്യായം 83, സഭാപർവ്വം, അദ്ധ്യായം 78.
2. *സർഗ്ഗം, 41, ശ്ലോകം, 42.*
3. *Dr. D.C. Sarkar, Inscriptions of Asoka, p.40*
4. *അകം, 233*
5. പുറം, 2.
6. *അദ്ധ്യായം, 45, 124, ബിബ്ലിക്ക ഇൻഡിക.*
7. *Chapter, 112, Slokam, 46, Puna, Lithograph Edition.*
8. *അദ്ധ്യായം, 59, ശ്ലോകം, 45, ബിബ്ലിക്ക ഇൻഡിക.*
9. *ദ്രാവിഡ ഭാഷാവ്യാകരണം, (മലയാളം), ബിഷപ്പ് കാഡ്വെൽ, ഒന്നാം ഭാഗം പുറം-101*
10. *Introduction to the Comparative Grammer of Dravidian Languages, p.93.*
11. *Dr. A. Mingana, Early spread of Christianity in India, pp.36-40*
12. *P.T. Sreenivasa Iyyengar, History of the Tamils, p.512*
13. *പി. ശങ്കുണ്ണി മേനോൻ, തിരുവിതാംകൂർ ചരിത്രം, (മലയാള പരിഭാഷ), ഡോക്ടർ സി.കെ. കരീം, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1973, പുറം-39*
14. *കെ. ദാമോദരൻ, കേരളചരിത്രം, ഒന്നാംഭാഗം, കറന്റ് ബുക്ക്, തൃശ്ശൂർ, 1962.*
15. *അതുതന്നെ.*
16. *ഇളംകുളം കുഞ്ഞൻപിള്ള,* Studies in Kerala History, N.B.S. Kottayam, 1970, p. 131.
17. *മണിമേഖല-വിവർത്തനം, വിദ്വാൻ. പി. ജനാർദ്ദനൻപിള്ള, പുറം-17*
18. *എ. ശ്രീധരമേനോൻ, കേരളചരിത്രം, എൻ.ബി.എസ്, 1967, പുറം-109*
19. *പതിറ്റിപ്പത്ത്, 2, 10.*

# V രണ്ടാം ചേരസാമ്രാജ്യം എന്ന മിഥ്യ

ആദിചേര രാജാക്കൻമാരത്രയും തമിഴരായിരുന്നുവെന്നും, അവരുടെ അരമനസ്തുതിപാഠകരായ സംഘം കവികൾ പാടിയിട്ടുള്ളതത്രയും അവരെപ്പറ്റി മാത്രമാണെന്നും നാം മുമ്പേ പ്രസ്താവിച്ചിട്ടുള്ളതാണല്ലോ. അതേസമയം നേരത്തേ വിവരിച്ചതുപോലെ പാലക്കാട് ചുരം മുതൽ പടിഞ്ഞാറോട്ടുള്ള പ്രദേശങ്ങൾ ഈ ചേരരാജാക്കൻമാരുടെ ആധിപത്യത്തിൻ കിഴിലുമായിരുന്നു. കരൂർ ആസ്ഥാനമാക്കി ഭരണം നടത്തിയിരുന്ന ഈ രാജാക്കൻമാർക്ക് വിന്ധ്യന് പടിഞ്ഞാറു ഭാഗത്തുള്ള തങ്ങളുടെ പ്രദേശം നേരിട്ട് ഭരിക്കുക അസാദ്ധ്യമായിരുന്നു. നേരത്തേ വിവരിച്ച കേരളത്തിൻെറ ഭൂപ്രകൃതിയും, ഗതാഗത അസൗകര്യങ്ങളും, നിബിഡമായ കാടുകളും മറ്റു പ്രാകൃതിക പ്രതിഭാസങ്ങളും ഒക്കെക്കൂടി സുഘടിതമായൊരു രാഷ്ട്രീയച്ചട്ടക്കൂട് കെട്ടിപ്പടുക്കുവാൻ സാധിക്കാത്ത സ്ഥിതിവിശേഷം ഉളവാക്കിയിരുന്നു. അതിനാൽ തങ്ങളുടെ വൈസ്രോയിമാരെ ഇവിടേയ്ക്ക് അവരോധിക്കുകയാണ് അവർ ചെയ്തത്. അവരാണ് പെരുമാക്കൻമാർ എന്ന ബിരുദത്തോടുകൂടി ചേരരാജ്യത്തിലെ മലനാട് പ്രദേശത്തിൻെറ അധിപതികളായി തീർന്നത്. ഈ പെരുമാക്കൻമാർ തങ്ങളുടെ കിഴിൽ ഉണ്ടായിരുന്ന നാട്ടരചൻമാരുടേയും, കുറുനില മന്നൻമാരുടേയും, ഗോത്രതലവൻമാരായിരുന്ന മാടമ്പിമാരുടേയും, അധീശാധികാരം അവകാശപ്പെട്ടിരുന്നു. പ്രതാപശാലികളായ പെരുമാക്കൻമാരോട് കൂറും വിധേയത്വവും നാമമാത്രമായിട്ടാണെങ്കിലും ഇവർ കാണിക്കുകയും ചെയ്തിട്ടുണ്ട്. പേരിനു മാത്രമായ പരമാധികാരമേ ഈ പെരുമാക്കൻമാർക്കുണ്ടായിരുന്നുള്ളു. ചേരരാജാക്കൻമാരുടെ ഉയർച്ചത്താഴ്ചകൾക്കും ജയാപജയങ്ങൾക്കും വിധേയമായി പെരുമാക്കൻമാരുടെ പ്രതാപത്തിന് വളർച്ചയും താഴ്ചയും നേരിട്ടിരുന്നു.

ആധുനിക ചരിത്രകാരൻമാർ അവരവരുടെ മുൻ നിശ്ചയം അനുസരിച്ച് കേരളചരിത്രത്തെ അവലോകനം നടത്തുന്ന കൂട്ടത്തിൽ 17-ാം നൂറ്റാണ്ടിൽ എഴുതിയതെന്ന് പറയപ്പെടുന്ന കേരളോൽപ്പത്തിയും കേരളമാഹാത്മ്യവും ഐതിഹ്യജടിലമായ അബദ്ധപഞ്ചാംഗമായി പരിത്യജിക്കുകയാണ് പതിവ്. മലബാർ മാനുവലിൻെറ കർത്താവായ വില്യം ലോഗനും തുടർന്ന് ചരിത്രരചന നടത്തിയ പത്മനാഭമേനോൻ തുടങ്ങി, ടി.കെ. വേലുപ്പിള്ള വരെയുള്ളവർ ഈ കൃതികളെ അവലംബിച്ചാണ് കേരളചരിത്ര രചനയ്ക്കൊരുമ്പെട്ടത്. എന്നാൽ കേരളോൽപ്പത്തിയും മറ്റും പറയുന്നവ അവിശ്വസനീയങ്ങളായ കടങ്കഥകളാണെന്ന് ആവർത്തിക്കുന്നവർ തന്നെ ഇപ്പോഴും അവരുടെ വാദഗതികൾക്ക് അനുകൂലമാകുന്ന കാര്യങ്ങൾ ഇവയിൽ നിന്നും തേടിപ്പിടിക്കുകയും ചെയ്യുന്നുണ്ട്. ഇതിനേക്കളൊക്കെ ചരിത്രാഭാസമായി മാത്രം അവശേഷിക്കുന്നത്, അതിഭാവുകത്വത്തിൻെറ നിറച്ചാർത്തിൽ അൽപ്പമായുണ്ടായേക്കാവുന്ന ചരിത്രാംശം പോലും ചോർന്നു പോയിട്ടുള്ള സംഘംകൃതികളെമാത്രം ആസ്പദമാക്കിയാണ് കേരളചരിത്രം ക്രോഡീകരിച്ചിട്ടുള്ളതെന്ന വസ്തുതയാണ്. സംഘംകൃതികളുടെ അവശ്വസനീയങ്ങളായ രചനാരീതിയും ഉള്ളടക്കവും നാം നേരത്തേ വിശദീകരിച്ചിട്ടുണ്ടല്ലോ. അൽപ്പമായിട്ടെങ്കിലും അവയിൽ നിന്നും ഉരുത്തിരിയുന്ന രാഷ്ട്രീയ-സാമൂഹ്യ-സാമ്പത്തിക സ്ഥിതിവിശേഷങ്ങളാകട്ടെ തീർത്തും സഹ്യനപ്പുറത്തുള്ള രാജ്യങ്ങളേയും ഭരണാധിപൻമാരേയും ജനങ്ങളേയും ആസ്പദിച്ചുള്ളവ മാത്രമാണെന്നും ചൂണ്ടിക്കാണിക്കുവാൻ ഇതിനുമുമ്പ് ശ്രമിച്ചിട്ടുമുണ്ട്. ഇവയത്രയും കേരളത്തിൻെറ കൂടി ചരിത്രമാണെന്ന് വരുത്തിത്തീർക്കുകയും അവ പാഠപുസ്തകങ്ങളിലൂടെ പഠനവിഷയമാക്കി പ്രചരിപ്പിക്കുവാൻ സാധിക്കുകയും ചെയ്തു എന്നുള്ളതാണ് ഇളംകുളം കുഞ്ഞൻപിള്ളയുടെയും, ശ്രീധരമേനോൻേറയും വിജയം. അച്ചടിച്ചു കിട്ടിയ പുസ്തകമായതിനാൽ കലാലയങ്ങളിൽ ഇവ അതേപടി പഠിപ്പിച്ചു പോരുന്നുവെന്നത് നമ്മുടെ വിചാരദാരിദ്രത്തിൻെറയും അന്വേഷണ അലംഭാവത്തിൻേറയും തികഞ്ഞ തെളിവാണ്.

മലയാളികളോട് കുറേയെങ്കിലും ബാന്ധവമുള്ള കേരളോൽപ്പത്തിയിൽ അബദ്ധങ്ങൾ ധാരാളമുണ്ട്. കേരള ബ്രാഹ്മണരായ നമ്പൂതിരിമാർ വിരചിച്ച ഇവ അവരുടെ അധികാരാവകാശങ്ങൾ അരക്കിട്ടുറപ്പിക്കുന്നതിനും ദൈവദത്തമായി തങ്ങളിൽ അർപ്പിതമായ രാജ്യമാണിതെന്ന് വിശ്വസിപ്പിക്കുന്നതിനും മറ്റു ജാതികളുടെ മേൽ തങ്ങൾക്കുള്ള ഔന്നത്യം സുസ്ഥിരമാക്കുന്നതിനും വേണ്ടിയാണ് ഇവ എഴുതപ്പെട്ടതെന്നുള്ളത് പരമാർത്ഥമാകുന്നു. അതോടൊപ്പം കേരളത്തിൻെറ രാഷ്ട്രീയ പരിണാമങ്ങളെക്കുറിച്ചും, സാമൂഹ്യ-സൻമാർഗ്ഗ സവിശേഷതകളെക്കുറിച്ചും ഈ കൃതികൾ നൽകുന്ന വസ്തുതകൾ വിലപ്പെട്ടവയുമാണ്. ഇളംകളം കുഞ്ഞൻപിള്ളയുടെ പ്രധാന ഉദ്ദേശ്യം നായർ സമുദായത്തെ തങ്ങളുടെ ഇച്ഛാനുസരണം കൈകാര്യം ചെയ്തിരുന്നവരും നായർ നതാംഗിമാരെ തങ്ങളുടെ സുഖഭോഗവസ്തുവാക്കി മാറ്റിയവരുമായ നമ്പൂതിരിമാരോടുള്ള കൊടിയപക തീർക്കുക എന്നതായിരുന്നു.1. അതാണ് നമ്പൂതിരി ആധിപത്യത്തിനുപകരം കേരളീയരെ വാനവരമ്പൻമാരുടേയും, ഇമയവരമ്പൻമാരുടേയും അനുസരണയുള്ള പ്രജകളാക്കി അദ്ദേഹം മാറ്റിയത്. നമ്പൂതിരിമാരുടെ പ്രതാപക്ഷയവും, എണ്ണത്തിലും വണ്ണത്തിലും പ്രബലത്തായ നായർ സമുദായത്തിൻെറ ഉയർച്ചയും കാരണം പുത്തനായ ചരിത്രപാഠഭേദങ്ങളുടെ പുനഃസൃഷ്ടി വിജയകരമാക്കുവാൻ ഇളംകുളത്തിന് കഴിഞ്ഞുവെന്നതാണ് സത്യസ്ഥിതി. ഉയർച്ചയിൽ നിന്നും ഉയർച്ചയിലേക്ക് ഉയർന്നുകൊണ്ടിരുന്ന നായർ സമൂഹത്തിൻെറ ശക്തമായ പിന്തുണയും പ്രശംസയും അദ്ദേഹത്തിന് തൻെറ ഉന്നം പിഴക്കാതെ ഫലവത്താക്കുവാൻ സഹായകവുമായി.

ഇതിനോടനുബന്ധമായി ഓർക്കേണ്ട മറ്റൊരു കാര്യം

നമ്പൂതിരി ബ്രാഹ്മണർമാരെഴുതിയ കേരളോൽപ്പത്തിയിലും, കേരളമാഹാത്മ്യത്തിലും പെരുമാൾ ഭരണത്തിന്റെ അവസാനം ചേരമാൻ പെരുമാളുടെ മതം മാറ്റവും, മെക്ക യാത്രയും ആണെന്ന് തറപ്പിച്ചു പറയുന്ന ഭാഗമാണ്. പരമ്പരാഗതരീതി അനുവർത്തിച്ചുകൊണ്ട് കേരളചരിത്ര ആഖ്യാനം നടത്തിയ പത്മനാഭമേനോനും അദ്ദേഹത്തിന് മുമ്പും, പിമ്പും എഴുതിയിട്ടുള്ള എല്ലാവരും തന്നെ പെരുമാൾ വാഴ്ച അംഗീകരിക്കുമ്പോൾ തന്നെ മതം മാറ്റത്തിന്റെ കാര്യം തിരെ തള്ളിപ്പറയുന്നവരാണല്ലോ. ഏറെ വാദകോലാഹലങ്ങൾക്കിടം കൊടുത്തിട്ടുള്ള ഈ വിഷയം മറ്റൊരാധ്യായത്തിൽ നിരൂപിക്കുന്നതുകൊണ്ട് അതിവിടെ വിശദീകരിക്കുന്നില്ല. നമുക്കിവിടെ പ്രസക്തമായിട്ടുള്ളത്, അത്തരം ഒരു ഭരണം പോലും ഇവിടെ ഉണ്ടായിട്ടില്ലാത്തപ്പോൾ ആരും മതപരിവർത്തനത്തിന്റെ കാര്യമേ പറയേണ്ടതില്ലെന്ന ഇളംകുളത്തിന്റെ കണ്ടുപിടുത്തമാണ്. പെരുമാൾ ഭരണം തന്നെ ഉണ്ടായിരുന്നില്ലെന്ന് വരുത്തിതീർക്കുക മൂലം വലിയൊരു വാദകോലാഹലം കേരളചരിത്രപാഠത്തിൽ നിന്നും അദ്ദേഹം നിഷ്ക്കാസനം ചെയ്തിരിക്കുന്നു! അങ്ങനെ നമ്പൂതിരിമാരുടേയും, മുസ്ലീംകളുടേയും അവകാശവാദങ്ങളെ ഒപ്പം തകർക്കുകയെന്ന ലക്ഷ്യവും അദ്ദേഹം വിജയപൂർവ്വം നിർവ്വഹിക്കുകയാണ് ചെയ്തത്. നമ്പൂതിരിമാരെഴുതിയ ഗ്രന്ഥങ്ങളിൽ കേരളത്തിലെ ഒരു പെരുമാളിനെ എന്തിന് മുസ്ലിമാക്കി മെക്കയിലേക്ക് പറഞ്ഞയച്ചുവെന്ന് ചോദിക്കുന്നതിൽ അർത്ഥമില്ല. ഒന്നും രണ്ടും ചേര സാമ്രാജ്യ സൃഷ്ടിയിൽ തനിക്ക് പറ്റും വിധം ഒരു കേരള ചരിത്രം ആവിഷ്ക്കരിക്കുക എന്നത് വഴി മുൻ പ്രസ്താവിച്ച ദുരുദ്ദേശ്യങ്ങൾക്ക് സാഫല്യം കാണുകയാണ് അദ്ദേഹം.

ചേരരാജാക്കൻമാർ കേരളത്തിലേക്കയച്ച അവരുടെ പ്രതിനിധികൾ പെരുമാക്കൻമാർ എന്ന ബിരുദമാണ് അംഗീകരിച്ചത്. കേരളോൽപ്പത്തിയിലെ കാലഗണന അനുസരിച്ച് ഏ.ഡി.216ലാണ് കേയപുരത്തു നിന്നുമുള്ള കേയപ്പെരുമാൾ ഭരണമേൽക്കുന്നത്. വിന്ധ്യനപ്പുറത്തുള്ള മുവരചൻമാർ എന്ന് പറഞ്ഞുപോന്ന ചേര-ചോള-പാണ്ഡ്യ രാജാക്കൻമാരുടെ കിടമൽസരങ്ങൾക്കും ജയാപജയങ്ങൾക്കും വിധേയമായി ഈ പ്രതിപുരുഷൻമാരും മാറി മാറി വന്നിരുന്നു. അങ്ങനെ പിന്നിട് ചോള പെരുമാളും, പാണ്ടിപ്പെരുമാളും, ഭൂട്ടരായപ്പെരുമാളും, കേരളപെരുമാളും, ചോളിയപെരുമാളും, കുലശേഖരപെരുമാളും തുടങ്ങി പത്ത് അമ്പത്താറ് പെരുമാക്കൻമാർ കേരളത്തിലെ നാട്ടരചൻമാരുടേയും, ചെറുകിട മന്നൻമാരുടേയും മേൽക്കോയ്മയോടുകൂടി ഭരണം നടത്തിപ്പോന്നു. അവസാനത്തെ ഭരണാധിപനായ ചേരമാൻപെരുമാൾ നാട്ടിലുണ്ടായിരുന്ന സൂഫി വര്യൻമാരുടേയും, മുസ്ലിം വർത്തക പ്രമാണിമാരുടേയും പ്രേരണയാൽ മുസ്ലിം ആകുകുയും, തന്റെ അവസാന നാളുകൾ മെക്കയെന്ന പുണ്യസ്ഥലത്ത് കഴിച്ചുകൂട്ടണമെന്നാഗ്രഹിച്ച് ഹജ്ജ് കർമ്മം നിർവ്വഹിക്കുന്നതിനുവേണ്ടി എ.ഡി. 825-ൽ അറേബിയായിലേക്ക് പോയി. സുദീർഘമായ 36 വർഷത്തെ ഭരണമേധാവിത്വം ഉണ്ടായിരുന്ന ചേരമാൻപെരുമാൾ തന്റെ സാമന്തൻമാരിൽ പ്രമുഖരായവരുമായി ബാന്ധവവും, ബന്ധുത്വവും സുദൃഢമാക്കിയിരുന്നു. തൽഫലമായി ഇസ്ലാമിലേക്കാകർഷിക്കപ്പെട്ട് അദ്ദേഹം നാടുവിടുന്നതിനുമുമ്പ് മറ്റൊരു പെരുമാളെ വാഴിക്കുന്നതിനു പകരം തന്റെ ബന്ധുക്കളും സാമന്തരുമായ രാജാക്കൻമാരെ അവർ ഭരണം നടത്തിയിരുന്ന സ്ഥലങ്ങളിൽ പൂർണ്ണാധികാരം നൽകി സ്ഥാനമൊഴിയുകയാണുണ്ടായത്.

പെരുമാൾ മെക്കയിൽ മരണമടഞ്ഞതോടുകൂടി വ്യത്യസ്ത സ്ഥലങ്ങളിൽ അവരോധിക്കപ്പെട്ടിരുന്ന രാജസ്ഥാനങ്ങൾ പ്രബലതായി മാറുകയും ചെയ്തു. ഉത്തര കേരളത്തിൽ കോലത്തിരി രാജവംശവും, ഇപ്പുറത്തായി കോഴിക്കോട് സാമൂതിരിയും, വള്ളുവക്കോനാതിരിയും, പെരുമ്പടപ്പ് സ്വരൂപവും, വേണാടും സ്വതന്ത്രരാജ്യങ്ങളായി തീർന്നു. ഇവരുടെയെല്ലാം മേൽക്കോയ്മ അംഗീകരിച്ചു കൊണ്ടുള്ള കുറുനില മന്നൻമാരും, മാടമ്പിമാരും, രാജ്യത്തുടനീളം പരിലസിച്ചു. പിന്നീട്ടുള്ള കേരളചരിത്രം ഈ രാജാക്കൻമാർ തമ്മിൽ തമ്മിലും ഇടപ്രഭുക്കൻമാർ ചേരിതിരിഞ്ഞും നടത്തിയിട്ടുള്ള വെട്ടിപ്പിടുത്തങ്ങളുടേയും, സംഘട്ടനങ്ങളുടേയും ദീർഘമായ സംഭവപരമ്പരകളാണ്.

എന്നാൽ പുതുതായി സ്വരൂപിക്കപ്പെട്ട കേരളചരിത്രത്തിൽ ഒന്നാം ചേര സാമ്രാജ്യത്തിന്റെ തകർച്ചയ്ക്കും അതുകഴിഞ്ഞുള്ള രണ്ട് നൂറ്റാണ്ട് കാലത്തെ അനിശ്ചിതമായ ഇടവേളയ്ക്കും ശേഷം ഒരു രണ്ടാം ചേര സാമ്രാജ്യം സ്ഥാപിച്ച കുലശേഖരൻമാരുടെ ഭരണം മഹോദയപുരം തലസ്ഥാനമാക്കി ഏ.ഡി. 800 മുതൽ 1102 വരെ നിലനിന്നിരുന്നതായി ഇളംകുളം കുഞ്ഞൻപിള്ള കണ്ടുപിടിച്ചിരിക്കുന്നു.3. ഇളംകുളത്തിന്റെ ഈ ഭാഷ്യം പാഠപുസ്തകത്തിലേക്ക് സ്വരൂപിച്ച ഏ. ശ്രീധരമേനോൻ 'മഹോദയപുരത്തെ കുലശേഖരൻമാർ' എന്ന 18 പുറങ്ങളുള്ള അദ്ധ്യായത്തിൽ രണ്ടാം ചേരസാമ്രാജ്യം എന്നു വിശേഷിപ്പിക്കുന്നതും 'മഹോദയപുരം ആസ്ഥാനമാക്കി കുലശേഖരൻമാർ ഭരണം നടത്തിയിരുന്ന ആ കാലഘട്ടത്തിൽ ഏ.ഡി. 800 മുതൽ 1102 വരെയുള്ള മൂന്ന് നൂറ്റാണ്ടുകളോളമെങ്കിലും കേരളം സമാനഭാവവും ഏകശാസനവുമായ ഒരു സാമ്രാജ്യമായി വർത്തിച്ചിരുന്നുവെന്ന് രണ്ടാം ചേര സാമ്രാജ്യത്തിന്റെ ചരിത്രം അസന്നിഗ്ദ്ധമായി തെളിയിക്കുന്നവെന്നും ഖണ്ഡിതമായി പറയുകയും ചെയ്യുന്നു. എന്നാൽ ഇന്ന് പറഞ്ഞുപോരുന്ന രണ്ടാം ചേര സാമ്രാജ്യത്തിന്റെ തലസ്ഥാനമായ മഹോദയപുരത്തെ പരാമർശിക്കുന്ന രേഖകൾ ഒന്നും തന്നെ ഇല്ലെന്നതാണ് പരമാർത്ഥം. ജൂതചെപ്പേടിലെ മുയിരിക്കോടും, സിറിയൻ ചെപ്പേടിലെ മാകോതൈർ പട്ടണവും മഹോദയപുരം ആണെന്ന് സങ്കൽപ്പിച്ചാൽ തന്നെയും മൂന്ന് നൂറ്റാണ്ട് കാലം ഒരു സാമ്രാജ്യത്തിന്റെ ആസ്ഥാനമായി പരിലസിച്ചെന്ന് പറയുന്ന മഹോദയപുരത്തെപ്പറ്റി ഒരു പ്രമാണവും സൂചിപ്പിക്കുന്നി

ല്ലെന്നത് വിസ്മയജന്യമല്ലേ.' "മാകോ തൈയപുരം കൊടുങ്ങല്ലൂരായിരുന്നുവെന്ന സങ്കൽപ്പം കേരളചരിത്രത്തിൽ കടന്നുകൂടിയിട്ടുള്ള ഒരു വലിയ പ്രമാദമാണ്," എന്ന അഭിപ്രായത്തോട് വിയോജിക്കാൻ അസാദ്ധ്യമായി തോന്നുന്നു. 24. പതിമൂന്ന് കുലശേഖരൻമാരാണ് ഈ കാലയളവിൽ ഭരണം നടത്തിയിരുന്നതത്രേ. അവർ കുലശേഖര ആഴ്വാർ (എ.ഡി. 800-820), രാജശേഖരവർമ്മ (820-844), സ്ഥാണുരവിവർമ്മ (എ.ഡി.844-885), രാമവർമ്മ (885-917), ഗോദരവിവൻമ്മ (എ.ഡി.917-944), ഇന്ദുക്കോതവർമ്മ (എ.ഡി.944-962), ഭാസ്കരരവിവർമ്മ ഒന്നാമൻ (962-1019), ഭാസ്കരരവിവർമ്മ രണ്ടാമൻ (1019-1021), വിരകേരളൻ (1022-1028), രാജസിംഹൻ (1028-1043), ഭാസ്കരരവിവർമ്മ മൂന്നാമൻ (1043-1082), രവിരാമവർമ്മ (1082-1090), രാമവർമ്മ കുലശേഖരൻ (1090-1102), എന്നിവരായിരുന്നു. തുടർന്ന് ഇവരുടെ ഭരണത്തെപ്പറ്റി കുറേകാര്യങ്ങൾ എഴുതിപ്പിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എ.ഡി. 800-ൽ പെട്ടെന്നൊരു ദിവസം ഈ കുലശേഖരൻമാർ എവിടെനിന്ന് വന്നുവെന്നും കുലശേഖരൻമാരെന്ന പേര് എവിടെ നിന്നുണ്ടാക്കിയെന്നും നമുക്ക് ഈ വിവരണത്തിൽ നിന്നും അറിയാൻ സാദ്ധ്യമല്ല. ഈ 13 ചക്രവർത്തിമാരിൽ സ്ഥാണുരവിവർമ്മ, ഗോദരവിവർമ്മ, ഇന്ദുകോതവർമ്മ, ഭാസ്കരരവിവർമ്മ ഒന്നാമൻ, രാമവർമ്മ കുലശേഖരൻ എന്നിവരുടെ കാലത്തെക്കുറിച്ച് മാത്രമേ അൽപ്പമായ പരാമർശമെങ്കിലുമുള്ളൂ. മറ്റുള്ള 8 പേരുടെ പേരും നാളും പറഞ്ഞ് അവരെപ്പറ്റി കൂടുതലറിയാൻ സാധിച്ചിട്ടില്ലെന്ന പ്രാസ്താവത്തോടുകൂടി ഇവരുമായി ബന്ധമില്ലാത്ത മറ്റ് പല കാര്യങ്ങളും എഴുതി പുറം നിറക്കുകയുമാണ് ചെയ്തിട്ടുള്ളത്.

എന്നാൽ വേണാട് വംശത്തിൻേറയും, കോലത്തിരിയുടേയും ചരിത്രത്തിലേക്ക് വരുമ്പോൾ ഈ രണ്ടാം ചേര സാമ്രാജ്യരാജാക്കൻമാരുടെ കാലത്തു തന്നെ ഭരണം നടത്തിയിരുന്ന പുകഴ്പെറ്റ പല രാജാക്കൻമാരെക്കുറിച്ചും എഴുതിപ്പിടിപ്പിച്ചിട്ടുണ്ട്. ഈ വിരോധാഭാസം വളരെ പ്രകടമായി കാണാവുന്നതാണ്. അതിനു കാരണം മനഃപ്പൂർവ്വമായി കെട്ടിച്ചമച്ച രണ്ടാം ചേരസാമ്രാജ്യമെന്ന കെട്ടുകഥ കൊണ്ടാണെന്ന് വ്യക്തം.

എന്നാൽ സത്യസ്ഥിതി എന്തായിരുന്നു? ചുരുക്കിപ്പറയാൻ ശ്രമിക്കാം. എ.ഡി. 825ൽ ഉടയവർക്കും, സാമന്തൻമാർക്കും പൂർണ്ണാധികാരം കൈമാറി മെക്കയിലേക്ക് തൻെറ അനുയായികളോടുകൂടി പോയ അവസാനത്തെ ചക്രവർത്തിയായ ചേരമാൻ പെരുമാളോടുകൂടിയാണ് പെരുമാൾ ഭരണത്തിൻെറ അവസാനം. തുടർന്ന് നാടുവാഴികളും, ദേശവാഴികളും പ്രബലശക്തികളായി തീർന്നു. പെരുമാക്കൻമാരുടെ കീഴിലുണ്ടായിരുന്ന നാടുവാഴികളിലും, ഇടനിലമന്നൻമാരിലും പ്രധാനികൾ കോലത്തുനാട്, പുറക്കിഴനാട്, കുറുമ്പ്രനാട്, ഏറനാട്, വള്ളുവനാട്, കിഴുമലനാട്, വെമ്പൊലനാട്, ഓടനാട്, കോടനാട്, കുട്ടനാട്, വേണാട് തുടങ്ങിയവയായിരുന്നു. പെരുമാളുടെ മെക്കയിലേക്കുള്ള യാത്രയോടുകൂടി വടക്കേ മലബാറിൽ കോലത്തിരിമാരും, തെക്കൻ കേരളത്തിൽ വേണാട്ടരചൻമാരും പിന്നെ സാമൂതിരി, വള്ളുവനാട്, കൊച്ചി എന്നീ രാജസ്ഥാനങ്ങളും പ്രബലമായി തീർന്നു. ഇവരിൽ പെരുമ്പടപ്പ് സ്വരൂപം (കൊച്ചി രാജവംശം) അവസാനത്തെ പെരുമാളുടെ അനന്തിരവൻ ആയതുകൊണ്ട് തലസ്ഥാനത്തിൻേറയും, അതിനോടു ചേർന്നുള്ള സ്ഥലങ്ങളുടേയും അധിപതിയായി അവരോധിക്കപ്പെട്ടു. മറ്റുള്ള സ്വരൂപികളാകട്ടെ, അവരുടെ കീഴിലുണ്ടായിരുന്ന സ്ഥലങ്ങളുടെ ഭരണസാരഥികളുമായി. എന്നാൽ ഇവരത്രയും നാമമാത്രമായിട്ടാണെങ്കിലും പെരുമ്പടപ്പിൻെറ മേൽക്കോയ്മ അംഗീകരിക്കുയും ചെയ്തിരുന്നു. ഈ പെരുമ്പടപ്പ് രാജാക്കൻമാരെയാണ് ഇളംകുളത്തിൻെറ പുതിയ കണ്ടുപ്പിടിത്തം അനുസരിച്ച് രണ്ടാം ചേര സാമ്രാജ്യത്തിലെ കുലശേഖരൻമാരായി ഇളംകുളവും, ശ്രീധരമേനോനും വ്യവഹരിക്കുന്നവർ.

ഇവരുടെ വാദഗതിക്കനുകൂലമായി ഭാസ്കരരവി, വീരരവി, വീരരാഘവ എന്നീ ഭരണാധിപൻമാർ നൽകിയ താമ്രശാസനങ്ങളെ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നു. കൊച്ചി രാജാക്കൻമാർക്ക് ഉണ്ടായിരുന്ന കേരള ചക്രവർത്തിയെന്ന പ്രത്യേക പദവി അനുസരിച്ച് അവർ നൽകിയ ശാസനങ്ങളെയാണ് കുലശേഖരൻമാരുടെ തലയിൽ കെട്ടിവെച്ചിരിക്കുന്നത്. അതുപോലെ രാജേന്ദ്രചോളൻ ആനയെക്കൊണ്ട് ചവിട്ടിച്ചു കൊന്ന വീരകേരളനും അദ്ദേഹത്തിൻെറ പിൻഗാമികളായ രാജസിംഹൻ, ഭാസ്കരരവി, രവിരാമവ:ർമ്മ എന്നിവർ വേണാട് രാജാക്കൻമാരുമാണ്.6. എ.ഡി. 1090 മുതൽ 1102 വരെ ഭരണം നടത്തിയെന്ന് ഇളംകുളവും, 1090 മുതൽ 1122 വരെ ഭരിച്ചുവെന്ന് എം.ജി.എസ്. നാരായണനും പറയുന്ന രണ്ടാം ചേര സാമ്രാജ്യത്തിലെ അവസാനത്തെ ചക്രവർത്തിയായ രാമവർമ്മ കുലശേഖരനും വേണാട് അധിപതി തന്നെയാണ്. രാജാവാകാൻ കൊതിച്ച കാക്ക, വർണ്ണപ്പകിട്ടുള്ള തൂവലുകൾ പെറുക്കി ശരീരം അലങ്കരിക്കുകയും പൊലിമ കാണിച്ചെങ്കിലും ഓരോ പക്ഷിയും താന്താങ്ങളുടെ തൂവലുകൾ കൊത്തിമാറ്റിയപ്പോൾ കാക്കയുടെ പൂച്ച് പൊളിഞ്ഞ കുട്ടിക്കഥയെ അനുസ്മരിപ്പിക്കുന്നതാണ് ഇളംകുളത്തിൻെറ രണ്ടാം ചേര ചക്രവർത്തിമാരുടെ വംശാവലി. കൊച്ചിയിലേയും, വേണാട്ടിലേയും രാജാക്കൻമാരിൽ ചിലരെ തനിക്ക് പറ്റുംവിധം മഹോദയപുരം കുലശേഖരൻമാരാക്കി പുതിയൊരു സാമ്രാജ്യസൃഷ്ടി നടത്തിയ ഇളംകുളത്തിൻെറ വിദ്യ, ഒമ്പതാം നൂറ്റാണ്ട് മുതൽ 12-ാം നൂറ്റാണ്ട് വരെയുള്ള കേരളചരിത്രം സത്യസന്ധമായി പുനരാവിഷ്ക്കരിക്കുന്നുവെങ്കിൽ തകർന്നടിയുമെന്ന് നിശ്ചയമാണ്. ഈ കാലയളവിൽ ഇവിടെ വരികയും, ഈ രാജ്യത്തേയും ജനങ്ങളേയുംക്കുറിച്ച് എഴുതുകയും ചെയ്തിട്ടുള്ള എത്രയോ സഞ്ചാരികളാണുള്ളത്. ഇന്നും നമുക്ക് അപ്രാപ്യമായിക്കിടക്കുന്ന ഇവരുടെ ഗ്രന്ഥങ്ങൾ കേരളചരിത്രരചനയ്ക്ക് ഏറെ സഹായിക്കുന്നവയാണ്. എ.ഡി. 852ൽ കേരളത്തിലെത്തിയ സുലൈമാൻ എന്ന സഞ്ചാരി കൊല്ലം തുറമുഖപ്പട്ട

ണത്തിന്റെ വ്യാപാര ഉൽക്കർഷത്തെ ക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. എന്നാൽ കേരളത്തെ ഏകീകരിച്ച് ബലിഷ്ഠമായൊരു സാമ്രാജ്യം ഉറപ്പിച്ചുവെന്ന് ഇളംകുളം കണ്ടുപിടിച്ച രണ്ടാം ചേര സാമ്രാജ്യത്തിലെ സ്ഥാണു രവിവർമ്മ എന്ന ചേര ചക്രവർത്തിയെക്കുറിച്ച് സുലൈമാൻ ഒരു പരാമർശവും നടത്തുന്നില്ല. ഇളംകുളവും മറ്റും പറയും വിധമുള്ള പരമാധികാരിയായ ഒരു സാമ്രാജ്യാധിപതി ഇവിടെ വാണരുളിയിരുന്നുവെങ്കിൽ സുലൈമാൻ നിശ്ചയമായും ഇക്കാര്യം പറയുമായിരുന്നു. അദ്ദേഹത്തെ തുടർന്നെത്തിയ മറ്റു ഭൂമിശാസ്ത്രജ്ഞൻമാരും, സഞ്ചാരികളുമായ ആരുംതന്നെ ഇത്തരം ഒരു മഹാസാമ്രാജ്യത്തേയും അതിന്റെ വീരധീര പരാക്രമികളായ ചക്രവർത്തിമാരേയുംക്കുറിച്ച് അറിയുന്നുപോലുമില്ല എന്നത് രണ്ടാം ചേര സാമ്രാജ്യമെന്നത് വെറും ഭാവനാസൃഷ്ടി മാത്രമാണെന്ന് സ്ഥിരീകരിക്കുന്നു. സ്ഥാണു രവിയുടെ കാലത്തുതന്നെയാണ് ഇബ്നുകൂർദാദിബ കേരളത്തിലെ തുറമുഖങ്ങളേയും, ജനങ്ങളേയും കുറിച്ച് മാത്രമല്ല, ഇന്ത്യയിലെ അന്നത്തെ പ്രധാന രാജവംശങ്ങളേയും, രാജാക്കൻമാരേയുംപ്പറ്റി വാചാലമായി വിസ്തരിച്ചിട്ടുള്ളത്. എന്നാൽ ഇളംകുളത്തിന്റെ രണ്ടാം ചേര സാമ്രാജ്യത്തിലെ ഉന്നതശീർഷനായ സ്ഥാണുരവി, ഈ സഞ്ചാരിയുടെ കണ്ണിൽപ്പെടാൻ വേണ്ടും ശക്തനായിരുന്നില്ലന്നാണോ വിചാരിക്കേണ്ടത്? ഇബ്നു കുർദാദിബ തന്റെ 'രാജ്യങ്ങളും മാർഗ്ഗങ്ങളും' എന്ന ഗ്രന്ഥത്തിൽ ആസാമിലേയും, ബംഗാളിലേയും, പാല-കാമരൂപ വംശങ്ങളിലെ രാജാക്കൻമാരെയും ഒക്കെപ്പറ്റി വിസ്തരിച്ച് എഴുതിയിട്ടുള്ള ദേഹവുമാണ്. എന്നിട്ടും കുലശേഖരചക്രവർത്തിയെക്കുറിച്ചദ്ദേഹം കേട്ടിരുന്നില്ല. ഇത് തന്നെയാണ് എ.ഡി. 875-880 കാലത്ത് ഇവിടെ എത്തിയ യാക്കൂബിയുടെ പരാമർശങ്ങളിലും കാണുന്നത്. ഇബ്നുൽ ഫഖീഹ് എ.ഡി. 902ലും, ഇബ്നുറുസ്ത്ത എ.ഡി. 903ലും, ഇവിടെയെത്തി നമ്മെപ്പറ്റി എഴുതിയിട്ടുള്ള ഗ്രന്ഥങ്ങളിലും ചേരസാമ്രാജ്യാധിപതികളായ കുലശേഖരൻമാരെ കാണുകയോ, കേൾക്കുകയോ ചെയ്തിട്ടില്ലെന്ന് അവരുടെ ഗ്രന്ഥം സാക്ഷ്യം വഹിക്കുന്നു.

എ.ഡി. 915ൽ ഇന്ത്യയിലെത്തിയ അൽമസ്ഊദിയാണ് ഇന്ത്യയേയും, വിശിഷ്യാ കേരളത്തേയും കുറിച്ച് സവിസ്തരം പ്രതിപാദിച്ചിട്ടുള്ള മറ്റൊരു സഞ്ചാരി. അദ്ദേഹം ചരിത്രകാരനും, ഭൂമിശാസ്ത്രജ്ഞനും കൂടിയായിരുന്നു. മലബാറിലെ സാമൂതിരിയേയും മറ്റു ചില ഇടപ്രഭുക്കൻമാരേയും തന്റെ ഗ്രന്ഥത്തിൽ സ്മരിക്കുന്ന മസ്ഊദി ഇളംകുളത്തിന്റെ ചക്രവർത്തിമാരിലൊരാളായ രാമവർമ്മ കുലശേഖരനെ പരാമർശിക്കുന്നു പോലുമില്ല. വിശ്വസ്തരായ സഞ്ചാരികളിൽ നിന്നും, ഗ്രന്ഥകാരൻമാരിൽ നിന്നും ശേഖരിച്ച വിവരങ്ങൾ പുസ്തകമാക്കി പ്രസിദ്ധീകരിച്ച അബൂസെയ്ദ് ഇന്ദുകോതവർമ്മയുടെ കാലത്താണ് തന്റെ ഗ്രന്ഥം ക്രോഡീകരിച്ചത്. കേരളത്തിലെ ചാവേർപ്പടയേയും, രാജാക്കൻമാരുടേയും, ജനങ്ങളുടേയും ഭക്ഷണം, വസ്ത്രധാരണം, ആഭരണങ്ങൾ, ജ്യോൽസ്യൻമാർ, ശകുനം നോക്കൽ, ശവദാഹം തുടങ്ങിയവയൊക്കെ സൂക്ഷ്മമായി നിരീക്ഷിച്ചിട്ടുള്ള അദ്ദേഹം രണ്ടാം ചേരസാമ്രാജ്യത്തെപ്പറ്റി നിശബ്ദനാണെന്നത് അർത്ഥവത്താണ്. ഇളംകുളത്തിന്റെ ഭാസ്കരരവിവർമ്മ ഒന്നാമന്റെ കാലത്ത് എ.ഡി. 988ൽ അബുൽ ഫറാജ് എഴുതിയ ഗ്രന്ഥത്തിലോ, വീരകേരളകുലശേഖരന്റെ കാലത്ത് എഴുതപ്പെട്ട അൽബെറൂണിയുടെ കിത്താബുൽ ഹിന്ദ് എന്ന ഗ്രന്ഥത്തിലോ നമ്മുടെ ഈ ചക്രവർത്തിമാരെ സ്മരിക്കുന്നില്ലെന്നത്കൂടി നമുക്കോർക്കാം. ചൈനീസ് വ്യാപാര പ്രതിനിധിയായ ചൗ-ജു-കുവായുടെ 1178ൽ പ്രസിദ്ധീകരിച്ച ഗ്രന്ഥം, കേരളത്തിലെ വാണിജ്യ-വ്യാപാര കേന്ദ്രങ്ങളേയും, കയറ്റിറക്കുമതി ചരക്കുകളേയുംകുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. കൊല്ലം തുറമുഖപ്പട്ടണത്തിലെ ചൈനീസ് വ്യാപാര കേന്ദ്രത്തിന്റെ മേൽനോട്ടം വഹിക്കുവാനെത്തിയ അദ്ദേഹം രാജ്യത്തിന്റെ തലസ്ഥാനം മിയാമോ ആണെന്നാണ് പറയുന്നത്. അക്കാലത്തെ പ്രധാന തുറമുഖപ്പട്ടണങ്ങളാകട്ടെ, കൊല്ലം, പന്തലായിനി, മംഗലാപുരം, എന്നിവയുമാണ്. കോഴിക്കോട് ഇക്കാലത്ത് പ്രശസ്തിയിലേക്ക് ഉയർന്നിട്ടില്ലെന്നും മനസ്സിലാക്കാം. അതുപോലെ കൊടുങ്ങല്ലൂർ ആണെന്ന് പറയുന്ന മുസരിസ്സിന്റെ പഴയപ്രതാപം അസ്തമിച്ചിരിക്കണമെന്നും കരുതേണ്ടിയിരിക്കുന്നു. മഹോദയപുരം എന്ന കൊടുങ്ങല്ലൂരിൽ ഒരു വലിയ സാമ്രാജ്യത്തിന്റെ അധിപതികളായി വാണിരുന്നുവെന്ന് പറയുന്ന ഇളംകുളത്തിന്റെ രണ്ടാം ചേരചക്രവർത്തിമാരുടെ ആസ്ഥാനത്തിന്റെ സ്ഥിതിയാണ് ഇതെന്ന് ഓർമ്മിക്കുക. കേരളത്തിലെ പ്രമുഖവ്യാപാര കേന്ദ്രങ്ങളെപ്പറ്റിയും പട്ടണങ്ങളെക്കുറിച്ചും നിരീക്ഷണം നടത്തുന്ന ഈ ചൈനീസ് ഉദ്യോഗസ്ഥന്റെ കണ്ണിൽ ഒരു സാമ്രാജ്യാധിപതിയുടെ ആസ്ഥാനം പെട്ടില്ലെന്ന് വരിക അസ്വഭാവികവുമാണ്. അപ്പോൾ രണ്ടാം ചേരസാമ്രാജ്യമെന്നത് ചരിത്രദൃഷ്ട്യാ നിലനിൽപ്പില്ലാത്ത വെറും മിഥ്യാ സൃഷ്ടി മാത്രമാണെന്നതാണ് സത്യം. കുലശേഖരൻമാരിൽ അവസാനത്തെ ചക്രവർത്തിയെന്ന് വിശേഷിപ്പിക്കുന്ന രാമവർമ്മ കുലശേഖരന്റെ (എ.ഡി. 1090-1102) കാലത്താണ് പ്രസിദ്ധ ഭൂമിശാസ്ത്രജ്ഞനും ചരിത്രകാരനുമായ അൽഇദ്രീസി "കിത്താബ്നുസ്സുഹത്തുൽ മുശ്താഖ് ഫി ഇക്ത്തിറാക്ക് അൽ ആഫാക്ക്" എന്ന തന്റെ ഗ്രന്ഥം രചിക്കുന്നത്. അൽഇദ്രീസി കേരളത്തെ മലൈ എന്നാണ് വിളിച്ചിട്ടുള്ളത്. പന്തലായിനിയും, ജൂതകേന്ദ്രമായ ഷിങ്കിളിയും അദ്ദേഹം വിവരിക്കുന്ന കൂട്ടത്തിൽ നമ്മുടെ വ്യാപാര വിഭവങ്ങളെക്കുറിച്ച് സവിസ്തരം പ്രതിപാദിക്കുന്നുമുണ്ട്. സൂക്ഷ്മഗ്രാഹിയും, ജിജ്ഞാസുവുമായ ഈ പണ്ഡിതൻ നമ്മുടെ അവസാനത്തെ ചേരചക്രവർത്തിയെപ്പറ്റി കേൾക്കുകയോ, അറിയുകയോ ചെയ്തിരുന്നില്ലെന്നുള്ളതും കണക്കിലെടുക്കേണ്ട കാര്യമാണ്. അപ്പോൾ ഇളംകുളം കുഞ്ഞൻപിള്ളയുടെ ഭാവനയിൽ വിരചിതമായതും പാഠപുസ്തക ന്യായേന ശ്രീധരമേനോൻ പ്രചരിപ്പിച്ചതുമായ രണ്ടാം ചേര സാമ്രാജ്യവും മഹോദയപുരം കുലശേഖരൻമാരും വെറും സാങ്കൽപ്പിക സൃഷ്ടികൾ മാത്രമാണെന്ന് വ്യക്തമാകുന്നു.

കൊച്ചിൻ ഗ്രന്ഥവരിയിൽ7. കാണും പ്രകാരം ചേരമാൻ

പെരുമാൾ തന്റെ രാജ്യത്തെ 34 അംശങ്ങളായി വിഭജിക്കുകയും, അവയിൽ 17 എണ്ണം നീലേശ്വരത്തിന് വടക്കും, 17 എണ്ണം തെക്കുഭാഗത്തായിട്ടായിരുന്നെന്നും ഇവ തന്റെ സാമന്തൻമാർക്ക് നൽകിയപ്പോൾ പെരുമ്പടപ്പ് സ്വരൂപത്തിന് മറ്റുള്ളവരേക്കാൾ പ്രധാന്യം നൽകിയിരുന്നുവെന്നുമാണ്. നെടിയിരുപ്പ് സ്വരൂപത്തിന് (സാമൂതിരി) ഒരു മുണ്ടും വാളും അദ്ദേഹം നൽകുകയും തന്റെ അഞ്ച് ഭാഗിനേയിമാരിൽ രണ്ടാമത്തവരുടെ മകനായിരിക്കും ഗോകർണ്ണം മുതൽ കന്യാകുമാരി വരെയുള്ള ദേശങ്ങളുടെ പരമാധികാരി എന്നും തന്റെ ഈ അനന്തരവനോട് എല്ലാവരും കൂറുള്ളവരായിരിക്കണമെന്നും പ്രഖ്യാപിച്ചിരുന്നുവത്രേ. എല്ലാ ശിവരാത്രിയിലും ഈ 34 പ്രധാനികൾ നേരിട്ടോ, അവരുടെ പ്രതിനിധികളെ അയച്ചോ തിരുവഞ്ചിക്കുളം ക്ഷേത്ര സന്നിധിയിലെത്തി 57 മുതൽ 360 വരെ അച്ചുരാശി 8. കാണിക്ക വെക്കണമെന്നും കൽപ്പിച്ചിരുന്നു. പെരുമ്പടപ്പിന്റെ ആസ്ഥാനം പൊന്നാനിക്കടുത്ത് വെന്നേരിയായിരുന്നു. അവിടെ ചിത്രകൂടത്തിലായിരുന്നു കിരീടംവെച്ച് വാഴ്ച. എന്നാൽ തലസ്ഥാനമായ തൃക്കരൂർക്കര എന്ന ഇന്നത്തെ തൃക്കാക്കരയിൽ സിംഹാസനാരോഹണം നടത്തിപ്പോന്നു. 64 ഗ്രാമങ്ങളിലെ പ്രതിനിധികളും 34 സ്വരൂപികളും ഈ രണ്ടവസരത്തിലും സന്നിഹിതരായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. ഇതിൽ നിന്നും മനസ്സിലാകുന്നത്, പെരുമ്പടപ്പ് മൂപ്പിൽ രാജാക്കൻമാരുടെ മേൽക്കോയ്മ സ്ഥാനമാണ്. ഇതിനെ പിൻതുണക്കുന്നുണ്ട് മലബാർ മാനുവലിൽ കാണുന്ന പരാമർശവും. ചേരമാൻ പെരുമാളുടെ നേരിട്ടുള്ള അനന്തരാവകാശികളായ കൊച്ചി രാജാക്കൻമാരായിരുന്നു മധ്യകേരളത്തിന്റെ പ്രമുഖ അധികാരശക്തിയെന്ന് തീർത്തുപറയാം.............................പെരുമാളിന്റെ അനന്തരാവകാശി എന്നടിസ്ഥാനത്തിൽ തന്നെയാണ് കൊല്ലവർഷം 93-ൽ (എ.ഡി. 917-918) പാലക്കാട് ചുരം വഴി കേരളത്തെ ആക്രമിക്കാൻ കൊങ്കർ അഥവ ഗംഗർ നടത്തുകയുണ്ടായ ഒരു ശ്രമം പിന്തിരിപ്പിക്കപ്പെട്ടതും. ഇതേ തീയ്യതിക്കാണ്, ചുരത്തിന്റെ ഒത്ത നടുവിൽ സ്ഥിതിചെയ്യുന്ന പാലക്കാടിന് അൽപ്പം കിഴക്കുമാറി കിടക്കുന്ന ചിറ്റൂർ പ്രവിശ്യ കൊച്ചി രാജാക്കൻമാരുടെ അധീനതയിൽ വന്നതെന്നും പറയുന്നു. 10.

കൊടുങ്ങല്ലൂരിനെക്കുറിച്ചുള്ള തന്റെ വിവരണത്തിൽ പ്രൊഫ. കെ.ആർ. പിഷാരടി ഇപ്രകാരം എഴുതിയിരിക്കുന്നു. "പെരുമ്പടപ്പ് മൂപ്പിൽ അഥവ കൊച്ചി രാജാവ് അവസാനത്തെ പെരുമാളുടെ അനന്തരാവകാശി എന്ന നിലയ്ക്ക് കേരളത്തിന്റെ ആകമാനം മേൽക്കോയ്മ സ്ഥാനം ഉണ്ടായിരുന്ന ദേഹമാണ്."11. "നാമമാത്രമായിട്ടാണെങ്കിലും കേരളാധിപതിയായിരുന്ന കൊച്ചി രാജാവാണ് ഇരവിക്കോതന് താമ്രശാസനം നൽകിയ വീരരാഘവ ചക്രവർത്തി. പെരുമാക്കൻമാർ ധരിച്ചിരുന്ന കിരീടം ഈ രാജവംശത്തിന്റെ പക്കൽ ഇന്നുമുണ്ട്."12. തളിശാസനത്തിന്റെ കോതൈരവിവർമ്മയും, ചിറ്റൂരിലെ കൊങ്ങംപ്പടയിൽ വായിക്കുന്ന അന്ത്യശാസനത്തിൽ കൊച്ചി തമ്പുരാക്കൻമാരോടൊപ്പം പറയുന്ന ഗോദവർമ്മരാജയും കൊച്ചി രാജാക്കൻമാരാണ്. 13. കോലത്തിരിമാർ പെരുമ്പടപ്പ് മൂപ്പിൽമാരുടെ കീഴിലായിരുന്നു. ഇവരുടെ കൽപ്പനകൾക്കനുസരിച്ച് പ്രവർത്തിക്കാൻ ബാദ്ധ്യസ്ഥരുമായിരുന്നു. 14. മാമാങ്ക മഹോൽസവം ആഘോഷിക്കുകയും, അതിൽ ആദ്ധ്യക്ഷം വഹിക്കുകയും ചെയ്തിരുന്നത് പെരുമ്പടപ്പ് രാജാക്കൻമാരാണ്. 15. മാമാങ്കം ആഘോഷിക്കാൻ പെരുമ്പടപ്പ് രാജാവിന് പ്രധാന ഇരിപ്പിടം എപ്പോഴും സജ്ജീകരിച്ചിരുന്നുവത്രേ. അദ്ദേഹം മാമാങ്കത്തിൽ സംബന്ധിക്കുന്നുവെങ്കിൽ സാമൂതിരി തന്റെ സ്ഥാനം ഒഴിഞ്ഞുകൊടുക്കുമായിരുന്നുവെന്നും പറയപ്പെടുന്നു. 14-ാം നൂറ്റാണ്ടിൽ പൂർത്തീകരിച്ചെന്ന് പറയുന്ന തുളുവ ഗ്രാമപദ്ധതിയിൽ അവിടത്തെ ഭരണാധികാരിയുടെ വലതുഭാഗത്ത് ആദ്യത്തെ ഇരിപ്പിടം കൊച്ചി കിരീടാധിപതിക്ക് ബഹുമാനപൂർവ്വം നീക്കിവെച്ചിരുന്നുവത്രേ. കേരളത്തിനു പുറത്തും ഇവരുടെ പദവി അംഗീകരിച്ചിരുന്നുവെന്നതാണല്ലോ ഇത് കാണിക്കുന്നത്. ഈ രാജാക്കൻമാരെയാണ് മഹോദയപുരത്തെ കുലശേഖരൻമാരാക്കി രണ്ടാം ചേരസാമ്രാജ്യസൃഷ്ടി ഇളംകുളം നടത്തിയിട്ടുള്ളത്.

ഇവരുടെ പരമാധികാരം തെളിയിക്കുന്ന ശാസനകൾ ധാരാളമുണ്ട്. കൊയിലാണ്ടിയിലെ പന്തലായിനി ക്ഷേത്രത്തിന് കുലശേഖര കോയിലധികാരകൾ നൽകുന്ന ദാനവും, ചങ്ങനാശ്ശേരിക്കടുത്ത് പെരുന്നയിലുള്ള ശിലാലിഖിതവും ഈ രാജാവിന്റെ കേരള അധിശത്വത്തിന് തെളിവാണ്. ഭാസ്കര രവിവർമ്മയുടെ തിരുനെല്ലി ശാസനവും, വടക്കേ മലബാറിലെ കരിയാട് അംശത്തിലുള്ള തിരുവണ്ണൂർ ക്ഷേത്രശിലാശാസനവും, തൃക്കാകര ക്ഷേത്രത്തിലുള്ള ശിലാശാസനങ്ങളും ഇവരുടെ പ്രഭാവത്തെയാണ് വിളിച്ചോതുന്നത്. ഈ കേന്ദ്ര അധീശാധികാരികൾക്ക് പുറമേ, പല നാടുവാഴികളും ഉണ്ടായിരുന്നതായും ഈ രേഖകൾ വ്യക്തമാക്കുന്നുണ്ട്. വേണാട്, ഓടനാട്, വള്ളുവനാട്, ഏറനാട്, കോലത്തുനാട് തുടങ്ങിയവ. ജൂതശാസനം നൽകിയ ഭാസ്കരരവിവർമ്മ കൊച്ചി തമ്പുരാനായിരുന്നു. കോഴിക്കോട്ട് മണപ്പുറത്തേയും പാലക്കാട് ജില്ലയിലെ പുലക്കോട്ടയിലേയും ശിലാശാസനങ്ങൾ ഇന്ദുക്കോതയുടേതാണ്. പുത്തൂർ അംശത്തിലെ ചോക്കൂർ ക്ഷേത്രത്തിലും, കോഴിക്കോട്ടെ തൃപ്പനംകോട് ശാസനങ്ങളിലും പറയുന്ന ഗോദരവി പെരുമ്പടപ്പ് സ്വരൂപമാണ്. കൊച്ചി രാജാവിനെ കോയിലധികാരികൾ എന്നും, ചക്രവർത്തിയെന്നും, വിളിച്ചുപോന്നു. വള്ളുവനാട് മുതൽ ഓടനാട് വരെയുള്ള നാടുകളിലെ രാജാക്കൻമാർ പെരുമ്പടപ്പിനോട് കൂറ് പുലർത്തുകയും ചെയ്തിരുന്നതായി കാണാം. 16. 14-ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട ശിവവിലാസമെന്ന കാവ്യത്തിൽ പെരുമ്പടപ്പ് രാജാവിനെ കേരള ചക്രവർത്തിയെന്നാണ് പരാമർശിച്ചിരിക്കുന്നത്. വീരരാഘവപ്പട്ടയത്തിലും വീരരാഘവ ചക്രവർത്തിയെന്നാണ് പറഞ്ഞുകാണുന്നത്. ചുരുക്കത്തിൽ രണ്ടാം ചേര സാമ്രാജ്യവും മഹോദയപുരം കുലശേഖരൻമാരും ഇളംകുളം കുഞ്ഞൻപിള്ളയുടെ ഭാവനാസൃഷ്ടികൾ മാത്ര മാകുന്നു. 17. കുലശേഖരപ്പെരുമാൾ എന്ന സ്ഥാനപ്പേര്

വേണാട് അധിപതികളും പൂഞ്ഞാർ നാടുവാഴികളും ഉപയോഗിച്ചിരുന്നതായി കാണാവുന്നതാണ്. പൂഞ്ഞാർ വംശ സ്ഥാപകൻ മാനവിക്രമൻ കുലശേഖരപ്പെരുമാളാണല്ലോ. അതുപോലെ തന്നെ വേണാടിന്റെ രാമവർമ്മ കുലശേഖരൻ തുടങ്ങിയവരെക്കുറിച്ചും നമുക്കറിയാം.

---

1. Elamkulam, Studies in Kerala History, op. cit.p.192.
2. തിരുവിതാംകൂർ ചരിത്രം. മുൻ ഉദ്ധരിച്ചത്, പുറം-36
3. Elamkulam, op.cit, chapter XV, the second Chera Empire, pp. 217-266
4. എ. ശ്രീധരമേനോൻ, മുൻ ഉദ്ധരിച്ചത്, പുറം-165
5. പി.വി. മാത്യു, ചേരനാട് ചരിത്രം, എറണാകുളം, 1959, പുറം-14
6. പി.കെ. ബാലകൃഷ്ണൻ, ജാതി വ്യവസ്ഥിതിയും കേരളചരിത്രവും, എസ്.പി.സി.എസ്. കോട്ടയം, 1983, പുറം-72
7. Translation of a Record Grandavali in the state Archives, Ernakulam, 1916.
8. അച്ചുരാശി പണം തിരുവിതാംകൂറിലെ 10 ചക്രമോ, അഞ്ചര നാല് പൈസയോ ആണ്.
9. മുൻ ഉദ്ധരിച്ച ഗ്രന്ഥാവരി, പുറം-3
10. മലബാർ മാനുവൽ, മുൻ ഉദ്ധരിച്ചത് പുറം-297.
11. Bullettin of Ramavarma Research Institute Trichur, Vol.VIII, part I, January 1940, p.35.
12. Dr. K. Godavarma, Ibid, p.101.
13. A. Govinda Varier, King Godavarma in Cochin History, Ibid, Vol.I, pp. 33-36.
14. A. Govinda Varier, Studies in the Mooshika Vamsa, Ibid, Vol.VIII, part I, January 1940, p.35.
15. പി.കെ. ഗോപാലകൃഷ്ണൻ, കേരളത്തിന്റെ സാംസ്കാരിക ചരിത്രം, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1984, പുറം-379.
16. V.K. Krishna Menon, Old Chiefs of Malabar, Bullettin of Ramavarma Research Institute, No. IV, p.43.
17. For details see my article the second Chera Empire A Fallacy and A myth, 23rd Annual conference of the Institute of the Historical studies, Commemoration volume, 1984, pp 202-210

# VI ജനങ്ങളും ജീവിതവും

കേരളത്തിൽ മനുഷ്യാധിവാസ കേന്ദ്രങ്ങൾ ഉണ്ടാകുന്നത് പല സ്ഥലത്തും, പല തരത്തിലുമായിരുന്നു. ഭൂപ്രകൃതിയുടെ പ്രത്യേകതകൾ കൊണ്ടും നിരവധി നൂറ്റാണ്ടുകളുടെ പേറ്റുനോവിനുശേഷം പലപ്പോഴായി പിറവിയെടുത്ത പ്രദേശമായതുകൊണ്ടും ഒറ്റപ്പെട്ട പ്രാകൃത സമൂഹങ്ങൾ കാടുകളിലും, കുന്നുകളിലും, മലയോരങ്ങളിലും, കടൽതീരങ്ങളിലുമായി കായ്കനികൾ ശേഖരിച്ചും, പക്ഷിമൃഗാദികളെ വേട്ടയാടിയും, പ്രാകൃത ജീവിത സന്ധാരണം നടത്തിപ്പോന്നു. കാടുകളും, നദികളും, പൊയ്കകളും, കായലുകളും ഒറ്റപ്പെട്ട തുരുത്തുകൾപോലെ കേരളത്തിലാകമാനം അധിവാസ കേന്ദ്രങ്ങളെ മാറ്റിനിർത്തി. ഓരോ മലയിടുക്കിലും, നദീതടങ്ങളിലും, കായലോരത്തും, കുടിപാർത്ത ഈ പ്രാകൃത മനുഷ്യർ തങ്ങളുടെ ഗോത്രതലവൻമാരുടെ കീഴിൽ അധിവാസം ഉറപ്പിച്ചു. അങ്ങനെ ഓരോ മലയോരത്തും, ഓരോ തുരുത്തിലും കുടിപാർത്ത ഈ മനുഷ്യരാണ് കേരളത്തിലെ ആദിമ നിവാസികൾ. മുമ്പ് വിവരിച്ചതുപോലെ തെക്കേ ഇന്ത്യയും, സിലോണും, ഓസ്ട്രേലിയയും, ആഫ്രിക്കയും, ഒറ്റ ഭൂഖണ്ഡമായിരുന്ന കാലത്ത് ഈ പ്രദേശങ്ങളിൽ നിന്നൊക്കെ ഇരതേടി, ഇണതേടി അലഞ്ഞുതിരഞ്ഞ് നടന്നിരുന്ന പ്രാകൃതമനുഷ്യർ ഫലഭൂയിഷ്ഠമായ പുളിനങ്ങളിലും സമൃദ്ധിയായി മൽസ്യവും, മറ്റ് ആഹാര വിഭവങ്ങളും ലഭ്യമായിരുന്ന കടലോരങ്ങളിലും താമസമുറപ്പിച്ചു. ഇന്നും നമ്മുടെ കാടുകളിലും, മലകളിലും കഴിഞ്ഞുകൂടുന്ന ആദിവാസികളുടെ ശരീരപ്രകൃതിയും, വംശീയ സവിശേഷതകളും സൂക്ഷ്മമായി പരിശോധിക്കുന്നവർക്ക് മനസ്സിലാക്കാൻ കഴിയുന്ന വസ്തുത നരവംശ വിഭാഗത്തിലെ ആസ്ട്രലോയിഡ്, നീഗ്രോയിഡ് വിഭാഗത്തിൽപ്പെടുന്നവരാണ് ഇവരെന്നത്രേ. യഥാർത്ഥത്തിൽ കേരളത്തിൻെറ നാനാ പ്രദേശങ്ങളിൽ താമസമുറപ്പിച്ച ഈ പ്രാകൃത കൂട്ടായ്മകൾ ഈ നരവംശവിഭാഗത്തിൻെറ ഭാഗമായിരുന്നു. അവരത്രേ നമ്മുടെ പൂർവ്വികർ.

പ്രകൃതിക്ക് അടിമപ്പെട്ട് കാടുകളിലും, മേടുകളിലും അലഞ്ഞുനടന്നിരുന്ന പ്രാകൃത മനുഷ്യർ പ്രകൃതി ക്ഷോഭത്തിൽ നിന്നും വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും രക്ഷപ്പെടുവാൻ ഗുഹകളിലും, മരപ്പൊത്തുകളിലും അഭയം തേടി. പ്രകൃതിയുടെ അൽഭുതപ്രതിഭാസങ്ങളെ നോക്കി അന്ധാളിച്ചു നിന്ന പ്രാകൃത മനുഷ്യൻ അവന് ഭയം തോന്നിയതിനെയെല്ലാം ആരാധിക്കുവാനും അവക്ക് സ്വയം കീഴടങ്ങുവാനും തയ്യാറായിരുന്നു. അവൻ ഭക്ഷിച്ചിരുന്ന പച്ച മാംസത്തിലും, കായ്കനികളിലും പങ്കുപറ്റുവാൻ വന്നുകൂടിയ കാട്ടുമൃഗങ്ങളിൽ പലതിനേയും കളിത്തോഴരാക്കുവാൻ പിന്നീടവനു കഴിഞ്ഞു. അവൻ കഴിഞ്ഞുകൂടിയ ഗുഹാഭിത്തികളിൽ അവൻ ഇഷ്ടപ്പെടുകയും, അവന് സേവനങ്ങൾ ലഭിക്കുകയും ചെയ്തിരുന്ന കാട്ടുമൃഗങ്ങളുടെ രൂപഭാവങ്ങൾ ആലേഖ്യം ചെയ്യപ്പെട്ടപ്പോൾ കലാത്മകവും സർഗ്ഗാത്മകവുമായ സൃഷ്ടികൾക്ക് അത് ഉറവിടമായി ഭവിച്ചു. തന്നെ ആക്രമിക്കുവാൻ വരുന്ന ഭീകര ജന്തുക്കളെ കൈയ്യിൽ കിട്ടിയ കല്ലിൻ കഷ്ണം കൊണ്ട് എതിർത്ത് തോൽപ്പിക്കുവാൻ സാധിക്കുമെന്ന് വന്നപ്പോൾ അത് ശിലായുഗ സംസ്കാരത്തിന് അടിത്തറയിട്ടു. പ്രയോഗക്ഷമത കൂടുതലുള്ള രീതിയിൽ കല്ലുകൊണ്ടുള്ള ആയുധങ്ങൾ രൂപപ്പെടുത്തിയെടുക്കുവാനും, ഭക്ഷണ പദാർത്ഥങ്ങൾ വേവിച്ചു തിന്നുവാനും പഠിച്ച പ്രാകൃത മനുഷ്യൻ തീയും കോടാലിയും കൊണ്ട് അന്നത്തെ സാമൂഹികാവശ്യങ്ങൾക്കനുസൃതമാംവണ്ണം പ്രകൃതിയെ കീഴടക്കുകയും ചെയ്തു. സാമൂഹ്യ-സാംസ്കാരിക വളർച്ചയുടെ ഓരോ ഘട്ടങ്ങളാണ് ഇങ്ങനെ തരണം ചെയ്യപ്പെട്ടുകൊണ്ടിരുന്നത്.

ലഭ്യമായ കായ്കനികൾ ഭക്ഷിച്ച് പല സ്ഥലങ്ങളിലായി അലഞ്ഞുതിരിഞ്ഞിരുന്ന മനുഷ്യൻ താൻ വലിച്ചെറിയുന്ന വിത്ത് മുളക്കുന്നതും പിന്നീട് ചെടിയായും മരമായും വളർന്ന് കായ്കനികൾ വിളയിക്കുന്നതും ദർശിച്ചപ്പോൾ നൂതനമായ ഒരു ആശയം അങ്കുരിച്ചതാണ് കാർഷിക വൃത്തിക്ക് ഹേതുവായി ഭവിച്ചത്. അതോടെ ആഹാരസംഭരണ വ്യവസ്ഥയിൽനിന്നും അവ ഉൽപ്പാദിപ്പിക്കുന്ന നിലയിലേക്ക് മനുഷ്യൻ വളർന്നു. അതോടെ വ്യക്തികളും സമൂഹങ്ങളും തമ്മിലുള്ള ബന്ധത്തെ നിയന്ത്രിക്കുവാൻ ചട്ടങ്ങളും നിയന്ത്രിത സമ്പ്രദായങ്ങളും നിലവിൽവന്നു. അങ്ങനെയാണ് ലോകത്തെവിടെയും ജനപഥങ്ങളുടെ ആരംഭം നടന്നിട്ടുള്ളത്. നമ്മെ സംബന്ധിച്ചിടത്തോളം ഒറ്റയൊറ്റയായ ട്രൈബൽ കൂട്ടായ്മകൾ വേറെവേറെയായി നിലനിൽക്കുവാൻ നിദാനമായത് നമ്മുടെ ഭൂപ്രകൃതിയുടെ പ്രത്യേകതകൾ കൊണ്ടാണെന്ന് നേരത്തേ പറഞ്ഞതാണല്ലോ.

എന്നാൽ ഈ പ്രാകൃത സമൂഹം ഏത് വർഗ്ഗക്കാരായിരുന്നു? അവർ ഇവിടെ തന്നെ ഉണ്ടായിരുന്നവരോ, പുറത്ത് നിന്ന് വന്നവരോ? പുറത്ത് നിന്ന് വന്നവരാണെങ്കിൽ ഏത് കാലത്ത്, ഏതേത് രാജ്യങ്ങളിൽ നിന്നും വന്നു? ഇന്നു കാണുന്ന ജാതിവ്യത്യാസങ്ങൾ എങ്ങനെ നിലവിൽ വന്നു? ഇത്യാദി ചോദ്യങ്ങൾക്ക് ഉത്തരം കാണേണ്ടതായുണ്ട്. ഗിരിവർഗ്ഗക്കാരെന്നും, മലവർഗ്ഗക്കാരെന്നും, അധഃകൃതരെന്നും ഇന്ന് നാം വ്യവഹരിച്ചു പോരുന്നവരൊഴിച്ചുള്ള എല്ലാ ജാതികളും ഏതെങ്കിലും സ്ഥലങ്ങളിൽ നിന്നും പല കാലങ്ങളിലായി ഇവിടെ കുടിയേറിപ്പാർത്തവരായിരിക്കുവാനാണ് സാദ്ധ്യതയെന്നാണ് അധികം ചരിത്രകാരൻമാരും പറഞ്ഞുപോന്നിട്ടുള്ളത്. ഉൽകർഷവും, പുരോഗതിയും നേടിയ നമ്പൂതിരിമാർ, നായൻമാർ, ഈഴവർ എന്നീ ജനവിഭാഗങ്ങളെല്ലാം കേരളത്തിൽ കുടിയേറിപ്പാർത്തവരാണെന്ന മുൻവിധിയോടു കൂടിയാണ് നാം ചരിത്ര രചന നടത്തുന്നത്. അങ്ങനെ നമ്പൂതിരിമാർ ആന്ധ്രയിൽ നിന്നോ, കർണ്ണാടകത്തിൽ നിന്നോ, അതല്ലെങ്കിൽ വടക്കേ

ഇന്ത്യയിൽ നിന്നോ വന്നവരായിരിക്കണമെന്ന ധാരണ പരന്നു. നായൻമാർ നേപ്പാൾ മുതൽ സിലോൺ, ആഫ്രിക്ക വരെയുള്ള ഏതെങ്കിലും സ്ഥലത്തുനിന്നും വന്നവരായിരിക്കാമെന്ന അഭിപ്രായവും പ്രാബല്യത്തിലായി. ദ്വീപർ അഥവ സിംഹളർ ഇവിടെവന്ന് ഈ കാണാവുന്ന തെങ്ങുകൾ മുഴുക്കെ വച്ചുപിടിപ്പിക്കുകയും, കള്ളുണ്ടാക്കുകയും ചെയ്ത് ഇവിടെ അധിവാസം ഉറപ്പിച്ചുവെന്നും അവരാണ് ഈഴവരെന്നും വിശദീകരണമുണ്ടായി. ആർക്കും വേണ്ടാത്ത കുറേ മലയരും, പറയരും, പുലയരും, മുക്കുവരും, അവരിൽ നിന്നും മതപരിവർത്തനം ചെയ്ത ഇതര മതസ്ഥരുമാണ് ഇവിടത്തെ പ്രാചീന ആദിവാസികൾ എന്നാണ് ചരിത്രപക്ഷം.

എന്നാൽ നിഷ്കൃഷ്ടമായ പഠനംകൊണ്ട് മനസ്സിലാക്കാൻ സാധിക്കുന്നത്, നമ്പൂതിരി, നായർ, ഈഴവർ തുടങ്ങിയുള്ള ജാതിവിഭാഗങ്ങളെല്ലാം ഇവിടത്തെ ആദിമ വർഗ്ഗങ്ങളെന്ന് എല്ലാവരും പറഞ്ഞുപോരുന്ന പറയൻേറയും, പുലയൻേറയും, സന്താനപരമ്പരകൾ തന്നെ ആണെന്നാണ്. ഈ രാജ്യത്ത് എക്കാലവും സംസ്കാരിക അധിനിവേശം ഉണ്ടായിട്ടുണ്ട്. നല്ലവയെല്ലാം സ്വീകരിച്ച് ബഹുമാനിക്കുക നമ്മുടെ പ്രകൃതമാണ്. ബുദ്ധമതവും ജൈനമതവും മറ്റെവിടത്തെക്കാളും വേരൂന്നി പടർന്ന സ്ഥലവും കേരളമാകുന്നു. ഇന്ത്യയിൽ മറ്റേതൊരു സംസ്ഥാനത്തെക്കാളും യഹൂദ മതവും, ക്രിസ്തുമതവും, ഇസ്ലാംമതവും അനുയായികളെ നേടിയത് കേരളത്തിലാണ്. നമ്മുടെ രാഷ്ട്രീയ-സാംസ്കാരിക രംഗങ്ങളിൽ പാശ്ചാത്യർ മേൽക്കോയ്മ പുലർത്തിയിരുന്ന കാലഘട്ടത്തിൽ അതിനനുസൃതമായി പോർച്ചുഗീസും, ഡച്ചും പിന്നീട് ഇംഗ്ലീഷും വശമാക്കുവാൻ നാം തെല്ലും മടി കാണിച്ചിട്ടില്ല. മാത്രമോ? ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൻേറയും, പാശ്ചാത്യസംസ്കാരം പിൻതുടരുന്നതിൻേറയും കാര്യത്തിൽ ഇന്നും മുൻപന്തിയിൽ നിൽക്കുന്നത് നാമാണല്ലോ. നമ്മുടെ സാഹിത്യശാഖകൾ തന്നെ മറ്റേതൊരു ഇന്ത്യൻ ഭാഷാസാഹിത്യത്തേക്കാളും ആഗ്ലേയ സ്വാധീനം കൂടുതൽ അനുഭവിക്കുകയും ചെയ്തിട്ടുണ്ടെന്നത് ആർക്കും അറിയാവുന്നതാണ്. ഇവ കണക്കിലെടുത്തുകൊണ്ട് ഇംഗ്ലീഷുകാർ മുഴുവൻ ഈ രാജ്യത്ത് വന്നിറങ്ങി, പാഠശാലകളും അവരുടെ ജീവിത സമ്പ്രദായങ്ങളും നടപ്പിലാക്കിയതാണെന്ന് വ്യവഹരിക്കുന്നതോ, പാശ്ചാത്യസംസ്കാരത്തെ പിൻപറ്റുന്നവരത്രയും കുടിയേറിപ്പാർത്ത വിദേശികളാണെന്ന് വ്യാഖ്യാനിക്കുന്നതോ ശരിയായിരിക്കുകയില്ല. ക്രിസ്ത്യാനികളും, മുസൽമാൻമാരും, ജൈന-ബൗദ്ധമതാനുയായികളും ഇവിടെയുണ്ടായത് അറേബ്യയിൽ നിന്നും, ഇസ്രായേലിൽ നിന്നും മുസൽമാൻമാരും, ക്രിസ്ത്യാനികളും ഇവിടെ കുടിയേറിപാർത്തത് കൊണ്ടാണെന്നോ, ശ്രാവസ്ഥിയിൽ നിന്നും, സാരനാഥിൽ നിന്നും ജൈന-ബൗദ്ധൻമാർ ഒന്നടങ്കം വന്ന് ഈ രാജ്യത്തെ കീഴടക്കി അവരവരുടെ മതം അടിച്ചേൽപ്പിച്ചതാണെന്നോ ആരും പറയുകയില്ല. എന്നാൽ ബുദ്ധ-ജൈനമതങ്ങളുടേയും മറ്റു മതങ്ങളുടേയും വിഗണിക്കാൻ അരുതാത്ത സ്വാധീനം തൻ മൂലം ലഘൂകരിക്കുന്നുമില്ല. ജാതി, ജൻമി, ഗ്രാമ വ്യവ സ്ഥിതികളിലധിഷ്ഠിതമായ ജീവിതസമ്പ്രദായവുമായി വന്ന ആര്യ ബ്രാഹ്മണൻമാരുടെ അധിനിവേശവും ഇതേരൂപത്തിൽ വിലയിരുത്തേണ്ടതായിട്ടുണ്ട്. വടക്കേ ഇന്ത്യയിൽ നിന്നോ, കർണ്ണാടകത്തിൽ നിന്നോ, ആന്ധ്രയിൽ നിന്നോ ആര്യ ബ്രാഹ്മണ സമൂഹം ഇവിടെ വന്ന് നമ്മെ കീഴടക്കി, നമ്മുടെ സർവ്വ ആചാര സമ്പ്രദായങ്ങളും തകർത്തെന്ന് ധരിക്കുന്നത് മൗഢ്യമാണ്. ബുദ്ധമതവും, മറ്റു മതങ്ങളും എങ്ങനെ ഇവിടെ അവിസ്മരണീയമായ നേതൃത്വം നേടിയോ അതേ രീതിയിൽ തന്നെയായിരിക്കണം ബ്രാഹ്മണ മേധാവിത്വത്തിന്റെ ആവിർഭാവവും. അല്ലാതെ കുറേ നമ്പൂതിരിമാർ ഇവിടെവന്ന് ജൻമിത്വവും സാമൂഹിക നേതൃത്വവും പിടിച്ചു പറ്റിയതല്ല. നമ്പൂതിരി, നായർ, ഈഴവർ, അധഃകൃതർ എന്ന അവാന്തര വിഭാഗങ്ങൾ ഉണ്ടാകുന്നത് ആര്യസംസ്കാരത്തിന്റെ സ്വാധീനം കൊണ്ട് തന്നെയാണെന്ന കാര്യം അതേ സമയം വിസ്മരിക്കാനും പറ്റുന്നതല്ല. പക്ഷേ അന്നുണ്ടായിരുന്ന കേരള സംസ്കാരവും, ജനതയും സാമൂഹിക സമത്വത്തിൽ അധിഷ്ഠിതമായിരുന്നു. ജാതിയോ, തരംതിരിവോ ഇല്ലാതെ ഇന്നത്തെ അധഃകൃതവർഗ്ഗത്തോടൊപ്പം ഒറ്റ സമുദായമായിരുന്നു അവരും എന്നാണ് പറഞ്ഞുകൊണ്ടുവരുന്നത്. അവരെ എല്ലാവരേയും ഉൾക്കൊള്ളിച്ചുകൊണ്ട് കൊടുത്തിരുന്ന പേര് ചെറുമർ എന്നായിരുന്നിരിക്കണം. മലബാർ മാനുവലിന്റെ കർത്താവായ ലോഗൻ ചിന്തിക്കുന്നത്, ചേരസാമ്രാജ്യവും, ചേരമാൻ പെരുമാക്കൻമാരും, ചേരനാട്, വള്ളുവനാട്, തുടങ്ങിയ പ്രാദേശിക ഘടകങ്ങളും നിശ്ചയമായും ചെറുമർ എന്ന പദത്തിൽ നിന്നും ഉൽഭവിച്ചതായിരിക്കണമെന്നാണ് 1. ചെറുമരുടെ നേതാവെന്ന അർത്ഥത്തിൽ ഉപയോഗിച്ചു പോന്ന പദമായിരുന്നിരിക്കണം ചേരമാൻ പെരുമാളെന്നും അദ്ദേഹം ഊഹിക്കുന്നു. തിരുവനന്തപുരത്ത് പുലയനാർകോട്ട എന്നൊരു സ്ഥലമുള്ളതും ഒരു പുലയരാജവംശത്തിന്റെ തകർന്നടിഞ്ഞ പ്രതാപത്തിന്റെ അവശിഷ്ടങ്ങൾ അവിടെ ഉണ്ടെന്നുള്ളതും ഒരു വസ്തുത മാത്രമാണ്. ഈ അടുത്ത കാലത്തുവരെ ചില രാജഭോഗങ്ങൾ അനുഭവിച്ചിരുന്ന അധഃകൃത വിഭാഗത്തിൽപ്പെട്ട മലയരും, കാട്ടരയരും കേരളത്തിന്റെ പലയിടത്തും ഉണ്ടായിരുന്നുവെന്നതിന് ധാരാളം തെളിവുകളുമുണ്ട്. മലയരയർ തുടങ്ങിയ വർഗ്ഗങ്ങളിൽപ്പെട്ട കാട്ടുരാജാക്കൻമാരുടെ പ്രതാപത്തെ പ്രകീർത്തിക്കുന്ന നാടോടിപ്പാട്ടുകളും, കഥകളും ധാരാളമാണ്. കുറുമ്പർ, കാടർ, മുഗുഡർ തുടങ്ങിയ ഗിരിവർഗ്ഗങ്ങളുടെ ശരീരഘടന, അവയവങ്ങൾ മുതലായവ നിരീക്ഷിച്ച് നരവംശ ശാസ്ത്രജ്ഞൻമാർ എടുത്തിട്ടുള്ള നിഗമനം, അവരാണ് കേരളത്തിലേയും, തെന്നിന്ത്യയിലേയും ആദിമനിവാസികൾ എന്നുതന്നെയാണ്.

പ്രാചീന കേരളസംസ്കാരത്തിന്റെ മഹിമയെക്കുറിച്ച് പ്രഗൽഭമായി പ്രതിപാദിക്കുന്നവരൊക്കെയും, കേരളത്തിലെ തേക്കിൻ തടികളും, ആനക്കൊമ്പുകളും കൊണ്ട് സോളമൻ ചക്രവർത്തി കൊട്ടാരങ്ങളും അമ്പലങ്ങളും മോടിപിടിപ്പിച്ച കഥകൾ പറയാറുണ്ടല്ലോ. ആനക്കൊമ്പും, മയിലും, കുരങ്ങും പിന്നെ സുഗന്ധ ദ്രവ്യങ്ങളും മെസപ്പൊട്ടാമിയ, ഈജിപ്ത്,

ഫൊനീഷ്യ തുടങ്ങിയ അന്നത്തെ സംസ്കാരകേന്ദ്രങ്ങളിലേയ്ക്ക് ക്രിസ്തുവിന് ആയിരമോ, രണ്ടായിരമോ കൊല്ലങ്ങൾക്ക് മുമ്പു തന്നെ കയറ്റുമതി ചെയ്തിരുന്നുവെന്നും അങ്ങനെ കേരളത്തിന്റെ പ്രാക്തനസംസ്കാരം കണ്ണെത്താത്ത വിദൂരകാലഘട്ടങ്ങളിൽപ്പോലും ജാജ്ജ്വലമാനമായിരുന്നുവെന്നും അഭിമാനിക്കാത്ത ഒറ്റ ചരിത്രകാരനുമില്ല. ഈ സംസ്കാരത്തിന്റെ സൃഷ്ടി നടത്തിയത് ഹോമവും, ജപവും, ജൻമവുമായി കഴിഞ്ഞിരുന്ന നമ്പൂതിരിയോ, യോദ്ധാവായിരുന്ന നായരോ, തെങ്ങുകയറ്റവും, കള്ള് വാറ്റുമായി കഴിഞ്ഞിരുന്ന ഈഴവരോ, മൽസ്യബന്ധനം നടത്തിയിരുന്ന മുക്കുവരോ അയിരുന്നിരിക്കാൻ തരമില്ലല്ലോ. കാട്ടിലും, മലയിലും നിന്നു മാത്രം ലഭിക്കാവുന്നു കുരങ്ങുകളേയും മയിലുകളേയും തേടിപ്പിടിച്ചും, വേട്ടയാടി സംഭരിച്ചും, ഈ നാടിന്റെ വാണിജ്യ സമ്പത്തും, സാംസ്കാരിക സമ്പർക്കവും പുലർത്തിയിരുന്നത് ഇവിടത്തെ അധഃകൃത വർഗ്ഗമായ മലയനും, വേടനും, ചെറുമനും, പുലയനും മറ്റുമായിരിന്നിരിക്കാമെന്ന് നിശ്ചയമാണ്. പക്ഷേ ഇതൊക്കെ നടക്കുമ്പോൾ ജാതിതിരിവുകൾ ഉണ്ടായിരുന്നില്ലെന്നും, ഇന്നുള്ള നമ്പൂതിരിയും, നായരും, ഈഴവരും മറ്റുള്ള അവാന്തര വിഭാഗങ്ങളുമെല്ലാം ഉൾക്കൊണ്ടിരുന്ന ഒരു വലിയ വർഗ്ഗമായിരുന്നു കേരളത്തിലെ ചെറുമ സമുദായം എന്നും വരും. ഈ ആദിവാസി സമുദായമാകട്ടെ, ഇന്നും മല വർഗ്ഗമായും, അധഃകൃത സമുദായമായും പിന്തള്ളപ്പെട്ട് കിടക്കുന്ന ഒരു വിഭാഗവുമാണ്. അവരത്രേ കേരള സമൂഹത്തിന്റെ പിതാക്കൾ.

കേരള സംസ്കാരത്തിന്റെ പൈതൃകവും, കേരളസമൂഹത്തിന്റെ പൂർവ്വികത്വവും ഇന്നു നാം പുച്ഛിച്ചു തള്ളുന്ന പറയനും, പുലയനും, ചെറുമനും, മലയനും, ഉള്ളാടനും അടങ്ങിയ അധഃകൃതവർഗ്ഗത്തിന്റേതാണെന്നാണ് പറഞ്ഞുവെച്ചത്. അന്ന് ജാതിതിരിവുകൾ ഉണ്ടായിരുന്നില്ലെന്നും, ചെറുമർ എന്ന ഒറ്റ സമുദായത്തിന്റെ അവിഭാജ്യഘടകങ്ങളായിരുന്നു ഇന്നുള്ള എല്ലാ ജാതി-സമുദായ വിഭാഗങ്ങളും എന്നതാണ് പരമാർത്ഥം. "നിലവിലുള്ള ആചാരങ്ങളുടെ അടിയിലേക്ക് കടന്ന് ചരിത്ര വസ്തുതകളെ സൂക്ഷ്മമായി പരിശോധിക്കുവാൻ തുടങ്ങിയാൽ നായർ, ഈഴവർ, നമ്പൂതിരി എന്നീ മൂന്ന് ജാതികളും മറ്റ് ജാതികളെപോലെ തന്നെ കേരളത്തിന്റെ ഉൽപ്പാദനശക്തികളിലും സാമൂഹ്യ യാഥാർത്ഥ്യങ്ങളിലുമുണ്ടായ മാറ്റങ്ങളിൽ നിന്നു് ഉയർന്നുവന്നവരാണെന്ന് വ്യക്തമാകും."2. ഏതാണ്ടൊരു സഹസ്രാബ്ദത്തിനു മുമ്പു വരെ ഏറ്റവും പിന്നിലായിരുന്ന ഗോത്ര സമുദായങ്ങളിൽ നിന്നാണ് ഇന്നത്തെ നായരും, നമ്പൂതിരിയും, ഈഴവരും ഉയർന്നുവന്നത്.3. എന്നും കെ. ദാമോദരൻ എഴുതുന്നതും ഇതുതന്നെയാണ്. എന്നാൽ ഈ ജാതികളും സമുദായങ്ങളും എങ്ങനെ ഉരുത്തിരിഞ്ഞുവെന്ന് പരിശോധിക്കേണ്ടതുണ്ട്.

പ്രാചീന പ്രാകൃത സമൂഹത്തിൽ സമത്വസാഹോദര്യം നിലനിന്നിരുന്നു എന്നു വേണം ഊഹിക്കുവാൻ. ഇവിടെ പ്രാകൃത സോഷ്യലിസത്തിൽ നിന്നും അടിമവ്യവസ്ഥയിലേക്ക് നീങ്ങുന്നതിനു മുമ്പു തന്നെ സമഷ്ടി സ്നേഹത്തിന്റേയും, സമത്വത്തിന്റേയും സന്ദേശവുംകൊണ്ട് ജൈന-ബൗദ്ധമതങ്ങൾ സ്ഥലം പിടിച്ചിരുന്നു. സാമൂഹ്യമായ നിമ്നോന്നതകളില്ലാത്ത സമത്വസുന്ദരമായ ആ കാലത്തിന്റെ ജീവിക്കുന്ന പ്രതീകമാണ് മഹാബലി. മഹാബലി കഥ ബൗദ്ധ-ബ്രാഹ്മണ സംഘട്ടനത്തിന്റേയും, ആര്യബ്രാഹ്മണ വിജയത്തിന്റേയും കഥയാണ്. ആര്യനധിനിവേശത്തിനു മുമ്പ്-അതായത് ജാതി, ജൻമി, ഗ്രാമ സംവിധാനങ്ങൾ നിലവിൽ വരുന്നതിനു മുമ്പ് രാജ്യത്തുടനീളം ഒരേ സമ്പ്രദായമാണുണ്ടായിരുന്നത്. പക്ഷേ, സമൂഹത്തിൽ ഏറെക്കാലം കൊണ്ടുണ്ടായ പരിണാമഫലമായി ചില പ്രത്യേക അവകാശങ്ങളും അധികാരങ്ങളും ഉള്ള വിഭാഗങ്ങൾ ഉണ്ടാകുവാൻ തുടങ്ങി. ഏത് രാജ്യത്തും സാമൂഹികഘടനയിൽ സംഭവിക്കാറുള്ളതുപോലെ ഇവിടേയും ബുദ്ധി വൈഭവവും കായിക ശക്തിയുമുള്ള വ്യക്തികൾ പ്രമാണിമാരായി തീർന്നിരിക്കണം. തലച്ചോറിന്റെ ആജ്ഞാശക്തിയും, ശാരീരികശേഷിയുടെ ആയോധനാവൈദഗ്ധ്യവും ഈ രണ്ട് തരത്തിലുംപ്പെട്ട വ്യക്തികൾക്ക് സമൂഹത്തിന്റെ നേതൃത്വവും, രാജ്യകാര്യങ്ങളിൽ ആധിപത്യവും നേടിക്കൊടുക്കുക സഹജമാണല്ലോ. അങ്ങനെ രാജ്യരക്ഷകൻമാരായ ആയോധനാഭ്യാസികളും രാജ്യതന്ത്രജ്ഞതയും പ്രതിഭയുമുള്ള ബുദ്ധിജീവികളും സമൂഹത്തിന്റെ നേതൃനിരയിലേക്കുയർന്നിരിക്കണം.

മറ്റുള്ളവരാകട്ടെ, അവരുടെ കന്നുകാലി മേയ്ക്കലും, കൃഷിയും നടത്തിയിരുന്നതിനുപുറമേ, ആനക്കൊമ്പും, മയിലും, കുരങ്ങും തേടിപ്പിടിച്ച് വാണിജ്യവിഭവങ്ങൾ ഒരുക്കിയും കഴിഞ്ഞുവന്നു. പക്ഷേ ഇവരിൽ നിന്നും ബുദ്ധി സാമർത്ഥ്യവും, കായികശേഷിയുമുള്ളവർ മേൽപ്പറഞ്ഞ രണ്ട് പ്രധാന വിഭാഗങ്ങളുടെ പന്തിയിൽ സ്ഥലം പിടിക്കുകയും ചെയ്തു. പ്രതിഭയും പ്രമാണിത്വവും തമ്മിൽ, ബുദ്ധിവൈഭവവും-ശാരീരിക ബലിഷ്ടതയും തമ്മിൽ- ആരാണ് ഏറ്റവും പ്രബലരെന്ന് തീരുമാനിക്കുവാനുള്ള ഉരസലുകളും സംഘട്ടനങ്ങളും നടന്നുകാണും.

കാലപ്പഴക്കത്തിൽ ഇരുവിഭാഗങ്ങളും കുറേക്കൂടി വിഭാഗീയചിന്തയ്ക്ക് വിധേയമായിരുന്നിരിക്കണം. മതം ഉൾപ്പെടെയുള്ള ധൈഷണിക തലങ്ങളിൽ പ്രമാണിത്വവും നേതൃത്വവുമുണ്ടായിരുന്ന ബുദ്ധിജീവികൾ രാഷ്ട്രത്തിന്റെ ഭദ്രതയും നിലനിൽപ്പും തങ്ങളുടെ തലച്ചോറാണെന്ന് ശഠിച്ചിരിക്കണം. രാജ്യത്തിലെ കലാപങ്ങൾ ഒതുക്കിയും ശത്രുക്കളിൽ നിന്നും രക്ഷപ്പെടുത്തിയും പോന്ന പടയാളികൾക്ക് ഈ നേതൃത്വം അത്രയ്ക്ക് പിടിച്ചിരിക്കുവാനും ഇടയില്ല. അങ്ങനെ ബുദ്ധിവൈഭവവും, ശാരീരികബലിഷ്ഠതയും തമ്മിൽ സംഘട്ടനമുണ്ടായിരുന്നിരിക്കണം. ഈ സന്ദർഭത്തിലാണ് എ.ഡി. 6-ാം നൂറ്റാണ്ടോടുകൂടി ബ്രാഹ്മണ സംസ്കാരത്തിന്റെയും, ആര്യ മേധാവിത്വത്തിന്റേയും അധിനിവേശം. സമൂഹത്തിൽ അധികാരം

കൈയ്യാളുകളും നേതാക്കൻമാർ ആയിരിക്കുകയും ചെയ്യുന്നവരെയാണല്ലോ അധീശ സംസ്കാരങ്ങൾ ആദ്യം പരിണയിക്കുക. മധ്യകാലഘട്ടത്തിൽ പാശ്ചാത്യ സംസ്കാരത്തിൻെറ പ്രലോഭനം ഏറിയ കുറും സമൂഹത്തിലെ പണക്കാരേയും പ്രതാപികളേയും പിടികൂടിയതു പോലെ പുത്തൻ തത്വശാസ്ത്രങ്ങളും നവ്യമായ ആചാര സമ്പ്രദായങ്ങളുമായി വന്ന ബ്രാഹ്മണ മതവും ഇവരെയാണ് ആദ്യം ആശ്ലേഷിച്ചത്. കേരള സമൂഹത്തിൽ ഉൽക്കർഷം നേടിയിരുന്ന ബുദ്ധിജീവികളുടേയും, പടയാളികളുടേയും വിഭാഗങ്ങൾ ഈ നവീന ധാരാപ്രവാഹത്തിൽ അഹമഹമികയാ അലിഞ്ഞു ചേരുകയും ചെയ്തു.

ഇരുവിഭാഗവും വാശിയോടുകൂടിതന്നെ ആര്യസംസ്കാരത്തെ ആവാഹിക്കുവാൻ സന്നദ്ധമായത് ഇവർ തമ്മിൽ നിലനിന്നിരുന്ന സംഘട്ടനം മൂലവും ആർക്കും കുറവ് സംഭവിക്കരുതെന്ന നിർബന്ധം കാരണവുമായിരുന്നു. അതേ സമയം കൃഷിയും കച്ചവടവും കൈത്തൊഴിലുമായി കഴിഞ്ഞിരുന്നവരാകട്ടെ, സമൂഹത്തിൻെറ തലപ്പത്തിൽ വന്ന ഈ മാറ്റങ്ങളെ ആദ്യമാദ്യം അത്ര ഗൗനിക്കുകയും ചെയ്തിരുന്നില്ല. അവർ കാലാകാലങ്ങളിൽ കൈത്തൊഴിൽ ചെയ്തും, കൃഷിയിറക്കിയും കച്ചവട സാധനങ്ങൾ സംഭരിച്ചും ജീവിച്ചുപോന്നു. എന്നാൽ അവരിൽ നിന്നും ഉയർന്നു വന്നിരുന്ന ബുദ്ധിജീവികളും യോദ്ധാക്കളും സമൂഹത്തിലെ ഉന്നതശ്രേണികളിൽ കടന്നുകൂടുകയും ചെയ്തു. പല പ്രാവശ്യമായി കേരളത്തിലേക്ക് കടന്ന ആര്യ ബ്രാഹ്മണൻമാരുടെ കൂട്ടത്തിൽ 8-ാം നൂറ്റാണ്ടാദ്യത്തിൽ കാശ്മീരിൽ നിന്നും എത്തിയ വൈദീക ബ്രാഹ്മണരാണ് ആര്യൻ ആധിപത്യം സുസ്ഥിരമാക്കിയത്. എ.ഡി. 695 മുതൽ 732 വരെ കാശ്മീരിൽ രാജാവായിരുന്ന ലളിതാദിത്യൻെറ കാലത്ത് അദ്ദേഹത്താൽ നിയോഗിക്കപ്പെട്ട 64 ക്ഷേത്രപാലകൻമാരായ വൈദീകശ്രേഷ്ഠൻമാരെ ഇവിടേയ്ക്ക് പറഞ്ഞയച്ചതായും, അവർ കന്യാകുമാരി മുതൽ ഗോകർണ്ണം വരെയുള്ള സ്ഥലങ്ങളിൽ ക്ഷേത്രനിർമ്മിതിയും ഗ്രാമവ്യവസ്ഥിതിയും, വിജയപൂർവ്വം നിർവ്വഹിച്ചതായും കൽഹണൻെറ രാജതരംഗിണിയിൽ നിന്നും മനസ്സിലാക്കാം.4. ഇവരാണ് നമ്പൂതിരി സമൂദായത്തിൻെറ അസ്ഥിവാരം ഉറപ്പിച്ചവർ.

ഗ്രാമവ്യവസ്ഥിതിയിൽ വിവധ തൊഴിൽ രംഗങ്ങളിൽ പ്രാവിണ്യം നേടിയവരുടെ സാന്നിദ്ധ്യം അനിവാര്യമാണല്ലോ. അതുകൊണ്ടു തന്നെ ഒരു നീക്കു പോക്കെന്ന നിലയ്ക്ക് ആര്യസംസ്കാര പ്രഘോഷകരായ അവർ അവരുടെ കൂടപ്പിറപ്പായ ജാതിസമ്പ്രദായത്തിൽ വ്യവസ്ഥാപിതമായ ചില നിബന്ധനകളും സൃഷ്ടിച്ചിരുന്നു. ഇവിടെ ഉൽക്കർഷം നേടിയിരുന്നവരും, സമൂഹത്തിൻെറ തലപ്പത്ത് സ്ഥാനം പിടിച്ചിരുന്നവരുമായ ബുദ്ധിജീവികളുടേയും, യോദ്ധാക്കളുടേയും വിഭാഗങ്ങളെ നമ്പൂതിരിമാരായും, നായൻമാരായും, പ്രതിഷ്ഠിക്കുകയാണുണ്ടായത്. മറ്റ് ജോലികൾ ചെയ്തിരുന്നവർക്ക് അനുയോജ്യമായ ജാതിനാമങ്ങളും, സ്ഥാനങ്ങളും, ഉറപ്പിക്കുകയും ചെയ്തു. ആരംഭത്തിൽ ഈ ജാതിപ്പേരുകൾ പ്രവൃത്തിയെ സൂചിപ്പിക്കുന്ന സംജ്ഞയെന്നതിൽ കവിഞ്ഞ് പ്രാധാന്യം ഉണ്ടായിരുന്നില്ല. എന്നാൽ കാലപ്പഴക്കത്തിൽ നമ്പൂതിരി, നായർ വിഭാഗങ്ങൾ വരേണ്യവർഗ്ഗമായി മാറിയതോടെ സമൂഹത്തിലെ അടിത്തട്ടിൽ കിടന്നിരുന്ന മൃഗീയഭൂരിപക്ഷവും ഇവർക്കെതിരായി തിരുകയും ചെയ്തു. അങ്ങനെ ചെറുമ സമൂഹത്തിൽപ്പെട്ടിരുന്നവർ ശരിക്കും രണ്ട് ചേരിയായി. ആർഷ-ബൗദ്ധ സിദ്ധാന്തങ്ങളിൽ ഊന്നിക്കൊണ്ടുള്ള ഈ രണ്ട് എതിർചേരികൾ തമ്മിൽ സംഘട്ടനങ്ങൾ ഏറെക്കാലം നടക്കുയും ഉണ്ടായി. ഇതിൻെറ ഫലമാകട്ടെ, നമ്പൂതിരി, നായർ സമുദായങ്ങൾ കൂടുതൽ ഒന്നിക്കുവാനും, നാടിൻേറയും, ഭൂരിപക്ഷത്തിൻേറയും സാംസ്കാരിക ശക്തിയായ ബൗദ്ധമതത്തെ നിഷ്ക്കാസനം ചെയ്യുന്നതിൽ വ്യാപൃതരാകുവാനും ഇടയായി. ഒരു ധാരണയും ചിട്ടയും അവരിൽ ഉരുത്തിരിഞ്ഞതാക്കുവാനും ഇത് പ്രേരകമായി നിന്നുവെന്നതിനു പുറമേ, ആര്യസംവിധാനത്തെ ചെറുക്കുന്ന മറ്റു ചെറുമ വിഭാഗത്തെ അടിച്ചമർത്തുവാനും ശ്രമങ്ങൾ നടന്നു. ഇതിൻെറ വെന്നിക്കൊടിപ്പാറന്ന കാലമാണ് ശ്രീ ശങ്കരാചാര്യരുടേത്. ഇതോടുകൂടി ആർഷ സംസ്കാരത്തെ പിന്തുടർന്നവർ സവർണ്ണരും, ബൗദ്ധ സംസ്കാരത്തെ പിൻപറ്റിയവർ അവർണ്ണരുമായി. ഒരുകൂട്ടർ ഭരണാധിപൻമാരും ഇതരർ ഭരണീയരുമായി. കാലപ്പഴക്കത്തിൽ ഇത് കൂടുതൽ കൂടുതൽ രൂക്ഷമാവുകയും ഈ രാജ്യം ജാതിക്കോമരങ്ങളുടെ ഭ്രാന്താലയമെന്ന് വിവേകാനന്ദ സ്വാമികൾ കൂടി പറയത്തക്ക സ്ഥിതിയിൽ എത്തിച്ചേരുകയും ചെയ്തു. ഇങ്ങനെയാണ് ഇന്നു കാണുന്ന ജാതികൾ കേരളത്തിലുണ്ടായത്.

എന്നാൽ ഇവരത്രയും ഇന്നത്തെ പട്ടിക ജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പഴയ ആ ചെറുമ സമൂഹത്തിൻെറ സന്തതികൾ തന്നെയാണ്. പറച്ചിപെറ്റ പന്തിരണ്ടുകുലത്തെക്കുറിച്ചും മറ്റുമുള്ള പഴയ കഥകൾ ഈ ചരിത്ര സത്യമാണ് ഉദ്ഘോഷിക്കുന്നത്. അങ്ങനെ ആര്യാധിപത്യം അലംഘനീയമായ പരമാധിപത്യമായി കൊടിക്കുത്തി വാണു. നമ്പൂതിരിമാർ ഗ്രാമങ്ങളും, കഴകങ്ങളും ഉണ്ടാക്കി നിർല്ലോഭം ആധിപത്യം നടത്തിയപ്പോൾ നായൻമാരാകട്ടെ തറയും തറക്കൂട്ടവും വഴി രാജ്യവിചാരം ചെയ്തു. ഇക്കാലങ്ങളിലൊക്കെ എല്ലാ ജാതിക്കാരുടേയും പേരുകൾ ഒരേ വിധത്തിലുള്ളതായിരുന്നു. നീലിയും, കാളിയും, കുറുമ്പയും, ചാത്തനും, കണ്ടൻകോരനും, കോമിയും, ചിരകണ്ടനും, ഒക്കെയായിരുന്നു നാമധേയങ്ങൾ. ജൂതശാസനത്തിലെ സാക്ഷിപ്പട്ടികയിലെ പേരുകൾ ഉദാഹരണം. വേണാട് നാടുവാഴി ഗോവർദ്ധനൻ മാർത്താണ്ഡൻ, വേണപ്പള്ളിനാട്ടിലെ കൊടായി ചിരികണ്ടൻ, വള്ളുവനാട് പ്രധാനി മാതവേവല മണവിയൻ, നെടുംപുരനാട്ടിലെ കൊടായി ഇരവി, ഉപസേനാപതി മൂർഖൻ ചാത്തൻ, പ്രധാനമന്ത്രി വണ്ടല ചേരിക്കണ്ടൻ, എഴുതിയത് കേളപ്പൻ. ഈ പേരു കൾ അടുത്തകാലംവരെ സാർവ്വത്രികമായി ഉപയോഗിച്ചിരുന്നത് അധഃകൃതവർഗ്ഗം മാത്രമാണ്. ശക്തൻ തമ്പുരാൻെറ സർവ്വകാര്യക്കാരനും, മന്ത്രിയും പാലിയത്ത് കോമി അച്ചനാ

യിരുന്നു. അന്നത്തെ നാടുവാഴികളുടേയും, സേനാനികളുടേയും നാമധേയങ്ങൾ എല്ലാം തന്നെ അധഃകൃതർ ഉപയോഗിച്ചുപോന്നിരുന്നവ തന്നെയായിരുന്നു. ചുരുക്കത്തിൽ മാന്യതയും പ്രതാപവും വർദ്ധിച്ചുതോടുകൂടി പേരിലും വേഷവിധാനങ്ങളിലും, ആചാരങ്ങളിലും നമ്പൂതിരിയും നായരും പ്രകടമായ വ്യത്യാസങ്ങൾ വരുത്തി. അതേ സമയത്ത് അടിമകളായി അടിച്ചമർത്തപ്പെട്ട അധഃസ്ഥിതവിഭാഗമാകട്ടെ, പഴയ പേരുകളും അനുഷ്ഠാനങ്ങളും നിലനിർത്തിപ്പോരുകയും ചെയ്തു. മാറിയ പരിതഃസ്ഥിതിയിൽ ഇന്ന് ഉൽഗതി പ്രാപിച്ചു കൊണ്ടിരിക്കുന്ന അധഃകൃത വിഭാഗങ്ങൾ ഒക്കെ തന്നെ പഴയ പേരുകൾ പരിത്യജിച്ചിരിക്കുന്നു.

സഹസ്രാബ്ദങ്ങളുടെ പരിണാമ പ്രക്രിയയിലൂടെയാണ് ഇന്ന് നാം അനുഭവിക്കുന്ന സാംസ്കാരിക ഉൽക്കർഷത്തിലേക്ക് എത്തിച്ചേർന്നത്. പുരോഗതിയുടെ കൽപ്പടവുകൾ ഓരോന്നും കയറിയത് നൂറ്റാണ്ടുകളുടെ അദ്ധ്വാനത്തിനും, സാംസ്കാരിക സംഘാതത്തിനും ശേഷമാകാം. വിശ്വാസങ്ങളിലും, ആചാരങ്ങളിലും സാമൂഹ്യസംവിധാനങ്ങളിലും ഉണ്ടായിട്ടുള്ള ഇന്നത്തെ മാറ്റത്തിന് നിരവധി നൂറ്റാണ്ടുകൾ മൂകസാക്ഷികളായി നിന്നിട്ടുണ്ട്. അപരിഷ്കൃതനായ പ്രാകൃത മനുഷ്യൻെറ ആരാധനയുടെ ആരംഭം തനിക്ക് ഭീതിജനകമായി തോന്നിയവയോടായിരുന്നു. അങ്ങനെയാണ് പ്രകൃതിയിൽ കണ്ട പല പ്രതിഭാസങ്ങളോടും, ആരാധനമനോഭാവത്തോടുകൂടി അവൻ പ്രതികരിക്കാൻ തുടങ്ങിയത്. പ്രളയവും, കൊടുങ്കാറ്റും, തീയുമെല്ലാം അവനെ ഭയപ്പെടുത്തിയിരുന്നു. പാമ്പും ഉപദ്രവകാരികളായ മറ്റനേകം വന്യ ജന്തുക്കളും അവൻെറ ആരാധനക്ക് വിധേയമായി. ഭയം തോന്നിയവയെ ആരാധിച്ചു തുടങ്ങിയ മനുഷ്യൻ പിന്നീട് തനിക്ക് വിസ്മയം തോന്നിയവയേയും, തനിക്ക് ഉപയോഗപ്രദമായി തീർന്നവയേയും സ്നേഹിക്കാനും, ആരാധിക്കാനും തുടങ്ങി. ചന്ദ്രനും, സൂര്യനുമൊക്കെ അവനിൽ അൽഭുതങ്ങൾ ഉളവാക്കിയിരുന്നു. ഇതിൽ നിന്നുള്ള വളർച്ചയാണ് മരണത്തെക്കുറിച്ചും, മരണാനന്തര ജീവിതത്തെക്കുറിച്ചും വിചിന്തനം ചെയ്യുവാനും സൃഷ്ടിപ്രപഞ്ചരഹസ്യങ്ങളെക്കുറിച്ച് ആരായുവാനുമുള്ള ആകാംക്ഷ അവനിൽ അങ്കുരിപ്പിച്ചത്. അങ്ങനെയാണ് യുക്തിസഹമായി തോന്നിയവയോട് കൂറും, വിധേയത്വവും ആരാധനരംഗത്ത് ആവിർഭവിക്കുന്നത്. ആരാധനാ രംഗത്തെ ഈ വിവിധഘട്ടങ്ങൾ എല്ലാ സമൂഹത്തിലും ഏറെക്കുറെ ഐക്യരൂപ്യമുള്ളതായിരിക്കണം. അതുകൊണ്ടാണ് "They worshipped at first as they feared, then admired, and finally as they reasoned", എന്നത് ഒരു പൊതുതത്വമായി അംഗീകരിക്കുവാൻ കാരണം. ഇത് നമ്മുടെ പ്രാകൃത ജനവിഭാഗങ്ങളിലും നിഷ്കൃഷ്ടമായി നിലനിന്നു പോന്നുവെന്ന് മാത്രമല്ല, സമൂഹത്തിലെ മേൽത്തട്ട്കാർ ഒഴിച്ചുള്ളവരത്രയും പ്രാകൃത ആരാധനാസമ്പ്രദായം അത്ര അകലത്തല്ലാത്ത കാലം വരെ നിലനിർത്തിപ്പോന്നിരുന്നതായും കാണാം. ഇന്നും ഗിരിവർഗ്ഗങ്ങൾക്കിടയിൽ ഇവ പ്രാബല്യത്തിലുണ്ട്.

## ജൈന-ബൗദ്ധമതങ്ങൾ.

നമ്മുടെ ജീവിത സമ്പ്രദായങ്ങളിലെന്നപോലെ ആരാധനക്രമങ്ങളിലും, ചിന്താമണ്ഡലങ്ങളിലും മാറ്റങ്ങൾ അനുഭവപ്പെട്ടത് പല മതങ്ങളുടേയും സംസ്കാരങ്ങളുടേയും ധാരാപ്രവാഹം കൊണ്ടാണ്. ജൈന-ബൗദ്ധമതങ്ങൾ ക്രിസ്തുവിന് നാലഞ്ച് നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ കേരളീയ ജീവിതത്തെ സാരമായി സ്വാധീനിച്ചിരുന്നതായി കാണാം. അശോക ചക്രവർത്തിയുടെ ഗിർണാർ ശാസനത്തിലെ പരാമർശത്തിൽ നിന്നും മനസ്സിലാകുന്നത്, ബൗദ്ധമത പ്രചാരണാർത്ഥം കേരളമുൾപ്പെടെയുള്ള എല്ലാ സ്ഥലത്തും തൻെറ ധർമ്മപ്രചാരകരെ പറഞ്ഞയച്ചിരുന്നുവെന്നാണ്. അശോക ചക്രവർത്തിയുടെ പുത്രൻമാർ തന്നെ ബൗദ്ധദൗത്യവുമായി സിലോണിൽ പോയിരുന്നതായും പ്രസ്താവങ്ങളുണ്ട്. ഏതായാലും കേരളത്തിലെ ജനജീവിതത്തെ കാര്യമായി തൊട്ടുണർത്തിയ സാംസ്കാരിക ശക്തിയായിരുന്നു ബൗദ്ധ-ജൈന മതങ്ങൾ. പ്രാർത്ഥനാരീതികളിലും, ആത്മീയ ഉൽക്കർഷത്തിലും സാരവത്തായ വ്യത്യാസങ്ങൾ ആവിർഭവിച്ചു. ആരാധാനാലയങ്ങളും, വിഹാരങ്ങളും, സന്യാസ ജീവിതവും കേരളത്തിലെത്തിച്ചത് ഇവരാണ്. നടേ പ്രസ്താവിച്ചതുപോലെ സമൂഹത്തിലെ ഉൽഗതി പ്രാപിച്ച മേൽത്തട്ട് കാരെയാണ് ഇവ കൂടുതൽ ആകർഷിച്ചത്. ദാർശനിക ചിന്താമണ്ഡലവും, ആദ്ധ്യാത്മിക ഉൽക്കർഷവും, ധ്യാനനിരതമായ ജീവിതചര്യയിലൂടെ നേടിയെടുക്കാമെന്ന സ്ഥിതിയും ആരാധനാക്രമത്തിൽ നൂതന പ്രസ്ഥാനങ്ങൾക്ക് വഴിമാറിക്കൊടുത്തിരുന്നു. ജാതീയ നിമ്നോന്നതകളില്ലാത്ത സമത്വസാഹോദര്യത്തിൻെറ സ്നേഹസന്ദേശം എളുപ്പത്തിൽ പ്രചാരത്തിലെത്തിയതിൽ അൽഭുതമില്ലല്ലോ. വിഹാരങ്ങളും, സംഘങ്ങളും, പള്ളിക്കൂടങ്ങളും വഴി ആശയവിനിമയവും മതപ്രചാരണവും നടത്തുവാൻ എളുപ്പവുമായി. ക്രിസ്തുവിന് ശേഷം മൂന്ന് നാല് നൂറ്റാണ്ടുകളിൽ കാര്യമായ എതിർപ്പുകളില്ലാതെ ബൗദ്ധ-ജൈനമതങ്ങളും, സ്ഥാപനങ്ങളും കേരളത്തിൻെറ നാനാ ഭാഗത്തും അഭംഗുരം നിലനിന്നിരുന്നതിന് തെളിവുകളുണ്ട്. ദക്ഷിണ കേരളത്തിലെ കൊല്ലം, കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, മാവേലിക്കര എന്നീ താലൂക്കുകളിലുള്ള മരുതൂർകുളങ്ങര, കരുമാടി, മാവേലിക്കര, ഭരണിക്കാവ്, കുന്നത്തൂർ, പള്ളിക്കൽ, എന്നീ സ്ഥലങ്ങളിൽ നിന്നും ധാരാളം ബുദ്ധവിഗ്രഹങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്.5. ബൗദ്ധ സംഘങ്ങൾ സംഘടിപ്പിച്ചിരുന്ന പാഠശാലകളും, ചികിൽസാകേന്ദ്രങ്ങളും പ്രശസ്തങ്ങളായിരുന്നു. ശ്രീമൂലവാസവിഹാരം ഇന്ത്യയ്ക്ക് പുറത്തും അറിയപ്പെട്ടിരുന്നതായി പറയുന്നുണ്ട്. ആര്യനധിനിവേശത്തോടും ബ്രാഹ്മണാധിപത്യത്തോടുംകൂടി ജൈന-ബൗദ്ധ മതങ്ങൾ തകർക്കപ്പെടുകയാണുണ്ടായത്. ഏഴാം നൂറ്റാണ്ടിലെ ചൈനീസ് സഞ്ചാരിയായ ഹുയാൻസാങ്ങ് മന സ്സിലാക്കിയത് തെന്നിന്ത്യയിൽ ബുദ്ധമതം നിഷ്ക്കാസനം ചെയ്യപ്പെട്ടുകൊണ്ടിരുന്നുവെന്നാണ്. ജൈന-ബൗദ്ധ വിഹാരങ്ങളും, പ്രാർത്ഥനാലയങ്ങളും നശിപ്പിക്കപ്പെട്ടു. അവയിൽ പലതും പുതിയരൂപത്തിൽ ഹൈന്ദവക്ഷേത്രങ്ങളായി മാറി. ഇടയ്ക്കൽക്കുന്നിലെ ഭഗവതി ക്ഷേത്രം, തൃശ്ശൂർ

തിരുവഞ്ചിക്കുളം ക്ഷേത്രം ഇരിങ്ങാലക്കുടയിലെ കൂടൽ മാണിക്യക്ഷേത്രം എന്നിവ ഉദാഹരണമായെടുക്കാം.

ബൗദ്ധമതത്തേയും, സ്ഥാപനങ്ങളേയും ഉൻമൂലനം ചെയ്തതുപോലെ തന്നെയാണ് ജൈനമതത്തെയും, ബ്രാഹ്മണമേധാവിത്വം എതിരിട്ടത്. ബുദ്ധമതത്തോളം അല്ലെങ്കിലും, ജൈനമതവും കേരളത്തിൽ വ്യാപകമായി പ്രചരിച്ചിരുന്നു. കന്യാകുമാരി ജില്ലയിൽ ചിതറാൽ, നാഗർകോവിൽ എന്നീ സ്ഥലങ്ങളിലുള്ള ഭഗവതിക്ഷേത്രവും നാഗരാജക്ഷേത്രവും ഒരു കാലത്ത് ജൈനദേവാലയങ്ങളും സങ്കേതങ്ങളുമായിരുന്നു. ഇവയിൽ നിന്നും മഹാവീരന്റെ വിഗ്രഹങ്ങൾ ലഭിച്ചിട്ടുണ്ട്. ബൗദ്ധസ്ഥാപനങ്ങൾ തീർത്തും നാമാവശേഷമായെങ്കിലും ജൈനമതവിശ്വാസികളും അവരുടെ ആരാധനാലയങ്ങളും ഇന്നും കേരളത്തിന്റെ പല ഭാഗത്തായി കാണാവുന്നതാണ്. പെരുമ്പാവൂരിന് വടക്ക് ഭാഗത്തായി സ്ഥിതിചെയ്യുന്ന കല്ലിൽ ക്ഷേത്രം, ഇന്നും ജൈനക്ഷേത്രമായി തന്നെ നിലനിൽക്കുന്നുണ്ട്. അതുപോലെ പാലക്കാട്ടുള്ള ജൈനമേട്ടിലെ ചന്ദ്രനാഥ ക്ഷേത്രം ഇന്നും ജൈന സങ്കേതമാണ്. പല സ്ഥലങ്ങളിൽ നിന്നും കിട്ടിയിട്ടുള്ള ജൈനവിഗ്രഹങ്ങളിൽ ആലത്തൂരിൽ നിന്നും കിട്ടിയ രണ്ട് വിഗ്രഹങ്ങൾ തൃശ്ശൂർ പുരാവസ്തു മ്യൂസിയത്തിലുണ്ട്. വയനാട്ടിലെ കൽപ്പറ്റ, മാനന്ത വാടി, എടയ്ക്കൽ, സുൽത്താൻ ബത്തേരി തുടങ്ങിയ സ്ഥലങ്ങളിലെല്ലാം ജൈനവസ്തികൾ ഇന്നും സ്ഥിതിചെയ്യുന്നു. കൊടുങ്ങല്ലൂരിനടുത്തുള്ള തൃക്കണാമതിലകം ഒരു കാലത്ത് ജൈനസങ്കേതമായിരുന്നു എന്നതിന് തെളിവുകളുണ്ട്.

ഒരു സഹസ്രാബ്ദത്തിലേറെക്കാലം കേരളീയ ജീവിതത്തേയും ചിന്തയേയും, സ്വാധീനിച്ച ബൗദ്ധ-ജൈനമതങ്ങൾ നൽകിയിട്ടുള്ള സംഭാവനകൾ വിലപ്പെട്ടവയാണ്. സാമൂഹ്യ ഉൽക്കർഷത്തിനും, കാർഷിക പരിഷ്ക്കരണത്തിനും, സാമ്പത്തിക നേട്ടത്തിനും ഇവ അതീവ സഹായകമായിരുന്നിട്ടുണ്ട്. എന്നാൽ ആറാം നൂറ്റാണ്ടോടുകൂടി കുറേശ്ശെ കുറേശ്ശെയായി സംക്രമിച്ച ബ്രാഹ്മണ അധിനിവേശം കാലക്രമത്തിൽ ശക്തിയാർജ്ജിക്കുകയും, ശ്രീ ശങ്കരാചാര്യരുടെ ദിഗ്വിജയത്തോടുകൂടി സർവ്വാധിപത്യത്തിലേക്ക് വളരുകയും ചെയ്തു. അതിന്റെ പ്രത്യാഘാതമായിട്ടാണ് സമത്വ-സാഹോദര്യത്തിന്റെ ജൈന-ബൗദ്ധ പ്രസ്ഥാനങ്ങൾ തകർക്കപ്പെട്ടതും, ജാതിരഹിത ചെറുമർ സമൂഹം പലപല തട്ടുകളായി തൊഴിൽ അടിസ്ഥാനത്തിൽ ജാതീയമായി തരംതിരിക്കപ്പെട്ടതും. അന്ന് സുസ്ഥാപിതമായ ജാതി- ജൻമി-ഗ്രാമ സംവിധാനങ്ങൾ അനക്കം തട്ടാതെ ഈ നൂറ്റാണ്ടാരംഭം വരെ നിലനിന്നു പോന്നുവെന്ന അൽഭുതകരമായ സ്ഥിതിയാണ് നാം 9-ാം നൂറ്റാണ്ടു മുതൽ കാണേണ്ടതായി വരുന്നത്.

## <u>നമ്പൂതിരിമാർ.</u>

ലോകചരിത്രത്തിൽ ഒരു സമൂഹത്തിലും ദർശിക്കാൻ സാധിക്കാത്ത ഒരൽഭുത പ്രതിഭാസമാണ് കേരളത്തിലെ നമ്പൂതിരി സമുദായം. ഇന്ന് വിശ്വസിക്കുവാനോ, മറ്റുള്ളവരെ വിശ്വസിപ്പിക്കുവാനോ സാധിക്കാത്ത വിധം വിസ്മയജന്യമാണ് കേരളത്തിൽ നമ്പൂതിരിമാർക്കുണ്ടായിരുന്ന സ്ഥാനമാനങ്ങളും അധികാരാവകാശങ്ങളും. എ.ഡി. ആറാം നൂറ്റാണ്ടാരംഭത്തിനു മുമ്പുതന്നെ ബ്രാഹ്മണ അധിനിവേശം കേരളത്തിൽ ഉണ്ടായിട്ടുണ്ട്. പട്ടർ ബ്രാഹ്മണൻമാർ, എന്ന് വിളിച്ചുപോരുന്ന തമിഴ് ബ്രാഹ്മണൻമാരും, എമ്പ്രാന്തിരിമാർ എന്ന് പറയുന്ന കർണ്ണാടക ബ്രാഹ്മണൻമാരും അവരുടെ അധിവാസകേന്ദ്രങ്ങളായ ഗ്രാമങ്ങളും തമിഴ്നാട്, കർണ്ണാടക അതിർത്തി ജില്ലകളിൽ ഇന്നും കാണാവുന്നതാണ്. കാസർകോട്, മംഗലാപുരം, ചിറ്റൂർ, പാലക്കാട്, ആലത്തൂർ തുടങ്ങി തിരുവനന്തപുരം വരെയുള്ള അതിർത്തി പ്രദേശങ്ങളിലൊക്കെ ധാരാളമായി അധിവസിക്കുന്ന ഇവർ ബ്രാഹ്മണൻമാരാണെങ്കിലും അവർക്ക് നമ്പൂതിരിമാരെപ്പോലെ സംപൂജ്യതയോ, ജൻമിത്വമോ അവകാശപ്പെടുവാൻ സാധിക്കുകയില്ല. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ കാണുന്ന ബ്രാഹ്മണ സമൂഹത്തിൽ നിന്നും വേറിട്ടു നിൽക്കുന്നവരാണ് കേരളത്തിലെ നമ്പൂതിരിമാർ.

മുമ്പേ സൂചിപ്പിച്ചതുപോലെ പല കാലങ്ങളിലായി കേരളത്തിലേക്ക് കടന്നുവന്നിട്ടുള്ള ബ്രാഹ്മണ സമൂഹങ്ങളിൽ നിന്നും വ്യത്യസ്ഥമായ പ്രത്യേകതകൾ ഉള്ളവരായിരുന്നു എട്ടാം നൂറ്റാണ്ടാരംഭത്തിൽ കാശ്മീർ ഭരണാധിപനായിരുന്ന ലളിതാദിത്യനാൽ നിയോഗിക്കപ്പെട്ട വൈദിക ബ്രാഹ്മണർ. അവർ കന്യാകുമാരി മുതൽ ഗോകർണ്ണം വരെ 64 ക്ഷേത്രങ്ങളും, അതിനോടനുബന്ധിച്ച ഗ്രാമ സംവിധാനങ്ങളും ഉണ്ടാക്കിയെന്നാണ് രാജതരംഗിണിയിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്.6. ഈ വൈദിക ശ്രേഷ്ഠൻമാരോട് ഒപ്പമുണ്ടായിരുന്നവരും, ഇവിടെയെത്തി അവരോടൊപ്പം കൂട്ടു ചേർന്നവരും ആണ് നമ്പൂതിരിമാരായി പരിണമിച്ചവർ. അവർ ഇവിടെ ആക്രമിച്ച് കീഴടക്കുകയോ, ആൾബലത്തിന്റെ സംഘടിത ശക്തികൊണ്ട് ആധിപത്യം നേടുകയോ ചെയ്തതല്ല. ആത്മീയ തേജസ്സും, ധൈഷണിക വ്യാപനവുംകൊണ്ട്, അന്നത്തെ വന്യ ഗോത്രങ്ങളുടെ മേൽ ബുദ്ധിപരമായ നേതൃത്വം സുസ്ഥാപിതമാക്കുകയാണുണ്ടായത്. കാലചംക്രമണത്തെപ്പറ്റിയുള്ള അറിവും, പൂജകർമ്മാദികൾ നടത്തുവാനുള്ള പരിചയവും, മന്ത്രങ്ങളും ജപവും നടത്തി അൽഭുതങ്ങൾ കാണിക്കുവാനുള്ള ശക്തിയും ഇവരെ അമാനുഷ പ്രതിഭകളായി അംഗീകരിക്കുവാൻ ജനങ്ങൾ പ്രേരിതരായി. പ്രാകൃത-വന്യഗോത്രവർഗ്ഗങ്ങളുടെ മേൽ ദിവ്യമായ ആത്മീയ നേതൃത്വം കൈവന്നപ്പോൾ ഈ അൽഭുതസിദ്ധികളെ പുണ്യവാൻമാരും, ദൈവികപ്രീതിയുള്ളവരുമായി കരുതുവാൻ ജനങ്ങൾ തയ്യാറായി.

മുമ്പേ പ്രസ്താവിച്ചതുപോലെ ശക്തമായ ഭരണ സംവിധാനമോ, വ്യവസ്ഥാപിതമായ സാമൂഹ്യക്രമമോ, ഇല്ലാതിരുന്ന പ്രാകൃത സമൂഹത്തിൽ ചിട്ടയോടുകൂടിയ കാർഷിക വ്യാപനങ്ങളും അജ്ഞാതമായിരുന്നു. ഇത്തരം സ്ഥിതിഗതികൾ ബുദ്ധിമാൻമാരായ ഈ വൈദിക ബ്രാഹ്മണർ

ബോധപൂർവ്വം ചൂഷണം ചെയ്യുകയാണുണ്ടായത്. കൂട്ടംകൂടി ഒന്നോ രണ്ടോ ഇടങ്ങളിൽ പാർപ്പുറപ്പിക്കുന്നതിനു പകരം ഒറ്റയൊറ്റയായ ഗ്രാമ സംവിധാനങ്ങളും, കൃഷിയിടങ്ങളും, പ്രാർത്ഥനാലയങ്ങളും സ്വന്തമായി ഉണ്ടാക്കുകയാണവർ ചെയ്തത്. കാടുവെട്ടിച്ച് നിലം ഉഴുവിച്ച് കൃഷിയിടങ്ങൾ ഉണ്ടാക്കുവാനുള്ള നേതൃത്വം നൽകിയ ഇവർ പാർപ്പിട സംവിധാനങ്ങളോടൊപ്പം പ്രാർത്ഥനാലയങ്ങളും പണികഴിപ്പിച്ചു. ഒരു ദേശത്തിന് ആവശ്യമായ തൊഴിൽ, കരകൗശലവിദ്യകൾ വിദഗ്ദ്ധമായി നടത്തുവാൻ കഴിവുള്ളവരേയും, സ്ഥലത്തിൻെറ വിസ്തീർണ്ണമനുസരിച്ച് കൃഷിയിറക്കുവാനും, കാർഷികവൃത്തി നടത്തുവാനും സാധിക്കുന്നവരേയും, കണിശാൻ മുതൽ ക്ഷൗരക്കാരൻ വരെയുള്ള വ്യക്തികളേയും, പുതുതായുണ്ടാക്കിയ ഗ്രാമ സംവിധാനത്തിൽ ആവശ്യമായിരുന്നു. ഓരോ സ്ഥലത്തും പ്രത്യേക തൊഴിലുകൾ ചെയ്യുവാൻ ശീലിച്ചിട്ടുള്ളവരെ ആവശ്യത്തിന് മാത്രം കുടിയിരുത്തുക എന്ന സമ്പ്രദായമാണ് ആവിഷ്ക്കരിച്ചിരുന്നത്.



നമ്പൂതിരി ഗുരുവും ശിഷ്യൻമാരും - 70 വർഷങ്ങൾക്ക് മുമ്പ്

അങ്ങനെ പുതുതായി ആവിർഭവിക്കുന്ന കൃഷിയിടങ്ങളുടെ ജൻമാവകാശം നമ്പൂതിരിമാരിൽ അർപ്പിതമായി. പഞ്ചാംഗവിജ്ഞാനവും, കാലവർഷഗണന, പിഴക്കാതെ നടത്തുവാനുള്ള മേധാശക്തിയും അവരാൽ സൃഷ്ടിതമായിരുന്ന അമ്പലദൈവങ്ങളുടെ സാമീപ്യവും ഒക്കെയാണ് നമ്പൂതിരിയെ സംപൂജ്യനും അതിശ്രേഷ്ഠനുമായി സമൂഹത്തിൻെറ ഔന്നത്യവേദിയിൽ പ്രതിഷ്ഠിച്ചത്.

ജൻമിത്വവും, പൗരോഹിത്യവും ഒന്നിച്ച് അവരിൽ അർപ്പിതമായപ്പോൾ ഭൗതികവും ആത്മീയവുമായ നേതൃത്വം ആരാലും ചോദ്യം ചെയ്യപ്പെടാതെ ദൈവിക പ്രതിനിധികളായ ഇവരിൽ സുസ്ഥിരമായി. നമ്പൂതിരിയെ കാണുമ്പോൾ സ്ത്രീ-പുരുഷഭേദമെന്യേ ബഹുമാനസൂചകമായി മേൽമുണ്ട് ധരിച്ചിട്ടുണ്ടെങ്കിൽ അത് മാറ്റണമായിരുന്നു.7. അവർ മക്കത്തായമാണ് അനുഷ്ഠിച്ചു പോന്നിരുന്നത്. എന്നാൽ തറവാട്ടിലെ മൂത്തമകൻ മാത്രമേ നമ്പൂതിരി സ്ത്രീയെ വേളി കഴിക്കുകയുള്ളൂ. മറ്റുള്ള പുത്രൻമാർ അവരുടെ ഇഷ്ടാനുസരണം നായർ സ്ത്രീകളുമായി സംബന്ധം നടത്തുകയായിരുന്നു പതിവ്. ഇത്തരം സംബന്ധത്തിൽ നിന്നും ഉണ്ടാകുന്ന സന്താനങ്ങളുടെ സംരക്ഷണച്ചുമതല നമ്പൂതിരിക്കുണ്ടായതുമില്ല. തൻെറ അന്തിയുറക്കത്തിനും, ലൈംഗിക വേഴ്ചക്കും നായർ നതാംഗികളെ യഥേഷ്ടം ഉപയോഗിച്ചിരുന്ന നമ്പൂതിരിക്ക് ജാത്യാചാരപ്രകാരം നായർ തൊട്ടു കൂടാൻ പാടില്ലാത്തവനാണ്. അതുകൊണ്ടു തന്നെ ഇത്തരം വേഴ്ചയിൽ നിന്നുണ്ടാകുന്ന സന്തതികൾ അസ്പർശ്യരുമാകുന്നു.8. അതേ സമയം നമ്പൂതിരി സ്ത്രീകൾക്ക് അന്യ പുരുഷനെ കാണുവാനോ, സാമൂഹ്യാഘോഷങ്ങളിൽ പങ്കു ചേരുവാനോ കുലധർമ്മം അനുവദിച്ചിരുന്നില്ല. ഭർത്താവിൻെറ മുഖത്തല്ലാതെ മറ്റൊരു പുരുഷനെ നോക്കുന്നതു പോലും അവർക്ക് നിഷിദ്ധമായിരുന്നു.9. ഏത് നായർ ഗൃഹത്തിലും, ഏത് സമയത്തും സ്വതന്ത്രമായി പ്രവേശിക്കുവാനോ, അന്തിയുറങ്ങുവാനോ നമ്പൂതിരിക്കുണ്ടായിരുന്ന അവകാശം ആരും നിഷേധിച്ചിരുന്നില്ലെന്ന് മാത്രമല്ല, അത്തരം മുഹൂർത്തങ്ങൾ മഹാഭാഗ്യമായി പരിഗണിച്ചും പോന്നിരുന്നു. അതേസമയം ഓരോ നമ്പൂതിരി ഇല്ലത്തിലും ഒന്നിൽക്കൂടുതൽ പെൺമക്കളുണ്ടെങ്കിൽ ഒരാളെക്കൂടുതൽ

വേളികഴിച്ചുകൊടുക്കുവാൻ സാധിക്കുമായിരുന്നില്ല. എത്ര വലിയ ജൻമി ആണെങ്കിലും ഭീമമായ സ്ത്രീധനവും, വിവാഹച്ചെലവും നിർവ്വഹിക്കുവാൻ സാധിക്കാതിരുന്നതുകൊണ്ട് ഓരോ ഇല്ലത്തിലും അവിവാഹിതരും, മതിൽക്കെട്ടിനു പുറത്ത് സമ്പർക്കം ഇല്ലാത്തവരുമായ നിത്യകന്യകമാർ നരകിച്ച് ജീവിതം ഒടുക്കിക്കൊണ്ടുമിരുന്നു. മൂത്തമകൻ മാത്രം വിവാഹം കഴിക്കുക എന്ന ജാത്യാചാരത്താൽ ഭർത്താക്കൻമാരെ ലഭിക്കുവാനുള്ള പ്രയാസവും അന്തർജനങ്ങളെ നിത്യകന്യകകളാക്കി മാറ്റി. ബഹുഭാര്യത്വം അനുഷ്ഠിച്ചുപോന്നിരുന്നവരായിരുന്നു നമ്പൂതിരിമാർ.

അങ്ങനെ സാമൂഹ്യവും, ആത്മീയവുമായ നേതൃത്വം ഭൂമിയിൻമേൽ സ്വയംഭൂവായി കരുതിപ്പോന്ന ജൻമാവകാശവും നമ്പൂതിരിയെ മറ്റ് ജനസമൂഹങ്ങളിൽ നിന്നും സവിശേഷതകൾ മാത്രമുള്ള സമൂഹമാക്കി തീർത്തു. അവരാൽ നിയന്ത്രിച്ചും ഭരണം നടത്തിയുംപോന്ന ക്ഷേത്രങ്ങളും അവർക്കുണ്ടായിരുന്ന ദേവസ്വം സ്ഥലങ്ങളും, പവിത്രവും പരിപാവനവുമായ സങ്കേതങ്ങളായി കരുതിപ്പോരുകയും ചെയ്തു. ക്ഷേത്ര സങ്കേതങ്ങളിൽ അഭയം തേടുന്ന ആരേയും പിന്തുടർന്ന് ആക്രമിക്കുവാൻ രാജാക്കൻമാർക്കുപോലും സാധിക്കുമായിരുന്നില്ല. 1503ൽ സാമൂതിരിയുമായുള്ള യുദ്ധത്തിൽ ഏറെ നാശനഷ്ടങ്ങൾ സഹിച്ച കൊച്ചിരാജാവ് എളങ്കുന്നപ്പുഴ ക്ഷേത്രസങ്കേതത്തിൽ അഭയം തേടിയതോടെ, പതിനായിരക്കണക്കിന് സൈനിക ശക്തിയുണ്ടായിരുന്ന സാമൂതിരി കോഴിക്കോട്ടേക്ക് മടങ്ങിപ്പോരേണ്ടതായി വന്നു. ഈ അമ്പലങ്ങളൊക്കെ വലിയ ഭൂസ്വത്തിൻെറ ഉടമകളുമായിരുന്നു. അമ്പലരാജ്യങ്ങൾ എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഇത്തരം ദേവസ്ഥാനങ്ങളുടേയും അധിപതി നമ്പൂതിരി തന്നെയായിരുന്നു. ജാതിശ്രേണിയുടെ ഔന്നത്യവും ഭൂമിയിൻമേലുള്ള ജൻമാവകാശവും, യാഗ പൂജാദികളോടുകൂടിയ പൗരോഹിത്യക്രമം നൽകിയ ആത്മീയ നേതൃത്വവും നമ്പൂതിരിയെ ശ്രേഷ്ഠനും, സംപൂജ്യനും ആക്കിതീർത്തു. കേരളത്തിൽ തമിഴ്-കർണ്ണാടക ബ്രാഹ്മണർമാർ നമ്പൂതിരിമാരേക്കാൾ എണ്ണത്തിൽ കൂടുതലായിരു ന്നിട്ടുകൂടി നമ്പൂതിരി അനുഭവിച്ചിരുന്ന ജൻമിത്വമോ, ദിവ്യത്വമോ ഉണ്ടായിരുന്നില്ലെന്നത് നമ്മുടെ സാമൂഹ്യപരിണാമ പ്രക്രിയയിലേക്ക് വിരൽചൂണ്ടുന്നതാണ്.

തൊട്ടുകൂടായ്മയും, തീണ്ടിക്കൂടായ്മയും ഓരോ ജാതി വിഭാഗത്തെക്കൊണ്ടും നിഷ്കൃഷ്ടമായി അനുഷ്ഠിപ്പിച്ചു പോരുവാൻ അവർക്ക് കഴിഞ്ഞുവെന്നതും ഈ വക സാമൂഹ്യ വൈകൃതങ്ങളത്രയും, ജാത്യാചാരമായും, . ദൈവകൽപ്പിതമായും വിശ്വസിക്കുവാനും, അനുഷ്ഠിക്കുവാനും ഇവിടത്തെ എല്ലാ വിഭാഗം ജനങ്ങളും തയ്യാറായിരുന്നു എന്നതും, ഈ സ്ഥിതി ഒരു സഹസ്രാബ്ദത്തോളം യാതൊരുവക നീക്കുപോക്കുമില്ലാതെ ഈ നാട്ടിൽ തുടർന്നു പോന്നിരുന്നുവെന്നതും വിസ്മയജന്യമാണ്. ഓരോ ജാതിക്കും ക്ലിപ്തമായ ദൂരത്തിൽ മാത്രമേ മേൽജാതിക്കാരെ സമീപിക്കുവാൻ സാധിക്കുമായിരുന്നുള്ളൂ. തീയ്യപ്പാട്, ചെറുമപ്പാട് എന്നി പ്രയോഗങ്ങൾ തീയ്യനോ, ചെറുമനോ പുലർത്തിപ്പോരേണ്ട അകലത്തെ സൂചിപ്പിക്കുന്നവയായിരുന്നു. നായാടി 72 അടിയും, പുലയൻ 64 അടിയും, കണിയാൻ 36 അടിയും, മുക്കുവൻ 24 അടിയും, ഈഴുവൻ 18 അടിയും ദൂരെ നിന്നു മാത്രമേ സവർണ്ണജാതിക്കാരെ കാണുവാൻ സാധിക്കുമായിരുന്നുള്ളൂ.10. ഈ കൽപ്പിതമായ അകലം മനഃപ്പൂർവ്വം ലംഘിക്കുന്ന ഏത് താഴ്ന്ന ജാതിക്കാരനേയും ശിക്ഷാഭയം കൂടാതെ നായർ യോദ്ധാക്കൾക്ക് വധിക്കാമായിരുന്നു.11. ഈഴവൻ തുടങ്ങി താഴെയുള്ള ജാതികളൊക്കെ അധഃസ്ഥിതരും, താണജാതിക്കാരുമായിരുന്നു. ഇത്തരം നീച ജാതിക്കാർ കണ്ണിൽപ്പെട്ടാൽ പോലും നമ്പൂതിരിയും നായരും അശുദ്ധി കൽപ്പിച്ചിരുന്നു. തൻമൂലം പൊതുനിരത്തുകളിലോ, ക്ഷേത്രപരിസരത്തോ, സാമൂഹ്യാഘോഷങ്ങളിലോ പങ്കു ചേരുവാനും ഇവർക്കാർക്കും അർഹതയുണ്ടായിരുന്നില്ല. 1908ൽ മലബാർ ഗസറ്റിയർ തയ്യാറാക്കിയ സി.എ. ഇന്നിസ് എഴുതുന്നത്, "ഇപ്പോൾപോലും ഉയർന്ന ജാതിക്കാർ വഴിയെ പോകുമ്പോൾ 'പോ', പോ' എന്ന് ഒച്ചയിട്ടുകൊണ്ടാണ് നടക്കുന്നത്. ഈ ശബ്ദം കേട്ടാൽ താഴ്ന്ന ജാതിക്കാർ ഓടി ദൂരെ മാറി പതുങ്ങി നിൽക്കുകയും ചെയ്യുന്നു."12. മേൽ ജാതിക്കാരുടെ കണ്ണിൽപ്പെടാതിരിക്കുന്നതിനായി കാടുകളിലൂടേയും, ആറുകൾ നീന്തിക്കടന്നും, ഭയചകിതരായിട്ടായിരുന്നു അധഃകൃതവർഗ്ഗത്തിൽപ്പെട്ടവർ യാത്ര ചെയ്തിരുന്നത്. എന്നാൽ ഈ ഹീനജാതിക്കാരിൽ ആരെങ്കിലും ക്രിസ്ത്യാനിയോ, മുസ്ലിമോ ആകുന്നുവെങ്കിൽ അവരുടെ ഐത്തം ഇല്ലാതാവുകയും മുസ്ലിമിനോടും, ക്രിസ്ത്യാനികളോടും പെരുമാറുന്ന അതേരീതിയിൽ സവർണ്ണർ അവരോട് സഹിഷ്ണുത കാണിക്കുകയും ചെയ്തിരുന്നു.13.

## *ഇതര ജാതിവിഭാഗങ്ങൾ*

ജാതിശ്രേണിയിൽ നമ്പൂതിരിയുടെ നേരെ താഴെ ഉണ്ടായിരുന്നവർ ക്ഷത്രിയരും, അവരുമായി ഏറെ വ്യത്യാസമില്ലാതിരുന്ന സാമന്തൻമാരുമായിരുന്നു. ഇവർ എണ്ണത്തിൽ വളരെ കുറവായിരുന്നുവെങ്കിലും രാജാക്കൻമാരും നാടുവാഴികളും ഇവരിൽപ്പെട്ടവരായിരുന്നു. ക്ഷത്രിയർ പൂണൂൽ ധരിച്ചിരുന്നുവെങ്കിൽ സാമന്തജാതിയിൽപ്പെട്ടവർ പൂണൂൽ ധാരികളായിരുന്നില്ല എന്ന വ്യത്യാസമുണ്ട്. 1792-93ലെ മലബാർ ജോയിൻെറ് കമ്മീഷണർമാരുടെ റിപ്പോർട്ടിൽ പറയുന്നത്, സാമൂതിരിയും ചിറക്കൽ രാജാക്കൻമാരും ഒഴികെ മറ്റുള്ള രാജാക്കൻമാർ എല്ലാം തന്നെ ക്ഷത്രിയരാണ്. ആദ്യത്തെ കൂട്ടർ സാമന്തജാതിയിൽപ്പെട്ടവരും,14. നായൻമാരേക്കാൾ അൽപ്പം മുന്തിയവരുമായിരുന്നു സാമന്തൻമാർ. ഈ ക്ഷത്രിയ രാജാക്കൻമാർ അവരുടെ പേരോടൊപ്പം കോയിലധികാരി, കോയിൽപണ്ടാല, തമ്പാൻ, തമ്പുരാൻ, തിരുമുൽപ്പാട് എന്നീ സ്ഥാനപ്പേരുകൾ നിലനിർത്തിപ്പോന്നിരുന്നു. മരുമക്കത്തായമാണ് ഇവർ പുലർത്തിപ്പോന്നിരുന്നത്. നമ്പൂതിരിമാരുമായോ, മറ്റ് ക്ഷത്രിയരുമായോ വിവാഹത്തിൽ ഏർപ്പെടാമെന്നല്ലാതെ നായൻമാരെ ഭർത്താക്കൻമാരായി സ്വീകരിക്കുവാൻ ഇവർക്ക്

കഴിയുമായിരുന്നില്ല. തൻമൂലം ഭർത്താക്കൻമാരെ കിട്ടുവാനുള്ള പ്രയാസത്താൽ ക്ഷത്രിയ കുടുംബങ്ങളിൽ നമ്പൂതിരിമാരുടേതുപോലെ നിത്യകന്യകകളായി ജീവിച്ചുമരിച്ചിരുന്ന ധാരാളം പേരുണ്ടായിരുന്നു. ഇവർ ജനസംഖ്യയിൽ വളരെ കുറച്ച് മാത്രമേയുള്ളൂ. 1961-ൽ കുമാരപ്പിള്ള കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിക്കുമ്പോൾ ഈ വിഭാഗത്തിൽപ്പെട്ടവർ കേരളത്തിൽ 12,721 മാത്രമായിരുന്നു.15. ഇവർ വിദ്യാസമ്പന്നരും ജ്ഞാനദാഹികളുമായിരുന്നു. വളരെ പണ്ഡിതൻമാർ ഇവരിൽ നിന്നുണ്ടായിട്ടുണ്ട്.


ക്ഷത്രിയ ജാതിയിൽ താഴെയും നായൻമാരെക്കാൾ മേൽത്തട്ടിലും ഉള്ളവരായിരുന്നു സാമന്തൻമാർ. സാമൂതിരിയും, ചിറക്കൽ രാജാക്കൻമാരും ഈ വിഭാഗത്തിൽപ്പെട്ടവരായിരുന്നു. ഏറാടി, വെള്ളോടി, നെടുങ്ങാടി, കിടാവ്, അടിയോടി, പണ്ടാല, എന്നീ ഉപജാതികളൊക്കെ സാമന്തൻമാരിൽപ്പെട്ടവരാണ്. ഇവരത്രയും മരുമക്കത്തായമാണ് അനുഷ്ഠിച്ചുപോന്നിരുന്നത്. അമ്മാവന്റെ സ്വത്തിന്റെ അവകാശികളായിരുന്നു മരുമക്കൾ. സ്വന്തം പിതാവിന്റെ സ്വത്തിന് ഇവർക്കാർക്കും അവകാശമുണ്ടായിരുന്നില്ല. കുമാരപിള്ള കമ്മീഷനെടുത്ത കണക്ക് പ്രകാരം 1961ൽ കേരളത്തിൽ ഇവരുടെ ജനസംഖ്യ 9,163 മാത്രമാണ്.17. നമ്പൂതിരിമാർ ഇവരുമായി ഐത്തം പുലർത്തിപ്പോന്നിരുന്നവരുമായിരുന്നു.

നമ്പൂതിരിക്ക് താഴെയും, നായർക്ക് മുകളിലുമായി ഇടമദ്ധ്യത്തിലുള്ള മറ്റൊരു വിഭാഗമായിരുന്നു അമ്പലവാസികൾ അഥവ അന്തരാള ജാതികൾ. ഈ ഇനത്തിൽപ്പെട്ടവരാണ് പൊതുവാൾ, ഉണ്ണി, നമ്പി, വാര്യർ, പിഷാരടി, പുഷ്പകൻ, നമ്പിടി, ചാക്യാർ, അടികൾ, കല്ലാട്ട്കുറുപ്പ്, പൂജാരി തുടങ്ങിയവർ. അമ്പലങ്ങളിലെ ജോലിയുമായി ബന്ധപ്പെട്ടവരായതിനാലാണ് അമ്പലവാസികൾ എന്ന് വിളിച്ചുപോന്നത്. നമ്പൂതിരിമാർ ഇവരുമായി മിശ്രഭോജനം നടത്താറില്ല. നായൻമാരെക്കാൾ ഉയർന്ന ജാതിയിൽപ്പെട്ടവരാണെങ്കിലും, നായൻമാരുമായി കൂടി കഴിയുന്നവരും ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നവരുമാണ്. ഇവരിൽ തന്നെ പൂണൂൽ ധാരികളും അല്ലാത്തവരുമുണ്ട്. 1961ലെ കണക്കനുസരിച്ച് 54,149 ആണ് ഇവരുടെ അംഗസംഖ്യ.18.

അമ്പലവാസികളിൽ ധാരാളം സംസ്കൃതപണ്ഡിതൻമാരുണ്ടായിരുന്നു. ഗണിത ശാസ്ത്രത്തിലും, ആയുർവേദത്തിലും നൈപുണ്യം നേടിയ പല കുടുംബങ്ങളും ഇവരിലുണ്ട്. കലാ-സാംസ്കാരിക രംഗങ്ങളിൽ ഇവരുടെ സംഭാവന വിലപ്പെട്ടതാണ്.

## *നായൻമാർ*

കേരളത്തിലെ ഹൈന്ദവ സമൂഹത്തിൽ ഏറ്റവും പ്രബലമായ ജാതിയാണ് നായൻമാരുടേത്. 19-ാം നൂറ്റാണ്ടാരംഭം വരെ കേരളത്തിൽ ക്രമസമാധാനപാലനവും, സൈനിക പ്രവർത്തനവും നായൻമാരുടെ ചുമതലയിലായിരുന്നു. ഓരോ രാജാവിന്റേയും, ഇടപ്രഭുവിന്റേയും സേവകരായി നായർ പട്ടാളക്കാർ അധികാരം കൈയ്യാളിയിരുന്നു. യോദ്ധാക്കളുടെ സമുദായമായിട്ടാണ് ഇവരെ കണക്കാക്കിയിരുന്നത്. ഡോ. ബുക്കാനൻ പറയുന്നത്, ജൻമനാ തന്നെ യോദ്ധാക്കളാണ് തങ്ങളെന്ന് ഇവർ അവകാശപ്പെടാറുണ്ടായിരുന്നു എന്നാണ്.19. തന്റെ യജമാനൻമാർക്കുവേണ്ടി ജീവത്യാഗം ചെയ്യുവാൻ സന്നദ്ധതയുള്ളവരായിരുന്നു നായർ യോദ്ധാക്കൾ. കായികാഭ്യാസവും, യുദ്ധപരിശീലനവും നേടുവാൻ ഏഴ് വയസ്സ് മുതൽ നായർ ബാലൻമാരെ കളരികളിൽ അയക്കുമായിരുന്നു. വാൾ, പരിച, കുന്തം, അമ്പ്, വില്ല് തുടങ്ങിയ ആയുധങ്ങൾ പ്രയോഗിക്കുവാൻ പഠിക്കുന്നതിനുപുറമേ, വളയാനും, തിരിയാനും, ശാരീരികാഭ്യാസങ്ങൾ കാണിക്കുവാനുള്ള മെയ് വഴക്കവും അവർ പരിശീലിക്കുന്നു. കളരിയിൽ നിന്നും പുറത്തിറങ്ങിയാൽ ഏതെങ്കിലും നാടുവാഴിയുടെയോ, ഇടപ്രഭുവിന്റെയോ കീഴിൽ സൈനിക സേവനത്തിന് നിയോഗിക്കപ്പെടുന്നു. പല ചരിത്രകാരൻമാരും, നായർ പടയാളികൾ കേരള സമൂഹത്തിലനുഭവിച്ചു പോന്ന അനിയന്ത്രിതമായ അവകാശങ്ങളെ പെരുപ്പിച്ച് എഴുതിയിട്ടുള്ളവരാണ്. ഒരു പക്ഷേ 16-ാം നൂറ്റാണ്ടിലെ പോർച്ചുഗീസ് സഞ്ചാരിയും, ഉദ്യോഗസ്ഥനുമായ ഡുറാത്ത ബർബോസയായിരിക്കും നായർ പടയാളികളെക്കുറിച്ച് വിശദമായി പരാമർശിച്ച ആദ്യത്തെ യൂറോപ്യൻ. അദ്ദേഹമെഴുതി, "നായൻമാർ ഈ രാജ്യത്തിലെ കുലീന ജാതിയാണ്. യുദ്ധം ചെയ്യുകയെന്നതല്ലാതെ മറ്റൊരു തൊഴിലും അവർക്ക് വശമില്ല. സദാസമയവും ആയുധങ്ങൾ ധരിച്ചുകൊണ്ടാണ് അവർ നടക്കുക പതിവ്. വാൾ, അമ്പ്, വില്ല്, പരിച, കുന്തം തുടങ്ങിയവയാണ് ഇവരുടെ ആയുധങ്ങൾ"21. കളരികളിൽ നിന്നും 18 അടവും തടയും പഠിച്ച് പുറത്തിറങ്ങുന്ന ഉദ്ധതനായ നായർ യോദ്ധാവിനെ ചൂണ്ടി ബുക്കാനൻ പറയുന്നത് കൂടി ശ്രദ്ധിക്കുക. "നായൻമാർ ജൻമനാ തന്നെ യോദ്ധാക്കളാണെന്ന് അവകാശപ്പെടുന്നു. തൻമൂലം മറ്റ് ജോലികളൊക്കെ അവർക്ക് പുച്ഛമാണ്. അവരുടെ പ്രധാന രസം സർവ്വായുധധാരികളായി വഴികളിൽ കൂടി അങ്ങോട്ടും ഇങ്ങോട്ടും പ്രൗഢിയോട് കൂടി സഞ്ചരിക്കുകയത്രെ. ഓരോ പടയാളിയുടെ പക്കലും ഒരു നാടൻ തോക്കും, ഒരു വാളും ഉണ്ടായിരിക്കുക സാധാരണയാണ്. എന്നാൽ അമിതമായ ധൈര്യമുണ്ടെന്നവകാശപ്പെടുന്ന സാഹസികരായ ചിലർ രണ്ട് വാളേന്തിക്കൊണ്ടാണ് നടപ്പ്. എല്ലാ ആളുകളും ഇങ്ങനെ ഊരിപ്പിടിച്ച വാളുമായി സഞ്ചരിക്കുന്നത് കൊണ്ട് കൊലപാതകങ്ങൾ സാധാരണ സംഭവമാണ്." മറ്റൊരു രസകരമായ വിവരണം, മലബാർ കമ്മീഷണറൻമാരിലൊരാളായ ജൊനാതൻ ഡങ്കന്റേതാണ്. അദ്ദേഹമെഴുതി, "മറ്റുള്ള രാജ്യങ്ങളിലെ ജനങ്ങൾ നടക്കാൻ പോകുമ്പോൾ കൈയ്യിൽ വടിയോ, ചൂരലോ ഉപയോഗിക്കുന്നതുപോലെ, അനായാസമായിട്ടാണ് നായർ യോദ്ധാക്കൾ ഊരിയ തിളങ്ങുന്ന വാളും ചുഴറ്റി നടക്കുന്നത്. വേറെ ചിലരാകട്ടെ വാൾ അവ




കൊച്ചി രാജാവും നായർയോദ്ധാക്കളും
16-ാം നൂറ്റാണ്ടിലെ ഡച്ച് ചിത്രം കെ.പി. പത്മനാഭമേനോൻ, കേരളചരിത്രം ഒന്നാം വാല്യത്തിൽ 499-ാം പേജിൽ ചേർത്തിട്ടുള്ളത്

രുടെ അരക്കെട്ടിലുള്ള ബെൽറ്റിൽ ഘടിപ്പിച്ചാണ് ഇട്ടിരിക്കുന്നത്. അവയാകട്ടെ മേലോട്ട് തോളിന്റെ ഉയരത്തിൽ തിളക്കത്തോടുകൂടി ഉയർത്തിയിരിക്കുന്നത് ഞാൻ ധാരാളം കണ്ടിട്ടുണ്ട്."22. വാളും ചുഴറ്റി ഘനഗഭീര്യത്തോടുകൂടി നടക്കുന്ന ഉദ്ധതനായ നായർ പടയാളിയുടെ ധിക്കാര സ്വഭാവമാണ് ഈ ചിത്രത്തിൽ നാം ദർശിക്കുന്നത്. പക്ഷേ ഇതിനൊരു മറുവശമുണ്ട്. ഏതവസരത്തിലും താൻ ആക്രമിക്കപ്പെടുമെന്നും അപകടം പതിയിരിക്കുന്നുമെന്നുമുള്ള ഭീതി നിരന്തരം പീഢിപ്പിച്ചിരിക്കണമെന്ന സംഗതിയാണ് ഇത് സൂചിപ്പിക്കുന്നത്. ജീവൻ കൊണ്ടുള്ള ഒരു പന്താട്ടമായിരുന്നു അയാളുടെ ജീവിതം. തന്റെ യജമാനന്റെ മാനം രക്ഷിക്കുവാനും ദേശത്തിന്റെ ആചാരങ്ങൾ നിർവിഘ്നം നടത്തുന്നതിനും വേണ്ടിയായിരുന്നു ജീവാർപ്പണം പോലും നടത്തുവാൻ തയ്യാറായിരുന്ന നായർ യോദ്ധാക്കൾ. "മലയാളക്കരയിലെ സേനാനികളാണ് നായൻമാർ. നമ്പൂതിരിമാരുടെ നിർദ്ദേശത്തിൻകീഴിലും, രാജാക്കൻമാരുടെ അധികാരത്തിൻകീഴിലും



നായർ സ്ത്രീകൾ അൻപത് വർഷങ്ങൾക്ക് മുൻപ്



നായർ സ്ത്രീകൾ (Upper Class) അറുപത് വർഷങ്ങൾക്ക് മുൻപ്



നായർ പുരുഷൻമാർ അൻപത് വർഷങ്ങൾക്ക് മുൻപ്

ഇവർ കഴിഞ്ഞുവരുന്നു. അവരുടെ പ്രധാന സുഖം ആയുധപ്രയോഗത്തിലാണ്. തുറന്ന യുദ്ധത്തിനേക്കാളേറെ കൊലപാതകങ്ങൾ നടത്തുവനാണ് അവരുടെ പ്രധാന വാസന. മേലാളൻമാരോടുള്ള അവരുടെ വിധേയത്വം പരിപൂർണ്ണമാണ്. എന്നാൽ അത്രയും തന്നെ തങ്ങളുടെ കീഴിലുള്ളവരിൽ നിന്നും അവർ വളരെ ശാഠ്യമായി പ്രതിക്ഷിക്കുകയും ചെയ്യുന്നു. തന്നെ അശുദ്ധനാക്കുന്ന തിയ്യനെയോ, മുക്കുവനെയോ ഉടനടി ശിരച്ഛേദം ചെയ്യുവാനുള്ള അധികാരം അയാൾക്കുണ്ട്. അതുപോലെ തന്നെ തൻെറ യാത്രയിൽ വഴിമാറിതരാത്ത അടിമകളേയും താണജാതിക്കാരേയും അയാൾ നിർദാക്ഷിണ്യം വകവരുത്തുക സാധാരണയാണ്"23. ഇതിൽ നിന്നും വ്യക്തമാകുന്ന കാര്യം തങ്ങളുടെ അവകാശങ്ങൾ ലംഘിക്കപ്പെടാതിരിക്കുവാനുള്ള ആകാംക്ഷയും ശത്രുക്കളുടെ കെണിയിൽ നിന്നും രക്ഷ നേടാനുള്ള വ്യഗ്രതയും ഓരോ നിമിഷവും നായർ യോദ്ധാക്കളെ അലട്ടിക്കൊണ്ടിരുന്നു എന്നതാണ്. തിയ്യപ്പാടും, ചെറുമപ്പാടും ഉണ്ടായിരുന്ന സന്ദർഭത്തിൽ അത് അനുസരിക്കാത്തവരെ ശിക്ഷിക്കേണ്ട കർത്തവ്യം നായർ യോദ്ധാവിൽ അധിഷ്ഠിതമായിരുന്നു. നിയമം അനുഷ്ഠിക്കാത്തവരെ ശിക്ഷിക്കേണ്ടത് നിയമപാലകരുടെ കർത്തവ്യമാണല്ലോ.

നായൻമാർ അധിവസിച്ചിരുന്ന സ്ഥലത്തിന് തറ എന്നാണ് പറഞ്ഞിരുന്നത്. കൂട്ടുകുടുംബമായി കഴിഞ്ഞിരുന്ന അവരുടെ മേൽക്കോയ്മ കുടുംബത്തിലെ കാരണവർക്കായിരുന്നു. ഇത്തരം കാരണവൻമാർ കൂട്ടമായിട്ടാണ് ഓരോ തറയിലേയും വ്യവസ്ഥാപിത ഭരണം നടത്തിക്കൊണ്ടുപ്പോന്നിരുന്നത്. രാജാക്കൻമാരുടേയും ഇടപ്രഭുക്കൻമാരുടേയും സ്വേച്ഛാധിപത്യത്തെ കുറെയൊക്കെ നിയന്ത്രിക്കുവാൻ ഈ തറക്കൂട്ടങ്ങൾക്ക് കഴിഞ്ഞിരുന്നു.24.

നായർ സ്ത്രീ-പുരുഷൻമാർ വൃത്തിയിലും ഭംഗിയിലും നിഷ്ക്കർഷ പരിപാലിച്ചു പോന്നു. മരുമക്കത്തായ സമ്പ്രദായമാണ് നായൻമാർ പുലർത്തിപ്പോന്നിരുന്നത്. ഇതുമൂലം സഹോദരിയുടെ മക്കൾ അമ്മാവൻെറ സ്വത്തിനവകാശികളായിത്തീരുന്നു. ഭർത്താവിന് ഭാര്യയേയും മക്കളേയും പുലർത്തേണ്ട ചുമതല ഉണ്ടായിരുന്നില്ല എന്നതിനാൽ ശരിയായ വിവാഹം അവർക്കന്യമായിരുന്നു. സംബന്ധം എന്ന് പറഞ്ഞുപോന്നിരുന്ന നിയമ സാധുതയില്ലാത്ത സ്ത്രീ-പുരുഷബന്ധമാണ് നിലനിന്നിരുന്നത്. നായർ സ്ത്രീകൾക്ക് ഇഷ്ടാനുസരണം എത്ര പുരുഷൻമാരേയും സ്വീകരിക്കാനും വേണ്ടെന്ന് തോന്നുമ്പോൾ ഉപേക്ഷിക്കുവാനും സ്വാതന്ത്ര്യമുണ്ടായിരുന്നു.25. നായർ വിവാഹ സമ്പ്രദായത്തെ പുരസ്കരിച്ച് ബർബോസ പറയുന്നതിപ്രകാരമാണ്. "സ്ത്രീകളേയും, കുട്ടികളേയും സംരക്ഷിക്കുന്ന വിവാഹം നായൻമാർക്കിടയിലില്ല. സഹോദരികളുടെ പുത്രൻമാരായ മരുമക്കളാണ് അവരുടെ സ്വത്തിനവകാശികൾ. താഴ്ന്ന ജാതിക്കാരെ ഒഴിവാക്കി നായർ, നമ്പൂതിരി കുലത്തിൽപ്പെട്ടവരിൽ എത്രപേരെ വേണമെങ്കിലും നായർ സ്ത്രീകൾക്ക് സ്വീകരിക്കാമായിരുന്നു..................................... ഈ വേഴ്ചയിലുണ്ടാകുന്ന കുട്ടികൾ അമ്മയുടെ ചിലവിൽ കഴിയുന്നു. അമ്മയുടെ സഹോദരൻമാരാണ് ഇവർക്ക് സംരക്ഷണം നൽകുന്നത്. കാരണം അച്ഛൻ ആരാണെന്ന് അവർക്കറിയുകയില്ലല്ലോ"26. ചുരുക്കത്തിൽ ബഹുഭർത്തൃത്വം അംഗീകൃത ആചാരമായിരുന്നു. ഇതിനെചൂണ്ടി ബുക്കാനൻ എഴുതുന്നത്, "ഒരു നായർ സ്ത്രീ അവൾക്ക് നിരവധി പുരുഷൻമാരുമായി ലൈംഗിക വേഴ്ചയുണ്ടെന്ന് പറഞ്ഞാൽ സമൂഹത്തിൽ അവളുടെ പദവിക്കും ഒരു കോട്ടവും ഉണ്ടായിരുന്നില്ലെന്ന് മാത്രമല്ല, അവളുടെ കമിതാക്കളുടെ കൂട്ടത്തിൽ ചില നമ്പൂതിരിമാരും, ഇടപ്രഭുക്കൻമാരും ഉണ്ടെന്ന് വരുന്നത് അവളുടെ പദവിക്ക് പൊലിമ പുലർത്തിയിരുന്നു എന്നാണ്."27. അങ്ങനെ വ്യവസ്ഥാപിതമായ കുടുംബസംവിധാനം നായൻമാർക്കിടയിൽ ഉണ്ടായിരുന്നില്ല.

നായൻമാരിൽ 18 ഉപജാതികൾ ഉണ്ടായിരുന്നു. കേരളത്തിലെ രാഷ്ട്രീയ-സാമൂഹ്യ മണ്ഡലങ്ങളിൽ ഏറെ സ്വാധീനം ചെലുത്തിയ പ്രബല സമുദായമാണ് നായൻമാരുടേത്. ഇന്നും ആൾബലം കൊണ്ടും ഭൗതികനേട്ടങ്ങൾ കൊണ്ടും ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നവരാണ് നായൻമാർ.

## ഈഴുവർ

കേരളത്തിലെ ഹൈന്ദവ വിഭാഗങ്ങളിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജാതിയാണ് ഈഴുവർ അഥവ തിയ്യർ. അയിത്തജാതിക്കാരായിരുന്നു ഇവർ. അദ്ധ്വാനികളായ ഈ പിന്നോക്ക വിഭാഗക്കാർ കർഷകവൃത്തിയും കള്ളുചെത്തുമാണ് കുലത്തൊഴിലായി സ്വീകരിച്ചിരുന്നത്. വടക്കെ മലബാറിൽ ഇവർ മരുമക്കത്തായവും, തെക്കൻ കേരളത്തിൽ മക്കത്തായവുമാണ് പിൻതുടർന്നിരുന്നത്.28. മേൽമുണ്ടിടുവാനോ, പാദുകങ്ങൾ ധരിക്കുവാനോ, കല്ലുകൊണ്ടുള്ള വീടുകൾ കെട്ടുവാനോ ഇവർക്ക് അനുവാദം ഉണ്ടായിരുന്നില്ല.



കയറു പിരക്കുന്ന തിയ്യർ സ്ത്രീകൾ

പൊതുനിരത്തിലോ, ആലോചനകളിലോ അവർക്ക് പ്രവേശനം നിഷേധിച്ചിരുന്നു. തെങ്ങുകൃഷിയും, കള്ള്വാറ്റും പ്രധാന കുലത്തൊഴിലായി സ്വീകരിച്ചിരുന്ന ഇവരിൽനിന്നും ഏണിപ്പണവും, കത്തിക്കാണവും മധ്യകാല കേരളത്തിൽ ഈടാക്കിയിരുന്നതായി കാണുന്നുണ്ട്.29. മധ്യകാലഘട്ടത്തിൽ പ്രസിദ്ധരായ ചില സൈനിക അഭ്യാസികൾ ഇവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. സംസ്കൃതം പഠിക്കുകയും, ആയുർവ്വേദ ചികിൽസയിൽ പ്രാവീണ്യം നേടുകയും ചെയ്തിരുന്നവർ ദുർല്ലഭമായിട്ടെങ്കിലും ഇക്കൂട്ടത്തിലുണ്ടായിരുന്നു. 17-ാം നൂറ്റാണ്ടിൽ കേരളത്തിലെ സസ്യലതാദികളേയും, ഔഷധവൃക്ഷങ്ങളേയും ഒക്കെക്കുറിച്ച് തയ്യാറാക്കിയ ഹോട്ടസ് മലബാറിക്കസ് എന്ന പ്രശസ്ത ഗ്രന്ഥസമുച്ചയത്തിൻെറ ക്രോഡീകരണത്തിൽ ഡച്ച് ഗവർണ്ണറായ വാൻറീഡിൻെറ സഹായികളുടെ കൂട്ടത്തിൽ ഇട്ടിയച്ചൻ എന്ന ഈഴവ വൈദ്യൻെറയും പേര് കാണുന്നുണ്ട്.30. എന്നാൽ ഈ നൂറ്റാണ്ട് ആദ്യത്തിൽപ്പോലും സ്കൂളുകളിലോ, ക്ഷേത്രങ്ങളിലോ പ്രവേശനം നിഷേധിക്കപ്പെട്ടിരുന്ന ഇവർക്ക് സമൂഹത്തിൽ യാതൊരുവക സ്ഥാനമാനങ്ങളോ, ഔദ്യോഗിക പദവികളോ ഉണ്ടായിരുന്നില്ല.31. അർദ്ധപട്ടിണിക്കാരായ ഇവർ പകൽ സമയങ്ങളിൽ കുടിലുകളിൽ കഴിച്ചുകൂട്ടുകയും, രാത്രി കാലങ്ങളിൽ മീൻപിടിക്കാൻ ഇറങ്ങുകയുമായിരുന്നു പതിവ്.

തട്ടാൻ, കൊല്ലൻ, മൂശാരി, ആശാരി എന്നീ ജാതികളെ കമ്മാളൻമാരെന്നാണ് പറഞ്ഞുവന്നിരുന്നത്. തൊഴിലിൻെറ അടിസ്ഥാനത്തിലുള്ള ജാതിസംജ്ഞകളായിരുന്നു ഇവ. സ്വർണ്ണപ്പണിക്കാരനായ തട്ടാനും, ഇരുമ്പ് വേല ചെയ്യുന്ന കൊല്ലനും, ചെമ്പ് പണിക്കാരനായ മൂശാരിയും, മരപ്പണിക്കാരനായ ആശാരിയും ജാതിശ്രേണിയിൽ ഒരേ പദവി ഉണ്ടായിരുന്നവരാണ്. ഒരു വീട്ടിലെ സഹോദരൻമാർക്കെല്ലാവർക്കും കൂടി ഏക ഭാര്യയാണ് സാധാരണ ഉണ്ടാകുക.32.



(1) തിയ്യസ്ത്രീ (2) തോഡസ്ത്രീ (3) ചെറുമസ്ത്രീ (4) തിയ്യസ്ത്രീ



മലബാർ മുക്കുവസ്ത്രീകൾ അൻപത് വർഷങ്ങൾക്ക് മുൻപ്

ചെറുമർ, പുലയർ, പാണർ, പറയർ തുടങ്ങിയുള്ള അധഃകൃതവർഗ്ഗത്തെക്കാൾ ജാതിയിൽ അൽപ്പം മുന്തിയവരായിരുന്നു കണിശാനും, വണ്ണാനും. കേരളത്തിലെ ആദിവാസികളെന്ന് എല്ലാവരും പറഞ്ഞുപോന്നിരുന്ന ചെറുമ വിഭാഗത്തിൽപ്പെട്ട പുലയനും, പറയനുമെല്ലാം എല്ലാവിധ മനുഷ്യാവകാശങ്ങളും നിരസിക്കപ്പെട്ട് മൃഗസമാനമായ ജീവിതമാണ് നയിച്ചിരുന്നത്. പാടത്ത് പണിയെടുത്തിരുന്ന പുലയർ, കൃഷിവരമ്പുകളിലോ, വൃക്ഷക്കൊമ്പുകളിലോ മാടങ്ങൾ വെച്ചു കെട്ടി ജീവിച്ചുപോന്നിരുന്നവരാണ്. കാടുകളിലും, മേ

ടുകളിലുമായി കായ്കനികൾ ശേഖരിച്ച് കഴിഞ്ഞിരുന്നവരാണ് ഇരുളർ, മുഗുഡർ, കുറുമ്പർ, ഉള്ളാടർ, തുടങ്ങിയ നിവധി ഉപജാതികൾ. ദൃഷ്ടിയിൽപ്പെട്ടാൽ പോലും അയിത്തമുള്ളവരായ ഈ നിചജാതിക്കാർക്ക് പൊതുസ്ഥലങ്ങളിലൊന്നും പ്രവേശനം ഉണ്ടായിരുന്നില്ല. അടിമകളായിരുന്ന ഇവരെ വാങ്ങുവാനും, വിൽക്കുവാനും, രക്ഷിക്കുവാനും, ശിക്ഷിക്കുവാനുമുള്ള അധികാരം ഉടമകൾക്കുണ്ടായിരുന്നു. അടിമവ്യാപാരം മധ്യകാലഘട്ടത്തിൽ തകൃതിയായി നടന്നിരുന്നു. 1852ലും, 1855ലും ഇന്ത്യൻ ശിക്ഷാനിയമത്തിൽ 370, 371 വകുപ്പുകൾ ഉൾപ്പെടുത്തി അടിമ സമ്പ്രദായത്തെയും വ്യാപാരത്തേയും ഈസ്റ്റിന്ത്യാ കമ്പനി നിരോധിച്ചു. 1853ൽ തിരുവിതാംകൂറിലും, 1854ൽ കൊച്ചിയിലും അടിമ സമ്പ്രദായം നിർത്തലാക്കി. 1820ൽ വാർഡും, കോണറും നടത്തിയ സർവ്വേയിൽ തിരുവിതാംകൂറിലെ 9,06,587 ജനസംഖ്യയിൽ 98,974 കാർഷിക അടിമകൾ ഉണ്ടായിരുന്നു.33. കൊച്ചിയിലാകട്ടെ, 2,23,003 മൊത്തം ജനസംഖ്യയിൽ, 32,568 പേർ കാർഷിക അടിമകളായിരുന്നു.34. മലബാറിലാകട്ടെ 1835ലെ സെൻസസ് പ്രകാരം 1,44,000 പേരും, 1842ൽ 1,59,000ഉം അടിമകൾ ആയിരുന്നു.35. എങ്കിലും ഈ നൂറ്റാണ്ടാരംഭത്തിൽപ്പോലും വസ്തുവകകൾ കൈമാറുന്നതോടൊപ്പം അവയിൽ പണിയെടുക്കുന്ന പുലയരേയും കൈമാറ്റം ചെയ്തിരുന്നതായി രേഖകളുണ്ട്. മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെട്ട പിന്നോക്ക വിഭാഗങ്ങളും അധഃകൃതരുമാണ് ക്രൈസ്തവ-മുസ്ലിം മിഷണറി പ്രവർത്തനങ്ങളിൽ ആകൃഷ്ടരായി മതപരിവർത്തനം നടത്തിയവരിലധികവും. മനുഷ്യാവകാശങ്ങൾ ഉയർത്തിപ്പിടിക്കുകയും, സമത്വ-സാഹോദര്യം പ്രാവർത്തികമാക്കുകയും ചെയ്തിരുന്ന ആദ്യകാല മുസ്ലിം-ക്രൈസ്തവ മതപ്രചാരകർക്ക് അനുയായികളെ ലഭിക്കുവാൻ എളുപ്പമായത് ഇവിടെ നിലനിന്നിരുന്ന ദുഷ്ടമായ ജാതി വ്യവസ്ഥിതി കൊണ്ടായിരുന്നെന്ന് ഇത്തരുണത്തിൽ നമുക്കോർക്കാം.

1971ലെ സെൻസസ് പ്രകാരം 17,72,168 പട്ടികജാതിക്കാരും 2,10,765 പട്ടിക വർഗ്ഗക്കാരുമുൾപ്പെടെ 19,82,933 ആണ് ഇവരുടെ ജനസംഖ്യ. പട്ടികജാതിയിൽ 37 ഉപജാതികളും, പട്ടികവർഗ്ഗക്കാരിൽ 18 ഉപജാതികളുമുണ്ട്. പട്ടികജാതിയിൽ ചെറുമർ, കണക്കൻ, പാണൻ, പറയൻ, ബോയൻ, ചക്കിലിയൻ, മലയൻ, പുലയൻ, പുലയ വേട്ടുവൻ, എന്നിവരാണ് പ്രധാന ഉപജാതികളെങ്കിൽ ഇരുളർ, മലയൻ, മുതവൻ, എന്നിവരാണ് പട്ടികവർഗ്ഗക്കാരിൽ പ്രധാന ഉപജാതികൾ. ഇന്ന് പട്ടികജാതിയെന്നും പട്ടികവർഗ്ഗമെന്നും തരംതിരിച്ചിട്ടുള്ള ഈ വിഭാഗങ്ങളെയെല്ലാം ചെറുമർ എന്ന സംജ്ഞകൊണ്ടാണ് പഴയകാല സഞ്ചാരികളും, ചരിത്രകാരൻമാരും പറഞ്ഞുപോന്നിട്ടുള്ളത്. 20-ാം നൂറ്റാണ്ട് വരെ ഇവരത്രയും അടിമകളായിരുന്നു.

1800ൽ കേരളത്തിലെത്തി അന്വേഷണം നടത്തി റിപ്പോർട്ട് നൽകിയ ഫ്രാൻസിസ് ബുക്കാനൻ ഇവരുടെ പരിതാപകരമായ സ്ഥിതിയെ വിശദമായി വിവരിച്ചിട്ടുണ്ട്. "ഈ അടിമകൾ ഉടമകളുടെ സർവ്വവിധ അവകാശങ്ങളുമുള്ള സ്വകാര്യസ്വത്താണ്. ഇവരെ ഉടമകൾക്ക് ഇഷ്ടാനുസരണം വിൽക്കുകയോ, കൈമാറ്റം ചെയ്യുകയോ ആവാം. എന്നാൽ ഭാര്യാഭർത്താക്കൻമാരായ അടിമകളെ വെവ്വേറെ വിൽക്കുന്നത് നിഷിദ്ധമാണ്. കുട്ടികളെ മാതാപിതാക്കൻമാരിൽ നിന്നും, സഹോദരിമാരെ സഹോദരങ്ങളിൽ നിന്നും വേർപെടുത്തി ഒറ്റയൊറ്റയായി ക്രയവിക്രയം നടത്തുന്നതിനനുവാദമുണ്ട്"36.



A Malavetan Female Front and Profile

1793ലെ ഒരു രേഖയിൽ കാണും പ്രകാരം അക്കാലത്തെ അടിമകളുടെ വില ഏകദേശം മനസ്സിലാക്കാം. 1793 ആഗസ്റ്റ് 3-ാം തിയതി ഡച്ചുഗവർണ്ണറായ വാൻ ഏയ്ഞ്ചൽബക്ക് കൊച്ചി രാജാവിന് എഴുതുന്ന കത്താണിത് "...........................
കൊടുത്തയച്ച തിട്ടൂരവും വായിച്ചുകണ്ട അവസ്ഥയും ധരിച്ച് കാപ്പിരി വകയിൽ ഒരആങ്കിടാവിനേയും ഒരപെങ്കിടാവിനേയും മെടിച്ചുകൊടുത്തയക്കണമെന്നും തിട്ടുരത്തിൽ എഴുതി വന്നുവല്ലോ. ഇവിടെ അന്വേഷിച്ചിട്ട് 36-38 വയസ്സുള്ള ഒര ആങ്കിടാവും, 34-35 വയസ്സുള്ളതിൽ ഒരപെങ്കിടാവും നമ്മുടെ അടുക്കൽ കൊണ്ടു വന്നു അതിൻെറ ഉടയക്കാര ഒരോന്നിനു മൂന്നരിച്ചെ രൂപാ ചോദിച്ചു ആയത് എത്രയും വില കടുപ്പം ആകകൊണ്ട് നാം അങ്ങയ്ക്കു കൊടുത്തയപ്പാൻ ശങ്കിച്ചു"37. കൊച്ചി കമ്പോളത്തിൽ മധ്യവയസ്കരും, ബലിഷ്ടകായരുമായ അടിമകൾക്കുണ്ടായിരുന്ന വില ഏയ്ഞ്ചൽ ബക്കിൻെറ എഴുത്തിൽ നിന്നും മനസ്സിലാക്കമെല്ലോ. 1857 ഫെബ്രുവരി 17-ാം തിയ്യതി അടിമ സമ്പ്രദായം നിർത്തലാക്കുന്നതിനായി കൊച്ചി രാജാവ് പുറപ്പെടുവിച്ച വിളംബരമാണ് താഴെ ചേർക്കുന്നത്.

"ചെറുമക്കളുടെ ഉടമക്കാർക്ക ദൊഷം കൂടാതെകണ്ട്
നമ്മുടെ രാജ്യത്തുള്ള ചെറുമക്കളുടെ സ്ഥിതിക്കു

ഗുണം വരുത്തെണമെന്നു വളരെ കാലമായിട്ട വി
ചാരിച്ചു വന്നിരുന്നതാകകൊണ്ട ആ കാര്യത്തിൽ
പൂർണ്ണമായ ആലൊചന ചെയ്ത പ്രസിദ്ധപ്പെടുത്തുവാൻ
നിശ്ചയിച്ചത എന്തെന്നാൽ·

ഒന്നാമത്·ഈ വിളംബരത്തിന്റെ തിയ്യതി മുതൽക്കു പണ്ടാര·
വക ചെറുമക്കൾക്ക ജനിക്കുന്ന കുട്ടികളുടെ മെൽ
ചെറുമക്കൾ എന്നുള്ള അവകാശം ഒഴിഞ്ഞിരിക്കുന്നു·

രണ്ടാമത്· ഈ വിളംബരത്തിലെ തിയ്യതി മുതൽ മെലാൽ
കൊർട്ടുകളിലെ വിധികളൊ·കൽപ്പനകളൊ·
നടത്തുന്നതിലാകട്ടെ·പാട്ടമൊ·കരമൊ·
പിരിവാനുള്ള വകക്കാകട്ടെ·സർക്കാരവകയും
കുടിയാൻമാരവകയും യാതൊര ചെറുമക്കളെയും
വിൽക്കുകയും ഇല്ലാ·

മൂന്നാമത്· നമ്മുടെ ശെഷം പ്രജകളെ പൊലെ
ചെറുമക്കൾക്കും വസ്തുവകകൾ സമ്പാദിച്ച അനുഭവിക്കുകയും
ആം അപ്രകാരം ഉള്ള വസ്തുവകകൾ ചെറുമക്കളുടെ ആകുന്നു
എന്നുവെച്ച യാതൊരുത്തരും അപഹരിച്ചു പൊകയും
അരുത·

നാലാമത്· സ്വതന്ത്രൻമാരുടെ നെരെ പ്രവൃത്തിച്ചാൽ ശിക്ഷ·
ഉള്ള കുറ്റങ്ങൾ ചെറുമക്കളുടെ നെരെ പ്രവൃത്തി·
ച്ചാലും· ഒരുപൊലെ ശിക്ഷ ഉള്ളതായിരിക്കുകയും
ചെയ്യും·

അഞ്ചാമത്· അവകാശികൾ ഇല്ലാതെ അന്ത്യം വന്നു
സർക്കാരിലക്ക
മെലാൽ ഒതുങ്ങുന്ന എല്ലാ ചെറുമക്കളും·സ്വതന്ത്ര·
ൻമാരായി വിടുകയും ചെയ്യും·

ആറാമത്· തന്ത തള്ളരെയും കുട്ടികളെയും അവരുടെ
സമ്മതം
കൂടാതെ പിരിക്കുകയും· ചെറുമക്കളെ അവർ ഇരി·
ക്കുന്ന ദിക്കിൽ നിന്നും 12 നാഴികയിൽ അധികം
ദൂരത്ത പാർക്കുന്നവർക്കു വിൽക്കുകയൊ·ഏൽപ്പിച്ച
കൊടുക്കു·കയൊ· ചെയ്കയും അരുത·

ഏഴാമത്· സർക്കാർവക പണികൾ ചെയ്യുന്ന ചെറുമക്കൾക്കു
സ്വതന്ത്രൻമാരായ കൂലികാർക്കു കൊടുക്കുന്നതിനു സമമായ
കൂലി കിട്ടുകയും ചെയ്യും·

എട്ടാമത്· സർക്കാരവകയൊ· കുടിയാനവൻമാര വകയൊ·
രോഗികളായും വൃദ്ധൻമാരായും ഉള്ള ചെറുമക്കൾക്കു
അവരുടെ ഉടമക്കാര ദിവസെന ചിലവിന്നു കൊടു·
ക്കെണ്ടുന്ന ക്രമം ഇതിനാൽ കൽപ്പിക്കുന്നത എന്തനാൽ·
ചെറുപ്പമായും ശക്തൻമാരായും ഇരുന്ന കാലങ്ങളിൽ
അവർക്കു കിട്ടിയിരുന്ന ചിലവിൽ പാതി എങ്കിലും
ഒരു എഡ അഴി നെല്ലെങ്കിലും ദിവസം ഒന്നിന്നു
കൊടുക്കുകയും വെണം·

ഒമ്പതാമത്· ചെറുമക്കളുടെ ഉടമക്കാര· ചെറുമക്കളെടു 14
വയസ്സിൽ താഴെ ഉള്ള കുട്ടികളെ അവരുടെ പ്രായ·
ത്തിനും അനുകൂലമല്ലാത്ത പണികൾക്കു നിയമിക്കിന്നത
ഇതിനാൽ വിരൊധിച്ചിരിക്കുന്നു·

പത്താമത്· സർക്കാരവക ചെറുമക്കളുടെയും· അവർക്കു
മെലാൽ ഉണ്ടാകുന്ന കുട്ടികളുടെയും സൂക്ഷ്മമായ ഒരു
കണക്കുവെക്കുന്നത ആവശ്യമാകകൊണ്ട ചെറുമക്കളുടെ
ജനന· മരണങ്ങൾ· ആയത ഉണ്ടായ നാൾ മുതൽ നാൽപ്പത
ദിവസത്തിന്ന അകം പാർവ്വത്ത്യക്കാരൻമാര മുഖാന്തരം
അതാത കൊവിലകത്തും വാതുക്കൽ തഹശിൽദാര·
ൻമാർക്കു റപ്പൊടത്ത ചെയ്യാൻ ചെറുമക്കളെ പതിച്ച·
വാങ്ങിട്ടുള്ളവരെ ഉത്തരവാദികളാക്കിയും·
അപ്രകാരം ചെയ്യാതെ ഇരിക്കുന്നവർക്കു ഒരു ശിക്ഷ
നിശ്ചയിച്ചും മെൽപ്രകാരം കണക്കുവെക്കുന്നതിനു
വെണ്ടുന്ന നിദാനം വരുത്തുവാൻ നമ്മുടെ ദിവാന
കൽപ്പനകൊടുത്തിട്ടും ഉണ്ട്. എന്നു 1029 മാണ്ട
കുംഭമാസം 6· തിയ്യതിക്കു 1854· മാണ്ട വിപ്രവരി
മാസം 16ന് തൃപ്പൂണിത്തുറെ നിന്നും·"38.

എന്നാൽ ചെറുമക്കളേയും അടിമകളേയും രക്ഷാശിക്ഷ
കൾ നൽകി തങ്ങളുടെ പാടങ്ങളിലും പറമ്പുകളിലും വിള
വിറക്കുന്നതിനുവേണ്ടി എല്ലാ ഭൂവുടമകളും നിലനിർത്തിപോ
ന്നിരുന്നു. 20-ാം നൂറ്റാണ്ടാരംഭത്തിൽപ്പോലും അടിമ സമ്പ്രദായം
തീർത്തും തിരോധാനം ചെയ്തിരുന്നില്ല, കേരളത്തിൽ നിന്ന്. കൂട്ടായ വില പേശലിനുള്ള സൗകര്യമോ, ബോധമോ
ഇവറ്റകൾക്കില്ലാതിരുന്നതിനാലും അന്ധവിശ്വാസ ജടിലമായ
ജീവിതചര്യകളിൽ മാത്രം ആമഗ്നരായിരുന്നതിനാലും
ഇക്കൂട്ടരുടെ സ്ഥിതി പിന്നേയും ഏറെക്കാലം പരമദയനീയം
തന്നെയായിരുന്നുവെന്ന കാര്യം ജീവിച്ചിരിക്കുന്ന പഴയ
തലമുറയ്ക്കെങ്കിലും അനുഭവമുള്ളതാണല്ലോ.

## *യഹൂദമതക്കാർ.*

കേരളത്തിൽ കുടിയേറിപ്പാർത്തവരിൽ ജൂതൻമാരാ
യിരുന്നു ആദ്യമെത്തിയവർ. ക്രിസ്തുവിന് വളരെ വർഷ
ങ്ങൾക്ക് മുമ്പുതന്നെ ജറുസലേമിൽ നിന്നും രക്ഷാസങ്കേതം
തേടിയെത്തിവരായിരുന്നു ആദ്യ കുടിയേറ്റക്കാർ എന്നാണ്
വിശ്വാസം.39. സെൻറ്. തോമസ് കേരളത്തിലെത്തിയപ്പോൾ
അദ്ദേഹത്തോടൊപ്പം ഹബ്ബാൻ എന്നൊരു ജൂതവ്യാപാരിയും
ഉണ്ടായിരുന്നുവെന്ന് പറയപ്പെടുന്നു. കൊടുങ്ങല്ലൂരിൽ ആദ്യ
ത്തെ ആസ്ഥാനം കണ്ടെത്തിയ ഇവർക്ക് ഒരു സ്വതന്ത്ര
രാജ്യം ഉണ്ടയിരുന്നതായും അതിന് ഷിങ്കിളി എന്നായിരുന്നു
പേരെന്നും ലോകത്തിലെ യഹൂദ സമുദായക്കാർ അത്രയും
ഈ ജൂതരാജ്യത്തെ ബഹുമാനപുരസരം അനുസ്മരി
ച്ചിരുന്നുവെന്നും പറയപ്പെടുന്നു. 40

ഭാസ്കരരവിവർമ്മ (ശ്രീ. പാർക്കരൻ ഇരവിവൻമാർ)
എന്ന കൊച്ചി രാജാവ് ജൂതൻമാർക്ക് നൽകിയ താമ്രശാസനം
അവർക്ക് പല അവകാശങ്ങളും അനുവദിച്ച് നൽകിയിട്ടുള്ള
താകുന്നു. കൊച്ചി സിനഗോഗിൽ സൂക്ഷിക്കപ്പെട്ടിട്ടുള്ള വട്ടെഴു
ത്ത് ലിപിയിലുള്ള ഈ പ്രമാണമാണ് കേരളത്തിൽ നിന്നും
കണ്ടുകിട്ടിയിട്ടുള്ള ആദ്യത്തെ രേഖ.41. ഡച്ച്-പോർച്ചുഗീസ്
കാലഘട്ടങ്ങളിൽ അവരുടെ കച്ചവട ഇടനിലക്കാരെന്ന നില

യിൽ വ്യാപാരപ്രമുഖരായിരുന്നു ഇവിടത്തെ ജൂതൻമാർ. എന്നാൽ അതിനുമുമ്പ് പോർച്ചുഗീസുകാരുടെ കാലത്ത് ഇവർക്ക് ദുർദശയായിരുന്നു. കൊടുങ്ങല്ലൂരിൽനിന്നും കൊച്ചിയിൽ നിന്നും അവരെ ആട്ടിയോടിക്കുകയും അവരുടെ ആരാധനാലയങ്ങൾ കൊള്ളയടിക്കുകയും ചെയ്തിരുന്നു. ലന്തക്കാരെ സഹർഷം സ്വാഗതം ചെയ്ത ജൂതൻമാർക്ക് തുടർന്നുള്ള കാലയളവിൽ വ്യാപാര പുരോഗതിയും, സാമ്പത്തിക നേട്ടങ്ങളും കൈവരിക്കാൻ കഴിഞ്ഞു. സാമ്പത്തിക രംഗത്ത് അവർ നടത്തിയ നേട്ടങ്ങൾ വളരെ വിലപ്പെട്ടതാണെങ്കിലും രാഷ്ട്രീയ രംഗത്ത് അവരുടെ സ്വാധീനം വളരെ പരിമിതമായിരുന്നു.

മാടായി, എറണാകുളം, പറവൂർ, കൊല്ലം, കൊച്ചി, മാള എന്നിവിടങ്ങളിൽ ജൂതൻമാരുടെ അധിവാസ കേന്ദ്രങ്ങളും, പ്രാർത്ഥനാലയങ്ങളും നിലനിന്നിരുന്നു. വെളുത്ത ജൂതൻമാരും, കറുത്ത ജൂതൻമാരും എന്ന രണ്ട് വിഭാഗം ഇവരുടെയിടയിൽ ഉണ്ടായിരുന്നതിനാൽ ഒരു തരം സവർണ്ണ-അവർണ്ണ ബന്ധമാണ് പുലർത്തിപ്പോന്നിരുന്നത്. വെളുത്ത ജൂതൻമാർ വിദേശീയ പാരമ്പര്യക്കാരായിരുന്നെങ്കിൽ, നാട്ടുകാരിൽ നിന്നും മതപരിവർത്തനം ചെയ്യപ്പെട്ടവരായിരുന്നു കറുത്ത ജൂതൻമാർ. ഇവർ തമ്മിൽ വിവാഹബന്ധമോ, മിശ്രഭോജനമോ, നടന്നിരുന്നില്ല. 1947ൽ ഇസ്രായേൽ സ്റ്റേറ്റ് നിലവിൽ വന്നതോടു കൂടി കേരളത്തിൽ നിന്നും വളരെയധികം ജൂതൻമാർ അവിടേക്ക് കുടിയേറുകയാണുണ്ടായത്. ഇപ്പോൾ അവരുടെ സംഖ്യ നൂറിൽ താഴെ മാത്രമേ വരികയുള്ളൂ.

## ക്രൈസ്തവർ.

യഹൂദർക്ക് ശേഷം കേരളത്തിലെത്തിയ വിദേശീയരിൽ പ്രബലത്തായി എത്തിയ സമൂഹമാണ് ക്രൈസ്തവർ. അക്കാലത്തറിയപ്പെട്ടിരുന്ന സ്ഥലങ്ങളിലൊക്കെ ഓരോ അപ്പോസ്തലൻമാരുടെ നേതൃത്വത്തിൽ മതപ്രചാരണാർത്ഥം മിഷണറിമാർ ക്ലേശകരമായ യാത്ര ആരംഭിച്ചിരുന്നു. ക്രിസ്താബ്ദത്തിനു മുമ്പു തന്നെ മധ്യേഷ്യൻ രാജ്യങ്ങളിൽ നിന്നും യവന-റോമാ രാജ്യങ്ങളിൽനിന്നും സഞ്ചാരികളും വ്യാപാര സംഘങ്ങളും പൗരസ്ത്യ നാടുകളിലേക്ക് വരിക പതിവായിരുന്നുവല്ലോ. നമ്മുടെ കുരുമുളകും, സുഗന്ധദ്രവ്യങ്ങളും കയറ്റിക്കൊണ്ടു പോകുവാൻ എത്തിയിരുന്ന പാക്കപ്പലുകളേയും, പത്തേമാരികളേയുംക്കുറിച്ചം, എ.ഡി. ഒന്നാം നൂറ്റാണ്ടിലെ പ്ലിനിയുടേയും, പെരിപ്ലസ് ഗ്രന്ഥകാരൻേറയും വിവരണങ്ങൾ നാം ആദ്യ അദ്ധ്യായത്തിൽ നൽകിയിട്ടുണ്ട്. പ്ലിനി അദ്ദേഹത്തിൻെറ പ്രസിദ്ധമായ നാച്വറൽ ഹിസ്റ്ററി പൂർത്തിയാക്കുന്നത് എ.ഡി. 73ലാണ്. ഈജിപ്ഷ്യൻ നാവികനായ പെരിപ്ലസിൻെറ ഗ്രന്ഥകാരനും, ഈ കാലത്ത് തന്നെയാണ് കേരളതീരത്തിലൂടെ സഞ്ചാരം നടത്തിയത്. ഇത് എ.ഡി. 78നും, 81നും ഇടയ്ക്കായിരിക്കണമെന്നാണ് ചരിത്രപക്ഷം. ആഫ്രിക്കയിൽ നിന്ന് കാലവർഷക്കാറ്റിൻെറ സഹായത്തോടെ ഇന്ത്യയിൽ എത്തിച്ചേരാമെന്ന് ഹിപ്പാലസ് എ.ഡി. 47ൽ കണ്ടുപിടിച്ചതോടു കൂടി വാണിജ്യസമ്പർക്കം കൂടുതൽ ത്വരിതപ്പെട്ടിരുന്നു. ഓരോ വർഷവും നൂറ് വിദേശക്കപ്പലുകളെങ്കിലും നമ്മുടെ തുറമുഖങ്ങളിൽ എത്തിയിരുന്നതായാണ് കണക്ക്. അത്തരം ഒരു വാണിജ്യക്കപ്പലിൽ ഹബ്ബാൻ എന്ന ഒരു യഹൂദവ്യാപാരപ്രമുഖനോടൊപ്പം എ.ഡി. 52ൽ അപ്പോസ്തലനായ തോമസ് പുണ്യവാളൻ അക്കാലത്തെ പ്രമുഖ തുറമുഖപട്ടണമെന്ന് വിശേഷിപ്പിക്കപ്പെടുന്ന മുസിരിസിൽ വന്നിറങ്ങിയതായിട്ടാണ് ക്രൈസ്തവർ വിശ്വസിച്ചുപോരുന്നത്. പ്രബലത്തായ ഈ വിശ്വാസം നമ്മുടെ പല ചരിത്രകാരൻമാരും അംഗീകരിക്കുന്നില്ല. കാരണം സെൻറ്. തോമസ് അപ്പോസ്തലൻ കേരളത്തിലെ മാല്യങ്കരയിൽ കപ്പലിറങ്ങിയെന്നും യഹൂദ പ്രമാണിയായ ഹബ്ബാനേയും, അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്ന തോമസ് പുണ്യവാളനേയും സ്വീകരിച്ച് ആനയിച്ചത് ഗായികയും, വീണവായനക്കാരിയുമായ ഒരു യഹൂദ സ്ത്രീയുടെ നേതൃത്വത്തിലായിരുന്നുവെന്നും പറഞ്ഞുപോരുന്നതിന് തെളിവായി പ്രമാണങ്ങൾ എന്തെങ്കിലും ഉണ്ടോ യെന്ന് ചോദിക്കുന്നവരും ഇല്ലാതില്ല.

ഒരു കാര്യം തീർച്ച. ക്രൈസ്തവ മത പ്രചാരണാർത്ഥം ക്രിസ്തുദേവൻെറ രക്തസാക്ഷിത്വത്തോടുകൂടി തന്നെ അദ്ദേഹത്തിൻെറ ശിഷ്യൻമാരായിരുന്ന അപ്പോസ്തലൻമാർ ലോകത്തിൽ അക്കാലത്തറിയപ്പെട്ടിരുന്ന സ്ഥലങ്ങളിലേക്ക് ഒക്കെ ക്രിസ്തുവിൻെറ സ്നേഹസന്ദേശങ്ങളുമായി പോയിരുന്നു. ഈ അപ്പോസ്തലൻമാരിൽ പത്രോസ് റോമായിലും, അന്ത്രയോസ് എഷ്യാമൈനറിലും, ഗ്രീസിലും വലിയ യാക്കോബ് സ്പെയിനിലും, യോഹന്നാൻ പത്മോസിലും, ഫിലിപ്പോസ് ഫ്രിജിയായിലും, ചെറിയ യാക്കോബ് ഓർശ്ലേമിലും, ബർത്തലോമിയോ അർമീനിയായിലും, മത്തായി ഫാത്തിയായിലും, ശിമയോൻ ഈജിപ്പിലും പേർഷ്യയിലും മത്തിയാസ് യൂദയായിലും, പോയി ക്രിസ്തുമത പ്രചാരണം നടത്തുകയും ആരാധനാലയങ്ങൾ നിർമ്മിക്കുകയും ചെയ്തിരുന്നു. ഇന്ത്യയുടെ തെക്കുപടിഞ്ഞാറൻ തീരത്തിലിറങ്ങിയ തോമാസ് ശ്ലീഹയാണ് ക്രൈസ്തവമതം കേരളത്തിലേക്കും തദ്വാര ഇന്ത്യയിലേക്കും കൊണ്ടുവന്നത്. അക്കാലത്തെ പതിവനുസരിച്ച് പല ഗോത്രതലവൻമാരും പുതിയ ഈ മതം സ്വീകരിക്കുകയും പല സ്ഥലങ്ങളിലും കൊച്ചു കൊച്ചു ദേവാലയങ്ങൾ പണിയുന്നതിന് സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയുമുണ്ടായി. കേരളത്തിൽ ക്രിസ്തുമതത്തിൻെറ അടിത്തറപാകിയ സെൻറ്. തോമസ് തൻെറ ദൗത്യവുമായി സഞ്ചരിച്ച് മദ്രാസിനടുത്തുള്ള മൈലാപ്പൂരിൽവെച്ച് വധിക്കപ്പെട്ടതായിട്ടാണ് കരുതിപ്പോരുന്നത്. ഇത് എ.ഡി. 65ൽ ആയിരുന്നുവത്രേ. കേരളത്തിലെ അധഃസ്ഥിതവിഭാഗങ്ങളാണ് സ്നേഹകാരുണ്യത്തിൻെറതായ ക്രൈസ്തവ പ്രസ്ഥാനത്തിലേക്ക് ആകർഷിക്കപ്പെട്ടത്. മാർതോമാ പുണ്യവാളൻെറ കാലത്ത് മതം മാറിയ വിഭാഗത്തെ മാർതോമാ ക്രിസ്ത്യാനികളെന്നാണ് പറഞ്ഞുപോന്നിരുന്നത്. കൊടുങ്ങല്ലൂരിനടുത്ത് മാല്യങ്കര, പറവൂരിനടുത്ത്

കോട്ടക്കാവ്, ചാവക്കാടിനടുത്ത് പാലയൂർ, കൊല്ലത്തിനടുത്ത് കുറുക്കനിക്കുളം, തിരുവല്ലയ്ക്കടുത്ത് നിരണം, നിലയ്ക്കലടുത്ത് ചായൽ, തെക്കൻ പള്ളിപ്പുറത്തിനടുത്ത് കൊക്കമംഗലം തുടങ്ങിയ സ്ഥലങ്ങളിൽ അപ്പോസ്തലൻ കുരിശു പള്ളികൾ സ്ഥാപിച്ചിതായിട്ടാണ് വിശ്വസിക്കപ്പെടുന്നത്.1.

അന്നത്തെ കേരളത്തിൽ ജൈന-ബുദ്ധമതങ്ങൾ പ്രാബല്യത്തിലുണ്ടായിരുന്നുവെങ്കിലും സമൂഹത്തിലെ നല്ലൊരു വിഭാഗം ജനങ്ങളും വ്യവസ്ഥാപിത മതങ്ങളോ, ആരാധനാലയങ്ങളോ ഇല്ലാത്ത പ്രാകൃത ആരാധനാ സമ്പ്രദായം ആചരിച്ചു പോന്നിരുന്നവരായിരുന്നു. അതിനാൽ ക്രൈസ്തവ സന്ദേശം ജനങ്ങളെ ഏറെ ആകർഷിച്ചതിൽ അൽഭുതമില്ല. ഇതേതുടർന്ന് പേർഷ്യയിൽനിന്നും, സിറിയയിൽനിന്നും, പാതിരിമാരും ക്രൈസ്തവ മിഷണറിമാരും പല കാലങ്ങളിലായി കേരളത്തിലെത്തിയിരുന്നു. രണ്ട് മൂന്ന് നൂറ്റാണ്ടു കാലം മത മേധാവികളോ, സുഘടിതമായ പൗരോഹിത്യ ശ്രേണിയോ കേരളത്തിലെ ക്രൈസ്തവർക്ക് ഉണ്ടായിരുന്നില്ല. മതം മാറി എന്നല്ലാതെ അവർ അതുവരെ ആചരിച്ചു പോന്നിരുന്ന പ്രാകൃത വിശ്വാസങ്ങളും ചര്യകളും തുടർന്നു കൊണ്ടിരുന്നു. ഈ അസംഘടിതാവസ്ഥ അവസാനിക്കുന്നത് ക്നായി തൊമ്മന്റെ ആഗമനത്തോടുകൂടിയാണ്. അദ്ദേഹം ബാഗ്ദാദ്, നൈനിവേ, ജറുസലേം എന്നിവിടങ്ങളിൽ നിന്നുള്ള 72 ക്രൈസ്തവ കുടുംബങ്ങളുമായാണ് ഇവിടെ എത്തിയത്. നാനൂറായിരുന്നു അവരുടെ അംഗസംഖ്യ. ഈ സന്ദർഭത്തിലാണ് ക്രൈസ്തവ സമൂഹത്തിന് നേതൃത്വം കൊടുക്കുവാനും, പള്ളികളും, ആരാധനാ സമ്പ്രദായങ്ങളും ചിട്ടപ്പെടുത്തുവാനുമായി മാർ യൗസേപ്പ് എന്ന മെത്രാനും, ഏതാനും പാതിരിമാരും, കേരളത്തിൽ വന്നിറങ്ങുന്നത്. വിദേശ തിരുസഭകളുടെ സ്വാധീനം ഇക്കാലം മുതലാണ് ആരംഭിക്കുന്നത്. മാർപ്പാപ്പയുടെ അനുഗ്രഹത്തോടെ നിയമിതരായിരുന്ന ബിഷപ്പും, പാതിരിമാരും, ക്രിസ്തുമതത്തെ കേരളത്തിൽ സുഘടിതമാക്കി.

9-ാം നൂറ്റാണ്ടിൽ വേണാട് അധിപതിയായിരുന്ന അയ്യനടികൾ തിരുവടികൾ കൊല്ലത്തെ തരിസ്സാപ്പള്ളിക്ക് നൽകിയ ശാസനം എ.ഡി. 849ലാണെന്ന് കരുതിപ്പോരുന്നു. എ.ഡി. 823ൽ ബാബിലോണിയയിലെ നൈനിവയിൽ നിന്നും എത്തിയ ക്രൈസ്തവ പുരോഹിതനായ മറുവൻ സപീർ ഈശോ (മാർസപൂർ)വിന് തരിസ്സാപ്പള്ളിക്ക് ചില പ്രത്യേക അധികാരാവകാശങ്ങൾ അനുവദിച്ച് കൊടുക്കുന്നതാണ് ഈ ശാസനം. അവിടത്തെ വ്യാപാരകുത്തക ക്രൈസ്തവ-മുസ്ലിം വ്യാപാരികൾക്കായിരുന്നുവെന്ന് ഈ ശാസനം തെളിയിക്കുന്നുണ്ട്. ഇതിൽ സാക്ഷികളായി നിർത്തിയിട്ടുള്ള പത്ത് പേർ മുസ്ലിം വർത്തക പ്രമാണികളാണെന്നതിൽ സംശയമില്ല. ക്രൈസ്തവപള്ളിക്കും, പുരോഹിതൻമാർക്കും ഈ ആനുകൂല്യങ്ങൾ നൽകുവാൻ വേണാടടികൾ നിർബന്ധനായത് വ്യാപാര താൽപ്പര്യവും കൊല്ലം തുറമുഖപട്ടണത്തിൽ ക്രൈസ്തവർക്കുണ്ടായിരുന്ന പ്രാധാന്യവും കൊണ്ടാണെന്ന കാര്യം തീർച്ച.

പോർച്ചുഗീസുകാരുടെ വരവോടുകൂടി കേരളത്തിലെ ക്രൈസ്തവർക്ക് കൂടുതൽ പ്രാബല്യം വന്നു ചേർന്നു. ക്രൈസ്തവ മതാനുയായികളുടെ സഹായം അവർ അഭ്യർത്ഥിക്കുകയും ചെയ്തു. 1502ൽ വാസ്കോഡിഗാമയെ നേരിൽകണ്ട ക്രൈസ്തവ നേതാക്കൾ നൽകിയ മെമ്മോറാണ്ടത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരുന്നു. "നിങ്ങളുടെ ആഗമനം ഞങ്ങൾക്ക് ഏറെ സന്തോഷം പ്രദാനം ചെയ്യുന്നുണ്ട്. പാലൂർദേശത്ത് (വല്ലാർപട്ടണം) ഞങ്ങളുടെ ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹത്തിന് പെരുമാക്കൻമാർ കൊടുത്ത ചെങ്കോലും, രാജചിഹ്നവും ഞങ്ങളിവിടെ അടിയറവെക്കുന്നു. മേലാൽ പോർച്ചുഗീസ് രാജാവിന്റെ പ്രജകളായി ഞങ്ങൾ വർത്തിക്കുന്നതാണ്. ഞങ്ങളുടെ മേൽക്കോയ്മ സ്വീകരിക്കുമാറാകണം"43.

പോർച്ചുഗീസുകാരുടെ സഹായത്തോടുകൂടി മിഷണറി പ്രവർത്തനങ്ങൾ കേരളത്തിൽ തകൃതിയായി നടന്നു. പ്രാർത്ഥനകളും, കുർബ്ബാനകളുമെല്ലാം ലത്തീൻ ഭാഷയിലുമായി. തുടക്കത്തിൽ സുറിയാനി ക്രിസ്ത്യാനികളോടും, ഭാഷയോടും വലിയ എതിർപ്പൊന്നും കാണിച്ചില്ലെങ്കിലും ഗോവ ആസ്ഥാനമാക്കി കേരളതീരങ്ങളിൽ ശക്തി പ്രാപിച്ചതോടുകൂടി സുറിയാനി ക്രിസ്ത്യാനികളെ ഉപദ്രവിക്കുവാനും, അവരുടെ ആരാധനാലയങ്ങൾക്ക് നേരെ ആക്രമണം നടത്തുവാനും തുടങ്ങി.44.

ഗോവയിലെ ആർച്ച് ബിഷപ്പായിരുന്ന മെനസിസ്സ്, റോമിൻേറയും, മാർപ്പാപ്പയുടേയും ആദ്ധ്യാത്മിക നേതൃത്വം സിറിയൻ ക്രിസ്ത്യാനികളെക്കൊണ്ട് അംഗീകരിപ്പിക്കുവാനും, മതചടങ്ങുകളിലും, പ്രാർത്ഥനകളിലും ലത്തീൻ സമ്പ്രദായം അനുസരിപ്പിക്കുവാനും നിർബന്ധിച്ചു. ഇതിൽ ഏറെക്കുറെ അദ്ദേഹം വിജയിക്കുകയും ചെയ്തു.45. അസഹിഷ്ണുതാപരമായ ഈ നിക്കത്തെ താൽക്കാലികമായി അനുസരിച്ചു പോന്നു എന്നല്ലാതെ പോർച്ചുഗീസ് നയത്തോടുള്ള എതിർപ്പ് അവർ കടിച്ചമർത്തുകയായിരുന്നു. 17-ാം നൂറ്റാണ്ടിന്റെ പകുതിയോടുകൂടി കേരളത്തിൽ പ്രബലരായിത്തീർന്ന ലന്തക്കാരുടെ സഹായത്തോടെ ലത്തീൻ സംവിധാനത്തോട് അവർ വിമുഖത കാട്ടുകയും ഈ ആത്മീയ അടിമത്വത്തിൽ നിന്നും മോചനം നേടുവാനുള്ള ശ്രമങ്ങൾ തുടർന്ന് നടത്തുകയുമുണ്ടായി. അങ്ങനെ കത്തോലിക്കാ സഭയിൽ നിന്നും പല ഇടവകകൾ മാറുകയും യാക്കോബ സഭയെ സ്വീകരിക്കുകയും ചെയ്തു. ഇതോടുകൂടി കേരളത്തിലെ ക്രിസ്ത്യാനികൾ രണ്ട് വിഭാഗമായി വേർപിരിഞ്ഞു. ലത്തീൻ ക്രിസ്ത്യാനികളും, സിറിയൻ ക്രിസ്ത്യാനികളും. ആദ്യത്തെ കൂട്ടരെ പഴയ കൂറ്റുകാരെന്നും, രണ്ടാമത്തെ വിഭാഗത്തെ പുത്തൻകൂറ്റുകാരെന്നും പറഞ്ഞുപോരുന്നു.

കേരളത്തിലെ പ്രബല സമുദായമാണ് ക്രൈസ്തവർ. ജനസംഖ്യകൊണ്ടും, സംഘടനാശേഷികൊണ്ടും, സാമ്പത്തിക നേട്ടങ്ങൾകൊണ്ടും മറ്റ് സഹോദര സമുദായങ്ങളേക്കാൾ ഉൽക്കർഷം പ്രാപിച്ചിട്ടുള്ളവരാണ് കേരളത്തിലെ ക്രൈസ്തവർ. ഇന്ത്യയിൽ ഒട്ടാകെയുള്ള ക്രൈസ്തവ ജനസംഖ്യയുടെ മൂന്നിൽ രണ്ട് ഭാഗവും കേരളത്തിലാണുള്ളത്. റോമൻ കത്തോലിക്കാ

സഭ, മലങ്കര സുറിയാനി സഭ, മാർത്തോമാ സുറിയാനി സഭ, ദക്ഷിണേന്ത്യ സഭ, എന്നി നാല് പ്രധാന സഭകളാണ് ഇവർ ക്കുള്ളത്. പറങ്കികളെ തുടർന്ന് വന്നലന്തക്കാരും, ഇംഗ്ലീഷു കാരും, സഭാപ്രവർത്തനങ്ങൾക്കും, മിഷണറി ജോലികൾ ക്കും എല്ലാവിധ സഹായ-സഹകരണങ്ങളും ചെയ്തു കൊടു ത്തിരുന്നു. മാർക്കക്കാർ എന്ന് വിളിച്ചുപോന്നിരുന്ന മതപരി വർത്തനം ചെയ്തവരെ പ്രത്യേകമായി തങ്ങളുടെ സംരക്ഷണ യിൽ നിർത്തുകയാണ്, പറങ്കികൾ മുതൽ ഇംഗ്ലീഷുകാർ വരെ അനുവർത്തിച്ചു പോന്ന നയം. മറ്റുള്ള പ്രജകളുടെ മേൽ രാജാക്കൻമാർക്കുണ്ടായിരുന്ന അധികാരങ്ങൾ എല്ലാം തന്നെ ഇവരുടെ മേൽ കമ്പനിയാണ് പ്രയോഗിച്ചത്. മറ്റുള്ള വരിൽ നിന്നും പ്രത്യേക സംരക്ഷണയുള്ള വിഭാഗമായിരുന്ന തിനാൽ സമൂഹത്തിൽ അവർക്കുള്ള പ്രാധാന്യം വർദ്ധി ക്കുകയും ചെയ്തു.

മതാദ്ധ്യക്ഷൻമാരുടെ നിയന്ത്രണത്തിൽ കെട്ടുറപ്പുള്ള ശക്തമായൊരു സമുദായമായി വളരുവാൻ ക്രൈസ്തവർക്ക് സാധിച്ചുവെന്നതാണ് അവരുടെ എല്ലാ ഉൽക്കർഷത്തിനും നിദാനം. കുഞ്ഞാടുകളെ ഇടയൻമാർ നിയന്ത്രിച്ച് സംരക്ഷിച്ചു പോന്നിരുന്നത് പോലെയാണ് ഓരോ ഇടവകയിലും ക്രൈസ്തവ പൗരോഹിത്യം അനുയായികൾക്ക് നേതൃത്വം കൊടുത്തത്. കൃഷിയിലും കച്ചവടത്തിലും വ്യാപൃതരായിരുന്ന അവർ കാലത്തിൻെറ മാറ്റത്തിനനുസരിച്ച് മാറുവാൻ തരിമ്പും മടിച്ചു നിന്നിരുന്നില്ല. അങ്ങനെ കേരളത്തിലെ പ്രധാന തോട്ടുടമകളാകുവാനും, ബാങ്കിങ്ങ് വ്യവസായത്തിൽ കുത്തക നേടിയെടുക്കുവാനും കഴിഞ്ഞതോടുകൂടി വളരെ ഉൽക്കർഷം പ്രാപിക്കുവാൻ സാധിച്ചു.

അതുപോലെ തന്നെ ആഗ്ലേയ വിദ്യാഭ്യാസ സമ്പ്രദായം ആരംഭിച്ചപ്പോൾ ഇതര സമുദായങ്ങൾ ഇംഗ്ലീഷ് പഠിക്കുവാനും സ്കൂളുകളിൽ ചേരുവാനും, അറച്ചറച്ചുനിന്ന സന്ദർഭത്തിൽ അൽപ്പം പോലും ശങ്കിച്ചു നിൽക്കാതെ ആധുനിക വിദ്യാഭ്യാസത്തിൻെറ നേട്ടങ്ങൾ കൊയ്തെടുക്കുവാൻ അവർ സന്നദ്ധരുമായി. വിവിധ ക്രൈസ്തവ സഭകളാണ് ആധുനിക വിദ്യാഭ്യാസരംഗത്ത് ഏറ്റവും വലിയ സംഭാവനകൾ നൽകിയിട്ടുള്ളത്. അവരുടെ സ്കൂളുകളും കോളേജുകളും കേരള സമൂഹത്തിൽ ഏറ്റവും കുടുതൽ സ്വാധീനം ചെലുത്തിയിട്ടുള്ള സുശക്തമായ സ്ഥാപനങ്ങളാകുന്നു. അതോടൊപ്പം ആതുര ശുശ്രൂഷാ രംഗത്തും സേവനനിരതരായ നൂറുകണക്കിന് ക്രൈസ്തവ പുരോഹിതരേയും, കന്യാസ്ത്രീകളേയും രംഗത്തിറക്കുവാനും അവർക്ക് സാധിച്ചു. അതിൻെറ ഫലമായി നിരവധി ആസ്പത്രികളും, അഗതി മന്ദിരങ്ങളും, ശുശ്രൂഷാ കേന്ദ്രങ്ങളും കേരളത്തിൻെറ നാനാഭാഗങ്ങളിലും തലയുയർത്തി നിൽക്കുന്നുണ്ട്. സാമൂഹ്യരംഗത്തുള്ള ഈ വക പ്രവർത്തനങ്ങളും ക്രൈസ്തവ മതത്തിലേക്ക് മതപരിവർത്തനം ചെയ്യുവാനുള്ള ആകർഷണ ശക്തികളായി വർത്തിക്കുകയും ചെയ്തു.

---

1. *Logan, op.cit, p.177*
2. *കെ. ദാമോദരൻ, കേരളചരിത്രം, ഭാഗം ഒന്ന്, പുറം. 157.*
3. *അതു തന്നെ, പുറം- 243.*
4. *Rajatarangini, English Translation, R.S. Pandit, Fifth Taranga, Verse, 196.*
5. *T.A. Gopinath Rao, Travancore Archaeological Series, Vol.II*
6. *Rajatarangini, op. cit. Vth Taranga, Verse, 169.*
7. *William Logan, Malabar Manual Vol I, op.cit. p.155.*
8. *P. Thomas-Hindu Customs and Manners, Trichur, 1944, p.211.*
9. *W. Logan, OP.CIT, P.155.*
10. *Ibid*
11. *Dr. Francis Buchanan, A Journey from Madras through the Countries Of Mysore, Canara and Malabar, 2 vols, London, 1807, Vol I, p. 388.*
12. *C.A. Innes, Malabar Gazetteer, Vol I, Madras, 1908, p.104*
13. *Sheik Zainudheen- Tuhfatul Mujahideen, English Translation, S. Mohammed Hussain Nainar, Madras, 1942, p.82.*
14. *National Archives of India, Foreign, (Misc) S.No. 55, p.11, para.10.*
15. *Kumara Pillai Commission Report 1961, Thiruvananthapuram, Appendix 14, p.141.*
16. *N.A.I., F gn, (Misc) S/No. 55, para.11, p.13.*
17. *Kumara Pillai Commission Report, op.cit, p.141.*
18. *Ibid, Appendix, p.140.*
19. *Buchanan, Vol.2, op.cit., p.409.*
20. *Duarte Barbosa, A Description of the coasts of East Africa and Malabar, 2 vols, English translation, M.L. Dames, London, 1921, p.124.*
21. *Buchanan, op.cit, p.398.*

22. Asiatic Research, Vol 5, pp.10-18.
23. Buchanan, op.cit, p.410.
24. W. Logan, op.cit, p.160.
25. Sheik Zainudeen, op.cit, p. 71.
26. Barbosa, op.cit, p. 124.
27. Buchanan, op.cit, p.472.
28. W. Logan, op.cit, p.173.
29. Thomas Warden, Report on the condition of Palakkad, March 19, 1801, p.34.
30. Dutch Records No. 13, p. 21.
31. C. Achutha Menon, the Cochin State Manual, 1911, Ernakulam.p.14.
32. Sheik Zainudeen, p.14, op.cit, p.74.
33. Ward and conner, Memoir of the survey of Travancore, Thiruvananthapuram, (Population table of Travancore), pp. 127-129.
34. Ibid, Memoir of the Survey of Cochin, (population table) p.50.
35. W. Logan, op.cit, p.151.
36. ഡോ. സി.കെ. കരീം, ഫ്രാൻസിസ് ബുക്കാനന്റെ കേരളം, (ബുക്കാനന്റെ യാത്രാവിവരണപരിഭാഷ) ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1981, പുറം-22.
37. Ernakulam Archives, List LXII, Series I, No. 219, p. 2948.
38. Ibid, O.L. Vol VII, List XI (I) Regulations.
39. Moens, Dutch Records No. 13, p. 192.
40. S. Koder, Kerala And Her Jews, Article, History on the March, Kerala History Association, Kochi-11, 1966, p. 168.
41. Moens, op.cit, p.197.
42. Francis Day, Land of Perumals, Madras, 1863, Reprint, 1990, Asian Educational Series, New Delhi, p. 212.
43. Dr. Mathias Mundadan, Hostory of Christianity in India, Vol.I, pp. 265-66.
44. C.A. Innes, Malabar Gazetteer, Vol. I, op.cit, p. 198.
45. Moens, op.cit, p. 176.

# VII ഇസ്ലാമിക അധിനിവേശം

## ചരിത്ര പശ്ചാത്തലം

ഇന്ത്യയുടെ തീരദേശപ്രദേശമായ കേരളത്തിൻെ തുറമുഖപട്ടണങ്ങളുമായി അതിപുരാതനകാലം മുതൽ തന്നെ പ്രാക്തന സാംസ്കാരിക കേന്ദ്രങ്ങളായിരുന്ന പേർഷ്യ, ഈജിപ്ത്, അറേബ്യ, പലസ്തീൻ, യവന-റോമാരാജ്യങ്ങൾ തുടങ്ങിയവ വാണിജ്യപരവും സാംസ്കാരികവുമായ സമ്പർക്കം അവിരാമം പുലർത്തിപ്പോന്നിരുന്നുവെന്നത് അവിതർക്കിതമായ വസ്തുതയാണല്ലോ. സുമേരിയൻ സംസ്കാരത്തിൻെറ ഉത്ഖനനം ചെയ്യപ്പെട്ട ചരിത്രാവശിഷ്ടങ്ങളിൽ സൈന്ധവ നാഗരിക മേഖലയുമായി അനവരതം നടന്നിരുന്ന സമ്പർക്കത്തിൻെറ തെളിവുകൾ അനവധി ലഭിച്ചിട്ടുണ്ട്. പുരാവസ്തു ഗവേഷകർമാർ ഊർ, നിപ്പൂർ തുടങ്ങിയ സുമേരിയൻ നഗരാവശിഷ്ടങ്ങളിൽ നടത്തിയ പര്യവേഷണത്തിൻെറ ഫലമായി നദീതട സംസ്കാരങ്ങളുടെ കാലം മുതൽക്കുതന്നെ കേരളവും പുറംരാജ്യങ്ങളുമായുണ്ടായിരുന്ന ബന്ധം തടസ്സമറ്റതായിരുന്നുവെന്ന് സ്ഥാപിക്കുവാൻ സാധിക്കുന്നു. മൂസാ നബിയുടെ കാലം മുതൽക്കുതന്നെ നമ്മുടെ സുഗന്ധദ്രവ്യങ്ങൾ യഹൂദ മതച്ചടങ്ങുകൾക്ക് ഉപയോഗിച്ചിരുന്നതായി മതഗ്രന്ഥങ്ങളിലുള്ള തെളിവുകളെ അടിസ്ഥാനമാക്കി ഹണ്ടർ പ്രസ്താവിക്കുന്നുണ്ട്.1. എന്തായാലും സോളമൻ ചക്രവർത്തിയുടെ (സുലൈൻമാൻ നബി. ബി.സി. 1000) കാലത്ത് കേരളത്തിൽ നിന്നും കൊണ്ടുപോയിരുന്ന തേക്കിൻ തടികളും, ആനക്കൊമ്പുകളും അദ്ദേഹത്തിൻെറ അരമനയെ മോടിപിടിപ്പിക്കുവാൻ ഉപയോഗപ്പെടുത്തിയതായി ഷാൽഡിയൻ ശിലാലിഖിതങ്ങളിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നതായി റോബർട്ട് സീവെൽ രേഖപ്പെടുത്തിയിട്ടുണ്ട്.2. ഈ രേഖ വിശ്വസിക്കാമെങ്കിൽ ബി.സി. 14-ാം നൂറ്റാണ്ടിൽ ഇവിടെനിന്നും സുഗന്ധദ്രവ്യങ്ങളും മുത്തുകളും മറ്റും സുമേരിയൻ തലസ്ഥാനമായ ഊർ നഗരത്തിൽ കൊണ്ടുപോയിരുന്നതായി അദ്ദേഹം തുടർന്ന് പ്രസ്താവിക്കുന്നുതും പരിഗണിക്കേണ്ടിവരും.3. പെൻറിൻഗേറിയൻ കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് എഡ്ഗാർ തേഴ്സ്റ്റൺ പറയുന്നതാകട്ടെ, പ്രാചീന മലബാറിൽ റോമാക്കാരുടെ ഒരധിവാസ കേന്ദ്രമുണ്ടായിരുന്നുവെന്നും അഗസ്റ്റസ് സീസറുടെ കാലത്ത് (ബി.സി. 28) റോമക്കാരുടെ ആവശ്യാർത്ഥം ഇവിടെ ഒരമ്പലം പണികഴിപ്പിച്ചിരുന്നുവെന്നുമാണ്.4. ഒരു കാര്യം അസന്നിഗ്ദ്ധമായി ചൂണ്ടിക്കാണിക്കുവാൻ കഴിയുന്നത്, അഗസ്റ്റസ് സീസറുടെ കാലം തുടങ്ങി നീറോ ചക്രവർത്തിയുടെ കാലം (ബി.സി. 28 മുതൽ എ.ഡി. 491) വരെയുള്ള റോമാ നാണയങ്ങൾ കേരളത്തിൽ പല സ്ഥലങ്ങളിൽ നിന്നായി ലഭിച്ചിട്ടുണ്ടെന്ന വസ്തുതയാണ്. ആദ്യ അദ്ധ്യായത്തിൽ ഇക്കാര്യം വിശദീകരിച്ചിട്ടുള്ളത് നമുക്കിവിടെ ഓർമ്മിക്കാം. നമ്മുടെ നാടുമായി പ്രാചീന നാഗരികതകൾക്കുണ്ടായിരുന്ന നിദാന്ത സമ്പർക്കത്തിൻെറ സ്പഷ്ടമായ ഉദാഹരണങ്ങളാണിവ.

ഹിപ്പാലസ്, പ്ലിനി, പെരപ്ലസിൻെറ ഗ്രന്ഥകാരൻ എന്നിവർ ഒന്നാം നൂറ്റാണ്ടിലും, സ്ട്രാബോവും, ടോളമിയുമെല്ലാം രണ്ടാം നൂറ്റാണ്ടിലും കേരളതീരദേശങ്ങളെയും ഇവിടെയുള്ള വ്യവസായ സാദ്ധ്യതകളേയും ഭൂമിശാസ്ത്രപരമായ കിടപ്പിനേയുംകുറിച്ച് ധാരാളം എഴുതിയിട്ടുണ്ട്. റോമാ-പേർഷ്യൻ സാമ്രാജ്യങ്ങളുടെ തകർച്ചയോടുകൂടി അറബിക്കടലിൻെറ ആധിപത്യം അറബികളുടെ കൈവശം വന്നുചേർന്നു. കേരളവും പാശ്ചാത്യരാജ്യങ്ങളുമായുള്ള കച്ചവട വിനിമയം മുഴുക്കെ അറബികളാണ് നടത്തിയിരുന്നത്. റെയ്നോഡ് പറയുംപോലെ "15-ാം നൂറ്റാണ്ട് വരെ പേർഷ്യക്കാരുടെ സഹായത്തോടുകൂടി ഇന്ത്യൻകടലുകളിൽ ആരാലും ചോദ്യം ചെയ്യപ്പെടാതെ അറബികൾ അതിൻെറ കുത്തകാവകാശികളായി തീർന്നു. പിന്നീട് പോർച്ചുഗീസുകാർ ഏത് വിധമായിരുന്നുവോ ഇവിടെ അധിപതികളായിരുന്നത് അതുപോലെതന്നെ."5. അറേബിയയിൽ മലബാർ ഉൽപ്പന്നങ്ങളുടെ വ്യാപാരകേന്ദ്രം ഹസറമൗത്ത് തീരത്തുള്ള ളുഫാർ നഗരമായിരുന്നു. മലബാറുമായി നേരിട്ടായിരുന്നു അവർ വ്യാപാരം നടത്തിയിരുന്നത്. തൽഫലമായി തെങ്ങ്, കവുങ്ങ് മുതലായ വൃക്ഷങ്ങളും വെറ്റിലക്കൊടിയും ഇന്നും ഇവിടെ കാണാം. മലബാറിൽ നിന്നും കൊണ്ടുപോയി നട്ട് വളർത്തിയതാണിവ.6. ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ അറേബിയയിൽ നിന്നും കിഴക്കോട്ടുള്ള യാത്രയ്ക്ക് കാറ്റിൻെറ ഗതി അനുകൂലമാകുമ്പോൾ അറബിക്കപ്പലുകൾ മലബാർ തീരത്തേക്ക് പുറപ്പെടുന്നു. മുപ്പത് നാൽപ്പത് ദിവസം കൊണ്ടാണ് അവർ ഇവിടെ എത്തുന്നത്. തങ്ങൾക്കാവശ്യമുള്ള ഉൽപ്പന്നങ്ങൾ സംഭരിച്ച് മൂന്നുനാല് മാസത്തിനു ശേഷം ഡിസംബറിലോ, ജനുവരിയിലോ ആണവർ മടങ്ങുക. മലബാറിലെ ഈ വാണിജ്യ വിഭവങ്ങൾ അന്നത്തെ പ്രധാന വ്യവസായ കേന്ദ്രങ്ങളായ ഏദൻ, അലക്സാന്ത്രിയ എന്നിവിടങ്ങളിൽ എത്തിക്കുന്നു. അവിടങ്ങളിൽ നിന്നാണ് യൂറോപ്പിലെ വ്യവസായികൾ ഇവ അതാത് നാടുകളിലേക്ക് വാങ്ങിക്കൊണ്ട് പോയിരുന്നത്.

കേരളത്തിൻെറ പശ്ചിമതീരത്ത് അലതല്ലുന്ന വിശാലമായ സമുദ്രം അറബിക്കടൽ എന്ന നാമധേയത്താലാണല്ലോ ഇന്നും അറിയപ്പെടുന്നത്. പ്രവാചകനുമുമ്പ് ജീവിച്ചിരുന്ന പ്രാചീന അറബിക്കവികളിൽ പ്രധാനിയായിരുന്ന ഇംറാഉൽ ഖൈസ് തൻെറ ഒരു കവിതയിൽ മൈതാനത്ത് പരന്നുകിടക്കുന്ന മാനിൻെറ കാഷ്ഠത്തെ കുരുമുളക് മണികളോടാണ് ഉപമിച്ചിരിക്കുന്നത്. കേരളത്തിൽ നിന്നു മാത്രം ലഭിച്ചുകൊണ്ടിരുന്ന കുരുമുളകിൻെറ വീര്യത്തേയും, ഗുണത്തേയും ഒക്കെ വാഴ്ത്തുന്ന ഈ കവി, അറേബിയായും കേരളവുമായും വാണിജ്യ-സാംസ്കാരിക ബന്ധങ്ങൾ എത്രയോ നൂറ്റാണ്ടു മുമ്പുമുതൽക്ക് നിലനിന്നിരുന്നുവെന്ന് കാണിക്കുന്നു.

"ബിലാദുൽ ഫുൽ ഫുൽ(കുരുമുളകിൻെറ നാട്)" എന്നും, "മത്വനെ തൻബൂൽ (വെറ്റിലയുടെ വിളനിലം)" എന്നും പേരുകളാണ് ഈ നാടിന് മുസ്ലിം സഞ്ചാരികൾ നൽകിയിരുന്നത്.7. അതുപോലെ അനുഗ്രഹീതമായ നാട് എന്നർത്ഥത്തിൽ "ഖൈർ ആലം" എന്നും അറബികൾ ഈ പ്രദേശത്തെ വിശേഷിപ്പിച്ചിരുന്നുവത്രേ. ഈ ഖൈറുള്ള എന്ന അറബി പദത്തിൽ നിന്നാണ് കേരളമെന്ന പേരുണ്ടായതെന്നും ചിലർ പറഞ്ഞു വെച്ചിട്ടുണ്ട്. അതെന്തായാലും ഈ പ്രദേശവുമായി അറബികൾക്കുണ്ടായിരുന്ന വാണിജ്യ-സാംസ്കാരിക സമ്പർക്കം ചരിത്രത്തിന് കണ്ടെത്താവുന്ന കാലത്തിനു മുമ്പു തന്നെ ഉണ്ടായിരുന്നുവെന്ന് അസന്നിഗ്ദ്ധമായി സ്പഷ്ടമാക്കുന്ന കാര്യങ്ങളാണല്ലോ ഇതുവരെ പരാമർശിച്ചു പോന്നത്.

പാക്കപ്പലുകളും, പത്തേമാരികളുമായി കാലവർഷക്കാറ്റിൻെറ അനുകൂല കാലയളവിൽ ഇവിടെയെത്തിയിരുന്ന അറബി വ്യാപാരികൾക്ക് ആവശ്യമായ വാണിജ്യവിഭവങ്ങൾ സംഭരിക്കുവാൻ കാലതാമസം വന്നിരുന്നു. നമ്മുടെ ഉൽപ്പന്നങ്ങൾ വ്യാപാരാടിസ്ഥാനത്തിൽ സംഭരിച്ച് വെക്കുവാനുള്ള പണ്ടികശാലകളോ, വിൽപ്പനകേന്ദ്രങ്ങളോ കേരളക്കരയിൽ അക്കാലത്തുണ്ടായിരുന്നില്ല. കാട്ടിലും മലകളിലും നിന്നു മാത്രം ശേഖരിക്കാവുന്ന ഈ ഉൽപ്പന്നങ്ങൾ കപ്പലുകളുമായി കടലോരത്തെത്തുന്ന വിദേശികൾക്ക് മടങ്ങി പോകുന്ന രണ്ടുമൂന്നു മാസത്തിനിടയ്ക്ക് ആവശ്യമുള്ളത്ര ലഭിക്കണമെങ്കിൽ അവ ശേഖരിച്ച് തയ്യാറാക്കിവെക്കുന്നതിനുള്ള ഉപാധികൾ ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ്. അതുകൊണ്ടാണ് പൗരസ്ത്യരാജ്യങ്ങളുമായി വ്യാപാരത്തിലേർപ്പെട്ടിരുന്ന യവനൻമാരും, അറബികളുമൊക്കെ അവരുടേതായ അധിവാസകേന്ദ്രങ്ങൾ ഈ കച്ചവട കേന്ദ്രങ്ങളിലൊക്കെ സ്ഥാപിച്ചിരുന്നത്. അരീക്കമേടിലെ റോമൻ സെറ്റിൽമെൻറ് ഇക്കഥയാണല്ലോ സുവ്യക്തമാക്കുന്നത്. അതുതന്നെയാണ് മലബാറിലും മ്അബറിലും (ഇന്ത്യയുടെ തെക്ക് കിഴക്കൻ തീര പ്രദേശം) സിലോണിലുമൊക്കെ ഈ കച്ചവട സമൂഹങ്ങളുടെ ചെറിയ ചെറിയ അധിവാസ കേന്ദ്രങ്ങൾ പുരാതനകാലം മുതൽക്കുതന്നെ നിലനിന്നു പോരുവാൻ കാരണവും. തൽസംബന്ധമായി ഗവേഷണം നടത്തിയിട്ടുള്ള പണ്ഡിതൻമാർ അറബികളുടെ അധിവാസകേന്ദ്രങ്ങളെക്കുറിച്ചും ഇവിടെ താമസമാക്കിയ അവർ നമ്മുടെ ജനങ്ങളുമായി ഏതെല്ലാം വിധത്തിൽ സമരസപ്പെട്ടു പോന്നിരുന്നുവെന്നത് സംബന്ധിച്ചും വിവരിക്കുന്ന ധാരാളം പഠനങ്ങൾ ഇന്ന് നമുക്ക് നൽകുന്നുണ്ട്.

ഇവിടെ പ്രസക്തമായിട്ടുള്ളത് പ്രവാചകനായ മുഹമ്മദ് നബി ഇസ്ലാം മതം പരിപൂർണ്ണമാക്കുന്നതിന് എത്രയോ നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ അറബികൾ ഉൾപ്പെടെയുള്ള വിദേശിയർക്ക് നമ്മുടെ നാട് സുപരിചിതമായിരുന്നുവെന്നതും കച്ചവടാവശ്യാർത്ഥം അവർ ഇവിടെ അധിവസിച്ചിരുന്നു എന്നതുമാകുന്നു. ഈ വിദേശീയരുടെ അധിവാസ കേന്ദ്രങ്ങളുടെ ഫലമായും അവർ കുടുംബസമേതമല്ല, ഇവിടെ താമസിച്ചിരുന്നത് എന്നതിനാലും നമ്മുടെ സ്ത്രീകളുമായുള്ള ബന്ധത്തിൽ നിന്ന് ഒരു സങ്കരവർഗ്ഗസൃഷ്ടി നടന്നു പോന്നിരുന്നുവെന്നും പറയുന്നതിൽ തെറ്റില്ല. അങ്ങനെ അറേബ്യ, ഈജിപ്ത്, ഒമാൻ, യമൻ എന്നീ രാജ്യങ്ങളുമായി നിരന്തര സമ്പർക്കമുണ്ടായിരുന്ന കേരളത്തിൽ അവരുടെ കച്ചവടാവശ്യാർത്ഥം കോളനികളും സ്ഥാപിച്ചിരുന്നു.8. ഒന്നാം നൂറ്റാണ്ടോടുകൂടി സുമാത്രയിലും, സിലോണിലും അറബികൾ കുടിപാർത്തിരുന്നതായി തെളിവുകളുണ്ട്.9. പ്രവാചകനു മുമ്പുള്ള നൂറ്റാണ്ടുകളിൽ തന്നെ ഈ കച്ചവട സംഘങ്ങൾ മലബാർ തീരങ്ങളിലൂടെ സിലോണിലും ഇന്ത്യയുടെ തെക്കു കിഴക്കൻ പ്രദേശമായ മഅ്ബാറിലും വ്യാപാരാർത്ഥം പോക്കു വരവ് നടത്തുകയും ചെയ്തിരുന്നു. റോമാ സാമ്രാജ്യത്തിൻെറ തകർച്ചയുടെ ഫലമായി നാലാം നൂറ്റാണ്ടിനുശേഷം പാശ്ചാത്യ രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ വാണിജ്യസമ്പർക്കം കുറേക്കാലത്തേയ്ക്ക് സ്തംഭനാവസ്ഥയിലായിരുന്നുവെങ്കിലും യവന-റോമാക്കാർ ഉണ്ടാക്കിയ ഈ വിടവ് സാഹസികരായ അറബിവ്യാപാരികൾ അതിവേഗം തന്നെ നികത്തിയതായിട്ടാണ് കാണുന്നത്. അക്കാലം മുതൽ ഇന്ത്യൻ കടലിൻെറ ആധിപത്യം 16-ാം നൂറ്റാണ്ട് വരെ അവർ നിലനിർത്തിപ്പോരുകയും ചെയ്തിരുന്നു.

ജൂലൈ-ആഗസ്റ്റ് മാസത്തിൽ പുറപ്പെട്ട് ഡിസംബർ-ജനുവരിയോടെ വാണിജ്യവിഭവങ്ങളുമായി മടങ്ങുന്ന അറബി പത്തേമാരികൾ ഉദ്ദിഷ്ട സ്ഥലത്തെത്തുക പിന്നേയും ഒന്നൊന്നര മാസം കഴിഞ്ഞിട്ടാണ്. അതായത് കടലിലും, കരയിലുമായി അഞ്ചെട്ട് മാസം സ്ത്രീ സംസർഗ്ഗം ഇല്ലാതെ കഴിയേണ്ടതായി വന്നിരുന്ന അവർക്ക് വിദേശരാജ്യങ്ങളിലുള്ള തങ്ങളുടെ അധിവാസ കേന്ദ്രങ്ങളിലെത്തുമ്പോൾ അവിടത്തുകാരായ സ്ത്രീകളുമായി ലൈംഗികവേഴ്ചയുണ്ടാകുക മനുഷ്യസഹജമാണ്. അക്കാലത്തെ അറേബ്യൻ സമൂഹത്തിൽ കേരളത്തിൽ നായൻമാർക്കിടയിൽ നിലനിന്നിരുന്നത് പോലെയുള്ള മരുമക്കത്തായവും കുടുംബ സംവിധാനവുമാണ് ഉണ്ടായിരുന്നത്. ഗോത്രനിയമം അനുസരിച്ച് കുടുംബത്തിൻേറയും, കുട്ടികളുടേയും സംരക്ഷ സ്ത്രീകളിൽ അർപ്പിതമായിരുന്നു. കേരളത്തിലുണ്ടായിരുന്ന ബഹുഭർത്തൃത്വ സമ്പ്രദായത്തിൻെറ സമാനമായ രീതി ഇസ്ലാമിനു മുമ്പുള്ള അറേബ്യൻ സമൂഹത്തിൽ നിലനിന്നിരുന്നതായി കാണാം. തൻെറ കുടുംബത്തിലെത്തുന്ന അപരിചിതനെപ്പോലും സ്വീകരിക്കുവാൻ അറബികുടുംബനാഥ തയ്യാറായിരുന്നു. അത്തരം ബന്ധത്തിൽ നിന്നുണ്ടാകുന്ന സന്തതികളുടെ രക്ഷാകർത്തൃത്വം കേരളത്തിലേതുപോലെ സ്ത്രീകളുടെ ചുമലിൽ അർപ്പിതവുമായിരുന്നു.10. ഈ 'സംബന്ധ'ത്തെ 'മുത്അ' വിവാഹം എന്നാണ് വിശേഷിപ്പിച്ചിരുന്നത്. ഇത്തരം കരാറിലേർപ്പെടുന്ന പുരുഷൻ ക്ലിപ്തമായ കാലത്തേയ്ക്ക് സ്ത്രീയുടെ വീട്ടിൽ താമസിക്കുന്നതും ഇതിൻെറ പ്രതിഫലമായി ഉഭയ സമ്മതപ്രകാരം നിശ്ചയിച്ച പെൺപണം (മഹർ) സ്ത്രീക്ക് നൽകുന്നതും ആകുന്നു. അന്യനാട്ടിൽ തനിച്ച് താമസിക്കേണ്ടതായി വരുന്നവർ

അസൻമാർഗ്ഗികതയിലേക്ക് വഴുതി വീഴാതിരിക്കുന്നതിനു വേണ്ടിയും ഒരളവോളമെങ്കിലും സാമൂഹ്യച്ചട്ടക്കൂട് ഭദ്രമാക്കുന്നതിനുമായിട്ടുമാണ് ഇത്തരം ബന്ധങ്ങൾ നിയമാനുസൃതമാക്കിയത്.11. നമ്മുടെ നാട്ടിൽ നിലവിലുണ്ടായിരുന്ന സാമൂഹ്യ സംവിധാനം ഇത്തരം താൽക്കാലിക വിവാഹ ബന്ധം നിലനിർത്തുന്നതിനു പറ്റുംവിധവുമായിരുന്നു. നായർ, തിയ്യർ, മുക്കുവർ, എന്നീ വിഭാഗങ്ങളുടെ സാമൂഹ്യസ്ഥിതിയും സൻമാർഗ്ഗനിലവാരവും ഇത്തരം ബന്ധങ്ങൾക്ക് ഏറെ സഹായകരവും ആയിരുന്നുവെന്ന് പറയേണ്ടതില്ലല്ലോ. അങ്ങനെ മലബാറിലും മഅ്ബറിലും, സിലോണിലുമെല്ലാം അറബികളുമായുള്ള താൽക്കാലിക വിവാഹത്തിൻെറ ഫലമായി പുതിയൊരു സങ്കരവർഗ്ഗം വളർന്നുവന്നിരുന്നു. സിലോണിൽ 'മുത്ത്അ' വിവാഹത്തെ 'ബീന' വിവാഹമെന്നാണ് വിളിച്ചുപോന്നിരുന്നത്. റോബർട്ട്സൺ സ്മിത്ത് ഇതിനെ വിശദീകരിക്കുന്നതിപ്രകാരമാണ്. ഇത്തരം അറബിക്കല്യാണങ്ങൾക്ക് മൂന്ന് കാര്യങ്ങളാണുള്ളതെന്ന് അദ്ദേഹം പറയുന്നു. സ്ത്രീക്ക് ഭർത്താവിനെ തിരഞ്ഞെടുക്കുവാനുള്ള അധികാരം, തൻെറ വീട്ടിൽ മാത്രം അയാളെ സ്വീകരിക്കുകയെന്നതും, തനിക്ക് വേണ്ടെന്ന് തോന്നുന്ന സന്ദർഭത്തിൽ ഉപേക്ഷിക്കുവാനുള്ള അവകാശം. പിന്നീട് സ്ത്രീകൾ പുരുഷൻമാരോടൊപ്പം അവരുടെ വീട്ടിൽ പോയി താമസിക്കുന്ന രീതിയുണ്ടായി. അതിനെ 'ബാൽ' എന്നാണ് പേരിട്ടിട്ടുള്ളത്. ഇത്തരം വിവാഹത്തിൽ ജനിക്കുന്ന കുട്ടികൾ പിതാക്കളുടെ ഗോത്രത്തിൽപ്പെടുന്നവരും അവരുടെ രക്ഷാകർത്തൃത്വം മാതാവിനോടൊപ്പം പിതാവിനും ഉണ്ടായിരിക്കുന്നതുമാകുന്നു.12. 'ബീന' വിവാഹ സമ്പ്രദായം കേരളത്തിലെ നായർ സമുദായത്തിൽ നിലനിന്നിരുന്ന മരുമക്കത്തായത്തോടും, ബഹുഭർത്തൃത്വത്തോടും ഏറെ സാമ്യമുള്ളതാണ്. 'മുത്ത്അ' വിവാഹം കേരളത്തിൽ വ്യാപകമായി നടന്നതിൻെറ ഫലമായിട്ടാണ് മാപ്പിളയെന്ന സങ്കരവർഗ്ഗം ഉടലെടുത്തതെന്ന കാര്യത്തിൽ സംശയമില്ല. ഐസ്ലാമിക അധിനിവേശത്തിനു മുമ്പുതന്നെ കേരളത്തിലെ പ്രധാനതുറമുഖ കേന്ദ്രങ്ങളിലൊക്കെ ഇത്തരം മാപ്പിള സമൂഹങ്ങൾ നിലനിന്നിരുന്നു. അവരാണ് ഐസ്ലാമിക അധിനിവേശത്തോടെ മുസ്ലിംകളായി മാറിയ ആദ്യത്തെ കേരളസമൂഹം.

കേരളത്തിൻെറ ചരിത്രം തന്നെ ഒരു നിലയ്ക്ക് കേരളത്തിലെ മുസ്ലിംകളുടെ ചരിത്രമാണ്. ആറാം നൂറ്റാണ്ട് വരെയുള്ള നമ്മുടെ ചരിത്രം ഊഹാപോഹങ്ങളിലും ഐതിഹ്യങ്ങളുടെ നൂലാമാലകളിലും കെട്ടുപിണഞ്ഞ് കിടക്കുന്നതാണല്ലോ. സംഘകാലസാഹിത്യം വിളമ്പുന്ന ജനജീവിതവും, രാഷ്ട്രീയ സംവിധാനങ്ങളുമൊക്കെ. മാമലകൾക്കപ്പുറത്ത് തമിഴ്പാണ്ഡ്യ ദേശങ്ങളിൽ നിലനിന്ന സമ്പ്രദായങ്ങളുടെ കാവ്യഭാവന മാത്രമാണെന്നും, പശ്ചിമഘട്ടത്തിനിപ്പുറത്തുള്ള ദുർഘടമായ പ്രാകൃതിക പ്രതിഭാസങ്ങൾ മലനാടിനെ കൊച്ചു കൊച്ചു തുരുത്തുകളെന്നോണം വേർപെടുത്തപ്പെട്ട നിലയിൽ ഭൂപരമായി തരംതിരിച്ചിരുന്നുവെന്നും നാം മുൻ അദ്ധ്യായത്തിൽ വിശദീകരിക്കുവാൻ ശ്രമിച്ചിട്ടുള്ളതാണ്.

നാലാം നൂറ്റാണ്ടിൽ റോമാ സാമ്രാജ്യത്തൻെറ തകർച്ചയുടെ ഫലമായി നമ്മുടെ കച്ചവട വ്യാപാരങ്ങളിൽ കനത്ത തിരിച്ചടി സംഭവിച്ചിരുന്നു. ഈ വിടവ് നികത്തിയത് അറബിക്കടലിൻെറ ആധിപത്യത്തിലേക്ക് വളർന്ന അറബി നാവികരും വ്യാപാരികളുമാണ്. അങ്ങനെ നാലാം നൂറ്റാണ്ട് മുതൽക്ക് പൗരസ്ത്യ ദേശങ്ങളിൽ പൊതുവേയും കേരളത്തിൽ പ്രത്യേകമായും അറബികളാണ് നേരിട്ടോ, ഇടനിലക്കാരെന്ന നിലയ്ക്കോ കച്ചവടം നടത്തിപ്പോന്നിരുന്നത്. നമ്മുടെ ഉൽപ്പന്നങ്ങൾ സംഭരിച്ച് യഥാവസരം പത്തേമാരികളിൽ കയറ്റുന്നതിനായി നമ്മുടെ തുറമുഖ പ്രദേശങ്ങളിൽ ഇവരുടെ അധിവാസകേന്ദ്രങ്ങളുണ്ടായിരുന്നുവെന്നും ഇവിടെ താമസമാക്കിയിരുന്ന ഈ വിദേശവണിക്കുകളുമായുണ്ടായ സംസർഗ്ഗത്തിൽ നിന്നും ഉൽഭവിച്ച സങ്കരവർഗ്ഗമാണ് മാപ്പിളമാരെന്നും നാം പറഞ്ഞുകഴിഞ്ഞതാണ്. ഈ വ്യാപാരവിനിമയം ഏഴാം നൂറ്റാണ്ടോടുകൂടി കൂടുതൽ ഉത്തേജിതമായി. അറേബിയയിൽ അക്കാലത്തുണ്ടായ ഭൗതികവും, ആത്മീയവുമായ ഐസ്ലാമിക വിപ്ലവത്തിൻെറ ഫലമായിട്ടായിരുന്നു പുതിയ ഈ ഉണർവ്വ്. അതുമുതൽ 16-ാം നൂറ്റാണ്ടിൽ പറങ്കിപ്പട നമ്മുടെ സ്വൈരജീവിതത്തെ താറുമാറാക്കി സമുദ്രാധിപത്യത്തിനു വേണ്ടി രക്തച്ചൊരിച്ചിൽ നടത്തുന്നതുവരെ അറബികളും അവരുടെ സമ്പർക്കത്തിൽ നിന്നും രൂപംകൊണ്ട മുസ്ലിംകളുമാണ് നമ്മുടെ വ്യാപാരത്തേയും സമ്പദ്ഘടനയേയും സുരക്ഷിതമാക്കി നിലനിർത്തിയിരുന്നത്. സമൂഹത്തിൻെറ സദാചാര-സൻമാർഗ്ഗ നിലവാരത്തിലും ഐസ്ലാമിക സ്വാധീനം വളരെയധികം മാറ്റങ്ങൾക്ക് ഹേതുവുമായി. ഇക്കാലങ്ങളിൽ രാഷ്ട്രീയാധികാരം കൈയ്യാളിയിരുന്ന നൂറുകണക്കിന് ഇടനിലമന്നൻമാരും വളരെ രാജാക്കൻമാരും അന്യോന്യം യുദ്ധം ചെയ്തും, കുടിപ്പക തീർത്തും രാജ്യ വിചാരം ചെയ്തിരുന്നുവെന്ന കാര്യം വിസ്മരിക്കുന്നില്ല. കൃഷിക്കാരിൽ നിന്നും ഇവർ നമ്മുടെ വാണിജ്യവിഭവങ്ങൾ ശേഖരിച്ച് വിദേശക്കപ്പലുകളിലെത്തിച്ച് നമ്മുടെ വ്യാപാരത്തെ പ്രോൽസാഹിപ്പിച്ചിരുന്നുവെന്നതും നമുക്കോർമിക്കുകയും ചെയ്യാം. എന്നാൽ ഈ നാടുകളുടെയൊക്കെ സാമ്പത്തിക ഭദ്രതയും നിലനിൽപ്പും വിദേശീയരുമായുണ്ടായിരുന്ന വാണിജ്യ വ്യാപനത്തെ അടിസ്ഥാനമാക്കി ആയിരുന്നുതാനും. ഈ വ്യാപാരകുത്തകയാകട്ടെ മുസ്ലിംകളുടേതായിരുന്നുവെന്ന വസ്തുത അവിതർക്കിതവുമാണല്ലോ.

പോർച്ചുഗീസുകാരുടെ വരവോടുകൂടി അവർ സൃഷ്ടിച്ച സംഘർഷത്തിൻെറ ഫലമായി കച്ചവടം എന്നതിലുപരി ഈ വിദേശികളെ കരക്കടുപ്പിക്കാതെ നാവിക യുദ്ധങ്ങളിലൂടെ കടലിൽ തന്നെ തളച്ചു നിർത്തുവാനും അവരുടെ ശക്തി നശിപ്പിക്കുവാനുമുള്ള സാഹസിക യത്നം നടത്തുക എന്നതായി മുസ്ലിംകളുടെ പ്രധാന പരിപാടി. അങ്ങനെ നൂറുകണക്കിന് നാവികയുദ്ധങ്ങൾ നടത്തി ആളും അർത്ഥവും ഹോമിച്ചുകൊണ്ടുതന്നെ ഒന്നൊന്നര നൂറ്റാണ്ട് കാലത്തേക്കെങ്കിലും പറങ്കികളെ തടഞ്ഞുനിർത്താൻ സാധിച്ചത് കുഞ്ഞാലി മരക്കാർമാരുടെ നേതൃത്വത്തിൽ സാമൂതിരിയുടെ പതാകയുമേന്തി മാപ്പിളനാവികർ നടത്തിയ പോരാട്ടങ്ങൾ കൊണ്ടാ

യിരുന്നു. കോളചരിത്രത്തിൽ വീരേതിഹാസം വിരചിച്ച വയായിരുന്നു മാപ്പിള-പറങ്കി നൂറ്റാണ്ട് യുദ്ധം. പറങ്കികൾക്കു ശേഷം വന്ന ലന്തക്കാരുമായും പിന്നീട് ഇംഗ്ലീഷുകാരുമായും സന്ധിയോ, സമാധാനമോ ചെയ്യാതെ നിരന്തരം നടത്തിയ സംഘട്ടനങ്ങൾ 1921ലെ ഖിലാഫത്ത് വിപ്ലവത്തോടെയാണ് പൂർണ്ണമായും അടിച്ചമർത്തപ്പെട്ടത്. അങ്ങനെ ഏഴാം നൂറ്റാണ്ട് മുതൽ 16-ാം നൂറ്റാണ്ട് വരെയുള്ള നമ്മുടെ ചരിത്രം മുസ്ലിം കളുടെ വ്യാപാര-വാണിജ്യ കുത്തകയുടേതായിരുന്നുവെങ്കിൽ 16 മുതൽ 20 വരെയുള്ള നൂറ്റാണ്ടുകളിൽ വിദേശാധിപത്യ ത്തിനെതിരായി നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുക്കുന്നതിനായി അവർ നടത്തിയ ആത്മഹത്യാപരമെങ്കിലും വീരശൂരപരാ ക്രമങ്ങളുടെ ഗദകാലവീരഗാഥകളാണ്. നമ്മുടെ നാട്ടുരാജാ ക്കൻമാരും ഇടനിലമന്നൻമാരും മാറിയും മറിഞ്ഞും ഏതെ ങ്കിലും വിദേശ ശക്തിയുടെ പിണിയാളുകളായി അവർക്കാവ ശ്യമായ കച്ചവട വിഭവങ്ങൾ എത്തിച്ചുകൊടുക്കുന്ന പ്രവൃത്തി യിൽ വ്യാപൃതരായിരുന്നുവെന്ന കാര്യം ഓർക്കാഞ്ഞിട്ടല്ല. നാടിൻേറയും, ദേശത്തിൻേറയും പൊതുതാൽപ്പര്യവും, ചരിത്ര ഗതിയും പരിഗണിക്കുമ്പോൾ ദേശീയ പ്രാധാന്യമുള്ള സംഭവ ങ്ങളാണല്ലോ കണക്കിലെടുക്കേണ്ടത്. ഈ മാനദണ്ഡംവെച്ച് അളന്നാൽ ആദ്യമേ പ്രസ്താവിച്ചപോലെ കേരളത്തിൻെറ ചരിത്രം കേരളത്തിലെ മുസ്ലിംകളുടെ ചരിത്രമാണെന്ന് സംശയലേശമെന്യേ സമർത്ഥിക്കാൻ സാധിക്കുന്നതാണ്.

എന്നാൽ ഈ വസ്തുത അംഗീകരിക്കുന്നില്ലെന്നത് പോകട്ടെ, നിരവധി നൂറ്റാണ്ടുകളായി നടന്ന സംഭവബഹു ലമായ കഴിഞ്ഞകാല ചെയ്തികളെ നാം ഓർക്കാൻ പോലും മിനക്കെടുന്നില്ലെന്നതാണ് ആധുനികരായ എഴുത്തുകാരുടെ പ്രവണത. ചരിത്ര സാമഗ്രികളോ, ചരിത്രസംസ്കാരമോ തീണ്ടിയിട്ടുപോലുമില്ലാതിരുന്ന നമ്മുടെ പൂർവ്വികർ അനാ ദികാലമായി ശീലിച്ചുപോന്ന ആചാരാനുഷ്ഠാനങ്ങൾ നിഷ്കൃ ഷ്ടമായി പരിപാലിച്ചുപോന്നിരുന്നവരും ഉള്ളത് കൊണ്ട് ഒതുങ്ങികഴിഞ്ഞു കൂടിയിരുന്നവരുമാണല്ലോ. അക്കാല ങ്ങളിൽ അവർക്ക് സഹായം നൽകിയിരുന്നവരെ അവർ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്തു പോന്നു. സ്നേഹിക്കുന്നവരേയും, വിശ്വസിക്കുന്നവരേയും ഒരിക്കലും വഞ്ചിക്കാതിരിക്കുകയെന്ന ഐസ്ലാമിക സത്ത ഉൾക്കൊ ണ്ടിരുന്ന കേരളത്തിലെ മുസ്ലിംകൾ സഹോദര സമുദായ ങ്ങളുമായി അങ്ങേയറ്റം സൗഹൃദത്തിൽ കഴിഞ്ഞുകൂടുകയും ചെയ്തു. നാമിന്ന് നമ്മുടെ മഹത്തായ പാരമ്പര്യമായി അഭിമാനിക്കുന്ന സൗഹൃദ ജീവിതവും ഐകമത്യവും പറങ്കികളുടെ ആഗമനത്തിനു മുമ്പുവരെ കേരളസമൂഹ ത്തിൻെറ ഹൃദയമിടിപ്പായിരുന്നു. ഈ ഐക്യവും സാഹോ ദര്യവും ഇവിടെ സമഞ്ജസമായി സമന്വയിപ്പിച്ചത് ഈ കാലയളവിൽ ഇവിടെ ഉൽക്കർഷം പ്രാപിച്ചിരുന്ന മുസ്ലിം കളായിരുന്നുവെന്ന വസ്തുത ഇന്നാരും ഓർക്കാൻപോലും മിനക്കെടുന്നില്ലെന്നതാണ് നമ്മുടെയിടയിൽ അനൈ ക്യത്തിൻെറ വിത്തുപാകിയത്. ഈ പ്രവണത കാലം കഴിയുന്തോറും കൂടുതൽ കൂടുതൽ രൂക്ഷമായിക്കൊണ്ടിരി ക്കുകയും ചെയ്യുന്നു.

19-ാം നൂറ്റാണ്ട് അവസാനത്തോടുകൂടിയാണ് പ്രാദേശിക ചരിത്രരചനയ്ക്ക് രാജകീയ പ്രോൽസാഹനങ്ങൾ ലഭിച്ചു തുടങ്ങിയത്. അതാകട്ടെ മലബാറിൽ രണ്ട് ദശാബ്ദത്തി ലേറെക്കാലം കളക്ടറും, സ്പെഷ്യൽ കമ്മീഷണറു മൊക്കെയായിരുന്ന പണ്ഡിതനായ ലോഗൻ തൻെറ കീഴിലുള്ള ഉദ്യോഗസ്ഥൻമാരുടെ സഹായത്തോടുകൂടി സംഭരിച്ച ചരിത്ര സാമഗ്രികൾ നിഷ്കൃഷ്ടമായ പഠനത്തിന് വിധേയമാക്കി 1887ൽ വിരചിച്ച 'മലബാർ മാന്വൽ'ആണ് പ്രാദേശിക ചരിത്ര നിർമ്മിതിക്ക് കൊച്ചി-തിരുവിതാംകൂർ രാജാക്കൻമാർക്ക് പ്രചോദനധാരയായി വർത്തിച്ചത്. എന്നാൽ ഓരോ രാജവംശത്തിൻേറയും കഴിഞ്ഞകാല പ്രതാപത്തെ പ്രകീർ ത്തിക്കുന്നതിനായി അതിശയോക്തികളും, അസംഭവ്യങ്ങളും കെട്ടുകഥകളും കൊണ്ട് വർണ്ണപകിട്ട് നൽകിയ ഈ ചരിത്രവിവരണങ്ങളൊന്നും തന്നെ വസ്തുനിഷ്ഠമോ, സത്യ സന്ധമോ ആയിരുന്നില്ല. കൊട്ടാരത്തിലെ സ്തുതിപാഠകൻ മാരുടെ ഭാവനാവിലാസമനുസരിച്ചുള്ള സൃഷ്ടികളാണ് ഇവ യത്രയും. അതുകൊണ്ടാണ് ഈ അടുത്തകാലം വരെ കേര ളത്തെ ചരിത്രമില്ലാത്ത നാടെന്ന് വിശേഷിപ്പിച്ചിരുന്നത്.

ഈ കുറവ് പരിഹരിക്കുവാനുള്ള ശ്രമം ആരംഭിച്ചപ്പോൾ മുതൽ എഴുത്തുകാരൻെറ മനോധർമ്മം അനുസരിച്ച് കഴിഞ്ഞ കാല സംഭവങ്ങളെ വ്യാഖ്യാനിക്കാനും മനഃപൂർവ്വമായി കാലുഷ്യം കലർത്തുവാനും തുടങ്ങി. ദൗർഭാഗ്യമെന്നുപറയട്ടെ, ഈ നൂറ്റാണ്ടാരംഭത്തോടുകൂടി ഉൽക്കർഷത്തിലേക്കുയർ ന്നുവന്ന നായർ സമുദായത്തിൻെറ മേൻമയും സമൂഹത്തിൽ അവർക്കുള്ള സ്ഥാനവും അതിഭാവുകത്വത്തോടുകൂടി വർണ്ണിക്കുവാനും അവ സുസ്ഥിരമാക്കുവാനുമുള്ള ജാതീയ പ്രക്രിയയാണ് പിന്നീട് നടന്നത്. 10-ാം നൂറ്റാണ്ട് മുതൽ 19-ാം നൂറ്റാണ്ട് വരെ ഏത് വിധമാണോ നമ്പൂതിരിമാർ കേരളീയ ഹൈന്ദവ സമൂഹത്തിൽ പൊതുവേയും, നായൻമാരുടെ മേൽ പ്രത്യേകമായും അലംഘനീയമായ ആധിപത്യം സ്ഥാപി ച്ചിരുന്നത്, അതേ ശൗര്യത്തിലും ശക്തിയിലുമാണ് 20-ാം നൂറ്റാണ്ടാരംഭം മുതൽ നായർ പ്രഭൃതികൾ തങ്ങളുടെ മേധാ വിത്വം പുലർത്തുവാൻ നടത്തിയ ശ്രമം. നമ്പൂതിരി കാല ഘട്ടത്തിലെ തിയോക്രാറ്റിക് ഫ്യൂഡലിസത്തിൻെറ ക്രൂരമായ മർദ്ദന സംവിധാനത്തിൽ എല്ലാം സഹിച്ച് റാൻമൂളികളായി കഴിഞ്ഞിരുന്ന നായൻമാർക്ക് ബ്രിട്ടീഷ് ഭരണത്തിൽ സുസ്ഥാ പിതമായ കൊളോണിയൽ ഫ്യൂഡലിസം അധഃസ്ഥിതാ വസ്ഥയിൽ നിന്നും സടകുടഞ്ഞെഴുന്നേൽക്കുവാൻ അവർക്ക് അവസരം നൽകിയെന്നതാണ് 20-ാം നൂറ്റാണ്ടിൽ നടന്ന സുപ്രധാന സംഭവം. അനുകൂലമായ ആ സാഹചര്യത്തെ ബുദ്ധിപൂർവ്വം പ്രയോജനപ്പെടുത്തുവാൻ അവർക്ക് സാധിച്ചു വെന്നത് നായർ മേധാവിത്വത്തിൻെറ കൊടിക്കൂറ കേരള ത്തിൻെറ ശിരസ്സിലുയരുവാൻ കാരണമാക്കി. ഇത് ഊട്ടി ഉറപ്പിക്കണമെങ്കിൽ പിന്തിരിഞ്ഞ് നോക്കുമ്പോൾ ലജ്ജിച്ച് തല താഴ്ത്താതിരിക്കത്തക്കവിധം ഭൂതകാല വിഭൂതികളിൽ

പൊടിപ്പും തൊങ്ങലും ചാർത്തി ഒരടിത്തറ സൃഷ്ടിക്കുക മാത്രമായിരുന്നു ഏക പോംവഴി. അത് നടത്തുവാനുള്ള ബോധപൂർവ്വമായ ശ്രമമാണ് പിന്നീട് നടന്നത്.

പാച്ചുപിള്ളയും, പി. ശങ്കുണ്ണിമേനോനും, കെ.പി. പത്മനാഭമേനോനും, കോമാട്ടിൽ അച്യുതമേനോനും, വേലുപിള്ളയും, കെ.എം. പണിക്കരും എല്ലാം നടത്തിയ ചരിത്ര രചന നായർ ആധിപത്യത്തെ സുതരാം വിളംബരം ചെയ്യുന്ന സൃഷ്ടികളാണ്. ഇതിൻെറ ഫലമായി തങ്ങളെ അടിമകളാക്കി നിർത്തുകയും തങ്ങളുടെ സ്ത്രീകളെ വെറും ഭോഗവസ്തുക്കളായി യഥേഷ്ടം ഉപയോഗപ്പെടുത്തുകയും ചെയ്തിരുന്ന നമ്പൂതിരി ഫ്യൂഡൽ-പൗരോഹിത്യത്തേയും ആ സംവിധാനങ്ങളേയും അപലപിക്കുവാനുള്ള ശ്രമങ്ങൾ തകൃതിയായി ഒരുവശത്ത് നടത്തിയപ്പോൾ തങ്ങളെപ്പോലെ തന്നെ ആയുധധാരികളും പ്രബലരുമായിരുന്ന മുസ്ലിംകളെ താഴ്ത്തികെട്ടുവാനുള്ള ശ്രമങ്ങൾ മറുവശത്തും നടന്നു. മനഃപൂർവ്വമായ ഈ ദുരുദ്ദേശ്യമാണ് കേരളചരിത്ര നിർമ്മാണ പ്രക്രിയയുടെ ആരംഭം മുതൽ അരങ്ങേറിയത്. നിർഭാഗ്യമെന്നു പറയട്ടെ, ചരിത്രരചനയ്ക്കൊരുമ്പെട്ടവർ എല്ലാം തന്നെ സവർണ്ണ വരേണ്യ വർഗ്ഗത്തിൽപ്പെട്ടവരുമാണ്. കേരളം വിദേശാധിപത്യത്തിലേക്ക് വഴുതി വീഴുന്നതുവരെ ഈ രാജ്യത്തിൻെറ വാണിജ്യവും, സാമ്പത്തിക നിയന്ത്രണവും രാഷ്ട്രീയ പങ്കാളിത്തവും കൈയ്യാളിയിരുന്ന മുസ്ലിംകൾക്കാകട്ടെ പറങ്കികളുടെ ആഗമനത്തോടുകൂടിയും അവരുമായുള്ള നിരന്തര പോരാട്ടത്തിൻെറ ഫലമായും ആളും അർത്ഥവും ഹോമിക്കേണ്ടതായി വന്നതിനുപുറമേ, വ്യവസായ മേഖലകളിലും നാട്ടരചൻമാരുടെ മേലുണ്ടായിരുന്ന സ്വാധീനത്തിലും വർദ്ധമാനമായ കുറവ് സംഭവിക്കുകയും ചെയ്തു. അതേസമയം നവീന ആയുധങ്ങളും പുത്തൻ യുദ്ധമുറകളുമായി വ്യാപാരാർത്ഥം കേരളത്തിലെത്തിയ വിദേശീയരുമായി സഖ്യത്തിൽലേർപ്പെട്ടും അവർക്കു വേണ്ട കച്ചവട വിഭവങ്ങൾ ഒരുക്കിയും സുഹൃദ്ബന്ധങ്ങൾ സൃഷ്ടിച്ച ഇടപ്രഭുക്കൻമാരും നാട്ടരചൻമാരും ക്ഷീണിതരായിക്കൊണ്ടിരുന്ന മുസ്ലിം വർത്തക പ്രമാണിമാരേയും, മുസ്ലിംകളേയും തഴയുകയും ചെയ്തു. അതുവരെയുണ്ടായിരുന്ന നായർ-മുസ്ലിം ഐക്യം തകരാൻ തുടങ്ങുന്നതിൻെറ ആരംഭമായിരുന്നു ഇത്.

മുസ്ലിംകൾ സംഭരിക്കാവുന്ന ശക്തിയൊക്കെ സ്വരൂക്കൂട്ടി പറങ്കികളുമായി നാവികയുദ്ധങ്ങൾ നടത്തിക്കൊണ്ടിരുന്നപ്പോൾ മറ്റു പോംവഴികൾ ഇല്ലാത്തതുകൊണ്ട് കോഴിക്കോട്ടെ ഭരണാധിപതിയായ സാമൂതിരി മുസ്ലിംകളോടൊപ്പം നിന്നു. കൊച്ചിയും, കോലത്തിരിയും അവരുമായി വേഴ്ചയുണ്ടായിരുന്ന കുറുനില മന്നൻമാരും പറങ്കികളുടെ കൂട്ടാളികളും സാമൂതിരിയുടെ എതിരാളികളുമായ സ്ഥിതിയിൽ സാമൂതിരിക്കു തൻെറ മാപ്പിള നാവികപ്പടയിൽ വിശ്വാസമർപ്പിച്ചു പ്രവർത്തിക്കുക മാത്രമേ കരണീയമായിട്ടുണ്ടായിരുന്നുള്ളു. 1498ൽ വാസ്കോഡിഗാമ കാപ്പാട് കപ്പലിറങ്ങിയതു മുതൽ 1598ൽ കുഞ്ഞാലി നാലാമനെതിരായി സാമൂതിരി പറങ്കികളുമായി കൂട്ടുകൂടി യുദ്ധം ചെയ്യുന്നതുവരെയുള്ള ഒരു നൂറ്റാണ്ട് കാലം മാപ്പിള നായർ സഖ്യം നിലനിന്നുപോന്നു. എന്നാൽ 1600 മാർച്ച് 16-ാം തിയ്യതി കുഞ്ഞാലി നാലാമൻ സാമൂതിരിയുടെ മുമ്പിൽ തൻെറ ആയുധം വെച്ച് കീഴട ങ്ങിയപ്പോൾ രഹസ്യധാരണ അനുസരിച്ച് പറങ്കിപ്പടനായകനായ ഫെർട്ടാഡോവിന് കുഞ്ഞാലിയേയും കൂട്ടരേയും ബന്ധനസ്ഥരാക്കുവാൻ സാമൂതിരി വിട്ടുകൊടുത്തതോടു കൂടിയാണ് മലബാറിലതുവരെ നിലനിന്നിരുന്ന നായർ-മാപ്പിള ഐക്യം ശിഥിലമാകുന്നത്. അതിൽപ്പിന്നെ മുസ്ലിംകളും നായർ മേധാവികളും അന്യോന്യം അവിശ്വസിക്കുകയും ശത്രുതാ മനോഭാവത്തോടുകൂടി വർത്തിക്കുകയും ചെ യ്തുപോന്നു. ഫ്രഞ്ചുകാരുടെ മാഹിക്കടുത്തുള്ള പെരിങ്ങത്തുരെന്ന സ്ഥലത്തെ മുസ്ലിം വ്യാപാരികൾ 1738-ൽ ഫ്രഞ്ചുകമ്പനിയുമായുണ്ടാക്കിയ ഉടമ്പടിയുടെ വ്യവസ്ഥകളിലൊന്ന്, ബസാറിൻെറ സംരക്ഷണം ഫ്രഞ്ചുകാർ നടത്തണമെന്നും, അതിനാൽ ഉണ്ടാകാവുന്ന ചെലവുകളത്രയും മുസ്ലിം വ്യാപാരികൾ നിർവ്വഹിക്കുന്നതാണെന്നും അവിടെയുള്ള നായർ പ്രഭുക്കൻമാരുടെ ആക്രമണത്തിനെതിരെ തങ്ങളെ സഹായിക്കുക മാത്രമാണ് ചെയ്യേണ്ടതുള്ളു എന്നുമായിരുന്നു. 13.

ഈ സംഘർഷം കൂടുതൽ കൂടുതൽ രൂക്ഷമായിക്കൊണ്ടിരുന്നതിൻെറ ധാരാളം തെളിവുകളുണ്ട്. 1745ൽ തിരൂരങ്ങാടിയിൽ നായർ-മാപ്പിള ലഹളകൾ വളരെയധികം നടന്നിട്ടുണ്ട്.14. തിരൂരങ്ങാടിപ്പള്ളി ആക്രമിക്കുവാനുള്ള ശ്രമത്തിൽ ഇരുവിഭാഗത്തിൽ നിന്നു ധാരാളം പേർ മരണമടഞ്ഞിരുന്നു.15. ഈ രേഖകൾ ഉദ്ധരിക്കുന്നത്, മലബാറിലെ പ്രബലശക്തികളായിരുന്ന നായൻമാരും മാപ്പിളമാരും അതുവരെയുണ്ടായിരുന്ന സ്നേഹബന്ധം അവസാനിപ്പിച്ച് ശത്രുക്കളായി മാറിയിരുന്നുവെന്ന് കാണിക്കുവാനാണ്. തുടർന്ന് മലബാറിൻെറ പല ഭാഗങ്ങളിലും കൂട്ടക്കൊലകളും രക്തച്ചൊരിച്ചിലും സാധാരണ സംഭവമായി തീർന്നിരുന്നു. കണ്ണൂരിലെ അലിരാജാവും, കോലത്തുനാട് വംശത്തിലെ കാപ്പുതമ്പാനും മലബാർ അക്രമിക്കുന്നതിനായി മൈസൂരിലെ ഹൈദരലിയെ ക്ഷണിച്ച് നൽകുന്ന നിവേദനത്തിൽ അരക്ഷിതരായി കഴിയുന്ന മുസ്ലിംകളെ രക്ഷിക്കണമെന്നുകൂടി ഉദ്ബോധിപ്പിച്ചിരുന്നു.16.

1766ൽ ഹൈദരലി മലബാർ കീഴടക്കിയതിനു ശേഷം കടത്തനാട് നായൻമാരുടെ ചെറുത്തുനിൽപ്പിനെ ഉൽമൂലനം ചെയ്തുകൊണ്ടുള്ള മുന്നേറ്റം നായർ സമൂഹത്തെയാകമാനം കാടുകളിലും മലകളിലുമുള്ള ഒളി സങ്കേതങ്ങളിൽ അഭയം തേടുവാൻ ഇടയാക്കി.17. പിന്നീട് 1792ൽ മലബാർ, ഈസ്റ്റിന്ത്യ കമ്പനിയുടെ കൈവശം വരുന്നതുവരെ മലബാറിലെ നായൻമാരുടെ സ്ഥിതി അങ്ങേയറ്റം പരിതാപകരവുമായി തീർന്നു. മൈസൂർ കാലഘട്ടത്തെക്കുറിച്ചുള്ള അദ്ധ്യായത്തിൽ ഇക്കാര്യം സുദീർഘമായി വിവരിക്കുന്നതുകൊണ്ട് ഇവിടെ കൂടുതൽ വിശദീകരിക്കുന്നില്ല. നമുക്കിവിടെ പ്രസക്ത


മായിട്ടുള്ള സുപ്രധാനമായൊരു കാര്യം പറയാതെ തരമില്ല. നമ്മുടെ നാട്ടിൽ യോദ്ധാക്കളുടെ സമുദായമായിരുന്നു നായൻമാരുടേത്. ആ നിലയ്ക്ക് മൈസൂറുമായുള്ള യുദ്ധത്തിൽ നായർ പടയാളികൾക്കുണ്ടായ നാശം നായർ സമുദായത്തിന്റെ നാശമായി മാറി. തങ്ങളെ ഒളിഞ്ഞും തെളിഞ്ഞും എതിർത്തുകൊണ്ടിരുന്ന നായർ ലഹളക്കാരെ നിഷ്ക്കരുണം അടിച്ചമർത്തിയ മൈസൂർ ഭരണാധിപൻമാരോട് അതുകൊണ്ടുതന്നെ നായർ സമുദായം ഒന്നടങ്കം വിദ്വേഷവും, പകയും പുലർത്തിപോന്നു. കേരളചരിത്രരചനയ്ക്കൊരുമ്പെട്ടവർ അത്രയും നായൻമാരായിരുന്നു എന്നതുകൊണ്ട് അവർക്ക് മുസ്ലിം സമുദായത്തോടുള്ള വിരോധം അനായാസമായി ആത്മസംതൃപ്തിയോടുകൂടി തന്നെ എഴുതിപ്പിടിപ്പിക്കുവാനും കഴിഞ്ഞു. അതുകൊണ്ടാണ് കേരളത്തിൽ ഇസ്ലാമിന്റെ ആവിർഭാവം തുടങ്ങി മറ്റെല്ലാ കാര്യങ്ങളിലും വാദകോലാഹലങ്ങളും എതിർപ്പുകളും ഉണ്ടാകുവാൻ കാരണം. ഈ തലമുറയിലെ എഴുത്തുകാരായ ഇളംകുളം കുഞ്ഞൻപിള്ളയും,. ശ്രീധരമേനോനും, ശൂരനാട് കുഞ്ഞൻപിള്ളയും, ഡോ. എം.ജി.എസ്. നാരായണനുമൊക്കെ ഈ സമുദായത്തിന്റെ കാതലായ പ്രശ്നങ്ങളെ സമീപിക്കുമ്പോൾ തങ്ങളുടെ പൂർവ്വികരെ ഉദ്ധരിച്ചുകൊണ്ട് അതേ അഭിപ്രായം സ്ഥാപിക്കുവാൻ ശ്രമിക്കുന്നത് ഈ ചേതോവികാരം കൊണ്ടാണ്. ഇളംകുളം പറഞ്ഞിരിക്കുന്നുവെന്ന് എം.ജ.എസ്. നാരായണനും, പത്മനാഭമേനോൻ പറഞ്ഞെന്ന് ശ്രീധരമേനോനും അന്യോന്യം ഉദ്ധരണികളുമായി സ്വന്തം അഭിപ്രായത്തെ സാധൂകരിക്കുവാൻ ശ്രമിക്കുന്നതായി കാണാം. ചുരുക്കത്തിൽ ഇതേവരെ എഴുതപ്പെട്ട കേരള ചരിത്ര അംശങ്ങളിൽ മുസ്ലിം സമുദായം ഈ രാജ്യത്തിന് ചെയ്തിട്ടുള്ള സംഭാവനകളെ കണ്ടില്ലെന്ന് നടിക്കുകയും ചെയ്യരുതാത്തവ ചെയ്തെന്നമട്ടിൽ മനഃപൂർവ്വമായി അതിഭാവുകത്വത്തോടുകൂടി ആരോപിക്കുന്ന രീതിയുമാണ് അനുവർത്തിച്ച് പോരുന്നത്. ബ്രിട്ടീഷ് ആധിപത്യത്തോടുകൂടി ഇവിടെ ഉത്ഘാടിതമായ വിദ്യാഭ്യാസ സമ്പ്രദായത്തിലോ അവരുടെ മിലിട്ടറി-സിവിൽ സർവ്വീസുകളിലോ ചേരാതെ നിരന്തരം അവരെ എതിർത്തുകൊണ്ടു നിന്ന മുസ്ലിം സമുദായം 20-ാം നൂറ്റാണ്ടാദ്യമായപ്പോഴേക്കും എല്ലാ രംഗങ്ങളിൽ നിന്നും തൂത്തെറിയപ്പെടുകയും ചെയ്തിരുന്നു. അവരെപ്പറ്റി ഇംഗ്ലീഷിൽ എഴുതപ്പെട്ട ചരിത്രഗ്രന്ഥങ്ങളൊന്നും തന്നെ വായിക്കുവാൻ വശമുണ്ടായിരുന്നില്ലെന്ന് മാത്രമല്ല, അവ വിതയ്ക്കുന്ന ദൂരവ്യാപകമായ വിന എന്തായിരിക്കുമെന്ന് ഊഹിക്കുവാൻ പോലും ഈ സമുദായം മിനക്കെട്ടതുപോലുമില്ല. ആർക്കും തൃപ്തിവരുവോളം ആഭിചാരവാക്കുകൾ കൊണ്ട് അഭിഷേകം ചെയ്യുവാൻ പറ്റും വിധം അധഃസ്ഥിതമായ ഒരു സമൂഹമായി മാറിയിരുന്നു 20-ാം നൂറ്റാണ്ടാദ്യത്തിലെ മുസ്ലിംകൾ. മുസ്ലിം പക്ഷത്തുനിന്ന് ഈ കാലയളവിലുണ്ടായ സൃഷ്ടികളത്രയും അറബിയിലും അറബി-മലയാളത്തിലുമായതിനാൽ മറ്റുള്ളവർ അവ പാടെ അവഗണിക്കുയും ചെയ്തു.

അതുകൊണ്ടാണ് ഇസ്ലാമിക അധിനിവേശം എന്നുണ്ടായി എന്ന ചോദ്യം മുതൽ മുസ്ലിംകളെ സംബന്ധിക്കുന്ന കാര്യങ്ങളിലൊക്കെ സവർണ്ണചരിത്രകാരൻമാരിൽ നിന്നും നീതിക്കോ, യുക്തിക്കോ നിരക്കാത്ത അഭ്യൂഹങ്ങൾ കാണാവുന്നത്. ഇവരുടെ അഭിപ്രായത്തിൽ കേരളത്തിൽ ഇസ്ലാംമത പ്രചാരണം നടന്നത് എ.ഡി. 9-ാം നൂറ്റാണ്ട് അവസാനപകുതിക്ക് ശേഷമായിരിക്കണം എന്നാണ്. അതിനാധാരമായി ഇളംകുളം കുഞ്ഞൻപിള്ള തുടങ്ങിയവർ എടുത്തുകാട്ടുന്നത്, എ.ഡി. 851ൽ കേരളം സന്ദർശിച്ച സുലൈമാൻ എന്ന അറബി സഞ്ചാരിയുടേതായി വിശ്വസിച്ചു പോരുന്ന ഒരു പ്രഖ്യാപനത്തെയാണ്. അറബി സംസാരിക്കുന്നവരോ, ഇസ്ലാംമതം സ്വീകരിച്ചവരോ ആയ ചൈനക്കാരെയോ, ഇന്ത്യക്കാരെയോ താൻ കണ്ടില്ല എന്നതാണ് ആ പ്രസ്താവം.18. സുലൈമാന്റെ പേരിൽ പ്രസിദ്ധീകൃതമായ 'സിൽ സലാത്തുൽ തവാരിഖ്' എന്ന ഗ്രന്ഥത്തിലെ ഈ വാചകം ലോഗൻ തന്റെ 'മലബാർ മാനുവിൽ' എടുത്തുദ്ധരിച്ചിട്ടുണ്ട്.19. ഈ വാചകം മാത്രം കൈമുതലാക്കിക്കൊണ്ടാണ് മറ്റനേകം തെളിവുകളേയും, അടിയുറച്ച വിശ്വാസങ്ങളേയും, സാമാന്യബുദ്ധിയേയും മറികടന്നു കൊണ്ട് ഇസ്ലാംമത പ്രചാരണം നടന്നത്, സുലൈമാന്റെ കാലത്തിന് ശേഷമായിരിക്കണമെന്ന് ഇവർ വാദിക്കുന്നത്. സുലൈമാൻേറതെന്ന് പറയുന്ന ഈ ഗ്രന്ഥം കണ്ടവരോ അത് വായിച്ചു മനസ്സിലാക്കുവാൻ സാധിക്കുന്നവരോ അല്ല ഈ എഴുത്തുകാർ എല്ലാം തന്നെയെന്ന് ഓർക്കുന്നത് നന്നായിരിക്കും. ഈ ഗ്രന്ഥം ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തിട്ടുള്ള റെയ്നോഡ് പറയുന്നത്, സുലൈമാന്റെ നിരീക്ഷണം ശരിയല്ലെന്നും ഗുജറാത്തിലും, സിന്ധിലും, കാംപേയിലും തകൃതിയായി കച്ചവടം നടത്തിയിരുന്ന മുസ്ലിംകളെക്കുറിച്ചോ, കേരളത്തിൽ ഇക്കാലത്ത് ഉൽക്കർഷം പ്രാപിച്ചുകൊണ്ടിരുന്ന ജൂതൻമാരേയും, ക്രിസ്ത്യാനികളേയും കുറിച്ചു പോലുമോ അദ്ദേഹം അറിഞ്ഞിരുന്നില്ല എന്നാണ്.20 അറബി ഭൂമിശാസ്ത്രജ്ഞൻമാരുടെ 'ഇന്ത്യയെക്കുറിച്ചുള്ള അറിവ്', എന്ന ഗവേഷണ ഗ്രന്ഥത്തിൽ സുലൈമാൻേറതെന്ന് പറയുന്ന ഈ ഗ്രന്ഥം അദ്ദേഹത്തിൻേറതല്ലെന്നും സുലൈമാന് വളരെ മുമ്പുമുതൽ ഇവിടെ വന്നും പോയും കൊണ്ടിരുന്ന അറബി സഞ്ചാരികൾ പല കാലത്തായി രേഖപ്പെടുത്തിയിരുന്നവ ക്രോഡീകരിച്ച് പുസ്തകമാക്കിയപ്പോൾ സുലൈമാന്റെ പേരിൽ ഇത് അറിയാൻ ഇടവന്നു എന്നു മാത്രമേയുള്ളൂവെന്നും പ്രൊഫ. ഹുസൈൻ നൈനാർ സംശയാതീതമാംവണ്ണം തെളിയിച്ചിട്ടുണ്ട്.21.

എ.ഡി. 851നു ശേഷമാണ് കേരളത്തിൽ ഇസ്ലാം മതത്തിന്റെ അധിനിവേശം ഉണ്ടായതെന്ന് സ്ഥാപിക്കുവാൻ മിനക്കെട്ടിട്ടുള്ള ഇളംകുളം തന്നെ എ.ഡി. 848 എന്ന് കാലനിർണ്ണയം ചെയ്തിട്ടുളള തരിസ്സാപ്പള്ളി ശാസനത്തിൽ അറബി ലിപിയും സാക്ഷിപ്പട്ടികയിലെ മസ്ലിം പേരുകളും കണ്ടില്ലെന്ന് നടിക്കുകയും ചെയ്യുന്നു.22. അതിൽ സാക്ഷികളായിട്ടുള്ള മൈമൂൺ ബ്നു ഇബ്രാഹിം, മുഹമ്മദ് ബ്നു മാമി, സാലി

ഹ് ബ്നു അലി, ഉത്മാൻ ബ്നു അൽമാർസിബാൻ, മുഹമ്മദ് ബ്നു യെഹിയ, അമർ ബ്നു ഇബ്രാഹിം, ഇബ്രാഹിം ബ്നു അൽതാവ്, ബക്കർ ബ്നു മൻസൂർ, അൽകാസിം ബ്നു ഹാമിദ്, മൻസൂർ ബ്നു ഈസാ, ഇസ്മയിൽ ബ്നു യാക്കൂബ് എന്നിവരാണ്. ഇത് വിളിച്ചോതുന്നത്, ഈ കാലമായപ്പോഴേക്കും രാജകീയ ശാസനകളിൽപ്പോലും സാക്ഷി നിർത്തുവാൻ വേണ്ടും പ്രബലമായ സമൂഹമായി മുസ്ലിംകൾ വളർന്നിരുന്നു എന്നാണ്. ഇത്രയും ശക്തമായ സമുദായമായി വികാസം കൊള്ളുവാൻ പറ്റണമെങ്കിൽ ഇതിനെത്രയോ മുമ്പു മുതൽക്കു തന്നെ അവർ ഇവിടെ ഉണ്ടയിരിക്കണം എന്നുള്ളതിന് തെളിവും ഒമ്പതാം നൂറ്റാണ്ട് അവസാന പകുതിയിലാണ് ഇസ്ലാമിക അധിനിവേശം എന്ന വാദത്തിൻെറ പൊള്ളത്തരവും ഇത് പ്രസ്പഷ്ടമാക്കുന്നുണ്ട്.

അറേബിയ, യമൻ, ഒമാൻ എന്നീ രാജ്യങ്ങളുമായി നിദാന്ത സമ്പർക്കമുണ്ടായിരുന്ന കേരളത്തിലെ തിരപ്രദേശങ്ങളിലെ ജനങ്ങൾ പ്രവാചകൻെറ കാലത്ത് അറേബിയയിൽ





തരിശാപ്പള്ളി ശാസനത്തിലെ മുസ്ലിം സാക്ഷികളുടെ പേര്

നടന്ന ഇസ്ലാമിക വിപ്ലവം അറിഞ്ഞില്ലെന്ന് ധരിക്കുന്നത് യുക്തിസഹമല്ല. അപ്പോൾ പ്രവാചകൻെറ കാലത്ത് തന്നെ കേരളത്തിൽ പല സ്ഥലങ്ങളിലായി അധിവസിച്ചിരുന്ന അറബികളും, അവരുടെ സ്വാധീനതയിലും സമ്പർക്കത്തിലുമുണ്ടായിരുന്ന മാപ്പിള സമൂഹവും പുതിയ ഈ വിശ്വാസത്തിലേക്ക് ആകൃഷ്ടരായിരുന്നുവെന്ന കാര്യത്തിൽ തർക്കമില്ല. അന്നത്തെ കേരളീയ ജനതയെ സംബന്ധിച്ചിടത്തോളം അത് മതപരിവർത്തനവും ആയിരുന്നില്ല. പ്രാകൃതാചാരങ്ങളിൽ അധിഷ്ഠിതമായിരുന്ന ഒരു വിശ്വാസാനുഷ്ഠാനം മാത്രമായിരുന്നു സമൂഹത്തിലെ ഭൂരിപക്ഷത്തിനും അന്നുണ്ടായിരുന്നത്. അതുകൊണ്ട് അക്കാലത്തുള്ള ആളുകൾക്ക് ഇസ്ലാം ഒരു പുതുജീവൻ നൽകിയിരുന്നിരിക്കണം. അതിൻെറ സമത്വ-സാഹോദര്യ സിദ്ധാന്തങ്ങൾ ഇസ്ലാമികാധിനിവേശത്തിൻെറ കാലഘട്ടത്തിലെങ്കിലും നിഷ്കൃഷ്ടമായി പരിപാലിക്കപ്പെടുകയും ചെയ്തിട്ടുണ്ടായിരുന്നിരിക്കണം. ജാതിവ്യവസ്ഥിതി രൂക്ഷമായിക്കൊണ്ടിരുന്ന സന്ദർഭവുമായിരുന്നു ഏഴാം നൂറ്റാണ്ട്. നമ്മുടെ വസ്ത്രാഭരണരീതിയും ഭക്ഷണസമ്പ്രദായവും സാമൂഹിക ചിട്ടവട്ടങ്ങളും ജീവിതരീതിയുമൊക്കെ അങ്ങേയറ്റം അപരിഷ്കൃതവുമായിരുന്നുവല്ലോ. അറബികളുടെ ആകാരസൗഷ്ഠവവും, മേലങ്കിയും, പാദുകവും, ഭക്ഷണക്രമവുമൊക്കെ അക്കാലത്തെ അർദ്ധനഗ്നരും മിക്കവാറും കാടുകളിൽ കഴിഞ്ഞുകൂടിയിരുന്നവരുമായ ആളുകൾക്ക് ഏറെ ആകർഷകമായി തോന്നുക സ്വാഭാവികവുമാണ്.23. ഇതിനെല്ലാമുപരി തങ്ങൾ കാടുകളിൽ നിന്നും മേടുകളിൽ നിന്നും ശേഖരിച്ച് കൊണ്ടുവരുന്ന കാർഷിക വിഭവങ്ങൾ വാങ്ങി തങ്ങൾക്കാവശ്യമുള്ള സാധനസാമഗ്രികൾ പകരം തരുന്നവരോട് പ്രത്യേകമായ പ്രതിപത്തിയും ട്രൈബൽ ജീവിതത്തിൽ മുഴുകി കഴിഞ്ഞിരുന്ന അപരിഷ്കൃത ജനവിഭാഗത്തിനുണ്ടാകുമെന്നതും തീർച്ചയാണ്. ഈ വക വസ്തുതകൾ അനാവരണം ചെയ്യുന്നതുകൊണ്ടോ, അനിഷേധ്യമായ ഇത്തരം തെളിവുകളുടെ നിജഃസ്ഥിതി വെളിപ്പെടുത്തുന്നതു കൊണ്ടോ മനഃപൂർവ്വമായി കണ്ണടച്ച് ഇരുട്ടാക്കുന്നവർ ഇതൊന്നും അംഗീകരിക്കുവാൻ പോകുന്നില്ല.

ഉറങ്ങിക്കിടക്കുന്നവരെ വിളിച്ചുണർത്തുവാൻ പ്രയാസമില്ല. എന്നാൽ ഉറക്കം നടിച്ച് കിടക്കുന്നവരെയാണെങ്കിലോ? പകയും വിദ്വേഷവും കൊണ്ട് കൻമഷമാനസ്സരായ നമ്മുടെ നായർ ചരിത്രകാരൻമാർ ഉറങ്ങുന്നവരല്ല, ഉറക്കം ഭാവിച്ച് കണ്ണടച്ച് കിടക്കുന്നവരാണ്. അതുകൊണ്ടുതന്നെ ഏത് പ്രമാണവും, ഏത് തെളിവും ഈ വക കാര്യങ്ങളിൽ അവർക്കാർക്കും സ്വീകാര്യമാവുകയില്ല. എങ്കിലും നടേ പ്രസ്താവിച്ച സംഗതികൾ സത്യസന്ധവും യുക്തിസഹവും വസ്തുനിഷ്ഠവുമാണെന്ന് നിഷ്പക്ഷമതികളെയെങ്കിലും ബോദ്ധ്യപ്പെടുത്തുവാൻ വേണ്ടി മാത്രമാണ് ലഭ്യമായ കൂടുതൽ തെളിവുകൾ ഇവിടെ ചേർക്കുന്നത്. സത്യത്തിൽ മാടായി, പന്തലായിനി, കൊല്ലം, ശ്രീകൃഷ്ണപുരം, തേങ്ങാപ്പട്ടണം, തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ലഭ്യമായിട്ടുള്ള മീസാൻ കല്ലുകളിലെ ലിഖിതങ്ങളിൽ നിന്നുള്ള തെളിവോ, മാലിയിലും, ലക്ഷദ്വീപിലും, സിലോണിലും നിന്നൊക്കെ കിട്ടിയിട്ടുള്ള ശിലാരേഖകളോ, നിരവധി

ചരിത്രകാരൻമാരും, സഞ്ചാരികളും എഴുതിവെച്ചിട്ടുള്ള പ്രമാണങ്ങളോ ഒന്നും ഇസ്ലാമിൻെറ കേരളാധിനിവേശം പ്രവാചകൻെറ കാലത്ത് തന്നെയാണെന്ന് സ്ഥാപിക്കുന്നതിനായി ഉദ്ധരിക്കേണ്ട ആവശ്യമേയില്ല. കാരണം സാമാന്യബുദ്ധിയുള്ള ആർക്കും നിഷേധിക്കാൻ പറ്റാത്ത വസ്തുതയാണല്ലോ നമ്മുടെ കച്ചവട-വ്യാപാര പഴമയും, യവനരുടേയും അറബികളുടേയും അധിവാസകേന്ദ്രങ്ങളെപ്പറ്റിയുള്ള അറിവും. പ്രവാചകൻെറ അസ്ഹാബികളിൽ ഒരാളായ തമീം അൻസാരിയുടെ ശവകുടീരം മൈലാപ്പൂരിൽ ഇന്നും കാണാവുന്നതാണ്.24. അതുപോലെ നബിയുടെ സമ കാലീനരായിരുന്ന ശൈഖ് അബ്ദുല്ല ബ്നു ഹനീഫ്, ശൈഖ് ഉസ്മാൻ, ബാബ താഹിർ, എന്നിവരുടെ ശവകുടീരങ്ങൾ ഇന്നും സിലോണിൽ സംരക്ഷിക്കപ്പെട്ടു പോരുന്നുണ്ട്.25. പ്രവാചകരുടെ അനുയായികളിൽപ്പെട്ട ഹസ്രത്ത് ഒഹബ് എന്നിവരുടെ ഖബർ ചൈനയിൽ കാൻറൺ എന്ന സ്ഥലത്തും, ഹസ്രത്ത് ഉക്കാസയുടെ ഖബർ മഹമ്മൂദ് ബന്തരിനടത്തും, ഹസ്രത്ത് തമീമുൽ അൻസാരിയുടെ ഖബർ കൊല്ലത്തും ഉള്ളതായി 'ആയിനെ ഹഖീഖത്ത് നാമ'യിൽ അക്ബർ ഷാ ഖാൻ നജിബാ ബാദി പ്രസ്താവിക്കുന്നു. പന്തലായിനി കൊല്ലത്ത് മയ്യത്ത് കുന്നിൽ ഖബറടക്കം ചെയ്തിട്ടുള്ളവരുടെ ശിലാഫലകങ്ങൾ അവരുടെ പേരുകളും, മരണപ്പെട്ട നാളുകളും ആലേഖ്യം ചെയ്തിട്ടുള്ളവയാണ്. അതിലൊന്നിൽ ഹിജ്റ 166 (എ.ഡി.788)ൽ പരലോകം പ്രാപിച്ച അലിബ്നു ഉതർമാർ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. 1912ൽ മലബാർ ഗസറ്റിയർ എഴുതിയ സി.എ. ഇന്നിസ് തൻെറ ഗ്രന്ഥത്തിൽ ഇത് എടുത്ത് പറയുന്നുണ്ട്.26. ആന്ത്രോത്ത് ദ്വീപിലെ ശൈഖ് പള്ളിക്കുളത്തിൽ നിന്നും ലഭിച്ച മീസാൻ കല്ലിൽ ഹിജ്റ 139 എന്നും കാണുന്നു. ശ്രീകൃഷ്ണപുരം ജുമാമസ്ജിദിൻെറ തെക്കുഭാഗത്ത് പുഴയരികിലായി കാണുന്ന ശിലാഫലകത്തിൽ പ്രവാചകൻെറ സഹചാരികളിൽ ഒരാളായിരുന്ന അദിയ്യ്ബ്നു ഹാത്തിം 200 അനുയായികളോടൊപ്പം കണ്ണൂരിലും, ശ്രീകണ്ഠപുരത്തും മിഷണറി പ്രവർത്തനങ്ങളിൽ വ്യാപൃതനായിരിക്കേ ഹിജ്റ 74ൽ ഇഹലോകവാസം വെടി ഞ്ഞുവെന്നും ആലേഖ്യം ചെയ്തിട്ടുണ്ട്. ഈ ശിലാഫലകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് ഇപ്രകാരമാണ്. "പരമകാരുണികനും, കരുണാനിധിയുമായ ദൈവത്തിൻെറ നാമത്തിൽ ഈ ഖബർ അദിയ്യ്ബ്നു ഹാത്തിമിൻേറതാണ്. അല്ലാഹു അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ. അദ്ദേഹം പ്രവാചകൻെറ കാലത്ത് ഇവിടേയ്ക്ക് 200 പേരോടൊപ്പം വരികയും ഹിജ്റ 74ൽ നിര്യാതനാകുകയും ചെയ്തു. കരുണാമയനായ നാഥാ! നീ നിൻെറ അനുഗ്രഹങ്ങൾ ഇദ്ദേഹത്തിൽ ചൊരിയണമേ."27. മാടായിപ്പള്ളിയുടെ മുൻവശത്തുകാണുന്ന മാർബിൾ ഫലകത്തിൽ ഹിജ്റ 21, റജബ് 11 എന്നും, കാസർക്കോട് ജുമാമസ്ജിദ് തുലാത്തുമ്മേൽ കൊത്തിയിരിക്കുന്ന അറബി ലിപിയിലുള്ള മുദ്രണത്തിൽ ഹിജ്റ 22, റജബ് 12 തിങ്കാഴ്ചയാണ് പള്ളിയുടെ പണിപൂർത്തിയാക്കിയതെന്നും, മാലിക് ബ്നു അഹമ്മദ് ബ്നു മാലിക്കിനെ അവിടത്തെ ഖാസിയായി നിയമിച്ചിരുന്നുവെന്നുമാണ്. ഉമയ്യ ഖലീഫമാരുടെ (എ.ഡി.661-750)



166 (എ.ഡി. 788)ൽ പരലോകം പ്രാപിച്ച അലി ബ്നു ഉതർമാൻ

അയ്യൂദിബ്ബ് ബ്നു ഹാത്തിം (റ.അ) ശവക്കല്ലറയിലെ ശിലാഫലകം

നാല് സ്വർണ്ണനാണയങ്ങൾ കോതമംഗലത്ത് നിന്നും കിട്ടിയിട്ടുണ്ടല്ലോ.28. ചൈനയിലെ മംഗോൾ (മിങ്ങ്) ചക്രവർത്തിമാരുടെ കാലത്ത് രചിച്ച മിൻഷു എന്ന ചീന ഗ്രന്ഥത്തിൽ ചീനയിലെ കിഴക്കൻ സമുദ്രതീര ങ്ങളിൽ ആദ്യമായി ഇസ്ലാം മതം സ്ഥാപിച്ചതിനെ വിവരിക്കുന്ന ഭാഗത്തിൽ ചുവടെ ചേർക്കുന്ന പ്രകാരം പറഞ്ഞിരിക്കുന്നു. "അദ്ദേഹത്തിൻെറ (മുഹമ്മദ് നബി) ശിഷ്യൻമാരായ നാല് പണ്ഡിതൻമാർ നമ്മുടെ രാജ്യത്തിൽ ടാങ് രാജവംശത്തിൻെറ 'വു-ടെ' എന്ന കാലഘട്ടത്തിൽ അതായത് എ.ഡി. 618നും, 627നും ഇടയ്ക്ക് വരികയും, ചീനയിൽ അവരുടെ മതത്തിൻെറ സ്ഥാപകരായി തീരുകയും ചെയ്തു. ഇവരിൽ ഒരാൾ കാൻറണിലേയും, മറ്റൊരാൾ യങ് ചോവിലേയും, ശേഷിച്ച രണ്ടുപേർ ചുവാൻ ചോവിലേയും ജനങ്ങളുടെ ഇടയിൽ തങ്ങളുടെ മതം പ്രചരിപ്പിച്ചു. ഇവരുടെ മരണാനന്തരം ചുവാൻ ചോവിലെ കുന്നിലാണ് ഇവരെ അടക്കം ചെയ്തിട്ടുള്ളത്."29. അറബികളുടെ സിന്ധാക്രമണത്തിൻെറ കാരണം ബസ്റയിലെ അന്നത്തെ ഗവർണ്ണറായിരുന്ന ഹജ്ജാജിന് സിലോണിലെ രാജാവ് ഒരു കപ്പൽ നിറയെ വിലപ്പെട്ട സമ്മാനങ്ങളും, അവി

ടെവെച്ച് മൃതിയടഞ്ഞ അറബി വ്യാപാരികളുടെ വിധവകളേയും കുട്ടികളേയും അവരുടെ വസ്തുവഹകളും കൊടുത്തയച്ചിരുന്നത് സിന്ധ് രാജാവായ ദാഹിറിൻെറ കടൽക്കൊള്ളക്കാർ കൊള്ളയടിച്ചതിൻെറ പ്രതികാരമായിട്ടാണ് നടന്നതെന്നാണല്ലോ. നഷ്ടപരിഹാരം ആവശ്യപ്പെട്ടത് ദാഹിർ നൽകാത്തതുകൊണ്ടായിരുന്നു സിന്ധാക്രമണത്തിനിടയാക്കിയത്.30. ഈ കാരണമാണ് എല്ലാ ചരിത്രകാരൻമാരും ആവർത്തിക്കുന്നത്. സിന്ധാക്രമണം നടക്കുന്നത് എ.ഡി. 711-712ലാണല്ലോ. ഇക്കാലത്ത് സിലോണിൽ അറബികളുടെ അധിവാസകേന്ദ്രങ്ങൾ ഉണ്ടായിരുന്നുവെന്നും, അവരത്രയും മുസ്ലിംകളായിരുന്നുവെന്നും നമുക്ക് മനസ്സിലാക്കാം. സിലോണിൽ അധിവസിക്കുന്നതിന് എത്രയോ മുമ്പു തന്നെ മലബാറിൽ അവർ താമസമാക്കിയിരിക്കുമെന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല. സിലോണുമായുള്ള ബന്ധത്തേക്കാൾ എത്രയോ മുമ്പുമുതൽ അവർക്ക് കേരളവുമായി വാണിജ്യ സമ്പർക്കം ഉണ്ടായിരുന്നുവെന്ന് നാം നേരത്തേ പറഞ്ഞിട്ടുള്ളതാണ്. മാത്രമല്ല, അന്ന് സിലോണിലേക്ക് പോയിരുന്നവർ കോഴിക്കോടും കൊടുങ്ങല്ലൂരും ഇടത്താവളമായി കരുതിയിരുന്നു. ചേരമാൻ പെരുമാളുടെ അറേബ്യൻ യാത്രയെക്കുറിച്ച് പറയുന്ന കൂട്ടത്തിൽ അദ്ദേഹവുമായി സന്ധിച്ചവർ സിലോണിലേക്ക് പോയിരുന്ന അറബി തീർത്ഥാടക-വ്യാപാര സംഘങ്ങളായിരുന്നുവെന്ന് പറഞ്ഞുപോരുകയും ചെയ്യുന്നുണ്ടല്ലോ. 7-ാം നൂറ്റാണ്ടിനു മുമ്പു തന്നെ അറബികളുടെ അധിവാസകേന്ദ്രം മലബാറിൽ പലയിടത്തും ഉണ്ടായിരുന്നതായി റൗലൺസണും, സ്റ്റെറോക്കും, ഫ്രാൻസിസ് ഡേയുമൊക്കെ രേഖപ്പെടുത്തിയിട്ടുള്ളത്, ഇതിനോടനുബന്ധമായി നമുക്കോർക്കുകയും ചെയ്യാം. സ്റ്റെറോക്ക് എഴുതുന്നത്, 7-ാം നൂറ്റാണ്ടിൽ തന്നെ അറബി-പേർഷ്യൻ കച്ചവടക്കാർ ഇന്ത്യയുടെ പടിഞ്ഞാറെ തീരങ്ങളിലുള്ള എല്ലാ തുറമുഖ പട്ടണങ്ങളിലും സ്ഥിരതാമസമാക്കിയിരുന്നെന്നും ഇന്ത്യൻ സ്ത്രീകളെ വിവാഹം കഴിച്ചിരുന്നുവെന്നുമത്രേ.31. 7-ാം നൂറ്റാണ്ടോടു കൂടി അറബി മുസ്ലിംകൾ മലബാറിൽ കുടിപ്പാർത്തിരുന്നുവെന്നാണ് റൗലൺസൺെറ അഭിപ്രായം.32. പരമ്പരാഗത ഐതിഹ്യങ്ങളുടേയും പ്രമാണങ്ങളുടേയും അടിസ്ഥാനത്തിൽ ഫ്രാൻസിസ് ഡേ ഈ അഭിപ്രായം ശരിവെക്കുന്നുമുണ്ട്.33. പ്രവാചകൻെറ കാലത്ത് തന്നെ ഇവിടെ ഇസ്ലാം മതം പ്രചരിച്ചുവെന്ന് വിവരിക്കുന്ന ഒരു അറബിചരിത്രകാവ്യം വളപട്ടണത്തുള്ള സെയ്യിദ് സി.കെ. ഹബീബ് തങ്ങളുടെ പക്കൽ കണ്ടതായി സി.എൻ. അഹമ്മദ് മൗലവി രേഖപ്പെടുത്തിയിരിക്കുന്നു.34. അറക്കൽ രാജവംശം പുറത്തിറക്കിയിരുന്ന കണ്ട് കിട്ടിയ നാണയങ്ങളിൽ ഹിജ്റ 31, 35, 161 എന്നീ വർഷങ്ങൾ കാണിക്കുന്നവയുമുണ്ട്. 35. കണ്ണൂർ രാജകുടുംബം ഹിജ്റ 1-ാം നൂറ്റാണ്ടിൽ തന്നെ നിലവിൽ വന്നുവെന്നാണല്ലോ ഇവ അസന്നിഗ്ദ്ധമായി വെളിപ്പെടുത്തുന്നത്. എന്നാൽ മറ്റു കാര്യങ്ങളിലെന്നപോലെ ഈ നാണയത്തിൻെറ കാര്യത്തിലും വളരെ ബാലിശമായ ദുർവ്യാഖ്യാനങ്ങളുമായിട്ടാണ് നമ്മുടെ പാഠപുസ്തക രചയിതാക്കൾ പോലും മുന്നോട്ടു വന്നിട്ടുള്ളത്. അതിൽ ഒരു മാന്യൻെറ അഭിപ്രായം, ആലി രാജാവിൻെറ നാണയങ്ങളിൽ കാണുന്ന ഹിജ്റ 35 മുതലായ അക്കങ്ങൾ വെച്ചുകൊണ്ട് ആ നാണയങ്ങളുടെ കാലം ക്രിസ്തുവർഷം ഏഴോ, എട്ടോ നൂറ്റാണ്ടാണ് എന്ന് പറയരുത്. നാണയങ്ങളിൽ അടിച്ചിരിക്കുന്ന അക്കങ്ങളുടെ ചുരുങ്ങിയ രൂപം നോക്കി അവയെ ചരിത്രപരമായ തെളിവുകളായെടുത്ത് പെട്ടെന്ന് ഒരു തീരുമാനത്തിലേക്ക് ചരിത്രകാരൻ എടുത്തു ചാടരുത്.36. എന്നാൽ കേരളപ്പഴമയെപ്പറ്റി എഴുതുവാൻ ഇതേ ആൾ തന്നെ കോതമംഗലത്ത് നിന്നും ലഭിച്ച ഉമ്മയ്യ ഖലീഫമാരുടെ (എ.ഡി.661-750) നാണയങ്ങളും, തൃശ്ശൂർജില്ലയിലെ എയ്യാൽ നിന്നും ലഭിച്ച ബി.സി. 117 മുതൽ എ.ഡി. 123 വരെയുള്ള റോമൻ നാണയങ്ങളും വിലയിരുത്തുന്നത് അവയിൽ കുത്തിയിട്ടുള്ള വർഷങ്ങൾ അതേപടി സ്വീകരിച്ചുകൊണ്ടുമാണ്. അപ്പോൾ അറക്കൽ നാണയങ്ങളെക്കുറിച്ചാകുമ്പോൾ അത് ചുരുക്കെഴുത്തും, മറ്റുള്ളവ ശരിക്കെഴുത്തുമായി മാറുകയാണ് ഈ പാഠപുസ്തക വിദ്വാൻെറ ദൃഷ്ടിയിൽ. തെളിവുകൾ നിരത്തി വാദിക്കാൻ മാത്രം ശക്തമോ നിലനിൽക്കുന്നതോ അല്ലല്ലോ ഇത്തരം വാദഗതികൾ. നമ്മുടെ സവർണ്ണചരിത്രകാരൻമാരുടെ ഇത്തരം കാര്യങ്ങളിലുള്ള സമീപനം പരിഹാസ്യമാം വിധം എത്ര സ്വർദ്ധ നിറഞ്ഞതാണെന്ന് മനസ്സിലാക്കുവാൻ പക്ഷേ ഇത് പ്രയോജനപ്പെടും തീർച്ച.

---

1. *W.W. Hunter, History of British India, vol I, (Indian Reprint of the London Edition 1899) Delhi, 1972, p. 25.*
2. *Robert Sewell, The Historical inscriptions of Southern India, vol I, p. 81.*
3. *Ibid.*
4. *Edgar Thurston, Coins of Madras Museum Catalogue No.2.*

   ★ *ഉപാദാനങ്ങളെ വിവരിച്ചിട്ടുള്ള അദ്ധ്യായത്തിൽ ഇവ വിശദീകരിച്ചിട്ടുള്ളത് നോക്കുക.*
5. *Reinaud, Geographical d' Abul Feda, p.382, quoted by Dr. Tarachand, Influence of Islam on Indian culture, Alahabad, 1946, pp.30-31.*
6. *ഹക്കീം സയ്യിദ് ശംസുല്ലാഖാദിരി, പ്രാചീന മലബാർ, പരിഭാഷ, വി. അബ്ദുൾ ഖയ്യൂം, 1954, കോഴിക്കോട്, പുറം-11*

7. അജൈബ് ഇബ്നുൽ ഹിന്ദ്, പുറം.94, പ്രാചീന മലബാർ എന്ന പുസ്തകത്തിന്റെ 7ാം പേജിലുദ്ധരിച്ചത്
8. Syed Sulaiman Nadavi, The Muslim Colonies in India before the Muslim Conquests, Article in Islamic Culture VIII, 1934, p.478.
9. G.H. Hourami, Arab Sea-faring in the Indian Ocean in Ancient and early Medieval Times, Princeton, 1951, p.83.
★ For Details see S.M. Mohamed Koya, Mappilas of Malabar, Kozhikode.
10. W.Robertson Smith, Kinship and Marriage in Early Arabia, 1907, pp. 77.79.
11. Holy Quran, Surah IV, Verse XXIV, para 5.
12. W. Robertson Smith, op.cit., pp.77-79.
13. Martinco, Lesorgines De Mahe De Malabar, pp. 310-313, Quoted by Stephen Frederic Dale, The Mappillas of Malabar, 1498-1922, pp. 70-71.
14. Tamilnad Archives, Supervisor's Diaries, Revenue, 1794, p.179, Also see Fgn (MISC) S.N.55, p.242, Para 63.
15. Ibid, pol. 1794, p. 136.
16. M.M.D.L.T. History of Hydershah and of His Son Tippoo Sultan, London, 1800, W. Thacker and Co-87, Newgate Street, Calcutta, 1865.
17. Lt. Col. Wilks, Historical sketches of South India, in an attempt to trace the History of Mysore, Three vols, 1810-1814, Edited by M. Hammilk, London, 1869, p.290.
18. S.M. Hussayn Nainar, The Knowledge of India possessed by the Arab Geographers, op.cit. p.12
19. W. Logan, Malabar Manual, Vol I. p.254.
20. Reinaud, quoted by Dr. Tarachand, Influence of Islam on Indian Culture, Alahabad, 1946, pp. 30-31.
21. S.M. Nainar, op.cit. pp.12-14.
22. Tarisappally Copper Plate, Kerala Society Papers, Series VI, Thiruvanandapuram, 1913, p.323.
23. Tuhfat-ul-Mujahideen, op.cit, p.61.
24. Akbar Shah Khan Najibabadi, Ain-e-Haquiqat Nama, 1931, pp.46-47 quoted by Zafar Ahamed Nizami in his Article, India and Islam, The Earliest Phase, in Secular Democracy, Annual, 1974.
25. Ibid.
26. C.A. Innes, Malabar And Anjengo District Gazetteer, Madras, 1912, p. 436.
27. വി.എ. അഹമ്മദ് കബീർ, കേരളത്തിലെ സഹാബാക്കൾ, തിരുവനന്തപുരം, 1992, പുറം-69.
28. Roland E. Miller, Mappilla Muslims of Kerala, Orient Longmans Ltd, Madras, 1976, p.43.
29. എ. ബാലകൃഷ്ണപിള്ള, ലേഖനം, മാതൃഭൂമി ആഴ്ചപതിപ്പ്, കോഴിക്കോട്, 1938, ഒാക്ടോബർ 2.
30. അഹമ്മദ് ബ്നു യെഹിയ ബ്നു ജാബിർ അൽബലാദൂരി, ഫുത്തുഹുൽബുൽദാൻ, Elliot and Dowson, Edited Johni, The History of India as told by its own Historians, 8 vols, London, Trubner and company Ltd, 1867-1877, vol I, p.180.
31. Sturrock, South Canara, Madras District Manuals, p.180.
32. Rawlenson, Tuhafat-ul-Mujahideen, English Translation, Preface, p.11.
33. Francis Day, The Land of the perumals or Cochin its past and its present, Madras, 1863, New edition, Asian Educational services, New Delhi, 1990, p.365.
34. സി.എൻ. അഹമ്മദ് മൗലവി, കെ.കെ. മുഹമ്മദ് അബ്ദുൾ കരീം, മഹത്തായ മാപ്പിള സാഹിത്യപാരമ്പര്യം, കോഴിക്കോട്, 1978, പുറം-169.
35. N. Ramakrishna Pillai, Rtd Director, State Archives, History on the March, Published by the Kerala History Association, 1966, Article, ചരിത്രത്തിൽ ആർക്കൈവ്സിന്റെ സ്വാധീനത, പുറം-119.
36. എ. ശ്രീധനമേനോൻ, കേരളചരിത്രം, 5-ാം പതിപ്പ്, എസ്.പി.സി.എസ്. 1983, കോട്ടയം, പുറം-61.

# VIII ഇസ്ലാമിക പ്രചാരണം

ഇതേ നിരർത്ഥകമായ അഭിപ്രായപ്രകടനങ്ങളാണ് കേരളത്തിലെ ചില രാജാക്കൻമാർ അറേബിയയിൽ പോയി മതപരിവർത്തനം നടത്തിയെന്ന ശക്തമായ വിശ്വാസത്തിനെതിരായി ഇക്കൂട്ടർ പ്രകടിപ്പിക്കുന്നത്. ഇന്നത്തെ കണ്ണുവെച്ച് ഏഴാം നൂറ്റാണ്ടിലേയും മറ്റും സ്ഥിതിഗതികൾ വിലയിരുത്തുന്നതുകൊണ്ടുള്ള അപാകത മാത്രമല്ല, ഒരു തരം മാനസിക വൈകൃതവും കൂടിയാണ് തെളിവുകളേയും വിശ്വാസങ്ങളേയും മറികടന്നുള്ള ഇത്തരം ചരിത്ര പ്രതിപാദനം. പ്രവാചകൻെറ കാലത്തിന് എത്രയോ മുമ്പു മുതൽ തന്നെ അറബികളുടെ അധിവാസകേന്ദ്രങ്ങൾ കേരളത്തിൽ ഉണ്ടായിരുന്നുവെന്നും ഇവിടെ വ്യാപാരാർത്ഥം താമസമാക്കിയിരുന്ന അവർ നമ്മുടെ സ്ത്രീകളുമായി ബന്ധം പുലർത്തിയിരുന്നുവെന്നും അങ്ങനെ ഒരു സങ്കരവർഗ്ഗം നേരത്തെ തന്നെ ഇവിടെ ഉണ്ടായിരുന്നുവെന്നും നാം കണ്ടു. അറബികളുടെ ഇടയിൽ നിലനിന്നു പോന്നിരുന്ന മുത്ത്ത വിവാഹ സമ്പ്രദായം അവർക്ക് കേരളീയ വനിതകളുമായി കുടുംബജീവിതം പുലർത്തുന്നതിന് സഹായകവുമായിരുന്നുവെന്നും നാം പറഞ്ഞുവെച്ചതാണ്. ഉൽക്കർഷവും, മേൻമയുമുള്ളവരുമായി കൂടുതൽ സമ്പർക്കത്തിൽ വരിക സമൂഹത്തിലെ തലപ്പത്തുള്ളവർ ആയിരിക്കുമല്ലോ. നമ്മുടെ ഗോത്രത്തലവൻമാരും, മാടമ്പികളും, ചെറുകിട രാജാക്കൻമാർ തന്നെയും അക്കാലത്ത് സ്വയം സ്വീകരിച്ചിരുന്ന അപദാന ബഹുമതി നാമങ്ങൾ കേട്ടാൽ അവരത്രയും വലിയ സാമ്രാജ്യ അധിപതികളാണെന്ന് തോന്നുംവിധമായിരുന്നു. ഇവരിൽ അറബിവ്യാപാരികളുമായി അടുത്ത ബന്ധം ഉണ്ടായിരുന്ന സാഹസികരായ ചിലർ അറബികളോടൊത്ത് കപ്പൽയാത്ര നടത്തി ഒമാനിലും, യെമനിലും, അറേബിയായിലും പോയിരുന്നിരിക്കണം.

പ്രവാചകൻ അറേബിയായുടെ അധിപതിയായ ഉടനെ അന്നറിയപ്പെട്ടിരുന്ന രാജാക്കൻമാരെ ഇസ്ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് കത്തുകൾ അയച്ചിരുന്നതിന് തെളിവുകളുണ്ട്. കച്ചവട ദൗത്യവുമായി പല രാജ്യങ്ങളും സന്ദർശിച്ചിട്ടുള്ള പ്രവാചകന് ഇന്ത്യയും ഇന്ത്യക്കാരും സുപരിചിതരുമായിരുന്നു. അനാദികാലത്തെ നിരന്തര സമ്പർക്കം ഉണ്ടായിരുന്നതും ഓരോ വർഷവും നൂറു കണക്കിന് പത്തേമാരികൾ എത്തിയിരുന്നതുമായ കേരളത്തിലെ ചില രാജാക്കൻമാർക്കും എഴുത്തുകൾ അയച്ചിരിക്കുമെന്ന കാര്യവും നിസ്സർക്കമാണ്. ഹിജ്റ ആറും, ഏഴും, (628-629) വർഷങ്ങളിലാണ് ഈ കത്തുകൾ അയച്ചിട്ടുള്ളത്.1. അങ്ങനെ ഒരു പെരുമാൾ നബിയുടെ കാലത്ത് മക്കയിലെത്തുകയും, മതപരിവർത്തനം ചെയ്ത് താജുദ്ദീൻ എന്ന പേര് സ്വീകരിക്കുകയും ചെയ്തിരുന്നതായി ബലവത്തായ വിശ്വാസം നിലനിൽക്കുന്നു. നാം സങ്കൽപ്പിക്കും വിധമുള്ള പെരുമാക്കൻമാർ ആരും തന്നെ കേരളത്തിൽ ഉണ്ടായിരുന്നില്ല എന്നോർക്കേണ്ടതുണ്ട്. ഈ വസ്തുത മുൻ അദ്ധ്യായത്തിൽ വിശദീകരിക്കുവാൻ ശ്രമിച്ചതാണ്. ഏകീകൃത ഭരണ സംവിധാനം അസാദ്ധ്യമാക്കുന്നവിധം രാജ്യം കൊച്ചു കൊച്ചു തുണ്ടുകളായി വേർപെട്ടു കിടന്നിരുന്ന കാര്യവും ആ പ്രദേശങ്ങളിലോരോന്നിലും ട്രൈബൽ മാടമ്പിമാരോ, ഇടനില മന്നൻമാരോ രാജ്യഭാരം ചെയ്തിരുന്ന സ്ഥിതിയുമൊക്കെ വിസ്തരിച്ച് പ്രതിപാദിച്ചതാണ്. അത്തരം ട്രൈബൽ നേതാക്കൻമാരിൽ ആരെങ്കിലുമൊക്കെ പലപ്പോഴായി അറേബിയായിൽ പോയില്ലെന്ന് കരുതേണ്ട കാര്യമില്ലല്ലോ. പോയവരൊക്കെ അവരുടെ വിശ്വാസം അനുസരിച്ച് പെരുമാളെന്നോ രാജാധിരാജനെന്നോ പറയുകയോ, ഭാവിക്കുകയോ ചെയ്യുക സ്വാഭാവികവുമാണ്. നബി തിരുമേനിയുടെ സാന്നിദ്ധ്യത്തിലെത്തിയ പെരുമാൾ കാഴ്ചയായി കൊണ്ടുപോയിരുന്നത് ഒരു ഭരണി നിറയെ പഞ്ചസാര സീറ ഒഴിച്ച ഇഞ്ചി കഷ്ണങ്ങളായിരുന്നുവെന്നതും ഈ പോയ പെരുമാളിൻെറ സാമ്പത്തിക സ്ഥിതിയും പദവിയും വ്യക്തമാക്കുന്നതാണ്.2. അദ്ദേഹത്തിനു ശേഷം പിന്നേയും പലരും പോയിരിക്കാം. മതപരിവർത്തനം ചെയ്തിരിക്കാനും ഇടയുണ്ട്. എന്നാൽ 9-ാം നൂറ്റാണ്ടിൽ ഭരണ നിർവ്വഹണം നടത്തിയിരുന്ന അവസാനത്തെ പെരുമാളായ ചേരമാൻ പെരുമാൾ ഇസ്ലാമിലേക്ക് ആകൃഷ്ടനായി മതപരിവർത്തനം ചെയ്തശേഷം അറേബിയായിലേക്ക് പോയതും വളരെ പ്രസിദ്ധമാണല്ലോ. പുണ്യഭൂമിയിൽ വെച്ച് മരണമടയണമെന്നാഗ്രഹിച്ചു പോയ അദ്ദേഹം അവിടെ മരണപ്പെട്ടെന്നും അദ്ദേഹത്തിൻെറ ഖബർസ്ഥാനിലുള്ള മീസാൻകല്ലിൽ ഹിജ്റ 212ൽ ളുഫറിൽ എത്തിയെന്നും ഹിജ്റ 216ൽ മരണമടഞ്ഞെന്നും ആലേഖ്യം ചെയ്തിട്ടുണ്ട്. മതപരിവർത്തനം ചെയ്ത അദ്ദേഹം അബ്ദുറഹിമാൻ സാമിരി എന്ന പേരാണ് സ്വീകരിച്ചിരുന്നതെന്നും മനസ്സിലാകുന്നു. ഈ കാലം ക്രിസ്ത്വാംബ്ദം 827-832 ആകുന്നുവെന്നതിനാൽ കൊല്ലവർഷാരംഭമായ 825 ആഗസ്റ്റിലായിരിക്കണം ഈ രാജാവ് പോയതെന്നും അദ്ദേഹം തൻെറ സാമന്തൻമാർക്ക് സ്വതന്ത്രാധികാരം നൽകി പുതിയൊരു യുഗപ്പിറവിക്ക് കാരണഭൂതനായി തീർന്നു എന്നതിനാലുമായിരിക്കണം കൊല്ലവർഷത്തിൻെറ തുടക്കം കുറിച്ചതെന്നും ലോഗൻ അഭ്യൂഹിക്കുന്നുണ്ട്.3. ഏതായാലും ഈ രാജാവിൻെറ ഖബറിനോടനുബന്ധമായുള്ള പള്ളി പുതുക്കിപണിയുന്നതിനായി അവിടെ നിന്നും പള്ളിയിലെ അന്നത്തെ മുക്രിയും കൂട്ടരും പണപ്പിരിവിനായി മലബാർ സന്ദർശിച്ചിരുന്നതായും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്.4. ഇന്നും ഈ പള്ളിയും ഖബർസ്ഥാനവും നിലനിൽക്കുന്നുവെന്നത് ഒരു വസ്തുത മാത്രമാണ്. ഇവിടത്തെ ഒന്നോ അതിൽ കൂടുതലോ രാജാക്കൻമാർ മതപരിവർത്തനം ചെയ്തെന്നോ, ചെയ്തില്ലെന്നോ, മനഃപൂർവ്വമായി സ്ഥാപിക്കുകയോ, നിരാകരിക്കുകയോ ചെയ്യേണ്ട കാര്യമില്ല. കേരളത്തിൻെറ ജനസംഖ്യയിൽ 23% വരുന്ന മുസ്ലിംകളുടെ

ഇന്നത്തെ സ്ഥിതിയിൽ ണ്ടായാലും ഒരു വ്യത്യാസവും വരാനില്ല. പക്ഷേ കാലാകാലമായി വിശ്വസിച്ചു പോരുന്നതിത്താകട്ടെ, ഐതിഹ്യമാകട്ടെ അതിനെ നിർബന്ധബുദ്ധ്യാ, പാടേ നിരാകരിക്കുന്ന ചേതോവികാരം വിവിധ മതാനുയായികളുള്ള ഒരു രാജ്യത്തിനും ഭൂഷണമല്ല. സൗഹൃദത്തിൻേറയും, സാമുദായിക സംഘാതത്തിൻേറയും പുളകം അണിയിക്കുന്ന ഹൃദ്യമായ കഥകളാക്കി ഇവിയെ പരിപോഷിപ്പിക്കാവുന്നതേയുള്ള. അതാണ് ഉത്തമവും.

നബി തിരുമേനിയുടെ കാലത്ത് കേരളത്തിലെത്തിയ ശൈഖ് സഹറുദ്ദീൻ ബ്നു തഖിയുദ്ദീനും അദ്ദേഹത്തിൻെറ കൂടെയുണ്ടായിരുന്ന മറ്റു രണ്ടു പേരുമാണ് ആദ്യത്തെ മുസ്ലിം മിഷണറി സംഘം. ബൗദ്ധരും, ക്രിസ്ത്യാനികളും, ഹിന്ദുക്കളും, മുസ്ലിംകളും ഒരുപോലെ ബഹുമാനപുരസ്സരം ആരാധിച്ചുവരുന്ന സിലോണിലെ ആദംമല സന്ദർശിക്കുകയും അവിടെ മത പ്രചാരണം നടത്തുകയുമായിരുന്നു അവരുടെ ലക്ഷ്യം. സിലോണിലേക്കുള്ള യാത്രാമദ്ധ്യേ പതിവുപോലെ ഇടത്താവളമായ കൊടുങ്ങല്ലൂരിൽ വിശ്രമാർത്ഥം കപ്പലിറങ്ങിയ ഇവരുടെ സാന്നിദ്ധ്യം അക്കാലത്തെ ചക്രവർത്തിയായ ബാണപ്പെരുമാൾ അറിയാൻ ഇടവന്നു. അദ്ദേഹം അവരെ തൻെറ ആസ്ഥാനത്തേക്ക് ക്ഷണിക്കുകയും അവരുടെ വരവിൻെറ ഉദ്ദേശ്യം ആരായുകയും ചെയ്തു. തങ്ങൾ അറേബിയയിൽ പ്രവാചകനായ മുഹമ്മദ് നബി പ്രബോധനം ചെയ്ത ഇസ്ലാം മത അനുയായികളാണെന്നും, തീർത്ഥാടനാർത്ഥം സരൻദ്വീപിലേക്ക് പോകുന്നവരാണെന്നും അറിയിച്ചു. ശൈഖ് സഹറുദ്ദീനും കൂട്ടരും, ഇസ്ലാമിക ധർമ്മത്തേയും, ആചാരാനുഷ്ഠാനങ്ങളേയും, പ്രവാചകനേയും ഒക്കെക്കുറിച്ച് സവിസ്തരം പറഞ്ഞു മനസ്സിലാക്കുകയും ചെയ്തു. ബാണപ്പെരുമാൾ വിശ്വാസ തകർച്ചയിൽ എത്തിനിന്ന സന്ദർഭമായിരുന്നു അത്. ബൗദ്ധാനുയായി മാറിയ അദ്ദേഹത്തോട് ബഹിഷ്ക്കരണം നടത്തിയിരുന്ന ബ്രാഹ്മണ പുരോഹിതൻമാർ ബൗദ്ധ സന്യാസിമാരെ വാദപ്രതിവാദത്തിൽ തോൽപ്പിച്ച് നാവറുത്ത് നാടുകടത്തിക്കൊണ്ടിരുന്ന അറും കൊലയുടെ അരങ്ങേറ്റം നടന്ന സമയവുമായിരുന്നു അത്. ഏഴും എട്ടും നൂറ്റാണ്ടുകളിൽ ദക്ഷിണേന്ത്യ പൊതുവെ മതസംഘർഷത്താൽ കലുഷമായിരുന്നു. ബുദ്ധ-ജൈനമതങ്ങളുടെ മേൽ നവീന ഹൈന്ദവ മതം നടത്തിയ കടന്നാക്രമണമായിരുന്നു ഇതിനു കാരണം. രാഷ്ട്രീയമായ അനിശ്ചിതത്വത്തിൻേറയും, അരാജകത്വത്തിൻേറയും കാലഘട്ടവുമായിരുന്നു ഇത്.5. തൻമൂലം മാനസികമായി അസ്വസ്ഥരായിരുന്ന ജനങ്ങളും അവരുടെ ഭരണാധിപൻമാരും, സമാധാനത്തിൻേറയും, ശാന്തിയുടേയും ആശയങ്ങളെ ഇരുകൈകളും നീട്ടി സ്വീകരിക്കുവാൻ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തിരുന്നുവെന്നാണ് ഡോ. താരാചന്ദ് തുടർന്നെഴുതുന്നത്. വിശ്വാസതകർച്ചയാൽ അരക്ഷിതമായിരുന്ന അന്നത്തെ ഭരണാധിപൻമാരും ജനങ്ങളും ഇസ്ലാംമതാനുയായികളായിത്തീരാൻ ആഗ്രഹിച്ചതിൽ അസ്വാഭാവികമായി യാതൊന്നുമില്ല. 7-ാം നൂറ്റാണ്ട് ആയപ്പോഴേക്കും കേരളത്തിൽ ബുദ്ധമതം ക്ഷയോൻമുഖമായി കഴിഞ്ഞിരുന്നുവെന്ന ചൈനീസ് സഞ്ചാരി ഹുയാൻ സാങ്ങിൻെറ പ്രസ്താവവും ഇതിനോടനുബന്ധിച്ച് ഓർക്കാവുന്നതാണ്.6. ആത്മീയ നിർവൃതിക്കുവേണ്ടി ഏത് മാർഗ്ഗവും സ്വീകരിക്കുവാൻ അക്കാലത്തെ മഹത്തുക്കൾ തയ്യാറായിരുന്നു. തന്നെ സന്ദർശിച്ച് ഇസ്ലാമിക വേദോപദേശങ്ങൾ നൽകിയ ശൈഖ് സഹറുദ്ദീൻ ബ്നു തഖിയുദ്ദീനും സംഘവും സിലോണിൽ നിന്നും മടങ്ങുമ്പോൾ തിരിച്ച് കൊടുങ്ങല്ലൂരിൽ വരണമെന്നും തനിക്ക് മഹാനായ പ്രവാചകനെ ദർശിച്ച് ആത്മീയ സുകൃതം കൈവരിക്കണമെന്നും, മടക്കയാത്രയിൽ താൻകൂടെ അവരോടൊപ്പം പോരുന്നതാണെന്നും പറഞ്ഞിരുന്നു.

ഈ തീരുമാനം എടുക്കുവാൻ ബാണപ്പെരുമാളെ പ്രേരിപ്പിച്ച മറ്റൊരു സംഭവവും ഇതിനുമുമ്പ് നടന്നിരുന്നു. ചൈനയിലേക്ക് മതപ്രചാരണാർത്ഥം ഇറങ്ങിയ ഒരു മുസ്ലിം പണ്ഡിത സംഘവും കൊടുങ്ങല്ലൂരിൽ ഇതിന് അൽപ്പം മുമ്പ് എത്തിയിരുന്നു. ചീനയിലെ മിങ്ങ് ചക്രവർത്തിമാരുടെ കാലത്ത് രചിച്ച 'മിൻഷു' എന്ന ചൈനീസ് ഗ്രന്ഥത്തിൽ ഇവർ ചൈനയിൽ ഇസ്ലാമിക പ്രചാരണം നടത്തിയതിനെ സംബന്ധിച്ചും, അവർ ഓരോരുത്തരുടേയും ശവകുടീരങ്ങളെ സംബന്ധിച്ചും വിശദമായി പ്രസ്താവിച്ചിട്ടുള്ളതായി കേസരി ഏ. ബാലകൃഷ്ണപ്പിള്ള രേഖപ്പെടുത്തിയിട്ടുണ്ട്. ഏ.ഡി. 618നും, 627നു ഇടയ്ക്കാണ് ഇവർ ചൈനയിൽ മതപ്രബോധനം നടത്തിയിരുന്ന കാലം. ഇതിൻെറ അടിസ്ഥാനത്തിൽ കേസരിയുടെ നിഗമനം അർത്ഥവത്താകുന്നു. "നബിയുടെ അന്ത്യകാലത്ത് ചീനയിൽ ഇസ്ലാംമത പ്രചാരകരായിപ്പോയ പ്രസ്തുത നാല് വൈദികൻമാരും വഴിക്കുള്ള കൊടുങ്ങല്ലൂരിൽ ഇറങ്ങി അന്നത്തെ ചേരമാൻ പെരുമാളെക്കണ്ട് അദ്ദേഹത്തെ മതം മാറ്റിയതിനുശേഷം ചീനത്തേക്ക് തിരിച്ചെന്നുള്ളത് തീരെ അസംഭവ്യമായൊരു സംഭവമല്ലെന്നും വിവരിക്കേണ്ടിയിരിക്കുന്നു. പെരുമാൾ മക്കത്തേക്ക് പോയതായി പറയപ്പെടുന്ന കാലത്തിനും, ഇസ്ലാംമത പ്രചാരകൻമാരുടെ ചീനയാത്രയുടെ കാലത്തിനും തമ്മിലുള്ള യോജിപ്പും ഇവിടെ സ്മരണീയമാണ്"7. ഇതോടൊപ്പം അനുസ്മരിക്കേണ്ട മറ്റൊരു വസ്തുത ഏ.ഡി. 628-629 വർഷങ്ങളിൽ (ഹിജ്റ 6,7) ആഫ്രിക്കയിലേയും, അന്നറിയപ്പെട്ടിരുന്ന മറ്റ് സ്ഥലങ്ങളിലേയും എല്ലാ രാജാക്കൻമാർക്കും പ്രവാചകൻ ഇസ്ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് സന്ദേശങ്ങൾ അയക്കുകയുണ്ടായിട്ടുണ്ടെന്നതാകുന്നു. അക്കൂട്ടത്തിൽ അറബിനാടിന് സുപരിചിതമായ കേരളത്തിലെ രാജാവിനും എഴുത്തയിച്ചിരിക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഇതുകൂടി കണക്കിലെടുത്ത് ചേരമാൻ പെരുമാൾ ഏ.ഡി. 628ൽ പ്രവാചകൻെറ 57-ാമത്തെ വയസ്സിൽ നബിയുമായി കണ്ടിരുന്നുവെന്നും ഇസ്ലാംമതാനുയായി തീർന്നിരുന്നുവെന്നും ഏ. ബാലകൃഷ്ണപ്പിള്ള ഉറപ്പിച്ചു പറയുന്നുണ്ട്.8.

സഹറുദ്ദീനും, സംഘവും സിലോണിൽ നിന്നും മടങ്ങിയെ

ത്തിയതോടെ ഒരുക്കങ്ങൾ പൂർത്തിയാക്കിയിരുന്ന പെരുമാളും അദ്ദേഹത്തിൻെറ വിശ്വസ്തരായ ചില മന്ത്രിമാരും, പ്രമുഖരും മുസ്ലിം സംഘത്തോടൊപ്പം യാത്ര പുറപ്പെട്ടു. പെരുമാളും കൂട്ടരും, പന്തലായിനിക്കൊല്ലത്തും, ധർമ്മടത്തും എത്തി ത ൻെറ സഹോദരിമാരുമായി യാത്ര പറഞ്ഞു. തൻെറ ഇളയ സഹോദരിയായ ധർമ്മടത്തെ ശ്രീദേവിയുടെ മകൻ കോഹി നൂറിനേയും തന്നോടൊപ്പം മെക്കയിലേക്ക് കൊണ്ടു പോകു ന്നതിനുള്ള അനുവാദവും വാങ്ങി യാത്രതിരിച്ചു. പെരുമാൾ ചക്രവർത്തിയോടൊപ്പം അദ്ദേഹത്തിൻെറ വിശ്വസ്തരായിരുന്ന ചാലിയത്തുകാരായ മുസ്സ മദുക്കാത്, നീലി നിശാദ്, ശാഥി പാദ്, നീലിശിനാഥ് എന്നി നാല് പേരും അനുഗമിച്ചിരുന്നു. പെരുമാളും കൂട്ടരും യാത്ര പുറപ്പെട്ടത് എ.ഡി. 628ലാണ്. അതായത് ഹിജ്റ 6-ാം വർഷത്തിൽ. ജിദ്ദയിലെത്തിയ ഇവർ പ്രവാചക സന്നിധിയിൽ വന്നപ്പോൾ അവരെ വളരെ ഹാർദ്ദമായി ഇസ്ലാമിൻെറ പ്രവാചകൻ സ്വീകരിച്ചു. ഇസ്ലാമിക വിശ്വാസത്തിലേക്ക് ആകൃഷ്ടനായ പെരുമാളെ താജുദ്ദീൻ എന്ന പേരാണ് പ്രവാചകൻ വിളിച്ചത്. പെരുമാളിനേയും കൂട്ടരേയും യെമനിലെ രാജാവായ മാലിക് ബ്നു ഹബീബ് ഉപചാരപൂർവ്വം അദ്ദേഹത്തിൻെറ കൊട്ടരത്തിലേക്ക് കൂട്ടിക്കൊണ്ടു പോയതായും അവിടെ 4 വർഷം കഴിച്ചുകൂട്ടിയ ഇവർ ഇസ്ലാമിക ആദർശങ്ങളും ആചാരാനുഷ്ഠാനങ്ങളും പഠിച്ചതായും പറഞ്ഞു വരുന്നു. അതിനിടയിൽ മാലിക് ബ്നു ഹബീബിൻേറയും, മാലിക് ബ്നു ദീനാറിൻേറയും സഹോദരിയായ റഹിബിയയുമായി പെരുമാൾ വിവാഹവും നടത്തി. പെരുമാൾ മടക്കയാത്രയ്ക്ക് തയ്യാറാകുകയും, ഹബീബ് ബ്നു മാലിക്കിനോടൊപ്പം യാത്ര തിരിക്കുകയും ചെയ്തു. എന്നാൽ ഷെഹർമുഖല്ലയിലെത്തി വിശ്രമദിനങ്ങ ളിൽ പെരുമാളിന് അസുഖം ബാധിക്കുകയും തുടർന്ന് കഥാവശേഷനാകുകയും ചെയ്തു. ഇത് ഹിജ്റ 10നാണ്. എ.ഡി. 632ൽ. പെരുമാളിൻെറ രോഗം മൂർച്ഛിച്ചപ്പോൾ തനിക്ക് ദൗത്യം പൂർത്തിയാക്കുവാൻ കൂടെയുണ്ടായിരുന്നവ രോട് ഒസിയത്ത് നടത്തുകയും ചെയ്തു. അപരിചിതരായ ഇവർ നാട്ടിൽ എത്തിയാൽ സഹായ-സഹകരണങ്ങൾ ലഭിക്കുന്നതിനായി തൻെറ ബന്ധുക്കളും രാജാക്കൻമാരുമാ യിരുന്നവർക്ക് അദ്ദേഹം എഴുത്തും അടയാളങ്ങളും നൽകി യാത്രസംഘത്തെ ആശിർവദിച്ചു. പെരുമാൾ ആകസ്മികമായി മരണമടഞ്ഞതിൽ യാത്രാസംഘത്തിന് അതിരറ്റ ദുഃഖ മുണ്ടായി. കുറേ നാളുകൾ എന്താ ചെയ്യേണ്ടതെന്നറിയാതെ അവർ അവിടെതന്നെ കഴിച്ചു കൂട്ടിയെങ്കിലും അവർ പെരു മാളുടെ അന്തിമാഭിലാഷം നിറവേറ്റുവാനും ഇസ്ലാമിക പ്രചാരണത്തിന് ലഭിച്ച ഈ അപൂർവ്വ അവസരം പ്രയോജന പ്പെടുത്തുവാനുമായി കൂടുതൽ ആവേശത്തോടുകൂടി തന്നെ യാത്ര തിരിച്ച് കേരളത്തിൽ കപ്പലിറങ്ങി. ഇത് എ.ഡി. 642-43 (ഹിജ്റ 21)ൽ ആയിരുന്നു. മാലിക് ബ്നു ദീനാറിൻെറ നേതൃത്വത്തിൽ ഉണ്ടായിരുന്ന ഈ ദൗത്യസംഘത്തിൽ 44 പേരാണ് ഉണ്ടായിരുന്നതെന്നാണ് രിഹ്ലാത്തുൽ മുലുക്കെന്ന അറബി ഗ്രന്ഥത്തിൽ പ്രസ്താവിച്ചു കാണുന്നത്.9. ഇവരിൽ പെരുമാളുടെ സഹോദരീപുത്രൻ പ്രിൻസ് കോഹിനൂരും, ചാലിയത്ത് നിന്ന് പെരുമാളോടൊപ്പം യാത്ര തിരിച്ച മറ്റ നാലുപേരും ഉൾപ്പെടുന്നു. കോഹിനൂർ രാജകുമാരൻ സെയ്ഫുദ്ദീൻ മുഹമ്മദലി എന്ന പേരാണ് സ്വീകരിച്ചിരുന്നത്. ചാലിയത്ത് നിന്നുള്ളവർ ഹാജി മുസ്സമദുക്കാത് അലി ഖാജ, ഹാജി നീലി നിശാദ് അഹമ്മദ് ഖാജാ, ഹാജി നീലിഷിനാദ് ഉസ്മാൻ ഖാജാ, ഹാജി സാദി ബാദ് ഹസ്സൻ ഖാജാ എന്നി പേരുകളും സ്വീകരിച്ചിരുന്നു. ഇവർക്കു പുറമെ മാലിക് ദീനാറിനോടൊപ്പം ശറഫ് ബ്നു മാലിക്കും, പുത്രനായ മാലിക് ബ്നു ഹബീബുമുൾപ്പെടെ അദ്ദേഹത്തിൻെറ പത്ത് പുത്രൻമാരും, അഞ്ച് പുത്രിമാരും മാ ലിക് ബ്നു ഹബീ ബിൻെറ പത്നി ഖമരിയ്യയും, കുട്ടികളും ബന്ധുക്കളിൽ ഏതാ നും പേരും കൂടാതെ 22 മതപണ്ഡിതൻമാരുമുണ്ടാ യിരുന്നു.10. മാലിക് ബ്നു ദീനാറിൻെറ പുത്രൻ മാർ ഹബീബ്, തഖിയുദ്ദീൻ, മൂസ, ഉമർ, മുഹമ്മദ്, അലി, അബ്ദുറഹ്മാൻ, ഹുസൈൻ, ഇബ്രാഹിം, ഹസ്സൻ, എന്നിവ രാണ്. പുത്രിമാരാകട്ടെ, ഫാത്തിമ, ആയിഷ, സൈനബ, തനീറത്ത്, ഹലീമ എന്നിവരുമാകുന്നു. ഇവർ കൊടു ങ്ങല്ലൂരിറങ്ങി പെരുമാൾ കൊടുത്തയച്ചിരുന്ന കത്ത് അവി ടത്തെ രാജാവിൻെറ പക്കൽ ഏൽപ്പിച്ചു. രാജാവ് യാത്ര സംഘത്തെ സ്വീകരിക്കുകയും അവർക്കാവശ്യമുള്ളത്ര സ്ഥലവും, സൗകര്യവും നൽകുകയും ചെയ്തു. മാലിക് ദീനാറും, സംഘവും അവിടെയൊരു ജുമാഅത്ത്പള്ളി സ്ഥാപിച്ചു. തുടർന്ന് കേരളത്തിൻെറ അക്കാലത്തെ തുറമുഖപട്ടണങ്ങളിലെല്ലാം തന്നെ മാലിക് ബ്നു ദീനാ റിൻേറയും, അദ്ദേഹത്തിൻെറ അനന്തരവൻ മാലിക് ബ്നു ഹബീബിൻെറയും ശ്രമഫലമായി പള്ളികൾ സ്ഥാപിച്ചതാ യിട്ടാണ് 'രിഹ്ലാത്തുൽ മുലുക്കും', 'തുഹ് ഫത്തുൽ മുജാ ഹിദീനും' മറ്റുള്ള അറബി ഗ്രന്ഥകാരൻമാരും എഴുതിയിട്ടുള്ളത്. 'തുഹ്ഫത്തുൽ മുജാഹിദീനിൽ' പ്രസ്താവി ക്കും വിധം പത്തു പള്ളികളാണ് മാലിക് ബ്നു ദീനാറിൻെറ കാലത്തുണ്ടാക്കിയ തത്രേ. അറബി-പേർഷ്യൻ ഭാഷയിൽ ആദ്യത്തെ പത്തു പള്ളികളുടെ സ്ഥലനാമങ്ങൾ ഇവയാണ്.

| | |
|---|---|
| 1. കദങ്കല്ലൂർ | (കൊടുങ്ങല്ലൂർ) |
| 2. കുലം | (തെക്കൻ കൊല്ലം) |
| 3. ഹേലി മാടായി | (ഏഴിമല മാടായി) |
| 4. ജൻഫത്തൻ | (ശ്രീകണ്ഠപുരം) |
| 5. ദഹ്ഫത്തൻ | (ധർമ്മടം) |
| 6. ഫന്ദരീനു | (പന്തലായിനി) |
| 7. ശിലിശാത്ത് | (ചാലിയം) |
| 8. ഫാക്കനൂർ | (വടക്കൻ കർണ്ണാടകത്തിലെ ബർക്കൂർ) |
| 9. മഞ്ചരൂർ | (മംഗലാപുരം) |

10. കഞ്ചൂർ ഖുത്ത്   (കാസർക്കോട്)

ഉമർ ബ്നു മുഹമ്മദ് സുഹ്റവർദി രചിച്ച രിഹ്‌ലാത്തുൽ മുലൂക്കിൽ മുൻപറഞ്ഞ പള്ളികൾക്കു പുറമേ എട്ടു പള്ളികൾകൂടി ഇക്കാലത്ത് പണികഴിപ്പിച്ചിരുന്നതായി പ്രസ്താവമുണ്ട്.11.

പെരുമാളോടൊപ്പം അദ്ദേഹത്തിൻെറ സഹോദരിപുത്രൻ കോഹിനൂർ രാജകുമാരൻ മുഹമ്മദലിയെന്ന നാമം സ്വീകരിച്ച് ധർമ്മടത്ത് മടങ്ങിയെത്തി. ആദ്യകാലത്ത് നിർമ്മിതമായിരുന്ന പള്ളികളുടെ കൂട്ടത്തിൽ താഴെ പറയുന്ന സ്ഥലങ്ങളിലും പ്രാർത്ഥനാലയങ്ങൾ ഉണ്ടാക്കിരുന്നുവെന്നും അവയിലെ ഖാസിമാരുടെ പേര് സ്ഥലനാമത്തിന് നേരെ ചേർത്തിരിക്കുന്നവയാണെന്നും രിഹ്‌ലാത്തുൽ മുലൂക്കിൽ പ്രസ്താവിച്ചിട്ടുണ്ട്.

| സ്ഥലം | | ഖാസിമാർ |
|---|---|---|
| 1. ചാലിയം പള്ളി | - | ജാ അഫറു ബ്നു സുലൈമാൻ. |
| 2. പന്തലായിനി കൊല്ലം | - | ഖാസി അബ്ദുല്ലാഹ്ബ്നു ദീനാർ. |
| 3. മാഹി-ചോമ്പാൽ | - | ഖാസി ജാ അഫറു ബ്നു മാലിക്. |
| 4. മാഹി, പെരിങ്ങാടി, തലശ്ശേരി | - | ഖാസി ഹബീബ്നു മാലിക്. |
| 5. ധർമ്മപട്ടണം, കണ്ണൂർ | - | ഖാസി ഹസ്സൻബ്നു മാലിക്. |
| 6. ഏഴിമല, പുതിയങ്ങാടി | - | ഖാസി അബ്ദുല്ലാഹ്ബ്നു മാലിക്. |
| 7. കാസർക്കോട്, ഉള്ളാളം | - | ഖാസി ജാബറുബ്നു മാലിക്. |
| 8. മംഗലാപുരം | - | ഖാസി ഹമീദ്ബ്നു മാലിക്. |
| 9. താനൂർ, തിരൂർ, പരപ്പനങ്ങാടി | - | ഖാസി അലിയ്യ് ബ്നു ജാബിർ. |
| 10. ചാവക്കാട് | - | ഖാസി ജുബൈർ ബ്നു മാലിക്. |
| 11. കൊച്ചി, പള്ളുരുത്തി, നെട്ടൂർ | - | ഖാസി ഹമ്മാദ്. |
| 12. ആലപ്പുഴ | - | ഖാസി മുസ അബ്. |
| 13. പൊന്നാനി, പുതിയ പൊന്നാനി | - | ഖാസി അബ്ദുൽ മജീദ് ബ്നു മാലിക്. |
| 14. കൊല്ലം | - | ഖാസി ആസി. |
| 15. തിരുവനന്തപുരം | - | ഖാസി ബുറൈദത്ത്. |
| 16. പൂവാർ | - | ഖാസി സുബൈർ. |
| 17. കാവിൽപ്പട്ടണം | - | ഖാസിം. |

കൊടുങ്ങല്ലൂർ പള്ളിയിലെ ആദ്യത്തെ ഖാസി ഹബീബ്നു മാലിക്കായിരുന്നു. കേരളത്തിൽ മറ്റു സ്ഥലങ്ങളിലെ പള്ളികളുടെ നിർമ്മാണത്തിലും മതപ്രചാരണത്തിലും സ്തുത്യർഹമായ സേവനം അർപ്പിച്ചിട്ടുള്ള ദേഹമാണ് ഹബീബ്നു മാലിക്. അദ്ദേഹത്തിൻേറയും ഭാര്യ ഉമ്മുഖുമരിയത്തിൻേറയും ഖബറുകൾ ഈ പള്ളിയുടെ ശ്മശാനത്തിലാണ്. മാലിക്ബ്നു ദീനാർ ഹിജറ 24 റജബ് മാസം 11 വ്യാഴാഴ്ച ദിവസവും, ഭാര്യ ഉമ്മുഖുമരിയത്ത് പിറ്റേ ദിവസവും ആണ് ദിവംഗതരായത്.

പള്ളികളുടെ പണികൾ എല്ലാം കഴിഞ്ഞ് ഓരോ സ്ഥലത്തുംചെന്ന് പ്രാർത്ഥന നടത്തിയ മാലിക്ബ്നു ദീനാർ തൻെറ മക്കളേയും ബന്ധുക്കളേയും ഇവയുടെ മേൽനോട്ടവും പ്രാർത്ഥനാ നേതൃത്വവും നൽകുവാൻ നിശ്ചയിച്ച ശേഷം നാട്ടിലേക്ക് മടങ്ങി. ഖുറസാനിലെത്തിയ അദ്ദേഹം വാർദ്ധക്യ സഹജമായ സുഖക്കേടുകൾ ബാധിച്ച് മരണമടയുകയാണുണ്ടായത്.

പെരുമാളോടൊപ്പം മക്കയിലേക്ക് പോയ സഹോദരി ശ്രീദേവിയുടെ പുത്രൻ കോഹിനൂർ രാജകുമാരൻ സെയ്ഫുദ്ദീൻ മുഹമ്മദലിയെന്ന പേരാണ് സ്വീകരിച്ചിരുന്നതെന്ന് മുമ്പേ പറഞ്ഞതാണല്ലോ. അദ്ദേഹവും വിശ്വസ്ത സഹചാരികളായിരുന്ന ഹാജി മുഷ്ത്തമിദ്ഖാദ് അലി ഖാജാ, ഹാജി നിലിഷിനാദ് അഹമ്മദ് ഖാജാ, ഹാജി നീലി നിഷാദ് ഉസ്മാൻ ഖാജാ, ഹാജി സദിബാദ് ഹസ്സൻ ഖാജാ എന്നി ചാലിയത്തുകാരും പെരുമാളുടെ മരണശേഷം ഷഹർ മുഖല്ലയിൽ നിന്നും ധർമ്മടത്താണ് വന്നിറങ്ങിയത്. അപ്പു എന്ന ഒരു അലക്കുകാരനിൽ നിന്നും സ്ഥലം വിലയ്ക്കെടുത്ത് അവിടെയൊരു കൊട്ടാരം പണിയുകയും ചെയ്തു. രാജകുമാരനോട് കൂറും ബഹുമാനവും തോന്നിയ അപ്പുവും ഭാര്യയും ഇസ്ലാംമതം സ്വീകരിച്ച് അദ്ദേഹത്തിൻെറ സേവകരായി തീർന്നു. മാഹീൻ എന്ന പേരാണ് മതം മാറിയ അപ്പു സ്വീകരിച്ചത്. കേരളത്തിൽ പ്രത്യേകിച്ച് വടക്കേ മലബാറിൽ ഇസ്ലാമിക പ്രചാരണത്തിന് ആക്കം കൂട്ടിയത് സെയ്ഫുദ്ദീൻ മുഹമ്മദലിയുടെ പ്രവർത്തനമായിരുന്നു. ധർമ്മടത്ത് തൻെറ കൊട്ടാരത്തോടനുബന്ധിച്ച് അദ്ദേഹം ഒരു ജുമാഅത്ത്പള്ളി നിർമ്മിച്ചിരുന്നു. അതിൻെറ അവശിഷ്ടങ്ങൾ മാത്രമാണ് ഇന്നവിടെ അവശേഷിച്ചിരിക്കുന്നത്. തൻെറ മാതാവ് ശ്രീദേവിയേയും, അരമനയിലെ ബന്ധുമിത്രാദികളേയും ഇസ്ലാമിലേക്ക് ആകർഷിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു.

ഇതിനിടയ്ക്ക് ചിറക്കൽ രാജകുടുംബത്തിലെ ഒരു രാജകുമാരിയെ അദ്ദേഹം ഭാര്യയായി സ്വീകരിക്കേണ്ടതായി വന്നു. നദിയിൽ മുങ്ങിതാണുകൊണ്ടിരുന്ന ഇവരെ കരയ്ക്ക് കയറ്റി രക്ഷിച്ചത് അദ്ദേഹമായിരുന്നു. വസ്ത്രങ്ങളെല്ലാം നഷ്ടപ്പെട്ട് കരയ്ക്ക് കയറിയ രാജകുമാരിക്ക് തൻെറ മേൽമുണ്ട് മുഹമ്മദലി നൽകി. ഹൈന്ദവാചാരപ്രകാരം പുടവ നൽകിയ പുരുഷൻ ആരായാലും സ്ത്രീയെ വിവാഹം ചെയ്തു കൊടുക്കുക

യാണ് പതിവ്. എന്നാൽ ഇവിടെ അന്യമതക്കാരൻ ഒരു പ്രത്യേക സാഹചര്യത്തിലാണ് വസ്ത്രം നൽകിയതെങ്കിലും രാജകുമാരിയെ ഒന്നുകിൽ ഭ്രഷ്ട് കൽപ്പിച്ച് ജാതിയിൽ നിന്നും പുറംതള്ളുക മാത്രമേ മാർഗ്ഗമുണ്ടായിരുന്നുള്ളൂ. അല്ലെങ്കിൽ പുടവ നൽകിയ ആൾക്ക് വിവാഹം കഴിച്ചു കൊടുക്കുകയോ ചെയ്യണം. അശരണയായ ഈ സ്ത്രീയെ വിവാഹം കഴിക്കുവാൻ സെയ്ഫുദ്ദീൻ തയ്യാറായതിനെ തുടർന്ന് ചിറക്കൽ രാജാവ് കണ്ണൂരും അടുത്ത പ്രദേശവും അവർക്ക് ദാനമായി നൽകുകയും രാജകുമാരിയെ വിവാഹം ചെയ്ത് കൊടുക്കുകയും ചെയ്തു. അറക്കൽ രാജവംശത്തിൻെറ ആരംഭം അങ്ങനെയാണ് നടന്നത്. കണ്ണൂരിൽ പണികഴിപ്പിച്ച പുതിയ കൊട്ടാരത്തിലേക്ക് താമസം മാറ്റുകയുണ്ടായി. ചിറക്കൽ കൊട്ടാരത്തിൽ നിന്നും രാജകുമാരിക്ക് ഐശ്വര്യത്തിൻെറ പ്രതീകമായി സമ്മാനിച്ച ഒരു വിളക്ക് ഇന്നും കെടാതെ അറക്കൽ കൊട്ടാരത്തിൽ നിലനിർത്തിപ്പോരുന്നുണ്ട്. അതിനെ തമ്പുരാട്ടി വിളക്കെന്നാണ് വിളിച്ചുപോരുന്നത്. മുഹമ്മദലിയെ അറക്കൽ അലി രാജായെന്നും, രാജകുമാരിയെ വലിയ ബീവിയെന്നുമാണ് അഭിസംബോധന ചെയ്തിരുന്നത്. അറക്കൽ രാജകുടുംബത്തിലെ ആദ്യത്തെ അലി രാജ സെയ്ഫുദ്ദീൻ മുഹമ്മദലിയായിരുന്നു. ചെറുതെങ്കിലും സ്വതന്ത്രമായ ഒരു മുസ്ലിം നാട്ടുരാജ്യം കേരളത്തിലാവിർഭവിച്ചത് ഇസ്ലാമിക പ്രചാരണത്തിന് വളരെയധികം സഹായകമായിതീർന്നു.

മാലിക് ബ്നു ദീനാറും സംഘവും കായൽപ്പട്ടണം മുതൽ മംഗലാപുരം വരെയുള്ള പ്രധാനതുറമുഖപ്പട്ടണങ്ങളിലൊക്കെ ജുമാ മസ്ജിദുകൾ നിർമ്മിച്ചിരുന്നതായി നാം മനസ്സിലാക്കിയതാണല്ലോ. ഇത്ര വേഗത്തിൽ വളരെയധികം സ്ഥലത്ത് പള്ളികൾ പണിതുയർത്തുവാൻ അവർക്ക് സാധിച്ചത് പ്രധാനമായും ഈ തുറമുഖപട്ടണങ്ങളിലൊക്കെ മുസ്ലിം കോളനികൾ നേരത്തെ തന്നെ ഉണ്ടായിരുന്നതിനാലാണ്. പുതിയ പള്ളികൾ നിർമ്മിക്കുന്നതിന് മുമ്പു തന്നെ പ്രാർത്ഥനാവശ്യത്തിനായി ഇവിടങ്ങളിലൊക്കെ ഏതെങ്കിലും തരത്തിലുള്ള സംവിധാനങ്ങൾ ഉണ്ടായിരുന്നുമിരിക്കണം. തൻമൂലം പുതിയ പള്ളികളുടെ നിർമ്മാണം ത്വരിതഗതിയിൽ നടത്തുവാൻ ഇവർക്ക് സാധിക്കുകയും ചെയ്തു. ചുരുക്കത്തിൽ പ്രവാചകൻെറ കാലം മുതൽക്കുതന്നെ കേരളത്തിലെ തീരപ്രദേശങ്ങളിലൊക്കെ ഇസ്ലാമിന് ധാരാളം അനുയായികളെ കണ്ടെത്തുവാൻ കഴിഞ്ഞിരുന്നു. ഓരോ തുറമുഖപ്പട്ടണത്തിലും വ്യാപാരാർത്ഥം കുടിപാർത്തിരുന്ന അറബികളും അവരുമായി സമ്പർക്കം പുലർത്തിയിരുന്ന നാട്ടുകാരും പുതിയ വിശ്വാസികളായി മുസ്ലിംകളായപ്പോൾ ഇവിടെമെല്ലാം മുസ്ലിംകോളനിയായി വളരുകയും ചെയ്തു. അങ്ങനെയാണ് കേരളത്തിലെ എല്ലാ തുറമുഖ പ്പട്ടണങ്ങളും ഉൽഭവിക്കുവാനും വളരുവാനും കാരണം. ഇതിന് പ്രേരകശക്തിയായി നിന്നത് മുസ്ലിംകളുടെ വ്യാപാരകുത്തകയായിരുന്നു. ഇന്നും നമ്മുടെയെല്ലാം തുറമുഖപട്ടണങ്ങളിൽ മുസ്ലിംകൾക്കാണല്ലൊ പ്രമുഖസ്ഥാനം.

ആദ്യകാല മുസ്ലിം മിഷണറിമാരും അവരാൽ മത പരിവർത്തനം ചെയ്യപ്പെട്ടവരും ഇസ്ലാമിക സത്ത ഉൾക്കൊണ്ട് മാതൃകാപരമായ പരിശുദ്ധ ജീവിതം നയച്ചിരുന്നവരാണ്. കച്ചവടകാര്യങ്ങളിൽ സത്യസന്ധത, അളവ് തൂക്കങ്ങളിൽ കൃത്യനിഷ്ഠത, മനുഷ്യബന്ധങ്ങളിൽ മാന്യത, ഇതൊക്കെ അവരത്രയും വിശ്വാസത്തിൻെറ ഭാഗമായി പുലർത്തിപ്പോന്നു. ചതി, വഞ്ചന, കൊള്ളലാഭം, ഇത്യാദികാര്യങ്ങൾ വർജ്ജിക്കപ്പെടുകയും, നീതിനിഷ്ഠ. സത്യസന്ധത തുടങ്ങിയവ പുലർത്തിപ്പോരുകയും ചെയ്തു. ഭക്ഷണകാര്യത്തിലും, വസ്ത്രധാരണരീതിയിലും, ദേഹശുദ്ധി വരുത്തുന്നതിലുമൊക്കെ അവർ അനുവർത്തിച്ചുപോന്ന രീതി ആരേയും ആകർഷിക്കത്തക്കതായിരുന്നു. ഇതിനെല്ലാമുപരി രാജ്യത്തെ കച്ചവട വിഭവങ്ങൾ മുഴുക്കെ വിലയ്ക്ക് വാങ്ങി പുറം നാടുകളിലേക്കയച്ചിരുന്നവരും മുസ്ലിംകളായിരുന്നുവല്ലോ. ഇസ്ലാമിലേക്ക് കൂട്ടത്തോടെ നമ്മുടെ പൂർവ്വികർ ആകർഷിക്കപ്പെട്ടത് പ്രധാനമായും ഇക്കാരണങ്ങളാലാണ്.

---

1. *എ. ബാലകൃഷ്ണപിള്ള, ലേഖനം, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 1938.*
2. *Malabar Manual, Vol I, op.cit, p. 228.*
3. *Ibid.*
4. *പ്രൊ. ടി. അബ്ദുൾ അസീസ്, പഠനവിധേയമാക്കേണ്ട കേരള മുസ്ലിം പാരമ്പര്യം, ചന്ദ്രിക വാരാന്ത്യപതിപ്പ്, 1988 സെപ്റ്റംബർ 17, ശാലിനി. വി. നായർ, ഇൻഡ്യയിൽ നിന്നും വന്ന രാജാവിൻെറ അന്ത്യവിശ്രമസ്ഥാനത്ത്, മാതൃഭൂമി വാരാന്ത്യപ്പതിപ്പ്, 1993 ജൂൺ 19.*
5. *Dr. Tarachand, Influence of Islam on Indian Culture, op.cit. p.48.*
6. *കെ. ദാമോദരൻ, കേരളചരിത്രം, വാല്യം ഒന്ന്, കറൻറ് പ്രിൻേറഴ്സ്, 1962 ഒക്ടോബർ. പുറം, 236.*
7. *എ. ബാലകൃഷ്ണപിള്ള, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 1938, ഒക്ടോബർ 2.*
8. *എ. ബാലകൃഷ്ണപിള്ള, അവതാരിക, ചരിത്രകേരളം, പി.എ. സെയ്തു മുഹമ്മദ്.*
9. *മുഹമ്മദ് ബ്നു ഉമർ സുഹ്യവർദി, രിഹ്ലാത്തുൽ മുലൂക്ക്, മലയാളം തർജ്ജമ, ചേരമാൻ പെരുമാൾ, പുറങ്ങൾ 2-27.*
10. *W. Logan, op.cit. p. 231.*
11. *റിഹ്ലാത്തുകൽ മുലൂക്ക്, മുൻ ഉദ്ധരിച്ചത്, പുറം, 41.*

# IX പെരുമാക്കൻമാരുടെ മതപരിവർത്തനം.

ഇസ്ലാമിൻെറ ആവിർഭാവം 9-ാം നൂറ്റാണ്ടോടുകൂടിയായിരിക്കണമെന്ന് അഭ്യൂഹിക്കുന്ന നമ്മുടെ ആധുനിക ചരിത്രമെഴുത്തുകാരുടെ തൽസംബന്ധമായ അഭിപ്രായം നിരർത്ഥവും, ബാലിശവും അതുകൊണ്ടുതന്നെ അപലപനീയവുമാണെന്ന് മുൻ അധ്യായങ്ങളിലെ വിവരണങ്ങളിൽ നിന്നും സ്പഷ്ടമാണല്ലോ. കേരളത്തിൽ നിന്നു ചില ഭരണാധികാരികൾ മെക്കയിൽ പോയെന്നും അവർ ഇസ്ലാംമത പ്രചാരണത്തിന് കേരളത്തിൽ കൂടുതൽ ആക്കം കൂട്ടിയവരാണെന്നും വിവരിക്കുവാനുള്ള ശ്രമമാണ് ചുവടെ നടത്തുന്നത്. ഇവിടത്തെ സവർണ്ണചരിത്രകാരൻമാർ ആരും തന്നെ ഇത്തരം സംഭവങ്ങൾ ഒന്നും തന്നെ ഉണ്ടായിട്ടില്ലെന്ന് സമർത്ഥിക്കുന്നവരാണ്. അവരൊക്കെ അനാദികാലമായി വിശ്വസിച്ച് പോരുന്ന ഐതിഹ്യങ്ങളോ അക്കാലത്തും, അതിനുശേഷവും എഴുതപ്പെട്ടിട്ടുള്ള പ്രാമാണിക രേഖകളോ കണ്ടിട്ടില്ലാത്തവരും കാണാൻ ശ്രമിച്ചിട്ടില്ലാത്തവരുമാണ്. അറബിയിലും, പാർസിയിലും, അറബി-മലയാളത്തിലും ആലേഖ്യം ചെയ്യപ്പെട്ടിട്ടുള്ള ഈ പ്രാമാണിക ഗ്രന്ഥങ്ങളിലെ തെളിവുകൾ ഒന്നും തന്നെ ഇവർക്കാർക്കും സ്വീകാര്യവുമല്ല. എന്നിട്ടും ഓരോരുത്തരും പെരുമാക്കൻമാരുടെ അറേബ്യൻ യാത്രയെപ്പറ്റിയോ, മതപരിവർത്തനത്തെപ്പറ്റിയോ തെളിവുകൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഏതെങ്കിലും ഒരു നാട്ടരചൻ ഏതെങ്കിലും ക്ഷേത്രത്തിൽ നിത്യേന വിളക്ക് കൊളുത്തുന്നതിനായി നൽകിയ സംഭാവനയോ, ക്ഷേത്രാവശ്യങ്ങൾക്കായോ, ബ്രാഹ്മണർക്കായോ നൽകിയിട്ടുള്ള ദാനങ്ങൾ ഉൾക്കൊള്ളുന്ന ശാസനങ്ങളിലൊ ഈ വക കാണുന്നില്ലെന്നതാണ് മറ്റുള്ള തെളിവുകൾ ഇവർക്കൊക്കെ അസ്വീകാര്യമായി തീരുവാൻ കാരണം. വിചിത്രമെന്നു പറയട്ടെ മറ്റു കാര്യങ്ങളിലൊന്നും തെളിവുകൾക്കുവേണ്ടി ശാഠ്യം കാണിക്കുന്ന സമ്പ്രദായം ഇവർ അനുവർത്തിച്ച് കാണുന്നില്ല. ബി.സി. 4-ാം നൂറ്റാണ്ട് മുതൽ ജൂതൻമാർ കേരളത്തിൽ കുടിയേറി പാർത്തിരുന്നു എന്നത് സമ്മതിച്ചു കൊടുക്കുവാനും എ.ഡി. 52ൽ സെൻറ്. തോമസ് പുണ്യവാളൻ മാലിയങ്കര വന്നിറങ്ങി ക്രൈസ്തവ പ്രചാരണത്തിൻെറ ആരംഭം കുറിച്ചെന്ന് എഴുതിപ്പിടിപ്പിക്കുവാനും ഇവരാരും ശാസനകളെ ആശ്രയിക്കാറില്ലെന്ന് മാത്രമല്ല, ഇവയത്രയും ചരിത്ര വസ്തുതകളായി അംഗീകരിച്ചു പോരുകയും ചെയ്യുന്നുണ്ട്. ശ്രീ. ശങ്കരാചാര്യൻ കാലടിയിലാണ് ജനിച്ചതെന്നും അത് എ.ഡി. 680ലോ, 688ലോ ആണെന്നും നാം പറഞ്ഞു പോരുന്നതിനും പ്രത്യേകമായ തെളിവുകളൊന്നും ഇവർക്കാവശ്യമില്ല.

എന്നാൽ പ്രവാചകൻെറ കാലത്ത് ഒരു പെരുമാൾ ഇവിടെ നിന്നും അറബി വ്യാപാരികളോടൊപ്പം മെക്കയിൽ പോയി മത പരിവർത്തനം ചെയ്ത കാര്യം വരുമ്പോൾ തെളിവുകളേയും മറികടന്നു കൊണ്ടുള്ള വാചാലതയാണ് ഇവരൊക്കെ കാണിക്കുന്നത്. 7-ാം നൂറ്റാണ്ടിൽ ആത്മീയവും, ഭൗതികവുമായ സംഘർഷങ്ങളിൽ നിരാശനായിരുന്ന ബാണപ്പെരുമാളെന്ന ചക്രവർത്തി തനിക്ക് മുക്തി ദായകമായി തോന്നിയ ഐസ്ലാമിക ആശയങ്ങളിലേക്കാകർഷിക്കപ്പെട്ട് പ്രവാചക സന്നിധിയിൽ എത്തണമെന്ന് തീരുമാനിച്ചതിൽ അസ്വാഭാവികമായിട്ട് ഒന്നും തന്നെയില്ല. കേരളത്തിലെ തന്നെ എത്രയോ ഭരണാധിപൻമാർ അവസാനകാലം രാജ്യഭാരം ഉപേക്ഷിച്ച് ആത്മീയ നിർവൃതിക്കായി തീർത്ഥാടന കേന്ദ്രങ്ങളിലെത്തി ജീവിതം അവസാനിപ്പിച്ചിട്ടുള്ളതിൻെറ ഉദാഹരണങ്ങൾ വളരെയധികം നമ്മുടെ മുന്നിലുള്ളപ്പോൾ ഏഴാം നൂറ്റാണ്ടിലെ രാഷ്ട്രീയവും, മതപരവുമായ സംഘട്ടനങ്ങൾ വിതച്ച മാനസിക സംഘർഷത്തിൽ നിന്നും മുക്തിദായകമായ ആത്മീയോൽകർഷം കൈവരിക്കുവാൻ ആഗ്രഹിച്ചത് ഒരിക്കലും സംഭവിക്കാത്ത കാര്യമായി വ്യവഹരിക്കുന്നത് മറ്റെന്തോ പ്രേരണകൊണ്ട് മാത്രമാണെന്ന് കാണാം. ബുദ്ധമതത്തിലേക്കാർഷിക്കപ്പെട്ട അദ്ദേഹത്തെ ബ്രാഹ്മണ പൗരോഹിത്യം അങ്ങേയറ്റം എതിർത്തിരുന്നു. ബൗദ്ധ സന്യാസിമാർ വൈദിക പണ്ഡിതൻമാരുമായി നടത്തിയ വാഗ്വാദങ്ങളിൽ പരാജിതരായതിനാൽ നാവറുക്കപ്പെട്ട് നാടുകടത്തപ്പെട്ടുകൊണ്ടിരുന്ന ആ സന്ദർഭത്തിലാണ് ഇസ്ലാമിൻെറ നവീന ആശയങ്ങളുടേയും, പുത്തൻ സിദ്ധാന്തങ്ങളുടേയും മഹത്വം അദ്ദേഹത്തിൻെറ മുമ്പിൽ അനാവരണം ചെയ്യപ്പെടുന്നത്. നബി തിരുമേനിയുടെ കാലത്ത് കേരളത്തിലെത്തിയ ശൈഖ് സഹ്റുദ്ദീൻ ബ്നു തഖ്യുദ്ദീനും സംഘവുമാണ് ആദ്യത്തെ മുസ്ലിം മിഷണറിമാർ. സിലോണിലെ ആദംമല സന്ദർശിക്കുവാൻ പോയ ഇവർ വഴിമദ്ധ്യേ കൊടുങ്ങല്ലൂർ ഇറങ്ങിയതായിരുന്നു. ചൈനയിലേക്ക് പോയ പണ്ഡിത സംഘത്തിൽ നിന്നും ഇസ്ലാമിനെക്കുറിച്ച് ഏറെക്കുറെ ഗ്രഹിക്കുവാൻ സാധിച്ചിരുന്ന പെരുമാൾക്ക് ശൈഖ് സഹ്റുദ്ദീൻെറ സാന്നിദ്ധ്യം തദ്വിഷയമായി കൂടുതലറിയുവാൻ സഹായകവുമായി. ഇതേ കാലത്ത് തന്നെയാണ് (628-29) ആഫ്രിക്കയിലേയും പരിചിതമായിരുന്ന മറ്റു നാടുകളിലേയും രാജാക്കൻമാർക്ക് ഇസ്ലാമിലേക്ക് ക്ഷണിച്ചുകൊണ്ടുള്ള പ്രാവചകൻെറ കത്തുകൾ ലഭിക്കുന്നത്. ഈ വക പ്രേരണകൾ കൊണ്ടാണ് സിലോണിൽ നിന്നും മടങ്ങുമ്പോൾ വീണ്ടും കൊടുങ്ങല്ലൂരിറങ്ങി തന്നേയും കൂട്ടി പോകണമെന്ന് അവരോടദ്ദേഹം അഭ്യർത്ഥിച്ചത്. തുടർന്ന് ശൈഖ് സഹ്റുദ്ദീനും സംഘവും മടങ്ങിയെത്തിയപ്പോൾ യാത്രക്കുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കിയിരുന്ന പെരുമാളും അനുയായികളും മെക്കയിലേക്ക് പുറപ്പെടുകയും എ.ഡി. 628ൽ മെക്കയിലെത്തിയതും 632ൽ മടക്കയാത്രയിൽ മരണ

മടങ്ങതും മുൻ അധ്യായത്തിൽ വിവരിച്ചതാണ്. അദ്ദേഹം മരണപ്പെട്ടത് ശഹർ മുഖല്ലയിലായിരുന്നു.

ബുദ്ധമതപണ്ഡിതൻമാർ വൈദീക ബ്രാഹ്മണരുമായുള്ള വാദ പ്രതിവാദത്തിൽ പരാജയപ്പെട്ടതോടുകൂടി സ്ഥാനത്യാഗം ചെയ്ത ബാണപ്പെരുമാൾ മെക്കയിലേക്ക് പോയെന്നാണ് കേരളോൽപ്പത്തിയിലും കേരളമാഹാത്മ്യത്തിലും പറഞ്ഞുവെച്ചിട്ടുള്ളത്. ഇത് അംഗീകരിക്കാതിരിക്കുവാൻ പ്രധാന തടസ്സം കാലഗണനയിൽ പിണഞ്ഞ അബദ്ധം കൊണ്ടാണ്. എ.ഡി. 216 മുതൽ 418 വരെ 25 പെരുമാക്കൻമാർ രാജ്യവിചാരം ചെയ്തുവെന്നാണ് കേരളോൽപ്പത്തിയിൽ പറയുന്നത്. ഈ ഗ്രന്ഥങ്ങൾ വിരചിതമാകുന്നത് 15-ാം നൂറ്റാണ്ടിലോ, 16-ാം നൂറ്റാണ്ടിലോ ആണ്. അതിൽ പറയുന്ന കാലഗണനയിൽ ഉള്ള പൊരുത്തക്കേട് പൊക്കിപ്പിടിച്ചുകൊണ്ടാണ് ബാണപ്പെരുമാളുടെ മതപരിവർത്തന കഥ പാടെ തള്ളിക്കളയുന്നത്. എ.ഡി. 216-418 കാലയളവിൽ ഭരണം നടത്തിയിരുന്നവരിൽ ആരെങ്കിലും മെക്കയിൽ പോയാൽ തന്നെ പിന്നേയും ഒന്നൊന്നര നൂറ്റാണ്ടിനുശേഷം മാത്രം ജനിച്ച പ്രവാചകനെ കാണുവാൻ അസാദ്ധ്യമാണല്ലോ. ഇവിടെ കാലഗണനയിൽ പറ്റിയ ഭീമമായ അബദ്ധമാണെന്ന് മനസ്സിലാക്കി ആ കലഗണന ഒഴിവാക്കിയാൽ പ്രശ്നം പരിഹരിക്കാവുന്നതേയുള്ള. മുസ്ലിംകൾക്ക് അഭിമാനിക്കാവുന്ന ഈ മതം മാറ്റത്തിൻെറ കഥ കേരളോൽപ്പത്തിയുടേയും, കേരള മാഹാത്മ്യത്തിൻേറയും കർത്താക്കളായ നമ്പൂതിരിമാർ മനഃപൂർവ്വമായി എഴുതേണ്ട കാര്യമില്ലല്ലോ. രാജ്യം പരശുരാമ സൃഷ്ടിയാണെന്നും അത് നമ്പൂതിരിമാരിൽ അധിഷ്ഠിതമാണെന്നും തറപ്പിച്ച് പ്രചരിപ്പിക്കുവാൻ വേണ്ടി നമ്പൂതിരിമാർ എഴുതി പ്രചരിപ്പിച്ചതാണ് ഇവയെന്ന് ഏവരും പറയുന്ന സ്ഥിതിക്ക് ഈ പെരുമാളുടെ മതപരിവർത്തനം ചുമ്മാ അങ്ങെഴുതി മുസ്ലിംകളെ പ്രീണിപ്പിക്കേണ്ട ഗതിക്കേട് അവർക്കാർക്കും ഉണ്ടായിരുന്നില്ലായെന്ന കാര്യവും ഓർമ്മിക്കേണ്ടതാണ്. ഈ സ്ഥിതിയിൽ കേരളോൽപ്പത്തിയിലെ പെരുമാൾ സംഭവം തീരെ പരിത്യജിക്കുവാൻ സാധിക്കുകയില്ല. അതേ സമയം അതിലെ കാലഗണന വലിയ അബദ്ധമായി കരുതേണ്ടതാണ്.

ബാണപ്പെരുമാൾ സ്ഥാനത്യാഗം ചെയ്തശേഷം നിലമ്പേരൂരിനടുത്തുള്ള ഓണംതുരുത്തിലേക്കാണ് പോയതെന്ന് ചിലർ അഭിപ്രായപ്പെടുന്നു. പയ്യംപള്ളി ഗോപലക്കുറുപ്പു ഇക്കാര്യം വിവരിക്കുന്നതിങ്ങനെയാണ്, "ബാണപ്പെരുമാൾ ഓടത്തിൽ കയറിയാണ് കൊടുങ്ങല്ലൂരിൽ നിന്നും പുറപ്പെട്ടത്. അദ്ദേഹം വെമ്പലനാട്ടുള്ള ഓണംതുരുത്ത് എന്ന ഇപ്പോൾ കോട്ടയം താലൂക്കിൽ അറിയപ്പെടുന്ന കരയിലിറങ്ങി. അവിടെ അധിവാസയോഗ്യമായി തോന്നായ്കയാൽ അവിടെ നിന്നും പുറപ്പെട്ട് നിലംമ്പേരൂരിനു സമീപമുള്ള വാണംതുരുത്തെന്ന് ആധുനിക കാലത്തറിയപ്പെടുന്ന തുരുത്തിലിറങ്ങി അവിടെ വാസം ആരംഭിച്ചു...........................................അതിൻെറ സമീപത്തുള്ള വാന്നോർ തുരുത്തെന്ന സ്ഥലത്ത് പെരമാളിനും ആൾക്കാർക്കും വാസയോഗ്യങ്ങളായ ഭവനങ്ങളും, തേവാരമൂർത്തിയായ മഹാമായ (മായാദേവി)ക്ക് ഒരു ക്ഷേത്രവും പണികഴിപ്പിച്ചു.................. തിരുവഞ്ചിക്കുളം ദേവസ്വത്തിലേക്കും, നിലമ്പേരൂർ ദേവസ്വത്തിലേക്കും പെരുമാൾ വളരെ നിലങ്ങളും പുരയിടങ്ങളും വിട്ടു കൊടുത്തിട്ടുണ്ടായിരുന്നു." 1. ബൗദ്ധനായ ചക്രവർത്തിയെ സ്ഥാനത്യാഗം ചെയ്യിച്ച് പറഞ്ഞയച്ചതാണെന്നും സ്വരക്ഷാർത്ഥം ഒരു ഓടത്തിൽ പോരാവുന്ന ആളുകളുമായി അത്രയധികം വാസയോഗ്യമല്ലാത്ത ചില തുരുത്തുകളിൽ അഭയം പ്രാപിച്ചതാണെന്നുമുള്ള തിരിച്ചറിവ് നമുക്കുണ്ടാകുമ്പോഴാണ് രാജ്യവും പ്രതാപവും നഷ്ടപ്പെട്ട ഈ അഭയാർത്ഥി ദേവ സ്വങ്ങൾക്ക് ഒരുപാട് നിലങ്ങളും, പുരയിടങ്ങളും എങ്ങനെ നൽകിയിരിക്കുകയെന്ന് നാം അതിശയിച്ചു പോവുക. മറ്റൊരു അറബി പണ്ഡിതൻ എഴുതിയിരിക്കുന്നത്, "രാജാവിൻെറ ഈ യാത്ര ഒളിവിലായതുകൊണ്ട് ജനങ്ങൾക്ക് അദ്ദേഹം എങ്ങോട്ടാണ് പോയതെന്നും മറ്റും മനസ്സിലായിട്ടുണ്ടായിരുന്നില്ല" എന്നാണ്.2. ഈ പെരുമാളുടെ മെക്കയാത്രയെ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളാണ് അക്ബർ ശാഹ്ഖാൻ സാഹിബിൻെറ ഉറുദുഭാഷയിലുള്ള 'ആയിനെ ഹഖീഖാത്ത് നാമ'യും അബുൽകാസിം ഫെരിഷ്ടയുടെ പേർഷ്യൻ ഭാഷയിലുള്ള 'താരിഖെ ഫരിസ്റ്റ'യും.

ഇതിനോടനുബന്ധമായി ഓർമ്മിക്കാവുന്നത്, അബൂസഈദ് എന്ന അസ്ഹാബി നിവേദനം ചെയ്തിട്ടുള്ളതും പ്രസിദ്ധ ഹദീസ് പണ്ഡിതനായ ഹാക്കിം തൻെറ 'മുസ്ത ദറക്കി'ൽ രേഖപ്പെടുത്തിയിട്ടുള്ളതുമായ പ്രാമാണിക രേഖയാണ്. "ഇന്ത്യയിലെ ഒരു രാജാവ് ഇഞ്ചി നിറച്ചൊരു ഭരണി തിരുമേനിക്ക് സമ്മാനിച്ചു. തിരുമേനി തൻെറ അനുചരൻമാർക്ക് ഓരോ കഷ്ണം വീതം തിന്നാൻ പങ്കിട്ടുകൊടുത്തു. ഒരു കഷ്ണം എനിക്കും തിന്നാൻ തന്നു."3. ക്രിസ്ത്വാബ്ദം 9-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വിശ്വപ്രശസ്തനായ പണ്ഡിതനും, ചരിത്രകാരനുമായ അൽ തബ്രി തൻെറ 'ഫിർദൗസിൽ ഹിക്ക് മത്ത്' എന്ന ഗ്രന്ഥത്തിൽ അസന്നിഗ്ദ്ധമായി പ്രസ്താവിക്കുന്നത്, ചേരമാൻ പെരുമാൾ തിരുമേനിയെ സന്ദർശിച്ചുവെന്നും പതിനേഴ് ദിവസം കൂടെ താമസിച്ചിരുന്നുവെന്നുമാണ്.4. പ്രവാചകൻെറ സന്നിധിയിലെത്തി മതപരിവർത്തനം നടത്തി കുറേ ദിവസം അദ്ദേഹത്തോടൊപ്പം പെരുമാൾ കഴിച്ചുകൂട്ടിയിരുന്നുവെങ്കിൽ അദ്ദേഹത്തിൻെറ പേര് അസ്ഹാബികളുടെ (നബിയുടെ അനുചരൻമാർ) പട്ടികയിൽ ഉണ്ടാകുമായിരുന്നുവെന്നും എന്നാൽ പെരുമാളുടെ പേര് കാണുന്നില്ല എന്നതിനാൽ പ്രവാചകൻെറ കാലത്തായിരിക്കുകയില്ല ഈ കേരളപ്പെരുമാളുടെ മെക്ക സന്ദർശനമെന്ന് പറയുന്നവരും വിരളമല്ല.5. എന്നാൽ ഈ വാദം നിലനിൽക്കുന്നതല്ലെന്നാണ് വേണ്ടുവോളം തെളിവുകൾ ഉദ്ധരിച്ചുകൊണ്ട് 'മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യം' എന്ന ഗ്രന്ഥത്തിൻെറ കർത്താക്കൾ സമർത്ഥിക്കുന്നത്.6. പ്രവാചകനുമായി കണ്ടുമുട്ടിയിട്ടുള്ളവരുടെ പേരുകളത്രയും കൃത്യമായി രേഖപ്പെടുത്തി തലമുറ തലമുറയായി അവയത്ര

യും ഓർമ്മിച്ചു പോന്നുവെന്ന് കരുതുന്നത് യുക്തിസഹമല്ല. കാരണം ഏതെല്ലാം നിലക്ക് ഏതെല്ലാം രാജ്യങ്ങളിൽ നിന്നും നൂറുകണക്കിന് ആളുകൾ പ്രവാചകനുമായി യുദ്ധകാര്യങ്ങൾക്കായും ഭരണ-കച്ചവട കാര്യങ്ങൾക്കായും അദ്ദേഹവുമായി സമ്പർക്കം പുലർത്തിയിരുന്നു എന്നത് നിസ്സർക്കമാണല്ലോ. സഹാബികളുടെ ചരിത്രം എഴുതപ്പെടുന്നതാകട്ടെ, നിരവധി നൂറ്റാണ്ടുകൾക്ക് ശേഷവുമാണ്. എ.ഡി. 1449ൽ മരണമടഞ്ഞ ഇബ്നു ഹജർ അസ്ക്കല്ലാനി, 1701ൽ നിര്യാതനായ ഇബ്നു അബ്ദിൽ ബർറ്, 1277ൽ മരണപ്പെട്ട ഇമാം നവവി, എ.ഡി. 845ൽ മരണമടഞ്ഞ ഇബ്നു സ അദ്, 1348ൽ മരിച്ച ദഹബി, 1234ൽ നിര്യാതനായ ഇബ്നുൽ അസീർ, ഇവരൊക്കെയാണ് സഹാബികളുടെ ചരിത്രം എഴുതിയിട്ടുള്ളവർ.7. സഹാബികൾ ജീവിച്ച കാലവും അവരുടെ ചരിത്രമെഴുതിയവരുടെ കാലവും തമ്മിലുള്ള അകലം പല പല നൂറ്റാണ്ടുകളുടേതാണല്ലോ. എല്ലാ പേരുകളും എട്ടും പത്തും നൂറ്റാണ്ടുകൾക്ക് ശേഷം ക്രോഡീകരിക്കപ്പെട്ട ഈ ഗ്രന്ഥങ്ങളിൽ കാണുന്നില്ലെന്നതു കൊണ്ടുമാത്രം അങ്ങനെയൊരാൾ അക്കാലത്ത് നബി തിരുമേനിയെ കണ്ടിരിക്കാൻ ഇടയില്ലെന്ന് വാദിക്കുന്നത് യുക്തസഹമല്ല. ഇതിനു പുറമേ ഇസ്ലാമിലേക്ക് മതപരിവർത്തനം ചെയ്യപ്പെട്ടതോടുകൂടി അദ്ദേഹത്തിന് പുതിയ പേര് നൽകുകയും ചെയ്തിരുന്നു. അതൊക്കെക്കൊണ്ട് അസ്ഹാബികളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നില്ലെന്ന് പറയുന്നത് തന്നെ സ്വീകരിക്കത്തക്കതല്ലെന്നാണ് വിദഗ്ദാഭിപ്രായം.

ഇത് സംബന്ധമായി എഴുതിയവർക്കൊക്കെ പിണഞ്ഞ ആശയക്കുഴപ്പമാണ് ഈ മതപരിവർത്തനകാര്യത്തിൽ ഇന്നും തർക്കങ്ങൾ നിലനിൽക്കുവാൻ ഇടയായിട്ടുള്ളത്. ബാണപ്പെരുമാൾക്ക് ശേഷം അഞ്ചാമതോ, ആറാമതോ പെരുമാളായി അവരോധിക്കപ്പെട്ടിരുന്ന മറ്റൊരു ചക്രവർത്തികൂടി ഇവിടെ നിന്ന് മതപരിവർത്തനം നടത്തിയ ശേഷം ഹജ്ജ് കർമ്മം നിർവ്വഹിക്കുന്നതിനും അറേബിയയിലെ പുണ്യസ്ഥലങ്ങൾ സന്ദർശിക്കുന്നതിനുമായി പോയിരുന്നു. ഈ രണ്ട് പെരമാക്കൻമാരുടെ മതപരിവർത്തനം ഒരാളുടേതായി കരുതിപ്പോരുന്നതുകൊണ്ടാണ് കാലഗണനയിൽ ചരിത്രകാരൻമാർ നൂറ്റാണ്ടുകളുടെ തന്നെ വ്യത്യാസം കാണിക്കുന്നത്. രിഹ്‌ലത്തുൽ മുലൂക്കിന്റെ കർത്താവായ ഉമർ സുഹൃദ് വർദി എഴുതുന്നത്, പ്രവാചകന്റെ കാലത്താണ് പെരുമാൾ ഇവിടെ നിന്ന് മെക്കയിലെത്തിയതെന്നാണ്. ശൈഖ് സൈനുദ്ദീൻ വിചാരിക്കുന്നത്, "ഹിജ്റ 200 കൊല്ലത്തിനു ശേഷമാണ് ആ സംഭവം ഉണ്ടായതെന്ന ധാരണയ്ക്കാണ് മുൻതൂക്കം". എന്നാൽ പ്രസിദ്ധ ചരിത്രകാരനായ ഫെരിഷ്ട എഴുതന്നത്, നബി തിരുമേനിയുടെ കാലത്താണ് രാജാവ് ഇസ്ലാംമതം വിശ്വസിച്ച് അറേബിയായിലേക്ക് പോയതെന്നാണ്.8. അതുപോലെ തന്നെ മതംമാറി താജുദ്ദീനെന്ന പേരിനാൽ അറിയപ്പെട്ടിരുന്ന ബാണപ്പെരുമാൾ മൃതിയടഞ്ഞത് ശഹർമുഖല്ലയിലാണ്. അവസാനത്തെ പെരുമാളുടെ ഖബർ ഹസറമൗത്ത് തീരപ്രദേശത്തെ ളുഫാർ എന്ന നഗരത്തിലും. ശഹർമുഖല്ലയിലല്ലയെന്ന് ശൈഖ് സൈനുദ്ദീനും രേഖപ്പെടുത്തുന്നു.9. ചുരുക്കത്തിൽ ശഹർ മുഖല്ലയിൽ കാണുന്ന ഖബർ മതപരിവർത്തനം ചെയ്ത ബാണപ്പെരുമാളിന്റേയും, ഒമാനിലെ സലാലയിലെ ളുഫർ എന്ന തീരപ്രദേശത്തുള്ള പള്ളിയും, ശ്മശാനകുടീരവും അവസാനത്തെ പെരുമാളുടേതുമാണെന്ന വ്യത്യാസം വേർതിരിച്ച് മനസ്സിലാക്കാൻ ശ്രമിക്കാതിരുന്നതുകൊണ്ടാണ് മുസ്ലിം ചരിത്രകാരൻമാർ ഉൾപ്പെടെ എല്ലാവർക്കും പിണഞ്ഞ ഈ അബദ്ധം.

ബാണപ്പെരുമാൾ യാത്ര തിരിക്കാനുണ്ടായ രാഷ്ട്രീയവും മതപരവുമായ സാഹചര്യത്തെ സംബന്ധിച്ചും, ഇസ്ലാംമതത്തിലേക്ക് ആകർഷിക്കപ്പെടുവാനുണ്ടായ ബാഹ്യപ്രേരണകളെക്കുറിച്ചുമൊക്കെ നാം സവിസ്തരം പ്രതിപാദിച്ചതാണ്. എന്നാൽ അവസാനത്തെ പെരമാളുടെ മതംമാറ്റം വ്യത്യസ്ഥ സാഹചര്യത്തിൽ സംഭവിച്ചതാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. ഒമ്പതാം നൂറ്റാണ്ടിലാണ് ഇതുണ്ടായതെന്ന വസ്തുത അടിവരയിട്ട് ഓർമ്മിക്കേണ്ടതുണ്ട്. അപ്പോഴേക്കും കേരളത്തിലെ തുറമുഖപട്ടണങ്ങളിലൊക്കെ മുസ്ലിം കോളനികളും അവരുടെ വ്യാപാരപ്രവർത്തനങ്ങളും ഏറെ ഉൽക്കർഷം പ്രാപിച്ചിരുന്ന സന്ദർഭമാണ്. നാട്ടരചൻമാരോടും കുറുനില മന്നൻമാരോടും അതീവ സൗഹൃദത്തിൽ കഴിഞ്ഞിരുന്ന മുസ്ലിം കച്ചവട കൂട്ടായ്മകൾ കച്ചവട മര്യാദകൾ കൊണ്ടും സൗഹൃദം കൊണ്ടും നമ്മുടെ ഭരണാധിപൻമാരുടേയും, മാടമ്പിമാരുടേയും വിശ്വാസം പിടിച്ചു പറ്റിയിരുന്നു. അവരുടെ വേഷവിധാനങ്ങളും, ഭക്ഷണരീതിയുമൊക്കെ നമ്മുടെ നാട്ടിൽ നിലനിന്നിരുന്നവയിൽ നിന്നും ഏറെ പരിഷ്കൃതവും അഭികാമ്യവുമായിരുന്നു. തൊപ്പിയും, തലപ്പാവും, കമ്മീസും, പാദുകവും ധരിച്ചിരുന്ന അവർ അർദ്ധനഗ്നരും, ലങ്കോട്ടി മാത്രം ധരിച്ചിരുന്നവരുമായ നമ്മുടെ വന്യഗോത്ര സമൂഹത്തിന്റെ മേൽ ആധിപത്യം നേടിയെങ്കിൽ അതിൽ അസംഗതമായിട്ടൊന്നുമില്ല.

ഇതിനു പുറമേ, ഹിജ്റ 208ൽ (എ.ഡി. 824) എത്തിയ സൂഫിവര്യനും. പണ്ഡിതാഗ്രേസരനുമായിരുന്ന കൂഫയിലെ ഷെയ്ഖ് അലി അനുയായികളോടുകൂടി മതപ്രചാരണത്തിനായി കേരളത്തിലെത്തിയിരുന്നു. അദ്ദേഹത്തിന്റെ അപാരമായ പാണ്ഡിത്യത്തിലും വിസ്മയകരമായ സിദ്ധിയിലും ആകൃഷ്ടരായി ധാരാളം സന്യാസിമാരും വൈദികശ്രേഷ്ഠൻമാർ പോലും ഇസ്ലാമിലേക്കാകർഷിക്കപ്പെട്ടതായി രിഹ്‌ലാത്തുൽ മുലൂക്കിൽ തറപ്പിച്ചു പറയുന്നുണ്ട്. അവസാനത്തെ പെരുമാൾ മൂന്ന് പന്തിരാണ്ട് കാലം ഭരണം നടത്തിയിരുന്നുവെന്നും അതിനുശേഷം ആദ്ധ്യാത്മിക ചിന്തയിലേക്ക് മടങ്ങിയെന്നും ലൗകിക സുഖങ്ങളെയൊക്കെ പരിത്യജിച്ചിരുന്ന അദ്ദേഹം അധികാരം തന്റെ സാമന്തൻമാരിൽ അർപ്പിച്ചുകൊണ്ട് തന്റെ അവസാനനാളുകൾ മെക്കയെന്ന പുണ്യഭൂമിയിൽ കഴിച്ചുകൂട്ടുവാൻ ആഗ്രഹിച്ചുകൊണ്ട് യാത്ര പുറപ്പെട്ടുവെന്നും നാം മനസ്സിലാക്കുന്നു. ചേരമാൻ പെരുമാളെന്ന പേരിൽ പ്രസിദ്ധനും ജനപ്രീതി നേടിയ

ഭരണാധിപനും ആയ അദ്ദേഹം സൂഫി സന്യാസിവര്യനായ കൂഫയിലെ ശൈഖ് അലിയുടേയും മറ്റും പ്രേരണയാലും അക്കാലത്ത് അഭിമനകരമാംവണ്ണം വികാസം പ്രാപിച്ചു കൊണ്ടിരുന്ന മുസ്ലിം സമുദായ ത്തിന്റെ സമ്പർക്കത്താലും ഇവിടെ വെച്ചു തന്നെ മതപരിവർത്തനം ചെയ്ത ദേഹവുമാണ്. ഇക്കാലത്ത് കേരളത്തിൽ ഇസ്ലാമിക വികാസ ത്തിലേക്ക് വെളിച്ചം വീശുന്നതാണ് താഴെ കൊടുക്കുന്ന ഉദ്ധരണികൾ. ശ്രീ ശങ്കരാചാര്യരുടെ കാലം 788-820 ആണെന്നാണല്ലോ കണക്കാക്കിയിരി ക്കുന്നത്. ഇസ്ലാമിന്റെ നീക്കുപോക്കില്ലാത്ത ഏക ദൈവ വിശ്വാസത്തിന്റേയും അതിന്റെ ദർശനങ്ങളുടേയും ഏറെ സ്വാധീനം ശ്രീ ശങ്കരാ ചാര്യരുടെ അദ്വൈത വേദാന്തത്തിന് ഉണ്ടായിരിക്കാമെന്ന് പല പണ്ഡിതൻമാരും അഭിപ്രായപ്പെട്ടിട്ടുണ്ട്.10. "വസ്തുത കൾക്ക് വേണ്ടി അത്രയധികം പരക്കം പായാതെ തന്നെ നമുക്കെത്തിച്ചേരാവുന്ന നിഗമനം 7-ാം നൂറ്റാണ്ടിനുശേഷം തെന്നിന്ത്യയിലുണ്ടായ ഹൈന്ദവമതത്തിന്റെ വളർച്ചയിൽ പുറത്തു നിന്നുള്ള ഏതെങ്കിലും സ്വാധീനം ഉണ്ടാ യിട്ടുണ്ടെങ്കിൽ, അത് നിശ്ചയമായും ഐസ്ലാമിക സ്വാധീനം കൊണ്ടാണെന്ന് തീർത്തുപറയാം."11. തന്റെ ഉറ്റവരും ഉടയ വരുമായ സാമന്തരാജാക്കൻമാർക്ക് അവരുടെ കൈവ ശമിരുന്ന സ്ഥലങ്ങളിൽ പൂർണ്ണമായ രാജകീയാധികാരം നൽകുകയാണദ്ദേഹം ചെയ്തത്. അല്ലാതെ ഇന്ന് വിശ്വ സിച്ചുപോരുന്നതു പോലെ രാജ്യം ഭാഗിച്ചുകൊടുത്തതല്ല.

കേരളോൽപ്പത്തിയിൽ നിന്നും പ്രസക്തമായ ഭാഗം ഇവിടെ ഉദ്ധരിക്കട്ടെ. "പെരുമാൾ രാജ്യം അംശിച്ചുകൊടുത്തു കഴിഞ്ഞുവെന്നും, അശുവിന് (ഹജ്ജിന്) പുറപ്പെടാറായെന്നും കേട്ട് പൂന്തുറക്കാരനും, മങ്ങാട്ടുണ്ണികുമാരനോടും (തൃക്ക രിയൂർ ചിത്രകൂടത്തിൽ) ചെന്ന് പെരുമാളെ കാണുമ്പോഴേക്ക് രാജ്യം വേണ്ടപ്പെട്ട ജനങ്ങൾക്ക് പകുത്തുകൊടുത്തു പോയ ല്ലോ. ഇനി എന്ത് വേണ്ടത്? എന്ന് വിചാരച്ച് ഇനി കോഴി കൂവുന്ന ദേശവും ചുള്ളിക്കാടുമുണ്ട്. അത് നിങ്ങൾക്കു താരാം. (നിങ്ങൾ കുറഞ്ഞൊന്നു മുമ്പേ വന്നില്ലല്ലോ) എന്ന് പെരുമാൾ അരുളി ചെയ്താറെ അതു മതിയെന്ന് നിശ്ചയി ച്ചതിനു ശേഷം ചേരമാൻ പെരുമാൾ വള്ളുവക്കോനാതിരിയെ കൂടെ നിർത്തി പൊൻകുന്നിൽ ശംഖിൽ വെള്ളം പകർന്ന് ശേഷിപ്പുണ്ടായിരുന്ന കോഴിക്കോടും, ചുള്ളിക്കാടും, ആന ക്കോൽ മുക്കാൽ വഴിയും കാദിയാർ (ഖാസിയാർ) മുതലായ ജോനകരേയും മക്കത്തെ കപ്പലോടിക്കാനും മാമാങ്കം പാലിപ്പാനും കൽപ്പിച്ചു. വാളും വാളിൽ നീരും പകർന്നു കൊടുത്തു." 'നിങ്ങൾ ചത്തും കൊന്നും അടക്കികൊൾക' എന്ന ആജ്ഞയും'12. പ്രസ്തുത വിവരണത്തിൽ നിന്ന് ഉരു ത്തിരിയുന്ന വസ്തുതകൾ വിലപ്പെട്ടവയാണല്ലോ. 1. പെരുമാൾ രാജ്യം നാട്ടരചൻമാർക്ക് ഏൽപ്പിച്ചു കൊടുത്തുവെന്നത്. 2. അദ്ദേഹം ഹജ്ജിന് പുറപ്പെടുവാൻ ഒരുങ്ങിനിന്ന സമയ മാണത്. 3. ഹജ്ജിന് പുറപ്പെടുന്ന ആൾ അതിന് എത്രയോ മുമ്പുതന്നെ ഇസ്ലാമായി തീർന്നിരിക്കണം എന്നത്. ഹജ്ജ് കർമ്മം നിർവ്വഹിക്കാൻ നിശ്ചയിക്കുന്ന ഏതൊരാളും എല്ലാ ബാദ്ധ്യതകളിൽ നിന്നും വിമുക്തനും താൻ ചെയ്യേണ്ട ചുമതലകൾ മുഴുക്കെ നിർവ്വഹിച്ചിട്ടുള്ള വ്യക്തിയും ആയിരിക്കണമെന്ന ഇസ്ലാമിക ശാസനവും ഇതോടൊപ്പം ഓർമ്മിക്കേണ്ടതാണ്. 4. സാമൂതിരിമാർ അവരുടെ എല്ലാവിധ സൗഭാഗ്യത്തിനും നിദാനമെന്ന് വിശ്വസിച്ചു പോന്നിരുന്ന പെരുമാളുടെ വാളിനെക്കുറിച്ചുള്ള പരാമർശം. ഇതൊക്കെ അസന്നിഗ്ദ്ധമായി തെളിയിക്കുന്നത് പ്രവാചകന്റെ കാലത്ത് ഇസ്ലാമിക മിഷണറി സംഘത്തോടൊപ്പം പോയ പെരുമാളും, ഇതു കഴിഞ്ഞ് രണ്ട് നൂറ്റാണ്ടിനു ശേഷം രാജ്യവിഭജനം നട ത്തി ആത്മീയ നിർവൃതിക്കായി മെക്കയിലേക്ക് പോയ ചേര മാൻ പെരുമാളും വ്യത്യസ്ത വ്യക്തികളാണെന്നാണ്. സാമൂതിരി കോവിലകത്തെ ഗ്രന്ഥവരിയിലും ഇതേ വിവരണം തന്നെ യാണ് നൽകിയിട്ടുള്ളത്.13.

പോർച്ചുഗീസ് ചരിത്രകാരനായ ബറോസ് ഇക്കാര്യം വിവരിക്കുന്നതിപ്രകാരമാണ്. "ഇന്നും ഓർമ്മയിൽ ശക്തമായി നിലനിൽക്കുന്ന സേരമ പെരൈമാളുടെ ഭരണാന്ത്യത്തെ നിലനിർത്തുന്നതിനായി ഇവർ (കേരലീയർ) പുതിയൊരു അ ബ്ദം ആരംഭിച്ചിരുന്നു." ഇക്കാലത്ത് മുസ്ലിംകളായിരുന്ന അറബി കൾ ഈ നാടുമായി തകൃതിയായി കച്ചവടം നടത്തിപ്പോന്നു. അവരിവിടെ സ്ഥിരതാമസമാക്കിയതിനുശേഷം സേരമ പെരൈയ്മാൾ അവരുമായി അടുത്ത സമ്പർക്കത്തിലേർ പ്പെടുകയും ഇസ്ലാംമതം സ്വീകരിക്കുകയും ചെയ്തു. മെക്ക യിൽവെച്ച് പരലോക പ്രാപ്തനായാൽ ആത്മീയ നിർവൃതി ലഭിക്കുമെന്ന് അവർ അദ്ദേഹത്തെ ഉപദേശിച്ചു. അതുപ്രകാരം അദ്ദേഹം രാജ്യം തന്റെ ഉറ്റവർക്കും ഉടയവർക്കുമായി കൊ ടുക്കുകയും, മക്കയിലേക്ക് തീർത്ഥയാത്ര നടത്തുകയും ചെയ്തു.14. ഇതേകാര്യം പ്രസിദ്ധ പോർച്ചുഗീസ് ഗ്രന്ഥകാര നായ ദറോത്തേ ബർബോസ എഴുതുന്നത്, താഴെ പറയും പ്രകാരമാണ്. "ചേരമാൻ പെരുമാളെന്ന പ്രസിദ്ധനായ ചക്ര വർത്തിയുടെ കാലത്ത്, മുസ്ലിം അറബികളാണ് എല്ലാ കച്ച വടവും നടത്തിയിരുന്നത്. അവരുമായുള്ള അടുത്ത ബന്ധത്തി ന്റേയും, അവരുടെ പ്രേരണയുടേയും ഫലമായി അദ്ദേഹം മുസ്ലിം ആകുകയും തന്റെ രാജ്യം സാമന്തൻമാർക്കായി വിട്ടുകൊടുക്കുകയും ചെയ്ത് മെക്കയിലേക്ക് യാത്രയായി. ഇതേതുടർന്ന് ഇവർ പുതിയൊരു കൊല്ലവർഷം ആരംഭി ക്കുകയും ചെയ്തു."15. ഗുണ്ടർട്ട് പ്രസിദ്ധീകരിച്ച കേരളോൽ പ്പത്തിയിൽ ഇതേ വിവരണങ്ങൾ തന്നെയാണ് ചേർത്തിട്ടുള്ളത്. "ഇസ്ലാമിക ആശയങ്ങളോട് വളരെ ആകൃഷ്ടനായി തീർന്ന അവസാനത്തെ പെരുമാളായ ചെരമാൻ പെരുമാൾ മുസ്ലിം ആകുകയും, തന്റെ രാജ്യം ആശ്രിതർക്ക് വിട്ടുകൊടത്ത് മെക്കയിലേക്ക് പോവുകയും ചെയ്തു. മടക്കയാത്രയിൽ അറേബിയൻ തീരത്തിൽവെച്ച് അദ്ദേഹം മരണമടയുക യാണുണ്ടായത്. ചേരമാൻ പെരുമാൾ രാജ്യം പകുത്ത് നാട്ട രചൻമാർക്ക് കൊടുത്തതിന്റെ അടിസ്ഥാനത്തിലാണ് എ.ഡി. 825ൽ ആരംഭിച്ച കൊല്ലവർഷം ഉണ്ടായതെന്നാണ് അഭ്യൂഹം."16. മലബാറിൽ രണ്ട് ദശാബ്ദത്തിലേറെക്കാലം കളക്ടറും, സ്പെഷ്യൽ കമ്മീഷണറുമൊക്കെയായി പ്രവർത്തി



ളുഫാറിലെ ചേരമാൻ പെരുമാളിന്റെ മഖ്ബറ

ച്ചിരുന്ന വില്യം ലോഗൻ 'മലബാർ മാനുവലിൽ' പ്രസ്താവിക്കുന്നത്, "അറേബിയൻ കടൽതീരത്ത് ളുഫർ എന്ന സ്ഥലത്തുള്ള ഒരു ശവകുടീരത്തിൽ ഹിജ്റ 212ൽ വരികയും 216ൽ (എ.ഡി. 827-831) മരണപ്പെടുകയും ചെയ്തുവെന്ന് ആലേഖ്യം ചെയ്തിട്ടുണ്ട് എന്നാണ്. ആഗസ്റ്റ് 825ൽ തുടങ്ങിയ കൊല്ലവർഷത്തിന്റെ ആരംഭം ചേരമാൻ പെരുമാളുടെ മെക്കയാത്രയെ തുടർന്നാണെന്നും അദ്ദേഹത്തിനഭിപ്രായമുണ്ട്. കേരള പെരുമാക്കൻമാരിൽ ഒരാളായ സ്ഥാണുരവി ആയിരിക്കാം മതംമാറിയ ചേരമാൻ പെരുമാളെന്നും അദ്ദേഹം ഊഹിക്കുന്നു."17. അദ്ദേഹം കളക്ടറായിരുന്ന സന്ദർഭത്തിൽ അവിടെയുള്ള ശവകുടീരത്തിന്റേയും, പള്ളിയുടേയും, ജീർണ്ണോദ്ധാരണം നടത്തുന്നതിനായി പള്ളിയുടെ മുക്രിയും കൂട്ടരും ധനശേഖരാണാർത്ഥം മലബാറിൽ വന്നിരുന്ന കാര്യവും അദ്ദേഹം അനുസ്മരിക്കുന്നുണ്ട്.

15ഉം, 16ഉം നൂറ്റാണ്ടുകളിൽ പോലും ഏറെ പ്രബലത്തായിരുന്ന ഈ മതപരിവർത്തനത്തിന്റെ കഥ വിശ്വസിക്കാൻ തയ്യാറില്ലെന്ന് മാത്രമല്ല, പിന്നേയും തെളിവുകൾ ചോദിച്ച് കണ്ണടച്ച് ഇരുട്ടാക്കുന്ന വിദ്യയാണ് ഇളംകുളം കുഞ്ഞൻപിള്ളയും, എം.ജി.എസ്സ്. നാരായണനും അവരുടെ



മഖ്ബറ സ്ഥിതിചെയ്യുന്ന ളുഫാറിലെ ബാമിരി മസ്ജിദ്

പല്ലവി പാടുന്ന മറ്റ് സവർണ്ണ ചരിത്രകാരൻമാരും അനുവർത്തിച്ച് പോരുന്നത്. 20-ാം നൂറ്റാണ്ടിലെ അവസാന പകുതിയിൽ ഏഴും ഒമ്പതും നൂറ്റാണ്ടുകളിൽ സംഭവിച്ചവയും, ഐതിഹ്യങ്ങളിലും ചരിത്രവിവരണങ്ങളിലും സ്ഥാനം പിടിച്ചിട്ടുള്ളവയുമായ ഈ സംഭവത്തെ തിരസ്കരിക്കുവാൻ ഇളംകുളത്തിനോ, എം.ജി.എസ്സ്. നാരായണനോ ലഭിച്ചിട്ടുള്ള തെളിവുകൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തപ്പെട്ടിട്ടില്ല. ഒട്ടാകെയുള്ള അവരുടെ പിൻബലം 800 മുതൽ 1102 വരെ ഇവിടെ ഒരു രണ്ടാം ചേര സാമ്രാജ്യം നിലനിന്നിരുന്നുവെന്ന് എഴുതിപ്പിടിപ്പിക്കുക മാത്രമാണ്. ഈ രണ്ടാം ചേരസാമ്രാജ്യം വെറും ഭാവനാ സൃഷ്ടി മാത്രമാണ്. അവസാനത്തെ പെരുമാളുടെ മതം മാറ്റത്തേയും, രാജ്യവിഭജനത്തേയും കൊല്ല വർഷാരംഭത്തിന്റെ കാരണത്തേയും ഒറ്റയടിക്ക് ഇല്ലാതാക്കുകയെന്ന അധമ ചിന്തയുടെ ദുർസന്തതി മത്രമാണ് ഇളംകുളത്തിന്േറയും, എം.ജി.എസ്. നാരായണന്േറയും രണ്ടാം ചേരസാമ്രാജ്യം. അത് പാഠപുസ്തത്തിൽ ആധികാരികമെന്നോണം പ്രചരിപ്പിക്കുവാൻ സാധിച്ചുവെന്നതും പണ്ഡിതൻമാർ ആരും തന്നെ ഇതിനെ ചോദ്യം ചെയ്തില്ല എന്നതും അർത്ഥവത്താണ്. 'ജാതിവ്യവസ്ഥിതിയും കേരളചരിത്രവും' എന്ന ഗ്രന്ഥത്തിൽ പി.കെ.ബാലകൃഷ്ണൻ ഇതിന്റെ തനിനിറം പുറത്ത്കൊണ്ടുവന്നിട്ടുണ്ട്. പ്രാചീന കേരളം എന്ന അദ്ധ്യായത്തിൽ രണ്ടാം ചേര സാമ്രാജ്യമെന്നത് വെറും സാങ്കൽപ്പിക സൃഷ്ടി മാത്രമാണെന്ന് സ്പഷ്ടമാക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ഫലത്തിൽ നമ്മുടെ ഐതിഹ്യങ്ങളും അതാത് സ്വരൂപങ്ങളുടേതായ ഗ്രന്ഥവരികളും 7-ാം നൂറ്റാണ്ട് മുതൽക്കു തന്നെ ലിഖിതപ്പെടുത്തപ്പെട്ടിട്ടുള്ള ഹദീസ് (പ്രവാചക വചനം) വചനങ്ങൾ ഉൾപ്പെടെയുള്ള രേഖാസമ്പത്തോ പോർച്ചുഗീസ്-ഡച്ച്-ഇംഗ്ലീഷ് സഞ്ചാരികളുടേയും ചരിത്രകാരൻമാരുടേയും പ്രസ്താവങ്ങളോ ഒന്നും മലയാളം പ്രഫസറായ ഇളംകുളത്തിനോ, അദ്ദേഹത്തിന്റെ ശിഷ്യഗണങ്ങൾക്കോ, സ്വീകാര്യമല്ലാതായി തീരുന്നു. ഇവ അസ്വീകാര്യം ആകുവാനുള്ള കാരണങ്ങൾ എന്താണെന്നും ഇവയെ പാടെ പരിത്യജിക്കുവാൻ കൈവശമുള്ള തെളിവുകൾ എന്താണെന്നും ഇവരാരും പുറത്തുകാണിച്ചിട്ടില്ല. എം.ജി.എസ്. നാരായണൻ ഒരു ഔദാര്യമെന്നോണം അവസാനത്തെ കുലശേഖര പെരുമാളായ രാമവർമ്മകുലശേഖരന്റെ അസാധാരണ പരിതഃസ്ഥിതിയിലുണ്ടായ അന്തർധാനം ഈ രാജാവായിരിക്കാം മതപരിവർത്തനം നടത്തി മെക്കയിലേക്ക് പോയതെന്ന് വിചാരിക്കാം എന്ന് പ്രസ്താവിച്ചു കാണുന്നുണ്ട്.18. ഇളംകുളത്തിന്റെ രണ്ടാം ചേര വംശത്തിന്റെ അന്ത്യം 1102 ആണ്. എന്നാൽ അത് ഒരു ഇരുപത് വർഷവും കൂടി നിലനിന്നിരുന്നുവെന്നാണ് എം.ജി.എസ് നാരായണൻ പറയുന്നത്. അതിന് അദ്ദേഹത്തിനുള്ള ഏക തെളിവ് "1122ലെ ഒരു തഞ്ചാവൂർ ലിഖിതത്തിൽ ചേരമനാർ ആയ ഒരു രാമവർമ്മയെപ്പറ്റി പ്രസ്താവമുണ്ട്. അതിനാൽ ഒടുക്കത്തെ ചേരമാൻ പെരുമാൾ ചുരുങ്ങിയത് 1122 എ.ഡി. വരെ, 33 - വർഷമെങ്കിലും - ഭരിച്ചിരുന്നതായി അനുമാനിക്കാം."19. മാത്രവുമല്ല, അദ്ദേഹം ഊഹിക്കുന്നത്, "ചേരമാൻ പെരുമാളുടെ ശത്രുവായ ചോള ചക്രവർത്തി അദ്ദേഹത്തെ യുദ്ധത്തിൽ പരാജയപ്പെടുത്തി കടൽ പുകിച്ചുവെന്നാണ്" അവകാശപ്പെടുന്നത്. അതുകഴിഞ്ഞ്, രണ്ട് വർഷം കഴിയുമ്പോഴാണ് മാടായിപ്പള്ളിയുടെ സ്ഥാപനവും ഉണ്ടായതെന്ന് അദ്ദേഹം വിശ്വസിക്കുയും ചെയ്യുന്നു. ഇത് യഥാർത്ഥമാണെങ്കിൽ ഒടുക്കത്തെ ചേരമാൻ പെരുമാൾ മക്കത്ത് പോയി രണ്ട് വർഷം കഴിഞ്ഞാണല്ലോ മാടായിപ്പള്ളി നിർമ്മിക്കപ്പെട്ടത്. മാലിക് ബ്നു ദീനാറിന്റെ ഐതിഹ്യവും അതിനെ പിന്താങ്ങുന്നു."20. അപ്പോൾ അവസാനത്തെ പെരുമാൾ 1122 വരെ ഭരിച്ചു എന്നതിനുള്ള തെളിവും അദ്ദേഹം മെക്കയിൽപോയി എന്നതിനുള്ള തെളിവും മാലിക്ബ്നു ദീനാറും സംഘവും ഇക്കാലത്താണ് കേരളത്തിലെത്തിയതെന്നുള്ളതിനു തെളിവുമാണ് എം.ജി.എസ്. നാരായണൻ എന്ന മഹാപണ്ഡിതൻ ഇവിടെ തഞ്ചാവൂർ ലിഖിതത്തിലുണ്ടെന്ന് പറയുന്ന ചേരമനാർ എന്ന ഒരു രാമവർമ്മയെപ്പറ്റിയുള്ള പരാമർശം കൊണ്ട് സാധിച്ചിട്ടുള്ളത്. മുകളിൽ ഉദ്ധരിച്ച തെളിവുകൾക്കപ്പുറം മറ്റെന്തെങ്കിലും ആവശ്യമുണ്ടോ? നമ്മുടെ ചരിത്രവസ്തുതകൾ ഏത് വിധമാണ് വികലവികൃതമാക്കുന്നത് എന്നതിനും നമ്മുടെ ചരിത്രകാരൻമാരുടെ അധമ മനഃസ്ഥിതിക്കും ഇതിൽക്കവിഞ്ഞ് വേറൊരു പ്രസ്താവവും ആവശ്യമില്ല. എം.ജി.എസ്. നാരായണൻ തന്റെ ലേഖനം അവസാനിപ്പിക്കുന്നത് ഏറെ ആത്മ സംതൃപ്തിയോടുകൂടിയാണ്. "അവസാനത്തെ ചേരമാൻ പെരുമാളുടെ കാലത്തെപ്പറ്റിയും മറ്റുമുള്ള പഴയ സങ്കൽപ്പങ്ങളെല്ലാം തകർന്നുപോയി. അദ്ദേഹം നബി തിരുമേനിയുടെ സമകാലികനാണെന്നും, മക്കത്ത് പോയി നേരിട്ട് പ്രവാചകനെ കണ്ടുവെന്നും ഇന്ത്യയിലെ ആദ്യത്തെ മുസ്ലിംപള്ളി കൊടുങ്ങല്ലൂരിൽ ക്രിസ്തുവർഷം 7-ാം ശതകത്തിലുണ്ടായെന്നും മറ്റുമുള്ള കഥകൾ അനാഥമായി."21. ചുരുക്കത്തിൽ മുസ്ലിംകളെ സംബന്ധിക്കുന്ന 12-ാം നൂറ്റാണ്ട് വരെയുള്ള വസ്തുതകളത്രയും വെറും കഥകളാണെന്നും, മാടായിപ്പള്ളിയും, കൊടുങ്ങല്ലൂർ പള്ളിയും മറ്റുള്ള മുസ്ലിം ആരാധനാലയങ്ങളത്രയും ഇതിനു ശേഷമാണുണ്ടായതെന്നും മാലിക് ബ്നു ദീനാറും സംഘവും അതിനുമുമ്പും, അതിനുശേഷവും എത്തിയിട്ടുള്ള മതപ്രചാരകരുമൊക്കെ 12-ാം നൂറ്റാണ്ടിന് ശേഷമേ ഉണ്ടായിട്ടുള്ളവെന്നുമാണ് ഈ പണ്ഡിതന്റെ അഭിപ്രായം. ഇവ നമ്മുടെ പാഠപുസ്തകം വഴി ശ്രീധരമേനോൻ കലാലയങ്ങളിൽ എത്തിക്കുകയും ചെയ്തിട്ടുണ്ട്. ഇത്രയും വിദഗ്ദ്ധമായും തന്േറടത്തോടുംകൂടിയും ഒരു വലിയ സമുദായത്തിന്റെ 600 കൊല്ലത്തെ ചരിത്രം ഇല്ലാതാക്കുന്ന മാനസിക വൈകൃതം എത്ര അഭിശപ്തമാണെന്ന് മനസ്സിലാക്കിയാൽ മതി.

ഇളംകുളവും, എം.ജി.എസ്. നാരായണനും, ശ്രീധരമേനോനുമൊക്കെ ബോധപൂർവ്വം നടത്തുന്ന കൃത്രിമത്വമാണ് എന്ന് മനസ്സിലാക്കിയിട്ടുള്ളവർപോലും സ്വന്തം താൽപര്യ സംരക്ഷണത്തിനുവേണ്ടി ഒളിച്ചുകളി നടത്തുന്നതും നാം സഹിക്കേണ്ടതായി വരുന്നു. പ്രൊഫ. സെയ്യിദ് മൊഹിദ്ദീൻഷാ ഇത് അതേപടി അംഗീകരിച്ചുകൊണ്ട് ഉരുണ്ടുകളി നടത്തുന്നത്

ഇപ്രകാരമാണ്. ഇസ്ലാംമതം 7-ാം നൂറ്റാണ്ടിൽ തന്നെ കേരളത്തിൽ പ്രചരിച്ചിരുന്നുവെന്നും കേരളത്തിലെ ഒരു പെരുമാൾ മെക്കയിലേക്ക് പോയത് 12-ാം നൂറ്റാണ്ടിലായിരിക്കാമെന്നും കരുതേണ്ടിയിരിക്കുന്നു.22. ഇത് തന്നെ ഡോ. ഇബ്രാഹിം കുഞ്ഞ് എഴുതുന്നത്, 824-25ൽ രാജ്യം വിഭജിച്ചുവെന്നതും അതിന്റെ അടിസ്ഥാനത്തിൽ കൊല്ലവർഷം ആരംഭിച്ചുവെന്ന് പറയുന്നതും ശരിയല്ല. കാരണം 800 മുതൽ 1122 വരെ ഏകീകൃതവും സുശക്തവുമായ ഒരു ഭരണം ഇവിടെ നിലനിന്നിരുന്നു. എന്നാൽ അവസാനപ്പെരുമാൾ രാമകുലശേഖരൻ 1122ൽ അറേബിയായിലേക്ക് പോയിരിക്കാമെന്നും അതിനുശേഷമാണ് 1124ൽ മാടായിപ്പള്ളി നിർമ്മിച്ചതെന്നും അദ്ദേഹം എം.ജി.എസ്. നാരായണനെ പിന്താങ്ങുന്നു.23.

കാര്യങ്ങൾ അലംഘനീയമെന്നോണം ഇത്രയും സ്ഥിരീകരിക്കപ്പെട്ട അവസ്ഥയിൽ ഇക്കാര്യങ്ങളെക്കുറിച്ച് അനവധി നൂറ്റാണ്ടുകളായി നിലനിന്നു പോന്നിരുന്ന ഐതിഹ്യങ്ങളോ അറബിയിലും, പോർച്ചുഗീസിലും, ഡച്ചിലും, ഇംഗ്ലീഷിലുമെല്ലാം നൂറ്റാണ്ടുകൾക്ക് മുമ്പു തന്നെ എഴുതപ്പെട്ടിട്ടുള്ള ഗ്രന്ഥവിവരണങ്ങളോ, മംഗലാപുരം മുതൽ തേങ്ങാപ്പട്ടണം വരെയുള്ള പുരാതനമായ ചില പള്ളി ഖബർസ്ഥാനുകളിലുള്ള മീസാൻകല്ലുകളിൽ ആലേഖ്യം ചെയ്തിട്ടുള്ള കൊല്ലമോ, സാമുതിരി ഗ്രന്ഥാവരിയിലും പെരുമ്പടപ്പ് ഗ്രന്ഥാവരിയിലും അതുപോലെയുള്ള രാജകുടുംബ ഗ്രന്ഥാവരികളിലോ, ഒക്കെ രേഖപ്പെടുത്തിയിട്ടുള്ളവയോ, അതുമല്ലെങ്കിൽ അവസാനത്തെ പെരുമാളിനുശേഷം പ്രബലരായിതീർന്ന രാജവംശങ്ങളിൽ പെരുമാളുടെ മതപരിവർത്തനത്തെ അനുസ്മരിപ്പിക്കുന്ന ചടങ്ങുകളെ ചൂണ്ടിക്കാണിക്കുന്നതുകൊണ്ടോ ഒന്നും ഇനി ഒരു ഫലവും കിട്ടുകയില്ല! കാരണം ഇളംകുളവും, ശ്രീധരമേനോനും, എം.ജി.എസ്. നാരായണനും നമുക്കാവശ്യമായ ചരിത്രം അവർക്ക് പറ്റുംവിധം തയ്യാറാക്കി തന്നിട്ടുള്ളപ്പോൾ അവരുടെ നിഗമനത്തിന് എതിരായുള്ള രേഖകളത്രയും നശിപ്പിക്കപ്പെടേണ്ടതും, അവ ആവർത്തിക്കുവാൻ അർഹതയില്ലാത്തതുമായി മാറുന്നു. അതുകൊണ്ടുതന്നെ അടുത്ത തലമുറ നിശ്ചയമായും ഇവ ഓർമ്മിക്കുകയോ, വിശ്വസിക്കുകയോ ചെയ്യുകയില്ലല്ലോ. നിഷ്പക്ഷമതികളായ ചരിത്ര ജിജ്ഞാസുക്കളുടെ അറിവിനായി അവസാനത്തെ പെരുമാളിന്റെ മതപരിവർത്തനശേഷം നടന്ന കുറേ വസ്തുതകൾ ഇവിടെ അയവിറത്തുകൊള്ളട്ടെ.


കേരളത്തിലെ രാജവംശങ്ങളത്രയും അവരുടെ ഉൽഭവത്തെപ്പറ്റി പറയുമ്പോൾ അവസാനത്തെ പെരുമാളുടെ രാജ്യവിഭജനത്തേയും, മെക്കയാത്രയേയും ആധാരമാക്കിയാണ് ആരംഭിക്കുന്നത്. പോർച്ചുഗീസ്, ഡച്ച്, ഇംഗ്ലീഷ് ചരിത്രകാരൻമാരും, ഈ സംഭവം വിശദീകരിച്ച് വിവരിക്കുന്നവരാണ്. 1781ൽ മലബാർതീരത്തെ ഡച്ച് ഗവർണ്ണറായിരുന്ന ആൻഡ്രിയൻ മോയൻസ് എഴുതുന്നത്, അവസാനത്തെ മലബാർ ചക്രവർത്തിയായ ചേരമാൻ പെരുമാൾക്ക് ഇസ്ലാമതത്തോട് അതിയായ ആദരവ് തോന്നുകയും, തൽഫലമായി മതപരിവർത്തനം ചെയ്യുക മാത്രമല്ല, തന്റെ അവസാനകാലം മെക്കയിൽ കഴിച്ചുകൂട്ടുന്നതിനായി രാജ്യം സാമന്തൻമാർക്ക് പകുത്തുകൊടുത്തതിനുശേഷം അദ്ദേഹം കപ്പൽ കയറി എന്നാണ്.24. ഡോ. ഫ്രാൻസിസ് ബുക്കാനൻ 25, ഫ്രാൻസിസ് ഡേ 26, ശൈഖ് സൈനുദ്ദീൻ 27, ബറോസ് 28, ബർബോസ 29, തുടങ്ങിയവരുടെ ഇത് സംബന്ധമായ വിവരണങ്ങൾ ഓർമ്മിക്കേണ്ടവയാണ്. പെരുമാളുടെ ഓർമ്മ നിലനിർത്തുന്നതിനുതകുന്ന പല ആചാരങ്ങളും, നെടിയിരുപ്പ് സ്വരൂപവും, വേണാട് രാജവംശവും നിലനിർത്തിപ്പോന്നിരുന്നു. സ്ഥാനാരോഹണ ചടങ്ങിൽ തലമുണ്ഡനം ചെയ്ത് മുസ്ലിം വേഷം ധരിച്ച സാമൂതിരിയെ കിരീടം ചാർത്തി കൊടുക്കുന്നത് മാപ്പിള പ്രധാനിയായിരുന്നു.30. സിംഹാസനാരോഹണം ചെയ്യുന്ന സാമൂതിരി, "മെക്കയിൽ നിന്നും തന്റെ അമ്മാവൻ മടങ്ങിവരുന്നത്" വരെയാണ് സിംഹാസനത്തിൽ ഇരിക്കുകയുള്ളൂവെന്ന് പ്രഖ്യാപിക്കാറുണ്ടായിരുന്നു.31. ഇത്തരം ഒരു പ്രഖ്യാപനം സിംഹാസനാരോഹണം ചെയ്യുന്ന തിരുവിതാംകൂർ രാജാവും നടത്തുക പതിവായിരുന്നു. "മെക്കയിലേക്ക് പോയ തങ്ങളുടെ അമ്മാവൻ മടങ്ങിവരുന്നതുവരെ മാത്രമേ താൻ ഈ കരവാൾ ഏന്തുകയുള്ളൂവെന്ന് പ്രഖ്യാപിക്കേണ്ടതുണ്ട്."32. കിരീടധാരണച്ചടങ്ങുകളുടെ ഭാഗമായി കല്ലായിപ്പുഴ കടക്കുന്ന സാമൂതിരി മുസ്ലിം സ്ത്രീയെപ്പോലെ ഉടയാടകൾ ധരിച്ചിട്ടുള്ള ഒരു മാപ്പിളയിൽ നിന്നു വെറ്റില സ്വീകരിക്കുന്ന ചടങ്ങ് ഇന്നും നിലനിൽക്കുന്നു. അതോടെ മതഭ്രഷ്ടനാക്കപ്പെടുന്ന സാമൂതിരി പിന്നീട് പല മതചടങ്ങുകൾക്ക് ശേഷമാണ് ഭ്രഷ്ടിൽ നിന്നും മുക്തനാകുന്നത്. പെരുമാൾ മതം മാറി സ്വന്തം ഇഷ്ടപ്രകാരം നാടുവിട്ടു പോയതിന്റെ ഓർമ്മയെ നിലനിർത്തുന്ന ചടങ്ങാണിതെന്നതിൽ സംശയമില്ല.33.

ഈ വക ചടങ്ങുകളോടൊപ്പം ഓർക്കേണ്ട മറ്റൊരു വസ്തുത ചേരമാൻ പെരുമാൾ നെടിയിരുപ്പ് സ്വരൂപ സ്ഥാപകരായ വിക്കിരനും, മാനിച്ചനും, "നിങ്ങൾ ചത്തും കൊന്നും അടക്കിക്കൊൾക" എന്ന ആജ്ഞയോടുകൂടി തന്റെ വാൾ നൽകിയെന്ന കേരളോൽപ്പത്തിയിലെ വിവരണമാണ്. പെരുമാൾ നൽകിയെന്ന് പറയുന്ന ഈ വാളിന്റെ പടം ലോഗൻ തന്റെ മലബാർ മാനുവലിന്റെ ആമുഖ പേജിൽ തന്നെ ചേർത്തിട്ടുള്ളതായി കാണാം. നിത്യേന നടത്തുന്ന ഭഗവതിപൂജയോടൊപ്പം ചേരമാൻ വാളും പൂജിക്കുന്ന സമ്പ്രദായം നിലനിൽക്കുന്നു.34. കോഴിക്കോട് ഗ്രന്ഥാവരിയെ അടിസ്ഥാനമാക്കി കെ.വി. കൃഷ്ണയ്യർ എഴുതുന്നത്, "ചേരമാൻ പെരുമാൾ തന്റെ പൂർവ്വികർക്ക് നൽകിയ ഈ വാൾ സാമൂതിരി കൊടുങ്ങല്ലൂർ താമസിച്ചിരുന്ന കാലത്ത് 1670ൽ ഡച്ചുകാരുടെ മിന്നലാക്രമണത്തിന്റെ ഫലമായി ഒടിഞ്ഞ് കഷ്ണങ്ങളായി തീർന്നിരുന്നു. ഇപ്പോഴുള്ള വാൾ ചേരമാൻ വാളിന്റെ ഒടിഞ്ഞുപോയ കഷ്ണങ്ങൾ കൊണ്ട് 1672ൽ പുനർ നിർമ്മിച്ചതാണ്. വെങ്കലം കൊണ്ടുള്ള ഉറയിലാണ് ഇപ്പോൾ സൂക്ഷിച്ചിട്ടുള്ളത്"35. കൊല്ലവർഷം 845-ാമത്

(1671) മീനഞായർ 14-ാം തിയ്യതി എഴുതിയ കോവിലകം രേഖകളിൽ ഇത് സംബന്ധിച്ച് പ്രസ്താവിച്ചിരിക്കുന്നത് ഇപ്രകാരമാണ്. "അകത്ത് മൂവടി ആകുമ്പോൾ (ലന്ത) വെളുത്ത നമ്പ്യാരുടെ അകത്ത് കടന്ന് വെള്ളി വിളക്കും, വെള്ളിക്കിണ്ടിയും, കിണ്ണങ്ങളും വാകചാർത്ത തട്ടും, അതിലുണ്ടായിരുന്ന ആയുധങ്ങളും കവർന്ന പുര ചുട്ടും.............. ചേരമാൻ വാൾ വെളുത്തനമ്പ്യാരുടെ അവിടുന്ന് വെന്തുപോകുകയും ചെയ്തു."36. നിത്യേന ഈ വാൾ സാമൂതിരി പൂജിക്കുന്നു. അദ്ദേഹത്തിൻെറ ശത്രുക്കളുടെപോലും വിശ്വാസം സാമൂതിരിയുടെ എല്ലാവിധ യശസ്സിനും, പ്രതാപത്തിനും നിദാനം ചേരമാൻ വാൾ ആണെന്നാണ്.37. ശൈഖ് സൈനുദ്ദീൻ ചേരമാൻ പെരുമാൾ സാമൂതിരിയുടെ പൂർവ്വികന് നൽകിയ ഈ വാളിനെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്.38. കൊച്ചിൻ ഗ്രന്ഥവരികളിൽ ഒന്നിൽ പത്മനാഭമേനോൻ ഉദ്ധരിച്ചിട്ടുള്ള ഭാഗം നമുക്കിവിടെ പ്രസക്തമാണ്. "മെക്കയിലേക്ക് പോകുന്നതിനുമുമ്പ് കോഴിക്കോട് രാജ്യം നൽകിയതോടൊപ്പം ഉപചാരപരമായി അവർക്ക് (സാമൂതിരിക്ക്) തൻെറ പട്ടും, വാളും കൊടുക്കുകയും ചെയ്തു."39. സാമൂതിരിയുടെ എല്ലാ ആഘോഷവേളകളിലും വളരെ ബഹുമാനപുരസ്സരം ചേരമാൻ വാൾ പ്രദർശിപ്പിക്കാറുണ്ട്. 1792ലെ മലബാർ ജോയിൻറ് കമ്മീഷണർമാരുടെ റിപ്പോർട്ടിൽ, ഈ വാൾ അങ്ങേയറ്റം ബഹുമാനാദരവോടുകൂടി നിത്യേന പൂജിക്കാറുണ്ടെന്നും, ഏറെ സുരക്ഷിതമായി സൂക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും അന്നത്തെ സാമൂതിരി എഴുതിക്കൊടുത്ത മെമ്മോറാണ്ടത്തിൽ പ്രസ്താവിച്ചതായി കാണുന്നു.40. 1907ൽ മദ്രാസ്സിലെ ഗവർണ്ണറായിരുന്ന ആർതർ ലോലി, അദ്ദേഹത്തിൻെറ ഡയറിക്കുറിപ്പിൽ മലബാർ പര്യടനത്തെക്കുറിച്ചെഴുതുന്ന കൂട്ടത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്, "സാമൂതിരിക്ക് പെരുമാൾ നൽകിയത് ഒരു ചെറിയ ഗ്രാമവും, തൻെറ വാളുമാണ്. ചത്തും കൊന്നും അടക്കി കൊൾക എന്ന ഉപദേശത്തോടുകൂടിയാണ് ഇത് നൽകിയത്. ഈ വാൾ സാമൂതിരി കൊട്ടാരത്തിൽ ഇപ്പോഴും സൂക്ഷിച്ചിരിക്കുന്നു."41. സമൂതിരിയുടെ ഒരു ഉല്ലാസയാത്രയെ സംബന്ധിച്ച് ദൃക്സാക്ഷി വിവരണം നടത്തുന്ന കൂട്ടത്തിൽ ബർബോസ എഴുതുന്നത്, "മഞ്ചലിനു തൊട്ടുമുന്നിൽ സാമൂതിരിയുടെ വാളും. പരിചയും എടുത്തുകൊണ്ടും, മൂന്നാമതൊരാൾ ചേരമാൻ പെരുമാൾ സാമൂതിരിയുടെ പൂർവ്വികന് നൽകിയിരുന്ന വാൾ വലതുകൈയ്യിൽ ഉയർത്തിപിടിച്ചുകൊണ്ട് നടക്കുകയും ചെയ്യുന്നു."42.

എന്നാൽ ചേരമാൻ പെരുമാളുടെ മതപരിവർത്തന കാര്യത്തിലെന്നപോലെ ചേരമാൻ വാളിൻെറ കാര്യത്തിലും പത്മനാഭമേനോന് വിശ്വാസമില്ല.43. മറ്റുള്ളവരും ഇക്കാര്യത്തിൽ സംശയാലുക്കളാണ്. 1887ൽ പ്രസിദ്ധീകരിച്ച മലബാർ മാനുവലിൻെറ ആമുഖപേജിൽ കാണുന്ന ചേരമാൻ പെരുമാളിൻെറ വാളിൻെറ കാര്യത്തിൽ അന്നൊന്നും ആരും ചോദ്യം ചെയ്യാൻ മുതിർന്നിട്ടില്ല. 1938ൽ കോഴിക്കോട് സാമൂതിരി ഗ്രന്ഥപ്പുരയിലെ പ്രമാണങ്ങളെ അടിസ്ഥാനമാക്കി പ്രൊഫ. കെ.വി. കൃഷ്ണയ്യർ രചിച്ച 'കോഴിക്കോട് സാമൂതിരിമാരുടെ ചരിത്രം' പത്മനാഭമേനോൻെറ കേരള ചരിത്രം എഴുതിയതിന് ശേഷം, വിരചിതമായിട്ടുള്ളതുമാണ്. പെരുമാളുടെ മതപരിവർത്തനം മറ്റ് സവർണ്ണ ചരിത്രകാരൻമാരെപ്പോലെ കൃഷ്ണയ്യരും നിഷേധിക്കുന്നുണ്ടെങ്കിലും ചേരമാൻ വാളിനെപ്പറ്റി അദ്ദേഹം വാചാലനാണ്.44. ചേരമാൻ പെരുമാൾ നായനാർ എന്ന ശൈവ സിദ്ധൻ തന്നെയായിരിക്കണം കുലശേഖര വംശത്തിലെ രാജശേഖര വർമ്മയെന്നാണ് നമ്മുടെ ചരിത്രമെഴുത്തുകാരുടെ പക്ഷം.45. ഈ സങ്കൽപ്പം തന്നെയാണ് മറ്റുള്ളവരും പിന്തുടർന്ന് പോരുന്നത്. ഇതിന് ആധാരമായി ഇവർക്കൊക്കെ സ്ഥാപിക്കാനുള്ളത് തമിഴ് ഐതിഹ്യങ്ങൾ കോർത്തിണക്കിയ പെരിയപുരാണം എന്ന പ്രാചീന തമിഴ് പുസ്തകമാണ്. ഇതിൻെറ കർത്താവായ ചേക്കിയാർ 63 നായനാർമാരുടെ കഥ വിവരിക്കുന്ന കൂട്ടത്തിൽ സുന്ദരമൂർത്തിയെന്ന പ്രസിദ്ധ നായനാരുടെ കഥയും വിവരിച്ചിട്ടുണ്ട്. അദ്ദേഹം ചേരമാൻ പെരുമാൾ നായനാരുടെ ആത്മമിത്രമായിരുന്നുവെന്നും അദ്ദേഹത്തോടൊപ്പം തിരുവഞ്ചിക്കുളത്ത് താമസമാക്കിയിരുന്നുവെന്നും പ്രസ്താവമുണ്ട്. അവസാനകാലത്ത് തന്നെ സ്വർഗ്ഗത്തിലേക്ക് വിളിക്കണമെന്ന് പ്രാർത്ഥിച്ചുവെന്നും അദ്ദേഹത്തോടൊപ്പം ചേരമാൻ നായനാരും ഉടലോടെ സ്വർഗ്ഗം പൂകിയെന്നുമാണ് പെരിയപുരാണത്തിലെ കഥ.46. "പെരിയപുരാണ പ്രകാരം സുന്ദരമൂർത്തി വെള്ളാനപ്പുറത്തും, പെരുമാൾ കുതിരപ്പുറത്തും കയറി കൈലാസം" പ്രാപിച്ചു.47. തിരുവഞ്ചിക്കുളം ക്ഷേത്രത്തിൽ ചേരമാൻ പെരുമാൾ നായനാരുടേയും, ഗുരുവായ സുന്ദരമൂർത്തിയുടേയും പ്രതിമകൾ പ്രതിഷ്ഠിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. തിരുവഞ്ചിക്കുളത്തെ ശിവക്ഷേത്രത്തിൽ ഇപ്പോഴും ഇവരുടെ പ്രതിമകൾ കാണാം.48. കേരളോൽപ്പത്തിയും, കേരളമാഹാത്മ്യവും അവിശ്വസനീയമായി കരുതിപ്പോരുന്ന ഇളംകുളവും, കൂട്ടരും ചരിത്രാംശം തീരെയില്ലാത്തതും, ഐതിഹ്യങ്ങളുടേയും, കെട്ടുകഥകളുടേയും, അബദ്ധപഞ്ചാംഗമെന്ന് തീർത്തു പറയാവുന്നതുമായ പെരിയ പുരാ

**FRONTISPIECE TO VOL.1.**



"നിങ്ങൾ ചത്തും കൊന്നും അടക്കികൊൾക"

CHERAMAN PERUMAL'S SWORD GIVEN TO THE ZAMORIN WITH THE ADVICE TO DIE AND KILL AND ANNEX (ENGRAVED FROM AN ORIGINAL SKETCH)

1887ൽ പ്രസിദ്ധീകരിച്ച വില്യം ലോഗൻെറ മലബാർ മാനുവലിൽ ആമുഖപേജിൽ ചേർത്തിട്ടുള്ളത്

ണത്തെ ആശ്രയിക്കുന്നുവെന്ന് മാത്രമല്ല, ചേരമാൻ പെരുമാളും, സുന്ദരമൂർത്തിയും ഉടലോടെ സ്വർഗ്ഗം പൂകിയതിൽ ആത്മസംതൃപ്തരുമാണ്. കേരളത്തിന്റെ ആദ്യത്തെ ചരിത്രമെന്ന് വിശേഷിപ്പിക്കാവുന്ന കേരളീയനായ ശൈഖ് സൈനുദ്ദീൻ എഴുതിയ തുഹ്ഫത്തുൽ മുജാഹിദീനോ, മാഹിക്കാരനായ ഉമർ മുഹമ്മദ് സുഹ്റവർദി രചിച്ച രിഹ്ലാത്തുൽ മുലൂക്കെന്ന ഗ്രന്ഥമോ ആധികാരികമായി തോന്നാത്ത പണ്ഡിതൻമാരാണ് പെരിയപുരാണത്തിൽ അഭയം പ്രാപിക്കുന്നത്.

ഇത്തരം ചരിത്രാഭാസങ്ങൾ ഇവരുടെ വിവരണങ്ങളിൽ ഉടനീളം കാണാം. "കൊല്ലത്തെ രാമേശ്വരത്ത് ക്ഷേത്രത്തിൽ കൊല്ലവർഷം 278ൽ (എ.ഡി. 1102) രേഖപ്പെടുത്തിയിട്ടുള്ള ശിലാശാസനത്തിൽ ഒരു രാമതിരുവടി പനങ്കാവിൽ കൊട്ടാരത്തിൽ അക്കൊല്ലം താമസിച്ചിരുന്നതായി പറയുന്നു. ഈ രാമതിരുവടിയും രണ്ടാം ചേരസാമ്രാജ്യത്തിലെ ഒടുവിലത്തെ ചക്രവർത്തിയായ രാമവർമ്മ കുലശേഖരനും ഒരാളാണെന്ന് മനസ്സിലാക്കിയാൽ കുലശേഖര സാമ്രാജ്യത്തിന്റെ അവസാനകാലത്തെക്കുറിച്ചറിയാൻ എളുപ്പമാണ്. ചോള സൈന്യങ്ങളുമായുണ്ടായ ഐതിഹാസിക യുദ്ധത്തിനിടയിൽ രാമവർമ്മ കുലശേഖരൻ രാജധാനിയായ മഹോദയപുരത്തു നിന്നും പഴയ വേണാട് രാജാക്കൻമാരുടെ തലസ്ഥാനമായ കൊല്ലത്തേക്ക് താമസം മാറ്റുകയുണ്ടായെന്ന് മേൽപ്പറഞ്ഞ ശാസനങ്ങളിൽ നിന്നും മനസ്സിലാക്കാം."49. തിരുവനന്തപുരം ഗ്രന്ഥാവലിയിൽ ഇപ്പറഞ്ഞ ശാസനം ചേർത്തിട്ടുള്ളത് ഇപ്രകാരമാണ്. "കൊല്ലം തോൻറി ഇരുനൂറ്റി എഴുപത്തെട്ടാം മാണ്ടെ കന്നിയിൽ വിയ്യാഴം പുക്ക ചിങ്ങ ഞായിറ്റ് ഒൻപത് ചെന്ത്രനാൾ ഇരണ്ടമാണ്ടേയ്ക്ക് എതിർ പതിനോരും ആണ്ട് ഇരാമം തിരുവടി കോവിലധികാരികളാകിന ശ്രീകുലശേഖര ചക്രവർത്തികൾ കുരക്കേണികൊല്ലത്ത് പനങ്കാവിൽ കോവിലകത്ത് ഇരുന്നരുള" എന്നാണ്. (തിരുവനന്തപുരം ഗ്രന്ഥവലി 5-44) ഇതിൽ നിന്നും സാധാരണ ഒരാൾക്ക് മനസ്സിലാവുക ഈ രാമൻ തിരുവടിയായ കുലശേഖര ചക്രവർത്തി വേണാട് അധിപതികളിൽ ഒരാളാണെന്നാണ്. കോയിലധികാരികളെന്നും കുലശേഖര ചക്രവർത്തിമാരെന്നും വേണാട് രാജാക്കൻമാർ അവസാനകാലം വരെ ഉപയോഗിച്ചിരുന്നുവെന്ന് ഓർമ്മിക്കുകയും ചെയ്യേണ്ടതാണ്. ഒരു രാമതിരുവടി പനന്തോപ്പ് കൊട്ടാരത്തിൽ താമസിച്ചിരുന്നുവെന്ന പരാമർശം കൊണ്ട് ആ പറയുന്ന ആൾ തന്നെയായിരിക്കണം രാമവർമ്മ കുലശേഖരനെന്നും ആ പരാമർശത്തിനുശേഷം അദ്ദേഹത്തെക്കുറിച്ച് മറ്റൊരു വിവരവും, ക്ഷേത്രക്കല്ലുകളിൽ എഴുതി വെച്ചിട്ടില്ല എന്നതു കൊണ്ടും രണ്ടാം ചേരസാമ്രാജ്യത്തിന്റെ അന്ത്യം 1102 ആണെന്ന് ഇളംകുളം നിശ്ചയിച്ചത് ശ്രീധരമേനോൻ പാഠപുസ്തകത്തിലാക്കിയതാണ് മേലുദ്ധരിച്ചത്. മാത്രവുമല്ല, ഈ മഹാസാമ്രാജ്യത്തിലെ അവസാനത്തെ ചക്രവർത്തി അപ്രത്യക്ഷനാകുകയും ചെയ്യുന്നു. ചില ക്ഷേത്രക്കല്ലുകളിൽ ആരോ കൊത്തിവെച്ച എന്തായാലും അത് അമൂല്യമായ ചരിത്രപ്രമാണമായി അംഗീകരിക്കുക മാത്രമല്ല, ഒരു വാക്കിൽപ്പിടിച്ച് നൂറ്റാണ്ടുകളുടെ തന്നെ ചരിത്രം പറയുന്ന ഈ രീതിയാണ് ഇന്നത്തെ അംഗീകൃത കേരളചരിത്രത്തിൽ അനുവർത്തിച്ചിട്ടുള്ളത്. അങ്ങനെ എ.ഡി. 800 മുതൽ 1102 വരെ കേരളത്തെ ഒറ്റ സാമ്രാജ്യമായി ഏകോപിപ്പിച്ച് ഭരണം നടത്തിയെന്ന് പറയുന്നതും രണ്ടാം ചേര സാമ്രാജ്യം ഉണ്ടായെന്ന് എഴുതിപ്പിടിപ്പിച്ചതും അങ്ങേയറ്റം ദുരുദ്ദേശ്യപൂർവ്വമായിരുന്നുവെന്ന് മുൻ അദ്ധ്യായത്തിൽ നാം വിശദീകരിക്കുവാൻ ശ്രമിച്ചതാണ്. അതിവിടെ ആവർത്തിക്കുന്നില്ല. ഈ ദുരുദ്ദേശ്യങ്ങളിൽ പ്രധാനമായവ ചേരമാൻ പെരുമാളുടെ മതപരിവർത്തനം നടന്നിട്ടില്ലെന്ന് പറയുക, 825ൽ പെരുമാൾ തന്റെ ആശ്രിതർക്കായി രാജ്യം വിഭജിച്ചു കൊടുത്തുവെന്ന ധാരണ ഇല്ലാതാക്കുക, പെരുമാളുടെ രാജ്യവും വിഭജനവും മക്കയാത്രയും അടിസ്ഥാനമാക്കി ഉൽഭവിച്ച കൊല്ലവർഷാരംഭത്തെ ഇവ കൊണ്ടല്ലെന്ന് വരുത്തി തീർക്കുക എന്നതത്രേ. ഇളംകുളത്തിന്റെ ശിഷ്യനായ എം.ജി.എസ്. നാരായണനാകട്ടെ, തഞ്ചാവൂരിലെ ഒരു ലിഖിതത്തിൽ ചേരമനാർ രാമവർമ്മയെന്നൊരു പേര് കാണുന്നതുകൊണ്ട് ആ പേർകാരൻ ഇവരുടെ അവസാനപ്പെരുമാളായ രാമവർമ്മ കുലശേഖരൻ തന്നെ ആകാനേ നിവൃത്തിയുള്ളൂവെന്ന് സങ്കൽപ്പിച്ച് ആ രേഖയുടെ കാലമായ 1122 വരെ കുലശേഖര രാജവംശത്തിന് ആയുസ്സ് നീട്ടികൊടുക്കുയും ചെയ്യുന്നു. പിന്നീട് ഒരു പരാമർശവും ഒരു ക്ഷേത്രക്കല്ലിലും കാണാത്തതുകൊണ്ട് ഈ പെരുമാളായിരിക്കണം മതംമാറി മക്കയിൽ പോയ ചക്ര വർത്തിയെന്ന് അദ്ദേഹം അനുമാനിക്കുകയും ചെയ്യുന്നു. ഇ തിന് ഉപോൽബലകമായി പറയുന്നത്, 1124ലാണ് മാടാ യിപ്പള്ളി പണിതത് എന്ന് പള്ളി രേഖയിൽ കാണുന്നതു കൊണ്ടാണ്. "അതിലെ പാരമർശം യഥാർത്ഥമാണെങ്കിൽ ഒടുക്കത്തെ ചേരമാൻ പെരുമാൾ മക്കത്ത് പോയി രണ്ട് വർഷം കഴിഞ്ഞാണല്ലോ മാടായിപ്പള്ളി നിർമ്മിക്കപ്പെട്ടത്. മാലിക് ബ്നു ദീനാറിന്റെ ഐതിഹ്യവും അതിനെ പിന്താങ്ങുന്നു."50. ഈ നിഗമനത്തിന്റെ കഴമ്പില്ലായ്മയും നിരർത്ഥകതയും നാം നേരത്തേ ചൂണ്ടിക്കാണിച്ചതാണ്. ഇവിടെ പ്രസക്തമായിട്ടുള്ളത് മാടായിപ്പള്ളിയുടെ നിർമ്മാണവർഷവും, മാലിക്ബ്നു ദീനാറും സംഘവും കേരളത്തിലെത്തിയ കാലവും, എത്ര ലാഘവത്തോടുകൂടി നിസ്സാരമാക്കി ചിത്രീകരിച്ചിരിക്കുന്നു എന്നതാണ്. മാടായിപ്പള്ളി സ്ഥാപിച്ചത് 1122ലാണെന്ന് വില്യം ലോഗന്റെ കാലത്ത് ആ പള്ളിയിലുണ്ടായിരുന്ന ലിഖിതം വ്യക്തമാക്കുന്നുവെന്നും ഈ രേഖ 1929ൽ ആർക്കിയോളജി വകുപ്പുകാർ പകർത്തുകയുണ്ടായിയെന്നും ആണ് എം.ജി.എസ്. നാരായണൻ തന്റെ നിഗമനത്തിനാധാരമായി കെട്ടിച്ചമക്കുന്ന കഥ. ലോഗൻ ഇങ്ങനെ ഒരു പ്രസ്താവം നടത്തുന്നേയില്ല. ഇത് പകർത്തിയ പുരാരേഖാവകുപ്പ് ഏതാണെന്ന് അദ്ദേഹം വ്യക്തമാക്കുന്നില്ല. നൂറുക്കണക്കിന് അമൂല്യങ്ങളും, ചരിത്രപ്രാധാന്യമുള്ളവയുമായ ശിലാസ്മാരക ലിഖിതങ്ങളോ പ്രാചീന പള്ളികളിൽ ആലേഖ്യം ചെയ്തിട്ടുള്ള നിരവധി വസ്തുതകളോ ഒന്നും പുരാവസ്തു വകുപ്പ് ഇതുവരെയും പകർത്തുകയോ

പ്രകാശനം നടത്തുകയോ ചെയ്തിട്ടില്ലാത്തപ്പോൾ ഇതു മാത്രം പകർത്തിയെന്ന് പറയുന്നത് പച്ചക്കള്ളമാണ്. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ പുരാവസ്തുവകുപ്പിൻെറ ബുള്ളറ്റിനുകളിലോ, മറ്റ് പ്രസിദ്ധീകരണങ്ങളിലോ ഇത് പ്രകാശിപ്പിക്കപ്പെടും എന്നത് തീർച്ചയാണല്ലോ. മുസ്ലിംകളെ സംബന്ധിക്കുന്ന ചരിത്രപരമായ കാര്യങ്ങളിലെല്ലാം എന്ത് ചരിത്രാഭാസവും കെട്ടിച്ചമച്ചാൽ അതിനെ എതിർക്കുവാൻ ആളില്ലാ എന്നതു കൊണ്ട് ഇവരുടെ മനോധർമ്മം അനുസരിച്ച് എന്തും എഴുതാമെന്നായിരിക്കും. അതാണ് മാടായിപ്പള്ളിയെക്കുറിച്ചുള്ള പുതിയ ഈ സിദ്ധാന്തം.51.

മാലിക് ബ്നു ദീനാറും, ഹബീബ്ബ്നു മാലിക്കു ദീനാറും സംഘവും ഏഴിമലക്കടുത്ത് നിർമ്മിച്ച പള്ളിയാണ് മാടായിപ്പള്ളി. ഇത് ഹിജ്റ 11-ാം വർഷത്തിലായിരുന്നു. ഈ പള്ളിയിലെ ആദ്യത്തെ ഖാസി മാലിക് ബ്നു ദീനാറിൻെറ മകൻ അബ്ദു റഹിമാൻ ബ്നു മാലിക് ദീനാറായിരുന്നു. മാടായിക്കടുത്ത എരിപുരം എന്ന സ്ഥലത്താണ് അദ്ദേഹത്തിൻെറ ഖബർസ്ഥാൻ സ്ഥിതിചെയ്യുന്നത്.52. ആദ്യകാലത്ത് നിർമ്മിച്ച പള്ളികൾ എല്ലാം തന്നെ പല കാലങ്ങളിലായി ജീർണ്ണോദ്ധാരണം നടത്തി പുതുക്കി പണിതിട്ടുണ്ട്. ഏഴിമലയിലെ പുരാതനമായ മാടായിപ്പള്ളി ഈ അടുത്തകാലത്ത് (1971) ജീർണ്ണോദ്ധാരണം ചെയ്തപ്പോൾ അവിടെനിന്നും ചരിത്രപ്രാധാന്യമുള്ളൊരു പലക കഷ്ണം കണ്ടുകിട്ടി. അതിൽ ഹിജ്റ 101ൽ നിർമ്മിക്കപ്പെട്ടതെന്ന് ആലേഖ്യം ചെയ്യപ്പെട്ടിരിക്കുന്നു. പ്രസ്തുത പലക ഇപ്പോൾ അറക്കൽ രാജധാനിയിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്.53. ഇതിൽ പറയുന്ന ഹിജ്റ 101ൽ നിർമ്മിച്ചത് എന്ന രേഖ മാലിക് ബ്നു ദീനാർ പണികഴിപ്പിച്ചിരുന്ന ആദ്യത്തെ പള്ളിയുടെ പുനർനിർമ്മാണം ആയിരിക്കാനേ സാദ്ധ്യതയുള്ളു. പിന്നേയും കുറേക്കാലങ്ങൾക്കുശേഷം ഈ പള്ളിയുടെ പുനരുത്ഥാനം നടത്തിയത് മതപ്രചാരണാർത്ഥം അറേബ്യയിൽ നിന്നും എത്തിയ ശൈഖ് പൈഗാംബർ എന്ന സിദ്ധനായിരുന്നു. അദ്ദേഹം കാലക്രമേണ പയംബായി ശൈഖ് എന്ന പേരിലാണ് സാർവ്വത്രികമായി അറിയപ്പെട്ടിരുന്നത്.54. ഒരുകാലത്ത് പയംബായി ശൈഖിൻെറ പേരിൽ നേർച്ചയും മറ്റും നടത്തിയിരുന്നു. ഇദ്ദേഹത്തിൻേറയും ശവകുടീരം മാടായിപ്പള്ളി ഖബർസ്ഥാനിൽ ഇന്നും കാണാം.

1124ലാണ് മാടായിപ്പള്ളി പണിതീർത്തതെന്നും അത് 1122ൽ ഇവിടെ നിന്ന് അപ്രത്യക്ഷനായ 'ചേരമാനായ രാമ തിരുവടി'യുടെ മെക്കായാത്രയ്ക്ക് ശേഷം അദ്ദേഹത്തിൻെറ പ്രേരണയാൽ ഇവിടെയെത്തിയ മാലിക് ബ്നു ദീനാറും കൂട്ടരുമാണെന്ന് പറയുവാനുള്ള ഏക തെളിവ് മാടായിപ്പള്ളിയിലെ ഒരു ലിഖിതത്തിൽ പള്ളി നിർമ്മാണം നടന്നത് 1124നോടു തുല്യമായ ഹിജ്റ 518 ആണെന്ന് മനസ്സിലാക്കുന്നതിനാലാണ്. അപ്പോൾ പള്ളിയിൽ നിന്നും തന്നെ ലഭിച്ചിട്ടുള്ളവയും പള്ളിയോടനുബന്ധിച്ച് ശ്മശാനത്തിൽ ഇന്നും കാണുന്ന ഹിജ്റ ഒന്നാം നൂറ്റാണ്ട് മുതൽക്കുള്ള മീസാൻ കല്ലുകളിലെ രേഖകളൊന്നും സ്വീകാര്യമാകാതെ വരികയും ഹിജ്റ 518 എന്ന് കണ്ടെന്ന് പറയുന്ന ആലേഖ്യം സ്വീകാര്യവും ആകുന്നത് എങ്ങനെയെന്ന് ചോദിച്ചിട്ട് കാര്യമില്ല.

എന്നാൽ മാടായിപ്പള്ളി 1124ലായിരിക്കും പണിതതെന്ന് എം.ജി.എസ്. നാരായണന് പറയേണ്ട ആവശ്യം രണ്ടാം ചേര സാമ്രാജ്യത്തിൻെറ അവസാനത്തെ ചക്രവർത്തി രാമൻ തിരുവടി അപ്രത്യക്ഷനാകുന്നത് 1102ലാണെന്ന ഇളംകുളത്തിൻെറ തീരുമാനത്തിൽ ഭേദഗതി കണ്ടെത്തുകയെന്ന ഗവേഷണഫലം സ്ഥാപിച്ചെടുക്കുകയെന്ന ഉദ്ദേശ്യമാണ്. ഇവരുടെ ഈ ഒടുക്കത്തെ പെരുമാളെപ്പറ്റി ആയിരിക്കും 1122ലെ തഞ്ചാവൂരിലുള്ള ഒരു ലിഖിതത്തിൽ ചേരമനാർ എന്ന് പറഞ്ഞിട്ടുള്ളത് എന്ന് വിശ്വസിക്കുന്ന അദ്ദേഹം പിന്നീടൊരു അറിവും ഇല്ലാത്തതുകൊണ്ട് ഇദ്ദേഹം മെക്കയിലേക്ക് പോയിരിക്കാമെന്ന് അഭ്യൂഹിക്കുന്നു. അങ്ങനെ എം.ജി.എസ്. നാരായണൻെറ വിസയിൽ അറേബിയയിൽ എത്തുന്ന രാമൻതിരുവടികൾ പറഞ്ഞയച്ച പ്രകാരം 1124ൽ പണിതതാണത്രേ മാടായിപ്പള്ളി. ഈ നിഗമനം അതേപടി പിന്തുടരുന്ന സെയ്യിദ് മൊഹദ്ദീൻ ഷായും, ഡോ. ഏ.പി. ഇബ്രാഹിംകുഞ്ഞും, പ്രവാചകൻെറ കാലത്ത് തന്നെ കേരളത്തിലെ തുറമുഖപട്ടണങ്ങളിലൊക്കെ മുസ്ലിം അധിവാസ കേന്ദ്രങ്ങൾ ഉണ്ടായിരുന്നുവെന്നും പറയുന്നവരാണ്.55. ഏഴാം നൂറ്റാണ്ട് മുതൽ മാടായിയിലും മറ്റു കേന്ദ്രങ്ങളിലും കോളനികൾ സ്ഥാപിച്ച് വളർച്ച പ്രാപിച്ചുകൊണ്ടിരുന്ന ഈ മുസ്ലിംകളത്രയും പള്ളികളോ, പ്രാർത്ഥനാലയമോ ഇല്ലാതെ ജുംഅ നമസ്കാരവും മറ്റും നിർവ്വഹിച്ചിരുന്നത് കടപ്പുറത്ത് ആയരിക്കുമെന്നാണോ ഇവർ വിവക്ഷിക്കുന്നത്. എം.ജി.എസ്. നാരായണന് ഇതറിഞ്ഞുകൊള്ളണമെന്നില്ലല്ലോ. 9-ാം നൂറ്റാണ്ടിൽ ജീവിച്ച പണ്ഡിതാഗ്രേസരനായിരുന്ന അൽ തബ്റിയുടെ 'ഫിർദൗസുൽ ഹിക്മത്തിൽ' (തത്വജ്ഞാന പർദീസ) ചേരമാൻ പെരുമാൾ തിരുമേനിയെ സന്ദർശിച്ചു 17 ദിവസം കൂടെ താമസിച്ചുവെന്ന പ്രസ്താവമോ, തിരുമേനിയുടെ സഹാബി അബൂ സയ്യിദ് നിവേദനം നടത്തിയതും ഹദീസ് പണ്ഡിതനായ ഹാക്കിം തൻെറ മുസ്തദറുക്കിൽ പരാമർശിച്ചിട്ടുള്ളതോ, അറബിലോകം മുഴുക്കെ ആദരിച്ചിരുന്ന മഹാനായ ശൈഖ് സൈനുദ്ദീൻെറ തുഹ്ഫത്തുൽ മുജാഹിദീനോ, ഉമർബ്നു സുഹൃദ്വർദിയുടെ രിഹ്‌ലാത്തുൽ മുലൂക്കോ, നമ്പൂതിരിമാർ എഴുതിയ കേരളോൽപ്പത്തിയും, കേരള മാഹാത്മ്യമോ, പോർച്ചുഗീസ്-ഡച്ച്-ഇംഗ്ലീഷ് സഞ്ചാരികളും ചരിത്രകാരൻമാരും ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടുള്ള ചേരമാൻ പെരുമാളുടെ മതപരിവർത്തന വിവരണമോ മതിയായ തെളിവുകളല്ലെന്ന് തറപ്പിച്ചു പറയുന്ന ഈ മുസ്ലിം സുഹൃത്തുക്കൾ ഏതോ ഒരമ്പലത്തിൻെറ കല്ലിൽ കൊത്തിവെച്ചിരിക്കുന്ന ലിഖിതത്തിൽ ചേരമനാർ എന്നൊരു പരാമർശം ഉള്ളതുകൊണ്ടും, പിന്നീട് ഇദ്ദേഹത്തെപ്പറ്റി ഒരു വിവരവും ഇല്ലെന്നതിനാലും ഈ രാമ തിരുവടിയാണ് 1122ൽ നാടുവിട്ടോടി മെക്കയിൽ പോയി മതപരിവർത്തനം നടത്തിയ പെരുമാളെന്ന് എം.ജി.എസ്. നാരായണൻ പറയുമ്പോൾ അത് അലംഘനീയമായ

തെളിവായി സ്വീകരിക്കുന്ന ചേതോവികാരം സ്വാർത്ഥ പൂരണത്തിൻേറത് മാത്രമാണ്. യഥാർത്ഥത്തിൽ ഇവരോട് സഹതപിക്കുകയേ നിർവ്വാഹമുള്ളു.

അപ്പോൾ ഇതുവരെ പറഞ്ഞുകൊണ്ടുവന്നത് കേരളത്തിലെ രണ്ട് പെരുമാക്കൻമാർ മതപരിവർത്തനം നടത്തിയിരുന്നു എന്നാണ്. ആദ്യത്തെ ആൾ ബാണപ്പെരുമാൾ ആയിരിക്കാമെന്നും, 628ൽ ഇവിടെനിന്നും സഹറുദ്ദീൻ ബ്നു തഖ്യുദ്ദീൻെറ നേതൃത്വത്തിലെത്തിയിരുന്ന മിഷണറി സംഘവുമായി അറേബിയയിലെത്തി പ്രവാചക സന്നിധിയിൽ നിന്നും ഇസ്ലാമായ ബാണപ്പെരുമാൾ മടക്കയാത്രയിൽ ശഹർമുഖല്ലയിൽ മരണമടഞ്ഞെന്നും അദ്ദേഹത്തിൻെറ അന്തിമാഭിലാഷം അനുസരിച്ചും അദ്ദേഹത്തിൻെറ കത്തുകളോടുകൂടിയും മാലിക് ബ്നു ദീനാറിൻെറ നേതൃത്വത്തിലെത്തിയ വലിയൊരു സംഘം മുസ്ലിം മിഷണറിമാരാണ് കേരളത്തിലെ തുറമുഖപട്ടണങ്ങളിലാകമാനം ആദ്യത്തെ പള്ളികൾ നിർമ്മിച്ചവരെന്നും മുസ്ലിം കോളനികൾ വർദ്ധമാനമാക്കിയിരുന്നവരെന്നും ആണ്. തുടർന്ന് രണ്ട് നൂറ്റാണ്ട് കാലത്തെ കച്ചവടകുത്തകയും, ജനസമ്പർക്കവും, സദാചാര സൻമാർഗ്ഗനിഷ്ഠകളും കൊണ്ട് മറ്റു വിഭാഗങ്ങളെക്കാൾ ഏറെ ഉൽക്കർഷവും ആദരവും സമ്പാദിക്കുവാൻ സാധിച്ചിരുന്ന മുസ്ലിംകളുമായും അവരുടെ ദാർശനികരും, പണ്ഡിതരുമായും സമ്പർക്കത്തിൽപ്പെട്ടിരുന്ന അവസാനത്തെ ചേരമാൻ പെരുമാൾ തൻെറ അന്ത്യദിനങ്ങൾ അറേബിയയിൽ കഴിച്ചു കൂട്ടണമെന്നും ഹജ്ജ് എന്ന പുണ്യകർമ്മം നിർവ്വഹിക്കണമെന്നും ആഗ്രഹിച്ച് 36 കൊല്ലത്തെ ഭരണത്തിനുശേഷം രാജ്യം തൻെറ സാമന്തൻമാർക്ക് സ്വതന്ത്രമായി കാര്യവിചാരം ചെയ്യുവാൻ ഏൽപ്പിച്ചു കൊടുത്തുകൊണ്ട് തീർത്ഥാടനത്തിന് പോയെന്നും അദ്ദേഹം അറേബ്യൻ കടൽതീരമായ ളുഫാർ എന്ന സ്ഥലത്ത്വെച്ച് മരണപ്പെട്ടെന്നുമാണ് ഇതുവരെയുള്ള തെളിവുകൾകൊണ്ട് മനസ്സിലാകുന്നത്. ആദ്യത്തെ പെരുമാളുടെ ഖബർ ശഹർമുഖല്ലയിലാണ്. ചേരമാൻ പെരുമാളുടേത് ളുഫാറിലും. ഈ തിരിച്ചറിവ് ഇല്ലാത്തതുകൊണ്ടാണ് ചേരമാൻ പെരുമാളുടെ മതപരിവർത്തന സംബന്ധമായുള്ള ആശയകുഴപ്പത്തിനും വാഗ്വാദത്തിനും നിദാനം.

ലോഗൻ മലബാർ കളക്ടറായിരിക്കുന്ന കാലത്ത് ളുഫാറിൽ ചേരമാൻ പെരുമാളുടെ ശവകുടീരത്തോട് അനുബന്ധിച്ചുള്ള പള്ളി പുതുക്കിപ്പണിയുവാൻ അവിടത്തെ മുക്രിയും മറ്റും പണപ്പിരിവിനായി എത്തിയിരുന്നുവെന്ന് മലബാർ മാനുവലിൽ പറയുന്നത് നാം നേരത്തെ ഉദ്ധരിച്ചതാണല്ലോ. ശവകുടീരത്തിനടുത്തുണ്ടായിരുന്ന മീസാൻ കല്ലിൽ അബ്ദുറഹിമാൻ സാമിരി ഹിജ്റ 212ൽ ഇവിടെ എത്തുകയും 216ൽ മരണപ്പെടുകയും ചെയ്തുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. "ഈ തിയ്യതികൾ എ.ഡി. 827, 832ന് സമമാണ്."56. ശൈഖ് സൈനുദ്ദീൻ ഇക്കാര്യം വിവരിക്കുന്നത്, "രാജാവിൻെറ ഖബർ ശഹർമുഖല്ലയിൽ അല്ല, യെമൻ രാജ്യത്ത് ഈ ഖബർ സ്ഥലം ളുഫാർ എന്ന പേരിൽ കീർത്തിപ്പെട്ടതാണെന്നും, ആ പ്രദേശക്കാർ അതിന് സാമിരി ഖബർ എന്ന് പേർ പറയുന്നുണ്ടെന്നും പറയപ്പെടുന്നു. ഈ ഖബർ ഇന്നും ഒരു തീർത്ഥാടനകേന്ദ്രമാണ്."57.

ഈ അടുത്ത കാലത്ത് അവിടം സന്ദർശിച്ച സുലിനി. വി. നായർ മാതൃഭൂമി വാരാന്ത്യപ്പതിപ്പിൽ എഴുതിയിരുന്ന ലേഖനത്തിലെ പ്രസക്തഭാഗമാണ് താഴെ ഉദ്ധരിക്കുന്നത്. "ഏദൻെറ വടക്കു കിഴക്കായികിടക്കുന്ന അറേബ്യൻ കടൽ തീരപ്പട്ടണമാണ് സഫാർ. സഫാർ പട്ടണത്തിൻെറ അവശിഷ്ടങ്ങൾ സലാല നഗരമധ്യത്തിൽ നിന്നും രണ്ട് മീറ്റർ അകലെ അറബിക്കടൽ തീരത്ത് ഇന്നും കാണാം. ഒമാൻ ഗവൺമെൻറിൻെറ പുരാവസ്തു വകുപ്പ് ഇത് ചരിത്രസ്മാരകമായി സൂക്ഷിച്ചുപോരുന്നു. ഈ സ്ഥലം സഫാർ അൽബാരി എന്നി പേരിലും അറിയപ്പെടുന്നു. സഫാർ നഗരത്തിൻെറ അവശിഷ്ടങ്ങൾക്ക് വളരെ അടുത്തുതന്നെയാണ് ചേരമാൻ പെരുമാളിൻെറ ശവകുടീരവും. ഈ വസ്തുതകൾ ലോഗൻ രേഖപ്പെടുത്തിയിട്ടുള്ള ചരിത്രവസ്തുതകളുടെ സാധ്യത സ്ഥിരീകരിക്കുന്നുണ്ട്. ഇന്നും തദ്ദേശീയരായ അറബികൾ ഇന്ത്യയിൽ നിന്നു വന്ന രാജാവിൻെറ അന്ത്യവിശ്രമസ്ഥാനം ഒരു ആരാധനാകേന്ദ്രമായി പരിഗണിക്കുന്നു. സമിരിയുടെ അന്ത്യവിശ്രമസ്ഥാനത്ത് ഭക്ത്യാദരപൂർവ്വം അറബികൾ പ്രണമിക്കുന്നു."58. ഈ ശവകുടീരത്തിൻെറ ഫോട്ടോ പല പത്രങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. സലാല ഇന്ന് മലയാളികൾക്ക് അപരിചിതമായ സ്ഥലമല്ല. തൻമൂലം ഇതിൻെറ സൂക്ഷ്മാംശം പരിശോധിച്ച് ബോദ്ധ്യപ്പെടുവാൻ ഇന്ന് ഏവർക്കും സാധിക്കുന്നതാണല്ലോ.

എന്നാൽ നമ്മുടെ ചരിത്രമെഴുത്തുകാർക്ക് ഇതൊന്നും തെളിവുകളല്ല. തീരെ നിവൃത്തിയില്ലെങ്കിൽ ഒരു സാമൂതിരി ആയിരിക്കും മതപരിവർത്തനം നടത്തി അബ്ദുറഹിമാൻ സാമിരി ആയതെന്ന് പറഞ്ഞ് ആശ്വസിക്കുന്നവരുമുണ്ട്. കെ.പി. പത്മനാഭമേനോൻ ഇങ്ങനെയൊരു മതപരിവർത്തനം തന്നെ നടന്നിട്ടില്ലെന്ന് സ്ഥാപിക്കുവാൻ 35 പുറങ്ങളാണ് എഴുതിവെച്ചിട്ടുള്ളത്. അവസാനം ഏതെങ്കിലും ഒരു സാമൂതിരി ആയിരിക്കാം മതപരിവർത്തനം ചെയ്തതെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു.59.

അബ്ദുറഹിമാൻ സാമിരി എന്ന് കാണുന്നതു കൊണ്ടാണ് സാമൂതിരിമാർ ആരെങ്കിലുമായിരിക്കുമെന്ന് ഇവർ ഊഹിക്കുന്നത്. അത് അബദ്ധമാണ്. ചേരമാൻ എന്നത് അറബിയിൽ സീരമാനും, അത് രൂപാന്തരപ്പെട്ട് സാമിരിയുമായി തീരും. അമാനത്ത് ലോപിച്ച് അനാമത്ത് ആകുന്നതുപോലെ.60. സാമിരി എന്ന പദത്തിന് അപരിചിതൻ, വിദേശി, കാവൽക്കാരൻ, ഉണർന്നിരിക്കുന്നവൻ എന്നൊക്കെയാണർത്ഥം.61. ഡോ. ശംസുല്ലാ ഖാദിരി ഈ പേരിനു നൽകുന്ന വിശദീകരണം ഇപ്രകാരമാണ്, "ചേരവംശത്തിൻെറ ഭരണം സമുദ്രതീര പ്രദേശത്തായിരുന്നു. ആകയാൽ ചേരചക്രവർത്തിമാർക്ക്

ഈ പേരുണ്ടായിരുന്നു........................ ഹിജ്റ 10-ാം നൂറ്റാണ്ടിനുമുമ്പ് ഈ നാട്ടിൽവന്ന വടക്കൻ സഞ്ചാരികൾ ഇവിടത്തെ രാജാവിനെപ്പറ്റി സമൂർ എന്ന പേർ പറഞ്ഞുകാണുന്നുണ്ട്." ക്രിസ്ത്വാബ്ദം 957ൽ ചരമമടഞ്ഞ സുപ്രസിദ്ധ ചരിത്രകാരനായ അബുൽഹസ്സൻ മസ്ഊദി ഇവിടത്തെ രാജാവിൻെറ പേർ സമൂർ ആണെന്ന് എഴുതിയിരിക്കുന്നു. (മുറുജുദ്ദഹബ്, വാള്യം1, പുറം.382)62. സഫാറിലുള്ള ശിലാലിഖിതത്തിൽ കാണുന്ന അബ്ദുറഹിമാൻ സാമിരിയെന്ന പേര് മത പരിവർത്തനം ചെയ്ത ഏതെങ്കിലും സാമൂതിരിയുടേതായിരിക്കുമെന്ന് പറയുന്നവർ കഥയറിയാതെ ആട്ടം കാണുന്നവരെപ്പോലെയാണ്. കാരണം കോഴിക്കോട് രാജാക്കൻമാർ സാമൂതിരിയെന്ന അപദാനത്തിൽ അറിയപ്പെടുന്നത്, 9-ാം നൂറ്റാണ്ട് കഴിഞ്ഞ് പിന്നേയും പല നൂറ്റാണ്ടുകൾക്ക് ശേഷമാണെന്നുള്ളതാണ് പരമാർത്ഥം. പൂന്തുറക്കോൻ, നെടിയിരുപ്പ് സ്വരൂപം എന്നൊക്കെയായിരുന്നു അവരുടെ സ്ഥാനപ്പേര്. 1342 മുതൽ ഏകദേശം 10 വർഷത്തിനിടയ്ക്ക് കോഴിക്കോട് പല പ്രാ വശ്യം സന്ദർശിച്ച ഇബ്നു ബത്തൂത്തയോ, അതിനുമുമ്പ് ഇവിടെ വരികയും സഞ്ചാരക്കുറിപ്പുകൾ എഴുതുകയും ചെയ്തിട്ടുള്ളവരോ, സാമൂതിരിയെന്ന് അദ്ദേഹത്തെ വിശേഷിപ്പിച്ചിട്ടില്ല. 1442ൽ പേർഷ്യൻ ചക്രവർത്തിയുടെ പ്രതിനിധിയായി എത്തിയ അബ്ദുറസ്സാക്കാണ് ആദ്യമായി സാമെരി എന്ന പേരാണ് ഈ രാജാവിനുള്ളതെന്ന് പ്രസ്താവിക്കുന്നത്. അപ്പോൾ എ.ഡി. 825ൽ ആലേഖ്യം ചെയ്യപ്പെട്ട ശിലാസ്മാരകത്തിൽ കാണുന്ന അബ്ദുറഹ്മാൻ സാമിരി എന്നത് കോഴിക്കോട് സാമൂതിരിയുടേതാകുവാൻ സാദ്ധ്യമല്ലല്ലോ.

ലോഗൻെറ അഭിപ്രായത്തിൽ സമിരി എന്നാൽ പശുവിനെ ആരാധിക്കുന്നവൻ എന്നാണ്. ഇതിൻെറ അർത്ഥം മനസ്സിലാക്കാതെയാണ് ഒരു സാമൂതിരിയായിരിക്കാം മതപരിവർത്തനം ചെയ്തിരിക്കാമെന്ന് ഇവർ വിശ്വസിക്കുന്നത്. 1342ൽ കേരളത്തിലെത്തി അഞ്ചെട്ട് വർഷം ഇവിടെയുണ്ടായിരുന്ന ഇബ്നു ബത്തൂത്തയെന്ന പ്രസിദ്ധ സഞ്ചാരി പറയുന്നത്, ദഹഫത്തനിൽ (വളപട്ടണം) അഞ്ഞൂറടി നീളത്തിലും 300 അടി വീതിയിലും ചെങ്കല്ലുകൊണ്ട് പടുത്ത മനോഹരമായ ഒരു പള്ളിയുണ്ടെന്നാണ്. അതിൻെറ തിരത്ത് 28 വലിയ ഗോപുരങ്ങളുണ്ട്. ഓരോ ഗോപുരത്തിനും നന്നാല് ഇരിപ്പിടങ്ങളുണ്ട്. പള്ളിയിൽനിന്നും കുളത്തിലേക്കിറങ്ങുന്നതിന് പടവുകൾ കെട്ടിയിട്ടുണ്ട്. ജനങ്ങൾ ആ പടവു കളിൽകൂടി കുളത്തിലിറങ്ങി കുളിക്കുന്നു. കുളത്തിന് നടുവിലുള്ള ഗോപുരം മൂന്ന് നിലകളുള്ളതും അതിൽ നിന്ന് നേരിട്ട് പള്ളിയിലേക്ക് കടക്കുവാൻ സൗകര്യമുള്ളതുമാണ്. ഇവിടത്തെ കോയിൽരാജാവിൻെറ പൂർവ്വികരിൽ മുസ്ലിമായൊരു രാജാവ് പണിയിച്ചതാണത്രേ ആ പള്ളിയും കുളവും.63. വളപട്ടണത്തിലെ അക്കലത്തെ പൂർവ്വികൻ മുസ്ലിം ആയ ശേഷം അദ്ദേഹം പണികഴിപ്പിച്ചതാണ് പള്ളിയും, പള്ളിക്കുളവും, ഗോപുരവും എന്ന് ഇബ്നുബത്തൂത്തയുടെ വിവരണം അടിസ്ഥാനമാക്കി ഇളംകുളം കുഞ്ഞൻപിള്ള പറയുന്നത്, കോലത്തിരി വംശത്തിലെ ഈ പൂർവ്വികനെ ഉദ്ദേശിച്ചായിരിക്കും ചേരമാൻ പെരുമാളിൻെറ മതപരിവർത്തനം കേരളോൽപ്പത്തിയിലും മറ്റും പറഞ്ഞുപോരുവാൻ കാരണമെന്നാണ്. അങ്ങനെയാണെങ്കിൽ തന്നെ 1124ൽ പണികഴിപ്പിച്ച മാടായിപ്പള്ളിയെപ്പറ്റിയാരിക്കണം ഈ പ്രതിപാദനമെന്നും അദ്ദേഹം ഊഹിക്കുന്നു.64. ഇതിന് തെളിവുകളൊന്നും ഇല്ലെങ്കിലും അദ്ദേഹത്തിനുള്ള കാരണം, താൻ പടച്ചുണ്ടാക്കിയ രണ്ടാം ചേരസാമ്രാജ്യത്തിൻെറ അന്ത്യമായ 1102നു ശേഷമേ ഇതൊക്കെ സംഭവിക്കാവൂ എന്ന ശാഠ്യം മാത്രമാണ്. നാം ഇതുവരെ പ്രതിപാദിച്ചതിന് അനുബന്ധമായി നമുക്ക് പറയാവുന്നത് ഇബ്നു ബത്തൂത്തയുടെ കാലത്തിന് വളരെമുമ്പ് കോലത്തിരി വംശത്തിലെ ഒരു പൂർവ്വികൻകൂടി മുസ്ലിമായിട്ടുണ്ട് എന്നത് കൂടിയാണ്. വള പട്ടണത്ത് ബത്തൂത്ത വിവരിച്ചിട്ടുള്ള പള്ളി, മാടായിപ്പള്ളി ആയിരിക്കാമെന്ന അഭ്യൂഹം സ്ഥലകാലബോധം തീരെ നശിച്ചതുകൊണ്ടു പറ്റിയ അബദ്ധമാകാനേ തരമുള്ളൂ. ഇളംകുളവും മറ്റും പറഞ്ഞുപോരുന്ന വിധമാണെങ്കിൽ 1102ൽ എന്ന് ഇളം കുളവും, 1122ൽ എന്ന് എം.ജി.എസ്. നാരായണനും കാലഗണന നടത്തിയ രണ്ടാം ചേരസാമ്രാജ്യത്തിൻെറ അവസാനത്തെ പെരുമാളായ രാമൻതിരുവടികൾ കൂടി മതപരിവർത്തനം ചെയ്ത് മെക്കയിലേക്ക് പോയിരിക്കാമെന്നും വരുന്നു. ഇക്കാര്യം ചുമ്മാ പറയുന്നതല്ലാതെ ഇവർക്കാർക്കും യാതൊരുവക തെളിവും ഇല്ലായെന്നത്കൂടി ആനുഷം ഗികമായി ഓർമ്മിക്കേണ്ടതുണ്ട്.

ചുരുക്കത്തിൽ നബി തിരുമേനിയുടെ കാലം മുതൽ പല ഘട്ടങ്ങളിലായി രണ്ട് പെരുമാക്കൻമാർ ഉൾപ്പെടെ കേരളത്തിലെ നാടുവാഴികളിൽ പലരും മതപരിവർത്തനം നടത്തിയിട്ടുണ്ടെന്ന് സിദ്ധിക്കുന്നു. മറിച്ചുള്ള വാദഗതികൾ നിലനിൽക്കുന്നതോ, യുക്തിക്കോ, ബുദ്ധിക്കോ നിരക്കുന്നവയോ അല്ലെന്ന് മാത്രമല്ല, ചരിത്രത്തെ വർഗ്ഗീയവൽക്കരണം നടത്തിയതകൊണ്ടുണ്ടായ പാകപ്പിഴയുമാണ്.

---

1. *പയ്യംപള്ളി ഗോപാലക്കുറുപ്പ്, കേരള മഹാചരിത്രം, ഭാഗം ഒന്ന്, പുറം-100.*
2. *ഇബ്രാഹിം മൌലവി, കശ്ഫുൽ അസ്താർ അൽ അത്വാരിമലബാർ, ഉദ്ധരണി, കെ.കെ. മുഹമ്മദ് അബ്ദുൾ കരീം, ചേരമാൻ പെരുമാൾ, പുറം-28.*
3. *ഹക്കീം മുസ്തദറക്ക്, മഹത്തായ മാപ്പിള സാഹിത്യപാരമ്പര്യം പുറം116ൽ ഉദ്ധരിച്ചിട്ടുള്ളത്.*

4. അൽതബ്രി, ഹിർമൈസിൽഹിക്മത്ത്, മുൻഗ്രന്ഥത്തിലെ ഉദ്ധരണി, പുറം-109.
5. Prof. Sayyid Mohiddeen Shah, Islam in Kerala, Trissur, 1957, p.27, Alsosees Dr. A.P. Ibrahimkunju, Mappilla Muslims of Kerala, Thiruvannathapuram, 1989, p.17.
6. മഹത്തായ മാപ്പിള സാഹിത്യപാരമ്പര്യം, മുൻ ഉദ്ധരിച്ചത്, പുറങ്ങൾ 107-119.
7. ടി. പുറം-109.
8. Tarikh-e-Ferishta, vol 2, p.370.
9. Tuhfat.ul. Mujahideen, op.cit., pp.51-68.
10. A.P. Thomas, Hindu Religious Customs and Manners, Trissur, p. 38.
11. Dr. Tarachand, op.cit, p.43.
12. കേരളോൽപ്പത്തി- ഡി.സി. ബുക്ക്സ്, 1992, പുറങ്ങൾ 73-74.
13. K.V. Krishna Iyyer, The Zamorins of Calicut, 1938, pp. 61-62.
14. Barros, Decada, Vol I, Book IX, Chapter 3, p.180 (A) Lisbon.
15. Duarte Barbosa, A description of the Coasts of South Africa and Malabar, 2 vols, London, Translated by M.W. Dames, Vol I, pp. 289-90.
16. ഡോ. ഹെർമൻ ഗുണ്ടർട്ട്, കേരളോൽപ്പത്തി, പുനഃപ്രസിദ്ധീകരണം, ഡി.സി. ബുക്ക്, കോട്ടയം, 1992, പുറങ്ങൾ 66-78.
17. W. Logan, op.cit. p.228.
18. M.G.S. Narayanan, The Political and Social Conditions of the Kula Sekhara Emperors, p. 118 onwards.
19. കൊണ്ടോട്ടി ജി.എം.യു.പി.എസ്. ശതാബ്ദി സോവനീർ, 1990, എം.ജി.എസ്. നാരായണൻ, ലേഖനം, മക്കത്ത് പോയ ചേരമാൻ പെരുമാൾ, പുറങ്ങൾ 29-31.
20. അതുതന്നെ.
21. അതുതന്നെ.
22. Islam in Kerala, op.cit., pp.27-28.
23. Dr. A.P. Ibrahimkunju, op.cit., pp. 18-19.
24. Andrien Moens, Memorandum on the Administration of the Malabar Coast, Dutch Records No. 13. Madras, 199.
25. Dr. Francis Buchanan, A Travel from Madras Through the Countries of Mysore, Canara and Malabar, 3 vols, London, 1807, vol II, p. 361.
26. Francis Day - op.cit, p.410.
27. Tuhfat-ul-Mujahideen, op.cit, pp. 55-56.
28. Barros, Decada, Vol I, op.cit.
29. Duarte Barbosa, op.cit, vol I, pp. 289-90.
30. Qadir Hussain Khan, South Indian Muslamans, Madras Christian college, Magazine, 1912-13, p.241.
31. Madras Government Museum Bullettin No.III, p.295.
32. Nagam Ayya, Travancore State Manual Vol I, 1906, Trivandrum, p.225.
33. W. Logan, op.cit, p. 245.
34. The Zamorins of Calicut, op.cit, p.22.
35. Ibid.
36. Quoted in the Zamorins of Calicut, p.22
37. Zamorins of Calicut, op.cit. p.22.
38. തുഹ്ഫത്തുൽ മുജാഹിദ്ദീൻ, പരിഭാഷ, സി. ഹംസ, അൽഹുദാ ബുക്ക് സ്റ്റാൾ, കോഴിക്കോട്, 1995, പുറം-54.
39. കെ.പി. പത്മനാഭമേനോൻ, കൊച്ചിരാജ്യചരിത്രം, രണ്ട് വാല്യങ്ങൾ 1912, 1914, വാല്യം ഒന്ന്, എറണാകുളം, പുറം-30.
40. Report of A Joint Commission of Bengal and Bombay appointed to Inspect in to the State and Condition of the Province of Malabar in the years 1792-1793, pp.2-3, para-5.
41. Sir Arthur Lawly, The Fifth Tour of H.H. Governor of Madras, p. 18.
42. Duarte Barbosa, op.cit, vol 2, pp. 26-27.
43. K.P. Padmanabha Menon, History of Kerala, Vol I, op.cit, pp. 468-69.
44. Zamorins of Calicut, op.cit, p. 22.
45. എ. ശ്രീധരമേനോൻ, കേരളചരിത്രം, പുറം-167.
46. കെ.കെ. മുഹമ്മദ് അബ്ദുൾ കരീം, മുൻ ഉദ്ധരിച്ചത്, പുറം-79.
47. ശ്രീധരമേനോൻ, പുറം-193, കേരളചരിത്രം.
48. അതുതന്നെ.
49. അതുതന്നെ.
50. ഡോ. എം.ജി.എസ്. നാരായണൻ, മക്കത്ത് പോയ ചേരമാൻ പെരുമാൾ, മുൻ ഉദ്ധരിച്ചത്, പുറം-30.

51. അതുതന്നെ.
52. Malabar Manual Vol I, op.cit, p. 208,
53. ചേരമാൻ പെരുമാൾ, മുൻ ഉദ്ധരിച്ചത്, പുറം-64.
54. പി.എ. സെയ്തു മുഹമ്മദ്, കേരള മുസ്ലിം ചരിത്രം, നാലാം പതിപ്പ്, 1988, അൽഹുദ, ബുക്ക്സ്റ്റാൾ, കോഴിക്കോട്.
55. Islam in Kerala, op.cit. pp. 28-29 and Mappilla Muslims of Kerala, op.cit. p. 19.
56. W. Logan, op.cit., p. 210.
57. തുഹ്ഫത്തുൽ മുജാഹിദീൻ, മുൻ ഉദ്ധരിച്ചത്, പുറം-14.
58. സുലിനി. വി. നായർ, ഇന്ത്യയിൽ നിന്നും വന്ന രാജാവിന്റെ അന്ത്യവിശ്രമസ്ഥാനത്ത്, മാതൃഭൂമി വാരാന്ത്യപ്പതിപ്പ്, ജൂൺ 19, 1993.
59. K.P. Padmanabha Menon, History of Kerala, IV vols, Vol I, 1924, Ernakulam, pp. 431. (Vol II, 1929m Vol III, 1933 and Vol IV, 1937).
60. പഠനവിഷയമാക്കേണ്ട കേരളമുസ്ലിം പാരമ്പര്യം, മുൻ ഉദ്ധരിച്ചത്, ചന്ദ്രിക വാരാന്ത്യപ്പതിപ്പ് സെപ്റ്റംബർ 17, 1988.
61. പി.കെ. മുഹമ്മദ് കുഞ്ഞി-മുസ്ലിംമുകളും കേരള സംസ്കാരവും, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 1982, പുറം-38.
62. ഡോ. ശംസുല്ല ഖാദിരി, പരിഭാഷ, പി. അബ്ദുൾ ഖയ്യൂം, കോഴിക്കോട്, 1954, പുറം-10.
63. കേരളം അറുനൂറ് കൊല്ലം മുമ്പ്, ഇബ്നു ബത്തൂത്തയുടെ സഞ്ചാര വിവരണം, പരിഭാഷ, വേലായുധൻ പണിക്കശ്ശേരി, പുറങ്ങൾ 37-38.
64. Elamkulam Kunjan Pillai, Studies in Kerala History, Kottayam, 1970, pp.212-13.

# X കൊല്ലവർഷാരംഭം

മലയാളവർഷാരംഭത്തെപ്പറ്റിയും നമ്മുടെ എഴുത്തുകാർ ചരിത്ര രചന നടത്തുവാൻ തുടങ്ങിയകാലം മുതൽ പല സിദ്ധാന്തങ്ങളും അവതരിപ്പിച്ചുകൊണ്ട്, 'ഒരു നിശ്ചയമില്ല യൊന്നിനും' എന്നമട്ടിൽ എങ്ങും എത്തിച്ചേരാതെ തൽക്കാലം ഇപ്പോൾ ഇത്രമതി പിന്നീട് ഇതേപ്പറ്റി കൂടുതൽ ഗ്രഹിക്കാമെന്ന കപട വാഗ്ദത്തം നൽകി വിദ്യർത്ഥികളെ കബളിപ്പിക്കുന്ന തായിട്ടാണ് ഇതുവരെയുള്ള അനുഭവം. ഇത് സംഭവി ച്ചതാകട്ടെ, മുൻ അദ്ധ്യായത്തിൽ സ്പഷ്ടമാക്കിയിരു ന്നതുപോലെ സവർണ്ണവരേണ്യവർഗ്ഗം യാഥാർത്ഥ്യത്തെ കണ്ടിട്ടും കണ്ടില്ലെന്ന് നടിച്ചുകൊണ്ട് അയുക്തികങ്ങളും ബാലിശങ്ങളുമായ കണ്ടുപിടിത്തങ്ങളുമായി വിദ്യാർ ത്ഥികളെ ശ്വാസംമുട്ടിക്കുന്നതുകൊണ്ടാണ്. പി. ശങ്കുണ്ണി മേനോനും, അദ്ദേഹത്തിൻെറ മകൻ കെ.പി. പത്മനാഭ മേനോനും തുടങ്ങിവെച്ച ഈ ജാതീയ പ്രക്രിയ പിന്നീട് ഇളംകുളം കുഞ്ഞൻപിള്ളയും. എം.ജി.എസ്. നാരായണനും, ശ്രീധരമേനോനും ഗൂഢാലോചനയിലൂടെ ഇത് ആവർ ത്തിക്കുകയും ചെയ്യുന്നുവെന്ന വസ്തുത നിഷ്ക്കൻമഷരായ വിദ്യാർത്ഥികളിൽ ആശയക്കുഴപ്പവും പരിഭ്രാന്തിയും സൃഷ്ടിക്കുമെങ്കിലും കാര്യങ്ങളെ കാണേണ്ടവിധം കാണാൻ കഴിയുന്നവർക്ക് ഇവരുടെയൊക്കെ മനസ്സിലിരുപ്പ് എന്താ ണെന്ന് വ്യക്തമായി മനസ്സിലാകുകയും ചെയ്യും.

ഇവരൊക്കെ ചരിത്രരചന ആരംഭിക്കുന്നതിനുമുമ്പ് വിദേശികളും തദ്ദേശീയരുമായ പലരും ഒരേവിധം പറഞ്ഞു വെച്ച കാര്യങ്ങളൊക്കെ അപ്രസക്തവും അസ്വീകാര്യവും ആയി പരിത്യജിക്കുവാനുള്ള മനഃപൂർവ്വമായ പിടിവാശി കേരളചരിത്രത്തിൽ ഈ വിഷയത്തിൽ മാത്രമല്ല, മറ്റനേകം സംഗതികളിലും പ്രശ്നങ്ങൾ സൃഷ്ടിച്ച് ചരിത്രപ്രതിപാദനം വികൃതവും ദുഷ്ക്കരവുമാക്കിയിട്ടുള്ളതിൻെറ ഉദാഹരണങ്ങൾ മുൻ അദ്ധ്യായങ്ങളിൽ വ്യക്തമാക്കാൻ ശ്രമിച്ചിട്ടുള്ളതാണ്. കൊല്ലവർഷാരംഭത്തിൻെറ കാര്യത്തിലും ഇവരത്രയും യാതൊരുവക പ്രാമാണിക രേഖകളുമില്ലാതെ പുറ ത്തിറക്കിയിട്ടുള്ള സാങ്കൽപ്പിക കഥകൾ വിഷയത്തെ കൂടു തൽ ദുർഘടമാക്കി തീർക്കുന്നുണ്ട്. സത്യത്തിൽ യാതൊരു തർക്കവും ഇല്ലാത്തതും, ബുദ്ധിക്കും യുക്തിക്കും യോജി ച്ചതുമായ കാരണങ്ങളാണ് 16-ാം നൂറ്റാണ്ട് മുതൽ എഴു തിയിട്ടുള്ള പലരും പ്രകാശിപ്പിച്ചിരുന്നത്. മുൻ അദ്ധ്യായത്തിൽ ഉദ്ധരിക്കേണ്ടതായി വന്നിട്ടുള്ളവയാണെങ്കിൽ കൂടിയും ഇവിടെ ഏറെ പ്രസക്തമായതുകൊണ്ട് അവ ആവർത്തി ക്കാതെ നിവൃത്തിയില്ല.

പോർച്ചുഗീസ് ചരിത്രകാരനായ ബറോസ് എഴുതുന്നത്, "ഇക്കാലത്ത് മുസ്ലിംകളായിരുന്ന അറബികൾ ഈ നാടുമായി കച്ചവടം നടത്തിപ്പോന്നു. അവരിവിടെ സ്ഥിരതാമസ മാക്കിയതിനുശേഷം സേരമ പെരെയ്മാൾ അവരുമായി അടുത്ത സമ്പർക്കത്തിൽപ്പെടുകയും ഇസ്ലാംമതം സ്വീക രിക്കുകയും ചെയ്തു. മെക്കയിൽവെച്ച് പരലോക പ്രാപ്തനാ യാൽ ആത്മീയ നിർവൃതി ലഭിക്കുമെന്ന് അവർ അദ്ദേഹത്തെ ഉപദേശിച്ചു. അതുപ്രകാരം അദ്ദേഹം രാജ്യം തൻെറ ഉറ്റ വർക്കും, ഉടയവർക്കുമായി ഭാഗം വെച്ച് കൊടുക്കുകയും ചെയ്തു" "ഇന്നും ഓർമ്മയിൽ അതിശക്തമായി തന്നെ നില നിൽക്കുന്ന സേരമ പെരെയ്മാളുടെ ഭരണാന്ത്യത്തെ നില നിർത്തുന്നതിനായി ഇവർ പുതിയൊരു അബ്ദം ആരംഭി ച്ചിരിക്കുന്നു"1. കേരളത്തിൽ ഔദ്യോഗികതലത്തിലും അല്ലാ തെയുമായി വളരെക്കാലം താമസിച്ച്, നമ്മെപ്പറ്റി വിശദാം ശങ്ങളോടുകൂടിയ വിവരണങ്ങൾ എഴുതിയ സൂക്ഷ്മഗ്രാഹിയായ ഡെറോത്തേ ബർബോസ ഈ വിഷയം അവതരിപ്പിക്കുന്നത് ഇങ്ങനെയാണ്. "ചേരമാൻ പെരുമാൾ എന്ന പ്രസിദ്ധനായ ചക്രവർത്തിയുടെ കാലത്ത് മുസ്ലിം അറബികൾ കേരളവുമായി തകൃതിയായി കച്ചവടം നടത്തിയിരുന്നു. അവരുമായുള്ള അടുത്ത ബന്ധത്തിൻേറയും അവരുടെ പ്രേരണയുടേയും ഫലമായി അദ്ദേഹം മുസ്ലിം ആകുകയും, തൻെറ രാജ്യം സാമന്തൻമാർക്കായി വിട്ടുകൊടുത്ത് മെക്കയിലേക്ക് യാത്ര തിരിക്കുകയും ചെയ്തു. ഇതേ തുടർന്ന് ഇവർ (കേരളീയർ) ഒരു കൊല്ലവർഷത്തിന് തുടക്കംകുറിച്ചിരുന്നു."2. ഡോ. ഹെർമൻ ഗുണ്ടർട്ട് എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ച കേര ളോൽപ്പത്തയിൽ കാണുന്നത്, ഇസ്ലാമിക ആശയങ്ങളോട് ഏറെ ആകൃഷ്ടനായിത്തീർന്ന അവസാനത്തെ ചക്ര വർത്തിയായ ചേരമാൻ പെരുമാൾ മുസ്ലിം ആകുകയും, തൻെറ രാജ്യം ആശ്രിതർക്ക് ഭാഗിച്ചുകൊടുത്ത് മെക്കയിലേക്ക് പോകുകയും ചെയ്തു. അദ്ദേഹം അറേബിയയുടെ കടൽതീരപ്പട്ടണമായ സഫാറിൽ മരണമടയുക യുമാണുണ്ടായത്. പെരുമാൾ രാജ്യം പകുത്ത് നാട്ടുരാജാക്കൻ മാർക്ക് കൊടുത്തിൻെറ അടിസ്ഥാനത്തിലാണ് ഏ.ഡി. 824ൽ ആരംഭിച്ച കൊല്ലവർഷം ഉണ്ടായതെന്നാണ് അഭ്യൂഹം.3. രണ്ട് ദശാബ്ദത്തിലേറെക്കാലം മലബാറിൽ കളക്ടറും, സ്പെഷ്യൽ ഓഫീസറുമൊക്കെയായിരുന്ന വില്യം ലോഗ നാണല്ലോ തൻെറ മലബാർ മാനുവലിലൂടെ കേരള ചരിത്രരചനയ്ക്ക് അടിത്തറ പാകിയത്. അക്കാലത്ത് ലഭി ച്ചിട്ടുള്ള പ്രമാണങ്ങളും രേഖകളും നിലവിലുള്ള ഐതി ഹ്യങ്ങളും, ഗ്രന്ഥങ്ങളും സഞ്ചാരക്കുറിപ്പുമൊക്കെ തൻെറ കീഴിലുള്ള ഒരുപറ്റം ഉദ്യോഗസ്ഥൻമാരുടെ സഹായത്തോ ടുകൂടി സൂക്ഷ്മമായി പഠനം നടത്തി ക്രോഡീകരിച്ചതാണ് വി ലപ്പെട്ട ഈ ഗ്രന്ഥം. ജിജ്ഞാസുവായ ലോഗൻ നിരന്തരമായ അന്വേഷണങ്ങളും പര്യവേഷണങ്ങളും നടത്തിയതിൻെറ ഫല മായിട്ടാണ് കേരളചരിത്രരചനയ്ക്ക് സഹായകമായ സാമഗ്രികൾ നമുക്ക് ലഭിച്ചതെന്നകാര്യം വിസ്മരിക്കാവതല്ല. ഇക്കാര്യത്തിൽ അദ്ദേഹത്തിൻെറ വിവരണം ഏറെ പ്രസ ക്തമാണ്. "ചേരമാൻ പെരുമാളുടെ ശവകുടീരം നേരിട്ട് ക

ങ്ങിട്ടുള്ള ദേഹവും അതിനടുത്ത താമസക്കാരനുമായ ഒരറ ബിയിൽ നിന്നും വിശ്വാസനീയമായി ലഭിച്ച വിവരം ഇപ്പോഴും ശവകുടീരം അവിടെ ഉണ്ടെന്നാണ്. അവിടെയുള്ള സ്മാരകശിലയിൽ 'സഫാറിൽ 212ൽ എത്തുകയും, ഹിജറ 216ൽ മരണപ്പെടുകയും' ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും അറിയുന്നു." ഈ വർഷങ്ങൾ എ.ഡി. 827-832ന് സമമാണ്. ലോഗൻ തുടർന്നെഴുതുന്നത്, കൊല്ലവർഷം ആരംഭിച്ചത്, എ.ഡി. 825 ആഗസ്റ്റ് 25ന് ആണല്ലോ. വടക്ക് കിഴക്കൻ കാലവർഷം ആരംഭിക്കുന്നതിനുമുമ്പ് അറേബിയയിലേക്കും, ഗൾഫിലേക്കും കപ്പലുകൾ പുറപ്പെടുന്ന സമയമാണിത്. രാജ്യം തന്റെ സാമന്തർക്കായി വിഭജിച്ചുകൊടുത്ത് ചേരമാൻ പെരുമാൾ കപ്പൽ കയറിയതിനെ അനുസ്മരിപ്പിച്ചുകൊണ്ടാണ് കൊല്ലവർഷം ആരംഭിച്ചതെന്ന് നിലവിലുള്ള വിശ്വാസത്തിന് സാധൂകരണം നൽകുന്നതാണിത്. അറേബിയയിലേക്ക് പുറപ്പെട്ട പെരുമാൾ ഷഹർ എന്ന സ്ഥലത്ത് കുറച്ചുകാലം കഴിച്ചുകൂട്ടിയിരുന്നതായി പ്രസ്താവിച്ചുകാണുന്നതിൽ നിന്നും അദ്ദേഹം ഇവിടെനിന്നും പുറപ്പെട്ട എ.ഡി. 825 ആഗസ്റ്റ് 25നും സ്മാരകശിലയിൽ കാണുന്ന 827ഉം തമ്മിലുള്ള വ്യത്യാസം പെരുമാളും, സംഘവും ഷഹറിൽ കഴിച്ചുകൂട്ടിയ കാലമാണെന്നത് വ്യക്തമാണ്.

ഈ എഴുത്തുകാരെല്ലാം തന്നെ ഇത്തരം ഒരുകഥ കെട്ടിച്ചമച്ച് മുസ്ലിംകളെ പ്രീണിപ്പിക്കേണ്ട ആവശ്യം ഉള്ളവരായിരുന്നില്ല. മറിച്ച് മുസ്ലിം വിരോധം സ്ഥാനത്തും അസ്ഥാനത്തും തുറന്ന് തന്നെ പ്രകടിപ്പിച്ചിട്ടുള്ളവരുമാണ്. യൂറോപ്യൻ എഴുത്തുകാരെപ്പോലെ തന്നെ തദ്ദേശീയരായ നമ്പൂതിരിമാരും, മുസ്ലിം സമുദായത്തിന് ശ്രേയസ്കരമായ ഇത്തരം ഒരു സംഭവം എഴുതി പ്രചരിപ്പിക്കേണ്ട ആവശ്യമുള്ളവരല്ല. അപ്പോൾ പെരുമാക്കൻമാരുടെ മതപരിവർത്തന വിഷയത്തിലെന്നതുപോലെതന്നെ കൊല്ലവർഷാരംഭത്തിന്റെ ഹേതു മുസ്ലിംകളാണെന്നത് നമ്മുടെ നായർ ചരിത്രകാരൻമാക്കാർക്കും തന്നെ സഹിക്കാൻ പറ്റുന്ന കാര്യമല്ല. അതുകൊണ്ടുതന്നെയാണ് പി.കെ. ബാലകൃഷ്ണന്റെ ഭാഷയിൽ 'മായാപുരിയിലെ മായാചക്രവർത്തി'മാരെ സൃഷ്ടിച്ച് ഒരു രണ്ടാം ചേരസാമ്രാജ്യം ഉണ്ടാക്കിയത്.4. അപ്പോൾ പിന്നെ 825 ൽ രാജ്യം വിഭജിച്ചതും ചേരമാൻ പെരുമാൾ മതപരിവർത്തനം നടത്തിയതുമൊക്കെ അസംഭവ്യമായി തീരുമല്ലോ. കാരണം 800 മുതൽ 1102 വരെയാണ് ഇളംകുളത്തിന്റെ രണ്ടാം ചേരസാമ്രാജ്യമെങ്കിൽ എം.ജി.എസ്. നാരായണൻ അതിന്റെ ആയുസ്സ് 1122 വരെ നീട്ടിക്കൊണ്ട് പോകുന്നുമുണ്ട്. ഈ അടിസ്ഥാനത്തിൽ ശ്രീധരമേനോൻ എഴുതുന്നത്, "ചേരസാമ്രാജ്യം പലതായി വിഭജിച്ചതിന്റേയും, ചേരമാൻ പെരുമാൾ ഇസ്ലാംമതം സ്വീകരിച്ച് മക്കത്ത് പോയതിന്റെയും ഓർമ്മക്കാണ് എ.ഡി. 825ൽ കൊല്ലവർഷം ആരംഭിച്ചത് എന്നൊരു ചിന്താഗതിയുണ്ട്. പെരുമാൾക്കഥ വെറുമൊരു കെട്ടുകഥയാണെന്ന് ഇപ്പോൾ തെളിഞ്ഞിരിക്കുന്നു. ആകയാൽ ആ കഥയെ പ്രമാണമാക്കുന്ന ഏത് സിദ്ധാന്തത്തേയും കൈയ്യോടെ തള്ളിക്കളയാവുന്നതാണ്."5. ഇത്തരം ഒരു പ്രസ്താവം കൊണ്ട് ഈ കാണപ്പെട്ട എല്ലാ രേഖകളും, എല്ലാ ചരിത്രകാരൻമാരും അവരുടെ ഗ്രന്ഥങ്ങളും ഇനി ആരും പരിശോധിക്കേണ്ട കാര്യമില്ല. എന്നാൽ ശ്രീധരമേനോനും, ഇളംകുളവും, എം.ജി.എസ്. നാരായണനുമെല്ലാം, പെരുമാൾകഥ വെറുമൊരു കെട്ടുകഥയാണെന്ന് പറയുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് ഇതിനുമുമ്പ് വിശദീകരിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. അവർ ഭാവനാസൃഷ്ടിയിലൂടെ കെട്ടിപ്പടുത്ത രണ്ടാംചേരസാമ്രാജ്യം എന്നൊന്ന് ഉണ്ടായിട്ടേയില്ലെന്നും അത് വെറും മിഥ്യയാണെന്നും മുൻ അധ്യായത്തിൽ സകാരണം വ്യക്തമാക്കിയിട്ടുണ്ടല്ലോ. അപ്പോൾ കൊല്ലവർഷാരംഭത്തെ സംബന്ധിച്ച് ഓരോരുത്തർ അവതരിപ്പിക്കുന്ന സിദ്ധാന്തങ്ങൾ എന്തൊക്കെയെന്ന് പരിശോധിക്കുമ്പോഴാണ് അവ ഒന്നും തന്നെ നിലനിൽക്കുന്നവയല്ലെന്ന് മനസ്സിലാവുക.

സിറിയയിൽ നിന്നെത്തിയ സിറിയൻ ക്രിസ്ത്യൻ മിഷണറി സംഘവും, വ്യാപാര പ്രമുഖരും കൊല്ലത്ത് വന്നിറങ്ങുകയും വ്യാപാരാർത്ഥം അവിടെ സ്ഥിരതാമസം ആക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിലാണ് കൊല്ലവർഷത്തിന്റെ ആരംഭമെന്നാണ് ഒരഭിപ്രായം. കൊല്ലത്ത് പുതിയൊരു കൂട്ടം ക്രൈസ്തവ വ്യാപാരികളും, മിഷണറിമാരും വന്ന് സ്ഥിര താമസം ആക്കിയതുകൊണ്ടുമാത്രം ഒരു അബ്ദം അവിടെ ആരംഭിച്ചാൽതന്നെ കേരളത്തിലെ എല്ലാ ഭരണാധികാരികളും, ഇതരമതസ്ഥരും അതംഗീകരിച്ച് പോന്നുവെന്ന് പറയുന്നത് യുക്തിസഹമല്ലല്ലോ.

മറ്റൊരു സിദ്ധാന്തം കേരളത്തിന്റെ ദേശീയാഘോഷമായ ഓണത്തിന്റെ സ്മാരകമായിട്ടാണ് ഈ പുതിയ അബ്ദം ആരംഭിച്ചതെന്നാണ്. പ്രൊഫ. കെ.വി. കൃഷ്ണയ്യർക്ക് ഈ അഭിപ്രായത്തോടാണ് യോജിപ്പ്.6. കൊല്ലവർഷാരംഭത്തിനുമുമ്പു തന്നെ ഓണം ദക്ഷിണേന്ത്യയിലെ പല ഭാഗത്തും, കേരളത്തിലും കൊണ്ടാടിയിരുന്നതായി ധാരാളം തെളിവുകളുണ്ട്. ആ നിലയ്ക്ക് 825ലെ ഓണാഘോഷം മാത്രം ഒരു പുതിയ അബ്ദത്തിന് ഇടനൽകുകയില്ലല്ലോ.

കൊല്ലത്ത് ഒരു ശിവക്ഷേത്രം നിർമ്മിച്ചതിന്റെ ഓർമ്മക്കായി തുടങ്ങിയതാണ് ഈ പുതിയ അബ്ദം എന്നാണ് മറ്റൊരഭിപ്രായം. ഇതും അംഗീകരിക്കുവാൻ സാധിക്കുന്ന വാദഗതിയല്ല. പ്രാദേശികമായി എത്രയോ ക്ഷേത്രങ്ങൾ പുതുതായി നിർമ്മിക്കപ്പെടാറുണ്ടല്ലോ. അതുകൊണ്ടുമാത്രം പുതിയൊരു വർഷാരംഭം കുറിച്ചു എന്ന് പറയുന്നതിൽ അർത്ഥമില്ല.

പ്രൊഫ. സുന്ദരംപിള്ളയുടെ സിദ്ധാന്തം സപ്തർഷിവർഷത്തിന്റെ അഥവ ശാസ്ത്ര സംവൽസരത്തിന്റെ പരിഷ്ക്കരിച്ച രൂപമാണ് കൊല്ലവർഷം എന്നാണ്. ഈ സപ്തർഷി വർഷത്തിന്റെ പ്രത്യേകത നൂറുവർഷം കൊണ്ട് ഒരാവർത്തി പൂർത്തിയാകുന്നതോടെ വീണ്ടും അടുത്ത ആവൃത്തി ഒന്ന്,

രണ്ട് എന്ന് ആരംഭിക്കുകയും ചെയ്യുന്നു എന്നതാണ്. ബി.സി. 76ൽ ആരംഭിച്ച ആദ്യത്തെ ആവൃത്തിയുടെ ഒമ്പതാമത്തെ ആവൃത്തി പൂർത്തിയാകുകയും പത്താമത്തെ ആവൃത്തി എ.ഡി. 825 ചൈത്രമാസം ഒന്നാം തിയ്യതി തുടങ്ങുകയും ചെയ്യുകയാൽ ആ ഒടുവിലത്തെ ആവൃത്തി കൊല്ലം നഗരത്തിന്റെ പേരിൽ അറിയപ്പെട്ടിരിക്കാൻ ഇടയുണ്ട്. ഇക്കാലത്താണ് നമ്പൂതിരിമാർ കൊല്ലത്ത് വന്നതത്രേ.7. "ഓരോ നൂറ് വർഷവും കഴിയുന്തോറും പുനരാരംഭിക്കുകയെന്ന സപ്തർഷി വർഷത്തിന്റെ സവിശേഷത കേരളത്തെ സംബന്ധിച്ചിടത്തോളം വിസ്മരിക്കപ്പെടുകയും, പ്രാദേശിക ഉപയോഗത്തിനു വേണ്ടി ചില ഭേദഗതികൾ വന്നു ചേരുകയും ചെയ്തിട്ടുണ്ടാകാം"8. പ്രൊഫ. സുന്ദരംപിള്ള ഈ ആവർത്തന സമ്പ്രദായത്തിൽ വന്ന മാറ്റത്തെ എങ്ങനെ വ്യാഖ്യാനിക്കണമെന്ന് പറഞ്ഞ് തന്നിട്ടുള്ളത് കെ.പി. പത്മനാഭമേനോൻ അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുള്ളത് താഴെപറയുംവിധമാണ്. " കൊല്ലവർഷം 99-ാം മാണ്ട് ജീവിച്ചിരുന്ന കേരളീയർ അക്കാലത്തെ പഞ്ചാംഗ രചയിതാക്കളുടെ മനസ്സിൽ അവശേഷിച്ചിരുന്ന ജ്യോതിശ്ശാസ്ത്ര സ്മൃതികളുടെ കാര്യം എന്തായിരുന്നാലും അടുത്തവർഷം ശൂന്യവർഷമായി പരിഗണിക്കാതെ നൂറാമാണ്ടായി കണക്കാക്കുകയാണ് ചെയ്തതെന്ന് പറയുന്നത് കടന്ന കയ്യാകുകയില്ല. യഥാർത്ഥത്തിൽ അതിനേക്കാൾ സ്വാഭാവികമായി മറ്റൊരുതരത്തിൽ സംഭവിക്കാൻ ഇടയില്ലാതിരുന്നുതാനും. ഈ രീതിയിൽ കണക്കാക്കാൻ ഒരിക്കൽ അനുവദിക്കപ്പെട്ടുകഴിഞ്ഞാൽ ഇന്ന് നമുക്കുള്ളതുപോലെ തന്നെ സ്വതന്ത്രമായൊരു വർഷഗണനാ സമ്പ്രദായം അനിവാര്യമാണ്."9. കെ.പി. പത്മനാഭമേനോൻ തുടർന്നെഴുതുന്നത്, പ്രൊഫ. സുന്ദരംപിള്ളയുടെ സിദ്ധാന്തത്തിൽ സ്വീകാര്യമായ പലതും അടങ്ങിയിട്ടുണ്ടെന്നാണ്. മറ്റേത് സിദ്ധാന്തത്തേക്കാളും ഈ അഭിപ്രായം സ്വീകരിക്കാവുന്നതാണെന്ന് പ്രൊഫ. ഇളംകുളം കുഞ്ഞൻപിള്ളയും പറയുന്നുണ്ട്. പിന്നെ ഇവർ രണ്ടുപേർ യോജിക്കുന്ന നിലക്ക് ഈ സിദ്ധാന്തം നടപ്പിലാക്കേണ്ട ചുമതല തന്റെ പാഠപുസ്തകത്തിലൂടെ ശ്രീധരമേനോൻ നിർവ്വഹിക്കുകയും ചെയ്യുന്നു.

കാശ്മീരിലും, മുൾട്ടാണിലും, സൗരാഷ്ട്രയിലും വടക്കേ ഇന്ത്യയിലെ മറ്റു ചില പ്രദേശങ്ങളിലും പ്രയോഗത്തിലിരുന്ന സപ്തർഷിവർഷം കൊല്ലത്തെത്തിയത് ഈ അബ്ദത്തിന്റെ പത്താം ആവർത്തനഘട്ടത്തിലും നമ്പൂതിരിമാർ കൊല്ലത്ത് ആദ്യമായി എത്തിയ അവസരത്തിലായതിനാലുമാണ് മലയാളികളുടെ കൊല്ലവർഷം ആരംഭിക്കാൻ തുടങ്ങിയതെന്ന് പറയുമ്പോൾ അത് പല അഭിപ്രായങ്ങളുടെ കൂട്ടത്തിൽ ഒന്നായി പരിഗണിക്കാവുന്നതാണ്. എന്നാൽ പത്താമത്തെ ആവർത്തനം കേരളത്തിലെത്തിയപ്പോൾ 99-ാമത്തെ വർഷത്തിൽ അവസാനിക്കുന്നതിനു പകരം നൂറ് നൂറ്റൊന്ന് എന്നിങ്ങനെ തുടർന്ന് പോന്നെന്ന് പറയുമ്പോഴും അതാണ് ഏറെക്കുറെ സ്വീകാര്യമായ സിദ്ധാന്തമെന്ന് നമ്മോട് ഉപദേശിക്കുമ്പോഴും ഏറെ ദുരൂഹത അനുഭവപ്പെടും. കാരണം സാമാന്യബുദ്ധിക്ക് മനസ്സിലാക്കാൻ അപ്രാപ്യമാണ് ഇത്തരം സിദ്ധാന്തങ്ങൾ എന്നതുതന്നെ.

ശ്രീ ശങ്കരാചാര്യർ മലയാളി ബ്രാഹ്മണർക്കിടയിൽ അനാചാരങ്ങൾ ഏർപ്പെടുത്തിയതിനെ അനുസ്മരിച്ചുകൊണ്ടാണ് കൊല്ലവർഷം തുടക്കം എന്ന ഒരു അഭിപ്രായവുമുണ്ട്. 17,18, നൂറ്റാണ്ടുകളിലേതെന്ന് പറയാവുന്ന 'ശാങ്കര സ്മൃതിയി'ലാണ് അനാചാരങ്ങളെ ക്രോഡീകരിച്ചിട്ടുള്ളത്. ഇത് ശങ്കരാചാര്യരുടെതാണെന്ന അബദ്ധധാരണയാണ് ഈ അഭിപ്രായത്തിന് നിദാനം. ഈ ഗ്രന്ഥത്തിൽ, "യൂറോപ്യൻമാർ ഉൾപ്പെടെ വിവിധ ജാതിക്കാരുടെ ചുമതലകൾ ശങ്കരാചാര്യർ തന്നെ നിർവചിച്ച് നിശ്ചയം വരുത്തിയെന്നാണ് പറയുന്നത്" 10. ശാങ്കര സ്മൃതിയിൽ പറയുന്നത്, ചട്ടതൊപ്പിക്കാരിൽ നാല് ജാതിക്കാർ ഒന്ന് പറങ്കി, രണ്ട് ലന്ത, മൂന്ന് പരന്തിരീസ്, നാല് ഇങ്കരീസ് എന്നാണ്. അപ്പോൾ 825ൽ ആരംഭിച്ച കൊല്ലവർഷം ശങ്കരാചാര്യരുടെ അനാചാര പ്രഖ്യാപനത്തിന്റെ ഓർമ്മക്കായി തുടങ്ങുക അസാദ്ധ്യമാണല്ലോ. ശങ്കരാചാര്യർ 805ൽ ജനിച്ച് 837ൽ സമാധി ആയിയെന്നാണ് പ്രൊഫ. കെ.വി. കൃഷ്ണയ്യർ എഴുതുന്നത്.11.

വേണാട് അധിപതിയായിരുന്ന ഉദയ മാർത്താണ്ഡവർമ്മൻ അക്കാലത്തെ ജ്യോതിഷ പണ്ഡിതൻമാരെയെല്ലാം തന്റെ ആസ്ഥാനമായ കൊല്ലത്ത് വരുത്തി, സുദീർഘമായ പരിചിന്തനത്തിന്ശേഷം പുതിയൊരു അബ്ദം ആരംഭിച്ചെന്നുമാണ് മറ്റൊരു സിദ്ധാന്തം. തിരുവിതാകൂർ ചരിത്രമെഴുതിയ പി. ശങ്കുണ്ണിമേനോനാണ് ഇതിന്റെ ഉപജ്ഞാതാവ്. വേണാട് രാജാവ് കേരളത്തിലുണ്ടായിരുന്ന പല നാട്ടരചൻമാരിൽ ഒരാൾ മാത്രമായിരുന്നുവല്ലോ. ഈ ചെറുകിട രാജാക്കൻമാരുടെമേൽ പേരിനെങ്കിലുമുള്ള അധീശത്വം പെരുമാൾക്ക് ഉണ്ടായിരുന്നുവെന്നും നാം മനസ്സിലാക്കുന്നണ്ട്. അപ്പോൾ ഒരു സാമന്തരാജാവ് പുതിയൊരു അബ്ദം ആരംഭിക്കാമെന്ന് വെച്ചാൽ തന്നെ അത് മറ്റുള്ള രാജാക്കൻമാർക്കും, പെരുമാളിനും സ്വീകാര്യമായെന്ന് വരിക അസാദ്ധ്യമാണ്. പ്രത്യേകിച്ച് ഇവിടെ നാട് ഭരിച്ചിരുന്ന ഇടനിലമന്നൻമാർ എക്കാലവും തമ്മിൽ തമ്മിൽ പകയും വിദ്വേഷവും പുലർത്തിപോന്നിരുന്നുവരും സൗകര്യം കിട്ടുമ്പോഴൊക്കെ അന്യോന്യം കൊള്ളയടിച്ചും, കഴുത്തറത്തും കിടമൽസരവും കുടിപ്പകയും ശക്തിയായി നിലനിർത്തിയിരുന്നവരുമാണ്. അപ്പോൾ ഇത്തരം രാജാക്കൻമാരിൽ ഒരാൾ തുടങ്ങിയെന്ന് പറയുന്ന കൊല്ലാരംഭം മറ്റുള്ളവർക്കാർക്കും തന്നെ സ്വീകാര്യമാവുക അസാദ്ധ്യമാണ്. പുതിയൊരു അബ്ദം തുടങ്ങുവാൻ അദ്ദേഹത്തിനുണ്ടായ ചേതോവികാരം എന്താണെന്ന് മനസ്സിലാകുന്നില്ല.

രാജ്യത്തെ ആകമാനം ബാധിക്കുന്നതും, രാജ്യത്തിനും ജനങ്ങൾക്കും സാരമായ മാറ്റം അനുഭവപ്പെടുന്നതുമായ ഏതെങ്കിലും മഹാസംഭവത്തെ അനുസ്മരിക്കുവാനാണ് പുതിയ

അബ്ദങ്ങൾ എക്കാലവും ആരംഭിച്ചിട്ടുള്ളത്. 1341ലെ മഹാപ്രളയത്തിനുശേഷം നമ്മുടെ ഭൂപ്രകൃതിയിൽ വന്ന മാറ്റങ്ങളും പുതുതായി ഉണ്ടായ കരകളും അക്കാലത്തെ മഹാസംഭവമായിരുന്നു. ഇന്നത്തെ വൈപ്പിൻകരയും, ഫോർട്ടുകൊച്ചിയും, കൊടുങ്ങല്ലൂർ അഴിക്കപ്പുറമുള്ള അഴീക്കോടുമൊക്കെ 1341ലെ മഹാപ്രളയത്തിന്റെ വരദാനമാണ്. ഇതിനെ ആസ്പദമാക്കി പുതുവൈപ്പ്വർഷം കൊച്ചിയിൽ നടപ്പിലുണ്ടായിരുന്നു. കൊച്ചി രാജാക്കൻമാർ നൽകിയ തീട്ടൂരങ്ങളിലും, പ്രഖ്യാപിച്ചിരുന്ന വിളംബരങ്ങളിലും പുതുവൈപ്പ് വർഷമാണ് പലപ്പോഴും ഉപയോഗിച്ചിട്ടുള്ളതായി കാണുന്നത്. നമ്മുടെ ആധുനിക എഴുത്തുകാർക്ക് 16-ാം നൂറ്റാണ്ട് മുതൽ ബറോസും, ബർബോസയും തുടങ്ങി 18-ാം നൂറ്റാണ്ടിൽ സമഗ്രമായ അന്വേഷണത്തിന്ശേഷം ഉണ്ടാക്കിയ മലബാർ ജോയിൻറ് കമ്മീഷണർമാരുടെ റിപ്പോർട്ടും, 19-ാം നൂറ്റാണ്ടിൽ മലബാറിനെക്കുറിച്ച്, പ്രത്യേകമായും കേരളത്തെപ്പറ്റി പൊതുവേയും ഉപന്യസിച്ചിട്ടുള്ള വില്യം ലോഗൻ മുതൽ ഡോ. ഫ്രാൻസിസ് ബുക്കാനൻ വരെയുള്ളവർ ഏകോപിതമായി അഭിപ്രായപ്പെട്ടിട്ടുള്ളതും തീരെ സ്വീകാര്യമല്ല. ഇതിന് കാരണം ഇവരുടെ തീവ്രതരമായ വർഗ്ഗീയ മനോഭാവം, മാത്രമാണ്. അവസാനത്തെ പെരുമാൾ സുദീർഘമായ 36 സംവൽസരത്തിന്റെ ഭരണത്തിനുശേഷം ഭൗതിക ജീവിതത്തിൽ നിന്നും ആത്മീയ നിർവൃതിക്കുവേണ്ടി ആശിച്ച് മുസ്ലിം സൂഫിമാരുടേയും, ദാർശനികരുടേയും ഉപദേശം സ്വീകരിച്ച് ഇസ്ലാം ആയെന്നും തന്റെ ശേഷിച്ചകാലം ഇസ്ലാമിന്റെ പുണ്യഭൂമിയിൽ വെച്ച് കഴിച്ചുകൂട്ടണമെന്നും കരുതി മെക്കയിലേക്ക് യാത്രതിരിച്ചെന്നും അതിനു മുമ്പായി തന്റെ സാമന്തൻമാർക്കും, ഉറ്റവർക്കും അവരവരുടെ അധീനതയിലുണ്ടായിരുന്ന സ്ഥലങ്ങളുടെമേൽ പരിപൂർണ്ണാധിപത്യം നൽകിയെന്നും ആണ് മുൻ പറഞ്ഞ വിദേശികളും, കേരളത്തിൽ നിലവിലുള്ള ഐതിഹ്യങ്ങളും ആവർത്തിച്ചാവർത്തിച്ച് പറയുന്നത്. പെരുമാൾ മതം മാറിയെന്ന് സമ്മതിക്കാനോ, തന്റെ അധീശത്വത്തിൽ വർത്തിച്ചിരുന്ന അനുചരൻമാർക്ക് പൂർണ്ണ സ്വാതന്ത്ര്യം നൽകി സ്വതന്ത്രരാജസ്ഥാനങ്ങൾക്ക് തുടക്കം കുറിച്ചെന്നും, കേരളത്തെ ആകമാനം സ്പർശിച്ച ഒരു മഹാസംഭവമെന്ന നിലക്ക് പെരുമാളുടെ മെക്കയിലേക്കുള്ള തിരോധാനത്തോടുകൂടിയാണ് കൊല്ലവർഷം ആരംഭിച്ചതെന്നുമുള്ള സത്യാവസ്ഥ അംഗീകരിക്കുവാനോ ഈ സവർണ്ണചരിത്രകാരൻമാർക്ക് സാധിക്കാതെ പോയതാണ് പുതിയ പുതിയ സിദ്ധാന്തങ്ങളുമായി ഇറങ്ങുവാൻ കാരണം. എന്നാൽ പല അഭിപ്രായങ്ങളും കൊല്ലവർഷാരംഭത്തിന്റെ കാരണമായി ഓരോരുത്തരുടെ ഭാവനാവിലാസത്തിനനുസൃതം സൃഷ്ടിച്ചെടുത്തിട്ടും അവ ഏതെങ്കിലുമൊന്ന് അൽപ്പമെങ്കിലും യുക്തിസഹമോ, ബുദ്ധിക്ക് നിരക്കുന്നതോ ആകാത്തത് ഇവയത്രയും കൃത്രിമ സൃഷ്ടികൾ മാത്രമായതു കൊണ്ടാണ്. അതുകൊണ്ടാണ് ഈ സിദ്ധാന്തങ്ങളെയെല്ലാം ഓരോന്നായി അവതരിപ്പിച്ച് സപ്തർഷിവർഷത്തിന്റെ പരിഷ്ക്കരിച്ച പതിപ്പാണ് കൊല്ലവർഷമെന്ന അഭിപ്രായത്തിന് പത്മനാഭമേനോനും, കുഞ്ഞൻപിള്ളയും പിന്തുണക്കുന്നത്. അതിനാൽ ശ്രീധരമേനോൻ അതിനൊപ്പം നിൽക്കാ തിരിക്കുക ജാതിധർമ്മത്തിന് എതിരാകുമല്ലോ. പാഠപുസ്തകത്തിലെ ഈ വിവരണങ്ങൾ വായിച്ച് നെറ്റിചുളിക്കാവുന്ന അദ്ധ്യാപകൻമാരേയും, വിദ്യാർത്ഥികളേയും ഓർമ്മിച്ചുകൊണ്ടായിരിക്കണം ഈ ചർച്ച അവസാനിപ്പിച്ചുകൊണ്ട് അദ്ദേഹം ഉപസംഹരിക്കുന്നത് ഇപ്രകാരമാകുവാൻ കാരണം. "ഈ പ്രശ്നത്തിൽ പുതിയ വെളിച്ചം വീശുകയും, രഹസ്യം പിടികിട്ടുകയും ചെയ്യുന്നതുവരെ നാം ഈ സിദ്ധാന്തം തൽക്കാലം അംഗീകരിക്കുക"12. മേനോൻ പറഞ്ഞാൽ അംഗീകരിക്കാതിരിക്കാൻ പറ്റുമോ?

---

1. *Barros op.cit. Chapter 3, f 180 (C)*
2. *Duarte Barbosa, Vol I, op.cit., pp. 289-90.*
3. *കേരളോൽപ്പത്തി, മുൻ ഉദ്ധരിച്ചത്, പുറങ്ങൾ 66-78.*
4. *പി.കെ. ബാലകൃഷ്ണൻ, ജാതിവ്യവസ്ഥിതിയും കേരളചരിത്രവും, 1983, എസ്.പി.സി.എസ്, കോട്ടയം, പുറം-70.*
5. *എ.ശ്രീധരമേനോൻ, കേരളചരിത്രം, മുൻ ഉദ്ധരിച്ചത്, പുറം-161.*
6. *Prof. K.V. Krishna Iyyer, History of Kerala, 2nd Edition, Coimbatore, 1968, p.9.*
7. *കേരളചരിത്രം, മുൻ ഉദ്ധരിച്ചത്, പുറം-163.*
8. *അതുതന്നെ.*
9. *Prof. Sundaran Pillai, Quoted by K.P. Padmanabha Menon, History of Kerala, Vol IV, p. 271.*
10. *Logan, op.cit, p.252.*
11. *Prof. K.V. Krishna Iyyer, History of Kerala, 1968, Coimbatore, pp. 115-120.*
12. *Ibid, p.164.*

# XI 9-ാം നൂറ്റാണ്ട് മുതൽ 16-ാം നൂറ്റാണ്ട് വരെ

അവസാനത്തെ പെരുമാൾ തന്റെ ഉറ്റവർക്കും ആശ്രിതർക്കും അവരുടെ അധീനതയിലുണ്ടായിരുന്ന പ്രദേശങ്ങളിൽ സ്വാതന്ത്ര്യാധികാരം നൽകി മെക്കയിലേക്ക് തീർത്ഥാടനത്തിനായി പോയതോടുകൂടി ചെറുകിട രാജവംശങ്ങൾ കേരളത്തിലുടനീളം സുസ്ഥാപിതമായി. ആദ്യമേ മുതൽ പെരുമാക്കൻമാരുടെ കീഴിലല്ലാതിരുന്ന ആയ് രാജവംശം കേരളത്തിന്റെ തെക്കേ അറ്റത്ത് വിഴിഞ്ഞം ആസ്ഥാനമാക്കി രാജ്യവിചാരം ചെയ്തിരുന്നു. ആയ് രാജാക്കൻമാരെന്ന് പറഞ്ഞു പോരാറുണ്ടെങ്കിലും വന്യഗോത്ര ഭരണ സംവിധാനമാണ് ഈ പ്രദേശത്ത് ഉണ്ടായിരുന്നത്. പാണ്ഡ്യ-ചോള ആക്രമണങ്ങൾക്ക് സ്ഥിരം വിധേയമായിരുന്നു ഈ പ്രദേശം. കേരളത്തിലെ ഇതര ദേശങ്ങളിൽ നാട്ടു രാജാക്കൻമാർ സ്വതന്ത്രരായിതീർന്ന 9-ാം നൂറ്റാണ്ട് ആദ്യപകുതിയിൽ ആയ് രാജാക്കൻമാരുടെ ആസ്ഥാനമായ വിഴിഞ്ഞം ഉൾപ്പെടെയുള്ള പ്രദേശങ്ങൾ പാണ്ഡ്യരാജാവായ ശ്രീവല്ലഭന്റെ ആക്രമണത്തിന് ഇരയായ സന്ദർഭമാണ്.

## *ആയ് രാജാക്കൻമാർ.*

ഈ രാജവംശത്തിലെ പ്രധാന രാജാക്കൻമാർ കരുനന്തടക്കനും (857-885) വിക്രമാദിത്യ വരഗുണനും (885-895) ആകുന്നു. അവരുടെ രാജ്യാതിർത്തി തിരുവനന്തപുരത്തിന് എട്ടുപത്ത് മൈൽ വടക്കുമാറി തൃപ്പാപ്പൂർ മുതൽ തെക്ക് നാഗർകോവിൽ വരെയായിരുന്നു. വിക്രമാദിത്യ വരഗുണനാണ് പാലിയം ശാസനം വിളംബരം ചെയ്തത്. അതിൽ പറയും പ്രകാരം അക്കാലത്തെ ബുദ്ധമത കേന്ദ്രമായിരുന്ന തിരുമൂലപാദത്തിന് വളരെ ഭൂസ്വത്തുക്കൾ ദാനം ചെയ്തതായികാണുന്നുണ്ട്. അദ്ദേഹത്തിന്റെ മരണത്തോടുകൂടി ആയ്വംശത്തിന്റെ പ്രതാപം അസ്തമിച്ചതായി കരുതാം. അവരുടെ പ്രധാനപ്പെട്ട സ്ഥലങ്ങളായിരുന്ന കാന്തളൂരും, വിഴിഞ്ഞവും ചോളൻമാരുടെ കീഴിലായി. തെക്കൻ പ്രദേശങ്ങളാകട്ടെ വേണാടിന്റെ അധീനതയിലും വന്നു.

## *വേണാട്ടടികൾ.*

വേണാട്ടടികളായിരുന്നു കൊല്ലം മുതൽ തിരുവനന്തപുരം, നെടുമങ്ങാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ഭരണം കൈയ്യാളിയിരുന്നത്. വേണാട്, തിരുവിതാംകോട്, തൃപ്പാപ്പൂർ, ചിറവ, ദേശിങ്ങനാട് എന്നിങ്ങനെ അഞ്ച് സ്വരൂപങ്ങൾ ഉൾപ്പെടുന്നതാണ് വേണാട് രാജവംശം. ഒമ്പതാം ശതകത്തിൽ കൊല്ലത്തിനും തിരുവനന്തപുരത്തിനും ഇടയ്ക്കുള്ള സ്ഥലത്ത് കൊല്ലം ആസ്ഥാനമാക്കിയാണ് ഈ രാജവംശം ഭരണം നടത്തിയിരുന്നത്. വേണാട് രാജാവിനെ ചിറവാ മൂപ്പനെന്നും, യുവരാജാവിനെ തൃപ്പാപ്പൂർ മൂപ്പനെന്നും വിളിച്ചുപോന്നു.

9-ാം നൂറ്റാണ്ടിലുള്ള പാണ്ഡ്യലിഖിതങ്ങളിൽ വേണാടിനെ പലപ്പോഴും പരാമർശിക്കുന്നണ്ടെങ്കിലും ഒരു സ്വതന്ത്ര ഭരണാധികാരിയെന്ന നിലയിൽ പ്രസിദ്ധനായ ആദ്യത്തെ രാജാവ് അയ്യനടികൾ തിരുവടികളാണ്. കൊല്ലത്തെ തരിസ്സാപ്പള്ളിക്ക് എ.ഡി. 849ൽ അദ്ദേഹം നൽകിയ അധികാരാവകാശങ്ങൾ ഉൾക്കൊള്ളുന്ന തരിസ്സാപ്പള്ളി ശാസനമാണ് ഈ രാജാവിന്റെ പേര് നിലനിർത്തുന്നത്. പേർഷ്യയിൽ നിന്നും എത്തിയ ക്രൈസ്തവ പുരോഹിതനായ മറുവാൻ സപീർ ഈശോക്കും, അദ്ദേഹത്തോടൊപ്പം വന്നിരുന്ന വണിക്കുകൾക്കും അവർ നിർമ്മിച്ച പള്ളിക്കും വാണിജ്യകേന്ദ്രത്തിനും തൊഴിലാളികൾ ഉൾപ്പടെ ഏറെ സ്ഥലവും വളരെ അധികാരാവകാശങ്ങളും നൽകുന്നതാണ് ഈ ശാസനം. ഈ ശാസനത്തിന്റെ കാലം എ.ഡി. 849 ആണെന്നാണ് കരുതിപ്പോരുന്നത്. ഈ കാലമായപ്പോഴേക്കും കൊല്ലത്തും, പരിസരത്തും മുസ്ലിം അധിവാസകേന്ദ്രങ്ങളും, ഏറെ വ്യാപാര പ്രമുഖരും ഉണ്ടായിരുന്നതായി ഈ ശാസനത്തിലെ സാക്ഷിപ്പട്ടികയിൽ നിന്നും മനസ്സിലാക്കാം.1. അറബിയിലുള്ള സാക്ഷിപ്പട്ടികയിൽ കാണുന്ന മുസ്ലിം പേരുകൾ ഇതിനുമുമ്പ് പറഞ്ഞിട്ടുള്ളതാണല്ലോ. ഇത് സുവ്യക്തമാക്കുന്ന വസ്തുത രാജകീയ ശാസനകളിൽപ്പോലും സാക്ഷി നിർത്തത്തക്കവിധം മുസ്ലിംകൾ ഏറെ പ്രബലരായിരുന്നു എന്നാണ്. കൊല്ലം പട്ടണത്തെയും അവിടെ പൂർവ്വാധികം അഭിവൃദ്ധിപ്പെട്ടിരുന്ന മുസ്ലിം വ്യാപാരികളേയും കുറിച്ച് പല കാലങ്ങളിലായി ഇവിടം സന്ദർശിച്ചിട്ടുള്ള സഞ്ചാരികൾ ധാരാളം പരാമർശിച്ചിട്ടുണ്ട്. 12-ാം നൂറ്റാണ്ടിൽ കൊല്ലത്തെത്തിയ ചൗ-ജു-ക്വായും, ജോൺ ഓഫ് മോൻറികോർവിനേയും, 13-ാം നൂറ്റാണ്ടിൽ മാർക്കോപോളോയും, 14-ാം നൂറ്റാണ്ടിലെ ഫ്രയർ ജോർഡാനസും, ഫ്രിയാർ ഒഡോറിക്കും, ജോൺഡി മാറിഗ്നൊല്ലിയും, ഇബ്നു ബത്തൂത്തയും, 15-ാം നൂറ്റാണ്ടിൽ മാഹ്വാനും, ഒക്കെ കൊല്ലത്ത് പ്രബലത്തായി വളർന്നുകൊണ്ടിരുന്ന മുസ്ലിംകളുടെ വ്യാപാരത്തേയും അവരുടെ സമൃദ്ധിയേയും സംബന്ധിച്ച് എഴുതിയിട്ടുള്ളവരാണ്. ജോൺ ഓഫ് മോൻറിക്കോർവിനോ പറയുന്നത്, "ചൈനക്കാരും, ക്രിസ്ത്യാനികളും, യഹൂദൻമാരും, അറബികളും കൊല്ലം പട്ടണത്തിൽ ധാരാളമുണ്ട്. ഇവിടത്തെ വ്യാപാരത്തിൽ മുസ്ലിംകളാണ് മുൻപന്തിയിൽ നിൽക്കുന്നത്. ചൈനക്കാരുൾപ്പെടെ മറ്റുള്ളവർ അനുദിനം ക്ഷയിച്ചുകൊണ്ടിരിക്കുന്നു." എന്നാണ്. 1330ൽ കേരളത്തെക്കുറിച്ചെഴുതിയ അബുൽഫിദയും ഇതേ അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നു. ശ്രീവല്ലഭൻകോത, ഗോവർധനമാർത്താണ്ഡൻ, എന്നീ രാജാക്കൻമാർ യഥാക്രമം

ചെങ്ങന്നൂർ ക്ഷേത്രത്തിലേക്കും തൃക്കൊടിത്താനം ക്ഷേത്രത്തിലേക്കും ഭൂമി ദാനം ചെയ്യുന്നതിന്റെ രേഖകളുണ്ട്. ജൂതശാസനത്തിലെ സാക്ഷിപ്പട്ടികയിൽ ഗോവർധന മാർത്താണ്ഡന്റെ പേരും കാണാം. 13-ാം നൂറ്റാണ്ടിന്റെ ആദ്യപകുതി മുതൽ പാണ്ഡ്യരാജാക്കൻമാരുടെ സാമന്തൻമാരായിരുന്നു വേണാട് ഭരണാധിപൻമാർ. ഈ മേൽക്കോയ്മ അവസാനിപ്പിച്ചത് 1310ൽ രാജാവായ രവിവർമ്മ കുലശേഖരനാണ്. അദ്ദേഹം വീരപാണ്ഡ്യന്റെ സൈന്യങ്ങളെ തോൽപ്പിച്ച് അവരുടെ കീഴിലുണ്ടായിരുന്ന പല പ്രദേശങ്ങളും സ്വന്തമാക്കി. എന്നാൽ അദ്ദേഹത്തിന്റെ മരണശേഷം വേണാട് വീണ്ടും പല സ്വരൂപങ്ങളായി അന്യോന്യം ശത്രുതയും പകയും പുലർത്തി ചെറുകിട പ്രാദേശിക ശക്തികളായി ചുരുങ്ങുകയാണുണ്ടായത്. 18-ാം നൂറ്റാണ്ടാദ്യം മാർത്താണ്ഡവർമ്മ വേണാട് അധിപതിയാകുന്നതുവരെ ഈ സ്ഥിതി തുടരുകയും ചെയ്തു.

*ചെറുകിട രാജ്യങ്ങൾ.*

വേണാടിന് വടക്ക് ഓടനാടായിരുന്നു. ഇന്നത്തെ കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, മാവേലിക്കര താലൂക്കുകൾ ഉൾപ്പെട്ടിരുന്ന സ്ഥലമാണ് ഓടനാട്. കായംകുളമായിരുന്നു ഓടനാടിന്റെ തലസ്ഥാനം. വ്യവസായ നഗരമായിരുന്ന കായംകുളത്ത് ധനാഢ്യരായ ധാരാളം മുസ്ലിം വ്യാപാരികളും അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്ന മുസ്ലിം സമൂഹവും, പ്രാർത്ഥനാലയങ്ങളും ഉണ്ടായിരുന്നു. ഓടനാടിന് വടക്ക് ഉണ്ടായിരുന്ന നാടുകളാണ് നൻറുഴൈനാടും, മുഞ്ഞുനാടും. തിരുവനന്തപുരം, ചങ്ങനാശ്ശേരി പ്രദേശങ്ങൾ ആദ്യത്തേതിലും, കോട്ടയം പ്രദേശങ്ങൾ രണ്ടാമത്തേതിലും ഉൾപ്പെട്ടിരുന്നു. ഇന്നത്തെ വൈക്കം, മീനച്ചൽ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന വെമ്പോലിനാടും, തൊടുപുഴ, മൂവ്വാറ്റുപുഴ ഉൾപ്പെടുന്ന കീഴ്മലൈനാടും മുഞ്ഞുനാടിന് വടക്കു ഭാഗത്തായി സ്ഥിതിചെയ്യുന്നു. ഇവയ്ക്കു വടക്കുവശത്തായിരുന്നു കാൽക്കരൈനാട്. തൃക്കാക്കരയും, സമീപപ്രദേശങ്ങളും ഇതിൽ ഉൾപ്പെട്ടിരുന്നു. ഇതിനു വടക്ക് ഭാഗത്തായിട്ടാണ് തലപ്പിള്ളി, പാലക്കാട്, ചിറ്റൂർ പ്രദേശങ്ങൾ ഉൾപ്പെടുന്ന പുറൈയൂർ നാടും, പൊന്നാനി, പെരിന്തൽമണ്ണ, തിരൂർ പ്രദേശങ്ങൾ ഉൾപ്പെട്ട വള്ളുവനാടും. ഏറനാട് പ്രദേശത്തെ ഏറാൾനാടെന്നും, കോഴിക്കോട് പ്രദേശത്തെ പോളനാടെന്നും, കൊയിലാണ്ടിയും, തെക്കൻ വയനാടും ഉൾപ്പെട്ട സ്ഥലത്തെ കുറുമ്പ്രനാടെന്നും, കണ്ണൂർ, കാസർക്കോട് പ്രദേശങ്ങളെ കോലത്തുനാടെന്നും, വടക്കേ വയനാടും, ഗൂഡല്ലൂരും ഉൾപ്പെട്ട പ്രദേശത്തെ പുറൈക്കിഴാനാടെന്നും പറഞ്ഞു പോന്നിരുന്നു. ഈ രാജസ്ഥാനങ്ങൾക്ക് പുറമേ ഇവയുടെ കൈവഴികളായി പിരിഞ്ഞിരുന്ന രാജകുടുംബങ്ങളും ഇവരുടെയെല്ലാം കീഴിൽ ഉണ്ടായിരുന്ന നിരവധി ദേശവാഴി കുടുംബങ്ങളും ഈ കൊച്ചു കേരളത്തെ തുണ്ടുതുണ്ടാക്കി നിർത്തിയിരുന്നു. ഈ സ്ഥിതിക്ക് അറുതി വരുന്നത് തിരുവിതാംകൂറിൽ മാർത്താണ്ഡവർമ്മയോടു കൂടിയും, മലബാറിൽ മൈസൂർ ആക്രമണത്തോടുകൂടിയുമാണ്. അതായത് ഫ്യൂഡൽ വ്യവസ്ഥിതിയിലധിഷ്ഠിതമായ ഈ സംവിധാനം യാതൊരു അനക്കവും തട്ടാതെ ഒരു സഹസ്രാബ്ദത്തോളം ഇവിടെ നില നിന്നിരുന്നുവെന്നത് വിസ്മയകരമായി തോന്നാമെങ്കിലും കേരളധർമ്മാനുഷ്ഠാനത്തിന്റെ മൂകസാക്ഷിത്വം വഹിക്കുന്നവയാണ്.

*കോലത്തുനാട്.*

നിരവധി നാടുകളും, നാട്ടരചൻമാരും ഒമ്പതാം നൂറ്റാണ്ടോടുകൂടി ഇവിടെ നിലനിന്നിരുന്നുവെങ്കിലും അവയിൽ പ്രധാനികളായിതീർന്നത് വേണാടിനു പുറമേ, കോലത്തുനാടും, കോഴിക്കോടും, കൊച്ചിയുമായിരുന്നു. ഇതിൽ കോലത്തുനാട് തെക്ക് ആയ്രാജ്യത്തെപ്പോലെ പെരുമാൾ ഭരണത്തിൻകീഴിൽപ്പെട്ടിരുന്നില്ല എന്നാണ് മനസ്സിലാകുന്നത്. ജൂതശാസനത്തിലെ സാക്ഷിപ്പട്ടികയിൽ കോലത്തുനാട്ടിലെ ഉടയവർ ഉൾപ്പെടുത്തപ്പെട്ടിട്ടില്ല. എന്നാൽ കോലത്തുനാടിന് പൂർവ്വികമായ പാരമ്പര്യം അവകാശപ്പെടാനുണ്ട്. ഏഴിമല ആസ്ഥാനമാക്കി വളർന്ന മൂഷകവംശം രാജാക്കൻമാരാണ് ഇവരുടെ പൂർവ്വികർ. 11-ാം ശതകം ഒടുവിൽ നാടുവാണ ശ്രീകണ്ഠൻ എന്ന മൂഷകരാജാവിന്റെ സദസ്യനായിരുന്ന അതുലൻ സംസ്കൃതത്തിൽ രചിച്ച മൂഷകവംശം എന്ന ഗ്രന്ഥംവഴി ഈ രാജവംശത്തെപ്പറ്റി കുറേയധികം വിവരങ്ങൾ ലഭിക്കുന്നുണ്ട്.

14-ാം നൂറ്റാണ്ടോടുകൂടി മൂഷകരാജ്യം കോലത്തുനാടെന്ന് അറിയാൻ തുടങ്ങി. കുമ്പള, നീലേശ്വരം, കോട്ടയം, കടത്തനാട് എന്നിവ കോലത്തുനാട്ടിൽപ്പെട്ടിരുന്ന നാടുകളാണ്. വടക്ക് കാസർക്കോട് മുതൽ തെക്ക് കോരപ്പുഴ വരെയുള്ള സ്ഥലമാണ് കോലത്തിരിമാരുടെ കീഴിലുണ്ടായിരുന്നത്. പടിഞ്ഞാറ് അറബിക്കടലും, കിഴക്ക് കുടക് മലയുമായിരുന്നു. പള്ളിക്കോവിലകം, ഉദയമംഗലം കോവിലകം എന്നിവയായിരുന്നു തുടക്കത്തിലുണ്ടായിരുന്ന രണ്ട് കുടുംബതാവഴികൾ. കാലാന്തരത്തിൽ ഈ രണ്ട് കുടുംബവും തമ്മിൽ മൽസരവും പകയും വളർന്നുവന്നു, പള്ളിക്കോവിലകം എട്ട് ഉപശാഖകളായും, ഉദയമംഗലം കോവിലകം മൂന്ന് ഉപശാഖകളായും, വിഭജിക്കപ്പെട്ടിരുന്നു. കോലത്തിരി സ്വരൂപം കാലാന്തരത്തിൽ ശാഖകളും, ഉപശാഖകലും തമ്മിലുണ്ടായിരുന്ന വൈരാഗ്യവും കുടിപ്പകയും മൂലം ശക്തിഹീനമായി. ഈ അവകാശതർക്കങ്ങളും, ഏറ്റുമുട്ടലുകളും രാജ്യത്തെ ഛിന്നഭിന്നമാക്കുകയും, ചെറിയ ചെറിയ രാജസ്ഥാനങ്ങൾക്ക് വളരുവാൻ അവസരം നൽകുകയും ചെയ്തു.

1695ൽ തലശ്ശേരിയിലെ ഇംഗ്ലീഷ് ഫാക്ടറി സ്ഥാപിക്കുന്ന അവസരത്തിൽ കോലത്തിരി രാജസ്ഥാനം ചെറിയ ചെറിയ നാടുകളായി വിഭജിക്കപ്പെട്ടു കിടന്നിരുന്നു. മാഹിക്കും, കോരപ്പുഴയ്ക്കും ഇടയ്ക്കുള്ള സ്ഥലത്ത് കടത്തനാട്ട് രാജാക്കൻമാരായിരുന്നു. വടകരയിലെ വാഴുന്നവർ എന്നുകൂടി ഇവർക്ക് പേരുണ്ടായിരുന്നു. രണ്ടു തറ അഥവാ പോയനാടെന്ന

സ്ഥലം നാല് നമ്പ്യാർ കുടുംബങ്ങളുടെ കൈവശമായിരുന്നു. അവരെ അച്ചൻമാരെന്നാണ് വിളിച്ചിരുന്നത്. ധർമ്മടത്തിന് തൊട്ടുകിഴക്കു ഭാഗത്തായിട്ടായിരുന്നു രണ്ടുതറ സ്ഥിതി ചെയ്തിരുന്നത്. പുറനാട് രാജാക്കൻമാരെന്നാണ് കോട്ടയം ഭരിച്ചിരുന്നവർ അറിയപ്പെട്ടിരുന്നത്. വയനാടിനും തലശ്ശേരിക്കും ഇടയ്ക്കുള്ള പ്രദേശം കോട്ടയം രാജവംശത്തിൻെറ കീഴിലായിരുന്നു. തലശ്ശേരിയിലെ ഇംഗ്ലീഷുകാരുമായി കരാറുണ്ടാക്കുന്ന ഇരുവഴിനാട് ഭരിച്ചിരുന്നതാകട്ടെ ആറ് നമ്പ്യാർ കുടുംബങ്ങളായിരുന്നു. ഈ സ്ഥലം ഫ്രഞ്ചുകാരുടെ മയ്യഴിയും ഇംഗ്ലീഷുകാരുടെ തലശ്ശേരിയുമായി ഉരുമി കഴിഞ്ഞിരുന്നതിനാൽ ഈ രണ്ട് വിദേശശക്തികളുമായി കച്ചവട ഉടമ്പടികൾ ഇവർ നടത്തിപോന്നു. എന്നാൽ ഇംഗ്ലീഷുകാർക്കെതിരായി ആദ്യം യുദ്ധം ചെയ്തത് കുറുങ്ങോത്ത് നായൻമാർ തന്നെയാണ്. ഇംഗ്ലീഷുകാരുമായുണ്ടായ സംഘട്ടനത്തിൽ തോറ്റ അവർ ഫ്രഞ്ചുകാരുമായി 1719ൽ സൗഹൃദ സന്ധിയുണ്ടാക്കി. ഫ്രഞ്ചുകാരുമായുണ്ടായിരുന്ന ഈ സൗഹൃദ സഖ്യമാണ് മലബാറിലെ മറ്റെല്ലാ രാജസ്ഥാനങ്ങളും ഹൈദരാലി തൂത്തെറിഞ്ഞപ്പോൾ പോലും കുറുങ്ങോത്തിനെ ആക്രമിക്കാതെ വിടുവാൻ ഇടയാക്കിയത്.

ഈ ചെറുകിട രാജ്യങ്ങൾ എല്ലാം തന്നെ ഒറ്റയൊറ്റയായും, കൂട്ടായും വിദേശ കമ്പനികളുമായി സൈനിക സഖ്യങ്ങൾ ഉണ്ടാക്കുകയും വ്യാപാരക്കരാറുകളിൽ ഒപ്പുവെക്കുകയും ചെയ്തിരുന്നവരാണ്. ഓരോ രാജ്യത്തിനും അവരവരുടെ പ്രത്യേക താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടാൻ ഉണ്ടായിരുന്നതിനാൽ അന്യോന്യം കിടമൽസരങ്ങളും, സംഘട്ടനങ്ങളും സാധാരണ സംഭവമായി തീർന്നിരുന്നു. ഒന്നിൽ കൂടുതൽ പ്രാവശ്യം ഇവിടം സന്ദർശിച്ചിട്ടുള്ള അലക്സാണ്ടർ ഹാമിൽട്ടൺ രേഖപ്പെടുത്തുന്നത്, കല്ല് കെട്ടിയുയർത്തിയ അൾത്താരയിൽ വെച്ച് ഈ കുടുംബത്തിലെ നിരവധി അംഗങ്ങളെ വധിക്കുന്നത് താൻ കണ്ടിരുന്നുവെന്നാണ്.2. ഇക്കാര്യം ബോർഡ് ഓഫ് റവന്യുവിൻെറ നടപടി ക്രമത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതിപ്രകാരമാണ്, "പള്ളി, ഉദയമംഗലം ശാഖകളിലെ ഉപശാഖകളിൽപ്പെട്ട അംഗങ്ങൾ തമ്മിൽ നടന്നുകൊണ്ടിരുന്ന കിടമൽസരത്തിൻെറ ഫലമായി ഉദയമംഗലം കോവിലകത്തെ ഒട്ടേറെപ്പേരുടെ വധത്തിനും, രാജ്യത്ത് അവർക്കുണ്ടായിരുന്ന അധികാരത്തെ ഇല്ലായ്മ ചെയ്യുന്നതിനും ഇടവരുത്തി." തങ്ങളുടെ സ്ഥലങ്ങൾ കൈകാര്യം ചെയ്യുന്നതിലുള്ള അഭിപ്രായഭിന്നതയായിരുന്നു മുഖ്യഹേതു. അസൂയയും അധികാര ദുർമോഹവും, ഗൂഢാലോചനയും കിടമൽസരവുമായിരുന്നു ചിറക്കൽ കുടുംബം ഒഴിച്ചുള്ള ശാഖകളിലെ ദുഃസ്ഥിതി. ഇത് ചിറക്കൽ ശാഖക്ക് കൂടുതൽ ഗുണകരമായിതീർന്നു. നായൻമാരുടെ മുഖ്യസ്ഥാനികളെന്ന നിലയ്ക്കും യൂറോപ്യൻമാരുമായി ഉണ്ടാക്കിയിരുന്ന സഖ്യങ്ങൾ മൂലവും, സ്വതവേ മറ്റുള്ളവയേക്കാൾ വിസ്തൃതമായ രാജ്യം അവരുടെ കൈവശം ഉണ്ടായിരുന്നതിനാലുമാണ് ചിറക്കൽ കുടുംബക്കാർക്ക് മറ്റുള്ളവരേക്കാൾ പ്രധാന്യം വന്നുചേർന്നത്.3.

ചിറക്കൽ രാജാക്കൻമാർ പരമ്പരാഗതമായി തന്നെ സാമൂതിരിമാരുമായി പിണക്കത്തിലും മാത്സര്യത്തിലുമാണ് കഴിഞ്ഞിരുന്നത്. 1495ൽ കാപ്പാട് എന്ന സ്ഥലത്ത് വാസ്കോഡിഗാമ കപ്പലിറങ്ങിയപ്പോൾ അദ്ദേഹത്തെ സാമൂതിരിയുടെ പടനായകൻമാർ സന്തോഷാർഭാടത്തോടുകൂടി സ്വീകരിച്ചു. എന്നാൽ കച്ചവട സൗജന്യങ്ങൾ സാമൂതിരിയുടെ രാജ്യത്ത് ലഭിക്കുകയില്ലെന്ന് മനസ്സിലാക്കിയ ഗാമ നിരാശനായി കോഴിക്കോട് നിന്നും കപ്പൽ കയറി. ഈ വിദേശ കച്ചവടക്കാരുടെ സാന്നിദ്ധ്യം മണത്തറിഞ്ഞിരുന്ന കോലത്തിരിയാകട്ടെ ഗാമയേയും, കൂട്ടരേയും തൻെറ രാജ്യത്തേക്ക് ക്ഷണിച്ചുവരുത്തി കച്ചവടത്തിനുള്ള ഉദാരമായ സൗജന്യങ്ങൾ നൽകി ബഹുമാനിച്ചു. 1502ൽ ഗാമ രണ്ടാമതും മലബാറിൽ എത്തിയപ്പോൾ തങ്ങളുടെ കണ്ണൂരുണ്ടായിരുന്ന ഫാക്ടറിക്ക് ചുറ്റും ഒരു കോട്ട കെട്ടി സുരക്ഷിതമാക്കുവാനുള്ള അനുമതി കോലത്തിരിയിൽ നിന്നും സമ്പാദിച്ചു. 1505ലാണ് കോട്ട നിർമ്മാണം പൂർത്തിയാക്കുവാൻ സാധിച്ചത്. സെൻറ് ആഞ്ചലോ ഫോർട്ട് എന്നാണ് ഇതിൻെറ പേര്. ഡച്ചുകാർ പറങ്കികളുടെ സ്ഥലങ്ങളും കോട്ടകളും 1663ലെ ഉടമ്പടിപ്രകാരം കൈവശമാക്കുന്നതുവരെ ഈ കോട്ട പറങ്കികളുടെ കീഴിലായിരുന്നു.

### *കോഴിക്കോട് സാമൂതിരിമാർ*

കോലത്തുനാട്, കൊച്ചി എന്നീ രാജ്യങ്ങൾക്കിടയ്ക്ക് സ്ഥിതിചെയ്തിരുന്ന പ്രധാന രാജസ്ഥാനമായിരുന്നു സാമൂതിരിമാരുടേത്. കോഴിക്കോട് ആസ്ഥാനമാക്കി ഭരണം നടത്തിയിരുന്ന ഇവർ 10-ാം നൂറ്റാണ്ടു മുതൽ കേരളത്തിലെ പ്രബലശക്തിയായി വളർന്നു. 16-ാം നൂറ്റാണ്ടായപ്പോഴേയ്ക്കും കേരളത്തിലെ മൂന്നിൽ രണ്ട് ഭാഗം സ്ഥലങ്ങളുടേയും അധീശത്വം അവകാശപ്പെടുവാൻ പറ്റുംവിധം കേരളത്തിലെ ഏറ്റവും വലിയ രാജസ്ഥാനമായി.

തൻെറ സാമ്രാജ്യം വിഭജനം നടത്തി ഇസ്ലാംമതം സ്വീകരിച്ച് ഹജ്ജ് തീർത്ഥാടനത്തിനായി മെക്കയിലേക്ക് പോയ ചേരമാൻ പെരുമാളിൻെറ കാലത്തിനുശേഷം ഉദയം ചെയ്ത രാജസ്ഥാനമാണ്, സാമൂതിരിയുടേതെന്നാണ് കേരളോൽപ്പത്തിയിലും, സാമൂതിരികോവിലകം ഗ്രന്ഥാവരിയിലുമുള്ളത്. ഈ ഐതിഹ്യം പിന്നീട് ഇവരെപ്പറ്റി എഴുതിയിട്ടുള്ള വിദേശികളും സ്വദേശികളുമായ എല്ലാവരും തന്നെ ആവർത്തിച്ചിട്ടുമുണ്ട്. വിഭജനം കഴിഞ്ഞപ്പോൾ അവശേഷിച്ച ചെറിയൊരു സ്ഥലമാണ് ഇവർക്ക് ലഭിച്ചതെന്നും എന്നാൽ ആ കുറവ് പരിഹരിക്കുവാൻ എന്നോണ് 'ചത്തും കൊന്നും വാഴുക' എന്ന ഉപദേശത്തോടു കൂടി പെരുമാൾ തൻെറ വാൾ ഇവർക്ക് നൽകിയതായും പറയുന്നുണ്ട്.4.

ക്ഷത്രിയ ജാതിക്ക് താഴെയായുള്ള സാമന്തജാതിക്കാരാണ് സാമൂതിരിമാർ. തനിക്ക് കിട്ടിയ രാജ്യം വിപുലീകരിക്കുവാൻ അക്കാലത്ത് ആരും ശ്രമിക്കാറുള്ളതുപോലെ സാമൂതിരി രാജാക്കൻമാരും അയൽ രാജ്യങ്ങളെ വെട്ടിപ്പിടിക്കുവാൻ തുടങ്ങി. കടലുമായി സന്ധിക്കുവാൻ യാതൊരു

മാർഗ്ഗവും ഇല്ലാതിരുന്ന ഏറനാട്ടിലെ ഭരണാധികാരികളായിരുന്ന സാമൂതിരിമാർ തന്റെ രാജ്യത്തിന് അഭിവൃദ്ധി ഉണ്ടാകണമെങ്കിൽ കടൽ വ്യാപാരം നടത്തുവാൻ സാധിക്കുംവിധം രാജ്യത്തെ വിസ്തൃതപ്പെടുത്തണമെന്ന് ഉദ്ദേശിച്ച് ആ വഴിക്കുള്ള ശ്രമങ്ങളാണ് തുടക്കത്തിൽ നടത്തിയത്. പരപ്പനാട്, പോളനാട്, രാജ്യങ്ങളാണ് തന്റെ രാജ്യത്തെ കടലുമായി ബന്ധിക്കുന്നതിൽ നിന്നും തടസ്സമായി വർത്തിച്ചിരുന്നത്. തുടർന്ന് കോഴിക്കോട് പന്നിയങ്കരയിലെ പോർളാതിരിമാരുടെ ആസ്ഥാനം സാമൂതിരി ആക്രമിച്ചു. ദീർഘകാലം നിണ്ടുനിന്ന ഈ യുദ്ധം കലാശിച്ചത് ഏറാടികളുടെ വിജയത്തിലായിരുന്നു. പോർളാതിരി യുദ്ധത്തിൽ തോറ്റ് കോലത്തുനാട്ടിലേക്ക് അഭയം തേടി. പോളനാട് കീഴടക്കിയതോടെ ഏറാടികൾ അവരുടെ ആസ്ഥാനം നെടിയിരുപ്പിൽ നിന്നും കോഴിക്കോട്ടേക്ക് മാറ്റി. കോഴിക്കോട് തുറമുഖപട്ടണത്തിന്റെ ആരംഭംകുറിക്കുന്നതങ്ങനെയാണ്. ഇത് നിലവിൽ വരുന്നത് 1042ലാണ്.5. എന്നാൽ ഈ പേരിൽ കോഴിക്കോടിനെ പരാമർശിക്കുന്നത് 1342ൽ ഇവിടെയെത്തിയ ഇബ്നു ബത്തൂത്ത മാത്രമാണ്. അതിനുമുമ്പുള്ള സഞ്ചാരകൃതികളിലോ, മറ്റ് രേഖകളിലോ കോഴിക്കോടിനെ പരാമർശിച്ചു കാണുന്നില്ല. ഇതേതുടർന്ന് ബേപ്പൂർ, പരപ്പനാട്, വെട്ടത്തുനാട് രാജാക്കൻമാർ സാമൂതിരിയുടെ മേൽക്കോയ്മ അംഗീകരിച്ചു. കുറുമ്പ്രനാട് രാജാവും, പയ്യോർമല നായൻമാരും, സമീപ പ്രദേശങ്ങളിലെ മറ്റു നാടുവാഴികളും സാമൂതിരിയുടെ സാമന്തൻമാരായി മാറി. സാമൂതിരിക്ക് എതിരിടേണ്ടതായി വന്ന പ്രബലശക്തി വള്ളുവകോനാതിരയുടേതായിരുന്നു. അദ്ദേഹത്തിന്റെ കീഴിലുണ്ടായിരുന്ന തിരുന്നാവായ വെച്ചായിരുന്നു പന്ത്രണ്ട് വർഷത്തിലൊരിക്കൽ കേരളത്തിന്റെ മാമങ്ക മഹോൽസവം കൊണ്ടാടിയിരുന്നുത്. പെരുമാക്കൻമാരായിരുന്നു ഇതിൽ ആദ്ധ്യക്ഷം വഹിച്ചിരുന്നവർ. ഈ ഉന്നത പദവി പിന്നീട് വള്ളുവക്കോനാതിരിക്കാണ് ലഭിച്ചത്. സ്വന്തമായി ശക്തിയാർജ്ജിച്ചതോടെ തിരുന്നാവായ പിടിച്ചടക്കുവാനും മാമാങ്കത്തിന്റെ സംപൂജ്യ പദവി കരസ്ഥമാക്കുവാനും അങ്ങനെ കേരളപെരുമാളായി തിരുവാനും സാമൂതിരി ആഗ്രഹിച്ചു.

സാമൂതിരിയുടെ ഉയർച്ചക്ക് പ്രധാന കാരണം, കോഴിക്കോട് തുറമുഖത്തിന്റെ അനിതരസാധാരണമായ വളർച്ചയായിരുന്നു. മലബാർ തീരത്തെ കച്ചവടവും, സമുദ്രാന്തരീയ വാണിജ്യവും കുത്തകയാക്കിയിരുന്നവർ ഏഴാം നൂറ്റാണ്ട് മുതൽക്ക് പ്രബലശക്തിയായി മാറിയിരുന്ന അറബി നാവികരും, മലബാറിൽ അവരുടെ സഹായികളായി വർത്തിച്ചിരുന്ന മുസ്ലിംകളുമായിരുന്നു. തന്റെ സകല അഭിവൃദ്ധിക്കും മുസ്ലിംകളുമായുള്ള ബന്ധമാണ് അഭികാമ്യമെന്ന് മനസ്സിലാക്കിയിരുന്ന സാമൂതിരിയാകട്ടെ അവർക്ക് എല്ലാവിധ പദവിയും സഹായവും നൽകി ആദരിക്കുകയും ചെയ്തു. സാമൂതിരിയുടെ വാണിജ്യവ്യാപാരങ്ങൾ നടത്തിയിരുന്നത് മുസ്ലിംകളാണ്. അവരിൽ നിന്നും പ്രധാനിയെ സാബന്തർക്കോയ എന്ന പദവി നൽകി തുറമുഖത്തിന്റെ അധിപതിയായി നിയമിക്കുകയും ചെയ്തിരുന്നു. മുസ്ലിംകളുടെ ആത്മീയ നേതൃത്വം ഉണ്ടായിരുന്ന കോഴിക്കോട് ഖാസിയെ സാമൂതിരിയുടെ പ്രധാന ഉപദേശകൻമാരിൽ ഒരാളായി ബഹുമാനിക്കുകയും ചെയ്തു. മുസ്ലിംകളാകട്ടെ, സാമൂതിരിയുടെ സൗഹൃദത്തിന് പ്രത്യുപകാരമായി അദ്ദേഹത്തെ ആളും അർത്ഥവും കൊണ്ട് സഹായിക്കുവാൻ തയ്യാറായി. അതിന്റെ ഫലമായിട്ടാണ് വള്ളുവകോനാതിരിയുടെ ആസ്ഥാനമായ തിരുന്നാവായ പിടച്ചടക്കുവാനും മാമാങ്കത്തിന്റെ അദ്ധ്യക്ഷപദവി കൈവശപ്പെടുത്തുവാനും സാധിച്ചത്. ഇതോടെ സാമൂതിരി സമാദരണീയനും പ്രബലനുമായ ഭരണാധികാരിയായും വളർന്നു.

തിരുന്നാവായ നഷ്ടപ്പെട്ടതും മാമാങ്കം മഹോൽസവത്തിന്റെ അദ്ധ്യക്ഷ പദവി പോയതും വള്ളുവകോനാതിരിക്ക് ഒരിക്കലും സഹിക്കാൻ സാധിക്കുന്ന കാര്യമായിരുന്നില്ല. 12 വർഷം കൂടുമ്പോൾ നടന്നിരുന്ന മാമാങ്ക മഹോൽസവകാലത്ത് ചാവേർപ്പടകളെ അയച്ച് സാമൂതിരിയുടെ അധിശാധികാരത്തെ ചോദ്യം ചെയ്യുന്ന പതിവ് വെള്ളാട്ടിരി ആവർത്തിച്ചുകൊണ്ടിരുന്നതായി തെളിവുകളുണ്ട്. 1666ൽ നടന്ന മാമാങ്കത്തിന്റെ ദൃക്സാക്ഷി വിവരണം അന്നിവിടെയുണ്ടായിരുന്ന ഹാമിൽട്ടൺ നൽകുന്നുണ്ട്. ഈ വിജയത്തോടുകൂടി മറ്റു ചെറുകിട രാജാക്കൻമാരുടെ അധിശത്വം അനായാസേന കരസ്ഥമാക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. പൊന്നാനി മുതൽ ചേറ്റുവ വരെയുള്ള സ്ഥലങ്ങളിലെ തലപ്പിള്ളി രാജാക്കൻമാർ യാതൊരു എതിർപ്പുമില്ലാതെ സാമൂതിരിയുടെ സാമന്തരായി. വള്ളുവനാടിന്റെ ഭാഗമായിരുന്ന പൊന്നാനി കൈവശപ്പെടുത്തിയ അദ്ദേഹം വെന്നേരി ചിത്രകൂടത്തിലെ പെരുമ്പടപ്പ് സ്വരുപത്തെ (കൊച്ചി രാജാക്കൻമാർ) അവിടെ നിന്നും ഒഴിഞ്ഞു പോകുവാൻ നിർബന്ധരാക്കി. 15-ാം നൂറ്റാണ്ടായപ്പോഴേക്കും മലബാറിലെ എല്ലാ നാടുവാഴികളും സാമൂതിരിയുടെ ആജ്ഞാനുവർത്തികളായി തീർന്നിരുന്നു.

കൊച്ചി രാജാക്കൻമാർ പൂണൂൽ ധാരികളായ ക്ഷത്രിയരായിരുന്നു. അവസാനത്തെ പെരുമാളുടെ ഭാഗിനേയൻ എന്ന നിലക്കും ജാതിമേൻമ നിമിത്തവും നാമമാത്രമായിട്ടാണെങ്കിലും മറ്റു രാജാക്കൻമാരുടെയെല്ലാം മേൽക്കോയ്മാവകാശവും പെരുമ്പടപ്പ് സ്വരുപത്തിനുണ്ടായിരുന്നു. എന്നാൽ കേരളപ്പെരുമാൾ എന്ന സംപൂജ്യപദവി കൈവരിക്കണമെന്നാഗ്രഹിച്ചിരുന്ന സാമൂതിരിയാകട്ടെ കൊച്ചിരാജാക്കൻമാരുടെ ആസ്ഥാനമായിരുന്ന വെന്നേരിയിൽ നിന്നും തിരുവഞ്ചിക്കുളത്തേക്കും, പിന്നീട് അവിടെ നിന്നും കൊച്ചിയിലേക്കും മാറിതാമസിക്കുവാൻ നിർബന്ധരാക്കി. കൊച്ചിയെ തന്റെ മേൽക്കോയ്മയിൽ കൊണ്ടുവരികയെന്ന ഉദ്ദേശ്യം സഫലീകരിക്കുവാനുള്ള സൗകര്യം ഈ സന്ദർഭത്തിൽ അദ്ദേഹത്തിന് ലഭ്യമാകുകയും ചെയ്തു. കൊച്ചി രാജകുടുംബത്തിലുണ്ടായ ആഭ്യന്തര വഴക്കാണ് സാമൂതിരിക്ക് ഈ അവസരം നൽകിയത്. അക്കാലത്ത് പല താവഴികളായി

തിരിഞ്ഞിരുന്ന കൊച്ചി രാജകുടുംബത്തിലെ ഇളയ താവഴിയിലെ രാജാവായിരുന്നു ഭരണം നടത്തിയിരുന്നത്. ഇതിനെതിരായി മൂത്ത താവഴി സാമൂതിരിയുടെ സഹായം അഭ്യർത്ഥിച്ചു. കിട്ടിയ അവസരം പാഴാക്കാതെ സാമൂതിരി തന്റെ സൈന്യവുമായി പുറപ്പെടുകയും നാടുവാണിരുന്ന കൊച്ചി രാജാവിനെ പരാജയപ്പെടുത്തി തൃശ്ശൂർ കൊട്ടാരം കൈവശപ്പെടുത്തുകയും ചെയ്തു. മൂത്തതാവഴിയിലെ രാജാവിനെ സിംഹാസനത്തിൽ അവരോധിക്കുകയും ഉണ്ടായി. ഈ രാജാവ് സാമൂതിരിയുടെ മേൽക്കോയ്മ അംഗീകരിക്കുകയും, ആണ്ടുതോറും കപ്പം നൽകി സാമന്തനായി വർത്തിക്കാമെന്ന് സമ്മതിച്ചതിന് പുറമേ, സാമൂതിരിയുടെ യുദ്ധാവശ്യങ്ങൾക്ക് സൈനികസഹായം ചെയ്യാമെന്നും രാജ്യത്തുണ്ടാകുന്ന കുരുമുളകും, മറ്റ് കയറ്റുമതി ഉൽപ്പന്നങ്ങളും കോഴിക്കോട് തുറമുഖത്തുകൂടി മാത്രമേ വ്യാപാരം നടത്തുകയുള്ളൂവെന്നും കരാർ പ്രകാരം സമ്മതിക്കുകയും ചെയ്തു. ഇതേതുടർന്ന് പാലക്കാട് രാജാവിന്റെ നടുവട്ടവും, വേങ്ങനാട് നമ്പിടിമാരുടെ കൊല്ലങ്കോടും അദ്ദേഹം പിടിച്ചടക്കി. 15-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ കേരളത്തിലെ അപ്രതിരോധ്യ ശക്തിയായി അദ്ദേഹം വളർന്നിരുന്നു.

*പെരുമ്പടപ്പ് സ്വരൂപം.*

കൊച്ചി ഗ്രന്ഥാവരിയിലും കേരളോൽപ്പത്തിയിലും കാണുംവിധം ആണെങ്കിൽ പെരുമ്പടപ്പ് സ്വരൂപത്തിലെ പൂർവ്വികൻ അവസാനത്തെ പെരുമാളുടെ ഭാഗിനേയനാണ്.6. ക്ഷത്രിയ വംശജരായ ഇവർക്ക് കേരളത്തിലെ മറ്റ് രാജാക്കൻമാരെക്കാൾ ജാതീയമായ മേൻമ ഉണ്ടായിരുന്നു. പെരുമാൾ തന്റെ ഉറ്റവർക്കും ഉടയവർക്കുമായി അധികാരകൈമാറ്റം നടത്തിയപ്പോൾ സ്വന്തം അനന്തിരവന് തന്റെ ആസ്ഥാനമായ മഹോദയപുരവും, താൻ നേരിട്ട് കൈകാര്യം ചെയ്തിരുന്ന പ്രദേശവും, പെരുമ്പടപ്പ് നമ്പൂതിരിക്ക് നൽകുകയും തനിക്ക് മറ്റുള്ളവരിലുണ്ടായിരുന്ന മേൽക്കോയ്മാവകാശവും ക്ഷേത്ര സംരക്ഷണത്തിനുള്ള കോവിലധികാരിയെന്ന സ്ഥാനവും നൽകിയിരുന്നു. അങ്ങനെ തുടക്കത്തിൽ പെരുമാളുടെ യഥാർത്ഥ പിൻഗാമിയെന്ന നിലയ്ക്ക് കേരളത്തിലെ മറ്റു സ്വരൂപികളെല്ലാം നാമമാത്രമായിട്ടാണെങ്കിലും പെരുമ്പടപ്പിന്റെ മേൽക്കോയ്മ അംഗീകരിക്കുകയും ചെയ്തു. എന്നാൽ ഇന്ന് പ്രചാരത്തിലിരിക്കുന്ന കേരളചരിത്രപാഠപുസ്തകത്തിൽ ഈ പെരുമ്പടപ്പ് രാജാക്കൻമാരെ ഒഴിവാക്കിക്കൊണ്ട് അവരെ യത്രയും പുതുതായി ഇളംകുളം കണ്ടുപിടിച്ച രണ്ടാം ചേര സാമ്രാജ്യത്തിന്റെ അധിപതികളായി അവരോധിച്ചിരിക്കുന്നു.

ഇത് മനഃപൂർവ്വമായി കെട്ടിച്ചമച്ചതാണെന്ന് നാം മുൻ അദ്ധ്യായത്തിൽ നിരൂപിച്ചിട്ടുണ്ട്. കൊച്ചിൻ ഗ്രന്ഥാവരിയിൽ പറയുന്നത് രാജ്യം അംശിച്ച് നാടുവാഴികൾക്ക് നൽകിയശേഷം, "തന്റെ അഞ്ച് ഭാഗിനേയിമാരിൽ രണ്ടാമത്തവരുടെ മകനായിരിക്കും ഗോകർണ്ണം മുതൽ കന്യാകുമാരി വരെയുള്ള ദേശങ്ങളുടെ പരമാധികാരിയെന്നും തന്റെ ഈ അനന്തിരവനോട് എല്ലാവരും കൂറുള്ളവർ ആയിരിക്കണമെന്നും," അരുളി ചെയ്തിരുന്നുവെന്നുമാണ്.7. എല്ലാ ശിവരാത്രിയിലും ഈ 34 പ്രധാനികൾ നേരിട്ടോ അവരുടെ പ്രതിനിധികളെ അയച്ചോ തിരുവഞ്ചിക്കുളം ക്ഷേത്ര സന്നിധിയിലെത്തി 57 മുതൽ 360 വരെ അച്ചുരാശി കാണിക്കവെക്കണമെന്നും കൽപ്പിച്ചിരുന്നു.8. പെരുമ്പടപ്പിന്റെ ആസ്ഥാനം പൊന്നാനിക്കടുത്ത് വെന്നേരിയായിരുന്നു. കിരീടംവെച്ച് വാഴ്ച നടത്തിയിരുന്നത് അവിടെ ചിത്രകൂടത്തിലും, സിംഹാസനാരോഹണം തൃക്കരൂർക്കരയെന്ന (തൃക്കാക്കര) സ്ഥലത്തു വെച്ചുമാണ് നടത്തിപ്പോന്നിരുന്നത്. ഈ രണ്ടവസരത്തിലും അക്കാലത്തെ 64 ഗ്രാമങ്ങളിലെ പ്രതിനിധികളും 34 സ്വരൂപികളും നിർബന്ധമായും സംബന്ധിക്കണമെന്ന് വ്യവസ്ഥയും ചെയ്തിരുന്നു. എ. ഗോവിന്ദ വാര്യരും, ഡോ.കെ. ഗോദവർമ്മയും, വി.കെ. രാമമേനോനുമൊക്കെ 1940കളിൽ രാമവർമ്മ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ബുള്ളറ്റിനുകളിൽ പെരുമ്പടപ്പ് സ്വരൂപത്തിന് മറ്റുള്ള സ്വരൂപികളുടെമേൽ നാമമാത്രമായിട്ടാണെങ്കിലും ഉണ്ടായിരുന്ന മേൽക്കോയ്മാധികാരത്തെക്കുറിച്ചുള്ള തെളിവുകൾ വേണ്ടുവോളം ഹാജരാക്കിയിട്ടുമുണ്ട്. മുൻ അദ്ധ്യായത്തിൽ ഇവയെല്ലാം ക്രോഡീകരിക്കുവാൻ ശ്രമിച്ചിട്ടുള്ളതുകൊണ്ട് ഇവിടെ അതാവർത്തിക്കുന്നില്ല. ഒരുകാര്യം തീർച്ച. കൊച്ചി രാജവംശത്തിന്റെ ആദ്യകാല ചരിത്രം നിഷ്കൃഷ്ടമായ പഠനത്തിന് വിധേയമാക്കിയാൽ മാത്രം മതി ഇന്ന് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന രണ്ടാം ചേര സാമ്രാജ്യമെന്ന മിഥ്യാസങ്കൽപ്പം തകർന്ന് തരിപ്പണമാകുവാൻ.

വിധിവൈപരീത്യം എന്നുപറയട്ടെ, പെരുമാൾ വാഴ്ചയ്ക്കുശേഷം സ്വതന്ത്രരായി തീർന്ന നാട്ടരചൻമാരിൽ പ്രബലമായി വളർന്നത് കോഴിക്കോട്ടെ സാമൂതിരിയായിരുന്നു. കച്ചവടാഭിവൃദ്ധിയും തദ്വാരയുണ്ടായ സാമ്പത്തിക ഉൽക്കർഷവും വിശ്വസ്ത സേവകരായി അദ്ദേഹത്തിന് ലഭിച്ച അറബി-മാപ്പിള വ്യാപാര സമൂഹവും സാമൂതിരിയെ 13-ാം നൂറ്റാണ്ട് അവസാനമായപ്പോഴേക്കും കേരളത്തിലെ ഏറ്റവും വലിയ സാമ്രാജ്യാധിപതിയായി മാറ്റിയിരുന്നു. മാമാങ്കത്തിന്റെ അദ്ധ്യക്ഷപദവി ലഭിച്ചതോടുകൂടി കേരളപ്പെരുമാൾ ആകുവാനുള്ള അദ്ദേഹത്തിന്റെ ഒടുങ്ങാത്ത അഭിലാഷം മറ്റു ചെറുകിട രാജാക്കൻമാർക്കൊക്കെ ഭീഷണിയായി. പെരുമ്പടപ്പ് സ്വരൂപവും അതിൽനിന്നും ഒഴിവാക്കപ്പെട്ടില്ല. തങ്ങളുടെ ആസ്ഥാനമായ വെന്നേരിയിൽനിന്നും തിരുവഞ്ചിക്കുളത്തേക്കും, പിന്നീട് കൊച്ചിയിലേക്കും സ്വരക്ഷാർത്ഥം അവർക്ക് പിൻമാറേണ്ടതായും വന്നു.

ഇക്കാലമായപ്പോഴേക്ക് പെരുമ്പടപ്പ് സ്വരൂപം മൂത്തതാവഴി, ഇളയതാവഴി, പള്ളുരുത്തി താവഴി, മാടത്തുങ്കൽ അഥവ മുരിങ്ങൂർ താവഴി, ചാഴൂർ താവഴി എന്നിങ്ങനെ അഞ്ച് താവഴികളായി പിരിഞ്ഞിരുന്നു. ഓരോ താവഴിക്കും

പ്രത്യേകം പ്രത്യേകം ആസ്ഥാനങ്ങളും, വസ്തുവകകളും നായർ സൈന്യങ്ങളും ഉണ്ടായിരുന്നു. എല്ലാ താവഴികളിൽ നിന്നും മൂത്ത ആളാണ് രാജാവാകുക. എന്നാൽ കൂടുതൽ പ്രായാധിക്യം വരുന്ന രാജാക്കൻമാർ സ്ഥാനമൊഴിഞ്ഞ് അടുത്ത അവകാശിക്ക് നൽകുന്ന പതിവും നിലനിന്നു. ഇത് താവഴികൾ തമ്മിൽ സംഘർഷത്തിനും സംഘട്ടനത്തിനും ഇടവരുത്തി.9. കൊച്ചിയെ തൻെറ അധീശത്വത്തിൻ കീഴിൽ കൊണ്ടുവരുവാൻ ആഗ്രഹിച്ചിരുന്ന സാമൂതിരിക്ക് താവഴികൾ തമ്മിലുള്ള വഴക്കിൽ ഇടപെടുവാൻ അവസരം ലഭിച്ചു. രാജാധികാരം നിഷേധിക്കപ്പെട്ട മൂത്തതാവഴിയിലെ അവകാശി അന്ന് രാജാവായിരുന്ന ഇളയതാവഴിക്കെതിരായി സാമൂതിരിയുടെ സഹായം തേടി. കൈയ്യിൽ വന്ന അവസരം മുതലെടുത്തുകൊണ്ട് സാമൂതിരി കൊച്ചി രാജ്യത്തേക്ക് പ്രവേശിക്കുകയും കൊച്ചി ഭരണാധിപനെ പരാജയപ്പെടുത്തുകയും ചെയ്തു. മൂത്ത താവഴിയുമായുണ്ടാക്കിയ കരാർ കേരളപ്പഴമയിൽ ഇങ്ങനെ വിവരിച്ചിരിക്കുന്നു. "അന്ന് പെരുമ്പടപ്പ് സ്വരൂപം സാമൂതിരിയുടെ മേൽക്കോയ്മ അടങ്ങിപാർത്തു. അതുകൊണ്ട് കൊച്ചിയിൽ കച്ചവടം ഒടുങ്ങിപ്പോയി. മുളക് മുതലായത് വിൽപ്പാൻ കോഴിക്കോട്ട് അയക്കേണം എന്ന കൽപ്പനയുണ്ടു. കപ്പലോട്ടം ഇനി നസ്രാണികൾക്കല്ല, ചോനക മാപ്പിളമാർക്കേ ചെയ്തു നടക്കാവൂ. പുതിയവൻെറ (പുതിയ രാജാവിൻെറ) അഭിഷേകത്തിന് സാമൂതിരിയുടെ കൽപ്പന ആവശ്യം. സാമൂതിരി നാട് വലംവയ്ക്കുമ്പോൾ കൊച്ചിയിൽച്ചെന്ന് പെരുമ്പടപ്പിലെ നായൻമാരെക്കൊണ്ട് നിരൂപിച്ചു പടക്ക് കൂട്ടിക്കൊണ്ടുപോകും. തിരുമനസ്സിൽ തോന്നിയാൽ തമ്പുരാനെ മാറ്റുകയും ചെയ്യും."10.

ഇതിനുശേഷം പോർച്ചുഗീസുകാരുടെ സംരക്ഷണയിൽ ആകുന്നതുവരെ കൊച്ചി, സാമൂതിരിയുടെ ഒരു സാമന്തരാജ്യമായി തുടരേണ്ടതായിട്ടാണ് വന്നുകൂടിയത്. മലബാറിൽ കൊച്ചിയുമായി ബാന്ധവത്തിലുണ്ടായിരുന്ന നടുവട്ടം, ചിറ്റൂർ, നെൻമാറ, വടക്കാഞ്ചേരി, തുടങ്ങിയ സ്ഥലങ്ങൾ സാമൂതിരി കൈവശപ്പെടുത്തുകയും ചെയ്തു. പോർച്ചുഗീസുകാരുടെ ആഗമനകാലത്ത് കൊച്ചിയുടെ സ്ഥിതി ബർബോസ വിവരിക്കുന്നത് ഇപ്രകാരമാണ്. "പോർച്ചുഗീസുകാർ ഇന്ത്യ കണ്ടുപിടിക്കുന്നതിനു മുമ്പ് കൊച്ചി രാജാവ് ഒരു രാജാവേ ആയിരുന്നില്ല. കോഴിക്കോട് സാമൂതിരിമാർ കൊച്ചിയെ സ്ഥിരം ആക്രമിച്ചുകൊണ്ടിരിക്കുകയും അവിടത്തെ ഭരണാധിപനെ പുറത്താക്കുകയും ചെയ്യുക സ്ഥിരം പതിവായിരുന്നു. ചില സന്ദർഭത്തിൽ അവർക്ക് തോന്നുന്നുവെങ്കിൽ പുറത്താക്കിയ രാജാവിനെ തന്നെ വീണ്ടും അവിടെ അവരോധിച്ചിരുന്നു. കൊച്ചി രാജാവ് ഓരോ വർഷവും കുറേ ആനകളെ കപ്പമായി കൊടുക്കണമായിരുന്നു. നാണയങ്ങൾ അടിക്കുവാനോ, തൻെറ കൊട്ടാരം ഓട് മേയിക്കുവാനോ അദ്ദേഹത്തിന് അധികാരം ഉണ്ടായിരുന്നില്ല."6.

ജാതിയിൽ തന്നേക്കാൾ താണ സാമൂതിരിയുടെ അധീശത്വനുകം പേറിയിരുന്ന കൊച്ചി രാജാക്കൻമാർ സാമൂതിരിയോട് മനസ്സാവിദ്വേഷവും, പകയും പുലർത്തിപ്പോന്നിരുന്നവരാണ്. അതുകൊണ്ടാണ് വാസ്കോഡിഗാമ സാമൂതിരിയുമായി പിണങ്ങിപ്പിരിഞ്ഞപ്പോൾ അദ്ദേഹത്തെ രണ്ട് കൈകളും നീട്ടി കൊച്ചി രാജാവ് സ്വീകരിച്ച് കൊച്ചിയിൽ എല്ലാവിധ സൗകര്യങ്ങളും ചെയ്തു കൊടുത്തതും.

---

1. *Kerala Society Papers, Series VI, Thiruvananthapuram, 1913, Tarisapally Copper Plate, p.223.*
2. *Alexander Hamilton, New Account of the East Indies, 1739, Vol I, p. 410.*
3. *Board of Revenue, Madras, B,F-68-69, V. 288, June 29, 1801, pp. 2482-83.*
4. *പെരുമാക്കൻമാരുടെ മതപരിവർത്തനം എന്ന അദ്ധ്യായത്തിൽ ഇത് സംബന്ധമായി കൂടുതൽ വിവരങ്ങൾ നൽകിയിട്ടുണ്ട്.*
5. *K.V. Krishna Iyyer, The Zamorins of Kozhikode, p. 83.*
6. *Translation of a Record Grandhavari, Regional Archives, Ernakulam, 1916.*

★ *പ്രാചീന കേരളമെന്ന അദ്ധ്യായത്തിൽ ഇക്കാര്യം കൂടുതൽ വിശദീകരിച്ചിട്ടുണ്ട്.*

7. *Ibid, p.3.*

★. *അച്ചുരാശിപ്പണം തിരുവിതാംകൂറിലെ 10 ചക്രമോ, അഞ്ചണ നാല് പൈസയോ ആണ്.*

8. *Ibid.*
9. *C. Achutha Menon, The Cochin State Manual, 1912, Ernakulam, pp. 46-47.*
10. *കേരളപ്പഴമ, പുറങ്ങൾ 22-23.*

# XII ആലിരാജാക്കൻമാരുടെ അറക്കൽസ്വരൂപം

കണ്ണൂരിലെ അറക്കൽ രാജവംശത്തിൻെറ ഉൽഭവവും, വളർച്ചയും കേരളത്തിലെ ഐസ്ലാമിക പ്രചാരണവും പ്രവർത്തനവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. തിരുമേനിയുടെ കാലത്ത് കേരളത്തിലെത്തിയ ശൈഖ് സഹ്റുദ്ദീൻബ്നു തക്യുദ്ദീനും അദ്ദേഹത്തിൻെറ കൂടെയുണ്ടായിരുന്ന മറ്റ് രണ്ട് പേരുമാണ് ആദ്യത്തെ മുസ്ലിം മിഷണറിമാരെന്ന് നാം മുമ്പേ പറഞ്ഞിട്ടുള്ളതാണല്ലോ. അവരോടൊപ്പം ബാണപ്പെരുമാൾ മെക്കയിലേക്ക് പുറപ്പെടുമ്പോൾ തൻെറ ഇളയ സഹോദരിയായ ധർമ്മടത്തെ ശ്രീദേവിയുടെ മകൻ കോഹിനൂർ എന്ന രാജകുമാരനേയും തൻെറ കൂടെ കൊണ്ടുപോയിരുന്നു. പെരുമാളുടെ സഹയാത്രികരിൽ മറ്റു പ്രധാനികൾ ചാലിയത്ത്കാരും, അദ്ദേഹത്തിൻെറ വിശ്വസ്തരുമായിരുന്ന മുസ്സാമദുക്കാത്, നിലിഷിനാദ്, നിലിനിഷാദ്, സദിബാദ്, എന്നിവരും ഉൾപ്പെട്ടിരുന്ന. പ്രവാചക സന്നിധിയിലെത്തിയ സംഘം ഇസ്ലാമതം സ്വീകരിക്കുകയും മതപഠനവും മറ്റും നടത്തുന്നതിനായി കുറേക്കാലം അവിടെ താമസിക്കുകയും ചെയ്തു. മടക്കയാത്രയിൽ പെരുമാൾ ഷെഹർമുഖല്ലയിൽ മരണമടഞ്ഞു.

അൽപ്പം ഇടവേളയ്ക്കുശേഷം കോഹിനൂർ രാജകുമാരനും സംഘവും തിരിച്ചുപോന്നു. സെയ്ഫുദ്ദീൻ മുഹമ്മദലിയെന്ന പേരാണ് മതപരിവർത്തനം ചെയ്തിരുന്ന കോഹിനൂർ രാജകുമാരനുണ്ടായിരുന്നത്. ചാലിയത്ത് നിന്ന് പെരുമാളോടൊപ്പം പോയിരുന്നവർ ഹാജി മുസ്ത്തമദ്ഖാദ് അലി ഖാജ, ഹാജിനിലിഷിനാദ് അഹമ്മദ് ഖാജാ, ഹാജി നിലിനിഷാദ് ഉസ്മാൻ ഖാജ, ഹാജി സദിബാദ് ഹസ്സൻ ഖാജ എന്നി പേരുകളും സ്വീകരിച്ചിരുന്നു. രിഹ്‌ലാത്തുൽ മുലൂക്കിൽ പ്രസ്താവിക്കും പ്രകാരം ഇവർക്കുപുറമേ, മാലിക് ബ്നു ദീനാറിനോടൊപ്പം ശറഫ്ബ്നുമാലിക്കും, പുത്രനായ മാലിക്ബ്നു ഹബിബുമുൾപ്പെടെ അദ്ദേഹത്തിൻെറ പത്ത് പുത്രൻമാരും, അഞ്ച് പുത്രിമാരും മാലിക്ബ്നു ഹബീബിൻെറ പത്നി ഖമരിയ്യയും കുട്ടികളും ബന്ധുക്കളിൽ ഏതാനും പേരും 22 മതപണ്ഡിതൻമാരുമുണ്ടായിരുന്നു. 1. ഇവർ രണ്ട് പത്തേമാരികളിലായാണ് യാത്ര ചെയ്തിരുന്നത്. സെയ്ഫുദ്ദീൻ മുഹമ്മദലിയും സംഘവും ധർമ്മടത്ത് കപ്പലിറങ്ങി. തൻെറ മാതാവിൻെറ കൊട്ടാരത്തിലേക്ക് വിമതസ്ഥനായി തീർന്ന അദ്ദേഹം പോകാൻ മടിച്ചു. ധർമ്മടത്ത് അപ്പുവെന്ന അലക്കുകാരനിൽ നിന്നും കുറേ സ്ഥലം വിലയ്ക്കുവാങ്ങി അവിടെ പാർപ്പിടമുണ്ടാക്കി താമസിച്ചു. സെയ്ഫുദ്ദീൻ മുഹമ്മദലിയും, വിശ്വസ്ഥരായ ചാലിയത്ത്കാരും, ധർമ്മടത്ത് ഒരു പ്രാർത്ഥനാലയം നിർമ്മിക്കുകയും മാതൃകാപരമായ ജീവിതം നയിക്കുകയും ചെയ്തു. ഇസ്ലാമിക പ്രചാരണത്തിൽ സെയ്ഫുദ്ദീൻ മുഹമ്മദലി വഹിച്ച പങ്ക് അദ്വിതീയമാണ്.

അപ്പുവെന്ന അലക്കുകാരനും ഭാര്യയും മുസ്ലിംകളായി. അപ്പു, മാഹീൻ എന്ന പേര് സ്വീകരിച്ച് മുഹമ്മദലിയുടെ വിശ്വസ്ഥസേവകനായി മാറി. അവരുടെ കുടുംബ പേരായിരുന്നു അറക്കൽ എന്നത്. അതുപോലെ തൻെറ മാതാവ് ശ്രീദേവിയേയും, അരമനയിലെ ബന്ധുമിത്രാദികളേയും ഇസ്ലാമിലേക്കാകർഷിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. കേരളത്തിലെ നിരവധി രാജസ്ഥാനങ്ങളിലൊന്നായി അറക്കൽ രാജവംശവും നിലവിൽ വന്നു. അക്കാലത്ത് വളരെ കുറച്ച് സ്ഥലമേ ഇവർക്കുണ്ടായിരുന്നുള്ളു. രാജ്യവിസ്തൃതി നടത്തുവാനുള്ള യുദ്ധങ്ങൾക്കോ, ആക്രമണങ്ങൾക്കോ അദ്ദേഹം തുനിഞ്ഞില്ല. ഇസ്ലാമിക മതപ്രചാരണമായിരുന്നു അദ്ദേഹത്തിൻെറ പ്രധാന ലക്ഷ്യം. തൻെറ സഹചാരികളായിരുന്നവരും ചാലിയത്ത് നിന്ന് അറേബിയയിലേക്ക് വന്നിരുന്നവരുമായ നാല് പേരേയും അദ്ദേഹം തൻെറ മന്ത്രിമാരാക്കുകയും ചെയ്തു. അവർക്കും ജനങ്ങളുടെ ഇടയിൽ ഇസ്ലാമിക സന്ദേശം എത്തിക്കുവാനുള്ള അഭിവാഞ്ഛയാണ് മുന്നിട്ടുനിന്നിരുന്നത്. തൻമൂലം ധർമ്മടത്ത് പള്ളി പണിതതിനുശേഷം മാടായിയിലും ശ്രീകണ്ഠപുരത്തും പള്ളികൾ നിർമ്മിക്കുന്നതിനുള്ള ശ്രമങ്ങളാണ് അദ്ദേഹം നടത്തിയത്. ഇതിനിടയിൽ മാലിക്ബ്നു ദീനാറും സംഘവും കൊടുങ്ങല്ലൂർ കപ്പലിറങ്ങിയിരുന്നു. അവിടെ അവർക്ക് നാട്ടുകാരിൽ നിന്നും, ഭരണാധിപനിൽ നിന്നും ലഭിച്ച സ്വീകരണവും, പള്ളി പണിയുവാൻ കൊടുങ്ങല്ലൂരിൽ ലഭിച്ച സൗകര്യവും മുഹമ്മദലിയെ കൂടുതൽ ആവേശം കൊള്ളിച്ചു. അദ്ദേഹം തൻെറ മന്ത്രിമാരെ അയച്ച് മാലിക് ബ്നു ദീനാറിനെ ധർമ്മടത്തേക്ക് ക്ഷണിച്ചു. മാടായിയിലും, ശ്രീകണ്ഠപുരത്തും, വടക്കേ മലബാറിൽ മറ്റിടങ്ങളിലും പള്ളികൾ പണിയുവാൻ മാലിക്ബ്നു ദീനാറിനെ ആളും അർത്ഥവും നൽകി അദ്ദേഹം സഹായിച്ചിരുന്നു. ഇസ്ലാമിക സന്ദേശം ജനങ്ങളിൽ എത്തിക്കുവാനുള്ള ത്വരയാണ് അദ്ദേഹത്തെ രാജ്യവിസ്തൃതി ഉണ്ടാക്കുന്നതിൽ നിന്നും തടഞ്ഞുനിർത്തിയിരുന്നത്.

ഇക്കാലത്ത് മറ്റൊരു പ്രധാനസംഭവം അറക്കൽ രാജവംശത്തിൻെറ സുസ്ഥിരമായ നിലനിൽപ്പിന് ആധാരമായി, ഒരിക്കൽ അദ്ദേഹം ഏഴിമല കൊട്ടാരത്തിന് സമീപമുള്ള പുഴക്കരയിലൂടെ സഞ്ചരിക്കുമ്പോൾ പുഴയിൽ മുങ്ങിതാണു കൊണ്ടിരുന്ന ഒരു സ്ത്രീയുടെ കരച്ചിൽ കേട്ടു. ഒട്ടും മടിക്കാതെ പുഴയിൽച്ചാടി മരണവുമായി മല്ലടിച്ചിരുന്ന ആ സ്ത്രീയെ കരയ്ക്ക് കയറ്റി ജീവൻ രക്ഷിച്ചു. ചിറക്കൽ രാജകുടുംബത്തിലെ ഒരു രാജകുമാരിയായിരുന്നു അത്. ഉടയാടയെല്ലാം നഷ്ടപ്പെട്ടിരുന്ന അവർക്ക് തൻെറ മേൽമുണ്ട് നൽകി നഗ്നത

മറക്കുവാൻ സഹായിച്ചു. തൻെറ ജീവൻ രക്ഷിച്ച ആളെ ഭർത്താവായി സ്വീകരിക്കുവാൻ അനുവദിക്കണമെന്ന് രാജകുമാരി മാതാപിതാക്കളോട് പറഞ്ഞു. നഗ്നയായിരുന്ന താൻ അദ്ദേഹത്തിൽ നിന്നും പുടവ വാങ്ങിയാണ് മാനം രക്ഷിച്ചതെന്നും ഹൈന്ദവാചാര പ്രകാരം പുടവ നൽകിയ പുരുഷന് വിവാഹം ചെയ്തുകൊടുക്കുകയെന്ന ധർമ്മം പരിപാലിക്കണമെന്നും അവൾ ആവശ്യപ്പെട്ടു. ഒന്നുകിൽ ജാതിഭ്രഷ്ട് വന്ന ഈ പെൺകുട്ടിയെ പുറംതള്ളുകയോ, അല്ലെങ്കിൽ അവളുടെ ജീവൻ രക്ഷിച്ച ആൾക്ക് വിവാഹം ചെയ്തുകൊടുക്കുകയോ ചെയ്യുകയെന്നത് മാത്രമായിരുന്നു ചിറക്കൽ കുടുംബത്തിന് സ്വീകരിക്കാവുന്ന മാർഗ്ഗങ്ങൾ. അവിവാഹിതനായിരുന്ന മുഹമ്മദലി ഈ സ്ത്രീയുടെ നിസ്സഹായവസ്ഥ മനസ്സിലാക്കി അവളെ കല്യാണം കഴിക്കുകയും ചെയ്തു. ഇതേതുടർന്ന് ചിറക്കൽ രാജാവ് കണ്ണൂരും, പ്രാന്തപ്രദേശങ്ങളും അവൾക്ക് ദാനമായി നൽകി. അറക്കൽ രാജകുടുംബം അങ്ങനെയാണ് ധർമ്മടത്ത് നിന്നും ആസ്ഥാനം കണ്ണൂരിലേക്ക് മാറ്റുന്നത്. അവിടെ പുതിയ കൊട്ടാരവും അതിനോടനുബന്ധമായി ഒരു ജുമാമസ്ജിദും പണികഴിപ്പിച്ചു. രാജകുമാരി അറക്കൽ കൊട്ടാരത്തിലേക്ക് പോകുമ്പോൾ അവരുടെ അമ്മ ഒരു വിളക്ക് കെടാതെ സൂക്ഷിക്കുകയെന്ന ഉപദേശത്തോടുകൂടി നൽകിയിരുന്നു. തമ്പുരാട്ടി വിളക്കെന്നാണ് ഇതറിയപ്പെടുന്നത്. ഈ വിളക്ക് അറക്കൽ കൊട്ടാരത്തിൽ ഇന്നും കെടാതെ കത്തിച്ചു പോരുന്നുണ്ട്. അറക്കൽ രാജാക്കൻമാരെ ആലിരാജായെന്നും, രാഞ്ജിയെ വലിയ ബിവിയെന്നുമാണ് അഭിസംബോധന ചെയ്തിരുന്നത്. ഇങ്ങനെയാണ് ഈ രാജകുടുംബത്തിൻെറ ഉൽഭവമെന്നാണ് അറക്കൽ ഗ്രന്ഥാവരിയിൽ നിന്നും മനസ്സിലാകുന്നത്.2. അറക്കൽ രേഖകളിൽ കാണുന്നത് ആദ്യത്തെ രാജാവിൻെറ കിരീടധാരണം നടന്നത് കലിവർഷം 37, 39 ആയ എ.ഡി. 637ലാണെന്നാണ്.3.

എന്നാൽ കെ.പി. പത്മനാഭമേനോൻ ഈ കുടുംബത്തിൻെറ ഉൽഭവത്തെപ്പറ്റി മറ്റൊരു കഥയാണ് പറയുന്നത്. കോലത്തിരി രാജാവിൻെറ മന്ത്രിമാരിൽ ഒരാളായിരുന്ന അരയൻകുളങ്ങര നായർ മതം മാറി മുഹമ്മദലിയെന്ന പേര് സ്വീകരിച്ചുവെന്നും അദ്ദേഹത്തിന് കോലത്തിരി വംശത്തിൽപ്പെട്ട ഒരു രാജകുമാരിയെ വിവാഹം കഴിച്ചുകൊടുത്തുവെന്നും, അവരാണ് അറക്കൽ രാജവംശത്തിൻെറ സ്ഥാപകരെന്നും പ്രസ്താവിക്കുന്നുണ്ട്.4. ഇത് 12-ാം ശകതകത്തിലോ, 13-ാം ശതകത്തിലോ ആയിരിക്കുമെന്ന് പാഠപുസ്തക കർത്താവായ ശ്രീധരമേനോൻ ഊഹിക്കുന്നു.5. ഇത് തീരെ സ്വീകാര്യമായ അഭിപ്രായങ്ങളല്ല. ഹിജ്റ 36,126, 161 എന്നീ വർഷങ്ങളിൽ ഈ രാജകുടുംബം അടിച്ചിറക്കിയ നാണയങ്ങൾ അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നത് മറ്റേതൊരു ഊഹാപോഹത്തേക്കാളും ചരിത്രദൃഷ്ട്യാ സ്വീകാര്യമായിട്ടുള്ളത് പെരുമാളുടെ ഭാഗിനേയനായ മുഹമ്മദലി തന്നെയാണ് അറക്കൽ വംശം സ്ഥാപിച്ചതെന്നാണല്ലോ.

എന്നാൽ ഈ നാണയങ്ങളിൽ കാണുന്ന ഹിജ്റ വർഷം വെച്ച് കാലഗണന നടത്തുന്നത് ശരിയല്ലെന്നും, "ഈ നാണയങ്ങളിൽ അച്ചടിച്ചിരിക്കുന്ന അക്കങ്ങളുടെ ചുരുങ്ങിയ രൂപം നോക്കി അവയെ ചരിത്രപരമായ തെളിവുകളായെടുത്ത് പെട്ടെന്നൊരു തീരുമാനത്തിലേക്ക് എടുത്ത് ചാടരുതെന്നും" ശ്രീധരമേനോൻ മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നുണ്ട്.6. ഇത്തരം അഭിപ്രായപ്രകടനം നടത്തുവാനുള്ള ധാർഷ്ട്യം കാണിക്കുന്നത് ഒരുതരം മാനസിക വൈകൃതം മൂലമാണ്. സ്വന്തമായി നാണയം അടിച്ചിറക്കിയിരുന്നുവെന്നത് മാത്രം മതി ഈ സ്വരൂപം സ്വതന്ത്രരാജവംശമായിരുന്നുവെന്ന് തെളിയിക്കുവാൻ. എന്നാൽ ചിറക്കൽ രാജവംശവുമായി വളരെ സൗഹൃദബന്ധമാണ് ആദ്യകാലങ്ങളിൽ ഇവർക്കുണ്ടായിരുന്നത്. "രാജാവ് മരിച്ചാൽ കോലത്തിരി രാജധാനിയിൽ നിന്ന് ഒരു ശവക്കച്ച കൊണ്ടുവരുന്ന പതിവുണ്ടായിരുന്നു. അതുപോലെ തന്നെ കിരീടധാരണത്തിനും മറ്റും ആനയുടെ ആഭരണങ്ങൾ കോലത്തിരി കോവിലകത്ത് നിന്നാണ് കൊണ്ടുവരാറുള്ളത്"7. അറക്കൽ രാജകുടുംബം മരുമക്കത്തായക്കാരുമായിരുന്നു. ഇത് നായൻമാർ അനുസരിച്ച് പോരുന്ന സമ്പ്രദായമായിരുന്നുവല്ലോ. ഐസ്ലാമിക നിഷ്ഠയ്ക്ക് വിപരീതമായ ഈ ദായക്രമത്തിനും, ആചാരാനുഷ്ഠാനങ്ങൾക്കും പിന്നീട് ഖലീഫയിൽ നിന്നും അനുവാദം ലഭിച്ചിരുന്നതായി അറക്കൽ രേഖകളിൽ അറബിയിലുള്ള ഒരെഴുത്ത് വെളിപ്പെടുത്തുണ്ട്.8.

അറക്കൽ കൊട്ടാരത്തിലെ പ്രമാണം അനുസരിച്ച് ലഭിക്കുന്ന വംശാവലി താഴെപറയും പ്രകാരമാണ്.

1. മുഹമ്മദ് അലി ആദിരാജ.
2. ഹുസൈൻ അലി ആദിരാജ. ഹിജ്റ 64.
3. അലി മൂസ ആദിരാജ.
4. കുഞ്ഞിമൂസ ആദിരാജ കൊല്ലവർഷം 359-380 (1184-1205) - 21.
5. ആലി ബപ്പൻ ആദിരാജ. - 380-459 (1205-1284) - 79
6. ഈസാ അബൂബക്കർ ആദിരാജ - 459-540 (1284-1365) - 81
7. മുഹമ്മദ് അലി ആദിരാജ - 540-627 (1365-1452) - 87
8. അബൂബക്കർ അലി ആദിരാജ - 627-720 (1452-1545) - 93
9. ആലി ആദിരാജ - 720-766 (1454-1591) - 46
10. അബൂബക്കർ ആദിരാജ 766-782 (1591-1607) - 16
11. അബൂബക്കർ ആദിരാജ - 782-785 (1607-1610) - 3
12. മുഹമ്മദലി ആദിരാജ - 785-822 (1610-1647) - 37

| | | |
|---|---|---|
| 13. മുഹമ്മദലി ആദിരാജ | - | 822-830 (1647-1655) - 8 |
| 14. കമാൽ ആദിരാജ | | 830-831 (1655-1691) - 1 |
| 15. മുഹമ്മദലി | - | 831-866 (1656-1691) - 35 |
| 16. ആലി ആദിരാജ | | 866-879 (1691-1704) - 13 |
| 17. കുഞ്ഞി ഹംസ ആദിരാജ | - | 879-895 (1704-1720) - 16 |
| 18. മുഹമ്മദലി ആദിരാജ | - | 895-903 (1720-1728) - 8 |
| 19. ഹറമ്പിച്ചി കടവൂബി ആദി രാജാബീവി | - | 903-907 (1728-1732) - 4 |
| 20. ജുനുമാബി ആദിരാജാബീവി | - | 907-920 (1732-1745) - 13 |
| 21. കുഞ്ഞിഹംസ ആദിരാജ | - | 920-952 (1745-1777) - 32 |
| 22. ജുനുമാബി ആദിരാജാബി | - | 952-994 (1777-1819) - 42 |
| 23. മറിയംബി ആദിരാജാബി | - | 994-1013 (1819-1838) - 19 |
| 24. ഐഷാബി ആദിരാജാബീബി | - | 1013-1037 (1838-1862) - 24 |
| 25. അബ്ദുറഹിമാൻ ആലി ആദിരാജ | - | 1037-1045 (1862-1870) - 8 |
| 26. മൂസ അലി ആദിരാജാ | - | 1045-1074 (1870-1899) - 29 |
| 27. മുഹമ്മദ് അലി ആദിരാജാ | - | 1074-1082 (1899-1907) - 8 |
| 28. സുൽത്താൻ ഇമ്പിച്ചി ബിബി ആദിരാജാ | - | 1082-1086 (1907-1911) - 4 |
| 29. സുൽത്താൻ അഹമ്മദ് അലി ആദിരാജാ | - | 1086-1096 (1911-1921) - 10 |
| 30. സുൽത്താൻ അയിഷാ ബിബി ആദിരാജ | - | 1096-1106 (1921-1931) - 10 |
| 31. സുൽത്താൻ അബ്ദുറഹിമാൻ അലി ആദിരാജ | - | 1106-1121 (1931-1946) - 15 |
| 32. സുൽത്താൻ മറിയുമ്മ ബിബി ആദിരാജ | - | 1121-1132 (1946-1957) - 11 |
| 33. സുൽത്താൻ ആമിനാബീബി തങ്ങൾ ആദിരാജ | - | 1132 (1957) |
| 34. സുൽത്താൻ ഹംസ ആലിരാജ | - | 1957 മുതൽ |

ഇതിൽ 25-ാം നമ്പർ വരെയുള്ള പേരും കാലവും അറക്കൽ രേഖകളിൽ നിന്നും 1861 നവംബർ 19ന് മലബാർ കളക്ടറായിരുന്ന പി. ഗ്രാൻറ് എടുത്ത ശരിപകർപ്പിൽ നിന്നാണ്. 26 മുതൽ 34 വരെയുള്ളവ സമകാലിക രേഖകളിൽ നിന്നും തേടിപ്പിടിച്ച് ഡോ. കെ.കെ.എൻ. കുറുപ്പ് തയ്യാറാക്കിയിട്ടുള്ളതുമാകുന്നു.9.

ഒരു കാര്യം തീർച്ച. കേരളത്തിലെ രാജകുടുംബങ്ങൾ എല്ലാം തന്നെ കുടുംബ ബന്ധം ഉള്ളവരായിരുന്നു എന്നതിന് വടക്കൻ കോലത്തിരി മുതൽ തെക്കൻ കോലത്തിരി (വേണാട്) വരെയുള്ള രാജകുടുംബങ്ങൾ പുലർത്തിപ്പോന്നിരുന്ന പുലയും അനുഷ്ഠാനങ്ങളുമൊക്കെ അസന്നിഗ്ദ്ധമായി വെളിപ്പെടുത്തുന്ന വസ്തുതയാകുന്നു.10. അറക്കൽ കുടുംബവുമായി ചിറക്കൽ രാജാക്കൻമാർക്കുണ്ടായിരുന്ന ബന്ധവും വെറും സൗഹൃദത്തിൻെറ മാത്രമായിരുന്നില്ല. ചാർച്ചക്കാർ എന്ന സ്ഥിതിയിലുമായിരുന്നു. ഈ രക്തബന്ധത്തിൻെറ അഭേദ്യമായ സ്നേഹബന്ധം അയവിറത്തുകൊണ്ട് ചിറക്കൽ കുടുംബത്തിലെ മഹാപ്രഭ തമ്പുരാട്ടി അടുത്ത കാലത്ത് കമർറാം സജീവ് എന്ന ലേഖകനുമായി നടത്തിയ അഭിമുഖത്തിൽ പറഞ്ഞ കാര്യങ്ങൾ നമുക്ക് ഇതിനോടനുബന്ധമായി ചേർക്കാവുന്നതാണ്. "ഇവിടെ കൊച്ചു തമ്പുരാട്ടിമാർക്കാർക്കേലും പുടമുറിയണ്ടാവ്വാണേല് തമ്പുരാൻ തരക് അയയ്ക്കും. കല്യാണം അറിയിച്ചോണ്ട്." പരിചകളിയും, ദഫ്മുട്ടുമായി പഞ്ചസാരയും കാണിക്കയും പേറി അറക്കൽ നിന്നൊരു സംഘം ഘോഷയാത്രയായി എത്തും. കോവിലകത്ത് ആരെങ്കിലും തിപ്പെട്ടാൽ അറക്കൽ മുസ്ലിം രാജവംശം ചന്ദനക്കട്ടിയും പട്ടും കൊടുത്തയച്ച് ദുഃഖം പങ്കിടും.11. പറങ്കികളുടെ അധിനിവേശമുണ്ടായി അറബിക്കടൽ സംഘർഷപൂരിതമാകുന്നതിന് മുമ്പുവരെ ഈ കുടുംബവും, കോലത്തിരി വംശവും തമ്മിൽ അഭേദ്യമായ സൗഹൃദം നിലനിന്നിരുന്നു. കോഴിക്കോട് സാമൂതിരി ഏത് വിധമാണോ മുസ്ലിംകളോട് അനുവർത്തിച്ചിരുന്നത് അതുപോലെയുള്ള പരസ്പര സഹായ-സഹകരണത്തിൻെറ ധന്യമായ മമതാബന്ധമാണ്, നിരവധി നൂറ്റാണ്ടുകളിൽ മലബാറിലുടനീളം അലയടിച്ചിരുന്നത്. കോലത്തിരി രാജാക്കൻമാരുടെ മന്ത്രിമാരായും നാവിക പടയാളികളായും ഈ കുടുംബത്തിലെ മമ്മാലിമാർ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1342ൽ മലബാറിൽ വന്ന് വളരെക്കാലം ഇവിടെ ചുറ്റിക്കറങ്ങി നടന്ന ഇബ്നുബത്തൂത്തയെന്ന മൊറോക്കൻ സഞ്ചാരി പറയുന്നത്, "ദഹഫത്തനിൽ (വളപട്ടണം) 500 അടി നീളത്തിലും 300 അടി വീതിയിലും ചെങ്കല്ല് കൊണ്ട് പടുത്ത മനോഹരമായൊരു പള്ളിയുണ്ടെന്നാണ്. ............ ..........ഇവിടെ കോയിൽ രാജാവിൻെറ പൂർവ്വികരിൽ മുസ്ലിമായൊരു രാജാവ് പണിയിച്ചതാണത്രേ ആ പള്ളിയും കുളവും"12.

കണ്ണൂർ ഏറ്റവും നല്ല തുറമുഖപ്പട്ടണമായി വളർന്നു കഴിഞ്ഞിരുന്നു. ഗൾഫ് നാടുകളിൽ നിന്നുള്ള ഈന്തപ്പഴം, കാരക്ക തുടങ്ങിയവയുടെ ഇറക്കുമതി കുത്തക ആലി രാജാക്കൻമാർക്കായിരുന്നു. ബോംബെ, ഗുജറാത്ത്, കൽക്കട്ട, ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിലൊക്കെ കണ്ണൂർ രാജാക്കൻമാരുടെ കപ്പലുകൾ കയറ്റിറക്കുമതി വ്യാപാരം തകൃതിയായി നടത്തിയിരുന്നതിൻെറ ഫലമായി വടക്കേ മലബാറിലെ ചെറുകിട രാജാക്കൻമാരിൽ സമ്പത്ത് കൊണ്ടും, സൈനിക ശേഷികൊണ്ടും, പ്രബലത്തായിതീർന്നത് അറക്കൽരാജാക്കൻമാരായിരുന്നു. കുരുമുളക്, വെറ്റില, അടയ്ക്ക, കാപ്പി, ഏലം, ഈട്ടി, തേക്ക് എന്നിവയായിരുന്നു പ്രധാന കയറ്റുമതിയിനങ്ങൾ. നല്ലൊരു നാവിക സൈന്യം ഉണ്ടായിരുന്ന അവർക്ക് എ.ഡി. 1183-84 ഓടുകൂടി മഹൽദ്വീപ് കീഴടക്കുവാൻ പ്രയാസം നേരിട്ടില്ല. അതുപോലെ ലക്ഷദ്വീപുകളുടെ ആധിപത്യം അറക്കൽ രാജവംശത്തിനായിരുന്നു. ഇതിനെ ചൂണ്ടി ലോഗൻ എഴുതുന്നത് ഇപ്രകാരമാണ്. "മാലദ്വീപുകളും, ലക്ഷദ്വീപുകളുമായി കണ്ണൂർ രാജകുടുംബത്തിനുള്ള ചിരപുരാതന ബന്ധത്തിൻെറ സ്ഥിരീകരണമായി മറ്റൊരു സുപ്രധാന ചരിത്ര വസ്തുത കൂടിയുണ്ട്. മിനിക്കോയിയെ ലക്ഷദ്വീപുകളിൽ നിന്നും വേർതിരിച്ച് നിർത്തുന്ന ഉൾക്കടൽ, 18-ാം നൂറ്റാണ്ടിൻെറ അവസാനം വരെ അറിയപ്പെട്ടിരുന്നത് മമ്മാലിച്ചാനൽ എന്ന പേരിലായിരുന്നു."13. അറബിക്കടലിൻേറയും, മാലദ്വീപ്, ലക്ഷദ്വീപ് തുടങ്ങിയവയുടേയും അധിപതികളായിരുന്നതിനാൽ ഇവരെ ആഴി (സമുദ്രം) രാജാക്കൻമാർ എന്ന് പറഞ്ഞുപോന്നിരുന്നുവെന്നും അതിൽ നിന്നുമായിരിക്കാം ആലിരാജായെന്ന സ്ഥാനപ്പേര് ഉൽഭവിച്ചതെന്നുവരെ പറഞ്ഞുവരുന്നുണ്ട്.

ഏതായാലും മലബാറിലെ മുസ്ലിംകളുടെ പൂർണ്ണമായ നേതൃത്വം ഇവർക്കുണ്ടായിരുന്നു. മലബാർ മാപ്പിളമാർ അവരുടെ ശക്തി കേന്ദ്രമായി കണ്ടിരുന്നതും കണ്ണൂർ സ്വരൂപത്തെ ആയിരുന്നുതാനും. മാടായി, കണ്ണൂർ, ഇസിങ്കപ്പള്ളി, മാട്ടൂൽപ്പള്ളി, കണ്ണൂർ മുഹയ്ദ്ദീൻപള്ളി, ധർമ്മടം പള്ളി എന്നിവയുടെ മേൽനോട്ടവും ഖാസിമാരെ നിയമിക്കുവാനുള്ള അധികാരങ്ങളും അവർക്കായിരുന്നു. പോർച്ചുഗീസുകാരെ മലബാർ തീരത്തു നിന്നും അടിച്ചോടിക്കുവാൻ ഇവർ അനവരതം പൊരുതുകയും അളവറ്റ ആളും അർത്ഥവും ക്രൂശിക്കുകയും ചെയ്തിട്ടുണ്ട്. പറങ്കികൾക്കെതിരായി മലബാർ തീരത്ത് നടന്നിട്ടുള്ള എല്ലാ ഏറ്റുമുട്ടലുകളിലും, നാവിക യുദ്ധങ്ങളിലും ഇവരും ഭാഗഭാക്കുകളായിരുന്നു. മലബാറിലെ ചെറുകിട രാജാക്കൻമാരിൽ പലരും പറങ്കികളുടെ പക്ഷത്ത് കൂടി കണ്ണൂരിനെ പ്രതിരോധിക്കുകയോ, ചിലപ്പോൾ ആലിരാജായുടെ സൈന്യത്തോടൊപ്പം പറങ്കികളുമായി സംഘട്ടനത്തിൽ ഏർപ്പെടുകയോ ചെയ്തുകൊണ്ടിരുന്നു. ചിറക്കൽ രാജാവുൾപ്പെടെയുള്ള മലബാറിലെ രാജാക്കൻമാരുമായുണ്ടായിരുന്ന കണ്ണൂരിൻെറ ബന്ധം ഇതിൻെറ അടിസ്ഥാനത്തിലായിരുന്നുതാനും.

പറങ്കികളുമായുണ്ടായിരുന്ന യുദ്ധങ്ങളിൽ കണ്ണൂരിനെ പണവും സൈന്യവും കൊണ്ട് കോലത്തിരി രാജാക്കൻമാർ സഹായിച്ച സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ നാവിക വീരനായ വലിയ ഹസ്സനെ വാസ്കോഡിഗാമയ്ക്ക് കോലത്തിരി പിടിച്ചേൽപ്പിക്കുകയും പറങ്കികൾ അയാളെ നിർദ്ദയം വധിക്കുകയും ചെയ്തതോടെ കണ്ണൂരും, ചിറക്കലും തമ്മിലുണ്ടായിരുന്ന സൗഹൃദം തകർന്നു. വലിയ ഹസ്സനാകട്ടെ പുകഴ്പെറ്റ വ്യാപാരപ്രമുഖനും അറക്കൽ കുടുംബവുമായി അടുത്ത ബന്ധമുള്ള ആളുമായിരുന്നു. ഇതേതുടർന്ന് നിരവധി ഏറ്റുമുട്ടലുകളും തുറന്ന സംഘട്ടനങ്ങൾ തന്നേയും കണ്ണൂരും ചിറക്കലുമായിട്ടുണ്ടായി. ഈ സംഘട്ടനങ്ങളിലൊക്കെ ഇവിടെയുണ്ടായിരുന്ന ഫ്രഞ്ചുകാരും, ലന്തക്കാരും, ഇംഗ്ലീഷുക്കാരും മാറിമാറി ഏതെങ്കിലും പക്ഷം പടിച്ച് യുദ്ധങ്ങളിൽ പങ്കുചേരുകയും തങ്ങളുടെ നിക്ഷിപ്ത താൽപ്പര്യസംരക്ഷണം നടത്തുകയും ചെയ്തിരുന്നതായി കാണാം. 1718ൽ കോലത്തിരിയുടെ നായർ യോദ്ധാക്കളും, ആലിരാജായുടെ സൈന്യങ്ങളും തമ്മിൽ നടന്ന ഘോരമായ സംഘട്ടത്തിൻെറ ഫലമായി കണ്ണൂരിലെ ലന്തക്കമ്പനിക്ക് യാതൊരുവക വ്യാപാരവും ചെയ്യുവാൻ സാധിക്കാതെ നിശ്ചലമാകേണ്ടതായി വന്നുകൂടിയെന്ന് ഗവർണ്ണർ മോയൻസ് രേഖപ്പെടുത്തിയിട്ടുണ്ട്. അന്നുണ്ടായിരുന്ന സന്ധിയില്ലാത്ത സംഘട്ടനങ്ങളുടെ ഉൽഭവമാകട്ടെ, ഒരു മുസ്ലിം പണ്ഡിതനെ അകാരമണായി ഹനിച്ചതായിരുന്നുവെന്നും കാണുന്നു.14. 1721ൽ നടന്ന യുദ്ധത്തിൽ ലന്തക്കാർ ആലിരാജയേയും, ഇംഗ്ലീഷുകാർ കോലത്തിരിയേയും സഹായിച്ചു. സാമൂതിരിയും, ലന്തക്കാരും, ഇംഗ്ലീഷുകാരും തമ്മിൽ ഇവരുടെ ഈ സംഘട്ടനങ്ങൾ അവസാനിപ്പിക്കുവാൻ അനുരഞ്ജനശ്രമം നടത്തിയിരുന്നുവെങ്കിലും യുദ്ധം 1732 വരെ നീണ്ടുപോയി. താൽക്കാലിക വിരാമം ഉണ്ടാകുന്നതാകട്ടെ ചിറക്കൽ രാജ്യത്തിൻെറ ഉത്തരാതിർത്തിയിൽ കിടക്കുന്ന ക്യാനറ വലിയ സൈനിക സന്നാഹവുമായി കോലത്തിരിയെ ആക്രമിക്കുവാൻ എത്തിയതു മൂലവുമാണ്. ഉദയവർമ്മ കോലത്തിരി ക്യാനറ സൈന്യാധിപനായ റെഗോനട്ടുമായി ഒരു സമാധാന ഉടമ്പടിയുണ്ടാക്കി. എന്നാൽ അതേതുടർന്ന് ഇരുസൈന്യങ്ങളും കൂടി കണ്ണൂർ നഗരത്തിനെതിരായി തിരിയുകയാണ് ചെയ്തത്. തലശ്ശേരി ഫാക്ടറിയിലെ കൺസൾട്ടേഷൻ രേഖകളിൽ ഇത് സംബന്ധമായി എഴുതിയിരക്കുന്നതിപ്രകാരമാണ്, "സമാധാന ഉടമ്പടി ഒപ്പുവെച്ച് അധികം കഴിയുന്നതിനു മുമ്പു തന്നെ ക്യാനറാ സൈന്യം വളപട്ടണം കടന്ന് തൻെറ സൈന്യങ്ങളുമായി യോജിച്ച് കണ്ണൂർപട്ടണം നിലം പരിശാക്കണമെന്നാണ് ഉദയവർമ്മ ആജ്ഞാപിച്ചത്. റെഗോനട്ടാകട്ടെ ഒരെതിർപ്പും പ്രകടിപ്പിക്കാതെ അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തു."15. സമാധാനപരമായി കാര്യങ്ങൾ തീർക്കാനുള്ള അനുരഞ്ജന ശ്രമങ്ങൾ നടത്തിയ ഇംഗ്ലീഷുകാർക്ക് സ്വന്തം താൽപ്പര്യം ആയിരുന്നു പ്രധാനം. കണ്ണൂർപട്ടണം നശിപ്പിക്കുവാൻ തയ്യാ

റായെങ്കിലും കോലത്തിരിയെ സ്വതന്ത്രമായി വിടുവാനും ക്യാനറക്കാർ തയ്യാറായിരുന്നില്ല. അവസാനം ലന്തക്കാരുടെ പരിശ്രമ ഫലമായി യുദ്ധച്ചെലവിലേക്ക് ഒരു വലിയ തുക ഈടാക്കി ക്യാനറാ സൈന്യം പിൻവാങ്ങി. ഉണ്ടാകാമായിരുന്ന വലിയ വിപത്തിൽ നിന്നും തന്ത്രപൂർവ്വം തങ്ങളെ രക്ഷപ്പെടുത്തിയ ലന്തക്കാർക്ക് വർഷന്തോറും ആയിരംകണ്ടി കുരുമുളക് ന്യായവിലയ്ക്ക് കൊടുക്കാമെന്ന് കോലത്തിരി സമ്മതിക്കുകയും ചെയ്തു.

1738ൽ ക്യാനറാ സൈന്യം വീണ്ടും കോലത്തിരിനാടിനെ ആക്രമിച്ചു. ലന്തക്കാർക്ക് അവരെ ഇതിൽനിന്നും പിന്തിരിപ്പിക്കുവാൻ സാധിച്ചില്ല. ഇപ്രാവശ്യം ക്യാനറാക്കാരുമായി ഒത്തുതീർപ്പുണ്ടാക്കുന്നതിൽ വിജയിച്ചത് ഇംഗ്ലീഷുകാരായിരുന്നു. തീരുമാന വ്യവസ്ഥ കോലത്തിരിനാട്ടിൽ നിന്നും ആക്രമിച്ചു കീഴടക്കിയ സ്ഥലങ്ങൾ ക്യാനറക്കാർ മടക്കിക്കൊടുക്കേണ്ടതില്ല എന്നതായിരുന്നു. ആക്രമണത്തിൽ നിന്നും രക്ഷപ്പെട്ട കോലത്തിരി ഇംഗ്ലീഷുകാർക്ക് മാട്ടുമൽ എന്ന സ്ഥലം കൃതജ്ഞതാപൂർവ്വം ദാനമായി നൽകുകയും ചെയ്തു. എന്നാൽ ഈ വക ശ്രമങ്ങളൊന്നും ശാശ്വതമായ സമാധാനം ഉണ്ടാക്കുവാൻ സഹായകമായില്ല. 1739ൽ ക്യാനറാസൈന്യം വീണ്ടും ചിറയ്ക്കൽ ആക്രമിച്ചു. കോലത്തിരിയെ ഇംഗ്ലീഷുകാരും, ഫ്രഞ്ചുകാരും സഹായിച്ചുവെങ്കിലും യുദ്ധം നീണ്ടുപോകുകയാണുണ്ടായത്. അവസാനം 1745ലാണ് ഉഭയകക്ഷികൾ തമ്മിൽ ഒരു സമാധാന ഉടമ്പടിയിൽ ഒപ്പുവെക്കുന്നത്.

1750-51 കാലത്ത് വീണ്ടും യുദ്ധം പൊട്ടിപുറപ്പെട്ടു. ഫ്രഞ്ചുകാർ കോലത്തിരിയെ ഈ യുദ്ധത്തിൽ സഹായിച്ചതിന്റെ പ്രതിഫലമായി അവർക്ക് രാമന്തളിയെന്ന സ്ഥലം അദ്ദേഹം ദാനം ചെയ്തു. കോലത്തുനാട്ടിൽ നിലനിന്ന യുദ്ധകാല പരിതഃസ്ഥിതി സ്വന്തം താൽപ്പര്യത്തിനു വേണ്ടി ചൂഷണം ചെയ്യുവാനാണ് ഇംഗ്ലീഷുകാർ ഒരുങ്ങിയത്. കോലത്തിരി താവഴിയിലെ രണ്ട് രാജകുമാരൻമാരെ സ്ഥാനഭ്രഷ്ടരാക്കുകയും പകരം തങ്ങൾക്ക് പറ്റിയ ആളെ വാഴിക്കുവാൻ അവർ ശ്രമിക്കുകയും ചെയ്തു. വടകരയിലെ രാജകുമാരനെ ഫ്രഞ്ചുകാർ പുനർവാഴ്ച നടത്തിയത് ഇംഗ്ലീഷുകാരുടെ വിരോധത്തിന് ഇടവരുത്തി. ഇംഗ്ലീഷുകാർ ഫ്രഞ്ചുകാരോട് യുദ്ധപ്രഖ്യാപനം നടത്തുകയും ചെയ്തു. ഇതേതുടർന്ന് ഫ്രഞ്ചുകാരോടും ഇംഗ്ലീഷുകാരോടും ഉണ്ടായിരുന്ന സൗഹൃ ദബന്ധം കോലത്തിരി അവസാനിപ്പിക്കുകയും ലന്തക്കാരുമായി സഖ്യത്തിലേർപ്പെടുകയും ചെയ്തു. ഈ ഉടമ്പടിയിൽ ആലിരാജാവും ഭാഗഭാക്കായിരുന്നു.16. എന്നാൽ മൂന്നുവർഷത്തിനുശേഷം ഇവരുമായി ഉണ്ടാക്കിയിരുന്ന ഉടമ്പടി ആലിരാജ ലംഘിക്കുകയും ഇംഗ്ലീഷുകാരുമായി ചേർന്ന് കോലത്തിരി കുടുംബത്തിൽ കലഹം ഉണ്ടാക്കുകയും ചെയ്തു. ആലിരാജയുടെ ധാർഷ്ട്യം അസഹനീയമായപ്പോൾ കോലത്തിരി ഇംഗ്ലീഷുകാരുമായി സഖ്യമുണ്ടാക്കി. അങ്ങനെ ഇംഗ്ലീഷ് സഹായത്തോടുകൂടി കോലത്തിരി ആലിരാജായെ ആക്രമിച്ച് കണ്ണൂർ കോട്ടയെ ഉപരോധിച്ചു. ഫ്രഞ്ചുകാരിൽ നിന്നോ, ലന്തക്കാരിൽ നിന്നോ സഹായം ലഭിക്കുവാൻ മാർഗ്ഗമില്ലെന്ന് മനസ്സിലാക്കുകയും കോട്ടയ്ക്കകത്തുള്ള കരുതൽ സാധനങ്ങൾ തീർന്നുകൊണ്ടിരിക്കുകയും ചെയ്ത പശ്ചാത്തലത്തിൽ തിരുവിതാംകൂർ രാജാവിന്റെ മാദ്ധ്യസ്ഥം സ്വീകരിച്ച് ഇംഗ്ലീഷുകാരുമായി സമാധാനം ഉണ്ടാക്കുകയാണ് ആലിരാജ ചെയ്തത്. തന്റെ നേർക്ക് കോലത്തിരിക്കുണ്ടായിരുന്ന ഒടുങ്ങാത്ത പകയും വൈരാഗ്യവുമാണ് ആലിരാജയെ ഹൈദരാലിയുടെ അടുക്കൽ സഹായം തേടിയെത്തുവാനും കേരള ആക്രമണത്തിന് പ്രേരിപ്പിക്കുവാനും നിർബന്ധനാക്കിയത്. 1757 ഏപ്രിൽ 21നുണ്ടാക്കിയ സന്ധി ഉടമ്പടി പ്രകാരം കോലത്തിരിയെ ആരെങ്കിലും ആക്രമിക്കുകയാണെങ്കിൽ സഹായത്തിനെത്തേണ്ട ബാദ്ധ്യത ഇംഗ്ലീഷുകാർക്കുണ്ടായിരുന്നു.17. കോലത്തിരി കുടുംബത്തിലെ മറ്റു രാജാക്കൻമാരായ കടത്തനാട്, കോട്ടയം, നീലേശ്വരം തുടങ്ങിയവരുമായും ഇംഗ്ലീഷുകാർ ഇത്തരം സന്ധികൾ ഉണ്ടാക്കിയിരുന്നു. 1766ൽ ഹൈദരാലി മലബാർ ആക്രമണത്തിനായി അതിർത്തി കടന്നപ്പോൾ ഇംഗ്ലീഷുകാർക്ക് കോലത്തിരി കുടുംബത്തെ സഹായിക്കുവാൻ വേണ്ടും കെൽപ്പുണ്ടായിരുന്നില്ല.18.

നാലായിരം കുതിരപ്പടയോടും, 8,000 കാലാൾപ്പടയോടും കൂടി 1766 ഫെബ്രുവരിയിൽ മംഗലാപുരംവഴി ഹൈദരലി കോലത്തുനാട്ടിലെത്തി. കണ്ണൂരെത്തിയ ഹൈദരാലിയെ പന്തിരായിരം സൈനികരോടുകൂടി ആലിരാജാവ് സ്വീകരിച്ചു. എം.എം.ഡി.എൽ.റ്റി.യെന്ന അജ്ഞാത ഗ്രന്ഥകാരൻ ആലിരാജാവിന്റെ സൈന്യത്തെക്കുറിച്ചെഴുതുന്നത്, "അവർ ആയുധശേഷി കുറഞ്ഞവരെങ്കിലും ധീരതയുടെ കാര്യത്തിൽ നായൻമാരേക്കാൾ മുന്തിയവരായിരുന്നു." എന്നാണ്.19. തുടർന്നദ്ദേഹം രേഖപ്പെടുത്തിയിട്ടുള്ളത് ആലിരാജാവിന്റെ സഹായത്തിൽ ഹൈദർ വളരെ സന്തുഷ്ടനാകുകയും "സമ്മാനങ്ങളും, സമഭാവനയും കൊണ്ട് അദ്ദേഹത്തിന്റെ വിശ്വാസം ആർജ്ജിക്കുകയും രാജ്യരഹസ്യങ്ങളെക്കുറിച്ച് നല്ല അറിവുണ്ടായിരുന്ന ഈ രാജാവിന് തന്റെ പരിപാടികളിൽ പങ്കുചേർക്കുകയും ചെയ്തു" എന്നാകുന്നു.20. കാര്യമായ എതിർപ്പൊന്നും ചിറക്കൽ രാജ്യത്തുനിന്നും ഉണ്ടായില്ല. ചെറിയൊരു സംഘട്ടനത്തിൽ ചിറക്കൽ രാജാവ് കൊല്ലപ്പെട്ടിരുന്നു. ആലിരാജാവും അദ്ദേഹത്തിന്റെ സൈന്യവും കൂടി ചിറക്കൽക്കൊട്ടാരം കൈവശപ്പെടുത്തി.21. ചിറക്കലും, കോട്ടയവും കീഴടക്കിയ മൈസൂർ സൈന്യത്തിന് കടത്തനാട്ട് നിന്ന് ശക്തിയായ എതിർപ്പിനെ നേരിടേണ്ടതായി വന്നു. എങ്കിലും തന്റെ ചെറിയൊരു ഭാഗം കുതിരപ്പടയോടുകൂടി കരകവിഞ്ഞൊഴുകുന്ന നദി നീന്തിക്കടന്ന് അദ്ദേഹം കടത്തനാട്ട് സൈന്യത്തെ ഭയവിഹ്വലരാക്കി ദയനീയമായി പരാജയപ്പെടുത്തി. കോലത്തിരി രാജ്യത്തിന്റെ മേൽനോട്ടം ആലിരാജാവിനെയാണ് ഏൽപ്പിച്ചത്.22.

ഒരു പരീക്ഷണമെന്ന നിലയിൽ 1767ൽ കോലത്തിരി

രാജാക്കൻമാരെ തന്റെ ആശ്രിതരായി സ്വീകരിച്ച് പുനർ വാഴിക്കുവാൻ ഹൈദർ തയ്യാറായി. അതോടെ ആ സ്ഥല ങ്ങളുടെമേൽ ആലിരാജാവിനുണ്ടായിരുന്ന അധികാരം ഇല്ലാ താവുകയും ചെയ്തു. എന്നാൽ വടക്കേ മലബാറിലെ ഹൈ ദരലിയുടെ വിശ്വസ്തനായ ആശ്രിതനെന്നനിലയിൽ ഈ കാലയളവിൽ ആലിരാജ തന്റെ ശക്തിയും പദവിയും വർദ്ധിപ്പിച്ചു. ഡച്ചുകാരിൽ നിന്നും സെന്റ്. ആഞ്ചലോ കോട്ട അദ്ദേഹം വിലക്കുവാങ്ങി.23. കടലോരത്ത് നിർമ്മിത മായിരുന്ന ഈ കോട്ട ആലിരാജായുടെ കൈവശം വന്ന തോടെ അദ്ദേഹത്തിന്റെ നാവിക സേനയ്ക്ക് കരുത്തും ആർജ്ജവവും വർദ്ധിച്ചു. കച്ചവടകാര്യത്തിലും കണ്ണൂരിന് അതിയായ ഉൽക്കർഷമുണ്ടായി. ഒന്നാം മൈസൂർയുദ്ധത്തിൽ പരാജിതരായ ഇംഗ്ലീഷുകാർ സ്ഥാനഭ്രഷ്ടരാക്കപ്പെട്ട രാജാ ക്കൻമാരുടെ സഹായത്തോടുകൂടി കണ്ണൂർകോട്ടയെ പ്രതി രോധിച്ചു. പക്ഷേ ഈ സംയുക്തസൈന്യത്തെ ആലിരാജാവ് പിന്തിരിപ്പിക്കുകയാണുണ്ടായത്.24. ഈ സ്ഥലം പിടിക്കുക അത്ര എളുപ്പമല്ലെന്ന് മനസ്സിലായതിനെ തുടർന്ന് പ്രസ്തുത പരിപാടി അവർ ഉപേക്ഷിക്കുകയാണുണ്ടായതെന്നാണ് ലോഗൻ എഴുതുന്നത്.25.

രണ്ടാം ആംഗ്ലോ-മൈസൂർ യുദ്ധത്തിലും മൈസൂർ പക്ഷത്ത് നിന്ന് പടവെട്ടിയ കണ്ണൂർ സൈന്യമാണ് ഇംഗ്ലീഷ് കമ്പനിയുടെ പ്രത്യാക്ര മണത്തിന് കൂടുതൽ ഇരയായത്. സർദാർഖാന്റെ നേതൃ ത്വത്തിൽ ഇംഗ്ലീഷ് കമ്പനിയുടെ തലശ്ശേരിക്കോട്ട പ്രതിരോധിക്കുവാനെത്തിയ സൈന്യ ത്തിന്റെ കൂടെ ആലി രാജാവും കൂട്ടരും ഉണ്ടായിരുന്നു. കണ്ണൂർ കോട്ടയിൽ നിന്നായിരുന്നു സൈന്യങ്ങൾക്കാവശ്യ മായ ഭക്ഷണ സാമഗ്രികളും മറ്റും എത്തിച്ചുകൊണ്ടിരുന്നത്. തലശ്ശേരിക്കോട്ട പിടിച്ചെടുക്കുവാനുള്ള ശ്രമം പരാജയമട ഞ്ഞപ്പോൾ അഭിമാനിയായ സർദാർഖാൻ ആത്മഹത്യ ചെയ്യുകയാണുണ്ടായത്. തുടർന്ന് മലബാറിലേക്കയച്ച മഖ്ദും അലിയും അദ്ദേഹത്തിന്റെ സൈന്യത്തിലെ വലിയൊരു വിഭാഗവും യുദ്ധത്തിൽ മരണപ്പെടുകയുമുണ്ടായി.26. രണ്ടാം മൈസൂർ യുദ്ധകാലത്ത് മലബാറിലുണ്ടായ മറ്റൊരു സുപ്ര ധാന സംഭവം കേണൽ മെക്ലിയോഡിന്റെ നേതൃത്വത്തിൽ നടന്ന കണ്ണൂർ ആക്രമണമാണ്. കൊടുങ്കാറ്റിൽപ്പെട്ട് കരക്ക ടുത്ത ഏതാനും ഇംഗ്ലീഷുകാരെ കണ്ണൂരിലെ ബീവി തടങ്ക ലിലാക്കുകയും അവരെ കമ്പനിക്ക് മടക്കിക്കൊടുക്കാതിരി ക്കുകയും ചെയ്തുവെന്നാണ് തന്റെ ഈ നടപിടക്ക് കാര ണമായി മെക്ലിയോഡ് പറഞ്ഞത്.27. എന്നാൽ അദ്ദേഹത്തിന്റെ ഉദ്ദേശ്യം കണ്ണൂർ പിടിച്ചടക്കി സമ്പന്നമായ ആ രാജ്യം കൊള്ളയടിക്കുക എന്നതായിരുന്നു. ആറ് ദിവ സത്തെ കടുത്ത പോരാട്ടതിനു ശേഷം കണ്ണൂർ കീഴടക്കി ബീവിയേയും കുടുംബത്തേയും തടവുകാരാക്കുകയും ചെയ്തു.28. എന്നാൽ മംഗലാപുരം സന്ധി ഒപ്പുവെ ച്ചിരുന്നതിനാൽ മെക്ലിയോഡിന്റെ ഈ നടപടി ബോംബെ ഗവൺമെന്റ് അംഗീകരിച്ചില്ലെന്ന് മാത്രമല്ല, കണ്ണൂർ തിരിച്ചേൽപ്പിക്കുവാൻ ഉത്തരവുണ്ടാകുകയും ചെയ്തു.29. എന്നിട്ടും ഒരു മാസം കഴിഞ്ഞാണ് അവർ കോട്ടയിൽ നിന്നും പിൻമാറിയത്. അതാകട്ടെ, മംഗലാപുരം ഉടമ്പടിയിലെ നാലാമത്തെ വ്യവസ്ഥ പ്രകാരം കമ്പനി കണ്ണൂരിൽ നിന്നും ഉടൻ ഒഴിഞ്ഞു പോകേണ്ടതായിരുന്നു. പക്ഷേ ടിപ്പുവിന്റെ നിരന്തരമായ പ്രതിഷേധത്തിന് ശേഷമാണ് ഇതുണ്ടായത്. മാത്രമല്ല, കണ്ണൂരിലെ വിലമതിക്കാനൊക്കാത്ത സമ്പത്ത് കൊള്ളയടിക്കുകയും ചെയ്തിരുന്നു.30.

മൂന്നാം മൈസൂർ യുദ്ധത്തിനുള്ള ഒരുക്കങ്ങൾ ആദ്യം മുതൽ തന്നെ ഇംഗ്ലീഷ് കമ്പനി ആരംഭിച്ചു. ഇന്ത്യയിലെ അക്കാലത്തെ മറ്റു പ്രമുഖ ശക്തികളായിരുന്ന മറാട്ടക്കാ രുമായും, ഹൈദരബാദിലെ നൈസാമുമായും കമ്പനി മൈ സൂറിനെതിരായി യുദ്ധ ഉടമ്പടികൾ വിജയപൂർവ്വം നടത്തി. തിരുവിതാംകൂർ, കമ്പനിയുടെ ഉറ്റ സുഹൃത്തുമായിരുന്നു. മലബാറിലെ പരാജിതരായിരുന്ന രാജാക്കൻമാരുമായി ഒരു സംരക്ഷണ ഉടമ്പടി വ്യവസ്ഥയിൽ കരാറുണ്ടാക്കുവാനും കഴിഞ്ഞിരുന്നു. ഇത് സംബന്ധമായി തലശ്ശേരി ഫാക്ടറി മേധാവിയായിരുന്ന ടെയ്ലർ, കോർട്ട് ഓഫ് ഡയറക്ടേഴ്സിന്റെ രഹസ്യ സമിതിക്ക് റിപ്പോർട്ട് ചെയ്തിരുന്നത് ഇപ്രകാരമാണ്. "ചിറക്കൽ, കടത്തനാട്, കോട്ടയം രാജാക്കൻമാർ തങ്ങളുടെ കൂടെയുണ്ടെന്നും കൂർഗ്ഗ് രാജാവും നമ്മോടു ചേരുന്നതിൽ തൽപ്പരനാണെന്നും എന്നാൽ കണ്ണൂരിലെ ബീവിമാത്രം നമ്മോട് ചേർന്നതായി പ്രഖ്യാപിച്ചിട്ടില്ലെന്നും" ആയിരുന്നു.31. തിരുവിതാംകൂർ റസിഡന്റായിരുന്ന പൗണിയുടെ ശ്രമ ഫലമായി കൊച്ചി രാജാവും ഇംഗ്ലീഷ് കമ്പനിയുമായി സൗ ഹൃദ ഉടമ്പടിയിൽ ഒപ്പുവെച്ചു.32. സമ്മർദ്ദം ശക്തമായപ്പോൾ 1790 ആഗസ്റ്റ് 8-ാം തിയ്യതി കണ്ണൂർ ബീവിയും, കമ്പനിയുമായി സഖ്യത്തിലേർപ്പെടുവാൻ നിർബന്ധയായി. എന്നാൽ മൈസൂർ സേന കണ്ണൂരെത്തിയപ്പോൾ കമ്പനിയുമായി ഉണ്ടാക്കിയിരുന്ന ഉടമ്പടിക്ക് വിപരീതമായി മൈസൂർ സൈന്യത്തെ കോട്ടയ്ക്കകത്ത് പ്രവേശിക്കുവാൻ ബീവി അനുവാദം നൽകി. 33. ബോംബെ ഗവർണ്ണറായിരുന്ന കേണൽ ആബർ ക്രോം ബിയുടെ നേതൃത്വത്തിൽ കണ്ണൂർ കോട്ടയെ പ്രതി രോധിക്കുവാനുള്ള ശ്രമങ്ങളാണ് പിന്നീട് നടന്നത്. അഞ്ച് മാസത്തെ ശക്തമായ പോരാട്ടങ്ങൾക്ക് ശേഷം 1790 ഡിസം ബർ 17-ാം തിയ്യതി മൈസൂർ സൈന്യം നിരുപാധികം കീഴട ങ്ങിയതോടെ മലബാറിൽ ഇംഗ്ലീഷുകാർക്ക് ഭീഷണിയായി വർത്തിച്ചിരുന്ന കണ്ണൂരും കമ്പനിക്ക് അധീനമായി. ബീവിയുടെ ഭർത്താവ് ഈ യുദ്ധത്തിൽ മരണമടഞ്ഞു. കണ്ണൂരിൽ നിന്നും വിലമതിക്കാനൊക്കാത്ത സൈനിക ഉപകരണങ്ങളും നിരവധി കപ്പലുകളും, മറ്റു ജലവാഹനങ്ങളും, അളവറ്റ ധനവും കമ്പ നിക്ക് ലഭിച്ചു. ഇതോടെ മൈസൂർ ആധിപത്യം മലബാറിൽ നിന്ന് തുടച്ച് നീക്കപ്പെട്ടു.

പിന്നീട്ടുള്ള കാലം കണ്ണൂർ രാജവംശത്തിന്റെ നാശ നഷ്ടങ്ങളുടേയും ശക്തിക്ഷയത്തിന്റേയും ആയിരുന്നു. തങ്ങ ളുടെ കൊടിയ ശത്രുവായിരുന്ന മൈസൂർ നവാബുമാരുടെ

ഉറ്റബന്ധു എന്ന നിലയ്ക്കു തന്നെ കമ്പനി അധികാരികളുമായും കൊടിയ പകയോടും, വിദ്വേഷത്തോടും കൂടിയാണ് ഈ രാജസ്ഥാനത്തോട് പെരുമാറിയത്. നികുതിയിനത്തിൽ ഭീമമായ സംഖ്യ കുടിശ്ശിക കാണിച്ച് അത് ഈടാക്കുകയും, ലക്ഷദ്വീപിൽ അവർക്കുണ്ടായിരുന്ന കച്ചവടകുത്തകാവകാശം ഇല്ലാതാക്കുകയും ചെയ്തു. കണ്ണൂരിന്റെ വാണിജ്യാധിപത്യം ഇല്ലാതാക്കിയതോടെ അവർ സാമ്പത്തികമായി ഏറെ ക്ഷയിക്കുകയും കമ്പനിയുടെ എല്ലാ ഭീഷണികൾക്കും വഴങ്ങേണ്ടതായി വരികയും ചെയ്തു. ലക്ഷദ്വീപുമായുണ്ടായിരുന്ന കച്ചവടത്തിന്റെ ലാഭത്തിൽ പകുതി കമ്പനിക്ക് നൽകാൻ സമ്മതിച്ചതിനു പുറമേ, എല്ലാ കച്ചവട ഉൽപ്പന്നങ്ങളും കമ്പനിയുടെ കുത്തകാവകാശമായി അംഗീകരിക്കുവാൻ നിർബന്ധരാകുകയും ചെയ്തു.34. കേരളത്തിലെ മറ്റൊരു രാജവംശത്തോടും കാണിക്കാത്ത കൊടിയ പകയാണ് കണ്ണൂരിനോട് അധികൃതർ ആദ്യംമുതൽ അനുവർത്തിച്ചിരുന്നത്. കണ്ണൂർ കോട്ടയിൽ കമ്പനി നടത്തിയ കൊള്ളയുടെ ഫലമായി കടുത്ത സാമ്പത്തിക ക്ലേശമുണ്ടായി. കച്ചവടത്തിൻമേൽ കമ്പനി അന്യായമായി അടിച്ചേൽപ്പിച്ച നിയന്ത്രണങ്ങളും സാമ്പത്തികമായി ഈ കുടുംബത്തെ തളർത്തിക്കളഞ്ഞു. കമ്പനിക്ക് വർഷന്തോറും നൽകേണ്ട തുക കുടിശ്ശികയായി. 35 ശതമാനം പലിശയാണ് ഇതുമേൽ പിഴയായി ഈടാക്കിയിരുന്നത്. ഇതിന്റെ ഫലമായി കൈവശമുണ്ടായിരുന്ന സ്ഥലങ്ങൾ കുറേശ്ശെ കുറേശ്ശെയായി കമ്പനിക്ക് അടിയറ വെക്കേണ്ടതായി വന്നു. അങ്ങനെ തങ്ങളുടെ അവകാശങ്ങളും അധികാരങ്ങളും ഓരോന്നോരോന്നായി കമ്പനി കൈവശപ്പെടുത്തി. അവസാനം സാമ്പത്തിക ഞെരുക്കം കലശലായപ്പോൾ ഗവൺമെൻറിന്റെ സമ്മർദ്ദത്തിനു വഴങ്ങി വർഷന്തോറും 20,000 രൂപ അടിതൂൺ പറ്റി ഒരു സമീന്ദാരുടെ പദവിയിലേക്ക് താഴുവാൻ കണ്ണൂർ ആലിരാജ നിർബന്ധനായി.35. 1908 നവംബർ 15-ാം തിയ്യതി അറക്കൽ അലി രാജാവുമായുണ്ടാക്കിയ ഉടമ്പടി വ്യവസ്ഥകൾ ഇപ്രകാരമായിരുന്നു. അതുവരെയുള്ള കുടിശ്ശിക വേണ്ടെന്ന് വെക്കുക, അമനി ദ്വീപിന് അവകാശപ്പെട്ടിരുന്ന പ്രതിഫലം കണ്ണൂർ ഉപേക്ഷിക്കുക, കണ്ണൂർ ബീവിക്ക് സുൽത്താനെന്ന പദവി നൽകുകയും കോടതികളിൽ നേരിട്ട് ഹാജരാകുന്നതിൽ നിന്നും ഒഴിവാക്കുകയും ചെയ്യുക. 1419.50 ഏക്കർ സ്ഥലം കരമൊഴിവാക്കി കൈവശം വെക്കുവാൻ അനുവദിക്കുകയും വർഷന്തോറും 23,000 രൂപ അടിതൂൺ നൽകുകയും ചെയ്യുക.36. അങ്ങനെ കണ്ണൂരിന്റെ പ്രതാപകാലം അസ്തമിക്കുകയും സാധാരണ ഒരു ജൻമിയുടെ സ്ഥിതിയിലേക്ക് താഴുകയും ചെയ്തു.

അധികാരം പോയെങ്കിലും ജാതിമത ഭേദമെന്യേ മലബാറിലെ ജനങ്ങൾ വളരെ ആദരവോടുകൂടിയാണ് ഈ കുടുംബത്തോട് പെരുമാറിയിരുന്നത്. അവരുടെ പ്രതാപകാലത്ത് പോലും ഉദ്യോഗസ്ഥൻമാരിലും സൈന്യത്തിലും ജാതിമത പരിഗണനയില്ലാതെ എല്ലാവരും പങ്കു ചേർന്നിരുന്നു. ഏകാധിപത്യ ഭരണമെന്ന് കണ്ണൂർ സംവിധാനത്തെ വിശേഷിപ്പിക്കുവാൻ പറ്റുമായിരുന്നില്ല. നികുതിയിനത്തിലും, കച്ചവടത്തിലും അളവറ്റ ധനം വന്നു കൊണ്ടിരുന്നവെങ്കിലും ഖജനാവിന്റെ താക്കോൽ സൂക്ഷിപ്പ് ഒരാളായിരുന്നില്ല. താക്കോലുകളിൽ ഒന്ന് രാജാവും, മറ്റൊന്ന് കച്ചവടകാര്യങ്ങൾ നോക്കുന്ന ഉദ്യോഗസ്ഥനും, വേ റൊന്ന് പ്രധാന ഖാസിയും, നാലാമത്തേത് ഖജനാവ് സൂക്ഷിപ്പുകാരനും കൈവശം വെച്ചിരുന്നു. നാലുപേരും കൂടിയല്ലാതെ ഖജനാവ് തുറക്കുവാൻ സാധിക്കുമായിരുന്നില്ല. ഇത്തരം സാമ്പത്തിക നിയന്ത്രണം മറ്റൊരു രാജകുടുംബത്തിലും ഉണ്ടായിരുന്നില്ല. രാജാവിനെ സഹായിക്കുവാൻ എട്ട് പൗരമുഖ്യൻമാരുടെ ഒരു ഭരണസമിതി ഉണ്ടായിരുന്നു. ഈ മുഖ്യൻമാർ എടുക്കുന്ന തീരുമാനങ്ങളും നൽകുന്ന ഉപദേശങ്ങളും 400 പേരുണ്ടായിരുന്ന ഒരു ജനകീയ സഭയുടെ അംഗീകാരത്തോടുകൂടി മാത്രമേ നടപ്പാക്കിയിരുന്നുള്ളു.

നീതിന്യായ നടത്തിപ്പിലും മതപരമായ കാര്യനിർവ്വഹണത്തിലും തൽസംബന്ധമായി പ്രാവീണ്യം നേടിയവരുടെ സഹായവും ഉപദേശവും അറക്കൽ രാജാക്കൻമാർ സ്വീകരിച്ചിരുന്നു. വിദ്യാസമ്പന്നരും സംസ്കൃത ചിത്തരുമായിരുന്ന ഈ കുടുംബാംഗങ്ങളിൽ അറബി, പാർസി, ഹിന്ദുസ്ഥാനി എന്നീ ഭാഷകളിൽ പാണ്ഡിത്യം നേടിയിരുന്ന പല സ്ത്രീ പുരുഷൻമാരും ഉണ്ടായിരുന്നു. ഈ കുടുംബത്തിലെ മായിൻകുട്ടി ഇളയ ആണ് ഖുർആൻ ആദ്യമായി മലയാളത്തിലേക്ക് വിവർത്തനം ചെയ്തത്. വലിയൊരു ഗ്രന്ഥപ്പുരയും, പുരാരേഖ സംഭരണിയും അവർക്കുണ്ടായിരുന്നു. വടക്കേ മലബാറിൽ 1921ലെ ഖിലാഫത്ത് വിപ്ലവം പടരാതിരിക്കുവാൻ കാരണം കണ്ണൂർ ആലിരാജായുടെ സ്വാധീനം കൊണ്ടായിരുന്നുവെന്നതും പ്രസിദ്ധമാണ്. 1934ൽ കണ്ണൂരിൽ നടന്ന തിയ്യ-മാപ്പിള ലഹള പടർന്നു പിടിക്കാതെ ഒത്തു തീർപ്പിലെത്തിക്കാൻ സാധിച്ചത് അവരുടെ മതസൗഹാർദ്ദത്തിന്റെ നിദർശനമായി ശോഭിക്കുന്നു. 1940ൽ അബ്ദുറഹിമാൻ അലി ആദിരാജ മദിരാശി നിയമസഭാംഗമായിരുന്നു. കുടിയാൻമ കമ്മിറ്റി മെമ്പർ, മുസ്ലിം സ്ഥാപനങ്ങളുടെ ട്രസ്റ്റി എന്നീ നിലകളിലും സാമൂഹ്യ- സാംസ്കാരികരംഗത്ത് അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇന്നും ഈ കുടുംബാംഗങ്ങൾ മാറിയ പരിതഃസ്ഥിതി ക്കനുസൃതമായി അവരുടേതായ സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്നു.

---

1. *മുഹമ്മദ്ബ്നു ഉമർ സുഹ്റവർദ്ദി, രിഹ്ലാത്തുൽ മുലൂക്ക്, മലയാളം തർജ്ജുമ, ചേരമാൻ പെരുമാൾ, പുറങ്ങൾ 2-27.*
2. *Document on the Origin of the Arakkal House, Reproduced as Appendix, ii, by Dr. K.K.N. Kurup, The AliRajas*

of Cannanore, College Book House, Thiruvananthapuram, 1975, pp. 99-100.

3. Ibid, p.7.
4. K.P. Padmanabha Menon, Vol I, op.cit. p.333.
5. എ. ശ്രീധരമേനോൻ, കേരളചരിത്രം, പുറങ്ങൾ 265-66.
6. അതുതന്നെ.
7. പി.കെ. മുഹമ്മദ് കുഞ്ഞി, മുസ്ലിംകളും കേരളസംസ്കാരവും, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 1982, പുറം 112.
8. Translation of an Arabic Letter forwarded by the Emperor of Constantinople to the Beebi of Cannanore, Hijra 1194, Reproduced as Appendix iii, in the book the Ali Rajas of Cannanore, op.cit, pp. 101-102.
9. Names of the Souvereigns who had filled the Cannanore musnad entered as Appendix, i, in the book the Ali Rajas of Cannanore, op.cit, pp. 125-126.
10. കണ്ണമ്പ്ര രാമുണ്ണിനായർ, കേരളചരിത്രം, കോട്ടയ്ക്കൽ, 1910, പുറം-40.
11. കമൽറായ് സജീവ്, മലയാള മനോരമ, കണ്ണൂർ എഡിഷൻ സപ്ലിമെൻറ്, 1994 ഡിസംബർ 18, അഭിമുഖം മഹാപ്രഭ തമ്പുരാട്ടിയുമായി. ലേഖനം, മതമൈത്രിയുടെ രാജവംശങ്ങൾ.
12. കേരളം അറുനൂറ് കൊല്ലം മുമ്പ്, ഇബ്നു ബത്തൂത്തയുടെ സഞ്ചാര വിവരണം, പരിഭാഷ, വേലായുധൻ പണിക്കശ്ശേരി, പുറങ്ങൾ 37-38.
13. W. Logan, Malabar Manual, Vol I, Translated by T.V. Krishnan, Mathrubhoomi, Kozhikode, 1993, p.394.
14. Dutch Records No. 13, p.143.
15. Tellicherry Consultations, Vol VI.
16. Andrean Moens, Memorandum etc, op.cit, p. 145.
17. Tellicherry Factory Records, August 24, 1763,
18. Fgn and Home Dept, 1756-80, Cons. No.1.
19. M.M.D.L.T. History of Hyder Shah and of His son Tippoo Sulthan, 1800, London, p.66.
20. Ibid, p. 68.
21. Malabar Joint Commissioners' Report, 1792-93, para,20.
22. Fgn (MISC) S. No. 55, p.21, para 20.
23. Dutch Records No. 13, op.cit, p. 148.
24. Fgn Pol. Select Committee, Vol XIV, pp. 483-84.
25. Malabar Manual, Vol I, op.cit, p.415.
26. Secret Proceedings, May 28, 1782, p. 1684.
27. Ibid, May 13, 1784.
28. Ibid, April 13, 1784.
29. Ibid, May 13, 1784.
30. Military Consultations, May 29, 1784, Vol 99B, pp. 20-50
31. Poona Residency Correspondence, Vol III, No. 101, p. 122.
32. W. Logan, Treaties etc, i, XCVX.
33. Political Proceedings, 1790, December 24, Consultations, Nos 22,23.

★ വിശദവിവരത്തിന് ലക്ഷദ്വീപ് എന്ന അദ്ധ്യായം നോക്കുക.

34. Malabar Joint Commissioners' Diary, dated April 13, 1793.
35. Fgn Dept, I.A. 2288/18, June 1904.
36. G.O. Madras 124 (political) March 2, 1909.

# XIII ലക്ഷദ്വീപ്

കേരളവുമായും പ്രത്യേകിച്ച് കേരളമുസ്ലിമിങ്ങളുമായും അഭേദ്യമായി ബന്ധമുള്ളവരാണ് കേരളത്തിൻെറ പടിഞ്ഞാറ് ഭാഗത്ത് അറബികടലിൻെറ വിരിമാറിൽ ചിതറിക്കിടക്കുന്ന ദ്വീപുകളും അതിലെ നിവാസികളും. ലക്ഷദ്വീപെന്ന പേരിലാണ് അറിയപ്പെടുന്നതെങ്കിലും ചെറുതും വലുതുമായ 36 ദ്വീപുകളെയാണ് ഈ പേരിനാൽ വിശേഷിപ്പിക്കപ്പെടുന്നത്. കൊല്ലത്തിന് പടിഞ്ഞാറ് അറബിക്കടലിൽ 364 കിലോമീറ്റർ അകലെക്കിടക്കുന്ന മിനിക്കോയ് ദ്വീപിനും വടക്ക്, ഏഴിമലയുടെ നേരെപടിഞ്ഞാറ് 208 കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന ചേത്തിലാത്ത് ദ്വീപിനുമിടയിൽ അവിടവിടെയായി ഒറ്റപ്പെട്ടാണ് ഈ ദ്വിപുകൾ ഓരോന്നും കിടക്കുന്നത്. ഇവയിൽ ഏറ്റവും തെക്ക് മിനിക്കോയിയും, വടക്ക് ചേത്തിലാത്തുമാണ്. പടിഞ്ഞാറ് ആക്കത്തി, സുഹലി എന്നി ദ്വീപുകളും കിഴക്ക് ആന്ത്രോത്ത് ദ്വീപുമാകുന്നു. ഈ 36 ദ്വീപുകളിൽ 10 എണ്ണത്തിൽ മാത്രമേ ജനവാസമുള്ളു. ജനവാസമുള്ള ദ്വീപുകൾ താഴെ പറയുന്നവയാണ്. 1. മിനിക്കോയ്, 2. കൽപ്പേനി, 3, ആന്ത്രോത്ത്, 4. കവരത്തി, 5. ആകത്തി, 6. അമ്മേനി, 7. കിളുത്തം, 8. കടുമം, 9. ചേത്തിലാത്ത്, 10. ബിത്തിര.

*മിനിക്കോയ്* ദ്വീപിന് 10 കിലോമീറ്റർ നീളവും 7 കിലോമീറ്റർ വീതിയുമുണ്ട്. ഒട്ടാകെ 1120 ഏക്കർ സ്ഥലം ഉള്ളിടത്ത് 10,540തിനടുത്ത് ജനങ്ങൾ അധിവസിക്കുന്നു.

*കൽപ്പേനി* ദ്വീപിൻെറ വിസ്തീർണ്ണം 500 ഏക്കറോളമാണ്. അഞ്ച് കിലോമീറ്റർ നീളവും രണ്ട് കിലോമീറ്റർ വീതിയുമുള്ള ഈ ദ്വീപിൽ 6,905ൽ താഴെ ജനങ്ങളാണുള്ളത്.

*ആന്ത്രോത്ത്* ദ്വീപ് ചാലിയത്തിന് നേരെ പടിഞ്ഞാറ് ഏകദേശം 200 കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്നു. കൽപ്പേനി ദ്വീപിൻെറ വടക്കുകിഴക്കായി 72 കിലോമീറ്റർ ദൂരെയാണിത് സ്ഥതിചെയ്യുന്നത്. 1067 ഏക്കർ വിസ്തീർണ്ണമുള്ള ഈ ദ്വീപിന് അഞ്ച് കിലോമീറ്റർ നീളവും മൂന്ന് കിലോമീറ്റർ വീതിയുമുണ്ട്. 1670നടുത്താണ് ഇവിടത്തെ ജനസംഖ്യ.

*കവരത്തി* ദ്വീപ് പൊന്നാനിയുടെ നേർ പടിഞ്ഞാറ് 326 കിലോമീറ്റർ ദൂരെയാണ് സ്ഥിതിചെയ്യുന്നത്. ആന്ത്രോത്ത് ദ്വീപിൻെറ തെക്കുപടിഞ്ഞാറായി 103 കിലോമീറ്റർ അകലെയാണിത്. 865 ഏക്കർ സ്ഥലമുള്ള ഈ ദ്വീപിൻെറ നീളം അഞ്ച് കിലോമീറ്ററും, വീതി രണ്ട് കിലോമീറ്ററുമാണ്. 7,765ൽപ്പരം ജനങ്ങളും ഇവിടെ താമസിക്കുന്നുണ്ട്.

*ആകത്തി* ദ്വീപിൻെറ വിസ്തീർണ്ണം 688 ഏക്കർ ആണ്. 8 കിലോമീറ്റർ നീളവും 3/4കിലോമീറ്റർ വീതിയുമാണ് ഇതിനുള്ളത്. 6,665ൽ കൂടുതൽ ജനങ്ങൾ ഇവിടെയുണ്ട്. ചാലിയത്ത് നിന്ന് നേരെ പടിഞ്ഞാറ് 385 കിലോമീറ്റർ അകലെയാണ് ഇത് സ്ഥിതിചെയ്യുന്നത്.

*അമ്മേനി* ദ്വീപിൽ 5,735ൽപ്പരം ജനങ്ങൾ താമസിക്കുന്നു. 4.5 കിലോമീറ്ററാണ് നീളം. 1.5 കിലോമീറ്റർ വീതിയും. ഈ ദ്വീപിൻെറ വിസ്തീർണ്ണം 662 ഏക്കറാണ്.

*കടുമം ദ്വീപ്.* അമ്മേനി ദ്വീപിൻെറ വടക്കുകിഴക്കായി 12 കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്നു. 2,885ൽപ്പരം ജനങ്ങൾ അധിവസിക്കുന്ന ഈ ദ്വീപിന് 8 കിലോമീറ്റർ നീളവും 1/2 കിലോമീറ്റർ വീതിയുമാണുള്ളത്.

*കിളുത്തം* ദ്വീപിലും 2877ൽപ്പരം ജനങ്ങളുണ്ട്. ഈ ദ്വീപിൻെറ വിസ്തീർണ്ണം 390 ഏക്കറാണ്. 1.5 കിലോമീറ്റർ നീളവും കഷ്ടി 1/2 കിലോമീറ്റർ വീതിയുമാണ് ഇതിനുള്ളത്.

*ചേത്തിലാത്ത്* ദ്വീപ് ഏഴിമലയുടെ നേർപടിഞ്ഞാറ് 270 കിലോമീറ്റർ അകലെയായി കിടക്കുന്നു. രണ്ട് കിലോമീറ്ററിൽ കൂടുതൽ നീളവും കഷ്ടി അര കിലോമീറ്റർ വീതിയുമുള്ള ഈ ദ്വീപിൽ 225 ഏക്കർ സ്ഥലവും 2860തിൽപ്പരം ജനങ്ങളുമുണ്ട്.

*ബിത്തിര* ദ്വീപിൽ ജനവാസം തുടങ്ങിയത് 1928ഓടുകൂടിയാണ്. ഇപ്പോൾ ഇവിടെ 810നുമേൽ ജനങ്ങളാണുള്ളത്. 26 ഏക്കറാണ് വിസ്തീർണ്ണം. ഒരു കിലോമീറ്റർ നീളവും കാൽ കിലോമീറ്റർ വീതിയുമാണുള്ളത്.

ജനവാസമില്ലാത്ത ദ്വീപുകൾ ചെറിയം, തിലാക്കം, പിട്ടി, സുഹലി വലിയകര, സുഹലി ചെറിയകര, വിരിങ്ങിലി, കോടിത്തല, ബങ്ങാരം, തിണ്ണകര, കൽപ്പിട്ടി, പരളി എന്നിവയാണ്. ജനവാസമില്ലെങ്കിലും ഇവിടെ തെങ്ങുകൾ ധാരാളം വളരുന്നുണ്ട്. മറ്റു ദ്വീപുകളിൽ നിന്നും കാർഷിക പ്രവർത്തനങ്ങൾക്കും മറ്റുമായി ജനങ്ങൾ വരികയും, പോകുകയും ചെയ്യുന്നു. ഇവ കൂടാതെ കവരത്തി ദ്വീപിൻെറ പടിഞ്ഞാറ് 15 മൈൽ അകലെയായി പക്ഷിപ്പിട്ടി എന്നൊരു ദ്വീപ് കാണാം. ധാരാളം പക്ഷികൾ ചേക്കേറുന്ന ഈ സ്ഥലത്ത് നിന്നും ആയിരക്കണക്കിന് മുട്ടകൾ കവരത്തി, അമ്മേനി, ആക്കത്തി എന്നി ദ്വീപുകളിലെ ആളുകൾ കാലാകാലം ശേഖരിച്ച് കൊണ്ടുപോകാറുണ്ട്. ആദ്യകാലങ്ങളിൽ ആൾപാർപ്പില്ലാതിരുന്ന ദ്വീപുകളിൽ എല്ലാം തന്നെ പക്ഷികൾ കൂട്ടം കൂട്ടമായി ചേക്കേറിയിരുന്നു. 1835ൽ ഡബ്ലിയു. റോബിൻസൺ ബിത്ര ദ്വീപ് സന്ദർശിച്ചപ്പോൾ അവിടെ പക്ഷികൾ മാത്രമാണ് ഉണ്ടായിരുന്നത്. ദിനംപ്രതി 50,000ത്തിൽപ്പരം മുട്ട ഇവിടെ നിന്ന് കിട്ടുമായിരുന്നുവെന്ന് അദ്ദേഹം എഴുതിയിട്ടുണ്ട്.1. 1928 മുതലാണ് മറ്റു ദ്വീപുകളിൽ നിന്നും പക്ഷികൾ പറന്നകന്നത്. മനുഷ്യാധിവാസം തുടങ്ങുന്നതിനു മുമ്പുള്ള ലക്ഷദ്വീപുകളുടെ തനിപകർപ്പായി ഇന്നവശേഷിക്കുന്നത് പക്ഷിപ്പിട്ടി എന്ന പേരിലറിയപ്പെടുന്ന പിട്ടി മാത്രമാണ്.2.

അടുത്ത കാലങ്ങളിലായി അവിടവിടെയായി 14 തുരുത്തുകൾ കൂടി രൂപം കൊണ്ടിട്ടുണ്ട്. അവയിൽ ആൾപ്പാർപ്പോ, കൃഷിയോ ആരംഭിച്ചിട്ടില്ല.

ലക്ഷദ്വീപിലെ ജനങ്ങളൊക്കെയും ഇസ്ലാംമത വിശ്വാസികളാകുന്നു. ഈ ദ്വീപുകളിൽ ജനവാസം ആരംഭിച്ചതിനെ സംബന്ധിച്ചും ഐസ്ലാമിക പ്രചാരണത്തെ സംബന്ധിച്ചും വ്യത്യസ്ത അഭിപ്രായങ്ങളാണ് നിലവിലുള്ളത്. 1846ൽ അതേ ദ്വീപിനെക്കുറിച്ച് റിപ്പോർട്ട് എഴുതിയ ഡബ്ലിയു. റോബിൻസണും, 1887ൽ പ്രസിദ്ധീകരിച്ച മലബാർ മാന്വലിന്റെ ഒന്നാം വാല്യത്തിൽ വില്യം ലോഗനും, 1924ൽ ലക്ഷദ്വീപ്/മിനിക്കോയ് ദ്വീപുകളെക്കുറിച്ചുള്ള ഒരു ഹ്രസ്വവിവരണം എന്ന ഗ്രന്ഥത്തിൽ ആർ.എച്ച്. ഇല്ലിസും വ്യത്യസ്ത അഭിപ്രായങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇവരൊക്കെ എഴുതുന്നത്, അവസാനത്തെ ചേരമാൻ പെരുമാൾ രാജ്യവിഭജനം നടത്തി കപ്പൽ കയറി മെക്കയിലേക്ക് പോയതിനെ പിൻതുടർന്ന് അദ്ദേഹത്തെയും കൂട്ടരെയും മടക്കിക്കൊണ്ടു വരുവാൻ വേണ്ടി കേരളത്തിൽ നിന്നും പുറപ്പെട്ട ഒരു സംഘം ആളുകൾ പ്രതികൂല കാലാവസ്ഥയിൽ ഈ ദ്വീപുകളിൽ എത്തിയെന്നും അവരിൽ നിന്നും ലഭിച്ച വിവരം അനുസരിച്ച് കുറേയധികം കുടിയേറ്റക്കാർ ഈ ദ്വീപുകൾ കൈവശപ്പെടുത്തിയെന്നും പറഞ്ഞുപോരുന്നു. അങ്ങനെയാണത്രേ അവിടെ ആദ്യമായി അധിവാസം നടക്കുന്നത്. ഇത് 9ാം നൂറ്റാണ്ടിലുമാണ്. പിന്നീട് എഴുതിയിട്ടുള്ളവരധികവും ഇംഗ്ലീഷുകാരുടെ ഈ വക ഊഹാപോഹങ്ങളാണ് അവലംബിച്ചത്. "ഈ ദ്വീപ് സമൂഹം കണ്ടുപിടിച്ചത് ചേരമാൻ പെരുമാളുടെ മക്കയാത്രയ്ക്കുശേഷം, ചിറക്കൽ തമ്പുരാക്കൻമാരാലും ആണെന്നത്രേ"3.

ആദ്യകാല ദ്വീപുകളെക്കുറിച്ച് അന്വേഷിക്കാൻ നിയുക്തരായ ആംഗ്ലേയ ഉദ്യോഗസ്ഥൻമാർ നിഷ്കൃഷ്ടമായ പഠനത്തിന് ഈ വിഷയം വിധേയമാക്കിയിരുന്നില്ലായെന്ന് വ്യക്തമാണ്. അവരുടെ അന്വേഷണം കേട്ടുകേൾവികളിലും, ഐതിഹ്യങ്ങളിലും മാത്രമായി ഒതുങ്ങി നിന്നു എന്നതാണ് അവർക്കൊക്കെ പറ്റിയ ഭീമാബദ്ധം. പിന്നീട് വന്നവരിൽ അധികവും ഈ ഇംഗ്ലീഷ് ഭാഷ്യത്തെ പിൻപറ്റുകയും ചെയ്തു. ലക്ഷദ്വീപ് ഗസറ്റിയറിൽ ഇതിനേക്കാളൊക്കെ വിചിത്രവും അപകടവുമായ ചരിത്രാഭാസമാണ് നാം കണ്ടെത്തുക. കോലത്തുനാട്ടിൽ നിന്നുള്ള കുടിയേറ്റക്കാർ അവിടെയെത്തിയത് 11ാം നൂറ്റാണ്ടിലാണെന്ന് ഒരിടത്തും (4) പതിനാല്, പതിനഞ്ച് നൂറ്റാണ്ടുകളിലായിരിക്കാമെന്ന് മറ്റൊരിടത്തും (5) വളരെ ലാഘവത്തോടെ എഴുതിപ്പിടിപ്പിച്ചിരിക്കുന്നു. തന്റെ വാദഗതി സ്ഥാപിക്കുന്നതിനായി അദ്ദേഹം എഴുതുന്നത്, "ലക്ഷദ്വീപുകളിൽ ഒരു പുരാതന സംസ്കാരത്തിന്റെ അവശിഷ്ടങ്ങളൊന്നും ഇല്ലെന്നും, ദ്വീപുകളിൽ പുരാതന സംസ്കാരത്തിന്റെ അവശിഷ്ടങ്ങളായ വിഗ്രഹങ്ങളോ, ശിലായുധങ്ങളോ ഒന്നുംതന്നെയില്ലെന്നുമാണ്."6.

എന്നാൽ ഈ തെറ്റിദ്ധാരണ പാടേ മാറ്റുവാൻ പ്രയോജനകരമായ ഗവേഷണപഠനങ്ങൾ ഇന്ന് ലഭ്യമാണ്. 1956ൽ പ്രസിദ്ധീകരിച്ച 'ലക്ഷദ്വീപ് നൂറ്റാണ്ടുകളിലൂടെ' എന്ന ഗ്രന്ഥത്തിൽ ലക്ഷദ്വീപിന്റെ പ്രാചീനതയേയും ആദ്യകാലനിവാസികളെയും ദ്വീപിന്റെ വളക്കൂറുള്ള മണ്ണിൽ ഉറങ്ങിക്കിടന്നതും ഇന്നും ദൃശ്യമാകുന്നതുമായ സാംസ്കാരിക സവിശേഷതകളേയും ആധികാരിക പ്രമാണങ്ങളുടെ പിൻബലത്തോടുകൂടി ഈ ഗ്രന്ഥത്തിന്റെ കർത്താവായ ഡോ. എൻ. മുത്തുക്കോയക്ക് പുറത്ത് കൊണ്ടുവരുവാൻ സാധിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ നിഗമനം, "ബി.സി. നാലായിരത്തിന് മുമ്പ് അനന്തമായ ദ്വീപുകൾ തേടി പ്രയാണം ആരംഭിച്ച പോളിനേഷ്യക്കാരായിരുന്നു ദ്വീപുകളിലെ ആദിമ നിവാസികൾ എന്നതിനുള്ള തെളിവുകൾ ദ്വീപുകളിൽ നിന്ന് ഇന്നും അപ്രത്യക്ഷമായിട്ടില്ല. ദ്വീപുകളുടെ ശിലായുഗ പാരമ്പര്യം വ്യക്തമാക്കുന്നവയായി ആന്ത്രോത്തിൽ നിന്നും കണ്ടെടുത്തതു പോലെയുള്ള അനേകം ശിലായുധങ്ങൾ ദ്വീപുകളിലെ മണ്ണിൽ ഇന്നും മറഞ്ഞുകിടപ്പുണ്ട്. ബി.സി. ശതകങ്ങളിൽ ദ്വീപുകളിൽ പ്രചരിച്ച ബുദ്ധമതത്തിന്റെ ദൃഷ്ടാന്തങ്ങളായ അശോകലിപിയും, ബുദ്ധവിഗ്രഹങ്ങളും, വിഹാരങ്ങളുടെ അവശിഷ്ടങ്ങളും മറ്റും ദ്വീപുകളുടെ പ്രാചീനതയ്ക്ക് നിദാനമായി ഇന്നും ദ്വീപുകളിൽ തന്നെയുണ്ട്."7. ലക്ഷദ്വീപിൽ നിന്നും അതിപ്രാചീനകാലം മുതലേ കക്ക, കവിടി, ആമത്തോട് തുടങ്ങിയവ ധാരാളമായി കയറ്റിപ്പോയിരുന്നു. ഇതിനായി യവന-റോമാക്കപ്പലുകൾ ഈ ദ്വീപുകളിൽ വന്നും പോയും കൊണ്ടിരുന്നുവെന്ന് കരുതുന്നതിൽ തെറ്റില്ല. കടമത്ത് ദ്വീപിൽ കല്ലുവെട്ടാൻ കുഴിച്ചിടത്ത് നിന്നും 1946ൽ ഒന്നും രണ്ടും നൂറ്റാണ്ടുകളിലെ അനേകം റോമൻ സ്വർണ്ണനാണയങ്ങൾ ലഭിച്ചിരുന്നത് ഇതിന് മതിയായ തെളിവാണ്.8. ഈ ദ്വീപുകളുടെ പ്രാചീനതയെ അനിഷേധ്യമായി തെളിയിക്കുന്ന പുരാവസ്തുക്കളും, നാണയങ്ങളുമൊക്കെ ഔദ്യോഗിക ആവശ്യാർത്ഥം ദ്വീപുകളിൽ ഹ്രസ്വ സന്ദർശനത്തിനായി എത്തിയ ഇംഗ്ലീഷ് ഉദ്യോഗസ്ഥൻമാർക്ക് രേഖപ്പെടുത്താൻ സാധിച്ചില്ലെന്നത് കൊണ്ടുമാത്രം ഈ ദ്വീപുകളിൽ ജനവാസം ഉണ്ടായിരുന്നില്ലെന്ന് വ്യവഹരിക്കുന്നത് ശരിയാകുകയില്ലല്ലോ. ആദ്യകാല കുടിയേറ്റക്കാരായിരുന്ന പോളിനേഷ്യക്കാരുടെ സാംസ്കാരിക പൈതൃകം ലക്ഷദ്വീപ് നിവാസികളുടെ ജീവിതരീതിയിലും, സംസ്കാരത്തിലും ഭാഷയിലും അൽപ്പാൽപ്പമായിട്ടെങ്കിലും ഇന്നും ദൃശ്യമാണ്.9. ആദ്യകാല തമിഴ് രാജാക്കൻമാരും, ലക്ഷദ്വീപുമായുള്ള വ്യാപാരബന്ധം പുലർത്തിപ്പോന്നിരുന്നു. തൽഫലമായി പലപ്പോഴായി തെക്കേ ഇന്ത്യയിൽ നിന്നും തമിഴരും മലബാർ പ്രദേശത്ത് നിന്നും കേരളീയരും ഈ ദ്വീപുകളിൽ കുടിയേറിയിരുന്നതിന്റെയും തെളിവുകൾ ദ്വീപുകാർ ഇന്നും ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഭാഷയിൽ കടന്നുകൂടിയിട്ടുള്ള തമിഴ്, മലയാള പദബാഹുല്യങ്ങളിൽ നിന്നും അനുമാനസിദ്ധമാണ്. അതുപോലെ തന്നെയാണ് അറബിരാജ്യങ്ങളുമായുള്ള ദ്വീപു നിവാസികളുടെ

നിറഞ്ഞ സമ്പർക്കത്തിന്റെ കഥയും. ദ്വീപു ഭാഷയിൽ വലിയൊരു ശതമാനം അറബി, പേർഷ്യൻ, ഭാഷകളിൽ നിന്നുള്ളതാണ്. ഇസ്ലാമിന്റെ ആവിർഭാവ കാലത്തും അതിനുമുന്നും അറബികളുമായുണ്ടായിരുന്ന ബന്ധത്തെക്കുറിച്ചും, അന്നത്തെ ദ്വീപു നിവാസികളുടെ ആചാരരീതികളെക്കുറിച്ചും, ലക്ഷദ്വീപുകളെ സംബന്ധിച്ച് ഏഴാം നൂറ്റാണ്ടിൽ എഴുതിയിട്ടുള്ള 'ഫുത്തുഹാത്തുൽ ജസായിർ' എന്ന ആധികാരിക ഗ്രന്ഥത്തിൽ വ്യക്തമാക്കിയിരിക്കുന്നു. ഈ ഗ്രന്ഥത്തെയും ഗ്രന്ഥകാരനെയും കുറിച്ച് കൂടുതൽ വിവരങ്ങൾ തുടർന്ന് എഴുതുന്നതിനാൽ അക്കാര്യം ഇവിടെ വിശദീകരിക്കുന്നില്ല.

ഇവിടെ പ്രസക്തമായിട്ടുള്ളത് ലക്ഷദ്വീപിലെ ജനവാസത്തിന് സഹസ്രാബ്ദങ്ങളുടെ തന്നെ പൗരാണികതയുണ്ടെന്നുള്ള വസ്തുതയാണ്. എറിത്രിയൻ കടൽത്തീരത്തിലൂടെ ഒരു കപ്പൽയാത്ര എന്ന ഗ്രന്ഥത്തിന്റെ അജ്ഞാത നാമാവായ അദ്ദേഹത്തിന്റെ വിവരണത്തിൽ ലക്ഷദ്വീപിലെ കിൽത്താൻ, അഗത്തി തുടങ്ങിയ ദ്വീപുകളുടെ പേരുകൾ കൊടുത്തശേഷം ഇതിനടുത്ത ലമുരികെ ഉപഭൂഖണ്ഡത്തിലെ പ്രധാന തുറമുഖങ്ങളായ തൗരയെയും, തിണ്ടിസ്സിനെയുംക്കുറിച്ച് വിവരിക്കുന്നുണ്ട്.10. ആന്ത്രോത്ത് ദ്വീപിൽ നിന്നും ലഭിച്ച ശിലായുധങ്ങളും ഈ ദ്വീപുൾപ്പെടെ മറ്റു പല ദ്വീപുകളിൽ നിന്നും കണ്ടുകിട്ടിയിട്ടുള്ള ബുദ്ധമത പ്രതിമകളും തകർന്നടിഞ്ഞ മറ്റു പല ചരിത്രാവിശിഷ്ടങ്ങളും ഈ ദ്വീപുകളുടെ പ്രാചീനതയെ വിളംബം ചെയ്യുന്നതാണ്. ആന്ത്രോത്ത് ദ്വീപിൽ നിന്നും കല്ലുവെട്ടാൻ കുഴിച്ചപ്പോൾ കിട്ടിയ രണ്ട് ബുദ്ധവിഗ്രഹ ശിരസ്സുകൾ ഇവിടത്തെ ഹൈസ്കൂളിൽ സൂക്ഷിച്ചിരിക്കുന്നു.11. ഇന്ത്യൻ ആർക്കിയോളജിക്കൽ സർവ്വേയിലെ സുപ്രണ്ടിങ്ങ് ആർക്കിയോളജിസ്റ്റായ കെ.എം. ശ്രീവാസ്തവ നടത്തിയ പര്യവേക്ഷണത്തിൽ ലഭിച്ച കളിമൺ പാത്രങ്ങളും കുതിരയുടെ പ്രതിമയും ബി.സി. അഞ്ചും, നാലും നൂറ്റാണ്ടുകളിലേതാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ഇവയുടെ അടിസ്ഥാനത്തിൽ അദ്ദേഹം എത്തിച്ചേർന്ന നിഗമനം ഈ പ്രദേശത്തെ ജനവാസം ബി.സി. 6-ാം നൂറ്റാണ്ട് മുതൽക്കെങ്കിലും ആരംഭിച്ചിരിക്കണമെന്നാണ്.12. എന്നാൽ ഈ ദ്വീപുകളിൽ അധിവാസം ഉറപ്പിച്ചവർ എവിടെ നിന്ന് എപ്പോഴൊക്കെയായി എത്തിയെന്ന് തറപ്പിച്ചു പറയുവാൻ സാധിക്കും വിധമുള്ള തെളിവുകൾ തുലോം തുച്ഛമാണ്. ഇന്ത്യനേഷ്യ, മലേഷ്യ, ജാവ, ബോർണിയോ, സുമാട്ര, എന്നിവിടങ്ങളിൽ നിന്നും കപ്പലോട്ട വിദഗ്ദ്ധരായിരുന്ന പോളിനേഷ്യക്കാരായിരിക്കും ആദിമ നിവാസികളെന്നാണ് പ്രബലത്തായ അഭിപ്രായം. ദ്വീപുകളിലെ ഓട നിർമ്മാണങ്ങളിലും, വാസ്തുശിൽപ്പ വിദ്യയിലും ഈ പൂർവ്വികരുടെ പാരമ്പര്യം ഇന്നും നിലനിർത്തിപ്പോരുന്നതായി കാണുന്നു. എന്നാൽ എല്ലാ ദ്വീപുകളിലും ഒരേ സമയത്ത് തന്നെ കുടിയേറ്റം നടന്നിരിക്കാൻ സാദ്ധ്യതയുണ്ട്. ദ്വീപുകളിൽ പല സ്ഥലത്ത് നിന്നും വട്ടെഴുത്തിലുള്ള ഗ്രന്ഥങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്. തമിഴ് കലർന്ന മലയാള ഭാഷയിൽ വട്ടെഴുത്തിൽ കൊത്തി സൂക്ഷിപ്പിച്ചുള്ള മരപ്പലക ബോർഡുകളും കല്ലുകളും പല ദ്വീപുകളിലും കാണുന്നു.13. ഇവയൊക്കെ തമിഴ് നാടിന്റെയും, കേരളത്തിന്റെയും സ്വാധീനമാണല്ലോ കാണിക്കുന്നത്.

ചോളന്മാരും, പല്ലവരും ഈ ദ്വീപുകളിൽ പലപ്പോഴായി ആധിപത്യം സ്ഥാപിച്ചിരുന്നുവെങ്കിലും അവർക്കാർക്കും തന്നെ അറബിക്കടലിൽ ഏറെ അകലെയായി ഒറ്റയൊറ്റയായി കിടക്കുന്ന ഈ ദ്വീപുകളിൽ ഭരണപരമായ നിയന്ത്രണം നടത്തുവാൻ സാധിച്ചിരുന്നില്ല. അതിനേക്കാളേറെ സൗകര്യം ലഭിച്ചത് കോലത്തിരിമാരുടെ പൂർവ്വികരായ മൂഷകരാജാക്കന്മാർക്കായിരുന്നു. 11-ാം നൂറ്റാണ്ടിൽ മൂഷകരാജ്യത്തന്റെ ആസ്ഥാനകവിയായിരുന്നു അതുലൻ രചിച്ച മൂഷകവംശം എന്ന സംസ്കൃത കാവ്യത്തിൽ നിന്നും മനസ്സിലാകുന്നത് മൂഷകരാജാവായ ശ്രീകണ്ഠന്റെ ജ്യേഷ്ഠൻ വല്ലഭൻ ലക്ഷദ്വീപുകൾ കീഴടക്കിയിരുന്നതായിട്ടാണ്. ഇബ്നു ബത്തൂത്ത 1342ലാണല്ലോ കേരളത്തിലെത്തുന്നത്. അദ്ദേഹം മിനിക്കോയ് ദ്വീപിൽ കുറേക്കാലം താമസിക്കുകയും അവിടത്തെ ജനജീവിതത്തെപ്പറ്റി പ്രതിപാദിക്കുകയും ചെയ്തിട്ടുണ്ട്. ഏറെക്കുറെ സ്വതന്ത്രമായി പ്രാദേശിക ഭരണം നടത്തിക്കൊണ്ടുപോകുവാൻ ദ്വീപുകാർക്ക് പ്രയാസം നേരിട്ടിരുന്നില്ല. നാമമാത്രമായ മേൽക്കോയ്മ മാത്രമേ പുറംനാടുകളിൽ നിന്നുള്ള ആക്രമണകാരികൾക്ക് ഉണ്ടായിരുന്നുള്ളു. ചിറക്കൽ രാജാക്കൻമാർക്ക് മേൽക്കോയ്മ ഉണ്ടായിരുന്ന കാലങ്ങളിൽ മലബാറിൽ നിന്നും കൂടുതൽ ആളുകൾ ഈ ദ്വീപുകളിൽ അധിവാസം ഉറപ്പിച്ചിരിക്കാൻ ഇടയുണ്ട്. ചിറക്കൽ രാജാക്കൻമാരിൽ നിന്നും ദ്വീപുകളിൻമേലുള്ള മേൽക്കോയ്മ കണ്ണൂർ അറക്കൽ രാജാക്കൻമാർക്ക് ലഭിച്ചു. എന്നാണ്? എങ്ങിനെയാണ്? ഈ കൈമാറ്റം നടന്നതെന്ന് വ്യക്തമാക്കാൻ ഉതകുന്ന രേഖകളൊന്നും ലഭ്യമല്ല. എന്നാൽ കണ്ണൂർ രാജാക്കൻമാരാണ് ഇംഗ്ലീഷ് കമ്പനിക്ക് ഈ ദ്വീപുകൾ കൈമാറുന്നത് വരെ ദ്വീപുകളുടെ മേൽ ആധിപത്യം പുലർത്തിയിരുന്നവർ. 16-ാം നൂറ്റാണ്ടാദ്യത്തിൽ പോർച്ചുഗീസുകാർ ചില ദ്വീപുകൾ കൈവശപ്പെടുത്തിയിരുന്നുവെങ്കിലും അവരുടെ ക്രൂരമായ നരഹത്യയുടേയും, കാപാലികത്വത്തിന്റെയും ഫലമായി ദ്വീപുകാരുടെ സംഘടിതമായ എതിർപ്പ് ഉണ്ടാകുകയും അതിദാരുണമായ കൂട്ടക്കൊലകൾ നടത്തി ദ്വീപ് ഉപേക്ഷിച്ചു പോകുകയുമാണുണ്ടായത്. ഏത് മേൽക്കോയ്മയ്ക്ക് കീഴിലായിരുന്നാലും ശരി ദ്വീപ് നിവാസികൾ എക്കാലവും പീഢിപ്പിക്കപ്പെടുകയും അവരുടെ കച്ചവടവിഭവങ്ങളും വരുമാനങ്ങളും ചൂഷണം ചെയ്യപ്പെടുകയും സാധാരണ പതിവായിരുന്നു. കണ്ണൂർ അറക്കൽ രാജാക്കൻമാർ മുസ്ലിംകളായിരുന്നുവെങ്കിലും പാവപ്പെട്ട ദ്വീപ് മുസ്ലിം നിവാസികളെ മർദ്ദിക്കുന്നതിലും അടിച്ചമർത്തി സാമ്പത്തിക ചൂഷണം ചെയ്യുന്നതിലും മറ്റാരേക്കാൾ മുൻപന്തിയിലായിരുന്നു. ദ്വീപ് ഭരണത്തിനായി കാലാകാലങ്ങളിൽ കണ്ണൂരിൽ നിന്നും അയച്ചിരുന്ന കാര്യക്കാരൻമാരും അവരെ സഹായിക്കാൻ ജൂനോർ

മാരും ദ്വീപുകളിൽ അനിയന്ത്രിതമായ അധികാരങ്ങളാണ് കൈയ്യാളിയിരുന്നത്. സ്വേച്ഛാധിപതികളെപ്പോലെ മർദ്ദനഭരണം നടത്തിയിരുന്ന അവർ ദ്വീപുകാരെ അടിമകളെപ്പോലെയാണ് പരിഗണിച്ചിരുന്നത്. സ്ഥാനവലുപ്പ വ്യത്യാസമില്ലാതെ ദ്വീപ് നിവാസികൾ ഒന്നടങ്കം രണ്ടാം മുണ്ട് കക്ഷത്തിൽ വെച്ച് വാപൊത്തി ആദരവോടുകൂടി വേണമായിരുന്നു ഈ ഉദ്യോഗസ്ഥൻമാരെ പ്രാപിക്കുവാൻ. പള്ളികളിൽ പോലും ഇവർക്കിരിക്കുവാൻ പ്രത്യേകം പീഠങ്ങൾ തന്നെയുണ്ടായിരുന്നു. ഇത്തരം വിവിധ മര്യാദകൾ ആചരിക്കാത്തവർക്ക് കടുത്ത ശിക്ഷ നൽകുകയും അവർ ജൻമിമാരാണെങ്കിൽ അവരുടെ സ്ഥലം കണ്ടുകെട്ടുകയും, ചെയ്തിരുന്നുവത്രേ.14. ആക്കത്തി ദ്വീപിൽ നിന്നും അമിതമായ നികുതി പിരിക്കുവാൻ ആജ്ഞാപിച്ചിട്ടും, നാടിന്റെ ദരിദ്രാവസ്ഥ അറിയാമായിരുന്ന വലിയ ഇല്ലത്ത് കുഞ്ഞഹമ്മദ് എന്ന കാര്യക്കാരൻ അതിന് തയ്യാറായില്ല. ദൈവഭക്തനും, മതപണ്ഡിതനും, നീതിമാനു മായിരുന്ന അദ്ദേഹത്തേയും, കുടുംബത്തേയും കൽപ്പന ലംഘിച്ചതിന്റെ പേരിൽ ഒന്നടങ്കം കൊലപ്പെടുത്തുകയും മൃതദേഹങ്ങൾ ഖബറടക്കാൻ അനുവദിക്കാതെ കടലിൽ എറിഞ്ഞുകളയുകയും ചെയ്തു.15. ഇത്തരം ക്രൂര പ്രവർത്തനങ്ങൾ മൂലം അറക്കൽ ഭരണത്തോട് ദ്വീപ് നിവാസികൾക്ക് അങ്ങേയറ്റം വെറുപ്പും പ്രതിഷേധവും നിറഞ്ഞുനിന്നു. പക്ഷേ മർദ്ദനങ്ങളും പീഢനങ്ങളും സഹിക്കുകയെന്നല്ലാതെ മറ്റൊരു പോംവഴിയും അവർക്കുണ്ടായിരുന്നില്ല.

ദുർഭരണത്തിൽ വീർപ്പുമുട്ടിയ അമ്മേനി ദ്വീപുകാർ അക്കാലത്ത് മലബാറിന്റെ അധിപതിയായിരുന്ന ടിപ്പുസുൽത്താനെ നേരിൽക്കണ്ട് കണ്ണൂർ ഭരണത്തിൻകീഴിൽ ഏറെക്കാലമായി തങ്ങൾ അനുഭവിച്ചുക്കൊണ്ടിരിക്കുന്ന കഷ്ടനഷ്ടങ്ങളേയും, കൂട്ടക്കൊലകളേയും വിവരിച്ചുകൊണ്ട് ഒരു നിവേദനം കൊടുത്തു. കണ്ണൂർ രാജകുടുംബവുമായി സൗഹൃദ ബന്ധം ഉണ്ടായിരുന്ന ടിപ്പുസുൽത്താൻ അവരുടെ അധീനതയിലുള്ള ലക്ഷദ്വീപുകളിലെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുവാൻ വിമുഖത കാട്ടിയെങ്കിലും ദ്വീപുകാരുടെ സങ്കട നിവൃത്തിക്കു വേണ്ടി വേണ്ടത് ചെയ്യാമെന്ന് ദ്വീപുകാരെ സമാധാനിപ്പിച്ച് പറഞ്ഞയക്കുകയും ചെയ്തു. അഞ്ചാറ് മാസം കഴിഞ്ഞെങ്കിലും അറക്കൽ ബീബിയുമായി നടന്ന സംഭാഷണത്തിൽ ദ്വീപുകാരുടെ പ്രശ്നം സൗഹാർദ്ദപരമായി പരിഹരിക്കുവാനുള്ള നിർദ്ദേശം ടിപ്പുസുൽത്താനിൽ നിന്നുണ്ടായി. അമ്മേനി, കടമം, കിളുത്തം, ചേത്തിലാത്ത്, ബിത്തിര എന്നീ ദ്വീപുകൾ അറക്കൽ ബീബി, ടിപ്പുസുൽത്താന് വിട്ടുകൊടുപ്പാനും അവക്ക് പകരമായി ചിറക്കൽ താലൂക്കിൽ ടിപ്പു സുൽത്താനുണ്ടായിരുന്ന സ്ഥലങ്ങളിൽ കുറേ ബീബിക്ക് നഷ്ടപരിഹാരമായി നൽകുവാനുമായിരുന്നു തീരുമാനം.

1787ലാണ് അമ്മേനി മുതലായ ദ്വീപുകളിൽ മൈസൂർ ഭരണം നിലവിൽ വന്നത്. അറക്കൽ ഭരണത്തേക്കാൾ ഏറെ ആശ്വാസകരമായിരുന്നു മൈസൂർ പ്രതിനിധികളുടെ ഭരണം. മനേഘാർ എന്നായിരുന്നു അമ്മേനിയിലേക്ക് ദ്വീപ് ഭരണത്തിനായി നിയോഗിച്ചിരുന്നവരുടെ സ്ഥാനപ്പേർ. അവരെ സഹായിക്കുവാൻ ആവശ്യമായ ശിപായിമാരേയും നിയമിച്ചിരുന്നു. അമ്മേനി ദ്വീപ് തലസ്ഥാനമാക്കിയാണ് അവർ ഭരണം നടത്തിയരുന്നത്. ജനങ്ങളുടെ മേൽ അന്യായമായി ചുമത്തിയിരുന്ന നികുതികളും, പിഴകളും ഭൂമി പിടിച്ചെടുക്കലുമെല്ലാം അവസാനിപ്പിച്ചു. ഏറെക്കുറെ നീതിപൂർവ്വമായ സംവിധാനം നടപ്പിലാക്കുകയും ചെയ്തു. അറക്കൽ കാര്യസ്ഥൻമാർ അന്യായമായി പിടിച്ചെടുത്തിരുന്ന സ്ഥലങ്ങൾ അതിന്റെ യഥാർത്ഥ അവകാശികൾക്ക് തിരിച്ചു നൽകി. അഞ്ച് കൊല്ലത്തിനകം തൈകൾവെച്ച് പിടിപ്പിക്കാമെന്ന് രേഖാമൂലം ഉറപ്പ് കൊടുക്കുന്നവർക്ക് ഗവൺമെന്റ് ഭൂമികൾ തുണ്ടുതുണ്ടായി പതിച്ചുകൊടുക്കുകയും ചെയ്തു. ഇങ്ങനെ പതിച്ചുകൊടുക്കുന്ന സ്ഥലങ്ങൾക്ക് ദർക്കാസ്ഭൂമി എന്നാണ് പറഞ്ഞുപോരുന്നത്. ലക്ഷദ്വീപുകളിൽ മൈസൂർ ഭരണത്തിൻ കീഴിലുണ്ടായിരുന്ന ദ്വീപുകളിൽ മാത്രമേ ദർക്കാസ് ഭൂമികൾ ഉണ്ടായിരുന്നുള്ളു. മൈസൂർ ഭരണം 12 വർഷക്കാലത്തേയ്ക്ക് മാത്രമേ നിലനിന്നിരുന്നുള്ളു. നാലാം മൈസൂർ യുദ്ധത്തിൽ ടിപ്പുസുൽത്താൻ വധിക്കപ്പെടുന്നതോടുകൂടി മൈസൂറിന്റെ കീഴിലുണ്ടായിരുന്ന അഞ്ച് ദ്വീപുകളും ഈസ്റ്റിന്ത്യാകമ്പനിയുടെ കൈവശമായി.

ഈ ദ്വീപുകളിൽ കമ്പനി ഭരണം നടത്തിയിരുന്നത് തന്ത്രപൂർവ്വമായിരുന്നു. ദ്വീപുകാരെ അമിതമായ നികുതിയിൽ നിന്നും ഒഴിവാക്കിയിരുന്നുവെന്ന് മാത്രമല്ല, അവർക്ക് ചെറിയ തോതിൽ ചില ആനുകൂല്യങ്ങളും നൽകിക്കൊണ്ടിരുന്നു. എന്നാൽ ഇതിന് നേരെ വിപരീതമായ സ്ഥിതിയായിരുന്നു മറ്റു ദ്വീപുകളിലെ കണ്ണൂർ രാജാക്കൻമാരുടെ കാര്യസ്ഥൻമാർ നടത്തിയിരുന്ന ഭരണം. അവർ പഴയപടി ദ്വീപുകാരിൽ നിന്നും പിഴിഞ്ഞെടുക്കാവുന്ന ധനം യാതൊരു തത്വദീക്ഷയുമില്ലാതെ കൊള്ളയടിച്ചുകൊണ്ടിരുന്നു. കണ്ണൂർ ഭരണത്തിൽ നിന്നും ഏത് വിധേനയെങ്കിലും രക്ഷപ്പെടുവാനുള്ള ആഗ്രഹമായിരുന്നു അവരുടെ കീഴിലുണ്ടായിരുന്ന ഓരോ ദ്വീപ് കാരന്റെ മനസ്സിലും. ഈസ്റ്റിന്ത്യാകമ്പനിക്കാകട്ടെ, കണ്ണൂർ രാജാക്കൻമാരിൽ നിന്നും ഏത് വിധേനയെങ്കിലും അവരുടെ കീഴിലുണ്ടായിരുന്ന ദ്വീപുകൾ കൈവശപ്പെടുത്തുവാനുള്ള മോഹവും അധികമായിട്ടുണ്ടായിരുന്നു.

1847 ഏപ്രിൽ 15-ാം തിയ്യതി മുതൽ രണ്ട് ദിവസം നീണ്ടുനിന്ന അതിഭയങ്കരമായ കൊടുങ്കാറ്റും, വെള്ളപ്പൊക്കവും, കൽപ്പേനി, കവരത്തി, ആക്കത്തി, ആന്ത്രോത്ത് ദ്വീപുകളിൽ വിതച്ച വിനാശം വർണ്ണനാതീതമാണ്. കൽപ്പേനിയിൽ 1600 ജനങ്ങളിൽ 450 പേരും, ആന്ത്രോത്തിൽ 2500ൽപ്പരം ജനങ്ങളിൽ 900ത്തിൽ താഴെ ജനങ്ങളുമാണ് ഈ പ്രകൃതി ക്ഷോഭത്തിനുശേഷം ബാക്കിയായത്. അതുപോലെ 40,000ത്തിൽപ്പരം തെങ്ങുകളുണ്ടായിരുന്ന കൽപ്പേനിയിൽ 700ഉം, 50,000ത്തിൽ കൂടുതൽ തെങ്ങുകളുണ്ടായിരുന്ന ആന്ത്രോ

ത്തിൽ 8,000ത്തിൽ താഴെയുമാണ് ഈ കെടുതിയിൽ അതിജീവിച്ചത്.16. മറ്റു ദ്വീപുകളിലും നാശനഷ്ടങ്ങൾ കുറച്ചൊന്നുമായിരുന്നില്ല. ദ്വീപിലെ ഈ കഷ്ടനഷ്ടങ്ങളെക്കുറിച്ച് കൽപ്പേനി ദ്വീപിൽ നിന്നും ഒരു നിവേദക സംഘം കണ്ണൂരിലെ അന്നത്തെ രാജാവായിരുന്ന കോയക്കുട്ടി തങ്ങളെക്കണ്ട് സങ്കടം ബോധിപ്പിച്ചു. അദ്ദേഹം നിവേദക സംഘത്തിന് കുറേ ഭക്ഷണസാധനങ്ങളും, വസ്ത്രങ്ങളും കൊടുത്തയക്കുകയും, താനും സംഘവും ഉടനെ ദ്വീപ് സന്ദർശിക്കാമെന്ന് ഏൽക്കുകയും ചെയ്തു. ഇത് മണത്തറിഞ്ഞ കമ്പനി ഉദ്യോഗസ്ഥൻമാരിൽ ഒരാളായ ഡബ്ല്യു. റോബിൻസൺ അറക്കൽ രാജാവിനോടൊപ്പം താനും ദ്വീപ് സന്ദർശനത്തിന് ചെല്ലാമെന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം കണ്ണൂർ രാജാവിന് അപ്പോൾ മനസ്സിലായിരുന്നില്ല. അറക്കൽ രാജാവും റോബിൻസണും പാർട്ടിയും അങ്ങനെ കൽപ്പേനി, ആന്ത്രോത്ത്, കവരത്തി, ആക്കത്തി എന്നീ ദ്വീപുകളിൽ പര്യടനം നടത്തുകയും ജനങ്ങളുടെ കഷ്ടപ്പാട് മനസ്സിലാക്കുകയും സങ്കടഹർജികൾ സ്വീകരിക്കുകയും ചെയ്തു. കണ്ണൂർ രാജാവിന്റെ സാന്നിദ്ധ്യത്തിൽ ദ്വീപുകാർക്ക് വേണ്ട ദുരിതാശ്വാസങ്ങൾ നടത്തുവാൻ തങ്ങൾ തയ്യാറാണെന്ന് റോബിൻസൺ ചെന്ന ദ്വീപുകളിലൊക്കെ തുറന്ന് പ്രഖ്യാപിക്കുകയുണ്ടായി.

ഒട്ടു സമയം കളയാതെ കമ്പനി ഉദ്യോഗസ്ഥൻമാർ ദ്വീപുകളിലേക്കാവശ്യമായ എല്ലാ സാധനങ്ങളും എത്തിച്ചു കൊടുത്തു. തുടർച്ചയായി രണ്ട് വർഷം ഇങ്ങനെ നാല് ദ്വീപുകളിലേക്കും അയച്ചുകൊണ്ടിരുന്ന സാധനങ്ങളുടെ ചെലവ് അറക്കൽ രാജാവിന്റെ കണക്കിൽ വകയിരുത്തിപ്പോന്നു. അറക്കൽ രാജാവിന്റെ പേരിലാണ് ഈ സഹായങ്ങൾ എത്തിച്ചിരുന്നതെങ്കിലും ദ്വീപുകാർക്ക് കമ്പനി ഉദ്യോഗസ്ഥൻമോരാടാണ് കൂടുതൽ അടുപ്പവും ബഹുമാനവും തോന്നിയിരുന്നത്. നാലഞ്ച് വർഷം കഴിഞ്ഞപ്പോൾ ദ്വീപിലെത്തിച്ചിരുന്ന സാധനങ്ങളുടെ വില പലിശയടക്കം രണ്ട് ലക്ഷത്തിൽപ്പരം രൂപയായി ഉയർന്നിരുന്നു. കമ്പനിക്കാർ കടം വീട്ടുവാൻ രാജാവിൽ സമ്മർദ്ദം ചെലുത്തിയപ്പോൾ നിർവ്വാഹമില്ലാത്ത അവസ്ഥയിൽ 1854ൽ കൽപ്പേനി, ആന്ത്രോത്ത്, കവരത്തി, ആക്കത്തി എന്നീ ദ്വീപുകൾ കമ്പനിക്കാർക്ക് രാജാവ് പണയമെഴുതിക്കൊടുത്തു.

ഈ സ്ഥലങ്ങൾ കമ്പനിയുടെ കീഴിൽ വന്നുവെങ്കിലും അവയുടെ മേൽനോട്ടം അറക്കൽ രാജാവിനെ തന്നെയാണ് ഏൽപ്പിച്ചിരുന്നത്. പക്ഷേ ഭരണത്തിൽ ചില പരിഷ്കാരങ്ങൾ നടത്തുവാൻ അവർ നിർബന്ധരായി. കണ്ണൂരിൽ നിന്നും കാര്യക്കാരൻമാരെ നിയമിച്ചയക്കുന്നതിന് പകരം അതാത് ദ്വീപുകളിൽ നിന്നു തന്നെ ഭരണമേൽനോട്ടത്തിന് പറ്റിയ ആളുകളെ നിയമിക്കണമെന്നു വന്നു. ഇങ്ങനെ നിയമിതരായവർക്ക് അമീൻ എന്നായിരുന്നു നാമധേയം. ദ്വീപിലെ ജൻമിമാർക്കും പ്രധാനികൾക്കും ചില അനുകൂല്യങ്ങളും പദവികളും നൽകുവാനും കമ്പനി പ്രേരിപ്പിച്ചു. ഇതൊക്കെ കാരണം ദ്വീപുകാർക്ക് കമ്പനിയോട് പ്രതിപത്തി വർദ്ധിക്കുകയും ചെയ്തു. പണയപ്പെടുത്തിയ തുക പത്ത് കൊല്ലമായിട്ടും കണ്ണൂർ രാജാവിന് അടയ്ക്കുവാൻ സാധിച്ചില്ല. 2,17,162 രൂപയായി വർദ്ധിച്ച തുകക്ക് കമ്പനി ഈ ദ്വീപുകൾ അവസാനം ജപ്തി ചെയ്യുകയാണുണ്ടായത്. കടം വീട്ടാൻ സാധിക്കാതിരുന്നതിനാൽ 1908 വരെ ഈ ജപ്തി പ്രാബല്യത്തിലിരുന്നു. ആ വർഷം കണ്ണൂർ രാജാവും കമ്പനിയുമായുണ്ടാക്കിയ കരാർ അനുസരിച്ച് ഈ ദ്വീപുകൾ കമ്പനിക്ക് വിട്ടുകൊടുത്തു. ഈ തീരുമാനപ്രകാരം കമ്പനി കൊല്ലംതോറും 23,000 ഉറുപ്പിക മാലിഖാനായി കമ്പനി അറക്കൽ രാജാവിന് നൽകാമെന്നും അറക്കൽ സുൽത്താനെന്ന സ്ഥാനപ്പേര് നിലനിർത്താമെന്നും കമ്പനി സമ്മതിച്ചുകൊണ്ടുള്ള കാരാറിൽ അറക്കൽ മുഹമ്മദലി രാജാവും കമ്പനി ഉദ്യോഗസ്ഥരും ഒപ്പു വെച്ചു.17. അങ്ങനെ 1908 ആയപ്പോഴേക്ക് ലക്ഷദ്വീപുകാർ മുഴുക്കെ കമ്പനിയുടെ അധീനതയിലായി.

സ്വാതന്ത്ര്യത്തിന് ശേഷം ഏതാണ്ട് പത്ത് വർഷത്തോളം ഈ ദ്വീപ് സമൂഹം മദ്രാസ് ഗവൺമെൻറിന്റെ കീഴിലായിരുന്നു. ഇക്കാലത്ത് ദ്വീപുകാരുടെ സ്ഥിതി പഴയ പോലെ തന്നെ അവഗണനയുടേതായിരുന്നു. ദ്വീപിലെ ജനങ്ങൾ തങ്ങളുടെ അവശതാ പരിഹാരത്തിനായി ഉൽബുദ്ധരായ സാമൂഹ്യപ്രവർത്തകരുടെ നേതൃത്വത്തിൽ എല്ലാ ദ്വീപുകാർക്കും പ്രാതിനിധ്യം നൽകിക്കൊണ്ട് ജമാഅത്തെ ജസീറായെന്ന പേരിൽ 1952 സെപ്റ്റംബർ 13-ാം തിയ്യതി ഒരു സംഘടനയ്ക്ക് രൂപം കൊടുത്തു. ഇതിന്റെ പ്രവർത്തനഫലമായി ദ്വീപുകാരുടെ അവശതകളും ആവശ്യങ്ങളും അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ സാധിച്ചിരുന്നു. ഈ സംഘടനയുടെ പ്രവർത്തനം അധികകാലം നിലനിന്നില്ല. 1954ൽ ലക്ഷദ്വീപ് വെൽഫയർ കമ്മിറ്റി എന്നൊരു സംഘടന കോഴിക്കോട് രൂപീകൃതമായിരുന്നു. അതിന്റെ പ്രധാന പ്രവർത്തകർ ജസ്റ്റിസ് പി. ഗോവിന്ദ മേനോൻ, വി. അബ്ദുല്ല സാഹിബ്, എൻ.വി. കൃഷ്ണവാരിയർ, ജസ്റ്റിസ് എസ്.കെ. ഖാദർ, വി.എസ്. കേരളീയൻ, പി.പി. ഉമ്മർകോയ, സി.എച്ച്. മുഹമ്മദ്കോയ എന്നിവരായിരുന്നു. ഈ സംഘടനയും ദ്വീപുകാരുടെ ആവശ്യങ്ങൾ സർക്കാരിനെ ബോദ്ധ്യപ്പെടുത്തുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഈ ആവശ്യങ്ങളെ പിന്താങ്ങിക്കൊണ്ട് പല പത്രങ്ങളും, പ്രത്യേകിച്ച് മലബാറിലെ മാതൃഭൂമി, ദേശാഭിമാനി, ചന്ദ്രിക എന്നിവ മുഖപ്രസംഗങ്ങളും എഴുതി. മദ്രാസ് അസംബ്ലിയിലും, ലോക സഭയിലും, പലപ്പോഴും ദ്വീപുകാരുടെ ആവശ്യങ്ങൾക്ക് വേണ്ടി ശക്തമായ ശബ്ദം ഉയർന്നിരുന്നു.

സ്റ്റേറ്റ് റീ-ഓർഗനൈസേഷൻ കമ്മിറ്റി റിപ്പോർട്ട് സ്വീകരിച്ചുകൊണ്ട് ഭാഷാ അടിസ്ഥാനത്തിൽ സ്റ്റേറ്റ് പുനർവിഭജന പ്രഖ്യാപനം നടന്ന 1956 നവംബർ ഒന്നിന് ലക്ഷദ്വീപിനെ കേന്ദ്രഭരണ പ്രദേശമാക്കി മാറ്റിയിരുന്നു. ദ്വീപുകളുടെ ഭരണം ഏകീകരിച്ച് ഒരു അഡ്മിനിസ്ട്രേറ്ററായിരുന്ന എസ്. മണി, ലക്ഷദ്വീപുകളുടെ സമഗ്രമായ നവീകരണത്തിന് ഉതകുന്നതും ജനങ്ങളുടെ ചിരകാല അഭിലാഷങ്ങൾ നിറവേറ്റുന്നതുമായ

ഒരു വികസനപദ്ധതി ഗവൺമെൻറിന് സമർപ്പിക്കുകയും അവ സർക്കാർ അംഗീകരിച്ചതിനെ തുടർന്ന് ഓരോന്നായി പ്രാവർത്തികമാക്കുകയും ചെയ്തു. ലോകസഭയിലേക്ക് ലക്ഷദ്വീപിൽ നിന്നും ഒരു പ്രതിനിധിയെ അനുവദിച്ചതിന് പുറമെ ഭരണകാര്യങ്ങളിൽ ദ്വീപുകാർക്ക് ഫലപ്രദമായ പങ്കുണ്ടാക്കുന്നതിനായി അഞ്ചംഗങ്ങൾ അടങ്ങുന്ന ലക്ഷദ്വീപ് അഡൈ്വസറി കൗൺസിൽ രൂപീകരിക്കുകയും ചെയ്തിരുന്നു. കേന്ദ്രഭരണത്തിൻ കീഴിൽ വന്നതിന് ശേഷമാണ് ലക്ഷദ്വീപിൽ കാര്യമായ പുരോഗതി ഉണ്ടായത്. ഈ ദ്വീപുകളെല്ലാം കൂടി ഏകജില്ലാ ഘടകമാക്കുകയും അവയെ നാല് തഹസിലു (താലൂക്ക്) കളായി ഭരണസൗകര്യത്തിനായി വിഭജിക്കുകയും ചെയ്തു. ഓരോന്നിലും ഓരോ തഹസിൽദാരേയും നിയമിച്ചു. ജില്ലാ ഭരണ സംവിധാനത്തിലെ ഓഫീസർമാരിൽ ഏറ്റവും താഴെയായി അമീൻമാരാണുള്ളത്.

1964-ൽ കോഴിക്കോട് നിന്നും ഭരണ ആസ്ഥാനം കവരത്തിയിലേക്ക് മാറ്റി. 1983ൽ ഒമ്പത് ഉപജില്ലകൾ കൂടി ഉണ്ടാക്കുകയും അവയിൽ എക്സിക്യൂട്ടീവ് മജിസ്ട്രേട്ട്മാരുടെ അധികാരത്തോട് കൂടി ഓരോ സബ്ഡിവിഷണൽ ഓഫീസർമാരെ നിയമിക്കുകയും ചെയ്തു. ഈ ഉപജില്ലകളിൽ ബ്ലോക്ക് ഡെവലപ്പ്മെൻറ് ഓഫീസർമാരുടെ ചുമതലയും ഇവർ തന്നെയാണ് നിർവ്വഹിക്കുന്നത്. ജനാധിപത്യ അടിസ്ഥാനത്തിലുള്ള ഒരു ദ്വീപ് കൗൺസിൽ രൂപീകൃതമാകുന്നത് 1909ൽ മാത്രമാണ്. ദ്വീപ് കൗൺസിലിൽ 79 അംഗങ്ങളാണുള്ളത്. അഗത്തിയിൽ നിന്നും 8 പേരും അമ്മേനി, ആന്ത്രോത്ത്, കവരത്തി, മിനക്കോയ് എന്നിവയിൽ നിന്നും 10 പേർ വീതവും ബിത്രയിൽ നിന്നും മൂന്ന് പേരും ചേത്തിലാത്ത് നിന്ന് 6 പേരും കടുമത്ത്, കൽപ്പേനി എന്നിവയിൽ നിന്ന് 8 പേർ വീതവും കിൽത്താനിൽ നിന്ന് 6 പേരുമാണ് ഈ കൗൺസിലിൽ അംഗങ്ങളായിട്ടുള്ളത്. 21 അംഗ കേന്ദ്ര ഭരണ പ്രദേശ് കൗൺസിൽ രൂപീകരിച്ചപ്പോൾ ദ്വീപ് ഉപദേശക സമിതികളിൽ നിന്നായി 18 അംഗങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ബിത്ര, ചേത്തിലാത്ത്, കിൽത്താൻ എന്നിവകളിൽ നിന്നും ഒരാൾ വീതവും, അഗത്തി, കടുമത്ത്, കൽപ്പേനി, കവരത്തി, എന്നിവിടങ്ങളിൽ നിന്നും 2 പേർ വീതവുമാണ് ഈ കൗൺസിലിൽ ഉള്ളത്. ദ്വീപിൽ നിന്നുള്ള പാർലമെൻറംഗവും, കളക്ടർ, ദ്വീപ് അഡ്മിനിസ്ട്രേറ്റർ എന്നിവരാണ് മറ്റംഗങ്ങൾ.

ലക്ഷദ്വീപിൻെറ ആധുനീകരണം വളരെ വൈകിയാണ് ആരംഭിച്ചതെങ്കിലും ഇന്ന് എല്ലാ മേഖലകളിലും ശീഘ്രഗതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ മുന്നേറുന്നുണ്ടെന്നുള്ളത് ആശ്വാസകരമാണ്. 1962ലാണ് വൈദ്യുതി ദ്വീപുകളിൽ എത്തിയത്. ഇന്ന് ആൾപ്പാർപ്പുള്ള ദ്വീപുകളിലൊക്കെ ഇലക്ട്രിസിറ്റി ലഭ്യമാകുന്നുണ്ട്. വ്യാവസായിക രംഗത്തും, പ്രകടമായ ഉൽകർഷം നാട്ടിനുണ്ടായി. കയറുൽപന്നങ്ങളാണ് ദ്വീപ് നിവാസികളുടെ പ്രധാന വരുമാനമാർഗ്ഗവും, തൊഴിൽ രംഗവും. ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ചകിരി നാര് ഉൽപ്പാദന ഫാക്ടറികൾ ആറു ദ്വീപുകളിൽ സ്ഥാപിതമായിട്ടുണ്ട്. 1989-90ൽ പച്ചത്തോടിൽ നിന്നും 183 ടൺ ചകിരി നാര് ഉൽപ്പാദിപ്പിച്ചിരുന്നു. അമ്മേനിയിലും കൽപ്പേനിയലും രൂപീകൃതമായിട്ടുള്ള കയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനങ്ങളും ഈ രംഗത്ത് ഉൽപ്പാദന-വിപണന ശേഷി വർദ്ധിപ്പിക്കുവാൻ സഹായിച്ചിട്ടുണ്ട്. കരകൗശല പരിശീലന കേന്ദ്രങ്ങൾ ഓരോ വർഷവും അനവധി പേർക്ക് ചിരട്ട, കവിടി, ആമത്തോട്, തുടങ്ങിയവ കൊണ്ട് നിർമ്മിക്കുന്ന ആകർഷകങ്ങളും വിദേശ വിപണിയിൽ വിറ്റഴിയുന്നതുമായ കലാരൂപങ്ങൾ ഭംഗിയായി നിർമ്മിക്കുവാനുള്ള കരവിരുത് പ്രദാനം ചെയ്യുന്നു. ചെറിയ തോതിലാണെങ്കിലും കടമത്ത് ദ്വീപിൽ 1988-ൽ സ്ഥാപിച്ച ടെലിവിഷൻ അസംബ്ലിങ്ങ് യൂണിറ്റ് ടി.വി. സെറ്റിൻെറ ഉൽപാദനം നടത്തിക്കൊണ്ടിരിക്കുന്നുണ്ട്.

വിദ്യാഭ്യാസ രംഗത്താണ് തീവ്രയത്നപരിപാടികൾ നടന്നത്. 1951ലെ സെൻസസ്സിൽ ദ്വീപിലെ സാക്ഷരത 15.23 ശതമാനമായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇക്കാലത്ത് അധിവാസമുള്ള 9 ദ്വീപുകളിൽ 9 പ്രൈമറി സ്കൂളുകൾ മാത്രമാണുണ്ടായിരുന്നത്. ഹൈസ്കൂളുകളോ, കോളേജുകളോ ഉണ്ടായിരുന്നില്ല. ഇന്ന് രണ്ട് കോളേജുകളുൾപ്പെടെ 56 വിദ്യാഭ്യാസസ്ഥാപനങ്ങൾ നിലവിലുണ്ട്. 1994-95ൽ 15,778 വിദ്യാർത്ഥികളും 721 അദ്ധ്യാപകൻമാരും ഇവകളിലുണ്ട്. 1991ലെ സെൻസസ്സ് വെളിപ്പെടുത്തുന്ന സാക്ഷരതാ നിലവാരം 81.78 ശതമാനമാണ്. മിനിക്കോയ് ദ്വീപിൽ ഒരു നവോദയ സ്കൂളും പ്രവർത്തിച്ചുവരുന്നു.

സ്ത്രീ വിദ്യാഭ്യാസത്തിന് നാനാവിധങ്ങളായ പ്രോൽസാഹനങ്ങൾ നൽകുന്നത്കൊണ്ട് ഇന്ന് ദ്വീപുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ 44 ശതമാനത്തിൽ കൂടുതൽ പെൺകുട്ടികളാണ്. വിദ്യാഭ്യാസം എല്ലാ തലത്തിലും സൗജന്യമാക്കിയിട്ടുണ്ട്. നഴ്സറി പ്രൈമറി സ്കൂളുകളിൽ എല്ലാവർക്കും ഉച്ചഭക്ഷണം നൽകിപ്പോരുന്നു. ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്ന വിദ്യാർത്ഥിക്ക് ഭക്ഷണവും താമസവുമൊക്കെ സൗജന്യമാണ്. ദ്വീപുകൾക്ക് പുറത്ത് മറ്റു പ്രദേശങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും, താമസച്ചെലവും ഫീസുമെല്ലാം സർക്കാർ നൽകുന്നു. പഠിക്കുന്ന സ്ഥലത്ത് നിന്ന് സ്വന്തം ദ്വീപിലേക്ക് പോകുന്നതിനായുള്ള യാത്രാച്ചെലവ് നൽകിപ്പോരുന്നുണ്ട്. കേരളത്തിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള കോളേജുകളിൽ ദ്വീപ് വിദ്യാർത്ഥികൾക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. അവർക്ക് വരുന്ന വിദ്യാഭ്യാസച്ചെലവും സർക്കാരാണ് വഹിക്കുന്നത്.

വാർത്താ-വിനിമയ ഗതാഗത രംഗങ്ങളിലും വലിയ കുതിച്ചുചാട്ടമാണ് ഉണ്ടായിട്ടുള്ളത്. വൻകരയുമായുള്ള ഗതാഗതം 1959 വരെ ചെറിയ ഓടങ്ങൾ വഴിയാണ് നടത്തിയിരുന്നത്. കയറും, കൊപ്രയും, മത്സ്യ ഉൽപന്നമായ മാസും വർഷത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം ഇങ്ങനെ ഓട

ങ്ങളിലായി വൻകരയിൽ കൊണ്ടുവന്ന് വിറ്റ് അരി, പഞ്ചസാര, തുടങ്ങിയ ആവശ്യസാധനങ്ങളുമായി മടങ്ങുകയായിരുന്നു പതിവ്. വർഷകാലങ്ങളിൽ ഈ യാത്ര ദുർഘടകരമായിരുന്നതിനാൽ ദുർലഭമായിട്ടേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇന്ന് ഏത് കാലാവസ്ഥയിലും ചരക്കുകൾ കൊണ്ടുവരുവാനും, കൊണ്ടു പോകുവാനും കഴിവുള്ള കപ്പലുകളും, യന്ത്രവൽകൃത ബോട്ടുകളും സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്നു. എം.വി. ടിപ്പുസുൽത്താൻ എന്ന യാത്രാക്കപ്പലിൽ 658 യാത്രക്കാർക്ക് സൗകര്യമായി സഞ്ചരിക്കാനുള്ള സംവിധാനമുണ്ട്. വൻകരയുമായി ദ്വീപുകാർക്ക് സമ്പർക്കം പുലർത്തുവാൻ ഇന്ന് അനായാസമായി സാധിക്കുന്നു. അഗത്തി ദ്വീപും വൻ കരയുമായി ബന്ധിപ്പിക്കുന്ന വായു ദൂത് സർവ്വീസ് 1988ൽ ആരംഭിച്ചതോട് കൂടി യാത്രാസൗകര്യങ്ങൾ പതിൻമടങ്ങ് വർദ്ധിച്ചു. ദ്വീപുകളിലേക്ക് വൻകരയിൽ നിന്നും നേരിട്ട് ബന്ധപ്പെടാൻ സാധിക്കുംവിധം ടെലിഫോൺ സൗകര്യങ്ങളും ഏർപ്പെടുത്തിയിരിക്കുന്നു. കവരത്തിയിലും, മിനിക്കോയിയിലും ഫാക്സ് സൗകര്യവും ഇന്ന് ലഭ്യമാണ്. അതുപോലെ റേഡിയോ സ്റ്റേഷനുകളും ടെലിവിഷനുകളും ദ്വീപുകാർക്ക് ഒരു നവയുഗപ്പിറവിയാണ് സമ്മാനിച്ചത്. ദ്വീപുകളിൽ പുതുതായി നിർമ്മിച്ചിട്ടുള്ള റോഡുകളത്രയും ഈടും, ഉറപ്പുമുള്ള കോൺക്രീറ്റ് റോഡുകളാണ്.

ആരോഗ്യരംഗത്തും മാറ്റങ്ങൾ ധാരാളം ഉണ്ടായിട്ടുണ്ട്. മിനിക്കോയിയിലും, കവരത്തിയിലും സ്ഥാപിതമായിട്ടുള്ള ആശുപത്രികളിൽ യഥാക്രമം 20, 50 പേരെ വീതം കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യമുണ്ട്. മറ്റുള്ള ദ്വീപുകളിൽ 10 രോഗികളെ വീതം കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യത്തോട് കൂടി 7 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നു.

മൽസ്യബന്ധനമാണ് ദ്വീപുകാരുടെ പ്രധാന തൊഴിലും വരുമാന മാർഗ്ഗവും. ടൂണ ഇനത്തിൽപ്പെട്ട മത്സ്യങ്ങൾ ഉണക്കി പ്രത്യേകമായി തയ്യാറാക്കുന്ന മാസ് വൻകരയിലും മറ്റും ധാരാളമായി വിപണനം നടത്തി വരുന്നു. കുടിൽ വ്യവസായങ്ങൾക്കും, ചെറുകിട വ്യവസായങ്ങൾക്കും ലഭിക്കുന്ന ആനുകൂല്യങ്ങൾ ഇക്കാര്യത്തിലും ഉണ്ട് എന്നതിനാൽ ഓരോ വർഷവും ഉൽപ്പാദനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കെട്ടിട നിർമ്മാണങ്ങളും ത്വരിതഗതിയിൽ പൊതുമേഖലയിലും സ്വകാര്യമേഖലയിലും നടക്കുന്നുണ്ട്.

തദ്ദേശീയരും വിദേശീയരുമായ സഞ്ചാരകുതുകികളെ ആകർഷിക്കുവാൻ പറ്റുന്ന പല ടൂറിസ്റ്റ് കേന്ദ്രങ്ങളും ഈ ദ്വീപുകളിലുണ്ട്. ജനവാസമില്ലാത്ത ദ്വീപുകളിൽ ഒന്നായ ബങ്കാരം ഇന്നൊരു അന്താരാഷ്ട്ര വിനോദ സഞ്ചാര കേന്ദ്രമായി മാറിയിരിക്കുന്നു. 1990-ൽ 1189 വിദേശ സഞ്ചാരികളും, 1400ൽ കൂടുതൽ തദ്ദേശീയരും ഈ ദ്വീപ് സന്ദർശിച്ചിരുന്നു. ഏറ്റവും ചെറിയ ദ്വീപ് ബിത്രയാണ്.

ഇന്ത്യാ വൻകരയിൽ നിന്നും തികച്ചും വ്യത്യസ്തമായ പലതും അവിടെ കാണുവാനും അനുഭവിക്കുവാനും സാധിക്കും എന്നുള്ളതാണ് പ്രധാനമായും ടൂറിസ്റ്റുകളെ അങ്ങോട്ടാകർഷിക്കുന്നത്. ആന്ത്രോത്ത്, അമേനി ദ്വീപുകളൊഴികെ മറ്റെല്ലാ ദ്വീപുകളും തെക്കുവടക്കായി നീണ്ടുകിടക്കുകയും, പടിഞ്ഞാറ് ഭാഗത്ത് ആഴംകുറഞ്ഞ തടാകവും (ബില്ല) ചുറ്റും സംരക്ഷണാർത്ഥം പാറകളും പവിഴപ്പുറ്റുകളും കൊണ്ടുള്ള റീഫും (പാറക്കെട്ട്) ഉണ്ട്. ഈ ബില്ലകളിലെല്ലാം തന്നെ മരതകപ്പച്ച നിറത്തിലായി അടിഭാഗം വ്യക്തമായി കാണാവുന്ന ശുദ്ധമായ കടലാണ്. അടിവശത്ത് പഞ്ചാരമണൽ തരികളുള്ള ആഴം കുറഞ്ഞ സ്ഥലവും, ആഴം കൂടിയ ഭാഗത്ത് പവിഴപ്പുറ്റുകൾ കൊണ്ട് അലംകൃതവും നയനാനന്ദകരവുമായ പവിഴത്തോട്ടങ്ങളും അനേകം നിറത്തിലും ആകൃതിയിലുമുള്ള മൽസ്യങ്ങളും അത്യാകർഷകങ്ങളാണ്. ഇവകൾ വ്യക്തമായി കാണാൻ ഉതകുന്ന, അടിയിൽ കണ്ണാടി പിടിപ്പിച്ച ബോട്ടുകൾ ടൂറിസ്റ്റുകളുടെ ആവശ്യാർത്ഥം ലഭ്യമാണ്. ഈ ബില്ലകളിൽ ബോട്ടിലൂടെ തടാകയാത്രയ്ക്ക് സൗകര്യവുമുണ്ട്. അതിനും പുറമെ പായതോണിയിലുള്ള യാത്ര, കളിവള്ളങ്ങളിലെ മൽസരപാച്ചിൽ എന്നിവയ്ക്കും നീന്തിക്കുളിക്കുന്നതിനും ഇവിടെ സൗകര്യമുണ്ട്.

ദ്വീപുകളുടെ കടപ്പുറങ്ങൾ പഞ്ചാരമണൽ തരികളാൽ തിളക്കമാർന്നവയും ശുദ്ധവുമാണ്. ദ്വീപുകളിൽ എല്ലാം തന്നെ തെങ്ങുകൃഷിയാണ് പ്രധാനം. അവയുടെ തണലിൽ വിശ്രമിക്കുന്നതും തെങ്ങിൻ തോട്ടത്തിനിടയിലുള്ള ചെറിയ നടപ്പാതയിലൂടെ സൈക്കിളിലും, സ്കൂട്ടറിലുമുള്ള യാത്രയും മനസ്സിനും ശരീരത്തിനും കുളിർമയും സന്തോഷവും നൽകുന്നവയാണ്. സൂര്യോദയവും, സൂര്യാസ്തമയവും എല്ലാ ദ്വീപുകളിലും ദൃശ്യമാണ്. പഞ്ചാരമണലിൽ ഇരുന്നുകൊണ്ട് പൂനിലാവ് ആസ്വദിക്കുവാനും ഇത്രയും പറ്റിയ സ്ഥലം വേറെ കാണുമോയെന്ന് സംശയമാണ്. പട്ടണത്തിന്റെ തിരക്കില്ലാത്തതും പരിസരമലിനീകരണമോ, അന്തരീക്ഷമലിനീകരണമോ, ഇല്ലാത്തതും ആയ ശുദ്ധമായ കുളിർകാറ്റിൽ ദിവസങ്ങൾ തന്നെ ചെലവഴിച്ചാലും മതിയാകുകയില്ല.

കടൽക്കാറ്റ് കുളിരേകുന്നതിനാൽ അധികം തണുപ്പും ചൂടും അനുഭവപ്പെടുന്നില്ല. കേരളത്തിലെ കാലാവസ്ഥയാണ് ദ്വീപുകളിലും. ഏറ്റവും കൂടിയ ചൂട് 33°C യും, കുറഞ്ഞത് 24°Cയും ആണ്. ശരാശരി 1600 മി.മി. മഴയാണ് ഓരോ വർഷവും ലഭിക്കുക. മെയ് അവസാനം മുതൽ സെപ്റ്റംബർ വരെ, തെക്ക് പടിഞ്ഞാറൻ കാലവർഷമായിരിക്കും. അതുകൊണ്ട് വിനോദസഞ്ചാരികൾക്ക് ഏറ്റവും ഉചിതമായ സമയം സെപ്റ്റംബർ 15നും മെയ് 15നും ഇടയ്ക്കാണ്.

മിനിക്കോയ് ഒഴികെയുള്ള ദ്വീപുകളിലെ ഭാഷ മലയാളത്തോട് സാമ്യമുള്ളതാകുന്നു. മിനിക്കോയ് ദ്വീപിൽ മഹൽ ദ്വീപുകളിലെ ഭാഷയായ ദിവേഹിയാണ്. ഈ ഭാഷയ്ക്ക് പ്രത്യേക ലിപിയും ഉണ്ട്. പാമ്പുകൾ, പട്ടികൾ, വന്യജന്തുക്കൾ എന്നിവ ഇല്ലെന്ന് മാത്രമല്ല, കോഴി, ആട്, പശു, പൂച്ച, കാക്ക, ചെറുപക്ഷികൾ എന്നിവ ഒഴിച്ചാൽ പക്ഷിമൃഗാദികൾ കുറവാണ്. തെങ്ങിന് പുറമെ, കടച്ചക്ക, മാവ്, പേര, പപ്പായ,

മുരിങ്ങ, അത്തി എന്നിവയും അരശ്, അരയാൽ, പരത്തി, പുന്ന, പുളി എന്നീ മരങ്ങളും ദുർല്ലഭമായിട്ടെങ്കിലും കാണാം. ചുരുക്കം ചില ദ്വീപുകളിൽ പയർ, മുത്താറി, കിഴങ്ങ്, ചീര, മുളക്, തക്കാളി മറ്റു പച്ചക്കറികൾ എന്നിവയും കൃഷി ചെയ്യുന്നു. മിനിക്കോയ് ദ്വീപിൽ ചെല്ലുന്നവരെ ആകർഷിക്കുന്നത് അവിടുള്ള നൂറ് വർഷം പഴക്കമുള്ള ലൈറ്റ് ഹൗസും, ടുണകാന്നിങ്ങ് ഫാക്ടറിയും, റെയ്സ് ബോട്ടുമാണ്. മിനിക്കോയിയിൽ ഗ്രാമങ്ങളിലെ വീടുകളുടെ പ്രത്യേകത ഏത് സഞ്ചാരിയേയും ആകർഷിക്കുന്നതാണ്. കൽപ്പേനി ദ്വീപിലെ ഏറെ പഴക്കമുള്ളതും, മൂന്ന് ഭാഗവും കടലിനാൽ ചുറ്റപ്പെട്ടതുമായ മുഹിയിദ്ദീൻ പള്ളിയും, തോട്ടങ്ങളാൽ ചുറ്റപ്പെട്ട പ്രകൃതിരമണീയമായ തിയ്യനക്കുന്നും കണ്ണിനും മനസ്സിനും ആഹ്ലാദം പകരുന്നവയാണ്. ഇവിടെയൊരു ബനിയൻ ഫാക്ടറിയും, ചകിരിനാര് ഫാക്ടറിയുമുണ്ട്. തടാകയാത്ര വിനോദത്തിന് ഏറ്റവും പറ്റിയ ദ്വീപ് കൽപ്പേനിയാകുന്നു. കവരത്തിയിൽ ചെല്ലുന്ന ഏതൊരാളേയും അവിടത്തെ ഉജ്റാ പള്ളിയുടെ കൊത്തുപണികൾ ആകർഷിക്കാതിരിക്കയില്ല. ഇതിന് പുറമെ നല്ലൊരു ലൈബ്രറിയും, മറൈൻ അക്വേറിയവും, മ്യൂസിയവും ബോട്ട് നിർമ്മാണകേന്ദ്രവും, കുട്ടികൾക്കുള്ള മിനി റെയിലും, ആശുപത്രിയും വടക്കുപടിഞ്ഞാറെ അറ്റത്തുള്ള സാഗര ബീച്ചും തടാകത്തിൽ നീന്തുന്നതിന് ഇറങ്ങാനുള്ള പ്ലാറ്റ്ഫോമും, സഞ്ചാരികൾക്ക് കൗതുകം ജനിപ്പിക്കുന്നതാണ്. കടമത്ത് ദ്വീപിൽ നല്ലൊരു തടാകമുള്ളതിന് പുറമേ, അതിൻെറ തെക്ക് ഭാഗത്തുള്ള സിൽവർ ബീച്ചും വിനോദസഞ്ചാരികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള ചെറിയ കുടിലുകളും നയനാനന്ദകരമാകുന്നു. നടേ പ്രസ്താവിച്ചത് പോലെ ലോകത്തിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഒന്നായ അന്താരാഷ്ട്ര വിനോദ സഞ്ചാര കേന്ദ്രമാണ് ബങ്കാരം. ബങ്കാരിൻെറ ഭംഗിയും അവിടെയുള്ള ലഗൂണിൻെറ മനോഹാരിതയും ആസ്വദിച്ചറിയേണ്ടവ തന്നെയാണ്.18.

## *ലക്ഷദ്വീപിലെ മുസ്ലിംകൾ*

1981-ലെ കാനേഷുമാരിയനുസരിച്ച് ദ്വീപുകളിലെല്ലാം കൂടി 40,249 ജനങ്ങളാണുള്ളത്. 26,618 പുരുഷൻമാരും, 25,089 സ്ത്രീകളുമുൾപ്പെടെ 1991ലെ സെൻസസ്സ് കാണിക്കുന്നത് 51,707 ജനങ്ങളുണ്ടെന്നാണ്.19. 93 ശതമാനത്തിൽ കൂടുതൽ ദ്വീപ് നിവാസികൾ മുസ്ലിംകളാണ്. അവശേഷിക്കുന്നവർ വൻകരയിൽ നിന്നും വന്നിട്ടുള്ള ഉദ്യോഗസ്ഥൻമാരും, രക്ഷാസേനയിൽപ്പെട്ടവരും മറ്റുമാകുന്നു. മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് ലക്ഷദ്വീപ് ജനസംഖ്യ കഴിഞ്ഞ മൂന്ന് നാല് ദശാബ്ദം വരെ വർദ്ധനവ് കാണിച്ചിരുന്നില്ലെന്ന് മാത്രമല്ല, സാധാരണരീതിക്ക് വിപരീതമായി കുറയുകയാണ് ഉണ്ടായിട്ടുള്ളത്. 1880-ൽ മൊത്തം ജനസംഖ്യ 14,129 ആയിരുന്നു. എന്നാൽ 1920-ലെ കണക്ക് കാണിക്കുന്നത് ആകെ ജനസംഖ്യ 13,633 ആണെന്നാണ്.20. മറ്റൊരിടത്തും കാണാത്ത ഈ സ്ഥിതി ഉളവാകുവാൻ കാരണം വൻകരയിൽ നിന്നും ഏറെ ദൂരത്തായി കടലിൽ ഒറ്റപ്പെട്ട് കഴിഞ്ഞിരുന്നതിനാലും ആധുനിക വൈദ്യസജ്ജീകരണങ്ങളോ, പ്രകൃതിക്ഷോഭത്തിൽ നിന്നും രക്ഷപ്പെടാനുള്ള മാർഗ്ഗങ്ങളോ തീരെ ഇല്ലാതിരുന്നതിനാലുമാണ്. പ്രസവാനന്തര മരണങ്ങളും, ശൈശവ മരണവും ദ്വീപുകളിൽ വളരെ കൂടുതലായിരുന്നു. മറ്റൊരു ശാപം മസൂരി, കോളറ തുടങ്ങിയ പകർച്ചവ്യാധി മൂലം ഉള്ള മാരക മരണങ്ങളാണ്. കൊടുങ്കാറ്റും, പ്രളയവും ദ്വീപുകളിൽ പലപ്പോഴും കനത്ത ആൾനാശത്തിന് ഇടവരുത്തുകയും ചെയ്തിരുന്നു. ജനസംഖ്യയിൽ കാര്യമായ കുറവ് ഇക്കാരണങ്ങളാലൊക്കെ ഉണ്ടായിക്കൊണ്ടിരുന്നു. സ്വാതന്ത്ര്യത്തിന് ശേഷം പ്രത്യേകിച്ച് 1957ൽ കേന്ദ്രഭരണപ്രദേശമായി തീർന്നതോടുകൂടിയാണ് ആരോഗ്യരംഗത്ത് മാറ്റങ്ങൾ ദൃശ്യമായത്. ഇപ്പോൾ പകർച്ചവ്യാധി ഉൻമൂലനം ചെയ്യുവാനും, ശൈശവമരണവും, പ്രസവാനന്തര മരണവും നിയന്ത്രിക്കുവാനും സാധിച്ചതിൻെറ ഫലമായും ആധുനിക മെഡിക്കൽ സൗകര്യങ്ങൾ നിലവിൽ വന്നതിനാലും, മരണ നിരക്ക് കുറയുകയും, ജനനനിരക്ക് വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. 1985ലെ ശൈശവമരണനിരക്ക് ആയിരത്തിന് 51.9 ആയിരുന്നുവെങ്കിൽ 1989ൽ അത് 38 ആയി കുറഞ്ഞു. 1992ൽ ഇത് 27.39ഉം ആകുന്നു. അതുപോലെ ഈ കാലയളവിൽ പ്രസവാനന്തരമരണം 3.4 ആയിരുന്നത് 1.9 ആയി ചുരുങ്ങുകയും ചെയ്തു.21. ഇതിൻെറയൊക്കെ ഫലമായി ജനസംഖ്യയിൽ ക്രമേണ ക്രമേണ വർദ്ധനവ് ഉണ്ടായി. അങ്ങനെയാണ് 1920ൽ 13,000ത്തിൽ ചില്ല്വാനം മാത്രം ജനസംഖ്യയുണ്ടായിരുന്ന അവിടെ 1981ലെ കാനേഷുമാരി പ്രകാരം 40,000ത്തിൽപരമായി വർദ്ധിച്ചതും ഇപ്പോഴത്തെ കണക്കനുസരിച്ച് അരലക്ഷത്തിൽ കൂടുതലായി ഉയർന്നതും.

ദ്വീപിൽ ജനവാസം തുടങ്ങിയത് തന്നെ 9-ാം നൂറ്റാണ്ടിലായിരിക്കുമെന്ന് അഭ്യൂഹിക്കുന്നവരാണല്ലോ ദ്വീപ് ചരിത്ര രചയിതാക്കൾ അധികവും. ഡബ്ലിയു. റോബിൻസൺ 1848ലും, വില്യം ലോഗൻ 1887ലും, ആർ.എച്ച്. ഇല്ലിസ് 1924ലും പ്രസിദ്ധീകരിച്ച അവരുടെ ഗ്രന്ഥങ്ങളിൽ ലക്ഷദ്വീപിൽ ജനവാസം ആരംഭിക്കുന്നത് 9-ാം നൂറ്റാണ്ടിലായിരിക്കാമെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. റോബിൻസൺ ആണ് ഇങ്ങനെ ആദ്യമായി അഭ്യൂഹിച്ചത്. തുടർന്നെഴുതിയവർ അദ്ദേഹത്തെ പിൻപറ്റിയെന്ന് മാത്രമേയുള്ളു. എന്നാൽ ആധുനികരിൽ ലക്ഷദ്വീപ് ഗസറ്റിയർ എഴുതിയ മന്നാടിയാരും, അറബിക്കടലിലെ പവിഴ ദ്വീപുകളുടെ കർത്താക്കളായ പി. സതികുമാരൻ നായരും, കെ.എൻ.പി. നമ്പൂതിരിയും ഇതേ ആശ്ലേയ ഭാഷ്യം തന്നെ തങ്ങളുടെ ഗ്രന്ഥങ്ങളിലൂടെ അവതരിപ്പിക്കുന്നു എന്നത് ഏറെ അപലപനീയമാണ്. കാരണം റോബിൻസണിന് ശേഷം, ലക്ഷദ്വീപുകളിൽ നിന്നും ലഭിച്ചിട്ടുള്ള ശിലായുധങ്ങളും, ബൗദ്ധപ്രതിമകളുമൊക്കെ പുറത്ത് വന്നതിനു ശേഷവും, പഴയ പല്ലവി തന്നെ പാടുന്നത് വിവരമില്ലായ്മ കൊണ്ടു

മാത്രമാണ്. മുൻവിധിയോടുകൂടിയാണ് ഇവരെല്ലാം തന്നെ ദ്വീപ് നിവാസികളെക്കുറിച്ച് എഴുതിയിട്ടുള്ളത്. അത്കൊണ്ട് ഗഹനമായ പഠനങ്ങളോ, ദുർഘടമേറിയ പര്യവേഷണങ്ങളോ, നടത്തുവാൻ ഇവരാരും തുനിഞ്ഞതുമില്ല. തൻമൂലം ഐതിഹ്യങ്ങളെ മാത്രം സ്ഥാപിച്ചാണ് ഇവരൊക്കെ ചരിത്ര രചനയ്ക്കൊരുമ്പെട്ടത്.

അവസാനത്തെ ചേരമാൻ പെരുമാൾ മതപരിവർത്തനം ചെയ്ത് മെക്കയിലേക്ക് കപ്പൽകയറി പോയതറിഞ്ഞ് കോലത്തുനാട്ടിൽ നിന്നും കുറേപ്പേർ അദ്ദേഹത്തെ പിൻതുടർന്ന് കഴിയുമെങ്കിൽ മടക്കിക്കൊണ്ടുപോരുവാനുള്ള ഉദ്ദേശ്യത്തോട് കൂടി പുറപ്പെട്ടുവെന്നും, എന്നാൽ കടൽക്ഷോഭത്തിന്റെ ഫലമായി കപ്പൽ ഈ ദ്വീപുകളിലൊന്നിൽ യാദൃശ്ചികമായി എത്തിച്ചേർന്നെന്നും, പിന്നീട് നാട്ടിൽ മടങ്ങി എത്തിയ ഇവർ നൽകിയ വിവരണം അനുസരിച്ച് കോലത്തുനാട്ടിൽ നിന്നും ഈ ദ്വീപിൽ ആദ്യമായി കുടിയേറ്റം ഉണ്ടായതെന്നുമാണ് ഇവരെല്ലാം എഴുതിയിട്ടുള്ളത്. ലക്ഷദ്വീപിൽ ജനവാസം അങ്ങനെ ഒമ്പതാം നൂറ്റാണ്ടിലാണെന്നാണ് ഇവരുടെ മതം. ഇതിന്റെ അർത്ഥശൂന്യത വിളംബം ചെയ്തുകൊണ്ടും, ലക്ഷദ്വീപിലെ ജനവാസത്തിന്റെ പ്രാചീനതയെ ചൂണ്ടിക്കാണിച്ചുകൊണ്ടും നാം നേരത്തെ വിശദമായി വിവരിച്ചതാണല്ലോ.

ഇവിടെ പ്രസക്തമായിട്ടുള്ളത് ഇസ്ലാമിക അധിനിവേശം ദ്വീപുകളിൽ എന്നുണ്ടായി എന്ന ചോദ്യത്തിന് ഉത്തരം കാണുക എന്നതാണ്. 9-ാം നൂറ്റാണ്ടിലാണ് ജനവാസം ആദ്യമായി ആരംഭിക്കുന്നതെന്ന് എഴുതിപ്പിടിപ്പിച്ചവർക്ക് ഇസ്ലാമിക അധിനിവേശം പിന്നേയും ഏറെ കഴിഞ്ഞിട്ടാണെന്ന് പറയുവാനേ സാധിക്കുകയുള്ളുവല്ലോ. അങ്ങനെ റോബിൻസണും, ലോഗനും, ഇല്ലിസും 13-ാം നൂറ്റാണ്ടിലായിരിക്കണം ദ്വീപ് നിവാസികൾ മതം മാറിയതെന്ന് ഊഹിക്കുമ്പോൾ ലക്ഷദ്വീപ് ഗസറ്റിയറിൽ പിന്നേയും ഒന്നോ രണ്ടോ നൂറ്റാണ്ടുകൾ കഴിഞ്ഞേ ഇസ്ലാമിക അധിനിവേശം ദ്വീപുകളിൽ ഉണ്ടായിട്ടുള്ളുവെന്നും എഴുതിപ്പിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇവരെല്ലാം തന്നെ ദ്വീപ് നിവാസികളെ മതപരിവർത്തനം ചെയ്ത് ഇസ്ലാമിലേക്കാർഷിച്ചത് മുമ്പ് മൗലാ എന്ന നാമധേയത്തിൽ അറിയപ്പെടുന്ന ഹസറത്ത് ഉബൈദുള്ള.ആണെന്ന വസ്തുത അംഗീകരിക്കുകയും ചെയ്യുന്നു. അദ്ദേഹമാകട്ടെ എ.ഡി. 632-634ൽ ഭരണം നടത്തിയ ഒന്നാമത്തെ ഖലീഫയായ ഹ. അബുബക്കർ സിദ്ദീഖ് (റ) അവർകളുടെ പൗത്രൻ ഹ. ഉബൈദുള്ള (റ) ആയിരുന്നു, എന്ന ചരിത്ര വസ്തുത അറിയാതെ പോകുകയും ചെയ്തു. ഇത്തരം ചരിത്ര്യാഖ്യാനങ്ങൾ എത്രമാത്രം വിചിത്രവും യാഥാർത്ഥ്യവുമായി പുലബന്ധം ഇല്ലാത്തവയുമാണെന്ന് വ്യക്തമാക്കുന്നതാണ് മേൽപ്പറഞ്ഞ പ്രതിപാദനങ്ങൾ. ഹ. ഉബൈദുള്ള ആദ്യം അമ്മേനിയിലും അവിടുന്ന് ആന്ത്രോത്ത് തുടങ്ങിയ ദ്വീപുകളിലും തന്റെ സത്യപ്രബോധനം വഴി ഇസ്ലാമിലേക്കാകർഷിച്ചെന്ന് പറയുന്നവർ തന്നെ 13-ാം നൂറ്റാണ്ടിലോ അതിന് ശേഷമോ ആയിരിക്കണം ഇത് നടന്നതെന്ന് പറയുകയും ചെയ്യുന്നു. ആരാണ് ഈ ഉബൈദുള്ളയെന്നും എന്നാണ് അദ്ദേഹം ജീവിച്ചിരുന്നതെന്നും മനസ്സിലാക്കുവാനുള്ള ശ്രമങ്ങൾ ഇവരാരും നടത്താതെ പോയതാണ് 7-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഹ. ഉബൈദുള്ളയെ 11-ാം നൂറ്റാണ്ടിലും, 13-ാം നൂറ്റാണ്ടിലുമൊക്കെ തളച്ചിടുകയെന്ന ഭീമാബദ്ധം ആവർത്തിച്ചത്.

ഹ. ഉബൈദുള്ള ആരായിരുന്നു, അദ്ദേഹം ജീവിച്ചിരുന്ന കാലം ഏതാണ്? ധന്യമായ ആ ജീവിതത്തിൽ ഇസ്ലാമിക പ്രചാരണത്തിന് വേണ്ടി ചെയ്ത സേവനങ്ങൾ എന്തൊക്കെ? അദ്ദേഹത്തിന്റെ മാതാപിതാക്കൻമാർ, കുടുംബപാരമ്പര്യം, പുത്രകളത്രാദികൾ ഏതൊക്കെയാണ്? തുടങ്ങിയ സമസ്ത വിവരങ്ങളും, സമകാലീന പ്രമാണങ്ങളിൽ നിന്നും സ്പഷ്ടമായി ലഭിക്കുന്നുണ്ട്. എ.ഡി. 662ൽ ഓടം തകർന്ന് ഒരു പലക കഷ്ണത്തിൽ കയറി രക്ഷപ്പെട്ട് കരയ്ക്കടുത്ത അദ്ദേഹം എത്തപ്പെട്ടത് അമ്മേനി ദ്വീപിലായിരുന്നു. അവിടെ നിന്ന് മറ്റു ദ്വീപുകളിൽ ഓരോന്നിലായി തന്റെ ധർമ്മനിഷ്ഠയും, വാക് വൈഭവും വ്യക്തിപ്രഭാവവും കൊണ്ട് ദ്വീപ് നിവാസികളെ ആകമാനം മതപരിവർത്തനം ചെയ്യിക്കുകയും ഓരോ സ്ഥലത്തും അവർക്കാവശ്യമായ പ്രാർത്ഥനാലയങ്ങൾ പണികഴിപ്പിക്കുകയും ചെയ്തു അദ്ദേഹം തന്റെ ജീവിത സായാഹ്നത്തിൽ സ്വപുത്രനായ അബൂബക്കറിന് പറഞ്ഞു കൊടുത്ത് എഴുതിയ ഫുത്തുഹാത്തുൽ ജസായിർ (ദ്വീപ് വിജയം) എന്ന ഗ്രന്ഥത്തിന്റെ മലയാള പരിഭാഷ ഇന്ന് നമുക്ക് ലഭ്യമാണ്. ദ്വീപിലെ മതപ്രചാരണത്തിന്റെ ആരംഭവും ശുഭപര്യവസാനവും അത് നിർവ്വഹിച്ച മഹാനായ ഹ. ഉബൈദുള്ള (റ) യുടെ വാക്കുകളിൽ തന്നെ ആലേഖ്യം ചെയ്യപ്പെട്ടിട്ടുള്ള അമൂല്യമായ പ്രമാണമാകുന്നു ഈ ഗ്രന്ഥം. അത് ഈ അദ്ധ്യായത്തിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്. ദ്വീപിലെ ഹ. ഉബൈദുള്ളയുടെ ഇസ്ലാമിക പ്രചാരണത്തെക്കുറിച്ചും മറ്റും വിവരിക്കുന്നതിന് മുമ്പ് അദ്ദേഹത്തിന്റെ കുടുംബപാരമ്പര്യത്തേയും, മാതാപിതാക്കളേയും പിതാമഹൻമാരേയുംക്കുറിച്ച് അക്കാലത്തെഴുതിയിട്ടുള്ള ആധികാരികങ്ങളായ അറബിഗ്രന്ഥങ്ങളിൽ നിന്നും ലഭ്യമായ വിവരങ്ങളാണ് ചുവടെ ചേർക്കുന്നത്.

നബി തിരുമേനിയുടെ മരണത്തിന് ശേഷം എ.ഡി. 632ൽ ഇസ്ലാമിക രാഷ്ട്രത്തിന്റെ ഖലീഫയായി അവരോധിക്കപ്പെട്ട ഹ. അബൂബക്കർ സിദ്ദീഖ് (റ) ആയിരുന്നു ഹ. ഉബൈദുള്ളയുടെ പിതാമഹൻ. അദ്ദേഹമാകട്ടെ, പ്രവാചകന്റെ ഏഴാമത്തെ പിതാമഹനായ മുർറത്ത് ഇബ്നു കഅ്ബിന്റെ സന്താനപരമ്പരയിൽപെട്ട ദേഹവുമാണ്. ഹ. അബൂബക്കർ സിദ്ദീഖിന്റെ ഭാര്യ ഖസ് അമ് ഗോത്രക്കാരിയും ഉമൈസിന്റെ മകളുമായ അസ്മാഅ് (റ) പണ്ഡിതയും അക്കാലത്ത് അറിയപ്പെട്ടിരുന്ന വിജ്ഞാനശാഖകളിലുമൊക്കെ പ്രഗൽഭയും ആയിരുന്നു. പല പണ്ഡിതൻമാരും സംശയദൂരീകരണത്തിന് അവരുടെ സഹായം തേടി

യിരുന്നതായും രേഖകളുണ്ട്. പ്രവാചക സന്നിധാനത്തിൽ മാന്യമായ സ്ഥാനം വഹിച്ചിരുന്ന ഈ മഹതിയിൽ നിന്നും ഹദീസ് ക്രോഡീകരിച്ചവരിൽ വളരെയധികം നബിവചനങ്ങൾ സ്വീകരിച്ചിട്ടുമുണ്ട്. ഹിജ്റ 10-ാം വർഷം ദുൽഖഅ്ദ് മാസം 25-ാം തിയ്യതി അവർ ഹ. ഉബൈദുള്ളയുടെ പിതാവായ ഹ. മുഹമ്മദിനെ പ്രസവിച്ചു.22.

ഹ. മുഹമ്മദ് വിവാഹം ചെയ്തിരുന്നത് അവസാനത്തെ പേർഷ്യൻ ചക്രവർത്തി എസ്ദ്ഗിരുദിൻെറ പുത്രിയായ മഹർബാനുവെയായിരുന്നു. ഇസ്ലാം മതപരിവർത്തനത്തിന് ശേഷം അവർ സൗദ എന്ന പേർ സ്വീകരിച്ചു. ഈ ദമ്പതികൾക്ക് ജനിച്ച മക്കളാണ് ഹ. ഉബൈദുള്ള, ഹ. ഖാസിം, ഹ. അബ്ദുല്ല എന്നിവർ. ഹ. ഉബൈദുള്ളയുടെ പിതാവ് ഹ. മുഹമ്മദ് ഖുറൈശി വംശജരിൽ പ്രമുഖനും ഏവരാലും ബഹുമാനിക്കപ്പെട്ടിരുന്ന ദേഹവുമായിരുന്നു.23. ഹ. മുഹമ്മദ് പല ഉന്നത പദവികളും അലങ്കരിച്ചിരുന്നു. എന്നാൽ വളരെ ചെറുപ്രായത്തിൽ, 28-ാമത്തെ വയസ്സിൽ കൂമുശരിക്ക് എന്ന സ്ഥലത്ത് വെച്ച് ഹിജ്റ 38ൽ അദ്ദേഹം ദയനീയമായി വധിക്കപ്പെട്ടു. 28 വയസ്സ് മാത്രമേ പ്രായമുണ്ടായിരുന്നുള്ളുവെങ്കിലും മരിക്കുമ്പോൾ അദ്ദേഹം ഈജിപ്പിലെ ഗവർണ്ണറായിരുന്നു. അദ്ദേഹം വധിക്കപ്പെടുമ്പോൾ ഉബൈദുള്ള ശൈശവദശയെ തരണം ചെയ്തിരുന്നില്ല. ജ്യേഷ്ഠനായ ഹ. ഖാസിമിൻെറ സംരക്ഷണയിലാണ് അദ്ദേഹം വളർന്നത്. ഉബൈദുള്ളയുടെ സഹോദരൻമാരായ ഹ. ഖാസിമും, ഹ. അബ്ദുല്ലയും അറബിലോകത്ത് അംഗീകരിക്കപ്പെട്ടിട്ടുള്ള ഹദീസ് പണ്ഡിതൻമാരാകുന്നു.24. അങ്ങനെ ഇസ്ലാമിൻെറ ആദ്യകാലത്ത് ഉൽകൃഷ്ടമായ സേവനവും മഹത്തായ വൈജ്ഞാനിക സമ്പത്തും പാരമ്പര്യമായി പറയാനുള്ള ഗോത്രമായിരുന്നു, ഹ. ഉബൈദുള്ളയുടേത്.

യുവാവായ ഉബൈദുള്ള സ്വദേശത്ത് നിന്നും ഇസ്ലാമിക പ്രചാരണത്തിനു വേണ്ടിയുള്ള ആന്തരിക വിളിയാൽ പ്രചോദിതനായി ഒരു കപ്പലിൽ യാത്ര തിരിച്ചു. കൂടെ 14 സഹയാത്രികരും ഉണ്ടായിരുന്നു. ഓടം തകർന്ന് ഹ. ഉബൈദുള്ള ഏത് വിധമാണ് കര പറ്റിയതെന്ന് നാം നടേ പ്രസ്താവിച്ചതാണല്ലോ. കപ്പലിൽ ഉണ്ടായിരുന്ന മറ്റുള്ളവർക്ക് എന്ത് സംഭവിച്ചുവെന്ന് ആർക്കും നിശ്ചയമില്ല. അമ്മേനി ദ്വീപിൽ അദ്ദേഹം എത്തിയത് ഹിജ്റ 41-ാം കൊല്ലം ശവ്വാൽ മാസം 11-ാം തിയ്യതി തിങ്കളാഴ്ച ആയിരുന്നു. ഇത് എ.ഡി. 662ലാണ്. അമ്മേനി ദ്വീപിലെത്തിയപ്പോൾ അവശനായിരുന്ന അദ്ദേഹം അവിടെ കണ്ട പഴവും, കായ്കനികളും പറിച്ച് തിന്ന് ശുദ്ധജലവും കുടിച്ച് കിടന്നുറങ്ങിപ്പോയി. പിറ്റേ ദിവസം അപരിചിതനായ ഒരാളെ കണ്ട നാട്ടുകാർ തടിച്ചുകൂടുകയും അവർ വിവരങ്ങൾ അന്വേഷിക്കുകയും ചെയ്തു. ഹ. ഉബൈദുള്ള താൻ ഏതു വിധം അവിടെ വന്നുപെട്ടുവെന്നും, താൻ ആരാണെന്നും തൻെറ ദൗത്യം എന്താണെന്നും വിനയാന്വിതനായി അവരെ അറിയിച്ചു. തങ്ങളെ മറ്റൊരു വിശ്വാസത്തിലേക്ക് ആകർഷിക്കുവാനെത്തിയ ഈ അപരിചിതനെ അവർ ആക്രമിക്കുവാൻ ഒരുമ്പെടുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു. എന്നാൽ അദ്ദേഹം തനിച്ചായിരുന്നിട്ടും ചാഞ്ചല്യപ്പെടാതെ ഇസ്ലാമിൻെറ മഹത്വത്തേയും ലക്ഷ്യത്തേയും കുറിച്ച് ഉൽബോധനം നടത്തിക്കൊണ്ടിരുന്നു. ആകാര സൗഷ്ഠവത്തിലും വാചാലതയിലും അത്യാകർഷണീയനായിരുന്ന ഹ. ഉബൈദുള്ളയുടെ പ്രബോധനത്തിൽ ആകൃഷ്ടയായി അക്കൂട്ടത്തിലുണ്ടായിരുന്ന ഹിസ്യ എന്ന സ്ത്രീ ഇസ്ലാംമതം സ്വീകരിച്ചു. ദ്വീപ് നിവാസികളിൽ ആദ്യത്തെ മുസ്ലിം, ധീരയായ ഈ വനിതയായിരുന്നു. മതം മാറിയ അവർക്ക് ഹ. ഉബൈദുള്ള ഹമീദത്ത് എന്ന് പേരിടുകയും അവരെ ഭാര്യയായി സ്വീകരിക്കുകയും ചെയ്തു.

അമ്മേനിയിൽ തങ്ങൾക്ക് സുരക്ഷ ഇല്ലെന്ന് ബോദ്ധ്യമായിരുന്ന അവർ ആന്ത്രോത്ത് ദ്വീപിലേക്ക് പോയി. അവിടെ തങ്ങളുടെ ദൗത്യം ഏറെക്കുറെ വിജയിപ്പിക്കുവാൻ അവർക്ക് സാധിച്ചു. ആന്ത്രോത്ത് ദ്വീപുകാർ അധികവും ഇസ്ലാം മതാനുയായികളായതോടുകൂടി അവിടെ ദ്വീപിലെ ആദ്യത്തെ ജുമ അത്ത് പള്ളിയുടെ നിർമ്മാണം ആ വർഷം തന്നെ പൂർത്തിയാക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. എ.ഡി. 662ൽ അതായത് ഹിജ്റ 41-ാം വർഷം ദുൽഹജ്ജ് മാസം 11-ാം തിയ്യതി തിങ്കളാഴ്ചയാണ് പള്ളി നിർമ്മാണം പൂർത്തിയാക്കിയത്. ഇതിൻെറ സവിധത്തിലായി ഹ. ഉബൈദുള്ളക്കും, ഹമീദത്ത് ബീവിക്കും താമസിക്കുവാനുള്ള പുരയിടവും ആന്ത്രോത്ത് ദ്വീപുകാർ സജ്ജമാക്കിയിരുന്നു.

അവിടെ നിന്നും ഏതാനും പുതുവിശ്വാസികളോടു കൂടി ഹിജ്റ 42 മുഹറം 21 വ്യാഴാഴ്ച ഹ. ഉബൈദുള്ളയും സംഘവും കവരത്തിയിലിറങ്ങി മതപ്രചാരണം ആരംഭിച്ചു. ആദ്യം കൊടിയ എതിർപ്പാണ് ഇവർക്ക് അഭിമുഖീകരിക്കേണ്ടതായി വന്നത്. അദ്ദേഹത്തേയും കൂട്ടരേയും കൊല്ലുവാനുള്ള സംരംഭം നടന്നുകൊണ്ടിരുന്നു. ഈ അവസരത്തിൽ കാട്ടിൽ നിന്നും നാട്ടുകാരെയെല്ലാം ഭയവിഹ്വലരാക്കിക്കൊണ്ട് ഒരു നരി ഇറങ്ങി പരിഭ്രാന്തി സൃഷ്ടിച്ചിരുന്നു. ഭയപ്പെട്ട് ജനങ്ങൾ നെട്ടോട്ടം ഓടിക്കൊണ്ടിരുന്ന അവസരത്തിൽ ഹ. ഉബൈദുള്ള നരിയെ നേരിട്ട് കാട്ടിലേക്ക് തന്നെ ആട്ടിയോടിച്ചു. അത് തിരിച്ചു പോവുകയും ചെയ്തു. വിസ്മയം പൂണ്ട ജനങ്ങൾ ഹ. ഉബൈദുള്ളയുടെ സിദ്ധിയിൽ ആകൃഷ്ടരായി ഒന്നടങ്കം മതം മാറുകയാണുണ്ടായത്. തുടർന്ന് ആ വർഷം മുഹറം മാസത്തിൽ തന്നെ ഒരു ജുമാഅത്ത് പള്ളി നിർമ്മാണത്തിന് തുടക്കം കുറിക്കുകയും ചെയ്തു. ഇവിടെ നിന്നും ഹ. ഉബൈദുള്ളയും സംഘവും വീണ്ടും അമ്മേനി ദ്വീപിലെത്തിയപ്പോൾ ഇപ്രാവശ്യം ജനങ്ങൾ സഹർഷം അദ്ദേഹത്തെ സ്വാഗതം ചെയ്യുകയും ഇസ്ലാം മതാനുയായികളായി തീരുവാൻ ആഗ്രഹം പ്രകടിപ്പിക്കുകയുമാണുണ്ടായത്. അവിടെ ഹിജ്റ 42-ാം വർഷം സഫർ മാസം 15ന് പള്ളിയുടെ പണി പൂർത്തിയാക്കുകയും അഹ്മദ് ബ്നു ഫഖീർ എന്നവരെ ഖാസിയായി നിശ്ചയിക്കുകയും ചെയ്തു. അമ്മേനി ദ്വീപുകാരുടെ മതപരിവർത്തനം

മനസ്സിലാക്കിയ ചേത്തിലാത്തുകാരും, കിളുത്തൻകാരും, കടമത്ത്കാരും, ഹ. ഉബൈദുള്ളയുടെ സവിധത്തിലെത്തി ഇസ്ലാംമതം ആശ്ലേഷിക്കുകയും, അവരവരുടെ ദ്വീപുകളിലേക്ക് മടങ്ങിപ്പോയി ഓരോ സ്ഥലത്തും ആവശ്യമായ പ്രാർത്ഥനാലയങ്ങൾ പണിയുകയും ചെയ്തു. ഇവിടെനിന്ന് ആക്കത്തി ദ്വീപിലേക്കാണ് മിഷണറി സംഘം പുറപ്പെട്ടത്. മറ്റു ദ്വീപുകളിലെ ഇസ്ലാംമതപരിവർത്തനം അറിഞ്ഞിരുന്ന ഇവിടത്തുകാർ യാതൊരു എതിർപ്പും കൂടാതെ ഇസ്ലാംമതം ആശ്ലേഷിച്ചു. ആ വർഷം സഫർ മാസം 25ന് അവിടേയും പള്ളി പണി പൂർത്തിയാക്കുകയും ചെയ്തു. അവിടത്തെ ആദ്യത്തെ ഖാസി അസീസ്ബ്നു ഫരിദിയായിരുന്നു. തുടർന്ന് കൽപ്പേനിയിലെ ജനങ്ങളും ഇസ്ലാമതം സ്വീകരിച്ച് അവർക്കാവശ്യമായ പ്രാർത്ഥനാലയവും കെട്ടിയുണ്ടാക്കി. അവിടെ ഖാസിയായി നിയമിതനായത് ഹസൻ ബ്നു ഫൗസാൻ ആയിരുന്നു. തന്റെ ദൗത്യം പൂർണ്ണമാക്കിയ ഉബൈദുള്ള ആന്ത്രോത്ത് ദ്വീപിൽ തിരിച്ചെത്തിയപ്പോൾ ഊഷ്മളമായ സ്വീകരണമാണ് അവിടെ ജനങ്ങൾ നൽകിയത്.

ഫുതുഹാത്തുൽ ജസായിർ തരുന്ന വിവരങ്ങളാണ് മേലുദ്ധരിച്ചിട്ടുള്ളവ. ഈ ഗ്രന്ഥത്തെ ഹ. ഉബൈദുള്ളയുടെ ആത്മകഥയായി വിശേഷിപ്പിക്കാവുന്നതാണ്. ഐസ്ലാമിക പ്രബോധനത്തിനായി പുറപ്പെട്ട കാലം മുതൽ ദ്വീപുകളിൽ താൻ നടത്തിയ പ്രവർത്തനങ്ങൾ എതിർപ്പുകളെ അതിജീവിച്ചും തന്റെ ദൗത്യം പൂർണ്ണമാക്കാൻ സാധിച്ചതിലുള്ള സംതൃപ്തിയും നന്ദിപൂർവ്വം അദ്ദേഹം ഈ ഗ്രന്ഥത്തിൽ സ്മരിക്കുന്നുണ്ട്. തന്റെ ഭാര്യ ഹമീദത്ത് ബീവിയിൽ നിന്നും തനിക്കുണ്ടായ സന്താനങ്ങളുടെ പേരും അദ്ദേഹം നൽകുന്നു. അദ്ദേഹത്തിന്റെ മക്കൾ മുഹമ്മദ്, അബൂബക്കർ, അബ്ദുല്ലാഹ്, മാലിക്, മൂസ, സൈനുദ്ദീൻ, ഹസ്സൻ, റംസാൻ, ഇബ്രാഹിം, ഇസ്മാ ഈൽ, എന്നീ ആൺമക്കളും ഫാത്തിമ, ആയിഷ, ഹലീമ, ഹാമിദ എന്നീ പെൺമക്കളുമാണ്. തന്റെ ശിഷ്ടജീവിതം ആന്ത്രോത്ത് ദ്വീപിൽ കഴിച്ചുകൂട്ടാനാണ് ആഗ്രഹിക്കുന്നതെന്ന് പറഞ്ഞുകൊണ്ടാണ് ഗ്രന്ഥം അവസാനിപ്പിക്കുന്നത്. അദ്ദേഹത്തിന്റെ ശവക്കല്ലറയും, സ്മാരക സൗധവും, ആന്ത്രോത്ത് ജുമാഅത്ത് പള്ളിയുടെ സമീപത്തായ സ്ഥിതി ചെയ്യുന്നു.

ഇവിടെ പ്രാർത്ഥനക്ക് വേണ്ടി, വളരെപ്പേർ നിത്യേന വന്നുകൊണ്ടിരിക്കുന്നുണ്ട്. പ്രവാചകന്റെ സമകാലീനരായിരുന്നു ശൈഖ് അബ്ദുല്ല ബ്നു ഹനീഫ്, ശൈഖ് ഉസ്മാൻ, ബാബാ താഹിർ, തുടങ്ങിയവരുടെ ശവകുടീരങ്ങൾ ഇന്നും സിലോണിൽ കാണാവുന്നതാണ്. മലബാറിലും, ലക്ഷദ്വീപ്, മാലി ദ്വീപ് എന്നിവിടങ്ങളിലും ഐസ്ലാമിക പ്രചാരണം വിജയപൂർവ്വം നടത്തി സിലോണിലെത്തിയവരായിരുന്നു ഇവർ.25.

ഇത്രയും വ്യക്തമായ രേഖകളും, തെളിവുകളും സുലഭമായിരുന്നിട്ടുകൂടിയും ലക്ഷദ്വീപിന്റെ വിവരണം എഴുതിയ ലക്ഷദ്വീപ് ഗസറ്റിയറിലും അറബിക്കടലിലെ പവിഴ ദ്വീപുകൾ എന്ന പുസ്തകത്തിലും ദ്വീപ് നിവാസികളുടെ മതപരിവർത്തനം 13-ാം നൂറ്റാണ്ടിന് ശേഷമാണെന്നാണ് എഴുതിയിട്ടുള്ളത്. 19-ാം നൂറ്റാണ്ടിൽ റോബിൻസണും, ലോഗനും അവരുടെ ഗ്രന്ഥങ്ങൾ എഴുതുന്ന കാലത്തോ, 20-ാം നൂറ്റാണ്ടാദ്യത്തിൽ എല്ലിസ് തന്റെ രചന നടത്തിയ സന്ദർഭത്തിലോ, ഫുതുഹാത്തുൽ ജസായിറിനെ സംബന്ധിച്ച് അവർക്ക് നിശ്ചയമുണ്ടായിരുന്നില്ലെന്ന് മാത്രമല്ല. ഇവരുടെ അന്വേഷണങ്ങളത്രയും, വൻകരയിലിരുന്നുകൊണ്ട് കീഴ്ജീവനക്കാരെക്കൊണ്ട് നടത്തിച്ചതോ മിന്നൽ പര്യടനത്തിന് ശേഷം കുറിച്ചവയോ ആയിരുന്നു. നിഷ്കൃഷ്ടമായ അന്വേഷണമോ, സൂക്ഷ്മമായ പഠനമോ ഇവരാരും ഇക്കാര്യത്തിൽ നടത്തിയിരുന്നതുമില്ല. എന്നാൽ അടുത്ത കാലത്ത് ഈ ആവശ്യത്തിനായി നിയമിതരായ ലക്ഷദ്വീപ് ഗസറ്റിയറുടെ കർത്താവ് മന്നാടിയാരും, അറബിക്കടലിലെ പവിഴദ്വീപുകളുടെ കർത്താക്കളായ പി. സതികുമാരൻ നായരും, കെ.എൻ.പി. നമ്പൂതിരിയും ഹ. ഉബൈദുള്ളയുടെ ഗ്രന്ഥം കേട്ടില്ലെന്നോ കണ്ടില്ലെന്നോ വരിക അസാധ്യമാണല്ലോ. എന്നിട്ടും സത്യം സത്യമായി വിവരിക്കുവാനോ, സത്യം സത്യമായി കാണുവാനോ ചരിത്രരചന വസ്തുനിഷ്ഠമായി നിർവ്വഹിക്കുവാനോ ഇവരാരും തുനിഞ്ഞിട്ടില്ലയെന്നത് മറ്റെന്തോ കാരണങ്ങളാലാണെന്ന് നിശ്ചയമാണ്. അതിനാൽ ഇവ അർഹിക്കുന്ന അവജ്ഞയോട്കൂടി തള്ളിക്കളയാവുന്നതേയുള്ളു.

ദ്വീപ് നിവാസികളത്രയും മുസ്ലിംകളായി മാറിയിട്ടും പൂർവ്വികമായ അവരുടെ പല ആചാരാനുഷ്ഠാനങ്ങളിലും മാറ്റങ്ങൾ വരുത്താതെ നിലനിർത്തിയെന്ന സവിശേഷത എടുത്ത് പറയാവുന്നതാണ്. അവയിൽ പ്രധാനപ്പെട്ടവ താഴെ കൊടുക്കുന്നു. മക്കത്തായമല്ല മരുമക്കത്തായ ദായക്രമമാണ് ഇവിടെ നിലനിൽക്കുന്നത്. സഹോദരി പുത്രൻമാർക്കായിരുന്നു അമ്മാവന്റെ മുതലിന് അവകാശം. ഉബൈദുള്ളയുടെ കാലം തൊട്ട് മരുമക്കത്തായ പ്രകാരമാണ് ആന്ത്രോത്തിലെ ഖാസിമാരെ നിലനിർത്തിപ്പോരുന്നത്. ഹ. ഉബൈദുള്ളയുടെ ഭവനമായ പാട്ടകൽ തറവാട്ടിൽ ജനിച്ചു വളർന്നവർക്ക് മാത്രമായി ഖാസി സ്ഥാനം നൽകിവരുന്നത് ദ്വീപുകളിൽ അന്നുമുതൽ തുടർന്നുവരുന്ന മരുമക്കത്തായ സമ്പ്രദായത്തിന്റെ മങ്ങാത്ത ഒരു ദൃഷ്ടാന്തം കൂടിയാണ്.26. ഇന്നും നിലനിൽക്കുന്ന മരുമക്കത്തായ രീതിക്ക് കാരണം കേരളത്തിൽ നിന്നും കുടിയേറിപ്പാർത്ത നായൻമാർ മതപരിവർത്തനം ചെയ്തിട്ടും അവരുടെ സമ്പ്രദായം നിലനിർത്തിയതുകൊണ്ടാണെന്ന് ദ്വീപോൽപത്തി എന്ന ഗ്രന്ഥത്തിന്റെ കർത്താവ് അവകാശപ്പെടുന്നു.27. ലക്ഷദ്വീപ് നൂറ്റാണ്ടുകളിലൂടെ എന്ന ഗ്രന്ഥത്തിൽ പറയുന്നത്, "പ്രാചീന പോളിനേഷ്യൻ വ്യവസ്ഥിതിയിൽ കുടുംബത്തിലെ തലമുതിർന്ന അംഗത്തിന് നൽകി വന്നിരുന്ന പരമപ്രധാനമായ സ്ഥാനവും അമ്മാവൻമാരും, മരുമക്കളും തമ്മിലുള്ള ബന്ധവും നിലനിർത്തിപ്പോന്നിരുന്നുവെന്നത് കൊണ്ടാണ്. ഈ സമ്പ്രദായം കർശനമായി തന്നെ ഏഴാം നൂറ്റാണ്ടിലും പരിപാലിച്ചു

പോന്നുവെന്നതിന്റെ അനിഷേധ്യ തെളിവാണ് ആന്ത്രോത്ത് ദ്വീപിലെ ഖാസിസ്ഥാനം അന്നുമുതൽ ഇന്നു വരെ മരുമക്കത്തായ രീതിയനുസരിച്ച് തുടർന്നുവരുന്നത്."28.

മറ്റൊരു പ്രത്യേകത ഇസ്ലാമിലെ സമത്വ-സാഹോദര്യ നിബന്ധനകൾക്ക് വിപരീതമായി ദ്വീപുകളിൽ ഒരു തരം ജാതിസമ്പ്രദായം നിലനിൽക്കുന്നുവെന്നതുമാണ്. അതും കേരളീയ പാരമ്പര്യമായി ഒരു കൂട്ടർ വ്യവഹരിക്കുമ്പോൾ പോളിനേഷ്യൻ സമ്പ്രദായമാണ് ഇതെന്ന് സമർത്ഥിക്കുന്നവരുമുണ്ട്. ഏതായാലും ദ്വീപുകളിലെ മുസ്ലിംകൾക്കിടയിൽ കോയ, മാലുമി, മേലാച്ചേരി, എന്നി വർഗ്ഗവ്യത്യാസങ്ങളും അതിന്റെ അടിസ്ഥാനത്തിൽ നിലനിൽക്കുന്ന ദുഷിച്ച ചില ആചാര്യ മര്യാദകളും ഈ അടുത്ത കാലം വരെ നിലനിന്നിരുന്നു. ദ്വീപിലെ ഭൂവുടമകളെ കാരജമാർ എന്നാണ് വിളിച്ചിരുന്നത്. കാലാന്തരത്തിൽ കാരജ യെന്നത് കോയ ആയി മാറി. ഇവരാണ് ഇന്നും ദ്വീപിലെ ഭൂവുടമകളിലധികവും. ഓടങ്ങളുടെ ഉടമകളും ഇവർ തന്നെയായിരുന്നു. എന്നാൽ ഓടങ്ങൾ ഓടിക്കുവാനും അവയിൽ ജോലി ചെയ്യുവാനും വന്നവരുടെ സന്താനപരമ്പരകളെയാണ് മാലുമിയെന്ന് പറഞ്ഞ് പോരുന്നത്. ദ്വീപിലെ പ്രധാന കൃഷി തെങ്ങാണല്ലോ. തെങ്ങുകയറുന്ന വിഭാഗത്തെ മേലാച്ചേരികൾ എന്നാണ് വിളിച്ചിരുന്നത്. അവർ മേലാച്ചേരിവർഗ്ഗമായി തരംതിരിയുകയും ചെയ്തു. ഈ മൂന്ന് വ്യത്യസ്തവിഭാഗങ്ങളും നിർബന്ധമായും അനുഷ്ഠിക്കേണ്ട ചില മാമൂൽ നിയമങ്ങളും പ്രാബല്യത്തിൽ ഉണ്ടായിരുന്നു. അവ താഴെ പറയുന്നവയാണ്.

1. മാലുമി - മേലാച്ചേരി വർഗ്ഗക്കാർ പൊതുകാര്യങ്ങളിൽ നേതൃത്വം വഹിക്കുവാൻ പാടുള്ളതല്ല.

2. അവർ ചെരുപ്പ്, ശീലക്കുട, കുപ്പായം എന്നിവ ഉപയോഗിക്കുവാൻ പാടുള്ളതല്ല.

3. അവരുടെ വിവാഹാടിയന്തിരങ്ങൾക്ക് പാട്ട്, കൊട്ട്, കളി മുതലായ ആഘോഷങ്ങളൊന്നും പാടില്ല.

4. അവരുടെ സ്ത്രീകൾ പൊന്നാഭരണങ്ങളും പട്ടുവസ്ത്രങ്ങളും ധരിക്കരുത്.

5. കോയമാരുടെ വീടുകളെപ്പോലെ ഉയരത്തിലും ഭംഗിയിലും അവർ വീടുണ്ടാക്കരുത്.

6. അവരുടെ കുട്ടികളെ വിദ്യ അഭ്യസിപ്പിക്കുവാൻ പാടുള്ളതല്ല.

7. കേരോൽപ്പന്നങ്ങൾ കയറ്റിറക്കം നടത്തുന്ന വലിയ ഓടങ്ങൾ ഉണ്ടാക്കുവാനോ വിലയ്ക്ക് വാങ്ങുവാനോ പാടില്ല.

8. കോയവർഗ്ഗത്തോട് വളരെ ബഹുമാനാദരവുകൾ കാണിക്കണം.

9. അവരുമായി മിശ്രഭോജനം പാടില്ല.

10. അവരുടെ ആൺകുട്ടികൾക്ക് കോയ എന്നും, പെൺകുട്ടികൾക്ക് ബീവിയെന്നുമുള്ള പേർ കൂട്ടി വിളിക്കുവാൻ പാടില്ല.

ലക്ഷദ്വീപുകളുടെ കൂട്ടത്തിൽപ്പെട്ടതാണെങ്കിലും മിനിക്കോയ് ദ്വീപിന് ചില പ്രത്യേകതകളുണ്ട്. മറ്റ് ദ്വീപ് നിവാസികളേക്കാൾ അദ്ധ്വാനശീലരും നേതൃത്വത്തിൽ വിശ്വാസമുള്ളവരുമാണവർ. കലാപരമായും, സാംസ്കാരികമായും ഉയർന്ന നിലവാരം പുലർത്തുന്ന ഇവർ വാസനാസമ്പന്നരും ആകുന്നു. ഈ ദ്വീപിനെ ഒമ്പത് അത്തിരികളായി ഭാഗിച്ചിട്ടുണ്ട്. ഓരോ അത്തിരിയിലും, ഓരോ മൂപ്പനുണ്ട്. ഈ മൂപ്പൻമാർക്കാണ് ദ്വീപ് നിവാസികളുടെമേൽ സ്വാധീനമുള്ളത്. ഇവരുടെ നേതൃത്വം അംഗീകരിച്ചിട്ടുള്ള മിനിക്കോയ്ക്കാർ ഇവരുടെ ഏത് കൽപ്പനയും അനുസരിച്ച് പ്രവർത്തിക്കുന്നു. ഓരോ അത്തിരിയിലും കലാപരിപാടികൾ നടത്തുന്നതിനായി ആർട്സ് ക്ലബ്ബുകൾ നിലവിലുണ്ട്. വർണ്ണപകിട്ടുള്ള ചായങ്ങൾ തേച്ച് അലങ്കരിച്ചിട്ടുള്ള ഈ ക്ലബ്ബിൽ സ്ത്രീ-പുരുഷൻമാർ കൂടികലർന്ന് ആടുകയും, പാടുകയും ഡോലി മുട്ടിക്കളിക്കുകയും ചെയ്യും. 29. മിനിക്കോയിയിലെ സ്ത്രീകൾ ചുകപ്പ് നിറത്തിലുള്ള നിളൻ കുപ്പായമാണ് ധരിക്കുന്നത്. 1343-44 കാലത്ത് ഇവിടം സന്ദർശിച്ച ഇബ്നു ബത്തൂത്ത തന്റെ നാടായ മൊറോക്കോയിലെ ടാൻജിയറിലെ സ്ത്രീകൾ ധരിക്കുന്ന ഈ വേഷം ദ്വീപിൽ നടപ്പാക്കിയെന്നാണ് പറയപ്പെടുന്നത്.

ലക്ഷദ്വീപിൽ സ്ത്രീധനം കൊടുക്കുന്ന സമ്പ്രദായം ഇല്ലെന്ന് മാത്രമല്ല, പെൺപണം നൽകുന്നുമുണ്ട്. വിവാഹം കഴിഞ്ഞാൽ വരൻ വധുഗൃഹത്തിൽ കുടിപാർക്കുവാൻ വരുന്നുവെന്നല്ലാതെ വരന്റെ വീട്ടിലേക്ക് വധുവിനെ കൊണ്ടുപോയി താമസിപ്പിക്കാറില്ല. കല്യാണം വളരെ ആഘോഷപൂർവ്വമാണ് നടത്തുക പതിവ്. വിഭവസമൃദ്ധമായ എട്ട് സദ്യകളെങ്കിലും നല്ലൊരു കല്യാണത്തിനുണ്ടാകും. വിവാഹമോചനവും പുനർവിവാഹവും അസാധാരണമല്ല.

മിനിക്കോയ് ദ്വീപിൽ വർഗ്ഗഭിന്നതയുണ്ട്. മുമ്പ് വിവരിച്ചതുപോലെ കോയ, മാലുമി, മേലാച്ചേരി, എന്നീ വിഭിന്ന വർഗ്ഗങ്ങളാണല്ലോ ദ്വീപ് നിവാസികളിൽ പൊതുവേ ദൃശ്യമാകുന്നത്. എന്നാൽ മിനിക്കോയിൽ നാല് വ്യത്യസ്ത വർഗ്ഗങ്ങളാണുള്ളത്. അവർ മനിക്ക് ഫാൻ, തക്രുഫാൻ, തക്രു, റാവേരി എന്നിങ്ങനെയാണ്. ഇവരിൽ ഉയർന്ന വർഗ്ഗം മനിക്ക് ഫാൻമാരാകുന്നു. അവിടത്തെ ജൻമിമാരും, ഓടങ്ങളുടെ ഉടമകളും അധികാരം കൈയ്യാളിയിരുന്നുവരും മനിക്ക് ഫാൻമാരാണ്. ഇവരുടെ ഓടങ്ങളിൽ ക്യാപ്റ്റൻമാരായും മറ്റും ജോലി ചെയ്യുന്നുവരാണ് തക്രുഫാൻ വർഗ്ഗം. സാമൂഹ്യശ്രേണിയിൽ അവർ ആദ്യത്തെ കൂട്ടരേക്കാൾ അല്പം താഴെ പടിയിലുള്ളവരാണ്. ഇവരിലും താഴ്ന്ന സ്ഥിതിയിലുള്ളവരാകുന്നു തക്രുമാർ. വിവിധ തൊഴിലുകൾ ചെയ്യുന്നവരാണിവർ. റാവേരി നാലാമത്തെ തരക്കാരും തെങ്ങുകയറ്റക്കാരും, സമൂഹത്തിലെ ഏറ്റവും താഴ്ന്ന പടിയിലുള്ളവരുമാണ്.

മനിക്ക്ഫാൻ സ്ത്രീകൾക്ക് ഇഷ്ടംപോലെ സ്വർണ്ണാഭരണങ്ങളും പട്ടുവസ്ത്രങ്ങളും ധരിക്കാം. തക്രുഫാൻ സ്ത്രീകൾക്ക്

സ്വർണ്ണാഭരണം ധരിക്കാമെങ്കിലും കാതുകളിൽ ഇടുന്ന അലിക്കത്ത് (ചിറ്റ്) വെള്ളികൊണ്ടേ പാടുള്ളൂ. മൂന്നാമത്തെ തരക്കാരായ തക്രുവർഗ്ഗത്തിലെ സ്ത്രീകൾ വെള്ളികൊണ്ടുള്ള ആഭരണങ്ങളേ ധരിക്കാവൂ. നാലാമത്തെ കൂട്ടരുടെ സ്ത്രീകൾ സ്വർണ്ണമോ വെള്ളിയോ ഉപയോഗിക്കുവാൻ പാടുള്ളതല്ല. വസ്ത്രധാരണരീതിയിൽ നിന്നും ഓരോ വർഗ്ഗത്തേയും തിരിച്ചറിയുവാനും സാധിക്കും. വെള്ളത്തുണിയും, കള്ളിതുണിയുമാണ് മനിക്ക്ഫാൻമാരുടേതെങ്കിൽ, തക്രുഫാൻമാർ വെള്ള പൈജാമയുടെ മേൽ മുണ്ടുടുക്കുന്നു. മറ്റ് രണ്ട് വർഗ്ഗക്കാരും കറുപ്പ് വർണ്ണത്തിലുള്ള കാൽക്കുപ്പായമാണ് ധരിക്കുക.

ദ്വീപ് നിവാസികളിൽ പുരുഷൻമാർ അധികവും ഷർട്ടുകൾ ഉപയോഗിക്കാറില്ല. ലളിതജീവിതമാണ് അവരുടേത്. അവർക്കിടയിലുള്ള വഴക്കുകളും, തർക്കങ്ങളും, വർഗ്ഗത്തലവൻമാരാണ് തീർപ്പുകല്പിച്ചിരുന്നത്. 1957 വരെ പോലീസോ, പോലീസ് സ്റ്റേഷനോ ദ്വീപുകളിലുണ്ടായിരുന്നില്ല. ദ്വീപ് നിവാസികളുടെ പിന്നോക്കാവസ്ഥ പരിഗണിച്ച് അവരെ പട്ടികവർഗ്ഗക്കാരായി കണക്കാക്കി അവർക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും നൽകിപോരുന്നുണ്ട്.

കാലം മാറിയതോടുകൂടി മാമൂൽ ആചാരങ്ങളുടെ പേരിലുള്ള ഏറ്റക്കുറച്ചിലുകൾ കുറേശ്ശെയായി അപ്രത്യക്ഷപ്പെട്ടു തുടങ്ങിയിട്ടുണ്ട്. സ്വാതന്ത്ര്യത്തിന് മുൻപ് തന്നെ കീഴ്‌വർഗ്ഗക്കാരായ റാവേരി, മേലാച്ചേരിമാരും തങ്ങളുടെ അവകാശങ്ങൾക്ക് വേണ്ടി സംഘടിതമായി ശബ്ദമുയർത്തിയിരുന്നു. ഇന്ന് നിയമ ദൃഷ്ട്യാ എല്ലാ വിഭാഗക്കാർക്കും സമാനമായ അവകാശാധികാരങ്ങൾ ലഭ്യമായതോട് കൂടിയും കീഴ്‌വർഗ്ഗക്കാരിൽ നിന്നും കുറേപ്പേർ വിദ്യാസമ്പന്നരും ഉദ്യോഗസ്ഥൻമാരുമായി മാറിയതോടുകൂടിയും, വർഗ്ഗവ്യത്യാസം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നുണ്ട്. എങ്കിലും എവിടേയും ഉള്ളതുപോലെ തൊഴിലടിസ്ഥാനത്തിലുള്ള ഉയർച്ചതാഴ്ചകൾ ദൃശ്യവുമാണ്.

*അനുബന്ധം.*

ഫുതൂഹാത്തുൽ ജസാഇർ (ദ്വീപ് വിജയങ്ങൾ).

(അറബിമൂലരേഖ. ലക്ഷദ്വീപുകളിലെ പ്രഥമ മുസ്ലിം മതപ്രബോധകനായിരുന്ന ഉബൈദുല്ലാഹിബ്നു മുഹമ്മദ് ബ്നു അബൂബക്കർ സിദ്ദീഖ് പറഞ്ഞുകൊടുത്ത് സ്വപുത്രനായ അബൂബക്കർ എഴുതിയതാണ്. ലക്ഷദ്വീപുകളിലെ പ്രാചീന പള്ളികളിലും പണ്ഡിത തറവാടുകളിലും ഇതിൻെറ കൈയ്യെഴുത് പ്രതികളുണ്ട്. മൂലരേഖയുടെ പദാനുപദവിവർത്തനമാണ് താഴെ.)

"ഉബൈദുല്ലായുടെ പുത്രനായ അബൂബക്കർ നിവേദനം ചെയ്യുന്നു:

ഞാൻ (ഉബൈദുല്ലാ) ഒരിക്കൽ മദീനായിലെ (മസ്ജിദുന്നബവി)യിൽ വിശുദ്ധ പ്രവാചകരുടെ സമാധിസ്ഥാനത്തിനടുത്ത് ആരാധനയിലും പ്രാർത്ഥനയിലും നിരതനായിരുന്നു. അങ്ങിനെ ഒരു രാത്രി പതിവ് പോലെ ധ്യാനം നടത്തുവാൻ കഴിയാത്തവിധം ഞാൻ സുഖ സുഷുപ്തിയിൽ നിലീനനായി. ഞാൻ സ്വപ്നത്തിൽ തിരുനബിയെ ദർശിച്ചു. അവിടന്ന് എന്നെ ജിദ്ദയിലേക്ക് പുറപ്പെടാനും അവിടുന്ന് കാണുന്ന കപ്പലിൽ കയറി സമുദ്രയാത്ര നടത്താനും നിർദ്ദേശം നൽകി. ഈ യാത്രയിൽ നിന്നെ അല്ലാഹു അനുഗ്രഹിക്കുമെന്നും തിരുനബി സന്തോഷവാർത്ത അറിച്ചു. ഈ സ്വപ്നം ദൈവികമോ അതല്ല, പൈശാചികമോ? എന്ന് ഞാൻ ശങ്കിച്ചു. ഞാൻ 'ലാഹൗലവലാഖുവ്വത്ത ഇല്ലാബില്ലാഹി' (അല്ലാഹുവിന്നൊഴികെ യാതൊരു കഴിവും ശക്തിയുമില്ല). എന്ന വാക്ക് ഉരിവിട്ടു വു സു എടുത്തു രണ്ടു റക്അത്ത് നമസ്കരിച്ചു. വീണ്ടും ഉറങ്ങി. അങ്ങിനെ അന്നത്തെ രാത്രിയിൽ തന്നെ ഈ സ്വപ്നം മൂന്ന് തവണ ആവർത്തിച്ചുകണ്ടു. അടുത്ത പ്രഭാത നമസ്കാരാനന്തരം ഞാൻ തിരുനബി (സ) യുടെ ഖബർ സന്ദർശിച്ചു. തിരുനബിയുടെ സ്വപ്നനിർദ്ദേശാനുസരണം ഞാൻ ശുദ്ധമനസ്സോടുകൂടി യാത്രയായി. അങ്ങിനെ ഞാൻ സസുഖം ജിദ്ദയിലെത്തി. ഞാൻ ജലവാഹനം അന്വേഷിച്ചു. അപ്പോൾ 14 ആളുകൾ ഉള്ള (ഇന്ത്യയിലേക്ക് പുറപ്പെടുന്ന) ഒരു കപ്പൽ കണ്ടെത്തി. അവരോടു ഞാൻ മദീനായിലെ സ്വപ്നവാർത്ത അറിച്ചു. അവർ എന്നേ സസന്തോഷം കപ്പലിലേക്ക് കൂട്ടിക്കൊണ്ടുപോയി. ഹിജ്റ 41-ാം വർഷം ശവ്വാൽ മാസം പതിനൊന്നാം തിയ്യതി തിങ്കാഴ്ച ആ കപ്പൽ ജിദ്ദയിൽ നിന്ന് യാത്രയായി. മലബാറിൻെറ അടുത്ത ദ്വീപുകളിലെ സമീപത്തെത്തിയപ്പോൾ അവിചാരിതമായ ഉഗ്രൻ കാറ്റും, കോളും നിമിത്തം ഞങ്ങളുടെ കപ്പൽ തകർന്നു. ഞാൻ ഒരു പലകയിൽ കയറി ഇരുന്നു. തിരമാലകൾ എന്നെ പഴവർഗ്ഗ നിബിഢവും ശുദ്ധജലവുമുള്ളതുമായ അമ്മേനി ദ്വീപിലെത്തിച്ചു. ഞാൻ അല്ലാഹുവിൻെറ അനുഗ്രഹത്തെ വാഴ്ത്തി. ഈ പഴവർഗ്ഗങ്ങളും ശുദ്ധജലവും എനിക്കുപയോഗിക്കാമെന്നും ഞാൻ തീരുമാനിച്ചു.

അങ്ങിനെ അന്നത്തെ നിശ കഴിഞ്ഞു. സുബഹി നമസ്കാരാനന്തരം ഞാൻ അല്ലാഹുവിനോടു പ്രാർത്ഥിക്കുകയും വിശുദ്ധ ഖുർ ആൻ പാരായണം ചെയ്യുകയും ചെയ്തു. എനിക്ക് ഉറക്കം വന്നു. ഞാൻ നിദ്രാവലംബിയായപ്പോൾ തിരുനബി (സ) യെ സ്വപ്നത്തിൽ ദർശിച്ചു. തിരുമേനി എന്നോടു യാത്ര കാര്യങ്ങൾ അന്വേഷിച്ചു. ഞാൻ എൻെറ ഏകാന്താവസ്ഥ വിശദീകരിച്ചുകൊടുത്തു. അത്തരുണത്തിൽ തിരുനബി 'നിഭീതിക്ക് വശംവദനാകരുതെന്നും അല്ലാഹു നിന്നെ സന്തോഷചിത്തനാക്കുന്നതാണെന്നും' എന്നെ അനുസ്മരിപ്പിച്ചു.

ഞാൻ ഉറക്കമുണർന്നപ്പോൾ സ്ഥലനിവാസികളായ ഒരു കൂട്ടം അമുസ്ലിംകൾ എന്നെ സമീപിച്ചു. അവർ എന്നെ ഉപരോധിച്ചു നിർത്തി. അവരുടെ നേതാവ് എന്നോടു കാര്യങ്ങൾ അന്വേഷിച്ചു.

'ഞാൻ അബൂഖുഹാഫയുടെ മകൻ അബൂബക്കർ മകൻ മുഹമ്മദ് മകൻ ഉബൈദുല്ലയാണ്. ഞാൻ മദീനത്ത് നിന്നു വരുന്നു. നിങ്ങളെ ഇസ്ലാമിലേക്ക് ക്ഷണിക്കലാണ് ആഗമ

നോദ്ദേശ്യം. എൻെറ ക്ഷണം സ്വീകരിച്ചു ഇസ്ലാം മതം ആശ്ലേഷിച്ചാൽ നിങ്ങൾക്ക് ഇരുലോക സൗഭാഗ്യം നേടാം. നിങ്ങളെതിർത്താൽ ഞാൻ ഏകനായി നിങ്ങളോടു ധർമ്മസമരം നടത്തും' എന്നെല്ലാം ഞാൻ അവരെ ബോധ്യ പ്പെടുത്തി.

അതുകേട്ടപ്പോൾ ജനങ്ങൾ കോപാകുലരായി. 'നിങ്ങൾ ഏകനാണ്.' നിങ്ങൾ ഞങ്ങളുമായി സമരം നടത്തിയാൽ നിങ്ങളെ ആർ സഹായിക്കും? എന്നെല്ലാം അവർ ചോദിച്ചു. ഞാൻ അല്ലാഹു എന്നു പ്രത്യുത്തരം നൽകി. അല്ലാഹുവിൻെറ അനുഗ്രഹത്താൽ ഞാൻ ഏകനായി നിന്നു പൊരുതുമെന്നു വിശദീകരിച്ചു. 'ഞങ്ങളോടു യുദ്ധം ചെയ്യാൻ നിങ്ങൾ ക്കൊരിക്കലും സാദ്ധ്യമല്ല. നിങ്ങളെ സഹായിക്കാൻ ഇവിടെ ആരുമില്ല' എന്നെല്ലാം പറഞ്ഞ് ജനനേതാവും സംഘവും എന്നെ ഭീഷണിപ്പെടുത്തി. അവർ കുറേ മാറി നിന്നു. ഞാൻ അപ്പോഴും അവരെ സവിനയം ഇസ്ലാമിലേക്ക് ക്ഷണിച്ചുകൊണ്ടിരുന്നു. പക്ഷേ എൻെറ ക്ഷണം അംഗീകരിക്കാൻ അവരിൽ ഒരാളും സന്നദ്ധരായില്ല. എന്നാൽ അവരുടെ കൂട്ടത്തിൽ നിന്നു ഫിസ്യ എന്നു പേരുള്ള ഒരു യുവതി ഇദംപ്രഥമമായി എൻെറ മുമ്പിൽ വന്നു ഇസ്ലാമതം സ്വീകരിച്ചു. ഞാൻ ആ സ്ത്രീക്ക് ഹാമിദ എന്നു നാമകരണം ചെയ്തു. ഞാൻ അവരെ എൻെറ ഭാര്യയായി സ്വീകരിച്ചു. ലക്ഷദ്വീപുനിവാസികളിൽ നിന്ന് ഒന്നാമതായി ഇസ്ലാമതം സ്വീകരിച്ചത് ആ സ്ത്രീയായിരുന്നു.

അവരുടെ മതപരിവർത്തന വാർത്ത അറിഞ്ഞപ്പോൾ നാട്ടുകാർ ഏകകണ്ഠമായി ഞങ്ങളെ ആക്രമിച്ചു വധിക്കാൻ തീരുമാനിച്ചു. അവർ ഞങ്ങളെ വധിക്കാനായി അടുത്തെത്തി. അപ്പോൾ അല്ലാഹു, അവർക്ക് ഞങ്ങളെ കാണാൻ നിവൃത്തിയില്ലാത്ത നിലയിൽ അവരുടെ കണ്ണുകളെ അന്ധത ബാധിപ്പിച്ചു. അവരുടെ കൈകൾ വിറച്ചു. അന്നേ ദിവസം അല്ലാഹു ആ വഴിക്ക് വരുത്തിയ ഒരു ജലവാഹനത്തിൽ കയറി ഞങ്ങൾ അമ്മേനിക്കടുത്ത ആന്ത്രോത്ത് ദ്വീപിൽ ഇറങ്ങി. ആ വാഹനം സ്ഥലം വിട്ടു.

പഴങ്ങളും ശുദ്ധജലവും നിറഞ്ഞു നിന്നിരുന്ന ആന്ത്രോത്തിൽ ഞങ്ങൾ ചുറ്റി സഞ്ചരിച്ചു. അങ്ങിനെ ഞങ്ങൾ മരങ്ങൾ തിങ്ങിനിറഞ്ഞിരുന്ന ഒരു സ്ഥലത്തെ ഗുഹയിൽ ധ്യാനനിരതരായിരുന്നു. അപ്പോഴേക്കും തദ്ദേശനിവാസികളിൽ നിന്നും ഒരു സംഘം ഞങ്ങളുടെ മുമ്പിലെത്തി ച്ചേർന്നു. അവരുടെ ചോദ്യത്തിന് മറുപടിയായി എൻെറ ആഗമനോദ്ദേശ്യം വിവരിച്ചു. തദവസരത്തിൽ അവർ കോപാകുലരായി. എൻെറ പ്രബോധനത്തെ തടയാൻ അവർ ദൃഷ്ടരായി. ഞാൻ അവരുടെ സൻമാർഗ്ഗദർശനത്തിനായി അല്ലാഹുവിൽ പ്രാർത്ഥിച്ചു. അവിചാരിതമായ നിലയിൽ ഒരു ഭൂചലനം ദൃശ്യമായി. തന്നിമിത്തം ജനങ്ങൾ പരിഭ്രാന്തരായി. പിന്നീട് അവർ കൂട്ടം കൂട്ടമായി എൻെറ സന്നിധിയിൽ വന്നു ഇസ്ലാം ആശ്ലേഷിച്ചു. അവർ തങ്ങളുടെ പൂർവ്വകാല വിശ്വാസാചാരങ്ങൾ പരിത്യജിച്ചു. അവർ എൻെറ ആജ്ഞാനുവർത്തികളായി തീർന്നു. മാത്രമല്ല, അവരുടെ അധികാര പരിധിയിലുള്ള സ്ഥലങ്ങളും മറ്റും എന്നെ ഏൽപ്പിച്ചു. ഞാൻ അവരോടു ഒരു പള്ളി നിർമ്മിക്കാനും എനിക്ക് ഒരു ഭവനം പണിയുവാനും കൽപ്പിച്ചു. എൻെറ ഇംഗിതമനുസരിച്ച് നാട്ടുകാർ ഇരുന്നൂറ് ജോലിക്കാരെ ഹാജരാക്കി. ഹിജ്റ 41-ാം വർഷം ദുൽഹജ്ജ് മാസം 11-ന് തിങ്കളാഴ്ച ദിവസം പള്ളിക്കും വീടിനുമുള്ള ശിലാസ്ഥാപനം നടന്നു. താമസം വിനാ പള്ളി പണിപൂർത്തിയാകുകയും ഞാൻ ജുമുഅ നമസ്കാരം ഉൽഘാടനം ചെയ്യുകയും ചെയ്തു.

വീടിൻെറ അസ്ഥിവാരാരംഭം മുതൽ ചുറ്റുഭാഗങ്ങളിലും ഒമ്പത് ആശാരിക്കോൽ വീതം, വീടിൻെറ അതിർത്തിയായി നിശ്ചയിച്ചു. അതിനുപുറമെ ഇടത്തുഭാഗം സമുദ്രം വരെയും, ബാക്കി എല്ലാ ഭാഗങ്ങളിലും തൊണ്ണൂറ്റി ഒമ്പത് മുഴം വീതം ഭൂമിയും തോട്ടങ്ങളും എൻെറ അനന്തരപിൻഗാമികൾക്കായി നാട്ടുകാർ വഖഫ് ചെയ്യുകയും ചെയ്തു.

പിന്നീട് ഞാനും ആന്ത്രോത്ത് നിവാസികളുമായ ഒരു സംഘം ആളുകളും കവരത്തിയിലേക്ക് പോയി. ഹിജ്റ 42-ാം വർഷം മുഹറ മാസം 21ന് വ്യാഴാഴ്ച ഞങ്ങൾ അവിടെയെത്തി. മതപ്രബോധനം ആരംഭിച്ചു. അവർ കോപാന്ധരായി എന്നേയും സഹഗാമികളേയും ആക്രമിക്കാൻ സന്നദ്ധരായി. അവരുടെ മർദ്ദനം രൂക്ഷമായി. സഹഗാമികൾ സ്വദ്വീപിലേക്ക് തിരിച്ചുപോകുവാൻ എന്നോട് അനുമതി ചോദിച്ചു. ഞാൻ സത്യപ്രബോധനഘട്ടത്തിൽ സഹനം ദീക്ഷിക്കാനുൾ ബോധിപ്പിക്കുന്ന ഖുർആൻ വാക്യങ്ങൾ ഓതികേൾപ്പിച്ച് അവരെ ആശ്വസിപ്പിച്ചു.

അവിടത്തുകാരിൽ ഒരു വിഭാഗം നേരത്തെ എന്നെ വധിക്കാമെന്ന തീരുമാനം കയ്യാളി എൻെറ താമസസ്ഥലം ഉന്നം വെച്ചുമുന്നേറി. പക്ഷെ മുമ്പൊന്നും തന്നെ അവരുടെ ദൃഷ്ടിയിൽപ്പെടാത്തൊരു നരി അവരുടെ മുമ്പിലേക്ക് ചാടി. അവർ ഭയവിവശരായി എന്നെ അഭയം പ്രാപിച്ചു. ഞാൻ നരിയുടെ അടുത്തുചെന്ന് കാട്ടിലേക്ക് തിരിച്ചുപോകാനും അവിടുത്തെ ശവങ്ങൾ തിന്നു ജീവിക്കാനും കൽപ്പിച്ചു. നരി തൽക്ഷണം സ്ഥലം വിട്ടു. ഇത് കണ്ടപ്പോൾ തദ്ദേശീയർ ഒന്നടങ്കം ഇസ്ലാം സ്വീകരിച്ചു. അതേ വർഷം മുഹറ മാസത്തിൽ അവിടെ ഒരു ജുമുഅത്ത് പള്ളി നിർമ്മിച്ചു. അതിനാവശ്യമുള്ള ഭൂമി നാട്ടുകാർ വഖഫ് ചെയ്തു.

തദനന്തരം ഞങ്ങൾ വീണ്ടും അവിടെ നിന്നു അമ്മേനിയിലേക്ക് യാത്രയായി. അവിടെ എത്തി പ്രബോധനം തുടങ്ങി. എന്നാൽ അവരിൽ ചിലർ വീണ്ടും എതിർക്കാൻ മുതിർന്നു. ഞാൻ അല്ലാഹുവിനോട് സഹായത്തിനപേക്ഷിച്ചു. അവർ കലാപസന്നദ്ധരായി എൻെറ മുന്നിൽ വന്നപ്പോൾ എവിടെ സൈന്യം എന്ന് ചോദിച്ചു. പക്ഷികൾ വട്ടം കറങ്ങി അവരെ ആക്രമിച്ചു. അതുകണ്ടപ്പോൾ ജനങ്ങൾ ഇസ്ലാം സ്വീകരിച്ചു. അവരുടെ എല്ലാ കാര്യങ്ങളും എന്നെ അധികാരപ്പെടുത്തി. ഹിജ്റ 42-ാം വർഷം സഫർ മാസം 15ന് അവിടേയും പള്ളി നിർമ്മിച്ചു. പള്ളിക്ക് വേണ്ടി പടിഞ്ഞാറ് ഭാഗത്ത് കടൽ

വരെയുള്ള പ്രദേശം പള്ളിക്കായി വഖഫ് ചെയ്തു. അഹമ്മദ് ബ്നു ഫഖീറിനെ അവിടത്തെ ഖാസിയായി നിയമിച്ചു.

അമേനിക്കാരുടെ മതപരിവർത്തന വാർത്ത അറിഞ്ഞു ചെത്തലാത്ത്കാരും, കിളുത്താൻകാരും, കടമത്ത്കാരും എന്റെ മുമ്പിൽ വന്നു സന്തോഷസമേതം ഇസ്ലാംമതം ആശ്ലേഷിച്ചു. അവർ അവരുടെ സ്വദേശത്തേക്ക് തിരിച്ചു പോയി പള്ളികൾ നിർമ്മിച്ചു.

തദനന്തരകാലത്ത് ഞാനും എന്റെ കൂട്ടുകാരും അവിടെ നിന്ന് ആക്കത്തിയിലേക്ക് പുറപ്പെട്ടു. അവർ യാതൊരു എതിർപ്പും കൂടാതെ ഇസ്ലാംമതം പുണർന്നു. ഹിജ്റ 42-ാം കൊല്ലം സഫർ മാസം 25-ാം തിയ്യതി അവർ അവിടെ ഒരു പള്ളി നിർമ്മിച്ചു. അതിനു വേണ്ടി കിഴക്ക് ഭാഗത്ത് തരിശ് സ്ഥലം വരെയുള്ള ഭൂമി വഖഫ് ചെയ്തു. അവിടത്തെ ഖാസിയായി അസീസ് ബ്നു ഫരീദിനെ നിയമിച്ചു.

പിന്നീട് ഞാനും കൂട്ടുകാരും കൽപ്പേനിയിലേക്ക് പുറപ്പെട്ടു. അവരെ ഇസ്ലാമിലേക്ക് ക്ഷണിച്ചു. പക്ഷേ അവർ സ്വീകരിച്ചില്ല. അവർ കോപാകുലരായി തിരിച്ചു പോയി. ഞാൻ അവരെ അടിക്കടി ഇസ്ലാമിലേക്ക് ക്ഷണിച്ചു കൊണ്ടിരുന്നു. അല്ലാഹു അവരെ ഇസ്ലാമിലേക്കാകൃഷ്ടരാക്കാൻ ഉദ്ദേശിച്ചപ്പോൾ ഉഗ്രമായ കാറ്റടിച്ചു. കൂടെ പേമാരിയും. അവസാനം കാറ്റിൽ നിന്നും മഴയിൽ നിന്നും ഞങ്ങളേയും നാട്ടിനേയും രക്ഷിക്കാൻ അവിടുന്നു അല്ലാഹുവിനോട് പ്രാർത്ഥിച്ചാലും എന്നവർ എന്നോടു അപേക്ഷിച്ചു. എന്റെ പ്രാർത്ഥനാഫലമായി അന്തരീക്ഷം ശാന്തമായി. അവർ ഒന്നടങ്കം ഇസ്ലാം സ്വീകരിച്ചു. അല്ലാഹു അവരെ സുരക്ഷിതരാക്കി. അതേവർഷം റബീഉൽ അവ്വൽ മാസം കടൽക്കരയിൽ തറുശിയർ ഒരു പള്ളി നിർമ്മിച്ചു. നാട്ടുകാർ എല്ലാ ഭാഗത്തു നിന്നും ഇരുപത്തിയഞ്ച് മുഴം വീതം പള്ളിക്ക് വഖഫ് ചെയ്തു. ഹസനു ബ്നു ഹസ്സാനെ സ്ഥലത്തെ ഖാസിയായി നിയമിച്ചു.

അങ്ങിനെ അവിടെ നിന്നു ഞാനും കൂട്ടുകാരും അമ്രോത്തിലേക്ക് തിരിച്ചുപോന്നു. നാട്ടുകാർ ഞങ്ങളെ ഹാർദ്ദമായി സ്വാഗതം ചെയ്തു. നേരത്തെ ഇസ്ലാംമതം സ്വീകരിക്കാതിരുന്നവർ എന്റെ അടുക്കൽ വന്ന് മാപ്പ് ചോദിച്ചു. ഞാൻ അവർക്ക് മാപ്പ് നൽകി. അവർ ആകമാനം സത്യമതാവലംബികളായി തീർന്നു. പിന്നീടു ഞാൻ പള്ളിയിൽ പ്രവേശിച്ചു രണ്ടു റക്അത്ത് കൃതജ്ഞതാ നമസ്കാരം (സ്വലാത്ത് ശുക്ർ) നിർവ്വഹിച്ചു. ദ്വീപുകാർക്ക് വേണ്ടി ഞാൻ അല്ലാഹുവിനോടു ഉള്ളു കരഞ്ഞു പ്രാർത്ഥിച്ചു. അങ്ങിനെ സ്വന്തം ഭവനത്തിൽ സന്തോഷപൂർവ്വം തിരിച്ചെത്തി. ദ്വീപിൽ നിന്നു ഇദംപ്രഥമമായി ഇസ്ലാംമതം സ്വീകരിച്ച ഹാമിദയിൽ നിന്ന് എനിക്ക് പത്ത് ആൺകുട്ടികളും അഞ്ച് പെൺകുട്ടികളും ജാതരായി. മുഹമ്മദ്, അബൂബക്കർ, അബ്ദുല്ലാഹ്, മാലിക്, മൂസ, സൈനുദ്ദീൻ, ഹസൻ, ഹസ്സാൻ, ഇബ്രാഹിം, ഇസ്മാഈൽ, ഫാത്തിമ, ആയിഷ, ഹലീമ, ഹാമിദ, താഹിറ എന്നിവരാണിവർ."

---

1. *W. Robinson, Report on the Aminidivi Islands, 1846, Revenue Department, Government of Madras.*
2. *ഡോ. എൻ. മുത്തുക്കോയ, ലക്ഷദ്വീപ് നൂറ്റാണ്ടുകളിലൂടെ, കോട്ടയം, 1986, പുറം 20.*
3. *പി.ഐ. പൂക്കോയ, ദ്വീപോൽപത്തി, കോഴിക്കോട്, 1960, പുറം 33.*
4. *N.S. Mannadiar, Lakshadweep Gazetteer, 1977, p. 41.*
5. *Ibid.*
6. *Ibid.*
7. *ഡോ. എൻ. മുത്തുക്കോയ, മുൻ ഉദ്ധരിച്ചത്, പുറം 165.*
8. *M. Rammunni, Laccadive, Minicoy and Aminidivi Islands, Publication Division, Government of India, 1972, p.4.*
9. *ഇത് സംബന്ധമായി കൂടുതൽ അറിയാൻ ഡോ. എൻ. മുത്തുക്കോയയുടെ, ലക്ഷദ്വീപ് നൂറ്റാണ്ടുകളിലൂടെ എന്ന ഗ്രന്ഥം കാണുക.*
10. *പെരിപ്ലസ്, മലയാളം തർജ്ജുമ, പി.കെ. പത്മനാഭൻ നായർ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1982, പാര 53, പുറം 23.*
11. *ഡോ. എൻ. മുത്തുക്കോയ, മുൻ ഉദ്ധരിച്ചത്, പുറം 91.*
12. *K.M. Sreevasthava, where is Kapilavasthu, Illustrated weekly of India, May 16, 1976.*
13. *പി.ഐ. പൂക്കോയ, ദ്വീപോൽപത്തി, മുൻ ഉദ്ധരിച്ചത്, പുറം 42.*
14. *ടി. പുറം 66.*
15. *ടി. പുറം 69.*
16. *ടി. പുറം 84.*
17. *G.O. 124 (Political) March 2, 1909, pp 3-8.*

18. ലക്ഷദ്വീപ്, ഒരു വിനോദസഞ്ചാരകേന്ദ്രം, ഡോ. സി.ജി. പൂക്കോയ.

19. Workshop on the status of Scientific data base on Lakshdweep Islands, 6-7 December, 1995, Souvenir, Kochi, Geológical survey of India.

20. R.H. Ellis, A short Account of the Laccadives Islands, and Minicoy, Madras, 1924, p. 109.

21. Lakshadweep and its people 1989-90, Planning Department, Kavaratty, p 43.

22. ഇബ്നു കസീറിന്റെ അൽബിദായത്തു വന്നിഹായ, ഹക്കീം മുഹമ്മദ് മഹ്ദൂൽ ഖലീന്റെ ശംശുത്താരീഖ് എന്ന ഗ്രന്ഥങ്ങൾ കാണുക.

23. മസ്ഊദി, മുറൂജ്ജ ദഹബ് വമആദിനുൽ ജൗഹർ, ഡോ. എൻ. മുത്തുക്കോയ, ലക്ഷദ്വീപ് നൂറ്റാണ്ടുകളിലൂടെ, എന്ന ഗ്രന്ഥത്തിൽ പേജ് 127ലെ ഉദ്ധരണി.

24. മൗലാനാ അഹമ്മദ് സിറാജുദ്ദീൻ, സീറത്തെ താബിഈൻ, വാല്യം രണ്ട്, 1917, ഡക്കാൻ, പുറം 482.

25. Safar Ahamed Nizami, Secular Democracy, Annual 1974, Article, India and Islam, the Earliest Phase, Also see Akbar Shah Khan Najibabadi, Ain-e-Haqiqat Nama, 1931, pp 46-47.

26. ഡോ. എൻ. മുത്തുക്കോയ, മുൻ ഉദ്ധരിച്ചത്, പുറം 56.

27. പി.ഐ. പൂക്കോയ, മുൻ ഉദ്ധരിച്ചത്, പുറം 41.

28. ഡോ. എൻ. മുത്തുക്കോയ, മുൻ ഉദ്ധരിച്ചത് 188.

29. പി.ഐ. പൂക്കോയ, മുൻ ഉദ്ധരിച്ചത്, പുറം 136.

# XIV 7-ാം നൂറ്റാണ്ട് മുതൽ 16-ാം നൂറ്റാണ്ട് വരെ മുസ്ലിംകളുടെ സ്ഥിതി

16-ാം നൂറ്റാണ്ടാരംഭത്തിൽ കേരളത്തിലുണ്ടായിരുന്ന പോർച്ചുഗീസ് ഓഫീസറും ഗ്രന്ഥകാരനുമായ ബർബോസ എഴുതുന്നത്, "പോർച്ചുഗീസ് രാജാവ് ഇന്ത്യയെ കണ്ടെത്തിയിരുന്നില്ലെങ്കിൽ മുസ്ലിം രാജാവിനാൽ ഭരിക്കപ്പെടുന്ന ഒരു രാജ്യമാകുമായിരുന്നു മലബാർ എന്നാണ്."1. അദ്ദേഹം തുടർന്നെഴുതുന്നു, "മുസ്ലിമിങ്ങൾ സമ്പന്നരാകുന്നു. അവരുടെ ജീവിതം ശുഭസമ്പൂർണ്ണമാണ്. കടലിലൂടെയുള്ള കച്ചവടവും, ഗതാഗതവും പരിപൂർണ്ണമായും അവരുടെ കൈയ്യിലാണ്."2. 7-ാം നൂറ്റാണ്ട് മുതൽക്കു തന്നെ കേരളതീരദേശ തുറമുഖങ്ങളിലും മഅ്ബാർ എന്ന് വിശേഷിപ്പിച്ചിരുന്ന ഇന്ത്യയുടെ തെക്ക്കിഴക്കൻ പ്രദേശങ്ങളിലും സ്വരൻദീപെന്ന് വിളിച്ച്പോന്ന ആധുനിക സിലോണിലും മുസ്ലിം കോളനികൾ നിലവിലുണ്ടായിരുന്നുവെന്ന് വിശ്വസനീയമായ തെളിവുകളുടെ അടിസ്ഥാനത്തിൽ മുൻ അദ്ധ്യായങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. 16-ാം നൂറ്റാണ്ടാദ്യത്തിൽ മലബാറിലെ മുസ്ലിംകളുടെ വർദ്ധമാനമായ അഭിവൃദ്ധിയെക്കുറിച്ച് ബർബോസയെക്കൊണ്ട് മുൻ പ്രസ്താവിച്ച വിധം പറയിപ്പിക്കണമെങ്കിൽ അവരുടെ വളർച്ചയും പ്രതാപവും കേരളത്തിലെ മറ്റേതൊരു മതവിഭാഗത്തെക്കാളും ഏറെ വലുതായിരിക്കണം. ഈ സ്ഥിതിയിലേക്ക് അവർക്ക് ഉയരുവാൻ കഴിഞ്ഞത് പല കാരണങ്ങളാലാണ്. ഏ.ഡി. 4-ാം നൂറ്റാണ്ടിൽ റോമാ സാമ്രാജ്യത്തിൻെറ തകർച്ചമൂലം തെന്നിന്ത്യയുമായി പൊതുവേയും, കേരളവുമായി പ്രത്യേകിച്ചും അവർക്കുണ്ടായിരുന്ന വ്യാപാരം ക്ഷയോൻമുഖമായി. തുടർന്ന് പേർഷ്യക്കാരാണ് വിദേശീയരുടെ കൂട്ടത്തിൽ വ്യാപാരാർത്ഥം ഈ സ്ഥലങ്ങളിലെത്തിയിരുന്നവർ. എന്നാൽ 6-ാം നൂറ്റാണ്ട് ഒടുവോടുകൂടി പേർഷ്യക്കാരിൽ നിന്നും കടലിൻെറ ആധിപത്യം കൈയ്യടക്കുവാൻ അറബി കപ്പലോട്ടക്കാർക്ക് സാധിച്ചിരുന്നു. അതിൻെറ ഫലമായി പൗരസ്ത്യ രാജ്യങ്ങളുമായുള്ള കച്ചവട വിനിമയങ്ങളെല്ലാം തന്നെ സാഹസികരായ അറബിവ്യാപാരികളുടെ അധീനതയിൽ വന്നു. ഏതെല്ലാം സ്ഥലങ്ങളുമായി അവർ കച്ചവട ബന്ധം സ്ഥാപിച്ചിരുന്നുവോ, അവിടെയൊക്കെ തങ്ങൾക്കാവശ്യമായ കച്ചവട വിഭവങ്ങൾ യഥാവസരം ശേഖരിക്കുന്നതിനായി അവരുടെ അധിവാസ കേന്ദ്രങ്ങളും നിലനിർത്തിപ്പോന്നു. കേരളത്തിൻെറ തുറമുഖ ദേശങ്ങളിലൊക്കെ തന്നെ അറബികളുടെ ഇത്തരം കോളനികൾ നിലനിന്നിരുന്നുവെന്നും അവരും തദ്ദേശീയരായ സ്ത്രീകളും തമ്മിൽ ഉണ്ടായ വേഴ്ചയിൽ നിന്നാണ് മാപ്പിളയെന്നൊരു പുതിയ സമൂഹം കേരളത്തിൽ ഉൽഭവിച്ചതെന്നും നാം മുൻ അദ്ധ്യായത്തിൽ സവിസ്തരം പ്രതിപാദിച്ചതാണ്. ഇവരാണ് പ്രവാചകൻെറ കാലത്ത് തന്നെ ഇസ്ലാംമതം സ്വീകരിച്ച ആദ്യകാല കേരളീയ മുസ്ലിംകൾ. വ്യാപാരികളായിരുന്ന ഈ മാപ്പിള കൂട്ടായ്മകളാണ് ഇസ്ലാമിക പ്രചാരണത്തിന് വേഗത കൂട്ടിയവർ.

നമ്മുടെ വാണിജ്യ വിഭവങ്ങൾ വാങ്ങി മറുനാടുകളിൽ കൊണ്ടുപോയി വ്യാപാരം നടത്തിയിരുന്ന ഉൽക്കർഷം പ്രാപിച്ച ഇവരുമായി നാട്ടുകാരും, ഗോത്രതലവൻമാരും, ഇടനിലക്കാർമാരും കച്ചവടാവശ്യാർത്ഥം തന്നെ സമ്പർക്കത്തിലായിരുന്നു. ഈ കൂട്ടുകൂടലിൻേറയും, സൗഹൃദത്തിൻേറയും ഫലമായി പുത്തൻ ആശയവും ജീവിത സംവിധാനവുമായി എത്തിയ ഐസ്ലാമിക വ്യവസ്ഥിതിയിലേക്ക് കൂടുതൽ കൂടുതൽ ജനങ്ങൾ ആകർഷിക്കപ്പെട്ടുപോന്നു.

ഇവിടെയുണ്ടായിരുന്ന രാജാക്കൻമാരുടേയും, ഗോത്രതലവൻമാരുടേയും പ്രീതിയും, ബഹുമാനവും പിടിച്ചുപറ്റുവാൻ തുടക്കത്തിൽ തന്നെ അക്കാലത്തെ മുസ്ലിംകൾക്ക് കഴിഞ്ഞിരുന്നു. വ്യാപാരികളും, സമ്പന്നരുമായിരുന്നു അവരെങ്കിലും ആദർശനിഷ്ഠമായ മാതൃകാ ജീവിതമാണവർ നയിച്ചിരുന്നത്. അളവ് തൂക്കങ്ങളിൽ കൃത്യനിഷ്ഠത, വ്യാപാരക്കാരാറുകളിൽ സത്യസന്ധത, മനുഷ്യബന്ധങ്ങളിൽ മാനവികമായ സ്നേഹ സൗഹൃദം, ജീവകാരുണ്യപരമായ സാഹോദര്യം, ലളിതവും, ആകർഷകവുമായ ജീവിതരീതി, സദാചാര സൻമാർഗ്ഗനിഷ്ഠ ഇത്യാദി ഗുണങ്ങളാൽ അവരുടെ കൂട്ടായ്മയിലേക്ക് അനായാസേന വളരെ അപരിഷ്കൃതരായിരുന്ന ഇവിടത്തെ ജനങ്ങളും അവരുടെ മേലാളൻമാരും ആകർഷിക്കപ്പെട്ടതിൽ അസാധാരണമായി ഒന്നും തന്നെയില്ല. മുൻ അദ്ധ്യായത്തിൽ വിവരിച്ചത്പോലെ അങ്ങിനെ പ്രവാചകൻെറ കാലത്ത് തന്നെ കേരളത്തിലെ ഭരണാധികാരിയായിരുന്ന ബാണപ്പെരുമാൾ ഇസ്ലാമിലേക്കാകർഷിക്കപ്പെട്ട് ഇവിടെ നിന്നും കപ്പൽ കയറി പ്രവാചക സന്നിധിയിലെത്തി മുസ്ലിമായി മാറിയതും മടക്കയാത്രയിൽ അദ്ദേഹം ശഹർമുഖല്ലയിൽവെച്ച് മരണമടഞ്ഞതുമൊക്കെ നേരത്തെ ഉപന്യസിച്ചതാണ്. അദ്ദേഹത്തിൻെറ നിർദ്ദേശ പ്രകാരം ഇവിടെയെത്തിയ മാലിക് ബ്നു ദീനാറും, പെരുമാളുടെ മരുമകനായ കോഹിനൂർ രാജകുമാരനും, കേരളത്തിലെത്തി മതപ്രചാരണം വിജയകരമായി നിർവ്വഹിച്ചിരുന്ന കാര്യവും നടേ പ്രസ്താവിച്ചിട്ടുണ്ട്. ഇവിടെ പ്രസക്തമായിട്ടുള്ളത്, മുസ്ലിം മിഷണറി പ്രവർത്തനത്തിനും, പള്ളി നിർമ്മാണത്തിനും നമ്മുടെ നാടുവാഴികളുടേയും, ഇടപ്രഭുക്കൻമാരുടേയും സഹായസഹകരണങ്ങൾ നിർല്ലോഭം ലഭിച്ചിരുന്നുവെന്ന് ഓർമ്മപ്പെടുത്തുവാനാണ്. തദ്ദേശീയരുടെ

ബഹുമാനാദരവുകൾ പിടച്ചുപറ്റുവാൻ കഴിഞ്ഞ മുസ്ലിം കൾക്ക് വേഗത്തിൽ മതപരമായ വളർച്ച ഉണ്ടാകുവാൻ വേറേയും പല കാരണങ്ങളുണ്ട്.

തങ്ങൾക്ക് ശക്തിയും അഭിവൃദ്ധിയും, വർദ്ധിച്ചുകൊണ്ടി രുന്നിട്ടും ഇവിടത്തെ നാട്ടരചൻമാരുമായോ, ഇടനിലമന്നൻ മാരുമായോ യാതൊരു വക സംഘട്ടനത്തിനും അവർ ഇടം കൊടുത്തിരുന്നില്ല. വ്യാപാരകുത്തകയും, മതപ്രചാരണവും എന്നതിൽ കവിഞ്ഞ് രാഷ്ട്രീയാധിപത്യത്തിനുവേണ്ടി യാതൊ രു വക അഭിലാഷവും അവർ വെച്ചു പുലർത്തുകയോ, അതിനായി ഏതെങ്കിലും കാലത്ത് ശ്രമിക്കുകയോ ചെയ്തിരു ന്നതായി ഒരു ചരിത്രവുമില്ല. കോഹിനൂർ 'രാജകുമാരൻ സെയ്ഫുദ്ദീൻ മുഹമ്മദലിയെന്ന പേര് സ്വീകരിച്ച് തിരിച്ചെത്തി ധർമ്മടത്ത് തൻെറ രാജവംശത്തെ നിലനിർത്തിപ്പോന്നെ ങ്കിലും രാജ്യം വെട്ടിപ്പിടിച്ച് വിസ്തൃതി വരുത്തുവാൻ ശ്രമിച്ചി രുന്നില്ലെന്നും നാം മുൻ അദ്ധ്യായത്തിൽ പറഞ്ഞിട്ടുള്ളതാണ്. തങ്ങളുടെ രാഷ്ട്രീയാധികാരത്തെ യാതൊരുവിധത്തിലും ചോദ്യം ചെയ്യപ്പെടാതെ രാജധർമ്മങ്ങളും, നാട്ടുരീതികളും അനുസരിച്ച് പോന്നിരുന്ന മുസ്ലിംകളോട് ഇവിടെയുള്ള അധികാരവർഗ്ഗത്തിന് യാതൊരുവിധ സംശയവും, ആശങ്ക യും ഉണ്ടായിരുന്നില്ലെന്ന് മാത്രമല്ല, അവരോട് ആദരവും സ്നേഹവും പകരമായി നൽകുകയും ചെയ്തുപോന്നു. ഐസ്ലാമിക പ്രചാരണത്തിനും, മുസ്ലിംകളുടെ വർദ്ധനവിനും പ്രധാന കാരണങ്ങളിലൊന്ന് ഇതായിരുന്നു.

ഇതോടനുബന്ധമായി ചൂണ്ടിക്കാണിക്കാവുന്ന മറ്റൊരു കാരണം, അക്കാലത്തെ ഇവിടത്തെ സാമൂഹ്യസ്ഥിതിയാണ്. ജാതി സമ്പ്രദായം മനുഷ്യരെ പല തട്ടുകളിലാക്കി നിർത്തി. ക്രൂരവും, മനുഷ്യത്വരഹിതവുമായ കാടൻ സമ്പ്രദായം ജനകോടികളെ മൃഗപ്രായരാക്കിയിരുന്നു. മനുഷ്യാവകാ ശങ്ങൾ നിഷേധിക്കപ്പെട്ടിരുന്ന കോടാനുകോടി ജനങ്ങൾക്ക് ഇസ്ലാമിലെ സമത്വസാഹോദര്യം അനുഗ്രഹമായി. "അവർക്ക് (മുക്കുവർ) മൂന്നടിയിൽ കൂടുതൽ ഉയരമുള്ള കൂരകളിൽ പോലും താമസിക്കുവാൻ അനുവാദം ഉണ്ടായിരുന്നില്ല. മേൽജാതിക്കാരായ ചെട്ടിയാൻമാരേയും, നായൻമാരേയും കാണുമ്പോൾ സാഷ്ടാംഗം പ്രണമിക്കണമായിരുന്നു."1402ൽ കേരളത്തിലെത്തിയ മാഹ്വാൻ എന്ന ചൈനീസ് സഞ്ചാരി യുടെ നിരീക്ഷണമാണിത്.3. ഈഴവർ തുടങ്ങി കീഴ്പോട്ടുള്ള സമൂഹത്തിലെ മൃഗീയഭൂരിപക്ഷത്തേയും മാഹ്വാൻ ഉൾപ്പെടു ത്തിയിട്ടില്ലെന്ന കാര്യവും കൂടി നമുക്കോർക്കാം. അവർ ക്കാർക്കും മനുഷ്യവാസം ഉള്ളിടങ്ങളിൽ വിഹരിക്കുവാനോ, പൊതു നിരത്തുകളിലോ, കമ്പോളങ്ങളിലോ പ്രവേശി ക്കുവാനോ അവകാശം ഉണ്ടായിരുന്നില്ല. പഞ്ചമൻമാരുടെ ഗണത്തിൽപ്പെടുത്തി ഒഴിച്ചു 'നിർത്തിയിരുന്ന ഈ ജനലക്ഷങ്ങൾ പ്രകാശം കാണുവാൻ കൊതിച്ചു. ഇസ്ലാം അവർക്ക് വെളിച്ചം നൽകി. വെറും പേര് മാറ്റം കൊണ്ട് മാത്രം എല്ലാ മാനുഷിക അവകാശങ്ങളും ലഭിക്കുമെന്ന് വന്നപ്പോൾ അധഃസ്ഥിതരായ പീഢിതർ കൂട്ടംകൂട്ടമായി ഇസ്ലാമിലേക്ക് പ്രവഹിച്ചു. സാമൂഹിക സമത്വവും, സാഹോ ദര്യവും എന്ന ഉദാത്തങ്ങളായ ആദർശങ്ങളാണ് ഇസ്ലാമിന് അനുയായികളെ നേടിക്കൊടുക്കുന്നത്, അല്ലാതെ ഭരണ മായിരുന്നില്ല. ഭരണക്കാരുമായിരുന്നില്ല. ഇതേ പ്രക്രിയ തന്നെയാണ് ഇന്ത്യയിൽ ഇതര സംസ്ഥാനങ്ങളിലൊക്കെ നടന്നത്. "ബംഗാളിലെ അടിച്ചമർത്തപ്പെട്ടിരുന്ന അധഃകൃത വർഗ്ഗത്തിന് ഇസ്ലാം ഒരു ആശ്വാസവും സാന്ത്വനവുമായിരുന്നു. സവർണ്ണ പീഢയിൽ നിന്നും ഒര വരം കിട്ടിയിട്ടെന്നപോലെ അവർ പിടഞ്ഞെഴുന്നേറ്റു" എന്നാണ് ഡോ. റോയി ചൗധരി എഴുതുന്നത്.4. "ഉദ്യോഗമേൻമയ്ക്കും, ഫ്യൂഡൽസ്ഥാന ങ്ങൾക്കും കൊതിച്ചിരുന്ന കുറേയധികം സവർണ്ണർ മുസ്ലിം ഭരണത്തോടുകൂടി ഇസ്ലാമിലേക്ക് വന്നു. എന്നാൽ കൂടുതലും താഴ്ന്ന ജാതിയിൽപ്പെട്ട അധഃകൃതരായിരുന്നു. അതിനു കാരണം ക്രൂരമായ ജാതിവ്യവസ്ഥ ഹിന്ദുമതത്തിൽ അവർക്ക് മൃഗതുല്യത മാത്രമാണ് നൽകിയിരുന്നതെന്നും, ഇസ്ലാം സമത്വസാഹോദര്യം സംഭാവന ചെയ്തിരുന്നുവെന്നുമാണ്."5. കിഴക്കൻ ബംഗാളിലെ മുസ്ലിംകൾ മുഴുക്കെ അധഃകൃതരും, അധഃസ്ഥിതരുമായ ഹിന്ദുക്കളുടെ സന്താനപരമ്പരകളാണ്. സാമൂഹ്യ നീതിക്കുവേണ്ടി മതപരിവർത്തനം ചെയ്തവരാണ് അവരുടെ പിതാക്കൻമാർ. വളരെക്കാലം ബംഗാൾ സിവിൽ സർവ്വീസിലുണ്ടായിരുന്ന സർ ഹെൻറി കോട്ടൺ 'ഇന്ത്യ ആൻറ് ഹോം അഫയേഴ്സ്' എന്ന ഗ്രന്ഥത്തിൽ പറയുന്നതാണിത്. ചുരുക്കത്തിൽ നീതിയും രക്ഷയും നിഷേധിക്കപ്പെട്ടിരുന്ന മനുഷ്യസമൂഹം, മനുഷ്യാവകാശങ്ങൾക്കു വേണ്ടി മതം മാ റിയെന്നതാണ് സത്യം. കേരളത്തിൽ ജാതിസമ്പ്രദായം മറ്റേത് സംസ്ഥാനത്തേക്കാളും കൂടുതൽ രൂക്ഷവും, നിർദ്ദയവു മായിരുന്നു. "തന്നെ അശുദ്ധമാക്കുന്ന തിയ്യനെയോ, മുക്കു വനെയോ, ഉടനടി കൊന്നുകളയുവാൻ നായർ യോദ്ധാവിന് അധികാരമുണ്ട്. അതുപോലെ തന്നെ തൻെറ യാത്രയിൽ വഴിമാറി തരാത്ത അടിമകൾ തുടങ്ങി താണജാതിക്കാരേയും അയാൾ നിർദാക്ഷണ്യം വകവരുത്തുക സാധാരണയാണ്."6. "എന്നാൽ അടിമ മുതൽ മേൽപ്പോട്ടുള്ള ഏത് ജാതിക്കാര നാകട്ടെ, മുസ്ലിമായി കഴിഞ്ഞാൽ ജാതിയമായ ഉച്ചനീചത്വം അവസാനിക്കുകയും സവർണ്ണർ ഉൾപ്പെടെ എല്ലാവരും അയാളെ മറ്റ് മുസ്ലിംകളോട് എങ്ങനെ പെരുമാറിയിരുന്നുവോ, അതുപോലെ സ്നേഹാദരവ് പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. ഏതെങ്കിലും ഹിന്ദു ഇസ്ലാമതം സ്വീകരിക്കുകയാണെങ്കിൽ അക്കാരണത്താൽ ഒറ്റ ഹിന്ദുവും അയാളെ ഉപദ്രവിക്കുകയില്ല. നേരെമറിച്ച് അയാൾ എത്ര താഴ്ന്ന ജാതിയിലെ അംഗ മായിരുന്നുവെങ്കിലും ഇസ്ലാംമതം സ്വീകരിച്ചു കഴിഞ്ഞാൽ മറ്റ് മുസ്ലിംകളോടെന്നപോലെ അയാളോടും മൈത്രിയിൽ പെരുമാറുന്നു." എന്നാണ് സൈനുദ്ദീൻ മഖ്ദൂം രേഖപ്പെടുത്തി യിട്ടുള്ളത്.7.

ഇതിൻെറയൊക്കെ ഫലമായി സമാധാനപരമായ ഐസ്ലാമിക പ്രവർത്തനങ്ങൾ നടക്കുകയും മുസ്ലിംകളുടെ സംഖ്യ ദിനംപ്രതി വർദ്ധിച്ചുക്കൊണ്ടിരിക്കുകയും ചെയ്തു. അറേബിയ, ഈജിപ്ത്, യെമൻ, ഇറാൻ, ഇറാക്ക്, എന്നിവിട

ങ്ങളിൽ നിന്നൊക്കെ വളരെ പണ്ഡിതൻമാരും, സൂഫി വര്യൻമാരും, കേരളത്തിൽ വന്ന് ഇസ്ലാമിക പ്രചാരണം നടത്തിയിട്ടുണ്ട്. അവരിൽ വളരെപ്പേർ ഇവിടെ തന്നെ സ്ഥിരതാമസമാക്കി ഈ മണ്ണിൽ മറവ് ചെയ്യപ്പെട്ടിട്ടുള്ളവരുമാണ്. തേങ്ങാപ്പട്ടണം മുതൽ മംഗലാപുരം വരെയുള്ള തീരദേശ തുറമുഖപ്പട്ടണങ്ങളിലെ മുസ്ലിം ഖബർസ്ഥാനുകളിൽ വിദേശികളായ ഇവരുടെ ശവകുടീരങ്ങൾ കാണാവുന്നതാണ്. എ.ഡി. 824ൽ (ഹിജ്റ 202) ധാരാളം അനുയായികളുമായി മലബാറിലെത്തിയ സൂഫിവര്യനും മഹാപണ്ഡിതനുമായിരുന്ന കൂഫയിലെ ശൈഖ് അലിയുടെ നിദാന്ത സമ്പർക്കത്തിൻെറയും, സ്വാധീനത്തിൻെറയും ഫലമായിട്ടാണ് അവസാനത്തെ ചേരമാൻ പെരുമാൾ മതപരിവർത്തനം ചെയ്യുന്നതും തൻെറ അന്ത്യദിനങ്ങൾ പുണ്യഭൂമിയായ മെക്കയിൽ കഴിച്ചുകൂട്ടി ആത്മനിർവൃതി അടയണമെന്നാഗ്രഹത്തോടുകൂടി മെക്കയിലേക്ക് പോയതും, പോകുന്നതിനുമുമ്പ് തൻെറ സാമന്തൻമാർക്ക് സ്വാതന്ത്രാധികാരം നൽകുകയും ചെയ്തുവെന്നതൊക്കെ നാം നടേ എഴുതിയിട്ടുള്ളതാണ്. ഇവിടെ ഇക്കാര്യം ഓർമ്മപ്പെടുത്തുന്നത് ഇസ്ലാമിൻെറ സ്വാധീനവും പ്രചാരണവും സാധാരണ ജനങ്ങളെ മാത്രമല്ല മേലേത്തട്ടിലുള്ളവരെക്കൂടി നിതരാം ആകർഷിച്ചിരുന്നുവെന്ന് സാക്ഷ്യപ്പെടുത്തുവാനാണ്. എ.ഡി. 849ൽ കൊല്ലം നാടുവാഴിയായ അയ്യനടികൾ മറുവാൻ സപീർ ഈശോവിന് നൽകിയ ചെപ്പേടിലെ സാക്ഷിപ്പട്ടികയിൽ കാണുന്ന മുസ്ലിം വ്യാപാര പ്രമാണിമാരുടെ പേരുകൾ ഈ കാലമായപ്പോഴേയ്ക്കും ഇവർ ശക്തമായ ഒരു സമുദായമായി വളർന്നു കഴിഞ്ഞിരുന്നുവെന്നാണല്ലോ കാണിക്കുന്നത്. പ്രാചീന അറബിഭാഷയുടെ കൂഫി ലിപിയിലാണ് ഇതെഴുതിയിട്ടുള്ളതെന്നുകൂടി ഓർക്കുന്നത് പ്രസക്തമാകുന്നു.

എ.ഡി. 943ൽ കേരളതിരദേശപ്പട്ടണങ്ങളെക്കുറിച്ചൊക്കെ സവിസ്തരം പ്രതിപാദിച്ചിട്ടുള്ള മസ്ഊദി ഈ സ്ഥലങ്ങളിലൊക്കെ താൻ കണ്ട നിരവധി ജുമാ മസ്ജിദുകളെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. മംഗലാപുരത്തിനും കണ്ണൂരിനുമിടയ്ക്ക് പതിനായിരക്കണക്കിന് മുസ്ലിംകളെ താൻ കണ്ടതായി അദ്ദേഹം രേഖപ്പെടുത്തുന്നു.8. 10-ാം നൂറ്റാണ്ട് അവസാനമായപ്പോഴേക്കും, മുസ്ലിം അധിനിവേശകേന്ദ്രങ്ങളും ജനസംഖ്യയും ക്രമാതീതമായി കേരളമാകമാനം വളർന്നിരുന്നു. 10-ാം നൂറ്റാണ്ടിലെ പ്രസിദ്ധ എഴുത്തുകാരനായ ഇബ്നു ഹൗക്കൽ കേരളത്തിലെ മുസ്ലിം ആരാധനാലയങ്ങളെക്കുറിച്ച് പ്രസ്താവിക്കുന്നുണ്ട്. 11-ാം നൂറ്റാണ്ട് മുതൽ 16-ാം നൂറ്റാണ്ട് വരെയുള്ള മുസ്ലിം വളർച്ചയുടെ ചരിത്രം ഈ കാലയളവിൽ കേരളത്തിലെ പ്രധാന ഭരണാധികാരിയായി വളർന്ന സാമൂതിരി രാജവംശവുമായി ബന്ധപ്പെട്ടായിരുന്നു. കണ്ണൂർ മുതൽ കൊല്ലം വരെയുള്ള സ്ഥലങ്ങളുടെ മേൽ അധീശാധിപത്യം സാമൂതിരിക്കുണ്ടായിരുന്നുവെന്നാണ് സർദാർ കെ.എം. പണിക്കർ എഴുതിയിട്ടുള്ളത്.9. സാമൂതിരിയുടെ വളർച്ചക്കും പ്രതാപത്തിനും നിദാനമായിരുന്നത് കോഴിക്കോട് തകൃതിയായി നടന്നിരുന്ന കച്ചവടവും, കയറ്റിറക്കുമതിയും കൊണ്ടായിരുന്നു. അതാകട്ടെ, അറബികളും മുസ്ലിം വ്യാപാരികളുമാണ് നടത്തിക്കൊണ്ടിരുന്നത്. എല്ലാ കച്ചവടവിഭവങ്ങളും അവരാണ് പുറംനാടുകളിലേക്ക് കൊണ്ടുപോയിരുന്നതും, നമുക്കാവശ്യമുണ്ടായിരുന്ന ആഢംബര വസ്തുക്കളും, മറ്റ് നിത്യോപയോഗ സാധനങ്ങളും ഇവിടേയ്ക്ക് എത്തിച്ചിരുന്നതും. സാമൂതിരിയും മുസ്ലിംകളും തമ്മിലുള്ള അഭേദ്യമായ ബന്ധം ഇരുകൂട്ടർക്കും ഏറെ പ്രയോജനപ്പെടു കയും ചെയ്തു. ഏഷ്യയും, യൂറോപ്പുമായുള്ള വ്യാപാരങ്ങൾ അറബികളും, അവരുടെ മാപ്പിളസഹായികളുമാണ് നടത്തിക്കൊണ്ടിരുന്നത്. അറബിക്കടലിൻെറ പരിപൂർണ്ണ നാവികാധിപത്യം മുസ്ലിംകളുടേതായിരുന്നു. സാമൂതിരിയുടെ സാമ്രാജ്യമോഹത്തിന് ഫലവത്തായ വിജയം ആസൂത്രണം ചെയ്തത് അദ്ദേഹത്തിൻെറ മുസ്ലിം ഉപദേശകരാണ്. കേരളോൽപ്പത്തിയിലും, സാമൂതിരി ഗ്രന്ഥവരിയിലും കാണും പ്രകാരം വള്ളുവക്കോനാതിരിയെ കീഴടക്കി മാമാങ്കത്തിൻെറ ആധിപത്യം സാമൂതിരിക്ക് നേടുവാൻ സാധിച്ചത് മുസ്ലിംകളുടെ സഹായത്താലായിരുന്നു. കോഴിക്കോട് കോയയുടെ നേതൃത്വത്തിൽ കടൽമാർഗ്ഗമായി വെള്ളാട്ടിരിയുടെ രാജ്യത്ത് പ്രവേശിച്ച് തിരുന്നാവായ കൈവശപ്പെടുത്തുവാൻ കഴിഞ്ഞത് സാമൂതിരിക്ക് കേരളചക്രവർത്തിയെന്ന സ്ഥാനത്തേക്കുയരുവാൻ സഹായിച്ചു. കോഴിക്കോട് കോയയുടേയും കൂട്ടരുടേയും ഈ വിജയാഘോഷം കമ്പ വെടിയോടും, കൽപ്പലകയോടും കൂടിയായിരുന്നു. വെടിക്കെട്ട് ആദ്യമായി കേരളത്തിൽ പ്രയോഗിച്ചത് ഇതോടെയാണ്. സാമൂതിരിയാകട്ടെ, കോഴിക്കോട് കോയയെന്ന സ്ഥാനപ്പേര് നൽകുകയും അളവില്ലാത്ത ധനം അദ്ദേഹത്തിന് കൊടുക്കുയും ചെയ്തു. മാത്രമല്ല, നായർ പ്രമാണിമാർക്ക് നൽകാറുള്ള സർവ്വവിധ അധികാരാവകാശങ്ങളും കോയക്ക് നൽകുകയും മാമാങ്ക നിലപാടിൽ സാമൂതിരിയുടെ ഇടത്തുഭാഗത്ത് നിൽക്കുവാനുള്ള പ്രത്യേകാനുമതി കൊടുക്കുകയും ചെയ്തു.10. കോഴിക്കോട് കോയക്ക് സാബന്തർ കോയയെന്ന ബിരുദത്തോടൊപ്പം നൽകിയ അധികാരാവകാശങ്ങളിൽ കോഴിക്കോട് ബസാറിലെ മുസ്ലിംകളുടെ രക്ഷാശിക്ഷാധികാരവും, ഈഴവർ, കമ്മാളർ, മുക്കുവർ തുടങ്ങിയവരിൽ നിന്നും സമ്മാനങ്ങൾ സ്വീകരിക്കുന്നതിനുള്ള അധികാരവും, കോഴിക്കോട് തുറമുഖത്തടുക്കുന്ന വിദേശക്കപ്പലുകളിൽ നിന്നും പത്ത് പണം വീതവും, ബേപ്പൂരിലാണെങ്കിൽ 16 പണവും ഈടാക്കാനുള്ള അവകാശവും തുടങ്ങി പല അധികാരങ്ങളും അദ്ദേഹത്തിന് നൽകിയിരുന്നു. എന്നാൽ ഇവയെക്കാളൊക്കെ പ്രമാണപ്പെട്ട പദവി മാമാങ്കത്തിൽ വാകയൂർ മണ്ഡപത്തിൽ നിലപാട് നിൽക്കുന്ന സാമൂതിരിയുടെ ഇടത് വശത്ത് നിൽക്കുവാനുള്ള അസൂയാർഹമായ സ്ഥാനം ആയിരുന്നു.11. അറബികളും, മുസ്ലിംകളും കേരളത്തിലെ എല്ലാ തുറമുഖ കേന്ദ്രങ്ങളിലും പണ്ടികശാലകളും ബസാറുകളും ഉണ്ടാക്കുകയും ഇവയെ കേന്ദ്രമാക്കി മുസ്ലിം കൂട്ടായ്മകൾക്ക് രൂപം കൊടുക്കുകയും ചെയ്തതിൻെറ ഫലമായിട്ടാണ് കേരളത്തിലെ തുറമുഖ പട്ടണങ്ങളുടെ പിറവി ഉണ്ടാകുന്നതും, നമ്മുടെ സമ്പദ് വ്യവ

സ്ഥയിൽ ഇവ അന്യാദൃശമായ സ്വാധീനം ചെലുത്തിയതും. അങ്ങനെ മംഗലാപുരം, മഞ്ചേശ്വരം, കാസർകോട്, മാടായി, കണ്ണൂർ, ശ്രീകണ്ഠപുരം, പന്തലായിനിക്കൊല്ലം, ബേപ്പൂർ, പൊന്നാനി, ചാവക്കാട്, കൊടുങ്ങല്ലൂർ, കൊച്ചി, ആലപ്പുഴ, കായംകുളം, കൊല്ലം, പൂവാർ, തേങ്ങാപ്പട്ടണം, തുടങ്ങിയുള്ള കേന്ദ്രങ്ങളിലൊക്കെ പ്രബലത്തായ സമുദായമായി മുസ്ലിംകൾ ഈ കാലയളവിൽ വികാസംകൊണ്ടിരുന്നു.

എന്നാൽ വിദേശ മുസ്ലിംകൾ ഏറ്റവും കൂടുതൽ വന്നും പോയും കൊണ്ടിരുന്ന സ്ഥലം കോഴിക്കോടായിരുന്നു. സാമൂതിരിയുമായുള്ള ഉറ്റചങ്ങാത്തം കച്ചവട അഭിവൃദ്ധിക്കും, സാമ്പത്തിക നേട്ടങ്ങൾക്കും ഇടവരുത്തിയത് ഇരുകൂട്ടർക്കും സമ്പൽസമൃദ്ധിയുണ്ടാക്കി. ബർബോസ ഇതിനെ ചൂണ്ടി സുദീർഘമായി ഉപന്യസിച്ചിട്ടുണ്ട്. അദ്ദേഹമെഴുതുന്നു, "ഇവരുടെ പ്രവർത്തനഫലമായി കോഴിക്കോട്ടെ കച്ചവടം ക്രമാതീതമായി വർദ്ധിച്ചു. പട്ടണത്തിന് ഏറെ പ്രൗഢിയും പ്രശസ്തിയുമുണ്ടായി. രാജാവാകട്ടെ മലബാറിലെ മറ്റു രാജാക്കൻമാരേക്കാൾ ഏറ്റവും ശക്തനും, പ്രബലനുമായി തീരുകയും ചെയ്തു."12. കോഴിക്കോടിനെ ലോകത്തിലെ ഏറ്റവും വലിയ വ്യാപാരകേന്ദ്രമായി വളർത്തുക മാത്രമല്ല, വിദേശ രാജ്യങ്ങളിലെല്ലാം തന്നെ സാമൂതിരിയുടെ പേരും പ്രശക്തിയും ഊട്ടി ഉറപ്പിക്കുവാനും അവർക്ക് സാധിച്ചിരുന്നു.13. പറങ്കികളും മറ്റ് വിദേശികളും സാമൂതിരിയെ ഒരു മൂറിഷ് (മുസ്ലിം) ചക്രവർത്തിയായിട്ടാണ് വിശേഷിപ്പിച്ചിരുന്നത്. ഈ കാലയളവിൽ കേരളം സന്ദർശിച്ച എല്ലാ സഞ്ചാരികളും കോഴിക്കോടിൻെറ അഭിവൃദ്ധിയെക്കുറിച്ചും, അവിടെ മുസ്ലിംകൾക്കുണ്ടായിരുന്ന അസൂയാർഹമായ സ്ഥാനമാനങ്ങളെപ്പറ്റിയും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

വ്യാവസായിക കുത്തകയും പ്രാദേശിക പദവികളും മാത്രമല്ല, സാമൂതിരി തൻെറ ഉറ്റവരായിരുന്ന മുസ്ലിംകൾക്ക് നൽകിയിരുന്നത്. മത പ്രചാരണങ്ങൾ സ്വതന്ത്രമായി നടത്തുവാൻ അവരെ അനുവദിച്ചിരുന്നതിനു പുറമേ, പള്ളികൾ പണിയുവാനും അവ നടത്തിക്കൊണ്ടു പോകുവാനും വേണ്ടതായ എല്ലാ സഹായ-സഹകരണങ്ങളും സാമൂതിരി കൽപ്പിച്ച് നൽകിയിരുന്നു. തൻെറ മുക്കുവ പ്രജകളിൽ ഒരു കുടുംബത്തിൽ നിന്ന് ഒന്നോ രണ്ടോ പേരെങ്കിലും മുസ്ലിംമിങ്ങളാകണമെന്ന് അദ്ദേഹം കൽപ്പിച്ചിരുന്നുവത്രേ.14. അങ്ങനെ മുസ്ലിം ജനസംഖ്യ നിത്യേന വർദ്ധിച്ചുകൊണ്ടിരുന്നു.

13-ാം നൂറ്റാണ്ടിലെ സഞ്ചാരികളായ അബുൽഫിദയും, മാർക്കോപോളോയും മുസ്ലിം വ്യാപാര ഉൽക്കർഷത്തെക്കുറിച്ചെഴുതിയിട്ടുണ്ട്. കൊല്ലത്ത് ഉണ്ടായിരുന്ന മനോഹരമായ ജുമാ മസ്ജിദിനേയും, മുസ്ലിം അധിവാസകേന്ദ്രങ്ങളേയും ക്കുറിച്ച് അബുൽഫിദ വിവരിക്കുമ്പോൾ കൊല്ലം ഒരു സ്വതന്ത്രരാജ്യമായിരുന്നുവെന്നും ജൂതൻമാരും, ക്രിസ്ത്യാനികളും, മുസ്ലിംകളും ഇവിടെ ധാരാളമായുണ്ടെന്നും മാർക്കോപോളോ പ്രസ്താവിക്കുകയും ചെയ്യുന്നു. മറ്റേതൊരു സഞ്ചാരിയേക്കാൾ കൂടുതൽകാലം കേരളത്തിൽ എല്ലാ സ്ഥലങ്ങളിലും പലവട്ടവും ചുറ്റി സഞ്ചരിച്ച ഇബ്നു ബത്തൂത്തയാണ് കേരളത്തിലെ സ്ഥിതിഗതികളെക്കുറിച്ച് വിസ്തരിച്ചെഴുതിയിട്ടുള്ള സഞ്ചാരി. യെമനിൽ നിന്നും മറ്റും കുടിപാർത്തിട്ടുള്ള നാലായിരത്തിൽ കൂടുതൽ അറബികളെ താൻ മംഗലാപുരത്ത് കണ്ടതായി അദ്ദേഹം അഭിപ്രായപ്പെടുന്നു. വളർപട്ടണം, പന്തലായിനിക്കൊല്ലം, മാടായി, കോഴിക്കോട്, കൊല്ലം, തുടങ്ങിയ സ്ഥലങ്ങളിലുള്ള മുസ്ലിം കേന്ദ്രങ്ങളേയും, പ്രാർത്ഥനാലയങ്ങളേയും അദ്ദേഹം വിവരിക്കുന്നു. തൻെറ യാത്രയിൽ ഉടനീളം ഭക്ഷണത്തിനോ, താമസത്തിനോ അസൗകര്യം നേരിടാതിരുന്നത് നാട്ടിലെ വിടേയും മുസ്ലിംകളും, പ്രാർത്ഥനാലയങ്ങളും, താമസ സൗകര്യങ്ങളും ഉണ്ടായിരുന്നതിനാലാണെന്നദ്ദേഹം പറയുന്നു. വളർപട്ടണത്തിലേയും, കോഴിക്കോട്ടേയും, കൊല്ലത്തേയും വലിയ ജുമാ മസ്ജിദുകളെക്കുറിച്ച് അദ്ദേഹം എഴുതിയിട്ടുണ്ട്. 1402ൽ ഇവിടെ വന്ന ചൈനീസ് സഞ്ചാരി മാഹ്വാൻ കൊച്ചിയെക്കുറിച്ചെഴുതുമ്പോൾ ഇവിടെയുള്ള ജാതിത്തിരിവ് എടുത്ത് പറയുന്നുണ്ട്. "ഇവിടെ അഞ്ച് ജാതികളുണ്ട്. തല മുണ്ഡനം ചെയ്ത് പൂണൂൽ ധരിച്ചിട്ടുള്ളവരാണ് മുന്തിയ ജാതിക്കാർ. രാജാക്കൻമാരും നായൻമാരും ഇവരോടൊപ്പം ജാതി മേൻമയുള്ളവരാണ്. മൂന്നാമത്തെ ജാതി മുസ്ലിംകളാകുന്നു. ഇവർക്ക് താഴെയാണ് ദല്ലാളൻമാരും, ചെറുകിട കച്ചവടക്കാരുമായ കൊളിങ്ങർ. അഞ്ചാമത്തെ ജാതിക്കാർ മൽസ്യം പിടിച്ച് ഉപജീവനം നടത്തുന്നവരും, പാവപ്പെട്ടവരുമായ മുക്കുവരുമാണ്."15. കോഴിക്കോടിനെക്കുറിച്ചെഴുതുമ്പോൾ മാഹ്വാൻ പറയുന്നത്, "ഇവിടത്തെ രാജാവ് നായർജാതിയിൽപ്പെട്ട ആളായാലും ബുദ്ധമതാനുയായിയാണ്. അദ്ദേഹത്തിൻെറ പ്രധാന ഉപദേഷ്ടാവും, കാര്യക്കാരനും മുസ്ലിം ആയിരുന്നു."16. പേർഷ്യൻ ചക്രവർത്തിയുടെ പ്രതിപുരുഷനായി കോഴിക്കോടെത്തിയ അബ്ദുറസ്സാക്ക് എഴുതുന്നതാകട്ടെ, കോഴിക്കോട് വളരെയധികം മുസ്ലിംകളും ജുമഅത്ത് പള്ളികളുമുണ്ട്. കോഴിക്കോട് തുറമുഖം ഏറ്റവും സുരക്ഷയുള്ള സ്ഥലമായതിനാൽ ലോകത്തിലെ പല രാജ്യങ്ങളിലേയും സഞ്ചാരികൾ ഇവിടെ ഒത്തുകൂടുന്നു.17. കൊച്ചി രാജാക്കൻമാരുടെ മേൽക്കോയ്മ സാമൂതിരിക്ക് വന്നുചേർന്ന്പ്പോൾ അന്നുണ്ടാക്കിയ തീർപ്പനുസരിച്ച് കൊച്ചിയിലുണ്ടാകുന്ന കുരുമുളക് ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾ കോഴിക്കോട് വഴി മാത്രമേ വിൽക്കാൻ പാടുള്ളുവെന്നും അവിടെയുള്ള കപ്പലോട്ടവും, കച്ചവടവും, "ഇനി നസ്രാണികൾക്കല്ല, ചോനക മാപ്പിളമാർക്കേ ചെയ്ത് നടക്കാവൂ" എന്നും കരാറിൽ ഉറപ്പിച്ചിരുന്നു.18. അങ്ങനെ ഏതെല്ലാം അവസരങ്ങളിൽ മുസ്ലിമിങ്ങളെ പ്രീണിപ്പിക്കുവാൻ സാധിക്കുമോ അതൊക്കെ സാമൂതിരി ചെയ്തിരുന്നു. മുസ്ലിംകളാകട്ടെ, അദ്ദേഹത്തിൻെറ കച്ചവടാഭിവൃദ്ധികൊണ്ട് ഏറ്റവും സമ്പന്നനായ കേരളചക്രവർത്തിയായി ഉയർത്തുകയും, വിശ്വപ്രശസ്തി നേടിക്കൊടുക്കുകയും ചെയ്തു. സാമൂതിരിയുടെ ഉപദേഷ്ടാക്കളിൽ പ്രധാനികളായിരുന്നു മുസ്ലിംകൾ. കോഴിക്കോട് തുറമുഖത്തിൻെറ സുരക്ഷയും, ചുങ്കം പിരിവും എല്ലാം അവരാണ് വിശ്വസ്തതയോടെ

നടത്തിക്കൊണ്ടുപോന്നിരുന്നത്. രാഷ്ട്രീയ-വ്യാവസായിക ബന്ധങ്ങൾക്കായി പേർഷ്യയിലും, ബീജാപ്പൂരിലും മറ്റു സ്ഥലങ്ങളിലുമൊക്കെ സാമൂതിരിയുടെ പ്രതിപുരുഷൻമാരായി പോയിരുന്നത് മുസൽമാൻമാരാണ്. മുസ്ലിംകളും, കേരളത്തിലെ ഇതര സമുദായങ്ങളും തമ്മിൽ മത-സാമുദായിക സൗഹാർദ്ദത്തിൻെറ പൊലിമ പുലർത്തിപ്പോന്നിരുന്ന കേരളത്തിൻെറ മഹനീയമായ സുവർണ്ണകാലമായിരുന്നു 7-ാം നൂറ്റാണ്ട് മുതൽ 16-ാം നൂറ്റാണ്ട് വരെയുള്ള കാലഘട്ടം. ഇരുകൂട്ടർക്കും സമ്പത്തും, സമൃദ്ധിയും വാരിക്കോരി നൽകിയിരുന്ന കച്ചവടമായിരുന്നു അവരുടെ ബന്ധം സുദൃഢമാക്കിയിരുന്നത്. നാട്ടിൽ കച്ചവടവും, കാർഷിക ഉൽപ്പാദനവും സുഗമമായി നടത്തണമെങ്കിൽ രാജ്യത്ത് സമാധാനവും, രക്ഷാബോധവും ഉണ്ടായേ പറ്റൂ. നമ്മുടെ രാഷ്ട്രീയ സ്ഥിതി ഇതിന് പറ്റുംവിധമായിരുന്നില്ല. നാടുവാഴികളും, ഇടപ്രഭുക്കൻമാരും രാജ്യത്തെ തുണ്ടുതുണ്ടാക്കി നിർത്തി അന്യോന്യം പോരടിച്ചു കൊണ്ടിരുന്നു. രാഷ്ട്രീയമായ ഈ അരാജകത്വം അവസാനിപ്പിക്കുകയെന്നതായിരുന്നു സാമൂതിരിയെ ശക്തനായ കേരളാധിപതിയായി വാഴിക്കുവാൻ അവർ നടത്തിയ യജ്ഞങ്ങളെല്ലാം തന്നെ. കോഴിക്കോട് കോയയും, സാമൂതിരിയുടെ മറ്റ് മുസ്ലിം ഉപദേശകരും വെള്ളാട്ടിരിയിൽ നിന്നും മാമാങ്ക നിലപാട് സാമൂതിരിയുടേതായി മാറ്റുവാൻ ശ്രമിച്ചതിൻെറ പിന്നിലും ഈ ചേതോവികാരമാണുണ്ടായിരുന്നത്. ഫ്യൂഡൽ പ്രഭുക്കൻമാരുടെ രക്തച്ചൊരിച്ചിലും, തനിക്ക്വവും അവസാനിപ്പിക്കുവാൻ കഴിവുള്ളതും രാജ്യത്തിൻെറ രാഷ്ട്രീയ ഏകീകരണം ഫലവത്താക്കാൻ സാധിക്കുന്നതുമായ അക്കാലത്തെ ഏക രാജകീയ ശക്തി സാമൂതിരിയുടേതായിരുന്നു. അതാണവർ നൂറു ശതമാനം ആത്മാർത്ഥത പുലർത്തിക്കൊണ്ട് സാമൂതിരിയെ സേവിച്ചത്. സാമൂതിരി ഇതിനോട് പ്രതികരിച്ചതും സൗമനസ്യത്തോടും വിശാല ഹൃദയത്തോടു കൂടിയുമായിരുന്നു. മുസ്ലിംകളുടെ സർവ്വവിധ കച്ചവട നാവിക പ്രവർത്തനങ്ങൾക്കും എല്ലാവിധ സഹായവും അദ്ദേഹം നൽകി. അവരുടെ മതപ്രചാരണത്തിന് ഏറ്റവും സഹായിയായി നിൽക്കുകയും ചെയ്തു. അങ്ങനെ രാജ്യത്ത് സമാധാനവും, ഐശ്വര്യവും നിലനിർത്തിയെന്നതിന് പുറമേ, മതത്തിൻെറയോ, സമുദായത്തിൻെറയോ പേരിൽ യാതൊരു വക സംഘർഷവും ഈ എട്ടു നൂറ്റാണ്ടിനിടയ്ക്ക് ഉണ്ടായിരുന്നില്ലെന്നതും ഒരു വസ്തുത മാത്രമാണ്. പിറാർഡ് ഡി ലാവൽ കോഴിക്കോടിനെക്കുറിച്ചെഴുതുന്നത്, ഇവിടെ എല്ലാ രാജ്യത്തു നിന്നുമുള്ള എല്ലാ മതസ്ഥരും വരുന്നുണ്ട്. കാരണം ഇവിടെ സമാധാനവും കച്ചവട സ്വാതന്ത്ര്യവും, മതസഹിഷ്ണുതയും നിലനിൽക്കുന്നു. മതത്തിൻെറ പേരിൽ തർക്കമോ, ശണ്ഠയോ ഇവിടെ അനുവദനീയമല്ലാത്തതുകൊണ്ട് മതസംഘട്ടനങ്ങൾ തീരെയില്ല.19. അങ്ങനെ സമൃദ്ധിയുടെ, സമാധാനത്തിൻെറ, സാമുദായിക സംഘാതത്തിൻെറ, സുന്ദരമായ സുവർണ്ണകാലഘട്ടമായിരുന്നു പറങ്കികളെത്തുന്നതിനു മുമ്പുള്ള കേരളം.

---

1. *Barbosa, op.cit, p. 321.*
2. *Ibid.*
3. *Mahuan, quoted by C. Achutha Menon, Cochin State Manual, op. cit, p. 44.*
4. *Dr. Roy Choudiri, History of Muslim Rule, p. 14.*
5. *Ram Gopal, Indian Muslims, a Political History, p. 2.*
6. *Buchanan, op.cit, p. 410.*
7. *Thuhafat-ul-Mujahideen, op.cit, p.84.*
8. *Masudi, Murudj Al-Dhahab, vol 2, p. 85, quoted by S. Nadvi, Muslim Colonies, 1934, p. 487.*
9. *K.M. Panikkar, Malabar and the Portuguese, Bombay, T.B. Tarapurevala and Sons, 1929, p.11.*
10. *K.V. Krishna Iyyer, The Zamorins of Calicut,op.cit, pp. 94-95.*
11. *Meckenzie Collections, quoted by K.V. Krishna Iyyer, The Zamorins of Calicut, p. 104.*
12. *Book of Duarte Barbosa, vol 2, op.cit, pp 5 to 9.*
13. *K.V. Krishna Iyyer, op.cit, p. 62.*
14. *T.W. Arnold, The Preaching of Islam, Lahore, Reprint 1961, p. 266, L.K. Anand Krishna Iyyer, The Cochin Tribes and castes, vol 2, Madras, Higgin bothams and Company, 1912, p. 462.*
15. *Mahuan, quoted by C. Achutha Menon, op.cit, p. 44.*
16. *Ibid.*
17. *Major, Indian the 15th Century, pp 13-14 quoted by Roland E. Miller, Mappilla Muslims of Kerala, op.cit, p.58.*
18. *കേരളപ്പഴമ, മുൻ ഉദ്ധരിച്ചത്, പുറങ്ങൾ 23-24. Also see, C. Achutha Menon, The Cochin State Manual, 1912, Ernakulam, pp 46-47.*
19. *Pyrard D Lavel, Voyage to the East Indies, vol 1.*

# XV പോർച്ചുഗീസ് ആഗമനം

ദീർഘവും അതിസാഹസികവുമായ സമുദ്രാന്തരീയ യാത്രയ്ക്ക് ശേഷം 1498 ആഗസ്റ്റ് 26-ാം തിയ്യതി ഞായറാഴ്ച വാസ്കോഡ ഗാമ എന്ന കപ്പിത്താന്റെ നേതൃത്വത്തിൽ രണ്ട് പറങ്കിക്കപ്പലുകൾ കോഴിക്കോട് നിന്ന് 10 കി.മീ. അകലെയുള്ള കാപ്പാട് എന്ന സ്ഥലത്ത് നങ്കൂരമിട്ടു. (ഗാമ കാപ്പാടെത്തിയത് 1498 മെയ് 17-ാം തിയ്യതി ആണെന്നും അതല്ല മെയ് 27നാണെന്നും പറയുന്നവരുണ്ട്. മെയ്മാസം രൂക്ഷമായ അതിവർഷത്തിന്റെ കാലമാണല്ലോ. കാലവർഷക്കെടുതിയിൽ പറങ്കിക്കപ്പിത്താനും കൂട്ടരും കഷ്ടപ്പെട്ടതിന്റെ ഒരു സൂചനയും ആരും നൽകിയിട്ടില്ല. അതാണ് ആഗസ്റ്റ് 26 എന്ന തിയ്യതി സ്വീകരിക്കുവാൻ കാരണം.) ലോക ചരിത്രഗതി തന്നെ മാറ്റി മറിച്ച ഈ സംഭവം ഇന്ത്യയെ പൊതുവേയും, കേരളത്തെ പ്രത്യേകമായും ഏതെല്ലാം വിധത്തിൽ സ്വാധീനിച്ചു എന്ന് വിവരിക്കുന്നതിന് മുമ്പ്, നാവിക യാത്രയിലെ ഈ കണ്ടുപിടുത്തിനാധാരമായ പശ്ചാത്തല വിവരണം ആവശ്യമാണ്. സ്പെയിനിൽ നിന്നും മുസ്ലിം ഭരണത്തെ നാമാവശേഷമാക്കിയതോട് കൂടി ഈ പ്രദേശങ്ങളിൽ അവർ വഴി ലഭിച്ചുകൊണ്ടിരുന്ന ഏഷ്യയിലെ സുഗന്ധദ്രവ്യങ്ങളും വാണിജ്യവിഭവങ്ങളും ഏറെ ദുർല്ലഭമായി. മുസ്ലിം ശക്തികളെ ആശ്രയിക്കാതെ തന്നെ യൂറോപ്പിനാവശ്യമായ ഈ വിഭവങ്ങൾ കൊണ്ടുവരുവാനുള്ള പ്രയത്നങ്ങളാണ് പിന്നീട് നടന്നത്. യൂറോപ്പിൽ രൂഢമൂലമായിരുന്ന വിശ്വാസങ്ങളിലൊന്ന് ഇതിഹാസപുരുഷനായ പ്രസ്റ്റർ ജോണിന്റെ സമ്പൽസമൃദ്ധമായ രാഷ്ട്രം ഇന്ത്യ ഉൾപ്പെടയുള്ള പല രാജ്യങ്ങളും ഉൾക്കൊള്ളുന്നതായിരുന്നു എന്നും ക്രൈസ്തവ മതാചാര്യനായ അദ്ദേഹത്തിന്റെ രാജ്യത്ത് എത്തിച്ചേരുക വേദപ്രചാരണത്തിന് ഏറെആവശ്യമാണെന്നും ആയിരുന്നു. പ്രസ്റ്റർ ജോണിന്റെ രാജ്യം തിരിച്ചറിയുന്നതിനുള്ള ശ്രമങ്ങളും സമുദ്രാന്തര സഞ്ചാരങ്ങൾക്ക് പ്രചോദനമായി നിന്നു. പോർച്ചുഗൽ ചക്രവർത്തി ഹെൻട്രിയുടെ കാലത്ത് സമുദ്രസഞ്ചാര പ്രവർത്തനങ്ങൾക്ക് ധാരാളം പണവും പ്രയത്നവും മുതൽ മുടക്കിയിരുന്നു. അതിന്റെ ഫലമായി ഈ രാജാവിനെ 'ഹെൻട്രി ദി നാവിഗേറ്റർ' എന്നാണ് വിശേഷിപ്പിച്ചിരുന്നത്. ഇദ്ദേഹത്തിന്റെ സഹോദരൻ ഡോംപെദ്രോ അക്കാലത്തെ സഞ്ചാരികളിൽ അദ്വിതീയനായിരുന്നു. സുദീർഘമായ പന്ത്രണ്ട് കൊല്ലത്തെ ലോകസഞ്ചാരത്തിന് ശേഷം അദ്ദേഹം പോർച്ചുഗലിൽ തിരിച്ചെത്തിയപ്പോൾ, മറ്റൊരു വിശ്വോത്തര സഞ്ചാരി ആയ മാർക്കോപോളോ തയ്യാറാക്കി സൂക്ഷിച്ചിരുന്ന ഒരു ഭൂപടവും കൊണ്ടുവന്നിരുന്നു. ഇന്ത്യ, സിലോൺ, ചൈന, തുടങ്ങിയ രാജ്യങ്ങളെപ്പറ്റിയുള്ള ശരിയായ വിവരം യൂറോപ്പിന് ലഭിക്കുന്നത് അങ്ങിനെയാണ്.

ആഫ്രിക്കൻ രാജ്യങ്ങളിലും ഏഷ്യൻ വൻകരയിലും കടൽമാർഗ്ഗേണ ചെന്ന് ചേരുവാനുള്ള സംരംഭങ്ങൾ ഇതേ തുടർന്ന് തകൃതിയായി നടന്നു. ഹെൻട്രിയുടെ കാലത്ത് 1416 മുതൽ 1441 വരെ ഓരോ വർഷവും രണ്ടോ മൂന്നോ കപ്പലുകൾ പശ്ചിമാഫ്രിക്കൻ തീരങ്ങളിൽ പര്യവേഷണങ്ങൾക്കായി അയച്ചുകൊണ്ടിരുന്നു. ആഫ്രിക്കയിലെ പല സ്ഥലങ്ങളിലും പോർച്ചുഗലിന്റെ ആധിപത്യം സ്ഥാപിക്കുവാൻ കഴിഞ്ഞതിന് പുറമെ അവിടത്തെ നിവാസികളായ നീഗ്രോകളെ മതപരിവർത്തനം ചെയ്യിച്ച് അടിമകളാക്കി വിൽപ്പന നടത്തുവാനും സാദ്ധ്യമായി. കൂടുതൽ രാജ്യങ്ങളും പുതിയ മാർഗ്ഗങ്ങളും മത-വാണിജ്യ ആധിപത്യത്തിന് വഴി തുറക്കുമെന്നറിയാമായിരുന്ന ഹെൻട്രി മുൻകൂട്ടിത്തന്നെ ആഫ്രിക്കൻ മുനമ്പിന് കിഴക്കുള്ള പുതുതായി കിഴടക്കുന്ന രാജ്യങ്ങളും പിന്നീട് ഇന്ത്യ ഉൾപ്പടെയുള്ള മറ്റു രാജ്യങ്ങളും പോർച്ചുഗലിന് കല്പിച്ച് നൽകി ആശീർവദിക്കണമെന്ന് പോപ്പിനോടാവശ്യപ്പെട്ടിരുന്നു. മധ്യകാല യൂറോപ്പ് കരുതിയിരുന്നത് ഈ ഭൂഗോളം മുഴുക്കെയുള്ള കരയും കടലും പോപ്പിന് ദൈവദത്തമായി ലഭിച്ചവ ആണെന്നായിരുന്നു. (1) അതാണ് ഹെൻട്രി ഈ അപേക്ഷയുമായി പോപ്പിനെ സമീപിച്ചത്. അവിശ്വാസികളുടേയും മുസ്ലിംകളുടേയും രാജ്യങ്ങളും സ്വത്തും പിടിച്ചടക്കുവാനുള്ള അധികാരവും ആഫ്രിക്കൻ മുനമ്പിന് കിഴക്കുള്ള പ്രദേശങ്ങളുടേയും കടലുകളുടേയും ആധിപത്യവും അങ്ങനെ പോപ്പിന്റെ കൽപ്പനവഴി പോർച്ചുഗലിന്റേതായി. കൈവശം വരുന്ന സ്ഥലങ്ങളിലൊക്കെ ക്രൈസ്തവ മതപ്രചാരണം ചെയ്യുക മാത്രമായിരുന്നു ഇതിനുള്ള ബാദ്ധ്യത. (2) ഈ കല്പനയുടെ ബലത്തിലാണ് കേരള തീരത്തെത്തിയപ്പോൾ അറബിക്കടലിന്റെ ആധിപത്യം അവർ അവകാശപ്പെട്ടത്. 1460ൽ ഹെൻട്രിയുടെ മരണശേഷം രാജാവായ അൽഫോൺസോ അഞ്ചാമനും സാഹസിക കപ്പൽ സഞ്ചാരത്തിന് എല്ലാ സഹായവും നൽകി. പല സഞ്ചാരികളിൽ നിന്നും കിട്ടിയ അറിവ് വെച്ച് ഇന്ത്യാസമുദ്രത്തിലേക്ക് പ്രവേശിക്കുവാനുള്ള മാർഗ്ഗം ഇതോടെ അവർക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞു. ഈ കാലമായപ്പോഴേക്കും കിഴക്കേ റോമാസാമ്രാജ്യത്തിന്റെ ആസ്ഥാനമായിരുന്ന കോൺസ്റ്റാന്റിനോപ്പിൾ ഓട്ടോമൻ തുർക്കികളുടെ അധീനതയിൽ ആകുകയും ചെയ്തു. ഇത് 1453ൽ ആണ്. കോൺസ്റ്റാന്റിനോപ്പിളിന്റെ പതനത്തോടുകൂടി കിഴക്കൻ രാജ്യങ്ങളിൽ നിന്നുള്ള വാണിജ്യ വിഭവങ്ങൾ തീരെ ഇല്ലാതായി. കരവഴിയായി അക്കാലത്ത് കച്ചവട സാധനങ്ങൾ കൈമാറ്റം ചെയ്യപ്പെട്ടിരുന്നത് ഈ സ്ഥലത്തു കൂടിയായിരുന്നു. തങ്ങളുടെ ശത്രുക്കളായ മുസ്ലിംകൾ കരമാർഗ്ഗേണയുള്ള കച്ചവടവും കൂടി ഇല്ലാതാക്കിയതോടെ, കടൽ വഴിയല്ലാതെ പിന്നീട് ആവശ്യവിഭവങ്ങൾ ലഭിക്കുവാൻ മറ്റൊരു പോംവഴിയുമില്ലെന്ന് യൂറോപ്പിന് ബോദ്ധ്യമായി. അതിന്റെ ഫലമായിട്ടാണ് സമുദ്രസഞ്ചാര പരീക്ഷണങ്ങൾ പോർച്ചുഗല്ലിന്റെ നേതൃത്വത്തിൽ തകൃതിയായി നടത്തിയത്. അൽഫോൺസോയുടെ മകനും, പിൻഗാമിയുമായ ജോ ആവോ രണ്ടാമനും തങ്ങളുടെ

സർവ്വവിധ കഴിവും ഇതിനായി വിനിയോഗിച്ചു. ജൊആവോ രണ്ടാമനാൽ നിയോഗിക്കപ്പെട്ട ധീര സാഹസികനായ ബർത്തലമ്യൂ ഡി ഡയാസ് ആഫ്രിക്കയുടെ പടിഞ്ഞാറേ തീരത്തു നിന്നും ആഫ്രിക്കൻ മുനമ്പ് ചുറ്റി അതിമഹത്തായ ഒരു കണ്ടുപിടുത്തം നടത്തി. കൊടുങ്കാറ്റിന്റെ മുനമ്പായിട്ടാണ് അനുഭവപ്പെട്ടതെങ്കിലും താൻ പുതിയൊരു സഞ്ചാരമാർഗ്ഗം തുറക്കുകയാണെന്ന് അദ്ദേഹത്തിന് ബോദ്ധ്യമായിരുന്നു. എന്നാൽ ക്ഷീണരായ തന്റെ സഹപ്രവർത്തകരുടെ നിർബന്ധത്തിന് വഴങ്ങി, ഇന്ത്യാ സമുദ്രത്തിലേക്ക് കടക്കാതെ അദ്ദേഹം പോർച്ചുഗലിലേക്ക് തിരിച്ചു പോകുകയാണ് ചെയ്തത്. 17 മാസത്തെ ഈ പര്യവേഷണത്തിൽ നിന്നും ഇന്ത്യാ സമുദ്രത്തിലേക്ക് കടക്കുവാനുള്ള മാർഗ്ഗം തുറന്നുകിട്ടിയതായി ജൊആവോ രണ്ടാമന് ബോദ്ധ്യമായിരുന്നു. സംഘർഷ മുനമ്പ് എന്ന് ഡയാസ് വിശേഷിപ്പിച്ച ആഫ്രിക്കൻ മുനമ്പിനെ ജൊആവോ കണ്ടത് ശുഭപ്രതിക്ഷാ മുനമ്പായിട്ടാണ്. അദ്ദേഹത്തിന്റെ കണക്കുകൂട്ടൽ ശരിയുമായിരുന്നു.

1495ൽ ഈ ശുഭ പ്രതിക്ഷയോടുകൂടി തന്നെ അദ്ദേഹം മരണമടഞ്ഞു. തന്റെ പിൻഗാമി മാനുവൽ രാജാവിനാണ് മുനമ്പ് ചുറ്റി ഇന്ത്യാ സമുദ്രത്തിലൂടെ ഇന്ത്യയിലേക്ക് തന്റെ നാവിക വ്യൂഹത്തെ അയക്കുവാനുള്ള ഭാഗ്യം ലഭിച്ചത്. ഏത് ഘോര തിരമാലകളിലൂടേയും, അപകടമില്ലാതെ സഞ്ചരിക്കാൻ പറ്റുംവിധമുള്ള മൂന്ന് യാത്രാക്കപ്പലുകളും ഒരു ചരക്കുക്കപ്പലുമായി 1497 മാർച്ച് 15-ാം തിയ്യതി പോർച്ചുഗലിലെ ബെലേം തുറമുഖത്ത് നിന്നും വാസ്കോഡി ഗാമയുടെ നേതൃത്വത്തിൽ 160 നാവികരോടുകൂടി ഇന്ത്യയെ കണ്ടെത്തുവാനുള്ള തീവ്രമായ ശ്രമത്തിന് മാനുവൽ രാജാവ് പച്ചക്കൊടി കാട്ടി. ആ വർഷം ക്രിസ്തുമസ്സ് ആയപ്പോഴേക്കും കിഴക്കൻ ആഫ്രിക്കൻ തീരങ്ങളിലെത്തുവാൻ അവർക്ക് കഴിഞ്ഞു. കപ്പലുകളിലൊന്ന് നന്നാക്കി എടുക്കുവാൻ പറ്റാത്തവിധം തകർന്നുപോയിരുന്നു. ചരക്ക് കപ്പലിൽ നിന്നുള്ള സാധനങ്ങളൊക്കെ, അവശേഷിച്ച രണ്ട് കപ്പലുകളിലാക്കി തിരിച്ചയക്കുകയും ചെയ്തു.ഈ രണ്ട് കപ്പലുമായി അടുത്ത മാസത്തിൽ മൊസാമ്പിക്കിൽ എത്തിച്ചേർന്നു. ഇന്ത്യയുൾപ്പെടെയുള്ള ഏഷ്യൻ രാജ്യങ്ങളുമായി ഏറെ കച്ചവട ബന്ധം ഉണ്ടായിരുന്ന ഇവിടെ ഇന്ത്യാക്കാരും അറബികളും ധാരാളം ഉണ്ടായിരുന്നു. ഗുജറാത്ത്കാരനായ ധവനെയെന്ന കച്ചവട ദല്ലാളിന്റെ സഹായത്തോടുകൂടി ഇന്ത്യയിലേക്ക് എത്താനുള്ള ശരിയായ വഴി നിശ്ചയമുള്ള ഒരാളുടെ സഹായം അദ്ദേഹത്തിനു ലഭിച്ചു. ഇബ്നു മാജിദെന്ന ഗുജറാത്ത്കാരനായ മുസ്ലിമാണ് തന്റെ സമുദായത്തിന്റെ ഏറ്റവും വലിയ ശത്രുവായിരുന്ന വാസ്കോഡി ഗാമയെ കോഴിക്കോടെത്തിച്ചത്. മെലിൻറയിൽ നിന്നും പുറപ്പെട്ട അദ്ദേഹം 20 ദിവസം കൊണ്ട് കാപ്പാട് എത്തി. അര നൂറ്റാണ്ട് കാലത്തെ അക്ഷീണ പരിശ്രമത്തിന്റെ ഫലം കണ്ടതായിരുന്നു ഗാമയിലൂടെ ഉദ്ഘാടിതമായ ഈ കടൽമാർഗ്ഗം.

യൂറോപ്പിൽ നിന്നും കടൽമാർഗ്ഗം ഇന്ത്യയിലെത്താമെന്ന് വന്നതോടുകൂടി കച്ചവട-വാണിജ്യ പ്രവർത്തനങ്ങൾ മിക്കവാറും കരമാർഗ്ഗേണ എന്നത് മാറി കടൽ വഴിയായി തീർന്നു. തൽഫലമായി കടലുമായി സന്ധിക്കാൻ കഴിയുന്നതും തുറമുഖങ്ങളോടുകൂടിയതുമായ ഐറോപ്യൻ രാജ്യങ്ങൾ ഒന്നിനു പുറകേ ഒന്നായി സമുദ്രാന്തരീയ കച്ചവട സംഘങ്ങളായി രൂപപ്പെട്ടു. അതുവരെ ഒരു രാജ്യത്തിന്റെ ഏറ്റവും വലിയ സൈനിക ശക്തിയായി കരുതിപ്പോന്നിരുന്നത് കുതിരപ്പടയോടുകൂടിയ സൈന്യത്തെയാണ്. വാസ്കോഡി ഗാമയുടെ കടൽമാർഗ്ഗേണയുള്ള ദൗത്യം വിജയിച്ച് അധികം കഴിയുന്നതിനുമുമ്പു തന്നെ കടലിൽ ആധിപത്യം സ്ഥാപിക്കാൻ കഴിയുന്ന നാവികപ്പടയുടെ പിൻബലത്തിനായി പ്രാധാന്യം. ലോകത്തിലെ ഏറ്റവും വലിയ പ്രതാപശാലികളും വലിയ സാമ്രാജ്യത്തിന്റെ ഉടമകളുമായിരുന്ന മുഗളൻമാർപോലും പരാജയപ്പെട്ടത് നാവിക ബലത്തിന്റെ കുറവ് കൊണ്ടായിരുന്നുവല്ലോ.

പുതിയ രാജ്യങ്ങളേയും ജനങ്ങളേയും തേടിയുള്ള പറങ്കികളുടെ പ്രയാണം ലക്ഷ്യബോധത്തോടുകൂടിയായിരുന്നു. അവിശ്വാസികളെ ക്രിസ്തുമതത്തിലേക്ക് കൊണ്ടുവരിക, സമുദ്രാധിപത്യവും കച്ചവട കുത്തകയും കരസ്ഥമാക്കുക, തങ്ങളുടെ ശത്രുക്കളായ മുസ്ലിംകളെ ഉൻമൂലനം ചെയ്യുക, ഇവ നേടുന്നതിന് ചെയ്യേണ്ടതായി വരുന്ന ഏത് ക്രൂരകൃത്യത്തിനും, നരഹത്യയ്ക്കും ഒക്കെ പാപമോചനം ക്രൈസ്തവ പൗരോഹിത്യാധിപതിയായ പോപ്പിൽ നിന്നും മുൻകൂട്ടി തന്നെ സമ്പാദിച്ചിരുന്നു.3. എന്ത് നികൃഷ്ട പ്രവൃത്തിക്കും അങ്ങനെ ഒട്ടും മനഃസാക്ഷിക്കുത്ത് കൂടാതെ തന്നെ സ്വതന്ത്രമായി പ്രവർത്തിക്കാമെന്ന വിശ്വാസമാണ് കേരളത്തിലും അവരെത്തപ്പെട്ട മറ്റിടങ്ങളിലും എന്തും ചെയ്യുവാൻ മടിയില്ലാത്ത ക്രൂരൻമാരാക്കി അവരെ മാറ്റിയത്. കേരളത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ രാഷ്ട്രീയ കൂട്ടുകെട്ടുകളിലും, യുദ്ധ സമ്പ്രദായത്തിലും, കച്ചവട ശൈലിയിലും ഉണ്ടാക്കിയ മാറ്റം വളരെ വലുതായിരുന്നു. മുസ്ലിംകളെ സംബന്ധിച്ചിടത്തോളം അവരുടെ കച്ചവട കുത്തകയും, സമുദ്രാധിപത്യവും എന്നന്നേയ്ക്കുമായി നഷ്ടപ്പെട്ടു. നാട്ടു രാജാക്കൻമാരുമായുണ്ടായിരുന്ന സൗഹൃദത്തിന് കോട്ടം തട്ടുകയും ചെയ്തു. ഇതിനെക്കാളൊക്കെ കേരളത്തേയും, കേരളീയരേയും ഉലച്ച പ്രധാന സംഭവം അനാദികാലം മുതൽ ഇവിടെ നിലനിന്നിരുന്ന സമുദായിക ഐക്യവും മത സഹിഷ്ണുതയും നിഷ്ക്കാസിതമായി എന്നതാണ്. അത്യന്താധുനികങ്ങളായ ആയുധ സജ്ജീകരണങ്ങളോടുകൂടി ഇവിടെയെത്തിയ പറങ്കികളുടെ ലക്ഷ്യപ്രാപ്തിക്കു വേണ്ടിയുള്ള സാഹസിക പരാക്രമങ്ങൾക്ക് ഇരയായി തീർന്നത് സമ്പത്തും, പ്രതാപവുമായി അതീവ ഉൽക്കർഷം പ്രാപിച്ചുകൊണ്ടിരുന്ന മുസ്ലിംകൾ ആണ്. അതുവരെ തങ്ങളുടെ കൈവശമിരുന്ന വ്യാപാരകുത്തകയും കടലിലെ നാവിക പ്രൗഢിയും ശക്തിയായ വെല്ലുവിളിക്കിരയായതോടു കൂടി തങ്ങളുടെ നഷ്ടപ്പെട്ടുകൊണ്ടിരുന്ന പ്രതാപത്തെ വീണ്ടെടുക്കുവാൻ വേണ്ടിയുള്ള സുദീർഘമായ

സമരവേദിയായി മാറി അറബിക്കടലിന്റെ വിരിമാറ്. മുസ്ലിം കപ്പവടം മാത്രമല്ല, മുസ്ലിംകളെ ആകമാനം തന്നെ നശിപ്പിച്ചേ അടങ്ങുവെന്ന ശാഠ്യത്തോടുകൂടി ഏത് നീചപ്രവൃത്തിയും ചെയ്യുവാൻ മടിക്കാതിരുന്നവരോട് എതിരിട്ട് നിൽക്കുക എന്നതായി തീർന്നു കേരളത്തിലെ മുസ്ലിംകളുടെ അവസ്ഥ.

1498ൽ വാസ്കോഡി ഗാമ കാപ്പാട് കപ്പലിറങ്ങിയതു മുതൽ 1663ൽ ലന്തക്കാർ അവരെ കെട്ടുകെട്ടിക്കുന്നതുവരെയുള്ള നമ്മുടെ ചരിത്രം പറങ്കികളുമായി മുസ്ലിംകൾ നടത്തിയ ഐതിഹാസികമായ നാവിക സംഘട്ടനങ്ങളുടെ രക്തരൂക്ഷിതമായ കഥകളാണ്.

---

1. R.S. Whiteway- The Rise of Portuguese power in India, London, Archbad Constable and Company, 1899, p. 61.
2. F.C. Danvers, The Portuguese in India, Vol.I, London, W.H. Allen and Company Ltd., 1894, p. 21.
3. K.M. Panikar, Asia and Western Dominance, George Allen And Unwin Ltd, London, 1953, pp. 30-31.

# XVI പറങ്കി - മാപ്പിള നൂറ്റാണ്ട് യുദ്ധം - ഒന്നാം ഘട്ടം

രണ്ട് കപ്പലുകളിൽ നിറയെ ആളുകളുമായി 1498 ആഗസ്റ്റ് 26-ാം തിയ്യതി കാപ്പാട് കപ്പലിറങ്ങിയ വാസ്കോഡി ഗാമയും, അദ്ദേഹത്തിന്റെ പറങ്കി നാവികരും ജനശ്രദ്ധയെ ആകർഷിച്ചു. ഈ നവാഗതരുടെ ഉദ്ദേശ്യം എന്തെന്നറിയുന്നതിനായി സാമൂതിരി അന്വേഷണങ്ങൾ നടത്തുകയും, നേതാവിനെ അരമനയിലേക്ക് ക്ഷണിക്കുകയും ചെയ്തു. അടുത്ത ദിവസം തന്നെ കൂടിക്കാഴ്ചയ്ക്കുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കി. രാജകീയ സ്വീകരണമാണ് ഗാമയ്ക്കും കൂട്ടർക്കും സാമൂതിരി നൽകിയത്. കൊട്ടാരപ്പടിക്കൽ അവരെ സ്വീകരിക്കുവാനും, കാണുവാനുമായി വലിയൊരു ജനപ്രവാഹം തന്നെയുണ്ടായി. ഗാമയേയും കൂട്ടരേയും സ്വീകരിച്ച് അരമനയിലേക്ക് ആനയിച്ചത് മൂവായിരത്തിൽപ്പരം നായർ യോദ്ധാക്കളും, അതിലേറെ നാട്ടുകാരും കൂടിയായിരുന്നു. സാമൂതിരി തന്റെ പ്രൗഢിയും അന്തസ്സും ബോദ്ധ്യപ്പെടുത്താൻ ഉതകുന്നവിധം വിലപ്പെട്ട ആഭരണങ്ങളും ഉടയാടയും ധരിച്ചിരുന്നു. വെൽവെറ്റ് വിരിച്ച പരവതാനിയിൽ ഉയർന്ന പീഠത്തിൽ ഉപവിഷ്ടനായിരുന്ന സാമൂതിരിയുടെ അടുത്തെത്തിയപ്പോൾ ഉപചാരപൂർവ്വം ഗാമ സാമൂതിരിയെ വന്ദിച്ചശേഷം അടുത്തുള്ള മറ്റൊരു പീഠത്തിൽ ഇരുപ്പുറപ്പിച്ചു.1. മാനുവൽ രാജാവിന്റെ ഒരെഴുത്ത് ഗാമ സാമൂതിരിക്കു നൽകി. അതിൽ കച്ചവട സൗകര്യങ്ങളെല്ലാം നൽകണമെന്നും മുസ്ലിം ശത്രുക്കളിൽ നിന്നും ഉപദ്രവമുണ്ടാകരുതെന്നും എഴുതിയിരുന്നു. ചരക്കിറക്കുവാൻ സാമൂതിരി അനുവാദം നൽകി. ഗാമ കൂടിക്കാഴ്ചയ്ക്കു ശേഷം അതീവ സംതൃപ്തനായിട്ടാണ് മടങ്ങിയത്.

സാമൂതിരി ഗാമയോടും കൂട്ടരോടും കാണിച്ച സൗഹൃദം വിദേശിയരും തദ്ദേശിയരുമായ മുസ്ലിം വർത്തകരിൽ ആശങ്ക ജനിപ്പിച്ചു. മലബാറിലെ മുസ്ലിംകളുടെ ആത്മീയ നേതൃത്വമുണ്ടായിരുന്ന കോഴിക്കോട് ഖാസിയും, വ്യാപാര മേഖലയിലെ പ്രമുഖനായിരുന്ന ക്വാജാ കാസിമുമാണ് കോഴിക്കോട് ഫാക്ടറി സ്ഥാപിക്കുവാനുള്ള പറങ്കികളുടെ ആദ്യത്തെ ഉദ്യമം വിഫലമാക്കിയവർ. വിദേശ മുസ്ലിംകളിൽ പ്രധാനിയും നല്ലൊരു നാവികനുമായിരുന്ന ക്വാജാ അംബർ എന്ന ഈജിപ്തുകാരൻ വ്യാപാരിയായിരുന്നു പറങ്കികളുടെ ആസൂത്രിത പദ്ധതി തകർത്ത മറ്റൊരു മുസ്ലിം നേതാവ്. വെറും കടൽക്കൊള്ളക്കാരും കാപാലികരുമാണ് പറങ്കികളെന്നും അവർക്കിടം നൽകിയാൽ അതോടെ രാജ്യത്തിന്റെ സ്വസ്ഥത അപകടത്തിലാകുമെന്നും കോഴിക്കോട് ഖാസിയും കൂട്ടരും സാമൂതിരിയേയും അദ്ദേഹത്തിന്റെ കാര്യസ്ഥൻമാരേയും ബോദ്ധ്യപ്പെടുത്തുവാൻ ശ്രമിച്ചുകൊണ്ടിരുന്നുവെങ്കിലും സാമൂതിരി പറങ്കികളോട് വളരെ വിനയവും സൗഹൃദവുമാണ് കാണിച്ചത്. തങ്ങളുടെ വ്യാപാരക്കുത്തക അവസാനിക്കാൻ പോകുന്നതിന്റെ ആരംഭമായിട്ടാണ് പറങ്കികളുടെ ആഗമനത്തെ മുസ്ലിംകൾ വിലയിരുത്തിയത്. പറങ്കികളുമായുള്ള ബന്ധം സുദൃഢമാകുകയാണെങ്കിൽ പഴയ സൗഹൃദം തകരുമെന്നും തങ്ങൾ ഒന്നടങ്കം കോഴിക്കോട് തുറമുഖം വിട്ട് മറ്റിടങ്ങളിലേക്ക് ഒഴിഞ്ഞുപോകുമെന്നും അവർ ഭീഷണിപ്പെടുത്തുകയും ചെയ്തു.

പറങ്കിക്കപ്പലുകളിൽ ആവശ്യമായ ചരക്ക് കൊടുക്കാതിരിക്കുവാനുള്ള ഉപായങ്ങൾ അവർ നടത്തിയതിന്റെ ഫലമായി പറങ്കികൾ ഏറെ വിഷമിച്ചു. അവർ കൊണ്ടുവന്ന ചരക്കുകൾ വിറ്റഴിക്കുവാൻ സാധിച്ചതുമില്ല. മറ്റക്കച്ചവടത്തിനുവേണ്ടി ഗാമ സാമൂതിരിയെ സമീപിച്ചത്, തന്നെ ഒരു കച്ചവടക്കാരന്റെ നിലയിലേക്ക് താഴ്ത്തിക്കെട്ടിയതായും കരുതി. മുസ്ലിംകളുടെ കച്ചവട മേധാവിത്വം അവസാനിപ്പിച്ചാൽ മാത്രമേ താൻ ആഗ്രഹിച്ച വ്യാപാരക്കുത്തക സാധ്യമാകുകയുള്ളൂവെന്ന് ഗാമയ്ക്ക് അറിയാമായിരുന്നു. ക്ഷുഭിതനായ ഗാമ സാമൂതിരിയുടെ ദൂതൻമാരെ കരക്കിറക്കാതെ സ്ഥലം വിട്ടു. തനിക്ക് ചരക്കുകൾ നിഷേധിച്ച ഈ തുറമുഖത്തോടും അതിന് കാരണക്കാരായ മുസ്ലിംകളോടും ഇനിയും അവസരം കിട്ടിയാൽ പകരം ചോദിച്ചു കൊള്ളാമെന്ന പ്രഖ്യാപനത്തോടു കൂടിയാണ് ഗാമ തുറമുഖത്ത് ന്യായമായും അടയ്ക്കേണ്ട ചുങ്കവും കൂടി നൽകാതെ സ്ഥലം വിട്ടത്.2. കോഴിക്കോട് നിന്ന് കണ്ണൂരിലെത്തിയ ഗാമയെ കോലത്തിരി രണ്ട് കൈകളും നീട്ടി സ്വീകരിച്ചു. കച്ചവടക്കരാറിൽ ഒപ്പിടുകയും, ഗാമയ്ക്ക് ആവശ്യമുള്ളത്ര ചരക്കുകൾ വേഗത്തിൽ സംഭരിച്ച് കൊടുക്കുകയും ചെയ്തു. 70 ദിവസമാണ് ഗാമ കോഴിക്കോടും, കണ്ണൂരുമായി കഴിച്ചുകൂട്ടിത്. 1498 നവംബർ 4-ാം തിയ്യതി അദ്ദേഹം മടക്കയാത്ര ആരംഭിച്ചു. ബലേമിൽ വിജയകരമായി തിരിച്ചെത്തിയ ഗാമയ്ക്ക് ആർഭാടപൂർവ്വമായ രാജകീയ സ്വീകരണമാണ് നൽകിയത്. പ്രഭു എന്നർത്ഥത്തിൽ ഡോം എന്ന പദവി നൽകിയതിനു പുറമേ, പണമുൾപ്പെടെ ധാരാളം വിലപ്പെട്ട സമ്മാനങ്ങളും കൊണ്ട് രാജദമ്പതികൾ അദ്ദേഹത്തെ സംതൃപ്തനാക്കി. സുദീർഘമായ രണ്ട് കൊല്ലത്തെ സാഹസിക യാത്രയിൽ വാസ്കോഡി ഗാമയുടെ സഹോദരൻ പോളോ ഡ ഗാമയും കൂടെ പോയവരിൽ പകുതിയലധികവും മരണപ്പെട്ടിരുന്നു. എന്നാൽ പോർച്ചുഗല്ലിന്റെ പ്രതാപവും ശക്തിയും വളർച്ചയിലെത്തിക്കുവാൻ കഴിഞ്ഞ ഈ പുത്തൻ ഉദ്യമത്തിന് ഏത് നഷ്ടവും നിസ്സാരമായിരുന്നു. യാത്രയ്ക്ക് ചെലവായ തുകയുടെ 60 ഇരട്ടി ലാഭം ഗാമ കൊണ്ടു വന്ന ചരക്കുകൾക്ക് കിട്ടിയതോടെ ഇന്ത്യയുമായുള്ള കച്ചവടത്തിന് വേണ്ടിവരുന്ന എത്ര സംഖ്യയും എന്ത് ത്യാഗവും മുതൽ മുടക്കേണ്ടത് ആവശ്യമാണെന്ന് മാനുവൽ രാജാവിനും പ്രഭുക്കൻമാർക്കും ബോദ്ധ്യവുമായി.3.

1500ൽ പ്രെഡ്രോ അൽവാരിസ് കബ്രാളിൻെറ നേതൃത്വത്തിലായിരുന്നു പിന്നീട് ഇവിടെയെത്തിയ പറങ്കി നാവിക വ്യൂഹം. 13 വലിയ കപ്പലുകളിൽ 1200 നാവിക ഭടൻമാരും, വെടിക്കോപ്പുകളുമായിട്ടായിരുന്നു കബ്രാൾ ഇവിടേയ്ക്ക് പുറപ്പെട്ടിരുന്നത്. കോഴിക്കോടെത്തുമ്പോൾ ആറ് കപ്പലുകളേ അവശേഷിച്ചിരുന്നുള്ളൂ. ആഗസ്റ്റ് 30-ാം തിയ്യതി കബ്രാൾ സാമൂതിരിയുമായി അഭിമുഖം നടത്തി. വിലപ്പെട്ട സമ്മാനങ്ങൾ അന്യോന്യം കൈമാറുകയും ചെയ്തു. സാമൂതിരിയുമായുണ്ടാക്കിയ ഉടമ്പടി അനുസരിച്ച് കോഴിക്കോട് ഒരു ഫാക്ടറി പണിയുവാനും സ്വതന്ത്രമായി കച്ചവടം നടത്തുവാനും സാമൂതിരി അനുവാദം നൽകിയിരുന്നു. രണ്ട് മാസത്തെ നിരന്തര ശ്രമത്തിനു ശേഷവും, രണ്ട് കപ്പലുകളിൽ കയറ്റുവാനുള്ള കുരുമുളക് മാത്രമേ കബ്രാളിന് ശേഖരിക്കുവാൻ കഴിഞ്ഞിരുന്നുള്ളൂ. ഇതിൽ ക്ഷമകെട്ട് കുപിതനായ കബ്രാൾ തൻെറ പറങ്കി സ്വഭാവം പുറത്തുകാട്ടി. കോഴിക്കോട് തുറമുഖത്ത് നങ്കൂരമിട്ട് കിടന്നിരുന്ന ഒരറബിക്കപ്പൽ കബ്രാളും കൂട്ടരും കൊള്ളയടിച്ചു. ഇത് വലിയ ഒച്ചപ്പാടിന് ഇടയാക്കി.

ഈ ഔദ്ധത്യത്തിനെതിരായി ഖ്വാജാ കാസിമിൻെറ നേതൃത്വത്തിൽ മലബാർ മുസ്ലിംകൾ കനത്ത തിരിച്ചടിയാണ് നൽകിയത്. അവരുടെ സഹായത്തിന് കോഴിക്കോട്ടെ നായർ യോദ്ധാക്കളും പങ്കാളികളായി. പറങ്കികൾ കോഴിക്കോട് നിർമ്മിച്ചിരുന്ന പണ്ടികശാല അവർ തകർത്തു. ഫാക്ടറി മേധാവി ഐറിസ് കൊറിയയുൾപ്പെടെ 54 പേരെ അവർ വകവരുത്തുകയും ചെയ്തു.4. കബ്രാൾ കേരളത്തിലെത്തി നാല് മാസം തികയുന്നതിനുമുമ്പു തന്നെ നടന്ന ഈ ദുരന്തം പറങ്കികളുടെ കോഴിക്കോട്ടുള്ള പ്രവേശനം തൽക്കാലത്തേക്കെങ്കിലും തടഞ്ഞുനിർത്തി. എന്നാൽ കബ്രാൾ വളരെ നാശനഷ്ടങ്ങൾ വരുത്തിയ ശേഷമാണ് കോഴിക്കോട് നിന്നും കൊച്ചിയിലേക്ക് നീങ്ങിയത്. പട്ടണത്തിന് നേരെ രണ്ട് ദിവസം തുടർച്ചയായി പീരങ്കിനിറ ഒഴിക്കുകയും തുറമുഖത്തുണ്ടായിരുന്ന ചെറുതും വലുതുമായ പല കപ്പലുകളും നശിപ്പിക്കുകയും അവയിലുണ്ടായിരുന്നവരെ നിർദാക്ഷണ്യം വധിക്കുകയും ചെയ്തിരുന്നു.5. ഈ വിക്രിയയിൽ 600ൽപ്പരം പേർ കൊല്ലപ്പെട്ടിരുന്നു. അവിടെ നിന്ന് പന്തലായിനിയിലേക്ക് നീങ്ങിയ കബ്രാൾ അവിടേയും അനവധി മുസ്ലിംകളെ നിർദാക്ഷണ്യം കൊന്നൊടുക്കിയ ശേഷമാണ് കൊച്ചിയിലേക്ക് പോയത്.

ആദ്യകാല പോർച്ചുഗീസ് സാഹസികർക്ക് തദ്ദേശീയ മുസ്ലിംകളിൽ നിന്നും സഹായം ലഭിച്ചിരുന്നതായി കരുതണം. അവരുടെ നേതാവ് കോയപ്പക്കി വ്യാപാര പ്രമുഖനായിരുന്നു. ഈജിപ്പിലേയും, അറേബിയയിലേയും വിദേശികളായ മുസ്ലിം വ്യാപരികളുമായി പിണങ്ങിക്കഴിഞ്ഞിരുന്ന ആളായിരുന്നു അദ്ദേഹം. കയറ്റുമതി ഉൽപ്പന്നങ്ങൾ ഉൾപ്രദേശങ്ങളിൽ നിന്നും സംഭരിച്ച് തുറമുഖത്ത് എത്തിച്ചുകൊടുക്കുന്ന മധ്യവർത്തിയുടെ ജോലിയായിരുന്നു അദ്ദേഹത്തിന്. വിദേശീയരായ മുസ്ലിം വ്യാപാരികൾ തനിക്ക് നൽകിയിരുന്ന ദല്ലാൾപണം തുച്ഛമായിരുന്നുവെന്നതാണ് കോയപ്പക്കിയുടെ പരാതികളിലൊന്ന്. ഇതിനുപുറമേ, തദ്ദേശീയരായ മുസ്ലിംകളോട് വിദേശീയരായ മുസ്ലിം വ്യാപാരികളുടെ പെരുമാറ്റവും തൃപ്തികരമായിരുന്നില്ല. ആഢ്യത്വവും, പ്രഭുത്വ മനോഭാവവും, പാവപ്പെട്ട മുസ്ലിംകളോടുള്ള സമീപനവും നാട്ടുകാരായ മുസ്ലിംകൾക്ക് പരിഭവത്തിനിട വരുത്തുകയും ചെയ്തിരുന്നു. തൻമൂലം വാസ്കോഡി ഗാമ കോഴിക്കോടെത്തിയതോടെ പറങ്കികളുമായി കോയപ്പക്കി സമ്പർക്കത്തിലേർപ്പെട്ടു. എ.ഡി. 1500ൽ കോഴിക്കോട് ഒരു ഫാക്ടറി സ്ഥാപിക്കുവാനും സ്വതന്ത്രമായി കച്ചവടം നടത്തുവാനുള്ള അനുവാദവും കബ്രാളിന് നൽകിയിരുന്നുവെന്ന് നാം മുമ്പ് പറഞ്ഞിട്ടുണ്ട്. മുസ്ലിം വ്യാപാരികൾ കൊടുക്കുന്നതിനേക്കാൾ കൂടുതൽ ഇടതട്ട് പണം നൽകാമെന്ന് കബ്രാൾ കോയപ്പക്കിയെ അറിയിച്ചു. ഇതിൽ കോയപ്പക്കിയും, കൂട്ടരും പ്രലോഭിപ്പിക്കപ്പെടുകയും ചെയ്തിരുന്നു. എന്നാൽ കോയപ്പക്കിയും എത്ര തന്നെ ശ്രമിച്ചിട്ടും കയറ്റുമതി ചരക്കുകൾ വളരെ തുച്ഛമായിട്ടേ കബ്രാളിന് എത്തിച്ചുകൊടുക്കുവാൻ സാധിച്ചിരുന്നുള്ളൂ. കബ്രാളാകട്ടെ, സ്വതസിദ്ധമായ ഗർവ്വും, അഹന്തയും കാട്ടി കാര്യം നേടാമെന്നുറച്ചെങ്കിലും അതിൽ പറ്റേ പരാജിതനുമായി. തനിക്ക് ആവശ്യമായ വിഭവങ്ങൾ കിട്ടാതെ വന്നപ്പോൾ അറബിവ്യപാരികളുടെ ഒരു ചരക്കുകപ്പൽ കൊള്ളയടിച്ച് അഗ്നിക്കിരയാക്കുകയുണ്ടായി. രോഷാകുലരായ മുസ്ലിംകൾ പറങ്കികളുടെ ഫാക്ടറി തകർത്ത് അവിടെയുണ്ടായിരുന്നവരെയെല്ലാം വധിച്ചു. ഈ അവസരത്തിൽ ഫാക്ടറി മേധാവിയായിരുന്ന ഐറിസ് കൊറിയയുടെ രണ്ട് പുത്രൻമാരേയും ചില പറങ്കികളേയും തൻെറ വീട്ടിൽ രഹസ്യമായി കോയപ്പക്കി ഒളിപ്പിച്ച് രക്ഷപ്പെടുത്തിയിരുന്നു. ഇവരെ വേഷ പ്രച്ഛന്നരാക്കി കൊച്ചിയിലെ പോർച്ചുഗീസ് ക്യാമ്പിൽ എത്തിക്കുകയും ചെയ്തു.

പന്തലായിനിയിൽ ക്രൂരമായ കൂട്ടക്കൊല നടത്തിയ ശേഷം കബ്രാൾ സാമൂതിരിയുടെ പൂർവ്വകാല ശത്രുവായ കൊച്ചി രാജാവിൻെറ അടുക്കലെത്തി. സാമൂതിരിയിൽ നിന്നും കൊച്ചിയെ സ്വതന്ത്രമാക്കുക മാത്രമല്ല, കേരളത്തിൻെറ തന്നെ അധിപതിയാക്കി ഉയർത്താമെന്ന് കബ്രാൾ കൊച്ചി രാജാവിനുറപ്പ് കൊടുത്തു. അങ്ങനെ കൊച്ചിയിൽ ഒരു ഫാക്ടറി സ്ഥാപിക്കുവാനും, തനിക്കാവശ്യമായിരുന്ന കച്ചവട വിഭവങ്ങൾ നിർല്ലോഭം സംഭരിക്കുവാനും അദ്ദേഹത്തിന് സാധിച്ചു. ഇതിനിടയ്ക്ക് കബ്രാളിനോട് പ്രതികാരം നടത്തുന്നതിനായി എട്ട് വലിയ യുദ്ധക്കപ്പലുകളിൽ 1500ൽപ്പരം നാവികരോടുകൂടി സാമൂതിരിയുടെ നാവികപ്പട പുറപ്പെട്ടിരുന്നു. ഇത് മണത്തറിഞ്ഞ കബ്രാൾ മറ്റൊരു സംഘട്ടനത്തിന് തയ്യാറാകാതെ രാത്രിയുടെ അന്ത്യയാമങ്ങളിൽ തൻെറ ചരക്കുക്കപ്പലുകളും, സന്നാഹങ്ങളുമായി കൊച്ചിയിൽ നിന്നും ഒളിച്ചോടുകയാണ് ചെയ്തത്.

കബ്രാളിൻെറ നയരാഹിത്യവും പൈശാചിക പ്രവർത്തനങ്ങളും സാമൂതിരിയേയും, മുസ്ലിംകളേയും പറങ്കികളുടെ

ബദ്ധശത്രുക്കളാക്കി മാറ്റിയെന്നതാണ് അദ്ദേഹത്തിന്റെ പ്രവർത്തനം കൊണ്ടുണ്ടായ ഫലം. അതേ സമയം കണ്ണൂരിൽ നിന്ന് കോലത്തിരിയുടേയും, കൊല്ലത്ത് നിന്ന് അക്കാലത്തെ റാണിയുടേയും സൗഹൃദ സന്ധികൾക്ക് വേണ്ടിയുള്ള സന്ദേശങ്ങൾ സ്വീകരിക്കുവാൻ അദ്ദേഹത്തിന് അവസരം കിട്ടിയിരുന്നുവെന്നതാണ് നേട്ടമായെണ്ണാവുന്നത്. സാമൂതിരി ഒഴികെയുള്ള മറ്റ് നാടുവാഴികളുടെയെല്ലാം സഖ്യം തങ്ങൾക്ക് നേടാൻ കഴിയുമെന്നും, വ്യാപാരത്തിന് വിഘ്നം വരുകയില്ലെന്നും മനസ്സിലാക്കുവാൻ ഇവ ഉപകരിച്ചു.

1501 നവംബറിൽ നാല് വലിയ കപ്പലുകളുമായി കബ്രാളിനു ശേഷം ഇവിടെയെത്തിയത് ജൊആവോ ഡി നോവയെന്ന കപ്പിത്താനായിരുന്നു. തുടക്കത്തിലേ കോഴിക്കോട് തുറമുഖത്തിനടുത്തായി കിടന്നിരുന്ന ഒരു കപ്പൽ കൊള്ളയടിച്ച് അതിലെ വിലപ്പെട്ടവയെല്ലാം കരസ്ഥമാക്കിയ ഡി നോവ കണ്ണൂരിനടുത്തായിക്കണ്ട സാമൂതിരിയുടെ മറ്റൊരു കപ്പലും കൊള്ളയടിക്കുകയും, അഗ്നിക്കിരയാക്കുകയും ചെയ്തു. പോർച്ചുഗീസ് ചരിത്രകാരനായ ഡാൻവേഴ്സ് എഴുതുന്നത്, ഈ കൊള്ള മുതലിൽ വില മതിക്കാൻ പറ്റാത്ത 1500ൽപ്പരം പവിഴമുത്തുകളും ധാരാളം രത്നങ്ങളും ഉണ്ടായിരുന്നതിനു പുറമേ, വെള്ളിയിൽ നിർമ്മിതമായിരുന്ന ജ്യോതിശാസ്ത്ര നിബന്ധമായ മൂന്ന് നാവിക ഉപകരണങ്ങളും ഉൾപ്പെട്ടിരുന്നു. ഇവയിൽ രത്നവും പവിഴവുമൊക്ക മാനുവൽ രാജാവിന് സമ്മാനിക്കുവാൻ അദ്ദേഹം മാറ്റിവെച്ചു.6. ഈ നാവിക ഉപകരണങ്ങളുടെ പ്രവർത്തനം പറങ്കികളെ പഠിപ്പിക്കുന്നതിനായി കപ്പലിലെ ക്യാപ്റ്റനെ കൊല്ലാതെ തടവുകാരനാക്കിയിരുന്നു. ഈ നാവിക ഉപകരണങ്ങളും അമൂല്യ രത്നങ്ങളും നഷ്ടപ്പെട്ട സാമൂതിരി ഈ കടൽക്കൊള്ളക്കാരെ നേരിടുന്നതിനായി 180 നാവിക വ്യൂഹം മുസ്ലിം നാവികരുടെ സഹായത്തോടുകൂടി തയ്യാറാക്കി യുദ്ധത്തിനൊരുങ്ങി. എന്നാൽ തുറന്ന ഒരു യുദ്ധത്തിന് തയ്യാറെടുക്കുന്നതിനു മുമ്പ് ഡി നോവ തന്റെ കപ്പലുകളുമായി രക്ഷപ്പെടുകയാണ് ചെയ്തത്.

1502ൽ അഡ്മിറൽ പദവിയോടുകൂടിയാണ് വസ്കോഡിഗാമ രണ്ടാം തവണ കേരളത്തിലെത്തിയത്. 20 വലിയ യുദ്ധക്കപ്പലുകളിലായി പടനായകൻമാരും, സേനാനികളുമായ 800 വിദഗ്ദ്ധ നാവികരുമായിട്ടായിരുന്നു ഇപ്രാവശ്യത്തെ പുറപ്പാട്. കണ്ണിൽ കണ്ട ഓടങ്ങളും, കപ്പലുകളും കൊള്ളയടിച്ച് അവയിലുണ്ടായിരുന്ന നിരപരാധികളെ മുഴുക്കെ ക്കൊന്ന്, ഓടങ്ങൾ കടലിലാഴ്ത്തിക്കൊണ്ടുള്ള വിനോദയാത്രയായിരുന്നു ഗാമയുടേത്. ഖ്വാജാ കാസിമിന്റെ സഹോദരൻ തീർത്ഥാടകരേയും കയറ്റി മെക്കയിലേക്കയച്ചിരുന്ന വലിയൊരു കപ്പൽ മാടായിക്കടുത്ത് നങ്കൂരമിട്ട് കിടക്കുന്നത് ഗാമ കണ്ടു. കപ്പലിൽ വിലമതിക്കാൻ സാധിക്കാത്തത്ര സമ്പത്തുണ്ടായിരുന്നതിനുപുറമേ, തീർത്ഥാടനം കഴിഞ്ഞു മടങ്ങുന്ന സ്ത്രീകളും, പിഞ്ചുകുഞ്ഞുങ്ങളുമടക്കം 430 ആളുകളുണ്ടായിരുന്നു.8. ചരിത്രം അതിന് മുമ്പോ പിമ്പോ ദർശിച്ചിട്ടില്ലാത്ത ഏറ്റവും നികൃഷ്ടമായ മനുഷ്യാപഹൃതിയാണ് കപ്പലിലുണ്ടായിരുന്നവരോട് ഗാമയും കൂട്ടരും കാണിച്ചത്. യാത്രക്കാരുടെ കൂട്ടത്തിൽ ഈജിപ്ത് സുൽത്താന്റെ അംബാസഡറായ ജാവർബെഗും ഉൾപ്പെട്ടിരുന്നു. തങ്ങളെ വധിച്ചതുകൊണ്ട് യാതൊരു നേട്ടവും കിട്ടാനില്ലെന്നും അതേസമയം തങ്ങളുടെ ജീവൻ രക്ഷിച്ചാൽ പകരം കോഴിക്കോട് നിന്നും ഗാമയ്ക്കാവശ്യമുള്ള കയറ്റുമതി ഉത്പന്നങ്ങൾ മുഴുക്കെ തങ്ങൾ കാലതാമസം വരുത്താതെ സൗജന്യമായി കപ്പലിൽ നിറച്ചുതരാമെന്നും തങ്ങൾ രക്ഷപ്പെടുമെന്ന് സംശയമുണ്ടെങ്കിൽ എല്ലാവരേയും ചങ്ങലയ്ക്കിട്ട് ബന്ധിക്കാവുന്നതാണെന്നും അദ്ദേഹം പറഞ്ഞുനോക്കി. ഗാമയ്ക്ക് മനുഷ്യരക്തമായിരുന്നു ആവശ്യം. കാപാലികരുടെ കൈയ്യിൽ നിന്നും രക്ഷപ്പെടുവാൻ യാതൊരു മാർഗ്ഗവുമില്ലെന്നായപ്പോൾ പടവെട്ടി മരിക്കാമെന്നു തന്നെ അവർ ഉറച്ചു. എട്ട് രാപ്പകൽ നിരന്തരം കപ്പലിനു നേരെ വെടി ഉതിർത്തിട്ടും കപ്പൽ കീഴടക്കുവാൻ പറങ്കികൾക്ക് സാധിച്ചില്ല. ഈ അവസരത്തിൽ കപ്പലിൽ നിന്നു ചാടി പറങ്കികളുടെ അടുക്കലെത്തിയ ഭീരുവായ ഒരാൾ തന്റെ ജീവൻ രക്ഷിക്കുമെങ്കിൽ കപ്പലിന് താൻ തീ കൊടുക്കാമെന്ന് ഗാമയെ ധരിപ്പിച്ചു. അങ്ങനെ 9ാം ദിവസം ഈ വഞ്ചകനാണ് കപ്പലിന് തീ കൊളുത്തിയത്.9. അങ്ങനെയാണ് പറങ്കികൾക്ക് കപ്പൽ കീഴടക്കുവാൻ സാധിച്ചത്. കപ്പലിലുണ്ടായിരുന്ന ധനവും ആഭരണങ്ങളുമെല്ലാം തന്റെ വാഹനത്തിലേക്ക് മാറ്റി. കാപ്പിരികളിൽ കാട്ടാളൻമാർ പോലും ലജ്ജിക്കത്തക്കവിധം കപ്പലിലുണ്ടായിരുന്ന പിഞ്ചുകുട്ടികളടക്കം എല്ലാവരേയും നിഷ്ക്കരുണം വധിക്കുകയും ചെയ്തു.10. മനുഷ്യ മനഃസാക്ഷിയെ ആകെ വിറങ്ങലിപ്പിച്ച ഈ സംഭവം കേരളത്തെ ആകമാനം സ്തംഭിപ്പിച്ചു.

മദോൻമത്തരായ ഗാമയും കൂട്ടരും കോഴിക്കോട് തുറമുഖത്തിനഭിമുഖമായി താവളമടിച്ചു. സാമൂതിരി സൗഹൃദ സന്ദേശം അയച്ചിരുന്നുവെങ്കിലും ഗാമ ഏറെ പുച്ഛത്തോടുകൂടിയാണ് സാമൂതിരിയുടെ ക്ഷണം നിരസിച്ചത്. കോഴിക്കോടുള്ള എല്ലാ മുസ്ലിംകളേയും ബഹിഷ്ക്കരിക്കണമെന്ന് ഗാമ ആവർത്തിച്ചാവശ്യപ്പെട്ടിരുന്നു. ഈ ആവശ്യം നടപ്പിലാക്കുവാൻ സാമൂതിരിക്കെന്നല്ല, ആർക്കും സാധിക്കുമായിരുന്നില്ല. സാമൂതിരിയുടെ നിഷേധാത്മകമായ നിലപാട് മനസ്സിലാക്കിയ ഗാമ തന്റെ കപ്പൽ സമൂഹവുമായി കോഴിക്കോട് തുറമുഖത്തിനഭിമുഖമായി താവളമടിച്ചു. പട്ടണവാസികളെ ആകമാനം സംഭീതരാക്കും വിധം പീരങ്കികളിൽ നിന്നും നിറയൊഴിച്ചുകൊണ്ടിരുന്നു. കരയിൽ നിന്നും കപ്പലിനു നേരെയും വെടി വെച്ചു കൊണ്ടിരുന്നു. പക്ഷേ പറങ്കിക്കപ്പലുകളുടെ അടുത്തെങ്ങാൻ എത്തുവാനുള്ള ശക്തി നമ്മുടെ വെടിയുണ്ടകൾക്കുണ്ടായിരുന്നില്ല. തന്റെ വാഹനങ്ങൾക്ക് തന്നെ ഒരു പക്ഷേ അപകടമുണ്ടാകുമെന്ന് മറ്റുള്ളവർ ഗാമയെ ധരിപ്പിച്ചതിന്റെ ഫലമായിട്ടാണ് അദ്ദേഹം ആക്രമണം മതിയാക്കിയത്. കോഴിക്കോട് തുറമുഖം വിട്ട് പോന്ന ഗാമയുടേയും കൂട്ടരുടേയും മുമ്പിൽ അരി നിറച്ച 24 കപ്പലുകൾ വന്നുപെട്ടു. ഇതത്രയും പിടിച്ചെടുക്കുകയും അവയിലുണ്ടായിരുന്ന 800 ആ

ളുകളെ തടവുകാരാക്കിപ്പിടിച്ച് അവരുടെ കൈയ്യും, ചെവിയും, മൂക്കും അറുത്തെടുക്കുക മാത്രമല്ല, ഓരോരുത്തരുടേയും പല്ലുകൾ ഇരുമ്പ് ദണ്ഡ് കൊണ്ടടിച്ച് കൊഴിക്കുകയും ചെയ്തു.11. പല്ല് തല്ലിയൊടിക്കുമ്പോൾ അവ നേരെ കൊരക്കിലേക്ക് തന്നെ പോകണമെന്നായിരുന്നു ഗാമ നിഷ്ക്കർഷിച്ചിരുന്നതത്രേ.12. ഹതഭാഗ്യരായ ഇവരെയത്രയും മേൽക്കുമേൽ കൂമ്പാരം കൂട്ടിയിട്ട് അവരുടെ വാഹനങ്ങളോടൊപ്പം അഗ്നിക്കിരയാക്കുകയാണ് ചെയ്തത്. അങ്ങനെ തന്റെ ആദ്യയാത്ര കഴിഞ്ഞ് മടങ്ങുമ്പോഴെടുത്ത പ്രതിജ്ഞ അദ്ദേഹം നിറവേറ്റിയത് ഇത്തരത്തിലായിരുന്നു.

മാടായിയിലും, കോഴിക്കോടും അരങ്ങേറിയ അതിനീചമായ നരഹത്യകൾക്കെതിരായി മുസ്ലിംകൾ ഒന്നടങ്കം സാമൂതിരിയുടെ കൊടിക്കീഴിൽ അണിനിരന്നു. സാമൂതിരിയുടെ നായർപടയും, എന്തും സഹിച്ച് പറങ്കികളെ ആട്ടിയോടിക്കണമെന്ന ശാഠ്യക്കാരായിരുന്നു. തന്റെ ശത്രുക്കളായ കോലത്തിരിയുടേയും, കൊച്ചി രാജാവിന്റേയും അടുക്കൽ ദൂതൻമാരെ അയച്ച് അവരുമായി സൗഹൃദത്തിനെത്തുന്നതിനുള്ള നയതന്ത്ര പ്രവർത്തനങ്ങളും നടത്തി നോക്കി. എന്നാൽ അവരാരും വഴങ്ങുന്നില്ലെന്ന് മനസ്സിലാക്കിയ സാമൂതിരി തന്റെ മുഖ്യ പുരോഹിതനായ തലപ്പന്ന നമ്പൂതിരിയെ ഗാമയുടെ അടുക്കൽ സ്നേഹദൗത്യവുമായി കൊച്ചിയിലേക്ക് പറഞ്ഞയച്ചിരുന്നു. കൊച്ചി രാജാവിനെ ഏതെങ്കിലും വിധത്തിൽ വശത്താക്കണമെന്ന താൽപ്പര്യത്തോടും, പറങ്കികളുടെ സൈനിക ശക്തിയുടെ ശരിയായ വിവരം അറിയുവാനുള്ള ആസക്തിയോടുംകൂടിയാണ് നമ്പൂതിരിയെ പറഞ്ഞയച്ചിരുന്നത്. നമ്പൂതിരിയുടെ ആഗമനോദ്ദേശ്യം ചാരവൃത്തിക്കാണെന്ന രഹസ്യം തന്റെ മരുമകനെ കൊച്ചിയിലേക്ക് അയച്ച് കോയപ്പക്കി ഗാമയെ മുൻകൂട്ടി അറിയിച്ചു. ഗാമയാകട്ടെ, നമ്പൂതിരിയുടെ മൂക്കും ചെവിയും ചെത്തിയെടുത്ത് പകരം പട്ടിയുടെ ചെവി തുന്നിപ്പിടിപ്പിച്ചു. 'മുറിച്ചെടുത്ത അവയവങ്ങൾ കൊണ്ട് നല്ലൊരു കറിയുണ്ടാക്കി ഭക്ഷിക്കുക' എന്ന് ഓലയിലെഴുതി കഴുത്തിൽ കെട്ടി സാമൂതിരിയുടെ അടുക്കലേക്ക് തിരിച്ചയച്ചു.13. ഈ വക ക്രൂരതകളൊക്കെ നടത്തിയതിനു ശേഷവും ഗാമ ചെയ്ത പ്രഖ്യാപനം അങ്ങേയറ്റം ധിക്കാരത്തിന്റേയും അഹംഭാവത്തിന്റേയും പ്രകടന പത്രമായിരുന്നു. "കടലുകളുടെ അധിപതിയും, ഈ ലോകത്തിന്റെ തന്നെ മേൽക്കോയ്മയുമായ പോർച്ചുഗൽ രാജാവിന്റേതാണ് ഈ നാവിക് വ്യൂഹം. ഇവിടെയുള്ള കടലിലും പുഴയിലും നിന്ന് കച്ചവടാർത്ഥം പുറപ്പെടുന്ന വാഹനങ്ങളത്രയും ഞങ്ങളുടെ രാജാധിരാജനെ അനുസരിക്കുകയും ഞങ്ങളുടെ നിബന്ധനകൾക്ക് വിധേയമായി പ്രവർത്തിക്കുകയും വേണം."14. മൂന്ന് നിബന്ധനകളാണ് ഗാമ മുന്നോട്ടുവെച്ചത്. "ഒറ്റക്കപ്പലും, കുരുമുളക് വ്യാപാരം നടത്തരുത്. തുർക്കികളുമായി യാതൊരുവിധ ബന്ധവും പാടില്ല. കോഴിക്കോടുമായി കച്ചവടം നടത്തുന്നതും നിരോധിച്ചിരിക്കുന്നു. ഇവ അനുസരിക്കുന്നവർക്ക് കടൽ സഞ്ചാരത്തിനും കച്ചവടത്തിനും സംരക്ഷണം നൽകുന്നതായിരിക്കും."15. പറങ്കികളുടെ ഈ വക ധിക്കാരത്തിനും, ക്രൂരതയ്ക്കുമെതിരായി സാമൂതിരി തന്റെ സൈന്യങ്ങളെ സജ്ജീകരിച്ചു. മുസ്ലിം നാവികരാകട്ടെ, തങ്ങളുടെ നാവിക വ്യൂഹത്തേയും ഒരന്തിമ പോരാട്ടത്തിനെന്നോണം സുസജ്ജമാക്കി. ക്വാജാ അംബറിന്റേയും, ക്വാജാ കാസിമിന്റേയും നേതൃത്വത്തിലായിരുന്നു സാമൂതിരിയുടെ നാവികപ്പട. പറങ്കികൾക്ക് അറബിക്കടലിൽ അഭിമുഖീകരിക്കേണ്ടതായി വന്ന ഏറ്റവും വലിയ നാവിക സംഘട്ടനമായിട്ടാണ് തുടർന്നു നടന്ന ഏറ്റുമുട്ടലിനെ പോർച്ചുഗീസ് ചരിത്രകാരൻമാർ വിശേഷിപ്പിച്ചിട്ടുള്ളത്. ഈ പടയൊരുക്കം ഗാമയെ രഹസ്യമായി അറിയിക്കുവാൻ കോയപ്പക്കിക്ക് സാധിച്ചിരുന്നു. അതുകൊണ്ട് തന്റെ പടനായകൻമാരിലൊരാളായ വിൻസന്റ് സോദ്രയെ സാമൂതിരിയുടെ നാവികപ്പടയെ നേരിടുവാനായി അയച്ച ഗാമ, ഈ തക്കത്തിൽ പത്ത് കപ്പലുകൾ നിറയെ വാണിജ്യ വിഭവങ്ങളുമായി നാടുവിടുകയാണ് ചെയ്തത്. ഗാമ കൊച്ചിയിലെത്തിയപ്പോൾ കൊടുങ്ങല്ലൂരുണ്ടായിരുന്ന ക്രിസ്ത്യാനികൾ, തങ്ങളെ പോർച്ചുഗീസ് രാജാവിന്റെ പ്രജകളായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് വാസ്കോഡ ഗാമയ്ക്ക് നിവേദനം നടത്തിയിരുന്നു എന്ന് പ്രത്യേകം ഓർക്കേണ്ടതാണ്.

ക്വാജാ അംബറിന്റേയും, ക്വാജാ കാസിമിന്റേയും നാവിക സൈന്യം പറങ്കികളുമായി ധീരമായി പോരാടിയെങ്കിലും അവരെ തുരത്തുവാൻ കഴിഞ്ഞില്ല. വളരെ ദൂര ലക്ഷ്യങ്ങൾ തകർക്കാവുന്ന പീരങ്കികൾ പറങ്കികൾക്കുണ്ടായിരുന്നതായിരുന്നു അവരുടെ വിജയ രഹസ്യം. ക്വാജാ അംബറിന്റേയും, ക്വാജാ കാസിമിന്റേയും നാവികരിൽ വളരെപ്പേർ ഈ യുദ്ധത്തിൽ മൃതിയടഞ്ഞു. അവരുടെ പല ഓടങ്ങളും പറങ്കികൾ കൈവശപ്പെടുത്തി. നൂറ് കണക്കിന് വീരസേനാനികളെ ബലിയർപ്പിച്ചുകൊണ്ടാണ് മാപ്പിളനാവികർ ഈ വിദേശിയരെ തുരത്തുവാൻ അക്ഷീണം യത്നിച്ചത്. എന്നാൽ വിൻസന്റ് സോദ്രയുടെ കീഴിലുണ്ടായിരുന്ന പോർച്ചുഗീസ് നാവികർക്ക് ഗുണമേൻമയേറിയ നല്ലതരം പീരങ്കികൾ ഉണ്ടായിരുന്നതിനാൽ കോഴിക്കോട് സൈന്യത്തിന്റെ ആക്രമണത്തിൽ നിന്നും രക്ഷപ്പെടുവാൻ എളുപ്പമായിരുന്നു. അതേസമയം നേരിട്ടുള്ള നാവിക സംഘട്ടനത്തിൽ കോഴിക്കോട് നാവികർക്ക് കനത്ത ആൾനാശം സംഭവിക്കുകയും അവരുടെ ഓടങ്ങൾ അധികവും വിൻസന്റ് സോദ്രയുടെ യോദ്ധാക്കൾ പിടിച്ചെടുക്കുകയും ചെയ്തു. അങ്ങനെ സുസംഘടിതമെന്നും, സുശക്തമെന്നും വിശേഷിപ്പിക്കപ്പെട്ടിരുന്ന മാപ്പിളക്കപ്പൽപ്പട ഏറെ ആൾനാശത്തോടുകൂടി തോൽപ്പിക്കപ്പെടുകയാണുണ്ടായത്.

ഈ തോൽവി സാമൂതിരിയേയും, മാപ്പിള നാവികരെയും പറങ്കികളോടുള്ള ചെറുത്തു നിൽപ്പിന് ആക്കം കൂട്ടുവാനേ ഉപകരിച്ചുള്ളു. 1503ൽ സാമൂതിരി വലിയൊരു സൈന്യത്തോടുകൂടി കൊച്ചിയെ ആക്രമിച്ചു. കരയിൽ നിന്നും കടലിൽ

നിന്നുമായി നടന്ന ഈ ഘോരസംഘട്ടനത്തിൽ കൊച്ചിയിലെ ഇളമുറ തമ്പുരാൻ കൊല്ലപ്പെടുകയും, കൊച്ചി സൈന്യം ആത്മരക്ഷാർത്ഥം പിന്തിരിഞ്ഞോടുകയും ചെയ്തു. ഇക്കൂട്ടത്തിൽ മിലാൻകാരായ ജോൺ മരിയ, പിറ്റർ ആന്റണി എന്നീ തോക്കു നിർമ്മാണ വിദഗ്ദരും ഉൾപ്പെട്ടിരുന്നു. ഈ യുദ്ധത്തിൽ സാമൂതിരിക്ക് ലഭിച്ച ഏകലാഭം ഈ മിലാൻകാരെ തന്റെ കീഴിൽ കൊണ്ട് വരുവാൻ സാ ധിച്ചു എന്നതാണ്. പറങ്കികളുമായി ഏറ്റുമുട്ടുമ്പോൾ മലബാർ സേന പരാജയപ്പെട്ടിരുന്നതിന്റെ പ്രധാന കാരണം ഗുണമേൻമയുള്ള ആയുധങ്ങളുടെ ദൗർല്ലഭ്യം കൊണ്ടായിരുന്നുവെന്ന് മനസ്സിലാക്കിയിരുന്ന സാമൂതിരി ഈ മിലാൻകാരെ എല്ലാവിധ പ്രീണനങ്ങളും നടത്തി ആയുധ നിർമ്മാണത്തിനായി ഭാരം ഏല്പിച്ചു. കൊച്ചിയിൽ അപ്പോഴുണ്ടായിരുന്ന വിൻസന്റ് സോദ്രേ കൊച്ചിയെ സഹായിക്കുന്നതിനു പകരം തന്റെ നാവികപ്പടയുമായി ചെങ്കടൽ തീരത്തേക്ക് ഒഴിഞ്ഞു പോകുകയാണ് ചെയ്തത്. ചെങ്കടൽ തീരത്ത് പല അറബിക്കപ്പലുകളും കൊള്ളയടിച്ച സോദ്രേ അവിടെ കുരിയ മുരിയ ദ്വീപിൽ വെച്ചുണ്ടായ കപ്പൽ അപകടത്തിൽ തന്റെ സഹോദരനോടൊപ്പം മരണമടയുകയും ചെയ്തു.

ഇതിനിടയിൽ അൽഫോൺസോ ഡി ആൽബുക്കർക്കിന്റേയും, ഫ്രാൻസിസ് കോ ഡി ആൽബുക്കർക്കിന്റേയും ഒരു നാവികപ്പടയെ കൊച്ചിയിലേക്ക് മാനുവൽ രാജാവ് നിയോഗിച്ചിരുന്നു. കൊച്ചിയിൽ ഒരു കോട്ട കെട്ടുന്നതിനും, പറങ്കികളുടെ ശക്തി നിലനിർത്തുന്നതിനും വേണ്ട നിർദ്ദേശങ്ങളോടുകൂടിയാണ് അവരെ ഇവിടേയ്ക്ക് അയച്ചിരുന്നത്. മറ്റൊരു കപ്പലിൽ അന്റോണിയോ ഡി സാൽദനാ എന്ന നാവികന്റെ കീഴിൽ നിയോഗിക്കപ്പെട്ട സേനയോട് ചെങ്കടൽ തീരത്തെത്തി ഇന്ത്യയുമായുള്ള അറബികളുടെ കച്ചവടം ഇല്ലാതാക്കുകയെന്ന നിർദ്ദേശമാണ് നൽകിയിരുന്നത്. ആൽബുക്കർക്കിന്റെ കൂടെ എത്തിയവരിൽ പച്ചിക്കോ എന്ന നാവിക മേധാവിയും ഉൾപ്പെട്ടിരുന്നു. കൊച്ചി പിടിച്ചടക്കുവാൻ സാമൂതിരിയുടെ നായർ പടയാളികളും, മാപ്പിള നാവികരും നിരവധി പ്രാവശ്യം ശ്രമിച്ചിട്ടും വെറും 111 പറങ്കിപ്പടയാളികളോടും രണ്ട് മൂവായിരം നായർ യോദ്ധാക്കളോടും കൂടി പച്ചിക്കോ സാമൂതിരിപ്പടയെ ഓരോ പ്രാവശ്യവും പിന്തിരിപ്പിച്ച കഥ പോർച്ചുഗീസ് നാവിക വീരേതിഹാസങ്ങളിൽ ആവേശജനകമാണ്. സുദീർഘമായ അഞ്ച് മാസത്തെ പ്രതിരോധത്തിനു ശേഷം കനത്ത ആൾ നഷ്ടത്തോടുകൂടി സാമൂതിരിക്ക് യുദ്ധം മതിയാക്കി തിരിച്ചു പോരേണ്ടതായി വന്നത് പറങ്കികളുടെ ആയുധപ്രാവീണ്യത്തേയും, ധീര സാഹസികതയേയും ഒന്നുകൂടി പ്രഖ്യാപനം ചെയ്ത സംഭവമായിരുന്നു. പോർച്ചുഗീസ് ചരിത്രകാരൻമാർ പറയുന്നത്, ഇരുപതിനായിരത്തോളം മലബാർ സേന ഈ യുദ്ധത്തിൽ മൃതിയടഞ്ഞുവെന്നാണ്. സൈന്യത്തിൽ പടർന്നുപിടിച്ച സാംക്രമിക രോഗവും, വളരെപ്പേരുടെ മരണത്തിനിടയാക്കിയിരുന്നുവെന്നത് സത്യമാണ്. എങ്കിൽ കൂടിയും മരണസംഖ്യ പറങ്കികളുടെ വിജയത്തെ പെരുപ്പിച്ചു കാണിക്കുവാൻ വേണ്ടി അതി ഭാവുകത്വത്തോടുകൂടി എഴുതിയിട്ടുള്ളതാണ്.

സാമൂതിരിയുമായി ഒരു ഉടമ്പടി ഉണ്ടാക്കുവാൻ ആൽബുക്കർക്കിന് 1504ൽ സാധിച്ചിരുന്നു. ഇത് മുസ്ലിം വ്യാപാരികളെ നിരാശപ്പെടുത്തി. തങ്ങളുടെ താൽപ്പര്യം നിഹനിക്കപ്പെട്ടുവെന്ന് തോന്നിയ അവരിൽ രണ്ടായിരത്തോളം വരുന്ന വിദേശവ്യാപാരികൾ 17 കപ്പലുകളിലായി തങ്ങളുടെ സമ്പത്തോടു കൂടി കേരളത്തോട് വിടപറഞ്ഞു യാത്രയായി. എന്നാൽ ലോപോ സോറസ് എന്ന പറങ്കിനാവികൻ നടത്തിയ ആക്രമണത്തിൽ ഇവരത്രയും കൊല്ലപ്പെടുകയും അവരുടെ സ്വത്ത് അപഹരിക്കപ്പെടുകയും ചെയ്തു.17. മുസ്ലിം നാവികരുടെ കൂടെകൂടെയുള്ള ഈ പരാജയം കടലിൽ പറങ്കികളെ അപ്രതിരോധ്യരാക്കി തീർത്തു.

തങ്ങളുടെ നാവികബലം ആരാലും ചോദ്യം ചെയ്യപ്പെടാൻ പറ്റാത്തവിധം സുശക്തമാണെന്ന് വിശ്വസിച്ചിരുന്ന പറങ്കികൾ മുസ്ലിം വ്യാപാരകേന്ദ്രങ്ങൾ എവിടെയൊക്കെയുണ്ടോ, അവ തീർത്തും നശിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് പിന്നീട് പ്രവർത്തിച്ചത്. ഏദൻ, ഓർമ്മസ്, മലാക്കാ, ജിദ്ദ, എന്നിവിടങ്ങളിലൊക്കെയുള്ള അറബികളുടെ കച്ചവടകുത്തക തകർക്കുകയും, അതുവഴി കോഴിക്കോട്ടേയ്ക്കുള്ള അവരുടെ പ്രവാഹം ഇല്ലാതാക്കുകയും ചെയ്യുകയെന്ന ഉദ്ദേശ്യത്തോടുകൂടി ആണ് ഡോൺ ഫ്രാൻസിസ്കോ അൽമേഡയെ ഇന്ത്യയുടെ ആദ്യത്തെ ഗവർണ്ണറായി നിയമിച്ചുകൊണ്ട് 1505ൽ പറഞ്ഞയക്കുന്നത്. സൈനിക ബലം കൊണ്ടേ ശക്തിയാർജ്ജിക്കുവാൻ കഴിയൂയെന്ന് ബോദ്ധ്യമുണ്ടായിരുന്ന മാനുവൽ രാജാവ് അൽമേഡയുടെ കീഴിൽ 22 പടക്കപ്പലുകളിലായി 1500 പറങ്കികളെയാണ് കേരളതീരത്തേയ്ക്കച്ചത്. കൊച്ചിയിലും, കണ്ണൂരിലും കോട്ടകളും താവളങ്ങളും സുരക്ഷിതമാക്കുന്ന പ്രവർത്തനങ്ങളാണ് അദ്ദേഹം നടത്തിയത്. അതിനിടയ്ക്ക് നിനച്ചിരിക്കാതെ വന്നുചേർന്ന ഭാഗ്യമായിരുന്നു സാമൂതിരിക്ക് തോക്കുണ്ടാക്കി കൊടുത്തിരുന്ന മിലാൻകാരെ സാമൂതിരിയിൽ നിന്നും വേർപെടുത്തുവാൻ സാധിച്ചുവെന്നത്. ഇതിന് സഹായകമായത് മറ്റൊരു മിലാൻകാരനും, സഞ്ചാരിയും ക്രൈസ്തവ പുരോഹിതനുമായിരുന്ന ലുഡോ വിക്കോ വർത്തേമയായിരുന്നു. അറബിഭാഷ അനായാസേന സംസാരിക്കാൻ സാധിക്കുമായിരുന്ന വർത്തേമയ്ക്ക് അറബികളുടെ വേഷം കെട്ടാനും വൈദഗ്ദ്ധ്യമുണ്ടായിരുന്നു. ഈജിപ്പുകാരനായ ഭിഷഗ്വരനാണെന്ന ഭാവേന അദ്ദേഹം കോഴിക്കോടെത്തി തന്റെ സ്വദേശികളായ ആയുധനിർമ്മാണ വിദഗ്ദ്ധരുമായി സമ്പർക്കം പുലർത്തിപ്പോന്നു. മതത്തിന്റേയും, ദേശത്തിന്റേയും ദുർബല വികാരത്തെ മുതലെടുത്ത് ഇവരെ ഏത് വിധേനയും പോർച്ചുഗീസ് ക്യാമ്പിലേക്ക് എത്തിക്കണമെന്ന അൽമേഡയുടെ നിർദ്ദേശമനുസരിച്ചാണ് വർത്തേമ ഈ പണിയൊക്കെ ചെയ്തത്. ഏതെങ്കിലും തര

ത്തിൽ അവിടെ നിന്ന് രക്ഷപ്പെടുകയാണെങ്കിൽ അവർ ചെയ്ത കുറ്റത്തിന് മാപ്പു നൽകുകയും, പറങ്കിപ്പാളയത്തിൽ ഉന്നതപദവി നൽകി ബഹുമാനിക്കുകയും ചെയ്യുമെന്ന് ഗവർണ്ണർ തനിക്ക് ഉറപ്പ് തന്നിട്ടുള്ളതായി വർത്തേമ അവരെ ധരിപ്പിച്ചു. അവരാകട്ടെ, സ്വരുക്കൂട്ടിയ സമ്പാദ്യവുംകൊണ്ട് ഏത് വിധേനയെങ്കിലും ജൻമദേശത്തെത്തിയാൽ മതിയെന്ന ആഗ്രഹത്തിലുമായിരുന്നു. കണ്ണൂരിലെത്തി ഗവർണ്ണറെ കണ്ട വർത്തേമയ്ക്ക് മിലാൻകാരുടെ തെറ്റുകൾക്ക് മാപ്പ് കൊടുത്ത്, അവർക്ക് ഉന്നത സ്ഥാനം നൽകാമെന്ന് ഉറപ്പ് കൊടുക്കുന്നതുമായ ഒരു കത്ത് ഗവർണ്ണറിൽ നിന്നും സമ്പാദിച്ച് കോഴിക്കോടുള്ള മിലാൻകാരുടെ പക്കലെത്തിക്കുവാൻ സാധിച്ചു. അവരുടെ പക്കലുണ്ടായിരുന്ന വിലപ്പെട്ട വജ്രങ്ങളും, പവിഴവും, മാണിക്യവും സ്വർണ്ണനാണയങ്ങളും ഒഴികെയുള്ള എല്ലാ സാധനങ്ങളും അവരുടെ താമസസ്ഥലത്ത് വിട്ടേച്ച് പോരണമെന്നായിരുന്നു വർത്തേമ അവർക്കെഴുതി കൊടുത്തയച്ചിരുന്നത്. ഈ സന്ദേശം കിട്ടിയതോടുകൂടി അർദ്ധരാത്രിയിൽ തന്നെ ഇരുവരും കണ്ണൂരിലേക്ക് ഒളിച്ചോട്ടം നടത്തി. എന്നാൽ ഇവരുടെ ഗൂഢാലോചന കോഴിക്കോട് ഖാസിയുടെ അടിമകളിലൊരാൾ എങ്ങിനെയോ മണത്തറിഞ്ഞ് ഖാസിയെ വിവരം അറിയിച്ചു. ഒരു നിമിഷവും പാഴാക്കാതെ തൻെറ പരിചാരക സന്നാഹത്തെ ഇവരെ പിന്തുടർന്ന് കണ്ടുപിടിക്കുവാൻ ഖാസി പറഞ്ഞയച്ചു. ജോൺ മരിയയും, പിറ്റർ അൻറണിയും ഏറെ ദൂരം സഞ്ചരിച്ച് കഴിഞ്ഞെങ്കിലും അവർ ഒടുവിൽ അന്വേഷണ സംഘത്തിൻെറ പിടിയിലമർന്നു. ഏറ്റുമുട്ടലിനൊരുങ്ങിയ അവരിരുവരേയും ഖാസിയുടെ പരിചാരകർ നാമാവശേഷമാക്കി. നാട്ടിലെ ചാരപ്രവർത്തനങ്ങളേയും അതുപോലെയുള്ള നീചകൃത്യങ്ങളേയും എത്രമാത്രം നിഷ്കർഷയോടും, സൂക്ഷ്മതയോടും കൂടിയാണ് മുസ്ലിം നേതാക്കൾ വീക്ഷിച്ചിരുന്നത് എന്നതിന് വേറൊരു തെളിവും ആവശ്യമില്ല.

മുസ്ലിം പ്രതിപുരുഷൻമാർ വഴി ഈജിപ്പിൽ നിന്നും ഗുജറാത്തിൽ നിന്നും നാവിക സഹായം തേടി സാമൂതിരി പോർച്ചുഗീസുകാർക്കെതിരയി ഒരൈക്യ നിര സൃഷ്ടിക്കുവാൻ ശ്രമിച്ചിരുന്നു. സാമൂതിരിയുടെ ഈ സജ്ജീകരണത്തിന് ആളും അർത്ഥവും കൊണ്ട് രക്ഷാനിര സൃഷ്ടിച്ചത് മലബാർ മുസ്ലിംകളാണ്. അവർക്ക് നേതൃത്വം കൊടുക്കുവാൻ തുർക്കി, അറബി വ്യാപാരികളും മുൻപന്തിയിലുണ്ടായിരുന്നു. സുഘടിതമായ വലിയൊരു നാവികവ്യൂഹം അങ്ങനെ ഒരുങ്ങി നിന്നു. ഈജിപ്പിൽ നിന്നുള്ള നാവികപ്പടയുടെ ആഗമനവും പ്രതീക്ഷിച്ചായിരുന്നു മലബാർ മുസ്ലിംകൾ അക്ഷമരായി കാത്തുകിടന്നത്. ഈ ഒരുക്കങ്ങളും ഈജിപ്ഷ്യൻപ്പട എത്തുന്നുവെന്ന വാർത്തയും അറിയാൻ ഇടയായ വർത്തേമ രഹസ്യമായി കൊച്ചിയിൽ അൽമേഡയെ ഇത് അറിയിച്ചു. സംഘടിതമായ ഈ ഐക്യനിരയെ ഭേദിക്കുവാൻ അസാദ്ധ്യമായിരിക്കുമെന്ന് കാണാൻ കഴിഞ്ഞ അൽവാരിസ് ഈജിപ്ഷ്യൻപട എത്തുന്നതിനുമുമ്പു തന്നെ ഒരു കടന്നാക്രമണം നടത്തുവാൻ തൻെറ മകനും കണ്ണൂരിലെ ഗവർണ്ണറുമായിരുന്ന ലോറൻ സോ ഡി അൽമേഡയെ നിയോഗിച്ചു. വലിയ സന്നാഹങ്ങളുമായി പുറപ്പെട്ട ലോറൻസോ മാപ്പിള നാവികരുമായി ഘോര സംഘട്ടനത്തിലേർപ്പെട്ടു. ഈ നാവികയുദ്ധത്തിൽ വർത്തേമയും ഭാഗഭാക്കായിരുന്നു. അദ്ദേഹത്തിൻെറ വിവരണം ഏകപക്ഷീയമാണെങ്കിലും അതിൽ നിന്നും മനസ്സിലാക്കുവാൻ കഴിയുന്നത് രണ്ട് ഭാഗത്തും വലിയ ആൾനാശവും കനത്ത നഷ്ടവും സംഭവിച്ചുവെന്നാണ്. ഇരുകൂട്ടർക്കും വിജയം അവകാശപ്പെടുവാൻ സാധിക്കുമായിരുന്നില്ല. എന്നാൽ കണ്ണൂർ ഭാഗത്തേക്ക് വരികയായിരുന്ന ഒരു മുസ്ലിം കപ്പൽ കൊള്ള യടിക്കുവാനും, അതിലുണ്ടായിരുന്ന മൂവായിരത്തോളം ആളുകളെ നിഷ്ക്കരുണം കൊലപ്പെടുത്തുവാനും കഴിഞ്ഞുവെന്നതായിരുന്നു ലോറൻസോയുടെ ഏക നേട്ടം. അക്കാലത്തുള്ള കപ്പലിൽ മൂവായിരം പേരുണ്ടായിരിക്കുക എന്നത് അവിശ്വസനീയമാണ്. അതുകൊണ്ടുതന്നെ വർത്തേമ എണ്ണം പെരുപ്പിച്ച് പറഞ്ഞതാണെന്ന് വ്യക്തം. എന്നാൽ പറങ്കികളുമായി നേരി ട്ടുള്ള യുദ്ധങ്ങളിൽ മലബാർ നാവികർക്ക് വിജയപൂർവ്വം പിടിച്ചു നിൽക്കുവാൻ കഴിഞ്ഞിരുന്നില്ലെന്നത് ഒരു വസ്തുത മാത്രമാകുന്നു.

നാവിക യുദ്ധങ്ങളിൽ തങ്ങളെ പരാജയപ്പെടുത്തുവാൻ മലബാർ തീരത്ത് ആരും ഇല്ലെന്ന് പറങ്കികൾക്ക് ബോദ്ധ്യവുമായിരുന്നു. കടലും, രാജ്യവുമെല്ലാം പോർച്ചുഗീസ് രാജാവിൻേറതാണെന്നും മറ്റുള്ളവർ തങ്ങളുടെ അനുവാദം കൂടാതെ കടൽയാത്രയോ, കച്ചവടമോ നടത്താൻ പാടില്ലെന്നുള്ള പറങ്കികളുടെ വിശ്വാസം തീർത്തും പ്രാവർത്തികമാക്കുവാനുള്ള അവസരമാണ് കടൽയുദ്ധങ്ങളിൽ അവർ നേടിയ വിജയം കൊണ്ടുണ്ടായത്. തൽഫലമായി ഏത് വാഹനവും കടൽ സഞ്ചാരത്തിനൊരുങ്ങുന്നതിനു മുമ്പ് തങ്ങളുടെ അനുമതിപത്ര (കാർറ്റസി)ത്തോടുകൂടി മാത്രമേ പുറപ്പെടാവൂ എന്നായിരുന്നു നിഷ്കർഷിച്ചിരുന്നത്.18. ശൈഖ് സൈനുദ്ദീൻ വിലപിക്കുന്നത്, "പാസില്ലാതെ യാത്ര ചെയ്യുന്ന മുസ്ലിം കപ്പലുകൾ പിടിച്ചെടുക്കുക മാത്രമല്ല, അതിലുള്ള ആളുകളെ ഒന്നുകിൽ കൊല്ലുകയോ, അടിമകളാക്കി മാറ്റുകയോ ആണ് ചെയ്തിരുന്നത്."19. എന്നാൽ ഈ പാസുകൾ കൊടുത്തിരുന്നതാകട്ടെ, പലപ്പോഴും കൊടിയ വഞ്ചനയോടുകൂടിയുമാണ്. ഈ കപ്പൽ കാണുന്നവർ ഇത് കൊള്ളയടിച്ച് നശിപ്പിക്കണം എന്നുപോലും പോർച്ചുഗീസ് ഭാഷയിൽ എഴുതിയിരുന്നത്രേ.20. ശരിക്കുള്ള പാസ്സോടുകൂടി പുറപ്പെട്ടിരുന്ന ഒരു കപ്പൽ ഗൊൺസാലോവാസ് എന്ന പറങ്കികപ്പിത്താൻ കൊള്ളയടിക്കുകയും അതിലുണ്ടായിരുന്നവരെ മുഴുക്കെ കൊന്ന് കടലിൽ കെട്ടി താഴ്ത്തുകയും ചെയ്തു. എന്നാൽ പല ശവശരീരങ്ങളും കടപ്പുറത്ത് അടിഞ്ഞു. കണ്ണൂരിലെ വ്യവസായ പ്രമുഖനായ മമ്മാലിമരക്കാരുടെ അനന്തിരവനായ അബൂബക്കർ അലിയുടെ ജഡം ജനങ്ങൾ തിരിച്ചറിഞ്ഞു. ഇദ്ദേഹമാകട്ടെ, കണ്ണൂർ അറക്കൽ രാജവംശവുമായി അടുത്ത ബന്ധമുള്ള ആളുമായിരുന്നു.21. കണ്ണൂരിലെ ജനങ്ങൾ വലിയ അനുശോചന പ്രകടനം നടത്തുകയും രാജാവിനോട് സങ്കടം ബോധിപ്പിക്കുകയും ഉണ്ടായി. കണ്ണൂർ രാജാവ് യുദ്ധപ്രഖ്യാപനം

നടത്തി അവിടെയുണ്ടായിരുന്ന പറങ്കിക്കോട്ട (ഫോർട്ട് അഞ്ചലോ) പ്രതിരോധിക്കുകയും ചെയ്തു. എന്നാൽ ചാരൻമാർ വഴി കോട്ടയിലെ ആളുകളുടെ ദയനീയ സ്ഥിതി അറിയാൻ കഴിഞ്ഞ കൊച്ചിയിലെ പോർച്ചുഗീസുകാർക്ക് 11 പടക്കപ്പലുകളുമായി ട്രിസ്റ്റാൻ ഡ കുഞ്ഞയുടെ നേതൃത്വത്തിൽ കണ്ണൂരെത്തി പ്രതിരോധം നീക്കുവാൻ സാധിച്ചു. സന്ധി സംഭാഷണത്തിലൂടെ സമാധാനം പുനഃസ്ഥാപിക്കുകയും ചെയ്തു. ഇത് 1507ലാണ്.

പറങ്കികളുടെ പാസ്സുണ്ടായാലും ഇല്ലെങ്കിലും കപ്പലുകൾ കൊള്ളയടിക്കപ്പെടുമെന്ന് ബോദ്ധ്യമായതൊടുകൂടി പാസ്സില്ലാതെ തന്നെ തങ്ങളുടെ ചരക്ക് കയറ്റി അയക്കുവാനുള്ള മാർഗ്ഗങ്ങളാണ് പിന്നീട് സാമൂതിരിയും മുസ്ലിംകളും ആരാഞ്ഞത്. പറങ്കികളുടെ ക്രൂരതകൾ കണ്ട് മടുത്ത അവരുടെ സഹായി ആയിരുന്ന കോയപ്പക്കി അവരുമായുള്ള ബന്ധം ഉപേക്ഷിച്ച് അവരുടെ ശത്രുക്കളോടൊപ്പം ചേർന്നതും ഈ സന്ദർഭത്തിലാണ്. കുട്ടിപോക്കർക്ക് വിദഗ്ദ്ധനായൊരു നാവികപ്പടയാളിയുടെ നേതൃത്വത്തിൽ നാല് വലിയ കപ്പലുകളിൽ ആയുധങ്ങളും, പരിശീലനം സിദ്ധിച്ച നാവികരും ചരക്കു കപ്പലുകൾക്ക് രക്ഷാകവചം സൃഷ്ടിക്കുന്നതിനായി സാമൂതിരി തയ്യാറാക്കിക്കൊടുക്കുകയും ചെയ്തു. റോന്തുചുറ്റിക്കൊണ്ടിരുന്ന പോർച്ചുഗീസ് കാവൽ ഭടൻമാരുടെ കണ്ണ് വെട്ടിച്ച് മാപ്പിളമാർ ചരക്കുകൾ കയറ്റി അയക്കുവാൻ തുടങ്ങി.22. പോക്കരുടെ ഈ നാവികപ്പട പറങ്കികളുടേതല്ലാത്ത ഏത് കപ്പലിനും സംരക്ഷ നൽകുവാനും തയ്യാറായി. തങ്ങളെ ധിക്കരിച്ചുകൊണ്ടുള്ള ഈ നടപടിയിൽ ക്ഷുഭിതനായ ട്രിസ്റ്റാൻ ഡ കുഞ്ഞ ഒരു വലിയ കപ്പൽപ്പടയോടുകൂടി കുട്ടിപോക്കരെ എതിരിട്ടു. ഈ സംഘട്ടനത്തിൽ പറങ്കികൾക്ക് വളരെ അപായമുണ്ടായതിന് പുറമേ, വൈസ്രോയിയുടെ മകനും കണ്ണൂരിലെ ഗവർണ്ണറുമായിരുന്ന ലോറൻസോവിന് മുറിവ് പറ്റുകയും ചെയ്തു. കുട്ടിപോക്കരേയും കൂട്ടരേയും പരാജയപ്പെടുത്തുവാൻ കഴിയാത്തതിന്റെ അരിശം തീർത്തത് പൊന്നാനിയിലും പരിസരത്തും വീടുകൾക്കും, കടകൾക്കും തീവെച്ചുകൊണ്ടാണ്. ട്രിസ്റ്റാൻ ഡ കുഞ്ഞയോടൊപ്പം, അൽഫോൺ സോ ഡി ആൽബുക്കർക്കും സന്നിഹിതനായിരുന്നു. ഇന്ത്യയിൽ പോർച്ചുഗീസ് ശക്തി പ്രബലത്താക്കിയ പറങ്കിപ്പടനായകരിൽ പ്രധാനിയായിരുന്നു ആൽബുക്കർക്ക്. അറബികളുടെ ഇന്ത്യയുമായുള്ള വ്യാപാരബന്ധം തകർത്താൽ മാത്രമേ സാമൂതിരിയെ തങ്ങളുടെ വരുതിയിൽ കൊണ്ടുവരുവാൻ സാധിക്കുകയുള്ളുവെന്ന് കരുതിയിരുന്ന അദ്ദേഹം ഇന്ത്യയിലേക്ക് എത്തുന്നതിന് മുമ്പുതന്നെ ഹോർമസ് തുറമുഖത്തുണ്ടായിരുന്ന അറബിക്കപ്പലുകൾ മുഴുക്കെ തകർത്ത് നഗരം അഗ്നിക്കിരയാക്കുകയും ചെയ്തു. അവിടെയൊരു കോട്ടകെട്ടുവാനുള്ള സ്ഥലവും കരസ്ഥമാക്കിയിരുന്നു. കൊച്ചിയിൽ മടങ്ങിയെത്തിയ അദ്ദേഹം 1510ൽ കോഴിക്കോട് വലിയൊരു നാവിക സന്നാഹവുമായി എത്തി. അദ്ദേഹത്തിന്റെ അനന്തിരവൻ ഡോൺ അൻേറാണിയോ ഡി നൊറോഞ്ഞയെ തുറമുഖത്തുള്ള മുസ്ലിം കപ്പലുകളൊക്കെ തകർക്കുന്നതിന് ആജ്ഞാപിച്ചുകൊണ്ട് അദ്ദേഹവും മറ്റൊരു പടനായകനായ മാർഷലും കൂടി കാക്കിറഞ്ഞി കൊള്ളയും, കൊള്ളിവെയ്പ്പും ആരംഭിച്ചു. മാർഷലാകട്ടെ, സാമൂതിരിയും പരിവാരവും കൊട്ടാരത്തിലില്ലെന്ന് മനസ്സിലാക്കി കൊട്ടാരത്തിന് നേരെ തിരിഞ്ഞു. കാവൽക്കാരെ കീഴടക്കി അരമനയിൽ കയറിയ അദ്ദേഹം സാമൂതിരിയെ കീഴടക്കിയതായി പ്രഖ്യാപനം നടത്തുകയുമുണ്ടായി. ഭയവിഹ്വലരായ ജനങ്ങൾ വിവരമറിഞ്ഞ് തങ്ങളുടെ നായർ-മാപ്പിള പടയാളികളെ സംഘടിപ്പിച്ച് പറങ്കികളെ ദയനീയമായി പരാജയപ്പെടുത്തി. പറങ്കിസേനയെ നയിച്ചിരുന്ന മാർഷൽ കൊല്ലപ്പെടുകയും, ആൽബുക്കർക്കിന് പരുക്കേൽക്കുകയും ചെയ്തു. ഈ യുദ്ധത്തിൽ 500ലധികം പറങ്കികൾ മരിച്ചിട്ടുണ്ടായിരിക്കുമെന്നാണ് ശൈഖ് സൈനുദ്ദീൻ എഴുതിയിട്ടുള്ളത്.23. കെ.എം. പണിക്കർ ഇക്കാര്യം വിവരിക്കുന്നതിപ്രകാരമാണ്. "അവിസ്മരണീയമായ ആ ദിനത്തിൽ മാർഷൽ കൊല്ലപ്പെട്ടു. ഈ യുദ്ധത്തിൽ മരിച്ച 70ൽപ്പരം പറങ്കി പ്രഭുക്കൻമാരുടെ കൂട്ടത്തിൽ വാസ്കോ ഡ സിൽവിരാ, ലേണൽ കൂട്ടിനോ, ഫിലിപ്പ് റോഡ്രിഗ്സ്, എന്നീ പട്ടാള തലവൻമാരും ഉൾപ്പെടുന്നു."24. എന്നാൽ കോഴിക്കോട് പട്ടണത്തിന് പൊതുവേയും, മുസ്ലിം കേന്ദ്രങ്ങൾക്ക് പ്രത്യേകമായും ഏറെ നാശനഷ്ടങ്ങൾ വരുത്തുവാൻ അവർക്ക് കഴിഞ്ഞിരുന്നു. വ്യാപാര പ്രമുഖനും നാവികവീരനുമായിരുന്ന നഖുദ എന്ന അറബി പണികഴിപ്പിച്ചിരുന്ന ഏറ്റവും പ്രസിദ്ധമായ നഖുദ മിസ്ഖാൽപ്പള്ളി ഉൾപ്പെടെ നിരവധി മുസ്ലിം ദേവാലയങ്ങൾ അഗ്നിക്കിരയാക്കുകയും ചെയ്തു.25.

ഇതിനു മുമ്പുതന്നെ ചൗളിൽ വെച്ചു നടന്ന നിർണ്ണായക യുദ്ധങ്ങളിൽ പറങ്കികൾക്കും, സാമൂതിരിയുടെ നാവികർക്കും ധാരാളം നാശനഷ്ടങ്ങൾ ഉണ്ടായിരുന്നു. പറങ്കികളോട് തനിച്ച് യുദ്ധം ചെയ്യുന്നത് ആപൽക്കരമാണെന്ന് മനസ്സിലാക്കിയിരുന്ന സാമൂതിരി തന്റെ മാപ്പിള നാവിക പ്രതിനിധികളുടേയും ഉപദേശകരുടേയും സഹായത്തോടുകൂടി ഈജിപ്പിലേയും, ഗുജറാത്തിലേയും, ബിജാപ്പുരിലേയും സുൽത്താൻമാരോട് സഹായം അഭ്യർത്ഥിച്ചു. ശൈഖ് സൈനുദ്ദീൻ തന്റെ കേരള ചരിത്രമായ തുഹ്ഫത്തുൽ മുജാഹിദീൻ സമർപ്പിരുന്നത് തന്നെ ബിജാപ്പൂരിലെ ആദിൽഷായ്ക്ക് ആയിരുന്നുവല്ലോ. ഇസ്ലാമിനെ ഭൂമുഖത്ത് നിന്ന് ഉൻമൂലനം ചെയ്യുവാൻ കച്ചകെട്ടിയിറങ്ങിയിട്ടുള്ള പറങ്കികൾ കേരളത്തിൽ മുസ്ലിംകൾക്കെതിരായി നടത്തിക്കൊണ്ടിരുന്ന ക്രൂരവും അതി നീചവുമായ നരനായാട്ടിനേയും, ആരാധനാലയങ്ങളെ തകർക്കുന്നതിനെയും ഒക്കെക്കുറിച്ച് മനസ്സിൽ തട്ടുംവിധം പ്രതിപാദിക്കുകയും മുസ്ലിംകളുടെ ശത്രുക്കളായ ഈ കാപാലികർക്കെതിരെ ജിഹാദിന് (പരിശുദ്ധയുദ്ധം) തയ്യാറായി മലബാർ മുസ്ലിംകളുടെ നാവികപ്പോരാട്ടങ്ങളിൽ പങ്കുചേരണമെന്നും അഭ്യർത്ഥിച്ചിരുന്നു. ഇതിന്റെയൊക്കെ ഫലമായി ഈജിപ്പ് സുൽത്താനായ ഖൻസുൽവാവരി തന്റെ സേനാധിപതികളിലൊരാളായ മീർഹുസൈന്റെ നേതൃത്വത്തിൽ 12 കപ്പലുകളിലായി സുശിക്ഷിതരായ 1500 നാവികരോടുകൂടി ഇവിടേയ്ക്കയച്ചു. ഗുജറാത്ത് സുൽത്താനായ മുഹമ്മദ് ഷായാകട്ടെ

തന്റെ ക്യാംപെയിലെ ഗവർണ്ണറായ മാലിക് അയാസിന്റെ കീഴിലാണ് ഈജിപ്ഷ്യൻ സേനയുമായി സന്ധിച്ച് പറങ്കികളെ നേരിടുവാൻ തയ്യാറാക്കിയത്. ഈ യുദ്ധത്തിൽ കനത്ത ആൾ നഷ്ടത്തോടു കൂടി പറങ്കികൾക്ക് പരാജയം നേരിട്ടു. ആധുനിക സജ്ജീകരണങ്ങളോടുകൂടിയുള്ള ഈജിപ്ഷ്യൻ പ്പടയുമായി നേരിട്ടപ്പോൾ പറങ്കികൾക്ക് പിടിച്ചു നിൽക്കുവാൻ സാധിച്ചില്ല. ചൗളിൽ നേരിട്ട ഈ പരാജയത്തിന് പ്രതികാരം നടത്തുവാനായി സജ്ജീകരിക്കാവുന്ന എല്ലാ ഒരുക്കങ്ങളോടുകൂടി 1509 ഫെബ്രുവരി 2-ാം തിയ്യതി പറങ്കിസേന ഡ്യൂവിലെത്തി. അടുത്ത ദിവസം നടന്ന ഏറ്റുമുട്ടലിൽ ഇരുവിഭാഗത്തിനും വലിയ നാശനഷ്ടങ്ങൾ ഉണ്ടായെന്നല്ലാതെ യുദ്ധം നിർണ്ണായകമായിരുന്നില്ല. ഈ സംഘടിത ശക്തിയെ തോൽപ്പിക്കുവാൻ മറ്റ് ഉപായങ്ങളാണ് പോർച്ചുഗീസുകാർ നടത്തിയത്. ഗുജറാത്ത് സേനാധിപതിയായിരുന്ന മാലിക് ഇയാസിനെ ഭീമമായ കോഴ നൽകി പാട്ടിലാക്കുകയാണ് അവർ ചെയ്തത്.26. യുദ്ധത്തിൽ അങ്ങനെ നിസ്സംഗത പ്രകടിപ്പിച്ച മാലിക് ഇയാസിന്റെ വഞ്ചനയിൽ മനംമടുത്ത് ഈജിപ്ഷ്യൻ സൈന്യം യുദ്ധം ചെയ്യാതെ മടങ്ങിപ്പോകുകയുണ്ടായി. അതോടെ മലബാർ നാവികർ മാത്രമായി പറങ്കികളുമായി പട പൊരുതുവാൻ.

ആത്മവീര്യം വീണ്ടെടുത്ത ആൽബുക്കർക്കിന് കൊച്ചിയിലും കണ്ണൂരും പോർച്ചുഗീസ് ശക്തി ഉറപ്പിക്കുവാനും കൊല്ലം രാജാവുമായി ഒരു വ്യാപാര ഉടമ്പടി ഉണ്ടാക്കുവാനും കഴിഞ്ഞു. 1510 മാർച്ചിൽ ഗോവ പിടിച്ചടക്കിയെങ്കിലും ബീജാപ്പൂർ സുൽത്താൻ ഇസ്മയിൽ ആദിൽഷായുടെ സൈന്യം ഗോവയിൽ നിന്നും പറങ്കികളെ പുറത്താക്കി. പക്ഷേ രണ്ട് മാസത്തിനു ശേഷം ഈ സ്ഥലം തിരിച്ചുപിടിക്കുവാൻ കഴിഞ്ഞ ആൽബു ക്കർക്ക് ഗോവയെ തങ്ങളുടെ പ്രധാന ആസ്ഥാനമാക്കി മാറ്റി. ക്രിസ്ത്യാനികളല്ലാത്ത എല്ലാ മത വിഭാഗങ്ങളേയും അവിടെ നിന്ന് പുറത്താക്കുകയും അവരുടേതായിരുന്ന ആരാധനാലയങ്ങളത്രയും കൊള്ളയടിച്ച് നശിപ്പിക്കുകയും ചെയ്തു. പോർച്ചുഗീസുകാരെക്കൊണ്ട് ഇന്ത്യൻ സ്ത്രീകളെ വിവാഹം ചെയ്യിപ്പിച്ച് പറങ്കികളോടു കൂറുള്ള പുതിയൊരു തലമുറയ്ക്ക് അദ്ദേഹം ജൻമം കൊടുത്തു.27. ഇതേ പ്രക്രിയ തന്നെയാണ് കൊച്ചിയിലെ പറങ്കിക്കോട്ടയിലും അതിന്റെ പരിസരത്തും അവർ നടപ്പാക്കിയ മതനയം. അങ്ങനെ പറങ്കിപാരമ്പര്യം ഈ മണ്ണിൽ സുസ്ഥിരമാക്കിയത് ആൽബുക്കർക്ക് ആകുന്നു. 1515ൽ ആൽബുക്കർക്ക് മരണമടയുന്നതിനു മുമ്പുതന്നെ സാമൂതിരിയുമായി ഒരു സന്ധിയുണ്ടാക്കിയിരുന്നു. എന്നാൽ അത് അധികകാലം നീണ്ടുനിന്നില്ല. പോർച്ചുഗീസുകാരോട് ശത്രുതയിൽ കഴിഞ്ഞിരുന്ന അന്നത്തെ സാമൂതിരിയെ വിഷം കൊടുത്ത് കൊല്ലിക്കുവാൻ ആൽബുക്കർക്കിന് സാധിച്ചിരുന്നു. "സാമൂതിരിക്ക് നമ്പ്യാതിരി വിഷം കൊടുത്ത് കൊന്നു എന്ന കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല. എന്റെ എല്ലാ കത്തുകളിലും സാമൂതിരിക്ക് വിഷം കൊടുക്കുവാൻ ഞാൻ ആവശ്യപ്പെട്ടിരുന്നു. നമ്പ്യാതിരിയുമായി സമാധാന സന്ധിക്ക് ഒരുക്കമാണെന്നും ഞാൻ വ്യക്തമാക്കിയിരുന്നു."28. കോഴിക്കോട് ഒരു ഫാക്ടറി സ്ഥാപിക്കുവാനുള്ള അനുവാദം പിന്നീട് അധികാരത്തിലേറിയ സാമൂതിരി നൽകുകയും ചെയ്തു. കരയിലും, കടലിലും മുസ്ലിംകളെ അതിക്രൂരമായി കൂട്ടക്കൊല നടത്തുകയും സൗകര്യം കിട്ടുമ്പോഴൊക്കെ അവരുടെ ആസ്ഥാനങ്ങൾ കൊള്ളയടിക്കുകയും, ആരാധനാലയങ്ങൾ തീവെച്ചു നശിപ്പിക്കുകയും സ്ഥിരം പതിവായി. മനുഷ്യത്വ രഹിതമായ ഈ കാട്ടാള പ്രവൃത്തിയിൽ രോഷാകുലരായ മുസ്ലിംകൾ കിട്ടുന്ന അവസരങ്ങളിലൊക്കെ പറങ്കികളേയും അവരുടെ വ്യാപാരത്തേയും നശിപ്പിക്കുവാനുള്ള ശ്രമങ്ങൾ നടത്തിയിരുന്നു. ഈ സന്ദർഭത്തിലാണ് നാവികപ്പോരാട്ടങ്ങളിൽ ഇതിഹാസം സൃഷ്ടിച്ച മരക്കാർ കുടുംബത്തിലെ അതികായൻമാരുടെ ആഗമനം. പറങ്കി മാപ്പിള നാവിക യുദ്ധങ്ങളുടെ രണ്ടാംഘട്ടം അങ്ങനെ ഉദ്ഘാടിതമായി.

---

1. *Castenheda, The History of the Conquest of India, Kerr's Collections Voyages and Travels, Vol 2, London, p. 359.*
2. *Danvers, vol 1, op.cit, p. 59.*
3. *Roland E Miller, Mappilla Muslims of Kerala, op.cit, p. 66.*
4. *Whiteway, The Rise of Portuguese Power in India, op.cit, p. 66.*
5. *തുഹ്ഫത്തുൽ മുജാഹിദീൻ, പരിഭാഷ, സിഹാസ്, മുൻ ഉദ്ധരിച്ചത്, പേജ് 63.*
6. *F.C. Danvers, op.cit, p. 76.*
7. *Ibid.*
8. *Jayene- Vasco-Da-Gama and his successors, p. 65, quoted by O.K. Nambiar, The Kunhalis, The Admirals of Calicut, enlarged edition, 1963, Asia Publishing House, Bombay.*

9. Whiteway, op.cit, pp. 91-92.
10. Ibid.
11. Correa, Three Voyages of Vasco-Da-Gama, op.cit. 331-32.
12. Danvers. F.C, The Portuguese in India, Vol I, p. 85.
13. Ibid, p. 85.
14. Correa, The Lendas Da India, Translated by Lord Staneley, London, 1863, Three Voyages of Vasco-Da-Gama, p. 314.
15. Ibid.
16. Ferriya Y Souza, Portuguese Asia, 3 Vols, London, 1965, Vol I, p. 67.
17. Correa, Voyages etc. op.cit, p. 311.
18. F.C. Danvers, op.cit, pp. 283-84.
19. തുഹ്ഫത്തുൽ മുജാഹിദീൻ, പരിഭാഷ, കെ.എം. മൗലവി, എം.എം.എം. പ്രസ്സ്, കോഴിക്കോട്, 1954, പുറം 30.
20. ടി. പരിഭാഷ. സി. ഹംസ, മുൻ ഉദ്ധരിച്ചത്, പുറം 86.
21. അതുതന്നെ.
22. അതുതന്നെ, പുറം 88.
23. അതുതന്നെ.
24. കെ.എം. പണിക്കർ, കേരള സ്വാതന്ത്ര്യസമരം, രണ്ടാം പതിപ്പ് 1963, പുറം 94.
25. തുഹ്ഫത്തുൽ മുജാഹിദീൻ, പരിഭാഷ, സി. ഹംസ, മുൻ ഉദ്ധരിച്ചത്, പുറം 66.
26. കേരളസ്വാതന്ത്ര്യസമരം, മുൻ ഉദ്ധരിച്ചത്, പുറം 88.
27. തുഹ്ഫത്തുൽ മുജാഹിദീൻ, പരിഭാഷ, സി. ഹംസ, മുൻ ഉദ്ധരിച്ചത്, പേജ് 69.
28. തോറോ ഡി തോമ്പോ, കോർപോ ക്രോണോളോജിക്കോ, പുറം 1.

# XVII മരക്കാർമാർ- പറങ്കി - മാപ്പിള നൂറ്റാണ്ട് യുദ്ധം - രണ്ടാംഘട്ടം

വ്യാപാരികളുടേയും, നാവികരുടേയും പാരമ്പര്യമാണ് മരക്കാർ കുടുംബത്തിന് പറയാനുള്ളത്. തോണിയിൽ വന്നവർ എന്നർത്ഥത്തിൽ മർക്കബ് എന്ന അറബി വാക്കിൽ നിന്നോ, അതല്ല കപ്പൽ എന്നർത്ഥമുള്ള മരക്കലം എന്ന തമിഴ്‌വാക്കിൽ നിന്നോ, ആകാം ഈ പേരിന്റെ ഉൽഭവമെന്നാണ് ഖാദർ ഹുസൈൻ ഖാൻ ഊഹിക്കുന്നത്.1. കപ്പലോട്ടക്കാർ എന്നർത്ഥത്തിലാണ് ഈ വാക്ക് ഉപയോഗിച്ചിരുന്നതെന്നും പറയുന്നുണ്ട്. വേദപുസ്തകമുള്ളവരെ മാർക്കക്കാർ എന്ന് പറഞ്ഞിരുന്നു. മാർക്കക്കാർ എന്നതിൽ നിന്നാണ് മരക്കാർ എന്ന പദം ഉരുത്തിരിഞ്ഞതെന്നാണ് ലോഗന്റെ പക്ഷം.2.

മരക്കാർ എന്ന വാക്കിന് നേതാവ്, മേലാളൻ, എന്നൊക്കെ അർത്ഥമുണ്ട്. അങ്ങനെയുമാകാം മരക്കാർ എന്ന നാമത്തിന്റെ ഉൽഭവം. കപ്പലോട്ടക്കാരെ കടൽക്കൊള്ളക്കാരായി വിശേഷിപ്പിക്കുന്ന മറാത്തി വാക്കായ മർക്കർ എന്നതിൽ നിന്നാകാം ഈ സംജ്ഞ ഉണ്ടായതെന്നും പറയുന്നവരുണ്ട്. തേഴ്സ്റ്റൺ എഴുതുന്നതാകട്ടെ, മൽസ്യബന്ധനത്തിന് കടലിൽ പോകുന്നവരെ മരക്കാൻമാർ എന്ന് വിളിക്കുന്നതിൽ നിന്നും, മരക്കാർമാർ ഉണ്ടായതെന്നാണ്.3. ഇന്നും തിരവിതാകൂർ ഭാഗത്തുള്ള മുക്കുവരെ മരക്കാൻമാർ എന്ന് വിശേഷിപ്പിക്കാറുണ്ടല്ലോ.

പ്രസിദ്ധരായ കുഞ്ഞാലി മരക്കാർമാരുടെ പൂർവ്വികരുടെ ആസ്ഥാനം കൊച്ചിയിലായിരുന്നു. മധ്യപൗരസ്ത്യദേശങ്ങളുമായും ഇന്ത്യയിലെ തന്നെ മറ്റു സ്റ്റേറ്റുകളുമായും വ്യാപാരം നടത്തിയിരുന്നത് ഇവരാണ്. കൊച്ചിയിലെ വ്യാപാര പ്രമുഖനായിരുന്നു ഇസ്മയിൽ മരക്കാർ. 1503ൽ സാമൂതിരി കൊച്ചിയെ ആക്രമിക്കുവാൻ വലിയ സന്നാഹവുമായി എത്തിയപ്പോൾ സാമൂതിരിക്കും അദ്ദേഹത്തിന്റെ മാപ്പിള നാവികർക്കും സഹായിയായി തീരുമെന്ന ആശങ്കയിൽ പച്ചിക്കോ ഇസ്മയിൽ മരക്കാരേയും, കുടുംബത്തേയും തടവുകാരാക്കി പീഢിപ്പിച്ചിരുന്നു. ഗുജറാത്ത്, ബംഗാൾ, തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും അരിയും മറ്റ് ആവശ്യവസ്തുക്കളും ഇറക്കുമതി ചെയ്തിരുന്നത് അദ്ദേഹമായിരുന്നു. ഈ വ്യാപാരം ഇല്ലാതാക്കി കൃത്രിമമായ ഭക്ഷ്യക്ഷാമം ഉണ്ടാക്കുകയെന്നതായിരുന്നു പച്ചിക്കോവിന്റെ ലക്ഷ്യം. സാമൂതിരിയേയും, സന്നാഹത്തേയും അതുവഴി പിന്തിരിപ്പിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ തന്ത്രം. അക്കാരണത്താലും ക്ലേശം അനുഭവിച്ചത് മുസ്ലിംകളായിരുന്നു. മരക്കാർമാരിൽപ്പെട്ട മറ്റൊരു നാവികപ്പടയാളിയായിരുന്നു സാമൂതിരിയുടെ കീഴിലുണ്ടായിരുന്ന മമ്മാലിയെന്ന നാവികൻ. കൊടുങ്ങല്ലൂർ വെച്ച് നടന്ന നാവിക ഏറ്റുമുട്ടലിൽ മമ്മാലിയും അദ്ദേഹത്തിന്റെ രണ്ട് പുത്രൻമാരും മരണമടഞ്ഞിരുന്നു. പറങ്കികളുമായി കൊച്ചി രാജാവുണ്ടാക്കിയ ഉടമ്പടിയും അവർ കൊച്ചിയിലും കേരളത്തിലെ മറ്റ് സ്ഥലങ്ങളിലും നിരങ്കുശം നടത്തിക്കൊണ്ടിരുന്ന നരനായാട്ടും, പറങ്കികളുടെ മുസ്ലിം വിരോധവും ഒക്കെക്കൂടി സൈര്യമായി ജീവിക്കാൻ പറ്റാത്ത അവസ്ഥയാണ് കൊച്ചിയിലെ മുസ്ലിം വ്യാപാരികൾക്കുണ്ടായിരുന്നത്. തങ്ങളുടെ ആളും അർത്ഥവും പറങ്കികളുടെ കൊടിയ പകയ്ക്ക് ഇരയായിക്കൊണ്ടിരുന്നതിനാൽ കൊച്ചിയിൽ നിന്നും തങ്ങളുടെ ആസ്ഥാനം പൊന്നാനിയിലേക്ക് മാറ്റുകയാണുണ്ടായത്. പൊന്നാനിക്കാരനായ ശൈഖ് സൈനുദ്ദീൻ ഇവരുടെ ആഗമനത്തെക്കുറിച്ചെഴുതുന്നത് ഇപ്രകാരമാണ്. "പറങ്കികളുടെ നികൃഷ്ടമായ പൈശാചിക പ്രവർത്തനങ്ങളിൽ മനം നൊന്ത് അവരോട് യുദ്ധം ചെയ്യുവാൻ പ്രതിജ്ഞയെടുത്തുകൊണ്ട് കൊച്ചിയിലെ വ്യാപാര പ്രമുഖരായിരുന്ന അഹമ്മദ് മരക്കാർ, അദ്ദേഹത്തിന്റെ സഹോദരൻ കുഞ്ഞാലി മരക്കാർ, അവരുടെ മാതുലൻ മുഹമ്മദലി മരക്കാർ എന്നിവരുടെ നേതൃത്വത്തിലുള്ള വലിയൊരു സംഘം കോഴിക്കോട്ടെത്തി. അവരെ സാമൂതിരി സഹർഷം സ്വാഗതം ചെയ്തു. തന്റെ നാവിക പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാനുള്ള നിർദ്ദേശത്തോടുകൂടി അവരെയെല്ലാം സാമൂതിരി തന്റെ സേവകരായി നിയമിച്ചു."4.

പൊന്നാനി, മുസ്ലിം നാവികരുടെ പ്രബലത്തായ സങ്കേതങ്ങളിലൊന്നായി മാറിയപ്പോൾ പറങ്കികളുടെ ആക്രമണത്വര അവിടേയ്ക്ക് തിരിഞ്ഞു. 1507ലും 1527ലും അവർ പൊന്നാനിയിൽ കൊള്ളയും കൊലയും നടത്തുകയും, പ്രാർത്ഥനാലയങ്ങളും വ്യാപാരകേന്ദ്രങ്ങളും തകർത്ത് തരിപ്പണമാക്കുകയും ചെയ്തു.5. കൊച്ചിയിൽ നിന്നും പൊന്നാനിയെ ആക്രമിക്കുവാൻ പറങ്കികൾക്ക് എളുപ്പമായതിനാലും അവരുടെ ആക്രമണം ആവർത്തിക്കപ്പെട്ടിരുന്നതുകൊണ്ടും പൊന്നാനിയിൽ നിന്നും മരക്കാർമാർ അളകപ്പുഴയുടെ തെക്കേതീരത്തേക്ക് താമസം മാറ്റി. പുതുപട്ടണം എന്നാണ് ഈ സ്ഥലം അറിയപ്പെട്ടിരുന്നത്. 1524ൽ നടന്ന പറങ്കികളുടെ പൊന്നാനി ആക്രമണത്തിനുശേഷമായിരിക്കണം പുതുപട്ടണം ആസ്ഥാനമാക്കിയത്.

തന്റെ നാവികപ്പടയുടെ നേതൃത്വത്തിലേക്കുയർത്തിയ മരക്കാർമാരെ കുഞ്ഞാലിയെന്ന ബഹുമതി കൊടുത്താണ് സാമൂതിരി ആദരിച്ചത്. കുഞ്ഞാലിയെന്ന വാക്കിനർത്ഥം

വിശ്വസ്ഥൻ, പ്രിയങ്കരൻ, എന്നൊക്കെയാണ്. കുടുംബത്തിലെ പ്രായംകൂടിയ ആളെയാണ് നാവിക മേധാവിയായി നിയമിച്ച് കുഞ്ഞാലിയെന്ന പദവി നൽകിയിരുന്നത്. പറങ്കികളോട് പടവെട്ടിയ നാവിക നേതൃനിരയിലെ പ്രഗത്ഭൻമാരിൽ നാലുപേരെ മാത്രമാണ് ചരിത്രത്തിൽ പ്രാധാന്യം നൽകി പ്രതിപാദിച്ചു പോരുന്നത്. അവർ മറ്റുള്ള പടനായകൻമാരേക്കാൾ അതീവ പ്രസിദ്ധരും സാഹസിക യോദ്ധാക്കളുമായിരുന്നു എന്നത് കൊണ്ടാണത്. പറങ്കികൾക്ക് പേടിസ്വപ്നമായിരുന്ന സാമൂതിരിയുടെ ആ നാല് നാവിക മേധാവികൾ ക്യാപ്റ്റൻ കുട്ടിയലി, കുട്ടിപോക്കർ, പട്ടുമരക്കാർ, മുഹമ്മദലി മരക്കാർ എന്നിവരാണ്. ഇവർക്ക് മുമ്പും പിമ്പും പറങ്കികളുമായി ഏറ്റുമുട്ടി അവരെ നിരന്തരം പീഢിപ്പിച്ചുകൊണ്ടിരുന്ന അനവധി മാപ്പിള പടനായകൻമാർകൂടി വൈദേശികാധിപത്യത്തിനെതിരായി പടവെട്ടി, ജീവാർപ്പണം നടത്തിയവരായുണ്ടെന്ന വസ്തുത മറക്കാതിരിക്കുക. മാപ്പിള-പറങ്കി നൂറ്റാണ്ട് യുദ്ധം മുസ്ലിംകളുടെ വ്യാപാരക്കുത്തക തകർക്കുക മാത്രമല്ല, കേരളത്തിൻെറ സമ്പദ്‌വ്യവസ്ഥയെ സാരമായി ബാധിച്ച സംഭവം കൂടിയുമായിരുന്നു. നിരന്തരമായ സായുധ സംഘട്ടനങ്ങൾ മാപ്പിള സമുദായത്തെ വളരെയധികം ശോഷിപ്പിച്ചിരുന്നു. പറങ്കികളുടെ തിരോധാനം വരെ അവരെ എതിർത്ത മുസ്ലിംകൾ അങ്ങേയറ്റം ക്ഷയോൻമുഖരായി. അവരിലധികംപേരും സമുദ്രാന്തരീയ വ്യാപാര രംഗത്തുനിന്നും ഉൾനാട്ടിലേക്ക് വലിഞ്ഞ് കാർഷിക സംരംഭങ്ങളിൽ വ്യാപൃതരുമായി. മരക്കാർമാരിൽ പലരും സിലോണിലും, നാഗപട്ടണത്തും കുടിയേറിപ്പാർത്തവരായുമുണ്ട്.

കൊച്ചിയിൽ നിന്നും പൊന്നാനിയിലേക്ക് താമസമാക്കിയ മരക്കാർമാരിൽ പ്രധാനിയായിരുന്ന മുഹമ്മദലി മരക്കാർ തൻെറ സഹോദരൻ ഇബ്രാഹിം മരക്കാരോടൊപ്പം കോഴിക്കോട് ചെന്ന് സാമൂതിരിയെ സന്ദർശിച്ചു.6. തങ്ങളുടെ ആളും അർത്ഥവും കപ്പലുകളുമെല്ലാം സാമൂതിരിക്ക് അടിയറ വെക്കുവാൻ തയ്യാറായ അവർ പറങ്കികളോടുള്ള പോരാട്ടത്തിൽ എന്ത് ത്യാഗവും സഹിച്ച് ഭാഗഭാക്കുകളാകാമെന്ന് സാമൂതിരിയെ അറിയിച്ചു. പറങ്കികളുമായുള്ള ഏറ്റുമുട്ടലിൽ നാവിക സേനയാണ് നിർണ്ണായക ശക്തിയെന്നറിയാമായിരുന്ന സാമൂതിരി ഇവരുടെ ആഗമനം ദൈവാനുഗ്രഹമായി കരുതി, അവരെ സഹർഷം സ്വാഗതം ചെയ്തു. മുഹമ്മദലി മരക്കാരെ തൻെറ നാവിക സേനാനിയായി നിയമിച്ച് കുഞ്ഞാലിയെന്ന പദവി നൽകുകയും ചെയ്തു. മുഹമ്മദലി മരക്കാർ സാമൂതിരിയുടെ നാവികപ്പടയുടെ മേധാവിയായി ഉയർത്തപ്പെട്ടതോടുകൂടി പറങ്കിപ്പടനായകരിൽ പരിഭ്രാന്തി പരന്നു. അവർ മരക്കാർമാരുടെ അന്നത്തെ ആസ്ഥാനമായിരുന്ന പൊന്നാനിയുടെ നേരെ ശക്തിയായ പ്രതിരോധം നടത്തി. മുഹമ്മദലി മരക്കാർ തൻെറ നാവിക പ്പടയ്ക്ക് നേതൃത്വം കൊടുക്കുവാൻ കഴിവും മിഴിവുമുള്ള നിരവധി നാവിക വിദഗ്ദ്ധരെ നിയമിച്ചിരുന്നു. പച്ചി മരക്കാർ, കുട്ടിയലി മരക്കാർ, എന്നി പേരുകൾ ഇത്തരുണത്തിൽ അനുസ്മരണീയമാണ്. എന്നാൽ മറ്റാരേക്കാൾ പ്രഗത്ഭനും പറങ്കികൾക്ക് പേടിസ്വപ്നവുമായിരുന്ന വീരശൂരപരാക്രമിയായ കുട്ടിയലിയാണ് പിന്നീട് കുഞ്ഞാലി മരക്കാർ ഒന്നാമൻ എന്ന നിലയിൽ അതീവ പ്രശസ്തനായത്.

മുഹമ്മദലി മരക്കാരും, പച്ചി മരക്കാരും വലിയ ഹസ്സനുമൊക്കെ ഗുജറാത്ത് മുതൽ സിലോൺ വരെയുള്ള കടലോരങ്ങളിൽ തമ്പടിച്ച് പറങ്കികളുടെ നാവിക പ്രവർത്തനത്തേയും, കച്ചവടത്തേയും നിരന്തരം ശല്യപ്പെടുത്തികൊണ്ടിരുന്നവരാണ്. സാമൂതിരിയുടെ നിർദ്ദേശപ്രകാരം പറങ്കികളെ സിലോണിൽ നിന്നും തുരത്തുവാനായി അവിടെയെത്തിയ അവർ പല നാവിക യുദ്ധങ്ങളും നടത്തി. ഇവരോടൊപ്പമുണ്ടായിരുന്ന മറ്റൊരു നാവിക വീരനായിരുന്നു അലി ഇബ്രാഹിം. ഈജിപ്തുകാരനായ അദ്ദേഹം കോഴിക്കോട് സ്ഥിരതാമസമാക്കിയിരുന്ന കച്ചവട പ്രമുഖരിൽ ഒരാളായിരുന്നു. ഈ അവസരത്തിൽ സിലോൺ രാജാവിൻെറ ഇളയ സഹോദരനായ മൈഥുനെ രാജാവുമായി പിണങ്ങി പച്ചിമരക്കാരുടേയും മറ്റും സഹായത്തോടെ അധികാരം പിടിച്ചു പറ്റുവാനുള്ള ശ്രമം നടത്തി. ഇക്കൂട്ടത്തിൽ കുഞ്ഞാലി മരക്കാർ, അലി ഇബ്രാഹിം, പട്ടു മരക്കാർ, എന്നിവരുമുണ്ടായിരുന്നു. സിലോൺ രാജാവാകട്ടെ, പറങ്കികൾക്ക് എല്ലാവിധ സൈനിക സഹായവും നൽകി മരക്കാർമാർക്കെതിരെ യുദ്ധപ്രഖ്യാപനവും നടത്തിയിരുന്നു. ചെറിയ ചെറിയ ഏറ്റുമുട്ടലുകളിൽ പറങ്കികളെ പരാജയപ്പെടുത്തുവാൻ മാപ്പിളനാവികർക്ക് കഴിഞ്ഞിരുന്നു. എന്നാൽ കായൽപ്പട്ടണം, വിദുലൈ തുടങ്ങിയ സ്ഥലങ്ങളിൽ വെച്ചുണ്ടായ പോരാട്ടങ്ങളിലാകട്ടെ, മാപ്പിളപ്പടയ്ക്ക് കനത്ത ആൾനാശവും, ധനനഷ്ടവുമാണ് സംഭവിച്ചത്. മൈഥുനെയാകട്ടെ, ജ്യേഷ്ഠനായ രാജാവുമായി അനുരഞ്ജനത്തിനുള്ള എല്ലാ ശ്രമങ്ങളും നടത്തുകയും ചെയ്തു. വിദുലൈയിൽ നടന്ന അതിഘോരമായ നാവികയുദ്ധം പറങ്കികൾ ഇവിടെ നടത്തിയ നാവിക സംഘട്ടനങ്ങളിൽ വെച്ച് ശക്തമായ ഒന്നായിരുന്നു. യുദ്ധത്തിൽ അലി ഇബ്രാഹിം മരണപ്പെട്ടു. പച്ചിമരക്കാരും, കുഞ്ഞാലിമരക്കാരും രക്ഷപ്പെട്ടെങ്കിലും അവരുടെ വിലമതിക്കാൻ കഴിയാത്തത്ര ധനം പറങ്കികളുടെ കൈയ്യിൽപ്പെട്ടു. ഈ വിജയം യൂറോപ്പിലാകമാനം കൊട്ടിഘോഷിക്കത്തക്ക വിധം പോർച്ചുഗീസുകാർക്ക് ഇവിടെ ലഭിച്ച അഭിമാനകരമായ നേട്ടമായിരുന്നു.

ഈ പരാജയത്തിൻെറ ക്ഷീണം തീർക്കുന്നതിനായി വീണ്ടും പട്ടുമരക്കാരുടേയും, കുഞ്ഞാലിമരക്കാരുടേയും നേതൃത്വത്തിൽ പരിശീലനം സിദ്ധിച്ച നാവികരോടും കൂടുതൽ ആയുധ സജ്ജീകരണങ്ങളോടുംകൂടി 16 പടക്കപ്പലുകളിലായി അവർ വീണ്ടും സിലോണിലെത്തി. മൈഥുനെയുമായി സന്ധിച്ച് പറങ്കിപ്പടയോട് പക വീട്ടാമെന്നായിരുന്നു അവരുടെ ധാരണ. എന്നാൽ പച്ചി മരക്കാരുടേയും മറ്റും കണക്കുകൂട്ടൽ തെറ്റിച്ചു കൊണ്ട് പറങ്കി നാവിക മേധാവിയായ ഫെറീറ അവരെ വലയം ചെയ്ത് യുദ്ധം ചെയ്യുവാൻ നിർബന്ധരാക്കി. ഈ വലിയ നാവിക യുദ്ധത്തിലും മൈഥുനെ കാലു മാറുകയാണ്

ചെയ്തത്. തന്റെ സഹോദരനായ രാജാവിന്റെ അടുക്കൽ മാപ്പപേക്ഷിച്ച് അദ്ദേഹം അഭയം തേടുക മാത്രമല്ല, തന്നെ വിശ്വസിച്ച് അഭയാർത്ഥികളായെത്തിയ പരാജിതരായ മാപ്പിള നാവികരെ ചതിയിൽകൊന്ന് രാജാവിനെ പ്രീണിപ്പിക്കുകയും ചെയ്തു.7. മൈഥുനെയുടെ കൊട്ടാരത്തിൽ നിന്നും രക്ഷപ്പെട്ട മാപ്പിള നാവികരുടെ പെരുമാറ്റത്തിൽ സംശയാലുക്കളായ ഗ്രാമവാസികൾ കൊലപ്പെടുത്തിയതായിരിക്കാമെന്നുള്ള ഭിന്നാഭിപ്രായം സിലോൺ ചരിത്രകാരൻമാരിൽ നിലനിൽക്കുന്നുണ്ട്. സത്യമേത് തന്നെയായാലും സിലോണിനെതിരായുള്ള പ്രതിരോധ ശ്രമങ്ങൾ സാമൂതിരി പിന്നീട് ഉപേക്ഷിച്ചതായിട്ടാണ് മനസ്സിലാകുന്നത്. 1540ൽ അന്നത്തെ സാമൂതിരി മരണമടഞ്ഞതിനുശേഷം അദ്ദേഹത്തിന്റെ പിൻഗാമിയുമായി പറങ്കികൾ പുതിയൊരു ഉടമ്പടി ഉണ്ടാക്കുകയും ചെയ്തു.

അലി ഇബ്രാഹിമിന്റേയും പച്ചി മരക്കാരുടേയും ഒപ്പം ഓർമ്മിക്കപ്പെടേണ്ട മറ്റൊരു പടനായകനാണ് വലിയ ഹസ്സൻ. പുറക്കാട്ടടികളുടെ പിൻബലത്തോടെ വലിയ ഹസ്സനും പട്ടുമരക്കാരും പറങ്കികളുടെ കപ്പലുകൾ എപ്പോഴൊക്കെ അവരുടെ കണ്ണിൽപ്പെട്ടിരുന്നുവോ അപ്പോഴൊക്കെ കടലിൽ പതിയിരുന്ന് അവയെ ആക്രമിച്ച് നശിപ്പിച്ചിരുന്നു. പുറക്കാട്ട് നടന്ന നാവിക യുദ്ധത്തിൽ പറങ്കികളെ അവർ പരാജയപ്പെടുത്തി. കണ്ണൂർ അറക്കൽ ആലി രാജായുടെ അടുത്ത ബന്ധുവായിരുന്ന വലിയ ഹസ്സൻ വ്യാപാര പ്രമുഖൻ എന്നതിലുപരി നല്ലൊരു നാവിക യോദ്ധാവ് കൂടിയായിരുന്നു.

വലിയ ഹസ്സനെ കീഴ്പ്പെടുത്താതെ അറബിക്കടലിലെ തേർവാഴ്ച അസാദ്ധ്യമാണെന്ന് കണ്ട വാസ്കോഡി ഗാമ വലിയൊരു നാവിക വ്യൂഹവുമായി കണ്ണൂരിലേക്ക് നീങ്ങി. 1524ൽ ആയിരുന്നു ഗാമ മൂന്നാമത്തെ പ്രാവശ്യം പറങ്കിപ്പടനായകനും വൈസ്രോയിയുമായി അവരോധിക്കപ്പെട്ട് ഇവിടെ എത്തുന്നത്. വലിയ ഹസ്സനെ തങ്ങൾക്ക് അടിയറ വെക്കണമെന്നതായിരുന്നു ഗാമയുടെ ആവശ്യം. ആലി രാജ സകല പോംവഴികളും അനുരഞ്ജനങ്ങളും നടത്തി നോക്കിയെങ്കിലും ഗാമയുടെ അന്ത്യശാസനത്തിനു വഴങ്ങി അവസാനം വലിയ ഹസ്സനെ ഗാമയ്ക്ക് ഏൽപ്പിച്ചു കൊടുക്കുകയാണ് ചെയ്തത്. ഗാമയാകട്ടെ, കണ്ണൂരിലെ അവരുടെ കോട്ടയിൽ തയ്യാറാക്കിയ ജയിലറയിൽ അദ്ദേഹത്തെ തളച്ചിട്ടു. ഗാമയുടെ പിൻഗാമയായി എത്തിയ ഹെൻട്രി മെനെസിസ്സ് കേരളത്തിലെത്തായപാടെ ചെയ്ത ആദ്യനടപടി വലിയ ഹസ്സനെ വെട്ടി നുറുക്കി കൊല്ലുക എന്നതായിരുന്നു. അദ്ദേഹത്തിന്റെ ജീവനു പകരമായി എത്ര പണം വേണമെങ്കിലും കൊടുക്കാമെന്നുള്ള ആലി രാജയുടെ അപേക്ഷയോ, വലിയ ഹസ്സനു വേണ്ടി കോലത്തിരി രാജാവ് പറങ്കികളെ ദയാഹർജിയുമായി സമീപിച്ചതോ ഒന്നും തന്നെ മനുഷ്യത്വം തൊട്ടുതീണ്ടിയിട്ടില്ലാത്ത അവരെ ഈ ക്രൂരതയിൽ നിന്നും പിന്തിരിപ്പിക്കുവാൻ ഉപകരിച്ചില്ല. കണ്ണൂർ കോട്ടയിൽ രക്ത സാക്ഷിയായ വലിയ ഹസ്സൻ, മാപ്പിള-പറങ്കി നൂറ്റാണ്ട് യുദ്ധത്തിലെ മറ്റൊരു വിരനായകനാണ്.

---

1. ഖാദർ ഹുസൈൻ ഖാൻ, സൗത്ത് ഇന്ത്യൻ മുസ്ലിംസ്, പുറം- 22.
2. W. Logan, Malabar Manual; Vol I, Charithram publications, Thiruvanathapuram, 1981, p - 130.
3. Edgar Thurston, Caste and Tribes of South India, 7 vols; cosmo publications Delhi, 1975, vol I, p - 117.
4. തുഹ്ഫത്തുൽ മുജാഹിദീൻ, മുൻ ഉദ്ധരിച്ചത്, പരിഭാഷ, സി. ഹംസ, പുറം-66.
5. അത് തന്നെ, പുറം- 67.
6. അത് തന്നെ, പുറം- 73.
7. അത് തന്നെ, പുറം- 81.

# XVIII കുട്ടിയലി മരക്കാർ എന്ന കുഞ്ഞാലി ഒന്നാമൻ

മുഹമ്മദലി മരക്കാരുടെ കീഴിൽ മേധാവികളായി നിയമിതരായിരുന്നവരിൽ പ്രസിദ്ധനാണ് കുഞ്ഞാലി ഒന്നാമൻ എന്ന അപര നാമധേയത്താൽ അറിയപ്പെടുന്ന കുട്ടിയലി മരക്കാർ എന്ന് നാം മുമ്പേ കണ്ടതാണല്ലോ. താനൂർ കേന്ദ്രമാക്കി വലിയൊരു നാവിക വ്യൂഹം കുട്ടിയലിയുടെ നേതൃത്വത്തിൽ പ്രവർത്തന നിരതമായിരുന്നു. മുഹമ്മദലി മരക്കാരുടെ അതിദാരുണമായ മരണത്തിനുശേഷം സാമൂതിരിയുടെ നാവിക അഡ്മിറലായി നിയമിതനായത് കുട്ടിയലിയാണ്. നാവിക യുദ്ധങ്ങളിൽ തന്റെ മുൻഗാമികൾക്ക് പറ്റിയ പരാജയങ്ങളെ സാധനപാഠമാക്കി മാറ്റിയ കുട്ടിയലി നാവിക സമരമുറകൾ തന്ത്രപരമായി പുനരാവിഷ്ക്കരിച്ചു. പറങ്കികളുമായി നേരിട്ടുള്ള തുറന്ന യുദ്ധത്തിൽ അവരെ തോൽപ്പിക്കുക ശ്രമകരമായ പണിയാണെന്ന് അറിയാമായിരുന്ന അദ്ദേഹം, മുപ്പതോ, നാൽപ്പതോ ആളുകൾക്ക് അതിവേഗം തുഴഞ്ഞെത്താവുന്ന ചെറിയ ഓടങ്ങളും, പത്തേമാരികളുമാണ് പറങ്കിക്കപ്പലുകളെ കീഴ്പ്പെടുത്തുവാൻ പറ്റിയവയെന്ന് ബുദ്ധിപൂർവ്വം മനസ്സിലാക്കിയിരുന്നു. അത്തരം അനവധി തോണികൾ തയ്യാറാക്കി സമുദ്രത്തിൽ ഒളിപ്പോർ നടത്തുന്ന (ഗൊറില്ലയുദ്ധം) സാങ്കേതികമുറ തന്റെ നാവികരെ അഭ്യസിപ്പിക്കുകയാണ് അദ്ദേഹം ആദ്യമായി ചെയ്തത്. ഈ പരീക്ഷണം അങ്ങേയറ്റം വിജയിക്കുകയും ചെയ്തിരുന്നു. നൂറ് കണക്കിന് ഇത്തരം ചെറിയ ബോട്ടുകളും അതിൽ ആയുധധാരികളായ നാവികരും മലബാറിലെ അഴിമുഖങ്ങളിലൊക്കെ തന്നെ അദ്ദേഹം തയ്യാറാക്കി നിർത്തി. കാറ്റിന്റെ ഗതിക്കനുസൃതം മാത്രം നീങ്ങുന്ന പാക്കപ്പലുകളുടെ ആഗമനം ഉയർന്നകുന്നിൽ മുകളിൽ നിന്നും വീക്ഷിച്ച് അവയുടെമേൽ പെട്ടെന്ന് ചാടിവീണ് ആക്രമണം നടത്തുന്ന രീതിയാണ് അദ്ദേഹം അവലംബിച്ചിരുന്നത്. കടൽ തീരത്തുള്ള കുന്നിൽ മുകളിലൊക്കെ അദ്ദേഹത്തിന്റെ പാറാവുകാർ കർമ്മനിരതരായി അഹോരാത്രം സൂക്ഷ്മ നിരീക്ഷണം നടത്തിക്കൊണ്ടിരുന്നു. പറങ്കികളുടെ നിരവധി ക്കപ്പലുകൾ ഈ സമരമുറ അനുസരിച്ച് മാപ്പിളനാവികർ പിടിച്ചടക്കി. ഇതുമൂലം പറങ്കികളുടെ ചരക്കുകപ്പലുകൾക്ക് വലിയ സൈനിക സന്നാഹങ്ങളോടു കൂടിയല്ലാതെ സമുദ്രാന്തരിയ യാത്ര നടത്തുവാൻ സാധിക്കുകയില്ലെന്ന സ്ഥിതി സംജാതമായി. അവരുടെ കച്ചവടവും കയറ്റുമതിയും ക്ഷയോൻമുഖമാകുകയും ചെയ്തു. ആൽബുക്കർക്ക് തുടങ്ങിയുള്ള വൈസ്രോയിമാർ പോർച്ചുഗീസ് രാജാവിനയച്ച എഴുത്തുകളിൽ ഈ അവസ്ഥാവിശേഷത്തെക്കുറിച്ച് ധാരാളം പ്രതിപാദിച്ചിട്ടുണ്ട്. കോഴിക്കോട് നാവികർ എപ്പോഴാണ് തങ്ങളുടെ മേൽ പതിയിരുന്ന് ആക്രമണം നടത്തുകയെന്ന് നിശ്ചയിക്കാൻ നിർവ്വാഹമില്ലാത്തവിധം പലയിടങ്ങളിൽ നിന്നായിട്ടാണ് അവരുടെ ചെറിയ തോണികൾ ഇരമ്പി വരുന്നത്. പൊന്നാനിയിൽ നിന്നും, പന്തലായിനിയിൽ നിന്നും കോഴിക്കോട് നിന്നും ബേപ്പൂർ നിന്നുമൊക്കെ, ഇവ പ്രത്യക്ഷപ്പെടാറുണ്ട്. തൻമൂലം നമ്മുടെ കപ്പലുകൾക്ക് രക്ഷാബോധത്തോടുകൂടി സഞ്ചരിക്കാൻ അസാദ്ധ്യമായ അവസ്ഥയാണുള്ളത്. ഇത്തരം നിരവധി പരാതികൾ പലപ്പോഴായി കൊച്ചിയിൽ നിന്നും ഗോവയിൽ നിന്നും പോർച്ചുഗീസ് ഗവർണ്ണർമാരും, വൈസ്രോയിമാരും എഴുതിയിരുന്നതിന്റെ രേഖകൾ ഇന്നും ലിസ്ബണിൽ ധാരാളമുണ്ട്. അങ്ങനെ പറങ്കികളിൽ പരിഭ്രാന്തി സൃഷ്ടിച്ച ശക്തനായ പോരാളിയായിരുന്നു കുഞ്ഞാലി ഒന്നാമൻ.

അറബിക്കടലിൽ സഞ്ചരിച്ചിരുന്ന ഏത് കപ്പലും പറങ്കികളുടെ പാസ്സോടുകൂടി മാത്രമേ, പോകുവാൻ പറ്റുകയുള്ളുവെന്നായിരുന്നവല്ലോ ഇവിടത്തെ സ്ഥിതി. പാസ്സുണ്ടെങ്കിൽ കൂടിയും ഇവരുടെ ക്രൂരമായ ആക്രമണത്തിനും കൊള്ളയ്ക്കും ഇവ വിധേയമാകുക സാധാരണയുമായിരുന്നു. ഇതിനുപകരം സമുദ്രത്തിന്റെ മേൽ കുത്തകാവകാശം ഭാവിച്ചിരുന്ന പറങ്കികൾക്ക് കപ്പലോടിക്കണമെങ്കിൽ വലിയ സൈനിക അകമ്പടിയോടു കൂടിയല്ലാതെ സാദ്ധ്യമല്ലെന്ന അവസ്ഥ സൃഷ്ടിച്ച കുഞ്ഞാലി പറങ്കികളുടെ ഏറ്റവും വലിയ പേടിസ്വപ്നമായി മാറി. അതേ സമയം പറങ്കികളുടെ പാസ്സോ, സഹായമോ കൂടാതെ തന്നെ കേരളത്തിലെ ഉൽപ്പന്നങ്ങൾ മറുനാട്ടിലേക്ക് കയറ്റി അയക്കുവാനുള്ള ശ്രമമാണ് വിജയകരമായി കുഞ്ഞാലി ആസൂത്രണം ചെയ്തത്. കോഴിക്കോട്ട് നിന്ന് 8 വലിയ കപ്പലുകൾ നിറയെ കുരുമുളക് കയറ്റി തന്റെ നാവിക ഭടൻമാരുടെ അകമ്പടിയോടുകൂടി 1523ൽ ചെങ്കടൽ തുറമുഖങ്ങളിലേക്ക് അദ്ദേഹം അയച്ചു. പറങ്കികളുടെ കണ്ണിനുമുമ്പിൽ നടത്തിയ ഈ സാഹസികതയ്ക്കെതിരെ അവർക്കൊന്നും ചെയ്യുവാൻ സാധിച്ചില്ല. കുഞ്ഞാലിയുടെ 40 ഓടങ്ങളാണ് ഈ കപ്പലുകളെ അനുഗമിച്ചിരുന്നത്. കുഞ്ഞാലിയുടെ നാവിക പ്രവർത്തനങ്ങളിൽ അദ്ദേഹത്തെ സഹായിച്ചിരുന്ന സഹോദരനെ ചിന്നക്കുട്ടിയലി എന്നാണ് പറങ്കിരേഖകളിൽ വിശേഷിപ്പിച്ചു കാണുന്നത്. ഇവരുടെ കീഴിൽ ഓരോ നാവിക വ്യൂഹങ്ങൾ അറബിക്കടലിന്റെ തെക്കും വടക്കും തീരങ്ങളിലായി താവളമടിച്ച് പറങ്കിക്കപ്പലുകളെ നിരന്തരം പൊറുതിമുട്ടിച്ചു കൊണ്ടിരുന്നു. ചിന്നക്കുട്ടിയലി ഗോവ കടൽതീരത്തും, കുഞ്ഞാലി ഒന്നാമൻ കൊച്ചി തുറമുഖത്തുമാണ് കേന്ദ്രീകരിച്ചിരുന്നത്. ചില സന്ദർഭങ്ങളിൽ അവർ ഇരുവരും സന്ധിച്ച് കൂട്ടായ നാവിക പ്രവർത്തനങ്ങളും നടത്തിയിരുന്നു.

കുട്ടിയലിയുടെ നാവികപ്പടയെ നേരിടുവാൻ സന്നദ്ധനായത് സാംപായോ എന്ന പറങ്കിപ്പടനായകനായിരുന്നു.

കണ്ണൂർ കടൽതിരങ്ങളിൽ വെച്ചുണ്ടായ ഉഗ്രപോരാട്ടത്തിൽ ഇരുഭാഗത്തും കനത്ത ആൾനാശം സംഭവിച്ചതല്ലാതെ ആർക്കും വിജയിക്കുവാൻ സാധിച്ചില്ല. കുട്ടിയലിയുടെ സേനാവിഭാഗത്തെ നേരിട്ടത് മാർട്ടിൻ അൽഫോൺസോ ഡിസൂസ ആയിരുന്നു. കാപ്പാടിനടുത്ത് നടന്ന ഈ നാവിക സംഘട്ടനത്തിലും ആർക്കും വിജയം ലഭിച്ചില്ല. കുട്ടിയലി പന്തലായിനിയിലേക്ക് പിൻവാങ്ങി. തന്റെ സേനാവ്യൂഹത്തെ പുനഃസംഘടിപ്പിക്കുകയായിരുന്നു ലക്ഷ്യം. എന്നാൽ കുട്ടിയലിക്ക് തന്റെ കൃത്യം നിർവ്വഹിക്കുവാൻ സാധിക്കുന്നതിനു മുമ്പ് തന്നെ ഡിസൂസ അദ്ദേഹത്തെ പിന്തുടർന്ന് ആക്രമിച്ചു. കുട്ടിയലിയെ എതിർത്തുകൊണ്ട് കണ്ണൂർവരെ ഡിസൂസ പിന്നാലെ പാഞ്ഞു. നേരിട്ടുള്ള യുദ്ധം ഒഴിവാക്കുവാൻ കുട്ടിയലി നടത്തിയ ശ്രമം ഫലിച്ചതുമില്ല. കണ്ണൂരിൽ ഇരുസേനാവിഭാഗവും ഘോരമായ സംഘട്ടനത്തിലേർപ്പെട്ടു. കുട്ടിയലിക്ക് തന്റെ ഓടങ്ങൾ മിക്കവാറും എല്ലാം തന്നെ ഉപേക്ഷിച്ച് ജീവരക്ഷാർത്ഥം കടൽ നീന്തി കര പറ്റേണ്ടതായി വന്നു. ചിന്നക്കുട്ടിയലിയുടെ അനുഭവം മറിച്ചായിരുന്നില്ല. ജോർജ്ജ് ടെല്ലിയയുമായുള്ള ഏറ്റുമുട്ടലിൽ ഗോവയ്ക്കടുത്തുവെച്ച് അദ്ദേഹവും തോറ്റു പിൻമാറി.

ഈ തിരച്ചടികളൊന്നും വീര സാഹസികരായ കുഞ്ഞാലിയേയും മാപ്പിള നാവികരേയും പറങ്കികളോടുള്ള തങ്ങളുടെ പോരാട്ടത്തിൽ നിന്നും പിന്തിരിപ്പിക്കുവാൻ പ്രേരകമായിരുന്നില്ല. കൂടുതൽ ഊർജ്ജസ്വലതയോടുകൂടി വീണ്ടും അവർ സമരരംഗത്തിറങ്ങി. കണ്ണൂരും ഗോവയിലും പറ്റിയ തോൽവിയുടെ ക്ഷീണം മാറ്റുന്നതിന് കുട്ടിയലിയും കൂട്ടരും, കോഴിക്കോട് തിരിച്ചെത്തി പറങ്കികൾക്ക് കരയിലും കടലിലും സംഭ്രാന്തിയുണ്ടാകുംവിധം അവരെ പീഢിപ്പിച്ചുകൊണ്ടിരുന്നു. കോഴിക്കോട് തങ്ങൾക്ക് നേരിടുന്ന നാവിക ഭീഷണിയിൽ നിന്നും തുറമുഖത്തുള്ള തങ്ങളുടെ കോട്ട എങ്ങനെ രക്ഷിക്കുമെന്ന് ആലോചിച്ചുകൊണ്ടിരിക്കുമ്പോഴാണ് സാമൂതിരി പറങ്കികൾക്കെതിരായി യുദ്ധപ്രഖ്യാപനം നടത്തുന്നത്. മെനെസസ് സമയം ഒട്ടും പാഴാക്കാതെ സാമൂതിരിയുടെ ശക്തി കേന്ദ്രങ്ങളിലൊന്നായ പൊന്നാനിയെ കടന്നാക്രമിച്ചു. അവിടെയുണ്ടായിരുന്ന പല കപ്പലുകളും അഗ്നിക്കിരയാക്കിയതിനു പുറമേ പതിവിൻപ്പടി മുസ്ലിം പള്ളികളും കടകളും തകർത്ത് തരിപ്പണമാക്കുകയും ചെയ്തു. കുട്ടിയലി ഇതിന് പ്രതികാരം നടത്തിയത് നേരെ കൊച്ചിയിലെത്തി അവിടെയുണ്ടായിരുന്ന പറങ്കിക്കപ്പലുകളെല്ലാം കടലിൽ താഴ്ത്തിയാണ്. എതിരിട്ടവരെയെല്ലാം കൊന്നൊടുക്കിക്കൊണ്ട് യാതൊരു നാശനഷ്ടവുമില്ലാതെ അദ്ദേഹവും നാവികരും തിരിച്ചെത്തുകയും ചെയ്തു. പൊന്നാനി ആക്രമിച്ചത് 1525 ഫ്രെബ്രുവരി 26-ാം തിയ്യതി ആയിരുന്നുവെങ്കിൽ ആ വർഷം ജൂണിൽ മെനെസസ് മറ്റൊരു മുസ്ലിം കച്ചവട കേന്ദ്രമായ പന്തലായിനിയെയാണ് ശരവ്യമാക്കിയത്.1. വലിയ സന്നാഹത്തോടുകൂടി നടത്തിയ ഈ ആക്രമണത്തിൽ മുസ്ലിംകൾ പരാജിതരാകുകയും അവരുടെ 40 കപ്പലുകളും 250 തോക്കുകളും പറങ്കികൾ കൈവശപ്പെടുത്തുകയും ചെയ്തു.

ഈ വർഷം തന്നെയാണ് സാമൂതിരി കോഴിക്കോട്ട് കോട്ടയ്ക്ക് ഉപരോധം ഏർപ്പെടുത്തിയത്. ഈ സന്ദർഭത്തിൽ കോട്ടയ്ക്കകത്തുള്ളവർക്കു വേണ്ടി കൊച്ചിയിൽ നിന്നും, ഗോവയിൽ നിന്നും, അയച്ചുകൊണ്ടിരുന്ന ആവശ്യ സാധനങ്ങളൊക്കെ കുഞ്ഞാലിയും കൂട്ടരും വിജയകരമായി പിടിച്ചെടുത്തിരുന്നു. മാത്രവുമല്ല, കൊച്ചിയും ഗോവയുമായുള്ള വാർത്താവിനിമയം നിശ്ശേഷം ഇല്ലാതാക്കുകയും ചെയ്തു. കടലിൽ നിന്നും കോട്ടയിലേക്ക് നിറയൊഴിച്ചുകൊണ്ടും കടൽമാർഗ്ഗം യാതൊരു സഹായവും അവർക്കെത്തിക്കാൻ സാധിക്കാത്തവിധവും കുട്ടിയലിയും പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കി. അഞ്ച് മാസം നീണ്ടുനിന്ന ഈ പ്രതിരോധത്തിന്റെ അവസാനം 1525 ഒക്ടോബർ 15-ാം തിയ്യതി കോട്ടയേയും അതിലുള്ളവരേയും രക്ഷപ്പെടുത്തുവാനുള്ള ഒരവസാന ശ്രമം മെനെസസ് നടത്തിനോക്കി. ഇരുപത് കപ്പലുകളിൽ സായുധസേനയുമായിട്ടായിരുന്നു അദ്ദേഹം എത്തിയിരുന്നത്. എന്നാൽ കുട്ടിയലിയുടെ നാവികപ്പട പറങ്കികളെ പിന്തിരിപ്പിച്ചോടിച്ചു. മെനെസിസിനു തന്നെ അപായകരമായ മുറിവ് പറ്റി. കോഴിക്കോട് കോട്ട ഉപേക്ഷിച്ച് മെനെസസിനും കൂട്ടർക്കും പിന്തിരിഞ്ഞോടേണ്ടതായും വന്നു. യുദ്ധത്തിൽ പറ്റിയ മുറിവിന്റെ ഫലമായി 1526ൽ അദ്ദേഹം മരണപ്പെടുകയുമുണ്ടായി.

മെനസ്സിന് ശേഷം കേരളത്തിലെത്തിയ പറങ്കി മേധാവി ലോപോവാസ് ഡ സാംപായോ ആണ്. കുട്ടിയലിയെ ഏതെങ്കിലും വിധത്തിൽ കീഴ്പ്പെടുത്തിയല്ലാതെ തങ്ങൾക്ക് രക്ഷയില്ലന്നറിയാമായിരുന്ന സാംപായോ, ഗൊറില്ല സമര മുറയിൽ നിന്നും കുട്ടിയലിയെ നേരിട്ടുള്ള സംഘടനത്തിലേക്ക് ആനയിക്കുന്ന നയമാണ് സ്വീകരിച്ചത്. 1528ൽ സാംപായോ തന്റെ സകല നാവിക ശക്തികളും സംഭരിച്ച് കുട്ടിയലിയെ പിന്തുടർന്നു. നിർവ്വാഹമില്ലാത്ത അവസ്ഥയിൽ തുറന്ന യുദ്ധം നടത്തേണ്ടതായി വന്ന കുട്ടിയലിക്ക് വമ്പിച്ച നാശനഷ്ടങ്ങളാണ് സംഭവിച്ചത്. കുട്ടിയലിയുടെ കപ്പൽ വ്യൂഹത്തിൽ വലിയ ഭാഗം നശിപ്പിക്കപ്പെട്ടു. അവശേഷിച്ച ഓടങ്ങളുമായി അദ്ദേഹത്തിന് പിന്തിരിഞ്ഞ് ഓടേണ്ടതായും വന്നു. ചിന്നക്കുട്ടിയലിയുടെ നാവിക സേനയ്ക്കും സാംപായോയിൽ നിന്നും രക്ഷപ്പെടുവാൻ കഴിഞ്ഞില്ല. ചിന്നക്കുട്ടിയലിയെ തടവുകാരനാക്കിപ്പിടിച്ച സാംപായേ വലിയൊരു തുക തലപ്പണമായി ഈടാക്കുകയും, തങ്ങൾക്കെതിരായി മേലാൽ ആയുധം എടുക്കുകയില്ലെന്ന് ഖുർ ആൻ സാക്ഷിയാക്കി പ്രതിജ്ഞയെടുപ്പിക്കുകയും ചെയ്ത ശേഷമാണ് വിട്ടയച്ചത്. ഇത് 1528 മാർച്ച് മാസത്തിലായിരുന്നു.

എന്നാൽ ചേറ്റുവാ തുറമുഖത്ത് അതേവർഷം സെപ്റ്റംബറിൽ പറങ്കികൾ നടത്തിയ ആക്രമണത്തെ വിജയകരമായി തുരത്തുവാൻ കുട്ടിയലിക്കും കൂട്ടർക്കും സാധിച്ചിരുന്നു. നിരവധി പറങ്കിക്കപ്പലുകൾ നശിപ്പിക്കുകയും അവയിലുണ്ടായിരുന്ന നാവികരെ വധിക്കുകയും ചെയ്തു. ഈ അവസരത്തിൽ നടന്ന ശ്രദ്ധേയമായ മറ്റൊരു സംഭവം ധർമ്മടം ആസ്ഥാനമാക്കി പറങ്കികൾക്കെതിരായി സമരത്തിനിറങ്ങിയ

ധീരനായ അലിഹാജിയുടെ സാഹസിക പ്രവർത്തനമാണ്. പോർച്ചുഗീസ് കപ്പലുകൾ സ്വതന്ത്രമായി പുറത്തിറങ്ങുവാൻ തന്നെ ഭയപ്പെടുംവിധം അത്രയ്ക്ക് ഭീഷണമായ സ്ഥിതി വിശേഷമാണ് അദ്ദേഹം സൃഷ്ടിച്ചത്. എന്നാൽ മാപ്പിള നാവികർക്ക് തുടർന്നുള്ള വർഷങ്ങളിൽ ശക്തിയായ തിരിച്ചടി അനുഭവിക്കേണ്ടതായി വന്നുകൂടി. 1530ൽ ജയിംസ് സിൽവേയിറ പട്ടുമരക്കാരെ തോൽപ്പിച്ച് അദ്ദേഹത്തിന്റെ കീഴിലുണ്ടായിരുന്ന നാവിക സേനയ്ക്ക് വലിയ നാശമുണ്ടാക്കി. തൊട്ടടുത്ത വർഷത്തിൽ ഗുജറാത്തിലേക്ക് സാമൂതിരി അയച്ചിരുന്ന ചരക്കുകപ്പൽ പറങ്കികൾ പിടിച്ചെടുക്കുകയും, കപ്പലിലുണ്ടായിരുന്ന മാപ്പിള നാവിക വീരരായ അലി ഇബ്രാഹിം മരക്കാരേയും, അദ്ദേഹത്തിന്റെ മരുമകൻ ഇബ്രാഹിം മരക്കാരേയും തടവുകാരായി പിടിക്കുകയും ചെയ്തു. തുടർച്ചയായ ഈ തോൽവിയും തന്റെ കച്ചവടത്തിനുണ്ടായ അധഃപതനവും, സാമൂതിരിയെ ഏറെ കഷ്ടത്തിലാക്കിയിരുന്നു. അനവധി വർഷങ്ങളായി ചെലവഴിച്ചുകൊണ്ടിരുന്ന സംഖ്യ അദ്ദേഹത്തെ കടക്കാരനുമാക്കി. ഈ ദൗർബല്യം ശരിക്കും മനസ്സിലാക്കിയിരുന്ന പറങ്കികളാകട്ടെ, കോഴിക്കോട്ടെ വ്യാപാരം കൈയ്യടക്കണമെങ്കിൽ ചാലിയത്ത് സുരക്ഷിതമായൊരു കോട്ടകെട്ടണമെന്നുറപ്പിച്ചിരുന്നു. താനൂർ രാജാവിന്റെ പിന്തുണയും അവർക്ക് ലഭിച്ചു. സാഹചര്യത്തിന്റെ സമ്മർദ്ദം കൊണ്ട് 1532 മാർച്ചിൽ ചാലിയത്ത് കോട്ട കെട്ടുവാനുള്ള അനുമതി പറങ്കികൾക്ക് സാമൂതിരി നൽകുകയും ചെയ്തു. കോട്ടയുടെ നിർമ്മാണത്തിന് അവർ ഉപയോഗപ്പെടുത്തിയത് അവിടത്തെ അതിപുരാതനമായ മുസ്ലിം പള്ളി തകർത്ത് അതിന്റെ കല്ലും മരവും ആണ്. ദൃക്സാക്ഷിയായ സൈനുദ്ദീൻ വിവരിക്കുന്നതിപ്രകാരമാണ്. "പോർച്ചുഗീസുകാർ കോട്ട കെട്ടാൻ തുടങ്ങി. മലബാറിൽ ഇസ്ലാംമതം കടന്നുവന്ന ആദ്യഘട്ടത്തിൽ പണിത പുരാതനമായ പള്ളി (കേരളത്തിൽ മാലിക് ബ്നു ദീനാർ നിർമ്മിച്ച ഏഴു് പള്ളികളിലൊന്നായ ചാലിയം പുഴക്കര പള്ളിയാണ് പരാമർശം) ഉൾപ്പെടെ അവിടെ ഉണ്ടായിരുന്ന മൂന്ന് പള്ളികൾ അവർ പൊളിച്ച് അവയുടെ കല്ലും മറ്റും കോട്ടയുടെയും ചർച്ചിന്റെയും നിർമ്മാണത്തിന് ഉപയോഗിക്കുകയും ചെയ്തു."2. മാപ്പിളമാരുടെ മത വികാരത്തെ മനഃപൂർവ്വം വ്രണപ്പെടുത്തുക എന്നതായിരുന്നു പറങ്കികളുടെ ഉദ്ദേശ്യം. കോട്ട കൈവശം വന്നപ്പോൾ സാമൂതിരിയുടെ അവകാശവാദത്തെ തൃണവൽഗണിച്ചുകൊണ്ട് തുറമുഖ തീരുവ പിരിക്കുവാൻ അദ്ദേഹത്തെ അനുവദിച്ചില്ല. സാമൂതിരിക്ക് ഇത് കടുത്ത മാനസിക ആഘാതം സൃഷ്ടിച്ചെന്ന് മാത്രമല്ല, താൻ കണക്കു കൂട്ടിയിരുന്ന വരുമാനം ഇല്ലാതാകുകയും ചെയ്തു.

1532ൽ കന്യാകുമാരിയിൽ താവളമടിച്ചിരുന്ന പറങ്കിക്കപ്പലുകൾ പലതും കുട്ടിയലി കടലിലാഴ്ത്തി. സിലോണിലും ഇന്ത്യയുടെ കിഴക്കൻതീര പ്രദേശങ്ങളിലും കുട്ടിയലിയും മാപ്പിള നാവികരും പറങ്കിക്കപ്പലുകൾക്ക് ഭീതി ജനിപ്പിച്ചുകൊണ്ട് അവരുടെ നാവിക പ്രവർത്തനങ്ങൾ അഭംഗുരം നടത്തിക്കൊണ്ടിരുന്നു. ഓരോ വർഷവും ചുരുങ്ങിയത് 50 പറങ്കിക്കപ്പലുകളെങ്കിലും പല സ്ഥലങ്ങളിലായി മാപ്പിള നാവികർ ആക്രമിച്ച് നശിപ്പിച്ചിരുന്നതായാണ് പോർച്ചുഗീസ് രേഖകളിൽ നിന്നും വ്യക്തമാകുന്നത്. നാഗപട്ടണം കീഴടക്കുവാനുള്ള കുഞ്ഞാലിയുടെ ശ്രമം, അപ്രതീക്ഷിതമായി എത്തിയ പറങ്കികളുടെയൊരു നാവിക വ്യൂഹം പരാജയപ്പെടുത്തി. ഈ യുദ്ധത്തിൽ കുഞ്ഞാലിയുടെ കപ്പലുകൾ എല്ലാം തന്നെ നശിപ്പിക്കപ്പെട്ടു. തന്റെ നാവികരിൽ ബഹുഭൂരിപക്ഷവും മൃതിയടയുകയും ചെയ്തു. ആൾമാറാട്ടം നടത്തിയാണ് കുഞ്ഞാലി രക്ഷപ്പെട്ടത്. എന്നാൽ ഒരു വർഷം കഴിയുന്നതിനു മുമ്പ് കുഞ്ഞാലിയും മാപ്പിളനാവികരും വീണ്ടും നഷ്ടപ്പെട്ട ശക്തി സംഭരിച്ച് പറങ്കികളെ എതിർത്തുകൊണ്ടിരുന്നു. പറങ്കികളുടെ സമുദ്ര മേധാവിത്വവും, കച്ചവടകുത്തകയും നിലനിർത്തുവാൻ അവർക്കൊരിക്കലും സാധിക്കാതിരുന്നത് ദേശാഭിമാനികളായ മാപ്പിളപ്പടയാളികളുടെ ത്യാഗോജ്ജ്വലമായ സേവനം ഒന്നുകൊണ്ട് മാത്രമാണ്.

ചാലിയത്തുള്ള പറങ്കികളുടെ കോട്ടയ്ക്ക് മുമ്പിൽവെച്ച് അവരുടെ ഒരു നാവികപ്പടയെ കുട്ടിയലി തോൽപ്പിച്ചോടിക്കുകയും ഒരു കപ്പൽ പിടിച്ചെടുക്കുകയും ചെയ്തു. ഇതിന് പ്രതികാരം നടത്തുവാൻ വലിയ സന്നാഹങ്ങളുമായെത്തിയ മാർട്ടിൻ അൽഫോൺസോ, കുട്ടിയലിയെ പിന്തുടർന്ന് തിക്കൊടി വരെ ചെന്നു. അവിടെ നടന്ന യുദ്ധം രാത്രി ഇരുട്ടുന്നതുവരെ തുടർന്നെങ്കിലും' ആർക്കും വിജയം അവകാശപ്പെടുവാൻ പറ്റാത്തവിധം രൂക്ഷമായിരുന്നു. കുട്ടിയലിയും കൂട്ടരും ഇരുട്ടിന്റെ മറവിൽ സുരക്ഷിതരായി കരക്കിറങ്ങി. പറങ്കികൾക്കെതിരായുള്ള സമരം ഒരു ബഹുജന പ്രക്ഷോഭണമാക്കി മാറ്റുകായണദ്ദേഹം ചെയ്തത്. അയൽ പ്രദേശങ്ങളിൽ നിന്നുപോലും ആളുകൾ ഓടിക്കൂടി. യുദ്ധം തുടരുന്നത് ആത്മഹത്യാപരമായിരിക്കുമെന്ന് കണ്ട് അൽഫോൺസോ തന്റെ നാവികരുമായി തിരിച്ചുപോകുകയാണുണ്ടായത്.

സിലോൺ രാജാവിന്റെ സഹോദരൻ മൈഥുനെ രാജാവുമായിപ്പിണങ്ങി കോട്ടയ്ക്ക് പ്രതിരോധം ഏർപ്പെടുത്തിയിരുന്നു. അദ്ദേഹത്തെ സഹായിക്കുവാനും, പറങ്കികളെ സിലോണിൽ നിന്നും പുറംതള്ളുവാനും വേണ്ടി സാമൂതിരി അയച്ച നേതൃനിരയിൽ പട്ടുമരക്കാരും, അലി ഇബ്രാഹിം മരക്കാരും, കുഞ്ഞാലി ഒന്നാമനും ഉണ്ടായിരുന്നുവല്ലോ. ഇവർ അവിടെ നടത്തിയ നാവികപ്പോരാട്ടങ്ങൾ സവിസ്തരം നടേ പ്രസ്താവിച്ചിട്ടുണ്ട്. തങ്ങൾ സഹായിച്ച മൈഥുനെ സ്വാർത്ഥ മോഹത്താൽ ചേരിമാറി ഈ നാവിക വീരരെ ചതിയിൽ ക്കൊന്ന കഥയും വിവരിച്ചതാണ്. എത്രയെത്ര വീര യോദ്ധാക്കളുടെ ധന്യമായ ജീവിതാഹൂതിയുടെ ചെഞ്ചോര കൊണ്ടെഴുതിയ ധീര സാഹസിക കഥകളാണ് മാപ്പിള-പറങ്കി നൂറ്റാണ്ട് യുദ്ധത്തിന് പറയാനുള്ളത്. അതിലെ മറ്റൊരു സുപ്രധാന ഘട്ടത്തിന് യവനിക വീണത് കുട്ടിയലിയെന്ന കുഞ്ഞാലി ഒന്നാമന്റെ അതിദാരുണമായ അന്ത്യത്തോടുകൂടിയാണ്.

1. *Ferriya Y Souza, Portuguese Asia, op.cit, Vol.I, p-282.*
2. *തുഹ്ഫത്തുൽ മുജാഹിദീൻ, പരിഭാഷ, സി. ഹംസ, മുൻ ഉദ്ധരിച്ചത്, പുറം -77.*

# XIX കുട്ടിപോക്കർ അഥവാ കുഞ്ഞാലി രണ്ടാമൻ

ആളും അർത്ഥവും കണക്കില്ലാത്തവിധം നശിച്ച് വെല്ലിറായിട്ടും മാപ്പിളമാരുടെ സമരാഗ്നി കൂടുതൽ ജാജ്ജ്വല്യമാനമാകുകയാണ് ചെയ്തത്. ധീരനായ കുട്ടിയലിയുടെ പ്രസിദ്ധനായ പുത്രനാണ് കുഞ്ഞാലി രണ്ടാമൻ എന്ന പേരിൽ പിന്നീട് പറങ്കികളുടെ കൊടിയ ശത്രുവായി പ്രത്യക്ഷപ്പെട്ടത്. കുട്ടിപോക്കർ എന്നായിരുന്നു അദ്ദേഹത്തിൻെറ നാമധേയം. പൂർവ്വാധികം ശക്തി സമാഹരിച്ച് പറങ്കിപ്പടയെ പൊറുതി മുട്ടിച്ച ഈ ധീര ദേശാഭിമാനിയെ ഇന്ത്യയുടെ കഴിവുറ്റ നാവിക അധിപനായിട്ടാണ് സമകാലീന ചരിത്രകാരൻമാർ വിശേഷിപ്പിക്കുന്നത്. നൂറ് കണക്കിന് നാവിക നായകരേയും ആയിരക്കണക്കിന് മാപ്പിളപ്പോരാളികളേയും സമര മുഖത്തേക്ക് കൊണ്ടുവരുവാൻ കുഞ്ഞാലി രണ്ടാമന് സാധിച്ചിരുന്നു. തൻെറ രാജ്യത്തിൻേറയും, തൻെറ മേൽക്കോയ്മയായ സാമൂതിരിയുടേയും മാനം രക്ഷിക്കുവാനും വിദേശികളെ തറപറ്റിച്ച് ഓടിക്കുവാനുമായി കുഞ്ഞാലി രണ്ടാമൻ നടത്തിയ അതിസാഹസികമായ നാവികയുദ്ധങ്ങൾ ആരേയും രോമാഞ്ചം കൊള്ളിക്കത്തക്കവയായിരുന്നു. വിദേശികളോട് പൊരുതിയ പടനായകൻമാരിൽ അദ്വിതീയ സ്ഥാനമാണ് കുഞ്ഞാലി രണ്ടാമനുള്ളത്.

സിലോണിലും കായൽപ്പട്ടണത്തും മാപ്പിളനാവികർക്ക് പറ്റിയ കനത്ത പരാജയം സാമൂതിരിയെ നിരാശപ്പെടുത്തിയിരുന്നു. ധനനഷ്ടവും വ്യാപാരക്ഷയവും സാമൂതിരിയെ പരിഭ്രാന്തനാക്കി. ഏതെങ്കിലും നിലയ്ക്ക് രാജ്യത്ത് സാമാധാനസ്ഥിതി ഉളവായാൽ മാത്രമേ, കച്ചവടവും സമൃദ്ധിയും പുനർജ്ജീവിപ്പിക്കുവാൻ കഴിയുകയുള്ളുവെന്ന ധാരണയിൽ പറങ്കികളുമായി യുദ്ധവിരാമക്കരാർ ഉണ്ടാക്കണമെന്ന് അദ്ദേഹം കരുതിയതിൽ തെറ്റില്ല. ഈജിപ്പിൽ നിന്നും വന്ന തുർക്കിപ്പട കടലിൽ വലിയൊരു നാവികപ്രകടനം കാഴ്ചവെച്ചന്നല്ലാതെ പറങ്കികളുമായി ഒരു ഏറ്റുമുട്ടലിന് തയ്യാറാകാതെ മടങ്ങിപ്പോകുകയാണ് ചെയ്തത്. പോർച്ചുഗീസ്കാരുമായി സന്ധിസംഭാഷണം നടത്തുവാൻ സാമൂതിരി നിയോഗിച്ചത് കുഞ്ഞാലിയുടെ ബന്ധുവായ കുട്ടിയലി മരക്കാരെയായിരുന്നു. ആഴ്ചകൾ നീണ്ടു നിന്ന ചർച്ചയ്ക്കുശേഷം 1540 ജനുവരി ഒന്നാം തിയ്യതി പൊന്നാനിയിൽ വെച്ച് സാമൂതിരി പറങ്കികളുമായി ഒരു സമാധാനക്കരാറിൽ ഒപ്പുവെച്ചു. കൊച്ചിയിൽ തങ്ങൾക്ക് ലഭിക്കുന്ന വിലയ്ക്ക് കോഴിക്കോടുള്ള കുരുമുളക് മുഴുക്കെ പറങ്കികൾക്ക് നൽകാമെന്ന് ഈ സന്ധിപ്രകാരം സാമൂതിരി സമ്മതിക്കേണ്ടതായി വന്നു. അറബിക്കപ്പലുകൾക്ക് സാമൂതിരിയുടെ പാസ്സോടുകൂടിയല്ലാതെ സഞ്ചാര സ്വാതന്ത്ര്യം നൽകുകയില്ലെന്നും നിശ്ചയമുണ്ടാക്കി. അതേസമയം സാമൂതിരി സ്വന്തം നിലയ്ക്ക് പോർച്ചുഗലിലേക്ക് കയറ്റി അയക്കുന്ന കുരുമുളകിന് അവിടത്തെ കമ്പോളവില നൽകുന്നുതാണെന്ന് പറങ്കികളും സമ്മതിച്ചു. ഈ സന്ധി പ്രകാരം തങ്ങളുടെ വലിയ എതിരാളിയായ സാമൂതിരിയുടെ എതിർപ്പ് താൽക്കാലികമായിട്ടെങ്കിലും ഇല്ലാതാക്കുവാൻ സാധിച്ചിരുന്നു. മാത്രമല്ല ചെറുകിട രാജാക്കൻമാരുമായി പറങ്കികൾ യുദ്ധത്തിലേർപ്പെടുമ്പോൾ അവരെ സഹായിക്കുവാൻ ഈ സന്ധിമൂലം നിർവ്വാഹമില്ലെന്നും വന്നുകൂടി.

എന്നാൽ കുഞ്ഞാലി രണ്ടാമനും, സഖാക്കളും ഈ സന്ധിയുടെ ഭവിഷ്യത്തുകൾ മനസ്സിലാക്കി തുടക്കം മുതലേ എതിർത്തു. അവർ സമരരംഗത്ത് നിന്നും പിൻമാറാതെ അവരുടെ ആജൻമ ശത്രുക്കളായ പറങ്കികളെ സൈ്വരമായി കപ്പലോടിക്കുവാൻ അനുവദിച്ചില്ല. ഒരു ചരക്കക്കപ്പൽ കേരളത്തിൻെറ ഏതെങ്കിലും തുറമുഖത്ത് നിന്നും യാത്ര തിരിക്കണമെങ്കിൽ വലിയ സൈനിക അകമ്പടിയില്ലാതെ പറ്റുകയില്ലെന്ന അവസ്ഥ കുഞ്ഞാലിയും കൂട്ടരും സൃഷ്ടിച്ചു. കടലിൽ ഒളിപ്പോര് വിജയകരമായി സംഘടിപ്പിച്ച് പറങ്കികളുമായി തുറന്ന യുദ്ധങ്ങൾ ഒഴിവാക്കിക്കൊണ്ട് അവരുടെ കപ്പലുകളേയും, ജീവനക്കാരേയും നിരന്തരം ആക്രമിച്ച് നശിപ്പിച്ചുകൊണ്ടിരുന്നു. കുഞ്ഞാലിയേയും, കൂട്ടരേയും നേരിട്ടുള്ള സംഘട്ടനത്തിലേക്ക് കൊണ്ടുവരുവാനുള്ള ആസൂത്രിത പദ്ധതികളാണ് ലൂയി ഡ മെല്ലോവിൻെറ നേതൃത്വത്തിൽ തയ്യാറാക്കിയിരുന്നത്. അങ്ങനെ 1558ൽ കണ്ണൂർ തീരത്ത് നടന്ന യുദ്ധത്തിൽ കുഞ്ഞാലിയെ അവർ നേരിട്ടു. ഈ യുദ്ധത്തിൽ കുഞ്ഞാലിയുടെ ഓടം ഉൾപ്പെടെ മൂന്ന് കപ്പലുകൾ പറങ്കികൾ നശിപ്പിച്ചു. എന്നാൽ അവശേഷിച്ച യുദ്ധക്കപ്പലുകളുമായി തൻെറ അനുയായികളോടൊപ്പം അദ്ദേഹം രക്ഷപ്പെട്ടു.

പതിവുപോലെ ഏത് ഉടമ്പടിയും ലംഘിക്കാറുള്ള പറങ്കികൾ പൊന്നാനി സന്ധിയും തങ്ങളുടെ സൗകര്യത്തിനുവേണ്ടി മാത്രമാണ് ഉപയോഗപ്പെടുത്തിയത്. കടലിലും കരയിലും നിർബാധം കൊള്ള നടത്തുകയും നൂറുകണക്കിന് നിരപരാധികളെപ്പോലും കൊന്നൊടുക്കുകയും ചെയ്തുകൊണ്ടിരുന്നു. മെസ്ക്വിറ്റോയുടെ നേതൃത്വത്തിൽ പറങ്കികളുടെ കടൽക്കൊള്ളയും, കൊലപാതകവും അനിയന്ത്രിതവും, അസഹനീയവുമായി തീർന്നു. കപ്പൽ കൊള്ള ചെയ്യുക മാത്രമല്ല, അവയിലുള്ള ആളുകളെ മുഴുക്കെക്കൊന്ന് കടലിൽ താഴ്ത്തുകയുമാണ് അവർ ചെയ്തുകൊണ്ടിരുന്നത്. അവർ കൊന്ന് കടലിൽ തള്ളിയവരിൽ ചിലരുടെ ശവങ്ങൾ കണ്ണൂർ

കടപ്പുറത്തടിഞ്ഞു. അതിലൊന്ന് അറിയപ്പെട്ട വ്യാപാരിയും നാവിക വിദഗ്ദ്ധനുമായ ഒരാളുടേതായിരുന്നു. ആ ജഡം തിരിച്ചറിഞ്ഞ അദ്ദേഹത്തിന്റെ ഭാര്യ കൈക്കുഞ്ഞിനെയുമെടുത്ത് ബന്ധുമിത്രാദികളോടുകൂടി നടത്തിയ ആവേശകരമായ പ്രകടനം എല്ലാവരേയും കോരിത്തരിപ്പിച്ചു. ജനങ്ങൾ ഒന്നടങ്കം പ്രതികാരത്തിനു വേണ്ടി ആർത്തിരമ്പി. ആലിരാജ തന്റെ സൈന്യങ്ങളോടുകൂടി പറങ്കിക്കോട്ട ആക്രമിക്കുകയും തുറമുഖത്തുണ്ടായിരുന്ന അവരുടെ 30 കപ്പലുകൾ നശിപ്പിക്കുകയും ചെയ്തു. പ്രതിരോധം ശക്തമായി തുടർന്നപ്പോൾ കോട്ടയേയും അതിലുള്ളവരേയും രക്ഷിക്കുവാനായി ഗോവയിൽ നിന്നും പൗലോ ഡ ലിമയെ നാവികസേനയുമായി കണ്ണൂരിലേക്ക് നിയോഗിച്ചിരുന്നു. എന്നാൽ കടലിൽ പതിയിരുന്ന കുഞ്ഞാലിയും മാപ്പിള നാവികരും ബഡ്ക്കൽ തീരത്ത് വെച്ച് പറങ്കികളെ നേരിട്ടെതിർത്തു. ലിമയ്ക്ക് സാരമായ പരിക്ക് പറ്റുകയും പറങ്കിക്കപ്പലുകൾ ചിതറിപ്പോകുകയും ചെയ്തു. ഏറ്റുമുട്ടലിൽ പരാജയമടഞ്ഞ അവർ ഗോവയിലേക്ക് പിൻമാറി. ഉത്തര കേരളത്തിലെ പറങ്കികളുടെ കച്ചവടവും സമുദ്ര മേധാവിത്വവും ഇതൊക്കെക്കാരണം വളരെ ക്ഷയോൻമുഖമായി. ഡോം മസ്കരൻ ഹാസിന്റെ നേതൃത്വത്തിലാണ് പറങ്കികളുടെ നാവികപ്പട കുഞ്ഞാലിക്കെതിരായി പിന്നീടെത്തിയത്. എന്നാൽ കനത്ത നാശം വരുത്തി ഇവരേയും തിരിച്ചയക്കുവാൻ കുഞ്ഞാലിക്ക് കഴിഞ്ഞു. മൂന്നാം പ്രാവശ്യം വന്ന പറങ്കിപ്പട ലൂയി ഡ മെല്ലോയുടെ കീഴിലാണ്. ഈ സേനയ്ക്കും കനത്ത തിരിച്ചടിയാണ് മാപ്പിള നാവികരിൽ നിന്നും അനുഭവിക്കേണ്ടതായി വന്നത്. ഈ യുദ്ധങ്ങളിൽ കുഞ്ഞാലിയും മാപ്പിള നാവികരും പ്രദർശിപ്പിച്ച ശൂരതയും, സ്ഥൈര്യവും പോർച്ചുഗീസ് ചരിത്രകാരൻമാരുടെ കൂടി പ്രശംസ പിടിച്ചു പറ്റിയവയാണ്.

കുഞ്ഞാലിയുടെ നാവിക വിന്യാസത്തിന്റെ ഫലമായി അറബിക്കടലിന്റെ ആധിപത്യം സ്വയം അവകാശപ്പെട്ടിരുന്ന പറങ്കികൾക്ക് അവരുടെ വാഹനങ്ങൾ കൊണ്ടുപോകണമെങ്കിൽ കനത്ത നാവിക സന്നാഹങ്ങളോടുകൂടി വേണമെന്ന് വന്നുകൂടി. കഴിഞ്ഞ യുദ്ധങ്ങളിലുണ്ടായ ജയം കുഞ്ഞാലിക്കും കൂട്ടർക്കും കൂടുതൽ ആത്മധൈര്യം നൽകിയിരുന്നു. 1566ൽ അരിയും പഞ്ചസാരയുമായി വന്ന ഒരു പറങ്കിക്കപ്പൽ പൊന്നാനിക്കടുത്തുവെച്ച് മാപ്പിളമാർ പിടിച്ചെടുത്തു. ആ വർഷം തന്നെ ആയിരം നാവികരുമായെത്തിയ മറ്റൊരു പറങ്കിക്കപ്പൽ കുഞ്ഞാലിയുടെ നേതൃത്വത്തിൽ മാപ്പിള നാവികർ നിശ്ശേഷം നശിപ്പിച്ചു. ശൈഖ് സൈനുദ്ദീൻ ഇക്കാര്യം വിവരിക്കുന്നതിപ്രകാരമാണ്. "ഹിജ്റ-976 (1566) പതിനേഴ് ഓടങ്ങളിൽ നിറയെ നാവികരുമായി കുട്ടിയലിയുടെ നേതൃത്വത്തിൽ ചാലിയത്തിനടുത്ത് പറങ്കികളുടെ ഒരു വലിയ കപ്പൽ നശിപ്പിച്ചിരുന്നു. അതിലാകട്ടെ പടനായകൻമാരുൾപ്പെടെ ആയിരം പേരാണുണ്ടായിരുന്നത്. പിറ്റേ വർഷം മംഗലാപുരം തുറമുഖത്ത് നങ്കൂരമിട്ടിരുന്ന മറ്റൊരു കപ്പലും കുഞ്ഞാലി തകർത്തു. അവരുടെ കോട്ടക്കുനേരെ വെടിയുതിർക്കുകയും ചെയ്തു."1. ഈ സാഹസിക നാവിക അഭ്യാസങ്ങളിലൊന്നും കുഞ്ഞാലിയുടെ സേനാവിഭാഗത്തിന് യാതൊരു ആൾനാശവും വന്നില്ലെന്ന് മാത്രമല്ല, ശത്രുപക്ഷത്ത് കനത്ത വിനാശം വിതക്കുവാനും സാധിച്ചിരുന്നു. കുഞ്ഞാലിയെ നേരിടുവാനായി വൈസ്രോയി മാർട്ടിൻ അൽഫോൺസോ മിറാൻഡ 36 കപ്പലുകളുമായി കുഞ്ഞാലിയെ പിന്തുടർന്നെങ്കിലും തുറന്ന സംഘട്ടനം ഒഴിവാക്കി പറങ്കികളെ കുഴപ്പത്തിൽ ചാടിക്കുകയാണ് ചെയ്തത്. സാഹചര്യത്തിന്റെ സമ്മർദ്ദത്താൽ സ്ഥലമോ, സൗകര്യമോ നോക്കാതെയാണ് അവർ കുഞ്ഞാലിയുമായി ഏറ്റുമുട്ടിയത്. തൻമൂലം പറങ്കികളുടെമേൽ വിജയം നേടുവാൻ മാപ്പിള നാവികർക്ക് പ്രയാസം ഉണ്ടായതുമില്ല. ഈ യുദ്ധത്തിൽ വൈസ്രോയി മിറാൻഡയ്ക്ക് മാരകമായ മുറിവ് പറ്റുകയും കൊച്ചിയിലെത്തിയ അദ്ദേഹം മരണമടയുകയും ചെയ്തു.

കുഞ്ഞാലിയെ വളഞ്ഞ്, തുറന്ന യുദ്ധത്തിന് പ്രേരിപ്പിക്കുവാനുള്ള സകല അടവുകളും പരാജയപ്പെട്ടപ്പോൾ പറങ്കികൾ അനുവർത്തിച്ച നയം മാപ്പിളക്കച്ചവട കേന്ദ്രങ്ങളെ കൊള്ളയടിച്ച് നശിപ്പിക്കുക എന്നതായിരുന്നു. പരപ്പനങ്ങാടി, താനൂർ, പൊന്നാനി, കോഴിക്കോട്, കാപ്പാട്, പന്തലായിനി, തിക്കോടി എന്നീ പട്ടണങ്ങൾക്ക് അവർ തീ കൊളുത്തുകയും നിരവധി പള്ളികൾ തകർക്കുകയും വീടുകളും കടകളും കൊള്ളയടിച്ച് കണ്ടവരെയൊക്കെ വെട്ടിനുറുക്കുകയും ചെയ്തു.2. കാപ്പിരികൾ പോലും ചെയ്യാൻ മടിക്കുന്ന ഈ കാട്ടാളത്വം അരങ്ങേറിയപ്പോൾ കുഞ്ഞാലിയും മാപ്പിള നാവികരും പറങ്കികളുടെ വടക്കേ മലബാറിലുള്ള കേന്ദ്രങ്ങൾ ആക്രമിച്ച് പ്രതികാരം തീർക്കുകയാണുണ്ടായത്. കുഞ്ഞാലിയെ എതിരിടുവാൻ അയച്ച പറങ്കിപ്പടനായകൻമാരായ റൂയി ഡയഏഴ് അനുയായികളോടുകൂടി കൊല്ലപ്പെടുകയും ഡോൺ ഹെൻറിക്ക് തടവുകാരനായി പിടിക്കപ്പെടുകയും ചെയ്തത് പറങ്കികൾക്കേറ്റ വലിയ ആഘാതമായിരുന്നു.

പറങ്കികളെ ഏതെങ്കിലും തരത്തിൽ ഇവിടെ നിന്നും ആട്ടിയോടിക്കണമെന്ന പ്രതിജ്ഞയോടുകൂടി ബീജാപ്പൂരിലെ സുൽത്താനായ ആദിൽഷായും, അഹമ്മദ് നഗർ സുൽത്താനായ മർത്തസ് നിസാംഷായും പറങ്കികളുടെ കേന്ദ്രങ്ങളായ ഗോവയ്ക്കും ചൗളിനുമെതിരെ ശക്തമായ പ്രതിരോധം ഏർപ്പെടുത്തിയിരുന്നു. സാമൂതിരിയാകട്ടെ ഈ അവസരത്തിൽ ചാലിയം കോട്ട പിടിച്ചെടുക്കാനുള്ള തീവ്രയത്നം നടത്തുകയുമായിരുന്നു. ചൗളിനെ പ്രതിരോധിക്കുന്ന മർത്തസ് നിസാംഷായെ സഹായിക്കുവാൻ കുഞ്ഞാലിയുടെ നേതൃത്വത്തിൽ ഒരു നാവികസേനയും പ്രവർത്തന നിരതമായി. പറങ്കികളുടെ കൺമുമ്പിൽ കൂടി നാവിക പ്രകടനം നടത്തി ചൗളിലേക്ക് തിരിച്ച കുഞ്ഞാലിയെ പറങ്കികൾ എതിരിട്ടെങ്കിലും അവർക്ക് വമ്പിച്ച ആൾനാശവും, ധനനഷ്ടവും വരുത്തിക്കൊണ്ട് കുഞ്ഞാലി തന്റെ ലക്ഷ്യസ്ഥാനത്തെത്തി. എന്നാൽ കണ്ണൂർ തീരത്തെത്തിയ കുഞ്ഞാലിയും മാപ്പിള നാവികരും മെനെസിസിന്റെ നേതൃത്വത്തിൽ വന്ന ഒരു പറങ്കിപ്പടയുമായി

അപ്രതീക്ഷിതമായി ഏറ്റുമുട്ടേണ്ടതായി വന്നു. നിർണ്ണായകമായ തോൽവിയാണ് മാപ്പിള നാവികർക്ക് നേരിട്ടത്. അവരുടെ രണ്ട് കപ്പലുകൾ ഒഴിച്ച് മറ്റുള്ളവയെല്ലാം പറങ്കികൾ നശിപ്പിച്ചുവെന്ന് മാത്രമല്ല, കുട്ടിപോക്കർ എന്ന കുഞ്ഞാലി രണ്ടാമൻ ഈ യുദ്ധത്തിൽ രക്തസാക്ഷിയുമായി.3. മാപ്പിളപ്പടയ്ക്ക് നേരിട്ട ഈ ദുരന്തം വളരെ ഭയാനകമായിരുന്നു. അവരുടെ അചഞ്ചലനായ നേതാവ് പടവെട്ടി മരിക്കുകയും അനുയായികളിൽ ബഹുഭൂരിപക്ഷവും രക്തസാക്ഷികളാകുകയും ചെയ്തു. മാപ്പിള-പറങ്കി നൂറ്റാണ്ട് യുദ്ധം തുടങ്ങിയിട്ട് ഇപ്പോഴേക്ക് ആറ് ദശാബ്ദം പിന്നിട്ടു കഴിഞ്ഞിരുന്നു.

---

1. *തുഹ്ഫത്തുൽ മുജാഹിദീൻ, മുൻ ഉദ്ധരിച്ചത്, പുറം-164.*
2. *അത് തന്നെ, പുറം-83.*
3. *അത് തന്നെ, പുറം-83.*

# XX കുഞ്ഞാലി മൂന്നാമൻ എന്ന പട്ടുമരക്കാർ

സാമൂതിരിയും മാപ്പിളമാരും പറങ്കികളുടെ ചാലിയം കോട്ടയ്ക്കെതിരായി പ്രതിരോധം നടത്തുന്ന സന്ദർഭത്തിലായിരുന്നുവല്ലോ ബീജാപ്പൂർ സുൽത്താൻ ഗോവയും, അഹമ്മദ് നഗർ സുൽത്താൻ ചൗളും ആക്രമിച്ചത്. ഗോവയിലും, ചൗളിലും നടന്ന യുദ്ധങ്ങൾ സന്ധിയായെങ്കിലും ചാലിയം കോട്ട കീഴടക്കുന്നതുവരെ സാമൂതിരിയും മാപ്പിള സൈനികരും പൊരുതി നിന്നു. പരപ്പനങ്ങാടി, താനൂർ, പൊന്നാനി, കോഴിക്കോട് തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും മുസ്ലിംകൾ ചാലിയം പ്രതിരോധ സംരംഭങ്ങളിൽ ഭാഗഭാക്കുകളായിരുന്നു. കോട്ടയെ രക്ഷിക്കുവാനും, കോട്ടയ്ക്കകത്തുള്ളവർക്ക് ആവശ്യ സാധനങ്ങൾ എത്തിക്കുവാനും കൊച്ചിയിൽ നിന്നും ഗോവയിൽ നിന്നും 'അയച്ച കപ്പലുകളെ പിന്തിരിപ്പിച്ച് പായിക്കുവാനും, എതിർത്ത് നിന്നവരെ തകർത്ത് തരിപ്പണമാക്കുവാനും സാധിച്ചിരുന്നു. ചാലിയം കോട്ട ആക്രമണത്തെ സമകാലികനായ ശൈഖ് സൈനുദ്ദീൻ വിവരിക്കുന്നതിപ്രകാരമാണ്. "കോട്ട ആക്രമിക്കുവാൻ തന്റെ സൈന്യാധിപന്റെ കീഴിൽ ജൂലൈ ആദ്യത്തിൽ വലിയൊരു സൈന്യത്തെ സാമൂതിരി അയച്ചു. താനൂർ, പരപ്പനങ്ങാടി തുടങ്ങിയ സ്ഥലങ്ങളിലെ മുസ്ലിംകൾ ഈ ആക്രമണത്തിൽ ഭാഗഭാക്കുകളായി. കോട്ടയ്ക്ക് പുറത്തുവെച്ചു നടന്ന ഏറ്റുമുട്ടലിൽ പറങ്കികൾക്ക് കഠിനമായ നാശനഷ്ടങ്ങൾ സംഭവിച്ചു. അവർ കോട്ടയ്ക്കകത്ത് അഭയം തേടി. സാമൂതിരിയുടെ സൈന്യം കോട്ട വളഞ്ഞു. കോട്ടക്ക് ചുറ്റും കിടങ്ങുകൾ ഉണ്ടാക്കി. പ്രതിരോധം തുടങ്ങി രണ്ട് മാസം നീണ്ടപ്പോൾ യുദ്ധ നേതൃത്വം ഏറ്റെടുത്ത് സാമൂതിരിപ്പാട് കൂനൻ എന്ന സ്ഥലത്ത് വന്ന് താമസമാക്കി. കോട്ടക്കകത്തേക്ക് യാതൊന്നും കൊണ്ടുപോകാതിരിക്കുവാൻ ജാഗ്രത പാലിക്കണമെന്ന് എല്ലാവർക്കും നിഷ്ക്കർഷ നൽകിയിരുന്നു. ഭക്ഷണ ദൗർബല്യം രൂക്ഷമായപ്പോൾ കോട്ടയ്ക്കകത്തുണ്ടായിരുന്നവർക്ക് നായയുടേയും, അത്തരം ജീവികളുടേയും മാംസം പോലും ഭക്ഷിക്കേണ്ടതായി വന്നു. കഷ്ടപ്പാട് സഹിക്കവയ്യാതെ ഒളിച്ചോടിപ്പോന്നിരുന്ന ജോലിക്കാരെ യാതൊരു ഉപദ്രവം ചെയ്യാതെ പട്ടാളക്കാർ വിട്ടയച്ചു. കണ്ണൂരിൽ നിന്നും കൊച്ചിയിൽ നിന്നും ഭക്ഷണ സാധനങ്ങൾ അയച്ചുകൊണ്ടിരുന്നെങ്കിലും കോട്ടയിൽ അത് എത്തിക്കുവാൻ സാധിച്ചിരുന്നില്ല. കടലിൽ വെച്ചുതന്നെ ഇവ ആക്രമിച്ച് നശിപ്പിക്കപ്പെട്ടു. കോട്ടയ്ക്കകത്ത് നിന്ന് സമാധാന അഭ്യർത്ഥനയുമായി ദൂതൻമാർ സാമൂതിരിയുടെ അടുത്തെത്തി. പട്ടാളം കീഴടങ്ങാമെന്നും ചില വലിയ പീരങ്കികളും, യുദ്ധച്ചെലവും നൽകാമെന്നുമായിരുന്നു മുന്നോട്ടുവെച്ച വ്യവസ്ഥകൾ. സാമൂതിരിയും അദ്ദേഹത്തിന്റെ മാപ്പിള ഉപദേശകരും ഈ വ്യവസ്ഥ തിരസ്ക്കരിച്ചു. ദിവസങ്ങൾ അധികം കഴിയുന്നതിനു മുമ്പുതന്നെ കോട്ടയും, പീരങ്കികളും പരിപൂർണ്ണമായും കീഴടങ്ങാമെന്നും തങ്ങളെ ഉപദ്രവിക്കാതെ വിട്ടയച്ചാൽ മതിയെന്നും സ്വന്തം സമ്പാദ്യം മാത്രം കൊണ്ടുപോകാൻ അനുവദിക്കണമെന്നുമായി പിന്നീട് കോട്ടയ്ക്കകത്തു നിന്നുള്ള നിവേദനം. ഇത് സാമൂതിരി അംഗീകരിച്ചു. ജമാദുൽ ആഖിർ 10-ാം തിയ്യതി അർദ്ധരാത്രി പറങ്കിപ്പട്ടാളം കോട്ടയിൽ നിന്നും പുറത്തു വന്നു."[1]. ഇത് 1571 നവംബറിലായിരുന്നു. കോട്ടയുടെ അവസാനകല്ലുവരെ പൊളിച്ച് മാറ്റി അതിന്റെ കല്ലും മരവും അവിടെ പറങ്കികൾ കോട്ട പണിയുവാൻ തകർത്ത പള്ളിയുടെ പുനർനിർമ്മാണത്തിനായി സാമൂതിരി മുസ്ലിംകൾക്ക് വിട്ടുകൊടുത്തു. ചാലിയം കോട്ടയുടെ പതനം കേരളതീരത്തെ പോർച്ചുഗീസ് പ്രതാപം അവസാനിക്കുന്നതിന്റെ ആരംഭമായിരുന്നു.

ചാലിയം യുദ്ധത്തിൽ പട്ടുമരക്കാരുടെ അർപ്പണബോധത്തോടുകൂടിയുള്ള സാഹസിക നാവിക സമരങ്ങളും സേവനങ്ങളും കണക്കിലെടുത്ത് അഴീക്കുഴയുടെ പൂമുഖത്ത് മരക്കാർമാരുടെ ആസ്ഥാനമായിരുന്ന പുതുപട്ടണത്ത് ഒരു കോട്ടകെട്ടുവാനുള്ള അനുമതി സാമൂതിരി അവർക്ക് നൽകി. പട്ടുമരക്കാരെ കുഞ്ഞാലി മൂന്നാമനായി അവരോധിക്കുകയും ചെയ്തു. നായർപ്പടനായകൻമാർക്ക് അനുവദിച്ചുകൊടുത്തിരുന്ന പ്രത്യേകമായ അധികാരാവകാശങ്ങളൊക്കെ കുഞ്ഞാലി മൂന്നാമനും സാമൂതിരി സന്തോഷപൂർവ്വം നൽകി. 1573ൽ കുഞ്ഞാലി പുതുപട്ടണത്ത് കെട്ടിയുയർത്തിയ കോട്ട എല്ലാവിധ സജ്ജീകരണങ്ങളോടുകൂടി പ്രവർത്തനക്ഷമമായി. ഈ കോട്ടയേയാണ് മരക്കാർ കോട്ടയെന്ന് വിളിച്ചു പോന്നിരുന്നത്.

ഗോവ ആക്രമണകാലത്ത് ബീജാപ്പൂർ സുൽത്താൻ ആദിൽഷായുടെ സഹായാഭ്യർത്ഥന ഉണ്ടായിരുന്നുവെങ്കിലും ചാലിയം പ്രതിരോധ സന്ദർഭത്തിലായിരുന്നതുകൊണ്ട് നാവിക സഹായം എത്തിക്കുവാൻ അൽപ്പം വൈകിപ്പോയി. കുട്ടി അബൂബക്കറിന്റെ നേതൃത്വത്തിൽ സാമൂതിരി ഗോവയിലേക്കയച്ചിരുന്ന നാവികപ്പടയ്ക്ക് അവിടെ നിന്നും യുദ്ധം ചെയ്യാതെ തിരിച്ചു പോരേണ്ടതായി വന്നു. എന്നാൽ മടക്കയാത്രയിൽ മംഗലാപുരത്തെത്തിയ കുട്ടി അബൂബക്കർ അവിടത്തെ പറങ്കി സങ്കേതം ആക്രമിച്ച് കൊള്ളയടിച്ചു. മുസ്ലിം കേന്ദ്രങ്ങളിൽ നിന്നൊക്കെ ചെറിയ ചെറിയ നാവിക വ്യൂഹങ്ങൾ പറങ്കികളെ പീഢിപ്പിച്ചുകൊണ്ടിരുന്നു. പോർച്ചുഗീസുകാരുടെ അരിയും പഞ്ചസാരയും കയറ്റിയ ഒരു വലിയ കപ്പൽ പൊന്നാനിയിലെ മാപ്പിള നാവികർ കീഴടക്കി. എന്നാൽ കുട്ടി അബൂബക്കറേയും, സൈന്യത്തേയും, കണ്ണൂർ തീരത്ത് വെച്ച് പറങ്കിപ്പട കടന്നാക്രമിച്ച് നശിപ്പിക്കുകയും ചെയ്തു.

കുഞ്ഞാലിയാകട്ടെ, തീരദേശ തുറമുഖങ്ങളിൽ തന്റെ നാവിക ശക്തി പൂർവ്വാധികം ബലവത്താക്കുവാനുള്ള എല്ലാ ശ്രമങ്ങളും നടത്തിക്കൊണ്ടിരുന്നു. കക്കാട്, കോഴിക്കോട്, കണ്ണൂർ, പൊന്നാനി, കൊടുങ്ങല്ലൂർ, പുറക്കാട്, കൊല്ലം എന്നി സ്ഥലങ്ങളിൽ നിന്നൊക്കെ കുഞ്ഞാലിയുടെ നാവികപ്പട പോർച്ചുഗീസുകാരേയും, അവരുടെ ഓടങ്ങളേയും നിരന്തരം ആക്രമിച്ച് ശല്യപ്പെടുത്തി.

ഈ പോരാട്ടങ്ങളുടെ ഫലമായി പറങ്കികളുടെ കച്ചവടവും കപ്പലോട്ടവും ക്ഷയോൻമുഖമായി. മാപ്പിളനാവികരാകട്ടെ പറങ്കികളുടെ ചാലിയംകോട്ട നിശ്ശേഷം നശിപ്പിച്ചതിനു പുറമേ, ആധുനിക പ്രതിരോധ സൗകര്യങ്ങളോടുകൂടിയുള്ള സ്വന്തമായൊരു കോട്ട പുതുപട്ടണത്ത് കെട്ടി സുരക്ഷിതരായും കഴിഞ്ഞു. പറങ്കികൾക്ക് ഒട്ടും സഹിക്കാൻ സാധിക്കാത്ത ഈ സ്ഥിതി സംജാതമായപ്പോൾ ക്യാനറയിൽ നിന്നും മലബാറിലേക്ക് ഇറക്കുമതി ചെയ്തുകൊണ്ടിരുന്ന അരിക്കപ്പലുകളെ തടയുന്ന ഏർപ്പാടിൽ മുഴുകുകയാണ് അവർ ചെയ്തത്. തൻമൂലം രൂക്ഷമായ ക്ഷാമം കേരളത്തെ ഗ്രസിച്ചു. പക്ഷേ പറങ്കിപ്പടയെ നിർഭയം തേർവാഴ്ച നടത്തുവാൻ കുഞ്ഞാലി സമ്മതിച്ചില്ല. കൊച്ചിയിൽ പറങ്കികൾ തീരുവ പിരിക്കുന്നതിനെതിരായി ഒരു ബഹുജന സമരം അവർ സംഘടിപ്പിച്ചു. തീരുവാപിരിവ് ഇതുകാരണം പറങ്കികൾക്ക് ഉപേക്ഷിക്കേണ്ടതായിവന്നു. അങ്ങനെ കോഴിക്കോടും, കൊച്ചിയിലും പറങ്കികൾക്ക് രക്ഷയില്ലെന്ന മട്ടായി. കടലിലാണെങ്കിൽ ഏതവസരത്തിലും കുഞ്ഞാലിയുടെ ഒളിപ്പോരാളികൾ ചാടിവീണ് അപായം വരുത്തും. ഇതിനൊരു പോംവഴി സാമൂതിരിയുമായി സന്ധിക്കുകയാണെന്ന് കണക്കുകൂട്ടിയ അവർ അതിനുള്ള ശ്രമങ്ങളാണ് പിന്നീട് നടത്തിക്കൊണ്ടിരുന്നത്. കുഞ്ഞാലിയാകട്ടെ പറങ്കികളുമായി ഒരിക്കലും സന്ധിയോ, സമാധാനമോ ഇല്ലെന്ന പ്രതിജ്ഞയോടുകൂടി വിശ്രമമില്ലാതെ പടപൊരുതുകയുമായിരുന്നു.

പുതുപട്ടണം മരക്കാർ കോട്ട പറങ്കികളിൽ സംഭ്രാന്തി പരത്തി. സാമൂതിരിയുമായി ഏതെങ്കിലും വിധത്തിൽ സൗഹൃദം ഉണ്ടാക്കിയാൽ മാത്രമേ മരക്കാർപ്പടയിൽ നിന്നും രക്ഷപ്പെടുവാൻ പറ്റുകയുള്ളുവെന്നറിയാമായിരുന്ന പറങ്കികൾ പൊന്നാനിയിൽ ഒരു കോട്ട കെട്ടുവാൻ അനുവാദം ചോദിച്ചുകൊണ്ടുള്ള നിവേദനവുമായി സാമൂതിരിയെ സമീപിച്ചു. നിരന്തര ശ്രമത്തിന്റെ ഫലമായി 1585ൽ കോട്ട കെട്ടുവാനുള്ള തിട്ടൂരം അവർ കരസ്ഥമാക്കി. സാമൂതിരിയുടേയും മാപ്പിള നാവികരുടേയും ഭാവി മ്ലാനമാക്കുന്ന ഈ നടപടിയിൽ പങ്കു ചേരരുതെന്ന് കുഞ്ഞാലിയും മറ്റുള്ളവരും സാമൂതിരയോടപേക്ഷിച്ചിരുന്നു. എന്നാൽ ബുദ്ധിപൂർവ്വമായ ഈ അഭ്യർത്ഥന അദ്ദേഹം നിരസിക്കുകയാണ് ചെയ്തത്. എല്ലാവിധ ക്ലേശങ്ങളും ത്യാഗങ്ങളും സഹിച്ച് പറങ്കികളെ ഏകദേശം പതനത്തോളമെത്തിച്ച തങ്ങളെ വീണ്ടും ഈ കിരാതൻമാരുടെ വലയിൽ എറിഞ്ഞു കൊടുക്കുന്ന പ്രവൃത്തിയായിട്ടാണ് മാപ്പിളമാർ സാമൂതിരിമാരുടെ ഈ നീക്കത്തെ വിലയിരുത്തിയിരുന്നത്. സാമൂതിരിയും മുസ്ലിംകളും തമ്മിലുണ്ടായിരുന്ന അഭേദ്യമായ ബന്ധത്തിന് തകർച്ചയുണ്ടാക്കിയ സംഭവമായിരുന്നു ഇത്.2.

സാമൂതിരി താൽക്കാലികമായി യുദ്ധവിരാമ സന്ധിയുണ്ടാക്കിയെങ്കിലും കുഞ്ഞാലിയും കൂട്ടരും ഒരിക്കലും അനുരഞ്ജനത്തിന് തയ്യാറാകാതെ പറങ്കികളുമായി നിരന്തരം പോരാടിയതിന്റെ വികാരത്തിന് വീര്യം കയറ്റുന്ന കഥകളാണ് പിന്നീട് ഇവിടെ നടന്നത്. കുഞ്ഞാലിയുടെ നാവിക വൈദഗ്ദ്ധ്യത്തിന്റെ മകുടോദാഹരണമായിരുന്നു 1588ൽ പറങ്കികളുടെ പല കപ്പലുകളും ആക്രമിച്ച് കീഴടക്കിയതും, അവയിലുണ്ടായിരുന്നവരെ തടവുകാരാക്കുവാൻ സാധിച്ചതും. തൊട്ടടുത്ത വർഷത്തിൽ മറ്റൊരു നാവിക നേട്ടവും കുഞ്ഞാലിക്കുണ്ടായി. പറങ്കികളുടെ വലിയൊരു ഓടവും അതിലുണ്ടായിരുന്ന ധനവും ആളുകളും പൂർണ്ണമായും അദ്ദേഹത്തിന് കീഴടങ്ങേണ്ടതായിവന്നു. കുഞ്ഞാലിയുടെ മരുമകനായ കുട്ടിമൂസ ഇതേവർഷം തന്നെ പറങ്കികളുടെ വലിയൊരു നാവിക വ്യൂഹത്തെ തകർത്ത് വിജയശ്രീലാളിതനായി. ചൈനയിൽ നിന്നും വന്ന ഒരു പറങ്കിക്കപ്പൽ കീഴടക്കി കൊള്ളയടിച്ച കുട്ടിമൂസക്ക് വിലമതിക്കാൻ സാധിക്കാത്തത്ര ധനമാണ് ലഭിച്ചത്. അക്കാലത്ത് പോർച്ചുഗലിലേക്കെഴുതിയിട്ടുള്ള കത്തുകളിലൊക്കെ തന്നെ അവർക്കുണ്ടായിക്കൊണ്ടിരിക്കുന്ന കൊടിയ നഷ്ടത്തെപ്പറ്റിയും, കടൽ സഞ്ചാരം ദുഷ്ക്കരമായി മാറിയിരിക്കുന്നതിനെ പുരസ്ക്കരിച്ചും അതിന് കാരണക്കാരായ കുഞ്ഞാലിമാരേയും മാപ്പിള നാവികരേയും കുറിച്ചും പറങ്കിപ്പടനായകൻമാർ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്.

1591ൽ ഫാദർ ഫ്രാൻസിസ്കോ ഡ കോസ്റ്റയെന്ന പാതിരിയുടെ കഠിന ശ്രമഫലമായി പറങ്കികൾക്ക് സാമൂതിരിയുമായി മറ്റൊരു സമാധാന സന്ധി ഉണ്ടാക്കുവാൻ കഴിഞ്ഞു. സാമൂതിരിയുടെ പിടിയിലുണ്ടായിരുന്ന പറങ്കിത്തടവുകാരെ മുഴുക്കെ സ്വതന്ത്രരാക്കുവാനും കോഴിക്കോട് ഒരു കത്തോലിക്കാപ്പള്ളി പണിയുവാനും സാമൂതിരി അനുവാദം കൊടുത്തതിനു പുറമേ, സാമൂതിരിയുടെ കുരുമുളക് മുഴുക്കെ അവർക്ക് നിശ്ചിത വിലയ്ക്ക് നൽകാമെന്നുമൊക്കെയായിരുന്നു കരാറിലെ പ്രധാന വ്യവസ്ഥകൾ. എന്നാൽ പറങ്കികളുടെ പാസ്സില്ലാതെ വരുന്ന ഏത് കപ്പലും പിടിച്ചെടുക്കുവാനുള്ള അധികാരം തങ്ങൾക്കുണ്ട് എന്ന ധിക്കാരത്തിൽ കടൽക്കൊള്ള തുടർന്നത് സമാധാന സന്ധിയെ അലങ്കോലപ്പെടുത്തി. 1594 ഓഗസ്റ്റിൽ ആന്ദ്രേ ഫെർട്ടാഡോ സാമൂതിരിയുടെ മൂന്ന് കപ്പലുകൾ കൊള്ളയടിച്ചു. അവയിലുണ്ടായിരുന്ന കൊള്ളമുതലിന് കണക്കുണ്ടായിരുന്നില്ല. അവയിലുണ്ടായിരുന്ന രണ്ടായിരത്തിൽപ്പരം യാത്രക്കാരെ നിഷ്ക്കരുണം കൊലപ്പെടുത്തുകയും ചെയ്തു. പൈശാചികമായ ഈ കൊലയും കൊള്ളയും കേരളത്തെ ആകെ ഞെട്ടിപ്പിച്ച ദുരന്ത സംഭവമായിരുന്നു. ഇതിന് കുഞ്ഞാലി നടത്തിയ പ്രതികരണം ജാവയിൽ നിന്നും കോഴിക്കോട്ടേയ്ക്ക് വരികയായിരുന്ന ഒരു

പറങ്കിക്കപ്പൽ കൊള്ളയടിച്ച് അതിലുണ്ടായിരുന്ന 14 നാവികരെയും അതിദാരുണമായി വധിച്ചുകൊണ്ടായിരുന്നു. ഇങ്ങനെ വിശ്രമമില്ലാതെ യുദ്ധം ചെയ്തുകൊണ്ടിരുന്നതിന്റെ ഫലമായിട്ട് മാത്രമാണ് ഈ നാടും നാട്ടുകാരും പറങ്കികളുടെ കരാളമായ കാപ്പിരി ഭരണത്തിൽ നിന്നും രക്ഷപ്പെട്ടതെന്ന വസ്തുത കൃതജ്ഞതാപൂർവ്വം നമുക്കോർക്കാം. പട്ടുമരക്കാർ എന്ന കുഞ്ഞാലി മൂന്നാമൻ 1595ൽ ഒരു പുരുഷായുസ്സിൽ ചെയ്തുതീർക്കാവുന്ന മഹത്തായ നേട്ടങ്ങൾക്കൊക്കെ ഉടമയായിക്കൊണ്ട് സംതൃപ്തിയോടെ അന്ത്യശ്വാസം വലിച്ചു. പറങ്കികളോടുള്ള ഒടുങ്ങാത്ത വെറുപ്പിന്റെയും തീരാത്ത ശത്രുതയുടെയും ജ്വലിക്കുന്ന അഗ്നികുണ്ഡം തന്റെ പിൻഗാമിയായ മരുമകൻ മുഹമ്മദലി മരക്കാരുടെ ബലിഷ്ഠമായ ഹസ്തങ്ങളിൽ അർപ്പിച്ചുകൊണ്ടാണ് അദ്ദേഹം കാലയവനികയ്ക്കുള്ളിൽ മറഞ്ഞത്.

---

1. തുഹ്ഫത്തുൽ മുജാഹിദീൻ, മുൻ ഉദ്ധരിച്ചത്, പുറം-166.
2. കേരളചരിത്രം, വാല്യം I, കേരള ഹിസ്റ്ററി അസോസിയേഷൻ, കൊച്ചി-11, 1973, പുറം-450.

# XXI കുഞ്ഞാലി നാലാമനെന്ന മുഹമ്മദലിമരക്കാർ

മുഹമ്മദലി മരക്കാർ 1595ലാണ് തൻെറ അമ്മാവനായ പട്ടുമരക്കാർ എന്ന കുഞ്ഞാലി മൂന്നാമൻെറ പിൻഗാമിയായി നാവിക നേതൃത്വം ഏറ്റെടുത്തത്. പുതുപട്ടണത്തെ മരക്കാർ കോട്ടയുടെ അധിപതിയെന്ന നിലയിൽ കോട്ടയേയും പട്ടണത്തേയും ശത്രുക്കളിൽ നിന്നും സംരക്ഷിക്കുവാൻ പറ്റും വിധമുള്ള കൂടുതൽ സജ്ജീകരണങ്ങൾ അദ്ദേഹം ഏർപ്പെടുത്തി. കിടങ്ങുകൾ കുഴിക്കുകയും, കോട്ടമതിൽ ബലവത്താക്കുകയും ചെയ്ത അദ്ദേഹം മരക്കാർകോട്ടയെ അക്കാലത്തുണ്ടായിരുന്ന ഏത് കോട്ടയേക്കാളും ശക്തവും സുരക്ഷിതവുമായ ഒന്നാക്കി മാറ്റി. കോട്ടയുടെ രണ്ടറ്റത്തും തലയുയർത്തി നിന്ന വലിയ ഗോപുരങ്ങൾ കടലിന് അഭിമുഖമായി നിന്നു. തൻെറ ആസ്ഥാനം അങ്ങനെ അപ്രതിരോധ്യമാംവിധം ശക്തമാക്കിയശേഷം പറങ്കികളെ തുരത്തുകയെന്ന തൻെറ അമ്മാവൻെറ അന്തിമാഭിലാഷം നിറവേറ്റാനായി അദ്ദേഹം സജീവമായി രംഗത്തിറങ്ങി.

പറങ്കികളുടെ പല വാഹനങ്ങളും, ധാരാളം പറങ്കി നാവികരും കുഞ്ഞാലിയുടെ ധീരമായ നാവിക പ്രവർത്തനങ്ങൾക്കിരയായി. കുഞ്ഞാലിയുടെ ദേശസ്നേഹത്തിൻേറയും, പറങ്കികളോടുണ്ടായിരുന്ന ഒടുങ്ങാത്ത അമർഷത്തിൻേറയും നിദർശനമായിരുന്നു മംഗലാപുരത്തിനടുത്തുള്ള ഉള്ളാൾ എന്ന സ്ഥലത്തെ മഹാറാണിയായ തിരുമലദേവിക്ക് അദ്ദേഹം നൽകിയ സൈനിക സഹായം. മംഗലാപുരത്തെ ബങ്കര രാജാവുമായിച്ചേർന്ന്, പറങ്കിപ്പട ഉള്ളാൾ റാണിയെ ആക്രമിച്ചപ്പോൾ കുഞ്ഞാലി തൻെറ നാവിക സന്നാഹവുമായി റാണിയുടെ രക്ഷയ്ക്കെത്തി, പറങ്കികളെ പിന്തിരിപ്പിക്കുകയും ചെയ്തു. പറങ്കികളുടേയും, സാമൂതിരിയുടേയും കൂട്ടായ എതിർപ്പിനെ അഭിമുഖീകരിച്ച് കുഞ്ഞാലി തൻെറ കോട്ടയിൽ വീർപ്പുമുട്ടിക്കൊണ്ടിരുന്ന സന്ദർഭത്തിൽ തനിക്ക് നൽകിയ സേവനത്തിന് പ്രത്യുപകാരമായി ഉള്ളാളിലെ റാണി 3,000 ചാക്ക് അരി കുഞ്ഞാലിക്ക് അയച്ചുകൊടുത്തിരുന്നു. കുഞ്ഞാലി ഉള്ളാൾ റാണിക്കുവേണ്ടി നടത്തിയ സൈനിക സേവനം സാമൂതിരിയെ സംശയാലുവാക്കി. തന്നിൽ നിന്നും കൂറ് മാറുവാനുള്ള ആരംഭമാണോ ഇതെന്ന് അദ്ദേഹം ന്യായമായും ഊഹിച്ചു. പക്ഷേ കുഞ്ഞാലിയുടെ ലക്ഷ്യം പൊതുശത്രുവിനെ എതിർക്കുക എന്നത് മാത്രമായിരുന്നു.

കടലിലും, കരയിലും തങ്ങളെ ഒളിഞ്ഞും തെളിഞ്ഞും എതിർത്തുകൊണ്ടിരുന്ന മുസ്ലിംകളെ പറ്റേ പരാജയപ്പെടുത്തുവാൻ പറ്റുകയില്ലെന്ന് പറങ്കികൾക്ക് തീർത്തും ബോദ്ധ്യപ്പെട്ടിരുന്നു. തങ്ങളുടെ വ്യാപാരം തകർച്ചയുടെ വക്കിലെത്തുകയും യുദ്ധച്ചെലവ് സീമാതീതമായി വർദ്ധിക്കുകയും ചെയ്തുകൊണ്ടിരുന്നതിനാൽ ഏത് വിധേനയെങ്കിലും സാമൂതിരിയുമായി സഖ്യം ഉണ്ടാക്കണമെന്ന് അവർ ഉറച്ചു. സാമൂതിരിയുമായി സാമാധാന ഉടമ്പടിക്കുവേണ്ടി ശ്രമിച്ചുകൊണ്ടിരുന്ന അവസരത്തിലും മുസ്ലിം ആസ്ഥാനങ്ങൾ കൊള്ളയടിക്കാതിരിക്കുന്നതിലോ, മുസ്ലിം നാവികരുമായി ഏറ്റുമുട്ടാതിരിക്കുന്നതിനോ അവർക്ക് വൈമുഖ്യം ഉണ്ടായിരുന്നില്ല. കുഞ്ഞാലിയുടെ അനന്തിരവനായ ഖ്വാജാ മൂസയുടെ നേതൃത്വത്തിൽ പോർച്ചുഗലിൽ നിന്നും പുതുതായി എത്തിയ പല കപ്പലുകളും പിടിച്ചെടുത്തിരുന്നു. 20 ഓടങ്ങളിൽ സുശിക്ഷിതരായ മാപ്പിളപ്പടയാളികളോടുകൂടി ഖ്വാജാ മൂസ പറങ്കികൾക്കെതിരെ നടത്തിയ നാവികപ്പോരാട്ടങ്ങൾ പോർച്ചുഗീസു പടനായകൻമാരുടെ തന്നെ പ്രശംസ പിടിച്ചുപറ്റിയവയാണ്. കടലിൽ തങ്ങളെ നിരന്തരം ആക്രമിച്ചുകൊണ്ടിരുന്ന ഖ്വാജാ മൂസയെ അവസാനം എതിരിട്ടത് ആദ്രേ ഫേർട്ടാഡോയുടെ കീഴിലെത്തിയ 20 പടക്കപ്പലുകളായിരുന്നു. തുറന്ന യുദ്ധത്തിൽ നിന്നും തെന്നിമാറിക്കൊണ്ടിരുന്ന ഖ്വാജാ മൂസയെ കഠിനശ്രമത്തിന് ശേഷമാണ് വളഞ്ഞ് പിടിക്കുവാൻ സാധിച്ചത്. തുടർന്ന് നടന്ന ഘോര സംഘട്ടനത്തിൽ മാപ്പിള നാവികർ പിന്തിരിഞ്ഞോടേണ്ടി വന്നു. ആത്മരാക്ഷാർത്ഥം ഖ്വാജാ മൂസ കടലിൽ ചാടി നീന്തി രക്ഷപ്പെടുകയാണ് ചെയ്തത്. തൻെറ അനന്തിരവന് പറ്റിയ ഈ തിരിച്ചടി കുഞ്ഞാലിയെ നിരാശനാക്കിയില്ലെന്ന് മാത്രമല്ല, പ്രതികാര വാഞ്ഛയോടുകൂടി പൂർവ്വാധികം ഊർജ്ജസ്വലനായി സമരരംഗത്ത് ഉറച്ചു നിൽക്കുകയാണുണ്ടായത്. ഈ ഘട്ടത്തിലാണ് കുഞ്ഞാലിയും സാമൂതിരിയും മാനസികമായി അകലാൻ തുടങ്ങുന്നത്.

പൊന്നാനിയിൽ കോട്ട കെട്ടാൻ പറങ്കികൾക്ക് അനുവാദം നൽകിയ കാലം മുതൽ പറങ്കികളോടുള്ള സമീപനത്തിൽ സാമൂതിരിക്ക് മാറ്റം വന്നതായി മാപ്പിളമാർ ആശങ്കിച്ചിരുന്നു. പിന്നീടുണ്ടായ സംഭവവികാസങ്ങൾ ഇത് ശരിയായിരുന്നുവെന്നാണ് കാണിക്കുന്നത്. കുഞ്ഞാലി ഉയർച്ചയുടെ ഉയരങ്ങളിലേക്ക് കുതിക്കുന്നത് കണ്ട സാമൂതിരി, പങ്കിലമാനസനാവുക മാത്രമല്ല, കുഞ്ഞാലി തൻെറ ശാസനയ്ക്ക് അതീതനായി കുതറി മാറുന്നതായും സംശയിച്ചു. അതേ സമയം കുഞ്ഞാലിയും അദ്ദേഹത്തിൻെറ ധീരനാവികരും പറങ്കികളെ പല പ്രാവശ്യം തോൽപ്പിച്ചോടിക്കുകയും അവർക്ക് യാതൊരു സ്വസ്ഥതയും നൽകാത്തവിധം സൈനിക വിജയം നേടുകയും ചെയ്തു

കൊണ്ടിരുന്നു. സാമൂതിരിക്ക് കുഞ്ഞാലിയോടുണ്ടായ തെറ്റിദ്ധാരണ പോലെ തന്നെ കുഞ്ഞാലിക്ക് സാമൂതിരിയോടുണ്ടായിരുന്ന വിശ്വാസവും നഷ്ടപ്പെട്ടിരുന്നു. നാവിക സേനയുടെ കാര്യത്തിൽ സാമൂതിരി പഴയ പോലെ തൽപ്പരനല്ലെന്ന് കുഞ്ഞാലി ന്യായമായും ഊഹിച്ചു. പറങ്കികളുമായി കൂട്ടുകൂടി കൂടുതൽ കച്ചവട ലാഭം ഉണ്ടാക്കുവാനുള്ള ഉന്നമാണ് സാമൂതിരിയുടേതെന്ന് കുഞ്ഞാലി കരുതുകയും ചെയ്തു. മാനസികമായി ഇരുകൂട്ടരും അകന്നു തുടങ്ങിയ ആ സന്ദർഭത്തെ ചൂഷണം ചെയ്യുവാനുള്ള വിദഗ്ദ്ധ ശ്രമങ്ങളാണ് പറങ്കികൾ തുടർന്നു നടത്തിയത്. സാമൂതിരിയുടെ മേൽക്കോയ്മ കുഞ്ഞാലി അംഗീകരിക്കുന്നില്ലെന്നും, 'മുസ്ലിംകളുടെ രാജാവെന്നും' 'ഇന്ത്യൻ കടലുകളുടെ അധിപനെന്നും' രാജകീയ പദവികൾ കുഞ്ഞാലി സ്വീകരിച്ചിരിക്കുന്നുവെന്ന കിംവദന്തികൾ വളരെ നൈപുണ്യത്തോടുകൂടി അവർ പ്രചരിപ്പിച്ചു. ഇവയൊക്കെ സാമൂതിരിയുടെ ചെവിയിലും എത്തിയിരുന്നു. അൽവാറോ ഡ അബ്രാച്ചേയെന്ന നയതന്ത്രജ്ഞനായ നാവികനെ സാമൂതിരിയുമായി സഖ്യമുണ്ടാക്കുവാനായി വൈസ്രോയി ഈ അവസരത്തിൽ കോഴിക്കോട്ടേയ്ക്കയക്കുകയുമുണ്ടായി. ധിക്കാരിയായ കുഞ്ഞാലി പറങ്കികളുടെ മാത്രമല്ല സാമൂതിരിയുടേയും ശത്രുവാണെന്നും അയാളുടെ വർദ്ധമാനമായ പ്രതാപം തകർത്തില്ലെങ്കിൽ ഇരുകൂട്ടർക്കും രക്ഷയില്ലെന്നും സാമൂതിരിയെ ബോദ്ധ്യപ്പെടുത്തുവാൻ എല്ലാ തന്ത്രങ്ങളും അവർ പ്രയോഗിച്ചു. അങ്ങനെ തൻെറ രാജ്യത്തിൻെറ സമ്പത്തിനും, വിശ്വപ്രശസ്തിക്കും കാരണഭൂതരായിരുന്ന മാപ്പിള നാവികരോടും, അവരുടെ അചഞ്ചലനായ നേതാവിനോടും യുദ്ധപ്രഖ്യാപനം നടത്തുകയെന്ന ആത്മഹത്യാപരമായ നയമാണ് സാമൂതിരി അനുവർത്തിച്ചത്. തൻെറ നായർ പ്രഭുക്കളും മാപ്പിളമാരും മരക്കാർ കുടുംബത്തോട് കാണിച്ചിരുന്ന ബഹുമാനാദരവുകൾ സാമൂതിരിക്ക് നല്ലവണ്ണം അറിയാമായിരുന്നു. പ്രജകളിൽ വലിയൊരംശത്തെ വേദനിപ്പിക്കുന്ന പ്രവൃത്തിയായിരിക്കും പറങ്കികളോട് കൂട്ട്കൂടി കുഞ്ഞാലിയെ എതിർക്കുകയെന്നതും അദ്ദേഹം മനസ്സിലാക്കിയിരുന്നു. എന്നാൽ മാനസികമായി അടുക്കാൻ ഒക്കാത്തവിധം കുഞ്ഞാലിയും സാമൂതിരിയും അകന്നുകഴിഞ്ഞിരുന്നു. ഒടുവിൽ അനിവാര്യമായത് സംഭവിക്കുകതന്നെ ചെയ്തു.

1597ൽ ഫ്രാൻസിസ്കോ ഡ ഗാമ വൈസ്രോയിയായി ഇന്ത്യയിലെത്തി. സാമൂതിരിയുമായി ഉണ്ടാക്കിയിരുന്ന ഉടമ്പടി നടപ്പാക്കുന്നതിൽ അദ്ദേഹം അതീവ ജാഗരൂകനായിരുന്നു. പറങ്കികളുടെ സ്വൈരമായ വിഹാരം സാധിക്കണമെങ്കിൽ കുഞ്ഞാലിയെ തളച്ചല്ലാതെ സാദ്ധ്യമല്ലെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. തൻമൂലം സാമൂതിരിയുമായി സന്ധിച്ച് കുഞ്ഞാലിക്കെതിരായി പ്രതിരോധപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. സാമൂതിരിയുടെ കരസേനയിൽ പറങ്കികളുടെ നാവികവ്യൂഹം എല്ലാ സംവിധാനങ്ങളോടുംകൂടി തയ്യാറാക്കി. സൈന്യ സേവനത്തിന് തയ്യാറുള്ള ആരേയും സ്വാഗതം ചെയ്യുക മാത്രമല്ല, കപ്പലോട്ടത്തിന് ഭീഷണിയായി വർത്തിക്കുന്ന കുഞ്ഞാലിക്കെതിരായുള്ള യുദ്ധത്തിൽ സഹായ-സഹകരണങ്ങൾ ചെയ്യുവാൻ അദ്ദേഹം വ്യവസായികളോടും ആഹ്വാനം നടത്തിയിരുന്നു. പോർച്ചുഗീസ് ചരിത്രകാരൻമാരെ വിശ്വസിക്കാമെങ്കിൽ മലബാറിലെ കച്ചവടക്കാർ പത്ത് കപ്പലുകളും ധാരാളം പണവും, യുദ്ധച്ചെലവിലേക്കായി സംഭാവന ചെയ്തുവെന്നും കാണുന്നു. അങ്ങനെ മുൻകൂട്ടി നടത്താവുന്ന എല്ലാ തയ്യാറെടുപ്പുകളോടും കൂടിയാണ് യുദ്ധത്തിനൊരുങ്ങിയത്.

വൈസ്രോയിയുടെ ഇളയ സഹോദരൻ ലൂയി ഡ ഗാമയേയാണ് പറങ്കിപ്പടയുടെ നാവികനായി നിയമിച്ചിരുന്നത്. ചുറുചുറുക്കുള്ള ദൃഢഗാത്രനായ ഇയാൾക്ക് മുപ്പത് വയസ്സ് പ്രായമേ ഉണ്ടായിരുന്നുള്ളുവെങ്കിലും ആയോധനാപാടവം നേടിയ ദേഹമായിരുന്നു ലൂയി ഡ ഗാമ. എന്നാൽ അദ്ദേഹം കുഞ്ഞാലിക്കെതിരായി പുറപ്പെടാൻ ഭാവിക്കുമ്പോഴാണ് അശുഭകരമായ ചില സംഭവങ്ങൾ അരങ്ങേറുന്നത്. പറങ്കികളുടെ നാവിക മേധാവിത്വത്തിന് പിന്നീട് ഭീഷണിയായി മാറിയ ലന്തക്കാരുടെ രണ്ട് കപ്പലുകൾ അറബിക്കടലിൽ എത്തിയതും ഡ ഗാമ വന്നിറങ്ങിയ കപ്പൽ വിലപ്പെട്ട ചരക്കുമായി മടങ്ങാൻ ഒരുങ്ങുമ്പോൾ അഗ്നിക്കിരയായി കടലിൽ മുങ്ങിപ്പോയതും ലൂയി ഡ ഗാമയുടെ യാത്രയ്ക്ക് വിഘാതമുണ്ടാക്കി. ഈ അവസരത്തിൽ തന്നെയാണ് പതിവിൻപടി കടൽക്കൊള്ളയ്ക്കിറങ്ങിയ ക്യാപ്റ്റൻ ഡിമല്ലോയുടെ കപ്പൽ കുഞ്ഞാലിയുടെ നാവികർ പിടിച്ചടക്കി അതിലുണ്ടായിരുന്ന ആളുകളെ ഒന്നടങ്കം കൊന്നൊടുക്കിയത്. ഇതൊക്കെ കാരണം 1597 നവംബർ 13-ാം തിയ്യതി മാത്രമാണ് ലൂയി ഡ ഗാമയ്ക്ക് നാവിക സൈന്യവുമായി പുറപ്പെടുവാൻ സാദ്ധ്യമായത്.

സാമൂതിരി പറങ്കികളുമായി സഖ്യത്തിലേർപ്പെടാൻ തുനിഞ്ഞത് കുഞ്ഞാലിയെ പരിഭ്രാന്തനാക്കി തൻെറ ചൊൽപ്പടിക്ക് കൊണ്ടുവരാമെന്ന ധാരണയിലായിരുന്നു. കോഴിക്കോടിൻെറ പ്രശസ്തിക്കും കച്ചവടാഭിവൃദ്ധിക്കും നിദാനമായിരുന്നത് മുസ്ലിംകളും കുഞ്ഞാലിമാരുമാണെന്നറിയാമായിരുന്ന സാമൂതിരി തൻെറ പ്രജകളിൽ ഭൂരിപക്ഷത്തിനും മനഃക്ലേശമുണ്ടാക്കുന്ന യുദ്ധപ്രഖ്യാപനത്തിന് മുതിരുമായിരുന്നില്ല, കുഞ്ഞാലി തൻെറ മേൽക്കോയ്മയെ ആദരിച്ച് അനുസരിച്ചിരുന്നെങ്കിൽ. കുഞ്ഞാലിയാകട്ടെ, താൻ ഒരിക്കലും സാമൂതിരിയുടെ താൽപ്പര്യത്തിനെതിരായിരുന്നിട്ടില്ലെന്ന വിശ്വാസക്കാരനുമായിരുന്നു. ആയിരക്കണക്കിന് മാപ്പിള നാവികരെ വിദേശ ശത്രുവിനെതിരായി അണിനിരത്തി സാമൂതിരിയേയും രാജ്യത്തേയും നിസ്വാർത്ഥമായി സേവിച്ച പാരമ്പര്യമുള്ള തന്നോടും തൻെറ മാപ്പിള സഖാക്കളോടും സാമൂതിരി ശത്രുതാ മനോഭാവം പുലർത്തുന്നത് കനത്ത കൃതഘ്നതയാണെന്നും കുഞ്ഞാലി കരുതി. ലൂയി ഡ ഗാമ സാമൂതിരിയെ പടക്കളത്തിലേക്ക് ക്ഷണിച്ചപ്പോൾ ചില വ്യവസ്ഥകൾ കൂടി ഉടമ്പടിയിൽ ഉൾപ്പെടുത്തിയാൽ മാത്രമേ അദ്ദേഹം യുദ്ധത്തിനൊരുക്കമുള്ളുവെന്ന് പറയുകയുണ്ടായി. യഥാർ

ത്ഥത്തിൽ കുഞ്ഞാലിക്കെതിരായി യുദ്ധം ചെയ്യുവാൻ സാമൂതിരി ആദ്യം ആഗ്രഹിച്ചിരുന്നില്ലെന്നർത്ഥം. പറങ്കികളുമായി കൂട്ടുകൂടുമെന്ന് ഭീഷണി മുഴക്കി കുഞ്ഞാലിയെ മെരുക്കിയെടുക്കുക എന്നതായിരിക്കാം അദ്ദേഹത്തിൻെറ ഉദ്ദേശ്യമെന്നു വേണം പുതിയ കരാർ വ്യവസ്ഥയിൽ അദ്ദേഹം ഊന്നി നിന്നതുകൊണ്ട് മനസ്സിലാക്കുവാൻ.

ലൂയി ഡ ഗാമ പുതിയ വ്യവസ്ഥകൾ ഗോവയിൽ അറിയിച്ചപ്പോൾ മടങ്ങിപ്പോരാനുള്ള ഉത്തരവാണ് വൈസ്രോയോയിൽ നിന്നും ലഭിച്ചത്. അങ്ങനെ ആറ് മാസത്തിനുശേഷം 1598 ഏപ്രിൽ മാസത്തിൽ ലൂയി ഡ ഗാമ ഗോവയിലേക്ക് മടങ്ങിപ്പോയി. സാമൂതിരിയുമായി രമ്യതയിലെത്തുവാൻ പറ്റിയ ഈ അവസരം കുഞ്ഞാലിക്ക് പ്രയോജനപ്പെടുത്താമായിരുന്നു. തന്നോടിങ്ങനെ ചെയ്തല്ലോ എന്ന തോന്നലായിരിക്കാം സാമൂതിരിയെ കാണുന്നതിനോ, തെറ്റിദ്ധാരണ മാറ്റുവാൻ ശ്രമിക്കുന്നതിനോ, കുഞ്ഞാലി തയ്യാറാകാതിരുന്നത്. അതേ സമയം സാമൂതിരിക്ക് കുഞ്ഞാലിയോട് കൂടുതൽ വിപ്രതിപത്തി ഉണ്ടാക്കുന്ന തരത്തിലുള്ള ദുഷ്പ്രചാരണങ്ങൾ ശത്രുക്കൾ ഇടതടവില്ലാതെ നടത്തിക്കൊണ്ടുമിരുന്നു. നായർ പ്രഭുവായ ഒരു അടിയോടിയുടെ പത്നിയെ കുഞ്ഞാലി ആക്ഷേപിച്ചെന്നും സാമൂതിരിയുടെ ഒരാനയുടെ വാൽ ധിക്കാരത്തോടുകൂടി വെട്ടിക്കളഞ്ഞെന്നുമൊക്കെയുള്ള കള്ളകഥകൾ.1., സാമൂതിരിയെ പ്രകോപ്പിച്ചുകൊണ്ടിരുന്ന സന്ദർഭം ചൂഷണം ചെയ്യുകയായിരുന്നു കോഴിക്കോട്ടുണ്ടായിരുന്ന ജസ്യൂട്ട് പാതിരി അന്തോണിയോ. നയതന്ത്രജ്ഞനും വിദ്വാനുമായിരുന്ന പാതിരി സാമൂതിരിയുടെ സ്ഥിരം സന്ദർശകനുമായിരുന്നു. പറങ്കികളുമായുണ്ടാക്കിയിരുന്ന സന്ധി പുനർജ്ജീവിപ്പിക്കുവാൻ ഗോവയിലേക്ക് പ്രതിപുരുഷൻമാരെ അയക്കണമെന്ന് അദ്ദേഹം സാമൂതിരിയെ നിരന്തരം പ്രേരിപ്പിച്ചുകൊണ്ടുമിരുന്നു. ഇതിൻെറയൊക്കെ ഫലമായി എല്ലാ സൈനിക സഹായ-സഹകരണങ്ങളും വാഗ്ദത്തം ചെയ്തുകൊണ്ട് സാമൂതിരി ഗോവയിലേക്ക് സന്ദേശം അയക്കുകയുണ്ടായി. കാത്തിരുന്ന കനി വീണുകിട്ടിയതുപോലെയായിരുന്നു പറങ്കികൾക്ക് സാമൂതിരിയുടെ സന്ദേശം. പിന്നെ ഒട്ടും സമയം പാഴാക്കിയില്ല, 1599 മാർച്ചിൽ പുതുപട്ടണം കോട്ടയ്ക്ക് എതിരായി അവർ പ്രതിരോധം സൃഷ്ടിച്ചു. അവർക്ക് ഇവിടെ സമാഹരിക്കാവുന്ന എല്ലാ സജ്ജീകരണങ്ങളോടും കൂടി ലൂയി ഡ ഗാമ, പെറിയേറ, ലൂയി ഡ സിൽവ, മേജർ ആൻറണി ഡ ലെയ്വ തുടങ്ങിയ വിദഗ്ദ്ധരായ കപ്പിത്താൻമാരുടെ കീഴിലെത്തിയ വലിയൊരു നാവികപ്പടയായിരുന്നു പറങ്കികൾക്കുണ്ടായിരുന്നത്. എന്നാൽ കരയിൽ നിന്നും, കടലിൽ നിന്നും മരക്കാർ കോട്ടയ്ക്ക് എതിരായി നടത്തിയ സംഘടിതശ്രമം കുഞ്ഞാലിയുടെ നേതൃത്വത്തിൽ മാപ്പിളപ്പടയാളികൾ പറ്റേ പരാജയപ്പെടുത്തി. പറങ്കിപ്പടനായകൻമാരിൽ പലരും ഒന്നിനുപിറകേ ഒന്നായി കൊല്ലപ്പെട്ടു. ഡ സിൽവ, ഡ ഫ്രാൻസിസ് പെറിയേറ, ലെയ്വ തുടങ്ങിയവർ ഇതിൽപ്പെടുന്നു. ഈ യുദ്ധത്തിൽ പെറിയേറയ്ക്ക് കോട്ടയുടെ ഒരു ഭാഗത്ത് വിടവുണ്ടാക്കി അകത്ത് പ്രവേശിക്കുവാനും, കുറേ വീടുകൾ നശിപ്പിക്കുവാനും, മാപ്പിള നാവികരിൽ അഞ്ഞൂറോളം പേരെ കൊല്ലുവാനും കഴിഞ്ഞത് മാത്രമാണ് ഒരു നേട്ടമായെണ്ണാവുന്നത്. എന്നാൽ ഇതിനേക്കാൾ കൂടുതൽ പറങ്കികളും കൊല്ലപ്പെട്ടിരുന്നു. പ്രത്യേകം പരിഗണിക്കേണ്ടതായ 40 നാവിക വീരൻമാരും, ഇവരിൽ ഉൾപ്പെട്ടിരുന്നുവെന്നതാണ് പ്രധാനം. മരക്കാർ കോട്ടയുടെ ആദ്യ ആക്രമണത്തിൽ സംയുക്ത സേനയ്ക്ക് പറ്റിയ പരാജയത്തെ പരാമർശിച്ച് ഫെറിയ വൈസൂസ വിലപിക്കുന്നത്, "ഏഷ്യയിൽ പോർച്ചുഗീസ് ശക്തിക്ക് സംഭവിച്ച ഏറ്റവും കനത്ത മാനഭംഗമായിരുന്നു അത്" എന്നാണ്.2.

എളുപ്പത്തിൽ കുഞ്ഞാലിയെ കീഴടക്കാമെന്ന വ്യാമോഹമായിരുന്നു സാമൂതിരിക്കും പറങ്കികൾക്കുമുണ്ടായിരുന്നത്. അത് വിനാശകരം കൂടിയായപ്പോൾ സാമൂതിരി വിഷണ്ണനായി. മാത്രമല്ല, ഗോവയിൽ ആകമാനം ഈ പരാജയത്തിൻെറ ഭീതി പരിഭ്രാന്തി സൃഷ്ടിക്കുകയും ചെയ്തു. തങ്ങളുടെ ഭർത്താക്കൻമാരുടേയും, സഹോദരൻമാരുടേയും വിവരം അറിയുന്നതിനായി ഉൽക്കണ്ഠാകുലരായ ഗോവയിലെ സ്ത്രീകൾ മാറത്തടിച്ച് കരഞ്ഞ് ദുഃഖാചരണം നടത്തി. വൈസ്രോയി താൻ തന്നെ കുഞ്ഞാലിക്കെതിരായി പടനയിക്കാമെന്ന് പറഞ്ഞാണ് ജനങ്ങളെ സമാധാനിപ്പിച്ചത്. തൻെറ സഹോദരൻ ലൂയി ഡ ഗാമയെ ഹോർമൂസ് തുറമുഖത്തേക്ക് പറഞ്ഞയച്ച വൈസ്രോയി ആൻഡ്രി ഫെർട്ടാഡോയെ പുതിയ കമാൻററായി നിയമിച്ച് കുഞ്ഞാലിക്കെതിരായുള്ള യുദ്ധം പുനരാരംഭിക്കുവാൻ തീരുമാനിച്ചു.

കടലിൽ നിന്നും കരയിൽ നിന്നും സംഘടിതവും, ശക്തവുമായ പ്രതിരോധം ഉണ്ടായാൽ തനിക്ക് പിടിച്ചു നിൽക്കുവാൻ സാധിക്കുകയില്ലെന്ന് കുഞ്ഞാലിക്കറിയാമായിരുന്നു. വിദേശ മുസ്ലിം രാഷ്ട്രങ്ങളിൽ നിന്നോ, കണ്ണൂരിലെ അറക്കൽ രാജാവിൽ നിന്നോ സഹായം ലഭിച്ചില്ലെങ്കിൽ എതിർത്തു നിൽക്കാൻ അസാദ്ധ്യമാണെന്ന് അനവധി പോർക്കളങ്ങൾ കണ്ട ആ ധീരസേനാനി മനസ്സിലാക്കിയിരുന്നു. പൊന്നാനിയിലേയും കോഴിക്കോട്ടേയും അതുപോലെയുള്ള മുസ്ലിം കേന്ദ്രങ്ങളിലേയും വിശ്വാസികളെ അണിനിരത്തുവാനായി, 'വിശ്വാസത്തിൻെറ സംരക്ഷകൻ' എന്നും, 'പറങ്കികളെ തുരത്തിയ യുദ്ധവീരൻ' എന്നുമുള്ള അപദാനങ്ങളും അദ്ദേഹം സ്വീകരിച്ചു. തൻെറ നാടിനേയും മതത്തേയും വിദേശാക്രമണകാരികളിൽ നിന്നും രക്ഷിക്കുവാൻ വേണ്ടി അദ്ദേഹം അചഞ്ചലനായി ഉറച്ചുനിന്നു. 1599 ഡിസംബർ 15-ാം തിയ്യതി പറങ്കിപ്പട കോട്ടയെ പ്രതിരോധിക്കുവാൻ തുടങ്ങി. സാമൂതിരിയുടെ കരസേനയിൽ 20,000ത്തിൽപ്പരം നായർ പടയാളികളുമുണ്ടായിരുന്നു. തൻെറ പൂർവ്വികർക്ക് പറ്റിയ പാളിച്ചകളിൽ നിന്നും പാഠം പഠിച്ചുകൊണ്ട് ഏറെ മുൻകരുതലോടും, തയ്യാറെടുപ്പോടും കൂടിയാണ് ഫെർട്ടാഡോ യുദ്ധത്തിനൊരുമ്പെട്ടത്. തൻെറ സൈന്യാധിപൻമാർക്ക് നിർദ്ദേശം കൊടുത്തുകൊണ്ട് ഫെർട്ടാഡോയുടെ കൂടെ സാമൂതിരിയും ഉണ്ടായിരുന്നു. വെടി പൊട്ടിയതോടെ ഫെർട്ടാഡോയും, സാമൂതിരിയും

ആലിംഗനം ചെയ്ത് സൗഹൃദം ഉറപ്പിച്ചുവെന്നാണ് പറങ്കി രേഖകളിൽ കാണുന്നത്. താൻ പ്രതീക്ഷിച്ചിരുന്ന യാതൊരു സഹായവും ഈ ജീവൻമരണപ്പോരാട്ടത്തിൽ ഒരിടത്തു നിന്നും കുഞ്ഞാലിക്ക് ലഭിച്ചില്ല. മുമ്പ് പ്രസ്താവിച്ചതുപോലെ ഉള്ളാളിലെ തിരുമല ദേവിയെന്ന മഹാറാണി 3,000 ചാക്ക് അരി അയച്ചുകൊടുത്തത് മാത്രമായിരുന്നു കുഞ്ഞാലിക്ക് ലഭിച്ച ഏക സഹായം.

നാല് വശത്തുനിന്നും വളയപ്പെട്ട മാപ്പിളപ്പട കോട്ടയ്ക്കകത്ത് വീർപ്പുമുട്ടുകയായിരുന്നുവെങ്കിലും കിട്ടിയ അവസരങ്ങളൊക്കെ വിനിയോഗിച്ച് ശത്രുക്കളെ എതിരിടുവാൻ അവർ മടിച്ചില്ല. രണ്ട് പക്ഷത്തും ധാരാളം ആളപായമുണ്ടായി. സാമൂതിരിയുടെ മുമ്പിൽ കീഴടങ്ങുവാൻ തയ്യാറാണെന്ന് ദൂതൻമാർ മുഖേന കുഞ്ഞാലി അറിയിച്ചു. താനും 250 അനുയായികളും ആയുധങ്ങൾവെച്ച് സാമൂതിരിക്ക് കീഴടങ്ങാമെന്നും തങ്ങളെ ജീവഹാനി വരുത്താതെ സ്വതന്ത്രരായി വിട്ടാൽ മാത്രം മതിയെന്നുമായിരുന്നു കുഞ്ഞാലിയുടെ ആവശ്യം. ഈ വ്യവസ്ഥയിൽ കുഞ്ഞാലിയും കൂട്ടരും പുറത്തുവന്നപ്പോൾ സാമൂതിരിയെ കണ്ടില്ലെന്ന് മാത്രമല്ല, തങ്ങളെ പിടിച്ചുകെട്ടാൻ തയ്യാറായി നിൽക്കുന്ന പറങ്കികളെയാണ് കുഞ്ഞാലി ദർശിച്ചത്. അദ്ദേഹവും കൂട്ടരും കോട്ടയ്ക്കകത്തേക്ക് തന്നെ പിൻവലിഞ്ഞു. കോട്ടയ്ക്കെതിരെ ഏർപ്പെടുത്തിയിരുന്ന പ്രതിരോധം മാസങ്ങൾ തന്നെ കഴിഞ്ഞിരുന്നു. പല പ്രാവശ്യം പറങ്കികൾ നടത്തിയ ആക്രമണം കുഞ്ഞാലിയും, കൂട്ടരും ധിരമായി ചെറുത്ത് തോൽപ്പിച്ചു. പക്ഷേ ഈ ഓരോ സന്ദർഭത്തിലും നൂറ് കണക്കിന് മാപ്പിള നാവികർ ആത്മാഹൂതി നടത്തിയിട്ടായിരുന്നു പിടിച്ചുനിന്നത്. കോട്ടയ്ക്കകത്തുള്ളവർ അധികവും മരണമടയുകയും അവശേഷിക്കുന്നവരിൽ പലരും മുറിവുകളുമായി കഴിയുകയും ചെയ്യുന്ന അവസ്ഥയിൽ കീഴടങ്ങുകയാണ് കരണീയമെന്ന് കുഞ്ഞാലിയും അനുയായികളും തീരുമാനിച്ചു. തങ്ങൾ സാമൂതിരിയുടെ മുമ്പിൽ ആയുധം വെച്ച് കീഴടങ്ങാമെന്നും ജീവന് രക്ഷ നൽകിയാൽ മതിയെന്നുമുള്ള ആവശ്യം കുഞ്ഞാലി പ്രതിപുരുഷൻമാർ മുഖേന ആവർത്തിച്ചു. എന്നാൽ അഡ്മിറൽ ഫെർട്ടാഡോയെ കാണുവാൻ ദൂതൻമാർക്ക് അദ്ദേഹം അനുവാദം നൽകിയില്ല. എല്ലാം സാമൂതിരി നിശ്ചയിച്ചോട്ടെയെന്ന അഭിപ്രായമാണ് അദ്ദേഹം പ്രകടിപ്പിച്ചത്. എന്നാൽ കുഞ്ഞാലിയും കൂട്ടരും കീഴടങ്ങിയാൽ അവരെ തങ്ങളെ ഏൽപ്പിക്കണമെന്ന് ഫെർട്ടാഡോ സാമൂതിരിയോട് നിർബന്ധമായും ശഠിച്ചിരുന്നു. നിർവ്വാഹമില്ലാതെ വന്നപ്പോൾ അവർ ഇരുവരും കൂടി കണ്ടുപിടിച്ച ഉപായം കുഞ്ഞാലിയും മറ്റും കീഴടങ്ങുന്നുപാടെ പറങ്കികൾ ബലാൽക്കാരമായി കടന്നുപിടിച്ച് തടവുകാരാക്കിക്കൊള്ളുക എന്നതായിരുന്നു. കുഞ്ഞാലിയുടെ ആവശ്യം അംഗീകരിച്ചുകൊണ്ടുള്ള രേഖ സാമൂതിരി ദൂതൻമാരെ ഏൽപ്പിച്ചു.3. അങ്ങനെ തന്റെ വിശ്വസ്ഥ സേവകരായ പടനായകനേയും അനുയായികളേയും ഗൂഢാലോചനയിലൂടെ വഞ്ചിക്കുകയെന്ന ദുഷ്കൃത്യമാണ് സാമൂതിരി ചെയ്തത്.

തന്റേയും അവശേഷിക്കുന്ന അനുയായികളുടേയും ജീവനും സ്വത്തിനും ഉറപ്പ് നല്കിക്കൊണ്ടുള്ള സാമൂതിരിയുടെ എഴുത്തിൽ 1599 മാർച്ച് 16-ാം തിയ്യതിയാണ് കീഴടങ്ങുവാനുള്ള അവസാന ദിവസമായി നിർദ്ദേശിച്ചിരുന്നത്. ഈ ഉറപ്പിന്റെ ബലത്തിൽ കുഞ്ഞാലിയും കൂട്ടരും സാമൂതിരിക്ക് കീഴടങ്ങുവാൻ തീരുമാനിച്ച് കോട്ടയിൽ നിന്നും പുറത്തുവന്നു. ഇത് സംബന്ധിച്ച പോർച്ചുഗീസുകാരുടെ ദൃക്സാക്ഷി വിവരണം ഇപ്രകാരമാണ്. ആദ്യം സ്ത്രീകളും കുട്ടികളുമടക്കം 400 പേരാണ് കോട്ടയ്ക്ക് വെളിയിലെത്തിയത്. മുറിവ് പറ്റിയവരായിരുന്നു അധികവും. ക്ഷീണിതരായ അവരെ സ്വതന്ത്രമായി പോകുവാൻ അനുവദിച്ചു. കറുത്ത ഉറുമാൽ കൊണ്ട് തല മറച്ച് കൈയ്യിൽ വാളുമായി ഇറങ്ങിയ കുഞ്ഞാലിക്ക് 50 വയസ്സേ തോന്നിക്കുമായിരുന്നുള്ളൂ. വിരിഞ്ഞ നെഞ്ചും, ബലിഷ്ഠകായനുമായ കുഞ്ഞാലി അത്ര ഉയരമുള്ള ആളായിരുന്നില്ല. വടിവൊത്ത ശരീരം ആകാരസൗഷ്ഠവമുള്ളതായിരുന്നു. മൂന്ന് മാപ്പിള സഖാക്കളുടെ നടുവിലായി കോട്ട വിട്ടിറങ്ങിയ കുഞ്ഞാലി സാമൂതിരിയുടെ മുമ്പിലെത്തി തന്റെ വാൾ അദ്ദേഹത്തിന്റെ കാൽക്കൽ വെച്ച് വിനയാന്വിതനായി സാഷ്ടാംഗ പ്രണാമം ചെയ്തു. അവിടെ നിന്നെണീറ്റ കുഞ്ഞാലി സാമൂതിരിയുടെ മുമ്പിൽ നിൽക്കുമ്പോഴേക്കും പടനായകനായ ഫെർട്ടാഡോ അദ്ദേഹത്തെ ബലമായിപ്പിടിച്ച് വലിച്ചിഴച്ച് വിലങ്ങുവെച്ച് കൊണ്ടുപോകുകയാണുണ്ടായത്. സാമൂതിരി നോക്കി നിൽക്കേ നടന്ന ഈ കടന്നാക്രമണം നായർ യോദ്ധാക്കളെ രോഷാകുലരാക്കി. കുഞ്ഞാലിയെ രക്ഷിക്കാനൊരു ശ്രമം അവർ നടത്തിയെങ്കിലും സാധിച്ചില്ല. ഏറെ പണിപ്പെട്ടാണ് സാമൂതിരി തന്റെ നായർപ്പടയെ നിയന്ത്രിച്ചത്. അപ്പോഴേക്ക് ശക്തരായ കാവൽക്കാരോടു കൂടി കുഞ്ഞാലിയേയും കൊണ്ട് പറങ്കികൾ രംഗം കാലിയാക്കിയിരുന്നു. വലിയ ആഹ്ലാദപ്രകടനത്തോടെ അന്യോന്യം കൈകോർത്തുപിടിച്ചാണ് സാമൂതിരിയും ഫെർട്ടാഡോയും മരക്കാർക്കോട്ടയിലേക്ക് പ്രവേശിച്ചത്. തമ്പോറടിയും, കാഹളധ്വനിയും അന്തരീക്ഷമാകമാനം ശബ്ദായമാനമാക്കി. കോട്ടയെ തകർത്ത് നിലംപരിശാക്കുകയും പട്ടണം കൊള്ളയടിക്കുകയും ചെയ്തു. കിട്ടിയ ധനം സാമൂതിരിയും പറങ്കികളും ഭാഗിച്ചെടുത്തു. തോക്കും വെടി മരുന്നും അതേ വിധം രണ്ടുകൂട്ടരും പങ്കിട്ടു. ഇലയുടെ മാതൃകയിലുള്ള സ്വർണ്ണത്തിലുണ്ടാക്കിയ തകിടിൽ പറങ്കികളും സാമൂതിരിയുമായുള്ള സൗഹൃദ ഉടമ്പടി ആലേഖ്യം ചെയ്ത് സാമൂതിരി ഫെർട്ടാഡോവിന് സമ്മാനിച്ചു.

മാർച്ച് 25-ാം തിയ്യതി ഫെർട്ടാഡോ കുഞ്ഞാലിയേയും, 40 മാപ്പിള തടവുകാരേയും കൊണ്ട് ഗോവയിലേക്ക് തിരിച്ചു. കണ്ണൂരിൽ അൽപ്പം വിശ്രമക്കുന്നതിനിടയിൽ ജേതാവിന് വലിയ സ്വീകരണത്തിനുള്ള ഏർപ്പാടുണ്ടാക്കിയിരുന്നു. ഫെർട്ടാഡോവിന് നൽകിയ സ്വീകരണം കണ്ണൂരിലെ മുസ്ലിംകളെ ഭയപ്പെടുത്തുവാൻ വേണ്ടി മാത്രമായിരുന്നു. ഈ വിജയത്തിന്റെ ഖ്യാതി തനിക്കു വേണമെന്നാശിച്ച് വൈസ്രോയി പല വിദ്യകളും പ്രയോഗിച്ചു നോക്കി. പോർച്ചുഗീസുകാർക്കെതി

രായി മാപ്പിളമാരും നായർ പടയാളികളും കൂട്ടായി നടത്തിയ ആക്രമണം ഒതുക്കുവാൻ ഉടൻ കൊല്ലത്തേക്ക് പോകണമെന്നായിരുന്നു വൈസ്രോയി നൽകിയ കൽപ്പന. അങ്ങനെ കുഞ്ഞാലിയേയും കൂടെയുണ്ടായിരുന്ന മാപ്പിള തടവുകാരേയും ജനതാമദ്ധ്യത്തിൽ പ്രദർശിപ്പിച്ച് വധിക്കുന്നതിൻെറ പ്രശസ്തി തനിക്കുതന്നെ കിട്ടണമെന്നായിരുന്നു വൈസ്രോയിയുടെ മോഹം. ഇത് ശരിക്കും മനസ്സിലാക്കിയ ഫെർട്ടാഡോയാകട്ടെ കൽപ്പന നിരസിച്ചുകൊണ്ട് വൈസ്രോയിക്കെഴുതിയത്, തൻെറ കപ്പലുകളത്രയും കേടുപാട് പറ്റിയിരിക്കുന്നതിനാൽ അവ ശരിയാക്കിയതിനുശേഷം മാത്രമേ കൊല്ലത്തേക്ക് പോകുവാൻ സാധിക്കുകയുള്ളൂവെന്നായിരുന്നു. ഫെർട്ടാഡോയെ ഒഴിവാക്കിക്കൊണ്ട് വിജയാഘോഷം അസാദ്ധ്യമാണെന്ന് മനസ്സിലാക്കിയ വൈസ്രോയി തൻെറ ശ്രമം ഉപേക്ഷിച്ചു. കുഞ്ഞാലിയേയും കൂട്ടരേയും പരസ്യമായി വിചാരണ ചെയ്ത് വധിക്കുവാനുള്ള സമയവും ദിവസവും നിശ്ചയിച്ച് പ്രഖ്യാപനം നടത്തുകയാണ് പിന്നീട് ചെയ്തത്.

പുഷ്പങ്ങളും, തോരണങ്ങളും കൊണ്ട് വിതാനിച്ച പത്തേമാരികളും, പാട്ടുപാടി കൂത്തടിക്കുന്ന പടയാളികളും, വിജയോൻമത്തരായി കാണികൾക്കൊരു ഉൽസവത്തിൻെറ പ്രതീതിയുണ്ടാക്കി. ആർപ്പുവിളിയും കതിനവെടിയും കൊണ്ട് അന്തരീക്ഷം മുഖരിതമായി. ഫെർട്ടാഡോ പ്രത്യക്ഷപ്പെട്ടത് നാലോ അഞ്ചോ തടവുകാരോടു കൂടിയായിരുന്നു. ദൃക്സാക്ഷിയായ പിറാർഡ് ഡി ലാവൽ എഴുതുന്നത്, അവർ കരയ്ക്കിറങ്ങിയപാടെ ജനങ്ങൾ കൂട്ടായി കല്ലെറിഞ്ഞ് അവരെ കൊന്നുവെന്നാണ്. ഈ ദുരന്തം കുഞ്ഞാലിയുൾപ്പെടെയുള്ളവർക്ക് ഉണ്ടാകാതിരിക്കുവാനായി കനത്ത സുരക്ഷാ ഏർപ്പാടുകൾ ഉണ്ടാക്കിയ ശേഷമാണ് കുഞ്ഞാലിയേയും മറ്റുള്ളവരേയും ജനങ്ങളുടെ മുമ്പിൽ പ്രദർശിപ്പിച്ചത്. ഉടനെ തന്നെ അവരെയെല്ലാം ട്രോൺകോയെന്ന കുപ്രസിദ്ധമായ ജയിലിൽ അടച്ചു. ഈ ജയിലിലെ പീഢനത്തേയും, ദുരിതത്തേയും, ദുരന്തങ്ങളേയും വിസ്തരിച്ചെഴുതിയിട്ടുള്ള പിറാർഡ് പറയുന്നത് ജയിലിലെ അസഹനീയമായ യാതനകൾ മൂലം തടവുകാരിൽ വളരെപ്പേർ അത്മഹത്യ ചെയ്യാറുണ്ടായിരുന്നുവെന്നാണ്. വൈസ്രോയിയുടെ നേതൃത്വത്തിൽ ഗോവ ആർച്ച് ബിഷപ്പും, ന്യായാധിപൻമാരും കുഞ്ഞാലിയേയും 40 മാപ്പിള നാവികരേയും വധശിക്ഷയ്ക്ക് വിധിക്കുകയാണ് ചെയ്തത്.

കുഞ്ഞാലിയും കൂട്ടരും ജയിലിൽ കഴിയുന്ന വേളയിൽ ക്രിസ്ത്യൻ പാതിരിമാർ അവരെ മതപരിവർത്തനം നടത്തുവാനുള്ള എല്ലാ ശ്രമങ്ങളും പയറ്റിനോക്കി. കുഞ്ഞാലിയുടേയും മറ്റുള്ള മാപ്പിള തടവുകാരുടേയും ജീവൻ രക്ഷിക്കാമെന്ന് അവർ ഉറപ്പ് നൽകുകയും ചെയ്തു. എന്നാൽ തൗഹീദിൽ അടിയുറച്ച വിശ്വാസികളായ അവർ ഇതർഹിക്കുന്ന അവജ്ഞയോടെ അവഗണിക്കുകയാണ് ചെയ്തതെന്ന് പോർച്ചുഗീസ് ചരിത്രകാരനായ ഡേ കൂട്ടോയ്ക്കുള്ള പരാതി.

തന്നെ തൂക്കിലേറ്റാൻ നിശ്ചയിച്ചതിൻെറ തലേ രാത്രി മുഴക്കെ പ്രാർത്ഥനയിൽ മുഴുകുകയായിരുന്നു കുഞ്ഞാലിയും മറ്റും. പിറ്റേ ദിവസം ഗോവയിലെ 40 പള്ളികളിൽ നിന്നും പാതിരിമാരും, കന്യാസ്ത്രികളുമടക്കം ആയിരക്കണക്കിനാളുകൾ രാവിലെ തന്നെ വൈസ്രോയിയുടെ ആരമന മൈതാനിയിൽ എത്തിക്കൊണ്ടിരുന്നു. തമ്പോറടിയും, കരിമരുന്ന് പ്രയോഗവും കൊടിക്കൂറകളുമൊക്കെ വലിയൊരു ഉൽസവത്തിൻെറ നിറപ്പകിട്ടാണുണ്ടാക്കിയത്. ബാൻറ് അകമ്പടിയോടുകൂടി വൈസ്രോയി എഴുന്നെള്ളി. അദ്ദേഹത്തിൻെറ ഇടതുവശത്തായി ഗോവയിലെ ബിഷപ്പും സന്നിഹിതനായിരുന്നു. കുഞ്ഞാലിയെ അറവ്ശാലയുടെ ഉയർന്ന തട്ടിൽ സജ്ജമാക്കിയിരുന്ന ബലിപീഠത്തിലേക്ക് കൊണ്ടുവന്നു. അപ്പോൾ അദ്ദേഹത്തിൻെറ കൂടെ ചൈന അലി എന്ന ചെറുപ്പക്കാരനുമുണ്ടായിരുന്നു. പറങ്കികളുടെ ഒരു കപ്പലിൽ നിന്ന് കുഞ്ഞാലി രക്ഷിച്ച ഈ ചൈനക്കാരനെ സകലവിധ ആയുധാഭ്യാസവും മെയ്വഴക്കവും നൽകി നല്ലൊരു വീരനായി വളർത്തിക്കൊണ്ട് വരികയായിരുന്നു കുഞ്ഞാലി മരക്കാർ. കാരുണ്യം തെല്ലും തൊട്ടുതെറിച്ചിട്ടില്ലാത്ത പറങ്കികൾക്കു പോലും, "കുഞ്ഞാലിയുടെ പ്രൌഢ ഗാംഭീര്യത്തിലും അന്യൂനമായ ആത്മവീര്യത്തിലും ബഹുമാനം തോന്നി" യെന്നാണ് പിറാർഡ്യെന്ന ഗ്രന്ഥകാരൻ എഴുതിയിട്ടുള്ളത്.4. അതുവരെ ആർത്തിരമ്പിക്കൊണ്ടിരുന്ന ജനക്കൂട്ടം അതിശയിപ്പിക്കുംവിധം നിശ്ശേഷം നിശബ്ദരായി മാറിയെന്നു അദ്ദേഹം തുടർന്നെഴുതുന്നുണ്ട്. തടിച്ചു കൂടി നിന്ന ജനസഹസ്രത്തെ അഭിവാദനം ചെയ്ത കുഞ്ഞാലി തൻെറ തല താഴോട്ടു കുനിച്ചു. അതോടെ ബാൻറ് കൊട്ടലും, തമ്പോറടിയും കൊണ്ട് അന്തരീക്ഷം മുഖരിതമായി. നിമിഷങ്ങൾക്കകം മൂർച്ചയേറിയ മഴു ഈ ധീരസേനാനിയുടെ ഉടലും തലയും വേർതിരിച്ചു. വീർപ്പുമുട്ടി ശ്വാസം അടക്കി നിന്നിരുന്ന അറബിക്കടലിലെ തിരമാലകൾ ഉയർന്ന് തീരം വരെയെത്തി ചുടുനിശ്വാസമിട്ട് പൊട്ടിത്തകർന്നു. അന്തരീക്ഷം ശോകമൂകമായി. പറങ്കികൾക്ക് എക്കാലവും പേടി സ്വപ്നമായിരുന്ന കുഞ്ഞാലി കഥാശേഷനായി. അവസാന തുള്ളി രക്തം വരെ രാജ്യത്തിനു വേണ്ടി ബലിയർപ്പിച്ച മഹാത്യാഗികളുടെ ഉത്തുംഗപീഠത്തിൽ രക്തസാക്ഷിയായ മുഹമ്മദലി മരക്കാരെന്ന കുഞ്ഞാലി നാലാമനും ഉപവിഷ്ടനായി. കുഞ്ഞാലിയുടെ മരുമകൻ ഉൾപ്പെടെ തടവുകാരാക്കിയിരുന്ന 40 നാവിക യോദ്ധാക്കളേയും പല ദിവസങ്ങളിൽ അരങ്ങേറിയ കൊലപാതക വേളയിൽ പറങ്കി ചെന്നായ്ക്കൾ കടിച്ചുകീറി ചോരമോന്തി കൊന്നൊടുക്കി. കുഞ്ഞാലിയുടെ ജഡം തുണ്ടുതുണ്ടായി വെട്ടി കടപ്പുറത്ത് പല സ്ഥലങ്ങളിലായി പ്രദർശിപ്പിച്ചു. "വലിയ തൂണുണ്ടാക്കി അതിൽ പ്രദർശിപ്പിച്ച് മാപ്പിളമാരെ സംഭീതരാക്കുകയെന്ന നിർദ്ദേശത്തോടു കൂടി കുഞ്ഞാലിയുടെ വെട്ടി മാറ്റിയ തല ഉപ്പിലിട്ട് കണ്ണൂരിലേക്ക് കൊടുത്തയക്കുകയാണുണ്ടായത്" എന്നാണ് ദൃക്സാക്ഷി വിവരണം.5. തടവുകാരനാക്കപ്പെട്ട ഒരു ശത്രുവിനോട് ലോകത്തെവിടെയെങ്കിലും ഇത്രയും പൈശാചികമായ ക്രൂരത കാപ്പിരികൾപ്പോലും കാണിച്ചിരിക്കുമോയെന്ന് സംശയമാണ്.

മനുഷ്യത്വത്തെ അമ്പേ മരവിപ്പിച്ച ഈ സംഭവം സുദീർഘമായ ഒരു നൂറ്റാണ്ട് കാലത്തെ അതിസാഹസികവും ധീരവുമായ പോരാട്ടത്തിൻെറ ദുഃഖകരമായ പര്യവസാനമായിരുന്നു.

കുഞ്ഞാലിയുടെ തിരോധാനത്തോടുകൂടി കടൽത്തങ്ങളുടെ വരുതിയിൽ സ്വസ്ഥമായിരിക്കുമെന്ന് കണക്കുകൂട്ടിയ പറങ്കികൾക്ക് നിരാശയാണുണ്ടായത്. തങ്ങളുടെ ധീരനും മഹാനുമായ നേതാവിനോടും ശൂരരായ മാപ്പിള നാവികരോടും പറങ്കികൾ കാണിച്ച ക്രൂരമായ നീചത്വം മാപ്പിള മനസ്സിനെ സംഘർഷം കൊള്ളിച്ചു. പ്രതികാരത്തിനുവേണ്ടി ഓരോ മുസൽമാനും ദാഹിച്ചു. പറങ്കികളെ കിട്ടുന്നേടുത്തുവെച്ച് കശാപ്പുചെയ്യുമെന്ന് അവർ പ്രതിജ്ഞയെടുത്തു. പറങ്കികളുടെ ചോരയ്ക്കു വേണ്ടി ആശിക്കാത്തവർ ഇല്ലാതായി. കടലിലും, കരയിലും, പറങ്കികൾക്ക് രക്ഷയില്ലെന്ന അവസ്ഥ വന്നു. ലന്തക്കാരും, ഫ്രഞ്ചുക്കാരും, ഇംഗ്ലീഷുകാരും സുഗന്ധദ്രവ്യക്കച്ചവടത്തിൽ തൽപ്പരരായി ഇവിടെയെത്തിയത് പറങ്കികളോട് പകവീട്ടാൻ മാപ്പിള സഖാക്കൾക്ക് കൂടുതൽ സൗകര്യം നൽകി. ലന്തക്കാർ പറങ്കികൾക്കെതിരായി മാപ്പിള നാവികർക്ക് ആയുധങ്ങളും മറ്റും നൽകി സഹായിച്ചു. "പോർച്ചുഗീസ് ഏഷ്യ" എന്ന ഗ്രന്ഥത്തിൻെറ കർത്താവായ ഫെറിയ വൈസൂസ എഴുതുന്നത് ഇപ്രകാരമാണ്:" കുഞ്ഞാലിയെക്കൊന്ന പറങ്കികൾക്ക് അതിൻെറ ഫലമായി കനത്ത യാതനകൾ അനുഭവിക്കേണ്ടതായി വന്നു. കാരണം പിന്നീട് പറങ്കികളെ എവിടെവെച്ച് കണ്ടാലും മലബാറികൾ നിഷ്ക്കരുണം വധിക്കുക പതിവാക്കി."6. കുഞ്ഞാലിയുടെ ദാരുണമായ അന്ത്യത്തിന് ദൃക്സാക്ഷി ആകേണ്ടതായി വന്ന പിറാർഡ് രേഖപ്പെടുത്തിയിട്ടുള്ളതു കൂടി ഇതിനോടൊപ്പം നമുക്കോർക്കാം. അദ്ദേഹം പറയുന്നത്, "കുഞ്ഞാലിയുടെ തലക്ക് പോർച്ചുഗീസുകാർ പിന്നീട് കനത്ത വില കൊടുക്കേണ്ടതായി വന്നു. മലബാർ നാവികൻമാർ പകരം വീട്ടാനായി കൈയ്യിൽ കിട്ടിയ എല്ലാ പോർച്ചുഗീസുകാരേയും കൊന്നൊടുക്കി. പൂർവ്വേഷ്യയിൽ ഏറ്റവും കരുത്തനെന്ന് സമ്മതിക്കപ്പെട്ടിരുന്ന കുഞ്ഞാലിയേയും, സഹോദരനേയും വിട്ടുകൊടുത്തതിൽ കോഴിക്കോട് രാജാവ് വളരെയേറെ ഖേദിച്ചു."7.

കടൽ സഞ്ചാരം ചെയ്യുന്ന ഏത് വാഹനവും പറങ്കികളുടെ അനുവാദത്തോടുകൂടി മാത്രമേ വരാനും പോകാനും പാടുള്ളുവെന്ന നിയമം കുഞ്ഞാലിയുടെ പതനത്തിനുശേഷം വീണ്ടും അവർ പ്രാബല്യത്തിൽ കൊണ്ടുവന്നു. എന്നാൽ അൽപ്പ വർഷങ്ങൾക്കകം പറങ്കിക്കപ്പലുകൾക്ക് കടൽയാത്ര നടത്തണമെങ്കിൽ മൂന്നൂറും, നാനൂറും, വാഹനങ്ങളും അകമ്പടിയും ഉണ്ടെങ്കിലേ ഉദ്ദിഷ്ടസ്ഥലത്ത് എത്തിച്ചേരുവാൻ സാധിക്കുകയുള്ളുവെന്ന അവസ്ഥയാണ് പിന്നീടുണ്ടായത്. അവരുടെ നൂറ് നൂറ് പത്തേമാരികളും, ഓടങ്ങളും മാപ്പിള നാവികർ നശിപ്പിക്കുകയോ, കൊള്ളയടിക്കുകയോ നിത്യസംഭവമായി തീർന്നു. ഏതവസരത്തിലും ആക്രമിക്കപ്പെടുമെന്ന ഭയാശങ്കകളോടുകൂടി മാത്രമേ പറങ്കിക്കപ്പലുകൾക്ക് അറബിക്കടലിൽ സഞ്ചരിക്കുവാൻ പറ്റുമായിരുന്നുള്ളുവെന്നാണ് എല്ലാ രേഖകളും കാണിക്കുന്നത്. ഭീഷണവും സംഭ്രാന്തജനകവുമായ ഈ അവസ്ഥ സൃഷ്ടിച്ചത് മാപ്പിള നാവികരെ സംഘടിപ്പിച്ച് അവർക്ക് ശക്തമായ നേതൃത്വം കൊടുത്ത യുവാവായ ഡോൺ പെഡ്രോ റോഡ്രിഗ്സ് എന്ന അലി മരക്കാരായിരുന്നു.

---

1. O.K. Nambiar, The Kunjalis, Admirals of Calicut, op.cit, p-14.
2. Ferriya Y Souza, op.cit, Vol III, p-105.
3. Ibid, p.p-130-131.
4. Pyrard De Lavel, Voyage to the East Indies, op.cit, Vol.I, p-355.
5. Ferriya Y Souza, Vol. op.cit, p-25.
6. Ibid, p-26.
7. Pyrard De Lavel, op.cit, p-356.

# XXII ഡോൺ പെഡ്രോ റോഡ്രിഗ്സെന്ന അലിമരക്കാർ

ക്യാപ്റ്റൻ കുട്ടി അഹമ്മദിന്റെ സഹോദരനും, കുഞ്ഞാലി നാലാമന്റെ അമ്മാവന്റെ മകനുമായ അലിമരക്കാരെന്ന ഡോൺ പെഡ്രോ റോഡ്രിഗ്സാണ് തന്റെ പൂർവ്വികരുടെ പാരമ്പര്യം നിലനിർത്തി പറങ്കികളെ കടലിലും, കരയിലും എതിർത്ത് നട്ടം തിരിച്ച ധീരസേനാനി. 1591ൽ 13 വയസ്സ് മാത്രം പ്രായമുള്ള കാലത്ത് കുഞ്ഞാലി നാലാമൻ നടത്തിയ ഒരു നാവിക യുദ്ധത്തിൽ അലിമരക്കാർ പങ്കാളിയായിരുന്നു. കുഞ്ഞാലിയെ കീഴടക്കി അവസാനം നൃശംസമായികൊന്ന ഫെർട്ടാഡോ തന്നെയായിരുന്നു ഇതിലേയും കഥാനായകൻ. ഫെർട്ടാഡോയുടെ നേതൃത്വത്തിൽ പോയിരുന്ന ഒരു കൂട്ടം പറങ്കിക്കപ്പലുകളെ കുഞ്ഞാലിയും കൂട്ടരും പതിയിരുന്നാക്രമിച്ചു. ഒരു തുറന്ന സംഘട്ടനത്തിലാണ് അതവസാനിച്ചത്. ഫെർട്ടാഡോ കുഞ്ഞാലിയുടെ മാപ്പിളപ്പടയെ പരാജയപ്പെടുത്തുക മാത്രമല്ല, കുറേപ്പേരെ തടവുകാരായി പിടിക്കുകയും ചെയ്തു. അക്കൂട്ടത്തിൽ 13 വയസ്സുകാരനായ അലി മരക്കാരും ഉണ്ടായിരുന്നു. 1698 ജൂൺ മുതൽ ഒക്ടോബർ വരെ ഗോവ ജയിലിൽ ഉണ്ടായിരുന്ന ഫ്രഞ്ചുകാരനായ സഞ്ചാരി പിറാർഡ് ഡി ലാവൽ അന്ന് നേരിൽക്കണ്ട കാര്യങ്ങൾ ഹൃദയസ്പൃക്കാംവിധം വിശദമായി എഴുതിയിട്ടുണ്ട്.

തടവുകാരെ ക്രൂരമായി പീഢിപ്പിച്ച് വധിക്കുകയെന്ന പറങ്കികളുടെ പതിവിന് വിപരീതമായി അവർ അലിമരക്കാരെ കൊന്നില്ല. കാഴ്ചയിൽ ഉന്നതകുല ജാതനെന്ന് തോന്നിക്കുന്ന സുമുഖനായ അലി മരക്കാരെ അവർ നിർബന്ധമായി മതപരിവർത്തനം ചെയ്യിച്ച് ഡോൺപെഡ്രോ റോഡ്രിഗ്സെന്ന നാമകരണവും നൽകി തടങ്കലിൽ പാർപ്പിച്ചു. കുഞ്ഞാലി നാലാമനെ കൊല്ലുന്നതു കാണുവാൻ സംഘടിപ്പിച്ച ആഘോഷത്തിൽ അലി മരക്കാരേയും സംബന്ധിപ്പിച്ചിരുന്നു. തന്റെ ഉറ്റവനായ കുഞ്ഞാലിയെ അതിദാരുണമായി വധിച്ചവരോട് പ്രതികാരം ചെയ്യുവാനുള്ള ഒടുങ്ങാത്ത ദാഹം ആ യുവാവിൽ നിറഞ്ഞു തുളുമ്പി. പിറാർഡ്, അലി മരക്കാരെ കാണുകയും സംഭാഷണം നടത്തുകയും ചെയ്യുന്ന സന്ദർഭത്തിൽ 17 വർഷം അദ്ദേഹം തടവറയിൽ കഴിച്ചുകൂട്ടിയിരുന്നു. എന്നാൽ മറ്റുള്ള തടവുകാരെക്കൊണ്ട് ചെയ്യിപ്പിച്ചിരുന്ന കഠിന ജോലികളൊന്നും അലിമരക്കാർക്ക് നൽകിയിരുന്നില്ല. ഒരു വിഭാഗം തടവുകാരുടെ മേൽനോട്ട ചുമതലയായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. മാത്രമല്ല, പോർച്ചുഗീസുകാരിയായ ഒരാനാഥ പെൺകുട്ടിയെ അദ്ദേഹത്തിന് വിവാഹം കഴിച്ചുകൊടുക്കുകയും ചെയ്തിരുന്നു. എന്നാൽ കൂടിയും പാരതന്ത്ര്യത്തിന്റെ ചങ്ങല കുഞ്ഞാലിയുടെ കാലിനെ എല്ലായ്പ്പോഴും ബന്ധിച്ചിരുന്നുവെന്നാണ് പിറാർഡ് പറയുന്നത്.

മരക്കാർ കോട്ടയും വടകരയും സന്ദർശിച്ച പിറാർഡ് അലിമരക്കാരുടെ സഹോദരനെ കാണുകയും അദ്ദേഹത്തിന്റെ സൽക്കാരം സ്വീകരിക്കുകയും ചെയ്തിരുന്നു. ഇക്കാര്യങ്ങളെല്ലാം അലിമരക്കാരെ ഗോവ ജയിലിൽ കാണാൻ ഇടവന്നപ്പോൾ പിറാർഡ് ധരിപ്പിക്കുകയും ചെയ്തു. ഏത് വിധേനയെങ്കിലും പറങ്കികളുടെ തടവറയിൽ നിന്നും രക്ഷപ്പെടണമെന്നാഗ്രിച്ച് അതിനുള്ള മാർഗ്ഗങ്ങൾ ആസൂത്രണം ചെയ്തുകൊണ്ടിരുന്ന അലി മരക്കാർക്ക് ഒരു രാത്രി ചങ്ങല പൊട്ടിച്ച് ഭാര്യാസമേതം ഒളിച്ചോടുവാൻ അവസരം കിട്ടി. വടകരയിലെത്തി തന്റെ സഹോദരനേയും കുടുംബാംഗങ്ങളേയും സന്ദർശിച്ച പെഡ്രോ റോഡ്രിഗ്സ് തന്റെ വിശ്വാസത്തിലേക്ക് മടങ്ങി വന്നു. പറങ്കികളോട് പ്രതികാരം ചെയ്യുവാനുള്ള അടക്കാനൊക്കാത്ത ആഗ്രഹം അദ്ദേഹം തന്റെ ബന്ധുമിത്രാദികളെ അറിയിക്കുകയും ഒരു ജിഹാദിന്റെ അനിവാര്യത അവരിൽ അങ്കുരിപ്പിക്കുകയും ചെയ്തു. പറങ്കികളോട് പടപൊരുതുവാൻ തയ്യാറുണ്ടായിരുന്ന മാപ്പിളമാരെയെല്ലാം സംഘടിപ്പിച്ച് ആയുധങ്ങളും വെടിക്കോപ്പുകളും ശേഖരിച്ച് അദ്ദേഹം അറബിക്കടലിന്റെ വിരിമാറിലേക്കിറങ്ങി. കുഞ്ഞാലി നാലാമന്റെ കീഴിൽ പ്രവൃത്തിയെടുത്തിരുന്ന വിദഗ്ദ്ധരായ മാപ്പിള നാവികരിൽ അവശേഷിച്ചിരുന്നവർ എല്ലാം തന്നെ അലി മരക്കാരുടെ സേവകരായി തീർന്നു. പറങ്കികളോട് ശത്രുതയും അസൂയയും ഉണ്ടായിരുന്നവരായിരുന്നു നവാഗതരായി എത്തിയ ലന്തക്കാരും, ഫ്രഞ്ചുകാരും, ഇംഗ്ലീഷുകാരും. അലി മരക്കാരെ പ്രത്യക്ഷമായും പരോക്ഷമായും സഹായിക്കുവാനും ലന്തക്കാർ എപ്പോഴും ഒരുക്കമായിരുന്നു. തൻമൂലം പറങ്കികളെ വിജയകരമായി വേട്ടയാടാൻ അലി മരക്കാർക്കും കൂട്ടർക്കും എളുപ്പവുമായി. ഇതൊക്കെകാരണം പത്തേമാരികൾ ഒന്നിച്ചാണ് പറങ്കികൾ കൊണ്ടുപോയിരുന്നത്. ചിലപ്പോൾ ഇരുനൂറ്, മുന്നൂറ് ഓടങ്ങൾ വരെയുണ്ടാകും. കനത്ത കാവലും ഇവയ്ക്കു വേണ്ടിവന്നു. ഇത്തരം കപ്പൽകൂട്ടം ഗോവയിൽ എത്തുന്നതും നോക്കി ആകാംക്ഷയോടെ കാത്തിരിക്കുന്ന കച്ചവടക്കാരേയും, നാവിക കുടുംബങ്ങളെയും ഒക്കെക്കുറിച്ച് പിറാർഡ് സവിസ്തരം എഴുതിയിട്ടുണ്ട്. ഇതിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത് അറബിക്കടലിൽ യഥേഷ്ടം കപ്പലോടിക്കാൻ പറങ്കികൾക്ക് പറ്റിയിരുന്നില്ലയെന്നാണ്.

പിറാർഡ് തന്റെ വിവരണത്തിൽ നിറയെ ചരക്കുകളോടുകൂടിയ പതിനഞ്ചോ, ഇരുപതോ വലിയ കപ്പലുകൾ പറങ്കികളിൽ നിന്നും അലിമരക്കാർ പിടിച്ചെടുത്ത

കാര്യങ്ങൾ പറയുന്നുണ്ട്. ഇത് സാധാരണ സംഭവമായിരുന്നുവെന്നും അദ്ദേഹം തുടർന്നെഴുതുന്നു. ലന്തക്കാരും അലിമരക്കാരുമായി ഒന്നിച്ച് നിറയെ ചരക്കുമായി കൊച്ചിയിൽ നിന്നും പുറപ്പെട്ട ഒരു പറങ്കിക്കപ്പൽ കൊള്ളയടിച്ച് അതിലുണ്ടായിരുന്നവ ഇരുകൂട്ടരും കൃത്യമായി ഭാഗിച്ചെടുത്ത വിധവും അദ്ദേഹം വിവരിക്കുന്നു.1. ജോർജ്ജ് ഡി കാസ്റ്റിലോയും, 170 നാവികരും ഉണ്ടായിരുന്ന പറങ്കികളുടെ ഒരു കപ്പൽ വ്യൂഹം തിക്കൊടിയിൽ വെച്ച് അലി മരക്കാരുടെ ഒരു നാവികക്കപ്പൽ കടലിൽ കണ്ടുമുട്ടി. എളുപ്പത്തിൽ അത് കീഴടക്കാമെന്ന വ്യാമോഹത്തോടുകൂടി അദ്ദേഹം നടത്തിയ ശ്രമം വിചാരിച്ച പോലെ വിജയിച്ചില്ല. പറങ്കിക്കപ്പലുകൾ പേടിച്ച് പല സ്ഥലത്തേക്കും രക്ഷപ്പെട്ടു. കൈവശം കിട്ടിയ കപ്പലുകളിലുണ്ടായിരുന്നവരെ മുഴുക്കെക്കൊന്ന് മാപ്പിള നാവികർ പറങ്കിക്കപ്പലും മുതലും കൈവശപ്പെടുത്തി. ഈ ദുഃഖവാർത്ത കൊച്ചിയിൽ അറിഞ്ഞപോൾ 11 യുദ്ധക്കപ്പലുകളോടു കൂടി ഡോൺ ഹെൻട്രി ഡിസൂസയെ അവർ കോഴിക്കോട്ടേയ്ക്കച്ചു. അവിടെ നിറയെ ചരക്കുമായി മെക്കയിലേക്ക് പുറപ്പെടുവാൻ നിന്നിരുന്ന സാമൂതിരിയുടെ വലിയൊരു കപ്പൽ പോർച്ചുഗീസ് പടയ്ക്ക് തീവെച്ചു നശിപ്പിക്കുവാൻ സാധിച്ചുവെന്നല്ലാതെ മാപ്പിള നാവികരുമായി നിർണ്ണായകമായൊരു യുദ്ധം ചെയ്യുവാൻ അവർക്ക് പറ്റിയില്ല.

ഫെറിയ വൈസുസ തന്റെ "പോർച്ചുഗീസ് ഏഷ്യ" എന്ന ഗ്രന്ഥത്തിന്റെ ഒന്നാം വല്യത്തിൽ അലി മരക്കാരും പറങ്കിപ്പടയും തമ്മിൽ നടന്ന സംഘട്ടനങ്ങളുടെ കഥ വിവരിക്കുന്നുണ്ട്. അക്കൂട്ടത്തിൽ അദ്ദേഹം എഴുതന്നത് 1618ൽ അഞ്ച് നാവിക ഓടങ്ങൾ മാത്രമായി അലി മരക്കാർ, "നമ്മുടെ അനവധിക്കപ്പലുകൾ പിടിച്ചെടുക്കുകയും കൊച്ചിയും ഗോവയും തമ്മിലുള്ള കച്ചവടമോ, വാർത്താവിനിമയമോ അസാദ്ധ്യമാക്കി തീർക്കുകയും ചെയ്തു" എന്നാണ്.2. ഡോൺ പെട്രോയെന്ന അലി മരക്കാരെ നശിപ്പിച്ചല്ലാതെ തങ്ങൾക്ക് അറബിക്കടലിൽ രക്ഷയില്ലെന്ന് കണ്ട ജനറൽ ഡി കോൺസ്റ്റൻൻറയിൽ ഡിസ, സിലോണിൽ നിന്നും 40 പടക്കപ്പലുകൾ മാന്നാറിലേക്കയച്ച് അവിടെയുണ്ടായിരുന്ന 18 ചെറിയ ഓടങ്ങളുമായി ഒന്നിച്ച് അലി മരക്കാരുമായി ഒരന്തിമ സമരത്തിന് നിർദ്ദേശം നൽകി. ഈ വലിയ സന്നാഹങ്ങളൊന്നും അലി മരക്കാരേയും മാപ്പിള സേനാനികളേയും വ്യാകുലരാക്കിയില്ല. ഏറ്റുമുട്ടലിൽ വിരോചിതമായ അചഞ്ചലത്വമാണ് അവർ പ്രദർശിപ്പിച്ചത്. വെറും അഞ്ച് ഓടങ്ങളുമായി പറങ്കികളെ എതിരിട്ട അലി മരക്കാർക്ക് അവരുടെ 18 കപ്പലുകളിൽ 12 എണ്ണവും കൈവശപ്പെടുത്തുവാനും, 300 പറങ്കികളെ ഈ യുദ്ധത്തിൽ വധിക്കുവാനും സാധിച്ചു. തടവുകാരാക്കിപ്പിടിച്ച അനവധി ആളുകളിൽ ഈ കപ്പൽ വ്യൂഹത്തിന്റെ നായകനായിരുന്ന വിക്ടോറിയ ഡി അബ്രൂവും ഉൾപ്പെട്ടിരുന്നു. അതിശയകരമായ ഈ വിജയം പറങ്കികളെ ആകമാനം സംഭ്രാന്തരാക്കി. ഇതുപോലെ മറ്റൊരു കപ്പൽവ്യൂഹത്തെ അലി മരക്കാർ ആക്രമിച്ച് ആളും അർത്ഥവും പിടിച്ചെടുത്തതിന്റെ വിവരണവും ഫെറിയ വൈസുസ നൽകുന്നുണ്ട്. അതി സാഹസികമായ യാത്രകളൊക്കെയും അഞ്ച് ചെറിയ കപ്പലുകൾ മാത്രമായിട്ടാണ് അലിമരക്കാർ നടത്തിയത്. യുദ്ധ സന്നാഹങ്ങളേക്കാൾ ഉപരി പറങ്കികളെ തുരത്തുകയെന്ന ലക്ഷ്യത്തിനുവേണ്ടി രക്തസാക്ഷികളാകുവാൻ തയ്യാറായവരുടെ ആത്മധൈര്യമാണ് വിജയത്തിന് നിദാനമായി നിന്നത്. മാപ്പിള നാവികരുടെ ആക്രമണം ഭയന്ന് കപ്പലുകൾ കൂട്ടത്തോടെയാണ് പറങ്കികൾ അയച്ചിരുന്നത്. എന്നിട്ടും കപ്പലുകൾക്ക് അത്ര സുരക്ഷിതത്വം ഉണ്ടായിരുന്നില്ലെന്നാണ് അക്കാലത്തെ രേഖകളിൽ നിന്നും മനസ്സിലാകുന്നത്. "ഈ കപ്പൽകൂട്ടങ്ങളേയും മലബാർ നാവികൻമാർ ആക്രമിച്ചു കീഴടക്കിയിരുന്നു."3. 1608-1609 കാലത്തു ഇവിടെയുണ്ടായിരുന്ന ഹെൻട്രി ഡെഫീൻസ് പറയുന്നത്, "ഞാൻ അവിടെയായിരുന്നപ്പോൾ മലബാർ നാവികർ പോർച്ചുഗീസ്കാരിൽ നിന്നും 160 കാരവൽ ഇനത്തിലുള്ള കപ്പലുകൾ പിടിച്ചെടുത്തിരുന്നു," എന്നാണ്.4. ഇക്കാലത്തെ മറ്റൊരു ദൃക്സാക്ഷിയായ വില്യം ഫിവിഞ്ചിന്റെ വിവരണവും ഇവിടെ പ്രസക്തമാണ്. "അക്കാലത്ത് കടലിൽ സർവ്വാധിപത്യം നടത്തിയിരുന്നത് മലബാർ നാവികരായിരുന്നു."5. അവർ പറങ്കികളിൽ നിന്നും പിടിച്ചെടുത്തിരുന്ന ധാരാളം കപ്പലുകളുടെ വിവരവും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം തുടർന്നെഴുതുന്നത്, "ഈ മാസത്തിൽ മലബാറികൾ ഒരു ഹോർമസ് കപ്പലും, മൂന്ന് യുദ്ധപടവുകളും പിടിച്ചുവെന്ന വാർത്തയുണ്ട്. കുറച്ചു കഴിഞ്ഞ് കൊച്ചിയിൽ നിന്നും വന്ന 25 കപ്പലുകളിൽ 16 എണ്ണം മലബാറുകാർ പിടിച്ചു. ബാക്കി രക്ഷപ്പെട്ടു."6.

പെട്രോ റോഡ്രിഗ്സിനെക്കുറിച്ച് ഫെറിയയുടെ വിവരണത്തിനു ശേഷം മറ്റൊരു പരാമർശവും പോർച്ചുഗീസ് രേഖകളിൽ കാണുന്നില്ല. അദ്ദേഹവും അനുയായികളും കീഴടക്കിയ കപ്പലുകളുമായി മാലിദ്വീപിലേക്ക് പോയെന്നാണ് ഫെറിയ അവസാനമായി എഴുതന്നത്. എന്നാൽ ഈ വീരജേതാവിനെ വാഴ്ത്തിക്കൊണ്ടുള്ള നിരവധി നാടൻപാട്ടുകളും, മാപ്പിള ഗീതങ്ങളും അക്കാലത്തുണ്ടായിരുന്നതായി പലരും പറഞ്ഞു പോരുന്നുണ്ട്. പറങ്കികളുടെ തിരോധാനം കേരളത്തിൽ നിന്നും ഉണ്ടാകുന്നതുവരെ കുഞ്ഞാലിമാരുടെ സമര പാരമ്പര്യം മാപ്പിള നാവികർ നിലനിർത്തിയിരുന്നു. അറബിക്കടലിലുണ്ടായിരുന്ന പറങ്കികളുടെ ആധിപത്യം തകർന്നുവെന്ന് മാത്രമല്ല, കൊള്ളലാഭം ഉണ്ടാക്കിയിരുന്ന കച്ചവടവും നടക്കാതെയുമായി. ഒന്നിനുപിറകേ ഒന്നായി പുതിയ നാവിക ശക്തികൾ രംഗത്തെത്തുകയും ചെയ്തു. ലന്തക്കാർ 1663ൽ പോർച്ചുഗീസുകാരെ പാടെ പരാജയപ്പെടുത്തുന്നതുവരെ കേരളതീരദേശങ്ങളിൽ അവരുണ്ടായിരുന്നു. 1498ൽ വാസ്കോ ഡിഗാമയുടെ ആഗമനം മുതൽ അവരുടെ തിരോധാനം വരെ അവർക്ക് എതിരിടേണ്ടതായി വന്ന ശക്തി കേരളത്തിലെ അഭിമാനഭാജനങ്ങളായ മാപ്പിള നാവിക പടയാളികളുടേതായിരുന്നു. ഒരു നൂറ്റാണ്ടിനുമേൽ നടന്ന നിരന്തരമായ ഈ ഐതിഹാസിക പോരാട്ടത്തെ മാപ്പിളപറങ്കി നൂറ്റാണ്ട് യുദ്ധമെന്ന് വിളിക്കാം.

ലന്തക്കാരുടെ ആഗമനവും പറങ്കികളുമായുള്ള ഏറ്റുമുട്ടലും നടന്നുകൊണ്ടിരുന്ന സന്ദർഭത്തിൽ അന്നത്തെ സാമൂതിരിയായ പൂരാടം തിരുനാൾ ലന്തക്കാരുമായി ഒരു ഉടമ്പടിയിലേർപ്പെട്ടിരുന്നു. പറങ്കികളെ പരാജയപ്പെടുത്തി പറഞ്ഞയച്ചാൽ കൊച്ചിയുടെമേൽ തനിക്കുണ്ടായിരുന്ന മേൽക്കോയ്മ പുനഃസ്ഥാപിക്കുവാൻ സമ്മതിക്കണമെന്നും കൊടുങ്ങല്ലൂരും, വൈപ്പിൻകരയും, കൈവശം വെക്കുവാൻ അനുവദിക്കണമെന്നുമായിരുന്നു വ്യവസ്ഥകളിൽ പ്രധാനമായവ. എന്നാൽ പറങ്കികൾ തോറ്റ് പിൻമാറിയപ്പോൾ ഈ വ്യവസ്ഥകൾ പരിപാലിക്കുവാൻ മുതിർന്നില്ലെന്ന് മാത്രമല്ല, സാമൂതിരി തന്റെ യുദ്ധച്ചെലവിലേക്കായി കീഴ്പ്പെടുത്തി വെച്ചിരുന്ന വെട്ടത്ത് രാജ്യം കൊച്ചിക്ക് തിരിച്ചുകൊടുക്കണമെന്ന നിർദ്ദേശമാണ് അവർ നടത്തിയത്. ഇത് സാമൂതിരിയെ അങ്കലാപ്പിലാക്കി. ലന്തക്കാരുടെ ഈ കരാർ ലംഘനം സഹിക്കാൻ കഴിയാത്ത അദ്ദേഹം 1664ൽ ഇംഗ്ലീഷ് ഈസ്റ്റിന്ത്യക്കമ്പനിക്ക് കോഴിക്കോട് ഒരു ഫാക്ടറി പണിയുവാനുള്ള സൗകര്യവും നൽകി. ഇത് ലന്തക്കാരെ പ്രകോപിച്ചുവെന്ന് മാത്രമല്ല അവർ സാമൂതിരിയുമായി യുദ്ധത്തിനൊരുങ്ങുകയും ചെയ്തു. 1666ൽ ലന്തക്കാർക്കെതിരായി നടന്ന യുദ്ധത്തിൽ അവർ പരാജിതരായി പിന്തിരിഞ്ഞോടേണ്ടതായി വന്നു. ഡച്ച് സൈന്യത്തെ തോൽപ്പിക്കുവാൻ നായർ പടയാളികളോടൊപ്പം വളരെ മുസ്ലിം യോദ്ധാക്കളും ധീരമായി പോരാടിയിരുന്നു. ഈ യുദ്ധത്തെ പുരസ്ക്കരിച്ചെഴുതിയിട്ടുള്ള 'പടപ്പാട്ടിൽ' ഇങ്ങിനെ കാണുന്നു.

"മാപ്പിളമാരും ലന്തേശനും പാരതിൽ
ചരിതമൊടു പോരിനു കോപ്പിട്ട നേരത്തു
ചാണപദം വാങ്ങീതു ലന്തപ്പെരുമ്പട
അവശതര ഹൃദയമോടുമവിടെ ജോനകരോടു
മർദ്ധ ചൈതന്യൻ വെള്ളക്കൊടിയും തൂക്കി."7.

എന്നാൽ 1669ൽ ലന്തക്കാരുടെ ശക്തമായ ആക്രമണത്തിന്റെ ഫലമായി സാമൂതിരിക്ക് തന്റെ സൈന്യത്തെ പിൻവലിക്കേണ്ടതായി വന്നു. പിറ്റേ വർഷം ഡച്ചുകാർ വീണ്ടും ഒരു മിന്നലാക്രമണം നടത്തി. അവർ തിരുവഞ്ചിക്കുളം ക്ഷേത്രത്തിൽ പ്രവേശിച്ച് പ്രതിഷ്ഠകൾ തച്ചുടക്കുകയും പൂജാരിയെ കൊന്നതിനും പുറമേ, സാമൂതിരി താമസിച്ചിരുന്ന വീടിന് തീവെക്കുകയും ചെയ്തു. എന്നാൽ നായർ-മാപ്പിള സൈന്യങ്ങൾ ധൈര്യമായി എതിരിട്ടതോടുകൂടി ലന്തക്കാർ പിന്തിരിഞ്ഞോടി. അവരുടെ മുപ്പത് പേർ മരിക്കുകയും 60 പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. ഈ ബഹളത്തിനിടയ്ക്ക് സാമൂതിരി പൂജിക്കാറുണ്ടായിരുന്ന ചേരമാൻ വാൾ അഗ്നിക്കിരയാവുകയും ചെയ്തു.8.

ലന്തക്കാരുമായുള്ള ഈ യുദ്ധത്തിനിടയ്ക്കാണ് കുട്ടി അത്തൻ, കുഞ്ഞിക്കാതി എന്നീ മരക്കാർമാരെപ്പറ്റി നാം കേൾക്കുന്നത്. സാമൂതിരി ഗ്രന്ഥപ്പുരയിലെ 1667ലെ ഒരു രേഖയിൽ (കൊല്ലവർഷം 842 മീനം 28) കുഴിയൊടി കോട്ടക്കൽ മരക്കയരായി ഇവർക്ക് പദവി കൽപ്പിച്ച് നൽകുന്നതിന്റെ വിവരണമുണ്ട്. കൊടുങ്ങല്ലൂർ തിരുവഞ്ചിക്കുളത്ത് വട്ടക്കോട്ടയിൽ വെച്ചാണ് ചടങ്ങ് നടക്കുന്നത്. ഈ രാജകീയ ചടങ്ങിൽ തുറമുഖമേധാവിയായ സബന്തർക്കോയയും, കോഴിക്കോട് ഖാസിയും, സാമൂതിരിയുടെ മന്ത്രിമാരിൽ പ്രധാനികളും സംബന്ധിച്ചിരുന്നു. കുഴിയൊടി കോട്ടയിൽ മരക്കായൻമാർ കുട്ടി അത്തനും, കുഞ്ഞിക്കാതിയും സാമൂതിരിയുടെ മുമ്പിൽ തിരുമുൽക്കാഴ്ച വെച്ച് തൊഴുതു. മരക്കായർ എന്ന് വിളി നടത്തിയപ്പോൾ ഇട്ടി നാറാണ നമ്പിയെ കൊണ്ട് കുത്തുവിളക്ക് കൊടുപ്പിച്ചു. പണ്ട് കീഴ്നാളിൽ ഉള്ള വണ്ണം നടന്നുകൊള്ളുകയെന്ന് അരുളി ചെയ്ത് കുട്ടി അത്തൻ എന്ന മരക്കാർക്ക് കുഞ്ഞാലി മരക്കാർ എന്നു മാത്രം പേർ വിളിക്കുകയും കുഞ്ഞിക്കാതിയെന്ന ആളെ മരക്കാർ എന്നു മാത്രം നാമകരണവും ചെയ്തുവെന്നാണ് ഈ രേഖയിൽ വിവരിച്ചിട്ടുള്ളത്. കുഞ്ഞാലി നാലാമനെ ചതിയിൽ പറങ്കികൾക്ക് പിടിച്ചു കൊടുക്കുകയും അദ്ദേഹത്തേയും 40 അനുയായികളേയും അതിക്രൂരമാംവിധം വധിക്കുകയും ചെയ്യുന്നതിന് കൂട്ടുനിന്ന സാമൂതിരിയോട് മലബാറിലെ മുസ്ലിംകൾക്കാകമാനം ഏറെ വിദ്വേഷമുണ്ടായിരുന്നെന്ന കാര്യം വിസ്മരിക്കാവുന്നതല്ല. എന്നിട്ടുകൂടിയും രാജ്യത്തിന്റെ പൊതുശത്രുക്കളായ വിദേശീയരോട് ഇടതടവില്ലാതെ പടപൊരുതിയ വീരചരിതമാണ് മുസ്ലിംകൾക്കുള്ളത്. സാമൂതിരി ലന്തക്കാരുമായി യുദ്ധത്തിലേർപ്പെട്ടിരുന്ന സന്ദർഭത്തിൽ തങ്ങളുടെ ആളും അർത്ഥവും അടിയറവെച്ചുകൊണ്ട് സാമൂതിരിയുടെ നാവികപ്പടയുടെ നേതൃത്വം ഏറ്റെടുക്കുവാൻ തയ്യാറായി മുന്നോട്ടുവന്ന കുട്ടി അത്തനും, കുഞ്ഞിക്കാതിയും മരക്കാർ പരമ്പരയിലെ ധീരരായ ദേശാഭിമാനികളാണ്.

എന്നാൽ ഒന്നൊന്നര നൂറ്റാണ്ട് കാലം നൂറുകണക്കിന് ധീര യോദ്ധാക്കളെ ആഹുതികൊടുത്തുകൊണ്ട് വിദേശികൾക്കെതിരായി കേരളതീരങ്ങളിൽ നടന്ന പോരാട്ടങ്ങൾ നാം തന്നെ വിസ്മൃതിയുടെ പാഴ്ക്കുണ്ടിലേക്ക് തള്ളിയിട്ടിരിക്കുകയാണ്. ഉത്തരേന്ത്യൻ ചരിത്രകാരൻമാർ എല്ലാവരും തന്നെ എത്രതന്നെ പണ്ഡിതൻമാരും, പ്രമുഖരുമാണെങ്കിലും ശരി തെന്നിന്ത്യയിൽ നടന്നിട്ടുള്ള സംഭവങ്ങളെ പൊതുവേയും, കേരളത്തിലേത് പ്രത്യേകമായും കണ്ടില്ലെന്ന് നടിക്കുകയും കണ്ടിട്ടും കാര്യമാക്കാതിരിക്കുകയോ ആണ് ചെയ്തിട്ടുള്ളത്. വിശാലമായ ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ 38,864 ച.കി.മീറ്റർ മാത്രം വിസ്തീർണ്ണത്തിൽ നീണ്ടുകിടക്കുന്ന ഈ കൊച്ചു കേരളവും ഇവിടെ നടന്ന നൂറ്റാണ്ട് യുദ്ധങ്ങളും ഒന്നും തന്നെ ഉത്തരേന്ത്യയിലെ ഈ പണ്ഡിതൻമാർക്ക് പ്രശ്നമേയല്ല. ഇന്ത്യയുടെ ഭാഗധേയം നിർണ്ണയിച്ച വൈദേശിക മേധാവിത്വത്തിന്റെ ഉദ്ഘാടനം നടന്ന ഈ സ്ഥലം യഥാർത്ഥത്തിൽ ഇന്ത്യാ ചരിത്രത്തിന്റെ ഗതിയെതന്നെ സമൂലം മാറ്റിമറിച്ച സുപ്രധാന സംഭവങ്ങളുടെ രണഭൂവായിരുന്നു. അത് മനസ്സിലാക്കുവാനോ ഇന്ത്യാ ചരിത്രത്തിൽ അവ നടത്തിയ സ്വാധീനത്തെ നിഷ്പക്ഷമായി വിലയിരുത്തുവാനോ നമ്മുടെ ചരിത്രപണ്ഡി

ന്മാർ തുനിയാതിരുന്നതുകൊണ്ടാണ് സ്വാതന്ത്ര്യസമരം എവിടെ നിന്നെങ്ങിനെ തുടങ്ങണമെന്ന കാര്യത്തിൽ യോജിക്കാൻ പറ്റാതെ വന്നത്. വ്യാവസായിക കുത്തകയും, കൊളോണിയൽ ദുരാഗ്രഹവും മാത്രം ലക്ഷ്യമാക്കി നമ്മുടെ നാടിനെയും സമ്പത്തിനേയും കൊള്ളയടിക്കുവാൻ യുദ്ധസന്നാഹങ്ങളുമായി നമ്മുടെ തുറമുഖപട്ടണങ്ങളിൽ നങ്കൂരമിട്ട പറങ്കിപ്പടയാളികളുടെ ആഗമനത്തോടുകൂടി തുടങ്ങിയതാണ് നമ്മുടെ സ്വാതന്ത്ര്യ സമരത്തിൻെറ ചരിത്രം. ഉത്തരേന്ത്യൻ ചരിത്രകാരൻമാർ ഇക്കാര്യം വിസ്മരിച്ചാൽ തന്നെ നമുക്ക് ഒരിക്കലും മറക്കുവാൻ സാധിക്കാത്ത അവിസ്മരണീയമായ ധീരോദാത്തതയുടെ പുളകം കൊള്ളിക്കുന്ന ഗതകാല വീരചരിതമാണത്.

1498 ആഗസ്റ്റ് 26-ാം തിയ്യതിയാണ് അതി സാഹസികവും അപായകരവുമായ സമുദ്രാന്തരീയ യാത്രയ്ക്കു ശേഷം കോഴിക്കോട് നിന്നും 12 കിലോമീറ്റർ അകലെയായിക്കിടക്കുന്ന കാപ്പാടെന്ന സ്ഥലത്ത് നാവികവീരനായ വാസ്കോഡി ഗാമ കപ്പലിറങ്ങിയത്. ആഫ്രിക്കൻ മുനമ്പ് ചുറ്റി കടൽ യാത്രയിൽ വിപ്ലവം സൃഷ്ടിച്ച സംഭവം ലോക ചരിത്രത്തിൽ വിസ്മയകരമായ മാറ്റങ്ങൾക്ക് നാന്ദികുറിച്ചു. നമ്മെ സംബന്ധിച്ചിടത്തോളം അത് കേരളത്തിന് മാത്രമല്ല, ഇന്ത്യയുടെ തന്നെ സ്വാതന്ത്ര്യത്തിന് നേരെയുള്ള ശക്തമായ ഭീഷണിയായി മാറുകയാണ് ചെയ്തത്. വരാൻ പോകുന്ന ഭവിഷ്യത്ത് ഭയാനകമായിരിക്കുമെന്ന് അന്നാരും കരുതിയില്ല. എന്നാൽ ആഴ്ചകൾക്കകം എന്തും ചെയ്യാൻ മടിയില്ലാത്ത ദുഷ്ടരും, ധിക്കാരികളുമായ പറങ്കിപ്പടയാളികളുടെ കാപാലിക സ്വഭാവം രുചിച്ചറിയാൻ കഴിഞ്ഞ കേരളീയർക്ക് അന്നു മുതൽ ഈ വൈദേശിക അധിനിവേശത്തിനെതിരായി ചെറുത്തു നിൽപ്പിനുള്ള സന്നാഹങ്ങൾ ഒരുക്കേണ്ടതായി വന്നു. പറങ്കികളുടെ ആഗമനത്തോടു കൂടി തുടങ്ങിയ നാവിക പ്പോരാട്ടങ്ങൾ നമ്മുടെ ദേശത്തേയും സമൂഹത്തേയും വിദേശ മേൽക്കോയ്മ അടിമപ്പെടുത്തുന്നതിനെതിരായുള്ള അതികഠിനമായ പ്രതിരോധ പ്രയത്നങ്ങളായിരുന്നു. തമ്മിലടിച്ച് അന്യോന്യം ശത്രുത മാത്രം പുലർത്തിപ്പോന്നിരുന്നതും അനൈക്യത്തിൻെറ ആസ്ഥാനമായിരുന്നതും കൊച്ചു കൊച്ചു രാജസ്ഥാനങ്ങൾ സ്വതന്ത്രരാഷ്ട്രങ്ങളെന്നോണം പരിലസിച്ചിരുന്നതുമായ പ്രദേശത്തേക്കായിരുന്നുവല്ലോ സുശക്തമായ ആയുധ സജ്ജീകരണങ്ങളോടുകൂടിയും രാജ്യത്തേയും ജനങ്ങളേയും തങ്ങളുടെ ചൊൽപ്പടിക്ക് കീഴിൽ ഒതുക്കി നിർത്താമെന്ന ഉദ്ദേശ്യത്തോടുകൂടിയും എത്തിയ നാവിക വീരൻമാരായ പറങ്കികൾ തങ്ങളുടെ കപ്പലുകൾക്ക് നങ്കൂരമിട്ടത്.

അറബിക്കടലിൻെറ അലയാഴികളിൽ പറങ്കിപ്പടയുമായേറ്റു മുട്ടി നൂറ് കണക്കിന് നാവിക യുദ്ധങ്ങൾ നടത്തുകയും ആയിരക്കണക്കിന് ധീരദേശാഭിമാനികളെ ആഹുതി കൊടുക്കുകയും ചെയ്തുകൊണ്ടാണ് ഒന്നര നൂറ്റാണ്ടോളം സാമൂതിരിയുടെ നാവിക സൈന്യാധിപൻമാരായ കുഞ്ഞാലി മരക്കാർമാരും അവരുടെ വീര സാഹസികരായ മാപ്പിള പ്പോരാളികളും ഈ രാജ്യത്തെ പറങ്കികളുടെ ആധിപത്യത്തിൽ നിന്നും കുറേകാലത്തേക്കെങ്കിലും തടഞ്ഞു നിർത്തിയത്. ഇല്ലാത്ത പോരാട്ടങ്ങൾ ഭാവനയിൽ വിരചിച്ച് കേരള ചരിത്രരചനയിൽ 'നൂറ്റാണ്ട് യുദ്ധം' സൃഷ്ടിച്ച ഇളംകുളം കുഞ്ഞൻപിള്ളയെ പോലെയുള്ളവർ 1498 മുതൽ 1630 ഉൾപ്പെടെയുള്ള സുദീർഘമായ കാലയളവിൽ ഇവിടെ നടന്ന യുദ്ധങ്ങളോ അവയുടെ ചരിത്ര പ്രാധാന്യമോ മനസ്സിലാക്കാൻ ശ്രമിച്ചില്ലെന്നുള്ളത് നമ്മുടെ ചരിത്ര വിചാര വേദിയിലേക്ക് കടന്നുവന്നവരുടെ മാനസിക സ്ഥിതി വിശേഷത്തെയാണ് കാണിക്കുന്നത്. വാസ്കോഡി ഗാമയേയും, അദ്ദേഹത്തെ തുടർന്ന് ഇവിടെയെത്തിയ പറങ്കി സേനാനായകൻമാരേയും, സമുദ്രത്തിൽ തന്നെ ഒതുക്കി നിർത്തുകയും, കരയിൽ കടന്ന് ആധിപത്യം സ്ഥാപിക്കുവാനുള്ള അവസരം ഇല്ലാതാക്കുകയും ചെയ്തത് ധീര ദേശാഭിമാനികളായ മാപ്പിള നാവികരായിരുന്നു. അവർ ആളും അർത്ഥവും സ്ഥാനമാനങ്ങളും ത്യജിച്ച് എന്ത് ത്യാഗത്തിനും തയ്യാറായി അനുസ്യൂതം ചോര ചിന്തിയതിൻെറ ഫലമായിട്ടാണ് പറങ്കികൾക്ക് കേരളത്തിലെ ഉൾപ്രദേശങ്ങൾ കീഴടക്കാൻ സാധിക്കാതെ വന്നത്. ഇന്ത്യാ മഹാരാജ്യത്തെ തങ്ങളുടെ കോളനിയായി മാറ്റുവാൻ പറങ്കികൾക്ക് കഴിയാതിരുന്നത് ഈ ശക്തമായ പോരാട്ടങ്ങളുടെ ഫലമായിട്ടായിരുന്നുവെന്ന ചരിത്ര യാഥാർത്ഥ്യം ദേശീയ വീക്ഷണമുള്ള ഒറ്റ ചരിത്രകാരനും അവഗണിക്കാൻ പറ്റുകയില്ല. ലന്തക്കാരോ, ഫ്രഞ്ചുകാരോ, ഇംഗ്ലീഷുകാരോ, നമ്മുടെ കടലോര പ്രദേശങ്ങളിൽ എത്തുന്നതിന് എത്രയോ മുമ്പു തന്നെ പോർച്ചുഗലിൻെറ കോളനിയായി ഇന്ത്യ മാറുമായിരുന്നുവെന്ന കാര്യത്തിൽ സംശയമില്ല. ഇത് സംഭവിക്കാതിരുന്നത് കുഞ്ഞാലി മരക്കാർമാരുടെ അതി സാഹസികവും, ധീരോദാത്തവുമായ നാവിക യുദ്ധങ്ങളുടെ ഫലമായിട്ടായിരുന്നു. അങ്ങനെ ഒന്നു രണ്ട് നൂറ്റാണ്ട് കാലത്തേക്കെങ്കിലും ഇന്ത്യയെ വിദേശാക്രമണകാരികളിൽ നിന്നും രക്ഷിച്ച് നിർത്തിയത് ഈ കൊച്ചു കേരളത്തിൻെറ തീര ദേശങ്ങളിൽ അലയടിക്കുന്ന അറബിക്കടലിൻെറ വിരിമാറിൽ നടത്തിയ നാവിക പ്പോരാട്ടങ്ങൾ മൂലമായിരുന്നു.

കേരളചരിത്രം എഴുത്തുകാർ പോലും ദേശാഭിമാന വിജ്രുംഭിതമായ ഈ നൂറ്റാണ്ട് യുദ്ധത്തിൻെറ കഥ മറന്നു കളയുന്നവരാണ്. 1498 മുതൽ 1947 വരെയുള്ള സുദീർഘമായ 450 സംവൽസരക്കാലം കേരളത്തിലെ ജനങ്ങൾ നടത്തിയ വിദേശികളോടുള്ള പോരാട്ടത്തെ വിവരിക്കുന്ന ഗ്രന്ഥമാണ് കെ.എം. പണിക്കരുടെ കേരളത്തിലെ സ്വാതന്ത്ര്യസമരം. പറങ്കികളോടുള്ള എതിർപ്പ് കോഴിക്കോട് സാമൂതിരിയുടെ നേതൃത്വത്തിൽ നടന്നപ്പോൾ ലന്തക്കാരെ നേരിട്ടത് തിരുവിതാംകൂറിലെ മാർത്താണ്ഡവർമ്മയായിരുന്നു. അതുപോലെ മൈസൂർ ആധിപത്യത്തെ ചെറുത്ത് തോൽപ്പിച്ചത് മലബാറിലെ നായർ മാടമ്പിമാരും, യോദ്ധാക്കളും ആയിരുന്നുവെന്നും ഇംഗ്ലീഷ് ആധിപത്യത്തിനെതിരായി പോരാട്ടം സംഘ

ടിപ്പിച്ചത് നായർ പ്രഭുക്കൻമാരായ പഴശ്ശി രാജയും, വേലു തമ്പിയും, പാലിയത്തച്ചനും ആയിരുന്നുവെന്നുമാണ് പണിക്കരുടെ പക്ഷം. അങ്ങനെ 450 വർഷക്കാലം വിദേശിയർക്കെതിരായുള്ള സമരമുറ സൃഷ്ടിച്ച് കേരളത്തിന്റെ മാനം രക്ഷിച്ചത് നായർ മാടമ്പിമാരും പരമ്പരാഗത നായർ യോദ്ധാക്കളുമാണെന്ന് പണിക്കർ സമർത്ഥിക്കുന്നു.9. നായൻമാർ അങ്ങിനെ നാലഞ്ച് നൂറ്റാണ്ട്കാലം സ്വാതന്ത്ര്യ സമരം നടത്തിയിരുന്നുപ്പോൾ അതിനിടയ്ക്ക് മറ്റാരും ഒന്നും ചെയ്തിരിക്കാൻ ഇടയില്ലെന്നർത്ഥം. വിദേശികളുമായി സഖ്യം ചേർന്ന് സൗഹൃദ ബന്ധങ്ങളും, വേഴ്ചകളും നടത്തി രാജ്യത്തിന്റെ വിളവെടുപ്പിൽ നല്ലൊരു പങ്കും പറ്റി കഴിഞ്ഞ നായർ പ്രഭുക്കൻമാർ ഈ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ട സന്ദർഭങ്ങളിൽ ഇംഗ്ലീഷ് പാളയത്തിന് പുറത്തു വന്ന് സമര കാഹളം മുഴക്കിയത് മാത്രമായി തീർന്നിരിക്കുകയാണ് കേരളത്തിലെ സ്വാതന്ത്ര്യ സമര ചരിത്രം. പറങ്കികളെ കരക്കടുപ്പിക്കാതെ സമുദ്രത്തിൽ തടഞ്ഞിട്ട് നൂറുകണക്കിന് ചെറുതും വലുതുമായ നാവികയുദ്ധങ്ങൾ നടത്തി ഒരു നൂറ്റാണ്ടിൽ കൂടുതൽകാലം ആളും അർത്ഥവും ആഹുതി ചെയ്തത് കുഞ്ഞാലി മരക്കാൻമാരും അവരുടെ നാവിക യോദ്ധാക്കളുമായിരുന്നു. ഇതൊന്നും കാണാനോ സ്വാതന്ത്ര്യസമര ചിരത്രത്തിന്റെ ഭാഗമാക്കാനോ പണിക്കർക്ക് കഴിയാതെപോയി. പറങ്കികളോട് കൂട്ടുകൂടിയ കോലത്തിരിയും, പെരുമ്പടപ്പ് സ്വരൂപവും വേണാട്ടടികളും, ചെമ്പകശ്ശേരിയും അവരുടെ നായർപ്പടയും അപ്പോൾ ഏത് തരം സ്വാതന്ത്ര്യ സമരമാണ് പറങ്കികൾക്കെതിരായി നടത്തിയതെന്ന് ചോദിച്ചിട്ടും ഫലമില്ല. സാമൂതിരിയുടെ പതാകയും പേറി വിശ്വസ്ഥതയോടെ നാവിക പ്രതിരോധപ്രവർത്തനങ്ങൾ നടത്തിയവരേയും, കുഞ്ഞാലി നാലാമനേയും ചതിയിൽപ്പിടിച്ച് പറങ്കികളുടെ നിഷ്ഠൂരഹസ്തങ്ങളിലേക്ക് വലിച്ചെറിഞ്ഞതും സാമൂതിരിയുടെ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായിരിക്കണമല്ലോ. ഇവിടെ സാമൂതിരി ഒഴിച്ചുള്ള രാജാക്കൻമാരും നായർ മാടമ്പിമാരും പറങ്കികളോട് വിധേയത്വം ഭാവിച്ച് അവരെറിഞ്ഞു കൊടുത്ത നക്കാപ്പിച്ചയ്ക്കുവേണ്ടി കൈക്കുമ്പിൾ കാട്ടി പറങ്കികൾക്ക് ആവശ്യം വേണ്ട കച്ചവട വിഭവങ്ങൾ സംഭരിച്ച് അവരുടെ പണ്ടിക ശാലകളിൽ എത്തിച്ചു കൊടുത്ത് പഞ്ചപുഛമടക്കി നിന്ന വിനീത ദാസൻമാരായിരുന്നു. സാമൂതിരിയാകട്ടെ അറബിദേശങ്ങളുമായുള്ള തന്റെ കച്ചവട ബന്ധം എന്നന്നേയ്ക്കുമായി അവസാനിക്കുമെന്ന് മനസ്സിലാക്കിയതിന്റെ ഫലമായിട്ടും തന്റെ വ്യാവസായിക അഭിവൃദ്ധി നിലനിൽക്കുന്നത് മാപ്പിള വ്യാപാരികളുടേയും അവരുടെ നാവിക ശക്തികളുടേയും അടിസ്ഥാനത്തിലായിരുന്നു എന്നറിയാവുന്നതു കൊണ്ടുമാണ് പറങ്കികളുമായി സൗഹൃദത്തിന് ഒരുമ്പെടാതിരുന്നത്. സമകാലീന ചരിത്ര രേഖകളെ വിശ്വസിക്കാമെങ്കിൽ സാമൂതിരിപോലും ഗാമക്കും കൂട്ടർക്കും രാജകീയമായ സ്വീകരണവും സൽക്കാരവും നൽകി കച്ചവട മനഃസ്ഥിതി കാട്ടിയിരുന്നുവെന്നാണ് കാണുന്നത്. മുസ്ലിം പക്ഷത്തു നിന്ന് കനത്ത സമ്മർദ്ദവും വലിയ ഭീഷണിയും സാമൂതിരിക്ക് അഭിമുഖീകരിക്കേണ്ടതായി വന്നുകൂടി. അതേസമയം അതിഥികളായി എത്തിയ ഗാമയും കൂട്ടരുമാകട്ടെ ഏറ്റവും ധിക്കാരപരമായ ഔദ്ധ്യത്യമാണ് കാഴ്ചവെച്ചത്. തുറമുഖ പട്ടണത്തുണ്ടായിരുന്ന കപ്പലുകൾ കൊള്ളയടിച്ചതിനു പുറമെ ഗാമയുടെ അടുത്തേയ്ക്കയച്ചിരുന്ന സാമൂതിരിയുടെ ദൂതൻമാരേയും കയറ്റി കപ്പൽ വിടുകയാണ് ഉണ്ടായത്. സാമൂതിരിയുടെ രാജാധികാരത്തെ പരസ്യമായി വെല്ലുവിളിച്ച സംഭവമായിരുന്നു അത്. അങ്ങനെ യാതൊരുവക പോംവഴിയും ഇല്ലാതിരുന്നതു കൊണ്ടാണ് സാമൂതിരി പറങ്കികളുമായി സൗഹൃദ ഉടമ്പടയിൽ ഏർപ്പെടാതിരുന്നതിരുന്നത്. സാമൂതിരിയുടെ കൊടി ഉയർത്തിപിടിച്ചു കൊണ്ടിരുന്നുവെങ്കിലും പറങ്കികളുമായി എതിരിട്ട് പലപ്പോഴും അവരെ തറപറ്റിക്കുകയും മിക്കപ്പോഴും സ്വയം തറപറ്റുകയും ചെയ്തു കൊണ്ട് കേരളത്തിലെ മാപ്പിളമാർ വിരചിച്ചതാണ് ഈ ഒരു നൂറ്റാണ്ടിൽ നിരന്തരം നടന്ന നാവിക സംഘട്ടനങ്ങളുടെ സുദീർഘമായ സമരാദ്ധ്യായം. വിദേശികളോട് യുദ്ധം ചെയ്യുകയും അവരെ കരക്കടുപ്പിക്കാതെ കടലിൽ തന്നെ നിർത്തുകയും ചെയ്ത നാടിന്റെ കാവൽ ഭടൻമാരായിരുന്ന കേരളത്തിലെ മുസൽമാൻമാരും അവരുടെ സമര നേതാക്കളായ കുഞ്ഞാലി മരക്കാർമാരുമാണ് പറങ്കികളുടെ ആധിപത്യത്തിൽ നിന്നും ഇന്ത്യയെ രക്ഷിച്ചതെന്ന വസ്തുത കേരളത്തിന്റെ സ്വാതന്ത്ര സമര ചരിത്രത്തിൽ സ്ഥലം പിടിക്കാതിരുന്നത് മുൻ പ്രസ്താവിച്ച മനോഘടനകൊണ്ടു മാത്രമാണ്. പറങ്കികളുമായുള്ള ഈ നൂറ്റാണ്ടുയുദ്ധം കേരളത്തിലെ പരമ്പരാഗത യോദ്ധാക്കളായ നായർ സമൂഹമായിരുന്നു നടത്തിയിരുന്നതെങ്കിൽ, നിശ്ചയമായും ഇന്ത്യയുടെ സ്വാതന്ത്ര്യസമരചരിത്രത്തിലെ വീരേതിഹാസമായി ഇത് മാറുമായിരുന്നേനെ.

---

1. *Pyrard De Lavel, Voyage to the East Indies, Vol.I, op.cit, p-359.*
2. *Ferriya Y Souza, op.cit, p-31.*
3. *Voyage to the East Indies, Vol.II, op.cit, p-246.*
4. *Somers, Collection of Tracts, Vol.III, p. 337.*
5. *W. Foster, Early Travel in India, Oxford, 1921, p-128.*
6. *Ibid.*
7. *പടപ്പാട്ട്, ശ്രീവഞ്ചി സേതുലക്ഷ്മി ഗ്രന്ഥാവലി, ഗ്രന്ഥാംഗം 18, തിരുവിതാംകൂർ സർക്കാർ പ്രസ്സ്, 1939, പുറം 55.*
8. *K.V. Krishna Iyyer, The Zamorins of Calicut, op,cit. p.223.*
9. *കെ.എം. പണിക്കർ, കേരളസ്വാതന്ത്ര്യസമരം, എം.എസ്. ബുക്ക് ഡിപ്പോ, കൊല്ലം, രണ്ടാം പതിപ്പ്, 1963, കാണുക.*

# XXIII പോർച്ചുഗീസ് പതനവും ലന്തക്കാരുടെ ആഗമനവും

1498 മുതൽ 1663 വരെയാണ് പോർച്ചുഗീസ് കാലഘട്ടമെന്ന് വിശേഷിപ്പിച്ചു പോരുന്നത്. ഒന്നര നൂറ്റാണ്ടിൽ കൂടുതൽ ദൈർഘ്യമുള്ള ഈ കാലയളവ് കേരളത്തെ സംബന്ധിച്ച് പൊതുവേയും, മുസ്ലിംകളെ സംബന്ധിച്ച് പ്രത്യേകമായും ഇരുളടഞ്ഞ കാലമായിരുന്നു. നമ്മുടെ സാമ്പത്തികോത്കർഷത്തിനും, രാഷ്ട്രീയ ഭദ്രതയ്ക്കും, സാമൂഹ്യ ഐക്യത്തിനും ദൂരവ്യാപകമായ ദുഷ്യഫലങ്ങൾ ഉളവാക്കിയ പുറകോട്ടടിയുടെ കാലവുമായിരുന്നു ഇത്. നാടിനെ സമ്പൽസമൃദ്ധമാക്കിയിരുന്ന വിദേശവ്യാപാരം നമുക്ക് എന്നേയ്ക്കുമായി നഷ്ടപ്പെട്ടു. പകരം പറങ്കികൾ നിർദ്ദാക്ഷിണ്യം അടിച്ചേൽപ്പിച്ച നമ്മുടെ ഉൽപ്പന്നങ്ങളിൻ മേലുള്ള വ്യാപാരകുത്തക അവർക്കു ശേഷവും തുടർന്നു പോന്നതിൻെറ ഫലമായി നാട്ടരചൻമാരും, ഇടപ്രഭുക്കൻമാരും, മാപ്പിള വ്യാപാരികളും വിദേശക്കോയ്മകളുടെ കച്ചവട ദല്ലാളൻമാരായും, ഇടത്തട്ടുകാരായും അധഃപതിച്ചു. വിദേശ വ്യാപാരം കൊണ്ടുണ്ടായിരുന്ന സാമ്പത്തിക നേട്ടം അസ്തമിക്കുകയും ചെയ്തു. നിസ്സാരമായ കുത്തക വിലക്ക് നമ്മുടെ വിലപ്പെട്ട കുരുമുളകും സുഗന്ധദ്രവ്യങ്ങളും പറങ്കികളും പിന്നീട് വന്ന ലന്തക്കാരും, ഫ്രഞ്ചുക്കാരും, ഇംഗ്ലീഷുകാരും, അവരുടെ നാടുകളിലേക്ക് കൊണ്ടുപോയി കൊള്ളലാഭം ഉണ്ടാക്കിയപ്പോൾ നമ്മുടെ കയറ്റുമതി ചരക്കുകൾ വിലപേശി വിൽക്കുവാൻ പോലുമുള്ള അവകാശം നിഷേധിക്കപ്പെട്ട സ്ഥിതിയാണ് നമുക്ക് വന്നുകൂടിയത്. ലോകത്തിലെ ഏറ്റവും സമ്പന്നമായ തുറമുഖ പട്ടണങ്ങളെന്ന് എല്ലാവരും ഏകോപിതമായി പറഞ്ഞിരുന്ന കോഴിക്കോടും, കൊല്ലവും, പന്തലായിനിയും, കൊടുങ്ങല്ലൂരും, കൊച്ചിയുമെല്ലാം വിദേശക്കോയ്മകളുടെ പിടിയിലമർന്നു. ഈ കേന്ദ്രങ്ങളിലൊക്കെ ശക്തമായ കോട്ടകൾ കെട്ടി സൈനിക വിന്യാസം നടത്തിയിരുന്ന വിദേശികൾ അനാദികാലമായി നിലനിന്നിരുന്ന നമ്മുടെ രാഷ്ട്രീയ ചട്ടക്കൂടിനു തന്നെ ഇളക്കം തട്ടിച്ചു. കേരളത്തിലെ രാജാക്കൻമാരിൽ ഏറ്റവും ശക്തനെന്ന് കരുതിപ്പോന്നിരുന്ന സാമൂതിരിക്കു പോലും തൻെറ കീഴിലുണ്ടായിരുന്ന നാടുവാഴികളുടേയും, ദേശവാഴികളുടേയും, കൂറും പിന്തുണയും ലഭിച്ചിരുന്നില്ലെന്ന് മാത്രമല്ല, പലപ്പോഴും അവരിൽ പലരും താനൂർ രാജാവിനെപ്പോലെ ശത്രുപക്ഷത്ത് ചേക്കേറുകയും ചെയ്തിട്ടുള്ളവരാണ്. 1742ൽ സ്റ്റീൻ വാൻ ഗെലെനേ തൻെറ മെമ്മോറാണ്ടം എഴുതുന്ന സന്ദർഭത്തിൽ കേരളത്തിൽ നാല് പ്രധാന രജാക്കൻമാരും, 42 ഇടത്തരം രാജാക്കൻമാരും ഉണ്ടായിരുന്നുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.1. ഇവർക്കു പുറമേ, മുന്നൂറ്, മുന്നൂറ്റമ്പത് മാടമ്പിമാർ രാജ്യത്തെ തുണ്ടു തുണ്ടാക്കി മാറ്റുകയും ചെയ്തിരുന്നു. സാമൂതിരിയുടെ രാജ്യത്ത് മാത്രം 125 ദേശവാഴികൾ ഉണ്ടായിരുന്നപ്പോൾ കേരളത്തിൽ ആകമാനം ഇവരുടെ സംഖ്യ എത്രയായിരിക്കുമെന്ന് ഊഹിക്കുകയാണ് ഭേദം. പോർച്ചുഗീസുകാർ തങ്ങളുടെ ശക്തി പ്രകടനവും ക്രൂരതയും കൊണ്ട് ഇവരെയൊക്കെ ഭീഷണിപ്പെടുത്തി അവരുടെ കച്ചവട-മത താൽപ്പര്യങ്ങൾ അരംഗുരം നടത്തിപ്പോന്നു. കൊച്ചി രാജാവിനെപ്പോലെ ഇവരധികവും അവർക്കു വേണ്ട എല്ലാ വിഭവങ്ങളും ഒരുക്കികൊടുക്കുകയും ശക്തമായ കോട്ടകൾ കെട്ടി അവരുടെ നില ഭദ്രമാക്കുവാനുള്ള സംരംഭത്തിൽ സഹായിക്കുകയും ചെയ്തവരാണ്. പലപ്പോഴും നമ്മുടെ ആളുകൾ ഈ വിദേശക്കോയ്മകളുടെ സൈന്യത്തിൽ പങ്കുചേരുകയും ചെയ്തിരുന്നതായി നമുക്കറിയാം. കൊച്ചിയുടേയും കോലത്തുനാടിൻേറയും നായർ യോദ്ധാക്കൾ പറങ്കികളുടെ സൈന്യത്തിൽച്ചേർന്ന് അവർ മുസ്ലിം കേന്ദ്രങ്ങൾക്കെതിരായി നടത്തിയിരുന്ന കൊള്ളയിലും, കൊള്ളിവെയ്പിലും പലപ്പോഴും കൂട്ടാളികളായിരുന്നിട്ടുണ്ട്.2. 1508ൽ അമീർ ഹുസൈൻെറ നേതൃത്വത്തിൽ പറങ്കികൾക്കെതിരായി വന്ന ഈജിപ്ഷ്യൻ നാവികപ്പടയെ നേരിട്ട അൽമേഡയുടെ കപ്പൽ വ്യൂഹത്തിൽ നാന്നൂറിൽപ്പരം നായർ യോദ്ധാക്കളുണ്ടായിരുന്നു. അതുപോലെ തന്നെ 1515ൽ ആൽബുക്കർക്ക് ഹോർമസ് തുറമുഖം ആക്രമിച്ചപ്പോൾ അദ്ദേഹത്തോടൊപ്പം 700ൽ കൂടുതൽ നായർ യോദ്ധാക്കളും സേവനനിരതരായിരുന്നു.3.

ഈ ദാസ്യവേല പറങ്കികൾക്ക് ശേഷംവന്ന എല്ലാ വിദേശ ശക്തികൾക്കും നാം നിർല്ലോഭം നൽകിയിട്ടുണ്ട്. ഇവിടെ പ്രസക്തമായിട്ടുള്ള കാര്യം ചെറുകിട രാജാക്കൻമാർ പോലും, വിദേശ ശക്തികളോടാണ് വിധേയത്വം കാണിച്ചിരുന്നതെന്ന വസ്തുതയാണ്. ലന്തക്കാരുടെ കേരളത്തിലെ നയമാകട്ടെ, ഈ രാജ്യങ്ങൾ അതേപടി നിലനിന്നു കാണുക എന്നതായിരുന്നു. രാഷ്ട്രീയമായ ഏകീകരണമോ, ശക്തമായ രാജസ്ഥാനങ്ങളോ ഉണ്ടാകുന്നത് അവരുടെ വ്യാപാര താൽപ്പര്യത്തിന് എതിരായിരിക്കുമെന്ന് ഉള്ളത് കൊണ്ടാണിത്. സാമൂതിരിയുമായി അവർ നടത്തിയ യുദ്ധങ്ങളത്രയും കേരളീയ രാജാക്കൻമാരിൽ പ്രബലനായ അദ്ദേഹത്തിൻെറ രാഷ്ട്രീയ ശക്തി ക്ഷയിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടിയുമായിരുന്നു. അങ്ങനെ ചെറുകിട രാജ്യങ്ങളെ തമ്മിലടിപ്പിച്ചും അവരുടെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെട്ട് അവരുടെ വിധികർത്താക്കളായി മേൽക്കോയ്മ നില നിർത്തുക എന്നതുമായിരുന്നു അവരുടെ പരിപാടി.

പൂർവ്വദേശങ്ങളുമായുള്ള വ്യാപാരത്തിൽ പറങ്കികൾക്ക്

ലഭിച്ചുകൊണ്ടിരുന്ന അസാമാന്യമായ സമ്പത്ത് കടലുമായി ആഭിമുഖ്യം ഉണ്ടായിരുന്ന മറ്റ് യൂറോപ്യൻ ശക്തികളെ ഈ വ്യാപാര രംഗത്തേക്ക് ഹഠാദാകർഷിച്ചു. 1592ൽ ആംസ്റ്റർഡാമിൽ രൂപീകൃതമായ ലന്തക്കാരുടെ ഈസ്റ്റിന്ത്യാകമ്പനിക്ക് 1602ൽ തന്നെ യുദ്ധം ചെയ്യുന്നതിനും ഉടമ്പടികൾ ഉണ്ടാക്കുന്നതിനും രാജ്യങ്ങൾ വെട്ടിപ്പിടിക്കുന്നതിനുമുള്ള തിട്ടൂരം ഡച്ചു ഗവൺമെൻറ് നൽകിയിരുന്നു. അതുപോലെ 1600ൽ തന്നെ പൗരസ്ത്യ ദേശങ്ങളുമായി വ്യാപാരം നടത്തുന്നതിനുള്ള അധികാരം ആ വർഷം രൂപീകൃതമായ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാക്കമ്പനിക്ക് ലഭിച്ചു. മറ്റൊരു യൈറോപ്യൻ ശക്തിയായ ഫ്രാൻസ് 1664ലാണ് ഫ്രഞ്ച് ഈസ്റ്റിന്ത്യാക്കമ്പനി രൂപീകരിച്ച് കടൽവ്യാപാര രംഗത്തെത്തുന്നത്. ആധുനിക ആയുധ സജ്ജീകരണങ്ങളോടും പുകഴ്പെറ്റ പടനായകൻമാരോടും കൂടി പൗരസ്ത്യ രാജ്യങ്ങളിൽ വ്യാപാര മൽസരത്തിനായി എത്തിയ ഇവർ ഇന്ത്യയിൽ പൊതുവേയും, കേരളത്തിൽ പ്രത്യേകമായും വ്യാപാരക്കുത്തകയ്ക്ക് വേണ്ടിയുള്ള നിരവധി സംഘട്ടനങ്ങൾ നടത്തിപ്പോന്നു. കേരളത്തിലെ ചെറുതും വലുതുമായ രാജസ്ഥാനങ്ങളത്രയും ഇതിൽ ഏതെങ്കിലും വിദേശ ശക്തിയുമായി കൂട്ടുചേർന്ന് അവർ നടത്തിയ യുദ്ധങ്ങളിൽ പങ്കാളികളായി. പറങ്കികളുടെ കിരാതമായ നരനായാട്ടും മതധ്വംസനവും മുസ്ലിംകളെ മാത്രമല്ല, സിറിയൻ ക്രിസ്ത്യാനികളുൾപ്പെടെയുള്ള എല്ലാ ജനവിഭാഗങ്ങളിലും വെറുപ്പും വിരോധവും സൃഷ്ടിച്ചു. തൻമൂലം ലന്തക്കാരേയും ഇംഗ്ലീഷുകാരേയും സ്വീകരിക്കുവാൻ ജനങ്ങൾക്ക് സന്തോഷമേ ഉണ്ടായിരുന്നുള്ളു. 1604ൽ തന്നെ സാമൂതിരിയുമായി ഒരു കച്ചവട ഉടമ്പടിയിൽ ഒപ്പുവെക്കുവാൻ ലന്തക്കാർക്ക് കഴിഞ്ഞു. പറങ്കികളെ കേരളതീരത്തുനിന്നു ആട്ടിയോടിക്കുവാനുള്ള എല്ലാ ശ്രമങ്ങളും തങ്ങൾ ചെയ്യുന്നതാണെന്ന് അവർ സാമൂതിരിക്ക് ഉറപ്പ് കൊടുത്തിരുന്നു. സിലോണിലും, മലാക്കയിലും, ലന്തക്കാർക്ക് തങ്ങളുടെ വ്യാപാരകേന്ദ്രങ്ങൾ ഉറപ്പിക്കാൻ കഴിഞ്ഞതോടുകൂടിയും പൗരസ്ത്യ ദേശങ്ങളിൽ നിന്നും ലഭിച്ചുകൊണ്ടിരുന്ന വ്യാപാരലാഭം മനസ്സിലാക്കിയതോടു കൂടിയും ഡച്ചു ഗവൺമെൻറ് ലന്തക്കമ്പനിക്ക് എല്ലാ സഹായ-സഹകരണവും നൽകിപ്പോന്നു.

ആശാവഹമായ സാമ്പത്തികനേട്ടമാണ് ഡച്ചുകാർക്കുണ്ടായത്. കേരളതീരത്തേയ്ക്ക് അവരെ ആകർഷിച്ചത് വ്യാപാരക്കുത്തക നേടുവാൻ വേണ്ടിയാണ്. ഡച്ച് ഗവർണ്ണറായ ന്യൂഹോഫ് കൊല്ലം, ആറ്റിങ്ങൽ, കായംകുളം, പുറക്കാട് തുടങ്ങിയ ചെറുകിട ദേശങ്ങളുമായി വ്യാപാരക്കരാറുകളുണ്ടാക്കി. 1642ലാണ് ചെമ്പകശ്ശേരി രാജാവുമായി വ്യാപാരക്കരാർ ഉണ്ടാക്കുന്നത്. ജനപ്രീതി നഷ്ടപ്പെട്ട് ക്ഷയിച്ചുകൊണ്ടിരുന്ന പറങ്കികൾക്ക് ലന്തക്കാരുടേയും, ഇംഗ്ലീഷുകാരുടേയും ആഗമനം വലിയ പേടി സ്വപ്നമായി. പറങ്കികളുടെ കണ്ണൂരുണ്ടായിരുന്ന കോട്ട 1656ലും കൊച്ചിയിലെ സുശക്തമായ അവരുടെ ആസ്ഥാനം 1663ലും, ലന്തക്കാർക്ക് കീഴടക്കിയതോടുകൂടി ഒന്നര നൂറ്റാണ്ട് കാലം കേരളത്തെ ആകമാനം എല്ലാ നിലക്കും വീർപ്പുമുട്ടിച്ചു കൊണ്ടിരുന്ന പറങ്കികളെ ഇവിടെ നിന്നും തുരത്തിയുവാൻ കഴിഞ്ഞുവെന്നത് വലിയ നേട്ടമാണ്. ഇതേ കാലത്ത് തന്നെയാണ് ഇംഗ്ലീഷ് കമ്പനി 1663ൽ തലശ്ശേരിയിലും 1666ൽ കോഴിക്കോട്ടും വ്യാപാരകേന്ദ്രങ്ങൾ തുറന്ന് പ്രവർത്തനം ആരംഭിച്ചതും. ഫ്രഞ്ചുകമ്പനിയാകട്ടെ തലശ്ശേ രിക്കും, കണ്ണൂരിനും ഇടയ്ക്കുള്ള മാഹിയിലാണ് കേരളത്തിലെ തങ്ങളുടെ ആസ്ഥാനം ഉറപ്പിച്ചത്. 17ഉം, 18ഉം നൂറ്റാണ്ടുകളിൽ ഈ വിദേശശക്തികൾ തമ്മിൽ തമ്മിൽ വ്യാപാര കുത്തക യ്ക്കുവേണ്ടി നടത്തിയ ഗൂഢാലോചനകളും, ചേരിപ്പോരും, സംഘട്ടനവും കൊണ്ട് നിറഞ്ഞതാണ് ഇക്കാലത്തെ കേരള ചരിത്രം.

പറങ്കികളുടെ വ്യാപാരക്കുത്തക അവസാനിപ്പിക്കുവാനുള്ള യജ്ഞത്തിൽ മലബാറിലെ മാപ്പിളനാവികർക്ക് ആദ്യമാദ്യം ലന്തക്കാരിൽ നിന്നും ആയുധങ്ങളും മറ്റ് ആനുകൂല്യങ്ങളും ലഭിച്ചിരുന്നു. താവഴി വഴക്കിൽ ഇടപെട്ട് പാലിയത്തച്ചനുമായി കൂട്ടുകൂടി ലന്തക്കാർ കൊച്ചിയിൽ നടത്തിയ പിന്തുടർച്ചാവകാശ യുദ്ധത്തിൽ പോർച്ചുഗീസുകാർക്കെതിരായി ലന്തക്കാരുടെ പക്ഷത്തുനിന്നാണ് മുസ്ലിംകൾ പോരാടിയത്. ഈ യുദ്ധത്തെ വിശദീകരിക്കുന്ന പടപ്പാട്ടിൽ മുസ്ലിംകൾ ലന്തക്കാരോടൊപ്പം വലിയ സന്നാഹത്തോടു കൂടി യുദ്ധം ചെയ്തിരുന്നതിൻെറ വിവരണം നാം നേരത്തെ ഉദ്ധരിച്ചിട്ടുണ്ട്. അതുപോലെ പോർച്ചുഗീസ് കപ്പലുകളെ പീഢിപ്പിച്ചുകൊണ്ടിരുന്ന പെഡ്രോ റോഡ്രിഗ്സെന്ന അലി മരക്കാരുമായി യോജിച്ച് ലന്തക്കാർ പറങ്കിക്കപ്പലുകളെ ആക്രമിച്ചതും അവയിലുണ്ടായിരുന്ന കൊള്ളമുതൽ ഭാഗിച്ചെടുത്തതുമായ പിറാർഡ് ഡി ലാവലിൻെറ വിവരണവും നാം മുൻ അദ്ധ്യായത്തിൽ കൊടുത്തിട്ടുണ്ട്. അങ്ങനെ തുടക്കത്തിൽ മുസ്ലിം യോദ്ധാക്കൾക്കും നാവിക പോരാളികൾക്കും ലന്തക്കാരുടെ സഹായം ഉണ്ടായിരുന്നു. എന്നാൽ പോർച്ചുഗീസുകാരെ തുരത്താൻ കഴിഞ്ഞതോടുകൂടിയും തങ്ങളുടെ ശക്തി അങ്ങനെ പ്രബലത്താക്കാൻ സാധിച്ചോതോടുകൂടിയും ലന്തക്കാരിൽ നിന്നും അവഗണനയും ദ്രോഹവുമാണ് പിന്നീട് മുസ്ലിംകൾക്ക് അനുഭവപ്പെട്ടത്. മുസ്ലിം വ്യാപാരം പുനഃപ്രതിഷ്ഠ നടത്തുക എന്നതായിരുന്നില്ലല്ലോ ഡച്ചുകാരുടെ ലക്ഷ്യം. പറങ്കികളുമായി മല്ലിട്ടതിൻെറ ഫലമായി വ്യാപാരരംഗത്ത് തിരിച്ചടിക്ക് വിധേയരായ മുസ്ലിംകൾ കണ്ണൂർ മുതൽ തേങ്ങാപ്പട്ടണം വരെയുള്ള തുറമുഖ കേന്ദ്രങ്ങളിലൊക്കെ അൽപ്പാൽപ്പമായെങ്കിലും അവരുടെ വ്യാപാരം നടത്തിക്കൊണ്ടിരുന്നു. വിദേശികളായ മുസ്ലിം വ്യാപാരികൾ മലബാർ തീരത്തുനിന്നും സ്വരക്ഷാർത്ഥം അവരവരുടെ രാജ്യങ്ങളിലേക്ക് മടങ്ങിപോയതും കേരളമുസ്ലിംകളുടെ വ്യാപാര പ്രവർത്തനങ്ങളെ സാരമായി ബാധിച്ച ഘടകമാണ്. അതേ സമയം ക്യാനറയിൽ നിന്ന് കൊങ്കിണികളും തമിഴ്നാട്ടിൽ നിന്ന് ചെട്ടിയാൻമാരും, വ്യാപാരദല്ലാളൻമാരായി രംഗപ്രവേശം ചെയ്തതും മുസ്ലിംകൾക്ക് വലിയ ഭീഷണിയായി മാറി.

ലന്തക്കാരാകട്ടെ മുസ്ലിം വ്യാപാരത്തെ പൂർണ്ണമായും നശിപ്പിക്കുവാനുള്ള ശ്രമങ്ങൾ തന്ത്രപൂർവ്വം മിനഞ്ഞെ

ടുക്കുകയും ചെയ്തു. ചെറുകിട രാജാക്കൻമാരുമായി കച്ചവട കരാറുകൾ ഉണ്ടാക്കി അതാത് സ്ഥലത്തെ കയറ്റുമതി ഉൽപ്പന്നങ്ങൾ സ്വായത്തമാക്കുക എന്നതായിരുന്നു അവരുടെ തന്ത്രം. ഈ പ്രക്രിയയിൽ ഇടത്തട്ടുകാർ എന്ന നിലയ്ക്കുപോലും മുസ്ലിംകൾക്ക് സ്ഥാനമില്ലാതായി. കൊല്ലത്തും, കായംകുളത്തും വ്യാപാരക്കരാറിനൊരുമ്പെട്ട ന്യൂഹോഫിനെ ശക്തമായി എതിർത്തത് അവിടത്തെ മുസ്ലിം വ്യാപാരികളാണ്. കുരുമുളക് തുടങ്ങിയ കയറ്റുമതി ഉൽപ്പന്നങ്ങളുടെ മേൽ ലന്തക്കാർ കച്ചവടക്കുത്തക ഏർപ്പെടുത്തിയതോടുകൂടി മുസ്ലിംകൾക്ക് വ്യാപാരരംഗം അന്യമായി തുടങ്ങി. എന്നാൽ കണ്ണൂരിലെ ആലി രാജാവും തലശ്ശേരിയിലെ വ്യാപാരപ്രമുഖരായ കേയിമാരും തങ്ങളുടെ പൂർവ്വികൻമാരുടെ വ്യാപാരവിനിമയം തുടർന്നുകൊണ്ട് പോന്നിരുന്നു. ആലപ്പുഴ തുറമുഖവികസനവും പട്ടണനിർമ്മാണവും നടത്തിയപ്പോൾ തിരുവിതാകൂർ ദിവാനായിരുന്ന രാജാ കേശവദാസ് പല സ്ഥലങ്ങളിൽ നിന്നും മുസ്ലിം കച്ചവടക്കാരെ ക്ഷണിച്ചുവരുത്തി അവിടെ കുടിയിരുത്തിയിരുന്നു. 18-ാം നൂറ്റാണ്ട് അവസാന പകുതിയിലാണ് ഇത് നടക്കുന്നത്. ഇതിനർത്ഥം വ്യാപാര കാര്യങ്ങളിൽ വിശ്വസ്തതയും പ്രാവിണ്യവും നേടുവാൻ മുസ്ലിംകളുടെ കച്ചവട ശൈലിയും പാരമ്പര്യവും ആവശ്യമായിരുന്നുവെന്നാണല്ലോ. പറങ്കിക്കാലഘട്ടത്തിൽ അറബിക്കപ്പലുകളുടെ നേരെയുണ്ടായിരുന്ന കൊള്ളയുടേയും, നിരോധനത്തിൻേറയും ഫലമായി മധ്യ പൗരസ്ത്യദേശങ്ങളിൽ നിന്നുള്ള വ്യാപാരം വളരെ മന്ദീഭവിച്ചിരുന്നു. അറബിക്കപ്പലുകൾ വല്ലപ്പോഴുമൊക്കെ കേരളതീരത്തെത്തിയാൽ തന്നെ അവർക്ക് പഴയ പോലെയുള്ള സ്വാഗതം ലഭിച്ചിരുന്നില്ലെന്ന് മാത്രമല്ല, ആവശ്യമായ കയറ്റുമതി വിഭവങ്ങൾ ലഭിക്കുവാൻ ഏറെ ക്ലേശിക്കേണ്ടതായും വന്നുകൂടി. ലന്തക്കാരോടൊപ്പം ഇംഗ്ലീഷ് കമ്പനിയും അറബികളുടെ പുനരാഗമനത്തെ ഒട്ടും ഇഷ്ടപ്പെട്ടിരുന്നില്ല. അവരുടെ വരവ് തടസ്സപ്പെടുത്തുന്നതിനുള്ള കാവൽ സങ്കേതങ്ങൾപ്പോലും ഇവർ ഉണ്ടാക്കിയിരുന്നു. പുറക്കാടിന് തെക്കുഭാഗത്ത് വെച്ച് കൊല്ലത്തേക്ക് പോവുകയായിരുന്ന ഒരു അറബിക്കപ്പൽ ഡച്ചുകാർ ആക്രമിച്ചിരുന്നു. തുടർന്ന് ചെറിയൊരു സംഘട്ടനവും നടന്നു.

സാമൂതിരി ഡച്ചുകാരുമായി ഏതെങ്കിലും അവസരങ്ങളിൽ യുദ്ധത്തിനേർപ്പെടേണ്ടതായി വന്നിട്ടുണ്ടോ അപ്പോഴൊക്കെ ഈ വിദേശശക്തിക്കെതിരായി മുസ്ലിംകൾ സാമൂതിരിയുടെ പക്ഷത്ത് നിന്ന് യുദ്ധം ചെയ്തിട്ടുണ്ട്. ചേറ്റുവായിലും, കൊടുങ്ങല്ലൂരിലും പലപ്പോഴായി ലന്തക്കാരോട് യുദ്ധം ചെയ്യേണ്ടതായി വന്ന സാമൂതിരിയുടെ പിന്നിൽ ശക്തമായ സൈനിക നിര സൃഷ്ടിച്ചിരുന്നത് മലബാറിലെ മാപ്പിളമാരായിരുന്നു. 1667ൽ ലന്തക്കാരോട് യുദ്ധത്തിലായിരുന്ന സാമൂതിരിയെ സഹായിക്കുവാനായി എത്തിയ മരക്കാർ കുടുംബത്തിലെ പടനായകൻമാരായിരുന്ന കുട്ടി അത്തൻ, കുഞ്ഞിക്കാതി എന്നിവരെ യഥാക്രമം കുഞ്ഞാലി മരക്കാരെന്നും, മരക്കാരെന്നും ബഹുമതി നൽകി തൻെറ നാവിക സൈന്യാധിപൻമാരായി നിയമിച്ചിരുന്നതിൻെറ വിവരണവും നാം മുമ്പേ പറഞ്ഞുപോയതാണ്. ഇവിടെ അതാവർത്തിക്കുന്നത് സാമൂതിരിയോട് പഴയപോലെ മുസ്ലിംകൾക്ക് കൂറോ, ആദരവോ ഇല്ലാതിരുന്നിട്ടുകൂടിയും കുഞ്ഞാലി നാലാമൻെറ കുടുംബക്കാർ വൈദേശിക പൊതു ശത്രുവിനെതിരായി സാമൂതിരിയുടെ നാവികപ്പടയുടെ നേതൃത്വം ഏറ്റെടുത്ത് രണാങ്കണത്തിലിറങ്ങിയെന്നതാണ്. ദേശാഭിമാനകരമായ ഈ സേവനസന്നദ്ധത മുസ്ലിംകളെ ലന്തക്കാരുടേയും ഇംഗ്ലീഷുകാരുടേയും വിരോധത്തിന് പാത്രമാക്കിയിരുന്നു.

അങ്ങനെ ഏത് അവസരത്തിലും വിദേശികളെ തുരത്തുവാനുള്ള സംരംഭങ്ങളിൽ മുസ്ലിംകൾ ഭാഗഭാക്കുകളായിരുന്നിട്ടുണ്ട്. പക്ഷേ അതിനവർ കൊടുക്കേണ്ടതായിവന്ന വില വളരെ വലുതായിരുന്നു. തങ്ങളുടെ വ്യാപാരവും അതുമൂലമുണ്ടായിരുന്ന സാമ്പത്തിക നേട്ടവും തീരെ ഇല്ലാതെയായി. തുറമുഖ കേന്ദ്രങ്ങളിൽ പിടിച്ചുനിൽക്കാൻ കഴിഞ്ഞ ചുരുക്കം ആളുകളൊഴിച്ച് മറ്റുള്ളവരധികവും ഉൾനാടുകളിലേക്ക് കുടിയേറിപാർക്കേണ്ടതായി വന്നു. കൃഷിയും, ചെറുകിട കച്ചവടവുമായി ഉപജീവനത്തിലേർപ്പെട്ട അവർക്ക് ഭൂപതികളായിരുന്ന സവർണ്ണ ജൻമിമാരിൽ നിന്നും കഠിനമായ യാതനയാണ് ലഭിച്ചത്. സാമ്പത്തികമായി മുസ്ലിംകൾ തീർത്തും തകർന്നു. പുതിയ മേച്ചിൽ സ്ഥലങ്ങളിലാകട്ടെ അവർക്ക് ആധിപത്യം നേടുവാൻ സാധിച്ചതുമില്ല. സാമ്പത്തിക ശേഷിയുള്ള വ്യാപാര സമുദായം എന്ന പദവി സമൂഹത്തിൽ അവർക്കുണ്ടായിരുന്ന മേൻമ നഷ്ടപ്പെടുത്തുകയും ചെയ്തു. കേരളത്തിൽ മുസ്ലിംകൾക്ക് ശക്തി കേന്ദ്രമെന്ന് അവകാശപ്പെടാവുന്നത് കണ്ണൂർ മാത്രമായിരുന്നു. അവിടത്തെ ആലിരാജയുടെ രാഷ്ട്രീയ നേതൃത്വം മലബാറിലെ മുസ്ലിംകൾ സ്വമേധയാ അംഗീകരിക്കുകയും ചെയ്തു. ഡച്ചുകാരുമായി ആലിരാജ യുദ്ധത്തിലേർപ്പെട്ടിരുന്നപ്പോൾ മലബാറിലെ ഉൾപ്രദേശങ്ങളിൽ നിന്നുപോലും മുസ്ലിംകൾ കണ്ണൂരിലെത്തി ലന്തക്കാർക്കെതിരായി യുദ്ധം ചെയ്തിട്ടുണ്ട്.

ഇതിനെക്കാളും ദൂരവ്യാപകമായ ഭവിഷ്യത്താണ് ഐറോപ്യൻ അധിനിവേശത്തോടുകൂടി കേരള സമൂഹത്തിലുണ്ടായ കെടുതി. പറങ്കികൾ അവരുടെ തിരോധാനം വരെ കേരളത്തിലെ മുസ്ലിംകളോടും, അവരുടെ ആവാസകേന്ദ്രങ്ങളോടും കാണിച്ചിരുന്ന അവാച്യമായ ഹീന പ്രവൃത്തികൾ കുറേയൊക്കെ മുൻ അദ്ധ്യായത്തിൽ നാം വിവരിച്ചിട്ടുണ്ട്. 1600ൽ കുഞ്ഞാലി നാലാമനേയും കൂട്ടരേയും പറങ്കികളോട് കൂട്ടുച്ചേർന്ന് കീഴടക്കിയ ശേഷം വ്യവസ്ഥകൾക്ക് വിപരീതമായി ഫെർട്ടാഡോയെന്ന പറങ്കിമേധാവിക്ക് സാമൂതിരി ഏൽപ്പിച്ച് കൊടുത്തതോടുകൂടി കേരളത്തിലെ മുസ്ലിംകൾ ഒന്നടങ്കം ഈ വഞ്ചനയ്ക്കെതിരായി പ്രതികരിച്ചിരുന്നു. അതുവരെ അങ്ങേയറ്റം സൗഹൃദത്തിൽ കഴിഞ്ഞിരുന്ന മുസ്ലിംകളും, നായൻമാരും തമ്മിൽ തമ്മിൽ അവിശ്വസിക്കുവാനും ശത്രുത പുലർത്തുവാനും തുടങ്ങിയതോടെയാണ് കേരളത്തിലെ സാമൂഹിക അന്തരീക്ഷം കലുഷമായത്. അനാദികാലമായി നില നിന്നുപോന്ന സാമുദായിക സൗഹാർദ്ദം ഇല്ലാതായെന്ന്

മാത്രമല്ല. സാമുദായിക സംഘട്ടനങ്ങൾക്ക് അവ കളമൊരുക്കുകയും ചെയ്തു. വ്യാപാരരംഗത്ത് നിന്ന് മുസ്ലിംകൾ മിക്കവാറും തുരത്തെറിയപ്പെട്ടതോടുകൂടി അവരുമായുള്ള കൂട്ടുകെട്ടുകൊണ്ട് ആർക്കും അത്രകണ്ട് നേട്ടങ്ങൾ ഉണ്ടാക്കുവാൻ പറ്റുകയില്ലെന്ന സ്ഥിതികൂടി സംജാതമായപ്പോൾ സമൂഹത്തിൽ മുസ്ലിംകൾ ഒറ്റപ്പെടുകയാണ് ചെയ്തത്. മാറി മാറി വന്ന വിദേശ ശക്തികളുടെ ക്രൂരമായ എതിർപ്പ് ഒരുവശത്ത്, തദ്ദേശീയരായ ഇടപ്രഭുക്കൻമാരുടേയും നായർമാടമ്പിമാരുടേയും രോഷം മറുവശത്ത്, ഇതിനിടയിൽ ഞെങ്ങി ഞെരിഞ്ഞുകൊണ്ടിരുന്ന മുസ്ലിംകൾ സ്വന്തം ശക്തിയിൽ മാത്രം വിശ്വാസം അർപ്പിക്കുകയും അനീതിക്കെതിരെ പടപൊരുതി മരിക്കുന്നത് പുണ്യമായി കരുതുകയും ചെയ്തു. മതത്തിനും, സമുദായത്തിനും എതിരെയുള്ള ഏത് അക്രമത്തേയും എതിരിട്ട് രക്തസാക്ഷിയാകുന്നത് മതപരമായ ദൗത്യമായിപ്പോലും മുസ്ലിംകൾ വിശ്വസിച്ച് പ്രവർത്തിച്ചുപോന്നു. ശൈഖ് സൈനുദ്ദീൻ തുഹ്ഫത്തുൽ മുജാഹിദ്ദീനിൽ കൂടി നടത്തിയ ജിഹാദി (ധർമ്മയുദ്ധം) നുവേണ്ടിയുള്ള ആഹ്വാനവും ഇത്തരം ധർമ്മയുദ്ധങ്ങളിൽ രക്തസാക്ഷികളാകുന്നവർക്ക് പരലോകത്ത് ലഭിക്കുന്ന പരിഗണനയുമൊക്കെ സാധാരണ മുസ്ലിമിനെ വികാരോൻമത്തനാക്കുന്നവയായിരുന്നു. ഇതിൻെറ ഫലമായി മുസ്ലിംകൾ തീവ്രതരമായ സാമുദായിക പ്രവർത്തനങ്ങളിലാണ് വ്യാപൃതരായത്.

1607ൽ ഫ്രാൻകോ പിറാർഡ് ലാവൽ കോഴിക്കോടുണ്ടായിരുന്നപ്പോൾ അദ്ദേഹം കണ്ടത് മുസ്ലിംകളും, നായൻമാരും ആയുധധാരികളായിട്ടാണ് സഞ്ചരിച്ചതെന്നാണ്.4. ഒന്നര നൂറ്റാണ്ട് കാലത്തെ പറങ്കികളുടെ ആധിപത്യവും അവർക്ക് ശേഷം ലന്തക്കാരും ഇംഗ്ലീഷുകാരും തുടർന്ന മുസ്ലിം വിരോധവും, വിദേശികളായ ക്രിസ്ത്യാനികൾക്കെതിരെ ഏതവസരത്തിലും ആഞ്ഞടിക്കുവാനുള്ള രോഷം മുസ്ലിം മനസ്സുകളിൽ കട്ടകൂടി കിടന്നിരുന്നു. നായർ മാടമ്പിമാരും മുസ്ലിംകളോട് കൃതഘ്നതാപൂർവ്വമാണ് പെരുമാറിയിരുന്നത്. പതിനാറാം നൂറ്റാണ്ട് ഒടുവു വരെ മുസ്ലിംകളും സമൂഹത്തിലെ മേലെക്കിടയിലുണ്ടായിരുന്ന നായൻമാരും തമ്മിൽ നിലനിന്നുപോന്ന സൗഹൃദം 17,18 നൂറ്റാണ്ടുകളിൽ തിരെ അപ്രത്യക്ഷമായിരുന്നു. ഈ ഭിന്നത വർദ്ധിപ്പിക്കും വിധമുള്ള ഉപജാപങ്ങളാണ് യൂറോപ്യൻ കമ്പനികൾ നിരന്തരം ഇവിടെ നടത്തിയത്. അധികാരം നഷ്ടപ്പെട്ട് ക്ഷീണിതരായിരുന്നിട്ടുകൂടിയും 1722ൽ താനൂരിലുണ്ടായിരുന്ന പോർച്ചുഗീസുകാർ മുസ്ലിംകളുമായി സംഘട്ടനം നടത്തിയിരുന്നു. മുസ്ലിംകൾക്കെതിരായി ഗോവയിൽ നിന്നും പറങ്കിപ്പടക്കപ്പൽ താനൂരിലെ മുസ്ലിം കേന്ദ്രം തകർക്കാൻ എത്തുകയും ചെയ്യാവുന്ന എല്ലാ ക്രൂരതകളും കാട്ടി അവർ ഗോവയിലേക്ക് മടങ്ങുകയും ചെയ്തു. എന്നാൽ അവർ മടങ്ങിയതോടെ തിരൂരങ്ങാടിയിൽ നിന്നും എത്തിയ മാപ്പിളമാർ താനൂരിലെ ക്രിസ്ത്യൻ കുടുംബങ്ങൾ ആക്രമിച്ച് കൂട്ടക്കൊല നടത്തിയിരുന്നു. പറങ്കികൾ നാട്ടിൽ നടത്തിയ മുസ്ലിം വിരുദ്ധ പ്രവർത്തനങ്ങൾ 200 കൊല്ലത്തിനുശേഷവും ഏത് വിധമാണ് മുസ്ലിം മനസ്സിനെ പ്രതികാരദാഹംകൊണ്ട് കീഴ്പ്പെടുത്തിയെന്നതിന് മറ്റൊരു ഉദാഹരണവും വേണ്ട.5. ഐറോപ്യൻമാരോടുള്ള മുസ്ലിം മനോഗതി തുറന്ന വിദ്വേഷത്തിൻേറതായിരുന്നുവെന്ന് 18-ാം നൂറ്റാണ്ടിൽ കൊച്ചിയിലെ ഡച്ച് റസിഡൻറായിരുന്ന ജേക്കബ്ബ് വിഷറുടെ എഴുത്തുകളിൽ നിന്നും കാണാവുന്നതാണ്.6. ഇസ്ലാമിൻെറ ശത്രുക്കളുമായി പോരാടി മരിച്ചാൽ തന്നെ രക്തസാക്ഷികളായി അവർ വാഴ്ത്തപ്പെടുകയും, അവരുടെ ശവകുടീരം പ്രാർത്ഥനാ കേന്ദ്രങ്ങളായി മാറുകയും ചെയ്തിരുന്നതിനാൽ മതധ്വംസനത്തിനെതിരെ പടവെട്ടി മരിക്കുന്നത് പുണ്യമായി മുസ്ലിംകളിൽ പലരും കരുതിപ്പോന്നിരുന്നു. തലശ്ശേരി കോട്ടയിലെ സർജൻറിനെ കൊന്ന് വീരമൃത്യു വരിച്ച മുസ്ലിമും, കോഴിക്കോട്ടെ പറങ്കിപ്പാതിരിയെ നിഹനിച്ച് പിന്നീട് പോരാട്ടത്തിൽ മൃതനായ മാപ്പിളപ്പടയാളികളും രക്തസാക്ഷികളായി കരുതപ്പെടുകയും അവരുടെ ശവകുടീരങ്ങൾ ആരാധനാസ്ഥലങ്ങളായി പരിണമിക്കുകയും ചെയ്തിട്ടുണ്ട്.7. പറങ്കികളോടുണ്ടായിരുന്ന പക എത്ര ആഴത്തിലുള്ളതായിരുന്നുവെന്ന് കാണിക്കുന്ന മറ്റൊരു സംഭവമാണ് തലശ്ശേരിക്കടുത്തുള്ള ധർമ്മപ്പട്ടണത്ത് 1764ൽ അരങ്ങേറിയത്. അവിടത്തെ പറങ്കികളുടെ പള്ളിയിൽ ഞായറാഴ്ച പ്രാർത്ഥന നടന്നുകൊണ്ടിരിക്കുമ്പോൾ ആയുധധാരികളായ രണ്ട് മുസ്ലിംകൾ നടത്തിയ കൂട്ടക്കൊല അവിസ്മരണീയമാണ്.8.

വിദേശിയരായ ക്രിസ്ത്യാനികളോടും അവരുടെ സഹവാസികളോടുമുള്ള മുസ്ലിം വിരോധത്തിന് പറങ്കികളുടെ നീചമായ മതനയമായിരുന്നു കാരണമെങ്കിൽ വ്യാപാരം നഷ്ടപ്പെട്ട് സമ്പത്തിലും സാമൂഹ്യപദവിയിലും ഇടിച്ചിൽ വന്ന മാപ്പിളമാരോട് സവർണ്ണമേധാവിത്വം നടത്തിയ കടന്നാക്രമണമാണ് നമ്മുടെ സ്വൈര്യജീവിതത്തെ താറുമാറാക്കിയത്. എവിടേയും ഭീഷണമായ അവസ്ഥയിൽ മുസ്ലിംകൾ സ്വന്തം രക്ഷയ്ക്കുവേണ്ടി ആയുധം ധരിക്കേണ്ടതായി വന്നു. വ്യാപാരം ഇല്ലാതായി സാമ്പത്തിക തകർച്ചയിൽപ്പെട്ട അവരെ ചെറുകിട കച്ചവടങ്ങൾ നടത്തുവാനോ, കൃഷിയിടങ്ങളിൽ സമാധാനമായി വിളവിറക്കാനോ അനുവദിക്കാത്ത പരിതഃസ്ഥിതിയാണ് സവർണ്ണവിഭാഗം പ്രദർശിപ്പിച്ചത്. അക്കാലത്ത് പ്രചാരത്തിൽ വന്ന പടപ്പാട്ടുകളധികവും മതധ്വംസനത്തിനെതിരായി പടവെട്ടി മരണമടഞ്ഞ രക്തസാക്ഷികളെ പ്രകീർത്തിക്കുന്നവയാണ്. കൊച്ചിയിലേയും, കോലത്തുനാട്ടിലേയും നായർ യോദ്ധാക്കൾ പലപ്പോഴും പറങ്കികളുമായി കൂട്ടുച്ചേർന്ന് മുസ്ലിംകളോട് യുദ്ധം ചെയ്തിരുന്നു.9. ഈ ശത്രുത വർദ്ധിച്ച് പലപ്പോഴും വർഗ്ഗീയ സംഘട്ടനത്തിന് തന്നെ ഇട നൽകിയിട്ടുണ്ട്. തിരൂരങ്ങാടിയിലും പരിസരങ്ങളിലും നിരന്തരം നടന്നുകൊണ്ടിരുന്ന സാമുദായിക സംഘട്ടനങ്ങൾ കോഴിക്കോട്ടെ ഇംഗ്ലീഷ് പ്രതിപുരുഷൻ തലശ്ശേരിയിലേക്ക് പലപ്പോഴും എഴുതി അറിയിച്ചിരുന്നതായി അവരുടെ രേഖകളിൽ കാണുന്നു.10. തിരൂരങ്ങാടി പ്പള്ളിയിൽ കേന്ദ്രീകരിച്ചിരുന്ന അഞ്ഞൂറിൽപ്പരം മാപ്പിള യോദ്ധാക്കളോട് പോരടിക്കുന്നതിനായി മാഹിയിലെ

ഫ്രഞ്ചുകാരോടും, തലശ്ശേരിയിലെ ഇംഗ്ലീഷുകാരോടും സാമൂതിരി സഹായം അഭ്യർത്ഥിച്ചിരുന്നു.11. ഇതേതുടർന്ന് 8,000 നായർപ്പടയാളികൾ തിരൂരങ്ങാടിപ്പള്ളി ആക്രമിക്കുകയും നൂറിൽപ്പരം പേർ തൽഫലമായി മരിക്കുകയോ അപായകരമായ മുറിവേൽക്കുകയോ ചെയ്തു. നായൻമാരിൽ 50 പേരാണ് മരിച്ചത്. ഇതിനു ശേഷം 1751 ഒക്ടോബർ മാസത്തിൽ സാമൂതിരിയുടെ നായർ സൈന്യം പള്ളിയിൽ പ്രതിരോധം നടത്തിയെങ്കിലും മുന്നൂറിൽപ്പരം നായർ യോദ്ധാക്കൾ മരിച്ചുവെന്നല്ലാതെ പള്ളിക്ക് ഒരു പോറലേൽപ്പിക്കുവാൻ പോലും സാധിച്ചില്ല.12. ഇതുപോലെയുള്ള നിരവധി സംഘട്ടനങ്ങൾക്ക് 18-ാം നൂറ്റാണ്ട് സാക്ഷ്യം വഹിക്കേണ്ടതായി വന്നിട്ടുണ്ട്. മാഹിക്കടുത്തുള്ള പെരിങ്ങത്തൂരിലെ മുസ്ലിംകൾ ഫ്രഞ്ച്കമ്പനിയുമായുണ്ടാക്കിയ കരാറിൽ ബസാറിൻെറ സംരക്ഷണവും നായർമാടമ്പിമാർ നടത്തുന്ന ആക്രമണങ്ങളിൽ നിന്നും സുരക്ഷയും നൽകണമെന്നും, അതിനായി ഉപയോഗിക്കുന്ന സൈന്യത്തിൻെറ ചെലവും മറ്റും തങ്ങൾ വഹിക്കുന്നതാണെന്നും ആയിരുന്നു വ്യവസ്ഥ ചെയ്തിരുന്നത്.13. മലപ്പുറത്തെ പാറനമ്പിയെന്ന നമ്പൂതിരി ജൻമിയുടെ സൈനികരിൽ ഒരാളായ അലിമരക്കാരും ജൻമിയു മായുണ്ടായ വഴക്കിൽ അലിമരക്കാരെ കൊല്ലുകയും പാറ നമ്പിയുടെ കുടിയാൻമാരായിരുന്ന എല്ലാ മുസ്ലിംകളേയും കുടിയിറക്കുകയും ചെയ്ത സംഭവത്തെതുടർന്ന് മലപ്പുറം പള്ളിയരു കേന്ദ്രീകരിച്ച് മുസ്ലിംകൾ നടത്തിയ സംഘട്ടനത്തിൽ 44 പേർ മരണമടഞ്ഞിരുന്നു. ഇന്നും ഈ രക്തസാക്ഷികളുടെ ഓർമ്മ നിലനിർത്തുന്നതിനായി എല്ലാ വർഷം മാർച്ച്മാസത്തിൽ നേർച്ച നടത്തിപ്പോരുന്നു.14. മലപ്പുറം ശുഹദാക്കളെ പ്രകീർത്തിച്ചുകൊണ്ടുള്ള മഹാകവി മോയിൻകുട്ടി വൈദ്യരുടെ പടപ്പാട്ട് ഏറെ പ്രസിദ്ധമാണ്. അങ്ങനെ വിദേശികളുടെ ആഗമനം മലായളി സമൂഹത്തിൽ അനൈക്യത്തിൻെറയും, അസ്വാസ്ഥ്യത്തിൻേറയും വിഷവായു സംക്രമിപ്പിച്ച സംഭവമായിരുന്നു.

18-ാം നൂറ്റാണ്ട് അവസാനപകുതി കേരളത്തിലെ രാഷ്ട്രീയ ഭൂപടം പാടേ മാറ്റിമറിച്ച സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ചു. 1729ൽ വേണാട് അധിപതിയായി മാർത്താണ്ഡവർമ്മ അവരോധിക്കപ്പെട്ടതോടുകൂടിയാണ് ഈ മാറ്റത്തിൻെറ നാന്ദി കുറിച്ചത്. നാട്ടിൽ അരാജകത്വം സൃഷ്ടിക്കുകയും രാജകീയ അധികാരങ്ങളെ ചോദ്യം ചെയ്യുകയും നിത്യതൊഴിലാക്കിയിരുന്ന മാടമ്പിമാരേയും, ബ്രാഹ്മണ പൗരോഹിത്യത്തേയും അദ്ദേഹം നിർവ്വിശ്ശങ്കം എതിർത്ത് നശിപ്പിച്ച് തൻെറ ആധിപത്യം ഉറപ്പിച്ചതോടെ വേണാട് ശക്തമായ ഒരു രാജസ്ഥാനത്തിൻെറ ആസ്ഥാനമായി തീർന്നു. തനിക്ക് കീഴ്പ്പെടാത്തതും സ്വതന്ത്ര രാജ്യങ്ങളെന്ന ഭാവത്തിൽ നില നിന്നിരുന്നതുമായ ചെറുകിട രാജ്യങ്ങളത്രയും ആക്രമിച്ച് കീഴടക്കി വേണാടിനെ കേരളത്തിലെ ഏറ്റവും വലിയ രാജ്യമായി പരിണമിപ്പിച്ചു. ആറ്റിങ്ങൽ, കൊല്ലം, കായംകുളം, ചങ്ങനാശ്ശേരി, പുറക്കാട് എന്നിവയൊക്കെ വേണാടിൻെറ ഭാഗമായി തീർന്നു. ഈ പ്രക്രിയയിൽ തനിക്കെതിരെ സഹായത്തിനെത്തിയിരുന്ന ലന്തക്കാരുമായും, കൊച്ചിയുമായും അദ്ദേഹത്തിന് പല പ്രാവശ്യം യുദ്ധം ചെയ്യേണ്ടതായും വന്നു. 1741ൽ കൊളച്ചലിൽ വെച്ചുണ്ടായ യുദ്ധം ലന്തക്കാരുടെ ദാരുണമായ പരാജയത്തിന് ഇടവരുത്തിയതോടെ വേണാട് കേരളത്തിലെ ശക്തമായ രാജസ്ഥാനമായി വളരുകയും ചെയ്തു.15. മാർത്താണ്ഡവർമ്മയുടെ സൈന്യത്തിൽ സേവനമനുഷ്ഠിച്ചിരുന്ന ധാരാളം പഠാണികളും റാവുത്തർമാരുമുണ്ടായിരുന്നു. കൊളച്ചൽ യുദ്ധത്തിൽ അദ്ദേഹത്തെ സഹായിക്കുവാൻ തേങ്ങാപട്ടണം തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ധാരാളം മുസ്ലിംകൾ എത്തിയിരുന്നു. 1743ൽ വീണ്ടും മാവേലിക്കരയിൽവെച്ച് ലന്തക്കാർ തിരുവിതാംകൂറുമായുണ്ടാക്കിയ ഉടമ്പടിയിൽ മാർത്താണ്ഡവർമ്മ ഏത് രാജാവിനെതിരെ നടത്തുന്ന യുദ്ധത്തിലും ശത്രുപക്ഷത്ത് ഒരിക്കലും സഹായം നൽകുകയില്ലെന്ന് ഉറപ്പ് നൽകിയിരുന്നു.16. ഇതോടുകൂടി ചെറുകിട രാജാക്കൻമാരുമായുണ്ടാക്കിയിരുന്ന ഡച്ചുകാരുടെ സൈനിക ഉടമ്പടി ദുർബലമാകുകയും അവർ ഒരു രാഷ്ട്രീയ ശക്തി അല്ലാതാകുകയും ചെയ്തു. തിരുവിതാംകൂറിൻെറ ആക്രമണത്തെ തടഞ്ഞുനിർത്തുവാനായി കായംകുളം, അമ്പലപ്പുഴ, ചങ്ങനാശ്ശേരി തുടങ്ങിയ രാജ്യങ്ങളുമായി കൊച്ചി ഒരു ഐക്യനിര സൃഷ്ടിച്ചുവെങ്കിലും തിരുവിതാംകൂർ സൈന്യം ദിവാൻ രാമയ്യൻ ദളവയുടെ നേതൃത്വത്തിൽ കൊച്ചി പ്രദേശങ്ങളായ ചേർത്തലയും, അരൂരും പിടിച്ചടക്കി അരൂർ പുഴയുടെ തെക്കേതീരത്ത് നിലയുറപ്പിച്ചു. ഇതിൽ പരിഭ്രാന്തനായ കൊച്ചിരാജാവ് സമാധാനത്തിനായി നിരന്തരം പരിശ്രമിച്ചതിൻെറ ഫലമായിട്ടാണ് യുദ്ധം അവസാനിപ്പിച്ചത്. പക്ഷേ പിടിച്ചടക്കിയ സ്ഥലങ്ങളെല്ലാം തിരുവിതാംകൂറിൻെറ ഭാഗമാക്കി മാറ്റി. തെക്ക് നിന്നുള്ള ആക്രമണം കൊണ്ടും, പ്രതിരോധം കൊണ്ടും ക്ഷീണിച്ച കൊച്ചിയ്ക്ക് ഈ അവസരത്തിൽ വടക്കുനിന്നും സാമൂതിരിയുടെ ആക്രമണത്തെ അഭിമുഖീകരിക്കേണ്ടതായി വന്നു. ഇത് 1752ൽ ആയിരുന്നു. തങ്ങളുടെ രക്ഷകരായി വർത്തിച്ചിരുന്ന ലന്തക്കമ്പനിയിൽ നിന്നും യാതൊരു സഹായവും ലഭിക്കുകയില്ലെന്ന് ഉറപ്പായതോടുകൂടി സാമൂതിരിക്കെതിരായുള്ള യുദ്ധത്തിൽ തിരുവിതാംകൂറിൻെറ സഹായമാണ് കൊച്ചിരാജാവ് ആവശ്യപ്പെട്ടത്. പലവട്ടം കൂടിയാലോചന നടത്തിയതിൻെറ ഫലമായി 1761 ഡിസംബർ 26-ാം തിയ്യതി കൊച്ചിയും തിരുവിതാംകൂറും ഒരു സൈനിക സഖ്യത്തിൽ ഒപ്പുവെച്ചു.17. തുടർന്ന് സാമൂതിരിക്കെതിരായി യുദ്ധം പ്രഖ്യാപിച്ച തിരുവിതാംകൂർ കൊടുങ്ങല്ലൂർ, പറവൂർ, വരാപ്പുഴ തുടങ്ങിയ സ്ഥലങ്ങൾ പിടിച്ചെടുത്ത ശേഷം സാമൂതിരിയുടെ സൈന്യത്തെ പിന്തിരിപ്പിച്ചോടിച്ചു. സാമൂതിരി കൊച്ചിയും തിരുവിതാംകൂറുമായി സമാധാനക്കരാർ ഒപ്പുവെക്കുകയും ചെയ്തു. ഇതിലെ വ്യവസ്ഥയിലൊന്ന് കൊച്ചിയും കോഴിക്കോടുമായി പിന്നീടുണ്ടായേക്കാവുന്ന ഏത് വഴക്കിനും തർക്കത്തിനും തിരുവിതാകൂർ കൽപ്പിക്കുന്ന തീർപ്പ് ഇരുകൂട്ടരും അനുസരിക്കണമെന്നായിരുന്നു. കേരള ചരിത്രത്തിൽ സുപ്രധാനമായ ഒരു ഉടമ്പടിയായിരുന്നു ഇത്. അനവധി നൂറ്റാണ്ടായി കോഴിക്കോടും കൊച്ചിയും തമ്മിൽ

ഇടയ്ക്കിടയ്ക്ക് ഉണ്ടായിക്കൊണ്ടിരുന്ന യുദ്ധം ഇതോടെ അവസാനിച്ചുവെന്നതും കേരളത്തിലെ ഏറ്റവും പ്രബലമായ രാജ്യമായി തിരുവിതാംകൂർ മാറിയെന്നതും തുടർന്ന് നടന്ന രാഷ്ട്രീയ സംഭവങ്ങളുമായി സമരസപ്പെടുത്തി ചിന്തിക്കുമ്പോൾ ഏറെ പ്രാധാന്യം അർഹിക്കുന്ന കാര്യമാണ്. 1781ൽ ഡച്ചുഗവർണ്ണറായി ഇവിടെ ഉണ്ടായിരുന്ന ആൻഡ്രിയൻ മോയൻസ് എഴുതുന്നത്, "കൊച്ചിയിലെ രാജാവ് നാമമാത്രമായ ഭരണാധിപനാണെന്നും യഥാർത്ഥത്തിൽ തിരുവിതാംകൂർ രാജാവാണ് കൊച്ചിയിലെ രാജാവ്," എന്നുമാണ്.18. ഡച്ചുകാർ കണ്ണൂരിലും കൊച്ചിയിലും ചെറിയതോതിൽ വ്യാപാരം നടത്തിക്കൊണ്ടിരുന്നുവെങ്കിലും രാഷ്ട്രീയമായി യാതൊരു പ്രാധാന്യവും ഉണ്ടായിരുന്നില്ല. 1766ൽ ഹൈദരലിയുടെ മലബാർ ആക്രമണം വിജയകരമായി നടത്തിയപ്പോൾ കൊച്ചിയെ ആക്രമണത്തിൽ നിന്നും രക്ഷിക്കുന്നതിനുള്ള ദൗത്യവുമായി ഡച്ച് ഗവർണ്ണർ മോയൻസ് ഹൈദരലിയെ കണ്ടിരുന്നു.19. ഓരോ വർഷവും രണ്ട് ലക്ഷം രൂപയും 8 ആനയും കപ്പമായി നൽകാമെന്ന ഉറപ്പിൻമേൽ കൊച്ചിയെ തന്റെ ആശ്രിതരാജ്യമായി സ്വീകരിക്കുവാൻ ഹൈദരലി തയ്യാറാകുകയും ചെയ്തു.20. പള്ളിപ്പുറത്തും (അഴിക്കോട്ട) കൊടുങ്ങല്ലൂരും ഉണ്ടായിരുന്ന ഡച്ചുകോട്ടകൾ 1789 ഏപ്രിൽ മാസത്തിൽ ഡച്ചുകമ്പനി തിരുവിതാംകൂറിന് വിൽക്കുകയുണ്ടായി.21. ഈ കോട്ടകൾ മൈസൂറിന്റെ സാമന്തനായ കൊച്ചി രാജാവിന്റെ സ്ഥലത്താണ് സ്ഥിതി ചെയ്തിരുന്നത്. ആ നിലയ്ക്ക് കോട്ടകൾ കൊച്ചി രാജാവിന് വിൽക്കുകയോ, അതല്ലെങ്കിൽ കൊച്ചിയുടെ അധീശത്വമുള്ള തനിക്ക് നൽകുകയോ ചെയ്യണമെന്നായിരുന്നു ടിപ്പു സുൽത്താൻ ആവശ്യപ്പെട്ടിരുന്നത്. തിരുവിതാംകൂർ നൽകാമെന്ന് സമ്മതിച്ചിരുന്ന തുകയുടെ ഇരട്ടിപ്പണം താൻ നൽകുന്നതാണെന്നും അദ്ദേഹം അറിയിച്ചിരുന്നു.22. തിരുവിതാംകൂറുമായി യുദ്ധത്തിലേർപ്പെടുവാൻ കാരണമാക്കിയ സംഭവമായിരുന്നു ഇത്. തങ്ങളുടെ വ്യാപാരവും രാഷ്ട്രീയ ആധിപത്യവും നശിപ്പിച്ചിട്ടുപോലും ലന്തക്കാരുടെ മുസ്ലിം വിരോധം പ്രകടമാക്കുന്ന സംഭവമായിരുന്നു ഇത്. പറങ്കികളുടെ മുസ്ലിംകളോടുള്ള സമീപനത്തിന്റെ അവസാനത്തെ ഉദാഹരണമായി ഇതിനെ വിലയിരുത്താവുന്നതാണ്. 1790ൽ കണ്ണൂർ ആസ്ഥാനവും, 1795ൽ കൊച്ചിയിലെ കോട്ടയും നഷ്ടപ്പെടുന്നതുവരെ ലന്തക്കാർ ഇവിടെ തങ്ങിയിരുന്നു. മൈസൂർ അധിനിവേശ കാലത്ത് ഫ്രഞ്ചുകാരും, ഇംഗ്ലീഷുകാരും മാത്രമായിരുന്നു വിദേശ ശക്തികളിൽ പ്രധാനികളായിരുന്നത്. ഫ്രഞ്ചുകാർ മൈസൂർ പക്ഷത്തായിരുന്നപ്പോൾ ഇംഗ്ലീഷുകാർ അവരുടെ കൊടിയ ശത്രുക്കളുമായിരുന്നു. 1766 മുതൽ 1792 വരെയുള്ള കേരളചരിത്രം മൈസൂർ ഭരണത്തിന്റേയും, ഇംഗ്ലീഷുകാരുമായി മൈസൂർ സുൽത്താൻമാരായ ഹൈദരലിക്കും, അദ്ദേഹത്തിന്റെ മകൻ ടിപ്പുസുൽത്താനും നടത്തേണ്ടതായി വന്ന യുദ്ധങ്ങളുടേയും ചരിത്രമാണ്.

1. *Dutch Records No. XIII, pp 45-46.*
2. *Logan, Malabar Manual, Vol I, 1951, Edition Madras, p.315.*
3. *Ibid.*
4. *Gray, The voyage of Francis Pyrard of Lavel, Vol I, p 385.*
5. *Tellicherry Consultations, XVI, 1745-46, p. 81.*
6. *Visscher's letters, quoted by K.P. Padmanabha Menon, History of Kerala, Vol II, p.56.*
7. *Tellicherry Consultations, XIII, 1741-42, p.150.*
8. *Ibid, Diary, 27B, 1763-64, p.117.*
9. *Logan, op.cit, p.315.*
10. *Tellicherry Consultations, XVI, 1745-46, p. 183.*
11. *Ibid, 1751, pp 8 and 12.*
12. *Stephen Frederic Dale, The Mappillas of Malabar, 1498-1922, op.cit, p.74.*
13. *Article 1, Treaty between the Muslims of Peringathur and French East India Company, 12 September, 1758.*
14. *The Mappillas of Malabar, op.cit, p. 76.*
15. *Nagam Ayya, Travancore State Manual, 3 vols, 1906, Thiruvananthapuram, vol I, p. 342.*
16. *Dutch Records No. XIII, pp 39-40.*
17. *W. Logan, Treaties, Engagements etc,.CXXIV, and XXV, Ernakulam Archives, List LXI, III, Series I, p 2721, Treaties.*
18. *Andrien Moens, Memorandum on the Administration of the Malabar Coast, 1781, Madras, p. 125.*
19. *Dutch Records No. XIII, p. 153.*
20. *Ibid, pp. 153-154.*
21. *Foreign Political Secret Proceedings, S.No. 96A, Part II, pp, 2555-2562, National Archives New Delhi.*
22. *Poona Residency Correspondence, Vol III, No. 52, p. 49.*

# XXIV മൈസൂർ അധിനിവേശം

ഇന്ത്യയെ സംബന്ധിച്ച് പൊതുവേയും കേരളത്തെ സംബന്ധിച്ച് പ്രത്യേകമായും സുപ്രധാനമായ ഒരു അദ്ധ്യായമാണ് മൈസൂർ അധിപതികളായിരുന്ന ഹൈദരലിയുടേയും ടിപ്പു സുൽത്താന്റേയും കാലം. ഈ മൈസൂർ ഭരണാധികാരികളാണ് ഇന്ത്യയിലെ ബ്രിട്ടീഷ് മേധാവിത്വത്തിന് ഏറ്റവും വലിയ വെല്ലുവിളികൾ ഉയർത്തിയിവർ. പ്രത്യേകിച്ച് ടിപ്പു സുൽത്താൻ. ബ്രിട്ടീഷ്കാർക്ക് ഇന്ത്യയിൽ നേരിടേണ്ടിവന്ന ഭരണാധിപൻമാരിൽ വെച്ച് ഏറ്റവും പ്രബലനും എല്ലാ രംഗങ്ങളിലും അവരോട് കിടനിൽക്കുവാൻ ശേഷിയുണ്ടെന്ന് തെളിയിച്ച ധിക്ഷണശാലിയുമായിരുന്നുവല്ലോ ടിപ്പുസുൽത്താൻ. തങ്ങളുടെ മേധാവിത്വത്തേയും സുരക്ഷിതത്വത്തേയും വെല്ലുവിളിച്ച അദ്ദേഹത്തെ പറ്റെ പരാജയപ്പെടുത്തുന്നതിൽ ഉപരി ആ വ്യക്തിത്വത്തെ താറടിച്ച് കാണിക്കുന്നതിലും അവർ ഉത്സുകരുമായിരുന്നു. ഇന്ത്യാചരിത്രത്തിന്റെ എല്ലാ അംശങ്ങളിലും ഇംഗ്ലീഷ് ചരിത്രകാരൻ അനുവർത്തിച്ച് പോന്നിട്ടുള്ള പ്രതിവിപ്രതിപത്തികൾക്ക് ധാരാളം ഉദാഹരണങ്ങളുണ്ടെങ്കിലും മൈസൂർ നവാബുമാരുമായുള്ള ശത്രുതയിലും അത് മൂലം അവർ തമ്മിൽ നടന്ന യുദ്ധങ്ങളിലുമാണ് ഇത് ഏറ്റവും കൂടുതൽ പ്രകടമായിട്ടുള്ളത്. മതഭ്രാന്തിന്റേയും ക്രൂരതയുടേയും കഥകൾ കെട്ടിച്ചമച്ച് ഈ ഭരണാധികാരികളെ നികൃഷ്ടജീവികളായി ചിത്രീകരിക്കുകയാണ് ഇംഗ്ലീഷ് ചരിത്രകാരൻമാർ അത്രയും ബോധപൂർവ്വം ചെയ്തത്. ചുരുക്കിപ്പറഞ്ഞാൽ ഈ മൈസൂർ ഭരണാധികാരികളുടെ നാമം ചരിത്രത്തിന്റെ താളുകളിൽ എന്നെന്നും കാപാലികത്വത്തിന്റെ പര്യായമായി നിലനിൽക്കത്തക്കവിധം എല്ലാ ഉപജാപങ്ങളും നടത്തുകയും ചെയ്തു. മൈസൂർ കാലഘട്ടം ഇന്ത്യാചരിത്രത്തിലെ ഏറ്റവും നികൃഷ്ടവും പൈശാചികവുമായ ഭരണകാലമാക്കി പിൻതള്ളപ്പെട്ടു. മലബാറിലെ മൈസൂർ അധിനിവേശമാകട്ടെ കൊള്ളയും കൊലയും തൊഴിലാക്കിയ ഏതാനും അക്രമകാരികളുടെ ദണ്ഡനകാലമായി ചിത്രീകരിക്കുകയും ചെയ്തു. കരുണാലേശമെന്യേ ജനങ്ങളെ ആകമാനം കൊള്ളയടിക്കുകയും കണ്ണിൽപെട്ടതെല്ലാം നശിപ്പിച്ച് നാട് കുട്ടിച്ചോറാക്കുകയുമാണ് ഇവർ ചെയ്തതെന്നത്രേ ചരിത്രപക്ഷം.

മൈസൂർ കാലഘട്ടത്തെക്കുറിച്ച് നമ്മുടെ ഇത് വരെയുള്ള ചരിത്രപ്രതിപാദനം ഇത്തരത്തിൽപ്പെട്ടതാണ്. ഈ അഭിപ്രായത്തിന് ഇന്നും കാര്യമായ മാറ്റം വന്നിട്ടില്ല. ഒളിച്ചു വെച്ചിട്ടുള്ള ചരിത്രവസ്തുതകളെ ചികഞ്ഞ് പുറത്ത് കൊണ്ടുവരുവാനും അങ്ങനെ മൈസൂർ ഭരണകാലചരിത്രത്തെ സമഗ്രമായും സത്യസന്ധമായും അവതരിപ്പിക്കുവാനും ഉതകുമാറ് ഈ കാലഘട്ടത്തെക്കുറിച്ച് ഗൗരവതരവും വിശദവുമായ പഠനം അനിവാര്യമായത്തീർന്നിരിക്കുന്നു. മൈസൂർ ഭരണകാലത്ത് കേരളത്തിന്റെ സാമൂഹിക-രാഷ്ട്രീയ സാമ്പത്തിക രംഗങ്ങളിൽ പുരോഗമനോൻമുഖമായ പല പരിവർത്തനങ്ങളും ഉണ്ടായിട്ടുണ്ട്. കേരളത്തിന്റെ ഭാവി രൂപപ്പെടുത്തുന്ന കാര്യത്തിൽ ഇവ കാര്യമായ പങ്കുവഹിച്ചിട്ടുമുണ്ട്. ഹൈദരലിയുടേയും ടിപ്പുസുൽത്താന്റെയും കാലത്ത് ഭരണതലത്തിലും സാമൂഹ്യ-സാമ്പത്തിക മണ്ഡലങ്ങളിലും സ്വീകരിക്കപ്പെട്ട പരിഷ്ക്കാരങ്ങൾ സൂക്ഷ്മമായി പഠിക്കുകയും സശ്രദ്ധം വിലയിരുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. കേരളത്തെ മദ്ധ്യകാല പരിതസ്ഥിതികളിൽ നിന്നും ആധുനികതയിലേക്ക് മോചിപ്പിച്ചെടുക്കുന്നതിൽ മുഖ്യപങ്ക് വഹിച്ച ഈ രണ്ട് ഭരണാധികാരികളോടും നാം ഇന്ന് വരെ നീതി കാണിച്ചിട്ടില്ലെന്നതാണ് പരമാർത്ഥം. കേരളചരിത്രത്തിലെ ഈ കാലഘട്ടത്തെക്കുറിച്ച് ധാരാളം പ്രതിപാദിക്കപ്പെട്ടിട്ടുണ്ട് എന്ന സംഗതി മറന്നുകൊണ്ടല്ല ഇത് പറയുന്നത്. പക്ഷെ ഈ പ്രതിപാദനങ്ങളെല്ലാം തന്നെ ഏകപക്ഷീയമോ, ദുരുദ്ദേശ്യപരമോ ആണ്. മൈസൂറിലെ ഈ രാജാക്കൻമാരെ പറ്റി എഴുതിയിട്ടുള്ള ഇന്ത്യൻ ചരിത്രകാരൻമാർ തന്നെ തങ്ങളുടെ മുൻഗാമികളായ ഇംഗ്ലീഷ് ചരിത്രകാരൻമാരുടെ കാലടികൾ പിന്തുടരുകയും തങ്ങൾക്ക് എളുപ്പം ലഭ്യമായിരുന്ന ഈ കള്ളപ്രമാണങ്ങളെ വിശ്വാസ്യരേഖകളായി കരുതുകയുമാണ് ചെയ്തിട്ടുള്ളത്. ഇത് മൂലം ഇന്ത്യയുടേയും കേരളത്തിന്റേയും ചരിത്രസംവിധാനങ്ങളിൽ കടന്നുകൂടിയ ഭവിഷ്യത്തുകൾ നമ്മുടെ ഏകതാനതയേയും ദേശീയ ഐക്യത്തെ തന്നെയും സാരമായി ബാധിച്ച വിനയാണ്. സത്യം ഇവിടെ കുരുതി കഴിക്കപ്പെടുകയും ഇന്ത്യാചരിത്രത്തിലെ മഹത്വവും പ്രധാന്യവുമാർന്ന ഒരു കാലഘട്ടം അസത്യത്തിന് കീഴിൽ കുഴിച്ച് മൂടപ്പെടുകയും ചെയ്തിരിക്കുന്നു. അത്കൊണ്ട് ഈ കാലത്തിന്റെ യഥാർത്ഥസ്വഭാവം ഉൾക്കൊള്ളുന്ന വസ്തുതകളെ പുറത്ത് കൊണ്ടുവരുവാനുള്ള ഏത് ശ്രമവും ശ്ലാഘിക്കപ്പെടേണ്ടതാണ്. കേരളത്തിലെ മൈസൂർ ഭരണകാല ചരിത്രത്തെ ഒരു പുനഃപരിശോധനയ്ക്ക് വിധേയമാക്കുകയാണ് ഇവിടെ നടത്തുന്ന ശ്രമം.

## ഹൈദരലിഖാൻ

1701ൽ ജനിക്കുകയും 1782ൽ മരണപ്പെടുകയും ചെയ്ത ഹൈദരലിഖാന്റെ ജീവിതം ഇല്ലായ്മയുടെ ശൂന്യതയിൽ നിന്നും ഔൽകൃഷ്ടമായ മഹോന്നതപദവിയിലേക്കുയർന്ന ധീരോദാത്തതയുടെ കഥയാണ്. മെക്കയിലെ ഖുറൈശി വംശ പാരമ്പര്യം അദ്ദേഹത്തിനുണ്ടായിരുന്നു എന്നാണ് അരമന ചരിത്രകാരൻമാർ വിവരിച്ചിട്ടുള്ളത്. മാതാ-പിതാക്കളോടൊത്ത് ബാല്യകാലത്താണ് അദ്ദേഹം ഇന്ത്യയിലെത്തുന്നത്. ജീവസന്ധാരണത്തിന് വേണ്ടി പിതാവായ ഫത്തഹ് മുഹമ്മദ്

മുഗൾ സൈന്യത്തിൽ ചെറിയൊരു ജോലിയിൽ പ്രവേശിച്ചിരുന്നു. പിതാവിൻെറ മരണശേഷം ഹൈദരലിയും ജേഷ്ഠ സഹോദരനായ സഹ്ബാഷ്ഖാനും അമ്മയോടൊന്നിച്ച് മൈസൂറിലേക്ക് കടന്നു. അവിടെ തൻെറ മച്ചുനൻ മൈസൂർ സൈന്യത്തിലെ ചെറിയൊരു ഉദ്യോഗസ്ഥനായിരുന്നു. ജീവിക്കാൻ മറ്റൊരു പോംവഴി കാണാതിരുന്നത് കൊണ്ട് മച്ചുനൻെറ സംരക്ഷണയിലാണ് മൈസൂറിൽ കഴിച്ചുകൂട്ടിയത്. അദ്ദേഹം മരണമടഞ്ഞപ്പോൾ ആ ജോലി മൂത്ത സഹോദരൻ സഹ്ബാഷ്ഖാന് ലഭിച്ചു. അതോടെ സഹോദരൻെറ സഹായി എന്ന നിലക്ക് ഹൈദർ യുദ്ധപാടവം നേടിയിരുന്നു. 1749ൽ മൈസൂർ മന്ത്രി നഞ്ചരാജിൻെറ നേതൃത്വത്തിൽ ദേവനാഹള്ളിയിൽ ആക്രമണം നടന്നു. ഈ യുദ്ധത്തിൽ സഹോദരനോടൊപ്പം ഹൈദറും പങ്കെടുത്തു. യുദ്ധം ജയിക്കുവാൻ സാധിച്ചില്ലെങ്കിലും സൈനിക പ്രവർത്തനങ്ങളിലുള്ള തൻെറ തൻേറടം പ്രകടിപ്പിക്കുവാൻ അദ്ദേഹത്തിന് കിട്ടിയ നല്ലോരവസരമായിരുന്നു അത്. ഹൈദരലിയുടെ ആയോധനാ വൈഭവത്തിൽ ആകൃഷ്ടനായ മന്ത്രി നഞ്ചരാജ് ഹൈദരലിക്ക് 200 കുതിരകളുടെ നായക സ്ഥാനവും ഖാൻ എന്ന പദവിയും കൽപിച്ചുകൊടുത്തു. അങ്ങനെയാണ് ഹൈദരലി. ഖാൻ ആകുന്നത്.

അക്കൊല്ലം തന്നെ ഹൈദരാബാദിൽ നടന്ന പിന്തുടർച്ചാവകാശയുദ്ധത്തിൽ മൈസൂറിന് വേണ്ടി ഭാഗഭാക്കാകുവാൻ ഹൈദരലിക്ക് സാധിച്ചു. മരിച്ച നൈസാമിൻെറ മരുമകൻ നാസർ ജങ്ങിൻെറ പക്ഷത്തായിരുന്നു മൈസൂറും ഫ്രഞ്ച്കാരും. ഈ യുദ്ധത്തിലും ഹൈദരലി തൻെറ വ്യക്തിത്വം പ്രകടിപ്പിച്ചിരുന്നു. നാസർ ജങ്ങ് വിജയി ആയി എങ്കിലും അധികാരകൈമാറ്റത്തിൽ ചതിയിൽ കൊല്ലപ്പെട്ടു. അളവറ്റ ധനം ഫ്രഞ്ച്കാരുടേയും ഹൈദരലിയുടേയും കൈവശമായി. ഇത് നല്ലൊരു തുടക്കമായിരുന്നു. ഏറെ താമസിയാതെ മറ്റൊരു അസുലഭ സന്ദർഭവും ഹൈദരലിയെ കടാക്ഷിച്ചു. കർണ്ണാടക നവാബ് സ്ഥാനത്തിന് വേണ്ടി ചന്ദാസാഹിബും, മുഹമ്മദലിയും തമ്മിൽ പിന്തുടർച്ചാവകാശയുദ്ധം നടന്നു. ഫ്രഞ്ച്കാരോടൊപ്പം മൈസൂർ സഹായിച്ചത് മുഹമ്മദലിയെയാണ്. അദ്ദേഹം വിജയിച്ചുവെങ്കിലും അവസാനഘട്ടത്തിൽ കാലുമാറി ഇംഗ്ലീഷ് പക്ഷത്ത് ചേർന്നു. യുദ്ധത്തിൽ വിജയിക്കുകയാണെങ്കിൽ മൈസൂറിന് തൃശ്ശിനാപ്പള്ളി കൊടുക്കാമെന്ന് വാഗ്ദത്തം ചെയ്തിരുന്നു. എന്നാൽ ചേരിമാറിയ മുഹമ്മദലി വാക്ക് പാലിച്ചില്ല. തുടർന്ന് തൃശ്ശിനാപള്ളി ബലമായി പിടിച്ചെടുക്കുവാനുള്ള ഒരു ശ്രമം മൈസൂർ സൈന്യം നടത്തിനോക്കിയെങ്കിലും അതും വിജയത്തിൽ കലാശിച്ചില്ല. ഈ യുദ്ധത്തിലും തൻെറ യുദ്ധനൈപുണ്യവും വീരശൂരപരാക്രമങ്ങളും കാഴ്ചവെക്കുവാൻ ഹൈദരലിക്ക് സാധിച്ചിരുന്നു. മാത്രമല്ല ഇംഗ്ലീഷ്കാരുടെ യുദ്ധതന്ത്രങ്ങളും പട്ടാളചിട്ടയുമൊക്കെ ശരിക്കും മനസ്സിലാക്കുവാനുള്ള അസുലഭ അവസരമാണ് ഹൈദരലിക്ക് ഇത് മൂലം ലഭ്യമായത്. പിന്നീടുള്ള തൻെറ സൈനിക സജ്ജീകരണങ്ങൾക്ക് മാതൃകയാക്കുവാൻ ഇത് ഉപകരിച്ചതായി കാണാം. തൃശ്ശിനാപള്ളി യുദ്ധത്തിലെ ഹൈദരലിയുടെ വീരോചിതമായ പ്രവർത്തനം നേരിട്ട് ബോദ്ധ്യപ്പെട്ട നഞ്ചരാജ് അദ്ദേഹത്തെ ദിണ്ടികലിലെ ഫൗജ്ദാറായി (ഗവർണ്ണർ) ഉദ്യോഗകയറ്റം നൽ കുകയും ചെയ്തു. കിട്ടിയ ഈ വലിയ അവസരം കാര്യക്ഷമ മായി പ്രയോജനപ്പെടുത്തിയ അദ്ദേഹം ആ പ്രദേശത്തിലെ കലാപകാരികളായ പോളിഗാർമാരെ (ഇടപ്രഭുക്കൾ) കീഴ്പ്പെടുത്തി തൻെറ അധികാരാതിർത്തി സുരക്ഷിതമാക്കി. തൻെറ കൈവശമുണ്ടായിരുന്ന സമ്പത്ത് വലിയൊരു സൈനിക സജ്ജീകരണത്തിനാണ് അദ്ദേഹം വിനിയോഗിച്ചത്. ഫ്രഞ്ച് പടനായകൻമാരുടെ ശിക്ഷണത്തിൽ നല്ലൊരു പീരങ്കിപ്പട അദ്ദേഹം കരുപ്പിടിപ്പിച്ചു. ഫ്രഞ്ച് സൈനികരുടെ കീഴിൽ ഒരു വെടിക്കോപ്പ് നിർമ്മാണശാലയും നിർമ്മിച്ച് പ്രവർത്തന നിരതമാക്കി.

ഇത്തരം ഒരുക്കളൊക്കെ നടത്തി സ്വന്തം നില ഹൈദരലി ഭദ്രമാക്കിക്കൊണ്ടിരുന്ന അവസരത്തിൽ മൈസൂർ തലസ്ഥാനത്ത് ആകെ അരക്ഷിതാവസ്ഥ ആയിരുന്നു. ജേഷ്ഠാനുജൻമാരായിരുന്നുവെങ്കിലും മന്ത്രിമാരായിരുന്ന നഞ്ചരാജും ദേവരാജും തമ്മിൽ സ്വരച്ചേർച്ചയുണ്ടായിരുന്നില്ല. തൃശ്ശിനാപള്ളി യുദ്ധത്തിലെ തോൽവിയും മറാത്തക്കാരേയും നൈസാമിനേയും തൃപ്തിപ്പെടുത്തി നിർത്തുന്നതിനായി നൽകിക്കൊണ്ടിരുന്ന ഭീമമായ സംഖ്യയും ഖജനാവ് കാലിയാക്കിയിരുന്നു. പട്ടാളക്കാർക്ക് ശമ്പളം നൽകുവാൻ സാധിക്കാതെ കുടിശ്ശിക കുന്നുകൂടി. സൈന്യത്തിൽ അസംതൃപ്തിയും കലാപവും പടർന്നു. രാജ്യത്താകെ അരാജകാവസ്ഥ നടമാടി. ഈ ആപൽഘട്ടത്തിൽ ദിണ്ടികലിൽ നിന്നും സുരക്ഷാസൈന്യവുമായി എത്തിയ ഹൈദരലി സൈനികരുടെ ശമ്പളകുടിശ്ശിക കൊടുത്ത് അവരെ സമാധാനിപ്പിക്കുകയും നഞ്ചരാജിനേയും ദേവരാജിനേയും രഞ്ജിപ്പിച്ച് ഭരണം സുഗമമാക്കുകയും ചെയ്തു. പട്ടാളക്കാരിലും ജനങ്ങളിലും ഈ പ്രവർത്തി ഏറെ പ്രകീർത്തിക്കപ്പെടുകയുണ്ടായി. ഹൈദരലിയെ പ്രിയങ്കരനായ ജേതാവായി എല്ലാവരും പ്രശംസിച്ചു. താൻ വന്ന കാര്യം ഭംഗിയായി നിർവ്വഹിച്ച ഹൈദരലി ദിണ്ടികലിലേക്ക് മടങ്ങി.

1758ൽ മഹാരാഷ്ട്ര സൈന്യം മൈസൂറിൽ പ്രവേശിച്ച് ആക്രമണവും കൊള്ളയും ആരംഭിച്ചപ്പോൾ അവരെ എതിരിടുവാൻ ഹൈദരലിയെയാണ് ചുമതലപ്പെടുത്തിയത്. മൈസൂർ സൈന്യത്തിൻെറ സർവ്വസൈന്യാധിപനായി അദ്ദേഹം അവരോധിക്കപ്പെട്ടു. തന്നിൽ അർപ്പിതമായ ഭാരിച്ച ഈ ദൗത്യം കാര്യക്ഷമമായും വിദഗ്ദ്ധമായും കൈകാര്യം ചെയ്ത് വിജയിപ്പിക്കുവാൻ സാധിച്ചതാണ് ഹൈദരലിയെ പ്രഗൽഭനും പ്രാപ്തനുമായ സൈനിക മേധാവി എന്ന ബഹുമതിക്ക് പാത്രീഭൂതനാക്കിയത്. മറാത്തക്കാരെ നിശ്ശേഷം തോൽപ്പിച്ചോടിച്ച ഹൈദരലിയെ മൈസൂറിൻെറ പ്രിയങ്കരനായ രക്ഷകനായി ജനങ്ങൾ വാഴ്ത്തി. മൈസൂറിൽ പിന്നെയും കുഴപ്പങ്ങൾ മൂർഛിച്ചിരുന്നു. പട്ടാളക്കാരുടെ ശമ്പളം വീണ്ടും കുടിശ്ശികയായി. നഞ്ചരാജ് ആകട്ടെ മന്ത്രിസ്ഥാനം ഒഴിഞ്ഞ് പിൻമാറുകയും

ചെയ്തു. ഒഴിഞ്ഞ ഈ മന്ത്രിപദത്തിലേക്ക് അവരോധിക്കപ്പെട്ടത് ഹൈദരലിയെ ആയിരുന്നു. ദിവാനായ ഖണ്ഡേറാവുവിന്റെ സമ്മതത്തോടും സഹായത്തോടുംകൂടിയുമായിരുന്നു ഈ ഉദ്യോഗകയറ്റം. നാട്ടിൽ പടർന്ന് പിടിച്ചിരുന്ന അസംതൃപ്തി കുറെയൊക്കെ പരിഹരിക്കുവാനും പട്ടാളക്കാരുടെ ശമ്പളകുടിശ്ശിക കൊടുത്തുതീർക്കുവാനും തന്ത്രജ്ഞനായ ഹൈദരലിക്ക് അധികസമയം വേണ്ടി വന്നില്ല. ഇതും ജനപ്രീതി നേടിക്കൊടുത്ത സംഭവമായിരുന്നു.

എന്നാൽ ഹൈദരലിയുടെ ഉയർച്ചയിലും ജനസമ്മതിയിലും ഖണ്ഡേ റാവുവും മൈസൂർ റാണിയും അസൂയാലുക്കളായി. അവർ ഹൈദരലിയുടെ ശക്തിയെ ഭയപ്പെടുകയും ചെയ്തു. തുടർന്ന് ഹൈദരലിയെ ഏത് വിധേനെയെങ്കിലും അധികാരത്തിൽ നിന്നും പിടിച്ചിറക്കുവാനും പറ്റുമെങ്കിൽ വകവരുത്തുവാനുമുള്ള ഗൂഢാലോചനയാണ് റാണിയും ദിവാനും കൂട്ടായി നടത്തിയത്. ഹൈദരലിയുടെ മകൻ ടിപ്പുസുൽത്താൻ എന്ന ബാലനും അമ്മയും ഉൾപ്പെടെ ഹൈദരുടെ ഉറ്റവരെയെല്ലാം കോട്ടക്കകത്ത് ബന്ധനസ്ഥരാക്കി ഹൈദരലിയെ മുട്ടുകുത്തിക്കുവാനുള്ള ഒരു ശ്രമം അവർ നടത്തിനോക്കി. എന്നാൽ കാര്യങ്ങളുടെ പോക്ക് ശരിക്കും മനസ്സിലാക്കിയിരുന്ന ധീരശൂരപരാക്രമിയായ അദ്ദേഹം കിഴടങ്ങിയില്ലെന്ന് മാത്രമല്ല, ഖണ്ഡേ റാവുവിനെ തടവിൽ പിടിക്കുകയും ചെയ്തു. ഈ സ്ഥിതിയിൽ തന്റെ രക്ഷക്ക് മറ്റ് മാർഗ്ഗങ്ങൾ ഒന്നും ഇല്ലെന്ന് അറിയാമായിരുന്ന രാജ്ഞി ഹൈദരലിയുടെ സർവ്വാധിപത്യം അംഗീകരിക്കുകയാണ് ചെയ്തത്. അങ്ങനെയാണ് മൈസൂറിന്റെ ശക്തനായ ഭരണാധികാരിയായി അദ്ദേഹം മാറിയത്. എന്നിട്ടും രാജ്ഞിയുടെ പേരിലാണ് താൻ ഭരിക്കുന്നതെന്ന ഭാവമാണ് ഹൈദരലി പ്രദർശിപ്പിച്ചിരുന്നത്. എന്നാൽ മൈസൂറിന്റെ യഥാർത്ഥ ഭരണാധികാരി ഹൈദരലി തന്നെയായിരുന്നു. ഇത് 1761ൽ ആണ് നടന്നത്.

## മലബാർ ആക്രമണകാരണങ്ങൾ.

മൈസൂറിൽ തന്റെ ആധിപത്യം ആരാലും ചോദ്യം ചെയ്യാൻ പറ്റാത്തവിധം സുസ്ഥിരമാക്കിയതിന് ശേഷമാണ് കേരളത്തിലേക്ക് ഹൈദരലിയുടെ ശ്രദ്ധ തിരിഞ്ഞത്. കേരളത്തിലെ പല ഭരണാധിപൻമാരോടും ഹൈദരലിക്ക് അതൃപ്തിയുണ്ടായിരുന്നു. കേരള രാഷ്ട്രീയത്തിൽ ഇടപെടുവാൻ ഹൈദരലിക്ക് അവസരം നൽകിയത് പാലക്കാട് രാജാവായ കോമി അച്ചനാണ്. സാമൂതിരി പാലക്കാട് ആക്രമിച്ച് മുന്നേറിക്കൊണ്ടിരിക്കുകയായിരുന്നു. ഈ സന്ദർഭത്തിൽ പാലക്കാട് അച്ചൻ തന്റെ നിലനിൽപ്പിന് വേണ്ടി ദിണ്ടികലിലെ ഫൗജ്ദാറായിരുന്ന ഹൈദരലിഖാന്റെ സഹായം അഭ്യർത്ഥിച്ചു. പാലക്കാട് രാജാവായ കോമി അച്ചന്റെ അഭ്യർത്ഥന സ്വീകരിച്ച് ഹൈദരലി 2000 കുതിരപ്പടയേയും 5000 കാലാൾപടയേയും തന്റെ മച്ചുനനായ മഖ്ദൂം സാഹിബിന്റെ നേതൃത്വത്തിൽ പാലക്കാട്ടേക്കയച്ചു. പാലക്കാട് നായൻമാരുടെ സഹായത്തോടെ ഈ സേന സാമൂതിരി സൈന്യത്തെ തോൽപ്പിക്കുകയും അവരെ പിന്തുടർന്ന് കോഴിക്കോട് വരെ എത്തുകയും ചെയ്തു.1. സമാധാനത്തിന് അപേക്ഷിച്ച സാമൂതിരി പാലക്കാട് താൻ കീഴടക്കിയ പ്രദേശം തിരിച്ചേൽപ്പിക്കാമെന്നും യുദ്ധച്ചെലവിലേക്കായി 12 ലക്ഷം രൂപ ഹൈദരലിക്ക് നൽകാമെന്നും സമ്മതിച്ചതിന്റെ ഫലമായി മൈസൂർ സേന മടങ്ങിപ്പോയി. എന്നാൽ ഈ സമയത്ത് മൈസൂർ തലസ്ഥാനത്ത് ചില കുഴപ്പങ്ങൾ ഉണ്ടായത് മുതലെടുക്കുവാൻ സാമൂതിരി തുനിഞ്ഞു. മൈസൂർ രാജാവിന്റെ ഒരു മന്ത്രിയായ ദേവരാജുമായി തന്റെ ദൂതൻമാർ വഴി അദ്ദേഹം ഒത്തുതീർപ്പുണ്ടാക്കുകയും മേൽപറഞ്ഞ യുദ്ധച്ചിലവിലേക്കുള്ള സംഖ്യ ഹൈദരലിക്ക് കൊടുക്കുന്നതിന് പകരം മൈസൂർ ഗവൺമെൻറിന് നേരിട്ട് നൽകാമെന്ന് ഏൽക്കുകയുമാണ് സാമൂതിരി ചെയ്തത്. ഹൈദരലിയുടെ വളർന്നുവരുന്ന ശക്തിയിൽ അസൂയാലുവായ ദേവരാജ് ഇത് സമ്മതിച്ച് ഹൈദരലിയുടെ സൈന്യത്തോട് പിൻമാറുവാൻ ആജ്ഞാപിക്കുകയും ചെയ്തു.2. ദേവരാജ് ഈ തുക ഈടാക്കുന്നതിനായി തന്റെ രജപുത്രസൈന്യാധിപനായ ഹരിസിങ്ങിനെ കോഴിക്കോട്ടേക്കയച്ചു. എന്നാൽ ദേവരാജ് 1758 ജൂൺ 19-ാം തിയ്യതി പെട്ടെന്ന് മരണമടഞ്ഞതിനെ തുടർന്ന് പണം ഈടാക്കാതെ തന്നെ ശ്രീരംഗപട്ടണത്തേക്ക് ഹരിസിങ്ങ് ധൃതിയിൽ തിരിച്ചു പോകുകയാണുണ്ടായത്. മൈസൂറിലെ സ്ഥിതിഗതികൾ അനിശ്ചിതമായിരുന്നതിനാൽ നിർദ്ദിഷ്ട സംഖ്യ കൊടുക്കാതെ രക്ഷപെടാമെന്നായിരുന്നു സാമൂതിരിയുടെ കണക്കുകൂട്ടൽ. പക്ഷേ ഈ തുകയ്ക്കുള്ള തന്റെ അവകാശം ഹൈദരലി ഒരിക്കലും ഉപേക്ഷിച്ചില്ലെന്ന് മാത്രമല്ല, അദ്ദേഹത്തിന്റെ മലബാർ ആക്രമണകാരണങ്ങളിലൊന്ന് ഈ തുക ഈടാക്കുകയെന്നതുമായിരുന്നു.

ചിറക്കൽ രാജാവിൽ നിന്നും ലഭിക്കുവാനുണ്ടായിരുന്ന സംഖ്യ ഈടാക്കുകയായിരുന്നു മറ്റൊരു ലക്ഷ്യം. ഹൈദരലി കാനറ ആക്രമിച്ച് കീഴടക്കിയിരുന്നു. അവിടെത്തെ രാജാവിന് കോലത്തിരി രാജാവ് കൊടുക്കുവാനുണ്ടായിരുന്ന രണ്ട് ലക്ഷം പെഗോഡയ്ക്ക് ഹൈദർ അവകാശവാദം ഉന്നയിച്ചു.3. ഇംഗ്ലീഷ് കമ്പനിയുടെ ഏജൻറ്മാർ ബദനൂരിൽ ഹൈദരലിയെ സന്ദർശിച്ചപ്പോൾ തങ്ങളുടെ സഖ്യകക്ഷിയായ കോലത്തിരി രാജാവിനെ ആക്രമിക്കരുതെന്ന് അപേക്ഷിച്ചിരുന്നു.4. കോലത്തിരി ബദനൂർ ഗവൺമെൻറിന് കൊടുക്കാനുണ്ടായിരുന്ന രണ്ട് ലക്ഷം പെഗോഡ നൽകുകയാണെങ്കിൽ ആക്രമണത്തിൽ നിന്നും ഒഴിവാക്കാമെന്ന് ഹൈദരലി സമ്മതിച്ചു. കോലത്തിരിയാകട്ടെ ഹൈദരലിയുടെ അവകാശവാദം വകവെച്ച് കൊടുക്കുവാൻ മടിക്കുകയാൽ ശക്തി ഉപയോഗിച്ച് തന്നെ തുക ഈടാക്കുവാൻ ഹൈദരലിയും തീരുമാനിച്ചു.

ഇത് പോലെ തിരുവിതാംകൂർ രാജാവിനോട് ഹൈദരലിക്ക് ഉണ്ടായിരുന്ന വിരോധത്തിന് കുറച്ച് കൂടി പഴക്കമുണ്ടായിരുന്നു. 1751ൽ ഹൈദർ മൈസൂർ സൈന്യത്തിലെ ഒരുദ്യോഗസ്ഥനായിരുന്ന കാലത്ത് തന്നെ അദ്ദേഹത്തിന്റെ ശ്രദ്ധ ഇങ്ങോട്ടു തിരിഞ്ഞിരുന്നു. അന്ന് തിരുവിതാംകൂർ

രാജാവായിരുന്ന മാർത്താണ്ഡവർമ്മ തന്റെ നായർ മാടമ്പി മാരെ അമർച്ച ചെയ്യുന്നതിന് വേണ്ടി ഹൈദരലിയുടെ സ ഹായം അപേക്ഷിച്ചിരുന്നു.5. നല്ലൊരു സൈന്യത്തെ തിരുവിതാംകൂറിലേക്ക് അയച്ചുകൊടുക്കാമെന്ന് ഹൈദരലി സമ്മതിക്കുകയും അതിനുള്ള ഒരുക്കങ്ങൾ നടത്തിക്കൊണ്ടി രിക്കുകയും ചെയ്തിരുന്നു. ഹൈദരലിയുടെ സഹായവാഗ്ദാ നത്തെക്കുറിച്ചുള്ള വാർത്ത പ്രഭുക്കൻമാരെ സംഭീതരാ ക്കുകയും അവർ കാലവിളംബം കൂടാതെ മഹാരാജാവിന് കീഴടങ്ങുകയുമുണ്ടായി.6. തന്നോട് ശത്രുതയിൽ വർത്തിച്ചി രുന്നവർ കീഴടങ്ങുകയും കലാപം ഒഴിവാകുകയും ചെയ്ത പ്പോൾ ആവശ്യപ്പെട്ട സൈനികസഹായം വേണ്ടന്ന് മാർത്താ ണ്ഡവർമ്മ ഹൈദരലിയെ അറിയിച്ചു. സൈന്യശേഖ രണത്തിന് വന്ന ഭീമമായ ചെലവ് രാജാവ് നൽകണമെന്ന് ഹൈദരലി ന്യായവാദം ഉന്നയിച്ചിരുന്നു.7. അന്നുമുതൽ പ്രതികാരത്തിന് തക്കം പാർത്തിരിക്കുകയായിരുന്നു ഹൈദരലി.

കണ്ണൂരിലെ ആലിരാജാവും കോലത്തിരി കുടുംബ ത്തിൽ നിന്നും തെറ്റി പിരിഞ്ഞ കാപ്പുതമ്പാനും കൂടി മല ബാർ ആക്രമിക്കുവാൻ ഹൈദരലിയെ നേരിൽ ചെന്ന് കണ്ട് ക്ഷണിച്ചതും അദ്ദേഹത്തിന് തന്റെ ലക്ഷ്യം സാക്ഷാൽ കരിക്കുവാൻ പ്രയോജനപ്പെടുകയും ചെയ്തു. ഇരുകൂട്ടർക്കും കോലത്തിരിയോടുണ്ടായിരുന്ന പക തീർക്കുവാനാണ് ഇവർ ഹൈദരലിയെ മലബാർ ആക്രമിക്കുവാൻ ക്ഷണിച്ചത്.8. ഹൈദരലി മലബാർ ആക്രമിക്കുകയാണെങ്കിൽ കേരള ത്തിലെ ഏക മുസ്ലിം ഭരണാധികാരി ആയിരുന്ന ആലി രാജാവ്, തന്റെ നില ഒന്നുകൂടി മെച്ചപ്പെടുമെന്ന് കരുതിയി രിക്കാനും ന്യായമുണ്ട്. ഇക്കാലത്ത് ആലിരാജാവിന് മലബാ റിലെ മറ്റു ഭരണാധികാരികളോടുണ്ടായിരുന്ന ബന്ധം സൗഹൃ ദപൂർണ്ണവുമായിരുന്നില്ല. കണ്ണൂരിലെ ഈ മാപ്പിള രാജകു ടുംബം മലബാറിലെ മുസ്ലിംകളുടെ സ്നേഹാദരവുകൾക്ക് പാത്രീഭൂതരായിരുന്നു. തങ്ങളുടെ സംരക്ഷണത്തിന് വേണ്ടി അവർ എന്നും ആലിരാജാവിനെയാണ് ഉറ്റ് നോക്കിക്കൊ ണ്ടിരുന്നത്. ആലിരാജാവിനുണ്ടായിരുന്ന ഈ പ്രാധാന്യം മറ്റ് മലബാർ രാജാക്കൻമാർക്ക് അദ്ദേഹത്തോട് അസൂയയ്ക്ക് കാരണമാവുകയും അതിന്റെ ഫലമായി അവർ തമ്മിൽ തമ്മിൽ തുടരെ തുടരെ വഴക്കുകളും വക്കാണങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്തു.9. സംഘർഷ ങ്ങൾക്കും കൂട്ടക്കൊലകൾക്കും ഇടയാക്കിയ അത്തരം ധാരാളം സംഭവങ്ങളെക്കുറിച്ച് മലബാർ കമ്മീഷണർമാർ അവരുടെ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്.10. 'ഹൈദർ ഷാ യുടെയും അദ്ദേഹത്തിന്റെ മകൻ ടിപ്പുസുൽത്താന്റെയും' ഗ്രന്ഥകാരനും ഈ കഥകൾ വിവരിച്ചിട്ടുണ്ട്.11. വാണിജ്യ-വ്യവസായങ്ങളിലുണ്ടായിരുന്ന ഉൽകർഷം മൂലം മാപ്പിളമാർ ധനപരമായി വളരുകയും അവർക്ക് കൊടുക്കുവാ നുണ്ടായിരുന്ന പണം നൽകാൻ നിവൃത്തി ഇല്ലാതെ വന്ന അസൂയാലുക്കളായ നായൻമാർ സംഘടിതമായി ഗൂഢാ ലോചന നടത്തി മുൻകൂട്ടി നിശ്ചയിച്ചിരുന്ന പ്രകാരം ഒരു ദിവസം ആറായിരത്തിലേറെ മാപ്പിളമാരെ കൂട്ടക്കൊല ചെയ്ത തായി അദ്ദേഹം പ്രസ്താവിക്കുന്നു.12. "മാപ്പിളമാർ ഈ വിഷ മഘട്ടത്തിൽ തങ്ങൾക്ക് നേരിട്ട ആപത്തിൽ നിന്നും രക്ഷിക്കാൻ അഭ്യർത്ഥിച്ചുകൊണ്ട് ഉടൻ തന്നെ ഹൈദരാലിക്ക് ദൂതൻമാരെ അയച്ചു."13. എന്നും അദ്ദേഹം തുടർന്നെഴുതുന്നു.

"ഹൈദർഷായുടെയും മറ്റും ചരിത്രകാരൻ" പറയുന്നത് പോലെ മുസ്ലിംകളുടെ സങ്കടപരിഹാരത്തിനാണ് ഹൈദരലി മലബാർ ആക്രമിച്ചതെന്ന വിശദീകരണം വിശ്വസിക്കത്തക്ക തല്ല. മൈസൂർ നവാബുമാരുടെ മതനയം മുസ്ലിം പക്ഷപാത മായിരുന്നു എന്ന പ്രചാരണത്തിന് പശ്ചാത്തലം ഒരുക്കു വാനാണ് മറ്റ് ഇംഗ്ലീഷ് ചരിത്രകാരൻമാരെ പോലെ ഈ അജ്ഞാത ഗ്രന്ഥകാരനും ഒരുമ്പെട്ടിട്ടുള്ളത്. മലബാറിലെ മുസ്ലിംകളുടെ ദുഃസ്ഥിതിയിൽ അനുകമ്പ തോന്നിയതിനാലാണ് ഹൈദർ അലി മലബാർ ആക്രമിച്ചതെന്ന് വരുത്തിത്തീർക്കു കയാണെങ്കിൽ പിന്നെ അദ്ദേഹവും പുത്രൻ ടിപ്പുസുൽത്താനും മലബാറിൽ മതപരമായ അക്രമങ്ങൾ ചെയ്തു എന്ന് മറ്റു ള്ളവരെ വിശ്വസിപ്പിക്കുവാൻ എളുപ്പമാണല്ലോ. മലബാറിലെ ദുരിതനിവാരണമാണ് തന്റെ ഒരു ലക്ഷ്യമെന്ന് ബോദ്ധ്യ പ്പെടുത്താൻ ഹൈദരലി ശ്രമിച്ചിരുന്നുവെന്ന് വരാം. സൂക്ഷ്മദൃ ക്കായ ഏത് ആക്രമണകാരിയും ചെയ്യുന്നത്പോലെ ഇത്തരം ഒരു സന്ദർഭം തന്റെ ചിരകാല സ്വപ്നസാക്ഷാത്കാരത്തിനായി ഹൈദരലിയും ഉപയോഗപ്പെടുത്തി എന്ന് മാത്രമെ ഇതിനർ ത്ഥം ആക്കേണ്ടതായുള്ളൂ. ഇത്തരം സഹായം ഏത് ആക്രമണ കാരിയുടേയും പാത സുഗമമാക്കുവാൻ സഹായിക്കുമല്ലോ. അങ്ങനെ മല്ബാർ ആക്രമിക്കുവാൻ താൻ തന്നെ അവസരം പാർത്ത്കൊണ്ടിരുന്ന വേളയിൽ ആലിരാജാവിന്റെയും കാപ്പു തമ്പാന്റെയും ക്ഷണം ലഭിച്ചപ്പോൾ അത് ഉത്സാഹപൂർവ്വം സ്വീകരിക്കുകയാണ് ഹൈദരലി ചെയ്തത്. കോലത്തിരി കുടുംബത്തിലെ ഇളംതലമുറക്കാരനായ കാപ്പു തമ്പാന് നാടുവാണിരുന്ന രാജാവുമായി ഒത്തു പോകുവാൻ കഴിയു മായിരുന്നില്ല. അങ്ങനെ കോലത്തിരി രാജാവാകുവാനുള്ള തന്റെ ആഗ്രഹസാഫല്യത്തിന് ആലിരാജാവുമായി അദ്ദേഹം സഖ്യത്തിലേർപ്പെട്ടു. ഇതൊക്കെ ഹൈദരലിക്ക് ഏറെ സഹാ യമായി മാറിയെന്നേയുള്ളൂ.

തന്റെ മലബാർ ആക്രമണം സാധൂകരിക്കുന്നതിന് വേണ്ടി ഹൈദർ പുറത്ത് പറഞ്ഞിരുന്ന കാരണങ്ങളാണ് മുക ളിൽ എണ്ണിയെണ്ണി പറഞ്ഞത്. എന്നാൽ അദ്ദേഹത്തിന്റെ പ്രഥമവും പ്രധാനവുമായ ഉദ്ദേശ്യം മറ്റൊന്നായിരുന്നു. താൻ മൈസൂർ അധിപതിയായി തീർന്നതോടുകൂടി തന്ത്രപരമായി തനിക്ക് വളരെ പ്രധാനപ്പെട്ട സ്ഥലമായിത്തീർന്നിരുന്നു മല ബാർ എന്നുള്ളതാണ് സത്യം. തന്റെ സാമ്രാജ്യം നിലനിർ ത്തുന്നതിന് ആയുധവും വെടിക്കോപ്പും സ്വരൂപിക്കേണ്ടത് അദ്ദേഹത്തിന് ആവശ്യമായിത്തീർന്നിരുന്നു. വിദേശികളിൽ നിന്നും മാത്രമേ ഇവ അക്കാലത്ത് ലഭ്യമായിരുന്നുള്ളൂ. അതു കൊണ്ട് വിദേശങ്ങളുമായി ബന്ധപ്പെടുവാൻ ഉതകുമാറ് കടലിനോടടുത്ത് തുറമുഖസൗകര്യവും മറ്റുമുള്ള സ്ഥലങ്ങൾ അദ്ദേഹത്തിന് വേണമായിരുന്നു. ഇന്ത്യയിലെ അന്നത്തെ

ശാക്തിക നിലയും മറ്റും വെച്ച് നോക്കുമ്പോൾ ഇംഗ്ലീഷുകാരുമായുള്ള സൗഹൃദത്തിൽ വിശ്വാസം ഉറപ്പിച്ചിരിക്കുവാൻ അദ്ദേഹത്തിന് സാധിക്കുമായിരുന്നില്ല. അതുകൊണ്ട് താനുമായി സൗഹൃദത്തിൽ കഴിയുന്ന ഫ്രഞ്ചുകാരുടെ പടിഞ്ഞാറൻ തീരത്തുള്ള തുറമുഖങ്ങളിലേക്ക് സ്വാതന്ത്ര്യമായി കടന്നു ചെല്ലുവാനുള്ള മാർഗ്ഗം ആരായുകയായിരുന്നു ഹൈദരലി. പോണ്ടിച്ചേരി മൈസൂറിൽ നിന്ന് വളരെ അകലെ സ്ഥിതി ചെയ്തിരുന്നത്കൊണ്ടും കർണ്ണാടക നവാബായ മുഹമ്മദ് അലിയുടെ രാജ്യം ഇവയ്ക്കിടയ്ക്ക് കിടക്കുന്നത്കൊണ്ടും ഹൈദരലി പടിഞ്ഞാറൻതീരത്തേക്ക് തിരിയുകയാണുണ്ടായത്. മുഹമ്മദാലിയും ഹൈദരും ശത്രുതയിലുമായിരുന്നു. മലബാർ തീരത്തെ ഫ്രഞ്ചുതാവളമായ മാഹിയുമായി ബന്ധപ്പെടുവാൻ കഴിഞ്ഞാൽ ഫ്രഞ്ചുകാരുമായും എല്ലാ രംഗങ്ങളിലും സമ്പർക്കം പുലർത്തുവാൻ അദ്ദേഹത്തിന് സാധിക്കും. അങ്ങനെ നോക്കുമ്പോൾ മാഹിയുമായും ഫ്രഞ്ചുകാരുമായും എളുപ്പം ബന്ധപ്പെടുവാൻ സാധിക്കുമെന്ന് മലബാർ പിടിച്ചെടുക്കുകയായിരുന്നു ഹൈദരലിയുടെ യഥാർത്ഥ ഉദ്ദേശ്യമെന്ന് കാണുവാൻ വിഷമമില്ല. മറിച്ചുള്ള അഭിപ്രായത്തിൽ കടിച്ചുതൂങ്ങുക എന്നുള്ളത് ചരിത്രപരമായി ശരിക്കലും ശരിയായിരിക്കുകയുമില്ല.

---

1. *Malabar Joint Commissioners' Report, 1792-93, para 18.*
2. *W. Logan, op.cit, p. 402.*
3. *Revenue Board, Madras, B.N. 67-69, Vol. 288, June 29, 1801, Fort St George, pp 73, 83-84.*
4. *Tellicherry Factory Records, Consultations, April 4, 1756.*
5. *N.K. Sinha, Haidar Ali, Vol I, p 262.*
6. *P. Sankunny Menon, History of Travancore, Malayalam Translation Dr. C.K. Kareem, Language Institute, Thiruvananthapuram, 1981, p 281.*
7. *Moens, Memorandum, op.cit, p. 154.*
8. *Foreign (MISC) S.No. 55, p 21, para 20.*
9. *M.M.D.L.T. The History of Hyder Shah, Alias, Hyder Alikhan Bahadur, and of His son Tippoo Sultaan, London, W. Thackeray and co, 87, New gate street, Calcutta,1865, pp 64-66.*
10. *Foreign (MISC) S.No. 55, para 262, p 242.*
11. *M.M.D.L.T. op.cit, pp 62-68.*
12. *Ibid, p 65.*
13. *Ibid, p 66.*

# XXV മലബാർ ആക്രമണം

ബദന്നൂരും മലബാറിന്റെ വടക്കനതിർത്തി പ്രദേശങ്ങളും തന്റെ കീഴിലായതോടുകൂടി കേരളത്തിലേക്ക് പ്രവേശിക്കുവാനുള്ള മാർഗ്ഗം ഹൈദരലിക്ക് സുഗമമായി. മലബാറിലെ സ്ഥിതിഗതികൾ നേരിട്ട് മനസ്സിലാക്കുന്നതിനും ഇവിടെയുണ്ടായിരുന്ന ഇംഗ്ലീഷ്, ഫ്രഞ്ച്, ഡച്ച് കമ്പനി ഉദ്യോഗസ്ഥൻമാരെ ഹൈദരലി മലബാർ ആക്രമിക്കുവാൻ ഉദ്ദേശിക്കുന്ന വിവരം അറിയിച്ച് അവരുടെ പ്രതികരണം അറിയുന്നതിനുമായി 1764ൽ തന്റെ ഉന്നത ഉദ്യോഗസ്ഥൻമാരിൽ ഒരാളായ ആനന്ദറാവുവിനെ മലബാറിലേക്കയച്ചിരുന്നു.1. ഇംഗ്ലീഷ് കമ്പനിയുടെ സഹായവും അദ്ദേഹം ആവശ്യപ്പെട്ടു.2. എന്നാൽ ഈ ആവശ്യം തലശ്ശേരിയിലെ കമ്പനി അധികാരികൾ തിരസ്ക്കരിച്ചപ്പോൾ, മലബാർ രാജാക്കൻമാരെ കീഴടക്കുവാനുള്ള ശ്രമത്തിൽ ഇംഗ്ലീഷ്കാർ നിഷ്പക്ഷത പരിപാലിക്കുകയെങ്കിലും ചെയ്യണമെന്ന് ഹൈദരലിയുടെ പ്രതിനിധി അറിയിക്കുകയും ചെയ്തിരുന്നു. കമ്പനി അധികാരികൾ ഇതിനോട് വിയോജിപ്പാണ് പ്രകടിപ്പിച്ചത്.3.

മലബാറിലെ മിക്ക രാജാക്കൻമാരുമായും ഇംഗ്ലീഷ് കമ്പനിസൗഹൃദ ഉടമ്പടി ഉണ്ടാക്കിയിരുന്നു. 1757ൽ ചിറയ്ക്കൽ രാജാവുമായുണ്ടാക്കിയിരുന്ന ഉടമ്പടിയിൽ ഒരാക്രമണമുണ്ടായാൽ രാജാവിനെ സഹായിക്കാമെന്ന് അവർ ഏറ്റിരുന്നതുമാണ്.4. പക്ഷേ ഹൈദരലിയുമായി ഒരു തുറന്ന സംഘട്ടനത്തിന് അപ്പോൾ അവർ ഒരുക്കമല്ലാതിരുന്നതിനാൽ മേൽപറഞ്ഞ സന്ധി വ്യവസ്ഥ പരിപാലിക്കുവാൻ അവർക്ക് സാധിക്കാതെ വന്നു. എന്നാൽ രഹസ്യമായി രാജാവിനെ സഹായിക്കുവാനാണവർ തീരുമാനിച്ചത്.5. അതേസമയം ഹൈദരലിയുടെ മലബാർ ആക്രമണം ഒരു യഥാർത്ഥമാകുവാൻ പോകുന്നു എന്ന് മനസ്സിലാക്കിയ കമ്പനി അധികാരികൾ 1765ൽ ഹൈദരലിയെ ബദന്നൂരിൽ ചെന്ന് കണ്ടു. തങ്ങൾക്ക് മലബാറിലെ രാജാക്കൻമാർ അനുവദിച്ച് തന്നിട്ടുള്ള കച്ചവടസൗകര്യങ്ങൾ തുടർന്നും നിലനിർത്തുവാൻ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുവാനായിരുന്നു അവർ എത്തിയിരുന്നത്. ഇതിന്റെ ഫലമായി ഇംഗ്ലീഷുകാർക്ക് അനുവദിച്ചിരുന്ന എല്ലാ കച്ചവടസ്വാതന്ത്ര്യവും തുടർന്നു നല്കുന്നതാണെന്ന് ഉറപ്പുകൊടുത്തുകൊണ്ട് 1766 ഫെബ്രുവരി 23-ാം തിയ്യതി ഹൈദർ ഒരു വിളംബരം പുറപ്പെടുവിക്കുകയും ചെയ്തു.6. അങ്ങനെ ഹൈദറുടെ മലബാർ ആക്രമണം ഏതവസരത്തിലും നടന്നേക്കുമെന്നും സമയത്തിന്റെ പ്രശ്നം മാത്രമേ ഇനിയും ശേഷിക്കുന്നുള്ളുവെന്നും ഇംഗ്ലീഷുകാർക്കറിയാമായിരുന്നു.

പ്രതീക്ഷിച്ചിരുന്ന ഹൈദരലിയുടെ മലബാർ ആക്രമണം 1766ൽ തന്നെ നടന്നു. തന്റെ ഏറ്റവും നല്ല 12,000 സൈനികരോടുകൂടി അദ്ദേഹം മംഗലാപുരത്തെത്തി. കണ്ണൂർ വഴി മലബാർ തീരത്തേക്ക് നീങ്ങി.7. ഇതിൽ 4000 കുതിരപ്പടയാളികളുമുണ്ടായിരുന്നു. കണ്ണൂരെത്തിയ സൈന്യത്തെ 12,000 കാലാൾപ്പടയോട് കൂടി ആലിരാജാ സ്വീകരിച്ചു. ഹൈദർഷായുടെയും മറ്റും ചരിത്രമെഴുതിയ അജ്ഞാത ഗ്രന്ഥകാരൻ ആലിരാജാവിന്റെ സൈന്യത്തെക്കുറിച്ച് പറയുന്നത്, "അവർ ആയുധശേഷി കുറഞ്ഞവരെങ്കിലും ധീരതയുടെ കാര്യത്തിൽ നായൻമാരെക്കാൾ മുന്തിയവരായിരുന്നു" എന്നാണ്.8. ആലിരാജാവിന്റെ സഹായത്തിൽ ഹൈദരലി ഏറെ സന്തുഷ്ടനായിരുന്നു. "സമ്മാനങ്ങളും ദയയും കൊണ്ട് അദ്ദേഹത്തിന്റെ വിശ്വാസമാർജ്ജിക്കുകയും രാജ്യ രഹസ്യങ്ങളെക്കുറിച്ച് നല്ല അറിവുണ്ടായിരുന്ന ഈ രാജാവിനെ തന്റെ പരിപാടികളിൽ പങ്ക്ചേർക്കുകയും ചെയ്തു", എന്നാണ് അരമന ചരിത്രകാരനായ കിർമാനിയെഴുതുന്നത്.9. 1766 ഫെബ്രുവരിയിൽ ഇരുസൈന്യവും കോലത്തിരി നാട്ടിലേക്ക് കടന്നു. കാര്യമായ എതിർപ്പൊന്നും അവർക്ക് നേരിടേണ്ടതായിവന്നില്ല. ചിറയ്ക്കൽ രാജാവ് ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടു. ഏഴു വയസ്സുമാത്രം പ്രായമുണ്ടായിരുന്ന അദ്ദേഹത്തിന്റെ മകനെ ഹൈദർ ദത്തെടുക്കുകയും അയാസ്ഖാൻ എന്ന് നാമകരണം ചെയ്യുകയുമുണ്ടായി.10. ആലിരാജാവും ഹൈദരലിയും ചിറയ്ക്കൽ കൊട്ടാരം കൈവശപ്പെടുത്തി. രാജകുടുംബാംഗങ്ങളിൽ പലരും തലശ്ശേരിയിലെ ക്ഷേത്രത്തിൽ അഭയം തേടുകയും പിന്നീട് രഹസ്യമായി ഇംഗ്ലീഷ്കമ്പനിയുടെ ആസ്ഥാനത്തെത്തുകയും ചെയ്തു.11. ഹൈദരലിയുടെ ആക്രമണം അറിഞ്ഞ തിരുവിതാംകൂർ രാജാവ് ബോംബേ ഗവർണർക്ക് സഹായമഭ്യർത്ഥിച്ചുകൊണ്ട് എഴുതിയത് ഇപ്രകാരമാണ്. "ഹൈദരലി എന്റെ രാജ്യവും കൂടി ആക്രമിച്ചേക്കുമെന്ന് ഭയമുണ്ട്. അങ്ങനെ വന്നാൽ എന്റെ എല്ലാ ആശ്രയവും കമ്പനിയുമായി പണ്ടേ എനിക്കുള്ള സ്നേഹബന്ധമാണ്. കമ്പനി ആക്രമണകാരികളിൽ നിന്നും എന്റെ രാജ്യത്തെ രക്ഷിക്കുകയും പണവും യുദ്ധോപകരണങ്ങളും നല്കുകയും ചെയ്താൽ കമ്പനിക്ക് 3000 കണ്ടി കുരുമുളക് തരുവാൻ ഞാൻ തയ്യാറാണ്."12.

ചിറയ്ക്കൽ പ്രദേശത്തുനിന്നും മൈസൂർ സൈന്യം കോട്ടയത്തേക്കാണ് പ്രവേശിച്ചത്. കോട്ടയം രാജാവും ഇടപ്രഭുക്കൻമാരും ഇതിനിടയിൽ രാജ്യം വിട്ടോടിയിരുന്നു. ഇവിടെനിന്നും വിജയലഹരിയോടെ കടത്തനാട്ടേക്ക് പ്രവേശിച്ച മൈസൂർസൈന്യത്തിന് ശക്തിയായ എതിർപ്പ് അഭിമുഖീകരിക്കേണ്ടതായിവന്നു.13. കരകവിഞ്ഞൊഴുകുന്ന മാഹിനദി കടന്ന് മാത്രമേ മൈസൂർസൈന്യത്തിന് ഇവിടേക്ക് കടക്കുവാൻ സാധിക്കുമായിരുന്നുള്ളു. എന്നാൽ നദിയുടെ തെക്കേ കരയിൽ മലബാർസൈന്യം നിലയുറപ്പിച്ചിരുന്നു.

പരിതസ്ഥിതി പ്രതികൂലമാണെന്ന് ഹൈദരലിക്ക് ബോദ്ധ്യം വന്നു. ഈ അവസരത്തിൽ ഹൈദർ അനുവർത്തിച്ച യുദ്ധതന്ത്രം എല്ലാവരുടേയും പ്രശംസക്ക് പാത്രമായിട്ടുള്ളതാണ്. തന്റെ കാലാൾപ്പടയോട് നദികടക്കുവാനെന്ന ഭാവത്തിൽ വള്ളത്തിൽ കയറുന്നതായഭിനയിച്ച് പുഴയരികിൽ നിൽക്കുവാൻ കല്പിച്ച ഹൈദരലി, തന്റെ കുതിരപ്പടയോട്കൂടി കുറേ ദൂരം ചെന്ന് സൂത്രത്തിൽ നദി കടന്നു. "ചിലപ്പോൾ നീന്തിയും ചിലപ്പോൾ നിന്നും നദി കടക്കുന്നതായി ഭാവിച്ചിരുന്ന സൈന്യത്ത വധിക്കുവാൻ നിർന്നിമേഷരായി കരുതലോടെകാത്തു നിന്ന നായൻമാർ." ഹൈദറും കുതിരസേനയും മറുകര കടന്നതറിഞ്ഞില്ല.14. കുതിരപ്പട പെട്ടെന്ന് പ്രത്യക്ഷപ്പെട്ടപ്പോൾ നായർ സൈന്യം ഭയവിഹ്വലരായിത്തീരുകയും അങ്കലാപ്പോടുകൂടി തിരിഞ്ഞോടുകയും ചെയ്തു.15. കുന്നുകളിലും കാടുകളിലും അഭയം പ്രാപിച്ച സൈനികരെ തിരഞ്ഞുപിടിക്കാനായിരുന്നു ഹൈദർ ആജ്ഞാപിച്ചത്. പിടികൂടിയ വളരെപ്പേരെ വധിക്കുകയും അവശേഷിച്ചവരെ തടവുകാരാക്കുകയും ചെയ്തു.16. അങ്ങനെ ഹൈദരലിയെ ആദ്യമായി നേരിട്ട നായർ സൈന്യം പരിപൂർണ്ണമായും പരാജയപ്പെട്ടു. ഹൈദരലിയുടെ സുശിക്ഷിതരായ സൈന്യത്തിന് അവർ ഒരിക്കലും തുല്യശക്തിയായിരുന്നില്ല. കേരള രാജാക്കൻമാരുടെ മേലുള്ള ഹൈദരുടെ വിജയത്തെ വിലയിരുത്തി പ്രൊ. സിൻഹ പറയുന്നത്, "മലബാർ ആക്രമിച്ച് പിടിക്കുവാൻ കഴിഞ്ഞത് ഹൈദരലിയുടെ ഏറ്റവും വിഷമമേറിയ സായുധ നേട്ടമായിരുന്നു." എന്നാണ്.17.

മലബാറിൽ ഹൈദരലിക്ക് നേരിടേണ്ടതായി വന്ന ആദ്യത്തേയും അവസാനത്തേയും എതിർപ്പാണ് കടത്തനാട്ടുണ്ടായത്. അതിനുശേഷം ഹൈദരലി തന്റെ ദൗത്യസംഘത്തെ സമൂതിരിയുടേയും മറ്റു രാജാക്കന്മാരുടേയും അടുത്തേക്കയച്ചു. സാമൂതിരി ആദ്യം വളരെ അവജ്ഞയോടുകൂടി ഹൈദരുടെ ദൂതൻമാരെ തിരിച്ചയക്കുകയാണുണ്ടായത്.18. എന്നാൽ മാഹി നദിയുടെ തീരത്തു വെച്ച് ഹൈദറെ എതിർത്ത സംയുക്തസൈന്യം നിശ്ശേഷം പരാജയപ്പെട്ടതോടുകൂടി സ്ഥിതിഗതികൾ ആകെ ആശങ്കാകുലമായി. ആക്രമണകാരിയുടെ മുമ്പിൽ കീഴടങ്ങുവാൻ സാമൂതിരി തീരുമാനിക്കുകയും ആ വിവരം ഹൈദരെ അറിയിക്കുകയും ചെയ്തു.19. ഹൈദർ സാമൂതിരിയെ സ്നേഹപുരസ്സരം സ്വീകരിക്കുകയും പ്രജകൾ ആയുധം വെച്ച് കഴിഞ്ഞാൽ വർഷംതോറും ഒരു നിശ്ചിതസംഖ്യ കപ്പമായി നൽകാമെന്ന കരാറിൽ രാജ്യം തിരികെ കൊടുക്കാമെന്ന് സമ്മതിക്കുകയും ചെയ്തു.20 കിർമാണി ഇതിനെക്കുറിച്ചെഴുതുന്നത് ഇപ്രകാരമാണ്, "നയവും സൗകര്യവും മുൻനിർത്തി നവാബ് ഈ തലവന് (സാമൂതിരിക്ക്) സമ്മാനം നൽകി ബഹുമാനിക്കുകയും ജീവനും രാജ്യവും തിരിച്ചുനൽകി അദ്ദേഹത്തിന്റെ തെറ്റിന് മാപ്പ് കൊടുക്കുകയും ചെയ്തു." 21. നേരത്തെ കൊടുക്കുവാനുള്ള സംഖ്യയും യുദ്ധച്ചെലവും നൽകാമെന്ന വ്യവസ്ഥയിൽ കോഴിക്കോട് ആക്രമിക്കുകയില്ലെന്ന് ഹൈദരലി ഉറപ്പു നൽകുകയും ചെയ്തു.

പക്ഷേ തന്റെ കൊട്ടാരത്തിൽ ബന്ധിക്കപ്പെട്ടുപോയ സാമൂതിരി, കൊട്ടാരത്തിന് തീ കൊളുത്തി സ്വയം വെന്തുമരിക്കുകയാണുണ്ടായത്.22. ഇക്കാര്യം തിരുവിതാംകൂർ രാജാവ് ബോംബെ ഗവർണ്ണറെ എഴുതി അറിയിച്ചതാണ് താഴെ കൊടുക്കുന്നത്. "അയാൾ (ഹൈദരലി) സാമൂതിരിയെ ആക്രമിക്കുകയും അമ്പലത്തിൽ അദൃഹത്ത തടവിൽ പാർപ്പിക്കുകയും ചെയ്തു. 27 ലക്ഷം രൂപ നൽകാമെന്ന് സാമൂതിരി വാഗ്ദാനം ചെയ്തെങ്കിലും ഹൈദർ അത് വാങ്ങുവാൻ തയ്യാറായില്ല. ഹൈദർ തന്നോട് മോശമായി പെരുമാറുമെന്ന് ഭയപ്പെട്ട സാമൂതിരി അമ്പലത്തിന് തീ വെച്ച് അഗ്നിനാളങ്ങൾക്ക് സ്വയം ഇരയാകുകയും ചെയ്തു."23. ഒരു കോടി മൊഹർ പണമായി തന്നെ അടക്കുവാൻ ഹൈദരലി നിർബന്ധിച്ചതാണ് മലബാറിലെ പ്രശസ്ത രാജകുടുംബാംഗമായ ഇദ്ദേഹത്തിന്റെ ദാരുണമായ അന്ത്യത്തിന് കാരണമായിതീർന്നതെന്നാണ് ബോംബേ ഗവർണ്ണറായിരുന്ന ജോനാഥൻ ഡങ്കൻ എഴുതിയിട്ടുള്ളത്.24. ഇത്രയും പണം ഉടനെ കൊടുക്കുവാൻ തനിക്ക് യാതൊരു നിവർത്തിയുമില്ലെന്നുള്ള സാമൂതിരിയുടെ അപേക്ഷ ഹൈദർ ചെവി കൊണ്ടില്ല. വ്യാകുലനായ സാമൂതിരി ജീവൻ വെടിഞ്ഞ് ഈ പ്രതിസന്ധി തരണം ചെയ്യുവാൻ ഉറക്കുകയും ചെയ്തു. ദാരുണമായ ഇത്തരം ഒരവസ്ഥ വന്നുചേർന്നതിൽ സാമൂതിരിയേയോ, ഹൈദരലിയേയോ കുറ്റപ്പെടുത്തുവാൻ പറ്റുകയില്ല. ഇരുകൂട്ടർക്കും അവരുടെ പ്രവർത്തിക്കുള്ള ന്യായീകരണങ്ങളുണ്ടായിരുന്നു. 1756ൽ 12 ലക്ഷം രൂപ ഹൈദരലിക്ക് യുദ്ധച്ചെലവിലേക്ക് നല്കാമെന്നേറ്റിരുന്നിട്ടും അത് കൊടുക്കാതെ വാഗ്ദാനലംഘനം നടത്തിയ സൂരണ ഹൈദരലിയെ അലട്ടിയിരുന്നതുകൊണ്ട് ഇപ്പോൾ റൊക്കം പണം നൽകണമെന്ന് ഹൈദരലി നിർബന്ധിച്ചിരിക്കുക സ്വാഭാവികമാണ്. അതേസമയം കുടിശ്ശികയും യുദ്ധച്ചെലവും എല്ലാം കൂടി നല്കുവാൻ സാമൂതിരിക്ക് കഴിയുമായിരുന്നില്ല. കോഴിക്കോട്ടെ ഭരണാധിപൻമാർ എന്നും ധനപരമായി ബുദ്ധിമുട്ടിലായിരുന്നതിന്റെ നിരവധി തെളിവുകൾ അന്നത്തെ ഡച്ച് ഗവർണ്ണറായ മൊയൻസ് വിശദീകരിക്കുന്നുണ്ട്.25.

ഈ അത്യാഹിതത്തെപ്പറ്റി വ്യത്യസ്ഥങ്ങളായ അഭിപ്രായങ്ങളാണ് ചരിത്രകാരൻമാർക്കിടയിലുള്ളത്. മുൻ ഉദ്ധരിച്ച ജോനാദൻ ഡങ്കന്റെ ലേഖനത്തിൽ പണം ഒന്നിച്ചാവശ്യപ്പെട്ടതിന് പുറമേ 500 കുതിരപ്പടയാളികളുടെയും 2000 കാലാൾപ്പടയുടേയും മേൽനോട്ടത്തിൽ സാമൂതിരിയെ കോഴിക്കോട് കോട്ടയിലേക്കയച്ചെന്നും അദ്ദേഹത്തെ മതപരമായ അനുഷ്ഠാനങ്ങൾ നടത്തുവാൻ പോലും അനുവദിച്ചിരുന്നില്ലെന്നുമാണ്. ഹൈദർ തന്നെ തൂക്കികൊല്ലുകയോ, വെടിവെച്ച് കൊല്ലുകയോ ചെയ്ത് തന്റെ യശസ്സ് നശിപ്പിക്കുമെന്ന് ഭയപ്പെട്ട സാമൂതിരി വീടിന് തീ കൊളുത്തി വെന്ത് മരിക്കുകയാണുണ്ടായതെന്നും അദ്ദേഹം തുടർന്നെഴുതുന്നുണ്ട്.26. അധികമാളുകളും ഡങ്കന്റെ അഭിപ്രായത്തോട് യോജിക്കുന്നവരാണെങ്കിലും ആധുനികരായ എഴുത്തുകാർ

ഈ ദുരന്തത്തെക്കുറിച്ച് മറ്റു പല കഥകളും പരത്തുന്നുണ്ട്. കോഴിക്കോട് സാമൂതിരിമാരുടെ ചരിത്രമെഴുതിയ പ്രൊ. കെ.വി. കൃഷ്ണയ്യർ പറയുന്നതുനോക്കുക. "അദ്ദേഹത്തിൻെറ സ്ഥിതി കൂടുതൽ കൂടുതൽ നിരാശജനകമായതോടുകൂടി കീഴടങ്ങുവാൻ അദ്ദേഹം കൂടുതൽ മടികാണിച്ചു. പൂർവ്വികനായ ആദ്യ സാമൂതിരി ഇത് നിർമ്മിച്ചതിന് ശേഷം വിജിഗീഷു എന്ന മട്ടിൽ ഒരു ശത്രുവും അകത്ത് കടന്നിട്ടില്ലാത്ത ആ കോട്ടയും നശിപ്പിച്ചികൊണ്ട് തൻെറ ജീവിതം അവസാനിപ്പിക്കുവാനാണ് അദ്ദേഹം തീരുമാനിച്ചത്. മലയാളവർഷം 941 മേടം 14-ാം തീയതി, അതായത് 1766 ഏപ്രിൽ 27-ാം തീയതി, വെടിക്കോപ്പ് പുരക്ക് സ്വന്തം കൈകൊണ്ടുതന്നെ തീകൊളുത്തി. തൻെറ പിതാമഹൻമാർ ഇന്ന് വരെ ആക്രമിച്ചുകീഴടക്കുവാൻ എവിടെനിന്നും പുറപ്പെട്ടിരുന്നുവോ ആ കോട്ടയ്ക്കൊപ്പം അദ്ദേഹവും അഗ്നിക്കിരയായി." 27. കെ.എം. പണിക്കരാകട്ടെ മറ്റൊരു കാരണം കൂടി പറയുന്നുണ്ട്. ഹൈദർ തന്നെ ഇസ്ലാം മതത്തിൽ ചേർക്കുമോ എന്ന് സാമൂതിരി ഭയപ്പെട്ടുവെന്നും അതുകൊണ്ടാണ് "ആത്മഹത്യ എന്ന ധീരകൃത്യത്തിന് അദ്ദേഹം തുനിഞ്ഞത്" എന്നുമാണ്.28. എം.എം.ഡി.എൽ.ടി. എന്ന തൂലികാനാമത്തിലെഴുതിയ അജ്ഞാത ഗ്രന്ഥകാരൻ ഇക്കാര്യം വിവരിക്കുന്നതിങ്ങനെയാണ്. "തൻെറ മതവും രാജ്യവും മുഹമ്മദീയർക്ക് അടിയറ വച്ച വഞ്ചകനാണ് അദ്ദേഹം (സാമൂതിരി) എന്ന് പറഞ്ഞു കൊണ്ടുള്ള തിരുവിതാംകൂർ-കൊച്ചി രാജാക്കൻമാരുടെ എഴുത്തുകളിൽ സാമൂതിരിയെ അതികഠിനമായി ആക്ഷേപിച്ചിട്ടുണ്ടായിരുന്നു. ഈ എഴുത്തു് അദ്ദേഹത്തിന് എത്തിച്ചുകൊടുത്ത ബ്രാഹ്മണരാകട്ടെ അദ്ദേഹത്തെ ജാതിയിൽ നിന്നും പുറത്താക്കിയെന്നും ബ്രാഹ്മണൻമാരോ, നായൻമാരോ ഇനിയൊരിക്കലും അദ്ദേഹവുമായി ബന്ധം വെക്കുകയില്ലെന്നുംകൂടി അറിയിച്ചിരുന്നു."29. ഈ അഭിപ്രായവും യഥാർത്ഥ വസ്തുത അറിയുവാനുപകരിക്കുന്നതല്ല. കാരണം തിരുവിതാംകൂർ രാജാവ് കർണ്ണാടക നവാബായ മുഹമ്മദലിയുടെ സാമന്തനായിരുന്നു.30. പാലക്കാട് രാജാവാകട്ടെ നേരത്തെ തന്നെ സാമൂതിരിയെ തുരത്തുവാനായി ഹൈദരലിയുടെ സഹായം തേടിയിരുന്നുതും നമ്മുക്കറിയാം. കൊച്ചി രാജാവ് ഡച്ച് ഗവർണ്ണറുടെ സഹായത്തോടുകൂടി, തന്നെയും തൻെറ രാജ്യത്തേയും രക്ഷിക്കാനായി ഹൈദരലിയുടെ സാമന്തനാകുവാൻ സന്നദ്ധനുമായിരുന്നു.31. അപ്പോൾ പിന്നെ ജാതിയിൽ നിന്നു പുറത്താക്കുമെന്ന് ഭയന്നാണ് സാമൂതിരി ആത്മഹത്യ ചെയ്തതെന്ന് പറയുന്നത് അർത്ഥശൂന്യമാണ്.

സാമൂതിരിയുടെ ദാരുണമായ അന്ത്യത്തോടു കൂടി രാജ്യം ആക്രമകാരിയുടെ മുമ്പിൽ അനാഥമായി കിടക്കുകയായിരുന്നു. അങ്ങനെ അത്ര അധികം വിഷമം കൂടാതെ മലബാർ മുഴുക്കെ കീഴടക്കുവാൻ ഹൈദരലിക്ക് സാധിച്ചു. എന്നാൽ മാഹിയിലെ ഫ്രഞ്ച് ഗവർമ്മേണ്ടിൻെറ സംരക്ഷണയിൽ കഴിഞ്ഞിരുന്ന കുറങ്ങോത്ത് നായരുടെ പ്രദേശവും തലശ്ശേരിയിലെ ഇംഗ്ലീഷ് കമ്പനിയുടെ കീഴിലായിരുന്ന രണ്ടുതറയും ഹൈദർ കീഴടക്കിയിരുന്നില്ല. അതുപോലെ മലബാറിൽ ഇംഗ്ലീഷ് കമ്പനിക്കുണ്ടായിരുന്ന കച്ചവട സൗകര്യങ്ങൾ അനുവദിച്ചു കൊടുക്കുകയും ചെയ്തിരുന്നു. എന്നാൽ അഭയാർത്ഥികൾക്ക് സംരക്ഷണം നല്കുന്ന ഇംഗ്ലീഷ് നയത്തോട് അദ്ദേഹം കടുത്ത എതിർപ്പ് പ്രകടിപ്പിക്കുകയും ചെയ്തു. ഇംഗ്ലീഷ്കാർക്ക് അദ്ദേഹം അനുവദിച്ചുകൊടുത്ത കച്ചവടാനുകൂല്യങ്ങൾ, "തങ്ങളെ കബളിപ്പിക്കുന്നതിനും തൻെറ ആക്രമണപദ്ധതിയിൽ തങ്ങൾ കൈകടത്താതിരിക്കുന്നതിനും"32. ഹൈദർ അനുവർത്തിച്ച ഒരു സൂത്രമായിട്ടേ ഇംഗ്ലീഷ്കാരും കരുതിയിരുന്നുള്ളു. എന്നാൽ ഹൈദരലിയോട് ഒരു തുറന്ന സംഘട്ടനത്തിന് അവരപ്പോൾ തയ്യാറായിരുന്നില്ല. കൊച്ചിയെ ആക്രമിക്കാതിരിക്കാൻ ഡച്ചുകാർ നടത്തിയ ശ്രമം വിജയിച്ചിരുന്നു. രണ്ടുലക്ഷം രൂപയും എട്ട് ആനകളും ഓരോ വർഷവും കപ്പമായി നല്കണമെന്നായിരുന്നു വ്യവസ്ഥ.33. എന്നാൽ ഇംഗ്ലീഷ് കമ്പനിയുടെ പിന്തുണ ഉറപ്പുണ്ടായിരുന്ന തിരുവിതാംകൂർ മഹാരാജാവ് താൻ ഇപ്പോൾ തന്നെ കർണ്ണാടക നവാബായ മുഹമ്മദലിയുടെ സാമന്തനാണെന്നും രണ്ട് അധിശാധികാരികൾക്ക് ഒരേ സമയം കപ്പം കൊടുക്കുവാൻ നിവർത്തിയല്ലെന്നുമാണ് ഡച്ചു ഗവർണ്ണറെ അറിയിച്ചത്. തിരുവിതാംകൂറിനെ ആക്രമിക്കാതിരിക്കുന്നതിന് ഒരു നിശ്ചിത സംഖ്യ കപ്പം തരുവാൻ തിരുവിതാംകൂറിനെ നിർബന്ധിക്കണം എന്ന് പറഞ്ഞതായി മോയൻസ് രേഖപ്പെടുത്തുന്നു. അതിന് തിരുവിതാംകൂർ തയ്യറായില്ലെങ്കിൽ 'താൻ പിന്നെ കണ്ടോളാം' (Ask him to pay if not I shall pay him a visit) എന്ന് ഹൈദർ പറഞ്ഞതായും മൊയൻസ് എഴുതുന്നുണ്ട്.34. എന്നാൽ കാലവർഷം ആരംഭിച്ചതിനാൽ നിർദ്ദിഷ്ടമായ സന്ദർശനം നടക്കുകയുണ്ടായില്ല.

കോഴിക്കോടും പൊന്നാനിയിലും ഓരോ സൈനിക വിഭാഗത്തെ നിർത്തിയശേഷം പരിചയസമ്പന്നനായ മദണ്ണ എന്ന റവന്യൂ ഓഫീസറെ മലബാറിലെ സിവിൽ ഗവർണ്ണറായി നിയമിക്കുകയും ചെയ്തു. കോലത്തിരിയുടെ രാജ്യം മേൽനോട്ടത്തിനായി ആലിരാജയെ ചുമതലപ്പെടുത്തി. മലബാറിലെ കാലവർഷം ദുർഘടം സൃഷ്ടിക്കുമെന്നതിനാൽ ഹൈദർ മലബാറിൽ നിന്നും തിരിച്ചുപോയി. എങ്കിലും വേണ്ടിവന്നാൽ ഉടൻ തിരിച്ചെത്തുന്നതിനും താൻ കീഴടക്കിയ പുതിയ രാജ്യത്തെ സ്ഥിതിഗതികൾ നിരീക്ഷിക്കുന്നതിനുമായി ഹൈദർ കോയമ്പത്തൂരിലേക്ക് പോകുകയാണ് ചെയ്തത്. കേരള രാജാക്കൻമാരുടെമേൽ മൈസൂർ സൈന്യം നേടിയ വിജയം പാലക്കാട്ടേയും കോയമ്പത്തൂരിലേയും രാജാക്കൻമാർ അതീവ സന്തോഷത്തോടുകൂടിയാണ് കേട്ടത്. ഇവർ ഇരുവരും ഹൈദരലിയെ അനുമോദിക്കുവാനായി കോഴിക്കോട്ടേക്ക് പുറപ്പെട്ടിരുന്നു. സാമൂതിരിയെ തടവുകാരനാക്കി മുൻ വൈരാഗ്യത്തിന് പ്രതികാരം വീട്ടാമെന്നാണവർ ആഗ്രഹിച്ചിരുന്നത്. എന്നാൽ ഇവർ കോഴിക്കോട്ടെത്തുന്നതിൻെറ തലേദിവസം തന്നെ സാമൂതിരി ആത്മഹത്യ ചെയ്തിരുന്നു. പാലക്കാട് അച്ചൻ ഹൈദരലിയെ സന്ദർശിക്കുകയും പൊന്നാനി വഴി മങ്കട വരെ അനുധാവനം ചെയ്യുകയുമുണ്ടായി. അച്ചനെ പിന്തുടർന്ന് അദ്ദേഹത്തിൻെറ സഹ

ചാരികളും പ്രഭുക്കൻമാരും നവാബിനെ സ്വീകരിക്കുവാൻ പുറപ്പെടുകയും ചൊക്കാനാഥപുരം വരെ ഹൈദരെ അനുഗമിക്കുകയും ചെയ്തു. ഈ സ്ഥലത്തായിരുന്നു ഹൈദർ താവളമുറപ്പിച്ചിരുന്നത്. കോയമ്പത്തൂർക്ക് പുറപ്പെടുന്നതിന് മുമ്പ് പാലക്കാട്ട് അച്ചൻമാരുമായാലോചിച്ച് ചില ഭരണപരിഷ്ക്കാരങ്ങൾക്ക് അദ്ദേഹം നിർദ്ദേശം നല്കുകയും ചെയ്തിരുന്നു.

മലബാർ കീഴടക്കുവാനുള്ള ഹൈദറുടെ ശ്രമം അങ്ങനെ വമ്പിച്ച വിജയത്തിൽ കലാശിച്ചു. "വിശാലമായി നീണ്ടുകിടക്കുന്ന ഒരു കടൽതീരപ്രദേശത്തിന്റെ അധിപനായും ഒരു നാവികശക്തിയായും."35. വളരുവാൻ പര്യാപ്തമായതിനാൽ ആ വിജയം സുപ്രധാനമായ ഒരു നേട്ടമായിരുന്നു. മലബാർ രാജാക്കൻമാരെ തോല്പിച്ച് അവരുടെ രാജ്യം ഒന്നൊന്നായി കീഴടക്കുന്നതിന് ഹൈദരലിക്ക് നാലു മാസമേ വേണ്ടിവന്നുള്ളൂ. മലബാറിലെ പരസ്പരം തമ്മിലടിച്ചു നിന്ന ഇടനിലമന്നൻമാരും നായർയോദ്ധാക്കളുടെ കാലഹരണപ്പെട്ട യുദ്ധമുറയുമാണ് ഹൈദറുടെ വിജയം എളുപ്പമാക്കിയ ഘടകങ്ങൾ. ബലവത്തായ സൈനിക ശേഷിയും ആധുനിക യുദ്ധോപകരണങ്ങളും സുധീരമായ നേതൃത്വവുമാണ് മൈസൂറിനുണ്ടായിരുന്നതെങ്കിൽ, അച്ചടക്കമില്ലാത്തതും അസംഘടിതവുമായിരുന്നു മലയാളി സൈന്യം. അച്ചടക്കത്തോടുകൂടി സംഘടിതമായി നിൽക്കുകയെന്ന സ്വഭാവം നായർ സൈന്യത്തിന് അജ്ഞാതമായിരുന്നു. ഒരു സൈന്യത്തിന് വേണ്ട ഏറ്റവും വലിയ അച്ചടക്കമെന്ന ഗുണം ഇവർക്കന്യമായിരുന്നു. ദ്വന്ദയുദ്ധത്തിൽ വീറോടു കൂടി പൊരുതുവാൻ അവർക്ക് കഴിയുമായിരുന്നു. പരിശീലനം നേടിയ ഒരു സൈന്യത്തെ കൂട്ടായി പ്രതിരോധിക്കുവാൻ അവർക്ക് നിശ്ചയമുണ്ടായിരുന്നുമില്ല. ഇതൊക്കെ ആക്രമണകാരിയുടെ ജോലി ഏറെ ലഘൂകരിപ്പിച്ച സംഗതികളാണ്.

---

1. *Tellicherry Factory Records, 1764, October 26, Consultations No 15, 1764*
2. *Ibid*
3. *Ibid, No.17, Consultations, November 28,1764.*
4. *Ibid, August 24, 1764, Consultations September 24, 1763.*
5. *Ibid, Minutes, Consultations, April 4, 1766.*
6. *D.C. Achitson, Treaties, Vol 9, No.36, pp 195-96.*
8. *Ibid, p 68.*
9. *Kirmani, Nishani Hyderi, (Trans) Miles, p 184,*
10. *Ibid.*
11. *Malabar joint Commissioners' Report op.cit.*
12. *Anjengo Factory Diary, 1764-66, Vol 1269, pp 237-38.*
13. *Foreign Political, 1756-80, select Committee, 1768, Vol 14, p 238.*
14. *M.M.D.L.T. op.cit, p 69.*
15. *Ibid.*
16. *Wilks, Mark, Historical Sketches of the South of India in an attempt to trace the History of Mysore, 3 Vols, London Vol I, p 291.*
17. *N.K. Sinha, op.cit. p. 250.*
18. *Moens, op.cit. p.133.*
19. *M.M.D.L.T. op.cit. p. 70.*
20. *Ibid, p 71.*
21. *Kirmani, op.cit, p 184.*
22. *Moens, op.cit, p 133, Joint Commissioners' Report, para 18.*
23. *Anjengo Diary, 1, Factory, Vol 1269, pp 292-94.*
24. *Asiatic Research V, p 30.*
25. *Moens, op.cit. p. 133.*
26. *Asiatic Research V, pp 30-31.*
27. *K.V. Krishna Iyyer, Zamorins of Calicut, The Norman Printing Bureau, 1938, Calicut, p 240.*
28. *കെ.എം. പണിക്കർ, കേരളസ്വാതന്ത്ര്യസമരം, എം.എസ്. ബുക്ക് ഡിപ്പോ, കൊല്ലം. 1957, പുറം 434.*
29. *M.M.D.L.T. op.cit, p 71.*
30. *Anjengo Diary, Factory, 1764-66, Vol 1217, pp 86-87.*
31. *Moens, op.cit. p 135.*
32. *Minutes, Board of Directors, Consultations, April 4, 1766.*
33. *Dutch Records No. XIII, pp 153-54, Joint Commissioners' Report, 1792-93, para 18.*
34. *Moens, op.cit. p 154.*
35. *B.Sheik Ali, British Relations with Haidar Ali, p 48.*

# XXVI 1766ലെ ലഹള

പുതുതായി കൈവശം വന്ന സ്ഥലത്തിൻെറ സംരക്ഷണത്തിന് തൻെറ സൈനികത്തലവനായ റാസാ സാഹിബിൻെറ നേതൃത്വത്തിൽ 3000 പടയാളികളെ മദുക്കരയിൽ നിർത്തിയശേഷം ബാക്കി സൈന്യവുമായി ഹൈദർ കോയമ്പത്തൂരിലേക്ക് മടങ്ങി. ഇത് 1766 മെയ് 27-ാം തീയതിയായിരുന്നു. ഹൈദർ സ്ഥലംവിട്ട ഉടനെ തന്നെ അതികഠിനമായ കാലവർഷം ആരംഭിച്ചു. ഹൈദരലിയുടെ ആക്രമണത്തെ തുടർന്ന് കാടുകളിലും മലകളിലും അഭയം തേടിയിരുന്ന രാജാക്കൻമാരും നായർയോദ്ധാക്കളും ഒളിസങ്കേതങ്ങളിൽ നിന്നും പുറത്തുവന്ന്, മൈസൂറാധിപത്യത്തിനെതിരായി സംഘടിതമായ ഒരു കലാപത്തിന് ഒരുക്കംകൂട്ടി. ജൂൺ മാസം മൂന്നാം ആഴ്ചയിലാണ് ഇത് നടക്കുന്നത്.1. ചിറയ്ക്കലേയും കടത്തനാട്ടിലേയും നായൻമാരാണ് ഈ കലാപത്തിന് നേതൃത്വം നല്കിയത്.2. ഹൈദർ സ്ഥാപിച്ചിരുന്നതും ഏതാനും ഭടൻമാർ മാത്രം ഉണ്ടായിരുന്നതുമായ മിലട്ടറി ഔട്ട് പോസ്റ്റുകൾ ഓരോന്നോരോന്നായി കലാപകാരികൾ ആക്രമിച്ച് മൈസൂർ കാവൽപടയെ വകവരുത്തി. വെള്ളപ്പൊക്കം മൂലം വാർത്താവിനിമയം അസാദ്ധ്യമായതുകൊണ്ട് പൊന്നാനിയിലോ, കോഴിക്കോട്ടുള്ള സൈനിക കേന്ദ്രങ്ങളിലോ വിവരമറിയിക്കുവാൻ ഏറെ പ്രയാസം നേരിട്ടു. കാവൽതാവളങ്ങൾ ഒന്നൊന്നായി നായർ യോദ്ധാക്കൾ വളയുകയും ചിലവ കൈവശപ്പെടുത്തുകയും ചെയ്തു. പിടിച്ചെടുത്ത താവളങ്ങളും കോട്ടകളും ബലപ്പെടുത്തി പ്രതിരോധശേഷി വർദ്ധിപ്പിക്കേണ്ടതിന് പകരം അവ നശിപ്പിക്കുകയാണ് നമ്മുടെ സൈനികർ ചെയ്തത്. എന്നാൽ ഈ സംഘട്ടനങ്ങളിൽ അംഗസംഖ്യ ദുർല്ലഭമായിരുന്ന മൈസൂർ പക്ഷത്ത് വളരെ പേർക്ക് ജീവാപായം പറ്റിയിരുന്നു.3. വിജയശ്രീലാളിതരായ ലഹളക്കാർ ഒരു ബലപരീക്ഷണത്തിന്നായി കോഴിക്കോട്ടേക്കും പൊന്നാനിയിലേക്കും നീങ്ങി. അപ്പോൾ മാത്രമേ പുതിയ സംഭവവികാസങ്ങൾ ഇവിടെയുള്ള മൈസൂർ സൈനിക കേന്ദ്രങ്ങൾ അറിഞ്ഞിരുന്നുള്ളു. മദുക്കരയിലായിരുന്ന റാസാ സാഹിബിനെ വിവരമറിയിക്കുക അസാദ്ധ്യമാണെന്ന് ഈ രണ്ടു കേന്ദ്രങ്ങൾക്കും ബോദ്ധ്യപ്പെട്ടു. അവസാനം ഭാഗ്യത്തിന് ഒരു പോർച്ചുഗീസ് നാവികൻെറ സഹായത്തോടെയാണ് വിവരം റാസാസാഹിബിനെ അറിയിച്ചത്.4. ഈ നാവികന് വലിയ പ്രതിഫലവും നല്കി. വിവരം കിട്ടിയ ഉടൻതന്നെ മലബാർ സൈനിക വിഭാഗത്തിൻെറ അപകടസ്ഥിതി മനസ്സിലാക്കിയ റാസാ സാഹിബ് ഹൈദരലിയെ വിവരം ധരിപ്പിച്ച ശേഷം ധൃതിയിൽ തൻെറ സൈന്യവുമായി പുറപ്പെട്ടു.

റാസാ സാഹിബിൻെറ സൈന്യവിഭാഗത്തിൽ കുതിരപ്പടയാളികൾ ഉണ്ടായിരുന്നില്ല. മഴയും വെള്ളപ്പൊക്കവും മൂലം കര കവിഞ്ഞൊഴുകി കൊണ്ടിരുന്ന നദികളും മറ്റും അദ്ദേഹത്തിൻെറ നീക്കത്തിന് വലിയ തടസ്സമായി. മാത്രവുമല്ല, ഈ സൈനിക വിഭാഗത്തെ നായർ സൈന്യം പതിയിരുന്നു ആക്രമിക്കുകയും ചെയ്തിരുന്നു. ദ്രുതഗതിയിലുള്ള നീക്കവും നാടാകെ ബാധിച്ചിരുന്ന പ്രളയവും റാസാ സാഹിബിനെ അവസാനം തൂത്തുപ്പുഴക്കും പൊന്നാനിപ്പുഴക്കുമിടക്കുള്ള സ്ഥലത്താണ് കൊണ്ടെത്തിച്ചത്. വളരെ അപായകരമായ സ്ഥിതിയാണവർക്ക് അഭിമുഖീകരിക്കേണ്ടതായി വന്നത്. നദിയിൽ വെള്ളം പൊങ്ങിയതുമൂലം മുന്നോട്ട് നീങ്ങാനോ, പുറകിൽ കലാപകാരികൾ തക്കം പാർത്തിരുന്നതിനാൽ പിൻതിരിയാനോ, ഇവർക്കു സാധിക്കുമായിരുന്നില്ല. അങ്ങനെ കലാപകാരികളിൽ നിന്നും ഒരു വിധത്തിലും രക്ഷപ്പെടുവാൻ വഴി കാണാതെ റാസാ സാഹിബും അദ്ദേഹത്തിൻെറ 3000 വരുന്ന സൈന്യവും കുടുക്കിൽപ്പെടുകയാണുണ്ടായത്.

ലഹളയെക്കുറിച്ച് അറിഞ്ഞ ഹൈദർ കോയമ്പത്തൂരിൽ പാളയം അടിച്ചിരുന്ന ഒരു വിഭാഗം കുതിരപ്പടയാളികളെ തിരിച്ചു വിളിച്ച് ഏത് നിമിഷത്തിലും മാർച്ച് ചെയ്യുവാൻ ഒരുക്കിനിർത്തി. തെരഞ്ഞെടുത്ത ഏതാനും വിദഗ്ദസൈനികരേയും സജ്ജമാക്കി. റാസാ സാഹിബിന് തൻെറ വിഷമസ്ഥിതി ഹൈദരലിയെ അറിയിക്കുവാൻ സാധിച്ചിരുന്നതുകൊണ്ട് 3000 വരുന്ന കുതിരപ്പടയും 10,000 വരുന്ന കാലാൾപ്പടയുമായി ഹൈദർ ഉടൻ പുറപ്പെട്ടു. ധീരവും സുപ്രധാനവുമായ ഒരു നീക്കമായിരുന്നു ഇത്. ഹൈദറുടെ ഈ നീക്കത്തെ എം.എം.ഡി.എൽ.ടി. എന്ന അജ്ഞാത ഗ്രന്ഥകാരൻ ചിത്രീകരിച്ചിരുന്നത് ഇവ്വിധമാകുന്നു."15,000ത്തോളം വരുന്ന ഒരു സൈന്യം പ്രഭാതം പൊട്ടിവിടരുന്നതു മുതൽ വനപ്രദേശങ്ങൾ തിങ്ങിനിറഞ്ഞ ഒരു രാജ്യത്ത് കൂടി കോരിച്ചൊരിയുന്ന മഴയും ഇടിയും മിന്നലും കൊടുങ്കാറ്റും കൂട്ടാക്കാതെ കുത്തിയൊഴുകുന്ന നദികളിൽ നീന്തിയും നിരങ്ങിയും മുന്നോട്ടു നീങ്ങിയത് ഒന്ന് സങ്കല്പിച്ചുനോക്കുക"5. കേരളചരിത്രകാരൻമാരെല്ലാം ഈ വിവരണമാണ് പ്രസ്തുതസംഭവം വിവരിക്കുവാൻ ഉപയോഗപ്പെടുത്തിയിട്ടുള്ളത്. ഈ സൈന്യത്തിൻെറ അപ്രതീക്ഷിതമായ വരവ് കലാപകാരികളെ വിഷമത്തിലാക്കി. സംഘടിതമായ ഒരു യുദ്ധത്തിന് തയ്യാറെടുക്കേണ്ടി വന്ന കലാപകാരികൾക്ക് റാസാ സാഹിബിൻെറ സൈന്യത്തെവിട്ട് ശ്രദ്ധ ഹൈദരിൻെറ സേനയിലേക്ക് തിരിച്ചുവിടേണ്ടതായി വന്നു. അപകടത്തിലാണ്ട് കിടന്നിരുന്ന റാസാ സാഹിബിൻെറ സൈന്യത്തിന് ഇത് ഏറെ ആശ്വാസമായി.

പൊന്നാനി താലൂക്കിലെ പുതിയങ്ങാടി എന്ന സ്ഥലത്ത് കിടങ്ങുകളും മറ്റും കുഴിച്ചു താവളമടിച്ചിരുന്ന നായർ സൈന്യത്തിന് വളരെ അനുകൂലമായ നിലയാണുണ്ടായിരുന്നത്. കാരണം മൈസൂർ സൈന്യത്തിന് തുറന്ന മൈതാനത്തുനിന്നാണ് യുദ്ധം ചെയ്യേണ്ടിയിരുന്നത്.6. തുറന്ന സംഘട്ടനത്തിൽ നായർസൈന്യത്തെ നേരിടുവാനുള്ള ഹൈദരിൻെറ

ആദ്യശ്രമം പരാജയപ്പെട്ടപ്പോൾ, തൻെറ യൂറോപ്യൻ സൈന്യത്തോട് മുന്നോട്ടു നീങ്ങുവാൻ അദ്ദേഹം കല്പിച്ചു. അവർ നിമിഷത്തിനകം കിടങ്ങുകൾ ചാടി മുന്നോട്ടു നീങ്ങി ശത്രുവിനെ നേരിട്ടു. ഇതി കർത്തവ്യതാമൂഢരായ കലാപകാരികൾ താവളമുപേക്ഷിച്ച് നെട്ടോട്ടമോടുകയാണ് പിന്നീടുണ്ടായത്. രണ്ടു എഴുത്തുകളിലായി തിരുവിതാംകൂർ രാജാവ് ഈ വിവരം ബോംബേ ഗവർണ്ണറെ അറിയിക്കുകയുണ്ടായി. ഒന്നാമത്തെ എഴുത്തിൽ, "ജനങ്ങളോട് പകവീട്ടുവാനായി ഹൈദർ വീണ്ടും സാമൂതിരിയുടെ നാട്ടിൽ എത്തിയിരിക്കുന്നു"7. എന്നും രണ്ടാമത്തേതിൽ "കൊച്ചിയിലെ ഡച്ച് സൈനികാധിപനും ഹൈദറും ഒന്നിച്ചാണ് പ്രവർത്തിക്കുന്നതെന്ന് തോന്നുന്നു" എന്നും എഴുതിയിരുന്നു.

"നവാബിൻെറ സൈന്യം കാര്യമായ ഒരാക്രമണം നടത്തിയതോടെ നായൻമാർ കാടുകളിലേക്കും മലകളിലേക്കും ഓടിയൊളിച്ചു," എന്നാണ് ദൃക്സാക്ഷിയായ ഡച്ച് ഗവർണ്ണർ മൊയൻസ് രേഖപ്പെടുത്തിയിരിക്കുന്നത്.9. അനായാസമായ ഈ വിജയം ഹൈദരെ അതീവസന്തുഷ്ടനാക്കി. സംതൃപ്തനായ അദ്ദേഹം ഓരോ പടയാളിക്കും 30 രൂപ വീതവും മുറിവുപറ്റിയവർക്ക് 60 രൂപ വീതവും നൽകുകയുണ്ടായത്രെ. എന്നാൽ കടുത്തപോരാട്ടമാണ് അവിടെ നടന്നതെന്നും പരാജയപ്പെട്ടേക്കാവുന്ന തൻെറ സൈന്യം രക്ഷപെട്ടതുമൂലമുണ്ടായ സന്തോഷമാണ് പടയാളികൾക്ക് പാരിതോഷികം നൽകാൻ ഹൈദരെ പ്രേരിപ്പിച്ച സംഗതിയെന്നുമാണ് കെ.എം. പണിക്കർ എഴുതുന്നത്.9. അതിഭയങ്കരമായ യുദ്ധമാണ് നടന്നതെന്നും പണക്കർ പ്രസ്താവിക്കുന്നുണ്ട്. എന്നാൽ സമകാലിക രേഖകൾ മറിച്ചുള്ള അഭിപ്രായമാണ് പ്രകടപ്പിച്ചിട്ടുള്ളത്. കിടങ്ങുകളിൽ നിന്നും രണ്ടു മണിക്കൂർ നേരം നമ്മുടെ സൈനികർ ഇടതടവില്ലാതെ വെടിയുണ്ടകൾ ഉതിർത്തിട്ടും മൈസൂർ സൈന്യത്തിലെ "ഒരാൾ മാത്രമേ കൊല്ലപ്പെട്ടുള്ളു"10. ആക്രമണപക്ഷത്ത് ഒരാൾമാത്രം കൊല്ലപ്പെട്ട ഒരു യുദ്ധം ഏതായാലും ഘോരമായ യുദ്ധമായിരിക്കുവാനിടയില്ലല്ലോ. അങ്ങിനെ കാര്യമായ രക്തച്ചൊരിച്ചിലൊന്നും കൂടാതെ കലാപകാരികളെ നിഷ്പ്രയാസം അമർച്ചചെയ്യുവാൻ ഹൈദരലിക്കു സാധിച്ചു.

ഈ കലാപത്തിൻെറ കാരണങ്ങളേയും അതിൻെറ അനന്തരഫലങ്ങളേയും കുറിച്ച് ഭിന്നാഭിപ്രായങ്ങളാണ് ചരിത്രകാരൻമാർ പ്രകടിപ്പിച്ചിട്ടുള്ളത്. മലബാർ ആക്രമിച്ച് കീഴടക്കിയ ശേഷം തികച്ചും സംതൃപ്പനായി ഹൈദർ മടങ്ങിയ ഉടനെ മലബാറിലെ നായൻമാർ സംഘടിച്ച് സ്വാതന്ത്ര്യപ്രചോദിതമായ ഒരു ചെറുത്തുനിൽപ്പ് സമരം നടത്തിയെന്നും, "മൈസൂർ സൈന്യത്തെ ഇവിടെ നിൽക്കാനനുവദിച്ച് കൊടുക്കുകയാണെങ്കിൽ എന്താണ് സംഭവിക്കുകയെന്ന് ഏവർക്കും നിശ്ചയമുണ്ടായിരുന്നതിനാലും എല്ലാവരാലും വെറുക്കപ്പെട്ട ആലി രാജാവ് ചിറയ്ക്കലെ ഗവർണ്ണറായി നിയമിതനായതിനാലും അവരുടെ ദേശീയാവേശം ഉത്തേജിതമാകുകയാണുണ്ടായത്,"11. എന്നുമാണ് സർദാർ പണിക്കർ പറയുന്നത്. "ജൂൺ 24-ാം തിയതി കടത്തനാട്ടേയും കോട്ടയത്തേയും നായൻമാർ സംഘടിച്ച് പല സ്ഥലങ്ങളും തിരിച്ചുപിടിച്ച വാർത്തയും അടുത്ത ദിവസം തന്നെ ആലി രാജയെ സിവിൽ ഗവർണ്ണറായും അദ്ദേഹത്തിൻെറ (ഹൈദരലിയുടെ) മച്ചുനനായ ഷൈക്ക് അലിയെ മിലിട്ടറി ഗവർണ്ണറായും നിയമിച്ചു കൊണ്ടുള്ള വാർത്തയും തലശ്ശേരി കേന്ദ്രത്തിലെത്തിയെന്ന്," ലോഗൻ പറയുന്നുമുണ്ട്.12. തലശ്ശേരി ഫാക്ടറി ഡയറി ആധാരമാക്കിയാണ് ലോഗൻ ഈ പ്രസ്താവന നടത്തുന്നതും. അപ്പോൾ ഹൈദർ മലബാറിൽ പോയി മൂന്നാഴ്ച കഴിഞ്ഞാണ് കലാപം തുടങ്ങിയതെന്നും അല്ലാതെ പണിക്കർ നമ്മെ വിശ്വസിപ്പിക്കുന്നതുപോലെ 'ഉടനെ' അല്ലെന്നും വ്യക്തമാകുന്നുണ്ട്. മാത്രമല്ല 'വെറുക്കപ്പെട്ട' ആലി രാജയെ സിവിൽ ഗവർണ്ണറായി വെച്ചതാണ് കലാപകാരണമെന്നും പണിക്കർ പറയുന്നു. എന്നാൽ ഈ നിയമനം നടക്കുന്നത് ജൂൺ26-ാം തിയതിയുമാണ്.13. താൻ പുതുതായി കീഴടക്കിയ സ്ഥലത്തെ സ്ഥിതിഗതികൾ നേരിട്ടറിയുവാൻ ഉതകും വിധം ഹൈദർ കോയമ്പത്തൂർ വരെ മാത്രമേ തിരികെപോയുള്ളു എന്നതുകൊണ്ട് മലബാറിൽ എന്തെങ്കിലും ശല്യമുണ്ടാകുമെന്ന് അദ്ദേഹം മുൻകൂട്ടി മനസിലാക്കിയിരുന്നുവെന്നും വ്യക്തമാകുന്നുണ്ട്. എന്നാൽ മലബാർ ആക്രമിച്ച് കീഴടക്കിയശേഷം, "വിജയത്തിൽ തികച്ചും തൃപ്പനായി"ട്ടാണ് ഹൈദർ മടങ്ങിപ്പോയതെന്നും പണിക്കർ പറയുന്നത് ബുദ്ധിസാമർത്ഥ്യമോ, കാര്യങ്ങൾ മുൻകൂട്ടികാണുവാനുള്ള കഴിവോ, അദ്ദേഹത്തിനുണ്ടായിരുന്നില്ലെന്ന് സമർത്ഥിക്കുവാനാണ്. തികച്ചും സംതൃപ്പനായിട്ടാണ് മടങ്ങിയതെങ്കിൽ മലബാറിൽ ലഹള പൊട്ടിപുറപ്പെടുന്നതിന് എത്രയോ മുമ്പ് അദ്ദേഹത്തിന് ശ്രീരംഗപട്ടണത്ത് എത്തിച്ചേരാമായിരുന്നു. മലബാറിൻെറ അയൽപ്രദേശമായ കോയമ്പത്തൂരിൽ നിന്നു കൊണ്ട് ഇവിടത്തെ കാര്യങ്ങൾ നിരീക്ഷിക്കാമെന്ന് നിശ്ചയിച്ചത് ഇക്കാര്യങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന സൂക്ഷ്മബുദ്ധിയേയും പരിചയത്തേയുമാണ് കാണിക്കുന്നത്.

"നായർ യോദ്ധാക്കളുടെ സ്വരാജ്യസ്നേഹവും അടങ്ങാത്ത സ്വാതന്ത്ര്യദാഹവു"മാണ് ലഹളകൾക്ക് കാരണമായി പണിക്കർ എടുത്തുകാട്ടുന്നത്. എന്നാൽ തിരുവിതാംകൂർ രാജാവും സാമൂതിരിയുടെ അനന്തരവൻമാരും ചേർന്ന് നടത്തിയ ഗൂഢാലോചനയായിരുന്നു ലഹളയ്ക്ക് നിദാനമായതെന്നാണ് അക്കാലത്ത് ഡച്ച് ഗവർണ്ണറായിരുന്ന മോയൻസിൻെറ അഭിപ്രായം. തലശ്ശേരിയിലെ ഇംഗ്ലീഷ് കമ്പനിയും അവർക്ക് വേണ്ട ഒത്താശ ചെയ്തിരുന്നതായും അദ്ദേഹം എഴുതിയിട്ടുമുണ്ട്.14. ഹൈദർഷായുടെയും മറ്റും ചരിത്രമെഴുതിയ ആളും ഇതിനോടു യോജിക്കുകയാണ് ചെയ്യുന്നത്.15. തിരുവിതാംകൂർ രാജാവ് മലബാറിൽ കലാപം സൃഷ്ടിക്കുന്ന കാര്യത്തിൽ തൻെറ നാട്ടിൽ അഭയം തേടിയിരുന്ന ഭരണാധിപൻമാരെ സഹായിച്ചിരുന്നു.16. മൈസൂർ ഭരണാധിപൻെറ ശ്രദ്ധ മലബാറിൽ ഒതുക്കി നിർത്തുന്നതിനും

അങ്ങനെ സ്വയം ആക്രമണത്തിൽ നിന്നും രക്ഷപ്പെടുന്നതിനും വേണ്ടിയാണ് അദ്ദേഹം ഇങ്ങനെ ചെയ്തത്. ചിറയ്ക്കൽ ദേശത്തെ ഗവർണ്ണറായി ആലിരാജയെ നിയമിച്ചപ്പോൾ കോലത്തിരികുടുംബത്തിന് ഇനി ഒരിക്കലും അധികാരത്തിൽ വരാൻ സാധിക്കുകയില്ലല്ലോ എന്ന ചിന്തയാണ് കലാപത്തിൽ പങ്കുചേരാൻ അവരെ പ്രേരിപ്പിച്ച സംഗതി. ഇവരെ പുനർവാഴിക്കണമെന്നാവശ്യപ്പെട്ടും ഇംഗ്ലീഷ് കമ്പനി അതിനായി ശ്രമിക്കണമെന്ന് 1776 ജൂൺ28-ാം തിയതി എഴുതുന്ന കത്തിൽ16. തിരുവിതാംകൂർ രാജാവ് അഭ്യർത്ഥിക്കുന്നുണ്ട്. മലബാർ രാജാക്കൻമാർക്ക് രാജ്യം തിരിച്ചുനൽകുവാൻ സാധിക്കുന്നുവെങ്കിൽ അവരുമായുണ്ടായേക്കാവുന്ന ഉടമ്പടിയിലെ വ്യവസ്ഥകളും അദ്ദേഹം 1766 ജൂലൈ മൂന്നാം തിയതി വീണ്ടുമെഴുതിയ കത്തിൽ ചേർത്തിരിന്നു. "അവരെ പുനർവാഴിക്കുന്നതിന് പകരമായി അവരുടെ രാജ്യത്തിൻെറ ഏതു ഭാഗത്തും കടലിനടുത്തായി ഒരു വെടിപ്പാടകലെ കോട്ട കെട്ടുന്നതിന് സ്ഥലം നൽകുവാനും കണ്ടിക്ക് 70 രൂപ വെച്ച് അവരുടെ നാട്ടിലെ കുരുമുളക് മുഴുവൻ നൽകുന്നതിനും ഈ രാജാക്കൻമാർ സമ്മതിക്കുന്നു."വെന്നാണ് കത്തിലുണ്ടായിരുന്നത്.17.

അത് വരെയുള്ള സ്ഥിതി ഒരാക്രമണം കഴിഞ്ഞ് കീഴടക്കപ്പെടുന്ന സ്ഥലം തിരിച്ചുകൊടുക്കുക എന്നതായിരുന്നു. ഈ കേരള ധർമ്മത്തിന് വിരുദ്ധമായ ഹൈദരുടെ നടപടിയാണ് മലബാർ രാജാക്കൻമാരെ ഏറ്റവുമധികം പീഡിപ്പിച്ചത്. നാട്ടുകാരനായിരുന്നെങ്കിലും അന്യമതക്കാരനായ ആലി രാജാവിനെ കോലത്തിരി രാജ്യത്തിൻെറ ഭരണമേൽപ്പിച്ചപ്പോൾ അത് കൂടുതൽ വേദനാജനകമായ ഒരനുഭവവുമായി. ഗതാഗത-വാർത്താവിനിമയ സൗകര്യങ്ങളുടെ കുറവും കാലവർഷം മൂലമുണ്ടായ അനുകൂല പരിതസ്ഥിതികളുമാണ്, മലബാർ രാജാക്കൻമാരെ ലഹളയ്ക്ക് പ്രേരിപ്പിച്ചത്. ഇംഗ്ലീഷ്കാരിൽ അവർ ഒരു വിശ്വസ്ത സുഹൃത്തിനേയും കണ്ടെത്തി. ഇംഗ്ലീഷ്കാർ ഈ രാജാക്കൻമാർക്ക് ചെയ്ത് കൊണ്ടിരുന്ന സഹായങ്ങളിൽ ഹൈദരലിയും അദ്ദേഹത്തിൻെറ കാലശേഷം ടിപ്പു സുൽത്താനും എതിർപ്പ് പ്രകടിപ്പിക്കുകയുണ്ടായിട്ടുണ്ട്.18. ഇംഗ്ലീഷ്കാർ ഈ രാജാക്കൻമാർക്ക് അഭയം നൽകുകയും രാജ്യത്ത് കുഴപ്പങ്ങളുണ്ടാക്കുന്നതിൽ ഇവരെ കരുവായി ഉപയോഗിക്കുകയും ചെയ്തു. മൈസൂറിനെതിരായി മലബാർ രാജാക്കൻമാരെ ഇംഗ്ലീഷ്കാർ സഹായിക്കുന്നു എന്നുള്ളത് ടിപ്പു സുൽത്താൻെറ ഒരു സ്ഥിരം പരാതി ആയിരുന്നു.19. ആംഗ്ലോ-മൈസൂർ യുദ്ധകാലങ്ങളിൽ ഇത്തരം ലഹളകൾ ധാരാളം ഇവർ കുത്തിപ്പൊക്കിയിട്ടുണ്ട്. എന്നാൽ ഇത്തരം ലഹളകളെ നമ്മുടെ ചില ചരിത്രകാരൻമാർ സ്വാതന്ത്ര്യസമരം എന്ന് ചിത്രീകരിക്കുന്നത് ഏതു മാനദണ്ഡം വെച്ചാണെന്ന് പറയുക പ്രയാസം. മൈസൂർ ഭരണാധിപൻമാരുടെ പരാജയം മൂലമുണ്ടാകുന്ന ഒഴിവിൽ ആധിപത്യം സ്ഥാപിക്കുക ഇംഗ്ലീഷ്കാരായിരിക്കുമെന്നുള്ളത് തീർച്ചയായിരുന്നുവല്ലോ.

ലഹളക്കാരെ അമർത്തിയതിന് ശേഷം അനേകം നായർ യോദ്ധാക്കളെ കൂട്ടക്കൊല ചെയ്തതായും പ്രസ്താവമുണ്ട്.20. ഹൈദർ ഷായുടെയും മറ്റും ചരിത്രമെഴുതിയ ഗ്രന്ഥകാരനാകട്ടെ വിദഗ്ദമായി മറ്റൊരാരോപണവും കൂടി മെനഞ്ഞെടുത്തിരുന്നു. അതായത് "നായൻമാരുടെ എല്ലാ അവകാശങ്ങളും എടുത്ത് കളഞ്ഞുകൊണ്ടും അന്ന് വരെ ബ്രാഹ്മണർ കഴിഞ്ഞാൽ അടുത്ത മുന്തിയ ജാതിക്കാരായ അവരെ ഇനി മുതൽ ഏറ്റവും താഴ്ന്ന ജാതിക്കാരായി കണക്കാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും ഇന്നുവരെ താഴ്ന്ന ജാതിക്കാർ നായൻമാരെ കാണുമ്പോൾ ചെയ്യാറുണ്ടായിരുന്നത് പോലെ ഇനിമുതൽ പറയർ മുതലുള്ള താഴ്ന്ന ജാതിക്കാരെ കാണുമ്പോൾ നായൻമാർ സാഷ്ടാംഗം നമസ്ക്കരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും മറ്റു ജാതിക്കാരെ ആയുധം കൊണ്ട് നടക്കാൻ അനുവദിച്ചുകൊണ്ടും അതേസമയം ഇതുവരെ നായൻമാരുടേതായിരുന്ന ഈ അവകാശം അവർക്ക് നിഷേധിച്ചുകൊണ്ടും ഹൈദർ ഒരു രാജകീയ ശാസനം പുറത്തിറക്കിയിരുന്നു."......... ഇത്രമേൽ തരം താഴ്ത്തപ്പെടുന്നതിനേക്കാൾ മരണം സ്വീകാര്യമായി കരുതിയ നായൻമാരെ ഇങ്ങനെ കീഴ്പെടുത്തുവാൻ സാദ്ധ്യമല്ലെന്ന് മനസ്സിലായപ്പോൾ ഇസ്ലാം മതം സ്വീകരിക്കുന്ന നായൻമാർക്ക് ഈ അവകാശമെല്ലാം വീണ്ടും അനുഭവിക്കാമെന്ന് പ്രഖ്യാപിക്കുന്ന മറ്റൊരു ശാസനം കൂടി അദ്ദേഹം പുറപ്പെടുവിക്കുക ഉണ്ടായി എന്നും ഈ ഗ്രന്ഥകാരൻ തുടർന്നെഴുതുന്നുണ്ട്.21. ഈ ശാസനകളുടെ ആധികാരികത ചോദ്യം ചെയ്യാതെ സ്വീകരിക്കുകയാണ് ഇത് സംബന്ധമായി എഴുതിയിട്ടുള്ള എല്ലാ ചരിത്രകാരൻമാരും. സാമൂഹ്യപരിഷ്ക്കരണം ലക്ഷ്യമാക്കിയാണ് ഇത്തരം ഒരു ശാസനം ഹൈദർ പുറപ്പെടുവിച്ചതെന്ന് ഒരു വിഭാഗക്കാർ പറയുമ്പോൾ മതഭ്രാന്തിൻെറ തികഞ്ഞ ലക്ഷണമായി മറ്റു ചിലർ ഇതിനെ വ്യാഖ്യാനിക്കുന്നു. എന്നാൽ ലഭ്യമായ ആധികാരികരേഖകൾ പരിശോധിച്ചതിന് ശേഷം ഇവിടെ എത്തിച്ചേർന്നിട്ടുള്ള നിഗമനം, ഹൈദർ ഷായുടേയും മറ്റും ചരിത്രം എഴുതിയ ആളുടെ ഭാവനയിൽ നിന്നും ഉടലെടുത്തതാണ് ഈ ശാസനകൾ എന്നു മാത്രമാണ്. കാരണം സമകാലീനരായ എഴുത്തുകാർ ആരും ഇത്തരം ഒരു ശാസനത്തെക്കുറിച്ച് പറയുന്നില്ല. ഇത്തരം ഒരു വിളംബരം പുറപ്പെടുവിച്ചിരുന്നുവെങ്കിൽ വളരെ സന്തോഷത്തോടുകൂടി അത് കൊട്ടിഘോഷിക്കുമായിരുന്ന കിർമാണി ഇതിനെക്കുറിച്ച് ഒരക്ഷരം പോലും പറയുന്നില്ല. മറിച്ചായിരുന്നുവെങ്കിൽ ഹൈദറുടെ മതതല്പരതയുടെ ഉത്തമോദാഹരണമായി കിർമാണി അതെടുത്ത് കാണിക്കുമായിരുന്നു. ഡച്ച് ഗവർണ്ണറായ മോയൻസ് ആണ് ശ്രദ്ധിക്കപ്പെടേണ്ട മറ്റൊരു സുപ്രധാന എഴുത്തുകാരൻ. അക്കാലത്ത് 'മലബാർ തീരത്തെ ഭരണത്തെക്കുറിച്ചുള്ള മെമ്മോറാണ്ടം' എഴുതിയ മോയൻസിൻെറ ശ്രദ്ധയിൽ നിന്ന് ഇത്തരം ഒരു ശാസനം തെന്നിപ്പോകുമായിരുന്നില്ല എന്നത് തീർച്ചയാണ്. മോയൻസ് ഹൈദർ അലിയുടെ ജീവചരിത്രവും കൂടി എഴുതിയിട്ടുണ്ടെന്നതും പ്രത്യേകം അനുസ്മരിക്കേണ്ടതാണ്. തലശ്ശേരി ഫാക്ടറിയിലെ ദ്വിഭാഷി ഇക്കാലത്തെ

മലബാർ കാര്യങ്ങളുടെ മറ്റൊരു പ്രധാന വക്താവാണ്. തന്റെ മേധാവികൾക്ക് അദ്ദേഹം എഴുതുന്ന കത്തുകളിൽ നാട്ടിൽ നടക്കുന്ന നിസ്സാര സംഭവങ്ങൾ കൂടി പ്രതിപാദിക്കാറുണ്ട്. തലശ്ശേരി ഫാക്ടറിയിലെ ഡയറിയിലൊ കൺസൾട്ടേഷനുകളിലൊ പ്രമാദമായ ഈ വിളംബരകാര്യം ഉൾപെട്ടില്ലെന്ന് വരിക അസാധാരികവുമാണ്. ഈ വക രേഖകളിലോ ദ്വിഭാഷിയുടെ കത്തുകളിലോ ഈ ശാസനകൾ സ്ഥലം പിടിച്ചിട്ടില്ലെന്നതും ഓർക്കേണ്ടതുണ്ട്. അങ്ങനെ നോക്കുമ്പോൾ മൈസൂർ ഭരണകാലത്തെ മതഭ്രാന്തിന്റെയും കാപാലികത്വത്തിന്റേയും കാലമായി ചിത്രീകരിക്കുവാൻ ഉദ്യുക്തനായ ഈ അജ്ഞാതഗ്രന്ഥകാരന്റെ ബുദ്ധിയിൽ നിന്നും ഉദിച്ചതാണ് ഈ ശാസനകൾ എന്ന് നിസ്സംശയം പറയാം. എല്ലാ കേരളചരിത്രകാരൻമാരും പ്രാമാണികമായ തെളിവുകളൊന്നും പരിശോധിക്കാതെ ഈ ആരോപണങ്ങൾ തികച്ചും ശരിയാണെന്ന ധാരണയിൽ അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. തങ്ങളുടെ പഠനങ്ങൾക്ക് തികച്ചും ആശ്രയിക്കാവുന്ന ഒരു ആധികാരിക ചരിത്രകാരനായി 'ഹൈദർഷായുടെയും മറ്റും ചരിത്രം' എഴുതിയ അജ്ഞാത ഗ്രന്ഥകാരനെ, ഈ കാലഘട്ടത്തെക്കുറിച്ച് പ്രതിപാദിച്ച കേരളചരിത്രകാരൻമാർ കണ്ണുംപൂട്ടി വിശ്വസിച്ചു എന്നുള്ളതാണം, അവർക്കെല്ലാം പറ്റിയ വലിയ അബദ്ധം. സത്യത്തെ മിഥ്യയിൽ നിന്നും വേർതിരിച്ച് കാണാനുതകുമാറ് ഈ വിഷയത്തെക്കുറിച്ച് സത്യസന്ധമായും ശാസ്ത്രീയമായും നിരിക്ഷിക്കുവാൻ നമ്മുടെ ചരിത്രകാരൻമാർ മെനക്കെട്ടതുമില്ല. ഈ ശാസനകൾ ദുരുദ്ദേശ്യപരമായി മെനഞ്ഞെടുക്കപ്പെട്ടവയാണെന്ന് ഇവയെ സൂക്ഷ്മമായി പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്. സ്വന്തം മതത്തിലേക്ക് ആളുകളെ ആകർഷിക്കുവാനുള്ള ഉദ്ദേശ്യമാണ് ഹൈദരാലിക്കുണ്ടായിരുന്നതെന്ന് തെളിയിക്കാൻ വേണ്ടി അദ്ദേഹത്തിന്റെ മേൽ അടിച്ചേൽപ്പിച്ചതാണ് ഈ രണ്ട് ശാസനകളും. മതപരിവർത്തനത്തിന് ആളെകൂട്ടുക ആയിരുന്നു ഹൈദരലിയുടെ ഉദ്ദേശ്യമെങ്കിൽ അതിന് ആദ്യത്തെ ശാസനം തന്നെ ധാരാളം മതിയായിരുന്നു. മതപരിവർത്തനം ചെയ്യപ്പെട്ട നായർ, നായരല്ലാതായി തീരുന്നത് കൊണ്ട് അവകാശങ്ങൾ എടുത്ത് കളയപ്പെട്ട നായരുടെ പട്ടികയിൽ അയാൾ ഉൾപെടുകയില്ലല്ലോ. അത്കൊണ്ട് തന്നെ രണ്ടാമത്തെ ശാസനം അർത്ഥശൂന്യമായിത്തിരുന്നു. ഇതൊക്കെകൊണ്ട് ഈ ശാസനകൾ ഗ്രന്ഥകാരന്റെ കുബുദ്ധിയിൽ വിരിഞ്ഞ ദുർസന്തതികൾ എന്ന നിലക്ക് പരിത്യജിക്കാവുന്നതേയുള്ളൂ.

രാജ്യത്ത് സമാധാനം നിലനിർത്തിയ ശേഷം പാലക്കാട് ഒരു കോട്ട പണിയുന്നതിനാണ് ഹൈദർ പിന്നീട് ശ്രമിച്ചത്. പാലക്കാട് ചുരത്തിന്റെ മധ്യഭാഗമാണ് ഇതിന്വേണ്ടി തെരഞ്ഞെടുത്ത സ്ഥലം. പുതുതായി കീഴടക്കിയ രാജ്യവുമായി എളുപ്പത്തിൽ ബന്ധപ്പെടുവാൻ പറ്റിയ കേന്ദ്രമാക്കുക ആയിരുന്നു ഉദ്ദേശ്യം. ഇവിടെ ഒരു ആയുധശാലയും നിർമ്മിക്കപ്പെട്ടു.22. കോട്ടയുടെ പണി നടന്നുകൊണ്ടിരിക്കുന്ന സമയത്താണ് ഇംഗ്ലീഷ്കാരുടെ സഹായത്തോട് കൂടി നൈസാമും മറാത്തക്കാരും മൈസൂർ ആക്രമിക്കുവാൻ തുനിയുന്നതായി ഹൈദറിന് വിവരം ലഭിക്കുന്നത്. ഉടനെ തന്നെ അദ്ദേഹം മലബാറിൽ നിന്നും മൈസൂറിലേക്ക് തിരിച്ചുപോയി. ഒന്നാം ആംഗ്ലോ-മൈസൂർ യുദ്ധം ആരംഭിക്കുന്നത് വരെ മലബാറിൽ കാര്യമായ കുഴപ്പങ്ങളൊന്നും ഉണ്ടായിട്ടില്ല. എന്നാൽ യുദ്ധം ആരംഭിച്ചപ്പോൾ ഇംഗ്ലീഷ്കാരുടെ കുതന്ത്രങ്ങളുടെ ഫലമായി മലബാറിലെ സ്ഥാനഭ്രഷ്ടരാക്കപ്പെട്ട ചില രാജാക്കൻമാർ ഇംഗ്ലീഷുകാരെ സഹായിക്കുവാൻ മുതിർന്നു.23. എന്നാൽ മലബാർ മാനുവലിന്റെയും മലബാർ ഗസറ്റിയറുകളുടേയും കർത്താക്കൾക്ക് മറ്റൊരു കഥയാണ് പറയാനുള്ളത്. ലോഗൻ പറയുന്നത് "തിരുവിതാംകൂർ ആക്രമിക്കുന്നതിന് വേണ്ടി പറഞ്ഞയക്കപ്പെട്ട ഒരു സേന പരാജയപ്പെടുകയും ഈ പരാജയം മലബാറിൽ ഒരു പൊതുകലാപത്തിന് വഴിയൊരുക്കുകയും ചെയ്തു വെന്നാണ് തോന്നുന്നത്," എന്നാണ്.24. "തിരുവിതാംകൂർ രാജാവിനെ നേർവഴിക്ക് കൊണ്ടുവരുവാൻ ഹൈദർ അയച്ച സൈന്യം പരാജയപ്പെട്ടത് മറ്റൊരു പൊതുകലാപത്തിന് ഇട വരുത്തി" എന്നാണ് ഇന്നിസ് പറയുന്നത്.25. 1768ൽ ഉണ്ടായ കുഴപ്പങ്ങളിൽ ഇംഗ്ലീഷ്കാരുടെ പങ്ക് മറച്ചുവെക്കാനാണ് ഇവിടെ ലോഗനും ഇന്നിസും ശ്രമിക്കുന്നത്. തിരുവിതാംകൂർ സ്റ്റേറ്റ് മാനുവലിന്റെ കർത്താക്കളായ വി. നാഗമയ്യയും അതിന് ശേഷം ടി.കെ. വേലുപ്പിള്ളയും തിരുവിതാംകൂർ മഹാരാജാവിനെക്കുറിച്ച് ഏറെ സ്തുതിപറയുന്നവരാണെങ്കിലും ഇത്തരം ഒരു വിജയത്തെക്കുറിച്ച് അവർ പ്രതിപാദിക്കുന്നില്ല. ഇങ്ങനെ ഒരു സംഭവം ഉണ്ടായിരുന്നുവെങ്കിൽ അരമന ചരിത്രകാരൻമാരായ ഇവർ ഇക്കാര്യം ചൂണ്ടിക്കാണിക്കുവാൻ മറന്നുപോകുമായിരുന്നില്ല. മാത്രവുമല്ല ഇത്തരം ഒരു സംഭവത്തെക്കുറിച്ച് മലബാർ കമ്മീഷണർമാരുടെ റിപ്പോർട്ടിലോ, മോയൻസിന്റെയോ, ബുക്കാനന്റെയോ വിവരണങ്ങളിലോ, സൂചിപ്പിച്ചു കാണുന്നുമില്ല. ഇതിനെല്ലാം ഉപരി ഹൈദറിന്റേയും ടിപ്പുവിന്റെയും ക്രൂരതകളെക്കുറിച്ച് വിശദീകരിക്കുവാൻ ഒരിക്കലും മടികാണിച്ചിട്ടില്ലാത്ത, ആധികാരികമെന്ന് ഏവരും പാടി പുകഴ്ത്തുന്ന 'ഹൈദർഷായുടെയും മറ്റും ചരിത്രം' എഴുതിയ ആൾ ഇതേക്കുറിച്ച് യാതൊന്നും പറയുന്നുമില്ല. തിരുവിതാംകൂർ 'സന്ദർശിക്കാനുള്ള' ഹൈദരാലിയുടെ ശ്രമങ്ങളെക്കുറിച്ച് ഈ ഗ്രന്ഥകാരൻ കൂടെകൂടെ പറയുന്നുണ്ടെങ്കിലും ഇംഗ്ലീഷ്കാർ ഈ ഉദ്ദേശ്യം മനസ്സിലാക്കിയത് കൊണ്ട് തിരുവിതാംകൂറിലേക്കുള്ള സൈനിക നീക്കം നിർത്തിവെക്കേണ്ടി വന്നു എന്നാണ് എഴുതിയിട്ടുള്ളത്.26. 1781-ൽ തന്റെ മെമ്മോറാണ്ടം എഴുതിയ ഡച്ച് ഗവർണർ പറയുന്നതിങ്ങനെയാണ്. '1766- ഒക്ടോബർ മാസത്തിൽ ഹൈദരലി തിരുവിതാംകൂർ ആക്രമിക്കുവാൻ പോകുകയാണെന്ന് ഞങ്ങൾ വിചാരിച്ചു. എന്നാൽ 1767- ജനുവരിയിൽ മറാത്തക്കാരും നൈസാം അലിയും ചേർന്ന് മൈസൂർ ആക്രമിക്കുവാൻ

മുതിർന്നതായി അദ്ദേഹം അറിഞ്ഞു. ഉടൻ തന്നെ അദ്ദേഹം ശ്രീരംഗപട്ടണത്തേക്ക് മടങ്ങുകയും അവിടെ ശത്രുക്കൾ അദ്ദേഹത്തെ വളയുകുയം ചെയ്തു.'27. ലോഗനും അദ്ദേഹത്തെ തുടർന്ന് ഇന്നിസും തങ്ങളുടെ അഭിപ്രായത്തെ പിൻതാങ്ങുന്ന ആധികാരിക രേഖകളൊന്നും ഉദ്ധരിക്കാത്ത തിനാൽ അവരുടെ അഭിപ്രായം നമുക്ക് തള്ളിക്കള യാവുന്നതേയുള്ളൂ.

ഒന്നാം മൈസൂർ യുദ്ധത്തിനിടക്ക് ഇംഗ്ലീഷ്കാർ കണ്ണൂർ കോട്ട വളഞ്ഞതിനെ തുടർന്ന് മലബാറിലെ മൈസൂർ ആധിപത്യത്തിന് വലിയ ഭീഷണി നേരിടുകയുണ്ടായി. ഈ യുദ്ധാരംഭത്തിൽ മൈസൂർ സേനക്ക് പറ്റിയ പരാജയങ്ങളും മംഗലാപുരം കോട്ട ഇംഗ്ലീഷ്കാർ അധീനപ്പെടുത്തിയതും ഹൈദരലിയുടെ ശക്തി ക്ഷയിച്ചു തുടങ്ങിയതിൻെറ സൂചന യായി മലബാറിലെ അധികാരം നഷ്ടപ്പെട്ട രാജാക്കൻമാർ കണക്കാക്കി. തൻമൂലം ഇംഗ്ലീഷ്കാരെ സഹായിക്കുവാൻ പരസ്യമായി രംഗത്തിറങ്ങുവാനും അവർ തയ്യാറായി. "1768 മാർച്ച് 3ന് കോലത്തുനാട്ടിലെയും കോട്ടയത്തേയും രാജാക്കൻമാർ 1700 നായൻമാരോടുകൂടി നമ്മോട് കൂടാമെന്ന് സമ്മതിച്ചു." എന്നാണ് ലോഗൻ പറയുന്നത്.28. ഇംഗ്ലീഷ്കാരും മലബാറിലെ സ്ഥാനഭ്രഷ്ടരാക്കപ്പെട്ട രാജാക്കൻമാരുമായുണ്ടായ ഈ വേഴ്ചയെപ്പറ്റി "ഹൈദർഷായുടെയും മറ്റും ചരിത്ര"മെഴുതിയ ഗ്രന്ഥകാരൻ പറയുന്നതാകട്ടെ, "ഇംഗ്ലീഷ്കാർ കലാപമാരംഭിക്കുവാൻ മലബാർതീരത്തെ ജനങ്ങളെ പ്രേരിപ്പിച്ച് ഈ രാജ്യം ഉപേക്ഷിച്ചു പോകുവാൻ അദ്ദേഹത്തെ നിർബന്ധനാക്കാ മെന്ന് കരുതി" എന്നാണ്.29. മലബാറിലെ കലാപകാരികളെ സഹായിക്കുകയും അതെസമയം തന്നെ ഹൈദരലിയോട് തുറന്ന ഒരു സംഘട്ടനത്തിന് മുതിരാതിരിക്കുകയുമായിരുന്നു ഇംഗ്ലീഷ്കാരുടെ നയം. തലശ്ശേരിയിലെ കമ്പനി അധി കാരികൾ കണ്ണൂർ കോട്ട വളഞ്ഞതിനെ തുടർന്ന് ബോംബേ കൗൺസിൽ പ്രകടിപ്പിച്ച അഭിപ്രായത്തിൽ നിന്നും ഇക്കാര്യം വ്യക്തമാകുന്നുണ്ട്. മനഃപൂർവ്വമായും എന്നാൽ ബുദ്ധി ശൂന്യമായും ഈ സമയത്ത് ഇങ്ങനെ ചെയ്തത് നമ്മെ വളരെ അധികം വിഷമത്തിലാക്കിയിരിക്കുന്നു, എന്നാണവർ അഭിപ്രായപ്പെട്ടത്.30. പക്ഷേ ഈ സംയുക്തസൈന്യത്തെ ആലിരാജാവ് പിന്തിരിപ്പിക്കുകയുണ്ടായി. ഈ സ്ഥലം പിടിക്കുക അത്ര എളുപ്പമല്ലെന്ന് മനസ്സിലായതിനെ തുടർന്ന് പ്രസ്തുത പരിപാടി അവർ ഉപേക്ഷിക്കുകയാണുണ്ടായത്.31. ഒന്നാം മൈസൂർ യുദ്ധത്തിൻെറ ഗതി ഇതിനിടെ ഹൈദരലി ക്കനുകൂലമായി മാറി. മംഗലാപുരം തിരിച്ചുപിടിച്ചതും സർവ്വവും ഉപേക്ഷിച്ചു കൊണ്ടുള്ള ഇംഗ്ലീഷ്സൈന്യത്തിൻെറ ലജ്ജാകരമായ പിൻമാറ്റം അവരുടെ ധാർമ്മികശക്തി നശിപ്പിച്ചതിന് പുറമെ, മലബാറിൽ തങ്ങളുടെ അധികാരം വീണ്ടെടുക്കാമെന്ന പ്രതീക്ഷയിൽ അവരെ സഹായിച്ച നായൻമാരെയും നിരാശാഭരിതരാക്കി. 41 പീരങ്കികളും 200 യൂറോപ്യൻമാരും 1200 ശിപായിമാരുമുണ്ടായിരുന്ന കോട്ട ഉപേക്ഷിച്ച് പിന്തിരിഞ്ഞോടിയത് "ലജ്ജാകരമായ പിൻമാറ്റമായിരുന്നു"വെന്നു വിഷമത്തോടു കൂടിയാ ണെങ്കിലും വിൽക്സ് പറയുന്നുണ്ട്.32. 'ഹൈദർഷാ യുടെയും മറ്റും ചരിത്ര'മെഴുതിയ ആൾ മംഗലാപുരം കോട്ട തിരിച്ചു പിടിച്ച സംഭവത്തിന് ദൃക്സാക്ഷിയായിരുന്നുവെന്ന് പറയുന്നു. ഇംഗ്ലീഷ് സൈന്യത്തിൻെറ എണ്ണത്തെക്കുറിച്ച് അദ്ദേഹം പറയുന്നത് ഇങ്ങനെയാണ് "ഒരു ജനറലും 40 ഓഫീസർമാരും 680 ഇംഗ്ലീഷ് പടയാളികളും 6000 ശിപായികളും അവരുടെ സകല ആയുധങ്ങളോടും കൂടിയാണ് ഇങ്ങനെ പിടിക്കപ്പെട്ടത്"33. ഇംഗ്ലീഷ് സൈന്യം ഓടി ഒളിച്ചതിനെ ഏറ്റവും അവജ്ഞാപൂർവ്വം ചിത്രീകരിക്കുന്ന ഇംഗ്ലീഷ് ചരിത്രകാരൻമാരെല്ലാം തന്നെ ഈ സംഭവം അവരിൽ ഉളവാക്കിയ മനഃക്ലേശം വ്യക്തമാക്കുന്നുമുണ്ട്. അങ്ങനെ മംഗലാപുരത്ത് ബോംബേ സൈന്യം പറ്റെ പരാജയ പ്പെടുകയും അവർക്ക് വലുതായ നാശനഷ്ടങ്ങൾ സംഭവി ക്കുകയും ചെയ്തു. ഇത് മൂലം മലബാറിലെ മറ്റു ഭാഗങ്ങളിൽ നിന്നും ഇംഗ്ലീഷ്കാരെ തുരത്തുവാൻ ഹൈദരലിക്ക് എളുപ്പ വുമായി.

ഈ പരിതസ്ഥിതി ശരിക്കും മനസ്സിലാക്കിയ മലബാർ രാജാക്കൻമാർ ഹൈദറുടെ ഗവർണ്ണറായ മദണ്ണയെ സമീപിച്ച് തങ്ങൾ സാമന്തരായി കഴിയുവാൻ തയ്യാറാണെന്നറിയിക്കുക യാണുണ്ടായത്. ഫ്രഞ്ച്, ഡച്ച് കമ്പനി ഉദ്യോഗസ്ഥൻമാരുടെ മാധ്യസ്ഥതയും ഇക്കാര്യത്തിലുണ്ടായിരുന്നു.34. കൂടിയാ ലോചന വിജയിക്കുകയും ഈ രാജാക്കൻമാരെ പുനർവാഴി ക്കാമെന്ന് മദണ്ണ സമ്മതിക്കുകയും ചെയ്തു. യുദ്ധച്ചെലവും വർഷന്തോറും കപ്പവും കൊടുക്കാമെന്നതായിരുന്നു വ്യവ സ്ഥ.35. അങ്ങനെ 1768ൽ മൈസൂർ സൈന്യത്തിൻെറ വലിയൊരംശവും മലബാറിൽ നിന്നും തിരിച്ചുപോയി. ഇക്കാര്യത്തിൽ ഹൈദർ പ്രദർശിപ്പിച്ച നയചാതുരിയെക്കുറിച്ചും നമ്മുടെ ചരിത്രകാരൻമാർക്കിടിയിൽ ഭിന്നാഭിപ്രായങ്ങ ളാണുള്ളത്. "മറ്റൊരുവിധത്തിലും രക്ഷപ്പെടുവാൻ കഴിയാതിരുന്ന ഹൈദറുടെ സംസ്ഥാന സേനക്ക് സുര ക്ഷിതമായി മടങ്ങുവാൻ സാധിച്ചു എന്നു മാത്രമല്ല, മലബാർ രാജാക്കൻമാർ സ്വാതന്ത്ര്യത്തിൻെറ വിലയായി സന്തോഷ സമേതം നൽകിയ ധാരാളം ധനവും അവക്ക് നേടുവാൻ കഴിഞ്ഞു."36. എന്നാൽ നായൻമാരെ കീഴടക്കുവാൻ കഴിയുകയില്ലെന്ന് ബോധ്യം വന്നതിനാലാണ് ഹൈദർ സന്ധി സംഭാഷണത്തിന് തയ്യാറായതും അവസാനം അവരെ പുനർ വാഴിച്ചതും എന്നാണ് കെ.എം. പണിക്കർ എഴുതിയിട്ടുള്ളത്.37. സമകാലിക എഴുത്തുകാരായ മൊയൻസും ബുക്കാനനും ഇതിൽ നിന്നും ഭിന്നമായ അഭിപ്രായമാണ് പ്രകടിപ്പിച്ചിട്ടുള്ളത്. മൈസൂർയുദ്ധഫലം ഹൈദർക്ക് അനുകൂലമായപ്പോൾ ഗത്യന്തരമില്ലാതെ ഡച്ചുകാരുടെയും ഫ്രഞ്ചുകാരുടേയും സഹായത്തോടെ മലബാർ രാജാക്കൻമാർ സന്ധിക്ക് അപേക്ഷിക്കുയാണ് യഥാർത്ഥത്തിലുണ്ടായത്. മാത്രമല്ല കണ്ണൂർ കോട്ട പിടിക്കുവാൻ ഇംഗ്ലീഷ്കാരും ഇവരും ചേർന്നു നടത്തിയ ശ്രമം പരാജയപ്പെട്ടതും കാര്യങ്ങളിൽ യാഥാർത്ഥ്യ ബോധമുണ്ടാക്കുവാനും ജേതാവിന് കീഴടങ്ങുവാനും ഇവരെ

പ്രേരിപ്പിച്ച ഘടകങ്ങളാണ്. രാജാക്കൻമാർ ശത്രുത ഉപേക്ഷിക്കുവാൻ തയ്യാറായപ്പോൾ ഹൈദർ അവരുടെ രാജ്യം തിരിച്ചേൽപ്പിക്കുവാനും തയ്യാറായി. മൈസൂറിന്റെ നയത്തിന് യോജിച്ച നടപടിയായിരുന്നു ഇത്. കൊച്ചി രാജാവ് കപ്പം കൊടുക്കാമെന്ന് സമ്മതിച്ചതിന് ശേഷം മൈസൂർ ഭരണകർത്താക്കൾ ഒരിക്കലും അദ്ദേഹത്തെ ഉപദ്രവിക്കുകയുണ്ടായിട്ടില്ല. മലബാർ രാജാക്കൻമാരെ പുനർവാഴിച്ചതു രാഷ്ട്രീയമായ എന്തെങ്കിലും വിഷമവും തരണം ചെയ്യുവാനായിരുന്നില്ല. കീഴടക്കപ്പെട്ട രാജ്യങ്ങളുടെ നേരെയുള്ള മൈസൂർ സുൽത്താൻമാരുടെ പൊതുനയം ഇതു തന്നെയായിരുന്നു.

---

1. *Anjengo Diary, Vol. 1269, Letter 22.8.1766, p 8.*
2. *Foreign (MISC) S.No. 56, p 97.*
   *തൃശ്ശനാപ്പള്ളിയിലെ ഭരണാധികാരിയായിരുന്ന ചന്ദാസാഹിബിന്റെ മകനായിരുന്നു റസ സാഹിബ്. ഇവർ ഇരുവരും ഹൈദറിന്റെയും ടിപ്പുസുൽത്താന്റെയും സർവ്വസൈന്യാധിപൻമാരായിരുന്നിട്ടുണ്ട്.*
3. *Dr. Buchanan, A Journey etc, op.cit, Vol.I, p 182.*
4. *M.M.D.L.T, op.cit, p 74.*
5. *Ibid, pp 75-76.*
6. *Moens, op.cit, p 152.*
7. *Letter dated 22-8-1766, Anjengo Diary, Vol. I, 1269, p 8.*
8. *Ibid, p 9.*
9. *കേരളസ്വാതന്ത്ര്യസമരം, മുൻ ഉദ്ധരിച്ചത്, പുറം - 441.*
10. *M.M.D.L.T. op.cit, p 79.*
11. *കേരളസ്വാതന്ത്ര്യസമരം, മുൻ ഉദ്ധരിച്ചത്, പുറം - 441.42.*
12. *W. Logan, op.cit, p 410.*
13. *Malabar Joint Commissioner's Report, op.cit, para 30.*
14. *Moens, op.cit, p 154.*
15. *M.M.D.L.T., op.cit, p 73.*
16. *Poona Residency Correspondence, Vol.III, No. 37-A, pp 36-37.*
17. *Anjengo Diary, July 3, 1766, pp 297-98.*
18. *Poona Residency Correspondence, Vol.III, No. 37-A.*
19. *Secret Proceedings, December 1789, S.No. 96-A, Tipu to Holland, p 2901.*
20. *Foreign (MISC) S.No.56, Part I and also see History of Mysore etc, op.cit, Vol.V, p 293.*
21. *M.M.D.L.T, op.cit, p 80.*
22. *Kozhikode Archives, 1670/D, 250, p 135.*
23. *Mohibul Hassan Khan, History of Tipu Sultan, 1951, Calcutta, The Bibleophile Ltd. p 230.*
24. *Logan, Vol.I, op.cit, p 414.*
25. *C.A. Innes, Gazetteer of Malabar and Anjengo, 1912, Madras, p 63.*
26. *Malabar Joint Commissioner's Report, para 21.*
27. *Moens, op.cit, p154.*
28. *W. Logan, Vol.I, op.cit, p 415.*
29. *M.M.D.L.T, op.cit, p 136.*
30. *Foreign Home Dept. 1756-80, Consultations.*
31. *W. Logan, Vol.I, op.cit, p 415.*
32. *Wilks, Historical sketches etc, Vol.I, op.cit, p 608.*
33. *M.M.D.L.T., op.cit, p 135.*
34. *Ibid, p 147.*
35. *Foreign (MISC) S.No. 56, Part I, p 31.*
36. *Wilks, op.cit, p 333.*
37. *കെ.എം. പണിക്കർ, മുൻ ഉദ്ധരിച്ചത്, പുറം - 345.*

# XXVII ഏകീകരണം

നിശ്ചിത സംഖ്യ കപ്പം കൊടുക്കാമെന്ന വ്യവസ്ഥയിൽ മലബാർ രാജാക്കൻമാർക്ക് അവരുടെ നാടുകൾ തിരിച്ച് നൽകിയശേഷം മൈസൂർ സേന 1768 ഡിസംബറിൽ മലബാറിൽ നിന്നും പിൻമാറിയിരുന്നു. എന്നാൽ കോലത്തിരിയുടെ ചിറക്കൽ രാജ്യം 1774-ൽ മാത്രമാണ് തിരിച്ചേൽപ്പിച്ചത്. 1766-ൽ ഈ സ്ഥലം കീഴടക്കിയ കാലം മുതൽ അതിൻെറ മേൽനോട്ടം നടത്തിയിരുന്നത് ആലി രാജയായിരുന്നു. ഒന്നാം മൈസൂർ യുദ്ധം അവസാനിക്കുന്നത് ഹൈദരലി അടിച്ചേൽപ്പിച്ച വ്യവസ്ഥകൾ ഇംഗ്ലീഷ്കാർ അംഗീകരിക്കുവാൻ തയ്യാറായതുകൊണ്ടായിരുന്നു. 1769 ആദ്യമാസങ്ങളിൽ തന്നെ യുദ്ധമവസാനിച്ചിരുന്നു. എന്നാൽ ഹൈദരലിക്ക് ഈ അവസരത്തിൽ മറാത്തക്കാരിൽ നിന്നും നേരിട്ട കടുത്ത ഭീഷണിയെ അതിജീവിക്കുവാൻ ധാരാളം സ്ഥലവും ധനവും അവർക്ക് അടിയറവെക്കേണ്ടതായ ഗതികേടുണ്ടായി. 1772 നവംബർ മാസത്തിൽ മറാത്ത ഭരണാധിപനായിരുന്ന മാധവറാവു നിര്യാതനായതിനെ തുടർന്ന് മറാത്ത കേന്ദ്രങ്ങളിൽ ഉണ്ടായ ഭിന്നിപ്പിനെ മുതലെടുത്ത് തനിക്ക് നഷ്ടമായ സ്ഥലവും ധനവും ഹൈദരലി കൈക്കലാക്കി. ഇതിനിടയ്ക്ക് തന്നെ കപ്പപണം കുടിശ്ശികയാക്കിയ മലബാറിലെ രാജാക്കൻമാരുടെ നേരെയും അദ്ദേഹം ശ്രദ്ധതിരിക്കുകയുണ്ടായി. 1766-ൽ ഹൈദർ മലബാർ വിട്ടതിന് ശേഷം 1774 വരെയുള്ള 8വർഷക്കാലത്തിന്നിടയ്ക്ക് കൊടുക്കാമെന്നേറ്റിരുന്ന സംഖ്യയിൽ ഒറ്റ പൈസ പോലും സാമൂതിരി കൊടുക്കുകയുണ്ടായില്ലയെന്ന് മൊയൻസ് രേഖപ്പെടുത്തിയിട്ടുണ്ട്.1. 'ഹൈദർ ഷായുടേയും മറ്റും ചരിത്ര'മെഴുതിയ ആളും ഈ അഭിപ്രായത്തോട് യോജിക്കുന്നു. 1767-ൽ രാജ്യം അദ്ദേഹത്തെ തിരിച്ചേൽപ്പിച്ചശേഷം കൊടുക്കാമെന്നേറ്റ സംഖ്യ കൊടുക്കുവാൻ ഈ രാജാവ് (സാമൂതിരി) തയ്യാറായില്ലെന്നാണ് അദ്ദേഹമെഴുതുന്നത്.2.

കപ്പം കുടിശ്ശികയാക്കിയ രാജാക്കൻമാരെ സ്ഥാനഭ്രഷ്ടരാക്കിയതിനും പണിക്കർ കാണുന്ന കാരണം, "അവിശ്വാസികളായിരുന്നതിനാൽ നായൻമാരെ ഹൈദർ വെറുത്തിരുന്നത്" കൊണ്ടാണെന്നാണ്.3. വസ്തുതകൾക്ക് തികച്ചും വിരുദ്ധമായ അഭിപ്രായമാണിത്. 1766-ൽ ഹൈദർ മലബാർ കീഴടക്കിയ അവസരത്തിൽ കപ്പം നൽകി സാമന്തനാകാൻ സമ്മതിച്ച കൊച്ചി രാജാവിനെ പിന്നീടൊരിക്കലും അദ്ദേഹം ഉപദ്രവിച്ചിട്ടില്ല. സാമൂതിരിയേയും മറ്റു രാജാക്കൻമാരേയും സ്ഥാനഭ്രഷ്ടരാക്കിയതിന് ശേഷവും കോലത്തിരി രാജാവിൻെറ അഭ്യർത്ഥന സ്വീകരിച്ച് ഹൈദർ അദ്ദേഹത്തെ ചിറയ്ക്കൽ രാജ്യത്തിൻെറ ഭരണം തിരിച്ചേൽപ്പിക്കുകയുണ്ടായി. വർഷംതോറും മുടങ്ങാതെ കപ്പം കൊടുത്തുകൊള്ളാമെന്നായിരുന്നു ഇവിടേയും മുഖ്യമായ വ്യവസ്ഥ.4. 1766 മുതൽ ചിറയ്ക്കൽ രാജ്യത്തിൻെറ മേൽനോട്ടം മുസ്ലീം രാജാവായ ആലിരാജയാണ് നടത്തിക്കൊണ്ടു പോന്നിരുന്നത്. ആലിരാജയാകട്ടെ ഹൈദരലിയുടെ പ്രധാന സേവകനും സഹായിയുമായിരുന്നുവെന്ന് നമുക്കറിയുകയും ചെയ്യാം. എന്നാൽ കപ്പം കണിശമായടക്കുന്നതിൽ പരാജിതനായ ആലിരാജയിൽ നിന്നും ചിറയ്ക്കൽ വീണ്ടെടുക്കുകയും കപ്പം കൊടുക്കാമെന്നേറ്റ ചിറയ്ക്കൽ രാജാവിനുതന്നെ ഭരണ നിർവ്വഹണത്തിനായി വിട്ടുകൊടുക്കുകയും ചെയ്യുന്നു. ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നത് 1774-ൽ മലബാർ രാജാക്കൻമാരെ സ്ഥാനഭ്രഷ്ടരാക്കിയത് കൊടുക്കാമെന്ന് വ്യവസ്ഥ ചെയ്തിരുന്ന തുക നൽകാതിരുന്നതു കൊണ്ടാണെന്നു തന്നെയാണ്. ഈ അടിസ്ഥാനത്തിൽ തന്നെയാണ് കൃത്യമായി കപ്പം കൊടുക്കാമെന്നേറ്റ ചിറയ്ക്കൽ രാജാവിനെ അദ്ദേഹം പുനർവാഴിച്ചതും. ഇതിൽ മതവും സമുദായവും കാണുന്നവരുടെ കണ്ണിനാണ് വർഗ്ഗീയ തിമിരം ബാധിച്ചിരിക്കുന്നത്.

എന്നാൽ പുനർവാഴിക്കപ്പെട്ട മലബാർ രാജാക്കൻമാരുടെ ഭരണം നീതി-ധർമ്മങ്ങളുടെ എല്ലാ സീമകളേയും ലംഘിച്ചുകൊണ്ടുള്ള ജനദ്രോഹപരമായ മർദ്ദനസംവിധാനമായിരുന്നു. മലബാറിൽ സൂക്ഷ്മവും സമഗ്രവുമായ അന്വേഷണം നടത്തിയിരുന്ന ഡോ.ഫ്രാൻസിസ് ബുക്കാനൻ അക്കാലത്തെ സ്ഥിതിഗതികളെക്കുറിച്ച് വിശദമായി വിവരിക്കുന്നുണ്ട്. ജനങ്ങളുടെമേൽ ഈ രാജാക്കൻമാർ സ്വേച്ഛാപരമായിട്ടാണ് പെരുമാറിയിരുന്നതെന്നും ജനങ്ങളുടെ സ്ഥിതി കർണ്ണാടക ബ്രാഹ്മണൻമാരുടെ കീഴിലായിരുന്നപ്പോഴത്തേക്കാൾ ഏറെ മോശമായിരുന്നു എന്നുമാണ്. മലബാറിൽ ഹൈദറുടെ സിവിൽ ഗവർണ്ണർമാരായിരുന്ന മദണ്ണയും ശ്രീനിവാസ റാവുവുമായിരുന്നു ബുക്കാനൻ പറയുന്ന കർണ്ണാടക ബ്രാഹ്മണൻമാർ. ചുരുങ്ങിയ കാലത്തിന്നിടക്ക് തങ്ങളുടെ പൂർവ്വികൻമാർ കേട്ടിട്ടു പോലുമുണ്ടായിട്ടില്ലാത്തത്ര ധനം ഇവർ സമ്പാദിച്ചുകൂട്ടുകയുണ്ടായെന്നും ബുക്കാനൻ തുടർന്ന് പറയുന്നുണ്ട്. ഈ രാജാക്കൻമാരുടെ ക്രൂരമായ മർദ്ദന ഭരണത്തെ ഒന്നിനും മറികടക്കുവാനാകുമായിരുന്നില്ലെന്നും ഇവരെ എതിർക്കുവാൻ ആരും ധൈര്യപ്പെടുമായിരുന്നില്ലെന്നും ബുക്കാനൻ തുടർന്ന് രേഖപ്പെടുത്തുന്നു. ഒരാൾക്ക് എന്തൊക്കെ കഷ്ടനഷ്ടങ്ങളുണ്ടായാലും അതിനെക്കുറിച്ച് അയാൾക്ക് പരാതിപ്പെടുവാൻ സാധിക്കുമായിരുന്നില്ല. കാരണം പരാതിപ്പെട്ടാൽ തൻെറ തല തന്നെ അയാൾക്ക് നഷ്ടപ്പെടുമായിരുന്നു.5. അതുകൊണ്ട് രാജ്യത്തുടനീളം അസംതൃപ്തി കളിയാടുകയും ചെയ്തു. തൻമൂലം നിരുത്തരവാദപരമായ ഇത്തരം ഒരു ഭരണം മാറ്റി ഒരു നല്ല ഭരണസംവിധാനം ഏർപ്പെടുത്തേണ്ടത് അനിവാര്യമായിതീർന്നു.

1773 മേയ് മാസത്തിൽ സയ്യിദ് സാഹിബിൻെറയും ശ്രീനിവാസറാവുവിൻെറയും നേതൃത്വത്തിൽ ഒരു ചെറിയ സൈന്യത്തെ ഹൈദരലി മലബാറിലേക്കയച്ചു. ഈ സേന

വയനാട് കടന്ന് താമരശ്ശേരിചുരം വഴിയാണ് മലബാറിൽ എത്തിയത്. തുടർന്ന് കണ്ണൂരിലെ രാജാവിനെ ഒഴിച്ച് മറ്റു മലയാളി രാജാക്കൻമാരെ മുഴുവൻ സ്ഥാനഭ്രഷ്ടരാക്കുകയുണ്ടായി. ശ്രീനിവാസറാവു സിവിൽ ഗവർണ്ണറെന്ന നിലയിൽ മലബാറിന്റെ ഭരണം മൈസൂറിന്റെ നേരിട്ട ധീനതയിൽ കൊണ്ടുവരികയും ചെയ്തു. രാജ്യങ്ങൾ നേരിട്ടെടുത്തതോടുകൂടി മലബാറിന്റെ കീഴടങ്ങലും ഏകീകരണവും പൂർത്തീകരിക്കപ്പെട്ടു. മൈസൂറിന്റെ മറ്റു ഭാഗങ്ങളിൽ നിലവിലുണ്ടായിരുന്നതു പോലെ ക്രമപ്രകാരമുള്ള ഭൂനികുതി സമ്പ്രദായം ശ്രീനിവാസ റാവു മലബാറിലും നടപ്പാക്കുവാനുള്ള ശ്രമമാണ് പിന്നീട് നടത്തിയത്. ഇതിന് ശേഷം 1789ൽ തലശ്ശേരിയിലെ മേജർ ആബിംഗ്ടണുമായി ചേർന്നു പ്രവർത്തക്കുവാൻ വേണ്ടി ബോംബെ ഗവൺമെന്റ് നിയോഗിച്ച കേണൽ ഹംബേഴ്സ്റ്റൺ തന്റെ സേനയുമായി മലബാറിലെത്തുന്നതുവരെ രാജ്യത്തിന്റെ സ്ഥിതി പൊതുവേ സമാധാന പരമായിരുന്നു.7.

എന്നാൽ 1776ൽ തിരുവിതാംകൂർ ആക്രമിക്കുവാനുള്ള ഒരു ശ്രമവും കൂടി ഹൈദരലി നടത്തിയിരുന്നു. 10,000 സൈനികരുമായെത്തിയ സർദാർഖാന് ചേറ്റുവ വഴി കടന്ന് പോകാനുള്ള അനുവാദം ഡച്ചുകാരിൽ നിന്നും ലഭിച്ചില്ല. തുടർന്നുണ്ടായ സംഘട്ടനത്തിൽ സർദാർഖാൻ ഡച്ചുകാരിൽ നിന്നും ചേറ്റുവായും കൊടുങ്ങല്ലൂരും പിടിച്ചെടുത്തു. ഈ പ്രവർത്തനങ്ങളിൽ മുഴുകിയതുമൂലം തിരുവിതാംകൂറിലേക്ക് കടക്കുവാൻ താമസം നേരിട്ടു. ഈ അവസരത്തിൽ ഫ്രഞ്ചുകാരും ഇംഗ്ലീഷുകാരും തമ്മിൽ യൂറോപ്പിൽ യുദ്ധപ്രഖ്യാപനം നടന്നിരുന്നു. അതിന്റെ അലയൊലി കേരളത്തിലും അനുഭവപ്പെടുമെന്ന് ഹൈദരലിക്കറിയാമായിരുന്നു. ഇംഗ്ലീഷ്കാരോടു യുദ്ധം ചെയ്യേണ്ടതായി വരുമെന്ന് മനസ്സിലാക്കിയ ഹൈദരലി തിരുവിതാംകൂർ ആക്രമിക്കുവാനുള്ള ഇപ്രവാശ്യത്തെ ശ്രമവും ഉപേക്ഷിച്ചു തന്റെ തലസ്ഥാനത്തേക്ക് പോകേണ്ടതായി വന്നു.

വിചാരിച്ചതുപോലെ ഫ്രഞ്ചുകാരും ഇംഗ്ലീഷുകാരുമായുള്ള യുദ്ധം ആരംഭിച്ചപാടെ ഫ്രഞ്ച് അധീന പ്രദേശമായിരുന്ന പുതുശ്ശേരി ഇംഗ്ലീഷുകാർ പിടിച്ചടക്കി. മലബാർ തീരത്തെ ഫ്രഞ്ചുതാവളമായ മാഹി പിടിച്ചെടുക്കുവാനായിരുന്നു അവരുടെ അടുത്ത ശ്രമം.8. മാഹി ഇംഗ്ലീഷ് അധീനതയിൽ വന്നാലുണ്ടാകുന്ന പ്രത്യാഘാതങ്ങൾ ഹൈദറെ പ്രവർത്തനനിരതനാക്കി. ബുദ്ധിമാനായ ഹൈദർ കമ്പനി പ്രദേശങ്ങൾ ഉൾപ്പെടെയുള്ള മലബാർ തീരപ്രദേശങ്ങളുടെ മുഴുവൻ പേരിൽ പരമാധികാരം അവകാശപ്പെടുകയാണ് ഈ സമയത്ത് ചെയ്തത്. 1779 മാർച്ച് 19ന് മദ്രാസ് ഗവർണ്ണർക്ക് ഹൈദർ എഴുതിയ കത്തിൽ ഈ അവകാശം ആവർത്തിച്ചുന്നയിച്ചിരുന്നു. "ഇപ്പോൾ നിങ്ങൾ മാഹിയ്ക്കെതിരെ നീങ്ങിയിട്ടുള്ളതായറിയുന്നു. ഡച്ച്, ഇംഗ്ലണ്ട്, ഫ്രാൻസ്, പോർച്ചുഗീസ്, ഡെൻമാർക്ക് എന്നിവരുടേതായ അനേകം കേന്ദ്രങ്ങൾ എന്റെ രാജ്യത്തുണ്ട്. എന്റെ പ്രജകളെന്ന നിലയിലാണ് അവർ കച്ചവടബന്ധങ്ങളിലും മറ്റും ഏർപ്പെട്ടിരിക്കുന്നത്. പരസ്പരം ആക്രമിക്കാനുതകുന്ന വിധത്തിൽ ഇവർക്കാർക്കും ഇവിടെ കോട്ടകളോ, മറ്റു പ്രദേശങ്ങളോ കൈവശമില്ല. അതുകൊണ്ട് ഇവരെ മറ്റുള്ളവർ ആക്രമിക്കുകയാണെങ്കിൽ എന്റെ പ്രജകളായി ഞാൻ കരുതുന്ന ഇവർക്ക് സംരക്ഷ നൽകുവാനുള്ള നടപടികൾ ഞാനും സ്വീകരിക്കേണ്ടതായി വരും"9. ഇതേതുടർന്ന് കോലത്തുനാട് കിരീടാവകാശിയോട് തന്റെ സൈന്യവുമായി ചെന്ന് ഫ്രഞ്ചുകാരെ സഹായിക്കുവാൻ ആജ്ഞാപിക്കുകയും ചെയ്തു. കൂടാതെ കടത്തുനാട് രാജാവിനോട് അവിടെനിന്നും 2000 പേരുള്ള ഒരു സൈന്യത്തെ അങ്ങോട്ടയ്ക്കുന്നതിനും ഹൈദർ ഉത്തരവു പുറപ്പെടുവിച്ചു. കോലത്തുനാട് രാജാവിന്റെയും മാഹിയിലെ ഫ്രഞ്ച്സൈന്യത്തിന്റെയും സംയുക്തശ്രമം ഉണ്ടായിട്ടും മാഹി പിടിച്ചെടുക്കുന്നതിൽ ഇംഗ്ലീഷ്കാർ വിജയിക്കുകയുണ്ടായി. മാഹി പിടിച്ചടക്കിയ ശേഷം മൈസൂർ സൈന്യത്തോട് യാതൊരു വക ശത്രുതയും ഇംഗ്ലീഷ്കാർ പ്രകടിപ്പിച്ചതുമില്ല. പ്രതിരോധത്തിൽ മാത്രം ഏർപ്പെടുവാനും ഹൈദരലിയോട് വൈരാഗ്യത്തിന്റെ ലാഞ്ചനപോലും കാണിക്കാതിരിക്കാനുമാണ് ബോംബേ ഗവർമ്മേണ്ടിൽ നിന്നും തലശ്ശേരിയിലെ ഇംഗ്ലീഷ് അധികാരികൾക്ക് ലഭിച്ച സന്ദേശം.10. 1779 നവമ്പറോടുകൂടി മാഹിയിൽ നിന്നും ബ്രിട്ടീഷ് സൈന്യം പിൻവലിഞ്ഞ് അവരുടെ തലശ്ശേരി കോട്ടയുടെ സംരക്ഷണത്തിൽ വ്യാപൃതരാകുകയാണുണ്ടായത്.

എന്നാൽ 1780 ഫെബ്രുവരിയിൽ ഒരു സൈന്യവുമായി സർദാർഖാൻ മലബാറിലെത്തുകയും കോട്ടയം, കുടത്തുനാട് രാജാക്കൻമാരുമായുള്ള ചില തർക്കങ്ങൾ പറഞ്ഞൊതുക്കിയ ശേഷം ജൂലായ് 8ന് തലശ്ശേരിയിൽ പ്രവേശിക്കുകയും ചെയ്തു. സർദാർഖാന്റെ പ്രകോപനപരമായ ഈ പ്രവർത്തിക്ക് നിദാനം തലശ്ശേരിയിൽ അഭയം പ്രാപിച്ചിരുന്ന നായർ പ്രഭുക്കളേയും മറ്റുള്ളവരേയും ചിറയ്ക്കൽ രാജാവിനെ ഏല്പിച്ചുകൊടുത്താൽ കുഴപ്പം അവസാനിക്കുമെന്ന് 1780 ഫെബ്രുവരിയിൽ തന്നെ ഹൈദർ റസിഡൻണ്ടിന്നെഴുതിയിട്ടും യാതൊരു മേൽ നടപടിയും എടുക്കാതിരുന്നതിനാലാണ്.11. 1779ൽ മാഹിയിൽ നിന്നും തിരിച്ചുപോന്ന മദ്രാസ് സൈന്യം തലശ്ശേരിയിലെത്തിയ ശേഷം ഹൈദരലിയുടെ സാമന്തരാജാക്കൻമാർക്കെതിരെ യുദ്ധം ചെയ്യുകയാണുണ്ടായത്. ഇത് മുൻ സൂചിപ്പിച്ച സുപ്രീം കൗൺസിലിന്റെ നിർദ്ദേശത്തിന് കടകവിരുദ്ധവുമായിരുന്നു. തലശ്ശേരി ഉപരോധം സർദാർഖാൻ നടത്തിക്കൊണ്ടിരിക്കുന്ന അവസരത്തിൽ തന്നെയാണ് 90,000 സൈനികബലത്തോടുകൂടി ഹൈദരലിഖാൻ കർണ്ണാടകത്തിലേക്ക് പ്രവേശിക്കുന്നത്. അങ്ങനെയാണ് രണ്ടാം ആഗ്ലോ-മൈസൂർ യുദ്ധത്തിന്റെ ആരംഭം.

"ഇംഗ്ലീഷ്കാർക്ക് ഇൻഡ്യയിൽ വെച്ച് ഏല്ക്കേണ്ടിവന്ന

പരാജയങ്ങളിൽ ഏറ്റവും വലുത്"12. എന്ന് തോമസ് മൺറോ വിശേഷിപ്പിച്ച ബെയ്‌ലിയുടെ പരാജയവും പല തരത്തിലും ഇംഗ്ലീഷ്കാർക്ക് ഏറ്റ ആഘാതങ്ങളും തലശ്ശേരിയിലെ സ്ഥിതി കൂടുതൽ ഗുരുതരമാക്കിയിരുന്നു. 18 മാസം നീണ്ടുനിന്ന ഈ ഉപരോധത്തിൽ ഇംഗ്ലീഷ്കാർ പ്രദർശിപ്പിച്ച ധീരതയും കാര്യശേഷിയും പ്രശംസാർഹ മായിരുന്നു. 1781 അവസാനത്തോടുകൂടി കേണൽ ഹംബേ ഴ്സ്റ്റന്റെ നേതൃത്വത്തിൽ ബോംബേയിൽ നിന്നും പോഷ കസേന എത്തിച്ചേർന്നു. അദ്ദേഹം തലശ്ശേരിയിലെ മേജർ ആബിംഗ്ടൺനോട് ചേർന്ന് നടത്തിയ ഘോരയുദ്ധത്തിൽ സർദാർഖാനെ പരാജയപ്പെടുത്തി, 1200 സൈനികരോ ടുകൂടി അദ്ദേഹത്തെ തടവിലാക്കുകയും ചെയ്തു.13. ഈ സംഭവത്തിൽ വളരെ ലജ്ജിതനായിത്തീർന്ന സർദാർഖാൻ ആത്മഹത്യ ചെയ്തെന്നാണ് 'ഹൈദർനാമ' എന്ന ഗ്രന്ഥത്തി ന്റെ കർത്താവ് പറയുന്നത്.14. ഈ പരാജയത്തെതുടർന്ന് ഹൈദർ മലബാറിലേക്ക് പറഞ്ഞയച്ചത് മക്ദും അലിയെ യാണ്. മക്ദും അലിയെ നേരിട്ടത് കേണൽ ഹംബേഴ്സ്റ്റണും മലബാറിലെ നായർ യോദ്ധാക്കളും സംയുക്തമായി ട്ടായിരുന്നു. മക്ദും അലിയുടെ സൈന്യം എത്തിച്ചേർന്നത് വലിയ അപകടം പിടിച്ച സ്ഥലത്തായിരുന്നു. പുറകിലായി ആഴമേറിയ നദിയുണ്ടായിരുന്നതിനാൽ ആ സ്ഥലം ഒരു ഏറ്റുമുട്ടലിന് പറ്റിയതായിരുന്നില്ല. എന്നാൽ തന്റെ സൈനിക ശക്തിയിൽ അമിതമായ വിശ്വാസമുണ്ടായിരുന്ന മക്ദും അലി ആ നിലയിൽ തന്നെ യുദ്ധത്തിനൊരുങ്ങുകയാണു ണ്ടായത്. "എടുത്തു ചാടിയുള്ള തന്റെ പ്രവർത്തിക്ക് പിഴ യായി സ്വന്തം ജീവനും സൈന്യത്തിന്റെ നല്ലൊരു പങ്കും അദ്ദേഹത്തിന് ബലി കൊടുക്കേണ്ടതായി വന്നു."15.

മക്ദും അലിയുടെ പരാജയം ഹൈദരലിയെ വളരെ യധികം വ്യാകുലപ്പെടുത്തിയ കാര്യമാണ്. ദുർഘടമായ ഈ സ്ഥിതിയിൽ നിന്നും രക്ഷപ്പെടുവാനായി ടിപ്പു സുൽ ത്താനെ അദ്ദേഹം മലബാറിലേക്കയച്ചു. 1782 ജൂൺ 18ന് ടിപ്പു ഒരു സേനാവിഭാഗത്തോടു കൂടി മലബാറിലേക്ക് കടന്നു. കേണൽ ഹംബേഴ്സ്റ്റണിന്റെ സേന പാലക്കാടു എത്തിയിരുന്നുവെങ്കിലും മൈസൂർ സൈന്യത്തെ നേരി ടുവാൻ ശക്തമല്ലെന്ന് മനസ്സിലാക്കി പിൻതിരിഞ്ഞ് പോരു കയാണ് ചെയ്തത്. ടിപ്പു പാലക്കാടെത്തിയപ്പോൾ ശത്രു പിൻവാങ്ങിയതായി കണ്ടു. സമയം തെല്ലും പാഴാക്കാതെ അദ്ദേഹം ഇംഗ്ലീഷ് സൈന്യത്തെ പിന്തുടർന്ന് അവരെ നിര ന്തരം ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. ഈ സംരംഭത്തിൽ ശത്രുസൈന്യത്തിന്റെ ധാരാളം സാധനസാമഗ്രികളും ആഹാരസാധനങ്ങളും പിടിച്ചെടുക്കുകയുണ്ടായി. സന്ധ്യ യോടുകൂടി കേണൽ ഹംബേഴ്സ്റ്റൺ പൊന്നാനിപ്പുഴയുടെ തീരത്തെത്തി. പുഴയിൽ വെള്ളപ്പൊക്കമുണ്ടായിരുന്നതു കൊണ്ട് ശത്രുസൈന്യത്തിന് പുഴക്കക്കരെയെത്തുവാൻ അസാദ്ധ്യമാണെന്ന് ടിപ്പു വിചാരിച്ചു. തൻമൂലം പിറ്റേ ദിവസം രാവിലെ ശത്രുവിനെ നേരിടാമെന്ന് കരുതിയ അദ്ദേഹം തന്റെ സൈന്യത്തിന് വിശ്രമമനുവദിക്കുകയും ചെയ്തു. എന്നാൽ നേരം വെളുത്തപ്പോൾ തന്റെ പിടിയിൽ നിന്നും ശത്രു രക്ഷപ്പെട്ടിരുന്നതായിട്ടാണ് ടിപ്പുവിന് കാണാൻ കഴിഞ്ഞത്. ഇംഗ്ലീഷ് സൈന്യം നാശത്തിൽ നിന്നും എങ്ങനെ രക്ഷപ്പെട്ടുവെന്ന് വിൽക്സ് സുന്ദരമായി ചിത്രീകരിച്ചിട്ടുണ്ട്. "പ്രായോഗികമായ ഒരു രക്ഷാമാർഗ്ഗം കണ്ടെത്തുന്നതിന് രാത്രിയുടെ സിംഹഭാഗവും ശ്രമിച്ചുകൊണ്ടിരുന്ന സൈന്യ ത്തിന് അവസാനം സാധാരണയാളുകൾക്ക് താടി വരെ വെള്ളമുള്ള ഒരു സ്ഥലം കണ്ടുപിടിക്കുവാൻ സാധിച്ചു. നിശ്ശ ബ്ദരായി കൈകോർത്തുപിടിച്ച് ഉയരം കുടിയവർ ഉയരം കുറഞ്ഞവരെ സഹായിച്ചുകൊണ്ട് ഒരാൾക്കും അപകടം പറ്റാതെ ഒരുവിധം അക്കരെ പറ്റുവാൻ കഴിഞ്ഞു."16. നിശ്ചയമായിരുന്ന വൻനാശത്തിൽ നിന്നും രക്ഷപ്പെട്ട അവർ ഏതെങ്കിലും രക്ഷാകേന്ദ്രത്തിലെത്താൻ ജീവനും കൊണ്ടോടുക യാണുണ്ടായത്. അവരെ മറികടക്കാൻ ടിപ്പു കഴിവതും ശ്രമി ച്ചെങ്കിലും ഇതിനകം അവർ പൊന്നാനിപട്ടണത്തിൽ എത്തി ച്ചേർന്നിരുന്നു. അവിടെ കേണൽ മക്ളിയോഡ് ഒരു പോഷക സേനയുമായെത്തുകയും സൈന്യത്തിന്റെ നേതൃത്വം ഏറ്റെടുക്കുകയും ചെയ്തു.

പൊന്നാനിയിലെത്തിയ ടിപ്പു ഇംഗ്ലീഷ് സേനയുടെ മുൻപിൽ തന്നെ താവളമടിക്കുകയും ഒരാക്രമണത്തിന് വട്ടം കൂട്ടുകയും ചെയ്തു. നവമ്പർ 29ന് ലാലിയുടെ സഹായ ത്തോടെ ടിപ്പു രൂക്ഷമായ ഒരു കടന്നാക്രമണം നടത്തി. മക്ളിയോഡ് വളരെ സുരക്ഷിതമായൊരിടത്താണ് നിലയുറ പ്പിച്ചിരുന്നത് എന്നതിനാൽ ടിപ്പുവിന് തന്റെ പാളയത്തിലേക്ക് തന്നെ തിരിച്ചു പോരേണ്ടതായി വന്നു. വിഫലമായ ഈ ശ്രമ ത്തിന് ശേഷം പോഷകസൈന്യം വന്നെത്തുന്നതും കാത്ത് കുറച്ചു കൂടി പുറകോട്ടു മാറി അടുത്ത ആക്രമണത്തിനുള്ള ഒരുക്കങ്ങൾ നടത്തുകയായിരുന്നു ടിപ്പു സുൽത്താൻ. "എന്നാൽ ഇംഗ്ലീഷ് താവളത്തെ സദാസമയം നിരീക്ഷിച്ചുകൊണ്ടിരുന്ന ഈ ചെറിയ സേനാവിഭാഗം പെട്ടെന്ന് അപ്രത്യക്ഷമായി. ഇത് ഡിസംബർ 12-ാം തീയതി ആയിരുന്നു. തുടർന്ന് കിട്ടിയ റിപ്പോർട്ട് പ്രകാരം മൈസൂർ സൈന്യം കിഴക്കോട്ട് ദ്രുത ഗതിയിൽ നീങ്ങിക്കൊണ്ടിരിക്കുന്നതായിട്ടാണ് അറിയാൻ കഴി ഞ്ഞത്." എന്നാണ് വിൽക്സ് എഴുതുന്നത്.17. തന്റെ പിതാവിന്റെ മരണവാർത്തയറിഞ്ഞ ടിപ്പു പെട്ടെന്ന് തന്നെ താ[illegible] ശ്രീരംഗപട്ട[illegible]ത്തിലേക്ക് യാത്രയാ[illegible] യാണുണ്ടാ[illegible]ലം വിടു[illegible] തന്നെ മലബാർ ഗവർമ്മേണ്ടിന്റെ ചുമതല വഹിക്കാനും പാലക്കാട്ടെ പ്ര[illegible] രോധം തുടരുവാനും അദ്ദേഹം അർഷാദ് ബെഗ്ഖാനെ ഏ[illegible] പ്പാടു ചെയ്തിരുന്നു.18. മലബാറിൽ വളരെ കുറച്ച് കാലമെ തനിക്ക് ശ്രദ്ധിക്കുവാൻ സാധിച്ചിരുന്നുള്ളുവെങ്കിലും ഹൈദ രലിയുടെ നേട്ടങ്ങൾ മികച്ചവയാണെന്നതിൽ സംശയമില്ല. രണ്ടാം മൈസൂർ യുദ്ധത്തിനിടയ്ക്കു വെച്ച് അദ്ദേഹം മരണപ്പെട്ടില്ലായിരുന്നുവെങ്കിൽ മലബാറിന് കൂടുതൽ നേട്ടങ്ങളുണ്ടാക്കുവാൻ കഴിയുമായിരുന്നു.

1. Moens, op.cit, p 155.
2. M.M.D.L.T., op.cit, p 225.
3. K.M. Panikkar, op.cit, p 345.
4. Foreign (Miscellaneous) S.No. 94, pp 65-70, Voucher 4.
5. Buchanan, op.cit, p 446.
6. സയ്യിദ് സാഹിബ്, ഹൈദരലിയുടെ സൈനിക മേധാവികളിൽ ഒരാളായിരുന്നു. അദ്ദേഹത്തിന്റെ മകളെയാണ് ടിപ്പു സുൽത്താൻ വിവാഹം ചെയ്തിരുന്നത്.
7. Secret Consultations, Jan 20, 1783.
8. Ibid, March 1, 1779, No. 1.
9. Foreign Secret Proceedings, Secret Select Committee, Jan 4, 1779.
10. Foreign Home Department, 1756-1780, January 14, 1780.
11. Foreign (Miscellaneous) S.No.55, p 36, para 30.
12. Glieg, Thomas Munroe, p 25, quoted by Mohibul Hassan Khan, History of Tipu Sultan, p 20.
13. Secret Consultations, March 13, 1781, No.9.
14. Hyder Nama, quoted by Mohibul Hasan Khan, History of Tipu Sultan, p 97.
15. Secret Proceedings, May 28, 1782, p 1684.
16. Wilks, Historical sketches etc, op.cit, Vol.II, pp 36-37.
17. Ibid.
18. Military Consultations, February, 1783, Vol 66-A, p 719.

# XXVIII ഹൈദരലിയും കൊച്ചി, തിരുവിതാംകൂർ രാജ്യങ്ങളുമായുള്ള ബന്ധവും

ഹൈദരലിയും കൊച്ചി, തിരുവിതാംകൂർ നാട്ടുരാജ്യങ്ങളും തമ്മിലുണ്ടായിരുന്ന ബന്ധം കേരളത്തിലെ രാജാക്കൻമാരോടും ഭരണാധികാരികളോടും മൈസൂർ നവാബുമാർ കൈക്കൊണ്ട നയത്തിൻെറ അടിസ്ഥാനം വ്യക്തമാക്കുവാൻ ഉതകുന്നതാണ്. അവരുടെ ഈ രാഷ്ട്രീയ വേഴ്ച വിലയിരുത്താതെ മൈസൂറിൻെറ കേരള അധിനിവേശത്തെക്കുറിച്ചുള്ള ഒരു പഠനവും പൂർത്തിയാകുകയില്ല. മലബാർ കീഴടക്കിയ ഹൈദരലിയുടെ സാമന്തനാകുവാൻ കൊച്ചി തയ്യാറായെങ്കിലും തിരുവിതാംകൂർ അതിന് സമ്മതിച്ചില്ലെന്ന് നാം നടെ പ്രസ്താവിച്ചതാണ്. കൊച്ചി രാജാവാകട്ടെ ഡച്ച് ഗവർണ്ണറുടെ സഹായത്തോടും തിരുവിതാംകൂറിൻെറ ഉപദേശത്തോടുംകൂടിയാണ് ഇതിന് ഒരുങ്ങിയതും. തിരുവിതാംകൂർ രാജാവ് കപ്പം കൊടുക്കുന്നതിനായി കൊച്ചിക്ക് സാമ്പത്തിക സഹായവും കൂടി നൽകിയിരുന്നതായിട്ടാണ് ഡച്ച് രേഖകളിൽ കാണുന്നത്. ഹൈദരലി മലബാറിൽ നിന്നും തെക്കോട്ട് കടക്കുവാതിരിക്കുവാൻ തിരുവിതാംകൂർ രാജാവ് സ്വീകരിച്ച ഒരടവായിരുന്നു ഇത്.

തൻെറ സാമന്തപദവി അംഗീകരിച്ച കൊച്ചിയോട് വളരെ സ്നേഹത്തിലും ബഹുമാനത്തിലുമാണ് ഹൈദർ പെരുമാറിയിരുന്നത്. കൂടെ കൂടെ എഴുത്തുകളും സമ്മാനങ്ങളും ഹൈദർ കൊടുത്തയച്ചതായി കൊച്ചി രേഖകൾ വ്യക്തമാക്കുന്നുണ്ട്.2. 1776ൽ ചേറ്റുവ കോട്ട സംബന്ധിച്ച തർക്കത്തിൽ കൊച്ചി രാജാവ് ഡച്ചുകാരെ അനുകൂലിക്കുകയും കപ്പം കുടിശ്ശിക വരുത്തുകയും ചെയ്ത സന്ദർഭത്തിൽ മാത്രമേ ഈ സൗഹൃദബന്ധത്തിൽ അല്പം ഉലച്ചിൽ തട്ടുകയുണ്ടായുള്ളു. തുടർന്ന് സർദാർഖാൻ കൊച്ചിയിലേക്ക് നീങ്ങുകയും തൃശ്ശൂർ താവളമുറപ്പിക്കുകയും ചെയ്തു. രണ്ടുലക്ഷം പഗോഡ ഉടനെ നൽകുകയും വർഷതോറും 50,000 പഗോഡ മുടക്കം വരുത്താതെ അടച്ചുകൊണ്ടിരിക്കുകയും ചെയ്യാമെന്നേറ്റാൽ സൈന്യത്തെ പിൻവലിക്കാമെന്ന് സർദാർഖാൻ അറിയച്ചു.3. എന്നാൽ രാജ്യത്തിൻെറ സാമ്പത്തിക സ്ഥിതി കണക്കാക്കുമ്പോൾ ഈ തുക വളരെ കൂടുതലാണെന്ന് ആക്ഷേപം പുറപ്പെടുവിച്ച കൊച്ചി രാജാവിനെ ഹൈദരലിക്ക് നേരിട്ട് പരാതി കൊടുക്കുവാൻ സർദാർ ഖാൻ അനുവദിക്കുകയുണ്ടായി. ഹൈദരലി കൊച്ചിരാജാവിന് അനുകൂലമായാണ് തീരുമാനമെടുത്തത്. കൊടുങ്ങല്ലൂരിൽ നിന്നുള്ള കപ്പവും മറ്റു സംഖ്യകളും ഉൾപ്പെടെ ആകെ ഒരു ലക്ഷം പഗോഡ കൊടുത്താൽ മതിയെന്ന് ഹൈദർ അലി നിർദ്ദേശിച്ചു.4. ഈ സംഖ്യ കൊടുത്തുകൊള്ളാമെന്ന് രാജാവ് സമ്മതിച്ചപ്പോൾ സർദാർ ഖാൻ തിരിച്ചുപോകുകയും ചെയ്തു. അതിന് ശേഷം കൊച്ചിയുടെ നേരെ വൈരാഗ്യപരമായ ഒരു നീക്കവും ഇവർ നടത്തിയിട്ടില്ല. പുത്തേഴത്ത് രാമൻമേനോൻ എഴുതുന്നത് രാജാവുമായുണ്ടായിരുന്ന അവരുടെ ബന്ധം, 'യോഗ്യവും ശാന്തവും മാന്യവുമായിരുന്നു'. എന്നാണ്.5.

ഇതിന് ശേഷം കൊച്ചിരാജാവിന് എല്ലാവിധ സഹായവും ഹൈദരിൽ നിന്നും ലഭിച്ചിരുന്നു. വെന്നേരിയിലെ പെരുമ്പടപ്പു തുടങ്ങി ഒരു നൂറ്റാണ്ടു കാലമായി കൊച്ചിയുടെ അധീനതയിലല്ലാതിരുന്ന ഗ്രാമങ്ങളുടെ കാര്യത്തിൽപ്പോലും കൊച്ചിക്കനുകൂലമായ നിലയാണ് മൈസൂർഭരണകർത്താക്കൾ സ്വീകരിച്ചത്. കൊച്ചിയെ സംബന്ധിച്ചിടത്തോളം ഈ സ്ഥലങ്ങൾക്കുണ്ടായിരുന്ന പ്രാധാന്യം ഹൈദരലിയെ ബോധ്യപ്പെടുത്തിയപ്പോൾ അദ്ദേഹം അത് വകവച്ച് കൊടുക്കുകയാണുണ്ടായത്.6.

എന്നാൽ മൈസൂർ നവാബുമാരുമായുണ്ടായിരുന്ന ബന്ധം കൊച്ചി രാജാവ് ഇഷ്ടപ്പെട്ടിരുന്നില്ല. ഹൈദരലിയുടെ സൈനിക ശേഷിയിലുണ്ടായിരുന്ന ഭയം ഒന്നുമാത്രമാണ് അദ്ദേഹത്തിൻെറ സാമന്തനാകുവാൻ കൊച്ചിരാജാവിനെ പ്രേരിപ്പിച്ചത്.7. മൈസൂറിൻെറ പരമ ശത്രുവായിരുന്ന തിരുവിതാംകൂർ രാജാവിനോട് ആദ്യം മുതൽക്ക് തന്നെ കൊച്ചിരാജാവ് തൻെറ നിസ്സഹായാവസ്ഥ ബോധ്യപ്പെടുത്തിയിരുന്നു. സർദാർ ഖാൻ ഡച്ചുപ്രദേശമായ ചേറ്റുവായും കൊടുങ്ങല്ലൂരും ആക്രമിച്ചപ്പോൾ കൊച്ചിരാജാവ് ഡച്ചുകാരെ സഹായിക്കുകയും മൈസൂർ താല്പര്യത്തെ തുരങ്കം വെക്കുവാൻ ശ്രമിക്കുകയുമാണ് ചെയ്തത്. ഡച്ചു ഗവർണ്ണറായിരുന്ന എഞ്ചൽ ബക്കുമായുണ്ടായ എഴുത്തുകുത്തുകളിൽ നിന്നും ഇക്കാര്യം വ്യക്തമാകുന്നുണ്ട്.8. 1782ൽ രണ്ടാം മൈസൂർയുദ്ധം അതിൻെറ മൂർദ്ധന്യത്തിലായിരുന്ന സന്ദർഭത്തിൽ ഡച്ചുകാരുടെ എതിർപ്പ് വകവെക്കാതെ തന്നെ പള്ളിപ്പുറത്ത് ഒരു കോട്ട കെട്ടുവാനും ചുറ്റും കിടങ്ങു കുഴിക്കുവാനും കൊച്ചി രാജാവ് തിരുവിതാംകൂറിനെ അനുവദിക്കുകയുണ്ടായി.9. മൈസൂർ സൈന്യം തിരുവിതാംകൂറിലേക്ക് കടക്കുന്നത് തടയാൻ വേണ്ടിയാണ് ഇപ്രകാരം ചെയ്തിരുന്നത്. അതുപോലെ കൊച്ചി രാജാവിൻെറ അറിവോടും സമ്മതത്തോടും കുടിയാണ് തിരുവിതാംകൂർ നെടുങ്കോട്ട ശക്തിപ്പെടുത്തി, അത് കൊടുങ്ങല്ലൂർ

കോട്ട വരെ നീട്ടിയതും. മൈസൂറിന്റെ സാമന്തനായിരിക്കെ, കൊച്ചിരാജാവ് തിരുവിതാംകൂർ രാജാവുമായും ഡച്ചുകാരുമായും ഗൂഢാലോചനയിലേർപ്പെട്ടുകൊണ്ടിരുന്നു. മൈസൂർ ആധിപത്യത്തിൻ കീഴിൽ നിന്നു രക്ഷപ്പെടുവാനായി സൈനിക സഹായം അഭ്യർത്ഥിച്ചുകൊണ്ട് ബത്താവിയായിലെ ലന്തത്തലവൻമാർക്ക് അദ്ദേഹമെഴുതിയ അനേകമെഴുത്തുകൾ വെളിച്ചത്ത് വന്നിട്ടുണ്ട്.10. 1782ൽ മലബാറിൽ മൈസൂറിന്റെ നില വഷളാകുകയും സർദാർ ഖാനും മക്ദൂം അലിയും തുടരെ തുടരെ പരാജയപ്പെടുകയും ചെയ്ത അവസരത്തിൽ ഇംഗ്ലീഷ്കാരുമായി ചേരുവാൻ കൊച്ചി രാജാവ് ഒരു ശ്രമം നടത്തിയിരുന്നു. പക്ഷെ, ഹൈദരാലിയുടെ വിദ്വേഷം സമ്പാദിച്ചാലുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ച് ബോധവാനാക്കിയ ഡച്ചു ഗവർണ്ണറാണ് ഈ നീക്കത്തിൽ നിന്നും അദ്ദേഹത്തെ പിൻതിരിപ്പിച്ചത്.11. പുറമേ സ്നേഹം ഭാവിക്കുക മാത്രമാണ് അദ്ദേഹം ചെയ്തത്.

1780-ൽ തലശ്ശേരി ഉപരോധിക്കുവാൻ സർദാർഖാൻ പുറപ്പെടുമ്പോൾ കോഴിക്കോട് നിലനിർത്തിയിരുന്ന കൊച്ചിയുടെ ആയിരം പേരുള്ള നായർ സൈന്യത്തെ തന്റെ കൂടെ വിടുവാൻ അദ്ദേഹം അഭ്യർത്ഥിച്ചിരുന്നു. ഇംഗ്ലീഷ്കാരുമായി താൻ വിരോധത്തിലല്ലാത്തതിനാൽ അവർക്ക് എതിരെ നീങ്ങുവാൻ തനിക്ക് വിഷമമുണ്ടെന്ന് പറഞ്ഞ് രക്ഷപ്പെടുകയാണ് കൊച്ചി രാജാവ് ചെയ്തത്. ചുരുക്കത്തിൽ കൊച്ചിക്ക് ഹൈദരലിമായുണ്ടായിരുന്ന ബന്ധം ഭീതിയിൽ അധിഷ്ഠിതമായിരുന്നുവെന്ന് വ്യക്തമാകുന്നുണ്ട്. ഹൈദരാകട്ടെ പ്രകടമായിതന്നെ സൻമനോഭാവമാണ് കൊച്ചിയോട് എക്കാലവും പ്രദർശിപ്പിച്ചിരുന്നതും.

എന്നാൽ തിരുവിതാംകൂറിനോട് ഹൈദർക്ക് പൂർവ്വ വൈരാഗ്യമുണ്ടായിരുന്നതിന് പുറമേ മലബാർ കീഴടക്കിയ ശേഷം കൊച്ചിയെപ്പോലെ സാമന്തപദവി അംഗീകരിക്കുവാൻ തിരുവിതാംകൂർ തയ്യാറാകാതിരുന്നതും അദ്ദേഹത്തെ ചൊടിപ്പിച്ചിരുന്നു. 1766ൽ മലബാർ കീഴടക്കിയശേഷം തിരുവിതാംകൂറിലേക്ക് കടക്കണമെന്ന് ഹൈദർ ആഗ്രഹിച്ചെങ്കിലും കാലവർഷം തുടങ്ങിയതിനാൽ മൈസൂറിലേക്ക് തിരിച്ചുപോകുകയാണുണ്ടായത്. പിന്നീട് ഒരു ശ്രമം നടത്തിയത് 1768ലായിരുന്നു. പക്ഷേ ഈ സമയത്ത് ഇംഗ്ലീഷ്കാർ മൈസൂറിനോട് യുദ്ധത്തിന് പുറപ്പെട്ടതുകൊണ്ട് തിരുവിതാംകൂറിലേക്ക് സൈന്യത്തെ അയക്കുവാൻ സാധിക്കാതെ വന്നു.12. 1776ൽ വീണ്ടും 10,000ത്തോളം വരുന്ന ഒരു സൈന്യത്തോടുകൂടി സർദാർ ഖാൻ തിരുവിതാംകൂർ ആക്രമിക്കുന്നതിനായി പുറപ്പെട്ടു. ഡച്ചു പ്രദേശമായ കൊടുങ്ങല്ലൂർ വഴി തിരുവിതാംകൂറിലേക്ക് പ്രവേശിക്കുവാനുള്ള അനുവാദം ഡച്ചുകാർ നിഷേധിച്ചതുമൂലം തുടർന്നുള്ള മൂന്നു നാലു മാസം ഡച്ചുകാരുമായുള്ള ഏറ്റുമുട്ടലുകളാണ് നടന്നത്. അവരുടെ കൊടുങ്ങല്ലൂർ, ചേറ്റുവ പ്രദേശങ്ങൾ മൈസൂർ സൈന്യം കീഴടക്കിയെങ്കിലും തിരുവിതാംകൂറിലേക്ക് പ്രവേശിക്കുവാൻ സാധിക്കുന്നതിന് മുമ്പ് ഇംഗ്ലീഷ്കാരുമായും കർണ്ണാടക നവാബുമായും ഹൈദരാലി യുദ്ധത്തിലേർപ്പെടേണ്ടതായി വന്നു. രണ്ടാം മൈസൂർ യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോഴാണല്ലോ, ഹൈദരാലി മരണപ്പെടുന്നത്. അങ്ങനെ തിരുവിതാംകൂർ പിടിച്ചടക്കുകയെന്ന ലക്ഷ്യം സാധിക്കാതെ പോയി.

ഇക്കാലമത്രയും തിരുവിതാംകൂർ രാജാവും വെറുതെ ഇരിക്കുകയായിരുന്നില്ല. തന്റെ വടക്കനതിർത്തിയെ സുപ്രസിദ്ധമായ നെടുങ്കോട്ടയാൽ സുരക്ഷിതമാക്കുകയും കേരളീയ രാജാക്കൻമാരുടെ അതുവരെയുള്ള പതിവിന് വിപരീതമായി ഒരു സ്ഥിരം സൈന്യത്തെ സംഘടിപ്പിക്കുകയും ചെയ്തു. മൈസൂറിന്റെ അധീശത്വം അംഗീകരിക്കുവാൻ കൊച്ചിയെ പ്രേരിപ്പിച്ചതു വഴി തിരുവിതാംകൂറിനും മലബാറിനുമിടയ്ക്ക് ഒരു ഇടനാട് (ബഫർ സ്റ്റേറ്റ്) സൃഷ്ടിക്കുകയാണ് ചെയ്തത്. മാത്രവുമല്ല, താൻ അഭയം നല്കിയിരുന്ന മലബാർ രാജാക്കൻമാരെ ഉപയോഗിച്ച് ഹൈദർക്കെതിരെ കലാപം സൃഷ്ടിക്കാനും അദ്ദേഹം നിരന്തരം ശ്രമിച്ചുകൊണ്ടിരുന്നു. അതേസമയം ഇംഗ്ലീഷ് കമ്പനിയുമായി കൂടുതൽ മമതയും ഐക്യവും ഉണ്ടാക്കുകയും ചെയ്തു.

മലബാറിലെ ഫ്രഞ്ചുകേന്ദ്രമായ മാഹി പിടിച്ചടക്കുവാൻ 1778ൽ ഇംഗ്ലീഷ് സൈന്യം പുറപ്പെട്ടപ്പോൾ തന്റെ രാജ്യത്തുകൂടി കടന്നു പോകുവാൻ അദ്ദേഹം അനുവദിക്കുക മാത്രമല്ല, സൈന്യത്തിനാവശ്യമായ ഭക്ഷണ പദാർത്ഥങ്ങൾ നല്കുകയും അകമ്പടി സേവിക്കുകയും ചെയ്തിരുന്നു. കമ്പനിരേഖകൾ ഇക്കാര്യം വ്യക്തമാക്കുന്നവയാണ്. "ബഹുമാനപ്പെട്ട കമ്പനിയുടെ സൈന്യത്തെ തന്റെ പ്രദേശത്തുകൂടി കടന്നുപോകുവാൻ തിരുവിതാംകൂർ രാജാവ് അനുവദിക്കുകയും അവർക്ക് വേണ്ടത്ര ഭക്ഷണവും മറ്റു സാധനങ്ങളും നൽകുകയുമുണ്ടായി"12. കേണൽ ഹംമ്പേസ്റ്റൺ മഹാരാജാവിന് എഴുതിയതിപ്രകാരമാണ്. "ഇംഗ്ലീഷ്കാർക്ക് ഇൻഡ്യയിലുള്ളതിലും വെച്ച് ഏറ്റവും ആത്മാർത്ഥതയുള്ള സുഹൃത്ത് അങ്ങാണെന്ന് എനിക്ക് നല്ലവണ്ണമറിയാം. അങ്ങു ചെയ്ത സേവനങ്ങൾ, പ്രത്യേകിച്ച് ഞാൻ നയിച്ച സൈന്യത്തിന് ചെയ്ത ഉപകാരങ്ങൾ ഞാൻ ഗവർണ്ണറുടേയും കൌൺസിലിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്."13. രണ്ടാം മൈസൂർ യുദ്ധം ആരംഭിച്ച സമയത്ത് തന്റെ സേനാവിഭാഗത്തെ ഇംഗ്ലീഷ്കാരുടെ സഹായത്തിന് വിട്ടുകൊടുക്കുകയും മലബാറിലെ കലാപകാരികളെ സഹായിച്ച് ലഹളക്ക് പ്രേരിപ്പിക്കുകയും ചെയ്തു. ഇവയൊക്കെ കണക്കിലെടുത്താണ് 1784ലെ മംഗലാപുരം സന്ധിയിൽ കമ്പനിയുടെ സഖ്യകക്ഷിയായി തിരുവിതാംകൂറിനെ ഉൾപ്പെടുത്തുവാൻ ഇംഗ്ലീഷ്കാർ നിർബന്ധിച്ചത്. ഹൈദരാലിയുടേയും പിന്നീട് ടിപ്പു സുൽത്താന്റെയും തിരുവിതാംകൂറിനോടുള്ള നയം രാജാവിനെ കൂടുതൽ കൂടുതൽ ഇംഗ്ലീഷ്കാരോട് അടുപ്പിക്കുവാനേ സഹായിച്ചുള്ളു. മൈസൂർ സുൽത്താൻമാരെ മലബാറിൽ നിന്നും തുരത്തുകയെന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.

1. *Dutch Records No. 13, p 156.*
2. *Ernakulam Archives, T.L. 71, 18, Series 1.*
3. *Ibid, L8, Series 1, p No. 161.*
4. *Ibid.*
5. *പുത്തേഴത്ത് രാമൻ മേനോൻ, ശക്തൻ തമ്പുരാൻ, രണ്ടാം പതിപ്പ്, മാതൃഭൂമി പബ്ലിഷിങ് കമ്പനി, കോഴിക്കോട്, 1958, പുറം 142.*
6. *Ernakulam Archives, L8, series 1, No. 166.*
7. *Ibid, L 71, series 1, No. 176.*
8. *Ibid, L 61A, series 1, No. 4, p 2711.*
9. *Ibid, L 62, series 1, No.31, p 2760.*
10. *Ibid, L 62, series 1, pp 2760-61, Nos. 31-32, Angelbeck to the Raja of Cochin.*
11. *Ibid, January 21, 182, No.16, p 2746.*
12. *Madras Select Committee, March 13, 1779.*
13. *Col. Humberston, to the Raja, March 27, 1782.*

# XXIX ടിപ്പുസുൽത്താനും കേരള രാഷ്ട്രീയവും

1782 ഡിസംബർ 12-ാം തീയതിയാണല്ലോ പൊന്നാനിയിലായിരുന്ന ടിപ്പു സുൽത്താൻ പിതാവിന്റെ മരണവാർത്തയറിഞ്ഞ് ധൃതിയിൽ ശ്രീരംഗപട്ടണത്തിലേക്ക് തിരിച്ചുപോയത്. അർഷദ്ബഗ്ഖാന്റെ നേതൃത്വത്തിൽ ഒരു സേനയെ മലബാറിൽ നിർത്തിയിരുന്നു. ശത്രുക്കളുടെ പ്രതീക്ഷകൾക്ക് വിപരീതമായി കാര്യമായ എതിർപ്പ് ഒന്നും കൂടാതെ സ്ഥാനാരോഹണം ചെയ്യുവാൻ ടിപ്പുവിന് സാധിച്ചു. സമാധാനപരമായി നടന്ന ഈ പിൻതുടർച്ച ഇംഗ്ലീഷ്കാരുമായുള്ള യുദ്ധത്തെ പൂർവ്വോപരി ആത്മവിശ്വാസത്തോടെ നേരിടുവാൻ അദ്ദേഹത്തിന് സഹായകമായി. ടിപ്പുസുൽത്താൻ പെട്ടെന്ന് മലബാർ വിട്ടുപോകുമ്പോൾ കേണൽ മക്ളോയിഡിന്റെ നേതൃത്വത്തിലുണ്ടായിരുന്ന മലബാറിലെ ഇംഗ്ലീഷ് സൈന്യം വളരെ വിഷമസന്ധിയിലായിരുന്നു. പൊന്നാനിയിൽ കേന്ദ്രീകരിച്ചിരുന്ന മക്ളോയിഡിന്റെയും ഹംബേഴ്സ്റ്റന്റെയും സ്ഥിതി മനസ്സിലാക്കിയിരുന്ന ബോംബേ ഗവർമ്മേണ്ട് തങ്ങളുടെ സേനാനായകനായിരുന്ന ബ്രിഗേഡിയർ ജനറൽ മാത്യൂസിന്റെ നേതൃത്വത്തിൽ കിട്ടാവുന്നത്ര സൈന്യത്തെ മലബാറിലേക്കയച്ചു. എന്നാൽ മൈസൂർ സൈന്യം മലബാറിൽ നിന്ന് പെട്ടെന്ന് നിഷ്ക്രമിച്ചതായറിഞ്ഞ മാത്യൂസ് ബോംബേയിൽ നിന്നുള്ള ഉത്തരവ് അനുസരിച്ച് പിൻവാങ്ങുകയാണ് ചെയ്തത്. മൈസൂർ ഭരണാധിപൻമാരിൽ നിന്നും മലബാർ പിടിച്ചെടുത്ത് ഇവിടെ ലാഭകരമായി തങ്ങൾ നടത്തിയിരുന്ന കച്ചവടം കൂടുതൽ വികസിപ്പിച്ചെടുക്കണമെന്നതായിരുന്നു മദ്രാസ് ഗവർമ്മേണ്ടിന്റെ നയം. അതുകൊണ്ട് സമ്പന്നമായ ഈ സ്ഥലം ഏതു വിധേനയും കൈവശപ്പെടുത്തണമെന്നതായിരുന്നു അവരുടെ ദുരാഗ്രഹം. എന്നാൽ ബദനൂരിന്റെ പ്രാധാന്യവും ഫലഭൂയിഷ്ഠതയും കണക്കാക്കി അവിടത്തെ ഗതാഗത-വാർത്താവിനിമയ സൗകര്യം വർദ്ധിപ്പിക്കുവാനാണ് ബോംബേ ഗവർമ്മേണ്ട് ആഗ്രഹിച്ചത്. ഏതായാലും ടിപ്പു സുൽത്താൻ ഈ പ്രദേശങ്ങൾ തിരിച്ചു പിടിച്ചതോടുകൂടി ബോംബെ ഗവർമ്മേണ്ടിന്റെ കണക്കുകൂട്ടൽ മുഴുക്കെ തെറ്റുകയാണുണ്ടായത്. അതുകൊണ്ട് കർണ്ണാടക പ്രദേശത്തു നിന്നും ടിപ്പുവിന്റെ ശ്രദ്ധ തിരിക്കുവാൻ മലബാറിൽ കുഴപ്പം സൃഷ്ടിക്കുകയാണ് ഇംഗ്ലീഷുകാർ കണ്ട മാർഗ്ഗം. ഇത് നടപ്പാക്കുവാൻ കേണൽ ഫുള്ളർട്ടനെയാണ് അവർ ചുമതലപ്പെടുത്തിയത്.

ഈ അവസരത്തിൽ ഇംഗ്ലീഷ്കാരും ടിപ്പുവും ഒരു യുദ്ധവിരാമകരാറിൽ ഒപ്പ് വെച്ചിരുന്നു. ഇതിലെ വ്യവസ്ഥയനുസരിച്ച് കരാർ ഒപ്പിടുന്ന ദിവസം അവരവർ നിന്നിരുന്ന സ്ഥാനങ്ങളിൽ നിന്ന് കൊണ്ട് വെടിനിർത്തൽ നടപ്പാക്കണമെന്നായിരുന്നു. എന്നാൽ ഫുള്ളർട്ടൻ വെടിനിർത്തൽ കരാറിനെ പരസ്യമായി ലംഘിക്കുകയാണ് ചെയ്തത്. തിരുവിതാംകൂർ രാജാവും സാമൂതിരിയും ഫുള്ളർട്ടന് സഹായികളായി വർത്തിക്കുകയും ചെയ്തു. അതേതുടർന്ന് പാലക്കാട്ട് കോട്ടക്ക് പ്രതിരോധം ഏർപ്പെടുത്തുകയാണ് ഫുള്ളർട്ടൻ ചെയ്തത്.1. പാലക്കാട് ടിപ്പുവിനെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുള്ള സ്ഥലമായതിനാൽ ഇതിന്റെ നഷ്ടം സമാധാനസംഭാഷണങ്ങളിൽ തങ്ങൾക്കനുകൂലമായ ഫലം ഉളവാക്കുമെന്നും ഇത് മംഗലാപുരം ഉപരോധം മതിയാക്കി ഇങ്ങോട്ട് നീങ്ങുവാൻ ടിപ്പുവിനെ നിർബന്ധിതനാക്കുമെന്നും ഫുള്ളർട്ടൻ എഴുതുന്നുണ്ട്.2. യുദ്ധവിരാമമുള്ളതിനാൽ കോട്ടക്കകത്തുണ്ടായിരുന്ന മൈസൂർ സൈന്യം തെല്ലും ജാഗ്രത പാലിച്ചിരുന്നില്ല. ഓർക്കാപുറത്തുണ്ടായ സംഘടിത ആക്രമണത്തിന്റെ ഫലമായി കോട്ട ഇംഗ്ലീഷ്കാർക്കു കിഴടങ്ങി. ഇതിനെക്കുറിച്ച് ഫുള്ളർട്ടൻ എഴുതുന്നതിപ്രകാരമാണ്. "പാലക്കാട്ട് ചേരിയുടെ പതനസമയത്ത് അവിടത്തെ സേനാനായകനായി ക്യാപ്റ്റൻ ദേവരെ ഞാൻ നിയമിച്ചു. കാട്ടിൽ ഒളിച്ചു കഴിയുകയായിരുന്ന സാമൂതിരി സ്ഥാനത്തിന്റെ അവകാശി ഉപരോധസമയത്ത് പുറത്ത് വന്ന് എന്റെ സഹായത്തിനെത്തി. തന്റെ രാജ്യത്ത് തന്നെ പുനരവരോധിക്കണമെന്ന അദ്ദേഹത്തിന്റെ അപേക്ഷ നാം കോഴിക്കോട്ടേക്ക് നീങ്ങുകയാണെങ്കിൽ അവിടെ അദ്ദേഹത്തെ സാമൂതിരിയായി വാഴിക്കാമെന്ന് ഞാൻ പ്രതിക്ഷിക്കുന്നതായും.......... അതിനിടയ്ക്ക് പാലക്കാട് പ്രദേശത്തിന്റെ അധികാരിയായി തൽക്കാലം നിയമിക്കാമെന്നും ഞാൻ പറയുകയുണ്ടായി........ സൈന്യം ഇവിടെ ഉണ്ടായിരിക്കുമ്പോൾ അവർക്ക് വേണ്ട ഭക്ഷ്യസാധനങ്ങൾ സംഭരിച്ചു തരുവാൻ മാത്രമേ അദ്ദേഹത്തോട് ആവശ്യപ്പെടുകയുണ്ടായുള്ളു"3. ഫുള്ളർട്ടന്റെ ഇത്തരം എഴുത്ത്കുത്തുകളും മക്കാർട്ടിനിയിൽ നിന്നും അദ്ദേഹത്തിന് ലഭിച്ച കത്തുകളും യുദ്ധവിരാമത്തിന്റെ ലംഘനം കമ്പനിത്തലവൻമാരുടെ അനുഗ്രഹാശിസ്സുകളോടെയാണ് നടന്നതെന്ന് വ്യക്തമാക്കുന്നുണ്ട്.4.

ഇംഗ്ലീഷ്സേന പിൻമാറിയ ഉടനെ സാമൂതിരി പാലക്കാട് കൈവശപ്പെടുത്തി. പക്ഷേ അധികദിവസം അവിടെ തങ്ങുവാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ഇംഗ്ലീഷ് സൈന്യം പൊയ്ക്കഴിഞ്ഞപ്പോൾ പിന്തുണയെക്കുറിച്ച് ആകാംക്ഷാഭരിതരായിത്തീർന്ന സാമൂതിരിയുടെ സൈന്യം ആ സ്ഥലം ഉപേക്ഷിച്ച് കാടുകളിലേക്ക് പിൻവാങ്ങുകയാണ് ചെയ്തത്.5.സാമൂതിരി, കോട്ട ഉപേക്ഷിച്ചു കാട്ടിലേക്ക് തന്നെ പോകാനുള്ള കാരണം ഫുള്ളർട്ടൻ പറയുന്നത് താഴെ കൊടുക്കുന്നു. സാമൂതിരിയും കൂട്ടരും ബ്രാഹ്മണരെ ബഹുമാനിക്കുന്നവരാണെന്നും അതുകൊണ്ട് ടിപ്പുവിന്റെ പടയാളികൾ ദിവസവും തങ്ങളാൽ കൊല്ലപ്പെട്ട

ബ്രാഹ്മണരുടെ ശിരസ്സുകൾ ഇവരുടെ നേരെ നീട്ടികാണിക്കാറുണ്ടായിരുന്നുവെന്നും ഈ ഹീനമായ കാഴ്ച കാണുന്നതിൽ ഭേദം പാലക്കാട് ഉപേക്ഷിച്ചു പോകുന്നതാണ് ഉത്തമം എന്ന് കരുതിയ സാമൂതിരി അങ്ങനെ ചെയ്യുകയുണ്ടായി എന്നുമാണ്. യുക്തിക്കോ, ബുദ്ധിക്കോ നിരക്കാത്തതും വിചിത്രവുമായ ഈ വിശദീകരണമാണ് കെ.പി. പത്മനാഭമേനോൻ ഒഴിച്ചുള്ള നമ്മുടെ ചരിത്രകാരൻമാരെല്ലാം ചരിത്രവസ്തുതയെന്നോണം അംഗീകരിച്ചിട്ടുള്ളത്.6. മൈസൂർ സൈന്യത്തെ കണ്ടയുടനെ ടിപ്പുവിനെ പേടിച്ച് സാമൂതിരി കോട്ട ഉപേക്ഷിച്ച് ഓടിപ്പോകുകയാണ് ചെയ്തതെന്നാണ് പത്മനാഭമേനോൻ പറയുന്നത്.7.

രണ്ടാം മൈസൂർ യുദ്ധകാലത്ത് മലബാറിലുണ്ടായ മറ്റൊരു സുപ്രധാന സംഭവം കേണൽ മക്ളിയോഡിൻെറ കണ്ണൂർ ആക്രമണമാണ്. കൊടുങ്കാറ്റിൽപ്പെട്ട് കരയ്ക്കടുക്കേണ്ടതായി വന്ന ഏതാനും ഇംഗ്ലീഷ്കാരെ കണ്ണൂർ ബീവി തടങ്കലിലാക്കുകയും അവരെ കമ്പനിക്ക് വിട്ടുകൊടുക്കാതിരിക്കുകയും ചെയ്തുവെന്നാണ് തൻെറ ഈ ആക്രമണത്തിന് മക്ളിയോഡ് പറഞ്ഞ കാരണം. എന്നാൽ കണ്ണൂരിലുണ്ടായിരുന്ന വിലമതിക്കുവാൻ സാധിക്കാത്ത ധനം കൊള്ളയടിക്കുകയെന്നതായിരുന്നു ഇംഗ്ലീഷ്കാരുടെ ലക്ഷ്യം. അങ്ങനെ ആറ് ദിവസത്തെ കടുത്ത പോരാട്ടത്തിന് ശേഷം കണ്ണൂർ കീഴടക്കുകയുണ്ടായി. ബീവിയേയും കുടംബത്തേയും തടവുകാരായി പിടക്കുകയും ചെയ്തു.8. വർഷംതോറും 3 ലക്ഷം പഗോഡ കപ്പമായി കൊടുത്തുകൊള്ളാമെന്ന കരാറിൽ ബീവിയെ മോചിപ്പിക്കുകയും രാജ്യം തിരിച്ചു നൽകുകയും ചെയ്തു.9. എന്നാൽ ഈ നടപടി ബോംബെ ഗവർമ്മേണ്ട് അംഗീകരിച്ചില്ല. "കണ്ണൂരിലെ ബീവിയെയും മലബാർ തീരത്തെ രാജാക്കൻമാരെയും ജമീൻദാർമാരെയും" ടിപ്പുവിൻെറ സ്നേഹിതരും സഖ്യകക്ഷികളുമായിട്ടാണ് മംഗലാപുരം സന്ധിയിൽ കക്ഷി ചേർക്കപ്പെട്ടിരുന്നത്. അതുകൊണ്ട് യുദ്ധം അവസാനിപ്പിക്കുന്നതിൽ തല്പരരായിരുന്ന ഇംഗ്ലീഷ്കാർ മക്ലിയോഡിൻെറ കണ്ണൂർ ആക്രമണം അംഗീകരിച്ച് കാര്യങ്ങൾ വഷളാക്കുവാൻ മുതിർന്നില്ല. 1784 മാർച്ച് 11ന് മംഗലാപുരം സന്ധി ഒപ്പു വെക്കപ്പെട്ടു. യാതൊരു നാശനഷ്ടങ്ങളും വരുത്താതെ കണ്ണൂർ രാജ്യം തിരിച്ച് നൽകുവാൻ ഉത്തരവുമായി.10. എങ്കിലും ഒരു മാസത്തിന് ശേഷമാണ് ഇംഗ്ലീഷ് സൈന്യം കണ്ണൂർ വിട്ടുപോയത്. അങ്ങനെ മലബാർ ഒരിക്കൽ കൂടി മൈസൂറിൻെറ അധീനതയിലായി. കുഴപ്പങ്ങൾ അവസാനിച്ചതോടെ മലബാറിൽ തികഞ്ഞ സമാധാനം സ്ഥാപിക്കപ്പെട്ടു.

മലബാറിലെ രാഷ്ട്രീയ സ്ഥിതിഗതികൾ മംഗലാപുരം സന്ധിക്ക് ശേഷം സമാധാനപരമായിരുന്നു. കേരളത്തിലെ മറ്റ് രാഷ്ട്രീയഘടകങ്ങളായിരുന്ന കൊച്ചിയും തിരുവിതാംകൂറുമായി ടിപ്പുസുൽത്താനുണ്ടായിരുന്ന ബന്ധം ഇതോടൊന്നിച്ച് പരഗണിക്കേണ്ടതുണ്ട്. മൈസൂർ-കേരള ബന്ധങ്ങൾ ശരിക്കും മനസ്സിലാക്കുവാൻ ഈ നാട്ടുരാജ്യങ്ങളോട് സുൽത്താൻ അനുവർത്തിച്ചിരുന്ന നയം എന്തു വിധമായിരുന്നുവെന്ന് അറിഞ്ഞിരിക്കേണ്ടതാണ്. സൈനികപരമായ കാഴ്ചപ്പാടിൽ കൊച്ചി പ്രബലമായ ഒരു രാജ്യമായിരുന്നില്ല. ഇവിടെ നടന്ന രാഷ്ട്രീയ നാടകത്തിൽ പ്രകടമായ പങ്ക് വഹിക്കുവാൻ ഈ രാജ്യത്തിന് കഴിഞ്ഞിട്ടുമില്ല. എന്നിരിക്കിലും കൊച്ചിയോട് മൈസൂറിൻെറ സമീപനം അവരുടെ നയതന്ത്രത്തിൻേറയും സൻമനോഭാവത്തിൻേറയും നിദർശന മായിരുന്നതിനാലാണ് ഇവിടെ അക്കാര്യം പ്രതിപാദിക്കുന്നത്.

ടിപ്പുവും കൊച്ചി രാജാവും തമ്മിലുണ്ടായിരുന്ന ബന്ധം വളരെ സൗഹൃദപരമായിരുന്നു എന്നാണ് ചരിത്രരേഖകൾ തെളിയിക്കുന്നത്. കൊച്ചി രാജാവിൻെറ വിഷമതകളും പരാതികളും പരിഹരിക്കുന്ന കാര്യത്തിൽ ടിപ്പു എന്നും ഉത്സുകനായിരുന്നു. ഇതേക്കുറിച്ചുള്ള ചില വസ്തുതകൾ എങ്കിലും ഇവിടെ വിശദീകരിക്കേണ്ടതായിരിക്കുന്നു. മലബാറിലെ ഫൗജ്ദാർ തൻെറ ചില പ്രദേശങ്ങൾ കൈയ്യടക്കി വെച്ചിട്ടുള്ളതായി കൊച്ചിരാജാവ് ടിപ്പുവിനോട് പരാതിപ്പെട്ടപ്പോൾ രാജാവിന് അനുകൂലമായ തീർപ്പ് കൽപ്പിച്ചുകൊണ്ട് പിരിച്ചെടുത്ത നികുതി സംഖ്യയോടൊപ്പം ആ സ്ഥലം തിരിച്ചുകൊടുക്കുവാൻ ഉത്തരവിടുകയാണ് ടിപ്പു ചെയ്തത്.11. കൊച്ചിരാജാവായ രാമവർമ്മയുടെ (ശക്തൻതമ്പുരാൻ) അപേക്ഷ അനുസരിച്ച് ചേറ്റുവായിലും എടുത്തുരുത്തിയിലും ചുമത്തിയിരുന്ന കസ്റ്റംസ് നികുതി സംഖ്യയിൽ നിന്നും കൊച്ചിരാജാവിനെ ടിപ്പു ഒഴിവാക്കുകയുണ്ടായിട്ടുണ്ട്.12. രാജാവ് ഇംഗ്ലീഷ് കമ്പനിയുടെ സഖ്യകക്ഷിയായി തീർന്നതിന് ശേഷവും ഇക്കാര്യത്തെക്കുറിച്ച് വളരെയധികം തർക്കം നടന്നിട്ടുണ്ടെന്നുള്ള സംഗതിയും ഇവിടെ സ്മരണീയമാണ്. ടിപ്പുവിൻെറ കാലത്ത് നിലവിലുണ്ടായിരുന്ന വ്യവസ്ഥകൾ ഉദ്ധരിച്ചുകൊണ്ട് ഇക്കാര്യത്തിൽ ഇംഗ്ലീഷ്കാരുമായി അദ്ദേഹത്തിന് വളരെയധികം കത്തിടപാടുകളും നടത്തേണ്ടിവന്നിരുന്നു. തടി, നെല്ല് മുതലായവ കടത്തിക്കൊണ്ട് പോകുന്നതിനായിരുന്നു ഈ തീരുവ പിരിച്ചെടുത്തിരുന്നത്. ഇതിന് പുറമെ പാലക്കാട്ടെ തൻെറ ഉദ്യോഗസ്ഥൻമാർ കൊച്ചി രാജാവിൻെറ പ്രജകളിൽ നിന്നും നികുതി പിരിക്കുന്നുണ്ടെന്ന് മനസ്സിലാക്കിയ ടിപ്പു സുൽത്താൻ അവരെ വളരെയധികം ശാസിക്കുകയും കൊച്ചി തൻെറ സാമന്തരാജ്യമാണെന്നത് മറക്കാതിരിക്കാൻ അവരെ ഉപദേശിക്കുകയും ചെയ്തു. മൈസൂർ ഭരണാധികാരികൾ കൊച്ചിക്ക് പാട്ടത്തിന് നൽകിയിരുന്ന കൊടുങ്ങല്ലൂർ പ്രദേശത്തെക്കുറിച്ച് മലബാർ കമ്മീഷണർമാരും കൊച്ചിരാജാവും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായപ്പോൾ ടിപ്പുവിൻെറ നീട്ടും നികുതി കൊടുത്തതിൻെറ രശീതികളും ഹാജരാക്കിയാണ് കൊച്ചി രാജാവ് തൻെറ ഭാഗം വാദിച്ചത്. ടിപ്പുസുൽത്താൻ രാജാവിനയച്ച എഴുത്തുകളുടെ അടിസ്ഥാനത്തിലാണ് കമ്പനി ഇക്കാര്യത്തിൽ ഒരു തീരുമാനം എടുത്തത്. പറവൂർ, ആലങ്ങാട്, കൊങ്ങോട്ടുനായർ, എന്നിവയുടെ പരമാധികാര തർക്കത്തെക്കുറിച്ച് സംശയം ചോദിച്ച ഇംഗ്ലീഷ്കാരോട് ഈ സ്ഥലങ്ങൾ കൊച്ചിയുടേതാണെന്ന് ഉത്തരം നൽകുകയാണ് ടിപ്പു ചെയ്തത്.

യുദ്ധാരംഭത്തിലോ, അതിന് മുൻപോ ഈ സ്ഥലങ്ങൾ തിരുവിതാംകൂറിന്റേതായിരുന്നിട്ടില്ല എന്നും ബലം പ്രയോഗിച്ച് ഇത് അദ്ദേഹം കുറെക്കാലം കൈവശം വെച്ചിരുന്നിട്ടുള്ളെന്നേയുള്ളൂ എന്നുമാണ് ടിപ്പു ഇംഗ്ലീഷ്കാരെ അറിയിച്ചത്. മൈസൂർ പ്രദേശങ്ങളിൽ വെച്ച് ക്രിമിനൽ കുറ്റങ്ങൾ ചെയ്ത ശേഷം കൊച്ചിരാജ്യത്ത് അഭയം പ്രാപിച്ച തപ്പഗൗണ്ട, സോമനാ ഗൗണ്ട എന്നിവരേയും കുടുംബത്തേയും തന്റെ നാട്ടിൽ നിന്നും പറഞ്ഞയച്ചിട്ടുള്ളതായി ടിപ്പുവിന്റെ എഴുത്തിന് മറുപടിയായി കൊച്ചിരാജാവ് ഉറപ്പ് നൽകിയിരുന്നു.13. കൊച്ചി നിവാസികളായ കച്ചവടക്കാർ ടിപ്പുവിന് സമർപ്പിച്ച പരാതികൾ തള്ളിക്കളഞ്ഞുകൊണ്ടുള്ള അദ്ദേഹത്തിന്റെ ഔദ്യോഗിക നടപടികൾ മൈസൂർ നയതന്ത്രത്തെ വ്യക്തമാക്കുന്ന ഒന്നാണ്. കൊച്ചി രാജാവിന്റെ ഉദ്യോഗസ്ഥൻമാർ തങ്ങളിൽ നിന്നും കനത്ത നികുതി ഈടാക്കുന്നതായിട്ടാണ് കച്ചവടക്കാർ പരാതിപ്പെട്ടിരുന്നത്. എന്നാൽ ഇതിനോട് ബന്ധപ്പെട്ട സ്ഥലം തന്റെ അധികാരപരിധിയിൽപെടുന്നതല്ലെന്ന് അഭിപ്രായപ്പെട്ട് കൊണ്ട് പരാതിയുടെ ഒരു കോപ്പി ശക്തൻ തമ്പുരാന് അയച്ച് കൊടുക്കുകയാണ് ടിപ്പുസുൽത്താൻ ചെയ്തത്.14.

അങ്ങനെ കൊച്ചി രാജാവിന് മൈസൂർ ഭരണാധിപൻമാരോട് യാതൊരു വിധ പരാതിക്കും ഇടവരുത്തിയിരുന്നില്ല. 1788ൽ ടിപ്പു സുൽത്താൻ മലബാറിലായിരുന്നപ്പോൾ കൊച്ചി രാജാവിനോട് പാലക്കാട് വന്നുകാണുവാൻ അദ്ദേഹം ആവശ്യപ്പെട്ടിരുന്നു. ടിപ്പു സ്നേഹാദരപൂർവ്വം അദ്ദേഹത്തെ സ്വീകരിക്കുകയും തിരിച്ചു പോകുമ്പോൾ വിലകൂടിയ ധാരാളം പാരിതോഷികങ്ങൾ കൊടുത്തയക്കുകയും ചെയ്തു. സംഭാഷണത്തിനിടയിൽ തിരുവിതാംകൂർ രാജാവുമായി തനിക്കുള്ള തർക്കവിഷയങ്ങൾ സൗമ്യമായി പരിഹരിക്കുന്നതിന് കൊച്ചി രാജാവിന്റെ സഹായം അദ്ദേഹം ആവശ്യപ്പെടുകയും ഉണ്ടായി. പാലക്കാട് നിന്നും തിരിച്ച് വന്ന ഉടനെ ഈ വിവരങ്ങൾ എല്ലാം അദ്ദേഹം തിരുവിതാംകൂർ രാജാവിനേയും ഡച്ചുകാരേയും ധരിപ്പിച്ചിരുന്നു. മാത്രമല്ല ടിപ്പുസുൽത്താനിൽ നിന്നും ഉണ്ടായേക്കാവുന്ന ആക്രമണം തടയുന്നതിന് വേണ്ടി ഡച്ചുകാരുടെ സൈനിക സഹായവും അദ്ദേഹം അഭ്യർത്ഥിച്ചതായി കാണുന്നുണ്ട്. ടിപ്പു സുൽത്താന്റെ സൈനിക ശക്തിയിൽ താൻ നിസ്സഹായനാണെന്നും ആവശ്യമായ സഹായം ലഭിക്കുന്നില്ലെങ്കിൽ ടിപ്പു സുൽത്താൻ മലബാറിൽ അതിക്രമങ്ങൾ പ്രവർത്തിക്കുമെന്നും 1789ൽ കൊച്ചി രാജാവ് ഡച്ച്കാർക്ക് എഴുതിയ ഒരെഴുത്തിൽ പറഞ്ഞിട്ടുണ്ട്.15. ആവശ്യമായ യുദ്ധക്കപ്പലുകളും ആയുധസാമഗ്രികളും അയക്കണമെന്നും ആണ് ഈ കത്തിലെ ആവശ്യം. ഇത്തരം അഭ്യർത്ഥനകൾക്ക് പ്രോത്സാഹജനകമായ ഉത്തരമല്ല ഡച്ച്കാരിൽ നിന്നും ലഭിച്ചിരുന്നത് എന്നതിനാൽ, ഒരാക്രമണം ഉണ്ടാവുകയാണെങ്കിൽ അവരുടെ സഹായം ഒരിക്കലും തനിക്ക് പ്രതീക്ഷിക്കുവാൻ സാധിക്കുകയില്ലെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. അതിനാൽ ഡച്ച്കാരുമായുള്ള കത്തിടപാടുകൾ തുടർന്നതോടൊപ്പം തന്നെ തിരുവിതാംകൂറിന്റെ സഹായത്തോട്കൂടി ഇംഗ്ലീഷ്കാരുമായി ബന്ധത്തിലേർപ്പെടുവാൻ അദ്ദേഹം മുതിരുകയുണ്ടായി. ഇതിന്റെ പരിസമാപ്തി ഇംഗ്ലീഷ്കാരുമായി കൊച്ചിരാജാവിന് ഒരു രഹസ്യ ഉടമ്പടി ഉണ്ടാക്കുവാൻ കഴിഞ്ഞു എന്നതാണ്. മലബാറിലെ ഡച്ച് മേധാവി തിരുവിതാംകൂർ റസിഡന്റായിരുന്ന പൗണിയുമായി ചർച്ച നടത്തി ഒരു കരട് ഉടമ്പടി തയ്യാറാക്കിയിരുന്നു. "ഇംഗ്ലീഷ്കാരും അങ്ങും തമ്മിൽ ഉണ്ടാക്കാൻ പോകുന്ന ഉടമ്പടിയുടെ വ്യവസ്ഥകൾ ഉൾക്കൊള്ളുന്നതിന്റെ ഒരു കരട് പകർപ്പ് മി.പൗണി എനിക്ക് അയച്ചുതന്നിട്ടുണ്ട്. .............. ഇത് പാലിക്കുവാൻ അദ്ദേഹം എന്നോട് അപേക്ഷിച്ചിരിക്കുന്നു. അത് ഞാൻ ചെയ്യാം."16. ഈ ഉടമ്പടി സെപ്റ്റംബർ 25-ാം തീയ്യതി നിലവിൽ വന്നു. പക്ഷെ മദ്രാസ് കൗൺസിൽ ഇതിൽ ഒപ്പു വെച്ചിരിക്കുന്നത് 1791 ഫെബ്രുവരി 2-ാം തിയതിയാണ്17. തുടർന്ന് മൂന്നാം ആംഗ്ലോ-മൈസൂർ യുദ്ധത്തിൽ ഇംഗ്ലീഷ്കാരെ സഹായിക്കുകയാണ് കൊച്ചി ചെയ്തത്.

ഈ സംഭവവികാസങ്ങളൊക്കെ ഉണ്ടായിട്ടും ടിപ്പു സുൽത്താൻ കൊച്ചി രാജാവിനോട് യാതൊരു വിരോധവും വെച്ച് പുലർത്തിയിരുന്നതായി കാണുന്നില്ല. ശ്രീരംഗപട്ടണം സന്ധി കഴിഞ്ഞ് മലബാർ, ഇംഗ്ലീഷ് കമ്പനി പ്രദേശങ്ങളോട് കൂട്ടിച്ചേർത്തതിന് ശേഷവും കൊച്ചിരാജാവിനോട് സൗഹൃദവും അനുഭാവവുമാണ് ടിപ്പു പ്രകടിപ്പിച്ചിട്ടുള്ളത്. 1792ന് ശേഷം സാമൂതിരിയും കൊച്ചിയും തമ്മിൽ സാധാരണ പോലെ അതിർത്തികളെക്കുറിച്ച് തർക്കം ഉണ്ടാവുകയും ഇരു കക്ഷിക്കാരും തങ്ങളുടേതായ തെളിവുകൾ നിരത്തുകയും ചെയ്തപ്പോൾ മലബാർ കമ്മീഷണർമാർ ടിപ്പുവിന്റെ അഭിപ്രായം ആരായുകയുണ്ടായി. ഇതിന് ടിപ്പു നൽകിയ മറുപടി, "ഈ നിസ്സാരകാര്യത്തിൽ നിങ്ങൾ എന്തിനാണ് കൊച്ചിക്ക് നഷ്ടമുണ്ടാക്കി വെക്കുന്നത്." എന്നാണ്.18. കൊച്ചിരാജാവിനോട് ടിപ്പുവിന് വൈരാഗ്യമുണ്ടായിരുന്നുവെങ്കിൽ ഇത്തരം ഒരു മറുപടി സ്വാഭാവികമല്ലല്ലോ. കൊച്ചിയുമായുള്ള ബന്ധത്തിലുടനീളം മാന്യവും അന്തസ്സുറ്റതുമായ പെരുമാറ്റങ്ങളാണ് അദ്ദേഹത്തിന്റെ ഭാഗത്ത്നിന്നും ഉണ്ടായിട്ടുള്ളത്. ടിപ്പു സുൽത്താന്റെ സ്വഭാവത്തിൽ എന്നും മുന്തി നിന്നിട്ടുള്ള നിശ്ചയദാർഢ്യത്തിന് നല്ല ഉദാഹരണമാണ് ഈ സംഭവം. ടിപ്പു നിരന്തരം കാണിച്ചുകൊണ്ടിരുന്ന ഈ സൗഹൃദഭാവം കൊച്ചി രാജാവിനെ വളരെയേറെ ബുദ്ധിമുട്ടിലാക്കിയിരുന്നു എന്ന കാര്യം രസകരമായ മറ്റൊരു വസ്തുതയാണ്. പരാജയത്തിന് ശേഷവും ടിപ്പു കൊച്ചിയോട് ഇത്ര മമത കാണിച്ചപ്പോൾ കൊച്ചിരാജാവ് ടിപ്പുവിനോടും ഫ്രഞ്ച്കാരോടും രഹസ്യ ബന്ധം പുലർത്തി തങ്ങളെ തുരത്തുവാൻ ശ്രമിക്കുകയാണോ എന്ന് ഇംഗ്ലീഷ്കാർക്ക് സംശയമായി.19. മലബാർ കമ്മീഷണർമാരിൽ ഒരാളായ മേജർ ഡങ്കന് മറുപടിയായി 1794ൽ കൊച്ചിരാജാവ് എഴുതിയ ഒരു കത്തിൽ, താൻ ടിപ്പുവുമായി യാതൊരു കത്തിടപാടും നടത്തുന്നില്ലെന്നും തനിക്ക് ടിപ്പുവുമായി യാതൊരു ബന്ധവും ഇല്ലെന്നും ഏറ്റ് പറഞ്ഞിട്ടുണ്ട്. ഈ കള്ളക്കഥകൾ എല്ലാം, "ബഹുമാനപ്പെട്ട കുമ്പഞ്ഞിയുടെ

വിദ്വേഷത്തിന് എന്നെ പാത്രമാക്കുവാൻ വേണ്ടി എൻെറ ശത്രുക്കൾ പറഞ്ഞ് പരത്തുന്നതാണ്. ഇതിൽ യാതൊരു വാസ്തവവും ഇല്ലെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു," എന്നും രാജാവ് എഴുതുകയുണ്ടായി.20. ടിപ്പു സുൽത്താനുമായോ ഫ്രഞ്ച്കാരുമായോ, തനിക്ക് യാതൊരു ബന്ധവുമില്ലെന്ന് ഇംഗ്ലീഷ്കാരെ ബോധ്യപ്പെടുത്തുവാൻ അദ്ദേഹത്തിന് ഇങ്ങനെ പല പ്രവശ്യം ആണയിട്ട് പറയേണ്ടതായി വന്നിട്ടുണ്ട്. ഫ്രഞ്ച്കാരോട് തനിക്കുള്ള എതിർപ്പ് തെളിയിക്കുവാൻ വേണ്ടി ഫ്രഞ്ച് വിപ്ലവകാലത്ത് തങ്ങളുടെ രാജാവിനെ കൊന്നതിനും രൂക്ഷമായ രക്തച്ചൊരിച്ചിലിന് ഇടയാക്കിയതിനും അദ്ദേഹം ഫ്രഞ്ച്കാരെ നിശിതമായി വിമർശിക്കുന്നുമുണ്ട്.21.

കൊച്ചിയോടുള്ള ടിപ്പുസുൽത്താൻെറ സമീപനം ആത്മാർത്ഥതയും സൗഹൃദവും നിറഞ്ഞതായിരുന്നു. എന്നാൽ മറ്റാരേയും പോലെ കഴിയും വേഗം ടിപ്പുവിൻെറ അധിശത്വത്തിൻ കീഴിൽ നിന്നും രക്ഷപ്പെടണമെന്നാണ് കൊച്ചിരാജാവ് ആഗ്രഹിച്ചിരുന്നത്. അത്കൊണ്ട് അദ്ദേഹത്തിന് ടിപ്പുവുമായുണ്ടായിരുന്ന ബന്ധം സൗഹൃദത്തിൻെറയോ ആത്മാർത്ഥതയുടെയോ അടിസ്ഥാനത്തിലായിരുന്നില്ല. കൊച്ചിൻ സ്റ്റേറ്റ് മാനുവൽ കർത്താവ് മറ്റൊരു കാരണവും കൂടി പ്രസ്താവിക്കുന്നുണ്ട്. ടിപ്പുസുൽത്താനിൽ നിന്നും കൊച്ചിക്ക് ലഭിച്ചിട്ടുള്ള എണ്ണമറ്റ സഹായങ്ങളും ടിപ്പു കാണിച്ച സൗഹൃദഭാവവും വിവരിച്ചതിന് ശേഷം, രാജാവിന് എന്ത് കൊണ്ട് ടിപ്പുമായുള്ള ബന്ധം ഇഷ്ടമായിരുന്നില്ലെന്ന് വ്യക്ത മാക്കുന്നതാണ് ഈ പ്രസ്താവം. "ഇതൊക്കെയാണെങ്കിലും മൈസൂറിൽ നിന്നും വന്ന ഒരു മുഹമ്മദൻ ആക്രമണകാരിയോടുള്ള വിധേയത്വം അസഹ്യമായ ഒരു ഭാരമായിട്ടാണ് കൊച്ചിക്ക് തോന്നിയത്."22. നമ്മുടെ ചരിത്രകാരൻമാരുടേയും ചരിത്രപുരുഷൻമാരുടേയും മനസ്സിൻെറ ഉള്ളറകളിലേക്ക് ഇറങ്ങിച്ചെല്ലുവാൻ തികച്ചും സഹായിക്കുന്ന അഭിപ്രായ പ്രകടനമാണിത്. ജേതാവിൻെറ നിശ്ചയദാർഢ്യമോ, സരളതയോ, ആത്മാർത്ഥമായ പെരുമാറ്റമോ, മറ്റു മാഹാത്മ്യങ്ങളോ ഇവർക്കൊരു പ്രശ്നമല്ല. ആക്രമണകാരിയുടെ മതവും സമുദായവും മാത്രമാണ് ഗൗനിക്കപ്പെടുന്നതെന്ന് സാരം.

എന്നാൽ മൈസൂറുമായുള്ള കാൽ നൂറ്റാണ്ട് കാലത്തെ ബന്ധം കൊച്ചിയുടെ ഭരണപരമായ കാര്യങ്ങളിൽ വളരെയധികം സ്വാധീനം ചെലുത്തിയിട്ടുണ്ട്. കപ്പം കൊടുക്കുവാൻ പണത്തിന് ബുദ്ധിമുട്ടായപ്പോൾ രാജ്യത്ത് ആദ്യമായി ഭൂനികുതി ഏർപ്പെടുത്തുകയുണ്ടായി.23. വരവിനങ്ങൾ ഈ വിധത്തിൽ വർദ്ധിപ്പിക്കുവാനുള്ള മാർഗ്ഗങ്ങളും മൈസൂർ ഭരണകർത്താക്കളായിരിക്കണം ചൂണ്ടിക്കാണിച്ചുകൊടുത്തത്. മലബാറിൽ അവർ ഏർപ്പെടുത്തിയ ഭൂനികുതി വ്യവസ്ഥയും കൊച്ചിയെ സ്വാധീനിച്ചിട്ടുണ്ടാകാം. ഇവിടത്തെ പ്രധാന റോഡുകളെല്ലാം തന്നെ ഇക്കാലത്താണ് നിർമ്മിക്കപ്പെട്ടത്. ഇക്കാര്യങ്ങളിലൊക്കെ കൊച്ചി മാതൃകയായി സ്വീകരിച്ചത് ടിപ്പു മലബാറിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ ആയിരിക്കണം.24. ഇതിന് പുറമെ ചുരുങ്ങിയ തോതിലാണെങ്കിലും കൊച്ചിയിലും ഇക്കാലത്ത് കച്ചവടകുത്തക ഏർപ്പെടുത്തുകയും ഉണ്ടായിട്ടുണ്ട്. ചുരുക്കത്തിൽ ഭരണകാര്യങ്ങളിൽ ശക്തൻതമ്പുരാൻ നടപ്പാക്കിയെന്ന് പറയുന്ന പല പരിഷ്കാരങ്ങളും നവീനരീതികളും മൈസൂർ ഭരണത്തെ മാതൃകയാക്കി സ്വീകരിക്കപ്പെട്ടവയാണ്.

മൈസൂർ നവാബുമാർ കൊച്ചിയോട് ഏറെ സൗഹാർദ്ദത്തിലാണ് വർത്തിച്ചിരുന്നതെന്ന് നാം കണ്ടുവല്ലോ. എന്നാൽ തിരുവിതാംകൂറുമായുള്ള അവരുടെ ബന്ധം ശത്രുതയുടേതായിരുന്നു. 1766ൽ മലബാർ കീഴടക്കിയശേഷം കൊച്ചി സാമന്തപദവി അംഗീകരിച്ചപ്പോൾ തിരുവിതാംകൂറും അപ്രകാരം കപ്പവും തന്ന് തൻെറ മേൽക്കോയ്മ അംഗീകരിച്ചാൽ താൻ ആക്രമണത്തിൽ നിന്നും തിരുവിതാംകൂറിനെ ഒഴിവാക്കാമെന്ന് ഹൈദരലി അറിയിച്ചിരുന്നു. എന്നാൽ തിരുവിതാംകൂർ അതിന് തയ്യാറായില്ലെന്ന് മാത്രമല്ല ഇംഗ്ലീഷ് കമ്പനിയുടെ സഹായത്തോടെ ചെറുത്ത് നിൽക്കാമെന്ന് കരുതുകയും ചെയ്തു. രണ്ടിൽ കൂടുതൽ പ്രവാശ്യം തിരുവിതാംകൂർ ആക്രമിക്കുവാനുള്ള ഒരുക്കങ്ങൾ ഹൈദരലി നടത്തിയിരുന്നെങ്കിലും, "മുൻകൂട്ടി കാണാൻ കഴിയാതിരുന്ന ചില സംഭവങ്ങൾ ഉണ്ടായിരുന്നതിനാൽ,"25. മരണം വരെ തൻെറ ആഗ്രഹം നിറവേറ്റുവാൻ ഹൈദരലിക്ക് സാധിച്ചിരുന്നില്ല. അന്ന് കേരളത്തിലുണ്ടായിരുന്ന രാഷ്ട്രീയ പരിതസ്ഥിതിയിൽ തിരുവിതാംകൂർ കീഴടക്കുകയെന്നത് ഹൈദറെ സംബന്ധിച്ചിടത്തോളം വിഷമമുള്ള ഒരു കാര്യമായിരുന്നില്ല. അന്ന് ഹൈദറെ നേരിടുവാൻ തിരുവിതാംകൂറോ, ഇംഗ്ലീഷ് കമ്പനിയോ പ്രാപ്തരല്ലായിരുന്നു.26.

എന്നാൽ 1784ൽ രണ്ടാം മൈസൂർ യുദ്ധം കഴിഞ്ഞുണ്ടാക്കിയ മംഗലാപുരം സന്ധിയിൽ ഇംഗ്ലീഷ്കാരുടെ സുഹൃത്തും സഖ്യകക്ഷിയുമെന്ന നിലയിൽ തിരുവിതാംകൂർ കക്ഷി ചേർക്കപ്പെട്ടപ്പോൾ നിലയാകെ മാറുകയും കാറ്റ് തിരുവിതാംകൂർ രാജാവിന് അനുകൂലമായി വീശാൻ തുടങ്ങുകയും ചെയ്തു. മാറിയ ഈ പരിതസ്ഥിതിയോട് പൊരുത്തപ്പെട്ടു പോകുവാനാണ് കൂർമ്മബുദ്ധിയായ ടിപ്പുസുൽത്താൻ ശ്രമിച്ചത്. ഹൈദരലിയെപ്പോലെ തിരുവിതാംകൂറിൻെറ വിധേയത്വം ആവശ്യപ്പെട്ടുകൊണ്ട് ആക്രമണഭീഷണി മുഴക്കുന്നതിനുപകരം തർക്കപ്രശ്നങ്ങൾ ഒത്തുതീർപ്പാക്കി രമ്യമായ ഒരന്തരീക്ഷത്തിൽ അദ്ദേഹത്തെ വശത്താക്കുവാനാണ് ടിപ്പു ശ്രമിച്ചത്. ടിപ്പു രാമവർമ്മ രാജാവിനെഴുതിയ കത്തിലെ ഈ ഭാഗം നോക്കുക. "അങ്ങ് ഒരു നല്ല മനുഷ്യനും നമ്മുടെ സർക്കാരുമായി സ്നേഹത്തിൽ വർത്തിക്കാനാഗ്രഹിക്കുന്ന മഹാനായ ഒരു ഭരണാധികാരിയുമാണെന്ന് കൊച്ചിരാജാവ് പറഞ്ഞതിൽ നിന്നും ഞാൻ മനസ്സിലാക്കുന്നു. നാം തമ്മിൽ സഖ്യകക്ഷികളായിതീർന്നാൽ ഉണ്ടാകാവുന്ന ഗുണങ്ങൾ ബുദ്ധിയും കാര്യഗ്രഹണശേഷിയുമുള്ള അങ്ങയ്ക്ക് ഊഹിക്കാവുന്നതേയുള്ളു. ഏതാനും രത്നങ്ങളും ഒരു കുതിരയും ഒരു

ഉടമ്പാടയും കൊടുത്ത് എന്റെ വക്കീലൻമാരെ ഞാൻ അങ്ങയുടെ അടുത്തേക്ക് വിടുന്നു. സ്വീകരിച്ചാലും."27. ഇവിടെ സഖ്യത്തിനാണ്, വിധേയത്വത്തിനല്ല ആവശ്യപ്പെട്ടിരിക്കുന്നതെന്ന സംഗതി മൈസൂർ നയത്തിലുണ്ടായ മാറ്റം സുവ്യക്തമാക്കുന്നുണ്ട്. നേരെ മറിച്ച് തിരുവിതാംകൂർ രാജാവായ രാമവർമ്മയാകട്ടെ, ഇംഗ്ലീഷ് സഹായത്തിൽ വിശ്വാസമുറപ്പിച്ചുകൊണ്ട് ടിപ്പുവിന്റെ സൗഹൃദപരമായ നീക്കങ്ങൾ വിഗണിച്ചുവെന്ന് മാത്രമല്ല, ടിപ്പുവിനെതിരായ നടപടികൾ പൂർവ്വോപരി ശക്തിയായി തുടരുകയാണ് ചെയ്തത്. അങ്ങനെ ടിപ്പുവിന്റെ കാലത്ത് മൈസൂർ- തിരുവിതാംകൂർ ബന്ധം ഹൈദറിന്റെ കാലത്തെക്കാൾ തീർത്തും വ്യത്യസ്തമായിരുന്നു.

ഇംഗ്ലീഷ്കാരുടെ ഒരു സേനാവിഭാഗത്തെ തന്റെ അതിർത്തികളിൽ നിർത്തി അവരുടെ പിൻബലം ഉറപ്പിക്കുവാനാണ് മഹാരാജാവ് ശ്രമിച്ചത്. തിരുവിതാംകൂർ-സൈന്യത്തിന്റെ നായകത്വം ഏറ്റെടുക്കുന്നതിനായി ഇംഗ്ലീഷ് ഓഫീസർമാരെ അയച്ചു കൊടുക്കുന്നതിനുള്ള മഹാരാജാവിന്റെ അഭ്യർത്ഥന നടപ്പിൽ വരുത്തുന്ന കാര്യത്തിൽ, "കമ്പനിക്കുള്ള അസൗകര്യ"ത്തെക്കുറിച്ച് ആർച്ചിബാൾഡ് കാമ്പെൽ 1788 ആഗസ്റ്റ് 12-ാം തിയതി അയച്ച കത്തിൽ പറയുന്നുണ്ട്.28. ഏതായാലും രണ്ടോ, മൂന്നോ ബറ്റാലിയൻ സൈന്യത്തിന് വേണ്ടിവരുന്ന ചെലവ് വഹിക്കാൻ മഹാരാജാവ് തയ്യാറാകുകയാണെങ്കിൽ ഈ അപേക്ഷ, "അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണ്," എന്ന ശുപാർശയോടുകൂടി കാമ്പെൽ രാജാവിന്റെ കത്ത് ഗവർണ്ണർ ജനറലിന് അയച്ചു കൊടുത്തിരുന്നു.29. തന്റെ രാജ്യത്തിന്റെ അതിർത്തിയിൽ നിർത്തുന്നതിന് വേണ്ടി കമ്പനിയുടെ രണ്ട് ബറ്റാലിയൻ നാടൻ കാലാൾപ്പടയെ സമ്പാദിക്കുന്ന കാര്യത്തിൽ അവസാനം രാജാവ് വിജയിക്കുകയുണ്ടായി. അങ്ങനെ നോക്കുമ്പോൾ പ്രകോപനപരമായ നയമാണ് രാമവർമ്മ സ്വീകരിച്ചിരുന്നത് എന്ന് വ്യക്തമാകുന്നുണ്ട്.

മലബാറിലെ തന്റെ സഹോദരരാജാക്കൻമാരെ തോൽപ്പിച്ച് അവരുടെ രാജ്യം കൈവശമാക്കുകയും തിരുവിതാംകൂറിനെതിരെ എന്നും ഭീഷണിയായി വർത്തിക്കുകയും ചെയ്തിട്ടുള്ള ടിപ്പുവിനോട് മഹാരാജാവ് ഒത്തുതീർപ്പിന് ഒരിക്കലും തയ്യാറായിരുന്നില്ല. തൻമൂലം മറ്റേതൊരു ബുദ്ധിമാനായ നയതന്ത്രജ്ഞനും ഇത്തരം അവസരങ്ങളിൽ ചെയ്യാറുള്ളതുപോലെ തന്റെ അതിർത്തി സംരക്ഷിക്കുന്നതിനും സൈനികനില മെച്ചപ്പെടുത്തുന്നതിനും വേണ്ടിയാണ് അദ്ദേഹവും പരിശ്രമിച്ചത്. ഇംഗ്ലീഷ് പിന്തുണ നേടുവാൻ വേണ്ടി അവരെ ഏതെല്ലാം വിധത്തിൽ സന്തോഷിപ്പിക്കാമോ അതെല്ലാം അദ്ദേഹം നടത്തുകയുമുണ്ടായി. കൊച്ചി രാജാവിന്റെ മൗനാനുവാദത്തോടെ പള്ളിപ്പുറത്ത് ഒരു കോട്ട കെട്ടുകയും നെടുങ്കോട്ട കൊടുങ്ങല്ലൂർ വരെ നീട്ടി കൊച്ചി പ്രദേശത്തെരണ്ടായി വിഭജിക്കുകയും ചെയ്തു. തന്റെ സാമന്തനായ കൊച്ചി രാജാവിന്റെ സ്ഥലത്തുകൂടി കെട്ടിയിട്ടുള്ള കോട്ടയുടെ അത്രയും ഭാഗം പൊളിച്ചു നീക്കണമെന്ന് ടിപ്പു സുൽത്താൻ ആവശ്യപ്പെട്ടു.30. തന്റെ നാടിന്റെ സുരക്ഷിതത്വത്തിന് ഇത് ആവശ്യമാണെന്ന് വാദിച്ചുകൊണ്ട് ടിപ്പുവിന്റെ നിർദ്ദേശം അദ്ദേഹം തള്ളി കളയുകയാണ് ചെയ്തത്. ഇതിനുപുറമേ കൊടുങ്ങല്ലൂർ കോട്ടയും അയ്ക്കോട്ട(പള്ളിപ്പുറം കോട്ട)യും ഡച്ചുകാരിൽ നിന്നും വിലക്കുവാങ്ങുവാനുള്ള കൂടിയാലോചനകളിൽ മുഴുകുകയുമുണ്ടായി. മൈസൂറിന്നെതിരായി മലബാറിലെ കലാപകാരികളെ എല്ലാവിധത്തിലും സഹായിച്ചു കൊണ്ടുമിരുന്നു.

അതേസമയം മലബാറിൽ ശാശ്വതമായ സമാധാനം ഉറപ്പുവരുത്തണമെങ്കിൽ തിരുവിതാംകൂർ രാജാവുമായുള്ള തർക്കങ്ങൾ പരിഹരിച്ചാലേ സാദ്ധ്യമാകൂവെന്ന് ടിപ്പുവിന്നറിയാമായിരുന്നു. രമ്യതയിൽ കാര്യങ്ങൾ പരിഹരിക്കുവാൻ പറ്റിയില്ലെങ്കിൽ ബലപ്രയോഗം നടത്തുവാനും അദ്ദേഹം കരുതിയിരുന്നു. കൊച്ചിരാജാവിന്റെ മാദ്ധ്യസ്ഥതയിൽ സംഗതികൾ സമാധാനപരമായി ഒതുക്കിതീർക്കാനുള്ള ശ്രമം ടിപ്പു നടത്തിയിരുന്നത് നേരത്തെ പറഞ്ഞതാണല്ലോ. എന്നാൽ യാതൊരു തരത്തിലും ടിപ്പുവുമായി സൗഹൃദത്തിലെത്തുവാൻ തിരുവിതാംകൂർ രാജാവ് തയ്യാറായില്ലെന്ന് മാത്രമല്ല, ടിപ്പുവിനെ പ്രകോപിപ്പിക്കാവുന്ന എല്ലാ ശത്രുതാ പ്രവർത്തനങ്ങളും അദ്ദേഹം ചെയ്തുകൊണ്ടിരുന്നു. കൊച്ചിപ്രദേശത്ത് കെട്ടിയിരുന്ന അയ്ക്കോട്ടയും കൊടുങ്ങല്ലൂർ കോട്ടയും ടിപ്പുവിന്റെ ശക്തമായ പ്രതിഷേധത്തെ വകവെക്കാതെ ഡച്ചുകാരിൽ നിന്നും വിലക്കു വാങ്ങിയതാണ് പ്രധാനമായും സൈനികനടപടി എടുക്കുവാൻ ടിപ്പുവിനെ നിർബ്ബന്ധനാക്കിയത്. തന്റെ സാമന്തനായ കൊച്ചിരാജാവിന്റെ സ്ഥലത്ത് പണിതിട്ടുള്ള കോട്ടകൾ വില്ക്കുന്നുവെങ്കിൽ അത് കൊച്ചിരാജാവിന് കൊടുക്കുകയോ, അദ്ദേഹത്തിന്നാവശ്യമില്ലെങ്കിൽ കൊച്ചിയുടെ മേൽക്കോയ്മയുള്ള തനിക്ക് അവ വില്ക്കുകയോ ചെയ്യണമെന്നായിരുന്നു ടിപ്പുവിന്റെ വാദം. കോട്ടകൾക്ക് തിരുവിതാംകൂർ നല്കാമെന്നേറ്റിരുന്ന വിലയുടെ ഇരട്ടി താൻ നല്കുന്നതാണെന്നും അദ്ദേഹം അറിയിച്ചിരുന്നു.30. എന്നാൽ തിരുവിതാംകൂറിനെ കരുവാക്കി ഇംഗ്ലീഷ്കാരും ഡച്ചുകാരും നടത്തിയ ഗൂഢാലോചനയായിരുന്നു കോട്ടകൾ തിരുവിതാംകൂറിന് നല്കുവാനിടയാക്കിയത്. ടിപ്പുവിനെ പ്രകോപിപ്പിച്ച് ഒരു യുദ്ധത്തിലേക്ക് അദ്ദേഹത്തെ കൊണ്ടെത്തിക്കുകയെന്നതായിരുന്നു ഇംഗ്ലീഷ്കാരുടെ ദുരുദ്ദേശ്യം.

1789 ഒക്ടോബർ അവസാനം ടിപ്പു പാലക്കാട് എത്തിച്ചേർന്നു. ടിപ്പുവിന്റെ നീക്കത്തെ ഡിസംബർ നാലാം തീയതി പൌണി കോൺവാലിസിന്നെഴുതിയിരുന്നു. ടിപ്പുവിന്റെ ഉദ്ദേശ്യങ്ങൾ എന്തെല്ലാമാണെന്ന് നിശ്ചയിക്കുവാൻ നിവർത്തിയില്ലെങ്കിലും അദ്ദേഹം തലശ്ശേരി ആക്രമിക്കുമോയെന്ന് താൻ ഭയപ്പെടുന്നതായി പൌണി ഈ എഴുത്തിൽ പറയുന്നുണ്ട്. ഒരു ലക്ഷത്തോളം വരുന്ന ഒരു സൈന്യം

തിരുവിതാംകൂർ രാജാവ് സംഘടിപ്പിച്ചിട്ടുണ്ടെന്നും "അതിൽ 8000പേർ നമ്മുടെ ശിപായിമാരെപ്പോലെ ആയുധങ്ങളും യൂണിഫോറവും ഉള്ളവരാണെന്നും," എഴുത്തിൽ തുടർന്ന് പറയുന്നുണ്ട്.31. നെടുങ്കോട്ടയുടെ 25 മൈൽ അകലെ എത്തിയ ടിപ്പു തിരുവിതാംകൂർ രാജാവിന് ഒരെഴുത്തു കൂടി ദൂതൻമാർ മുഖേന കൊടുത്തയച്ചു. അതിൽ തിരുവിതാംകൂർ രാജാവ് അഭയം നല്കിയിട്ടുള്ള മലബാർ രാജാക്കൻമാരേയും ഇടപ്രഭുക്കൻമാരേയും വിട്ടു കൊടുക്കുക, കൊടുങ്ങല്ലൂർകോട്ട ഒഴിഞ്ഞു കൊടുക്കുകയും കൊച്ചി പ്രദേശത്തുകൂടി കടന്ന് പോകുന്ന നെടുങ്കോട്ടയുടെ ഭാഗങ്ങൾ പൊളിച്ച് നീക്കുകയും ചെയ്യുക എന്നുള്ള ആവശ്യങ്ങളാണുന്നയിച്ചിരുന്നത്.32. എന്നാൽ ടിപ്പുവിൻെറ എഴുത്തിന് നിഷേധരൂപത്തിലുള്ള മറുപടിയാണ് രാജാവ് ഇംഗ്ലീഷ് പ്രതിനിധി പൗണിയുമായി ആലോചിച്ച് തയ്യാറാക്കിയത്. ഈ കത്ത് കിട്ടിയ ഉടനെ ടിപ്പു സുൽത്താൻ നെടുങ്കോട്ടയുടെ നാലു മൈൽ അകലെ വന്ന് താവളമടിക്കുകയാണുണ്ടായത്. ഡിസംബർ 24-ാം തിയതിയായിരുന്നു ഇത്. നെടുങ്കോട്ട ആക്രമിക്കുവാൻ ഒരുങ്ങിയല്ല സുൽത്താൻ വന്നതെന്ന് കരുതേണ്ടിയിരിക്കുന്നു. അതല്ലായിരുന്നുവെങ്കിൽ അദ്ദേഹത്തിൻെറ നീക്കം ഇത്ര സാവകാശത്തിലാകുമായിരുന്നില്ല. കഴിയുന്നതും ഒരു യുദ്ധം ഒഴിവാക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ ആഗ്രഹം. രാജാവിൻെറ പ്രവർത്തനങ്ങളിൽ ഇംഗ്ലീഷ്കാർ അതൃപ്തരാണെന്ന ധാരണയാണ് അവർ ടിപ്പുവിൽ ഉണ്ടാക്കിയിരുന്നത്. അതുകൊണ്ട് ഒരു സൈന്യവുമായി താൻ കോട്ടയുടെ അടുത്തെത്തിയാൽ ഒത്തുതീർപ്പിന് രാജാവ് തയ്യാറാകുമെന്നും അങ്ങനെ പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കാൻ സാധിക്കുമെന്നും അദ്ദേഹം കരുതിയിരിക്കണം. പക്ഷേ പ്രതീക്ഷകൾക്ക് തീർത്തും വിപരീതമായാണ് അനന്തര സംഭവങ്ങൾ വികാസം കൊണ്ടത്. ഇംഗ്ലീഷ്കാരുമായി നടത്തിയിരുന്ന രഹസ്യആലോചനകളുടെ ഫലമായി കമ്പനിയുടെ സഹായം തനിക്കുണ്ടാകുമെന്ന് രാജാവിന് നല്ല ഉറപ്പായിരുന്നു. അതുകൊണ്ട് ടിപ്പു സുൽത്താൻെറ നീക്കങ്ങളെ രാജാവ് ഗൌനിച്ചില്ലെന്ന് മാത്രമല്ല ഒരു സംഘട്ടനത്തെ നേരിടുവാൻ അദ്ദേഹം സദാ സന്നദ്ധനുമായി.

ഇതിനിടെ ഡിസംബർ 29ന് രാത്രിയിൽ കാടുവെട്ടി തെളിയിച്ചു കൊണ്ടിരുന്ന മൈസൂർ സൈന്യവും തിരുവിതാംകൂർ സൈന്യവും തമ്മിൽ ഒരു ഏറ്റുമുട്ടൽ നടക്കുകയുണ്ടായി. കാര്യമായ കാരണങ്ങളൊന്നുമില്ലാതെ നടന്ന സംഘട്ടനമായിരുന്നു അത്. സംഘട്ടനത്തിൽ തിരുവിതാംകൂർ സൈന്യം പരാജയപ്പെട്ട് പിൻതിരിയുകയും കോട്ടയുടെ ഒരു ഭാഗം മൈസൂർ അധീനതയിൽ ആകുകയും ചെയ്തു. തലേദിവസത്തെ വിജയലഹരിയിൽ കോട്ട കിഴടക്കിക്കളയാമെന്ന് മൈസൂർ സൈന്യം കരുതിയിരിക്കണം. എന്നാൽ മൈസൂർ സൈന്യത്താൽ പിന്തുടരപ്പെട്ടു വന്ന തിരുവിതാംകൂർ സേന സൌകര്യപ്രദമായ ഒരു സ്ഥലത്തെത്തിയപ്പോൾ, അവർക്ക് രാജാവ് അയച്ച ഒരു പോഷകസേനയുടെ സഹായം ലഭിക്കുകയും ഇടതും വലതുമായി ഇരുഭാഗങ്ങളിൽ കൂടിവന്ന ഈ സേനകളുടെ വെടുയുണ്ടകൾക്കിടയിൽപ്പെട്ട് മൈസൂർ സേന വളരെ ആൾനാശത്തോടുകൂടി പുറംതള്ളപ്പെടുകയും ചെയ്തു.33. ഈ അതിർത്തി സംഘട്ടനം അമിതപ്രാധാന്യം നല്കിയാണ് നമ്മുടെ ചരിത്രകാരൻമാർ ചിത്രീകരിച്ചിട്ടുള്ളത്. 15,000ത്തോളം വരുന്ന മൈസൂർ സൈന്യത്തിൽ 20 പേർ മാത്രമാണ് ഈ കഥ പറയുവാൻ വേണ്ടിയെന്നോണം രക്ഷപ്പെട്ട് തിരിച്ചെത്തിയതെന്നാണ് വിൽക്സ് എഴുതുന്നത്.34. ഇത് വളരെ പെരുപ്പിച്ച് പറഞ്ഞിട്ടുള്ളതാണെന്ന് വ്യക്തം. രണ്ടു സൈന്യങ്ങളും തമ്മിൽ കാര്യമായ ഒരേറ്റുമുട്ടലുണ്ടായപ്പോൾ "കുതിരകളെ ഉപയോഗിക്കാതെയുള്ള 6000 പടയാളികളെ," മാത്രമേ ടിപ്പു നിയോഗിക്കുകയുണ്ടായുള്ളു. ഇവർ പരിപൂർണ്ണവിജയം നേടുകയും ചെയ്തു. അതുകൊണ്ട് മേൽ പറഞ്ഞ സംഘട്ടനത്തിൽ 15,000 മൈസൂർ പടയാളികളുണ്ടായിരുന്നുവെങ്കിൽ അവരെ തുരത്തുവാൻ കഴിയുമായിരുന്നില്ല. സംഭവത്തിൻെറ ദൃക്സാക്ഷിയായ പൗണിയെഴുതുന്നത്, ഇപ്രകാരമാണ്, "രാജാവിൻെറ സേനയാൽ ടിപ്പുവിന് പിൻതിരിയേണ്ടിവന്നു........... കോട്ടയക്കകത്ത് ആയിരത്തോളം പേർ കൊല്ലപ്പെട്ടുകിടപ്പുണ്ട്."35. അപ്പോൾ വിൽക്സിൻെറ അഭിപ്രായം ശരിയല്ലെന്ന് കരുതാവുന്നതാണ്.

ഈ സംഘട്ടനത്തിൽ ടിപ്പു സുൽത്താനുണ്ടായിരുന്നുവെന്നും അദ്ദേഹം കിടങ്ങിൽ വീഴുകയും കാലിന് ഒടിവ് പറ്റുകയും ചെയ്തുവെന്നും അദ്ദേഹത്തിൻെറ പല്ലക്കും മുദ്രകളും വാളും വജ്രമോതിരങ്ങളും മൈസൂർ സൈന്യത്തിന് ലഭിച്ചിരുന്നുവെന്നും വിൽക്സ് തുടർന്നെഴുതുന്നുണ്ട്.36. ഇക്കാര്യങ്ങളത്രയും ഭാവനാസൃഷ്ടികൾ മാത്രമാണ്. തിരുവിതാംകൂർ രാജാവ് മദ്രാസ് ഗവർണ്ണർക്കും, കൊച്ചിരാജാവ് ഡച്ച് ഈസ്റ്റ് ഇൻഡിസിലെ ഗവർണ്ണർ ജനറലിനും എഴുതിയിരുന്ന കത്തുകളിൽ ഈ സംഘട്ടനത്തിൽ ടിപ്പുവിൻെറ സാന്നിദ്ധ്യം ഉണ്ടായതായി പറയുന്നില്ല.37. ടിപ്പു ഹോളണ്ടിന്നെഴുതിയ കത്തിലാകട്ടെ ഈ സംഭവം താനറിയാതെയാണ് സംഭവിച്ചിട്ടുള്ളതെന്നും ഇക്കാര്യമറിഞ്ഞ ഉടനെ രാജാവിൻെറ സൈന്യത്തിൽ നിന്നും തടവിലാക്കിയവരെ വിട്ടുകൊടുക്കാൻ ഉത്തരവിടുകയുണ്ടായെന്നും സംശയത്തിന്നിടയില്ലാത്തവണ്ണം വ്യക്തമാക്കിയിട്ടുമുണ്ട്.38. "ടിപ്പുവിൽ നിന്നും വ്യക്തമായ ഉത്തരവുകൂടാതെ അബദ്ധത്തിൽ സംഭവിച്ചതാണിതെന്ന്" മദ്രാസിലേക്കെഴുതിയ ഹോളണ്ട് ഇത് ശരിവക്കുകയാണല്ലോ ചെയ്യുന്നത്. അപ്പോൾ ഇത് സംബന്ധമായി എഴുതിയിട്ടുള്ള തിലധികവും വെറും കെട്ടുകഥകൾ മാത്രമാണ്.

ഡിസംബർ 29ലെ സംഘട്ടനത്തിന് ശേഷം പിന്നെയും മൂന്നുനാലുമാസം ഒരാക്രമണത്തിന് മുതിരാതെ ടിപ്പു കാത്തുനിന്നു. ഇംഗ്ലീഷ്കാർ തിരുവിതാംകൂർ രാജാവിനെ ഉപദേശിച്ച് മാന്യമായ ഒത്തുതീർപ്പുണ്ടാക്കുമെന്നായിരുന്നു ടിപ്പു വിചാരിച്ചത്. യുക്തമായ ഒരു ഒത്തുതീർപ്പിനുള്ള ശ്രമം പരാജയപ്പെട്ടപ്പോൾ ഒരാക്രമണത്തിന് തന്നെ ടിപ്പു തയ്യാറായി. "1790 ഏപ്രിൽ 12-ാം തിയതി രാവിലെ മുതൽ മൈസൂർ സേന മുറയ്ക്ക് ഒരാക്രമണം തുടങ്ങുകയും ചുരുങ്ങിയത് മുക്കാൽ

മൈൽ ദൂരത്തിൽ കോട്ട നശിപ്പിക്കുകയും ചെയ്തു."40. 1790 ഏപ്രിൽ 15ന് ടിപ്പു നെടുങ്കോട്ട ആക്രമിക്കുകയും കാര്യമായ എതിർപ്പൊന്നും കൂടാതെ അത് പിടിച്ചെടുക്കുകയും ചെയ്തു. ഈ ദിവസം തന്നെ അയ്യിക്കോട്ടയിൽ നിന്നും പൗണി എഴുതി അറിയിച്ചതിപ്രകാരമാണ്. "ഇന്നലെ രാത്രി മുഴുവൻ ശത്രു കനത്ത ആക്രമണം തുടരുകയും ഇന്ന് പുലർച്ചയ്ക്ക് ആഞ്ഞടിക്കുകയും ചെയ്തു. ടിപ്പുവിൻെറ അശ്വാരഹിതരായ 6000 ഭടൻമാരാണ് ഈ ആക്രമണം നടത്തിയതെന്ന് പറയുന്നു............ ചുരുക്കത്തിൽ നെടുങ്കോട്ട ഈ സൈന്യത്തിൻെറ പിടിയിലാണ്."41. ഇക്കാര്യം 1790 ഏപ്രിൽ 20-ാം തിയതി രാജാവ് എഴുതിയിരിക്കുന്നതിപ്രകാരമാണ്. "15-ാം തിയതി അവർ കോട്ടയിൽ പ്രവേശിക്കുകയും കനത്ത ഒരാക്രമണത്തിൽ എൻെറ 4000ത്തോളം ആളുകളെ കൊല്ലുകയും മുറിവേല്പിക്കുകയും ചെയ്തു. അവരുടെ സേന മികച്ചതായിരുന്നത് മൂലം കോട്ട സുൽത്താനധീനമായി. സഹായത്തിനെത്തിച്ചേരുവാൻ കമ്പനി സൈന്യത്തിന് അവസരം കിട്ടാതിരുന്നത് എൻെറ നിർഭാഗ്യം കൊണ്ടാണ്."42. 1790 മേയ് 1-ാം തിയതി അയ്യിക്കോട്ടയിൽ നിന്നും കേണൽ ഹാർട്ടിലി, ആബർ ക്രോംബിക്കെഴുതിയ കത്തിൽ ടിപ്പു സുൽത്താൻ നെടുങ്കോട്ട പിടിച്ചതിന് ശേഷം ഇവിടെ പരക്കെ നിലവിലുണ്ടായിരുന്ന ഭീതിയെക്കുറിച്ച് പ്രിതപാദിക്കുന്നുണ്ട്. "രാജാവിൻെറ സൈന്യം യാതൊരു ക്രമവുമില്ലാതെ എല്ലാം കൈവിട്ടുകൊണ്ട് നെട്ടോട്ടമോടുകയാണുണ്ടായത്. മദ്രാസ് ബറ്റാലിയൻ പറവൂർ വിട്ട് കഴിഞ്ഞിരിക്കുന്നു. രാജ്യം ആകെ സംഭ്രാന്തിയിലാണ്. രാജാവിൻെറ 5000 പടയാളികൾ പോലും ഒരു സ്ഥലത്ത് ഒരുമിച്ച് കാണപ്പെടുന്നില്ല. എല്ലാതരത്തിലുംപെട്ട ആളുകളും കൊച്ചിക്ക് തെക്കോട്ട് പലായനം ചെയ്തു കഴിഞ്ഞിരിക്കുന്നു."43. പരിഭ്രാന്തരായി നെട്ടോട്ടം ഓടിയ തിരുവിതാംകൂർ സൈന്യത്തിൻെറ അവസ്ഥയെ ചുണ്ടി പൌണി എഴുതിയത്, "ഇത്രയ്ക്ക് ലജ്ജാകരമായ പരക്കം പാച്ചിൽ ചരിത്രത്തിൽ മുമ്പ് ഒരിക്കലുമുണ്ടായിരിക്കില്ല."44. (History has never seen such a shameful flight) എന്നാണ്.

നെടുങ്കോട്ട തീർത്തും നശിപ്പിച്ചു. അങ്ങനെ കാര്യമായ എതിർപ്പൊന്നുമില്ലാതെ തിരുവിതാംകൂർ മുഴുക്കെ അനാഥമായി ടിപ്പുവിൻെറ മുമ്പിൽ കിടന്നു. ടിപ്പു കൊടുങ്ങല്ലൂർക്ക് നീങ്ങുകയും ഹാർട്ട്ലിയുടെ സേന പിൻവാങ്ങിയപ്പോൾ കൊടുങ്ങല്ലൂർ കോട്ട പിടിച്ചെടുക്കുകയും ചെയ്തു. അയ്യിക്കോട്ടയും പറവൂരും മറ്റു കോട്ടകളും ഓരോന്നോരോന്നായി മൈസൂർ സൈന്യത്തിനധീനമായി. തിരുവിതാംകൂർ മുഴുവൻ കീഴടക്കാമെന്നത് പിന്നീട് സമയത്തിൻെറ മാത്രം പ്രശ്നമായിരുന്നുള്ളു. എന്നാൽ ഈ സമയത്ത് ഇംഗ്ലീഷ് സൈന്യം തൻെറ തലസ്ഥാനത്തേക്ക് നീങ്ങുന്നുവെന്നറിഞ്ഞ ടിപ്പു സുൽത്താൻ ആലുവായിൽ നിന്നും തിരിച്ചു പോവുകയാണുണ്ടായത്.45.

കമ്പനിയുടെ സുഹൃത്തും സഖ്യകക്ഷിയുമായ തിരുവിതാംകൂറിനെ ആക്രമിച്ചു എന്ന പേരിൽ കോൺവാലീസ് ടിപ്പുവിനെതിരായി യുദ്ധപ്രഖ്യാപനം നടത്തി. നെടുങ്കോട്ട ആക്രമണം ഒരു കാരണമാക്കിയെന്ന് മാത്രമേയുള്ളു. ഇതിന് വർഷങ്ങൾക്ക് മുമ്പു തന്നെ മറാത്തക്കാരുടേയും നൈസാമിൻെറയും സഹായസഖ്യമുണ്ടാക്കുവാനുള്ള ശ്രമം തകൃതിയായി നടത്തിയിരുന്നു. അതിൻെറ ഫലമായി ടിപ്പുവിനെതിരായി യുദ്ധം ചെയ്യുവാൻ മറാത്തക്കാരും നൈസാമും ഇംഗ്ലീഷ്കാരുമായി യോജിച്ചിരുന്നു. ഈ സന്നാഹങ്ങളൊക്കെ ഒരുക്കി കഴിഞ്ഞതിന് ശേഷമാണ് തിരുവിതാംകൂർ രാജാവിനെ കൊണ്ട് ടിപ്പുവിനെ പ്രകോപിപ്പിച്ച് ഒരു സംഘട്ടനത്തിലെത്തിക്കാനുള്ള ശ്രമം അവർ നടത്തിയത്. മലബാറിലെ അധികാരഭ്രഷ്ടരായ രാജാക്കൻമാരുമായും ടിപ്പുവിൻെറ സാമന്തനായിരുന്ന കൊച്ചിരാജാവുമായും കമ്പനി അധികാരികൾ സൗഹൃദ ഉടമ്പടികളുണ്ടാക്കി അവരുടെയെല്ലാം സഹായം സ്വരൂപിച്ചിരുന്നു. തിരുവിതാംകൂർ രാജാവിനെ ആക്രമിച്ചു എന്ന കാരണം പറഞ്ഞ് ടിപ്പുവെ തളക്കുവാൻ നടത്തിയ ഉപജാപങ്ങളായിരുന്നു ഇവയെല്ലാം. ഒരു യുദ്ധത്തിന് ഏറ്റവും അനുകൂലമായ സ്ഥിതിയാണ് തങ്ങൾക്കുള്ളതെന്ന് ഗവർണ്ണർ ജനറൽ മുതൽ എല്ലാ ഇംഗ്ലീഷ് സൈനിക മേധാവികളും അവരുടെ എഴുത്തുകളിലൂടെ പ്രകടിപ്പിച്ചിട്ടുണ്ട്.

1790 ഫെബ്രുവരി 5-ാം തിയതി മാലറ്റ്, കോൺവാലിസിനെഴുതുന്ന കത്തിൽ ഈ പൊതുവികാരം ഇപ്രകാരം പ്രകടിപ്പിച്ചിരുന്നു. "ഇൻഡ്യയിലെ ബ്രിട്ടീഷ് ഗവർമ്മേണ്ടിൻെറ പ്രവർത്തനശേഷി ടിപ്പുവിനെ നിഷ്ക്കാസനം ചെയ്തു പക വീട്ടാൻ തീർത്തും ശക്തമാണിപ്പോൾ"46. കാമ്പല്ലിന്നെഴുതുന്ന കത്തിൽ ജോൺ കെന്നവേയും ഈ അഭിപ്രായം തന്നെയാണ് പ്രകടപ്പിച്ചിട്ടുള്ളത്. "നമ്മുടെ ലക്ഷ്യം സാധിക്കുന്നതിന് ഏറ്റവും നല്ല അവസരമാണിതെന്നാണ് " അദ്ദേഹം പറയുന്നത്.47. തിരുവിതാംകൂർ നെടുങ്കോട്ട ആക്രമിക്കുന്നത് ഏപ്രിൽ 15നാണ്. ഈ കത്തുകളൊക്കെ ഇതിന് എത്രയോ മാസങ്ങൾക്ക് മുമ്പാണെഴുതിയിട്ടുള്ളതെന്ന് കാണാം. അപ്പോൾ നെടുങ്കോട്ട ആക്രമണത്തിൻെറ പേരിൽ യുദ്ധപ്രഖ്യാപനമെന്നത് വെറും മുഖം മൂടി മാത്രമായിരുന്നു.

സ്വന്തം കാലിൽ നിൽക്കാൻ ശേഷിയില്ലാതിരുന്ന ഇവിടത്തെ പ്രദേശിക ശക്തികളെ തങ്ങളുടെ ശത്രുക്കൾക്കെതിരായി എത്ര കൗശലത്തോടെ ഇംഗ്ലീഷ്കാർ ഉപയോഗിക്കുകയുണ്ടായി എന്നതിൻെറ ഏറ്റവും നല്ല ഉദാഹരണമാണ് തിരുവിതാംകൂറിൻേറത്. ഇക്കാലത്ത് ഇൻഡ്യയിലെ മിക്ക ഭരണാധികാരികളും തങ്ങളുടെ അയൽക്കാരെ ആക്രമിക്കുവാനോ അവരുടെ ആക്രമണത്തിൽ നിന്നും രക്ഷപ്പെടുവാനോ വിദേശശക്തികളുടെ സഹായം തേടുക പതിവായിരുന്നു. കേരളത്തിലെ രാജാക്കൻമാരും ഇതിന്നൊരപവാദമായിരുന്നില്ല. എന്നാൽ ഇവരെല്ലാം തന്നെ ചുരുങ്ങിയ

കാലത്തിനിടയിൽ വിദേശാധിപത്യത്തിന്റെ കരാളഹസ്തങ്ങളിലേക്ക് ഞെരിഞ്ഞമർന്നുപോയി എന്നത് വിധിയുടെ ഒരു ക്രൂരവിനോദമായി ശേഷിക്കുന്നു. മൂന്നാം മൈസൂർ യുദ്ധത്തിന് ശേഷം മലബാറിലെ മറ്റു രാജാക്കൻമാരെപ്പോലെ തിരുവിതാംകൂറിലെ രാജാവും കമ്പനിയുടെ ഇംഗിതത്തിന് വഴങ്ങുന്ന ഒരു സാമന്തനായി അധഃപതിക്കുകയാണുണ്ടായത്.48.

---

1. *Military Sundry Book, Vol. 61, 1784, p 87.*
2. *Fullerton, A view of English Interest in India, pp 26-27.*
3. *Ibid, p 30.*
4. *Military Sundry Book, Vol 60B, 383, Macerteny to Fullerton, December 13, 1783.*
5. *Secret Consultations, December 31, 1783, No. 28.*
6. *K.V. Krishna Iyyer, The Zamorins of Calicut, op.cit, p 224.*
7. *History of Kerala, Vol.II, op.cit, p 450.*
8. *Secret Proceedings, May 13, 1784..*
9. *Ibid, April 13, 1784.*
10. *Ibdi, May 13, 1784.*
11. *Ernakulam Archives, series II, No. 182.*
12. *Ibid, List IV, series 1, Dis.No. 74.*
13. *Ibid, List XV, series 1, No. 234.*
14. *Ibid, No. 238. p 1128.*
15. *Ibid, L 71, series 1, No. 175.*
16. *Ibid, 162, series 1, No. 168, pp 2899-2900.*
17. *Foreign (Miscellaneous) S.No. 55, pp 79-80, para 73.*
18. *Ibid, p 383, para 515.*
19. *Ibid, p 95.*
20. *Ernakulam Archives, p 7, series 1, Dis. No. 165.*
21. *Ibid List 37 A, series 1, No. 349/A.*
22. *C. Achutha Menon, Cochin State Manual, 1908, Second Edition 1995, Thiruvananthapuram, p 124.*
23. *K.P. Padmanabha Menon, Kochi Rajya Charithran, Vol. II, 1908, Ernakulam, p 390.*
24. *Buchanan, Vol.II, op.cit, p 390.*
25. *M.M.D.L.T, op.cit, p p 93-94.*
26. *Foreign Home Department, Secret Consultations No. 1, 1756-60.*
27. *Mahtilakam Records, Churna 1308, pp 74-75.*
28. *Foreign Department, Secret and Political proceedings 1, September 22, 1788, Serial No. 92, p 3461.*
29. *Ibid, p 3462.*
30. *Ibid, No.96 A, December 1789, Part II, Powney to the Governor General, pp 2751-55.*
31. *Ibid, p 2882.*
32. *Ibid, Council Proceedings, p 2590.*
33. *Foreign (Secret) Political Proceedings, No. 5, January 4, Powney to Holland.*
34. *Wilks, Vol.II, op.cit, pp 357-58.*
35. *Poona Residency Correspondence, Vol.III, No. 56, p 52.*
36. *Wilks, Vol.II, op.cit, p 146.*
37. *Political Proceedings, February 3, 1790, Consultations No.5, January 4, Powney to Holland.*
38. *Ibid, 10-2-1790, Tipu to Holland.*
39. *Ibid, April 2, 1790, Consultations No.1.*
40. *Ibid, February 3, 1790, Consultations No.5, January 4, Powney to Holland.*
41. *Ibid, May 14, 1790, Consultations No.II.*
42. *Poona Residency Correspondence, Vol.III, No. 93 A, p 113, Raja to the Resident.*
43. *Ibid, No. 98. p 117.*
44. *Foreign Political Secret Proceedings, May 14, 1790, Consultations No.8.*
45. *Ibid, No.8, May 14, 1790.*
46. *Poona Residency Correspondence, Vol.III, No. 63, p 65.*
47. *Foreign Political Secret Proceedings, No.92, pp 3768-69.*
48. *T.K. Velu Pillai, Travancore State Manual, Vol.II, 1938, Thiruvananthapuram, p 433.*

# XXX മൂന്നാംആംഗ്ലോ - മൈസൂർ യുദ്ധവും ശ്രീരംഗപട്ടണംസന്ധിയും

തങ്ങളുടെ രാഷ്ട്രീയാധികാരം ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ഉറപ്പിക്കുവാൻ സാധിക്കണമെങ്കിൽ, വളർന്നുവരുന്ന മൈസൂർ ശക്തിയേയും ടിപ്പുസുൽത്താൻെറ സ്വാധീനത്തേയും ഒതുക്കി നിർത്തേണ്ടതുണ്ടെന്ന് ഇംഗ്ലീഷ്കാർക്ക് ബോധ്യമായിരുന്നു. അതിനാൽ മംഗലാപുരം ഉടമ്പടിയിലെ വ്യവസ്ഥകൾ ലംഘിക്കുന്ന കാര്യത്തിൽ യാതൊരു വകചളിപ്പും അവർക്ക് തോന്നിയിരുന്നില്ല. "യുദ്ധരംഗത്ത് തങ്ങൾക്കൊപ്പം നിൽക്കാൻ കഴിവുണ്ടെന്ന് തെളിയിച്ചിട്ടുള്ളത് മൈസൂർ ഭരണാധികാരി മാത്രമായിരുന്നു."1. എന്നുള്ളതായിരുന്നു ഈ കുടിലതന്ത്രങ്ങളൊക്കെ നടത്തുവാൻ അവരെ പ്രേരിപ്പിച്ചത്. ടിപ്പുസുൽത്താനുമായി തങ്ങൾക്ക് അനുഗുണമല്ലാത്ത ഒരുടമ്പടി മംഗലാപുരത്ത് ഒപ്പ് വെക്കേണ്ടി വന്നുവെന്ന കൈയ്പ്പ് നിറഞ്ഞ അനുഭവം അവർക്ക് എളുപ്പം മറക്കാൻ കഴിയുന്ന ഒന്നായിരുന്നില്ല. "ഒരു പ്രാദേശിക ശക്തി ഇതാദ്യമായിട്ടാണ് നമ്മുടെ മേൽ വിജയം നേടുന്നത്"2. അതുകൊണ്ട്, "ഇത് ഒരു യുദ്ധവിരാമമെന്നല്ലാതെ ഒരുടമ്പടിയായി ഒരിക്കലും,"3 ഇംഗ്ലീഷ്കാർ മംഗലാപുരം സന്ധിയെ കണക്കാക്കിയിരുന്നില്ല. കണ്ണൂരിൽ നിന്നും ഇംഗ്ലീഷ്കാർ ഒഴിഞ്ഞു പോകണമെന്നത് ഉടമ്പടിയിലെ നാലാമത്തെ വ്യവസ്ഥയായിരുന്നുവെങ്കിലും ടിപ്പു സുൽത്താനിൽ നിന്നും തുടരെ തുടരെ പ്രതിഷേധം ഉണ്ടായതിന് ശേഷം മാത്രമാണ് കണ്ണൂരിൽ നിന്നും അവർ ഒഴിഞ്ഞു പോയത്. അതാകട്ടെ പൂർണ്ണമായും കൊള്ളയടിച്ചതിന് ശേഷവുമാണ്. മലബാറിലെ കലാപകാരികൾക്ക് ഇംഗ്ലീഷ്കാർ തലശ്ശേരി കേന്ദ്രങ്ങളിൽ അഭയം നൽകുകയും മലബാറിൽ കലാപം സൃഷ്ടിക്കുവാൻ അവരെ സഹായിക്കുകയും ചെയ്തിരുന്നു. 1789 ഏപ്രിൽ 23-ാം തിയതി തലശ്ശേരിയിലെ കമ്പനി തലവന് ടിപ്പു അയച്ച എഴുത്തിൽ ഉടമ്പടി വ്യവസ്ഥകൾ ലംഘിച്ചത് എണ്ണിയെണ്ണി പറയുന്നുണ്ട്. "ഒന്നാമതായി എൻെറ സർക്കാരിൻെറ വകയായ ധർമ്മപട്ടണം നിങ്ങൾ കൈയേറി. രണ്ടാമതായി കോട്ടയം രാജാവും ചിറക്കൽ രാജാവും കുടുംബസമേതം 20 ലക്ഷം ഉറുപ്പികയുമായി തലശ്ശേരിയിലേക്ക് ഒളിച്ചുകടക്കുകയും നിങ്ങൾ ഒരു കപ്പലിൽ കയറ്റി അവരെയെല്ലാം രാമരാജാവിൻെറ നാട്ടിലേക്കയക്കുകയും ചെയ്തു."4. 20,000 നായർ യോദ്ധാക്കൾക്ക് ഇംഗ്ലീഷ്കാർ സംരക്ഷണം നൽകിയിരുന്നു എന്നും അവർ രാത്രികാലങ്ങളിൽ നാട്ടിലിറങ്ങി കൊള്ള നടത്തിയിരുന്നു എന്നും ടിപ്പു തുടർന്ന് പറയുന്നുണ്ട്. സംരക്ഷണം നൽകിയിരിക്കുന്ന കലാപകാരികളെ തിരിച്ചയക്കാനും അന്യായമായി കൈവശപ്പെടുത്തിയ ധർമ്മപട്ടണം, ചിറക്കൽ രാജാവായ രവിവർമ്മക്ക് തിരികെ കൊടുക്കുവാനും മറ്റൊരെഴുത്തിൽ ടിപ്പു തലശ്ശേരി തവലനോട് ആവശ്യപ്പെട്ടിട്ടുണ്ട്.5. എന്നാൽ മാന്യമായ മറുപടിയല്ല തലശ്ശേരിയിൽ നിന്നും അദ്ദേഹത്തിന് ലഭിച്ചത്. ഈ ധാർഷ്ട്യം ടിപ്പുവിനെ കുപിതനാക്കുകയും, "ഇനി മുതൽ ഒരു കാര്യത്തിനും നിങ്ങൾ എനിക്ക് കത്തയക്കരുത്. നിങ്ങളെപ്പോലെ നൂറുകണക്കിന് ഉദ്യോഗസ്ഥൻമാർ എൻെറ കീഴിലുമുണ്ട്."6.

കയറ്റുമതി നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് മൂലമാണ് മലബാറിലെ ഇംഗ്ലീഷ്കാരുടെ ധാർഷ്ട്യത്തിന് ടിപ്പു മറുപടി നൽകിയത്. ഇത് മലബാറിലെ ഇംഗ്ലീഷ് കച്ചവടത്തെ പ്രതികൂലമായി ബാധിച്ചു. 1789 ആഗസ്റ്റ് 26ലെ കൗൺസിൽ നടപടികളിൽ ഇക്കാര്യത്തെക്കുറിച്ച് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. "തീരപ്രദേശങ്ങളിലെ ഉത്പന്നങ്ങൾ കയറ്റി അയക്കുന്നതിലുള്ള നിരോധനം നിലനർത്തുവാൻ ടിപ്പു ഉറച്ചിരിക്കയാണെന്ന് തോന്നുന്നു. എങ്കിൽ തലശ്ശേരിയിലെ കച്ചവടം കൊണ്ട് കമ്പനിക്ക് ഒരു ഗുണവും ഉണ്ടാകുവാൻ പോകുന്നില്ല." എന്നാൽ മലബാർ രാജാക്കൻമാർ ടിപ്പുവിൻെറ അധീശത്വം എങ്ങിനെയെങ്കിലും ഒഴിയുകയും, "അവരുമായി സഖ്യത്തിലാകാൻ നമുക്ക്" പരിതസ്ഥിതി അനുകൂലമായി തീരുകയും ചെയ്താൽ, "വാണിജ്യപരവും രാഷ്ട്രീയപരവുമായ രംഗത്ത്, തലശ്ശേരി നമ്മുടെ കമ്പനിയെ സംബന്ധിച്ചിടത്തോളം, വിലമതിക്കാനാകാത്ത ഒരു കേന്ദ്രമായി തീരുമെന്ന് കൂടി അവർ പ്രതീക്ഷിച്ചു.7. അതുകൊണ്ട് മലബാറിൽ കലാപവും കുഴപ്പങ്ങളും കുത്തിപ്പൊക്കുക അവരുടെ നിലനിൽപ്പിന് തന്നെ അത്യന്താപേക്ഷിതമായിത്തീർന്നു. തങ്ങളുടെ ഈ പരിപാടികൾ നടപ്പിലാക്കുന്നതിന് ഏറ്റവും നല്ല സഹായിയായിട്ടാണ്, "ഇന്ത്യയിലെ ഏറ്റവും വിശ്വസ്തനായ സഖിയും ഏറ്റവും നല്ല സുഹൃത്തുമായ തിരുവിതാംകൂർ രാജാവിനെ" ഇംഗ്ലീഷ്കാർ കണക്കാക്കിയത്. മംഗലാപുരം ഉടമ്പടിയിൽ തിരുവിതാംകൂറും ഒരു കക്ഷി ആയിരുന്നുവെങ്കിലും മലബാറിലെ രാജാക്കൻമാർക്കും പ്രഭുക്കൻമാർക്കും അഭയം കൊടുക്കുന്നതിന് മഹാരാജാവ് മടിച്ചില്ല. അഭയം നൽകപ്പെട്ട കലാപകാരികളെ തിരിച്ചയക്കുവാൻ ടിപ്പുസുൽത്താൻ രാജാവിനും ഗവർണ്ണർക്കും മാറിമാറി എഴുതുകയുണ്ടായി. ഈ പ്രതിഷേധങ്ങളെല്ലാം അവഗണിക്കപ്പെടുകയും ഉടമ്പടി വ്യവസ്ഥകൾ ഒന്നൊന്നായി കാറ്റിൽ പറത്തുകയും ചെയ്തു.

കോൺവാലീസ് ഗവർണ്ണർ ജനറൽപദം ഏറ്റെടുത്ത് ഒരു വർഷം തികയുന്നതിന് മുമ്പ് തന്നെ മാറാത്തക്കാരുമായും നൈസാമുമായും സംഖ്യം ഉണ്ടാക്കുവാനുള്ള ശ്രമങ്ങൾ

ആരംഭിച്ചിരുന്നു. ഇംഗ്ലീഷ്കാരുമായി സംഖ്യത്തിലേർപ്പെടുന്നത് തങ്ങൾക്ക് എന്നും ഗുണകരമായിരിക്കുമെന്ന് മേൽപറഞ്ഞവരെ വിശ്വസിപ്പിക്കുവാൻ കഴിഞ്ഞതായിരുന്നു കോൺവാലീസിൻെറ ഏറ്റവും വലിയ നയതന്ത്രവിജയം. അതുപോലെ മൈസൂർ ആക്രമണം മൂലം സ്ഥാനനഷ്ടം സംഭവിച്ചവരും മറ്റുവിധത്തിലുള്ള വിഷമങ്ങൾ നേരിട്ടവരുമായ മലബാറിലെ രാജാക്കൻമാരെയും പ്രഭുക്കളെയും പാട്ടിലാക്കുവാൻ അദ്ദേഹം ഒരു സംരക്ഷണപ്രഖ്യാപനവും പ്രസിദ്ധീകരിച്ചു. അതിൽ ഇപ്രകാരം പറഞ്ഞിരുന്നു. "ടിപ്പു സുൽത്താനെതിരായുള്ള യുദ്ധത്തിൽ താങ്കൾ ഹൃദയപൂർവ്വം പങ്ക് ചേരുകയും അദ്ദേഹത്തിനെതിരായി കഠിനമായി പ്രവർത്തിക്കുകയും ചെയ്താൽ ഇംഗ്ലീഷ് ഈസ്റ്റിൻന്ത്യാ കമ്പനി താങ്കളെ സഹായിക്കുകയും സംരക്ഷിക്കുകയും ടിപ്പുസുൽത്താനിൽ നിന്നും മോചനം നേടുന്നതിന് വേണ്ടി കമ്പനി കഴിവത് ചെയ്ത് തരുമെന്നതിന് പുറമെ............. ഭാവിയിൽ ടിപ്പു സുൽത്താനും കമ്പനിയുമായും ഉണ്ടായേക്കാവുന്ന ഏത് ഉടമ്പടിയിലും നിങ്ങളെ കക്ഷി ചേർക്കുകയും ബഹുമാനപ്പെട്ട കമ്പനിയുടെ സഖിയായി നിങ്ങളെ കണക്കാക്കുകയും ചെയ്യുന്നതാണെന്ന് തലശ്ശേരിയിലെ ഇംഗ്ലീഷ് താൽപര്യങ്ങൾ സംരക്ഷിക്കുന്ന വിഭാഗത്തിൻെറ തലവനായ ഞാൻ, റോബർട്ട് ടെയ്ലർ, ബഹുമാനപ്പെട്ട ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ പേരിൽ താങ്കൾക്ക് (ഇവിടെ രാജാവിൻെറ പേരും പദവികളും ചേർക്കുക) ഉറപ്പ് നൽകിക്കൊള്ളുന്നു. തദനുസൃതമായി 1790 മെയ് 4-ാം തിയതിയായ ഇന്ന് തലശ്ശേരിയിൽ വെച്ച് സാക്ഷി എന്നുള്ള നിലയിൽ ഞാൻ ഇതിൽ ഒപ്പും ബഹുമാനപ്പെട്ട കമ്പനിയുടെ മുദ്രയും പതിപ്പിച്ചിട്ടുള്ളതും അപ്രകാരം തന്നെ താങ്കളും മുദ്രപതിച്ചിട്ടുള്ളതും ആകുന്നു.8. കാടുകളിൽ ഒളിച്ചു കഴിഞ്ഞിരുന്ന കലാപകാരിൾക്ക് സംരക്ഷണം നൽകുവാനും ധൈര്യം പകരുവാനുമാണ് ഇത്തരം ഒരു പ്രഖ്യാപനം നടത്തിയത്. അല്പദിവസത്തിനകം ചിറക്കൽ, കടത്തനാട്, കോട്ടയം രാജാക്കൻമാർ തങ്ങളുടെ കൂടെയുണ്ടെന്നും കൂർഗ് രാജാവും നമ്മോട് ചേരുന്നതിൽ തല്പരനാണെന്നും എന്നാൽ കണ്ണൂരിലെ ബീവി മാത്രം നമ്മോട് ചേർന്നതായി പ്രഖ്യാപിച്ചിട്ടില്ലെന്നും കോർട്ട് ഓഫ് ഡയറക്ടേഴ്സിൻെറ രഹസ്യസമിതിക്ക് റിപ്പോർട്ട് ചെയ്യുവാൻ ടെയ്ലർക്ക് കഴിഞ്ഞു.9. അതുപോലെ തിരുവിതാംകൂർ റസിഡൻറായിരുന്ന പൗണിയുടെ ശ്രമഫലമായി കൊച്ചി രാജാവും ഇംഗ്ലീഷ്കമ്പനിയുമായി ഒരു സൗഹൃദ ഉടമ്പടി ഉണ്ടാക്കി. കണ്ണൂരിലെ അറക്കൽ ബീവിയും 1790 ആഗസ്റ്റ് 8-ാം തിയതി കമ്പനിയുമായി സഖ്യം ചെയ്യുവാൻ നിർബന്ധയുമായി. അങ്ങനെ ഏതെല്ലാം തയ്യാറെടുപ്പ് സാദ്ധ്യമാകുമോ അവ ചെയ്ത് ടിപ്പുവെ ഒറ്റപ്പെടുത്തുവാൻ ഇംഗ്ലീഷ് കമ്പനിക്ക് സാധിച്ചിരുന്നു. ഇംഗ്ലീഷ്കാരുമായി ഒരു യുദ്ധത്തിന് ടിപ്പു യാതൊരു വക ഒരുക്കങ്ങളും നടത്തിയിരുന്നില്ലാത്ത അവസരത്തിലാണ് കമ്പനി തകൃതിയായി ഈ സന്നാഹങ്ങളൊക്കെ ചെയ്തിരുന്നുതെന്ന് എല്ലാ എഴുത്തുകാരും ഒരേ രീതിയിൽ അഭിപ്രായപ്പെടുന്നുണ്ട്. ഇംഗ്ലീഷ് കമ്പനി എത്രമാത്രം ടിപ്പുവിനെ ഭയപ്പെട്ടിരുന്നു എന്നതിൻെറ പ്രകടമായ തെളിവാണ് അവർ നടത്തിയ പ്രതിരോധ സന്നാഹങ്ങളും സഖ്യങ്ങളും കാണിക്കുന്നത്. അങ്ങനെ ഇതിന് മുമ്പ് നടന്ന ആംഗ്ലോ-മൈസൂർ യുദ്ധങ്ങളിൽ നിന്നും ഭിന്നമായ ചിത്രമാണ് മൂന്നാം ആംഗ്ലോ-മൈസൂർ യുദ്ധം പ്രദർശിപ്പിക്കുന്നത്.

നേരെ പ്രസ്താവിച്ചതു പോലെ നെടുങ്കോട്ട തകർത്ത ടിപ്പു സുൽത്താൻ ആലുവായിലെത്തിക്കഴിഞ്ഞിരുന്നു. അപ്പോഴാണ് കോൺവാലീസ് തനിക്കെതിരെ യുദ്ധപ്രഖ്യാപനം നടത്തിയിരിക്കുന്നതായും ഐക്യസേന ശ്രീരംഗപട്ടണത്തേക്ക് പുറപ്പെട്ടിരിക്കുന്നതായും രഹസ്യവകുപ്പിൻെറ അറിയിപ്പ് ലഭിക്കുന്നത്. അതോടെ ആലുവ വരെ എത്തിയ ടിപ്പു മുന്നോട്ടുള്ള പ്രയാണം നിർത്തിവെച്ച് ദ്രുതഗതിയിൽ മൈസൂറിലേക്ക് തിരിച്ചു. ഏതെങ്കിലും വിധേന ടിപ്പുവിൻെറ ശക്തി ക്ഷയിപ്പിക്കണമെന്ന് ശാഠ്യമുണ്ടായിരുന്ന കോൺവാലീസ് നെടുങ്കോട്ട ആക്രമണം ഒരു കാരണമാക്കി എന്നു മാത്രമേയുള്ളു. 1790 ജനുവരി 27ന് കോൺവാലീസ് പൂനയിലേയും ഹൈദരാബാദിലെയും തൻെറ പ്രതിപുരുഷൻമാരായ മാലറ്റിനും, ജോൺ കെന്നവെക്കും എഴുതുന്ന കത്തിൽ നിന്ന് അദ്ദേഹത്തിൻെറ മനസ്സിലിരുപ്പ് മനസ്സിലാക്കാം. "നമ്മുടെ സഖ്യശക്തികളിലൊന്നായ തിരുവിതാംകൂർ രാജാവിനെതിരായി നീങ്ങുന്ന ടിപ്പു സുൽത്താൻ ഈ എഴുത്ത് കിട്ടുമ്പോഴേക്കും തന്നെ ആക്രമണം നടത്തിയിരിക്കും. നമ്മുടെ ഉടമ്പടിക്ക് വിധേയനായ രാജാവിനെതിരെയുള്ള യുദ്ധം കമ്പനിക്കെതിരായുള്ള യുദ്ധമായി കരുതി അടിയന്തിരമായി ഊർജ്ജിത നടപടി കൈക്കൊള്ളുകയും വേണം" ഈ എഴുത്തിലെ തിയ്യതി വളരെ പ്രാധാന്യമർഹിക്കുന്നു. ഏപ്രിൽ 15-ാം തിയ്യതിയാണ് ടിപ്പു നെടുങ്കോട്ട ആക്രമിക്കുന്നത്.

യുദ്ധത്തിൻെറ ആരംഭം മുതലെ ഇംഗ്ലീഷ് പക്ഷത്ത് അമിതമായ ആത്മവിശ്വാസവും സുശക്തമായ പ്രതിരോധ പ്രവർത്തനവും പ്രകടമായിരുന്നു. യുദ്ധത്തിൻെറ തുടക്കത്തിൽ തന്നെ മലബാർ മുഴുക്കെ പിടിച്ചടക്കുവാൻ ഇംഗ്ലീഷ്കാർക്ക് അധികം പ്രയാസം നേരിട്ടില്ല. മലബാറിലെ ആഗ്നേയ വിജയത്തെ അവലോകനം നടത്തിക്കൊണ്ട് കോൺവാലീസ് മാലറ്റിന് എഴുതിയതിപ്രകാരമാണ്, "ജനറൽ മെഡോസിൻെറ പൂർണ്ണമായ വിജയവും കണ്ണൂർ ബീവി നമ്മുടെ സഖ്യത്തിൽ ചേർന്നതും മലബാർ തീരത്തിൻെറ തെക്കൻഭാഗം മുഴുക്കെ നമ്മുടെ അധീനതയിൽ കൊണ്ടുവരുവാൻ സഹായിച്ചു."10.

മലബാറിൽ ഹുസൈൻ അലി ഖാൻെറയും മർത്താബ് അലി ഖാൻെറയും നേതൃത്വത്തിൽ നിലയുറപ്പിച്ചിരുന്ന മൈസൂർ സൈന്യം ശക്തമായ പ്രതിരോധപ്രവർത്തനമാണ് നടത്തിയത്. എന്നാൽ ഡിസംബർ 10-ാം തിയ്യതി നടന്ന പൊരിഞ്ഞ യുദ്ധത്തിൽ മൈസൂർ സേനയെ പരാജയപ്പെടുത്തുവാനും അവരുടെ പക്ഷത്ത് വലിയ ആൾനാശം ഉണ്ടാക്കുവാനും കേണൽ ഹാർട്ട്ലിക്ക് കഴിഞ്ഞു. ഈ യുദ്ധം തിരൂരങ്ങാടിയിൽ വെച്ചാണ് നടന്നത്. ഹുസൈൻ അലിഖാൻ 900 സൈനികരോട് കൂടി കീഴടങ്ങി. എന്നാൽ

മർത്താബ് അലിഖാൻ ആകട്ടെ തിരൂരങ്ങാടിയിൽ നിന്നും ഒരു സേനാവിഭാഗവുമായി ഫറൂക്കിലെത്തി അവിടെയുണ്ടായിരുന്ന ധനശേഖരം മുഴുക്കെ ആനകളുടെ പുറത്ത് കയറ്റി താമരശ്ശേരി ചുരം വഴി മൈസൂറിലേക്ക് പോയി.11. അദ്ദേഹം ഫറൂക്കിൽ നിർത്തിയിരുന്ന 1500ൽപരം മൈസൂർ യോദ്ധാക്കൾ ഹാർട്ട്ലിയുടെ സൈന്യം ഫറൂക്കിൽ എത്തിയപ്പോൾ യാതൊരു ചെറുത്തു നില്പും സംഘടിപ്പിക്കാതെ കീഴടങ്ങുകയാണ് ചെയ്തത്. ഫറൂക്കിലെ കോട്ടയും പീരങ്കികളും മറ്റു സൈനിക ഉപകരണങ്ങളും ഹാർട്ട്ലി കൈവശമാക്കുകയും സൈനികരെ തടവുകാരായി പ്രഖ്യാപിക്കുകയും ചെയ്തു. ബേപ്പൂരും യാതൊരു എതിർപ്പും പ്രകടിപ്പിക്കാതെ ഹാർട്ട്ലിക്ക് കീഴടങ്ങി. മലബാറിൽ ഉണ്ടായ അപ്രതീക്ഷിതമായ ഇംഗ്ലീഷ് വിജയം കോൺവാലീസിനെയും സഖ്യകക്ഷികളെയും ഏറെ സന്തോഷിപ്പിച്ചു. മുൻവിവരിച്ചത് പോലെ അറക്കൽ ബിവി ഇംഗ്ലീഷ് കമ്പനിയുമായി ഉടമ്പടിയിൽ ഒപ്പ് വെച്ചിരുന്നുവെങ്കിലും മൈസൂർ സേന കണ്ണൂരെത്തിയപ്പോൾ അവരെ കോട്ടക്കകത്ത് പ്രവേശിപ്പിക്കാൻ ബിവി അനുവാദം നൽകിയിരുന്നു. തൻമൂലം കണ്ണൂർ കോട്ട ഡിസംബർ 13ന് ജേണൽ ആബർക്രോംബിയുടെ നേതൃത്വത്തിൽ പ്രതിരോധിക്കുവാൻ തുടങ്ങി. കോട്ടക്കകത്തുണ്ടായിരുന്ന മൈസൂർ സൈന്യവും കണ്ണൂർ സേനയും അഭിമാനകരമാംവണ്ണം ശക്തിയായി എതിർത്തുനിന്നു. എന്നാൽ ഡിസംബർ17-ാം തിയതി ആയതോടുകൂടി തങ്ങൾക്ക് യാതൊരു രക്ഷയുമില്ലെന്ന് മനസ്സിലാക്കിയ സൈന്യം, നിരുപാധികമായി കീഴടങ്ങുകയാണ് ചെയ്തത്.12. കണ്ണൂരിൽ നിന്നും വില മതിക്കാനൊക്കാത്ത സൈനികോപകരണങ്ങളും ബോട്ടുകളും മറ്റ് ജലവാഹനികളും കമ്പനിക്ക് കിട്ടിയതിന് പുറമെ വളരെ വലിയ ധാന്യശേഖരം പിടിച്ചെടുക്കുവാനും അവർക്ക് സാധിച്ചു. ബിവിയുടെ ഭർത്താവ് ഈ യുദ്ധത്തിൽ മരണമടഞ്ഞിരുന്നതിനാൽ ഇംഗ്ലീഷ് ക്യാമ്പിലേക്ക് സന്ധിസംഭാഷണത്തിനായി പോയത് ബിവിയുടെ മന്ത്രിയും അടുത്ത കിരീടാവകാശിയും ആയിരുന്നു എന്നാണ് ലോഗൻ പറയുന്നത്.13.

അങ്ങനെ 1790 അവസാനത്തോട് കൂടി തന്നെ മലബാർ പ്രദേശത്തെ മൈസൂർ ആധിപത്യം നാമാവശേഷമായി, ഈ സ്ഥലം മുഴുക്കെ ഇംഗ്ലീഷ്കാരുടെ കീഴിലമരുകയും ചെയ്തു. മൈസൂർ ശക്തിയുടെ തിരോധാനം ഇംഗ്ലീഷ് കമ്പനിയെ പടിഞ്ഞാറൻ തീരങ്ങളിൽ ആരാലും ചോദ്യം ചെയ്യപ്പെടുവാനാകാത്ത അജയ്യശക്തിയാക്കിത്തീർത്തു. മലബാറിലെ തുറമുഖങ്ങൾ കൈവശം ആക്കുക എന്ന കമ്പനിയുടെ ചിരകാലാഭിലാഷം പരിപൂർണ്ണമായും വിജയം കണ്ടു. കുരുമുളകിനും മറ്റ് സുഗന്ധദ്രവ്യങ്ങൾക്കും വേണ്ടി കച്ചവടത്തിനെത്തിയ അവർക്ക് ഈ വിലപ്പെട്ട വ്യാപാര ഉത്പന്നങ്ങളുടെ മേൽ കുത്തകാവാകാശം കൈയ്യടക്കുക എന്ന മോഹവും സാധിച്ചു. ആംഗ്ലേയ കൊളോണിയൽ സാമ്രാജ്യത്വത്തിൻെറ വിജയകരമായ ഉദ്ഘാടനപ്രക്രിയയാണ് അങ്ങനെ ഇവിടെ അരങ്ങേറിയത്.

യുദ്ധം തുടങ്ങി അധികം കഴിയുന്നതിന് മുമ്പ് തന്നെ മലബാർ, കമ്പനിയുടെ കീഴിൽ വന്ന കാര്യം നാം മനസ്സിലാക്കിയല്ലോ. നൈസാം-മറാത്ത സൈന്യങ്ങളും തിരുവിതാംകൂറിലെയും കേരളത്തിലെ മറ്റു രാജാക്കൻമാരുടെ സൈന്യങ്ങളും ഇംഗ്ലീഷ്സേനക്ക് വിജയസാധ്യത ഉണ്ടാക്കിയിരുന്നു. യുദ്ധത്തിന് തയ്യാറെടുപ്പ് നടത്തിയിരുന്നിട്ടില്ലാത്ത അവസരത്തിൽ ഈ സഖ്യശക്തികളെ ഒറ്റക്ക് നേരിടുക പ്രയാസമാണെന്ന് മനസ്സിലാക്കിയിരുന്ന ടിപ്പുസുൽത്താൻ സമാധാന ദൗത്യവുമായി സഖ്യകക്ഷികളെ പല പ്രാവശ്യം സമീപിക്കേണ്ടതായി വന്നു. അവസാനം സന്ധി സംഭാഷണത്തിന് തയ്യാറായപ്പോൾ ദീർഘമായ ചർച്ചകളും സങ്കീർണ്ണമായ പ്രശ്നങ്ങളും ഉണ്ടായിട്ടുകൂടി സംഭാഷണം പുരോഗമിച്ചു. എന്ത് വില കൊടുത്തും സമാധാനം ഉണ്ടാക്കണമെന്ന് മൈസൂർ പക്ഷത്ത് കഠിനമായ ആഗ്രഹമുണ്ടായതിനാൽ പ്രതിബന്ധങ്ങളെയെല്ലാം അവഗണിച്ച് 1792 ഫെബ്രുവരി 23-ാം തിയ്യതി സമാധാന ഉടമ്പടിയുടെ കരട് ടിപ്പു അംഗീകരിക്കുകയും 24-ാം തിയ്യതി തന്നെ യുദ്ധവിരാമം പ്രഖ്യാപിക്കുകയും ചെയ്തു.14.

സന്ധിഉടമ്പടിയിലെ വ്യവസ്ഥകൾ താഴെ പറയും വിധമായിരുന്നു.

1. യുദ്ധം തുടങ്ങുന്നതിന് മുമ്പ് ടിപ്പു സുൽത്താൻെറ കൈവശമുണ്ടായിരുന്ന സ്ഥലത്തിൻെറ നേർപകുതി സഖ്യകക്ഷികൾക്ക് വിട്ടുകൊടുക്കണം. അതാകട്ടെ മിക്കവാറും ഇവരുടെ ഇഷ്ടത്തിന് ഒത്തവിധവും ഇവരുടെ രാജ്യാതിർത്തിയോട് തൊട്ടുകിടക്കുന്ന സ്ഥലങ്ങളുമായിരിക്കണം.

2. മൂന്നുകോടി മുപ്പത് ലക്ഷം രൂപ താഴെ വിവരിക്കുന്ന വിധത്തിൽ കമ്പനിക്കും കൂട്ടാളികൾക്കുമായി നൽകണം. അതായത് ഒരു കോടി അറുപത്തഞ്ച് ലക്ഷം രൂപ ഉടനടി സ്വർണ്ണമായിട്ടോ, പെഗോഡയായിട്ടോ, അതുമല്ലെങ്കിൽ പൂർണ്ണ തൂക്കമുള്ള സ്വർണ്ണം, വെള്ളിനാണയങ്ങളായിട്ടോ ആയിരിക്കണം കൊടുക്കുന്നത്. അവശേഷിക്കുന്ന ഒരു കോടി മുപ്പത്തഞ്ച് ലക്ഷം രൂപ മൂന്നു ഗഡുക്കളായി നാലു മാസം കൂടുമ്പോൾ മേൽപറഞ്ഞ നാണയമായോ, ലോഹങ്ങളായോ നൽകുകയും വേണം.

3. ഹൈദരലിഖാൻെറ കാലം മുതൽ തടവുകാരാക്കിയിരുന്ന സഖ്യകക്ഷികളുടെയെല്ലാം പ്രജകളെ ഒരാളെപ്പോലും ബാക്കിയാക്കാതെ ഉടനടി മോചപ്പിക്കണം.

4. മുകളിൽ പ്രസ്താവിച്ച മൂന്നു വ്യവസ്ഥകളും പരിപൂർണ്ണമായി നടപ്പിലാക്കുന്നത് വരെ സുൽത്താൻെറ മൂത്ത മൂന്നു പുത്രൻമാരിൽ രണ്ടു പേരെ ജാമ്യതടവുകാരായി അയക്കണം. രാജകുമാരൻമാർ എത്തുന്നതോടെ യുദ്ധവിരാമ പ്രഖ്യാപനം നടത്തുകയും സമാധാനം നിലവിൽ വരികയും ചെയ്യും.

5. കരടുരേഖയിൽ കൊള്ളിച്ചിരിക്കുന്ന വ്യവസ്ഥകളത്രയും അംഗീകരിച്ചുകൊണ്ടും സുൽത്താൻെറ ഒപ്പും

സീലും മുദ്രണം ചെയ്തുകൊണ്ടും ഉള്ള ഉടമ്പടി വരുന്നതോടെ, സഖ്യകക്ഷികളായ മൂന്നു ശക്തികളും അവരവരുടെ ഒപ്പും സീലും വെച്ച് ഉടമ്പടി പത്രങ്ങൾ കൈമാറുന്നതാണ്. യുദ്ധമവസാനിച്ചാൽ നിശ്ചിതമായ സൗഹൃദസന്ധിയിൽ കൂടിയാലോചനക്ക് ശേഷം ആവശ്യമായ നീക്കുപോക്കുകൾ നടത്തി ശാശ്വതമായ സമാധാന ഉടമ്പടി ഉണ്ടാക്കുന്നതുമാണ്.15.

എന്നാൽ ഉടമ്പടി വ്യവസ്ഥകൾ പൂർത്തീകരിക്കുന്നതിൽ നിരവധി പ്രശ്നങ്ങൾ നേരിട്ടു. ടിപ്പുവിൻെറ രാജ്യം വിഭജിക്കുന്നതിൻെറ മാനദണ്ഡമായി സ്ഥലത്തിൻെറ വില നിർണ്ണയിക്കുന്ന കാര്യത്തിലും ഏതേത് സ്ഥലം തങ്ങൾക്ക് കിട്ടണമെന്ന കാര്യത്തിലും ഏകപക്ഷീയമായി തീരുമാനമെടുക്കുവാനുള്ള അധികാരം വേണമെന്ന് ഇംഗ്ലീഷ്കാർ ശഠിച്ചതാണ് കാര്യമായ തടസ്സമായത്. സഖ്യകക്ഷികൾക്ക് വീതിച്ചുകൊടുക്കുന്ന സ്ഥലം ഓരോരുത്തരുടേയും അതിർത്തിയോട് ചേർന്ന് കിടക്കുന്നവയായിരിക്കണമെന്ന് കരടുടമ്പടിയിലെ നിശ്ചിത വ്യവസ്ഥ മാനിക്കുവാൻ സഖ്യശക്തികൾ തയ്യാറാകാഞ്ഞതാണ് മറ്റൊരു ദുർഘടം സൃഷ്ടിച്ചത്. 'ശ്രീരംഗപട്ടണത്തിൻെറ കവാടം' എന്ന് വശേഷിപ്പിച്ചിരുന്ന കൂർഗ് തങ്ങൾക്ക് വേണമെന്ന് ഇംഗ്ലീഷ്കാർ ആവശ്യപ്പെട്ടു. അവരുടെ സ്ഥലങ്ങളുമായി അതിർത്തിപരമായോ, ഭൂമിശാസ്ത്രപരമായോ, യാതൊരു ബന്ധവുമില്ലാത്ത സ്ഥലമായിരുന്നു കൂർഗ്. പ്രാഥമിക ഉടമ്പടി വ്യവസ്ഥകൾക്കും സ്വാഭാവികനീതിക്കും കടകവിരുദ്ധമായ നിലപാടാണ് ഇംഗ്ലീഷ്കാർ അവലംബിച്ചത്. കൂർഗ് പ്രശ്നം ചർച്ചകൾക്ക് വിരാമമിട്ടു. യുദ്ധം പുനരാരംഭിക്കുവാൻ കോൺവാലീസ് ഉത്തരവു നല്കി. മറാത്ത-നൈസാം സൈന്യങ്ങളും കൊള്ളയും അക്രമവുമായി നാട്ടിലിറങ്ങി.

സന്ധിവ്യവസ്ഥ തകരുന്നുവെങ്കിൽ ആ നിമിഷം തന്നെ ജാമ്യത്തടവുകാരായി പാർപ്പിച്ചിട്ടുള്ള ടിപ്പുവിൻെറ പുത്രൻമാരെ മടക്കി അയക്കേണ്ടതായിരുന്നു. എന്നാൽ അതിന് പകരം കോൺവാലീസ് അവരെ തടവുകാരാക്കുകയാണുണ്ടായത്. യുദ്ധം പുനരാരംഭിച്ചിരുന്നുവെങ്കിലോ, കുറച്ചുകാലം ടിപ്പുവിന് പിടിച്ചുനിൽക്കാൻ പറ്റുമായിരുന്നെങ്കിലോ, മൂന്നാം മൈസൂർ യുദ്ധത്തിൻെറ ഫലം മറ്റൊന്നാകുമായിരുന്നുവെന്നാണ് ടിപ്പുവിൻെറ ആധികാരിക ചരിത്രകാരനായ മൊഹിബ്ബുൽ ഹസ്സൻ ഖാൻ സമർത്ഥിച്ചിട്ടുള്ളത്.16. കാരണം സഖ്യകക്ഷികളിൽ അനൈക്യവും അന്യോന്യം അവിശ്വാസവും ആരംഭിച്ചുകഴിഞ്ഞിരുന്നു. ഇതൊക്കെ ടിപ്പുവിനും ശരിക്കറിയാമായിരുന്നെങ്കിലും തൻെറ മക്കളുടെ സുരക്ഷ ഓർത്ത് മാത്രമാണ് യുദ്ധം പുനരാരംഭിക്കുവാൻ ടിപ്പു തയ്യാറാകാഞ്ഞത്. തൻമൂലം 1792 മാർച്ച് 18ന് ഇംഗ്ലീഷ് വ്യവസ്ഥകൾ അതേപടി സ്വീകരിച്ച് ഉടമ്പടി ഒപ്പിട്ട് ടിപ്പുസുൽത്താൻ ഇംഗ്ലീഷ് പാളയത്തിലെത്തിച്ചു. മാർച്ച് 22ന് കോൺവാലീസ്, നൈസാമിൻെറയും മറാത്തക്കാരുടെയും, പ്രതിനിധികളുമായി രാജകുമാരൻമാരുടെ തടങ്കൽ പാളയത്തിലെത്തി അവർ ഓരോരുത്തരും ഒപ്പിട്ട ഉടമ്പടിയുടെ കോപ്പി അവരെ ഏല്പിക്കുകയും ചെയ്തു.17. മാർച്ച് അവസാനത്തോടുകൂടി അങ്ങനെ സഖ്യസൈന്യം മൈസൂറിൽ നിന്നും പിൻവാങ്ങി.

യുദ്ധം കൊണ്ടുണ്ടായ നേട്ടം വിലയിരുത്തികൊണ്ട് കോൺവാലീസ് എഴുതുന്നത്, "ഇന്ത്യയിൽ നാം നടത്തിയ യുദ്ധം വിവേചനാപൂർവ്വം യുക്തിസഹമായി ചിന്തിക്കുന്ന ആരും പ്രതീക്ഷിച്ചിരിക്കാവുന്നത് പോലെ തന്നെ നമുക്ക് ഏറ്റവും ഗുണകരമായ രീതിയിലും നമ്മുടെ കീർത്തി നിലനിർത്തത്തക്കവിധവും ശുഭപര്യവസാനിയായിരുന്നു. നമ്മോട് കൂടി നിൽക്കുന്ന സഖ്യശക്തികളെ കൂടുതൽ ശക്തൻമാർ ആക്കാതെ തന്നെ നമ്മുടെ ശത്രുവിനെ ബലഹീനനാക്കുവാൻ നമുക്ക് കഴിഞ്ഞിരിക്കുന്നു."18. ഇന്ത്യയിലെ അന്നത്തെ പ്രബല ശക്തികളായിരുന്ന മറാത്തക്കാരുടെയും നൈസാമിൻെറയും സഹായത്തോടുകൂടി തങ്ങളുടെ ആ ജൻമശത്രുവായ ടിപ്പുസുൽത്താൻെറ ശക്തി തകർക്കുകയായിരുന്നു ഇംഗ്ലീഷ്കാരുടെ പ്രധാന ലക്ഷ്യം. അതോടൊപ്പം സഖ്യകക്ഷികൾ കൂടുതൽ ബലവാൻമാരായിത്തീർന്ന് നാളെ തങ്ങൾക്ക് ഒരു ഭീഷണിയാകാതിരിക്കുവാനും അവർ തന്ത്രപൂർവ്വം ശ്രമിച്ചിരുന്നുവെന്നാണല്ലോ കോൺവാലീസിൻെറ മേലുദ്ധരിച്ച എഴുത്തിൽ നിന്നും വ്യക്തമാകുന്നത്. സന്ധി വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഇംഗ്ലീഷ്കാർക്ക് ലഭിച്ച സ്ഥലങ്ങൾ മലബാറും, ബരാമഹലും, കൂർഗും, ദിണ്ഡികലും ആയിരുന്നു. നയതന്ത്രവ്യവസായ- സൈനിക പ്രാധാന്യമുള്ള മലബാർ ഇംഗ്ലീഷ്കാർക്കു കിട്ടിയത് ഇന്ത്യയിൽ ഇംഗ്ലീഷ് ആധിപത്യത്തെ സുശക്തമാക്കുവാൻ സഹായിച്ചു.

സന്ധി ഉടമ്പടിയും കൈമാറ്റവും കഴിഞ്ഞ ഉടനെ തന്നെ മലബാറിൽ ഭാവി ഭരണസംവിധാനം ക്രമീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ കോൺവാലീസ്, ആബർക്രോംബിക്ക് നിർദേശം നൽകുകയും ചെയ്തിരുന്നു. തദനന്തരം ജനറൽ ആബർക്രോംബി കണ്ണൂരിലെത്തി. തലശ്ശേരിയിലെ സൈനിക മേധാവിയായ മേജർ ഡോവിനേയും പ്രധാന ഇംഗ്ലീഷ് വ്യാപാരിയായ ഫാർമറേയും കമ്മീഷണറൻമാരായി നിയമിക്കുകയും ചെയ്തു. യുദ്ധാരംഭത്തിൽ ചില വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ മലബാർ രാജാക്കൻമാർ കമ്പനിയുടെ സഹായികളായിരുന്നു എന്നല്ലാതെ, കമ്പനിയുടെ ആശ്രിതരായിരിക്കുക എന്നത് അന്ന് വ്യക്തമാക്കിയിരുന്നില്ല. തൻമൂലം ഈ രാജാക്കൻമാർ ഓരോരുത്തരും കമ്പനിയുമായി പുതിയ ഉടമ്പടികൾ ഉണ്ടാക്കേണ്ടതായി വന്നു. കടത്തനാട് രാജാവായിരുന്നു വ്യവസ്ഥാപിതമായ കരാറിൽ ആദ്യമായി ഒപ്പുവെച്ചത്. ഇത് 1792 ഏപ്രിൽ 25നായിരുന്നു. ഉടമ്പടി വ്യവസ്ഥകൾ താഴെ പറയുന്നവയാണ്.

1. രാജാക്കൻമാർക്ക് എല്ലാവിധ അവകാശങ്ങളും അധികാരങ്ങളും ഉണ്ടായിരിക്കും. എന്നാൽ ജനദ്രോഹപ്രവർത്തനങ്ങളുണ്ടായാൽ ബോംബെ ഗവർമ്മേണ്ടിൻെറ നിയന്ത്രണം രാജാക്കൻമാരുടെ മേൽ ഉണ്ടായരിക്കുന്നതാണ്.

2. ഇത്തരം പരാതികൾ സ്വീകരിക്കുവാനും അന്വേഷിക്കുവാനുമായി ഒരു റസിഡൻറിനേയോ, ദിവാനേയോ, നിയമിക്കുന്നതാണ്.

3. കമ്പനിയുടെയും രാജാവിൻെറയും ഈ രണ്ടു പ്രതിനിധികളും ഒന്നിച്ച് അതാത് സ്ഥലത്തിൻെറ വരുമാനം എത്ര യെന്ന് വലിയിരുത്തേണ്ടതാണ്.

4. പ്രജകൾ നൽകേണ്ട നികുതിതുക എത്രയാണെന്ന് നിശ്ചിയിക്കേണ്ടതും ഇവരാണ്.

5. രാജാവ് നൽകേണ്ട വിഹിതം കൊയ്ത്തുകാലമായ ഒക്ടോബർ മാസത്തിലായിരിക്കണം.

6. കമ്പനിക്ക് കിട്ടേണ്ട കുരുമുളകിൻെറ വിഹിതം നിശ്ചിതവിലക്ക് ഡിസംബറിൽ നൽകണം.

7. അവശേഷിക്കുന്ന കുരുമുളകാകട്ടെ കമ്പനി അധികാരപ്പെടുത്തുന്ന കച്ചവടക്കാർ മുഖാന്തിരമേ വിൽപന നടത്താൻ പാടുള്ളു.

8. നിസ്സാരമായ മറ്റു പ്രശ്നങ്ങൾ എന്തെങ്കിലും ഉൽഭവിക്കുകയാണെങ്കിൽ തലശ്ശേരി ഫാക്ടറിയിലെ മുഖ്യനായ ടെയ്‌ലർ ആവശ്യമായ നീക്കുപോക്കുകൾ ചെയ്യേണ്ടതാണ്. ജനറൽ ആബർ ക്രോംബി മലബാർ സന്ദർശിച്ച് ഈ തിരുമാനങ്ങൾ സ്ഥിരീകരിക്കുന്നതുവരെ ഈ വ്യവസ്ഥകളത്രയും താൽക്കാലികം മാത്രമായിരിക്കും.19.

മറ്റുള്ള രാജാക്കൻമാരുമായും കമ്പനി ഇത്തരം ഉടമ്പടികൾ ഉണ്ടാക്കി. തിരുവിതാംകൂറിനെ സംരക്ഷിക്കുക എന്ന മുഖ്യമായ ഉദ്ദേശ്യത്തോടെയാണ് ടിപ്പുവിനോട് യുദ്ധം ചെയ്തതെന്ന് നേരത്തെ പറഞ്ഞിട്ടുള്ളതാണല്ലോ. എന്നാൽ ടിപ്പുവുമായുണ്ടാക്കിയ സന്ധിയിൽ തിരുവിതാംകൂർ രാജാവിൻെറ പേര് പോലും ഉൾപ്പെടുത്തയിരുന്നില്ല. അദ്ദേഹമായിരുന്നുവല്ലോ മൈസൂർ ആക്രമണം സഹിക്കേണ്ടിവന്നത്. കമ്പനിയെ ആളും അർത്ഥവും കൊണ്ട് അങ്ങേയറ്റം പിന്തുണച്ചതും അദ്ദേഹമായിരുന്നു. എന്നാൽ യുദ്ധച്ചെലവിനായി തിരുവിതാംകൂർ 25 ലക്ഷം രൂപ കമ്പനിക്ക് നൽകുവാൻ നിർബന്ധനുമായി.20. ഈ പ്രതിഭാസത്തെ പൂർണ്ണ ഔദ്യോഗിക ചരിത്രകാരനായ പി. ശങ്കുണ്ണി മേനോൻ വിലപിക്കുന്നത്, "ഇംഗ്ലീഷ്കാർക്ക് സൗഹൃദമായിരുന്നില്ല, പണമായിരുന്നു ആവശ്യം." എന്നാണ്.21. മൈസൂർ അധിനിവേശം ഇംഗ്ലീഷ് സഹായത്തോടെ ഇല്ലായ്മ ചെയ്താൽ കേരളത്തിൽ ആരാലും ചോദ്യം ചെയ്യപ്പെടുവാൻ പറ്റാത്ത പെരുമാളായി വാഴാൻ സാധിക്കുമെന്ന അദ്ദേഹത്തിൻെറ ചിരകാലാഭിലാഷം അങ്ങനെ തകർന്നു മണ്ണടിഞ്ഞു. മലബാറിലെ സഹോദര രാജാക്കൻമാർ ഏത് വിധം കമ്പനിയുടെ അധീശത്വം സ്വീകരിച്ച് ആശ്രിതൻമാരായിതീർന്നുവോ, അതുപോലെ തിരുവിതാംകൂർ രാജാവും ഇംഗ്ലീഷ്ആധിപത്യം സ്വയം അംഗീകരിച്ച് സാമന്തപദവിയിലേക്കമർന്നു. നഷ്ടപരിഹാരമായി പണമോ സ്ഥലമോ, അദ്ദേഹത്തിന് ലഭിച്ചില്ലെന്നതിന് പുറമേ, താൻ നഷ്ടപരിഹാരം കമ്പനിക്ക് കൊടുക്കേണ്ടതായി വരികയും, തൻെറ സ്വാതന്ത്ര്യം അടിയറവെക്കുകയും വേണ്ടി വന്നു എന്ന വിരോധാഭാസമാണ് നാം കാണുന്നത്. തിരുവിതാകൂർ രാജാവും മൈസൂർ സുൽത്താനും തമ്മിലുണ്ടായ വൈരാഗ്യത്തിന് ഹേതു, പള്ളിപ്പുറത്തേയും (അയ്ക്കോട്ട) കൊടുങ്ങല്ലൂരിലേയും കോട്ടകൾ ഡച്ചുകാരിൽ നിന്നും വിലക്ക് വാങ്ങിയത് സംബന്ധിച്ചായിരുന്നുവല്ലോ. എന്നാൽ യുദ്ധം വിജയകരമായി പര്യവസാനിച്ചിട്ടുകൂടി തിരുവിതാംകൂർ രാജാവിന് ആത്യന്തികമായി കിട്ടിയ പ്രതിഫലം കൊടുങ്ങല്ലൂർ കോട്ട കൊച്ചിക്ക് നൽകുകയെന്ന നിബന്ധനയായിരുന്നു. അങ്ങനെ കേരളം ഇംഗ്ലീഷ് കമ്പനിയുടെ കീഴിലായി. 18-ാം നൂറ്റാണ്ട് ഒടുവായപ്പോഴേക്കും തന്നെ മലബാറിലെ രാജാക്കൻമാർക്കെല്ലാം പെൻഷൻ നൽകി ഭരണച്ചുമതലകളിൽ നിന്നും അവരെ ഒഴിവാക്കുകയും ചെയ്തു. മലബാർ അങ്ങനെ മദ്രാസ് സംസ്ഥാനത്തിൻെറ ജില്ലകളിലൊന്നായിതീർന്നു.

---

1. G.B. Melleson, Seringapatam, The Capital of Tipu Sultan, London, 1800, p 146.
2. Josia Dupre, to Robert Orme, Indian Records Series, Vol. II, p 599.
3. Military Sundry Book, Vol. 61, pp 1462-64.
4. Poona Residency Correspondence, Vol.III, No. 37Am p 36.
5. Foreign Secret Department Proceedings, 1-22, September 1798, pp 3803-04.
6. Poona Residency Correspondence, Vol.III, No. 37A, p 37.
7. Secret Proceedings, September 25, 1789, S.No. 96.August 26, p 1890 and pp 1855-56.
8. Poona Residency Correspondence, Vol.III, No. 103, p 125.
9. Ibid, No. 101, p 122.
10. Ibid, No. 153 and 207, 1790, September 27.
11. Major Dirom, A Narrative of the Campaign in India which terminated the War with Tippoo Sultan in 1792, p 263.
12. Foreign (Miscellaneous) S.No. 55, p 83.

13. W. Logan, Malabar Manual, 1951 Edition, Madras, Vol.I, p 471.
14. Foreign (Miscellaneous) s.No. 57, 1792.
15. Ibid, Vol. 54, 1792, John Kennaway.
16. History of Tipu Sultan, op.cit, p 255.
17. Major Dirom, op.cit,pp 246-47.
18. Rhode, Cornwallis, Vol.II, p 155
19. w.Logan, Treaties etc, Vol.II.
20. Political Proceedings, July 13, 1792, consultations, Nos.11,12.
21. P.Sankunny Menon, History of Travancore, Op.cit, p 240.

# XXXI മൈസൂർ ഭരണപരിഷ്കാരങ്ങൾ

## രാഷ്ട്രീയ സമന്വയം:

മൈസൂർ നവാബുമാർ കേരളത്തിൽ നടത്തിയ സുപ്രധാനമായ വിപ്ളവം ഇവിടെയുണ്ടായിരുന്ന ചെറുകിട രാജസ്ഥാനങ്ങളെ ഒന്നിപ്പിക്കുകവഴി, "മലബാർ ആകമാനം സുഘടിതമായൊരു രാഷ്ട്രീയ സംവിധാനത്തിൽ വരുത്തി,"1. എന്നതാണ്. നിലവിലിരുന്ന ഫ്യൂഡൽ ദുഷ്പ്രഭുത്വത്തെ നിഷ് ക്കാസനം ചെയ്ത് സുശക്തമായൊരു കേന്ദ്രഭരണം നടപ്പി ലാക്കിയ അവർ കേരളത്തിലെ രാഷ്ട്രീയ മണ്ഡലത്തിൽ മാത്രമല്ല, സാമൂഹ്യ-സാമ്പത്തിക തലങ്ങളിലും അതിന്റെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് വഴിയൊരുക്കുക കൂടിചെയ്തു. 'കോഴിക്കോട് സാമൂതിരിമാർ' എന്ന ഗ്രന്ഥ ത്തിന്റെ കർത്താവായ കെ.വി. കൃഷ്ണയ്യർ എഴുതുന്നത്, "മൈസൂർ അധിനിവേശത്തോടു കൂടി പഴയ സമ്പ്രദായം പാടെ തുടച്ചു നീക്കപ്പെട്ടു,"2. എന്നാണ്. ഇതിനനുബന്ധമായി നമുക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത് ആധുനികവും പുരോഗമനാത്മകവുമായ ലക്ഷ്യത്തോട് കൂടി അത് വരെ കേരളത്തിൽ അനുഭവപ്പെട്ടിട്ടില്ലാത്ത വിധത്തിലുള്ള നൂതനമായ ഒരു സമ്പ്രദായത്തിന്റെ ഉദ്ഘാടനം ഇവിടെ നടന്നിരുന്നു എന്നതാണ്. എന്നാൽ കേരളത്തിൽ അനുവർത്തിച്ചു പോന്നിരുന്ന ധർമ്മങ്ങൾക്കും ആചാരങ്ങൾക്കും വിരുദ്ധമായിരുന്നു പുരോഗമനാപരമായ പുതിയ സമ്പ്രദായം എന്ന നിലക്ക് നായർ പ്രഭുക്കൻമാർക്കോ, നാടുവാഴികൾക്കോ ഈ നവീനപ്രവണതയുമായി ഒത്ത് ചേർന്ന് പോകുവാൻ സാധിച്ചിരുന്നില്ല.

മൈസൂർ അധിനിവേശത്തിന് മുമ്പ് കേരളം പ്രതിജനഭിന്നമായ കൊച്ചുകൊച്ചുദേശങ്ങളുടെ കൂമ്പാരമായിരുന്നു. ഇവയുടെ രാഷ്ട്രീയസംവിധാനത്തെ ചൂണ്ടി ബുക്കാനൻ എഴുതുന്നത്, "നികുതി സമ്പ്രദായത്തെക്കുറിച്ചോ, മറ്റു നിയമങ്ങളെപ്പറ്റിയോ അജ്ഞാതരായിരുന്ന ജനങ്ങളുടെ തീർത്തും ഫ്യൂഡൽ സമ്പ്രദായത്തിൽ അധിഷ്ഠിതമായിരുന്ന ഗവൺമെന്റായിരുന്നു ഇവിടെയുണ്ടായിരുന്നത്"3. എന്നാകുന്നു. 1743ൽ ഇവിടെയുണ്ടായിരുന്ന ഡച്ച് ഗവർണ്ണർ സ്റ്റീൻവാൻ ഗലനെ എഴുതുന്നത്, കേരളത്തിൽ നാല് പ്രധാന രാജസ്ഥാനങ്ങളും നാൽപത്തിരണ്ട് ചെറുകിട നാടുകളും അക്കാലത്തുണ്ടായിരുന്നു എന്നാണ്.4. ഈ ഓരോ രാജ്യവും സൈനിക വിഭാഗങ്ങളായി നാടുവാഴികൾക്കും ദേശവാഴികൾക്കുമായി വിതിച്ചുകൊടുത്തിരുന്നു. അങ്ങനെ ഓരോ രാജ്യവും അനവധി നാടുകളായി വിഭജിക്കപ്പെട്ടിരുന്നു. അവയുടെ വിസ്തൃതി ഒരിക്കലും സമാനവുമായിരുന്നില്ല. പരമ്പരാഗതമായി ഈ നാടുകളുടെ ഭരണം നടത്തിയിരുന്നവരെ നാടുവാഴികൾ എന്നാണ് വിളിച്ചുപോന്നിരുന്നത്. ഈ നാടുകളെ പിന്നെയും ചെറിയ തുണ്ടുകളായി മുറിച്ച് സൈനികവും മറ്റു തരത്തിലുള്ളതുമായ ആവശ്യങ്ങൾക്കായി ദേശങ്ങളാക്കി നിർത്തിയിരുന്നു. ഇവയിലെ മാടമ്പിമാരെ ദേശവാഴികളെന്നാണ് പറഞ്ഞിരുന്നത്. ഈ പ്രദേശങ്ങളുടെയൊക്കെ ഭരണാധികാരികൾക്ക് അവരുടേതായ സ്വകാര്യസ്വത്തുണ്ടായിരുന്നു. അവ നേരിട്ട് നടത്തുകയോ കാര്യസ്ഥൻമാർ വഴി നോക്കുകയോ ആണ് ചെയ്തിരുന്നത്. ഈ ദേശങ്ങളെ ചെറിയ തുണ്ടുകളായി വീണ്ടും വിഭജിപ്പിരുന്നുവെങ്കിലും അവ പ്രദേശത്തിന്റെ അടിസ്ഥാനത്തിലായിരുന്നില്ല എന്ന പ്രത്യേകത ശ്രദ്ധിക്കേണ്ടതാണ്. ഇവയുടെ വിഭജനം ഗ്രാമം, തറ, ചേരി എന്നിങ്ങനെ ജാതിയുടെ അടിസ്ഥാനത്തിലായിരുന്നു. ഗ്രാമങ്ങളിൽ ബ്രാഹ്മണൻമാരും തറകളിൽ നായൻമാരും ചേരികളിൽ ഹീനജാതിക്കാരുമാണ് അധിവസിച്ചിരുന്നത്. ഇവയ്ക്ക് പ്രദേശിക പരിധി നിർണ്ണയങ്ങൾ ഏകദേശമായി ഉണ്ടായിരുന്നുവെങ്കിലും ഈ ഘടകങ്ങൾ തമ്മിൽ അതിവ്യാപിച്ചു കിടക്കുകപതിവായിരുന്നു. മറ്റു സ്ഥലങ്ങളിൽ കാണുന്ന ഇത്തരം വിഭജനങ്ങളെ കേരളത്തിൽ ഉണ്ടായിരുന്ന നാടുകളോടും ദേശങ്ങളോടും താരമ്യപ്പെടുത്തുവാൻ പറ്റുകയില്ല. അവയിലൊക്കെ ഇത്ര ഇത്ര പട്ടണങ്ങളും വില്ലേജുകളും ഉൾക്കൊണ്ടിരിക്കുക എന്നതായിരുന്നു വിഭജനത്തിന്റെ മാനദണ്ഡം. എന്നാൽ ഇവിടെ പിൻതുടർന്നിരുന്നത്, ഓരോ സ്ഥലത്തിനും ഇത്ര നായൻമാർ എന്ന കണക്കിന്റെ അടിസ്ഥാനത്തിലായിരുന്നു. കൊടകരനാട് 500, അന്നമനാട് 400 എന്നിങ്ങനെ.5. ഇവയുടെ കാര്യനടത്തിപ്പ് അതാത് ജാതി തലവൻമാരുടെ ചുമതലയിലായിരുന്നു. ഗ്രാമണി, കാരണവർ, തണ്ടാൻ എന്നിങ്ങനെ. തറയുടെ മേൽനോട്ടം കാരണവരുടെ ചുമലിലാണ് അർപ്പിതമായിരുന്നത്. അദ്ദേഹത്തിന്റെ ചുമതലകളുടെ കൂട്ടത്തിൽ താൻ ഏത് ജൻമിയുടെയോ, ദേശവാഴിയുടെയോ, നാടുവാഴിയുടെയോ, രാജാവിന്റെയോ, കീഴിലായിരുന്നുവോ ആ മേധാവിയുടെ സ്ഥലങ്ങൾ കൃഷി ചെയ്യുന്നതിന്റെ മേൽനോട്ടവും ആവശ്യപ്പെടുമ്പോൾ നിശ്ചിതമായ നായർ പടയാളികളോട് കൂടി യജമാനനെ സേവിക്കുക എന്നതും ഉൾപ്പെട്ടിരുന്നു. കൃഷിയുടെ മേൽനോട്ടം വകയിൽ ഉൽപാദനത്തിന്റെ ഒരു ഭാഗം ഇവർക്ക് അവകാശമായി ലഭിച്ചിരുന്നു. ദേശവാഴികൾ ഉണ്ടായിരുന്ന സ്ഥലങ്ങളിലൊക്കെ നാടുവാഴികളുടെ കാര്യങ്ങൾ അന്വേഷിച്ച് പോരേണ്ടത് ഇവരുടെ ബാദ്ധ്യതയാണ്. നാടുവാഴികൾ എപ്പോൾ ആവശ്യപ്പെടുന്നുവോ അപ്പോഴൊക്കെ മുൻനിശ്ചയം പ്രകാരമുള്ള നായർയോദ്ധാക്കളുമായി ഇവർ യുദ്ധത്തിനൊരുങ്ങി പുറപ്പെടുകയും വേണമായിരുന്നു. നാടുവാഴികൾക്ക് അവരുടെ

കീഴിലുണ്ടായിരുന്ന നാട്ടിൽ, ഭരണപരവും സൈനികവുമായ പരിപൂർണ്ണ അധികാരമാണ് ഉണ്ടായിരുന്നത്. ആ അധികാരത്തിൻെറ പ്രൗഢിയും അവർക്ക് രാജാവിനോടുണ്ടായിരുന്ന വിധേയത്വത്തിൻെറ അളവും ഓരോ നാടുവാഴിയുടെയും പ്രമാണിത്വത്തിൻെറ പ്രാധാന്യം അനുസരിച്ചായിരുന്നു.6.

പുരുക്കത്തിൽ ഇന്ത്യയുടെ ഇതരഭാഗങ്ങളിൽ നിലനിന്നിരുന്ന ഹൈന്ദവഗ്രാമം കേരളത്തിൽ അതിൻെറ അസാന്നിദ്ധ്യം കൊണ്ട് ഏറ്റവും പ്രകടമായിരുന്നു. പകരം ജാതിവർഗ്ഗഘടകങ്ങളായ ഗ്രാമം, തറ, ചേരി എന്നിവയായിരുന്നു രാഷ്ട്രീയസംവിധാനത്തിലെ അടിസ്ഥാനഘടകങ്ങൾ. ഈ തറകളും ഗ്രാമങ്ങളുമാകട്ടെ നാടുവാഴികളിൽ നിന്നും ദേശവാഴികളിൽ നിന്നും യഥാർത്ഥത്തിൽ സ്വതന്ത്രമായിവർത്തിച്ച് വന്നവയുമാണ്. കേരളത്തിൻെറ സവിശേഷമായ നാട്ടാചാരങ്ങളും ധർമ്മങ്ങളും എല്ലാവരും ഒരുപോലെ അനുവർത്തിച്ചിരുന്നത് കൊണ്ടാണ് ഈ രാഷ്ട്രീയ വികേന്ദ്രീകരണം ഇത്രയും വിജയകരമായി നിലനിന്ന് പോന്നത്. എന്നാൽ അതിൻെറ ഫലമാകട്ടെ രാജ്യത്ത് അരാജകത്വവും അരക്ഷിതാവസ്ഥയും ആയിരുന്നു. തറകളിൽ താമസിച്ചിരുന്ന നായൻമാർ ഓരോ ചെറിയ സ്വതന്ത്രഘടകമായാണ് വർത്തിച്ചിരുന്നത്. 1763 മുതൽ 1777 വരെ കൊച്ചിയിലെ ഡച്ച് ഗവർണ്ണറായിരുന്ന ആൻഡ്രിയൻ വാൻ റീഡ് ഇക്കാര്യം വളരെ സ്പഷ്ടമായി അദ്ദേഹത്തിൻെറ 'മെമ്മോറാണ്ടത്തിൽ' വിവരിക്കുന്നുണ്ട്. അദ്ദേഹം എഴുതിയിരിക്കുന്നത്. "നായൻമാരുടെയോ, പ്രഭുക്കൻമാരുടെയോ, ജൻമികളുടെയോ താൽപര്യത്തിന് വിപരീതമായി യാതൊരു കരാറും ഉണ്ടാക്കുവാൻ രാജാക്കൻമാർക്ക് അധികാരം ഉണ്ടായിരുന്നില്ലെന്നും ഏതെങ്കിലും രാജാവ് അങ്ങനെ ചെയ്യുകയാണെങ്കിൽ ആ രാജാവ് തൻെറ പ്രജകളാൽ ബഹിഷ്ക്കരിക്കപ്പെടുകയോ തിരസ്ക്കരിക്കപ്പെടുകയോ ചെയ്യുമെന്നുമാണ്.7. 1746ൽ ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ കോഴിക്കോട്ടുണ്ടായിരുന്ന പ്രതിനിധി അദ്ദേഹത്തിൻെറ മേലധികാരികൾക്ക് എഴുതി അയച്ചത് ഇപ്രകാരമായിരുന്നു, "കോഴിക്കോട്ട് ജനങ്ങളുടെ നേതൃത്വമുണ്ടായിരുന്ന നായൻമാർക്ക് ജനപ്രതിനിധി സഭകൾക്ക് തുല്യമായ അധികാരമുണ്ടായിരുന്നു. രാജാവിൻെറ കൽപന അവിഹിതമാണെന്ന് കണ്ടാൽ അവർ അനുസരിക്കുകയില്ലെന്ന് മാത്രമല്ല, അവ നടപ്പാക്കാൻ വരുന്ന മന്ത്രിമാരെ തുരത്തി ഓടിക്കുകയും പതിവായിരുന്നു."8. "എനിക്ക് ലഭ്യമായിട്ടുള്ള രേഖകളിൽ നിന്ന് മനസ്സിലാക്കുവാൻ സാധിക്കുന്നത് ഹൈദരലി ഈ സംസ്ഥാനം ആക്രമിച്ച് കീഴടക്കിയപ്പോൾ ഈ രാജ്യം രാജാവ്, നമ്പ്യാർ, കർത്താവ്, പണിക്കർ, തുടങ്ങിയവരുടെ പരമാധികാരത്തിൻ കീഴിൽ തുണ്ടുതുണ്ടായി വിഭജിക്കപ്പെട്ടിരുന്നുവെന്നാണ്. ഇവർ ഓരോരുത്തർക്കും ഈ പരമാധികാരം ആര് നൽകിയെന്നറിയില്ല. എങ്കിലും ഓർമ്മവെച്ച കാലം മുതൽ അവർ ഇത് അനുഭവിച്ച് പോന്നിരുന്നു എന്നാണ് മനസ്സിലാകുന്നത്."9. എന്നത്രേ, മലബാറിലെ കളക്ടറായിരുന്ന ടി.എച്ച് ബേബർ തൻെറ റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്. ഇതേ കാര്യം 1800ൽ ഇവിടെ അന്വേഷണത്തിനായി എത്തിയ ബുക്കാനൻ തറപ്പിച്ച് പറയുന്നുണ്ട്. "ദേശവാഴികൾ രാജാക്കൻമാരുടെ പദവി സ്വയം സ്വീകരിക്കുകയും അവരുടെ കീഴിലുണ്ടായിരുന്ന സ്ഥലത്തിൻെറ പരിപൂർണ്ണ ആധിപത്യം സ്വയം നിർവ്വഹിക്കുകയും ചെയ്തിരുന്നു."10. നാട്വാഴികളും ദേശവാഴികളും തമ്മിൽ രക്തരൂക്ഷിതമായ സംഘട്ടനങ്ങൾ നടക്കുക സാധാരണമായിരുന്നു. ഡോ. എൻ.കെ. സിൻഹയുടെ വാക്കുകളിൽ "മലബാർ, മൈസൂർ അധീനതയിൽ വരുന്നതിന് മുമ്പുള്ള സ്ഥിതി അരാജകത്വവും ഗൂഢാലോചനകളും താൽപര്യസംഘട്ടനങ്ങളും, തമ്മിൽ തമ്മിലുള്ള അസൂയയും കൊണ്ട് നിറയപ്പെട്ട ഇടമായിരുന്നു"11. എന്നാണ്. മൈസൂർ അധിനിവേശത്തിന് മുമ്പുള്ള കേരളത്തിൻെറ പ്രത്യേകമായ രാഷ്ട്രീയ സവിശേഷത ഇവിടെ ഒരു പരമാധികാര ഗവൺമെൻറ് ഇല്ലെന്നതായിരുന്നു. സാമൂതിരി തൻെറ പരമാധികാരം വ്യാപകമാക്കുവാൻ ആഗ്രഹിച്ചിരുന്നുവെങ്കിലും നാട്ടാചാരത്തെ മാനിക്കുവാൻ ബാദ്ധ്യസ്ഥനായിരുന്നതിനാൽ തൻെറ കീഴിലുണ്ടായിരുന്ന ആശ്രിതൻമാരെയും മാടമ്പികളെയും ഒഴിവാക്കുവാൻ അദ്ദേഹത്തിനും കഴിഞ്ഞിരുന്നില്ല. തൻെറ കീഴിലുള്ള ഇടപ്രഭുക്കൻമാരുടെയോ, നാടുവാഴികളുടെയോ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുവാൻ രാജാക്കൻമാർക്ക് അധികാരം നൽകുന്നതായിരുന്നില്ല നമ്മുടെ നാട്ടാചാരം. അവർ കൈവശം വെച്ചിരുന്ന ഭൂമി പരമ്പരാഗതമായ പൂർവ്വാർജ്ജിത സ്വത്തായിരുന്നു. ഒരു ഭരണാധികാരിക്കും അവരുടെ സ്വത്തിൻമേൽ കൈവെയ്ക്കുവാൻ അധികാരം ഉണ്ടായിരുന്നില്ല. കേരളത്തിൽ അനാദികാലമായി ആചരിച്ച് പോന്നിരുന്ന ധർമ്മമായിരുന്നു അത്. യൂറോപ്യൻ രാജ്യങ്ങളുടെ ഫ്യൂഡൽപ്രഭുവും കേരളത്തിലെ നായർ പ്രധാനിയും തമ്മിലുള്ള പ്രകടമായ വ്യത്യാസം ഇവിടെയാണ്. സ്ഥലങ്ങളുടെ മേലുള്ള പരമാധികാരം ജൻമദത്തമായി കേരളത്തിലെ ജൻമികളിൽ അധിഷ്ഠിതമായിരുന്നുവെന്ന് മാത്രമല്ല, ഒരു ഭരണാധികാരിക്കും ഈ പ്രഭുക്കൻമാരുടെ സ്വത്ത് കണ്ട് കെട്ടുവാനുള്ള അവകാശം നാട്ട് മര്യാദ അനുസരിച്ച് നൽകപെട്ടിരുന്നുമില്ല. യൂറോപ്യൻ രാജ്യങ്ങളിലേത് പോലെ രാജാവിൻെറ നാമധേയത്തിലായിരുന്നില്ല കേരളത്തിലെ പ്രഭുക്കൻമാർ ഈ സ്ഥലങ്ങൾ കൈവശം വെച്ചുകൊണ്ടിരുന്നത്.

നാടുവാഴികൾക്കും, ദേശവാഴികൾക്കും, ഇടപ്രഭുക്കൻമാർക്കു പോലും ഏത് ശക്തിയുമായി സംഖ്യത്തിലേർപ്പെടുവാനും, യുദ്ധമോ സമാധാനമോ ഉണ്ടാക്കുവാനും, നികുതിയോ കാഴ്ചപണമോ പിരിക്കുവാനും സ്വാതന്ത്ര്യമുണ്ടായിരുന്നു. പുറത്തുനിന്നുള്ള യാതൊരു നിയന്ത്രണവും ഇക്കാര്യത്തിൽ ഉണ്ടായിരുന്നില്ല. യഥാർത്ഥത്തിൽ പരമാധികാര ഭരണകർത്താക്കളെപ്പോലെ തന്നെ ഈ വക കാര്യങ്ങളിൽ അവർ സർവ്വതന്ത്ര സ്വതന്ത്രൻമാരായിരുന്നു. അവരുടെ പരമാധികാരത്തെ പരിമിതപ്പെടുത്തുയിരുന്നത് രാജകീയ ചിഹ്നങ്ങളായി കരുതിപ്പോന്നിരുന്ന കിരീടം ധരിക്കുക, നാണയം അടിക്കുക, വെൺകൊറ്റ കുട ചൂടുക എന്നിവ അവർക്ക് നി

ഷിധ്യമാക്കിയത് മൂലമാണ്. പരാജിതരാകുന്ന നാടുവാഴികളേയും ഇടപ്രഭുക്കൻമാരേയും, യുദ്ധാനന്തരം അവരുടെ പൂർവ്വ സ്ഥാനങ്ങളിൽ പുനഃപ്രതിഷ്ഠ നടത്തിക്കുക എന്നതും ഒരിക്കലും മരണശിക്ഷ നൽകാതിരിക്കുക എന്നതും കേരള ധർമ്മമായി അനുഷ്ഠിച്ച് പോന്നിരുന്നതിനാൽ ഈ ചെറുകിട രാജാക്കൻമാരും പ്രഭുക്കൻമാരും അനിയന്ത്രിതമായ അഴിഞ്ഞാട്ടമാണ് നടത്തിയിരുന്നത്. ആൾക്കോ, സ്വത്തിനോ, അപായം വരുമെന്ന ഭീതി അവർക്ക് തൻമൂലം നിശ്ശേഷം ഉണ്ടായിരുന്നതുമില്ല. മറ്റൊരു കാര്യം ഓർക്കേണ്ടത് കേരളത്തിലുടനീളം നിലനിന്നിരുന്ന അമ്പലരാജ്യങ്ങളുടെ പ്രാധാന്യത്തെയാണ്. ഓരോ ദേശത്തേയും ഭൂരിഭാഗം സ്ഥലവും ക്ഷേത്രങ്ങളുടെ മേൽ ക്കോയ്മയിലായിരുന്നു. നവോത്ഥാന കാലഘട്ടത്തിന് മുമ്പുള്ള യൂറോപ്പിലെ ക്രൈസ്തവ പൗരോഹിത്യത്തെ പോലെ ഈ അമ്പലരാജ്യങ്ങളും പുരോഹിത വൃന്ദവും രാജാക്കൻമാരുടേയും ഭരണകർത്താക്കളുടേയും മേൽ പ്രത്യേക അധികാരങ്ങളും അവകാശങ്ങളും ഊന്നിയുറപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്തിരുന്നു. കേരളത്തിലെ ഒറ്റ ഭരണാധികാരിയും ഈ അമ്പലരാജ്യങ്ങളെ ആക്രമിക്കുവാനോ അവയിൽ രക്ഷാസങ്കേതം കണ്ടെത്തിയിരുന്ന ശത്രുവിനെ തിരഞ്ഞ് പിടിക്കുവാനോ ശ്രമിച്ചതായികാണുന്നില്ല. അവ പവിത്ര സങ്കേതങ്ങളായിരുന്നതിനാൽ അവയിൽ അതിക്രമിച്ച് കടക്കുന്നത് ദൈവദോഷമായി കരുതിപ്പോരുകയും ചെയ്തു. 1502 ൽ സാമൂതിരിയുടെ ആക്രമണം മൂലം പേടിച്ചോടിയ കൊച്ചിരാജാവ് ഇളംകുന്നപ്പുഴ ക്ഷേത്ര സങ്കേതത്തിൽ അഭയം തേടിയപ്പോൾ ശക്തനായ സാമൂതിരി തന്റെ വലിയ സൈന്യവുമായി തിരിച്ചുപോയത് നാം മുമ്പേ എഴുതിയിട്ടുള്ളതാണ്. നാട്ടാചാരങ്ങളേയും കേരളധർമ്മങ്ങളേയും അനുസരിക്കുവാൻ പ്രതിജ്ഞാബദ്ധരായിരുന്ന രാജാക്കൻമാർക്ക് ഇത്തരം അക്രമങ്ങളേയോ കലാപവാസനകളേയോ, യാതൊരു തരത്തിലും നിയന്ത്രിക്കുവാൻ കഴിയുമായിരുന്നില്ല. സ്വന്തം സൈന്യങ്ങളെ നിലനിർത്തിയിരുന്ന കൈമൾ, പിള്ള, കർത്താവ്, നമ്പ്യാർ തുടങ്ങിയ ഇടപ്രഭുക്കൻമാർ അങ്ങനെ രാജാവിന്റെ അധികാരത്തെ കടിഞ്ഞാണിട്ട് നിയന്ത്രിച്ചിരുന്നവരാണ്.12. രാജ്യത്തിലെ ഈ രാഷ്ട്രീയ-സൈനിക സംവിധാനത്തിന്റെ ഫലമായി നായർ പ്രഭുത്വത്തിന്റേയും ബ്രാഹ്മണ പൗരോഹിത്യത്തിന്റെയും അതിരറ്റ പിന്തുണയില്ലാതെ ഭരണാധികാരം നിലനിർത്തുവാൻ പ്രധാന രാജാക്കൻമാർക്കു പോലും സാധ്യമാകുമായിരുന്നില്ല. കേന്ദ്രീകൃതവും സുസംഘടിതവുമായ ഒരു പരമാധികാര ശക്തിയുടെ അഭാവമായിരുന്നു. മൈസൂർ ആക്രമണത്തിന് മുമ്പുള്ള മലബാറിന്റെ സുപ്രധാന സവിശേഷത.

എന്നാൽ മൈസൂർ ആധിപത്യത്തോടകൂടി മലബാറിൽ നടമാടിയിരുന്ന രാഷ്ട്രീയ അനിശ്ചിതത്വവും ജൻമിദുഷ്പ്രഭുത്വവും ഏറെക്കുറെ നിഷ്കാസനം ചെയ്യപ്പെട്ടു. അനിയന്ത്രിതാധികാരം കൈയ്യാളിയിരുന്ന നാടുവാഴികളേയും ദേശവാഴികളേയും അനുസരണയുള്ള പ്രജകളാക്കി മാറ്റുവാൻ അവർക്ക് കഴിഞ്ഞു. കഴിവുറ്റതും ശക്തവുമായ ഒരു കേന്ദ്രീകൃത ഭരണകൂടം മലബാറിൽ ആദ്യമായി ഉദയം കൊണ്ടു. ഏത് രാജ്യത്തായാലും നിരവധി ഭരണാധികാരികൾ ചെറിയ ചെറിയ പ്രദേശങ്ങളിൽ അവരുടെ ഇഷ്ടാനിഷ്ടത്തിന്റെ അടിസ്ഥാനത്തിൽ മാത്രം രാജ്യവിചാരം നടത്തുക എന്ന് വന്നാൽ, രാജ്യത്തിന് പൊതുവായ ഭരണക്രമമോ, സന്തുലിതാവസ്ഥയോ ഉണ്ടായിരിക്കുക ഇല്ലെന്ന് അനുക്തസിദ്ധമാണല്ലോ. "ഇവിടെയുണ്ടായിരുന്ന നിരവധി രാജാക്കൻമാർ തമ്മിലും കലാപകാരികളായ നായർ പ്രഭുക്കൻമാർ തമ്മിലും നിത്യേന എന്നോളം യുദ്ധങ്ങളും കലഹങ്ങളും നടന്നു കൊണ്ടിരുന്നതിനാൽ നല്ല ഒരു ഭരണസമ്പ്രദായം നടപ്പിലാക്കുവാൻ സാധിക്കുമായിരുന്നില്ല." എന്നാണ് ബുക്കാനൻ ഈ അരാജകത്വത്തിന്റെ അവസ്ഥയെ വ്യവഹരിപ്പിച്ചിരിക്കുന്നത്.13. കാലഹരണപ്പെട്ടുകൊണ്ടിരുന്ന ഈ ഫ്യൂഡൽ പാരമ്പര്യത്തിന് കനത്ത പ്രഹരമേൽപ്പിച്ചുകൊണ്ട് ഉൽഘാടിതമായ മൈസൂർ ഭരണം മലബാറിനെ ഇന്ത്യയിൽ സമർത്ഥമായി ഭരിക്കപ്പെട്ടിരുന്ന ഒരു രാജ്യത്തിന്റെ സുരക്ഷിതമായ ഭാഗമാക്കി മാറ്റി. "പരിചയസമ്പന്നനായ മാണ്ണ എന്ന ഭരണപടുവിനെ അതിന്റെ ഗവർണ്ണറായി നിയമിക്കുകയും ചെയ്തു.14.

മലബാർ പ്രവിശ്യയെ 12 തുക്രികളായി (താലൂക്ക്) വിഭജിക്കുകയും ഓരോന്നിലും തുക്രിദാർമാരെയോ, ശിരസ്തിദാർമാരെയോ നിയമിക്കുകയും ചെയ്തിരുന്നു. ഇവയെ വീണ്ടും താലൂക്കുകളായി വിഭജനം നടത്തിയിട്ടുമുണ്ട്. ശ്രീരംഗപട്ടണം സന്ധികഴിഞ്ഞ് ഇംഗ്ലീഷ്കമ്പനിക്ക് 1792മാർച്ച് 16-ാം തിയ്യതി കൈമാറിയ മലബാറിലുണ്ടായിരുന്ന താലൂക്കുകൾ താഴെ പറയുന്നവയായിരുന്നു. കോഴിക്കോട്-62 താലൂക്ക്, കോട്ടയം-3 താലൂക്ക്, കടത്തനാട്-3 താലൂക്ക്, കണ്ണൂർ-1 താലൂക്ക്, കൊച്ചി-14 താലൂക്ക്.15. അല്പസ്വല്പ വ്യത്യാസത്തോട് കൂടി ഭരണസംവിധാനത്തിന്റെ അടിസ്ഥാനഘടകം തറ തന്നെയാക്കി നിലനിർത്തുകയും ചെയ്തു. "ഹൈദരലിയുടെയും ടിപ്പുസുൽത്താന്റെയും പരിചയസമ്പന്നരായ ഭരണകർത്താക്കളാകട്ടെ ഇവിടെ നിലവിലുണ്ടായിരുന്ന പ്രാദേശിക ഘടകങ്ങളായ തറയേയും, ദേശങ്ങളേയും അവർക്ക് സുപരിചിതവും പരമ്പരാഗത ഗ്രാമത്തലവൻമാരുടെ കീഴിലായിരുന്നതുമായ ഗ്രാമവ്യവസ്ഥയാക്കി മാറ്റി നവജീവൻ നൽകി നില നിർത്തുകയാണുണ്ടായത്," എന്നാണ് ലോഗൻ ഇതിനെ പറ്റി പ്രസ്താവിച്ചിട്ടുള്ളത്.16. അത്തരം വിഭജനത്തിൽ കോഴിക്കോടിനെ 125 ദേശങ്ങളായാണ് തിരിച്ചിരുന്നത്. ഇതാകട്ടെ അതിന് മുമ്പുണ്ടായിരുന്ന 72 തറകൾ ഉൾകൊണ്ടിരുന്ന സ്ഥലവുമാണ്. കേരളത്തിലെ മൈസൂർ ഭരണത്തെ നിശിതമായി വിമർശിക്കുന്ന ചരിത്രകാരൻമാർ കൂടി അംഗീകരിക്കുന്ന പരമാർത്ഥമാണ് മൈസൂർ ഭരണാധികാരികൾ സംവിധാനം ചെയ്ത രാഷ്ട്രീയവും ഭരണപരവുമായ സമ്പ്രദായത്തിൻമേലായിരുന്നു ഇംഗ്ലീഷ്കാർ അവരുടെ ഭരണയന്ത്രം ഘടിപ്പിച്ചിരുന്നതെന്ന്, മാത്രമല്ല കമ്പനിക്ക് പിന്നീട് മലബാറിൽ പരമാധികാര ശക്തിയായി വളരുവാനും സാധിച്ചത്, മൈസൂർ ഭരണാധികാരികളുടെ പ്രവർത്തനത്തിന്റെ പശ്ചാത്തലത്തി

ലായിരുന്നു എന്നതിന് സംശയമില്ല. എന്നാൽ നൂതനമായ ഈ ഭരണപ്രക്രിയക്ക് മുന്നോടി ആയവർ എന്ന നിലയിൽ ഹൈദർ അലിക്കും, ടിപ്പുസുൽത്താനും ദുസ്സഹങ്ങളായ നിരവധി പ്രയാസങ്ങളെ അഭിമുഖീകരിക്കേണ്ടതായി വന്നിരുന്നു. അനാദികാലമായി ആചരിച്ചനുഷ്ഠിച്ച് പോന്നിരുന്ന രീതികൾക്ക് വിപരീതമായി വന്ന ഈ നവീന സമ്പ്രദായങ്ങളെ നായർ പ്രഭുക്കൻമാർ അറിഞ്ഞ് കൊണ്ടെതിർത്തതാണ് അതിന് കാരണം. ദീർഘകാലം നിലനിന്നിരുന്ന സംവിധാനത്തെ തുടച്ച് മാറ്റി പുത്തൻരീതി പ്രാവർത്തികമാക്കുമ്പോൾ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ എത്രമാത്രം ആയിരിക്കുമെന്ന് ചിന്തിക്കുന്നതാണ് ഭേദം. അതും പുറമെ നിന്നുള്ള ഏതെങ്കിലും ശക്തി നിർബ്ബന്ധമായി അടിച്ചേൽപ്പിക്കുമ്പോൾ.

ഫ്യൂഡൽ അരാജകത്വത്തിൻെറ സ്ഥാനത്ത് കേന്ദ്രീകൃതഭരണം ശക്തമായി ഉറപ്പിച്ച ഹൈദരലിക്കും ടിപ്പു സുൽത്താനും നിരവധി കലാപങ്ങളും ബുദ്ധിമുട്ടുകളും അതിജീവിച്ച് വേണമായിരുന്നു ഇതൊക്കെ നടപ്പിലാക്കാൻ. ഇംഗ്ലീഷ്കാർ നായർ കലാപകാരികൾക്ക് പ്രേരണയും സഹായവും നൽകി അവരെക്കൊണ്ട് കലാപങ്ങൾ നടത്തിച്ചില്ലായിരുന്നുവെങ്കിൽ മൈസൂർ ഭരണത്തിൻെറ ഗുണഫലങ്ങൾ വർദ്ധമാനമായിരുന്നേനെ. മലയാളികൾക്ക് സുപരിചിതമായിരുന്ന രാഷ്ട്രീയവ്യവസ്ഥിതിയിൽ നിന്നും പരിപൂർണ്ണമായി മാറിയ പരിതസ്ഥിതിയോട് അവർക്ക് രമ്യമായി പോകുവാൻ സാധിച്ചിരുന്നുമില്ല. ഭരണപരമായ ഈ മാറ്റം അവർക്ക് അതുവരെ ഉണ്ടായിരുന്ന പ്രത്യേക അവകാശങ്ങളേയും അധികാരങ്ങളേയും ഉൻമൂലനം ചെയ്തു എന്ന് മാത്രമല്ല, ചെറിയ ചെറിയ പ്രദേശങ്ങളിൽ ആരാലും ചോദ്യം ചെയ്യപ്പെടാൻ അസാദ്ധ്യമായ പരമാധികാരം നടത്തുവാനുള്ള അവകാശവും എന്നെന്നേക്കുമായി അവർക്ക് നഷ്ടപ്പെട്ടു. സമൂഹത്തിലെ മറ്റുള്ള വിഭാഗങ്ങളെപ്പോലെ അവരും അനുസരണയുള്ള പ്രജകളായി വർത്തിക്കേണ്ടതായും വന്നു. മാത്രമല്ല, നവീനമായി ആവിഷ്ക്കരിച്ച രാഷ്ട്രീയ സംവിധാനം അവരുടെ സാമൂഹികവും സാമ്പത്തികവുമായ ചട്ടക്കൂട്ടിനെ തന്നെ തകർത്ത് കളഞ്ഞിരുന്നു. കാരണം ഇവയെല്ലാം രാഷ്ട്രീയമായി അവർ അനുഭവിച്ചിരുന്ന പ്രത്യേക അധികാരാവകാശങ്ങളുടെ അടിസ്ഥാനത്തിൽ ആയിരുന്നുവല്ലോ. നായൻമാരുടെ രാഷ്ട്രീയശക്തി നശിച്ചതോടുകൂടി, "മലബാർ ഭരണകൂടത്തിൻെറ ഫ്യൂഡൽ ആവരണം തകരുകയും ചെയ്തു."17. കലാപകാരികളായ ഇടപ്രഭുക്കൻമാരെ നിർവ്വിശങ്കം അടച്ചമർത്തി എന്നതാണ്, തിരുവിതാംകൂറിലെ മാർത്താണ്ഡവർമ്മയുടേയും കൊച്ചിയിലെ പാലിയത്ത് കോമ്പിയച്ചൻേറയും മഹത്തരമായ നേട്ടമായി നാം കാണാറുള്ളത്.18. മലബാറിലെ മാടമ്പിമാരെ പോലെ തന്നെ രാജകീയ അധികാരങ്ങളെ മാനിക്കാത്തവരും ശക്തമായ രാജസ്ഥാനങ്ങളുടെ രൂപീകരണത്തിന് എതിരായിരുന്നവരുമാണല്ലോ ഇവരും. രാജ്യത്തിൻെറ ഏകീകരണത്തിന് വേണ്ടി ഏത് വിധമാണോ മാർത്താണ്ഡവർമ്മയും കോമ്പിയച്ചനും ദുഷ്പ്രഭുത്വത്തെ അടച്ചമർത്തി നമ്മുടെ ചരിത്രകാരൻമാരുടെയെല്ലാം പ്രശംസക്ക് പാത്രീഭൂതമായത്, അതേപ്രക്രിയ അതേ ഉദ്ദേശ്യത്തോട് കൂടി വിജയപൂർവ്വം നിർവ്വഹിച്ച ഹൈദരലിയും ടിപ്പുവും ഇതേ ചരിത്രകാരൻമാരാൽ തന്നെ നിശിതമായ വിമർശനത്തിന് വിധേയരാക്കപ്പെടുന്നു എന്നത് ചരിത്രാഭാസമായി അവശേഷിക്കുന്നു. "ചുരുക്കം ഡസൺ ചതുരശ്രമൈൽ വിസ്തീർണ്ണത്തിൽ ചുരുങ്ങിക്കിടന്നിരുന്ന ഒരു സ്ഥലത്തെ ഇന്നത്തെ നിലയിലുള്ള തിരുവിതാംകൂർ സ്റ്റേറ്റാക്കി മാറ്റിയത് മാർത്താണ്ഡവർമ്മ ആയിരുന്നു. ഒരായുഷ്ക്കാലത്തിലുണ്ടാക്കിയ ഈ നേട്ടം, "ആധുനിക തിരുവിതാംകൂറിൻെറ നിർമ്മാതാവ് എന്ന ബഹുമതിക്ക് അദ്ദേഹത്തെ അർഹനാക്കി."19. 1729ൽ മാർത്താണ്ഡവർമ്മ അധികാരത്തിലേറിയതോടെ തിരുവിതാംകൂറിൻെറ മാത്രമല്ല, കേരളചരിത്രത്തിൽ തന്നെ പുതിയ അദ്ധ്യായം ഉദ്ഘാടനം ചെയ്യപ്പെട്ടു. "രാജ്യത്ത് ക്രമസമാധാനമോ, സുഗമമായ ഭരണകൂടമോ, അസാദ്ധ്യമാക്കത്തക്ക വിധം രാജ്യം കൊച്ചു കൊച്ചു തുണ്ടുകളായി വിഭജിക്കപ്പെട്ട് കിടന്നിരുന്നു. ഇവയിൽ ആധിപത്യം പുലർത്തിയിരുന്ന മാടമ്പിമാരാകട്ടെ സ്വയം നിലനിർത്തിപ്പോന്ന യോദ്ധാക്കളുടെ സഹായത്തോടെ രാജാവിനേയും പ്രജകളേയും ഭീതിപ്പെടുത്തുകയും രാജ്യം കൊള്ളയടിച്ച്കൊണ്ടിരിക്കുകയും ചെയ്തുകൊണ്ടിരുന്ന അവസരമായിരുന്നു അത്," എന്നാണ് നാഗമയ്യ രേഖപ്പെടുത്തിയിട്ടുള്ളത്.20. രാജകീയ അധികാരത്തെ വെല്ലുവിളിച്ചിരുന്ന ഈ ശിഥിലീകരണ ശക്തിക്കെതിരായി അദ്ദേഹം വിജയകരമായി മുന്നേറുകയും അങ്ങനെ കാലത്തിനൊത്ത് ഉയരുകയും ചെയ്തു. കേരളത്തെ ഏകീകരിച്ച് കേരളചക്രവർത്തിയായി വർത്തിക്കണമെന്ന് അദ്ദേഹം ആത്മാർത്ഥമായും ആശിച്ചിരുന്നു. ബോധപൂർവ്വം അദ്ദേഹം നടത്തിയ നീക്കുപോക്കില്ലാത്ത ആക്രമണനയം രാഷ്ട്രീയ ഏകീകരണം മാത്രമല്ല സാധിച്ചത്. തിരുവിതാംകൂറിലെ ഫ്യൂഡൽ ദുഷ്പ്രഭുത്വത്തിൻെറ അടിവേരു പോലും അറുത്ത് മാറ്റാൻ സഹായിച്ച സംഗതിയാണിത്. തിരുവിതാംകൂറിലെ ആഢ്യൻമാരായ എട്ടുവീട്ടിൽ പിള്ളമാരെന്ന നായർ പ്രഭുക്കളെ എല്ലാം തന്നെ പിടികൂടി ഓരോരുത്തരെ ആയി അദ്ദേഹം വകവരുത്തി.21. മാർത്താണ്ഡവർമ്മയിൽ നിന്നും തിരുവിതാംകൂറിലെ നായർ മേധാവികൾക്കുണ്ടായ കടുത്ത യാതനയിൽ കൂടുതലൊന്നും മലബാറിലെ നായർ മാടമ്പിമാർക്ക്, ഹൈദരലിയിൽ നിന്നോ, ടിപ്പു സുൽത്താനിൽ നിന്നോ, ഉണ്ടായതായി തോന്നുന്നില്ല. വ്യവസ്ഥാപിതമായ ഭരണകൂടത്തിനെതിരായി കലാപത്തിൻെറ കൊടിക്കൂറ ഉയർത്തിയാലും വധശിക്ഷ നൽകുക എന്നത് നായർപ്രഭുക്കൻമാരെ സംബന്ധിച്ച് പുതിയ അനുഭവമായിരുന്നു. കേരളത്തിലെ മറ്റൊരു രാജാവും അംഗീകൃതമായ ഈ കേരള ധർമ്മത്തെ ലംഘിക്കുവാൻ മുതിർന്നിരുന്നില്ല. മാർത്താണ്ഡവർമ്മയാകട്ടെ ചിരകാലമായി അനുവർത്തിച്ച് പോന്ന ഈ നാട്ടാചാരത്തെ കാറ്റിൽ പറത്തുകയാണുണ്ടായത്. മാറിക്കൊണ്ടിരുന്ന കാലത്തിനൊത്തുയർന്ന മാർത്താണ്ഡവർമ്മ ആധുനികതയുടെ

പുരോഗമനാത്മകമായ വായു ശ്വസിച്ച് വളരുകയും പുത്തൻ പ്രവണതകളെ പുണരുവാൻ ഒരുങ്ങുകയും ചെയ്തു എന്നതാണ് കാലഹരണപ്പെട്ട നാട്ടാചാരങ്ങളെയൊക്കെ ഉല്ലംഘിച്ച് നവീനമായ നയകോവിദത്വം പ്രദർശിപ്പിക്കുവാൻ കാരണം. കീഴടക്കിയ രാജ്യങ്ങൾ സ്വന്തം രാജ്യത്തോട് കൂട്ടിച്ചേർക്കുക കേരളത്തിൽ പതിവില്ലാത്ത കാര്യമായിരുന്നുവെന്ന് നാം നേരത്തെ പ്രസ്താവിച്ചതാണല്ലോ. മാർത്താണ്ഡവർമ്മ ആകട്ടെ രാജ്യത്തിന്റെ ഭദ്രതയും, ഏകീകരണവും എന്ന ലക്ഷ്യം വച്ചുകൊണ്ട് ചെറുകിട രാജസ്ഥാനങ്ങളെ ഓരോന്നോരോന്നായിആക്രമിച്ച് കീഴടക്കി തന്റെ രാജ്യത്തോട് കൂട്ടിച്ചേർക്കുകയാണ് ചെയ്തത്. കലാപകാരികളായ നായർ പ്രഭുക്കളെ കേരള ധർമ്മാചാരത്തിന് വിരുദ്ധമായി തന്നെ അദ്ദേഹം കൈകാര്യം ചെയ്തതും നാം വിവരിച്ചതാണ്. ഇതിനെ വിമർശിച്ചുകൊണ്ട് കെ.എം. പണിക്കർ എഴുതുന്നത്, "അദ്ദേഹത്തിന്റെ ഭരണകാലത്ത് മുഴുക്കെ തന്നെ കേരളധർമ്മം എന്താണെന്ന് നോക്കാതെ അതിന് വിരുദ്ധമായ പ്രവൃത്തികളാണ് ചെയ്തിരുന്നത്. മധുരയിലെ നായ്ക്കൻമാരുടേത് പോലെയോ, തൃശ്ശിനാപള്ളിയിലെ നവാബുമാരുടേത് പോലെയോ ഉള്ള ഏകാധിപത്യം, കേരളത്തിലെ ചെറുകിട രാജസ്ഥാനങ്ങളെയെല്ലാം നാമാവശേഷമാക്കിയ ശേഷം ഇവിടെ നടപ്പാക്കുക എന്നതായിരുന്നു ലക്ഷ്യം"22. കെ.എം. പണിക്കരേയും അതുപോലെയുള്ള ചരിത്രകാരൻമാരെയും മലബാറിലെ മൈസൂർ ഭരണത്തിനെതിരായി ക്രൂരമായ ആക്രോശം നടത്തുവാൻ പ്രേരിപ്പിച്ച സംഗതിയും അവരാരും കേരളധർമ്മത്തെ മാനിച്ചില്ല എന്നത് തന്നെയാണ്. കർണ്ണാടക നവാബിന്റെ സാമന്തനായിരിക്കുകയും തന്റെ അയൽരാജ്യമായ മധുരയിലെ നായ്ക്കൻമാരുടെ കേന്ദ്രീകൃത ഭരണസംവിധാനവുമായി ഇടപഴകുകയും ചെയ്ത മാർത്താണ്ഡവർമ്മക്ക് സുശക്തമായ ഭരണക്രമവും ഏകീകൃതമായ രാജ്യവും തിരുവിതാംകൂറിലുണ്ടാക്കണമെന്ന പ്രചോദനം ഇവിടങ്ങളിൽ നിന്നും ലഭിച്ചിരിക്കാം. അയൽരാജ്യങ്ങളിൽ വിജയകരമായി നടത്തിപ്പോരുന്ന ഭരണരീതി തന്റെ കീഴിലുള്ള സ്ഥലത്തും പ്രാവർത്തികമാക്കുവാൻ അദ്ദേഹം ശ്രമിക്കുക മാത്രമാണ് ചെയ്തത്. നാട്ട് നടപ്പിന് വിരുദ്ധമായിട്ടാണെങ്കിലും തന്റെ കൈവശം കിട്ടിയ ചെറിയ രാജ്യത്തെ വിസ്തൃതിയിലും ശക്തിയിലും കേരളത്തിലെ പ്രധാന രാജസ്ഥാനമാക്കി ഉയർത്താൻ കഴിഞ്ഞ മാർത്താണ്ഡവർമ്മയുടെ വിജയം ചരിത്രകാരൻമാരുടെ കലവറയില്ലാത്ത പ്രശംസക്കും 'ആധുനിക തിരുവിതാംകൂറിന്റെ നിർമ്മാതാവ്' എന്ന ബഹുമതിക്കും അദ്ദേഹത്തെ പാത്രമാക്കി.

കൊച്ചിയിൽ പരമ്പരാഗതമായി ദിവാൻ പദം അലങ്കരിച്ച് പോന്ന പാലിയത്തച്ചൻമാരിൽ ഇക്കാലത്തെ ദിവാനായിരുന്ന കോമ്പി അച്ചനും തിരുവിതാംകൂറിൽ മാർത്താണ്ഡവർമ്മ അനുവർത്തിച്ച അതേ നയം തന്നെ പിൻതുടരുകയും കൊച്ചിയെ സുഘടിതമായ ഒരു രാജസ്ഥാനമാക്കി മാറ്റുകയും ചെയ്തിരുന്നു. താൻ ഉൾക്കൊള്ളുന്ന പ്രഭുത്വത്തിന്റെ സ്ഥാപിത താല്പര്യത്തെ മറികടന്ന് രാജകീയപദവി ഉയർത്തുവാൻ അദ്ദേഹം നടത്തിയ ത്യാഗവും മാതൃകാപരമായ പ്രവർത്തനങ്ങളും ചരിത്രകാരൻമാരുടെ ആവേശകരമായ പ്രശംസ നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്. മാർത്താണ്ഡവർമ്മയേയും കോമ്പി അച്ചനേയും ഏതേത് പ്രവൃത്തികൾ ചെയ്തതിന്റെ പേരിലാണോ നമ്മുടെ ചരിത്രകാരൻമാർ അത്രയും പുകഴ്ത്തിയിട്ടുള്ളത്, അതേ പ്രവൃത്തികൾ അതേ രീതിയിൽ തന്നെ മലബാറിൽ വിജയകരമായി പ്രയോഗിച്ച ഹൈദരലിയും ടിപ്പു സുൽത്താനും ഇക്കാരണങ്ങളാൽ തന്നെ ഇതേ ചരിത്രകാരൻമാരുടെ പഴിക്കും, ആക്ഷേപവാക്കുകൾക്കും ഇടയാകുന്നുവെന്നത് പന്തികേടാണ്. സമാനമായ കാര്യങ്ങളിൽ ഒരേ അളവുകോൽ തന്നെ ഉപയോഗിക്കണം എന്നതാണല്ലോ ധർമ്മം.

മലബാറിലെ ചെറുകിട നാടുവാഴികളുടെ ആസ്ഥാനങ്ങൾ കീഴടക്കി മലബാറിനെ ഏകീകരിക്കുക എന്ന ശ്രമകരമായ ജോലി മൈസൂർ ആക്രമണകാരികളുടെ ചുമലിലാണ് വീണത്. മലബാറിലെ ഫ്യൂഡൽ പ്രമാണികൾ ശക്തരായിരുന്നു. അവരെ ദുരീകരിക്കുക എളുപ്പമായിരുന്നില്ല. മൈസൂർ അധിനിവേശം മലബാറിൽ ഉണ്ടായിരുന്നില്ലാ എങ്കിൽ നിശ്ചയമായും ഈ ഇടപ്രഭുക്കൻമാരുടെ തേർവാഴ്ച മലബാറിൽ അഭംഗുരം നടമാടുമായിരുന്നു എന്നാണ് അക്കാലത്തെ രാഷ്ട്രീയപരിതസ്ഥിതികളെ കൂലങ്കഷമായി പഠിച്ചവരത്രയും അഭിപ്രായപ്പെട്ടിട്ടുള്ളത്. മലബാറിലെ ജൻമിദുഷ്പ്രഭുത്വത്തെ വിജയകരമായി ഉൻമൂലനം ചെയ്ത മൈസൂർ ഭരണകർത്താക്കൾ തിരുവിതാംകൂറിലും കൊച്ചിയിലും അനുവർത്തിച്ച അതേ മാതൃക തന്നെയാണ് പിൻതുടർന്നത്. 1956 നവംബർ ഒന്നാം തിയതി മലബാറുമായി ലയിച്ച് കേരളം ഒരു സംസ്ഥാനമായി മാറുന്നത് വരെ, തിരുവിതാംകൂറും കൊച്ചിയും നിലനിന്നിരുന്നു എന്നത് തന്നെ മതി, മലബാറിലെ ഫ്യൂഡൽ മാടമ്പിമാരെ എത്ര സമർത്ഥമായിട്ടാണ് മൈസൂർ ഭരണാധികാരികൾ അധികാരഭ്രഷ്ടരാക്കിയതെന്ന് കാണുവാൻ. ഇംഗ്ലീഷ്കാരുടെ പക്കൽ മലബാർ വന്ന് ചേർന്ന പാടെ അതാതിടങ്ങളിൽ പഴയ രാജാക്കൻമാരേയും ഇടപ്രഭുക്കൻമാരേയും പുനഃപ്രതിഷ്ഠ നടത്തുകയും പഴയ സമ്പ്രദായത്തിലേക്ക് തിരിച്ച് പോകുവാൻ ആഗ്രഹിക്കുകയും ചെയ്തിരുന്നുവെങ്കിലും അത്രയും ദയനീയമായി പരാജയപ്പെടുകയാണുണ്ടായത്. ഈ പരീക്ഷണത്തിന്റെ ഫലമായി മൈസൂർ ഭരണകർത്താക്കൾ പ്രജകളുടെ നൻമക്കായി നടപ്പാക്കിയിരുന്ന പലതും വേണ്ടെന്ന് വെക്കേണ്ടതായി വന്നുകൂടി എന്നല്ലാതെ നാടിന്റെ ഗുണത്തിന് വേണ്ടി പുതുതായി ഒന്നിനും രൂപം കൊടുക്കുവാൻ പറ്റാതെപോയി എന്നതാണ് പരമാർത്ഥം. പുനരാരോഹണം ചെയ്യപ്പെട്ട രാജാക്കൻമാരെയെല്ലാം തന്നെ അടിത്തൂൺ നൽകി പിരിച്ചയക്കുവാൻ കമ്പനി അധികാരികൾ നിർബന്ധരായി. ഇംഗ്ലീഷ്കാരുടെ കീഴിൽ കൂറുള്ള പ്രജകളായി അവർ നീണാൾ വാഴുകയും ചെയ്തു.

1. P.K.K. Menon, Kerala and the East India Company, Article, History on the March, Kerala History Association, Ernakulam, 1971, p 222.
2. K.V. Krishna Iyyer Zamorins of Calicut, op.cit, p 254.
3. Francis Buchanan, Vol.II, op.cit, p 254.
4. Dutch Records No. 13, pp 45-46.
5. C. Achutha Menon, Cochin State Manual, 1911, Ernakulam, Republished Kerala Gazetteers Department, 1995, Thiruvananthapuram, p 48.
6. Buchanan, Vol. II, op.cit, p 394.
7. Gollenesse, Memorandrum, op.cit.
8. Thalassery Factory Dairy, May 28, 1746.
9. T.H. Baber, Report on the Karapuram, Vadakkampuram and Poruwaye Districts, p 5.
10. Buchanan, Vol. II, op.cit, p 395.
11. N.K. Sinha, Haidar Ali, op.cit, p 252.
12. Buchanan, op.cit, p 548.
13. Ibid.
14. W. Logan, Vol. I, op.cit, p 409.
15. Foreign (Miscellaneous) S.No. 55, Part I, p 95.
16. Logan, Vol. II, op.cit, p 88.
17. K.M. Panikar, Malabar and the Dutch, D.B. Taraporevala Sons and Co. Bombay, 1931, p 273.
18. P.K.S. Raja, Modieval Kerala, Annamalai University, p 273.
19. E.M.S. Namboodiripad, Kerala Yesterday, Today and Tommorrow, National Book Agency Pvt Ltd, Calcutta-12, 1967, p 75.
20. V. Nagan Ayya 3 Vols, Vol I, 1908, Thiruvananthapuram, p 201.
21. K.M. Panikar, Malabar and the Dutch, op.cit, p 64.
22. Ibid, pp 62-63.

# XXXII ഭൂപരിഷ്ക്കരണം

മൈസൂർ ആധിപത്യത്തിന് മുമ്പ് മലയാളികൾക്കിടയിലുണ്ടായിരുന്ന കാർഷികബന്ധത്തെക്കുറിച്ച് ചെറിയ ഒരു അവലോകനം നടത്തിയാൽ മാത്രമേ, കുടിയായ്മയിലും നികുതിസമ്പ്രദായത്തിലും മൈസൂർ ഭരണാധികാരികൾ നടപ്പാക്കിയ പരിഷ്ക്കാരങ്ങളുടെ പ്രാധാന്യം ഗ്രഹിക്കുവാൻ സാധിക്കുകയുള്ളൂ. ഇൻഡ്യയുടെ ഇതരഭാഗങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ഭൂമിയുടെമേൽ ജൻമികൾക്കുണ്ടായിരുന്ന ഉടമസ്ഥാവകാശം ഏറ്റവും വ്യത്യസ്ഥമായിരുന്നു എന്നതാണ് പ്രഥമവും പ്രധാനവുമായ സംഗതി. രാജ്യത്തുള്ള സ്ഥലങ്ങൾ മുഴുക്കെ രാജാവിൻെറ അധീശാധികാരത്തിലുള്ളവയാണെന്നാണ് ഇൻഡ്യയിലെവിടേയും നിലനിന്നിരുന്ന സ്ഥിതി. എന്നാൽ കേരളത്തിലെ രാജാക്കൻമാർക്ക് ഭൂമിയുടെമേൽ യാതൊരവകാശവും ഉണ്ടായിരുന്നില്ലെന്ന് മാത്രമല്ല, ഏതെങ്കിലും തരത്തിൽ നികുതി ഈടാക്കുവാനോ, തൻമൂലം കഴിഞ്ഞിരുന്നുമില്ല.1. സ്ഥലങ്ങളുടെമേലുള്ള ഉടമസ്ഥാവകാശത്തിൻെറ കാര്യത്തിൽ രാജാക്കൻമാർ ഏറ്റവും താഴെയും ജൻമികൾ ഏറ്റവും ഔന്നത്യത്തിലുമായിരുന്നു.2. 1801ൽ മേജർ വാക്കർ, മലബാറിലെ കുടിയായ്മയെ സംബന്ധിച്ച് സമർപ്പിച്ച റിപ്പോർട്ടിൽ ഭൂവുടമാ സമ്പ്രദായത്തെപ്പറ്റി വിവരിക്കുന്നത് ഏറ്റവും ശ്രദ്ധേയമാണ്. അദ്ദേഹം എഴുതി, "ഭൂസ്വത്തിൻമേലുള്ള ഉടമാവകാശത്തെക്കുറിച്ച് ഇത്രയും ബോധപൂർവ്വം മനസ്സിലാക്കിയിട്ടുള്ള ഒരു സ്ഥലം മലബാറിനെപ്പോലെ ലോകത്തൊരിടത്തും കാണുകയില്ല. മാത്രവുമല്ല, ആ അധികാരാവകാശങ്ങൾ അലംഘനീയമായി പുലർത്തിപ്പോരുകയും ചെയ്യുന്നുണ്ട്. ഭൂമിയുടെമേൽ പരിപൂർണ്ണമായ ഉടമസ്ഥാവകാശം ജൻമിക്കുള്ളതാണ്. ആ ജൻമാവകാശത്തെ നിഹനിക്കുവാൻ ന്യായമായി ഒരു ശക്തിക്കും സാധിക്കുകയില്ല."3. മലബാർ കമ്പനിഭരണത്തിൽ വന്നശേഷം മലബാറിലെ കുടിയായ്മയെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പലകാലങ്ങളിലായി നിയമിതരായിട്ടുള്ള കമ്മീഷ്ണർമാരുടെ രേഖകളിൽ ജൻമികൾക്ക് ഭൂമിയിൻമേലുണ്ടായിരുന്ന പരമാധികാരത്തെ പരിപൂർണ്ണമായും പിന്തുണയ്ക്കുന്ന തെളിവുകളനവധിയാണ്. 1807ലും 1815ലും വില്യംതാക്കറേയും മേജർവാക്കറും അവരുടെ റിപ്പോർട്ടുകൾ റവന്യൂ ബോർഡിന് സമർപ്പിച്ചതിൽ ഇരുവരും ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. "കൃഷിസ്ഥലമോ, തരിശുഭൂമിയോ, ഏത് തന്നെയായാലും മലബാറിലെ മുഴുവൻ സ്ഥലവും ജൻമാവകാശമുള്ള സ്വകാര്യസ്വത്താകുന്നു,"എന്ന്.4. മേജർ വാർഡൻ ഇക്കാര്യം ഉറപ്പിച്ചു പറയുന്നത് ഇപ്രകാരമാകുന്നു. "മലബാറിൽ നിലവിലുള്ള ജൻമി സമ്പ്രദായം ഭൂവുടമയ്ക്ക് ഭൂമിയുടെ മേൽ സമ്പൂർണ്ണ ഉടമാവകാശം ഉറപ്പുകൊടുക്കുന്നുണ്ട്."5. 1800ൽ മലബാർ സന്ദർശിച്ച് ശ്രദ്ധേയമായ പഠനം നടത്തിയ ഡോ. ഫ്രാൻസിസ് ബുക്കനൻ, മലബാറിൽ നിലവിലുണ്ടായിരുന്ന കുടിയായ്മയേയും ജൻമികൾക്കുണ്ടായിരുന്ന സവിശേഷാധികാരത്തേയും പുരസ്കരിച്ച് സുദീർഘമായിതന്നെ ഉപന്യസിച്ചിരിക്കുന്നു.6. "പരമാധികാരത്തിൻെറ മുന്നോടിയാണ് ജൻമാവകാശം. നികുതിയും വാടകയും ഈടാക്കാനുള്ള സ്വാതന്ത്ര്യത്തിന് പുറമേ, കുടിയാൻമാരിൽ നിന്നും പാട്ടമോ, വാരമോ പിരിക്കാനും ഭോഗം സ്വീകരിക്കാനുള്ള അവകാശവും ജൻമികൾക്ക് സ്വായത്തമായി ലഭിക്കുന്നു എന്നതാണ് കേരളത്തിലെ ജൻമി സമ്പ്രദായത്തിൻെറ സവിശേഷത," എന്നാണ് നാഗമയ്യയുടെ പക്ഷം.7. ഹാമിൽട്ടൺ പ്രസ്താവിക്കുന്നതാകട്ടെ, "കുന്നും മലയും പുഴയുമെല്ലാം തന്നെ സ്വകാര്യസ്വത്താണിവിടെ," എന്നാകുന്നു.8. കേരളത്തിൽ വന്നിട്ടുള്ള സഞ്ചാരികളെല്ലാവരും തന്നെ ഈ പ്രത്യേകതയെ പരാമർശിച്ചിട്ടുള്ളവരാണ്. ഭൂവുടമകളുടെ കൈവശമുള്ള ഭൂമിയിൽ ഭരണാധിപൻമാർക്കാർക്കും യാതൊരുവക അവകാശാധികാരങ്ങളും ഉണ്ടായിരുന്നില്ല. രാജ്യത്തിൻെറ ഭൂരിഭാഗം സ്ഥലവും ഇങ്ങനെ സ്വകാര്യവ്യക്തികളുടെ ജൻമസ്ഥലങ്ങളായിരുന്നു. അവശേഷിക്കുന്നവയാകട്ടെ രാജാക്കൻമാരുടെ സ്വകാര്യസ്വത്തായ 'ചേരിക്കൽ' സ്ഥലവും ക്ഷേത്രങ്ങളുടെ വകയായ 'ദേവസ്വ' പ്രദേശവും ആയിരുന്നു.

ഭൂസ്വത്തിനെ സംബന്ധിച്ച് മലബാറിലുണ്ടായിരുന്ന മറ്റൊരു പ്രത്യേകത സ്ഥലങ്ങളിൽ നിന്നും ഭൂനികുതി പിരിച്ചിരുന്നില്ലെന്നതാണ്. ഇത് ജൻമികളുടെ ഭൂമികളിൽമേലുള്ള ആധിപത്യം പരിപൂർണ്ണമാക്കുകയും ചെയ്തു. "മലബാറിൻെറ രാഷ്ട്രീയചരിത്രത്തിൽ ധാരാളം തെളിവുകളുടെ സഹായത്തോടെ സ്ഥാപിക്കുവാൻ സാധ്യമാകുന്ന ഒരു വസ്തുത ഇവിടെ സ്ഥലങ്ങളിൽമേലുള്ള അവകാശത്തിൽ നിന്നും നികുതിയോ, വാടകയോ ഈടാക്കിയിരുന്നില്ല," എന്നാണ്.ഡബ്ലിയു. റോബിൻസൻെറ നിഗമനം.9. ഇതെങ്ങിനെ ഇവിടെ മാത്രമായി നിലനിൽക്കുന്നു എന്ന കാര്യത്തെക്കുറിച്ച് നിരവധി പണ്ഡിതൻമാർ അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്. ഡബ്ലിയു. ലോഗനും സി.എ. ഇന്നിസും കരുതുന്നത് പെരുമാൾ വാഴ്ചക്ക് ശേഷമുണ്ടായ രാജ്യവിഭജനത്തിന് ശേഷമായിരിക്കാം നികുതിപിരിവ് ഇല്ലാതായതെന്നും അതിനുമുമ്പുള്ള പുരാതനകേരളത്തിൽ ഭൂനികുതി നിലവിലുണ്ടായിരുന്നിരിക്കാമെന്നുമാണ്. ഇവരിരുവരും അവരുടെ കൃതികളായ മലബാർ മാനുവലിലും മലബാർ ഗസറ്റിയേഴ്സിലും കേരളത്തിലെ കുടിയായ്മയെ സംബന്ധിച്ച് ദീർഘമായി പ്രതിപാദിക്കുന്നുണ്ട്. പണ്ഡിതനായ ലോഗൻ തൻെറ മലബാർ കുടിയായ്മയെ സംബന്ധിച്ച് തയ്യാറാക്കിയ സ്പെഷ്യൽ കമ്മീഷണറുടെ റിപ്പോർട്ടിൽ ഗഹനമായ ഗവേഷണപടുതയാണ് പ്രകാശിപ്പിക്കുന്നത്. കമ്പനിയുടെ ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും ഇക്കാര്യത്തെക്കുറിച്ച് പഠനങ്ങൾ നടത്തിയ ആദ്യകാല ഇംഗ്ലീഷ് അന്വേഷകർക്കും അസാധാരണമായി

തോന്നിയ ഒന്നാണ് ഭൂനികുതി ഈടാക്കിയിരുന്നില്ലെന്നത്. നികുതിയിനത്തിൽ പരിപൂർണമായി ഒഴിവാക്കപ്പെട്ടിരുന്ന ബ്രാഹ്മണജാതിക്കാരായിരുന്നു ഇവിടത്തെ ഭൂവുടമകൾ എന്നതുകൊണ്ടായിരിക്കാം ഭൂനികുതി ഈടാക്കുവാൻ സാധിക്കാതെ പോയതെന്നാണ് ഇവരത്രയും ഊഹിച്ചത്. എന്നാൽ മലബാർ ടിപ്പുവിൽ നിന്നും കമ്പനിക്ക് ലഭിച്ചശേഷം നായൻമാരും മാപ്പിളമാരും ഭൂവുടമകൾ എന്ന നിലയിൽ തങ്ങളുടെ സ്ഥലങ്ങളിൽമേൽ പരിപൂർണ്ണ അധികാരം അവകാശപ്പെടുകയും നികുതിയിൽ നിന്നും ഒഴിവാക്കി കൊടുക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ബ്രാഹ്മണർക്ക് സ്വത്തിൻമേലുള്ള പരമാധികാരം എത്രമാത്രമായിരുന്നുവോ, അത്രയും തന്നെ അവകാശാധികാരങ്ങൾ ഇവർക്കും ഉണ്ടായിരുന്നു," എന്നാണ് ചാൾസ് ടേണർ മലബാറിലെ കുടിയായ്മയെ സംബന്ധിച്ച് കരടുബില്ലിൻെറ മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്.10. 1792ൽ മലബാർ കമ്മീഷണറൻമാർ സമക്ഷം സാമൂതിരി സമർപ്പിച്ച മെമ്മോറാണ്ടത്തിൽ പറഞ്ഞിരുന്നത്, "മലബാറിലെ പൗരാണികമായി ആചാരക്രമമനുസരിച്ച് നായൻമാരുടെ പക്കലുണ്ടായിരുന്ന സ്ഥലത്തിന് ഒരിക്കലും നികുതി കൊടുത്തിരുന്നില്ലെന്നും അവ സ്വതന്ത്രങ്ങളായ സ്വകാര്യസ്വത്തായിരുന്നു," എന്നുമാണ്.11. ഷെയിക്ക് സൈനുദ്ദീൻ പറയുന്നതാകട്ടെ, സ്ഥലത്തിൻെറ വിസ്തൃതി എത്രതന്നെയായാലും ഉൽപാദനത്തിൻെറ വിഹിതമോ, ഭൂനികുതിയോ ആരും കൊടുക്കേണ്ടിയിരുന്നില്ല, എന്നാണ്.12.

ഗവർമ്മേണ്ടിനോട് യാതൊരു വക ഉത്തരവാദിത്വമോ,ബാദ്ധ്യതയോ ഇല്ലാതിരുന്ന ഭൂമിയുടെമേലും അനിയന്ത്രിതമായ അവകാശത്തിൻമേലും കനത്ത പ്രഹരമാണ് മൈസൂർ അധിനിവേശത്തോടു കൂടി അനുഭവപ്പെട്ടത്. 1766ൽ തന്നെ തൻെറ സിവിൽ ഗവർണ്ണറായ മദണ്ണയക്ക് ഹൈദരലിയിൽ നിന്നും ലഭിച്ചിരുന്ന നിർദ്ദേശം കുറ്റമറ്റ ഭൂനികുതി സമ്പ്രദായം മലബാറിൽ വേഗം നടപ്പാക്കണമെന്നായിരുന്നു. മൈസൂർ ഭരണാരംഭത്തിൽ എത്രമാത്രം തൻെറ യജമാനൻെറ ആഗ്രഹത്തിനൊത്ത് മദണ്ണ ഭൂനികുതി സമ്പ്രദായം നടപ്പിലാക്കിയിരുന്നുവെന്ന് കൃത്യമായി പറയാൻ വേണ്ട രേഖകൾ വിരളമാണ്. എന്നാൽ "1768നും 1773നുമിടയ്ക്ക് പുനർപ്രതിഷ്ഠനേടി അധികാരത്തിലെത്തിയ രാജാക്കൻമാരുടെ ഭരണത്തേക്കാൾ എത്രയോ ഭേദമായിരുന്നു മൈസൂർ ബ്രാഹ്മണനായ മദണ്ണയുടെ ഭരണം" എന്ന് ബുക്കാനൻ ഇക്കാലത്തെക്കുറിച്ചെഴുതുന്നതിൽ നിന്നും മനസ്സിലാകുന്നത് മൈസൂർ ഭരണത്തിൻെറ തുടക്കം മുതൽ തന്നെ മദണ്ണയും കൂട്ടരും തങ്ങളുടെ യജമാനൻെറ നിർദ്ദേശാനുസരണം പ്രവർത്തനം നടത്തിയിരക്കണമെന്നാണല്ലോ. 1768ൽ നിശ്ചിതമായ കപ്പം നല്കാമെന്ന അടിസ്ഥാനത്തിൽ മലബാർ രാജാക്കൻമാരെ അധികാരത്തിലേറ്റിയതിന് ശേഷം രണ്ടുവർഷക്കാലത്തേക്ക് ഭൂപരിഷ്ക്കരണ സംബന്ധമായ പ്രവർത്തനങ്ങൾ നിർത്തിവെച്ചതായാണ് കാണുന്നത്. കടത്തനാട് രാജാവ് സാമന്ത പദവി അംഗീകരിച്ച് 2 ലക്ഷം രൂപ പിഴയായി നൽകുകയും വർഷംതോറും 50,000 രൂപ കപ്പമായി കൊടുക്കാമെന്നേൽക്കുകയും ചെയ്തതിൻെറ ഫലമായി അദ്ദേഹത്തെ പുനർവാഴ്ച നടത്തി.14. കോട്ടയം രാജാവ് ഇത്തരം വ്യവസ്ഥ അംഗീകരിക്കുവാൻ തയ്യാറായില്ല. അതിനാൽ കോട്ടയവും ചിറയ്ക്കൽ സ്ഥലവും 2,68,000 രൂപ പിഴയായും 1,25,000 രൂപ വാർഷിക കപ്പമായും കൊടുക്കാമെന്നേറ്റതിൻെറ അടിസ്ഥാനത്തിൽ ചിറയ്ക്കൽ രാജാവിനെ, ചിറയ്ക്കൽ, കോട്ടയം, വയനാട്, തമ്പോലക്കോട്ട എന്നീ സ്ഥലങ്ങളുടെ ഭരണാധികാരിയായി വാഴിക്കുകയും ചെയ്തു.15. ഇതേമാതിരി സാമൂതിരിയേയും യഥാസ്ഥാനത്ത് അധികാരത്തിലേറ്റിയിരുന്നു. എന്നാൽ ഈ പരീക്ഷണം ദയനീയമായി പരാജയപ്പെട്ടപ്പോൾ മലബാറിൻെറ ഭരണം ഹൈദരലി നേരിട്ടേറ്റെടുക്കുകയും ശ്രീനിവാസറാവുവിനെ സിവിൽ ഗവർണ്ണറായി നിയമിക്കുകയും ചെയ്തു.

മൈസൂറിൻെറ ഇതരഭാഗങ്ങളിലൊക്കെ നിലവിലിരുന്ന സമ്പ്രദായത്തെത്തുടർന്ന് കൊണ്ട് മലബാറിൽ ഭൂനികുതിയും ഭരണക്രമവും അദ്ദേഹം നടപ്പിലാക്കി. ഇതിൻെറ പ്രാരംഭമായി ഭൂമി അളന്ന് തിട്ടപ്പെടുത്തുവാനുള്ള പണിയാണദ്ദേഹം ആരംഭിച്ചത്. കേരളത്തിൽ ആദ്യമായി നടക്കുന്ന ഭൂസർവ്വേ ഇതായിരുന്നുവെന്നത് പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. ഭൂസർവ്വേ നടത്തിയതിനുശേഷം ഉൽപാദനശേഷിയുടെ അടിസ്ഥാനത്തിൽ ഇവിടെ ഭൂനികുതി ചുമത്തുവാൻ തുടങ്ങിയതും മൈസൂർ ഭരണത്തോടുകൂടിയാണ്. ഈ വക കാര്യങ്ങൾ കേരളത്തിനു പുത്തിരിയായിരുന്നു. ഒരു സ്ഥലം വിതക്കുവാൻ എത്രമാത്രം വിത്ത് ആവശ്യമുണ്ടോ, അതിൻെറ കണക്ക് അനുസരിച്ചായിരുന്നു അതുവരെ ഇവിടെ സ്ഥലവിസ്തീർണ്ണം നിർണ്ണയിച്ചിരുന്നത്. സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്ന ഉപാധികളോ, ഭൂസർവ്വേയോ കേരളത്തിന് അത് വരെ അജ്ഞാതമായിരുന്നു. എന്നാൽ ഒരു നിലത്തിനാവശ്യമായ വിത്ത് വിതച്ചാൽ ഉൽപ്പാദനം എത്രയായിരിക്കുമെന്നും അതിൽ നിന്ന് ജൻമിക്ക് നൽകേണ്ട ഓഹരി എത്രയെന്നും ഉള്ള കാര്യങ്ങളൊക്കെ കൃഷിക്കാരന് നല്ല നിശ്ചയമുണ്ടായിരുന്നു. ജൻമിക്ക് കൃഷിക്കാരൻ നൽകിയിരുന്ന പാട്ടത്തിൻമേലാണ് ഭൂനികുതി മൈസൂർ ഭരണകർത്താക്കൾ ചുമത്തിയത്. അതായിരുന്നു എളുപ്പമാർഗ്ഗമെന്ന് മാത്രമല്ല യഥാർത്ഥ കൃഷിക്കാരന് നികുതിഭാരം ഉണ്ടാകുകയില്ലെന്ന പ്രത്യേകത ശ്രദ്ധേയവുമാണ്. യഥാർത്ഥ കൃഷിക്കാരുമായി നേരിട്ടായിരുന്നു നികുതി ചുമത്തിയിരുന്നത്. ഇവർ ജൻമിക്ക് നൽകുവാൻ ബാധ്യസ്ഥമായ പാട്ടം അഥവാ വാടകയിൽ നിന്നും ഒരംശം നികുതിയായി പിരിച്ചെടുക്കുകയാണ് മൈസൂർ റവന്യൂ അധികാരികൾ ചെയ്തത്. ഈ നികുതി സമ്പ്രദായത്തിൻെറ സവിശേഷത, കൃഷിക്കാർക്കും ഗവർമ്മേണ്ടിനും ഇടയ്ക്കുണ്ടായിരുന്ന മദ്ധ്യവർത്തികളെ ഉൻമൂലനം ചെയ്യുവാനും ഭൂമി അളന്ന് തിട്ടപ്പെടുത്തുവാനും ശരിയായ ഉൽപാദനത്തിൻെറ അടിസ്ഥാനത്തിൽ സർക്കാർ വിഹിതം ക്ലിപ്തപ്പെടുത്തുവാനും സാധിച്ചു എന്നതിനു പുറമെ, സർക്കാരും കൃഷിക്കാരും തമ്മിൽ നേരിട്ടു ബന്ധം

പുലർത്തുവാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്തു എന്നതാണ്. നികുതി നിശ്ചയിച്ചിരുന്നത് ജൻമിമാരായിട്ടായിരുന്നില്ലെന്നും കാണക്കാരോ, കുടിയാൻമാരോ ആയി നേരിട്ടായിരുന്നു എന്നും ഉള്ള സംഗതി പ്രത്യേകം ഓർക്കേണ്ടതുണ്ട്.

നിലങ്ങൾക്ക് മാത്രമാണ് നികുതി ചുമത്തിയിരുന്നത്. തരിശ് സ്ഥലങ്ങളും ക്ഷേത്രങ്ങളുടെ സ്വത്തും കരത്തിൽ നിന്ന് ഒഴിവാക്കിയിരുന്നു.16. "തരിശ് സ്ഥലങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയത് ജൻമികൾ ദരിദ്രരായി തീരാതിരിക്കുന്നതിന് വേണ്ടിയായിരുന്നു." എന്നാണ് ബുക്കാനന്റെ അഭിപ്രായം.17. മലബാറിൽ ആദ്യമായിട്ടാണ് ഭൂനികുതി ഏർപ്പെടുത്തിയതെങ്കിലും നികുതി ഭാരം യഥാർത്ഥ കൃഷിക്കാരന്റെ മേൽ പതിച്ചിരുന്നില്ലന്നതാണ് പ്രത്യേകത. കരം ചുമത്തിയിരുന്നത് ജൻമി ഭോഗത്തിലായിരുന്നുവെന്ന് ഓർക്കേണ്ടതാണ്. ഈ നികുതി സമ്പ്രദായത്തെ ഹുസൂർ നികുതിയെന്നാണ് മൈസൂർ ഭരണാധികാരികൾ വിശേഷിപ്പിച്ചിരുന്നത്. മൈസൂർ ഭരണത്തിന് ശേഷം ഇംഗ്ലീഷ്കാർ പല പ്രവിശ്യകളിലും പരിക്ഷണം നടത്തിയിരുന്ന 'റയത്ത്വാരി' സമ്പ്രദായമായിരുന്നു മൈസൂർ ഭരണാധികാരികൾ നടപ്പാക്കിയ കരംപിരിവ് സമ്പ്രദായം. മംഗലാപുരം സന്ധിക്കുശേഷം(1784) മലബാർ തന്റെ കൈവശം തിരിച്ച് വന്ന ഉടനെ നികുതിപിരിവിനും കാർഷിക ബന്ധങ്ങളിൽ വരുത്തേണ്ട പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുന്നതിനും ആയി അർഷദ് ബഗ്ഖാനെയാണ് ടിപ്പു ഇവിടെ ചുമതലപ്പെടുത്തിയത്. ടിപ്പുവിന്റെ ജൻമശത്രുക്കൾ പോലും അർഷദ്ബഗ്ഖാൻ മലബാറിൽ നടപ്പിലാക്കിയിരുന്ന നികുതിനിർണ്ണയരീതിയെ മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ട്. "മലബാറിന്റെ തെക്കൻ ദിക്കുകളിൽ നിന്നും നികുതി പിരിച്ചെടുക്കുന്നതിന്നുണ്ടാക്കിയ ഏർപ്പാടുകൾ മുഴുക്കെ തന്നെ അർഷദ്ബഗ്ഖാന്റെ അന്വേഷണങ്ങളുടെയും നികുതി നിർണ്ണയത്തേയും അടിസ്ഥാനമാക്കി മാത്രമായിരുന്നു." എന്നാണ് ജോയിൻറ് കമ്മീഷണറൻമാരുടേയും രണ്ടാം മലബാർ കമ്മീഷണറൻമാരുടേയും റിപ്പോർട്ടുകളിൽ അസന്നിഗ്ദ്ധമായി പ്രസ്താവിച്ചിട്ടുള്ളത്.18. അർഷദ്ബഗ്ഖാന്റെ പ്രവർത്തനം ആരംഭിച്ച് അധികം കഴിയുന്നതിനു മുമ്പു തന്നെ വടക്കെ മലബാറിലെ രാജാക്കൻമാരുമായി നികുതി നിജപ്പെടുത്തുവാനദ്ദേഹത്തിന് കഴഞ്ഞിരുന്നു. രണ്ടുതരം ഒഴികേയുള്ള ചിറയ്ക്കൽ സംസ്ഥാനത്തിന് ഒരു ലക്ഷത്തി ഇരുപത്തയ്യായിരം രൂപയും, വയനാട് ഉൾപ്പെടെ കോട്ടയം സംസ്ഥാനത്തിന് ഒരു ലക്ഷം രൂപയും ആണ് നികുതിയായി നിർണയിച്ചിരുന്നത്. കടത്തനാട് രാജാവിൽ നിന്നും രണ്ടുതവണ മുടക്ക് നികുതി ഈടാക്കിയതിന് പുറമെ വർഷംതോറും അൻപതിനായിരം രൂപ ഹുസൂർ നികുതിയായി നിജപ്പെടുത്തുകയും ചെയ്തു. ഇരവിനാട് നമ്പ്യാരുമായുണ്ടാക്കിയ വ്യവസ്ഥപ്രകാരം അവർ വർഷം പ്രതി ഇരുപത്തയ്യായിരം രൂപ നികുതി അടയ്ക്കണമായിരുന്നു. കണ്ണൂർ ആലി രാജായാകട്ടെ പതിനെണ്ണായിരത്തി അഞ്ഞൂറ് രൂപയും.19

അർഷദ് ബഗ്ഖാൻ കരം ചുമത്തുന്നതിന് സ്വീകരിച്ച മാനദണ്ഡം ഒരു പറ വിത്ത് വിതക്കുന്ന കണ്ടത്തിൽ 10 പറ വിള കിട്ടുമെന്ന് കല്പിച്ച് അതിൽ അഞ്ചര പറ കൃഷിക്കാരന്റെ വിഹിതമായും അവശേഷിക്കുന്ന നാലര പറ ജൻമിയുടെയും സർക്കാരിന്റെയും കൂട്ടായ ഓഹരിയായും നിശ്ചയിക്കുക എന്നതായിരുന്നു. ജൻമിയുടെയും ഗവർമ്മെണ്ടിന്റെയും ഓഹരിയായ നാലര പറയാകട്ടെ ഇരുകൂട്ടർക്കും സമമായി ഭാഗിക്കുകയായിരുന്നില്ല ചെയ്തിരുന്നത്. ഒന്നര പറ മാത്രം ജൻമി ഭോഗമായി നീക്കി ബാക്കിയുള്ള 3 പറ ഹുജൂർ നികുതിയായി പിരിക്കുകയാണ് ചെയ്തത്.20. ബുക്കാനൻ പറയുന്നത് ഒരു പറ കണ്ടത്തിൽ നിന്നും കിട്ടിയിരുന്ന വിളയുടെ രണ്ടു മുതൽ നാലുവരെ പറനെല്ല് സർക്കാർ നികുതിയിനത്തിൽ പിരിച്ചിരുന്നുവെന്നാണ്. ഒരു വിള മാത്രം കിട്ടുന്ന നിലത്തിൽ അതനുസരിച്ച് നികുതി കുറവും രണ്ടു വിള എടുക്കുന്ന സ്ഥലങ്ങളിൽ അതിന്റെ തോതനുസരിച്ച് നികുതി കൂടുതലും ആയിരുന്നു.21. ബുക്കാനന്റെ പ്രസ്താവം ശരിയായിരിക്കാനാണ് മാർഗ്ഗം. ഒരു പറ കണ്ടത്തിൽ നിന്നും പത്ത് പറ നെല്ല് കിട്ടുമെന്ന സങ്കല്പത്തിലാണ് കർഷകന്റെയും ജൻമിയുടേയും സർക്കാരിന്റെയും നികുതിവിഹിതങ്ങൾ നിശ്ചയിച്ചിരുന്നത്. ചില സ്ഥലത്ത് നിന്നും ഒരു പറ വിത്തിന് 12ഓ, 15ഓ, പറ വിള കിട്ടിയിരിക്കുമ്പോൾ മറ്റു സ്ഥലങ്ങളിൽ ഒരു പക്ഷേ എട്ടോ അതിൽ കുറവോ ആകാം. അതുകൊണ്ടാണ് രണ്ടു മുതൽ നാലു വരെ പറ നെല്ല് നികുതിയായി പിരിച്ചിരുന്നതായി ബുക്കാനൻ പറയുന്നത്. അപ്പോഴും നികുതി നിർണ്ണയിച്ചിരുന്നത് ഒരു പറ കണ്ടത്തിൽ നിന്നും 10 പറ വിളയെന്ന മാനദണ്ഡമനുസരിച്ചായിരുന്നുവെന്ന് സാരം. ആയിരം സേർ നെല്ലിന് 40 ക എന്ന തോതിലാണ് നികുതിയാവശ്യത്തിനായി ഉല്പന്നവില നിശ്ചയിച്ചിരുന്നത്. ഹൈദരലിയുടെ കാലത്ത് നികുതിയുടെ പകുതി ഉല്പന്നമായും പകുതി 1000 സേറിന് 40 കയെന്ന തോതിൽ പണമായും പിരിച്ചിരുന്നപ്പോൾ, ടിപ്പുവിന്റെ കാലത്ത് മുഴുവൻ ധാന്യമായാണ് ശേഖരിച്ചിരുന്നത്. അന്നും വില നിശ്ചയിച്ചിരുന്നത് മുൻ തോതനുസരിച്ചു തന്നെയായിരുന്നു. എന്നാൽ ഈസ്റ്റ് ഇൻഡ്യാ കമ്പനിയുടെ അധീനതയിലുണ്ടായിരുന്ന സ്ഥലത്ത് നിന്ന് അവർ പിരിച്ചിരുന്നത് നികുതി മുഴുവൻ പണമായിട്ടായിരുന്നു. അതാകട്ടെ 1000 സേറിന് 45ക വെച്ച് നല്കുകയും വേണമായിരുന്നു. ഇത് കാണിക്കുന്നത് മൈസൂർകാരുടെ കരം ചുമത്തൽ ന്യായവും മിതവുമായിരുന്നു എന്നാണല്ലോ.

പറമ്പുകളിൽ നിന്നുള്ള നികുതി ഓരോ പ്രദേശത്തും വ്യത്യസ്തമായിരുന്നു. ഉല്പാദനക്ഷമതയും മണ്ണിന്റെ ഗുണദോഷവും കണക്കിലെടുത്തതുകൊണ്ടായിരുന്നു ഈ വ്യത്യാസത്തിന് കാരണം. കശുവണ്ടി, ഏലം, എലവർഗ്ഗം, തുടങ്ങിയവയും, വാഴയും, മറ്റുള്ള പച്ചക്കറിയിനങ്ങൾ എല്ലാം നികുതിയിൽ നിന്നും ഒഴിവാക്കിയിരുന്നു. തെങ്ങ്, പ്ലാവ്,

കുരുമുളക് വള്ളി, ഇവയിൽ മേലായിരുന്നു കരം ചുമത്തിയിരുന്നത്. കായബലം ഉള്ള തെങ്ങ് ഒന്നിന് ഒരു പണ (അന്നത്തെ രണ്ടണ) വും ഫലസമൃദ്ധമായ പ്ലാവ് ഒന്നിന് രണ്ടു പണവും കാക്കുന്ന കവുങ്ങ് ഒന്നിന് എട്ടു പൈസയും (നാല് നയാപൈസ) 15സേർ കുരുമുളക് ഉൽപാദിപ്പിക്കുന്ന കുരുമുളക് വള്ളി ഒന്നിന് 12 അണയുമായിരുന്നു കരം.22. പത്ത് നാളികേരം പോലും കിട്ടാത്ത തെങ്ങുകളെ ഉല്പാദന ക്ഷമത നശിച്ചവായായി കരുതി നികുതിയിളവ് നല്കുകയും ചെയ്തിരുന്നു. അങ്ങനെ നോക്കുമ്പോൾ 100 തെങ്ങുകളുള്ള പറമ്പിൽ ചില്ലിതെങ്ങുകളും തൈകളും ഉല്പാദനം കുറഞ്ഞവയുമൊക്കെ തള്ളി കണക്കാക്കുമ്പോൾ നികുതി ഈടാക്കത്തക്ക 50 തെങ്ങിൽ കൂടുതൽ കാണുമായിരുന്നില്ല. 1000 നാളികേരത്തിന് 7 ക 8 അണ എന്ന തോതിലും 1000 അടയ്ക്കക്ക് 4 ക എന്ന വിലക്കും കായ്ക്കുന്ന പ്ലാവിൻെറ ചക്കകൾക്കെല്ലാം കൂടി 4 ക എന്ന നിലക്കുമാണ് പണമായി കണക്കാക്കിയിരുന്നത്. നിലവിലുണ്ടായിരുന്ന കമ്പോളനിലവാരത്തേക്കാൾ താഴെയായിരുന്നു ഈ പരിവർത്തിക്കപ്പെട്ട നിരയ്ക്കെന്നാണ് ബുക്കാനൻ രേഖപ്പെടുത്തിയിട്ടുള്ളത്. അതാകട്ടെ ജൻമിമാർ തീർത്തും നിർദ്ധനർ ആകാതിരിക്കട്ടെ എന്നു കരുതയുമായിരിക്കണമെന്നും അദ്ദേഹം ഊഹിക്കുന്നുണ്ട്.23.

കാലവർഷപ്പിഴയാലോ, മറ്റെന്തിങ്കിലും തരത്തിലുള്ള വിളനാശത്താലോ, വലയുന്ന കർഷകർക്ക് നികുതിയിളവ് നൽകുകയും നികുതി ചുമത്തിയതിലുള്ള പാകപ്പിഴകളെക്കുറിച്ച് പരാതി കിട്ടിയാൽ 20 ശതമാനം വരെ കരമിളവ് നൽകുകയും അർഷദ്ബഗ്ഖാൻെറ പതിവായിരുന്നു.24. അനുരഞ്ജന മനോഭാവമാണ് അദ്ദേഹം ഇക്കാര്യത്തിൽ അനുവർത്തിച്ചിരുന്നതെന്ന് മനസ്സിലാക്കാം. 1774-75 കാലത്ത് തെക്കെ മലബാറിൽ നിന്നും പിരിഞ്ഞു കിട്ടിയ ഭൂനികുതി 50283 ഹൂണും 5 പണവുമായിരുന്നു.25. ഒട്ടാകെ കിട്ടുമായിരുന്ന നികുതിയിൽ ഒരു ലക്ഷം ഹൂൺ ഇളവ് കൊടുത്തതിന് ശേഷമുള്ള വരവായിരുന്നു ഇത്.

ഈ നികുതിനിർണ്ണയം കർഷകന് ഒരിക്കലും താങ്ങാനാവാത്ത ഭാരം ഉണ്ടാക്കുന്നതായിരുന്നില്ല എന്ന് നികുതി നിർണ്ണയ സമ്പ്രദായത്തിൽ നിന്നും കാണാവുന്നതാണല്ലോ. ടിപ്പുവിൻെറ റവന്യൂ ഉദ്യോഗസ്ഥൻമാർ കൃഷിക്കാരുടെ സങ്കടങ്ങൾക്കും പരാതികൾക്കും കഴിവതും പരിഹാരം കാണുവാൻ ബദ്ധശ്രദ്ധരായിരുന്നു. ടിപ്പു നേരിട്ട് തന്നെ ഇത്തരം പരാതികൾ കേട്ടതായി രേഖകളുണ്ട്. വടക്കേ മലബാറിലെ ചിറയ്ക്കൽ, കടത്തനാട്, കോട്ടയം രാജാക്കൻമാർ ടിപ്പുവിനെ 1785ൽ കൂർഗിൽ പോയി സന്ദർശനം നടത്തുകയുണ്ടായി. അവരുടെ നിവേദനത്തിൻെറ ഫലമായി അർഷദ്ബഗ്ഖാൻ നിശ്ചയിച്ചിരുന്ന അടങ്കൽ തുക അദ്ദേഹം കുറച്ചുകൊടുക്കുകയുണ്ടായി. ചിറയ്ക്കൽ രാജാവ് 30,000 ക തിരുമുൾകാഴ്ചയും, 1,20,000 ക നികുതിയും നൽകിയാൽ മതിയെന്ന് തീരുമാനിച്ചു. കടത്തുനാട് രാജാവിന് 62,500 കയായി അദ്ദേഹത്തിൻെറ നികുതിയും ഇളവ് ചെയ്തുകൊടുത്തു. എന്നാൽ കോട്ടയംരാജാവിനോട് വയനാടിൽ മേലുള്ള അദ്ദേഹത്തിൻെറ അവകാശം വേണ്ടെന്ന് വെക്കുകയാണെങ്കിൽ നിശ്ചയിച്ചിരുന്ന 100,000 കയിൽ നിന്നും 35,000 രൂപ കുറവു വരുത്താമെന്ന് സമ്മതിച്ചിരുന്നു. വീണ്ടും അവർ തങ്ങളുടെ രാജ്യങ്ങളിൽ നടത്തിയ നികുതി നിർണ്ണയം വർദ്ധച്ചതോതിലാണെന്ന് നിവേദനം നടത്തിയതിൻെറ ഫലമായി യഥാർത്ഥസ്ഥിതിഗതികൾ അന്വേഷിച്ച് പുനർനിർണയം നടത്താൻ ഉദ്യോഗസ്ഥൻമാരെ നിയമിക്കാമെന്നും അദ്ദേഹം സമ്മതിച്ചിരുന്നു. താല്ക്കാലിക ആശ്വാസമെന്ന നിലയിൽ ചിറയ്ക്കൽ രാജാവിന് 15,000 രൂപയും കോട്ടയം രാജാവിന് 12,000 രൂപയും കടത്തുനാട് രാജാവിന് 7000 രൂപയും അവർ അടച്ച നികുതിയിൽ നിന്നും മടക്കി കൊടുക്കുവാൻ കല്പിക്കുകയും ചെയ്തു.26. വടക്കൻ പ്രദേശങ്ങളുടെ നികുതി പുനർനിർണ്ണയത്തിന് നിയമിച്ചിരുന്ന ഉദ്യോഗസ്ഥൻമാരുടെ ശുപാർശപ്രകാരം ചിറയ്ക്കൽ രാജാവിന് 15,000 കയും കോട്ടയം രാജാവിന് 19,000 കയും നികുതിയിനത്തിൽ ഇളവ് നൽകുകയുണ്ടായി.27. എന്നാൽ അർഷദ്ബഗ്ഖാൻ നടപ്പാക്കിയരുന്ന നികുതി സമ്പ്രദായം വിമർശനങ്ങൾക്കതീതമായിരുന്നില്ലെന്നും അത് കുറ്റമറ്റതായിരുന്നുവെന്നും സമർത്ഥിക്കുവാൻ സാദ്ധ്യമല്ല. മൈസൂറിൽ നിന്നു വന്ന റവന്യൂ ഉദ്യോഗസ്ഥൻമാർ സ്ഥലത്തെ ചില പ്രമാണിമാരുടെ സഹായത്തോടുകൂടിയാണ് സ്ഥലത്തിൻെറ ഉല്പാദനക്ഷമതയും മണ്ണിൻെറ ഗുണദോഷവും കണക്കാക്കിയിരുന്നത്. നമ്മുടെ പ്രദേശങ്ങളുമായി യാതൊരു പരിചയമോ, സമ്പർക്കമോ ഇല്ലാതിരുന്ന ഇവരെ സഹായിക്കുവാനെത്തിയ നാട്ടുപ്രമാണിമാർ ഒരു പക്ഷെ, കുറഞ്ഞ നിരക്കിടുവാൻ തെറ്റിദ്ധരിപ്പിച്ചിരിക്കാം. ഈ സഹായികളുടെ ശത്രുക്കളുടെ സ്ഥലമാണങ്കിൽ ഒരു പക്ഷെ കൂടുതൽ നികുതി ചുമത്തുവാൻ അവരെ പ്രേരിപ്പിച്ചുമിരിക്കാം. അങ്ങനെ ബുക്കാനൻ പറയുന്നതുപോലെ, "അർഷദ്ബഗ്കാൻെറയോ, അദ്ദേഹത്തിൻെറ യജമാനൻെറയോ, നിഷ്കൃഷ്ടമായ ജാഗ്രത ഉണ്ടായിരുന്നിട്ടുകൂടിയും ആദ്യത്തെ നികുതി നിർണ്ണയത്തിൽ അന്യായമായ അസന്തുലിതാവസ്ഥ കടന്ന് കൂടിയിരുന്നു. നികുതി നിർണ്ണയിക്കുന്ന ഉദ്യോഗസ്ഥൻമാർക്കു കൈകൂലി നൽകി പല ജൻമികളും അവരുടെ സ്ഥലത്തിന് ചുരുങ്ങിയ നികുതിനിരക്ക് നേടിയെടുത്തിരുന്നിരിക്കണം. നികുതിയില്ലുള്ള ഈ കുറവ് പരിഹരിക്കുവാൻ കൈകൂലി നൽകാൻ മടിച്ചവരുടേയും അതിന് കഴിവില്ലാത്തവരുടേയും മേൽ അമിതമായ കരം ചുമത്തുകയാണ് ചെയ്തത്."28. എന്നാൽ ഈ കുറവ് പരിഹരിക്കുവാൻ വേണ്ടി പുനർസർവ്വേ നടത്തുകയും നികുതി പുനർനിർണ്ണയിക്കുകയും ചെയ്യുക മാത്രമല്ല, സിവിൽ മിലിട്ടറി ഭരണസമ്പ്രദായങ്ങൾ വേർതിരിക്കുകയുമുണ്ടായി. ഗുണപരമായ അത്തരം പരിഷ്ക്കാരങ്ങളെ ബുക്കാനൻ തന്നെ നിശിതമായി പിന്നീട് വിമർശിക്കുന്നതായാണ് നാം കാണുന്നത്.29. ആദ്യസർവ്വേയിലും നികുതിനിർണ്ണയത്തിലും വന്നിട്ടുള്ള പാകപ്പിഴകൾ തിരുത്തിയപ്പോൾ കൂടി ഇംഗ്ലീഷ് ചരിത്രകാരൻമാർക്ക്

തും വിമർശനത്തിന്റെ വിഷയമായി എന്നല്ലാതെ പ്രശംസയുടെ ഒറ്റവാക്കുപോലും ആരും പറഞ്ഞതായി കണ്ടില്ല. മൈസൂർ ഭരണാധികാരികൾ ചെയ്തിട്ടുള്ള ഏത് കാര്യത്തിലും ഈ രീതിയാണ് അവരത്രയും അവലംബിച്ച് പോന്നിട്ടുള്ളത്. ജനോപകാരപ്രദമായ നല്ല നല്ല പദ്ധതികൾ ഉദ്യോഗസ്ഥ അഴിമതിമൂലം പരാജയപ്പെട്ടുപോകുന്ന സംഭവങ്ങൾ ഇന്നും ദുർല്ലഭമല്ലല്ലോ. പരിചിതമല്ലാത്ത ഏത് സ്ഥലത്തും അന്നത്തെ രീതിയിൽ നികുതിനിർണ്ണയം നടത്തുക ഏറ്റവും ദുഷ്ക്കരമായ സംഗതി കൂടിയായിരുന്നു. മൈസൂർ റവന്യൂ ഉദ്യോഗസ്ഥൻമാർ പുറമേ നിന്നും വന്നവരായതുകൊണ്ടും സ്ഥലത്തെപ്പറ്റി മുൻപരിചയം തീരെ ഇല്ലാത്തവരായിരുന്നതിനാലും പ്രദേശിക സഹായികളാൽ വഴിതെറ്റി ക്കപ്പെടുക എളുപ്പവും കൂടിയായിരുന്നു. ഇത് കൂടുതൽ പ്രയാസവും സൃഷ്ടിച്ചു.

എന്നാൽ എപ്പോഴൊക്കെ പരാതികളും നിവേദനങ്ങളും ലഭിച്ചിരുന്നുവോ, അപ്പോഴൊക്കെ ഹൈദരലിയും ടിപ്പുവും സങ്കടനിവർത്തി ചെയ്യുവാൻ ഒരുക്കവുമായിരുന്നു. റവന്യൂ ഭരണത്തിന്റെ കാര്യക്ഷമത വർദ്ധപ്പിക്കുവാനും അഴിമതി ദൂരികരിക്കുവാനും വേണ്ടി 1786ൽ ടിപ്പുസുൽത്താൻ റവന്യൂ ഭരണവും സൈനിക ഭരണവും വേറെ വേറെയാക്കി. മീർ ഇബ്രാഹിമിനെ സിവിൽ ഗവർണ്ണറായും അർഷദ്ബഗ്ഖാനെ സൈനികഗവർണ്ണറായും നിയമിച്ചു. ഭൂസർവ്വേ രണ്ടാമതും നടത്തുകയും ആദ്യത്തെ അളവിലുണ്ടായിരുന്ന പല അബദ്ധങ്ങളും കണ്ടുപിടിച്ച് പരിഹരിക്കുകയുമുണ്ടായി. ഇതിന്റെ ഫലമായി രേഖകളില്ലാതെ കൈവശം വച്ചിരുന്ന ഭൂമികൾ പലതും നികുതിയുടെ പരിധിയിൽ കൊണ്ടുവരികയും ചെയ്തു. മൈസൂർ വിരോധികളായ വിൽക്സിനേയും ബുക്കാനനേയും ആധികാരിക വക്താക്കളായെടുത്ത് കെ.എം. പണിക്കർ ഈ സിവിൽ-സൈനിക വിഭജനത്തെ കഠിനമായി വിമർശിക്കുന്നുണ്ട്. അദ്ദേഹം എഴുതി, "എല്ലാ കരാറുകളും അയാൾ (മീർ ഇബ്രാഹിം) ലംഘിച്ചു. പുതിയ നികുതികൾ ഈടാക്കുകയും ചെയ്തു. അങ്ങനെ നായർപ്രഭുത്വത്തെ അദ്ദേഹം ചൊടിപ്പിച്ചു. മഞ്ചേരിയിലെ മാപ്പിളപ്രഭുവായ കുരുക്കൾപോലും മൈസൂറിനെതിരായി തിരിഞ്ഞു."30. ഈ ആരോപണങ്ങളെല്ലാം നിരർത്ഥകങ്ങളാണ്. അനധികൃതമായി കൈവശം വെച്ചിരുന്ന ഭൂമി റവന്യൂ ഭരണത്തിൻ കീഴിൽ കൊണ്ടുവരികയെന്നതും നികുതി വെട്ടിപ്പ് നടത്തിയിരുന്നത് തടയുകയെന്നതും കരാർലംഘനമാണെങ്കിൽ മൈസൂർ ഭരണകർത്താക്കൾ എല്ലാ കരാറുകളും ലംഘിച്ചു എന്ന് തന്നെ പറയാം. നിയമം എല്ലാവർക്കും ഒരുപോലെ ബാധകമാക്കുകയെന്നതായിരുന്നു അവരുടെ നയം. മുസ്ലിം പ്രഭുവായ മഞ്ചേരി കുരുക്കളെപ്പോലും നിയമസംഘനം നടത്താൻ അനുവദിച്ചില്ല എന്നത് തന്നെ, ജാതിക്കും മതത്തിനും അതീതമായി പൊതുനിയമം കർക്കശമായി നടപ്പാക്കിയിരുന്നുവെന്നാണല്ലോ കാണിക്കുന്നത്. മുസ്ലിം സമുദായത്തിൽ തനിക്കുള്ള പ്രാമാണിത്വവും പദവിയും മുതലെടുത്തുകൊണ്ട് രേഖകളില്ലാത്ത ധാരാളം സ്ഥലം അനധികൃതമായി കൈവശം വെക്കുവാനും നികുതി വെട്ടിപ്പ് നടത്തുവാനും അദ്ദേഹം തുനിഞ്ഞിരിക്കണം. ഇത്തരം അനവധി കേസുകൾ കണ്ടുപിടിക്കപ്പെട്ടപ്പോഴും അന്യായമായി കൈവശം വെച്ചിരുന്ന ഭൂമിയിൻമേൽ നികുതി ചുമത്തിയപ്പോഴും അതുമൂലം നഷ്ടം സഹിക്കേണ്ടതായി വന്ന ആളുകൾ ശബ്ദകോലാഹലങ്ങളുണ്ടാക്കിയിരിക്കാം. സാമൂതിരി കോവിലകത്തെ രാജകുമാരൻമാരിലൊരാളായ രവിവർമ്മയുടെ സഹായത്തോടെയാണ് മഞ്ചേരി കുരുക്കളുടെ കലാപം അടിച്ചമർത്തിയതെന്ന കാര്യം പ്രത്യേകം അനുസ്മരിക്കേണ്ടതായുണ്ട്. ഈ സേവനത്തിന് പ്രത്യുപകാരമായി രവിവർമ്മക്ക് നികുതി ഒഴിവാക്കികൊണ്ടുള്ള വലിയ ഒരു ജാഗീർ ടിപ്പു നൽകിയതായുള്ള വിവരം രണ്ടാം മലബാർ കമ്മീഷണറൻമാരുടെ റിപ്പോർട്ടിൽ കാണുന്നു.31.

മഞ്ചേരി കുരുക്കളെപ്പോലെ ദുർല്ലഭം മുസ്ലിംകളെ ഒഴിവാക്കിയാൽ കേരളത്തിലെ ജൻമികളത്രയും നമ്പൂതിരിമാരും നായൻമാരുമായിരുന്നു. ഹൈദരലിയുടേയും ടിപ്പുവിന്റെയും നയം കൃഷിക്കാർക്കും സർക്കാരിനും ഇടക്ക് നിന്നിരുന്ന മധ്യവർത്തികളെ ഒഴിവാക്കുകയെന്നതായിരുന്നു. മലബാറിൽ റവന്യൂ പ്രവർത്തനം ആരംഭിച്ചതോടെ ഇവിടെയുണ്ടായിരുന്ന സവർണ്ണജൻമികളത്രയും സ്ഥലം വിട്ടതായിട്ടാണ് കാണാൻ കഴിഞ്ഞത്. തൻമൂലം കാണക്കാരായിട്ടോ, കൃഷിക്കാരായിട്ടോ ആണ് നികുതി നിർണ്ണയം നടത്തിയത്. ഇന്നും തെക്കെ മലബാറിൽ കൃഷിക്കാരും കാണക്കാരും മുസ്ലികളും ജൻമികൾ നമ്പൂതിരിമാരും, നായൻമ്മാരും ആണല്ലോ. മൈസൂർ ഭരണത്തെ കണ്ണടച്ച് വിമർശിക്കുവാൻ ഒരുമ്പെടുന്ന എതിരാളികൾ അധികവും പറയുന്നത് കൃഷിക്കാരുമായി നേരിട്ട് നികുതി നിർണ്ണയം നടത്തിയത് അവരിലധികവും മുസ്ലിംകളായതുകൊണ്ടാണെന്നാണ്. ഇത് പരമാർത്ഥത്തിന് കടകവിരുദ്ധമായി തെറ്റിദ്ധരിപ്പിക്കൽ മാത്രമാകുന്നു. മൈസൂർകാർ ഇവിടെ നടപ്പാക്കിയ ഭരണപരിഷ്ക്കാരങ്ങളത്രയും അവരുടെ വിസ്തൃതമായ രാജ്യത്തിന്റെ ഇതരഭാഗങ്ങളിൽ വിജയപൂർവ്വം നടത്തിപ്പോന്നിരുന്നവ മാത്രമായിരുന്നു എന്നതാണ് വാസ്തവം. ചുരുക്കത്തിൽ മൈസൂർ ഭരണകർത്താക്കൾ അനുവർത്തിച്ച കാർഷിക നയം ഇവിടെ നിലനിന്നിരുന്ന ഫ്യൂഡൽവ്യവസ്ഥിതിയുടെ കനകകൊട്ടാരത്തിന് വിള്ളലുണ്ടാക്കുകയും അതിന്റെ തകർന്നുകൊണ്ടിരുന്ന രാഷ്ട്രീയസംവിധാനമാകുന്ന നെടുംതൂണുകളെ നിലംപരിശാക്കുകയും ചെയ്തു.

1. Foreign (Miscellaneous) S.No. 55, para 9, p 10.
2. William Thackaray, Report of the Revenue Affairs of Malabar and Canara 1807, Sept 8, p 3.
3. Major Walker, Report on the Land Tenure of Malabar, 1801, p 3. Also see, Major Macleod, Jamamandy Report 1802, para 16, p 4.
4. William Thackaray, Report 1807, August 4.
5. Major Wardem, Report, September 12, 1815.
6. Buchanan, Vol. II, Op.cit, pp 358 - 80.
7. P. Nagam Ayya, Travancore State Manual, Vol.III, 1908, p 31.
8. Hamilton, A new Account of the East Indies, Voyages and Travels, Vol.II, Edited by Pinkerton, London, 1811, p 276.
9. W. Robinson, Report on the Land Tenures Committee, p 122.
10. Charles Turner, Report, Chapter II.
11. Foreign (Miscellaneous) S.No. 56, p 207.
12. Tuhfatul Mujahideen, Op.cit, p 83.
13. Buchanan, Vol.II, Op.cit, pp 548-49.
14. Report of the Second Malabar Commission 1801, Para 9.
15. Ibid, para 10.
16. Buchanan, Vol.II, Op.cit, p 368.
17. Ibdi, p 307.
18. Report of the Second Malabar Commission, 1801, para 12.
19. Ibid, para 13.
20. Foreign (Miscellaneous) S.No. 55, para 35, p 41.
21. Buchanan, Vol.II, Op.cit, p 368.
22. Ibid, pp 404-405.
23. Ibid.
24. Ibid, p 446.
25. Report of the Second Malabar Commission, Op.cit, para 16.
26. Ibid, para 17.
27. Ibid, para 20, 21 and 22.
28. Buchanan, Vol.II, Op.cit, p 446.
29. Ibid, p 446.
30. Malabar and the Dutch, Op.cit, p 357.
31. Report on the Second Malabar Commission, para 22.

# XXXIII ഗതാഗതസൗകര്യങ്ങൾ

ഒരുപക്ഷെ മൈസൂർ ഭരണത്തിന്റെ ഇന്നും നിലനിൽക്കുന്ന അവിസ്മരണീയവും സുപ്രധാനവുമായ പൈതൃകം അവർ വിദഗ്ദമായി നിർമ്മാണം നടത്തിയ റോഡുകളുടെ ശൃംഖലയായിരിക്കും. മൈസൂർ ആക്രമണത്തിന് മുമ്പുള്ള മലബാറിൽ ജലമാർഗേണയുള്ള ഗതാഗതമാണ് നിലവിലുണ്ടായിരുന്നത്. രാജ്യം ചെറുകിടനാടുകളായി വിഭജിക്കപ്പെട്ടിരിക്കുകയും നാട്ടുരാജാക്കൻമാർ തമ്മിൽ നിരന്തരം സംഘട്ടനങ്ങൾ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന അവസ്ഥയിൽ ഓരോ പ്രദേശവും അതിന്റെ അതിർത്തികളിലൊതുങ്ങി ഒറ്റപ്പെട്ടു പോകുക സ്വാഭാവികമാണ്. ഒരിടത്തല്ലെങ്കിൽ മറ്റൊരിടത്തായി നിത്യേനയുദ്ധങ്ങൾ ഉണ്ടായിരുന്നുവെങ്കിലും നമ്മുടെ സൈനിക നീക്കത്തിന് രാജപാതയുടെ ആവശ്യം അക്കാലത്തുണ്ടായിരുന്നില്ല. കുതിരപട്ടാളത്തിനോ, പീരങ്കിവാഹികൾക്കോ, അനായാസമായി നീങ്ങാവുന്ന വഴികളുടെ ആവശ്യമില്ലാതിരിക്കുവാൻ കാരണം നമ്മുടെ സവിശേഷമായ യുദ്ധമുറകളിൽ ഇവയുടെയൊന്നും പ്രയോജനമുണ്ടായിരുന്നില്ലെന്നതാണ്. ഒറ്റയൊറ്റയായി യോദ്ധാക്കൾ മൽപ്പിടുത്തമെന്നോണം എതിരാളികളെ നേരിടുന്ന യുദ്ധമുറയാണ് നിലവിലുണ്ടായിരുന്നത്. സൈനിക നീക്കങ്ങൾക്ക് വേണ്ടിയാണല്ലോ പ്രധാനമായും അക്കാലത്ത് റോഡുകൾ നിർമ്മിക്കുക പതിവ്. ഇവിടെത്തെ യുദ്ധസമ്പ്രദായമനുസരിച്ച് ഇവയുടെ ആവശ്യമുണ്ടായിരുന്നില്ല. രാജ്യത്തെ തുണ്ടുതുണ്ടായി മുറിച്ചുകൊണ്ട് ഒഴുകിക്കിടന്നിരുന്ന പുഴകളും ജലാശയങ്ങളും റോഡുനിർമ്മാണപ്രക്രിയ അസാദ്ധ്യമാക്കുകയും ചെയ്തിരുന്നു. മൈസൂർ അധിനിവേശത്തിന് മുമ്പ് ഒരു നൂറ്റൻപത് വർഷത്തിന് മേൽ നമ്മുടെ തീരദേശങ്ങളിൽ താവളമടിച്ച് പ്രാമാണ്യം പുലർത്തിയിരുന്ന ഐറോപ്യൻ ശക്തികൾ ഉൾനാട്ടിലേക്ക് കടക്കാതിരുന്നതും റോഡുകളുടെ അഭാവം മൂലമാണെന്ന് നമുക്ക് ഓർക്കുകയും ചെയ്യാം.

"മുസ്ലിം ആക്രമണം ഉണ്ടാകുന്നതുവരെ റോഡുകളുടെ ആവശ്യത്തെക്കുറിച്ച് ആരും അത്ര ബോധവാൻമാരായിരുന്നില്ല," എന്നാണ് മലബാർ കമ്പനിയുടെ കീഴിൽ വന്നതിനുശേഷം, മലബാറിലെ റോഡുകളുടെ സ്ഥിതിയെപ്പറ്റി അന്വേഷണ റിപ്പോർട്ട് സമർപ്പിച്ച, കേണൽ ഡോ, എഴുതുന്നത്.1. ഡോവിന്റെ റിപ്പോർട്ട് പഠിച്ചശേഷം ലോഗൻ എഴുതിയിട്ടുള്ളത്, "വലിയ റോഡുകളുടെ ആവശ്യം മൈസൂർ ആക്രമണത്തിന് ശേഷമാണ് ബോധ്യമാകാൻ തുടങ്ങിയത്," എന്നാകുന്നു.2. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കൊച്ചിയിൽ നടത്തിയ ഭരണപരിഷ്ക്കാരങ്ങളെയെണ്ണിയെണ്ണി പറയുന്ന കൂട്ടത്തിൽ കൊച്ചിൻ സ്റ്റെയിറ്റ് മാനുവലിന്റെ കർത്താവ് ഇപ്രകാരം എഴുതുന്നുണ്ട്. "ഈ ചുരുങ്ങിയ കാലയളവിലാണ് കൊച്ചിയിലെ റോഡുകൾ മുഴുക്കെ ഉണ്ടാക്കിയത്."3. 19-ാം നൂറ്റാണ്ടു വരെ കൊച്ചിയിൽ റോഡുകളൊന്നും ഉണ്ടായിരുന്നില്ല എന്നാണല്ലോ ഇതിന്റെ സാരം. ഇതേ സ്ഥിതി തന്നെയായിരുന്നു കേരളത്തിലെവിടെയും.

ഗതാഗതവുമായി ബന്ധപ്പെട്ട മറ്റൊരു അനിവാര്യഘടകം ചക്രവണ്ടികളും വാഹനങ്ങളുമാണല്ലോ. കേരളത്തിൽ ചക്രം ഘടിപ്പിച്ച വാഹനങ്ങളുണ്ടായിരുന്നില്ലെന്നതാണ് മറ്റൊരു വസ്തുത. 14-ാം നൂറ്റാണ്ടിൽ കേരളത്തിൽ ഏറെക്കാലം കഴിച്ചുകൂട്ടിയ ഇബിന്‌ബത്തൂത്ത രേഖപ്പെടുത്തിയിട്ടുള്ളത്, "മൃഗങ്ങളുടെ പുറത്ത് കയറി സഞ്ചരിക്കുന്ന ആരും ഇവിടെയില്ല....... ഏതെങ്കിലും വ്യാപാരിക്ക് ചരക്കുകൾ വാങ്ങുവാനോ, കൊടുക്കുവാനോ ഉണ്ടെങ്കിൽ ഈ സാധനങ്ങൾ മുഴുക്കെ അടിമകളോ, കൂലിക്കാരോ, തലച്ചുമടായി കൊണ്ടുപോകുകയാണ് പതിവ്. വലിയ വ്യാപാരം നടത്തുന്ന കച്ചവടക്കാർക്ക് ഒരു സ്ഥലത്തുനിന്നും മറ്റൊരിടത്തേക്ക് സാധനങ്ങൾ കൊണ്ടുപോകുവാൻ ഇത്തരം നൂറോ, അതിലധികമോ ആളുകളുണ്ടായിരിക്കും."4. "ചുമട്ടുകാർ തലയിൽ കയറ്റികൊണ്ടു പോകുകയെന്നതല്ലാതെ മൃഗങ്ങളെപ്പോലും സാധനങ്ങൾ കൊണ്ടുപോകുവാൻ വളരെ ദുർല്ലഭമായേ ഉപയോഗപ്പെടുത്തുന്നുള്ളു," എന്നാണ്, 1800-1801ൽ കേരളത്തെപറ്റി പഠന റിപ്പോർട്ട് തയ്യാറാക്കിയ ഫ്രാൻസിസ് ബുക്കാനൻ രേഖപ്പെടുത്തിയിട്ടുള്ളത്.5. അദ്ദേഹം തുടർന്നെഴുതുന്നതാകട്ടെ, "ഈ സ്ഥലത്ത് യാതൊരു വക വാഹനങ്ങളും ഇല്ല," എന്നുമാണ്.6. മലബാർ ഗസറ്റിയർ എഴുതിയ ഇന്നിസ് ഇക്കാര്യം വിവരിക്കുന്നത്, "ടിപ്പുവിന് മുമ്പ് ഇവിടെ ചക്രം ഘടിപ്പിച്ച വണ്ടികൾ എന്താണെന്നറിയുമായിരുന്നില്ല. ഈ അടുത്തകാലം വരെ (1908) ചുമടെടുക്കുവാൻ കാളകളെപ്പോലും ഉപയോഗിക്കുന്ന പതിവില്ല," എന്നൊക്കെയാണ്.7. അപ്പോൾ 18-ാം നൂറ്റാണ്ടിലെ രണ്ടാം പകുതിയിൽ സ്ഥിതി എന്തായിരിക്കുമെന്ന് ഊഹിക്കുകയാണ് ഭേദം. കൊച്ചിൻ സ്റ്റെയിറ്റ് മാനുവലിൽ ഇത് സംബന്ധമായി കൂടുതൽ വെളിച്ചം നൽകത്തക്ക ഒരു സംഭവം ചേർത്തിട്ടുള്ളത് ഇവിടെ ഉദ്ധരിക്കുന്നത് സഹായകമാണ്, "കോയമ്പത്തൂരിനും തൃശ്ശൂരിനുമിടക്ക് ചക്രം ഘടിപ്പിച്ച വണ്ടി ആദ്യമായി ഉരുളുന്നത് 1844ലാണ്. കോയമ്പത്തൂർ നിന്നും പച്ചക്കറിയും മറ്റു വാണിഭങ്ങളും കയറ്റി പന്ത്രണ്ട് കാളവണ്ടികൾ ഒരു സുപ്രഭാതത്തിൽ തൃശ്ശൂർ എത്തിയപ്പോൾ, അതു വരെ തങ്ങൾ കണ്ടിട്ടില്ലാത്ത ഈ വാഹനങ്ങളുടെ ആഗമനം ജനങ്ങളിൽ വിസ്മയവും ആവേശവും ഉളവാക്കിയെന്നാണ് എല്ലാ വിവരണങ്ങളിൽ നിന്നും മനസ്സിലാകുന്നത്. ഈ സംഭവം കഴിഞ്ഞ് 58 വർഷത്തിന് ശേഷം ആദ്യമായി ഈ പ്രദേശത്തുകൂടി തീവണ്ടി ഓടിയപ്പോൾ ജനങ്ങളിലുണ്ടാക്കിയ വിഭ്രാന്തിയേക്കാൾ കൂടുതൽ ഈ കാളവണ്ടി വന്നപ്പോൾ ഉണ്ടാ

യിരുന്നു."8. ഈ പശ്ചാത്തലം മനസ്സിൽ കണ്ടുകൊണ്ടുവേണം തങ്ങളുടെ വിസ്തൃതമായ രാജ്യത്തിന്റെ ഒറ്റം മുതൽ മറ്റേ അറ്റം വരെ സുഗമമായി സഞ്ചരിക്കാവുന്ന റോഡുകളുടെ ഒരു ശൃംഖല തന്നെ മൈസൂർ ഭരണകർത്താക്കൾ കേരളത്തിന് സമ്മാനിച്ചു എന്ന മഹത്തായ പ്രവർത്തിയെ വിലയിരുത്തുവാൻ. സുദീർഘമായ രണ്ട് നൂറ്റാണ്ടിന് ശേഷവും ഇവയിൽ പല റോഡുകളും ഇന്നും ഉപയോഗത്തിലിരിക്കുന്നുവെന്നതും സ്മരണീയമാണ്.

കുതിപ്പടയാളികൾക്ക് അനായാസേന പ്രയാണം ചെയ്യുവാൻ പറ്റുന്ന മാർഗങ്ങൾ മലബാറിലില്ലെന്ന് തന്റെ സേനകളുമായി ആക്രമണത്തിനെത്തിയ ഹൈദരലി മനസ്സിലാക്കിയിരുന്നു. മലബാർ കീഴടക്കി തിരിച്ചുപോയ ഹൈദരലിക്ക് മൂന്നാഴ്ചക്ക് ശേഷം ഇവിടെയുണ്ടായ കലാപമൊതുക്കുവാൻ വീണ്ടും വരേണ്ടതായിവന്നു. "തോളോട് തോൾ ഒട്ടിനിന്നാൽ കഷ്ടി മൂന്നാൾക്ക് കടന്നു പോരാവുന്ന," നാട്ടുപാതകളിലൂടെ ഏറെ പ്രയാസപ്പെട്ടാണ് അദ്ദേഹം എത്തിയത്.9. കലാപകാരികൾ മൈസൂർ കൂടാരത്തിലുണ്ടായിരുന്ന കാവൽഭടൻമാരെ ആക്രമിച്ചപ്പോൾ പൊന്നാനിയിലും കോഴിക്കോട്ടുമുണ്ടായിരുന്ന മൈസൂർ സേനാവിഭാഗത്തെ വിവരമറിയിക്കുവാൻ അവർക്ക് അന്ന് സാധിക്കാതിരുന്നത് ഗതാഗതസൗകര്യത്തിന്റെ അഭാവത്താലായിരുന്നു. ഈ ശോച്യാവസ്ഥ മനസ്സിലാക്കിയ ഹൈദരലി എളുപ്പം നടക്കാവുന്ന മാർഗമാണാരാഞ്ഞത്. 1766ൽ അദ്ദേഹത്തിന്റെ കല്പനയുടെ അടിസ്ഥാനത്തിൽ ഏഴിമലയിൽനിന്നും തളിപ്പറമ്പ്, വളർപട്ടണം പുഴകളെ ബന്ധിപ്പിക്കുന്നതിനുള്ള ഒരു തോട് ആലിരാജയുടെ നേതൃത്വത്തിൽ പണികഴിപ്പിച്ചു. ജലഗതാഗതം കൂടുതൽ സുഗമമാക്കുവാൻ ഇത് സഹായിച്ചു. ചരക്കുകൾ യഥാസ്ഥാനങ്ങളിൽ എളുപ്പം എത്തിക്കുവാനും ഒരിടത്തുനിന്നും മറ്റൊരിടത്തേക്കുള്ള യാത്ര കൂടുതൽ എളുപ്പവും സൗകര്യപ്രദവുമാക്കുവാനും ഇത് മൂലം സാധിച്ചിരുന്നു. കേരളത്തിലെ ജലഗതാഗതമാർഗ്ഗങ്ങളിൽ ഏറ്റവും സുഗമവും സൗകര്യപ്രദവുമായി ഇന്നും കണക്കാക്കിപ്പോരുന്നതും ഉപയോഗത്തിലിരിക്കുന്നതുമായ ഈ കനാൽ 'സുൽത്താൻ തോട്' എന്ന പേരിലാണ് ഇപ്പോഴും അറിയപ്പെടുന്നത്. വാർത്താവിനിമയ സൗകര്യത്തെ ഉദ്ദേശിച്ച് ഹൈദരലി നടപ്പാക്കിയ മറ്റൊരു പദ്ധതി വലിയ ദൂരത്തിലല്ലാതെ കാവൽ കൂടാരങ്ങൾ ഏർപ്പെടുത്തി സന്ദേശവാഹകരെ നിയമിക്കുകയെന്നതായിരുന്നു. മലബാറും ശ്രീരംഗപട്ടണവുമായി നിത്യസമ്പർക്കങ്ങൾ പുലർത്തുവാനുള്ള സജ്ജീകരണങ്ങൾ ഇന്നും തലയെടുപ്പോടെ നിലനിൽക്കുന്ന പാലക്കാട് കോട്ടയിൽ ഉണ്ടാക്കുകയും ചെയ്തു. കേരളത്തിൽ ഹൈദരലിക്ക് സ്വസ്ഥമായി കഴിച്ചുകൂട്ടുവാൻ അധികസമയം ലഭിച്ചിരുന്നില്ല എന്നതുകൊണ്ടും ഇംഗ്ലീഷ്കാരും മറാത്തക്കാരുമായും തുടർച്ചയായി യുദ്ധത്തിൽ ഏർപ്പെട്ടുകൊണ്ടിരുന്നതിനാലും മലബാറിലെ റോഡു നിർമ്മാതാക്കളുടെ മുൻഗാമി എന്ന വിശേഷണത്തിന് അർഹനാകാൻ അദ്ദേഹത്തിന് സാധിച്ചില്ല.

ഈ ബഹുമതി ലഭിക്കുവാൻ ഭാഗ്യം സിദ്ധിച്ചത് അദ്ദേഹത്തിന്റെ പ്രസിദ്ധനായ മകൻ ടിപ്പുസുൽത്താനായിരുന്നു. "മലബാറിന്റെ പ്രധാനപ്പെട്ട എല്ലാ സ്ഥലങ്ങളേയും എന്തിന്, കൊടിയ വനപ്രദേശങ്ങളെപ്പോലും ബന്ധിപ്പിക്കും വിധം റോഡുകുളുടെ ഒരു ശൃംഖല അദ്ദേഹം ആസൂത്രണം ചെയ്യുകയും ആ പദ്ധതി വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു,"10. എന്നാണ്, 'മലബാറിലെ റോഡുകളുടെ സ്ഥിതിയെ കുറിച്ച് ' റിപ്പോർട്ട് തയ്യാറാക്കിയ കേണൽ ഡോ. രേഖപ്പെടുത്തിയിട്ടുള്ളത്. സേലം ജില്ല ഗസറ്റിയറിൽ ഇത് സംബന്ധമായി കാണുന്ന പരാമർശവും നമുക്കിവിടെ പ്രസക്തമാണ്. "ഇംഗ്ലീഷ്കാരായിരുന്നില്ല ഇൻഡ്യയിലെ ആദ്യത്തെ റോഡ് നിർമ്മാതാക്കൾ. ടിപ്പുവിനാൽ ഉണ്ടാക്കപ്പെട്ട റോഡുകൾ ഒട്ടും മോശമായിട്ടുള്ളവ ആയിരുന്നില്ല" എന്നാണ് അതിൽ എഴുതിയിട്ടുള്ളത്.11. 18-ാം നൂറ്റാണ്ടിൽ തെന്നിന്ത്യയിലെ ഏറ്റവും വലിയ റോഡ് നിർമ്മാതാവും ടിപ്പു ആയിരുന്നുവെന്ന കാര്യത്തിൽ സംശയമേ വേണ്ട.12. മലബാറിൽ നിർമ്മിച്ച റോഡുകളുടെ വിസ്തൃതിയും വലുപ്പവും കണക്കിലെടുക്കുകയും മൈസൂർ ആധിപത്യത്തിന് ശേഷം ഒന്നരനൂറ്റാണ്ട് കാലം മലബാറിൽ ഭരണം നടത്തിയ ഇംഗ്ലീഷ്കാർ ഈ രംഗത്ത് ചെയ്ത സംഭാവനകൾ വളരെ തുച്ഛമായിരുന്നുവെന്ന വസ്തുത മനസ്സിലാക്കുകയും ചെയ്യുമ്പോഴാണ്, ടിപ്പു മാത്രമായിരുന്നു കേരളത്തിലെ വാർത്താവിനിമയത്തിനും ഗതാഗത സൗകര്യത്തിനും ഏറ്റവും വലിയ മുതൽകൂട്ടു നടത്തിയ ഭരണാധികാരിയെന്ന് തെളിയുക. ഇത് സംബന്ധമായി കൂടുതലൊന്നും പ്രസ്താവിക്കാതെ തന്നെ നമുക്ക് ഉപസംഹരിക്കാം, "ടിപ്പുവാണ് മലബാറിലെ റോഡുനിർമ്മാണത്തിന്റെ മാർഗദർശകൻ" എന്ന വാക്കുകൾ കടമെടുത്തുകൊണ്ട്,13. മലബാറിനെ മുഴുക്കെ ബന്ധിപ്പിച്ചുകൊണ്ടുള്ള റോഡുകൾ ചുരുങ്ങിയ കാലത്തിനിടക്ക് തന്നെയുണ്ടാക്കി. റോമാസാമ്രാജ്യത്തിലെ രാജവീഥികളത്രയും റോമിൽ ചെന്നവസാനിക്കുന്നുവെന്ന് പറയാറുള്ളത് പോലെ, ടിപ്പുവിന്റെ റോഡുകളെല്ലാം ശ്രീരംഗപട്ടണവുമായി ബന്ധിക്കപ്പെട്ടിരുന്നു. പശ്ചിമഘട്ടം കടന്നാണ് ഇവയൊക്കെ പോകേണ്ടത് എന്നതിനാൽ അതിന് വേണ്ടി വന്നിരിക്കാവുന്ന പ്രയത്നവും ചെലവും ഭീമമായിരുന്നിരിക്കണം. വലിയ തോക്കുകളും പീരങ്കികളും അനായാസേന കൊണ്ടുവരികയും പോകുകയും ചെയ്യുവാൻ പറ്റുന്നവിധം വീതി കൂടിയവയായിരുന്നു ഈ വഴികൾ.14. കേണൽ ഡോ അന്വേഷണം നടത്തി സമർപ്പിച്ച മിനുട്ടിൽ താഴെ പറയുന്നവയാണ് ടിപ്പു നിർമ്മിച്ചതും പീരങ്കിപ്പടയ്ക്ക് നീങ്ങാവുന്നതുമായ റോഡുകൾ.

1. കോഴിക്കോടുനിന്നും പുലവായ് വരെയുള്ളത്. ചേക്കൂർ, താമരശ്ശേരി വഴിയായിരുന്നു ഈ റോഡ്.

2. മലപ്പുറം-താമരശ്ശേരി റോഡ്.

3. മലപ്പുറം-പുതുപ്പാടി. അവിടെനിന്നും പശ്ചിമഘട്ടം വരെ.

4. കോഴിക്കോട് ഫറൂക്ക് റോഡ്. എലമരുത്ത്, ചാത്തമംഗലം, താമരശ്ശേരിവഴി.

5. ഫറൂക്കിൽ നിന്നും തുടങ്ങി ചേറനാട് താലൂക്ക് വഴി ചാലപ്പുർ, പൂലൂർ, തിരൂരങ്ങാടി, വെങ്കട്ടകോട്ട, പുലനെല്ലാട്ട്, ഇരിക്കൽ, ത്രിപുര പറമ്പ്, കവളപ്പാറ, മഞ്ചേരി, പട്ടാമ്പി, വാളയാർ, കോയമ്പത്തൂർ വരെ.

6. പാലക്കാട്-ഡിണ്ടിഗൽ റോഡ്. തത്തമംഗലം, വങ്ങേരലുങ്ങാട്ടിൽ, നെല്ലിമുട്ടിൽ, വെള്ളിക്കുമ്പിൾ, പീലാച്ചി, ഒരുമലക്കാട്ട്, കണ്ണനേരു, പാതുരു, പളനി, വിരുപാക്ഷി, ഡിണ്ടിഗൽ.

7. വെങ്കിട്ടകോട്ടയിൽ നിന്നും കോയമ്പത്തൂർ വരെ. പെരുമ്പിൽ, വെള്ള, ആനടകുഴി, പാലകേത്തേരി, അങ്ങാടിപ്പുറം, മുല്ലക്കുറിച്ചി, കരിയാലുടി, വെള്ളത്തൂർ, പേയൂട്ട്, കണ്ടപുത്തുപുഴ, മന്നാർ, അട്ടപ്പാടി, തെങ്ങപേയൂട്ട്, തെങ്ങരുഹുറം, വെള്ളിമാമുത്തു, കോയമ്പത്തൂർ.

വടക്കേ മലബാറിനേയും ഇതേവിധം തന്നെ റോഡുകൾ കൊണ്ടു ബന്ധിപ്പിച്ചിരുന്നു. ഏഴിമലയിൽ നിന്നും കടൽതീരം വഴിയും ഉൾനാട്ടിൽ കൂടിയും വ്യത്യസ്തറോഡുകളുണ്ടായിരുന്നു. അവ ചിറയ്ക്കൽ, കോട്ടയം തുടങ്ങിയ സ്ഥലങ്ങളിലൂടെ താമരശ്ശേരി, പുതിയച്ചേരി ചുരങ്ങൾ വരെയെത്തിനിന്നിരുന്നു. 15.

ഈ വിവരണങ്ങളിൽ നിന്നും മനസ്സിലാകുന്നത് മലബാറിന്റെ എല്ലാ ഭാഗവും റോഡുകളാൽ സുഘടിതമാക്കപ്പെട്ടിരുന്നുവെന്നാണല്ലോ. "താമരശ്ശേരി ചുരത്തിന്റെ അടുക്കൽ സന്ധിച്ചിരുന്ന നാലു റോഡുകൾ അത് കടന്ന് പോയിരുന്ന പീരങ്കിപ്പാതയുമായി ബന്ധിക്കപ്പെട്ടിരുന്നു. പല വഴികളിലൂടെ ഇവിടെ എത്തിച്ചേർന്നിരുന്ന ഈ റോഡുകളിൽ രണ്ടെണ്ണം മലപ്പുറത്തുനിന്നും രണ്ടെണ്ണം കോഴിക്കോടുനിന്നും ഉൾപ്രദേശങ്ങളിലൂടെ നിർമ്മിക്കപ്പെട്ടവയായിരുന്നു. കോഴിക്കോട് നിന്നുള്ള റോഡുകളിലൊന്ന് ഇന്നുള്ള മൈസൂർ റോഡ് തന്നെയാണെന്ന് പറയാം. രണ്ടാമത്തേതാകട്ടെ ഫറൂക്ക് ചാത്തമംഗലം വഴിയും"16. നിലമ്പൂർ, എടവണ്ണ, കൊണ്ടോട്ടി എന്നിവിടങ്ങളിലൂടെ പോയി കാരിക്കൂർ ഘട്ടിലെത്തുന്ന റോഡ് ടിപ്പുവിന്റെ മലബാർ ആസ്ഥാനമായിരുന്ന ഫറൂക്കിനെ ബന്ധിപ്പിക്കുന്നതായിരുന്നു. അതുപോലെ ഫറൂക്കും കോയമ്പത്തൂരുമായി ബന്ധിപ്പിച്ചിരുന്ന മറ്റ് രണ്ട് വ്യത്യസ്തമാർഗങ്ങളിലും റോഡുകൾ നിർമ്മിക്കപ്പെട്ടിരുന്നു. തിരുരങ്ങാടി-കോട്ടയ്ക്കൽ റോഡ് അവിടെയെത്തി രണ്ടായി പിരിഞ്ഞിരുന്നു. അതിൽ ഒന്ന് അങ്ങാടിപ്പുറം മണ്ണാർക്കാട്, വാകയാട് വഴി കോയമ്പത്തൂർ വരെ നീണ്ടുകിടന്നിരുന്നു. 17. മറ്റൊരു പ്രധാന റോഡ് ബേപ്പൂർ-കൊടുങ്ങല്ലൂർ റോഡാണ്. ഇന്നും ഈ റോഡിന് ടിപ്പുസുൽത്താൻ റോഡ് എന്ന് തന്നെയാണ് പേര്. താനൂർ, പൊന്നാനി, വലിയങ്ങാടി, തൃത്താല, ലക്കിടിവഴി ഇന്നുമുള്ള താനൂർ-പാലക്കാട് റോഡും ടിപ്പുവിന്റെ പീരങ്കിപ്പാതകളിൽപ്പെടുന്നതാണ്. പാലക്കാടിനെ വാർത്താവിനിമയത്തിനും ഗതാഗതസൗകര്യത്തിനും ഡിണ്ടിഗലുമായി സന്ധിപ്പിച്ചിരുന്നു. ഇക്കൂട്ടത്തിൽ കൊല്ലങ്കോടുവഴി ഡിണ്ടിക്കലിലേക്കുണ്ടായിരുന്ന റോഡ് പ്രാധാന്യമർഹിക്കുന്നതാണ്. 18.

ഈ റോഡുനിർമ്മാണങ്ങൾ ത്വരിതഗതിയിൽ നടക്കുന്നത് കണ്ടപ്പോൾ തന്റെ രാജ്യം ആക്രമിക്കുവാനുള്ള പ്രാരംഭനീക്കമാണിതെന്ന് തിരുവിതാംകൂർ രാജാവ് സംശയിച്ചു. തലശ്ശേരിയിലെ ഇംഗ്ലീഷ് തലവനായ ആർ.എച്ച്. ബോദാം ടിപ്പുവിന്റെ റോഡ് നിർമ്മാണത്തെ പരാമർശിച്ച്, സി.ഡബ്ളിയു മാലറ്റിന്നെഴുതുന്ന കത്തിൽ ഇപ്രകാരം പ്രസ്താവിച്ചുകാണുന്നു. ടിപ്പു ഉടനടി കോഴിക്കോട് എത്തുമെന്നും അദ്ദേഹത്തിന്റെ നീക്കത്തെ ത്വരിതപ്പെടുത്തുന്നതിനായി പശ്ചിമഘട്ടത്ത് നിന്ന് കൊച്ചിവരെയുള്ള പ്രദേശത്ത് ഒരു റോഡു നിർമ്മിക്കുകയാണെന്നും കൊച്ചി രാജാവിൽ നിന്നാണ് തനിക്കീ വിവരം ലഭിച്ചതെന്നും ടിപ്പുവിന്റെ ഉദ്ദേശ്യം തന്നെ ആക്രമിക്കുവാനായിരിക്കുമോ എന്ന ആശങ്ക തനിക്കുണ്ടെന്നും കഴിഞ്ഞമാസം 23-ാം തിയതി തിരുവിതാംകൂർ രാജാവ് അഞ്ചുതെങ്ങിലെ നമ്മുടെ പ്രതിപുരുഷൻവഴി ഇവിടെ കൊടുത്തയച്ച എഴുത്തിൽ പ്രസ്താവിച്ചുകാണുന്നു. 19. ഇത്രയും വിശാലമായ റോഡുകൾ നിർമ്മിക്കുവാൻ എത്രമാത്രം പ്രയത്നവും പണച്ചെലവും നടത്തിയിരിക്കണമെന്ന് ഊഹിക്കാവുന്നതേയുള്ളു. ഈ ജോലി മുഴുക്കെ എട്ട് വർഷംകൊണ്ടാണ് പൂർത്തിയാക്കിയതെന്നുകൂടി മനസ്സിലാക്കുമ്പോൾ എത്രമാത്രം സംഘടിതശക്തിയും കൂട്ടായ പ്രയത്നവും വേണ്ടിവരുമെന്ന് കണക്ക് കൂട്ടുവാൻ പ്രയാസം വരികയില്ല. രണ്ടാം ആംഗ്ലോ-മൈസൂർ യുദ്ധത്തിന് ശേഷം (1784) ആണ് ഇത്രയും നടത്തിയതെന്ന വസ്തുതയും 1790ൽ തന്നെ മലബാർ പ്രദേശം ടിപ്പുവിന് നഷ്ടപ്പെട്ടിരുന്നു എന്ന കാര്യവും കൂടി ഒന്നിപ്പിച്ചുനോക്കുമ്പോഴാണ് ടിപ്പു നൽകിയ മഹത്തായ ഈ സംഭാവനയുടെ വലുപ്പം ഗ്രഹിക്കുവാൻ സാധിക്കുക. ഈ ഹ്രസ്വമായ എട്ട് വർഷത്തിനിടയ്ക്ക് ടിപ്പു സുൽത്താൻ മലബാറിൽ ചെയ്ത റോഡുനിർമ്മാണ പ്രക്രിയയുടെ ഒരംശം പോലും സുദീർഘമായ 150 കൊല്ലത്തെ ഇംഗ്ലീഷ്ഭരണത്തിൽ മലബാറിൽ നടന്നിട്ടില്ലെന്നത് കൂടി ഓർമ്മിക്കാതെ തരമില്ല. ആയിരക്കണക്കിന് കൂലിക്കാരെ ഈ ആവശ്യത്തിന് ടിപ്പു ഉപയോഗപ്പെടുത്തിയിരുന്നു. സഞ്ചാരികളുടെയും കൂലിക്കാരായ തൊഴിലാളികളുടേയും ആവശ്യാർത്ഥം ടിപ്പു ഏർപ്പെടുത്തിയിരുന്ന ഹോട്ടലുകൾ തൃത്താലയിലും സമീപപ്രദേശത്തും താൻ കണ്ടിരുന്നതായി 1800ൽ ബുക്കാനൻ രേഖപ്പെടുത്തിയിട്ടുണ്ട്. 20. ഇവിടത്തുകാരായ ഹിന്ദുക്കൾ ഹോട്ടൽ നടത്തുന്നത് അപമാനകരമായി കരുതിപ്പോന്നിരുന്നതിനാൽ, മൈസൂറിൽ നിന്നും ബ്രാഹ്മണരെ വരുത്തി, അവരെകൊണ്ടാണ് ഇവ

നടത്തിച്ചുപോന്നിരുന്നതെന്നും ബുക്കാനൻ എഴുതുന്നുണ്ട്.21. "ഇൻഡ്യയിലെ മറ്റേതൊരു പ്രവിശ്യയേക്കാൾ മലബാർ പ്രദേശം റോഡുകളാൽ സുഘടിതമായിരിക്കുന്നു." എന്നാണ് വില്യം താക്കറെ റവന്യൂ ബോർഡിനയച്ച റിപ്പോർട്ടിൽ തറപ്പിച്ചുപറയുന്നത്.22. "അദ്ദേഹം (ടിപ്പുസുൽത്താൻ) റോഡുകൾക്ക് വേണ്ടി ഉപയോഗിച്ച മാർഗ്ഗം ഏറ്റവും മാതൃകാപരമായിരുന്നുവെന്നും മലബാറിൻെറ ഏത് ഭാഗത്ത് കൂടിയും ടിപ്പുവിൻെറ റോഡുകളുണ്ടായിരുന്നു." എന്നും കേണൽ ഡോ അസന്നിഗ്ദമായി പ്രസ്താവിക്കുന്നുണ്ട്.23. പീരങ്കിപ്പടക്ക് സുഗമമായി നീങ്ങുവാൻ പറ്റുംവിധമുള്ള റോഡുകളുടെ നിർമ്മാണമാണ് ടിപ്പുവിൻെറ ഭരണത്തിലെ പ്രധാന സവിശേഷത. അദ്ദേഹത്തിൻെറ വിസ്തൃതമായ രാജ്യത്ത് നടത്തിയിരുന്ന ഇതേ പ്രവർത്തനത്തിൻെറ ചെറിയ ഒരംശം മാത്രമായിരുന്നു മലബാറിലേതെന്നുകൂടി മനസ്സിലാക്കേണ്ടതുണ്ട്.

ഛിന്നഭിന്നമായി കിടന്നിരുന്ന നിരവധി കൊച്ചുകൊച്ചു നാടുകളുടെ സമൂഹത്തെ ഒറ്റ രാഷ്ട്രീയസംവിധാനത്തിൻ കീഴിൽ കൊണ്ടുവരുവാൻ കഴിഞ്ഞ മൈസൂർ ഭരണകർത്താക്കൾക്ക് രാജ്യത്തെ റോഡുകളും മറ്റു വാർത്താവിനിമയ സൗകര്യങ്ങളും കൊണ്ട് ബന്ധിപ്പിക്കുവാൻ പറ്റിയതോടുകൂടി അതുവരെ കേരളത്തിന് അനുഭവപ്പെട്ടിട്ടില്ലാത്ത രാഷ്ട്രീയ ദാർഢ്യതയും ഭദ്രതയും കൈവന്നു. ഏത് രാജ്യത്തും വാണിജ്യ-വ്യാവസായിക പുരോഗതി ഉണ്ടാകണമെങ്കിൽ അവശ്യം വേണ്ട ഘടകങ്ങൾ സുഗമമായ ഗതാഗത മാർഗ്ഗങ്ങളും പ്രയാസരഹിതമായ വാർത്താവിനിമയ സൗകര്യങ്ങളും സുരക്ഷിതമായി സഞ്ചരിക്കുവാനുള്ള സംവിധാനങ്ങളുമാണല്ലോ. ഐറോപ്യൻ രാജ്യങ്ങളിൽ അരങ്ങേറിയ വ്യാവസായികപ്ലവത്തിൻെറ മഹനീയനേട്ടങ്ങൾ മനസ്സിലാക്കിയിരുന്ന ഏക ഇൻഡ്യൻ ഭരണാധികാരി ടിപ്പുസുൽത്താനായിരുന്നു. അതിൻെറ ഭാഗമെന്ന നിലക്ക് തന്നെയാണ് തൻെറ രാജ്യത്തുടനീളം അനായാസേന സഞ്ചരിക്കാവുന്ന റോഡുകളും എളുപ്പത്തിൽ എത്തിക്കാവുന്ന വാർത്താ സൗകര്യങ്ങളും ഇത്രമാത്രം വിപുലമായി സജ്ജീകരിച്ചിരുന്നത്. കച്ചവടത്തിനും വ്യവസായ വർദ്ധനവിനും ടിപ്പുവിൻെറ ഈ റോഡ് നിർമ്മാണം അങ്ങേയറ്റം ഉപയോഗപ്രദമായിരുന്നു. മലബാറിലെ അദ്ദേഹത്തിൻെറ റോഡുകളുടെ ശൃംഖല രാഷ്ട്രീയഭദ്രതയും സാമ്പത്തിക ഉൽക്കർഷവും വ്യാവസായിക വളർച്ചയും നാടിന് നേടിത്തന്നു. കാര്യക്ഷമമായും സുഗമമായും നടത്തിപ്പോരുന്ന ഒരു ഭരണസംവിധാനത്തിൻെറ സുസ്ഥിരമായ നിലനില്പിനും ഈ റോഡുകൾ വളരെ സഹായിച്ചിട്ടുണ്ട്. പ്രദേശങ്ങളെ മാത്രമല്ലല്ലോ റോഡുകൾ ബന്ധിപ്പിക്കുന്നത്. അതോടൊപ്പം മനുഷ്യനേയും മനുഷ്യനേയും തമ്മിലും അവ ബന്ധിപ്പിക്കുന്നു. ആശയ വിനിമയത്തിനും സാംസ്കാരിക സമന്വയത്തിനും അത് കളമൊരുക്കുകയും ചെയ്യുന്നു. ഈ പശ്ചാത്തലത്തിൽ വേണം വിലമതിക്കാനൊക്കാത്ത ഈ സംഭാവനകളെക്കുറിച്ച് ചിന്തിക്കുവാൻ.

ഏത് രാജ്യത്തും ഏത് സമയത്തും പൊതുമരാമത്ത് പണികൾ വിപുലമായി നടത്തുക രാജ്യത്ത് സമാധാനവും സുരക്ഷയും ഉള്ളപ്പോഴാണല്ലോ. നമ്മുടെ ചരിത്രകാരൻമാർ മടികൂടാതെ നമ്മെ ധരിപ്പിച്ചിരിക്കുന്നത് 1784 മുതൽ 1790 വരെയുള്ള മലബാറിലെ മൈസൂർ ഭരണകാലം അരാജകത്വത്തിൻെറയും അരക്ഷിതാവസ്ഥയുടെയും കലാപങ്ങളുടെയും കലഹങ്ങളുടെയും കാലമായിരുന്നുവെന്നാണ്. ഈ പറയുന്നതിൽ യാഥാർത്ഥ്യത്തിൻെറ ഒരംശം പോലുമുണ്ടെങ്കിൽ സാമാധാനാന്തരീക്ഷത്തിൽ മാത്രം പ്രാവർത്തികമാക്കുന്ന ഇത്തരം വൻപദ്ധതികൾ ആസൂത്രണം ചെയ്യുവാനോ വിജയകരമായി ചെയ്ത് തീർക്കാനോ, സാധിക്കുമായിരുന്നില്ലെന്ന് തീർച്ചയാണ്. തൻെറ അധികാരം സന്നിഗ്ദാവസ്ഥയിൽ ആടിക്കൊണ്ടിരുന്നുവെങ്കിലും തൻെറ നിലനില്പ് ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരുന്നുവെങ്കിലും ടിപ്പു അത്തരം സ്ഥലത്ത് ഇത്രമാത്രം പണവും പ്രയത്നവും മുതൽ മുടക്കുവാൻ തയ്യാറാകുമായിരുന്നില്ലെന്നതും തീർച്ചയാണ്. ടിപ്പുവിൻെറ വിപുലമായ ഈ റോഡ് നിർമ്മാണപദ്ധതിയും അക്കാലത്ത് നിർവ്വഹിച്ച മറ്റു പൊതുമരാമത്ത് ജോലികളും ചരിത്രവിദ്യാർത്ഥികളോട് വാചാലമായി പറയുന്നത് മലബാറിലെ ഈ കാലഘട്ടം രാഷ്ട്രീയഭദ്രതയുടേയും സാമ്പത്തിക വളർച്ചയുടേയും സുവർണ്ണദശ ആയിരുന്നു എന്ന് തന്നെയാണ്. ഫ്യൂഡൽ മാടമ്പിമാരുടെ ദുർഭരണം അവസാനിപ്പിച്ച് ഏകീകൃതമായ ഒരു ഭരണസമ്പ്രദായം സ്ഥാപിതമായിരുന്നു എന്ന് നാം കണ്ടതാണ്. അതുവരെ കേട്ടിട്ടുപോലുമില്ലാതിരുന്ന തരത്തിൽ കച്ചവടവും വ്യവസായവും റോഡുകളുടെ ആവിർഭാവത്തോടുകൂടി വർദ്ധമാനമായി. നാടിൻെറ സമ്പദ്ഘടനയെതന്നെ അത് ആശാവഹമായി ഉത്തേജിപ്പിച്ചു. ഇൻഡ്യയുടെ ഇതരസംസ്ഥാനങ്ങളിൽ നിന്നുപോലും ജനങ്ങൾ വരുവാനും പോകുവാനും തുടങ്ങി. കമ്പോളങ്ങൾ വൈവിദ്ധ്യമാർന്ന വാണിഭങ്ങൾ കൊണ്ട് നിറഞ്ഞു. പല ഭാഷക്കാരും വേഷക്കാരും ഒത്തുകൂടുവാനും ആശയവിനിമയം നടത്തുവാനും കൂടുതൽ അവസരങ്ങളുണ്ടായി. അങ്ങനെ മലബാറിലെ മൈസൂർ കാലഘട്ടം വിവിധ സംസ്ക്കാരങ്ങളുടെ സംഘാതത്തിനും അവസരം സൃഷ്ടിച്ചു.

ഇവയ്ക്കൊക്കെ ചാലകചൈതന്യമായി വർത്തിച്ചിരുന്നത് ഈ രാജ്യത്തെ ഇതര സ്റ്റെയിറ്റുകളുമായി ബന്ധിപ്പിച്ചിരുന്ന രാജവീഥികളും സഞ്ചാര സൗകര്യങ്ങളുമായിരുന്നു. ടിപ്പുസുൽത്താൻ രാജ്യത്തിൻെറ ഉൽക്കർഷത്തിന് വേണ്ടി ചെയ്തിട്ടുള്ള അഭികാമ്യങ്ങളായ പരിഷ്ക്കാരങ്ങളുടെ നേട്ടങ്ങളെ സർവ്വവിധേനയും തേച്ചുമാച്ചു കളയുവാൻ ഇംഗ്ലീഷ് ചരിത്രകാരൻമാർ ശ്രമിച്ചിട്ടുണ്ട്. എന്നാൽ മാച്ചുകളയുവാൻ പറ്റാത്ത അദ്ദേഹത്തിൻെറ റോഡുകളും മറ്റും മൈസൂർ ഭരണത്തിൻെറ മഹത്വത്തെ ചരിത്രവിദ്യാർത്ഥികളോട് വിളിച്ചോതുന്നത് മൈസൂർ ഭരണത്തിൻെറ കാര്യക്ഷമതയേയും ജനക്ഷേമനടപടികളേയും കുറിച്ചാണ്. "പൗരസ്ത്യനാടുകളിലെ രാജാക്കൻമാരിൽ വച്ച്, ഭരണകർത്താവെന്ന നിലയിൽ ടിപ്പു

മറ്റാരെക്കാൾ പ്രഗത്ഭനായിരുന്നു."24. എന്ന് ജയിംസ്മിൽ പോലും അഭിപ്രായപ്പെടത്തക്ക മഹത്തരമായ ഭരണ പാടവമായിരുന്നു ടിപ്പുസുൽത്താൻ കാഴ്ച വെച്ചിരുന്നത്. മലബാറിൽ മറ്റൊരു പരിഷ്ക്കാരവും അദ്ദേഹം ചെയ്തില്ലന്ന് വിചാരിച്ചാൽ തന്നെ അദ്ദേഹത്തിന് അനശ്വരമായി കീർത്തി നേടിക്കൊടുക്കുന്നതത്രെ ഇന്നും അദ്ദേഹത്തിന്റെ സ്മാരകമായവശേഷിക്കുന്ന മലബാറിലെ റോഡുകൾ.

---

1. *Foreign (Miscellaneous) S.No. 56, Part I, p 1021, Voucher No. XIX.*
2. *W.Logan, Vol.II, op.cit, p 62.*
3. *Cochin State Manual, op.cit, p 165.*
4. *Ibn-Battuta, Travels etc., op.cit, p 27.*
5. *Buchanan, Vol. II, op.cit, p 434.*
6. *Ibid.*
7. *C.A. Innes, Malabar Gazetteer, Vol. I, op.cit, p 238.*
8. *Cochin State Manual, op.cit, p 165.*
9. *M.M.D.L.T., op.cit, p 76.*
10. *Foreign (Miscellaneous) S.No. 56, Part II, Voucher No. XIX.*
11. *Salem District Gazetteer, Vol. I, part II, p 19.*
12. *B.K. Sarkar, Inland Transport and Comminications in Medieval India, p 32.*
13. *C.A. Innes, op.cit, p 268.*
14. *Foreign (Miscellaneous) S.No. 56, Part II, Voucher No. XIX.*
15. *Ibid.*
16. *Ibid, p 269.*
17. *Ibid.*
18. *Ibid, p 269.*
19. *Poona Residency Correspondence, Vol. III, Op.cit, p 427.*
20. *Buchanan, Vol. III, op.cit, p 427.*
21. *Ibid.*
22. *William Thackaray, op.cit, p 4.*
23. *Foreign (Miscellaneous) S.No. 56, Part II, Voucher XIX.*
24. *James Mill, History of British India, Vol. VI, 1815, p 148.*

# XXXIV കച്ചവടവും വ്യവസായവും

കോഴിക്കോട്, കണ്ണൂർ, മംഗലാപുരം തുടങ്ങിയ പൗരാണികപട്ടണങ്ങളോടുകൂടിയ മലബാർ, മൈസൂറിൻെറ കീഴലാകുകയെന്നത് വളരെ പ്രധാന കാര്യമായിട്ടാണ് ഹൈദരലിയും ടിപ്പുസുൽത്താനും കരുതിയിരുന്നത്. അതുകൊണ്ടു തന്നെയാകണം അവർ മലബാറിനെ പ്രിയങ്കരമായി കരുതിയതും അവിടെ കച്ചവടവും വ്യവസായവും പ്രോത്സാഹപ്പിക്കുവാൻ പരിശ്രമിച്ചതും. തൻെറ രാജ്യത്ത് പൊതുവെ വ്യവസായിക വളർച്ചക്ക് വേണ്ടി ഹൈദരലി നടത്തിയ വിവിധങ്ങളായ പ്രവർത്തനങ്ങൾ ഔദ്യോഗിക ചരിത്രകാരനായ കിർമാണി എണ്ണിയെണ്ണി പറയുന്നുണ്ട്. തൻെറ രാജ്യത്ത് വരുന്ന കച്ചവടക്കാരേയും പണമിടപാടുകാരേയും ആകർഷകങ്ങളായ സമ്മാനങ്ങൾ കൊടുത്ത് അദ്ദേഹം സന്തോഷിപ്പിച്ചിരുന്നതിന് പുറമേ അവർ കൊണ്ടുവരുന്ന ചരക്കുകൾ നല്ല വിലയ്ക്ക് റൊക്കം പണം കൊടുത്ത് അദ്ദേഹം വാങ്ങുകയും ചെയ്യുമായിരുന്നു. കുതിരയുടെ വിലക്ക് പുറമെ, സ്വർണ്ണവും വസ്ത്രവും വ്യാപാരികൾക്ക് നല്കുക അദ്ദേഹത്തിൻെറ പതിവായിരുന്നു. കച്ചവടാർത്ഥം കൊണ്ടുവരുന്ന ഏതെങ്കിലും കുതിര യാദൃശ്ചികമായി തൻെറ രാജ്യത്ത് വച്ച് ചത്തുപോയാൽ അത്തരം കുതിരകളുടെ പകുതിവില ദാനമായി അവർക്ക് അദ്ദേഹം നല്കിയിരുന്നു. "ഭൂമുഖത്ത് അപാരമായി പരന്നുകിടക്കുന്ന മൺതരികൾ പോലെ അദ്ദേഹം നൽകിയ വായ്പകളും മുൻകൂർ പണവും ലോകത്തിൻെറ പലഭാഗത്തായി ചിന്നിച്ചിതറികിടന്നിരുന്നു."1. വിദേശ രാജ്യങ്ങളിൽ നിന്നും വ്യാപാരികളെ തൻെറ രാജ്യത്ത് കുടിയിരുത്തുക എന്നതായിരുന്നു വ്യവസായവളർച്ചക്ക് വേണ്ടി അദ്ദേഹം സ്വീകരിച്ച മറ്റൊരു നടപടി. എന്നാൽ യൂറോപ്യൻ രാജ്യങ്ങളിൽ നിന്നും കച്ചവടാർത്ഥം ഇവിടെ എത്തിയിരുന്ന ശക്തികളുമായി കൊച്ചിയിലെയും തിരുവിതാംകൂറിലെയും മലബാറിലെയും രാജാക്കൻമാർ അവരെ തങ്ങളുടെ യജമാനൻമാരായി കരുതി അവരുടെ വ്യവസ്ഥക്കനുസൃതമായി കച്ചവടകുത്തക നൽകിയിരുന്ന രീതി ആയിരുന്നില്ല ഹൈദർ അനുവർത്തിച്ചത്. മറ്റു പ്രജകളെ ഏത് വിധമാണോ നിയമത്തിന് വിധേയരാക്കി കഴിഞ്ഞിരുന്നത് അതേവിധം വിദേശവ്യാപാരികളും പൊതുനിയമത്തിന് വിധേയരായിരുന്നു. രണ്ടാം ആംഗ്ലോ-മൈസൂർ യുദ്ധം തുടങ്ങുന്നതിന് മുമ്പ് 1779 മാർച്ച് 19-ാം തിയ്യതി ഫോർട്ട് വില്യമിലെ ഇംഗ്ലീഷ് ഗവർണ്ണർക്ക് ഹൈദർ അലി അയക്കുന്ന എഴുത്തിൽ നിന്നും ഇത് സ്പഷ്ടമാണ്. "ഡെൻമാർക്കാരും ഫ്രഞ്ചുകാരും ഇംഗ്ലീഷ്കാരും ലന്തക്കാരും പറങ്കികളും തുടങ്ങിയ വിദേശികളുടെയൊക്കെ ഫാക്ടറികൾ എൻെറ നാട്ടിലുണ്ട്. ഇവരത്രയും എൻെറ മറ്റു പ്രജകളെപ്പോലെയാണ്"2. ഹൈദരലിയുടേയും ടിപ്പുവിൻെറയും ഭരണകാലത്ത് ഐറോപ്യൻ കച്ചവടക്കാർക്ക് വ്യവസായ കുത്തക നൽകിയിരുന്നില്ല. സന്ധികളും കരാറുകളും ഉണ്ടാക്കിയിരുന്നപ്പോഴൊക്കെ ഈ വിദേശ ശക്തികൾ അത്തരം വ്യവസ്ഥക്ക് നിർബ്ബന്ധം ചെലുത്തിയിരുന്നുവെങ്കിലും മറ്റുള്ള സാധാരണകച്ചവടക്കാരെപ്പോലെ വ്യവസായം നടത്താൻ മാത്രമേ അവരെ അനുവദിച്ചിരുള്ളു. മലബാർ കീഴടക്കിയശേഷം ലന്തക്കാരും ഇംഗ്ലീഷ്കാരുമായി ഹൈദരലി ഉണ്ടാക്കിയ കരാറുകളിൽ അവർ മലബാർ തിരത്തെ രാജാക്കൻമാരുമായി നടത്തിയിരുന്ന ഉടമ്പടികളെ മാനിക്കുക മാത്രമാണ് ചെയ്തിരുന്നത്. അതേ സന്ദർഭത്തിൽ അദ്ദേഹത്തിൻെറ നാവിക സേനാധിപതിയായ ആലി രാജയുടെ കീഴിൽ ഒരു കപ്പൽ വ്യൂഹം നിർമ്മിക്കുകയും സമുദ്രവാണിജ്യം പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ടിപ്പുസുൽത്താൻെറ കാലത്ത് മലബാറിൽ വ്യാപാരവും വ്യവസായവും ഏറ്റവുമധികം വികാസം പ്രാപിച്ചു. "രാജ്യത്തിന് ക്ഷേമോൽക്കർഷങ്ങളുണ്ടാകണമെങ്കിൽ വ്യാവസായിക വളർച്ചയും വ്യാപാരവികസനവും അത്യാവശ്യമാണെന്ന് മനസ്സിലാക്കി പ്രവർത്തിച്ച ഏക ഇൻഡ്യൻ ഭരണാധികാരി ടിപ്പുവായിരുന്നു,"3. എന്നാണ് മുഹബ്ബുൽ ഹസ്സൻഖാൻ എഴുതുന്നത്. വാണിജ്യ-വ്യാവസായികരംഗങ്ങളിൽ യൂറോപ്യൻ രാജ്യങ്ങൾക്കുണ്ടായ നേട്ടം ടിപ്പുവെപ്പോലെ പ്രതിഭാധനനും ക്രാന്തദർശിയുമായ ഒരാൾ അറിഞ്ഞില്ലെന്ന് വന്നാൽ മാത്രമേ അതിശയിക്കുവാനുള്ളു. അന്തർദേശീയമായ ചലനങ്ങൾ മുഴുക്കെ സൂക്ഷ്മതയോടെ നിരീക്ഷിച്ചിരുന്ന ടിപ്പു വ്യവസായവിപ്ലവത്തിൻെറ ഗുണഫലങ്ങൾ അനുഭവിച്ചിരുന്ന യൂറോപ്പിലെ പ്രധാന രാജ്യങ്ങളുമായി സമ്പർക്കം പുലർത്തിയിരുന്നു. അതുകൊണ്ട് തന്നെയാണ് തൻെറ നാട്ടിൽ വ്യവസായ-വാണിജ്യപ്രവർത്തനങ്ങളിൽ അദ്ദേഹം ബദ്ധശ്രദ്ധനായത്. അതിൻെറ വിജയത്തെ മുൻനിർത്തി അദ്ദേഹം നടപ്പാക്കിയ വ്യവസായനയമാണ് അതേ രംഗത്ത് കുത്തകാവകാശത്തിന് വേണ്ടി ദാഹിച്ചിരുന്ന ഇംഗ്ലീഷ്കാരുടെ കടുത്ത ശത്രുവാക്കി അദ്ദേഹത്തെ മാറ്റിയതും. കയറ്റിറക്കുമതിക്ക് സ്റ്റെയിറ്റിൻെറ കുത്തകാവകാശം അദ്ദേഹം വിളംബരം ചെയ്തു. ഇങ്ങനെ സർക്കാർ കുത്തകാവകാശം സ്ഥാപിച്ച ഇനങ്ങളുടെ കൂട്ടത്തിൽ കുരുമുളക്, നാളികേരം, ആന, ചന്ദനം, പുകയില, സ്വർണ്ണഅയിർ, മറ്റുള്ള ലോഹങ്ങൾ എന്നിവ ഉൾപ്പെട്ടിരുന്നു. മലബാറിലെ ഇംഗ്ലീഷ്കമ്പനിയാണ് ഈ കുത്തക പ്രഖ്യാപനത്തോടുകൂടി പാപ്പരായത്. അവരുടെ ലാഭകരമായ വ്യാപാര ഉല്പന്നങ്ങളുടെ മേലായിരുന്നുവല്ലോ, സ്റ്റെയിറ്റ് കുത്തക ഏർപ്പെടുത്തിയത്. തലശ്ശേരിയിലെ ഇംഗ്ലീഷ് ഫാക്ടറിയിലെ പ്രമുഖൻ അക്കാലത്ത് മദ്രാസ് ഗവർണ്ണർക്ക്

അയച്ച എഴുത്തുകളിൽ നിന്നും കുത്തക ഏർപ്പെടുത്തിയതോടുകൂടി കമ്പനി സഹിച്ചുകൊണ്ടിരിക്കുന്ന നഷ്ടം വിവരിക്കുന്നുണ്ട്. നഷ്ടം അങ്ങനെതുടർന്ന് പോകുകയാണെങ്കിൽ തലശ്ശേരി ഫാക്ടറി അടച്ചുപൂട്ടുന്നതല്ലേ ഉത്തമമെന്ന് പല പ്രാവശ്യം ഗൗരവമായി കമ്പനി അധികാരികൾ ആലോചിച്ചിരുന്നു.4. അപ്പോഴും അവർക്കുണ്ടായിരുന്ന നേരിയ ആശ എപ്പോഴെങ്കിലും ടിപ്പുവെ മലബാറിൽ നിന്നും പുറത്താക്കാൻ പറ്റുകയാണെങ്കിൽ, "സൈനികവും വ്യാപാരപരവുമായി തലശ്ശേരി ഏറ്റവും പ്രധാനപ്പെട്ട സ്ഥലമായിരിക്കും." എന്നാണ്.5. ഈ ആഗ്രഹം ഒന്നുകൊണ്ടുമാത്രമായിരുന്നു കനത്തനഷ്ടം സഹിച്ചും മലബാറിൽ പറ്റികൂടുവാൻ ഇംഗ്ലീഷ്കാരെ പ്രേരിപ്പിച്ചത്. മലബാറിൽ നടപ്പിലാക്കിയിരുന്ന ഈ കുത്തക മൈസൂർ സംസ്ഥാനത്താകമാനം പിൻതുടർന്നിരുന്ന വ്യവസായത്തിൻെറ ഭാഗം മാത്രമായിരുന്നു. ടിപ്പുവെ സംബന്ധിച്ചിടത്തോളം ഓഫീസർമാർ അതീവ ജാഗ്രത പുലർത്തിയിരുന്നു. കച്ചവടക്കാരുമായി നേരിട്ടുവാങ്ങുകയും കൊടുക്കുകയും ചെയ്യുന്ന രീതി വിദേശികൾക്ക് നിരോധിക്കപ്പെട്ടിരുന്നു. പുതുശ്ശേരിയിലെ ഗവർണ്ണർ ടിപ്പുവിനെഴുതിയ ഒരു കത്തിൽ അവിടെനിന്നയച്ച കച്ചവടക്കാരെ മലബാർ അതിർത്തിയിൽ വച്ച് തടഞ്ഞിരിക്കുന്നതായി പരാതിപ്പെട്ടിരുന്നു. ടിപ്പു അദ്ദേഹത്തിന് നല്കിയ മറുപടി ഇപ്രകാരമാണ്. "ഭാവിയിൽ അവിടെ നിന്നും കച്ചവടക്കാരെ ചരക്കുകളുമായി അയക്കുമ്പോൾ, താങ്കൾ താലൂക്ക്ദാർക്ക് അവിടത്തെ ഭാഷയിൽ ഒരെഴുത്ത് കൊടുത്തയച്ചാൽ മേലാൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടുകയില്ലെന്ന് ഉറപ്പിക്കാം. കച്ചവടക്കാരെ അതിർത്തി കടക്കുവാൻ താലൂക്ക്ദാർ അനുവദിക്കുകയും വേണ്ട ഒത്താശകൾ ചെയ്തുകൊടുക്കുകയും ചെയ്യും. ഇത്തരം നിരോധന ഉത്തരവുകൾ പുറപ്പെടുവിക്കുവാൻ കാരണമുണ്ട്. അടുത്തകാലത്തായി പുറമേനിന്നും വന്ന കച്ചവടക്കാർ, കർഷകർക്ക് മുൻകൂർ പണം കടമായും ഉൽപന്നങ്ങളുടെ ഈടിലും നൽകി, അവരുടെ ഉല്പന്നങ്ങൾ കുറഞ്ഞ വിലക്ക് ശേഖരിച്ച് കൊള്ളലാഭമുണ്ടാക്കുന്ന സമ്പ്രദായത്തെ തടയുകയെന്നതാണ് ഈ വിളംബരത്തിൻെറ പ്രധാന ഉദ്ദേശ്യം"6. രാജാറാം ചുന്ദർ എന്ന ടിപ്പുവിൻെറ ഏജൻറിന് അദ്ദേഹം എഴുതിയ കത്തും ശ്രദ്ധേയമാണ്. "ചായില്യം നമ്മുടെ രാജ്യത്ത് കിട്ടുന്നില്ലെന്നും പുതുശ്ശേരിയിൽ നിന്നും മാത്രമേ ലഭിക്കുകയുള്ളുവെന്നുമാണല്ലോ, താങ്കൾ എഴുതിയ രണ്ടെഴുത്തിലും ഉള്ളത്. ഇതാണ് സ്ഥിതിയെങ്കിൽ അവിടെ പണവും കൊടുത്ത് ആളുകളെ അയച്ച് സാധനം വാങ്ങിക്കണം. പകരം ചരക്കു കൊടുക്കുന്ന സമ്പ്രദായം നമുക്ക് വേണ്ട."7. മൈസൂർ രാജ്യത്ത് അദ്ദേഹം അനുവർത്തിച്ചിരുന്ന വ്യാപാരനയം വ്യക്തമാകുന്നതാണല്ലോ മേലുദ്ധരിച്ച എഴുത്തുകൾ, ലൈസൻസോ, അനുവദിപത്രമോ ഇല്ലാതെ തൻെറ രാജ്യത്ത് കച്ചവടം നടത്തുവാൻ അനുവദിക്കാതിരിക്കുന്നതിൻെറ കാരണങ്ങൾ വിശദീകരിച്ചുകൊണ്ട് മസ്ക്കറ്റിലെ ഇമാമിന് ടിപ്പു നേരിട്ടെഴുതിയിരുന്നു. മസ്ക്കറ്റുമായി വ്യാപാരം തകൃതിയായി നടത്തിയിരുന്ന ടിപ്പുവിന് തൻെറ പുതിയ വ്യാവസായികനയം മുൻകൂട്ടി തന്നെ ഇമാമിനെ അറിയിക്കണമെന്ന് തോന്നിയത് സ്വാഭാവികമാണല്ലോ. വാണിജ്യ വ്യാപാരവിനിമയങ്ങളിൽ നിന്നുമുള്ള വരുമാനം വിദേശക്കച്ചവടക്കാരുടെ മടിശ്ശീലയിൽ വീഴുന്നത് തടയുക എന്നത് തന്നെയായിരുന്നു ടിപ്പുവിൻെറ പ്രഖ്യാപിതലക്ഷ്യം. "യൂറോപ്യൻ രാജ്യങ്ങളുടെ വളർച്ചക്ക് നിദാനം അവിടങ്ങളിലുണ്ടായ വ്യവസായ വിപ്ലവമാണെന്ന് ശരിക്കുമറിയാമായിരുന്ന ടിപ്പുസുൽത്താൻ, കച്ചവടക്കാരൻെറയും ഉല്പാദകൻെറയും പണം കൈമാറ്റക്കാരൻെറയും ബാങ്കറുടേയും വിവിധ റോളുകൾ സ്വയമേറ്റെടുക്കുവാൻ തയ്യാറായി."8. തൻെറ രാജ്യത്തിൻെറ പ്രധാന സ്ഥലങ്ങളിലൊക്കെ പണ്ടികശാലകൾ സ്ഥാപിച്ച് കച്ചവടം സുഗമമായി നടത്തിപ്പോരാനുള്ള സൗകര്യങ്ങൾ അദ്ദേഹം സൃഷ്ടിച്ചു. ഈ സ്ഥാപനങ്ങളിൽ ചരക്കുകൾ ശേഖരിച്ച് മൊത്ത വ്യാപാരത്തിനുള്ള ഏർപ്പാട് ഉണ്ടാക്കുകയും ചെയ്തു. പുതുതായി സ്ഥാപിച്ച ഈ മൊത്ത വ്യാപാര കേന്ദ്രങ്ങളിൽ അധികമാളുകൾ വാങ്ങുവാനെത്തുന്നില്ലെന്ന് രാജാറാം ചുന്ദർ ടിപ്പുവിനോട് പരാതിപ്പെട്ടപ്പോൾ, അദ്ദേഹത്തിൻെറ മറുപടി ഇങ്ങനെയായിരുന്നു, "തുടക്കത്തിൽ ലാഭം തീരെ ഉണ്ടായില്ലെങ്കിലും നിരാശപ്പെടേണ്ടതില്ലെന്നും പദ്ധതിയുമായി മുന്നോട്ട് പോകണമെന്നും ആയിരുന്നു. ഇതിൻെറ ഗുണം മനസ്സിലാക്കി കഴിയുമ്പോൾ കച്ചവടക്കാർ കൂട്ടം കൂട്ടമായെത്തും"9. അദ്ദേഹം ജീവിച്ച കാലഘട്ടത്തിൽ ഇത്തരം നൂതനമായ പദ്ധതികൾ മറ്റുള്ളവർക്ക് സ്വപ്നത്തിൽ പോലും ആവിഷ്ക്കരിക്കുവാൻ സാധിക്കുമായിരുന്നില്ല. ആധുനിക ഇൻഡ്യയിലെ സ്റ്റെയിറ്റ് ട്രെയിഡിംങ് കോർപറേഷൻെറ രീതിയിൽ രാജ്യത്തെ മൊത്തക്കച്ചവടം സ്റ്റെയിറ്റ് ഉടമയിൽ കൊണ്ടുവന്നു. ഇത് വിജയകരമായി നടത്തിക്കൊണ്ടുപോകുന്നതിനായി ഒരു വാണിജ്യ-വ്യാപാരവകുപ്പ് പ്രത്യേകം രൂപീകരിക്കുകയും ചെയ്തിരുന്നു. പ്രത്യേകമായി രൂപീകരിക്കപ്പെട്ട ഈ വകുപ്പിന് 1,28,000 സ്റ്റെർലിങ്ങിന് തുല്യമായ ലക്ഷം രോഹിതിനാണ്യങ്ങൾ വ്യവസായ വികസനത്തിൻെറ ആവശ്യത്തിനായി നൽകുകയും ചെയ്തു.10. 1793-94 കാലത്ത് ടിപ്പു പുറപ്പെടുവിച്ച വ്യാപാരചട്ടങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാൽ കച്ചവടവും വ്യവസായവും വികസിപ്പിക്കുവാൻ ഏതെല്ലാം മാർഗ്ഗങ്ങൾ അദ്ദേഹം നിർദ്ദേശിച്ചിരുന്നുവെന്നും ഇതിനുള്ള അദ്ദേഹത്തിൻെറ ഉത്സാഹവും ആവേശവും എത്രമാത്രമാണെന്നും കാണുവാൻ സാധിക്കും. കച്ചവടക്കാര്യത്തിൻെറമേൽനോട്ടം നിർവ്വഹിക്കുന്നതിനായി കമ്മീഷണറൻമാരുടെ ഒരു ബോർഡ് അദ്ദേഹം രൂപീകരിച്ചു. മൈസൂറിൻെറ കീഴിലുണ്ടായിരുന്ന സ്ഥലത്ത് 30ഫാക്ടറികളും നിരവധി പണ്ടികശാലകളും പ്രർത്തിച്ചിരുന്നു. വിദേശരാജ്യങ്ങളിൽ മൈസൂറിൻെറ 17 ഫാക്ടറികൾ ഉണ്ടായിരുന്നു. അദ്ദേഹം ആവിഷ്ക്കരിച്ച് പ്രവർത്തിപഥത്തിലെത്തിച്ച വ്യാപാര-വ്യവസായപ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉണ്ടാക്കുവാനുള്ള ഉദ്ദേ

ശ്യത്തോടുകൂടി സ്റ്റെയ്റ്റ് ട്രെയിഡിംങ്ങ് കോർപറേഷൻ അദ്ദേഹം സ്ഥാപിക്കുകയുണ്ടായി. 5 ക മുതൽ 5000 ക വരെ മൂല്യ മുള്ള ഓഹരികളാണ് രാജ്യത്ത് വിറ്റഴിച്ചിരുന്നത്.11. 5 ക മുതൽ 500 ക വരെ മുടക്കുന്നവർക്ക് 50 ശതമാനം ലാഭ വിഹിതമാണ് നിശ്ചയിച്ചിരുന്നത്. 500 ക മുതൽ 5000 ക വരെ മുതൽ മുടക്കുന്നവർക്ക് 25 ശതമാനവും അതിൽ കൂടുതൽ അടക്കൽ ഓഹരിഉടമകൾക്ക് 12 ശതമാനവുമാണ് ലാഭവിഹിതമായി നല്കിയിരുന്നത്.12. ഓഹരി ഉടമകൾക്ക് എപ്പോഴെങ്കിലും തങ്ങളുടെ ഓഹരി വില്ക്കണമെങ്കിൽ യാതൊരു ബുദ്ധിമുട്ടുമുണ്ടായിരുന്നില്ല. ഓഹരിവിലക്ക് പുറമെ ലാഭവും അയാൾക്ക് ലഭിക്കുമായിരുന്നു.13. ഈ ചട്ടങ്ങളനുസരിച്ച് സാധാരണക്കാർക്ക് ഓഹരിമുതലിൻെറ 50 ശതമാനം കൊടുത്തുകൊണ്ടിരുന്നത് തൻെറ പ്രസ്ഥാനത്തിന് പൊതുജനസഹകരണം കിട്ടുന്നതിനും ജനങ്ങളെ സംരംഭങ്ങളിൽ പങ്കാളികളാക്കുന്നതിനും വേണ്ടിയായിരുന്നു. ഇന്ത്യയിലെ മറ്റൊരു രാജാവും ഇത്തരം ജനക്ഷേമപരവും നൂതനവുമായ പരീക്ഷണങ്ങൾ നടത്തുവാൻ ചിന്തിക്കാൻപോലും കെല്പില്ലാത്തവരായിരുന്ന സന്ദർഭത്തിലാണ് ടിപ്പുസുൽത്താൻ തൻെറ സ്റ്റെയിറ്റ് ട്രെയിഡിംങ്ങ് കോർപറേഷൻ രൂപീകരിച്ചത് എന്നുകൂടി ഓർക്കേണ്ടതാണ്. പണം കൈമാറ്റക്കച്ചവടം സ്റ്റെയിറ്റിൻെറ കുത്തകയാക്കിയതോടുകൂടി പാവപ്പെട്ട കർഷകരെ അമിതപ്പലിശ കൊണ്ടു വീർപ്പുമുട്ടിച്ചിരുന്ന ഹുണ്ടികക്കച്ചവടക്കാരിൽ നിന്നും സാധുകർഷകന് നിസ്സീമമായ ആശ്വാസമാണ് ലഭിച്ചത്.ഇത്തരം സാമ്പത്തികാശ്വാസപദ്ധതികളുടെ ഫലമായി നാടിനും നാട്ടുകാർക്കും വളരെ ഗുണം ഉണ്ടായി എന്നതിൽ സംശയമില്ല

മൈസൂർ സംസ്ഥാനത്തുനിന്നും കയറ്റി അയച്ചിരുന്ന പ്രധാന ഉല്പന്നങ്ങൾ ചന്ദനത്തടി, ആനക്കൊമ്പ്, അരി, സുഗന്ധദ്രവ്യങ്ങൾ, പരുത്തി, സിൽക്ക് തുടങ്ങിയവയായിരുന്നു. കയറ്റുമതി വികാസം കൊണ്ടിരുന്നതിൻെറ ഫലമായിട്ടായിരുന്നു മലബാറിൽ നിന്നും ഹൈദരലിയുടെ കാലത്ത് പണമായി നികുതി പിരിച്ചിരുന്നതിൻെറ സ്ഥാനത്ത് ഉല്പന്നങ്ങൾ നല്കിയാൽ മതിയെന്നാക്കിയത്. നികുതി കൊടുക്കുന്നത് പണമായിട്ടുവേണ്ട എന്ന് വന്നപ്പോൾ കർഷകർക്ക് ഏറെ ആശ്വാസവുമായി. അതേസമയം മലബാറിൽ നിന്നും നികുതിയായി ലഭിച്ച അരിയും നാളികേരവും മലഞ്ചരക്കുകളുമൊക്കെ കയറ്റി അയച്ച് അതിൻമേൽ ലാഭമുണ്ടാക്കുവാനും അദ്ദേഹത്തിന് സാധിച്ചു. ടിപ്പുവെന്ന കച്ചവടക്കാരൻെറ സാമർത്ഥ്യം ഇവിടെയാണ് നാം കാണുന്നത്. നാട്ടിനകത്തും പുറത്തുമുണ്ടായിരുന്ന അനേകം പണ്ടികശാലകളിലെ ദറോഗമാർക്ക് ടിപ്പു എഴുതിയിരുന്ന ധാരാളം എഴുത്തുകൾ ഇന്ന് നമുക്ക് ലഭ്യമാണ്. ഏതൊരു വ്യവസായിയേക്കാൾ സാമർത്ഥ്യവും പ്രായോഗികപരിജ്ഞാനവും കച്ചവടക്കാര്യത്തിൽ ടിപ്പുവിന് ഉണ്ടായിരുന്നുവെന്ന് ഈ കത്തിടപാടുകൾ വ്യക്തമാക്കുന്നുണ്ട്. ചന്ദനത്തിൻെറയും കുരുമുളകിൻെറയും വിലയ്ക്ക് അല്പം ഇടിവ് വന്നിരിക്കുന്നുവെന്ന് മനസ്സിലാക്കിയ അദ്ദേഹം മസ്ക്കറ്റിലെ തൻെറ ദറോഗയായ മിർകാസിമിനെഴുതിയതിപ്രകാരമാണ്, "തിരക്ക് പിടിച്ച് ഉള്ള ചന്ദനവും കുരുമുളകും വിറ്റഴിക്കരുത്. അവക്ക് ന്യായമായതും നാം ആശിക്കുന്നതുമായ വില ലഭിച്ചാൽ മാത്രമേ വില്പന നടത്തേണ്ടതുള്ളൂ."14. അദ്ദേഹത്തിന് ഇതേ നിർദ്ദേശങ്ങളോടുകൂടി രണ്ട് എഴുത്തുകൾ കൂടി അക്കാലത്ത് തന്നെ ടിപ്പുസുൽത്താൻ അയച്ചിരുന്നു. അതിലൊന്നിൽ, "മംഗലാപുരത്തു നിന്നും കയറ്റി അയച്ചിരുന്ന അരി, കുരുമുളക്, ചന്ദനം എന്നിവ ധൃതിപിടിച്ച് കിട്ടിയവിലക്ക് കൊടുത്തുക ഉയരുത്. അവ മാർക്കറ്റിൽ ദുർല്ലഭമാകുമ്പോഴേ നല്ല വില ലഭിക്കൂ. അതുവരെ അവ സൂക്ഷിച്ചുവെക്കുക. ന്യായമായ ലാഭം കിട്ടുമെന്ന് ബോധ്യമാകുമ്പോൾ മാത്രം വില്പന നടത്തിയാൽ മതി."15. മറ്റൊരെഴുത്തിൽ അദ്ദേഹം നിർദ്ദേശിക്കുന്നത് ചന്ദനത്തടിയും കുരുമുളകും എന്ത് വിലക്ക് കൊടുക്കണമെന്ന കാര്യമാണ്. "ഒന്നാംതരം ചന്ദനം കണ്ടിക്ക് 120 പഗോഡയും രണ്ടാംതരം 100 പഗോഡയും മൂന്നാംതരം 90 പഗോഡയും നാലാംതരം 80 പഗോഡയും കിട്ടണം. കുരുമുളകാകട്ടെ കണ്ടിക്ക് 80 പഗോഡ കിട്ടിയെങ്കിൽ മാത്രം കൊടുത്താൽ മതി."16. സമർത്ഥനായ ഒരു വ്യാപാരിയുടെ മനോഗതി പ്രദർശിപ്പിക്കുന്ന ഈ എഴുത്തുകൾ എത്ര നിഷ്ക്കർഷയോടുകൂടിയാണ് എഴുതിയിരിക്കുന്നത്. തൻെറ രാജ്യത്ത് നടക്കുന്ന സകലവിധ പ്രവർത്തനങ്ങളിലും ഭാഗഭാക്കാകുകയും അവ സുഗമമാക്കുന്നതിനായി ചെറിയ കാര്യങ്ങളിൽപോലും വിദഗ്ദ്ധാഭിപ്രായം പ്രകടിപ്പിക്കുകയും ചെയ്യുക ടിപ്പുവിൻെറ സ്വതസിദ്ധമായ സ്വഭാവമായിരുന്നു. യുദ്ധമായാലും സമാധാനപ്രവർത്തനങ്ങളായാലും ഉദ്യോഗസ്ഥൻമാർ മുഴുക്കെ മുകളിൽ നിന്നുള്ള കല്പനകൾക്കും നിർദ്ദേശങ്ങൾക്കും വേണ്ടി കാത്തിരിക്കുക പതിവാക്കിയിരുന്നു. ഇത് അവരുടെ വിവേചനാധികാരത്തേയും ബുദ്ധിയേയും കുറെയെങ്കിലും നിഷ്പ്രഭമാക്കിയിരുന്നവെന്ന് സംശയമില്ല.

രാജ്യത്തുണ്ടാകുന്ന ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുകമാത്രമല്ല അദ്ദേഹം അനുവർത്തിച്ച നയം. വിദേശീയരായ വ്യാപാരപ്രമുഖൻമാരെ തൻെറ രാജ്യത്ത് വന്ന് ഫാക്ടറികൾ സ്ഥാപിച്ച് വ്യാപാരം നടത്തുവാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്തിരുന്നു. ഇതിൻെറ ഉദ്ദേശ്യം രാജ്യത്ത് വ്യാവസായികവും വ്യാപാരപരവുമായ വികസനം ഉണ്ടാക്കുകയെന്നതായിരുന്നു. ഖ്വാജ ഹെറാത്തൂൺ തുടങ്ങിയ വ്യാപാരപ്രമുഖർ ടിപ്പുവിൻെറ രാജ്യത്ത് കച്ചവട സൗകര്യങ്ങൾ ആവശ്യപ്പെട്ട് കൊണ്ട് നടത്തിയ നിവേദനത്തിന് മറുപടിയായി അദ്ദേഹമെഴുതിയത് ഇപ്രകാരമായിരുന്നു. "മംഗലാപുരം തുറമുഖത്തോ, കോഴിക്കോടോ നിങ്ങളുടെ ചരക്കിറക്കുന്നെങ്കിൽ നമ്മുക്ക് വിരോധമില്ല. നമ്മുടെ രാജ്യവുമായി കച്ചവടം നടത്തുവാനുള്ള നിങ്ങളുടെ ആഗ്രഹം നമ്മെ സന്തോഷിപ്പിക്കുന്ന കാര്യമാണ്. ആത്മവിശ്വാസത്തോടും ആപൽശങ്കക്കിടമില്ലാതെയും നിങ്ങൾക്കത് ചെയ്യാം. മേൽപറഞ്ഞ തുറമുഖങ്ങളിലിറക്കുന്ന

ചരക്കുകളിൽ നമ്മുക്കാവശ്യമുള്ളവ ന്യായമായ വിലക്ക് നൽകിയശേഷം അവശേഷിക്കുന്നവ പൊതുകമ്പോളത്തിൽ നിങ്ങൾക്ക് സ്വതന്ത്രമായി വില്ക്കാവുന്നതാണ്" 17. കോഴിക്കോട് ഒരു ഫാക്ടറി തുടങ്ങുന്നതിന് അനുവാദമാവശ്യപ്പെട്ട മസ്ക്കറ്റിലെ ഒരു ദല്ലാളായ മാവോസേത്തിന് അനുവാദം നൽകിയതിന് പുറമെ, ഇറക്കുമതി തീരുവയിൽ പത്തിൽ നാല് ഇളവ് നൽകുവാനും ടിപ്പുസുൽത്താൻ കൽപനയിറക്കിയിരുന്നു. 18. വിദേശവ്യാപാരികൾക്ക് കച്ചവടസൗകര്യങ്ങളും വ്യാപാരസൗജന്യങ്ങളും നല്കി രാജ്യത്ത് കച്ചവടവികസനത്തിന് അശ്രാന്തം പരിശ്രമിച്ച അദ്ദേഹം തൻെറ രാജ്യത്തിൻെറ താല്പര്യം സംരക്ഷിച്ചുകൊണ്ടാണ് ഇതൊക്കെ ചെയ്തിരുന്നത്. ഇൻഡ്യയിലെ മറ്റൊരു രാജാവും വിദേശരാജ്യങ്ങളിൽ തങ്ങളുടെ ദല്ലാളുമാരെ നിയോഗിക്കുകയോ, അവിടങ്ങളിൽ സ്വന്തം പണ്ടികശാല പണിയുകയോ, ചെയ്തിരുന്നില്ലെന്നത് കൂടി ഇതോടനുബന്ധമായി നമുക്ക് ഓർക്കുകയും ചെയ്യാം. ജിദ്ദ, മസ്ക്കറ്റ്, ഹൊർമുസ് എന്നിവിടങ്ങളിൽ സ്ഥാപിച്ചിരുന്ന ടിപ്പുവിൻെറ പണ്ടികശാലകളും അതുവഴി നിർവഹിച്ചിരുന്ന കച്ചവടവും ലോകപ്രസിദ്ധമായിരുന്നു. ഏഡനിലും, ബസറയിലും തൻെറ ഫാക്ടറികൾ സ്ഥാപിക്കുവാനുള്ള ശ്രമവും അദ്ദേഹം നടത്തിക്കൊണ്ടിരുന്നു. ഇൻഡ്യയിൽ തൻെറ രാജ്യത്തിന് പുറത്ത് മധുര തുടങ്ങിയ സ്ഥലങ്ങളിൽ അദ്ദേഹത്തിൻെറ ഫാക്ടറികൾ ഉണ്ടായിരുന്നു. 19. തൻെറ വിദേശപ്രതിപുരുഷൻമാരെ ചുമതലപ്പെടുത്താറുണ്ടായിരുന്ന പ്രധാനകാര്യം അവിടങ്ങളിൽ നിന്നും സാങ്കേതിക പരിജ്ഞാനം നേടിയവരെ മൈസൂറിലേക്കാകർഷിച്ചുകൊണ്ട് വരികയെന്നതായിരുന്നു. അവരുടെ സഹായത്തോടെ പുതിയ വ്യവസായസംരംഭങ്ങൾ നടത്തുകയെന്നതായിരുന്നു അദ്ദേഹത്തിൻെറ ലക്ഷ്യം. മലബാറിൽ പേൾഫിഷറി (മുത്തുച്ചിപ്പി) ഉല്പാദിപ്പിക്കുന്നതിനുള്ള ഒരു കേന്ദ്രം സ്ഥാപിക്കുകയെന്നത് ടിപ്പുസുൽത്താൻെറ ചിരകാലാഭിലാഷമായിരുന്നു. ഈ ആവശ്യത്തിനുവേണ്ടി മസ്ക്കറ്റിലെ തൻെറ ദറോഗയോട് മുത്തുച്ചിപ്പി ഉല്പാദനവിദഗ്ദൻമാരെ ഇവിടേക്കയക്കുവാൻ നിർദ്ദേശിച്ചുകൊണ്ടദ്ദേഹം എഴുതിയിട്ടുണ്ട്.20. ഇംഗ്ലീഷ്കാർ 19-ാം നൂറ്റാണ്ടിൻെറ ആദ്യപകുതിയിൽ വയനാടൻ പ്രദേശങ്ങളിൽ സ്വർണ്ണഖനികൾ പ്രവർത്തിപ്പിച്ചിരുന്നു. പിന്നീട് ആ യജ്ഞം ഉപേക്ഷിക്കുകയാണുണ്ടായത്. എന്നാൽ ടിപ്പുസുൽത്താൻ ഇവിടെ ഈ പ്രവൃത്തി ചെയ്യുവാനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചിരുന്നതായി കാണുന്നുണ്ട്.21. മസ്ക്കറ്റിൽ നിന്നും ടിപ്പുവിൻെറ ഓഫീസർമാരിൽ ഒരാളായ മൊഹിയുദ്ദീൻ അലിഖാൻ അയച്ചുകൊടുത്ത ഏഴ് ഇയ്യക്കട്ടികൾ കൈപ്പറ്റിയ വിവരമറിയിക്കുന്ന കൂട്ടത്തിൽ അദ്ദേഹമെഴുതിയിട്ടുള്ളത് ഇങ്ങനെയാണ്, "ഇയ്യഖനികളുടെ അടിയിലായി, വെള്ളിഖനിയോ, അയിരുകളോ കാണുക പ്രകൃതിദത്തമാണ്. അവിടത്തെ മണ്ണും പ്രകൃതിയും പരിശോധിക്കുവാൻ കഴിവുള്ള വിദഗ്ദൻമാരെ ഇവിടെനിന്ന് പറഞ്ഞയക്കുന്നുണ്ട്. അവർ വന്ന് പരിശോധിച്ച് തീരുമാനിക്കട്ടെ."22. അന്താരാഷ്ട്ര വാണിജ്യവികസനത്തിനും വളർന്നു വരുന്ന വിദേശശക്തികളെ ഫലവത്തായി നേരിടുന്നതിനും ശക്തമായ നാവിക വ്യൂഹം അനിവാര്യമാണെന്ന് ടിപ്പുവിനറിയാമായിരുന്നു. അതിൻെറ ഫലമായിട്ടാണ് വാജിദാബാദിലും മംഗലാപുരത്തും എല്ലാവിധ സജ്ജീകരണങ്ങളോടുംകൂടി ഓരോ നാവിക തുറമുഖം സംവിധാനം ചെയ്തത്. കപ്പൽപാലങ്ങളും ചരക്കിറക്കി സൂക്ഷിക്കാവുന്ന ഗുദാമുകളും ഇവിടങ്ങളിലുണ്ടാക്കിയിരുന്നു.23. മലബാറിൽ വളരെ സുലഭമായുണ്ടായിരുന്ന തേക്കിൻ തടി ഈ ആവശ്യത്തിനായി ശേഖരിച്ച് മംഗലാപുരത്തേക്കും വാജിദാബാദിലേക്കും അയച്ചിരുന്നു. കപ്പൽ പണിക്കാരേയും നാവികവിദഗ്ദൻമാരേയും കപ്പൽ നിർമ്മാണാവശ്യത്തിനായി ജിദ്ദയിൽ നിന്നും മസ്ക്കറ്റിൽ നിന്നും തൻെറ ഏജൻറ്മാർ മുഖാന്തിരം ടിപ്പു സമ്പാദിച്ചിരുന്നു. കപ്പലുകളുടെ മോഡലുകൾ ടിപ്പു തന്നെയാണ് സംവിധാനം ചെയ്ത് കൊടുത്തിരുന്നത്.24. മലബാറിൽ പ്രവർത്തനം തുടങ്ങിയ ഈ പദ്ധതികൾ എത്രമാത്രം പ്രാവർത്തികമായെന്നോ, എത്ര മാത്രം അവ വിജയിച്ചുവെന്നോ, കണിശമായി പറയുവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. ഈ വക പദ്ധതികളുടെ ആവിഷ്ക്കരണം മാത്രം വെച്ച് കണക്കുകൂട്ടിയാലും ഒരു കാര്യം അസന്നിഗ്ദ്ധമായി പറയാൻ സാധിക്കുന്നത്, ഇംഗ്ലീഷ് ആധിപത്യത്തിന് പകരം മൈസൂറിൻെറ കീഴിലായിരിക്കുവാനാണ് മലബാറിൻെറ യോഗമെങ്കിൽ, മലബാർ വ്യാവസായികമായും സാമ്പത്തികമായും ഏറെ വികാസം പ്രാപിച്ച പ്രദേശമാകുമായിരുന്നു എന്നാണ്.

യൂറോപ്യൻ രാജ്യങ്ങളിൽ നവോത്ഥാനത്തിന് ശേഷമുണ്ടായ വ്യാവസായിക വിപ്ലവവും തജ്ജന്യമായ വാണിജ്യവികസനവും ശരിക്കും മനസിലാക്കിയിരുന്ന ടിപ്പുവിന് വ്യവസായീകരണം കൊണ്ടും ബാങ്കിംങ് സമ്പ്രദായം കൊണ്ടും രാജ്യത്തുണ്ടാക്കാവുന്ന നേട്ടങ്ങൾ ശരിക്കും ഗ്രഹിക്കുവാൻ കഴിഞ്ഞിരുന്നു. വിദേശരാജ്യങ്ങളിൽ ഉണ്ടായിക്കൊണ്ടിരുന്ന വിപ്ലവകരമായ മാറ്റങ്ങൾ അപ്പോഴപ്പോൾ അറിയുകയും അതിൽ ആവേശം കൊള്ളുകയും ചെയ്തിരുന്ന ഏക ഇൻഡ്യൻ ഭരണാധിപതി ടിപ്പുസുൽത്താനായിരുന്നു. ഈ രാജ്യങ്ങളോടു കിടപിടിക്കുവാനും, അവരോട് മത്സരിച്ച് വിജയിക്കുവാനുമായി രാജ്യത്തിനകത്തും പുറത്തും പണ്ടികശാലകളും ഫാക്ടറികളും സ്ഥാപിക്കേണ്ടതിൻെറ പ്രാധാന്യം അദ്ദേഹം മനസ്സിലാക്കിയിരുന്നു. മിക്കവാറും എല്ലാ സാധനങ്ങളും തൻെറ രാജ്യത്ത് നിർമ്മിക്കുന്നതിനാവശ്യമായ ഫാക്ടറികളും വ്യവസായശാലകളും അദ്ദേഹം രാജ്യത്ത് ഉടനീളം സ്ഥാപിക്കുകയുണ്ടായി. അവയിൽ മതിയായ പരിചയസമ്പന്നർ ഇല്ലാത്ത പ്പോഴൊക്കെ സാങ്കേതിക വിദഗ്ദ്ധൻമാരെ പുറം രാജ്യങ്ങളിൽ നിന്നും എന്ത് ശമ്പളമാണെങ്കിലും പറഞ്ഞയക്കുവാൻ തൻെറ പ്രതിപുരുഷൻമാരെ ടിപ്പു ചുമതലപ്പെടുത്തിയിരുന്നാതായും നമുക്കറിയാം. ഇതിന് ഉപോൽബലകമായി ഉദ്ധരിക്കാവുന്ന ഒന്നു രണ്ടെഴുത്തുകൾ കൂടി ശ്രദ്ധിക്കുക.

"ഈന്ത, കുങ്കുമം, ബദാം, എന്നിവയുടെ വിത്തും കുറെ പട്ടുനൂൽപുഴുക്കളും നമ്മുടെ ആവശ്യത്തിനായി അവിടെ നിന്നും ശേഖരിച്ച് അയക്കണം"25. മറ്റു ചില എഴുത്തുകളിൽ കാണുന്നത്, "എവിടെയൊക്കെയാണ് കുങ്കുമം ഉല്പാദിപ്പിക്കുന്നത്, അവിടങ്ങളിൽ ഏജൻറ്മാരെ വിട്ട് ഒന്നോ, രണ്ടോ മന്ന് അവയുടെ വിത്തുകൾ ശേഖരിച്ചയ്ക്കുക. പട്ടുനൂൽ പുഴുക്കളും അവയുടെ അണ്ഡങ്ങളും എവിടെ നിന്നും ലഭിക്കുമോ, അവ സമ്പാദിക്കുകയും അവയെ ശുശ്രൂഷിച്ചുവളർത്താൻ കഴിവുള്ള കുറച്ച് വിദഗ്ദ്ധൻമാരെ കണ്ടുപിടിക്കുകയും ചെയ്ത് അവരെ ഈ സാധനങ്ങളോടൊപ്പം ഇവിടേക്കയക്കുകയും ചെയ്യുക."26. തൻെറ ചിരകാലാഭിലാഷമായിരുന്ന സിൽക്ക് വ്യവസായം വർദ്ധമാനമാക്കുവാനും പട്ടുനൂൽപുഴുക്കളെ മസ്ക്കറ്റിൽ നിന്നും കൽക്കട്ടയിൽ നിന്നും കൊണ്ടുവന്ന് അവയെ വളർത്തുവാനും ടിപ്പുവിന് സാധിച്ചു. തൻെറ രാജ്യത്ത് സ്ഥാപിച്ചിരുന്ന ഫാക്ടറികളിലും വ്യവസായ ശാലകളിലും വിദേശികളും ഇന്ത്യാക്കാരുമായി നൂറു കണക്കിന് സാങ്കേതിക വിദഗ്ദ്ധൻമാർ നിർമ്മാണ പ്രവർത്തനത്തിലേർപ്പെട്ടിരുന്നു. കത്രിക, തുലാസ്, സമയനിർണയ മണൽകുപ്പി, കത്തി, കടലാസ്, കട്ട്ലറി, വാച്ച്, തോക്ക് തുടങ്ങിയവ ടിപ്പുവിൻെറ വ്യവസായശാലകളിൽ ഉല്പാദിപ്പിച്ചിരുന്നു. ടിപ്പുവിൻെറ ഭരണകാലത്ത്, പരുത്തി, പട്ടുതുണിത്തരങ്ങൾ, വിശ്വപ്രശസ്തി ആർജ്ജിച്ചിരുന്നു. ഇൻഡ്യയിൽ അക്കാലത്ത് ഉല്പാദിപ്പിച്ചിരുന്ന പഞ്ചസാരയിൽ ഏറ്റവും നല്ല പഞ്ചസാര മൈസൂറിൽ ഉല്പാദിപ്പിച്ചവയായിരുന്നു. അതുപോലെ എടുത്ത് പറയേണ്ട മറ്റൊരു പ്രധാനകാര്യം ടിപ്പുവിൻെറ ആയുധനിർമ്മാണ ശാലകളെ സംബന്ധിച്ചാണ്. വെടിക്കോപ്പ്, വെടിമരുന്ന് എന്നിവയക്ക് പുറമെ പലതരത്തിൽപ്പെട്ട വാളുകളും തോക്കുകളും പീരങ്കികളും മൈസൂറിൽ നിർമ്മിച്ചിരുന്നു. നിർമ്മാണത്തിലും പ്രയോഗക്ഷമതയിലും ഇവ യൂറോപ്യൻ നിർമ്മിതികളേക്കാൾ മെച്ചപ്പെട്ടവയുമായിരുന്നു. തൻെറ പ്രതിപുരുഷൻമാരെ അയക്കുന്നതിൻെറ മുന്നോടിയായി ഫ്രാൻസിലെ ചക്രവർത്തി ലൂയി പതിനാറാമന് 1786 ആഗസ്റ്റ് 6-ാം തിയതി ടിപ്പുസുൽത്താൻ അയച്ച കത്തിൽ പറഞ്ഞിരുന്നത്, "എൻെറ ആയുധനിർമ്മാണശാലയിൽ നിർമ്മിച്ച ഒരു ഇരട്ടക്കുഴൽതോക്കും തുന്നൽപണികൾകൊണ്ട് മോടിപ്പിടിപ്പിച്ചിട്ടുള്ള ഒരു സെറ്റ് ഉടുപ്പും അവിടത്തേക്ക് കൊടുത്തയക്കുന്നത് സദയം സ്വീകരിച്ചാലും,"27. എന്നാണ്. തൻെറ രാജ്യത്തുണ്ടാക്കിയ ആയുധവും ഉടയാടയുമൊക്കെ വെറും പാരിതോഷികമെന്ന നിലക്ക് മാത്രമായിരിക്കുകയില്ലല്ലോ ടിപ്പു സമ്മാനിച്ചത്. അവയുടെ മേൻമയും സാങ്കേതിക നേട്ടവും ലൂയിയെ സ്വാധീനിക്കുവാൻ കൂടി സഹായകമാകണമെന്ന് കരുതിയായിരിക്കണം.

സത്യത്തിൽ ടിപ്പുവിൻെറ ഇത്തരം അസൂയാർഹമായ പ്രവൃത്തികളാണ് ഇംഗ്ലീഷ്കാർക്ക് അദ്ദേഹത്തോട് അരിശമുണ്ടാക്കിയ കാര്യങ്ങൾ. മറ്റ് ഇന്ത്യൻ രാജാക്കൻമാർ മുഴുക്കെ ഇംഗ്ലീഷ്കാരുടെ പക്കൽ നിന്നും ആയുധങ്ങളും വെടിക്കോപ്പുകളും കിട്ടുന്നതിന് വേണ്ടി യാചിച്ചു കൊണ്ടിരുന്ന സന്ദർഭത്തിൽ മൈസൂറിൽ മാത്രമാണ് രാജ്യത്തിൻെറ പ്രതിരോധാവശ്യത്തിനുള്ള ആയുധങ്ങൾ, അതും യൂറോപ്യൻ നിർമ്മിതികളെക്കാൾ മെച്ചപ്പെട്ട തോക്കുകളും വെടിമരുന്നുകളും സ്വന്തം ആയുധനിർമ്മാണശാലകളിൽ നിർമ്മിച്ചുപോന്നത്. ഇംഗ്ലീഷ്കാരുടെ ഈ കുത്തകക്ക് നേരെയും ടിപ്പുവിൽ നിന്നും തന്നെയാണ് വെല്ലുവിളിയുണ്ടായത്. ഏതെല്ലാം രംഗങ്ങളിലായിരുന്നുവോ, യൂറോപ്യൻ ആധിപത്യം നിലനിന്നിരുന്നത്. അവയിലൊക്കെ വിജയകരമായ പരീക്ഷണങ്ങളുമായി തങ്ങളോടു തുല്യമായോ, ഒരു പക്ഷെ കൂടുതലായി തന്നെയോ, എതിരിടുവാൻ കെല്പു കാണിച്ച ആ ഇൻഡ്യൻ രാജാവിനോട് അവർക്കൊക്കെ പകതോന്നുവാനുള്ള കാരണവും മറ്റൊന്നായിരുന്നില്ല. രാജ്യത്തിൻെറ ത്വരിതഗതിയിലുള്ള വ്യാവസായിക പുരോഗതി, കച്ചവടവർദ്ധനവിനായി രൂപീകൃതമായ സ്റ്റെയിറ്റ് ട്രെയിഡിംങ് കോർപറേഷൻെറ വികസനം, പണകൈമാറ്റത്തിലും കച്ചവട ഉല്പന്നങ്ങളിലും സ്വയം കുത്തക നടപ്പിലാക്കിയത്, ലൈസൻസില്ലാതെ മറ്റാർക്കും തൻെറ രാജ്യത്ത് വ്യാപാരം നടത്തുവാൻ അനുവദിക്കാതിരുന്ന ധീരമായ കാൽവെയ്പ് എന്നിവയെല്ലാം, ഇൻഡ്യയിലെ ഇംഗ്ലീഷ് താല്പര്യങ്ങളെ നിഗ്രഹിച്ചിരുന്ന കാര്യങ്ങളായിരുന്നു. ഇത്തരം നടപടികൾ കണ്ടില്ലെന്ന് നടിക്കുവാൻ ഇംഗ്ലീഷ്കാർക്കു കഴിയുമായിരുന്നില്ല. അവരുടെ നിലനില്പിൻെറ പ്രശ്നമായിരുന്നു ഇവയൊക്കെ. നേരത്തെ പ്രസ്താവിച്ച പോലെ വ്യവസായവൽക്കരണവും സാങ്കേതിക പരിജ്ഞാനവും നേടിയാൽ മാത്രമേ രാജ്യത്ത് സമൃദ്ധിയുണ്ടാകുകയുള്ളുവെന്ന് മനസ്സിലാക്കി അതിന് വേണ്ടി ഭഗീരഥപ്രയത്നം നടത്തിയ ഇൻഡ്യൻ ഭരണാധികാരി ടിപ്പുസുൽത്താൻ മാത്രമായിരുന്നു. സ്വന്തം നാട്ടിൽ കച്ചവടകുത്തക നടപ്പാക്കിയ അദ്ദേഹം കച്ചവടമത്സരത്തിലേർപ്പെട്ടിരുന്ന വിദേശശക്തികളുടെ വ്യാപാരത്തെ നാശോൻമുഖമാക്കി. അതോടൊപ്പം വിദേശകമ്പോളങ്ങളിൽ ആധിപത്യം നേടുവാനുള്ള പരിശ്രമവും അദ്ദേഹം നടത്തി. ഇൻഡ്യൻ ചരക്കുകൾക്ക് വിദേശകമ്പോളമുണ്ടാക്കുവാനുള്ള നിരന്തരശ്രമവും ഇംഗ്ലീഷ് വിരോധത്തിന് വഴിവെച്ച വസ്തുതയാണ്. ഇതിനെല്ലാം പുറമെ പ്രൊ. മൊഹിബ്ബുൽ ഹസ്സൻഖാൻ എഴുതിയ പോലെ, "ഭരണയന്ത്രം സുഗമമാക്കുവാൻ പാശ്ചാത്യസമ്പ്രദായം ഇൻഡ്യയിൽ ആദ്യമായി പരീക്ഷിച്ച ഭരണകർത്താവും ടിപ്പുസുൽത്താനായിരുന്നു."28. ഇതും ഇംഗ്ലീഷ്കാരുടെ പകക്കും വിദ്വേഷത്തിനും അദ്ദേഹത്തെ പാത്രമാക്കി. തൻെറ പിതാവ് ജീവിച്ചത്രയും കാലമെങ്കിലും ടിപ്പുവിന് ജീവിതദൈർഘ്യം കിട്ടിയിരുന്നുവെങ്കിൽ, ഇൻഡ്യയുടെ ചരിത്രഗതി മറ്റൊന്നാകുമായിരുന്നു. എന്നാൽ നാലാം ആഗ്ലോ-മൈസൂർ യുദ്ധത്തോടുകൂടി എല്ലാം നാമാവശേഷമാകുകയാണുണ്ടായത്.

1. Kirmani, Nishani Hyderi (Translation) Miles, op.cit, p 575.
2. Foreign Secret Department, Fort William Proceedings, January, 1779.
3. History of Tipu Sultan, op.cit, p 344.
4. Foreign Political Secret Proceedings, August 26 to September 25, 1789, No. 96, p 1849.
5. Ibid, pp 1845-46.
6. Kirkpatrick, Select letters of Tipoo Sultan, 1800, London, Letters No.XXI, pp 34-35.
7. Ibid, No. XIX, April 19, 1785, p 32.
8. Ibid, No. CCVII, p 241.
9. Ibid, Appendix B, No. XXXIII.
10. Ibid, No. XVIII.
11. Wilks, History of Mysore etc, op.cit, Vol,II, p 268.
12. Kirkpatrick, op.cit, Appendix E.
13. Wilks, op.cit, Vol. II, p 268.
14. Kirkpatrick, op.cit, CLBI, p 187, CLX, p 189.
15. Ibid, CLXIII, p 189.
16. Ibid, CLX, p 189.
17. Ibid, CLXIII, p 189.
18. Ibid, CCVI, p 239.
19. Ibid, Appendix E.
20. Ibid, CC, p 231, No. LIX, p 187.
21. District Gazetteers, Neelagiri, Vol.I, p 94.
22. Kirk Patrick, op.cit, No.CXCV, p 227.
23. M.H. Khan, History of Tipu Sultan, op.cit, p 327.
24. Kirkpatrick, op.cit, Appendix I.
25. Ibid, No. CCL. XXII, p 300.
26. Ibid, p 187, CLV, p 186.
27. Ibid, CCCXXXVI, p 171.

# XXXV സാമൂഹ്യ പരിഷ്ക്കാരങ്ങൾ

കേരളത്തിൽ നിലവിലുണ്ടായിരുന്ന ഫ്യൂഡൽ സാമൂഹിക ഘടനയിൽ അധികാരാവകാശങ്ങൾ നിർവ്വഹിക്കപ്പെട്ടിരുന്നതും അവ നിർവിഘ്നം നിലനിർത്തിപോന്നിരുന്നതും നമ്പൂതിരി-നായർ സമുദായങ്ങളായിരുന്നു. 'കാണം-ജൻമ മര്യാദ' എന്ന് വ്യവഹരിച്ച് പോന്നിരുന്നതും ജൻമികളും കാണക്കാരും തമ്മിലുള്ള കുടിയായ്മയുടെ ആകത്തുകയെന്ന് വ്യവഹരിക്കാവുന്നതുമായ ഈ സമ്പ്രദായത്തെപ്പറ്റി പുറത്തുള്ള ജനങ്ങളോട് പറഞ്ഞിട്ടുള്ളപ്പോഴൊക്കെ തന്നെ, അവരെല്ലാം അത്ഭുതസ്തംബ്ധരായിപ്പോകാറുണ്ടായിരുന്നു. അത്രമാത്രം വ്യത്യാസമാണ് ഇവിടേയും മറ്റിടങ്ങളും തമ്മിൽ ഇക്കാര്യത്തിൽ ഉണ്ടായിരുന്നത്.1. കാണം-ജൻ മമര്യാദ എന്ന ഈ സമ്പ്രദായത്തിന് നിദാനമായിട്ടായിരുന്നു ഓരോ ജാതിയുടെ സാമൂഹ്യ ബന്ധങ്ങളും വേഴ്ചകളും കരുപ്പിടിപ്പിച്ചിരുന്നതും. കുടിയായ്മയെ മാറ്റിനിർത്തിക്കൊണ്ട് കേരളത്തിലെ സാമൂഹികാചാരങ്ങളേയോ, സാമൂഹ്യബന്ധങ്ങളേയോ, പഠിക്കാൻ മിനക്കെടുന്നത് വ്യർത്ഥമായി ത്തീരുംവിധം അത്രയ്ക്ക് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു ഇവ രണ്ടും. ഭൂസ്വാമികളുടെ അനിഷേധ്യമായ അധികാരാവകാശങ്ങളെ രൂഢമൂലമാക്കും വിധം സമൂഹത്തിലെ ഇതര ഘടകങ്ങളുടെ പരിപൂർണ്ണമായ വിധേയത്വം ഉറപ്പ് വരുത്തത്തക്കവിധവുമായിരുന്നു അലംഘനീയമായ ഈ സാമൂഹ്യക്രമവും മര്യാദയും. നമ്പൂതിരി ഉൾപ്പെടെയുള്ള എല്ലാ ജാതിവിഭാഗങ്ങളുടേയും വിവാഹരീതിയും വസ്ത്രധാരണ സമ്പ്രദായവും എന്തിന്?സകലമാന സാമൂഹിക ബന്ധങ്ങളും ജാതി-ഫ്യൂഡൽ സമന്വയത്തിൻെറ സന്തതികളായിരുന്നു.2.

പരിത്യാജ്യമെന്ന് തോന്നിയ ഏതെല്ലാം സാമൂഹിക അനാചാരങ്ങൾക്കെതിരായാണ് പരിഷ്ക്കരണത്വരയോടുകൂടി ടിപ്പുസുൽത്താൻ മലബാറിൽ പ്രവർത്തിച്ചതെന്നറിയണമെങ്കിൽ മധ്യകാലകേരളത്തിൽ നിലനിന്നിരുന്ന ആചാരക്രമങ്ങളെ ഹ്രസ്വമായെങ്കിലും വിവരിച്ചാൽ മാത്രമേ ഗ്രഹിക്കുവാൻ സാധിക്കുകയുള്ള. കൊച്ചിൻ സ്റ്റെയിറ്റ് മാനുവലിൻെറ കർത്താവ് എഴുതുന്നത് നോക്കുക, "ശൂദ്രസ്ത്രീകൾ പാതിവ്രത്യം അനുഷ്ഠിക്കേണ്ടതില്ലെന്നും ബ്രാഹ്മണൻമാരുടെ ആഗ്രഹാഭിലാഷങ്ങൾ പൂർത്തീകരിക്കാൻ സ്വയം സമർപ്പിക്കപ്പെടേണ്ടവരാണെന്നുമാണ്, മലയാളികൾക്ക് ആചാര സംഹിത സമ്മാനിച്ച പരശുരാമൻ കല്പിച്ചിരിക്കുന്നതെന്നാണ് ഇവ കൈകാര്യം ചെയ്യുന്ന ബ്രാഹ്മണൻമാർ നിർദ്ദേശിക്കുന്നത്"3. ഇത് സംബന്ധമായെഴുത്തിയിട്ടുള്ളവരൊക്കെ തന്നെ കേരളത്തിലെ ബ്രാഹ്മണൻമാർ എത്രമാത്രം നിർബന്ധമായി ഈ ആചാരം പുലർത്തിപ്പോരുവാൻ ശൂദ്രസമുദായത്തെ പ്രേരിപ്പിച്ചിരുന്നതായി പരാമർശിക്കുന്നുണ്ട്. എൽ.കെ. അനന്തകൃഷ്ണയ്യർ, 'കൊച്ചിയിലെ ജാതികളും വർഗങ്ങളും' എന്ന പ്രസിദ്ധമായ ഗ്രന്ഥത്തിൽ പറയുന്നത്, "മതനിയമങ്ങളുടെ ആധികാരികവക്താക്കളായ നമ്പൂതിരിമാർ, നായർസ്ത്രീകൾ പതിവ്രതകളായിരിക്കേണ്ട ആവശ്യമേയില്ല എന്ന് സ്ഥാപിക്കുവാൻ ശ്ലോകങ്ങൾ ഉദ്ധരിക്കുക സാധാരണയാണ്," എന്നാകുന്നു.4. അതിൻെറ ഫലമായി നായർ സമുദായത്തിൽ നിയമാനുസൃതമായ വിവാഹങ്ങൾ ജാതിനിയമം മൂലം നിരോധിക്കുകയാണ് ചെയ്തത്. നമ്പൂതിരി ജൻമിമാർ, കുലീനജാതരായ നായർ പ്രഭുത്വത്തിൻെറ മേൽ ഇത്തരം കർക്കശമായ നിയമം അലംഘനീയമാക്കുവാൻ അവരുടേതായ പ്രത്യേക കാരണങ്ങളുണ്ടായിരുന്നു. നമ്പൂതിരി കുടുംബത്തിലെ മൂത്ത മകനു മാത്രമേ സ്വന്തം ജാതിയിൽ നിന്നും നിയമാനുസൃതം വിവാഹിതനാകുവാൻ സാധിക്കുമായിരുന്നുള്ളൂ. മറ്റുള്ളവർ നായർ നതാംഗികളുമായി സൗകര്യപൂർവ്വം സംബന്ധം ചെയ്യുകയെന്ന ജാതിനിയമം നിർബ്ബന്ധമായും പുലർത്തിപ്പോരുവാൻ ബാദ്ധ്യസ്ഥരുമായിരുന്നതിനാൽ, നായർ സമുദായത്തിൽ വിവാഹം നിഷിദ്ധ്യമാക്കുവാൻ കാരണവുമായി.5. 'മലബാറും അവിടത്തെ ജനങ്ങളും,' എന്ന പുസ്തകത്തിൻെറ കർത്താവ് പറയുന്നത്, 'ഇളയ നമ്പൂതിരി അംഗങ്ങൾക്ക് സ്വസമുദായത്തിൽ നിന്നും വിവാഹം സാധ്യമല്ലെന്ന് വന്നപ്പോൾ, അവരുടെ ലൈംഗിക ജീവിതം താറുമാറാകാതിരിക്കുന്നതിനു വേണ്ടി, ബുദ്ധിമാൻമാരായ നമ്പൂതിരിമാർ സൃഷ്ടിച്ച ജാതിനിയമമാണ് നായൻമാർക്ക് അംഗീകൃതവിവാഹബന്ധങ്ങൾ പാടില്ലയെന്നത്'.6. ചിരകാലമായി ആചരിച്ചുപോന്ന ഈ വഴക്കം കാലക്രമേണ രൂഢമൂലമാകുകയും നായർ സ്ത്രീകളുമായി സ്വതന്ത്രമായ ലൈംഗികബന്ധം ആവോളമാകാമെന്ന നില വന്നുചേരുകയും ചെയ്തു.

അങ്ങനെ നായൻമാർക്കിടയിൽ വിവാഹം നിഷിദ്ധ്യമാക്കുകയും അവരുടെ സ്ത്രീകൾ പാതിവ്രത്യം അനുഷ്ഠിക്കുന്നത് ജാത്യാചാര വിരുദ്ധമാണെന്ന് സാർവ്വത്രികാംഗീകാരം ഉണ്ടാക്കുകയും ചെയ്തതോടുകൂടി, അവരുടെയിടയിൽ വിചിത്രമെന്ന് വിശേഷിപ്പിക്കാവുന്നതും, ശരിക്കും വിവാഹമാണെന്ന് പറയാൻ സാധിക്കാത്തതുമായ 'സംബന്ധം' എന്ന ഒരപൂർവ്വ സമ്പ്രദായം നിലവിൽ വന്നു. അതിൻെറ മറവിൽ ഏത് നായർ യുവതിയുമായും സ്വതന്ത്രമായി ലൈംഗികബന്ധം പുലർത്തുവാൻ നമ്പൂതിരിമാർക്ക് ലൈസൻസ് കിട്ടിയെന്ന് മാത്രമല്ല, ഭാവിയിൽ ഈ ബന്ധത്തിൽ നിന്നും കുട്ടികളുണ്ടാകുകയാണെങ്കിൽ അവരെ സംരക്ഷിക്കേണ്ട ചുമതലയോ, കുടുംബത്തെ പോറ്റേണ്ട ഉത്തരവാദിത്വമോ, ഇവർക്കുണ്ടായിരുന്നുമില്ല. മാംസരക്തങ്ങളുടെ മദാന്ധമായ ഭോഗേച്ഛ സമൂർത്തമാക്കിയ ഈ സമ്പ്രദായത്തിന് നമ്പൂതിരിമാർ

നൽകിയ ഭാഷ്യം ഇതിനെ നീതികരിക്കുവാൻ പര്യാപ്തവുമായിരുന്നു. നമ്പൂതിരിമാർ ദൈവിക മാഹാത്മ്യമുള്ളവരും ദൈവനിയുക്തരുമായതിനാൽ അവരുമായി ഏത് സ്ത്രീക്ക് സംഭോഗസായുജ്യമുണ്ടാകുന്നുവോ, അവർ പുണ്യവതിയും അവളുടെ പ്രവൃത്തി ധന്യവുമായി ഭവിക്കുന്നു എന്നായിരുന്നു വിശ്വാസം. നമ്പൂതിരിയെ സംതൃപ്തനാക്കുന്നത് ദൈവത്തെ പ്രീതിപ്പെടുത്തുന്നതിന് സമമായാണ് കരുതിപ്പോന്നത്. തൻമൂലം നമ്പൂതിരിയുടെ സംതൃപ്തിക്ക് വേണ്ടി നില്ക്കുന്ന കുടുംബത്തിന് ഭൗതികമേൻമയും ശ്രേഷ്ഠതയും ലഭിക്കാതെ തരമില്ലല്ലോ. അതിനാൽ നായർ യുവതികളുമായി ശയിക്കുവാനുള്ള നമ്പൂതിരിമാരുടെ അവകാശം ദൈവദത്തമാണെന്നും ആരെങ്കിലും അത് നിഷേധിക്കുകയാണെങ്കിൽ ദൈവകോപത്തിനിരയാകുമെന്നും ഉള്ള അന്ധമായ വിശ്വാസം സാർവ്വത്രികമാകുകയും ചെയ്തു. സുന്ദരികളായ പെൺകുട്ടികളുള്ള നായർ കുടുംബങ്ങൾ ഏതെങ്കിലും നമ്പൂതിരിയുമായി സംബന്ധിക്കുവാൻ തൻമൂലം ആത്മാർത്ഥമായി ശ്രമിച്ചു. അത് സാധിച്ചില്ലെങ്കിൽ അവരുടെ കന്യകാത്വം നമ്പൂതിരിക്ക് ഒരിക്കലെങ്കിലും കാഴ്ചവെക്കുവാൻ അവർ വെമ്പൽകൊണ്ടിരുന്നു.7. ടി.കെ. ഗോപാലപ്പണിക്കർ മലബാറിൽ നിലനിന്നു പോന്ന ഈ ആചാരത്തെ പരാമർശിച്ചെഴുതുന്നത് ഈവിധമാണ്. "മലബാറിൽ പ്രത്യേകിച്ച് ഉൾപ്രദേശങ്ങളിൽ ബ്രാഹ്മണരുമായി ബാന്ധവത്തിലേർപ്പെടുന്നത്, കുടുംബത്തിന്റെ മേൻമക്ക് ഉത്തമമാണെന്ന് കരുതി ഇന്നും (1929) സംബന്ധങ്ങൾ നടത്തിക്കുന്ന വളരെ കുടുംബങ്ങൾ ഇവിടെയുണ്ട്," 8. നായൻമാർക്കിടയിൽ നിലനിന്നുപോന്നിരുന്ന ഈ വിവാഹസമ്പ്രദായത്തെക്കുറിച്ച് അല്പം പ്രതിപാദിക്കുന്നത് ഏതെല്ലാം വിചിത്രമായ ആചാര മര്യാദകൾക്കെതിരായാണ് ടിപ്പുസുൽത്താൻ മലബാറിൽ തന്റെ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കിയത് എന്ന് മനസ്സിലാക്കുവാനും എത്രമാത്രമായിരിക്കാം അദ്ദേഹത്തിന് നേരിടേണ്ടതായി വന്ന എതിർപ്പ് എന്ന് കാണുവാനും വേണ്ടിയാണ്. 'ഹൈദരലിയുടെയും അദ്ദേഹത്തിന്റെ മകൻ ടിപ്പുസുൽത്താൻറെയും ചരിത്രമെഴുതിയ അജ്ഞാത നാമാവായ ഗ്രന്ഥകാരൻ ഇക്കാര്യം വിവരിക്കുന്നതിപ്രകാരമാണ്. "മലബാറിലെ ഏറ്റവും കുലീനരാണ് നായൻമാർ. പൗരാണികരായ എഴുത്തുകാരെല്ലാം ഇവരെക്കുറിച്ച് വിസ്തരിച്ചിട്ടുണ്ട് എന്നതിനാൽ ലോകത്തിലെ പഴക്കം ചെന്ന പ്രഭുക്കൻമാർ ഒരു പക്ഷെ ഇവരായിരിക്കണം. ഇവരെക്കുറിച്ചെഴുതിയിട്ടുള്ളവരൊക്കെ പറയുന്നത്, അവരുടെ സ്ത്രീകൾക്ക് എത്ര പുരുഷൻമാരെ വേണമെങ്കിലും വേൾക്കുവാനുള്ള സ്വാതന്ത്ര്യം നിയമാനുസൃതം ഉണ്ടായിരുന്നുവെന്നാണ്. വിവാഹസമയത്ത് ഓരോ ഭർത്താക്കൻമാരും നിശ്ചിതമായ ഒരു സംഖ്യ കൊടുക്കുന്നു. കുട്ടികളുടെ ചുമതല സ്ത്രീകൾക്കുള്ളതാണ്"9. "നായർ സ്ത്രീകൾക്ക് മൂന്നോ, നാലോ ചിലപ്പോൾ അതിലധികമോ, ഭർത്താക്കൻമാരുണ്ടായിരിക്കും. ഓരോരുത്തർക്കുമുള്ള സമയവും ദിവസവുമൊക്കെ മുൻകൂട്ടി തീരുമാനിച്ചിരിക്കുന്നു എന്നതിനാൽ ഭർത്താക്കൻമാർ തമ്മിൽ തമ്മിൽ യാതൊരു വക ശണ്ഠയും ഇത് കാരണമുണ്ടാകാറില്ല."10. എന്നാണ് പൊന്നാനിക്കാരനായ ഷെയ്ക്ക് സൈനുദ്ദീൻ രേഖപ്പെടുത്തിയിട്ടുള്ളത്. നായർ നതാംഗി അതീവ സുന്ദരി കൂടിയാണെങ്കിൽ അനവധി കമിതാക്കൾ അവളുമായി സഹശയനം നടത്തുന്നു. തനിക്ക് കൂടുതൽ കാമുകൻമാരുണ്ടാകുകയെന്നത് അവളുടെ പദവി ഉയർത്തുകയും ചെയ്യുന്നുണ്ട്."11. എന്നത്രെ എൽ.കെ അനന്തകൃഷ്ണയ്യരുടെ പക്ഷം. അയ്യർ ഇവിടെ നടത്തുന്ന പരാമർശം ഡോ. ഫ്രാൻസിസ് ബുക്കാനൻ 1800ൽ പറഞ്ഞത് തന്നെയാണ്. മലബാറിലെ സാമൂഹിക ജീവിതത്തേയും ജനങ്ങളേയും കുറിച്ച് എഴുതിയിട്ടുള്ള സകലസഞ്ചാരികളും ഗ്രന്ഥകാരൻമാരും കേരളത്തിൽ നിലനിന്നിരുന്ന ബഹുഭർത്തൃസമ്പ്രദായത്തെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളവരാണ്.12. 1891ൽ മലബാർ വിവാഹകമ്മീഷന്റെ മുമ്പിൽ തെളിവ് കൊടുക്കുന്നതിന്റെ കൂട്ടത്തിൽ വടകരയിലെ അന്നത്തെ മുൻസിഫ് നൽകിയ വിവരം ഇപ്രകാരമായിരുന്നു. "12ഓ 27ഓ ഭർത്താക്കൻമാരുമായി രമിച്ചിരുന്ന സ്ത്രീകളെപ്പറ്റി ഇന്നും പഴമക്കാർ പറഞ്ഞുപോരുന്നുണ്ട്. ഓരോരുത്തർക്കും നിശ്ചിതദിവസം എന്ന് നേരത്തെ ചിട്ടപ്പെടുത്തുകയും പതിവാണ്. നാലുമുതൽ പന്ത്രണ്ട് വരെ സംബന്ധക്കാരുണ്ടായിരുന്നാൽ അത് ഒരുവിധം സാധാരണസമ്പ്രദായമായാണ് കരുതിയിരുന്നത്."13. അങ്ങനെ എത്ര സംബന്ധക്കാരേയും സർവ്വതന്ത്ര സ്വതന്ത്രമായി സ്വീകരിക്കുവാനുള്ള അവകാശം നായർസ്ത്രീകൾക്ക് സമൂഹം അനുവദിച്ചുകൊടുത്തിരുന്നു.

ഈ സാമൂഹികാംഗീകാരത്തിന്റെ അനിവാര്യഫലമെന്നോണം ഉരുത്തിരിഞ്ഞതാണ് അവരുടെയിടയിൽ നിലവിൽ വന്ന മരുമക്കത്തായ സമ്പ്രദായവും. ഇത് ഇവിടെ വേരോടാൻ മുഖ്യകാരണം നായൻമാർ ജൻമനായോദ്ധാക്കളും അവരുടെ തൊഴിൽ പടവെട്ടലുമായതിനാൽ കുടുംബസംരക്ഷണം അവരെക്കൊണ്ടസാധ്യമായിത്തീരുന്നു എന്നതിനാലാണ്. തൻമൂലം കുടുംബത്തിന്റെ പരിപൂർണ ഉത്തരവാദിത്വം നായർ യുവതികളുടെ ചുമലിലർപ്പിക്കുവാൻ അവർ ബാദ്ധ്യസ്ഥരുമായി.14. മരുമക്കത്തായസമ്പ്രദായം സമൂഹത്തിലെ ചില ഘടകങ്ങൾ പല സ്ഥലത്തും പിൻതുടർന്നു പോന്നിട്ടുള്ളതായി കാണാമെങ്കിലും മലബാറിൽ നായൻമാരുടെ ഇടയ്ക്ക് നിലനിന്നിരുന്ന ഇതിന് ചില സവിശേഷ സ്വഭാവമുണ്ടായിരുന്നു. ദായക്രമത്തിൽ അനുഷ്ഠിച്ചിരുന്ന പ്രത്യേകതയ്ക്ക് പുറമേ, പിതൃപുത്രബന്ധത്തിൽ വിചിത്രമായ വിസ്മയം സൃഷ്ടിക്കുകകൂടി ഈ സമ്പ്രദായം ഇവിടെ ഉണ്ടാക്കി. "നായൻമാരുടെ അനന്തിരവകാശികൾ അവരുടെ സഹോദരികളുടെ പുത്രൻമാരായിരുന്നു. സാമൂതിരിയും മറ്റുള്ള രാജാക്കൻമാരും പിൻതുടർച്ച നടത്തിയിരുന്നതും ഈ ക്രമത്തിലാണ്."15. വ്യവസ്ഥാപിത കുടുംബസംവിധാനമില്ലാതിരുന്നനായൻമാർ ഏത് സമയവും യുദ്ധത്തിനൊരുങ്ങിപ്പുറപ്പെടേണ്ടവരായിരുന്നുവല്ലോ. അമ്മാവൻമാരെ അനുഗമിച്ച് അനന്തിരവൻമാർ പ്രായമാകുന്നതോടു കൂടി അവരോടൊപ്പം അങ്കം വെട്ടാൻ പോകുകയും ചെയ്യുന്നു. സ്ത്രീകൾ ബഹുഭർത്തൃമതികളായതുകൊണ്ട്

സന്താനങ്ങളുടെ പിതൃത്വം നിശ്ചയമായി ആരിലും ഉറപ്പിക്കുവാൻ അസാദ്ധ്യവുമായി. ബർബോസ വ്യക്തമായി ഇക്കാര്യം വെളിപ്പെടുത്തുന്നുണ്ട്. "അവൾക്കുണ്ടാകുന്ന സന്താനങ്ങൾ അവളുടെ ചെലവിൽ കഴിഞ്ഞുകൂടുന്നു. എന്തെന്നാൽ കുട്ടികൾക്ക് അവരുടെ അച്ഛൻ ആരാണെന്ന് അറിയുകയില്ല."16. അമ്മയുടെ നായരെപ്പറ്റിയും അമ്മാവൻ മാരെപ്പറ്റിയും പക്ഷേ അവർക്ക് നിശ്ചയമുണ്ടായിരിക്കും. എന്നാൽ ഒരിക്കലും അവൻെറ പിതാവാരാണെന്ന് അവന് അറിയുക സാദ്ധ്യമല്ല" എന്നാണ് ഹൈദരലിയുടെയും ടിപ്പുസുൽത്താൻെറയും ചരിത്രമെഴുതിയ ഗ്രന്ഥകാരൻ വിശദമാക്കിയിട്ടുള്ളത്.17. ഷെയിക്ക് സൈനുദ്ദീൻ, ബർബോസ, ബുക്കാനൻ തുടങ്ങിയവരൊക്കെ മുകളിൽ ഉദ്ധരിച്ച പ്രസ്താവന നൂറു ശതമാനവും ശരിവെക്കുന്നവരാണ്.18.

അനിയന്ത്രിതമായ ഈ ലൈംഗിക തേർവാഴ്ച സുഗമമാക്കുവാനെന്നോണം മറ്റൊരു ജാത്യാചാരം കേരളീയ സമൂഹത്തിൽ അടിച്ചേൽപ്പിച്ചിരുന്നത് ഇതാണ്. നമ്പൂതിരി സ്ത്രീകളൊഴിച്ച് മറ്റുള്ള എല്ലാ ജാതിയിലുംപെട്ട സ്ത്രീകൾ മാറ് മറയ്ക്കുവാൻ പാടില്ല എന്നതായിരുന്നു അത്. 14-ാം നൂറ്റാണ്ടിൽ കേരളത്തിൽ എട്ടുവർഷത്തിലേറെക്കാലം ഉണ്ടായിരുന്ന ഇബ്നി ബത്തൂത്ത ഇവിടത്തെ വസ്ത്രധാരണരീതിയെ സംബന്ധിച്ച് സവിസ്തരംപ്രതിപാദിക്കുന്നുണ്ട്.19. മലബാറിലെ ഹിന്ദുക്കൾ സ്ത്രീപുരുഷ വ്യത്യാസമില്ലാതെയും പണക്കാരനെന്നും പണിക്കാരനെന്നും വകഭേദമില്ലാതെയും ഒരുപോലെ അർദ്ധനഗ്നത പാലിക്കുന്നവരാണ്. അരയ്ക്ക് ചുറ്റും കച്ച കെട്ടുന്നുവെന്നല്ലാതെ ശരീരത്തിൻെറ മറ്റു ഭാഗങ്ങൾ ഒട്ടും മറയ്ക്കാറില്ല. ഇക്കാര്യത്തിൽ സ്ത്രീ എന്നോ, പുരുഷനെന്നോ, രാജാവെന്നോ, പ്രജയെന്നോ, പ്രഭുവെന്നോ, ദരിദ്രനെന്നോ വ്യത്യാസം തീരെയില്ല,"20. എന്നാണ് ഷൈയ്ക്ക് സൈനുദ്ദീൻ എഴുതിയിരിക്കുന്നത്. 1908ൽ സി.എ. ഇന്നിസ് തൻെറ 'മലബാർ ഗസറ്റിയർ' എഴുതിയ കാലത്ത് പോലും അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നത്, "അരയ്ക്ക് മുകളിൽ വസ്ത്രം ധരിക്കുന്നതോ, സ്ത്രീകൾ മാറുമറയ്ക്കുന്നതോ, മര്യാദകേടായിട്ടാണ് ജനങ്ങൾ കരുതിയിരുന്നത് എന്നതിനാൽ എല്ലാവരും അർദ്ധനഗ്നരായിട്ടാണ് കഴിഞ്ഞ് കൂടുന്നത്," എന്നാകുന്നു.21. ഇവ കർക്കശമായി പരിപാലിച്ചുപോരുവാനുള്ള പ്രധാന ഹേതു, ജാതിനിയമമായിരുന്നു എന്നതിനാലും ഈ നാട്ടാചാരത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്നത് ദൈവദോഷത്തിനിടയാകുമെന്ന് കരുതിയിരുന്നതിനാലും ആയിരുന്നു. ഈ പ്രാകൃതനിയമം തടസ്സമറ്റതായി പ്രായോഗികമാക്കുന്നതിന് അനുവർത്തിച്ചുപോന്ന പല ക്രൂരനടപടികളേയും പത്മനാഭ മേനോൻ തൻെറ 'കേരള ചരിത്ര'ത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. വിദേശത്ത് പോകാൻ ഭാഗ്യം കിട്ടിയ ഒരു ഈഴവ സ്ത്രീ മടങ്ങിവന്നപ്പോൾ നാട്ടാചാരത്തിന് വിപരീതമായി മാറ് മറയ്ക്കുന്ന വസ്ത്രരീതി അവലംബിച്ചു. അവളെ ആറ്റിങ്ങലെ മഹാറാണി വിളിച്ചുവരുത്തി അവളുടെ മാറ് മുറിച്ചു കളയുകയും ചെയ്തു.22. ഈ അടുത്തകാലം വരെ വസ്ത്രാധാരണരീതി ഇതുതന്നെയായിരുന്നു. പത്മനാഭസ്വാമി ക്ഷേത്രത്തിൽ നിന്നും ആരംഭിക്കുന്ന ആറാട്ട് ഘോഷയാത്രയുടെ മുന്നിലായി അർദ്ധനഗ്നരായ നായർ സ്ത്രീകൾ അകമ്പടി സേവിക്കുക പതിവായിരുന്നു.23. ഈ നൂറ്റാണ്ടിലെ ആദ്യദശകങ്ങളിൽ പോലും രാജകുടുംബാംഗങ്ങളുടെ അടുത്ത് പോകേണ്ടതായി വരുന്ന നായർ സ്ത്രീകൾ ജാക്കറ്റ് അഴിച്ച് മാറ്റുക ആചാരമായനുഷ്ഠിച്ചുപോന്നിരുന്നു.24. ഇത് കേരളത്തിലെമ്പാടും അനുഷ്ഠിച്ചുപോന്ന സമ്പ്രദായമായിരുന്നു. മാറ് മറയ്ക്കുന്നത് അപമര്യാദയായും ബഹുമാനരാഹിത്യമായും കരുതിപ്പോന്നിരുന്നതിനാലാണ് സമ്പ്രദായം ഇത്രയും കാലം നീണ്ടുനിന്നതെന്ന് വേണമൂഹിക്കുവാൻ. ഇത്തരം പ്രാകൃതാചാരങ്ങളെ പരിഷ്കരിക്കുവാനുള്ള വ്യഗ്രതയാണ് ടിപ്പുസുൽത്താൻ കാണിച്ചത്. അനാദികാലമായനുവർത്തിച്ചുപോന്നിരുന്ന ജാത്യാചാരങ്ങളുടെ നേരെ ഇതര മതസ്തനായ ഒരാക്രമണകാരിയുടെ വെല്ലുവിളി!

കാലത്തിൻെറ എല്ലാത്തരം കുറ്റകരമായ ദുർമാർഗ്ഗങ്ങൾക്കും അതീതനായിരുന്നു ടിപ്പുസുൽത്താൻ എന്ന കാര്യം അദ്ദേഹത്തെ നിശിതമായി വിമർശിക്കുന്നവരുൾപ്പെടെ എല്ലാ ചരിത്രകാരൻമാരും ഏകോപിതമായി സമ്മതിക്കുന്ന കാര്യമാണ്. പ്രജകൾക്കിടക്ക് നിലവിലുണ്ടായിരുന്ന അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും നിഷ്ക്കാസനം ചെയ്യുവാനുള്ള ത്വരയും അദ്ദേഹത്തിൻെറ തത്സംബന്ധമായ പ്രവൃത്തികളും സമകാലികർക്കിടയിൽ ഏറ്റവും പ്രശസ്തി നേടിയിരുന്നതുമാണ്.സൻമാർഗ്ഗ സദാചാരമൂല്യങ്ങൾ അരുമയായി കരുതുകയും സ്വന്തം ജീവിതത്തിൽ അവ പ്രാവർത്തികമാക്കുകയും ചെയ്തിരുന്ന സുൽത്താൻ, തൻെറ പ്രജകളും ശുദ്ധവും അഭികാമ്യവുമായ ജീവിതം നയിച്ചു കാണുവാൻ ആഗ്രഹിച്ചു. അവരെ നിരന്തരം അതിന് പ്രചോദിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. "ഇത്രയും ഭവ്യതയും നാണവുമുണ്ടായിരുന്ന അധികം ആളുകളെ ടിപ്പുസുൽത്താനെപ്പോലെ ലോകത്ത് തന്നെ കാണുവാൻ പ്രയാസമായിരുന്നു," എന്നാണ് അദ്ദേഹത്തിൻെറ ഔദ്യോഗിക ചരിത്രകാരനും അരമനവാസിയുമായിരുന്ന കിർമാണി എഴുതുന്നത്. അദ്ദേഹം തുടർന്ന് പറയുന്നത് കൂടി ശ്രദ്ധിക്കുക. "ശൈശവം മുതൽ മരണംവരെ, പാദങ്ങൾ, കൈപ്പത്തികൾ, മുഖം എന്നിവ ഒഴിച്ച് അദ്ദേഹത്തിൻെറ ശരീരത്തിൻെറ മറ്റേതെങ്കിലും ഭാഗം ഒരാളും കണ്ടിരിക്കുവാനിടയില്ല. കുളിക്കുമ്പോൾ പോലും അടിമുടി വസ്ത്രം കൊണ്ട് മൂടുകയെന്നതായിരുന്നു അദ്ദേഹത്തിൻെറ രീതി."25. ഇത്തരം ഒരാൾ കേരളത്തിൽ അന്ന് ആചരിച്ചുപോന്നിരുന്ന ബഹുഭർത്തൃത്വസമ്പ്രദായത്തോടും അർദ്ധനഗ്നതയോടും ഏത് തരത്തിലായിരിക്കാം പ്രതികരിച്ചിരിക്കുകയെന്നത് ഊഹിക്കുകയാണ് ഭേദം. ഇവ അദ്ദേഹത്തെ ഞെട്ടിപ്പിക്കുകയും മനസ്സിൽ പാപബോധമങ്കുരിപ്പിച്ചിരിക്കുകയും ചെയ്തിരിക്കണം. ടിപ്പുസുൽത്താൻ നിഷ്കൃഷ്ടമായനുഷ്ഠിച്ചു പോന്ന സദാചാര സൻമാർഗ്ഗ ജീവിതത്തിൻെറ പശ്ചാത്തലത്തിൽ അദ്ദേഹത്തിൻെറ സാമൂഹ്യപരിഷ്ക്കാരങ്ങളെ വിലയിരുത്തുവാൻ പരിശ്രമിക്കുന്ന ആർക്കും മറ്റുള്ളവരുടെ വിശ്വാസാചാരങ്ങളിൽ

മനപ്പൂർവ്വം കൈകടത്തുവാനുള്ള ചേതോവികാരമായി ഒരിക്കലും ഇതിനെ ചിത്രീകരിക്കുവാൻ സാധിക്കുകയില്ല. തികഞ്ഞ ഒരു സൻമാർഗി എന്ന നിലയിൽ തന്റെ പ്രജകൾ എല്ലാവരും തന്നെ മാനം മറയ്ക്കുന്ന രീതിയിൽ വസ്ത്രധാരണം നടത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. പ്രത്യേകിച്ച് മാറ് മറയ്ക്കാതെയുള്ള സ്ത്രീകളുടെ സാമൂഹ്യജീവിതം സദാചാരനിഷ്ഠയെ അലങ്കോലപ്പെടുത്തുന്നതാണെന്ന് ശരിക്കും അറിയാവുന്ന അദ്ദേഹം കേരളത്തിൽ അനുവർത്തിച്ചുപോന്ന ഈ ജാത്യാചാരം ഉപേക്ഷിക്കണമെന്നും എല്ലാ സ്ത്രീകളും മാറ് മറക്കണമെന്നും നിർബന്ധമായി ശഠിക്കുകയും ചെയ്തു. ഈ സാമൂഹ്യപരിഷ്ക്കാരങ്ങൾ കേരളത്തിലെ സ്ത്രീകളെ സംബന്ധിച്ച് മാത്രമായി വിളംബരപ്പെടുത്തിയതുമായിരുന്നില്ല എന്നുമോർക്കണം. "ബൽഗോട്ട് പ്രദേശത്തുള്ള ഹൈന്ദവസ്ത്രീകളലധികവും മാറും തലയും മറയ്ക്കാതെ മൃഗസമാനം നടക്കുന്നവരാണ്. വീട്ടിൽ നിന്നും പുറത്ത് പോകുമ്പോൾ മാറ് മറക്കുകയും തല മൂടുകയും ചെയ്യണമെന്ന് അദ്ദേഹം കല്പന നല്കി. അർദ്ധനഗ്നത നിരോധിക്കുകയും കാലക്രമേണ നാട്ടിൽ നിന്നും ഈ രീതി മാറുകയും ചെയ്തു" എന്നാണ് ചരിത്രകാരനായ കിർമാണി എഴുതുന്നത്.26. എന്നാൽ കേരളത്തിൽ ഇതാചരിച്ചു പോന്നിരുന്നത് ജാതിവ്യവസ്ഥയുടെ അലംഘനീയ ഭാഗമായിട്ടായിരുന്നതിനാൽ ജനങ്ങളെ ഉത്ബുദ്ധരാക്കി തന്റെ പരിഷ്ക്കാരങ്ങൾ അംഗീകരിപ്പിക്കുവാൻ പ്രയാസമായി വന്നു. ഓർമ്മ വെച്ച കാലം മുതൽ ആചരിച്ചു പോന്നിരുന്ന ഈ പ്രാകൃതരീതി മാറ്റുവാൻ താഴ്ന്ന ജാതിക്കാർ പോലും തയ്യാറായിരുന്നില്ല. മലയാളനാടിനെ സംബന്ധിച്ചിടത്തോളം ജാതിനിയമങ്ങൾ ലംഘിക്കുവാൻ സമൂഹത്തിലെ ഒരു ഘടകവും സ്വമനസ്സാലെ തയ്യാറാകുമായിരുന്നില്ല. അങ്ങനെ ചെയ്താലുണ്ടാകാവുന്ന സാമൂഹ്യബഹിഷ്ക്കരണവും ദൈവകോപവും മാറ്റത്തിന്റെ മാർഗങ്ങളൊക്കെ കൊട്ടിയടച്ചിരുന്നു. മലബാറിൽ വയനാടൻ പ്രദേശത്തും മറ്റു മലയോരങ്ങളിലും ഒരുതരം ഗിരിവർഗക്കാർ പൂർണ്ണനഗ്നരായാണ് കഴിഞ്ഞുകൂടുന്നതെന്ന് മനസ്സിലാക്കിയ ടിപ്പുസുൽത്താൻ അവരുടെ മൂപ്പനെ വരുത്തി നഗ്നത മറയ്ക്കണമെന്ന് സ്വവർഗത്തെ ഉപദേശിക്കുവാൻ ആവശ്യപ്പെട്ടു. ദാരിദ്ര്യത്താലാണ് ഉടുതുണി ധരിക്കാത്തതെങ്കിൽ നിശ്ചയമായും ആവശ്യമുള്ളത്ര തുണി സർക്കാരിൽ നിന്നും സൗജന്യമായി വിതരണം ചെയ്യിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ നടത്താമെന്നും ടിപ്പുസുൽത്താൻ വാക്ക് കൊടുത്തു. എന്നാൽ ഈ അപരിഷ്കൃതർ ഇതിനെ പരിഹസിക്കുകയാണ് ചെയ്തത്. വസ്ത്രം ധരിക്കുകയെന്ന ബാദ്ധ്യതയിൽ നിന്നും തങ്ങളെ ഒഴിവാക്കണമെന്ന് അവർ താഴ്മയായപേക്ഷിക്കുകയും ചെയ്തു. സുൽത്താൻ തന്റെ അധികാരമുപയോഗിച്ച് നിർബന്ധമായി അവരെക്കൊണ്ട് വസ്ത്രധാരണം നടത്തിക്കുമെന്ന ഘട്ടമെത്തിയാൽ തങ്ങൾ സുൽത്താന്റെ ആളുകൾക്ക് തിരഞ്ഞുപിടിക്കുവാൻ പറ്റാത്ത ദുർഘടമായ കൊടുംകാട്ടിലേക്ക് പലായനം ചെയ്യുമെന്ന് അവർ ഭീഷണി മുഴക്കുകയും ചെയ്തു. കാരണം, ജാത്യാചാരമായി ഈ പാവങ്ങൾ പുലർത്തിപ്പോരുന്ന സമ്പ്രദായമായിരുന്നു നഗ്നത.27. കൂടുതൽ നിർബന്ധിക്കുന്നത് കൊണ്ട് ഈ കാടൻമാരിൽ യാതൊരു ഫലവും ഉണ്ടാക്കുവാൻ കഴിയുകയില്ലെന്ന് മനസ്സിലാക്കിയ ടിപ്പുസുൽത്താൻ അവരെ നല്ല വാക്ക് പറഞ്ഞ് സന്തോഷത്തോടെ വിടുകയാണ് ചെയ്തത്.

മലബാറിൽ അദ്ദേഹം നടത്തിയ വിപ്ലവകരമായ മറ്റൊരു പരിഷ്ക്കാരം ബഹുഭർത്തൃത്വത്തെ നിരോധിച്ചുകൊണ്ടുള്ള വിളംബരമായിരുന്നു.28. ഏത് വിധേനയും ഈ സമ്പ്രദായമവസാനിപ്പിക്കണമെന്ന് അദ്ദേഹം കേരളീയരെ ഉദ്ബോധിപ്പിക്കുകയും ചെയ്തു. സ്വന്തം ജീവിതത്തിൽ എത്ര നിഷ്കൃഷ്ടമായിട്ടാണ് സദാചാര - സൻമാർഗ്ഗങ്ങൾ ടിപ്പുസുൽത്താൻ അനുഷ്ഠിച്ച് പോന്നിരുന്നത് എന്ന് സുഷ്ടമാക്കുവാനുപകരിക്കുന്ന കിർമാണിയുടെ ഒരു പ്രസ്താവം ഇത്തരുണത്തിൽ പ്രസക്തമാണ്. അദ്ദേഹമെഴുതുന്നു, "അരമനയിൽ ഉറങ്ങുകയായിരുന്ന ടിപ്പുവിന്റെ അടുക്കൽ മരണപ്പെട്ട തന്റെ പിതാവിന്റെ അന്തഃപുരത്തിൽ നിന്നും സുന്ദരികളും ചെറുപ്പക്കാരികളുമായ രണ്ടു സ്ത്രീകൾ ഇറങ്ങിവന്ന് അടുത്തിരുന്ന് കാല് ഉഴിയുവാൻ തുടങ്ങി. (അവരുടെ ഉദ്ദേശ്യമെന്തായിരുന്നുവെന്ന് ദൈവത്തിന് മാത്രമേ അറിയൂ) അവർ കുറച്ചു സമയം കാല് തടവിക്കൊണ്ടിരിക്കുന്നതിനിടയിൽ സുൽത്താൻ നിദ്രയിൽ നിന്നും ഉണർന്നു. ഈ യുവതികളുടെ പ്രവൃത്തിയിൽ അരിശം പൂണ്ട സുൽത്താൻ അവരെ കണക്കിന് ശകാരിച്ചു, മേലിൽ ഈ വക ആവർത്തിക്കരുതെന്ന് താക്കീതും നൽകി പറഞ്ഞയച്ചു. ദേഷ്യവും വ്യസനവും കൊണ്ട് അദ്ദേഹം ആകെ വിറക്കുകയായിരുന്നു."29. ദൈവഭക്തനും സൻമാർഗ്ഗിയുമായ ടിപ്പുവിന് കേരളത്തിൽ തന്റെ ചുറ്റും കണ്ട ലൈംഗിക അരാജകത്വവുമായി ഒരിക്കലും പൊരുത്തപ്പെട്ട് പോകുവാനൊക്കുകയില്ലല്ലോ. തൻമൂലം ശക്തമായ ഭാഷയിലും ഭയപ്പെടുത്തുന്ന രീതിയിലും ബഹുഭർത്തൃസമ്പ്രദായം ഉപേക്ഷിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

ടിപ്പുസുൽത്താൻ നടപ്പിലാക്കിയ മറ്റൊരു സാമൂഹ്യപരിഷ്ക്കാരം മദ്യനിരോധനം പ്രഖ്യാപിച്ചതാണ്. ബുക്കാനൻ 1800ലെ സ്ഥിതി വിവരിക്കുമ്പോൾ, "അറുകുടിയൻമാരാണ് ഇവിടെയുള്ള നായൻമാർ," എന്നാണെഴുതിയിരിക്കുന്നത്.30. ജനങ്ങളുടെ സാമൂഹ്യ-സാംസ്കാരിക നവോത്ഥാനം ടിപ്പുവിന്റെ വലിയ ആവേശവും ആശയുമായിരുന്നു. തന്റെ ജീവിതാവസാനം വരെ പാവപ്പെട്ടവരെ അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും ഉദ്ധരിക്കുവാൻ അദ്ദേഹം അനവരതം പരിശ്രമിച്ചിരുന്നു. 1787 ജനുവരി 4ന് ബാംഗ്ലൂരിലെ അദ്ദേഹത്തിന്റെ അമീറിനെഴുതുന്ന കത്ത് ടിപ്പുവിലെ സാമൂഹ്യപരിഷ്ക്കർത്താവ് എത്ര ജാഗ്രതയോടു കൂടിയാണ് ജനക്ഷേമ പ്രവൃത്തനങ്ങളിൽ വ്യാപൃതമായിരുന്നതെന്ന് തെളിയിക്കുന്നു. "ലഹരിപദാർത്ഥങ്ങൾ ഉണ്ടാക്കുന്നതും വിപണനം നടത്തുന്നതും നിരോധിച്ചുകൊണ്ടുള്ള കല്പന പുറപ്പെടുവിച്ചതിന് പുറമെ ലഹരി പദാർത്ഥങ്ങൾ ഉല്പാദിപ്പിക്കുന്നവരുമായി

ഇനിമേലാൽ അതുണ്ടാക്കുകയോ, വില്ക്കുകയോ ചെയ്യുകയില്ലെന്ന് പ്രതിജ്ഞ ചെയ്യുന്ന ലിഖിത കരാറുകളുണ്ടാക്കിയിരുന്നുവെന്നാണല്ലോ എഴുതി അയച്ചിരിക്കുന്നത്. എന്നാൽ അത്മാത്രം പോരാ, ഈ ജോലിയിലേർപ്പെട്ടിട്ടുള്ള എല്ലാവരേയും മറ്റേതെങ്കിലും പണി ചെയ്യുവാനുള്ള അവരുടെ സമ്മതവും കൂടി കരാറിൽ എഴുതിവാങ്ങണം"31. തന്റെ നിരോധനം മൂലം ജോലിയില്ലാതാകുന്ന ചെത്തുകാരേയും, വാറ്റുകാരേയും, മദ്യവില്പനക്കാരേയുമെല്ലാം മറ്റു ജോലികൾ നല്കി അവരെ ഇതിൽ നിന്നും പിൻതിരിപ്പിക്കുകയും അതോടൊപ്പം അവരുടെ ജീവിതം സുരക്ഷിതമാക്കുകയും ചെയ്യുകയെന്നതും കൂടി ടിപ്പു വിഭാവനം ചെയ്തിരുന്നതായി നമുക്ക് മനസ്സിലാക്കാം. യൗവനയുക്തകളായ സ്ത്രീകളെ വീട്ടുപണിക്ക് നിർത്തുന്നത് പലപ്പോഴും സദാചാരഭ്രംശത്തിന് വഴിവെക്കുമെന്നായിരുന്നു അദ്ദേഹത്തിന്റെ പക്ഷം. തൻമൂലം തന്റെ ഓഫീസർമാരോ, മറ്റു പ്രജകളോ സ്ത്രീകളെ വീടുകളിൽ പാർപ്പിച്ച് ജോലി ചെയ്യിക്കുന്ന സമ്പ്രദായത്തെ അങ്ങേ അറ്റം അദ്ദേഹം നിരുത്സാഹപ്പെടുത്തുകയും ചെയ്തിരുന്നു. തന്റെ കോഴിക്കോട്ടെ ഫൗജ് ദാർ ഒരു നായർ സ്ത്രീയുമായി അവിഹിതബന്ധം പുലർത്തിക്കൊണ്ടിരിക്കുന്നുവെന്ന വിവരം കിട്ടിയ പാടെ അദ്ദേഹത്തോട് അത് നിർത്തുവാൻ കല്പിച്ചു കൊണ്ട് ടിപ്പു എഴുതുകയുണ്ടായി.32.

അഗതികളേയും അശരണരേയും സഹായിക്കുവാനുള്ള ട്രസ്റ്റുകളും സ്ഥാപനങ്ങളും രാജ്യത്തെ പ്രധാനസ്ഥലങ്ങളിലൊക്കെ ഉണ്ടാക്കിയിരുന്നു. അശരണരുടേയും പാവപ്പെട്ടവരുടേയും വിവാഹപ്രായമായ കുട്ടികളെ കല്യാണം കഴിച്ചുകൊടുക്കുവാൻ വേണ്ടി രൂപീകരിച്ചിരുന്ന ട്രസ്റ്റിനെ സംബന്ധിച്ച് മെക്കൻസി രേഖകളിൽ നിന്നും പ്രൊ. മൊഹിബ്ബുൽ ഹസ്സൻ ഖാൻ തന്റെ പുസ്തകത്തിൽ ഉദ്ധരിക്കുന്നുണ്ട്.33. ടിപ്പുവിന്റെ രാജ്യത്ത് നടപ്പാക്കിയിരുന്ന നികുതിസമ്പ്രദായവും സ്റ്റെയിറ്റ് ട്രെയിഡിങ്ങ് കോർപറേഷൻ തുടങ്ങിയവയും സമൂഹത്തിലെ അവശവിഭാഗത്തെ ഉയർത്തിക്കൊണ്ടുവരുവാൻ ഉതകത്തക്കതായിരുന്നുവെന്ന് നേരത്തെ പറഞ്ഞുവെച്ചതാണ്. മൈസൂറിലും മലബാർ ഒഴിച്ചുള്ള ബാക്കിഭാഗങ്ങളിലും ഒക്കെ തന്നെ ടിപ്പുസുൽത്താന്റെ ഈ പരിഷ്ക്കാരങ്ങൾ സമൂഹത്തെ സാമ്പത്തികമായും സാംസ്കാരികമായും ഉയർത്തിക്കൊണ്ടുവരുവാൻ ഏറെ സഹായിച്ച കാര്യങ്ങളാണ്. എന്നാൽ മലബാറിൽ ടിപ്പുവിന്റെ പരിഷ്ക്കാരങ്ങളെയൊക്കെയും സംശയദൃഷ്ട്യാ വീക്ഷിക്കുക മാത്രമല്ല, തങ്ങളാചരിച്ചു പോന്ന ജാതി നിയമങ്ങളുടെ മേലുള്ള അന്യായമായ കയ്യേറ്റമായി കണക്കാക്കി, അവയെ ശക്തിയായി എതിർക്കുകയുമാണ് ചെയ്തത്. വിശ്വാസാചാരങ്ങൾക്ക് എതിരായുള്ള മുസൽമാനായ ടിപ്പുസുൽത്താന്റെ നീക്കം തങ്ങളെ മതപരിവർത്തനം നടത്താനുള്ള ആസൂത്രിതപദ്ധതിയാണെന്നും അവർ ധരിച്ചുവശായി. തൻമൂലം സാമൂഹ്യ നവോത്ഥാനത്തിന് വേണ്ടിയുള്ള കാഹളധ്വനി അവരാരും കേട്ടതുമില്ല. തന്റെ സദുദ്ദേശ്യങ്ങൾ പ്രാവർത്തികമാക്കുവാൻ ആത്മാർത്ഥമായി ശ്രമിച്ച ടിപ്പുവിന് കേരളത്തിലെ സാമൂഹ്യബന്ധങ്ങളിലുണ്ടായിരുന്ന വിചിത്രമായ സവിശേഷത മനസ്സിലാക്കുവാനോ, താൻ ആരെയൊക്കെ ഉദ്ദേശിച്ചാണ് ഇതൊക്കെ ചെയ്യുന്നത് അത് അവരുടെ നൻമക്കാണെന്ന് അവരെ ബോധ്യ പ്പെടുത്തുവാനോ, സാധിക്കാതെ പോയതാണ് കേരളത്തിൽ ടിപ്പുസുൽത്താന് പറ്റിയ പരാജയം.

---

1. *E.M.S.Namboodiripad, Kerala Yesterday, Today and Tomorrow, Op.cit, P 3.*
2. *A.C.Kannan Nambiar, District Munsiff, Badagara, Answers to the Malabar Marriage Commission, 1891, P 22.*
3. *Cochin State Manual, Op.cit, P 193.*
4. *L.K.Ananda Krishna Iyyer, Cochin Castes and Tribes, 2 Vols, Madras, Higginbotham and Company, 1909 and 1912, Vol.I, P 85.*
5. *Foreign (Miscellaneous) S.N.56, Part II, Para 13, P13.*
6. *T.K.Gopalakrishna Panikar, Malabar and its folks, 1929, Madras, P26.*
7. *Foreign (Miscellaneous) S.N.56, Part II, P 971.*
8. *Malabar and its folks, Op.cit, P 36.*
9. *M.M.D.L.T, Op.cit, P 60*
10. *Tuhfatul Mujahideen, Op.cit, P P 72-73.*
11. *Cochin Castes and Tribes, Op.cit, P 39.*
12. *Vide. Hamilton, New Accounts of the East Indies, 2 Vols, London, 1744, Vol.I, P 310, Francis Buchanan, A Journey from Madras through the countries of Mysore, Canara and Malabar, 3 Vols, London 1807, Vol.II, P P 411-12; Abdul Razack Travels Vol.9, p 354; Nicolo- Conti, Travels, P 145; Darute Barbosa, A Description of the Coasts of South Africa and Malabar P P122- 125.*
13. *Malabar Marriage Commission Report, 1891, Madras, P 17.*
14. *Foreign (Miscellaneous) S.No.56, Part II, Para 12, P13.*
15. *M.M.D.L.T, Op.cit, P 60*

16. Barbosa, Op.cit, P 124.
17. History of Hyder Shah etc, Op.cit, P 60.
18. Tuhfatul Mujahideen, Op.cit, P 84, Barbosa, Op.cit P 124, Buchanan Op.cit, P P 472-73
19. Ibn Battuta, Op.cit, P 74.
20. Tuhfatul Mujahideen, Op.cit, P 63
21. Malabar Gazetteer, Op.cit, P 142.
22. Gross, Voyages etc, Quoted by K.P.Padmanabha Menon, History of Kerala, Vol.III, 1933, Ernakulam P 192.
23. Ibid.
24. Ibid.
25. Kirmani, Miles Translation, Op.cit, P133.
26. Ibid, P 133.
27. Abbe J.A.Dubois, Hindu Manners, Customs and Ceremonies, P 61.
28. Kirck Patrick, Op.cit, No.XIV and Wilks, History of Mysore etc, Vol.II, Op.cit, P 120.
29. Kirmani, Op.cit, P 133.
30. Buchanan, Vol.II, Op.cit, P P 417-418.
31. Kirck Patrick, Op.cit, No.423.
32. Ibid, No. 464.
33. History of Tippu Sultan, Op.cit, P 373.

# XXVI ടിപ്പുസുൽത്താൻെറ മതനയം

കേരളത്തിലെ മൈസൂർ കാലഘട്ടം മതഭ്രാന്തിൻെറയും രക്തച്ചൊരിച്ചിലിൻെറയും കറുത്ത അദ്ധ്യായമായിരുന്നുവെന്നാണല്ലോ നമ്മുടെ ചരിത്രകാരൻമാരിലധികവും എഴുതി വെച്ചിട്ടുള്ളത്. ഇത്രയ്ക്ക് വ്യാപകമായി ഈ ആരോപണം ഉണ്ടാകുവാനും അത് വസ്തുതയെന്നോണം അംഗീകരിച്ചുപോരുവാനുമുണ്ടായ സാഹചര്യങ്ങളും കാരണങ്ങളും വിശദമായി വിവരിക്കേണ്ടതുണ്ട്. നമ്മുടെ സൗഹാർദ്ദജീവിതത്തേയും ദേശീയ ഐക്യത്തേയും സാരമായി ബാധിച്ച സംഗതി ആയിരുന്നുവല്ലോ ഈ ദുരാരോപണത്തിൻെറ തിക്തഫലം.

ഇൻഡ്യയിൽ ജീവിച്ചിരുന്ന രാജാക്കൻമാരിൽ കടുത്ത ഇംഗ്ലീഷ് വിരോധിയായിരുന്നു ടിപ്പുവെന്നുള്ള കാര്യം ഏറെ പ്രസിദ്ധമാണല്ലോ. ഇംഗ്ലീഷ്കാരും അവരുടെ പ്രധാന ശത്രുവായി കണ്ടത് ടിപ്പുവിനെ മാത്രമായിരുന്നു. ബിറ്റ്സൻഅത് രേഖപ്പെടുത്തിയിരിക്കുന്നത് നോക്കുക, "ശ്രീരംഗപട്ടണം സന്ധിക്കുശേഷം പ്രത്യേകിച്ച് 1796 ആയപ്പോൾ, ബ്രിട്ടീഷ് ശക്തിക്ക് സമൂലനാശം വരുത്തുകയെന്നത് ടിപ്പുവിൻെറ പ്രിയങ്കരമായ മോഹവും ഒടുങ്ങാത്ത ദാഹവുമായിരുന്നു. അദ്ദേഹത്തിൻെറ അഭിലാഷങ്ങളും പ്രവൃത്തികളും അതിന്നനുരൂപമായി മാറി. 1792ലെ സമാധാനത്തിനു വേണ്ടി താൻ സഹിച്ച ത്യാഗവും, ബ്രിട്ടീഷ് ശക്തിയുമായി ഒരിക്കലും ഒരുമിക്കുവാനൊക്കാത്ത മാനസികാങ്കലാപ്പും, നഷ്ടപ്പെട്ട സ്ഥലങ്ങൾ വീണ്ടെടുക്കുവാനുള്ള അമിതമായ അത്യാർത്തിയും ചേർന്ന്, ഇംഗ്ലീഷ്കാർക്കെതിരായി നാട്ടുരാജാക്കൻമാരിൽ നിന്നും വിദേശികളിൽ നിന്നും സഹായമഭ്യർത്ഥിക്കുവാനും ഗൂഢാലോചന നടത്തുവാനും അദ്ദേഹത്തെ പ്രേരിതനാക്കി."1. കേണൽ ബിറ്റ്സൺ തുടർന്നെഴുതുന്നതു കൂടി ശ്രദ്ധിക്കുക, "തൻെറ നഷ്ടപ്പെട്ട സ്ഥലവും ധനവും വീണ്ടെടുക്കുവാൻ ഫ്രഞ്ച് സഹായം അദ്ദേഹം സ്വപ്നം കണ്ടു. അതിനുവേണ്ടി ക്ലേശിക്കുകയും ചെയ്തു. ഫ്രാൻസിനോടുള്ള സഹായാഭ്യർത്ഥനക്കു പുറമെ, പൂനയിലും ഹൈദരബാദിലും ഇംഗ്ലീഷ്കാർക്കെതിരായി സംഘടിക്കുവാനുള്ള ആഹ്വാനങ്ങൾ അദ്ദേഹം നടത്തിയിരുന്നു. ഇംഗ്ലീഷ് വിരോധം ഒന്നുമാത്രമായിരുന്നു അദ്ദേഹത്തിൻെറ ഹൃദയത്തെ മഥിച്ചുകൊണ്ടിരുന്ന വികാരം. മൈസൂർ ഗവർമ്മേണ്ടിൻെറ സുദൃഢവും അടിസ്ഥാനപരവുമായ നയാവിഷ്ക്കരണത്തിൻെറ ഉറവിടവും ഇതൊന്നുമാത്രമായിരുന്നു എന്നതിനു് മതിയാവോളം തെളിവുകളുണ്ട്."2. ഇതിൻെറ മറുവശം കൂടി ബിറ്റ്സൺ ചിത്രീകരിക്കുന്നു. ഇംഗ്ലീഷ്കാർ ടിപ്പുവിൻെറ സ്വതന്ത്രമായ നിലനില്പിനെ എത്രമാത്രം ഭയപ്പെട്ടിരുന്നുവെന്ന് മനസ്സിലാക്കുവാനും ബിറ്റ്സൻെറ ഉദ്ധരണി സഹായകമായിരിക്കും. അദ്ദേഹം തുടരുകയാണ്. "ടിപ്പുസുൽത്താൻെറ ശക്തവും കരുത്തേറിയതുമായ നിലനില്പ്, ബ്രിട്ടീഷ് കമ്പനിക്ക് നിരന്തരം ഒരു പേടിസ്വപ്നവും ബുദ്ധിമുട്ടും ചെലവുമാണെന്ന് സുഷ്ടമായിരുന്നു. പുറമെ ഫ്രഞ്ചുകാരുമായുള്ള അദ്ദേഹത്തിൻെറ ബന്ധവും, ഈജിപ്പിൽ എത്തിക്കഴിഞ്ഞ ഫ്രഞ്ച് സേനയുടെ താല്പര്യവും ഇൻഡ്യയിലെ ബ്രിട്ടീഷ് ശക്തിയെ നാമാവശേഷമാക്കുകയെന്നത് തന്നെയായിരുന്നുവല്ലോ."3. ചുരുക്കത്തിൽ മൈസൂറിൻെറ വ്യാവസായിക നയവും സൈനിക സജ്ജീകരണങ്ങളും സാമ്പത്തിക ആസൂത്രണവും ബ്രിട്ടീഷ് താല്പര്യത്തെ അങ്ങേയറ്റം ഹനിക്കുന്നവ തന്നെയായിരുന്നു. വിദേശരാജ്യങ്ങളിൽ സ്വന്തമായി കമ്പനികൾ സ്ഥാപിക്കുകയും വാണിജ്യ-വ്യവസായിക സമ്പർക്കങ്ങൾ നിരന്തരം പുലർത്തുകയും ചെയ്തിരുന്ന ടിപ്പു, ഈസ്റ്റ് ഇൻഡ്യാ കമ്പനിക്ക് ഒരിക്കലും സന്ധിചെയ്യുവാൻ പറ്റാത്ത ഏക ഇൻഡ്യൻ രാജാവായിരുന്നു. ആ ശക്തിയെ ഏതെങ്കിലും തരത്തിൽ തുലക്കുകയെന്നതും അവരുടെ നിലനില്പിൻെറ തന്നെ പ്രശ്നമായിത്തീർന്നു. അതുകൊണ്ടാണ് ഇംഗ്ലീഷ്കാർക്ക് സൗകര്യപ്രദമായ ശുഭ മുഹൂർത്തത്തിൽ അകാരണമായി എല്ലാ ഭരണമര്യാദകളേയും കാറ്റിൽ പറത്തിക്കൊണ്ട് അവർ ടിപ്പുവിനെതിരായി യുദ്ധം പ്രഖ്യാപിച്ചത്. ഓർക്കാപുറത്ത് നടന്ന ഈ ആക്രമണത്തെ ചെറുത്ത് നില്ക്കുക മാത്രമല്ല തൻെറ അവസാനശ്വാസം വലിക്കുന്നത് വരെ വീരോചിതമായി പടപൊരുതിയ ടിപ്പുസുൽത്താൻ പടക്കളത്തിൽ വച്ച് തന്നെ അന്ത്യം വരിച്ചു. ഇൻഡ്യക്കകത്തും പുറത്തും ഈസ്റ്റ് ഇൻഡ്യാ കമ്പനിയുടെ കിരാതമായ ഈ രക്തദാഹത്തെപ്പറ്റി കടുത്ത വിമർശനങ്ങളുണ്ടായിരുന്നു. ഇംഗ്ലീഷ് പാർലിയമെൻണ്ടിൽ അതിന് മുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ലാത്തവിധം, നികൃഷ്ടമായ ഇത്തരം പ്രവൃത്തികളെ നിശിതമായെതിർത്തുകൊണ്ട് അതിന്നുത്തരവാദികളായവർക്ക് മാതൃകാപരമായ ശിക്ഷ നല്കണമെന്ന അഭിപ്രായവും ശക്തമായി. ഈ പശ്ചാത്തലത്തിൽ തങ്ങളുടെ ചെയ്തികളെ ന്യായീകരിക്കുവാനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കേണ്ടത് ഇൻഡ്യയിലെ രാഷ്ട്രീയാധിനിവേശത്തിന് പിന്തുണ ലഭിക്കുവാനും മാതൃരാജ്യത്തുണ്ടായ പ്രതിഷേധങ്ങൾക്ക് മറ പിടിക്കുവാനും ആവശ്യമായിത്തീർന്നു. അങ്ങനെയാണ് ടിപ്പുസുൽത്താനെ, "ക്രൂരനായ ജനദ്രോഹി"യായും "മതഭ്രാന്തനായ അമ്പലധ്വംസക"നായും ചിത്രീകരിക്കത്തക്ക ചരിത്രസാഹിത്യം ബോധപൂർവ്വം പടച്ചുണ്ടാക്കി പ്രചരിപ്പിക്കുവാനുള്ള ശ്രമം ഇംഗ്ലീഷ് പക്ഷത്തുനിന്നും സംഘടിതമായാരംഭിച്ചത്.

ശ്രീരംഗപട്ടണം കീഴടക്കിയപ്പോൾ ബ്രിട്ടീഷ്സേന

യോടൊപ്പമുണ്ടായിരുന്ന കേണൽമാരായ കിർക്ക് പാട്രിക്കും ബീറ്റ്സണും ടിപ്പുവിന്റെ എഴുത്തുകളുടെ സമാഹാരങ്ങൾ മുഴുക്കെ കൈവശപ്പെടുത്തിയവരാണ്. കിർക്ക് പാട്രിക്, 'ടിപ്പുസുൽത്താന്റെ തിരഞ്ഞെടുത്ത കത്തുകൾ' എന്ന ശീർഷകത്തിൽ 1000 കത്തുകളും, അടിക്കുറിപ്പായി അദ്ദേഹത്തിന്റെ വിശദീകരണവും കൊടുത്ത് ഒരു വലിയ വാല്യം പ്രസിദ്ധീകരിച്ചു. ബീട്ട്സണാകട്ടെ, 'ടിപ്പുമായുള്ള യുദ്ധത്തിന്റെ ഉത്ഭവവും നടത്തിപ്പും' എന്ന പേരോടുകൂടി മറ്റൊരു പുസ്തകവും പുറത്തിറക്കി. ഇതിന് പുറമേ, കേണൽ വിൽക്സും, ലഫ്ട്നനന്റ് കേണൽ ലോഡ് ഹാരിസും, കേണൽ ഡബ്ലിയു മൈൽസും വേറെ വേറെ ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ളവരാണ്. ഇവരൊക്കെത്തന്നെ കടുത്ത മൈസൂർ വിരോധികളും കിട്ടാവുന്ന അവസരങ്ങളൊക്കെ വിനിയോഗിച്ച് ടിപ്പുവിനെ ക്രൂരനും മതഭ്രാന്തനുമാക്കുവാൻ ശ്രമിച്ചിട്ടുള്ളവരുമാണ്. ഈ ഗ്രന്ഥങ്ങളിലൊക്കെ ഇത്രയും ചരിത്രവങ്കത്തങ്ങൾ എഴുതി വിടുവാൻ കാരണം നേരത്തെ പറഞ്ഞ നിശിതവിമർശനങ്ങളെ നേരിടുവാൻ വേണ്ടിയായിരുന്നു. എന്നാൽ ഇവയിൽ വന്ന പാകപ്പിഴകളും അറിഞ്ഞുകൊണ്ട് പ്രചരിപ്പിച്ച ചരിത്രാഭാസങ്ങളും നിഷ്കൃഷ്ടമായ പഠനത്തിന് വിധേയമാകുന്നത് ഈ നൂറ്റാണ്ടിന്റെ പകുതിയിലാണ്. അതുവരെ പുറത്തു വന്ന ചരിത്രഗ്രന്ഥങ്ങൾ മുഴുക്കെ കമ്പനി ഉദ്യോഗസ്ഥൻമാരുടെ ഭാഷ്യമാണ് കണ്ണും പൂട്ടി പിൻതുടർന്നുവന്നതും. ഈ ഗ്രന്ഥങ്ങളുടെ ആധികാരിക സ്വഭാവം ആദ്യം ആരും ചോദ്യം ചെയ്യാനില്ലാതിരുന്നതുകൊണ്ടാണ് ടിപ്പുവിനെ സംബന്ധിച്ച അബദ്ധധാരണകൾ പച്ചപിടിച്ചു നിന്നത്. കൈവശം വന്നു ചേർന്ന ടിപ്പുസുൽത്താന്റെ എഴുത്തുകൾ തന്നെ വളച്ചൊടിച്ച് ഇംഗ്ലീഷ്കാരുടെ താല്പര്യത്തിന് പറ്റുംവിധം വികൃതമാക്കുക കൂടി ചെയ്തിട്ടുണ്ട്. നിരവധി കള്ളക്കത്തുകളും വിളംബരങ്ങളും ടിപ്പുവിന്റെ നാമ ധേയത്തിൽ പ്രകാശിതങ്ങളായി. ടിപ്പുവിന്റെ ഒരാത്മ കഥതന്നെ ഇവർ പുറത്തിറക്കി. ഇംഗ്ലീഷ്കാരുടെ ആരോപ ണങ്ങൾക്ക് ഉപോത്ബലകമായി ടിപ്പുവിന്റേതെന്ന് തോന്നുന്ന ആത്മകഥയിൽ നിന്നും ഉദ്ധരണികൾ കൊടുത്ത് അവർ എഴുതിയവക്ക് ആധികാരികത ഉണ്ടാക്കുകയും ചെയ്തു. ടിപ്പു തന്നെപ്പറ്റിത്തന്നെ പറയുന്ന കാര്യങ്ങൾ മറ്റുള്ളവർ അവിശ്വസിക്കേണ്ടതില്ലല്ലോ. ഈ വക തന്ത്രങ്ങൾ കുറച്ചൊന്നുമല്ല ഇവർ നടത്തിയിട്ടുള്ളത്. ഒരു കയ്യിൽ വാളും മറുകയ്യിൽ തൊപ്പിയുമായിട്ടാണ് ടിപ്പുസുൽത്താനെ അവതരിപ്പിക്കുന്നത് തന്നെ. ഈ വിഷയത്തിൽ യാഥാർത്ഥ്യങ്ങൾ ചികഞ്ഞ് പുറത്തുകൊണ്ടുവരുവാൻ ആദ്യമൊക്കെ ആരും പരിശ്രമിക്കാതിരുന്നതിനാൽ വിൽക്സിന്റെ മൈസൂർ ചരിത്രവും മറ്റുമാണ് മൈസൂർ സുൽത്താൻമാരെ പറ്റി വിവരിക്കുവാൻ ഉപയോഗപ്പെടുത്തിയിരുന്നത്. ഇന്ന് ധാരാളം ഗവേഷകർ തദ്വിഷയമായി പ്രവർത്തിച്ചതിന്റെ ഫലമായിട്ട് കുറേയേറെ പരമാർത്ഥങ്ങൾ പുറത്ത് വന്നിട്ടുണ്ട്. പ്രൊ. എം.എച്ച്. ഖാന്റെ, 'ടിപ്പുസുൽത്താന്റെ ചരിത്രം' എന്ന പുസ്തകവും സുരേന്ദ്രനാഥ് സെന്നിന്റെ "ഇൻഡ്യാചരിത്ര പഠന"വും ഡോറൽ എഴുതിയിട്ടുള്ള 'ടിപ്പു സുൽത്താൻ' എന്ന അദ്ധ്യായവും കമല റാവു എഴുതിയിട്ടുള്ള 'ഹൈദരലി' എന്ന ഗ്രന്ഥവും നവീന ചരിത്രവീക്ഷണത്തോടുകൂടി എഴുതപ്പെട്ടവയാണ്. തെലുങ്കിലും കർണ്ണാടകത്തിലും നിരവധി ഗ്രന്ഥങ്ങൾ ഈ വിഷയത്തിലേക്ക് സത്യത്തിന്റെ പ്രകാശം പരത്തുന്നവയായിട്ടുണ്ട്. മൈസൂർ പുരാവസ്തുവകുപ്പ് പ്രസിദ്ധീകരിച്ച രേഖാസമുച്ചയം പുറത്തുവന്നതോടുകൂടി മൈസൂറിലും ആന്ധ്രയിലുമൊക്കെ ടിപ്പുവിന്റെ ചിത്രം ദേശാഭിമാനിയായ വീരജേതാവിന്റേതായി മാറി.

എന്നാൽ കേരളത്തിൽ ഇന്നും അമ്പലങ്ങൾ മുഴുക്കെ നശിപ്പിച്ച നീചനായ ഒരു ക്രൂര ഭരണാധികാരിയായിരുന്നു ടിപ്പുസുൽത്താൻ എന്ന കാലഹരണപ്പെട്ട പഴയ ആഗ്ലേയ ഭാഷ്യം തന്നെ പ്രചാരത്തിലിരിക്കുന്നു. കേരളമൊഴിച്ചുള്ള മറ്റു സ്ഥലങ്ങളിൽ ടിപ്പുവിന്റെ മതഭ്രാന്തിന്റെ കഥ വെറും കെട്ടുകഥയായി മാറിയിട്ടും കേരളത്തിലെ എഴുത്തുകാർ നമ്മെ ധരിപ്പിക്കുവാനായാസപ്പെടുന്നതും മറ്റു സ്ഥലങ്ങളിൽ ടിപ്പു സുൽത്താൻ അനുവർത്തിച്ചനയമല്ല, ടിപ്പു കേരളത്തിൽ നടപ്പാക്കിയിരുന്നതെന്നാണ്. മാത്രമല്ല കേരളത്തിലെ സർവ്വ ക്ഷേത്രങ്ങളും തകർക്കുക തന്നെ ചെയ്തിട്ടുണ്ടെന്നും ശാഠ്യമായി പറയുന്നവരുമാണ്. മൈസൂറിന്റെ ഭാഗമായിരുന്ന മലബാറിലും സാമന്തരാജ്യമായിരുന്ന കൊച്ചിയിലും മാത്രമായി പുതിയ ഒരു മതനയമായിരിക്കാം പുലർത്തിപ്പോന്നിരിക്കുകയെന്ന് ഒരിക്കലും വിശ്വസിക്കുവാൻ സാധിക്കുന്നതല്ല. കേരളത്തിൽ മാത്രമായവശേഷിക്കുന്ന ഈ മതഭ്രാന്തിന്റെ കഥയ്ക്ക് അടി സ്ഥാനമായ ഉപാദാനങ്ങളെന്തെന്നും അന്വേഷിക്കേണ്ടതുണ്ട്. അവയുടെ സ്വഭാവം, വിശ്വാസ്യത, ഉറവിടം തുടങ്ങിയവയെല്ലാം ശരിയായ പഠനത്തിനും ശാസ്ത്രീയമായ വിശകലനത്തിനും വിധേയമാക്കേണ്ടതായിരിക്കുന്നു. കിട്ടാവുന്ന മൂല രേഖകളെ അടിസ്ഥാനപ്പെടുത്തി കേരളത്തിലെ മൈസൂർ കാലഘട്ടത്തെക്കുറിച്ച് ഒരു പുനർവിചാരം നടത്തുവാനുള്ള ഉദ്യമമാണിവിടെ നടത്തുന്നത്.

കേരളചരിത്രരചനക്കൊരുമ്പെടുന്നവർക്ക് അഭിമുഖീകരിക്കേണ്ടതായിവരുന്ന പ്രധാന പ്രശ്നം അതിന്നാവശ്യമായ അടിസ്ഥാന പ്രമാണങ്ങളുടെ ദൗർലഭ്യമാണ്. നമ്മുടെ ഭരണാധിപൻമാരധികവും തന്നെ ഭരണസംബന്ധമായോ, സംഭവവിവരണങ്ങളായോ, വംശചരിത്രമായോ ഒന്നും എഴുതിസൂക്ഷിക്കുന്ന പതിവുകാരായിരുന്നില്ല. രാഷ്ട്രീയവും ഭരണപരവുമായ കാര്യങ്ങളെ സംബന്ധിച്ച് കുറെയെങ്കിലും രേഖകൾ സൂക്ഷിക്കുവാൻ തുടങ്ങിയത് 19-ാം നൂറ്റാണ്ടിൽ ബ്രിട്ടീഷ്കാരുടെ ആധിപത്യം ഉണ്ടായതിന് ശേഷം അവരുടെ നിരന്തരമായ നിർബന്ധത്തിന് വിധേയമായിട്ടായിരുന്നുതാനും. തദ്ദേശീയമായ മൂലരേഖകളുടെ അഭാവത്താൽ ഇംഗ്ലീഷ് ചരിത്രകാരൻമാരെയും അവർ പടച്ചുവിട്ട ചരിത്രഗ്രന്ഥങ്ങളേയും തീർത്തും അവലംബിക്കേണ്ടിവന്ന ഗതികേടാണ് പിന്നീടുള്ള ചരിത്രകാരൻമാർക്കൊക്കെ വന്നുകൂടിയത്. കേരളചരിത്രരചനയിലും മുൻകൈയ്യെടുത്തത് ആഗ്ലേയചരിത്രകാരൻമാർ

തന്നെയായിരുന്നു. അവർ എഴുതിയ 'മാനുവലു' കളും 'ഗസറ്റിയറു' കളും അടിസ്ഥാനമാക്കിയാണ് ഇവിടെ ചരിത്രരചന ആരംഭിക്കുന്നത് തന്നെ. തങ്ങളുടെ താല്പര്യസംരക്ഷണത്തിന് വേണ്ടി വസ്തുതകളെ വികലമാക്കുകയും സംഭവങ്ങളെ തങ്ങൾക്കനുയോജ്യമാംവിധം വളച്ചൊടിക്കുകയും ചെയ്തിരുന്ന ഈ ആംഗ്ലേയചരിത്രകാരൻമാരെ അന്ധമായി പിൻതുടരുകയാണ് കേരളചരിത്രരചയിതാക്കൾ ചെയ്തത്. അതിനാൽ അവർക്ക് വസ്തുനിഷ്ഠമായും സത്യസന്ധമായും ചരിത്രരചന നടത്തുവാൻ സാധിച്ചില്ല. അതോടൊപ്പം ജാതീയവും വർഗ്ഗീയവും പ്രാദേശികവുമായ സ്പർദ്ധകളും ഇവർ കൂട്ടിക്കലർത്തുക കൂടി ചെയ്തപ്പോൾ, കേരളചിരത്രമെന്നത് വെറും ചരിത്രവങ്കത്തമായവശേഷിക്കുകയാണ് ചെയ്തത്. ഈ ശോച്യാവസ്ഥയിൽ നിന്നും മോചനം നേടുവാൻ, ശാസ്ത്രീയ വീക്ഷണത്തോട് കൂടി ചരിത്ര നിർമ്മാണത്തിന് ഇത് വരെ ആരും കാര്യമായ ശ്രമം നടത്തിയട്ടില്ലാ എന്നുള്ളതാണ് ഇതിനെക്കാൾ ദൗർഭാഗ്യകരമായ സ്ഥിതി. ഈ രംഗത്ത് പ്രവർത്തിച്ചവരൊക്കെ തന്നെ ആംഗ്ലേയ ശൈലി പിൻപറ്റുകയാൽ വികൃതമാക്കപ്പെട്ടചരിത്രവസ്തുതകളുടെയോ, പ്രചാരത്തിലിരിക്കുന്ന കടങ്കഥകളുടെയോ, പൊള്ളത്തരം തുറന്ന് കാട്ടുവാൻ അശക്തരാകുകയും ചെയ്തു. മൗലിക പ്രമാണങ്ങളെ തേടിപ്പിടിക്കുവാനോ രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിലായി വെളിച്ചം കാണാതെ കിടക്കുന്ന ആധികാരിക രേഖാസമ്പത്ത് പുറത്ത് കൊണ്ടുവരുവാനോ ഉള്ള ശ്രമങ്ങൾ നടക്കാതിരുന്നത് മൂലമാണ് ഇംഗ്ലീഷ് ചരിത്രകാരൻമാർ എഴുതിവിട്ട കല്ലുവെച്ച നുണകൾ പോലും തിരുത്തപ്പെടാതെ കിടക്കുന്നത്. ഇത്തരം ചരിത്ര സാഹിത്യത്തെ ആശ്രയിക്കുകയും ജാതീയവും പ്രാദേശികവുമായ അധമവീക്ഷണം ഉൾക്കൊള്ളുകയും ചെയ്തപ്പോൾ ഇവരെഴുതിയതൊക്കെയും ആർക്കും അത്രപെട്ടെന്ന് തിരുത്തുവാൻ സാധിക്കാത്തവിധം അലംഘനീയ ചരിത്രമായിത്തീർന്നു.

ഇത്രമാത്രം സത്യവിരുദ്ധമായി ഇംഗ്ലീഷ്കാർ എന്തുകൊണ്ടെഴുതി എന്നതിനെക്കുറിച്ച് നാം വ്യവഹരിച്ചതാണ്. കേരളത്തിൽ ഇവ അതേപടി സ്വീകരിക്കുവാനുണ്ടായ കാരണങ്ങൾ കൂടി വ്യക്തമാക്കിയാലേ ഈ ഉപാദാനങ്ങളുടെ ദുരുദ്ദേശ്യ സ്വഭാവം ഗ്രഹിക്കുവാനാകൂ. ഇവിടെ നായൻമാരായിരുന്നുവല്ലോ യോദ്ധാക്കൾ. കീഴ്ജാതിക്കാരോട് എന്തും ചെയ്യുവാനും അവർക്ക് അധികാരമുണ്ടായിരുന്നു. ഭൂവുടമകളിലധികവും നമ്പൂതിരിമാരും. ബഹുഭർതൃത്വം, ജാതിസമ്പ്രദായമായി ആചരിച്ച് പോന്നിരുന്നു ഇക്കാലത്തെ നായർ സമുദായം. മൈസൂർ അധിനിവേശത്തോട്കൂടി ഏറ്റവും അധികം പ്രയാസം അനുഭവിച്ചവർ അവരായിരുന്നു. യോദ്ധാക്കളുടെ സമുദായം ആയിരിക്കുമല്ലോ ശത്രുക്കളുടെ വാളിന് ഇരയാകുന്നതും വിരോധത്തിന് പാത്രമാകുന്നതും. അതിവിടെയും സംഭവിച്ചു. നായൻമാർക്കിടയിൽ സാർവ്വത്രികമായിരുന്ന ബഹുഭർതൃത്വം, മരുമക്കത്തായം, മാറ് മറയ്ക്കായ്ക തുടങ്ങിയ അനുഷ്ഠാനങ്ങളെ സംബന്ധിച്ച് നാം വിവരിച്ചിട്ടുണ്ടല്ലോ. ഈ സംമ്പ്രദായങ്ങളിൽ പരിപൂർണ്ണമായ മാറ്റം വിഭാവനം ചെയ്യുന്നതായിരുന്നു ടിപ്പു സുൽത്താൻെറ തൽസംബന്ധമായ പരിഷ്ക്കാരങ്ങൾ. നിരവധി കാലമായി നിലനിന്നുപോന്ന സാമൂഹ്യക്രമത്തെ പരിവർത്തനോൻമുഖമായ പരിഷ്ക്കാരങ്ങൾ കൊണ്ട് മാറ്റുവാൻ ശ്രമിച്ച ടിപ്പുവിന് യാഥാസ്ഥിതിക സങ്കുചിതത്വത്തിൻെറ കനത്ത പ്രഹരമാണ് ഏൽക്കേണ്ടി വന്നത്. ഈ പരിഷ്ക്കാരങ്ങളെ ജനങ്ങൾ തങ്ങളുടെ വിശ്വാസത്തിനും ജാതിമര്യാദകൾക്കും എതിരായി വിമതസ്ഥനായ ഒരാക്രമണകാരി നടത്തുന്ന അന്യായമായ കൈയ്യേറ്റമായാണ് കണക്കാക്കിയത്. ജാത്യാചാരങ്ങൾക്കെതിരെയുള്ള ഈ വെല്ലുവിളി അസഹിഷ്ണുതയുടേയും മതധ്വംസനത്തിൻെറയും ദുർസന്തതി ആയിട്ടാണ് പഴമയുടെ കരിമ്പടത്തിൽ മൂടിക്കിടന്നിരുന്ന മലയാളികൾ വ്യാഖ്യാനിച്ചത്. തൻെറ രാജ്യത്തിൻെറ ഇതരഭാഗങ്ങളിലെല്ലാം തന്നെ നടപ്പാക്കിയിരുന്ന പരിഷ്ക്കാരങ്ങൾ മാത്രമായിരുന്നു മലബാറിലും പ്രായോഗികമാക്കിയതെന്നുള്ള കാര്യം ഒരു പക്ഷെ ഇവിടെ അജ്ഞാതമായിരുന്നിരിക്കാം. മൈസൂറിലും മറ്റുള്ള സ്ഥലങ്ങളിലും ഈ വക നടപടികളൊക്കെ സാമൂഹ്യ നവോത്ഥാനത്തിന് വഴിതെളിയിച്ചിരുന്നു എന്നുള്ള കാര്യവും നമ്മുടെ എതിർപ്പിനെ ലഘൂകരിക്കുവാനും ഉപകരിച്ചില്ല. കേരളത്തിൽ തന്നെ സവർണ്ണർ ഒഴിച്ചുള്ള ഹൈന്ദവ വിഭാഗം മൈസൂർ ഭരണപരിഷ്ക്കാരങ്ങൾ കൊണ്ട് വളരെ നേട്ടങ്ങൾ ഉണ്ടാക്കിയതായും നാം മനസ്സിലാക്കുന്നു. എന്നാൽ മലബാറിലെ ജനസംഖ്യയിൽ അഞ്ചിലൊന്ന് മാത്രം വരുന്ന സവർണ്ണ ഹിന്ദുക്കളായ നായൻമാരും നമ്പൂതിരിമാരും ആണ് ഒറ്റക്കെട്ടായി നിന്ന് ഇവയെ എതിർത്തത്. അതിന് കാരണം സാമൂഹ്യപരിഷ്കർത്താവായടിപ്പുവിൻെറ നവോത്ഥാന വ്യഗ്രതയും സാമ്പത്തിക നവീകരണത്വരയും ആയിരുന്നുവെന്ന് നാം നേരത്തെ പ്രസ്താവിച്ചതാണല്ലോ.ഇതൊക്കെ നേരിട്ട് ബാധിച്ചത് മലയാളി സമൂഹത്തിലെ ആഢ്യൻമാരായ പ്രഭു സമുദായങ്ങളെ ആയിരുന്നു. ഇവർ അനുഭവിക്കേണ്ടതായി വന്ന മാനസിക വ്യഥയുടേയും സാമ്പത്തിക പരാധീനതയുടേയും തിക്തഫലമായി അവരത്രയും ടിപ്പുവിൻെറ പരിഷ്കാരങ്ങളെ മതധ്വംസനമായും, ടിപ്പുവിനെ മതഭ്രാന്തനായും ചിത്രീകരിച്ചു എന്നതാണ് വാസ്തവം. വ്യവസ്ഥാപിതമായ ഭരണത്തെ എതിർക്കുന്നത് ഏത് ശക്തിയായാലും അവയെ അടിച്ചമർത്തുവാൻ ശ്രമിക്കുക ഏത് ഭരണത്തിൻകീഴിലും ഉണ്ടാവുക സ്വാഭാവികവുമാണ്. അതിവിടെയും സംഭവിച്ചു.

നമ്പൂതിരിമാരോടൊപ്പം തിരുവിതാംകൂറിലേക്ക് ഓടിപ്പോയ നായർയോദ്ധാക്കൾ വളരെ അധികമായിരുന്നില്ല. അവരുടെ എണ്ണം വളരെ കൂടുതലായിരുന്നത് തന്നെ കാരണം. കുറെപ്പേർ കൊച്ചിയിലും തിരുവിതാംകൂറിലും അഭയം തേടുകയും ധാരാളം പേർ കാടുകളിലും മലകളിലും ഒളിച്ചിരിക്കുകയും ചെയ്തിരുന്നു. അങ്ങനെ പേടിച്ചോടിയവർ ഓട്ടത്തിൻെറ ന്യായീകരണത്തിന് വേണ്ടിയെങ്കിലും അതിഭാവുകത്വത്തോട് കൂടി തന്നെ ക്രൂരതയുടെ കഥകൾ ധാരാളം

പറഞ്ഞിരിക്കണം. മൈസൂർസേന പിൻവാങ്ങിയാലുടൻ കാട്ടിൽ നിന്നും മറ്റുള്ള സ്ഥലങ്ങളിൽ നിന്നും പുറത്ത് വന്ന് ഇവർ ലഹളയും കൊള്ളയും നടത്തുകയും ചെയ്യുമായിരുന്നു. നാട്ടിൽ കലാപം സൃഷ്ടിക്കുന്നവർക്കെതിരെ കനത്ത ശിക്ഷാ നടപടികൾ സ്വീകരിക്കുക സ്വാഭാവികമാണല്ലോ. ബുക്കാനൻ തൻെറ ഗ്രന്ഥത്തിൽ പറയുന്നത്, "ഇംഗ്ലീഷ്കാർ മലബാർ കീഴടക്കിയിരുന്നില്ലെങ്കിൽ, മലബാറിലെ നായൻമാർ കാടുകളിൽ കഴിഞ്ഞ് കൂടി ഒരു തരം മലവർഗ്ഗക്കാരായി മാറുമായിരുന്നു" എന്നാണ്.4. ഇന്നും മലബാറിലെ ഗിരിവർഗ്ഗക്കാർക്കിടയിൽ അക്കാലങ്ങളിൽ കാടുകളിൽ ഒളിച്ചവരുടെ സന്താനപരമ്പരകളുണ്ടെന്നതിന് അവരുടെ ആചാരാരാധനാ സമ്പ്രദായങ്ങൾ തികഞ്ഞ തെളിവാണ്. 'പെരുമാൾ ഒഴിഞ്ഞപ്പോൾ മുളച്ചുയർന്ന കേരളത്തിലെ അനവധി നാട്ടുസ്ഥാനങ്ങളിൽ രണ്ടെണ്ണമൊഴിച്ച് മറ്റെല്ലാം മുതിയടഞ്ഞത് അവരുടെ (മൈസൂർ സുൽത്താൻമാരുടെ) കൈകൾ കൊണ്ടാണ്.5. അധികാരം നശിച്ച് നാട് വിട്ടോടിയവർ സുൽത്താനെ പിരാകുകയും അതിശയോക്തി കലർന്ന ക്രൂരകഥകൾ ഒട്ടേറെ പ്രചരിപ്പിക്കുകയും ചെയ്തിരിക്കും. ചെറുകിട നാട്ടുരാജ്യങ്ങളിലെ കാവൽഭടൻമാരായിരുന്ന, 'ജൻമനായോദ്ധാക്കളായ' ഇവർ ദേശവാഴികളും നാടുവാഴികളും അപ്രത്യക്ഷരായതോടെ തൊഴിൽ രഹിതരാകുകയും ചെയ്തു. 'ചത്തും കൊന്നും' വാഴുകയായിരുന്ന യുദ്ധത്തൊഴിൽക്കാരായ നായൻമാരുടെ സമൂഹത്തിലുണ്ടായിരുന്ന ഔദ്ധത്യപൂർവ്വമായ ഔന്നത്യം ഇതോടെ ഇല്ലാതായി. അതേസമയം പുതുതായി നിലവിൽ വന്ന മൈസൂർ ഭരണത്തിലോ അവരുടെ സൈന്യത്തിലോ സേവനമനുഷ്ഠിക്കുക എന്നത് സ്വന്തം ജാതിയോടും വിശ്വാസത്തോടും കാട്ടുന്ന കടുത്ത വഞ്ചനയായി കണക്കാക്കുക കൂടി ചെയ്തപ്പോൾ ചിത്രം പൂർത്തിയായി. രാഷ്ട്രീയമായി മലബാറിൻെറ ഏകീകരണവും അങ്ങനെ നേരിട്ട് ബാധിച്ചത് നായർ സമുദായത്തെ തന്നെയായിരുന്നു.

ഇവക്കൊക്കെ മകുടം ചാർത്തുന്നവയായിരുന്നു, ടിപ്പു സുൽത്താൻെറ സാമൂഹ്യ-സാമ്പത്തിക പരിഷ്ക്കാരങ്ങൾ ഇവരിലുണ്ടാക്കിയ പ്രത്യാഘാതങ്ങൾ. ഇവിടെ നിലനിന്നിരുന്ന ബഹുഭർതൃത്ത്വം, മാറ് മറയ്ക്കായ്ക, മരുമക്കത്തായം എന്നീ സമ്പ്രദായങ്ങളുടെ വൈകൃതസ്വഭാവം ടിപ്പുവിലെ സാമൂഹ്യപരിഷ്ക്കർത്താവിനെ ആകർഷിച്ചു. എല്ലാ ചരിത്രകാരൻമാരും ഏകോപിതമായി സമ്മതിക്കുന്ന പരമാർത്ഥമാണ്, ടിപ്പു തികഞ്ഞ ഒരു സദാചാര-സൻമാർഗ്ഗനിഷ്ഠനായിരുന്നു എന്ന വസ്തുത. അന്ന് നിലവിലുണ്ടായിരുന്ന മദാലസമായ ജീവിതാർഭാഡങ്ങളിലൊന്നും ഭാഗഭാക്കാതിരുന്ന ടിപ്പു, സൻമാർഗ്ഗിയായ ഒരാദർശവാദിയായിരുന്നു. അദ്ദേഹം കുളിക്കുന്നതുപോലും തൻെറ ദേഹമാസകലം മൂടത്തക്ക ഉടയാടയോടുകൂടിയായിരുന്നുവെന്ന് ബീറ്റ്സനും കിർമാണിയും രേഖപ്പെടുത്തിയിട്ടുണ്ട്. അത്രയ്ക്ക് നാണവും ഒതുക്കവും സ്വയം ശീലിച്ചുപോന്ന ടിപ്പുസുൽത്താന് മലബാറിൽ നടമാടിയിരുന്നു ലൈംഗിക അരാജകത്വവും അർദ്ധനഗ്നതയുമൊക്കെ അസഹനീയമായി തോന്നിയതിൽ അത്ഭുതത്തിനവകാശമില്ലല്ലോ. മലബാറിൽ പ്രയോഗത്തിലിരുന്ന അപരിഷ്കൃതങ്ങളായ ഈ സമ്പ്രദായങ്ങളും ടിപ്പുസുൽത്താൻെറ സദാചാര നിഷ്ഠയും തമ്മിലുള്ള സംഘട്ടനത്തിൻെറ പ്രത്യാഘാതമായിരുന്നു മലബാറിൽ പ്രചാരത്തിൽ വന്ന മതഭ്രാന്തിൻെറ കഥകളത്രയും.

മലബാറിൽ ആദ്യമായി റവന്യൂ സർവ്വേ നടത്തിയതും കരം നിശ്ചയിച്ചതും മൈസൂർ ഭരണത്തിൻ കീഴിലായിരുന്നു. അതുവരെ ആരാലും ചോദ്യം ചെയ്യപ്പെടാതെ അനുഭവിച്ചുപോന്ന വസ്തുവകകളിൻമേൽ നികുതി ചുമത്തപ്പെട്ടപ്പോൾ, അതു വരെ ഒരു വകയിലും നികുതി കൊടുക്കുവാൻ ബാദ്ധ്യസ്ഥരല്ലാതിരുന്ന ജൻമികൾ ഇളകിവശായി. തങ്ങളുടെ പക്കലുള്ള സ്ഥലങ്ങൾ അളന്ന് തിട്ടപ്പെടുത്തുവാൻ മൈസൂർ ഉദ്യോഗസ്ഥൻമാരോടൊപ്പം സ്ഥലം കാണിച്ചുകൊടുക്കുവാൻ നടക്കേണ്ടതായി വരികയും അവരുടെ കച്ചേരിയിൽ ഹാജരായി നികുതി നിശ്ചയിക്കുന്ന കരാറിൽ ഒപ്പു വെക്കുകയൊക്കെ ചെയ്യുകയെന്നത് അക്കാലത്ത് ജൻമികൾക്ക്, പ്രത്യേകിച്ച് അവരിൽ മുഗീയ ഭൂരിപക്ഷമുണ്ടായിരുന്ന നമ്പൂതിരിമാർക്ക് ആലോചിക്കുവാൻപോലും സാധിക്കുമായിരുന്നില്ല. തങ്ങളുടെ ജാതീയമായ ഔന്നൃത്യത്തെ ഇടിച്ചു താഴ്ത്തുവാനും മറ്റുള്ളവരുടെയിടയിൽ തങ്ങളോടുള്ള ഭയഭക്തിബഹുമാനം നശിപ്പിക്കുവാനും വേണ്ടി വിമതസ്ഥനായ ആക്രമണകാരിയുടെ ധിക്കാരപ്രവൃത്തിയായി അവർ ഇതിനെ വ്യവഹരിച്ചു. അക്കാലത്തെ അതീവ പൂജ്യനും പുണ്യവാനുമായ നമ്പൂതിരി ഒരു പക്ഷേ ആത്മാർത്ഥമായിട്ടു തന്നെ ടിപ്പുവിൻെറ റവന്യൂ പരിഷ്കാരങ്ങളെ ജാത്യാചാരങ്ങളോടുള്ള കൈയ്യേറ്റമായും മതധ്വംസനമായും കരുതുകയും പറയുകയും ചെയ്തിരുന്നുവെങ്കിൽ അത് നമുക്ക് മനസ്സിലാക്കാവുന്നതേയുള്ളു. എന്നാൽ അതുതന്നെ ഇപ്പോഴും പല്ലവിയാക്കുന്നവർ യഥാർത്ഥത്തിൽ കണ്ണടച്ച് ഇരുട്ടാക്കുന്ന പാഴ്ശ്രമമാണ് നടത്തുന്നത്. സ്വന്തം താല്പര്യങ്ങൾ നിഹനിക്കപ്പെട്ടപ്പോൾ അക്കാലത്ത് ജൻമികളും അവരുടെ സിൽബന്തികളും മൈസൂർ ഭരണത്തിനെതിരായി കലാപക്കൊടി ഉയർത്തി. അന്നുണ്ടായ ലഹളകളിൽ പ്രധാനമായത് മഞ്ചേരി കുരക്കൾ എന്ന പേരിലറിയപ്പെട്ടിരുന്ന മുസ്ലിംപ്രഭുവിൻെറ നേതൃത്വത്തിലായിരുന്നു.6. 'ശക്തൻ തമ്പുരാൻ' എന്ന പുസ്തകത്തിൽ പുത്തേഴത്ത് രാമൻ മേനോൻ ഈ സംഭവത്തെ വിവരിക്കുന്നതിപ്രകാരമാണ്. "ടിപ്പുവിൻെറ മലബാർഭരണം തുടക്കത്തിൽ വളരെ കാര്യക്ഷമവും സുഖാവഹവുമായിരുന്നു എന്ന് വേണം പറയുവാൻ. അന്ന് ഹിന്ദുക്കളല്ല മാപ്പിളമാരാണ് വഴക്കിനൊരുമ്പെട്ടത്. മഞ്ചേരിയിലെ കുരുക്കൾ മാപ്പിള എതിർത്ത് പുറപ്പെടുകയും അർഷാദ്ബെഗിൻെറ സൈനികബലം പോരാതെവരികയും നയോപായങ്ങളാൽ അദ്ദേഹം സാമൂതിരി കോവിലകത്തെ രവിവർമ്മയെ കൂട്ടുപിടിക്കുകയും ഇരുവരും ചേർന്ന് കുരുക്കളെ കാടുകയറ്റുകയും ചെയ്തു"7. നികുതി ഏർപ്പെടുത്തിയത് കൊണ്ട് തന്നെ നിരവധി ശത്രുക്കൾ ടിപ്പുവിനുണ്ടായി. മുസ്ലിം പ്രമാണിമാർ പോലും ലഹളയ്ക്ക്

നേതൃത്വം കൊടുത്ത് മുന്നോട്ടു വന്നു എന്നതുതന്നെ ടിപ്പുവിൻെറ ഭൂനയം പ്രഭുത്വത്തിൻെറ ദുർമ്മേദസ്സ് ഇല്ലാതാക്കാൻ വേണ്ടത്ര പ്രബലമായിരുന്നുവെന്നും തൻെറ ഭരണപരിഷ്ക്കാരങ്ങൾ ജാതിമതാതീതമായാണ് നടപ്പിലാക്കിയിരുന്നതെന്നുമുള്ളതിൻെറ സാക്ഷിപത്രവും കൂടിയാകുന്നുണ്ട്. അങ്ങനെ ടിപ്പുവിൻെറ സാമൂഹ്യ-സാമ്പത്തിക പരിഷ്കാരങ്ങളുടെ പ്രത്യാഘാതം ദൂരവ്യാപകമായിരുന്നു. പീഢനങ്ങൾ അനുഭവിക്കേണ്ടതായി വന്ന സമൂഹത്തിലെ മേലേത്തലപ്പത്തുള്ളവർ പറഞ്ഞു പരത്തിയ കഥകളാണ് പിന്നീട് ചരിത്രവസ്തുതകളായി ഗൗരവപൂർവ്വം അവതരിപ്പിക്കപ്പെട്ടത്. അങ്ങനെ ടിപ്പുവിൻെറ ക്രൂരതയെപ്പറ്റിയും മതധ്വംസനത്തെപ്പറ്റിയുമൊക്കെയുള്ള മുത്തശ്ശിക്കഥകളുടെ ഉറവിടം അദ്ദേഹത്തിൻെറ സാമൂഹ്യ-സാമ്പത്തിക പരിഷ്ക്കരണത്താൽ പ്രയാസപ്പെട്ടവരിൽ നിന്നും മാത്രമായി എന്നതാണ് പ്രത്യേകത.

ടിപ്പുസുൽത്താൻെറ കേരളഭരണത്തേയും നയത്തേയും സംബന്ധിച്ച് ഉണ്ടായിട്ടുള്ള ഉപാദാനങ്ങളുടെ ഉറവിടം ഏതൊക്കെയെന്ന് വിവരിക്കുവാനാണ് ഇത് വരെ ശ്രമിച്ചത്. ഇനി ഇവയുടെ സ്വഭാവം, വിശ്വാസ്യത, എന്നിവയെക്കുറിച്ച് കൂടി അറിഞ്ഞിരുന്നാലേ ചിത്രം പൂർത്തിയാകൂ. മിക്കവാറും എല്ലാം തന്നെ കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ നടത്തിയ അഭ്യൂഹങ്ങൾ മാത്രമാണ്. ഒരുദാഹരണം നോക്കുക. തലശ്ശേരിയിൽ നിന്ന് ഒരു സന്ദേശം കൊണ്ട് പോകുവാനാവശ്യപ്പെട്ടപ്പോൾ ഒരു ബ്രാഹ്മണൻ പോകാൻ മടിച്ചെന്നും, അതിന് കാരണമായി അയാൾ പറഞ്ഞത് മലബാർ തീരത്തുള്ള എല്ലാ ബ്രാഹ്മണൻമാരെയും പിടിച്ച് ശ്രീരംഗപട്ടണത്തിലേക്ക് കൊണ്ടുപോകുവാൻ ടിപ്പു കൽപ്പിച്ചിരിക്കുന്നുവെന്നുമാണ്. 8. യഥാർത്ഥത്തിൽ തലശ്ശേരിയിലെ കമ്പനിയുടെ മകളാണ് ഇത്തരം വാർത്തകൾ പ്രചരിപ്പിച്ചിരുന്നത്. "1788 ജൂലായ് മാസത്തിൽ ധാരാളം ബ്രാഹ്മണൻമാരുടെ മാർക്കം കഴിച്ചു"9. എന്ന വാർത്തയറിഞ്ഞിട്ടാണ് ബ്രാഹ്മണൻ പോകാൻ മടിച്ചതെന്നാണ് തലശ്ശേരി ഇംഗ്ലീഷ് കമ്പനിക്കാർ തട്ടിവിട്ടത്. അതു ഒരു നൂറ്റാണ്ടിന് ശേഷം ലോഗൻെറ കൈവശമെത്തിയപ്പോൾ അദ്ദേഹത്തിൻെറ ഭാവനാവിലാസമനുസരിച്ച് കൂടുതൽ അത്യുക്തിയോടുകൂടി എഴുതിയെന്ന് മാത്രം. "കുറ്റിപ്പുറത്താണ് 2000 നായർ കുടുംബങ്ങളെ ഒന്നിച്ച് മതപരിവർത്തനം നടത്തിയത്,"10. എന്ന് 1814ൽ കേണൽ വിൽക്സ് രേഖപ്പെടുത്തിയത്, 1887 ആയപ്പോൾ ലോഗൻ ഇതിനെ ചിത്രീകരിച്ചത് ഈ വിധമാകുന്നു, "നിർഭാഗ്യവാൻമാരായ ഈ തടവിലാക്കപ്പെട്ടവർ സമ്മർദ്ദത്തിന് വഴങ്ങി സമ്മതം മൂളി. ആണുങ്ങളെയെല്ലാം പിറ്റേദിവസം സുന്നത്ത് നടത്തി. ഈ ചടങ്ങ് അവസാനിപ്പിച്ചത് ആണും പെണ്ണുമായ എല്ലാ ആളുകളെക്കൊണ്ടും നിർബന്ധമായി പശു ഇറച്ചി തീറ്റിച്ചുകൊണ്ടാണ്."11. ഈ വാർത്തയുടെയും ഉത്ഭവകേന്ദ്രം തലശ്ശേരിയിലെ ഇംഗ്ലീഷ് ഫാക്ടറി ഉദ്യോഗസ്ഥൻമാർ തന്നെയായിരുന്നു. അവരെഴുതി, "ധാരാളം നായൻമാരെ ഇവിടെ കൊന്ന് ഒടുക്കുകയോ, മതപരിവർത്തനം ചെയ്യിക്കുകയോ ഉണ്ടായി. കുറേ പേർ കാടുകളിൽ അഭയം തേടിയിട്ടുമുണ്ട്"12. എത്ര പേരെയാണ് അങ്ങനെ കൊന്നതെന്നോ, മാർക്കം കൂട്ടിയതെന്നോ, അവർ തിട്ടപ്പെടുത്തിയില്ലെങ്കിലും കൃത്യം ഒരു നൂറ്റാണ്ട് കഴിഞ്ഞപ്പോൾ ലോഗൻ ശരിക്കുള്ള സംഖ്യ നമ്മെ അറിയിക്കുന്നു! തലശ്ശേരി ഫാക്ടറിയിലെ ഇത്തരം കള്ളപ്രചാരണങ്ങൾ നടത്തിയിരുന്ന പ്രധാനിക്ക് ടിപ്പു സുൽത്താൻ ദേഷ്യപ്പെട്ട് മുന്നറിയിപ്പ് നല്കിയിരുന്നതിപ്രകാരമായിരുന്നു. "നിങ്ങൾ ഒരു നല്ല മനുഷ്യനല്ല. നല്ലതോ, ചീത്തയോ, ആയാലും ഞാനെന്ത് പറയാനാണ്. നിങ്ങളുടെ പദവിയിലുള്ള ലക്ഷക്കണക്കിന് ഉദ്യോഗസ്ഥൻമാർ എൻെറ സർവീസുലുണ്ട്. ഒരു പക്ഷെ കമ്പനിക്കും ഉണ്ടായിരിക്കും......... മേലാൽ ഒരു കാര്യത്തിനും നിങ്ങൾ എനിക്ക് എഴുതുവാൻ പാടില്ല. അങ്ങനെ വീണ്ടും നിങ്ങളെഴുതുന്നുവെങ്കിൽ അതിന് മറുപടി ഒരിക്കലും എന്നിൽ നിന്നും കിട്ടുകയുമില്ല. നിങ്ങളിക്കാര്യം ശ്രദ്ധിക്കുക............"13. തലശ്ശേരിയിലെ ഈ പ്രധാനി നടത്തിയ കടങ്കഥകൾ, സന്ദേശവും കൊണ്ട് പോകാൻ ഒഴിവ് കഴിവ് പറഞ്ഞ ഒരു ബ്രാഹ്മണൻെറ പ്രസ്താവനയുടെ അടിസ്ഥാനത്തിലുമായിരുന്നുവെന്ന് നാം കണ്ടതുമാണ്.

സംഘടിതമായ മറ്റൊരു കൂട്ടമത പരിവർത്തനത്തിൻെറ കഥ കൂർഗിലുണ്ടായതായാണ് പറഞ്ഞു വരുന്നത്. അവിടെ 70,000 പേരെ കൂട്ടത്തോടെ സുന്നത്ത് ചെയ്ത് മുസൽമാൻമാരാക്കിയെന്നാണാരോപണം. ഈ കള്ളക്കഥയും തലശ്ശേരി ഫാക്ടറിയിൽ നിന്നും പ്രചരിപ്പിച്ചതായിരുന്നു. 1789 ഡിസംബർ 31-ാം തിയ്യതി തലശ്ശേരി ഫാക്ടറിയിലെ പ്രധാനി, എൽ. അവോൺ, സി. ഡബ്ല്യു മാലറ്റിന് എഴുതി അയച്ച വിവരമാണിത്. "ടിപ്പുസുൽത്താൻ തലശ്ശേരിയിലെ പ്രാന്തപ്രദേശത്ത് എത്തിയിട്ടുണ്ട്. പരേതനായ ആലിരാജയുടെ രാജ്ഞി വലിയ ബീബിയുടെ മകളെ തൻെറ മകന് കല്യാണം കഴിച്ചു കൊടുക്കുന്നതിന് വേണ്ടിയാണ് ടിപ്പു വരുന്നത്. അന്നേ ദിവസം ആഘോഷച്ചടങ്ങിന് യവനിക വീഴുക കൂർഗിൽ നിന്നും മലബാറിൻെറ പല ഭാഗങ്ങളിൽ നിന്നും തടവുകാരാക്കി പിടിക്കപ്പെട്ട നിർഭാഗ്യവാൻമാരായ 40,000 കുടുംബങ്ങളെ നിർബന്ധമായി മതപരിവർത്തനം നടത്തുകയും പുരുഷൻമാരെ മുഴുക്കെ സുന്നത്ത് കഴിക്കുകയും ചെയ്തുകൊണ്ടായിരിക്കും."14. മറാത്ത ഡർബാറിലെ ഇംഗ്ലീഷ് പ്രതിപുരുഷനായിരുന്ന മാലറ്റിന് ഇതേ കാര്യം കോൺവാലീസും എഴുതി അയക്കുന്നുണ്ട്.15. മൈസൂർ സുൽത്താനെതിരായ സഖ്യത്തിൽ മറാത്തക്കാരെ കൂട്ടുപിടിക്കുവാൻ തകൃതിയായി കൂടിയാലോചനകൾ നടന്നുകൊണ്ടിരുന്ന അവസരവുമായിരുന്നു അത്. മറാത്തക്കാരുടെ പിന്തുണ നേടുവാൻ വേണ്ടി തലശ്ശേരിയിൽ നിന്നും ഉന്നതസ്ഥാനീയരുടെ നിർദ്ദേശാനുസരണം എഴുതി അയക്കുകയും നാട്ടിൽ പ്രചരിപ്പിക്കുകയും ചെയ്തതാണി കല്ലുവെച്ച നുണകളത്രയും. ഇത്തരം എഴുത്തുകളധികവും പോയിട്ടുള്ളത് മറാത്ത കോർട്ടിലെ പ്രതിപുരുഷനായ മാലറ്റിനായിരുന്നുവെന്നും ഹൈദരബാദ് നിസാമിൻെറ ഡർബാറിലെ കമ്പനി പ്രതിനിധിയായ കെന്നെവെയ്ക്കെഴുതുന്നവയിൽ ടിപ്പുവിൻെറ ദുഷ്ടമായ ആക്ര

മണമനോഭാവത്തേയും സാമ്രാജ്യമോഹത്തേയും അധികരിച്ചായിരുന്നുവെന്നും ഓർക്കേണ്ടതുണ്ട്. ടിപ്പുവിനെ ഹൈന്ദവ വിരോധിയായി ചിത്രീകരിച്ചെങ്കിൽ മാത്രമേ അദ്ദേഹത്തിനെതിരായി കമ്പനി നടത്താനുദ്ദേശിച്ചിരുന്ന യുദ്ധത്തിൽ മറാത്തക്കാരെ സഹായത്തിന് കിട്ടുകയുള്ളുവെന്നും അവർക്കറിയാമായിരുന്നു.

ഹൈന്ദവസഹോദരങ്ങളെ മാത്രമല്ല ടിപ്പു മതപരിവർത്തനം നടത്തിയതത്രെ! ക്രിസ്ത്യാനികളേയും അദ്ദേഹം വെറുതെ വിട്ടില്ല. 'ടിപ്പു സുൽത്താന്റെ ഓർമ്മക്കുറിപ്പുകൾ.' എന്ന പേരിൽ അച്ചടിച്ചിറക്കിയ ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നത്, "അയാൾ (ടിപ്പുസുൽത്താൻ) മലബാറിൽ നിന്നും ഒരു ലക്ഷം ഹിന്ദുക്കളേയും ഏഴ് ലക്ഷം ക്രിസ്ത്യാനികളേയും പിടിച്ച് കൊണ്ടുപോയി മതപരിവർത്തനം നടത്തിയതായി പറഞ്ഞുകേൾക്കുന്നു,"16. എന്നാണ്. ഇത്തരം എല്ലാ ദുരാരോപണങ്ങളുടേയും കഴമ്പില്ലായ്മ തുറന്നുകാണിക്കുവാൻ പറ്റുന്നതാണ് മേലുദ്ധരിച്ച ആരോപണം. 1792ൽ മലബാറിലെ ജോയിന്റ് കമ്മിഷണറൻമാർ മുമ്പാകെ മേജർ ഡോ, സമർപ്പിച്ച 'ക്രിസ്ത്യാനികളെക്കുറിച്ചുള്ള വിവരണ' ത്തിൽ പറയുന്നത്, "തദ്ദേശീയരായ കേരളത്തിലെ ക്രിസ്ത്യാനികളുടെ ജനസംഖ്യ ഒട്ടാകെ രണ്ടുലക്ഷത്തിൽ കൂടുതലില്ല. അതിൽ തന്നെ തിരുവിതാംകൂർ ഭാഗത്ത് തൊണ്ണൂറായിരത്തിൽപരം ക്രിസ്ത്യാനികൾ താമസിക്കുന്നുണ്ട്"17. എന്നാണ്. കൊച്ചിയിലുണ്ടായിരുന്നവരെ കൂടി ഒഴിവാക്കുകയാണെങ്കിൽ മലബാറിൽ മുപ്പതിനായിരമോ, നല്പതിനായിരമോ, മാത്രമായി അവരുടെ എണ്ണം ചുരുങ്ങുകയും ചെയ്യും. 1921ലെ കാനേഷുമാരി കണക്കനുസരിച്ച് തന്നെ 58,567 ക്രിസ്ത്യാനികൾ മാത്രമേ മലബാറിലുണ്ടായിരുന്നുള്ളൂ.18. 1800ൽ മലബാറിലുണ്ടായിരുന്ന ബുക്കാനൻ തന്റെ അന്വേഷണറിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി മലബാറിലെ ക്രൈസ്തവ മേധാവിയുമായി നടത്തിയ സംഭാഷണം രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽനിന്നും മനസ്സിലാകുന്നത് മൈസൂർ ഭരണകാലത്തും ക്രിസ്ത്യാനികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരുന്നുവെന്നാണ്.19. സത്യത്തിന്റെ അംശം പോലുമില്ലാത്ത ഇത്തരം കള്ളക്കഥകളുടെ പൊള്ളത്തരം വെളിപ്പെടുത്തുവാൻ ഇതിന്നപ്പുറം തെളിവെന്ത് വേണം. ജനസംഖ്യയിൽ ഒരു ലക്ഷം പോലുമില്ലാതിരുന്ന ക്രിസ്ത്യാനികളിൽ ഏഴ് ലക്ഷം പേരെയാണ് ടിപ്പു മതപരിവർത്തനം നടത്തിയതത്രെ! മറ്റൊരു രസകരമായ പ്രസ്താവം നടത്തിയിരിക്കുന്നത് വരാപ്പുഴ സെമിനാരിയിലുണ്ടായിരുന്ന ഫാദർ ബർത്തലോമ്യോ ആണ്. നെടുങ്കോട്ട ആക്രമണം കഴിഞ്ഞ് ആലുവയിലേക്ക് മുന്നേറിക്കൊണ്ടിരുന്ന മൈസൂർ സൈന്യത്തിന്റെ നീക്കത്തെപ്പറ്റിയാണ് പരാമർശം. അദ്ദേഹം എഴുതി, "ക്രിസ്ത്യാനികളേയും ഹിന്ദുക്കളേയും നഗ്നരാക്കി ആനക്കാലുകളിൽ കെട്ടിവലിച്ച് അവരെ തുണ്ടം തുണ്ടമാക്കി. എല്ലാ ക്ഷേത്രങ്ങളും പള്ളികളും നശിപ്പിച്ചു. ഹൈന്ദവ-ക്രിസ്ത്യൻ സ്ത്രീകളെ മുസ്ലിംകളെക്കൊണ്ട് കല്യാണം കഴിപ്പിക്കുകയും ചെയ്തു."20. അദ്ദേഹത്തിന് ഈ വാർത്ത ലഭിച്ചത് നെടുങ്കോട്ട പിടിച്ചടക്കിയപ്പോൾ അവിടെ നിന്നും ഓടിപ്പോന്നവർ നൽകിയതാണെന്ന് അദ്ദേഹം പറയുന്നുണ്ട്. അങ്ങനെ അത് കേട്ടുകേൾവിയാണെന്ന് അദ്ദേഹം തന്നെ സമ്മതിക്കുന്നു. എന്നാൽ വരാപ്പുഴയിലുണ്ടായിരുന്ന അദ്ദേഹത്തിന്റെ സ്വന്തം അനുഭവം ആശ്വാസത്തിന്റെ നെടുവീർപ്പ് ഇട്ടു കൊണ്ട് അയവിറക്കുന്നതിപ്രകാരമാണ്, "ദൈവത്തിന്റെയും ഔസേപ്പ് പുണ്യവാളന്റെയും അനുഗ്രഹത്താൽ ഞങ്ങളുടെ മഠങ്ങളോ, പള്ളികളോ അഗ്നിക്കിരയാക്കിയില്ല. അവ സുൽത്താന്റെ അമർഷത്തിന് പാത്രമാകുകയോ, അവയുടെ പരിശുദ്ധി നശിപ്പിക്കുന്ന ഏതെങ്കിലും പ്രവൃത്തി ചെയ്യുകയോ, ഉണ്ടായില്ല.21. സ്വന്തം അനുഭവം ഇതായിരുന്നു. ഏത് പുണ്യവാളന്റെ അനുഗ്രഹം കൊണ്ടായാലും അതിലെ കടന്നു വന്ന മൈസൂർ സൈന്യം ബർത്തലോവിന്റെ കണ്ണിൽപ്പെട്ട ഒരു പള്ളിയും നശിപ്പിച്ചില്ലെന്ന് സിദ്ധം. മതപരിവർത്തനത്തിന്റെയും അമ്പലധ്വംസനത്തിന്റെയും ആരോപണങ്ങളും സ്വഭാവമത്രയും യഥാർത്ഥത്തിൽ ഇതുതന്നെയാണ്.

അമുസ്ലിം ആയിപോയി എന്നത് കൊണ്ട് മാത്രം ആരെയെങ്കിലും ശിക്ഷാവിധേയനാക്കിയതിന്റെ ഒറ്റ ഉദാഹരണം പോലും കൃത്യമായി എടുത്ത് പറയുവാൻ ഇത് വരെ ആർക്കും സാധിച്ചിട്ടില്ലെന്നതാണ് സത്യം. അതുമല്ലെങ്കിൽ ഏതെങ്കിലും അമ്പലമോ, പള്ളിയോ, മൈസൂർ ഭരണാധിപൻമാർ നശിപ്പിച്ചതാണെന്ന് ചൂണ്ടിക്കാണിക്കുവാനോ, ആർക്കും സാധിച്ചിട്ടില്ല. നാട്ടിലുള്ള ക്ഷേത്രങ്ങളും ആരധനാലയങ്ങളും മുഴുക്കെ നശിപ്പിച്ചുവെന്നും, കൂട്ടത്തോടെ അമുസ്ലിംകളെ മതപരിവർത്തനം നടത്തിയെന്നും പറയുന്നവർ കൂടി, അവരുടെ അനുഭവത്തിൽപ്പെട്ട കാര്യങ്ങൾ പരാമർശിക്കുമ്പോൾ സത്യം പുറത്താകുന്നുണ്ട്. പറഞ്ഞുകേട്ട കള്ളക്കഥകളിൽ ആകൃഷ്ടനായി രാജ്യത്തിന്റെ നാനാഭാഗങ്ങളിലുള്ള അമ്പലങ്ങളൊക്കെ നശിപ്പിച്ചുവെന്ന് പ്രസ്താവിച്ചശേഷം ക്ഷേത്ര ഗ്രന്ഥവരികളുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ വടക്കുംനാഥക്ഷേത്രത്തെപ്പറ്റി ശക്തൻ തമ്പുരാന്റെ ഗ്രന്ഥകാരൻ എഴുതുന്നത് കൂടി ശ്രദ്ധിക്കുക. "മൈസൂർ സൈന്യം തൃശ്ശൂർ എത്തിയതോടുകൂടി അവിടത്തെ മഠത്തിലുണ്ടായിരുന്ന സ്വാമിയും കൂട്ടരും ക്ഷേത്രം പൂട്ടി ചേന്ദമംഗലത്തേക്ക് രക്ഷപ്പെട്ടു. എന്നാൽ ക്ഷേത്രമൈതാനിയിൽ താവളമടിച്ചിരുന്ന മൈസൂർ സൈന്യം തിരിച്ചുപോയപ്പോൾ ക്ഷേത്രഭാരവാഹികൾ തൃശ്ശൂർക്ക് മടങ്ങി. അവർ കണ്ടത് അവിടെ അമ്പലത്തിന് ഒന്നും സംഭവിച്ചിട്ടില്ലെന്നതാണ്. ക്ഷേത്രഗ്രന്ഥവരിയിൽ പറയുന്നത് ക്ഷേത്രം നശിപ്പിക്കുകയോ അശുദ്ധമാക്കുകയോ, ചെയ്തിരിക്കുമെന്ന് ആശങ്കിച്ചിരുന്നെങ്കിലും യാതൊരു കുഴപ്പവും ചെയ്തിരുന്നില്ലെന്ന് മാത്രമല്ല അമ്പലവാതായനങ്ങളിലേതിന്റെയെങ്കിലും പൂട്ട് തുറക്കുകകൂടി ചെയ്തിരുന്നില്ല" എന്നാണ്.22. നാട്ടിൽ പ്രചരിച്ചിരുന്ന കഥകൾക്ക് കടകവിരുദ്ധമായിരുന്നു ആരുടെയും അനുഭവം. ഒറ്റയാളോടും ക്രൂരമായി പെരുമാറിയിരുന്നതായി തെളിവുകൾ ആരുടെ പക്കലുമില്ല. എന്നിട്ടും മതഭ്രാന്തിന്റെയും നികൃഷ്ടമായ

ക്രൂരകൃത്യത്തിൻെറയും കള്ളപ്രചാരണം അക്കാലത്തു കുടി തകൃതിയായി നടന്നിരുന്നു. മറാത്തക്കാരെ പാട്ടിലാക്കുന്ന തിനായി അവരുടെ പ്രതിപുരുഷന് മതപരിവർത്തനത്തിൻെറ ഭീഭത്സവാർത്തകൾ നിരന്തരം എഴുതി അറിയിക്കുകയും അയാൾ അവ പൂനയിലെ ഭരണാധികാരികളെ അപ്പോഴ പ്പോഴുണർത്തുകയും ചെയ്തിരുന്നതിൻെറ ഉദാഹരണങ്ങൾ നാം നേരത്തെ കണ്ടതാണല്ലോ. അതേ ഉപജാപം തന്നെ യാണ്, കേരളത്തിലെ സ്വതവേ അങ്കലാപ്പിലായിരുന്ന നായൻ മാരേയും രാജാക്കൻമാരേയും കമ്പനിയുടെ രക്ഷയിൽ കീഴിൽ കൊണ്ടുവരുവാൻ അവർ അനുവർത്തിച്ച ഹീനമായ കുതന്ത്രവും. മൈസൂർ ഭരണത്തെപ്പറ്റി ഭയവും ടിപ്പുസുൽ ത്താനെപ്പറ്റി വെറുപ്പുമുണ്ടാക്കുകയെന്നതായിരുന്ന അവരുടെ ലക്ഷ്യം. വിചാരിച്ചതിനേക്കാൾ വിജയം അവർക്ക് ഇക്കാര്യ ത്തിലുണ്ടായി എന്നതിൻെറ തെളിവാണ് ഇന്നും ഈ ദുരാ രോപണങ്ങളുടെ മാറാലകൾ തൂടച്ചുമാറ്റി യാഥാർ ത്ഥ്യത്തിൻെറ പ്രകാശം പരത്തുവാൻ മുതിരുന്നവർക്ക് കിട്ടുന്ന ആഭിചാരവാക്കുകൾ.

മതപരിവർത്തനം നടത്തണമെന്ന് എപ്പോഴെങ്കിലും ആഗ്രഹിച്ചിരുന്നുവെങ്കിൽ തൻെറ പ്രജകളിൽ നല്ല ഒരു വിഭാഗത്തേയും സൈന്യത്തെ ഒരു പക്ഷെ ആക്രമാനവും തടവുകാരെ മുഴുക്കെയും മുസ്ലിംകളാക്കുക ടിപ്പുസുൽത്താന് അത്ര പ്രയാസമുള്ള കാര്യമായിരുന്നിരിക്കയില്ല. മൂന്നാം ആംഗ്ലോ - മൈസൂർ യുദ്ധത്തിന് ശേഷം കോൺവാലിസിൻെറ പാളയത്തിൽ ടിപ്പുവിൻെറ പ്രതിപുരുഷൻമാരായി പോയി രുന്ന അലി റിസക്കും ഗുലാംഅലിഖാനും ടിപ്പു എഴുതുന്ന കത്ത് ഇവിടെ ഉദ്ധരിക്കാവുന്നതാണ്. "തിരുവിതാംകൂർ രാജാ വിൻെറ ധാരാളം പട്ടാളക്കാരെ തടവുകാരായി പിടിച്ചിരുന്നു. സന്ധി ഒപ്പുവെക്കന്നതിന് മുമ്പായി തന്നെ അവർ ക്കെല്ലാവർക്കും ഓരോ രൂപയും ഉടുതുണിയും നല്കി നാം വിട്ടയക്കുകയാണ് ചെയ്തത്."23. 1791 മേയ് 21-ാം തിയതി കൂർഗിലെ ജനങ്ങളെ ഉത്ബോധിപ്പിച്ചുകൊണ്ട് ടിപ്പു പുറപ്പെ ടുവിച്ച വിളംബരവും പ്രസക്തമാണ്. "നിങ്ങൾ വളരെ ക്കാലമായി നാട്ടിൽ പ്രയാസങ്ങളനുഭവിക്കുന്നവരാണെന്ന് നാം മനസ്സിലാക്കുന്നു. അതുകൊണ്ട് തന്നെ, കഴിഞ്ഞതെല്ലാം നാം മനഃപൂർവ്വം മറക്കുകയും നിങ്ങൾക്ക് മാപ്പ് തരികയും ചെയ്യുന്നു. രാജ്യത്തിലെ പ്രജകളെന്ന നിലയ്ക്കുള്ള എല്ലാ ചുമതലകളും നിങ്ങൾ നിർവിഘ്നം നിർവ്വഹിക്കുകയും, പ്രാ ചീന ആചാരങ്ങളനുസരിച്ചും നിങ്ങളുടെ മതത്തിന് അനു യോജ്യമായും എല്ലാ അനുഷ്ഠാനങ്ങളും ധർമ്മങ്ങളും ആചരി ക്കുകയും ചെയ്യുക. നിങ്ങൾ ഇതിന് മുമ്പ് നിങ്ങളുടെ രാജാ ക്കൻമാർക്ക് നികുതയിനത്തിൽ എന്താണോ കൊടു ത്തിരുന്നത് അത് നമ്മുടെ സർക്കാരിലേക്കും കൃത്യമാ യടയ്ക്കുമെന്നാണ് നമ്മുടെ പ്രതീക്ഷ"24. മതകാര്യത്തിൽ രാജ്യത്തുടനീളം ടിപ്പു സുൽത്താൻ തുടർന്ന് പോന്ന പൊതു നയമായിരുന്നു ഇത്.

ടിപ്പുവിൻെറ ഈ മതനയത്തിനെതിരായി നിലനി ല്ക്കുന്ന ദുരാരോപണങ്ങളുടെ ഉറവിടം ഏതൊക്കെയെന്ന് നാം കണ്ടു. അവയുടെ ഉത്ഭവകേന്ദ്രം, സ്വഭാവം, വിശ്വാസ്യത, എന്നിവയെക്കുറിച്ചും വിശകലനം ചെയ്തതാണ്. അതോ ടൊപ്പം ഓർത്തിരിക്കേണ്ട മറ്റൊരു പ്രധാന സംഗതി ഹൈദരലി യുടേയും ടിപ്പുസുൽത്താൻെറയും നാമധേയത്തിൽ അവരുടെ കാലത്തിന് ശേഷം തല്പരകക്ഷികൾ അടിച്ചിറക്കിയ വിളംബര ങ്ങളാണ്. ടിപ്പുവിൻെറ ഒരു 'ആത്മകഥ' ഉൾപ്പെടെ ഗ്രന്ഥകാരൻ മാരാരെന്ന് വെളിപ്പെടുത്തപ്പെട്ടിട്ടില്ലാത്ത നിരവധി ഗ്രന്ഥങ്ങളും ഇക്കാലത്തെ സംഭാവനകളായുണ്ടെന്ന് മുൻവിവരണങ്ങളിൽ പറഞ്ഞുവെച്ചതാണല്ലോ. ഇവയുടെ സത്യാവസ്ഥ മനസ്സിലാ ക്കുവാൻ ആരും ഇത് വരെയും തുനിയാതിരുന്നതുകൊണ്ട് ഇത്തരം കള്ളനാണ്യങ്ങൾക്ക് എളുപ്പം പ്രചാരം ലഭിക്കുകയും ഹൈദരലിയും ടിപ്പുസുൽത്താനും ക്രൂരതയുടേയും മതധ്വംസനത്തിൻെറയും പ്രതീകങ്ങളായി തീരുകയും ചെയ്തു. കേരളത്തിൽ ഏറ്റവും കൂടുതൽ അംഗീകാരം ലഭിച്ചിട്ടുള്ള ഒരു വിളംബരത്തെക്കുറിച്ചും അതിൻെറ കൃത്രിമത്വത്തെപ്പറ്റിയും അറിഞ്ഞിരുന്നാലേ ഈ മതഭ്രാന്തെന്ന ആരോപണം എത്ര മാത്രം മനഃപൂർവ്വമായി കെട്ടിച്ചമച്ച് ബോധപൂർവ്വം പ്രചരിപ്പിച്ച താണെന്ന് മനസ്സിലാക്കുവാൻ പറ്റു. കേരളത്തിലെ ചരിത്രമെഴുത്ത്കാരെല്ലാവരും തന്നെ നീക്കുപോക്കില്ലാത്ത ഒരു ചരിത്രവസ്തുതയായംഗീകരിച്ചു പോരുന്ന ടിപ്പുസുൽ ത്താൻെറ പേരിലുള്ള ഒരു വിളംബരത്തെക്കുറിച്ചാണ് പരാ മർശിക്കുവാൻ മുതിരുന്നത്.

തുടക്കത്തിൽ തന്നെ പറഞ്ഞുകൊള്ളട്ടെ ഈ വിളംബ രത്തിൻെറ രചയിതാവ് 'മൈസൂർ ചരിത്' രചന നടത്തിയ കേണൽ വിൽക്സാകുന്നു. 1810നും 1815നുമിടക്കാണ് വിൽക്സ് തൻെറ വിശ്രുതമായ ഗ്രന്ഥം എഴുതി പ്രസിദ്ധീകരിക്കുന്നത്. നമ്മുടെ മറ്റെല്ലാ ചരിത്രകാരൻമാരും വിൽക്സിൻെറ പുസ്തക ത്തെ ആധാരമാക്കിയാണ് കേരളത്തിലെ മൈസൂർ ഭരണത്തെ ക്കുറിച്ചെഴുതിയിട്ടുള്ളതും. എന്നാൽ അദ്ദേഹത്തിൻെറ ഗ്രന്ഥ ത്തേയും നിഗമനങ്ങളേയും വളരെ സൂക്ഷിച്ചുവേണം അം ഗീകരിക്കുവാനെന്നും, പക്ഷപാതപരമായ അദ്ദേഹത്തിൻെറ പ്രതിപാദനം ചരിത്രവസ്തുതകളെ കുറച്ചൊന്നുമല്ല വികല വി കൃതമാക്കിയിട്ടുള്ളതെന്നും മറ്റൊരു ആംഗ്ലേയചരിത്രകാരനായ ജയിംസ് മില്ലു പോലും 1825 ൽ ബ്രിട്ടീഷ് ഇന്ത്യയുടെ ചരിത്രം, അഞ്ച് വലിയ വാല്യങ്ങളിലായി പ്രസിദ്ധീകരിച്ചപ്പോൾ തന്നെ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.25. പക്ഷേ ഇതൊന്നും ആരും അത്ര കാര്യമായെടുത്തിട്ടില്ല. മൈസൂർ ഭരണത്തെ കരിതേക്കാൻ കിട്ടുന്നതെന്തും അതേപടി വെട്ടിവിഴുങ്ങുവാൻ അത്യാർത്തി കാണിക്കുന്നവർക്ക് സത്യസ്ഥിതി അന്വേഷിച്ച് അലയേണ്ട പ്രയാസം നേരിടുന്നുമില്ല. പ്രതിപാദനവിഷയമായ വിളംബരം വിൽക്സാണ് തൻെറ ഗ്രന്ഥത്തിലൂടെ ആദ്യമായി പ്രകാശനം ചെയ്യുന്നത്. അത് ഇപ്രകാരമാകുന്നു.

"ഈ സ്ഥലം നാം കീഴടക്കിയ നാൾ തൊട്ട് ഇതുവരെ ഈ കഴിഞ്ഞ 25 വർഷവും നിങ്ങൾ കുഴപ്പക്കാരും തെമ്മാടിക ളുമായാണ് നമുക്കനുഭവപ്പെട്ടിട്ടുള്ളത്. നിങ്ങളുടെ വർഷകാല

ങ്ങളിൽ നമ്മുടെ അനവധി ഭടൻമാരെ നിങ്ങൾ രക്തസാക്ഷികളാക്കിയിട്ടുണ്ട്. അതൊക്കെയെന്തുമാകട്ടെ. കഴിഞ്ഞതൊക്കെ കഴിഞ്ഞു. മേലാൽ ഇതിന് വിപരീതമായി നിങ്ങൾ പെരുമാറുകയും സമാധാനപരമായി കഴിഞ്ഞ് നമുക്ക് നൽകേണ്ടതായ നികുതിയും നൽകി നല്ല പ്രജകളായി ജീവിക്കുകയും ചെയ്യുക.

നിങ്ങളുടെ ഇടയിൽ ഏത് സ്ത്രീക്കും പത്ത് പുരുഷൻമാരോടൊപ്പം കഴിയാമെന്ന ആചാരം നിലവിലുള്ളത് കൊണ്ടും, നിങ്ങളുടെ അമ്മപെങ്ങൻമാരെ അങ്ങനെ അനിയന്ത്രിതമായ അഴിഞ്ഞാട്ടം നടത്തുവാനനുവദിക്കുന്നതു കൊണ്ടും നിങ്ങളത്രയും വ്യഭിചാരസന്തതികളാകുന്നു. എന്ന് മാത്രമല്ല മൃഗങ്ങളേക്കാൾ കഷ്ടതരമാണ് നിങ്ങളുടെ ലൈംഗിക വേഴ്ചകളും.

ഇത്തരം പാപകരമായ പ്രവൃത്തികളിൽ നിന്ന് വിരമിക്കുവാനും മറ്റുള്ള മനുഷ്യരെപ്പോലെ ജീവിക്കുവാനും നാം നിങ്ങളോടാജ്ഞാപിക്കുന്നു. ഇതിന് വിരുദ്ധമായി പ്രവൃത്തിക്കുന്നവരെ ഇസ്ലാംമതത്തിലേക്ക് ചേർക്കുമെന്ന്, നാം ആവർത്തിച്ച് ആണയിട്ട് പ്രസ്താവിക്കുന്നു. നിങ്ങളിൽ പ്രധാനികളെ തലസ്ഥാനത്തേക്ക് മാറ്റി പാർപ്പിക്കുകയും ചെയ്യും"26.

ഈ വിളംബരം ടിപ്പുവിൻെറ ഓർമ്മക്കുറിപ്പുകളിൽ നിന്നും ഉദ്ധരിക്കുന്നതാണെന്നും വിൽക്ക് അവകാശപ്പെടുന്നുണ്ട്. ഇംഗ്ലീഷ്കാരുടെ കുബുദ്ധിയിൽ ജനിച്ച ദുർസന്തതികളാണ് 'ടിപ്പുവിൻെറ ആത്മകഥയും' 'ടിപ്പുവിൻെറ ഓർമ്മക്കുറിപ്പു' കളും എന്ന ഗ്രന്ഥങ്ങൾ എന്ന് ഒന്നുകൂടി ഇവിടെ ആവർത്തിച്ച് പറഞ്ഞുകൊള്ളട്ടെ. ഇതിന് പുറമേ വിൽക്കിൻെറ അവകാശവാദവും ശരിയല്ല. കേണൽ മൈൽസ് തർജ്ജുമ ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുള്ള 'ടിപ്പുസുൽത്താൻെറ ഓർമ്മക്കുറിപ്പുക'ളിൽ മതധ്വംസനത്തിന് ഉദാഹരണമായി എടുത്ത് കാണിക്കാവുന്ന അനവധി കൃത്രിമ സൃഷ്ടികളുണ്ടെങ്കിലും വിൽക്ക് ഉദ്ധരിക്കുന്നതും ഉണ്ടെന്നവകാശപ്പെടുന്നതുമായ ഈ വിളംബരം ഇല്ലെന്നുള്ളതർത്ഥവത്താണ്. എന്നാൽ ഓർമ്മക്കുറിപ്പുകളിലെ അജ്ഞാതഗ്രന്ഥകാരൻ ഇതൊഴിച്ച് വേറെ ചില വിളംബരങ്ങൾ അടിച്ചിറക്കിയിട്ടുണ്ട്താനും. 'ഓർമ്മക്കുറിപ്പുക'ളിൽ കാണുന്ന പ്രധാന വിളംബരങ്ങൾ കൂടി കണ്ടതിന്ശേഷം മതി നാം ഉദ്ധരിച്ച വിളംബരത്തിൻെറ സത്യാസത്യ വിചാരണയിലേക്ക് കടക്കുവാൻ. നോക്കുക. "ഇക്കാലത്താണ് തൻെറ രാജ്യത്തെ സകലഹൈന്ദവ ക്ഷേത്രങ്ങളും നശിപ്പിക്കുവാൻ അദ്ദേഹം ആജ്ഞാപിച്ചതും"28. ഈ വിളംബരം പുനഃപ്രകാശനം ചെയ്തതുകൊണ്ട് ഉദ്ദേശിക്കുന്ന പ്രയോജനമുണ്ടാക്കുകയില്ലെന്ന് വിൽക്ക് മനസ്സിലാക്കിയിരുന്നു. ടിപ്പുവിൻെറ രാജ്യത്തുണ്ടായിരുന്ന അമ്പലങ്ങൾ മുഴുക്കെ തൻെറ കൺമുമ്പിൽ തന്നെ പ്രൗഢ ഗാംഭീര്യത്തോടുകൂടി തലയുയർത്തി നിൽക്കുമ്പോഴും അവയിൽ നിന്നുള്ള ശംഖ്ധ്വനി ദിക്ക്മുഖങ്ങളെ സദാ മുഖരിതമാക്കിക്കൊണ്ടിരിക്കുമ്പോഴും മേലുദ്ധരിച്ച വിളംബരം എന്നതന്നെ പ്രചരിപ്പിച്ചാലും വിലപ്പോവുകയില്ലെന്നറിയാമായിരുന്നത് കൊണ്ട് തന്നെ വിൽക്ക് വിദഗ്ദ്ധമായി മറ്റൊരു വിളംബരം നെയ്തെടുത്ത് ഇവിടെ അവതരിപ്പിക്കുകയാണ് ചെയ്തത്. ഇതേ ചരിത്രകാരൻെറ ഭാവനയിൽ കുരുത്ത മറ്റൊരു വിളംബരവും കൂടിയുണ്ട്. ടിപ്പു തൻെറ സൈനിക മേധാവികൾക്ക് കൊടുക്കുന്ന കല്പനയുടെ രൂപത്തിലുള്ളതാണത്. ഇതിൻെറ ഒരു പ്രതി പാലക്കാട് കോട്ട കീഴടക്കിയ അവസരത്തിൽ (1790) ഇംഗ്ലീഷ്കാരുടെ കൈവശം വന്നുചേർന്നുവെന്നും വിൽക്ക് പറയുന്നുണ്ട്. അതിൽ ടിപ്പു നൽകുന്ന നിർദ്ദേശം ഇപ്രകാരമാണ്. "ഈ സംസ്ഥാനത്തുള്ള എല്ലാ മനുഷ്യരേയും യാതൊരു വകഭേദവും കൂടാതെ തന്നെ ഇസ്ലാമിലേക്ക് മതപരിവർത്തനം നടത്തണമെന്ന് നാം ആജ്ഞാപിക്കുന്നു-പരിവർത്തനം ഭയന്ന് ഓടിപ്പോകുന്നവരുടെ വീട് അഗ്നിക്കിരയാക്കുകയും അവരെ തിരഞ്ഞ് പിടിച്ച് വകവരുത്തുകയും വേണം. നേരോ, നുണയോ, ചതിയോ, ബലപ്രയോഗമോ, എന്ത് നടത്തിയിട്ടാണെങ്കിലും തരക്കേടില്ല. സാർവ്വത്രികമായി തന്നെ ഈ കല്പന നടപ്പിലാക്കണമെന്ന് നാം വീണ്ടും വീണ്ടും ആജ്ഞാപിച്ചുകൊള്ളുന്നു."29. ഈ കല്പനയെക്കുറിച്ച് നമ്മുടെ ചരിത്രകാരൻമാർ പരാമർശിച്ചു പോരുന്നുവെന്നല്ലാതെ ഇതിനും ആദ്യമുദ്ധരിച്ച വിളംബരത്തിന് കിട്ടിയ പ്രചാരമോ പ്രസിദ്ധിയോ, കിട്ടിയതായി കാണുന്നില്ല. കാരണം വ്യക്തം. ഒന്നാമത്, ഇത്തരം ഒരു വിളംബരത്തിൻെറ കോപ്പി ഇംഗ്ലീഷ്കാരുടെ കൈവശം വന്നുചേർന്നിരുന്നുവെങ്കിൽ അത് അനർഘമായ രേഖാസമ്പത്തായി സൂക്ഷിക്കപ്പെടുമായിരുന്നു. എല്ലാ പ്രസിദ്ധീകരണങ്ങളിലും അമിത പ്രാധാന്യം ഇതിന് ലഭിക്കുകയും ചെയ്യുമായിരുന്നു. 1790ൽ പാലക്കാട് കോട്ടയിൽ നിന്നും കിട്ടിയെന്ന് പറയുന്ന ഈ പ്രമാണം വിൽക്ക് പിന്നേയും കാൽ നൂറ്റാണ്ട് കഴിഞ്ഞ് തൻെറ ഗ്രന്ഥം പടച്ചൊപ്പിക്കുന്നത് വരെ ആരും അറിഞ്ഞില്ലെന്ന് വരിക അവിശ്വസനീയവുമാണല്ലോ. തൻെറ സൈനികമേധാവികൾക്കാണ് ഈ കല്പന നൽകിയതെന്ന പ്രസ്താവവും സംഗതിയുടെ വാസ്തവികതയെ താറുമാറാക്കുന്നുമുണ്ട്. ടിപ്പുവിൻെറ സൈനിക മേധാവികളിലധികവും ഫ്രഞ്ചുകാരും ഹിന്ദുക്കളുമായിരുന്നുവെന്നാണതാണല്ലോ വാസ്തവം. സാർവ്വത്രികമായി മതപരിവർത്തനം നടത്തുവാൻ വിമതസ്ഥരെ ഏല്പിക്കുന്നത് ഉചിതവുമല്ല. അങ്ങനെ ടിപ്പു ആഗ്രഹിച്ചിരുന്നുവെങ്കിൽ തൻെറ സൈന്യത്തേയും പൈതൃകമായി ലഭിച്ച രാജ്യത്തിലെ ജനങ്ങളേയും ആയിരിക്കുമല്ലോ ആദ്യം മതപരിവർത്തനത്തിന്നിരയാക്കുക. ഇത് ചെയ്തിട്ടില്ലാത്ത നിലക്കും. ഈ വിളംബരത്തിൻെറ പ്രഥമ ദൃഷ്ട്യാ തന്നെയുള്ള അവിശ്വസനീയതമൂലവും ഇതും അത്ര കാര്യമായി അധികമാളുകളും പരിഗണിച്ചിട്ടില്ല.

അതേ സമയം ആദ്യം പറഞ്ഞുവെച്ച വിളംബരം വളരെ വിദഗ്ദ്ധമായി മിനഞ്ഞെടുത്തതാക കൊണ്ടും ഒറ്റനോട്ടത്തിൽ സദാചാര-സൻമാർഗ്ഗനിഷ്ഠയുടെ പ്രതീകമായ ടിപ്പുസുൽത്താൻ തന്നെ വിളംബരപ്പെടുത്തിയതായിരിക്കുമെന്ന് പെട്ടെന്ന് ധരിക്കുവാനിടയുള്ളതു കൊണ്ടും അതിന് തന്നെയാണ് നമ്മുടെ

ചരിത്രപ്രതിപാദനത്തിൽ ഏറെ പ്രധാന്യം നൽകിയിട്ടുള്ളത്. കേരളത്തിൽ നിലനിന്നിരുന്ന ബഹുഭർത്തൃത്വവും അർദ്ധ നഗ്നതയും, കുളിക്കുമ്പോൾ പോലും ദേഹമാസകലം മുണ്ടിട്ടു മൂടിയിരുന്ന നാണപ്രകൃതക്കാരനായ ടിപ്പുവിന് അരോചകമായിരിക്കണമെന്നും തൻമൂലം അദ്ദേഹം ഈ പ്രാകൃതനടപടിയെ ആക്ഷേപിച്ചുകൊണ്ടും അവയിൽ നിന്നും പിന്തിരിപ്പിക്കുവാൻ ഇസ്ലാമിലേക്ക് ക്ഷണിച്ചുകൊണ്ടും വിളംബരം പ്രസിദ്ധം ചെയ്തുകൂടായ്കയില്ലെന്നും സാധാരണ ധരിച്ചു പോകുന്നുവെങ്കിൽ അതത്ര വലിയ അബദ്ധമായി കാണാൻ സാദ്ധ്യമല്ല. അതുകൊണ്ടാണ് പല കേരളചരിത്രകാരൻമാരും ഈ വിളംബരം മുഖേന മതഭ്രാന്തിനേക്കാൾ സാമൂഹ്യ പരിഷ്ക്കരണമാണ് ടിപ്പു ലക്ഷ്യമാക്കിയിരുന്നതെന്നും എന്നാൽ അദ്ദേഹത്തിൻെറ കല്പന ഓഫീസർമാർ നടപ്പിലാക്കിയപ്പോൾ ഫലത്തിൽ നിർബന്ധ മതപരിവർത്തനമാകുകയാണുണ്ടായതെന്നും വ്യവഹരിച്ചിട്ടുള്ളത്. ടിപ്പുവിൻെറ വലിയ വിമർശകരിലൊരാളായ കെ.എം. പണിക്കർ പോലും ഈ അഭിപ്രായക്കാരനാണ്. അദ്ദേഹം പറയുന്നത് കേൾക്കുക, "ഈ വിചിത്രമായ പ്രഖ്യാപനം മതഭ്രാന്ത് കൊണ്ടല്ല ടിപ്പു നടത്തിയത്. മ്ലേച്ഛമെന്ന് അദ്ദേഹം വിശ്വസിച്ചുപോന്ന ആചാരങ്ങൾ ഉപേക്ഷിക്കുവാൻ നായൻമാരോട് ആവശ്യപ്പെട്ടത് താൻ അവരെ പരിഷ്ക്കരിച്ചു നന്നാക്കുവാൻ പോകുന്നുവെന്ന ഉറച്ച വിശ്വാസത്തോടുകൂടിയായിരുന്നു. ഈ പ്രഖ്യാപനത്തിൽ തെളിഞ്ഞു കാണുന്നത് കാഫർമാരെ മതം മാറ്റി സ്വർഗ്ഗം നേടുന്നതിന്നുള്ള ഒരു മതഭ്രാന്തൻെറ വ്യഗ്രതയല്ല, നേരെ മറിച്ച് ജനങ്ങളുടെ ഭൗതികവും ആത്മീയവുമായ അഭിവൃദ്ധിയെക്കുറിച്ച് ഉൽകണ്ഠയുള്ള സങ്കുചിതബുദ്ധിയായ ഒരു പരിഷ്ക്കർത്താവിൻെറ പ്രവർത്തനമാണ്."30. എന്നാൽ അദ്ദേഹം തന്നെ തുടർന്നെഴുതുന്നതാകട്ടെ, "ഇതിനെതുടർന്ന് അവരെ ഇസ്ലാമിൻെറ പദവി നല്കി ബഹുമാനിക്കുകയാണ്,"31. ടിപ്പു ചെയ്തതെന്നാണ്. ഇതേ രീതിയാണ് ഇത് സംബന്ധമായെഴുതിയവരത്രയും അവലംബിച്ചിട്ടുള്ളതും.32.

യഥാർത്ഥത്തിൽ പ്രതിപാദ്യവിഷയമായ ഈ വിളംബരവും ടിപ്പുസുൽത്താൻെറ മരണത്തിന് ശേഷം അദ്ദേഹത്തിൻെറ ആജൻമ ശത്രുക്കൾ തൊടുത്തുവിട്ട നെറികെട്ട രാഷ്ട്രീയ ഉപജാപങ്ങളിലൊന്ന് മാത്രമാണ്. ശ്രീരംഗപട്ടണത്തിൻെറ പതനത്തിന് ശേഷം ഇംഗ്ലീഷ് ആശ്രിതനായികഴിഞ്ഞ ചരിത്രകാരനായിരുന്നു കിർമാണി. അദ്ദേഹം എഴുതിയിട്ടുള്ള 'ഹൈദരലിയുടേയും ടിപ്പുസുൽത്താൻെറയും ജീവചരിത്രങ്ങൾ' ഏറെക്കുറെ അംഗീകൃത പ്രാബല്യം ലഭിച്ചവയുമാണ്. എന്നിട്ടുകൂടി ഇത്രയും പ്രധാനമായ ഒരു വിളംബരം അദ്ദേഹം സ്പർശിക്കുന്നില്ലെന്നത് അർത്ഥവത്താണ്. അതുപോലെ തന്നെ ടിപ്പുവിൻെറ ഏത് പ്രവൃത്തിയും ഇസ്ലാമികമായ ഉദ്ധാരണത്തിനാണെന്ന് സ്ഥാനത്തും അസ്ഥാനത്തും വ്യവഹരിച്ചുപോരാറുള്ള യാഥാസ്ഥിതിക മുസ്ലിംചരിത്രകാരൻമാർ പോലും ഈ വിളംബരത്തിൻെറ കാര്യം മിണ്ടുന്നില്ല. ശ്രീരംഗപട്ടണം കീഴടക്കിയശേഷം നടത്തിയ പരിശോധനയിൽ ലഭിച്ച അമൂല്യങ്ങളായ നിരവധി ഗ്രന്ഥങ്ങളും, ടിപ്പുവിൻെറ എഴുത്തുകുത്തുകളും കിർക്ക് പാട്രിക്കും, ബീറ്റ്സനും വേറെ വേറെയായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'ടിപ്പുവുമായുള്ള യുദ്ധത്തിൻെറ തുടക്കവും നടത്തിപ്പും' (Origin And Conduct of war with Tipu Sultan) എന്ന ഗ്രന്ഥം കേണൽ ബീറ്റ്സനും, ടിപ്പുസുൽത്താൻെറ തിരഞ്ഞെടുത്ത കത്തുകൾ (Select Letters of Tipoo Sultan) എന്ന ഗ്രന്ഥം കേണൽ കിർക്ക് പാട്രിക്കും 1800ലും 1805ലുമായി പ്രസിദ്ധീകരിച്ചിരുന്നു. രണ്ടുപേരും ടിപ്പുസുൽത്താനെ ആവുന്നത്ര ആഭിചാരവാക്കുകൾ കൊണ്ട് അഭിഷേകം ചെയ്തിട്ടുള്ളവരുമാണ്. പാലക്കാട് കോട്ടയിൽ നിന്ന് കിട്ടിയെന്ന് പറയുന്നതോ, വളരെ പ്രചാരത്തിലിരിക്കുന്ന പ്രതിപാദ്യവിഷയമായ വിളംബരമോ, ഇരുവരുടേയും പ്രസിദ്ധീകരണങ്ങളിലില്ല. അതുപോലെതന്നെ മലബാർ കാര്യങ്ങളിൽ അതീവ തൽപരനായിരുന്ന സമകാലികനാണ് ഡച്ചുഗവർണറായിരുന്ന വാൻ എയിഞ്ചൽബെക്ക്. അദ്ദേഹവും കൊച്ചിയിലെ ഭരണാധിപൻമാരുമായി കൈമാറിയിട്ടുള്ള എഴുത്തുകൾ എറണാകുളത്തുള്ള റീജണൽ പുരാരേഖാ കേന്ദ്രത്തിലെ വിലപ്പെട്ട ശേഖരത്തിൻെറ കൂട്ടത്തിൽ പ്രധാന മർഹിക്കുന്നവയാണ്. ഇവയിലൊന്നും "ഈ വിളംബരത്തിൻെറ സംഗതി കേട്ടപ്പോൾ കൊച്ചിയിലെ ജനങ്ങൾ ഞെട്ടിപ്പോയി,"33. എന്ന് കെ.പി. പത്മനാഭമേനോൻ പറയുന്ന വിളംബരത്തെക്കുറിച്ചുള്ള യാതൊരു പരാമർശവുമില്ല. ഇത്രയും കോളിളക്കം സൃഷ്ടിച്ചുവെന്ന് പറയുന്ന ഈ പ്രഖ്യാപനം നിശ്ചയമായും ഇവരുടെ കത്തിടപാടുകളിൽ സ്ഥലം പിടിക്കുമായിരുന്നു, ഇങ്ങനെ ഒന്ന് യഥാർത്ഥത്തിൽ വിളംബരപ്പെടുത്തിയിരുന്നെങ്കിൽ.. 1781 വരെ മലബാറിലെ ഡച്ച് ഗവർണറായിരുന്ന ആഡ്രിയൻ മോയൻസ് ഈ സമയത്ത് (1790) ബത്താവിയയിലെ സുപ്രിം കൗൺസിൽ അംഗമെന്ന നിലയിൽ അവിടെയായിരുന്നുവെങ്കിലും മലബാറിലെ എല്ലാ സംഭവവികാസങ്ങളും അദ്ദേഹത്തിന് നിശ്ചയമുണ്ടായിരുന്നു. കേരളത്തിലെ രാജാക്കൻമാർക്കും സുഹൃത്തുക്കൾക്കും പ്രത്യേകിച്ച് കൊച്ചിരാജാവിനും തുടർച്ചയായി അദ്ദേഹം എഴുതിക്കൊണ്ടുമിരുന്നു. അദ്ദേഹം എഴുതിയ മറുപടികളിലോ, അദ്ദേഹത്തിന് ഇവിടെ നിന്നുമയച്ച എഴുത്തുകളിലോ, ഒന്നിലും ഈ വിളംബരത്തെക്കുറിച്ച് യാതൊരു പരാമർശവുമില്ല.

മലബാർ ഇംഗ്ലീഷ്കാരുടെ കൈവശം ആയതിന് ശേഷം സ്ഥിതിഗതികൾ പഠിക്കുവാനും ഭരണപരമായ സൗകര്യങ്ങൾ ചെയ്യുവാനും ഒരു കമ്മീഷനെ നിയമിക്കുകയുണ്ടായി. മലബാർ കമ്മീഷൻണർമാരുടെ റിപ്പോർട്ട് നമ്മുടെ ചരിത്രപഠനത്തിന് ഏറെ പ്രയോജനകരമായ ഉപാദാനമാണ്. ഓരോ സ്ഥലത്തേയും പ്രധാനപ്പെട്ട വ്യക്തികളോട് അവർ ആവശ്യമായ ചോദ്യങ്ങൾ ചോദിച്ച്, ആ ചോദ്യങ്ങളും കിട്ടിയ മറുപടിയും അവരുടെ നടപടിക്രമങ്ങൾ ഉൾക്കൊള്ളുന്ന വലിയ വാള്യങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അത്തരം ഒരു ചോദ്യവും അതിൻെറ ഉത്തരവും താഴെ കൊടുക്കുന്നു. സാമൂതിരിയുടെ

കാര്യക്കാരനായിരുന്ന പാലക്കാട്ടുകാരൻ ഷംനോത്ത് (സ്വാമിപട്ടർ) എന്ന ബ്രാഹ്മണനോടായിരുന്നു അന്വേഷണം.

ചോദ്യം: "ഏത് കൊല്ലമാണ് ജൻമിക്കാർ ഓടിപ്പോയത്?"

ഉത്തരം: "964 (1788-89) ഈ വർഷമാണ് ജൻമികൾ നാടുവിട്ടത്. ഇവിടത്തെ ജൻമിക്കാർ നമ്പൂതിരിബ്രാഹ്മണൻമാരാണ്. അർഷാദ് ബെഗ്ഖാന്റെ കാലത്ത് അവർ കച്ചേരിയിൽ പോകുവാൻ കൂട്ടാക്കാഞ്ഞതാണ് കാരണം. നമ്പൂതിരിമാർ അന്നും ഇന്നും കച്ചേരിയിൽ ഹാജരാകുന്നവരല്ല."34.

ജാതിവ്യവസ്ഥ അനുസരിച്ച് കച്ചേരിയിൽ ഹാജരാകുന്ന നമ്പൂതിരി മറ്റുള്ളവരുടെ ദൃഷ്ടിയിൽ അപകർഷത ഉണ്ടാക്കുമെന്നതുകൊണ്ട് നാട് വിടുകയാണ് ചെയ്തതെന്ന് സാരം. ഇക്കാര്യം 1887ൽ ലോഗൻ തന്റെ 'മലബാർ മാനുവൽ' എഴുതിയപ്പോൾ രേഖപ്പെടുത്തിയിട്ടുള്ളത് ഇംഗ്ലീഷ് ഭാവനാവിലാസം എത്രമാത്രം നമ്മുടെ ചരിത്രവസ്തുതകളെ വികലപ്പെടുത്തി ദുരുപദിഷ്ടമാക്കിയെന്നതിന് തെളിവായി കണക്കാക്കാം. അദ്ദേഹം എഴുതുന്നത്, "ടിപ്പുവിന്റെ സാർവ്വത്രികമായ മതപരിവർത്തനനയം മൂലം ജനങ്ങൾ 1788-89 കാലത്ത് നാടുവിട്ടോടിപ്പോയെന്നാണ്"35. നികുതി കൊടുക്കുകയോ, രാജനീതി അനുസരിക്കുകയോ, ആവശ്യമില്ലാതിരുന്ന നമ്പൂതിരിജൻമികൾ, നികുതി നിജപ്പെടുത്തുവാനും കൈവശഭൂമി അളന്ന് തിട്ടപ്പെടുത്തുവാനും മറ്റുമായി കച്ചേരിയിൽ ചെല്ലാൻ ആജ്ഞാപിക്കപ്പെട്ടപ്പോൾ, തങ്ങളെ ജാതീയമായി തരംതാഴ്ത്തുവാൻ മനഃപ്പൂർവ്വമായി വിമതസ്ഥരായ മൈസൂർ നവാബുമാർ ആവിഷ്ക്കരിച്ച പദ്ധതിയാണിതെന്ന് അവർ ആത്മാർത്ഥമായും ധരിച്ചു. അക്കാലത്ത് അവർ ഇതൊക്കെ മതധ്വംസനമായി കരുതിയെങ്കിൽ നമുക്കവരുടെ വികാരത്തെ മാനിക്കുവാൻ സാധിക്കുന്നതേയുള്ളു. എന്നാൽ ഇപ്പോഴും കഴിഞ്ഞ കാലത്തെ ഇത്തരം ഭരണപരിഷ്ക്കാരങ്ങളെ വിലയിരുത്തുമ്പോൾ മതവിദ്വേഷവും പകയും പരത്തുന്നത് ഏതിന്റെ ചേതോവികാരം കൊണ്ടാണ്. ഏതായാലും മലബാർ കമ്മീഷണർമാർ പലതരം ചോദ്യങ്ങൾ ചോദിച്ചിട്ടും ഇത്തരം ഒരു വിളംബരത്തിന്റെ കാര്യം ആരോടും അന്വേഷിച്ചതായോ, ആരെങ്കിലും പറഞ്ഞതായോ, രേഖകളില്ല. ആറ് വലിയ വാള്യങ്ങളിൽ സുദീർഘമായി രേഖപ്പെടുത്തിയിട്ടുള്ള അവരുടെ 'നടപടിക്രമ' ത്തിലോ, 'റിപ്പോർട്ടി' ലോ, ഈ വിളംബരത്തിന് സ്ഥാനം ലഭിച്ചിട്ടില്ല. ഇത്തരം ഒരായുധം കിട്ടിയാൽ അതു സംബന്ധമായി എത്രമാത്രം ചോദ്യങ്ങളും ഉപചോദ്യങ്ങളും അവർ ചോദിക്കുമായിരുന്നുവെന്ന് ഊഹിക്കാവുന്നതാണല്ലോ. അതും ഈ വിളംബരം നടന്നുവെന്ന് പറയുന്ന 1788-89 കാലം കഴിഞ്ഞ് കഷ്ടി മൂന്നു വർഷം തികയുന്നതിന് മുമ്പാണ് ഈ അന്വേഷണം നടക്കുന്നതെന്ന കാര്യവും കൂടി ഓർമ്മിക്കുക. മലബാർ കമ്മീഷണറൻമാർ ടിപ്പുവിന്റെ പക്ഷപാതികളായിരുന്നുവെന്ന് ആരും വാദിക്കുകയില്ലല്ലോ.

ഡോ. ഫ്രാൻസിസ് ബുക്കാനൻ 1800ൽ മലബാറിൽ വിപുലമായ അന്വേഷണം നടത്തി വിലപ്പെട്ട ഒരു ഗ്രന്ഥം രചിച്ചിരുന്നു. കേരളചരിത്ര വിദ്യാർത്ഥികൾക്ക് വളരെ പ്രയോജനപ്പെടുന്ന ഈ ഗ്രന്ഥം മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുമുണ്ട്. ബുക്കാനന്റെ അന്വേഷണത്തിൽ ഈ വിളംബരത്തെക്കുറിച്ച് യാതൊരു വക വിവരവും അക്കാലത്ത് ലഭിച്ചിരുന്നില്ലെന്നതു തന്നെ ഇത് പിന്നീട് പടപ്പാപ്പിച്ച സത്യവിരുദ്ധമായ പ്രഖ്യാപനമാണെന്നതിന് തെളിവാണ്. തലശ്ശേരിയിലെ കമ്പനി ഉദ്യോഗസ്ഥൻമാർ നിസ്സാര കാര്യങ്ങൾ പോലും ബോംബേ, മദ്രാസ് ഗവർണർമാരെ എഴുതി അറിയിക്കുക പതിവായിരുന്നു. എന്നിട്ടുകൂടി അവരുടെ കത്തിടപാടുകളിലൊന്നിലും ഇത് പരാമർശിക്കപ്പെട്ടിട്ടില്ല.

ചുരുക്കത്തിൽ ടിപ്പുവിന്റെ നാമധേയത്തിലിറക്കിയ ഈ വിളംബരം കൃത്രിമമായി സൃഷ്ടിക്കപ്പെട്ട അനവധി അസത്യചരിത്രസാഹിത്യങ്ങളിൽപ്പെട്ട ഭാവനാസൃഷ്ടി മാത്ര മാണെന്ന് വ്യക്തം. ഇത് പുറപ്പെടുവിച്ചു എന്ന് പറയുന്ന കൊല്ലവും വളരെ പ്രാധാന്യമർഹിക്കുന്നുണ്ട്. 1788-89ലാണ് വിദേശികളുടെ സ്വതന്ത്രവ്യാപാരത്തെ നിരോധിക്കുന്നതും കുരുമുളക് തുടങ്ങിയവ സ്റ്റെയിറ്റിന്റെ കുത്തകവ്യാപാര ഉൽപന്നങ്ങളായി ടിപ്പുസുൽത്താൻ പ്രഖ്യാപിക്കുന്നതും. ഇതിന്റെ ഫലമായി ഇംഗ്ലീഷ്കാരുടെ കച്ചവടം പാടെ സ്തംഭിച്ചെന്ന് മാത്രമല്ല തലശ്ശേരിയിലുള്ള അവരുടെ ഫാക്ടറി അടച്ചു പൂട്ടുവാനുള്ള ആലോചന തകൃതിയായി നടക്കുന്ന കാലവുമായിരുന്നു. 1789 ആഗസ്റ്റ് 26-ാം തിയതിയിലെ ബോംബേ ഗവർമേണ്ടിന്റെ കൗൺസിൽ നടപടികളിൽ ഇത് അസന്നിഗ്ദ്ധമാംവിധം രേഖപ്പെടുത്തിയിട്ടുമുണ്ട്. "ടിപ്പു കയറ്റുമതി സാധനങ്ങളിൻമേൽ നിരോധനം ഏർപ്പെടുത്തിയിരിക്കുന്നത് കൊണ്ട് തലശ്ശേരിയിലെ സ്ഥിതി കഷ്ടമാണ്. ലാഭമില്ലെന്ന് മാത്രമല്ല ഇവിടത്തെ ചെലവു തന്നെ നേരിടുവാൻ പ്രയാസമാണ്. അതേ സമയം ഏതെങ്കിലും ഭാഗ്യാതിരേകത്താൽ നമുക്ക് മലബാർ രാജാക്കൻമാരുമായി യോജിച്ച് ടിപ്പുവിനെ തുരത്തുവാനൊത്താൽ വാണിജ്യപരവും പ്രതിരോധപരവുമായി തലശ്ശേരി ഏറ്റവും ശക്തമായ ഒരു കേന്ദ്രമായി തീരുകയും ചെയ്യും" അങ്ങനെ ഏതെങ്കിലും വിധേന മലബാർ രാജാക്കൻമാരെ ഇംഗ്ലീഷ് പക്ഷത്ത് കൊണ്ടുവരുവാനുള്ള നടപടികളിൽ മതപരിവർത്തനകഥകൾക്ക് അമിതപ്രാധാന്യം കൊടുത്തുവെന്നേയുള്ളു.

അതിന് സഹായകമായി, ഒരു പക്ഷേ, ടിപ്പു സുൽത്താന്റെ സാമൂഹ്യപരിഷ്ക്കരണ ശ്രമങ്ങളേയും വളച്ചൊടിച്ച് മുതലെടുത്തിരിക്കാം. മാറ് മറക്കായ്ക, ജാത്യാചാരമായിരുന്നുവല്ലോ നമ്മുടെ നാട്ടിൽ. മാറ് മറക്കണമെന്നും എല്ലാവരും കുപ്പായമിടണമെന്നും ഇട്ടില്ലെങ്കിൽ ശാഠ്യമായും നിർബന്ധമായും കുപ്പായമിടുവിക്കുമെന്നും ടിപ്പു ഒരുപക്ഷേ, ഒരു വിളംബരം മൂലം ശഠിച്ചുകാണും. വിളംബരങ്ങളും അറിയിപ്പുകളും അതാത് സ്ഥലത്തെ ഭാഷയിലെഴുതുകയായിരുന്നു ടിപ്പു അനുവർത്തിച്ചിരുന്ന രീതി എന്നതിന്

തെളിവുകളുണ്ട്.36. കേരളത്തിൽ 'കുപ്പായമിടുക' എന്നതിന്റെ അർത്ഥം മുസ്ലിം ആകുകയെന്നാണ്. 'അവൻ തൊപ്പിയിട്ടു' 'അവൾ കുപ്പായമിട്ടു' എന്നൊക്കെ പറയുന്നതിന്റെ അർത്ഥവും മറ്റൊന്നല്ല. ഇവിടെ കുപ്പായമിട്ടില്ലെങ്കിൽ നിർബന്ധമായും 'കുപ്പായമിടുവിക്കും' എന്ന ടിപ്പുവിന്റെ ഭാഷയെ, 'സ്വമനസ്സാലെ മുസ്ലിം ആയില്ലെങ്കിൽ നിർബന്ധമായും ഇസ്ലാം ആക്കും,' എന്ന് അന്നുള്ളവരിൽ കുറേപ്പേരെങ്കിലും തെറ്റിദ്ധരിച്ചുകാണും. ഇത് ഭയന്ന് ന്യായമായും ചിലർ നാടുവിട്ടോടി പോയിട്ടുമുണ്ടായിരിക്കണം. ഓട്ടത്തിന്റെ ന്യായീകരണത്തിന് വേണ്ടിയെങ്കിലും അതിഭാവുകത്വത്തോടുകൂടി പല മതധ്വംസനകഥകളും മിനഞ്ഞെടുത്ത് പ്രചരിപ്പിച്ചുമിരിക്കും. പോരെങ്കിൽ നമ്പൂതിരിമാരും നായന്മാരുമായിരുന്നുവല്ലോ പലായനം ചെയ്തവർ. നമ്പൂതിരിവചനം ദേവവാക്യമായി കരുതിപ്പോന്നിരുന്ന അക്കാലത്ത് അവർ പറഞ്ഞ കഥകൾ അവിശ്വസിക്കേണ്ടതിന്റെ ആവശ്യമോ, ന്യായാന്യായ വിചിന്തനം ചെയ്യേണ്ട ആവശ്യമോ, നേരിട്ടിരിക്കയുമില്ല. ഇങ്ങനെ പ്രചരിച്ച കഥകളിൽ ഏതെങ്കിലും ഒന്ന് കേട്ടറിഞ്ഞതാവാം വിൽക്സിന് ഇത്തരം ഒരു വിളംബരനിർമ്മാണത്തിന് പ്രചോദനമായിത്തീർന്നത്. മലബാറിലെ ഒരു മലവർഗ്ഗം നഗ്നരായി നടക്കുന്നതറിഞ്ഞ ടിപ്പു അവരുടെ വർഗ്ഗത്തലവനെ വരുത്തി ആവശ്യത്തിനുള്ള തുണി എല്ലാ വർഷവും സൗജന്യമായി കൊടുക്കുവാൻ ഏർപ്പാട് ചെയ്യാമെന്ന് ഏല്ക്കുകയും നല്ല രീതിയിൽ നാണം മറയക്കാൻ കല്പിക്കുകയും ചെയ്തു. എന്നാൽ അത് തങ്ങളുടെ വർഗ്ഗാചാരമാണെന്നും വസ്ത്രധാരണം ചെയ്യാൻ നിർബന്ധിച്ചാൽ മറ്റു കാടുകളിലേക്ക് ഒഴിഞ്ഞുപോകുമെന്നും അവർ മറുപടി പറഞ്ഞു. ഉപദേശിച്ചിട്ട് കാര്യമില്ലെന്ന് മനസ്സിലാക്കിയ ടിപ്പുസുൽത്താൻ അവരെ അവരുടെ പാട്ടിന് വിട്ടു.37. നഗ്നരായ അവരെ ഉപദ്രവിക്കാതെ വിട്ട ടിപ്പുസുൽത്താൻ അർദ്ധനഗ്നരായവരെ മാർക്കം കൂട്ടുമെന്ന് പറഞ്ഞിരിക്കുവാൻ സാദ്ധ്യതയില്ല. അത് വിശ്വസനീയവുമല്ലതാനും.

ഈ നിഗമനത്തിന് പ്രേരകമായി നില്ക്കുന്ന കുറച്ച് വസ്തുതകൾ കൂടി ഇവിടെ വിവരിക്കാം. ടിപ്പുസുൽത്താന്റെ മതനയത്തെ കൂടുതൽ മനസ്സിലാക്കുവാനിവ ഉപകരിക്കും. ടിപ്പുവിന്റെ കീഴിലുണ്ടായിരുന്ന വലിയ സേനാവിഭാഗത്തിലധികവും അമുസ്സിംകളായിരുന്നു. ഇന്നും അഞ്ചുശതമാനത്തിൽ കൂടുതൽ മുസ്ലിംജനസംഖ്യയില്ലാത്ത മൈസൂറിൽ നിന്നും രൂപീകൃതമാകുന്ന സൈന്യത്തിൽ അത്രയേ സാദ്ധ്യമാകൂ എന്നത് വിശദീകരണം ആവശ്യമില്ലാത്ത സംഗതിയാണല്ലോ. മലബാർ ആക്രമിക്കുവാൻ ഹൈദരലിയോടൊപ്പമെത്തിയ സേനാനായകൻ ശ്രീനിവാസറാവു ആയിരുന്നു. അപ്പറാവു, ഹരിസിംങ്ങ്, ശ്രീപത്മറാവു, രാമറാവു തുടങ്ങിയവർ ടിപ്പുവിന്റെ കമാൻണ്ടറൻമാരിൽ പ്രധാനികളായിരുന്നു. സിവിൽ ഭരണതലത്തിലും ഭൂരിപക്ഷം ഹിന്ദു സഹോദരങ്ങളായിരുന്നു. അദ്ദേഹത്തിന്റെ ദിവാൻ പൂർണ്ണയ്യ ആയിരുന്നുവെന്ന കാര്യം ഏവർക്കുമറിയാവുന്നതാണല്ലോ. കൃഷ്ണറാവു ഖജനാവു സൂക്ഷിപ്പുകാരനും, ശ്യാമയ്യർ പോലീസുമേധാവിയും ഇദ്ദേഹത്തിന്റെ സഹോദരൻമാരായ രംഗയ്യങ്കാരും നരസിംഹറാവുവും ഉയർന്ന ഉദ്യോഗസ്ഥൻമാരുമായിരുന്നു. തന്ത്രപ്രതിനിധികളുടെ കൂട്ടത്തിൽ ശ്രീനിവാസറാവു, അപ്പാജിറാവു, മുൾചന്ദ്, സുചൻറായ്, നായിക്ക്റാവു, നായിക്ക് സംഗാന, നാഗപ്പയ്യ, നാരായണയ്യ തുടങ്ങിയവർ വിശ്വസ്തതയോടെ ടിപ്പുസുൽത്താന് സേവനം ചെയ്തിരുന്നവരാണ്. ടിപ്പുവിന്റെ പ്രധാന പേഷ്ക്കാർ സുബ്ബറാവു ആയിരുന്നു.

ഏത് രാജാവിനും അദ്ദേഹത്തിന്റെ സേനയിൽ വലിയ വിഭാഗം വിമതസ്ഥരാണെങ്കിൽ, പട്ടാളത്തിന്റെ കൂറ് നഷ്ടപ്പെടുമെന്നതുകൊണ്ട്തന്നെ, മതപരിവർത്തനവും മതധ്വംസനവും സാധ്യമാകുകയില്ല. ടിപ്പുവിന് മാത്രം ഇതൊന്നും ബാധകമായിരുന്നില്ലെന്ന് ധരിക്കുവാനും സാദ്ധ്യമല്ലല്ലോ. ബ്രിട്ടിഷ്കാർ ആരെയെങ്കിലും ഉള്ളിൽത്തട്ടി ഭയപ്പെട്ടിരുന്നുവെങ്കിൽ, പേടിക്കേണ്ട പ്രമുഖശക്തിയായി പരിഗണിച്ചിരുന്നുവെങ്കിൽ - അത് ടിപ്പു സുൽത്താനെ മാത്രമായിരുന്നുവെന്ന് എല്ലാ ഇംഗ്ലിഷ് എഴുത്തുകാരും ഏകോപിതമായി തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ ഉയർന്ന ശക്തിയായി വളരുവാൻ മിടുക്കും തൻേറടവും കാണിച്ച ടിപ്പുസുൽത്താൻ, തന്റെ പ്രജകളുടേയും പട്ടാളത്തിന്റെയും കൂറ് നഷ്ടപ്പെടുത്തുന്ന പ്രവൃത്തികൾ ചെയ്തിരിക്കുമെന്ന് വിശ്വസിക്കുന്നത് അപാകതയായിരിക്കും. അതേസമയം തന്റെ പ്രജകളിൽ ബഹുഭൂരിപക്ഷം വരുന്ന ഹൈന്ദവ സഹോദരങ്ങളെ പ്രീണിപ്പിക്കുവാൻ മറ്റേത് വിമതസ്ഥനിൽ നിന്നും പ്രതീക്ഷിക്കാൻ സാധിക്കാത്ത പ്രോത്സാഹനങ്ങളാണ് ടിപ്പു ചെയ്തിട്ടുള്ളതെന്ന് താഴെ ഉദ്ധരിക്കുന്ന രേഖകളിൽ നിന്നും സ്പഷ്ടമാകാതിരിക്കുകയില്ല.

മൈസൂർ പുരാവസ്തു വകുപ്പിന്റെ റിപ്പോർട്ട് ശരിയായി പരിശോധിച്ചാൽ കാണാവുന്ന പരമാർത്ഥം നഞ്ചൻകോട്ട് താലൂക്കിലെ 'ലക്ഷ്മീകാന്തം' ക്ഷേത്രത്തിനും, മേലേക്കോട് 'നാരായണസ്വാമി' ക്ഷേത്രത്തിനും സ്വർണ്ണവെള്ളിത്തളികകളും, ഇനാം സ്ഥലങ്ങളും മറ്റു സമ്മാനങ്ങളും പലപ്പോഴും ടിപ്പു കൊടുത്തിട്ടുണ്ടെന്നാണ്.38. ഇന്നും ഈ ക്ഷേത്രങ്ങളിലെ പല സ്വർണ്ണതളികകളിലും വിളക്കുകളിലും 'പാദുഷ ടിപ്പുവിനാൽ സമ്മാനിക്കപ്പെട്ടത് ' എന്ന് കൊത്തിയിട്ടുള്ളത് കാണാം.39. നഞ്ചൻകോട്, നഞ്ചൻ ദേശവര, അമ്പലങ്ങളിൽ ടിപ്പുവിന്റെ കല്പനപ്രകാരം നിർമ്മിച്ചു കൊടുത്ത രണ്ട് ലിംഗ പ്രതിമകൾ ഇന്നും ആരാധിച്ചുപോരുന്നുണ്ട്. ഇതിന് 'പാദുഷ ലിംഗം' എന്ന് പേർ പറഞ്ഞുപോരുന്നു.40. പുഷ്പലഗിരി അമ്പലത്തിന്റെ നടത്തിപ്പിനായി തൊംഗപ്പള്ളി, ഗൊള്ളപ്പള്ളി, എന്നീ ഗ്രാമങ്ങൾ ടിപ്പുസുൽത്താൻ ഇനാമായി നല്കിയിരുന്നു.41. അമലാപുരം താലൂക്കിലെ നിരവധി ബ്രാഹ്മണ പണ്ഡിതൻമാർക്കും ഇനാമായി സ്ഥലങ്ങൾ പതിച്ചു കൊടുത്തതിന്റെ രേഖകളുണ്ട്.42. ഇതിനെല്ലാം മകുടം

ചാർത്തുന്ന തെളിവുകളാണ് ശൃംഗേരിമഠത്തിലെ ഗ്രന്ഥവരികളിലുള്ളത്. ഈ മഠവും ടിപ്പുസുൽത്താനുമായുണ്ടായിരുന്ന ബന്ധം മതവിശ്വാസിയുടെ കലവറയില്ലാത്ത ബഹുമാനആദരവുകളുടേതായിരുന്നു. മഠത്തിലേക്ക് നല്കിയിട്ടുള്ള സ്ഥലവും സമ്മാനങ്ങളും സംരക്ഷയുമൊക്കെ എടുത്തുപറയുവാൻ വയ്യാത്തവണ്ണം സുദീർഘമാണ്. ഇന്നും മൈസൂറിലും അയൽ സംസ്ഥാനങ്ങളിലും ടിപ്പു ആരാധ്യനായ വീരപുരുഷനത്രെ. 1793ൽ ശൃംഗേരി മഠാധിപതിക്ക് ടിപ്പു എഴുതിയ കത്ത് ഇപ്രകാരമായിരുന്നു. "അങ്ങ് ജഗദ്ഗുരുവാകുന്നു. ജനങ്ങളാകമാനം സന്തുഷ്ടരായിരിക്കുവാനും ലോകമാസകലം സമൃദ്ധിയുണ്ടായിരിക്കുവാനും വേണ്ടി അങ്ങ് സർവ്വഥാ തപശ്ചര്യ അനുഷ്ഠിക്കുന്നു. നമ്മുടെ അഭിവൃദ്ധിക്കുവേണ്ടി ദൈവത്തോടു ദയവായി പ്രാർത്ഥിക്കുക. ഏത് രാജ്യത്താകട്ടെ അങ്ങയെപ്പോലുള്ള വിശുദ്ധാത്മാക്കൾ നിവസിക്കുന്നുവോ, ആ രാജ്യം നിശ്ചയമായും നല്ല മഴയും വിളവും മൂലം അഭിവൃദ്ധി പ്രാപിക്കും"43. എന്റെ കൈവശമുള്ള ഒരു രേഖ എറണാകുളം പുരാരേഖാകേന്ദ്രത്തിൽ നിന്നും ലഭിച്ചതാണ്. നാലാം മൈസൂർ യുദ്ധത്തിൽ പരാജയ ഭീതി പൂണ്ട ടിപ്പു ശൃംഗേരി സ്വാമികളുടെ സമക്ഷത്തിങ്കൽ നമസ്ക്കരിക്കുന്നതും, അദ്ദേഹത്തിന്റെ സന്ദേശത്തോടുകൂടി ഒരു ലക്ഷം കുതിരപ്പടയേയും നാലുലക്ഷം കാലാൾപ്പടയേയും നൽകുവാനാവശ്യപ്പെട്ടുകൊണ്ട് ചില ഹൈന്ദവപ്രഭുക്കളുടെ സഹായം തേടുന്നതുമാണ് ഇതിലെ രത്നചുരുക്കം. കോയമ്പത്തൂരിലെ ശിരസ്തദാർ രാമഭട്ടർ ദൃക്സാക്ഷിയെന്ന നിലയിൽ കൊച്ചിരാജാവിനെഴുതുന്ന കത്താണിത്.44. പരാജയം സുനിശ്ചിതമാണെന്നറിയാമായിരുന്നിട്ടുകൂടി ശൃംഗേരി മഠാധിപതി കാട്ടിയ സൗഹൃദം ടിപ്പുവും ശൃംഗേരിമഠവുമായുണ്ടായിരുന്ന അഭേദ്യമായ ബന്ധത്തിന്റെ വ്യക്തമായ തെളിവത്രെ. തന്റെ എഴുത്തിൽ മഠാധിപതിയെ, 'ജഗദ്ഗുരു' എന്ന് അഭിസംബോധന ചെയ്യുന്ന ടിപ്പുസുൽത്താനെ ഹൈന്ദവ വിരോധിയായി ചിത്രീകരിക്കുന്നത് കഠിനമായ പാതകമാണ്. 'ആലിസഹോദരൻമാരുടെ വിചാരണ' എന്ന ശീർഷകത്തിൽ 1973 മാർച്ച് 25ലെ ഇൻഡ്യൻ എക്സ്പ്രസ്സ് പത്രത്തിൽ നൂറാണി എഴുതിയ ലേഖനത്തിൽ ശ്രദ്ധേയമായ ഒരു കാര്യം ചേർത്തിട്ടുള്ളത് ഇവിടെ പ്രസക്തമായിട്ടുള്ളതാണ്. കേസ്സിലെ കൂട്ടുപ്രതിയായിരുന്ന ശാരദമഠത്തിലെ ജഗദ്ഗുരു തന്റെ വിസ്താരത്തിൽ ടിപ്പുവിനെപ്പറ്റി കോടതിയിൽ ഇപ്രകാരം മൊഴി കൊടുത്തായി കാണുന്നു. "ശൃംഗേരിയിൽ മഠാധിപതിയായ ശങ്കരാചാര്യരോട് ഏറെ ഭക്തിയുണ്ടായിരുന്ന ടിപ്പുസുൽത്താൻ നൂറുകണക്കിന് അമ്പലങ്ങൾ പുതുക്കി പണിയുവാനും മറ്റും സഹായിച്ചിരുന്നുവെന്ന് മാത്രമല്ല, അദ്ദേഹത്തിന്റെ ശ്രമഫലമായി പല പുതിയ ക്ഷേത്രങ്ങൾ നിർമ്മിക്കുവാൻ ഇടയാവുകയും ചെയ്തിട്ടുണ്ട്."45.

രംഗനാഥക്ഷേത്രം ശ്രീരംഗപട്ടണം കോട്ടക്കകത്ത് സ്ഥിതി ചെയ്യുന്നു. ടിപ്പുവിന്റെ അരമനയുമായി നൂറുവാര അകലമേ ഇതിനുള്ളു. നരസിംഹക്ഷേത്രവും ഗംഗാധരേശ്വര ക്ഷേത്രവും കോട്ടയ്ക്കകത്തുള്ള മറ്റ് രണ്ടു അമ്പലങ്ങളായിരുന്നു. അവയുടെ നടത്തിപ്പിനും ആഘോഷങ്ങൾക്കും ടിപ്പു സുൽത്താൻ നിർല്ലോഭം സഹായം ചെയ്തിട്ടുണ്ട്. ഒരു പക്ഷേ, പലർക്കും വിശ്വസിക്കുവാൻ കൂടി സാധിക്കാത്ത മറ്റൊരു വസ്തുതകൂടി ഇവിടെ ചേർത്തുകൊള്ളട്ടെ. ടിപ്പുവിന്റെ ആധുനിക ചരിത്രകാരനായ മൊഹിബ്ബുൾ ഹസ്സൻ ഖാൻ, ആധികാരികരേഖകളോടുകൂടി ഉദ്ധരിക്കുന്ന ഇത് മൈസൂർ ഭരണാധികാരികളുടെ മതനയം സ്പഷ്ടമാക്കുവാൻ ഉപകരിക്കുന്നതാണ്. "1780ൽ കാഞ്ചീപുരത്ത് ഒരു ഗോപുര ക്ഷേത്രത്തിന് ഹൈദരലി തറക്കല്ലിട്ടു. അദ്ദേഹത്തിന് ക്ഷേത്രം പൂർത്തീകരിക്കുവാൻ കഴിഞ്ഞിരുന്നില്ല. മൂന്നാം മൈസൂർ യുദ്ധകാലത്ത് ടിപ്പു ഈ സ്ഥലം സന്ദർശിച്ചപ്പോൾ, 10,000 ഹൺസ് ഈ ക്ഷേത്രം പണിയുവാൻ നല്കുകയും, പണി പൂർത്തിയായപ്പോൾ അതിന്റെ ഉത്സവത്തിനും എഴുന്നുള്ളിപ്പിനും സന്നിഹിതനാകുകയും ചെയ്തു."46. ഇതൊക്കെ കാരണം കേരളമൊഴിച്ചുള്ള എല്ലാ സ്ഥലങ്ങളിലും ടിപ്പുസുൽത്താനെപ്പറ്റി ബ്രിട്ടീഷ്കാർ പ്രചരിപ്പിച്ച മതധ്വംസനത്തിന്റെ കള്ളക്കഥ ആരും വിശ്വസിക്കുന്നില്ലെന്ന് മാത്രമല്ല ദേശാഭിമാനിയും മതസഹിഷ്ണുതയുടെ പ്രതീകവുമായാണ് ടിപ്പു സുൽത്താനെ അവിടങ്ങളിലൊക്കെ വ്യവഹരിച്ചുപോരുന്നതും. കേരളത്തിൽ മാത്രം നിലനിൽക്കുന്ന ഈ മതഭ്രാന്തിന്റെ കഥകൾ എത്രമാത്രം ശരിയായിരിക്കുമെന്നറിയുവാൻ ഞാൻ നടത്തിയ ശ്രമത്തിൽ എനിക്ക് പരിപൂർണ്ണമായും ബോധ്യമായ കാര്യങ്ങൾ ഇവയാണ്. മതധ്വംസനമെന്നത് ഇവിടെ പ്രചാരത്തിലിരിക്കുവാൻ കാരണം മതഭ്രാന്തോ, പീഢനമോ അല്ല, പ്രത്യുത കാർഷിക പരിഷ്ക്കാരങ്ങൾ, രാഷ്ട്രീയ ഏകീകരണം, സാമൂഹ്യ വൈകല്യങ്ങൾക്കെതിരായെടുത്ത നടപടികൾ, തുടങ്ങിയവയാണ്. ടിപ്പു മറ്റുള്ള സംസ്ഥാനങ്ങളിൽ പിന്തുടർന്ന മതനയം തന്നെയാണ് കേരളത്തിലും അനുവർത്തിച്ചിരുന്നത്. മൈസൂർ സംസ്ഥാനത്തുണ്ടായിരുന്ന ധർമ്മസ്ഥാപനങ്ങൾ, അനാഥാലയങ്ങൾ, പള്ളികൾ, ക്ഷേത്രങ്ങൾ ഇവക്കൊക്കെ നിർല്ലോഭം സഹായം നൽകിയിരുന്ന ടിപ്പുസുൽത്താൻ മലബാറിലും കൊച്ചിയിലും അതേ നടപടികൾ തന്നെ സ്വീകരിച്ചിരുന്നതായി രേഖകളിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കുന്നുണ്ട്. ഗവേഷണത്തിനിടയിൽ അത്തരം അനർഘമായ ഒരു രേഖാശേഖരം തിരഞ്ഞുപിടിക്കുവാനുള്ള ഭാഗ്യം എനിക്കുണ്ടായി. ഇപ്പോൾ കോഴിക്കോട് റീജണൽ ആർക്കൈവ്സിൽ സൂക്ഷിച്ചിട്ടുള്ള ഈ വലിയ വാള്യങ്ങൾ ടിപ്പുവിന്റെ കേരളത്തിലെ മതനയമെന്തായിരുന്നുവെന്ന് സുവ്യക്തമാക്കുന്ന അലംഘനീയങ്ങളായ പ്രമാണങ്ങളാണ്.

ഈസ്റ്റ് ഇൻഡ്യാ കമ്പനി ഭരണം ഉദ്ഘാടിതമായപ്പോൾ റവന്യൂ സെറ്റിൽമെന്റ് നടത്തിയ കാലത്ത് അന്നത്തെ ഇനാം കമ്മീഷ്ണറായ റോബിൻസൺ തയ്യാറാക്കിയിരുന്ന ഇനാം റജിസ്റ്ററുകളാണിവ. മലബാറിലെ ഓരോ താലൂക്കിന്റെയും വേർതിരിച്ചുള്ള ഈ റജിസ്റ്ററുകളിൽ, ടിപ്പുസുൽത്താൻ കൊച്ചിയിലേയും മലബാറിലേയും ക്ഷേത്രങ്ങൾക്കും, സത്രങ്ങൾക്കും,

നമ്പൂതിരിശ്രേഷ്ഠൻമാർക്കും, പള്ളികൾക്കും, മുസ്ലിം വൈദിക പ്രമാണിമാർക്കും, കരമൊഴിവാക്കി ഇനാമായി നല്കിയ സ്ഥലങ്ങളുടെ വിശദമായ വിവരണം കാണാവുന്നതാണ്. ഓരോ പറമ്പിന്റെയും നിലത്തിന്റെയും തരിശുഭൂമിയുടെയും പേരും, വിസ്തീർണ്ണവും, അവ സ്ഥിതി ചെയ്യുന്ന അംശം, താലൂക്ക് തുടങ്ങിയവയുടെ വിവരണവും ഇതിലുണ്ട്. എന്താവശ്യത്തിന് വേണ്ടി, ആര് ആർക്ക് എപ്പോൾ കൊടുത്തുവെന്നതും ഇതിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. അങ്ങനെ നമ്മുടെ ഇന്നുവരെയുള്ള ധാരണകളെ സംശയലേശമെന്യേ തിരുത്തുവാൻ പര്യാപ്തമായ ഈ ആധികാരികരേഖ അമൂല്യമായ അടിസ്ഥാനപ്രമാണമാണ്. വടക്കേ മലബാറിലൊഴിച്ചുള്ള സ്ഥലങ്ങളിൽ അന്നുണ്ടായിരുന്ന സ്ഥാപനങ്ങൾക്ക് ടിപ്പു സുൽത്താൻ നൽകിയ ഇനാമുകളുടെ വിവരണമാണ് താഴെ കൊടുക്കുന്നത്. വടക്കേ മലബാറിലുണ്ടായിരുന്ന താലൂക്കുകളിലെ ഇനാം റജിസ്റ്റർ കണ്ടുകിട്ടിയിട്ടില്ല.

1. കോഴിക്കോട് താലൂക്കിൽ തിരുവമ്പാടി അംശം കാടരഞ്ഞിക്കൊരു മകൻ ക്ഷേത്രത്തിന്റെ മതചടങ്ങുകളും ഉത്സവങ്ങളും നടത്തിപ്പോരുവാൻ വേണ്ടി നൽകിയത്. 1.48 ഏക്കർ നിലം.

2. അതേ അംശം, ആനയം കുന്നത്ത് ക്ഷേത്രം · 1.57 നിലവും 0.98 പറമ്പും.

3. ഇതേ അംശത്തിൽ തന്നെ തവനൂർ അമ്പലത്തിന് ഇതേ ആവശ്യത്തിനായി നൽകിയത്. 1.48 ഏക്കർ നിലം.

4. തിരുവമ്പാടി അംശത്തിൽ തന്നെ കുമാരനല്ലൂർ ക്ഷേത്രത്തിന് 1.36 ഏക്കർ സ്ഥലം.

5. ഏറനാട് താലൂക്ക് നിലമ്പൂർ അംശം പുതിയങ്ങാടി പള്ളിക്ക് മതവിദ്യാഭ്യാസത്തിനും പള്ളിയുടെ നടത്തിപ്പിനുമായി 13.99 ഏക്കർ സ്ഥലം.

6. കല്ലിൽ കരിങ്കാളിക്ഷേത്രത്തിലെ മതച്ചടങ്ങുകൾ നടത്തുവാനും ഉത്സവം കൊണ്ടാടുവാനുമായി നൽകിയത് 1.37 ഏക്കർ നിലം.

7. ഇതേ അംശത്തിലെ ചെമ്മന്തല ഭഗവതി ക്ഷേത്രത്തിന് 15.07 ഏക്കർ നിലം.

8. വണ്ടൂർ അംശത്തിൽ വണ്ടൂർക്ഷേത്രത്തിന് 6.16 ഏക്കർ നിലം.

9. അതേ അംശം പുനപുലയി ക്ഷേത്രം 3.02 ഏക്കർ നിലം.

10. വണ്ടൂർ അംശം ചന്തക്കുളങ്ങര ശിവക്ഷേത്രം 1.89 ഏക്കർ നിലം.

11. കീഴ്മുറി അംശം പൊട്ടിയാട്ട് ശിവക്ഷേത്രം 1.89 ഏക്കർ നിലം.

12. പാണ്ടിക്കാട് അംശം നടുവത്തമ്പലം 6.77 ഏക്കർ നിലം.

13. പാണ്ടിക്കാട് അംശം കരുമൻകോട്ട അയ്യപ്പൻ ക്ഷേത്രം 9.8 ഏക്കർ നിലം.

14. കീഴ്മുറി അംശം നെച്ചിപ്പറമ്പത്ത് തൃപ്പുരാന്തകൻ ക്ഷേത്രം 2.60 തെങ്ങിൻതോപ്പ്.

15. അതെ അംശം ചിറമംഗത്ത് വേട്ടക്കൊരുമകൻ ക്ഷേത്രം 2.75 നിലം.

16. നടുവ അംശം ഉളിവം ക്ഷേത്രം 12.73 ഏക്കർ നിലം.

17. പാലക്കാട് താലൂക്ക് കടുന്തറപ്പള്ളി അംശം നെറും കൈതക്കോട്ടക്ഷേത്രം 2.75 ഏക്കർ നിലം

18. കോഴിക്കോട് താലൂക്ക്, കസ്ബ അംശം തൃക്കോല ക്ഷേത്രം 15.55 ഏക്കർ നിലം.

19. ഏറനാട് താലൂക്ക്, നിലമ്പൂർ അംശം തിരുമാൻണ്ഡാൻകുന്ന് ഭഗവതിക്ഷേത്രം 2.12 നിലം.

20. കോഴിക്കോട് താലൂക്ക്, കസ്ബ അംശം മേലേടത്ത് ക്ഷേത്രം 6.62 നിലം.

21. ഏറനാട് താലൂക്ക്, കൊടുവായൂർ അംശം, പാലപ്പറമ്പത്ത് ക്ഷേത്രം, 23 ഏക്കർ നിലം.

22. കുളത്തൂർ അംശം, കൊണ്ടോട്ടി തങ്ങൾക്ക് 135.9 ഏക്കർ നിലം, 267.25 പറമ്പ്, 146.03 തരിശ് സ്ഥലം.

23. മഞ്ചേരി അംശം, മൂത്തക്കുന്നത്ത് ദുർഗാ ഭഗവതിക്ഷേത്രം 42.25 ഏക്കർ നിലം.

24. അതേ അംശം, വാകത്തൊടി കരിങ്കാളിക്ഷേത്രം 2.10 നിലം.

25. കോഴിക്കോട്ട് താലൂക്ക്, കസ്ബാ അംശം, പന്തലൂർ ഭഗവതി ക്ഷേത്രം, 7.02 നിലം.

26. മഞ്ചേരി അംശം, വാകത്തൊടി കരിങ്കാളിക്ഷേത്രം, 2.10 നിലം.

27. അതേ അംശം, തിരുവാടിക്ഷേത്രം, 1.10 നിലം.

28. അതേ അംശം, ഒരിനേടത്ത് ശിവക്ഷേത്രം, 2.10 നിലം.

29. കുറമ്പ്രനാട് താലൂക്ക്, വിയ്യൂർ അംശം, കൊയിലാണ്ടിപ്പള്ളി, 197 ഏക്കർ പറമ്പ്, 23.5 തരിശ് സ്ഥലം.

30. ഏറനാട് താലൂക്ക്, പള്ളിക്കുന്നു അംശം, മണ്ണൂർ ശിവക്ഷേത്രം 70.20 ഏക്കർനിലം, 3.29 പറമ്പ്, 73.71 തരിശ് സ്ഥലം.

31. അതേ അംശം, നേരാൽ (നരയൻ) കൈതക്കോട്ടയിൽ ക്ഷേത്രം, 53.13 ഏക്കർ നിലം, 13.00 പറമ്പ്, 124.00 തരിശ് സ്ഥലം.

32. അതേ അംശം, തിരുനാവായ വിഷ്ണുക്ഷേത്രം, 188 ഏക്കർ നിലം, 16.31 പറമ്പ്.

33. പൊന്നാനി താലൂക്ക്, തൃകണ്ടിയൂർ അംശം, തൃക്കണ്ടിയൂർ ശിവക്ഷേത്രം, 366.34 ഏക്കർ നിലം, 308.80 പറമ്പ്.

34. തൃക്കണ്ടിയൂർ സമൂഹസത്രം, 48.03 ഏക്കർ നിലം, 14.40 പറമ്പ്.

35. തൃപ്രങ്ങോട് അംശം, തൃപ്രങ്ങോട് ശിവക്ഷേത്രം, 274.85 ഏക്കർ നിലം, 65.07 പറമ്പ്, 40.00 തരിശ് സ്ഥലം.

36. തൃശ്ശൂർ, കൊച്ചി, നടുവിൽ മഠത്തിൽ തിരുമുമ്പ്, 40.26 ഏക്കർ നിലം, 22.13 പറമ്പ്, 4.17 തരിശ് സ്ഥലം.

37. പൊന്നാനി തലൂക്ക്, പരിയപുരം · തൃക്കൈകാട് മടപ്പുറം ശ്രീരാമസ്വാമിക്ഷേത്രം, 1.96 ഏക്കർ പറമ്പ്.

38. പള്ളിപ്പുറം അംശം, തൃപ്പങ്ങോട്ട് സമൂഹം, 6.31 നിലം.

39. പൊന്നാനി നഗരം, പൊന്നാനി ജാറം പള്ളി, 2.90 ഏക്കർ നിലം.

40. പള്ളിപ്പുറം അംശം, തൃപ്രങ്ങോട്ട് സമൂഹം, ചമ്രവട്ടം ഉത്സവ നടത്തിപ്പിന് 24.26 ഏക്കർ നിലം.

41. കോഴിക്കോട് താലൂക്ക്, കസ്ബാ അംശം, വെട്ടത്ത് കോയിൽ ഭഗവതി ക്ഷേത്രം, 52.31 ഏക്കർ നിലം, 6.12 പറമ്പ്.

42. കസ്ബാ അംശം, തൊറക്കാവിൽ ക്ഷേത്രം, 4.71 ഏക്കർ നിലം.

43. കസ്ബാ അംശം, കേരളേശ്വരപുരം ക്ഷേത്രം, 335.72 ഏക്കർ നിലം, 576.09 പറമ്പ്, 200.62 തരിശ് സ്ഥലം.

44. കസ്ബ അംശം, തൃക്കണ്ടിയൂർ വേട്ടക്കൊരു മകൻ കാവ് ക്ഷേത്രം 278.19 ഏക്കർ നിലം, 147.67 പറമ്പ്, 36.92 തരിശ് സ്ഥലം.

45. പൊന്നാനി താലൂക്ക്, വെട്ടം അംശം പേമന വിഷ്ണുക്ഷേത്രം, 10.94 ഏക്കർ നിലം.

46. കസ്ബ അംശം, പെരിന്ത്രക്കോവിൽ ശിവക്ഷേത്രം, 66.49 ഏക്കർ നിലം, 14.09 പറമ്പ്.

47. പൊന്നാനി താലൂക്ക്, രയരിമംഗലം അംശം, ദാരകപ്പള്ളി, 11.45 ഏക്കർ നിലം, 16.87 പറമ്പ്.

48. കസ്ബ അംശം, കമ്പിക്കുളങ്കര ശിവക്ഷേത്രം, 11.29 ഏക്കർ നിലം, 7.43 പറമ്പ്.

49. പൊന്നാനി താലൂക്ക്, പറശൂർ അംശം, ചെതലങ്ങോട് സമൂഹം സത്രം, 16.49 ഏക്കർ നിലം.

50. മംഗലം അംശം, കൊച്ചി, പള്ളിനി ശിവക്ഷേത്രം, 2.71 നിലം.

51. കസ്ബാ അംശം, പരന്ത്രക്കോവിൽ ശിവക്ഷേത്രം 10.38 ഏക്കർ നിലം, 7.37 പറമ്പ്,

52. കസ്ബ അംശം, കണ്ടലത്തേ ഭഗവതി ക്ഷേത്രം, 32.00 ഏക്കർ നിലം.

53. പൊന്നാനി താലൂക്ക്, വേലത്തൂർ അംശം, പരമുടിശ്ശേരി നെടിൻ കോരിമകൻ ക്ഷേത്രം, 21.50 ഏക്കർ നിലം, 6.30 പറമ്പ്.

54. കോട്ടപ്പുറത്ത് വേട്ടക്കൊരുമകൻ ക്ഷേത്രം, 11.20 ഏക്കർ നിലം.

55. തൃശ്ശൂർ, കൊച്ചി, തിരുവഞ്ചാടിക്കുളം ശിവക്ഷേത്രം, 226.60 ഏക്കർ നിലം, 90.10 പറമ്പ്.

56. തൃപ്രയാർ, കൊച്ചി, തൃപ്രയാർ ക്ഷേത്രം, 123 ഏക്കർ നിലം.

57. ഗുരുവായൂർ അംശം, പൊന്നാനി താലൂക്ക്, ഗുരുവായൂർ ക്ഷേത്രം, 75.10 ഏക്കർ നിലം, 593.90 പറമ്പ്.

58. പാലക്കാട് താലൂക്ക്, എടക്കുമുർ അംശം, അഴീക്കൽ ബ്രഹ്മരക്ഷസ്ക്ഷേത്രം, 57.06 ഏക്കർ നിലം, 6.91 പറമ്പ്.

59. പൊന്നാനി താലൂക്ക്, കടിയാട്ട് അംശം കുട്ടമഠത്തിൽ ശ്രീകുമാരൻ നമ്പൂതിരിപ്പാട്, 27.97 ഏക്കർ നിലം 6.91 പറമ്പ്.

60. ഗുരുവായൂർ, പുന്നത്തൂർ രാജ, 12.01 ഏക്കർ പറമ്പ്.

ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാണ്.47. ദക്ഷിണ മലബാറിൽ ഒട്ടാകെ നാല് മുസ്ലിം പള്ളികൾക്കും മുസ്ലിം വൈദികനായ കൊണ്ടോട്ടി തങ്ങൾക്കും മാത്രമാണ് ദാനങ്ങൾ നൽകിയിരുന്നത്. മറ്റുള്ളവ ക്ഷേത്രങ്ങളോ, ഹൈന്ദവസ്ഥാപനങ്ങളോ, വ്യക്തികളോ ആണ്. തൻെറ ഹൈന്ദവ പ്രജകളെ പ്രീണിപ്പിക്കുവാൻ മറ്റേതൊരു തന്ത്രശാലിയായ ഭരണാധിപനും ചെയ്യുമായിരുന്ന പ്രവൃത്തികൾ ടിപ്പുവും അനുവർത്തിച്ചിരുന്നുവെന്നർത്ഥം. മതധ്വംസനം നടത്തിയിരുന്നില്ലെന്ന് മാത്രമല്ല, തൻെറ ഹൈന്ദവപ്രജകളെ കൂറുള്ളവരാക്കി മാറ്റുവാനും ഭരണത്തിൽ വിശ്വാസമുണ്ടാക്കുവാനുമായി ഇത്തരം ദാനധർമ്മാദികൾ കൂടി ചെയ്തിരുന്നുവെന്ന് സിദ്ധം. പക്ഷേ, നിർഭാഗ്യമെന്ന് പറയട്ടെ, മറ്റു പല കാരണങ്ങളാൽ ടിപ്പുസുൽത്താൻ കൊടുംപാതകിയായി ഇന്നും കേരളചരിത്രത്തിൽ വ്യവഹരിക്കപ്പെടുന്നു. സാമൂഹ്യ-സാമ്പത്തിക പരിഷ്ക്കാരങ്ങളുടെ പ്രത്യാഘാതങ്ങളായിരുന്നു ഈ ദുരാരോപണങ്ങളുടെ ഉറവിടമെന്ന പരാമർത്ഥം പറഞ്ഞാൽ അത്ര മോശമാക്കുവാൻ സാധിക്കാത്തതിനാൽ എളുപ്പത്തിൽ ഫലിപ്പിക്കാവുന്ന മതപീഢനകഥകൾ പ്രചരിപ്പിക്കുകയും തലമുറകൾ വിശ്വസിച്ചു പോരികയും ചെയ്യുവാനിടയായതിനാലാണ് ഇന്നും ഈ അപവാദങ്ങൾ പച്ചപിടിച്ചു നിൽക്കാൻ കാരണം. ഇത്രയും സുശക്തമായും സുസംഘടിതമായും എതിർ പ്രചാരണത്തിന് വിധേയനായ മറ്റൊരു ഇൻഡ്യൻ ഭരണാധിപനും ടിപ്പുസുൽത്താനെപ്പോലെ ഉണ്ടായിട്ടില്ല.

ബ്രിട്ടീഷ്കാർ പ്രചരിപ്പിച്ചതും കേരളത്തിൽ വിശ്വസിച്ചു പോരുന്നതുമായ വിധത്തിൽ ക്രൂരനും മതധ്വംസകനുമായിരുന്നു ടിപ്പുസുൽത്താനെങ്കിൽ അദ്ദേഹത്തിൻെറ മരണത്തിന് ശേഷം ബ്രിട്ടീഷ് പട്ടാളത്തിൻെറ അകമ്പടിയോടുകൂടി നടത്തിയ ശവസംസ്കാരഘോഷയാത്രയിൽ

ജനങ്ങൾ സന്തോഷിക്കുകയേ ചെയ്യുമായിരുന്നുള്ളു. ദൃക്സാക്ഷികളായ ബീറ്റ്സണും കിർക്ക് പാട്രിക്കുമെഴുതുന്നത് റോഡിന്റെ ഇരുവശങ്ങളിലും ധാരാളം ജനങ്ങൾ മണിക്കൂറുകൾ കാത്തുനിന്നിരുന്നുവെന്നും, മാറത്തടിയും പൊട്ടിക്കരച്ചിലും, ശവമഞ്ചത്തിന്റെ മുമ്പിൽ കൂട്ടത്തോടെയുള്ള പ്രണാമങ്ങളുമൊക്കെ മാർഗതടസ്സം സൃഷ്ടിച്ചുവെന്നുമാണ്. വിലാപയാത്ര ലാൽബാഗിലെത്താൻ എത്രയോ മണിക്കൂറുകൾ തൻമൂലം ആവശ്യമായി വന്നു. സിംഹാസനം തകർന്ന് ചെങ്കോലൊടിഞ്ഞ്, പോർക്കളത്തിൽ പരാജിതനായി വീണ് മൃതിയടഞ്ഞ ഒരു ഭരണാധിപൻ, പാതകിയും ദ്രോഹിയുമായിരുന്നുവെങ്കിൽ ജനങ്ങൾ സന്തോഷിച്ച് ആർത്തുവിളിക്കുമായിരുന്നു. പ്രത്യേകിച്ച് അയാളെ ഭയപ്പെടേണ്ടതില്ലാത്തപ്പോഴും. അയാളോട് അനുകമ്പ കാണിക്കുന്നത് ആപൽക്കരമായിരുന്ന സന്ദർഭത്തിലും. എന്നിട്ടും ജനങ്ങൾ ഒന്നടങ്കം പ്രകടിപ്പിച്ച സങ്കടവും ആദരവും, ജനപ്രീതി നേടിയ ഒരു മഹാന്റെ വേർപാടിലുള്ള അകമഴിഞ്ഞ, ആത്മാർത്ഥമായ ദുഃഖത്തെയാണ് പ്രകടമാക്കുന്നത്. ലാൽബാഗിലെ കബറടക്കത്തോടൊപ്പമുണ്ടായ പ്രകൃതിക്ഷോഭത്തേയും തുടർന്നുണ്ടായ അത്യാഹിതത്തേയും ബീറ്റ്സനും കിർക്ക് പാട്രിക്കും അവരുടെ ഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിട്ടുള്ളത് ഇപ്രകാരമാണ്. ജഡം മറവു ചെയ്ത് കഴിഞ്ഞതോടെ തന്നെ അന്തരീക്ഷം കലുഷമാകുകയും, കാർമേഘങ്ങൾ കനത്ത് കൂടുകയും ശക്തമായ കൊടുങ്കാറ്റും ഉഗ്രമായ ഇടിവെട്ടും പരിസരത്തെ ആകെ ഭയാനകമായി മാറ്റുകയും ചെയ്തു. ബോംബേ റജിമെന്റിൽപ്പെട്ട മൂന്നു പട്ടാള ഉദ്യോഗസ്ഥൻമാർ മിന്നൽ ഏറ്റ് മരണമടയുകകൂടി ചെയ്തപ്പോൾ, തങ്ങൾ ചെയ്ത കൊടുംക്രൂരതയ്ക്ക് പ്രകൃതി നൽകിയ ശിക്ഷയാണിതൊക്കെയെന്നുവരെ അവർ കരുതുവാനിട വന്നു. ഇന്നും ഈ സംഭവം മൈസൂർ നിവാസികൾക്കിടയിൽ ടിപ്പു സുൽത്താനെ ഒരു ഇതിഹാസപുരുഷനായി കാണുവാനും, ടിപ്പു സുൽത്താൻ മസ്താൻ എന്ന പേരിൽ ദൈവീകാവരണം നൽകി ഭയഭക്തി ബഹുമാനങ്ങൾ അർപ്പിക്കുവാനും പ്രേരകമായി നിന്ന സംഭവമാകുന്നു. ലാൽബാഗിൽ ആയിരക്കണക്കിന് ജനങ്ങൾ ഇന്നും അദ്ദേഹത്തിന്റെ ശവകുടീരം സന്ദർശിക്കുകയും തങ്ങളുടെ ദുർഭരമായ ദുഃഖഭാരം ഇറക്കിവെച്ചാശ്വസിക്കുവാനായി, ആ കറുത്ത മാർബിൾ ശവക്കല്ലറയിൽ പ്രാർത്ഥനകളും അർച്ചനകളും അർപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. ഈ വക സംഗതികൾ നമുക്ക് നൽകുന്ന സാധനപാഠം വിലപ്പെട്ടതാണ്. സത്യത്തെ എങ്ങനെ വികലവികൃതമാക്കി മനുഷ്യരെ വഴിപിഴപ്പിക്കുവാനും തമ്മിലടിപ്പിക്കുവാനും സാധിക്കുമെന്നതിന് ടിപ്പുസുൽത്താന്റെ ചരിത്രം മകുടോദാഹരണമാകുന്നു.

---

1. *Col. Beatson, A view of the origin and conduct of War with Tipoo Sultan, 1800, England, p 15.*
2. *Ibid, 216.*
3. *Ibid, 48.*
4. *Buchanan, Vol.II, op.cit, p 355.*
5. *Foreign (Miscellaneous) S.No. 56, Part I, p 150.*
6. *Kirk Patrick, Op.cit, CCXC, p 316.*
7. *Sakthan Thampuran, Op.cit, p 133.*
8. *Logan, Malabar Manual, Vol.I, Op.cit, pp 448-49.*
9. *Foreign (Miscellaneous) S.No. 56, Part I, p 88-89.*
10. *Wilks, Historical sketches etc, Op.cit, Vol.I, p 136.*
11. *Logan, Op.cit, 451.*
12. *Foreign (Miscellaneous) S.No. 56, Part I, p 90.*
13. *Poona Residency Correspondence, Vol.III, No. 37A, p 37.*
14. *Ibid, No. 51, p 43.*
15. *Foreign Political Proceedings February 5, 1790, consultations No. 14.*
16. *Memoirs of Tipoo Sultan (Translation Col. Miles) p 270.*
17. *Foreign (Miscellaneous) S.No. 56, Part I, p 6.*
18. *C.A. Innes, Malabar Gazetteer, Vol. II, op.cit, Appendix V, pp 31-36.*
19. *Buchanan, Vol. II, Op.cit, p 391.*
20. *Sea Voyages to East Indies (Translated by Foster) pp 141-142.*
21. *Ibid.*
22. *Sakthan Thampuran, op.cit, p 136.*
23. *Poona Residency Correspondence, Vol. III, No. 465. p 603.*
24. *Ibid, No. 313, pp 421-22.*
25. *James Mill, History of British India, 8 vols, Vol. V, 1925, London, p 297.*
26. *Wilks, op.cit, p 120.*
27. *Ibid.*

28. Memoirs of Tipoo Sultan, op.cit, p 270.
29. Wilks, op.cit, p 132.
30. K.M. Panikar, Op.cit, p 465.
31. Ibid.
32. Logan, Malabar Manual Vol. I, op.cit, p 124.
33. കൊച്ചി രാജ്യചരിത്രം, ഭാഗം - രണ്ട്, പുറം - 454.
34. Foreign (Miscellaneous) S.No. 56. p 150.
35. Foreign Political Secret Proceedings, S.No. 96, p 184.
* ബുക്കാനൻ്റെ കേരളം, ഡോ. സി.കെ. കരീം, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 1952, തിരുവനന്തപുരം.
36. Kirkpatrick, op.cit, XXI, pp 34-35.
37. Abbe J.A. Dubois, Hindu Manners Customs and Ceremonies, 1800, p 78.
38. Mysore Archaeological Report, 1917, p 60.
39. Ibid, 1912, pp 23-40.
40. Ibid, 1940, p 26.
41. Tipoo's endowments to Hindu Institutions, p 416.
42. Ibid, 1940, p p 239-45.
43. Quoted by M.H. Khan, History of Tipoo Sultan, p 354.
44. Ernakulam Archives, No. 160, List No. 7, First series, 3-8-974 M.E.
45. Noorani, The Trial of Ali Brothers, Indian Express, March 25. 1973.
46. Temple records, quoted by M.H. Khan, op.cit p 355.
47. Regional Archives Kozhikode, Robinson, Inam Registar, Vols. 1 to 4.

# XXXVII സാമ്പത്തികനയം

തന്റെ രാജ്യത്തിന്റെയും ജനങ്ങളുടെയും ഐശ്വര്യത്തെ ലാക്കാക്കി ടിപ്പുസുൽത്താൻ പ്രാവർത്തികമാക്കിയിരുന്ന സാമ്പത്തിക പദ്ധതികൾ, അദ്ദേഹത്തെ അങ്ങേയറ്റം കരിവാരി തേക്കുവാൻ ശ്രമിച്ചിട്ടുള്ള ചരിത്രകാരൻമാരുടെ പോലും പ്രശംസക്ക് വിധേയമായിട്ടുള്ളവയാണ്. തന്റെ സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ തോമസ് മൂർ എഴുതിയിട്ടുള്ളതിപ്രകാരമാണ്. "അപരിചിതമായ ഒരു രാജ്യത്ത് കൂടി സഞ്ചരിക്കേണ്ടതായിവരുമ്പോൾ, ആ സ്ഥലങ്ങൾ ശരിക്കും കൃഷിയിടങ്ങൾ കൊണ്ട് നിറയപ്പെട്ടും, അദ്ധ്വാനശീലരായ ജനങ്ങളാൽ നിബിഢമായും, പുതിയ നഗരങ്ങൾ സ്ഥാപിക്കപ്പെട്ടും, വ്യവസായങ്ങൾ അഭിവൃദ്ധിപ്പെട്ടും പട്ടണങ്ങൾ പുഷ്ടിപ്പെട്ടും അങ്ങനെ സമൃദ്ധിയുടെ ലക്ഷണങ്ങൾ തികഞ്ഞും കാണപ്പെടുന്നുവെങ്കിൽ, അവിടെ ജനങ്ങളുടെ ഹിതത്തിനൊത്ത് സംവിധാനം ചെയ്തിട്ടുള്ള ഭരണത്തിൻ കീഴിലുള്ള രാജ്യമാണെന്ന് ആരും തീരുമാനത്തിലെത്തുക സ്വാഭാവികമാണ്. ടിപ്പുവിന്റെ രാജ്യത്തെപ്പറ്റിയുള്ള ചിത്രം അതായിരുന്നു. അദ്ദേഹത്തിന്റെ ഗവർമ്മേണ്ടിനെക്കുറിച്ചുള്ള ഞങ്ങളുടെ നിഗമനവും ഇത് തന്നെയാണ്."1. ലോഡ് കോൺവാലീസിന് ശേഷം ഇൻഡ്യയുടെ ഗവർണ്ണർ ജനറലായിത്തീർന്ന സർ ജോൺ ഷോറിന്റെ അഭിപ്രായവും ഇക്കാര്യത്തിൽ പ്രസക്തമാണ്. അദ്ദേഹമെഴുതി, "ടിപ്പുവിന്റെ സാമ്രാജ്യത്തിലുള്ള കൃഷിക്കാർക്ക് അദ്ദേഹം കൂടുതൽ സംരക്ഷണം നല്കുന്നുവെന്ന് മാത്രമല്ല, അവരുടെ പ്രയത്നത്തെ പ്രോത്സാഹിപ്പിക്കുകയും പാരിതോഷികങ്ങൾ നല്കി സന്തോഷിപ്പിക്കുകയും ചെയ്യുന്നു."2. യാതൊരു കാരണവശാലും ടിപ്പു സുൽത്താനെ വെള്ളയടിച്ചു കാണിക്കുവാൻ ബാദ്ധ്യസ്ഥനല്ലാത്ത ജെയിംസ് മിൽ എഴുതിയിരിക്കുന്നത്, "ടിപ്പുവിന്റെ രാജ്യത്താണ് ഏറ്റവും സമൃദ്ധിയായി കൃഷിയിറക്കുന്നതും ഇൻഡ്യയിലെ ജനങ്ങളിൽ വെച്ചേറ്റവും അഭിവൃദ്ധി പ്രാപിച്ച ജനങ്ങളുമുള്ളത്," എന്നാണ്.3. കെംബ്രിഡ്ജ് ഹിസ്റ്ററിയിൽ ഡോഡ്വെൽ അഭിപ്രായപ്പെട്ടിരിക്കുന്നത്, "ടിപ്പുവിന്റെ നാട്ടിൽ സമൃദ്ധിയുടെ ലക്ഷണം ഇംഗ്ലീഷ്കാർക്ക് കാണാൻ കഴിഞ്ഞിരുന്നുവെങ്കിലും, അതൊന്നും അദ്ദേഹത്തിന്റെ മിടുക്കോ, വൈഭവമോ കൊണ്ടായിരുന്നില്ല,"4 എന്നാണ്. ആരുടെ ഗുണം കൊണ്ടാണെങ്കിലും ടിപ്പുവിന്റെ അധീനതയിലുണ്ടായിരുന്ന സ്ഥലങ്ങളിൽ സാർവ്വത്രികമായ പുരോഗതിയും സമ്പൽസമൃദ്ധിയുമുണ്ടായിരുന്നുവെന്ന് അദ്ദേഹവും സമ്മതിക്കുന്നുണ്ട്.

എന്നാൽ കേരളചരിത്രരചന നടത്തുവാൻ ശ്രമിച്ചവരുടെയൊക്കെ അഭിപ്രായം ഏറെ വിഭിന്നമാണ്. അവരൊക്കെ എഴുതുന്നത് രാജ്യം മുഴുക്കെ പരിപൂർണ്ണമായി മുടിച്ചെന്നും, അനാദികാലമായി സ്വരുകൂട്ടിയിരുന്ന സ്വർണ്ണവും ധനവുമെല്ലാം കൊള്ളയടിക്കപ്പെട്ടുവെന്നും.5, വാണിജ്യവും വ്യവസായവും പൂറകോട്ടടിക്ക് വിധേയമായെന്നും, അങ്ങനെ ചുരുക്കത്തിൽ രാജ്യത്തിന്റെ സാമ്പത്തിക നില അങ്ങേഅറ്റം മോശമാകുകയും, പൂർവ്വസ്ഥിതിയിലേക്ക് എത്തുവാൻ വളരെക്കാലം കഴിയേണ്ടതായി വരികയും ചെയ്തു"വെന്നുമാണ്.6. 1908ൽ മലബാർ ഗസറ്റിയർ എഴുതിയിട്ടുള്ള സി.എ. ഇന്നിസ് അഭിപ്രായപ്പെട്ടിട്ടുള്ളത്, "തെക്കെ മലബാറിലെ കച്ചവടം നശിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി കഴിയുന്നതെല്ലാം അദ്ദേഹം ചെയ്യുകയും കുരുമുളക് വള്ളികൾ മുഴുക്കെ വെട്ടിക്കളയുകയും ചെയ്തു,"7. എന്നാണ്. ഡബ്ലിയു. ലോഗനും, ബുക്കാനനും.9. ഇക്കാര്യത്തിൽ ഇതേ അഭിപ്രായക്കാർ തന്നെയാണ്. എന്നാൽ നമ്മുടെ എഴുത്തുകാരെപ്പോലെ അത്രയും അവിശ്വസനീയങ്ങളായ കാര്യങ്ങളോ, പരിഹാസ്യപൂർണമായ അപവാദങ്ങളോ ഇവർ നടത്തുന്നില്ല. മൈസൂർ ഭരണമെന്ന വസ്തുത പോലും അംഗീകരിക്കുവാൻ മടിക്കുന്നവരാണ് കേരളീയരായ 'ചരിത്രപണ്ഡിതൻമാർ'. എപ്പോഴെങ്കിലും മൈസൂർ കാലഘട്ടത്തെപ്പറ്റി പരാമർശിക്കപ്പെടേണ്ടതായി വരുമ്പോൾ, ഒന്നുകിൽ, "മൈസൂർകാർ രാജ്യം കൊള്ളയടിച്ച് നശിപ്പിച്ചുകൊണ്ടിരുന്നപ്പോൾ,"10. എന്നോ, അതല്ലെങ്കിൽ, ടിപ്പുവിന്റെ ക്രൂരമർദ്ദനം നടന്നിരുന്നപ്പോൾ,"11. എന്നോ ഒക്കെയാണെഴുതിയിരിക്കുന്നതും. അങ്ങനെ മൈസൂർ കാലത്തെ കേരളം സാമ്പത്തികതകർച്ചയുടെ നെല്ലിപ്പലക കണ്ടിരുന്നുവെന്ന നിഗമനം അലംഘനീയമായി അംഗീകരിച്ചു പോരികയാണിവിടെ ചെയ്യുന്നത്.

നിലവിലുള്ള ഈ അഭിപ്രായങ്ങൾ സത്യത്തിന് കടകവിരുദ്ധമാണെന്നും മനഃപൂർവ്വമായി ചരിത്രവസ്തുതകളെ വികലമാക്കി അവതരിപ്പിച്ചിട്ടുള്ളതാണെന്ന് തെളിയിക്കുവാനുമുള്ള ശ്രമങ്ങളാണ് ഈ അദ്ധ്യായത്തിൽ നടത്തുന്നത്. യഥാർത്ഥത്തിൽ ഈ കാലഘട്ടം സാമ്പത്തികസ്ഥിരതയുടേയും വ്യാവസായിക വളർച്ചയുടേയും കച്ചവട വർദ്ധനവിന്റെയും അങ്ങനെ പൊതുവായ അഭിവൃദ്ധിയുടെയും കാലമായിരുന്നു. കാർഷിക ബന്ധത്തിൽ വരുത്തിയ മാറ്റവും കർഷകരുമായി നേരിട്ട് സർക്കാർ ഇടപെടുകയെന്ന സ്ഥിതിയും സാമൂഹ്യനിലവാരത്തിൽ അവരെ ഏറെ ഉൽക്കർഷം പ്രാപിപ്പിക്കാൻ സഹായിച്ചവയാണ്. കൃഷി വികസനത്തിന് സഹായകമാം വിധമുള്ള പ്രോത്സാഹനങ്ങളും സാമ്പത്തികസഹായവും കൃഷിക്കാർക്ക് നേരിട്ടു ലഭിച്ചു എന്നതിന് പുറമേ, ഭൂസ്വാമിമാരുടെയും നായർ മാടമ്പിമാരുടേയും ക്രൂരമായ മർദ്ദനത്തിൽ നിന്നും അവരെ സംരക്ഷിക്കുകയും ചെയ്തിരുന്നു. ചുരുക്കത്തിൽ, കേരളത്തിൽ അതിന് മുമ്പ് ഒരിക്കലും കണ്ടിട്ടില്ലാത്തവിധം കൃഷിക്കാരിൽ സംതൃപ്തിയും സമൃദ്ധിയും കളിയാടി നിന്ന കാലവും ഇതു തന്നെയായിരുന്നു. ഒരു കാര്യം തീർച്ച. സമൂഹത്തിലെ സാമ്പത്തികഘടനയിൽ പാടെ മാറ്റം സംഭവിച്ചു എന്നതിന് സംശയമില്ല. സാമ്പത്തിക സംവിധാനത്തിൽ വരുന്ന മാറ്റം സമൂഹത്തിലെ ഏതെങ്കിലും വിഭാഗ

ത്തിന് കുറെ കഷ്ടതയും മറ്റു വിഭാഗങ്ങൾക്ക് അനല്പമായ ആശ്വാസവും ഉണ്ടാക്കുക സ്വാഭാവികമാണല്ലോ. ഇവിടെ ചെറിയ ന്യൂനപക്ഷമായ ഭൂവുടമകൾക്കും അവരുടെ കാര്യവിചാരക്കാർക്കും സാമ്പത്തികക്ലേശവും സ്ഥാന നഷ്ടവും സംഭവിച്ചുവെങ്കിൽ, അതുവരെ ആരാലും ശ്രദ്ധിക്കപ്പെടാതെ ദുഃഖത്തിന്റെയും യാതനയുടേയും കരളലിയിക്കുന്ന കഥകൾ മാത്രം പറയാനുണ്ടായിരുന്ന സാധുകർഷകർക്കും സാധാരണക്കാർക്കും ഏറെ ആശ്വാസവും സമാധാനവും ലഭിച്ചിരുന്നു എന്നതാണു സത്യം.

കേരളത്തിലെ ഭൂസ്വത്തിൻമേലുള്ള ജൻമികളുടെ അലംഘനീയമായ അവകാശത്തേയും ജൻമിയും കാണക്കാരും തമ്മിലുള്ള ബന്ധത്തേയുംക്കുറിച്ച് മുൻ അദ്ധ്യായത്തിൽ നാം സവിസ്തരം ചർച്ച ചെയ്തതാണല്ലോ. മൈസൂർ അധിനിവേശത്തിന്റെ മുമ്പുള്ള കേരളത്തിൽ സ്ഥലം ഏത് വിഭാഗത്തിൽപ്പെട്ടതായിരുന്നെങ്കിലും അതിൽ നിന്നും നികുതി പിരിച്ചിരുന്നില്ലെന്നും നാം കണ്ടതാണ്. സാമൂഹികവും സാമ്പത്തികവുമായ അപ്രമാദിത്വത്തോടുകൂടിയുള്ള സമ്പൂർണ്ണ ജൻമാവകാശം ഇവിടെ ചെറിയ ഒരു വിഭാഗം വ്യക്തികളിൽ അധിഷ്ഠിതമായിരുന്നുവെന്നും നാം മനസ്സിലാക്കിയതാണല്ലോ. സമൂഹത്തിലെ മൃഗീയ ഭൂരിപക്ഷത്തേയും പാടെ വിഗണിച്ചുകൊണ്ടുള്ളതായിരുന്നു നിലവിലുണ്ടായിരുന്ന സാമ്പത്തികസംവിധാനം. അതിന്റെ ഫലമായി പ്രത്യേക അവകാശാധികാരങ്ങൾ അനുഭവിച്ചു പോന്ന നായൻമാർക്കും നമ്പൂതിരിമാർക്കും മാത്രമേ, സമൂഹത്തിൽ സ്ഥാനമാനങ്ങളുണ്ടായിരുന്നുള്ളു. അവർ മാത്രമായിരുന്നു രാജ്യത്തിന്റെ ഭാഗധേയം നിർണ്ണയിച്ചിരുന്ന ശക്തി. സമൂഹത്തിലെ ഭൂരിപക്ഷം വിഭാഗങ്ങളും ഒന്നുകിൽ അടിമകളോ, അതുമല്ലെങ്കിൽ തൊട്ടുകൂടാനും തീണ്ടികൂടാനും പാടില്ലാതിരുന്ന മ്ലേച്ഛസമൂഹങ്ങളോ ആയിരുന്നു.12. താഴ്ന്ന ജാതിക്കാരായ ഇവർക്ക് സവർണ്ണരെ സമീപിക്കുവാനോ, അവരുമായി സമ്പർക്കത്തിലേർപ്പെടുവാനോ, സാധിക്കുമായിരുന്നില്ല. ഓരോ ജാതിയിലുംപെട്ട ആളുകൾ മേൽജാതിക്കാരിൽ നിന്നും നിശ്ചിതമായ ദൂരത്തിൽ ഓഛാനിച്ച് നിൽക്കണമെന്നതായിരുന്നുവല്ലോ ജാത്യാചാരം. നായൻമാരുടേയും നമ്പൂതിരിമാരുടേയും 24 അടി അകലെ മാത്രമേ ഈഴവർക്ക് നിൽക്കുവാൻ പാടുണ്ടായിരുന്നുള്ള. ചെറുമരാകട്ടെ 64 അടി ദൂരത്തിൽ നിൽക്കണമായിരുന്നു. ഇതിന് തിയ്യപ്പാട്, ചെറുമപ്പാട് എന്നൊക്കെയാണ് പറഞ്ഞുപോന്നിരുന്നത്.13. താണജാതിക്കാരുടെ കൂട്ടത്തിൽ മത്സ്യബന്ധനം നടത്തിയിരുന്ന മുക്കുവർ ഈഴവരുടെ താഴെയുള്ള ജാതിയായിരുന്നു. അവർക്ക് തൊട്ടുതാഴെയായിരുന്നു കരകൗശലവിദഗ്ദ്ധനൻമാരായ കമ്മാളൻമാർ. ഇവരിൽ അഞ്ച് ഉപജാതികളുണ്ടായിരുന്നു. സ്വർണ്ണപ്പണിക്കാരനായ തട്ടാൻ, ഇരുമ്പു പണി ചെയ്തിരുന്ന കൊല്ലൻ, ചെമ്പു പണിക്കാരനായ ചെമ്പോട്ടി, മരപ്പണിക്കാരനായ ആശാരി, ഓടുപണിക്കാരനായ മൂശാരി, എന്നിവരായിരുന്നു ഈ ഉപവിഭാഗങ്ങൾ. ഇവർക്ക് താഴെയുള്ള ജാതികൾ വണ്ണാൻ, കുറവൻ, കണിയാൻ എന്നിവരും ഏറ്റവും താഴ്ന്ന ജാതിയിൽപ്പെട്ടവർ ചെറുമർ, പുലയർ, പണിയർ തുടങ്ങിയ ജാതികളും ആയിരുന്നു. കണിയാൻ ജോത്സ്യക്കാരനും, വണ്ണാൻ അലക്കുകാരനും കുറവൻ കുട്ട നെയ്ത് തുടങ്ങിയ പണികളിലേർപ്പെട്ടിരുന്നവനും ആണ്. ഏറ്റവും താണജാതിയിൽപ്പെട്ടിരുന്ന അവർ അടിമകളോ, വന്യജാതികളോ ആയിരുന്നു. 1792ൽ മലബാർ ജോയിന്റ് കമ്മീഷണറൻമാർ അവരുടെ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്, "ചെറുമരും പറയരും അതുപോലെയുള്ള ജാതിക്കാരും സ്ഥലങ്ങളിൽ സ്ഥിരം ജോലി ചെയ്യുവാൻ ബാദ്ധ്യസ്ഥരും ഏതവസരത്തിലും അടിമകളെപ്പോലെ വിൽക്കപ്പെടുന്നവരുമായിരുന്നു." എന്നാണ്. തൻമൂലം സമൂഹത്തിലെ ബഹുഭൂരിപക്ഷമായ ഈ ഏഴവർഗ്ഗങ്ങളെക്കുറിച്ച് വളരെ ദുർല്ലഭമായ വിവരണമേ ലഭിക്കുവാനുള്ളു. നായർ, നമ്പൂതിരി ജാതികൾക്കൊഴിച്ച് മറ്റാർക്കും സമൂഹത്തിൽ സ്ഥാനമാനങ്ങൾ ലഭിക്കുക അസാദ്ധ്യമായിരുന്നതിനാലും, ഓരോ ജാതിയും താണ ജാതിയുടെമേൽ ആധിപത്യം പുലർത്തിയിരുന്നതിനാലും ഏറ്റവും താഴെക്കിടയിലുണ്ടായിരുന്ന ജാതിവിഭാഗങ്ങളെ മൃഗങ്ങളേക്കാൾ മോശമായ സ്ഥിതിയിലാണ് മറ്റുള്ളവർ വീക്ഷിച്ചിരുന്നത്. ഈ പരമശോചനീയമായ സ്ഥിതിയിൽ നിന്നും ഇവരെ ഉദ്ധരിക്കുവാനുള്ള പല നിർദ്ദേശങ്ങളും ബുക്കാനൻ കമ്പനി അധികൃതരുടെ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതായി കാണാം.14. സാമൂഹിക ഉഛനീചത്വങ്ങൾ അതിന്റെ ഉച്ചകോടിയിൽ കൊടികുത്തി വാണിരുന്ന ഈ കേരള സമൂഹത്തിലാണ് നികുതി നിജപ്പെടുത്തലും സർക്കാർ കൃഷിക്കാരുമായി നേരിട്ട് കാർഷിക പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുന്നതും. മറ്റുള്ളവരാൽ പുച്ഛിച്ച് തള്ളപ്പെട്ടുകിടന്നിരുന്ന യഥാർത്ഥ കൃഷിക്കാരനും, അഹോരാത്രം പണിയെടുത്തുകൊണ്ടിരുന്ന കർഷകത്തൊഴിലാളിയും, സർക്കാർ അവരുമായി ബന്ധം പുലർത്തുന്നുവെന്ന് വന്നപ്പോൾ സാമൂഹ്യമേൻമയും ആത്മവിശ്വാസവും അനുഭവിക്കുവാൻ തുടങ്ങി. മൈസൂർ ഭരണാധികാരികളുടെ കാർഷികപരിഷ്ക്കാരത്തിന്റെ ഫലമായി കുടിയാൻമാരും കർഷകത്തൊഴിലാളികളും ഏറെ ഉൽക്കർഷം പ്രാപിച്ചു എന്നുതന്നെയാണ് മൈസൂർ ഭരണത്തെ നിശിതമായി വിമർശിക്കുന്നവർ പോലും എഴുതിയിട്ടുള്ളത്. ഇതാണ് സത്യസ്ഥിതിയെങ്കിൽ നിശ്ചയമായും മൈസൂർ ഭരണപരിഷ്ക്കാരങ്ങൾ സമൂഹത്തിലെ ബഹുഭൂരിപക്ഷം ജനങ്ങൾക്കും പ്രയോജനകരവും സ്വീകാര്യവും ആയിരുന്നുവെന്ന് വേണം കരുതുവാൻ. ഫ്യൂഡൽ മനസ്ഥിതിയിൽ നിന്നും പുറത്ത് ചാടാൻ കഴിയാത്ത എഴുത്തുകാരാണ് ഇന്നും പൊലിഞ്ഞ ഫ്യൂഡൽ പ്രതാപത്തെ ച്ചൊല്ലി വിലപിക്കുന്നവർ. മാറിയ പരിതസ്ഥിതിയിൽ പോലും ഇവരുടെ മനസ്ഥിതി മാറാത്തതുകൊണ്ടും ഇന്നും തുടർച്ചയായി അവർ മാത്രമാണ് കേരളചരിത്രരചയിതാക്കൾ എന്നതുകൊണ്ടും ആരോപണങ്ങളുടെ പഴയ പല്ലവി ഇപ്പോഴും നിലനിൽക്കുന്നുവെന്ന് മാത്രം.

കേരളത്തിലാദ്യമായി ഭൂസർവ്വേ നടത്തിയപ്പോഴും സ്ഥലങ്ങളിൻമേൽ കരം ചുമത്തിയപ്പോഴും അവയ്ക്കെതിരായി

സ്ഥാപിത താല്പര്യം മുറവിളിക്കൂട്ടുകയുണ്ടായി. കേരളത്തിൽ അജ്ഞാതമായിരുന്ന കാര്യങ്ങളായിരുന്നു ഇവ രണ്ടും. എന്നാൽ വ്യവസ്ഥാപിതമായ ഏത് ഭരണകൂടത്തിനും നികുതി തിട്ടപ്പെടുത്തുവാൻ ഭൂസർവ്വേ ആവശ്യമാണല്ലോ. രാജ്യത്തുള്ള ഭൂമിയിൽ നിന്നും കരം പിരിക്കുക ഏത് പരിഷ്കൃത ഭരണകൂടവും ചെയ്യുന്ന നടപടിയാണ്താനും. ജൻമികൾക്ക് കാണക്കാർ നൽകിയിരുന്ന പാട്ടം അഥവ വാടക ഇനത്തിൽ നിന്നായിരുന്നു സർക്കാർ നികുതി ഈടാക്കിയിരുന്നതെന്നും പുതുതായി ഭൂമിയിൽ ചുമത്തിയ കരം കൃഷിക്കാരന് യാതൊരു തരത്തിലുള്ള ഭാരവും ഉണ്ടാക്കിയിരുന്നില്ലെന്നും നാം നേരത്തെ പ്രസ്താവിച്ചതാണല്ലോ. ജൻമികൾക്ക് കിട്ടിയിരുന്ന വിഹിതത്തിൽ നിന്നും നല്ലൊരു ഓഹരി സർക്കാർ നികുതിയായി നിജപ്പെടുത്തുകയാണ് ചെയ്തത്. തൻമൂലം മെയ്യനങ്ങാതെ മൃഷ്ടാന്നഭോജനം നടത്തി സസുഖം വാണരുളിയിരുന്ന ഭൂസ്വാമികൾക്ക് അവരുടെ വരവിൽ നിന്നും വലിയൊരംശം സർക്കാരിന് അടിയറ വെക്കേണ്ടതായി വന്നു. അങ്ങനെ വളരെ ന്യൂനപക്ഷമായിരുന്ന ജൻമികൾക്ക് സാമ്പത്തികമായി കുറെ പരാധീനതകളുണ്ടായി എന്നത് വാസ്തവമാണ്. മലബാർ ജോയിൻറ് കമ്മീഷ്ണറൻമാരുടെ ചോദ്യത്തിനുത്തരമായി സാമൂതിരിപോലും പറഞ്ഞതിപ്രകാരമായിരുന്നു."എനിക്കോ, എൻെറ നാടിനോ, ഒരിക്കലും ഒരു ഭാരമായിരുന്നില്ല ടിപ്പു ചുമത്തിയിരുന്ന നികുതി. രാജ്യത്തുടനീളം വളരെ നീതിപൂർവ്വമായാണ് അത് നടപ്പിലാക്കിയിരുന്നത്."15. അതേസമയം മലബാർ ഇംഗ്ലീഷ് കമ്പനിയുടെ കിഴിൽ വന്നപ്പോൾ അവർ ഈടാക്കിയിരുന്നതാകട്ടെ പത്ത് ശതമാനം കൂടുതലായിരുന്നു. നികുതി പിരിക്കുന്നതിനുള്ള ചെലവ് ഇനത്തിലായിരുന്നു ഈ പത്തു ശതമാനം വർദ്ധനവ് വരുത്തിയത്. "കമ്മീഷ്ണറൻമാർ ചെയ്തതുപോലെ സ്ഥിരം നികുതിയിൽ പത്ത് ശതമാനം വർദ്ധനവ് മൈസൂർകാർ ചെയ്തിരുന്നില്ല."16. എന്നാണ് ലോഗൻ ഇത് സംബന്ധിച്ച് പറയുന്നത്. മാത്രമല്ല കമ്മീഷണറൻമാർ ഓരോ ഇഞ്ച് സ്ഥലത്തിൻമേലും ഭൂനികുതി സാർവ്വത്രികമാക്കുകയും ചെയ്തു. നികുതി സമ്പ്രദായം ഇവിടെ നടപ്പിലാക്കിയത് ടിപ്പു ആയിരുന്നുവെങ്കിലും അത് ഒരു സ്ഥിരം ഏർപ്പാടാക്കി മാറ്റിയത് കമ്പനി അധികാരികളാണ്.17. ഫലഭൂയിഷ്ടമല്ലാത്ത സ്ഥലങ്ങളും തരിശു ഭൂമികളും നികുതിയിൽ നിന്നും ഒഴിവാക്കിയിരുന്നു. നികുതി ഭാരം മൂലം ജനങ്ങൾ രാജ്യത്തു നിന്നും ഓടിപ്പോയി എന്ന ആരോപണം എത്രമാത്രം അപഹാസ്യവും അസത്യവും ആണെന്നതിന് ബുക്കാനൻെറ അന്വേഷണത്തിൽ മനസ്സിലാകുന്ന കാര്യങ്ങൾ ഉദാഹരണമായുദ്ധരിക്കാം. "ഉയർന്ന സ്ഥലങ്ങളിൽ കൃഷിക്കുപയുക്തമായവ പോലും വിള ഇറക്കാതെ അവഗണിച്ചിരിക്കയാണ്. നികുതി ചുമത്തിയതിനാൽ കൃഷി ചെയ്യുന്നതിൽ നിന്നും ജനങ്ങൾ പിന്തിരിഞ്ഞു എന്നത് വെറും ദുരാരോപണം മാത്രമാണെന്നാണ് ഇത് വ്യക്തമാക്കുന്നത്. കാരണം, നികുതി ചുമത്താത്ത ഈ സ്ഥലങ്ങളിൽ പോലും ഇവർ കൃഷി ഇറക്കുന്നില്ല."18. യഥാർത്ഥത്തിൽ കാർഷികമേഖലയിലുണ്ടായ മാറ്റം തങ്ങളുടെ ഇഷ്ടാനിഷ്ടമനുസരിച്ച് കുടിയാൻമാരെ ഇറക്കി വിടുവാനോ, കർഷകരെ ഹനിക്കുവാനോ, ഉള്ള സ്വാതന്ത്ര്യം നായർ പ്രഭുക്കൾക്ക് നഷ്ടപ്പെട്ടു എന്നതു മാത്രമാണ്. ബുക്കാനൻ ഇക്കാര്യം സ്ഥിരീകരിച്ചുകൊണ്ട് പറയുന്നതി പ്രകാരമാണ്. "മലബാറിൻെറ പലഭാഗത്തും തോട്ടങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുന്നത് നിശ്ചയമായും നികുതി ചുമത്തിയത് മൂലമല്ല, എന്നാൽ തുടർച്ചയായി നടക്കുന്ന കലഹങ്ങൾ മൂലമാണ്."19. "ജൻമികളും പ്രഭുക്കൻമാരും കർഷകരുടേയും കുടിയാൻമാരുടെയും മേൽ നടത്തിക്കൊണ്ടിരുന്ന അക്രമങ്ങളേയും കൊള്ളയേയും തടയുവാനുള്ള എല്ലാ രക്ഷാനടപടികളും മൈസൂർ ഭരണാധികാരികൾ ചെയ്തിരുന്നതായി നാം മനസ്സിലാക്കുന്നു. കർഷകരുടേയും സാധുക്കളായ ജനങ്ങളുടേയും മേൽ ഇവർ നടത്തുന്ന ദ്രോഹം തടയുന്നതിന്നായി എല്ലാവിധ കഴിവും പ്രയോഗിക്കണമെന്ന നിർദ്ദേശം ഉദ്യോഗസ്ഥൻമാർക്ക് നൽകുകയും, ഭാവിയിൽ ഇത്തരം അക്രമങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് എല്ലാ ഏർപ്പാടുകളും ചെയ്യുന്നതിന് അവരെ ചുമതലപ്പെടുത്തുകയുമുണ്ടായി."20. എന്നാണ് കിർമാണി ഇത് സംബന്ധമായി രേഖപ്പെടുത്തിയിരിക്കുന്നത്. മൈസൂർ ഭരണത്തിന് മുമ്പും പിമ്പുമുണ്ടായിരുന്ന സമൂഹത്തിലെ ദുർബലവിഭാഗങ്ങളുടെ സാമ്പത്തിക സ്ഥിതിയെപ്പറ്റിയുള്ള താരതമ്യപഠനം ഇതുവരെ ആരും നടത്തുവാൻ തുനിഞ്ഞിട്ടില്ലെന്നതാണ് ഇവിടെയുണ്ടായ പ്രകടമായ നേട്ടങ്ങളെപ്പോലും മനസ്സിലാക്കാൻ സാധിക്കാതെ വന്നത്. തൽസംബന്ധമായി വസ്തുനിഷ്ഠവും സത്യസന്ധവുമായ പഠനം നടത്തുയാണെങ്കിൽ അപലപനിയങ്ങളായ ഈ അപവാദങ്ങൾ നിലനിൽക്കുകയുമില്ല.

മലബാർ ഇംഗ്ലീഷ്കാരുടെ കൈവശം വന്നതോടുകൂടി പഴയ ജൻമികളേയും ഇടപ്രഭുക്കൻമാരേയും നാടുവാഴികളേയും അവരവരുടെ സ്ഥാനങ്ങളിൽ പുനഃപ്രതിഷ്ഠിക്കുകയുണ്ടായി. ഇ.എം.എസ്സ്. നമ്പൂതിരിപ്പാട് ഇതിനെ ചൂണ്ടി വ്യവഹരിച്ചിട്ടുള്ളത്, "നമ്പൂതിരിമാർക്കും നാടുവാഴികൾക്കും ഒരു കാലത്ത് അവരുടെ കൈവശമുണ്ടായിരുന്ന സ്ഥലങ്ങളത്രയും തിരിച്ച് കിട്ടിയെന്ന് മാത്രമല്ല, കുടിയാൻമാരുമായുള്ള ബന്ധത്തിൽ അവരെ നിയന്ത്രിക്കുന്ന യാതൊരു വ്യവസ്ഥയും ഉൾപ്പെടുത്തിയിരുന്നുമില്ല."21. കാർഷിക ബന്ധത്തിൽ വരുത്തിയ ഈ മാറ്റം സമൂഹത്തിലുണ്ടാക്കിയ തിക്തമായ അനുഭവം എന്തായിരുന്നുവെന്ന് മലബാർ കാർഷികബന്ധത്തെ കൂലങ്കഷമായി പഠിച്ച് റിപ്പോർട്ട് തയ്യാറാക്കിയ സ്പെഷ്യൽ കമ്മീഷ്ണർ കൂടിയായ വില്യം ലോഗൻ ആലങ്കാരികഭാഷയിൽ അവതിരിപ്പിക്കുന്നതി പ്രകാരമാകുന്നു, "അങ്ങനെ പുനഃപ്രതിഷ്ഠ നടത്തപ്പെട്ട ഉപരി വർഗ്ഗത്തിന് ലഭിച്ച സ്വാതന്ത്ര്യം സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങളെ അടിച്ചമർത്തുവാൻ മേൽ വർഗ്ഗത്തിന് കിട്ടിയ സുവർണ്ണാവസരമായിമാറി. സർക്കാരിന് നികുതി കൊടുത്തു കഴിഞ്ഞാൽ കർഷകരിൽ നിന്നും ഉൽപ്പാദനത്തിൻെറ ഏതംശവും വർദ്ധിപ്പിച്ച തങ്ങളുടെ ഓഹരിയായി പിടിച്ചെടുക്കു

വാനുള്ള ജൻമികളുടെ സ്വാതന്ത്ര്യമായിത്തീർന്നു ഇത്. മെയ്യനങ്ങാതെ കൂട്ടിലിരിക്കുന്ന റാണിവർഗം അങ്ങനെ കൊഴുത്ത് തടിച്ചപ്പോൾ തേൻ ശേഖരിക്കുവാൻ കഠിനയത്നം നടത്തുന്ന തേനീച്ചകൾ ക്ഷീണിതരും പട്ടിണിക്കാരുമായെങ്കിൽ അതിൽ അതിശയിക്കാനെന്തിരിക്കുന്നു."22. സമൂഹത്തിൽ ഉണ്ടായ ഈ മാറ്റത്തിൽ ആശ്വാസം കൊള്ളുന്ന കെ.എം. പണിക്കർ പറയുന്നതാകട്ടെ, "മലബാറിൽ കമ്മീഷണർമാർ വ്യവസ്ഥാപിത ഭരണസംവിധാനം നടപ്പിലാക്കുകയും കാർഷികബന്ധത്തിൽ മാറ്റം വരുത്തുകയും ചെയ്തതോടു കൂടിയാണ് മലബാറിൽ സമൃദ്ധിയുടെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയത്."23. എന്നാണ്. ചരിത്രകാരന്റെ പാർശ്വവീക്ഷണത്തിനുദാഹരണമായി ഇത് ചൂണ്ടിക്കാണിക്കാമെന്ന് മാത്രമല്ല, എന്തുകൊണ്ടാണ് അദ്ദേഹം മൈസൂർ ഭരണത്തെ കണ്ണുംപൂട്ടി എതിർക്കുന്നത് എന്നതിന്റെയും തെളിവായി ഇത് കണക്കാക്കാം. അദ്ദേഹം പിന്നീടെഴുതുന്നതാകട്ടെ, "ഇതിനെതുടർന്ന് (അതായത് ഇംഗ്ലീഷ്കാർ ജൻമി-നാടുവാഴികളെ പുനരവരോധിച്ചതിന് ശേഷമുള്ള കാലത്ത്) അവർ (നായൻമാർ) സാമൂഹിക തലത്തിൽ കുറേയെങ്കിലും പ്രാധാന്യം വീണ്ടും നേടിയെടുത്തു."24. പണിക്കർ പറയുന്ന ഈ പ്രമാണിത്വം സാധുകർഷകർക്ക് കൂടുതൽ യാതനയും കഷ്ടപ്പാടും ഉണ്ടാക്കി. നാഗമയ്യ ഈ പ്രതിഭാസത്തെ വിലയിരുത്തുന്നത് ഇപ്രകാരമാണ്. "ജൻമിമാരുടെ ഏതെങ്കിലും ആവശ്യം നിരാകരിക്കുന്ന കുടിയാനെ അവൻ അതുവരെ കൃഷി ചെയ്തിരുന്ന സ്ഥലത്ത് നിന്നും നിഷ്ക്കരുണം ഇറക്കിവിട്ടിരുന്നു. കൃഷിക്കാരുടെയിടയിൽ തീവ്രമായ അസംതൃപ്തി തൻമൂലം ഉളവാകുകയും ചെയ്തു."25. മൈസൂർ ഭരണത്തിൻ കീഴിൽ സമൂഹത്തിൽ സ്ഥാനമാനങ്ങളും സാമ്പത്തികതലത്തിൽ ഉൽക്കർഷവും നേടിയിരുന്ന ദുർബലവിഭാഗത്തിന് ലഭിച്ച നേട്ടങ്ങളെ കണ്ടില്ലെന്ന് നടിക്കുകയും, ബ്രിട്ടിഷ് ആധിപത്യത്തിന് ശേഷം ഫ്യൂഡൽ ദുഷ്പ്രഭുത്വത്തിന്റെ ക്രൂരമായ അടിച്ചമർത്തലുകൾക്ക് വിധേയരാകേണ്ടതായി വരികയും ചെയ്ത ഇവരുടെ ദുരവസ്ഥയെപ്പറ്റി തീരെ ഗൗനിക്കാതെയുള്ള ചരിത്ര പ്രതിപാദനമാണ് ഇവിടെ നടന്നിട്ടുള്ളത്. ജൻമികൾക്കും ഇടപ്രഭുക്കൻമാർക്കും കുടിയാൻമാരുടേയും കർഷകരുടേയുംമേൽ ഏത് നീചപ്രവൃത്തിയും ചെയ്യുവാനുള്ള ജൻമാവകാശം മൈസൂർ ഭരണകർത്താക്കൾ ഇല്ലാതാക്കി എന്നത് വാസ്തവമാണ്. സമൂഹത്തിലെ ഈ ചെറിയ വിഭാഗം ഒഴിച്ചുള്ളവർ സമാധാനവും ഐശ്വര്യവും അനുഭവിച്ച ഏക കാലഘട്ടം മൈസൂർ ഭരണത്തിൻ കീഴിലായിരുന്നു എന്നതാണ് വാസ്തവം. എന്നാൽ ഇംഗ്ലീഷ്കാർ കാർഷികബന്ധത്തിൽ വരുത്തിയ മാറ്റം സമൂഹത്തിലെ മേലേക്കിടയിലുള്ള ഫ്യൂഡൽ ദുഷ്പ്രഭുത്വത്തിന് മാത്രമാണ് പ്രയോജനപ്പെട്ടത്. മറ്റുള്ളവർ ഇവരുടെ ചൂഷണത്തിനും ക്രൂരവിനോദങ്ങൾക്കും ഇരയായി പൂർവ്വസ്ഥിതിയിലേക്ക് തന്നെ വഴുതിവീണു. മൈസൂർ ഭരണത്തിൻ കീഴിൽ ക്ലേശമനുഭവിച്ച ഈ ജൻമികളും മാടമ്പിമാരുമാണ് പിന്നീട് ഇംഗ്ലീഷ് ഭരണത്തോടുകൂടി, കൂടുതൽ ശക്തിയാർജ്ജിക്കുവാൻ സാധിച്ചപ്പോൾ, മൈസൂർ ഭരണത്തെക്കുറിച്ച് മർദ്ദനത്തിന്റെ ദുരാരോപണങ്ങൾ പ്രചരിപ്പിച്ചത്. ഇവർ എഴുതുകയും പറയുകയും ചെയ്തത്, മൈസൂർ ഭരണാധികാരികളോടുള്ള പകയുടെ ബഹിർസ്ഫുരണം മാത്രമായിരുന്നു. അവരുടെ ഭരണപരിഷ്ക്കാരങ്ങൾ മൂലം ക്ലേശമനുഭവിച്ചവരായിരുന്നു ഇവർ. എന്നാൽ ആധുനിക ചരിത്രകാരൻമാർക്ക് മൈസൂർ ഭരണപരിഷ്ക്കാരങ്ങളെ യഥാർത്ഥമായി വിലയിരുത്തുവാൻ സാധിക്കുന്നതേയുള്ളു. അവ മൂലമുണ്ടായ നേട്ടങ്ങളും കോട്ടങ്ങളും എത്രമാത്രമായിരുന്നു എന്നും മനസ്സിലാക്കുവാൻ പ്രയാസമില്ല. എന്നിട്ടുപോലും ഇന്നും പഴയ പല്ലവി തന്നെ പാടുന്ന ഇവർ സത്യത്തിന് നേരെ കണ്ണടക്കുകയാണ് ചെയ്യുന്നത്.

ടിപ്പുവിന്റെ രാജ്യത്തിലെ ഒരു പ്രവിശ്യ മാത്രമായിരുന്നു മലബാർ. കേരളത്തിലെ എഴുത്തുകാരെ മാറ്റി നിർത്തിയാൽ, മറ്റുള്ള ചരിത്രകാരൻമാരൊക്കെ അഭിപ്രായപ്പെടുന്നത്, കർഷകരുടെ അഭിവൃദ്ധിയും സംതൃപ്തിയുമായിരുന്നു ടിപ്പുവിന്റെ കാർഷികനയത്തിന്റെ അടിസ്ഥാനശിലയെന്നാണ്. മലബാർ ഉൾപ്പെടെയുള്ള തന്റെ രാജ്യത്ത് ഉടനീളം ഒരേ നയമാണ് ടിപ്പു അനുവർത്തിച്ചുപോന്നിരുന്നത്. പൈതൃകമായി ലഭിച്ച പരിശീലനമായിരുന്നു ഈ രംഗത്ത് ടിപ്പുവിന്റെ പ്രചോദനധാര. ഹൈദരലിയെക്കുറിച്ചെഴുതിയ മിർസ ഇക്ബാൽ രേഖപ്പെടുത്തിയിട്ടുള്ളത്, "ഏതെങ്കിലും ഒരു ദ്യോഗസ്ഥൻ നിശ്ചിത നികുതിയിൽ കൂടുതൽ കർഷകരിൽ നിന്നും ഈടാക്കിയതായി അറിഞ്ഞാൽ അത് ഉടനെ തിരികെ കൊടുപ്പിക്കുമായിരുന്നു. അദ്ദേഹം തന്റെ ഉദ്യോഗസ്ഥൻമാരോട് പറയാറുണ്ടായിരുന്നത്, നിജപ്പെടുത്തിയ നികുതിയിൽ കുറവാണ് അവർ തരുന്നതെങ്കിൽ, നാം എല്ലാ മാർഗ്ഗവും ഉപയോഗിച്ച് കുറവ് പരിഹരിക്കാറുണ്ട്. വിളവ് നന്നാകുമ്പോൾ അവരുടെ ഭാഗ്യത്തിൽ നാം അപഹരണം നടത്തുന്നത് അതിനാൽ ശരിയല്ല,"26. എന്നാണ്. ടിപ്പുവിന്റെ കാലത്ത് ഇതിനൊക്കെപ്പുറമേ കൃഷിക്കാർക്ക് വളരെ ആകർഷകമായ രീതിയിൽ സ്ഥലങ്ങൾ പതിച്ചുനൽകുകയും കൃഷി ആവശ്യത്തിനുള്ള ഉപകരണങ്ങളും വിത്തും സംഭരിക്കുന്നതിന് കടമായും സൗജന്യമായും പണം കൊടുക്കുകയും പതിവായിരുന്നു.27.

കൃഷിക്കാരെ ചൂഷണം ചെയ്തിരുന്ന ഇടത്തട്ടുകാരെ നിർമാർജ്ജനം ചെയ്യുക വഴി സമ്പദ്ഘടനയിൽ വിപ്ലവാത്മകമായ മാറ്റമാണ് അദ്ദേഹം വരുത്തിയത്. ഈ വക പ്രോത്സാഹനങ്ങൾ കാരണം പുതുതായി ധാരാളം സ്ഥലത്ത് കൃഷിയും ഉൽപാദനവും നടന്നിരുന്നു. ബരാമഹൽ ജില്ലയിലെ കളക്ടറായിരുന്ന ഏ. റീഡ്, കോൺവാലിസ് പ്രഭുവിന്നെഴുതിയ കത്തിൽ, ആ ജില്ലയിൽ കാർഷികവികസനത്തിന് ടിപ്പു നടപ്പാക്കിയിരുന്ന പരിഷ്ക്കാരങ്ങൾ പുനരാവിഷ്ക്കരിക്കാൻ അനുമതിക്കണമെന്ന് അഭ്യർത്ഥിക്കുന്നുണ്ട്. അദ്ദേഹം എഴുതി, "പരിചയസമ്പന്നരും കഴിവുറ്റവരുമായ ടിപ്പുവിന്റെ റവന്യൂ

ഉദ്യോഗസ്ഥൻമാർ നടപ്പിലാക്കിയിരുന്ന പരിഷ്ക്കാരങ്ങൾ ഉൽപാദനവർദ്ധനവും, കർഷകരുടെ സംതൃപ്തിയും ലക്ഷ്യമാക്കിക്കൊണ്ടുള്ളതായിരുന്നു."28. ഇതേകാര്യം ജെ. മിൽ വിവരിക്കുന്നത്, ഇത്തരുണത്തിൽ വളരെ പ്രസക്തമാണ്. "മൈസൂറിലേക്ക് കടന്ന ഇംഗ്ലീഷ്കാരെ അതിശയിപ്പിക്കത്തക്ക ഭരണസംവിധാനമാണ് അവർ അവിടെ കണ്ടത്. ജനങ്ങൾ തിങ്ങിപാർക്കുകയും ഭൂമി മുഴുക്കെ കൃഷിയിറക്കുകയും ചെയ്തിരുന്ന അവിടെ ഇൻഡ്യയുടെ മറ്റേതൊരു ഭാഗത്തേയുംകാൾ സമ്പൽസമൃദ്ധി കളിയാടിനിന്നിരുന്നു. ബ്രിട്ടീഷ് അധീനതയിലായിരുന്ന സ്ഥലങ്ങളേയും ഇതിനോട് താരതമ്യപ്പെടുത്തുവാൻ ഒട്ടും തന്നെ സാദ്ധ്യമാകുമായിരുന്നില്ല."29. കാർഷിക വികസനത്തിനായി നിരവധി ജലസേചന പദ്ധതികൾ രാജ്യത്തുടനീളം ടിപ്പു നടപ്പിലാക്കിയിരുന്നതായി കാണുന്നു. "ഉദാഹരണം അനിവാര്യമാക്കുംവിധം നമ്മുടെ ശ്രദ്ധയെ പിടിച്ചു നിർത്തുന്ന പഴയ അനേകം ജലസേചന പദ്ധതികൾ ഇന്നും ഒരു വെല്ലുവിളിയായി അവശേഷിക്കുന്നു."30. രാജ്യത്തുടനീളം അദ്ദേഹം കുഴിപ്പിച്ച കിണറുകളും കുളങ്ങളും കാർഷിക വികസനത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന ആത്മാർത്ഥമായ താൽപര്യത്തിൻെറ പ്രകടമായ നിദർശനങ്ങളായി ഇന്നും അവശേഷിക്കുന്നുണ്ട്. ബെല്ലാരിയിൽ അദ്ദേഹം നിർമ്മിച്ച ജലസേചനസംഭരണി ഇന്നും 1170 ഏക്കർ നിലത്തിൽ കൃഷിയിറിക്കുവാൻ വെള്ളം നൽകുന്നതിന് പുറമെ, വർഷംതോറും 6000 കയുടെ മത്സ്യവും ഉൽപാദിപ്പിക്കുന്നുണ്ട്.31. അനന്തപുരിൽ നിന്നും കണ്ടുകിട്ടിയ ഒരു ശിലാലിഖിതത്തിൽ (1897) അവിടെ ജലസേചനത്തിനായി നിർമ്മിച്ച സംഭരണി ടിപ്പുവിൻെറയാതിരുന്നുവെന്ന് കാണുന്നു.32. മൈസൂർ നഗരത്തിൽ നിന്നും പതിനൊന്ന് മൈൽ അകലെയായി നിർമ്മിക്കപ്പെട്ടിട്ടുള്ള കണ്ണമ്പാടി അണക്കെട്ടിൻെറ പ്രവേശനകവാടത്തിൽ കാണുന്ന ഒരു ശിലാഫലകത്തിൽ നിന്നും മനസ്സിലാകുന്നത്, അവിടെ വലിയ ഒരു അണക്കെട്ട് നിർമ്മിക്കുന്നതിൻെറ പ്രാരംഭമായി ടിപ്പു സുൽത്താൻ ശിലാസ്ഥാപനം നടത്തിയിരുന്നു എന്നാണ്. മലബാറിലും ഈവിധം എല്ലാ സജ്ജീകരണങ്ങളും ടിപ്പുവിൻെറ റവന്യൂ ഉദ്യോഗസ്ഥൻമാർ നടപ്പാക്കി. മലബാറിൽ ഉടനീളം കിണറുകളും കുളങ്ങളും ജലസേചന സംഭരണികളും നിർമ്മിച്ചിരുന്നതായി കാണാം. പാലക്കാടും ഫറൂക്കിലും ഇന്നും കാണുന്ന വലിയ കിണറുകൾ അവയിൽപെട്ടതാണ്. മൈസൂറിൻെറ അവിഭാജ്യഘടകമായിരുന്നു മലബാർ എന്നതുകൊണ്ടുതന്നെ മൈസൂറിൽ നടപ്പിലാക്കിയിരുന്ന എല്ലാ ഭരണപരിഷ്ക്കാരങ്ങളും സാമ്പത്തികനടപടികളും മലബാറിലും പ്രാവർത്തകമാക്കി. 1786ൽ ഭൂസർവ്വേയും നികുതി പരിഷ്ക്കാരവും നടത്തുവാൻ കൽപനയായപ്പോൾ മലബാറും അതിൻെറ രണ്ടാമത്തെ ഭൂസർവ്വേക്ക് വിധേയമായി. ഗ്രാമങ്ങൾതോറും നടത്തിയ നിഷ്കൃഷ്ടമായ ഭൂസർവ്വേ, മൈസൂറിൻെറ എല്ലാ മുക്കിലും മൂലയിലും എത്തിയതിൻെറ ഫലമായി അനധികൃതമായി കൈവശം വച്ചിരുന്ന ധാരാളം സ്ഥലം നികുതിയുടെ പരിധിയിൽ കൊണ്ടുവരുവാൻ സാധിച്ചിരുന്നു.33. മലബാറിലും ഈ പ്രക്രിയയുടെ ഫലമായി വളരെ സ്ഥലങ്ങളിൽ പുതുതായി കരം ചുമത്തുകയും അന്യായമായി കൈയ്യടക്കിവച്ചിരുന്ന പല പ്രദേശങ്ങളും സർക്കാരിലേക്ക് കണ്ടുകെട്ടുകയും ചെയ്തു. ഇതിൽ കുപിതരായ ജൻമിമാർ മൈസൂർ നടപടിക്കെതിരായി കലാപക്കൊടി ഉയർത്തി. ഇവിടെ പ്രസക്തമായിട്ടുള്ളത് ഏതെല്ലാം പുതിയ ഭരണനടപടികൾ ടിപ്പു ആവിഷ്ക്കരിച്ചിരുന്നുവോ, അവയെല്ലാം തന്നെ മൈസൂറിൻെറ ഭാഗമായിരുന്ന മലബാറിലും നടപ്പിലാക്കിയിരുന്നുവെന്നതാണ്. മൈസൂറിൽ പൊതുവേ ക്ഷേമവും സമൃദ്ധിയും കളിയാടിയിരുന്നുവെന്ന് എല്ലാ എഴുത്തുകാരും സമ്മതിക്കുമ്പോൾ, മൈസൂറിൻെറ ജില്ലകളിലൊന്നായ മലബാറിൽ മാത്രം അതുണ്ടായില്ലെന്ന് വിചാരിക്കുക യുക്തിസഹമല്ല. സമൂഹത്തിലെ ഭൂരിപക്ഷത്തിനും ദ്രോഹം മാത്രം ചെയ്തു കൊണ്ടിരുന്ന ചെറിയ ഒരു വിഭാഗം ജൻമിനാടുവാഴികളുടെ അവകാശങ്ങളും അധികാരങ്ങളും ഇല്ലാതാക്കി എന്നത് മാത്രമാണ്, മൈസൂർ അധിനിവേശത്തോടെ മലബാറിൽ സംജാതമായ സവിശേഷത.

വ്യവസായ-വാണിജ്യരംഗങ്ങളിൽ ഈ ഭരണാധികാരി മാത്രമായിരുന്നു ഇൻഡ്യയിലെ മറ്റാരേക്കാളും യൂറോപ്യൻ വ്യവസായരാഷ്ട്രങ്ങളുടെ അഭിവൃദ്ധിക്കുള്ള കാരണങ്ങൾ മനസ്സിലാക്കുകയും അവരോടൊപ്പം നിൽക്കുവാൻ ബോധപൂർവ്വം തൻെറ വ്യാപാര-വ്യവസായ നയങ്ങൾ രൂപീകരിച്ചതെന്നും നാം പറഞ്ഞു കഴിഞ്ഞതാണ്. ഇവ സംബന്ധമായി അദ്ദേഹം ആസൂത്രണം ചെയ്ത് പ്രാവർത്തികമാക്കിയിരുന്ന പല പദ്ധതികളെക്കുറിച്ച് നാം പറയുകയും ചെയ്തു. കയറ്റുമതി ആവശ്യത്തിനുള്ള എല്ലാ ഉൽപന്നങ്ങളും സ്റ്റെയിറ്റിൻെറ കുത്തകയായി പ്രഖ്യാപിച്ചതും മറ്റുള്ളവർ ഈവക സാധനങ്ങളിൻമേൽ കച്ചവടം നടത്തുന്നത് നിയമം മൂലം നിരോധിച്ചതും നാം കണ്ടതാണ്. വ്യവസായ പുരോഗതിക്ക് സഹായകമാംവിധം നികുതി പിരിച്ചിരുന്നതും ഉൽപന്നത്തിന് പകരം ഉൽപന്നങ്ങൾ മതിയെന്നാക്കിയതും നാം പ്രതിപാദിച്ചുകഴിഞ്ഞു. എന്നാൽ കേരളത്തിലെ ചരിത്രമെഴുത്തുകാരുടെ അഭിപ്രായത്തിൽ ടിപ്പുസുൽത്താൻ മലബാറിലെ കച്ചവടവും വ്യവസായവും തകർത്ത് തരിപ്പണമാക്കുകയാണ് ചെയ്തത്രേ. ഇവിടെയുണ്ടായിരുന്ന കുരുമുളക് വള്ളികൾ വെട്ടിക്കളയുകയും കൃഷിയിടങ്ങളും തോട്ടങ്ങളും അഗ്നിക്കിരയാക്കി ചുട്ട് നശിപ്പിക്കുകയും ചെയ്തുവെന്നും അവർ എഴുതുന്നുണ്ട്.34. ബുക്കാനൻ എഴുതുന്നത്, "അമ്പത് വർഷങ്ങൾക്ക് മുമ്പ് മലബാറിലെ മാപ്പിളമാർ സമ്പന്നരും സുറത്ത്, ബംഗാൾ, മെക്ക, മദ്രാസ്, തുടങ്ങിയ സ്ഥലങ്ങളിലേക്ക് ചരക്കുകൾ കയറ്റി അയച്ചിരുന്നവരും അതിനായി ധാരാളം കപ്പലുകൾ സ്വന്തമായി നിലനിർത്തിപ്പോന്നിരുന്നവരുമായിരുന്നെന്നും, എന്നാൽ ടിപ്പുവിൻെറ അടിച്ചമർത്തലിൻെറ ഫലമായി അവരത്രയും ദരിദ്രരായി മാറിയിരിക്കുകയാണെന്നും" ആകുന്നു.35.

ബുക്കാനൻ മലബാറിൽ എത്തുന്നത് 1800ലാണല്ലോ. ടിപ്പുവിന്റെ കീഴിൽ 1782 മുതൽ 1790 വരെ മാത്രമേ മലബാർ ഉണ്ടായിരുന്നുള്ളു. ബുക്കാനൻ പറയുന്ന 50 വർഷങ്ങൾക്ക് മുമ്പുണ്ടായിരുന്ന മാപ്പിളമാർ 1750 നു മുമ്പുണ്ടായിരുന്നവരായിരിക്കണമല്ലോ. ടിപ്പു ജനിക്കുന്നത് തന്നെ 1748ലാണ്. ഹൈദരലി മലബാർ ആക്രമണം നടത്തുന്നതാകട്ടെ 1766ലും. മലബാർ ടിപ്പുവിന്റെ കീഴിലാകുന്നത് ഹൈദരലിയുടെ മരണാനന്തരം 1782 ലുമാണ്. മലബാറിലെ മാപ്പിളമാരുടെ കച്ചവടത്തിന് മാന്ദ്യവും ക്ഷയവും പറ്റിയിരുന്നെങ്കിൽ നിശ്ചയമായും മൈസൂർ ആക്രമണത്തിന് മുമ്പ് തന്നെയായിരിക്കണമെന്ന് തീർച്ച.

മലബാർ തീരത്തെ കച്ചവടം മുഴുക്കെയെന്ന് തന്നെ പറയാം മാപ്പിളമാരുടെ അധീനതയിലായിരുന്നു എന്നതിൽ പക്ഷാന്തരമില്ല. എന്നാൽ യൂറോപ്യൻ കോയ്മകളുടെ രംഗപ്രവേശനത്തോടു കൂടി കച്ചവടത്തിൽ മാപ്പിളമാർക്കുണ്ടായിരുന്ന കുത്തക അവസാനിച്ചു. നാട്ടുരാജാക്കൻമാരും ഫ്യൂഡൽ മാടമ്പിമാരും യൂറോപ്യൻ കച്ചവടക്കാരുമായി സഖ്യത്തിലേർപ്പെടുവാനും കയറ്റുമതി വിഭവങ്ങൾ അവർക്കെത്തിച്ചു കൊടുക്കുവാനും തുടങ്ങി. തമ്മിലടിച്ചുകൊണ്ടിരുന്ന നാടുവാഴികളും ദേശവാഴികളും രാജാക്കൻമാരും വിദേശികളായ വ്യാപാരികൾക്ക് ഉൽപ്പന്നങ്ങൾ നൽകാമെന്ന കരാറിൽ പകരം ആവശ്യപ്പെട്ടിരുന്നത് അധികവും തോക്കും വെടിമരുന്ന് സാമഗ്രികളുമായിരുന്നു. ഇത്തരം ഉടമ്പടികളുടെ അടിസ്ഥാനത്തിൽ അവർക്കാവശ്യമായിരുന്ന കയറ്റുമതിച്ചരക്കുകൾ അവർ നിശ്ചയിക്കുന്ന വിലക്ക് കൃഷിക്കാരിൽ നിന്നും ശേഖരിച്ച് എത്തിച്ചു കൊടുക്കുകയായിരുന്നു പതിവ്. ഇക്കാര്യത്തിൽ ഓരോ നാട്ടുരാജാവും ഓരോ ഇടപ്രഭുവും അഹമഹിമികയാ മാത്സ്യര്യം പ്രകടിപ്പിക്കുകയും ചെയ്തു. ഇത്തരം മത്സരങ്ങൾ കൊണ്ട് കൃഷിക്കാരന് ഉൽപന്നങ്ങൾക്ക് വില പേശി വില്പന നടത്തുവാൻ സാധിക്കുമായിരുന്നുമില്ല. ഏതെല്ലാം ഉടമ്പടികളും കരാറുകളും യൂറോപ്യൻ ശക്തികളുമായി നടത്തിയിരുന്നുവോ, അവയിലൊക്കെ കുരുമുളകിനും മറ്റു സുഗന്ധദ്രവ്യങ്ങൾക്കും മുൻഗണന നൽകിയിരുന്നതായി കാണാം.36. കരാർ വ്യവസ്ഥകളനുസരിച്ച് വിദേശ കമ്പനികൾക്ക് കയറ്റുമതി ഉൽപന്നങ്ങൾ നൽകുന്നതിനായി ഓരോ രാജാവും നാടുവാഴിയും അവരവരുടെ സ്ഥലങ്ങളിൽ കുരുമുളക് തുടങ്ങിയ വിഭവങ്ങളിൻ മേൽ കുത്തകാവകാശം നിലനിർത്തുകയും ചെയ്തിരുന്നു. കൃഷിക്കാരിൽ നിന്നും സംഭരിക്കുന്ന ഉൽപന്നങ്ങൾക്ക് രാജാക്കൻമാർ നിശ്ചയിച്ചിരുന്ന കുത്തക വില മാത്രമാണ് നൽകിയിരുന്നത്. 1742 മുതൽ 1793 വരെയുള്ള കാലത്ത് കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ നിലനിന്നിരുന്ന കുരുമുളകിന്റെ കുത്തകവിലയുമായി, ടിപ്പു നൽകിയിരുന്ന വില തട്ടിച്ചു നോക്കുമ്പോൾ, നിശ്ചയമായും ടിപ്പുവായിരുന്നു കൃഷിക്കാർക്ക് അവരുടെ ഉൽപന്നങ്ങൾക്ക് ന്യായമായ വില മറ്റേതൊരു കേരളീയ ഭരണാധികാരിയേക്കാളും നൽകിയിരുന്നതെന്ന് കാണാം. മൊയൻസിന്റെയും ഗല്ലനയുടെയും മെമ്മോറാൻഡങ്ങൾ പ്രസിദ്ധീകരിച്ച ഗാലിറ്റി, തന്റെ പഠനാർഹമായ അവതാരികയിൽ അക്കാലത്തെ കുത്തക വിലയുടെ ലിസ്റ്റ് നൽകുന്നുണ്ട്.37. ബുക്കാനൻ തൽസംബന്ധമായി രേഖപ്പെടുത്തിയിട്ടുള്ളത് കൂടി പരിഗണിക്കേണ്ടതാണ്. അദ്ദേഹം എഴുതിയിട്ടുള്ളത്, "സ്റ്റെയിൻസറുടെ കണക്കനുസരിച്ച് 1757ൽ തിരുവിതാംകൂർ പ്രദേശത്തുണ്ടായ കുരുമുളക് 11,752 കണ്ടിയാണ്. ഇത്രയും സർക്കാർ കുത്തകയായി ശേഖരിച്ചതുമായിരുന്നു. കൃഷിക്കാർക്ക് കണ്ടിക്ക് 30 രൂപ മാത്രമാണ് ഗവർമേണ്ട് നൽകിയിരുന്നത്."38. 1753ൽ ഡച്ചുകാരും തിരുവിതാംകൂറിലെ മാർത്താണ്ഡ വർമ്മയും തമ്മിലുണ്ടാക്കിയ മാവേലിക്കര ഉടമ്പടിയിൽ, "തന്റെ പരമ്പരാഗതമായുള്ള സ്ഥലങ്ങളിൽ നിന്നും കിട്ടുന്ന ഒരു കോടി അമ്പത് ലക്ഷം റാത്തൽ കുരുമുളക്, കണ്ടിക്ക് 65 രൂപ വിലപ്രകാരവും.39. താൻ ആക്രമിച്ച് കീഴടക്കിയ സ്ഥലങ്ങളിൽ നിന്നും കണ്ടിക്ക് 55 രൂപ പ്രകാരവും 2000 കണ്ടി കുരുമുളക്, 40. എല്ലാവർഷവും കമ്പനിക്ക് കൊടുക്കാമെന്ന്,"41. വ്യവസ്ഥയിൽ അദ്ദേഹം ഒപ്പുവെച്ചിരുന്നു. ഈ ഉടമ്പടി നടത്തിപ്പിനെപ്പറ്റി 1781ൽ ബത്താവിയയിലെ സുപ്രിം കൗൺസിലിന് മലബാറിലെ അന്നത്തെ ഡച്ച് ഗവർണ്ണറായ മൊയൻസ് എഴുതുന്നത് കൂടി ശ്രദ്ധിക്കുക."കണ്ടിക്ക് 55 രൂപ വിലപ്രകാരം 2000 കണ്ടി കുരുമുളക് വല്ലപ്പോഴുമൊക്കെയായി അദ്ദേഹം (തിരുവിതാംകൂർ രാജാവ്) കൊടുങ്ങല്ലൂരിൽ കൊണ്ടുവന്ന് തരുന്നുണ്ടെന്നത് വാസ്തവം തന്നെ....... എന്നാൽ ഇതിൽ വീഴ്ച വരുത്താതിരിക്കുന്നതിനായി കണ്ടിക്ക് 65 രൂപ വച്ച് മൊത്തത്തിൽ വില നൽകുന്നതാണുത്തമം. തിരുവിതാകൂർ ഭാഗത്തു നിന്നും 3000 കണ്ടിയും വടക്ക് നിന്നും 2000 കണ്ടിയും തരുന്നുവെങ്കിൽ ഈ ഏർപ്പാട് നമുക്ക് ലാഭകരമായിരിക്കും."42. 1749ൽ ഇംഗ്ലീഷ്കാരും ഫ്രഞ്ചുകാരും തമ്മിലുണ്ടാക്കിയ സമാധാനസന്ധിയിലെ പ്രധാന വ്യവസ്ഥ ഇരുകൂട്ടരുടേയും താല്പര്യത്തിനായി കുരുമുളകിന്റെയും മറ്റുള്ള കയറ്റുമതി ഉൽപന്നങ്ങളുടേയും വില കഴിയുന്നതും കുറയ്ക്കുവാൻ ശ്രമിക്കണമെന്നായിരുന്നു. "ഇതിന്റെ അടിസ്ഥാനത്തിൽ ഇരുകൂട്ടരുടെയും ശ്രമഫലമായി കുരുമുളകിന് കണ്ടിക്ക് 50 രൂപ എന്നാക്കി വില കുറയ്ക്കുന്നതിൽ അവർ വിജയിക്കുകയും ചെയ്തു."43. ടിപ്പു നൽകിയിരുന്ന കുത്തകവിലയേക്കാൾ എത്രയോ താഴെയായിരുന്നു വിദേശകമ്പനികളും നാട്ടരചൻമാരും കർഷകർക്ക് നൽകിയിരുന്ന വില എന്ന് കാണിക്കുവാൻ ഇത് പോലെ എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും നിരത്തുവൻ കഴിയുന്നതാണ്.44. ടിപ്പുസുൽത്താൻ കണ്ടിക്ക് 100 രൂപ എന്ന കുത്തകവില നിശ്ചയിച്ചിരുന്നത് ഒന്നിൽകൂടുതൽ കാരണങ്ങളാൽ കൃഷിക്കാരുടെ താൽപര്യത്തിന് ഗുണകരമായിരുന്നു എന്നതിൽ പക്ഷാന്തരമുണ്ടാകുവാൻ ഇടയില്ല. പ്രഥമവും പ്രധാനവുമായ കാര്യം അവരുടെ ഉൽപന്നങ്ങൾക്ക് കേരളത്തിലെ വിടേയുമുള്ള വിലയേക്കാൾ ഇരട്ടി വില കർഷകർക്ക് കിട്ടിയിരുന്നുവെന്നത് തന്നെ. കമ്പനി അധികാരികൾക്ക് രാജാ

ക്കൻമാർ 55 ക ക്കും 65 ക ക്കും ഒരു കണ്ടി കുരുമുളക് കൊടുത്തിരുന്നപ്പോൾ കർഷകന് യഥാർത്ഥത്തിൽ കിട്ടിയിരിക്കാവുന്ന വില ഇതിനേക്കാൾ എത്രയോ തുച്ഛമായിരുന്നിരിക്കണം. അതേ സമയം കണ്ടിക്ക് 100 കയായിരുന്നു ടിപ്പു നിശ്ചയിച്ചത്. അതാകട്ടെ ഇടത്തട്ടുകാരുടെ സഹായമില്ലാതെ നേരിട്ട് കർഷകന് ലഭിക്കുന്ന സംവിധാനമാണുണ്ടാക്കിയിരുന്നത്. കമ്പനി ഉടമകൾക്ക് വേണ്ടി നാട്ടരചൻമാർ കർഷകരെ ഭീഷണിപ്പെടുത്തി ശേഖരിച്ചിരുന്ന ഈ ഉൽപന്നങ്ങൾക്ക് തുച്ഛമായ വിലയേ കൊടുത്തിരുന്നുള്ളു. കാരണം ഈ വിഭവസംഭരണവും വിതരണവും വഴി അമിതലാഭമാണ് നാട്ട് രാജാക്കൻമാർ ഉണ്ടാക്കിയിരുന്നത്. അതാകട്ടെ യഥാർത്ഥ കൃഷിക്കാരൻെറ ചോരയും നീരും ഊറ്റിക്കുടിച്ചുകൊണ്ടായിരുന്നുതാനും. ഇടത്തട്ട് സമ്പ്രദായം നിർത്തലാക്കിയ മൈസൂർ നയത്തിൻെറ ഫലമായി കർഷകരെ കൊള്ളയടിച്ചിരുന്ന സ്ഥിതി അവസാനിച്ചു. ഇടപ്രഭുക്കൻമാരുടേയും നാട്ടരചൻമാരുടേയും ഈ വഴിക്കുള്ള വരുമാനം അസ്തമിക്കുകയും ചെയ്തു എന്നത് പരമാർത്ഥമാണ്. ഉള്ളവരെ കൂടുതൽ ധനവാൻമാരാക്കുന്നതും ഇല്ലാത്തവരെ കൂടുതൽ ദരിദ്രൻമാരാക്കുന്നതും ആണ് സാമ്പത്തിക വികസനത്തിൻെറ മാനദണ്ഡമായി കരുതുന്നതെങ്കിൽ നിശ്ചയമായും മൈസൂർ ഭരണത്തിന് മുമ്പ് കേരളത്തിൽ സാമ്പത്തിക ഉൽകർഷം ഉണ്ടായിരുന്നതായി സമ്മതിച്ചേ പറ്റൂ. നേരെ മറിച്ച് മദ്ധ്യവർത്തികളുടെ ചൂഷണത്തെ ഒഴിവാക്കി കൃഷിക്കാരന് അവൻെറ ഉൽപന്നങ്ങൾക്ക് ന്യായമായ വില നേരിട്ട് നൽകി കാർഷിക സമൂഹ സമുദ്ധാരണം നടത്തിയത് സാമ്പത്തിക അധഃപതനത്തിന് വഴിയൊരുക്കുമെങ്കിൽ, മൈസൂർ ഭരണകാലത്ത് ഇവിടെ ഐശ്വര്യത്തിന് പകരം സാമ്പത്തിക തകർച്ചയാണുണ്ടായതെന്ന് പറയണം. ഒരിക്കലും മൈസൂർ ഭരണത്തെപ്പറ്റിയോ, ടിപ്പുസുൽത്താനെപ്പറ്റിയോ, നല്ലത് പറയാൻ തയ്യാറായിട്ടില്ലാത്ത ബുക്കാനൻ പോലും പാലക്കാട്ട്കാരായ കച്ചവടദല്ലാളൻമാർ "ടിപ്പുവിൻെറ കാലത്ത് ഇന്നത്തേക്കാൾ (കമ്പനി ഭരണത്തിൻകീഴിൽ) വളരെ കൂടുതൽ കച്ചവടം നടന്നിരുന്നു."45. എന്ന് തെളിവ് സഹിതം ബോധിപ്പിച്ചപ്പോൾ അത് രേഖപ്പെടുത്താതെ നിവൃത്തിയില്ലെന്ന് വന്നു. തുടർന്ന് അദ്ദേഹം എഴുതുന്നത്, "ടിപ്പുവിൻെറ പരാജയത്തിന് ശേഷം നിലവിലുണ്ടായിരുന്ന കുത്തക വില എടുത്തുകളയാൻ സാധിച്ചത്കൊണ്ട് കുരുമുളകിൻെറ വില ഗണ്യമായി കുറക്കുവാൻ കഴിഞ്ഞു"46. എന്നാണ്. നമ്മുടെ ചരിത്രകാരൻമാർക്ക് ഇന്നും ജനങ്ങൾ എന്ന് പറയുന്നത് സമൂഹത്തിലെ മേലേതലപ്പത്ത് ഉണ്ടായിരുന്നവർ മാത്രമാണ്. അവരുടെ കൊള്ളലാഭവും ധൂർത്തും അവസാനിപ്പിച്ച മൈസൂർ ഭരണാധിപൻമാരെ തൻമൂലം ഇവരൊക്കെ 'ജനങ്ങളെ' സാമ്പത്തികമായി തളർത്തിയ ക്രൂരൻമാരായി ചിത്രീകരിക്കാതെ നിർവ്വാഹമില്ലെന്നും വന്നുകൂടി. മദ്ധ്യവർത്തികളുടെ മടിശ്ശീല വീർപ്പിക്കാതെ അവരെ ഒഴിവാക്കി. കൃഷിക്കാർക്ക് നേരിട്ട് മറ്റെവിടെ ഉള്ളതിനേക്കാൾ കൂടുതൽ വില നൽകിക്കൊണ്ട് ടിപ്പുവിൻെറ ഉദ്യോഗസ്ഥൻമാർ നടപ്പിലാക്കിയ വ്യവസായനയം അങ്ങേയറ്റം പ്രശംസാർഹമായിരുന്നു എന്നതാണ് പരമാർത്ഥം. കേരളത്തിലെ കർഷകർക്ക് സാമ്പത്തികമായ സന്തുഷ്ടി ആദ്യമായി അനുഭവപ്പെട്ടതും കൃഷികൂടുതൽ അഭിവൃദ്ധിപ്പെടുത്തുവാനുള്ള പ്രചോദനം ലഭിച്ചതും മൈസൂർ ഭരണകർത്താക്കളുടെ കീഴിലായിരുന്നു.

മലബാറിൽ ഉടനീളം നിർമ്മിച്ചിരുന്ന റോഡുകളുടെ ശൃംഖലയെക്കുറിച്ച് മറ്റൊരദ്ധ്യായത്തിൽ നാം സവിസ്തരം പ്രതിപാദിച്ചതാണല്ലോ. രാജ്യത്തിൻെറ സാമ്പത്തിക സ്ഥിതിയേക്കുറിച്ച് വിലയിരുത്തുമ്പോൾ, ടിപ്പുവിൻെറ റോഡു നിർമ്മാണപ്രക്രിയയുടെ ചില സവിശേഷതകൾ കൂടി കണക്കിലെടുക്കേണ്ടതായുണ്ട്. മലബാറിൽ നൂറുകണക്കിന് മൈൽ ദൂരത്തിൽ നാടിൻെറ എല്ലാ മുക്കിലും മൂലയിലും എത്തി നിന്നിരുന്ന നിരവധി റോഡുകളുടെ നിർമ്മാണം 1784 മുതൽ 1790 വരെയുള്ള ചുരുങ്ങിയ ആറ് വർഷം കൊണ്ടാണ് ചെയ്തതെന്നത് പ്രത്യേകം പരിഗണിക്കേണ്ടതാണ്. ഇത്രയും ബൃഹത്തായ ജോലി നിർവ്വഹിക്കുവാൻ, എത്രമാത്രം ആളും അർത്ഥവും സാധനസാമഗ്രികളും ആവശ്യമായി വന്നിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളു. തൻെറ ഇതര സംസ്ഥാനങ്ങളിൽ നടത്തിയിരുന്ന നിർമ്മാണപ്രവർത്തനത്തിൻെറ ഭാഗമായിട്ടായിരുന്നു ഇവിടെയും ഇത് നിർവ്വഹിച്ചത്. ഇത്രയും ഭാരിച്ച മുതൽ മുടക്കും പ്രയത്നവും നടത്തണമെങ്കിൽ, അതിനാവശ്യമായ പണം ആ സ്ഥലത്തുനിന്ന് തന്നെ ഉണ്ടാക്കാതെ തരമില്ലല്ലോ. വ്യാവസായികവളർച്ചയും കാർഷികസമൃദ്ധിയും ഉണ്ടായിരുന്നില്ലെങ്കിൽ നിശ്ചയമായും ഇത് സാദ്ധ്യമാകുമായിരുന്നില്ല. ഇതിന് അനുബന്ധമായി അനുസ്മരിക്കേണ്ട മറ്റൊരു പ്രധാനഘടകം ഇത്തരം ഭീമമായ പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായി വന്നേക്കാവുന്ന മനുഷ്യപ്രയത്നമാണ്. പൊതുമരാമത്ത് പണിക്കായി കേരളത്തിൽ ആദ്യമായിട്ടായിരുന്നു സംഘടിത തൊഴിലാളി ശക്തിയെ ഉപയോഗപ്പെടുത്തിയതായി കാണുന്നത്. ടിപ്പുസുൽത്താൻ നിർബന്ധമായി അടിമപ്പണി ചെയ്യിച്ചാണിവ നടത്തിയതെന്ന് ആരും ഇത് വരെ പറഞ്ഞിട്ടില്ലാത്തപ്പോൾ, കൂലിക്കാരെ ആദ്യമായി വേതനാടിസ്ഥാനത്തിൽ കേരളത്തിൽ തൊഴിലിൽ ഏർപ്പെടുത്തിയത് അദ്ദേഹമായിരുന്നു എന്ന് പറയാതെ തരമില്ല. അതുവരെ, നമ്മുടെ സാമൂഹ്യസംവിധാനത്തിൻെറ പ്രത്യേകതയെന്നോണം, അടിമകളേയും കുടിയാൻമാരേയും നിർബന്ധിച്ച് പണിയെടുപ്പിക്കുകയെന്നതായിരുന്നു നിലനിന്നിരുന്ന സമ്പ്രദായം. അടിമകളെ കൂട്ടത്തോടെ ആട്ടിക്കൊണ്ടുവന്ന് അവരെക്കൊണ്ട് ചങ്ക് പൊട്ടുവിധം പണിയെടുപ്പിച്ചിരുന്നതിൻെറ വിവരണം ബുക്കാനൻ നൽകുന്നുണ്ട്.47. ബുക്കാനന് രണ്ടു നൂറ്റാണ്ട് മുമ്പ് ബർബോസ, കേരളത്തിൽ നിലനിന്നിരുന്ന അടിമക്കച്ചവടമുൾപ്പെടെയുള്ള ഇവിടത്തെ വ്യാപാര-വ്യവസായങ്ങളെക്കുറിച്ച് വിവരിച്ചിട്ടുള്ളത് കാണാം.48. ഓരോ ജാതിയും അവരവരുടെ തൊഴിലും

പണിയും മാത്രമേ ചെയ്യാവൂ എന്ന നിഷ്കർഷ നിലനിന്നിരുന്നതായും അദ്ദേഹം എഴുതുന്നു. ചെറുമവിഭാഗത്തിൽപ്പെട്ട ആറ് ഉപജാതികൾ അടിമകളായിരുന്നുവെന്നും അവരെ ഉപഭോഗവസ്തുക്കൾക്ക് സമം വാങ്ങുകയും വിൽക്കുകയും ചെയ്തിരുന്നുവെന്നും വില്യം താക്കറെ 1814ൽ തന്റെ റവന്യൂ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഓരോ ഇനം ചെറുമർക്കും പ്രായവ്യത്യാസമനുസരിച്ചുള്ള കമ്പോളവില എത്രയായിരുന്നു എന്നും അദ്ദേഹം എഴുതുന്നുണ്ട്.49. അത്തരം ഒരു സമൂഹത്തിൽ ആയിരക്കണക്കിന് തൊഴിലാളികൾ ആവശ്യമുള്ള തന്റെ ഭീമമായ റോഡ് നിർമ്മാണപദ്ധതിക്ക് ആദ്യമായിട്ടാണ് സംഘടിതതൊഴിൽ ശക്തിയെ കേരളത്തിൽ ടിപ്പു പ്രയോജനപ്പെടുത്തിയത്. സാമൂഹിക ചട്ടക്കൂട്ടിൽ ഇത്തരം വിപ്ലവപരമായ പദ്ധതികൾ സൃഷ്ടിച്ചിരിക്കാവുന്ന ചലനവും പ്രതികരണവും വളരെ വലുതായിരിക്കും. റോഡു നിർമ്മാണത്തിന്റെ ഫലമായി സഞ്ചാരവും കച്ചവടവും സുഗമമായെന്നു മാത്രമല്ല, തൽഫലമായി രാജ്യത്ത് സാമ്പത്തികാഭിവൃദ്ധി കളിയാടുകയും ചെയ്തു. കച്ചവടവും വ്യവസായവും മലബാറിൽ തകരുകയാണ് മൈസൂർ കാലത്തുണ്ടായതെന്ന് വാദിക്കുന്നവർ, വൃത്തം കോണാണെന്ന് വിമ്പിളക്കുന്ന യുക്തിരഹിതമായ വക്രഗതിക്കാരാണെന്ന് മാത്രമേ പറയാനൊക്കൂ.

പാശ്ചാത്യനാടുകളുമായി വളരെ മുമ്പേ നടന്നുപോന്ന വാണിജ്യത്തിന്റെ ഫലമായി ഇവിടെ സംഭരിക്കുവാൻ കഴിഞ്ഞിരുന്ന സ്വർണ്ണവും വെള്ളിയും മറ്റ് അമൂല്യവസ്തുക്കളും നാട്ടിൽ നിന്ന് അപ്രത്യക്ഷമാകുകയും രാജ്യം ദരിദ്രമായി ത്തീരുകയും ചെയ്തെന്നാണ് മൈസൂർ ഭരണത്തെ വിലയിരുത്തുന്ന കേരളചരിത്രകാരൻമാരുടെ പക്ഷം.50. സത്യത്തിന്റെ നേരിയ അംശം പോലുമില്ലാത്തതും വിശ്വസിക്കുവാൻ അസാദ്ധ്യമായതുമായ കള്ളക്കഥകൾ യാതൊരു കൂസലും കൂടാതെ ഇങ്ങനെ അടിച്ചുവിടുവാൻ നമ്മുടെ എഴുത്തുകാർ മടിക്കുന്നില്ലെന്നത് അതിശയകരമായിരിക്കുന്നു. പാലക്കാട് കേരളത്തിൽ വെച്ചേറ്റവും അപ്രതിരോധ്യമായ കോട്ട കെട്ടി അതിൽ തന്റെ കാവൽ സൈന്യത്തെ നിർത്തിയത് ഹൈദരലിയാണെന്ന് നമുക്കറിയാം. വാർത്താവിനിമയത്തിന്റെ കേന്ദ്രസ്ഥാനമായി പാലക്കാട്ട് കോട്ട വർത്തിക്കുകയും ചെയ്തിരുന്നു. ഇതിന് ചുറ്റും കച്ചവടകേന്ദ്രങ്ങളും കമ്പോളങ്ങളും ആവിർഭവിച്ചതിന്റെ ഫലമായി ജനശൂന്യമായിരുന്ന ഈ പ്രദേശം ഒരു പട്ടണമായി വികസിച്ചുവെന്നും നമുക്കറിയാം. പാലക്കാട് പട്ടണത്തിന്റെ പ്രാധാന്യത്തേയും അതിന്റെ അന്നത്തെ സ്ഥിതിയേയും സംബന്ധിച്ച് ബുക്കാനൻ പറയുന്നത്, "ഇത്ര വൃത്തിയുള്ളതും നല്ലതുമായ," പട്ടണം കേരളത്തിൽ വേറെയില്ലെന്നാണ്.51. ഉൽക്കർഷത്തിലേക്ക് ഉയർന്ന പാലക്കാട് നിശ്ചയമായും മൈസൂർ കോട്ടയോടും അവിടെ സ്ഥാപിതമായിരുന്ന പണ്ടികശാല, കമ്പോളങ്ങൾ എന്നിവയോടും ഏറെ കടപ്പെട്ടിരിക്കുന്നുവെന്ന കാര്യത്തിൽ സംശയമില്ല. ടിപ്പുവിനെ നിശിതമായി വിമർശിച്ചിട്ടുള്ള സി.എ. ഇന്നിസ് മലബാർ ഗസറ്റിയറിൽ പ്രസ്താവിച്ചിട്ടുള്ളത് കൂടി ശ്രദ്ധിക്കുക. "18-ാം നൂറ്റാണ്ടിന്റെ ആദ്യപകുതി കഴിയുന്നത് വരെ പാലക്കാട് രാജാക്കൻമാർ ഒട്ടും പ്രധാനികളായിരുന്നില്ല........ സാമൂതിരിയുടെ നിരന്തരമായ ആക്രമണം കൊണ്ട് 1756ൽ ധിൻഡിഗലിലെ ഫൗജിദാറായ ഹൈദരാലിയുടെ സഹായം തേടുന്നതുവരെയുള്ള സ്ഥിതി ഇതായിരുന്നു."52. എന്നാൽ 1801 ആകുന്നതോടുകൂടി ബുക്കാനൻ തുടങ്ങിയവരുടെ അകമഴിഞ്ഞ പ്രശംസക്ക് പാത്രമാകുംവിധം പാലക്കാട് ഒരു വലിയ പട്ടണമായി വികാസം കൊണ്ടിരുന്നു. ഇതിന് കാരണക്കാർ ആരായിരുന്നുവെന്ന് പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല.

ടിപ്പുവിന്റെ മലബാറിലെ ഒരു പ്രധാന ആസ്ഥാനമാക്കി നിർമ്മിച്ചതായിരുന്നു ഫറൂക്ക് പട്ടണം. കോഴിക്കോട്ട് നിന്ന് കഷ്ടിച്ച് 12 കിലോമീറ്റർ അകലെയായി സ്ഥിതി ചെയ്യുന്ന ഈ സ്ഥലം ടിപ്പു തന്റെ മലബാറിന്റെ തലസ്ഥാനമായി ഉയർത്തുന്നതുവരെ യാതൊരു കാരണവശാലും ചരിത്രത്തിൽ പരാമർശിക്കപ്പെട്ടിരുന്നില്ല. കുന്നും കാടും വന്യജീവികളും കൊണ്ട് നിറഞ്ഞ ഈ സ്ഥലം മനുഷ്യവാസയോഗ്യമാക്കുകയും കോട്ടയും താമസസംവിധാനങ്ങളും പണ്ടികശാലയും മാർക്കറ്റും കൊണ്ട് സജ്ജമാക്കുകയും ചെയ്തത് ടിപ്പു സുൽത്താന്റെ നിർദ്ദേശാനുസരണമായിരുന്നു. ഇതിന് ചുറ്റും വ്യവസായശാലകളും കച്ചവടകേന്ദ്രങ്ങളും വളർന്ന് വന്നതിന്റെ ഫലമായി ഇന്നും തിരക്കേറിയ ഒരു വ്യവസായ പട്ടണമായി ഫറൂക്ക് പ്രശോഭിക്കുന്നുണ്ട്. പുതുതായി നിർമ്മിതമാകുന്ന ഒരു തലസ്ഥാനപട്ടണത്തിന്റെ സംവിധാനം അവിടത്തെ സാമ്പത്തികസ്ഥിതിയിൽ ഉണ്ടാക്കിയേക്കാവുന്ന മാറ്റം ഊഹിക്കാവുന്നതേയുള്ളൂ. അവശ്യസാധനങ്ങളിൽമേൽ കുത്തക ഏർപ്പെടുത്തകയും മദ്ധ്യവർത്തികളെ ഒഴിവാക്കുകയും ചെയ്തപ്പോൾ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ അനായാസേന എത്തിക്കുന്നതിന് നാടിന്റെ നാനാഭാഗങ്ങളിലും ടിപ്പു പണ്ടികശാലകൾ തുറക്കുകയുണ്ടായി. ഈ സംഭരണ കേന്ദ്രങ്ങളിൽ പ്രധാനമായവ, പാലക്കാട്, മങ്കട, മഞ്ചേരി, മലപ്പുറം, പൊന്നാനി, ഫറൂക്ക്, കോഴിക്കോട്, കൊയിലാണ്ടി, വടകര, മാഹി, കണ്ണൂർ, സുൽത്താൻ ബത്തേരി, കാസർക്കോട്, മംഗലാപുരം എന്നിവിടങ്ങളിലായിരുന്നു.53. ഉല്പന്നങ്ങൾ നേരിട്ട് കർഷകരിൽ നിന്നും വാങ്ങി സൂക്ഷിച്ചിരുന്ന ഈ കേന്ദ്രങ്ങളൊക്കെ തന്നെ കച്ചവട വികസനത്തിന് നിദാനമായി വർത്തിച്ചു. കമ്പോളങ്ങളും പട്ടണങ്ങളും ജനനിബിഢമായ ഗ്രാമങ്ങളും വ്യവസായകേന്ദ്രങ്ങളുമൊക്കെയായി ഇവ വളരുകയും ചെയ്തു. ഈ കേന്ദ്രങ്ങളോടനുബന്ധിച്ച് ഹുസൂർ കച്ചേരികളും നികുതി അടക്കേണ്ട സ്ഥലങ്ങളും അവയ്ക്കാവശ്യമായ ഉദ്യോഗസ്ഥൻമാരുടെ അധിവാസ സ്ഥലങ്ങളും നിലനിന്നിരുന്നു. ഇവിടെയൊക്കെ ഭയം കൂടാതെ സുഗമമായി സഞ്ചരിക്കാവുന്ന റോഡുകൾ കൂടി ഉണ്ടായപ്പോൾ കച്ചവടത്തിന് സുരക്ഷിതത്വം കൈവന്നു. 'സുൽത്താൻ

ബത്തേരി' എന്നറിയപ്പെടുന്ന സ്ഥലം 'സുൽത്താൻ ബാറ്ററി' എന്നതിൽ നിന്നും സംജാതമായ പേരാണെന്നും ആനാമധേയം വിശദീകരണത്തിൻെറ ആവശ്യമില്ലാതെ വ്യക്തമാക്കുന്നത്, ടിപ്പു സുൽത്താനാൽ നിർമ്മിതമായ സ്ഥലമാകുന്നു എന്നുമാണല്ലോ. നിഷ്പക്ഷമതികളായവർക്ക് ഇതൊക്കെ കൊണ്ട് എത്തിച്ചേരാവുന്ന നിഗമനം മൈസൂർ ഭരണാധിപൻമാരിൽ നിന്നും മലബാറിലുണ്ടായിരുന്ന പട്ടണങ്ങൾക്കും വ്യാപാര കേന്ദ്രങ്ങൾക്കും അങ്ങേ അറ്റം അഭിവൃദ്ധി ലഭിച്ചുവെന്നാണ്. മാത്രമല്ല, മേൽകാണിച്ച വിധം മലബാറിൻെറ പലഭാഗങ്ങളിലും നഗരസംവിധാനങ്ങളും കപ്പലടകേന്ദ്രങ്ങളും പുതുതായി അവർ സംഭാവന നൽകുകയുമുണ്ടായി. മറിച്ച് പറയുന്നത് സത്യത്തിനോ, നീതിക്കോ, നിരക്കാത്ത പാർശ്വവീക്ഷണമായേ നിലനിൽക്കുകയുള്ളൂ.

കെ.എം. പണിക്കരും അദ്ദേഹത്തെപ്പോലെയുള്ള ചരിത്രകാരൻമാരും പറയുന്നത് മൈസൂർ ഭരണത്തോടുകൂടി കേരളത്തിലെ തുറമുഖങ്ങളുടെ പ്രാധാന്യം കുറഞ്ഞുവെന്നും കപ്പൽ നിർമ്മാണവ്യവസായം എന്നേക്കുമായി തകർന്നുവെന്നുമാണ്. ഇതും വെറും ദുരാരോപണമാണെന്ന് കാണാം. കോഴിക്കോട്, കണ്ണൂർ, മംഗലാപുരം എന്നി തുറമുഖപട്ടണങ്ങളാണല്ലോ മലബാറിലെ പ്രധാനമായവ. അവിടെ കയറ്റിറക്കുമതിയും വ്യാപാര-വാണിജ്യ പ്രവർത്തനവും ഏത് കാലത്തേയുംകാൾ പുഷ്ക്കലമായിരുന്നത് മൈസൂർ ഭരണകാലത്തായിരുന്നുവെന്നതാണ് പരമാർത്ഥം. ഈ കേന്ദ്രങ്ങളിലൊക്കെ തന്നെ ചരക്കുകൾ എത്ര വേണമെങ്കിലും ശേഖരിക്കുവാൻ പറ്റുന്ന പണ്ടികശാലകൾ സ്ഥാപിച്ചിരുന്നു. മൈസൂർ സംസ്ഥാനത്തിലെ എല്ലാ കയറ്റുമതിയും ഇറക്കുമതിയും ഈ തുറമുഖകേന്ദ്രങ്ങളിൽ കൂടിയാണ് നടന്നിരുന്നത് എന്ന് വരുമ്പോൾ, സമുദ്രാന്തരീയ വ്യാപാരം വർദ്ധമാനമായിരുന്നുവെന്നതായിരിക്കുകയല്ലേ ശരി. ടിപ്പു, വിദേശ രാജ്യങ്ങളുമായി വ്യാപാരം തകൃതിയായി നടത്തിയിരുന്നുവെന്നും, ജിദ്ദയിലും മസ്ക്കറ്റിലും, ബാഗ്ദാദിലുമൊക്കെ ടിപ്പുവിന് പണ്ടികശാലകളും ദറോഗമാരും മറ്റ് ഉദ്യോഗസ്ഥൻമാരും ഉണ്ടായിരുന്നുവെന്നും മറ്റുമുള്ള വസ്തുതകൾ മുൻ അദ്ധ്യായത്തിൽ വിവരിച്ചതാണ്. ഈ വ്യാപകമായ വ്യാപാരം മുഴുക്കെ നടത്തിയിരുന്നത് മംഗലാപുരം, കോഴിക്കോട്, തുടങ്ങിയ മലബാർ തുറമുഖങ്ങളിലൂടെയായിരുന്നു. ടിപ്പുവിൻെറ വ്യാപാര-വാണിജ്യ വികസനനയം മൂലം തലശ്ശേരിയിലെ ഇംഗ്ലീഷ് കമ്പനിയുടെ കച്ചവടം ക്ഷയിക്കുകയും കമ്പനി ഉപേക്ഷിക്കുന്ന കാര്യം അവർ ഗൗരവമായി പരിഗണിക്കുകയും ചെയ്തിരുന്നു. 1789 ആഗസ്റ്റ് 19-ാം തിയതി തലശ്ശേരി ഫാക്ടറിയിലെ പ്രധാനി ഗവർണർ ജനറലിന്നെഴുതുന്ന കത്തിൽ നിന്നും ഇത് വ്യക്തമാകുന്നുണ്ട്.54. കോഴിക്കോടും മംഗലാപുരവും എത്രമാത്രം ടിപ്പുവിൻെറ കയറ്റിറക്ക്മതികൾക്ക് അത്യാവശ്യമായി ഗണിച്ചിരുന്നുവെന്നതിനും അവയെ എത്രമാത്രം പ്രാധാന്യത്തോടു കൂടിയാണ് ടിപ്പു കരുതിപ്പോന്നിരുന്നത് എന്നതിനും ഉദാഹരണമായി നിരവധി രേഖകൾ മുമ്പൊരദ്ധ്യായത്തിൽ കൊടുത്തിട്ടുള്ളവ കൂടി ഒന്നിച്ചു നോക്കുകയാണെങ്കിൽ വസ്തുതയുടെ നിജസ്ഥിതി ബോദ്ധ്യമാകാതിരിക്കുകയില്ല. അതുമാത്രമല്ല, ടിപ്പു സുൽത്താൻ തൻെറ വിദേശ ഫാക്ടറികളിലെ ദറോഗമാർക്ക് എഴുതിയിരുന്ന കത്തുകളിൽ നിന്നും അദ്ദേഹം വിളംബരപ്പെടുത്തിയിരുന്ന വ്യവസായ ചട്ടങ്ങളിൽ നിന്നും നിഷ്പ്രയാസം നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നത് മംഗലാപുരം തുറമുഖത്ത് ഒന്നാം തരം കപ്പൽ നിർമ്മാണശാല ആസൂത്രണം ചെയ്തിരുന്നുവെന്നുമാണ്. ഈ ആവശ്യത്തിനായി മസ്ക്കറ്റിൽ നിന്നും ജിദ്ദയിൽ നിന്നും കപ്പൽ നിർമ്മാണവിദഗ്ദ്ധൻമാരെ മംഗലാപുരത്ത് കൊണ്ടുവരികയും ചെയ്തിരുന്നു.55. തേക്കിൻ തടി സ്റ്റേയിറ്റിൻെറ കുത്തകയാക്കുവാൻ കാരണം തൻെറ കപ്പൽ നിർമ്മാണാവശ്യത്തിന് അത് പ്രയോജനപ്പെടുത്തുവാൻ വേണ്ടി ആയിരുന്നുതാനും. ഉദ്യാഗസ്ഥൻമാർക്ക് ടിപ്പു നൽകിയിരുന്ന നിർദ്ദേശവും കൂടി നോക്കുക. "മരം, കമ്പി, കയർ തുടങ്ങി കപ്പൽ പണിക്കാവശ്യമായ ഉപകരണങ്ങൾ കഴിവതും കപ്പൽ നിർമ്മാണശാലയുടെ പ്രാന്തപ്രദേശങ്ങളിൽ നിന്നു തന്നെ ശേഖരിക്കുവാൻ ശ്രമിക്കുകയും എല്ലാ വിഭാഗം തൊഴിലാളികൾക്കും തൃപ്തികരമായും കൃത്യമായും അവരുടെ വേതനം നൽകി കഴിവതും നേരത്തെ കപ്പലുകളുടെ നിർമ്മാണം പൂർത്തിയാക്കുവാൻ ശ്രമിക്കുകയും വേണം."56. അക്കാലത്ത് ഇൻഡ്യയിലെ മറ്റൊരു ഭരണാധിപനും ഇത്തരം കാര്യങ്ങളിൽ ശ്രദ്ധിച്ചിരുന്നില്ലെന്ന് കൂടി നാം ഓർക്കേണ്ടതുണ്ട്. കോഴിക്കോട് നിന്നും കഷ്ടി നാല് കിലോമീറ്റർ കിഴക്കേ ഭാഗത്തായി കിടക്കുന്ന കല്ലായി, മരക്കച്ചവടത്തിൽ ലോകത്തിൽ രണ്ടാം സ്ഥാനം നേടിയ സ്ഥലമാണല്ലോ. യഥാർത്ഥത്തിൽ കല്ലായിയുടെ ആസൂത്രണം ടിപ്പുവിൻെറ മസ്തിഷ്കത്തിൽ നിന്നും ഉത്ഭൂതമായത് ആയിരുന്നു. അങ്ങനെ നമ്മുടെ തുറമുഖങ്ങൾ എല്ലാ നിലയ്ക്കും കൂടുതൽ തിരക്കേറിയതും വർദ്ധമാനമായി കയറ്റിറക്കുമതികൾ ചെയ്തിരുന്നതുമായ ലോകത്തിലെ പ്രധാന തുറമുഖങ്ങളോടൊപ്പം വളരുകയും ചെയ്തത് ഇക്കാലത്താണ്.

ഇത് പോലെ തന്നെ അയുക്തികവും വിചിത്രവുമായ ആരോപണമാണ് മലബാറിൽ വളരെക്കാലത്തെ വിദേശ വ്യാപാരത്തിൻെറ ഫലമായി സ്വരുക്കൂട്ടിയിരുന്ന സ്വർണ്ണവും ധനവും മൈസൂർ അധിനിവേശത്തോടെ ഇല്ലാതായി എന്ന പ്രസ്താവനയും. എവിടെ, ആരുടെ പക്കൽ, ഏകദേശം, എത്രത്തോളം, ഈ പറയുന്ന ധനം ശേഖരിച്ചിരുന്നു എന്ന ഒരു ഭ്യൂഹം പോലും നൽകാൻ സാധിക്കാതെ, വെറും ഉപരിപ്ലവങ്ങളായ പ്രസ്താവനകൾ തട്ടിവിടുന്ന സമ്പ്രദായം ചരിത്ര പ്രതിപാദനത്തിൽ കാലുഷ്യം കലർത്തുകയേയുള്ളു. സത്യാന്വേഷണത്തിന്നൊരുമ്പെടുന്ന ജിജ്ഞാസുവിൻെറ മാർഗ്ഗത്തിൽ തടസ്സം സൃഷ്ടിക്കുക കൂടിയാവാം ഇത്തരം നിരുത്തരവാദപരമായ പ്രചാരണങ്ങൾ. പറങ്കികളുടെ ആഗമനത്തോടുകൂടി അറബികളുടേയും മാപ്പിളമാരുടേയും കുത്തക

യായിരുന്ന മലബാറിലെ വ്യാപാരവാണിജ്യാദികൾ അവർക്ക് നഷ്ടപ്പെട്ടു. പറങ്കികളുടെ അവസാനഘട്ടത്തിലെ കേരളത്തിൻെറ സ്ഥിതിഗതികളെപ്പറ്റി കെ.എം. പണിക്കർ തന്നെ മറ്റൊരിടത്ത് പറയുന്നതിപ്രകാരമാണ്. "ഇൻഡ്യയും യൂറോപ്യൻ രാജ്യങ്ങളുമായി നേരിട്ടുണ്ടായിരുന്ന വ്യാപാരസമ്പർക്കം അവരുടെ വരവോടെ നിലച്ചു. പകരം ഇൻഡ്യയുടെ വ്യാപാരം മുഴുക്കെ യൂറോപ്യൻ കമ്പനികളുടെ കുത്തകയായി മാറുകയും ചെയ്തു. ഈ മാറ്റത്തിൻെറ ഫലമായി ഇൻഡ്യയുടെ സമ്പത്തും അവരുടെ നാട്ടുകാരെ സമ്പന്നമാക്കുവാൻ വേണ്ടി പിഴിഞ്ഞെടുക്കുക എന്ന സ്ഥിതി ഉളവാകുകയും ചെയ്തു."57. ഇതേതുടർന്ന് കേരളത്തിൽ തമ്മിലടിച്ചുക്കൊണ്ടിരുന്ന രാജാക്കൻമാരും നാടുവാഴി മാടമ്പിമാരും വിദേശശക്തികളുമായി കച്ചവട ഉടമ്പടിയിൽ ഏർപ്പെടുവാനുള്ള മൽസരമാണിവിടെ നടന്നത്. വ്യാപാര ഉൽപ്പന്നങ്ങൾ എത്രയും വില കുറച്ച് നിശ്ചിതസ്ഥലത്ത് എത്തിച്ചുകൊടുക്കാമെന്ന വ്യവസ്ഥയിലാണ് ഈ കച്ചവടകരാർ മുഴുക്കെ ഉണ്ടാക്കിയിരുന്നത്. രാജാക്കൻമാരും ഇടപ്രഭുക്കൻമാരും ഒറ്റയായും കൂട്ടായും ഇത്തരം ഉടമ്പടികൾ വിദേശ കമ്പനി ഉടമകളുമായി ഉണ്ടാക്കിയിരുന്നപ്പോഴൊക്കെ, തങ്ങളുടെ ഉല്പന്നങ്ങൾക്ക് പകരം സ്വർണ്ണം നൽകണമെന്ന് ആരും ആവശ്യപ്പെട്ടതായി രേഖകളില്ല. എന്നാൽ സഹോദരരാജാക്കൻമാരോട് പകരം വീട്ടുവാനോ, അവരുടെ രാജ്യം വെട്ടിപ്പിടിക്കുവാനോ, സഹായകമാംവിധം തോക്കും വെടിക്കോപ്പും പകരമായി നൽകണമെന്നും വ്യവസ്ഥ ചെയ്തതായി ധാരാളം പ്രമാണങ്ങളുണ്ടുതാനും. കെ.എം. പണിക്കരും കൂട്ടരും പറയുന്നതുപോലെ സ്വർണ്ണത്തിനായിരുന്നില്ല. നാം നമ്മുടെ വിഭവങ്ങൾ കൈമാറിയിരുന്നത് അനേകം നാട്ടരചൻമാരും നുറുകണക്കിന് മാടമ്പിമാരും വേറെ വേറെയായി കച്ചവട ഉടമ്പടികൾ ഉണ്ടാക്കുകയും ചെയ്തിരുന്നു. 1744ൽ അഞ്ചു തെങ്ങിലെ ഇംഗ്ലീഷ് കമ്പനിഉടമകളോട് മാർത്താണ്ഡവർമ്മ ആവശ്യപ്പെട്ടത്, "ഒരു തോക്കിന് പകരമായി ഒരു കണ്ടി കുരുമുളക് തരാ"മെന്നായിരുന്നു.58.

നിരന്തരം യുദ്ധവും വക്കാണവുമായി കഴിഞ്ഞിരുന്ന നമ്മുടെ ഭരണാധികാരികളെല്ലാവരും തന്നെ 18-ാം നൂറ്റാണ്ടിൻെറ ആദ്യപകുതി കഴിയുന്നതോടെ സാമ്പത്തികക്ലേശമനുഭവിച്ചവരായിരുന്നുവെന്ന് കാണാം. കേരളത്തിലെ പ്രമുഖരാജാവായ സാമൂതിരിപോലും ദരിദ്രമായ സ്ഥിതിയിലായിരുന്നു. ആദ്യ അദ്ധ്യായങ്ങളിലൊന്നിൽ, സാമൂതിരി സാമ്പത്തികമായി പാപ്പരായിരുന്നതിനാലാണ് ഹൈദരലിക്ക് കൊടുക്കാമെന്ന് വാഗ്ദത്വം ചെയ്തിരുന്ന പണം നൽകാൻ പറ്റാതെ പോയതെന്നും അക്കാരണത്താൽ വീണ്ടും ആക്രമിക്കപ്പെടുകയും തരാനുള്ള തുകകളും യുദ്ധച്ചെവലിലേക്കുള്ള നഷ്ടപരിഹാരവും ഒന്നിച്ച് ഉടനടി നൽകണമെന്ന് ആവശ്യപ്പെട്ടതാണ് നിവൃത്തിയില്ലാതെ ആത്മഹത്യക്ക് അദ്ദേഹത്തെ പ്രേരിപ്പിച്ചതെന്നും നാം വിവരിച്ചതാണ്. ഉഭയസമ്മതപ്രകാരം നിശ്ചയിച്ച പണം റൊക്കമായി കിട്ടണമെന്ന് ശഠിച്ചപ്പോൾ, മരിക്കുകയെന്നതിൽ കവിഞ്ഞ് മറ്റൊരു മാർഗ്ഗവും അവലംബിക്കുവാൻ അന്നത്തെ പരിതസ്ഥിതിയിൽ സാമൂതിരിക്ക് കഴിയുമായിരുന്നില്ല. അനാദികാലത്തെ വിദേശവ്യാപാരം കൊണ്ടു പണിക്കരും മറ്റും പറയുന്നവിധം പണം സ്വരുക്കൂട്ടുവാൻ സാധിച്ചിരുന്നുവെങ്കിൽ കേരളചരിത്രത്തിലെ ദുഃഖപര്യവസായിയായ ഈ രംഗം അഭിനയിക്കപ്പെടുമായിരുന്നില്ലെന്ന് തീർച്ചയാണ്. സാമൂതിരിയുടെ സാമ്പത്തിക പരാധീനതകൊണ്ട് പണം കൊടുക്കുവാൻ സാധിക്കാതെ വന്നിട്ടുള്ളതിനെപ്പറ്റി ഡച്ച്ഗവർണ്ണറായ മൊയൻസും, ഡച്ച് ഗവർണ്ണർമാരുടെ മെമ്മോറാണ്ടങ്ങൾ പ്രസിദ്ധീകരിച്ച എ. ഗാലറ്റിയും ധാരാളം ഉദാഹരണങ്ങൾ നിരത്തുന്നുണ്ട്.59. മലബാറിൽ നിന്നും കൊള്ളയടിച്ച സ്വർണ്ണവും വെള്ളിയുമായി ഹൈദരലിയോ, ടിപ്പുസുൽത്താനോ, മൈസൂറിലേക്ക് കടന്നു കളഞ്ഞുവെന്ന് ഒറ്റ ചരിത്രകാരനും, മൈസൂർ വിരോധികളായ ഇംഗ്ലീഷ് ചരിത്രകാരൻമാരിലാരെങ്കിലും പോലും ഇതുവരെ പറഞ്ഞിട്ടില്ല. സ്വന്തം ആവശ്യത്തിനും നിലനില്പിനും പോലുമുള്ള ധനം ഉണ്ടാക്കിവെക്കുവാൻ പറ്റാതിരുന്ന പാപ്പരായ ഭരണാധിപൻമാരുടെ കീഴിൽ സംഭരിച്ച് വെച്ചിരിക്കാവുന്ന ധനം ഈ ചരിത്രകാരൻമാരുടെ ഭാവനയിൽ മാത്രമായിരുന്നിരിക്കണം. കുന്നുകൂടിയ സമ്പത്ത് ഏത് ആക്രമണകാരിയുടേയും കൊള്ളയടിക്ക് വിധേയമാകുക സ്വാഭാവികമാണ്. ഇവിടെ അത്തരം ഖജനാവുകളുണ്ടായിരുന്നുവെങ്കിൽ, നിശ്ചയമായും മൈസൂർ സുൽത്താൻമാരും അത് പിടിച്ചെടുക്കുമായിരുന്നു. പക്ഷെ, സ്വന്തം തല രക്ഷിക്കുവാനുള്ള തലപ്പണം പോലുമില്ലാത്ത അവസ്ഥയിൽ ആത്മഹത്യ ചെയ്ത് ജീവിതം ഒടുക്കത്തക്ക പാപ്പരത്തമുണ്ടായിരുന്ന കേന്ദ്രങ്ങളിൽ നിന്ന് കൊള്ളയടിക്കുവാൻ ഒന്നുമുണ്ടായിരുന്നില്ലെന്നതാണ് സത്യം.

അതേസമയം, മൈസൂർ കാലഘട്ടത്തിൽ വിജയകരമായി നടപ്പിലാക്കിയിരുന്ന വ്യാവസായിക-വാണിജ്യ പ്രവർത്തനങ്ങളാലും, ജനങ്ങളും രാജ്യവും സാമ്പത്തികമായി ഏറെ അഭിവൃദ്ധിപ്പെട്ടുവെന്നതാണ് വസ്തുവം. കേരളത്തിലെ വ്യാപാര-വ്യവസായങ്ങൾ തകർന്ന് തരിപ്പണമായ കാലമാണ് മൈസൂർ ഭരണസമയമെന്ന് പറയുന്ന കെ.എം. പണിക്കർ തന്നെ 18-ാം നൂറ്റാണ്ടിൻെറ അവസാനത്തെപ്പുകുതിയിൽ കേരളത്തിൻെറ സാമ്പത്തികസ്ഥിതിയെപ്പറ്റി വിവരിക്കുമ്പോൾ, ആദ്യം പറഞ്ഞതിന് കടകവിരുദ്ധമായാണെഴുതുന്നതെന്ന് അദ്ദേഹം ഓർക്കുന്നില്ല. നോക്കുക, "കേരളീയ ജീവിതത്തിൻെറ വിവിധ തുറകളിൽ സ്പഷ്ടമായമാറ്റവും പ്രകടമായ ഉത്ഗതിയുണ്ടായ ഒരു നൂറ്റാണ്ടായിരുന്നു 18-ാം നൂറ്റാണ്ട്. കച്ചവടവും വ്യവസായവും സീമാതീതമായി വികാസം പ്രാപിച്ചിരുന്നു. തൽഫലമായി ഈ നൂറ്റാണ്ടിൽ ഉറച്ച സാമ്പത്തികാഭിവൃദ്ധിയുണ്ടാകുകയും ചെയ്തു."60. യഥാർത്ഥത്തിൽ ഈ പ്രസ്താവന രാജ്യത്തിൻെറ സാമ്പത്തികസ്ഥിതിയുടെ ശരിയായ വിവരണമാണ്. മൈസൂർ ഭരണത്തിൻ കീഴിൽ രാജ്യത്ത് സാമ്പത്തികമായ ഉൽക്കർഷമുണ്ടായി. സമൃദ്ധിയും സമാധാനവും കളിയാടി നിന്ന കാലവുമായിരുന്നു അത്. കർഷക

തൊഴിലാളികൾ അതിന് മുമ്പൊരിക്കലും അനുഭവിച്ചിട്ടില്ലാത്തിരുന്ന സാമ്പത്തിക ഭദ്രതയും സ്വത്തിനും ആളിനുമുള്ള സുരക്ഷയും മൈസൂർ ഭരണകാലത്ത് അനുഭവപ്പെട്ടു. സംഘടിതതൊഴിൽ ശക്തി ഉപയോഗപ്പെടുത്തുകയും തൊഴിലിന് കൂലി നൽകുന്ന സമ്പ്രദായമുണ്ടാക്കുകയും ചെയ്തപ്പോൾ, ദരിദ്രവിഭാഗങ്ങൾക്ക് ആത്മധൈര്യവും സമൂഹത്തിൽ അല്പം ഉയർന്ന പദവിയും ലഭിച്ചു. കാർഷികവിളകൾ നേരിട്ടുവാങ്ങുന്ന സമ്പ്രദായം മൂലം ഇടത്തട്ടുകാരുടെ കീശയിൽ പോകാതെ, തങ്ങളുടെ ഉൽപന്നങ്ങൾക്ക് ശരിയായ വില നേരിൽ ലഭിക്കുമെന്ന് വന്നതോടെ കാർഷികരംഗം കൂടുതൽ ഉഷാറായി. കൃഷിക്കാർക്ക് സാമ്പത്തികപരാധീനതയിൽ നിന്നും അനല്പമായ മോചനമാണിതു മൂലമുണ്ടായത്. വിലകൾ മുൻകൂട്ടി നിശ്ചയിച്ച് പണയപ്പെടുത്തി അമിതപലിശക്ക് ഇടത്തട്ടുകാരിൽ നിന്നും പണം കടം വാങ്ങി കൃഷിയിറക്കിയിരുന്ന മലബാറിലെ കർഷകന് സ്റ്റേയിറ്റ് നേരിട്ട് കാർഷികോപകരണങ്ങളും വിത്തും വായ്പയും കൊടുക്കുമെന്ന് വന്നപ്പോഴും, ഉല്പന്നങ്ങൾ സർക്കാർ പണ്ടികശാലകളിൽ കൊടുത്ത് ന്യായവില വാങ്ങാമെന്ന് വന്നപ്പോഴും, മാത്രമാണ് അവർക്ക് നടുനിവർത്തി നേരെ നിൽക്കാൻ സാധിച്ചത്. എല്ലാ കച്ചവടവിനിമയങ്ങളിലും ഒരു തിർച്ചയും മൂർച്ചയുമുണ്ടായ കാലമായിരുന്നു അത്. വഞ്ചിക്കപ്പെടുമെന്ന ഭീതി കുറേക്കാലത്തേക്കെങ്കിലും മനുഷ്യമനസ്സിൽ നിന്നും നീക്കുവാനും നീതി ലഭിക്കുമെന്ന് വിശ്വാസമുണ്ടാക്കുവാനും ഇത്തരം നടപടികൾ പ്രയോജനപ്പെട്ടു. പുതിയ പുതിയ കച്ചവടകേന്ദ്രങ്ങളും മാർക്കറ്റുകളും, പണ്ടികശാലകളും, കച്ചേരികളുമൊക്കെ ഓരോ പ്രദേശത്തും പുതിയ ചലനങ്ങൾ സൃഷ്ടിച്ചു. ജനങ്ങൾ കൃഷിയിലും കച്ചവടത്തിലും കൂടുതൽ ശ്രദ്ധാലുക്കളായി. അവരുടെ അദ്ധ്വാനത്തിനും വിയർപ്പിനും തക്കതായ പ്രതിഫലം കിട്ടുമെന്ന് അവർ മനസ്സിലാക്കിയതോടെ, പുതിയ പുതിയ സ്ഥലങ്ങൾ കൃഷിയിടങ്ങളായി മാറാൻ തുടങ്ങിയിരുന്നു. ഇടത്തട്ടുകാരും ഹുണ്ടിക കച്ചവടക്കാരുമായ ഇത്തിക്കണ്ണികൾ അപ്രത്യക്ഷമാകുകയും ചെയ്തു. നൂതനങ്ങളായ പരീക്ഷണങ്ങൾ നടത്തുവാൻ ജനങ്ങൾ സന്നദ്ധത പ്രകടിപ്പിച്ചു. പാലങ്ങളും റോഡുകളും തങ്ങളുടെ ഉൽപന്നങ്ങൾ നിശ്ചിത സ്ഥലത്തെത്തിക്കുവാൻ എത്രയും ആവശ്യമായിരുന്നുവെന്നവർ മനസ്സിലാക്കുകയും ചെയ്തു. അത്തരം നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്യുവാൻ ഇടപ്രഭുക്കൻമാരേയും നാട്ടുപ്രമാണിമാരേയും നിർബന്ധിച്ചു. അതിനുള്ള ആവേശം മൈസൂർ ഉദ്യോഗസ്ഥൻമാരിൽ നിന്നും അവർക്ക് വേണ്ടുവോളം ലഭിക്കുകയും ചെയ്തിരുന്നു. ഇത്തരം ഉണർവിന്റെ ഫലമായി ഗ്രാമങ്ങൾ ജനനിബദ്ധമാകുവാനും പുതിയ പുതിയ ആവാസകേന്ദ്രങ്ങൾ ഉൽഭവിക്കുവാനും തുടങ്ങി. പട്ടണങ്ങളുടെ ആവിർഭാവം ജനങ്ങളിൽ നവോൻമേഷം പ്രദാനം ചെയ്തു. ചുരുക്കത്തിൽ മലബാറിലെ സാമ്പത്തികവികസനത്തിന്റെയും വ്യാവസായിക വളർച്ചയുടേയും സുവർണ്ണദശ തന്നെയായിരുന്നു മൈസൂർ ഭരണകാലം.

---

1. *Sir Thomas Munroe, Narrative etc, p 201.*
2. *Sir John Shore, quoted by R.C. Majumdar, Advance History of India, p 715.*
3. *J. Mill and Silson, History of British India, Vol.I, p 10.*
4. *H.H. Dodwell, Cambridge History of British India, London, vol.I, p 10.*
5. *K.M. Panikkar, op.cit, p 530.*
6. *Malabar Gazetteers, vol.I, op.cit, p 268.*
7. *Ibid.*
8. *Malabar Manual, vol.I, op.cit, p 486.*
9. *Buchanan, vol.II, op.cit, p 360.*
10. *K.M. Panikkar, op.cit, p 530.*
11. *Ibid, p 431.*
12. *Foreign (Miscellaneous) S.No. 55, para 14, p 24.*
13. *Cochin State Manual, op.cit, p 495.*
14. *Buchanan, vol.II, op.cit, pp 370-72.*
15. *Foreign (Miscellaneous) S.No. 56, part II, p 897.*
16. *Logan, vol.I, op.cit, pp 644-45.*
17. *E.M.S. Namboodiripad, op.cit, p 100.*
18. *Buchanan, vol.II, op.cit, p 380.*
19. *Ibid.*
20. *Kirmani, op.cit, p 459.*
21. *E.M.S. Nampoodiripad, op.cit, p 208.*
22. *Logan, vol.I, op.cit, p 683.*
23. *K.M. Panikkar, op.cit, p 531.*
24. *Ibid, p 529.*

25. Nagam Ayya, vol.III, p 161.
26. Mirza Iqbal, Ahwali Hyder Naik, (Translation Miles) p 502.
27. M.H. Khan, op.cit, p 340.
28. Baramahal Records, vol.I, Tamilnadu Archives, pp 8 and 22.
29. James Mill, History of British India, vol.II, op.cit, p 389.
30. Cambridge History of India, vol.II, op.cit, p 482.
31. Bellary District Gazetteer, PP 268-99.
32. Robert Sewell, Historical inscriptions of southern India, op.cit, p 310.
33. Baramahal Records, Section I,P 153.
34. Malabar Gazetteer, Vol.I, Op.cit, P 530.
35. Buchanan, vol.II, op.cit, p 420.
36. Tellichery Consultations, p p 60-61.
37. Dutch Records No. 13, op. cit, p 24.
38. Buchanan, vol.II, op.cit, p 457.
39. Logan, vol.I, op.cit, p 367.
40. Clause IV of the Treaty, Dutch Records No. 13, p 24.
41. Ibid, Clause VI, pp 112 and 124.
42. Dutch Records No. 13, p 114.
43. Francis Day, the Land of the Perumals, op.cit, p 133.
44. Ernakulam Archives, Grandham 64, 65.
45. Buchanan, vol.II, op.cit, p 360.
46. Ibid, p 538.
47. Ibid, p 370.
48. Barbosa, Descriptions etc, op.cit, p p 124-128.
49. Report of Revenue affairs of Canara and Malabar, 1814, p 2.
50. K.M. Panikkar, op.cit, p 532.
51. Buchanan, vol.II, op.cit, pp 368-69.
52. Malabar Gazetteer, vol.I, op.cit, p 469.
53. Buchanan, vol.II, op.cit, p 515.
54. Foreign Department, Secret and Political Proceedings, S.No. 96. pp 1849-50.
55. വ്യാപാര - വ്യാവസായമെന്ന അദ്ധ്യായം നോക്കുക
56. Kirkpatrick, op.cit, Appendix E, XXXVII.
57. K.M. Panikkar, op.cit, p 244.
58. Anjengo Manuscript Dairy, p 133, Also see Galletti, Introduction to Dutch Records No. 13, p 21.
59. Dutch Recrods No. 13, p 133, Also Ibid, preface, p 13.
60. K.M. Panikkar, op.cit, p 414.

# XXXVIII ഭരണപരിഷ്ക്കാരങ്ങൾ - ഫലങ്ങളും പ്രത്യാഘാതങ്ങളും

മദ്ധ്യകാല കേരളസമൂഹത്തിന്റെ പ്രത്യേകതകളെന്തൊക്കെയായിരുന്നുവെന്ന് മനസ്സിലാക്കിയാലേ, ടിപ്പു സുൽത്താൻ നടപ്പിലാക്കിയ വിപ്ലവകരങ്ങളായ പരിഷ്ക്കാരങ്ങളുടെ പ്രാധാന്യവും അവ സമൂഹത്തിലുണ്ടാക്കിയ ആഘാതപ്രത്യാഘാതങ്ങളും എത്ര ആഴത്തിലായിരുന്നുവെന്ന് വ്യക്തമാകുകയുള്ളു. ഇരുപത്തഞ്ച് വർഷത്തോളം നീണ്ടുനിന്ന മൈസൂർ ആധിപത്യത്തിന്റെ പ്രമുഖമായ പ്രാധാന്യം അത് മദ്ധ്യകാലഘട്ടത്തിന്റെ പഴഞ്ചൻ ക്രമങ്ങളിൽ ആലസ്യം പൂണ്ടുകിടന്നിരുന്ന കേരളത്തെ, നവീനദശയുടെ പൊൻപുലരിയിലേക്ക് സാവധാനമായിട്ടാണെങ്കിലും ആനയിച്ചുവെന്നതാണ്. മദ്ധ്യകാലഘട്ടത്തിൽ നിന്നും ആധുനികകാലഘട്ടത്തിലേക്കുള്ള മാറ്റം കുറിച്ച സംഭവമായിരുന്നു കാൽ നൂറ്റാണ്ടുകാലത്തെ മൈസൂർ ഭരണംമൂലം കേരളത്തിൽ സംജാതമായിരുന്നതെന്ന് സാരം. മദ്ധ്യകാലഘട്ടത്തിലെ സുസ്ഥാപിതവ്യവസ്ഥിതികൾക്കൊക്കെ ഇളക്കം തട്ടുകയും അവയിൽ പലതും തകർന്ന് തരിപ്പണമാകുകയും ചെയ്ത കാലയളവായിരുന്നു അത്. അങ്ങനെ കേരളത്തിൽ നിലനിന്നു പോന്ന ഫ്യൂഡൽ അരാജകത്വത്തിന് അറുതി വന്നു. രാജ്യത്തെ തുണ്ടു തുണ്ടായി വിഭജിച്ച് അന്യോന്യം പകയും അസൂയയും വച്ചു പുലർത്തി നിത്യേന തമ്മി ലടിച്ചിരുന്ന മാടമ്പിമാരുടെ ദുർഭരണം ഏകീകൃതവും സുശക്തവുമായ ഒരു രാഷ്ട്രിയ സംവിധാനത്തിന് വഴിമാറി കൊടുക്കേണ്ടതായി വന്നു. ഈ മാറ്റത്തെ വിലയിരുത്തിക്കൊണ്ട് പ്രൊ. പി.കെ.കെ. മേനോൻ ഇങ്ങനെ എഴുതുന്നു, "മലബാറാകമാനം കേന്ദ്രീകൃതമായ രാഷ്ട്രീയ സംവിധാനത്തിൻ കീഴിൽ സുഘടിതമാക്കി. കാർഷിക നികുതി നടത്തിപ്പിൽ നിലവിലുണ്ടായതിനെ പാടെ അഴിച്ചു പണിത് നൂതനമായ പരിഷ്ക്കാരങ്ങൾ ആവിഷ്ക്കരിച്ചു. വിനിമയ സൗകര്യത്തിനുള്ള പുതിയ നാണയങ്ങൾ പ്രചാരത്തിൽ വന്നു. വാർത്താ വിതരണത്തിനും യാത്രാ സൗകര്യത്തിനും അതുവരെ ഇല്ലാതിരുന്ന ആധുനിക സംവിധാനങ്ങളും നിലവിൽ വന്നു."1. ഇവ മാത്രമല്ല, സമൂഹത്തിലുണ്ടായ മാറ്റത്തിന്റെ ഫലം. കെ.എം. പണിക്കരുടെ ഭാഷയിൽ പറഞ്ഞാൽ, "ഓർമ്മ വെച്ച കാലം മുതൽ സുസ്ഥാപിതമായിരുന്ന സാമൂഹ്യചട്ടക്കൂട്, മൈസൂർ ഭരണത്തോടെ തകർന്നടിഞ്ഞു. അതിന്റെ അവശിഷ്ടങ്ങളിൽ നിന്നും മദ്ധ്യവർത്തികളുടെ ഒരു പുതിയ വർഗ്ഗം വളർന്ന് വരികയും ചെയ്തു."2. പരമ്പരാഗതമായി നിലനിന്നു പോന്ന കേരളീയ സാമൂഹികാചാരങ്ങൾക്ക് സമഗ്രമായ മാറ്റമാണ് ഇക്കാലത്ത് സംഭവിച്ചതെന്ന കാര്യത്തിൽ സംശയമില്ല.

എന്നാൽ ദൂരവ്യാപകങ്ങളായ പ്രത്യാഘാതങ്ങളാണ് അവ ഉളവാക്കിയതെന്ന പ്രാധാന്യം വിസ്മരിക്കുവാൻ സാദ്ധ്യമല്ല. അനാദികാലമായി അനുഭവിച്ചു പോന്നിരുന്ന അവകാശാധികാരങ്ങൾ, മൈസൂർ ഭരണപരിഷ്ക്കാരത്തിന്റെ ഫലമായി തങ്ങൾക്ക് നഷ്ടപ്പെട്ടപ്പോൾ, നമ്പൂതിരിമാരും നായൻമാരും മൈസൂർ ഭരണത്തിന്റെ കൊടിയ ശത്രുക്കളായി മാറി. കാർഷിക പരിഷ്ക്കാരങ്ങളുടെ ഭാഗമായി നികുതി നിജപ്പെടുത്താൻ കച്ചേരികളിൽ ഹാജരാകാൻ ആവശ്യപ്പെട്ടപ്പോൾ, നമ്പൂതിരിമാർ അതിന് തയ്യാറായില്ല. മറ്റുള്ളവരുടെ മുൻപിൽ ജാതീയമായ അപകർഷം തൻമൂലമുണ്ടാകുമെന്ന് അവർ ന്യായമായും ഊഹിച്ചു. തങ്ങളെ മനഃപൂർവ്വമായി ഇടിച്ചു താഴ്ത്താനുള്ള സംരംഭമായും അവരത് കരുതി. തങ്ങളുടെ ഭൂമി മുഴുക്കെ മാപ്പിളമാർക്ക് കൈമാറി, കിട്ടിയ പണവുമായി അവരത്രയും തിരുവിതാംകൂറിലേക്ക് പലായനം ചെയ്തു. നാടുവാഴികളുടേയും ദേശവാഴികളുടേയും സേവനത്തിൽ കഴിഞ്ഞിരുന്ന നായൻമാർ, രാഷ്ട്രീയ ഏകീകരണത്തോടുകൂടി തങ്ങളുടെ യജമാനൻമാർക്ക് ആവശ്യമില്ലാതെയായി. തൻമൂലം അവർ തൊഴിൽരഹിതരായിത്തീരുകയും ചെയ്തു. ജൻമിമാരുടെ നടത്തിപ്പുകാരെന്ന നിലയിലുണ്ടായിരുന്ന വരുമാനമാകട്ടെ, കൃഷിക്കാരുമായി നേരിട്ട് നികുതി നിർണ്ണയം ഉണ്ടാക്കിയപ്പോൾ അതും നായർമാർക്ക് നഷ്ടമായി. ഇവയ്ക്കൊക്കെ മകുടം ചാർത്തുന്നവയായിരുന്നു സാമൂഹ്യ പരിഷ്ക്കാരങ്ങൾ ഏൽപ്പിച്ച ആഘാതങ്ങൾ. മാറുമറക്കലും ബഹുഭർത്തൃത്വമുപേക്ഷിക്കലും പുതിയ സാഹചര്യത്തിൽ ആവശ്യമായി വന്നുകൂടി. മദ്യനിരോധനവും കൂടുതൽ ബാധിച്ചത് നായൻമാരെയായിരുന്നു. ഇക്കാലത്ത് നായൻമാർ മുഴുകുടിയൻമാരായിരുന്നുവെന്ന് ബുക്കാനൻ രേഖപ്പെടുത്തുന്നുണ്ട്. ഈ വക സാമൂഹ്യപരിഷ്ക്കാരങ്ങൾ കാരണം, "ഏറ്റവും പ്രയാസം അനുഭവിച്ചവർ നായൻമാരായിരുന്നു," എന്നാണ് കെ.എം. പണിക്കർ എഴുതുന്നത്.3. സാമൂഹ്യഘടനയിൽ മൈസൂർ ഭരണം കൊണ്ടുണ്ടായ മാറ്റത്തെക്കുറിച്ച് അദ്ദേഹം തുടർന്നെഴുതുന്നതിപ്രകാരമാണ്. "കേരളത്തിൽ ഹൈദരലിയുടെ ആധിപത്യത്തോടുകൂടി തന്നെ സമൂഹത്തിലെ കാവൽ ഭടൻമാരെന്ന നിലക്കും അതിന്റെ കേന്ദ്രസ്ഥാനമെന്ന നിലയിലും നായൻമാർക്കുണ്ടായിരുന്ന അസൂയാർഹമായ സ്ഥാനം നഷ്ടപ്പെട്ടു. മൈസൂർ ഭരണത്തിന് ശേഷം, സമൂഹത്തിലുണ്ടായിരുന്ന അവരുടെ പദവി കുറച്ചൊക്കെ വീണ്ടെടുക്കുവാൻ കഴിഞ്ഞെന്നല്ലാതെ, രാജ്യത്തേയും ജനങ്ങളേയും സംരക്ഷിക്കുകയെന്ന മഹത്തായ ചുമതല മൈസൂർ ആക്രമണത്തോടുകൂടി ഇല്ലാതായത് വീണ്ടെടുക്കുവാൻ കഴിഞ്ഞില്ല."4. നായൻമാരുടെ രാഷ്ട്രീയ-സാമൂഹ്യതലങ്ങളിലുണ്ടായിരുന്ന പദവിയും അന്തസ്സും, അസ്തമിച്ചുവെന്നത് പരമാർത്ഥം തന്നെ. എന്നാൽ ഇത് ചരിത്രപരമായ ഒരനിവാര്യത തന്നെയായിരുന്നു. മൈസൂർ ആധി

പത്യത്തിന് മുമ്പ് നായൻമാർ കയ്യാളിയിരുന്ന അനിയന്ത്രിതമായ അധികാരാവകാശങ്ങളെ ബുക്കാനൻ ഹൃദയസ്പൃക്കായി വിവരിക്കുന്നതിങ്ങനെയാണ്. "ജൻമനാ യോദ്ധാക്കളെന്ന നിലയ്ക്ക് 5. മറ്റേതൊരു ജോലിയും പുച്ഛത്തോടു കൂടിയാണ് അവർ വീക്ഷിച്ചിരുന്നത്. ഓരോരുത്തരും വാളും തോക്കും കൂടെ കൊണ്ടു നടന്നിരുന്നു. ഇവരിൽ കൂടുതൽ പ്രബലരായവർ രണ്ടു വാളുകൾ ഒരേ സമയം സൂക്ഷിക്കുകയും പതിവായിരുന്നു."6. "ഊരിയ ഖഡ്ഗവുമായി അങ്ങനെ എല്ലാവരും സഞ്ചരിക്കുന്നതിനാൽ കൊല്ലും കൊലയും നിത്യസംഭവമായി മാറിയിരുന്നു."7. "അവർ എപ്പോഴെങ്കിലും പുറത്തിറങ്ങി സഞ്ചരിക്കുമ്പോൾ താഴ്ന്ന ജാതിക്കാർ വഴിമാറിപ്പോകുന്നതിനായി പ്രത്യേകതരം ശബ്ദമുണ്ടാക്കും. അത് കേട്ടപാടെ മറ്റുള്ളവർ വഴി ഒഴിഞ്ഞ് കൊടുക്കുകയും ചെയ്യും. അതിന് പറ്റാതെ വന്ന ഏതെങ്കിലും കീഴ്ജാതിക്കാരൻ തന്നെ തീണ്ടിയാൽ നായർക്ക് അയാളെ വെട്ടിവീഴ്ത്തുവാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നു. അതിന്റെ പേരിൽ യാതൊരു ശിക്ഷയും അദ്ദേഹത്തിന് ലഭിച്ചിരുന്നുമില്ല."8. നായൻമാരും നമ്പൂതിരിമാരും ഒഴിച്ചുള്ള മറ്റെല്ലാ ജാതിവിഭാഗങ്ങളും കണ്ണിൽപെട്ടാൽ പോലും അയിത്തമുള്ള ജാതികളായിരുന്നു. ഈഴവരെന്നോ, തിയ്യരെന്നോ അറിയപ്പെട്ടിരുന്ന ജാതിയാണ് കേരളത്തിലെ ഹൈന്ദവജനവിഭാഗങ്ങളിൽ എണ്ണത്തിലധികമുള്ളവർ. 1961 ലെ കണക്കനുസരിച്ച് ഇവരുടെ സംഖ്യ 35,83,000 ആയിരുന്നു. കേരളത്തിലെ ജനസംഖ്യയുടെ 21.22. ശതമാനവും ഹൈന്ദവവിഭാഗത്തിന്റെ 38 ശതമാനവുമാണിത്.9. പത്ത് എഴുപത് കൊല്ലം മുമ്പു വരെ സാമൂഹ്യാഘോഷങ്ങളിൽ സംബന്ധിക്കുവാനോ, അമ്പലങ്ങളിൽ പ്രവേശിക്കുവാനോ, പൊതുനിരത്തിൽ കൂടി സ്വതന്ത്രമായി സഞ്ചരിക്കുവാനോ, ഉള്ള അവകാശം പാടെ നിഷേധിക്കപ്പെട്ടവരായിരുന്നു ഇവർ.10. പ്രയത്നശാലികളായ തൊഴിലാളികളും കള്ള് ചെത്ത് കുലത്തൊഴിലായി സ്വീകരിച്ചിരുന്നവരുമായിരുന്നു ഇവർ.11. ഉത്തരകേരളത്തിൽ മരുമക്കത്തായവും ദക്ഷിണകേരളത്തിൽ മക്കത്തായവുമാണ് ഇവർ പിന്തുടർന്ന്പോന്നിരുന്നത്. എന്നാൽ മറ്റുള്ള താഴ്ന്ന ജാതികളെക്കാൾ അല്പം മെച്ചപ്പെട്ടതായിരുന്നു, ഇവരുടെ അവസ്ഥ. കടലോരപ്രദേശങ്ങളിൽ കുടിൽകെട്ടി മത്സ്യബന്ധനവുമായി അരിഷ്ടിച്ച് കഴിഞ്ഞു കൂടിയിരുന്ന ജാതിയായിരുന്നു മുക്കുവർ. ഈഴവർക്ക് നേരെ താഴെയായിരുന്നു ജാതീയമായി അവരുടെ പദവി. മൂന്നടിയിൽ കൂടുതൽ ഉയരമില്ലാത്ത കുടിലുകളിൽ താമസിക്കുവാനെ ഇവർക്ക് അധികാരമുണ്ടായിരുന്നുള്ളു. "ഈഴവനോ, മുക്കുവനോ, തന്നെ തൊട്ടു അശുദ്ധമാക്കുമെന്ന് സംശയം തോന്നുന്ന നായർക്ക് അവകാശപൂർവ്വം അയാളെ വെട്ടികൊലപ്പെടുത്തുവാൻ അധികാരമുണ്ടായിരുന്നു," എന്നാണ് 1800ൽ ബുക്കനാൻ എഴുതുന്നത്12. ഇത്തരം അന്യായമായ അതിക്രമങ്ങൾ ചെയ്യുവാനുള്ള അവകാശം എന്നെന്നേക്കുമായി അവസാനിപ്പിക്കുകയാണ് മൈസൂർ ഭരണാധിപൻമാർ ചെയ്തത്. ഇതിന്റെ ഫലമായി നായൻമാർക്കുണ്ടായിരുന്ന സാമൂഹികവും രാഷ്ട്രീയവുമായ അമിതപ്രാധാന്യം ഇല്ലാതാകുകയും, കീഴ്ജാതിക്കാർക്ക് തജ്ജന്യമായ സാമൂഹികാംഗീകാരവും പുത്തൻ ആവേശവും ലഭിക്കുകയും ചെയ്തു.

പരമ്പരാഗതമായി ആരാലും ചോദ്യം ചെയ്യപ്പെടാതെ അനുഭവിച്ചുവന്ന ഇത്തരം അവകാശങ്ങൾ തങ്ങളിൽ നിന്നും എടുത്തു കളഞ്ഞപ്പോൾ, മാറിയ പരിതസ്ഥിതികളുമായി പൊരുത്തപ്പെട്ട് പോകുവാൻ സാധിക്കാതിരുന്ന അവർ കലാപകാരികളായി മാറുക സ്വാഭാവികമാണല്ലോ. "അവസരം കിട്ടുമ്പോൾ രാജ്യം കൊള്ളയടിക്കുക,"13. അവരുടെ പതിവായി മാറി. കാടുകളിലും മറ്റ് ഒളിസ്ഥലങ്ങളിലുമായി അഭയസങ്കേതം കണ്ടെത്തിയിരുന്ന ഇവർ കൊയ്ത്തുകാലമാവുമ്പോഴും, കുരുമുളക് പഴുത്ത് തുടങ്ങുന്ന സന്ദർഭത്തിലും ഒളിസ്ഥലങ്ങളിൽ നിന്നും കൂട്ടംകൂട്ടമായി പുറത്ത് വന്ന് കാർഷികവിഭവങ്ങൾ കൊള്ളയടിച്ച് മടങ്ങും. രാജ്യത്തിലെ കാർഷിക വിളകൾ തൻമൂലം ക്ഷയിക്കുവാൻ ഇടയായി. മൈസൂർ ഉദ്യോഗസ്ഥൻമാർ ഇത്തരം കൊള്ളയ്ക്കെതിരായി ജാഗ്രത പുലർത്തിപ്പോന്നുവെങ്കിലും രാജ്യത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പ് ഒളിസങ്കേതങ്ങൾക്ക് സുരക്ഷിതത്വം നൽകിയിരുന്നു. 1766ൽ ഹൈദരലിയുടെ മലബാർ ആക്രമണത്തെ തുടർന്ന് ഉണ്ടായ നായർ കലാപം അടിച്ചമർത്തുവാനദ്ദേഹത്തിന് കഴിഞ്ഞുവെങ്കിലും, കാടുകളിലും കുന്നിൻപ്രദേശങ്ങളിലും അഭയം തേടിയവർ സൗകര്യം കിട്ടുമ്പോഴൊക്കെ കൊള്ളയടിക്കുവാൻ തയ്യാറാകുമായിരുന്നു. 1766ന് ശേഷം മൈസൂർ ഭരണത്തിന്നെതിരായി സംഘടിതകലാപം ഉണ്ടായത് 1788-89 കാലത്ത് രണ്ടാമത്തെ ഭൂസർവ്വേ നടത്തി, അന്യായമായി കൈവശം വെച്ചിരുന്ന സ്ഥലങ്ങൾ കണ്ടുകെട്ടിയപ്പോഴും പുതുതായി നികുതി നിർണ്ണയം നടത്തിയപ്പോഴുമാണ്. ജൻമികളുടെ നേതൃത്വത്തിൽ നടന്ന ഈ കലാപത്തിന്റെ മുൻപന്തിയിൽ മഞ്ചേരിയിലെ മുസ്ലിം ജൻമിയായ അത്തൻ കുരുക്കളുമുണ്ടായിരുന്നു. ഈ രണ്ടു പ്രധാന കലാപങ്ങളാണ് മൈസൂർ ഭരണപരിഷ്ക്കാരങ്ങളുടെ പ്രത്യാഘാതമെന്നോണം മലബാറിലുണ്ടായത്.

തങ്ങളുടെ അധികാരാവകാശങ്ങൾ എടുത്ത് കളയുകയും തങ്ങളെ കലാപകാരികളെന്ന നിലയ്ക്ക് വീക്ഷിക്കുകയും ചെയ്തിരുന്ന മൈസൂർ ഭരണാധിപൻമാർക്കെതിരായി ഏത് സഹായസഹകരണവും വാഗ്ദാനം ചെയ്തുകൊണ്ട്, ഇംഗ്ലീഷ് കമ്പനി ഉടമകളുടെ ആശ്രിതത്വം സ്വീകരിക്കുവാനവർ തൻമൂലം പ്രേരിതരായി എന്നത് ദൂരവ്യാപകമായ ഭവിഷ്യത്തിന് ഇട നൽകിയ വസ്തുതയാണ്. അസംതൃപ്തരായ ഈ, നായർ ജനതയെ ഇളക്കിവിട്ട് നാട്ടിൽ അസമാധാനവും അരാജകത്വവും സൃഷ്ടിക്കുവാനുള്ള എല്ലാത്തരം പ്രോത്സാഹനങ്ങളും സഹായവും ഇംഗ്ലീഷ്കാർ ചെയ്തുകൊണ്ടിരുന്നു. വ്യവസ്ഥാപിതമായ ഭരണത്തിന്നെതിരായി, കലാപത്തിന്റെ കൊടി ഉയർത്തുന്ന ശക്തി ഏത് തന്നെയായാലും ശരി, അവരെ അമർച്ച ചെയ്യേണ്ടത് പരിഷ്കൃതമായ ഏത് ഗവർമ്മേണ്ടിന്റെയും അവകാശാധികാരങ്ങളിൽപ്പെട്ട

താണല്ലോ. ഇവിടെ ഒരു സമുദായമെന്ന നിലയിൽ തന്നെ യോദ്ധാക്കളായ നായൻമാർ, അങ്ങനെ മൈസൂർ ഉദ്യോഗസ്ഥൻമാരുടെ പീഢനങ്ങൾക്ക് വിധേയരായിത്തീർന്നു. അവരിലധികമാളുകളും തലശ്ശേരിയിലെ ഇംഗ്ലീഷ് ഫാക്ടറി ഉടമകളുടെ സംരക്ഷണത്തിൽ കഴിഞ്ഞു കൂടിയിരുന്നവരുമാണ്. എപ്പോഴൊക്കെ ആംഗ്ലോ-മൈസൂർ യുദ്ധങ്ങൾ ഉണ്ടായിട്ടുണ്ടോ, എപ്പോഴൊക്കെ ഹൈദരലിക്കും ടിപ്പുസുൽത്താനും മറ്റിന്ത്യൻ രാജാക്കൻമാരുമായി യുദ്ധം ചെയ്യേണ്ടതായി വന്നിട്ടുണ്ടോ, ആ സന്ദർഭങ്ങളിലൊക്കെ ഇംഗ്ലീഷ്കാരെ സഹായിക്കുകയും നാട്ടിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുകയും ചെയ്യുക ഇവരുടെ പതിവായി മാറി. മൈസൂർ ഭരണ പരിഷ്ക്കാരത്തിൻെറ ഏറ്റവും വലിയ പ്രത്യാഘാതം കേരളത്തിലെ യോദ്ധാക്കളുടെ സമുദായമായ നായൻമാർ ഇംഗ്ലീഷ് പാളയത്തിലെ സ്ഥിരം അന്തേവാസികളാകാൻ ഹേതുവായിത്തീർന്നു എന്നതത്രെ.

ദൂരവ്യാപകമായ മറ്റൊരനിഷ്ടഫലം മലബാറിലെ പ്രമുഖ സമുദായങ്ങളായ നായൻമാരും മാപ്പിളമാരും തമ്മിൽ വളരെ കാലമായി നിലനിന്നുപോന്നിരുന്ന ശത്രുത മൈസൂർ കാലഘട്ടത്തിൽ കൂടുതൽ രൂക്ഷമായിത്തീർന്നു എന്നതാണ്. മൈസൂർ ഭരണത്തിൻകീഴിൽ കൂറുള്ള പ്രജകളെന്ന നിലയിൽ മാപ്പിളമാർക്ക് നഷ്ടപ്പെട്ടിരുന്ന അധികാരാവകാശങ്ങൾ പുനഃസ്ഥാപിച്ചപ്പോൾ കലാപകാരികളായി നിന്ന നായർമാരുടെ പൂർവ്വികാവകാശങ്ങൾ കൂടി ഇല്ലാതായി. മാപ്പിളമാർക്ക് സമൂഹത്തിലുണ്ടായിരുന്ന പ്രാധാന്യം മൈസൂർ സുൽത്താൻമാർ അറിഞ്ഞു കൊണ്ടുതന്നെ അവരുടെ മതസ്ഥർക്ക് നൽകിയതാണെന്നും തങ്ങൾ കാലാകാലമായി അനുഭവിച്ചുപോന്നിരുന്ന അവകാശാധികാരങ്ങൾ എടുത്ത് കളഞ്ഞത് തങ്ങൾ വിമതസ്ഥരായതുകൊണ്ടാണെന്നും അവർ ധരിക്കുകയും ചെയ്തു. ഇതിൻെറ ഫലമായി മൈസൂറിൻെറ പതനത്തിന്ശേഷം ഇംഗ്ലീഷ്കാരുടെ ഒത്താശയിൽ തങ്ങളുടെ നഷ്ടപ്പെട്ട സ്ഥലവും പ്രതാപവും വീണ്ടുകിട്ടിയപ്പോൾ, പ്രതികാരാവേശത്തോടുകൂടി തന്നെ അവർ മാപ്പിളമാരെ ദ്രോഹിക്കുവാനും തുടങ്ങി. "നായർമാരും മാപ്പിളമാരും തമ്മിൽ പൂർവ്വികമായി തന്നെ നിലനിന്നിരുന്ന കടുത്ത വിദ്വേഷവും ശത്രുതയും,"14. നായർമാരിലേക്ക് നാം അധികാരം കൈമാറിയതോടുകൂടി രൂക്ഷരൂപം പൂണ്ടു" എന്നാണ് കമ്മീഷ്ണറൻമാരിൽ ഒരാൾ ഇതിനെ ചൂണ്ടി വ്യവഹരിച്ചിട്ടുള്ളത്.15. "ജൻമികളെ ഇംഗ്ലീഷ് കമ്പനി അധികാരികൾ അവരുടെ പഴയ സ്ഥലങ്ങളിൽ പുനർവാഴ്ചനടത്തിയപ്പോൾ, അനേകംവർഷങ്ങൾ ആരുടേയും മേൽക്കോയ്മയുമില്ലാതെ, സുഖമായനുഭവിച്ചു പോന്ന സ്ഥലങ്ങൾ നഷ്ടപ്പെട്ട മാപ്പിളമാരുടെ ശത്രുത കൂടുതൽ കഠിനമാകുകയും ചെയ്തു."16. മാപ്പിളമാരായ കാണക്കാരോടും കർഷകരോടും പുനഃപ്രതിഷ്ഠിതരായ നായർ-നമ്പൂതിരി ജൻമിമാർ പ്രതികാരത്തോടു കൂടി നടത്തിയ ക്രൂരതകൾ മാപ്പിളമാരിൽ കനത്ത അസംതൃപ്തിയും വിദ്വേഷവും വളർത്തി. അവർ ഈ അനീതിക്കെതിരായി സായുധസമരങ്ങൾ സംഘടിപ്പിക്കുവാനും തയ്യാറായി. തങ്ങളുടെ സ്വത്തും ജീവനും പുതുതായി പ്രതിഷ്ഠിക്കപ്പെട്ട ജൻമികളുടേയും രാജാക്കൻമാരുടേയും ആക്രമണത്തിൽ നിന്നും സംരക്ഷിക്കുവാൻ എന്ത് ത്യാഗവും സഹിക്കുവാനവർ ഒരുങ്ങുകയും ചെയ്തു.

കമ്പനിയുടെ അധികാരത്തിൽ മലബാർ വന്നതിന് ശേഷം അവർ പഴയ ജൻമികളെ പുനർവാഴ്ച നടത്തിയതിൻെറ ഫലമായി ഈ ജൻമികൾ സാധുക്കളായ മാപ്പിള കർഷകരിൽ നിന്നും അമിതമായും അന്യായമായും പിരിച്ചെടുത്തിരുന്ന നികുതി എത്രമാത്രം യാതനകളാണ് അവരിലുണ്ടാക്കിയിരുന്നതെന്ന് 1792ൽ മലബാർ കമ്മീഷ്ണറൻമാർ തന്നെ വേണ്ടുവോളം രേഖപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷ് സൈന്യത്തിൻെറ സഹായത്തോടുകൂടി അന്യായമായും അനർഹമായും സാമൂതിരി പിരിച്ചെടുത്ത പലതരം നികുതികളെക്കുറിച്ച് കമ്മീഷ്നിലെ ഒരംഗം തന്നെ പരാതിപ്പെടുന്നതായികാണാം.17. അദ്ദേഹം എഴുതുന്നത്, "മലപ്പുറത്ത് വെച്ച് അഭിമുഖസംഭാഷണം നടത്തിയ മാപ്പിളമാരോട്, ടിപ്പുവിന് കൊടുത്തിരുന്ന ഭൂനികുതി എന്തുകൊണ്ട് കമ്പനിക്ക് തന്നുകൂടാ എന്ന് താൻ ചോദിച്ചപ്പോൾ, അവർ നൽകിയ ഉത്തരം തങ്ങൾ സന്തോഷത്തോട് കൂടി അത്രയും തരാൻ സന്നദ്ധരാണെന്നും കൂടുതലാവശ്യപ്പെടാതിരുന്നാൽ മതിയെന്നുമാണ്,"18. അവർ അറിയിച്ചതെന്നാകുന്നു.18. പുരുഷാന്തരം എന്ന പേരിലറയിപ്പെട്ടിരുന്ന മരണനികുതി പിരിക്കുന്നത് സംബന്ധിച്ച് കമ്മീഷ്ണറൻമാരും സാമൂതിരിയും തമ്മിൽ അനവധി കത്തിടപാടുകൾ നടന്നിട്ടുണ്ട്. കമ്മീഷ്ണറൻമാരിൽ ഒരാൾ രേഖപ്പെടുത്തിയിരിക്കുന്നതിപ്രകാരമാണ്. "മരണപ്പെടുന്ന ആളിൻെറ സ്വത്തിൻെറ ഓഹരിയെന്ന നിലയിൽ പുരുഷാന്തരം എന്ന നികുതി പിരിക്കുവാനുള്ള സാമൂതിരിയുടെ അവകാശം മാപ്പിളമാരെ പ്രത്യേകമായടിച്ചമർത്താനുള്ള ഉപകരണമായാണ് ഉപയോഗിച്ചുപോരുന്നത്. ഇത് ഈടാക്കുന്നതാകട്ടെ, ഇപ്പോൾ മരണപ്പെടുന്നവരിൽ നിന്ന് മാത്രമല്ല, ടിപ്പുവിൻെറ കാലത്ത് മരിച്ചവരുടെ സ്വത്തിൻെറ ഭാഗം കൂടി അദ്ദേഹം കൈക്കലാക്കുന്നുണ്ട്,"19. ഇതേ തുടർന്ന് പുരുഷാന്തരം പിരിക്കുന്നത വസാനിപ്പിക്കുവാൻ സാമൂതിരിയോട് കമ്പനി അധികാരികൾ ആവശ്യപ്പെട്ടിരുന്നു.20. എന്നാൽ സാമൂതിരി തൻെറ മറുപടിയിൽ "പുരുഷാന്തരം പിരിക്കുകയെന്നത് പൂർവ്വികമായ ആചാരമാണെന്നും"21. "പൗരാണികധർമ്മമനുസരിച്ച് യാതൊരു വക ബുദ്ധിമുട്ടും കണക്കാക്കാതെ പുരുഷാന്തരവും പിഴയും ഒടുക്കേണ്ടത് അവരുടെ ധർമ്മമാണെന്നും"22. അദ്ദേഹം ആവർത്തിച്ചാവർത്തിച്ചെഴുതുന്നുണ്ട്. കമ്മീഷ്ണറർമാർ സാമൂതിരിയെ ഓർമ്മപ്പെടുത്തിക്കൊണ്ട് വീണ്ടുമെഴുതുന്നത്, "രാജാക്കൻമാർക്കനുവദനിയമായ പൂർവ്വാകാധികാരങ്ങളുടെ കൂട്ടത്തിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ലെന്നാണ്"23. എന്നാൽ രണ്ടാം മലബാർ കമ്മീഷനിലെ അംഗങ്ങൾക്ക് മനസ്സി ലായത്, "ഈ നികുതി മാപ്പിളമാരിൽ നിന്നു മാത്രമേ പിരിച്ചിരുന്നുള്ളുവെന്നും അങ്ങനെ ഇതൊരു മതനികുതിയായി മാറിയിരിക്കുന്നു"24. എന്ന പരമാർത്ഥമാണ്.

എന്നാൽ ആത്യന്തികമായി മാപ്പിളക്കർഷകരുടെ പരാതികളില്ലെന്ന് നടിക്കുവാനേ കമ്പനിക്ക് സാധിച്ചിരുന്നുള്ളൂ. "പഴയ രാജാക്കൻമാരുടെ ഇഷ്ടാനുസരണം അവരുടെ ഭരണസംവിധാനത്തിൽ നീക്കുപോക്കിന് കമ്പനി നിർബന്ധരാകുകയും ചെയ്തു."25. വ്യവസ്ഥാപിത ഭരണാധികാരികൾ പ്രജകളിൽ ഒരു വിഭാഗത്തിന്റെ ന്യായമായ സങ്കടത്തിന് നിവൃത്തി വരുത്തുന്നതിൽ പരാജിതരായപ്പോൾ 1792 മുതൽ തന്നെ മലബാറിൽ മാപ്പിളമാരുടെ സംഘടിത സൈനികസന്നാഹങ്ങൾ കലാപങ്ങൾക്ക് ആരംഭമിട്ടു. "സാമൂതിരിയുടെ നായർ സൈന്യങ്ങളും മാപ്പിളയോദ്ധാക്കളും തമ്മിൽ ഏറനാട്ടിൽ മൂന്നു പ്രാവശ്യം 1792ൽ തന്നെ ഏറ്റുമുട്ടുകയുണ്ടായി. മാപ്പിളമാർക്ക് നികുതി നിശ്ചയിച്ചിരുന്നത് ഹൈന്ദവകർഷകർ നൽകുന്നതിനേക്കാൾ എത്രയോ കൂടുതലായിരുന്നു. തെക്കെ മലബാറിൽ ഉരുണ്ടുകൂടിയ അമർഷം കലാപമായി പൊട്ടിത്തെറിച്ചതോടുകൂടി അവരെ പരാജയപ്പെടുത്തുന്നതിനായി സൈന്യത്തെ തന്നെ ഉപയോഗിക്കേണ്ടതായി വന്നുകൂടി."26. നാട്ടരചൻമാരുടേയും മാടമ്പികളുടേയും പ്രതികാരത്തിന് പാത്രമായതിന് പുറമേ, മൈസൂർ നവാബുമാരുടെ കൂറുള്ള പ്രജകളായിരുന്നു എന്നതിനാൽ ഇംഗ്ലീഷ്കാരോട് മൈസൂർ പക്ഷത്തു നിന്നും പൊരുതുക കൂടി ചെയ്തിരുന്ന മാപ്പിളമാരെ, സംശയദൃഷ്ടിയോടുകൂടിയാണ് കമ്പനി അധികാരികളും വീക്ഷിച്ചിരുന്നത്. ഇവയെല്ലാം കൂടിയായപ്പോൾ മലബാറിലെ മാപ്പിളകർഷകന് പടവെട്ടുകയെന്നത് നിലനിൽപ്പിന്റെ തന്നെ ആവശ്യമായി വന്നു. മലബാറിന്റെ ചക്രവാളത്തിൽ കനത്തുരുണ്ടു കൂടിയ മാപ്പിളമാരുടെ അതൃപ്തിയുടെ കാർമേഘം ബ്രിട്ടീഷ്കാരെ ഒഴുക്കിക്കൊണ്ടു പോകത്തക്കവണ്ണമുള്ള കലാപമാകുന്ന പേമാരികളായി മാറി. ആയിരക്കണക്കിന് ആൾനാശം സംഭവിച്ച നിരവധി കലാപങ്ങൾ 19-ാം നൂറ്റാണ്ടിൽ ഇടവിട്ടിടവിട്ട് ഇംഗ്ലീഷ് ആധിപത്യത്തിനെതിരായി നടന്നു. ഈ കലാപങ്ങളുടെ പാരമ്യം കണ്ടതാണ് 1921-22 ലെ മലബാർ കലാപം. തങ്ങളുടെ ശക്തിപരീക്ഷണം അവസാനമായി നടത്തിയ മാപ്പിളമാർ അങ്ങനെ തുടച്ചെറിയപ്പെട്ടു. നൂറ്റാണ്ടുകൾ നീണ്ടുനിന്ന സന്ധിയില്ലാത്ത ഈ സമരങ്ങൾ എല്ലാ തുറകളിലും മുസ്ലിംകൾക്ക് പിന്നോട്ടടിയുണ്ടാക്കി. കലാപകാരികളുടെ ഏത് സമുദായത്തോടും വ്യവസ്ഥാപിതഭരണകൂടങ്ങൾ അനുവർത്തിക്കാറുള്ള മർദ്ദനനയം ഇവിടേയും തുടർന്നു. ഇംഗ്ലീഷ് വിരോധം പാരമ്പരാഗതമായി പുലർത്തിപ്പോന്ന മാപ്പിളമാർ, കമ്പനിയുടെ സൈന്യത്തിലോ, സിവിൽ സർവ്വീസിലോ സേവനം അനുഷ്ഠിക്കുന്നത് മതത്തോടും സമുദായത്തോടും കാട്ടുന്ന പാതകമാണെന്ന് വരെ വിശ്വസിച്ച് ഇവയെല്ലാം ബഹിഷ്ക്കരിച്ചു മാറിനിന്നു. അവർ പിന്നീട് ആരംഭിച്ച സ്കൂളുകളിൽ കുട്ടികളെ അയക്കുകയോ, ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് അവരെ തയ്യാറെടുപ്പിക്കുകയോ ചെയ്യാതിരുന്നതോടുകൂടി തിരിച്ചടി പരിപൂർണ്ണമായി. ഇംഗ്ലീഷ് ഭരണത്തിനെതിരായി ഒന്നര നൂറ്റാണ്ടു കാലം നിരന്തരം നടത്തിയിരുന്ന സന്ധിയില്ലാ സമരങ്ങൾ മാപ്പിള സമുദായത്തെ അന്ധകാരത്തിലും അധോഗതിയിലുമാണെത്തിച്ചത്. ഈ കെടുതിയുടെ പടുകുഴിയിൽ നിന്നും തീർത്തും കരപറ്റാൻ ഇന്നും സാധിച്ചിട്ടില്ല. കേരളത്തിലെ മൈസൂർ ആധിപത്യത്തിന്റെ ദൂരവ്യാപകമായ ദുഷ്ഫലങ്ങളിൽ ഒന്നായി ഇന്നും ഇതവശേഷിക്കുന്നു.

---

1. *P.K.K. Menon, Kerala and the East India Company, Article, Op.cit, p 222.*
2. *K.M. Panikkar, Op.cit, p 222.*
3. *Ibid. p 415.*
4. *Ibid.*
6. *Ibid, p 389.*
7. *Ibid, p 411.*
8. *Barbosa, Op.cit, p 124.*
9. *Kumara Pillai Comission Report, 1965, p 47.*
10. *Nagam Ayya, vol. II, Op.cit, p 414.*
11. *Buchanan, vol. II, Op.cit, pp 415-418.*
12. *Ibid, p 410.*
13. *Poona Residencey Correspondence, vol. III, No. 37A, p 37.*
14. *Foreign (Miscellaneous) S.No. 56. Part II, p 863.*
15. *Ibid, p 845.*
16. *Ibid, p 868.*
17. *Ibid, p 845.*
18. *Ibid, p 868.*
19. *Ibid, p 834.*
20. *Ibid, Voucher No. 34, p 831.*
21. *Ibid, p 836.*
22. *Ibid, Voucher No. 35, p 837.*
23. *Ibid, Voucher No. 36, p 843.*
24. *Second Malabar Commission Report, 1793-94, para 76.*
25. *E.M.S. Nampoodirippad, op.cit, p 78.*
26. *Foreign (Miscellaneous) S.No. 55, para 290, p p 251-52.*

# XXXIX പരാജയത്തിലേക്ക് നയിച്ച ദൗർബല്യങ്ങൾ

ഔറംഗസീബിന്റെ മരണത്തോടുകൂടി മുഗൾ സാമ്രാജ്യത്തിന്റെ മരണമണി മുഴങ്ങിക്കൊണ്ടിരുന്നു. അധികാരവടംവലിയും തജ്ജന്യമായ അവകാശത്തർക്കവും രക്തരൂക്ഷിതമായ യുദ്ധങ്ങൾക്കിട നൽകി. മുഗൾ സാമ്രാജ്യത്തിന്റെ പിൻഗാമികൾ ശിഥിലമായ പഴയ മഹിമയുടെ നിഴലുകൾ മാത്രമായി മാറി. പ്രാദേശിക ഭരണാധിപത്യത്തിൽ തൂങ്ങിനിന്ന സാമ്രാജ്യത്വവും ഇൻഡ്യൻ ചക്രവർത്തി എന്ന നാമമാത്രമായ സ്ഥാനവും ആയിരുന്നു കഴിഞ്ഞ കാലപ്രതാപത്തെ അനുസമരിപ്പിച്ചത്. കേന്ദ്രഭരണകൂടം ബലഹീനമായതോടുകൂടി പ്രവിശ്യാ ഗവർണർമാരും സൈനികമേധാവികളും തങ്ങളുടെ ഭാവി സുരക്ഷിതമാക്കുവാനുള്ള ഭാഗ്യാന്വേഷികളായിത്തീർന്നു. ഓരോ സംസ്ഥാനാധിപൻമാരും സ്വതന്ത്രരാജവംശങ്ങൾക്ക് അടിത്തറ പാകുകയും ചെയ്തു. ഡക്കാനിലെ ഗവർണറായിരുന്ന നിസാമുൽ മുൽക്ക് മുഗൾ ചക്രവർത്തിമാരിൽ നിന്നും സ്വതന്ത്രനായി, നിസാം എന്ന സ്ഥാനപ്പേരോടുകൂടി പുതിയ ഒരു രാജവംശത്തിന്റെ സ്ഥാപകനായി. മുഗളൻമാർ സൃഷ്ടിച്ച രാഷ്ട്രീയ ശൂന്യത നികത്താനും അഖിലേന്ത്യാ സാമ്രാജ്യം സൃഷ്ടിക്കുവാനുമായി ശിവജിയുടെ പിൻതലമുറ അശ്രാന്തപരിശ്രമം നടത്തിയെങ്കിലും 1761ൽ പാനിപ്പട്ട് യുദ്ധത്തിലെ പരാജയത്തോടു കൂടി, ഇൻഡ്യയെ ഏകീകരിക്കുകയെന്ന ഉദാത്തമായ സ്വപ്നവും മണ്ണടിയുകയാണുണ്ടായത്. സുശക്തമായ ഒരു കേന്ദ്രഭരണകൂടത്തിന്റെ അഭാവത്തിൽ നാഥനില്ലാകളരിപോലെ പ്രാദേശിക ചെറുകിട ശക്തികൾ ഉദയം ചെയ്തു. അസംഘടിതമായ ഈ രാഷ്ട്രീയ നിശ്ചലതയിൽ ഒഴിവാക്കുവാൻ പറ്റാത്ത ശക്തികളായി വളരുകയായിരുന്നു വിദേശികളായ ഇംഗ്ലീഷ്കാരും ഫ്രഞ്ചുകാരും.

പുതുതായി ഉത്ഭവിച്ച ചെറിയ ചെറിയ രാജസ്ഥാനങ്ങൾ അന്യോന്യം മത്സരവും രക്തച്ചൊരിച്ചിലും നടത്തി രാജ്യത്ത് അരാജകത്വവും അരക്ഷിതാവസ്ഥയും സൃഷ്ടിച്ചുകൊണ്ടിരുന്നു. വിദേശികളായ ആക്രമണകാരികൾക്ക് എക്കാലവും സഹായകമായിത്തീർന്നിരുന്ന ഈ കുടിപ്പകയും പോരും വെറുക്കപ്പെടേണ്ട ഇൻഡ്യൻ പാരമ്പര്യമാണ്. തമ്മിലടിച്ചുകൊണ്ടിരുന്ന രാജാക്കൻമാരുടെ ആരുടെയെങ്കിലും പക്ഷത്ത് കൂടി പടപൊരുതുവാൻ തയ്യാറായിരുന്ന ഈ വിദേശശക്തികൾക്കാകട്ടെ, അത്യന്താധുനികങ്ങളായ ആയുധങ്ങളും സുശിക്ഷിതരും അച്ചടക്കമുള്ളവരുമായ സൈനികരുമുണ്ടായിരുന്നു. തന്റെ വിജയത്തിന് ഇംഗ്ലീഷ്കമ്പനി സൈന്യത്തിന്റെ സഹായം ഏതെങ്കിലും നാട്ടരചൻ ആശ്രയിക്കുമ്പോൾ, എതിരാളി ഈ വെല്ലുവിളിയെ വിജയകരമായി നേരിട്ടിരുന്നത് ഫ്രഞ്ച്കമ്പനിയുമായി അവർ വെക്കുന്ന വ്യവസ്ഥകളൊക്കെ അംഗീകരിച്ച് അവരുടെ സൈനികശക്തിയുടെ ഉറപ്പിലായിരുന്നു. യുദ്ധത്തിൽ ആരു തോറ്റാലും ജയിച്ചാലും ശരി, ഈ വിദേശ കമ്പനികൾക്ക് കരാറനുസരിച്ചുള്ള പണവും സ്ഥലവും കൊടുക്കുവാൻ നമ്മുടെ ഭരണാധികാരികൾ ബാദ്ധ്യസ്ഥരായിതീർന്നു. സൈനികസേവനത്തിന് ജനങ്ങൾ അക്കാലത്ത് തയ്യാറായിരുന്നതാകട്ടെ, രാജ്യത്തെ ശത്രുക്കളിൽ നിന്നും രക്ഷിക്കുക എന്ന മഹത്തായ ലക്ഷ്യം വെച്ചുകൊണ്ടായിരുന്നില്ല. അത്തരം ദേശബോധമോ, സ്വാതന്ത്ര്യേച്ഛയോ, ജനങ്ങളിലങ്കുരിപ്പിക്കുവാൻ ഈ രാജസ്ഥാനങ്ങൾക്കോ, അവയുടെ രാജാക്കൻമാർക്കോ സാധിക്കുമായിരുന്നില്ല. ഏത് രാജാവിന്റെ സൈന്യത്തിൽ ചേർന്നാലാണ് കൂടുതൽ കൊള്ളയടിക്കുവാനും യുദ്ധാനന്തരസൗഖ്യം നേടുവാനും കഴിയുകയെന്നതായിരുന്നു ഓരോ യോദ്ധാവും ചിന്തിച്ചിരുന്നത്. അക്കാലത്ത് ആക്രമിക്കപ്പെടുന്ന രാജ്യത്തു നിന്നും കൊള്ളയടിച്ച് കിട്ടുന്ന മുതലിന്റെ വിഹിതം ഓരോ സൈനികനും ലഭിക്കുക പതിവായിരുന്നു. തൻമൂലം നവീനയുദ്ധോപകരണങ്ങളും പുതിയ യുദ്ധമുറകളും കൈകാഴ്ച വെച്ചിരുന്ന വിദേശശക്തികളുടെ കിഴിൽ അണിനിരക്കുവാൻ ഇൻഡ്യയിലെ ജനങ്ങൾ മുന്നോട്ടു വന്നത് അവിടെ വിജയം സുനിശ്ചിതമാണെന്നറിയാമായിരുന്നതുകൊണ്ടും കൊള്ള മുതൽ കൂടുതൽ ലഭിക്കുവാൻ സാദ്ധ്യതയുണ്ടെന്ന ധാരണയിലുമായിരുന്നു. ഏതെങ്കിലും രാജ്യം ആക്രമിക്കപ്പെടുന്നുവെന്ന് വിചാരിക്കുക. ആക്രമണത്തെ വിജയപൂർവ്വം തുരത്തുവാൻ സാധിച്ചു എന്നും കരുതുക. പരാജിതരായി പിൻതിരിഞ്ഞോടുന്ന സൈന്യവും വിജയികളായ ആ രാജ്യത്തെ പ്രതിരോധശക്തിയും ജനങ്ങളെ ഒപ്പം കൊള്ളയടിച്ചിരുന്നു. വിലപ്പെട്ടവ എന്തും പിടിച്ചെടുത്തിരുന്നുവെന്നതാണ് വിചിത്രമായ സ്ഥിതി. അംഗീകൃതമായ രാജനീതി എന്നോണമാണ് ഇരുസൈന്യങ്ങളും ഇത്തരം പിടിച്ചുപറി നടത്തിക്കൊണ്ടിരുന്നത്. തൻമൂലം ഏത് സൈന്യത്തിൽ ചേർന്നാലാണോ, കൂടുതൽ കൊള്ളമുതൽ ലഭിക്കുവാൻ സാദ്ധ്യതയുണ്ടായിരുന്നത്, ആ ഭാഗത്ത് സേവനമർപ്പിക്കുവാൻ എത്ര ആളുകൾ വേണമെങ്കിലും തയ്യാറായിരുന്നു.

അക്കാലത്ത് സാഹസികനായ ഏത് വ്യക്തിക്കും തന്റെ പക്കൽ കുറെ ധനമുണ്ടെങ്കിൽ ചെറിയ തോതിലെങ്കിലും ഒരു സൈന്യത്തെ സംഘടിപ്പിക്കുവാൻ പ്രയാസമുണ്ടായിരുന്നില്ല. ആ സേനയുമായി ആദ്യം നടത്തുന്ന സംരംഭത്തിൽ വിജയിക്കുവാനൊത്ത് തൃപ്തികരമാംവണ്ണം യോദ്ധാക്കൾക്ക് കൊള്ളമുതൽ നൽകുവാൻ സാധിച്ചാൽ പിന്നെ, ആ നേതാവിന്റെ കീഴിൽ അണിനിരക്കുവാൻ എത്ര ആളുകളെ വേണമെങ്കിലും കിട്ടുമായിരുന്നു. പേമാരിമൂലം വെള്ളപൊക്കമുണ്ടാകുന്ന പുഴക്ക് സമം ഇത്തരം സൈന്യങ്ങളിൽ ആൾബലവും വർദ്ധിച്ചിരുന്നു. നേരെ മറിച്ച് വെയിൽ ഏൽക്കുമ്പോൾ ഉരുകി

പ്പോകുന്ന മഞ്ഞുതുള്ളിപോലെ, ആദ്യത്തെ സംരംഭത്തിൽ പരാജയം നേരിടുന്നുവെങ്കിൽ, ഏത് സൈന്യവും നാമാവശേഷമാകുകയും ചെയ്യും. ഇത്തരം പശ്ചാത്തലബോധത്തോടുകൂടി വേണം ഹൈദരലി സൃഷ്ടിച്ച് നിലനിർത്തിപ്പോന്ന സൈന്യത്തെക്കുറിച്ച് വിലയിരുത്തുവാൻ. യൂറോപ്യൻ യുദ്ധമുറകളും ആയുധങ്ങളും കൊണ്ട് ശിക്ഷണബോധത്തോടെ പരിശീലനം കൊടുത്ത് നിലനിർത്തിയിരുന്ന തന്റെ സൈനികരിൽ ആത്മവിശ്വാസവും ധൈര്യവും അങ്കുരിപ്പിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നുവെന്നതാണ് ഹൈദരലിയുടെ വിജയത്തിന് നിദാനം. നിസാമും, മറാത്തക്കാരും, കേരളത്തിലെ രാജാക്കൻമാരും അവരുടെ യുദ്ധാവശ്യത്തിനായി വിദേശശക്തികളെ ആശ്രയിച്ചിരുന്നപ്പോൾ, സ്വന്തം ആയുധനിർമ്മാണശാലകളും വെടിക്കോപ്പ് കേന്ദ്രങ്ങളും സ്ഥാപിച്ച് ആരേയും ഇക്കാര്യങ്ങൾക്കാശ്രയിക്കേണ്ട ആവശ്യമില്ലാത്ത സ്ഥിതി ഹൈദരലിയുടെ കാലത്ത് തന്നെയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മകൻ ടിപ്പു സുൽത്താൻ പൈതൃകമായി ലഭിച്ച ഇത്തരം പരിശീലനങ്ങൾ അക്കാലത്ത് എത്രമാത്രം വിജയകരമായി ഇവിടെ നടപ്പിലാക്കുവാൻ പറ്റുമായിരുന്നോ, അത്രയും അസൂയർഹമാംവിധം പ്രാവർത്തികമാക്കുകയും ചെയ്തു. ഇൻഡ്യയിലെ ഇതരരാജാക്കൻമാരും മൈസൂർ നവാബുമാരുമായുണ്ടായിരുന്ന പ്രധാന വ്യത്യാസവും ഇത് തന്നെയായിരുന്നു.

യൂറോപ്യൻ രാജ്യങ്ങളുടെ നേട്ടങ്ങൾക്ക് നിദാനമായി വർത്തിച്ച ശാസ്ത്രീയവും വ്യാവസായികവുമായ വളർച്ചയും കണ്ടുപിടുത്തങ്ങളും അതിന്റെ ശരിയായ അർത്ഥത്തിൽ മനസ്സിലാക്കി അവയെ ഇൻഡ്യൻ പരിതസ്ഥിതികൾക്കനുയോജ്യമാംവിധം നമ്മുടെ പ്രതിഭയും പ്രയത്നവുംകൂടി കൂട്ടിച്ചേർത്ത് പുഷ്ക്കലമാക്കുവാൻ ശ്രമിച്ചവർ ഇൻഡ്യയിൽ ഹൈദരലിയും ടിപ്പുസുൽത്താനും മാത്രമായിരുന്നു. ഇൻഡ്യൻ ഭരണാധികാരികളിൽ മൈസൂർസുൽത്താൻമാരോട് മാത്രമായി കടുത്ത പകയും ശത്രുതയും ഇംഗ്ലീഷ്കാർക്ക് തോന്നുവാനുള്ള കാരണവും മറ്റൊന്നുകൊണ്ടുമായിരുന്നില്ല. ഏതൊരു വിദേശശക്തിയോടൊപ്പവും കച്ചവടകാര്യത്തിലായാലും ഭരണ നടത്തിപ്പിലായാലും പ്രതിരോധപ്രവർത്തനത്തിലായാലും കിടപിടിക്കത്തക്കതോ, അവരേക്കാൾ മേൻമ പ്രദർശിപ്പിക്കത്തക്കതോ ആയിരുന്നു സമർത്ഥമായി സംഘടിപ്പിക്കപ്പെട്ട മൈസൂർ സൈന്യവും ഭരണസംവിധാനങ്ങളും. മൈസൂറിന്റെ അനിയന്ത്രിതമായ വളർച്ചയെ ഇംഗ്ലീഷ്കാർ ഏറെ ഭയപ്പെടുവാൻ കാരണവും ഇവയൊക്കെ കൊണ്ടായിരുന്നു. യൂറോപ്യൻ മേധാവിത്വം ഇവിടെ സ്ഥാപിതമാകുവാൻ പ്രേരകമായി നിന്ന അവരുടെ സൈനികമേൻമയും അത്യന്താധുനികങ്ങളായ യുദ്ധോപകരണങ്ങളും, പ്രതിരോധപ്രവർത്തനങ്ങളിൽ സൈനികരുടെ അച്ചടക്കത്തോടുകൂടിയുള്ള പരിശീലനവുമായിരുന്നു. അതോടൊപ്പം യുദ്ധാവശ്യത്തിന് വേണ്ടിവരുന്ന ഭീമമായ ചെലവിനെ നേരിടുവാനും കമ്പനി ഉടമകൾക്ക് കാര്യമായ ലാഭം നേടികൊടുക്കുവാനും ഉതകുന്ന ആസൂത്രിതമായ വ്യാവസായിക നവകോവിദതയും അവരുടെ വിജയത്തിനിടയാക്കിയ വസ്തുതകളാണ്. ഈ വക രംഗങ്ങളിലെല്ലാം തന്നെ അവരേക്കാൾ സമർത്ഥമായും കാര്യക്ഷമമായും പ്രവർത്തിക്കുവാൻ തന്റേടവും തയ്യാറെടുപ്പും കാണിച്ചിരുന്ന മൈസൂറിനോട് അനുരഞ്ജനം സാദ്ധ്യമാകുമായിരുന്നില്ലെന്നതാണ് സത്യം. ഇൻഡ്യയിൽ അക്കാലത്ത് ആവിർഭവിച്ചിരുന്ന രാഷ്ട്രീയ ശൂന്യത നികത്തുവാൻ ബലവത്തായ ഇൻഡ്യൻശക്തി മൈസൂറായിത്തീരുകയും ചെയ്തിരുന്നു. തൻമൂലം ഒന്നുകിൽ അവരുമായുള്ള ബലാബലപരീക്ഷണത്തിൽ വിജയിക്കുകയോ, അഥവാ, അവരുടെ കൈ കൊണ്ട് നശിക്കുകയോ ചെയ്യുക എന്നത് മാത്രമായിരുന്നു കാലക്രമത്തിൽ വിദേശശക്തികളിൽ പ്രബലത്തായിത്തീർന്ന ഇംഗ്ലീഷ്കമ്പനിയുടെ മനോഗതി. തുല്യശക്തികൾ ഒരേ രംഗത്ത് സഹവർത്തിത്വത്തോടുകൂടി കഴിയുക, അക്കാലത്ത് സ്വാഭാവികമായിരുന്നില്ലെന്ന് മാത്രമല്ല, ഇരുകൂട്ടർക്കും അനുരഞ്ജനത്തോടു കഴിയാനും സാധിക്കുമായിരുന്നില്ല. ഇതിൽ ഏതെങ്കിലുമൊന്ന് നശിക്കുകയെന്നത് മാത്രമായിരുന്നു സ്വാഭാവിക നിയമവും. അതാണിവിടെയും സംഭവിച്ചത്.

തന്റെ പരിമിതികൾ ശരിക്കും മനസ്സിലാക്കിയിരുന്നിട്ടും ഇംഗ്ലീഷ്കാരോട് പടവെട്ടി തന്റെ ജീവനും രാജ്യവും തുലക്കുകയാണ് ടിപ്പുസുൽത്താൻ ചെയ്തതെന്നാണ് ചില വിമർശകൻമാർ കുറ്റപ്പെടുത്തുന്നത്. മറ്റു ചിലരുടെ അഭിപ്രായത്തിൽ സാമ്രാജ്യദുർമ്മോഹിയായ വെല്ലസ്ലി പ്രഭുവിന്റെ ആക്രമണനയത്തിന് ടിപ്പു ഇരയായിത്തീർന്നതാണെന്നാണ്. പിന്നേയും ഒരുകൂട്ടം ചരിത്രകാരൻമാർ ടിപ്പുവിനെ വിലയിരുത്തുന്നത് കടുത്ത ഇംഗ്ലീഷ് വിരോധത്താൽ വരുംവല്ലായ്ക നോക്കാതെ അവസാനം വരെ പടവെട്ടി പോർക്കളത്തിൽവീണ് രക്തസാക്ഷിയായ ആദർശധീരനായിട്ടാണ്. അങ്ങനെ ടിപ്പുസുൽത്താന്റെ പതനത്തിനുള്ള കാരണങ്ങൾ പലതായിട്ടാണ് ഓരോ ചരിത്രകാരനും വ്യവഹരിച്ചുകാണുന്നത്.

മൈസൂർരാജവംശത്തിന്റെ ഉത്ഭവവും വളർച്ചയും ബോധപൂർവ്വം മനസ്സിലാക്കുവാൻ ശ്രമിക്കുന്ന ചരിത്രവിദ്യാർത്ഥികൾക്ക് അതിന്റെ പതനത്തിന് കാരണം ടിപ്പുസുൽത്താന്റെ നയരാഹിത്യമോ, ദുർബ്ബലതയോ, ആണെന്ന് പറയുവാൻ പ്രയാസമാണ്. ഇംഗ്ലീഷ്കാരോടുള്ള ഒടുങ്ങാത്ത അമർഷവും അവരോട് കാണിച്ച നീക്കുപോക്കില്ലാത്ത കർക്കശ നയവുമാണ് മൈസൂർ രാജ്യത്തിന്റെ അധഃപതനത്തിനിടയാക്കിയതെന്നാണ് വാദമെങ്കിൽ, ഇംഗ്ലീഷ്‌വിരോധം ടിപ്പുവായുണ്ടാക്കിയതായിരുന്നില്ല എന്ന വസ്തുത വിസ്മരിച്ചുകൊണ്ടുവേണം ആ വാദം മുന്നോട്ടുകൊണ്ടുപോകുവാൻ. ഇംഗ്ലീഷ്കാരോടുള്ള പകയും കാലുഷ്യവും ടിപ്പുവിന് ഹൈദരലിയിൽ നിന്നും പൈതൃകമായി ലഭിച്ചതായിരുന്നു. ഇംഗ്ലീഷ്കാരാണ് നമ്മുടെ ശത്രുക്കളെന്ന് മരണശയ്യയിൽ കിടക്കുമ്പോൾ പോലും ഹൈദർ ഓർമ്മപ്പെടുത്തുമായിരുന്നുവത്രെ. അതല്ല, അധികാരങ്ങൾ മുഴുക്കെ കേന്ദ്രീകൃതമായിരുന്ന ഭരണസംവിധാനത്തിൽ, സുൽത്താൻ എല്ലാ

കാര്യങ്ങളിലും നിർദ്ദേശങ്ങൾ നൽകുക പതിവായിരുന്നു. അങ്ങനെ എന്തിനും ഏതിനും സ്വേഛാധിപതിയായ ഭരണാധിപന്റെ ആജ്ഞയും കാത്തിരിക്കുകയെന്ന ഗതികേടാണ് ഭരണപരമായ തകർച്ചയും, തജ്ജന്യമായ അധഃപതനവും ഉണ്ടാക്കിയതെന്നും പറയുന്നവർ ദുർല്ലഭമല്ല. അതാണ് വസ്തുതയെങ്കിൽ ടിപ്പു അക്കാര്യത്തിലും നിരപരാധിയായിരുന്നുവെന്ന് വേണം പറയുവാൻ. ഹൈദർ വിജയകരമായി പരീക്ഷിച്ചു നടപ്പിലാക്കിയിരുന്ന ഭരണസംവിധാനം അതേപടി പിൻപറ്റുക മാത്രമായിരുന്നു ടിപ്പുസുൽത്താൻ ചെയ്തിരുന്നത്. തൻമൂലം അക്കാരണം പറയുന്നതും നിലനിൽക്കത്തക്കതല്ല. നെടുങ്കോട്ട ആക്രമണമാണ് ടിപ്പുവിന്റെ നാശത്തിന്റെ ആരംഭം കുറിച്ചതെന്നാണ് വാദമെങ്കിൽ, തിരുവിതാംകൂറും മൈസൂറുമായുള്ള ശത്രുതയും ഹൈദരാലി തുടങ്ങിവെച്ചതിന്റെ പരിസമാപ്തിയായിരുന്നുവെന്നേ പറയാനുള്ളു. ടിപ്പു അനുവർത്തിച്ചിരുന്ന നയം ഹൈദരലി ആവിഷ്ക്കരിച്ചതിൽ നിന്നും ഒട്ടും വിഭിന്നമായിരുന്നില്ല എന്നത് കൊണ്ടുതന്നെ, ടിപ്പുവിനെ ഈ വക കാര്യങ്ങൾപറഞ്ഞു കുറ്റപ്പെടുത്തി വിമർശിക്കുന്നത് ഉചിതമായിരിക്കുകയില്ല. ഇക്കാര്യം എടുത്തുപറയുവാൻ കാരണം പിൽക്കാലത്ത് ഹൈദരലിയുടെ നയങ്ങളേയും ഭരണക്രമത്തേയുമൊക്കെ ബോധപൂർവ്വം അമിതമായി പ്രശംസിക്കുകയും ടിപ്പു അവ വികൃതമാക്കി, എല്ലാം നശിപ്പിക്കുകയാണ് ചെയ്തതെന്ന് ഇംഗ്ലീഷ് ചരിത്രകാരൻമാർ തുടർന്നുപോന്ന രീതി ദുരുദ്ദേശ്യപൂർണമായിട്ടായിരുന്നുവെന്ന് വെളിപ്പെടുത്തുവാനുമാണ്. വിൽക്കസും, കിർക്ക്പാട്രിക്കും, ബിറ്റ്സണും, ബൗറിങ്ങുമൊക്കെ ഈ രീതി പിൻതുടർന്നത് അത്രയും രൂക്ഷമായി ടിപ്പുവിനെ കരി തേക്കുവാൻ വേണ്ടിയായിരുന്നുതാനും. അവരൊക്കെ ഉരുവിട്ടുകൊണ്ടിരുന്ന വേദവാക്യം, "ഹൈദരിന് തെറ്റുപറ്റുക ദുർല്ലഭമായിട്ടായിരുന്നുവെന്നും ടിപ്പുവാകട്ടെ ശരിയായ കാര്യം ചെയ്തിരുന്നതു അപൂർവ്വമായിട്ടായിരുന്നു" എന്നുമാണ്.1. അതുകൊണ്ടുതന്നെയാണ് ഇംഗ്ലീഷ്കമ്പനിയുടെ ആക്രമണത്തിന് ടിപ്പു വിധേയനായതത്രേ. തന്റെ ഗവർമ്മേൻണ്ടിന്റെ നയാവിഷ്ക്കരണത്തിലും ഭരണനിർവ്വഹണം കുറ്റമറ്റതാക്കുന്നതിലും, യൂറോപ്യൻ മാതൃകയിൽ തന്റെ സൈന്യത്തെ സുസജ്ജീകരിക്കുന്നതിലും ടിപ്പു സുൽത്താൻ പിൻതുടർന്ന നയം ഹൈദരലി തുടങ്ങിവെച്ചവ തന്നെയായിരുന്നുവെന്ന് നാം കണ്ടതാണല്ലോ. അവ ഒരണു വ്യത്യാസം ഇല്ലാതെ പരിപാലിച്ച് പോരുകയും ചെയ്തിരുന്നു. ഹൈദരലി ആവിഷ്ക്കരിച്ചിരുന്ന ഗവർമ്മേൻണ്ട് നയങ്ങളിലൊന്നിലും അടിസ്ഥാനപരമായ മാറ്റങ്ങളൊന്നും ടിപ്പു ചെയ്തിരുന്നുമില്ല. തന്റെ രാജ്യത്തിന് ഭീഷണിയായിത്തീരുമായിരുന്ന പുതിയ പ്രശ്നങ്ങളൊന്നും അദ്ദേഹം സൃഷ്ടിക്കുകയുണ്ടായിട്ടില്ല. എല്ലാ ആസ്തിബാദ്ധ്യതകളോടും കൂടി അതേപടി ഹൈദരലിയുടെ മരണാനന്തരം രാജ്യഭാരം ഏറ്റെടുക്കുകമാത്രമാണ് ടിപ്പുസുൽത്താൻ ചെയ്തത്. മൈസൂർ സർക്കാരിന്റെ നയവൈകല്യമോ, കഴിവില്ലായ്മയോ, ആണ് അതിന്റെ പതനത്തിനിടയാക്കിയതെങ്കിൽ, അതിന് കുറ്റക്കാരണ്ടത് ടിപ്പുവിനെയല്ല ഹൈദരലിയെ തന്നെ ആകണം. എന്നാൽ ഹൈദരലിക്ക് അപൂർവ്വമായേ അബദ്ധം പിണയാറുണ്ടായിരുന്നുവുള്ളു എന്നാണല്ലോ ചരിത്രപക്ഷം. അങ്ങനെയെങ്കിൽ അതേനയം പൈതൃകമായി സ്വീകരിച്ച് തുടർന്നുപോന്ന ടിപ്പുവിനും തെറ്റുകളധികം പറ്റിയിരിക്കുകയില്ലെന്ന് വേണം, ഉപസംഹരിക്കുവാൻ. രാജ്യവിചാരത്തിലോ, ഇൻഡ്യയിലെയും വിദേശരാജ്യങ്ങളിലെയും ഭരണാധിപൻമാരുമായിട്ടുള്ള ഇടപാടുകളിലോ, ടിപ്പു വഞ്ചനയോ, കാപട്യമോ, കാണിച്ചിരുന്നുവെന്ന് ആരും തന്നെ ഇതുവരെ കുറ്റപ്പെടുത്തിയിട്ടുമില്ല.

എന്നാൽ വൈയക്തികജീവിതത്തിൽ ഹൈദരലിയുടേയും ടിപ്പുവിന്റെയും സ്വഭാവവും വാസനയും വ്യതിരിക്തമായിരുന്നു. പൗരസ്ത്യരാജാക്കൻമാർക്കുണ്ടായിരുന്ന സർവ്വവിധ ദൗർബല്യങ്ങളും കാണിച്ചിരുന്ന ആളായിരുന്നു ഹൈദരലി. മദ്യവും മദിരാക്ഷിയും അദ്ദേഹത്തിന്റെ ബലഹീനതകളായിരുന്നു.2. എന്നാൽ ടിപ്പുവാകട്ടെ പിതാവിന്റെ പ്രകൃതത്തിന് നേരെ വിരുദ്ധമായ സദാചാര സൻമാർഗ്ഗനിഷ്ഠനായിരുന്നു എന്ന് മാത്രമല്ല അക്കാലത്ത് സാർവ്വത്രികാംഗീകാരമുണ്ടായിരുന്ന മദാലസമായ സുഖാർഭാടങ്ങൾ തീരെ പരിത്യജിച്ച വ്യക്തിയുമായിരുന്നു. അക്കാലത്ത് രാജാക്കൻമാരുടേയും പ്രഭുക്കൻമാരുടേയും ജീവിതരീതിക്ക് വിപരീതമായി ഒതുക്കവും ഭദ്രതയുമുള്ള കുടുംബജീവിതം നയിച്ചിരുന്ന ടിപ്പു പ്രകൃത്യാ തന്നെ നാണക്കാരനായിരുന്നു. തന്റെ അറിവും പാണ്ഡിത്യവും പരിശുദ്ധമായ ഒരു ജീവിതരീതി പിന്തുടരുവാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുകയും ചെയ്തു. മനുഷ്യമഹിമയെ മാനിക്കുവാനുള്ള പ്രചോദനം തനിക്ക് ആഭിമുഖ്യമുണ്ടായിരുന്ന സൂഫി തത്വശാസ്ത്രം അദ്ദേഹത്തിന് പ്രദാനം ചെയ്യുകയുമുണ്ടായി. അലാവുദ്ദീൻ ഖിൽജിയെപ്പോലെ നിരക്ഷരകുക്ഷിയായിരുന്നു ഹൈദരലിയെങ്കിൽ, മുഹമ്മദ് ബ്നു തുഗ്ലക്കിനെപ്പോലെ പണ്ഡിതൻമാരിൽ പണ്ഡിതനായി വിരാചിച്ചിരുന്ന മഹാനായിരുന്നു ടിപ്പുസുൽത്താൻ. ഈ വക അഭൗമമായ ഗുണങ്ങൾ തെറ്റു ചെയ്യുവാൻ സഹായകമായ ഉപാധികളാണെന്ന് ആർക്കും പറയുവാൻ പറ്റുകയില്ലല്ലോ.

എന്നാൽ ടിപ്പുവിന്റെ പരാജയത്തിന് പ്രധാന ഹേതുവായി വർത്തിച്ചിരുന്നത് അദ്ദേഹത്തിന്റെ സുദൃഢമായ സ്വഭാവവൈശിഷ്ട്യങ്ങളാണ്. "നൂതനങ്ങളായ പരിഷ്ക്കാരങ്ങൾ ആവിഷ്ക്കരിക്കുവാനുള്ള അടങ്ങാത്ത ദാഹവും എല്ലാ കാര്യങ്ങളും സ്വന്തമായി ചെയ്യണമെന്ന അമിതമായ ആഗ്രഹവും അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെ പ്രമുഖങ്ങളായ ഘടകങ്ങളായിരുന്നു." എന്നാണ് സർ തോമസ് മൺറോ, 1799ൽ ടിപ്പുവിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തി രേഖപ്പെടുത്തിയിട്ടുള്ളത്.3. അദ്ദേഹത്തിന്റെ ഭരണപരിഷ്ക്കാരങ്ങളും പുതിയ പുതിയ ആവിഷ്ക്കരണരീതികളും അദ്ദേഹത്തോളം അറിവോ, പക്വതയോ ഇല്ലാതിരുന്ന ഉദ്യോഗ

സ്ഥൻമാരിൽ ആശയക്കുഴപ്പവും അസൗകര്യവും കുറച്ചൊക്കെ ഉണ്ടാക്കിയിരിക്കാമെന്നത് വാസ്തവമാണ്. ടിപ്പുവിന്റെ കല്പനകൾ ഉൾക്കൊള്ളുന്ന ആശയം ശരിക്കും ധരിക്കുവാൻ അവരിൽ പലർക്കും സാധിച്ചിരുന്നില്ലെന്നതും ശരിയാണ്. ഭരണതലത്തിൽ ഘടനാപരമായി ഇടയ്ക്കിടയ്ക്ക് വരുത്തിയിരുന്ന മാറ്റവും.4. പുതുതായി നടപ്പിലാക്കിയിരുന്ന കൊല്ലവർഷത്തിന്റെ ഗണനയും.5. അളവിലും തൂക്കത്തിലും ആവിഷ്ക്കരിച്ച നവീന സമ്പ്രദായവും.6. ഔദ്യോഗിക തലത്തിൽ ഇവയുടെ ആരംഭ സമയത്തെങ്കിലും കുറെയൊക്കെ പ്രയാസമുണ്ടാക്കിയിരിക്കുമെന്ന് തീർച്ചയാണ്. എന്നാൽ ഭരണത്തിന്റെ സുഗമമായ നടത്തിപ്പ് ഇതുകൊണ്ടൊന്നും താറുമാറായിരുന്നില്ലെന്ന് നാം മനസ്സിലാക്കുന്നു. പൗരസ്ത്യ രാജ്യങ്ങളിലെ മറ്റെല്ലാ ഭരണാധിപൻമാരേയും പോലെ ടിപ്പുസുൽത്താനും തികഞ്ഞ ഒരു സ്വേഛാധിപതിയായിരുന്നുവെന്നതിൽ പക്ഷാന്തരമില്ല. വികേന്ദ്രീകരണമായിരുന്നില്ല, കേന്ദ്രീകരണമായിരുന്നു അക്കാലത്തെ അനിവാര്യത. ഭരണസംബന്ധമായ നിസ്സാരകാര്യങ്ങളിൽപ്പോലും നിർദ്ദേശങ്ങളും മാതൃകകളും കൊണ്ട് തന്റെ ഔദ്യോഗികവൃന്ദത്തെ കാര്യക്ഷമമാക്കിയിരുന്നതിന്റെ പ്രകടമായ ഉദാഹരണമാണ് ടിപ്പുവിന്റെ കേന്ദ്രീകൃതവും ശക്തവുമായ ഗവർമ്മേൻണ്ട് പ്രദാനം ചെയ്യുന്നത്. ഉദ്യോഗസ്ഥൻമാർ സ്വന്തം നിലയ്ക്ക് ചെയ്യുമായിരുന്ന ചെറിയ ചെറിയ സംഗതികളിൽ പോലും ഉയർച്ചത്താഴ്ച നോക്കാതെ ഓരോരുത്തർക്കും നിർദ്ദേശങ്ങൾ കൊടുത്തുകൊണ്ടുള്ള നിരവധി എഴുത്തുകൾ ടിപ്പു അയക്കുന്നുണ്ട്. ചിലപ്പോൾ ഭിഷഗ്വരനെപ്പോലെ രോഗത്തിന്റെ കാരണങ്ങളെ പുരസ്ക്കരിച്ചും അവയ്ക്ക് നൽകേണ്ട മരുന്നുകളെ സംബന്ധിച്ചും അദ്ദേഹം എഴുതുന്നതായി കാണാം.7. ടിപ്പുസുൽത്താന്റെ പ്രതിഭയും പരിജ്ഞാനവും പ്രസ്പഷ്ടമാക്കുന്ന എത്രയോ എഴുത്തുകൾ ഇന്ന് നമുക്ക് ലഭ്യമാണ്. ഏതെല്ലാം വിഷയങ്ങളുണ്ടോ, അവയിലൊക്കെ തന്റെ പ്രാഗത്ഭ്യം വ്യക്തമാക്കുംവിധം വൈവിധ്യമാർന്ന വിഷയങ്ങളെക്കുറിച്ച് ആധികാരികമായും വിജ്ഞാനപ്രദമായും അദ്ദേഹം എത്രയോ എഴുത്തുകൾ തന്റെ സുഹൃത്തുക്കൾക്കും ഉദ്യോഗസ്ഥൻമാർക്കുമായി അയച്ചിട്ടുണ്ട്. എന്നാൽ, എല്ലാം തന്നിൽ നിന്നു തന്നെ വരണമെന്ന വിചാരം ഭരണതലത്തിൽ പല പരിമിതികളും പോരായ്മകളും സൃഷ്ടിച്ചിട്ടുണ്ടായിരിക്കുമെന്നുറപ്പാണ്. തങ്ങളുടെ വിവേചനാബുദ്ധി ഉപയോഗിച്ച് ഉദ്യോഗസ്ഥൻമാർക്ക് ചെയ്യുവാൻ സാധിക്കുമായിരുന്ന കാര്യങ്ങളിൽ പോലും സുൽത്താന്റെ നിർദ്ദേശം കിട്ടുവാൻ വേണ്ടി അവർ കാത്തിരിക്കുമായിരുന്നു. ടിപ്പുവിന്റെ രീതി അതായിരുന്നതിനാൽ, ഏകവ്യക്തിയിൽ മാത്രം കേന്ദ്രീകൃതമായിരുന്ന സർക്കാർ നടപടികൾ അതുകൊണ്ട് തന്നെ അടിയന്തിരപ്രശ്നങ്ങളെ അഭിമുഖീകരിക്കുവാൻ അറച്ചറച്ചുനിന്നു. ടിപ്പുവിന്റെ ഭരണനടത്തിപ്പിൽ ഏതെങ്കിലും തരത്തിലുള്ള വൈകല്യം ചൂണ്ടിക്കാണിക്കുവാൻ സാധിക്കുന്നത് ഈ തലത്തിൽ മാത്രമാണ്.

ടിപ്പുവിന്റെ ആത്മാർത്ഥതയും ആദർശാത്മകതയുമായിരുന്നു അദ്ദേഹത്തിന്റെ സ്വഭാവസവിശേഷതയിലെ പ്രമുഖ ഘടകങ്ങൾ. ദൗർബല്യമെന്ന് വേണമെങ്കിൽ ഇവയെ വിശേഷിപ്പിക്കണം. വൈയക്തിക ബന്ധങ്ങളിൽ വൈകാരികവും സ്നേഹസമ്പന്നവുമായ മമതാ ബന്ധം അദ്ദേഹം നിലനിർത്തിയിരുന്നു. മാതാപിതാക്കൻമാരോടും പുത്രകളത്രാദികളോടും ഉദ്യോഗസ്ഥഭൃത്യജനങ്ങളോടും സുഹൃത്തുക്കൾ, ബന്ധുക്കൾ തുടങ്ങിയവരോടുമൊക്കെ വഞ്ചനയുടേയോ, കാപട്യത്തിന്റെയോ പോറൽ പോലുമുണ്ടാക്കാത്തവിധം നിസ്സീമമായ ആത്മാർത്ഥത, അദ്ദേഹം ആദ്യവസാനം വരെ നിഷ്ക്കർഷയോടെ അനുവർത്തിച്ചുപോന്നിരുന്നതായി കാണാം. ഈ വക സ്വഭാവഗുണങ്ങൾ വ്യക്തിഗതമായ ജീവിതത്തിൽ അഭികാമ്യമാണെങ്കിലും 18-ാം നൂറ്റാണ്ടിലെ ഭരണാധിപന് നിശ്ചയമായും അപായകരം കൂടിയായിരുന്നു ഇവ. ചതിയും കള്ളത്തരവും നയതന്ത്രജ്ഞതയോടുകൂടി പരിശീലിപ്പിച്ചിരുന്ന അക്കാലത്തെ ഭരണാധിപൻമാർക്കിടയിൽ അപവാദമായിരുന്നു ടിപ്പുസുൽത്താൻ. അവയുടെ പ്രത്യാഘാതങ്ങൾ വകവെക്കാതെ തന്നെ ജീവിതത്തിലാദ്യന്തം മാതൃകാപരമായ ഈ സദ്ഗുണങ്ങൾ പരിപാലിച്ചുപോന്നിരുന്നു ആദർശനിഷ്ഠനായ ഈ സുൽത്താൻ.

പൊതുകാര്യങ്ങളിലാകട്ടെ, സ്വകാര്യജീവിതത്തിലാകട്ടെ ചതിയും വഞ്ചനയും സാധാരണയായിരുന്ന ഒരു ലോകത്ത്, ഗൂഢാലോചനകൾ, കൗശലങ്ങൾ, കൊലപാതകങ്ങൾ തുടങ്ങിയവ ഉന്നതങ്ങളായ ഭൗതികനേട്ടങ്ങൾക്ക് നിദാനമായി വർത്തിച്ചിരുന്ന ഒരു കാലത്ത്, രാഷ്ട്രീയ ഉത്ഗതിക്കായി ഏത് മാർഗ്ഗവും സ്വീകരിക്കാമെന്ന മാക്ക് വെല്ലിയുടെ രാഷ്ട്രമീമാംസ യാതൊരു വക മനസ്സാക്ഷിക്കുത്തും കൂടാതെ പ്രാവർത്തികമാക്കിക്കൊണ്ടിരുന്ന സ്വാർത്ഥമോഹികളുടെ സമൂഹത്തിൽ, നയതന്ത്രബന്ധങ്ങളിൽ പോലും പുലർത്തിപോന്നിരുന്ന ആത്മാർത്ഥതയും ഉപജാപങ്ങളൊന്നുമില്ലാതെ തുറന്ന മനസ്സോടുകൂടിയുള്ള രാഷ്ട്രീയകൂട്ടുകെട്ടും, നിഷ്ക്കൻമഷമായ സാമൂഹിക സമ്പർക്കങ്ങളുമൊക്കെ, ഭരണാധിപനെന്ന നിലക്ക് സ്വന്തം താൽപര്യത്തെ തന്നെ കുരുതി കൊടുത്ത കാര്യങ്ങളായിരുന്നു. ടിപ്പുസുൽത്താന്റെ പരാജയത്തിന്റെ പരമപ്രധാനമായ കാരണം കണ്ടെത്തേണ്ടത് അദ്ദേഹത്തിന്റെ നീക്കുപോക്കില്ലാതിരുന്ന ഈ സ്വഭാവ വൈശിഷ്ട്യങ്ങളിലാണ്. തന്റെ രാജ്യത്ത് കലാപമുണ്ടാക്കുവാൻ അസംതൃപ്തരായ നായർ അഭയാർത്ഥികളെ തലശ്ശേരികമ്പനിയിലെ പ്രധാനി പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നുവെന്ന് മനസ്സിലാക്കിയിരുന്ന ടിപ്പുവിന്, താനൊന്നുമറിഞ്ഞില്ലെന്ന ഭാവത്തിൽ അദ്ദേഹമെഴുതിയ കത്ത് കിട്ടിയപ്പോൾ സത്യവിരുദ്ധമായ ആ പ്രസ്താവനയ്ക്കെതിരെ ധർമ്മരോഷത്തോടുകൂടി ടിപ്പു മറുപടി അയക്കുന്നതിപ്രകാരമാണ്, "നിങ്ങളൊരു നല്ല മനുഷ്യനല്ലെന്ന് നമുക്ക് ബോദ്ധ്യമായിരിക്കുന്നുവെന്നതിനാൽ മേലിൽ യാതൊരു

കാരണവശാലും നിങ്ങൾ എനിക്ക് നേരിട്ടെഴുതുവാൻ പാടില്ല. അങ്ങനെ ഇനിയും നിങ്ങളെഴുതുന്നുവെങ്കിൽ എന്നിൽ നിന്നും ഒരു മറുപടിയും നിങ്ങൾ പ്രതീക്ഷിക്കേണ്ടതില്ല." എന്നായിരുന്നു.8. താൻ അനുവർത്തിച്ചു പോന്ന സത്യസന്ധതയും നീതിബോധവും മറ്റുള്ളവരും തന്നോട് കാണിക്കണമെന്ന് അദ്ദേഹം ആശിക്കുകയും ചെയ്തു. തൻെറ സ്വഭാവത്തിനും പ്രവർത്തിക്കും വിപരീതമായി അന്യർ തന്നോട് പെരുമാറുമ്പോൾ അദ്ദേഹത്തിനുണ്ടാകുന്ന ധർമ്മരോഷം മേലുദ്ധരിച്ച കത്തിൽ നിന്നു വ്യക്തമാണല്ലോ. അതുപോലെ തന്നെ താനും തിരുവിതാംകൂർ രാജാവുമായുണ്ടായിരുന്ന അഭിപ്രായഭിന്നതകളിൽ നീതിപൂർവ്വമായ മാദ്ധ്യസ്ഥ തീരുമാനം ചെയ്യുവാൻ മദ്രാസ് ഗവർണ്ണറും ഗവർണർ ജനറലും ഒരുങ്ങി താനുമായെഴുത്തുകുത്തുകൾ നടത്തിയത് ടിപ്പു സ്വീകരിക്കുവാൻ തയ്യാറായി. പക്ഷേ അവയിലുണ്ടായിരുന്ന ഒളിച്ചുകളി അദ്ദേഹം മനസ്സിലാക്കിയില്ല. തന്നെപ്പോലെ ഇവരും വാക്ക് പാലിക്കുമെന്നും സത്യസന്ധമായി പെരുമാറുമെന്നും അദ്ദേഹം ആശിച്ചു. നെടുങ്കോട്ട ആക്രമിക്കുവാൻ ടിപ്പു നീങ്ങിയത് തന്നെ, കമ്പനി അധികാരികളുടെ ഇടപെടൽ ഒരിക്കലും ഇക്കാര്യത്തിലുണ്ടാകുകയില്ലെന്ന് അവരുടെ കൗൺസിൽ എടുത്തിരുന്ന തീരുമാനം അദ്ദേഹത്തെ അറിയിച്ചതുകൊണ്ടു കൂടിയായിരുന്നു. എന്നാൽ ഇതിൻെറ പേരിൽ മാത്രം തന്നോട് യുദ്ധപ്രഖ്യാപനം നടത്തിയ ഗവർണ്ണർ ജനറലിൻെറ നേതൃത്വത്തിൽ തന്നെ സഖ്യസൈന്യം ശ്രീരംഗപട്ടണത്തേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നുവെന്നറിഞ്ഞപ്പോൾ ടിപ്പുവിന്നുണ്ടായ വിസ്മയം അപരിമേയമായിരുന്നു. തിരുവിതാംകൂർ രാജാവും താനുമായുള്ള തർക്കത്തിൽ തൻെറ വാദഗതികൾ ശരിയും, അവയെ ഏത് നിലയ്ക്കും കമ്പനി അധികാരികൾ രാജാവിനെക്കൊണ്ടംഗീകരിപ്പിക്കുകയും ചെയ്യുമെന്ന് എത്രയോ പ്രാവശ്യം മദ്രാസ് ഗവർണ്ണറും ഗവർണർ ജനറലും എഴുതിയുമിരുന്നു. ആ വാക്കും ഉറപ്പും സത്യസന്ധവും ആത്മാർത്ഥവുമാണെന്ന് അദ്ദേഹം വിശ്വസിച്ചുപോയതാണ് കുഴപ്പങ്ങൾക്ക് നാന്ദി കുറിച്ചത്. ഏതെങ്കിലും കാരണം പറഞ്ഞ് ടിപ്പുവുമായി ഒരു സംഘട്ടനത്തിന് തയ്യാറെടുത്തുകൊണ്ടിരുന്ന ഇംഗ്ലീഷ്കാരുടെ ദുഷ്ടമായ കുതന്ത്രത്തിൻെറ കെണിയിൽ കുടുങ്ങിയ പരിതാപകരമായ സ്ഥിതിയാണിവിടെ സംജാതമായത്.

മൈസൂർ സർവ്വീസിലും സംസ്ഥാനത്തിലുമുള്ള വിദേശികളെ മുഴുക്കെ ഇംഗ്ലീഷ്കാരെ ഏൽപ്പിക്കുകയെന്ന അന്ത്യശാസനത്തോടുകൂടി ജനറൽ ഹാരിസ് നാലാം ആഗ്ലോ-മൈസൂർ യുദ്ധത്തിൻെറ ആരംഭത്തിൽ കരട് ഉടമ്പടിയുടെ കോപ്പി ടിപ്പുവിനയച്ചുകൊടുത്തിരുന്നു.9. അത് പരിപൂർണമായും അനുസരിച്ചില്ലെങ്കിൽ യുദ്ധത്തിൻെറ കെടുതിക്ക് തയ്യാറായിക്കൊള്ളാനുള്ള മുന്നറിയിപ്പും അതിലടങ്ങിയിരുന്നു. ഇംഗ്ലീഷ്കാരോട് ഏറ്റുമുട്ടുവാൻ യാതൊരു ഒരുക്കവും ചെയ്തിട്ടില്ലാതിരുന്നിട്ടും, ആ സന്ദർഭത്തിൽ അവരുമായി യുദ്ധമുണ്ടായാൽ വിനാശകരമായ ഫലമായിരിക്കും എന്നറിയാമായിരുന്നിട്ടുകൂടിയും, തൻെറ ആത്മാഭിമാനവും, സ്വാതന്ത്ര്യവും അന്തസ്സും ബലികഴിച്ച് ആഗ്ലേയ ഔദ്ധത്യത്തിന് പാദസേവ ചെയ്യാൻ അദ്ദേഹം വിസമ്മതിക്കുകയാണുണ്ടായത്. കാര്യത്തിൻെറ ഗൗരവം ശരിക്കും മനസ്സിലാക്കിയ എം. ചാപ്പിയറും മറ്റുള്ള ഫ്രഞ്ചുകാരും തങ്ങളെ ഇംഗ്ലീഷ്കാർക്ക് ഏല്പിച്ചുകൊടുത്ത് യുദ്ധം ഒഴിവാക്കണമെന്ന് ടിപ്പുവിനോട അഭ്യർത്ഥിക്കുക കൂടി ചെയ്തിട്ടും,10. തൻെറ പരമാധികാരത്തേയും, സ്വതന്ത്രനിലനിൽപ്പിനേയും ചോദ്യം ചെയ്യുന്ന ഈ ധിക്കാരത്തിനെ എന്ത് വില കൊടുത്തും ചെറുക്കണമെന്നാണ് ദേശാഭിമാനിയായ ആ സ്വാതന്ത്ര്യമോഹി നിശ്ചയിച്ചത്. ലജ്ജാകരമായ നിലയിൽ സ്വാതന്ത്ര്യം അടിയറവെക്കുന്നതിനേക്കാൾ ഭേദം മാനമായി പടപൊരുതി വീരമൃത്യു വരിക്കുന്നതാണ് അഭികാമ്യമായി ആ ആദർശശാലിക്ക് തോന്നിയത്.11. ധിക്കാരപരമായ ആഗ്ലേയ വെല്ലുവിളിയെ രണ്ടും കല്പിച്ച് ഒറ്റക്ക് തന്നെ അദ്ദേഹം നേരിട്ടു. സത്യവും ആത്മാർത്ഥതയും ആദർശവും നീതിയും ആണല്ലോ എക്കാലവും ക്രൂശിക്കപ്പെടുക. അതാണിവിടേയും സംഭവിച്ചത്.

മൈസൂർ സുൽത്താൻമാർക്ക് പറ്റിയ മറ്റൊരു പാകപ്പിഴ മലബാറിലെ മാപ്പിള നാവികരെ ശക്തമായ ഒരു പ്രതിരോധ സേനയായി സംഘടിപ്പിക്കുവാൻ കഴിയുമായിരുന്നത് ചെയ്തില്ല എന്നതാണ്. മലബാറിൻെറ കടൽതീരങ്ങൾ സംരക്ഷിക്കുവാൻ നാവികപ്രവർത്തനങ്ങളിൽ സുദീർഘമായ പാരമ്പര്യമുണ്ടായിരുന്ന ഇവർക്ക് നിഷ്പ്രയാസം സാധിക്കുമായിരുന്നു. യൂറോപ്യൻ നാവികപ്പടയെ വിജയകരമായി നേരിടുവാൻ അവർക്ക് കുറെകൂടി ശാസ്ത്രീയമായ പരിശീലനവും അത്യന്താധുനികങ്ങളായ ആയുധസജ്ജീകരണങ്ങളും നൽകി സുഘടിതമാക്കിയിരുന്നെങ്കിൽ, ഒരു പക്ഷേ മലബാറിൻെറ ചരിത്രം വ്യത്യസ്ഥമാകുമായിരുന്നേനെ. ഒന്നരനൂറ്റാണ്ടോളം പറങ്കിക്കപ്പലുകളേയും നാവികരേയും ചെറുത്തുനിന്നു് മലബാർ തീരങ്ങളെ സംരക്ഷിച്ച മരയ്ക്കാർമാരുടെ പിൻതലമുറക്കാരെ അവഗണിച്ചത് അബദ്ധമായിപ്പോയി. സാമൂതിരിയുടെ കൊടിക്കീഴിൽ വിശ്വസ്തമായി സേവനമർപ്പിച്ചിരുന്ന അവർ നടത്തിയ വീരോചിതമായ നാവികയുദ്ധങ്ങളിലൂടെ ഒഴുക്കിയ ചോരയും, ആഹൂതി ചെയ്ത ആളും അർത്ഥവും പറങ്കിപ്പടയാളികളെ ഏറെക്കാലത്തേക്ക് മലബാറിൻെറ ഉൾപ്രദേശത്തേക്ക് കയറി ആധിപത്യം സ്ഥാപിക്കുന്നതിൽ നിന്നും പിൻതിരിപ്പിച്ചുവെന്നത് നാം വിസ്തരിച്ച് പറഞ്ഞിട്ടുള്ളതാണ്. എല്ലാം ത്യജിച്ച് അവർ അങ്ങനെ ചെറുത്തു നിന്നിരുന്നില്ലെങ്കിൽ ഇംഗ്ലീഷ് കമ്പനി എത്തുംമുമ്പേ തന്നെ കേരളവും തദ്വാരഭാരതവും പോർച്ചുഗീസ് കോളനി ആകുമായിരുന്നേനെ. 16-ാം നൂറ്റാണ്ടിൽ അറബിക്കടലിൻെറ ആധിപത്യത്തിനുവേണ്ടി പറങ്കികൾ സാഹസികയുദ്ധങ്ങൾ ചെയ്യുന്നതുവരെ, മരയ്ക്കാർമാരുടെ നാവികാധിപത്യം ആരാലും ചോദ്യം ചെയ്യപ്പെടാതെ ഗുജറാത്ത് മുതൽ സിലോൺ വരെ നിലനിന്നിരുന്നുവല്ലോ.12. ഈ അതുല്യശക്തിപ്രവാഹത്തെ തങ്ങൾക്ക് ഉപയോഗപ്രദമായി സജ്ജീകരിച്ചു നിലനിർത്തുവാൻ ഹൈദരലിയോ, ടിപ്പുസുൽത്താനോ കാര്യമായി

ശ്രമിച്ചില്ലെന്നത് തന്നെ മലബാറിൻെറ പ്രതിരോധം വിജയകരമാക്കുവാൻ അവർക്ക് സാധിക്കാതിരുന്നതിൻെറ കാരണങ്ങളിലൊന്ന്. കണ്ണൂരിലെ ആലിരാജയുടെ കീഴിൽ ഒരു കപ്പൽസമൂഹം ടിപ്പുവിൻെറ കാലത്തുണ്ടായിരുന്നുവെന്നത് പരമാർത്ഥമാണെങ്കിലും അവ ചരക്ക് കയറ്റി അയക്കുന്നതിനാണ് പ്രധാനമായും പ്രയോജനപ്പെടുത്തിയിരുന്നതെന്ന് കാണാം. തങ്ങളുടെ ചരക്ക് കപ്പലുകൾക്ക് രക്ഷാകവചമായി ഉപയോഗിക്കുവാൻ വേണ്ടിയുള്ളതായിരുന്നു അവരുടെ നാവികസേനയും. മലബാർ തനിക്ക് നഷ്ടപ്പെട്ടതിന് ശേഷമാണ് ഒരു സംഘടിത നാവികവ്യൂഹം സൃഷ്ടിക്കുവാനുള്ള ശ്രമം ടിപ്പുസുൽത്താൻ നടത്തിയതും. രണ്ടും മൂന്നും ആംഗ്ലോ-മൈസൂർ യുദ്ധങ്ങളുടെ തുടക്കത്തിൽ തന്നെ ഇംഗ്ലീഷുകാർക്ക് മലബാർ പിടിച്ചടക്കുവാൻ അത്ര അധികം പ്രയാസം നേരിടാതിരുന്നതിൻെറ കാരണവും നാവികസേനയുടെ അഭാവം മൂലമായിരുന്നു. നാവികപ്രവർത്തനങ്ങളിൽ പാരമ്പര്യവും പഴക്കവുമുണ്ടായിരുന്ന മലബാറിലെ മാപ്പിളമാരുടെ സുസംഘടിതമായ നാവികപ്പട ഉണ്ടായിരുന്നുവെങ്കിൽ ഒരു പക്ഷേ ഇംഗ്ലീഷ്കാർക്ക് മലബാറിലെ മൈസൂർ ആധിപത്യത്തെ ഇല്ലാതാക്കുവാൻ സാധിക്കുമായിരുന്നില്ല.

മറ്റൊരു തന്ത്രപരമായ പരാജയം മൈസൂർ ഭരണകർത്താക്കളെ ബാധിച്ചിരുന്നത്, അവർക്ക് കീഴടക്കപ്പെട്ട ജനങ്ങളുടെ വിശ്വാസം ആർജ്ജിക്കുവാനോ, ഗവർമെൻറുമായി സഹകരിക്കുകയാണെങ്കിൽ അവർക്ക് ലഭിക്കുമായിരുന്ന ഗുണങ്ങളെക്കുറിച്ച് ബോധവാൻമാരാക്കുവാനോ, കഴിഞ്ഞില്ലെന്നതാണ്. "മനുഷ്യൻ ചെയ്യുന്ന നൻമകളൊക്കെ അവരോടൊപ്പം കുഴിച്ചു മൂടപ്പെടുമ്പോൾ, അവൻെറ വീഴ്ചകളും തിൻമകളും അവന് ശേഷവും പച്ചപിടിച്ചുനിൽക്കും," എന്ന മഹദ്‌വാക്യം മൈസൂർ സുൽത്താൻമാരെ സംബന്ധിച്ച് അന്വർത്ഥമായിരിക്കുന്നു. മരണമടഞ്ഞവരുടെ പരാജയത്തെപ്പറ്റി പലതും പറയുവാനും അവരുടെ ചെയ്തികളുടെ ന്യായാന്യായങ്ങളെ സംബന്ധിച്ച് വിധികർത്താക്കളാകുവാനും ആർക്കും സാധിക്കുന്നതേയുള്ളു. അത്തരം ആളുകൾ അവരുടെ പ്രത്യേക പരിതസ്ഥിതികളുടേയും സാഹചര്യങ്ങളുടേയും സമ്മർദ്ദത്തിന് വിധേയമായി ചെയ്ത പ്രവർത്തികളെ നൂറ്റാണ്ടുകൾക്ക്ശേഷം നാം വിലയിരുത്തുന്നത് എപ്പോഴും വസ്തുനിഷ്ഠമാകുവാനോ, നീതിപൂർവ്വമാകുവാനോ, പറ്റുകയില്ല. അവർ ജീവിച്ച കാലഘട്ടത്തിലേക്ക് എത്രതന്നെ നാം നുഴഞ്ഞിറങ്ങുവാൻ ശ്രമിച്ചാലും ആ പ്രത്യേക സാഹചര്യങ്ങളെ അതേപടി പുനർജ്ജീവിപ്പിക്കുവാൻ ആർക്കും അത്ര എളുപ്പം സാധിക്കുന്നതായിരിക്കുകയില്ലല്ലോ. "ആട്ടിൻകുട്ടിയെപ്പോലെ രണ്ട് ശതാബ്ദങ്ങൾ ജീവിക്കുന്നതിനേക്കാൾ അഭികാമ്യമായിട്ടുള്ളത് പുലിയെപ്പോലെ രണ്ടു ദിവസം കഴിച്ചുകൂട്ടുക." എന്നതാണെന്ന് ടിപ്പു സാധാരണ പറയുമായിരുന്നത്രെ. ആരെങ്കിലും കനിഞ്ഞെറിഞ്ഞുകൊടുക്കുന്ന പച്ചിലകളോ, എച്ചിലോ ഭക്ഷിച്ച് നിസ്സംഗമായി കഴിഞ്ഞുകൂടുന്ന ആടിൻെറ നിസ്സാരജീവിതം, ഇടയൻമാരുടെ ശബ്ദത്തിനൊപ്പിച്ച് കൂട്ടംകൂട്ടമായി അവർ മേച്ചിലിന് വിടുന്നേടത്ത് അടങ്ങി ഒതുങ്ങി കഴിയേണ്ടതായി വരുന്ന അധമമായ ജീവിതം, വന്യമൃഗങ്ങളുടേയും മനുഷ്യരുടേയും മൃഷ്ടാന്നഭോജനത്തിന് എപ്പോഴും കഴുത്ത് നീട്ടിക്കൊടുക്കേണ്ട ദയനീയ ജീവിതം, ടിപ്പുവെ സംബന്ധിച്ചിടത്തോളം ഓർക്കാൻ പോലും സാധിക്കുന്നതായിരുന്നില്ല. അതുകൊണ്ടുതന്നെയാണ് ആരേയും ഭയപ്പെടുത്തുന്നതും ആരോടും വിധേയത്വം കാണിക്കാത്തതുമായ പുലിയുടെ ശൗര്യത്തേയും, രാജകീയപ്രൗഢിയേയും അദ്ദേഹം അരുമയായി താലോലിച്ചത്. തൻെറ വാക്കിൻെറ അർത്ഥവും ഗാംഭീര്യവും ജീവിതത്തിൽ പരിപൂർണ്ണമായി അദ്ദേഹം പുലർത്തിക്കാണിക്കുകയും ചെയ്തു. ധീരോദാത്തമായ ഇവയൊക്കെ പരാജയങ്ങളാണെങ്കിൽ നിശ്ചയമായും ടിപ്പു പരാജയപ്പെട്ടെന്ന് വിധിയെഴുതണം. ചരിത്രത്തിൽ എക്കാലവും മിഴിവോടുകൂടി നിലനിൽക്കുന്നതും പുരുഷാന്തരങ്ങളെ അമൂല്യമായ മാതൃകകൾ കൊണ്ട് പുളകം കൊള്ളിക്കുന്നതും പ്രശസ്തങ്ങളായ വിജയങ്ങളല്ല, മറിച്ച് മഹത്തരങ്ങളായ പരാജയങ്ങളാണെന്ന വസ്തുത വിസ്മരിക്കുന്നത് അബദ്ധമാണ്.

---

1. *Wilks, Historical sketches etc., vol. II, op.cit, p 464.*
2. *M.M.D.L.T., op.cit, p 267, Also see Kirmani, Nishani Hyderi, op.cit, p 489.*
3. *Glieg, Life of Munroe, vol.I, p 232, quoted by H.H. Dodwell, the Cambridge History of India, vol.I, p 302.*
4. *Kirmani, History of Tipu Sultan, (Trans-Miles) p 66.*
5. *Ibid, p 133.*
6. *Ibdi, p 136.*
7. *Kirkpatrick, op.cit, No. XXXVIII, p 53, CXV, p 146 cclxxxv, pp 310-11.*
8. *Poona Residency correspondence, vol. III, No. 37 A, p 37.*
9. *Kirkpatrick, op.cit, Appendix No. XXL, Draft Agreement clauses II and III, Also see Kirkmani, op.cit, pp 120-121.*
10. *Kirmani, op.cit, pp 124-125.*
11. *See The Kunhalis, The Admirals of Zamorin by Prof. O.K. Nambiar.*
12. *K.M. Panikkar, op.cit, p 59.*

# XL ബ്രിട്ടീഷ് കാലഘട്ടം

മുന്നാം ആംഗ്ലോ-മൈസൂർ യുദ്ധം അവസാനിക്കുന്നത് 1792ൽ ശ്രീരംഗപട്ടണം സന്ധിയോടുകൂടിയാണല്ലോ. മലബാർ, മൈസൂറിന് നഷ്ടപ്പെടുന്നത് ഈ സന്ധി വ്യവസ്ഥയുടെ ഫലമായിട്ടാണ്. അങ്ങനെ മലബാർ ഇംഗ്ലീഷ് ഈസ്റ്റ് ഇൻഡ്യാ കമ്പനിയുടെ അധീനതയിലുമായി. ഒരു നൂറ്റാണ്ടിൽ കൂടുതൽ കാലത്തെ രാഷ്ട്രീയ ഉപജാപങ്ങളുടെ വിജയകരമായ പരിസമാപ്തി ആയിരുന്നു ഇത്. ഈ കാലയളവിൽ അവർക്ക് സഹായകമായി വർത്തിച്ച രാഷ്ട്രീയ-സാമൂഹികഘടകങ്ങൾ ഏതെതൊക്കെയെന്ന് തരംതിരിച്ചറിയേണ്ടത് കേരളചരിത്രപഠനത്തിനാവശ്യമായിത്തീരുന്നു. അത് നിർവ്വഹിക്കുമ്പോൾ, ഇംഗ്ലീഷ് ഈസ്റ്റ് ഇൻഡ്യ കമ്പനിയുടെ കേരളത്തിലെ ഇതഃപര്യന്തമുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യേണ്ടതായും വരും. അതിനുള്ള ചെറിയ ശ്രമമാണിവിടെ നടത്തുന്നത്.

മൂന്ന് കപ്പലുകളുമായി 1615ൽ കൊടുങ്ങല്ലൂർ വന്നിറങ്ങിയ ക്യാപ്റ്റൻ കീലിങ്ങാണ് കേരളത്തിൽ ആദ്യമായി എത്തിയ ഇംഗ്ലീഷ് നാവികൻ.1. സാമൂതിരിയുമായി കൂടിക്കാഴ്ച നടത്തിയ അദ്ദേഹം പൊന്നാനിയിൽ ഒരു പണ്ടികശാല സ്ഥാപിക്കുവാനുള്ള അനുവാദം അദ്ദേഹത്തിൽ നിന്നും കരസ്ഥമാക്കി. ഈ ആവശ്യം നിർവ്വഹിക്കുന്നതിനായി തന്റെ കൂടെ ഉണ്ടായിരുന്നവരിൽ 10 പേരെ പൊന്നാനിയിൽ നിർത്തിയശേഷം അദ്ദേഹം മടങ്ങിപ്പോവുകയും ചെയ്തു. പറങ്കികൾക്കെതിരായുള്ള യുദ്ധത്തിൽ തന്നെ സഹായിക്കുവാൻ സാമൂതിരി ആവശ്യപ്പെട്ടിരുന്നുവെങ്കിലും കീലിങ്ങ് അതിന് തയ്യാറായതുമില്ല. 1664ൽ ആണ് ഇംഗ്ലീഷ്കാരുടെ വാണിജ്യപ്രവർത്തനങ്ങൾ ഇവിടെ ശരിക്കും ആരംഭിക്കുന്നത്. ആ വർഷമാണ് കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ പോർച്ചുഗീസ് താവളങ്ങൾ ഡച്ചുകാർ കൈവശപ്പെടുത്തുകയും പോർച്ചുഗീസ് ആധിപത്യം ഇവിടെ അസ്തമിക്കുകയും ചെയ്യുന്നത്. ഇതേ വർഷത്തിലാണ് പൊന്നാനി, കോഴിക്കോട്, എന്നിവിടങ്ങളിൽ ഇംഗ്ലീഷ്കാർക്ക് കച്ചവടകേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ അനുവാദം നൽകുന്നതും.2. തിരുവിതാംകൂറിലാകട്ടെ 1664ൽ തന്നെ ഇംഗ്ലീഷ്കാർ താവളം ഉറപ്പിച്ചിരുന്നു.3. 1690ൽ ആറ്റിങ്ങൽ റാണിയിൽ നിന്നും കുറെ സ്ഥലം അവർ കരസ്ഥമാക്കുകയും അവിടെ ഒരു കോട്ട കെട്ടുകയും ചെയ്തു. എന്നാൽ 1698ൽ മാത്രമാണ് ഇംഗ്ലീഷ്കാർ തങ്ങളുടെ പ്രവർത്തനം ഇവിടെ ആരംഭിക്കുന്നത്.4. 1708ൽ കോലത്തിരി രാജസ്ഥാനങ്ങളിൽ ഒന്നിൽ നിന്നും തലശ്ശേരിക്കോട്ട നിർമ്മിക്കുവാനുള്ള സൗകര്യവും ലഭിച്ചിരുന്നു. തലശ്ശേരിയിൽ ഒരു കോട്ടയും പണ്ടികശാലയും ഉണ്ടാക്കുവാനുള്ള അവകാശം ഇംഗ്ലീഷ്കമ്പനിക്ക് നൽകുന്നത് കോലത്തിരിയുടെ ഉത്തരദേശഭരണാധികാരിയായ വടക്കൻ കൂറാണ്.5. എന്നാൽ ഡച്ചുകാരിൽ നിന്നോ, ദേശത്തലവൻമാരിൽ നിന്നോ തികച്ചും സുരക്ഷിതമായിരുന്നില്ല ഈ കോട്ട. ചിറക്കൽ രാജകുടുംബത്തിലെ സാമന്തനായ കൊരങ്ങോട്ടുനായരുടെ അധീനതയിലായിരുന്ന തലശ്ശേരി കച്ചവടകേന്ദ്രം 1719ൽ ഇംഗ്ലീഷ്കാർ പിടിച്ചെടുത്തിരുന്നു.6. അവരുമായി സമാധാന ഉടമ്പടിയിൽ ഒപ്പിടുകയും ചെയ്തു. ഇതുമൂലം കമ്പനിയുടെ അധികാരസീമ വിപുലപ്പെടുത്തുവാൻ കഴിഞ്ഞുവെന്ന് മാത്രമല്ല കൊരങ്ങോട്ടു നായരുടെ കീഴിലുണ്ടായിരുന്ന സ്ഥലത്തെ കുരുമുളക്, സുഗന്ധദ്രവ്യങ്ങൾ തുടങ്ങിയ വ്യാപാര ഉൽപ്പന്നങ്ങളുടെ കുത്തക കൈവശപ്പെടുത്തുവാനും ഇംഗ്ലീഷ്കാർക്ക് സാധിച്ചു.7.

ഇവിടെ ഉണ്ടായിരുന്ന ചെറുകിട രാജാക്കൻമാർ തമ്മിൽ തമ്മിൽ നടന്നിരുന്ന യുദ്ധങ്ങളിൽ ഏതെങ്കിലും പക്ഷത്ത് സൈനിക സഹായം നൽകി സ്വന്തം താൽപര്യം സംരക്ഷിക്കുക എന്നതായിരുന്നു മലബാറിൽ ഇംഗ്ലീഷ്കാർ പിൻതുടർന്നുപോന്ന നയം. 1717ൽ സാമൂതിരി ഡച്ച്കാരുമായി യുദ്ധത്തിലേർപ്പെട്ടപ്പോൾ ഇംഗ്ലീഷുകാർ സാമൂതിരിയെ സഹായിച്ചു. "തലശ്ശേരികോട്ട കെട്ടിക്കൊണ്ടിരിക്കുമ്പോൾ കെട്ടിടത്തിനാവശ്യമുള്ള സാധനങ്ങൾ എത്രയൊക്കയൊണെന്ന് സാമൂതിരി തലശ്ശേരി തലവനായിരുന്ന ആഡംസിനോട് ചോദിച്ചു എന്നും ഈ സാധനങ്ങളെല്ലാം നികുതിയിളവോട് കൂടി കമ്പനിക്ക് അനുവദിച്ചുകൊടുത്തുവെന്നും ഡച്ചുകാരുമായുണ്ടായിരുന്ന യുദ്ധത്തിൽ സാമൂതിരിയെ സഹായിച്ചതിന് പകരമായിരുന്നു ഇതെന്നും," കോഴിക്കോട്ടെ ദ്വിഭാഷി രേഖപ്പെടുത്തിയിട്ടുണ്ട്.8. 1722ലും 1725ലും ചിറക്കലെയും കടത്തനാട്ടിലെയും രാജാക്കൻമാരുമായുണ്ടാക്കിയ ഉടമ്പടികൾ വഴി മലബാറിലെ വാണിജ്യശേഷി വളരെയേറെ വർദ്ധിപ്പിക്കുവാൻ ഇംഗ്ലീഷ്കാർക്ക് സാധിച്ചിരുന്നു. ചിറക്കൽ രാജാവുമായുള്ള ഉടമ്പടി മൂലം അവിടുത്തെ വാണിജ്യകുത്തകയും കൈവശമായി. കോലത്തിരി കുടുംബത്തിൽപ്പെട്ട പള്ളിശാഖയിലെ ഉദയവർമ്മനാണ് ഇംഗ്ലീഷ്കാരുമായി ഈ ഉടമ്പടി ഉണ്ടാക്കുന്നത്.9. കടത്തനാട്ടെ വാഴുന്നവരുമായി ഉഗ്രമായ ഒരു സംഘട്ടനത്തിന് ശേഷം മാത്രമെ അവിടത്തെ വാണിജ്യകുത്തക കൈയ്യടക്കുവാൻ ഇംഗ്ലീഷ്കാർക്ക് കഴിഞ്ഞുള്ളു. ഫ്രഞ്ച്കാരുടെ സഹായത്തോട്കൂടി വടകരയിലെ ഭരണാധിപൻ ഇംഗ്ലീഷ്കമ്പനിയെ എതിർത്തെങ്കിലും യുദ്ധത്തിൽ പരാജിതനായ അദ്ദേഹം ഇംഗ്ലീഷ്കാരുമായി സന്ധിചെയ്യുവാൻ നിർബ്ബന്ധനുമായി. ഇത് വഴി കുരുമുളകിന്റെയും ഏലത്തിന്റെയും വാണിജ്യകുത്തക നേടുവാനും കഴിഞ്ഞു. 1726 ഡിസംബർ ആറിലെ തലശ്ശേരി കൺസൾട്ടേഷനിൽ ഇരവിലനാട് നമ്പ്യാർമാർ തമ്മിൽ ഉണ്ടായിരുന്ന മത്സരത്തെക്കുറിച്ച് രേഖപ്പെടുത്തുന്നുണ്ട്. "ഡിസംബർ 4-ാം തിയ്യതി നമ്മുടെ സ്നേഹിതരായ മൂത്ത നമ്പ്യാരും ചാക്യാത്ത്

നമ്പ്യാരും ചന്ദ്രോത്ത് നമ്പ്യാരും കൂടി കോട്ടയിൽ വരികയും രാജാവിനെകണ്ട് കൂടിയാലോചന നടത്തുകയും ചെയ്തു. നമ്മുടെ താൽപര്യങ്ങൾക്കനുസൃതമായി നിലകൊള്ളാമെന്ന് അവർ സമ്മതിച്ചു. പക്ഷെ കാര്യങ്ങൾ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരുക്കുന്നു എന്നുള്ളതിനാൽ പകരം തങ്ങളെയും സഹായിക്കുമെന്ന് നാം സമ്മതിക്കണമെന്നും അത് എഴുതി ഒപ്പു വെക്കണമെന്നും അവർ ആവശ്യപ്പെട്ടു. കൊരിങ്ങോട്ട നായർക്ക് നമ്മോട് ശത്രുതയുള്ളതിനാൽ അയാൾക്കെതിരായി ഇവരെ സഹായിക്കാമെന്ന് നാം ഏറ്റു. ഇന്നത്തെ പരിതസ്ഥിതിയിൽ ഇവിടെ നമുക്ക് മറ്റു സുഹൃത്തുക്കൾ ഇല്ലാത്തതിനാൽ ഇവരുമായി സ്നേഹത്തിലായിരിക്കേണ്ടത് ആവശ്യമാണ്. അതുകൊണ്ട് നാം അവർക്ക് ഇങ്ങിനെ എഴുതിക്കൊടുത്തു. കൊരിങ്ങോട്ട് നായരുമായി നാം ശത്രുതയിലാകയാലും ഇവർ നമ്മുടെ ഭാഗത്താകയാലും മുൻപറഞ്ഞ നായരുമായി ഇവരുടെ അനുവാദമില്ലാതെയും ഇവരോടാലോചിക്കാതെയും നാം ഒത്തുതീർപ്പുണ്ടാക്കുന്നതല്ല. കൊരിങ്ങോട്ട് നായർ ഇവരെ എതിർത്താൽ കഴിയുന്ന എല്ലാ സഹായവും നാം ഇവർക്ക് ചെയ്തുകൊടുക്കും. അതേസമയം നമ്മളുമായി സ്നേഹത്തിൽ വർത്തിക്കാമെന്നും നമ്മുടെ അനുവാദമില്ലാതെ കൊരങ്ങോട്ടു നായരുമായി സമ്പർക്കം പുലർത്തുകയില്ലെന്നും ഇവർ നമുക്കും എഴുതിത്തന്നു. നമ്മുടെ രാജാവിൻെറ (കോലത്തിരി) ആജ്ഞകൾ അനുസരിക്കാമെന്നും അദ്ദേഹത്തോടൊപ്പം നിൽക്കാമെന്നും സമ്മതിക്കുന്ന ഒരോല അവർ നമ്മുടെ രാജാവിനും നൽകി"10. കാര്യങ്ങൾ ഈ വഴിക്ക് നീങ്ങിയപ്പോൾ ക്രുദ്ധരായ ഫ്രഞ്ചുകാർ വടകര ആക്രമിക്കുകയും 1725ൽ ക്യാപ്റ്റൻ ലാബോർഡസയുടെ നേതൃത്വത്തിൽ മാഹി കൈയ്യടക്കുകയും ചെയ്തു.11. ഇതിനെത്തുടർന്ന് ഇംഗ്ലീഷ്കാരും ഫ്രഞ്ചുകാരുമായുള്ള വഴക്ക് മൂർച്ഛിക്കുകയും ഏത് നാട്ട് രാജാവിൻെറ കലഹത്തിലും അന്യോന്യം ചേരിപിടിക്കുകയും പതിവായിരുന്നു. എന്നാൽ 1725ൽ ഇംഗ്ലണ്ടും ഫ്രാൻസും തമ്മിലുള്ള യുദ്ധം അവസാനിച്ച് സന്ധിയായതോടെ ഇവിടെയും ഇരുകൂട്ടരും രമ്യതയിലായി.12. തുടർന്ന് ഇരുകൂട്ടർക്കും ഗുണകരമായ രീതീയിൽ കുരുമുളകിൻെറ വില കുറക്കുവാൻ കൂട്ടായി പ്രവർത്തിക്കുകയാണ് ചെയ്തത്. ഇവർ തമ്മിലുണ്ടാക്കിയ സന്ധിയിലെ വ്യവസ്ഥകളിലൊന്ന് താഴെപറയും വിധമായിരുന്നു. "കുരുമുളകിൻെറ വില അതാത് കാലത്തെ ആവശ്യത്തിനനുസരിച്ച് പരസ്പരം ഗുണകരമായ രീതിയിൽ നിജപ്പെടുത്തി നിർത്താമെന്നും മുന്നറിയിപ്പ് കൂടാതെ ഈ വിലയിൽ ഇരുകൂട്ടരും മാറ്റം വരുത്തുകയില്ലെന്നും നാം പരസ്പരം സമ്മതിക്കുന്നു."13.

കൊളോണിയൻ ശക്തികളുടെ വാണിജ്യതാല്പര്യങ്ങളെ, അടിസ്ഥാനപ്പെടുത്തി ആയിരുന്നു നാട്ട്രാജാക്കൻമാരുമായുള്ള കമ്പനിയുടെ ബന്ധങ്ങൾ നിശ്ചയിക്കപ്പെട്ടിരുന്നത്. ഏത് സമയവും പണത്തിന് ബുദ്ധിമുട്ടനുഭവിച്ച് കൊണ്ടിരുന്ന രാജാക്കൻമാർക്ക് കമ്പനി മുൻകുർ പണം നൽകുകയും അങ്ങനെ അടുത്ത വാണിജ്യ വിളകളുടെ വില കമ്പനി സ്വയം നിശ്ചയിക്കുകയും ചെയ്തു. അങ്ങനെ വില നിശ്ചയിക്കുവാനുള്ള അധികാരം കമ്പനിയുടെ കുത്തകയായിത്തീർന്നു. ഫ്രഞ്ചുകാരും ഡച്ചുകാരും, രാജാക്കൻമാരുമായി സാധനങ്ങൾക്ക് വിലപേശിത്തുടങ്ങുമ്പോൾ ഇവർ തമ്മിലുള്ള മത്സരവും ശത്രുതയും വർദ്ധിക്കുകയുമായി. വിദേശശക്തികളുടെ മത്സരം മൂക്കുന്തോറും സാധനങ്ങളുടെ വിലയും വർദ്ധിച്ചുകൊണ്ടിരുന്നു. കാരണം കൂടുതൽ വില നൽകി ഈ നാട്ടുരാജാക്കൻമാരെ പ്രീണിപ്പിക്കുക എന്നത് ഓരോരുത്തരുടേയും ആവശ്യമായിരുന്നു. അത്പോലെ സമാധാനസന്ധി കൈവരിച്ചാൽ വില ഇടിയുകയും ചെയ്യും. ഇത്കൂടാതെ കടം തിരിച്ചടക്കുവാൻ പറഞ്ഞ് നാട്ടുരാജാക്കൻമാരെ കമ്പനി ബുദ്ധിമുട്ടിക്കുകയും പതിവായിരുന്നു. കമ്പനിയോടുള്ള ഇവരുടെ കടപ്പാട് ബോദ്ധ്യപ്പെടുത്തുവാൻ വേണ്ടിയായിരുന്നു ഇംഗ്ലീഷ്കാർ ഇത്തരം അടവുകൾ പ്രയോഗിച്ചിരുന്നത്. മാഹിയിലെ ഫ്രഞ്ചുകാരുമായി സമാധാന സന്ധിയിലായപ്പോഴും ഇതേ അടവാണ് ഇംഗ്ലീഷ്കാർ ചെയ്തിരുന്നത്. 1728 ഏപ്രിൽ 22ലെ തലശ്ശേരി കൺസൾട്ടേഷനിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. "നമുക്ക് തരുവാനുള്ള 1,82,000പണം തരുവാൻ സാമൂതിരിയോടും, കടം ഉടൻ അടച്ചു തീർക്കുവാൻ പൂണിത്തുറയിലെ രാജാവിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. ഇത്തരമൊരാവശ്യം രാജമാതാവിൻെറ നേരെയും നാം ഉന്നയിച്ചിട്ടുണ്ട്. അതുപോലെ വാഴുന്നോർ തരുവാനുള്ള 25,000 പണം ഉടൻ അടക്കണമെന്നും അതല്ലെങ്കിൽ പണം തിരിച്ചടക്കാത്തതിനുള്ള കാരണങ്ങൾ വിശദമാക്കണമെന്നും നാം ആവശ്യപ്പെട്ടിരിക്കുന്നു. ഇത്തവണ രാജാവ് തന്ന എഴുത്തിലെ സ്വരം സാധാരണയിൽ നിന്നും ഭിന്നമായിരുന്നതിനാൽ തലശ്ശേരിതലവനുമായി നേരിട്ട് കൂടിക്കാഴ്ച നടത്തുവാൻ രാജാവിനെ ക്ഷണിക്കുകയും നമുക്ക് കാണിക്കാവുന്ന ദാക്ഷിണ്യങ്ങൾ കാണിക്കാമെന്ന് ഉറപ്പ് കൊടുക്കുകയും ചെയ്തിട്ടുണ്ട്."14. നിർബന്ധപൂർവ്വമുള്ള ഇത്തരം നടപടികളുടെ ഫലമായി കേരളത്തിൽ തങ്ങളുടെ സ്വാധീനമേഖല വിപുലപ്പെടുത്തുവാൻ ഇംഗ്ലീഷ്കാർക്ക് കഴിഞ്ഞിരുന്നു. ഇംഗ്ലീഷ്സ്വാധീനം വർദ്ധിക്കുന്നതിന് തുല്യമായി ഡച്ച്കാരുടേയും ഫ്രഞ്ചുകാരുടേയും സ്വാധീനം കുറയുകയും ചെയ്തു.

ഏതായാലും ഇംഗ്ലീഷ്കമ്പനിക്ക് വിദേശശക്തികളിൽ നിന്നും നാട്ടുരാജാക്കൻമാരിൽ നിന്നും നേരത്തെ തന്നെ വളരെയധികം എതിർപ്പുകൾ നേരിടേണ്ടതായി വന്നിട്ടുണ്ട്. 1721 ഏപ്രിൽ മാസത്തിൽ തിരുവിതാംകൂറിലെ നായർ പ്രഭുക്കൻമാർ അഞ്ചുതെങ്ങിലെ (അഞ്ചെങ്കോ) ഇംഗ്ലീഷ്കാരെ കൂട്ടക്കൊല ചെയ്യുകയുണ്ടായി.15. ഏതാണ്ട് ആറുമാസക്കാലം ഇംഗ്ലീഷ്കോട്ട ഉപരോധിക്കപ്പെട്ടു. ആറ്റിങ്ങൽ റാണിക്കുപോലും ഇക്കാര്യത്തിൽ നായർ മേധാവികളെ സ്വാധീനിക്കുവാൻ സാധിച്ചില്ല. മാർത്താണ്ഡവർമ്മ 1727ൽ ഭരണമേൽക്കുന്നതിന് മുമ്പ് ഒരുതരം അരാജകത്വമാണ് തിരുവിതാംകൂറിൽ നിലനിന്നിരുന്നത്. ദുരാഗ്രഹികളായ ബ്രാഹ്മണ പുരോഹിതൻമാരുടെ പിന്തുണയോടെ, എട്ടുവീട്ടിൽ പിള്ളമാർ

(നായർ മാടമ്പിമാർ) കലാപം അഴിച്ചുവിടുകയും നാട്ടിൽ വളരെയധികം സംക്രാന്തി ഉളവാക്കുവാൻ ഇത് കാരണമാകുകയും ചെയ്തു. നായർപ്രഭുക്കൻമാരുടെ വർദ്ധിച്ച ശക്തിക്ക് എതിരെ ഇംഗ്ലീഷ്കാരുടെ കണ്ണുതുറപ്പിച്ച ഒരു സംഭവമായിരുന്നു ഇത്. അരാജകാവസ്ഥ തങ്ങളുടെ കച്ചവടത്തെ സാരമായി ബാധിക്കുമെന്നവർ മനസ്സിലാക്കിയുമിരുന്നു. തൻമൂലം ബലവത്തായ ഒരു രാജകീയശക്തി വളർന്നു വരുവാൻ അവർ ആഗ്രഹിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്തു. അഞ്ചുതെങ്ങിലെ ദുരിതം കഴിഞ്ഞ് രണ്ടു വർഷത്തിനകം തന്നെ ആറ്റിങ്ങൽ റാണിയുമായി അവർ ഒരു ഉടമ്പടിയിൽ ഏർപ്പെട്ടു.16. മാർത്താണ്ഡവർമ്മയുടെ കീഴിൽ ശക്തമായ ഒരു രാജസ്ഥാനമുണ്ടായതിന്റെ പിന്നിൽ ഇംഗ്ലീഷ്കമ്പനിയുടെ കരങ്ങൾ കാണാം. തിരുവിതാംകൂർ രാജാവും ഇംഗ്ലീഷ്കാരുമായി സുദൃഢമായ സ്നേഹബന്ധം വളർന്നുവരികയും ഇത് ഇരുകൂട്ടർക്കും ഉപകാരപ്രദമാകുകയും ചെയ്തു. എന്നാൽ മലബാറിലാകട്ടെ ഇതിന് നേരെ വിപരീതമായ നയമാണ് അവർ സ്വീകരിച്ചത്. ചെറുതും വലുതുമായ അനേകശക്തികളെ അവർക്ക് നേരിടേണ്ടതുണ്ടായിരുന്നു. ഈ ചെറുകിടരാജസ്ഥാനങ്ങൾ അതേപടി നിലനിർത്തുകയായിരുന്നു മലബാറിലെ ഇംഗ്ലീഷ് താല്പര്യത്തിന് ഗുണകരം. തൻമൂലം ഏതെങ്കിലും ഒരു രാജശക്തി അപ്രതിരോധ്യമായി വളർന്നു വരുന്നത് അവർക്ക് ഇഷ്ടമുള്ള കാര്യമായിരുന്നില്ല.

ഇംഗ്ലീഷ് കേന്ദ്രമായ തലശ്ശേരിക്ക് തെക്ക് ആറ് കിലോമീറ്റർ അകലെയാണ് മാഹി സ്ഥിതി ചെയ്തിരുന്നത്. ഡച്ചുതാവളമായി ഫോർട്ട് ആഞ്ചലോസ് തലശ്ശേരിക്ക് വടക്ക് ഭാഗത്തായി പത്ത് കി.മീ. അകലെയുമായിരുന്നു. ഈ ശക്തികളോരോന്നും തങ്ങളുടെ സ്വാധീനം വർദ്ധിപ്പിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയുമായിരുന്നുവല്ലോ. അതുകൊണ്ടുതന്നെ മലബാറിലെ കൊച്ചുകൊച്ചു രാജാക്കൻമാരെ പ്രീണിപ്പിക്കുവാൻ ഇംഗ്ലീഷ്കാർ തയ്യാറായി. വളരെയധികം തന്ത്രവും ഉപജാപവും ഇതിനാവശ്യമായിരുന്നു. മലബാറിലെ രാജാക്കൻമാരുമായി അവർ ഉടമ്പടികളും ധാരണകളും ഉണ്ടാക്കി. കോലത്തിരിയായിരുന്നു മലബാറിൽ ഇംഗ്ലീഷ്കാരുടെ പ്രധാനപ്പെട്ട സഹായി. ചിറയ്ക്കൽ രാജാവിനെ, 'നമ്മുടെ രാജാവ്' , എന്നാണ് ഇംഗ്ലീഷ് രേഖകളിൽ വിശേഷിപ്പിച്ചിട്ടുള്ളത്. കോലത്തിരികുടുംബത്തിലെ പള്ളിശാഖ ഇതിൽ ഏറ്റവും പ്രബലമായിത്തീർന്നു. ഈ ശാഖയിലെ ഉദയവർമ്മനുമായി 1724ൽ ഇംഗ്ലീഷ്കാർ ഉടമ്പടി ഉണ്ടാക്കിയതിന് ശേഷം അവരുടെ നിലപാട് എന്നും ചിറയ്ക്കൽ രാജാവിന്റെ താൽപര്യത്തിനൊത്ത വിധമായിരുന്നു. ഇതിന്റെ ഫലമായാണ് കണ്ണൂർ അറയ്ക്കൽ രാജാവുമായി അവർക്ക് പിണങ്ങേണ്ടതായി വന്നത്. 1721ൽ കോലത്തിരിയും ആലിരാജാവുമായി ഏറ്റുമുട്ടിയപ്പോൾ ഇംഗ്ലീഷ്കാർ ഉദയവർമ്മൻ കോലത്തിരിയേയും ഡച്ചുകാർ ആലിരാജയേയും സഹായിച്ചു.17. ഇരുകൂട്ടർക്കും വേണ്ട പടക്കോപ്പുകൾ നൽകിയത് ഈ വിദേശക്കമ്പനികളായിരുന്നു. സംഘട്ടനത്തിലേർപ്പെടുന്ന ഓരോ പാർട്ടിക്കും ആളും അർത്ഥവും ആവശ്യമാണല്ലോ. ഇംഗ്ലീഷ് റെക്കാഡുകളായ അഞ്ചെൻഗോ, തലശ്ശേരി ഫാക്ടറിഡയറികളിലും മറ്റു രേഖകളിലും ഇത്തരം സഹായങ്ങൾ നൽകി വന്നിരുന്നതിന്റെ കണക്കുകൾ ധാരാളമുണ്ട്. ഇത്തരം സംഘട്ടനങ്ങളും സഹായങ്ങളും വിദേശികളുടെ കച്ചവടങ്ങൾ ഏറെ ലാഭകരമാക്കുവാൻ ഉപകരിച്ചിട്ടുമുണ്ട്.18. 1744ൽ മാർത്താണ്ഡവർമ്മ അഞ്ചുതെങ്ങിലെ ഇംഗ്ലീഷ്പ്രധാനിയോട് വാഗ്ദാനം ചെയ്തത്, "ഓരോ തോക്കിനും ഓരോ കണ്ടി കുരുമുളക്" ആണ്. (A candy of pepper for a musquet you let me have). "നമ്മുടെ രാജ്യം വടക്കുനിന്നും തെക്കുനിന്നും ഒരു പോലെ ശത്രുക്കളെ നേരിടുകയാണ്. അതിനാൽ കമ്പനി തരുന്ന ഓരോ നല്ല തോക്കിനും ഒരു കണ്ടി കുരുമുളക് തരുവാൻ നാം തയ്യാറാണ്. ഓരോ വർഷവും 15,000 വെടിയുണ്ടകളും 30 കണ്ടി ഇയ്യവും 50 കണ്ടി വെടിയുപ്പും 15 കണ്ടി ബ്രാംസ്റ്റോണും മോട്ടോറുകൾക്കുള്ള 200 ഷെല്ലുകളും 200 ഹാൻഡ് ഗ്രനേഡുകളും 500 പീരങ്കി ഉണ്ടകളും നമുക്ക് തരേണ്ടിയിരിക്കുന്നു. ഈ വർഷം നമുക്ക് 2000 ചെറിയ തരം ആയുധങ്ങളും നൽകണം. ഈ സാധനങ്ങൾ യൂറോപ്പിൽ ആണ്ടോടാണ്ട് നിലവിലുള്ള വിലയിൽ വേണ്ടത്ര മാറ്റം വരുത്തി നമുക്ക് തരുമെന്ന് വിശ്വസിക്കുന്നു."19. വെടിമരുന്നുകളും മറ്റ് ആയുധങ്ങളും കിട്ടേണ്ടത് ഓരോ രാജാവിന്റെയും ആവശ്യമായിരുന്നത് കൊണ്ട് ഒരു നിശ്ചിതവിലക്ക് നൽകുന്ന വാണിജ്യവിഭവങ്ങൾക്ക് പകരം ഈ വെടിക്കോപ്പുകൾ രാജാക്കൻമാർക്ക് നൽകുവാൻ ·വിദേശശക്തികൾ തയ്യാറാകുകയും ചെയ്തു. 1755ൽ അഞ്ച് തെങ്ങിലെ തലവൻ എഴുതിയ ഒരു കത്തിലുള്ള വിവരം ഇവിടെ പ്രസക്തമാണ്. "ഡച്ചുകാരും ഡെൻമാർക്കുകാരും മറ്റു യൂറോപ്യൻമാരും അദ്ദേഹത്തിന് (തിരുവിതാംകൂർ രാജാവിന്) ആയുധങ്ങൾ നൽകുകയും പകരം അവർക്ക് കുരുമുളക് ലഭിക്കുകയും ചെയ്തു. കുളച്ചൽ യുദ്ധത്തിലും ഈ നയമാണ് വിദേശിയർ അനുവർത്തിച്ചത്. മറ്റുള്ളവരെപ്പോലെ സ്നേഹപ്രകടനം നാം നടത്തിയില്ല എന്ന ന്യായേന നമുക്ക് കുരുമുളക് തരുന്നത് അദ്ദേഹം തടയുകയുണ്ടായി. അതിനാൽ മടിയോടുകൂടിയാണെങ്കിലും ഈ രാജാവിന് കമ്പനി വഴങ്ങിക്കൊടുക്കേണ്ടതായിവന്നു."20. ഇത്തരം അടവുകളാണ് കേരളത്തിലുടനീളം ഇംഗ്ലീഷ്കാർ പ്രയോഗിച്ചത്.

1732ൽ കർണ്ണാടകർ കോലത്തിരിയെ ആക്രമിക്കുമ്പോൾ മാത്രമാണ് ആലിരാജാവും ഉദയവർമ്മനുമായുള്ള വഴക്ക് പറഞ്ഞൊതുക്കുന്നത്.21. ഉത്തരമലബാറിലെ പ്രധാനപ്പെട്ട ഈ സംഗതിയെക്കുറിച്ച് 1801ലെ റവന്യു ബോർഡിന്റെ നടപടികളിൽ വിശദമായി വിവരിച്ചിട്ടുണ്ട്.22. 1732 ഒക്ടോബർ 21-ാം തിയതി ഉദയവർമ്മൻ കർണ്ണാടകരുമായി ഒത്തുതീർപ്പുണ്ടാക്കി. എന്നാൽ രണ്ടുവർഷത്തിന് ശേഷം കർണ്ണാടകർ വീണ്ടും കോലത്തുനാട് ആക്രമിക്കുകയുണ്ടായി. സ്വന്തം താൽപര്യം സംരക്ഷിക്കണമെന്ന് ഇംഗ്ലീഷ്കാർ ഉറച്ചു. അങ്ങനെ അവർ ചിറയ്ക്കൽ രാജാവിന് വേണ്ടി കർണ്ണാടകരോട് സന്ധിസംഭാഷണത്തിലേർപ്പെടുകയും സമാധാന ഉടമ്പടി

ഉണ്ടാക്കുകയും ചെയ്തു. ഇക്കാര്യം മലബാർ കമ്മീഷ്ണർമാർ രേഖപ്പെടുത്തിയിട്ടുള്ളതിപ്രകാരമാണ്. "അങ്ങനെ ഈ തീരത്ത് ഇംഗ്ലീഷ് ആധിപത്യത്തിന്റെ വികസനം വളരെ ത്വരിതഗതിയിലായിരുന്നു. എന്ന് കാണുവാൻ സാധിക്കും." 1727ൽ തന്നെ തലശ്ശേരിയിലെ കമ്പനി ഉദ്യോഗസ്ഥൻമാർ, കോലത്തിരിയിൽ നിന്നും ധർമ്മ പട്ടണവും കർണ്ണാടകക്കാരിൽ നിന്നും മാക്കരയിലെ കോട്ടയും കൈവശപ്പെടുത്തി. 1749ൽ മാക്കരദ്വീപ് പൂർണ്ണമായും കമ്പനിയുടെ അധീനതയിലായി.23. ഏതായാലും ധർമ്മപട്ടണം ദ്വീപ് എന്നും ഒരു തർക്കപ്രദേശമായിരുന്നു. 1734ൽ ദീർഘമായ ചർച്ചക്ക്ശേഷമാണെങ്കിലും ഈ ദ്വീപ് ഉദയവർമ്മനിൽ നിന്നും കൈവശപ്പെടുത്തുന്നതിൽ ഇംഗ്ലീഷ്കാർ വിജയിക്കുകതന്നെ ചെയ്തു.24. ഈ തീട്ടൂരം തലശ്ശേരി കൺസൽട്ടേഷനിൽ ചേർത്തിരിക്കുന്നത് ഇപ്രകാരണാണ്. "പള്ളിക്കൊട്ടാരത്തിലെ രാജകുമാരനും കോലത്തുനാട്ടിലെ ഇളയ രാജാവുമായ ഉദയവർമ്മൻ കൽപിച്ചു കൊടുക്കുന്ന തീട്ടൂരം. നമ്മുടെതായ ധർമ്മപട്ടണം ദ്വീപും അതിനോടു തൊട്ടു കിടക്കുന്ന നദികളാൽ ചുറ്റപ്പെട്ട പ്രദേശവും മണൽത്തിട്ട ഉൾപ്പെടെയുള്ള നദികളും പള്ളിക്കൊട്ടാരത്തിലെ ഇളയ രാജാവായ നാം സന്തോഷസമേതം ഇംഗ്ലീഷ് കോട്ടയിലെ ഇപ്പോഴത്തെ തലവനായ സ്റ്റീഫൻ ലോക്ക് കൊല്ലവർഷം 900-ാം മാണ്ട് (മേ 1734) നാം കൽപ്പിച്ച് അനുവദിച്ചു കൊടുത്തിരിക്കുന്നു."25. 1739ൽ കർണ്ണാടകർ വീണ്ടും കോലത്തുനാട് ആക്രമിക്കുകയുണ്ടായി. ഈ സമയത്ത് ഇംഗ്ലീഷ്കാരും ഫ്രഞ്ചുകാരും ഒരുപോലെ കോലത്തിരിയുടെ സഹായത്തിനെത്തുകയും യുദ്ധം അവസാനിപ്പിക്കുവാൻ മുൻകൈയ്യെടുക്കുകയും ചെയ്തു.

ഇതിനിടയിൽ യൂറോപ്പിൽ ഫ്രാൻസും ഇംഗ്ലണ്ടും തമ്മിൽ യുദ്ധമാരംഭിച്ചതോടെ ഇവിടേയും അതിന്റെ അലയൊലിയുണ്ടായി. ഫ്രഞ്ചുകാർ, ഇംഗ്ലീഷ്കാരുടെ ഉറ്റസുഹൃത്തായിരുന്ന ചിറയ്ക്കൽ രാജാവിന്റെ കീഴാളരായിരുന്ന ഇരവിലനാട് നമ്പ്യാർമാരെ ആക്രമിച്ചു.26. മാഹിയിലെ ഫ്രഞ്ചുകാർ വടകരയിലെ വാഴുന്നവരെ തങ്ങളുടെ ആശ്രിതനായി കണക്കാക്കുകയും വാഴുന്നവരുടെ നാട്ടിൽ വിളയുന്ന കുരുമുളക് കുത്തകവിലക്ക് കൈവശപ്പെടുത്തുക തങ്ങളുടെ അവകാശമായി ധരിക്കുകയും ചെയ്തു. ചിറയ്ക്കൽ രാജാവിന്റെ അനുവാദം കൂടാതെ കച്ചവടകാര്യങ്ങളെക്കുറിച്ച് തീരുമാനമെടുക്കുവാനുള്ള വാഴുന്നവരുടെ അവകാശം ഇംഗ്ലീഷ്കാർ അംഗീകരിച്ചിരുന്നില്ലെങ്കിലും സമാധാനം കൈവരിക്കുന്നതിന് വേണ്ടി വടകരയുടെ മേലുള്ള ഫ്രഞ്ചുകാരുടെ അവകാശവാദം 1725ൽ ഇംഗ്ലീഷ്കാർ അനുവദിച്ചുകൊടുക്കുകയാണുണ്ടായത്. പക്ഷെ തുറന്ന ഒരു സംഘട്ടനത്തിന് സാദ്ധ്യത ഉണ്ടായപ്പോൾ ഇംഗ്ലീഷ്കാർ തങ്ങളുടെ നിലപാട് പുനഃപരിശോധിക്കുകയുണ്ടായി. തലശ്ശേരി കൺസൽട്ടേഷനിൽ ഇത് സംബന്ധമായി രേഖപ്പെടുത്തിയിട്ടുള്ളതിപ്രകാരമാകുന്നു, "വാഴുന്നോരെപ്പോലെ നമ്പ്യാരേയും തങ്ങളുടെ ആശ്രിതൻമാരാക്കുവാനാണ് ഫ്രഞ്ചുകാരുടെ ശ്രമം. വാഴുന്നോർ കുഞ്ഞുഹോമു രാജാവിന്റെ ആശ്രിതനാണെങ്കിലും ഫ്രഞ്ചുകാരുടെ സഹായമുള്ളതിനാൽ അത് വകവെച്ചുകൊടുക്കുവാൻ വാഴുന്നോർ തയ്യാറില്ല. വാഴുന്നോരുടെ രാജ്യത്തെ കുരുമുളക് മുഴുവൻ ഫ്രഞ്ചുകാർ കൈയ്യടക്കിയിരിക്കുകയാണ്. വാഴുന്നോർ കുഞ്ഞുഹോമിയുടെ ആശ്രിതനായതുകൊണ്ട് ഈ കുത്തക അനുവദിച്ചുകൊടുക്കുവാനുള്ള അധികാരം വാഴുന്നോർക്കില്ലെങ്കിലും വളരെ വർഷങ്ങൾക്ക് മുമ്പ് തന്നെയുള്ള തങ്ങളുടെ അവകാശമാണിതെന്ന് ഫ്രഞ്ചുകാർ വാദിക്കുന്നു. കുഞ്ഞുഹോമുവാകട്ടെ ഇത് ഒരിക്കലും അനുവദിച്ച് കൊടുത്തിട്ടുമില്ല.27. അതുകൊണ്ട് നമ്പ്യാർമാർ ഫ്രഞ്ചുകാരുടെ കൈയ്യിലകപ്പെടുന്നതിന് മുമ്പ് അവരുമായി ഉപരോധ പ്രതിരോധക്കരാറിലേർപ്പെടുവാൻ തലശ്ശേരിയിലുള്ള കമ്പനി ഉദ്യോഗസ്ഥൻമാർ തീരുമാനിച്ചു. 1739 സെപ്റ്റംബർ 7-ാം തിയ്യതിയാണിത്. "ഇംഗ്ലീഷ് കമ്പനിയുമായി ആരെങ്കിലും യുദ്ധത്തിന് പുറപ്പെടുകയാണെങ്കിൽ അവർക്ക് യാതൊരു വിധ സഹായവും ചെയ്യുകയില്ലെന്ന് ഞങ്ങൾ സമ്മതിക്കുന്നു. ഞങ്ങളുമായി ആരെങ്കിലും യുദ്ധത്തിന് തയ്യാറാകുകയാണെങ്കിൽ കമ്പനി അവരേയും ഒരു വിധത്തിലും സഹായിക്കുന്നതല്ല." ഇതായിരുന്നു ഉടമ്പടിയിലെ വ്യവസ്ഥ. "ഞങ്ങളുടെ സ്ഥലത്തുകൂടി കമ്പനിയുടെ വക ചരക്കുകൾ തലശ്ശേരിയിലേക്ക് കൊണ്ടുവരുന്നത് ഞങ്ങൾ തടസ്സപ്പെടുത്തുകയില്ലെന്ന് മാത്രമല്ല, മറിച്ച് അങ്ങനെ ചെയ്യുവന്നവരെ ഞങ്ങൾ തടയുന്നതാണ്. തലശ്ശേരിയിൽ നിന്നും ഞങ്ങളുടെ നാട്ടിലേക്ക് കൊണ്ടുവരുന്ന ചരക്കുകളുടെ കാര്യത്തിൽ കമ്പനിയും ഇതേവിധം ചെയ്യേണ്ടതാണ്. ബഹുമാനപ്പെട്ട കമ്പനി ഞങ്ങളിൽ നിന്നും സഹായം ആവശ്യപ്പെടുന്ന സന്ദർഭങ്ങളിൽ ഞങ്ങളത് നൽകുന്നതും ഏതെങ്കിലും ശക്തികൾ (യൂറോപ്യൻമാരും പലകികോട്ട് രാജാവും ഒഴിച്ച്) ഞങ്ങളെ എതിർക്കുന്ന സന്ദർഭങ്ങൾ സായുധരായ നായൻമാരുടെ സഹായം ഞങ്ങൾക്കു നൽകുവാൻ കമ്പനി ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്."28. ഇവയായിരുന്നു ഉടമ്പടിയിലെ മറ്റു വ്യവസ്ഥകൾ. രണ്ടത്തറയിലെ അച്ചൻമാർ കോലത്തിരിയുടെ സാന്നിദ്ധ്യത്തിൽ മറ്റൊരുമ്പടി ഇതുപോലെ തന്നെ ചെയ്യേണ്ടതുണ്ടായിരുന്നു. അതിലെ വ്യവസ്ഥകൾ ഇപ്രകാരമാണ്. "രണ്ടത്തറ ജില്ലയിൽ കടന്ന് വന്ന് കോലത്തിരിയുടെയോ, ഇംഗ്ലീഷ്കമ്പനിയുടെയോ താൽപര്യങ്ങൾക്ക് വിരുദ്ധമായി ആരെങ്കിലും പ്രവർത്തിക്കുകയാണെങ്കിൽ അവർക്കെതിരായി ഞങ്ങൾ പ്രവർത്തിക്കുന്നതും, എന്നാൽ ഈ ആവശ്യത്തിന് ഞങ്ങളുടെ ശക്തി മതിയാകാതെ വരുന്ന സന്ദർഭത്തിൽ കോലത്തിരിയും ഇംഗ്ലീഷ് കമ്പനിയും ഞങ്ങളെ സഹായിക്കേണ്ടതുമാണ്. ഞങ്ങളിൽ ആരെങ്കിലും ഇംഗ്ലീഷ്കാർക്കോ, കോലത്തിരിയ്ക്കോ, എതിരായി തിരിയുകയാണെങ്കിൽ മേൽ പറഞ്ഞ രണ്ടുകൂട്ടർക്കും സമ്മതമായ രീതിയിൽ കലാപകാരിയെ ഞങ്ങൾ അമർച്ച ചെയ്യുന്നതുമാണ്. 1741 ജൂൺ 12ന് (മലയാളവർഷം 916) എഴുതി ഒപ്പു വെച്ചത്"29. അച്ചൻമാരുടെ മേൽ കമ്പനിക്ക് അധീശാധികാരം നൽകുന്ന

തിന്നും അതേ സമയം കോലത്തിരി, അച്ഛൻമാരെ കണ്ടമാനം നികുതി ചുമത്തി ഉപദ്രവിക്കാതിരിക്കുന്നതിനും ഉദ്ദേശിച്ചു കൊണ്ടുള്ളതായിരുന്നു ഈ നടപടി.30. ഫ്രഞ്ചുകാരെ തീർത്തും പരാജയപ്പെടുത്തുന്നതിനുള്ള കളമൊരുക്കപ്പെട്ടത് ഈ വിധത്തിലാണ്. ഇംഗ്ലീഷ്കാർ ഫ്രഞ്ചുകാരിൽ നിന്നും മാഹി പിടിച്ചെടുത്തിരുന്നുവെങ്കിലും 1741ൽ യൂറോപ്പിൽ ഇവർ തമ്മിലുള്ള യുദ്ധമവസാനിച്ചപ്പോൾ മാഹി വീണ്ടും ഫ്രഞ്ചുകാർക്ക് തിരിച്ചുകൊടുക്കുകയുണ്ടായി. തുടർന്ന് ഇരുവരും ഉണ്ടാക്കിയ ഉടമ്പടിയിൽ, "ഇരവിലനാട്ടിലേയും കോട്ടയത്തേയും മലബാറികൾ നമ്മുടെയോ, നമ്മുടെ സംരക്ഷണയിലുള്ളവരുടെയോ, വാണിജ്യകാര്യങ്ങൾ വിഘാതപ്പെടുത്തുകയാണെങ്കിൽ, നാം ഒന്നിച്ച് നമുക്ക് ഏറ്റവും ഗുണകരമായ രീതിയിൽ അവർക്കെതിരെ നടപടി എടുക്കുന്നതാണ്. തലശ്ശേരിയിലെ നാരൻപുറത്ത് നായർ, മൂയിക്കര കോനോത്തു നായർ, മൂയിക്കര കണ്ടൻനായർ, മാഹിയിലെ കൊരിഞ്ഞോട്ടു നായർ, ഇപ്പിച്ചാർത്തു നായർ എന്നിവരെപ്പോലുള്ള രണ്ടു കമ്പനികളുടേയും ചെലവിൽ കഴിയുന്ന മലബാറികളുമായി നാം ഐക്യത്തിലും സമാധാനത്തിലും വർത്തിക്കുന്നതാണ്. അവർ പരസ്പരം കലഹിക്കാതെ കഴിയുന്നിടത്തോളം നാം അവരെ സമാധാനപരമായി ജീവിക്കുവാൻ അനുവദിക്കുന്നതും സംയുക്തമായും യുക്തമായ വിധത്തിൽ നാമവരെ സമാധാനിപ്പിക്കുന്നതും അവരുടെ ആചാരമര്യാദകളെ നാം അനുവദിക്കുന്നതും മറ്റു മലബാറികൾ അവരെ ഉപദ്രവിക്കുന്നതിനെ നാം അനുവദിക്കാത്തതുമാകുന്നു. മുളകിന്റെ വില കഴിയുന്നത്രതാത്തി നിർത്തുകയാണുത്തമം. നമ്മുടെ കച്ചവടക്കാർ കുരുമുളകിന്റെ ഉടമസ്ഥരാകാതെ പ്രത്യേകം ശ്രദ്ധിക്കേണ്ടതായിരിക്കുന്നു. ഉടമസ്ഥനിൽ നിന്നും അവർ താമസിക്കുന്ന സ്ഥലത്തോ, നമ്മുടെ ബസാറുകളിൽ വന്നതിന് ശേഷമോ, ആയിരിക്കണം കുരുമുളക് വാങ്ങേണ്ടത്. നാട്ടിനകത്ത് കുരുമുളകിന്റെ വില ന്യായമായ രീതിയിൽ ഉറപ്പിച്ച് നിർത്തേണ്ടതിനെ സംബന്ധിച്ച് നാം പരസ്പരം ആലോചിച്ചുകൊണ്ടിരിക്കുകയും വേണം. നാം താവളമുറപ്പിച്ചിരിക്കുന്ന സ്ഥലങ്ങളിലെ രാജാക്കൻമാരുമായി എന്തെങ്കിലും അഭിപ്രായവ്യത്യാസമുണ്ടാകുമ്പോൾ, ഫ്രഞ്ചുകാരും വാഴുന്നവരും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളിൽ ഇംഗ്ലീഷ്കാർ മാദ്ധ്യസ്ഥത വഹിക്കേണ്ടതും ഇംഗ്ലീഷുകാരും കോലത്തിരിയും തമ്മിലുണ്ടാകുന്ന ഭിന്നതകളിൽ ഫ്രഞ്ചുകാർ മാദ്ധ്യസ്ഥം വഹിക്കേണ്ടതുമാണ്. നമ്മിൽ ആരെങ്കിലുമായി മലബാറിലെ ഒരു രാജാവിന് ഭിന്നത വരുമ്പോൾ മറുകക്ഷിയുടെ മാദ്ധ്യസ്ഥതക്ക് ഇരുകൂട്ടരും സമ്മതിക്കുകയും സംഗതികൾ പറഞ്ഞൊതുക്കുവാൻ കഴിയുന്ന എല്ലാ ശ്രമങ്ങളും നടത്തിയിട്ടും സാധിക്കാതെ വരുമ്പോൾ ഒത്തുതീർപ്പിന് കീഴടങ്ങുവാൻ വേണ്ടി ആ മലബാർ രാജാവിനെതിരായി ബലപ്രയോഗം നടത്തുവാൻ നമ്മളിൽ ഓരോരുത്തർക്കും അവകാശമുണ്ടായിരിക്കുന്നതുമാണ്. മറിച്ച് നമ്മിൽ ആരെങ്കിലുമാണ് ഒത്തുതീർപ്പ് വ്യവസ്ഥകൾക്ക് സമ്മതിക്കാത്തതെങ്കിൽ മറ്റേ രാഷ്ട്രം നിഷ്പക്ഷത പാലിക്കുകയും ഒരു കാരണവശാലും മലബാർ രാജാവിനെ സഹായിക്കാൻ വയ്യാത്തതുമാണ്."31. ഇതിനിടക്ക് കർണ്ണാടകർ മലബാറിൽ കടന്ന് വീണ്ടും കോലത്തിരിയെ ആക്രമിക്കുകയുണ്ടായി. യുദ്ധം കൊണ്ട് മടുത്ത ഉദയവർമ്മൻ ഇംഗ്ലീഷ്കാരിൽ നിന്നും ഫ്രഞ്ചുകാരിൽ നിന്നും പ്രതീക്ഷിച്ച സഹായം കിട്ടാതെ വന്നപ്പോൾ കർണ്ണാടകരുമായി സമാധാന ഉടമ്പടിയിൽ ഏർപ്പെട്ടു. ഇംഗ്ലീഷ്കാരുമായി ആലോചിക്കാതെ എടുത്ത ഈ തീരുമാനം സൗഹൃദവിരുദ്ധമായിട്ടാണ് അവർ കണക്കാക്കിയത്. ഉദയവർമ്മൻ കർണ്ണാടകരുമായി ഉണ്ടാക്കിയ ഉടമ്പടിയെക്കുറിച്ച് തലശ്ശേരി കൺസൾട്ടേഷനിൽ ഇപ്രകാരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. "കുഞ്ഞുഹോമുവും, മാടായിയിലെ കർണ്ണാടക സൈന്യാധിപനും തമ്മിലുണ്ടാക്കിയ ഒരു സന്ധിവ്യവസ്ഥയെക്കുറിച്ച് ദ്വിഭാഷികളിൽ നിന്നും അറിഞ്ഞ വിവരം തലശ്ശേരി തലവൻ ബോർഡിനെ അറിയിച്ചിട്ടുണ്ട്. ഇപ്പോഴത്തെ ഈ സന്ധിയെക്കുറിച്ച് തലശ്ശേരി തലവൻ തന്നിട്ടുള്ള വിവരത്തിന്റെ രത്തച്ചുരുക്കം ഇതാണ്. കുഞ്ഞിഹോമു കർണ്ണാടകർക്ക് 7000 പഗോഡ നൽകേണ്ടതാണ്. അതുപോലെ മാടായിക്കോട്ട കർണ്ണാടകർ ഒഴിഞ്ഞ് രാജ്യത്ത് നിന്നും പിൻമാറുമ്പോൾ ഒരു ലക്ഷം പഗോഡയും അവർക്ക് നൽകേണ്ടിയിരിക്കുന്നു. സന്ധിപ്രകാരം കർണ്ണാടകർക്ക് ലഭിച്ച മറ്റുള്ള ഭാഗങ്ങളിൽ നിന്നും കോട്ടകൾ ഒഴിഞ്ഞുപോകുമ്പോഴും ഇങ്ങനെ ഒരു സംഖ്യ അവർക്ക് ലഭിക്കേണ്ടതാണ്. ഈ സംഖ്യ നികുതിയായി ജനങ്ങളിൽ നിന്നും പിരിക്കുമ്പോൾ കർണ്ണാടകർ 200 കുതിരകളെ കോലത്തിരി രാജാവിന് നൽകുകയും വേണം."32. ഇതിനെ തുടർന്ന് തങ്ങളോടാലോചിക്കാതെ ചെയ്ത ഈസന്ധിയെക്കുറിച്ച് തങ്ങൾ മനസ്സിലാക്കുന്നുവെന്നും ഇത് മുൻസന്ധി വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്നും കാണിച്ച് തലശ്ശേരി തലവൻ ബദനൂർ രാജാവിനും കോലത്തിരിക്കും എഴുതുകയുണ്ടായി. ഇതിൽ നിന്നും ഉണ്ടാകുന്ന അനന്തരഫലങ്ങൾക്ക് തങ്ങൾ ഒരു വിധത്തിലും ഉത്തരവാദികൾ ആയിരിക്കയില്ലെന്നും ഇംഗ്ലീഷുകാർ വ്യക്തമാക്കിയിരുന്നു.33. ഇംഗ്ലീഷ്കാരിൽ നിന്നും സഹായം ലഭിക്കാതെ വരികയും സമാധാനം കൈവരിക്കുക ആവശ്യമാകുകയും ചെയ്തതിനാലാണ് ഈ ഉടമ്പടിക്ക് താൻ നിർബന്ധനായതെന്ന് കാണിച്ച് സെപ്തംബർ 15-ാം തിയ്യതി കോലത്തിരി ഒരു മറുപടി നൽകുകയുണ്ടായി. "ഭാവിയിൽ ഇത്തരം സന്ദർഭങ്ങൾ ഉണ്ടാകുമ്പോൾ തങ്ങളുടെ സൗഹൃദം തുടരുന്നതാണെന്ന്"34. മേൽപറഞ്ഞ കത്തിൽ പറഞ്ഞിരുന്നു. കമ്പനി പിന്നീട് അത്ര കാര്യമയെടുക്കാതെ ഇവരുമായുള്ള സ്നേഹബന്ധം തുടർന്ന് പോകുകയാണുണ്ടായത്.

ഏതായാലും സമാധാനമായി കഴിഞ്ഞുകൂടുവാൻ കമ്പനിക്ക് സാധിച്ചില്ല. ഓരോ സമയവും ഇവർ ഉൾപ്പെടുന്ന യുദ്ധങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. കമ്പനിയുടെ കച്ചവടബന്ധങ്ങളെയും വികസന മോഹങ്ങളെയും തടസ്സപ്പെടുത്തുവാൻ പിന്നീട് മുതിർന്നത് ആലിരാജയാണ്. സെൻറ് ആഞ്ചലോസിലെ ഡച്ച്കാരുടെ സഹായമുള്ളതിനാലാണ് തങ്ങളോട് എതിർ

ക്കുവാൻ ആലി രാജ മുതിർന്നതെന്ന് ഇംഗ്ലീഷ്കാർ വിശ്വസിച്ചു. അതിനാൽ കൊച്ചിയിലെ ഡച്ച് തലവന് ഇതിനെക്കുറിച്ചെഴുതുവാൻ തലശ്ശേരി കേന്ദ്രങ്ങൾ തീരുമാനിക്കുകയും ചെയ്തു.35. ഈ കത്തിൽ ആലി രാജായും കമ്പനിയുമായുള്ള വൈരത്തിൻെറ കാരണങ്ങൾ വിശദീകരിക്കുകയും കണ്ണൂരിലെ ഡച്ച്കാർക്ക് ഇതിലുള്ള പങ്ക് വിവരിക്കുകയും ചെയ്തിരുന്നു. വീണ്ടും 1746 മാർച്ച് 10-ാം തിയ്യതി കൊച്ചിയിലെ ഡച്ച് കൊമഡോർക്ക് അവർ ഇങ്ങിനെ എഴുതി. "യുക്തിക്കും നീതിക്കും എതിരായി കണ്ണൂരിലെ താങ്കളുടെ മാന്യരായ ആളുകളേയും താങ്കളുടെ ബഹുമാനപ്പെട്ട കോട്ടയേയും അവർ അപമാനിക്കുകയും ആക്രമിക്കുകയും ചെയ്തിട്ടുണ്ടെന്ന് ഞങ്ങൾക്ക് അറിവുള്ളത് കൊണ്ടും എല്ലാ യൂറോപ്യൻമാരോടും അവർ ഈ വിധമാണ് പെരുമാറുന്നത് എന്നത് കൊണ്ടും ഞങ്ങളോട് കൂടിച്ചേർന്ന് നമ്മുടെ പൊതു ശത്രുവായ ആലി രാജയെ നേരിടുന്നതിനും നമുക്ക് ഇരു കൂട്ടർക്കും ഇതുവരെ വരുത്തിയ നഷ്ടം നികത്തിതരുവാൻ അയാളെ നിർബ്ബന്ധിക്കുന്നതിനും താങ്കൾ തയ്യാറുണ്ടോ എന്നറിയുവാൻ ആഗ്രഹിക്കുന്നു."37. ഈ കത്തിന് ഡച്ചുകാരിൽ നിന്നും ലഭിച്ച മറുപടി അത്ര പ്രോത്സാഹജനകമായിരുന്നില്ല. 1746 ഒക്ടോബർ 3ലെ തലശ്ശേരി കൺസൽട്ടേഷനിൽ ഇത് വിധം കാണുന്നു. "കഴിഞ്ഞ മാസം 30-ാം തിയ്യതി കൊച്ചിയിലെ കൊമഡോറിൽ നിന്നും ലഭിച്ച എഴുത്ത് വായിച്ചു. കണ്ണൂരിലെ തങ്ങളുടെ ആളുകളെ ആലി രാജ അപമാനിക്കുകയുണ്ടായെന്ന് അതിൽ സമ്മതിക്കുന്നു എങ്കിലും എങ്ങനെ അതിനെ നേരിടണമെന്നതിനെക്കുറിച്ച് മേലധികാരികൾക്ക് എഴുതിയിട്ടുള്ളതിനാലും മറുപടിക്ക് വേണ്ടി കാത്തിരിക്കുന്നതിനാലും നമ്മോട് കൂടിച്ചേർന്ന് ആലിരാജയെ ആക്രമിക്കുന്നതിന് അവർ തയ്യാറില്ല. ഡച്ച്കാരുടെ നിലപാട് ഇക്കാര്യത്തിൽ എന്താണെന്ന് വ്യക്തമാകയാൽ അക്കാര്യത്തെക്കുറിച്ച് ഇനി അവരോട് ബന്ധപ്പെടുവാൻ ഉദ്ദേശിക്കുന്നില്ല."38. കമ്പനിയെ സംബന്ധിച്ചിടത്തോളം വളരെ വിഷമം പിടിച്ച ഒരു സമയമായിരുന്നു ഇത്. കമ്പനിയുടെ ഉറ്റ സുഹൃത്തായ ഉദയവർമ്മൻ കോലത്തിരി കമ്പനി ഉദ്യോഗസ്ഥൻമാരെ തെല്ലും ഗൗനിക്കാതെ കർണ്ണാടകരുമായി സമാധാനസന്ധിയിൽ ഒപ്പിട്ടു. കമ്പനിയുമായി പിന്നീടുണ്ടായിരുന്ന സൗഹൃദമെല്ലാം വെറും അഭിനയം മാത്രമായിരുന്നു. ആലിരാജയുമായി കമ്പനി ഇടഞ്ഞപ്പോൾ, ഉദയവർമ്മൻ, ആലിരാജയെയാണ് പിന്താങ്ങിയത്. ഉദയവർമ്മൻ 1746 ജൂണിൽ മരിക്കുന്നതുവരെ ഈ നില തുടർന്നുവന്നു.39.

ഉദയവർമ്മൻെറ മരണശേഷം അദ്ദേഹത്തിൻെറ പിൻഗാമികൾ ഇംഗ്ലീഷ്കാരുമായി സ്നേഹത്തിൽ വർത്തിക്കുകയും പലപ്പോഴും തലശ്ശേരിയിലെ ഇംഗ്ലീഷ് തലവനെ സന്ദർശിക്കുകയും ചെയ്തു. തുടർന്ന് കമ്പനിയും പഴയ സ്നേഹബന്ധം പുതുക്കുകയും കോലത്തിരിയെ പ്രീണിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്തിരുന്നു. ആസ്ട്രിയൻ പിൻതുടർച്ചാവകാശത്തെ തുടർന്ന് യൂറോപ്പിൽ വീണ്ടും യുദ്ധം പൊട്ടിപ്പുറപ്പെട്ടു. ഇൻഡ്യയിലും ഇതേ തുടർന്ന് ഇംഗ്ലീഷ്കാരും ഫ്രഞ്ചുകാരും യുദ്ധത്തിലായി. എന്നാൽ 1749ൽ തന്നെ സമാധാന ഉടമ്പടി ഒപ്പു വെക്കുകയും ചെയ്തു. ഇംഗ്ലീഷ്കാർ കോലത്തിരിയെ സഹായിക്കുകയില്ല എന്ന വിശ്വാസത്തിൽ കർണ്ണാടകർ വീണ്ടും കോലത്തിരി കുടുംബത്തിലെ കലഹത്തിൽ നിന്നും മുതലെടുക്കുവാൻ ശ്രമിച്ചു.40. ഈ സമയം ആലിരാജയും കമ്പനിയുമായി സമാധാനത്തിൽ കഴിഞ്ഞുകൂടുകയായിരുന്നു.41. 1749ൽ കർണ്ണാടകരുടെ ശല്യം ഭയന്ന് കുഞ്ഞിരാമൻ കോലത്തിരി ഇംഗ്ലീഷ്കാരുമായി ഉടമ്പടിയിലേർപ്പെട്ടു. ആ ഉടമ്പടിയിലെ പ്രധാനഭാഗം താഴെ പറയും വിധമാകുന്നു. "കഴിഞ്ഞ കുറെക്കാലമായി പള്ളിക്കോവിലകം കൊട്ടാരവും ബഹുമാനപ്പെട്ട കമ്പനിയും തമ്മിൽ നീരസത്തിലായിരുന്നു. ഇതിനൊരറുതി വരുത്തുവാനും മേലിൽ ഇത്തരം സംഭവങ്ങൾ ഇല്ലാതിരിക്കുവാനും കഴിഞ്ഞ കാലത്തെ സൗഹൃദബന്ധം തുടർന്നു പോകുവാനും വേണ്ടി കോതഗുണ ഉണ്ണിത്തമ്പാനും റീജൻറ് കുഞ്ഞിരാമനും തലശ്ശേരി കമ്പനി തലവനായ തോമസ്സ് ബൈഹിൽഡുമായി 1749 മേയ് 5-ാം തിയ്യതി ചിറയ്ക്കൽ കൊട്ടാരത്തിൽ വെച്ച് കൂടിയാലോചിച്ച് ഒത്തുതീർപ്പുണ്ടാക്കിയിരുന്നു. ഞങ്ങൾക്ക് ഇംഗ്ലീഷ്കമ്പനിയുടമയോടുള്ള മഹത്തായ സ്നേഹബന്ധത്തിൻെറ പ്രതീകമായി മടക്കര ദ്വീപ് ബഹുമാനപ്പെട്ട ഇംഗ്ലീഷ്കമ്പനിക്ക് വിട്ടുകൊടുത്തിരിക്കുന്നു."42. ഈ കരാറിൽ ഒപ്പുവെച്ചതിന് ശേഷം മരണശയ്യയിൽ കിടന്നിരുന്ന രാജമാതാവിനെ സന്ദർശിക്കുവാൻ ചെന്ന ഇംഗ്ലീഷ് തലവൻെറ സാന്നിദ്ധ്യത്തിൽ വെച്ച് തൻെറ മകനെ അടുത്ത് വിളിച്ചു തങ്ങളുടെ ഏറ്റവും വലിയ സുഹൃത്തുക്കളും സംരക്ഷകരുമായിരുന്ന ഇംഗ്ലീഷ്കമ്പനിയുമായി മേലിലൊരിക്കലും ഭിന്നതയിൽ വർത്തിക്കരുതെന്ന് രാജമാതാവ് പറഞ്ഞു. എല്ലാ സന്നിഗ്ദ്ധഘട്ടങ്ങളിലും തങ്ങളുടെ കൂടെ നിന്നിട്ടുള്ളവരാണവർ എന്നും ഇത് തൻെറ അന്ത്യാഭിലാഷമാണെന്നും അവർ മകനെ അനുസ്മരിപ്പിക്കുകയുണ്ടായി. അതിന് ശേഷം മകൻെറ കൈപിടിച്ചുകൊണ്ട് കമ്പനിയുടെ "ഏറ്റവും നല്ല സുഹൃത്തുക്കളുടെ പ്രതിനിധിയെന്ന നിലയിൽ ഈ പുത്രനെ ഞാൻ അങ്ങയെ ഏല്പിക്കുന്നു. നിങ്ങളുടെ താൽപര്യങ്ങൾ എന്നും ഒന്നായിരിക്കുകയും അഭിപ്രായവ്യത്യാസങ്ങൾ ഇല്ലാതിരിക്കുകയും ചെയ്യട്ടെ" എന്ന് ആശംസിക്കുകയും ചെയ്തു.43.

ഏതായാലും ഈ ആഗ്രഹം സഫലീകരിക്കപ്പെടുകയുണ്ടായില്ല. കർണ്ണാടകർ വീണ്ടും കോലത്തുനാട് ആക്രമിച്ചു. ഇംഗ്ലീഷ്കാർ രാജാവിന് സാധാരണപോലെ പടക്കോപ്പുകൾ നൽകിയെങ്കിലും നേരിട്ട് യുദ്ധത്തിൽ പങ്കെടുക്കുക ഉണ്ടായില്ല. കോലത്തിരി കുടുംബത്തിലെ രണ്ടു പ്രധാന ശാഖകളായ പള്ളി, ഉദയത്ത് കുടുംബങ്ങൾ തമ്മിൽ ശക്തമായ കലഹം നിലനിന്നിരുന്നു. കടത്തുനാട്ടു നിന്നും വിവാഹം കഴിച്ചിരുന്ന കുഞ്ഞിരാമൻ ഇരവിലനാട്ടിലെ നമ്പ്യാർ തലവൻമാരെ മാറ്റി ആ സ്ഥാനത്ത് ഭരണനേതൃത്വം തൻെറ മകന് നൽകുവാൻ ശ്രമിച്ചു. ഇംഗ്ലീഷ്കാർ ഈ നീക്കത്തിന് തികച്ചും എതിരായിരുന്നു. 1750ൽ വാഴുന്നോർ കടത്തനാട്ടെ രാജാ

വായി സ്വയം പ്രഖ്യാപിച്ചു. കുഞ്ഞിരാമന്റെ അനുഗ്രഹാശിസ്സുകളോടെയാണ് വാഴുന്നോർ ഇങ്ങനെ പ്രവർത്തിച്ചത്."44. കോലത്തുനാട്ടിലെ സ്ഫോടകാത്മകമായ ഈ സന്ദർഭം മുതലെടുത്തുകൊണ്ട് ഭരണാധിപനായ കോലത്തിരിയെ കുറേനാൾ ഇംഗ്ലീഷ്കാർ തലശ്ശേരിയിൽ തടവുകാരനാക്കുകയുണ്ടായി. പുറമെ ഇംഗ്ലീഷ്കാർ കർണ്ണാടകരുമായി ഒത്തുതീർപ്പുണ്ടാക്കി ചിറയ്ക്കൽ രാജാവിനെ കയ്യൊഴിഞ്ഞത് സംഗതികൾ കൂടുതൽ വഷളാക്കി. കോലത്തിരിയും ഇംഗ്ലീഷ്കാരുമായുള്ള ബന്ധം വീണ്ടും അങ്ങനെ ശിഥിലമായി. "കർണ്ണാടകരുമായുണ്ടാക്കിയ സമാധാന ഉടമ്പടിയിൽ കോലത്തുനാട്ടിൽ കച്ചവടസ്വാതന്ത്ര്യവും രാജാവിനെ ശിക്ഷിക്കുവാനുള്ള അവകാശവും കോലത്തിരി രാജാവുമായി ശത്രുത പുലർത്തിപ്പോരുവാനുള്ള അവകാശവും പ്രധാന വ്യവസ്ഥകളായിരുന്നു.45. ഈ സമയം ഫ്രഞ്ചുകാരും വെറുതെയിരുന്നില്ല. കഴിയുന്നത്ര സഹായം അവർ കോലത്തിരിക്ക് ചെയ്തു കൊടുത്തു. ഡച്ചുകാരുമായും കോലത്തിരി ഒരു പ്രതിരോധകരാറിലേർപ്പെടുകയും ചെയ്തു.46. കണ്ണൂരിലെ ആലി രാജായും ഈ ഉടമ്പടിയിലെ ഒരു കക്ഷിയായിരുന്നു. ഇതിന് ശേഷം ഇരുകൂട്ടരും തമ്മിൽ പല സംഘട്ടനങ്ങളും നടന്നു. ഏതാണ്ട് മൂന്നുവർഷക്കാലം ഈ നില തുടർന്നെങ്കിലും പിന്നീട് ആലിരാജ, കോലത്തിരിയുമായിടയുകയും ഇംഗ്ലീഷ്കാരുമായി കൂട്ടുകൂടുകയും ചെയ്തു. കുടുംബകലഹങ്ങളും യുദ്ധവും കൊണ്ട് മടുത്ത ആലിരാജ 1757ൽ ഇംഗ്ലീഷ്കാരുമായി സഖ്യം ചെയ്യുകയുണ്ടായി. വാണിജ്യകാര്യങ്ങളിലും മറ്റും ഇംഗ്ലീഷ് കമ്പനിക്ക് കൈവന്ന നേട്ടങ്ങളെപ്പറ്റി ജോയിൻറ് കമ്മീഷ്ണറൻമാർ അവരുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. 1757ൽ ഹോഡ്ജസും ചിറയ്ക്കൽ രാജാവുമായി ഉണ്ടാക്കിയ സന്ധിയെ തുടർന്ന് കമ്പനിയുടെ സ്വാധീനമേഖല വിപുലപ്പെടുമെന്നും ഈ നാട്ടിലെ സുപ്രധാന വാണിജ്യവിഭവങ്ങളായ കുരുമുളക്, ഏലം, ചന്ദനം എന്നിവ കൈക്കലാക്കുന്നതിൽ ബ്രിട്ടീഷ്കാർക്ക് എവിടേയും കൂടുതൽ ആനുകൂല്യം ലഭിച്ചുവെന്നും, തുടർന്ന് 1761ൽ ചിറയ്ക്കൽ രാജാവുമായുണ്ടാക്കിയ ഒരു ഉടമ്പടി പ്രകാരം സ്വന്തം അധികാരാതിർത്തിയിൽ ചുങ്കവും നികുതിയും പിരിക്കുവാനുള്ള അവകാശവും കമ്പനിക്ക് ലഭിച്ചുവെന്നും ഈ റിപ്പോർട്ടിൽ പറയുന്നുണ്ട്. ഈ അവകാശത്തിന് പകരമായി 21,000 പണം (4200 ക.) മാത്രമേ രാജാവിന് കമ്പനി നൽകേണ്ടതുണ്ടായിരുന്നുള്ളു. ഇത് കൂടാതെ സ്വന്തം തീരത്തോ, കടലിലോ തകരുന്ന കപ്പലുകളും ഓടങ്ങളും അതിലെ സാധനങ്ങളും കൈവശപ്പെടുത്തുവാൻ ഇതുവരെ മലബാർ രാജാക്കൻമാർക്കുണ്ടായിരുന്ന അവകാശവും ക്രമത്തിൽ ഇംഗ്ലീഷ്കാർക്കധീനപ്പെട്ടു.47. ഇക്കാലത്ത് തന്നെയാണ് മാഹി ഉൾപ്പെടെ ഫ്രഞ്ചുകാർക്കുണ്ടായിരുന്ന താവളങ്ങളെല്ലാം നഷ്ടപ്പെടുന്നതും. ഇംഗ്ലീഷ്കാരും ഫ്രഞ്ചുകാരും തമ്മിലുണ്ടായിരുന്ന ഭിന്നതകൾ ഉടൻ അവസാനിച്ചെങ്കിലും 1765 ഒക്ടോബർ 20-ാം തിയതി മാത്രമാണ് മാഹിയുടെ കൈമാറ്റം നടക്കുന്നത്.

അങ്ങനെ 1761-ാം മാണ്ടോടുകൂടി ഇൻഡ്യയിൽ ആധിപത്യം സ്ഥാപിക്കുവാനുള്ള ശ്രമത്തിൽ ബ്രിട്ടീഷ്കാർ പരിപൂർണ്ണവിജയം കൈവരിക്കുകയുണ്ടായി. ഈ വർഷം ഹൈദരലിഖാൻ മൈസൂരിലും ആധിപത്യം സ്ഥാപിച്ചു എന്നത് തികച്ചും യാദൃശ്ചികം ആയിരുന്നു. തന്ത്രശാലിയും യുദ്ധവീരനുമായിരുന്ന ഹൈദർ 1763ൽ ബദന്നൂർ ആക്രമിച്ച് കീഴടക്കുകയും ചെയ്തു.48. അങ്ങനെ അദ്ദേഹത്തിന്റെ രാജ്യാതിർത്തി തെക്ക് കോലത്തുനാട് വരെ വ്യാപിക്കുകയുണ്ടായി. ഉദയവർമ്മനും അതിന് ശേഷം കുഞ്ഞിരാമനും യുദ്ധനഷ്ടം വകയിൽ നല്ലൊരു സംഖ്യ കർണ്ണാടക രാജാവിന് കൊടുക്കാനുണ്ടായിരുന്ന സംഗതി നാം കണ്ടുകഴിഞ്ഞതാണ്.49. ഹൈദർ ബദന്നൂർ കീഴടക്കികഴിഞ്ഞപ്പോൾ കോലത്തിരി കർണ്ണാടകർക്ക് കൊടുക്കുവാനുണ്ടായിരുന്ന രണ്ടു ലക്ഷം പഗോഡക്ക് അദ്ദേഹം അവകാശവാദമുന്നയിച്ചു.50. ബദനൂരിൽ വെച്ച് ഹൈദരലിയെ കണ്ട ബ്രിട്ടീഷ് കമ്പനി ഏജൻറുമാരോടും അദ്ദേഹം ഇതേ ആവശ്യം ഉന്നയിക്കുകയുണ്ടായി. കമ്പനിയുടെ സ്നേഹിതനായ കോലത്തിരിയെ ആക്രമിക്കരുതെന്നായിരുന്നു ഇംഗ്ലീഷ്കാർ നടത്തിയ നിവേദനം. ബദന്നൂർ രാജാവിന് കൊടുക്കുവാനുണ്ടായിരുന്ന മേൽ പറഞ്ഞ സംഖ്യ ലഭിക്കുകയാണെങ്കിൽ കോലത്തിരിയെ ആക്രമിക്കാതിരിക്കാമെന്നും അദ്ദേഹം സമ്മതിച്ചിരുന്നു.51. പക്ഷേ ഈ ആവശ്യം അനുവദിക്കുവാൻ കോലത്തിരി വിസമ്മതിക്കുകയും അങ്ങനെ ശക്തി ഉപയോഗിച്ചു തന്നെ ഇത് നേടുവാൻ ഹൈദർ തീരുമാനിക്കുകയുമാണ് ഉണ്ടായത്. അഞ്ഞൂറു പട്ടാളക്കാരേയും വേണ്ടത്ര ആയുധങ്ങളും നൽകി തന്നെ സഹായിക്കുവാൻ അദ്ദേഹം ഇംഗ്ലീഷ് കമ്പനിയോടാവശ്യപ്പെടുകയും ചെയ്തു. തലശ്ശേരി കേന്ദ്രങ്ങൾ ഇത് സമ്മതിക്കാതെ വന്നപ്പോൾ മലബാർ ആക്രമിക്കുന്നതിൽ നിന്നും തന്നെ തടയരുതെന്ന് ആവശ്യപ്പെടുകയാണദ്ദേഹം ചെയ്തത്.52. പക്ഷേ 1757ലെ ഉടമ്പടി പ്രകാരം കോലത്തിരിയെ സഹായിക്കുവാൻ ബാദ്ധ്യസ്ഥരായ ഇംഗ്ലീഷ്കാർ അതിന് തയ്യാറായില്ല.53. അതുകൊണ്ട് തങ്ങളുടെ മിത്രത്തെ രഹസ്യമായി മാത്രം സഹായിക്കുവാൻ ഇംഗ്ലീഷ്കാർ തീരുമാനിച്ചു.54. അതേ സമയം തന്നെ മലബാർ രാജാക്കൻമാർ അനുവദിച്ചു തന്നിരുന്ന കച്ചവടാനുകൂല്യങ്ങൾ തുടർന്നും അനുവദിക്കണമെന്ന് കമ്പനി ഉദ്യോഗസ്ഥൻമാർ ഹൈദരോടാവശ്യപ്പെടുകയും ഈ ആവശ്യം അംഗീകരിച്ചുകൊണ്ട് 1766 ഫെബ്രുവരി 23-ാം തീയതി അദ്ദേഹം ഒരു ഫെർമാൻ പുറപ്പെടുവിക്കുകയും ചെയ്തു.

1766ൽ ഹൈദർ മലബാറിൽ പ്രവേശിച്ച് തലശ്ശേരിയിലെത്തുകയും ചിറയ്ക്കൽ മുതൽ കൊച്ചി വരെയുള്ള പ്രദേശങ്ങൾ കാര്യമായ എതിർപ്പൊന്നും കൂടാതെ പിടിച്ചെടുക്കുകയുമുണ്ടായി.55. മലബാർ രാജാക്കൻമാരധികവും വനങ്ങളിലേക്കോടി രക്ഷ പ്രാപിക്കുകയോ, തലശ്ശേരി കോട്ടയിൽ അഭയം പ്രാപിക്കുകയോ ആണ് ചെയ്തത്.56. ഇംഗ്ലീഷ്കാർ മലബാർ രാജാക്കൻമാരെ സഹായിച്ചത് ഹൈദരിന് ഇഷ്ടപ്പെട്ടില്ല. കൊച്ചിയെ സംബന്ധിച്ച് സന്ധി സംഭാഷ

ണത്തിന് കോഴിക്കോടെത്തിയ ഡച്ച് തലവനോട് അദ്ദേഹം ഇതേക്കുറിച്ച് നേരിട്ട് പറയുകയും ചെയ്തു.57. മലബാറിൽ നിന്നും ഇംഗ്ലീഷ്കാരെ തുരത്തുവാൻ വേണ്ടി ഡച്ചുകാരുമായി ഒരു പ്രതിരോധക്കരാറിൽ ഏർപ്പെടുവാൻ ഹൈദർ താൽപ്പര്യപ്പെട്ടതായിട്ടാണ് ഡച്ച് രേഖകളിൽ കാണുന്നത്.58. ബ്രിട്ടീഷ്കാർക്ക് കച്ചവടാനുകൂല്യങ്ങൾ അനുവദിച്ച് കൊടുത്തത് തന്റെ ആക്രമണോദ്ദേശ്യങ്ങളിൽ തങ്ങൾ കൈകടത്താതിരിക്കുവാനുള്ള ഹൈദറുടെ ഒരു തന്ത്രം മാത്രമായിട്ടാണ് കമ്പനി അധികാരികളും കരുതിയിരുന്നത്.59. മൊത്തത്തിൽ നോക്കിയാൽ മൈസൂർ അധിപന്റെ മലബാർ ആക്രമണം ഇംഗ്ലീഷ്കർക്ക് ഒട്ടും തന്നെ രുചിച്ചിരുന്നില്ലന്ന് സാരം. തുടർന്നുണ്ടായ ഇംഗ്ലീഷ് നിലപാട് ഇക്കാര്യം സാധൂകരിക്കുന്നുമുണ്ട്.60.

മലബാറിലെ വിജയകരമായ ആക്രമണത്തിന്ശേഷം മേയ്മാസത്തിൽ തന്നെ ഹൈദർ കോയമ്പത്തൂരിലേക്ക് മടങ്ങിപ്പോയി. നായർ യോദ്ധാക്കൾ ഒരു കലാപത്തിന് കളമൊരുക്കിയതുകൊണ്ട് മലബാറിലേക്ക് ഹൈദർക്ക് വീണ്ടും വരേണ്ടതായും വന്നു. മലബാറിലെ അന്നത്തെ ഡച്ച് ഗവർണ്ണറായിരുന്ന ആഡ്രിയൻ മൊയൻസ് കലാപകാരികൾക്ക് കഴിയുന്ന എല്ലാ സഹായവും ചെയ്തു കൊടുക്കുയുണ്ടായി.61. 'ഹൈദർഷായുടെയും ടിപ്പുവിന്റെയും ചരിത്ര'മെഴുതിയ അജ്ഞാതനാമാവായ ഗ്രന്ഥകാരൻ ഇത് ശരിവെക്കുന്നുമുണ്ട്.62. അക്കാലത്ത് ഇംഗ്ലീഷ്കാരുടെ ഏറ്റവും വിശ്വസ്ത സുഹൃത്തായിരുന്ന തിരുവിതാംകൂറിലെ ധർമ്മരാജയും മലബാറിൽ ഹൈദരലിക്കെതിരായ നടപടികളെ സഹായിക്കുകയുണ്ടായി. ഇംഗ്ലീഷ്കാരുടെ അനുമതിയോടും സഹായത്തോടും കൂടിയാണ് അദ്ദേഹം ഇതിന് തുനിഞ്ഞത്. ഈ കലാപം അടിച്ചമർത്തപ്പെട്ട ഉടനെ തന്നെ, കമ്പനി ഇടപെട്ട് കോലത്തിരി ഉൾപ്പെടെയുള്ള മലബാറിലെ രാജാക്കൻമാരെയെല്ലാം പുനരവരോധിക്കുവാൻ ഏർപ്പാടുണ്ടാക്കണമെന്ന് 1766 ജൂൺ 28ന് ധർമ്മരാജാ ഇംഗ്ലീഷ്കമ്പനിക്കെഴുതുകയുണ്ടായി.63. തിരുവിതാംകൂർ തന്നെ കണ്ട് കപ്പം നൽകാൻ തയ്യാറായില്ലെങ്കിൽ 'താൻ ചെന്ന് കണ്ടുകൊള്ളാം' എന്ന ഹൈദരലിയുടെ ഭീഷണിയും കമ്പനിയുടെ ഇടപെടൽ മൂലം തൽക്കാലം ഒഴിവാക്കുവാൻ സാധിച്ചിരുന്നു.64. കമ്പനിയുടെ സഹായത്തിൽ പരിപൂർണ്ണ വിശ്വാസമുണ്ടായിരുന്ന തിരുവിതാംകൂർ രാജാവ് താൻ ഇപ്പോൾ തന്നെ ആർക്കോട്ട് നവാബിന് കപ്പം കൊടുക്കുന്നുണ്ടെന്ന ന്യായേന ഹൈദറുടെ ഭീഷണി വക വെക്കുകയുണ്ടായില്ല.65. ഈ വിശ്വാസം തന്നെയാണ് മലബാർ രാജാക്കൻമാരെ പുനർവാഴിക്കുന്നതിനെക്കുറിച്ച് കമ്പനിയ്ക്കെഴുതുവാൻ ധർമ്മരാജയെ പ്രേരിപ്പിച്ചതും. മലബാർ രാജാക്കൻമാരെ പുനർവാഴിക്കുന്നതിന് പകരമായി അവരുടെ രാജ്യത്ത് ഏത് ഭാഗത്തു വേണമെങ്കിലും കോട്ട കെട്ടുവാനുള്ള സ്വാതന്ത്ര്യവും കണ്ടിക്ക് 70 ക വെച്ച് സകല കുരുമുളകും കമ്പനിക്ക് വാഗ്ദാനം ചെയ്തിരുന്നു.66. ഹൈദർ തനിക്കെതിരെ യുദ്ധം പ്രഖ്യാപിച്ചാൽ അത് നേരിടുന്നതിനു വേണ്ട ധനവും വെടിക്കോപ്പുകളും ആവശ്യപ്പെട്ടുകൊണ്ട് ധാരാളം എഴുത്തുകൾ ധർമ്മരാജ കമ്പനിക്കയച്ചിട്ടുണ്ട്. തന്റെ സൈന്യത്തെ പരിശീലിപ്പിക്കുവാൻ കമ്പനി ഉദ്യോഗസ്ഥൻമാരുടെ സേവനവും അദ്ദേഹം അഭ്യർത്ഥിച്ചിരുന്നു.67. മൈസൂർ ആക്രമണത്തെ തടയുന്നതിനായി ശക്തമായ ഒരു സൈന്യത്തെ ഒരുക്കി നിറുത്തുന്ന കാര്യത്തിൽ ധർമ്മരാജാവിനെ ബ്രിട്ടീഷ്കാർ സഹായിക്കുകയുണ്ടായി. തിരുവിതാംകൂറിനോട് തന്റെ സാമന്തനാകുകയോ, അല്ലെങ്കിൽ തന്റെ ആക്രമണത്തിന് വിധേയനാകുകയോ ചെയ്യുക എന്നതായിരുന്നു ഹൈദരലി അനുവർത്തിച്ചിരുന്ന നയം. ഇത് തിരുവിതാംകൂറിനെ ഇംഗ്ലീഷ് പാളയത്തിൽ തളച്ചിടുവാനാണ് പ്രയോജനപ്പെട്ടത്.

ഒന്നാം ആംഗ്ലോ-മൈസൂർ യുദ്ധത്തിൽ തിരുവിതാംകൂർ രാജാവ് ഇംഗ്ലീഷ്കാരെ കഴിയും വിധം സഹായിക്കുകയുണ്ടായി. അധികാരം നഷ്ടപ്പെട്ട മലബാറിലെ ഭരണാധികാരികളും ഇതൊരു നല്ല അവസരമായി കരുതി കലാപത്തിനൊരുങ്ങി. ഇവർക്കെല്ലാം ഇംഗ്ലീഷ് സഹായം നിർല്ലോഭം ലഭിക്കുകയും ചെയ്തു. കോട്ടയത്തേയും കോലത്തുനാട്ടിലേയും രാജാക്കൻമാർ ഇംഗ്ലീഷ് പക്ഷത്ത് ചേർന്നു. "മലബാർ തീരത്തെ ജനങ്ങളെ ഒരു ലഹളക്ക് പ്രേരിപ്പിച്ച ബ്രിട്ടീഷ്കാർ മലബാർ ഉപേക്ഷിച്ചു പോകുവാൻ ഹൈദറെ നിർബന്ധനാക്കുകയുണ്ടായി," എന്നാണ് 'ഹൈദർഷായുടെയും ടിപ്പുസുൽത്താന്റെയും ചരിത്ര'മെഴുതിയ ഗ്രന്ഥകാരൻ പറയുന്നത്.68. എന്നാൽ 1769ൽ മദ്രാസ് കോട്ട വാതിക്കലെത്തിയ ഹൈദരലിയുടെ നിബന്ധനകൾക്ക് വിധേയമായി ഇംഗ്ലീഷ്കാർ സന്ധി ഉടമ്പടിയുണ്ടാക്കി.69. ഉടമ്പടിപ്രകാരം ഹൈദരെ സഹായിക്കുവാൻ കമ്പനി ബാദ്ധ്യസ്ഥമായിരുന്നുവെങ്കിലും, മറാത്തക്കാർ മൈസൂറിനെ ആക്രമിച്ചപ്പോൾ കമ്പനി ഈ ബാദ്ധ്യത നിറവേറ്റിയിരുന്നില്ല. അതിനാൽ ബ്രിട്ടീഷ്കാരും ഫ്രഞ്ചുകാരും തമ്മിൽ യൂറോപ്പിൽ യുദ്ധം പൊട്ടി പുറപ്പെട്ടപ്പോൾ ഇംഗ്ലീഷ്കാർക്കെതിരെ നീങ്ങുവാൻ ഹൈദരലി നിശ്ചയിച്ചു. യൂറോപ്യൻ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങൾ തന്റെമേൽക്കോയ്മയിൽപ്പെട്ടവയാണെന്ന് അദ്ദേഹം അവകാശപ്പെട്ടു. 1779 മാർച്ച് 19-ാം തീയതി തന്റെ ഈ അവകാശവാദം ആവർത്തിച്ചിട്ടുണ്ട്. ആ കത്തിൽ കാണുന്നത് ഇപ്രകാരമാണ്. "ഇപ്പോൾ നിങ്ങൾ മാഹിക്കെതിരായി ഒരാക്രമണം ആരംഭിച്ചിരിക്കുകയാണ്. ഡച്ചുകാർ, ഇംഗ്ലീഷ്കാർ, ഫ്രഞ്ചുകാർ, ഡൻമാർക്കുകാർ എന്നിങ്ങനെ പല കമ്പനിക്കാർ എന്റെ നാട്ടിലുണ്ട്. അവർ സാധാരണ പ്രജകളെന്ന നിലയിൽ ഇവിടെ കച്ചവടം നടത്തിവരുന്നു. മറ്റൊരാൾക്ക് ആക്രമണ പ്രേരകമാംവണ്ണം ഭരണാധികാരമുള്ള പ്രദേശങ്ങൾ ഇവർക്കാർക്കുമില്ല. ഇതുകൊണ്ടു തന്നെ ഇവരിലാരെങ്കിലും മറ്റൊരു കൂട്ടരെ ആക്രമിക്കുകയാണെങ്കിൽ ആക്രമിക്കപ്പെടുന്നവരെ സഹായിക്കുകയെന്നുള്ളത് തങ്ങളുടെ ഭാഗത്തുനിന്നും ശരിയായ നടപടി മാത്രമായിരിക്കും."70. തുടർന്ന്

കോലത്തുനാട്ടിലെ ഭരണാധിപനോട് സൈന്യവുമായിച്ചെന്ന് ഫ്രഞ്ചുകാരെ സഹായിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.71. എന്നാൽ ഹൈദരലി പുനർവാഴ്ച നടത്തിയ മലബാർ രാജാക്കൻമാരിൽ കോലത്തുനാട് രാജാവ് മാത്രമാണ് ഹൈദരലിയോട് വിശ്വസ്ഥത പുലർത്തിയത്. മറ്റുള്ളവരൊക്കെ ഇംഗ്ലീഷ് പക്ഷത്ത് ചേരുകയാണുണ്ടായത്.72.

കോലത്തുനാട് രാജാവ് കോട്ടയം കീഴടക്കിക്കൊണ്ട് കടത്തനാട്ടേക്ക് നീങ്ങുകയും ഇംഗ്ലീഷ്കാരെ സഹായിച്ച അവിടത്തെ മൂത്ത രാജാവിനെ മാറ്റി ഒരു രാജകുമാരനെ അവിടെ വാഴിക്കുകയും ചെയ്തു.73. തലശ്ശേരി ഇംഗ്ലീഷ് കമ്പനിയെ സംബന്ധിച്ചിടത്തോളം വളരെ വിഷമം പിടിച്ച ഒരു സന്ദർഭമായിരുന്നു ഇത്.74. പരാജിതരായ മലബാർ രാജാക്കൻമാരത്രയും 1779ൽ കുഴപ്പം തുടങ്ങിയപ്പോൾ തന്നെ തലശ്ശേരി കോട്ടയിൽ അഭയം തേടിയിരുന്നുവെന്നാണ് മലബാർ കമ്മീഷ്ണറൻമാർ രേഖപ്പെടുത്തിയിരിക്കുന്നത്.75.

1780 ജൂലൈ 8-ാം തീയതി മൈസൂർ സൈന്യം സർദാർഖാൻെറ നേതൃത്വത്തിൽ തലശ്ശേരിയിലെത്തി കോട്ടയ്ക്ക് പൂർണ്ണമായും ഉപരോധം ഏർപ്പെടുത്തി.76. ഇത് കഴിഞ്ഞ് അല്പദിവസത്തിനകം ഹൈദരലി കർണ്ണാടകത്തിലേക്ക് കടന്ന് ഇംഗ്ലീഷ്കാർക്കെതിരായി യുദ്ധപ്രഖ്യാപനം നടത്തി.77. അങ്ങനെയാണ് രണ്ടാം ആഗ്ലോ-മൈസൂർ യുദ്ധം ആരംഭിച്ചത്. രണ്ട് ബറ്റാലിയൻ പട്ടാളത്തെ ഇംഗ്ലീഷ്കാരുടെ സഹായത്തിനായി അയച്ച് കൊടുത്ത് തിരുവിതാംകൂർ രാജാവ്, കമ്പനിയുടെ പക്ഷത്ത് ചേർന്നു. മലബാറിലെ കലാപകാരികളെ മൈസൂറിനെതിരായി അണി നിരത്താനും അദ്ദേഹം യത്നിച്ചു.78. കോഴിക്കോട് സാമൂതിരിയും അതു പോലെ മറ്റുള്ള മലബാർ രാജാക്കൻമാരും ഇംഗ്ലീഷ് കാരോടൊപ്പമായിരുന്നു.79. കൊച്ചി രാജാവാകട്ടെ മൈസൂറിൻെറ സാമന്തനായിരുന്നുവെങ്കിലും യുദ്ധത്തിൽ ഹൈദരലിയെ സഹായിച്ചില്ലെന്ന് മാത്രമല്ല, തൻെറ സ്ഥലമായ പള്ളിപ്പുറത്ത് ഒരു കോട്ട കെട്ടുവാനും കിടങ്ങുകളും മറ്റും കുഴിക്കുവാനും തിരുവിതാംകൂർ രാജാവിനെ അനുവദിക്കുകയുമാണദ്ദേഹം ചെയ്തത്.80. കൊച്ചിരാജാവിൻെറ അറിവോടും അനുവാദത്തോടും കൂടി തിരുവിതാംകൂർ രാജാവ്, കൊച്ചിപ്രദേശത്തു കൂടി കൊടുങ്ങല്ലൂർ കോട്ട വരെ തൻെറ അധികാരം വിപുലപ്പെടുത്തുകയും ചെയ്തു.81. 1782ൽ മലബാറിൽ മൈസൂർ ശക്തിയുടെ സ്ഥിതി വിഷമകരമായപ്പോൾ ഇംഗ്ലീഷ്കാരുമായി സഖ്യം ചെയ്യുവാൻ വരെ കൊച്ചിമഹാരാജാവ് തയ്യാറായെങ്കിലും അന്നത്തെ ഡച്ച് ഗവർണറുടെ നിരന്തരമായ തടസ്സവാദങ്ങൾ കൊണ്ടാണ് അദ്ദേഹം അതിൽ നിന്നും പിൻതിരിഞ്ഞത്.82. 1784 മാർച്ച് 11-ാം തീയതി മംഗലാപുരം സന്ധി ഒപ്പു വെച്ചതോടുകൂടി മലബാർ പ്രദേശം വീണ്ടും മൈസൂറിൻെറ കീഴിലായി. മംഗലാപുരം സന്ധിയിൽ ഇംഗ്ലീഷ്കാരുടെ മിത്രവും സഖ്യകക്ഷിയുമെന്ന നിലയിൽ തിരുവിതാംകൂർ രാജാവിനെ അംഗീകരിച്ചിരുന്നു.83. കമ്പനിയെ സംബന്ധിച്ചിടത്തോളം നയതന്ത്രപരമായ വലിയ വിജയമായിരുന്നു ഇത്. തിരുവിതാംകൂറിൻെറ നേരെ ഹൈദർ അനുവർത്തിച്ചിരുന്ന ഭീഷണിയുടെ സ്വരം ഇത് മൂലം മാറ്റുവാൻ കഴിഞ്ഞു. ഹൈദർക്കുശേഷം മൈസൂർ അധിപനായിതീർന്ന ടിപ്പുസുൽത്താൻ തിരുവിതാംകൂർ ആക്രമിച്ചേക്കുമെന്ന് ഭീതിയുണ്ടായപ്പോൾ രാജാവ് മദ്രാസ് ഗവർണർക്ക് ഇപ്രകാരമെഴുതുകയുണ്ടായി. "ഞാൻ കമ്പനിയുടെ പൂർവ്വകാല സുഹൃത്താണ്. ടിപ്പുവിൽ നിന്നും ഒരാക്രമണമുണ്ടായാൽ കമ്പനിയുടെ സഹായം മാത്രമാണെൻെറ ആശ്രയം."84. അങ്ങനെ കേരളത്തിലെ ഏറ്റവും ശക്തനായിരുന്ന തിരുവിതാംകൂർ രാജാവ് വിദേശശക്തികളിൽ ഏറ്റവും പ്രബലരായിതീർന്ന ഇംഗ്ലീഷ്കാരുമായി കൂട്ടുചേർന്നതോടെ കേരളത്തിൻെറ രാഷ്ട്രീയ ഭാഗധേയം തിരുത്തി എഴുതപ്പെട്ടു.

മൂന്നാം ആഗ്ലോ-മൈസൂർ യുദ്ധത്തിൻെറ കാരണങ്ങളത്രയും തന്ത്രപൂർവ്വം മിനഞ്ഞെടുത്തത് കമ്പനി അധികാരികളായിരുന്നു. തിരുവിതാംകൂർ രാജാവിനെ ഒരുപകരണമാക്കിയെന്നു മാത്രം. പള്ളിപ്പുറം കൊടുങ്ങല്ലൂർ കോട്ടകൾ ഡച്ചുകാരിൽ നിന്നും തിരുവിതാംകൂർ രാജാവ് വാങ്ങുകയുണ്ടായി. 1789 നവമ്പർ 13-ാം തീയതിയിലെ കമ്പനിയുടെ പ്രമേയത്തിന് എതിരായിരുന്നു85. ഈ നടപടിയെങ്കിലും തിരുവിതാംകൂർ ഈ സാഹസത്തിന് തയ്യാറായത് ഇംഗ്ലീഷ് കാരുമായുണ്ടാക്കിയിരുന്ന രഹസ്യധാരണയുടെ ബലത്തിലായിരുന്നു.86. അന്ന് മദ്രാസ് ഗവർണ്ണറായിരുന്ന ഹോളണ്ട് 1789 നവമ്പർ 4ന് ഗവർണ്ണർ ജനറലിന്നെഴുതുന്ന കത്തിൽ ഈ കോട്ടകൾ വാങ്ങുന്നതിനെ സംബന്ധിച്ചുള്ള തൻെറ നിലപാട് വ്യക്തമാക്കുകയും ഡച്ചുകാരിൽ നിന്നും വാങ്ങിയ കോട്ട അവർക്ക് തിരിച്ചു നൽകുവാൻ താൻ മഹാരാജാവിനെ ഉപദേശിച്ചിട്ടുണ്ടെന്നും അറിയിച്ചിരുന്നു.87. എന്നാൽ അന്ന് തിരുവിതാംകൂറിലെ ഇംഗ്ലീഷ് റസിഡൻണ്ടായിരുന്ന പൗണി, കോട്ടകൾ വാങ്ങിയതിനെ ന്യായീകരിച്ചുകൊണ്ട് തൻെറ വാദം ഉപസംഹരിക്കുന്നതിങ്ങനെയാണ്. "തിരുവിതാംകൂറിൻെറ രക്ഷക്ക് ഈ സ്ഥലങ്ങൾ അത്യാവശ്യമാണ്"85. എന്നാൽ പൗണിയുടെ ഈ നിലപാട് കമ്പനിയുടെ പരസ്യമായി പറഞ്ഞിരുന്ന നയത്തിന് വിരുദ്ധമായിരുന്നുതാനും. "തിരുവിതാംകൂറിൻെറ രക്ഷക്ക് ഈ സ്ഥലങ്ങൾ എത്രതന്നെ അത്യാവശ്യമാണെന്നിരുന്നാലും ഒരു യുദ്ധം മൂലമുണ്ടാകാവുന്ന അനന്തരഫലങ്ങൾ പരിഗണിക്കുമ്പോൾ ഈ നീക്കത്തെ പിന്തുണക്കാൻ സാദ്ധ്യമല്ല" എന്നാണ് കമ്പനിയുടെ പ്രമേയത്തിൽ പറഞ്ഞിരുന്നതും.89. എന്നാൽ തിരുവിതാംകൂർ രാജാവ് ഗവർണ്ണർക്കും ഗവർണ്ണർ ജനറലിനും എഴുതുന്ന കത്തിൽ കമ്പനി ഉദ്യോഗസ്ഥൻമാരുടെ അറിവോടും സഹായത്തോടും കൂടിയാണ് താൻ കോട്ടകൾ വാങ്ങിയതെന്ന കാര്യം വ്യക്തമാക്കുകയും ചെയ്യുന്നുണ്ട്.90. കൊടുങ്ങല്ലൂർ കോട്ടയിൽ നിന്നും തൻെറ ആളുകളെ പിൻവലിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് തിരുവിതാംകൂർ രാജാവിന് നിർദ്ദേശം നൽകണമെന്ന് ടിപ്പു തൻെറ എഴുത്തിൽ ഹോളണ്ടിനോട്

അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു.91. തന്റെ രാജ്യത്തെ കലാപകാരികൾക്ക് തിരുവിതാംകൂർ രാജാവ് ഈ കോട്ടയിൽ അഭയം നൽകുന്നുണ്ടെന്നും ടിപ്പു അതേ എഴുത്തിൽ പറഞ്ഞിരുന്നു.92. 1789 നവമ്പർ 11ന് താഴെ എഴുതുന്ന ആവശ്യങ്ങളുന്നയിച്ചുകൊണ്ട് ടിപ്പു വീണ്ടും ഹോളണ്ടിനെഴുതി. (1) തന്റെ നാട്ടിൽ അഭയം നൽകിയിരിക്കുന്ന രാജാക്കൻമാരേയും പ്രമാണിമാരേയും വിട്ടുകൊടുക്കുവാൻ രാജാവിനെ ഉപദേശിക്കുക. (2) കൊടുങ്ങല്ലൂർ കോട്ട ഒഴിയുക. (3) കൊച്ചി രാജ്യത്ത് കൂടി പോകുന്ന തിരുവിതാംകൂർ കോട്ട പൊളിച്ചു മാറ്റുക.93. 1789 ഒക്ടോബർ 19-ാം തിയതി ഹോളണ്ട് ടിപ്പുവിന്നയച്ച കത്തിന്റെ ഉറപ്പിലാണ് ടിപ്പു ഈ ആവശ്യങ്ങൾ അവതരിപ്പിച്ചത്. ഡച്ചുകാരിൽ നിന്നും ഈ സ്ഥലങ്ങൾ മഹാരാജാവ് കൈവശപ്പെടുത്തിയത് താൻ അംഗീകരിക്കുന്നതല്ലെന്ന് ഹോളണ്ട് തന്റെ കത്തിൽ വ്യക്തമാക്കിയിരുന്നു. "നാം തമ്മിലുണ്ടാക്കിയ ഉടമ്പടിക്കൊത്ത നടപടിയാണ് എന്റെ പ്രമേയത്തിലുള്ളത്. ബഹുമാനപ്പെട്ട കമ്പനിയും താങ്കളുടെ സർക്കാരും തമ്മിലുള്ള സ്നേഹബന്ധം തുടർന്നു പോകുവാനുള്ള തങ്ങളുടെ ആഗ്രഹത്തിന്റെ തെളിവാണിത്" എന്നും ഹോളണ്ട് തുടർന്ന് എഴുതുന്നുണ്ട്.94. കൗൺസിലിന്റെ നടപടികളിൽ വിശ്വാസമർപ്പിച്ച ഹോളണ്ടിന് പിന്നീട് കമ്പനിയുടെ പെരുമാറ്റത്തിലുണ്ടായ ഉരുണ്ടുകളി വളരെ വിഷമമുണ്ടാക്കുകയും "അയ്ക്കോട്ടയും കൊടുങ്ങല്ലൂരും പിടിക്കുന്നതിനു വേണ്ടി ഒരു സൈന്യവുമായി ടിപ്പു വരണമെന്നാണോ അങ്ങയുടെ ഉദ്ദേശ്യം." എന്ന് വ്യക്തമാക്കുവാൻ ഹോളണ്ട് ഗവർണ്ണർ ജനറലിന്നെഴുതുകയും ചെയ്യുന്നു .95. അവസാനം ഗവർണ്ണർ ജനറൽ ഹോളണ്ടിനെ തൽസ്ഥാനത്തു നിന്നും മറ്റുകയും.96. പകരം ടിപ്പുവിന്റെ കൊടിയ ശത്രുവായ മെഡോസിനെ നിയമിക്കുകയും ചെയ്തു.97. ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നത് ഡച്ച് കോട്ടകൾ വാങ്ങാൻ ഇംഗ്ലീഷ് ഉദ്യോഗസ്ഥൻമാർ മഹാരാജാവിനെ പ്രേരിപ്പിച്ചിരുന്നുവെന്നും ഒരു യുദ്ധമുണ്ടായാൽ കമ്പനിയുടെ സഹായം ഉറപ്പ് ചെയ്തിരുന്നുവെന്നുമാണല്ലോ. വാസ്തവത്തിൽ നവമ്പർ 13-ാം തീയതിയിലെ കൗൺസിൽ തീരുമാനത്തിനനുസൃതം പെരുമറിയത് ഗവർണ്ണർ ഹോളണ്ട് മാത്രമായിരുന്നു. ഇതിന്റെ പേരിൽ അദ്ദേഹം സ്ഥാനമൊഴിയേണ്ടതായും വന്നു. പ്രശ്നങ്ങൾക്ക് സമാധാനപരമായ പരിഹാരം കണ്ടെത്താനുള്ള ശ്രമങ്ങളൊക്കെ പരാജയപ്പെട്ടപ്പോൾ തിരുവിതാംകൂർ ആക്രമിക്കുവാൻ തന്നെ ടിപ്പു തീരുമാനിച്ചു.

1790 ഏപ്രിൽ 15-ാം തിയതി പ്രഭാതത്തിലാരംഭിച്ച ആക്രമണത്തിന്റെ ഫലമായി കാര്യമായ എതിർപ്പൊന്നും കൂടാതെ കോട്ട പിടിച്ചെടുക്കുവാൻ ടിപ്പുവിന് കഴിഞ്ഞു.98. കോട്ട നിശ്ശേഷം നശിപ്പിക്കുകയും തിരുവിതാംകൂറിലേക്കുള്ള പാത സുഗമമാക്കുകയും ചെയ്തു.99. കൊടുങ്ങല്ലൂർ കോട്ടയിൽ നിന്നും കേണൽ ഹാർട്ടിലി പിൻവലിഞ്ഞു.100. അയ്ക്കോട്ട, പറവൂർ മുതലായ സ്ഥലങ്ങൾ ഒന്നൊന്നായി മൈസൂർ സൈന്യം കീഴടക്കി. തിരുവിതാംകൂർ പിടിച്ചെടുക്കുകയെന്നത് പിന്നീട് വെറും സമയത്തിന്റെ പ്രശ്നം മാത്രമായിരുന്നു. പക്ഷെ ഹൈദരാബാദ് മറാത്താ സൈന്യങ്ങളോടൊപ്പം ഇംഗ്ലീഷ് സൈന്യം ശ്രീരംഗപട്ടണത്തിലേക്ക് നീങ്ങിയിരിക്കുന്നുവെന്നും അവർ തന്നോട് യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നുവെന്നും അറിഞ്ഞ ടിപ്പുസുൽത്താൻ ഉടൻ തന്റെ തലസ്ഥാനത്തിന്റെ സംരക്ഷണത്തിനായി ആലുവായിൽ നിന്നും മടങ്ങി പോകുകയാണുണ്ടായത്. കമ്പനിയുടെ 'സഖിയും സുഹൃത്തു'മായ തിരുവിതാംകൂറിനെ ആക്രമിച്ചു എന്ന കാരണം പറഞ്ഞാണ് കോൺവാലീസ് യുദ്ധം പ്രഖ്യാപിച്ചത്.101. എന്നാൽ ഇതിന് എത്രയോ മുമ്പു മുതൽ ടിപ്പുവുമായി ഒരു ഏറ്റുമുട്ടലിന് കമ്പനി ഒരുക്കങ്ങൾ തുടങ്ങിയിരുന്നു.

ഇതിനിടയിൽ മലബാറിൽ സ്ഥാനനഷ്ടം സംഭവിച്ച രാജാക്കൻമാരുടേയും പ്രഭുക്കൻമാരുടേയും പിന്തുണ നേടുവാൻ തലശ്ശേരി കേന്ദ്രങ്ങൾ കിണഞ്ഞ് ശ്രമിക്കുന്നുണ്ടായിരുന്നു. മലബാർ തീരത്തു നിന്നും ടിപ്പുവിനെ തുരത്തുവാനായി ഒരുമിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ടും ഇങ്ങനെ കൂട്ടുചേരുന്നവർക്ക് പൂർണ്ണസംരക്ഷണം വാഗ്ദാനം ചെയ്തുകൊണ്ടും ഒരു പത്രികയും പ്രസിദ്ധീകരിച്ചു. അത് ഇങ്ങനെയായിരുന്നു. "ഇംഗ്ലീഷ് രാഷ്ട്രത്തിലെ തലശ്ശേരി കാര്യങ്ങൾ നോക്കി നടത്താൻ ചുമതലപ്പെട്ട റോബർട്ട് ടെയിലറായ ഞാൻ, ടിപ്പുവിനെതിരായുള്ള യുദ്ധത്തിൽ താങ്കൾ (രാജാവിന്റെ പേര് ഇവിടെ ചേർക്കുക) പങ്കെടുക്കുകയും ടിപ്പുവിനെതിരായി കഠിനമായി പ്രവർത്തിക്കുകയും ചെയ്യുകയാണെങ്കിൽ നിങ്ങളെ സഹായിക്കുവാനും സംരക്ഷിക്കുവാനും ടിപ്പുവിൽ നിന്നും സ്വാതന്ത്ര്യം പ്രഖ്യാപിക്കുവാനും ഇംഗ്ലീഷ് ഈസ്റ്റ് ഇൻഡ്യാക്കമ്പനി ശ്രമിക്കുന്നതാണെന്ന് കമ്പനിയുടെ പേരിൽ നിങ്ങൾക്ക് ഉറപ്പ് നൽകുന്നു. മാത്രമല്ല കമ്പനിയും ടിപ്പുവുമായി മേലാൽ ഒരു ഉടമ്പടിയുണ്ടാക്കുകയാണെങ്കിൽ കമ്പനിയുടെ സഖിയെന്ന നിലയിൽ താങ്കളേയും അതിൽ ഉൾപ്പെടുത്തുന്നതാണെന്നും ഞാൻ ഉറപ്പു തരുന്നു. ഇതിന് ബാദ്ധ്യസ്ഥനെന്ന നിലയിൽ പ്രഖ്യാപനത്തിൽ ഞാൻ ഈ ദിവസം 1790 മേയ് 4-ാം തിയതി ഒപ്പും കമ്പനിയുടെ സീലും വെച്ചിരിക്കുന്നു."102. കുറച്ചു ദിവസങ്ങൾക്കകം ചിറയ്ക്കൽ, കടത്തുനാട്, കോട്ടയം എന്നിവിടങ്ങളിലെ രാജാക്കൻമാർ തങ്ങളുടെ പക്ഷത്ത് ചേരാൻ ആഗ്രഹിക്കുന്നുണ്ടെന്നും എന്നാൽ കണ്ണൂരിലെ ബീവി മാത്രം ഇനിയും സമ്മതിച്ചിട്ടില്ലെന്നും ടെയിലർ ഗവർണ്ണർ ജനറലിനെ അറിയിച്ചിരുന്നു.103. ടിപ്പുവിന്റെ സാമന്തനും സഖിയുമായിരുന്ന കൊച്ചിരാജാവും ഈ അവസരത്തിൽ ഇംഗ്ലീഷ്കാരുടെ കൂടെകൂടുകയുണ്ടായി.104. 1790 ആഗസ്റ്റ് 8-ാം തിയതി കമ്പനിയുമായി ഉടമ്പടി ചെയ്യുവാൻ കണ്ണൂരിലെ ബീവി നിർബന്ധയാകുകയും ചെയ്തു.105. അങ്ങനെ ടിപ്പുവിനെ ഒറ്റപ്പെടുത്തുവാനുള്ള എല്ലാ മാർഗ്ഗവും ഇംഗ്ലീഷ്കാർ സ്വീകരിച്ചിരുന്നു. തിരുവിതാംകൂർ ആക്രമിച്ചതിന്റെ പേരിൽ ആരംഭിച്ച മൂന്നാം ആഗ്ലോ-മൈസൂർ യുദ്ധം 1792

ഫെബ്രുവരി23ന് ശ്രീരംഗപട്ടണം ഉടമ്പടിയോടുകൂടിയാണവസാനിച്ചത്.106. ഉടമ്പടിപ്രകാരം കോഴിക്കോടെ 63 താലൂക്കുകളും, പാലക്കാട്ടുശ്ശേരിയും ഇംഗ്ലീഷ് ഈസ്റ്റ് ഇൻഡ്യാകമ്പനിയോട് ചേർക്കപ്പെട്ടു.107. മലബാറിന്റെ ആധിപത്യം കിട്ടിയതോടെ ഇൻഡ്യയുടെ മേൽ അധീനത്വം സ്ഥാപിക്കുകയെന്ന ലക്ഷ്യത്തിലേക്ക് അധിവേഗം അടുക്കുവാൻ കമ്പനിക്ക് സഹായകമായി.

ഇൻഡ്യയിലെ തങ്ങളുടെ ശക്തരായ ശത്രുക്കൾക്കെതിരായി ഈ നാട്ടിലെ കൊച്ചു കൊച്ചു ഭരണാധിപൻമാരെ ഇംഗ്ലീഷ്കാർ എങ്ങിനെയൊക്കെ ഉപയോഗപ്പെടുത്തിയെന്നും ലക്ഷ്യത്തിലെത്തിയപ്പോൾ ഇവരോട് ഏത് തരത്തിലാണ് പെരുമാറിയിരുന്നതെന്നും വ്യക്തമാകുന്നതാണ് മലബാർ കൈവശം വന്നതിന് ശേഷം ഇവിടത്തെ രാജാക്കൻമാരോട് അവർ കൈക്കൊണ്ട സമീപനരീതി. തങ്ങളുടെ അയൽക്കാരനായ ശത്രുവിനെ അമർച്ച ചെയ്യുന്നതിനോ, അവരുടെ ആക്രമണം നേരിടുന്നതിനോ, ആയി ഇൻഡ്യയിലെ എല്ലാ രാജാക്കൻമാരും വിദേശശക്തികളെ ആശ്രയിച്ചിട്ടുണ്ട്. കേരള രാജാക്കൻമാരും ഇത് തന്നെയാണ് ചെയ്തത്. പക്ഷേ വിദേശാധിപത്യത്തിന്റെ ചവിട്ടടിയിൽപെട്ട് ഇവരെല്ലാം അവസാനം ഞെരിഞ്ഞമർന്നു പോയി എന്നത് ചരിത്രപരമായ അനിവാര്യതയായിരുന്നു. മൂന്നാം മൈസൂർ യുദ്ധത്തിന് ശേഷം മറ്റു മലബാർ രാജാക്കൻമാരെപ്പോലെ തിരുവിതാംകൂർ മഹാരാജാവും കമ്പനി ഭരണാധികാരികളുടെ സാമന്തനായിത്തീരുകയാണുണ്ടായത്.108.

---

1. *Foster's Letters received by the East India Company, vol. IV. p 64.*
2. *Malabar Joint Commisioners' Report, para 9.*
3. *Dutch Records No. 13, p 54.*
4. *T.K. Velu Pillai, Travancore State Manual, vol. 2, p 116.*
5. *Foreign (Miscellaneous) S. No. 55, para 9, p 8.*
6. *Ibid.*
7. *Ibid.*
8. *Tellicherry Diary, 1734-44, p 67.*
9. *Malabar Joint Commissioner's Repot, para 10.*
10. *Tellichery Consultations, 1726-1727.*
11. *Ibid.*
12. *Ibid, vol.III.*
13. *Ibid.*
14. *Ibid, 1727-2, vol. 3.*
15. *Dutch Records No. 13, p 54.*
16. *Tellichery Consultations, 1727-28, vol. 3, foot note, p 53.*
17. *Van Gollenesse, Memorandum etc, p 66.*
18. *See Tellichery Diary and Consultations.*
19. *Anjengo Diary, 1744, vol. I, p 9.*
20. *Records of Fort St. George, Millitary Department, General No. 8, p 899.*
21. *Tellichery Consultations, 1731-32. vol. V.*
22. *Revenue Board, B.N. 67-69, vol. 88, June 29, 1801, p 7481-7484.*
23. *Malabar Joint Commission Report, para 9.*
24. *Tellichery Consultations, 1730-31, vol. II, No. 730.*
25. *Ibid, 1734, vol. VII.*
26. *Ibid.*
27. *Ibid.*
28. *Ibid, Sept 7, 1739.*
29. *Ibid, vol. 12, 1740-44 June 12, 1741, p 140.*
30. *Ibid.*
31. *Ibid, vol. XIII, 1742-43, p 61.*
32. *Ibid, vol. XIV, 1742-43., p 12.*
33. *Ibid, Sept 14, p 13.*
34. *Ibid, p 15.*
35. *Ibid, vol. XIV, 1745-46, October 9, 1745.*

36. Ibid.
37. Ibid, Tellichery Consultations, 1745.
38. Ibid.
39. Ibid.
40. Ibid, vol. XVII A, 1746-47, p p 15-16.
41. Ibid, vol. XVII B, 1747-48.
42. Ibid, vol. XVII, 1748-49, p p 212-213.
43. Ibid, p 214.
44. Dutch Records No. 13, p 145.
45. Malabar Joint Commissioner's Report, para 9.
46. Dutch Reocrds No. 13, p 145.
47. Ibid.
48. M.M.D.L.T, op.cit, p 62.
49. Tellichery Consultations, vols. 17 A and 17 B.
50. Tellichery Factory Records, March 10, 1766, Consultations, April 2, 1766.
51. Tellichery Consultations, 1766.
52. Ibid, No. 14, 1766, No. 28, 1764.
53. Foreign Home Departments, 1756-80, Secret Consultations, No. 1.
54. Minutes, Board of Directors, Consultations, April 4, 1766.
55. C.H. Hutchinson, Treaties etc, vol. IX, No. xxxvi, p p 195-96.
56. Foreign (Miscellaneous) S.No. 55, p p 18-19.
57. Malabar Joint Commissioner's Report, para 18.
58. Dutch Records No. 13, p 153.
59. Ibid, p p 153-54.
60. Minutes, Board of Directors, Consultations, April 4, 1766.
61. Dutch Records No. 13, p 154.
62. M.M.D.L.T, op.cit, p 73.
63. Anjengo Diary (1) Factory, vol. 1269, Letter No. 41. X Require him to pay or I will pay him a visit (Moens Memorandum etc, p 154.)
64. Dutch Records No. 13, p 154.
65. Anjengo Dairy (1) 1764-66, vol. 1217, p p 86-90.
66. Ibid, vol. 1269, p p 267-68.
67. Ibid.
68. M.M.D.L.T, op.cit, p 136.
69. Melleson, Serimgapatam, The Capital of Tipoo Sultan, 1805, p 146.
70. Foreign Secret Proceedings of Secret Select Committee, 1779, January 4, to June 20, letter from Haidar Ali to the Governor, March 19, 1779.
71. Foreign (Miscellaneous) S. No.55, part I, p 74.
72. Logan, Malabar Manual Vol. I, op.cit, p 423.
73. Ibid, p 425.
74. Foreign and Political departments, Secret Consulations, January 14, 1780, No. 503-4.
75. Malabar Joint Commissioner's Report, para 30.
76. Foreign (Miscellaneous) S. No. 55, p 36.
77. Foreign Secret Consultations, 1777, D January 20, 1777.
78. Wilks, History of Mysore etc, vol. I, op.cit, p 812.
79. For details of Second Anglo-Mysore War, See Chapter on Mysore period.
80. Ernakulam Archives, L.IXII, S.I. No. 31, p 2760.
81. Ibid, No. 32, p 2762.
82. Ibid, L.LIXIII, S.I. p p 2750-61, Van Angelbeck to the Raja of Cochin, Novermber 17, 1782, Nos. 31, 32.
83. Secret Proceedings, May 13, 1784.
84. Foreign and Political Secret Proceedings, No. 96 A, p p 2765-66.
85. Ibid, No. 13, 1789, p 2585.
86. Ibid, S.No. 96 A, p p 2751-55.
87. Foreign and Political secret Proceedings, Holland to Governor General, p 2554.
88. Ibid, Powny to Governor-General, p p 2751-55.
89. Foreign and Political Proceedings, Nov. 13, 1789, p 2585.

90. Ibid, No. 96 A, p p 2751-55.
91. Ibid, Part II, December 1789, p 2901.
92. Ibid, December 1789, p 2902.
93. Ibid, December 1789, p 2777.
94. Foreign and Political Secret Proceedings, Holland to Tipu, p 2571.
95. Ibid, May 5 to July 2, 1790, No. II, 1789, p 2567.
96. Poona Residency Correspondence, vol.III, No. 93 p 105.
97. M.H. Khan, History of Tipu Sultan, 1951, Calcutta, p 164.
98. Political Proceedings, May 14, 1790, Consultations No. II.
99. Ibid.
100. Ibid, No. 10, June 2, 1790.
101. Foreign and Political Secret Proceedings, No. 96 A, p p 2765-66.
102. Poona Residency Correspondence, vol. III, No. 103, p 125, Also Logan, Treaties etc, vol. i, xcvi.
103. Ibid, No. 101, p 122.
104. Ernakulam Archives, List No. 167, Series I.
105. Logan, Treaties etc, op.cit, xcviii.
106. Foreign (Miscellaneous) S. No. 57, John Kennaway, 1792.
107. Ibid, S. No. 54, 1792, Kennaway.
108. T.K. Velu Pillai, Tranvancore State Manual, vol. II, op.cit, p 433.

# XLI രാഷ്ട്ര സംവിധാനം

രാജ്യത്ത് സുഗമമായ ഒരു ഭരണസംവിധാനവും രാഷ്ട്രീയചട്ടക്കൂടും കരുപ്പിടിപ്പിക്കുകയെന്നതായിരുന്നു കമ്പനിക്ക് സുപ്രധാനമായും നിർവ്വഹിക്കേണ്ടതായിരുന്ന കർത്തവ്യം. "നാട്ടുപ്രമാണിമാർ തമ്മിലുണ്ടാകുന്ന വൈരങ്ങളും തജ്ജന്യമായ വിഷമതകളും ഇല്ലായ്മ ചെയ്യുന്നതിനും മലബാറിൽ സ്ഥിരമായ ഒരു സംവിധാനം ഉണ്ടാക്കുന്നതിനും കമ്പനിക്ക് ഉപകാരപ്രദമായവിധത്തിൽ നികുതി പിരിവും, വാണിജ്യവും സംഘടിപ്പിക്കുന്നതിനും വേണ്ടി," ഗവർണ്ണർ ജനറൽ കോൺവാലീസ് ഒരു കമ്മിഷനെ നിയമിക്കുകയുണ്ടായി. മേജർഡൗ, ഫാർമർ എന്നിവരെ ആദ്യത്തെ കമ്മിഷനായി ബോംബേ ഗവർണ്ണർ ആബർ ക്രോംബി നിർദ്ദേശിക്കുകയുണ്ടായി. ബോംബേ ഗവർമേണ്ടിലെ ഒരു സിവിൽ ഉദ്യോഗസ്ഥനായ പേജും ഇവരോടൊപ്പം ചേർന്നു. 1792 ഡിസംബറിൽ ഇവർ ഒരു റിപ്പോർട്ടു സമർപ്പിക്കുകയും ചെയ്തു. അതിനുശേഷം ബംഗാൾ ഗവർമ്മേണ്ട് നിർദ്ദേശിച്ച മേജർഡങ്കനും ബൊഡ്ഡാനും ഈ കമ്മിഷനിലെ അംഗങ്ങളായിച്ചേർന്നു. അതോടെ ബോംബെ കമ്മിഷൻ എന്ന പേര്, "മലബാർ പ്രവിശ്യയിലെ സ്ഥിതി ഗതികളെക്കുറിച്ചന്വേഷിക്കുവാനുള്ള ജോയിൻറ് കമ്മിഷൻ" എന്നാക്കി മാറ്റുകയും ചെയ്തു. 1793 ഒക്ടോബർ 14-ാം തിയതി കമ്മിഷ്ണറൻമാർ ഒരു പൊതുറിപ്പോർട്ട് സമർപ്പിച്ചു. കമ്പനിയുടെ അധീനതയിലായ മലബാറിന്റെ സ്ഥിതി ഗതികൾ അവർ വിശദമായന്വേഷിച്ചറിഞ്ഞിരുന്നു. ഈ റിപ്പേർട്ടുകളിൽ നിന്നും മറ്റു ബന്ധപ്പെട്ട രേഖകളിൽ നിന്നുമാണ് മലബാർ സെറ്റിൽമെൻറിനെക്കുറിച്ച് നമുക്കറിയാൻ കഴിയുന്നത്.

മൂന്നാം ആഗ്ലോ-മൈസൂർ യുദ്ധം ആരംഭിക്കുന്ന സമയത്ത് മലബാർ രാജാക്കൻമാരെ കമ്പനിയുടെ സംരക്ഷണയിലാക്കിക്കൊണ്ട് ഒപ്പുവെക്കപ്പെട്ട ഉടമ്പടിയിൽ യുദ്ധശേഷമുള്ള അവരുടെ പദവിയെക്കുറിച്ച് യാതൊന്നും തന്നെ പറഞ്ഞിരുന്നില്ല. അതിനാൽ കമ്പനിയും രാജാക്കൻമാരും തമ്മിലുള്ള ബന്ധമെന്തായിരിക്കണമെന്ന് ജോയിൻറ് കമ്മിഷ്ണറൻമാരുടെ റിപ്പോർട്ടിൻമേലുള്ള ഗവർണ്ണർ ജനറലിന്റെ മിനുട്ട്സിൽ രേഖപ്പെടുത്തുകയാണുണ്ടായത്.2. "യുദ്ധാരംഭത്തിൽ കോഴിക്കോടിന് വടക്കുള്ള നായർ പ്രമാണിമാരുമായുണ്ടായിരുന്ന ഉടമ്പടികൾ അത്ര സംക്ഷിപ്തമല്ലെന്നും ആ പ്രദേശം ടിപ്പുവിൽ നിന്നും മോചിപ്പിക്കാമെന്നല്ലാതെ നമ്മുടെ അധീനതയിലാകുമെന്ന് വ്യക്തമായി പറഞ്ഞിരുന്നില്ലെന്നുമാണ് ബോംബേ ഗവർണ്ണറായിരുന്ന ആബർ ക്രോംബി അഭിപ്രായപ്പെടുന്നത്. അതേസമയം ഈ പ്രമാണിമാർക്ക് നാം പൂർണ്ണസ്വാതന്ത്ര്യം അനുവദിക്കുന്നുവെന്ന് പ്രതീക്ഷിക്കുവാൻ നിർവാഹമില്ലാത്തതിനാൽ നമ്മുടെ അധികാരം എന്നുള്ളത് വ്യക്തമായിരുന്നിരിക്കാം. ടിപ്പുവിനുണ്ടായിരുന്ന അധികാരം മുഴുവനും കമ്പനിക്ക് കൈമാറിയതായാണ് ഗവർണ്ണർ ജനറലിന്റെ നിലപാടിൽ നിന്നും മനസ്സിലാകുന്നതെന്നും എന്നാൽ ഇക്കാര്യത്തിൽ കുറച്ചുകൂടി മയത്തിലുള്ള ഒരു സമീപനമാണാവശ്യമെന്നും അദ്ദേഹം തുടർന്നു അഭിപ്രായപ്പെടുന്നുമുണ്ട്. ഉടമ്പടിയിൽ പറയും പ്രകാരമുള്ള സംരക്ഷണം ഉറപ്പു നൽകുന്നതിന് പകരമായി ഒരു സംഖ്യ കമ്പനിക്ക് നൽകണമെന്നും ഇതിന്റെ ഒരു ഭാഗമെങ്കിലും നിശ്ചിതവിലക്ക് കുരുമുളക്, ഏലം, ചന്ദനം തുടങ്ങിയ വാണിജ്യവിഭവങ്ങളായി നൽകണമെന്നും ആണ് ആബർ ക്രോംബി മുന്നോട്ടുവെക്കുന്ന വ്യവസ്ഥകൾ.3. എന്നാൽ മലബാർ രാജാക്കൻമാർക്ക് കാര്യമായ അധികാരങ്ങളൊന്നും നൽകുകയുണ്ടായില്ല. അവരെ സഖ്യകക്ഷികളായി കരുതാൻ മാത്രമേ കമ്പനി തയ്യാറുണ്ടായിരുന്നുള്ളൂ. 1792ൽ "ഒരു നല്ല മാതൃക സൃഷ്ടിച്ചുകൊണ്ട്"4. കമ്പനിയുടെ നിയന്ത്രണത്തിലിരിക്കുവാൻ കടത്തുനാട് രാജാവ് സമ്മതിച്ച് താഴെ പറയുംവിധമുള്ള ഒരു ഉടമ്പടിയിൽ ഒപ്പുവെക്കുകയും ചെയ്തു. ഒന്ന്. കമ്പനിയുടെ നിയന്ത്രണത്തിന് വിധേയമായി രാജാവിന് സർവ്വ അവകാശങ്ങളും ഉണ്ടായിരിക്കുന്നതാണ്. രണ്ട്. ജനങ്ങളുടെ പരാതികളെക്കുറിച്ച് അന്വേഷിക്കുവാൻ ഒരു റസിഡൻേറാ, ദിവാനോ, അദ്ദേഹത്തിന്റെ കൂടെ ഉണ്ടായിരിക്കണം. മൂന്നു. കമ്പനിയുടെ ഭാഗത്ത് നിന്ന് രണ്ടു പേരും രാജാവിന്റെ ഭാഗത്ത് നിന്ന് ഏതാനുംപേരും കൂടി ച്ചേർന്ന് ഓരോ ജില്ലയുടേയും നികുതി നിജപ്പെടുത്തുക. നാല്. ഓരോ പ്രജയും നൽകേണ്ട നികുതി ക്ലിപ്തപ്പെടുത്തുക. അഞ്ച്. വിളവിന്റെ രീതിക്കനുസരിച്ച് അടുത്ത ഒക്ടോബറിൽ രാജാവ് നൽകേണ്ട സംഖ്യ നൽകുക. ആറ്. അടുത്ത ഡിസംബറിൽ രാജാവ് നിശ്ചയിക്കുന്ന വിലക്രമത്തിന് ഗവർമ്മേണ്ടിന്റെ പങ്ക് കുരുമുളക് കമ്പനിക്ക് നൽകുക. ഇത് കമ്പനിക്ക് ലഭിക്കേണ്ട തുകയുടെ ഭാഗമായിരിക്കും. ഏഴ്. ബാക്കി വരുന്ന കുരുമുളക് കമ്പനി നിശ്ചയിക്കുന്ന കച്ചവടക്കാർക്ക് നൽകുക. എട്ട്. സമയാസമയങ്ങളിൽ ക്രമീകരിക്കപ്പെടേണ്ട മറ്റു കാര്യങ്ങൾ തലശ്ശേരി തലവന് വിട്ടുകൊടുക്കുക. മൂന്നാമത്തെ വ്യവസ്ഥയിൽ പറയുന്ന കാര്യങ്ങൾ തിരുമാനിക്കുവാനുള്ള വ്യക്തികളെ നിശ്ചയിക്കുവാൻ അദ്ദേഹത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.5. ചിറയ്ക്കൽ, കോട്ടയം രാജാക്കൻമാരുമായും ഇത്തരം ഉടമ്പടി ഉണ്ടാക്കുകയുണ്ടായി. ഇരുവിലനാടും രണ്ടതറയും നേരിട്ട് കമ്പനിയുടെ ഏജൻറ്മാരുടെ കീഴിലാക്കുകയാണുണ്ടായത്. കമ്മീഷ്ണറൻമാരുടെ ശ്രദ്ധ പിന്നീട് നിലേശ്വരം, കുമ്പള, വിടുല്ലേഗ്ര, ബങ്കോർ, ചൗത്തറ എന്നിവിടങ്ങളിലെ രാജാക്കൻമാരിലേക്ക് തിരിഞ്ഞു. ഇവരിൽ അവസാനത്തെ രണ്ടുപേർ മൈസൂരിലേക്ക് പോകുവാൻ നിർബന്ധരാകുകയും അവിടെ അവരെ തടവിലാക്കുകയും ചെയ്തു. നീലേശ്വരം രാജാവിന് മലബാറിലേക്ക് വരുവാനുള്ള അനുമതി നൽകുകയുണ്ടായി. മറ്റു രണ്ടുപേർക്ക് 200 ക.

വീതം പെൻഷൻ നൽകുകയും അവരെ തലശ്ശേരിയിൽ താമസിക്കുവാൻ അനുവദിക്കുകയുമാണുണ്ടായത്.6. സാമൂതിരിയുമായി പറഞ്ഞൊതുക്കുവാൻ ആദ്യം വിഷമതകളുണ്ടായിരുന്നുവെങ്കിലും അദ്ദേഹത്തിനൊരാംഗീകാരമെന്ന നിലയിൽ ബേപ്പൂർ, പരപ്പനാട്, വെട്ടത്തുനാട് എന്നിവിടങ്ങളിലെ രാജാക്കൻമാർ അവരുടെ നികുതി സാമൂതിരിക്ക് നൽകണമെന്ന് തീർപ്പപ്പെടുത്തി. നികുതി പിരിക്കുന്നതിന് വേണ്ടി സാമൂതിരി കുടുംബത്തിലെ പടിഞ്ഞാറെ കോവിലകത്തിനും കിഴക്കേ കോവിലകത്തിനും വേറെ വേറെ ജില്ലകളാണ് നൽകിയിരുന്നത്. പാലക്കാട്ടെ ഇട്ടിപ്പങ്കി അച്ചൻ, കവളപ്പാറ നായർ, വെള്ളാട്ടിരി രാജ, കൊങ്ങാട്ട്, മണ്ണൂർ, രണ്ടത്തറ നായൻമാർ എന്നിവരുമായും ഇതുപോലുള്ള ഉടമ്പടികളുണ്ടാക്കി. ഇവരെല്ലാം തന്നെ അവരവരുടെ നികുതി വരവിന്റെ ഒരു ഭാഗം കമ്പനിക്ക് നൽകേണ്ടതുണ്ടായിരുന്നു. എന്നാൽ അധികം താമസിക്കാതെ ഈ ഏർപ്പാട് കമ്പനിക്ക് നഷ്ടമാണെന്ന് വ്യക്തമായി. ആകെ നികുതി പിരിവിന്റെ അഞ്ചിലൊന്ന് രാജാക്കൻമാർക്ക് സ്വന്താവശ്യത്തിനു വേണ്ടി എടുക്കാമായിരുന്നെങ്കിലും കമ്പനിക്ക് അടക്കേണ്ട തുക കൃത്യമായടക്കുവാൻ ഇവരിൽ പലർക്കും കഴിഞ്ഞില്ല. അതുകൊണ്ട് ഈ നാടുകൾ അതാതു രാജാക്കൻമാരിൽ നിന്നും തിരിച്ചെടുക്കുവാനുള്ള ശ്രമമാണ് പിന്നീട് നടന്നത്. കുറുമ്പ്രനാട് രാജാവിന്റെ കാര്യത്തിൽ ഇത് വിജയിച്ചതിനെ തുടർന്ന് ഈ നയം മറ്റുള്ളവരുടെ കാര്യത്തിലും നടപ്പാക്കുകയും രാജാക്കൻമാരിൽ നിന്നും ഭരണം പിടിച്ചു വാങ്ങി അവർക്ക് ഒരു പെൻഷൻ നൽകുകയാണുണ്ടായത്.7.

അങ്ങനെ മലബാർ മുഴുക്കെ കമ്പനിയുടെ നേരിട്ടുള്ള ഭരണത്തിലായതിനെ തുടർന്ന്, രാജ്യത്തെ വടക്കും തെക്കുമായി രണ്ടു ഭാഗമാക്കുകയും ഓരോന്നിനും ഓരോ സൂപ്പർവൈസർമാരെ നിയമിക്കുകയും ചെയ്തു. ഈ വിഭാഗങ്ങളെ ജില്ലകളായും ജില്ലകളെ താലൂക്കുകളായും ഇവയെ ഹോബ്ലികളായും തരംതിരിച്ചു. ഹോബ്ലികളെ വീണ്ടും ദേശങ്ങളായും വിഭജിക്കുകയുണ്ടായി. നികുതി പിരിവിനും ഭരണനടത്തിപ്പിനുമായി ഇവ ഓരോന്നിലും സിവിൽ ഉദ്യോഗസ്ഥൻമാരെ നിയമിച്ചു. കൊച്ചിയിലേയും തിരുവിതാംകൂറിലേയും രാജാക്കൻമാരുമായി പുതിയ ഉടമ്പടികളുമുണ്ടാക്കി. 1790ലെ ഉടമ്പടി പ്രകാരം "സാധാരണ കപ്പമായി നൽകാറുള്ള ഒരു ലക്ഷം രൂപക്ക് പുറമെ ഒരു ബറ്റാലിയൻ പ്രാദേശിക സൈന്യത്തിന് വരുന്ന ചെലവിന് തുല്യമായ ഒരു സംഖ്യ 1,76,037 ആർക്കോട്ടു രൂപ ഉൾപ്പെടെ മൊത്തം വർഷത്തിൽ 2,76,037 ആർക്കോട്ടു രൂപ നൽകാമെന്നും, 1809 മേയ് 1-ാം തീയതി മുതൽ ആറ് തുല്യഗഡുക്കളായി ഇത് അടക്കാമെന്നും"8. ഈ രാജാക്കൻമാർ സമ്മതിച്ചു. 1795ൽ തിരുവിതാംകൂറുമായുണ്ടാക്കിയിരുന്ന ഉടമ്പടി 1805 മേയ് രണ്ടാം തീയതി തിരുത്തുകയുണ്ടായി. അങ്ങനെ കമ്പനിയുടെ രാഷ്ട്രീയാധികാരം തിരുവിതാംകൂറിന്റെമേലും സുസ്ഥാപിതമായി.

നികുതിക്രമങ്ങൾ.

രാജാക്കൻമാരുമായി രാഷ്ട്രീയ കാര്യങ്ങൾ പറഞ്ഞൊതുക്കിയശേഷം ഗവർമ്മേണ്ടിലേക്ക് നികുതി പിരിക്കുന്നതിന് സുശക്തമായ സംവിധാനമുണ്ടാക്കുന്നതിലായിരുന്നു കമ്പനി ഉദ്യോഗസ്ഥൻമാർ ശ്രദ്ധിച്ചത്. രാജാക്കൻമാർ നികുതി കുടിശ്ശിക വരുത്തിയതിനാൽ അഞ്ചു കൊല്ലത്തിലൊരിക്കൽ പാട്ടം അടക്കുന്ന ഏർപ്പാട് നിർത്തി കമ്പനിക്ക് നേരിട്ട് നികുതിയടക്കുക എന്ന സമ്പ്രദായം നടപ്പിലാക്കുകയുണ്ടായി. പാർവത്യക്കാർ, മേനോൻ, കോൽക്കാർ ഇങ്ങനെയുള്ള ഉദ്യോഗസ്ഥൻമാരും ഇതിനായി നിയോഗിക്കപ്പെട്ടു. അങ്ങനെ മിക്കവാറും എല്ലാ ദേശങ്ങളിലും നികുതി പിരിവിനുള്ള ഏർപ്പാടുകളുണ്ടാക്കി. ഭൂനികുതിയായിരുന്നു പ്രധാന വരുമാനമാർഗ്ഗം. ആകെ കിട്ടിയിരുന്ന വരുമാനത്തിന്റെ 90 ശതമാനത്തിൽ കൂടുതൽ ഭൂനികുതിയിനത്തിലായിരുന്നു. പ്ലാവ് (ഒരു പണം) തെങ്ങ് (ഒന്നു മതൽ രണ്ടു പണം വരെ) കമുക് (ആറ് കമുകിന് ഒരു പണം) കുരുമുളക് വള്ളി (ഒരു പണം) വീട് (3.5 പണം) കടകൾ (2.4 പണം) ചെന്തുകത്തി (രണ്ടു പണം) കള്ളു വാറ്റുന്ന ചട്ടികൾ (രണ്ടു പണം) നെയ്ത്തു ഷട്ടിൽ (4.12 പണം) ആശാരിമാരുടെ ഉപകരണങ്ങൾ (രണ്ടു പണം) കൊല്ലന്റെ ചുറ്റിക (2 പണം) എണ്ണമില്ല് (2.4 പണം) രണ്ടു വഞ്ചിയോടുകൂടിയ വല (35, 40, 65 പണം) എന്നിവയായിരുന്നു മറ്റു നികുതിയിനങ്ങൾ.9. ഇറക്കുമതി നികുതി മുഖ്യമായും പുകയില, തുണി മുതലായ സാധനങ്ങളിലായിരുന്നു ചുമത്തിയിരുന്നത്. അതാകട്ടെ ഇറക്കുമതി സാധനങ്ങളുടെ വിലയുടെ നിശ്ചിതശതമാനമായിരുന്നു.10.

ഇറക്കുമതി, കയറ്റുമതി വസ്തുക്കളിൽ ചുങ്കം ചുമത്തികൊണ്ടുള്ള പ്രഖ്യാപനമുണ്ടായത് 1793ലാണ്. കയറ്റുമതി നികുതി സാധനവിലയുടെ രണ്ടര ശതമാനമായിരുന്നു. കുരുമുളക്, ചന്ദനം, ഏലം, എലവർങ്ങം, ജാതിക്ക മുതലായ കയറ്റുമതി ചരക്കുകളിൽ നികുതി യഥാക്രമം പത്തര, ആറര, പന്ത്രണ്ട്, നാല്, അഞ്ച് ശതമാനമായിരുന്നു. കടലിൽ കൂടിയാണ് സാധനങ്ങൾ കയറ്റിക്കൊണ്ടുപോകുന്നതെങ്കിൽ അതിന് മദ്രാസ്, ബോംബേ, ബംഗാൾ പ്രസിഡൻസികളിൽ നിന്നും മുൻകൂട്ടി അനുവാദം നേടേണ്ടതാവശ്യമായിരുന്നു. അനുമതി ലഭിച്ചുകഴിഞ്ഞാൽ അതിൻമേലുള്ള നികുതി നാല് ശതമാനമാണ്. എന്നാൽ ഇംഗ്ലീഷ് കപ്പലുകൾ വഴി യൂറോപ്പിലേക്ക് കൊണ്ടുപോകുന്ന സാധനങ്ങൾക്ക് മൂന്നര ശതമാനമേ നികുതി ഈടാക്കിയിരുന്നുള്ളു. അതേ സമയം വിദേശക്കപ്പലുകളിലാണ് കയറ്റി അയക്കുന്നുതെങ്കിൽ നികുതി എട്ട് ശതമാനമായിരുന്നു. കുരുമുളക്, ഏലം, ജാതിക്ക, എന്നിവ കരവഴി കൊണ്ടുപോകുന്നുവെങ്കിൽ അവക്ക് നികുതി ചുമത്തിയിരുന്നില്ല. ഒരിക്കൽ ഇറക്കുമതി നികുതി ഈടാക്കിയ വസ്തുക്കളെ കയറ്റുമതി നികുതിയിൽ നിന്നും ഒഴിവാക്കുകയും ചെയ്തിരുന്നു. ചുങ്കം ചുമത്തുന്നതിനായി മലബാറിന്റെ പല ഭാഗങ്ങളിലും ചൗക്കികൾ ഏർപ്പെടുത്തിയിരുന്നു. ഓരോ സാധനങ്ങളും അതാതിന്റെ സ്ഥലത്ത് എത്തിച്ചേരുന്നതിന് മുമ്പ് ഈ

ചൗക്കികളിലാണ് ആദ്യമെത്തുക. നികുതി ചുമത്തിയതിന് ശേഷമേ ഇവ അതാത് സ്ഥാനങ്ങളിലേക്കയച്ചിരുന്നുള്ളൂ.

1792-93ൽ മലബാറിൽ നിന്നു ലഭിച്ച നികുതി 9,25,141 രൂപയായിരുന്നുവെന്നാണ് മലബാർ കമ്മീഷണർമാരുടെ റിപ്പോർട്ടിൽ നിന്നും ഗവർണ്ണർ ജനറൽ സർ ജോൺഷോറിൻെറ മിനുട്ട്സിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കുന്നത്. 1793-94 ആയപ്പോൾ ഇത് ചുങ്കങ്ങളും മറ്റു തിരുവകളും ഉൾപ്പെടെ 14,47,657 രൂപയായി വർദ്ധിച്ചിരുന്നു. പിറ്റെ വർഷത്തെ കണക്ക് മലബാർ കളക്ടറായിരുന്ന സ്റ്റീവൻസ് നൽകുന്നത് 15,20,011 രൂപ എന്നാകുന്നു. അതേസമയം 1793-94ൽ മലബാറിൽ കമ്പനിക്ക് ചെലവാക്കേണ്ടതായി വന്ന തുകയുടെ കണക്ക് താഴെ പറയും വിധമാണ്.

| | | |
|---|---|---|
| സിവിൽ ഉദ്യോഗസ്ഥൻമാർ | - | 1,38,8000.00 |
| റവന്യൂ ചാർജ്ജുകൾ | - | 1,03,296.00 |
| നീതിന്യായക്കോടതികൾ | - | 53,362.00 |
| തിട്ടമില്ലാത്ത ചെലവുകൾ | - | 14,658.00 |
| ഡോക്ക് എസ്റ്റാബ്ലിഷ്മെൻറ് | - | 24,000.00 |
| ആകെ | - | 3,34,116.00 |

എന്നാൽ 1794 ഒക്ടോബർ 18-ാം തിയതിയിലെ സ്റ്റീവൻസിൻെറ കത്തിൽ കാണുന്ന കണക്ക് താഴെ കൊടുക്കുംവിധമാണ്.

രാജാക്കൻമാർക്കുള്ള അലവൻസ് - 1,85,000.00
സിവിൽ ചാർജസ് (ശമ്പളം മുതലായവ) - 1,58,502.2.72
പിരിവ് ചെലവ് ഭൂമി, കസ്റ്റംസ് - 1,11,068,3,60
പോസ്റ്റാഫീസ് 18,000.00
ഓഫീസ് ചെലവ്, സെക്രട്ടറി, കമ്പനി - 0 19,000.00
കൂലി - 4,400.00
ധർമ്മപരമായ കാര്യങ്ങൾ - 600.00
അസാധാരണ ചെലവുകൾ 5,00,000.00
നീതിന്യായം - 74,000.00
ആകെ - 5,75,571.2.32

കമ്പനിഭരണത്തിൻെറ ആദ്യകാലത്ത് മലബാറിൻെറ സ്ഥിതി ഇതായിരുന്നു. 1800-ാം മാണ്ട് മേയ് 21-ാം തീയതി മലബാർ മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായിത്തീർന്നു. ഒരു കളക്ടറും അദ്ദേഹത്തിൻെറ കീഴിലുള്ള ഒൻപത് ഉപ കളക്ടറൻമാരുമായിരുന്നു ഈ പ്രദേശത്തെ ഭരണാധികാരികൾ. 1801 ഒക്ടോബർ 1-ാം തിയതി ചാർജ്ജെടുത്ത മേജർ മക്ലിയോഡായിരുന്നു ഇവിടത്തെ ആദ്യത്തെ കളക്ടർ. അതിന് ശേഷം മദ്രാസ് പ്രസിഡൻസിയിൽ നടപ്പിലാക്കിയിരുന്ന ഭരണപരിഷ്ക്കാരങ്ങൾ അതേപടി മലബാറിലും നടപ്പിലാക്കുകയുണ്ടായി.

തിരുവിതാംകൂർ, കൊച്ചി എന്നീ നാട്ടുരാജ്യങ്ങളിലാകട്ടെ ആഭ്യന്തരകാര്യങ്ങളെല്ലാം അവിടത്തെ രാജാവിന് വിട്ടുകൊടുക്കുകയാണുണ്ടായത്. അവരെ ഭരണകാര്യങ്ങളിൽ സഹായിക്കുവാനായി രാജാക്കൻമാർ ദിവാൻമാരെ നിയമിച്ചിരുന്നു. എന്നാൽ ഭരണകാര്യങ്ങളിൽ ഇംഗ്ലീഷ് റസിഡണ്ടുമാരുടെ അഭിപ്രായം നിർബന്ധമായും ആരായുക പതിവായിരുന്നു. പല അവസരങ്ങളിലും പ്രധാനനയപരിപാടികൾ, ദിവാൻമാരുടെ നിയമനങ്ങൾ, ഇത്യാദികാര്യങ്ങളിൽ പലപ്പോൾ രാജാവും റസിഡണ്ടും തമ്മിൽ അഭിപ്രായസംഘട്ടനവും ഉണ്ടായിരുന്നു. എന്നാൽ റസിഡണ്ടിൻെറ അഭിപ്രായമാണ് ഇവയിലൊക്കെ അന്തിമമായി മാനിക്കപ്പെട്ടിരുന്നത് മലബാറിൽ നടപ്പിലാക്കിയിരുന്ന ഭരണരീതിയാണ് ഈ നാട്ടുരാജ്യങ്ങളിലും നിലനിർത്തിപ്പോന്നിരുന്നത്.

നീതിന്യായം. സിവിൽ, ക്രിമിനൽ നീതിന്യായങ്ങളെ സംബന്ധിച്ച് 1793 ജൂൺ 15-ാം തിയതി മലബാർ കമ്മീഷണർമാർ ഒരു ഭരണക്രമമംഗീകരിക്കുകയുണ്ടായി. ഇതുപ്രകാരം സിവിൽ, ക്രിമിനൽ, നീതിന്യായഭരണം തെക്കും വടക്കുമുള്ള സൂപ്രണ്ടുമാരുടെ ഉത്തരവാദിത്വത്തിലാക്കി. 1802ലെ കോൺവാലീസ് കോഡ് പ്രകാരം നീതിന്യായനിർവ്വഹണ വകുപ്പുകളുടെ പ്രവർത്തനം വേർതിരിക്കുകയുണ്ടായി. താഴ്ന്ന കോടതികളിൽ നിന്നുമുള്ള അപ്പീൽ ഉയർന്ന കോടതികൾ സ്വീകരിക്കുവാൻ തുടങ്ങി എന്നുള്ളതാണ് ഇതിലെ ഒരു പ്രത്യേകത. തലശ്ശേരിയിൽ ഒരു പ്രൊവിൻഷ്യൽ കോടതിയും കോഴിക്കോട്ടും തലശ്ശേരിയിലും ഓരോ ജില്ലാ കോടതികളും സ്ഥാപിക്കുകയുണ്ടായി. സിവിൽ കോടതികളെ അദാലത്ത് കോടതികൾ എന്നാണ് വിളിച്ചിരുന്നത്. അദാലത്ത് നിയമങ്ങളിൽ ഈ കോടതിയെ സംബന്ധിച്ച നിയമങ്ങളും നടപടിക്രമങ്ങളും ഉൾപെടുത്തിയിട്ടുണ്ട്. ഏറ്റവും ഉയർന്ന സിവിൽ കോടതികൾ സാദർ അദാലത്തും ക്രിമിനൽ കോടതി ഫൗജ്ദാരി അദാലത്തുമായിരുന്നു. പ്രൊവിൻഷ്യൽ കോടതികൾ സിവിൽ കേസുകളും സർക്യൂട്ട് കോടതികൾ ക്രിമിനൽ കേസുകളുമാണ് സ്വീകരിച്ചിരുന്നത്. എന്നാൽ ജില്ലാകോടതികൾ ഈ രണ്ടിനത്തിൽപെട്ട കേസുകളും സ്വീകരിക്കാറുണ്ടായിരുന്നു. മുസ്ലിംകളോട് ബന്ധപ്പെട്ട കേസുകൾ ഖാസിമാരുടെ സഹായത്തോട് കൂടിയാണ് തീരുമാനിച്ചിരുന്നത്. കക്ഷികൾ ഹിന്ദുക്കളാണെങ്കിൽ ഹിന്ദുനിയമപ്രകാരം കേസുകൾ തീരുമാനിക്കുന്നതിന് നമ്പൂതിരി സുദായത്തിൽപ്പെട്ട ഹിന്ദുപണ്ഡിതൻമാരേയും നിയമിച്ചിരുന്നു.11.

പക്ഷെ വ്യത്യസ്ഥ സമുദായത്തിൽപ്പെട്ട ജനങ്ങൾ നിവസിക്കുന്ന ഈ രാജ്യത്ത് ഇത്തരമൊരു നീതിന്യായ ഭരണ സമ്പ്രദായം പല അസൗകര്യങ്ങൾക്കും ഇടയാക്കുമെന്ന് പിന്നീട് ബോധ്യപ്പെട്ടു. അതിനാൽ മുസ്ലിംകൾക്കും ഹിന്ദുക്കൾക്കും ഒരു പോലെ ബാധകമാകുംവണ്ണം സാധാരണ കുറ്റങ്ങളേയും പൊതുകുറ്റങ്ങളേയും വേർതിരിച്ചുകൊണ്ടുള്ള ക്രിമിനൽ ശിക്ഷാരീതി പിന്നീട് നടപ്പിലാക്കുകയുണ്ടായി. നാട്ടുകാരായ മജിസ്ട്രേട്ടുമാരുടെ അധികാരം ചെറുതരം കുറ്റകൃത്യങ്ങളെ സംബന്ധിച്ചു മാത്രമായി ഒതുക്കി നിർത്തുകയും ചെയ്തു. കടുത്ത കുറ്റകൃത്യങ്ങളിൽ തീരുമാനം എടുക്കുവാ

ന്നുള്ള അധികാരം പ്രൊവിൻഷ്യൽ മജിസ്ട്രേട്ട്മാരെപ്പോലെ ഡിവിഷൻ സൂപ്രണ്ട്മാർക്ക് നൽകുകയുണ്ടായി. എന്നാൽ 40 അടിയിൽ കൂടുതലോ, ഒരു മാസത്തിൽ കൂടുതൽ തടവോ, പിഴയോ വിധിക്കുവാനുള്ള അധികാരം പ്രൊവിൻഷ്യൽ മജിസ്ട്രേട്ടുമാർക്കുണ്ടായിരുന്നില്ല. പിഴ 200 കയിൽ കൂടുത ലാണെങ്കിൽ മജിസ്ട്രേട്ട് ആ കേസ് ചീഫ് മജിസ്ട്രേട്ടിന് സമർപ്പിക്കേണ്ടതുണ്ടായിരുന്നു. അദ്ദേഹത്തിന്റെ അനുമതിയോട് കൂടി മാത്രമെ പ്രൊവിൻഷ്യൽ മജിസ്ട്രേട്ടിന് ഈ തുക ഈടാക്കുവാൻ കഴിയുമായിരുന്നുള്ളൂ. കഠിന കു റ്റങ്ങൾ ഉൾക്കൊള്ളുന്ന കേസുകൾ പ്രൊവിൻഷ്യൽ ഫൗ ജ്ദാരി കോടതിക്ക് വിട്ടുകൊടുക്കേണ്ടതുണ്ടായിരുന്നു. കോഴിക്കോട്, ചെർപ്പുളശ്ശേരി, തലശ്ശേരി എന്നിവിടങ്ങളിൽ പ്രൊവിൻഷ്യൽ ഫൗജ്ദാരി കോടതികൾ ഏർപ്പെടുത്തുകയുണ്ടായി. ഓരോ ഫൗജ്ദാരി കോടതിയിലും സാധാരണ ഉദ്യോഗസ്ഥൻമാർക്ക് പുറമെ ഐസ്ലാമിക നിയമങ്ങളിൽ പണ്ഡിതനായ ഒരു ഖാസിയേയും ഹിന്ദു നിയമങ്ങളിൽ പ്രാവീണ്യം നേടിയ ഒരു ബ്രാഹ്മണനേയും നിയമിച്ചിരുന്നു. സൂപ്പർ വൈസറുടെ വിധി തീർപ്പിൻമേൽ മൂന്ന് പ്രൊവിൻഷ്യൽ മജിസ്ട്രേട്ടുമാരുടേയും ഏകകണ്ഠമായ അഭിപ്രായത്തോട് കൂടിയല്ലാതെ ആരുടെമേലും വധശിക്ഷ നടപ്പിലാക്കുവാൻ സാദ്ധ്യമായിരുന്നില്ല. ഏകകണ്ഠമായ ഒരു തീർപ്പ് സാദ്ധ്യമല്ലാതെ വരുമ്പോൾ ആ കേസ് അന്തിമ തീരുമാനത്തിനായി ബോംബെ ഗവൺമെൻറിന് വിട്ടുകൊടുക്കണമെന്നായിരുന്നു വ്യവസ്ഥ.12. 1827ൽ കേണൽ മൺറോ തന്റെ റിപ്പോർട്ട് സമർപ്പിച്ചപ്പോൾ കോൺവാലീസ് സമ്പ്രദായത്തിൽ ചില മാറ്റങ്ങൾ വരുത്തിയിരുന്നു. ക്രിമിനൽ കേസുകളിൽ ജൂറികളെ നിയമിക്കുകയായിരുന്നു ഇവയിൽ പ്രധാനം. 1843ൽ വരുത്തിയ മറ്റൊരു പരിഷ്ക്കാരത്തിൽ സർക്യൂട്ട് കോടതികൾ നിർത്തിലാക്കി പകരം ജില്ലാ കോടതികൾ ഏർപ്പെടുത്തുകയുണ്ടായി.13.

ഇത് പോലെ കൊച്ചിയിലേയും തിരുവിതാംകൂറിലേയും നീതിന്യായ വ്യവസ്ഥകൾ ഇംഗ്ലീഷുകാരുടെ മേൽനോട്ടത്തിൽ പരിഷ്ക്കരിക്കുകയും ചെയ്തു. അംഗവിച്ഛേദം വരുത്തുക, കുറ്റവാളികളെ കടുംപരിക്ഷകൾക്ക് വിധേയമാക്കുക തുടങ്ങിയ പ്രാകൃത ശിക്ഷാ സമ്പ്രദായങ്ങൾക്ക് പകരം പരിഷ്കൃതമായ ശിക്ഷാനടപടികൾ ഏർപ്പെടുത്തി. വേലുത്തമ്പിയുടെ കാലത്താണ് തിരുവിതാംകൂറിൽ നീതിന്യായ വ്യവസ്ഥ കരുപ്പിടിപ്പിച്ചത്. വേലുത്തമ്പിയുടെ പിൻഗാമിയായ ഉമ്മിണിത്തമ്പിയുടെ കാലത്ത് തിരുവിതാകൂറിന്റെ വിവിധ ഭാഗങ്ങളിലായി നാല് കോടതികൾ സ്ഥാപിക്കുകയുണ്ടായി. റാണി ലക്ഷ്മിഭായിയുടെ കാലത്ത് റസിഡൻറ് ദിവാനായിരുന്ന കേണൽ മൺറോയുടെ ശ്രമഫലമായി മഹത്തായ മാറ്റങ്ങളാണ് നീതിന്യായ ഭരണരംഗത്തുണ്ടായത്. പത്മനാഭപുരം, തിരുവനന്തപുരം, മാവേലിക്കര, ആലുവ, വൈക്കം, എന്നിങ്ങനെ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലായി 5 ജില്ലാ കോടതികൾ സ്ഥാപിക്കുകയുണ്ടായി. ഇതിന് പുറമെ തിരുവനന്തപുരത്ത് ഒരു അപ്പീൽ കോടതിയും സ്ഥാപിതമായി. ദിവാനുൾപ്പെടെ അഞ്ച് ജഡ്ജിമാരാണ് ഈ അപ്പീൽ കോടതിയിൽ ഉണ്ടായിരുന്നത്. 1816ൽ ധർമ്മശാസ്ത്രങ്ങളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് ചില നിയമങ്ങളും കേണൽ മൺറോ നടപ്പിലാക്കുകയുണ്ടായി. സ്വാതി തിരുനാളിന്റെ കാലത്തും നീതിന്യായവകുപ്പിൽ ചില പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തിയിരുന്നു. സിവിൽ, ക്രിമിനൽ വിഭാഗത്തിൽപ്പെട്ട ചെറിയ കേസുകൾ തീരുമാനിക്കുവാൻ തിരുവിതാംകൂറിന്റെ പല ഭാഗങ്ങളിലും മുൻസിഫ് കോടതികളും രൂപീകരിച്ചു. ബ്രിട്ടീഷ് ഇന്ത്യയുടെ മാതൃകയിൽ 1825ൽ ഒരു നിയമ സംഹിതയും നിലവിൽ വന്നു. കടും പരീക്ഷണങ്ങൾക്ക് വിധേയമാക്കുന്ന ശിക്ഷാ സമ്പ്രദായങ്ങള തിരുവിതാംകൂറിൽ നിറുത്തൽ ചെയ്തത് സ്വാതിതിരുനാളാണ്. 1861ൽ മാധവറാവു ദിവാനായിരുന്ന കാലത്ത് ഇംഗ്ലീഷ് സിവിൽ ക്രിമിനൽ കോഡുകൾ നിസ്സാരമാറ്റങ്ങളോടെ തിരുവിതാംകൂറിലും നടപ്പിലാക്കുകയുണ്ടായി. ചെറുതരം കേസുകളിൽ തീരുമാനം എടുക്കുവാൻ നാടിന്റെ വിവിധ ഭാഗങ്ങളിൽ ആവശ്യമായ കോടതികളും നിലവിൽ വന്നു.

നീതിന്യായഭരണനിർവ്വഹണത്തിൽ കൊച്ചിയും മാറ്റങ്ങൾ ഉൾക്കൊണ്ടു കൊണ്ടാണ് മുന്നോട്ട് പോയത്. ക്രിസ്ത്യാനികൾ, കൊങ്കിണികൾ, ജൂതൻമാർ എന്നിവരെ ഈസ്റ്റിന്ത്യാ കമ്പനിയുടെ കീഴിലുള്ള പ്രജകളായിട്ടാണ് കണക്കാക്കിയിരുന്നത്. അവരുടെമേൽ രാജകീയ നിയമം നടപ്പിലാക്കുവാനോ, ശിക്ഷ വിധിക്കുവാനോ രാജാവിനധികാരം ഉണ്ടായിരുന്നില്ല. 1814ൽ ജൂതൻമാരേയും കൊങ്കിണിമാരേയും കൊച്ചിയിലെ നീതിന്യായകോടതികളുടെ പരിധിയിൽ കൊണ്ടുവന്നു. എന്നാൽ കേണൽ മൺറോയുടെ കാലത്താണ് കൊച്ചിയിൽ എടുത്ത് പറയത്തക്ക നീതിന്യായ ഭരണസംവിധാനം ഉടലെടുത്തത്. കാര്യക്കാരൻമാരായിരന്നു നീതിന്യായം നടത്തിക്കൊണ്ടിരുന്നവർ. 1812ൽ അവർക്കുണ്ടായിരുന്ന ഈ അവകാശം നിർത്താലാക്കുകയും പകരം സാമാന്യം നല്ല ശമ്പളത്തിൽ ജഡ്ജിമാരെ നിയമിക്കുകയുണ്ടായി. നികുതി പിരിവുകാരായ കാര്യക്കാർ ആണ് നീതിന്യായ നിർവ്വഹണവും നടത്തിയിരുന്നത്. ആ സമ്പ്രദായം അങ്ങനെ നിർത്തലാക്കപ്പെട്ടു.

തൃശൂരും തൃപ്പൂണിത്തുറയുമായിരുന്നു ഈ കോടതിയുടെ ആസ്ഥാനങ്ങൾ. ഇവയുടെമേൽ നോട്ടാധികാരത്തോടു കൂടിയുള്ള ഒരു ഹുസൂർ കോടതി എറണാകുളത്തും സ്ഥാപിക്കപ്പെട്ടു. ഒരു ഹിന്ദു, ഒരു ക്രിസ്ത്യൻ, ബ്രാഹ്മണനായ ഒരു ശാസ്ത്രി എന്നിവരടങ്ങുന്നതായിരുന്നു ഉപകോടതികൾ. ഹുസൂർ കോടതിയിൽ നാലു പേരാണുണ്ടായിരുന്നത്. ഇവരിൽ ഒരാൾ ദിവാനും മറ്റു മൂന്നുപേർ ഒരു ഹിന്ദു, ഒരു ക്രിസ്ത്യൻ, ഒരു ശാസ്ത്രി എന്നിവരായിരുന്നു. മിക്കവാറും എല്ലാ സിവിൽ കേസുകളിലും ധർമ്മശാസ്ത്രങ്ങളും പ്രാദേശിക ആചാര മര്യാദകളുമാണ് പ്രധാനമായും കണക്കിലെടുത്തിരുന്നത്. കേസിലെ കക്ഷികൾ ഓരോ മതക്കാരാണെങ്കിൽ ആ മതശാസനമനുസരിച്ചായിരിക്കും കേസുകൾ നിശ്ചയിക്കുക.

1817ൽ കൊച്ചിയിലെ നീതിന്യായഭരണം വമ്പിച്ച മാറ്റങ്ങൾക്ക് വിധേയമായി. സിവിൽ-ക്രിമിനൽ കേസുകളുടെ വ്യവഹാരക്രമങ്ങൾ ക്രമീകരിച്ചുകൊണ്ട് അന്നത്തെ അസിസ്റ്റൻഡ് റസിഡൻഡ് സീയെറ്റ് ബ്ലാക്ക് പുറപ്പെടുവിച്ച വിളംബരമാണ് ഇതിന് നിദാനമായിത്തീർന്നത്. അന്ന് നിലവിലുണ്ടായിരുന്ന സിറിൽ നടപടിക്രമം അദ്ദേഹം പരിഷ്ക്കരിച്ചു. അവിടെ കോടതി ഫീസ് ആദ്യമായി ഏർപ്പെടുത്തിയതും അദ്ദേഹമായിരുന്നു. കക്ഷികൾക്ക് വേണ്ടി വക്കീലൻമാരെ വെക്കുവാൻ അനുവദിച്ചതാണ് മറ്റൊരു പ്രധാന സംഗതി. 1819ൽ ദിവാൻ നഞ്ചപ്പയ്യയുടെ കാലത്ത് ഉപ കോടതികൾ ജില്ലാകോടതികളാക്കി മാറ്റുകയും ചെയ്തു. തൃപ്പൂണിത്തുറയിലെ കോടതി എറണാകുളത്തേക്ക് മാറ്റുകയും അതിന് അഞ്ചിക്കൈയ്മൾ ജില്ലാകോടതി എന്ന് പേര് നൽകുകയും ചെയ്തു.14. ഹുസൂർ കോടതി എന്നത് അപ്പീൽ കോടതി എന്നാക്കി. കക്ഷികളുടെ ജാതി നോക്കാതെ സിവിൽ-ക്രിമിനൽ കേസുകളിൽ തീരുമാനം എടുക്കുവാനുള്ള അധികാരം ജില്ലാകോടതികൾക്ക് നൽകി. എന്നാൽ എല്ലാ തീരുമാനങ്ങൾക്കും അപ്പീൽ കോടതിയുടെ അനുമതി ലഭിക്കേണ്ടതുണ്ടായിരുന്നു. 1835ൽ ദിവാൻ വെങ്കട സുബ്ബയ്യയുടെ കാലത്താണ് വീണ്ടും ചില പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുന്നത്. ഇവിടെ നിലവിലിരുന്ന നീതിന്യായവ്യവസ്ഥ സമൂലം പരിഷ്ക്കരിക്കുവാനും അത് ബ്രിട്ടീഷ് ഇന്ത്യയിലേതിന് തുല്യമാക്കുവാനും അദ്ദേഹം പരിശ്രമിച്ചു. 1835ലെ ഒന്നുമുതൽ നാലു വരെ ചട്ടങ്ങൾ നടപ്പിലാക്കിയത് ഇതിന് വേണ്ടിയാണ്. നികുതി ഉദ്യോഗസ്ഥൻമാരിൽ നിന്നും എടുത്ത് മാറ്റപ്പെട്ട ജുഡിഷ്യൽ അധികാരങ്ങൾ അവർക്ക് തിരികെ നൽകുകയും മജിസ്ട്രേറ്റുമാരുടേയും പോലീസിന്റെയും പ്രധാന നിയന്ത്രണാധികാരം ദിവാൻ തന്നെ ഏറ്റെടുക്കുകയും ചെയ്തു. ഈ ചട്ടങ്ങൾ അനുസരിച്ച് താഹസിൽദാർമാർക്ക് പോലീസിന്റെ മേൽ അധികാരം ലഭിക്കുകയും ചെറുതരം കറ്റകൃത്യങ്ങൾ വിചാരണ ചെയ്യുവാൻ അവർക്ക് അധികാരം ലഭിക്കുകയുമുണ്ടായി. അദ്ദേഹത്തിന്റെ പരിഷ്ക്കാരങ്ങൾ ജില്ലാ സർക്യൂട്ട് കോടതികളേയും ബാധിച്ചു.

നീതിന്യായഭരണസമ്പ്രദായത്തിൽ പിന്നീട് നടന്ന പരിഷ്ക്കാരങ്ങൾ ദിവാൻ ശങ്കുണ്ണിമേനോന്റെ കാലത്താണ് കൊച്ചിയിൽ നടപ്പാക്കിയത്. 1860 മുതൽ 1879 വരെ കൊച്ചിയിലെ ദിവാൻ അദ്ദേഹമായിരുന്നുവല്ലോ. നിയമഭരണ രംഗത്തെ ഉദ്യോഗസ്ഥൻമാർക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതകളെന്തൊക്കെയായിരിക്കണമെന്ന തീരുമാനം ഉണ്ടായത് അദ്ദേഹത്തിന്റെ കാലത്താണ്. ജില്ലാ ക്രിമിനൽ കോടതികൾ സ്ഥാപിക്കുകയും ചെയ്തു. സിവിൽ, ക്രിമിനൽ കേസുകൾ കൈകാര്യം ചെയ്യുവാനുള്ള ഈ കോടതികളുടെ അധികാരപരിധിയും വർദ്ധിപ്പിക്കുകയുണ്ടായി. മറ്റെല്ലാ വകുപ്പുകളിലും വെച്ച് ദിവാൻ ശങ്കുണ്ണിമേനോൻ ഏറ്റവും അധികം ശ്രദ്ധ ചെലുത്തിയത് നീതിന്യായഭരണകാര്യത്തിലാണ്. അദ്ദേഹത്തിന്റെ സഹോദരനും പിൻഗാമിയുമായ ദിവാൻ ഗോവിന്ദമേനോന്റെ കാലത്ത് രാജാവിന്റെ കോടതി എന്ന പേരിൽ ഒരു സുപ്രീം കോടതി ഏർപ്പെടുത്തുകയുണ്ടായി. 1882ലാണ് ഈ കോടതി സ്ഥാപിക്കുന്നത്. 1884 ലെ ഒന്നും രണ്ടും റെഗുലേഷനുകൾ പ്രകാരം ബ്രിട്ടീഷ് ഇന്ത്യയിലേതിന് തുല്യമായ നിലയിൽ ഒരു പീനൽ കോഡും ക്രിമിനൽ പ്രൊസീജിയർ കോഡും ഇവിടെ നടപ്പിലാക്കുകയുണ്ടായി. 15. പുതിയ ക്രിമിനൽ പ്രൊസീജിയർ കോഡുപ്രകാരം തഹസിൽദാർമാർക്ക് സബ് മജിസ്ട്രേട്ടുമാരുടെയും പേഷ്കാർക്ക് ജില്ലാ മജിസ്ട്രേട്ടിന്റെയും അധികാരം കൂടി ലഭിച്ചു. ജില്ലാ മജിസ്ട്രേട്ടിന് സാധാരണ കേസുകൾക്ക് പുറമെ, അപ്പീൽ കേൾക്കുവാനുള്ള അധികാരവുമുണ്ടായിരുന്നു. സബ് മജിസ്ട്രേട്ടുമാരുടെ വിധികളിൽ അപ്പീൽ കേൾക്കുവാനും വിധിപറയുവാനുമുള്ള എല്ലാ അധികാരങ്ങളും ഇവരിലാണ് നിക്ഷിപ്തമായിരുന്നത്. ജില്ലാ ജഡ്ജിമാർ സെഷൻസ് ജഡ്ജിമാരായിത്തീർന്നു. ജില്ലാ മജിസ്ട്രേട്ട്മാരും സബ് മജിസ്ട്രേട്ടുമാരും പരിഗണനക്കായി വെക്കുന്ന കേസുകൾ വിസ്തരിച്ച് വിധി കൽപ്പിക്കുവാൻ അധികാരപ്പെട്ടവരായിരുന്നു സെഷൻസ് ജഡ്ജിമാർ.

തുടർന്നുള്ള രണ്ടു ദശാബ്ദം സുപ്രധാനങ്ങളായ നിയമനിർമ്മാണങ്ങളുടെ കാലമായിരുന്നു. ഇക്കാലത്ത് കോടതികൾക്ക് എക്സിക്യൂട്ടീവ് അധികാരങ്ങളും ജുഡിഷ്യൽ അധികാരങ്ങളും നൽകുന്ന നിയമങ്ങൾ ഒന്നിന് പുറകേ ഒന്നായി വരാൻ തുടങ്ങി. 1895 ൽ ശ്രീരാമവർമ്മയുടെ കാലത്തും നീതിന്യായരംഗത്ത് പല പരിഷ്ക്കാരങ്ങളും നടപ്പിലാക്കിയിരുന്നു. ഇതിന്റെ ഫലമായി കൊച്ചിയിലെ നീതിന്യായഭരണം വളരെ മെച്ചപ്പെടുകയും മലബാർ നിയമങ്ങളെ സംബന്ധിച്ചുള്ള വ്യാഖ്യാനങ്ങളിൽ മദ്രാസ് ഹൈക്കോടതി പോലും കൊച്ചിയിലെ പ്രധാന കോടതിയുടെ വിധികൾ അംഗീകരിക്കുകയും ചെയ്തിരുന്നു. 1900ലെ രണ്ടു മൂന്നും റഗുലേഷനുകൾ പ്രകാരം അപ്പീൽ കോടതിയും താലൂക്ക് കോടതികളും, ഹൈക്കോടതിയും ജില്ലാ കോടതികളായി മാറ്റുകയുണ്ടായി. രാജാവിന്റെ അപ്പീൽ കോടതികൾ ഇതോടൊപ്പം നിർത്താലാക്കുകയും ചെയ്തു. 16. മലബാറിലും ഇതര സംസ്ഥാന ങ്ങളിലും നടപ്പിലാക്കിയിരുന്ന നീതിന്യായ പരിഷ്ക്കാരങ്ങൾ ഉൾക്കൊണ്ടാണ് ഈ നൂറ്റാണ്ടിൽ കൊച്ചിയിലെ കോടതികൾ പ്രവർത്തിച്ചുകൊണ്ടിരുന്നത്.

കാർഷികസെറ്റിൽമെൻറ്. കമ്പനിയുടെ കാർഷിക പരിഷ്ക്കാരങ്ങളാണ് മലബാറിൽ ഏറ്റവും കൂടുൽ വിദൂരഫലങ്ങളുണ്ടാക്കിയ നടപടി. ജൻമി, കാണക്കാരൻ, കുടിയാൻ എന്നിവർ കാർഷികോല്പന്നങ്ങൾ തുല്യമായി വീതിച്ചെടുക്കുന്ന സമ്പ്രദായമാണ് മൈസൂർ അധിനിവേശത്തിന് മുമ്പ് മലബാറിൽ നിലവിലുണ്ടായിരുന്നത്. മൈസൂർ ഭരണാധിപൻമാർ ഭൂനികുതി ആദ്യമായി ഏർപ്പെടുത്തിയപ്പോൾ നിലവിലിരുന്ന സമ്പ്രദായത്തിൽ മാറ്റം വന്നു. ജൻമികളുടെ വിഹിതത്തിൻമേലായിരുന്നു ഹുസൂർ നികുതി ചുമത്തിയിരുന്നത്. മലബാറിലെ ജൻമികൾ അധികവും നമ്പൂതിരിമാരായി

രുന്നുവല്ലോ. അവരാകട്ടെ തങ്ങളുടെ ഭൂമിയിൻമേൽ ചുമത്തിയ സർക്കാർ നികുതി, തങ്ങളുടെ ജാതിമേൻമയെ തരംതാഴ്ത്താനുള്ള ശ്രമമാണെന്ന് ഭയപ്പെടുകയും ചെയ്തു. സെറ്റിൽമെൻറിന് വേണ്ടി ഇവരോട് കച്ചേരികളിൽ ഹാജരാകുവാൻ ആവശ്യപ്പെട്ടതും തങ്ങളെ അവഹേളിക്കുവാനാണെന്നും അവർ വിശ്വസിക്കുകയും ചെയ്തു. അത് വരെ നികുതയിനത്തിൽ ഒരു പൈസ പോലും കൊടുത്തിട്ടില്ലാത്തവരായ നമ്പൂതിരിമാർ ഇവയെല്ലാം കൊണ്ട് ഏറെ പരിഭ്രാന്തരായി. അതിനാൽ തങ്ങളുടെ ഭൂമിയിൻമേലുള്ള അവകാശം മാപ്പിളമാർക്ക് വിറ്റ് കിട്ടിയ പണവുമായി തിരുവിതാംകൂറിലേക്ക് കടക്കുകയാണിവർ ചെയ്തത്. തൻമൂലം കാണക്കാരുമായി നേരിട്ടാണ് മൈസൂർ ഭരണാധിപൻമാർ സെറ്റിൽമെൻറ് നടത്തിയത്.

എന്നാൽ 1792ൽ മലബാർ കമ്പനിയുടെ കീഴിലായപ്പോൾ തിരുവിതാംകൂറിൽ അഭയം തേടിയിരുന്ന രാജാക്കൻമാരും ജൻമികളും മലബാറിലേക്ക് തിരിച്ച് വരികയും അവരെ കമ്പനി അധികാരികൾ നേരത്തെ അവരുടെ കൈവശമായിരുന്ന സ്ഥലത്ത് പുനരധിവസിപ്പിക്കുകയും ചെയ്തു. ഈ പ്രക്രിയയിൽ മലബാറിലെ ജൻമിമാലെ യൂറോപ്പിലെ ഫ്യൂഡൽ പ്രഭുക്കൻമാർക്ക് തുല്യമായി പരിഗണിക്കുകയാണ് ഇംഗ്ലീഷ്കാർ ചെയ്തത്. പുനർവാഴിക്കപ്പെട്ട സ്ഥലങ്ങളിൽ അനിയന്ത്രിതമായ അധികാരാവകാശങ്ങളാണ് ഇതുമൂലം അവർക്ക് ലഭിച്ചത്. 1792 മുതൽ തന്നെ മലബാറിൽ ആരംഭിച്ച കാർഷിക കലാപങ്ങൾക്ക് നിദാനം പ്രധാനമായും ഈ സെറ്റിൽമെൻറായിരുന്നു. ഈ ലഹളകളെ 'മാപ്പിള ലഹളകൾ' എന്നാണ് ഇംഗ്ലീഷ്കാർ വിശേഷിപ്പിച്ചിട്ടുള്ളത്. ഇതിൻെറ അടിസ്ഥാനഹേതു കർഷകരിൽ വേരൂന്നിയ അസംതൃപ്തിയായിരുന്നു. ഒട്ടാകെ 82 ലഹളകളാണ് പലപ്പോഴായി മലബാറിൽ നടന്നിട്ടുള്ളത്. ഇതിൽ അവസാനത്തേതാണ് 1921-22ൽ നടന്ന സുപ്രധാനമായ മലബാർ കലാപം.

ഭൂമി സർവ്വേ ചെയ്യുകയും ഭൂനികുതി ഏർപ്പെടുത്തുകയും ചെയ്തതാണ് കൊച്ചി, തിരുവിതാംകൂർ നാട്ടുരാജ്യങ്ങളിൽ കാർഷിക പരിഷ്ക്കരണങ്ങളിൽ സുപ്രധാനമായവ. ഭൂസർവ്വേ നടത്തുന്നതിന് ഈ നാട്ടുരാജ്യങ്ങളിൽ പ്രത്യേകവകുപ്പുകൾ തന്നെ രൂപീകരിച്ചു. ഓരോ ജില്ലയിലും നികുതി പിരിക്കുന്നതിന് വേണ്ടി പേഷ്ക്കാർമാരുടെ നേതൃത്വത്തിൽ ആവശ്യമായ ഉദ്യോഗസ്ഥൻമാരെ നിയമിക്കുകയും ചെയ്തു. കൊച്ചിയിൽ കണ്ടെഴുത്ത് എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഭൂസർവ്വേ 1821ൽ ആരംഭിക്കുകയും 1872ൽ പൂർത്തികരിക്കുകയും ചെയ്തു.

<u>ഗതാഗതവാർത്താ വിനിമയ സൗകര്യങ്ങൾ.</u>

മൈസൂർ ഭരണകാലത്ത് മലബാറിൽ നിർമ്മിക്കപ്പെട്ടിരുന്ന റോഡുകളുടെ വിവരണം മുൻ അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ടല്ലോ. ഇംഗ്ലീഷ് കമ്പനിയുടെ കീഴിൽ വാർത്താവിനിമയ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുകയും ചെയ്തു. മലബാറിൽ തുടരെ തുടരെ ലഹളകൾ നടന്നിരുന്നതു കൊണ്ട് പട്ടാളക്കാരെ ഇത്തരം സ്ഥലങ്ങളിൽ അടിയന്തിരമായെത്തിക്കേണ്ടതുണ്ടായിരുന്നു. ഇതിന് ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണല്ലോ. അതുകൊണ്ട് മലബാറിലുണ്ടായിരുന്ന റോഡുകൾ നന്നാക്കുകയും പുതിയവ നിർമ്മിക്കുകയും ചെയ്തിരുന്നു. ഇതോടൊപ്പം പുതിയ പാലങ്ങളുണ്ടാക്കുകയും മോട്ടോർ വാഹനങ്ങൾ കൂടുതൽ ഉപയോഗത്തിൽ കൊണ്ടുവരികയുമുണ്ടായി. കമ്പിത്തപാലിൻെറ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപകമാക്കിയതോടു കൂടി വാർത്താ വിനിമയം രംഗത്ത് അത്ഭുതപൂർവ്വമായ പുരോഗതിയുണ്ടായി. 19-ാം നൂറ്റാണ്ട് അവസാനത്തോടുകൂടി മലബാറിൻെറ തെക്കേ അറ്റം മുതൽ വടക്കേ അറ്റം വരെ റെയിൽവേ സൗകര്യങ്ങളും നിലവിൽ വന്നു. വാർത്താവിനിമയ-യാത്രാ സംവിധാനങ്ങൾ അങ്ങനെ മലബാറിൻെറ ത്വരിതഗതിയിലുള്ള ആധുനികരണത്തിന് സഹായകമായി വർത്തിച്ചു.

ഇതേ നടപടികൾ തിരുവിതാംകൂറിലും കൊച്ചിയിലും നടപ്പാക്കുകയുണ്ടായി. സംസ്ഥാനത്തെ പ്രധാന റോഡുകളെല്ലാം ചുരുങ്ങിയ കാലത്തിനിടക്കാണ് നിർമ്മിക്കപ്പെട്ടതെന്ന് കൊച്ചിൻ സ്റ്റെയിറ്റ് മാനുവൽ കർത്താവായ സി. അച്ചുതമേനോൻ രേഖപ്പെടുത്തിയിട്ടുണ്ട്.17. 1844ലാണ് തൃശൂരും കോയമ്പത്തൂരും തമ്മിൽ ആദ്യമായി ചക്രവണ്ടികളുടെ ഗതാഗതം ആരംഭിച്ചതെന്ന് അദ്ദേഹം തുടർന്നെഴുതുന്നുണ്ട്. ഒരു സുപ്രഭാതത്തിൽ സാധനങ്ങൾ നിറച്ച 12 കാളവണ്ടികൾ തൃശൂരിലെത്തിയപ്പോൾ അത് വരെ അത്തരം വാഹനങ്ങൾ കണ്ടിട്ടില്ലാതിരുന്ന ജനങ്ങളുടെ ആശ്ചര്യം 58 കൊല്ലങ്ങൾക്ക് ശേഷം ഇതിലെ തീവണ്ടികൾ ഓടാൻ തുടങ്ങിയപ്പോൾ ഉണ്ടായതിനേക്കാൾ കൂടുതലായിരുന്നുവത്രെ.18. മലബാറിൻെറ മാതൃകയിൽ തിരുവിതാംകൂറിലും റോഡുകളും നിർമ്മിക്കുകയും ഗതാഗത സൗകര്യങ്ങൾ ഉണ്ടാക്കുക പ്രധാനരാജ്യക്ഷേമപ്രവർത്തനമായി കരുതിപോരികയും ചെയ്തു. രാജാ കേശവദാസ് ഈ രംഗത്ത് സമർപ്പിച്ച സേവനങ്ങൾ മഹത്തരമായിരുന്നു.

<u>വിദ്യാഭ്യാസം</u>

ആധുനിക രീതിയിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ ആദ്യമായി കേരളത്തിൽ ആവിർഭവിക്കുന്നത് ഇംഗ്ലീഷ്കാരുടെ പ്രവർത്തനഫലമായിട്ടായിരുന്നു. മലബാറിലാണ് ഇതിൻെറ തുടക്കം കുറിച്ചത്. ക്രൈസ്തവ മിഷണറികളാണ് വിദ്യാഭ്യാസ മേഖലയിൽ പ്രശംസാർഹമായ സേവനങ്ങൾ അർപ്പിച്ചവർ. ബേസൽ ഇവഞ്ചലിക്കൽ മിഷനാണ് മലബാറിൽ ആദ്യമായി സ്കൂളുകൾ സ്ഥാപിച്ചത്. 1884ൽ കല്ലായിലും 1857ൽ തലശ്ശേരിയിലും അവർ ഓരോ സ്കൂളുകൾ ആരംഭിച്ചു. കാലക്രമേണ ഈ സ്കൂളുകൾ ഫസ്റ്റ് ഗ്രേഡ് കോളേജുകളായി ഉയർന്നു. കല്ലായി സ്കൂൾ പിന്നീട് ഗവർമ്മേണ്ട് ബ്രണ്ണൻ കോളേജുമായി. ഇന്നത്തെ പാലക്കാട് ഗവർമ്മേണ്ട് വിക്ടോറിയ കോളേജ് 1856ൽ ഒരു സ്കൂളായിട്ടാണാരംഭിച്ചത്.

1877ൽ കോഴിക്കോട് തുടങ്ങിയ സ്കൂളാണ് പിന്നീട് സാമൂതിരി കോളേജായി വളർന്നത്. മുസ്ലിം വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനുവേണ്ടി മതപഠനസൗകര്യത്തോടുകൂടിയുള്ള മാപ്പിള സ്കൂളുകൾ മലബാറിൽ പരക്കെ സ്ഥാപിക്കുകയും ചെയ്തിരുന്നു.

കൊച്ചിയിൽ കേണൽ മൺറോ, റസിഡൻണ്ടായിരുന്ന കാലത്താണ് വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകി അതിന്റെ പ്രചാരണം തീവ്രതരമാക്കിയത്. ഗ്രാമങ്ങൾതോറും ഭാഷാ വിദ്യാലയങ്ങൾ ഉടലെടുത്തത് ഇക്കാലത്താണ്. മട്ടാഞ്ചേരിയിൽ ഒരു ഇംഗ്ലീഷ് സ്കൂൾ സ്ഥാപിക്കുന്ന് റവറൻഡ് ജെ. ഡൗസനാണ്. അത് ആരംഭിക്കുവാനുള്ള അനുമതിയും സഹായവും കൊച്ചി ദിവാനായിരുന്ന നഞ്ചപ്പയ്യയാണ് ഉദാരമായി നൽകിയത്. ദിവാൻ വെങ്കട സുബ്ബയ്യയുടെ കാലത്ത് തൃശൂരിലും മട്ടാഞ്ചേരിയിലും ഇംഗ്ലീഷ് സ്കൂളുകൾ സ്ഥാപിച്ചു. ദിവാൻ ശങ്കരവാര്യരുടെ കാലത്ത് 1845ൽ എറണാകുളത്ത് രൂപീകൃതമായ എലിമെൻററി സ്കൂളാണ് പിന്നീട് എറണാകുളം മഹാരാജാസ് കോളേജായി ഉയർന്നത്. എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും ഇംഗ്ലീഷ് സ്കൂളുകൾ സ്ഥാപിക്കുവാൻ സാധിച്ചത് ദിവാൻ ശങ്കുണ്ണി മേനോന്റെ കാലത്തായിരുന്നു. തുടർന്ന് വന്ന ദിവാൻമാരും വിദ്യാഭ്യാസ മേഖലയെ ഏറെ പരിപോഷിപ്പിച്ചിരുന്നു. വിദ്യാർത്ഥികൾക്ക് ധനസഹായവും സ്കോളർഷിപ്പും ഏർപ്പെടുത്തിയിരുന്നു.

തിരുവിതാംകൂറിലും ഈ പ്രക്രിയ നടക്കുന്നത് കേണൽ മൺറോ, റസിഡൻണ്ടായിരിക്കുമ്പോഴായിരുന്നു. അദ്ദേഹവും തുടർന്നു വന്ന അദ്ദേഹത്തിന്റെ പിൻഗാമികളും വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങുവാൻ ഏറെ പ്രോത്സാഹനവും സഹായവും ചെയ്തിട്ടുള്ളവരാണ്. റാണി ഗൗരി പാർവ്വതി ഭായിയുടെ കാലത്ത് കരമൊഴിവാക്കി ധാരാളം സ്ഥലം സ്കൂളുകൾ നടത്തുന്നതിനുവേണ്ടി കൃസ്ത്യൻ മിഷണറിമാർക്ക് നൽകിയിരുന്നു. വിദ്യാഭ്യാസരംഗത്ത് വളരെയധികം വികാസം നടക്കുന്നത് സ്വാതിതിരുനാളിന്റെ കാലത്തായിരുന്നു. തിരുവനന്തപുരത്ത് 1834ൽ ഒരു ഇംഗ്ലീഷ് സ്കൂൾ സ്ഥാപിക്കുകയുണ്ടായി. തുടർന്ന് താലൂക്ക് കേന്ദ്രങ്ങളിലെല്ലാം ഓരോ ഇംഗ്ലീഷ് സ്കൂളുകൾ ആരംഭിക്കുകയും ചെയ്തു. പെൺകുട്ടികൾക്ക് മാത്രമായി 1859ൽ തിരുവനന്തപുരത്ത് ഒരു സ്കൂളും നിലവിൽ വന്നു. 1866ൽ ആയില്യം തിരുനാളിന്റെ വാഴ്ചയിലാണ് തിരുവനന്തപുരത്ത് ഒരു ആർട്സ് കോളേജ് തുടങ്ങിയത്. നാടിന്റെ നാനാ ഭാഗത്തും തമിഴ്, മലയാളം, ഇംഗ്ലീഷ് സ്കൂളുകൾ സ്ഥാപിക്കപ്പെട്ടു. സ്വകാര്യ ഏജൻസികൾ ശ്രീമൂലം തിരുനാളിന്റെ കാലത്ത് വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് എല്ലാം സഹായങ്ങളും നിർല്ലോഭം നൽകിയിരുന്നു. വിദ്യാഭ്യാസ ചട്ടങ്ങൾ ക്രോഡീകരിച്ചതിന് പുറമേ, പബ്ലിക് ഇൻസ്ട്രക്ഷൻ ഡയറക്ടറെ ആവശ്യമുള്ള ഉദ്യോഗസ്ഥൻമാരോടു കൂടി നിയമിച്ചതും ഇക്കാലത്താണ്. ഇക്കാലത്ത് തന്നെയാണ് സംസ്കൃതകോളേജ്, ആയുർവേദ കോളേജ്, ലോകോളേജ്, വിമൻസ് കോളേജ് എന്നിവ തിരുവനന്തപുരത്ത് ആവിർഭവിക്കുന്നത്. വിദ്യാഭ്യാസ-സാംസ്കാരിക രംഗങ്ങളിൽ അഭൂതപൂർവ്വമായ കുതിച്ചുചാട്ടമാണിക്കാലത്തുണ്ടായത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വായനശാലകളും ഗ്രന്ഥശാലകളും ഏർപ്പെടുത്തുകയുണ്ടായി. ഗവർമ്മേണ്ട് ഈ സാംസ്കാരികസ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്തു. പുരാരേഖാ വകുപ്പും ഓറിയന്റൽമാനുസ്ക്രിപ്റ്റ് വകുപ്പും സ്ഥാപിതമായത് ഇക്കാലത്താണ്.

കൃസ്ത്യൻ മിഷണറിമാരുടെ പ്രവർത്തനം വിദ്യാഭ്യാസരംഗത്തെ കുറച്ചൊന്നുമല്ല ഉൽക്കർഷത്തിലേക്ക് നയിച്ചത്. ഇവരുടെ പ്രവർത്തനഫലമായി സ്ത്രീവിദ്യാഭ്യാസരംഗത്തും വലിയ പരിവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. മലബാറിൽ സ്ത്രീവിദ്യാഭ്യാസത്തിന് ആദ്യകാലങ്ങളിലൊന്നും കാര്യമായ അഭിവൃദ്ധി ഉണ്ടായില്ലെങ്കിലും തിരുവിതാംകൂറിലേയും, കൊച്ചിയിലേയും സ്ഥിതി വിഭിന്നമായിരുന്നു. മട്ടാഞ്ചേരി, എറണാകുളം, തൃശൂർ എന്നിവിടങ്ങളിൽ മിഷണറിമാർ പെൺകുട്ടികൾക്ക് മാത്രമായുള്ള സ്കൂളുകൾ സ്ഥാപിക്കുകയുണ്ടായി. ഈ സ്കൂളുകൾ മിക്കവയും കലാശാലകളായി വളർച്ച പ്രാപിക്കുകയും ചെയ്തിട്ടുണ്ട്. 1819ൽ മിസിസ് മീഡ് നാഗർകോയിലിൽ പെൺകുട്ടികൾ ഒരു ബോഡിംഗ് സ്കൂൾ സ്ഥാപിക്കുകയുണ്ടായി. ഇതിനെ തുടർന്ന് മിസിസ് നോർട്ടൻ 1829ൽ ആലപ്പുഴയിലും, മിസിസ് ബെയ്‌ലി 1822ൽ കോട്ടയത്തും, ഓരോ സ്കൂളുകൾ സ്ഥാപിച്ചിരുന്നു. 19. ഗവർമ്മേണ്ട് ഈ രംഗത്തേക്ക് കടന്നു വരുന്നത് 1864ലാണ്. അന്ന് തിരുവനന്തപുരത്തെ ക്രിസ്ത്യൻ ഗേൾസ് ഹൈസ്കൂൾ ഗവർമ്മേണ്ട് ഏറ്റെടുക്കുകയുണ്ടായി. ഇന്നത്തെ വിമൻസ് കോളേജായി വളർന്നു വന്നത് ഈ സ്ഥാപനമാണ്. 1845ൽ മിസിസ് ബേക്കർ കോട്ടയത്ത് പെൺകുട്ടികൾക്കായി ഒരു സ്കൂൾ സ്ഥാപിച്ചു. ഹോളി ഏഞ്ചൽസ് കോൺവെൻറ്, നാഗർകോവിലിലെ ഗേൾസ് സ്കൂൾ, തിരുവല്ലയിലെ നിക്കോൾസൺസ് സിറിയൻ ഗേൾസ് സ്കൂൾ, എന്നിവയായിരുന്നു തിരുവിതാംകൂറിലെ പെൺകുട്ടികൾക്കായുള്ള പ്രധാന സ്കൂളുകൾ.

---

1. *Minutes of Sir John Shore on the Malabar Joint Commissioners, Report, 1792-93, Para 4.*
2. *Ibid, Para 5.*
3. *Report of the Malabar Joint Commission, Para 8.*
4. *Ibid, Para 83.*
5. *Ibid.*

6. Logan, Treaties etc, Vol.II, Nos iii and ix.
7. Ibid, Vol.II, Nos.ii, lxiv, xlvii, xlviii, li, lii, liv, lv.
8. Eranakulam Archives, Treaties, p35.
9. John W.Wye, Report on the Southern Division of Malabar, 1801, Appendix B, p34.
10. Thomas Warden, Report, March 19, 1801, Para 53-55.
11. Minutes of Sir John Shore, pp 50-51.
12. Minutes, op.cit, pp 52-53.
13. Civil Criminal Act VII, 1842.
14. P.Sankunny Menon, Cochin and Her courts, Eranakulam, p 106.
15. Ibid, p 127.
16. Ibid.
17. C.Achutha Menon, Cochin State Manual, op.cit, p 165.
18. Ibid.

# XLII ഇംഗ്ലീഷ് വിരുദ്ധപോരാട്ടങ്ങൾ-ആദ്യഘട്ടം

1615ൽ മൂന്നു കപ്പലുകളുമായി കൊടുങ്ങല്ലൂരെത്തിയ ക്യാപ്റ്റൻ കിലിങ്ങാണ് ഇംഗ്ലീഷ് ഈസ്റ്റിന്ത്യാകമ്പനിക്ക് വേണ്ടി സാമൂതിരിയുമായി ആദ്യമായി ഒരു കച്ചവടക്കരാറിൽ ഏർപ്പെടുന്നത്. എന്നാൽ ഇംഗ്ലീഷ് കമ്പനിയുടെ വ്യാപാര പ്രവർത്തനങ്ങൾ കേരളതീരങ്ങളിൽ അനുഭവപ്പെട്ട് തുടങ്ങിയത് 1635ൽ പൊന്നാനിയിൽ അവർ ഒരു ഫാക്ടറി സ്ഥാപിച്ചതോട് കൂടിയാണ്. ഇതേ തുടർന്ന് മലബാറിലെയും തിരുവിതാംകൂറിലെയും ചെറുതും വലുതുമായ രാജാക്കൻമാരും ഇടനിലമന്നൻമാരുമായി അവർ ഉണ്ടാക്കിയിരുന്ന കരാറുകളെയും അവരുടെ ആദ്യകാല പ്രവർത്തനങ്ങളെയും ഒക്കെക്കുറിച്ച് മുൻ അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. അതിവിടെ ആവർത്തിക്കുന്നില്ല. ഈ വിവരണത്തിന് പ്രസക്തമായ ചില സംഭവങ്ങൾ പക്ഷെ അനുസ്മരിക്കാതെയും നിവൃത്തിയില്ല.

തിരുവിതാംകൂറുമായുള്ള ഈസ്റ്റിന്ത്യാകമ്പനിയുടെ സൗഹൃദബന്ധം 1664 മുതൽ യാതൊരു തടസ്സവും ഇല്ലാതെ വർദ്ധമാനമായിക്കൊണ്ടിരുന്നു. തിരുവനന്തപുരത്ത് നിന്ന് 12 കി.മീ. തെക്ക് ഭാഗത്തായിക്കിടക്കുന്ന കടൽ തീരപ്രദേശമായ വിഴിഞ്ഞത്ത് ഒരു ഫാക്ടറി കെട്ടുവാനും അവരുടെ വ്യാപാര പ്രതിനിധിയെ നിർത്തുവാനുമുള്ള അനുമതി തിരുവിതാംകൂർ രാജാവിൽ നിന്നും ആ വർഷം അവർ സമ്പാദിച്ചു. 1. ഇത് കഴിഞ്ഞ് രണ്ട് ദശാബ്ദത്തിന് ശേഷമാണ് 1684ൽ ആറ്റിങ്ങൽ റാണിയുമായി ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ അഞ്ചുതെങ്ങിൽ ഒരു ഫാക്ടറി നിർമ്മിക്കുവാനുള്ള അനുവാദം ലഭിക്കുന്നത്. അവിടെയും അവരുടെ വ്യാപാര പ്രതിനിധിയെ നിയമിച്ചിരുന്നു. ആറ്റിങ്ങൽ റാണിയുമായി 1695ൽ മറ്റൊരുടമ്പടിയിലും കമ്പനി ഒപ്പുവെച്ചു. അതിന്റെ ഉദ്ദേശ്യം തെക്കൻ കേരളത്തിലെ പ്രമുഖ ഇംഗ്ലീഷ് ആസ്ഥാനമായി അഞ്ചുതെങ്ങിനെ രൂപപ്പെടുത്തുക എന്നതായിരുന്നു. അവിടെ ഒരു കോട്ട കെട്ടുകയും വ്യാപാരവിനിമയത്തിനും താമസസൗകര്യത്തിനും ഉള്ള കെട്ടിടങ്ങൾ കെട്ടി ഭദ്രമാക്കുകയും ചെയ്തു.2. തിരുവിതാംകൂർ രാജാവുമായി ഉണ്ടാക്കിയ കരാർ പ്രകാരം കുളച്ചലിൽ ഒരു കോട്ടയും വ്യാപാരകേന്ദ്രവും നിർമ്മിക്കുവാനുള്ള അനുമതിയും ഇംഗ്ലീഷ്കാർ കരസ്ഥമാക്കി.3. ഇംഗ്ലീഷ്കാർക്ക് കൊടുത്ത ഈ ആനുകൂല്യങ്ങൾക്ക് ബദലായി, തിരുവിതാംകൂറിന് ആവശ്യമുള്ളത്ര തോക്കും വെടിമരുന്നും കമ്പനി നൽകാമെന്ന് ഏറ്റിരുന്നു. ആറ്റിങ്ങൽ റാണിയാകട്ടെ തന്റെ രാജ്യത്തുണ്ടാകുന്ന കുരുമുളക് മുഴുക്കെ കുത്തകവിലക്ക് കമ്പനിക്ക് നൽകാമെന്ന് കരാറുണ്ടാക്കുകയും ചെയ്തു.

ആറ്റിങ്ങൽ ഉണ്ടായിരുന്ന അറബി-മുസ്ലിംവ്യാപാരികളേയും അവർക്ക് കച്ചവട ഉൽപന്നങ്ങൾ ശേഖരിച്ച് വിറ്റുകൊണ്ടിരുന്ന നായർമാടമ്പിമാരേയും റാണി നൽകിയ ഈ കച്ചവട കുത്തക സാരമായി ബാധിച്ചിരുന്നു. രോഷാകുലരായ ജനങ്ങൾ 1697ൽ അഞ്ചുതെങ്ങിലെ ഇംഗ്ലീഷ് കോട്ടയെ പ്രതിരോധിച്ച് ആക്രമണം നടത്തി. എന്നാൽ ഇംഗ്ലീഷ് കമ്പനിയുടെ സഹായത്തോടുകൂടി ഈ ജനകീയ പ്രക്ഷോഭണത്തെ അടിച്ചമർത്തുവാൻ അവർക്ക് സാധിച്ചു. ഇംഗ്ലീഷ് കമ്പനിയുടെ കുത്തകവ്യാപാരത്തിനെതിരായി നായർമാടമ്പിമാരും മുസ്ലിംവ്യാപാരികളും ഏകോപിതമായി നടത്തിയ പോരാട്ടമാണ് കേരളത്തിൽ ഇംഗ്ലീഷ്‌വിരുദ്ധ സമരങ്ങളുടെ ആരംഭം കുറിച്ചത്. തങ്ങളുടെ ചരക്കുകൾ കമ്പോളങ്ങളിൽ വിലപേശി മത്സരിച്ച് കച്ചവടം നടത്തുവാൻ പറ്റാത്ത സാഹചര്യം ഉണ്ടായപ്പോൾ ഇടപ്രഭുക്കൻമാരും മുസ്ലിം വ്യാപാരികളും അതീവ അസംതൃപ്തരായി. ഈ ജനകീയ രോഷം ആളിക്കത്തുന്നത് 1721ലാണ്. ആ വർഷം നായർ മാടമ്പിമാരുടെ നേതൃത്വത്തിൽ വലിയൊരു പ്രക്ഷോഭം നടന്നു. അഞ്ചുതെങ്ങ് കോട്ട തകർത്ത് ഇംഗ്ലീഷ് ആസ്ഥാനത്തേക്ക് ഇരമ്പിക്കയറിയ ജനങ്ങൾ ഫാക്ടറി മേധാവിയേയും അവിടെയുണ്ടായിരുന്ന 150 ജീവനക്കാരേയും നിഷ്ഠുരമായി കൂട്ടക്കൊല നടത്തി.4.

കേരളത്തിൽ ഇംഗ്ലീഷ്കാർക്കെതിരായി നടന്ന ആദ്യത്തെ സംഘടിത ജനകീയ സമരമായിരുന്നു അഞ്ചുതെങ്ങിൽ അരങ്ങേറിയത്. എന്നാൽ. കലാപകാരികൾക്ക് ഇംഗ്ലീഷ്കാരെ പുറത്താക്കി വിജയം വരിക്കുവാൻ സാധിച്ചില്ല. അതിന് കാരണം ആറ്റിങ്ങൽ റാണിയുടെ ശക്തിയായ എതിർപ്പായിരുന്നു. അവർ തലശ്ശേരിയിലെ ഇംഗ്ലീഷ് ആസ്ഥാനത്തേക്ക് അഞ്ചുതെങ്ങിലുണ്ടായ ദുരന്തത്തിൽ അഗാധമായ ഖേദം പ്രകടിപ്പിച്ചുകൊണ്ട് എഴുതിയിരുന്നു. കുറ്റവാളികളെ നിഷ്ക്കരുണം ശിക്ഷിക്കുന്നതാണെന്നും ഇംഗ്ലീഷ്കമ്പനിക്ക് ഈ അനിഷ്ടസംഭവം മൂലമുണ്ടായ നഷ്ടത്തിന് പരിഹാരം ചെയ്യുന്നതാണെന്നും അവർ അറിയിച്ചു. ഇതിന്റെ ഫലമായി തലശ്ശേരിയിലെ പ്രധാനി ആയിരുന്ന ഡോ. അലക്സാണ്ടർ ഓമിന്റെ നേതൃത്വത്തിൽ ഒരു ഇംഗ്ലീഷ് സൈന്യം അഞ്ചുതെങ്ങിലെത്തിയിരുന്നു. ഇവർക്കാവശ്യമായ എല്ലാ സഹായങ്ങളും ചെയ്ത് കൊടുത്തതിന് പുറമെ, ഡോ. ഓം മുന്നോട്ടുവെച്ച എല്ലാ വ്യവസ്ഥകളും അംഗീകരിച്ചുകൊണ്ട് ഒരു ഉടമ്പടിയിൽ റാണി ഒപ്പുവെക്കുകയുമുണ്ടായി. അന്നുണ്ടാക്കിയ

ഉടമ്പടി താഴെ പറയും വിധമായിരുന്നു. (i). അഞ്ചുതെങ്ങിലെ പ്രധാനി ആയിരുന്ന വില്യം ഗിഫോർഡിനേയും സഹചാരികളേയും കൂട്ടക്കൊല ചെയ്തവരേയും മാതൃകാപരമായി ശിക്ഷിക്കുകയും അവരുടെ സ്വത്തുക്കൾ കണ്ടുകെട്ടുകയും ചെയ്യുക. (ii) കമ്പനിക്കുണ്ടായ ചേതത്തിന് തൃപ്തികരമായി നഷ്ടപരിഹാരം നൽകുക. (iii) കുരുമുളകിന്റെ സ്വതന്ത്രമായ കുത്തകവ്യാപാരം പൂർണ്ണമായും കമ്പനിയിൽ അധിഷ്ഠിതമായിരിക്കുന്നതാണ്. രാജ്യത്ത് കമ്പനിക്ക് ആവശ്യമെന്ന് തോന്നുന്ന സ്ഥലങ്ങളിൽ കോട്ട കെട്ടുവാനുള്ള അനുവാദം നൽകുക. (iv) കലാപകാരികളെ അടിച്ചമർത്തുന്നതിനും രാജ്യത്ത് സമാധാനം നിലനിർത്തുന്നതിനും ആവശ്യമായ സൈനിക സഹായവും തോക്കും വെടിമരുന്നും റാണി ആവശ്യപ്പെടുന്നതനുസരിച്ച് കമ്പനി നൽകാൻ ബാദ്ധ്യസ്ഥരാണ്.5. തുടർന്ന് 1726ൽ ഇടവയിൽ മറ്റൊരു ഫാക്ടറി കൂടി പണിയുവാനുള്ള സൗകര്യം കമ്പനിക്ക് ലഭിച്ചു.6. നായർ മാടമ്പിമാരും മുസ്ലിം വ്യാപാരികളും പെട്ടെന്ന് അടിച്ചമർത്താൻ സാധിക്കാത്ത ശക്തി ആയിരുന്നത് കൊണ്ട് ഇംഗ്ലീഷ് സഹായത്തോടെ അല്ലാതെ ആറ്റിങ്ങലിന് പിടിച്ച് നിൽക്കുവാൻ സാധിക്കുമായിരുന്നില്ല. ഇംഗ്ലീഷ്കാർക്കെതിരായി നടന്ന ആദ്യത്തെ ഈ സംഘടിത പോരാട്ടം പറ്റെ പരാജയത്തിലാണ് കലാശിച്ചത്. ഇതിന്റെ ഫലമാകട്ടെ വേണാട്ടിലേയും ആറ്റിങ്ങലിലേയും ഭരണാധിപൻമാർ ഇംഗ്ലീഷ് കമ്പനിയോട് കൂടുതൽ കൂടുതൽ വിധേയത്വം പ്രകടിപ്പിക്കുവാൻ നിർബന്ധരുമായി. അതോടൊപ്പം ഇംഗ്ലീഷ് കമ്പനിക്ക് അവരുടെ ശക്തി വർദ്ധിപ്പിക്കുവാനും പ്രവർത്തനങ്ങൾ കൂടുതൽ പ്രബലത്താക്കുവാനും കഴിഞ്ഞിരുന്നു. അങ്ങനെ കേരളത്തിൽ ഇംഗ്ലീഷ്കാർക്കെതിരായി നടന്ന ആദ്യത്തെ കലാപം നിശ്ശേഷം പരാജയപ്പെടുകയാണുണ്ടായത്.

പിന്നീട് ഇംഗ്ലീഷ്കാർക്കെതിരെ ഉണ്ടായ ശക്തമായ ഭീഷണി മൈസൂർ സുൽത്താൻമാരായ ഹൈദരലി, അദ്ദേഹത്തിന്റെ മകൻ ടിപ്പുസുൽത്താൻ എന്നിവരിൽ നിന്നുമായിരുന്നു. 1766ൽ മലബാർ ഹൈദരലി കീഴടക്കുകയും കൊച്ചിയെ ആശ്രിതരാജ്യമായി സ്വീകരിക്കുകയും ചെയ്തതോടെ മലബാറിൽ രാഷ്ട്രീയ-വ്യാവസായിക മേഖലകളിൽ മൈസൂറിന് പരിപൂർണ്ണ ആധിപത്യം കരഗതമായി. മലബാറിലെ ചെറുതും വലുതുമായ രാജ്യങ്ങളുമായി വ്യാപാര-സൈനിക ഉടമ്പടികൾ ഉണ്ടാക്കിയിരുന്ന ഇംഗ്ലീഷ്കാർ ഹൈദരലി ഈ നാട്ടരചൻമാരെ ആക്രമിച്ചപ്പോൾ സഹായം എത്തിക്കാൻ സാധിക്കാത്ത നിസ്സഹായാവസ്ഥയിലും ആയി. ഹൈദരലിയുമായി ഒരു തുറന്ന സംഘട്ടനം ഒഴിവാക്കുക എന്നതായിരുന്നു കമ്പനിയുടെ നയം. എന്നാൽ അധികാരം നഷ്ടപ്പെട്ട്, കലാപകാരികളായി മാറിയ മലബാർ രാജാക്കൻമാർക്ക് തലശ്ശേരിക്കോട്ടയിൽ അഭയം നൽകുകയും ആയുധങ്ങൾ കൊടുത്ത് നാട് കൊള്ളയടിക്കുവാൻ സകലവിധ പ്രേരണകൾ ചെലുത്തുകയുമാണ് അവർ ചെയ്തത്. ഇംഗ്ലീഷ്കാരും മലബാറിലെ സ്ഥാനഭ്രഷ്ടരാക്കപ്പെട്ട രാജാക്കൻമാരുമായുണ്ടായ ഈ വേഴ്ചയെപ്പറ്റി എം.എം.ഡി.എൽ.റ്റി. എന്ന ഗ്രന്ഥകാരൻ പറയുന്നതിപ്രകാരമാണ്, "ഇംഗ്ലീഷ്കാർ കലാപം ആരംഭിക്കുവാൻ മലബാർ തീരത്തെ ജനങ്ങളെ പ്രേരിപ്പിച്ച് ഈ രാജ്യം ഉപേക്ഷിച്ച് പോകുവാൻ അദ്ദേഹത്തെ നിർബ്ബന്ധിതനാക്കാമെന്ന് കരുതി"7. മലബാറിലെ കലാപകാരികളെ സഹായിക്കുകയും അതേസമയം തന്നെ ഹൈദരലിയോട് സൗഹൃദം ഭാവിക്കുകയുമായിരുന്നു ഇംഗ്ലീഷ്കാർ അനുവർത്തിച്ച നയം.8.

എന്നാൽ 1768 ആയപ്പോഴേക്കും ഒന്നാം ആംഗ്ലോ- മൈസൂർ യുദ്ധം പൊട്ടിപ്പുറപ്പെട്ടു. 'ഹൈദരലി പിടിച്ചടക്കിയ അധികാരം അവസാനിപ്പിക്കുക' എന്ന ഗവർണ്ണർ ജനറൽ ക്ലൈവിന്റെ പ്രസിദ്ധമായ നയത്തിന് ആധാരമായിട്ടായിരുന്നു ഈ യുദ്ധപ്രഖ്യാപനം. 'കർണ്ണാട്ടിക് നവാബിന്റെ രാജ്യത്ത് സ്വസ്ഥതയും നമ്മുടെ സ്ഥലങ്ങൾക്ക് സുരക്ഷിതത്വവും ഉണ്ടാകണമെങ്കിൽ ഹൈദരലിയുടെ ശക്തി നശിപ്പിക്കുക എന്നത് മാത്രമാണ് ഏക പോംവഴി' ഗവർണ്ണർ ജനറൽ ക്ലൈവിന്റെ വിശ്വാസം അതായിരുന്നു. അദ്ദേഹം തുടർന്നെഴുതുന്നത്, "എത്രയും വേഗം നാം അയാളെ വകവരുത്തി പൂർവ്വികരായ മൈസൂർ രാജാക്കൻമാരെ പുനർവാഴിക്കുമോ അത്രയും നന്ന്"9. അങ്ങനെ ആരംഭിച്ച ഒന്നാം ആംഗ്ലോ മൈസൂർ യുദ്ധം അവസാനിക്കുന്നത് ഇംഗ്ലീഷ്കാരുടെ പരാജയത്തോട് കൂടിയാണ്. യുദ്ധത്തിന്റെ പ്രാരംഭഘട്ടത്തിൽ ഇംഗ്ലീഷ്കാർക്ക് പറയത്തക്ക നേട്ടങ്ങളുണ്ടായി. മംഗലാപുരം പിടിച്ചടക്കുവാനും കണ്ണൂർ കോട്ടയെ പ്രതിരോധിച്ച് നിർത്തുവാനും അവർക്ക് സാധിച്ചിരുന്നു. എന്നാൽ യുദ്ധത്തിന്റെ ഗതി വളരെ വേഗം ഹൈദരലിക്കനുകൂലമായി മാറിക്കൊണ്ടിരുന്നു. മംഗലാപുരം തിരിച്ച് പിടിച്ചതും അതിന് വേണ്ടി നടന്ന യുദ്ധത്തിൽ അനുഭവിക്കേണ്ടി വന്ന ലജ്ജാകരമായ പരാജയവും ഇംഗ്ലീഷ് സൈന്യത്തിന്റെ ആത്മബലം നശിപ്പിച്ച സംഭവങ്ങളാണ്. സമകാലികനായ ഒരു ദൃക്സാക്ഷി ഈ യുദ്ധത്തെപറ്റി നടത്തുന്ന വിവരണം ഇപ്രകാരമാണ്, "ഇംഗ്ലീഷ് സൈന്യത്തെ കോട്ടയിൽ നിന്നും തുരത്തെറിഞ്ഞപ്പോൾ അവർക്കുണ്ടായ ഭയവും പരക്കംപാച്ചിലും കാരണം കപ്പലിലേക്ക് ഓടി രക്ഷപ്പെടുവാനോ, കപ്പലിലുണ്ടായവരെ തോൽവിയെക്കുറിച്ചറിയിക്കുവാനോ പറ്റാത്തവിധം സംഭ്രമജനകമായിരുന്നു. അവരുടെ തിരിച്ചോട്ടം ഹൈദരലിയുടെ സൈന്യത്തിന് കൂടുതൽ ആവേശം നൽകി. ഉടൻതന്നെ അവർ നടത്തിയ ശ്രമത്തിൽ മൂന്ന് കപ്പലുകൾ പിടിച്ചെടുക്കുവാൻ സാധിച്ചു. ഇപ്രകാരം ഇംഗ്ലീഷ് സൈന്യത്തെ ആകമാനം അവരുടെ ആയുധങ്ങളോട് കൂടി തടവുകാരനാക്കുവാനോ വകവരുത്തുവാനോ കഴിഞ്ഞിരുന്നു. സൈനിക മേധാവിയോടൊപ്പം 46 ഓഫീസർമാരും, 680 ഇംഗ്ലീഷ് യോദ്ധാക്കളും 6000ൽപരം ശിപായികൾ തുടങ്ങിയവരും തടവുകാരാക്കപ്പെട്ടവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു.10. ഔദ്യോഗിക ഇംഗ്ലീഷ് ചരിത്രകാരനായ കേണൽ വിൽക്സ് എഴുതിയിട്ടുള്ളത്, "ഇത്രയും ലജ്ജാകരമായ ഒരു പിൻമാറ്റം ഇതിന് മുമ്പൊരി

ക്കലും ഉണ്ടായിട്ടില്ല" എന്നാണ് 11.

യുദ്ധത്തിൻെറ ഗതി തങ്ങൾക്ക് അങ്ങേയറ്റം നിരാശജനകമാണെന്ന് ബോദ്ധ്യമായ ഇംഗ്ലീഷ്കാർ യുദ്ധവിരാമം ഉണ്ടാക്കുവാനുള്ള മാദ്ധ്യസ്ഥപ്രവർത്തനങ്ങൾ നടത്തുകയാണുണ്ടായത്. എന്നാൽ കമ്പനിയുടെ സമാധാനദൂതൻമാർക്ക് ഹൈദരലി കൊടുത്ത എഴുത്തിൽ, "ഞാൻ മദ്രാസിൻെറ ഗേറ്റിലേക്ക് വരികയാണ്. ഗവർണർക്കും കൗൺസിലിനും പറയാനുള്ളതെന്താണെന്ന് ഞാൻ അവിടെ വന്നതിന് ശേഷം കേൾക്കാം."12. "ഹൈദരലി വെറും പൊങ്ങച്ചമല്ല പറഞ്ഞതെന്ന്, തൻെറ 6000 കുതിപ്പടയാളികളോട് കൂടി സമകാലികലോകത്തെ ആകമാനം വിസ്മയിപ്പിച്ചുകൊണ്ട് മദ്രാസിലെ കമ്പനി ആസ്ഥാനത്തിൻെറ വാതായനത്തിൽ ഒരു സുപ്രഭാതത്തിൽ പ്രത്യക്ഷപ്പെട്ടപ്പോൾ എല്ലാവർക്കും ബോദ്ധ്യമായി. സമാധാനസന്ധി വ്യവസ്ഥകൾ അവിടെ വെച്ച് ഹൈദർ വിളംബരം ചെയ്യുകയുണ്ടായി."13. മദ്രാസ് കൗൺസിലിൽ രണ്ടാം പദവി ഉണ്ടായിരുന്ന ജോസിയ, എം. ഡ്യൂപ്രേക്ക് മദ്രാസിലെത്തിയപാടെ ഹൈദരലി കൊടുത്തയച്ച കത്തിൽ പ്രസ്താവിച്ചിരുന്നതിപ്രകാരമായിരുന്നു. "മദ്രാസ്സിൻെറ പ്രാന്തപ്രദേശത്ത് ഇപ്പോൾ ഞാൻ എത്തിയിരിക്കുന്ന നിലയ്ക്ക് സന്ധി ഉടമ്പടി സംബന്ധിച്ച് സംസാരിക്കുവാൻ താങ്കളെ എൻെറ അടുത്തേക്കയക്കണമെന്ന് ഞാൻ ഗവർണ്ണറോടാവശ്യപ്പെട്ടിട്ടുണ്ട്."14. തുടർന്ന് മാർച്ച് 30-ാം തിയതി തന്നെ ഡ്യൂപ്രേ, ഹൈദരലിയുടെ താവളത്തിലേക്ക് പുറപ്പെട്ടു. സമാധാന ഉടമ്പടിയെക്കുറിച്ച് ദീർഘനേരം സംസാരിച്ചശേഷം ഡ്യൂപ്രേ വൈകുന്നേരത്തോടെ മദ്രാസ്സിലേക്ക് മടങ്ങി. കൗൺസിൽ രണ്ടു ദിവസത്തെ ചർച്ചകൾക്ക് ശേഷം ഏപ്രിൽ രണ്ടാം തിയതിയോടെ കരാർ ഉടമ്പടിയുടെ കോപ്പി ഹൈദരലിക്ക് സമർപ്പിക്കുകയും ചെയ്തു. ഏപ്രിൽ 3-ാം തിയിതി തന്നെ ഹൈദരലി സന്ധിയിൽ തൻെറ ഒപ്പും മുദ്രയും ചാർത്തി.15. അങ്ങനെ ഒന്നാം ആഗ്ലോ-മൈസൂർ യുദ്ധം ഇംഗ്ലീഷ്കാരുടെ പരാജയത്തിൽ കലാശിക്കുകയാണുണ്ടായത്. ഇംഗ്ലീഷ്കാരെ കുറച്ചു കാലത്തേക്കെങ്കിലും ഈ യുദ്ധം മൂലം ഒതുക്കി നിർത്തുവാൻ സാധിച്ചു.

ഹൈദരലിയുടെ മൈസൂർ തദ്ദേശീയവും വിദേശീയവുമായ ഏത് ആക്രമണശക്തിയേയും തുരത്തുവാൻ വേണ്ടും ശക്തമായ രാജ്യമാണെന്ന് ഇതോടെ ഏവർക്കും ബോദ്ധ്യമായി. ഹൈദരലിയുമായി സമാധാന സന്ധിസംഭാഷണം നടത്തിയ ഡ്യൂപ്രേ, ഒരു സ്വകാര്യ എഴുത്തിൽ റോബർട്ട് ഓമിനെ അറിയിക്കുന്നതിങ്ങനെയാണ്. "ഹൈദരലിയുമായി ഒരുവിധത്തിൽ നാം സമാധാന സന്ധിയിലെത്തിയെന്ന് പറയാം. നമ്മുക്കൊട്ടും അഭിമാനിക്കാവുന്ന തരത്തിലുള്ളതല്ല ഇത്. പക്ഷേ, ഇങ്ങനെ മാത്രമേ അത് സാദ്ധ്യമാകുമായിരുന്നുള്ളു. ഒന്നുകിൽ ഇത്തരത്തിലുള്ള ഒരു സന്ധി, അല്ലെങ്കിൽ ഇതിനേക്കാൾ മോശമായ സ്ഥിതി. ഇതായിരുന്നു അവസ്ഥ. ആക്രമണോദ്ദേശ്യത്തോടുകൂടി നാം ആരംഭിച്ച യുദ്ധം ഇങ്ങനെ കലാശിപ്പിക്കേണ്ടതായി വന്നത് നാണക്കേട് തന്നെയാണ്. മാത്രമല്ല, ഇൻഡ്യയിലെ ഒരു നാടൻ ശക്തിയിൽ നിന്നും നമുക്കേൽക്കുന്ന ആദ്യത്തെ പരാജയമെന്ന നിലയ്ക്കും ഇത് ഏറെ അപമാനകരം തന്നെ." അദ്ദേഹം ആ എഴുത്ത് ഉപസംഹരിക്കുന്നത്, "ഈ അപമാനത്തിൽ പങ്കു ചേരാൻ എന്നാലും ഇക്കാലത്ത് ഇൻഡ്യയിലേക്ക് വരേണ്ടതായി വന്നത് വളരെ നിർഭാഗ്യകരമായി ഞാൻ കരുതുകയും ചെയ്യുന്നു.." എന്ന സങ്കടത്തോടു കൂടിയുമാണ്.16. ഇതേ വികാരം തന്നെയാണ് ഒന്നാം ആഗ്ലോ മൈസൂർ യുദ്ധത്തിൽ പങ്കെടുത്തിട്ടുള്ള എല്ലാ സൈനിക ഉദ്യോഗസ്ഥൻമാർക്കും ഉണ്ടായിരുന്നത്. ഹൈദരലിയ്ക്കെതിരായി ഇംഗ്ലീഷ് സൈന്യത്തെ നയിച്ചിരുന്ന ജനറൽ ജോസഫ് സ്മിത്ത്, 1769 മാർച്ച് 29-ാം തിയതി റോബർട്ട് ഓമിനെഴുതുന്നതിങ്ങനെയാണ്. "യൂറോപ്യൻമാരുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് കറുത്തവർഗ്ഗക്കാരുടെ സമ്മർദ്ദത്തിന് വഴങ്ങി ഒരു നഗരം അവർക്ക് അടിയറ വെക്കുന്നത്."17. ഐറോപ്യൻ കൊളോണിയലിസത്തിൻെറ ചരിത്രത്തിൽ ഒരു ഇൻഡ്യൻ ശക്തി വിദേശിയരുടെ മേൽ നേടിയ അസൂയാർഹമായ വിജയമായി ഇതിനെ കണക്കാക്കാം. ഏതൊരു ഇൻഡ്യക്കാരനേയും അഭിമാനപുളകിതനാക്കുന്ന ഈ ആവേശകരമായ അദ്ധ്യായം ഇൻഡ്യയിൽ വെച്ച് നടന്ന യുദ്ധങ്ങളുടെ കൂട്ടത്തിൽ അങ്ങേ അറ്റം ദേശാഭിമാന പ്രചോദിതമായിരുന്നിട്ടുകൂടി അതർഹിക്കുന്ന പ്രാധാന്യം നാം അതിന് നൽകിയിട്ടില്ലെന്നത് നമ്മുടെ ചരിത്രപ്രതിപാദനരീതിയുടെ വിചിത്രസ്വഭാവത്തിൻെറ നിദർശനമാണ്. എന്തുകൊണ്ടായിരുന്നു മൈസൂർ ശക്തിയെ ഇംഗ്ലീഷ്കാർ ഭയത്തോടുകൂടി വീക്ഷിച്ചിരുന്നതിന് ഇത് മാത്രം മതി തെളിവ്.

അമേരിക്കയെ സ്വതന്ത്രറിപ്പബ്ലിക്കായി ഫ്രാൻസ് അംഗീകരിച്ചതോടു കൂടി 1778ൽ ഇംഗ്ലണ്ട്, ഫ്രാൻസിനെതിരായി യുദ്ധപ്രഖ്യാപനം നടത്തി. ഇവർ യൂറോപ്പിൽ യുദ്ധം തുടങ്ങുന്നതോടു കൂടി ഇൻഡ്യയിലും ഇരുകൂട്ടരും തമ്മിൽ വൈരാഗ്യവും സംഘട്ടനവും ഉണ്ടാകുമെന്ന് ഹൈദരലി മുൻകൂട്ടിത്തന്നെ മനസ്സിലാക്കിയിരുന്നു. അതുകൊണ്ടുതന്നെ ഇംഗ്ലീഷ്കാരുമായി തുറന്ന സംഘട്ടനത്തിന് താനും തയ്യാറാകേണ്ടതായി വരുമെന്നും അദ്ദേഹം മനസ്സിലാക്കിയുമിരുന്നു. യുദ്ധം ആരംഭിച്ച ഉടനെതന്നെ ഫ്രഞ്ചുകാരുടെ പോണ്ടിച്ചേരി ഇംഗ്ലീഷ്കാർ പിടിച്ചെടുത്തു. മലബാറിലെ അവരുടെ ആസ്ഥാനമായ മയ്യഴി ആക്രമിക്കുവാനുള്ള സംരംഭമാണ് പിന്നീട് നടന്നത്. മയ്യഴി ഇംഗ്ലീഷ്കാരുടെ കൈവശം വന്നാലുണ്ടാകാവുന്ന ഭവിഷ്യത്തിനെക്കുറിച്ച് ഹൈദരലിക്ക് ശരിക്കുമറിയാമായിരുന്നു. തൻെറ വിഭവസംഭരണകേന്ദ്രമായിരുന്നുവല്ലോ മയ്യഴി. മാത്രമല്ല മലബാറിൻെറ സമ്പൂർണ്ണ അധികാരം അവകാശപ്പെട്ടിരുന്ന ഹൈദരലി അവിടെ നിലനിന്നിരുന്ന എല്ലാ യൂറോപ്യൻ ആസ്ഥാനങ്ങളും തൻെറ കീഴിലാണെന്ന് ഭാവിച്ചിരുന്നു.18.

"തന്റെ ആശ്രിതനായ കടത്തുനാട് രാജാവിന്റെ സ്ഥലത്താണ് മാഹി സ്ഥിതി ചെയ്യുന്നത് എന്നതിനാൽ അതിനെതിരായ ഏത് നീക്കത്തെയും തന്നോടുള്ള ശത്രുതയായി താൻ കരുതുമെന്ന്," റം ബോൾഡിനെഴുതുന്ന കത്തിൽ ഹൈദർ വ്യക്തമാക്കുകയും ചെയ്തിരുന്നു.19. മയ്യഴിയിലെ ഫ്രഞ്ചുകാർക്ക് സഹായമെത്തിക്കുവാൻ ചിറയ്ക്കൽ, കടത്തനാട് രാജാക്കൻമാരോട് ഹൈദരലി നിർദ്ദേശിക്കുകയും ചെയ്തു.20. എന്നാൽ തന്റെ സൈന്യങ്ങൾ ഫ്രഞ്ച് സഹായത്തിനെ ത്തുന്നതിന് മുമ്പ് തന്നെ മാഹി ഇംഗ്ലീഷ്കാർക്ക് കീഴടങ്ങിയിരുന്നു. മയ്യഴി ഇംഗ്ലീഷ്കാർ പിടിച്ചടക്കിയതായിരുന്നു രണ്ടാം ആഗ്ലോ-മൈസൂർ യുദ്ധത്തിന് മുഖ്യഹേതു വായിത്തീർന്നത്.

"ഇംഗ്ലീഷ്കാർക്ക് ഇൻഡ്യയിൽ നേരിടേണ്ടതായി വന്ന ഏറ്റവും വലിയ തിരിച്ചടി," എന്ന് കേണൽ മൺറോ വിശേഷിപ്പിച്ച ബെയ്‌ലിയുടെ പരാജയവും.20. അതുപോലെയുള്ള പല തോൽവികളും തലശ്ശേരിയിൽ പ്രതിരോധിക്കപ്പെട്ട് കിടന്നിരുന്നു ഇംഗ്ലീഷ് സൈന്യത്തിന്റെ സ്ഥിതി വളരെ പരുങ്ങലിലുമാക്കി. മൈസൂർ സൈന്യത്തിന്റെ മറ്റൊരു നേട്ടം തഞ്ചാവൂർ വെച്ചുണ്ടായ യുദ്ധത്തിൽ കേണൽ ബ്രെയ്ത്ത് വെയിറ്റിനെ അമ്പേ പരാജയപ്പെടുത്തുവാൻ പറ്റിയതാണ്.21. എന്നാൽ, ഹൈദരലിയുടെ രണ്ടു സേനാനായകൻമാരായ സർദാർഖാനും മക്ദൂം അലിയും തലശ്ശേരി കോട്ടയുടെ പ്രതിരോധത്തിൽ പരാജിതരായത്, വലിയ തിരിച്ചടിയ്ക്കിടം കൊടുത്തു. ഇവരുടെ തോൽവിയുടെ കഥ അറിഞ്ഞ ഉടനെ തന്നെ തന്റെ സേനയുമായി മലബാറിലേക്ക് പോകുവാൻ മകൻ ടിപ്പുസുൽത്താനോട് ഹൈദരലി ആജ്ഞാപിച്ചു. ടിപ്പു പാലക്കാട്ടെത്തിയപ്പോഴേക്കും ശത്രുസൈന്യം സ്ഥലം വിട്ടിരുന്നു. സമയം ഒട്ടും പാഴാക്കാതെ ടിപ്പു അവരെ പിന്തുടർന്നെങ്കിലും ജീവനും കൊണ്ടോടിയ ഇംഗ്ലീഷ് സൈന്യം പൊന്നാനി പട്ടണത്തിൽ സുരക്ഷിതമായ സ്ഥാനത്ത് താവളമടിച്ച് കഴിഞ്ഞിരുന്നു.22. ബോംബെയിൽ നിന്നും അവിടെയെത്തിച്ചേർന്ന കേണൽ മെക്ലിയോഡിന്റെ പോഷക സൈന്യത്തോടുകൂടി ഇവർക്ക് സന്ധിക്കുവാനും സാധിച്ചു. മെക്ലിയോഡ് ഇംഗ്ലീഷ് സൈന്യത്തിന്റെ നായകത്വം ഏറ്റെടുക്കുകയും ചെയ്തു. എന്നാൽ ഒരു തുറന്ന സംഘട്ടനം നടക്കുന്നതിന് മുമ്പ് തന്നെ ഹൈദരലിയുടെ മരണവാർത്ത അറിഞ്ഞ് ടിപ്പുസുൽത്താൻ വേഗത്തിൽ ശ്രീരംഗപട്ടണത്തിലേക്ക് മടങ്ങിപ്പോയി.23.

ഹൈദരലിയുടെ മരണവാർത്ത ഏറെ സന്തോഷത്തോടുകൂടിയാണ് ഇംഗ്ലീഷ്കാർ സ്വീകരിച്ചത്. തുടർന്ന് സ്ഥാനാരോഹണ തർക്കമുണ്ടാകുമെന്നും അതുമുതലാക്കി യുദ്ധത്തിൽ ടിപ്പുവെ തളക്കാമെന്നുമായിരുന്നു അവരുടെ കണക്കുകൂട്ടൽ. എന്നാൽ യാതൊരു തടസ്സവുമില്ലാതെ ടിപ്പു സുൽത്താൻ തന്റെ പിതാവിന്റെ പിൻഗാമിയായി സ്ഥാനമേൽക്കുകയും കൂടുതൽ വീറോടും ഊർജ്ജസ്വലതയോടും കൂടി രണാങ്കണത്തിലിറങ്ങുകയും ചെയ്തതോടെ ഇംഗ്ലീഷ്കാർ പരുങ്ങലിലായി. ബദനൂർ തിരിച്ചുപിടിച്ചതും മംഗലാപുരം കോട്ടയ്ക്ക് പ്രതിരോധം സൃഷ്ടിച്ചതും ശത്രുത ഒഴിവാക്കി സമാധാനത്തിനുള്ള മാദ്ധ്യസ്ഥമാർഗ്ഗങ്ങളാരായാൻ കമ്പനി യെ നിർബന്ധിതരാക്കുകയും ചെയ്തു. തൽഫലമായി 1783 ആഗസ്റ്റ് 2-ാം തിയതി ഒരു യുദ്ധവിരാമക്കരാറിൽ ഇരുകൂട്ടരും ഒപ്പുവെച്ചു.

മംഗലാപുരത്ത് ടിപ്പു നടത്തിയ സൈനിക പ്രതിരോധത്തിന്റെ ഫലമായി 1700ൽപരം ഇംഗ്ലീഷ് യോദ്ധാക്കൾ കൊല്ലപ്പെടുകയോ, കാണാതാവുകയോ, മുറിവേൽക്കുകയോ ചെയ്തിരുന്നു. ഓഫീസർമാരിൽ 30നും 40നുമിടക്ക് വധിക്കപ്പെടുകയോ മുറിവേൽപ്പെടുകയോ ഉണ്ടായി.24. "ബെയ്‌ലി കീഴടങ്ങിയപ്പോൾ 50 ഓഫീസർമാർ ഉൾപ്പെടെ 200 യൂറോപ്യൻമാർ മാത്രമേ ഉണ്ടായിരുന്നുള്ളു. ബെയ്‌ലിയുടെ കീഴിലുണ്ടായിരുന്ന 3853 യോദ്ധാക്കളിൽ അവശേഷിച്ചവരായിരുന്നു ഇവർ"25. ഇംഗ്ലീഷ്കാർ ജയിച്ചിട്ടുള്ള ഏറ്റുമുട്ടലുകളിൽ പോലും മൈസൂർ പക്ഷത്തുണ്ടായ ആളപായം തുഛമായിരുന്നതായി കാണാം. സർ ഐർക്കൂട്ട് ഇത്തരം ഒരു ഏറ്റുമുട്ടലിന് ശേഷം എഴുതിയിട്ടുള്ളത്, "അത് അത്ര അധികമായിരിക്കുമെന്ന് പോലും കരുതാൻ സാദ്ധ്യമല്ല. 30-40ഓളം പല ഇനത്തിൽപെട്ട കുതിരകളെയാണ് നമുക്ക് പിടിക്കാൻ പറ്റിയത്. എന്നാൽ ഇംഗ്ലീഷ് പക്ഷത്തുണ്ടായ അപായമാകട്ടെ 79 ആളുകളും 7 കുതിരകളുമാണ്."26. അങ്ങനെ 1784 മാർച്ച് 11-ാം തിയതി മംഗലാപുരം സന്ധി ഒപ്പുവെച്ചതോടെ മൈസൂറുമായുണ്ടായ രണ്ടാമത്തെ യുദ്ധത്തിലും ഇംഗ്ലീഷ്കാർ പരാജയം ഏറ്റുവാങ്ങേണ്ടതായി വന്നു.

ഹൈദരലിയുമായും ടിപ്പുവുമായും കഴിഞ്ഞ രണ്ടു യുദ്ധങ്ങളുടെ അവസാനത്തിലുണ്ടാക്കിയ സന്ധി ഉടമ്പടികൾ ഇംഗ്ലീഷ് താല്പര്യത്തിന് സഹായകമായിരുന്നില്ലന്നും മൈസൂറിനെ കൂടുതൽ ശക്തമാക്കുവാൻ മാത്രമേ ഉപകരിച്ചിരുന്നുള്ളുവെന്നും ഇംഗ്ലീഷ്കാർക്ക് നന്നായറിയാമായിരുന്നു. തൻമൂലം സന്ധി വ്യവസ്ഥകൾ ഏതവസരത്തിലും ലംഘിക്കുവാൻ അവർ തക്കം പാർത്തിരിക്കുകയും ചെയ്തു. ലോഡ് ഹെയ്സ്റ്റിംങ്ങ്സ് മംഗലാപുരം സന്ധിയെ അപമാനകരമായ ഒന്നായിട്ടാണ് വ്യവഹരിച്ചത്. ഡോഡ്‌വെൽ എഴുതുന്നതാകട്ടെ, "ഹെയിസ്റ്റിംങ്ങ്സ് അപഹാസ്യമെന്ന് വിശേഷിപ്പിച്ച മംഗലാപുരം സന്ധി കാണുമ്പോൾ, ടിപ്പു ജേതാവയിട്ടാണ് പ്രത്യക്ഷപ്പെടുന്നത്."27. ഷെൽബേണിന് ഗ്രാൻറ്ഡഫ് ഇതു സംബന്ധിച്ചെഴുതിയതിപ്രകാരമായിരുന്നു. "ഇരുപത്തഞ്ച് വർഷങ്ങൾക്ക് മുമ്പ് ഒരു ക്ലൈവിന്റെയോ, ലോറൻസിന്റെയോ നേതൃത്വത്തിലുണ്ടായിരുന്ന ഇംഗ്ലീഷ് സേനയ്ക്ക് അതിന്റെ വിജയങ്ങളെക്കുറിച്ചുള്ള പ്രസ്താവനകൊണ്ട് മാത്രം ഹിന്ദുസ്ഥാനെ ആകമാനം കിടിലം കൊള്ളിക്കുവാൻ സാധിക്കുമായിരുന്നു. എന്നാൽ അന്നത്തേക്കാൾ ഏറെ മെച്ചപ്പെട്ട ഇംഗ്ലീഷ് സൈന്യം ഇന്ന് ഇൻഡ്യൻ പ്രതിരോധത്തെ ഭയന്ന് പിൻതിരിയേണ്ടതായി വന്നിരിക്കുന്നു."28. ഡോവിന്റെ ഇൻഡ്യാചരിത്രത്തിൽ വിവരിച്ചിരിക്കുന്നത് "നമ്മുടെ കോട്ടമതിലു

കൾ പറന്ന് കടക്കുവാൻ ശക്തമായ ചിറകുകളുള്ള കുതിരകളാണ് ടിപ്പുവിനുണ്ടായിരുന്നതെന്ന് തോന്നത്തക്ക ഭയമാണ് അവ ജനങ്ങളിലങ്കുരിപ്പിച്ചത്." എന്നത്രെ.28. തങ്ങൾക്ക് ഒരിഞ്ച് സ്ഥലത്തിന്റെ ഗുണമോ ടിപ്പുവിൽ നിന്നും അനുഭവിക്കേണ്ടതായി വന്ന നാശത്തിനും അപമാനത്തിനും പ്രതികാരം നടത്തുവാനുള്ള സാദ്ധ്യതയോ ഇല്ലാതാക്കിയ മംഗലാപുരം സന്ധിയെ, അതുകൊണ്ട് തന്നെ, "ഒരു ശാശ്വതസമാധാന ഉടമ്പടിയായി കണക്കാക്കിയില്ലെന്ന് മാത്രമല്ല, താൽക്കാലികമായ ഒരു യുദ്ധവിരാമക്കരാർ എന്ന നിലയിൽ മാത്രം."29. ഇംഗ്ലീഷ് അധികാരികൾ കരുതിയതിൽ അത്ഭുത ത്തിനവകാശമില്ല.

കഴിഞ്ഞ രണ്ടു യുദ്ധങ്ങളിലും ഇംഗ്ലീഷ്കാർക്ക് പറ്റിയ പരാജയവും അപമാനവും തുടച്ചു മാറ്റുവാൻ വേണ്ടി മുൻ കരുതലോടെ സുചിന്തിതമായ ഗൂഢാലോചനയുടെ ദുർസന്തതിയായിരുന്നു മൂന്നാം ആംഗ്ലോ-മൈസൂർ യുദ്ധം. മംഗലാപുരം സന്ധിയെ വെറും താൽക്കാലികയുദ്ധവിരാമക്കരാർ മാത്രമായി കണക്കാക്കിയ ഇംഗ്ലീഷ്കാർ സന്ധി വ്യവസ്ഥകളെയെല്ലാം കിട്ടിയ അവസരങ്ങളിലൊക്കെ ലംഘിക്കുകയും മറ്റൊരു യുദ്ധത്തിനുള്ള ഗൂഢാലോചനകളും നയതന്ത്രപ്രവർത്തനങ്ങളും തകൃതിയായി നടത്തുകയും ചെയ്തു. മറാത്തക്കാരേയും ഹൈദരാബാദ് നിസാമിനേയും തങ്ങളുമായി ഒന്നിച്ച് ടിപ്പുവിന്റെ വർദ്ധിച്ചുക്കൊണ്ടിരുന്ന ശക്തിയെ തകർക്കുവാനുള്ള പദ്ധതികൾ ഉണ്ടാക്കി അവരെ തങ്ങളുടെ കൂട്ടുകെട്ടിൽ കൊണ്ടുവരുവാൻ തുടർച്ചയായി നടത്തിയ ശ്രമങ്ങൾ വിജയിച്ചതോടെ ഇംഗ്ലീഷ്കാർക്ക് ടിപ്പുവെ എതിരിടുവാനുള്ള ആത്മബലം കരഗതമായി. തുടർന്ന് ടിപ്പുവെ ഒറ്റപ്പെടുത്തി ഒരു കടന്നാക്രമണം നടത്തുവാനാണവർ തയ്യാറായത്. ടിപ്പുവിനെ പ്രകോപിപ്പിച്ച് ഒരേറ്റുമുട്ടലിന് കളമൊരുക്കുവാൻ തിരുവിതാംകൂർ രാജാവിനെ അവർ കരുവാക്കുകയും ചെയ്തു. അധികാരം നഷ്ടപ്പെട്ട മലബാർ രാജാക്കൻമാരെയെല്ലാം സുരക്ഷാ പത്രികയുടെ പിൻബലത്തിൽ കമ്പനിയുടെ സഹായികളാക്കി മാറ്റുവാനും ടിപ്പുവിന്റെ സാമന്തനായ കൊച്ചിരാജാവിനെ ടിപ്പുവിന്റെ ആശ്രിതത്വത്തിൽ നിന്നും അടർത്തിയെടുക്കുവാനും അവർക്ക് കഴിഞ്ഞു. അങ്ങനെ മറ്റാരുടേയും യാതൊരു വക സഹായവും കൂട്ടുമില്ലാതെ ഏകനായി അദ്ദേഹത്തിന് ഇംഗ്ലീഷ്കാരോട് ഏറ്റുമുട്ടേണ്ടതായി വന്നു. അവരാകട്ടെ തെന്നിന്ത്യയിലെ എല്ലാ രാജാക്കൻമാരുമായും ചെറുകിട മാടമ്പിമാരുമായിപ്പോലും സൈനികസഖ്യം നടത്തി സുസംഘടിതമായ സൈനിക സജ്ജീകരണങ്ങൾ തയ്യാറാക്കുകയും ചെയ്തിരുന്നു.

മൂന്നാം ആംഗ്ലോ-മൈസൂർ യുദ്ധം 1790 ഏപ്രിൽ മാസത്തിൽ തുടങ്ങി 1792 മാർച്ച് 18-ാം തിയതി ശ്രീരംഗപട്ടണം സന്ധിയോടുകൂടി അവസാനിക്കുകയും ചെയ്തു. യുദ്ധത്തിൽ പരാജിതനായ ടിപ്പുസുൽത്താൻ തന്റെ രാജ്യത്തിന്റെ പകുതി ഭാഗവും മൂന്ന് കോടി മുപ്പത് ലക്ഷം രൂപയും സഖ്യകക്ഷികൾക്ക് കൊടുക്കേണ്ടതായും വന്നു.30. ടിപ്പുവിന്റെ മലബാർ ഏത് വിധേനയെങ്കിലും കൈവശമാക്കിയാലേ വാണിജ്യപരമായും സൈനികപരമായുമുള്ള അതിന്റെ സൗകര്യങ്ങളെ തങ്ങൾക്ക് പരമാവധി ചൂഷണം ചെയ്യുവാൻ കഴിയുകയുള്ളുവെന്നവർക്കറിയാമായിരുന്നു. 1790 ഫെബ്രുവരി 5-ാം തിയതി മാലറ്റ്, കോൺവാലീസിനെ അറിയിക്കുന്നതിപ്രകാരമാണ്, "ടിപ്പുവുമായി ഒരു യുദ്ധമുണ്ടാകുകയും അത് നമ്മുടെ വിജയത്തിൽ കലാശിക്കുകയും ചെയ്യുന്നുവെങ്കിൽ, നമുക്ക് കിട്ടാവുന്ന ഏറ്റവും വലിയ നേട്ടവും അയാൾക്ക് ഏൽക്കാവുന്ന ഏറ്റവും വലിയ നഷ്ടവും അയാൾ മലബാറിൽ നിന്നും തുരത്തപ്പെടുക എന്നത് മാത്രമാണ്........"31. ഇൻഡ്യയിൽ എക്കാലത്തിറക്കിയിട്ടുള്ളതിനേക്കാൾ സുസജ്ജവും സംഘടിതവുമായിരുന്നു സഖ്യസൈന്യം എന്നതിന്നുപരി കോൺവാലീസ് പ്രഭു തന്നെ സൈനിക നേതൃത്വം ഏറ്റെടുത്തു എന്നതും കണക്കിലെടുക്കേണ്ടതുണ്ട്. എന്നിട്ടും ടിപ്പു നേതൃത്വം നൽകിയ സേനയുടെ വേഗതയും കാര്യക്ഷമതയും ശത്രുക്കളുടെ പോലും പ്രശംസക്ക് പാത്രമായിരുന്നു.32. തനിക്കെതിരായി നീങ്ങിയ ഭീഷണമായ സേനക്ക് പോലും ഭീതി പരത്തുന്നവയായിരുന്നു ടിപ്പുവിന്റെ പ്രതിഭാസമ്പന്നമായ സൈനികപ്രവർത്തനം എന്ന് ഇംഗ്ലീഷ് പക്ഷത്തു നിന്നു പോലും സമ്മതിച്ചിട്ടുള്ള പരമാർത്ഥമാണ്. "ഇംഗ്ലീഷ്സേനയുടെ ആളും അർത്ഥവും ഏറെ നശിപ്പിക്കുവാൻ ടിപ്പുവിന് കഴിഞ്ഞു. മൈസൂർ ആക്രമിക്കുവാനുള്ള മെഡോസ്സിന്റെ പദ്ധതി തകർക്കുക മാത്രമല്ല, കർണാട്ടിക്കിലേക്ക് കടന്ന് ആക്രമണം നടത്തി പ്രതിരോധയുദ്ധത്തെ അങ്ങനെ ആക്രമണയുദ്ധമാക്കി മാറ്റുവാൻ അദ്ദേഹത്തിന് നിഷ്പ്രയാസം സാധിച്ചു." എന്നാണ് ടിപ്പുവിന്റെ ആധികാരിക ചരിത്രകാരനായ മൊഹിബ്ബുൽ ഹസ്സൻഖാൻ എഴുതുന്നത്.

ഒറ്റേറ്റുമുട്ടലിന് ഒരിക്കലും ഒരുങ്ങിയിട്ടില്ലാതിരുന്ന ടിപ്പു സുൽത്താന് സഖ്യകക്ഷികളുടെ സംഘടിതശക്തിയെ തനിച്ച് നേരിട്ട് വിജയിക്കുക അസാദ്ധ്യമായിരുന്നു. ഇംഗ്ലീഷ് കാർക്ക് മൈസൂറിന്റെ ഈ നിസ്സഹായവസ്ഥ ശരിക്കും അറിയുകയും ചെയ്യാമായിരുന്നു. 1790 ഫെബ്രുവരി 5ന് മാലറ്റ്, കോൺവാലിസിന്നെഴുതുന്ന കത്തിൽ ഈ രാഷ്ട്രീയ പശ്ചാത്തലം വിവരിച്ചിട്ടുണ്ട്. "നമ്മുടെ വിരോധം പോക്കുവാനും ടിപ്പുവിനെ വകവരുത്തുവാനും ഏറ്റവും പറ്റിയ സമയമാണിത്. ഇൻഡ്യയിൽ നമ്മുടെ ശക്തിപൂർവ്വാധികം ബലവത്താണിപ്പോൾ"33. ഇൻഡ്യയിലക്കാലത്തുണ്ടായിരുന്ന ഇംഗ്ലീഷ് സൈനികരത്രയും സമയം ഏറ്റവും ഉചിതമായിരുന്നുവെന്ന് ഏകോപിതമായി അഭിപ്രായപ്പെട്ടിട്ടുണ്ട്. ജോൺ കെന്നവേ, ക്യാംബലിന്നെഴുതുന്ന കത്തിൽ നിന്നും ഇക്കാര്യം ഏറെ വ്യക്തമായി കാണാം. "ഇതിനേക്കാൾ അനുകൂലമായ ഒരു സന്ദർഭമുണ്ടാകുമെന്ന് വിചാരിക്കുവാൻ ഞാൻ അശക്തനാണ്. മൈസൂറിന്റെ ആഭ്യന്തരവും ബാഹ്യവുമായ സ്ഥിതിഗതികളും നിസാമും മറാത്തക്കാരുമായുള്ള ബന്ധവും മനസ്സിലാക്കുവാൻ സാധിച്ചതിന്റെ അടിസ്ഥാനത്തിൽ,

സുവ്യക്തമായും എനിക്ക് പറയാനുള്ളത്, നമ്മുടെ ലക്ഷ്യം നേടുവാൻ ഇതിൽകവിഞ്ഞ് അവസരം ഉണ്ടാകുകയില്ല എന്നാണ്."34. അങ്ങനെ മൂന്നാം ആംഗ്ലോ-മൈസൂർ യുദ്ധം ഇംഗ്ലീഷ്കാർക്ക് രാഷ്ട്രീയമായ ഒരനിവാര്യതയായിരുന്നു. എന്ത് ഉപജാപങ്ങളും കുതന്ത്രങ്ങളും പ്രയോഗിച്ച് തങ്ങളുടെ പ്രധാന പ്രതിയോഗിയായ ടിപ്പുവിനെ ദുർബ്ബലനാക്കുകയെന്നത് അവരുടെ നിലനില്പിന്റെ തന്നെ പ്രശ്നമായിരുന്നു.35.

ടിപ്പുവിന്റെ പകുതി രാജ്യവും വലിയ തുകയും ഈടാക്കി കഴിയുമ്പോൾ, കമ്പനിയുമായി സൗഹൃദബന്ധത്തിന് ടിപ്പു ഒരുങ്ങുമെന്നായിരുന്നു ഇംഗ്ലിഷ്കാരുടെ കണക്ക്കൂട്ടൽ. എന്നാൽ ഇംഗ്ലീഷ് വിരോധം മാത്രമാണ് അദ്ദേഹത്തിന്റെ സിരകളെ ചൂടുകയറ്റിയിരുന്നത്. ഈ വിദേശികളെ ഏതെങ്കിലും വിധത്തിൽ ഇൻഡ്യയിൽ നിന്നും പുറംതള്ളണമെന്ന ബോധപൂർവ്വമായ ആവേശം കൊണ്ടാണ് ഇൻഡ്യയിലേയും വിദേശങ്ങളിലേയും ശക്തികളുടെ സഹായം ലഭിക്കുവാൻ അനവരതം അദ്ദേഹം യത്നിച്ചുകൊണ്ടിരുന്നത്. യാതൊരു പ്രകോപനവുമില്ലാതെ അകാരണമായി നാലാം ആഗ്ലോ-മൈസൂർ യുദ്ധം ഏകപക്ഷീയമായി ഇംഗ്ലീഷ്കാർ പ്രഖ്യാപിക്കുവാനുണ്ടായ കാരണവും ടിപ്പുവിന് ഇംഗ്ലീഷ്കാരോടുണ്ടായിരുന്ന നിലക്കാത്ത വിരോധം അറിയാമായിരുന്നുത് കൊണ്ടു് മാത്രമാണ്. ഇംഗ്ലീഷ്കാരുടെ ആശ്രിതനായി കഴിയുന്നതിനേക്കാൾ മരണമാണ് അഭികാമ്യമെന്ന് അദ്ദേഹം തീരുമാനിച്ചതായിരുന്നു ഈ സന്ധിയില്ലാത്ത മനോഭാവത്തിനടിസ്ഥാനം.36. ഇംഗ്ലീഷ്കാർ അതേ സമയത്ത് ടിപ്പുവിനെ മാത്രമാണ് തങ്ങളോട് എല്ലാ രംഗങ്ങളിലും തുല്യതയുള്ള സൈനികമേധാവിയായി കണ്ടത്. "മദ്രാസിന്റെ വാതുക്കൽ വന്ന് നമ്മോട് സമാധാനവ്യവസ്ഥകൾ നിർദ്ദേശിച്ചത് ഹൈദരലിയായിരുന്നു.......... ശ്രീരംഗപട്ടണം അവരുടെ പഴയ ഹൈന്ദവരാജാക്കൻമാരുടെ കീഴിൽ ഒരിക്കലും ആക്രമണകാരികളായിരുന്നില്ല. എന്നാൽ മുസൽമാൻ ഭരണാധികാരികളുടെ കീഴിൽ വന്ന ശ്രീരംഗപട്ടണത്തെപ്പറ്റി മദ്രാസിലെ ഇംഗ്ലീഷ്കാർ ബഹുമാനപുരസ്സരം പരാമർശിക്കുവാൻ പഠിച്ചു. അതേ സമയം തൃശ്ശിനാപള്ളിയിലും മധുരയിലും കൊച്ചിയിലും തിരുവിതാംകൂറിലും അതിന്റെ പേര് ഉച്ചരിച്ചിരുന്നത് ഭയത്തോടുകൂടിയുമായിരുന്നു."37. പരമാധികാരമെന്താണെന്നറിയാമായിരുന്ന ശക്തികളെ ഒരിക്കലും വെച്ച് പൊറുപ്പിക്കുവാൻ അധികാരദുർമ്മോഹവും അത്യാർത്തിയും ഉണ്ടായിരുന്ന ആഗ്ലേയർക്ക് കഴിയുമായിരുന്നില്ല. ബിറ്റ്സൺ എഴുതുന്നത്, "ടിപ്പുസുൽത്താൻ പ്രബലത്തായി വാഴുകയെന്നത് കമ്പനിക്ക് എന്നും ഒരു ബദ്ധപ്പാടും ചെലവും പ്രയാസവും, സൃഷ്ടിക്കുമെന്ന് തെളിഞ്ഞിരിക്കുന്നു,"38. എന്നാണ്. ജി.ബി. മെല്ലിസനെഴുതുന്നതാകട്ടെ, "സാഹസിക പ്രവർത്തനങ്ങൾക്ക് എന്തും നേടാനൊക്കുമായിരുന്ന ലോകചരിത്രത്തിലെ ഒരു പ്രതിസന്ധിയിൽ ഇൻഡ്യയിലെ ഏക പരമാധികാരരാഷ്ട്രമായ മൈസൂറിനെ കഴിവതും നിരുപദ്രവമാക്കിത്തീർക്കുകയെന്നത് ബ്രിട്ടിഷ് താല്പര്യത്തിന്റെ ഒഴിക്കാനാകാത്ത ആവശ്യമായിത്തീർന്നു. തന്റെ അച്ഛൻ മൈസൂർ സൈന്യത്തെക്കൊണ്ട് നേടിയ നേട്ടങ്ങൾക്ക് ദൃക്സാക്ഷിയുമായിരുന്നുവല്ലോ ടിപ്പുസുൽത്താൻ"39.

പടക്കളത്തിൽ അവസാനം വരെ അടരാടി ടിപ്പു മരിച്ചു. അങ്ങനെ ഇൻഡ്യക്കാരും വിദേശികളുമായുള്ള സംഘട്ടനത്തിൽ ഇൻഡ്യയുടെ ഭാഗധേയം ആർ നിശ്ചയിക്കണമെന്ന് അന്തിമമായി തീരുമാനിക്കപ്പെട്ട അന്തിമസമരത്തിൽ ഇൻഡ്യക്കാർ പരാജിതരായി പിൻതിരിയേണ്ടതായി വന്നു. അങ്ങനെ ഇൻഡ്യ ഇൻഡ്യക്കാർ ഭരിക്കുക എന്നതിന്റെ അവസാനാദ്ധ്യായമായി കലാശിച്ചു ടിപ്പുസുൽത്താന്റെ മരണം. ടിപ്പുവിന്റെ പതനം ഇംഗ്ലീഷ്കാർക്ക് രാജ്യത്തിന്റെ ഗണ്യമായ ഭാഗം കൈവശപ്പെടുത്തുവാൻ അവസരം നല്കിയെന്ന് മാത്രമല്ല, അവരെ ഇൻഡ്യയിലെ അജയ്യരായ പരമാധികാരികളാക്കുകയും ചെയ്തു.40. സമകാലികചരിത്രകാരൻ ടിപ്പുവിന്റെ അന്ത്യത്തെ വിലയിരുത്തുന്നതിപ്രകാരമാണ്. "പൗരസ്ത്യസാമ്രാജ്യം നമ്മുടെ കാൽപ്പാടിന് കീഴിലായിരിക്കുന്നു."41. 1799ൽ ടിപ്പുസുൽത്താൻ മരണമടഞ്ഞതോടു കൂടി ഇൻഡ്യയിൽ ബ്രിട്ടിഷ് ശക്തി അപ്രതിരോധ്യമായിതീർന്നു. ബ്രിട്ടീഷ് കൊളോണിയലിസത്തിന്റെ വ്യവസായിക-വാണിജ്യനയങ്ങൾ ഇൻഡ്യൻ സമൂഹത്തെ ആകമാനം പിഴിഞ്ഞുകളഞ്ഞു. അന്ന് തുടങ്ങിയ ബ്രിട്ടീഷ് കൊളോണിയൽ ഭരണം തുടർന്ന് ഒന്നരനൂറ്റാണ്ടുകാലം ഇൻഡ്യയേയും, ഇൻഡ്യക്കാരേയും ചൂഷണം ചെയ്തുകൊണ്ട് വൈദേശികമേൽക്കോയ്മയായി വർത്തിച്ചു. ഇന്നും അവർ ചെയ്ത കെടുതികളിൽ നിന്നും വിമുക്തരാകുവാൻ ഇൻഡ്യയ്ക്കോ, ഇൻഡ്യക്കാർക്കോ കഴിഞ്ഞിട്ടില്ലെന്നതാണ് സത്യം.

അന്തർരാഷ്ട്രസ്ഥിതിഗതികളും ഇൻഡ്യയിലെ മറ്റു നാട്ടുരാജാക്കൻമാരുടെ ഭാവനാരാഹിത്യവും ഇംഗ്ലീഷ് കുതന്ത്രങ്ങൾ വിജയകരമായി പരിസമാപ്തിയിലെത്തിക്കുവാൻ സഹായിച്ച ഘടകങ്ങളാണ്. ഫ്രഞ്ച് ഗവർമ്മേണ്ടിനും നെപ്പോളിയനും ആകസ്മികമായുണ്ടായ തിരിച്ചടികൾ ഉണ്ടായിരുന്നില്ലെങ്കിൽ, മഹത്തായ ഫ്രഞ്ച് വിപ്ലവം ആഭ്യന്തരമായി കുരുതിക്കളമായി മാറി കക്ഷിരാഷ്ട്രീയത്തിന്റെ കാലുഷ്യം കലർത്തി വിപ്ലവവീര്യം തകർത്തിരുന്നില്ലെങ്കിൽ, ഇൻഡ്യയിൽ ഇംഗ്ലീഷ് ആധിപത്യമാന്നൊന്നുണ്ടാകുമായിരുന്നില്ല. ഇംഗ്ലീഷ് ഉപജാപത്തെ അതിജീവിച്ച് ക്രാന്തദർശിത്വത്തോടുകൂടി മറാത്തക്കാരും നിസാമും മറ്റു ചെറുകിട നാട്ടുരാജാക്കൻമാരും മൈസൂറുമായി ഒന്നിച്ച് നിന്ന് ഇംഗ്ലീഷകാർക്കെതിരായി ശക്തമായ ഒരു സമരനിര സൃഷ്ടിച്ചിരുന്നുവെങ്കിലും ഇൻഡ്യയുടെ രാഷ്ട്രീയഭാഗധേയം മറ്റൊന്നാകുമായിരുന്നേനെ. ഇംഗ്ലീഷ്കാരും ഇൻഡ്യക്കാരുമായുണ്ടായ സംഘട്ടനത്തിലെ ഏകീകൃതമായ ഒറ്റ അദ്ധ്യായമാണ് നാല് ആഗ്ലോ-മൈസൂർ യുദ്ധങ്ങൾ. അവയെ ഒറ്റക്കൊറ്റക്ക് കാണുന്നതും പഠിക്കുന്നതും ചരിത്രത്തിന്റെ പൂർണ്ണരൂപം ലഭിക്കുവാൻ ഉതകുന്നതല്ല. എന്നാൽ ഇംഗ്ലീഷ്കാരോട് ബോധപൂർവ്വം പൊരുതുകയും സന്ധിയില്ലാ മനസ്ഥിതിയോടുകൂടി, അവരെ ഇവിടെ നിന്നും തുരത്തണമെന്ന ലക്ഷ്യത്തോടുകൂടി, അവിരാമം നടത്തിയ

ഐതിഹാസികമായ ഈ പോരാട്ടങ്ങൾക്ക് അവ അർഹിക്കുന്ന പ്രാധാന്യം ഇൻഡ്യാചരിത്ര പ്രതിപാദനത്തിൽ നല്കിയിട്ടില്ലെന്നതാണ് ദൗർഭാഗ്യകരമായ സ്ഥിതി. മൈസൂർ നവാബുമാർ നടത്തിയ സാഹസികമായ ഈ വീരസമരങ്ങൾ ഏതൊരു ഇൻഡ്യക്കാരനിലും ദേശീയാവേശം പകരുവാൻ പര്യാപ്തമാണ്. ലോകം കണ്ടിട്ടുള്ള ഏറ്റവും സമർത്ഥരായ ഭരണാധിപൻമാരും കെല്പുറ്റ സേനാനായകൻമാരുമായി വാഴ്ത്തപ്പെടേണ്ട ഈ ഇൻഡ്യൻ ഭരണാധികാരികളോട് ചരിത്രം നീതി ചെയ്തിട്ടില്ലാത്തതിനാൽ തന്നെ അവർ നടത്തിയ സാഹസിക യുദ്ധങ്ങൾക്കോ, വിദേശീയരോട് അവർക്കുണ്ടായിരുന്ന വിദ്വേഷങ്ങൾക്കോ, ഭാരതീയർക്ക് ആവേശം പകരാൻ പറ്റാത്ത നിർജ്ജീവാവസ്ഥയുമായി അവ അവശേഷിക്കുകയാണ് ഇൻഡ്യാചരിത്രപ്രതിപാദനത്തിൽ. ക്രിയാത്മകമായ ചരിത്ര രചനാ രീതി അവലംബിച്ചിരുന്നുവെങ്കിൽ പുരുഷാന്തരങ്ങൾക്ക് പ്രചോദനമായി എക്കാലവും ഈ മൈസൂർ ഇതിഹാസം നിലനിൽക്കുമായിരുന്നു. പ്രാദേശികവും വർഗ്ഗീയവുമായ മാനസികദൗർബല്യം തുടച്ചെറിഞ്ഞ് നിഷ്പക്ഷമായും രചനാത്മകമായും ഇൻഡ്യാചരിത്രത്തിലെ മഹത്തായ ഈ അദ്ധ്യായം പുനരാവിഷ്ക്കരിക്കേണ്ടത് ദേശീയമായ കാഴ്ചപ്പാടും ചരിത്രബോധവും ഊട്ടി ഉറപ്പിക്കുവാൻ അനിവാര്യവുമാണ്.

1. Bruce, Annals of the Honourable East India Company, London, Vol.III, p 193.
2. Ibid, p 194.
3. W.Logan, Treaties etc, No.XI.
4. Visscher's Letters, Letters from Malabar, Cans Brothers Veppire, 1862, No.VII, reprint Asian Educational Service, New Delhi, 1989, p 414.
5. Logan, Treaties etc, op.cit, p 15.
6. Ibid, Part I, No.XX, p 14.
7. M.M.D.L.T, op.cit, p 136.
8. Moens Memorandum etc, op.cit, p 154.
9. Board Minutes, Consultations, August 25, 1767.
10. M.M.D.L.T., op.cit, p 235.
11. Col. Wilks, History of Mysore, Vol.I, op.cit, p 608.
12. .Logan, Malabar Munual, vol.I, op.cit, p 416.
13. Indian Record Series vol.II, Vestiges of Old Madras, 1640-1800, National Archives of India, p 397.
14. Indian Record Series, vol.II, p 598, letter dated March 28.
15. Logan, Treaties etc, vol. I.
16. Orne Manuscript, vol. 25, June 6, 1769, Indian Record Series, p 599.
17. Smith to Orne, March 28, 1769, Orne MSS, vol. 22, p 30.
18. Foreign Secret Department, Fort William Proceedings of the Secret Select Committee from January 4 to June 28, 1779, from Haidar Ali to Governor dated March 19, 1779.
19. Haidar to Rumbold, March 19, 1779, Consultations, April 7, 1779 June (Miscellaneous), vol 248, p 96.
20. Glieg, Munore, op.cit, p 25.
21. Secret Proceedings, March 11, 1782, p 983.
22. Military Consultations, January 1783, vol. 85A, p 144.
23. Charles Stuart, Catalogue and Memoirs of Tippoo Sultan, p 265.
24. Secret Proceedings, August 18, 1783.
25. Ali Husain Kirmani, op.cit, p 198.
26. Secret Proceedings, July 4,-p 2149.
27. Cambridge History of India, vol.V, p 332.
28. Grand Duff to Shelburne, Nov. 30, 1780.
29. Dow, History of Hindoostan, vol.II, p 362.
30. Military Sundry Book, vol.61, p p 1462-64.
31. Kirk Patric, Select letters of Tippoo Sultan, Appendix A (1) p 77.
32. Poona Residency Correspondence, vol. III, No. 63. p 67.
33. Wilks, op.cit, vol. II, p 411.
34. Ponna Residency Correspondence, vol. III, No. 63, p 65.
35. Foreign Secret Political Proceedings, S.No. 92, pp3868-69.
36. Beatson, A view of the Origin and Conduct of War with Tippoo Sultan, p 44.
37. Dodwell, Cambridge History of India, vol. V, p 326.
38. Beatson, op.cit, p 44.
39. Ibid.
40. G.B. Maleson, op.cit, p 44.
41. Wellesley's despatches etc, p xcii.
42. Auber, Rise and Progress of British India, vol. iii, p 192.

# XLIII ഇംഗ്ലീഷ് വിരുദ്ധ പോരാട്ടങ്ങൾ-രണ്ടാംഘട്ടം

ഇംഗ്ലീഷ് ഈസ്റ്റ് ഇൻഡ്യാകമ്പനിയ്ക്കെതിരായി 18-ാം നൂറ്റാണ്ടിൽ നടന്ന പോരാട്ടങ്ങളെക്കുറിച്ചാണ് കഴിഞ്ഞ അദ്ധ്യായത്തിൽ പ്രതിപാദിച്ചത്. നമ്മുടെ ഭരണാധികാരികൾക്ക് ദേശീയമായ ഐക്യബോധമോ, പൊതുശത്രുവിനോട് പോലും ഒന്നിച്ച് നിന്ന് പൊരുതുവാനുള്ള സന്നദ്ധതയോ, ഇല്ലാതെപോയതാണ്, ഇൻഡ്യയിലെ പ്രബലരായ രാജാക്കൻമാരെ ഒന്നൊന്നായി കീഴടക്കി അപ്രതിരോധ്യശക്തിയായി വളരുവാൻ ഇംഗ്ലീഷ്കാർക്ക് സൗകര്യം കൊടുത്തത്. അങ്ങനെ 1792ൽ മലബാറും തുടർന്നുള്ള വർഷങ്ങളിൽ കേരളത്തിലെ ചെറുതും വലുതുമായ രാജ്യങ്ങളത്രയും അവരുടെ ചൊൽപ്പടിക്ക് നിൽക്കേണ്ട ആശ്രിതരായിതീർന്നു. വിദേശാധിപത്യത്തിൻെറ കൂച്ചുചങ്ങലയിൽ തങ്ങൾ ബന്ധിതരായിരിക്കുന്നുവെന്ന തിരിച്ചറിവ്, പാരതന്ത്ര്യത്തിൻെറ ഈ ചങ്ങല പൊട്ടിച്ചെറിയുവാൻ നടത്തിയ ആവേശകരമായ ഇംഗ്ലീഷ് വിരുദ്ധ സമരങ്ങളാണ് ഈ അദ്ധ്യായത്തിലെ പ്രതിപാദ്യം. ഇംഗ്ലീഷ്കാർക്കെതിരായി നടന്ന ആദ്യകാല പോരാട്ടങ്ങളെല്ലാം അവരെ ഇൻഡ്യൻ മണ്ണിൽ വേരോടിക്കാതിരിക്കുവാനും സാമ്രാജ്യമോഹികളായ അവരെ ഇവിടെ നിന്നും കെട്ടുകെട്ടിക്കുവാനുമുള്ള മഹത്തായ സംരംഭങ്ങളായിരുന്നു. എന്നാൽ എതിർപ്പുകളെയെല്ലാം വിജയിച്ച് വലിയ ഒരു സാമ്രാജ്യത്തിൻെറ അധിപതികളായി അവർ മാറി. വിദേശാധിപത്യത്തെ അറിഞ്ഞുകൊണ്ടെതിർത്ത ത്യാഗിവര്യൻമാരുടെ ഒരു പരമ്പര തന്നെ ഈ കൊച്ചു കേരളത്തിലുണ്ടായി എന്നത് നമ്മുക്ക് അഭിമാനകരമാണ്.

മലബാറിലും കൊച്ചിയിലും തിരുവിതാംകൂറിലും കമ്പനിഭരണത്തിന്നെതിരായി ശക്തമായ പോരാട്ടങ്ങൾ അരങ്ങേറി. അതിൻെറ ആരംഭം കുറിച്ചത് മലബാറിലായിരുന്നു. 1792ൽ ഇംഗ്ലീഷ് കമ്പനിഭരണത്തിൽ മലബാർ വന്നതോടുകൂടി, ആ വർഷം തന്നെ അവരുടെ ആധിപത്യത്തെ ചോദ്യം ചെയ്തുകൊണ്ട് തെക്കെ മലബാറിൽ രക്തരൂക്ഷിതങ്ങളായ പല സംഘട്ടനങ്ങളും നടന്നിരുന്നു. ഉണ്ണിമൂസ മൂപ്പൻ, അത്തൻ കുരുക്കൾ, ചെമ്പൻ പോക്കർ, ഹൈദ്രോസ് എന്നി മാപ്പിളനേതാക്കളായിരുന്നു ഇംഗ്ലീഷ് കമ്പനിയ്ക്കെതിരായി തുടക്കത്തിലെ കലാപക്കൊടി ഉയർത്തിയവർ. ഇവരുടെ പോരാട്ടങ്ങൾ കമ്പനിഭരണത്തെ ഉലച്ചുകൊണ്ടിരുന്ന സന്ദർഭത്തിലാണ് വടക്കേ മലബാറിൽ പഴശ്ശിരാജയുടെ ഐതിഹാസികസമരത്തിൻെറ ആരംഭം കുറിക്കുന്നത്. മലബാറിൽ ഒരറ്റം മുതൽ മറ്റേ അറ്റം വരെ ജനരോഷം ആളിക്കത്തി. സൈനികബലത്തിൻെറ ആർജ്ജവം കൊണ്ടു വർഷങ്ങൾക്ക് ശേഷമാണെങ്കിലും മലബാറിലെ ആദ്യത്തെ ഇംഗ്ലീഷ് വിരുദ്ധ പോരാട്ടത്തെ ചോരയിൽ മുക്കി കൊല്ലുവാൻ ബ്രിട്ടീഷ്കാർക്ക് സാധിച്ചു. എന്നാൽ ഇത് കെട്ടടങ്ങുന്നതിന് മുമ്പ് തന്നെ തിരുവിതാംകൂറിലെ ദിവാനായ വേലുത്തമ്പിദളവയുടേയും കൊച്ചിയിലെ പ്രധാന മന്ത്രിയായിരുന്ന പാലിയത്തച്ഛൻെറയും സൈനിക നീക്കങ്ങളെ കമ്പനിക്ക് അഭിമുഖീകരിക്കേണ്ടതായും വന്നു. ഈ ബ്രിട്ടീഷ് വിരുദ്ധസമരങ്ങൾ നമ്മുടെ സ്വാതന്ത്ര്യസമര ചരിത്രത്തിൽ അവഗണിക്കാനരുതാത്ത ആവേശകരമായ ഏടാണ്. അതുകൊണ്ടുതന്നെ ഇവ നമ്മുടെ ശ്രദ്ധേയമായ പഠനം അർഹിക്കുന്നു.

## ആദ്യത്തെ മാപ്പിളലഹള.

1766 മുതൽ 1792 വരെ മലബാർ മൈസൂർ സുൽത്താൻമാരായ ഹൈദരലിയുടേയും ടിപ്പുസുൽത്താൻെറയും അധീനതയിലായിരുന്നുവല്ലോ. 1792ലെ ശ്രീരംഗപട്ടണം സന്ധിയോടുകൂടി മലബാർ ബ്രിട്ടീഷ്കാർക്ക് ലഭിച്ചു. മൈസൂർഭരണത്തെ മുസ്ലിംകൾ അനുകൂലിച്ചിരുന്നതിനാലും ആലിരാജായുടെ നേതൃത്വത്തിൽ മലബാറിലെ മുസ്ലിംകൾ ഇംഗ്ലീഷ്കാർക്കെതിരായി മൈസൂർ പക്ഷത്തു നിന്ന് പട പൊരുതിയവരായതിനാലും ഇംഗ്ലീഷ് ഭരണത്തിൻെറ ഉദ്ഘാടനം തന്നെ മാപ്പിള സമുദായത്തെ തകർക്കുവാനുള്ള വെമ്പലോടു കൂടിയായിരുന്നു. പറങ്കികൾ പരസ്യപ്രഖ്യാപനത്തോടുകൂടിയാണ് മുസ്ലീംകളെ നശിപ്പിക്കുവാനുള്ള നീചപ്രവർത്തികൾ ചെയ്തിരുന്നതെങ്കിൽ, അതെ നയം കൂടുതൽ ഫലവത്തായി തന്ത്രപൂർവ്വം പ്രാവർത്തികമാക്കുകയാണ് ഇംഗ്ലീഷ്കാർ ഇൻഡ്യയിലുടനീളം അനുവർത്തിച്ചത്. കേരളത്തിൽ അവർ നേരിട്ട് ഈ പ്രവർത്തി ചെയ്യുന്നതിന് പകരം മൈസൂർ ഭരണാധിപൻമാരുടെ കാലത്ത് സ്ഥാനഭ്രഷ്ടരാക്കപ്പെട്ടിരുന്ന നാടുവാഴികളേയും ഇടപ്രഭുക്കൻമാരേയും അവരവരുടെ പൂർവ്വസ്ഥലങ്ങളിൽ പുനർപ്രതിഷ്ഠ നടത്തി അവരെ ഉപകരണങ്ങളാക്കി തങ്ങളുടെ ലക്ഷ്യം വിജയകരമാക്കുയാണുണ്ടായത്. മുസ്ലിംകളെ സംബന്ധിച്ചിടത്തോളം പറങ്കികളാകട്ടെ, ലന്തക്കാരാകട്ടെ, ഇംഗ്ലീഷ്കാരാകട്ടെ, എല്ലാവരും തന്നെ തങ്ങളെ നശിപ്പിക്കുന്നതിൽ അതീവ നിർബ്ബന്ധക്കാരായിരുന്നു എന്നതാണനുഭവം. യൂറോപ്പിൽ പയറ്റി പരാജയപ്പെട്ട കുരിശ് യുദ്ധത്തിൻെറ തുടർക്കഥയാണല്ലോ പറങ്കികൾ ചെന്നുപെട്ട സ്ഥലങ്ങളിലൊക്കെ ആവർത്തിച്ചത്. അതേ ദുരന്തനാടകം തന്നെയാണ് ബ്രിട്ടീഷ്കാരും അരങ്ങേറിയത്. രണ്ടും തമ്മിലുള്ള വ്യത്യാസം പറങ്കികളുടേത് പരസ്യപ്രഖ്യാപനത്തോടുകൂടിയതായിരുന്നുവെങ്കിൽ ഇംഗ്ലീഷ്കാരുടേത് വളരെ ഗോപ്യമായിട്ടായിരുന്നുവെന്നു മാത്രം.

ഇവിടെ പഴയ നാടുവാഴികളെയും മാടമ്പിമാരെയുമാണ് മുസ്ലിംകളെ അടിച്ചമർത്തുവാൻ ഉപകരണങ്ങളാക്കിയത്. ഈ അവിഹിതസമ്പർക്കം മൂലം ഉണ്ടായേക്കാവുന്ന പ്രയാസം മനസ്സിലാക്കിയ മുസ്ലിംകൾ അന്നുമുതൽ ആരംഭിച്ച ഇംഗ്ലീഷ് വിരുദ്ധപ്രസ്ഥാനം നിരവധി ഏറ്റുമുട്ടലുകൾക്കിട വരുത്തി. ബ്രിട്ടീഷ്കാരുമായി എതിരിടുവാൻ നേതൃത്വം കൊടുക്കുകയും അവസാനം വരെ പടപൊരുതി വീരമൃത്യു വരിക്കുകയും ചെയ്ത ധീരജേതാക്കൾ ഉണ്ണിമൂസ മൂപ്പനും, അത്തൻ കുരുക്കളും, ഹൈദ്രോസ് കുട്ടിയും, ചെമ്പൻ പോക്കരുമായിരുന്നു. അവരുടെ നേതൃത്വത്തിൽ നടന്ന ആദ്യത്തെ മാപ്പിള ലഹളയെക്കുറിച്ചാണ് നമുക്കിവിടെ പ്രതിപാദിക്കുവാനുള്ളത്. മൈസൂർ ഭരണകാലത്ത് മലബാറിലെ ഭൂനയത്തിലും രാഷ്ട്രീയസംവിധാനത്തിലും സാരമായ മാറ്റം സംഭവിച്ചിരുന്നു. ഭൂമി അളന്ന് തിട്ടപ്പെടുത്തുകയും ഭൂനികുതി ചുമത്തുകയും ചെയ്തപ്പോൾ, ഭൂപതികളായ ജൻമിമാർ അതിന് വഴങ്ങാൻ തയ്യാറായില്ലെന്ന് ആദ്യത്തെ മലബാർ കമ്മീഷ്ണറൻമാരുടെ റിപ്പോർട്ടിൽ കാണുന്നു.1. കാണക്കാരായിരുന്ന മാപ്പിളമാർക്ക് തങ്ങളുടെ സ്ഥലങ്ങൾ തീറ് നൽകി, കിട്ടിയ പണവുമായി ഈ ജൻമികൾ തിരുവിതാംകൂറിലേക്ക് കടന്നിരുന്നു. മൈസൂർ റവന്യൂ ഓഫീസർമാർ ഭൂനികുതിയും സെറ്റിൽമെൻറും നടത്തിയത് കാണക്കാരുമായി നേരിട്ടാണ്. ജൻമിമാരുടെ മർദ്ദനത്തിൽ നിന്നും രക്ഷകിട്ടിയ കാണക്കാർ യാതൊരു പിറുപിറുപ്പുമില്ലാതെ സന്തോഷത്തോടുകൂടി സർക്കാരിലേക്ക് അടക്കേണ്ട നികുതി നൽകുകയും ചെയ്തുകൊണ്ടിരുന്നു.

എന്നാൽ മലബാർ ഇംഗ്ലീഷ്കാരുടെ കൈവശം വന്നപ്പോൾ അവർക്ക് അവരോടു കൂറും വിധേയത്വവും കാണിക്കുന്ന കുറെ പിണിയാളൻമാരെ സൃഷ്ടിക്കണമായിരുന്നു. അങ്ങനെ നാടുവാഴികളേയും ജൻമികളേയും അവരവരുടെ പഴയ സ്ഥലങ്ങളുടെ മേലാളൻമാരായി പുനഃപ്രതിഷ്ഠ നടത്തി. തുടർന്ന് ഇരുപതും മുപ്പതും കൊല്ലങ്ങൾ കൈവശം വെച്ച് സ്വന്തമായി അനുഭവിച്ചു പോന്ന സ്ഥലങ്ങൾ മുസ്ലിംകളിൽ നിന്നും അന്യായമായി പിടിച്ചെടുക്കുവാനുള്ള ശ്രമങ്ങൾ ഇംഗ്ലീഷ് സഹായത്തോടുകൂടി നടന്നു. ഇതിനെതിരായി ഒരു കോളിളക്കം തന്നെ മാപ്പിള സമുദായത്തിലുണ്ടായി. എന്തായാലും അന്യായത്തിനും അനീതിക്കും മുമ്പിൽ തല കുനിക്കുകയില്ലെന്ന് പ്രതിജ്ഞാബദ്ധരായ മാപ്പിളമാർ സമരം ചെയ്യുവാൻ തന്നെ തീരുമാനിച്ചു. സാമ്പത്തിക പ്രശ്നങ്ങളായിരുന്നു ഈ കലഹത്തിൻെറ പ്രധാന പ്രേരകശക്തിയെന്നത് തീർച്ചയാണ്. കാർഷികപ്രശ്നങ്ങളുമായി അടുത്ത ബന്ധം ഈ ലഹളകൾക്കൊക്കെ ഉണ്ടായിരുന്നുവെന്ന കാര്യം വിസ്മരിക്കാവതല്ല. എന്നാൽ ഇതൊരു ബഹുജന വിപ്ലവമായി പടർന്ന് പന്തലിക്കുവാൻ മറ്റു കാരണങ്ങൾ കൂടിയുണ്ട്. മലബാർ കമ്മീഷ്ണറൻമാരിൽ ഒരാളായ ഫാർമർ 1792ൽ തന്നെ രേഖപ്പെടുത്തിയിരിക്കുന്നതിപ്രകാരമാണ്. നമ്മുടെ അടിയന്തിര ശ്രദ്ധയെ ക്ഷണിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു സംഗതിയുണ്ട്. പൂർവ്വികമായ ജൻമസ്വത്തുക്കളുടെ അവകാശികളായ ജൻമികളെ എതിർത്ത് നിൽക്കുന്ന മാപ്പിളമാരുടേയും അവർ അധിവസിക്കുന്ന സ്ഥലങ്ങളിലേയും സ്ഥിതിഗതികൾ ഗൗരവതരമത്രേ. ആ സ്ഥലങ്ങളിൻമേലുള്ള അവകാശവാദവുമായി എന്നെ പലരും സമീപിച്ചിട്ടുണ്ട്. അവരിൽ പലരും വളരെ ശൈശവത്തിൽ തന്നെ സാമൂതിരിയോടു കൂടി സ്ഥലം വിട്ടവരും മറ്റു ചിലർ പതിനഞ്ച്-ഇരുപത് കൊല്ലം മുമ്പ് തന്നെ ഇവിടെ നിന്നും പോയവരുമാണെന്നും എന്നോട് സമ്മതിച്ചു. ഈ കാലയളവിൽ കൈവശം വന്ന ഭൂമിയ്ക്ക് പല മാറ്റങ്ങളും സംഭവിച്ചിരിക്കുമെന്നും പലരും പല എടുപ്പുകളും പല കൃഷികളും വൃക്ഷങ്ങളും വെച്ചിരിക്കുമെന്നും മാത്രമല്ല ഈ സ്ഥലങ്ങൾ പണയപ്പെടുത്തി കടമെടുക്കുകയോ, വിവാഹം നടത്തുകയോ, ഒക്കെ ചെയ്തിരിക്കുമെന്നും തൻമൂലം ഇവ തിരിച്ചെടുക്കുന്ന പ്രവൃത്തി എളുപ്പമായിരിക്കുകയില്ലെന്നും ഞാനവരോട് പറഞ്ഞു. എന്നാൽ ഇവയൊന്നും വകവെക്കാതെ സാമൂതിരികുടുംബത്തിലെ മൂന്നാംകൂർ രാജാവും നായർപടയാളികളും സംഘട്ടനത്തിന്നൊരുങ്ങിയെങ്കിലും മാപ്പിളമാരുമായുള്ള യുദ്ധത്തിൽ നാശനഷ്ടങ്ങളോടുകൂടി പിൻതിരിയേണ്ടതായും വന്നുകൂടി.2. മാപ്പിളമാരുടെ സംഘർഷാവസ്ഥക്ക് പ്രധാനഹേതു ഭൂമി സംബന്ധമായ കാര്യങ്ങളായിരുന്നുവെങ്കിലും, മറ്റൊരു പ്രധാനകാരണം സാമൂതിരിയും കൂട്ടരും ഇംഗ്ലീഷ് സൈന്യങ്ങളുടെ സഹായത്തോടുകൂടി പിരിച്ചെടുത്തിരുന്ന പുരുഷാന്തരം എന്ന നികുതിയായിരുന്നു. മരണമടയുന്ന മുസ്ലിംകളുടെ സ്വത്തിൻെറ അഞ്ചിലൊന്ന് മുതൽ ഇരുപതിലൊന്ന് വരെയാണ് ഈ നികുതി ഈടാക്കിയിരുന്നത്. ഹൈദരുടെ കാലം മുതൽ ഈ നികുതി നിർത്തലാക്കിയിരുന്നു. എന്നാൽ 1792 ൽ അധികാരത്തിലേക്ക് അവരോധിക്കപ്പെട്ടവർ, 1766 മുതൽ മരണമടഞ്ഞ മുസ്ലിംകളുടെ അവകാശികളിൽ നിന്നു പോലും ഈ കരം നിർബന്ധമായും പിരിക്കുവാൻ തുടങ്ങി. ഇംഗ്ലീഷ്കാർക്ക് ഇത് അസഹനീയമായി തോന്നിയതുകൊണ്ട് മലബാറിലെ കളക്ടർ ബോംബേയിലെ ഗവർണർക്ക് ഇത് സംബന്ധമായെഴുതിപ്രകാരമായിരുന്നു. ഈ നികുതി മാപ്പിളമാരെ പ്രത്യേകമായി മർദ്ദിച്ചൊതുക്കുവാനുള്ള ആയുധമായാണുപയോഗിക്കുന്നത്. ടിപ്പുവിൻെറ കാലത്ത് മരിച്ചവരുടെ ശേഷക്കാരിൽ നിന്നും പോലും ഇത് നിർബന്ധമായും പിരിച്ചെടുക്കുന്നുണ്ട്.3. ഇത് ഒരു മതനികുതിയായിരുന്നുവെന്നതിന് എത്ര തെളിവുകൾ വേണമെങ്കിലും നിരത്തുവാൻ സാധിക്കും. സാമൂതിരിയുടെ കാര്യക്കാരനായിരുന്ന പാലക്കാട്ടുകാരൻ ഷംനോത്ത് (സ്വാമിപട്ടർ ) എന്ന ബ്രാഹ്മണനോട് മലബാർ ജോയിൻറ് കമ്മീഷൻ തെളിവെടുപ്പ് സന്ദർഭത്തിൽ ചോദിച്ച ചോദ്യവും അതിൻെറ ഉത്തരവും അവരുടെ നടപടിക്രമത്തിൽ ചേർത്തിട്ടുണ്ട്. അതിപ്രകാരമാണ്.

ചോദ്യം. മരണപ്പെട്ട ആളുകളുടെ വസ്തുവകകളിൻമേൽ നിന്നും എടുക്കാറുള്ള പുരുഷാന്തരം എന്ന ഓഹരി

നായൻമാരിൽ നിന്നോ, മറ്റു ഹിന്ദുക്കളിൽ നിന്നോ, മാപ്പിള മാരിൽ നിന്നോ, ആരിൽ നിന്നൊക്കെയാണ് പിരിക്കുന്നത്"

ഉത്തരം "മാപ്പിളമാരിൽ നിന്നു മാത്രം. നായൻമാർ അവകാശികളില്ലാതെ മരണമടഞ്ഞാൽ അവരുടെ സ്വത്ത് രാജാവിനുള്ളതാണെന്നതല്ലാതെ പുരുഷാന്തരം ഈടാക്കാറില്ല."4. ഈ മാതിരി നികുതി പിരിക്കുന്നത് നിറുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് കമ്പനി അധികാരികൾ അയച്ച കത്തുകൾക്ക് മറുപടിയായി സാമൂതിരിയെഴുതി, "മലബാർ രാജാക്കൻമാർ അനാദികാലം മുതൽ അവരുടെ പുരാതനമായ അവകാശമായംഗീകരിച്ച് പോരുന്ന ഒരു മത നികുതിയാണ് പുരുഷാന്തരം. അത് നിർത്താലക്കുന്നത് രാജാക്കൻമാരുടെ ജൻമാവകാശധ്വംസനമായിരിക്കും."5. നിലമ്പൂർ രാജാവ് പുരുഷാന്തരം പിരിച്ചെടുക്കുന്നതിന് കമ്പനിയുടെ പട്ടാളത്തെ ഉപയോഗപ്പെടുത്തിയിരുന്നുവെന്ന് അവർ തുടർന്നെഴുതുന്നുണ്ട്.6.

ഇതിന് പുറമെ, നാട്ടുരാജാക്കൻമാർ നിശ്ചിതമായ കപ്പം നൽകിയാൽ മതിയെന്ന വ്യവസ്ഥയിൽ രാജ്യം മേൽപിച്ചു കൊടുത്തപ്പോൾ, നികുതി പിരിക്കുന്ന കാര്യത്തിൽ ക്ലിപ്തതയോ, ബാധ്യതയോ തിട്ടപ്പെടുത്തിയിരുന്നില്ല. അവരുടെ ഇഷ്ടാനുസരണം പ്രജകളെ ഞെക്കിപിഴിയുവാനുള്ള ദുഃസ്വാതന്ത്ര്യമാണവർക്ക് നൽകിയത്. അതിൻെറ ഫലമായി മുസ്ലിംകളിൽ നിന്നും അമിതമായി തന്നെ കരം ഈടാക്കിയിരുന്നുവെന്ന് കമ്മിഷ്ണറൻമാരും ഇംഗ്ലീഷ് ചരിത്രകാരൻമാരും രേഖപ്പെടുത്തിയിട്ടുണ്ട്. മലപ്പുറത്തെ ചില മുസ്ലിം പ്രമാണിമാരിൽ നിന്നും തെളിവെടുത്ത മലബാർ കമ്മീഷ്ണറൻമാർ ചോദിച്ചു. "ടിപ്പുവിൻെറ കാലത്ത് നൽകിയിരുന്ന നികുതി ഭാരപ്പെട്ടതല്ലെന്ന് നിങ്ങൾ പറയുന്നു. ആ നികുതി ഇപ്പോൾ നൽകുവാൻ വിരോധമുണ്ടോ?" അവർ മറുപടി പറഞ്ഞത്, "ഞങ്ങൾ വളരെ സന്തോഷത്തോടുകൂടി തന്നെ അത്രയും നികുതി അടക്കുവാൻ തയ്യാറാണ്. പക്ഷേ വർദ്ധിപ്പിച്ച നിരക്കും പുതിയ നികുതികളുമാണ് ഞങ്ങൾ എതിർക്കുന്നത്." എന്നായിരുന്നു.7. മാപ്പിളമാരോട് പിരിച്ചെടുത്തിരുന്ന നികുതി ഭാരപ്പെട്ടതായിരുന്നുവെന്നും അവരുടെയിടയിൽ അസ്വാസ്ഥ്യം പടർന്നുപിടിക്കുവാൻ ഇടയാക്കിയത് മർദ്ദനപരമായ ഭാരിച്ച ഈ നികുതിയായിരുന്നുവെന്നും മലബാർ കളക്ടർമാരായിരുന്ന ലോഗനും ഇന്നിസും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.8.

ഇതിനേക്കാൾ പ്രധാനമാണ് ഇംഗ്ലീഷ്കാരുടെ വിദഗ്ദ ഹസ്തം, മലബാറിലെ ഹിന്ദു-മുസ്ലിം സമുദായങ്ങളെ തമ്മിലടിപ്പിക്കുവാൻ നടത്തിയ ഹീനപ്രവൃത്തികൾ. മുസ്ലിംകളെ ഒന്നടങ്കം അവർ അവിശ്വസിച്ചു. ഇന്ത്യയിൽ ആകമാനം തന്നെ മുസ്ലിംകൾ ഇംഗ്ലീഷ് വിരോധികളായിരുന്നുവെങ്കിൽ കേരളത്തിലെ സ്ഥിതി കുറെക്കൂടി രൂക്ഷവുമായിരുന്നു. മൈസൂർ സുൽത്താൻമാരുടെ കീഴിൽ വിശ്വസ്തരായ പ്രജകളായിക്കഴിഞ്ഞിരുന്ന മുസ്ലിംകൾക്ക് ഇംഗ്ലീഷ്കാരുടെ കീഴിൽ അഭിമാനം അടിയറവെക്കാതെ ജീവിക്കുക സാദ്ധ്യമായിരുന്നില്ല. സ്വന്തം സഹോദരങ്ങളെ ഒറ്റിക്കൊടുത്ത് വൈദേശികരെ സേവിക്കുവാൻ അവർ തയ്യാറുമായിരുന്നില്ല. അങ്ങനെ അടങ്ങാത്ത സ്വാതന്ത്ര്യമോഹവും ഒരിക്കലും സമരസപ്പെടുവാൻ സാധിക്കാത്ത ഇംഗ്ലീഷ് വിദ്വേഷവും മുസ്ലിംകളുടെ ഇടയിൽ സാർവ്വത്രികമായി വളർന്നു. തങ്ങൾ അരുമയായി കുരുതിയിരുന്ന പലതും ആഹുതി ചെയ്തുകൊണ്ട് അടിമകളെപോലെ വിദേശിയരുടെ പാദസേവ നടത്തുവാൻ തയ്യാറില്ലാതിരുന്ന മാപ്പിള സമുദായത്തിൻെറ സംഘടിതമായ എതിർപ്പായിരുന്നു, 1792 മുതൽ ആരംഭിച്ച മാപ്പിളകലാപങ്ങൾ.

മുസ്ലിംകളുടെ തീവ്രമായ ഈ സ്വാതന്ത്ര്യദാഹത്തിനും സാമ്പത്തികമായി അനുഭവിക്കുന്ന ക്രൂരമായ മർദ്ദനങ്ങൾ സൃഷ്ടിച്ച നിരാശബോധത്തിനും ശക്തമായ നേതൃത്വം കൊടുത്തുകൊണ്ട് ഇംഗ്ലീഷ്കാർക്കെതിരെ സായുധസന്നാഹങ്ങളുമായി യുദ്ധത്തിനൊരുങ്ങി പുറപ്പെട്ട ധീരദേശാഭിമാനികളായിരുന്നു ഇളമ്പുളശ്ശേരി ഉണ്ണിമൂസയും, ഹൈദ്രോസും. ഇംഗ്ലീഷ്കാർ 'ഉണ്ണിമുത്തമൂപ്പൻ' എന്നാണ് അവരുടെ രേഖകളിൽ അദ്ദേഹത്തെപറ്റി എഴുതിയിട്ടുള്ളത്. ഏറനാട്, വള്ളുവനാട് മാപ്പിളമാരെ കാടൻ മാപ്പിളമാർ എന്നാണ് വിശേഷിപ്പിക്കാറ്. ഉണ്ണിമൂത്തമൂപ്പൻ കാടൻ മാപ്പിളമാരുടെ നേതാവാണെന്നാണ് മലബാർ കമ്മീഷ്ണർമാർ റിപ്പോർട്ട് ചെയ്തത്.9. 1786ൽ ഹർഷദ് ബെഗ്ഖാൻ ഭൂപരിഷ്ക്കരണം നടപ്പിലാക്കിയ അവസരത്തിൽ നികുതി പിരിക്കുന്നതിനും ക്രമസമാധാന പരിപാലനത്തിനും മറ്റുമായി ഉണ്ണിമൂസയുടെ നേതൃത്വത്തിൽ 100 യോദ്ധാക്കളെ ഈ പ്രദേശത്ത് നിയമിച്ചിരുന്നു.10. എന്നാൽ മാറിയ പരിതസ്ഥിതിക്കനുസൃതമായി ഇംഗ്ലീഷ് കമ്പനിയെ സേവിക്കുവാനും അവരുമായി ഇണങ്ങിച്ചേരുവാനും അദ്ദേഹത്തിനും മറ്റു മാപ്പിളപ്രധാനികൾക്കും സാധിക്കുമായിരുന്നില്ല. ഇംഗ്ലീഷ് അധിനിവേശത്തെ എതിർത്ത് തോല്പിക്കുവാൻ തന്നെ ടിപ്പുവിനോട് കൂറുണ്ടായിരുന്ന ഉണ്ണിമൂസയും കൂട്ടരും ഉറച്ചു. ഇളമ്പുളശ്ശേരിയും അനുബന്ധപ്രദേശങ്ങളും തൻെറ പൂർവ്വിക സ്ഥലങ്ങളായിരുന്നത് കൊണ്ട് അവയുടെ മേലുള്ള പരിപൂർണ്ണ അധികാരം ഉണ്ണിമൂസ അവകാശപ്പെട്ടിരുന്നു. ഇദ്ദേഹത്തെക്കാൾ എത്രയോ നിസ്സാരക്കാരായ ചെറിയ ചെറിയ ഹൈന്ദവ ജൻമികളെ അവരുടെ അവകാശവാദങ്ങളൊക്കെ അംഗീകരിച്ചുകൊണ്ട് മുസ്ലിംകളുടെ കൈവശമുണ്ടായിരുന്ന സ്ഥലങ്ങൾ ബലം പ്രയോഗിച്ച് പിടിച്ചെടുത്ത് ഇവർക്കൊക്കെ തിരിച്ച് കൊടുക്കുവാൻ 'മഹാമനസ്ക്കത' കാണിച്ച ഇംഗ്ലഷ്കാർ ഉണ്ണിമൂസയുടെയും അതുപോലെയുള്ള മുസ്ലിം പ്രഭുക്കൻമാരുടേയും അവകാശവാദങ്ങളെ പുച്ഛിച്ചു തള്ളുകയാണ് ചെയ്തത്. ഇതോടെ കമ്പനിഭരണത്തെ എല്ലാ കഴിവും പ്രയോഗിച്ച് എതിർത്ത് ബലഹീനമാക്കുവാനാണ് അദ്ദേഹം തയ്യാറെടുത്തത്. 1792 മെയ് 20-ാം തീയതി മേജർ ഡോ. ബോംബെയിലെ ഗവർണ്ണർക്കയച്ച റിപ്പോർട്ടിൽ ഉണ്ണിമൂസമൂപ്പനും മറ്റു മാപ്പിളമാരും യാതൊരു വക പ്രലോഭനത്തിനും വശംവദരാകാത്തത് കൊണ്ട്, പട്ടാളത്തോട് ഉടനടി അവിടേക്ക് നീങ്ങുവാൻ ആജ്ഞാ

പിച്ചിട്ടുണ്ടെന്നും കലാപകാരികളുടെ താവളങ്ങൾ പിടിച്ചെടുക്കുവാനും നേതാക്കളെ തടങ്കലിലാക്കുവാനും കൽപ്പിച്ചിട്ടുണ്ടെന്നും പ്രസ്താവിക്കുന്നുണ്ട്.11. ഉഗ്രമായ സംഘട്ടനമാണ് ഇതിൻെറ ഫലമായുണ്ടായത്. ഒരു ബറ്റാലിയൻ ഇംഗ്ലീഷ് സൈന്യവും അവരെ സഹായിക്കുവാൻ തയ്യാറായി നിർത്തിയിരുന്ന നായർ പടയാളികളും മേലാറ്റൂരിലേക്ക് പാഞ്ഞടുത്തു. ധീരനായ ഉണ്ണിമൂസയുടെ പതറാത്ത സേനാധിപത്യത്തിൻ കീഴിൽ മാപ്പിള സഖാക്കളും പോർ വിളി മുഴക്കി. ദീർഘമായ ഒരു ദിവസത്തെ സൈനിക സംഘട്ടനത്തിന് ശേഷം ഉണ്ണിമൂസയുടെ കോട്ടയും. കൊട്ടാരവും തകർക്കുവാൻ ഇംഗ്ലീഷ് സൈന്യത്തിന് കഴിഞ്ഞു. അദ്ദേഹത്തിൻെറ അനുയായികളിൽ കുറെപ്പേർ രക്തസാക്ഷികളുമായി. ഇംഗ്ലീഷ് പക്ഷത്തും കനത്ത ആൾ നാശമാണുണ്ടായത്. എന്നാൽ ഉണ്ണിമൂസയെ കീഴടക്കാമെന്ന വ്യാമോഹം ഫലവത്തായില്ല. തൻെറ കൂടെ ഉണ്ടായിരുന്നവരിൽ ചിലർ പിരിഞ്ഞുപോയെങ്കിലും ഉണ്ണിമൂസ നിരാശപ്പെട്ടതുമില്ല. ഇംഗ്ലീഷ് സൈന്യത്തിന് അരിശം സഹിക്കാനാവാതെ കണ്ടവരെ മുഴുക്കെ മർദ്ദിച്ചും മുസ്ലിം ഗൃഹങ്ങൾ തീവെച്ച് നശിപ്പിച്ചും തൃപ്തിപ്പെടേണ്ടതായി വന്നു. ഉണ്ണിമൂസയുടെ ഒഴിഞ്ഞ വീട്ടിൽ നിന്നും ടിപ്പുസുൽത്താൻ അദ്ദേഹത്തിനെഴുതിയിരുന്ന കുറെ കത്തുകൾ കണ്ടുകിട്ടിയിരുന്നുവെന്നും, "ഇംഗ്ലീഷ്കാരോട് യാതൊരു ദാക്ഷിണ്യവും കാട്ടാതെ പടപൊരുതി സ്വാതന്ത്ര്യം സംരക്ഷിക്കുവാനുള്ള ആഹ്വാനങ്ങളായിരുന്നു അവയിലെക്കെ ഉള്ളടക്കമെന്നും," മലബാർ കമ്മിഷണർമാർ രേഖപ്പെടുത്തിയിട്ടുണ്ട്.12. മേജർ ഹാർട്ടിലിയുടേയും മേജർ ഡോവിൻേറയും നേതൃത്വത്തിൽ നിങ്ങിയ സുശിക്ഷിതരായ ഈ ഇംഗ്ലീഷ് സൈന്യത്തിന് അകമ്പടി സേവിക്കുവാൻ 2000 നായർ പടയാളികൾ ഉണ്ടായിരുന്ന കാര്യം പ്രത്യേകം സ്മരണീയമാണ്.13. യുദ്ധത്തിൻെറ ഗാംഭീര്യം എത്ര മാത്രമായിരുന്നു എന്ന് മനസ്സിലാക്കുവാൻ തീർച്ചായായും ഇത് ഉപകരിക്കും. എന്നിട്ട് പോലും ചില്ലറ നാശങ്ങളും കെടുതികളും മാത്രമെ വരുത്തുവാൻ കഴിഞ്ഞിരുന്നുള്ളു എന്ന സംഗതി വെളിപ്പെടുത്തുന്നത് മാപ്പിള സൈന്യം സുശക്തവും സുസംഘടിതവും ആയിരുന്നു എന്നത്രെ.

കീഴ്പ്പെടുത്താൻ അസാദ്ധ്യമാണെന്ന് തോന്നുന്ന സന്ദർഭങ്ങളിലൊക്കെ പ്രീണനങ്ങളും പ്രലോഭനങ്ങളും നടത്തുക എന്നതായിരുന്നു ഇംഗ്ലീഷ് നയം. അങ്ങനെ ആയുധം വെച്ച് കീഴടങ്ങുന്നവർക്ക് മാപ്പ് കൊടുത്ത് കൊണ്ടും കമ്പനിയുടെ രക്ഷ ഉറപ്പ് കൊടുത്തുകൊണ്ടും വിളംബരം പുറപ്പെടുവിച്ചു. നിവൃത്തിയില്ലാത്ത സാഹചര്യം വന്നപ്പോൾ വെട്ടത്ത് നാട്, വേലത്തൂർ എന്നീ അംശങ്ങളിൽ നികുതി പിരിക്കുന്ന ഏർപ്പാട് അവരെതന്നെ ഏൽപിക്കാമെന്നും ടിപ്പുവിൻെറ കീഴിൽ ജോലി ചെയ്തിരുന്നവരെ കമ്പനിയുടെ ഉദ്യോഗസ്ഥൻമാരായി നിയമിക്കാമെന്നും മേജർ ഡോ ശുപാർശ ചെയ്തു.14. തുടർന്ന് മാപ്പിളമാർ അധികമുള്ള ജില്ലകളിൽ അവരിൽ നിന്ന് മൂപ്പൻമാരെയും അവരുടെ കിഴിൽ കുറെ ജീവനക്കാരെയും നിയമിച്ച് കൊണ്ട് ഉത്തരവായി. വെട്ടത്ത് നാട് ഒരു മൂപ്പനേയും അയാളുടെ കീഴിൽ 50 സായുധ മാപ്പിളമാരെയും നിശ്ചയിച്ചു. മൂപ്പന് 25 രൂപയായിരുന്നു ശമ്പളം. മറ്റുള്ളവർക്ക് മാസം നാല് രൂപ വീതവും. ഇതുപോലെ പൊന്നാനിയിലും പാലക്കാടും ഓരോ മൂപ്പൻമാരെയും കമ്പനി നിയമിച്ചു. വേലത്തൂരാകട്ടെ, രണ്ട് മൂപ്പൻമാരുടെ കീഴിൽ 100 പേരെ നിർത്തുവാനുള്ള കൽപ്പനയുമായി. ചേരനാടും, രാമനാടും ഓരോ മൂപ്പൻമാരും ആയുധധാരികളായ 50 വീതം മാപ്പിളമാരും നിയമിക്കപ്പെട്ടു. എല്ലാവരുടെയും ശമ്പളം ആദ്യത്തേത് പോലെ തന്നെ 25 രൂപയും നാല് രൂപയും ആയിരുന്നു.15. എന്നാൽ ഇംഗ്ലീഷ്കാരുടെ ഭരണം സുഗമമാക്കുവാൻ അവരുടെ ശമ്പളക്കാരും സിൽബന്തികളുമായി തരംതാഴാൻ നാടിനോട് കൂറും സ്വന്തസിദ്ധമായ സ്വാതന്ത്ര്യേച്ഛയുമുണ്ടായിരുന്ന അവർ തയ്യാറായില്ല. ഉണ്ണിമൂസയുടേയും അദ്ദേഹത്തിൻെറ സന്തത സഹചാരിയുമായിരുന്ന ഹൈദ്രോസിൻെറയും നേതൃത്വത്തിൽ സമരം സാർവ്വത്രികമായി പടർന്ന് പിടിക്കുകയാണ് ചെയ്തത്.16. ഇംഗ്ലീഷ് ഉദ്യോഗസ്ഥൻമാർ അശ്രാന്ത പരിശ്രമം നടത്തിയെങ്കിലും ഉണ്ണിമൂസ കഴിവനുസരിച്ച് തൻെറ ശക്തി വർദ്ധിപ്പിച്ച് കൊണ്ടിരുന്നു. ഈ അവസരത്തിൽ ആണ് സാമൂതിരി വംശത്തിലെ പടിഞ്ഞാറെ കോവിലകത്തെ രാജാക്കൻമാർ കമ്പനി അധികാരികളുമായി പിണങ്ങുന്നത്. തങ്ങൾക്കവകാശപ്പെട്ട നികുതിയുടെ ഓഹരിയിൽ നിന്നും ഒരംശം സാമൂതിരിയുടെ കാര്യക്കാരനായ ഷംനോത്ത് (സ്വാമിപട്ടർ) എന്ന ബ്രാഹ്മണന് കൊടുക്കണമെന്ന് കമ്പനി തിരുമാനിച്ചതായിരുന്നു പിണക്കത്തിൻെറ തുടക്കം. ഷംനോത്ത് ടിപ്പുവിൻെറ കീഴിൽ ഒരു റവന്യൂ ഉദ്യോഗസ്ഥനായിരുന്നു. ടിപ്പുവിൻെറ പതനത്തിന് ശേഷം സാമൂതിരിയുടേയും ഇംഗ്ലീഷ് കമ്പനിയുടേയും വിശ്വസ്തനായി അദ്ദേഹം സേവനം അനുഷ്ഠിച്ചു. പടിഞ്ഞാറെ കോവിലകം തമ്പുരാക്കൻമാർ ഷംനോത്തിനെ വധിക്കുവാനുള്ള ഒരു ശ്രമം നടത്തിയതോടെ കമ്പനി അധികാരികൾ അവരെ കലാപകാരികളായി മുദ്രകുത്തി വിളംബരം പുറപ്പെടുവിച്ചു. ഈ അവസരം ഉണ്ണിമൂസ യഥോചിതം ഉപയോഗപ്പെടുത്തുകയും തൻെറ സകല സഹായവും വാഗ്ദാനം ചെയ്ത് അവരെ തൻെറ സമരത്തിൽ പങ്കാളികളാക്കുകയും ചെയ്തു. അത് പോലെ തന്നെ പാലക്കാട് ദേശത്തിലെ നികുതി പിരിക്കുന്നതിനുള്ള അവകാശം നിഷേധിക്കപ്പെട്ടതോട് കൂടി അവിടത്തെ രാജവംശത്തിൽപ്പെട്ട കുഞ്ചിഅച്ചനും കമ്പനി മേധാവിത്വത്തെ ചെറുക്കുവാൻ ഒരുങ്ങി. കുഞ്ചി അച്ചനേയും രാജ്യദ്രോഹകുറ്റം ചുമത്തി കലാപകാരി ആയി പ്രഖ്യാപിച്ചതോടെ ഉണ്ണിമൂസയുടെ സേനാസംരംഭം പുഷ്ക്കലമായി. മലബാറിലെ രണ്ട് രാജവംശത്തിലെ ചുണയൻമാരായ തമ്പുരാക്കൻമാരുടെ ആഗമനം ഉണ്ണിമൂസക്കും അനുയായികൾക്കും കൂടുതൽ ഉത്തേജനം നൽകി. വർദ്ധിച്ച ശക്തിയോടും വീറോടും കൂടി അവർ പടക്കളത്തിലേക്കിറങ്ങി. ഉണ്ണിമൂസയേയും കുഞ്ചി അച്ചനേയും,

പടിഞ്ഞാറെ കോവിലകം രാജാവിനെയും പിടിച്ച് കൊടുക്കുന്നവർക്ക് 5000 രൂപ വീതം പാരിതോഷികം നൽകുന്നതാണെന്ന് കമ്പനി വിളംബരം നടത്തി.

ക്യാപ്റ്റൻ ബർച്ചിലിൻെറ നേതൃത്വത്തിൽ ഒരു വലിയ ഇംഗ്ലീഷ് സേന കലാപകാരികളെ നേരിടുവാനിറങ്ങി. സംഘടിതമായ ചെറുത്ത് നില്പിന് ശേഷം പടിഞ്ഞാറെ കോവിലകം തമ്പുരാക്കൻമാർ തങ്ങളുടെ സൈന്യങ്ങളുമായി തിരുവിതാംകൂറിലേക്ക് അഭയം തേടിപ്പോയി. കുഞ്ചി അച്ചനാകട്ടെ പാലക്കാട് കോട്ടയിൽ ചെന്ന് മേജർ റാംനെ എന്ന ഇംഗ്ലീഷ് പട്ടാളമേധാവിയുടെ മുമ്പിൽ കീഴടങ്ങുകയും ചെയ്തു. അദ്ദേഹത്തെ തലശ്ശേരി കോട്ടയിൽ തടവുകാരനാക്കി പാർപ്പിച്ചെങ്കിലും അധികകാലം കാരാഗൃഹവാസം അനുഭവിക്കുന്നതിന് മുമ്പ് തന്നെ ജയിലറകളിൽ കിടന്ന് അദ്ദേഹം കാലഗതിയടഞ്ഞു. ഇതൊന്നും ഉണ്ണിമൂസയെ നിരാശപ്പെടുത്തിയില്ലെന്ന് മാത്രമല്ല പുതിയ പുതിയ രക്ഷാസങ്കേതങ്ങൾ കണ്ടെത്തുവാനും കൂടുതൽ ആളുകളെ ഇംഗ്ലീഷ്കാർക്കെതിരായി അണിനിരത്തുവാനും ഉള്ള അദ്ദേഹത്തിൻെറ ആവേശം പൂർവ്വോപരി ബലവത്താകുകയാണ് ചെയ്തത്. ഗത്യന്തരമില്ലാതെ വന്നപ്പോൾ മേജർ മൂറെയുടെ ശ്രമഫലമായി ഒരു ഒത്തുതീർപ്പു വ്യവസ്ഥ ഉണ്ടാക്കുവാൻ സാധിച്ചു. ഇംഗ്ലീഷ് കമ്പനിക്ക് വേണ്ടി മേജർ മൂറെയും മാപ്പിളമാർക്ക് വേണ്ടി ഉണ്ണിമൂസ മൂപ്പനും 1793 മെയ് 4-ാം തിയ്യതി ഒരു ഉടമ്പടിയിൽ ഒപ്പുവെച്ചു.17. തീർപ്പ് വ്യവസ്ഥപ്രകാരം എളമ്പുളശ്ശേരി അംശം ഉണ്ണിമൂസയ്ക്ക് നൽകാമെന്നും വർഷന്തോറും 1000 ഉറുപ്പിക പെൻഷൻ അനുവദിക്കാമെന്നും കമ്പനിയുടെ സർവീസിൽ നല്ലൊരു പദവിയിൽ അദ്ദേഹത്തെ നിയമിക്കാമെന്നും തിരുമാനിച്ചിരുന്നു.18. കമ്പനി .അധികാരികൾ നടത്തിയ ഈ പ്രലോഭനങ്ങൾക്കൊന്നും ഉണ്ണിമൂസയെ വശീകരിക്കാൻ കഴിഞ്ഞില്ല. ടിപ്പുവിനോട് അമിതമായ കൂറും സ്നേഹവും ഉണ്ടായിരുന്ന ഉണ്ണിമൂസയ്ക്ക് അത്ര തന്നെ വിരോധവും വെറുപ്പും കമ്പനി ഭരണത്തോടുണ്ടായിരുന്നു. പ്രീണനങ്ങൾ കൊണ്ട് അദ്ദേഹത്തെ വശപ്പെടുത്തുവാൻ ഒക്കുകയില്ലെന്ന് മനസ്സിലാക്കിയ അവർ വീണ്ടും രാജ്യദ്രോഹിയായി അദ്ദേഹത്തെ പ്രഖ്യാപിച്ചു. 5000 ഉറുപ്പിക വീണ്ടു ഈ കലാപകാരിയുടെ തലക്ക് വില കണ്ടു. എങ്കിലും ആ വീരജേതാവിനെ കുറെ നാണയത്തുട്ടുകൾക്ക് വേണ്ടി ഒറ്റിക്കൊടുക്കുവാൻ തയ്യാറായ ഒരു ജൂഡാസും ഉണ്ടായിരുന്നില്ലെന്നത് മലനാടിനഭിമാനിക്കാവുന്നതാണ്. അത്രക്ക് ജനപ്രീതി നേടിയ നേതാവായിരുന്നു ഉണ്ണിമൂസ. സ്വാതന്ത്ര്യസമരചരിത്രത്തിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച ഉണ്ണിമൂസയും ഹൈദ്രോസുമില്ലാത്ത കേരളത്തിൻെറ സ്വാതന്ത്ര്യസമരചരിത്രം ഒരിക്കലും പൂർണ്ണമായിരിക്കുക ഇല്ലായെന്നത് സുനിശ്ചിതമത്രെ.

1794 ജൂലായ് മാസത്തിൽ ഇംഗ്ലീഷ് സേനക്ക് നിർണ്ണായകമായ ഒരു വിജയം നേടുവാൻ സാധിച്ചു. ഉണ്ണിമൂസയുടെ പ്രധാന സേനനായകനായിരുന്ന ഹൈദ്രോസിനെ രക്തപങ്കിലമായ ഒരു സംഘട്ടനത്തിന് ശേഷം തടവുകാരനാക്കുവാൻ കഴിഞ്ഞു എന്നതാണ്. അദ്ദേഹത്തെ തൂക്കിക്കൊല്ലുവാനാണ് തീരുമാനിച്ചിരുന്നതെങ്കിലും അതേ തുടർന്നുണ്ടാകാവുന്ന ഭവിഷ്യത്തിനെ ഭയന്ന് ആസ്ട്രേലിയയിലുള്ള ബോട്ടണിബേയിലേക്ക് നാടുകടത്തുകയാണ് ചെയ്തത്. മനുഷ്യവാസയോഗ്യമല്ലാത്ത  ഈ സ്ഥലത്തേക്ക് രണ്ട് നൂറ്റാണ്ട് മുമ്പ് തന്നെ (1794) വിപ്ലവനേതാക്കളെയും അനുയായികളെയും നാട് കടത്തിയതിൻെറ കഥ നമ്മുടെ ചരിത്രകാരൻമാർ കേട്ടിട്ടില്ല. ഇംഗ്ലീഷ്കാരുടെ ഈ കാടത്തത്തിനെതിരായി ഒരക്ഷരം ഉരിയാടുവാനുള്ള ധർമ്മരോഷമെങ്കിലും നാമാരും ഇത് വരെ പ്രകടിപ്പിച്ചിട്ടുമില്ല. എന്നാൽ 1911ൽ സ്വദേശാഭിമാനി പത്രാധിപരായിരുന്ന കെ. രാമകൃഷ്ണപിള്ളയെ തിരുവനന്തപുരത്ത് നിന്നും 'അതിവിദൂരമായ' കണ്ണൂരിലേക്ക് നാട് കടത്തിയതിലുള്ള അമർഷം ഇന്നും നമുക്ക് വിട്ട് മാറിയിട്ടുമില്ല. ആനുഷംഗികമായി ഇതിവിടെ പരാമർശിക്കുന്നത് പത്തൊമ്പതാം നൂറ്റാണ്ടിലും ഈ നൂറ്റാണ്ട് ആദ്യദശകങ്ങളിലും മലബാറിൽ നടന്ന ഇംഗ്ലീഷ് വിരുദ്ധ പോരാട്ടങ്ങളിൽ നൂറ് കണക്കിന് മനുഷ്യരെ ജനവാസയോഗ്യമല്ലാതിരുന്ന ആൻഡമാൻ-നിക്കോബാർ ദ്വീപുകളിലേക്കൊക്കെ നാട് കടത്തിയിരുന്ന കാര്യവും അവയിലൊന്നിലും നമ്മുടെ എഴുത്തുകാർക്ക് ആർക്കും തന്നെ യാതൊരു വക ധാർമ്മിക രോഷവും ഉണ്ടായിട്ടില്ല എന്നുള്ള വസ്തുതയും ഓർമ്മിപ്പിക്കുവാൻ കൂടിയാണ്.

തങ്ങളുടെ നേതാക്കളിൽ ഒരാൾ നഷ്ടപ്പെട്ടത് കൊണ്ട് മാത്രം മാപ്പിളമാരുടെ സമരവീര്യം ആറിത്തണുത്തില്ല. പ്രത്യുത കൂടുതൽ രൂക്ഷമായി രൂപം കൊള്ളുകയാണ് ചെയ്തത്. കമ്പനി അധികാരികളും കണ്ണും പൂട്ടിയിരുന്നില്ല. ക്യാപ്റ്റൻ മെക്ഡോണാൾഡിൻെറ നേതൃത്വത്തിലാണ് ഇപ്രാവശ്യം ഇംഗ്ലീഷ് പട്ടാളം നീങ്ങിയത്. പന്തലൂർ മലയിലുണ്ടായിരുന്ന ഉണ്ണിമൂസയുടെ കോട്ടകൊത്തങ്ങളോട് കൂടിയ വീട് അവർ പിടിച്ചെടുക്കുകയും തകർത്ത് തരിപ്പണമാക്കുകയും ചെയ്തു. എന്നിട്ടും അദ്ദേഹവും അനുയായികളും പൂർവ്വാധികം ഉഷാറോട് കൂടി പടപൊരുതുവാൻ തയ്യാറാകുകയാണ് ചെയ്തത്. ഇംഗ്ലീഷ് കമ്പനിക്ക് ഭരണം നടത്തുവാൻ സാധിക്കാത്ത സ്ഥിതിഗതികൾ ഉണ്ടായപ്പോൾ അവ നേരിട്ട് മനസ്സിലാക്കുവാൻ വേണ്ടി ബോംബെ ഗവർണ്ണർ ആബർ ക്രോംബി മലബാറിലേക്ക് വരുവാൻ തീരുമാനിച്ചു. തെക്കേ മലബാറിൽ മാപ്പിള നേതാക്കൻമാർ സൃഷ്ടിച്ച അരക്ഷിതാവസ്ഥയും അവർക്ക് മൈസൂറിൽ നിന്നും ടിപ്പുസുൽത്താൻ നൽകിക്കൊണ്ടിരുന്ന പ്രോത്സാഹനവും കമ്പനി അധികാരികൾക്ക് നിശ്ചയമുള്ള വസ്തുതയായിരുന്നു. മലബാറിലെ ഈ ശക്തികൾ ടിപ്പുസുൽത്താനുമായി ഒന്നിക്കുന്ന ഒരവസ്ഥ ഉണ്ടായാൽ ബാലാരിഷ്ടത മാറിയിട്ടില്ലാത്ത കമ്പനി സർക്കാരിൻെറ നിലനിൽപ്പ് തന്നെ അവതാളത്തിലാകുമെന്ന് അവർ ആശങ്കിക്കുകയും ചെയ്തിരുന്നു. ഏതെങ്കിലും നിലക്ക് ഈ കലാപകാരികളെ പ്രീണിപ്പിച്ച് രാജ്യത്ത് സമാധാന അന്തരീക്ഷം

ഉണ്ടാക്കുവാനുള്ള ജാഗ്രത്തായ ശ്രമമാണ് തൻമൂലം അവർ നടത്തിയത്. ഉണ്ണിമൂസയ്ക്കും അനുയായികൾക്കും മാപ്പ് നൽകിക്കൊണ്ടും പല ആനുകൂല്യങ്ങളും വാഗ്ദാനം ചെയ്തു കൊണ്ടും കമ്പനി അധികാരികൾ വീണ്ടും വിളംബരം പുറപ്പെടുവിച്ചു.19. ഉണ്ണിമൂസയാകട്ടെ ഈ നയം മാറ്റത്തെ അതർഹിക്കുന്ന അവജ്ഞയോട് കൂടി പരിത്യജിക്കുകയും സമരാഗ്നി ആളിക്കത്തിക്കുകയുമാണ് ചെയ്തത്. പുതിയങ്ങാടി തങ്ങളുടെ ആശിർവാദത്തോട് കൂടി ഇംഗ്ലീഷ്കാർക്കെതിരായി സുശക്തമായ ഒരു സമരനിര കെട്ടി ഉയർത്തുവാൻ ഉണ്ണിമൂസയ്ക്ക് സാധിച്ചു. ചെമ്പൻ പോക്കർ, അത്തൻ കുരുക്കൾ തുടങ്ങിയ ധീരജേതാക്കളെ സമരരംഗത്ത് സജീവരാക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞു. ആപത്തിന്റെ ആഴം കണ്ടറിഞ്ഞ കമ്പനി അധികാരികൾ വലിയ പടയൊരുക്കത്തോട് കൂടിയാണ് പുതിയങ്ങാടിയിലേക്ക് പാഞ്ഞെത്തിയത്. സംഘട്ടനത്തിൽ ചെമ്പൻ പോക്കരെ തടങ്കലിലാക്കാൻ പറ്റിയെങ്കിലും ബാബറുടെ സൈന്യത്തിന് പരാജയം നേരിടുകയാൽ പിൻതിരിയേണ്ടതായി വന്നുകൂടി. പാലക്കാട് കോട്ടയിലാണ് ചെമ്പൻ പോക്കരെ തടവുകാരനാക്കിയിരുന്നത്. എന്നാൽ അദ്ദേഹം അവിടെ നിന്ന് രക്ഷപ്പെട്ട് ഒളിപ്പോരിന് നേതൃത്വം കൊടുത്തു. ഇംഗ്ലീഷ്കാർക്ക് യാതൊരു തരത്തിലുള്ള നിക്കക്കള്ളിയും ഇല്ലാത്ത അരക്ഷിതമായ അവസ്ഥാവിശേഷമാണ് അങ്ങനെ വീണ്ടും സംജാതമായത്.

ഉണ്ണിമൂസയുടെ പ്രധാന സേനനായകൻമാരായിരുന്നു ചെമ്പൻ പോക്കരും അത്തൻ കുരുക്കളും. ഇവർ രണ്ടു പേരും കമ്പനിയുടെ കീഴിൽ ഡെറോഗകളായി(പോലീസ് മേധാവികൾ) നിയമിതരായിരുന്നവരാണ്. എന്നാൽ ഇംഗ്ലീഷ് സേവ നടത്തുന്നത് ജനദ്രോഹകരമാണെന്ന് ആത്മാർത്ഥമായ വിശ്വാസമുണ്ടായിരുന്ന ഇവർ, ഇംഗ്ലീഷ്കാരുടെ കീഴിലുണ്ടായിരുന്ന ഔദ്യോഗിക പദവികൾ വേണ്ടെന്ന് വെച്ച് ഉണ്ണിമൂസയുടെ നേതൃത്വത്തിൽ കമ്പനി ഭരണത്തിനെതിരായി തുറന്ന സംഘട്ടനത്തിന് തയ്യാറാവുകയാണ് ചെയ്തത്. കമ്പനിയുടെ സർവ്വീസിൽ നിന്നും പുറത്ത് പോന്ന ചെമ്പൻ പോക്കരേയും അത്തൻ കുരുക്കളേയും ജീവനോടെയോ അല്ലാതെയോ പിടിച്ചു കൊടുക്കുന്നവർക്ക് 5000 രൂപ വീതം നൽകുന്നതാണെന്ന് പ്രഖ്യാപനവും നടത്തി. ഉണ്ണിമൂസ, അത്തൻ കുരുക്കൾ, ചെമ്പൻ പോക്കർ തുടങ്ങിയവരുടെ ധീരമായ നേതൃത്വത്തിൻ കീഴിൽ സംഘടിപ്പിക്കപ്പെട്ട വിമോചന സേനക്ക് കമ്പനി ഭരണത്തെ താറുമാറാക്കുവാനും കമ്പനി അധികാരികളുടെ മനസ്സിൽ അമ്പരപ്പ് ഉളവാക്കുവാനും കഴിഞ്ഞിരുന്നു. മലബാർ കളക്ടറുടെ റിപ്പോർട്ടിൽ കാണുന്നത് കുരുക്കളുടേയും മറ്റും പ്രവർത്തനം മൂലം തെക്കേ മലബാറിലെ ഭരണസംവിധാനം തന്നെ തകരാറിലായിരുന്നു എന്നാണ്.

ഈ അവസരത്തിലാണ് ഇംഗ്ലീഷ് കമ്പനിയുമായി തെറ്റിപ്പിരിഞ്ഞ്, വയനാടൻ കാടുകളിൽ പതിയിരുന്ന് പഴശ്ശി രാജ ഇംഗ്ലീഷ് സൈനികരെ വകവരുത്തിക്കൊണ്ടിരുന്നത്. മലബാറിന്റെ തെക്കേ ഭാഗത്ത് അസംതൃപ്തരും സ്വാതന്ത്ര്യപ്രേമികളുമായ മുസ്ലിംകൾ ഇടതടവില്ലാതെ പടപൊരുതിക്കൊണ്ടിരുന്ന സന്ദർഭത്തിൽ പഴശ്ശിരാജയുടെ വെല്ലുവിളി കമ്പനിഭരണത്തെ പാടെ തകർക്കുമോ എന്നു പോലും ആശങ്കയുണ്ടാക്കി. കത്തുന്ന തീയിൽ എണ്ണ ഒഴിക്കുന്നത് പോലെ പഴശ്ശിരാജാവിന്റെ ഇംഗ്ലീഷ് വിരോധപ്രസ്ഥാനത്തിൽ സർവവിധ സഹായങ്ങളും സന്നാഹങ്ങളുമായി ഉണ്ണിമൂസയും ചെമ്പൻ പോക്കരും മറ്റു മാപ്പിള നേതാക്കളും ഒത്തുകൂടി. സംഘട്ടനങ്ങൾ പലതും നടന്നു. തങ്ങളുടെ പുതിയ നേതാവിന്റെ കീഴിൽ അനുസരണയുള്ള സേനാനികളെപ്പോലെ കാടുകളിൽ ഒളിപ്പോരുകൾ സംഘടിപ്പിച്ച് ഉണ്ണിമൂസയും കൂട്ടരും ഹിന്ദു മുസ്ലിം സൗഹൃദത്തിന്റെ 'വിജയപതാക പറപ്പിച്ചു. പഴശ്ശിരാജയുടെ ഒളിപ്പോർ സൈന്യത്തിന് കരുത്തും ആവേശവും നൽകി സഹായിച്ചിരുന്നത് ഈ മാപ്പിള നേതാക്കളായിരുന്നു. മൈസൂർ അതിർത്തിയിൽ പഴശ്ശിരാജ ഉയർത്തിയ കലാപക്കൊടിയും തെക്കെ മലബാറിൽ നടന്നുകൊണ്ടിരുന്ന സായുധ സംഘട്ടനങ്ങളും കമ്പനി അധികാരികളെ കൂടുതൽ പരിഭ്രാന്തരാക്കുവാൻ കാരണം ടിപ്പുസുൽത്താനുമായി ഇവരൊന്നിക്കുമോ എന്ന ന്യായമായ സംശയം മൂലമായിരുന്നു. മൈസൂറുമായി ഈ നേതാക്കൻമാർക്കുണ്ടായിരുന്ന സമ്പർക്കം ശരിക്കും ഇംഗ്ലീഷ്കാർക്ക് അറിയാമായിരുന്നുതാനും.

തൻമൂലം ഈ കലാപകാരികളെ താൽക്കാലികമായിട്ടെങ്കിലും സമാധാനിപ്പിച്ച് നിർത്തേണ്ടത് കമ്പനിയുടെ നിലനിൽപ്പിന്റെ തന്നെ ആവശ്യമായി തീരുകയും ചെയ്തു. അങ്ങനെ 1797ൽ വീണ്ടും സന്ധിസംഭാഷണം നടന്നു. ഇതിന്റെ ഫലമായി പഴശ്ശിരാജാവിനും ഉണ്ണിമൂസയ്ക്കും മറ്റു കലാപകാരികൾക്കും മാപ്പ് നൽകിക്കൊണ്ടുള്ള പ്രഖ്യാപനം ഉണ്ടായി. പഴശ്ശിരാജാവിന് അദ്ദേഹത്തിന്റെ പഴയ കൊട്ടാരം വിട്ട് കൊടുക്കുകയും 8000 രൂപ നഷ്ടപരിഹാരമായി നൽകുകയും ചെയ്തു. ഉണ്ണിമൂസയ്ക്കാകട്ടെ അദ്ദേഹത്തിന്റെ എളംപുളശ്ശേരി ഗ്രാമവും നൽകി. അത്തൻ കുരുക്കളെ ഏറനാട്ടിലെ പോലീസ് മേധാവിയായി നിയമിക്കുകയും ചെയ്തു. എന്നാൽ ഈ സമാധാനം അധികകാലം നീണ്ടുനിന്നില്ല. നാലാം ആംഗ്ലോ-മൈസൂർ യുദ്ധവും ടിപ്പു സുൽത്താന്റെ പതനവും ഇംഗ്ലീഷ് കമ്പനിയെ അപ്രതിരോധ്യ ശക്തിയാക്കി മാറ്റിയിരുന്നു. 1799 മേ മാസത്തിലാണ് ടിപ്പു ശ്രീരംഗകോട്ടക്കകത്ത് പടവെട്ടി മരിച്ചു വീഴുന്നത്. തങ്ങൾ ഭയപ്പെട്ടിരുന്ന ഇൻഡ്യയിലെ തങ്ങളുടെ ഏറ്റവും വലിയ ശത്രു ഇല്ലാതായതോടെ മലബാറിലെ ഇംഗ്ലീഷ് അധികാരികൾ കലാപകാരികളോടുള്ള സമീപനത്തിൽ മാറ്റം വരുത്തുകയും ചെയ്തു.

1799ൽ അത്തൻ കുരുക്കളുടെ സഹോദരൻ ആദം മുഹമ്മദ് മുസ്ലിയാരെ കൊലപാതക കുറ്റം ചുമത്തി കമ്പനി അധികാരികൾ കൊന്നു. ഇത് കുരുക്കളെ വല്ലാതെ ക്ഷോഭിപ്പിച്ചു. തനിക്ക് ഒരുക്കാവുന്ന സൈനിക സജ്ജീകരണത്തോടു കൂടി അത്തൻ കുരുക്കളും ഇതര കലാപനേതാ

ക്കളുമായി സന്ധിച്ച് അടർക്കളത്തിലെത്തി. 1800 നവമ്പർ ഒന്നാം തിയതി മുതൽ കേണൽ ബോൺസിൻെറയും ക്യാപ്റ്റൻ വാട്ട്സൻെറയും നേതൃത്വത്തിൽ കുരുക്കൾക്കെതിരായി സംഘടിതസൈനിക നീക്കങ്ങൾ നടത്തിയിരുന്നു. എന്നാൽ വാട്ട്സൻെറ സേനാവിഭാഗത്തിൽപെട്ട ഒട്ടുമിക്ക യോദ്ധാക്കളേയും കൊന്നൊടുക്കുവാൻ കുരുക്കൾക്കും കൂട്ടർക്കും സാധിച്ചു.20. കുരുക്കൾക്കോ ചെമ്പൻ പോക്കർക്കോ, യാതൊരു വിധ സഹായവും ചെയ്ത് പോകരുതെന്ന് താക്കീത് നൽകികൊണ്ട് കമ്പനി അധികാരികൾ വിളംബരം പുറപ്പെടുവിച്ചുവെങ്കിലും അത് ഗൗനിക്കുവാൻ ആളുകളാരും ഉണ്ടായിരുന്നില്ല. ജനങ്ങളെ ഭയപ്പെടുത്തി സമരത്തെ ചോരയിൽ മുക്കികൊല്ലാനുള്ള പരിശ്രമങ്ങളെ ഇംഗ്ലീഷ്കാരുടെ അതേ പ്രചരണോപാധികൾ ഉപയോഗിച്ച് ചെമ്പൻ പോക്കരും ഉണ്ണിമൂസയും എതിർത്തു. മലബാർ ജനതയെ അഭിസംബോധന ചെയ്തുകൊണ്ട് അവർ ഒരു വിളംബരം പരസ്യപ്പെടുത്തി. കമ്പനി ഭരണത്തിൻ കീഴിൽ ജനങ്ങൾക്ക് പൊതുവേയും മുസ്ലിംകൾക്ക് പ്രത്യേകമായും യാതൊരു രക്ഷയും കിട്ടുകയില്ലെന്നും സ്വത്തിനും വിശ്വാസത്തിനും അവർ യാതൊരു വിലയും കല്പിക്കുന്നില്ലെന്നും, ഇംഗ്ലീഷ്കാരുടെ ഭരണവുമായി യാതൊരു കാരണവശാലും സഹകരിക്കരുതെന്നും അവരെ നഖശിഖാന്തം എതിർക്കണമെന്നും അവരോട് സന്ധിയില്ലാത്ത സമരം നടത്തുന്ന തങ്ങളോട് സർവ്വാത്മനാ യോജിക്കണമെന്നുമായിരുന്നു ഈ വിളംബരത്തിൻെറ ഉള്ളടക്കം. 1809ൽ ദിവാൻ വേലുത്തമ്പി ദളവ നടത്തിയ കുണ്ടറ വിളംബരം സ്വാതന്ത്ര്യ സമരചരിത്രത്തിലെ ആവേശകരമായ ഏടായി നാമെല്ലാം വർണ്ണിക്കാറുണ്ട്. അതിന് എത്രയോ മുമ്പ് മലബാറിലെ ധീരദേശാഭിമാനികളായ മാപ്പിള പടനായകൻമാർ പ്രഖ്യാപനം ചെയ്ത ഇംഗ്ലീഷ് വിരുദ്ധ ആഹ്വാനങ്ങൾ നാമിതുവരെ കാണുകയോ, കേൾക്കുകയോ ചെയ്തിട്ടില്ലെന്നത് വിസ്മയകരമാണ്. നമ്മുടെ ചരിത്രരചനാ ശൈലിയുടെ മറ്റൊരു ദുർമുഖമാണ് ഇവിടെ കാണുവാൻ സധിക്കുക.

നാട്ടിൽ കലാപം വ്യാപകമാകുവാൻ പോകുന്നുവെന്ന് മനസ്സിലാക്കിയ ഇംഗ്ലീഷ്കാർ ഈ വിളംബരത്തെ എതിർത്തുകൊണ്ടും, അതിൽ പറഞ്ഞിരുന്ന ആരോപണങ്ങളെ നിഷേധിച്ചുകൊണ്ടും കമ്പനിഭരണത്തെ അനുകൂലിക്കുവാൻ അഭ്യർത്ഥിച്ചുകൊണ്ടും ഒരു വിളംബരം പ്രഖ്യാപനം ചെയ്തു.21. അതിപ്രകാരം ആയിരുന്നു.

"ഉണ്ണിമൂസയും ചെമ്പൻ പോക്കരും കൂടി അരീക്കോട് നിവാസികളുടെ അറിവിനായി പുറപ്പെടുവിച്ച ഓലപ്രകാരം ബഹുമാനപ്പെട്ട കമ്പനി സർക്കാർ മാപ്പിള നിവാസികളോട് വിവേചനം കാണിക്കുന്നതായി വരുത്തിതീർക്കുവാനുള്ള ഒരു ശ്രമം നടത്തിയിട്ടുണ്ട്. ചേരനാട്, ഏറനാട് ജില്ലകളിൽ സമീപകാലത്ത് ഉണ്ടായ തരത്തിലുള്ള കുഴപ്പങ്ങൾ അമർച്ച ചെയ്യുന്നതിനും ആ പ്രദേശത്തുള്ള കലാപതലവൻമാരേയും അനുയായികളേയും നേരിടുന്നതിനുമായി, കമ്പനിസർക്കാർ നിയമിക്കാൻ ഉദ്ദേശിക്കുന്നത്, നായൻമാരെ മാത്രമാണെന്നുള്ള ആരോപണവും അവർ പ്രചരിപ്പിക്കുകയുണ്ടായി. സർക്കാരിൻെറ സംരക്ഷണത്തിൽ എല്ലാവിധ ആനുകൂല്യങ്ങളും അവകാശങ്ങളും അനുഭവിക്കുന്ന സ്വരുമയുള്ള ഒരു ജനതയായി ഈ സമുദായങ്ങളെ യോജിപ്പിക്കുവാനുള്ള സർക്കാരിൻെറ ആത്മാർത്ഥമായ ശ്രമത്തേയും ആഗ്രഹത്തേയും ഇല്ലാതാക്കാനും ഇരു സമുദായങ്ങളേയും ഭിന്നിപ്പിക്കുവാനുള്ള ഉദ്ദേശത്തോടുകൂടിയുമാണ് വളരെ നീചമായ ഈ ദുഷ്പ്രചാരണം അവർ ജനതാമദ്ധ്യത്തിൽ നടത്തിയത്.

"മതത്തിൻെറ പേരിൽ പ്രജകളുടെമേൽ യാതൊരു വിവേചനവും കാണിക്കുകയില്ലെന്നും സമാധാനത്തിലും അനുസരണത്തിലും വർത്തിക്കുന്നവർക്ക് അവരുടെ എല്ലാ അധികാരാവകാശങ്ങളും നീതിപൂർവ്വം വകവെച്ച് കൊടുക്കുന്നതാണെന്നും ബഹുമാനപ്പെട്ട കമ്പനി സർക്കാർ ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ഇരു സമുദായത്തിലുമുള്ള ആളുകൾ അവരുടെ മുൻവിരോധങ്ങൾ മറന്ന് ഐക്യത്തോടുകൂടി ജീവിക്കണമെന്നും അത്തരക്കാരെ സംരക്ഷിക്കേണ്ടത് കമ്പനിയുടെ കർത്തവ്യമാണെന്നും ഓർമ്മപ്പെടുത്തുന്നു. നല്ലവരേയും ചീത്തവരേയും തമ്മിൽ തരംതിരിച്ച് മനസ്സിലാക്കി കുഴപ്പക്കാരെ ശിക്ഷിക്കുകയും ചെയ്യണം. എന്നാൽ ശിക്ഷാനടപടികൾ എടുക്കുന്നവർ തങ്ങളുടെ അധികാരപരിധിയിൽ നിന്നുകൊണ്ടുമാത്രമേ ഇവ നടത്താവു എന്നും അറിയിക്കുന്നു. പക്ഷേ സർക്കാരിൻെറ പ്രവർത്തനത്തോടുള്ള തികഞ്ഞ എതിർപ്പും സമുദായങ്ങളെ ഭിന്നിപ്പിക്കുവാനുള്ള ഹീനമായ ഉദ്ദേശവും ഈയിടെ പരസ്യപ്പെടുത്തിയ ഓലകളിൽ പ്രകടമാണ്. അതുകൊണ്ട് സാമുദായിക അടിസ്ഥാനത്തിൽ ജനങ്ങൾ സംഘടിക്കുന്നത് എന്തൊരുദ്ദേശത്തിനായാൽപ്പോലും സർക്കാരിൻെറ അനുവാദമില്ലെങ്കിൽ നിയമവിരുദ്ധമായി പരിഗണിക്കുന്നതാണ്. പ്രജകൾക്കെന്ന പോലെ സർക്കാരിനും കൊള്ളക്കാരുടേയും, കുഴപ്പക്കാരുടേയും ചെയ്തികൾ ഒരു പോലെ വിനാശകരമാണെന്നുള്ളതുകൊണ്ട് അവയെ അമർച്ച ചെയ്യേണ്ടത് ജനങ്ങളുടേയും സർക്കാരിൻേറയും തുല്യമായ കടമയാകുന്നു. ഇതിൻേറ വെളിച്ചത്തിൽ വിവിധ ജില്ലകളിലുള്ള ഇരുസമുദായക്കാരും യോജിച്ച് ഏത് തരത്തിലുള്ള കലാപകാരികളാണെങ്കിലും ശരി, സർക്കാർ ആവശ്യപ്പെടുന്ന സന്ദർഭങ്ങളിൽ അവരെ പിടിച്ചുകൊടുക്കുവാൻ എല്ലാവരും കഴിവിൻെറ പരമാവധി ശ്രമിക്കണമെന്നും വിളംബരം ചെയ്യുന്നു."

ഈ വക എല്ലാ സംരംഭങ്ങളും പരാജയമടഞ്ഞപ്പോൾ പുതിയങ്ങാടിതങ്ങളുടെ സഹായത്തോടുകൂടി ഈ കലാപത്തെ അമർച്ച ചെയ്യാമെന്ന ഉദ്ദേശ്യത്തോടെ തങ്ങളുടെ ഭൂസ്വത്ത് മുഴുക്കെ നികുതിയിൽ നിന്നും ഒഴിവാക്കി കൊടുത്തു. പക്ഷേ ഈ വിദ്യകളൊന്നും ഉണ്ണി മൂസയേയും പോക്കരേയും കുരുക്കളേയും അവരുടെ ഇംഗ്ലീഷ് വിരുദ്ധപ്രവർത്തനങ്ങളിൽ നിന്നും പിൻതിരിപ്പിക്കുവാൻ പര്യാപ്തമായിരുന്നില്ല. തങ്ങളുടെ

ആദർശപുരുഷനായിരുന്ന ടിപ്പുസുൽത്താന്റെ അതി ദാരുണമായ അന്ത്യം ഈ മാപ്പിളനേതാക്കളുടെ മനസ്സിൽ ബ്രിട്ടീഷ് വിദ്വേഷം ആളിക്കത്തിച്ചിരുന്നു. പഴശ്ശി രാജയുമായൊത്ത് കമ്പനി ഭരണത്തിനെതിരായി അവർ എല്ലാ കഴിവും പ്രയോഗിച്ച് സമരരംഗത്തുറച്ചു നിന്നു. ഇരിക്കൂർ, കല്ലായി, വെൻകാട്, തുടങ്ങിയ സ്ഥലത്തെ മുസ്ലിംകൾ ആയുധങ്ങളും ഭക്ഷ്യധാന്യങ്ങളും സ്ഥിരമായി പഴശ്ശി രാജാവിനും മാപ്പിളകലാപകാരികൾക്കും എത്തിച്ചു കൊടുത്തിരുന്നതിന്റെ രേഖകൾ വളരെയുണ്ട്. കുരുക്കളെ ഒളിവിൽ താമസിപ്പിച്ച് എന്ന കുറ്റം ചുമത്തി കുട്ടി അത്തൻ എന്ന ആളുടെ സ്ഥലം മുഴുക്കെ കണ്ടുകെട്ടിയതായി 1801ൽ മലബാർ കളക്ടർ റിപ്പോർട്ട് ചെയ്യുന്നുണ്ട്. ചെമ്പൻ പോക്കരുടേയും ശ്വശുരനായ അരിക്കോട്ട് മണ്ണാട്ടു കുട്ടിയുടേയും ഭൂസ്വത്തുകൾ കണ്ടുകെട്ടിയിരുന്നു. ഉണ്ണിമൂസ, അത്തൻ കുരുക്കൾ, ചെമ്പൻ പോക്കർ എന്നീ നേതാക്കൻമാരുടെ അകന്ന ബന്ധുക്കളേയും പരിചയക്കാരെപ്പോലും പിഴ, സ്വത്ത് കണ്ടുകെട്ടൽ, പീഢനം തുടങ്ങിയവയിൽ നിന്നും ഒഴിവാക്കിയിരുന്നില്ല. സ്ത്രീകളേയും കുട്ടികളേയും പോലും തടവിൽ പിടിച്ചിട്ടിരുന്നതായും അവരുടെ ജീവൻ വേണമെങ്കിൽ വിപ്ലവകാരികൾ ആയുധം വെച്ച് കീഴടങ്ങണമെന്ന് പ്രഖ്യാപനങ്ങളുണ്ടായതായും രേഖകളുണ്ട്.

ഈ നേതാക്കൻമാരെ കീഴടക്കാൻ കഴിയാതെവന്ന കമ്പനി അധികാരികൾ നിരന്തരം നടന്നുകൊണ്ടിരുന്ന ഈ ഘോരപോരാട്ടങ്ങളുടെ കാരണങ്ങളന്വേഷിച്ച് പരിഹാരം നിർദ്ദേശിക്കുവാനായി മേജർ വാക്കറെ അന്വേഷണ കമ്മീഷനായി നിയമിച്ചു. മലബാർ കളക്ടർ ബേബറിന്റെയും പോലീസ് സൂപ്രണ്ട് വാഡലിന്റെയും ക്രൂരമായ നയരാഹിത്യത്തെ അപലപിച്ചുകൊണ്ടും മാപ്പിള നേതാക്കൻമാർക്കും അനുയായികൾക്കും പൊതുമാപ്പ് നൽകി അവരെ കൂറുള്ള പ്രജകളായി പ്രഖ്യാപിക്കണമെന്ന് ശുപാർശ ചെയ്തുകൊണ്ടും ഉള്ളതായിരുന്നു മേജർ വാക്കറുടെ റിപ്പോർട്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിപ്ലവ നേതാക്കൻമാർക്ക് പൊതു മാപ്പ് നൽകുവാൻ തീരുമാനിച്ചു.22. മൂന്ന് ജാമ്യക്കാരുടെ ഉറപ്പിൻമേൽ രാജ്യദ്രോഹ കുറ്റങ്ങളിൽ നിന്നും ഇവരെ ഒഴിവാക്കിയിരുന്നു. എന്നാൽ കുറച്ചു മാസങ്ങൾക്കകം ധീരരായ ഈ സേനാനികൾ ഒത്തുതീർപ്പ് കാലത്തെ സമാധാനാവസ്ഥ ചൂഷണം ചെയ്ത്, തങ്ങളുടെ സൈനിക പോഷണം നടത്തി വീണ്ടും പടക്കളത്തിലിറങ്ങി. ജാമ്യക്കാരിൽ നിന്നും 1000 രൂപാ വീതം സർക്കാർ പിടിച്ചെടുത്തു. ധാരാളം നിരപരാധികളെപ്പോലും മർദ്ദിച്ചും ക്രൂരമായ യാതനകൾക്കിരയാക്കിയും ആണ് ജനങ്ങളോട് ഇംഗ്ലീഷ്കാർ പക വീട്ടിയത്.

പഴശ്ശിരാജയോടൊപ്പം സൈനികപ്രവർത്തനങ്ങളിലേർപ്പെട്ടിരുന്ന മൂസ്സയേയും പോക്കരേയും കുരുക്കളേയും മറ്റും കീഴ്പ്പെടുത്താതെ മലബാറിൽ സമാധാനം സ്ഥാപിക്കുവാൻ സാദ്ധ്യമല്ലെന്ന് ബോദ്ധ്യമായ കമ്പനി മേധാവികൾ സുദീർഘമായ പരിചിന്തനത്തിനും ചർച്ചകൾക്കും ശേഷം തയ്യാറാക്കിയ സൈനിക പദ്ധതി അനുസരിച്ച് ഒരവസാനശ്രമത്തിന് തന്നെ തയ്യാറായി. ക്യാപ്റ്റൻ വാട്ട്സൺന്റെയും ലഫ്റ്റ് കേണൽ ഇന്നിസിന്റെയും നേതൃത്വത്തിൽ വലിയ ഒരു സേനാവിഭാഗവും വാർഡന്റെയും കേണൽ മെക്ലിയോഡിന്റെയും കീഴിൽ ആയിരത്തി ഒരുനൂറ്റി അമ്പതിലേറെ സേനാനികളും സർവ്വവിധ തയ്യാറെടുപ്പോടും കൂടി അന്തിമ സംഘട്ടനത്തിന് സന്നാഹങ്ങൾ ഒരുക്കി. ഇവരെ സഹായിക്കുവാൻ വളരെ നായർ സൈനികരും സജ്ജമായിരുന്നു. വലിയ യുദ്ധങ്ങളിൽ നിർണ്ണായകമായ ഘട്ടങ്ങളെ അഭിമുഖീകരിക്കുമ്പോൾ ചെയ്യാറുള്ള എല്ലാ സൈനിക മുൻകരുതലുകളും നടത്തിയിട്ടാണ് കലാപകാരികളെ നേരിടുവാൻ ബ്രിട്ടീഷ് സൈന്യം പുറപ്പെടുന്നത്. 1802ൽ ക്യാപ്റ്റൻ വാട്ട്സ്ന്റെ സേനാവ്യൂഹവുമായി എതിരിട്ട ഉണ്ണിമൂസ മൂപ്പൻ കലിപൂർ കുന്നിലെ തന്റെ കോട്ട കൊത്തളങ്ങളോടു കൂടിയ വീട്ടിൽ വെച്ച് കോൽക്കാരുടെ വെടിയുണ്ടയേറ്റ് രക്തസാക്ഷിയായി. ഉണ്ണിമൂസയുടേയും അനുയായികളുടേയും സ്വത്ത് മുഴുക്കെ കമ്പനി അധികാരികൾ കണ്ട് കെട്ടിയിരുന്നു. ഏകദേശം ഒരു നൂറ്റാണ്ടിന് ശേഷം, 1883ൽ, അദ്ദേഹത്തിന്റെ കുടുംബത്തിൽപ്പെട്ട ശേഷക്കാർ കണ്ട്കെട്ടിയ സ്വത്ത് മുഴുവൻ തങ്ങൾക്ക് തിരിച്ച് തരണമെന്ന് അപേക്ഷിച്ചതായി കാണുന്നു. സർവ്വരേഖകളും ആധാരങ്ങളും ശേഖരിച്ച് തഹസിൽദാർ ഒരു റിപ്പോർട്ടും തയ്യാറാക്കി കളക്ടർക്കയച്ച രേഖകൾ ഇന്നും കോഴിക്കോട് ആർകൈവ്സിൽ ഉണ്ട്. ഈ ദയാഹർജി പരിഗണിക്കപ്പെട്ടില്ല. ഉണ്ണിമൂസയുടെയോ അദ്ദേഹത്തിന്റെ അനുയായികളുടെയോ സ്വത്ത് യാതൊന്നും തന്നെ തിരിച്ച് കൊടുത്തതുമില്ല.23. അധികം താമസിയാതെ അതേ വർഷം തന്നെ പട്ടാമ്പിയിൽ വെച്ച് അത്തൻ കുരുക്കളും ഇംഗ്ലീഷ് സൈന്യവുമായുള്ള ഘോരയുദ്ധത്തിൽ മരണമടഞ്ഞു. ചെമ്പൻ പോക്കർ പിന്നേയും കുറച്ചുകാലവും കൂടി പിടിച്ചു നിന്നു. പഴശ്ശിരാജയുടെ യുദ്ധസംരംഭങ്ങൾക്ക് ആളും അർത്ഥവും എത്തിച്ചുകൊടുത്തും കിട്ടുന്ന അവസരങ്ങളിൽ ഇംഗ്ലീഷ് സൈന്യത്തെ പതിയിരുന്നു വകവരുത്തിയും ഇംഗ്ലീഷ് വിരുദ്ധ സമരം തുടർന്നു. എന്നാൽ 1805 ആയതോടെ പഴശ്ശിസമരം കെട്ടടങ്ങി. അക്കൊല്ലം നവമ്പർ മുപ്പതാം തിയതി പഴശ്ശിരാജ വധിക്കപ്പെട്ടു. ചെമ്പൻ പോക്കർ ഇതിന് കുറച്ച് മാസങ്ങൾക്ക് മുമ്പ് തന്നെ പടവെട്ടി മരിച്ചിരുന്നു. ഇംഗ്ലീഷ്കാരോടുള്ള മാപ്പിളമാരുടെ ആദ്യത്തെ വെല്ലുവിളി ഐതിഹാസികമായ ഒരു സമരകഥയാണ്. സ്വാതന്ത്ര്യസമരത്തിലെ മുന്നണി ഭടനായും ആദ്യത്തെ രക്തസാക്ഷിയായും നാം പഴശ്ശിരാജയെ വാഴ്ത്താറുണ്ട്. അദ്ദേഹം ഇംഗ്ലീഷ്കാരോടേറ്റുമുട്ടി വീരമൃത്യു വരിച്ച മഹാനാണ്. പക്ഷേ ബ്രിട്ടീഷ് വിരുദ്ധ പോരാട്ടങ്ങൾ ആരംഭിക്കുകയും പഴശ്ശിസമരത്തിൽ വീരപങ്കാളിയായി രണഭൂമിയിൽ വീണ് മരണമടയുകയും ചെയ്ത ഉണ്ണിമൂസമൂപ്പനും അത്തൻ കുരുക്കളും ചെമ്പൻ പോക്കറും, ഹൈദ്രോസും നമ്മുടെ ഓർമ്മയിൽ വരാറില്ലെന്നത് ചരിത്രവസ്തുതക്ക് യോജിക്കാത്തതാണ്. സ്വാതന്ത്ര്യസമരത്തിൽ വീരചരമമടഞ്ഞവരെ

സ്മരിക്കുമ്പോൾ പഴശ്ശിരാജയോടൊപ്പം ഓർമ്മയിൽ വരേണ്ട ഒരു നാമധേയമാണ് ഏളംപുളശ്ശേരി ഉണ്ണിമൂസമൂപ്പന്റേത്. ഹൈദ്രോസ്സും അത്തൻ കുരുക്കളും ചെമ്പൻ പോക്കരും അദ്ദേഹത്തിന്റെ ഉരിശൻ സേനനായകരുമായിരുന്നു. ഇവരൊക്കെ പടക്കളത്തിൽ നിന്നും പിൻതിരിഞ്ഞോടാതെ ശത്രുവിനെ ധീരതയോടെ എതിരിട്ട് വീരമൃത്യു വരിച്ചവരാണ്. ബ്രിട്ടീഷ്കാരോടുള്ള മലബാർ മാപ്പിളമാരുടെ ആദ്യത്തെ സാഹസികസമരത്തിന്റെ യവനിക വീണെങ്കിലും പിന്നെയും അത് പലവട്ടം ഉയരുകയും താഴുകയും ചെയ്തിട്ടുണ്ട്. ചരിത്രം അതിന് സാക്ഷിയാണ്.

ഇന്ത്യയിൽ പല സ്ഥലത്തും ബ്രിട്ടീഷ് ഭരണം നടമാടിയിരുന്ന സന്ദർഭമായിരുന്നു ഇതെങ്കിലും കേരളത്തിൽ അവർക്ക് നേരിടേണ്ടതായി വന്ന പ്രയാസങ്ങൾ മറ്റൊരു സ്ഥലത്തും അത്ര തന്നെ ഉണ്ടായിരുന്നില്ലെന്നത് അക്കാലത്തെ കളക്ടർമാരുടേയും കമ്മീഷണർമാരുടേയും രേഖകളിൽ നിന്നും വ്യക്തമാണ്. സുസംഘടിതമായ എതിർപ്പുകളേയാണ് അവർക്ക് അഭിമുഖീകരിക്കേണ്ടതായി വന്നത്. യാതൊരു കാരണവശാലും വിദേശികളെ അനുകൂലിക്കുന്ന പ്രശ്നമേയില്ലെന്ന് വിളംബരം ചെയ്തിരുന്ന പ്രഖ്യാപിത സമരസേനാനികളാണ് ഇവിടെ നിരന്നിരുന്നത്. തൻമൂലം ഇംഗ്ലീഷ് ഭരണം തുടക്കം മുതലേ കലാപത്തിലും കുഴപ്പത്തിലും ആയിരുന്നു. ധീരരായ ദേശാഭിമാനികളെ കുരുതി ചെയ്ത കുരുക്ഷേത്രമായിത്തീർന്നിരുന്നു കേരളം. 1792 മുതൽ തുടങ്ങിയ ഈ ഇംഗ്ലീഷ് വിരുദ്ധ പോരാട്ടം അഭംഗുരം ഇവിടെ നടമാടി. ആയിരക്കണക്കിന് പടയാളികൾ പോർക്കളത്തിൽ വീണ് രക്തസാക്ഷികളായി. ഇംഗ്ലീഷ് ഭരണത്തെ പല്ലും നഖവും ഉപയോഗിച്ച് എതിർത്തിരുന്ന കേരളത്തിലെ വീരയോദ്ധാക്കൾ ഒഴുക്കിയ ചോരയും സഹിച്ച ത്യാഗവും അവസരസേവയ്ക്ക് സ്തുതി ഗീതം ആലപിക്കുന്ന നമ്മുടെ ചരിത്രമെഴുത്തുകാർ ഇതുവരെ കണ്ടിട്ടില്ല! അവരുടെ ശ്രദ്ധ അതിലേക്ക് പതിഞ്ഞതുമില്ല. ഇതിന്റെ കാരണം എന്തായാലും ശരി നൂറ്റാണ്ടുകൾക്ക് മേൽ നീണ്ട് നിന്ന സുദീർഘമായ ഈ സമരകഥ ഐതിഹാസികമാണ്. കോരിത്തരിപ്പിക്കുന്ന ആവേശം അങ്കുരിപ്പിക്കുവാൻ പര്യാപ്തവുമാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യസമരചരിത്രത്തിൽ മറ്റേതൊരു സംസ്ഥാനത്തെക്കാളും അഭിമാനാർഹമായ പങ്ക് വഹിച്ച നാടാണ് കേരളം. ഭാരതത്തിലെ ഇതരഭാഗങ്ങളിൽ അത് ശക്തിയാർജ്ജിക്കുന്നതിന് മുമ്പ് തന്നെ മലബാറിലും തിരുവിതാംകൂറിലും കൊച്ചിയിലും സ്വാതന്ത്ര്യേച്ഛുക്കളുടെ സമൂഹങ്ങൾ സംഘടിതമായി സമരസന്നാഹങ്ങളോടു കൂടി ബോധപൂർവ്വം വിദേശാധിപത്യത്തോട് എതിരിട്ടു നിന്നിരുന്നു. അങ്ങനെ ഈ നാടിന്റെ അഭിമാനം സംരക്ഷിച്ചവരും തുടക്കത്തിൽ തന്നെ ഇംഗ്ലീഷ്കാരെ അറിഞ്ഞെതിർത്തവരുമായ ചില ധീരസേനാനികളെയാണ് ഇവിടെ പരിചയപ്പെടുത്തുവാൻ തുനിയുന്നത്.

അറിയാനും ശേഖരിക്കുവാനും കഴിഞ്ഞിടത്തോളം പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ സുവ്യക്തമായി പറയാൻ സാധിക്കുന്ന സംഗതി ഏളമ്പുളശ്ശേരി അംശത്തിലെ ഉണ്ണി മൂസ മൂപ്പനായിരുന്നു ആദ്യമായി ഇംഗ്ലീഷ്കാരെ, മലബാറിൽ അവരുടെ വാഴ്ച ആരംഭിച്ച വർഷം തന്നെ സംഘടിതമായി എതിർത്ത ദേശാഭിമാനി എന്നാണ്. 1792ൽ തന്നെ ആരംഭിച്ച അദ്ദേഹത്തിന്റെ ശക്തമായ എതിർത്ത് നില്പ് 1802ൽ വെടി കൊണ്ട് പടക്കളത്തിൽ മരിച്ച് വീഴുന്നത് വരെയുള്ള സുദീർഘമായ ഒരു ദശാബ്ദത്തെ കോരിത്തരിപ്പിക്കുന്ന സമരകഥയാണ്. ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഈ വീരസാഹസിക നേതാവിന്റെ ഇംഗ്ലീഷ് വിരുദ്ധ പോരാട്ടങ്ങളുടെ ഏകദേശ ചിത്രം വരച്ച് കാണിക്കുവാൻ നദേ ശ്രമം നടത്തിയിട്ടുള്ളതാണല്ലോ. അതിവിടെ ആവർത്തിക്കുന്നില്ല. അദ്ദേഹത്തിന്റെ സന്തതസഹചാരികളും അദ്ദേഹത്തോടൊപ്പം ബ്രിട്ടീഷ് വിരുദ്ധ പോരാട്ടങ്ങൾക്ക് നേതൃത്വം കൊടുത്ത് ആത്മാഹൂതി ചെയ്തവരുമായ ധീരപടനായകരേയാണ് ചുവടെ വിവരിക്കുന്നത്.

## ചെമ്പൻ പോക്കർ

ചെമ്പൻ പോക്കർ ഇംഗ്ലീഷ് കമ്പനിയുടെ കീഴിൽ ചേരനാട്ടിലെ പോലീസ് മേധാവികളിൽ (ഡെറോഗ) ഒരാളായി നിയമിതനായ വ്യക്തിയാണ്. 200 രൂപ വരെ മൂല്യമുള്ള സിവിൽ കേസുകളിൽ തീരുമാനം എടുക്കുവാനും ശിക്ഷാനടപടികൾ നടത്തുവാനും നികുതി പിരിവ്, ക്രമസമാധാന പരിപാലനം എന്നിവ നടത്താനും ഉള്ള അധികാരങ്ങൾ ഡെറോഗമാർക്കുണ്ടായിരുന്നു. കമ്പനി ഭരണത്തിന്റെ ആരംഭ കാലത്ത് നാട്ടരചൻമാരെയും പ്രമാണികളെയും ഇംഗ്ലീഷ് പക്ഷത്ത് കൊണ്ടുവരുവാൻ അവർ ഭഗീരഥ പ്രയത്നം നടത്തിയിരുന്നു. ആ ശ്രമത്തിൽ ചെമ്പൻ പോക്കരെയും പദവിയും പണവും നൽകി കമ്പനിയുടെ സർവ്വീസിൽ എടുത്തു. ഇംഗ്ലീഷ് ഭരണാധിപൻമാരോട് യാതൊരു വക പകയോ പരാതിയോ ചെമ്പൻ പോക്കർക്കുണ്ടാകേണ്ട കാരണങ്ങൾ ഒന്നും കാണുന്നില്ല. എന്നിട്ട് പോലും കമ്പനിയുടെ കീഴിൽ കഴിയുന്നത് അത്ര സുഖമായി അദ്ദേഹത്തിന് തോന്നിയില്ല. ടിപ്പുസുൽത്താനോട് അകമഴിഞ്ഞ ബഹുമാനമുണ്ടായിരുന്ന ചെമ്പൻ പോക്കർ, മനഃസ്സാക്ഷിക്കുത്ത് കൊണ്ട് തന്നെയെന്ന് പറയണം ഇംഗ്ലീഷ്കാരുടെ കീഴിലുള്ള ജോലിയും പ്രതാപവും വേണ്ടെന്ന് വെച്ച് സമരരംഗത്തേക്കിറങ്ങിയത്. ഉണ്ണിമൂസമൂപ്പന്റെയും അദ്ദേഹത്തിന്റെ സന്തതസഹചാരികളായ ഹൈദ്രോസ്, അത്തൻ കുരുക്കൾ തുടങ്ങിയവരുടേയും സഹവാസവും പ്രേരണയും അദ്ദേഹത്തിൽ അതീവ സ്വാധീനം ചെലുത്തിയിരിക്കണം. ഇതിന് പുറമെ ടിപ്പുസുൽത്താന്റെ ആഹ്വാനവും രഹസ്യസന്ദേശങ്ങളും ചെമ്പൻ പോക്കരെ ആവേശം കൊള്ളിച്ചുമിരിക്കും. ഏതായാലും തന്റെ സകല സൗഭാഗ്യങ്ങളും നിസ്സാരമായി ഗണിച്ച്, ഭവിഷ്യത്തിന്റെ ആഴവും പരപ്പും മനസ്സിലാക്കിക്കൊണ്ട് തന്നെ ഇംഗ്ലീഷ്കാരോട് എതിരിട്ട് നിന്ന ചെമ്പൻ പോക്കർ തീർച്ചയായും മലയാളികൾ വിസ്മരിക്കാൻ പാടില്ലാത്ത ചരിത്രപുരുഷനാണ്.

കമ്പനിയുടെ സർവ്വീസിൽ നിന്നും പുറത്ത് പോന്ന് ഉണ്ണിമൂസയുമായി സമ്പർക്കത്തിലേർപ്പെട്ടതോടെ, ചെമ്പൻ പോക്കരെ ഇംഗ്ലീഷ്കാർ രാജ്യദ്രോഹിയായി പ്രഖ്യാപിച്ചു. അദ്ദേഹത്തെ ജീവനോടെയോ അല്ലാതെയോ പിടിച്ച് കൊടുക്കുന്നവർക്കോ, കീഴടക്കുവാൻ സഹായകമായ വിവരം നൽകുന്നവർക്കോ, 5000 ഉറുപ്പിക നൽകുന്നതാണെന്ന് കമ്പനി അധികാരികൾ വിജ്ഞാപനം ചെയ്തു. കലാപകാരികളുടെ തലക്ക് അന്ന് നൽകിയിരുന്ന ഏറ്റവും വലിയ വിലയായിരുന്നു 5000 രൂപയെന്നത് സ്മരണീയമാണ്. പഴശ്ശിരാജയ്ക്കും ഉണ്ണിമൂസയ്ക്കും ഇതേ നിരക്ക് തന്നെയാണ് കമ്പനിക്കാർ കല്പിച്ചിരുന്നത് എന്നതും ശ്രദ്ധേയമത്രെ.

പൊന്നാനിയിൽ നടന്ന തുറന്ന യുദ്ധത്തിൽ ചെമ്പൻ പോക്കരുടെ ഉറ്റമിത്രമായ ഹൈദ്രോസിനെ കീഴ്പെടുത്തി തടവുകാരനാക്കുവാൻ കമ്പനിക്ക് കഴിഞ്ഞു. എങ്കിലും ചെമ്പൻ പോക്കരെ പിടിക്കുവാൻ അവർക്ക് പറ്റിയില്ല. തന്റെ കീഴിലുള്ള സൈന്യവുമായി മലകളിലും കുറ്റിക്കാടുകളിലും അദ്ദേഹം സുരക്ഷിതങ്ങളായ സങ്കേതങ്ങൾ കണ്ടെത്തി. അവിടെ നിന്നാണ് ഒളിപ്പോരും തുറന്ന സംഘട്ടനങ്ങളും വഴി ഇംഗ്ലീഷ് സൈനികരെ വകവരുത്തിക്കൊണ്ടിരുന്നത്. അങ്ങനെ കമ്പനി മേധാവിത്വത്തെ നിരന്തരം വെല്ലുവിളിച്ച് കൊണ്ടിരുന്ന അദ്ദേഹം, ഉണ്ണിമൂസ നടത്തിയിട്ടുള്ള എല്ലാ യുദ്ധങ്ങളിലും ഭാഗഭാക്കായിരുന്നു. അടിച്ചമർത്താൻ അസാദ്ധ്യമാണെന്ന് മനസ്സിലാക്കിയ ഇംഗ്ലീഷ്കാർ എല്ലാ കലാപകാരികൾക്കും മാപ്പ് കൊടുത്ത് കൊണ്ടും അവരെ കമ്പനിയുടെ കീഴിൽ വലിയ പദവിയും ഉദ്യോഗവും നൽകാമെന്ന് ഉറപ്പ് പറഞ്ഞുകൊണ്ടും വിളംബരം നടത്തി. പുതിയങ്ങാടി തങ്ങളുടേയും കൊണ്ടോട്ടി തങ്ങളുടേയും സ്വാധീനം ഇക്കാര്യത്തിൽ ലഭിക്കുവാൻ കമ്പനിക്കാർ അശ്രാന്തം ശ്രമിച്ചുകൊണ്ടുമിരുന്നു. ഭവിഷ്യത്തിന്റെ വലിപ്പം മനസ്സിലാക്കിക്കൊണ്ട് തന്നെ എന്തും വരട്ടെയെന്ന ഉറച്ച ധാരണയോട് കൂടി സമരരംഗത്തിറങ്ങിയ പോക്കരേയും കൂട്ടരേയും വശീകരിക്കുവാൻ ഇവർക്കാർക്കും സാധിച്ചില്ല. മലബാർ കളക്ടറായിരുന്ന ബേബരുടെ നേതൃത്വത്തിൽ ·നടത്തിയ സൈനിക പ്രവർത്തനത്തിന്റെ ഫലമായി ഒരുഗ്രസംഘട്ടനത്തിന് ശേഷം ചെമ്പൻ പോക്കരെ തടവുകാരനാക്കുവാൻ സാധിച്ചു. പാലക്കാട് കോട്ടയിലാണ് അദ്ദേഹത്തെ പിടിച്ചിട്ടിരുന്നത്. അവിടെ നിന്നും ജയിൽ ചാടി അദ്ദേഹം രക്ഷപ്പെട്ടു. തന്റെ അണികളിൽ അമിതമായ ആവേശവും സാഹസിക മനോഭാവം സൃഷ്ടിക്കുവാൻ ഈ പ്രവർത്തി അദ്ദേഹത്തെ സഹായിച്ചു. അനുയായികളെ സംഘടിപ്പിച്ച് നഷ്ടപ്പെട്ട ശക്തി വീണ്ടെടുത്ത്, ഇംഗ്ലീഷ് പട്ടാളത്തെ വെല്ലുവിളിച്ചുകൊണ്ട്, ചെമ്പൻ പോക്കർ വീണ്ടും രംഗത്തിറങ്ങി. ബേബറുടെ കീഴിലുണ്ടായിരുന്ന ഇംഗ്ലീഷ് സേനാവിഭാഗം ചെമ്പൻ പോക്കറുമായി ഏറ്റുമുട്ടി. എന്നാൽ ഉണ്ണിമൂസയുടെ സഹായം ഉണ്ടായിരുന്ന പോക്കറുടെ സേനയ്ക്ക് ഇംഗ്ലീഷ് സൈന്യത്തെ പറ്റേ പരാജയപ്പെടുത്തുവാൻ കഴിഞ്ഞു. ടിപ്പുസുൽത്താൻ പിൻമാറിയ ശേഷം ഒരു നാടൻ ശക്തിയുമായുള്ള ഏറ്റുമുട്ടലിൽ ആദ്യമായാണ് അന്ന് ഇംഗ്ലീഷ് സേന പരാജയപ്പെടുന്നത്. ഈ വിജയം കലാപകാരികളുടെ ശക്തി സീമാതീതമായി വർദ്ധിപ്പിച്ചു. പോലീസ് മേധാവി ആയിരുന്ന ജി. വാഡലിനെ കൊലപ്പെടുത്തുവാനുള്ള ശ്രമം നടന്നതും ഇതിനെതുടർന്നാണ്. അങ്ങാടിപ്പുറത്ത് നിന്നും ഉറംപുറത്തേക്ക് പോകുകയായിരുന്നു അദ്ദേഹം. ഇത് നടക്കുന്നത് 1800 ജനുവരിയിലാണ്. ഇംഗ്ലീഷ് അണികളിൽ അരക്ഷിതാവസ്ഥയും ഭീതിയും പരത്തിയ സംഭവങ്ങളായിരുന്നു ഇവ. ഇത്രത്തോളം ആയപ്പോൾ നിരന്തരം നടന്ന് കൊണ്ടിരുന്ന ഈ യുദ്ധങ്ങളുടെ കാരണങ്ങൾ അന്വേഷിക്കുവാനും പരിഹാരം നിർദ്ദേശിക്കുവാനുമായി മേജർ വാക്കറെ അന്വേഷണ കമ്മീഷനായി ബോംബെ ഗവർണ്ണർ നിശ്ചയിച്ചു. മലബാർ കളക്ടർ ബേബറിന്റെയും പോലീസ് സൂപ്രണ്ട് ജി. വാഡലിന്റെയും ക്രൂര പ്രവൃത്തികളെ അവഹേളിച്ചു കൊണ്ടും, അവരുടെ നയരാഹിത്യത്തെ അപലപിച്ച് കൊണ്ടും ഉള്ളതായിരുന്നു വാക്കറുടെ റിപ്പോർട്ട്. വാക്കറുടെ ശുപാർശ ആകട്ടെ കലാപത്തിൽ കഴിയുന്ന ലഹളക്കാർക്ക് പൊതുമാപ്പ് നൽകണമെന്നും നേതാക്കൻമാരെ ഏതെങ്കിലും തരത്തിൽ കമ്പനിയുടെ സേവകരാക്കുവാനുള്ള ശ്രമങ്ങൾ നടത്തണമെന്നുമായിരുന്നു. തൽഫലമായി ചെമ്പൻ പോക്കർക്കും മറ്റ് വിപ്ലവകാരികൾക്കും മാപ്പ് നൽകികൊണ്ട് വിജ്ഞാപനമുണ്ടായി. എന്നാൽ മൂന്ന് ജാമ്യക്കാരെ വീതം നൽകണമെന്നായിരുന്നു വ്യവസ്ഥ. ഭാവി നടപടികളെ സംബന്ധിച്ച് ഉറപ്പ് വരുത്തുവാനാണത്രെ ജാമ്യം നിർബന്ധമാക്കിയത്.24. ജാമ്യക്കാർ കമ്പനിക്ക് എഴുതിക്കൊടുക്കേണ്ട കരാറിലെ വ്യവസ്ഥകൾ താഴെ പറയുന്നവ ആയിരുന്നു.

1) കമ്പനി അധികാരികൾ നൽകുന്ന കല്പനകൾ അനുസരിക്കുക. 2) മേലാൽ നികുതി കൃത്യമായി കൊടുക്കുകയും നല്ല പ്രജകളായി പ്രവർത്തിക്കുകയും ചെയ്യുക. 3) രാജ്യത്തിന്റെ ഭദ്രതയെ തകരാറിലാക്കിക്കൊണ്ടിരുന്ന കലാപകാരികളുമായോ, അതുപോലെയുള്ള കുഴപ്പക്കാരുമായോ, കൂട്ടു ചേരാതിരിക്കുക. 4) തന്റെ കൈവശമുള്ള വീടുകൾക്ക് ചുറ്റും കരിങ്കൽ കൊണ്ടോ, ചളി കൊണ്ടോ വലിയ മതിലുകൾ കെട്ടാതിരിക്കുക. 5) അനുയായികൾക്ക് ആയുധം നൽകുകയോ, യുദ്ധപരിശീലനം നൽകുകയോ ചെയ്യാതിരിക്കുക. 6) ഈ വ്യവസ്ഥകൾ ലംഘിക്കപ്പെടുകയാണെങ്കിൽ ജാമ്യക്കാർ അയാളെ പിടിച്ച് അധികാരികളെ ഏല്പിക്കണം. അത് സാധിച്ചില്ലെങ്കിൽ പത്ത് ദിവസത്തിനകം അവരുടെ ജാമ്യസംഖ്യയായ 1000 ക വീതം കമ്പനി കണ്ടുകെട്ടുന്നതാണ്.25. ചെമ്പൻ പോക്കർക്ക് ജാമ്യം നിന്നവർ, 1) അരീക്കോട് മണ്ണാട്ടുകുട്ടി. ഇദ്ദേഹം ചെമ്പൻ പോക്കരുടെ ഭാര്യാപിതാവായിരുന്നു. 2) കരവണ്ണിൽ അത്തൻ, 3) ചെമ്മേരി മൂത്തറനായർ. ജാമ്യക്കാരിൽ നിന്നും പ്രതീക്ഷിച്ച ഉറപ്പ് കിട്ടിയതിന്റെ ഫലമായി ചെമ്പൻ പോക്കർക്ക് മാപ്പ് നൽകിക്കൊണ്ട് മലബാർ കളക്ടറുടെ വിജ്ഞാപനം ഉണ്ടായി.26.

എന്നാൽ അതേ കൊല്ലം ഡിസംബർ ആയപ്പോഴേക്കും

കുഴപ്പങ്ങൾ വീണ്ടും മൂർഛിച്ചു. മലബാറിലെ തെക്കൻ ജില്ലകളുടെ സൂപ്പർവൈസർ, ചെമ്പൻ പോക്കരുടെ പ്രവർത്തനങ്ങളെ ക്രോഡീകരിച്ച് അയച്ച റിപ്പോർട്ടിൽ, ഒരു മാപ്പിളയെ പോക്കറുടെ ആളുകൾ അകാരണമായി കൊലപ്പെടുത്തിയെന്നും, സമാധാനാന്തരീക്ഷം ചൂഷണം ചെയ്ത് ആയുധ സംഭരണവും സൈനിക പോഷണവും നടത്തുകയാണയാൾ ചെയ്യുന്നതെന്നും എഴുതി അയച്ചതായി കാണുന്നുണ്ട്. അകാരണമായി നടത്തിയ കൊലപാതകത്തിന് സമാധാനമാവശ്യപ്പെട്ട കളക്ടർക്ക് പോക്കരിൽ നിന്നും ലഭിച്ച മറുപടി തൃപ്തികരമായിരുന്നില്ല. മരണപ്പെട്ട ആൾ തസ്കര സംഘത്തിൽപ്പെട്ട ഒരുത്താനായിരുന്നുവെന്നും അയാളെ പിടികൂടുവാനുള്ള ശ്രമത്തിൽ പുഴയിൽ മുങ്ങിമരണമടയുകയാണുണ്ടായതെന്നും വിശദീകരിച്ചിരുന്നു. വെറും ഒഴിവുകഴിവ് മാത്രമാണ് ഈ വിശദീകരണമെന്ന് മനസ്സിലാക്കിയ കളക്ടർ, ചെമ്പൻ പോക്കരോട് നേരിട്ട് കച്ചേരിയിൽ ഹാജരാകുവാനാവശ്യപ്പെടുകയാണ് ചെയ്തത്. പോക്കർ ഈ കല്പനയെ അവജ്ഞയോടുകൂടി അവഗണിക്കുക മാത്രമല്ല, ഇംഗ്ലീഷ് കമ്പനിയുമായി തുറന്ന ഏറ്റുമുട്ടലിന് തന്നെ തയ്യാറായി. ഇത് അറിഞ്ഞ കമ്പനി ഉദ്യോഗസ്ഥൻമാർ സമർദതന്ത്രമാണ് ആദ്യം ഉപയോഗിച്ചത്. കൊണ്ടോട്ടി തങ്ങൾ അനുഭവിക്കുന്ന കരമൊഴിവാക്കിയിട്ടുള്ള സ്ഥലങ്ങൾക്ക് നികുതി ചുമത്തുകയും ചെമ്പൻ പോക്കർ കമ്പനിയുടെ കല്പനകൾ അനുസരിച്ച് കലാപം മതിയാക്കുന്നതുവരെ നികുതി ഒഴിവ് അനുവദിക്കുന്നതല്ലെന്ന് കല്പിക്കുകയും ചെയ്തു. ചെമ്പൻ പോക്കരുടെ ജാമ്യക്കാരിൽ ഒരാളായ ശ്വശുരനെ തടവുകാരനായി പിടിക്കുകയുമുണ്ടായി. 27. ചെമ്പൻ പോക്കർ മിക്കവാറും സന്ദർഭങ്ങളിൽ തൻെറ ഭാര്യവീട്ടിലാണ് താമസമെന്നതുകൊണ്ടും അവിടെ നിന്നുമാണ് ഒളിവിൽ പോയതെന്നതിനാലുമാണ്, ഭാര്യാ പിതാവിനെ തടങ്കലിലാക്കിയത്. ഇത്കൊണ്ടും പ്രയോജനമില്ലെന്ന് മനസ്സിലാക്കിയ കമ്പനി മേലാളൻമാർ, സ്ത്രീകളടക്കം അനവധി പേരെ ജയിലറക്കകത്താക്കി. ചെമ്പൻ പോക്കരുമായി അകന്ന ബന്ധം ഉള്ളവർക്ക് പോലും രക്ഷയുണ്ടായിരുന്നില്ല. ഇവരുടെയെല്ലാം സ്വത്ത് കണ്ടുകെട്ടുവാനും അവരെയെല്ലാം തടങ്കലിൽ പാർപ്പിക്കുവാനും നിർദ്ദേശമുണ്ടായി.28. മറ്റു രണ്ടു ജാമ്യക്കാരോടും ജാമ്യപ്പണമായ 1000 ക അടക്കുവാനും അടക്കുന്നത് വരെ തടങ്കലിൽ കഴിയുവാനും കല്പനയായി. അങ്ങനെ അകന്ന ബന്ധുക്കൾ തുടങ്ങി, അനുയായികളും സുഹൃത്തുക്കളും പരിചയക്കാരും വരെയുള്ള ഒട്ടനവധി ആളുകൾ കാരാഗൃഹത്തിലായെന്ന് മാത്രമല്ല, അവരുടെ സ്വത്ത് കണ്ടുകെട്ടുക തുടങ്ങി പലവിധ പീഢനത്തിനും വിധേയരാകുകയും ചെയ്തു. എന്നിട്ടും തങ്ങളുടെ ഉറ്റമിത്രത്തേയും ദേശത്തിൻേറ അഭിമാനത്തേയും ഒറ്റിക്കൊടുക്കുവാൻ ആരും ഉണ്ടായിരുന്നില്ല. നിയമഭ്രഷ്ടരായികഴിഞ്ഞിരുന്നിട്ടും ഏറെ ജാഗ്രത പാലിക്കുവാൻ പോക്കർക്കും കൂട്ടർക്കും സാധിച്ചിരുന്നു. പോക്കരുടെ ശ്വശുരനും ജാമ്യക്കാരിൽ ഒരാളുമായ അരീക്കോട് മണ്ണാട്ടുകുട്ടി, ജാമ്യത്തുക അടച്ചിരുന്നതുകൊണ്ട് അയാളെ തടവിൽ നിന്നും വിട്ടയക്കണമെന്നും കളക്ടർ മാർച്ച് മാസത്തിലും, വീണ്ടും ഏപ്രിൽ മാസത്തിലും ഗവർണ്ണർക്കെഴുതുകയുണ്ടായി. കരവണ്ണിൽ അത്തനും 1000 ക അടച്ചു. ചെമ്മേരി മൂത്തനായരാകട്ടെ 700 രൂപ അടച്ച് ബാക്കി 300 രൂപയ്ക്ക് വേറൊരു ഈടു കൂടി നൽകിയിരുന്നു. ഇവരെ മൂവ്വരേയും കളക്ടരുടെ തുടർച്ചയായ ശുപാർശയുടെ ഫലമായി ജയിൽ മോചിതരാക്കുവാൻ ഉത്തരവുണ്ടായി.29.

ഈ വക ഭീഷണികളും സമ്മർദ്ദങ്ങളും നിരന്തരം നടന്നിട്ടും ഇവയൊന്നും കൂസാതെ, ചെമ്പൻ പോക്കരും അനുയായികളും സന്ധിയില്ലാത്ത പോരാട്ടമാണ് നടത്തിയത്. പഴശ്ശിരാജയുടെ ഐതിഹാസികസമരത്തിൻെറ ആരംഭം മുതൽതന്നെ ഉണ്ണിമൂസയോടൊപ്പം ചെമ്പൻപോക്കരും ഇതിൽ സജീവ പങ്കാളിത്തം വഹിച്ചു. ആളും അർത്ഥവും കൊണ്ട് പഴശ്ശിരാജയോടൊപ്പം ഇംഗ്ലീഷുകാരെ വെല്ലുവിളിച്ച ഉണ്ണിമൂസയും ചെമ്പൻ പോക്കറും ഹിന്ദു - മുസ്ലീം ഐക്യത്തിൻെ വീരചരിതം രചിച്ചവരാണ്. തൻെറ ഏറ്റവും വിശ്വസ്ഥരായിട്ടാണ് പഴശ്ശിരാജ ഇവരെ കരുതിപ്പോന്നതും. 1802ൽ ഉണ്ണിമൂസമൂപ്പൻ ഇംഗ്ളീഷ് ക്യാപ്റ്റൻ വാട്ട്സൻെറ തോക്കുണ്ടകൾക്കിരയായി വീരമൃത്യു വരിച്ചു. പഴശ്ശിരാജയും ചെമ്പൻപോക്കറും എന്നിട്ടും ഒട്ടും തളരാതെ അവരുടെ ചെറുത്ത് നിൽപ്പ് വീരോചിതം നിർവ്വഹിച്ചു. പഴശ്ശിരാജ 1805ൽ മരണമടയുന്നതിന് അൽപ്പമാസങ്ങൾക്ക് മുമ്പ് ചെമ്പൻ പോക്കർ ഇംഗ്ലീഷ് സൈന്യവുമായേറ്റുമുട്ടി രക്തസാക്ഷിയായിരുന്നു. തൻെറ ഉറ്റ സഹായികളുടെ തിരോധാനം പഴശ്ശിരാജയെ വല്ലാതെ ക്ഷീണിപ്പിക്കുകയുണ്ടായി. പിന്നീട് അധികകാലം പിടിച്ചുനിൽക്കുവാൻ അദ്ദേഹത്തിന് സാധിച്ചതുമില്ല. ചെമ്പൻ പോക്കരുടേയും അനുയായികളുടേയും ഭൂസ്വത്ത് മുഴുക്കെ സർക്കാർ കണ്ടുകെട്ടി. രാജ്യത്താകമാനം നിഷ്ഠൂരമായ മർദ്ദനമുറകൾ നടത്തിക്കൊണ്ടാണ് കമ്പനി അധികാരം നിലനിർത്തിയത്. മർദ്ദനങ്ങളേയും പീഢനങ്ങളേയും അതിജീവിച്ചുകൊണ്ടും പ്രലോഭനങ്ങളേയും പദവികളേയും അവഗണിച്ചുകൊണ്ടും ജീവത്യാഗം ചെയ്ത ഈ ദേശാഭിമാനികളെ അവരർഹിക്കുന്ന രീതിയിൽ മാനിക്കേണ്ടത്, നമ്മുടെ പാരമ്പര്യത്തോടും സംസ്ക്കാരത്തോടും കാണിക്കാവുന്ന മര്യാദ മാത്രമായിരിക്കും.

## അത്തൻ കുരുക്കൾ

മലബാറിൽ രണ്ടാമത്തെ ലാൻഡ് സർവ്വേ നടന്ന 1788ൽ ടിപ്പുവിൻെറ റവന്യൂ ഗവർണ്ണറായിരുന്ന അർഷാദ് ബെഗ്ഖാന് ഒട്ടേറെ പ്രയാസങ്ങൾ നേരിടേണ്ടതായി വന്നു. ഭൂമി അളക്കുന്ന സമ്പ്രദായം തന്നെ പുതിയതായിരുന്നുവല്ലോ കേരളത്തിൽ. ഭൂനികുതി ആദ്യമായി നടപ്പിൽ വരുത്തുന്നതും മൈസൂർ കാലഘട്ടത്തിലാണ്. ഭൂസ്വാമികളെല്ലാം തന്നെ മൈസൂർ ഭരണത്തിനെതിരായി. മലബാറിലെ സ്ഥലങ്ങളിലധികവും നമ്പൂതിരി ജൻമികളുടേതായിരുന്നു എങ്കിലും മഞ്ചേരി തുടങ്ങിയ പ്രദേശങ്ങളിൽ അപൂർവ്വമായി മാപ്പിള ജൻമിമാരും

ഉണ്ടായിരുന്നു. അത്തൻ കുരുക്കളുടെ പിതാവ് മാപ്പിള ജൻമിമാരിൽ എണ്ണപ്പെട്ട വ്യക്തി ആയിരുന്നു. അർഷദ് ബെഗ്ഖാൻെറ ഭൂപരിഷ്ക്കരണ നയം നടപ്പിൽ വന്നപ്പോൾ ഏറ്റവും സംഘടിതമായ എതിർപ്പ് നേരിടേണ്ടതായി വന്നത് മഞ്ചേരിയിൽ നിന്നാണ്. അത്തൻ കുരുക്കളുടെ പിതാവിൻെറ നേതൃത്വത്തിൽ വലിയൊരു കലാപം നടന്നു. എന്നാൽ അർഷാദ് ബെഗ്ഖാൻെറ സൈനിക പ്രവർത്തനത്തിൻെറ ഫലമായി അത്തൻ കുരുക്കളേയും കുടുംബത്തേയും കലാപത്തിൽ ഏർപ്പെട്ട മറ്റു പ്രധാനികളെയും തടവുകാരാക്കി ശ്രീരംഗപട്ടണത്തിലേക്ക് കൊണ്ടു പോകുവാൻ സാധിച്ചു.30. കലാപത്തലവനായ കുരുക്കൾ സൈനിക സംഘട്ടനത്തിൽ മരണമടയുകയും ചെയ്തു. 1792ൽ ശ്രീരംഗപട്ടണം സന്ധിയെത്തുടർന്ന് തടവുകാരുടെ കൈമാറ്റം നടന്ന സന്ദർഭത്തിലാണ് അത്തൻ കുരുക്കളും ബന്ധുക്കളും മലബാറിലേക്ക് വരുന്നത്. കമ്പനിയുടെ വിജയം കൊണ്ടാണ് അത്തൻ കുരുക്കൾക്കും മറ്റും നാട്ടിലേക്ക് തിരിച്ച് വരുവാൻ കഴിഞ്ഞത് തന്നെ. എന്നിട്ടും സമരപാരമ്പര്യമുള്ള ഒരു പുരാതന കുടുംബാംഗമെന്ന നിലയിലായിരിക്കണം അത്തൻ കുരുക്കൾ കമ്പനിയുമായി പിണങ്ങുന്നതും മറ്റ് മാപ്പിള നേതാക്കളുമൊത്ത് സമരങ്ങൾ നടത്തുന്നതും.

സാമൂതിരിയുടെ റവന്യൂ ഓഫീസറായി അദ്ദേഹം ജോലി ചെയ്തിരുന്നു. 1797ൽ ഏറനാട് താലൂക്കിലെ നികുതി പിരിവ് സാമൂതിരിക്ക് ഉപേക്ഷിക്കേണ്ടതായി വരുന്നത് വരെ അദ്ദേഹം ഈ പദവിയിൽ തുടർന്നു. അതിന് ശേഷമാണ് കമ്പനി ഡെറോഗ (പോലീസ് മേധാവി) യുടെ ജോലി അദ്ദേഹത്തിന് നൽകുന്നത്. നേരത്തെ വിവരിച്ചിട്ടുള്ളത് പോലെ സാമാന്യം നല്ല അധികാര അവകാശങ്ങളുള്ള പദവി ആയിരുന്നു ഇത്. ആയുധധാരികളായ 100 പോലീസുകാർ അദ്ദേഹത്തിൻെറ കീഴിൽ ഉണ്ടായിരുന്നു. എന്നാൽ 1800 ആകുമ്പോഴേക്കും മലബാറിൽ പോലീസ് സേനയെ പ്രത്യേകം സംഘടിപ്പിച്ചിരുന്നു. ക്യാപ്റ്റൻ വാട്ട്സൻെറ നേതൃത്വത്തിലാണ് ക്രമസമാധാനരംഗത്ത് ഈ പരിഷ്ക്കാരം വരുത്തിയത്. പക്ഷെ അതോട് കൂടി പല സ്ഥലങ്ങളിലും നിയമിതരായിരുന്ന മൂപ്പൻമാരേയും അവരുടെ കീഴിലുണ്ടായിരുന്ന സായുധ സേനകളെയും പിരിച്ച് വിട്ടിരുന്നു. ഇതോടെ അത്തൻ കുരുക്കളുടെ ഡെറോഗ സ്ഥാനവും നഷ്ടപ്പെട്ടു. എന്നാൽ അതിൻെറ തലേവർഷം തന്നെ കമ്പനി ഭരണത്തോട് തെറ്റിപ്പിരിയേണ്ട സാഹചര്യം അത്തൻ കുരുക്കൾക്കുണ്ടായി. അദ്ദേഹത്തിൻെറ സഹോദരൻ ആദം മുഹമ്മദ് മുസ്ലിയാർ 1795 മുതൽ കമ്പനിയുടെ ജയിലിൽ കൊലക്കുറ്റത്തിനുള്ള വിചാരണയിൽ കഴിയുകയായിരുന്നു. 1799 നവംബറിൽ മുഹമ്മദ് മുസ്ലിയാരെ തൂക്കിക്കൊല്ലുന്നു. ഈ സംഭവത്തോടെ കുരുക്കൾ തൻെറ ആയുധധാരികളായ അനുയായികളോട് കൂടി സഹോദരൻെറ മൃതദേഹം എടുത്തു കൊണ്ടു പോയി സ്വന്തം വീട്ടുവളപ്പിൽ സംസ്ക്കരിച്ചു. ഇതോടെ തുറന്ന സംഘട്ടനം അനിവാര്യമാണെന്ന് ബോധ്യമായ അത്തൻ കുരുക്കൾ ഉണ്ണിമൂസയുടേയും ചെമ്പൻ പോക്കരുടേയും ഇംഗ്ലീഷ് വിരുദ്ധപോരാട്ടത്തിൽ നേരിട്ട് പങ്കാളിയാകാൻ തന്നെ തീരുമാനിച്ചു.31. ഉണ്ണിമൂസയുമായി കുടുംബബന്ധമുണ്ടായിരുന്നയാളുമാണ് അത്തൻ കുരുക്കൾ.

മലബാർ കളക്ടറായിരുന്ന ബേബറുടെ സൈന്യം ഉണ്ണിമൂസയുടേയും ചെമ്പൻ പോക്കരുടെയും വിപ്ലവസേനകളുമായി ഏറ്റുമുട്ടി പരാജയമടഞ്ഞതും, തടവുകാരനാക്കപ്പെട്ട ചെമ്പൻ പോക്കർ പാലക്കാട്ട് കോട്ട ചാടി പൂർവ്വാധികം ഉഷാറോട് കൂടി ഒളിപ്പോർ നടത്തിക്കൊണ്ടിരുന്നതും, തെക്കൻ ജില്ലകളിലെ പോലീസ് സൂപ്രണ്ടായിരുന്ന ക്യാപ്റ്റൻ വാഡലുമായി എതിർത്ത് അദ്ദേഹത്തെ വധിക്കുവാനുള്ള ശ്രമം നടത്തിയതുമൊക്കെ അത്തൻ കുരുക്കളെ സമരരംഗത്തേക്കാകർഷിച്ച കാര്യങ്ങളാണ്. വാഡലിനെ വധിക്കുവാനുള്ള ഗൂഢാലോചനയിലാണ് അത്തൻ കുരുക്കൾ സജീവമായി പങ്കെടുക്കുന്നത്. ഏറനാട്ടിലെ പോലീസ് മേധാവി എന്ന സ്ഥാനം ഉപേക്ഷിച്ച അത്തൻ കുരുക്കളെ സംശയത്തോട് കൂടി വീക്ഷിച്ചിരുന്ന കമ്പനി അധികൃതർക്ക് ക്യാപ്റ്റൻ വാഡലിൻെറ വധോദ്യമത്തോടെ കുരുക്കളുടെ ഉദ്ദേശ്യം വ്യക്തമായിരുന്നു. ഇതോടെ അത്തൻ കുരുക്കളേയും രാജ്യദ്രോഹിയായി പ്രഖ്യാപിക്കുകയും പിടിച്ച് കൊടുക്കുന്നവർക്ക് 5000 ഉറുപ്പിക പാരതോഷികം നൽകുമെന്ന് വിളംബരപ്പെടുത്തുകയും ചെയ്തു. ക്യാപ്റ്റൻ വാട്ട്സൺ 1801 നവംബർ ഒന്നാം തിയ്യതി അയച്ച ഒരു കത്തിൽ മലബാറിലെ പ്രധാന കളക്ടറോട് കിഴക്കേ കോവിലകത്തെ സാമൂതിരിയുടെ ഭടൻമാരിൽ രണ്ടായിരം പേരെ അയച്ചു കൊടുക്കുവാൻ നിർദ്ദേശം നൽകണമെന്നും അത്തൻ കുരുക്കളുടേയും മറ്റും ഭീഷണിയെ നേരിടുവാൻ തൻെറ കീഴിലുള്ള സേനാവിഭാഗത്തിന് തനിച്ച് സാധിക്കുന്നതല്ലെന്നും എഴുതിയിരിക്കുന്നതായി കാണുന്നുണ്ട്.32. അടുത്ത ദിവസത്തെ റിപ്പോർട്ടിൽ പറയുന്നത് കുരുക്കളുടെ പട്ടാളക്കാർ വാട്ട്സൻെറ സേനാവിഭാഗവുമായി ഏറ്റുമുട്ടിയെന്നും അവരിൽ അധികം പേരെയും വധിച്ചു എന്നുമാണ്. പട്ടാളക്കാരുടെ പക്കലുണ്ടായിരുന്ന ആയുധങ്ങളും വെടിക്കോപ്പും കലാപകാരികൾ കവർന്നെടുത്തതായും പരിതസ്ഥിതി നിയന്ത്രണാതീതമായി തീർന്നിരിക്കുന്നതായും അദ്ദേഹം തുടർന്നറിയിക്കുന്നു.33. കേണൽ ബോൺസിൻെറയും ക്യാപ്റ്റൻ വാട്ട്സൻെറയും സേനകളെ സംയോജിപ്പിച്ച ശേഷം പിന്നെയും പോരാതെ വരുന്നുവെങ്കിൽ ഒന്ന് രണ്ട് കമ്പനി ശിപായിമാരെക്കൂടി ഉപയോഗപ്പെടുത്തുവാൻ മലബാർ കമ്മീഷണർമാർ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകി.34. മലബാർ കളക്ടർ ബേബറും പോലീസ് മേധാവികളായ വാട്ട്സനും ബോൺസും കിട്ടാവുന്ന പട്ടാള സന്നാഹങ്ങളെ തയ്യാറാക്കി കുരുക്കൾക്കെതിരായി നീങ്ങി. തുടർന്നുണ്ടായ സംഘട്ടനങ്ങളിൽ ഇരുപക്ഷത്തും പല നാശനഷ്ടങ്ങളും ഉണ്ടായി എന്നതല്ലാതെ, ഒരു യുദ്ധവും നിർണ്ണായകമായില്ല. പൊട്ടിത്തെറിക്കുന്ന രാഷ്ട്രീയ അനിശ്ചിതത്വമാണ് ഇതേതുടർന്ന് മലബാറിൽ വളരെക്കാലം

നിലനിന്നിരുന്നത്. ശത്രുവെ എളുപ്പത്തിൽ കീഴ്പ്പെടുത്താമെന്ന വ്യാമോഹം മതിയാക്കിയ കളക്ടർ പിന്നീട് നൽകിയ നിർദ്ദേശം ഇംഗ്ലീഷ് സൈന്യം കടന്നാക്രമിക്കുന്നതിന് പകരം പ്രതിരോധ പ്രവർത്തനം നടത്തി ഒളിപ്പോരുകാരെ ക്ഷീണിപ്പിക്കണമെന്നായിരുന്നു. ഭക്ഷണവും മരുന്നും വെടിക്കോപ്പും മറ്റ് ആവശ്യസാധനങ്ങളും ഒളിസങ്കേതത്തിൽ എത്തുന്നത് ജാഗ്രത്തായി തടയുക എന്നതായിരുന്നു ഈ തന്ത്രം. കുറെക്കാലം അങ്ങനെ കഴിയുമ്പോൾ മലകളിലും കുറ്റിക്കാടുകളിലും ഒളിച്ചിരുന്ന് സമരം നടത്തുന്നവർ പുറത്ത് വരുമെന്നായിരുന്നു കണക്ക് കൂട്ടൽ.

ഇവർ വിചാരിച്ചതിലും സംഘടിതവും ശക്തിമത്തുമായിരുന്നു വിപ്ലവസേനയുടെ മനോവീര്യവും പ്രയാണഗതിയും. ഇംഗ്ലീഷ് സൈന്യത്തിൻെറ മേൽ ഓർക്കപ്പുറത്ത് ചാടിവീണ് ആക്രമണം നടത്തി അവർക്ക് നാശവും നഷ്ടവും ഏറെ ഉണ്ടാക്കിക്കൊണ്ടിരുന്നു. അക്കൊല്ലം ഡിസംബറിൽ ക്യാപ്റ്റൻ വാട്ട്സൻെറ സൈന്യവും കിഴക്കേ കോവിലകം സാമൂതിരിയുടെ പട്ടാളവും ഒന്നിച്ച് അത്തൻ കുരുക്കളെ നേരിട്ടെങ്കിലും വളരെ നാശനഷ്ടങ്ങൾ സഹിച്ച് അവർക്ക് പരാജയത്തോടെ പിൻമാറേണ്ടതായി വന്നു.35.

അത്തൻ കുരുക്കളെ ഏറനാട്ടിലെ പോലീസ് മേധാവിയായി പുനർനിയമനം നടത്താമെന്നും വർഷംതോറും നല്ലൊരു തുക പെൻഷനായി നൽകാമെന്നും കമ്പനിയുടെ കീഴിൽ വിശ്വസ്ഥനായി കഴിയുകയാണെങ്കിൽ കൂടുതൽ സ്ഥാനമാനങ്ങൾ നൽകുന്നതാണെന്നും ഉത്തരവാദപ്പെട്ട കമ്പനി അധികാരികൾ പലപ്രാവശ്യം അദ്ദേഹത്തെ അറിയിച്ചിരുന്നു. എന്നിട്ടും യാതൊരു വക പ്രീണനത്തിനോ, ആനുകൂല്യത്തിനോ വഴങ്ങാതെ അദ്ദേഹം തൻെറ സന്ധിയില്ലാത്ത പോരാട്ടം തുടരുകയാണ് ചെയ്തത്. 1799ൽ ടിപ്പുസുൽത്താൻെറ മരണത്തിനിടവരുത്തിയ സാഹചര്യങ്ങൾ മലബാറിലെ അദ്ദേഹത്തിൻെറ വിശ്വസ്ഥരായ മാപ്പിള നേതാക്കളെ ഞെട്ടിപ്പിച്ചിരുന്നു. ഇംഗ്ലീഷ്കാരെ ഏത് വിധേനയും എതിർത്ത് തോല്പിക്കണമെന്ന ശാഠ്യം മാപ്പിള കലാപകാരികളിൽ രൂഢമൂലമാകുവാൻ ഇത് പ്രധാനകാരണമായി. മലബാറിലെ മാപ്പിളമനസ്സിനെ വിശകലനം ചെയ്ത് പഠിച്ച മേജർ വാക്കർ ഇത് സംബന്ധമായി രേഖപ്പെടുത്തിയിട്ടുള്ളത് ഇവിടെ വളരെ പ്രസക്തമാണ്. അദ്ദേഹം എഴുതി, "ടിപ്പുസുൽത്താൻെറ മരണവും മൈസൂറിൽ ഹൈന്ദവ രാജാവിനെ പുനർവാഴിച്ചതും മാപ്പിളമനസ്സിനെ വളരെ വേദനിപ്പിച്ച സംഭവങ്ങളായിരുന്നു. അവരുടെ ഭൗതികവും മതപരവുമായ താൽപര്യങ്ങൾക്ക് വിരുദ്ധമാണിതെന്നു അവർ ന്യായമായും ആശങ്കിക്കുകയും ചെയ്തു. അതേസമയം മൈസൂറിലെ ഈ സംഭവവികാസങ്ങളിൽ കേരളത്തിലെ നായൻമാർ അതിരറ്റ ആഹ്ലാദം ഉള്ളവരും തങ്ങളുടെ എതിരാളികളായ മാപ്പിളമാർക്ക് സംഭവിച്ച ഈ തകർച്ച തങ്ങളുടെ താൽപര്യത്തിന് കൂടുതൽ പ്രയോജനകരമാണെന്ന്, അവർ വിശ്വസിക്കുകയും ചെയ്തു."36. ടിപ്പു സുൽത്താൻെറ മരണത്തിനും സവർണ്ണവരേണ്യവർഗ്ഗത്തിൻെറ പുനരാധിപത്യത്തിനും കാരണക്കാരായ ഇംഗ്ലീഷ്കാരോട് കടുത്ത അമർഷമാണ് മലബാർ മാപ്പിളമാർക്ക് ഉണ്ടായിരുന്നത്. ഉണ്ണിമൂസയും കുരുക്കളും ചെമ്പൻപോക്കരുമൊക്കെ തങ്ങളുടെ സമുദായാംഗങ്ങളെ ഇംഗ്ലീഷ് വിരുദ്ധ പോരാട്ടങ്ങളിൽ പങ്കാളികളാകുവാൻ ആഹ്വാനം ചെയ്തിരുന്നതും ഈ വക കാര്യങ്ങൾ ഉയർത്തിപ്പിടിച്ചു കൊണ്ടാണ്. കമ്പനി ഭരണത്തിൻ കീഴിൽ സ്വത്തിനോ, വിശ്വാസത്തിനോ, യാതൊരു രക്ഷയുമില്ലെന്നും മുസ്ലിംകളുടെ ശത്രുക്കളാണ് കമ്പനി ഭരണാധിപൻമാരെന്നും അവരുമായി ഒരിക്കലും സഹകരിക്കരുതെന്നും ഈ നേതാക്കൻമാർ കൂടെ കൂടെ ഉത്ബോധിപ്പിച്ചിരുന്നു. കലാപനേതാക്കൻമാരായ ഇവരെ പിടിച്ചുകൊടുക്കുന്നവർക്ക് 5000 ക വീതം പാരിതോഷികം പ്രഖ്യാപിച്ചിട്ടും ഈ നേതാക്കൻമാരെ ഒറ്റിക്കൊടുക്കുവാൻ ആരും ധൈര്യപ്പെട്ടിരുന്നില്ല എന്നത് ഇംഗ്ലീഷ്കാരോട് അവരുടെ വെറുപ്പു സാർവ്വത്രികമായിരുന്നു എന്നതിൻെറ തെളിവാണ്. മലബാറിലെ മാപ്പിളമാരോടായി കുരുക്കൾ നടത്തിയ വിളംബരത്തിൽ കമ്പനി ഭരണത്തിൽ കീഴിൽ മുസ്ലിംകൾക്ക് യാതൊരു രക്ഷയുമില്ലെന്ന് കാര്യകാരണസഹിതം സമർത്ഥിക്കുന്ന കൂട്ടത്തിൽ കുരുക്കൾ തുറന്ന് പറഞ്ഞത്, "നമുക്കൊരുത്തർക്കും യാതൊരു രക്ഷയുമില്ല, ഇന്നോ നാളെയോ, നമുക്കെതിരായി ആരെങ്കിലും ഒരു പരാതി കൊടുത്താൽ മതി, നാം നിരപരാധികളാണോ, അല്ലയോ എന്ന് പരിഗണിക്കാതെ തന്നെ നാം ശിക്ഷിക്കപ്പെടുന്നു. ഏതെങ്കിലും ഒരു നായർ സാക്ഷിയായി ഉന്നയിക്കുന്ന കൃത്രിമ തെളിവിൻെറ അടിസ്ഥാനത്തിൽ നമ്മെ വിചാരണ ചെയ്ത് തൂക്കിലേറ്റും എന്നതാണല്ലോ സ്ഥിതി," എന്നാണ്.37. ഇത്തരം ആഹ്വാനങ്ങളും പ്രചാരണങ്ങളുമാണ് മാപ്പിളനേതാക്കൻമാർക്ക് തങ്ങളുടെ സൈനിക പോരാട്ടങ്ങൾ സുദീർഘമായ ഒരു ദശാബ്ദത്തിലേറെക്കാലം തുടർന്നുകൊണ്ടുപോകുവാൻ സഹായിച്ചതെന്നാണ് മലബാർ ഡിസ്ട്രിക്ടിലെ ആദ്യത്തെ കളക്ടറായ വില്യം മെക്ലിയോഡ് 1802ൽ എഴുതിയിട്ടുള്ളത്.38.

കുരുക്കളേയും മറ്റു കലാപകാരികളെയും യാതൊരു തരത്തിലും സഹായിച്ചുപോകരുതെന്ന് ജനങ്ങൾക്ക് കൂടെ കൂടെ താക്കീത് നൽകുന്ന വിളംബരങ്ങൾ നടത്തി നോക്കിയിട്ടും കലാപകാരികളോടുള്ള ജനങ്ങളുടെ സമീപനത്തിൽ ഒട്ടും മാറ്റമുണ്ടായില്ല. വിപ്ലവസേനയിൽപെടുന്നവരെ ഏതെങ്കിലും വിധത്തിൽ സഹായിച്ചാലുണ്ടാകാവുന്ന ശിക്ഷ ഭയങ്കരമായിരുന്നിട്ടും ജനങ്ങൾ ഇതൊക്കെ സഹിച്ചുകൊണ്ടിരുന്നു. 1801 മലബാറിലെ തെക്കൻ ജില്ലകളുടെ കളക്ടറായിരുന്ന കേണൽ വെയ്, അത്തൻ കുരുക്കളുടെ കുടുംബാംഗങ്ങളുടെയെല്ലാം സ്വത്ത് കണ്ട് കെട്ടുവാൻ ശുപാർശ ചെയ്തിരുന്നു.39. ഇതൊന്നും കലാപനേതാക്കളുടെ മനോവീര്യം തകർത്തില്ലെന്നു മാത്രമല്ല, പൂർവ്വാധികം പ്രതികാരവാഞ്ഛയോടുകൂടി അവർ സൈനികപ്രവർത്തനങ്ങൾ രൂക്ഷമാക്കുകയാണു ചെയ്തത്. അങ്ങനെ തെക്കെ മലബാറിൽ വ്യവസ്ഥാ

പിതമായ ഒരു ഗവർമ്മേണ്ട് നിലവിലില്ലെന്ന് തോന്നിക്കുംവിധം അരാജകത്വവും അരക്ഷിതാവസ്ഥയും നിലനിന്നു. ഈ അവസരത്തിൽ വടക്കേ മലബാറിൽ പഴശ്ശിരാജായുടെ വിമോചനസേന ഉശിരൻ പ്രകടനം നടത്തിക്കൊണ്ടിരുന്ന സന്ദർഭവുമായിരുന്നു. ഉണ്ണിമൂസയും ചെമ്പൻ പോക്കരും അത്തൻ കുരുക്കളും ഇംഗ്ലീഷ്കാരോടെതിരിട്ടു നിന്നിരുന്ന പഴശ്ശി രാജായോടൊപ്പം ചേർന്നു. അങ്ങനെ മലബാറിന്റെ ഒറ്റം മുതൽ മറ്റേ അറ്റം വരെ രക്തരൂക്ഷിതമായ സംഘട്ട നങ്ങൾ നിത്യസംഭവമായി മാറിക്കൊണ്ടിരുന്ന സമയത്താണ് ബോംബേ ഗവർണ്ണറുടെ നിർദ്ദേശപ്രകാരം ഒരു അന്വേ ഷണകമ്മീഷനെ നിയമിക്കുന്നത്. കലാപത്തിൽ കഴിയുന്ന എല്ലാ നേതാക്കൻമാർക്കും അവരർഹിക്കുന്ന പദവികളും സ്ഥാനമാനങ്ങളും നൽകുന്നതാണെന്നും കലാപം ഒഴിവാക്കി സമാധാനമായി വർത്തിക്കണമെന്നും കമ്പനി ഉത്ബോധനം നടത്തിക്കൊണ്ടിരുന്നു. ഇംഗ്ലീഷ്കാരുമായി യാതൊരുകാരണവശാലും യോജിക്കുകയില്ലെന്ന് ശാഠ്യമുണ്ടായിരുന്ന ഈ നേതാക്കൾ, ജീവൻമരണ യുദ്ധത്തിന്റെ അന്ത്യം കുറിക്കുവാൻ തയ്യാറായി. പഴശ്ശി സമരത്തിന് ഭക്ഷണപദാർത്ഥങ്ങളും വെടിക്കോപ്പും മറ്റുള്ള ആവശ്യസാധനങ്ങളും എത്തിച്ചുകൊടുത്തിരുന്നത് മാപ്പിളനേതാക്കൻമാരായിരുന്നു. സജ്ജീകരിക്കാവുന്ന സന്നാഹങ്ങളോടു കൂടി അത്തൻ കുരുക്കളും ഉണ്ണിമൂസയും ചെമ്പൻ പോക്കരും പഴശ്ശിരാജയെ സഹായിക്കുക മാത്രമല്ല, ഇംഗ്ലീഷ് സൈന്യത്തെ നിരന്തരം എതിരിട്ട് അവരുടെ ശ്രദ്ധയെ വയനാട്ടിൽ നിന്നും ഏറനാട്ടിലേക്കാകർഷിക്കുകയും ചെയ്തു. കമ്പനിമേലാളൻമാരും ശ്രദ്ധാപൂർവ്വം കരുക്കൾ നീക്കിയിരുന്നു. ആസൂത്രിത പദ്ധതിയോടുകൂടി സുക്ഷിതരായ സൈനികരുടെ പിൻബലത്തോടെ ക്യാപ്റ്റൻ വാട്ട്സൻ 1802ൽ പട്ടാമ്പിയിൽ വെച്ച് അത്തൻ കുരുക്കളെ വെടിവെച്ച് കൊന്നു. കോട്ടകൊത്തളത്തോടു കൂടിയുള്ള സുരക്ഷിതമെന്ന് കരുതിയിരുന്ന അദ്ദേഹത്തിന്റെ താവളത്തിൽ മണിക്കൂറുകൾ നീണ്ടുനിന്ന ഉഗ്രസംഘട്ടനത്തിന് ശേഷമാണ് അവർക്ക് കുരുക്കളെ കൊലപ്പെടുത്തുവാൻ സാധിച്ചത്. അതേ വർഷം നവംബറിൽ ഉണ്ണിമൂസയും വധിക്കപ്പെട്ടു. എന്നാൽ 1805ൽ പഴശ്ശിരാജ മരിക്കുന്നതിന് അല്പമാസങ്ങൾക്ക് മുമ്പ് വരെ ചെമ്പൻ പോക്കർ അദ്ദേഹത്തിന്റെ സഹായത്തിനുണ്ടായിരുന്നു. പക്ഷേ പഴശ്ശിയുടെ ദാരുണമായ അന്ത്യത്തിന് സാക്ഷി യാകുന്നതിന് മുമ്പ് തന്നെ ഇംഗ്ലീഷ് സൈന്യവുമായേറ്റുമുട്ടി അദ്ദേഹവും മരിച്ചു. മലബാറിൽ ഇംഗ്ലീഷ്കാർക്ക് അഭിമുഖീകരിക്കേണ്ടതായി വന്ന ആദ്യത്തെ സംഘടിത കലാപത്തിന് അങ്ങനെ യവനിക വീണു.

<u>കേരളവർമ്മ പഴശ്ശിരാജ</u>

തെക്കേ മലബാറിലെ ഏറനാട്, വള്ളുവനാട് ജില്ലകളിൽ മാപ്പിള നേതാക്കൻമാർ ഈസ്റ്റിന്ത്യാ കമ്പനിയുടെ അസ്ഥിത്വത്തെ തന്നെ ചോദ്യം ചെയ്തുകൊണ്ട് സൈനിക കലാപങ്ങൾ സുശക്തമായി ആരംഭിച്ചിരുന്നത് നാം നേരത്തെ വിവരിച്ചതാണല്ലോ. മലബാർ കമ്പനിയുടെ അധീനതയിൽ വന്ന 1792ൽ തുടങ്ങിയ ഈ അസ്വാസ്ഥ്യം കമ്പനി ഭരണത്തിന് വലിയ ഭീഷണിയായിത്തീർന്നിരുന്ന സന്ദർഭത്തിലാണ് 1793ൽ വടക്കേ മലബാറിൽ കേരളവർമ്മ പഴശ്ശിരാജ കമ്പനിയുമായി തെറ്റിപ്പിരിയുന്നത്. ഒന്നും രണ്ടും ആംഗ്ലോ-മൈസൂർ യുദ്ധങ്ങളിൽ മൈസൂർ ഭരണത്തിനെതിരായി കഴിവത് സഹായം നൽകിയിരുന്ന കേരളവർമ്മ പഴശ്ശിരാജയ്ക്ക്, കമ്പനി അധികാരത്തിലേറിയപ്പോൾ നടത്തിയ കരം പിരിവ് സംവിധാനത്തോട് കടുത്ത എതിർപ്പ് വന്നുകൂടി. കോട്ടയം കുടുംബത്തിലെ പടിഞ്ഞാറെ കോവിലകം സ്ഥിതി ചെയ്തിരുന്നത് പഴശ്ശിയിലായിരുന്നത് കൊണ്ടാണ് കേരളവർമ്മ, പഴശ്ശിരാജ എന്ന പേരിൽ അറിയപ്പെട്ടത്. വടക്കൻ ജില്ലകളിലെ നികുതി പിരിവ് സംബന്ധിച്ച് മലബാർ കമ്മീഷണർമാർ അവർ പുനർവാഴ്ച നടത്തിയ രാജാക്കൻമാരുമായി വെവ്വേറെ ഉടമ്പടികൾ ഉണ്ടാക്കിയിരുന്നു. തദനുസൃതം 1793 മെയ് 18-ാം തിയ്യതി കുറുമ്പ്രനാട് രാജാവുമായി ഒത്തുതീർപ്പുണ്ടാക്കി.40. "വരുംവർഷത്തെ നികുതി പിരിവിൽ സഹായിക്കുന്നതിന് കമ്പനിയുടെ ഒരുദ്യോഗസ്ഥനെ നിയമിച്ചയക്കാനും അയാൾ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കുറുമ്പ്രനാട് ജില്ലയുടെ മാത്രമല്ല, കോട്ടയം താവഴിയിൽപെട്ട തന്റെ രണ്ട് അനന്തിരവൻമാരുടെ അധിനതയിലുള്ള കോട്ടയത്തേയും പരപ്പനാട്ടിലേയും കൂടി നികുതി പിരിച്ച് കമ്പനി ഗവൺമെൻറിന് കൊടുക്കുവാനുള്ള സ്ഥിരമായ പട്ടയം തനിക്കനുവദിക്കണ" മെന്ന ഒരു നിർദ്ദേശം കുറുമ്പ്രനാട് രാജാവ് മുന്നോട്ട് വെച്ചിരുന്നു. ഈ ജില്ലകളുടെ മേൽ തനിക്ക് പരമാധികാരം ഉണ്ടെന്ന് ബോധ്യപ്പെടുത്തുവാൻ അദ്ദേഹം ശ്രമിക്കുകയും ചെയ്തു. വരുംവല്ലായ്ക നോക്കാതെ തന്നെ കമ്പനി മേലാളൻമാർ കരാർ വ്യവസ്ഥയിൽ ഈ ജില്ലയുടെ നികുതി പിരവും അദ്ദേഹത്തെയാണ് ഏൽപ്പിച്ചത്.

തന്റെ അമ്മാവനായ കുറുമ്പ്രനാട് രാജാവിന്റെ ഈ അവകാശവാദം അംഗീകരിക്കുവാൻ കോട്ടയം പടിഞ്ഞാറെ താവഴിക്കാരനായ കേരളവർമ്മ പഴശ്ശിരാജ തയ്യാറാകാതിരുന്നതാണ് കുഴപ്പത്തിന്റെ ആരംഭം. പഴശ്ശിയുടെ കീഴിലായിരുന്ന പയ്യനാട്, പുലവായി, പയ്യൂർമല എന്നി പ്രദേശങ്ങളിൽമേലുള്ള അവകാശവാദം ഉപേക്ഷിക്കുവാൻ കുറുമ്പ്രനാട് രാജാവ് നിർബന്ധനാകുകയും ചെയ്തു. എന്നാൽ ഇതുകൊണ്ടും പഴശ്ശിരാജയെ തൃപ്തിപ്പെടുത്തുവാൻ സാധിച്ചില്ല. കോട്ടയം ജില്ലയുടെ നോക്കി നടത്തിപ്പും കുറുമ്പ്രനാട് രാജാവിൽ നിക്ഷിപ്തമായിരുന്നു. യഥാർത്ഥത്തിൽ ഈ ജില്ല പഴശ്ശിരാജയുടെ സ്വാധീനത്തിലും അധികാരത്തിലും ആയിരുന്നു എന്ന് മാത്രമല്ല പഴശ്ശിയുടെ രാജ്യത്ത് തന്റെ അധികാരം നടത്തുവാൻ കുറമ്പ്രനാട് രാജാവ് അത്രമാത്രം ശക്തനുമായിരുന്നില്ല. തൻമൂലം 1793 നവംബർ വരെ കോട്ടയം ജില്ലയിൽ നിന്നും നികുതി പിരിവ് നടത്താൻ

അസാദ്ധ്യവുമായി. മാത്രവുമല്ല തന്റെ രാജ്യാതിർത്തിക്കകത്ത് കുരുമുളക് ചെടികളുടെ എണ്ണം തിട്ടപ്പെടുത്തുന്ന ജോലി ഇംഗ്ലീഷ് ഉദ്യോഗസ്ഥൻമാർ മതിയാക്കിയില്ലെങ്കിൽ കുരുമുളക് വള്ളികൾ മുഴുക്കെ താൻ വെട്ടി നശിപ്പിക്കുമെന്ന് അദ്ദേഹം ഭീഷണിപ്പെടുത്തുകയും ചെയ്തു. പഴശ്ശി രാജ യ്ക്കെതിരായി നടപടി എടുക്കുന്നത് കമ്പനി താൽപര്യത്തിന് തൽക്കാലം ഹാനികരമായിരിക്കുമെന്ന് കമ്മീഷ്ണർമാർക്ക് ബോദ്ധ്യമായിരുന്നതിനാൽ പഴശ്ശി രാജയുടെ ആവലാതികൾ എന്തൊക്കെയെന്ന് അന്വേഷിച്ചറിയുവാൻ വേണ്ടി കമ്പനിയുടെ ദ്വിഭാഷി ആയ ലാഫ്രേണെയ്സിനെ ചുമതലപ്പെടുത്തിയിരുന്നു. അദ്ദേഹത്തിന്റെ റിപ്പോർട്ട് അവിടെ നടക്കുന്ന സത്യാവസ്ഥയിലേക്ക് വെളിച്ചം വീശുന്നതായിരുന്നു. തന്റെ അനന്തിരവൻ പഴശ്ശിരാജയ്ക്ക് വേണ്ടി മാതുലനായ കുറുമ്പ്രനാട് രാജയാണ് കമ്പനിയുമായി ഉടമ്പടി ഉണ്ടാക്കിയിരുന്നത്. താൻ അനുഷ്ഠിക്കാൻ ബാദ്ധ്യസ്ഥമായ ഉടമ്പടി വ്യവസ്ഥകൾ പഴശ്ശിരാജ പാലിക്കാതിരിക്കുന്നതിന് വേണ്ടി എല്ലാം പ്രേരണകളും നൽകിയിരുന്നത് കുറുമ്പ്രനാട് രാജാവാണെന്ന് ലാ ഫ്രെണെയ്സിന്റെ അന്വേഷണത്തിൽ വ്യക്തമായിരുന്നു. വ്യവസ്ഥകൾ ലംഘിക്കപ്പെടുമ്പോൾ കമ്പനിയുമായി ഒരേറ്റുമുട്ടൽ അനിവാര്യമാക്കിത്തീർത്ത് പഴശ്ശിയുടെ ശക്തി ക്ഷയിപ്പിക്കുക എന്ന ഉപായമായിരന്നു കുറുമ്പ്രനാട് രാജാവ് സ്വീകരിച്ചത്. ഈ ഉപജാപം മനസ്സിലായതോട് കൂടി പഴശ്ശി രാജയുമായി നേരിട്ട് കരാറുണ്ടാക്കുവാൻ കമ്മീഷൻ അംഗമായ ഫാർമർ മുൻകൈ എടുത്തു. കതിരൂർ, പഴശ്ശി, കുറ്റ്യാട്, താമരശ്ശേരി എന്നീ നാടുകളിലെ കരം പിരിവും മേൽ നോട്ടവും അങ്ങനെ പഴശ്ശിരാജയിൽ നിക്ഷിപ്തമായി.41. വളരെ ഉദാരമായ സമീപനമാണ് പഴശ്ശിയോട് കമ്പനിയെടുത്തത്. പഴശ്ശിയുടെ നാടുകളിൽ നിന്നും ക്ഷേത്രഭൂമികൾ ഒരു കൊല്ലത്തേക്കോ മറ്റൊരു കല്പന ഉണ്ടാകുന്നത് വരേക്കോ, കരം പിരിവിൽ നിന്നും ഒഴിവാക്കുവാനും രാജയുടെ കുടുംബചെലവിലേക്ക് നാട്ടിന്റെ പൊതുനികുതി പിരിവൽ അഞ്ചിലൊരു ഭാഗം വിട്ടുകൊടുക്കുവാനും ക്ഷേത്രങ്ങളുടെ പൂജാദി കർമ്മങ്ങൾക്കായി നികുതി പിരിവിൽ മറ്റൊരഞ്ച് ഭാഗം കൂടി വക കൊള്ളിക്കാനും സൂപ്പർവൈസർ സമ്മതിച്ചു.42. ടിപ്പുവിനെതിരായ യുദ്ധത്തിൽ കമ്പനിക്ക് നൽകിയ പിന്തുണയും കമ്പനിയുമായി പഴശ്ശിരാജവംശം പുലർത്തിപ്പോന്ന സൗഹൃദബന്ധവും മുൻനിർത്തിയാണ് ഈ വിട്ടുവീഴ്ചകൾ നൽകുന്നതെന്ന് വിശദീകരിക്കപ്പെട്ടു.43.

ഇതിനിടെ പഴശ്ശിരാജയ്ക്കെതിരായി പല ആരോപണങ്ങളും കമ്പനി അധികാരികൾ പ്രചരിപ്പിച്ചു. വ്യവസ്ഥകൾക്കെതിരായി അദ്ദേഹം നിയമം കയ്യിലെടുത്തിരിക്കുന്നുവെന്നും കമ്പനിയോട് പുച്ഛമനോഭാവമാണ് പുലർത്തുന്നതെന്നും അവർ കരുതി. പഴശ്ശിക്കെതിരായി ഉന്നയിച്ച ആരോപണങ്ങളിൽ ചിലതാണ് താഴെ ചേർക്കുന്നത്. കോട്ടയം അങ്ങാടിയിലെ ഒരു മുസ്ലിംപള്ളി 1793 ഏപ്രിൽ മാസത്തിൽ അ കാരണമായി നശിപ്പിച്ചു. ആ വർഷം സെപ്റ്റംബറിൽ കുട്ടാളിയിലെ മാപ്പിളമാർ ഒരു പള്ളി പുതുതായി പണിയുവാനോ, പുതുക്കിപ്പണിയുവാനോ, പഴശ്ശിരാജയോട് അനുവാദം ചോദിച്ചു. തിരുമുൽക്കാഴ്ച വെച്ചാൽ അതിനനുവദിക്കാമെന്നായിരുന്നു മറുപടി. കാഴ്ചപ്പണം നൽകാതെ തന്നെ മുസ്ലിംകൾ പള്ളി പണിയുന്നതായറിഞ്ഞ് താലിബ് കുട്ടി അലി എന്ന മാപ്പിളത്തലവനെ തന്റെ മുമ്പിൽ ഹാജരാക്കുവാൻ അഞ്ച് സായുധ ഭടൻമാരോടൊപ്പം പഴശ്ശി രാജ കല്യാടൻ ഏമാനനെ പറഞ്ഞയിച്ചിരുന്നു. അവിടെ നടന്ന സംഘട്ടനത്തിൽ കുട്ടി അലി കല്യാടൻ ഏമാനനെ വകവരുത്തി. കുട്ടി അലിയെ ആകട്ടെ പട്ടാളക്കാരും കൊന്നു. വിവരമറിഞ്ഞ പഴശ്ശിരാജ കുട്ടാളിയിലെ മുസ്ലിംകളെ മുഴുക്കെ കൊല്ലുവാനാവശ്യപ്പെട്ടുകൊണ്ട് ഒരു സായുധ സംഘത്തെ അവിടേക്ക് പറഞ്ഞയച്ചു. കുട്ടാളിയിലെത്തിയ പട്ടാളക്കാർ ആറ് മാപ്പിളമാരെ കൊന്നു. ഏറ്റുമുട്ടലിൽ രണ്ട് പട്ടാളക്കാരും മരിച്ചിരുന്നു.44. ഇരുവഴിനാട് നമ്പ്യാർമാരിൽ ഒരാളായ നരങ്ങോളി നമ്പ്യാരുടെ അനുചരനെ ഒരു മാപ്പിള കൊലചെയ്തതിന് പ്രതികാരമായി അദ്ദേഹത്തിന്റെ ആൾക്കാർ മൂന്ന് മാപ്പിളമാരെ കൊലപ്പെടുത്തി. പഴശ്ശിയുടെ പിൻബലം ഇതിനുണ്ടായിരുന്നുവെന്ന് പറയപ്പെടുന്നു. നരങ്ങോളി നമ്പ്യാർ പഴിശ്ശിയുടെ അടുക്കലാണ് അഭയം തേടിയിരുന്നത്. കമ്പനി സൂപ്പർവൈസർ അഭയം നൽകരുതെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും പഴശ്ശിരാജ അത് വകവെക്കുക ഉണ്ടായില്ല.45. 1795ൽ മോഷണക്കുറ്റം ചുമത്തി രണ്ട് മാപ്പിളമാരെ കഴുമരം കയറ്റിയതായി മറ്റൊരാരോപണവും പഴശ്ശിയെ പറ്റി പ്രചരിപ്പിച്ചിരുന്നു. ഇതിന് പുറമെ തിരുമുൾക്കാഴ്ചവെച്ച് വണങ്ങാൻ ചെന്ന ഒരു മാപ്പിള അത് കഴിഞ്ഞ് മടങ്ങിപ്പോരുമ്പോൾ പഴശ്ശിരാജ പുറകിൽ നിന്നും വെടിവെച്ചു എന്നതായിരുന്നു മറ്റൊരാരോപണം. കൊലക്കുറ്റം ചുമത്തി പഴശ്ശിയെ വിചാരണ ചെയ്യണമെന്ന് സുപ്രീം ഗവൺമെന്റ് ഉത്തരവിട്ടിരുന്നു. മുസ്ലിംകൾക്കെതിരായിരുന്നു പഴശ്ശിരാജയെന്ന് പ്രചരിപ്പിക്കുവാനുള്ള മനഃപൂർവ്വമായ ഉദ്ദേശ്യമായിരുന്നു ഇവയുടെയൊക്കെ പിന്നിൽ. പഴശ്ശിരാജ കമ്പനിയോട് പിണങ്ങി കലാപക്കൊടി ഉയർത്തിയ നാൾ തൊട്ട്, കമ്പനിയോട് അതിന് മുമ്പ് തന്നെ തുറന്ന സംഘട്ടനങ്ങൾ നടത്തിക്കൊണ്ടിരുന്ന ഉണ്ണിമൂസ മൂപ്പനും ചെമ്പൻ പോക്കരും തുടങ്ങിയ മാപ്പിള പടനായകൻമാരും അവരുടെ സന്നദ്ധഭടൻമാരും ആകാവുന്ന സഹായങ്ങളൊക്കെ പഴശ്ശിരാജാവിനെത്തിച്ചു കൊടുത്തിരുന്നു എന്നതാണല്ലോ സത്യം. ആ സ്ഥിതിയിൽ മലബാറിലെ മുസ്ലിംകളെ പൊതുവേയും മാപ്പിള നേതാക്കൻമാരെ പ്രത്യേകമായും പഴശ്ശിയിൽ നിന്നും വേർപെടുത്തുവാനുള്ള ഗൂഢാലോചനയുടെ ദുർസന്തതി ആയിരുന്നിരിക്കണം ഈ കുപ്രചാരണമെന്ന് വേണം ഊഹിക്കുവൻ. ലോഗനും അതിന് മുമ്പ് മലബാർ കമ്മീഷണർമാരും എഴുതി പ്രചരിപ്പിച്ചിട്ടുള്ളത് പോലെ മുസ്ലിം വിദ്വേഷി ആയിരുന്നു പഴശ്ശിരാജയെങ്കിൽ നിശ്ചയമായും ഉണ്ണിമൂസയും കൂട്ടരും ഒരിക്കലും അദ്ദേഹത്തിന്റെ പിന്നിൽ

അണിനിരക്കുമായിരുന്നില്ല.

1795 ജൂണിൽ കോട്ടയം ജില്ലയിൽ നിന്നുള്ള റവന്യൂ പിരിവ് നിർത്തിവെച്ച് കൊണ്ട് പഴശ്ശിരാജ വിളംബരം പുറപ്പെടുവിച്ചു. എല്ലാ നിലയ്ക്കും കമ്പനിയുടെ അധീശാധികാരത്തെ വെല്ലുവിളിച്ചുകൊണ്ടുള്ളതായിരുന്നു പഴശ്ശിരാജയുടെ പ്രവർത്തനങ്ങൾ. ഇതൊക്കെ ആയിട്ടും അദ്ദേഹത്തിനെതിരെ നടപടി എടുക്കുന്നതിൽ കമ്പനി അധികാരികൾ അത്ര ആവേശം കാണിച്ചില്ല. കാരണം അദ്ദേഹത്തെ അത്ര എളുപ്പം പിടികൂടുവാൻ സാധിക്കുമായിരുന്നില്ല. സർവ്വായുധധാരികളായ അഞ്ഞൂറ് ഭടൻമാർ എപ്പോഴും അദ്ദേഹത്തിന് കാവൽ ഉണ്ടായിരുന്നു. 1795ൽ കുറുമ്പ്രനാട് രാജയുടെ നികുതി പിരിവ് കാര്യസ്ഥൻമാരുടെ സംരക്ഷണത്തിനായി സൂപ്പർവൈസർമാർ ഓരോ ഡിറ്റാച്ച്മെൻറ് പട്ടാളത്തെ കോട്ടയം അങ്ങാടിയിലും മണത്തണയിലും താവളമടിപ്പിച്ചിരുന്നു. പക്ഷെ എന്നിട്ടും നികുതി പിരിവ് പഴശ്ശിയുടെ പ്രവർത്തനങ്ങൾ മൂലം നടന്നില്ല.

കോട്ടയം ജില്ലയെ സംബന്ധിച്ച് ഗവൺമെൻറുമായി ഉണ്ടാക്കിയ കരാർ നടപ്പാക്കുന്നതിൽ കുറുമ്പ്രനാട് രാജ എത്രമാത്രം അശക്തനാണെന്ന് തെളിയിക്കുകയായിരുന്നു പഴശ്ശിയുടെ ലക്ഷ്യം. ഈ സമയത്ത് പഴശ്ശിരാജയുമായുള്ള കമ്പനിയുടെ ബന്ധം കൂടുതൽ വഷളാകുകയായിരുന്നു. കോട്ടയം ജില്ലകളുടെ നടത്തിപ്പ് ഏറ്റെടുത്തിരുന്ന തൻെറ മാതുലൻ കുറുമ്പ്രനാട് രാജാവിനെ പഴശ്ശിരാജ പുച്ഛത്തോട് കൂടി അവഗണിക്കുകയാണ് ചെയ്തത്. കുറുമ്പ്രനാട് രാജാവാകട്ടെ പഴശ്ശിയെ തൻെറ വരുതിയിൽ കൊണ്ടുവരുവാനും കരം പിരിവ് സുഗമമാക്കുവാനും വേണ്ടി കമ്പനി പട്ടാളത്തിൻെറ ഇടപെടലിനായി നിരന്തരം ആവശ്യപ്പെട്ട് കൊണ്ടുമിരുന്നു. ധൃതിപിടിച്ച് എന്തെങ്കിലും പ്രതികാര നടപടിക്കൊരുങ്ങുന്നത് ശരിയല്ലെന്ന് സ്റ്റീവെൻസൺ കരുതി. എന്നാൽ പഴശ്ശി രാജ്യത്തെ നികുതി കുടിശ്ശിക ബലം പ്രയോഗിച്ച് തന്നെ പിരിച്ചെടുക്കണമെന്ന് 1796 മെയ് മാസത്തിൽ ബോംബെ ആസ്ഥാനത്ത് നിന്നും കൽപ്പന കിട്ടിയപ്പോൾ സ്റ്റീവെൻസന്നു അടങ്ങയിരിക്കാനായില്ല. പഴശ്ശി രാജയെ പിടികൂടുകയും മൂന്നു മാപ്പിളമാരെ കൊന്ന കുറ്റത്തിന് അദ്ദേഹത്തെ വിചാരണ ചെയ്ത് ശിക്ഷിക്കണമെന്നും മുകളിൽ നിന്ന് നിർദ്ദേശമുണ്ടായി. ഇതേ തുടർന്ന് ഏപ്രിൽ 13 പുലരും മുമ്പെ ലഫ്. ജേയിംസ് ഗോർഡൻെറ നേതൃത്വത്തിൽ 300 ഭടൻമാർ തലശ്ശേരിയിൽ നിന്നും പുറപ്പെട്ട് പഴശ്ശിക്കോട്ട വളഞ്ഞു. കോട്ടയുടെ മതിൽ ഭേദിച്ച് കൊട്ടാരത്തിൽക്കടന്ന ഭടൻമാർ കണ്ടത് പഴശ്ശിയും കൂട്ടരും കൊട്ടാരമൊഴിഞ്ഞ് പോയതായിട്ടാണ്. സ്റ്റിവൻസൻെറ, പഴശ്ശിരാജയെ പിടിക്കുവാൻ വേണ്ടി തയ്യാറാക്കിയ ആസൂത്രിത പദ്ധതി പരാജയപ്പെടുകയാണുണ്ടായത്. എന്നാൽ കൊട്ടാരം കൊള്ളയടിച്ച പട്ടാളക്കാർക്ക് വളരെ വിലപ്പെട്ട സാധനങ്ങളും ധനങ്ങളും ലഭിച്ചിരുന്നു. കമ്പനി മേലാളൻമാരുടെ മുമ്പിൽ എത്തിയ കൊള്ളമുതൽ 301 സ്വർണ്ണ മൊഹറും 2568 വെനീഷ്യൻ സ്വർണ്ണനാണയവും മാത്രമായിരുന്നു.[46] പട്ടാളം പഴശ്ശിയിൽ തന്നെ താവളമടിച്ചു. പഴശ്ശിക്കൊട്ടാരം കൊള്ളടിച്ചതിനെതിരായി രാജാവ് സൂപ്പർവൈസർക്ക് പരാതി നൽകി. കൊട്ടാരത്തിലുണ്ടായിരുന്ന വസ്തുവഹകളുടെ ഒരു ലിസ്റ്റും ഏഴുത്തോടൊപ്പം അയച്ചുകൊടുത്തിരുന്നു. എന്നാൽ കൊള്ളയടിച്ച മുതലിൻെറ ഗോർഡൻ നൽകിയ ലിസ്റ്റും പഴശ്ശിരാജയുടെ പട്ടികയും തമ്മിൽ ഉള്ള വ്യത്യാസം വളരെയായിരുന്നു. ഈ സംഭവത്തിനു ശേഷം മലവാരങ്ങളിൽ തുടർന്നും താമസിക്കുന്നത് സുരക്ഷിതമല്ലെന്ന് പഴശ്ശിക്ക് ബോധ്യമായിരുന്നതിനാൽ അദ്ദേഹം വയനാട്ടിലേക്ക് കടന്ന് പ്ലോട്ട് പാറയിൽ താവളമുറപ്പിച്ചു. 1796 ജൂണിൽ കുറ്റ്യാടിചുരം വഴിയുള്ള ഗതാഗതം അദ്ദേഹം നിശ്ശേഷം നിർത്തലാക്കി. ബ്രിട്ടീഷ് പട്ടാളം ആകട്ടെ അടിവാരവും മേൽവാരവും തമ്മിലുള്ള ഗതാഗതവും റദ്ദാക്കി. എന്നാൽ വയനാട്ടിലേക്ക് കടന്ന് പഴശ്ശിരാജയെ പിന്തുടരുവാൻ ബ്രിട്ടീഷ് സൈന്യം ധൈര്യപ്പെട്ടില്ല. ഇതിനിടയിൽ കേണൽ ഡോ വിൻെറ കീഴിലുള്ള സൈന്യങ്ങളെക്കൊണ്ട് മാത്രം പഴശ്ശിരാജ സൃഷ്ടിച്ച സ്ഥിതി വിശേഷത്തെ നേരിടുവാൻ അസാദ്ധ്യമാണെന്ന് മനസ്സിലാക്കിയ കമ്പനി ഉദ്യോഗസ്ഥൻമാർ കിട്ടാവുന്നിടത്ത്നിന്നൊക്കെ സൈന്യശേഖരം നടത്തിക്കൊണ്ടിരുന്നു.

പഴശ്ശിരാജയ്ക്കും അനുയായികൾക്കും വളരെ ദുഃസ്സഹമായ സ്ഥിതിയാണ് വയനാട്ടിൽ അനുഭവിക്കേണ്ടതായി വന്നത്. മഴക്കാലത്ത് പ്രത്യേകിച്ചും സീമാതീതമായ ക്ലേശം അവർക്കുണ്ടായി. ഈ സന്ദർഭത്തിൽ തൻെറ പൂർവ്വകാല സുഹൃത്തായ കേണൽ ഡോവിന് പഴശ്ശി ഒരു സന്ദേശമയച്ചു. തൻെറ കൊട്ടാരവും സ്വത്തും തിരിച്ച് നൽകി തനിക്ക് മാപ്പ് തരികയാണെങ്കിൽ പഴശ്ശിരാജ്യത്തേക്ക് മടങ്ങിവരാമെന്നായിരുന്നു കത്തിലെ രത്നചുരുക്കം. കേണൽ ഡോ ഈ അഭ്യർത്ഥന സസന്തോഷം സ്വീകരിച്ച് ഒത്തുതീർപ്പിന് തയ്യാറായി. അതായിരുന്നില്ലെങ്കിൽ ടിപ്പു സുൽത്താൻെറ അടുക്കൽ പഴശ്ശി അഭയം തേടുവാനുള്ള സാദ്ധ്യത തെളിഞ്ഞിരുന്നു. ഈ ഒത്തുതീർപ്പിന് സഹായമാകും വിധം മണത്തണയിൽ പാളയമടിച്ചിരുന്ന ഉത്തരമേഖലാ സുപ്രണ്ട് തൻെറ സൈന്യങ്ങളുമായി തലശ്ശേരിയിലേക്ക് തിരിച്ച് പോന്നു. പഴശ്ശിരാജയെ മടക്കിക്കൊണ്ടുവരാനായി കേണൽ ഡോവിൻെറ ആജ്ഞാനുസരണം ലഫ് വാക്കർ അകമ്പടി സേവിച്ച് അദ്ദേഹത്തെ പഴശ്ശിയിലേക്കാനയിക്കുകയും ചെയ്തു. നിധിശേഖരങ്ങൾ ഒഴികേയുള്ള സകല സ്വത്തുക്കളും അദ്ദേഹത്തിന് നൽകുകയുണ്ടായി. എന്നാൽ സുപ്രീം ഗവർമ്മേണ്ടിൻെറ ആത്യന്തികതീരുമാനങ്ങളുണ്ടാകുന്നത് വരെ കുറമ്പ്രനാട് രാജാവിൽ നിന്നും കോട്ടയത്തെ നാല് പ്രാമാണിക കുടുംബക്കാരിൽ നിന്നും ജാമ്യത്തുകകൾ വാങ്ങിച്ചതും കണ്ടുകെട്ടിയ പഴശ്ശികൊട്ടാരം രാജാവിന് തിരിച്ചു കൊടുപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കുമെന്ന് ഉറപ്പ് നൽകിയതും കൊട്ടാരത്തിൽ നിന്നും കൊള്ളയടിച്ച സ്വർണ്ണ നിധികളെ സംബന്ധിച്ച് അന്വേഷണം നടത്തുമെന്ന് ഏറ്റതും

ഉൾപ്പെടുന്നു.47. പഴശ്ശിരാജയാകട്ടെ മൂന്നു മാപ്പിളമാരെ വധിച്ചതിനെക്കുറിച്ച് ആവശ്യമായ വിശദീകരണം നൽകേണ്ടതുമാണ്. ഇവയായിരുന്നു ഒത്തുതീർപ്പിലെ സുപ്രധാന വ്യവസ്ഥകൾ.

എന്നാൽ കുറുമ്പ്രനാട് രാജാവിന്റെയും ചില കമ്പനി ഉദ്യോഗസ്ഥൻമാരുടെയും ഉപജാപങ്ങൾ കൊണ്ട് സമാധാന ഉടമ്പടി പരിപാലിക്കപ്പെട്ടില്ല. കേണൽ ഡോ എടുത്ത തീരുമാനം പരിപൂർണ്ണമായി അംഗീകരിച്ചുകൊണ്ട് സുപ്രീം ഗവർമ്മേണ്ട് ജൂലൈ -ആഗസ്റ്റ് മാസങ്ങളിൽ ഉത്തരവുകൾ ഇറക്കിയിരുന്നു.48. ഇവ കുറുമ്പ്രനാട് രാജാവ് വഴിയാണ് പഴശ്ശിക്ക് കൊടുക്കുവാൻ അയച്ചുകൊടുത്തിരുന്നത്. എന്നാൽ കുറുമ്പ്രനാടിലെ ഉദ്യോഗസ്ഥൻമാർ മനഃപ്പൂർവ്വമായി ഈ ഉത്തരവുകൾ പഴശ്ശിക്ക് എത്തിച്ചുകൊടുത്തില്ല. മാത്രവുമല്ല പഴശ്ശിയുമായി സ്നേഹത്തിൽ കഴിഞ്ഞിരുന്ന കുറുമ്പ്രനാടിലെ എജൻറുമാരിൽ ഒരാളായ കൈതേരിഅമ്പു എന്ന ആളെ കുറുമ്പ്രനാട് രാജാ തിരിച്ചു വിളിക്കുകയും ചെയ്തു. തുടർന്ന് കൈതേരി അമ്പു തന്റെ അനുയായികളോട് കൂടി പഴശ്ശിയുടെ പക്ഷത്ത് ചേർന്ന് കമ്പനി വിരുദ്ധ സമരത്തിന് ആക്കം കൂട്ടി. പഴശ്ശിയോട് കാണിച്ചത് ചതിയാണെന്ന് നാട്ടിലെ സംസാരമാകുകയും ജനങ്ങൾ ഒന്നടങ്കം രോഷാകുലരായിതീരുകയും ചെയ്തു. കാര്യങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കാനും തെറ്റിദ്ധാരണ നീക്കുവാനുമായി പഴശ്ശിയുമായി കൂടിക്കാഴ്ച നടത്തുവാൻ ഉത്തരമേഖലാ സൂപ്രണ്ട് തയ്യാറായിയെങ്കിലും പഴശ്ശിയും അനുയായികളും ബന്ധപ്പെടാൻ കഴിയാത്തവിധം വനാന്തരങ്ങളിലേക്ക് കടന്നുകഴിഞ്ഞിരുന്നു. പഴശ്ശിരാജാ വനാന്തരത്തിലേക്ക് കടന്നതിന്റെ ഫലമായി നികുതി പിരിവ് തീർത്തും ഇല്ലാതായി. ഇത് കമ്പനി അധികാരികളെ വല്ലാതെ വിഷമിപ്പിക്കുകയും ചെയ്തു.

ഇതിനിടയിൽ 1796 ഒക്ടോബർ 16ന് ബോംബേ ഗവർമ്മേണ്ടിന് സുപ്രീം ഗവർമ്മേണ്ടിൽ നിന്നും ലഭിച്ച ഉത്തരവിൽ പഴശ്ശിരാജയുമായി എതെങ്കിലും വിധേന ഒത്തുതീർപ്പിലെത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. ഗവർമ്മേണ്ടിന്റെ ഈ സമാധാന നീക്കവും ഉത്തരവും ഇപ്രാവശ്യവും കുറുമ്പ്രനാട് രാജാവ് വഴിയാണ് അയച്ചതെങ്കിലും ഇവ പഴശ്ശിയുടെ പക്കൽ ഭദ്രമായി എത്തിച്ചേരുവാൻ വേണ്ട മുൻകരുതലുകൾ തലശ്ശേരിയിലെ കമ്പനി ഉദ്യോഗസ്ഥൻമാർ എടുത്തിരുന്നു. അത് കൈപറ്റിയ പഴശ്ശി നൽകിയ മറുപടിയിൽ, പഴശ്ശികൊട്ടാരവും അവിടെ നിന്നും കൊള്ളയടിച്ചുകൊണ്ടുപോയ സമസ്ത മുതലുകളും തിരിച്ചേൽപ്പിക്കുകയും കോട്ടയം ജില്ലയുടെ മേൽനോട്ടം ചെയ്യുവാനുള്ള പൂർണ്ണഅധികാരം തരണമെന്നും വ്യക്തമാക്കിയിരുന്നു. തന്നെ ചതിയിൽപിടിക്കുവാനുള്ള സൂത്രമാണോ ഈ ഉത്തരവെന്ന് ന്യായമായും ഊഹിച്ച പഴശ്ശിരാജാ 1500 സായുധഭടൻമാരോടു കൂടിയാണ് ഉത്തരമേഖലാ സൂപ്രണ്ടുമായി കൂട്ടിക്കാഴ്ചക്ക് എത്തിയത്. ഒരാഴ്ചത്തെ കൂടിയോലചനകൾ കുറുമ്പ്രനാട് രാജാവിന്റെ ശാഠ്യം കാരണം അലസിപ്പിരിയുകയാണുണ്ടായത്.

സ്ഥിതിഗതികൾ കൂടുതൽ സംഘർഷകാത്മകമായി. പഴശ്ശിരാജായുടെ വിശ്വസ്തരായ ചിലർ ടിപ്പുസുൽത്താനുമായി സമ്പർക്കത്തിലേർപ്പെട്ടിരിക്കുന്നതായി കമ്പനി അധികാരികൾക്ക് വിവരം ലഭിച്ചു. പഴശ്ശിയെ സഹായിക്കുവാൻ ഉത്തരമലബാറിലെ ജനങ്ങളാകമാനം ഒറ്റക്കെട്ടായി അണിനിരക്കുമെന്ന സംഭ്രമജനകമായ വാർത്ത ഇംഗ്ലീഷ് മേധാവികൾക്ക് ദുഃസ്വപ്നമായി. മാത്രമല്ല കോട്ടയം ജില്ലയിലെ കുരുമുളക് സംഭരണം തീർത്തും ഇല്ലാതാകുകയും ചെയ്തു. വയനാട് ചുരങ്ങൾ സംരക്ഷിക്കുവാനും ആവശ്യമെന്ന് തോന്നുന്നുവെങ്കിൽ പ്രത്യാക്രമണം നടത്താനും കമ്പനിപ്പട്ടാളത്തെ നിയോഗിച്ചിരുന്നു. കൊട്ടിയൂരും നെല്ലിയാടിചുരവും സംരക്ഷിക്കുവാൻ പറ്റുംവിധം പട്ടാളം ഡിണ്ടിമേൽ എന്ന സ്ഥലത്ത് നിലയുറപ്പിച്ചു. ശക്തിയായ പ്രതിരോധപ്രവർത്തനം സജ്ജമാക്കിയിരുന്നെങ്കിലും വയനാടൻ വനാന്തരങ്ങളിലേക്ക് കടന്നു ചെല്ലുവാൻ ഇവർ ധൈര്യപ്പെട്ടില്ല. പഴശ്ശിയെ സഹായിക്കുന്നത് കമ്പനിയോടുള്ള ശത്രുതയായി കണക്കാക്കുമെന്നും നാട്ടുകാരാരും തന്നെ കലാപകാരികളെ യാതൊരുതരത്തിലും സഹായിച്ചുപോകരുതെന്നും ഒരു വിളംബരം മുഖേന കമ്പനി താക്കീത് നൽകി.49. പഴശ്ശിയുടെ കൂട്ടാളികളായവർക്കെല്ലാം പൊതുമാപ്പ് നൽകിക്കൊണ്ടും ഈ പ്രഖ്യാപനം ഉണ്ടായ നാൾ തുടങ്ങി രണ്ടാഴ്ചക്കകം ആയുധം വെച്ച് കീഴടങ്ങണമെന്നും അത് ചെയ്യാത്തവർക്ക് കഠിന ശിക്ഷ അനുഭവിക്കേണ്ടതായി വരുമെന്നും മുന്നറിയിപ്പ് നൽകുകയുണ്ടായി. കമ്പനി ഭരണത്തിന് എതിരായി സായുധസംഘട്ടനത്തിന് നേതൃത്വം കൊടുത്തിരുന്ന പഴശ്ശിയുടെ വിശ്വസ്തരിൽ, പരപ്പനാട് രാജ, കണ്ണവത്ത് ശേഖരൻ നമ്പ്യാർ, കൈതേരി അമ്പു, കൈതേരി കമ്മാരൻ, കൈതേരി എമാൻ, എലം പുള്ളൻ കുനിയൻ, പുത്തൻ വീട്ടിൽ രയ്രു, മേനോൻ കൂരൻ, ശേഖരവാര്യർ, പൂത്തലത്ത് നായർ, മേലോടം കണച്ചൻ നമ്പ്യാർ, ഉണ്ണിമൂസ മൂപ്പൻ, ചെമ്പൻ പോക്കർ, അത്തൻ കുരുക്കൾ എന്നീ മാടമ്പിമാരും ജനപ്രീതി നേടിയ നേതാക്കൻമാരും ഉൾപ്പെട്ടിരുന്നു. തൻമൂലം രാജ്യത്താകമാനം ഇംഗ്ലീഷ് വിരുദ്ധമനോഭാവം വേരൂന്നിയെന്ന് മാത്രമല്ല, ബ്രിട്ടീഷ് പട്ടാളത്തിന് ഏതവസരത്തിലും കലാപകാരികളുടെ ഒളിയുദ്ധങ്ങൾ മൂലം കനത്ത നാശവും സംഭവിച്ചുകൊണ്ടിരുന്നു. കലാപകാരികളുടെ പക്ഷത്തേക്ക് കൂടുതൽ കൂടുതൽ ആളുകൾ വന്നുകൊണ്ടിരുന്നു. കുറമ്പ്രനാട് രാജാവിന്റെ സേവകരിൽ വലിയൊരംശം പഴശ്ശിപക്ഷത്തേക്ക് മാറിയത് സ്ഥിതിഗതികൾ കൂടുതൽ രൂക്ഷമാക്കുകയും ചെയ്തു.

ക്യാപ്റ്റൻ ലോറൻസിന്റെ ബറ്റാലിയനിൽ പെട്ട 80 പട്ടാളക്കാരെ 1797 ജനുവരി 7-ാം തിയതി കൈതേരി അമ്പുവിന്റെ നേതൃത്വത്തിൽ ഒരു മിന്നൽ ആക്രമണം നടത്തി. ക്യാപ്റ്റൻ ബോമാൻ ഉൾപ്പെടെ നിരവധി പേർ കൊല്ലപ്പെട്ടു

കയും അനവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഇംഗ്ലീഷ് പട്ടാളത്തിന് അവരുടെ തോക്കുകളിൽ തിര നിറക്കുവാനോ ബൈനറ്റുകൾ പിടിപ്പിക്കുവാനോ അവസരം കൊടുക്കാത്ത വിധമായിരുന്നു പെട്ടെന്നുള്ള ഈ ആക്രമണം. പിറ്റേദിവസം പഴശ്ശിയിൽ നിറുത്തിയിരുന്ന കാവൽഭടൻമാരിൽ ഒരാളൊഴികെ എല്ലാവരേയും കലാപകാരികൾ നാമാവശേഷമാക്കി. വെങ്കാട് എന്ന സ്ഥലത്തുണ്ടായിരുന്ന മറ്റൊരു ചെറിയ സൈനികസംഘത്തിനും ഇതേവിധം കലാപകാരികളിൽ നിന്നും ദാരുണമായ അന്ത്യം നേരിടേണ്ടി വന്നു. ഡിണ്ടിമേൽ നിർത്തിയിരുന്ന ലഫ്. ഇൻഗ്ലിസ് സുരക്ഷാർത്ഥം പെരിയ സങ്കേതത്തിലേക്ക് ജനുവരി 14-ാം തീയതി പിൻമാറി. പക്ഷേ അവർ അവിടെയെത്തുന്നതിന് മുമ്പ് തന്നെ ഒളിപ്പോർ സൈന്യം ചാടിവീണ് വളരെപേരെ വധിക്കുകയും അവരുടെ സാധനസാമഗ്രികൾ പിടിച്ചെടുക്കുകയും ചെയ്തു. ബോംബെ ഗവർമ്മേണ്ടിന്റെ കണക്കനുസരിച്ച് ഒരു ജമീന്ദാരും ഒരു നായ്ക്കും പന്ത്രണ്ട് ശിപായിമാരും മാത്രമാണ് കൊല്ലപ്പെട്ടതെന്ന് കാണുന്നു.50 എന്നാലിവരുടെ സഹായികളായി ഉണ്ടായിരുന്നവരത്രയും കൊല്ലപ്പെടുകയോ കാണാതാകുകയോ ചെയ്തിട്ടുണ്ടെന്നാണ് ലോഗൻ കണക്കാക്കുന്നത്.51.

വയനാട് പ്രദേശത്ത് സൈനിക താവളങ്ങൾ നില നിർത്തുന്നത് അപായകരമാണെന്ന് കണ്ട കമ്പനി അധികാരികൾ അവ കുറ്റിയാടി തുടങ്ങിയ സമതല പ്രദേശങ്ങളിലേക്ക് പിൻവലിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. കമ്പനി പട്ടാളത്തിന് കോട്ടയം, വയനാട് ജില്ലകളിൽ ഒന്നും തന്നെ യാതൊരു വിധ രക്ഷയുമില്ലെന്ന സ്ഥിതി ഉളവായിരുന്നു. ജനുവരി 27ാം തീയതി മാനന്തേരിയിൽ ക്യാമ്പടിച്ചിരുന്ന സൈന്യവുമായി ചേരുവാൻ പോകുകയായിരുന്ന ഒരു കോൺവോയി ആക്രമിക്കപ്പെട്ടു. ഈ സംഘട്ടനത്തിൽ ഒരു ജമീന്ദാരും മൂന്ന് ശിപായിമാരും കൊല്ലപ്പെട്ടതിന് പുറമെ 19 ശിപായിമാർക്ക് മാരകമായ പരിക്കേൽക്കുകയും ചെയ്തു. വെടിക്കോപ്പും ഭക്ഷണസാമഗ്രികളും ലഹളക്കാർ പിടിച്ചെടുക്കുകയും അവ ചുമന്ന്ക്കൊണ്ടിരുന്നവരെയെല്ലാം അടിച്ചോടിക്കുകയും ചെയ്തു. ഭീതിജനകമായ സംഭ്രാന്തിയാണ് ഇംഗ്ലീഷ് പക്ഷത്ത് ഇത് മൂലം സംജാതമായത്. ഈ ഭീകരാക്രമണങ്ങളെ നേരിടുവാൻ കൂടുതൽ സൈന്യത്തെ സജ്ജീകരിക്കുക, വെങ്കാട്, പഴശ്ശി, കൂടാളി, കോട്ടയം അങ്ങാടി ഇവിടങ്ങളിൽ ശക്തമായ കാവൽസങ്കേതങ്ങള ഏർപ്പെടുത്തുക എന്നതായിരുന്നു കമ്മീഷണർമാർ നിർദ്ദേശിച്ച പ്രത്യാക്രമണപദ്ധതി. 1796 ഫെബ്രുവരി മാസത്തിൽ സുശക്തമായ ഒരു സൈന്യത്തെ ബോംബെ ഗവർമ്മേണ്ട് മലബാറിലേക്ക് അയച്ചു. ഒരു ബറ്റാലിയൻ ശിപായിമാരും 200 യൂറോപ്യൻ പട്ടാളക്കാരും ഒരു ഡിറ്റാച്ച്മെൻറ് പീരങ്കിപ്പടയുമായിരുന്നു മേജർ ജനറൽ ബൗൾസിന്റെ നേതൃത്വത്തിൽ ഇവിടെയെത്തിയത്.

സ്ഥിതിഗതികൾ സ്ഫോടനാത്മകമായി മാറിയപ്പോൾ പഴശ്ശിരാജയും തന്റെ കരുത്ത് വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തിയിരുന്നു. ടിപ്പുസുൽത്താനുമായി പഴശ്ശിരാജ നേരിട്ട് ബന്ധപ്പെടുകയും രാജാവിന് ആവശ്യമുള്ള വെടിക്കോപ്പുകളും സഹായത്തിന് ആറായിരം കർണ്ണാടകയോദ്ധാക്കളെയും നൽകാമെന്ന് ടിപ്പു ഉറപ്പ് കൊടുക്കുകയും ചെയ്തിരുന്നു. ഇംഗ്ലീഷ് സേനയുടെ നേതൃത്വം കേണൽ ഡോവിനായിരുന്നു. അദ്ദേഹത്തിന്റെ സൈന്യവുമായി ചേരാൻ നിയുക്തമായിരുന്ന ലഫ്. മീലെയുടെ കീഴിലുണ്ടായിരുന്ന രണ്ട് കമ്പനി പട്ടാളം കാർകൂർ ചുരം വഴി വയനാടിലേക്ക് പ്രവേശിച്ചുവെങ്കിലും ശക്തമായ എതിർപ്പിനെ ഇവർക്ക് നേരിടേണ്ടതായി വന്നു. ആയിരക്കണക്കിന് നായൻമാരും കുറിച്യരും മാപ്പിളമാരും ഇവരെ വലയം ചെയ്ത് ഏറെ നാശനഷ്ടങ്ങൾ വരുത്തി. കനത്ത ജീവാപായവും കഷ്ടപാടും സഹിച്ചാണ് ഏലചുരം വഴി ലഫ് മീലെ ഒരു കണക്കിന് വയനാടിൽ നിന്ന് രക്ഷപ്പെട്ടുപോന്നത്. സുബൈദാർമാരും, ഹവീൽദാർമാരും, നായ്ക്കും ഉൾപ്പെടെ 38 പേർ കൊല്ലപ്പെടുകയും 67 പേർക്ക് മാരകമായ മുറിവുകൾ ഏൽക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ കീഴിലുണ്ടായിരുന്ന പകുതിയിൽ കൂടുതൽ അംഗങ്ങളായിരുന്നു ഇത്. കേണൽ ഡോവാകട്ടെ പെരിയയിൽ താവളമടിക്കുന്നത് അത്ര പന്തിയല്ലെന്ന് മനസ്സിലാക്കി വയനാടിൽ നിന്നും പിൻമാറുവാൻ തീരുമാനിച്ചു. എന്നാൽ മാർച്ച് 17-ാം തീയതി പെരിയയിൽ നിന്നും ഏലചുരം വഴി മടങ്ങുന്നതിനിടയ്ക്ക് ശക്തിയായ ആക്രമണത്തിന് വിധേയനാകേണ്ടതായി വന്നു. തന്റെ സൈന്യത്തെ ആക്രമിച്ചവരുടെ കൂട്ടത്തിൽ ടിപ്പുസുൽത്താന്റെ സൈനികവേഷമണിഞ്ഞ ധാരാളം പേരും ഉണ്ടായിരുന്നുവെന്നാണ് ഡോ റിപ്പോർട്ട് ചെയ്തത്. ജീവരക്ഷാർത്ഥം നടത്തിയ ഈ പിൻതിരിഞ്ഞോട്ടത്തിൽ അദ്ദേഹത്തിന്റെ വിലപ്പെട്ട പ്രമാണങ്ങളും സൈനികാവശ്യത്തിനുള്ള സാധനസാമഗ്രികളും പൂർണ്ണമായും നഷ്ടപ്പെട്ടിരുന്നു. ഇതിനേക്കാൾ ഭയാനകമായ അവസ്ഥയാണ് മേജർ ഡോവിന്റെ സഹായത്തിനായി മേജർ കാമറോണിന്റെ കീഴിലുണ്ടായിരുന്ന 1100 ഭടൻമാർക്ക് നേരിട്ട ദുരന്തം. ഈ സൈന്യത്തിന്റെ വരവ് മണത്തറിഞ്ഞ കലാപകാരികൾ സമനിലത്ത് വെച്ച് ഇവരെ നേരിടുന്നതിന് പകരം ചുരത്തിന്റെ ഇരുവശത്തും സൈന്യത്തിന്റെ വരവും കാത്ത് ജാഗ്രതരായിനിന്നു. ഇംഗ്ലീഷ് സൈന്യം പ്രവേശിച്ചതോടെ വിപ്ളവസേന നടത്തിയ മിന്നലാക്രമണത്തിൽ മേജർ കാമറോൺ ഉൾപ്പെടെ നാല് സൈനിക മേധാവികൾ മരിക്കുകയും മറ്റ് രണ്ട്പേർക്ക് അപായകരമായ മുറിവേൽക്കുകയും ചെയ്തു. ഭടൻമാരിൽ അധികപേരും വധിക്കപ്പെട്ടു. മുറിവേറ്റവരും കാണാതായവരും ഏറെയായിരുന്നു. ഇംഗ്ലീഷ് സൈന്യത്തിന് പഴശ്ശിയുദ്ധത്തിലേറ്റ ലജ്ജാകരമായ സംഭവങ്ങളായിരുന്നു മാർച്ച് മാസത്തിൽ ഒന്നിന് പുറകേ ഒന്നായി നടന്ന വിനാശകരമായ ദുരന്തങ്ങൾ.

ഈ പരാജയങ്ങൾ ഗവർണ്ണർ ജനറലിനെയും ബോംബെ ഗവർമ്മേണ്ടിനെയും പുതിയ പ്രതിരോധ നടപടികൾ

ആസൂത്രണം ചെയ്യാൻ പ്രേരിതരാക്കി. ബോംബെ ഗവർണ്ണർ ജോനാഥൻ ഡങ്കനും കമ്മാണ്ടറിംഗ് ചീഫ് ലഫ് ജനറൽ സ്റ്റുവേർട്ടും മലബാറിൽ ഉണ്ടായിരിക്കേണ്ടതാവശ്യമാണെന്നും അവർ മലബാർ ഗവർമ്മേണ്ടിൻെറ കമ്മിറ്റിയായി വർത്തിക്കേണ്ടതാണെന്നും ഗവർണ്ണർ ജനറൽ നിർദ്ദേശിച്ചതനുസരിച്ച് 1797 ഏപ്രിൽ 10-ാം തീയതി അവർ തലശ്ശേരിയിലെത്തി പ്രവർത്തനം ഏറ്റെടുത്തു.52. പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കിയതിന് പുറമേ സ്ഫോടനാത്മകമായ രാഷ്ട്രീയപരിതസ്ഥിതി അവ ലോകനം ചെയ്ത കമ്മീഷൻ ഏതെങ്കിലും വിധേന മലബാറിൽ സമാധാനം നിലനിർത്തേണ്ടത് അനിവാര്യമാണേന്ന് ഉറപ്പിച്ചിരന്നു. പഴശ്ശിരാജയുമായി മുമ്പേ നടന്ന കൂടിയാലോചനകൾ തകരാൻ കാരണം കുറുമ്പ്രനാട് രാജാവ് പഴശ്ശിപ്രദേശങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെ നികുതി പിരിക്കുവാനുള്ള അനുവാദം കൈവെടിയാൻ തയ്യാറില്ലാതിരുന്നതിനാലാണ്. ജോനാഥൻ ഡങ്കനും മറ്റുമെടുത്ത ആദ്യനടപടി കുറുമ്പ്രനാട് രാജയിൽ നിന്നും പഴശ്ശിജില്ലയുടെ നികുതി പിരിവ് കമ്പനിയിൽ നിക്ഷിപ്തമാക്കുകയെന്നതായിരുന്നു. പഴശ്ശിയുമായി സമാധാനസന്ധി ഉണ്ടാക്കുന്നതിനുള്ള പശ്ചാത്തലം ഒരുക്കുകയായിരുന്നു ഇത് കൊണ്ടുദ്ദേശിച്ചത്. ഗവർമ്മേണ്ട് കമ്മിറ്റിയുമായി സന്ധിക്കുന്നതിന് പഴശ്ശിയെ പ്രേരി പ്പിക്കുവാൻ ചിറക്കൽ രാജയെയും കേണൽ ഡോവിനെയും ചുമതലപ്പെടുത്തി. ഈ സമാധാനശ്രമങ്ങൾ നടക്കുമ്പോൾ തന്നെ സൈനികപ്രതിരോധ നടപടികളും സ്വീകരിച്ചിരുന്നു. കേണൽ ഡോവും ക്യാപ്റ്റൻ ബർച്ചലും സംയുക്തമായി നയിച്ച സൈന്യത്തിന് പഴശ്ശിയുടെ ആസ്ഥാനമായ തടിക്കുളം പിടിച്ചെടുക്കുവാനും അദ്ദേഹത്തിൻെറ സേവകരിൽ പ്രധാ നിയായ കാനോത്ത് നമ്പ്യാരുടെ വീടും ചമയങ്ങളും അഗ്നി ക്കിരയാക്കുവാനും സാധിച്ചു എന്നല്ലാതെ രാജയുമായി ഏറ്റുമുട്ടുവാൻ കഴിഞ്ഞില്ല. മൈസൂർ അതിർത്തിയിൽ സൈ നിക ശക്തിയോട് കൂടി കലാപം നടത്തുന്ന പഴശ്ശിക്കും കൂ ട്ടർക്കും ടിപ്പുസുൽത്താനിൽ നിന്നും സഹായം ലഭി ച്ചിരുന്നുവെന്ന് നാം നേരത്തെ കണ്ടതാണല്ലോ. അതുപോലെ തെക്കേ മലബാറിലെ മാപ്പിള നേതാക്കളായ ഉണ്ണിമൂസയും, അത്തൻ കുരുക്കളും, ചെമ്പൻ പോക്കരുമെല്ലാം ടിപ്പുവിൽ നിന്നുള്ള നിർദ്ദേശാനുസരണം പഴശ്ശി സൈന്യത്തിന് എല്ലാ സഹായസഹകരണങ്ങളും ചെയ്തുകൊണ്ടുമിരുന്നു. അ ങ്ങിനെ മലബാറിൻെറ ഒരറ്റം മുതൽ മറ്റേ അറ്റം വരെ തിള ച്ചുമറിഞ്ഞുകൊണ്ടിരുന്ന സന്ദർഭത്തിൽ ഈ നേതാ ക്കൻമാരുമായി അനുരഞ്ജനം നടത്തുക മാത്രമേ കമ്പ നിക്ക് കരണിയമായിട്ടുണ്ടായിരുന്നുള്ളു. മലബാർ കമ്മിറ്റി ഈ അടിസ്ഥാനത്തിൽ മലബാറിലെ എല്ലാ കലാപ നേതാക്കൾക്കും പൊതുമാപ്പ് പ്രഖ്യാപിച്ചുകൊണ്ടും സൈ നിക എതിർപ്പ് അവസാനിപ്പിക്കണമെന്ന് അഭ്യർ ത്ഥിച്ചുകൊണ്ടും വിളംബരം നടത്തി.53. ചിറക്കൽ രാജയും മറ്റും നടത്തിയ മാദ്ധ്യസ്ഥ ശ്രമങ്ങൾ വിജയിച്ചതോടെ 1797 ജൂലായ് 23ന് പഴശ്ശിരാജയുമായി ഒരു സമാധാന ഉട മ്പടി ഉണ്ടാക്കുവാനും കഴിഞ്ഞു. ഇതേ പോലെ ഉണ്ണിമൂസ, അത്തൻ കുരുക്കൾ, ചെമ്പൻ പോക്കർ എന്നിവരുമായി സമാധാന കരാറുകൾ ഇക്കാലത്ത് ഉണ്ടാക്കിയിരുന്നത് നാം നേരത്തേ പരാമർശിച്ചിട്ടുള്ളതാണ്. പഴശ്ശിരാജയുമായുള്ള തീർപ്പനുസരിച്ച് പ്രതിവർഷം 8000 രൂപ അദ്ദേഹത്തിന് നൽകുന്നതാണെന്നും കമ്പനിക്കെതിരായി പഴശ്ശിരാജ ചെയ്ത എല്ലാ കുറ്റങ്ങളും പൊറുത്തതായും അദ്ദേഹത്തിൻെറ രാജ്യവും സ്വത്തും പുനഃർസ്ഥാപിച്ച് നൽകുന്നതാണെന്നും വ്യവസ്ഥ ചെയ്തിരുന്നു.54. മൂന്നു മാപ്പിളമാരെ കൊന്നതായി ആരോപി ക്കപ്പെട്ട നരങ്ങോളി നമ്പ്യാർ പഴശ്ശിയുടെ അടുക്കൽ അഭയം പ്രാപിച്ചിരുന്നുവല്ലോ. അദ്ദേഹത്തെയും കുറ്റവിമുക്തനാക്കി കണ്ടുകെട്ടിയിരുന്ന സ്ഥലവും സ്വത്തും തിരിച്ച് കൊടുക്കു കയും ഉണ്ടായി.55. അങ്ങിനെ തെക്കേ മലബാറിലും വടക്കേ മലബാറിലും താൽക്കാലികമായിട്ടാണെങ്കിലും സമാധാനം ഉണ്ടാക്കുവാൻ കമ്പനിക്ക് സാധിച്ചു. ടിപ്പുസുൽത്താനുമായി ഒരു അന്തിമ സംഘട്ടനത്തിന് തയ്യാറെടുത്തുകൊണ്ടിരുന്ന ഇംഗ്ലീഷ്കാർക്ക് മലബാറിൽ കുഴപ്പങ്ങൾ കുറയെങ്കിലും ഒഴിവാക്കേണ്ടത് അവരുടെ നിലനിൽപ്പിൻെറ ആവശ്യ മായിരുന്നു.

എന്നാൽ 1799 മേയ് നാലാം തീയതി ശ്രീരംഗപട്ടണം കോട്ടയിൽ കടന്ന് ആക്രമണം നടത്തിയ ബ്രിട്ടീഷ് പട്ടാള വുമായി ഏറ്റുമുട്ടി ടിപ്പുസുൽത്താൻ അന്ത്യശ്വാസം വലി ച്ചതോടു കൂടി ടിപ്പുവിൻെറ കീഴിലുണ്ടായിരുന്ന മൈസൂരും വയനാടും കമ്പനിയുടെ കൈവശം വന്നുചേർന്നു. തങ്ങൾ ഏറ്റവും ഭയപ്പെട്ടിരുന്ന ശത്രുവിൻെറ അന്ത്യം ആഗ്ലേയ ആധി പത്യത്തെ ആരാലും ചോദ്യം ചെയ്യപ്പെടുവാൻ പറ്റാത്ത വിധം അജയ്യവുമാക്കി. ഇംഗ്ലീഷ് ഉദ്യോഗസ്ഥൻമാർ മല ബാറിൽ അതുവരെ അനുവർത്തിച്ചുപോന്ന അനുരഞ്ജ നത്തിൻെറ നയം മാറ്റി സാമ്രാജ്യത്വത്തിൻെറ സ്വരം ഉയർ ത്തുവാൻ തുടങ്ങി. കേരളത്തിലെ കലാപകാരികളോടെല്ലാം തന്നെയുള്ള സമീപനത്തിൽ വ്യത്യാസം വന്നു. നികുതി പിരിച്ചത് കൃത്യമായി അടക്കാതിരുന്ന മലബാറിലെ എല്ലാ രാജാക്കൻമാരിൽ നിന്നും നികുതി പിരിക്കുന്ന ചുമതല കമ്പനി തന്നെ ഏറ്റെടുക്കുകയും രാജാക്കൻമാരുടെയും ഇട പ്രഭുക്കൻമാരുടെയും അധികാരം നിർത്തലാക്കുകയും ചെ യ്തു. അങ്ങനെ അധികാരം നഷ്ടപ്പെട്ടവരുടെ ചെലവിനായി അവരവരുടേതായ ജില്ലകളിൽ നിന്നും പിരിച്ചെടുത്തിരുന്ന നികുതിയുടെ ഒരംശം മാലിഖാന എന്ന പേരിൽ നൽകുകയാണുണ്ടായത്. ഈ പെൻഷൻ ആകട്ടെ ചിലർക്ക് വരുമാനത്തിൻെറ അഞ്ചിലൊന്നും മറ്റുള്ളവർക്ക് അത് പത്തിലൊന്നുമായിരുന്നു. പുതുതായി തങ്ങളുടെ കൈവശം വന്ന് ചേർന്ന വയനാടിൻമേലുള്ള ആധിപത്യം പഴശ്ശിരാജ അംഗീകരിച്ച് കൊടുക്കുവാൻ തയ്യാറായില്ല. തൻെറ പൂർവ്വാർജിതമായ സ്വതന്ത്രപ്രദേശമാണ് അതെന്നും അത്

ഇംഗ്ലീഷ്കാർക്ക് അടിയറ വെക്കുന്ന പ്രശ്നമേയില്ലെന്നും പഴശ്ശിരാജ ന്യായവാദം നടത്തി. ഇതോടെ പഴശ്ശിരാജയുടെ കീഴിൽ ഇംഗ്ലീഷ് വിരുദ്ധ പ്രക്ഷോഭത്തിൻെറ രണ്ടാംഘട്ടം ആരംഭിക്കുകയായി. അദ്ദേഹം തൻെറ വിശ്വസ്തരായ പടനായകൻമാരുടെ കീഴിൽ കുറിച്യർ, മാപ്പിളമാർ, നായൻമാർ തുടങ്ങിയ എല്ലാ വിഭാഗം ആളുകളെയും ഉൾപെടുത്തിക്കൊണ്ട് വലിയ സൈനികസന്നാഹങ്ങൾ നടത്തി. മാറിയ രാഷ്ട്രീയ പരിതസ്ഥിതിയിൽ കമ്പനിയുടെ പരമാധികാരത്തെ ചോദ്യം ചെയ്യുന്ന ആരെയും വെച്ചുപൊറുപ്പിക്കുവാൻ അവർ ഒരുക്കമില്ലാതിരുന്നത് കൊണ്ട് ഈ ഭീഷണിയെ പൂർണ്ണമായും അടിച്ചമർത്തുവാനാണ് സുപ്രീം ഗവർമെൻറിൽ നിന്നും നിർദ്ദേശം ലഭിച്ചത്. കേണൽ ആർതർ വെല്ലസ്ലിയെ ആർമി കമാണ്ടറായി നിയമിക്കുകയും ചെയ്തു. ഇത് 1800 ഏപ്രിൽ 4-ാം തീയതി ആയിരുന്നു. അടുത്ത രണ്ട് മൂന്ന് മാസങ്ങളിൽ വടക്കൻ കർണ്ണാടകത്തിൽ ഇംഗ്ലീഷുകാർക്ക് വലിയ ഭീഷണി ആയിരുന്ന ധോണ്ഡിയവാഹനെ നേരിടുന്നതിൽ അദ്ദേഹം വ്യാപൃതനായിരുന്നു.

ഈ അവസരം പഴശ്ശിരാജ തൻെറ ശക്തി വർദ്ധിപ്പിക്കുവാൻ ഉപയോഗപ്പെടുത്തിതായിട്ടാണ് കാണുന്നത്. മാപ്പിള കലാപ നേതാവായ ഉണ്ണിമൂസമൂപ്പനും ഇരുവഴിനാട്, കാമ്പുറത്ത്, പെരുവയൽ, കണ്ണവത്ത് തുടങ്ങിയ ഒട്ടേറെ മാടമ്പിമാരും അവരുടെ സന്നാഹങ്ങളോടുകൂടി തൻെറ ചേരിയിൽ അണിനിരത്തുവാൻ പഴശ്ശിക്ക് സാധിച്ചു.56. 1800 ജൂൺ-ജൂലായ് മാസങ്ങളിൽ പഴശ്ശിരാജയുടെ കീഴിലുള്ള ഗവൺമെൻറ് വിരുദ്ധലഹളക്കാർ കോട്ടയത്തിൻെറ കിഴ്വാരപ്രദേശങ്ങൾ കൈയ്യടക്കുകയും അഞ്ചരക്കണ്ടിയിൽ ബ്രൗണിൻെറ നടത്തിപ്പിലുള്ള തോട്ടം കൈയ്യേറി നശിപ്പിക്കുകയം ചെയ്തു. കൂടാളിയിലും മണത്തണയിലും നിർത്തിയിരുന്ന ഇംഗ്ലീഷ് കാവൽ സംഘത്തെ പഴശ്ശി സൈന്യം ഉൻമൂലനം നടത്തുകയുമുണ്ടായി. ഇതോടെ പഴശ്ശിയെ കീഴടക്കുവാനുള്ള ആസൂത്രിത പദ്ധതികൾ ഇംഗ്ലീഷ്കാർ തയ്യാറാക്കി. വയനാടിൽ ടിപ്പുസുൽത്താൻ ഉണ്ടാക്കിയിരുന്ന റോഡുകളുടെ അറ്റകുറ്റപണികൾ നടത്തുകയും സൈനിക നീക്കത്തിന് പ്രയോജനകരമാം വിധം പുതിയ റോഡുകൾ നിർമ്മിക്കുകയും ചെയ്തു. പഴശ്ശി രാജയ്ക്ക് അടിവാരത്ത് നിന്ന് സാധനസാമഗ്രികൾ കിട്ടുന്നത് തടയുവാൻ വയനാടുമായുള്ള ഗതാഗത ബന്ധങ്ങൾ പൂർണ്ണമായും വിച്ഛേദിച്ചു. ഈ അവസരമായപ്പോഴേക്കും മഞ്ചേരി അത്തൻകുരുക്കളും അനുയായികളും പഴശ്ശി രാജയോടൊപ്പം ചേർന്നിരുന്നു.57. സർവവിധ ഒരുക്കുങ്ങളും മുൻകരുതലുകളും പൂർത്തിയാക്കിയ ശേഷം 1801 ജനുവരിയിൽ കേണൽ സ്റ്റീവെൻസൻെറ നേതൃത്വത്തിൽ വലിയൊരു ഇംഗ്ലീഷ് സൈന്യം പഴശ്ശിക്കെതിരായി നീങ്ങി. ഈ സൈനിക സന്നാഹങ്ങളിൽ ഉൾപെട്ടിരുന്ന വിവിധ വിഭാഗങ്ങൾ താഴെ പറയുന്നവയാണ്.

19ാം ഡിവിഷനിലെ അശ്വഭടൻമാർ, രണ്ടും മൂന്നും വിഭാഗം കുതിരപ്പട, അഞ്ച് കമ്പനി കാലാൾപ്പട, രണ്ട് ബറ്റാലിയൻ ശിപായിമാർ, രണ്ട് ബറ്റാലിയൻ ബോംബെ ശിപായിമാർ, 600 പയനിയർമാർ, ബംഗാൾ കോസ്റ്റ് പീരങ്കിപ്പട, അത്രയും വരുന്ന ബോംബെ പീരങ്കിപ്പട. ഇവയ്ക്ക് പുറമെ മുൻപറഞ്ഞ രണ്ട് കുതിരപ്പട റെജിമെൻറിൻെറ അധീനതയിലുള്ള പീരങ്കികൾ, മോർട്ടാറുകൾ, സ്റ്റോറുകൾ എന്നിവയൊക്കെ ആയിരുന്നു. ഈ വലിയ സന്നാഹത്തെ നേരിടുവാൻ കലാപകാരികൾക്ക് സാധിക്കുമായിരുന്നില്ല. തൻമൂലം സുരക്ഷാകേന്ദ്രങ്ങളിലേക്ക് അവർ മാറി മാറികൊണ്ടിരുന്നു. ഇംഗ്ലീഷ് സൈന്യത്തിന് കലാപകേന്ദ്രങ്ങൾ ഓരോന്നോരാന്നായി കീഴ്പെടുത്തുവാൻ അനായേസേന സാധിച്ചു. മെയ് മാസമായപ്പോഴേക്കും പ്രധാനപ്പെട്ട എല്ലാ സങ്കേതങ്ങളും ബ്രിട്ടീഷുകാരുടെ കൈയ്യിലമർന്നു. ഘാട്ടുകൾക്ക് മുകളിലും കീഴിലുമുള്ള എല്ലാ തന്ത്രപ്രാധാന്യമുള്ള കലാപകേന്ദ്രങ്ങളത്രയും ബ്രിട്ടീഷ് പട്ടാളം കീഴടക്കിയതോടെ എതിർത്ത് നിന്നിരുന്ന വളരെപ്പേർ ആയുധം വെച്ച് കീഴടങ്ങുകയും ചെയ്തു. പഴശ്ശിയുടെ പ്രധാന സഹായികളായിരുന്ന പെരുവയൽ നായർ ഉൾപ്പെടെ പലരും ഇംഗ്ലീഷ് സൈന്യത്തിൻെറ പിടിയിലാകുകയും ഇവരെയൊക്കെ പരസ്യമായി കഴുമരത്തിലേറ്റുകയും ചെയ്തു. പഴശ്ശി അണികളിൽ നിന്നും പരാജയഭീതി പൂണ്ടവരൊക്കെ പിരിഞ്ഞുപോന്നു. പഴശ്ശി രാജയും പത്നിയും ചുരുക്കം ചില അനുയായികളും മാത്രം വനാന്തരങ്ങളിൽ, അലഞ്ഞു തിരിയേണ്ട അവസ്ഥയിലുമെത്തി. പഴശ്ശി വിപ്ലവം ഇതോടെ തകർന്നടിയുമെന്നായിരുന്നു എല്ലാവരും കരുതിയത്. ഭീതിജനകമായ ഈ സ്ഥിതി മുതലെടുത്തുകൊണ്ട് ആയുധം വെച്ച് കീഴടങ്ങുവാൻ ആവശ്യപ്പെട്ട് കമ്പനി ഒരു വിളംബരം പുറപ്പെടുവിച്ചിരുന്നു.58. കീഴടങ്ങുന്നവർക്കൊക്കെയും പൊതുമാപ്പ് നൽകുമെന്ന് പ്രസ്താവിച്ചിരുന്നുവെങ്കിലും താഴെ പറയുന്ന കലാപനേതാക്കൾക്ക് പൊതുമാപ്പ് ബാധകമാകുകയില്ലെന്നും വ്യക്തമാക്കി. പഴശ്ശി രാജ, കണ്ണവത്ത് നമ്പ്യാർ, ചാത്തപ്പൻ നമ്പ്യാർ, എടച്ചേന കുങ്കൻ, ചിങ്ങോട്ട് ചാത്തു, പള്ളിയൻ ചാന്നാലു, പുനത്തിൽ നമ്പ്യാർ ഇവരെയായിരുന്നു ഒഴിവാക്കിയിരുന്നത്. ഈ പ്രഖ്യാപനം കൊണ്ട് അത്ര ഫലം ഉണ്ടായില്ലെങ്കിലും സൈനിക നടപടികൾ മൂലം കണ്ണവത്ത് നമ്പ്യാരെയും മകനെയും പിടികൂടുവാനും തൂക്കിക്കൊല്ലുവാനും അവർക്ക് സാധിച്ചു. ഇതോടെ പഴശ്ശി അണികളിൽ പരിഭ്രാന്തി പരക്കുകയും സമരം തകർന്ന് തരിപ്പണമാകുവാൻ പോകുന്നുവെന്ന വിശ്വാസം രൂഢമൂലമാവുകയും ചെയ്തിരുന്നു. പഴശ്ശിരാജയിൽ നമുക്ക് ദർശിക്കാവുന്ന മഹത്വം നിരാശാജനകമായ ഈ അധോഗതിയിലും ഇംഗ്ലീഷ്കാർക്ക് തൻെറ സ്വാതന്ത്ര്യം അടിയറ വെക്കുവാൻ അദ്ദേഹം തയ്യാറായില്ല എന്നതാണ്.

എന്നാൽ ഈയവസരത്തിലാണ് മലബാറിലെ പ്രിൻസിപ്പാൾ കളക്ടറായി എത്തിയ മേജർ വില്യം മെക്‌ലിയോഡ്

ചില ഭരണപരിഷ്ക്കാരങ്ങൾക്കൊരുങ്ങിയത്. നാട്ടിൽ ഒളിച്ച് വെച്ചിട്ടുള്ള ആയുധങ്ങൾ പിടിക്കുവാനും നാട്ടിൽ നിരായുധീകരണം കർക്കശമായി നടപ്പിലാക്കുവാനും അദ്ദേഹം തീരുമാനിച്ചു. ആയുധങ്ങൾ സ്വമേധയാ അടിയറ വെക്കാത്തവർക്ക് കൊലക്കുറ്റമാണ് കൽപ്പനയിൽ നിർദ്ദേശിച്ചിരുന്നത്.59. ഇതോടൊപ്പം നാണയ വിനിമയത്തിലും നികുതി പിരിവിലും അദ്ദേഹം പുതിയ രീതികൾ ആവിഷ്ക്കരിച്ചു. നാണയ വിനിമയനിരക്കുകളിൽ 1802 ഓഗസ്റ്റ് 31ന് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ട്രഷറിയിൽ വാങ്ങുന്നതും കൊടുക്കുന്നതുമായ 23 തരം നാണ്യങ്ങളുടെ വിനിമയ നിരക്ക് കോയമ്പത്തൂർ പ്രവിശ്യയിൽ നിലവിലുള്ള കൈമാറ്റനിരക്കിന് തുല്യമായിരിക്കും എന്നായിരുന്നു.60. ഇത് മലബാറിൽ നാണയനിരക്കിൽ വലിയ വില ഇടിവുണ്ടാക്കി. സ്വർണ്ണം വെള്ളി നാണയങ്ങൾക്ക് നാലര, അഞ്ചര ശതമാനം വീതം വില കുറഞ്ഞു. റവന്യൂ ഇനത്തിലും വലിയ വർദ്ധനവ് ഉണ്ടായി. നികുതി പിരിവ് കണക്കാക്കിയിരുന്നത് സ്റ്റാർ പെഗോഡയിലാണ്. ഈ നാണയമാകട്ടെ മലബാറിൽ പ്രചാരത്തിലുണ്ടായിരുന്നുമില്ല. ഗവർമ്മെണ്ട് പുതുതായി പ്രഖ്യാപിച്ച വിനിമയ നിരക്ക് പ്രകാരം മലബാറിലെ ഓരോ വ്യക്തിയും സർക്കാരിന് അടക്കേണ്ട റവന്യൂ, സ്വർണ്ണനാണയത്തിൽ കണക്കാക്കുമ്പോൾ ഇരുപത് ശതമാനവും വെള്ളിനാണയത്തിൽ പത്ത് ശതമാനവും വർദ്ധനവിന് ഇരയായി. മെക്ലിയോഡിൻെറ പരിഷ്ക്കരണത്വര ഇതു കൊണ്ടും അവസാനിച്ചില്ല. നെൽകൃഷിയിടങ്ങളിൽ നിന്നുള്ള മൊത്തം ഉൽപ്പാദനത്തിൽ 35 മുതൽ 40 ശതമാനം വരെ ഗവർമ്മേണ്ടിന് പാട്ടമായി കിട്ടത്തക്കവിധം വിളവിൻമേൽ പുനർനിർണ്ണയം ചെയ്തതും തൻെറ റവന്യൂ അധികാരികളെ കൊണ്ട് മലബാറിൽ ആകമാനം 40 ദിവസം കൊണ്ട് റവന്യൂ സർവ്വെ പൂർത്തിയാക്കണമെന്ന് ശഠിച്ചതും കൂടുതൽ കുഴപ്പമുണ്ടാക്കി. ഈ ജോലി ചെയ്തുതീർക്കാൻ സമയം തീരെ അപര്യാപ്തമായിരുന്നത് കൊണ്ട് റവന്യൂ ഓഫീസർമാർക്ക് അഴിമതി നടത്തുവാനും അയഥാർത്ഥങ്ങളായ റവന്യൂ റിസർവ്വെ കണക്കുകൾ പടച്ചുണ്ടാക്കുവാനും ഇടവരുത്തി. ചുരുക്കത്തിൽ തികച്ചും കൃത്രിമമായും കെട്ടിച്ചമച്ചും ഉണ്ടാക്കിയ വാരം-പാട്ട നിരക്കുകൾ പിരിച്ചെടുക്കുവാൻ നടത്തിയ തീവ്ര നടപടികൾ വ്യാപകമായ അസംതൃപ്തി ജനങ്ങളിൽ ഉണ്ടാക്കി.61. തുടർന്ന് 1803 ആദ്യമാസങ്ങളിൽ തന്നെ വലിയൊരു ജനകീയ മുന്നേറ്റമുണ്ടായി. ലോഗൻ പോലും എഴുതിയിട്ടുള്ളത്, "മലബാർ ഒരാളെന്നോണം കലാപത്തിലിറങ്ങി," എന്നാണ്.62. ഈ ജനകീയ പ്രക്ഷോഭണത്തെ അടിച്ചമർത്തുവാൻ അസാദ്ധ്യമാണെന്ന് ബോധ്യപ്പെട്ട മെക്ലിയോഡ് പ്രിൻസിപ്പാൾ കളക്ടർ എന്ന സ്ഥാനം രാജി വെക്കുകയും ഫൗജദാരി അദാലത്ത് കോടതിയുടെ പ്രിൻസിപ്പാൾ ജഡ്ജിയായ റിക്കാർഡ്സിന് ചാർജ്ജ് ഏൽപ്പിക്കുകയും ചെയ്തു.63. റിക്കാഡ്സ് നാണയവിനിമയത്തിൽ വരുത്തിയ മാറ്റവും പാട്ടത്തിൽ വരുത്തിയ വർദ്ധനവും പിൻവലിച്ചെങ്കിലും ജനകീയ മുന്നേറ്റത്തെ തടഞ്ഞുനിർത്താനായില്ല.64. അടിച്ചമർത്തപ്പെട്ട അധഃകൃതവർഗ്ഗമായ കുറിച്ചിയർ ആയിരുന്നു പ്രക്ഷോഭത്തിൻെറ തിരി ആദ്യം കൊളുത്തിയത്. പനമരത്തും പരിസരപ്രദേശത്തുമുള്ള കുറിച്ചിയർ എടച്ചേന കുങ്കൻെറ നേതൃത്വത്തിൽ സംഘടിച്ചു. പനമരത്തെ മിലിറ്ററി ഔട്ട് പോസ്റ്റ് ആക്രമിച്ച അവർ അവിടുണ്ടായിരുന്ന എഴുപതു ഭടൻമാരെ വകവരുത്തുകയും 112 തോക്കും 6 പെട്ടി വെടിക്കോപ്പും 6000 രൂപയും കൈവശപ്പെടുത്തിയതിന് പുറമേ അവിടെയുണ്ടായിരുന്ന കെട്ടിടങ്ങൾ മുഴുക്കെ അഗ്നിക്കിരയാക്കുകയും ചെയ്തു. പനമരത്തു നിന്ന് കലാപകാരികൾ ബാലുശ്ശേരി മലയുടെ അടിവാരത്തിലുണ്ടായിരുന്ന സൈനിക ക്യാമ്പ് ആക്രമിച്ച് വളരെ സൈന്യങ്ങൾക്ക് ജീവഹാനി വരുത്തി. അവശേഷിച്ചവർ തടവുകാരാക്കപ്പെട്ടവരെ പോലെ പുറത്തിറങ്ങാതിരുന്നു. തലശ്ശേരിയിൽ നിന്നും 500 പേരുടെ ഒരു പോഷക സേനയെത്തിയാണ് ഇവരെ മോചിപ്പിച്ചത്. കലാപം നാടാകെ പരക്കുകയായിരുന്നു.

ഈ സന്ദർഭം പ്രയോജനപ്പെടുത്തി തങ്ങളുടെ ഒളിത്താവളങ്ങളിൽനിന്നും പഴശ്ശിരാജയും അനുചരൻമാരും പുറത്ത് വന്ന് ഈ ജനകീയ പ്രക്ഷോഭത്തിൻെറ നേതൃത്വം ഏറ്റെടുത്തു. ആയുധധാരികളായ ലഹളക്കാരിൽ മൂവായിരം പേർ പുൽപ്പള്ളിയിലും അഞ്ഞൂറിൽപ്പരം പേർ മറ്റു സ്ഥലത്തും താവളമടിച്ചു. അവശേഷിച്ചിരുന്നവർ വള്ളിയൂർ കാവിനടുത്തുള്ള സ്ഥലങ്ങളിലും മറ്റു തന്ത്രപ്രധാനമായ പ്രദേശങ്ങളിലും കാവലിരുന്ന് ഇംഗ്ലീഷ് സൈന്യത്തെ നേരിട്ടു. എടച്ചേന കുങ്കൻെറ സഹോദരൻ നൂറു പടയാളികളോട് കൂടി പെരിയ ചുരത്തിൻെറ പരിസരത്തിലും മറ്റുള്ളവരിൽ കുറെപ്പേർ കൊട്ടിയൂർ ചുരപ്രദേശത്തും താവളമടിച്ചു. ഡിണ്ടിമേൽ മുതൽ വള്ളൂർ കാവു വരെയുള്ള പ്രദേശങ്ങൾ ലഹളക്കാരുടെ അധീനതയിലായി. സമരം പടർന്നു പിടിച്ചു. ചിറക്കൽ പ്രദേശത്തും കുത്തുപറമ്പിലും വെച്ച് ഇംഗ്ലീഷ് സൈന്യവുമായി ഏറ്റുമുട്ടൽ നടന്നു. ആളപായമോ പരാജയമോ ഗൗനിക്കാതെയുള്ള ഈ ജനകീയ മുന്നേറ്റം കമ്പനി ആസ്ഥാനമായ തലശ്ശേരിക്കടുത്തുള്ള ധർമ്മപട്ടണത്തും രണ്ടുത്തറയിലും അനുഭവപ്പെട്ടു. കണ്ണൂർ, മക്രേരി, അഞ്ചരക്കണ്ടി, കൂടാളി എന്നിവിടങ്ങളിലുള്ള ഇംഗ്ലീഷ് കേന്ദ്രങ്ങളൊക്കെ കലാപകാരികളുടെ ആക്രമണത്തിന് വിധേയമായി. ബ്രിട്ടീഷ് കാവൽ സങ്കേതങ്ങളുടെയും യൂറോപ്യൻ സെറ്റിൽമെൻറുകളുടെയും അടുത്ത് വന്ന് ആക്രമണങ്ങൾ നടത്തുന്നതിൽ ലഹളക്കാർ പ്രകടിപ്പിച്ച കൂസലില്ലായ്മ കണ്ടപ്പോൾ ഉൾപ്രദേശങ്ങളിൽ പലയിടങ്ങളിലായി നിലനിർത്തിയിരുന്ന കമ്പനിപ്പടയെ സുരക്ഷിതസ്ഥാനങ്ങളിലേക്ക് പിൻവലിക്കുവാൻ ഗവർമ്മേണ്ട് നിർബന്ധിതരായിത്തീർന്നു.

കമ്പനി സൈന്യത്തിൻെറ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കലാപകാരികളെ വിദഗ്ദ്ധമായി കൈകാര്യം ചെയ്യുന്നതിനുമുള്ള ആസൂത്രിത പദ്ധതികളുമായാണ് 1804ൽ പ്രിൻസിപ്പൽ കളക്ടറായി മലബാറിലെത്തിയ തോമസ്

വാർഡൻ തൻെറ പ്രവർത്തനം ആരംഭിച്ചത്. അദ്ദേഹത്തിൻെറ സബ്കളക്ടർ തോമസ് ഹാർവെബാബർ ആയിരുന്നു. അസാമാന്യമായ കാര്യശേഷിയുള്ള ഇദ്ദേഹത്തിൻെറ വ്യക്തിപ രമായ നേട്ടവും കൂടിയായിരുന്നു പഴശ്ശിവിപ്ലവം അന്തിമമായി അടിച്ചമർത്താൻ സാധിച്ചത്. ഇതിനുമുമ്പേ തന്നെ ക്യാപ്റ്റൻ വാട്ട്സൻെറ നിയന്ത്രണത്തിൽ 1200 കോൽക്കാരെ പ്രത്യേക സൈനിക പരിശീലനം കൊടുത്ത് ക്ലേശകരമായ കാലാ വസ്ഥയിലും ദുർഘടമായ പ്രദേശങ്ങളിലും അനായാസേന പ്രവർത്തിക്കുവാൻ കർമ്മനിരതരാക്കുകയും ചെയ്തിരുന്നു. ക്യാപ്റ്റൻ വാട്ട്സൻെറ കോൽക്കാരുമായി ഏറ്റുമുട്ടിയാണ് ഉണ്ണിമൂസ മൂപ്പനും അത്തൻ കുരുക്കളും അന്ത്യശ്വാസം വലിച്ചത്. ഇവരുടെ അതിവിദഗ്ദമായ സൈനിക നേട്ടങ്ങളാ യിരുന്നു 1804 ആയപ്പോഴേക്കും ലഹളക്കാരുടെ കേന്ദ്രസ്ഥാന ങ്ങൾ അധികവും ഇതരസൈന്യങ്ങളുടെ സഹായത്തോടെ നിർമാർജ്ജനം ചെയ്യുവാൻ സാധിച്ചത്. ചിറക്കൽ നാട്ടിലെ കാടുകൾ നിറഞ്ഞ കിഴക്കൻ പ്രദേശങ്ങളിൽ കല്യാട്ട് നമ്പ്യാരും പഴശ്ശി സൈന്യവും ചേർന്ന് നടത്തിയിരുന്ന ബ്രി ട്ടീഷ് വിരുദ്ധനീക്കങ്ങളെ അടിച്ചമർത്തുവാൻ ബാബറിന് സാധിച്ചു. ബാബർ വിജയകരമാക്കിയ മറ്റൊരു പദ്ധതി ഓ രോ പ്രദേശത്തേയും ജനങ്ങളെ, ലഹളക്കാരെ കുറിച്ച് വിവ രം നൽകുന്നതിനും അവർക്ക് യാതൊരു സഹായവും നൽ കാതിരിക്കുന്നതിനും ബാധ്യസ്ഥരാക്കിയെന്നതാണ്. കനത്ത ശിക്ഷയാണ് ഇതിന് എതിരായി പ്രവർത്തിക്കുന്നവർക്ക് നൽകിയിരുന്നത്. ചിറക്കലെ കലാപകേന്ദ്രങ്ങൾ ഇത് മൂലം ജനങ്ങളുടെ സഹായത്തോടെ തകർക്കുവാൻ കഴിഞ്ഞു. ലഹളബാധിത പ്രദേശങ്ങളിൽ നിന്നും മാരകായുധങ്ങൾക്ക് വേണ്ടി തിരച്ചിൽ നടത്തി വലിയ ശേഖരങ്ങൾ കണ്ടെ ടുത്തതും കലാപകാരികളുടെ ആത്മവീര്യം കുറക്കുവാൻ ഉപകരിച്ചു. ചിറയ്ക്കൽ പരീക്ഷിച്ച് വിജയിച്ച ഈ പദ്ധതി കോട്ടയത്തും മറ്റിതര കലാപപ്രദേശങ്ങളിലും വിജയകരമായി പ്രാവർത്തികമാക്കുകയാണ് ബാബർ ചെയ്തത്. ഈ നടപടി കളുടേയും ഒപ്പം കോൽക്കാരൻ പോലീസുകാർ നടത്തിയ ജാഗ്രതയുടേയും ഫലമായി, കീഴ്പ്രദേശങ്ങളിൽ നിന്ന് വിപ്ലവ സേനയ്ക്ക് വയനാട്ടിലെ വനാന്തരങ്ങളിലേയ്ക്ക് പലായനം ചെയ്യേണ്ടതായി വന്നുകൂടി.

മേൽപറഞ്ഞ പ്രതിരോധ നടപടികൾക്ക് പുറമേ കേണൽ മക്‌ളിയോഡ് ജൂൺ 16-ാം തിയതി പുറപ്പെടുവിച്ച അവസാ നവിളംബരത്തിൽ കലാപനേതാക്കളായ 12 പേരെ പിടി ച്ചുകൊടുക്കുവാൻ സഹായിക്കുന്നവർക്ക് പാരിതോഷികങ്ങൾ പ്രഖ്യാപിച്ചു.65. കുറ്റവാളികളായി പ്രഖ്യാപിച്ചവരുടെ വസ്തുവ ഹകളൊക്കെ കണ്ടുകെട്ടുകയും ചെയ്തു. പിടികിട്ടാ പ്പുള്ളികളായി പ്രഖ്യാപിച്ചിരുന്നവരുടെ പേരും അവരെ പിടിച്ചുകൊടുക്കുന്നവർക്കുള്ള സമ്മാനത്തുകയും ചുവടെ ചേർക്കുന്നു.

1. കേരളവർമ്മ പഴശ്ശിരാജ - 3000 പഗോഡ
2. ഇതേ കുടുംബത്തിലെ വീരവർമ്മരാജ - 1000 പഗോഡ
3. ഇതേ കുടുംബത്തിലെ രവിവർമ്മരാജ - 1000 പഗോഡ
4. പള്ളൂർ എമാൻ - 1000 പഗോഡ
5. എടച്ചേന രയരപ്പൻ (പള്ളൂർ എമാൻെറ കനിഷ്ഠ സഹോദരൻ) 300 പഗോഡ
6. എടച്ചേന കുങ്കൻ - 1000 പഗോഡ
7. എടച്ചേന ഒതേനൻ - 300 പഗോഡ
8. എടച്ചേന കോമപ്പൻ - 300 പഗോഡ
9. എടച്ചേന അമ്പു - 300 പഗോഡ
10. കാർവേരിയള്ളിക്കണ്ണൻ - 300 പഗോഡ
11. യോഗിമുള്ള മച്ചാൻ - 300 പഗോഡ
12. ഇട്ടികോമ്പെറ്റ കേളപ്പൻ നമ്പ്യാർ - 800 പഗോഡ

ഇതൊക്കെ പ്രഖ്യാപിച്ചശേഷം വാർഡനും മക്ലിയോഡും യഥാക്രമം കോഴിക്കോട്ടേക്കും കണ്ണൂരിലേക്കും മടങ്ങി. വയ നാട്ടിൽ നിന്നും ഇവർ വിരമിക്കേണ്ട താമസമേയുണ്ടായുള്ളു വീണ്ടും ശക്തിയായ ആക്രമണങ്ങളുണ്ടാകാൻ. ബ്രിട്ടീഷു കാരുടെ കാവൽ കേന്ദ്രങ്ങൾ മിന്നലാക്രമണങ്ങൾക്ക് വിധേയ മാകുകയും വളരെ പേർക്ക് ആൾനാശം സംഭവിക്കുകയും ചെയ്തു. ഇവിടെ 'ചുരിക്കുഞ്ഞി' എന്ന് ഇംഗ്ളീഷ് റെ ക്കാർഡുകളിൽ കാണുന്ന സ്ഥലത്തുള്ള കാവൽ സങ്കേത ത്തിലെ ഒരു സുബൈദാരെയും 7 ശിപായിമാരേയും വിപ്ളവ സേന വകവരുത്തുകയും 17 ശിപായിമാർക്ക് മാരകമായ പരിക്കേല്പിക്കുകയും ചെയ്തു. ഇതോടെ ഇംഗ്ളീഷ് സൈന്യം വീണ്ടും ജാഗ്രത്തായി രംഗത്തിറങ്ങി. കോൽക്കാരും സൈ ന്യങ്ങളും കൂട്ടായി നടത്തിയ നീക്കത്തിൽ കലാപകാരികളിൽ പലരേയും വധിക്കുവാനോ, തടവുകാരാക്കുവാനോ, സാ ധിച്ചിരുന്നു. തെക്കൻ വയനാട്ടിൽ നിന്നും തെക്കേ മല ബാറിലേക്ക് കടക്കുന്ന ഒരു ചുരത്തിൽ പഴശ്ശിരാജ താവള മടിച്ചിട്ടുണ്ടെന്ന് വിവരം ലഭിച്ചതിനെ തുടർന്ന് വാർഡൻ തൻെറ കോൽക്കാരൻമാരെ അവിടെക്ക് നിയോഗിച്ചിരുന്നു. കോൽക്കാരൻമാർ രാത്രി മുഴുക്കെ കനത്തമഴയിൽ അട്ടകളുടെ കടിയേറ്റും മലഞ്ചുരങ്ങളിൽ ചുറ്റിക്കറങ്ങി, കാലത്ത് 7 മണി ക്ക് കലാപകാരികളുടെ അടുത്ത് ചെന്ന് പറ്റി. പഴശ്ശിരാജ ത ങ്ങിയിരുന്ന ഓലപ്പുരയുടെ 60 വാര അകലെ കോൽ ക്കാരെത്തിയപ്പോഴാണ് കാവൽ നിൽക്കുകയായിരുന്ന കുറിച്ചൻ ഒരു അമ്പ് എയ്തു രാജാവിനും അനുയായികൾക്കും മുന്നറി യിപ്പ് നൽകിയത്. രാജാവും അനുചരൻമാരും ഓലപ്പുരയിൽ നിന്നും ഉടൻ പുറത്തു കടന്നു. കോൽക്കാരൻമാരുടെ തോ ക്കുകൾ ചീറി. വെടിവെപ്പിൽ പള്ളൂർരയരപ്പന് മാരകമായ മുറിവു പറ്റി. കോൽക്കാർക്ക് പഴശ്ശിരാജയും മറ്റുമുണ്ടാ യിരുന്ന വീട്ടിലേക്ക് എത്തണമെങ്കിൽ വലിയ ഒരു ഗർത്തം തരണം ചെയ്തിട്ടുവേണമായിരുന്നു. സാഹസപ്പെട്ട് അവർ ഈ കാട്ടുകുഴി താണ്ടി ഷെഡ്ഡിലെത്തിയപ്പോഴേക്കും പഴശ്ശിയും കൂട്ടരും രക്ഷപെട്ടിരുന്നു. എന്നാൽ പഴശ്ശിയുടെ

രണ്ടു ഭൃത്യൻമാരെ പിടികൂടുവാനും 13 തിരത്തോക്കും 4 വാളും ഒരു കൂന വസ്ത്രങ്ങളും 500 പെഗോഡ വില വരുന്ന സ്വർണ്ണം - വെള്ളി ഉപകരണങ്ങളും പിടിച്ചെടുക്കുവാനും സാധിച്ചു.

ദുസ്സഹമായ കാലാവസ്ഥയും ദുർഘടമായ പ്രദേശവും കോൽക്കാരുടെയും സൈന്യത്തിൻെറയും ആരോഗ്യം തകർത്തുകൊണ്ടിരുന്നു. മലേറിയ പിടിപെട്ട് വളരെ പേർ മരിച്ചു. പുറമെ, കിട്ടുന്ന അവസരങ്ങളിലൊക്കെ ഒളിപ്പോരാളികൾ നടത്തിക്കൊണ്ടിരുന്ന മിന്നലാക്രമണത്തിലും വളരെ പ്പേർക്ക് ജീവഹാനി നേരിട്ടു. 1804 ഒക്ടോബറായപ്പോഴേക്കും 1300 കോൽക്കാരൻമാരിൽ ഡ്യൂട്ടി രജിസ്റ്ററിൽ അവശേഷിച്ചിരുന്നവർ 170 പേർ മാത്രമായിരുന്നുവെന്നോർക്കുമ്പോൾ, കമ്പനിപക്ഷത്ത് ഉണ്ടായിട്ടുള്ള നഷ്ടങ്ങളുടെ വലുപ്പം മനസ്സിലാക്കാം. കുറിച്യാട്ട് മുതൽ പുൽപ്പള്ളി വരെയുള്ള നിരവധി സ്ഥലങ്ങളിൽ നിന്നും ധാരാളം കുറിച്യരും കുറമ്പരും പഴശ്ശിരാജയുടെയും എടച്ചേന കുങ്കൻെറയും നേതൃത്വത്തിൽ ജനങ്ങളെ ഒന്നടങ്കം ഇംഗ്ളീഷുകാർക്കെതിരായി അണിനിരത്തിക്കൊണ്ടുമിരുന്നു. നിരവധി ഏറ്റുമുട്ടലുകൾ നിത്യസംഭവമായി. ഇരുപക്ഷത്തും ധാരാളമാളുകൾ മരിച്ചുകൊണ്ടിരുന്നു. ഇംഗ്ളീഷു സൈന്യത്തിനു ലഭിച്ച ഏകനേട്ടം കലാപപ്രമാണികരിൽ പ്രധാനിയായ തലയ്ക്കൽ ചന്തുവിനെ തടവിലാക്കുവാൻ സാധിച്ചുവെന്നതാണ്. ചന്തു നിറയൊഴിച്ചെങ്കിലും ലക്ഷ്യം തെറ്റിയതിനാൽ സൈന്യത്തിൻെറ പിടിയിലായി. തന്നെ പിടിച്ചുകെട്ടാനെത്തിയവരിൽ ഒരാളെ ആ ധീരസേനാനി തൻെറ കൈവശമുണ്ടായിരുന്ന കത്തി കൊണ്ട് വകവരുത്തുകയും ചെയ്തു.

എന്നാൽ ടി.എച്ച്. ബാബർ വിദഗ്ദനായ സൈനിക തന്ത്രജ്ഞനായിരുന്നു. പഴശ്ശിരാജയെ നേരിടാൻ തയ്യാറായി ഇറങ്ങിയ ബാബർ, പ്രിൻസിപ്പാൾ കലക്ടർക്ക് എഴുതുന്ന ദീർഘമായ കത്തിൽ അദ്ദേഹം കൈക്കൊണ്ട സൈനിക തന്ത്രങ്ങളൊക്കെ വിശദീകരിക്കുന്നുണ്ട്. ബ്രിട്ടീഷ് സൈന്യത്തിന് നേരിടേണ്ടതായിവന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് പ്രതിപാദിക്കുന്ന കൂട്ടത്തിൽ അദ്ദേഹം എഴുതുന്നത്,"ചെറു ചെറു സംഘങ്ങളായി ജില്ലയുടെ നാനാഭാഗങ്ങളിലേക്ക് പടർന്ന് വ്യാപിച്ചു കിടക്കുന്ന ഒളിപ്പോരാളികളെ പൂർണ്ണമായും നിർവീര്യമാക്കുക പ്രയാസമാണ്. സാമാന്യജനങ്ങൾക്കിടയിൽ, ലഹളത്തലവൻമാരോട് മതിപ്പും അനുഭാവവും വച്ചു പുലർത്തുന്നവരുടെ എണ്ണവും കുറവായിരുന്നില്ല. എടച്ചേന കുങ്കൻെറ കാര്യത്തിൽ നാട്ടുകാരുടെ സ്നേഹവും വിശ്വാസവും അത്ര വ്യാപകമാണെന്ന് പറഞ്ഞുകൂടെങ്കിലും പഴശ്ശിരാജയോടുള്ളകൂറും ബഹുമാനവും സാർവ്വത്രികവും ശക്തവുമായി കാണപ്പെട്ടു.66 ഒരു വീരപുരുഷനെയെന്നോണം അവരദ്ദേഹത്തെ ആരാധിക്കുന്നു. പഴശ്ശിരാജയുടെ മരണം കൊണ്ടും ഈ ആരാധനാബോധം മായ്ച്ചു കളയുവാൻ കഴിയുമെന്ന് തോന്നുന്നില്ല." കോയമ്പത്തൂരിലെ ചെട്ടിയാൻമാരും കുറ്റ്യാടി തുടങ്ങിയിടങ്ങളിലെ മാപ്പിളമാരുമാണ് പഴശ്ശിക്കും സൈന്യത്തിനും ആവശ്യമുള്ള സാധനസാമഗ്രികൾ എത്തിച്ചുകൊണ്ടിരുന്നത്. ബാബർ എടുത്ത നടപടി മൈസൂറിൽ നിന്നും മറ്റുള്ള സ്ഥലങ്ങളിൽ നിന്നും യാതൊരു സാധനവും വയനാടൻ മലയിടുക്കുകളിലേക്ക് വരുന്നത് വിജയപൂർവ്വം തടയുകയെന്നതായിരുന്നു. ഇതോടെ ആവശ്യസാധന ങ്ങളുടെ ദൗർലഭ്യം പഴശ്ശിയേയും കൂട്ടരേയും ഏറെ അങ്കലാപ്പിലാക്കുകയും ചെയ്തു. ഈ അപായകരമായ അവസ്ഥയിലും സന്ധിയ്ക്കോ, അനുരഞ്ജനത്തിനോ അദ്ദേഹം തയ്യാറായില്ലാ എന്നതാണ് അദ്ദേഹത്തിൻെറ ധീരോദാത്തതയുടെ മാഹാത്മ്യം.

ബാബർ നടത്തിയ ശ്രമം നാട്ടുകാരെ പ്രീണിപ്പിച്ച് അവരുടെ വിശ്വാസം പിടിച്ചു പറ്റുകയെന്നതായിരുന്നു. വളരെ പ്പേർക്ക് സമ്മാനങ്ങളും സഹായങ്ങളും നൽകി തൻെറ കൂടെ നിർത്തുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഇവരിൽ പ്രധാനികളായ പലരും അവരുടെ പണിയരെ പറഞ്ഞ്വിട്ട് പഴശ്ശി സങ്കേതത്തെക്കുറിച്ചുള്ള വിവരം ശേഖരിച്ച് നൽകാമെന്നേറ്റതായി ബാബർ എഴുതുന്നുണ്ട്.

അവസാനം നവംബർ 30-ാം തിയതി പഴശ്ശി രാജയും മറ്റു കലാപനേതാക്കളും ഒളിവിൽ കഴിയുന്ന സ്ഥലത്തിൻെറ നിജസ്ഥിതി ഒരു പണിയസംഘം ബാബർക്ക് എത്തിച്ചു കൊടുത്തു. പള്ളൂർ എജമാൻ ഒഴികെയുള്ള എല്ലാവരും ഒരു പ്രത്യേക സ്ഥലത്തുണ്ടെന്നായിരുന്നു കിട്ടിയ വിവരം. ഉടൻ തന്നെ അദ്ദേഹം ഒരു ഓഫീസറേയും 50 ശിപായിമാരേയും 100 കോൽക്കാരേയും കൊണ്ട് ചാരൻമാർ പറഞ്ഞ സ്ഥലത്തേക്ക് തിരിച്ചു. രാത്രി 9 മണിക്ക് ഈ ചാരൻമാർ കാണിച്ച വഴിയിലൂടെയായിരുന്നു യാത്ര. ബാബറുടെ വാക്കുകളിൽ തന്നെ പഴശ്ശിയുമായുള്ള അവസാനത്തെ ഏറ്റുമുട്ടലിൻെറ വിശദാംശം വിവരിക്കുന്നതാണ് ഉചിതം. അദ്ദേഹം എഴുതുന്നു:" രാത്രി മുഴുക്കെ ഞങ്ങൾ വനാന്തരങ്ങൾ താണ്ടി. പിറ്റേന്ന് കാലത്ത് ഏഴുമണി വരെ കങ്കാരപ്പുഴയെത്താൻ കഴിഞ്ഞില്ല. ഇവിടെ വെച്ച് ഞങ്ങൾ രണ്ടു ഭാഗമായി പിരിഞ്ഞു. പുഴക്കരയിലൂടെ നടന്ന് നീങ്ങിയപ്പോൾ ഒരു കുന്നിൻചെരുവിൽ അടുത്തായി പണി തീർത്തതെന്ന് കരുതാവുന്ന ഒരേ ആകൃതിയിലുള്ള ഒട്ടേറെ കുടിലുകൾ കണ്ടു. 9 മണി വരെ പിന്നേയും നടന്നു... ഇടതൂർന്ന് ഉയർന്ന് വളർന്ന് നിൽക്കുന്ന പുൽക്കാടുകൾക്കും തേക്കുമരങ്ങൾ ക്കുമിടയിലൂടെ മൈസൂർ അതിർത്തിയിൽപ്പെട്ട പ്രദേശത്ത് ഒന്നരനാഴിക ഞങ്ങൾ സഞ്ചരിച്ചപ്പോൾ, മുന്നണിസംഘത്തെ നയിക്കുകയായിരുന്ന ചേരൻ സുബേദാർ പൊടുന്നനെ നിന്ന് എന്നെ അടുത്തേക്ക് മാടിവിളിച്ചുകൊണ്ട് പരിസരങ്ങളിൽ ആളനക്കവും ശബ്ദവും കേട്ടതായി പറഞ്ഞു. ഞാൻ പെട്ടന്ന് മുന്നോട്ടാഞ്ഞു ഒരു വിഹഗവീക്ഷണം നടത്തിയപ്പോൾ, ഞങ്ങളുടെ ഇടതുവശത്തുള്ള മാവിലാതോടിൻെറ കരയിൽ പത്തോളം പേർ യാതൊന്നും സംശയിക്കാതെ നിലയുറപ്പിച്ചിരിക്കുന്നതായി കണ്ടു. ക്യാപ്റ്റൻ ക്ളഫാമും ശിപായികളും കോൽക്കാരിൽ ഭൂരിഭാഗവും

അപ്പോഴും ഞങ്ങൾക്ക് കുറെ പുറകിലായിരുന്നുവെങ്കിലും ഉള്ളവരുമായി മുന്നോട്ട് നീങ്ങുവാൻ ഞാൻ നിശ്ചയിച്ചു. മുപ്പത് പേരോളം വരുന്ന ഞങ്ങളുടെ പാർട്ടി ചേരൻ സുബൈദാരെ മുമ്പിൽ നടത്തി നിമിഷങ്ങൾക്കകം മാവിലാ തോടിന്റെ കരയിലെത്തുകയും ലഹളസംഘത്തിനിട യിലേക്ക് ചാടിവീഴുകയും ചെയ്തു. തുടർന്നുണ്ടായ ഏറ്റുമുട്ടൽ അധികസമയം നീണ്ടുനിന്നില്ല. ലഹളക്കാരിൽ പലരും നിലം പതിച്ചു. മറ്റുള്ളവർ പ്രാണനും കൊണ്ട് ഓടിമറഞ്ഞു.... കലാപസംഘത്തിൽപ്പെട്ട ഓടിഒളിച്ച ഒരുവനെ പിടികൂടിയപ്പോൾ പഴശ്ശിരാജകൂട്ടത്തിലുണ്ടാ യിരുവെന്ന് അവൻ പറഞ്ഞു. ക്യാമ്പിലേക്ക് തിരിച്ചെത്തിയ പ്പോഴാണ് മാവിലാതോട്ടുകരയിലെ സംഘട്ടനത്തിൽ ആദ്യം നിലം പതിച്ചവരിൽ പഴശ്ശിരാജയും ഉണ്ടായിരുന്നതായി മനസ്സിലായത്. 67. പഴശ്ശിരാജയുടെ ഏററവും വിശ്വസ്ഥ നായ ആറളത്ത് കുട്ടിനമ്പ്യാർ അതിരൂക്ഷമായി ചെറുത്തു നിന്നെങ്കിലും വയനാടൻ പാർവത്യക്കാരിൽ ഒരാളുടെ സമർത്ഥമായ നീക്കം കൊണ്ട് അവസാനം നിലം പതിച്ചു. രാജയുടെ മറ്റു നാലു അനുയായികയളും ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടു. രാജാവിന്റെ സഹധർമ്മിണിയെ അവരുടെ പരിസേവികമാരോടൊപ്പം തടവുകാരായി പിടിച്ചു. ഒരു സ്വർണ്ണകഠാരിയും ഒരു കണ്ഠമാലയും ഒഴിച്ച് മറ്റു വസ്തു ക്കളൊന്നും കണ്ടെത്താൻ കഴിഞ്ഞില്ല.... പഴശ്ശിരാജയുടെ മൃതദേഹം ഞാൻ സഞ്ചരിച്ചിരുന്ന പല്ലക്കിലേക്ക് മാറ്റി. രാജപത്നിയെ ക്യാപ്റ്റൻ ക്ളഫാമിന്റെ പല്ലക്കിലുമാക്കി. ലഹളക്കാരിൽ അവശേഷിച്ചവരെ ഇനിയും പിൻന്തുടരുന്നത് നിഷ്പ്രയോജനമാണെന്നതുകൊണ്ട് സേനാവിഭാഗങ്ങളെ സ്വന്തം താവളങ്ങളിലേക്ക് പറഞ്ഞുവിട്ട് ഞങ്ങൾ ചെമാസിയിലേക്ക് മടങ്ങിയപ്പോൾ വൈകുന്നേരം 6 മണിയായിരുന്നു. വഴിക്കെവിടെയും എതിർപ്പൊന്നും നേരിടേണ്ടതായി വന്നില്ല. അടുത്ത ദിവസം പഴശ്ശിരാജയുടെ മൃതദേഹം, പട്ടാളക്കാവലോടെ, മാനന്തവാടിക്ക് അയച്ചു. മൃതശരീരത്തോടൊപ്പം അയച്ച ശിരസ്തിദാർക്ക് എല്ലാ ബ്രാഹ്മ ണരേയും വിളിച്ചു വരുത്തി ശവ സംസ്കാരം പാരമ്പര്യ വിധിപ്രകാരം നടത്തണമെന്ന് നിർദ്ദേശം നൽകിയിരുന്നു. ഇങ്ങനെ ഒരു ബഹുമതിയ്ക്ക്, ഒരു പ്രഖ്യാപിതലഹളത്തല വനാണെങ്കിലും, രാജ്യത്തെ യഥാർത്ഥ നാടുവാഴികളിൽ ഒരാളെന്ന നിലയ്ക്ക് അദ്ദേഹം സർവ്വഥാ അർഹനാണെന്നിക്ക് തോന്നി"68.

അങ്ങനെ ഏകദേശം ഒരു ദശാബ്ദത്തോളം കമ്പനി ക്കെതിരായി നിശ്ചയദാർഡ്യത്തോടും നിരന്തരമായും വിശ്രമ മില്ലാതെയും പോരാടിയ ഉത്തമനായ ഒരു മഹാന്റെ അന്ത്യം 1805 നവംബർ 30-ാം തിയതിയോടെ സംഭവിച്ചു. സുദീർഘമായ ഒരു ധീരസാഹസിക സമരത്തിന്റെ പുളകം കൊള്ളിക്കുന്ന വീരഗാഥയായി - നിദാന്തമായ ഒരു ദുഃഖ സ്മരണയായി - കേരളവർമ്മ പഴശ്ശിരാജ ജനഹൃദയങ്ങളിൽ പുരുഷാന്തരങ്ങളിലൂടെ ജീവിക്കുന്നു. അധികം താമസിയാതെ മറ്റുള്ള കലാപനേതാക്കളും പിടിയിലാകുകയോ വധിക്കപ്പെടുകയോ ചെയ്തു. എടച്ചേന കുങ്കൻ രോഗബാ ധിതനായി കിടപ്പിലായിരുന്നതിനാൽ രക്ഷപ്പെടാൻ മാർഗ്ഗ മില്ലാതിരുന്നത് കൊണ്ട് ഇംഗ്ലീഷ്പട്ടാളത്തിന്റെ കൈയിൽ പെടാതിരിക്കുന്നതിനായി ആത്മഹത്യ ചെയ്യുകയാ ണുണ്ടായത്.69. 1806 ജനുവരിയിൽ പള്ളൂർ രയപ്പൻ, നിലമ്പൂർ തിരുമുൽപ്പാടിന്റെ ഒരു മല കയറി രക്ഷപ്പെടുവാൻ ശ്രമിക്കുന്നതിനിടയിൽ രക്ഷാസേനയുടെ പിടിയിൽപെട്ടു. ഇദ്ദേഹത്തിന്റെ സഹോദരൻ പള്ളൂർ എമാനും ജീവനോടെ പിടികൂടപ്പെട്ടു. പള്ളൂർ എമാനേയും മറ്റു നിരവധി തടവു കാരെയും പ്രിൻസ് ഓഫ് വെയ്ൽസ് ദ്വീപിലേക്ക് നാടുകടത്തി. പഴശ്ശിരാജയുടെ മരണാനന്തരം കല്ലടിക്കോട്ട കോവിലകത്ത് അഭയം തേടിയിരുന്ന രണ്ട് പഴശ്ശിതമ്പുരാക്കൾക്ക്, കീഴട ങ്ങാമെങ്കിൽ മാപ്പു കൊടുക്കാമെന്ന് വാർഡൻ പറയുകയും അതവർ സ്വീകരിക്കുകയും ചെയ്തു.70. പഴശ്ശി വിപ്ലവത്തെ നിലംപരിശാക്കിയ ടി.എച്ച്. ബാബർക്ക് കമ്പനി മേലാളൻ മാരുടെ പ്രത്യേക അഭിനന്ദനസർട്ടിഫിക്കറ്റും 2500 പഗോഡ പാരിതോഷികവും നൽകിയിരുന്നു.

വേലുത്തമ്പി ദളവയും പാലിയത്തച്ചനും

ബ്രിട്ടീഷ് ആധിപത്യത്തിനെതിരായി മലബാറിൽ നടന്ന സൈനികസംഘട്ടനങ്ങൾ 1805 നവംബർ അവസാന ത്തോടുകൂടി ഉണ്ടായ പഴശ്ശിരാജയുടെ മരണം താൽക്കാലിക വിരാമമിട്ടു. എന്നിട്ടും കമ്പനിഭരണം സുഗമമായി നട ത്തുവാനോ തങ്ങൾക്കു നേരെയുള്ള വെല്ലുവിളി ഉൻമൂലനം ചെയ്യുവാനോ അവർക്കു കഴിഞ്ഞിരുന്നില്ല. തിരുവിതാംകൂർ ദളവയായിരുന്ന വേലുത്തമ്പിയും കൊച്ചി ദീവനായിരുന്ന പാലിയത്തച്ചനുമാണ് ഇംഗ്ലീഷ്കാരോട് ധീരമായി പോരടിച്ച പ്രബലർ. ധർമ്മരാജാവ് എന്ന പേരിൽ പ്രശസ്തനായ കാർ ത്തികതിരുന്നാളിന്റെ മരണശേഷം തിരുവിതാംകൂറിൽ ബാല രാമവർമ്മയാണ് രാജാവായത്. 1798-ൽ ആയിരുന്നു അദ്ദേഹം അധികാരമേറ്റത്. എന്നാൽ അധികകാലം കഴിയുന്നതിന് മുമ്പ് തന്നെ തിരുവിതാംകൂറിലെ ഭരണസംവിധാനം ആകെ പ്പാടെ തകരാറിലായി. പ്രാപ്തനും പ്രശസ്തനുമായിരുന്ന രാജാ കേശവദാസ് ഒരു വർഷത്തിനകം ദുരൂഹമായ സാഹചര്യത്തിൽ മരണമടഞ്ഞു. ബാലരാമവർമ്മയാകട്ടെ അപക്വമതിയും ഭരണ കാര്യങ്ങളിൽ വിമുഖനും ആയിരുന്നു. അദ്ദേഹത്തിന്റെ ദൗർബല്യവും കഴിവുകേടും ചൂഷണം ചെയ്യുവാൻ ദുർമോ ഹികളായ ചിലർ രംഗത്തെത്തി. അവരിൽ പ്രധാനികൾ ജയ ന്തൻ നമ്പൂതിരി, ശങ്കരനാരായണൻ ചെട്ടി, മാത്തൻ തരകൻ എന്നിവരാണ്. ഈ മൂവർ സംഘത്തിന് ഭരണകാര്യങ്ങൾ മുഴുക്കെ നടത്തുവാനുള്ള അധികാരം രാജാവ് നൽകുകയും ചെയ്തു. ജയന്തൻ നമ്പൂതിരിയെ വലിയ സർവ്വാധി കാരികാര്യക്കാരന്റെ പദവി (പ്രധാനമന്ത്രി) യിലേക്ക് ഉയർ ത്തുകയും തക്കല ശങ്കരൻനാരായണൻ ചെട്ടിയെ വലിയ മേലെഴുത്തു (ധനകാര്യമന്ത്രി) കാരനായും, മാത്തു തരകനെ ഉപദേശകനുമായാണ് നിയമിച്ചിരുന്നത്. അങ്ങനെ ശങ്കുണ്ണിമേനോന്റെ ഭാഷയിൽ "അജ്ഞരും, ധൂർത്തരും,

ധാർഷ്ട്യക്കാരുമായ ഈ മൂവരുടെ ഭരണത്തിൻകീഴിലായി പ്രസിദ്ധമായ ഈ രാജ്യത്തിൻെറ ഭാഗധേയം"71.

സാമ്പത്തിക തകർച്ചയായിരുന്നു രാജ്യത്തെ അഭിമുഖീകരിച്ചിരുന്ന പ്രധാനപ്രശ്നം. സാമ്പത്തിക വൈഷമ്യങ്ങൾ പരിഹരിച്ച് ഖജനാവിൽ പണമുണ്ടാക്കുവാനുള്ള കൂട്ടായ ആലോചനയിൽ ഇവർ കണ്ട മാർഗ്ഗം ധനികരും ജൻമികളും ആയവരിൽ നിന്നും പൊതു സംഭാവനകൾ പിരിക്കുകയെന്ന എളുപ്പമാർഗ്ഗമായിരുന്നു. സംഭവാനകൾ പിരിച്ചെടുക്കുവാൻ അധികാരം നൽകുന്ന നിയമങ്ങൾ പ്രാബല്യത്തിൽ വരുത്തുകയും ചെയ്തു. പിരിവ് നൽകുവാൻ വിസമ്മതിക്കുന്നവരെ ശിക്ഷിക്കുവാനുള്ള അധികാരം രാജാവിനും മന്ത്രിമാർക്കും ഉള്ളതായി നിയമത്തിൽ വ്യവസ്ഥ ചെയ്തിരുന്നു. ഇതനുസരിച്ച് അവർ ലിസ്റ്റ് തയ്യാറാക്കുകയും ഓരോരുത്തരെ ആയി കൊട്ടാ രത്തിൽ വിളിച്ച് അവരുടെ പേരിന് നേരെ ചേർത്തിരുന്ന വൻ തുകകളടക്കുവാൻ ആവശ്യപ്പെടുകയുമുണ്ടായി. പണം അടക്കുവാൻ തയ്യാറില്ലാതിരുന്നവർ ശിക്ഷ അനുഭവിക്കുവാൻ ഒരുങ്ങിയിരിക്കണമെന്നും മുന്നറിയിപ്പ് നൽകി. രണ്ടാഴ്ച നടത്തിയ ഈ പിരിവിൽ വലിയൊരു തുക ഈടാക്കുവാൻ സാധിച്ചതോടെ ഇത് സാർവ്വത്രികമായി നടപ്പിലാക്കുവാനുള്ള ശ്രമമാണ് പിന്നീട് നടന്നത്. കച്ചവടക്കാർ, ഭൂവുടമകൾ, പെൻഷൻ പറ്റിയ ഉദ്യോഗസ്ഥൻമാർ മുതൽ സാധാരണക്കാർ വരെ ഈ നിർബന്ധ പിരിവിൽ കുടുങ്ങി ഏറെ പ്രയാസപ്പെട്ടു. പണമടക്കാൻ സാധിക്കാതെ വന്ന പലരും ശാരീരിക ദണ്ഡനം അനുഭവിക്കുകയും, ജയിലിൽ കഴിയേണ്ടതായി വരികയും ചെയ്തു. ക്രൂരവും മനുഷ്യത്വരഹിതവുമായ ഈ പിടിച്ചുപറി രാജ്യത്താകമാനം അസംതൃപ്തിയും അങ്കലാപ്പും ഉളവാക്കിയിരുന്നു.

നിർബന്ധപിരിവിന് നോട്ടീസ് കിട്ടിയവരിൽ തലക്കുളം കാര്യക്കാരായിരുന്ന (തഹസിൽദാർ) വേലുത്തമ്പിയും ഉൾപ്പെട്ടിരുന്നു. ജയന്തൻ നമ്പൂതിരിയുടെ മുമ്പിൽ ഹാജരായ അദ്ദേഹത്തോട് മൂവ്വായിരം ഉറപ്പികയോളം വരുന്ന 20,000 കാലിപ്പണമാണ് ആവശ്യപ്പെട്ടിരുന്നത്. അത് നൽകുവാൻ അദ്ദേഹം വിസമ്മതിക്കുന്നുവെങ്കിൽ ശിക്ഷക്ക് വിധേയനാകുവാനും ആജ്ഞാപിച്ചു. ഉന്നതകുടുംബാംഗമായ വേലുത്തമ്പിയാകട്ടെ ധൈര്യശാലിയായ ഒരു യോദ്ധാവായിരുന്നുവെന്ന് മാത്രമല്ല, കാര്യങ്ങൾ ശരിക്കും മനസ്സിലാക്കുവാൻ കഴിവുള്ള തന്ത്രശാലിയുമായിരുന്നു. താൻ പണം കൊണ്ടുവന്നിട്ടില്ലെന്നും നാഞ്ചിനാട്ടിലെത്തി മൂന്നു ദിവസത്തിനകം പണമുണ്ടാക്കിയെത്താമെന്നും പറഞ്ഞപ്പോൾ, അദ്ദേഹത്തിൽ നിന്നും ഈ തുകയ്ക്കുള്ള ഒരു പ്രമാണം എഴുതിവാങ്ങിയാണ് പറഞ്ഞയച്ചത്.72. നാഞ്ചിനാട്ടിലെത്തിയ വേലുത്തമ്പി അവിടെയുള്ള ഗ്രാമത്തലവൻമാരുടെ ഒരു യോഗം വിളിച്ചുകൂട്ടി മുതിർന്നവരുടെ ഒരു കൗൺസിൽ രൂപീകരിച്ചശേഷം എല്ലാ ഗ്രാമത്തലവൻമാരോടും അപഹാസ്യമായ ഈ നമ്പൂതിരി ഭരണത്തിനെതിരായി സംഘടിച്ച് അണിനിരക്കുവാൻ അദ്ദേഹം അഭ്യർത്ഥിച്ചു. നല്ലൊരു വാഗ്മികൂടിയായിരുന്ന അദ്ദേഹം മർദ്ദനഭരണത്തിൽ വീർപ്പുമുട്ടിക്കൊണ്ടിരുന്ന ജനങ്ങളെ ആകമാനം പ്രക്ഷോഭത്തിന് തയ്യാറാക്കി. ഇത്തരം ആപൽഘട്ടങ്ങളിൽ ഒന്നിച്ചണി നിരക്കുവാൻ ആഹ്വാനം ചെയ്യുന്ന പെരുമ്പറ അടിച്ചുകൊണ്ട് ആലപ്പുഴ വരെയുള്ള ജനങ്ങളോട് സംഘടിതമുന്നേറ്റം നടത്തുവാൻ അദ്ദേഹം ഉദ്ബോധിപ്പിച്ചു. പറഞ്ഞ സമയത്ത് പണം കിട്ടാതി രിക്കുകയും കലഹത്തിന് ഒരുക്കം കൂട്ടുന്നു എന്നറിയുകയും ചെയ്തതിനാൽ വേലുത്തമ്പിയെ ബന്ധനസ്ഥനാക്കി തിരുവനന്തപുരത്ത് എത്തിക്കുവാൻ രാജകല്പനയുണ്ടായി. ഇതറിഞ്ഞതോടെ തൻെറ സംഘടിത സന്നാഹങ്ങളുമായി വേലുത്തമ്പി തിരുവനന്തപുരത്തെത്തി കോട്ടയ്ക്കുപുറത്ത് താവളമടിച്ചു. പട്ടാളക്കാർ രഹസ്യയോഗം കൂടി വേലുത്തമ്പിക്ക് പിന്തുണ പ്രഖ്യാപിക്കുകയും രാജ്യത്തെ വടക്കൻ ജില്ലകളിൽ നിന്ന് വളരെപ്പേർ അദ്ദേഹത്തോടൊപ്പം ചേരുവാൻ വേണ്ടി തിരുവനന്തപുരത്തെത്തുകയും ചെയ്തു. ഈ ജനകീയ മുന്നേറ്റം കണ്ട് പരിഭ്രാന്തനായ രാജാവ് ക്ഷേത്രത്തിലെ പ്രധാനപൂജാരിയേയും കൊട്ടാരത്തിലെ ഉയർന്ന ഉദ്യോഗസ്ഥൻമാരിൽ ചിലരേയും കൂട്ടി ആലോചനക്ക് പറഞ്ഞയച്ചു. ന്യായമായ ഏത് ഒത്തുതീർപ്പിനും താൻ തയ്യാറാണെന്നും വേലുത്തമ്പി അറിയിക്കുകയുണ്ടായി. ഇത്രയും പ്രജകൾ ഒന്നിച്ച് കൂടുവാനുണ്ടായ കാരണങ്ങളും അവരുടെ ആവശ്യങ്ങളും വേലുത്തമ്പിയാണ് രാജദൂതൻമാരുടെ മുമ്പിൽ അവതരിപ്പിച്ചത്.

1. വലിയ സർവ്വാധികാര്യക്കാരായ ജയന്തൻ നമ്പൂതിരിയെ ഉടനടി പിരിച്ചുവിടുകയും നാടു കടത്തുകയും ചെയ്യുക.

2. അദ്ദേഹത്തെ യാതൊരു കാരണവശാലും മഹാരാജാവ് തിരിച്ചുവിളിക്കുകയില്ലെന്ന് ഉറപ്പ് വരുത്തുവാനായി ഒരു രാജകീയനീട്ട് വിളംബരപെടുത്തുക.

3. ശങ്കരനാരായണനേയും മാത്തുതരകനേയും പൊതുനിരത്തിൽ വെച്ച് ചാട്ടകൊണ്ടടിക്കുകയും അവരുടെ ചെവികളറുത്ത് കളയുകയും ചെയ്യുക.

4. ഉപ്പു നികുതി തുടങ്ങിയ ദ്രോഹകരമായ നികുതികൾ നിർത്തലാക്കുക.

മഹാരാജാവ് ഈ ആവശ്യങ്ങളൊക്കെ അംഗീകരിച്ച് നമ്പൂതിരിയേയും അദ്ദേഹത്തിൻെറ മന്ത്രിമാരേയും ഉടനടി പിരിച്ചു വിടുകയും ചെയ്തു. എന്നാൽ അവരെ ജനകീയ കോടതിയിൽ വിസ്സരിക്കാൻ വിട്ടുതരണമെന്ന ആവശ്യം ഉന്നയിച്ചതനുസരിച്ച് രാജാവ് അതും സമ്മതിച്ചു. ജനങ്ങൾ അവരുടെ പ്രതിനിധികളുടെ ഒരു പഞ്ചായത്ത് ഉണ്ടാക്കി, ഇവരെ വിസ്സരിച്ചു. നമ്പൂതിരിയെ നാടുകടത്തുവാനും മറ്റു രണ്ട് പേരെ ചെവികളറുത്ത് ബന്ധനസ്ഥരാക്കുവാനും തീരുമാനിച്ചു. തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റപ്പെട്ടതിൽ തൃപ്തരായ ജനങ്ങൾ അവരുടെ പ്രദേശങ്ങളിലേക്ക് മടങ്ങി.

വേലുത്തമ്പിയും ലഹളത്തലവരിൽ പ്രമുഖനായ ചിറയിൻകീഴ് അയ്യപ്പൻ ചെമ്പക രാമൻപിള്ളയും ചില നേതാക്കൻമാരും മഹാരാജാവിനെ കണ്ട് തങ്ങളുടെ സേവനം വാഗ്ദാനം ചെയ്തു. പുതിയ ഒരു മന്ത്രിസഭയുടെ ആവശ്യവും അവർ ഊന്നിപറഞ്ഞു. തുടർന്ന് അയ്യപ്പൻ ചെമ്പക രാമൻപിള്ളയെ സർവ്വകാര്യക്കാരാക്കി അദ്ദേഹത്തിന്റെ കീഴിൽ ആവശ്യമുള്ള പല ഉദ്യോഗസ്ഥൻമാരെയും നിയമിച്ചു. വേലുത്തമ്പി ക്കാകട്ടെ "മുളകുമടിശ്ശീല സർവ്വകാര്യക്കാർ" (വ്യവസായ- വാണിജ്യ മന്ത്രി) എന്ന പദവിയും നൽകി. അങ്ങിനെ പുത്ത നായൊരു ഭരണസംവിധാനം ഉടലെടുത്തു. ഇത് 1799ലാ യിരുന്നു.

അയ്യപ്പൻ ചെമ്പകരാമൻപിള്ള പക്വമതിയും ഭരണ ശേഷിയുമുള്ള നയതന്ത്രജ്ഞനായിരുന്നു. തന്റെ മുൻഗാമികൾ ചെയ്തു വെച്ച ദോഷങ്ങൾ ദൂരീകരിച്ച് രാജ്യത്തിനും ജനങ്ങൾക്കും പ്രയോജനകരമായ നിരവധി നല്ല കാര്യങ്ങൾ ചെയ്തു. പക്ഷെ അദ്ദേഹത്തിന്റെ ഭരണം അധികം നീണ്ടുനിന്നില്ല. കഷ്ടി 14 മാസം കഴിഞ്ഞപ്പോൾ ചെമ്പകരാമൻപിള്ള മരണമടഞ്ഞു. അതേ തുടർന്ന് സർവ്വകാര്യക്കാരനായി നിയമിതനായത് പാറശ്ശാല ചെമ്പകരാമൻപിള്ളയായിരുന്നു. പുതിയ ഈ മന്ത്രിയെ എട്ടുമാസത്തിന് ശേഷം ഉദ്യോഗത്തിൽ നിന്നും പിരിച്ചയച്ചു. കൊട്ടാരത്തിലെ ഉദ്യോഗസ്ഥവൃന്ദത്തിന്റെ ഗൂഢാലോചനകളും ഇവ മറികടക്കുവാനും സ്വയം പ്രാപ്തി കാണിക്കുവാൻ സാധിക്കാതിരുന്നതുമാണ് അദ്ദേഹത്തിന്റെ പരാജയത്തിന് കാരണം. മുളകുമടിശ്ശീല സർവ്വാധികാര്യക്കാരായി ഇത്രയും കാലം ജോലി ചെയ്തുകൊണ്ടിരുന്ന വേലുത്തമ്പിക്ക് പ്രധാനമന്ത്രിയാകുക എന്ന അഭിലാഷം സഫലീകരിക്കുവാനുള്ള അവസരം അങ്ങനെ കരഗതമായി. അരമനയിലെ ഉദ്യോഗസ്ഥൻമാരെ സ്വാധീനിക്കുവാൻ അദ്ദേഹത്തിനു സാധിച്ചിരുന്നു. അതുപോലെ അന്ന് റസിഡണ്ടായിരുന്ന മെക്കോള പ്രഭുവുമായും വേലുത്തമ്പി വളരെ സൗഹൃദത്തിലായിരുന്നു. ഇതൊക്കെകൊണ്ട് ദളവയായി ഉയരുവാൻ അദ്ദേഹത്തിന് അധികം ക്ലേശിക്കേണ്ടതായി വന്നില്ല.

ദളവയെന്ന നിലയിൽ അദ്ദേഹം നടപ്പിലാക്കിയ ഭരണം തിരുവിതാംകൂറിന്റെ നാനാമുഖമായ വളർച്ചയ്ക്ക് പ്രയോജനകരമായിരുന്നു. ഭരണതലത്തിൽ അഴിച്ചുപണി നടത്തിയ അദ്ദേഹം ഭരണം കാര്യക്ഷമമാക്കുവാനും നികുതി പിരിവും നീതിന്യായവും സുഗമമാക്കുവാനും യത്നിച്ചു. അഴിമതിക്കാരും ജനദ്രോഹികളുമായ ജീവനക്കാരെ മാതൃകാപരമായി ശിക്ഷിക്കുന്നതിൽ അദ്ദേഹം ഒരു ദയയും കാണിച്ചില്ല. "ഈ ദളവയുടെ ഭരണം സ്വേച്ഛാധിപത്യപരവും ക്രൂരവുമായിരുന്നെങ്കിലും അദ്ദേഹം നീതിമാനും മര്യാദക്കാരനും നല്ലവനുമായിരുന്നു. പൊതുജനതാൽപര്യവും ക്ഷേമവുമായിരുന്നു അദ്ദേഹത്തിന് എല്ലായ്പ്പോഴും ഉണ്ടായിരുന്ന ലക്ഷ്യം" എന്നാണ് ശങ്കുണ്ണിമേനോൻ എഴുതുന്നത്.74. നീതിന്യായനിർവ്വഹണത്തിൽ അദ്ദേഹം അനുവർത്തിച്ച വിട്ടുവീഴ്ചയില്ലാത്ത നയം കുറ്റകൃത്യങ്ങൾ ചെയ്യുന്നതിൽ നിന്നും ജനങ്ങളെ പിൻതിരിപ്പിക്കുവാൻ ഏറെ സഹായിച്ചു. കടുത്ത ശിക്ഷയാണ് ചെറിയ കുറ്റങ്ങൾക്കു പോലും നൽകിയിരുന്നത്. സിവിൽ, റവന്യൂ, മിലിട്ടറി വിഭാഗങ്ങൾക്കെല്ലാം തന്നെ അദ്ദേഹത്തിന്റെ പരിശ്രമഫലമായി നല്ല മാറ്റങ്ങളുണ്ടായി. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ തുടങ്ങിയ പട്ടണങ്ങളുടെ വികസനത്തിന് അദ്ദേഹം നടത്തിയ ശ്രമങ്ങൾ വിലപ്പെട്ടതായിരുന്നു. പുതിയ കൃഷിസ്ഥലങ്ങൾ ഉണ്ടാക്കുകയും പ്രധാനപട്ടണങ്ങളിലൊക്കെ ആഴ്ചചന്തകൾ ആരംഭിക്കുകയും ചെയ്തു. ഗതാഗത സൗകര്യങ്ങളിലും അദ്ദേഹം വലിയ സംഭാവനകൾ നല്കി.

സർവ്വതോൻമുഖമായ പുരോഗതിയിലേക്ക് നാടിനെ കൊണ്ടെത്തിക്കുവാൻ അദ്ദേഹം യത്നിച്ചുകൊണ്ടിരുന്നുവെങ്കിലും സ്വേച്ഛാപരമായ അദ്ദേഹത്തിന്റെ ഭരണശൈലി ജനങ്ങളിൽ ഭയവും അതൃപ്തിയും ഉളവാക്കിയിരുന്നു. അദ്ദേഹത്തെ അലട്ടിക്കൊണ്ടിരുന്ന മറ്റൊരു പ്രധാന പ്രശ്നം ഇംഗ്ലീഷ്കാർക്ക് നൽകാൻ ബാദ്ധ്യസ്ഥമായിരുന്ന കപ്പപണം കുടിശ്ശികയായി കൊണ്ടിരിക്കുന്നുവെന്നതാണ്. ഭരണച്ചെലവ് ചുരുക്കി കുറെ പണം സംഭരിക്കണമെന്ന സദുദ്ദേശ്യത്തോടുകൂടി അത്യാവശ്യമില്ലാത്ത കുറെ തസ്തികകൾ നിർത്തലാക്കുകയും അവയിലുണ്ടായിരുന്ന ഉദ്യോഗസ്ഥൻമാരെ തിരിച്ചയക്കുകയും ചെയ്തു. നായർ പടയാളികൾക്ക് നൽകിയിരുന്ന അലവൻസ് വേണ്ടെന്ന് വെച്ചതായിരുന്നു അദ്ദേഹം എടുത്ത മറ്റൊരു നടപടി. ഈ ചെലവ് ചുരുക്കൽ പദ്ധതികൾക്കെല്ലാം റസിഡണ്ട് മെക്കോളപ്രഭുവിന്റെ പ്രോത്സാഹനവും അനുമതിയും ദളവയ്ക്കുണ്ടായിരുന്നു. എന്നാൽ ദളവയുടെ ഈ ദൃശപ്രവൃത്തികൾ ജനങ്ങളെ അതൃപ്തരാക്കി. സൈന്യവും കലാപക്കൊടിയുയർത്തി. വേലുത്തമ്പിയോട് ആദ്യം മുതൽ ശത്രുതയിൽ കഴിഞ്ഞിരുന്ന അസൂയാലുക്കളും ഉദ്യോഗസ്ഥപ്രമുഖരും ഈയവസരം ചൂഷണം ചെയ്ത് ദളവയ്ക്കെതിരായി പ്രക്ഷോഭണം സംഘടിപ്പിച്ചു. മാവേലിക്കരയിലും ഉദയഗിരികോട്ടയിലും തടവിലുണ്ടായിരുന്നവരെയെല്ലാം തുറന്നുവിടുകയും കാവൽ സൈന്യം താവളം വിട്ടു പോകുകയും ചെയ്തു. ലഹളക്കാർ ഒന്നിച്ച് തിരുവനന്തപുരത്തേക്ക് പുറപ്പെട്ടു. ധിക്കാരിയും ക്രൂരനുമായ ദളവയെ പിരിച്ച് വിടുകയും വധശിക്ഷയ്ക്ക് വിധേയമാക്കണമെന്നും അവർ ആവശ്യപ്പെട്ടു. പകരം സൈന്യമേധാവികൾ തിരഞ്ഞെടുക്കുന്ന ഒരാളെ ദളവയായി നിയമിക്കണമെന്നും അവർ നിവേദനം നൽകി. വേലുത്തമ്പിയോട് വിരോധമുണ്ടായിരുന്നവരെല്ലാം ഒത്തുകൂടിയിരുന്നു. സ്ഫോടകാത്മകമായ സ്ഥിതി ആലപ്പുഴയായിരുന്ന ദളവ മനസ്സിലാക്കിയെങ്കിലും അവിടെയുള്ള നായർപടയാളികൾ പോലും കലഹിച്ചുനിന്നിരുന്നതിനാൽ ആലപ്പുഴയിൽ നിന്നും അദ്ദേഹം കൊച്ചിയിലേക്ക് പലായനം ചെയ്തു. അവിടെ റസിഡണ്ട് മെക്കോള പ്രഭുവിന്റെ അടുക്കൽ അഭയം പ്രാപിച്ച വേലുത്തമ്പി രാജ്യത്തെ അരക്ഷിതമായ അവസ്ഥാവിശേഷം അദ്ദേഹത്തെ അറിയിച്ചു. തന്റെ

ജീവനും സ്വത്തിനും രക്ഷയില്ലാത്ത സ്ഥിതിയാണുളവായിരിക്കുന്നതെന്നും രാജ്യം ആഭ്യന്തരകലാപത്തിലേക്ക് വഴുതിവീണു കഴിഞ്ഞിരുന്നെന്നും റസിഡണ്ടിനെ കാര്യകാരണസഹിതം ബോദ്ധ്യപ്പെടുത്തുകയും ഉണ്ടായി. തിരുനെൽവേലിയിലും കൊല്ലത്തുമുള്ള കമ്പനി പട്ടാളത്തെ തിരുവനന്തപുരത്തേക്ക് വരുത്തുവാനുള്ള കല്പന റസിഡണ്ടിൽ നിന്നും സമ്പാദിക്കുവാൻ വേലുത്തമ്പിക്ക് കഴിഞ്ഞു. കർണ്ണാടക പട്ടാളത്തെ സംഘടിപ്പിക്കുവാൻ അദ്ദേഹവും ശ്രമിച്ചു. അങ്ങിനെ വലിയൊരു പ്രക്ഷോഭണത്തെ ശക്തമായി നേരിട്ടു വിജയിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. റസിഡണ്ടിനോടൊപ്പം ആലപ്പുഴയിലെത്തിയ വേലുത്തമ്പി കലാപകാരികളിൽ പ്രധാനികളെയെല്ലാം തൂക്കിലേറ്റുകയും വളരെപ്പേരെ കൽതുറങ്കിലടക്കുകയും ചെയ്തു. കലാപകാരികൾക്ക് നേരിടേണ്ടതായിവന്ന പീഢനം വർണ്ണനാതീതമാണ്. ക്രൂരവും മനുഷ്യത്വരഹിതവുമായ നടപടികൾ കൈക്കൊണ്ടും സൈനികവിഭാഗത്തിലെ വലിയൊരംശത്തെ പിരിച്ചുവിട്ടും കുറെയധികം പട്ടാളക്കാരെ നിരായുധീകരിച്ചും വേലുത്തമ്പിക്ക് ലഹളയെ വിജയകരമായി അടിച്ചമർത്തുവാൻ സാധിച്ചു. എങ്കിലും ജനങ്ങൾക്ക് അദ്ദേഹത്തോടുള്ള വിരോധം വർദ്ധിക്കുകയാണുണ്ടായത്.

കമ്പനി സൈന്യത്തിൻേറ ബലത്തിലാണ് കലാപം ശക്തി പ്രാപിക്കാതെ അടിച്ചമർത്തുവാൻ സാധിച്ചത്. ഇക്കാര്യത്തിൽ ഊന്നിനിന്നുകൊണ്ട് കമ്പനി ഗവർമെണ്ട് തിരുവിതാംകൂറിൽ തങ്ങളുടെ ആധിപത്യം ഉരുക്കിട്ട് ഉറപ്പിക്കാൻ പറ്റും വിധം മാഹാരാജാവുമായി 1795ൽ ഉണ്ടാക്കിയിരുന്ന ഉടമ്പടി വ്യവസ്ഥകളിൽ കുറെ മാറ്റങ്ങൾ നിർദ്ദേശിച്ചു. രാജാവിൻേറ ഉപദേശകരും പൗരപ്രമാണിമാരും നിർദ്ദിഷ്ടവ്യവസ്ഥകളെ എതിർത്തിരുന്നതിനാൽ രാജാവ് അത് അംഗീകരിക്കുവാൻ ആദ്യം തയ്യാറായില്ല. മെക്കോളയും വേലുത്തമ്പിയും കഠിനമായ സമ്മർദ്ദം ചെലുത്തിയും മെക്കോള ബ്രിട്ടീഷ്പട്ടാളത്തെ വിളിക്കുവാനുള്ള കല്പന പുറപ്പെടുവിച്ച് ഭീഷണിപെടുത്തിയുമാണ് രാജാവിനെ കൊണ്ട് 1805 ജനുവരി 12-ാം തീയതി പുതിയ ഉടമ്പടിയിൽ ഒപ്പു വെപ്പിച്ചത്.75. ഈ സന്ധിയിലെ വ്യവസ്ഥകൾ താഴെ പറയും വിധമാകുന്നു.

ഖണ്ഡിക ഒന്ന്: ഓരോ കക്ഷികളുടെയും മിത്രങ്ങളേയും ശത്രുക്കളേയും ഇരുകൂട്ടരും ശത്രുക്കളും മിത്രങ്ങളുമായി കരുതേണ്ടതും തിരുവിതാംകൂറിനെ ഏതാക്രമണത്തിൽ നിന്നും രക്ഷിക്കേണ്ടത് ഇംഗ്ലീഷ്കമ്പനിയുടെ പ്രത്യേക ചുമതലയായിരിക്കുന്നതുമാണ്.

ഖണ്ഡിക രണ്ട്: 1795ൽ ഉണ്ടാക്കിയ ഉടമ്പടിയുടെ ഏഴാം ഖണ്ഡികയനുസരിച്ച് കമ്പനി, യുദ്ധത്തിലേർപ്പെടുന്ന സന്ദർഭങ്ങളിൽ തിരുവിതാകൂർ രാജാവ്, തൻേറ നായർ സേന ഒഴിച്ചുള്ള മറ്റു സൈനിക വിഭാഗങ്ങളെ ആവശ്യപ്പെടുമ്പോൾ കഴിവനുസരിച്ച് കമ്പനിയുടെ സഹായത്തിന് അയച്ചുകൊടുക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ആ ബാദ്ധ്യതയിൽനിന്നും മഹാരാജാവിനെ കമ്പനി ഒഴിവാക്കുവാൻ സമ്മതിക്കുകയും മേലാൽ ഒരിക്കലും കമ്പനിക്ക് സൈനിക സഹായം നൽകുന്ന ചുമതല മഹാരാജാവിനുണ്ടായിരിക്കുന്നതല്ലെന്ന് സമ്മതിക്കുകയും ചെയ്യുന്നു.

ഖണ്ഡിക മൂന്ന്: ഒന്നും രണ്ടും ഖണ്ഡികയിലെ വ്യവസ്ഥയനുസരിച്ച് കമ്പനിക്ക് അമിതമായ ചെലവ് കൂടുതലായുണ്ടാകുന്നതും മഹാരാജാവിൻേറ മുതൽ സംരക്ഷിക്കപ്പെടുന്നതും ആകകൊണ്ട് കമ്പനി നിലനിർത്താൻ ഉദ്ദേശിക്കുന്ന ഒരു റെജിമെൻറ് കലാൾപടയ്ക്ക് വരുന്ന ചെലവ് കൂടി മഹാരാജാവ് കമ്പനിക്ക് നൽകാമെന്ന് സമ്മ തിക്കുകയും ചെയ്യുന്നു. 1795ൽ ഉണ്ടാക്കിയ ഉടമ്പടിയിലെ മൂന്നാം ഖണ്ഡികയിൽ വ്യവസ്ഥപ്പെടുത്തിയിട്ടുള്ള കപ്പത്തുകയ്ക്ക് പുറമെയാണിതെന്ന് സമ്മതിക്കുന്നതിനു പുറമെ, 1805 ജനുവരി ഒന്നാം തീയതി മുതൽ ആറു സമഗഡുക്കളായി കമ്പനി അധികാരപ്പെടുത്തുന്നവർ വശം അടച്ചുകൊള്ളാമെന്നും സമ്മതിക്കുന്നു.

ഖണ്ഡിക നാല്: തിരുവിതാംകൂറിനെ ആഭ്യന്തരകലാപത്തിൽ നിന്നും വിദേശാക്രമണത്തിൽ നിന്നും രക്ഷിക്കുവാൻ കൂടുതൽ സൈന്യത്തെ നിലനിർത്തേണ്ടതായി വരുന്ന സന്ദർഭത്തിൽ അതിന് വരുന്ന അധികചെലവിൻേറ ആനുപാതികമായ ഓഹരി നൽകുവാൻ മഹരാജാവ് ബാദ്ധ്യസ്ഥനുമാണ്. എന്നാൽ രാജ്യത്തിൻേറ അറ്റാദായം കണക്കിലെടുത്ത് ന്യായവും മിതവുമായ ഓഹരിമാത്രമേ ഈ അധികചെലവിലേക്ക് കമ്പനി ആവശ്യപ്പെടുകയുള്ളുവെന്ന് കമ്പനിയും സമ്മതിച്ചിരിക്കുന്നു.

ഖണ്ഡിക അഞ്ച്: എന്നാൽ സമാധാനകാലത്ത് തരാമെന്നേറ്റിട്ടുള്ള ചെലവിനുള്ള പണമോ, യുദ്ധകാലാവശ്യത്തിന് അധികചെലവ് വരുമെന്ന് മുൻഖണ്ഡികയിൽ പറയുന്നതുകയോ, ഏതെങ്കിലും കാരണവശാൽ അടക്കാതെ മുടക്ക് വരുത്തുന്നതിനെ തടയാനുള്ള മാർഗ്ഗങ്ങൾ കാര്യക്ഷമമാക്കേണ്ടത് രാജ്യത്തിൻേറ സുരക്ഷിതത്വത്തിന് അനിവാര്യമാണെന്ന് ഉഭയകക്ഷികൾക്കും ബോദ്ധ്യമുള്ളതിനാൽ, അത്തരം സന്ദർഭങ്ങളിൽ താഴെ പറയുന്ന നടപടികൾ സ്വീകരിക്കാൻ കമ്പനിക്ക് അവകാശവും അധികാരവുമുണ്ടായിരിക്കുന്നതാണെന്ന് മഹാരാജാവ് സമ്മതിച്ചിരിക്കുന്നു. പണമടക്കാതിരിക്കുകയോ, കുടിശ്ശികയാകുമെന്ന് ഫോർട്ട് വില്യമിൽ കഴിയുന്ന ഗവർണർ ജനറലിന് ന്യായമായും സംശയം തോന്നുകയോ, ചെയ്യുന്ന സന്ദർഭത്തിൽ ഗവർണർ ജനറലിന് തിരുവിതാംകൂറിലെ നികുതി പിരിക്കുന്നതിനായി കൂട്ടായ ഏർപ്പാടുകൾ ഉണ്ടാക്കാവുന്നതും അതുമല്ലെങ്കിൽ ഏതെങ്കിലും സർക്കാർ വകുപ്പിന് ചുമതല നൽകി അവരെക്കൊണ്ട് നികുതി ഭരണം നടത്തിക്കാവുന്നതുമാണ്. ഇവ കൂടാതെ തിരുവിതാംകൂർ രാജ്യത്തെ മുഴുക്കെയോ, ആവശ്യമായ ജില്ലകളെയോ, കമ്പനിയുടെ നേരിട്ടുള്ള ഭരണ

ത്തിൽ കൊണ്ടുവരുവാനും ഗവർണർ ജനറലിന് പരിപൂർണ്ണമായ അധികാരവും സ്വാതന്ത്ര്യവും ഉണ്ടായിരിക്കുന്നതാണ്.

ഖണ്ഡിക ആറ്: അഞ്ചാം ഖണ്ഡികയിൽ പറയുന്ന വ്യവസ്ഥകൾ നടപ്പിലാക്കണമെന്ന് ഗവർണർ ജനറലിന് തോന്നുകയാണെങ്കിൽ ആ വിവരം മഹാരാജാവിനെ അറിയിക്കേണ്ടതാണ്. മഹാരാജാവ് ഉടനെ തന്നെ തൻെറ നികുതി പിരിവ് ഉദ്യോഗസ്ഥൻമാരെ ഈ വിവരം അറിയിക്കേണ്ടതും ആവശ്യപ്പെട്ടിട്ടുള്ള ജില്ലകളോ, രാജ്യം തന്നെയോ കമ്പനിയെ ഏൽപ്പിച്ചുകൊടുക്കുവാൻ സന്നദ്ധമാകേണ്ടതുമാണ്. ആവശ്യപ്പെട്ട് 10 ദിവസം കഴിഞ്ഞിട്ടും മഹാരാജാവ് ഇതു സംബന്ധമായ കല്പനകളോ, ചട്ടങ്ങളോ ഉണ്ടാക്കുന്നില്ലെങ്കിൽ ഗവർണർ ജനറലിന് സ്വന്തമായി അത്തരം കല്പനകൾ ഇറക്കാവുന്നതും ആവശ്യമായ സ്ഥലത്തിൻെറ ഭരണം ഏറ്റെടുത്ത് സൈനികച്ചെലവിന്നുള്ള നികുതി പിരിക്കുകയും രാജ്യത്തിൻെറയും ജനങ്ങളുടേയും ഉൽക്കർഷത്തിന്നുവേണ്ടി നടപടികൾ സ്വീകരിക്കുകയും ചെയ്യുവാൻ അധികാരമുണ്ടായിരിക്കുന്നതുമാണ്.

ഖണ്ഡിക ഏഴ്: ഇംഗ്ലീഷ്കമ്പനിയുമായും അവരുടെ സഖ്യകക്ഷികളുമായും സുദൃഢമായ സൗഹൃദബന്ധം ഉറപ്പിക്കുന്നതിനായി മഹാരാജാവ് താഴെപറയുന്ന കാര്യങ്ങൾ അനുസരിക്കാമെന്ന് സമ്മതിച്ചിരിക്കുന്നു. കമ്പനിയുടെയും അവരുടെ സഖ്യകക്ഷികളുടെയും ആഭ്യന്തരകാര്യങ്ങളിൽ മഹാരാജാവിന് ഇടപെടുവാൻ പാടുള്ളതല്ല. കമ്പനിയുടെ ശത്രുക്കളുമായി സൗഹാർദ്ദം പുലർത്തുവാനും പറ്റുകയില്ല. ഏതൊരു വിദേശശക്തിയുമായി മഹാരാജാവ് നേരിട്ട് ബന്ധം പുലർത്തുന്നതിനെ നിരോധിക്കുന്നതിനായി അത്തരം എല്ലാ കത്തിടപാടുകളും കമ്പനിയുടെ മുൻകൂട്ടിയുള്ള അറിവോട് കൂടി മാത്രമേ ചെയ്യാൻപാടുള്ളു.

ഖണ്ഡിക എട്ട്: മഹാരാജാവ് തൻെറ സർവ്വീസിൽ വിദേശിയായ ഒറ്റ യൂറോപ്യനെയും കമ്പനിയുടെ മുൻകൂട്ടിയുള്ള അനുവാദത്തോടെയല്ലാതെ നിയമിക്കുകയില്ല. ബ്രിട്ടീഷ് ഗവർമ്മേണ്ടിൽ നിന്നും പാസ്പോർട്ടില്ലാതെ തൻെറ രാജ്യത്ത് കടന്ന ഏത് യൂറോപ്യനെയും ഉടനെ പിടിച്ച് കമ്പനി അധികാരികളെ ഏൽപ്പിക്കുന്നതാണ്. കമ്പനിയുടെ സമ്മതമില്ലാതെ ഒറ്റ ദിവസം പോലും വിദേശികളായ യൂറോപ്യൻമാരെ തൻെറ രാജ്യത്ത് പൊറുപ്പിക്കുകയില്ലന്ന് മഹാരാജാവ് ദൃഢപ്രതിജ്ഞയെടുക്കുകയും ചെയ്യുന്നു.

ഖണ്ഡിക ഒൻപത്: രാജ്യത്തിൻെറ സാമ്പത്തികമായ അഭിവൃദ്ധിക്കുവേണ്ടിയും നികുതികൾ സുഗമമായി പിരിക്കുന്നതിനും നീതിന്യായം നടപ്പാക്കുന്നതിനും വാണിജ്യ വികസനം, കച്ചവടം, കൃഷി, വ്യവസായം തുടങ്ങിയ ഇരു രാജ്യങ്ങളുടെയും രാജാവിൻെറയും ജനങ്ങളുടെയും ഐശ്വര്യത്തിനുതകുന്നതുമായ എല്ലാ കാര്യങ്ങളുടേയും അഭിവൃദ്ധിക്കുവേണ്ടിയും കമ്പനി അധികാരികൾ യുക്തമെന്നു തോന്നുന്ന സന്ദർഭങ്ങളിൽ നൽകുന്ന ഉപദേശങ്ങളും നിർദ്ദേശങ്ങളും മഹാരാജാവ് അനുസരിച്ചുകൊള്ളാമെന്നും ഇതിനാൽ സമ്മതിക്കുന്നു.

ഖണ്ഡിക പത്ത്: 1805 ജനുവരി 12-ാം തീയതിയായ ഇന്ന് പത്ത് ഖണ്ഡികകളുള്ള ഈ ഉടമ്പടി തിരുവിതാംകൂറിൽ തിരുവനന്തപുരം കോട്ടയ്ക്കകത്ത് വെച്ച് ഗവർണർ ജനറൽ വെല്ലസ്ലി പ്രഭുവിന് വേണ്ടി കേണൽ മെക്കോളയും തിരുവിതാംകൂറിനു വേണ്ടി മഹാരാജാവും കൂടിയുണ്ടാക്കി ഒപ്പു വെച്ചതാകുന്നു.

ഈ ഉടമ്പടി ഒപ്പു വെച്ചതോടുകൂടി ഉദ്യോഗസ്ഥൻമാരിലും നാട്ടുപ്രമാണിമാരിലും ഇതിനെതിരായ നിശിത വിമർശനം നടന്നു. വേലുത്തമ്പി രാജ്യത്തിൻെറ സ്വാതന്ത്ര്യം ഇംഗ്ലീഷ് കമ്പനിക്ക് അടിയറ വെക്കുന്നതിൽ സഹായി ആയത് ജനരോഷത്തെ ആളിക്കത്തിച്ചു. ഈ അസംതൃപ്തി മനസ്സിലാക്കിയ വേലുത്തമ്പി ആകട്ടെ മഹാരാജാവിനേയും അദ്ദേഹത്തിൻെറ ഉദ്യോഗസ്ഥൻമാരെയും പുതിയ ഉടമ്പടിയുമായി പൊരുത്തപ്പെടുത്തുവാൻ ഏറെ പരിശ്രമിക്കുകയുണ്ടായി. വർദ്ധിപ്പിച്ച കപ്പത്തുകയുടെ പകുതി ഇളവ് വാങ്ങുവാൻ കഴിഞ്ഞ അദ്ദേഹം രണ്ട് വർഷത്തേക്ക് കിട്ടിയ ഈ കുറവ് സ്ഥിരമായി ഇളവ് ചെയ്യിപ്പിക്കുവാൻ സാധിക്കുമെന്ന വിശ്വാസത്തിലുമായിരുന്നു. ഇതിനായി മഹാരാജാവിനെ കൊണ്ട് നടത്തിച്ച നിവേദനം റസിഡണ്ട് നിരാകരിക്കുകയുണ്ടായത്. അദ്ദേഹത്തിൻെറ നടപടികളിൽ മഹാരാജാവ് അമർഷം കൊള്ളുകമാത്രമല്ല, കേണൽ മെക്കോളയെ തിരിച്ച് വിളിക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് ഗവർണ്ണർ ജനറലിനെഴുതുകയുണ്ടായി. ഇതോടെ റസിഡൻറും വേലുത്തമ്പിയും തമ്മിലുണ്ടായിരുന്ന സ്നേഹബന്ധത്തിൽ അവിശ്വാസത്തിൻെറ കറ വീണുതുടങ്ങി. ദളവ കുടിശ്ശിക അടക്കാത്തത് മനഃപൂർവ്വമാണെന്ന് റസിഡൻറ് കരുതി. ജനുവരി മാസത്തിലാണ് കപ്പപ്പണത്തിൻെറ ആദ്യ ഗഡുവ് അടക്കേണ്ടതായുണ്ടായിരുന്നത്. മാർച്ച് 31 ആയിട്ടും ഖജനാവിൽ കുടിശ്ശിക അടക്കുവാൻ ദളവയ്ക്ക് കഴിയാതെ വന്നു. തുക അടക്കുവാൻ ഓർമ്മപ്പെടുത്തികൊണ്ട് റസിഡൻറ് പല പ്രാവശ്യം എഴുതിയിരുന്നുവെങ്കിലും ദിവാൻ മൗനം ദീക്ഷിക്കുകയാണ് ചെയ്തത്. ഇത് മെക്കോളയെ രോഷാകുലനാക്കി. ഏപ്രിൽ 10-ാം തിയതി റെസിഡൻറ് എഴുതിയ കത്തിൽ ദിവാനെപറ്റി, "വക്രഗതിക്കാരനും കവർച്ചക്കാരനും കോപിഷ്ഠനുമായ ഒരു ചെറുക്കൻ " എന്നാണ് പറഞ്ഞിരുന്നത്.76. ഇത് വേലുത്തമ്പിയെ അരിശം കൊള്ളിച്ചു എന്ന് മാത്രമല്ല മെക്കോളെ റെസിഡൻറ് ആയിരിക്കുന്നിടത്തോളം കാലം ദളവ പദവിയിൽ തുടരാൻ ആഗ്രഹമില്ലെന്ന് വേലുത്തമ്പി മെക്കോളെയെ അറിയിക്കുകയും ചെയ്തു. ഇവർ തമ്മിലുള്ള സൗഹൃദം അങ്ങിനെ ഉലഞ്ഞു ശത്രുത വരെ എത്തി. വേലുത്തമ്പിയെ പിരിച്ചയക്കുന്നതാണ് നല്ലതെന്ന് റെസിഡൻറ് രാജാവിനെഴുതുകയും ചെയ്തു. ഇത്തരം അവസ്ഥയിലും കുടിശ്ശിക അടക്കുവാൻ നികുതി

വകയിൽ ലഭിക്കാവുന്ന തുക ഈടാക്കുന്നതിന് വേണ്ടി തന്റെ സർവ്വകഴിവുകളും ഉപയോഗിച്ച് ദളവ യത്നിക്കുകയായിരുന്നു. 1799ലെ ലഹളയിൽ രണ്ട് കാതും മുറിച്ച് ശിക്ഷിക്കപ്പെട്ട് കഴിഞ്ഞിരുന്ന മാത്തുതരകൻ ധാരാളം എസ്റ്റേറ്റുകളുണ്ടായിരുന്ന വലിയ വ്യവസായ പ്രമുഖനായിരുന്നു. എന്നാൽ ഇദ്ദേഹം കുറെവർഷക്കാലത്തേക്ക് നികുതി അടച്ചിരുന്നില്ല. കുടിശ്ശികയ്ക്ക് വേണ്ടി ദളവ നിർബ്ബന്ധിച്ചപ്പോൾ, റെസിഡൻറിന്റെ മേൽ തനിക്കുള്ള സ്വാധീനം ഉപയോഗിച്ച് നികുതി ഇളവ് വാങ്ങുവാനുള്ള ശ്രമമാണ് അദ്ദേഹം നടത്തിയത്. നികുതി അടച്ചിട്ടില്ലാത്ത സ്ഥലങ്ങൾ കണ്ട് കെട്ടുവാൻ ദിവാൻ കല്പന ഇറക്കി. ഇതേതുടർന്ന് തരകൻ റെസിഡൻറിന്റെ അടുക്കൽ നിവേദനം നടത്തുകയും മെക്കോളെ ഈ കൽപ്പന റദ്ദാക്കുവാൻ ദിവാനോടാവശ്യപ്പെടുകയും ചെയ്തു. വേലുത്തമ്പിയും ദിവാനുമായി ധാരാളം എഴുത്തുകുത്തുകൾ ഇത് സംബന്ധമായി നടത്തിയിരുന്നു. ദിവാൻ തന്റെ കൽപ്പന പിൻവലിക്കുന്നില്ലെങ്കിൽ "നിശ്ചയമായും താൻ ഇതിൽ ഇടപെടുമെന്നും ദിവാൻ ചെയ്ത പ്രവൃത്തിയിൽ ഖേദിക്കേണ്ടതായി വരുമെന്നും" അദ്ദേഹം താക്കീത് ചെയ്തു. മഹാരാജാവാകട്ടെ വേലുത്തമ്പിയിൽ വിശ്വാസവും അദ്ദേഹത്തിന്റെ സേവനം രാജ്യത്തിനാവശ്യമാണെന്ന് കരുതുകയും ചെയ്തിരുന്നു. ദളവയെ മാസം 500 രൂപ പെൻഷൻ നൽകി ചിറയ്ക്കൽ രാജ്യത്തേക്ക് അയക്കണമെന്ന് മെക്കോളെയും ശാഠ്യം പിടിച്ചു. ഇരുകൂട്ടരേയും രഞ്ജിപ്പിക്കുവാൻ രാജാവ് നടത്തിയ ശ്രമം ഫലിച്ചതുമില്ല. നിവൃത്തി ഇല്ലാതെ വന്നപ്പോൾ കേണൽ മെക്കോളെക്ക് പകരം മറ്റൊരു റെസിഡൻറിനെ അയക്കണമെന്ന് രാജാവ് ഒന്നിൽ കൂടുതൽ പ്രാവശ്യം എഴുതുകയുണ്ടായി.

കാര്യങ്ങൾ ഇത്രത്തോളമായപ്പോൾ റസിഡൻറിനോട് ചേർന്ന് നിൽക്കുന്നത് കൊണ്ട് യാതൊരു വക പ്രയോജനമില്ലെന്ന് മനസ്സിലാക്കിയ ദിവാൻ ജനങ്ങളുടെ പക്ഷത്തേക്ക് ചായുന്നതാണ് രാഷ്ട്രീയകൗശലമായി കരുതിയത്. വേലുത്തമ്പിയുടെ ഇംഗ്ലീഷ് വിരുദ്ധ പ്രക്ഷോഭണത്തെ മറ്റൊരു കോണിൽ കൂടിനോക്കി കാണുന്ന ശങ്കുണ്ണിമേനോനെഴുതുന്നത്, "കേണൽ മെക്കോളെയോട് ധാർമ്മികമായ ഒരു ശത്രുതയും വെറുപ്പും അദ്ദേഹത്തിന് തോന്നി, പല ചരിത്രകാരൻമാരും നമ്മെ വിശ്വസിപ്പിക്കുവാൻ ശ്രമിക്കുന്നത്, കമ്പനിയോടായിരുന്നു ഈ ശത്രുത എന്നാണ്"77. എന്തായാലും കൊട്ടാരവും റസിഡൻസിയും തമ്മിൽ കടുത്ത സംഘർഷം നിലനിന്നിരുന്നു.

ഈയവസരത്തിൽ കൊച്ചിയിലും കുഴപ്പങ്ങൾ ഉരുണ്ടുകൂടുകയായിരുന്നു. കൊച്ചിയിലെ ദിവാനായിരുന്ന പാലിയത്തച്ചനായിരുന്നു കുഴപ്പങ്ങൾക്ക് നേതൃത്വം കൊടുത്തത്. അദ്ദേഹത്തെ ദിവാന്റെ പദവിയിലേക്ക് ഉയരുവാൻ സഹായിച്ചത് മെക്കോളെ പ്രഭുവും വേലുത്തമ്പിയും ആയിരുന്നു. 1779ൽ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന പാലിയത്ത് കോമ്പി അച്ചൻ നിര്യാതനായതോടുകൂടി പരമ്പരാഗതമായി ഈ കുടുംബത്തിൽ നിക്ഷിപ്തമായിരുന്ന ദിവാൻ പദം നിർത്തലാക്കുകയും ഗോവിന്ദമേനോനെ സർവകാര്യക്കാരായി നിയമിക്കുകയും ചെയ്തു. അന്ന് പാലിയം കുടുംബത്തിലെ മൂത്ത അച്ചൻ പ്രായമെത്തിയിട്ടില്ലാതിരുന്നതാണ് പ്രധാനമന്ത്രിപദം നഷ്ടപ്പെടുവാൻ കാരണം. 1805ൽ ശക്തൻ തമ്പുരാൻ മരണമടയുന്നതു വരെ പാലിയത്ത് അച്ചനെ പ്രധാനമന്ത്രിയാക്കിയിരുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ പിൻഗാമി റെസിഡൻറ് മെക്കോളെ പ്രഭു വിന്റെയും തിരുവിതാംകൂർ ദിവാൻ വേലുത്തമ്പിയുടേയും ശുപാർശയിൻമേൽ പാലിയത്തച്ചനെ പ്രധാനമന്ത്രിപദത്തിൽ നിയമിച്ചിരുന്നു. അദ്ദേഹത്തിന്റെ ഉയർച്ചയിൽ അസൂയാലുക്കളായിരുന്നു മുൻമന്ത്രി രാമൻ മേനോൻ, മുൻ സൈനിക മേധാവി ഗോവിന്ദമേനോൻ, യുവാവായ കുഞ്ഞികൃഷ്ണമേനോൻ എന്നിവർ. ഇവരിൽ ആദ്യത്തെ രണ്ടു പേരെയും സംഭാഷണത്തിനായി തന്റെ ആസ്ഥാനമായ ചേന്ദമംഗലത്തേക്ക് അച്ചൻ ക്ഷണിച്ചു. അവർ പക്ഷേ അവിടെ എത്തുന്നതിന് മുമ്പ് പാലിയത്തച്ചന്റെ സേവകർ കൊന്ന് കൊടുങ്ങല്ലൂർ കായലിൽ തള്ളി. കുഞ്ഞികൃഷ്ണമേനോൻ രാജാവിന്റെ ഉപദേശപ്രകാരം മെക്കോളയുടെ അടുക്കൽ അഭയം പ്രാപിച്ചു.കുഞ്ഞികൃഷ്ണമേമോനോനെ റെസിഡൻസിയിൽ നിന്നും പറഞ്ഞയക്കണമെന്ന അച്ചന്റെ ആവശ്യം മെക്കോളെ ചെവിക്കൊണ്ടതുമില്ല. തന്റെ പ്രതിയോഗിയെ വിട്ടുതരാത്ത ബ്രിട്ടീഷ് റെസിൻണ്ടിന്റെ ധിക്കാരത്തെ പൊറുപ്പിക്കുകയില്ലെന്ന് പാലിയത്തച്ചൻ ശപഥം ചെയ്തു. ഏതു വിധേനയും തന്നോട് ശത്രുത പുലർത്തുന്ന റെസിഡൻണ്ടിനെ വക വരുത്തുവാനുള്ള ആലോചനയുമായി കഴിയുകയായിരുന്നു പാലിയത്ത് അച്ചൻ.

ഒരു രഹസ്യസന്ദേശവാഹകൻ വഴി കൊല്ലത്തുണ്ടായിരുന്ന വേലുത്തമ്പിക്കും മെക്കോളെയാട് വിരോധമുണ്ടായിരുന്ന മറ്റു ചില തിരുവിതാംകൂർ ഉദ്യോഗസ്ഥൻമാർക്കും പാലിയത്തച്ചൻ എഴുത്തുകൾ കൊടുത്തയച്ചു. ബ്രിട്ടീഷ് റെസിഡൻണ്ടിനേയും അദ്ദേഹത്തിന്റെ കീഴിലുള്ള ചെറുസൈന്യത്തേയും കൊച്ചിയിൽ വെച്ച് കൂട്ടക്കൊല നടത്തുവാൻ തയ്യാറാണെങ്കിൽ താൻ സകല സഹകരണവും നൽകാനൊരുക്കമാണെന്നായിരുന്നു സന്ദേശത്തിന്റെ ഉള്ളടക്കം. പാലിയത്തച്ചന്റെ . സന്ദേശം വേലുത്തമ്പിയെ ഏറെ സന്തോഷിപ്പിച്ചു. ഈ അവസരം പാഴാക്കാതെ തന്റെ ശത്രുവിനോടുള്ള പ്രതികാരം നടത്തുവാൻ അദ്ദേഹം സന്നാഹങ്ങൾ ഒരുക്കുകയും ചെയ്തു. കഴിയുന്നിടത്തോളം സന്നദ്ധസംഘത്തെ പട്ടാള പരിശീലനം നൽകി സൈന്യം സജ്ജീകരിക്കുവാനും വെടിമരുന്ന് ശേഖരിക്കുവാനും കോട്ടകൾ സുശക്തമാക്കുവാനും അദ്ദേഹം കല്പനകൾ നൽകി. പാലിയത്തച്ചന്റെ സൈന്യവുമായി സന്ധിച്ച് സംഘടിതമായി കൊച്ചിക്കോട്ട ആക്രമിക്കുവാനുള്ള പദ്ധതി ആസൂത്ര

ണം ചെയ്തു. ആലപ്പുഴയിലും പറവൂരുമുള്ള സൈനികവിഭാഗത്തിന് കൊച്ചിക്കോട്ട പെട്ടെന്നാക്രമിക്കുവാനും റെസിഡൻണ്ടിനേയും കുഞ്ഞികൃഷ്ണമേനോനെയും കൊലപ്പെടുത്തുവാനും ഉള്ള കൽപ്പന വേലുത്തമ്പി നൽകിയിരുന്നു. ഈ ആവശ്യത്തിനായി കൊല്ലത്ത് നിന്ന് ഒരു സേനാവിഭാഗത്തെ അയക്കുകയും ചെയ്തു. വൈക്കം പത്മനാഭപിള്ളയുടെ നേതൃത്വത്തിൽ കൊല്ലത്തുനിന്നും ആലപ്പുഴയിൽ നിന്നും ഉള്ള സൈന്യങ്ങൾ മൂടിക്കെട്ടിയ വള്ളങ്ങളിലായി തിരുവിതാംകൂറിന്റെ വടക്കേജില്ലയായ ആലങ്ങാട് കേന്ദ്രീകരിച്ചു. പാലിയം സൈന്യത്തിന്റെ നേതൃത്വം കുഞ്ഞിക്കുട്ടിപ്പിള്ള സർവ്വാധികാര്യക്കാർക്കായിരുന്നു. ഇരു സൈന്യങ്ങളും ഒന്നിച്ച് കൊച്ചിയിൽ കൽവത്തിയിൽ വന്നിറങ്ങി. പരിശീലനം സിദ്ധിച്ച 600 ഭടൻമാരാണ് ഈ ആക്രമണത്തിൽ ഭാഗഭാക്കായിരുന്നത്. ഇത് 1808 ഡിസംബർ 18-ാം തിയതിയാണ്. അന്ന് അർദ്ധരാത്രിയിൽ സൈന്യം മെക്കോളയുടെ വസതി വളഞ്ഞ് ആക്രമണം നടത്തി. അപ്രതീക്ഷിതമായുണ്ടായ ഈ സൈനികനടപടിയിൽ പരിഭ്രാന്തനായ മെക്കോളെ വിശ്വസ്തനായ ഒരു പറങ്കി ഗുമസ്തന്റെ സഹായത്തോടുകൂടി ഒളിച്ചിരുന്നു. പ്രഭാതമായപ്പോൾ ഒരു പത്തേമാരിയിൽ കയറിപ്പറ്റിയ അദ്ദേഹം മലബാറിൽ നിന്നും പോഷകസേനയുമായി അപ്പോൾ എത്തിയ ഒരു ബ്രിട്ടീഷുകപ്പലിൽ കയറി രക്ഷപെടുകയാണുണ്ടായത്. കുഞ്ഞികൃഷ്ണമേനോനും യാതൊരു പരുക്കും പറ്റാതെ സുരക്ഷിതനായി കേണൽ മെക്കാളെയുടെ കപ്പലിൽ എത്തിച്ചേരുകയും ചെയ്തു. ആക്രമണസൈന്യം റസിഡൻണ്ടിന്റെ കാവൽസൈന്യത്തെ വകവരുത്തിയ ശേഷം വീട്ടിൽ കടന്ന് കൊള്ളയടിക്കുകയും അവിടെയുണ്ടായിരുന്ന സേവകരെയെല്ലാം വധിക്കുകയുമുണ്ടായി. എന്നാൽ തങ്ങളുടെ ഉദ്ദേശ്യം സഫലീകരിക്കുവാൻ കഴിയാത്തതിൽ സംയുക്തസൈന്യത്തിന് ഏറെ നിരാശ തോന്നി. കൊച്ചി പട്ടണം കൊള്ളയടിച്ചശേഷം പിറ്റേദിവസം തിരുവിതാംകൂർ സൈന്യം ആലപ്പുഴയിലേക്ക് നീങ്ങി. മടക്കത്തിൽ പുറക്കാട് വെച്ച് കൊല്ലത്തു നിന്നും സർജൻണ്ട് ഹ്യൂമിനോടൊപ്പം വരികയായിരുന്ന 46 പേരുണ്ടായിരുന്ന ഒരു ഇംഗ്ലീഷ് സംഘവുമായി തിരുവിതാംകൂർ സൈന്യം ഏറ്റുമുട്ടി. ഇവരെയെല്ലാം തടവിലാക്കി. ദളവയുടെ അനുവാദപ്രകാരം സംഘത്തിലുണ്ടായിരുന്ന ഒരു സ്ത്രീയെ ഒഴിച്ച് മറ്റുള്ളവരെയെല്ലാം കൊന്നൊടുക്കി.

കൊല്ലത്ത് കേണൽ ചാമേഴ്സിന്റെ കീഴിലുണ്ടായിരുന്ന സൈന്യത്തിന്റെ നേർക്കാണ് വേലുത്തമ്പിയുടെ പട്ടാളം ആക്രമണം നടത്തിയത്. ഡിസംബർ 30-ാം തീയ്യതി നടന്ന ഘോരസംഘട്ടനത്തിൽ തിരുവിതാംകൂർ സൈന്യത്തെ വലിയ നാശനഷ്ടത്തോടു കൂടി പിൻതിരിച്ചോടിക്കുവാൻ ചാമേഴ്സിനു സാധിച്ചു. വിപ്ളവസേനയ്ക്ക് നേരിട്ട തിരിച്ചടികൾ അണികളിൽ നിരാശ പരത്തിയെങ്കിലും പൂർവ്വാധികം ആർജ്ജവത്തോട് കൂടി സൈനിക ഏകീകരണം നടത്തി ഇംഗ്ലീഷുകാർക്ക് കടുത്ത ഭീഷണിയായി വർത്തിച്ചു. ആലപ്പുഴയിൽ നിന്നും കൊല്ലത്തെത്തിയ ദിവാൻ കുണ്ടറയിലാണ് താവളമടിച്ചത്. കൊല്ലത്ത് കേന്ദ്രീകരിച്ച തിരുവിതാംകൂർ സൈന്യത്തെ തന്റെ വാഗ്ധോരണി കൊണ്ട് ആവേശം കൊള്ളിച്ച ശേഷം രാജ്യത്തോടും ജനങ്ങളോടുമായി അദ്ദേഹം സുദീർഘമായ ഒരു പ്രസ്താവന ഇറക്കി. 1809 ജനുവരി 11-ാം തിയ്യതി പ്രഖ്യാപിച്ച ഇത് കുണ്ടറ വിളംബരം എന്ന പേരിൽ പ്രസിദ്ധമാണ്. വേലുത്തമ്പിയെ ഇംഗ്ലീഷ് വിരുദ്ധവേദിയിൽ ചിരപ്രതിഷ്ഠനാക്കുവാൻ പ്രധാനമായും സഹായിച്ചത് ഈ വിളംബരമാണ്. അതിന്റെ പൂർണ്ണരൂപം താഴെ കൊടുക്കുന്നു.

" ശ്രീമതു തിരുവിതാം കൊടു സമസ്ഥാനത്ത് നിന്നും ഈ സമസ്ഥാനത്ത് എന്നും ചെയിതല്ലാതെ നിലനിൽക്കുകയില്ലെന്നു കണ്ടു നിശ്ചയിച്ചു തുടങ്ങേണ്ടി വന്ന കാരിയത്തിന്റെ നിർണ്ണയവും അവസരവും ഈ രാജ്യത്ത് മഹത്തുക്കൾ മഹാബ്രാഹ്മണർ ഉദ്യോഗസ്ഥൻമാരെ മുതൽ ശുദ്ര വരെ കീഴപരിഷ വരെയും ഉള്ള പല ജാതി കുടിയാൻപൻമാരെ പരബൊധം വരെണ്ടുന്നതിനായിട്ട് എഴുതി പ്രസദ്ധപ്പടുത്തുന്ന വിളംബരമാവിത്."

"പരശുരാമ പ്രതിഷ്ഠയാൽ ണ്ടായ മലയാളവും ഈ സമസ്ഥാനവും തോന്നിയ നാൾ മുതൽ ചെരമാൻ പെരുമാൾ വംശം വരെയും പരിപാലനം ചെയ്ത കാലത്തും അതിൽ കീഴത്രപ്പാദ സ്വരൂപത്തങ്കലെക്ക് തിരുമുപ്പും അടങ്ങി ബഹു തലമുറ ആയിട്ട് ചെംകൊൽ നടത്തി അനെകം ആയിരം സംവത്സരത്തിനിടയിലും ഈ രാജ്യം ഇടപെട്ട് ഒരു ചോദ്യത്തിനും ശല്യത്തിനും ഇടവന്നിട്ടും ഇല്ലാ.933-ാ മാണ്ട് നാടുനീങ്ങിയ തിരുമനസ്സുകൊണ്ട് കൽപ്പിച്ചു ദുരദൃഷ്ടിയാൽ മെൽക്കാലം വരവിന്റെ വിപരീതം കണ്ട് ഇനി ഈ ഭാരം നമ്മുടെ വംശത്തിൽ ഉള്ളവരെ വഹിക്കുകയില്ലെന്നും വച്ചു നിശ്ചയിച്ചു. രാജ്യത്തിനെ പൂവൊട്ടും നീരോടും കൂടെ ശ്രീപത്മനാഭസ്വാമിയുടെ തൃപ്പടിയിൽ ധാനവും ചെയ്തു. മെൽപ്പട്ടം വാഴുന്ന തംപുരാക്കൻമാരെ അവിടത്തെ ആളായിട്ട് ഇരുന്ന് കാര്യം വിചാരിക്കകയും അവർക്ക് രാജഭോഗദ്യോഗങ്ങളെക്കാലും അധികം തപോനിഷ്ടമായിട്ട് വ്രത നിയമങ്ങളും അനുഷ്ഠിച്ചും താൻ ദുഃഖിച്ചും വട്ടികൾക്ക് സുഖം വരുത്തിയും അതിനു ഒരു കുറവുവരാതെ ഇരിക്കേണ്ടതിനും മെൽരെക്ഷ അയിട്ടു ഈശ്വരസെവ ഭദ്രദീപം മുറജപം അന്ന സർത്റം ആദിയായിട്ടുള്ള സൽക്കർമ്മങ്ങനെ കാലം കഴിച്ചുകൊള്ളുക എന്നും വച്ചു നിശ്ചയിച്ചു ചട്ടം കെട്ടി കുട്ടികൾക്ക് സുഭിക്ഷമായിട്ട് കഴിഞ്ഞുവരുന്നതിനാൽ ഇപ്പോൾ ഈ കലിയുഗത്തിങ്കിൽ ഹിമവൽസെതുപര്യന്തം ഇതുപോലെ ധർമ്മസമസ്ഥാനം ഉള്ളെന്നുള്ള കീർത്തി പൂർണ്ണമായി ഇരിക്കപ്പെട്ടത് സർവ്വപെരും പ്രസിദ്ധമായിട്ട് ആറിഞ്ഞിരിക്കുമല്ലൊ ആകുന്നു. മമ്മുദല്ലി ഖാൻ ആർക്കാട് സുബയും ഒതിക്കയിതിന്റെ ശേഷം അവിടത്തേക്ക് മിത്രഭാവമായിട്ട് ചെല്ലണമെന്നും വച്ചു ആണ്ടൊന്നിനു 6000

രൂപയും ഒരാനയും നതിരായിട്ടു കൊടുക്കത്തക്കവണ്ണം പറഞ്ഞു വച്ചു കൊടുത്തതല്ലാതെ ഈ രാജ്യം ഇടപെട്ട് ഒരു ശൊദ്യത്തിനും ഇടവന്നിട്ടും ഇല്ലാ. അങ്ങനെ ഇരിക്കുന്ന സങ്ങതികൾ ഡിപ്പു സുൽത്താനും ഇംകിറസു കൊംപഞ്ഞിയും പ്രബലരായിട്ട് വരിക കൊണ്ടും അതിൽ രണ്ടിൽ കൊംപഞ്ഞി ആളുകൾക്ക് നെരും വിശ്വാസവും ഒണ്ടെന്നും അവരെ വിശ്വസിച്ചാൽ ചതിക്കുകയില്ലെന്നും നിശ്ചയിച്ചു. ആദി പൂർവ്വമായിട്ട് അഞ്ചുതെങ്ങലിൽ കൊട്ടയിടുന്നതിനു സ്ഥലവും കൊടുത്തു. അവരെ ആവിടെ ഒറപ്പിച്ച സ്വാധീനവും വിശ്വാസവും ഒണ്ടായിരിക്കുമെന്നും നിശ്ചയിച്ചു. ആ നിനവിനാൽ ഡിപ്പുസുൽത്താനോട് പകച്ച് പടയെടുത്ത് ഇവരെ സ്നേഹിപ്പാൻ ഇടവരികയും ചെയ്തു. പിന്നത്തതിൽ കാര്യവശാൽ ഒള്ള ആനുഭവത്തിൽ ഇവരെ സ്നേഹിപ്പിച്ചത് നാശത്തിന്. വിശ്വസിച്ച ദോഷത്തിനും മൂലമായിട്ട് തീർന്നു. സർവ്വ പ്രപഞ്ചത്തിലും ദ്രൊഹവും വിശ്വാസപാതകവും നിറഞ്ഞിരിക്കപ്പെട്ട ജാതി ഇവർക്ക് സമാനം ഇതിനുമുമ്പിൽ ഒണ്ടകയും ഇനി ഒണ്ടാകയില്ലെന്നുള്ളതും പ്രസിദ്ധമായിട്ടു അറിയുകയും ചെയ്തു. അതിൻെറ വിവരങ്ങൾ എന്തെന്നാൽ ഇവർക്ക് രെക്ഷ കൊടുത്തു ഇത്രമെൽ ഒരു പ്രബലതയും ആക്കിതീർത്ത നവാബിനെ നാൾക്കുനാൾ വഞ്ചന ആയിട്ട് ബലം കുറച്ചും വംശനാസം വരുത്തി പിന്നത്തതിൽ അടുത്ത രാജ്യത്തിൽ സുഖവാഴുവായിട്ട് എരിഞ്ഞുവന്ന ദീപത്തിനെയും അണച്ച് വാഴ്മനകളെ പാഴുമനകളും ആക്കി ആ ദ്രൊഹ ബുദ്ധിയൊടും കൂടെ ഈ സമസ്ഥാനത്തും കടന്നു ആദി യിങ്കിൽ ഉപായമായിട്ടും ക്രമത്താൽ ബലമായിട്ടും തുടങ്ങി സർവ്വവും നിർമ്മൂലം വരുത്തന്നതിനായിട്ട് യത്നപ്പെട്ടിരിക്കുന്നു. ആയതിൻെറ വിവരം കുറഞ്ഞൊന്ന് വെള്ളിയായിട്ട് ചുരുക്കത്തിൽ എഴുതുന്നത് എന്തെന്നാൽ ഡിപ്പുസുൽത്താനോട് യുദ്ധം ഒണ്ടായ നിമിത്തം ഇവരെ സഹായത്തിനായിട്ട് കയിക്കൊണ്ടപ്പോൾ തൽക്കാല സമയത്ത് ചതിവായിട്ട് മുടിച്ചു. പത്ത് ലക്ഷവരാഹൻ വാങ്ങിച്ചുകൊള്ളുകയും ചെയ്തു. അതിൻെറ ശെഷം നയവും ഭയവും കാട്ടി ആണ്ടു ഒന്നിന് ആറ് ലക്ഷം രൂപ വീതം ഇവർക്ക് കൊടുക്കണമെന്നും ഇംകിരസുജാതിയും തിരുവിതാംകൊട്ടു സമസ്ഥാനവും ഒള്ള കാലം വരെയും അതിൻമണ്ണം വാങ്ങിച്ചുകൊള്ളുന്നത് അല്ലാതെ അധികം ഒരു ചക്രം പൊലും ചൊദിക്ക ഇല്ലെന്നും രാജ്യകാര്യം ഇടപ്പെട്ട് അൽപ്പകാര്യത്തിന് പൊലും സംസാരിക്ക ഇല്ലെന്നും 968-ാമാണ്ട് പറഞ്ഞുവച്ചു. അന്ന സത്യം പ്രമണമാട്ടു ഉടംപടി കടലാസ്സും എഴുതി തരികയും ചെയ്തു. ആയതിനെ അനുസരിച്ച് വ്യത്യാസം കൂടാതെ കൊടുത്തു വരും പൊൾ ആയതിനും മാറ്റങ്ങളായിട്ടു ഈ രാജ്യത്തിൽ റസിഡൻറും ആക്കി പാർപ്പിച്ചു അവരുടെ വകയിൽ ഈ പട്ടാളം കൊല്ലത്ത് ഇറങ്ങിയതിനെയും സഹിച്ചു സർപ്പത്തിനു പാലു കൊടുത്തതു പോലെ അവർക്ക് പാർക്കാൻ കൊത്തുകളും വീടുകളും കെട്ടിക്കൊടുത്തു നാളുതോറും ചെയിതു വരുന്ന അക്രമങ്ങളെയും സഹിച്ചു എങ്ങും ഒരു വിത്യാസം വരിത്തരുതെന്നും ആകുന്നുതു സൂക്ഷിച്ച് പാർത്തുവരുന്നു. പിന്നത്തതിൽ മുമ്പിലത്തെ ഉടംപടി പ്രകാരം അല്ലാതെ രണ്ട് ലെക്ഷം രൂപ വീതം കൂടെക്കൊടുക്കണമെന്നും ആയതെ അല്ലെങ്കിൽ യുദ്ധം ചെയ്യുമെന്നും 980-ാമാണ്ട് മകര മാസത്തിൽ അന്യായമായിട്ട് തുടങ്ങി നാലു ദിക്കിലും ഭീരങ്കിറാന്നുക്കളെയും ഇറക്കി വിപരീതത്തിനുള്ള വട്ടങ്ങൾ തുടങ്ങുക കൊണ്ടും അന്നു വെറിട്ടു ഒരു സഹായം കാണാഴികയാലും ദുഷ്ടകാലഗതിയുടെ ശക്തി എന്നും നിശ്ചയിച്ച അവരെ പറഞ്ഞതിൻവണ്ണം രണ്ടുലെക്ഷം രൂപ കൂടെ കൊടുത്തുവന്നു. ഇപ്പോൾ ആ നിലയും വിട്ടു ഈ രാജ്യത്തുളള പുള്ളിപ്പട്ടാളം ഈശ്വരസെവ വഴി ഊട്ടു ആദിയായിട്ടുള്ളതൊക്കെയും നിറുത്തി ആ വകയിൽ കൂടുതലും ഇവർക്ക് കൊടുക്കണമെന്നും രാജ്യകാര്യം ഇടപെട്ടതൊക്കെയും റസിഡൻറ് മക്കാളിയെ ബോധിപ്പിച്ച് നടക്കണമെന്നും ഒള്ള വട്ടങ്ങൾ തുടങ്ങുക കൊണ്ട് അങ്ങനെ ഒള്ളതൊന്നും ഈ രാജ്യത്തിൽ സംഭവിക്കുക ഇല്ലെന്നും ആകുന്ന വിധത്തിലും സങ്കടം പറഞ്ഞിട്ടും ഭൂമി വരെയും താണുവണങ്ങിയിട്ടും സമ്മതിക്കാതെ ഈ കഴിഞ്ഞ ധനു മാസത്തിൽ നമ്മുടെ പെർക്കം എഴുതി വന്ന കടുദാസ്സിൽ നാം ഇക്കാര്യങ്ങൾക്ക് വികൽപ്പമായിട്ട് തുടങ്ങിയിരിക്ക കൊണ്ടും ഈ ഉദ്യോഗവും വിട്ടു നാമും നമ്മുടെ കുടും ബത്തിൽ ഒള്ളവരും കൂടെ കൂട്ടയിട്ടുള്ള കാര്യസ്ഥൻമാരിൽ ചിലരും കൊംചഞ്ഞി രാജ്യത്തിൽ ചെന്നു പാർത്തുകൊള്ളണമെന്നും അവിടെ ചെന്നു പാർത്താൽ ഇവർക്ക് വേണ്ടുന്ന മാനം മര്യാദയും നടത്തിക്കൊടുക്കുമെന്നും അതിൻെറ ശേഷം രാജ്യകാര്യം ഇടപെട്ടുള്ളതൊക്കയും റസിഡൻറ് മക്കാളി തന്നെ പുത്തനായിട്ട് ചട്ടം കെട്ടി നടത്തിക്കൊള്ളുമെന്നും ആയതിനു താമസം കാണുന്നുവെങ്കിൽ യുദ്ധത്തിൻെറ ആരംഭമാകുന്നുവെന്നും എഴുതി ഇപ്രകാരം തന്നെ തിരുമനസ്സറിയുന്നതിനും കായിതം കൊടുത്തയക്ക കൊണ്ടും പ്രാണഹാനി വരയിൽ വരുമെന്നു ആകിലും ഇങ്ങനെയുള്ള രാജദ്രൊഹത്തിനും ജെനദ്രൊഹത്തിനും ഉൾപ്പെടുകയില്ലെന്നും പറഞ്ഞു തള്ളിക്കളയാൽ രണ്ടാമത് റെസിഡൻറ് മക്കാളി ഈ രാജ്യത്തിനുടയായിരിക്കുന്ന തിരുമനസ്സിലെയും ശെണം കാര്യസ്ഥൻമാരെയും ബോധിപ്പിക്കാതെ കടലു വഴിക്കെ ഏതാനും സൊൾജർ വെള്ളക്കാരെയും കൊല്ലത്ത് ഇറക്കി അവരുടെ വകയിൽ അവിടെ ഒന്നായിരിക്കുന്ന സ്ത്രീ ജെനങ്ങളെയും വസ്തുവകകളെയും മറുദിക്കിലും ഒതുക്കി ആക്രമണങ്ങളായിട്ട് യുദ്ധം തുടങ്ങിയിരിക്കുന്നു. ഈ സമസ്ഥാമത്തു നിന്നും ഇതിനു മുമ്പിലും ഇപ്പഴും അവരൊടു യുദ്ധം ചെയ്യണമെന്നും നിരിപിച്ചിട്ടില്ലാഴിക കൊണ്ടും ഇപ്പോൾ ഇവര് തുടങ്ങിയിരിക്കുന്നതിനെ പ്രതിക്രിയ ആയിട്ട് ചെയ്ത് നിലനിൽക്കാതെ മുമ്പിച്ച് സംശയിച്ചാൽ പിന്നത്തതിൽ അതുകൊണ്ട് വരുന്ന വൈഷമ്യങ്ങളെ ഈ രാജ്യത്തിൽ ആരും സഹിപ്പാനും കാലം കഴിപ്പാനും നിർവ്വാഹം ഉണ്ടായി വരുന്നതും അല്ലാ. അതിൻെറ വിവരങ്ങൾ ചുരുക്കത്തിൽ എഴുതുന്നതാം എന്തെന്നാൽ ചതിവുമാർഗ്ഗത്തിൽ രാജ്യം

അവരുടെ കൈവശത്തിൽ ആകുന്നത് അവരിടെ വംശപാരമ്പര്യമാക കൊണ്ടും അതിൻവണ്ണം രാജ്യം അവരിടെ കൈവശത്തിലായാൽ കൊയിക്കൽ കൊട്ടാരം കൊട്ടപ്പടി ഉൾപ്പെട്ട സ്ഥലങ്ങളിൽ അവരിടെ പാറാവും വരിതിയും ആക്കി തീർത്തു രാജമുദ്ര പല്ലക്കു പൗരുഷം ഉൾപ്പെട്ട ബഹുമാനങ്ങളും ദേവാലയം ബ്രഹ്മാലയം ബന്ധിച്ചടുള്ള ശട്ടവട്ടങ്ങളും നാട്ടു കൂട്ടവും നിർത്തി ഉപ്പു മുതൽ സർവ്വസവും കുത്തക ആക്കിത്തീർത്തു തരിച്ചു കെടക്കുന്ന നിലവും പുരയിടവും അളന്നു കൂടി കുത്തക ആയിട്ടും കെട്ടി നിലവരി തെങ്ങുവരി ഉൾപ്പെട്ട അധിക കരങ്ങളും കുടികളിൽ കൂട്ടിവച്ചു അല്പം പിഴക്ക് നീചൻമാരെ കൂടിക്കൊണ്ട് ശിക്ഷയും കഴിപ്പിച്ചു ക്ഷേത്രങ്ങളിൽ കുരിശും കൊടിയും കെട്ടി വർണ്ണഭേദം ഇല്ലാതെ ബ്രാഹ്മണ സ്ത്രീ മുതലായ സമുസർഗ്ഗവും ചെയ്തു യുഗഭേദം പോലെ അധർമ്മങ്ങളായിട്ടുള്ള വട്ടങ്ങൾ ആക്കിതീർക്കുകയും ചെയ്യും അങ്ങനെ ഒള്ളതൊന്നും ഈ രാജ്യത്തിൽ സംഭവിക്കാതെ രാജധർമ്മത്തെ നടത്തി നാട്ടിൽ ഒള്ള മര്യാദയ്ക്കു അഴിവു വരാതെ ഇരിക്കെ നടുന്നതിനു മനുഷ്യയത്നത്തിൽ ഒന്നും കുറഞ്ഞുപോയെന്നുള്ള അപഖ്യാതി ഒണ്ടാകാതെ ഇരിപ്പാൻ ആകുന്നിടത്തോളം ഒള്ള പ്രയത്നങ്ങൾ ചെയികയും പിന്നത്തതിൽ ഈശ്വരാനുഗ്രഹം പോലെ വരുന്ന തൊക്കെയും യുക്തമെന്നും നിശ്ചയിച്ചു അത്രെ അവർ തുടങ്ങിയിരിക്കുന്നതിനെ പ്രതിക്രിയ ആയിട്ടു ചെയ്യേണ്ടി വന്നു എന്നും.കുണ്ടറ 984-ാമാണ്ട് മകരമാസം 1-ാം തിയ്യതി."78.

ഈ വിളംബരം ചിന്തിക്കുന്ന ജനങ്ങൾക്ക് തിരുവിതാംകൂർ രാജ്യം അനുഭവിക്കുവാൻ പോകുന്ന അടിമത്വത്തിന്റെ ഭീകരത തുറന്നു കാട്ടിയിരുന്നു. ഇംഗ്ലീഷ് വിരുദ്ധ ചേരിയിലേക്ക് ദളവയുടെ കീഴിൽ അണിനിരക്കുവാൻ ജനങ്ങൾ തയ്യാറായി. കൊല്ലത്ത് നിലയുറപ്പിച്ചിരുന്ന കമ്പനി സൈന്യത്തെ വിപ്ളവസേന കടന്നാക്രമിച്ചു. ഇത് പല പ്രാവശ്യം ആവർത്തിച്ചെങ്കിലും ഓരോ പ്രാവശ്യവും കമാണ്ടർ കേണൽ ചാമേഴ്സിന്റെ നേതൃത്വത്തിൽ തിരുവിതാംകൂർ സൈന്യത്തെ വിജയകരമായി നേരിട്ടിരുന്നു. ബ്രിട്ടീഷ് സൈന്യം വേലുത്തമ്പിയുടെ വസതി തകർക്കുകയും അദ്ദേഹത്തിന്റെ സൈന്യത്തിന് വമ്പിച്ച ആൾനാശം വരുത്തുകയും ചെയ്തു. ഈ തോൽവികൾ കൊണ്ടൊന്നും വിപ്ളവസൈന്യത്തിന്റെ ആത്മവീര്യം നശിപ്പിക്കുവാൻ കഴിഞ്ഞില്ല. ലക്ഷ്യപ്രാപ്തിക്കുവേണ്ടി എന്ത് ത്യാഗവും സഹിക്കുവാൻ അവർ ഒരുക്കവുമായിരുന്നു. മെക്കാളെയെ വകവരുത്തുക എന്ന ഉദ്ദേശ്യത്തോടു കൂടി രണ്ടായിരത്തോളം വരുന്ന തിരുവിതാംകൂർ സൈന്യം കൊച്ചിയിലേക്ക് നീങ്ങി. പാലിയത്തച്ചനും രണ്ടായിരത്തിൽപ്പരം വരുന്ന ഒരു സേനയെ ഇവരുമായി സന്ധിച്ച് കൊച്ചി പട്ടണത്തിന് നേർക്ക് ഒരാക്രമണം നടത്തി. എന്നാൽ മേജർ ഹേവിറ്റിന്റെ കീഴിലുണ്ടായിരുന്ന ആറ് കമ്പനി കാലാൾപ്പടയും 50 യൂറോപ്യൻമാരും കൊച്ചിയുടെ നേർക്കുള്ള ആക്രമണത്തെ വീരോചിതമായി നേരിട്ട് പരാജയപ്പെടുത്തി. ഇരുഭാഗത്തും ധാരാളം ആളുകൾ മരിച്ചിരുന്നു. രണ്ട് ദിവസത്തിന് ശേഷം കൊച്ചിയിലെ ഡച്ച് ഗവർണ്ണറുടെ വസതിയും മറ്റു കെട്ടിടങ്ങളും കലാപകാരികൾ തകർത്ത് തരിപ്പണമാക്കി. എന്നാൽ അവിടെയും സ്ഥിരമായി ഉറപ്പിക്കുവാൻ കഴിയുന്നതിന് മുമ്പ് തന്നെ ബ്രിട്ടീഷ് പട്ടാളവുമായി ഏറ്റുമുട്ടി അവർക്ക് പിന്തിരിയേണ്ടതായി വന്നു. ജനുവരി 25-ാം തിയ്യതി മറ്റൊരു സൈനികശ്രമവും കൂടി കൊച്ചിയുടെ നേരെ പ്രക്ഷോഭണകാരികൾ നടത്തിനോക്കിയെങ്കിലും അപ്പോഴും കനത്ത ആൾനാശമാണുണ്ടായത്. സഖ്യസൈന്യത്തിനേറ്റ അപായകരമായ തിരിച്ചടി സമരത്തിന്റെ വീര്യം കുറച്ചു. അനവധി പേർക്ക് ജീവാപായം വരികയും ഏറെ പേർ തടവിലാക്കപ്പെടുകയും ചെയ്തതോട് കൂടി സൈന്യം ശിഥിലമായിത്തുടങ്ങി.

ഇതിനിടയിൽ തിരുനൽവേലിയിൽ നിന്നും വലിയൊരു സൈന്യവുമായി ആരുവാമൊഴിപുരം വഴി തിരുവിതാംകൂറിന്റെ തെക്കേ അതിർത്തിയിൽ കേണൽ ലേഗർ എത്തിയിരുന്നു. ഇത് 1809 ഫെബ്രുവരി 10-ാം തിയതി ആണ്. ആരുവാമൊഴിക്കടുത്തുണ്ടായിരുന്ന വേലുത്തമ്പി കേണൽ ലേഗറുടെ സൈന്യത്തെ നേരിട്ടുവെങ്കിലും ചെറുത്തു നിൽക്കുവാൻ അസാദ്ധ്യമാണെന്ന് മനസ്സിലാക്കി ധൃതിയിൽ തിരുവനന്തപുരത്തേക്ക് പിൻമാറി. പിന്നെ അദ്ദേഹത്തിനുണ്ടായിരുന്ന ചിന്ത മഹാരാജാവിനെ കുറ്റവിമുക്തനാക്കുവാനുള്ള മാർഗ്ഗത്തെ പറ്റിയായിരുന്നു. രാജാവിന്റെ അനുവാദമോ സമ്മതമോ കൂടാതെ തന്റെ നേരിട്ടുള്ള ഉത്തരവാദിത്വത്തിലാണ് എല്ലാം നടന്നതെന്നും രാജാവിന് ഇതിൽ യാതൊരു പങ്കുമില്ലെന്നും കുറ്റക്കാരൻ താനാണെന്നും അദ്ദേഹം ഏറ്റുപറഞ്ഞു. രാജാവിനോട് വിടവാങ്ങി വേലുത്തമ്പി തിരുവനന്തപുരത്ത് നിന്നും പോയി. കേണൽ ലേഗർ നാഗർകോവിൽ, ഉദയഗിരി,പത്മനാഭപുരം തുടങ്ങിയ സ്ഥലങ്ങളിലുണ്ടായിരുന്ന ആയുധങ്ങളും വെടിമരുന്നും പീരങ്കികളുമൊക്കെ കൈവശപ്പെടുത്തി. മഹാരാജാവാകട്ടെ സ്വരക്ഷാർത്ഥം വേലുത്തമ്പിയെ കലാപകാരിയായി പ്രഖ്യാപിച്ച് ജീവനോടെയോ അല്ലാതെയോ പിടിച്ച് കൊണ്ട് വരുന്നതിനായി സൈന്യത്തെ നിയോഗിക്കുകയും, 50,000ക പാരിതോഷികമായി നൽകുന്നതാണെന്ന് വിളംബരവും നടത്തി.

കൊച്ചിയിൽ സംയുക്തസൈന്യത്തിനേറ്റ പരാജയത്തോട് കൂടിത്തന്നെ തങ്ങളുടെ ലക്ഷ്യം സഫലീകരിക്കുവാൻ പോകുന്നില്ലെന്ന് പാലിയത്തച്ചനും കൂട്ടർക്കും ബോദ്ധ്യമായിരുന്നു. ആ അവസരത്തിലാണ് പൊതുമാപ്പ് പ്രഖ്യാപിച്ചുകൊണ്ട് ഒരു വിളംബരം ഉണ്ടാകുന്നത്. തന്ത്രശാലിയായ പാലിയത്തച്ചൻ 1809 ഫെബ്രുവരി 27-ാം തിയ്യതി നിരുപാധികം കീഴടങ്ങുകയാണുണ്ടായത്. ഉടനെ തന്നെ അദ്ദേഹത്തെ മദ്രാസിലേക്കയച്ചു. 1821 ൽ അവിടെ നിന്നും ബനാറസിലേക്ക് മാറി താമസിക്കുവാൻ അദ്ദേഹത്തെ അനുവദിച്ചിരുന്നു. 1832ൽ മരിക്കുന്നത് വരെ അദ്ദേഹം ബനാറസിലാണ്

കഴിച്ചുകൂട്ടിയത്.

പാലിയത്തച്ചൻ പിൻമാറിയതോട് കൂടി വേലുത്തമ്പി തൻെറ ഭാവി ഇരുളടഞ്ഞതാണെന്ന് ശരിക്കും മനസ്സിലാക്കിയിരുന്നു. തിരുവനന്തപുരത്ത് നിന്നും ഓടിപ്പോയ അദ്ദേഹം കുന്നത്തൂർ ജില്ലയിൽ വള്ളിക്കോട്ടിനടുത്തുള്ള കുറ്റിക്കാടുകളിൽ ഒളിച്ചിരിക്കുകയായിരുന്നു. ഇവിടെയും രാജകിങ്കരൻമാർ അദ്ദേഹത്തെ തിരക്കിയെത്തി. തുടർന്ന് മണ്ണടി എന്ന സ്ഥലത്ത് അവിടുത്തെ ക്ഷേത്രത്തിലെ ഒരു പോറ്റിയുടെ ഒഴിഞ്ഞുകിടന്ന വീട്ടിൽ അഭയം പ്രാപിക്കുകയാണ് അദ്ദേഹം ചെയ്തത്. വേലുത്തമ്പിയുടെ വെള്ളിയും സ്വർണ്ണത്തിലുമുള്ള ചില വീട്ടുസാധനങ്ങളുമായി ചുറ്റിത്തിരിഞ്ഞ അദ്ദേഹത്തിൻെറ ഒരു ഭൃത്യനെ ഉദ്യോഗസ്ഥൻമാർ സംശയിച്ച് പിടികൂടുകയും വേലുത്തമ്പി ഒളിച്ചിരിക്കുന്ന സ്ഥലം ഇയാൾ അവർക്ക് പറഞ്ഞ് കൊടുക്കുകയും ചെയ്തു. ഈ സമയത്ത് പത്മനാഭൻ തമ്പി എന്ന സഹോദരനോടൊപ്പം വേലുത്തമ്പി മണ്ണടി ഭഗവതി ക്ഷേത്രത്തിൽ അഭയം തേടുകയും സഹോദരനോട് തന്നെ വധിക്കുവാൻ ആജ്ഞാപിക്കുകയും ചെയ്തെങ്കിലും അദ്ദേഹം അതിന് തയ്യാറായില്ല. തൻെറ കഠാരി കൊണ്ട് ശരീരത്തിൽ അദ്ദേഹം ആഞ്ഞുകുത്തി. പക്ഷെ ആ മുറിവ് ജീവഹാനി വരുത്തുവാൻ പര്യാപ്തമല്ലാതിരുന്നത് കൊണ്ട് 'എൻെറ കഴുത്ത് വെട്ടി മാറ്റുക' എന്ന് തൻെറ സഹോദരനോട് ദയനീയമായി അപേക്ഷിച്ചു. ഇതേ തുടർന്ന് ഒറ്റ വെട്ടിന് സഹോദരൻ അദ്ദേഹ ത്തിൻെറ ഉടലും തലയും വേർപെടുത്തി. അപ്പോഴേക്കും തിരച്ചിലുകാർ ക്ഷേത്രത്തിലെത്തിയിരുന്നു. ബലപ്രയോഗം നടത്തി വാതിൽ പൊളിച്ച അവർ കണ്ടത് വേലുത്തമ്പിയുടെ ജഡവും അതിനിരികിൽ ഊരിയ വാളുമായി നിൽക്കുന്ന സഹോദരനെയും ആയിരുന്നു. പത്മനാഭൻ തമ്പിയെ അറസ്റ്റ് ചെയ്യുകയും വേലുത്തമ്പിയുടെ ജഡം തിരുവനന്തപുരത്തേക്ക് കൊണ്ട് വരികയും ചെയ്തു. അവിടെ കണ്ണമ്മൂലയിലുള്ള തൂക്കുമരത്തിൽ പൊതുപ്രദർശനത്തിനായി കെട്ടി നാട്ടി. പത്മനാഭൻ തമ്പിയെ തൂക്കി ക്കൊന്നു. വേലുത്തമ്പിയുടെ വീട് നിലംപരിശാക്കി. അദ്ദേഹത്തിൻെറ ബന്ധുമിത്രാദികളെയെല്ലാം നാട് കടത്തുകയോ തൂക്കിലേറ്റുകയോ ആണ് ചെയ്തത്. വേലുത്തമ്പിയുടേയും പാലിയത്തച്ചൻെറയും പ്രക്ഷോഭണത്തിൻെറ പരാജയത്തെ തുടർന്ന് തിരുവിതാംകൂറും കൊച്ചിയും ഈസ്റ്റിന്ത്യാകമ്പിനിയുടെ പരമാധികാരത്തിൽ കീഴിൽ ആശ്രിതരാജ്യങ്ങളായിത്തീർന്നു.

## കുറിച്ചരുടെ ലഹള

പഴശ്ശിരാജയുടെ പോഷകസേനാവിഭാഗമായി വർത്തിച്ചിരുന്നവരായിരുന്നു വയനാടൻ മലകളിലെ ആദിവാസികളായ കുറിച്ചിയരും കുറമ്പരും. പഴശ്ശിരാജയുടെ അന്ത്യവും അതേതുടർന്ന് ഇംഗ്ലീഷ്കാർ നടത്തിയ ക്രൂരമായ നരഹത്യയും കണ്ടും, കേട്ടും, അനുഭവിച്ചും അറിഞ്ഞവരായിരുന്നു ഈ ആദിവാസികൾ. ജാത്യാചാരങ്ങളിൽ നീക്കു പോക്കില്ലാത്ത ചിട്ടയാണ് അവർ പുലർത്തിപ്പോന്നിരുന്നത്. അവരുടെ പരമ്പരാഗത ജീവിതരീതിക്ക് കുഴപ്പമില്ലാത്തിടത്തോളം കാലം ഇവർ സമാധാനപ്രിയരായിരിക്കും. അപരിഷ്കൃതരാണെങ്കിലും സത്യസന്ധമായ ജീവിതമാണ് അവർ നയിച്ചിരുന്നത്. വയനാട്ടിൽ ഒരു ദശാബ്ദത്തോളം നടന്ന പഴശ്ശികലാപത്തിൽ പങ്കാളികളായിരുന്ന ഇവർ ഇംഗ്ലീഷ്കാരുടെ വേട്ടയാടലിൽ ഏറെ ദുരിതങ്ങൾ അനുഭവിച്ചവരാണ്. തങ്ങളുടെ ഉറ്റവരും ഉടയവരും നഷ്ടപ്പെട്ടതിൻെറ വേദന മാറുന്നതിനു മുമ്പായി കമ്പനിയധികാരികൾ പുതിയ നികുതി പിരിവ് സമ്പ്രദായം നടപ്പിലാക്കി. ഉല്പാദനത്തിൻെറ ഒരംശം നികുതിയായി ഇവരിൽ നിന്നും പിരിച്ചെടുത്തിരുന്നു. എന്നാൽ ഭൂനികുതി മേലാൽ പണമായി നൽകണമെന്ന് പ്രഖ്യാപനമുണ്ടായി. അതേത്തുടർന്ന് നികുതി പിരിവ് ഉദ്യോഗസ്ഥൻമാർ അന്യായമായി ഇവരിൽ നിന്നും കൂടുതൽ തുക ഈടാക്കാൻ തുടങ്ങി. റവന്യൂ ഉദ്യോഗസ്ഥൻമാരുടെ അഴിമതിയും ദുരാഗ്രഹവും പാവപ്പെട്ട കുറിച്ചരുടേയും കുറമ്പരുടേയും അതേപോലെയുള്ള സാധു ജനങ്ങളുടേയും ജീവിതം ദുസ്സഹമാക്കി.

ഇതിന് ഒരുറുതി വരുത്തുവാൻ തന്നെ അവർ തീരുമാനിച്ചു. വയനാട്ടിലെ ജനങ്ങൾ പൊതുവേയും കിഴക്കൻ ഭാഗങ്ങളിലുള്ള കുറച്യരും കുറമ്പരും പ്രത്യേകമായും ഈ അനീതിക്കെതിരെ ഇളകിവശായിരുന്നു. 1812 ഏപ്രിൽ മാസം ആദ്യത്തിൽ മല്ലൂർ എന്ന സ്ഥലത്ത് ഒരാലോചന യോഗം വിളിച്ചുകൂട്ടി. വളരെപ്പേർ ഒത്തുകൂടിയ ഈ സമ്മേളനം അധികാരികളെ വിറകൊള്ളിച്ചു. അവിടെ സമ്മേളിച്ചവരെ പിരിച്ചുവിടുവാൻ പോലീസും കാവൽ സൈന്യവും നടത്തിയ ശ്രമമാണ് കലാപത്തിന് കളമൊരുക്കിയത്. രോഷാകുലരായ ജനങ്ങൾ അമ്പും വില്ലും ഉപയോഗിച്ച് പോലീസ് സംഘത്തെ ധീരമായെതിരിട്ടു. നാടൻ പോലീസ് വിഭാഗത്തിലെ ഒരു സുബൈദാരേയും ജമേദാരേയും കോൽക്കാരൻമാരെയും അവർ മാരകമായ മുറിവേൽപ്പിച്ചു. പിടിച്ചു നിൽക്കാൻ പ്രയാസമാണെന്ന് കണ്ട പോലീസ് സംഘം മുറിവേറ്റവരേയും എടുത്ത് ജീവനും കൊണ്ടോടി രക്ഷപ്പെട്ടു.

സ്ഥിതിഗതികളെ നേരിടാൻ മൈസൂറിൽ നിന്നും തലശ്ശേരിയിൽ നിന്നും പട്ടാളത്തെ വയനാട്ടിലേക്ക് കൊണ്ടുവന്നു. മാനന്തവാടിയിലും സുൽത്താൻ ബത്തേരിയിലും പാളയമടിച്ചിരുന്ന കാവൽ സൈന്യത്തേയും ഒരുക്കി നിർത്തിയിരുന്നു. തീരപ്രദേശത്ത് നിന്നും വയനാട്ടിലേക്ക് വരികയായിരുന്ന സൈന്യത്തിന് കുറ്റ്യാട്ടിൽ വെച്ച് ലഹളക്കാരുടെ കടന്നാക്രമണത്തിന് ഇരയാകേണ്ടതായി വന്നു. ഈ സംഘട്ടനത്തിൽ രണ്ട് ഓഫീസർമാർക്കും 18 ഭടൻമാർക്കും പരിക്കുപറ്റി. ഈ ഭാഗത്തുണ്ടായിരുന്ന കാവൽ പോസ്റ്റിൽ നിന്നും പട്ടാളം ഒഴിഞ്ഞ് പോരികയും ചെയ്തു.

എന്നാൽ കലാപകാരികൾക്ക് അധികം കാലം പിടിച്ചു നിൽക്കുവൻ കഴിഞ്ഞില്ല. നാലുവശത്ത് നിന്നുമുള്ള ആക്രമ